الـذكـر



അദ്ഥിക്ർ

ഒന്നാം വാള്യം

മുഹ്യദ്ദീൻ മുഹമ്മദ്, ഇരുമ്പുഴി

സ്ട്രെയ്റ്റ്പാത്ത് എഡ്യുക്കേഷൻ
മഞ്ചേരി

Adhikr (Malayalam) - The Best Interpretation of Lord's Book - Volume-1
(Revised Edition 2025)

Author : Muhyadheen Muhammed Irumbuzhi

Distribution : Straightpath Education
PB.NO: 58, Manjeri, Malappuram, Kerala - 676121
Email: mail@straightpathonline.com
Website: www.straightpathonline.com
Ph: +91 9633151222

Printers : Pravasi Prints (P) Ltd. Malappuram
Ph: +91 483-2735696

Copies : 500

Copyrights **NOT** reserved

" ഈ ഗ്രന്ഥം, ലോകത്താർക്കും - ഏതുമതക്കാർക്കും കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്യുന്നതിനും പരിഭാഷപ്പെടുത്തുന്നതിനും അനുവാദമുണ്ട്.

Whoever likes may translate and distribute copies among people irrespective of nation or religion. "

അദ്ദിക്ർ മലയാളം / ഇംഗ്ലീഷ് മൂന്നു വാള്യങ്ങൾക്ക്

ബന്ധപ്പെടുക:

mail@straightpathonline.com | straightpathonline@gmail.com

WhatsApp: +91 9633151222

അദ്ദിക്ർ - വേദഗ്രന്ഥത്തിന്റെ ആത്മാവ്

സ്വർഗ്ഗത്തിൽവെച്ച് സൃഷ്ടിക്കപ്പെട്ട മനുഷ്യർക്ക് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ അദ്ദിക്ർ നിഷ്പക്ഷവാനായ നാഥൻ സ്വർഗത്തിൽവെച്ചുതന്നെ പഠിപ്പിക്കുകയുണ്ടായി. ശേഷം അവരെ പരീക്ഷത്തിന് വിധേയമാക്കുന്നതിന് വേണ്ടി ഭൂമിയിൽ നിയോഗിക്കുകയും വിവിധ കാലഘട്ടങ്ങളിലായി 313 പ്രവാചകന്മാരിലൂടെ അവന്റെ വേദഗ്രന്ഥം വ്യത്യസ്ഥ ഭാഷകളിൽ ഭൂമിയിലേക്ക് അവതരിപ്പിക്കുകയും ചെയ്തു. മനുഷ്യരുടെയെല്ലാം ആത്മാവ് ഒന്നാണെന്നതുപോലെ എല്ലാ വേദഗ്രന്ഥങ്ങളുടെയും ആത്മാവ് ഒന്നുതന്നെയാണ്. അതിനെയാണ് **അദ്ദിക്ർ** എന്ന് പറയുന്നത്. വേദഗ്രന്ഥങ്ങളുടെ പരിസമാപ്തി രൂപമായ അറബി ഭാഷയിലുള്ള ഖുർആൻ അതിന്റെ ശരീരവും അർത്ഥം അതിന്റെ ജീവനും ആശയം അതിന്റെ ആത്മാവുമാണ്. ഖുർആൻ എന്ന പദത്തിന്റെ അർത്ഥം ആവർത്തിച്ച് വായിക്കപ്പെടേണ്ടത് എന്നാണ്. എല്ലാ വേദഗ്രന്ഥങ്ങളും ആവർത്തിച്ച് വായിക്കപ്പെടേണ്ടവയായതിനാൽ അവയെല്ലാം ഖുർആൻ തന്നെയാണ്. മനുഷ്യരിൽ ആയിരത്തിൽ ഒന്ന് മാത്രമേ ഗ്രന്ഥത്തിന്റെ ആശയത്തിൽ ചരിക്കുന്നവരാവുകയുള്ളൂ. ആദ്യമനുഷ്യൻ ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യരിൽ ഏകസംഘം മാത്രമാണ് വിശ്വാസികളുടെ സംഘം. പ്രപഞ്ചനാഥനിൽ നിന്നുള്ള സന്മാർഗ്ഗവും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശവുമായ **അദ്ദിക്ർ** മുറുകെപ്പിടിച്ച് പിശാചിന്റെ കെണിയിൽ പെടാതെ നിലകൊള്ളുന്നവർ മാത്രമേ വിജയം വരിക്കുകയുള്ളൂ.

ആദ്യകാലം മുതൽ അവസാനകാലം വരെ അവതരിപ്പിക്കപ്പെട്ട 313 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചതാണ് **അദ്ദിക്ർ** എന്ന ഈ ഗ്രന്ഥം. 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനി 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെടുത്തിയിട്ടുള്ള ത്രികാലജ്ഞാനമാണ് അത്. 41: 41-43 ൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യമായ ഗ്രന്ഥവും 25: 33 ൽ പറഞ്ഞ സ്രഷ്ടാവിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവും 3: 58 ൽ പറഞ്ഞ യുക്തിനിർഭരഗ്രന്ഥവും ഇതുതന്നെയാണ്. 15: 9 പ്രകാരം പ്രപഞ്ചനാഥൻ തന്നെ ഇതിന്റെ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ട്. '**അദ്ദിക്ർ**' മൂന്നുവാള്യങ്ങളിലായി മലയാളത്തിലും ഇംഗ്ലീഷിലും ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വസ്രഷ്ടാവിന്റെ സർവ്വലോകർക്കുമുള്ള സന്ദേശവും സ്രഷ്ടാവിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റും ത്രികാലജ്ഞാനവുമായ **അദ്ദിക്ർ** അന്ത്യപ്രവാചകന്റെ സമുദായ(*ഉമ്മത്ത്*)ത്തിൽ പെട്ട ഹൈന്ദവർ, ബുദ്ധർ, ജൈനർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർക്ക് എത്തിച്ചുകൊടുക്കുക എന്ന ബാധ്യത നിർവ്വഹിക്കുന്നതിനു കൂടിയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. അറബിഭാഷ വശമില്ലാത്തവർക്ക് ആശയം മനസ്സിലാക്കാൻ സഹായകരമായ ഒരു പദസൂചിക അവസാനം ചേർത്തിയിട്ടുണ്ട്.

മൊത്തം ലോകർക്ക് ഇക്കാലത്തേക്ക് ബാധകമായ വിധിവിലക്കുകളടങ്ങിയ, സ്രഷ്ടാവിന്റെ സംസാരമായ **അദ്ദിക്ർ** ജാതി-മത-വർണ്ണ-ലിംഗ-ദേശ-ഭാഷ ഭേദമന്യേ എല്ലാവർക്കും പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വേദിയാണ് സ്ട്രെയ്റ്റ്പാത്ത് എഡ്യൂക്കേഷൻ. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്ർ കോപ്പികളെടുത്തും മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്തും ലോകരിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ജാതി-മത-ലിംഗ-വർണ്ണ-ദേശ-ഭാഷ-വർണ്ണ ഭേദമന്യേ ഏതൊരാൾക്കും നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്ന ഈ സംരംഭത്തിൽ പങ്കാളിയാകാവുന്നതാണ്. ഇത് സർവ്വസ്രഷ്ടാവിൽ നിന്നുള്ളതായതിനാൽ ഇതിന്റെ പകർപ്പവകാശം ആരിലും നിക്ഷിപ്തമല്ല. Google Playstore ൽ നിന്നും Adhikr ML എന്ന Android App ഡൗൺലോഡ് ചെയ്യാവുന്നതും www.straightpathonline.com ൽ നിന്നും അദ്ദിക്ർ (മലയാളം, ഇംഗ്ലീഷ്) വായിക്കാവുന്നതുമാണ്.

അധ്യായക്രമം

	അധ്യായം	പേജ്
	മുഖവുര	5
1.	അൽ ഫാത്തിഹഃ	62
2.	അൽ ബഖറഃ	93
3.	ആലിഇംറാൻ	317
4.	അന്നിസാഅ്	432
5.	അൽ മാഇദഃ	556
6.	അൻആം	635
7.	അഅ്റാഫ്	749
	പദസൂചിക	853

മുഖവുര

ഞാൻ, നീ എന്നൊക്കെ പറയുന്നത് ഈ കാണുന്ന ശരീരത്തെയല്ല! മറിച്ച് ആത്മാവിനെ(*നഫ്സ്*)യാണ്. അതിന് സഞ്ചരിക്കുവാനുള്ള വാഹനമാണ് ശരീരം. മാതാവിന്റെയും പിതാവിന്റെയും ബീജങ്ങൾ കൂട്ടിയോജിപ്പിച്ച് സർവ്വസ്രഷ്ടാവ് വികസിപ്പിച്ചുണ്ടാക്കിയ മൺകൂടമാണത്. മനുഷ്യരിൽ ആദ്യനെ(ആദം) സൃഷ്ടിച്ചപ്പോൾ തന്നെ സ്രഷ്ടാവ് ഒറ്റ ആത്മാവിൽനിന്ന് അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും (ആത്മാവ്) സ്വർഗത്തിൽ സൃഷ്ടിച്ചു. 4: 1 വിശദീകരണം നോക്കുക. 7: 172–173 ൽ പറഞ്ഞത് പ്രകാരം, ആദം സന്തതികളുടെ മുതുകുകളിൽ നിന്ന് അന്ത്യനാൾവരെയുള്ള അവരുടെ മുഴുവൻ സന്തതിപരമ്പരകളെ പുറത്തെടുത്ത്, അവരോരോരുത്തരോടും 'ഞാനല്ലയോ നിങ്ങളുടെ ഉടമയായ നാഥൻ?' എന്ന് സ്രഷ്ടാവ് ചോദിച്ചു. അവർ ഓരോരുത്തരും പറഞ്ഞു: 'അതെ നാഥാ, ഞങ്ങൾ അതിന് സാക്ഷ്യം വഹിക്കുന്നു'. അതായത് മനുഷ്യർക്കുള്ള എല്ലാവിധ നിയമനിർദേശങ്ങളും നൽകാനുള്ള ഏക അധികാരി അവരുടെ ഉടമയായ സ്രഷ്ടാവ് തന്നെയാണെന്ന് ഈ ഉടമ്പടിയിലൂടെ എല്ലാ മനുഷ്യരും സമ്മതിക്കുകയുണ്ടായി. ഈ കരാറിനു ശേഷം എല്ലാവരെയും മരിപ്പിക്കുകയും ആദമിന്റെ മുതുകിലേക്കുതന്നെ മടക്കുകയും ചെയ്തു.

91: 1–6 സൂക്തങ്ങളിൽ, പ്രത്യക്ഷമായ ആറ് കാര്യങ്ങളെ (സൂര്യനും അതിന്റെ ചൂടേറിയ പ്രകാശവുമാണ്, അതിനെ തുടർന്ന് വരുന്ന ചന്ദ്രനും ശോഭയാർന്ന പ്രകാശവുമാണ്, പകലിന്റെ പ്രകാശമയമായ പ്രത്യക്ഷപ്പെടലാണ്, രാത്രിയുടെ ഇരുൾ മൂടലാണ്, മേലാപ്പായി സംവിധാനിച്ച ആകാശമാണ്, ഒട്ടകപ്പക്ഷിയുടെ മുട്ടയുടെ ആകൃതിയിൽ സംവിധാനിച്ച ഭൂമിയുമാണ്) ആണയിട്ടുകൊണ്ട്; 7–10 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: ആത്മാവിനെ അവൻ സന്തുലനപ്പെടുത്തുകയും ഓരോ ആത്മാവിനും അതിന്റെ ദുർമാർഗവും സന്മാർഗവും നൽകുകയും ചെയ്തു, അപ്പോൾ ആരാണോ ആത്മാവിനെ തിരിച്ചറിഞ്ഞ് ശുദ്ധീകരിച്ചത് അവൻ വിജയിച്ചു, ആരാണോ അതിനെ തിരിച്ചറിയാതെ ദുഷിപ്പിച്ചത് അവൻ പരാജയപ്പെടുകയും ചെയ്തു. അതായത് 'ഞാൻ' എന്നുപറയുന്നത് ആത്മാവാണെന്നും അത് സ്രഷ്ടാവിന്റെ റൂഹിന്റെ ഭാഗമാണെന്നും തിരിച്ചറിഞ്ഞ് 'ഞാനില്ല, അവൻ മാത്രമേയുള്ളൂ' എന്ന ബോധത്തിൽ നിലകൊള്ളുന്നവരാരോ അവർ വിജയിച്ചു എന്നുസാരം. അങ്ങനെയുള്ളവർ മാത്രമാണ് സ്രഷ്ടാവുമായി ചെയ്ത ഉടമ്പടി പാലിച്ച് ജീവിക്കുന്നവർ. 55: 1–4 സൂക്തങ്ങളിൽ, നിഷ്പക്ഷവാൻ മനുഷ്യനെ ഗ്രന്ഥം പഠിപ്പിച്ചു, മനുഷ്യനെ സൃഷ്ടിച്ചു, അവന് അതിന്റെ വിശദീകരണവും (*ബയാൻ*) പഠിപ്പിച്ചു എന്നുപറഞ്ഞിട്ടുണ്ട്. ഇവിടെ 'ഗ്രന്ഥം പഠിപ്പിച്ചു' എന്ന് ആദ്യം പറഞ്ഞതിന്റെ വിവക്ഷ, സ്വർഗത്തിൽ വെച്ച് എല്ലാ മനുഷ്യർക്കും ദുർമാർഗമെന്തെന്നും സന്മാർഗമെന്തെന്നും ഉൾക്കൊള്ളുന്ന അദ്ദിക്ർ പഠിപ്പിച്ചു എന്നാണ്. പിന്നെയാണ് മനുഷ്യരുടെ ശരീരം ഭൂമിയിൽ സൃഷ്ടിക്കുന്നത്, ശേഷം അവനെ ഗ്രന്ഥത്തിന്റെ വിശദീകരണവും പഠിപ്പിച്ചു, ഒന്നുകിൽ നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദി കെട്ടവൻ എന്നീ രണ്ടാലൊരുമാർഗം തെരഞ്ഞെടുത്ത് ജീവിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകിയിട്ടുണ്ട് എന്ന് 76: 3; 90: 10 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ശരീരം:

15: 26; 55: 14 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മുട്ടിയാൽ ശബ്ദമുണ്ടാകുന്ന ഒ

ട്ടിപ്പിടിക്കുന്ന ദുർഗന്ധം വമിക്കുന്ന കറുത്ത കളിമണ്ണുകൊണ്ട് കുശവൻ ചട്ടിയുണ്ടാക്കുന്നതുപോലെയാണ് സ്രഷ്ടാവ് ആദമിന്റെ ശരീരമുണ്ടാക്കിയത്. പിന്നെ അവനെ രൂപപ്പെടുത്തി, 15: 29; 38: 72 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്രഷ്ടാവിന്റെ *റൂഹ്* (ജീവൻ+ആത്മാവ്) അതിൽ ആവാഹിപ്പിച്ചു. 4: 1 ൽ അവനിൽ നിന്ന് അവന്റെ ഇണയെ സൃഷ്ടിച്ചു എന്ന് പറയുന്നതിന് പകരം 'അവളിൽ നിന്ന് അവളുടെ ഇണയെ സൃഷ്ടിച്ചു' എന്ന് പറഞ്ഞതിൽ നിന്നും ആദമിന്റെ ആത്മാവിൽ നിന്നാണ് അതിന്റെ ഇണയായ 'ഹവ്വാ'യെ സൃഷ്ടിച്ചത് എന്ന് മനസ്സിലാക്കാം. (ആണിന്റെയും പെണ്ണിന്റെയും ആത്മാവിനെയും സ്ത്രീയുടെ ശരീരത്തെയും സ്ത്രീലിംഗത്തിലും, പുരുഷന്റെ ശരീരത്തെ പുല്ലിംഗത്തിലുമാണ് ഗ്രന്ഥത്തിൽ പ്രയോഗിച്ചിട്ടുള്ളത്.) ഈസായുടേത് പോലെത്തന്നെ ഹവ്വായുടെയും ശരീരം 'ഉണ്ടാവുക' എന്ന വചനമാണ്. പിതാവും മാതാവുമില്ലാത്ത അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഉദാഹരണമാണ് ആദമും ഹവ്വയും. പിതാവില്ലാത്ത സൃഷ്ടിപ്പിന് ഉദാഹരണമാണ് ഈസാ. ഈസാ പ്രസവിക്കപ്പെട്ട് ഉണ്ടായതാണെങ്കിൽ ഹവ്വാ പ്രസവിക്കപ്പെടാതെ ഉണ്ടായതാണ് എന്ന വ്യത്യാസവുമുണ്ട്. പിതാവും മാതാവും പുണർന്നുകൊണ്ടുള്ള സൃഷ്ടിപ്പിന് ഉദാഹരണമാണ് നാമെല്ലാവരും.

15: 27 ൽ പറഞ്ഞ പ്രകാരം മനുഷ്യരെ സൃഷ്ടിക്കുന്നതിനുമുമ്പ്, തീജ്വാലയിൽ നിന്ന് ശരീരം സൃഷ്ടിക്കപ്പെട്ട *ജിന്നു*(അസുരന്മാർ)കളായിരുന്നു ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികൾ. അവർ പ്രാതിനിധ്യം നിർവഹിക്കാതെ ഭൂമിയിൽ നാശം വിതക്കുന്ന തെമ്മാടികളായി മാറിയപ്പോൾ, *ഇബ്ലീസി*ന്റെ നേതൃത്വത്തിൽ മലക്കുകൾ(ദേവന്മാർ) അവരെ പൂർണ്ണമായും നശിപ്പിക്കുകയാണുണ്ടായത് -*ജിന്നി*ൽ പെട്ട *ഇബ്ലീസ്* അപ്പോൾ നിഷേധിയായിട്ടുണ്ടായിരുന്നില്ല. പിന്നീടാണ് ഭൂമിയിലേക്ക് പ്രതിനിധികളായി അയക്കാൻ വേണ്ടി മനുഷ്യരെ സ്വർഗത്തിൽ സൃഷ്ടിക്കുന്നത്. സർവ്വസ്രഷ്ടാവിൽ നിന്നുള്ള മുഴുവനും മനുഷ്യന് വിധേയമാക്കിക്കൊടുത്തു എന്ന് 45: 13-ാം സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ, നിഷ്പക്ഷവാനായ സർവ്വസ്രഷ്ടാവിന്റെ ഭരണഘടനയും ത്രികാലജ്ഞാനവുമായ അദ്ദിക്ർ മനുഷ്യർക്ക് നൽകി എന്നാണ്. പ്രപഞ്ചത്തിന്റെ സോഫ്റ്റ്വെയർ പഠിപ്പിച്ചതിലൂടെ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളുടെയും ആധിപത്യം മറ്റുസൃഷ്ടികൾക്കൊന്നും നൽകാതെ, ഭൂമിയിൽ അവന്റെ പ്രതിനിധികളായി നിശ്ചയിച്ച വിവേചനശക്തി നൽകപ്പെട്ട മനുഷ്യർക്കാണ് നൽകിയത് എന്നർത്ഥം. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ (പ്രപഞ്ചത്തിന്റെ സോഫ്റ്റ്വെയർ) പഠിപ്പിക്കപ്പെട്ടവരായതിനാലാണ് മനുഷ്യർ മറ്റുസൃഷ്ടികളേക്കാൾ ശ്രേഷ്ഠരായത്.

സ്രഷ്ടാവിന്റെ റൂഹിൽനിന്ന് മനുഷ്യനിൽ ആവാഹിപ്പിക്കുമ്പോൾ *ജിന്നി*ൽ പെട്ട *ഇബ്ലീസ്* അടക്കമുള്ള *മലക്കു*കളുടെ സദസ്സിനോട് ആദമിന് *സുജൂദ്* ചെയ്യാൻ (സാഷ്ടാംഗം പ്രണമിക്കാൻ) അല്ലാഹു കൽപിച്ചു. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ വഹിക്കുന്നതുകൊണ്ട് *മലക്കു*കളും *ജിന്നു*കളുമടക്കം എല്ലാ സൃഷ്ടികളും മനുഷ്യനെ സഹായിച്ചുകൊണ്ട് അവന്റെ വരുതിയിൽ നിലകൊള്ളണമെന്നാണ് അവന്റെ മുമ്പിൽ *സുജൂദ്* ചെയ്യാൻ കൽപിച്ചതിന്റെ പൊരുൾ. *ഇബ്ലീസൊ*ഴികെ മറ്റെല്ലാവരും *സുജൂദ്* ചെയ്തു. തീയിൽ നിന്ന് സൃഷ്ടിക്കപ്പെട്ട എനിക്ക് മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ട ആദമിന്റെ മുമ്പിൽ സുജൂദ് ചെയ്യാൻ പറ്റുകയില്ലെന്ന് അവൻ അഹങ്കരിച്ചു; ശപിക്കപ്പെട്ട് കാരുണ്യം വിലക്കപ്പെട്ട് അവൻ സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ടു. അതോടുകൂടിയാണ് *ജിന്നി*ൽ പെട്ട *ഇബ്ലീസ്* പിശാചായി മാറിയത്. 'എല്ലാവരുടെയും നിയന്ത്രണം നിന്റെ കയ്യിലാണ് എന്നിരിക്കെ, നീ ഉദ്ദേശിച്ചിട്ട് തന്നെയല്ലേ ഞാൻ

സുജൂദ് ചെയ്യാതിരുന്നത്' എന്ന് ചോദിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗമായ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് മനുഷ്യരെ വഴിപിഴപ്പിക്കാൻ അവസരം നൽകണമെന്ന് അവൻ അല്ലാഹുവിനോടുതന്നെ ആവശ്യപ്പെട്ടു. 38: 78-81 പ്രകാരം നിർണ്ണയിക്കപ്പെട്ട ഒരു നാൾ വരെ അവന് അല്ലാഹു അവസരം നൽകുകയും അതിനുവേണ്ട എല്ലാ കഴിവുകളും നൽകുകയും ചെയ്തു. 4: 116-121 വിശദീകരണം നോക്കുക. പിശാച് പറഞ്ഞു: അപ്പോൾ നീ ആരുടെ കാര്യത്തിലാണോ എന്നെ ലക്ഷ്യബോധം നഷ്ടപ്പെടുത്തി ദുർമാർഗികളിൽ അകപ്പെടുത്തിയത്, ഞാൻ അവർക്കുവേണ്ടി നിന്റെ 'ചൊവ്വായ മാർഗത്തിൽ' ഇരിപ്പുറപ്പിക്കുക തന്നെ ചെയ്യും, പിന്നെ ഞാൻ അവരുടെ മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗത്തിലൂടെയും അവരുടെ ഇടതുഭാഗത്തിലൂടെയും വരിക തന്നെ ചെയ്യും, അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുകയില്ല തന്നെ! 7: 16-17 വിശദീകരണം നോക്കുക.

അല്ലാഹു പറഞ്ഞു: ഓ ആദമേ, നീയും നിന്റെ ഇണയും ഈ സ്വർഗത്തിൽ താമസിച്ചുകൊള്ളുക, നിങ്ങൾ രണ്ടുപേരും ഉദ്ദേശിക്കുന്ന വിധം സ്വർഗത്തിൽനിന്നുള്ള കനികൾ യഥേഷ്ടം ഭക്ഷിച്ചു കൊള്ളുക, എന്നാൽ ഈ ഒരു വൃക്ഷത്തിന്റെ കനികൾ നിങ്ങൾ രണ്ടുപേരും രുചിക്കരുത്, അങ്ങനെ ചെയ്താൽ നിങ്ങൾ രണ്ടുപേരും അക്രമികളിൽ പെട്ടുപോകുന്നതാണ്. അപ്പോൾ പിശാച് അവരെ വഞ്ചിച്ചു. അവൻ അവരോട് പറഞ്ഞു: നിങ്ങൾ രണ്ടുപേരും *മലക്കു*കളായിത്തീരുകയോ അല്ലെങ്കിൽ നിത്യജീവിതം കൈവരിക്കുകയോ ചെയ്യാതിരിക്കുന്നതിന് വേണ്ടിയല്ലാതെ നിങ്ങളുടെ നാഥൻ ഈ വൃക്ഷത്തെത്തൊട്ട് നിങ്ങളെ തടഞ്ഞിട്ടില്ല. അവർ രണ്ടുപേരോടും അവൻ ആണയിട്ട് പറയുകയും ചെയ്തു: നിശ്ചയം ഞാൻ നിങ്ങളുടെ ഗുണകാംക്ഷികളിൽ പെട്ടവൻ തന്നെയാണ്. 7: 19-21 വിശദീകരണം നോക്കുക. ഇവ്വിധം വ്യാമോഹിപ്പിച്ച് അവർ രണ്ടുപേരെയും അവൻ പാട്ടിലാക്കി. അങ്ങനെ അവർ രണ്ടുപേരും ആ വൃക്ഷത്തിന്റെ കനി രുചിച്ചപ്പോൾ അവർക്ക് അവരുടെ ഗോപ്യമായ ഗുഹ്യസ്ഥാനങ്ങൾ വെളിപ്പെടുകയും അവർ സ്വർഗത്തിലെ വൃക്ഷങ്ങളുടെ ഇലകൾ കൊണ്ട് ഗുഹ്യസ്ഥാനങ്ങൾ പൊത്താൻ തുടങ്ങുകയും ചെയ്തു. സ്വർഗത്തിൽ വിലക്കപ്പെട്ട ആ കനി ലൈംഗികാസ്വാദനമായിരുന്നു എന്ന് മനസ്സിലാക്കാം. അവർ രണ്ടുപേരുടെയും നാഥൻ അവരെ വിളിച്ച് ചോദിച്ചു: നിങ്ങളെ രണ്ടുപേരെയും ആ വൃക്ഷത്തെത്തൊട്ട് വിലക്കിയിരുന്നില്ലേ? നിശ്ചയം, പിശാച് നിങ്ങൾ രണ്ടുപേരുടെയും വ്യക്തമായ ശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറയുകയും ചെയ്തിരുന്നില്ലേ? 7: 22 വിശദീകരണം നോക്കുക. 2: 37 പ്രകാരം, ഹൃദയത്തിൽ ഖേദം പ്രകടിപ്പിച്ച ആദമിന് പശ്ചാത്തപിച്ച് മടങ്ങുന്നതിനുള്ള വാക്കുകൾ ഇട്ടുകൊടുക്കപ്പെട്ടു. അവർ രണ്ടുപേരും പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചു, ഞങ്ങൾക്ക് നീ പൊറുത്ത് തന്നിട്ടില്ലെങ്കിൽ, നിന്റെ കാരുണ്യം ഞങ്ങളിൽ വർഷിച്ചിട്ടില്ലെങ്കിൽ നിശ്ചയം ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുകതന്നെ ചെയ്യും! 7: 23 വിശദീകരണം നോക്കുക. അവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു. നിശ്ചയം, അവൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യവാനും തന്നെയല്ലോ!

ഭൂമിയിലേക്ക് നിയോഗിക്കുന്നതിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഭൂമിയിലെ ജീവിതത്തിന്റെയും പിശാചിന്റെ വഞ്ചനയുടെയും ഉപമ ഇവ്വിധം പ്രതീകാത്മകമായി സംഭവിപ്പിച്ച് കാണിച്ചുകൊടുത്ത ശേഷം അവരെ ഭൂമിയിലേക്ക് അയച്ചു. അല്ലാഹു പറഞ്ഞു: ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന് ശത്രുക്കളായിക്കൊണ്ട് നിങ്ങളെല്ലാവരും ഇവിടെ നിന്ന് ഇറങ്ങിപ്പോവുക! നിങ്ങൾക്ക് ഒരു നിശ്ചിത അവധി വരെ ഭൂമിയിൽ വിശ്രമസ്ഥലവും പാ

ർപ്പിടവും ജീവിതവിഭവങ്ങളുമുണ്ട്. 7: 24 വിശദീകരണം നോക്കുക. കപടവിശ്വാസികൾ വിശ്വാസികൾക്ക് ശത്രുക്കളാകുന്നു എന്ന് 63: 4 ലും, പ്രവാചകന്മാർക്കും വിശ്വാസികൾക്കും, ജിന്നുകളിലും മനുഷ്യരിലും പെട്ട പിശാചുക്കളെ ശത്രുക്കളാക്കിയിരിക്കുന്നുവെന്ന് 6: 112-ലും പറഞ്ഞിട്ടുണ്ട്. 2: 38 പ്രകാരം, അല്ലാഹു പറഞ്ഞു: നിങ്ങളെല്ലാവരും ഇവിടെ നിന്ന് -സ്വർഗത്തിൽ നിന്ന്- പുറത്തുപോവുക, ഇനി നിങ്ങൾക്ക് എന്നിൽ നിന്നുള്ള മാർഗ ദർശനം വന്നുകിട്ടുകയും അപ്പോൾ ആരാണോ എന്റെ മാർഗത്തെ പിൻപറ്റുകയും ചെയ്യുന്നത്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. ആദമിനെയും ഹവ്വയെയും ശരീരത്തോടുകൂടി -ആദം സന്തതികളെ മുഴുവൻ ആദമിന്റെ മുതുകിൽ വെച്ചുകൊണ്ട്- കാറ്റിന്റെ താളാത്മകതയിൽ ഭൂമിയിലേക്ക് ഇറക്കി. ആദം, ഭാരതത്തിന്റെ ഭാഗമായിരുന്ന ശ്രീലങ്കയിലുള്ള ആദം മലയിലും ഹവ്വാ, അറേബ്യയിലും ഇറങ്ങുകയും *മക്ക*യിലെ *അറഫ*യിൽ വെച്ച് പരസ്പരം കണ്ടുമുട്ടുകയും ചെയ്തു. 2: 164 വിശദീകരണം നോക്കുക.

മനുഷ്യശരീര സൃഷ്ടിപ്പ്:

76: 1-ൽ അല്ലാഹു ചോദിക്കുന്നു: മനുഷ്യനിൽ അവൻ ഓർമിപ്പിക്കപ്പെടാത്ത ഒരു അകാലമായ കാലഘട്ടം കഴിഞ്ഞുപോയിട്ടില്ലെയോ? അതായത് ആദമിനെ സൃഷ്ടിച്ചപ്പോൾ തന്നെ സൃഷ്ടിക്കപ്പെട്ട അന്ത്യനാൾ വരെയുള്ള മനുഷ്യരെ, ഏതുകാലത്ത് ഏതുനാട്ടിൽ ഏതുഗോത്രത്തിൽ ഏതുവംശത്തിൽ ഏതുമാതാപിതാക്കളിൽ ഏതുലിംഗത്തിൽ ഭൂമിയിലേക്ക് കൊണ്ടുവരണമെന്ന് തീരുമാനിക്കുന്നത് സ്രഷ്ടാവാണ്. ആദ്യപിതാവും മാതാവും മണ്ണിൽ നിന്നുള്ള -മണ്ണിന്റെ തന്നെ ഘടകങ്ങളടങ്ങിയ- ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷിച്ചു, അതിൽ നിന്ന് രക്തമുണ്ടായി, അതിന്റെ സത്തിൽ നിന്ന് സ്രഷ്ടാവ് ബീജത്തെ രൂപപ്പെടുത്തി. 7: 189-ൽ പറഞ്ഞതുപ്രകാരം പിതാവും മാതാവും പുണരുമ്പോൾ, പിതാവിന്റെ 'മുതുകിനുള്ളിൽ' നിന്നും മാതാവിന്റെ 'ഇടുപ്പിനുള്ളിൽ' നിന്നും തെറിച്ചുവീഴുന്ന വെള്ളം കൊണ്ടാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് 86: 5-7 ലും, നിശ്ചയം മനുഷ്യനെ നാം ആണിന്റെയും പെണ്ണിന്റെയും മിശ്രിതമായ *നുത്ഫ*' (ബീജം)യിൽ നിന്നാണ് സൃഷ്ടിച്ചതെന്ന് 76: 2-ലും പറഞ്ഞിട്ടുണ്ട്. മാതാവിന്റെ ഗർഭപാത്രത്തിൽ '*നുത്ഫ*'(ഭ്രൂണം)യായി 40 ദിവസവും, '*അലഖ*'(രക്തക്കട്ട)യായി 40 ദിവസവും, '*മുള്ഗ*'(മാംസക്കട്ട)യായി 40 ദിവസവും വളരുന്ന ശിശുവിൽ, നാലാം മാസത്തിൽ മലക്ക് മുഖേന പിതാവിന്റെ മുതുകിലുള്ള 'ആത്മാവി'നെ ആവാഹിപ്പിക്കുന്നു. 22: 5; 32: 7-9; 35: 11 തുടങ്ങിയ സൂക്തങ്ങൾ കൂട്ടിവായിക്കുക. നേരത്തെ ജീവനുണ്ടായിരുന്ന ശിശുവിന് ആത്മാവ് ലഭിക്കുന്നതോടെ *റൂഹ്* (ജീവൻ+ആത്മാവ്) ലഭിക്കുന്നു. പിതാവിന്റെ ബീജത്തിൽ നിന്നാണ് എല്ലുകളും നാഡികളും രൂപപ്പെടുന്നതെങ്കിൽ മാതാവിന്റെ ബീജത്തിൽ നിന്നാണ് രക്തവും മാംസവും രൂപപ്പെടുന്നതെന്ന് ഒരു ജൂതന്റെ ചോദ്യത്തിന് മറുപടിയായി നാഥൻ പ്രവാചകനിലൂടെ പഠിപ്പിക്കുകയുണ്ടായി. മനുഷ്യനെ ഒരു കമ്പ്യൂട്ടറിനോട് ഉപമിക്കുകയാണെങ്കിൽ ശരീരം 'ഹാർഡ്വെയറും' ജീവൻ 'വൈദ്യുതിയും' ആത്മാവ് 'സോഫ്റ്റ്വെയറു'മാണെന്ന് സങ്കൽപ്പിക്കാം.

മനുഷ്യന്റെ ഏഴുഘട്ടങ്ങൾ:

സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഏഴുഘട്ടങ്ങളുണ്ട്. 71: 14-ൽ, നിശ്ചയം അവൻ നിങ്ങളെ വിവിധ ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ആദ്യമനുഷ്യനായ ആദമിനെ സൃഷ്ടിച്ചപ്പോൾ തന്നെ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും സൃഷ്ടിച്ച് അല്ലാഹു അവരോരോരുത്തരോടും ഉടമ്പടി വാങ്ങുകയുണ്ടായി. ഇതാണ് മനു

ഷ്യന്റെ ഒന്നാംഘട്ടം. 7: 172–173 വിശദീകരണം നോക്കുക. ശേഷം എല്ലാവരെയും നിർജ്ജീവരാക്കി ആദമിന്റെ മുതുകിൽ നിക്ഷേപിച്ച് ഭൂമിയിലേക്ക് ഇറക്കി. പിന്നീട് ആദമിന്റെ സന്താനപരമ്പരകളുടെ മുതുകുകളിലൂടെ ഓരോരുത്തരുടെയും പിതാവിന്റെ മുതുകിലെത്തിച്ചേരുന്നതുവരെയുള്ള അകാലമായ കാലമാണ് രണ്ടാംഘട്ടം. 76: 1 വിശദീകരണം നോക്കുക. പിതാവിന്റെ മുതുകിലുള്ള ആത്മാവിനെ *മലക്ക്* മുഖേന എടുത്ത്, നാലാം മാസത്തിൽ മാതാവിന്റെ ഗർഭപാത്രത്തിൽ വളരുന്ന ശിശുവിൽ ആവാഹിപ്പിക്കുന്നു. 32: 7–9 വിശദീകരണം നോക്കുക. അതുമുതൽ പതിനഞ്ച് വയസ്സുവരെയുള്ളതാണ് മൂന്നാംഘട്ടം. പതിനഞ്ച് വയസ്സിനുമുമ്പ് മരണപ്പെടുന്ന ഏതൊരു കുട്ടിയും സ്വർഗത്തിലേക്ക് തന്നെ തിരിച്ചു പോകുന്നതാണ്. പതിനഞ്ച് വയസ്സുമുതൽ മരണം വരെയുള്ള ഭൂമിയിലെ ജീവിതകാലമാണ് നാലാം ഘട്ടം. 1: 4 വിശദീകരണം നോക്കുക. മരണത്തിനുശേഷം പുനർജന്മനാൾ വരെയുള്ള കാലമാണ് (ബർസഖ്) അഞ്ചാം ഘട്ടം. ഉറക്കിൽ നിന്ന് വിപരീതമായി ജീവനില്ലാതെ ആത്മാവ് മാത്രമുള്ള ആ അവസ്ഥയിൽ (ആത്മാവില്ലാതെ ജീവൻ മാത്രമുള്ള അവസ്ഥയാണ് ഉറക്കം) വിശ്വാസികൾ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു പൂന്തോപ്പിലും *കാഫിറു*കൾ നരകത്തിൽ നിന്നുള്ള ഒരു ഗർത്തത്തിലുമായിരിക്കും കഴിച്ചുകൂട്ടുക. 23: 100 വിശദീകരണം നോക്കുക. അമ്പതിനായിരം വർഷം ദൈർഘ്യമുള്ള വിചാരണാനാളാണ് ആറാം ഘട്ടം. 70: 4 വിശദീകരണം നോക്കുക. വേദം ലഭിച്ചവർക്ക് അത് ഉപയോഗപ്പെടുത്തി നാലാം ഘട്ടത്തിൽ സ്വർഗം പണിതാൽ സ്വർഗവും അല്ലെങ്കിൽ നരകവുമാണ് ഏഴാംഘട്ടം. 39: 24; 52: 19 വിശദീകരണം നോക്കുക. വേദം ലഭിക്കാത്തവരെ ഏഴാംഘട്ടത്തിൽ, സ്വർഗവും നരകവുമല്ലാത്ത മറ്റേതെങ്കിലും ലോകങ്ങളിലേക്കാണ് നിഷ്പക്ഷവാനായ സർവ്വലോകങ്ങളുടേയും ഉടമ അയക്കുക. സൃഷ്ടിക്കപ്പെട്ടശേഷം ആത്മാവ് വിവിധ ഘട്ടങ്ങൾ തരണം ചെയ്യുന്നു എന്നല്ലാതെ അത് ഒരിക്കലും നശിക്കുന്നില്ല എന്നത് പ്രത്യേകം സ്മരണീയമാണ്. 49: 13; 84: 19 വിശദീകരണം നോക്കുക.

ചരിത്രം:

ആദ്യമനുഷ്യനായ ആദം സ്വർഗത്തിൽനിന്ന് പഠിപ്പിക്കപ്പെട്ട സന്മാർഗം ഉപയോഗപ്പെടുത്തി ഭൂമിയിൽ ജീവിച്ചു പോന്നു. എന്നാൽ ആദം സന്തതികൾ ക്രമേണ പിശാചിന്റെ പ്രേരണയാൽ വ്യതിചലിച്ച്, ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരായി മാറി. 2: 213 വിശദീകരണം നോക്കുക. അവരിൽ അധികപേരും അക്രമികളും ധിക്കാരികളുമായി മാറിയപ്പോൾ, അല്ലാഹു വിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുകയും നിഷേധികൾക്ക് താക്കീത് നൽകുകയും ചെയ്യുന്ന നബിമാരെ നിയോഗിച്ചു. ആദം മുതൽ നൂഹ് വരെയുള്ള പത്ത് തലമുറ സ്വർഗത്തിൽ വെച്ച് പഠിപ്പിക്കപ്പെട്ട വേദത്തിന്റെ ആശയമനുസരിച്ച് ജീവിക്കാൻ കൽപിക്കപ്പെട്ടവരായിരുന്നു. കാലപ്പഴക്കത്തിൽ സമൂഹം വികസിക്കുന്നതിനനുസരിച്ച് മനുഷ്യൻ പിശാചിന്റെ കെണിയിൽ പെടുകയും അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിച്ച് ജീവിക്കുന്നവർ ഇല്ലാതാവുകയും ചെയ്തപ്പോൾ അല്ലാഹു 'മനു, നോഹ' എന്നീ പേരുകളിൽ അറിയപ്പെട്ടിട്ടുള്ള 'നൂഹി'നെ ആദ്യത്തെ പ്രവാചകനായി നിയോഗിക്കുകയും, വേദഗ്രന്ഥം ഭൂമിയിലേക്ക് അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിനാണ് ആദ്യമായി ശരീരത്തോടുകൂടിയ ഗ്രന്ഥം (അദ്ദിക്ർ) ഇറക്കിയത്. 57: 25 വിശദീകരണം നോക്കുക. അദ്ദേഹത്തിന്റെ പ്രബോധനഫലമായി കുറച്ചുപേർ മാത്രം വിശ്വസിച്ചു. വിശ്വസിക്കാൻ ഇനിയാരും ബാക്കിയില്ലെന്ന ഘട്ടമെത്തിയപ്പോൾ ത്രികാലജ്ഞാനിയായ അല്ലാഹു, നൂഹിനോട് വിശ്വാസികൾക്കും നിഷേധികൾക്കുമിടയിൽ തീരുമാനം കൽപിക്കാൻ വേണ്ടി പ്രാർത്ഥിക്കാൻ കൽപിച്ചു. തൽഫലമായി അന്ന് മനുഷ്യവാസമുണ്ടായിരുന്ന പ്രദേശങ്ങളിലൊക്കെയും

വ്യാപിച്ച വെള്ളപ്പൊക്കം മുഖേന അല്ലാഹു അവരെ നശിപ്പിക്കുകയും നൂഹിനെയും വിശ്വാസികളെയും കപ്പലിൽ രക്ഷപ്പെടുത്തുകയും ചെയ്തു. ആ കപ്പലിൽ രക്ഷപ്പെട്ടവരുടെ പിൻഗാമികളാണ് ഇന്ന് ലോകത്തുള്ള മുഴുവൻ മനുഷ്യരും. 17: 3; 36: 41 വിശദീകരണം നോക്കുക.

രക്ഷപ്പെട്ടവരിൽ ഒരു വിഭാഗം ഇറാഖിൽ താമസമാക്കി. ക്രമേണ അവർ വഴിപിഴച്ച് വിഗ്രഹാരാധകരും അക്രമികളുമായി മാറിയപ്പോൾ ഏകദേശം 1400 വർഷങ്ങൾക്കുശേഷം അല്ലാഹു ഇബ്റാഹീമിനെ പ്രവാചകനായി നിയോഗിച്ചു. ഏകദൈവത്തിലേക്ക് വിളിച്ച അദ്ദേഹത്തെ, പിതാവടക്കമുള്ള ജനത തീക്കുണ്ഠത്തിൽ എറിഞ്ഞ് കരിച്ചുകൊല്ലാനാണ് ഉദ്യമിച്ചത്. എന്നാൽ 21: 69 പ്രകാരം, അജയ്യനും തന്ത്രജ്ഞനുമായ അല്ലാഹു അദ്ദേഹത്തെ അതിൽ നിന്നും രക്ഷപ്പെടുത്തി. (കന്നുകാലികളെ മേയ്ക്കുന്നതിനുവേണ്ടി സ്ഥലമന്വേഷിച്ച്, അവസാനം ഇന്ത്യയിൽ എത്തിച്ചേർന്ന ആര്യന്മാരുടെ മുൻഗാമികൾ ഇറാഖിൽ നിന്നും വന്നവരായിരുന്നു. *ഹജ്ജി*നുള്ള വസ്ത്രധാരണം, *കഅ്ബ* പ്രദക്ഷിണം തുടങ്ങിയ ഇബ്റാഹീമിന്റെ ചര്യയിൽ പെട്ട ആരാധനാരീതികളും ബ്രാഹ്മണരുടെ രീതികളും തമ്മിൽ സാദൃശ്യമുണ്ടായത് അതുകൊണ്ടായിരിക്കണം.) ഇറാഖ് വിട്ട് ഫലസ്തീനിലേക്ക് പുറപ്പെട്ട ഇബ്റാഹീമിന് ഈജിപ്ഷ്യൻ ചക്രവർത്തി സമ്മാനിച്ച ഹാജറ എന്ന പത്നിയിൽ ആദ്യത്തെ കുട്ടി ഇസ്മാഈൽ ജനിച്ചു. അല്ലാഹുവിന്റെ കൽപന പ്രകാരം ആ കുട്ടിയെയും ഹാജറയെയും വെള്ളം പോലുമില്ലാത്ത വിജനമായ മരുഭൂമിയിൽ (*മക്ക*യിൽ *കഅ്ബ*ത്തിനടുത്ത്) കൊണ്ടുപോയി താമസിപ്പിച്ച ശേഷം ഇബ്റാഹീം ഫലസ്തീനിലേക്ക് തിരിച്ചുപോയി. കയ്യിലുണ്ടായിരുന്ന വെള്ളം തീർന്നപ്പോൾ കുട്ടിക്കുവേണ്ടി വെള്ളമന്വേഷിച്ചുകൊണ്ട് ഹാജറ 'സഫാ, മർവാ' കുന്നുകൾക്കിടയിൽ ഏഴുപ്രാവശ്യം ഓടിനടക്കുകയും അവസാനം കുട്ടിയുടെ കാൽപാദത്തിന് അടിയിൽ നിന്നുതന്നെ '*സംസം*' എന്ന ജലധാര പൊട്ടിയൊഴുകുകയും ചെയ്തു. ഇസ്മാഈലിന് പതിനാല് വയസ്സ് പ്രായമെത്തിയപ്പോൾ ഇബ്റാഹീമിന്റെ എല്ലാമെല്ലാമായിരുന്ന ആ മകനെ അറുക്കണമെന്ന കൽപനയുണ്ടായി. ഇബ്റാഹീമും ഇസ്മാഈലും അതിന് തയ്യാറായപ്പോൾ പകരമായി ഒരു ആടിനെ ബലിയറുത്താൽ മതിയെന്ന് അല്ലാഹു കൽപിച്ചു. ഈ പരീക്ഷണങ്ങളിലെല്ലാം വിജയിച്ച ഇബ്റാഹീമിന്, ഏകദൈവാരാധനക്കുവേണ്ടി ഭൂമിയിൽ നിർമ്മിക്കപ്പെടുകയും നൂഹിന്റെ കാലത്തെ വെള്ളപ്പൊക്കത്തിൽ നശിക്കുകയും ചെയ്ത, ആദ്യത്തെ ദേവാലയമായ *കഅ്ബ*യുടെ അടിത്തറ അല്ലാഹു കാണിച്ചുകൊടുക്കുകയും, ഇബ്റാഹീമും ഇസ്മാഈലും ചേർന്ന് അത് പടുത്തുയർത്തുകയുമുണ്ടായി. 2: 126–127; 3: 96–97 കൂട്ടിവായിക്കുക. 14: 35–36 പ്രകാരം ഇബ്റാഹീം നബി, തന്നെയും മക്കളെയും വിഗ്രഹാരാധകരിൽ അകപ്പെടുത്തരുതെന്ന് പ്രാർത്ഥിച്ചെങ്കിലും ക്രമേണ ഇസ്മാഈലിന്റെ മക്കൾ വഴിപിഴച്ച് ഏകദൈവാരാധനക്ക് വേണ്ടി നിർമ്മിച്ച *കഅ്ബ*ത്തിനുള്ളിൽ 360 വിഗ്രഹങ്ങൾ വരെ നാട്ടുകയുണ്ടായി.

ഇബ്റാഹീം നബിക്ക് ഭാര്യ സാറയിൽ ജനിച്ച മകൻ ഇസ്ഹാഖ് നബിയുടെ മകൻ യഅ്ഖൂബ് നബിയുടെ മകൻ യൂസുഫ് നബി, സ്വസഹോദരന്മാരാൽ കിണറ്റിലെറിയപ്പെടുകയും വഴിയാത്രക്കാരായ കച്ചവടസംഘത്താൽ കണ്ടെടുക്കപ്പെടുകയും ഈജിപ്തിൽ വിൽക്കപ്പെടുകയും ചെയ്തു. കാലക്രമേണ ഈജിപ്തിലെ ഭരണാധികാരിയായി മാറിയ യൂസുഫ് നബി, ഫലസ്തീനിൽ നിന്ന് യഅ്ഖൂബ് നബിയെയും കുടുംബാംഗങ്ങളെയുമെല്ലാം ഈജിപ്തിൽ കൊണ്ടുപോയി താമസിപ്പിച്ചു. അങ്ങനെയാണ് ഇസ്റാഈൽ സന്തതികൾ ഈജിപ്തിലെത്തിയത്. ക്രമേണ യൂസുഫ് നബിയുടെ അധ്യാപനങ്ങൾ ഇസ്റാഈൽ സന്തതികളടക്കമുള്ള ആ ജനത വിസ്മരിക്കുകയും അവർ പശുവാരാധനയിലും ധാരാളം

അധാർമ്മിക പ്രവർത്തനങ്ങളിലും മുഴുകുകയും ചെയ്തു. തുടർന്ന് *ഖിബ്തി* വംശത്തിൽ നിന്നുള്ള ഫറോവമാർ ഭരണാധികാരികളായി വരികയും ഇസ്റാഈൽ സന്തതികളെ അടിച്ചമർത്തുകയും അടിമകളാക്കി വെക്കുകയും ചെയ്തു. അപ്പോൾ അവരെ മോചിപ്പിക്കുന്നതിനുവേണ്ടി അല്ലാഹു പ്രവാചകൻ മൂസായെ ഈജിപ്തിലേക്ക് നിയോഗിച്ചു.

മൂസായും സഹോദരൻ ഹാറൂനും വർഷങ്ങളോളം ഈജിപ്തിൽ പ്രബോധനം ചെയ്തെങ്കിലും ഫിർഔൻ പ്രഭൃതികളിൽ നിന്ന് ഒരാൾ മാത്രമാണ് വിശ്വാസിയായത്. അവസാനം മൂസായെയും ഇസ്റാഈൽ സന്തതികളെയും അല്ലാഹു കടൽ പിളർത്തി ഫലസ്തീനിലേക്ക് രക്ഷപ്പെടുത്തുകയും അവർക്ക് ധാരാളം അനുഗ്രഹങ്ങൾ നൽകുകയും മറ്റു ലോകരേക്കാൾ അവർക്ക് ശ്രേഷ്ഠത നൽകുകയും ചെയ്തു. ഗ്രന്ഥത്തിൽ പേരെടുത്ത് പറഞ്ഞ 25 പ്രവാചകന്മാരിൽ പകുതിയിലധികവും *ഉലുൽ അസ്മുകളിൽ* പെട്ട മൂസാ, ഈസാ എന്നീ രണ്ടുപ്രവാചകന്മാരും അവരിലാണ് വന്നിട്ടുള്ളത്. ലോകത്ത് മറ്റാർക്കും നൽകാത്ത പ്രഭാവവും പ്രൗഢിയും രാജാധിപത്യവും നൽകപ്പെട്ട സുലൈമാൻ നബി (സോളമൻ ചക്രവർത്തി)യും ദാവൂദ് നബിയും പിതാവും മകനും പ്രവാചകന്മാരായിട്ടുള്ള മൂന്നു ജോടികളും അവരിലാണ് വന്നിട്ടുള്ളത്. പ്രവാചകൻ മുഹമ്മദ് നിയോഗിക്കപ്പെടുന്നതിനു മുമ്പ് ലോകത്തിന്റെ തന്നെ നേതൃത്വം ഇസ്റാഈൽ സന്തതികളുടെ കൈകളിലായിരുന്നു. എന്നാൽ കാലക്രമേണ ധിക്കാരികളായിത്തീർന്ന അവർ ഗ്രന്ഥത്തെ മൂടിവെക്കുകയും നബിമാരിൽ ചിലരെ വധിക്കുകയും ഈസായെത്തന്നെ വധിക്കാൻ ഉദ്യമിക്കുകയും ചെയ്തു.

അല്ലാഹുവിൽനിന്നുള്ള ഗ്രന്ഥമായ തൗറാത്തിനെ പാടെ മൂടിവെച്ച്, വെള്ള പൂശിയ ശവക്കല്ലറകളെപ്പോലെ ആത്മാവില്ലാതെ ജീവിച്ചിരുന്ന ജൂതപുരോഹിതന്മാരെ ശക്തമായി എതിർത്തുകൊണ്ട്, ജനങ്ങളെ അവരുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി പ്രവാചകൻ ഈസാ ജറൂസലേമിൽ പ്രബോധനം ചെയ്തെങ്കിലും ഇസ്റാഈൽ സന്തതികൾ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. (വിശദവിവരണത്തിന് മത്തായി എഴുതിയ സുവിശേഷം 23:1-36 നോക്കുക.) അവരിൽപെട്ട ഹവാരിയ്യീങ്ങളായ (അപ്പോസ്തലന്മാർ) പതിമൂന്ന് പേർ മാത്രമാണ് അദ്ദേഹത്തെ പിൻപറ്റാൻ തയ്യാറായത്. നിഷേധികളായ ജൂത പുരോഹിതന്മാർ ഈസായെ ക്രൂശിച്ചുകൊല്ലാൻ റോമൻ ചക്രവർത്തിയുടെ ഗവർണരിൽ സ്വാധീനം ചെലുത്തുകയും അവസാനം അവർ ഈസായെ പിടിച്ച് ക്രൂശിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ അല്ലാഹു ഈസായെ ശരീരത്തോടുകൂടി സ്വർഗത്തിലേക്ക് ഉയർത്തുകയാണുണ്ടായത്. 4: 157-158 ൽ വിശദീകരിച്ച പ്രകാരം, അല്ലാഹു ഈസായെ ചുഴലിക്കാറ്റ് മുഖേന ശരീരത്തോടുകൂടി ആകാശത്തേക്ക് ഉയർത്തുകയും, *ഹവാരിയ്യീങ്ങളിൽ*പ്പെട്ട സർജ്ജാസിന് ഈസായുടെ മുഖസാദൃശ്യം നൽകുകയും റോമൻ പട്ടാളക്കാർ സർജ്ജാസിനെ പിടിച്ചുകൊണ്ടുപോയി ക്രൂശിക്കുകയുമാണുണ്ടായത്. ഇതെല്ലാം കണ്ട് അന്ധാളിച്ചുപോയ ബാക്കിയുള്ള പന്ത്രണ്ട് അപ്പോസ്തലന്മാർക്ക്, ജനങ്ങളുടെ വിശ്വാസമില്ലായ്മ, ജൂതന്മാരുടെ പരിഹാസം, ഒറ്റിക്കൊടുക്കൽ, അവരുടെ ഇംഗിതത്തിന് വഴങ്ങുന്ന റോമൻ ഭരണകൂടത്തിന്റെ ആധിപത്യം തുടങ്ങിയ സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളാൽ ഈസായെ ഉയർത്തിയതാണെന്ന കാര്യം പോലും ജനങ്ങളുടെ മുമ്പാകെ വിശദീകരിക്കാനും സമർത്ഥിക്കാനും കഴിഞ്ഞില്ല. തുടർന്ന് സംഘടിതമായി പ്രവർത്തിക്കാൻ സാധിക്കാതെ വ്യത്യസ്ത പ്രദേശങ്ങളിൽ പോയി അവർ സന്ദേശ പ്രചരണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണുണ്ടായത്. ഈസായുടെ കാലത്ത് ശത്രുവായിരുന്ന ജൂതനായ 'പൗലോസ്' അപ്പോഴേക്കും സ്വയം അപ്പോസ്തലനായി ചമഞ്ഞ് കടന്നുവരികയും ജൂതന്മാരുടെയും ഭരണകൂടത്തിന്റെയും തണലിൽ ഈസാ കൊണ്ടുവന്നതിന് വിരുദ്ധമായ തത്വങ്ങളും ആ

ശയങ്ങളും പ്രചരിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. അവർ കാലക്രമേണ വിവിധ സംഘങ്ങളായി ഭിന്നിക്കുകയാണുണ്ടായത്. 3: 52–55 വിശദീകരണം നോക്കുക.

ഈസാക്കുശേഷം മൊത്തം ലോകം ഇരുണ്ട് നശിപ്പിക്കപ്പെടേണ്ട ഘട്ടമെത്തിയപ്പോഴാണ് ആറാം നൂറ്റാണ്ടിൽ 'കൽക്കി, സത്യത്തിന്റെ ആത്മാവായ കാര്യസ്ഥൻ' എന്നീ നാമങ്ങളിൽ മുൻവേദങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മുഹമ്മദിനെ അല്ലാഹു അന്ത്യപ്രവാചകനും നബിയുമായി നിയോഗിക്കുന്നത്. വഴിപിഴച്ച ഇസ്മാഈൽ സന്തതികളുടെ അധാർമ്മിക ജീവിതരീതി *കഅ്ബ*ത്തിങ്കൽ ആണും പെണ്ണും നഗ്നരായി പ്രദക്ഷിണം വെക്കുന്നിടത്തോളം ഇരുണ്ടുപോയിരുന്നു. ബാഹ്യലോകവുമായി ബന്ധപ്പെട്ട് ജീവിക്കാൻ പറ്റാത്ത ഈ സാഹചര്യത്തിൽ *ഹിറാ*ഗുഹയിൽ ഏകാന്തനായി മുഹമ്മദ് താമസമാരംഭിച്ചു. അപ്പോഴാണ് അല്ലാഹുവിന്റെ *മലക്കു*കളിൽ നിന്നുള്ള ദൂതനായ *'ജിബ്രീൽ' അദ്ദിക്റാ*കുന്ന പ്രകാശവും –ദിവ്യസന്ദേശം– കൊണ്ട് ആഗതനാകുന്നത്. 53: 1–17; 81: 19–27 കൂട്ടിവായിക്കുക. സൂറഃ അലഖിൽ നിന്നുള്ള ആദ്യത്തെ അഞ്ച് സൂക്തങ്ങൾ മുഹമ്മദിനെ കേൾപ്പിച്ച് വായിക്കാൻ പറഞ്ഞു. 'ഞാൻ വായിക്കുന്നവനല്ല' എന്ന് മുഹമ്മദ് മറുപടി പറഞ്ഞപ്പോൾ ജിബ്രീൽ മുഹമ്മദിനെ ആലിംഗനം ചെയ്യുകയും ആത്മാവ് സ്വർഗവുമായി ബന്ധപ്പെടുകയും തുടർന്ന് സ്വർഗത്തിൽ നിന്ന് പഠിപ്പിച്ച ഗ്രന്ഥം അദ്ദേഹം വായിക്കുകയുമാണുണ്ടായത്. പിന്നീട് വിവിധ സന്ദർഭങ്ങളിൽ ഘട്ടം ഘട്ടമായി ഇരുപത്തിമൂന്ന് വർഷങ്ങൾ കൊണ്ടാണ് ഗ്രന്ഥത്തിന്റെ അവതരണം പൂർത്തിയായത്.

സർവ്വമതസത്യവാദം അബദ്ധം:

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് സർവ്വസ്രഷ്ടാവ് തൃപ്തിപ്പെട്ടിട്ടുള്ളത് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കപ്പെട്ട ജീവിതരീതി മാത്രമാണ്. മനുഷ്യന് സ്രഷ്ടാവ് നൽകിയിട്ടുള്ള സർവ്വസ്വം അവനുതന്നെ സമർപ്പിച്ചുകൊണ്ടുള്ള പ്രസ്തുത ജീവിതസംഹിതക്ക് *ഇസ്ലാം* എന്നുപറയുന്നു. പ്രകൃതി ജീവിതരീതി, സമാധാനം, ജീവിതം അല്ലാഹുവിന് സമർപ്പിക്കൽ എന്നെല്ലാമാണ് *ഇസ്ലാം* എന്ന പദം കൊണ്ടുള്ള വിവക്ഷ. അപ്രകാരം സർവ്വസ്വം സ്രഷ്ടാവിന് സമർപ്പിച്ചുകൊണ്ട് സമാധാനത്തോടുകൂടിയുള്ള പ്രകൃതിജീവിതം നയിക്കുന്നവരെയാണ് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലിംകൾ എന്ന് പറയുന്നത്. (അവർ ഏത് ജാതി–മത–വേഷ–ഭാഷക്കാരായാലും ശരി.) 3: 19, 85 വിശദീകരണം നോക്കുക. സ്രഷ്ടാവിന്റെ സന്ദേശമായ വേദം പ്രായോഗികജീവിതത്തിൽ ജീവിച്ചുകാണിച്ചു കൊടുക്കുന്നതിനുവേണ്ടി മനുഷ്യരിൽ നിന്നുള്ള പ്രവാചകന്മാരിലൂടെയാണ് കാലാകാലങ്ങളിൽ അവതരിപ്പിച്ചുകൊണ്ടിരുന്നത്. ജനങ്ങളുടെ ശ്രദ്ധ അല്ലാഹുവിന്റെ സന്ദേശത്തിലേക്ക് തിരിക്കുന്നതിനുവേണ്ടി ആദ്യ കാലങ്ങളിൽ പ്രകൃതിക്ഷോഭം, ക്ഷാമം, ദുരിതം, ഭീതി വരുത്തുന്ന യുദ്ധങ്ങൾ തുടങ്ങിയ പരീക്ഷണങ്ങൾ നൽകുകയും പ്രവാചകന്മാരിലൂടെ ചില ദിവ്യാത്ഭുതങ്ങൾ പ്രകടിപ്പിക്കുകയുമുണ്ടായി. ശക്തമായ എതിർപ്പുകൾക്കിടയിലും ചെറിയൊരു സംഘം അല്ലാഹുവിന്റെ ഈ ജീവിതസംഹിതയിൽ വിശ്വസിക്കുകയും ക്രമേണ അവന്റെ *ദീൻ* (ജീവിതസംഹിത) ഇവിടെ നടപ്പിൽ വരികയും ചെയ്തു.

കാലക്രമേണ പ്രമാണിമാരിലും പുരോഹിതന്മാരിലും പെട്ട കപടവിശ്വാസികൾ (മനുഷ്യപ്പിശാചുക്കൾ) ദിവ്യാത്ഭുതങ്ങൾ പ്രവാചകന്മാരുടെ കഴിവുകളായി അവതരിപ്പിക്കുകയും തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കനുസരിച്ച് ഗ്രന്ഥത്തെ വളച്ചൊടിക്കുകയും പരലോകത്തെ മറന്ന് ഐഹികലോകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പുതിയൊരു ജീവിതരീതി നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തു. ചിലർ പ്രവാചകന്മാരെ ദൈവാ

വതാരങ്ങളും ദൈവപുത്രന്മാരുമാക്കി മാറ്റി ദൈവത്തിന്റെ അധികാരാവകാശങ്ങളിൽ പ ങ്കുചേർക്കുകയും ക്രമേണ അത് വിഗ്രഹാരാധനയിൽ ചെന്നെത്തുകയുമുണ്ടായി. ആദ്യ കാലങ്ങളിൽ വേദം വാമൊഴിയായിട്ടായിരുന്നു തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു കൊണ്ടിരുന്നത്. പിൽക്കാലത്ത് കപടവിശ്വാസികൾ, മൊത്തം വേദം സ്വീകരിക്കാതെ ചി ല ഭാഗങ്ങൾ മാത്രം വികലമായി വ്യാഖ്യാനിച്ചുകൊണ്ടും അസത്യം കൂട്ടിക്കലർത്തിക്കൊ ണ്ടും ഗ്രന്ഥങ്ങൾ രചിച്ചുതുടങ്ങി. വേദത്തിന്റെ ആശയം പഠിക്കാൻ ശ്രമിക്കാതെ അതിന്റെ ശരീരം തിന്ന് (അധരവ്യായാമം നടത്തി) പുണ്യം നേടാമെന്ന് പഠിപ്പിക്കുകയും വേദത്തി നുപകരം അവർ സ്വകരങ്ങളാൽ രചിച്ച ഗ്രന്ഥങ്ങൾ (കർമശാസ്ത്രഗ്രന്ഥങ്ങൾ, സുവിശേ ഷങ്ങൾ, പുരാണങ്ങൾ മുതലായവ) ജീവിതത്തിന്റെ അവലംബഗ്രന്ഥങ്ങളാക്കി മാറ്റുക യും ചെയ്തു. ധൃതിക്കാരനും സുഖലോലുപനുമായ മനുഷ്യൻ ഇവരുണ്ടാക്കുന്ന കുറു ക്കുവഴികൾ പിൻപറ്റാൻ തയ്യാറാവുകയാണുണ്ടായത്. തുടർന്ന് പല തരം ചിന്താധാരകൾ ഉടലെടുക്കുകയും അത് കക്ഷിത്വങ്ങളിൽ ചെന്നെത്തുകയും അടിസ്ഥാനമില്ലാത്ത ആചാ രാനുഷ്ഠാനങ്ങളുടെ ഒരു സമുച്ചയമായി മാറുകയും ചെയ്തതോടെ, അല്ലാഹു അവതരി പ്പിച്ച *ദീൻ* കേവലം ഒരു മതമായി മാറുകയായി. അപ്പോൾ അല്ലാഹു മനുഷ്യർക്ക് സന്മാർ ഗം കാണിച്ചുകൊടുക്കാൻ വേണ്ടി അവന്റെ വേദം മറ്റൊരു ഭാഷയിൽ മറ്റൊരു പ്രവാചകൻ വശം ജനങ്ങളിലേക്ക് അവതരിപ്പിക്കുന്നു. പൂർണ്ണമായും ദുഷിച്ചു കഴിഞ്ഞ, ആദ്യത്തെ പ്ര വാചകന്റെ ആളുകളാണെന്ന് ദുരഭിമാനിക്കുന്ന ജനതയായിരിക്കും ഈ വേദത്തെയും പ്ര വാചകനെയും എതിർക്കുന്നതിൽ മുൻപന്തിയിലുണ്ടാവുക!

മുസ്‌ലിംകളുടെ സാമ്പ്രദായിക മതമടക്കം ലോകത്ത് ഇന്ന് പ്രചാരത്തിലുള്ള ഒരു മ തവും അല്ലാഹു തൃപ്തിപ്പെടുന്ന അവന്റെ ജീവിതസംഹിതയല്ല. അല്ലാഹുവിന്/യഹോ വക്ക്/ജഗദീശ്വരന് ജീവിതം സമർപ്പിക്കുകയും വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നവർ വിശ്വാസികളും, എന്നാൽ മുഹമ്മദ്, യേശു, മൂസാ, ഉസൈർ, രാമൻ, കൃഷ്ണൻ, ബുദ്ധൻ, ബദ്‌രീങ്ങൾ, മുഹ്‌യുദ്ദീൻ ശൈഖ്, പുണ്യാളന്മാർ തുടങ്ങിയ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുകയും ആരാധിക്കുകയും പാടിപ്പുകഴ്ത്തുകയും നേർച്ച-വഴിപാടുകൾ അർ പ്പിക്കുകയും ചെയ്യുന്നവർ *ശിർക്ക്* ചെയ്യുന്നവരുമാണ് -അവർ ഏത് ജാതി-മത-വേഷ-രാഷ്ട്രക്കാരാണെങ്കിലും ശരി. പ്രവാചകൻ മുഹമ്മദി(കൽക്കി, സത്യത്തിന്റെ ആത്മാവാ യ കാര്യസ്ഥൻ)നുശേഷം ലോകാവസാനം വരെയുള്ള കാലഘട്ടത്തിൽ ജീവിക്കുന്ന എ ല്ലാ മനുഷ്യർക്കുമുള്ള വേദം അദ്ദിക്ർ മാത്രമാണ്. ഹൈന്ദവരെയും ജൂതരെയും ക്രൈസ് തവരെയും മുസ്‌ലിംകളെയും നിരീശ്വരവാദികളെയുമെല്ലാം സൃഷ്ടിക്കുകയും നിയന്ത്രി ക്കുകയും അവർക്കെല്ലാം വേണ്ടി വായുവും വെള്ളവും വെളിച്ചവും മണ്ണും സംവിധാനി ക്കുകയും ചെയ്ത സർവ്വസ്രഷ്ടാവിന്റെ സംസാരമായ അദ്ദിക്ർ, മുൻ വേദഗ്രന്ഥങ്ങളുടെ പരിസമാപ്തി രൂപവും മുൻഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതു മാകുന്നു. കാലാകാലങ്ങളിൽ വിദ്യാലയങ്ങളിൽ ടെക്സ്റ്റ് പുസ്തകങ്ങൾ പരിഷ്കരിക്കു ന്നതുപോലെ അടിസ്ഥാനതത്വങ്ങളിൽ വ്യത്യാസമില്ലാതെയാണ് വേദഗ്രന്ഥങ്ങളിലും പ രിഷ്കരണം വരുത്തിയിട്ടുള്ളത്. അല്ലാതെ ഇന്ന് മനുഷ്യർ തെറ്റിദ്ധരിക്കുന്നത് പോലെ ഹൈന്ദവർക്കും ക്രൈസ്തവർക്കും മുസ്‌ലിംകൾക്കും വെവ്വേറെ ഗ്രന്ഥങ്ങൾ എന്ന രൂപ ത്തിലല്ല.

മുസൈലിമത്തുൽ കദ്ദാബ് മുതൽ *മസീഹുദ്ദജ്ജാൽ* വരെ മുപ്പത് കള്ളവാദികൾ വരു മെന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അദ്ദിക്റിനെയും അന്ത്യപ്രവാചകനായ മുഹമ്മദിനെയും കളവാക്കിക്കൊണ്ട്, അവരിൽ പെട്ട ഇരുപത്തൊമ്പത് കള്ളവാദികളെ

യാണ് ഇന്ന് ലോകത്തുള്ള എല്ലാ ഫുജ്ജാറുകളും പിൻപറ്റിക്കൊണ്ടിരിക്കുന്നത്. അതു കൊണ്ടുതന്നെ ഇന്ന് സമൂഹത്തിൽ പ്രവാചകന്റെ ജനതയിലുള്ളതിനേക്കാൾ കൂടുതൽ പ്രകൃതിമതമായ *ഇസ്‌ലാം* നിഴലിച്ചുകാണുന്നത് ഹൈന്ദവരിലും ക്രൈസ്തവരിലും നിരീശ്വരവാദികളിലുമെല്ലാമാണെന്ന് അദ്ദിക്റിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. മുഹമ്മദ് അന്ത്യപ്രവാചകനായതുകൊണ്ടും അദ്ദിക്റിന്റെ ശരീരം അവതരിപ്പിക്കപ്പെട്ട അതേ ഭാഷയിലും രൂപത്തിലും നിലനിൽക്കുന്നത് കൊണ്ടും ഇനി പുതിയൊരു പ്രവാചകന്റെയോ വേദത്തിന്റെയോ ആവശ്യം വരുന്നില്ല. 35: 32 പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത ഗ്രന്ഥത്തിന്റെ ആശയം സ്വയം ഉപയോഗിക്കാതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും അദ്ദിക്റിൽ നിന്ന് വ്യതിചലിച്ച് അവരുടെ ജീവിതം പൂർണ്ണമായും ഇരുണ്ട് *ജാഹിലിയ്യത്തി*ലെത്തുമ്പോൾ ഇനി *ഇസ്‌ലാമി*നെ പൂർണ്ണമായി മായ്ച്ച് കളയുന്നതിനുവേണ്ടി മുപ്പതാമത്തെ കള്ളവാദിയായ *മസീഹുദ്ദജ്ജാൽ* പ്രത്യക്ഷപ്പെടുകയാണുണ്ടാവുക.

അൽകിതാബ്:

ആകാശഭൂമികളും അവയ്ക്കിടയിലുള്ള സർവ്വസ്വവും ഇല്ലായ്മയിൽ നിന്ന് ആറുനാളുകളിലായി സൃഷ്ടിച്ച സർവ്വസ്രഷ്ടാവ് ത്രികാലജ്ഞാനിയാണ്. അവന്റെ വചനങ്ങളായ അദ്ദിക്ർ ത്രികാലജ്ഞാനവുമാണ്. അതിലെ മൂന്നിലൊന്ന് സൂക്തങ്ങൾ കഴിഞ്ഞുപോയതും മൂന്നിലൊന്ന് സൂക്തങ്ങൾ നടപ്പിലുള്ളതും മൂന്നിലൊന്ന് സൂക്തങ്ങൾ വരാനിരിക്കുന്ന സംഭവങ്ങളുടെ മുന്നറിയിപ്പുമാകുന്നു. പ്രപഞ്ചം രൂപപ്പെടുന്നതിനുമുമ്പുതന്നെ അതിന്റെ ഭരണഘടനയും അവന്റെ ചര്യയുമായ ആവർത്തിച്ചുവായിക്കേണ്ട അദ്ദിക്റാകുന്ന ഗ്രന്ഥം, അവൻ സുരക്ഷിതമായ ഫലകത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചു. അതിന് '*അൽകിതാബ്*' എന്നുപറയുന്നു. 56: 77–78; 85: 21–22 വിശദീകരണം നോക്കുക.

സ്വർഗത്തിൽ നിന്ന് കാലാകാലങ്ങളിൽ മനുഷ്യർക്കുവേണ്ട നിയമനിർദേശങ്ങളടങ്ങിയ ഒറ്റവേദം മാത്രമേ അവതരിപ്പിച്ചിട്ടുള്ളൂ. അത് ആവർത്തിച്ച് വായിക്കേണ്ടത് (ഖുർആൻ) ആണെന്ന് 15: 90–91 ൽ പറഞ്ഞിട്ടുണ്ട്. അതിന്റെ ശരീരം വിവിധ ഭാഷകളിലാണെങ്കിൽ ആത്മാവ് (അദ്ദിക്ർ) ഒന്നുതന്നെയാണ്. അതായത് ഭഗവദ്ഗീതയുടെ ശരീരം സംസ്കൃതവും തൗറാത്തിന്റെ ശരീരം ഹീബ്രുവും ഇഞ്ചീലിന്റെ ശരീരം അരമായിക്കും അദ്ദിക്റിന്റെ ശരീരം അറബിയുമാണെങ്കിൽ ആത്മാവ് (ആശയം) ഒന്നുതന്നെയാണ്. ഖുർആൻ എന്ന പദത്തിന്റെ അർത്ഥം ആവർത്തിച്ച് വായിക്കപ്പെടേണ്ടത് എന്നാണ്. എല്ലാ വേദഗ്രന്ഥങ്ങളും ആവർത്തിച്ച് വായിക്കപ്പെടേണ്ടവയായതിനാൽ അവയെല്ലാം ഖുർആൻ (ആവർത്തിച്ചുവായിക്കപ്പെടേണ്ടത്) തന്നെയാണ്. 15: 87 ൽ പറഞ്ഞ ആവർത്തിച്ചുവരുന്ന ഏഴു സൂക്തങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് '*ഉമ്മുൽ കിതാബായ*' ഫാത്തിഹയാണെന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *ഉമ്മുൽ കിതാബ്* അല്ലാഹുവിന്റെ പക്കലുണ്ടെന്ന് 13: 39; 43: 4 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദ് നബിക്ക് ഗ്രന്ഥവും *ഉമ്മുൽ കിതാബായ* ഫാത്തിഹഃ അടങ്ങിയ *അൽകിതാബ്* തന്നെ അവതരിപ്പിക്കുകയുണ്ടായി. 2: 2 വിശദീകരണം നോക്കുക.

റൂഹ്:

മനുഷ്യന്റെ ആത്മാവും ജീവനും കൂടിയ *റൂഹ്* ശരീരത്തിൽ നിന്ന് വേർപ്പെടുന്നതിനെയാണ് മരണം എന്നുപറയുന്നത്. ഉറക്കം ഒരു ചെറിയ മരണമാണ്. എന്നാൽ ഉറക്കത്തിൽ ആത്മാവ് മാത്രമേ വേർപിരിയുന്നുള്ളൂ, ജീവൻ വേർപിരിയുന്നില്ല. 6: 60; 39: 42 വിശദീകരണം നോക്കുക. 4: 171; 32: 9 എന്നീ സൂക്തങ്ങളിൽ സ്രഷ്ടാവിന്റെ റൂഹിൽ നിന്നാണ് ഈ

സാ അടക്കം എല്ലാ മനുഷ്യർക്കും *റൂഹ്* നൽകിയത് എന്നുപറഞ്ഞിട്ടുണ്ട്. 16: 102; 26: 193; 78: 38 സൂക്തങ്ങളിൽ *ജിബ്‌രീലി*നെക്കുറിച്ച് *റൂഹ്* എന്നുപറഞ്ഞിട്ടുണ്ട്. 16: 2; 42: 52 സൂക്തങ്ങളിൽ അദ്ദിക്‌റിനെ *റൂഹ്* എന്നുപറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിന്റെ ആശയം അതിന്റെ ആത്മാവും അർത്ഥം അതിന്റെ ജീവനുമാണെങ്കിൽ അതിന്റെ *റൂഹ്* ആത്മാവും ജീവനും കൂടിയ *കലിമാത്താ*ണ്. അത് പറഞ്ഞാലും എഴുതിയാലും തീരുകയില്ലെന്ന് 18: 109; 31: 27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിന്നോട് അവർ *റൂഹി*നെക്കുറിച്ച് ചോദിച്ചാൽ, അത് എന്റെ നാഥന്റെ കൽപനയിൽ പെട്ടതാണ്, നിങ്ങൾക്ക് അറിവിൽ നിന്ന് അൽപമല്ലാതെ നൽകിയിട്ടില്ല എന്നുപറയാനാണ് 17: 85-ൽ പ്രവാചകനോട് കൽപിച്ചിട്ടുള്ളത്. എന്നാൽ ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥത്തിൽ എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുള്ളതിനാൽ, നിങ്ങൾക്ക് അറിവില്ലാത്ത ഏതൊരു കാര്യവും അദ്ദിക്‌ർ അറിയുന്നവരോട് ചോദിക്കുക എന്നാണ് 16: 43; 21: 7 എന്നീ സൂക്തങ്ങളിൽ കൽപിച്ചിട്ടുള്ളത്. നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ അല്ലാഹുവിനെക്കുറിച്ച് ത്രികാലജ്ഞാനമായ അദ്ദിക്‌റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോട് ചോദിക്കാനാണ് 25: 59-ൽ പ്രവാചകനോടുതന്നെ ആവശ്യപ്പെട്ടിട്ടുള്ളത്.

അദ്ദിക്‌ർ കൊണ്ട് 'അല്ലാഹ്' എന്ന സ്മരണ നിലനിർത്തുമ്പോൾ മാത്രമേ ഒരുവന് ആത്മാവുണ്ടാവുകയുള്ളൂ. അല്ലാത്തവർ ഉറക്കത്തിലാണ്, അവർക്ക് ജീവൻ മാത്രമേയുള്ളൂ. അദ്ദിക്‌ർ അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികൾ വധിക്കപ്പെട്ടവരാണെന്ന് പറയാനുള്ള കാരണവും ഇതുതന്നെയാണ്. 63: 4; 80: 17 നോക്കുക.

എന്താണ് ഗ്രന്ഥം?

36: 69 ൽ ഗ്രന്ഥത്തെക്കുറിച്ച് അല്ലാഹു പറയുന്നു: ഇതൊരു ദിക്‌റും വ്യക്തമായ വായനയുമല്ലാതെ മറ്റൊന്നുമല്ല. ഇവിടെ പരാമർശിച്ച 'ദിക്‌ർ' ഗ്രന്ഥത്തിന്റെ ആത്മാവും, അറബിയിലുള്ള ടെക്സ്റ്റ് അതിന്റെ ശരീരവുമാണ്. മനുഷ്യനെപ്പോലെത്തന്നെ ആത്മാവും ശരീരവും ചേർന്നതാണ് ഗ്രന്ഥവും. ഗ്രന്ഥത്തിന്റെ മാതാവായ (*ഉമ്മുൽ ഖുർആൻ*) 'ഫാത്തിഹ'യിലൂടെ അടിമ ഉടമയുമായി ബന്ധപ്പെടുമ്പോൾ 'ഞങ്ങളെ നീ ഏറ്റവും ചൊവ്വായ മാർഗത്തിലേക്ക് മാർഗദർശനം ചെയ്യേണമേ' എന്ന് ചോദിക്കുന്നതിന് മറുപടിയായിട്ടാണ് സന്മാർഗവും ഏറ്റവും ചൊവ്വായ മാർഗവുമായ *ബഖറ* മുതൽ *അന്നാസ്* വരെയുള്ള സൂക്തങ്ങളടങ്ങിയ അദ്ദിക്‌ർ നൽകുന്നത്. 114 സൂറത്തുകളാണ് ഗ്രന്ഥത്തിലുള്ളത്. ഒരു സൂറത്തിലും ഒരു പ്രത്യേക വിഷയം പൂർണ്ണമായി പരാമർശിക്കാത്തതിനാൽ അതിന് അധ്യായമെന്ന് പറയാൻ പറ്റില്ല. 6236 സൂക്തങ്ങളടങ്ങിയ ഗ്രന്ഥത്തിലെ ഓരോ വാക്യവും തത്വ നിർഭരവും സ്വതന്ത്രവുമായതിനാൽ അതിനെ *ആയത്ത്* അഥവാ സൂക്തം എന്ന് വിളിക്കുന്നു. *ആയത്ത്* എന്നുപറഞ്ഞാൽ ദൃഷ്ടാന്തം, ദിവ്യാത്ഭുതം, തെളിവ് എന്നെല്ലാം ആശയമുണ്ട്. അഥവാ ഗ്രന്ഥത്തിന്റെ ഓരോ സൂക്തവും ഓരോ ദൃഷ്ടാന്തമാണ്.

ക്രോഡീകരണം:

*മലക്കു*കളിൽ നിന്നുള്ള ദൂതനായ *ജിബ്‌രീൽ* വന്ന് മനുഷ്യരിൽ നിന്നുള്ള ദൂതനായ മുഹമ്മദിന്റെ ഹൃദയത്തിലേക്ക് അദ്ദിക്‌ർ ഘട്ടംഘട്ടമായി ഇട്ടുകൊടുക്കുകയും എഴുത്തും വായനയും അറിയാത്ത പ്രവാചകൻ, എഴുത്തും വായനയും അറിയുന്ന അനുയായികളിൽ പെട്ടവരോട്: ഇത് ഇന്നയിന്ന സൂറത്തിൽ എഴുതിവെക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതനുസരിച്ച് അവർ എഴുതി വെച്ചു. എല്ലാ വർഷവും ഗ്രന്ഥം ഇറങ്ങിയ മാസമായ *റമളാനിൽ ജിബ്‌രീൽ* മുഹമ്മദിനെക്കൊണ്ട് ഗ്രന്ഥം വായിപ്പിച്ചു കേൾക്കുമായിരുന്നു. പ്രവാചകന്റെ ജീവിതാവസാനകാലത്ത് കള്ളപ്രവാചകനായ '*മുസൈലിമത്തുൽ കദ്ദാബി*'ന്റെ

നേതൃത്വത്തിൽ മതപരിത്യാഗികൾ ഉടലെടുക്കുകയും ഒന്നാം *ഖലീഫ* അബൂബക്കറിന്റെ കാലത്ത് അവരുമായി യുദ്ധം നടക്കുകയുമുണ്ടായി. ഈ യുദ്ധത്തിൽ ഗ്രന്ഥം മനഃപാഠമാക്കിയ കുറേ പേർ രക്തസാക്ഷികളായി. ഗ്രന്ഥം ക്രോഡീകരിച്ച് സൂക്ഷിക്കാത്ത പക്ഷം അത് നഷ്ടപ്പെട്ട് പോയേക്കുമോ എന്ന ഭയത്താൽ ഉമറിന്റെ പ്രേരണയനുസരിച്ച്, ഒന്നാം *ഖലീഫ* അബൂബക്കറിന്റെ കാലത്താണ് അത് ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചത്. എഴുത്തുകാരനായ *സൈദുബ്നു സാബിത്തി*ന്റെ നേതൃത്വത്തിൽ ഗ്രന്ഥം മനഃപാഠമാക്കിയവരെയെല്ലാം സമ്മേളിപ്പിക്കുകയും തുകലുകളിലും ഓലകളിലും എല്ലുകളിലും എഴുതിവെച്ചിട്ടുള്ളതെല്ലാം ഒത്തുനോക്കുകയും ചെയ്താണ് ഇന്ന് കാണുന്ന രൂപത്തിലുള്ള ഗ്രന്ഥത്തിന്റെ *അറബി*യിലുള്ള ഒന്നാം പതിപ്പ് രൂപം കൊണ്ടത്. ആ പതിപ്പ് നബിയുടെ പത്നി ഹഫ്സയുടെ കയ്യിൽ സൂക്ഷിക്കുകയും മറ്റുള്ളവരുടെ കയ്യിലുള്ള ലിഖിതങ്ങൾ ഈ പതിപ്പുമായി ഒത്തുനോക്കി ഉറപ്പുവരുത്തുകയും ചെയ്തു. ക്രമേണ *ഇസ്ലാം* വിവിധ നാടുകളിലേക്ക് പ്രചരിച്ചപ്പോൾ ഗ്രന്ഥത്തിന്റെ കൂടുതൽ പതിപ്പുകൾ ആവശ്യമായി വന്നു. അങ്ങനെ മൂന്നാം *ഖലീഫ* ഉസ്മാനിന്റെ കാലത്ത് എട്ടുപതിപ്പുകൾ എടുത്ത് വിവിധ നാടുകളിലേക്ക് എത്തിച്ചുകൊടുക്കുകയുണ്ടായി. പുതിയ നാടുകളിലെ ഭാഷകൾ വ്യത്യാസപ്പെടുമ്പോൾ ഗ്രന്ഥത്തിന്റെ വായനയിൽ മാറ്റം വന്ന് ആശയപ്പൊരുത്തം നഷ്ടപ്പെടാതിരിക്കാൻ വായനാനിയമങ്ങളും ഉണ്ടാക്കി.

ഗ്രന്ഥം ക്രോഡീകരിച്ചതും ക്രമപ്പെടുത്തിയതും ത്രികാലജ്ഞാനിയായ അല്ലാഹു തന്നെയാണ്. 75: 16–19 ൽ അല്ലാഹു പറയുന്നു: ഈ വായന വശത്താക്കുന്നതിനുവേണ്ടി നീ നാവിട്ടടിക്കേണ്ടതില്ല, നമ്മുടെ ബാധ്യതയാണ് അത് ക്രോഡീകരിക്കലും പിന്നെ അത് വായിച്ച് കേൾപ്പിച്ചുതരലും, അപ്പോൾ നാം നിനക്ക് അത് (*ജിബ്രീൽ* മുഖേന) വായിച്ചുകേൾപ്പിച്ച് തന്നാൽ ആ വായനാണ് നീ പിൻപറ്റേണ്ടത്, പിന്നെ അതിനെ വിശദീകരിച്ചുതരലും നമ്മുടെ ബാധ്യത തന്നെയാണ്. 20: 114 ൽ അല്ലാഹു പറയുന്നു: നിനക്കുള്ള ദിവ്യസന്ദേശം പൂർത്തിയാകുന്നതിനുമുമ്പ് ഈ വായന വശത്താക്കുന്ന കാര്യത്തിൽ നീ ധൃതിപ്പെടരുത്, 'എന്റെ നാഥാ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ചുതരേണമേ' എന്ന് നീ പ്രാർത്ഥിക്കുകയും ചെയ്യുക. ഗ്രന്ഥം വായിക്കേണ്ടതും ആശയം പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതുമെല്ലാം അത് ക്രോഡീകരിച്ച ക്രമത്തിൽ ബഖറ മുതൽ താഴോട്ട് തന്നെയാണ്. ഇതിന് വിരുദ്ധമായി ഗ്രന്ഥത്തിന്റെ അവസാനഭാഗമായ '*അമ്മ'ജുസ്അ്* മുതൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണ് മുസ്ലിംകൾക്ക് ഈ ഗ്രന്ഥം മനസിലാകാത്തത്. അവരുടെ ഭക്ഷണം അനുവദനീയവും പരിശുദ്ധവുമല്ലാത്തതുകൊണ്ടാണ് അവർക്ക് അത് ഉപയോഗപ്പെടുത്താൻ സാധിക്കാത്തത്. 16: 114 വിശദീകരണം നോക്കുക. 15: 9 ൽ, നിശ്ചയം അദ്ദിക്ർ –ഗ്രന്ഥത്തിന്റെ ആത്മാവ്– നാമാണ് ഇറക്കിയത്, നാം തന്നെ അതിനെ സൂക്ഷിക്കുകയും ചെയ്യുന്നതാണ് എന്നുപറഞ്ഞിട്ടുണ്ട്.

താഴെ പറയുന്ന പേരുകളിലെല്ലാം അദ്ദിക്റിനെ അല്ലാഹു പരിചയപ്പെടുത്തിയിട്ടുണ്ട്. ആ പേരുകളെല്ലാം അന്വർത്ഥമാക്കും വിധം ഉപയോഗപ്പെടുത്തുന്നവർക്ക് മാത്രമേ അദ്ദിക്ർ അനുകൂലമായി വാദിക്കുകയും ശുപാർശ ചെയ്യുകയും സാക്ഷി നിൽക്കുകയുമുള്ളൂ.

അദ്ദിക്ർ (ഗ്രന്ഥത്തിന്റെ ആത്മാവ്):

3: 58; 5: 91; 15: 6, 9; 25: 18, 29; 38: 8; 41: 41 തുടങ്ങി 61 സൂക്തങ്ങളിൽ നാഥന്റെ ഗ്രന്ഥത്തിന് അദ്ദിക്ർ എന്ന പേര് പരാമർശിച്ചിട്ടുണ്ട്. സൃഷ്ടികളുടെ ഹൃദയത്തിന്റെ ഭാഷയിലുള്ള വേദഗ്രന്ഥത്തിന്റെ ആശയത്തിനാണ് 'അദ്ദിക്ർ' എന്ന് പറയുന്നത്. 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റാണ് സ്വർഗത്തിൽ നിന്ന് എല്ലാ

മനുഷ്യരെയും പഠിപ്പിച്ചിട്ടുള്ളത്. ആദ്യപ്രവാചകനായ നൂഹ് മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് വരെ 313 സന്ദേശവാഹകർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അവർക്കെല്ലാം നൽകപ്പെട്ടത് അദ്ദിക്ർ തന്നെയാണെന്ന് 4: 163; 16: 43–44; 21: 24; 41: 43; 53: 56 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

നാഥന്റെ സ്മരണയുണർത്തുന്ന അദ്ദിക്ർ തന്നെയാണ് സർവ്വപ്രധാനമെന്ന് 29: 45 ലും; നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ അദ്ദിക്റിനെത്തൊട്ട് നിങ്ങളെ തടയരുതെന്നും തടഞ്ഞാൽ അവർ തന്നെയാണ് ജീവിതം നഷ്ടപ്പെട്ടവരെന്ന് 63: 9 ലും പറഞ്ഞിട്ടുണ്ട്. കാഫിറുകളുടെ കാര്യത്തിൽ നീ അവരെ താക്കീത് നൽകുന്നതും അവരെ താക്കീത് നൽകാതിരിക്കുന്നതും സമമാണ്, അവർ വിശ്വസിക്കുകയില്ല. അദ്ദിക്റിനെ പിൻപറ്റുന്നവർക്കും നിഷ്പക്ഷവാനായ നാഥനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുന്നവർക്കും മാത്രമേ നിന്റെ മുന്നറിയിപ്പ് ഉപകാരപ്പെടുകയുള്ളൂ എന്ന് 36: 10–11 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിച്ചതുകൊണ്ടാണ് പ്രവാചകന്റെ ജനത 'കെട്ടതാ'യി മാറിയതെന്ന് അവർ അല്ലാഹുവിനെക്കൂടാതെ വിളിച്ചുപ്രാർത്ഥിക്കുന്ന മഹാത്മാക്കൾ അവർക്കെതിരെ വിധിദിവസം അന്യായം ബോധിപ്പിക്കുന്ന രംഗം 25: 18 ലും; ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിനെ ഉപയോഗപ്പെടുത്താത്ത ഇത്തരം അക്രമി പരലോകത്തുവെച്ച് കൈ കടിച്ച് 'ഓ എന്റെ നാശം, ഇന്നാലിന്നവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിലും; ഓ എന്റെ നാഥാ! നിശ്ചയം എന്റെ ഈ ജനത ഈ വായനയിൽ നിന്ന് *ഹിജ്ർ* പോയതാണ് ഇവർക്ക് വന്ന ദുർഗതി എന്ന് പ്രവാചകൻ പറയുമെന്ന് 25: 30 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത് നിനക്കും നിന്റെ ജനതക്കുമുള്ള ഒരു 'ഉണർത്തൽ' ആണ്, നീയും നിന്റെ ജനതയും അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യുമെന്ന് 43: 43–44 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിൽ വഴിക്കുവഴിയായി ഒരു കാര്യവും പറഞ്ഞിട്ടില്ല, അതുകൊണ്ടുതന്നെ ഗ്രന്ഥത്തിന്റെ മൊത്തം ആശയം അറിയുമ്പോൾ മാത്രമേ ഏതൊരു കാര്യത്തെക്കുറിച്ചുമുള്ള അറിവ് പൂർണ്ണമാവുകയുള്ളൂ.

ദിക്റാ (ഉണർത്തൽ):

6: 68; 7: 2; 11: 120; 26: 209; 39: 21; 51: 55; 87: 9 തുടങ്ങി 21 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'ദിക്റാ' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. ഇത് സർവ്വലോകർക്കുമുള്ള ഒരു *'ദിക്റാ'* അല്ലാതെ അല്ല എന്ന് 6: 90 ലും; അത് വിശ്വാസികൾക്ക് ഒരു അനുസ്മരണമാണെന്ന് 7: 2; 11: 120 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്ക് മാത്രമേ *'ദിക്റാ'* ഉപകാരപ്പെടുകയുള്ളൂ എന്ന് 51: 55 ലും; വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ഏറ്റവും വലിയ ദൗർഭാഗ്യവാൻ അതിനെ വെടിയുക തന്നെ ചെയ്യുമെന്ന് 87: 9–12 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. *'ദിക്റാ'* ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് നരകക്കുണ്ഠം കൊണ്ടുവരപ്പെടുന്ന നാളിൽ മനുഷ്യന് ബോധ്യം വരുമെന്ന് 89: 23 ൽ പറഞ്ഞിട്ടുണ്ട്.

ദിക്രീ (ഉണർത്തൽ):

18: 101; 20: 14, 42, 124; 23: 110; 38: 8 എന്നീ 6 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് *'ദിക്രീ'* എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 18: 100–101 സൂക്തങ്ങളിൽ *ദിക്രീ* വന്നുകിട്ടിയിട്ട് അത് കാണാൻ തയ്യാറാകാത്തവരും കേൾക്കാൻ തയ്യാറാകാത്തവരുമായ കാഫിറുകളുടെ അടുത്തേക്കാണ് നരകക്കുണ്ഠം അടുപ്പിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. 20: 14 ലൂടെ *ദിക്രീ* നിലനിർത്താൻ വേണ്ടി നീ നമസ്കാരം നിലനിർത്തുക എന്നാണ് മൂസാ, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാരോടും അതുവഴി വിശ്വാസിയോടും കൽപിച്ചിട്ടുള്ളത്. 20: 124 ൽ *ദിക്രീ* എന്ന ഗ്രന്ഥ

ത്തെ അവഗണിച്ചവന് ഇഹത്തിൽ കുടുസ്സായ ജീവിതമാണുള്ളത്; വിധിദിവസം അവൻ അന്ധനായി പുനർജീവിപ്പിക്കപ്പെടുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ ജനതയിൽ പെട്ട കാഫിറുകൾ 'ഇവന്റെ മേലാണോ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടത്' എന്ന് പറയുമെന്നും; അല്ല, ശിക്ഷ രുചിക്കാതിരിക്കുമ്പോൾ *ദിക്ർ*യുടെ കാര്യത്തിൽ അവർ സംശയത്തിലാണ് എന്നും 38: 8 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ *ദിക്ർ*യുടെ കാര്യത്തിൽ തീരാത്ത സംശയത്തിലാണുള്ളത്. ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുകയും ഇതരജനവിഭാഗങ്ങളെല്ലാം ഇസ്ലാം അംഗീകരിക്കുകയും കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾ വധിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ അവർക്ക് അറബി ഖുർആനല്ല, അദ്ദിക്ർ -ദിക്രീ- ആയിരുന്നു ഗ്രന്ഥമെന്ന് ബോധ്യം വരികയുള്ളൂ.

തദ്കിറഃ (ടിക്കറ്റ്):

20: 3; 56: 73; 69: 12, 48; 80: 11 തുടങ്ങി 9 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് ടിക്കറ്റ് എന്ന പേര് പരാമർശിച്ചിട്ടുണ്ട്. നിശ്ചയം, തങ്ങളുടെ നാഥനിലേക്ക് എത്തിപ്പെടാനുദ്ദേശിക്കുന്നവർക്ക് ഇത് ഒരു ടിക്കറ്റ് തന്നെയാണെന്ന് 73: 19; 76: 29 എന്നീ സൂക്തങ്ങളിലും; എന്നാൽ ഗ്രന്ഥം പിൻപറ്റുന്ന സൂക്ഷ്മാലുക്കൾ മാത്രമേ അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുകയുള്ളൂ എന്ന് 69: 48 ലും; ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ചവർ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും പറഞ്ഞിട്ടുണ്ട്. കാഫിറുകൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ ടിക്കറ്റായ അദ്ദിക്റിൽ നിന്ന് വിരണ്ടോടുന്നതാണെന്ന് 74: 49–51 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഹുദാ (മാർഗദർശനം):

2: 2, 185; 9: 33; 18: 57; 22: 8; 28: 85; 39: 23; 48: 28; 61: 9 തുടങ്ങി 80 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'മാർഗദർശനം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 2: 38 ൽ, സ്വർഗത്തിൽ നിന്ന് എല്ലാ മനുഷ്യരെയും ഭൂമിയിലേക്ക് നിയോഗിച്ചയക്കുമ്പോൾ അല്ലാഹു പറഞ്ഞു: എന്നിൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നുകിട്ടിയാൽ ആരാണോ മാർഗദർശനത്തെ പിൻപറ്റുന്നത്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 2: 185 ൽ ഗ്രന്ഥം മൊത്തം മനുഷ്യർക്കുള്ള മാർഗദർശനമാണെന്നും പറഞ്ഞിട്ടുണ്ട്. 'മാർഗദർശനം വന്നുകിട്ടുക' എന്ന നിബന്ധനയുള്ളതിനാൽ ഗ്രന്ഥം കിട്ടാത്ത ഒരു ജനതയെ അല്ലാഹു ശിക്ഷിക്കുകയില്ല. ഒരു പ്രവാചകനെ നിയോഗിക്കുന്നതുവരെ നാം ശിക്ഷിക്കുന്നവനാവുകയില്ല എന്ന് 17: 15 ൽ പറഞ്ഞിട്ടുമുണ്ട്. അപ്പോൾ അന്ത്യപ്രവാചകനായ മുഹമ്മദിന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങൾക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കുക എന്നത് അത് ലഭിച്ചവരുടെ ബാധ്യതയാണ്. അങ്ങനെ 2: 62 ൽ വിവരിച്ച പ്രകാരം അവർ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽകർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

ഫുർഖാൻ (സത്യാസത്യവിവേചന മാനദണ്ഡം):

2: 53, 185; 3: 4; 8: 29; 21: 48; 25: 1 എന്നീ 6 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'സത്യാസത്യ വിവേചന മാനദണ്ഡം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 2: 185 ലും 25: 1 ലും മൊത്തം ലോ

കർക്ക് മാർഗദർശനവും സത്യാസത്യവിവേചന മാനദണ്ഡവുമായിക്കൊണ്ടാണ് ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. അഥവാ സത്യവും അസത്യവും ധർമ്മവും അധർമ്മവും നീതിയും അനീതിയും സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും തിരിച്ചറിയാനുള്ള ഉരക്കല്ലാണ് ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ. വിശ്വാസിയെയും കാഫിറിനെയും തിരിച്ചറിയാനുള്ള മാനദണ്ഡവും അതുതന്നെയാണ്.

മീസാൻ (ത്രാസ്):

42: 17; 55: 7, 8, 9; 57: 25 എന്നീ 5 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'ത്രാസ്' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസാണ് അദ്ദിക്ർ. നിഷ്പക്ഷവാനായ നാഥൻ അവന്റെ പ്രതിനിധികളായി നിയോഗിച്ചിട്ടുള്ള മനുഷ്യരുടെ ബാധ്യതയാണ് അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തൽ. എന്നാൽ നാഥന്റെ പ്രാതിനിധ്യം വഹിക്കുന്ന വിശ്വാസികൾ മാത്രമേ ആ ഉത്തരവാദിത്തം നിർവ്വഹിക്കുകയും മറ്റുള്ളവരെ നിർവ്വഹിക്കാൻ പ്രേരിപ്പിക്കുകയുമുള്ളൂ. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അത്തരം ഒരു വിശ്വാസി ലോകത്തെവിടെയും ഇല്ലാത്ത അവസ്ഥയിലാണ് ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ പ്രത്യക്ഷപ്പെടുക. ഏതൊരു കാര്യവും ത്രാസ്സായ അദ്ദിക്ർ കൊണ്ട് തൂക്കി നോക്കി വിലയിരുത്താനും എല്ലാ കാര്യങ്ങളിലും ത്രാസ്സായ ഗ്രന്ഥം കൊണ്ട് നീതി പാലിക്കാനും വിശ്വാസികൾ കൽപിക്കപ്പെട്ടിരിക്കുന്നു. ത്രാസ്സായ അദ്ദിക്ർ കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും സമൂഹ ജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഹഖ് (സത്യം):

2: 119, 147; 7: 8; 10: 108; 17: 81; 25: 33; 29: 68; 37: 37; 39: 41 തുടങ്ങി 256 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'സത്യം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 10: 108 ൽ, ഓ മനുഷ്യരേ, നിങ്ങളുടെ ഉടമയായ നാഥനിൽ നിന്നുള്ള സത്യം നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു; അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തി സന്മാർഗത്തിലാകുന്നത്, അവൻ അവനെ സന്മാർഗത്തിലേക്കാക്കി; ആരാണോ അവനവനെ വഴികേടിലാക്കിയത്, അപ്പോൾ നിശ്ചയം ആ വഴികേടിന്റെ ദോഷവും ആ ആത്മാവിനുതന്നെ, ഞാൻ നിങ്ങളുടെ കൈകാര്യകർത്താവൊന്നുമല്ല എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. വിധിദിവസം സത്യത്തിന് മാത്രമാണ് തൂക്കമുള്ളതെന്ന് 7: 8–9 സൂക്തങ്ങളിലും; പരലോകത്ത് വിധി കൽപിക്കുക സത്യം കൊണ്ടാണെന്ന് 39: 69, 75 തുടങ്ങിയ സൂക്തങ്ങളിലും; ഐഹികലോകത്തു വെച്ച് മനുഷ്യർ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ തീരുമാനം കൽപിക്കാനല്ലാതെ നിന്റെ മേൽ ഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല എന്ന് 16: 64 ലും പറഞ്ഞിട്ടുണ്ട്. 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി നാഥനായ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കാത്ത ഒരാളും വിശ്വാസിയാവുകയോ സർവ്വവും നാഥന് സമർപ്പിച്ച മുസ്ലിമായി മരിക്കുകയോ ഇല്ല എന്ന് 3: 102 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് മുസ്ലിംകളാണെന്ന് വാദിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താത്തത് കാരണം 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അല്ലാഹു തന്നെയാണ് അവ

ന്റെ പ്രവാചകനെ സന്മാർഗവും സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതവ്യവസ്ഥയും കൊണ്ട് അയച്ചത്, ആ ജീവിതവ്യവസ്ഥ മറ്റെല്ലാ ജീവിതവ്യവസ്ഥകളേക്കാളും ഉയർന്ന് നിൽക്കുന്നതിന് വേണ്ടി, അത് വിവിധ സംഘടനകളായിത്തിരിഞ്ഞ ഫുജ്ജാറുകളായ മുശ്രിക്കുകൾക്ക് എത്ര വെറുപ്പായിരുന്നാലും ശരി എന്ന് 9: 33; 48: 28; 61: 9 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളായ ഭ്രാന്തന്മാർ നരകഗർത്തത്തിൽ വെച്ച് അതിന്റെ പാറാവുകാരനായ *മലക്കി*നോട് 'ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചോട്ടെ' എന്ന് പറയുമ്പോൾ മാലിക്ക്: 'നിങ്ങൾ അവിടെ കാലാകാലം കഴിയേണ്ടവരാണ്, ഞങ്ങൾ നിങ്ങളിലേക്ക് സത്യവും കൊണ്ട് വന്നിരുന്നു, എന്നാൽ നിങ്ങളിൽ അധികപേർക്കും സത്യത്തോട് വെറുപ്പായിരുന്നു' എന്ന് പറയുമെന്ന് 43: 74–78 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകത്തുള്ള എല്ലാ ഫുജ്ജാറുകളും സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന നാഥനെക്കൊണ്ട് വിശ്വസിക്കേണ്ട വിധം വിശ്വസിക്കുന്നവരല്ല എന്ന് 6: 91; 22: 74; 39: 67 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

സ്വിദ്ഖ് (സത്യം):

5: 119; 6: 115; 17: 80; 26: 84; 33: 8, 24; 46: 16 തുടങ്ങി 11 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'സ്വിദ്ഖ്' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. *സ്വിദ്ഖ്* എന്ന ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവർ അക്രമികളും കാഫിറുകളുമാണെന്ന് 39: 32 ലും; ആർക്കാണോ *സ്വിദ്ഖ്* വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ മാത്രമാണ് സൂക്ഷ്മാലുക്കളെന്ന് 39: 33 ലും പറഞ്ഞിട്ടുണ്ട്. വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന സൂക്ഷ്മാലുക്കൾ സ്വർഗത്തിൽ തങ്ങളുടെ നാഥന്റെ അടുത്ത് *സ്വിദ്ഖാ*കുന്ന ഇരിപ്പിടത്തിൽ ഉപവിഷ്ടരാകുമെന്ന് 54: 54–55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *സ്വിദ്ഖി*നെ സത്യപ്പെടുത്താത്ത എല്ലാ ഫുജ്ജാറുകളോടും മരണസമയത്ത് 'നീ *സ്വിദ്ഖി*നെ സത്യപ്പെടുത്തിയിട്ടില്ല, അതുകൊണ്ട് നീ നമസ്കരിച്ചിട്ടുമില്ല' എന്ന് നാഥൻ പറയുമെന്ന് 75: 31 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഖിസ്ത് (നീതി):

3: 18; 5: 8, 42; 11: 85; 17: 35; 26: 182; 55: 9; 57: 25 തുടങ്ങി 17 സ്ഥലങ്ങളിൽ ഗ്രന്ഥത്തിന് 'നീതി' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 4: 135; 5: 8 എന്നീ സൂക്തങ്ങളിലൂടെ വിശ്വാസികളെ വിളിച്ച്: നിങ്ങൾ നീതിയിൽ ഉറച്ചുനിന്നുകൊണ്ട് അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തി അവനുവേണ്ടി നിലകൊള്ളുന്നവരാവുക എന്ന് കൽപിച്ചിട്ടുണ്ട്. 5: 42 ൽ, കപടവിശ്വാസികൾ ഏതെങ്കിലും വിധി ലഭിക്കുന്നതിനുവേണ്ടി പ്രവാചകനെയോ വിശ്വാസിയെയോ സമീപിക്കുകയാണെങ്കിൽ അവരെ അവഗണിക്കുന്നതിൽ വിരോധമില്ല എന്നും; എന്നാൽ അവർക്കിടയിൽ വിധി കൽപിക്കുകയാണെങ്കിൽ 'നീതി' കൊണ്ടാണ് വിധി കൽപിക്കേണ്ടതെന്നും പറഞ്ഞിട്ടുണ്ട്. 5: 42; 49: 9; 60: 8 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത് 'നീതി' കൊണ്ട് വിധി കൽപിക്കുന്നവരെ നാഥൻ ഇഷ്ടപ്പെടുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. 17: 35 ലും 26: 182 ലും നിങ്ങൾ 'നീതിയുടെ നേരെച്ചൊവ്വെയുള്ള ത്രാസ്സ്' കൊണ്ട് തൂക്കുക എന്ന് പറഞ്ഞത് നീതിയുടെ ത്രാസായ അദ്ദിക്ർ കൊണ്ട് തൂക്കുക എന്നുതന്നെയാണ്.

അമാനത്ത് (ഉത്തരവാദിത്തം):

4: 58; 8: 27; 23: 8; 33: 72; 70: 32 എന്നീ 5 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് '*അമാനത്ത്*' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടത് കപടവിശ്വാസികളായ പുരുഷന്മാരെയും

സ്ത്രീകളെയും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടിയുമാണെന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന, അവന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളും മുശ്രിക്കുകളുമായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയാണ് ലോകത്തുള്ള മൊത്തം മനുഷ്യരിൽ നിന്നുമുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇനി ഇജ്ജാസിലേക്ക് വേർതിരിക്കപ്പെടുക എന്ന് 48: 6 ലും പറഞ്ഞിട്ടുണ്ട്. 23: 8; 70: 32 എന്നീ സൂക്തങ്ങളിൽ വിജയം വരിക്കുന്ന വിശ്വാസികൾ അവരുടെ *അമാനത്തു*കളും ഉടമ്പടികളും കാത്തുസൂക്ഷിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.

ബസ്വാഇർ (ഉൾക്കാഴ്ചാദായകം):

6: 104; 7: 203; 12: 108; 17: 102; 28: 43; 45: 20; 75: 14 എന്നീ 7 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'ഉൾക്കാഴ്ചാദായകം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 6: 104 ൽ, നിശ്ചയം നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉൾക്കാഴ്ചാദായകം നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു; പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ആരാണോ അതിനെ ഉപയോഗപ്പെടുത്തിയത്, അത് അവനുവേണ്ടിത്തന്നെയാണ്; ആരാണോ അതുകൊള്ളെ അന്ധത നടിച്ചത്, അതിന്റെ ദോഷം ആ ആത്മാവിന് തന്നെയാണ്, ഞാൻ നിങ്ങളുടെ സൂക്ഷിപ്പുകാരനൊന്നുമല്ല എന്ന് പറയാൻ കൽപിച്ചിട്ടുണ്ട്. 7: 203; 45: 20 എന്നീ സൂക്തങ്ങളിൽ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് ഉൾക്കാഴ്ചാദായകവും ദൃഢബോധ്യമുള്ള ജനതക്ക് സന്മാർഗവും കാരുണ്യവുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഓരോ ആത്മാവിനും അതിന്റെ നാളത്തെ ഇരിപ്പിടം സ്വർഗത്തിലാണോ നരകത്തിലാണോ എന്ന് കാണിച്ചുകൊടുക്കുന്നതാണ് ഉൾക്കാഴ്ചാദായകം. ആത്മാവിന്റെ ദൃഷ്ടിയായ അത് ഉപയോഗപ്പെടുത്തി നരകത്തിലെ ശിക്ഷാകഠോരങ്ങളും സ്വർഗത്തിലെ അനുഗ്രഹാനുഭൂതികളും മനസ്സിലാക്കി ഓരോരുത്തരും സ്വർഗം ഇവിടെ വെച്ച് സമ്പാദിക്കേണ്ടതിന് വേണ്ടിയാണ് മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്. ഉൾക്കാഴ്ചാദായകം വന്നുകിട്ടിയിട്ട് അതിനെത്തൊട്ട് അന്ധത നടിച്ചവർ ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരുമാണെന്ന് 7: 179 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ബുർഹാൻ (തെളിവ്):

2: 111; 4: 174; 12: 24; 21: 24; 23: 117; 27: 64; 28: 32, 75 എന്നീ 8 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'തെളിവ്' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. അദ്ദിക്ർ മൊത്തം മനുഷ്യർക്കുള്ള തെളിവും വ്യക്തമായ പ്രകാശവുമാണെന്ന് 4: 174-175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഏതൊരു വിഷയത്തിനും ഗ്രന്ഥത്തിൽ നിന്ന് തെളിവ് ഉദ്ധരിക്കാൻ സാധിക്കുന്നവർക്ക് മാത്രമേ വിചാരണാനാളിൽ ഗ്രന്ഥം അനുകൂലമായി വാദിക്കുകയും സാക്ഷി നിൽക്കുകയുമുള്ളൂ. 21: 24 ൽ, ഗ്രന്ഥത്തിന് തെളിവ്, സത്യം, അദ്ദിക്ർ എന്നീ മൂന്ന് പേരുകളും പറഞ്ഞിട്ടുണ്ട്.

അന്നൂർ (പ്രകാശം):

2: 257; 5: 16, 44, 46; 7: 157; 14: 1, 5; 24: 40; 42: 52; 64: 8 തുടങ്ങി 32 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'പ്രകാശം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ് അദ്ദിക്ർ എന്ന് 14: 1 ലും; ആരാണോ പ്രവാചകനെക്കൊണ്ട് വിശ്വസിക്കുകയും അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പിൻപ

റ്റുകയും ചെയ്യുന്നത്; അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുക എന്ന് 7: 157 ലും പറഞ്ഞിട്ടുണ്ട്. 24: 35 ൽ പറഞ്ഞ ആകാശഭൂമികളുടെ പ്രകാശമായ അല്ലാഹുവിലേക്ക് എത്തിപ്പെടാൻ പ്രകാശമായ അദ്ദിക്ർ ടിക്കറ്റായി ഉപയോഗപ്പെടുത്തുക തന്നെ വേണം. വിശ്വാസികൾ എപ്പോഴും 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പ്രകാശം നീ ഞങ്ങൾക്ക് പൂർത്തിയാക്കിത്തരേണമേ, ഞങ്ങൾക്ക് നീ പൊറുത്തുതരികയും ചെയ്യേണമേ; നിശ്ചയം നീ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ളവൻ തന്നെയാണല്ലോ' എന്ന് പ്രാർത്ഥിക്കുമെന്ന് 66: 8 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റാകുന്ന പ്രകാശം കൊണ്ട് അഹങ്കാരം, അസൂയ, താൻപോരിമ, സ്വാർത്ഥത തുടങ്ങിയ പൈശാചിക സ്വഭാവങ്ങളെയെല്ലാം കരിച്ചുകളഞ്ഞ് നിഷ്കളങ്കരായി സ്വർഗത്തിലേക്ക് (അല്ലാഹുവിലേക്ക്) തന്നെ തിരിച്ചുപോകലാണ് ജീവിതലക്ഷ്യം.

ശാഹിദ് (സാക്ഷി):

6: 19; 11: 17; 22: 78; 85: 3 എന്നീ 4 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'സാക്ഷി' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 6: 19 ൽ, അല്ലാഹുവും ഗ്രന്ഥവും തന്നെയാണ് ഏറ്റവും വലിയ സാക്ഷി എന്ന് പറഞ്ഞിട്ടുണ്ട്. ആരാണോ ഗ്രന്ഥം ലഭിച്ച ശേഷം അതിന് വിരുദ്ധമായ ജീവിതം നയിച്ചത്, അവർക്ക് എതിരായും; ആരാണോ ഗ്രന്ഥത്തെ സാക്ഷ്യപ്പെടുത്തി ജീവിതം നയിച്ചത്, അവർക്ക് അനുകൂലമായും ഗ്രന്ഥം വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിൽ നിന്നുള്ള സാക്ഷ്യം മൂടിവെക്കുന്നവനാണ് ഏറ്റവും വലിയ അക്രമി എന്ന് 2: 140 ലും; സാക്ഷിയും ഇമാമും കാരുണ്യവും സത്യവും വെളിപാടുമായ ഗ്രന്ഥത്തെ സംഘടനകളിൽ നിന്ന് ആരാണോ മൂടിവെച്ചത്, അവനോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകമാണെന്ന് 11: 17 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ അദ്ദിക്ർ പിൻപറ്റാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നാഥനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ചുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരായതിനാൽ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകാനുള്ളവരാണ്. സാക്ഷിയായ ഗ്രന്ഥത്തെ പിൻപറ്റുമ്പോൾ മാത്രമേ ഏതൊരുവനും പ്രവാചകനെ പിൻപറ്റുന്നവനും 2: 143; 22: 78 എന്നീ സൂക്തങ്ങളുടെ കൽപന സത്യപ്പെടുത്തിക്കൊണ്ട് പ്രവാചകന്റെ ജീവിതം ജനങ്ങൾക്കിടയിൽ സാക്ഷ്യം വഹിക്കുന്നവനുമാവുകയുള്ളൂ.

ഹിക്മത്ത് (തത്വജ്ഞാനം):

2: 129, 269; 3: 81; 16: 125; 17: 39; 33: 34; 54: 5 തുടങ്ങി 21 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'തത്വജ്ഞാനം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളുടെയും ആശയം കൂട്ടിയോജിപ്പിച്ച് അല്ലാഹുവിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതയായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്നതിനും മറ്റുള്ളവർക്ക് അങ്ങനെ ഉപയോഗപ്പെടുത്താൻ വേണ്ടി മനസ്സിലാക്കിക്കൊടുക്കുന്നതിനുമുള്ള കഴിവിനാണ് 'തത്വജ്ഞാനം' എന്ന് പറയുന്നത്. 16: 125 ൽ യുക്തിജ്ഞാനം കൊണ്ടും സമാനമായ ഉപമ ഉദാഹരണങ്ങൾ കൊണ്ടും നീ നിന്റെ നാഥനിലേക്ക് വിളിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. 31: 12 ൽ, നാഥന് നന്ദി പ്രകടിപ്പിക്കുന്നവനാകുന്നതിന് വേണ്ടി ലുഖ്മാന് തത്വജ്ഞാനം നൽകിയിട്ടുണ്ടായിരുന്നു എന്നും; 2: 269 ൽ, ആർക്കാണോ 'തത്വജ്ഞാനം' ലഭിച്ചത്, അവർക്ക് വമ്പിച്ച നേട്ടം ലഭിച്ചു എന്നും പറഞ്ഞിട്ടുണ്ട്. തത്വജ്ഞാനം ലഭിച്ചവർക്ക് പ്രപഞ്ചത്തിൽ മുമ്പ് നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും ഇനി നടക്കാൻ പോകുന്നതുമായ എല്ലാ കാര്യങ്ങളുടെയും യാഥാർത്ഥ്യം ഗ്രഹിച്ച് മനസിലാക്കാൻ സാധിക്കുന്നതാണ്.

മൗഇളത്ത് (സദുപദേശം):

2: 66, 275; 3: 138; 10: 57; 16: 125 തുടങ്ങി 9 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'സദുപദേശം'

എന്ന പേര് പരാമർശിച്ചിട്ടുണ്ട്. സദുപദേശം എന്നാൽ ഗ്രന്ഥത്തിലെ ആശയം സ്പഷ്ടമായതും യുക്തിനിർഭരവുമായ സൂക്തങ്ങളുടെ സമാനമായ ഉപമ ഉദാഹരണങ്ങളാണ്. അദ്ദിക്ർ മൊത്തം മനുഷ്യർക്ക് സദുപദേശവും അവരുടെ നെഞ്ചുകളിലുള്ള സംശയങ്ങൾക്ക് ശമനവും വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് 10: 57 ൽ പറഞ്ഞിട്ടുണ്ട്. മൗഇളത്തിന് മുന്നറിയിപ്പ്, താക്കീത്, ഗുണപാഠം എന്നും ആശയമുണ്ട്.

ശിഫാഅ് (രോഗശമനം):

10: 57; 17: 82; 41: 44 എന്നീ 3 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'രോഗശമനം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. 17: 82 ൽ, വിശ്വാസികൾക്ക് അദ്ദിക്റിൽ രോഗശമനവും കാരുണ്യവുമുണ്ടെന്നും എന്നാൽ അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്ക് അദ്ദിക്ർ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ ഇടവരുത്തുമെന്ന് 9: 124 ൽ പറഞ്ഞിട്ടുണ്ടെങ്കിൽ, കപടവിശ്വാസികൾക്ക് അത് മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നാണ് 9: 125 ൽ പറഞ്ഞിട്ടുള്ളത്. വിശ്വാസികളായ ജനതക്ക് അദ്ദിക്ർ സന്മാർഗവും രോഗശമനവുമാണെന്ന് 41: 44 ലും പറഞ്ഞിട്ടുണ്ട്. മാനസികവും ശാരീരികവുമായ എല്ലാ രോഗങ്ങൾക്കുമുള്ള ശമനം അദ്ദിക്റാണ് എന്നിരിക്കെ ആത്മാവിനെ തിരിച്ചറിയാത്ത കപടവിശ്വാസികൾ രോഗശമനത്തിനായി ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആൻ കൊണ്ട് കുറഞ്ഞവില വാങ്ങുകയാണ് ചെയ്യുന്നത്. അതുവഴി അവരും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന വഴിപിഴച്ചവരുമടങ്ങിയ ഫുജ്ജാറുകൾ അവരുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174 ൽ പറഞ്ഞിട്ടുണ്ട്.

റഹ്മത്ത് (കാരുണ്യം):

2: 64; 4: 113; 6: 157; 9: 99; 10: 57, 58; 11: 63; 45: 30; 76: 31 തുടങ്ങി 65 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'കാരുണ്യം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവുമായ ഗ്രന്ഥം ഉണ്ടായിരുന്നില്ലെങ്കിൽ അവർ നിന്നെ വഴിപിഴപ്പിച്ച് കളയുമായിരുന്നു എന്ന് 4: 113 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവുമായ അദ്ദിക്ർ കൊണ്ട് ഊറ്റം കൊള്ളൽ തന്നെയാണ് നിങ്ങൾ ഒരുമിച്ചുകൂട്ടുന്ന മറ്റെന്തിനേക്കാളും ഉത്തമമായിട്ടുള്ളത് എന്ന് 10: 58 ലും പറഞ്ഞിട്ടുണ്ട്. നാഥന്റെ ഗ്രന്ഥമാണ് ഐശ്വര്യം, അതിന് ശേഷം ദാരിദ്ര്യമില്ല, അതുകൂടാതെ ഐശ്വര്യവുമില്ല എന്ന് ഐശ്വര്യവാനായ നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ കാരുണ്യമായ ഗ്രന്ഥം പിൻപറ്റാത്തവരെല്ലാം ഭിന്നിപ്പിലാണെന്നും അവരെക്കൊണ്ടും ജിന്നുകളെക്കൊണ്ടും മുഴുവൻ നരകകുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യുമെന്നും 11: 118–119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ വിശ്വാസികൾ മാത്രമേ അതിനെ കാരുണ്യമായും ഐശ്വര്യമായും അനുഗ്രഹമായും ഉപയോഗപ്പെടുത്തുകയുള്ളൂ. നിശ്ചയം, ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ചവർക്ക് അത് ഒരു ദുഃഖഹേതു തന്നെയാണെന്ന് 69: 50 ൽ പറഞ്ഞിട്ടുണ്ട്.

ഫള്ൽ (ഔദാര്യം):

2: 64, 105; 4: 113, 173; 11: 3; 17: 87; 24: 10, 14, 20, 21; 49: 8; 57: 29; 59: 8 തുടങ്ങി 28 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'ഔദാര്യം' എന്ന പേര് പരാമർശിച്ചിട്ടുണ്ട്.

ഇമാം (മുന്നിൽ നിൽക്കുന്നത്):

11: 17; 17: 71; 36: 12; 46: 12 എന്നീ 4 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'മുന്നിൽ നിൽക്കുന്നത്' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. അദ്ദിക്റും അദ്ദിക്റിന്റെ ഭാഗമായ തൗറാത്തും ഇമാമും കാരുണ്യവുമാണെന്ന് 11: 17; 46: 12 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 17: 71 ൽ, വിധി

ദിവസം എല്ലാവരെയും നാം അവരുടെ ഇമാമിനെയും കൊണ്ട് വിചാരണക്ക് വിളിക്കുന്നതാണ്, അപ്പോൾ ആർക്കാണോ വലതുകയ്യിൽ ഗ്രന്ഥം നൽകപ്പെട്ടത്, അവർ തങ്ങളുടെ ഗ്രന്ഥം വായിക്കുന്നതാണ്, അവർ തരിമ്പും അനീതി കാണിക്കപ്പെടുകയുമില്ല എന്നും; 17: 72 ൽ, ആരാണോ ഇഹലോകത്ത് അവരുടെ *'ഇമാമി'*നോട് അന്ധത നടിച്ചത്, അവൻ പരത്തിൽ കൂടുതൽ അന്ധനും സന്മാർഗത്തിൽ നിന്ന് പിഴച്ചവനും തന്നെയായിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചനാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെയും ഞങ്ങളുടെ ഇണകളുടെയും ഞങ്ങളുടെ സന്തതിപരമ്പരകളുടെയും പ്രവർത്തനങ്ങൾ ഞങ്ങൾക്ക് നീ കൺകുളിർമയുള്ളതാക്കേണമേ; ഞങ്ങളെ നീ ഗ്രന്ഥം പിൻപറ്റുന്ന സൂക്ഷ്മാലുക്കൾക്ക് ഇമാമുകളും (മുന്നിൽ നടക്കുന്നവരും) ആക്കേണമേ' എന്ന് പ്രാർത്ഥിക്കുമെന്ന് 25: 74 ൽ പറഞ്ഞിട്ടുണ്ട്. ആരാണോ ഗ്രന്ഥത്തെ സത്യപ്പെടുത്തിക്കൊണ്ട് ഇവിടെ ജീവിക്കുകയും മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ അവർക്ക് സ്വയം തിരിച്ചറിയാനും അങ്ങനെ അവരുടെ തിന്മകളെ നന്മകളാക്കി പരിവർത്തിപ്പിക്കാനും സഹായകരമാകും വിധത്തിൽ അവർക്ക് ഗ്രന്ഥം എത്തിച്ചുകൊടുക്കുകയും ചെയ്യുന്നത്, അവർക്ക് വിധിദിവസം 17: 13–14; 18: 49; 23: 62–64; 36: 12; 45: 28–31; 58: 6; 78: 29 എന്നീ സൂക്തങ്ങളിൽ പറഞ്ഞ അവരുടെ കർമരേഖ അനുകൂലമായി സാക്ഷ്യം വഹിക്കുന്ന വിധത്തിലും അവരുടെ പ്രവർത്തനങ്ങൾ ത്രാസിൽ തൂക്കം ലഭിക്കുന്ന വിധത്തിലുമായിരിക്കും ലഭിക്കുക. ഗ്രന്ഥം കിട്ടിയിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികൾക്കും അതിനെ തള്ളിപ്പറയുന്ന, അവരെ പിൻപറ്റുന്ന അനുയായികൾക്കും തങ്ങളുടെ കർമരേഖ എതിരായി സാക്ഷ്യം വഹിക്കുന്നതാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ അവരുടെ പ്രവർത്തനങ്ങൾക്ക് പരലോകത്ത് ത്രാസിൽ യാതൊരു തൂക്കവും ലഭിക്കുന്നതല്ല. അങ്ങനെ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരായി സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്.

മുഹൈമിൻ (കാത്തുസൂക്ഷിക്കുന്നത്):

5: 48 ൽ അദ്ദിക്റിന് 'കാത്തുസൂക്ഷിക്കുന്നത്' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. '*മുഹൈമിൻ*' എന്നതിന് കാത്തുസൂക്ഷിക്കുന്നത് എന്നത് കൂടാതെ സംരക്ഷിക്കുന്നത്, മേൽനോട്ടം വഹിക്കുന്നത്, പരിപാലിക്കുന്നത്, പിന്തുണ നൽകുന്നത് എന്നെല്ലാം ആശയമുണ്ട്. നിശ്ചയം അദ്ദിക്ർ നാമാണ് ഇറക്കിയത്, നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യും എന്ന് 15: 9 ൽ പറഞ്ഞിട്ടുള്ളതിനാൽ അദ്ദിക്റിൽ സൃഷ്ടികൾക്ക് ആർക്കും തന്നെ ഒരു മാറ്റവും വരുത്താൻ സാധിക്കുകയില്ല. (ജീവനായ അർത്ഥത്തിലോ ശരീരമാകുന്ന അറബിമൂലത്തിലോ മാറ്റം വരുത്താൻ സാധിക്കുകയില്ല എന്ന് അല്ലാഹു പറഞ്ഞിട്ടില്ല). അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ട 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട് എന്ന് 16: 43–44 സൂക്തങ്ങളിലും; പ്രസ്തുത ഗ്രന്ഥം 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്ന് 5: 48 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ അദ്ദിക്റിനെ ഉരക്കല്ലും ത്രാസുമായി ഉപയോഗപ്പെടുത്തിക്കൊണ്ട് മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ കൂട്ടിക്കലർത്തിയിട്ടുള്ള മിഥ്യകൾ തിരിച്ചറിയാവുന്നതാണ്. 5: 48 ൽ പറഞ്ഞ *മുഹൈമിനായ* അദ്ദിക്റിനെ മുറുകെപ്പിടിച്ച് 59: 23 ൽ പറഞ്ഞ *മുഹൈമിനായ* നാഥനെ മുറുകെപ്പിടിച്ചവർ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174–175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *മുഹൈമിനായ* അദ്ദിക്ർ മുറുകെപ്പിടിക്കുക വഴി 22:

78 ൽ പറഞ്ഞ പ്രകാരം യജമാനനായ നാഥനെ മുറുകെപ്പിടിക്കാവുന്നതാണ്.

ഹദീസ് (വർത്തമാനം):

4: 78, 87; 7: 185; 12: 111; 18: 6; 39: 23; 53: 59 തുടങ്ങി 12 സൂക്തങ്ങളിൽ ഗ്രന്ഥത്തിന് 'ഹദീസ്' എന്ന പേര് പരാമർശിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സംസാരമായ അദ്ദിക്ർ തന്നെയാണ് ഏറ്റവും നല്ല വർത്തമാനം, എന്നാൽ അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകൾക്ക് നാഥന്റെ സംസാരം മനസിലാവുകയില്ല എന്ന് 4: 78 ൽ അവർ വായിച്ചിട്ടുണ്ട്. നാഥന്റെ സംസാരത്തേക്കാൾ സത്യസന്ധമായ സംസാരം മറ്റാരുടേതാണുള്ളത് എന്ന് 4: 87 ലും; നാഥനേക്കാൾ ഏറ്റവും സത്യം പറയുന്നവൻ പിന്നെ ആരുണ്ട് എന്ന് 4: 122 ലും ചോദിക്കുന്നുണ്ട്. 7: 185; 77: 50 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, അപ്പോൾ അവർ ഈ വർത്തമാനത്തിന് ശേഷം മറ്റേതൊരു വർത്തമാനത്തിലാണ് വിശ്വസിക്കാൻ പോകുന്നത് എന്ന് ചോദിച്ചുകൊണ്ടാണെങ്കിൽ; 45: 6 അവസാനിക്കുന്നത് അപ്പോൾ അല്ലാഹുവിനും അവന്റെ സൂക്തങ്ങൾക്കും ശേഷം മറ്റേതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിക്കാൻ പോകുന്നത് എന്ന് ചോദിച്ചുകൊണ്ടാണ്.

അദ്ദിക്ർ ത്രികാലജ്ഞാനിയുടെ സംസാരവും എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന ഗ്രന്ഥവുമായതിനാൽ അവസാന കാലഘട്ടമായ ഇന്ന് അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളണമെന്നാണ് പ്രവാചകന്റെ വിടവാങ്ങൽ *ഹജ്ജ്* ദിനത്തിൽ വെച്ചുതന്നെ പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചത്. നാഥന്റെ സംസാരമായ അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അല്ലാഹുവിനെയും പ്രവാചകനെയും തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സഹായിച്ചുകൊണ്ടിരിക്കുന്ന തെമ്മാടികളും ഭ്രാന്തന്മാരുമാണ്. ഇന്ന് *ഹദീസ്* ഗ്രന്ഥങ്ങൾ എന്ന പേരിലുള്ളവയെല്ലാം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം കള്ളവാദികൾ രചിച്ചുണ്ടാക്കിയവയായതിനാൽ അവയെല്ലാം മിഥ്യാഗ്രന്ഥങ്ങളാണ്.

ബയാൻ (വിശദീകരണം):

3: 138; 55: 4; 75: 19 എന്നീ 3 സൂക്തങ്ങളിൽ അദ്ദിക്റിന് 'വിശദീകരണം' എന്ന പേര് പറഞ്ഞിട്ടുണ്ട്. നാഥന്റെ ഗ്രന്ഥം മൊത്തം മനുഷ്യർക്കുള്ള വിശദീകരണവും സൂക്ഷ്മാലുക്കൾക്ക് സന്മാർഗവും സദുപദേശവുമാണ് എന്ന് 3: 138 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകൻ ദേഹേച്ഛയനുസരിച്ച് പ്രതിഫലിപ്പിക്കുകയില്ല, ഇത് അവന് ദിവ്യബോധനമായി ലഭിക്കുന്ന ദിവ്യസന്ദേശമല്ലാതെയല്ല എന്ന് 53: 3–4 സൂക്തങ്ങളിൽ പറഞ്ഞതിനാൽ ഗ്രന്ഥത്തിന്റെ സൂക്തങ്ങൾ സത്യപ്പെടുത്തുന്ന നിരക്ഷരനായ പ്രവാചകന്റെ സംസാരം ഗ്രന്ഥത്തിന്റെ വിശദീകരണം തന്നെയാണ്. 6: 59; 9: 51; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22; 64: 11 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ആകാശഭൂമികളിലും നിങ്ങളിൽ തന്നെയും ഒരു കാര്യം, അത് ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ സംഭവിക്കുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥം പുകൾപെറ്റ വായനയും ത്രികാലജ്ഞാനവുമായ അദ്ദിക്ർ തന്നെയാണ് എന്ന് 85: 21–22 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ബയ്യിന (വ്യക്തമായത്):

2: 87; 5: 32; 7: 105; 9: 70; 24: 1; 30: 9; 43: 63; 98: 1, 4 തുടങ്ങി 61 സ്ഥലങ്ങളിൽ അദ്ദിക്റിന് വ്യക്തമായത് എന്ന പേര് പറഞ്ഞിട്ടുണ്ട്. പരിശുദ്ധമായ ഗ്രന്ഥം വിശദീകരിച്ചുകൊടുക്കുന്ന പ്രവാചകനാണ് *ബയ്യിന* എന്ന് 98: 1–2 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വ്യക്തമായ

അദ്ദിക്റിനെ മൂടിവെക്കുന്നവർ ശപിക്കപ്പെട്ടവരാണെന്ന് 2: 159 ലും; അവർക്ക് ശാപവും വേദനാജനകമായ ശിക്ഷയുമാണുള്ളതെന്ന് 3: 105 ലും പറഞ്ഞിട്ടുണ്ട്.

സുന്നത്ത് (ചര്യ):

15: 13; 33: 62; 40: 85; 48: 23 തുടങ്ങി 11 സൂക്തങ്ങളിൽ അദ്ദിക്റിന് ചര്യ എന്ന പേര് പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ ചര്യ അഥവാ നടപടിക്രമം അദ്ദിക്ർ തന്നെയാണ്. ഗ്രന്ഥം കിട്ടിയവരിലെ അധികപേരും അതിനെ മൂടിവെക്കുന്ന അക്രമികളും ധിക്കാരികളും തെമ്മാടികളുമാകുമ്പോൾ അവരെ നശിപ്പിക്കുക എന്നതാണ് എല്ലാ പ്രവാചകന്മാരുടെയും ജനതയോട് നാഥൻ കൈക്കൊണ്ടിട്ടുള്ള ചര്യ എന്ന് 17: 77; 33: 62; 48: 23 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള കാഫിറുകൾ ഭൂമിയിൽ അഹങ്കരിച്ചു, സത്യത്തെ പരാജയപ്പെടുത്തുന്നതിന് വേണ്ടി ഗൂഢതന്ത്രം പ്രയോഗിച്ചു, എന്നാൽ ദുഷിച്ച ഗൂഢതന്ത്രങ്ങൾ അതിന്റെ ആളുകളെത്തന്നെയല്ലാതെ ബാധിക്കുകയില്ല, അപ്പോൾ പൂർവ്വികരിൽ നടപ്പിലാക്കിയ അല്ലാഹുവിന്റെ ചര്യയല്ലാതെ അവർ ഇനി എന്താണ് കാത്തിരിക്കുന്നത്? അല്ലാഹുവിന്റെ ചര്യ മാറ്റിമറിക്കുന്നതായി നീ കണ്ടെത്തുകയില്ല, അല്ലാഹുവിന്റെ ചര്യ മാറ്റിവെക്കുന്നതായും നീ കണ്ടെത്തുകയില്ല എന്ന് 35: 43 ൽ പറഞ്ഞിട്ടുണ്ട്.

വ്യക്തമായ വായനയായ അദ്ദിക്ർ ഒരു ഉണർത്തലല്ലാതെ മറ്റൊന്നുമല്ല എന്ന് 36: 69 ലും, മനുഷ്യർക്ക് വേണ്ടി ഗ്രന്ഥവും കൊണ്ട് ഒരു പ്രവാചകനെ നിയോഗിക്കുന്നതുവരെ നാഥൻ ഒരു ജനതയെയും ശിക്ഷിക്കുന്നവനാവുകയില്ല എന്ന് 17: 15 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദിന്റെ കാലം മുതൽ ലോകാവസാനം വരെയുള്ള മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം ഇന്ന് ഏൽപിക്കപ്പെട്ടിട്ടുള്ളത് 35: 32 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ ജനതയെയാണ്. അവരുടെ ബാധ്യതയാണ് അത് ലോകർക്ക് എത്തിച്ചുകൊടുക്കൽ. എന്നാൽ അവരിലെ ആത്മാവിനോട് അക്രമം കാണിച്ച അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താത്തതിനാൽ അവർ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. വിശ്വാസികൾ മാത്രമാണ് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർക്ക് അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് ആ ബാധ്യത നിർവഹിക്കുക. അക്രമികളായ ഫുജ്ജാറുകളെപ്പോലെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളും അദ്ദിക്ർ കിട്ടിയിട്ട് ഉപയോഗപ്പെടുത്താതെ അക്രമികളും ഭ്രാന്തന്മാരും നാശകാരികളുമാകുമ്പോഴാണ് ലോകം അവസാനിക്കുക. നിഷ്പക്ഷവാനായ നാഥന്റെ ചര്യ എല്ലാകാലത്തും ഒന്നുതന്നെയാണ്. മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിക്കുകയും അവരുടെ ജനതക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുക്കുകയും ചെയ്യുന്നത് നീ കണ്ടില്ലേ എന്ന് 14: 28–29 സൂക്തങ്ങളിൽ ചോദിച്ചിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഇക്കൂട്ടരോട് 'നിങ്ങൾ ഇവിടെ സുഖിച്ചുകൊള്ളുക, നിശ്ചയം നിങ്ങളുടെ മടക്കം നരകഗർത്തത്തിലേക്കാണ്' എന്ന് പറയാൻ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന പ്രവാചകനോടും 1000 ത്തിൽ ഒന്നായ വിശ്വാസിയോടും 14: 30 ലൂടെ പ്രപഞ്ചനാഥൻ കൽപിച്ചിട്ടുണ്ട്. പ്രവാചകന്റെ ജീവിതം സ്രഷ്ടാവിന്റെ ചര്യയായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ളതായിരുന്നു. എന്നാൽ ഇന്ന് അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനത അദ്ദിക്റിനെ തള്ളിപ്പറയുക വഴി മുഹമ്മദ് നബിയെ മാത്രമല്ല തള്ളിപ്പറയുന്നത്, മറിച്ച് എല്ലാ പ്രവാചകന്മാരെയും നബിമാരെയും തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സേ

വിച്ചുകൊണ്ടിരിക്കുന്നവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

രിസാലത്ത് (സന്ദേശം):

6: 124; 7: 62, 68; 33: 39; 72: 23, 28 തുടങ്ങി 10 സൂക്തങ്ങളിൽ അദ്ദിക്റിന് 'സന്ദേശം' എന്ന പേര് പറഞ്ഞിട്ടുണ്ട്. പ്രവാചകനെ വിളിച്ച് നീ നാഥന്റെ സന്ദേശമായ ഗ്രന്ഥം മനുഷ്യർക്ക് എത്തിച്ചുകൊടുക്കുക, നീ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നീ നാഥന്റെ സന്ദേശം എത്തിച്ച് കൊടുക്കുന്നവനാവുകയില്ല, മനുഷ്യരെത്തൊട്ട് അല്ലാഹു നിന്നെ സഹായിക്കും, ഗ്രന്ഥത്തെ മൂടിവെക്കുന്ന ഒരു ജനതയെ നിശ്ചയം അല്ലാഹു സന്മാർഗത്തിലാക്കുകയില്ല തന്നെ എന്ന് 5: 67 ൽ പറഞ്ഞിട്ടുണ്ട്. നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ് തുടങ്ങിയ പ്രവാചകന്മാരെല്ലാം തന്നെ അവരവരുടെ ജനതക്ക് നാഥന്റെ സന്ദേശമായ അദ്ദിക്റ് എത്തിച്ചുകൊടുത്തതായി യഥാക്രമം 7: 62, 68, 78-79, 93 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

സർവ്വസ്രഷ്ടാവിന്റെ മൊത്തം സൃഷ്ടികൾക്കുള്ള സന്ദേശമാണ് അദ്ദിക്റ്. അത് ലഭിച്ചവർ അത് വായിച്ച് മനസ്സിലാക്കി അതിനനുസരിച്ച് ജീവിതം സാക്ഷ്യപ്പെടുത്തി മറുപടി നൽകാതിരുന്നാൽ പിശാചിന്റെ കൂടെ നരകത്തിൽ ആപതിക്കുന്നതാണ്. ഭൗതികജീവിതത്തിൽ ഒരു നേട്ടത്തിനുതകുന്ന ഒരു എഴുത്ത് (വിസ, ജോലിക്കുള്ള നിയമനം പോലുള്ളവ) ലഭിച്ചത് ഏത് ഭാഷയിലാണെങ്കിലും അത് അന്വേഷിച്ച് മനസ്സിലാക്കി അതിനനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യൻ ജാഗ്രത പുലർത്തുന്നതാണ്. എന്നാൽ സ്രഷ്ടാവിന്റെ സന്ദേശം ലഭിച്ചിട്ട് അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്നവൻ ജീവിതലക്ഷ്യം നഷ്ടപ്പെട്ട ഭ്രാന്തനും നന്ദികെട്ടവനും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവിയും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകുന്നവനുമാണ്.

ഇൽമ് (ജ്ഞാനം):

2: 32, 145; 3: 7, 19; 11: 14; 12: 22, 68; 27: 15, 40; 28: 80; 29: 49 തുടങ്ങി 62 സൂക്തങ്ങളിൽ അദ്ദിക്റിന് 'ജ്ഞാനം' എന്ന പേര് പറഞ്ഞിട്ടുണ്ട്. നിശ്ചയം, നമ്മുടെ തികഞ്ഞ ജ്ഞാനത്താൽ വിശദീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം നാം അവർക്ക് കൊണ്ടുവന്നിട്ടുണ്ട് എന്ന് ത്രികാലജ്ഞാനിയായ നാഥൻ 7: 52 ൽ പറഞ്ഞിട്ടുള്ളതിലെ ഗ്രന്ഥം ത്രികാലജ്ഞാനമായ അദ്ദിക്റ് തന്നെയാണ്. ത്രികാലജ്ഞാനമായ അദ്ദിക്റ് അറിയുന്നവർ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ എന്ന് 35: 28 ൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തെക്കുറിച്ചുള്ള ജ്ഞാനമില്ലാതെ നാഥനെക്കുറിച്ച് സംസാരിക്കുന്നവർ സംശയമുണ്ടാക്കുന്ന പിശാചിനെയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നതെന്ന് 22: 3, 8; 31: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മൊത്തം ലോകർക്കുള്ള സന്മാർഗമായ അദ്ദിക്റിന്റെ പേരുകൾ വരെ മനുഷ്യരിൽ നിന്ന് മൂടിവെച്ച് പിശാചിനെ സഹായിച്ചുകൊണ്ടിരിക്കുന്ന, പറയുന്നത് പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് പറയുകയും ചെയ്യാത്ത, ഹൃദയത്തിലില്ലാത്തത് വാചാലമായി സംസാരിച്ചുകൊണ്ടിരിക്കുന്നവരാണ് കപടവിശ്വാസികൾ. ഇത്തരം കപടവിശ്വാസികളും അവരുടെ സംസാരം കേട്ടിരിക്കുന്ന അനുയായികളും ഉൾപ്പെട്ട ഫുജ്ജാറുകളാണ് ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവരെന്ന് 8: 22 ലും; ഈ രണ്ടുകൂട്ടരെയും നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടുമെന്ന് 4: 140 ലും പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ നിന്ന് ഗ്രന്ഥത്തെക്കുറിച്ചുള്ള ജ്ഞാനമുള്ളവർ മാത്രമേ അജയ്യനും യുക്തിജ്ഞനുമായ അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല എന്ന് സാക്ഷ്യം വഹിക്കുകയുള്ളൂ എന്ന് 3: 18 ൽ പറഞ്ഞിട്ടുണ്ട്. അഥവാ അവരുടെ സാക്ഷ്യം മാത്രമേ ഏറ്റവും വലിയ സാക്ഷിയായ അല്ലാഹുവിന്റെ ഏറ്റവും

വലിയ സാക്ഷ്യമായ അദ്ദിക്ർ സാക്ഷ്യപ്പെടുത്തുകയുള്ളൂ. ജ്ഞാനമുള്ളവരും ജ്ഞാനമില്ലാത്തവരും സമമാകുമോ എന്ന് 39: 9 ൽ ചോദിക്കുന്നുണ്ട്. എന്നാൽ, ജനങ്ങളിൽ അധികപേരും ഗ്രന്ഥത്തെക്കുറിച്ച് അറിവില്ലാത്തവരാണെന്ന് പറഞ്ഞുകൊണ്ടാണ് 28: 57; 34: 28, 36; 40: 57 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്.

ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളുമാണ് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിച്ചുകൊണ്ടിരിക്കുന്നത്. അവർ ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ പരാമർശിക്കപ്പെട്ട തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം ചെയ്യാത്ത അഹങ്കാരികളാണ്. 22: 18 ൽ പറഞ്ഞ പ്രകാരം അവരുടെ നമസ്കാരങ്ങളിൽ അവർ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് സാഷ്ടാംഗപ്രണാമം ചെയ്തതിനും ലക്ഷ്യബോധമില്ലാതെ ജീവിച്ചതിനും പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 9: 67–68; 15: 44; 17: 96–97; 25: 34, 65–66; 33: 73; 48: 6; 98: 6; 107: 4–5 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'നിങ്ങൾ ഈ ഗ്രന്ഥം കൊണ്ട് വിശ്വസിച്ചുകൊള്ളുക, അല്ലെങ്കിൽ വിശ്വസിക്കാതിരുന്നുകൊള്ളുക; നിശ്ചയം ഇതിനുമുമ്പ് ജ്ഞാനം നൽകപ്പെട്ടവർ, അവരുടെമേൽ നാഥന്റെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ അവർ മുഖം കുത്തി അവരുടെ നെറ്റികളിൽ സാഷ്ടാംഗത്തിൽ വീഴുന്നതാണ്; 'ഞങ്ങളുടെ നാഥൻ അതീവ പരിശുദ്ധനാണ്, അവന്റെ വാഗ്ദത്തങ്ങൾ നടപ്പിലാകാനുള്ളത് തന്നെയുമാണ്' എന്ന് ആത്മാവുകൊണ്ട് പറഞ്ഞ് അവർ കരഞ്ഞുകൊണ്ടും വിനീതരായിക്കൊണ്ടും മുഖങ്ങളിൽ സാഷ്ടാംഗം വീഴുന്നതും അത് അവർക്ക് ഭയഭക്തി വർദ്ധിപ്പിക്കുന്നതുമാണ്' എന്ന് 17: 107–109 സൂക്തങ്ങളിൽ പറഞ്ഞത് ഗ്രന്ഥത്തിന്റെ ആളുകളെന്ന് അഹങ്കരിക്കുന്ന ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. എന്നാൽ അവർ നിർബന്ധമായ ആ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുകയില്ല.

ഇദ്ൻ (സമ്മതപത്രം):

2: 213; 3: 49; 5: 16, 110; 11: 105; 33: 46; 35: 32; 42: 51 തുടങ്ങി 30 സൂക്തങ്ങളിൽ അദ്ദിക്റിന് സമ്മതപത്രം എന്ന പേര് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധിക്കുകയില്ല എന്ന് 10: 100 ലും; അവരവരുടെ നാഥന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരാളും സന്മാർഗത്തിലാവുകയില്ല എന്ന് 14: 1 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ 'സമ്മതപത്രം' കൊണ്ട് അനുസരിക്കപ്പെടാനല്ലാതെ നാം ഒരു പ്രവാചകനെയും അയച്ചിട്ടില്ല എന്ന് 4: 64 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ അല്ലാഹുവിന്റെ സമ്മതപത്രവും സംസാരവുമായ ഗ്രന്ഥം സാധൂകരിക്കാത്ത നബിവചനമെന്ന പേരിൽ അറിയപ്പെടുന്ന ഒന്നും സ്വീകരിക്കാവുന്നതല്ല. കാരണം അത് മനുഷ്യപ്പിശാചുക്കൾ പ്രവാചകന്റെമേൽ കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരു പ്രവാചകനും ദിവ്യാത്ഭുതം കൊണ്ടുവരാൻ സാധ്യമല്ലെന്ന് 13: 38; 14: 11; 40: 78 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈസാനബി മരിച്ചവരെ ജീവിപ്പിച്ചിരുന്നത് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടായിരുന്നു. സ്വയം ശുപാർശ ചെയ്യുകയും ശുപാർശ ചെയ്യിപ്പിക്കുകയും ചെയ്യുന്ന അദ്ദിക്ർ കൊണ്ടല്ലാതെ അല്ലാഹുവിന്റെ അടുക്കൽ ശുപാർശ ചെയ്യാൻ ധൈര്യപ്പെടുന്നവൻ ആരുണ്ട് എന്ന് 2: 255 ൽ ചോദിച്ചിട്ടുണ്ട്. സൃഷ്ടികൾ പരസ്പരമുള്ള ബന്ധങ്ങളെല്ലാം സ്രഷ്ടാവിന്റെ സമ്മതപത്രമായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ളതായിരിക്കണം. അല്ലാത്ത പക്ഷം അവർ പരലോകത്ത് പരസ്പരം ശത്രുക്കളായിരിക്കും എന്ന് 43: 67 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ത്രികാലജ്ഞാനിയായ നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: നിങ്ങളിൽ ഒരാളുടെയും ദേഹേച്ഛ ഞാൻ കൊണ്ടുവന്നതിനെ പിൻപറ്റുന്നതുവരെ നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല. അല്ലാഹുവിന്റെ

സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ആകാശം ഭൂമിയുടെമേൽ വീഴാതിരിക്കുന്നില്ല എന്ന് 22: 65 ലും പറഞ്ഞിട്ടുണ്ട്.

അംറ് (കൽപന):

2: 109; 7: 54; 9: 24, 106; 16: 1; 18: 88; 30: 46; 32: 24 തുടങ്ങി 34 സൂക്തങ്ങളിൽ അദ്ദിക്റിന് കൽപന എന്ന പേര് പറഞ്ഞിട്ടുണ്ട്. തത്വനിർഭരമായ കൽപനകളടങ്ങിയ ഗ്രന്ഥത്തെ നമ്മിൽ നിന്നുള്ള കൽപനയായിക്കൊണ്ട് അനുഗ്രഹീതമായ ഒരു രാവിൽ അവതരിപ്പിച്ചിട്ടുണ്ട് എന്ന് 44: 1–5 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആകാശങ്ങളും ഭൂമിയും നിലകൊള്ളുന്നത് അവന്റെ കൽപനയായ ഗ്രന്ഥം കൊണ്ടാണെന്ന് 30: 25 ലും; നിങ്ങൾക്ക് രാവും പകലും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അവന്റെ കൽപന കൊണ്ട് വിധേയമാക്കിത്തന്നിരിക്കുന്നു എന്ന് 16: 12 ലും പറഞ്ഞിട്ടുണ്ട്. മലക്കുകളെ അല്ലാഹുവിന്റെ കൽപനയിൽ നിന്നുള്ള റൂഹും കൊണ്ട് അവന്റെ അടിമകളിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരുടെ മേൽ ഇറക്കുന്നു എന്ന് 16: 2 ലും; നിനക്ക് നമ്മുടെ കൽപനയിൽ നിന്നുള്ള ഒരു റൂഹിനെ ദിവ്യസന്ദേശമായി നൽകിയിരിക്കുന്നു എന്ന് 42: 52 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം അവന്റെ കൽപന, അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് അവൻ പറയുകയായി: 'ഉണ്ടാവുക'; അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു എന്ന് 16: 40; 36: 82 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഹുസ്ന (ഏറ്റവും നല്ലത്):

2: 83; 7: 137; 18: 2; 20: 8; 48: 16; 57: 10 തുടങ്ങി 26 സൂക്തങ്ങളിൽ അദ്ദിക്റിന് 'ഏറ്റവും നല്ലത്' എന്ന പേര് പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതിനെ സത്യപ്പെടുത്തുന്നവന് അവന്റെ എല്ലാകാര്യങ്ങളും നാഥൻ എളുപ്പമാക്കിക്കൊടുക്കുമെന്ന് 92: 6–7 സൂക്തങ്ങളിലും; ഏറ്റവും നല്ലതിനെ കളവാക്കി തള്ളിപ്പറയുന്നവന് അവന്റെ എല്ലാ കാര്യങ്ങളും നാം ബുദ്ധിമുട്ടാക്കുക തന്നെ ചെയ്യുമെന്ന് 92: 9–10 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലത് കൊണ്ടാണ് അല്ലാഹുവിലേക്ക് വിളിക്കേണ്ടതെന്ന് 41: 33 ലും; ഏറ്റവും നല്ലത് കൊണ്ടാണ് തിന്മയെ പ്രതിരോധിക്കേണ്ടതെന്ന് 41: 34 ലും; ഏറ്റവും നല്ലത് തിന്മകളെ നീക്കിക്കളയുമെന്ന് 11: 114 ലും; ഏറ്റവും നല്ലത് കൊണ്ടല്ലാതെ വേദക്കാരോട് സംവദിക്കരുതെന്ന് 29: 46 ലും പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതിന്റെ വഴിയിൽ ചരിക്കുന്നവനെയാണ് *മുഹ്സിൻ* (അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവൻ) എന്ന് പറയുന്നത്. ആരാണോ അവരുടെ ഉടമയുടെ വിളിക്ക് ഏറ്റവും നല്ലത് കൊണ്ട് മറുപടി നൽകുന്നത്, അവർക്ക് നന്മയുണ്ട് എന്ന് 13: 18 ലും; ഏറ്റവും നല്ലതിന്റെ വഴിയിൽ ചരിക്കുന്നവരാരോ, അവർക്ക് ഏറ്റവും നന്മയുണ്ട്, കൂടുതൽ നന്മ വർദ്ധിപ്പിച്ച് കൊടുക്കുന്നതുമാണ്, അവരുടെ മുഖങ്ങളിൽ കരിപുരളുകയോ അവരെ അപകർഷത ബാധിക്കുകയോ ഇല്ല, അക്കൂട്ടരാണ് സ്വർഗവാസികൾ, അവർ അതിൽ നിത്യവാസികളുമാകുന്നു എന്ന് 10: 26 ലും; ഏറ്റവും നല്ലതിലേക്ക് മുൻകടന്നവർ നരകത്തെത്തൊട്ട് അകറ്റപ്പെടുമെന്ന് 21: 101 ലും പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ല ഗ്രന്ഥം സമർപ്പിക്കുന്ന നാഥന്റെ പേരുകൊണ്ടാണ് അവനെ വിളിക്കേണ്ടതെന്ന് 7: 180; 17: 110; 59: 24 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മാതാപിതാക്കളോട് ഏറ്റവും നല്ല ഗ്രന്ഥത്തിന്റെ വെളിച്ചത്തിലാണ് വർത്തിക്കേണ്ടതെന്ന് 6: 151; 17: 23; 29: 8; 46: 15 എന്നീ സൂക്തങ്ങളിലും കൽപിച്ചിട്ടുണ്ട്.

ഏത് കുറ്റവും പൊറുത്ത് കിട്ടുന്നതിനുവേണ്ടി 39: 53–55 സൂക്തങ്ങളിൽ രണ്ട് ഉപാധികൾ പറഞ്ഞിട്ടുള്ളതിൽ ഒന്ന് നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തെ ഏറ്റവും നല്ല നിലക്ക് പിൻപറ്റാനാണ്. ഏറ്റവും നല്ല ഗ്രന്ഥത്തെ സത്യപ്പെടുത്തി ജീവിക്കാത്ത ഏതൊരു അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറിന്റെയും മരണസമയത്ത് നാഥൻ അവനോട്

'നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, നീ അവയെ കളവാക്കി തള്ളിപ്പറഞ്ഞു, നീ അവയോട് അഹങ്കാരം നടിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58–59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഉർവ്വത്തുൽ വുസ്ഖാ (ബലിഷ്ഠമായ കയർ):

2: 256; 31: 22 എന്നീ 2 സൂക്തങ്ങളിൽ അദ്ദിക്റിന് ബലിഷ്ഠമായ കയർ എന്ന പേര് പറഞ്ഞിട്ടുണ്ട്. ആരാണോ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ചരിക്കുന്നത്, അവൻ ബലിഷ്ഠമായ പാശത്തെ മുറുകെപ്പിടിച്ചു എന്ന് 31: 22 ൽ പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് *മുഹൈമിനായ* അദ്ദിക്റിനെ മുറുകെപ്പിടിച്ചു എന്നാണ്. ആരാണോ പൈശാചിക ശക്തികളെ നിരാകരിച്ചുകൊണ്ട് ബലിഷ്ഠമായ പാശത്തെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നത്, അവൻ മാത്രമാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്ന അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവൻ എന്ന് 2: 256 ലും പറഞ്ഞിട്ടുണ്ട്.

അഹ്സനു തഫ്സീർ (ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണം):

25: 33 ൽ അദ്ദിക്റിന് ഏറ്റവും നല്ല വിശദീകരണം എന്ന പേര് പറഞ്ഞിട്ടുണ്ട്. അവർ നിന്റെയടുത്തേക്ക് ഒരു ചോദ്യവും (ഉപമയും) കൊണ്ട് വരുന്നില്ല, അതിന്റെ യഥാർത്ഥ ഉത്തരവും ഇനി അന്ത്യനാൾ വരെയുള്ളവർ അതുപോലുള്ള ഒരു ചോദ്യവും ചോദിക്കേണ്ടതില്ലാത്ത വിധത്തിലുള്ള ഏറ്റവും നല്ല വ്യാഖ്യാനവും (*തഫ്സീർ*) നാം നിനക്ക് നൽകിയിട്ടല്ലാതെ എന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. സൂക്തത്തിൽ പറഞ്ഞ യഥാർത്ഥ ഉത്തരം കൊണ്ടുദ്ദേശിക്കുന്നത് 16: 125 ൽ പറഞ്ഞ 'തത്വജ്ഞാനവും' ഏറ്റവും നല്ല വിശദീകരണം കൊണ്ടുദ്ദേശിക്കുന്നത് 16: 125 ൽ പറഞ്ഞ സമാനമായ ഉപമ-ഉദാഹരണങ്ങളു (*മൗഇളത്തുൽ ഹസനത്ത്*)മാണ്. 41: 41–42 ൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യമായ 'അദ്ദിക്ർ' തന്നെയാണത്. ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥനിൽ നിന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെയാണ് എല്ലാ ഓരോ കാര്യവും വിശദീകരിച്ച, വ്യക്തവും സ്പഷ്ടവുമായ ഗ്രന്ഥം അദ്ദിക്ർ എന്ന പേരിൽ രൂപപ്പെട്ടിട്ടുള്ളത്. അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകൾ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 25: 34 ലും പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥത്തിന്റെ അതാതുകാലത്തെ സാഹചര്യങ്ങളിലുള്ള വിശദീകരണമാണ് *തഫ്സീർ*. 4: 105 ൽ, നിശ്ചയം നിന്റെമേൽ നാം ഈ ഗ്രന്ഥമിറക്കിയത്, അല്ലാഹു ഉദ്ദേശിച്ചതനുസരിച്ച് ജനങ്ങൾക്കിടയിൽ വിധി കൽപിക്കാനാണ് എന്നുപറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വിശദീകരിക്കേണ്ടത് ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൊണ്ടും പ്രവാചകന്റെ ചര്യകൾ കൊണ്ടും സമാനമായ ഉപമ-ഉദാഹരണങ്ങൾ കൊണ്ടുമാണ്. ഗ്രന്ഥത്തിന്റെ വിശദീകരണം അല്ലാഹു അവന്റെ സൃഷ്ടികളെക്കൊണ്ട് പറയിപ്പിക്കുകയും അവന്റെ സൃഷ്ടികളിലൂടെ നടപ്പിലാക്കുകയുമാണ് എന്നിരിക്കെ, വ്യാഖ്യാതാവ് 'എന്റെ അഭിപ്രായമിതാണ്' എന്ന് ഒരിക്കലും പറയാൻ പാടില്ല. മറിച്ച് 20: 114 ന്റെ കൽപന ഉൾക്കൊണ്ട് 'എന്റെ നാഥാ എനിക്ക് അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് പ്രാർത്ഥിച്ചുകൊണ്ട് ആരുടെയും മുഖം നോക്കാതെ അല്ലാഹുവിനു വേണ്ടി മാത്രം ഗ്രന്ഥം വിശദീകരിക്കുകയാണ് വേണ്ടത്.

നബഉൽ അളീം (മഹത്തായ വൃത്താന്തം):

38: 67 ൽ ഇത് (അദ്ദിക്ർ) മഹത്തായ വൃത്താന്തമാണെന്നും; 78: 2 ൽ വിധിദിവസത്തെ മഹത്തായ വൃത്താന്തം എന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ മഹത്തായ വൃത്താ

ന്തമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി വിധിദിവസത്തെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുത്താതെ ഐഹികജീവിതത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന, പിശാചിനാൽ പാട്ടിലാക്കപ്പെട്ടവരാണ് യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളുമായ ഫുജ്ജാറുകൾ.

ലിബാസുത്തഖ്വാ (ആത്മാവിന്റെ വസ്ത്രം):

അദ്ദിക്റിനെ ആത്മാവിന്റെ വസ്ത്രം എന്ന് 7: 26 ൽ വിശേഷിപ്പിച്ചിട്ടുണ്ട്.

സുൽത്വാൻ (പ്രമാണം):

3: 151; 6: 81; 7: 33; 10: 68; 17: 80; 18: 15; 37: 156; 40: 56 തുടങ്ങി 27 സൂക്തങ്ങളിൽ അദ്ദിക്റിന് പ്രമാണം എന്ന പേര് പറഞ്ഞിട്ടുണ്ട്. വിശ്വാസികളെ വിളിച്ചുകൊണ്ട് നിങ്ങൾ കാഫിറുകളെ വിശ്വാസികൾക്ക് പകരം നിങ്ങളുടെ സംരക്ഷകരായി തെരഞ്ഞെടുക്കരുത്; അങ്ങനെ തെരഞ്ഞെടുക്കുക വഴി നിങ്ങൾ നിങ്ങളുടെ മേൽ പ്രമാണമായ ഗ്രന്ഥത്തിന് എതിരായിക്കൊണ്ട് അല്ലാഹുവിന് വ്യക്തമായ ന്യായമുണ്ടാക്കിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുവോ എന്ന് 4: 144 ലൂടെ ചോദിക്കുന്നുണ്ട്. മൂസാക്ക് വ്യക്തമായ പ്രമാണങ്ങൾ നൽകിയിട്ടുണ്ടായിരുന്നു എന്ന് 4: 153; 7: 33; 40: 23 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. പ്രമാണമായ ഗ്രന്ഥത്തിൽ നിന്നുള്ള യാതൊരു തെളിവും ഇല്ലാത്തവരെയാണ് കാഫിറുകളും അവരുടെ പിതാക്കന്മാരും വിളിച്ച് പ്രാർത്ഥിക്കുന്നതെന്ന് 12: 40 ലും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിൽ നിന്ന് യാതൊരു പ്രമാണവും ഇല്ലാതെ അതിലെ സൂക്തങ്ങളെക്കുറിച്ച് തർക്കിക്കുന്നവരുടെ അവസ്ഥ, അവർ നാഥന്റെ പക്കലും വിശ്വാസികളുടെ പക്കലും ഏറ്റവും വലിയ അപരാധമാണ് ചെയ്തുകൊണ്ടിരിക്കുന്നത്; അപ്രകാരം അഹംഭാവിയായ എല്ലാ ഓരോ സ്വേച്ഛാധിപതിയുടെ ഹൃദയത്തിലും അല്ലാഹു മുദ്ര വെക്കുന്നു എന്ന് 40: 35 ൽ പറഞ്ഞിട്ടുണ്ട്. 55: 33 ൽ, ഓ *ജിന്നു*കളുടെയും മനുഷ്യരുടെയും കൂട്ടമേ, നിങ്ങൾക്ക് ആകാശങ്ങളുടെയും ഭൂമിയുടെയും അതിരുകൾ ഭേദിച്ച് കടന്നുപോകാൻ സാധിക്കുമെങ്കിൽ കടന്നുപോവുക, എന്നാൽ ഒരു പ്രമാണമില്ലാതെ നിങ്ങൾക്ക് കടന്നുപോകാൻ സാധ്യമല്ല എന്ന് പറഞ്ഞിട്ടുണ്ട്. അഥവാ, പ്രമാണവും ടിക്കറ്റുമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ സാധ്യമല്ല.

ഹഖുൽ യഖീൻ (ദൃഢബോധ്യം വരുത്തുന്ന സത്യം):

56: 95; 69: 51 എന്നീ രണ്ടു സൂക്തങ്ങളിൽ അദ്ദിക്റിന് ദൃഢബോധ്യം വരുത്തുന്ന സത്യം എന്ന പേര് പറഞ്ഞിട്ടുണ്ട്. ഉറപ്പുനൽകുന്ന ജ്ഞാനമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത കാഫിറുകൾ അവരുടെ കണ്ണിന് ഉറപ്പുവരുന്നതുവരെ ജ്വലിക്കുന്ന നരകം കാണുന്നതാണെന്ന് 102: 5-7 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ബുഷ്റാ (സന്തോഷവാർത്ത):

2: 97; 3: 126; 8: 10; 46: 12 തുടങ്ങി 7 സൂക്തങ്ങളിൽ അദ്ദിക്റിന് സന്തോഷവാർത്ത എന്ന പേര് പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥം നിന്റെ മേൽ അവതരിപ്പിച്ചിട്ടുണ്ട്, അത് സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. പരിശുദ്ധാത്മാവായ *ജിബ്രീൽ* വഴി അവതരിപ്പിക്കപ്പെട്ട സത്യമായ ഗ്രന്ഥം വിശ്വാസികളായവരെ സ്ഥിരപ്പെടുത്തുന്നതും സർവസ്വം നാഥന് സമർപ്പിച്ചവർക്ക് സന്മാർഗവും ശുഭവാർത്താദായകവുമാണെന്ന് 16: 102 ലും; വിശ്വാസികൾക്ക് ഗ്രന്ഥം സന്മാർഗവും ശുഭവാർത്താദായകവുമാണെന്ന് 27: 2 ലും പറഞ്ഞിട്ടു

ണ്ട്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവർക്ക് അദ്ദിക്ർ ശുഭവാർത്താദായകമാണെന്ന് 46: 12 ൽ പറഞ്ഞിട്ടുണ്ട്.

സിറാത്വൽ മുസ്തഖീം (നേരെച്ചൊവ്വെയുള്ള പാത):

1: 5; 2: 213; 6: 126; 10: 25; 16: 76; 36: 61; 42: 52; 48: 2 തുടങ്ങി 35 സൂക്തങ്ങളിൽ അദ്ദിക്റിന് നേരെച്ചൊവ്വെയുള്ള പാത എന്ന പേര് പറഞ്ഞിട്ടുണ്ട്. ഹൂദ് നബി 'നിശ്ചയം ഞാൻ എന്റെ നാഥൻ നേരെച്ചൊവ്വെയുള്ള പാതയിലാണുള്ളത്' എന്ന് തന്റെ ജനതയോട് പറഞ്ഞ കാര്യം 11: 56 ൽ പറഞ്ഞിട്ടുണ്ട്. 6: 153 ൽ, നിശ്ചയം നാഥന്റെ ഗ്രന്ഥമായ അദ്ദിക്റാണ് നേരെച്ചൊവ്വെയുള്ള മാർഗം, അതുകൊണ്ട് നിങ്ങൾ അത് പിൻപറ്റുവീൻ, അതിൽ നിന്ന് വ്യതിചലിപ്പിക്കുന്ന വിവിധ പാതകൾ നിങ്ങൾ പിൻപറ്റുകയുമരുത്, 'അതുകൊണ്ടാണ്' നിങ്ങളോട് ഊന്നി ഉപദേശിക്കാനുള്ളത്, നിങ്ങൾ സൂക്ഷ്മതയുള്ളവർ ആകുന്നതിനുവേണ്ടി എന്നും പറഞ്ഞിട്ടുണ്ട്. നിശ്ചയം അല്ലാഹുവാണ് എന്റെയും നിങ്ങളുടെയും ഉടമ, അപ്പോൾ നിങ്ങൾ അവനെ സേവിക്കുവീൻ, അതാണ് നേരെച്ചൊവ്വെയുള്ള പാത എന്ന് ഈസാ പറഞ്ഞതായി 3: 51; 19: 36 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

പ്രവാചകനോട് നിശ്ചയം നീ മാർഗദർശനം ചെയ്യുന്നത് നേരെച്ചൊവ്വെയുള്ള പാതയിലേക്ക് തന്നെയാണ് എന്ന് 42: 52 ലും; നിശ്ചയം നീ നേരെച്ചൊവ്വെയുള്ള പാതയിൽ തന്നെയാകുന്നു എന്ന് 43: 43 ലും പറഞ്ഞിട്ടുണ്ട്.

രിസ്ഖൻ ഹസനാ (ഏറ്റവും നല്ല ഭക്ഷണം):

11: 88; 20: 131 എന്നീ 2 സൂക്തങ്ങളിൽ അദ്ദിക്റിന് ഏറ്റവും നല്ല ഭക്ഷണം എന്ന പേര് പറഞ്ഞിട്ടുണ്ട്. ശുഐബ് നബി തന്റെ ജനതയോട് 'ഓ എന്റെ ജനമേ, ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു വെളിപാടിലാണുള്ളത്, അവനിൽ നിന്നുള്ള ഏറ്റവും നല്ലതിന്റെ -അദ്ദിക്റിന്റെ- വെളിച്ചത്തിലുള്ള ഭക്ഷണം എനിക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു' എന്ന് പറഞ്ഞതായി 11: 88 ൽ പറഞ്ഞിട്ടുണ്ട്. 20: 131 ൽ 'ഐഹികലോകത്ത് അവർക്ക് നാം നൽകിയിട്ടുള്ള ജോഡികളായ സുഖാഡംബരങ്ങളിലേക്ക് നിന്റെ ദൃഷ്ടികൾ തിരിക്കുകയുമരുത്, അതുവഴി നാം അവരെ പരീക്ഷിക്കുകയാണ്, നിന്റെ നാഥന്റെ വിഭവം തന്നെയാണ് ഉത്തമവും ശാശ്വതമായിട്ടുള്ളതും' എന്ന് പറഞ്ഞിട്ടുണ്ട്.

എന്തിനാണ് ഗ്രന്ഥം?

ത്രികാലജ്ഞാനിയുടെ സംസാരമായ അദ്ദിക്റിൽ നിന്ന് നരകത്തിലേക്കുള്ള വിഭാഗങ്ങളായ കാഫിറുകൾ, അക്രമികൾ, ധിക്കാരികൾ, ഭ്രാന്തന്മാർ, കപടവിശ്വാസികൾ, തെമ്മാടികൾ, നാശകാരികൾ, ലക്ഷ്യബോധം നഷ്ടപ്പെട്ടവർ (*ഗാവീ*ങ്ങൾ), പ്രജ്ഞയറ്റവർ (*ഗാഫിലീ*ങ്ങൾ) വേദക്കാർ, മുശ്രിക്കുകൾ, ഫുജ്ജാറുകൾ തുടങ്ങിയവരെ തിരിച്ചറിഞ്ഞ് അവരുടെ സ്വഭാവങ്ങളും പ്രവർത്തനങ്ങളും വർജ്ജിക്കാനും ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വിശ്വാസം രൂപപ്പെടുത്തി സ്വർഗം ഇവിടെ സമ്പാദിക്കാനും മരണത്തോടുകൂടി സമ്പാദിച്ച സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകാനുമുള്ള ഉപകരണമാണ് അദ്ദിക്ർ.

പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടാനും കർമങ്ങൾ സ്വീകരിക്കപ്പെടാനും 2: 186 ൽ അദ്ദിക്ർ പിൻപറ്റേണ്ട വിധം പിൻപറ്റുക, അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കേണ്ട വിധം വിശ്വസിക്കുക എന്നിങ്ങനെ രണ്ട് ഉപാധികൾ പറഞ്ഞിട്ടുണ്ട്. 6236 സൂക്തങ്ങളുടെ ആശയം സമർപ്പിക്കുന്ന അല്ലാഹുവിനെ മനസ്സിലാക്കി വിശ്വസിക്കുമ്പോൾ മാത്രമേ എഴുത്തും വായനയും അറിയുന്ന ഒരാൾ വിശ്വാസിയാവുകയുള്ളൂ. അവർക്ക് മാത്രമേ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുകയുള്ളൂ. നമസ്കാരം, നോമ്പ്, *സകാത്ത്, ഹജ്ജ്*

തുടങ്ങി ഏതുകർമങ്ങളും അവരിൽ നിന്ന് മാത്രമേ സ്വീകരിക്കപ്പെടുകയുമുള്ളൂ. *ഹജ്ജ്* മനുഷ്യരോടാണ് കൽപ്പിച്ചിട്ടുള്ളത് എന്നതുകൊണ്ട് വിശ്വാസിയാകാതെയും *ഹജ്ജ്* ചെയ്യാവുന്നതാണ്. എന്നാൽ വിശ്വാസിയാകുമ്പോഴേ നിർവ്വഹിച്ച *ഹജ്ജ്* സ്വീകരിക്കപ്പെടുകയുള്ളൂ. കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ലെന്ന് 13: 14 ലും, 40: 50 ലും പറഞ്ഞിട്ടുണ്ട്. അവർ നമസ്കരിച്ച് നോമ്പനുഷ്ഠിച്ച് പിഴയായി നരകക്കുണ്ഠം സമ്പാദിക്കുന്നവരാണ്. അല്ലാഹുവിന്റെ 'സമ്മതപത്രമായ' അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ലെന്ന് 10: 100 ലും പറഞ്ഞിട്ടുണ്ട്. ഒരാൾ പ്രവർത്തിക്കുന്ന ഏതൊരു കാര്യവും സ്വീകരിക്കപ്പെടാൻ ബുർഹാനായ ഗ്രന്ഥത്തിന്റെ ഒരു സൂക്തഭാഗമെങ്കിലും തെളിവായി ഉണ്ടാവൽ നിർബന്ധമാണ്. 4: 174–175 കൂട്ടിവായിക്കുക.

അല്ലാഹുവിനെക്കൊണ്ടുള്ള വിശ്വാസം:

ആദ്യവും അന്ത്യവുമില്ലാത്ത, ഉപമയും ഉദാഹരണവുമില്ലാത്ത, ഏകാധിപനും സ്വേഛാധിപനും സർവ്വാധിപനുമായ അല്ലാഹു, ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. ഇണ–തുണയില്ലാത്ത ഏകനായ അവന് സന്താനമില്ല, അവൻ ആരുടെയും സന്താനവുമല്ല. ജഗദീശ്വരൻ, ഭഗവാൻ, യഹോവ എന്നിങ്ങനെയുള്ള പേരുകളിൽ മുൻവേദങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അവൻ സർവ്വലോകങ്ങളെയും സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വസ്രഷ്ടാവും ഉടമയുമാണ്. ഓരോന്നിന്റെയും അവധിയെത്തുന്ന മുറയ്ക്ക് അവയെ തിരിച്ചുവിളിക്കുന്നതും അവൻ തന്നെയാണ്. ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള തൊണ്ണൂറ്റിഒൻപത് ഗുണനാമങ്ങളും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ച *ഹന്നാൻ, മന്നാൻ* എന്നീ രണ്ടുഗുണനാമങ്ങളുമടക്കം അല്ലാഹുവിന് നൂറ്റിഒന്ന് ഗുണനാമങ്ങൾ ഗ്രന്ഥം സമർപ്പിക്കുന്നുണ്ട്. '*അസ്മാഉൽ ഹുസ്നാ*'(ഏറ്റവും നല്ല നാമങ്ങൾ) എന്ന പേരിലറിയപ്പെടുന്ന ഈ ഗുണനാമങ്ങൾ കൊണ്ടാണ് അവനെ വിളിച്ച് പ്രാർത്ഥിക്കേണ്ടത് –അത് ഏത് ഭാഷയിലാണെങ്കിലും ശരി. സ്രഷ്ടാവിനോട് കൂടെ അവന്റെ ഏതൊരു സൃഷ്ടിയുടെ പേര് വിളിച്ച് പ്രാർത്ഥിച്ചാലും അവൻ പിശാചിനെയാണ് വിളിക്കുന്നത്. വഴിപ്പെടുന്നവർക്കും വഴിപ്പെടാത്തവർക്കും കാരുണ്യം ചൊരിയുന്ന നിഷ്പക്ഷവാനും വഴിപ്പെടുന്നവർക്ക് പരത്തിൽ പ്രത്യേകം കരുണ ചെയ്യുന്ന കാരുണ്യവാനുമായ അവൻ, അവനിലേക്കുള്ള അഥവാ സ്വർഗത്തിലേക്കുള്ള ഏകവഴിയും പിശാചിലേക്കുള്ള അഥവാ നരകത്തിലേക്കുള്ള വിവിധ വഴികളും വേർതിരിക്കുന്ന അദ്ദിക്ർ സ്വർഗത്തിൽ നിന്ന് തന്നെ പഠിപ്പിച്ച് മനുഷ്യനെ സ്വതന്ത്രനായി ഭൂമിയിൽ നിയോഗിച്ചവനാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അവനവനെ തിരിച്ചറിഞ്ഞ്, ജീവിതലക്ഷ്യം തിരിച്ചറിഞ്ഞ് 'വിശ്വാസിയായ' അല്ലാഹുവിന്റെ പ്രാതിനിധ്യം ഇവിടെ നിർവ്വഹിക്കുന്നവർ മാത്രമേ അവരുടെ ഇഹ–പരജീവിതങ്ങളിൽ വിജയിക്കുകയുള്ളൂ. നന്മയും തിന്മയും വേർതിരിക്കുന്ന അദ്ദിക്ർ ലഭിച്ചിട്ട് അത് ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് അതിനെ ഉപയോഗപ്പെടുത്താൻ നൽകാതെ മൂടിവെക്കുകയും ചെയ്യുന്നവർ കാഫിറായ പിശാചിന്റെ പ്രാതിനിധ്യം വഹിക്കുന്നവരും പരലോകജീവിതത്തിൽ പരാജയപ്പെട്ടവരുമായിരിക്കും.

രണ്ടാലൊരുമാർഗ്ഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിഷ്പക്ഷവാനായ അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ട്. അവനെ റഹ്മാനായി (നിഷ്പക്ഷവാനായി) അംഗീകരിക്കുന്ന വിശ്വാസികൾ, പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനാവശ്യമായ ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുക്കാനുള്ള പ്രവർത്തനങ്ങളിൽ മനസ്സാ–വാചാ–കർമണാ ഏർപ്പെട്ടുകൊണ്ട് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിക്കുന്നതാ

ണ്. മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന കുഫ്ഫാറുകളും അല്ലാഹുവിന്റെ പ്രകാശത്തെ മൂടിവെച്ചുകൊണ്ട് പിശാചിനെയാണ് സഹായിച്ചുകൊണ്ടിരിക്കുന്നത്. 61: 8–14 വിശദീകരണം നോക്കുക. ചുരുക്കത്തിൽ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെ ഹൃദയം കൊണ്ട് കാണുമ്പോഴാണ് അവനെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുന്നത്. അല്ലാഹുവിനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും എല്ലായ്പ്പോഴും എവിടെയും 'അല്ലാഹ്' എന്ന സ്മരണ നിലനിർത്തുന്നതിനും അദ്ദിക്ർ കൊണ്ടുമാത്രമേ കഴിയുകയുള്ളൂ. അവർക്ക് മാത്രമേ അവന്റെ പ്രതിനിധിയാകാനും തെറ്റുചെയ്യാതെ ജീവിക്കാനും സാധിക്കുകയുമുള്ളൂ. 3: 190–191 വിശദീകരണം നോക്കുക. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ സൽകർമങ്ങൾ പ്രവർത്തിക്കുന്നത് –അവൻ വിശ്വാസിയുമാണ്, എങ്കിൽ നാം അവരെ ഇഹത്തിൽ പരിശുദ്ധമായ ഒരു ജീവിതം നയിപ്പിക്കുന്നതും പരത്തിൽ അവർ പ്രവർത്തിച്ച ഏറ്റവും നല്ല പ്രവൃത്തി നോക്കി പ്രതിഫലം നൽകുന്നതുമാണ് എന്ന് 16: 97 ൽ പറഞ്ഞിട്ടുണ്ട്. 4: 123–124 വിശദീകരണം നോക്കുക.

ഗ്രന്ഥത്തിൽ 99 സൂക്തങ്ങളിൽ പരാമർശിക്കുന്ന പിശാചിനെ തിരിച്ചറിഞ്ഞ്, അവന്റെ മാർഗം വെടിഞ്ഞ്, ജീവിതം അല്ലാഹുവിനുവേണ്ടി മാത്രമാക്കാനുള്ളതുമാണ് ഹൃദയത്തിന്റെ ഭാഷയിലുള്ള ഉണർത്തലായ അദ്ദിക്ർ. 51: 56–ൽ മനുഷ്യരെയും ജിന്നുകളെയും എനിക്ക് *ഇബാദത്ത്* ചെയ്യാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടേയില്ല എന്നുപറഞ്ഞിട്ടുണ്ട്. ജീവിതം മുഴുവൻ ഉഴിഞ്ഞുവെക്കുക, വഴിപ്പെടുക, അനുസരിക്കുക, സേവിക്കുക എന്നെല്ലാമാണ് *ഇബാദത്ത്* എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. അല്ലാഹ് എന്ന സ്മരണയുണ്ടാകുമ്പോൾ *ഇബാദത്ത്* അല്ലാഹുവിനാണ്. അല്ലാഹ് എന്ന സ്മരണയില്ലാതെയുള്ള ജീവിതം പിശാചിനായി മാറുന്നതുമാണ്. അല്ലാഹുവിനെ ഉടമയായി അംഗീകരിച്ച് ജീവിതം മുഴുവൻ അവന് സമർപ്പിക്കാത്തവർ അവനെ ആരാധിച്ചതുകൊണ്ട് കാര്യമില്ലെന്ന് മാത്രമല്ല, പിഴയായി നരകക്കുണ്ഠം ലഭിക്കുകയും ചെയ്യും. പിശാചിനെ സേവിച്ചുകൊണ്ട് അല്ലാഹുവിന്റെ സൂക്തങ്ങളോട് തർക്കിച്ചുകൊണ്ടിരിക്കുന്ന അത്തരം *മുജാഇദു*കൾ തന്നെയാണ് ഏറ്റവും വലിയ മുശ്രിക്കുകൾ. (*ഇബാദത്തിന്* ആരാധന എന്ന് അർത്ഥം വരുന്നില്ല. ആരാധനയെ സൂചിപ്പിക്കുന്ന പദങ്ങൾ '*മനാസിക്, നുസുക്*' എന്നെല്ലാമാണ്.) 2: 128; 6: 162 വിശദീകരണം നോക്കുക.

മലക്കുകളെക്കൊണ്ടുള്ള വിശ്വാസം:

പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട പ്രത്യേകതരം സൃഷ്ടികളാണ് *മലക്കു*കൾ. ധിക്കാരമേതുമില്ലാതെ സർവ്വസ്രഷ്ടാവായ അല്ലാഹുവിന്റെ കൽപനകൾ സർവ്വാത്മനാ നിർവ്വഹിക്കുന്ന അവന്റെ കർമഭടന്മാരാണ് അവർ. പ്രപഞ്ചത്തിന്റെ ഭരണം അവൻ നിർവ്വഹിച്ച് കൊണ്ടിരിക്കുന്നത് *മലക്കു*കളിലൂടെയാണ്. മുൻവേദങ്ങളിൽ ദേവന്മാർ, മാലാഖമാർ എന്ന പേരുകളിൽ പരാമർശിച്ചിട്ടുള്ളതും ഇവരെയാണ്. *മലക്കു*കളുടെ സ്വഭാവമെന്താണ്, മനുഷ്യരുമായി *മലക്കു*കൾക്കുള്ള ബന്ധമെന്താണ്, അവരുടെ ചുമതലകൾ എന്തെല്ലാമാണ്, അവർ ഇഹലോകത്തും പരലോകത്തും രക്ഷാ-ശിക്ഷകൾ നടപ്പിലാക്കുന്നത് എങ്ങനെയെല്ലാമാണ്, ആർക്കുവേണ്ടിയാണ് അവർ അല്ലാഹുവിന്റെ അടുക്കൽ പൊറുക്കലിനെത്തേടുക, ആരുടെമേലാണ് അവരുടെ ശാപം ചൊരിയുക, ജിന്നുകളും അവരും തമ്മിലുള്ള വ്യത്യാസമെന്താണ് തുടങ്ങിയ കാര്യങ്ങളെല്ലാം അദ്ദിക്റിൽ നിന്ന് മനസ്സിലാക്കുമ്പോൾ മാത്രമേ *മലക്കു*കളെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുകയുള്ളൂ. ഗ്രന്ഥത്തിൽ

തൊണ്ണൂറ്റിയൊമ്പത് സൂക്തങ്ങളിൽ മലക്കുകളെ പരാമർശിച്ചിട്ടുണ്ട്. 13: 13; 16: 2; 18: 82; 19: 64 വിശദീകരണം നോക്കുക.

മലക്കുകളിൽ നിന്ന് വ്യത്യസ്തരായി തീജ്വാലയിൽ നിന്ന് സൃഷ്ടിക്കപ്പെട്ട ജിന്നുകൾ (അസുരന്മാർ) മനുഷ്യരെപ്പോലെ ധിക്കരിക്കാനും അനുസരിക്കാനും സ്വാതന്ത്ര്യമുള്ള സൃഷ്ടികളാണ്. എല്ലാ മനുഷ്യരിലും ആത്മാവിന്റെ കൂട്ടുകാരനായി പിശാചിന്റെ ഒരു സന്താനത്തെ നിയോഗിച്ചിട്ടുണ്ട്. അവൻ മനുഷ്യന്റെ ഹൃദയത്തിൽ വസിച്ചുകൊണ്ട് അവന്റെ ആത്മാവിനെ തിന്മയിലേക്ക് പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നതാണ്. ഓരോരുത്തരിലുമുള്ള ഈ *ജിന്നു*കൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിയാൽ മാത്രമേ ഒരാൾക്ക് വിശ്വാസിയായി ജീവിക്കാനും സ്വർഗത്തിലേക്ക് തിരിച്ച് പോകുവാനും സാധ്യമാവുകയുള്ളൂ. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ ആത്മാവ് പങ്കെടുത്തുകൊണ്ട് ആദ്യാവസാനം ഹൃദയത്തിലേക്ക് ആവാഹിച്ചാൽ അവനെ വിശ്വാസിയാക്കിമാറ്റാൻ സാധിക്കുന്നതാണ്. 114: 4-6 ൽ പറഞ്ഞ, രഹസ്യമായി ദുർബോധനം ചെയ്ത് പിന്മാറുന്ന *ജിന്നു*കൂട്ടുകാരനെ വിശ്വാസിയാക്കാതിരുന്നാൽ അവൻ മിഥ്യയായ വചനങ്ങൾ സത്യമായും സത്യമായ അദ്ദിക്ർ മിഥ്യയായും തോന്നിപ്പിക്കുന്നതാണ്. അങ്ങനെ നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റൊമ്പതിന്റെ മാർഗ്ഗം അവന് അലങ്കാരമാക്കി കാണിച്ചുകൊടുക്കുകയും ചെയ്യുന്നതാണ്. മനുഷ്യരെ ഒരു കമ്പ്യൂട്ടറിനോട് ഉപമിക്കുകയാണെങ്കിൽ *ജിന്നു*കൂട്ടുകാരനെ വൈറസിനോടും അദ്ദിക്റിനെ ആന്റി-വൈറസ് പ്രോഗ്രാമിനോടും താരതമ്യം ചെയ്തുകൊണ്ട് ഇക്കാര്യം കൂടുതൽ മനസ്സിലാക്കാം. 50: 27-30 വിശദീകരണം നോക്കുക.

ഗ്രന്ഥങ്ങളെക്കൊണ്ടുള്ള വിശ്വാസം:

ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മനസ്സിലാക്കുമ്പോൾ മാത്രമാണ് ഗ്രന്ഥങ്ങളെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുക. അല്ലാഹുവിൽനിന്ന് ഭൂമിയിലേക്ക് വിവിധ കാലഘട്ടങ്ങളിൽ അവതരിപ്പിക്കപ്പെട്ട വേദം അതാത് കാലഘട്ടങ്ങളിലേക്കുള്ള വിധിവിലക്കുകൾ അടങ്ങിയിട്ടുള്ളവയായിരുന്നുവെങ്കിൽ അവയെ സത്യപ്പെടുത്തുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന അദ്ദിക്ർ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യർക്കുള്ളതും എല്ലാകാര്യങ്ങളും വിശദീകരിച്ചിട്ടുള്ളതും അജയ്യവും അതുല്യവും മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കാൻ സാധിക്കാത്തതുമായ ഗ്രന്ഥമാണ്. ഗ്രന്ഥം പഠിപ്പിക്കപ്പെട്ടവരായതുകൊണ്ടാണ് മനുഷ്യർ മറ്റുസൃഷ്ടികളേക്കാൾ ഉൽകൃഷ്ടരായത്. ഗ്രന്ഥം കൊണ്ട് പ്രൗഢരും ഊറ്റം കൊള്ളുന്നവരും സ്വയം പര്യാപ്തരുമായി ഭൂമിയിലെവിടെയും ആരെയും ഭയപ്പെടാതെ തലയുയർത്തി ജീവിക്കണമെന്നാണ് 3: 79 ൽ, നിങ്ങൾ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നത് പോലെയും നിങ്ങൾ മക്കളെയും മറ്റുള്ളവരെയും പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് പോലെയും 'റബ്ബാനിയ്യീങ്ങളായിത്തീരുക' എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമിയെ നശിപ്പിക്കുന്ന എല്ലാവിധ പൈശാചികവൃത്തികളെത്തൊട്ടും മനുഷ്യരെ തടയാനുള്ള ഉപകരണമായ അദ്ദിക്ർ മൂടിവെച്ച് ജീവിക്കുന്നവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് വാഗ്ദത്തം ചെയ്തിട്ടുള്ളത്. അവർ നാളെ അന്ധരും ബധിരരും മൂകരുമായി തങ്ങളുടെ മുഖങ്ങളിൽ നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നവരും ഏറ്റവും വഴികേടിലുള്ളവരുമാണെന്ന് 17: 97-98; 25: 34 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിനെ 24: 35 ൽ പ്രകാശം (*അന്നൂർ*) എന്നും, 59: 23 ൽ കാത്തുസൂക്ഷിക്കുന്നവൻ (*മുഹൈമിൻ*) എന്നും, 10: 61 ൽ സാക്ഷി (*ശാഹിദ്*) എന്നും പറഞ്ഞിട്ടുണ്ടെങ്കിൽ, അദ്ദിക്റിനെ 7: 157; 42: 52; 64: 8 തുടങ്ങിയ സൂക്തങ്ങളിൽ പ്രകാശം (*അന്നൂർ*) എന്നും, 5: 48

ൽ കാത്തുസൂക്ഷിക്കുന്നത് (*മുഹൈമിൻ*) എന്നും, 11: 17 ൽ സാക്ഷി (*ശാഹിദ്*) എന്നും പറഞ്ഞിട്ടുണ്ട്. 6: 19 ൽ അല്ലാഹുവിനെയും അദ്ദിക്റിനെയും ഏറ്റവും വലിയ സാക്ഷിയെന്നും പറഞ്ഞിട്ടുണ്ട്. അതുപോലെ സത്യം (*ഹഖ്*), അജയ്യൻ (*അസീസ്*), യുക്തിജ്ഞൻ (*ഹക്കീം*), പുകഴ്ത്തപ്പെടാൻ അർഹൻ (*മജീദ്*), മഹത്വമുടയവൻ (*അളീം*), ബഹുമാന്യൻ (*കരീം*) തുടങ്ങിയ അല്ലാഹുവിന്റെ നാമങ്ങളെല്ലാം അദ്ദിക്റിനും പ്രയോഗിച്ചിട്ടുണ്ട്. 7: 143 ൽ അല്ലാഹു പർവ്വതത്തിന്മേൽ ഉപവിഷ്ടനായപ്പോൾ അതിന് വഹിക്കാൻ കഴിയാതെ അത് പൊട്ടിപ്പിളർന്ന് തരിപ്പണമായ കാര്യം പറഞ്ഞിട്ടുണ്ടെങ്കിൽ, 59: 21 ൽ അദ്ദിക്ർ ഒരു മലയുടെ മുകളിലാണ് അവതരിക്കപ്പെടുന്നതെങ്കിൽ അത് വഹിക്കാൻ കഴിയാതെ പർവ്വതം പൊട്ടിപ്പിളർന്ന് തരിപ്പണമാകുന്നതായി നീ കാണുക തന്നെ ചെയ്യും എന്നാണ് പറഞ്ഞിട്ടുള്ളത്. 22: 78 ൽ 'നിങ്ങൾ അല്ലാഹുവിനെ മുറുകെപ്പിടിക്കുവീൻ' എന്നുപറഞ്ഞത് 3: 103 ൽ പറഞ്ഞ 'അല്ലാഹുവിന്റെ പാശമായ അദ്ദിക്റിനെ മുറുകെപ്പിടിക്കുവീൻ' എന്നുതന്നെയാണ്. ഇതിൽ നിന്നെല്ലാം അല്ലാഹുവും ഗ്രന്ഥവും ഒന്നുതന്നെയാണെന്ന് മനസ്സിലാക്കാം. *സ്രഷ്ടാവിന് സൃഷ്ടികളുടെമേലുള്ള പ്രത്യേകതയാണ് അദ്ദിക്റിന് ഇതരഗ്രന്ഥങ്ങളുടെമേലുള്ളത്* എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

നിശ്ചയം, നിങ്ങൾക്ക് നാം ഒരു ഗ്രന്ഥമിറക്കി, അതിൽ നിങ്ങളെക്കുറിച്ചു തന്നെ അനുസ്മരിപ്പിച്ചിട്ടുണ്ട്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് 21: 10 ൽ അല്ലാഹു ചോദിക്കുന്നു. ആരാണോ സ്വന്തത്തെ തിരിച്ചറിഞ്ഞത്, അവൻ അവന്റെ നാഥനെ തിരിച്ചറിഞ്ഞു എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് മാത്രമേ അവരവരെയും ഉടമയെയും തിരിച്ചറിയാൻ സാധ്യമാവുകയുള്ളൂ. *നിങ്ങളിൽ ഏറ്റവും ഉത്തമൻ അദ്ദിക്ർ പഠിക്കുകയും (പിൻപറ്റുകയും) പഠിപ്പിക്കുകയും (എത്തിച്ചുകൊടുക്കുകയും) ചെയ്യുന്നവനാണ്* എന്നും, *ഗ്രന്ഥത്തിന്റെ വിരോധങ്ങൾ അനുവദനീയമായി കൊണ്ടുനടക്കുന്നവൻ ഗ്രന്ഥം കൊണ്ട് വിശ്വസിച്ചിട്ടില്ല* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ വിരോധങ്ങൾ വർജ്ജിക്കുന്നതിന് അതിന്റെ ആശയം മനസ്സിലാക്കൽ അനിവാര്യമാണ്. പ്രവാചകൻ പഠിപ്പിച്ചു: *അവസാന കാലഘട്ടത്തിൽ ഗ്രന്ഥം ഉയർത്തപ്പെടും, ഗ്രന്ഥത്തിൽ നിന്ന് അതിന്റെ വള്ളിയും പുള്ളിയുമല്ലാതെ മറ്റൊന്നും അവശേഷിക്കുകയില്ല, ഇസ്ലാമിൽ അതിന്റെ പേര് മാത്രമേ ഉണ്ടാവുകയുള്ളൂ, അവരുടെ പള്ളികൾ വലിയ സൗധങ്ങളും ജനനിബിഡങ്ങളുമായിരിക്കും, എന്നാൽ അവിടെ സന്മാർഗമായ ഗ്രന്ഥം ഉണ്ടായിരിക്കുകയില്ല, അവരുടെ പണ്ഡിതന്മാർ ആകാശത്തിന് കീഴിലുള്ള ഏറ്റവും നികൃഷ്ടജീവികളുമായിരിക്കും. വിശ്വാസികളുടെ ഇമാമും സംഘവുമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസിയോട്: അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളാനാണ്* നാഥന് പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. ഇന്ന് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട ജീവിതരീതിയും പ്രാർത്ഥനാരീതിയും 7: 205–206 ൽ വിശദീകരിച്ചിട്ടുണ്ട്.

പ്രവാചകന്മാരെക്കൊണ്ടുള്ള വിശ്വാസം:

പ്രവാചകന്മാർ എല്ലാവരും തന്നെ മനുഷ്യരിൽ നിന്നുള്ളവരും സ്രഷ്ടാവ് തൃപ്തിപ്പെട്ട ജീവിതം ജീവിച്ച് കാണിച്ചുതരാൻ അവനാൽ നിയോഗിക്കപ്പെട്ടവരും അവൻ തൃപ്തിപ്പെട്ട ഏകജീവിതവ്യവസ്ഥയായ ഇസ്ലാമിൽ തന്നെ വന്നവരുമാണ്. 2: 136; 3: 19, 85 വിശദീകരണം നോക്കുക. ഭൂമിയിൽ ധർമം ക്ഷയിക്കുമ്പോൾ അത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി മനുഷ്യരിൽ നിന്നുതന്നെ സർവ്വസ്രഷ്ടാവ് തെരഞ്ഞെടുക്കുന്ന അവതാരങ്ങളാണ് അവർ. ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തിൽ പരം നബിമാർ വന്നിട്ടുണ്ടെങ്കിലും അവരിൽ മുന്നൂറ്റിപ്പതി മൂന്ന് പേർ മാത്രമാണ് പ്രവാചകന്മാർ. നൂഹ് നബി ആദ്യത്തെയും മു

ഹമ്മദ് നബി അവസാനത്തെയും പ്രവാചകന്മാരാകുന്നു. നബിമാരിലും പ്രവാചകന്മാരിലും പെട്ട ഇരുപത്തഞ്ച് പേരെക്കുറിച്ച് മാത്രമേ ഗ്രന്ഥത്തിൽ പേരെടുത്ത് പറഞ്ഞിട്ടുള്ളൂ. പ്രവാചകന്മാർക്കെല്ലാം തന്നെ ഗ്രന്ഥം നൽകിയിട്ടുണ്ടെന്ന് 57: 25 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രവാചകന്മാർക്ക് നൽകപ്പെട്ട വേദം ജീവിച്ച് കാണിച്ചുകൊടുക്കുകയാണ് അവർക്ക് ശേഷം വന്ന നബിമാർ ചെയ്തിട്ടുള്ളത്. പ്രവാചകന്മാർ വന്നിട്ടുള്ളത് സമുദായത്തിലേക്ക് മൊത്തമാണെങ്കിൽ നബിമാർ വന്നിട്ടുള്ളത് അതാത് ജനതകളിലേക്ക് മാത്രമായിട്ടാണെന്ന വ്യത്യാസവുമുണ്ട്. നബിമാരിൽ ചിലർ വധിക്കപ്പെട്ടിട്ടുണ്ടെങ്കിലും *മുഹൈമിനായ* ഗ്രന്ഥം നൽകപ്പെട്ടവരായതിനാൽ പ്രവാചകന്മാർ ആരും തന്നെ വധിക്കപ്പെട്ടിട്ടില്ല. അദ്ദിക്റിൽ നിന്ന് അവരുടെ ജീവിതം മനസ്സിലാക്കി അവരെ പിൻപറ്റുകയും സത്യപ്പെടുത്തുകയും ചെയ്യുമ്പോഴാണ് പ്രവാചകന്മാരെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുക.

നൂഹ്, ഇബ്രാഹീം, മൂസാ, ഈസാ, മുഹമ്മദ് എന്നീ അഞ്ചുപേർ *ഉലുൽ അസ്മുകൾ* -സ്ഥൈര്യചിത്തർ എന്ന പേരിലറിയപ്പെടുന്നു. പ്രവാചകന്മാരിൽ ശ്രേഷ്ഠരായ ഇവരിലൂടെയാണ് ദീനിന്റെ ആചാരാനുഷ്ഠാനക്രമങ്ങളായ *ശരീഅത്തുകൾ* മാറ്റം വരുത്തിയിട്ടുള്ളത്. എന്നാൽ ഈസാ ഇതിൽ നിന്ന് ഒഴിവാണ്. അന്ന് ഇസ്റാഈൽ ജനതയിലേക്ക് മാത്രമായിട്ടായിരുന്നു ഈസാ നിയോഗിക്കപ്പെട്ടിരുന്നത്. മാത്രമല്ല ഈസാക്ക് പ്രത്യേക *ശരീഅത്തു*മുണ്ടായിരുന്നില്ല. മൂസായുടെ *ശരീഅത്ത്* മുഹമ്മദ് നബിയുടെ കാലത്താണ് മാറ്റം വരുത്തിയത്. ഇനി അന്ത്യനാളിന്റെ അടയാളമായി രണ്ടാമത് വരുമ്പോഴും ഈസാക്ക് *ശരീഅത്തു*ണ്ടാവുകയില്ല, എന്നാൽ ആദിമനുഷ്യനായ ആദമിൽ തുടങ്ങി മുഹമ്മദ് നബിയിലൂടെ പൂർത്തീകരിച്ച ഇസ്ലാമിന്റെ ലോകവിജയം സംഭവിക്കുക ഈസായിലൂടെയായിരിക്കും.

എല്ലാ ഗ്രന്ഥങ്ങളുടെയും സാരാംശം അദ്ദിക്റിലുള്ളതിനാൽ എല്ലാ നബിമാരുടെയും പ്രവാചകന്മാരുടെയും ജീവിതചര്യ അന്ത്യപ്രവാചകനായ മുഹമ്മദിൽ സമ്മേളിച്ചിട്ടുണ്ട്. 33: 40; 98: 3 കൂട്ടിവായിക്കുക. നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരിലേക്കാണ് പ്രവാചകൻ മുഹമ്മദ് അയക്കപ്പെട്ടിട്ടുള്ളതെന്ന് 7: 158; 21: 107; 34: 28 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം നൽകപ്പെട്ടവർക്ക് മുഹമ്മദ് നബിയെ അവരുടെ സന്താനങ്ങളെ അറിയുന്നതിലുപരി അറിയുമെന്ന് 2: 146; 6: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ ജീവിതം അദ്ദിക്റിൽ നിന്ന് മനസ്സിലാക്കി ജനങ്ങളിൽ സാക്ഷ്യപ്പെടുത്തി ജീവിക്കാനാണ് 2: 143; 22: 78 എന്നീ സൂക്തങ്ങളിലൂടെ മുസ്ലിംകൾ കൽപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അദ്ദിക്റ് മൂടിവെച്ച് പ്രവാചകന്മാരുടെ പേരുവെച്ച്, വേഷം ധരിച്ച്, ഇതരജനവിഭാഗങ്ങളുടെ മുമ്പിൽ പ്രവാചകന്മാരെ കൊള്ളരുതാത്തവരായി അവതരിപ്പിച്ച് കൊണ്ട് അവരെ കൊല്ലാതെ കൊല്ലുകയാണ് പ്രവാചകന്റെ ജനത ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ അവർ മുപ്പതാമത്തെ കള്ളവാദിയായ *മസീഹുദ്ദജ്ജാലി*നെ ആനയിക്കുന്നവരായി മാറിയിരിക്കുകയാണ്. 25: 18 ൽ പറഞ്ഞ ഈ കെട്ടജനതക്കെതിരിൽ 25: 30 പ്രകാരം, പരലോകത്ത് പ്രവാചകൻ മുഹമ്മദ് അന്യായം ബോധിപ്പിക്കുന്നതുമാണ്. ലോകത്തെവിടെയും അദ്ദിക്റിൽ നിന്ന് പ്രവാചകൻ മുഹമ്മദിന്റെ ജീവിതം സാക്ഷ്യപ്പെടുത്തി ജീവിക്കുന്ന ഒരു വിശ്വാസിയുമില്ലാതെ വരുമ്പോഴാണ് അന്തിമുഹമ്മദ് -മുഹമ്മദിന് അന്ത്യം കുറിക്കുന്നവനായ *മസീഹുദ്ദജ്ജാൽ* പ്രത്യക്ഷപ്പെടുക. 8: 33 വിശദീകരണം നോക്കുക. (ഹൈന്ദവർ കലിയുഗത്തിന്റെ ആദ്യത്തിൽ വരുമെന്ന് പ്രതീക്ഷിക്കുന്ന 'കൽക്കി'യുടെ ആഗമനം മുഹമ്മദ് നബിയുടെ നിയോഗത്തിലൂടെ പൂർത്തിയായിട്ടുണ്ട്, ഇനി കലിയുഗത്തിന്റെ അന്ത്യത്തിൽ വരുമെന്ന് പ്രതീക്ഷിക്കുന്ന അധർമ്മമൂർത്തി

യായ കലിയാണ് പ്രത്യക്ഷപ്പെടാനുള്ളത്.)

പരലോകത്തെക്കൊണ്ടുള്ള വിശ്വാസം:

ഗ്രന്ഥത്തിലെ മൂന്നിലൊന്ന് സൂക്തങ്ങൾ, മനുഷ്യരുടെ ജീവിതത്തിന്റെ നേട്ടകോട്ടങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ഒരു വിധിദിവസം നിശ്ചയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നവയാണ്. മനുഷ്യജീവിതത്തിന്റെ നാലാം ഘട്ടമായ പതിനഞ്ച് വയസ്സിനു ശേഷം മരണം വരെയുള്ള ജീവിതത്തിലെ ഓരോ നിമിഷത്തെക്കുറിച്ചും ആണും പെണ്ണും ഒറ്റക്കൊറ്റക്ക് തന്റെ ഉടമയുടെ മുമ്പിൽ ആ ദിനത്തിൽ ഉത്തരം പറയേണ്ടി വരും. ആ ബോധത്തിൽ ഇവിടെ നിലകൊള്ളുന്നവരാണ് പരലോകത്തെക്കൊണ്ട് വിശ്വസിക്കുന്നവർ. ആ ബോധമില്ലാതെ ജീവിച്ചാൽ അവരുടെ തന്നെ കേൾവിയും കാഴ്ചയും തൊലികളും കൈകാലുകളും മാത്രമല്ല, ഭൂമി തന്നെയും അവർക്കെതിരെ നാളെ സാക്ഷ്യം വഹിക്കുന്നതുമാണ് എന്ന് 17: 36; 36: 65; 41: 19–24; 99: 4–5 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. വിജയം വരിക്കുന്ന സൂക്ഷ്മാലുക്കൾ പരലോകത്തെക്കൊണ്ട് ദൃഢബോധ്യമുള്ളവരാണെന്ന് 2: 4 ൽ പറഞ്ഞിട്ടുണ്ട്. പരലോകത്തെക്കൊണ്ട് വിശ്വസിക്കാത്ത ഭ്രാന്തന്മാരെ നാളെ തങ്ങളുടെ നാഥന്റെ മുമ്പിൽ തലകുനിച്ചവരായി നിർത്തപ്പെടുമ്പോൾ, ഞങ്ങളുടെ നാഥാ! ഞങ്ങൾ ഉൾക്കാഴ്ച കണ്ടു, ഞങ്ങൾ നരകത്തിലെ ഇരമ്പലുകളെല്ലാം കേട്ടു, ഞങ്ങളെ സൽകർമങ്ങൾ ചെയ്യുന്നതിനുവേണ്ടി ഒന്നുകൂടി ഐഹികലോകത്തേക്ക് തിരിച്ചയച്ചാലും, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യമായി എന്ന് വിലപിക്കുന്ന രംഗം 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ദൃഢബോധ്യം വരുത്തുന്ന അദ്ദിക്ർ ഇവിടെ വെച്ച് ഉപയോഗപ്പെടുത്താത്തവർ കണ്ണിന് ഉറപ്പാകുന്നതുവരെ ജ്വലിക്കുന്ന നരകം കാണുക തന്നെ ചെയ്യുമെന്ന് 102: 6–7 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1: 3 വിശദീകരണം നോക്കുക.

അദ്ദിക്ർ കൊണ്ട് വിധി കൽപിക്കാത്തതിനാൽ ഐഹികലോകത്ത് ഏതൊരു വിഷയത്തിലും നൂറ് ശതമാനം നീതി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് നൂറ് ശതമാനം നീതി നടപ്പിലാകുന്ന ഒരു വിധിദിവസം മനുഷ്യന്റെ ആറാം ഘട്ടമായി നിശ്ചയിച്ചിട്ടുള്ളത്. അന്ന് സത്യമായ അദ്ദിക്ർ കൊണ്ടാണ് വിധി കൽപിക്കപ്പെടുകയെന്ന് 39: 69, 75 ൽ പറഞ്ഞിട്ടുണ്ട്. നീതിയുടെ തുലാസ് സ്ഥാപിതമാകുന്ന വിധിദിവസത്തിൽ തിരുത്താൻ സാധിക്കുകയില്ലല്ലോ എന്ന് മനസ്സിലാക്കി, തെറ്റായിപ്പോകുമോ എന്ന് സംശയമുള്ള ഏതൊരു കാര്യത്തിൽ നിന്നും മനസാ-വാചാ-കർമണാ അകന്നു നിൽക്കുന്നവരാണ് സൂക്ഷ്മതയുള്ളവർ. നീതിയുടെ ത്രാസ്സായ ഗ്രന്ഥത്തിന്റെ ആശയം ഉപയോഗപ്പെടുത്തി അവർ അവരുടെ പ്രവർത്തനങ്ങൾ ഇവിടെ വെച്ചുതന്നെ തുലനം ചെയ്യുന്നതാണ്. 16: 64; 59: 18 വിശദീകരണം നോക്കുക. എന്നാൽ അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത കപടവിശ്വാസികൾ, ജനങ്ങൾ ഭിന്നിച്ചിട്ടുള്ള കാര്യങ്ങളിൽ അല്ലാഹു തീരുമാനം കൽപ്പിക്കുമെന്നാണല്ലോ പറഞ്ഞിട്ടുള്ളത് എന്നുപറഞ്ഞുകൊണ്ട് അവരുടെ വിചാരണ പരലോകത്തേക്ക് നീട്ടിവെക്കുന്നതാണ്.

നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണെന്ന വിശ്വാസം:

എല്ലാ ആത്മാവിനും നന്മയും തിന്മയും നൽകിയിട്ടുണ്ട്. നന്മ അല്ലാഹുവിൽ നിന്നും തിന്മ പിശാചിൽ നിന്നുമാണ്. 'അല്ലാഹ്' എന്ന സ്മരണയുണ്ടാകുമ്പോൾ നന്മ മാത്രമേ വരികയുള്ളൂ. അല്ലാഹുവിനെ മറന്ന അവസ്ഥയിൽ മനുഷ്യൻ തന്റെ ജിന്നുകൂട്ടുകാരനായ പിശാചിന്റെ വലയത്തിൽ പെടുകയും അപ്പോൾ തിന്മ ബാധിക്കുകയും ചെയ്യുന്നതാണ്. അദ്ദിക്ർ കൊണ്ട് 59: 23 ൽ പറഞ്ഞ 'വിശ്വാസി'യായ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വിശ്വാസികൾക്ക് പിശാചിൽ നിന്നുള്ള തിന്മയേൽക്കുകയോ ആപത്ത് വരിക

യോ ഇല്ല. 8: 24 പ്രകാരം വിശ്വാസികളുടെ ഹൃദയത്തിൽ അല്ലാഹുവാണുള്ളത്. എന്നാൽ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത നിഷേധികളുടെ ഹൃദയത്തിൽ പിശാചാണുള്ളത്. അതുകൊണ്ട് അവരിൽ നിന്ന് തിന്മ മാത്രമേ വരികയുള്ളൂ. അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിക്കഴിഞ്ഞുവെന്ന് 18: 103–105; 25: 21–23; 47: 8–9 സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. എല്ലാ വസ്തുക്കളുടെയും കടിഞ്ഞാൺ (മൂർദ്ധാവ്) നിയന്ത്രിക്കുന്നത് അല്ലാഹുവാണെന്നിരിക്കെ, ഒരു സൃഷ്ടിയിൽ നിന്നും ഒരു ഉപദ്രവവും അവന്റെ അനുമതി കൂടാതെ ഒരാൾക്കും ഏൽക്കുകയില്ല. അക്രമിയായ ഭരണാധികാരി, കള്ളൻ, കൊള്ളക്കാരൻ തുടങ്ങിയ മനുഷ്യരിൽ നിന്നോ പേപ്പട്ടി, പാമ്പ്, വന്യമൃഗങ്ങൾ, രോഗാണുക്കൾ തുടങ്ങിയ ജീവജാലങ്ങളിൽ നിന്നോ, തോക്ക്, ബോംബ്, അണുപ്രസരണം, വിഷം തുടങ്ങിയ അചേതനവസ്തുക്കളിൽ നിന്നോ വാഹനാപകടം, ഇടിമിന്നൽ, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഭൂമികുലുക്കം തുടങ്ങിയ പ്രതിഭാസങ്ങളിൽ നിന്നോ അല്ലാഹുവിന്റെമേൽ ഭരമേൽപ്പിക്കുന്ന –അദ്ദിക്റിനെ പരിചയായി ഉപയോഗപ്പെടുത്തുന്ന– വിശ്വാസിക്ക് ഒരു തിന്മയും ഏൽക്കുകയില്ല. 11: 56; 31: 22; 96: 15–16 വിശദീകരണം നോക്കുക.

ഫിർഔൻ, ഹാമാൻ, ഖാറൂൻ തുടങ്ങിയ തെമ്മാടികളുടെ പ്രതീകങ്ങളായ ഇന്നത്തെ കപടവിശ്വാസികൾ, അവർക്ക് ഒരു നന്മ ലഭിച്ചാൽ അത് അവരുടെ കഴിവുകൊണ്ടാണെന്ന് ഊറ്റം കൊള്ളുകയും അതിൽ അതിയായി നിഗളിക്കുകയും ചെയ്യുന്നതാണ്. എന്നാൽ വിശ്വാസികൾ കഴിവും പ്രതാപവുമെല്ലാം അല്ലാഹുവിന്റേതാണെന്ന് സമ്മതിച്ചുകൊണ്ട് കൂടുതൽ വിനീതരാവുകയാണ് ചെയ്യുക. 4: 78–79 വിശദീകരണം നോക്കുക. കപടവിശ്വാസികൾ ദുരിതം ബാധിക്കുന്നതിന് മറ്റുള്ളവരെ പഴിചാരുകയാണ് ചെയ്യുന്നതെങ്കിൽ വിശ്വാസികൾ അത് അവരുടെ തന്നെ വീഴ്ച കൊണ്ട് അല്ലാഹു സംഭവിപ്പിച്ചതാണെന്ന് മനസ്സിലാക്കി, അല്ലാഹുവിലേക്ക് –അദ്ദിക്റിലേക്ക്– തന്നെ മടങ്ങുകയാണ് ചെയ്യുക. എല്ലാ ഓരോ ആത്മാവും അത് സമ്പാദിച്ചതിന് പണയമാണ് –വലതുപക്ഷക്കാർ ഒഴികെ എന്ന് 74: 38–39 ലും, മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്ന് 53: 39 ലും പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളിലും അവയ്ക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വചരാചരങ്ങളിലും സംഭവിക്കുന്ന എല്ലാ കാര്യങ്ങളും സ്രഷ്ടാവ് നേരത്തെ നിശ്ചയിച്ചിട്ടുള്ളതും അത് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് 57: 22 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ ത്രികാലജ്ഞാനമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അവരുടെ വിധി ഇവിടെ വെച്ച് തന്നെ തിരുത്തുന്നതാണ്. 15: 99; 69: 51 വിശദീകരണം നോക്കുക. അതുതന്നെയാണ് പ്രാർത്ഥന കൊണ്ടല്ലാതെ വിധി തിരുത്തപ്പെടുകയില്ലെന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുളും.

ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനും കാഫിറുകളുടെമേൽ ന്യായം സ്ഥാപിതമാകുന്നതിനും വേണ്ടിയാണ് ഉണർത്തലായ അദ്ദിക്ർ ഇറക്കിയത് എന്ന് 36: 70 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ കാലത്തുള്ള നിഷേധികൾക്ക് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ലഭിച്ചിരുന്നില്ല. അവർ 74: 49–51 ൽ പറഞ്ഞ പ്രകാരം സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ ടിക്കറ്റായ അദ്ദിക്റിൽ നിന്ന് വിരണ്ടോടുകയാണ് ചെയ്തത്. എന്നാൽ കഴുത ഭാരം പേറുന്നതുപോലെ ഗ്രന്ഥം വഹിക്കുന്ന ഇന്നത്തെ മുസ്ലിംകൾ അദ്ദിക്റിൽ നിന്ന് വിരണ്ടോടുന്നതോടൊപ്പം ജീവനുള്ളവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുപകരം മരിച്ചവർക്ക് പാരായണം ചെയ്ത് കൊടുക്കുകയാണ് ചെയ്യുന്നത്. 30: 52–53 ൽ, നിശ്ചയം നീ, മരിച്ചവരെയും വിളിക്കുമ്പോൾ വിളി കേൾക്കാതെ പിന്തിരിഞ്ഞുപോകുന്ന ചെവി കേൾക്കാത്തവരെയും വഴികേടിൽ അന്ധരായി വിഹരിക്കുന്ന കുരുടന്മാരെയും

കേൾപ്പിക്കുകയില്ലെന്നും മറിച്ച് നമ്മുടെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുകയും നമുക്ക് സർവ്വസ്വം സമർപ്പിച്ച് ജീവിക്കുകയും ചെയ്യുന്നവരെ മാത്രമേ കേൾപ്പിക്കുകയുള്ളൂ എന്നും പറഞ്ഞിട്ടുണ്ട്. ആശയമറിയാതെ നമസ്കാരത്തിലാണെങ്കിലും ഗ്രന്ഥം പാരായണം ചെയ്താൽ വില്ലിൽ നിന്ന് അമ്പ് തെറിച്ചു പോകുന്ന വേഗത്തിൽ ദീനിൽ നിന്നും തെറിച്ചുപോകുന്നതാണെന്നും, അവർ കണ്ട-കേട്ട-വായിച്ച സൂക്തങ്ങൾ അവർക്കെതിരെ സാക്ഷി നിൽക്കുകയും വാദിക്കുകയും ചെയ്യുമെന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ച തൊന്നും അവർ പരിഗണിക്കുന്നുമില്ല. 4: 43; 6: 36 വിശദീകരണം നോക്കുക.

ആരാണ് ഗ്രന്ഥം സമർപ്പിക്കുന്ന കാഫിറുകൾ?

വേദത്തിന്റെ ആശയം വന്നുകിട്ടിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ വിശ്വാസം രൂപപ്പെടുത്താതെയും ജീവിതം അല്ലാഹുവിന് സമർപ്പിക്കാതെയും അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്നവരെയാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ കാഫിറുകൾ എന്ന് പറയുന്നത്. (അവർ ദേശ-മത-വേഷ-ഭാഷാപരമായ മുസ്ലിംകളാണെങ്കിലും ശരി.) കാഫിർ എന്ന പദത്തിന്റെ അർത്ഥം നിഷേധിക്കുന്നവൻ എന്നാണ്. അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം അതുകൊണ്ട് അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കേണ്ട വിധം വിശ്വസിക്കാത്തവർ, ഗ്രന്ഥം സ്വീകരിക്കുകയും പ്രവാചകനെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ പ്രവാചകന്മാരിൽ ചിലരെ സ്വീകരിക്കുകയും മറ്റുചിലരെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവർ, ഗ്രന്ഥത്തിലെ സൂക്തങ്ങൾ ചിലത് സ്വീകരിക്കുകയും ചിലത് തള്ളിക്കളയുകയും ചെയ്യുന്നവർ, മക്കയിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ സ്വീകരിക്കുകയും മദീനയിലുള്ളത് സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവർ, അഥവാ അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായി (*തദ്കിറഃ*) ഉപയോഗപ്പെടുത്താത്ത ആളുകളാണ് യഥാർത്ഥ സത്യനിഷേധികളെന്നും, അത്തരം കാഫിറുകൾക്ക് അതിനിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും 4: 150-151 ൽ പറഞ്ഞിട്ടുണ്ട്.

അദ്ദിക്റിനോട് വിരോധം വെച്ചുകൊണ്ട് 'ഈ വായന നിങ്ങൾ കേൾക്കരുത്, നിങ്ങൾ അപശബ്ദമുണ്ടാക്കുക, എങ്കിൽ നിങ്ങൾ അതിജയിച്ചേക്കാം' എന്ന് പറഞ്ഞുകൊണ്ട് സാധാരണക്കാരെ അദ്ദിക്റിൽ നിന്ന് തടയുന്ന, അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളായ കപടവിശ്വാസികളായ നേതാക്കളാണ് 41: 26-28 ൽ പറഞ്ഞ കാഫിറുകളെങ്കിൽ, അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ ഫാജിറുകളാണ് 29 ൽ പറഞ്ഞ കാഫിറുകൾ. നാഥന്റെ സൂക്തങ്ങൾ വന്നുകിട്ടിയിട്ട് അവയെ തള്ളിപ്പറയുകയും എല്ലാം പഠിച്ചവരാണെന്ന് അഹങ്കരിക്കുകയും ചെയ്യുന്നവർ 'തങ്ങൾ കാഫിറായിരുന്നു' എന്ന് സ്വന്തത്തിനെതിരെ മരണസമയത്ത് സാക്ഷ്യം വഹിക്കുന്നതാണെന്ന് 7: 37 ലും, വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുന്നതാണെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. ഈ രണ്ടുകൂട്ടരുടെയും മരണസമയത്ത് അല്ലാഹു അവരോട്: അല്ല, നിശ്ചയം നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അതിനെ തള്ളിപ്പറഞ്ഞു, നീ അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുന്നതാണെന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. ഇവരിൽ, എല്ലാം പഠിച്ച് തികഞ്ഞവരാണെന്ന് അഹങ്കരിച്ചിരുന്ന കപടവിശ്വാസികൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരാണെങ്കിൽ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ കാഫിറുകൾ, 39: 71 പ്രകാരം വിചാരണക്കുശേഷം കൂട്ടംകൂട്ടമായി നരകത്തിലേക്ക് തെളിക്കപ്പെടുന്നവരാണ്. അദ്ദിക്റിനെത്തൊട്ട് ഇഹലോകത്തുവെച്ച് കണ്ണിന് മൂടിയുള്ളവരും അദ്ദിക്ർ കേൾക്കാൻ തയ്യാറില്ലാത്തവരും കാഫിറുകളാണെന്ന് 18: 100-101 ലും, അവർ നാളെ കുരുടന്മാരായിട്ടാണ് പുനർജീവിപ്പിക്കപ്പെടുക എന്ന് 20:

124–127 ലും പറഞ്ഞിട്ടുണ്ട്. 67: 6–11 കൂട്ടിവായിക്കുക. അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചു കൊടുക്കാതെ മൂടിവെക്കുന്ന ഒരു ജനതയെ നിശ്ചയം അല്ലാഹു സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല എന്ന ആശയത്തോടുകൂടിയാണ് 5: 67 അവസാനിക്കുന്നത്. അദ്ദിക്റിൽ അല്ലാഹുവിനെ മൂടിവെച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളോട്: 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിച്ചുകൊണ്ട് അവരിൽ നിന്ന് മാറി നിൽക്കാനാണ് 109: 6 ലൂടെ നബിയോടും വിശ്വാസികളോടും ആവശ്യപ്പെട്ടിട്ടുള്ളത്.

ഗ്രന്ഥം ലഭിക്കാത്ത, കാണാത്ത, തൊടാത്ത ഒരാളെ കാഫിർ (മൂടിവെച്ചവൻ) എന്നു പറയാൻ ഗ്രന്ഥത്തിൽ തെളിവില്ല. ഇന്ന് മുസ്ലിം നാമധാരികളായ ഫുജ്ജാറുകൾ തങ്ങളെല്ലാം വിശ്വാസികളും ഗ്രന്ഥം തൊടാത്ത ഇതരമതസ്ഥരെല്ലാം കാഫിറുകളുമാണെന്ന തെറ്റായ ധാരണയിലാണുള്ളത്. ഇവരുടെ ജീവിതം കണ്ടിട്ട് ആരെങ്കിലും അദ്ദിക്റിനെ തെറ്റിദ്ധരിക്കുകയും അത് സമർപ്പിക്കുന്ന ജീവിതത്തിലേക്ക് വരാൻ മടിക്കുകയും അതിനെതിരിൽ ശബ്ദിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, ഭൂരിപക്ഷം വരുന്ന ഇതരമതസ്ഥരെ അദ്ദിക്റിൽ നിന്ന് തടഞ്ഞതിനുള്ള ശിക്ഷ കൂടി വഹിക്കേണ്ടത് നീതിമാനായ അല്ലാഹുവിന്റെ കോടതിയിൽ ഇന്നത്തെ തെമ്മാടികളായ കപടവിശ്വാസികൾ നയിക്കുന്ന ഫുജ്ജാറുകളായിരിക്കും. അവർ ഇനി അദ്ദിക്ർ ഉപയോഗപ്പെടുത്തുമെന്നോ ഇതരജനവിഭാഗങ്ങൾക്ക് മുന്നിൽ അതിന്റെ ജീവിതം സാക്ഷ്യപ്പെടുത്തുമെന്നോ പ്രതീക്ഷിക്കേണ്ടതില്ല. അപ്പോൾ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ, പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ സ്വയം വായിച്ചുമനസിലാക്കി അത് ഉപയോഗപ്പെടുത്താനും ലോകരിലേക്ക് എത്തിച്ചുകൊടുക്കാനും ശ്രമിക്കേണ്ടതാണ്.

ആരാണ് അക്രമികൾ?

ഗ്രന്ഥത്തിലെ സൂക്തങ്ങൾ അല്ലാഹു ഉദ്ദേശിക്കാത്ത ആശയത്തിൽ വളച്ചൊടിക്കുന്ന കപടവിശ്വാസികളും അത് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കാതെ അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമാണ് ഏറ്റവും വലിയ അക്രമികളെന്ന് 6: 21 ലും, ഇത്തരം അക്രമികളും ഭ്രാന്തന്മാരുമായവർ ഒരിക്കലും വിജയം വരിക്കുകയില്ലെന്ന് 10: 17 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ ആരാണ് അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനെക്കാൾ, അല്ലെങ്കിൽ സത്യമായ അദ്ദിക്ർ വന്നുകിട്ടിയപ്പോൾ അതിനെ തള്ളിപ്പറയുന്നവനെക്കാൾ ഏറ്റവും വലിയ അക്രമി? ഇത്തരം കാഫിറുകൾക്ക് നരകക്കുണ്ഠത്തിൽ സ്ഥലം പോരെയോ എന്ന് ചോദിച്ചുകൊണ്ടാണ് 29: 68; 39: 32 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്. 2: 254 വിശദീകരണം നോക്കുക. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളെയും തള്ളിപ്പറയുന്ന ഫുജ്ജാറുകളെയും –അവർ കുടുംബത്തിൽ നിന്ന് എത്ര അടുത്തവരാണെങ്കിലും ശരി– ആത്മമിത്രമായി തെരഞ്ഞെടുക്കുന്നവരും അക്രമികളാണെന്ന് 9: 23 ൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന ആശയത്തോടെയാണ് 5: 51; 6: 144; 28: 50; 46: 10 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിച്ചിട്ട് പിന്നെ അതിനെ അവഗണിച്ച് പഴയ ജീവിതം നയിക്കുന്നവനെക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യുന്നതാണ് എന്നുപറഞ്ഞിട്ടുണ്ട്. 18: 57 വിശദീകരണം നോക്കുക.

ആരാണ് മുജ്രിംകൾ (ഭ്രാന്തന്മാർ)?

7: 40 ൽ, നിശ്ചയം, നമ്മുടെ സൂക്തങ്ങൾ കളവാക്കി തള്ളിപ്പറയുന്ന ഫാജിറുകൾക്കും, എല്ലാം പഠിച്ചവരെന്ന് അഹങ്കരിക്കുന്ന അതിനെ മൂടിവെക്കുന്ന കപടവിശ്വാസികൾക്കും അല്ലാഹു ആകാശത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല, അപ്രകാരമാണ് ഭ്രാന്തന്മാർക്ക് നാം പ്രതിഫലം കൊടുക്കുക എന്നുപറഞ്ഞിട്ടുണ്ട്. ഇവിടെ അർഹതയില്ലാതെ പണ്ഡിതരെന്ന് അഹങ്കരിച്ച് ജീവിച്ചിരുന്ന കപടവിശ്വാസികൾ, അവരെ പിൻപറ്റിക്കൊണ്ട് ജീവിച്ചിരുന്ന ബലഹീനന്മാരെ ചൂണ്ടിക്കൊണ്ട് പരലോകത്തുവെച്ച്: സന്മാർഗമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് നിങ്ങളെ അതിൽ നിന്ന് തടഞ്ഞത് ഞങ്ങളായിരുന്നുവോ? അല്ല, നിങ്ങൾ ഭ്രാന്തന്മാരായ ഒരു ജനത തന്നെയായിരുന്നു എന്ന് പറയുന്ന രംഗം 34: 32 ലും, വഴികേടിൽ ജീവിച്ചിരുന്ന ബലഹീനന്മാർ: ഞങ്ങളെ വഴിപിഴപ്പിച്ചവർ ഭ്രാന്തന്മാരല്ലാതെയല്ല എന്ന് കപടവിശ്വാസികളായ നേതാക്കളെക്കുറിച്ച് പറയുന്ന രംഗം 26: 99 ലും, നരകത്തിലെ ശിക്ഷയിൽ പങ്കുചേരുന്ന നേതാക്കളും അനുയായികളുമടങ്ങുന്ന ഭ്രാന്തന്മാരെക്കുറിച്ച്: നിശ്ചയം ഭ്രാന്തന്മാരോട് നാം (അല്ലാഹു) അപ്രകാരം തന്നെയാണ് പ്രവർത്തിക്കുക എന്ന് പറയുന്ന രംഗം 37: 34 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വിധിദിവസം, അദ്ദിക്ർ മൂടിവെച്ച് ചിന്തയില്ലാതെ ഇവിടെ ജീവിച്ചവരോട്: കാഫിറുകളേ! നിങ്ങളുടെ മേൽ എന്റെ സൂക്തങ്ങൾ വിവരിച്ചു നൽകപ്പെട്ടിട്ടുണ്ടായിരുന്നില്ലേ, അപ്പോൾ നിങ്ങൾ അഹങ്കരിച്ചു, നിങ്ങൾ ഒരു ഭ്രാന്തന്മാരായ ജനത തന്നെയായിരുന്നു എന്ന് പറയപ്പെടുന്ന രംഗം 45: 31 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഗ്രന്ഥത്തിൽ 52 സ്ഥലങ്ങളിൽ ഭ്രാന്തന്മാരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ബുദ്ധിശക്തിയുണ്ടായിട്ട് അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം തിരിച്ചറിയാത്ത കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന പ്രജ്ഞയറ്റവരെയുമാണ് അവിടെയെല്ലാം ഉദ്ദേശിക്കുന്നത്. എന്നാൽ 'ബുദ്ധിശക്തി നഷ്ടപ്പെട്ടവരാണ് ഭ്രാന്തന്മാർ, അവർക്ക് കർമങ്ങളൊന്നും നിർബന്ധമില്ല എന്നാണ്' കർമശാസ്ത്രപടുക്കൾ പറഞ്ഞിട്ടുള്ളത് എന്നുപറഞ്ഞ്, ജൂതന്മാർ എഴുതിയുണ്ടാക്കിയ അർത്ഥം പിൻപറ്റുന്നവരാണ് അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾ. 36: 59–62 വിശദീകരണം നോക്കുക. അദ്ദിക്റിൽ നിന്ന് ഊരിപ്പോയി പിശാചിന്റെ പിടിയിലകപ്പെട്ട് ലക്ഷ്യബോധം നഷ്ടപ്പെട്ട ഇത്തരം കപടവിശ്വാസികളെയും അദ്ദിക്റിനെ തള്ളിപ്പറയുന്ന പ്രജ്ഞയറ്റ ജനതയെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 175–176 ൽ ഉപമിച്ചിട്ടുള്ളത്. അക്കൂട്ടരെക്കുറിച്ച് തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് ഒരുമിച്ച് കൂട്ടപ്പെടാനുള്ളവരും എറ്റവും തിന്മയേറിയ സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 25: 34 ലും, നിശ്ചയം അല്ലാഹുവിന്റെയടുക്കൽ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷ്ടജീവികൾ ബുദ്ധിയുപയോഗിച്ച് ചിന്തിക്കാത്തവരായ ബധിരരും ഊമകളുമാകുന്നു എന്ന് 8: 22 ലും പറഞ്ഞിട്ടുണ്ട്. 7: 179; 10: 7–8 വിശദീകരണം നോക്കുക.

ആരാണ് കപടവിശ്വാസികൾ? തെമ്മാടികൾ?

ഭൗതികജീവിതത്തിൽ ആകൃഷ്ടരായി, അദ്ദിക്ർ ലഭിച്ചിട്ട് അതിനെ മൂടിവെച്ചുകൊണ്ടും വളച്ചൊടിച്ചുകൊണ്ടും നരകകവാടത്തിൽ നിന്നുകൊണ്ട് ജനങ്ങളെ അതിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്ന മുസ്ലിം നാമധാരികളായ പണ്ഡിതന്മാരാണ് മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ (*മുനാഫിഖു*കൾ). അല്ലാഹുവിനെ തിരിച്ചറിയാനും അവരവരെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനുമുള്ള ഉപകരണമായ അദ്ദിക്ർ തെമ്മാടികളല്ലാതെ മൂടിവെക്കുകയില്ലെന്ന് 2: 99 ലും, അല്ലാഹുവിനെ മറക്കുക വഴി അവരവരെത്ത

ന്നെ മറന്നുകളഞ്ഞ അക്കൂട്ടർ തന്നെയാണ് തെമ്മാടികൾ എന്ന് 59: 19 ലും, നിശ്ചയം ക പടവിശ്വാസികൾ, അവർ തന്നെയാണ് തെമ്മാടികളെന്ന് 9: 67 ലും പറഞ്ഞിട്ടുണ്ട്. വായ തുറന്നാൽ കളവ് പറയുക, വിശ്വസിച്ചാൽ വഞ്ചിക്കുക, വാഗ്ദത്തം ചെയ്താൽ പാലിക്കാ തിരിക്കുക എന്നിവ കപടവിശ്വാസികളുടെ പ്രത്യക്ഷലക്ഷണങ്ങളാണെന്ന് നാഥൻ പ്രവാ ചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. കപടവിശ്വാസികൾ അവരുടെ പ്രതിജ്ഞകൾ ഒരു പരിച യായി തെരഞ്ഞെടുത്തവരാണെന്ന് 63: 2 ൽ പറഞ്ഞിട്ടുണ്ട്. വായ പൊളിച്ചാൽ കളവുപ റയുന്ന അവർ, പ്രവർത്തിക്കുന്നത് പറയാത്തവരും പറയുന്നത് പ്രവർത്തിക്കാത്തവരുമാ ണ്. 'അല്ലാഹു ഏറ്റവും ഉന്നതനാണ്' (*അല്ലാഹു അക്ബർ*) എന്നാണ് അവർ പറയുന്ന തെങ്കിൽ പോലും പ്രായോഗികജീവിതത്തിൽ അത് അംഗീകരിക്കാത്തതുകൊണ്ട് അത് കളവായിരിക്കും. ഇസ്‌ലാമും ഗ്രന്ഥവുമെല്ലാം നല്ലതുതന്നെയാണ്, ഞങ്ങളെക്കണ്ട് നി ങ്ങൾ ഇസ്‌ലാമിനെ വിലയിരുത്തരുത്, അഥവാ കറി നല്ലതുതന്നെയാണ്, പക്ഷേ ഞ ങ്ങൾക്കുവേണ്ട, നിങ്ങൾ ഒഴിച്ചാൽ മതി എന്ന മട്ടിലാണ് ഇസ്‌ലാമിനോടും അദ്ദിക്‌റിനോ ടുമുള്ള അവരുടെ സമീപനം. നരകശിക്ഷയെക്കുറിച്ച് പരാമർശിക്കുമ്പോൾ ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി വിതുമ്പുകയും പൊട്ടിക്കരയുകയുമെല്ലാം ചെയ്യുമെങ്കിലും അ വരുടെ പ്രായോഗിക ജീവിതമേഖലകളിൽ ആ ബോധം ഒട്ടും നിഴലിക്കുകയില്ല.

പരസ്യജീവിതം ആകർഷകവും രഹസ്യജീവിതം വളരെ മലീമസവുമായ ഇത്തരം ക പടവിശ്വാസികൾ ഇസ്‌ലാമികസാഹിത്യങ്ങളെന്ന പേരിൽ രചിച്ചിട്ടുള്ള പുസ്തകങ്ങളും അവരുടെ ജീവിതപൈതൃകങ്ങളും പിശാചിന്റെ കേന്ദ്രമായ നരകത്തിലേക്കാണ് ജനങ്ങ ളെ മാർഗദർശനം ചെയ്യുന്നത്. ദീനിൽ നിന്ന് പോയവർ (*മദ്ഹബുകൾ*) എഴുതിയുണ്ടാ ക്കിയിട്ടുള്ള കർമശാസ്ത്രഗ്രന്ഥങ്ങളും 'നബിവചനങ്ങളും നബിയുടെമേൽ കള്ളവാദികൾ കെട്ടിച്ചമച്ചുണ്ടാക്കിയ വചനങ്ങളും കൂടിക്കലർന്ന നബിവചന ഗ്രന്ഥങ്ങളും' അല്ലാഹു ഇ റക്കിയ ദീനിനെ ആത്മാവില്ലാത്ത ജഡമാക്കി മാറ്റുന്നതിനാലും മനുഷ്യനെ അവന്റെ ജീ വിതലക്ഷ്യം കണ്ടെത്തുന്നതിൽ നിന്ന് തടയുന്നതിനാലും അവ മനുഷ്യരെ നരകത്തിലേ ക്കാണ് പിടിച്ചുവലിച്ച് കൊണ്ടുപോവുക. ആശയം പിടികിട്ടാത്തവർക്ക് അത്തരം രചനകൾ വളരെ ആകർഷകമായി തോന്നാമെങ്കിലും അവർ 24: 39 ൽ ചിത്രീകരിച്ച, മരുഭൂമിയിൽ അകപ്പെട്ട ദാഹിച്ചുവലഞ്ഞ ഒരുവൻ വെള്ളം അന്വേഷിച്ച് അവസാനം മരീചിക കണ്ട് വ ഞ്ചിതനായി വെള്ളം കിട്ടാതെ മരണപ്പെടുന്ന കാഫിറിനെപ്പോലെ ലക്ഷ്യത്തിലെത്താതെ ജീവിതം നഷ്ടപ്പെടുത്തുന്നതാണ്. ഇസ്‌ലാമിന്റെ പേരിൽ പുരോഗമന ആശയമെന്ന വ്യാ ജേന കപടവിശ്വാസികൾ നടപ്പിലാക്കുന്ന വിവിധ സംരംഭങ്ങളായ വിദ്യാഭ്യാസ സ്ഥാപന ങ്ങൾ, രമ്യഹർമ്യങ്ങളായ ആരാധനാലയങ്ങൾ, പത്രമാധ്യമങ്ങൾ, ആതുരാലയങ്ങൾ, അ നാഥാലയങ്ങൾ, ഇസ്‌ലാമിക് ബാങ്ക്, അച്ചടക്കമുള്ള സംഘടനാ സംവിധാനങ്ങൾ തുടങ്ങി യവയും പ്രത്യക്ഷത്തിൽ ഗുണകരമാണെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ അവ നാശമാണുണ്ടാക്കുക എന്ന് അദ്ദിക്‌റിനെ ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്തു ന്നവർക്ക് മനസ്സിലാക്കാം. ഭൗതികലക്ഷ്യത്തോടെയുള്ള അവരുടെ പ്രവർത്തനങ്ങൾ സ്രഷ്ടാവിന്റെ തൃപ്തിയിലുള്ളതോ മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ടുള്ളതോ അല്ലാത്തതിനാൽ അവ ഛിദ്രതയും ഭിന്നിപ്പും അസൂയയും സാമുദായികതയും വർഗീയത യും വളർത്തുകയാണ് ചെയ്യുക. അവരും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമെല്ലാം ജീവിതം കൊണ്ട് മുഹമ്മദ് നബിയെ അന്ത്യപ്രവാചകനായി അം ഗീകരിക്കാത്തവരും '*മുസൈലിമത്തുൽ കദ്ദാബ്* മുതൽ *മസീഹുദ്ദജ്ജാൽ* വരെ മുപ്പത് ക ള്ളവാദികൾ വരുമെന്ന്' പ്രവാചകൻ മുന്നറിയിപ്പ് നൽകിയ കള്ളവാദികളെ പിൻപറ്റിക്കൊ

ണ്ടിരിക്കുന്നവരുമാണ്. 2: 79 വിശദീകരണം നോക്കുക.

അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ഏക സംഘമായി നിലകൊള്ളാനാണ് ഗ്രന്ഥം കൽപിക്കുന്നതെങ്കിൽ; പരസ്പരമുള്ള പോര് നിമിത്തം വിവിധ സംഘടനകളായി ഭിന്നിക്കുകയും ഇതരജനവിഭാഗങ്ങളുടെ മുമ്പിൽ പുറംപൂച്ചായി ഐക്യം അഭിനയിക്കുകയും ചെയ്യുന്നവരാണവർ. നോമ്പ്, പെരുന്നാൾ, അറഫാദിനം എന്നിവ *ഖിബ്‌ല* അംഗീകരിച്ചുകൊണ്ട് യഥാർത്ഥ ദിവസത്തിലേക്ക് കൊണ്ടു വരുന്നതിനുപകരം തെറ്റായ ദിവസത്തിലേക്ക് മാറ്റുന്നതിനാണ് അവർ ഐക്യപ്പെടുന്നതെന്ന് കാണാം. മുൻകാലത്ത് ഇവരിലെ പുരോഹിതന്മാരാണ് ഈ കെട്ടജനതക്ക് നേതൃത്വം കൊടുത്തിരുന്നതെങ്കിൽ ഇന്ന് അവരിലെ പ്രമാണിമാരുടെയും പണക്കാരുടെയും പുരോഹിതന്മാരുടെയും ഏകോപനമാണ് നേതൃത്വം കയ്യാളുന്നത്. സൂര്യനെയോ ചന്ദ്രനെയോ നിങ്ങൾ അനുസരിക്കരുത്, അവയെ സൃഷ്ടിച്ച നാഥനെയാണ് (അവന്റെ ചര്യയായ അദ്ദിക്റിനെയാണ്) നിങ്ങൾ അനുസരിക്കേണ്ടത് എന്ന് 41: 37 ൽ വായിക്കുന്ന ഈ ജനത തന്നെയാണ് ആശയമില്ലാത്തതിനാൽ ചന്ദ്രന് സുജൂദ് ചെയ്യുന്ന ഏകജനതയായി അധഃപതിച്ചിട്ടുള്ളത്. ചിന്താശേഷി നഷ്ടപ്പെട്ട ഇവർ, ഇന്ന് പ്രവാചകൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഏത് നാളിലായിരിക്കും ഇവയെല്ലാം ആചരിക്കുക എന്നോ ലോകത്തെവിടെയും ദിവസം മാറുന്നില്ല എന്നോ ബോധമില്ലാത്തവരാണ്. 5: 2 ൽ, നിങ്ങൾ പുണ്യത്തിലും ഭക്തിയിലും പരസ്പരം സഹകരിക്കുവീൻ എന്ന് പഠിപ്പിച്ചതിന് വിരുദ്ധമായി തിന്മയിലും ശത്രുതയിലുമാണ് അവർ പരസ്പരം സഹകരിക്കുന്നത്. അങ്ങനെ ജൂത-ക്രൈസ്തവരെ ചാണിനുചണായി പിൻപറ്റുമെന്ന് പ്രവാചകൻ പഠിപ്പിച്ചത് അവരിൽ പുലർന്നതായി കാണാം. ചുരുക്കത്തിൽ മലവെള്ളപ്പാച്ചിലിലുള്ള നുരകൾക്കും പതകൾക്കും സമാനമായ ഇവരുടെ പ്രവർത്തനങ്ങൾ ഉൾക്കാഴ്ചാദായകമായ അദ്ദിക്റിലൂടെ തിരിച്ചറിയുന്നവർക്ക് മാത്രമേ ആദം സന്തതികൾക്കുള്ള ഏറ്റവും വലിയ ഫിത്നയായിരിക്കുമെന്ന് പ്രവാചകൻ പഠിപ്പിച്ച *മസീഹുദ്ദജ്ജാലി*ന്റെ *ഫിത്ന* തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. 2: 189; 13: 16-17 വിശദീകരണം നോക്കുക.

കപടവിശ്വാസികൾ അല്ലാഹുവിന്റെയും വിശ്വാസിയുടെയും ശത്രുക്കളാണെന്ന് 63: 4 ലും, അവർക്ക് പ്രവാചകനോ വിശ്വാസിയോ പൊറുക്കലിനെ തേടിയിട്ട് കാര്യമില്ല, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല, നിശ്ചയം അല്ലാഹു തെമ്മാടികളായ ഒരു ജനതയെ സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് 63: 6 ലും, കപടവിശ്വാസികൾക്ക് വേണ്ടി പൊറുക്കലിനെത്തേടാനോ മയ്യിത്ത് നമസ്കരിക്കാനോ വിശ്വാസികൾക്ക് പാടില്ലെന്ന് 9: 84 ലും പറഞ്ഞിട്ടുണ്ട്. 9: 80 വിശദീകരണം നോക്കുക. അവർ മാലിന്യമാണ്, അതുകൊണ്ട് അവരെ വെടിയുക എന്ന് 9: 95 ലും, അദ്ദിക്ർ അവർക്ക് മാലിന്യത്തിൻ മേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല, അവർ കാഫിറായിക്കൊണ്ട് ജീവൻ വെടിഞ്ഞിരിക്കുന്നു എന്ന് 9: 125 ലും, അവർ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരാണെന്ന് 4: 145 ലും പറഞ്ഞിട്ടുണ്ട്. 9: 53-55; 17: 82 വിശദീകരണം നോക്കുക.

ആരാണ് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ:

അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുമ്പോൾ മാത്രമേ ഒരുവൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കേണ്ട വിധം വിശ്വസിക്കുന്നവനാവുകയുള്ളൂ. 'അല്ലാഹ്' എന്ന് വിളിക്കാൻ അറിഞ്ഞിട്ട് അവനെ പരിഗണിക്കേണ്ട വിധം പരിഗണിക്കാതെ, അവൻ കാണുന്നില്ല അറിയുന്നില്ല എന്ന നിലപാട് സ്വീകരിച്ച് ജീവിക്കുന്നവരാണ് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ. കാണാതെ കണ്ട് വിളിച്ചുപ്രാർത്ഥിക്കാനും അഭയം തേടാനും സഹായം തേടാനും ഭരമേൽപിക്കാനും ഭയപ്പെടാനും ജീ

വിതത്തെക്കുറിച്ച് ഉത്തരം പറയാനും അർഹനായിട്ടുള്ള ഏക ഇലാഹായ അല്ലാഹുവിനെ പരിചയപ്പെടുത്താനാണ് 6236 സൂക്തങ്ങളും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് എന്നിരിക്കെ, അവനെ വിളിച്ചുപ്രാർത്ഥിക്കാതെ ആപത്തുവിപത്ത് ഘട്ടങ്ങളിലും വീഴാൻ പോകുമ്പോഴും അവന്റെ സൃഷ്ടികളായ മുഹമ്മദ്, ഈസാ, മൂസാ തുടങ്ങിയ പ്രവാചകന്മാരെയോ *ബദ്‌രീങ്ങൾ* പോലെയുള്ള അവന്റെ മാർഗത്തിൽ വധിക്കപ്പെട്ട രക്തസാക്ഷികളെയോ *മുഹ്‌യുദ്ദീൻ ശൈഖ്* പോലെയുള്ള മഹാത്മാക്കളെയോ വിളിച്ച് പ്രാർത്ഥിക്കലും, അത്തരം ആളുകളെ അല്ലാഹുവിലേക്ക് അടുപ്പിക്കാനുള്ള ഇടയാളന്മാരും ശുപാർശക്കാരുമായി സങ്കൽപിക്കലും അവരെ ബഹുമാനിച്ചില്ലെങ്കിൽ അവരുടെ ഗുരുത്വക്കേട് ബാധിക്കുമെന്ന് ഭയപ്പെടലും അവരുടെ പേരിൽ നേർച്ച വഴിപാടുകൾ അർപ്പിക്കലും ശിർക്കിൽ (അല്ലാഹുവിനെക്കൊണ്ട് പങ്കുചേർക്കൽ) പെട്ടതാണ്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ട, 5: 56 ലും 58: 22 ലും പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായി പിരിഞ്ഞ് 30: 31–32; 58: 19 സൂക്തങ്ങളിൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ട എല്ലാ മുസ്‌ലിം സംഘടനകളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്‌രിക്കുകളാണ്. അഥവാ അല്ലാഹുവിന്റെ ദീനിൽ പങ്കുചേർക്കുന്നതും ശിർക്ക് തന്നെയാണ് എന്നർത്ഥം. നിർബന്ധദാനം (*സകാത്ത്*) നൽകൽ, അനാഥസംരക്ഷണം, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവക്കെല്ലാം സാമുദായികാടിസ്ഥാനത്തിൽ വ്യക്തികളെ തെരഞ്ഞെടുക്കുന്നവരും ഒരു സമുദായത്തിന്റെ മാത്രം അവകാശങ്ങൾക്കായി സമുദായസംഘടനകൾ ഉണ്ടാക്കുന്നവരും ഇതരജനവിഭാഗങ്ങളോടുള്ള ഇടപാടുകളിൽ സൂക്ഷ്മത പുലർത്തേണ്ടതില്ലെന്ന് നിലപാടുള്ളവരും അല്ലാഹുവിൽ പങ്കുചേർക്കുന്നവർ തന്നെയാണ്. കാരണം അഖിലപ്രപഞ്ചവും സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകസ്രഷ്ടാവിന്റെ സൃഷ്ടികളാണ് ജാതി-മത-ഭാഷാ-ദേശ ഭേദമന്യേ എല്ലാ മനുഷ്യരും എന്ന ബോധമില്ലാത്തവരും ജൂതന്മാരെ ചാണിന് ചാണായി പിൻപറ്റുന്നവരുമാണ് അവർ. ഇതരജനവിഭാഗങ്ങളെല്ലാം മറ്റേതോ സ്രഷ്ടാവിന്റെ സൃഷ്ടികളാണെന്ന തരത്തിലാണ് പ്രായോഗികമായി അവരുടെ നിലപാട്. ചുരുക്കത്തിൽ അദ്ദിക്‌റിൽ നിന്ന് അല്ലാഹുവിന്റെ സ്വഭാവം മനസ്സിലാക്കി അവന്റെ പ്രതിനിധികളായി ഇവിടെ ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികളല്ലാത്ത എല്ലാ ഫുജ്ജാറുകളും പിശാച് പാട്ടിലാക്കിയ നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിൽ പെടുന്ന യഥാർത്ഥ കാഫിറുകളും മുശ്‌രിക്കുകളുമാണ്. കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ് *അമാനത്തായ* അദ്ദിക്‌ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73 ൽ പറഞ്ഞിട്ടുണ്ട്. 4: 118; 48: 6; 98: 6 വിശദീകരണം നോക്കുക.

ആരാണ് വേദക്കാർ (അഹ്‌ലുൽ കിതാബ്)?

വേദത്തിന്റെ ആളുകളാണെന്ന് അഭിമാനിക്കുകയും എന്നാൽ അത് പിൻപറ്റാതെ ചര്യാപരമായ ആരാധനാചാരങ്ങൾ കൊണ്ടുനടക്കുകയും ചെയ്തിരുന്ന നബിയുടെ കാലത്തെ ജൂതരേയും ക്രൈസ്തവരേയുമാണ് *അഹ്‌ലുൽ കിതാബ്* എന്ന പദം കൊണ്ട് വിവക്ഷിച്ചിരുന്നത്. എന്നാൽ ഇന്ന് എല്ലാ മനുഷ്യർക്കുമുള്ള വേദം അദ്ദിക്‌ർ മാത്രമായതുകൊണ്ട് ഗ്രന്ഥത്തിന്റെ ആളുകളാണെന്ന് ദുരഭിമാനിക്കുന്നവർക്കാണ് പ്രസ്തുത വിശേഷണം ചേരുന്നത്. 62: 5 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം കഴുതകളെപ്പോലെ വഹിക്കുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന ഫാജിറുകളേക്കാൾ അവരിലെ പുരോഗമന

പ്രസ്ഥാനങ്ങളാണെന്ന് വാദിക്കുന്നവരാണ് ഇന്നത്തെ *അഹ്ലുൽ കിതാബ്*. വേദക്കാരെ വിമർശിച്ച് ഗ്രന്ഥം പറഞ്ഞ കാര്യങ്ങൾ അവരിലാണ് പുലർന്നുകാണുന്നത്. നിശ്ചയം വേദക്കാരിൽ നിന്നുള്ള കാഫിറുകളായിട്ടുള്ളവരും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും നരകക്കുണ്ഠത്തിലെ തീയിൽ നിത്യവാസികളാകുന്നു, അക്കൂട്ടർ തന്നെയാണ് കരയിലെ നികൃഷ്ടജീവികൾ എന്ന് 98: 6 ലും, നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും തിന്മയേറിയ ജീവികൾ ചിന്താശേഷി ഉപയോഗപ്പെടുത്താത്ത ഊമകളും ബധിരരുമായ കാഫിറുകളാണെന്ന് 8: 22, 55 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 111, 113; 5: 18 വിശദീകരണം നോക്കുക.

ആരാണ് ഫുജ്ജാറുകൾ?

പ്രവാചകന്റെ വിയോഗത്തിന്റെ 30 വർഷങ്ങൾക്ക് ശേഷം ഇസ്‌ലാം പിരിയുടയുമെന്നും പിന്നെ ഗ്രന്ഥം വായിക്കുന്നവർ *ഫാജിർ, കാഫിർ, മുഅ്മിൻ* എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായിരിക്കുമെന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 1) *ഫാജിർ*:- അവൻ ഖുർആൻ തിന്നും, അല്ലെങ്കിൽ ഖുർആൻ കൊണ്ട് തിന്നും. 'ഖുർആൻ തിന്നുക' എന്നതിന്റെ വിവക്ഷ, പുണ്യം ലഭിക്കുന്നതിനുവേണ്ടി ഗ്രന്ഥത്തിന്റെ അർത്ഥവും ആശയവുമില്ലാതെ അറബി ശരീരം ആദ്യം മുതൽ അവസാനം വരെ പാരായണം ചെയ്ത് തീർക്കുക എന്നാണ്. 'ഖുർആൻ കൊണ്ട് തിന്നുക' എന്നതിന്റെ വിവക്ഷ, ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടതിന്റെ ലക്ഷ്യത്തിന് വിരുദ്ധമായി മരിച്ചവർക്ക് ഓതിക്കേൾപ്പിച്ച് പണം വാങ്ങിത്തിന്നുക, കുട്ടികൾക്ക് ഗ്രന്ഥത്തിന്റെ ശരീരം പഠിപ്പിച്ചോ നമസ്കാരത്തിന് *ഇമാമത്ത്* നിന്നോ ശമ്പളം വാങ്ങിത്തിന്നുക, പിഞ്ഞാണങ്ങളിലും കടലാസുകളിലും തകിടുകളിലും (ഉറുക്ക്, നറുക്ക്, ഏലസ്സ്) ഗ്രന്ഥത്തിന്റെ സൂക്തങ്ങൾ എഴുതിക്കൊടുത്ത് പണം വാങ്ങിത്തിന്നുക എന്നെല്ലാമാണ്. 2) *കാഫിർ*:- ഗ്രന്ഥത്തിന്റെ ആശയമറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസി. 3) *മുഅ്മിൻ* (വിശ്വാസി):- ആശയം മനസ്സിലാക്കി അത് പിൻപറ്റുന്നവൻ. ഗ്രന്ഥം വായിക്കുന്ന ഈ മൂന്ന് വിഭാഗങ്ങളിൽ വിശ്വാസിക്ക് മാത്രമേ അതുകൊണ്ട് പ്രയോജനം ലഭിക്കുകയുള്ളൂ. കപടവിശ്വാസികൾക്ക് ഗ്രന്ഥത്തിന്റെ മൊത്തം ആശയമറിഞ്ഞിട്ടും പ്രയോജനമൊന്നും ലഭിക്കുകയില്ല. *മുനാഫിഖും ഫാജിറും* അവരുടെ വയറുകളിൽ തീയാണ് നിറക്കുന്നതെന്ന് 2: 174 ലും, അവർക്ക് ഗ്രന്ഥം വായിക്കുക വഴി മാലിന്യവും അകൽച്ചയുമാണ് വർദ്ധിക്കുക എന്ന് 9: 125 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്ക് അദ്ദിക്ർ കാരുണ്യവും രോഗശമനവുമാണെന്നും അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ലെന്നും 17: 82 ലും പറഞ്ഞിട്ടുണ്ട്. *ജനങ്ങളിൽ വെച്ച് ഏറ്റവും വലിയ ദുഷ്ടൻ ഗ്രന്ഥം ആദ്യം മുതൽ അവസാനം വരെ വായിച്ചിട്ട് അതിൽ നിന്ന് ഒന്നും ലഭിക്കാത്ത ഫാജിറാണ്* എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. വിചാരണയില്ലാതെ നരകത്തിൽ പോകുന്ന കപടവിശ്വാസിയെ അല്ലാഹു വധിച്ചുകളഞ്ഞിട്ടുള്ളതുകൊണ്ടാണ് ഏറ്റവും വലിയ ദുഷ്ടൻ കപടവിശ്വാസിയാണെന്ന് പറയുന്നതിനുപകരം ഫാജിറാണെന്ന് പറഞ്ഞിട്ടുള്ളത്.

*ഫാജിറി*ന്റെ ബഹുവചനമാണ് *ഫുജ്ജാർ*, എങ്കിലും ഫുജ്ജാറുകളിൽ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരായ കപടവിശ്വാസികളും കാഫിറുകളായ അവരുടെ അനുയായികളും ഉൾപ്പെടുന്നതാണ്. 1: 7 ൽ പറഞ്ഞ കോപിക്കപ്പെട്ടവർ കപടവിശ്വാസികളും വഴിപിഴച്ചുപോയവർ ഫാജിറുകളുമാണ്. ഈ രണ്ട് കൂട്ടരും ഉൾപ്പെടുന്ന ഫുജ്ജാറുകളുടെ പട്ടിക *സിജ്ജീനി*ലാണെന്ന് 83: 7 ലും, നിശ്ചയം ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിലേക്കാണെന്ന് 82: 14 ലും പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗത്തെയും നരകകുണ്ഠത്തിന്റെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെച്ചിട്ടുണ്ടെന്ന് 15: 44

ലും പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകമുസ്‌ലിംകളിൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതും ഫുജ്ജാറുകളിലാണ് ഉൾപ്പെടുക.

എന്തുകൊണ്ട് ഗ്രന്ഥം?

മനുഷ്യരെല്ലാം ആഗ്രഹിക്കുന്ന ഒന്നാണ് സമാധാന ജീവിതം. അതിനുവേണ്ടി മനുഷ്യർ സർവ്വസ്രഷ്ടാവിന്റേതല്ലാത്ത പലതരം നിയമങ്ങളും വ്യവസ്ഥകളുമെല്ലാം രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ ബുദ്ധിശക്തിയും സ്വാതന്ത്ര്യവും നൽകപ്പെട്ട മനുഷ്യരെ നിയന്ത്രിക്കുന്നതിനും സമാധാന ജീവിതം ഉറപ്പ് വരുത്തുന്നതിനും മനുഷ്യൻ തന്നെയുണ്ടാക്കുന്ന അത്തരം വ്യവസ്ഥകളൊന്നും വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്ന് കാണാം. ഭിന്നതയും ഛിദ്രതയും അക്രമപ്രവർത്തനങ്ങളും തീവ്രവാദവും രക്തച്ചൊരിച്ചിലുമെല്ലാം ലോകത്ത് നാൾക്കുനാൾ വർദ്ധിച്ച് വരുന്നതായിട്ടാണ് കാണുന്നത്. മനുഷ്യന്റെ സ്വൈരജീവിതത്തിന് വിഘാതമുണ്ടാക്കുന്ന വർഗീയത, ദേശീയത, വംശീയത, ലിംഗപക്ഷപാതം തുടങ്ങിയവയും; മനുഷ്യനിൽ മൃഗീയതയും പൈശാചികതയും വളർത്തുന്ന സ്വാർത്ഥത, സ്വജനപക്ഷപാതം, അസൂയ, അഹങ്കാരം, അഹന്ത, പൊങ്ങച്ചം, പുറംപൂച്ച് നടിക്കൽ, കള്ള്, കഞ്ചാവ്, മയക്കുമരുന്ന്, സ്വവർഗസംഭോഗം, വ്യഭിചാരം, കൊലപാതകം, ബലാത്സംഗം, കളവ്, വഞ്ചന, കവർച്ച, കൊള്ള, കൊള്ളി വെപ്പ് തുടങ്ങിയവയും; മനുഷ്യന്റെ ജീവിതഭാരം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്ന കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത, മായം ചേർക്കൽ, അളവ് തൂക്കത്തിൽ കൃത്രിമം കാണിക്കൽ, പലിശ, കുഴൽപണം, ചൂതാട്ടം, കൈക്കൂലി വാങ്ങൽ-കൊടുക്കൽ, സ്ത്രീധനം വാങ്ങൽ-കൊടുക്കൽ തുടങ്ങിയവയും; ചൂഷണങ്ങളിലും ഊഹാപോഹങ്ങളിലും അധിഷ്ഠിതമായ പൈശാചിക വിശ്വാസങ്ങളായ മാരണം, മന്ത്രം, രാശി, കൈരേഖ, ശകുനം, നക്ഷത്രഫലം തുടങ്ങിയവയുമെല്ലാം ഭൗതികപുരോഗതി ആർജ്ജിക്കും തോറും വർദ്ധിച്ചുവരിക തന്നെയാണ്. ത്രികാലജ്ഞാനിയായ സർവ്വസ്രഷ്ടാവിന്റെ സർവ്വസൃഷ്ടികൾക്കുമുള്ള വിധിവിലക്കുകളടങ്ങിയ ത്രികാലജ്ഞാനമായ അദ്ദിക്ർ നടപ്പിൽ വരുമ്പോൾ മാത്രമേ ഭൂമിയിൽ സമ്പൂർണ്ണ സമാധാനം സ്ഥാപിക്കപ്പെടുകയുള്ളൂ. മനുഷ്യരെ ബോധവാന്മാരാക്കി ജീവിതലക്ഷ്യം തിരിച്ചറിയുന്നവരാക്കി മാറ്റുന്നതിനും മനുഷ്യരുടെ ഐക്യം നിലനിർത്തുന്നതിനും പ്രകൃതിയെ അതിന്റെ സന്തുലനത്തിൽ നിലനിർത്തുന്നതിനും മനുഷ്യർക്കും മറ്റു സൃഷ്ടികൾക്കും അല്ലാഹു നിശ്ചയിച്ച ജീവിതാവധിവരെ ഇവിടെ സമാധാനജീവിതം നയിക്കുന്നതിനും ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും സാധിക്കുകയില്ല. 17: 13-14 ൽ, എല്ലാ ഓരോ മനുഷ്യരും അവന്റെ ഭാഗധേയം (സോഫ്റ്റ്‌വെയർ) തന്റെ പിരടിയിൽ വഹിക്കുന്നുണ്ടെന്നും വിധിദിവസം അത് ഒരു തുറന്ന് പ്രകാശിക്കുന്ന പുസ്തകമായി അവന് നൽകപ്പെടുമെന്നും 'നീ നിന്റെ ഗ്രന്ഥം വായിക്കുക, ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായവനാകുന്നു' എന്ന് പറയുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. മുൻഗ്രന്ഥങ്ങളിലൊന്നും പരാമർശിച്ചിട്ടില്ലാത്ത ഇക്കാര്യം പരാമർശിച്ചിട്ടുള്ള അദ്ദിക്ർ കൊണ്ട് മാത്രമേ ഈ കമ്പ്യൂട്ടർ യുഗത്തിലും തിന്മയിൽ മുഴുകി ജീവിക്കുന്ന മനുഷ്യരെ തിന്മയിൽ നിന്ന് മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ. 45: 28-32 വിശദീകരണം നോക്കുക.

53: 39 ൽ അല്ലാഹു പറയുന്നു: മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെയില്ല. ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അല്ലാഹു അവന്റെ ഹൃദയത്തിലേക്കാണ് നോക്കുന്നത്. ഹൃദയത്തിന്റെ അവസ്ഥ നോക്കിയിട്ടാണ് ആ പ്രവർത്തനം അല്ലാഹു വിലയിരുത്തുന്നത്. അല്ലാഹു ഹൃദയങ്ങളുടെ അവസ്ഥയറിയുന്നവനാണ് എന്ന് സാധൂകരിച്ചുകൊണ്ട് ഭയത്തോ

ടും വിനയത്തോടും കൂടി നാവുകൊണ്ട് 'അല്ലാഹ്' എന്നുപറയാതെ ഹൃദയം കൊണ്ട് അ ല്ലാഹുവിനെ സ്മരിക്കുന്നവരാണ് വിശ്വാസികൾ. അല്ലാഹു ഹൃദയത്തിന്റെ അവസ്ഥയറി യുന്നവനല്ല എന്ന് കരുതി നാവ് കൊണ്ട് അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുക യും ചെയ്യുന്നവർ പ്രജ്ഞയറ്റവരാണെന്നും വിശ്വാസികൾ അവരിൽ പെട്ടുപോകരുതെന്നും 7: 205 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടുന്നതിനുമുമ്പ് പ്രവാചകൻ തന്നെ പ്രജ്ഞയറ്റ വരിലും വഴികേടിലും പെട്ടവനായിരുന്നു എന്ന് 12: 3 ലും 93: 7 ലും പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ, തിന്മകൾ ഇല്ലായ്മ ചെയ്യുന്നതിനും ജീവിതം മുഴുവൻ അല്ലാഹുവിന് വേണ്ടിയാക്കി അവന്റെ പ്രാതിനിധ്യം നിർവഹിക്കുന്നതിനും അദ്ദിക്ർ കൊണ്ടല്ലാതെ മ റ്റൊന്നുകൊണ്ടും സാധ്യമല്ല. 75: 22–24 പറഞ്ഞത് പ്രകാരം അദ്ദിക്റിൽ നിന്ന് കണ്ട അല്ലാഹു വിനെ മരണസമയത്ത് ആത്മാവുകൊണ്ട് കണ്ട് സന്തോഷത്തോടുകൂടി സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകുന്നതിനും 13: 28 പ്രകാരം, അദ്ദിക്ർ കൊണ്ട് '*നഫ്സ് മുത്വ്മഇന്നഃ* (ശാന്തിയും ഉറപ്പും ലഭിച്ച ആത്മാവ്) ആകുന്നതിനും, 89: 27–30 പ്രകാരം ഓ! ശാന്തിയും ഉറപ്പും ലഭിച്ച ആത്മാവേ, നീ നിന്റെ ഉടമയിലേക്ക് ഉടമയെത്തൊട്ട് നീയും നിന്നെത്തൊട്ട് ഉടമയും പരസ്പരം തൃപ്തിപ്പെട്ടുകൊണ്ട് തിരിച്ചുവരിക, നീ എനിക്കു വേണ്ടി ജീവിക്കുക, എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക എന്നു പറയപ്പെട്ട് ജീവിതലക്ഷ്യം സാക്ഷാത് കരിക്കുന്നവരിൽ ഉൾപ്പെടുന്നതിനും അദ്ദിക്ർ കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ.

ജീവിതലക്ഷ്യം:

ഭൂമിയിൽ എപ്പോൾ, ഏതുനാട്ടിൽ, എവിടെ, ഏതുഗോത്രത്തിൽ, ഏതുവംശത്തിൽ, ഏതുമാതാപിതാക്കളിൽ ജനിക്കണമെന്ന് സ്വന്തമായി തീരുമാനിക്കാൻ ഒരു മനുഷ്യനും സാധ്യമല്ല. വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത നാടുകളിൽ വ്യത്യസ്ത ഗോത്രങ്ങളി ലായി മനുഷ്യരെ ഭൂമിയിലേക്ക് കൊണ്ടുവരുന്നതും അവർക്ക് ക്ലിപ്തമായ ഒരു അവധി വരെ ജീവിക്കാനുള്ള എല്ലാ വിധ സാഹചര്യങ്ങളും സംവിധാനങ്ങളും ഒരുക്കിക്കൊടുക്കു ന്നതും അവധിയെത്തുന്ന മുറയ്ക്ക് അവരെ തിരിച്ചുകൊണ്ടുപോകുന്നതും സർവ്വസ്രഷ്ടാ വ് തന്നെയാണ്. ഉൾക്കാഴ്ചാദായകമായ വേദത്തിന്റെ ആശയം ഉപയോഗപ്പെടുത്തി സ്രഷ്ടാ വിനെ കണ്ടെത്തുക, അവരവരെ തിരിച്ചറിയുക, പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തുക, സ്വർഗം ഇവിടെ സമ്പാദിക്കുക, മരണത്തോടുകൂടി സമ്പാദിച്ച സ്വർഗത്തി ലേക്ക് തിരിച്ചുപോവുക എന്നതാണ് നാലാം ഘട്ടത്തിലുള്ള മനുഷ്യന്റെ ജീവിതലക്ഷ്യം. 67: 2 ൽ, മരണവും ജനനവും സൃഷ്ടിച്ചത് അവനാണ് –നിങ്ങളിൽ ആരാണ് ഏറ്റവും ഭംഗി യായി പ്രവർത്തിക്കുന്നതെന്ന് പരീക്ഷിക്കാൻ വേണ്ടി എന്നുപറഞ്ഞിട്ടുണ്ട്. 11: 7; 18: 7 വി ശദീകരണം നോക്കുക. നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹു ഒരാളെയും സ്വർ ഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. ഓരോരുത്തർക്കുമുള്ള സ്വർഗം അല്ലെങ്കിൽ നരകം പണിയുന്നത് അവരവർ തന്നെയാണ്. 3: 185 ൽ അല്ലാഹു പറയുന്നു: എല്ലാഓരോ ആത്മാവും മരണത്തെ രുചിക്കും, നിങ്ങളുടെ പ്രതിഫലം വിധിദിവസം നൽകപ്പെടുകയും ചെയ്യും, അപ്പോൾ ആരാണോ അവരെ അവരവരാൽ തന്നെ നരകത്തിൽ നിന്ന് തടയുക യും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തത്, അവർ വിജയിച്ചു, ഇഹലോകജീ വിതം വഞ്ചനാപരമായ ഒരു വിഭവം മാത്രമല്ലാതെയല്ല. 2: 281 ൽ, നിങ്ങൾ അല്ലാഹുവി ലേക്ക് മടക്കപ്പെടുന്ന ഒരു ദിനത്തെ സൂക്ഷിക്കുകയും ചെയ്യുക, പിന്നെ എല്ലാ ഓരോ ആ ത്മാവിനും അത് സമ്പാദിച്ചതിനുള്ള പരിപൂർണ്ണപ്രതിഫലം നൽകപ്പെടുന്നതാകുന്നു, അ വർ ഒട്ടും അനീതി കാണിക്കപ്പെടുന്നവരാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 3: 30; 6: 164–165 വിശദീകരണം നോക്കുക.

മനുഷ്യരിൽ നിന്ന് എല്ലാ ഓരോ ആയിരത്തിലും ഒന്നുമാത്രം സ്വർഗത്തിലേക്കും തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒൻപത് നരകത്തിലേക്കുമാണ് എന്ന മാറ്റമില്ലാത്ത വിധി, മനുഷ്യരെ സൃഷ്ടിക്കുന്നതിന് മുമ്പുതന്നെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്. നൈമിഷികമായ ഭൗതികജീവിതത്തിൽ ഒരു ഉദ്യോഗം നേടുന്നതിനുവേണ്ടി -പത്ത് ഒഴിവുകൾ മാത്രമാണുള്ളതെങ്കിൽ പോലും- പതിനായിരങ്ങൾ അതിനുവേണ്ടി മത്സരിക്കുന്നതും പരിശ്രമിക്കുന്നതും സർവ്വസാധാരണമാണല്ലോ! അപ്പോൾ ഞാൻ ആ ഒന്നാകുന്നതിനുവേണ്ടി പരിശ്രമിച്ചിട്ട് കാര്യമുണ്ടാവുകയില്ലെന്ന് കരുതി ഒരാളും നിരാശപ്പെടാവുന്നതല്ല. കാരണം സ്വർഗത്തിലേക്കുള്ള ആ ആയിരത്തിൽ ഒന്ന് ആരാണെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടില്ല. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും കാരുണ്യവുമായ അദ്ദിക്റിലൂടെ സഞ്ചരിച്ച് ആ ഒന്നിന്റെ ഗുണങ്ങൾ ആവാഹിച്ചെടുത്ത് ഏത് ജാതി-മത സ്ഥനായ ഒരാൾക്കും അതിൽ ഉൾപ്പെടാവുന്നതാണ്. അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെ നിഷ്പക്ഷവാനായി മനസ്സിലാക്കിക്കൊണ്ടും സത്യാസത്യവിവേചനമാനദണ്ഡമായ അതിനെ ത്രാസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ടും തന്റെ വിധി സ്വർഗത്തിലേക്കുള്ളതാക്കിമാറ്റൽ, സന്മാർഗവും ദുർമാർഗവും തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ്. ഗ്രന്ഥം ഇറക്കിയിട്ടുള്ളത് മൊത്തം മനുഷ്യർക്കുവേണ്ടി ലക്ഷ്യത്തോടുകൂടിയാണ്, ആരാണോ ഈ ഗ്രന്ഥമുപയോഗിച്ച് സന്മാർഗത്തിലായത്, അപ്പോൾ അത് അവനുവേണ്ടിത്തന്നെയാണ്, ആരാണോ അതിനെത്തൊട്ട് വഴികേടിലായത്, അപ്പോൾ അതിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ് എന്ന് 39: 41 ൽ പറഞ്ഞിട്ടുണ്ട്.

സ്വർഗവും നരകവും:

1400 വർഷങ്ങൾക്ക് മുമ്പുള്ള അറബികൾക്ക് സുപരിചിതമായ രീതിയിലും പദങ്ങളിലും ബിംബങ്ങളിലുമാണ് സ്വർഗത്തെ ഗ്രന്ഥം പരിചയപ്പെടുത്തുന്നത്. മനുഷ്യന്റെ ആത്മാവ് ആഗ്രഹിക്കുന്ന എല്ലാമെല്ലാം ലഭിക്കുന്നതും ഇഷ്ടപ്പെടാത്ത ഒന്നും കാണുകയോ അനുഭവിക്കുകയോ ചെയ്യാത്തതുമായ നിത്യജീവിതം ലഭിക്കുന്ന സ്ഥലമാണ് സ്വർഗം. വേദങ്ങളിലെ സ്വർഗത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ നിന്നും മനസ്സിലാക്കി ഉണ്ടാക്കിയെടുത്തിട്ടുള്ളതാണ് ഭൂമിയിൽ ഇന്നുകാണുന്ന പല സുഖസൗകര്യങ്ങളും. പാർക്കുകൾ, പൂന്തോട്ടങ്ങൾ, ജലധാരകൾ, കൊട്ടാരങ്ങൾ, കാർപ്പറ്റുകൾ, കുഷ്യനുകൾ, സോഫകൾ, സ്വാദിഷ്ടമായ ഭക്ഷണപാനീയങ്ങൾ, മേത്തരം വസ്ത്രങ്ങൾ, എയർകണ്ടീഷനറുകൾ, വാർത്താവിനിമയ ഉപകരണങ്ങൾ, വാർദ്ധക്യമോ രോഗമോ ഇല്ലാത്ത അവസ്ഥ തുടങ്ങി മനുഷ്യർ ഉണ്ടാക്കിയെടുത്തിട്ടുള്ളതും ഇനിയും ഉണ്ടാക്കിയെടുക്കാനുള്ളതും മാത്രമല്ല, മനുഷ്യമനസ്സിൽ ഭൂമിയിൽ വെച്ച് സങ്കൽപ്പിക്കാൻ പോലും സാധിക്കാത്തതുമായ എല്ലാ അനുഗ്രഹങ്ങളും നന്മകളും അടങ്ങിയതാകുന്നു സ്വർഗം. സ്വർഗത്തിൽ വെയിലോ ചൂടോ പുകപടലങ്ങളോ പൊടിപടലങ്ങളോ മഞ്ഞോ തണുപ്പോ ഒന്നുമില്ല. വിശപ്പോ ദാഹമോ ക്ഷീണമോ വിയർപ്പോ ഇണ ചേരലോ ഇന്ദ്രിയസ്ഖലനമോ മലമൂത്രവിസർജ്ജനമോ ഒന്നും ഉണ്ടാവുകയില്ല. ആൺ പെൺ വ്യത്യാസമില്ലാതെ ലൈംഗികാവയവങ്ങളില്ലാതെ വിശ്വാസിയായ അല്ലാഹുവിന്റെ രൂപത്തിലായിരിക്കും സ്വർഗവാസികളെല്ലാം തന്നെ. കാമം പിശാചിൽ നിന്നായതിനാൽ സ്വർഗത്തിൽ കാമവും ഉണ്ടായിരിക്കുന്നതല്ല. ലൈംഗികബന്ധം സ്വർഗത്തിൽ വിലക്കപ്പെട്ടകനിയാണ്. എന്നാൽ എപ്പോഴും ഇണ ചേർന്നാലുള്ളത് പോലെയുള്ള അനുഭൂതി ലഭിക്കുന്നതുമാണ്. 20: 118-119; 37: 58-61; 47: 6 വിശദീകരണം നോക്കുക.

അദ്ദിക്റിൽ നിന്ന് സ്വർഗം കണ്ടുകൊണ്ട് ഇവിടെ അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിച്ചതിനും സ്വർഗം പണിയുകയോ വാങ്ങുകയോ ചെയ്തതിനും പ്രതിഫലമായിട്ടാണ്

ഒരാൾക്ക് പരലോകത്ത് സ്വർഗം അനന്തരാവകാശമായി ലഭിക്കുക. അല്ലാഹുവിന്റെ സമ്മ തപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും ലക്ഷ്യബോധം ഉൾക്കൊണ്ട് അല്ലാ ഹുവിന്റെ പ്രതിനിധിയായി ജീവിക്കുകയും പ്രപഞ്ചത്തെ അതിന്റെ സന്തുലിതാവസ്ഥക്ക് കോട്ടം വരുത്താതെ നിലനിർത്തുകയും മനുഷ്യർക്കും ജീവജാലങ്ങൾക്കും പരിശുദ്ധമായ ഭക്ഷണവിഭവങ്ങൾ ഉത്പാദിപ്പിക്കുന്നതിനുവേണ്ടി കൃഷി ചെയ്യുകയും മരങ്ങൾ വെച്ചുപി ടിപ്പിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടും; വായു, വെള്ളം, പരിസരം എന്നിവ മലിനമാക്കാൻ ഇടവരുത്തുന്ന വ്യവസായങ്ങളും വികസനപ്രവർത്ത നങ്ങളും നിരുത്സാഹപ്പെടുത്തിക്കൊണ്ടുമാണ് 'സ്വർഗം പണിയാൻ' സാധിക്കുക. എല്ലാ മേഖലകളിലും തനിക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ മിതമായി ഉപയോഗപ്പെടുത്തിക്കൊ ണ്ട് ജീവിക്കുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ സർവ്വലോകർക്കും എത്തിച്ചുകൊടുക്കുന്നതിന് പരമപ്രധാനം നൽകിക്കൊണ്ട് സമയവും സമ്പത്തും സ്ഥാനമാനങ്ങളുമെല്ലാം വിനിയോഗിക്കുകയും മ റ്റുള്ളവരെ അതിനുവേണ്ടി പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് 'സ്വർഗം വാങ്ങാൻ' സാധിക്കുക. 41: 46; 42: 20; 56: 27–40 വിശദീകരണം നോക്കുക.

ഭൂമിയിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധത്തിലുള്ള തിന്മകളുടെയും ദുഃഖങ്ങളുടെയും ദുഷിപ്പുകളുടെയും മൂർദ്ധന്യാവസ്ഥയുള്ളതും ചൂടിന്റെയും തണുപ്പിന്റെ യും അവർണ്ണനീയമായ ആധിക്യമുള്ളതും ഏറ്റവും വെറുപ്പുളവാക്കുന്നവരുടെ മാത്രം സ ഹവാസമുള്ളതും ഇടുങ്ങിയതുമായ ശിക്ഷാകേന്ദ്രമാണ് നരകം. സൂചി കുത്താൻ പോലും സ്ഥലമില്ലാത്ത വണ്ണം ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും കുത്തിനിറക്കപ്പെടുന്ന നരകത്തിൽ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, കാഫിറുകൾ അവരുടെ മനസ്സിൽ അ വിഹിതബന്ധം പുലർത്താൻ ഉദ്ദേശിച്ചവരെയെല്ലാം തങ്ങളുടെ ലൈംഗികാവയവങ്ങളിൽ കോർക്കപ്പെടുന്നതാണ്. സ്വർഗവാസികൾക്ക് അവരുടെ മനസ്സ് ആഗ്രഹിക്കുന്നതെന്തും ലഭിക്കുമെങ്കിൽ നരകവാസികൾക്ക് അവർ ശിക്ഷയിൽ നിന്നുള്ള ഏതൊന്നിന്റെ സംഭവ്യ തയെക്കുറിച്ചായിരുന്നുവോ പരിഹസിച്ചുകൊണ്ടിരുന്നത് അതുതന്നെയാണ് ലഭിക്കുക. 15: 44; 39: 47–48; 56: 41–56 വിശദീകരണം നോക്കുക.

'അല്ലാഹുവിന്റെ സ്വർഗ്ഗവും അല്ലാഹുവിന്റെ നരകവും വളരെ വിശാലമാണ്, അവന് ഇഷ്ടമുള്ളവരെ അതിലേക്ക് നീക്കിവെക്കുകയുമാണ്' എന്ന കപടവിശ്വാസികളുടെ വാദം അദ്ദിക്റിന് നേരെവിരുദ്ധമാണ്. 32: 19 ൽ, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠി ക്കുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗം, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമാ യി -വിരുന്നായി നൽകുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. 3: 136; 29: 58; 39: 74 തുടങ്ങിയ സൂ ക്തങ്ങൾ അവസാനിക്കുന്നത്, അപ്പോൾ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര അനുഗ്രഹസമ്പൂർണ്ണം എന്ന ആശയത്തോടുകൂടിയാണ്. സ്വർഗം ഇവിടെ പണിത വരോട്: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി സ്വർഗം അനന്തരാവകാ ശമായി എടുത്തുകൊള്ളുക എന്ന് പറയപ്പെടുമെന്ന് 7: 43 ലും പറഞ്ഞിട്ടുണ്ട്. 32: 14 ൽ, നി ങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി നിങ്ങൾ ശാശ്വതമായ ശിക്ഷ രുചി ച്ചുകൊള്ളുക എന്ന് പറഞ്ഞിട്ടുണ്ട്. 3: 181–182; 8: 50–51; 22: 9–10 എന്നീ സൂക്തങ്ങളിൽ, നി ങ്ങൾ കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുക, അത് നിങ്ങളുടെ കൈകൾ ഒരുക്കിവെച്ചതാ ണ്, അല്ലാതെ അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുന്ന വനല്ല എന്ന് പറഞ്ഞിട്ടുണ്ട്. 59: 18 ൽ വിശ്വാസികളെ വിളിച്ച്: നിങ്ങൾ അല്ലാഹുവിനെ സൂ ക്ഷിക്കേണ്ട വിധം സൂക്ഷിക്കുക, ഓരോരുത്തരും നാളേക്കുവേണ്ടി (പരലോകത്തേക്ക്

വേണ്ടി) എന്താണ് സമ്പാദിച്ചുവെച്ചിട്ടുള്ളതെന്ന് നോക്കിക്കാണുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഓരോരുത്തരും അവർ ഐഹികലോകത്തുവെച്ച് സമ്പാദിച്ചത് കാണുന്ന ദിനം: ഓ കഷ്ടം, ഞാൻ മണ്ണായിത്തീർന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! എന്ന് അദ്ദിക്ർ മൂടിവെച്ച നിഷേധി പരലോകത്തുവെച്ച് പറയുമെന്ന് 78: 40 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 4: 42; 62: 7 വിശദീകരണം നോക്കുക.

ഉമ്മത്തും (സമുദായം) ഖൗമും (ജനത):

മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരാണ് പ്രവാചകന്റെ സമുദായമെങ്കിൽ, അക്കാലത്തെ പ്രവാചകന്റെ അഭിസംബോധകരും പ്രവാചകന്റെ ജീവിതം പിൻപറ്റാത്ത അന്ത്യനാൾ വരെയുള്ള മുസ്‌ലിം നാമധാരികളുമാണ് പ്രവാചകന്റെ ജനതയിൽ ഉൾപ്പെടുക. എല്ലാ പ്രവാചകന്മാരെയും പോലെ ജനതക്കെതിരായിട്ടാണ് പ്രവാചകൻ മുഹമ്മദും സംസാരിച്ചിരുന്നതെന്ന് ഗ്രന്ഥത്തിൽ ഉടനീളം കാണാം. ഇതരജനവിഭാഗങ്ങളടക്കമുള്ള സമുദായത്തിന്റെ കാര്യത്തിൽ മരണസമയത്തുപോലും ശുഷ്കാന്തി പ്രകടിപ്പിച്ച പ്രവാചകൻ, പരലോകത്ത് വെച്ചും 'എന്റെ സമുദായം എന്റെ സമുദായം' എന്ന് വേവലാതിപ്പെടുന്നതാണ്. എന്നാൽ 25: 30 ൽ, വിധിദിവസം ഗ്രന്ഥം കൊണ്ടുവന്ന് 'എന്റെ നാഥാ, എന്റെ ഈ ജനത ആവർത്തിച്ചുവായിക്കപ്പെടാനുള്ള അദ്ദിക്റിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് ഈ ജനതക്കെതിരെ അന്യായം ബോധിപ്പിക്കുകയാണ് പ്രവാചകൻ ചെയ്യുക! പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മക്കാമുശ്രിക്കുകൾക്ക് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ലഭിച്ചിട്ടില്ലാതിരുന്നതിനാൽ പ്രവാചകനിൽ വിശ്വസിക്കാൻ അവർ അത്തരം ഒരു ഗ്രന്ഥം കൊണ്ടുവരാൻ ആവശ്യപ്പെടുകയാണുണ്ടായത്. 17: 90–93 വിശദീകരണം നോക്കുക. എന്നാൽ അദ്ദിക്ർ ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ട് ലഭ്യമായിട്ടുള്ള ഇക്കാലത്ത്, അത് ഉപയോഗപ്പെടുത്താതെ നശീകരണപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന ഫുജ്ജാറുകൾക്ക് യാതൊരു ഒഴിവുകഴിവും ലഭിക്കുകയില്ല. ഗ്രന്ഥം ലഭിച്ച ജനത അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിതം ക്രമപ്പെടുത്താതെ ഗ്രന്ഥത്തിൽ ചിലത് എടുക്കുകയും ചിലത് മൂടിവെക്കുകയും ചെയ്തുകൊണ്ട് ജീവിക്കുന്ന പക്ഷം അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85 ൽ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്. ഇന്ന് ലോകത്ത് ഫുജ്ജാറുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ പീഡനങ്ങളുടെയും ഉപദ്രവങ്ങളുടെയും കാരണം *അമാനത്തായ* അദ്ദിക്റിൽ നിന്ന് അവർ അകന്നുപോയതാണ്. 13: 11 ൽ, ഒരു ജനത സ്വയം മാറ്റം വരുത്താത്ത കാലത്തോളം അല്ലാഹു അവരെ മാറ്റുകയില്ല എന്ന് പറഞ്ഞിട്ടുള്ളതിനാൽ അദ്ദിക്റിലേക്ക് മടങ്ങാതെ സാമുദായികമായി സംഘടിച്ചതുകൊണ്ടും ആയുധബലം കൊണ്ടും മറ്റുമാർഗങ്ങൾ കൊണ്ടും അവർക്ക് അതിനെ അതിജയിക്കാൻ സാധിക്കുകയില്ല.

വായു, വെള്ളം, വെളിച്ചം, മണ്ണ് തുടങ്ങി സർവ്വസ്രഷ്ടാവിന്റെ എല്ലാ അനുഗ്രഹങ്ങളും എല്ലാ മനുഷ്യർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. എന്നാൽ അവന്റെ ഏറ്റവും വലിയ അനുഗ്രഹമാണ് അവനിൽ നിന്നുള്ള വഴികാട്ടിയും സത്യാസത്യവിവേചനഉരക്കല്ലും വേദഗ്രന്ഥത്തിന്റെ പൂർണ്ണരൂപവുമായ അദ്ദിക്ർ. അത് ഏതെങ്കിലും മതസ്ഥർക്കോ ജാതിക്കോ മാത്രമായിട്ടല്ല അവൻ അവതരിപ്പിച്ചിട്ടുള്ളത്. അത് ഉപയോഗപ്പെടുത്തി ജീവിക്കാൻ അവന്റെ സൃഷ്ടികളെന്ന നിലക്ക് എല്ലാമനുഷ്യർക്കും ബാധ്യതയുണ്ട്. അതിന് പേര്, വേ

ഷം, മതം എന്നിവയൊന്നും മാറ്റേണ്ടതില്ലെന്ന് 2: 62 ലും 5: 69 ലും അല്ലാഹു പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ ജീവിതം സാക്ഷ്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെ സംഘം ഇന്ന് ലോകത്തെവിടെയും ഇല്ലാത്തതിനാൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾക്ക് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസം രൂപപ്പെടുത്തി തെറ്റു ചെയ്യാതെ ജീവിച്ചാൽ തന്നെ സ്വർഗത്തിലേക്ക് പോകാം. മറിച്ച് അവർ മതം മാറി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനകളിൽ ചേർന്നാൽ യഥാർത്ഥ കാഫിറുകളായി മാറുകയാണ് ചെയ്യുക. വിശ്വാസികളെ വിളിച്ച് 30: 31–32 ൽ, ദീനിൽ ഭിന്നിച്ച് വിവിധ കക്ഷികളായി മാറി നിങ്ങൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടുപോകരുതെന്ന് അല്ലാഹു താക്കീത് ചെയ്തിട്ടുണ്ട്. 23: 51–53 വിശദീകരണം നോക്കുക.

7: 169 ൽ, അല്ലാഹുവിന്റെമേൽ സത്യമല്ലാത്തതൊന്നും പറയരുതെന്ന് അവരോട് പ്രതിജ്ഞ വാങ്ങുകയും ചെയ്തിട്ടില്ലേ എന്നുപറഞ്ഞതിന്റെ വിവക്ഷ, 'മോക്ഷവും സ്വർഗവും ഒരു ജനതക്ക് മാത്രം തീരെഴുതി കൊടുത്തതായി ഗ്രന്ഥത്തിൽ പറയുന്നില്ല, ഇഷ്ടം പോലെ എന്തും പ്രവർത്തിച്ചോളൂ, ഇന്ന പ്രവാചകന്റെ അനുയായികളാണെന്ന് പറഞ്ഞതിന്റെ പേരിൽ നിങ്ങൾക്ക് മാപ്പ് ലഭിക്കുമെന്നും പറഞ്ഞിട്ടില്ല' എന്നാണ്. മറിച്ച് 4: 123–124 ൽ പറയുന്നത് ഇങ്ങനെയാണ്: നിങ്ങളുടെ വ്യാമോഹങ്ങളോ വേദക്കാരുടെ വ്യാമോഹങ്ങളോ അനുസരിച്ചല്ല, തിന്മ ചെയ്യുന്നവനാരോ അവന് അവന്റെ പ്രതിഫലം ലഭിക്കും, അവന് അല്ലാഹുവിനെക്കൂടാതെ ഒരു സംരക്ഷകനെയോ സഹായിയേയോ എത്തിക്കുകയുമില്ല, സൽക്കർമങ്ങൾ ചെയ്യുന്ന പുരുഷനാകട്ടെ സ്ത്രീയാകട്ടെ, അവൻ വിശ്വാസിയുമാണെങ്കിൽ അവരാണ് സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുക, അവരോട് തരിമ്പും അനീതി കാണിക്കപ്പെടുകയില്ല. അല്ലാഹുവിന്റെ പേരിൽ സത്യവിരുദ്ധമായി ഒന്നും പറയരുതെന്ന് അവരോട് കരാർ വാങ്ങിയിരിക്കെ അല്ലാഹു ഒരിക്കലും പറയാത്ത കാര്യം അവനോട് ചേർത്തുപറയാൻ അവർക്ക് എന്ത് അധികാരമാണുള്ളത്? അല്ലാഹുവിൽ നിന്നുള്ള വേദം വന്നുകിട്ടിയിട്ടില്ലാത്തവർ കാഫിറാവുകയില്ലെന്നും വേദം വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവരാണ് കാഫിറുകളെന്നും നിസ്സംശയം മനസ്സിലാക്കാം. വേദം വന്നുകിട്ടിയിട്ടില്ലാത്തവരെ സ്വർഗവും നരകവുമല്ലാത്ത മറ്റേതെങ്കിലും ലോകത്തേക്കാണ് വിചാരണക്കുശേഷം സർവ്വലോകങ്ങളുടെയും ഉടമയായ നാഥൻ അയക്കുക. അവരുടെ പാപഭാരങ്ങൾ കൂടി വഹിക്കേണ്ടത് ഗ്രന്ഥത്തിന്റെ ആശയം അറിഞ്ഞിട്ട് മൂടിവെച്ച് ജീവിക്കുന്ന വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്ന കപടവിശ്വാസികളാണ്.

ഏറ്റവും വലിയ *ജിഹാദ്* ക്രൂരനായ ഭരണാധികാരിയുടെ മുമ്പിൽ സത്യം (ന്യായം) തുറന്ന് പറയലാണെന്ന് പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നു. 25: 18; 48: 12 എന്നീ സൂക്തങ്ങളിൽ പരലോകത്തുവെച്ച് മഹാത്മാക്കളാൽ കെട്ടജനതയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഫുജ്ജാറുകളുടെ ഭരണാധികാരികളാണ് ഇന്ന് ഏറ്റവും ക്രൂരന്മാരും ഏകാധിപതികളും സ്വേച്ഛാധിപതികളും ധൂർത്തന്മാരും സുഖലോലുപന്മാരുമെന്ന് കാണാം. അവരുടെ കപടവിശ്വാസികളായ നേതാക്കന്മാർ ഇത്തരം ഭരണാധികാരികളുടെ അപ്പക്കഷ്ണം സ്വീകരിച്ചുകൊണ്ട് 7: 176 ൽ പറഞ്ഞ പട്ടിയെപ്പോലെ നാവുനീട്ടി കിതച്ചുകൊണ്ട് ഐഹികലോകത്തെ സുഖാഡംഭരങ്ങൾക്കുവേണ്ടി കുതിച്ചോടിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് എവിടെയും കണ്ടുവരുന്നത്. *പ്രമാണിമാരും പണ്ഡിതന്മാരും കേടുവന്നാൽ ഈ സമുദായം നശിച്ചു, തിന്മ വിരോധിക്കാത്ത കാലം വന്നാൽ പിന്നെ ലോകം നിലനിൽക്കുകയില്ല* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

ദീനും ശരീഅത്തും:

മൊത്തം വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള ജീവിതസംഹിതയാണ് ദീൻ. 3: 19 ൽ പറഞ്ഞ പ്രകൃതിമതമായ ഇസ്ലാം തന്നെയാണ് അത്. ആത്മാവിന്റെ ഉടമക്കുമുമ്പിൽ ആത്മാവിനെ സമർപ്പിച്ചുകൊണ്ടുള്ള പ്രസ്തുത ജീവിതരീതിക്ക് ആദം മുതൽ അന്ത്യനാൾ വരെ യാതൊരു മാറ്റവുമില്ല. എന്നാൽ അതാതുകാലങ്ങളിലേക്കുള്ള ദീനിന്റെ ശാരീരിക പ്രയോഗവൽക്കരണത്തെയാണ് '*ശരീഅത്ത്*' എന്നുപറയുന്നത്. അതാതുകാലഘട്ടങ്ങളിലെ വിശ്വാസികളുടെ സമൂഹത്തിന് പാലിക്കാനുണ്ടായിരുന്ന ആചാരാനുഷ്ഠാനക്രമങ്ങളാണ് *ശരീഅത്തി*ലുള്ളത്. നൂഹ്, ഇബ്രാഹീം, മൂസാ, മുഹമ്മദ് എന്നീ പ്രവാചകന്മാരുടെയെല്ലാം കാലഘട്ടങ്ങളിലുള്ള *ശരീഅത്തുകൾ* തമ്മിൽ വ്യത്യാസങ്ങളുണ്ടായിരുന്നു. വിശ്വാസികളുടെ സംഘമുണ്ടാകുമ്പോൾ മാത്രമേ ശരീഅത്ത് നിയമങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാലത്തേക്ക് ബാധകമായ യഥാർത്ഥ ജീവിതരീതിയായ 'മുഹമ്മദീയ ശരീഅത്ത്' പ്രായോഗികജീവിതത്തിൽ ജീവിച്ച് കാണിച്ചുകൊടുക്കുന്ന വിശ്വാസികളുടെ സംഘമില്ലാത്തതുകൊണ്ട്, *ശരീഅത്ത്* പാലിക്കുന്നതിനുവേണ്ടിയുള്ള മതപരിവർത്തനവും ആവശ്യമില്ല. അവസാനകാലത്ത് പ്രവാചകൻ പഠിപ്പിച്ചതനുസരിച്ച്: എഴുത്തും വായനയും അറിയുന്നവർ അദ്ദിക്ർ അണപ്പല്ല് ഉപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളുകയും എഴുത്തും വായനയും അറിയാത്തവർ കാട്ടിൽ പോയി ഏതെങ്കിലും മരത്തിന്റെ മൂട് കടിച്ചുപിടിച്ച് മരണം വരെ നിലകൊള്ളുകയുമാണ് വേണ്ടത്. '*ദീൻ*' ആത്മാവും '*ശരീഅത്ത്*' അതിന്റെ ശരീരവുമായതിനാൽ *ദീനില്ലാതെ ശരീഅത്ത്* നിലനിർത്താൻ ശ്രമിക്കുന്ന ഇന്നത്തെ ഫുജ്ജാറുകൾ നഷ്ടപ്പെട്ടവരാണ്.

മറ്റുസൃഷ്ടികളിൽ നിന്നും വ്യത്യസ്തമായി വിശേഷ ബുദ്ധി നൽകി മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചിരിക്കുന്നത് സ്രഷ്ടാവിന്റെ പ്രതിനിധിയായി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനാണ്. അതിനുള്ള ത്രാസ്സാണ് അദ്ദിക്ർ. എന്നാൽ 62: 5 പ്രകാരം ആശയമില്ലാതെ കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകൾ അത് സ്വയം ഉപയോഗപ്പെടുത്തുന്നില്ലെന്ന് മാത്രമല്ല, ഇതരജനവിഭാഗങ്ങൾക്ക് അത് ഉപയോഗപ്പെടുത്താൻ നൽകുന്നുമില്ല. ഇന്ന് ലോകത്ത് എല്ലാ തിന്മകളിലും മുൻപന്തിയിലുള്ള അവരുടെ ജീവിതരീതി കണ്ട് മറ്റുജനവിഭാഗങ്ങൾ ഗ്രന്ഥം എന്താണെന്ന് അന്വേഷിക്കാൻ പോലും തയ്യാറാകുന്നില്ല. ഇന്ന് ലോകത്ത് നടക്കുന്ന എല്ലാതിന്മകളുടെയും പാപഭാരം വഹിക്കേണ്ടത് ഗ്രന്ഥത്തിന്റെ വാഹകരായ കപടവിശ്വാസികളാണ് എന്ന് 6: 26; 20: 99–100 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 59: 23 ൽ പറഞ്ഞ വിശ്വാസിയായ അല്ലാഹുവിന്റെ സ്വഭാവമായിരിക്കും അവന്റെ പ്രതിനിധികളായ വിശ്വാസികൾക്കുണ്ടാവുക. അറിഞ്ഞിട്ട് ഉദ്ദേശ്യപൂർവ്വം കുറ്റം ചെയ്യുന്ന കപടവിശ്വാസികൾക്ക് അല്ലാഹു ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല, അറിയാതെ തെറ്റുചെയ്യുന്നവർക്ക് അല്ലാഹു പൊറുത്തുകൊടുത്തേക്കും. *ഒരു തിന്മ കണ്ടാൽ കൈ കൊണ്ട് തടയുക, അതിന് സാധിച്ചില്ലെങ്കിൽ നാവുകൊണ്ട് തടയുക, അതിനും സാധിച്ചില്ലെങ്കിൽ മനസ്സുകൊണ്ട് അവരെ വെറുക്കുക, അതും ചെയ്തില്ലെങ്കിൽ അവന് പിന്നെ കടുകുമണിത്തൂക്കത്തോളം പോലും വിശ്വാസമില്ലെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. തെറ്റും ശരിയും മനസ്സിലാക്കാനുതകുന്ന *ബസ്വാഇറായ, ഫുർഖാനാ*യ, ത്രാസായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവർക്കാണ് അല്ലാഹു പൊറുത്തുകൊടുക്കാതിരിക്കുക, അവരോട് അവൻ പ്രതികാരം ചെയ്യുന്നതുമാണ്. 32: 22 വിശദീകരണം നോക്കുക.

ജീവിതലക്ഷ്യം നഷ്ടപ്പെട്ട മനുഷ്യർ ഇന്ന് ഭൗതികജീവിതാലങ്കാരങ്ങളിലും സുഖാഡം

ബരങ്ങളിലും മുഴുകി ഭൂമിയെയും പ്രപഞ്ചത്തെത്തന്നെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലാണ് കൂടുതലായി ഏർപ്പെട്ടിട്ടുള്ളതെന്ന് കാണാം. പ്രപഞ്ചത്തിലെ മുഖ്യ ഘടകമായ ഭൂമിയിലെ നശീകരണ പ്രവർത്തനങ്ങളുടെ പാരമ്യത്തിൽ പിശാച് തന്റെ മൂർത്തരൂപത്തിൽ മനുഷ്യരൂപം പൂണ്ട് മസീഹുദ്ദജ്ജാലായി വന്ന് പ്രകൃതിജീവിതമായ ഇസ്‌ലാമിനെ പൂർണ്ണമായി മായ്ച്ചുകളയുകയും പിന്നീട് ഈസാ രണ്ടാമതുവന്ന് അവനെ വധിച്ച് ലോകത്തുമൊത്തം അല്ലാഹു തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയായ ഇസ്‌ലാം നടപ്പിൽ വരുത്തുന്നതുമാണ്. ഭൂമിയിൽ വസിക്കുന്ന മനുഷ്യരിൽ ഒരാളും തന്നെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നിഷ്പക്ഷവാനായ അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കാതിരിക്കുകയും നന്മ കൽപിക്കുന്നതുപോയിട്ട് തിന്മ വിരോധിക്കുന്നതുവരെ ഇല്ലാതാവുകയും ചെയ്യുമ്പോഴാണ് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ *മസീഹുദ്ദജ്ജാൽ* പുറപ്പെടുക. *മസീഹുദ്ദജ്ജാലിന്റെ* പുറപ്പെടലിനെക്കുറിച്ച് മനസ്സിലാക്കുന്നതിന് 4: 159 ന്റെ വിശദീകരണം 'അന്തിക്രിസ്തു-അധർമ്മ മൂർത്തിയായ മസീഹുദ്ദജ്ജാൽ' എന്ന ഭാഗം നോക്കുക.

അദ്ദിക്ർ – മിഥ്യ കലരാത്ത അജയ്യമായ ഗ്രന്ഥം

വേദത്തിന്റെ ആത്മാവിന് 'അദ്ദിക്ർ' എന്നുപറയുന്നു. അതിന് ഉണർത്തൽ, അനുസ്മരണം, ഉത്ബോധനം എന്നെല്ലാം അർത്ഥമുണ്ടെങ്കിലും ആശയം 'ഹൃദയത്തിന്റെ ഭാഷയിലുള്ള ഗ്രന്ഥത്തിന്റെ ആത്മാവ്' എന്നാണ്. വേദത്തിന്റെ ആത്മാവായ ആശയമില്ലാതെ ജീവനായ അർത്ഥവും വിശദീകരണവും അടങ്ങുന്ന വ്യാഖ്യാനഗ്രന്ഥങ്ങൾ പലതുമുണ്ടെങ്കിലും അവ വ്യക്തികളുടെ അഭിപ്രായങ്ങളും മതതാൽപര്യങ്ങളും സംഘടനാതാൽപര്യങ്ങളും ഉൾകൊള്ളുന്നവയായതിനാൽ സ്രഷ്ടാവിന്റേതല്ല. എന്നാൽ അദ്ദിക്ർ എന്ന ഗ്രന്ഥം 41: 41–43 ൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യവും അതുല്യവുമായ ഒന്നാണ്. അജയ്യനായ അല്ലാഹുവിനെപ്പോലെത്തന്നെ അജയ്യമായ ഗ്രന്ഥമാണ് അത്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവും ഇതുതന്നെയാണ്. നിശ്ചയം, നാം തന്നെയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, നാം തന്നെയാണ് അതിന്റെ സൂക്ഷിപ്പുകാരനും എന്ന് 15: 9 ൽ പറഞ്ഞിട്ടുള്ളതും, ക്രോഡീകരിക്കുന്നതിന് മുമ്പോ ശേഷമോ അതിൽ സൃഷ്ടികളിൽ ആരുടെയും കൈകടത്തൽ സംഭവിക്കുകയില്ല എന്ന് പറഞ്ഞിട്ടുള്ളതും ഗ്രന്ഥത്തിന്റെ ആത്മാവായ 'അദ്ദിക്റി'നെക്കുറിച്ചാണെന്ന് പ്രത്യേകം ശ്രദ്ധിക്കുക. 41: 44 പ്രകാരം, അന്ന് നിഷേധികൾ ആവശ്യപ്പെട്ടിരുന്നത് അനറബി ഭാഷയിലുള്ള ഒരു ഗ്രന്ഥം കൊണ്ടുവരാനായിരുന്നു. അതും ഇന്ന് അദ്ദിക്റിലൂടെയാണ് പൂവണിഞ്ഞിട്ടുള്ളത്. ഈ പേരിൽ മുമ്പ് ഒരു വ്യാഖ്യാനഗ്രന്ഥവും ഉണ്ടായിട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതുകൊണ്ട് അദ്ദിക്ർ എന്ന ഗ്രന്ഥത്തിൽ മാറ്റത്തിരുത്തലുകൾ വരുത്താൻ സൃഷ്ടികളിൽ ആർക്കും തന്നെ സാധ്യമല്ല. അതിന്റെ പകർപ്പവകാശം ആരിലും നിക്ഷിപ്തമല്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും അത് സ്രഷ്ടാവിന്റേത് ആയതുകൊണ്ട് തന്നെയാണ്. ഇത് സൃഷ്ടികളിൽ ഒരാളുടെ രചനയാണെന്ന് കപടവിശ്വാസികൾക്ക് വാദമുണ്ടെങ്കിൽ, അവരോട് 'അദ്ദിക്ർ' പോലെയുള്ള ഒരു ഗ്രന്ഥം കൊണ്ടുവരാൻ വെല്ലുവിളിക്കുകയാണ്. അറബി ഭാഷയിൽ വലിയ പണ്ഡിതന്മാരാണെന്ന് നടിക്കുന്നവർക്കും കർമശാസ്ത്രപടുക്കൾക്കും വാടകപ്രസംഗകർക്കും 'ആത്മീയാചാര്യൻ'മാർക്കുമെല്ലാം ഈ വെല്ലുവിളി ഏറ്റെടുത്ത് പരിശ്രമിച്ച് നോക്കാവുന്നതാണ്.

വേദഗ്രന്ഥത്തിൽ ഒരു കാര്യവും വഴിക്കുവഴിയായി പറഞ്ഞിട്ടില്ല. എന്നാൽ ഗ്രന്ഥത്തിലെ സൂക്തങ്ങൾ പരസ്പരം വിരുദ്ധമാവുകയുമില്ല. അതിനാൽ ഗ്രന്ഥത്തിലെ വാക്കുകൾ

കൂട്ടിയോജിപ്പിച്ച് വായിച്ച് മനസ്സിലാക്കണം. ഗ്രന്ഥത്തിൽ എല്ലാ കാര്യങ്ങളും ഒന്നിലധികം സ്ഥലങ്ങളിൽ ആവർത്തിച്ചിട്ടുള്ളതിനാൽ അതിന് '*മസാനീ*' എന്നുപറയുന്നു. ഏതൊരു കാര്യത്തിലും തീരുമാനം കൈകൊള്ളുന്നത് അതിനോട് അനുബന്ധിച്ച് അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളെല്ലാം കൂട്ടിവായിച്ചുകൊണ്ടായിരിക്കണം. ഓരോ വ്യക്തിയും വിവിധ സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും പാലിക്കേണ്ട വിധിവിലക്കുകൾ വിവിധ സൂക്തങ്ങളിലൂടെ അല്ലാഹു പഠിപ്പിച്ചിട്ടുണ്ട്. 31: 27 ൽ അല്ലാഹു പറയുന്നു: ഭൂമിയിലുള്ള മുഴുവൻ വൃക്ഷങ്ങളും പേനകളായും സമുദ്രവും അതിനോടൊപ്പം ഏഴുസമുദ്രങ്ങൾ വേറെയും കൊണ്ടുവന്ന് മഷിയായും ഉപയോഗിച്ചാൽ പോലും അല്ലാഹുവിന്റെ വചനങ്ങൾ-*കലിമാത്ത്*- എഴുതിത്തീർക്കാൻ സാധിക്കുകയില്ല. ഗ്രന്ഥത്തിന്റെ ശരീരവും അർത്ഥവും എഴുതിയാൽ തീരുമെങ്കിലും വിശദീകരണം എഴുതിയാലും പറഞ്ഞാലും തീരുകയില്ല എന്നാണ് അല്ലാഹു പറയുന്നത്.

ത്രികാലജ്ഞാനമായ അദ്ദിക്റിൽ എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ അത് ലോകത്ത് ഘട്ടംഘട്ടമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. മുൻവർഷങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത പലതും ഈ വർഷം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇനിയും പലതും വരും വർഷങ്ങളിൽ പ്രത്യക്ഷപ്പെടാനുള്ളതുമാണ്. 41: 53 ൽ, ദിഗന്തങ്ങളിലും അവരിൽ തന്നെയും നമ്മുടെ സൂക്തങ്ങൾ നാം അവർക്ക് കാണിച്ചുകൊടുക്കുക തന്നെ ചെയ്യും, നിശ്ചയം അത് സത്യം തന്നെയാണ് എന്ന് അവർക്ക് വ്യക്തമാകുന്നത് വരെ എന്ന് പറഞ്ഞിട്ടുണ്ട്. **മുൻകാലത്ത് മനസിലാകാത്തതും എന്നാൽ ഇക്കാലത്ത് വെളിവായിട്ടുള്ളതുമായ ചില കാര്യങ്ങൾ:-** 1) ഓരോ മനുഷ്യനും തന്റെ പിരടിയിൽ അവന്റെ സോഫ്റ്റ്വെയർ വഹിക്കുന്നുണ്ടെന്ന് 17: 13-14 ൽ പറഞ്ഞത് കമ്പ്യൂട്ടർ സാർവത്രികമായി പ്രചാരത്തിലുള്ള ഇക്കാലത്ത് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. 2) മനുഷ്യർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് മൂന്ന് ഇരുട്ടറകൾക്കുള്ളിലാണെന്ന് 39: 6 ൽ സൂചിപ്പിച്ചിട്ടുള്ളത് വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. 3) സമുദ്രത്തിൽ തെളിനീർ വെള്ളവും ഉപ്പുവെള്ളവും ഇടകലരാതെ വേർതിരിഞ്ഞ് നിലകൊള്ളുന്നുണ്ട് എന്ന ആധുനികകാലത്തെ കണ്ടെത്തൽ 25: 53 ൽ സൂചിപ്പിച്ചത്. 4) മഹാവിസ്ഫോടനം വഴിയാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നും ജീവൻ നിലനിർത്തുന്നതിന് വെള്ളം അനിവാര്യമാണെന്നുമുള്ള വസ്തുത 21: 30 ൽ പറഞ്ഞിട്ടുള്ളത്. 5) കാഴ്ചയിൽ ഹൃദയം ബന്ധപ്പെടുന്നുണ്ട് എന്ന കണ്ടെത്തൽ 22: 46 ൽ സൂചിപ്പിച്ചിട്ടുള്ളത്. 6) ഇപ്പോൾ ഈജിപ്ഷ്യൻ മ്യൂസിയത്തിലുള്ള മൂവ്വായിരം കൊല്ലങ്ങൾക്ക് മുമ്പുള്ള ഫിർഔനിന്റെ ജഡം 10: 92 ൽ പറഞ്ഞത് പ്രകാരം, മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമായി അല്ലാഹു സൂക്ഷിക്കുകയാണെന്ന വസ്തുത. 7) വിമാനം കണ്ടുപിടിച്ചതിന് ശേഷം മാത്രമാണ് ഐസുമലകളെപ്പോലെയുള്ള മേഘങ്ങളുടെ പർവതങ്ങളുണ്ട് എന്ന് 24: 43 ൽ പറഞ്ഞത് വെളിവായിട്ടുള്ളത്. 8) അവന്റെ വിരൽതുമ്പുകൾ വരെ വ്യത്യസ്തമായി ക്രമപ്പെടുത്തിയ നാം അവന്റെ എല്ലുകൾ ഒരുമിച്ചുകൂട്ടി പുനർസൃഷ്ടിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് 75: 3-4 ൽ പറഞ്ഞിട്ടുള്ളത് വിരലടയാളം വ്യക്തികളെ തിരിച്ചറിയാനുള്ള മാനദണ്ഡമായി അംഗീകരിച്ചിട്ടുള്ള ഇക്കാലത്താണ് കൂടുതൽ മനസ്സിലാവുക. 9) എല്ലാ ഓരോ വസ്തുക്കളിലും ഭൂമിയിൽ നിന്ന് മുളച്ച് പൊന്തുന്നവയിലും അവരിൽ തന്നെയും അവർക്ക് അറിവില്ലാത്തവയിലും ഇണകളെ സൃഷ്ടിച്ചിട്ടുണ്ട് എന്ന് 36: 36 ൽ പറഞ്ഞിട്ടുള്ളത്, ആറ്റത്തെപ്പോലും വിഘടിപ്പിക്കാൻ കഴിഞ്ഞ ഇക്കാലത്ത് കൂടുതൽ മനസിലാക്കാം. 10) നിശ്ചലമായി നിൽക്കുന്ന സൂര്യനുചുറ്റും ഭൂമിയും മറ്റുഗ്രഹങ്ങളും കറങ്ങുകയാണെന്ന മുൻകാലശാസ്ത്രപഠനം തിരുത്തിക്കൊണ്ട് സൂര്യൻ സഞ്ചരിച്ച് കൊണ്ടിരിക്കുന്നു എന്ന് 36: 38

ൽ പറഞ്ഞത് ആധുനികശാസ്ത്രം അംഗീകരിച്ചിരിക്കുന്നു. 11) ഭൂമി അതിന്റെ റിക്കാർഡുകൾ സമർപ്പിക്കുന്നതാണെന്ന് 99: 4 ൽ പറഞ്ഞത് ഓഡിയോ-വീഡിയോ റിക്കാർഡിംഗും സി.സി.ടി.വിയും പ്രചുരപ്രചാരമായ ഇക്കാലത്ത് കൂടുതൽ മനസ്സിലാക്കാൻ സാധിക്കേണ്ടതാണ്.

നിരക്ഷരരായ അറബികൾക്ക് മാത്രമല്ല, അന്ത്യനാൾ വരെ ലോകത്തെല്ലായിടത്തും ജനിക്കാനിരിക്കുന്ന നിരക്ഷരരിൽ നിന്നുള്ള മറ്റുചിലർക്കുമുള്ളതാണ് പ്രവാചകൻ മുഹമ്മദും ഗ്രന്ഥവും എന്നാണ് 62: 2-3 ൽ പറഞ്ഞിട്ടുള്ളത്. ഇതിൽ നിന്നും അറബി ഭാഷയിൽ വലിയ പരിജ്ഞാനമുള്ളവരേക്കാൾ അറബി ഭാഷ എഴുതാനും വായിക്കാനും അറിയാത്ത ഇതരജനവിഭാഗങ്ങൾക്കാണ് അദ്ദിക്ർ കൂടുതൽ ഗ്രഹിക്കാൻ കഴിയുക എന്ന് മനസ്സിലാക്കാം. ഏതൊരാളും 'എന്റെ നാഥാ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുള്ള അദ്ദിക്ർ വായിക്കുകയാണെങ്കിൽ അത് അവർക്ക് വേഗത്തിൽ മനസ്സിലാകുന്നതാണ്. ഇന്ന് ഇതരജനവിഭാഗങ്ങൾ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസം രൂപപ്പെടുത്തുകയും അതിന്റെ ആശയത്തിന് വിരുദ്ധമായി ജീവിക്കുന്ന ഫുജ്ജാറുകളെ അതുകൊണ്ട് ഉണർത്തുകയുമാണ് വേണ്ടത്. ഗ്രന്ഥം വന്നുകിട്ടിയതിനുശേഷം അത് ഉപയോഗപ്പെടുത്താതെ മൂടിവെക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയുമാണെങ്കിൽ അവരും ഫുജ്ജാറുകളോടൊപ്പം നരകത്തിൽ പോകേണ്ടി വരും. ഏതൊരാൾക്കും സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകണമെങ്കിൽ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുക തന്നെ വേണം.

തീവ്രവാദത്തിനെതിരെയുള്ള ഏകആയുധം:

സ്വീകരിക്കാനും നിഷേധിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും നിഷ്പക്ഷവാനായ അല്ലാഹു തന്നെ നൽകിയതാണെന്നിരിക്കെ, ഒരു വിഭാഗത്തിനും തങ്ങളുടെ ആശയം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാനുള്ള അവകാശമില്ല. നിർഭാഗ്യവശാൽ ലോകത്തുള്ള എല്ലാ വിഭാഗങ്ങളും വേദത്തിന്റെ ആത്മാവിനെ തീരെ പരിഗണിക്കാതെ അതിന്റെ ശരീരത്തെ മാത്രം പരിഗണിക്കുന്നവരായി മാറിയിരിക്കുകയാണ്. അവർ ജീവിതത്തെ വിവിധ ആചാരാനുഷ്ഠാനങ്ങളിൽ തളച്ചിടുകയും അവരവരുടെ ആചാരാനുഷ്ഠാനങ്ങളിൽ ദുരഭിമാനം കൊള്ളുകയും അവ മറ്റുള്ളവരുടെ മേൽ കെട്ടിവെക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് ഇന്ന് ലോകത്ത് അനുഭവപ്പെടുന്ന എല്ലാ സംഘർഷങ്ങൾക്കും ഭീകരവാദങ്ങൾക്കും കാരണമെന്ന് കാണാവുന്നതാണ്. 76: 3 പ്രകാരം നിഷ്പക്ഷവാനായ അല്ലാഹു എല്ലാ മനുഷ്യർക്കും നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദി കെട്ടവൻ എന്നീ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുള്ളതുകൊണ്ടും, 2: 256 പ്രകാരം മതത്തിൽ നിർബന്ധമില്ലാത്തതുകൊണ്ടും നിർബന്ധമതപരിവർത്തനം, രക്തച്ചൊരിച്ചിൽ, തീവ്രവാദപ്രവർത്തനങ്ങൾ, ബോംബ് സ്ഫോടനങ്ങൾ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും കാഫിറായ പിശാചിനുവേണ്ടിയുള്ളതും അതിൽ ഏർപ്പെടുന്നവർ കാഫിറുകളുമാണ്. ആണവായുധങ്ങൾ കൊണ്ടുപോലും തുടച്ചുനീക്കാൻ കഴിയാത്ത വിധം ഇന്ന് ലോകമെങ്ങും പടർന്നുപിടിച്ചിട്ടുള്ള പരിഹാരമില്ലാത്ത പ്രശ്നമായ തീവ്രവാദം ഇല്ലായ്മ ചെയ്യാനും രക്തച്ചൊരിച്ചിലുകളും നശീകരണ പ്രവർത്തനങ്ങളും അവസാനിപ്പിക്കാനും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും തീവ്രവാദത്തിനെതിരെയുള്ള ഒരേയൊരു ആയുധമായ അദ്ദിക്ർ കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ.

ഫുജ്ജാറുകൾ ഇന്ന് ലോകത്തെവിടെയും പീഡിപ്പിക്കപ്പെടുന്നതിന് കാരണം അവർ

അദ്ദിക്റിനെ അവഗണിച്ച് ഐഹികലോകജീവിതത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുന്നവരായതാണ്. അവരെത്തന്നെ കക്ഷികളായി ഭിന്നിപ്പിച്ച് തമ്മിലടിപ്പിച്ചുകൊണ്ടോ ഇതരജനവിഭാഗങ്ങളെ അവർക്കെതിരായി തിരിച്ചുവിട്ടുകൊണ്ടോ നിഷ്ഠൂരന്മാരായ ഭരണാധികളെക്കൊണ്ടോ മറ്റു വിപത്തുകൾ കൊണ്ടോ പീഡനമേൽപിക്കപ്പെടുന്നതിൽ നിന്നും രക്ഷപ്രാപിക്കാൻ എല്ലാ ആപത്ത് വിപത്തുകളെത്തൊട്ടും നരകത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായ അദ്ദിക്റിലേക്കുതന്നെ മടങ്ങുകയല്ലാതെ അവർക്ക് മറ്റു പോംവഴികളൊന്നുമില്ല. ഇസ്റാഈൽ സന്തതികളെ ഫിർഔൻ അറുകൊല ചെയ്തിരുന്നതിനെക്കുറിച്ച് ഫിർഔനിൽ നിന്നുള്ള വമ്പിച്ച പരീക്ഷണം എന്ന് പറയുന്നതിന് പകരം 'നിങ്ങളുടെ നാഥനിൽ നിന്നുള്ള വമ്പിച്ച പരീക്ഷണം' എന്ന് 7: 141 ൽ പറഞ്ഞതിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാം. അജയ്യമായ ഗ്രന്ഥത്തെ ഒഴിവാക്കുക വഴി അല്ലാഹുവിനെയും പരലോകത്തെയും മറന്ന് ജീവിക്കുന്ന ഫുജ്ജാറുകൾക്ക് അല്ലാഹു തന്നെയാണ് ഇഹത്തിൽ നിന്ദ്യത നൽകുന്നത് എന്നർത്ഥം. സാമുദായികമായി സംഘടിച്ചതുകൊണ്ടും ആയുധാഭ്യാസങ്ങൾ കൊണ്ടും മറ്റുഭൗതികനേട്ടങ്ങൾ കൊണ്ടും അവർ കൂടുതൽ നാശത്തിലകപ്പെടുകയാണ് ചെയ്യുന്നത്. 2: 49, 85; 6: 65 വിശദീകരണം നോക്കുക.

മനുഷ്യൻ അവനെ വേദഗ്രന്ഥം കൊണ്ട് തിരിച്ചറിഞ്ഞ്, വേദത്തിന്റെ ആശയമനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തി, വർഗ്ഗീയതയും സാമുദായികതയും കലഹങ്ങളും പരസ്പരം പെരുമ നടിക്കലും മറ്റും ഒഴിവാക്കി ജീവിക്കൽ മാത്രമാണ് മനുഷ്യർക്കിടയിൽ സമാധാനം പുലരാനുള്ള ഏകമാർഗ്ഗം. അതുമാത്രമേ ആത്മനിയന്ത്രണം പാലിച്ച് നിർണയിച്ച അവധി വരെ ശാന്തിയോടും സമാധാനത്തോടും കൂടി ഭൂമിയിൽ ജീവിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുകയുള്ളൂ. മനുഷ്യന്റെ കഴിവും പരിമിതിയും തിരിച്ചറിയുന്നതിനും അവന്റെ സ്ഥാനവും ഉത്തരവാദിത്തവും മനസ്സിലാക്കുന്നതിനുമുള്ള ഉപകരണമാണ് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ. അതുകൊണ്ട് സ്വന്തത്തെയും സ്രഷ്ടാവിനെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിഞ്ഞവർ മാത്രമേ സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോവുകയുള്ളൂ.

ഖിറാഅത്തും തിലാവത്തും:

വ്യക്തി എന്നുപറയുന്നത് ആത്മാവിനെയാണ് എന്നതുപോലെ, ഗ്രന്ഥം എന്ന് പറയുന്നത് അതിന്റെ ആത്മാവായ ആശയത്തെയാണ്. *ഖിറാഅത്ത്* (പാരായണം) അതിന്റെ ആശയം ഉണ്ടാകുമ്പോൾ മാത്രമേ നടത്താവൂ. *നിങ്ങൾ ഗ്രന്ഥം പാരായണം ചെയ്യുക, നിങ്ങളുടെ ഹൃദയം അതുമായി (ഗ്രന്ഥത്തിന്റെ ആശയവുമായി) ഇണങ്ങുമ്പോൾ, അവ രണ്ടും ഭിന്നിച്ചാൽ (ഹൃദയവും ഗ്രന്ഥത്തിന്റെ ആശയവും തമ്മിൽ) നിങ്ങൾ അതിനെത്തൊട്ട് എഴുന്നേറ്റ് പോവുക* എന്നും, *അല്ലാത്ത പക്ഷം പാരായണം ചെയ്ത ഗ്രന്ഥം നിങ്ങൾക്ക് എതിരായി സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്യും* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

ആശയം ഉൾക്കൊണ്ട് സാവകാശം നിർത്തി നിർത്തി പ്രതികരിച്ചുകൊണ്ട് പാരായണം ചെയ്യലാണ് *തിലാവത്ത്*. അഥവാ ശിക്ഷയെക്കുറിച്ചും നരകത്തെക്കുറിച്ചും പരാമർശിക്കുമ്പോൾ അല്ലാഹുവിൽ ശരണം തേടിക്കൊണ്ടും; അനുഗ്രഹങ്ങൾ, ഔദാര്യങ്ങൾ, സ്വർഗം എന്നിവയെക്കുറിച്ച് പരാമർശിക്കുമ്പോൾ അതിന് അർത്ഥിച്ചുകൊണ്ടും; അല്ലാഹുവിനെ പരാമർശിക്കുമ്പോൾ അവന്റെ സത്തയും പ്രൗഢിയും പ്രഭാവവും മനസ്സിലുണർന്നുകൊണ്ടും അവനെ പരിശുദ്ധപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്തുകൊണ്ടും; പിശാചിനെ പരാമർശിക്കുമ്പോൾ അവന്റെ തിന്മയിൽ നിന്ന് അല്ലാഹുവിൽ അഭയം തേടിക്കൊണ്ടു

മുള്ള പാരായണമാണ് അത്. സ്വർഗത്തിലേക്കുള്ള വിഭാഗങ്ങളായ വിശ്വാസികൾ, സജ്ജനങ്ങൾ, പുണ്യാത്മാക്കൾ തുടങ്ങിയവരെക്കുറിച്ച് പറയുമ്പോൾ അവരിൽ ചേർക്കാനും; നരകത്തിലേക്കുള്ള വിഭാഗങ്ങളായ കപടവിശ്വാസികൾ, നിഷേധികൾ, അക്രമികൾ, ഭ്രാന്തന്മാർ, ലക്ഷ്യബോധം നഷ്ടപ്പെട്ടവർ, പ്രജ്ഞയറ്റവർ, നിരാശപ്പെട്ടവർ, സംശയാലുക്കൾ, നാശകാരികൾ, വഞ്ചകന്മാർ, പരിധി ലംഘിച്ചവർ തുടങ്ങിയവരെ പരാമർശിക്കുമ്പോൾ അവരിൽ ചേർക്കാതിരിക്കാനും അർത്ഥിച്ചുകൊണ്ടുള്ള പാരായണമാണത്. ഗ്രന്ഥം വായിക്കലും അതിന്റെ ആശയം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കലുമാണ് *തിലാവത്ത്*. നീ ഗ്രന്ഥം അനുസരിച്ച് ജീവിതം ക്രമപ്പെടുത്തേണ്ട വിധം ക്രമപ്പെടുത്തുക എന്ന് 73: 4 ലും, പ്രവാചകന്റെ ജീവിതം ഗ്രന്ഥത്തിനനുസരിച്ച് അല്ലാഹു തന്നെ ചിട്ടപ്പെടുത്തിക്കൊടുക്കുമെന്ന് 25: 32 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ വിശ്വാസികൾ 2: 143; 22: 78 എന്നീ സൂക്തങ്ങളുടെ കൽപന പാലിച്ചുകൊണ്ട് അദ്ദിക്റിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തി പ്രവാചകന്റെ ജീവിതം ജനങ്ങളിൽ സാക്ഷ്യപ്പെടുത്തുകയാണ് വേണ്ടത്.

ഗ്രന്ഥത്തിന്റെ ആശയം നിലനിർത്താനാണ് നമസ്കാരം എന്നിരിക്കെ, അദ്ദിക്ർ പഠിക്കാനും പഠിപ്പിക്കാനും ലോകരിലേക്ക് എത്തിച്ചുകൊടുക്കാനുമാണ് നമസ്കാരത്തേക്കാൾ മുൻഗണന കൊടുക്കേണ്ടതെന്ന് 7: 170; 29: 45; 35: 29 എന്നീ സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കാം. നമസ്കാരത്തിലാണെങ്കിലും *ആശയമില്ലാതെ ഗ്രന്ഥം പാരായണം ചെയ്താൽ, വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോകുമെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *അലിഫ്-ലാം-മീം* എന്ന് നിങ്ങൾ വായിക്കുന്നില്ല, അതിലെ അക്ഷരങ്ങളായ *അലിഫി*നും *ലാമി*നും *മീമി*നും പത്ത് വീതം നന്മകൾ രേഖപ്പെടുത്തിയിട്ടല്ലാതെ എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതും വിശ്വാസികൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ.

മുന്നറിയിപ്പ്:

ഗ്രന്ഥത്തിന്റെ ആശയം മനുഷ്യരുടെ ഹൃദയത്തിന്റെ ഭാഷയിൽ എത്തിച്ചുകൊടുത്ത് അവരെ സ്രഷ്ടാവിലേക്ക് വിളിക്കുന്നതിനും സ്രഷ്ടാവിന്റെ മുമ്പിൽ ഉത്തരം പറയാൻ തയ്യാറാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് മാത്രമാണ് വേദത്തിന്റെ ആശയവിശദീകരണഗ്രന്ഥമായ 'അദ്ദിക്ർ' രചിച്ചിട്ടുള്ളത്. വേദഗ്രന്ഥത്തിലെ സൂക്തങ്ങളെ ഇതരസൂക്തങ്ങൾ കൊണ്ടും അതിന്റെ വിശദീകരണമായി നാഥൻ പ്രവാചകനിലൂടെ വിശദീകരിച്ച വിശദീകരണങ്ങൾ കൊണ്ടും വിശദീകരിക്കുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്. ഓരോ സൂക്തങ്ങളുടെയും ഇക്കാലത്തേക്കുള്ള *'മൗഇളത്ത്'*(സമാനമായ ഉപമ-ഉദാഹരണങ്ങൾ) അതാത് സൂക്തങ്ങളിൽ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഗ്രന്ഥം സ്രഷ്ടാവ് ഉദ്ദേശിച്ച വിധത്തിൽ വിശദീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടും സ്വന്തം അഭിപ്രായമോ ആശയമോ എവിടെയും വരാതിരിക്കാൻ പ്രാർത്ഥിച്ചുകൊണ്ടുമാണ് ഇത് നിർവ്വഹിച്ചിട്ടുള്ളത്.

അദ്ദിക്ർ വീട്ടിൽ വെറുതെ വെക്കാനുള്ളതല്ല, ഇത് നിന്റെ കൈകളിലെത്താൻ അവസരമൊരുക്കിയത് സർവ്വസ്രഷ്ടാവ് തന്നെയാകുന്നു. ഇത് വായിച്ച് മനസ്സിലാക്കാൻ സമയം കണ്ടെത്താതിരിക്കുകയോ വായിച്ച ശേഷം പിൻപറ്റി ജീവിക്കാതിരിക്കുകയോ ചെയ്താൽ ഇത് സ്പർശിച്ച നിന്റെ കയ്യും ഇതുകണ്ട നിന്റെ കണ്ണും തൊലിയുമെല്ലാം നാളെ അല്ലാഹുവിന്റെ കോടതിയിൽ നിനക്കെതിരിൽ സാക്ഷ്യം വഹിക്കുന്നതും വാദിക്കുന്നതുമാണ്. ഏറ്റവും *നല്ല വർത്തമാനം അല്ലാഹുവിന്റെ ഗ്രന്ഥമാണെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിരിക്കെ, സ്രഷ്ടാവിന്റെ മുഖപത്രമായ അദ്ദിക്ർ വായിക്കാതെ മറ്റേതൊരു പത്രവും ഗ്രന്ഥവും പ്രസിദ്ധീകരണവും വായിക്കൽ വിശ്വാസികൾക്ക് യോജിച്ചതല്ല തന്നെ. വിജ്ഞാ

നവർദ്ധനവിനുവേണ്ടിയോ ആത്മനിർവൃതിക്കുവേണ്ടിയോ പുണ്യം ലഭിക്കുന്നതിന് വേണ്ടിയോ മാത്രം അദ്ദിക്ർ വായിക്കാവുന്നതല്ല. കാരണം സർവ്വസ്രഷ്ടാവിന്റെ മൊത്തം സൃഷ്ടികൾക്കുള്ള ഉത്തരവുകളാണ് അതിലടങ്ങിയിരിക്കുന്നത് എന്നതിനാൽ അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കുകയും വേണം. അങ്ങനെയുള്ളവർക്ക് മുമ്പിൽ മാത്രമേ അതിന്റെ ആശയകവാടങ്ങൾ തുറക്കപ്പെടുകയുമുള്ളൂ. അതിന് പറയുന്നത് പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് പറയുകയും ചെയ്യൽ നിർബന്ധമാണ്. 56: 79 ൽ പരിശുദ്ധന്മാർക്കല്ലാതെ അദ്ദിക്ർ ഉൾക്കൊള്ളാൻ സാധിക്കുകയില്ല എന്നുപറഞ്ഞിട്ടുള്ളതിനാൽ അനുവദനീയമല്ലാത്തതും പരിശുദ്ധമല്ലാത്തതുമായ സമ്പത്തും ഭക്ഷണവിഭവങ്ങളും ഉപയോഗിക്കുന്നവർക്ക് അദ്ദിക്ർ മനസ്സിലാവുകയില്ല. അജയ്യവും അതുല്യവുമായ ആ ഗ്രന്ഥത്തെ പരിഗണിക്കാതെ *മദ്ഹബ്* ഗ്രന്ഥങ്ങൾ (ദീനിൽ നിന്ന് പോയവരുടെ ഗ്രന്ഥങ്ങൾ) അവലംബഗ്രന്ഥങ്ങളാക്കുന്നവർക്കും ഇത് മനസ്സിലാക്കുവാൻ സാധിക്കുകയില്ല.

ഓർമ്മിക്കുക:

ഗ്രന്ഥത്തിന്റെ ആത്മാവായ ആശയത്തിൽ നിന്നാണ് പിശാച് തടയുക എന്നതിനാൽ 'അദ്ദിക്ർ' വായിക്കാൻ തുടങ്ങുമ്പോൾ പിശാച് നിന്നെ തടയാൻ ശ്രമിക്കുന്നതാണ്. മടുപ്പുണ്ടാക്കിയും ഉറക്കം വരുത്തിയും സമയമില്ലാതാക്കിയും മറ്റുപ്രശ്നങ്ങൾ വലിച്ചിട്ടുകൊണ്ടും നിന്നെ തടയാനുള്ള കഴിവ് അല്ലാഹു അവന് കൊടുത്തിട്ടുണ്ട്. സത്യം അസത്യമായും അസത്യം സത്യമായും തോന്നിപ്പിക്കുന്നതിനും അവന് കഴിവുണ്ട്. ആശയമില്ലാതെ ഗ്രന്ഥം വായിക്കുകയാണെങ്കിൽ അവൻ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുക. അതിനാൽ 23: 97-98 ൽ പറഞ്ഞത് പ്രകാരം, പിശാചിന്റെ പ്രലോഭനത്തെത്തൊട്ടും ഭീഷണിപ്പെടുത്തലിനെത്തൊട്ടും ക്ഷുദ്രപ്രവർത്തനങ്ങളെത്തൊട്ടും അവന്റെയും നിന്റെയും ഉടമയിൽ അഭയം തേടുക. അതുപോലെ നീ ഇത് പിൻപറ്റാൻ തുടങ്ങുമ്പോൾ മനുഷ്യപ്പിശാചുക്കൾ നിന്നെ പരിഹസിക്കാനും ഒറ്റപ്പെടുത്താനും ശ്രമിക്കും. 9: 34 ൽ പറഞ്ഞ, ജനങ്ങളുടെ ധനം അവിഹിതമായി തിന്നുന്ന പണ്ഡിതപുരോഹിതന്മാരും നാട്ടുപ്രമാണിമാരും വിവിധ സംഘടനക്കാരും അടങ്ങിയ പിശാചിന്റെ പട്ടാളം നിന്നെ ഭയപ്പെടുത്താനും ഒറ്റപ്പെടുത്താനും ബദ്ധശ്രദ്ധരായി മുന്നോട്ടുവരും. ഭൂരിപക്ഷത്തിന്റെ മാർഗം വെടിയുകയാണെങ്കിൽ നിനക്കെതിരെ ഊരുവിലക്ക് ഏർപ്പെടുത്തും, നിന്നെ ഒറ്റപ്പെടുത്തും, നീ മരിച്ചാൽ പള്ളി വക *ഖബർ* സ്ഥാനിൽ മറവ് ചെയ്യാൻ അനുവദിക്കുകയില്ല, *മയ്യിത്ത്* നമസ്കരിക്കുകയില്ല, മക്കളുടെ വിവാഹം നടക്കുകയില്ല -നടത്തിത്തരികയുമില്ല തുടങ്ങിയ ഭീഷണികളെല്ലാം അവർ ആയുധമായി പ്രയോഗിക്കാൻ തുടങ്ങും. അല്ലാഹുവിന്റെ മാർഗമായ അദ്ദിക്ർ പിൻപറ്റുന്നതുമൂലം തന്റെ കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഭവിഷ്യത്തുകൾ ഉണ്ടാകുമെന്ന് ഭയപ്പെട്ട് അതിൽ നിന്ന് പിന്തിരിയരുത്. അദ്ദിക്റിനെ ഐശ്വര്യവും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി ഇത്തരം ഭീഷണികളൊന്നും ഭയപ്പെടുകയില്ല. സത്യം തിരിച്ചറിഞ്ഞ് സ്വീകരിക്കുമോ അതല്ല, അതിനെ മൂടിവെച്ച് ഭൗതികനേട്ടം തെരഞ്ഞെടുക്കുമോ എന്ന് പരീക്ഷിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു ഇത്തരം സാഹചര്യങ്ങളെല്ലാം ഉണ്ടാക്കുന്നത് എന്ന് മനസ്സിലാക്കി; എല്ലാം അടക്കിഭരിക്കുന്ന, എല്ലാവരുടെയും മൂർദ്ധാവ് നിയന്ത്രിക്കുന്ന, ഏകാധിപനായ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചുകൊണ്ട് സത്യത്തിൽ ഉറച്ചുനിൽക്കുകയാണ് അവൻ ചെയ്യുക. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസം രൂപപ്പെടുത്തുകയും ജീവിതലക്ഷ്യം തിരിച്ചറിയു

കയും ത്രികാലജ്ഞാനിയായ അല്ലാഹു എല്ലാ കാര്യങ്ങളും നേരത്തെ നിശ്ചയിച്ച് വെച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുകയും ചെയ്ത അത്തരക്കാർ ഭൂമിയിൽ ഒന്നും നഷ്ടപ്പെടാനില്ലെന്ന് ദൃഢബോധ്യമുള്ളവരുമായിരിക്കും. തിന്മക്ക് വേണ്ടി ഗൂഢതന്ത്രം മെനയുന്നവരുടെ തന്ത്രങ്ങൾ അവർക്കെതിരെത്തന്നെയാണ് തിരിച്ചടിക്കുക എന്ന് 35: 10 ൽ പറഞ്ഞിട്ടുണ്ട്.

'എന്റെ നാഥാ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ഹൃദയം കൊണ്ട് പ്രാർത്ഥിച്ചുകൊണ്ടും സംശയങ്ങൾ ഓർമ്മിച്ചുകൊണ്ടും അദ്ദിക്ർ വായിച്ചുപോവുക. അടിമ ഉടമയുമായുള്ള സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ സംശയങ്ങൾക്കുള്ള മറുപടി ക്രമത്തിൽ ലഭിക്കുന്നതാണ്. ആദ്യദിവസത്തെ വായനയിൽ സംശയങ്ങൾക്ക് ഉത്തരം ലഭിച്ചിട്ടില്ലെങ്കിൽ വായന തുടരുക. അവസാനിക്കുന്നതിനുമുമ്പ് ഉത്തരം ലഭിക്കാതിരിക്കുകയില്ല. സൂക്തങ്ങൾ കൂട്ടിവായിക്കാൻ പറഞ്ഞതും വിശദീകരണം നോക്കാൻ പറഞ്ഞതും അപ്പപ്പോൾ തന്നെ 'അദ്ദിക്റിൽ' നോക്കി ഉറപ്പുവരുത്തുക. അഥവാ ഒരു സൂക്തത്തിനോട് കൂട്ടിവായിക്കാൻ പറഞ്ഞ മൂന്ന് സൂക്തങ്ങളുണ്ടെങ്കിൽ അവ മൂന്നും കൂടിച്ചേരുമ്പോൾ അവയിലുള്ള ആശയത്തിന് പുറമെ പുതിയ ആശയങ്ങൾ കൂടി വായനക്കാർക്ക് ലഭിക്കുന്നതാണ്. ഇതാണ് ഗ്രന്ഥത്തിന്റെ വിശദീകരണം എഴുതിയാലും പറഞ്ഞാലും തീരുകയില്ലെന്ന് പറഞ്ഞതിന്റെ പൊരുൾ. അദ്ദിക്ർ വായിക്കുന്നതിന് ഏറ്റവും നല്ല സമയം തെരഞ്ഞെടുക്കേണ്ടതും മുൻധാരണകളൊന്നുമില്ലാതെ പ്രസവിച്ച കുഞ്ഞിന്റെ നിഷ്കളങ്കതയോടുകൂടി അതിനെ സമീപിക്കേണ്ടതുമാണ്. അദ്ദിക്ർ മൊത്തം വായിച്ചിട്ടും തീരാത്ത സംശയങ്ങളുണ്ടെങ്കിൽ അദ്ദിക്ർ അറിയുന്നവരോട് (മാത്രം) ചോദിച്ചു പഠിക്കാൻ മടി കാണിക്കുകയുമരുത്. പ്രവാചകനും വിശ്വാസികളും നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് എന്ന് 25: 59 ലും, അപ്പോൾ അറിവില്ലാത്ത ഏത് കാര്യത്തെക്കുറിച്ചും ഏതൊരാളും ചോദിക്കേണ്ടത് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവിനോടാണെന്ന് 16: 43; 21: 7 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. മൊത്തം സൃഷ്ടികൾക്കുള്ള സ്രഷ്ടാവിന്റെ ഈ സന്ദേശം ജാതി-മത-രാഷ്ട്ര-ലിംഗ വ്യത്യാസമില്ലാതെ ഏവർക്കും എത്തിച്ചുകൊടുക്കുന്നതിന് എല്ലാവർക്കും ബാധ്യതയുണ്ടെന്ന് ഓർമിപ്പിക്കുന്നു. അതിനുവേണ്ടി ഇതിന്റെ കോപ്പികളെടുത്തും വിവിധ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയും ഈ സംരംഭത്തിൽ എല്ലാ ഓരോരുത്തർക്കും പങ്കാളികളാകാവുന്നതാണ്.

ഇന്നത്തെ ഒറ്റപ്പെട്ട വിശ്വാസിയോട്:

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ല. സ്വർഗത്തിൽ വെച്ച് സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യന്റെയും വിധി, 32: 13 പ്രകാരം അടിസ്ഥാനപരമായി നരകത്തിലേക്കാണ് നിശ്ചയിച്ചുവെച്ചിട്ടുള്ളത്. ഓരോ വ്യക്തിക്കും തന്റെ ജീവിതത്തിന്റെ നാലാം ഘട്ടത്തിൽ അല്ലാഹു നൽകിയിട്ടുള്ള സർവ്വകഴിവുകളും, ഏൽപ്പിച്ചിട്ടുള്ള സർവ്വവിഭവങ്ങളും സമ്പത്തുക്കളും നിശ്ചയിച്ചിട്ടുള്ള സമയവും അവസരങ്ങളും ഉപയോഗപ്പെടുത്തി സ്വന്തം വിധി തിരുത്തി സ്വർഗത്തിലേക്കാക്കി മാറ്റാനാണ് മനുഷ്യനെ അല്ലാഹു ചുമതലപ്പെടുത്തിയിട്ടുള്ളത്. അതാണ് ഇഹലോകജീവിതം പരീക്ഷണകാലഘട്ടമാണെന്ന് പറയുന്നതിന്റെ പൊരുൾ. അതിനാൽ ഒരു പരീക്ഷാർത്ഥി തന്റെ പരീക്ഷാസമയം തീരുന്നതിന് മുമ്പായി കഴിവതും വേഗം ശരിയുത്തരങ്ങൾ എഴുതേണ്ടതിന്റെ പ്രാധാന്യത്തേക്കാൾ കൂടുതൽ തന്റെ ഇഹലോകമാകുന്ന പരീക്ഷാകാലം അതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്. കാരണം മനുഷ്യന് തന്റെ പരീക്ഷണകാലം എപ്പോൾ അവസാനിക്കുമെന്ന് മുൻകൂട്ടി അറിയാൻ സാധിക്കുകയില്ല. മാത്രമല്ല, അതിനുശേഷം മറ്റൊരവസരം കൂടി ലഭിക്കുന്നതുമല്ല. അതി

നാൽ ഒരാൾക്ക് എപ്പോഴാണോ അദ്ദിക്ർ വന്നുകിട്ടിയത് ഉടൻ തന്നെ ജിന്നുകൂട്ടുകാരനെ/ജിന്നുകൂട്ടുകാരിയെ വിശ്വാസിയാക്കി മാറ്റാനും തന്റെ വിധി തിരുത്താനും ധൃതിപ്പെടേണ്ടതാണ്. ആറാം ഘട്ടമായ വിധിദിവസം, മനുഷ്യരുടെ പതിനഞ്ച് വയസ്സിനുശേഷമുള്ള ഐഹികലോകത്തെ എല്ലാ ഓരോ നിമിഷവും മറനീക്കി വെളിപ്പെടുത്തപ്പെടുമെന്നും 17: 13–14 ൽ പറഞ്ഞ തന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ അദ്ദിക്റിനെക്കുറിച്ച് അറിവ് ലഭിക്കുന്നതിനുമുമ്പ് കൊത്തിവെച്ചിട്ടുള്ള തിന്മകൾ ഇഹലോകത്തുവെച്ച് തന്നെ മായ്ച്ചുകളയണമെന്നും ബോധമുള്ള വിശ്വാസി, പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്തുകൊണ്ട് ഘട്ടം ഘട്ടമായി വായിച്ച് മനസ്സിലാക്കുകയും, നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ വന്നിട്ടുള്ള *തിലാവത്തി*ന്റെ സാഷ്ടാംഗപ്രണാമം ക്രമത്തിൽ നിർവഹിക്കുകയും, മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കുകയും, 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിന് മറ്റുള്ളവരെ സഹായിക്കുകയും പ്രേരിപ്പിക്കുകയുമാണ് വേണ്ടത്. കൂടാതെ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാനഗ്രന്ഥമായ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളുടെ കൽപന അനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയും വേണം. തന്റെ ജീവിതത്തിൽ സംഭവിച്ചുപോയിട്ടുള്ള സ്രഷ്ടാവ് തൃപ്തിപ്പെടാത്ത കാര്യങ്ങൾ മായ്ച്ചുകളയുന്നതിനും പ്രായശ്ചിത്തം നിർവ്വഹിക്കുന്നതിനും വേണ്ടി അദ്ദിക്ർ ആവർത്തിച്ച് വായിക്കുക തന്നെ വേണം. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ പിരടിയിൽ വഹിക്കുന്ന കർമരേഖ വായിച്ച് വിധിദിവസം വിചാരണ നടത്തപ്പെടുമ്പോൾ ‘ഓ! ഇത് എന്തൊരു കഷ്ടം! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ രേഖപ്പെടുത്താതെ വിട്ട് പോയിട്ടില്ലല്ലോ’ എന്ന് കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ പറഞ്ഞിട്ടുണ്ട്. സാഷ്ടാംഗപ്രണാമത്തിലും അല്ലാത്തപ്പോഴും ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനയും വാഴ്ത്തലും 7: 205–206 സൂക്തങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. 2: 281; 6: 165; 89: 23–30; 103: 1–3 വിശദീകരണം നോക്കുക.

1. അൽ ഫാത്തിഹഃ

ഗ്രന്ഥത്തിന്റെ ആമുഖമാണ് സൂറത്ത് ഫാത്തിഹ. ഇത് മക്കയിലാണ് അവതരിച്ചത്. ആവർത്തിച്ചുവരുന്ന ഏഴ് സൂക്തങ്ങളും മഹത്തായ ഗ്രന്ഥവും നിനക്ക് നൽകിയിട്ടുണ്ട് എന്ന് 15: 87 ൽ പറഞ്ഞിട്ടുണ്ട്. ആവർത്തിച്ചുവരുന്ന ഈ ഏഴ് സൂക്തങ്ങളെ ഉമ്മുൽ കിതാബ് അഥവാ ഗ്രന്ഥത്തിന്റെ മാതാവ് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഏറ്റവും മഹത്തായ സൂറത്തെന്ന് പ്രപഞ്ചനാഥൻ തന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ള ഇതിലെ ഏഴ് സൂക്തങ്ങളിൽ ഗ്രന്ഥത്തിന്റെ മൊത്തം സന്ദേശം അടങ്ങിയിട്ടുണ്ട്. ഫാത്തിഹയും സൂറത്ത് ബഖറയിലെ അവസാനത്തെ രണ്ട് സൂക്തങ്ങളും മറ്റു പ്രവാചകന്മാർക്കൊന്നും നൽകപ്പെടാത്ത, അന്ത്യപ്രവാചകനായ മുഹമ്മദിന് മാത്രം നൽകപ്പെട്ട രണ്ട് പ്രകാശങ്ങളാണ്. പ്രവാചകന്റെ ആകാശാരോഹണനാളിൽ സ്വർഗത്തിൽ വെച്ച് പ്രവാചകന് നൽകപ്പെട്ടതാണ് ഈ രണ്ട് പ്രകാശങ്ങളും.

അടിമ 1: 5 ലൂടെ ഉടമയോട് സന്മാർഗം ചോദിക്കുന്നതിന് മറുപടിയായി നൽകപ്പെട്ട സന്മാർഗമാണ് 2: 1 മുതൽ 114: 6 വരെയുള്ള സൂക്തങ്ങൾ. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും 23 വർഷങ്ങൾ കൊണ്ട് ഘട്ടം ഘട്ടമായി അവതരിപ്പിക്കപ്പെട്ടതാണ്. നീ ഗ്രന്ഥം വായിക്കുമ്പോൾ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക എന്ന 16: 98 ന്റെ കൽപനയനുസരിച്ച് പ്രവാചകൻ ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു:

> **എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമായ അല്ലാഹുവിനെക്കൊണ്ട് ശപിക്കപ്പെട്ട പിശാചിന്റെ പ്രലോഭനത്തെത്തൊട്ടും ഭയപ്പെടുത്തലിനെത്തൊട്ടും മന്ത്രം, മാരണം പോലുള്ള ക്ഷുദ്രപ്രവർത്തനങ്ങളെത്തൊട്ടും ഞാൻ അഭയം തേടുന്നു.**

ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടതിന് ശേഷം 23: 97-98 സൂക്തങ്ങളിൽ കൽപ്പിച്ച പ്രകാരം പിശാചിൽ നിന്ന് ശരണം തേടേണ്ടത് ഇങ്ങനെയാണ്:

> **എന്റെ നാഥാ! പിശാചുക്കളുടെ പ്രലോഭനങ്ങളിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു; എന്റെ നാഥാ, അവർ എന്നെ സമീപിക്കുന്നതിനെത്തൊട്ടും ഞാൻ നിന്നോട് ശരണം തേടുന്നു.**

മനുഷ്യരിൽ ആദ്യനായ ആദമിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ നാഥൻ കൽപിച്ചപ്പോൾ ജിന്നിൽ പെട്ട ഇബ്ലീസ് സാഷ്ടാംഗം പ്രണമിച്ചില്ല. അപ്പോൾ നാഥൻ അവനെ ശപിക്കുകയും സ്വർഗത്തിൽ നിന്ന് പുറത്താക്കുകയും ചെയ്തു. അങ്ങനെയാണ് ഇബ്ലീസ് പിശാചായി മാറിയത്. അവൻ ചോദിച്ചു: 'എന്റെ നാഥാ, നീ ഉദ്ദേശിച്ചതുകൊണ്ടുതന്നെയല്ലേ ഞാൻ പ്രണമിക്കാതിരുന്നത്, അതുകൊണ്ട് അവരെ പുനഃസൃഷ്ടിക്കുന്ന നാൾ വരെ എനിക്ക് നീ അവസരം നൽകിയാലും'. നാഥൻ പറഞ്ഞു: 'ദീൻ നടപ്പിലാകുന്ന നാൾ വരെ നിനക്ക് അവസരം തന്നിരിക്കുന്നു'. ദീൻ നടപ്പിലാകുന്ന നാൾ വരെ എന്നതുകൊണ്ടുദ്ദേശിക്കുന്നത് അന്ത്യനാളിന് മുന്നോടിയായി പിശാച് മനുഷ്യരൂപത്തിൽ മസീഹുദ്ദജ്ജാലായി വന്ന ശേഷം ഈസാ രണ്ടാമതുവന്ന് അവനെ വധിക്കുന്ന ദിനം വരെ എന്നാണ്. 4: 158-159 വിശദീകരണം നോക്കുക. പിശാച് പറഞ്ഞു: നാഥാ, നീ എന്നെ നഷ്ടപ്പെട്ടവനാക്കിയല്ലോ! അപ്പോൾ ഞാൻ അവർക്ക് ഭൂമിയിലെ ജീവിതം അലങ്കാരമാ

ക്കി കാണിച്ചുകൊടുക്കുകയും നിനക്ക് വേണ്ടി മാത്രം ജീവിക്കുന്ന നിന്റെ പ്രത്യേകക്കാരായ അടിമകളെ ഒഴിച്ചുള്ളവരെയെല്ലാം ഞാൻ പാട്ടിലാക്കുകയും ചെയ്യും. നാഥൻ പറഞ്ഞു: ഇതാണ് എന്റെ പക്കലുള്ള നേരെച്ചൊവ്വെയുള്ള പാത, ജീവിതലക്ഷ്യം നഷ്ടപ്പെട്ട് നിന്നെ പിൻപറ്റുന്നവരുടെ മേലിലല്ലാതെ നിനക്ക് യാതൊരു സ്വാധീനവും ഉണ്ടായിരിക്കുകയില്ല. അപ്പോൾ നിന്നോടും നിന്നെ പിൻപറ്റുന്നവരോട് മുഴുവനും വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകകുണ്ഠമാണ്.

അതുകൊണ്ട് ആരാണോ 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ തന്റെ ജിന്നുകൂട്ടുകാരനെ 2: 119; 10: 108; 39: 41, 69, 75 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി 31: 30 ൽ പറഞ്ഞ സത്യമായ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നത്, അവർ മാത്രമേ വിശ്വാസിയാവുകയുള്ളൂ. അവർ മാത്രമാണ് അദ്ദിക്റിനെ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്തുന്നവർ.

ഓർമിക്കുക! പിശാച് മനുഷ്യനെ ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആനിനെത്തൊട്ടോ ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം പഠിക്കുന്നതിനെത്തൊട്ടോ തടയുകയില്ല, എന്നാൽ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ വായിച്ച് മനസ്സിലാക്കുന്നതിൽ നിന്നും കേൾക്കുന്നതിൽ നിന്നുമാണ് പിശാച് തടയുക. അറബി ഖുർആൻ വായിക്കുന്ന കാഫിറുകളും ഫാജിറുകളും അക്രമികളുമായ ഫുജ്ജാറുകൾ വിധിദിവസം 'ഇന്നാലിന്നവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിനുശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്! പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെ ആയിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ത്രികാലജ്ഞാനിയായ നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചു: *'നീ ഗ്രന്ഥം വായിക്കുക, നിന്റെ ഹൃദയം വായനയുമായി താദാത്മ്യം പ്രാപിക്കുമ്പോൾ; അവ രണ്ടും ഭിന്നിച്ചാൽ നീ വായന നിർത്തി എഴുന്നേറ്റ് പോവുകയും ചെയ്യുക.' ഗ്രന്ഥം നിനക്ക് അനുകൂല പ്രമാണമാണ്, അല്ലെങ്കിൽ എതിർ പ്രമാണമാണ്* എന്നും *ഗ്രന്ഥം നിനക്കുവേണ്ടി വാദിക്കുന്നതാണ്, അല്ലെങ്കിൽ നിനക്ക് എതിരായി വാദിക്കുന്നതാണ്* എന്നും; *ജനങ്ങളിൽ ഏറ്റവും തിന്മയേറിയവൻ ഗ്രന്ഥം വായിക്കുന്ന ഫാജിറാണ്* എന്നും *അതുവഴി അവൻ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോകുന്നതാണ്* എന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. നാഥന്റെ സംസാരവും അവന്റെ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുണ്ട് എന്നിരിക്കെ അതിന് തയ്യാറാകാതെ അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും സൂക്തങ്ങളുടെ അർത്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന കാഫിറുകളും അടങ്ങിയ ഫുജ്ജാറുകളായ കുഫ്ഫാറുകൾക്കെതിരായി അവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ സാക്ഷ്യം വഹിക്കുന്നതും വാദിക്കുന്നതും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതുമാണ്. എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. ഫുജ്ജാറുകളുടെ പട്ടിക 83: 7 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണ്. സിജ്ജീനിലുള്ള തന്റെ പട്ടിക സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീനിലേക്ക് മാറ്റുന്നവരാണ് ആയിരത്തിൽ ഒന്നായ വിശ്വാസികൾ.

ഗ്രന്ഥം വായിക്കുമ്പോൾ ബിസ്മി ചൊല്ലാൻ കൽപിച്ചിട്ടില്ല, എന്നാൽ ശപിക്കപ്പെട്ട

പിശാച് അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ നിന്ന് തടയുമെന്നതിനാൽ അവനെത്തൊട്ട് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്ന നാഥനോട് അഭയം തേടാൻ 16: 98 ലൂടെ കൽപിച്ചിട്ടുണ്ട്.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

ഇത് ഗ്രന്ഥത്തിൽ ഒരു സൂക്തമായി വന്നിട്ടില്ല, എന്നാൽ 27: 30 ൽ ഒരു സൂക്തഭാഗമായി ഇത് വന്നിട്ടുണ്ട്. നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ടാണ് വിശ്വാസികൾ എല്ലാ പ്രവൃത്തികളും ആരംഭിക്കേണ്ടത്. *ഖുദ്സിയായ ഹദീസിൽ ഇങ്ങനെ പഠിപ്പിച്ചിട്ടുണ്ട്: അല്ലാഹുവിന്റെ സ്മരണയോടുകൂടി നിലകൊള്ളുന്നവന് ഭൂമിയിലോ ആകാശങ്ങളിലോ എവിടെയും ഒരിക്കലും ഒരു ആപത്തും വരികയില്ല; അവനാകട്ടെ, എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണ്.* ഭക്ഷണം കഴിക്കുക, കക്കൂസിൽ പ്രവേശിക്കുക, ഇണചേരുക, വാഹനത്തിൽ കയറുക, വീട്ടിൽ നിന്ന് പുറത്തിറങ്ങുക, കണ്ണാടി നോക്കുക, അവരവരുടെ തൊഴിൽ ചെയ്യുക തുടങ്ങി ഏത് പ്രവൃത്തി ചെയ്യുമ്പോഴും അല്ലാഹുവിന്റെ നാമം കൊണ്ട് ഞാൻ ആരംഭിക്കുന്നു എന്ന് ആത്മാവുകൊണ്ട് സ്മരിക്കണം. അല്ലാതെ മറ്റുള്ളവരെ ബോധിപ്പിക്കുന്നതിന് വേണ്ടി *ബിസ്മി* നാവുകൊണ്ട് ഉച്ചരിക്കാവുന്നതല്ല. അല്ലാഹുവിന്റെ നാമം ഹൃദയത്തിൽ സ്മരിക്കാത്ത ബലികർമ്മമാകട്ടെ, നമസ്കാരമാകട്ടെ, മറ്റേത് പ്രവൃത്തിയാകട്ടെ, അത് പിശാചിനുള്ളതായി മാറുന്നതാണ്. ഹൃദയത്തിൽ അല്ലാഹുവിന്റെ സ്മരണയില്ലാതെ നാവുകൊണ്ട് *ബിസ്മി* ചൊല്ലിയാലും ആ പ്രവൃത്തി പിശാചിനുള്ളതായി മാറുന്നതാണ്.

ബുദ്ധിമാന്മാർ അവരുടെ എല്ലാ നിർത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും അല്ലാഹുവിനെ സ്മരിക്കുന്നവരാണെന്ന് 3: 190–191 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനെ വളരെ വിനീതനായിക്കൊണ്ടും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും വാക്കുകൾ ഉച്ചരിക്കാതെ ആത്മാവുകൊണ്ട് പ്രഭാത പ്രദോഷങ്ങളിൽ സ്മരിക്കണമെന്ന് 7: 205 ൽ പ്രവാചകനോടും അതുവഴി വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്.

1. സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിന് മാത്രമാകുന്നു.

ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വ ചരാചരങ്ങളെയും ആറ് നാളുകളിലായി സൃഷ്ടിച്ച് പരിപാലിച്ചുപോരുന്ന സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാണ് എല്ലായ്പ്പോഴും എവിടെയും സർവ്വസ്തുതിയും എന്നാണ് പ്രഖ്യാപിക്കുന്നത്. ഈ സൂക്തം ഗ്രന്ഥത്തിൽ രണ്ട് സ്ഥലങ്ങളിൽ സൂക്തമായും നാല് സ്ഥലങ്ങളിൽ സൂക്തഭാഗമായും ആവർത്തിച്ചിട്ടുണ്ട്.

1) 6: 45:– മുൻ സമുദായങ്ങളിലേക്ക് പ്രവാചകൻമാരെ നിയോഗിക്കുകയും ആ ജനത വിനീതരാകുന്നതിന് വേണ്ടി അവരെ വിപത്തുകളും ദുരിതങ്ങളും കൊണ്ട് പരീക്ഷിക്കുകയുമുണ്ടായി; അവർ ധിക്കാരികളായപ്പോൾ അവരുടെ പ്രവർത്തനങ്ങളെല്ലാം പിശാച് അവർക്ക് ഭംഗിയായി തോന്നിപ്പിക്കുകയും അവരെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നത് അവർ മറന്നപ്പോൾ എല്ലാ അനുഗ്രഹങ്ങളുടെയും കവാടങ്ങൾ നാം അവർക്ക് തുറന്നുകൊടുക്കുകയും അങ്ങനെ ആ അനുഗ്രഹങ്ങളിൽ അവർ നന്ദി പ്രകടിപ്പിക്കാതെ മതിമറന്ന് ആഹ്ളാദിച്ചുല്ലസിച്ച് കഴിഞ്ഞുകൂടിയപ്പോൾ നാം അവരെ പെട്ടെന്ന് പിടികൂടുകയും ചെയ്തു, അപ്പോൾ അവർ ആശയറ്റ ഇബ്ലീസുകളായിത്തീർന്നു, അക്രമികളായ ആ ജനതയുടെ അടിവേര് അറുത്തുകളയപ്പെട്ടു. അപ്പോൾ സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉ

ടമയായ അല്ലാഹുവിനാകുന്നു (6: 42-45). ഇവിടെ ഗ്രന്ഥം മൂടിവെച്ച അക്രമികളും ധിക്കാരികളുമായ ജനങ്ങളെ നശിപ്പിച്ച് 6: 38; 17: 44; 24: 41 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ആത്മാവുകൊണ്ട് നാഥനെ സ്തുതിക്കാനും വാഴ്ത്താനും കീർത്തനം ചെയ്യാനും നമസ്കരിക്കാനും സൗകര്യപ്രദമായ രീതിയിൽ പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തിയ നാഥനെ വിശ്വാസികൾ സ്തുതിക്കുകയാണ് ചെയ്യുന്നത്.

2) 10: 10:-അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷയില്ലാതെ ഭൗതികജീവിതം കൊണ്ട് തൃപ്തിപ്പെടുകയും അതിൽ സായൂജ്യമടയുകയും അദ്ദിക്റിനോട് പ്രജ്ഞയറ്റവരാവുകയും ചെയ്തവരുടെ അന്തിമസങ്കേതം നരകമാകുന്നു. അത് അവർ ഇഹലോകത്ത് സമ്പാദിച്ചുകൊണ്ടിരുന്നതുമാണ്. എന്നാൽ അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അവന്റെ സന്ദേശമായ അത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവരെ അല്ലാഹു അവരുടെ വിശ്വാസം കൊണ്ട് സൻമാർഗത്തിലേക്കും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന അനുഗ്രഹീതമായ സ്വർഗപ്പൂന്തോപ്പുകളിലേക്കും നയിക്കുന്നതാണ്. സ്വർഗത്തിൽ അവരുടെ വാക്കുകൾ 'അല്ലാഹുവേ, നീ ഏറ്റവും പരിശുദ്ധൻ' എന്നും, അവരുടെ അഭിസംബോധനം 'സമാധാനം' എന്നുമായിരിക്കും. ഏതൊരു കാര്യത്തിലും അവരുടെ അവസാനത്തെ വിളിയും പ്രാർത്ഥനയും 'എവിടെയും എപ്പോഴും നിശ്ചയം സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാകുന്നു' എന്നുമായിരിക്കും (10: 7-10). അഥവാ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരും ബുദ്ധിശക്തി ഉപയോഗപ്പെടുത്തുന്നവരുമായ വിശ്വാസികളുടെ സ്വഭാവം അവർ സുഖ-ദുഃഖഭേദമന്യേ എല്ലായ്പ്പോഴും എവിടെയും അല്ലാഹ് എന്ന സ്മരണ നിലനിർത്തുന്നവരും അല്ലാഹുവിൽ ഭരമേൽപിക്കുന്നവരുമാണ്.

3) 37: 182:-പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകൾ അല്ലാഹുവിനും ജിന്നുകൾക്കുമിടയിൽ വംശബന്ധം ആരോപിച്ചിരുന്നു. 6: 100 ൽ വിവരിച്ച പ്രകാരം മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളും ജിന്നുകളെ അല്ലാഹുവിന്റെ ആൺമക്കളുമായിട്ടാണ് അവർ പരിഗണിച്ചിരുന്നത്. എന്നാൽ നിശ്ചയം തങ്ങൾ വിചാരണക്കുവേണ്ടി ഹാജരാക്കപ്പെടുമെന്ന് ജിന്നുകൾക്ക് അറിയാമായിരുന്നു. അപ്പോൾ അവർ ജൽപിക്കുന്ന പങ്കാളിത്തങ്ങളിൽ നിന്നെല്ലാം അല്ലാഹു അതീവ പരിശുദ്ധനാണ് എന്ന് 37: 158-159 സൂക്തങ്ങളിൽ പറഞ്ഞതിന് ശേഷം 37: 164-166 സൂക്തങ്ങളിൽ, നിർണ്ണയിക്കപ്പെട്ട ഒരു സ്ഥാനവുമില്ലാതെ മലക്കുകളിൽ ആരുമില്ല, അവർ അനുസരണയോടെ അണിചേരുന്നവരും അല്ലാഹുവിനെ സദാ വാഴ്ത്തിക്കൊണ്ടിരിക്കുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹു പൂർവ്വിക പ്രവാചകന്മാരിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് 37: 171-173 സൂക്തങ്ങളിലും, പ്രവാചകൻ മുഹമ്മദ് എന്ത് നയമാണ് സ്വീകരിക്കേണ്ടതെന്ന് 37: 174-179 സൂക്തങ്ങളിലും വിവരിച്ച ശേഷം നിന്റെ നാഥൻ അവർ ജൽപിക്കുന്ന പങ്കാളിത്തത്തിൽ നിന്നെല്ലാം അതീവ പരിശുദ്ധനാണെന്നും പ്രവാചകൻമാരുടെ മേൽ സമാധാനമുണ്ടെന്നും സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാണെന്നും പ്രഖ്യാപിച്ചുകൊണ്ട് സൂറത്ത് അവസാനിക്കുന്നു.

4) 39: 75:- 17: 13-14; 18: 49; 23: 62-64; 36: 12; 45: 28-29; 58: 6; 78: 28-29 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖ വിചാരണാനാളിൽ ഹാജരാക്കപ്പെടുകയും നബിമാരും സാക്ഷികളും കൊണ്ടുവരപ്പെടുകയും സത്യമായ അദ്ദിക്ർ കൊണ്ട് സൃഷ്ടികൾക്കിടയിൽ വിധികൽപിക്കപ്പെടുകയും എ

ല്ലാഓരോ ആത്മാവിനും അവർ സമ്പാദിച്ചതിനുള്ള പൂർണ്ണമായ പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്നതാണ്. കാഫിറുകളെ കൂട്ടം കൂട്ടമായി നരകകുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നതുമാണ്, അങ്ങനെ അവർ അതിന്റെ അടുത്തെത്തുമ്പോഴേക്കും അതിന്റെ വാതിലുകൾ തുറക്കപ്പെടുന്നതും അതിന്റെ പാറാവുകാർ അവരോട് ചോദിക്കുന്നതുമാണ്: നിങ്ങളുടെ മേൽ നിങ്ങളുടെ നാഥന്റെ സൂക്തങ്ങൾ വിവരിച്ചുതന്നിരുന്ന, നിങ്ങൾക്ക് ഇങ്ങനെയുള്ള ഒരുനാളിനെ കണ്ടുമുട്ടണമെന്ന് നിങ്ങളോട് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്ന, നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങൾക്ക് വന്നിട്ടുണ്ടായിരുന്നില്ലേ?; അവർ പറയും: അതെ, വന്നിരുന്നു; പക്ഷെ കാഫിറുകളായ ഞങ്ങളുടെ മേൽ ശിക്ഷാവചനം ബാധകമായി. അവരോട് പറയപ്പെടും: നിങ്ങൾ നരകകുണ്ഠത്തിലെ വാതിലുകളിലൂടെ പ്രവേശിച്ചുകൊള്ളുക -നിങ്ങൾ അതിൽ നിത്യവാസികളായി കഴിഞ്ഞുകൂടാൻ, അപ്പോൾ അഹംഭാവികളുടെ സങ്കേതം എത്ര ചീത്ത! തങ്ങളുടെ നാഥനെ സൂക്ഷിച്ച് ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടം കൂട്ടമായി നയിക്കപ്പെടുന്നതുമാണ്, അങ്ങനെ അവർ അതിന് അടുത്തെത്തുകയും അതിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്താൽ അവരോട് അതിന്റെ കാവൽക്കാർ പറയുകയായി: നിങ്ങളുടെ മേൽ സമാധാനമുണ്ട്, നിങ്ങൾക്ക് നല്ലത്, അപ്പോൾ നിങ്ങൾ ശാശ്വതരായി അതിൽ പ്രവേശിച്ചുകൊള്ളുക. അവർ പറയുകയും ചെയ്യും: ഞങ്ങളോടുള്ള തന്റെ വാഗ്ദാനം സത്യപ്പെടുത്തുകയും ഭൂമിയിൽ ഞങ്ങളെ അനന്തരാവകാശികളാക്കുകയും ചെയ്തവനായ അല്ലാഹുവിനാണ് സർവ്വസ്തുതിയും, ഇനി ഞങ്ങൾക്ക് സ്വർഗത്തിൽ ഇഷ്ടമുള്ളിടത്ത് സ്ഥലം പിടിക്കാമല്ലോ! അപ്പോൾ പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലം എത്ര അനുഗ്രഹസമ്പൂർണ്ണം! അപ്പോൾ അവിടെ മലക്കുകൾ തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം വാഴ്ത്തിക്കൊണ്ട് അവന്റെ സിംഹാസനത്തിന് ചുറ്റും വലയം ചെയ്യുന്നതായി നിനക്ക് കാണാം. സൃഷ്ടികൾക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് ഏറ്റവും നീതിയുക്തം വിധികൽപിക്കപ്പെടുകയും സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാണ് എന്ന് പ്രഖ്യാപനമുണ്ടാവുകയും ചെയ്യുന്നതാണ് (39: 69-75). വിശ്വാസികൾ ഈ സൂക്തം വായിക്കുമ്പോഴും കേൾക്കുമ്പോഴും 'അദ്ദിക്ർ കൊണ്ട് വിധികൽപ്പിക്കപ്പെടുന്ന രംഗം ആത്മാവുകൊണ്ട് കണ്ടുകൊണ്ട് ഇവിടെ അദ്ദിക്റിൽ ഉറപ്പിച്ച് നിർത്താൻ ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നതും അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലുമുള്ള എല്ലാ കാര്യങ്ങളിലും അദ്ദിക്ർ കൊണ്ട് വിധികൽപ്പിക്കുന്നതുമാണ്.

5) 40: 65:- നിങ്ങൾക്ക് ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേലാപ്പുമായി നിശ്ചയിച്ച് തന്നവനാണ് അല്ലാഹു, അവൻ നിങ്ങളെ രൂപപ്പെടുത്തുകയും നിങ്ങളുടെ രൂപം ഏറ്റവും നല്ലതാക്കുകയും പരിശുദ്ധമായ എല്ലാ ഭക്ഷണവിഭവങ്ങളും നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു; അതാണ് നിങ്ങളുടെ ഉടമയായ അല്ലാഹു! അപ്പോൾ സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹു അനുഗ്രഹസമ്പൂർണ്ണനാകുന്നു, അവൻ സ്വയം എന്നെന്നും ജീവിച്ചിരിക്കുന്നവനാകുന്നു, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല, അതിനാൽ ജീവിതം മുഴുവൻ അവനുമാത്രം സമർപ്പിച്ചുകൊണ്ട് നിങ്ങൾ അവനെമാത്രം വിളിച്ചു പ്രാർത്ഥിക്കുക. സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാകുന്നു (40: 64-65).

അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുന്ന സൂറത്തുകളാണ് ഫാത്തിഹഃ, അൻആം, കഹ്ഫ്, സബഅ്, ഫാത്വിർ എന്നിവ. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും, അവൻ അന്ധകാരങ്ങളും പ്രകാശവും ഉണ്ടാക്കി,

പിന്നെയും കാഫിറുകൾ തങ്ങളുടെ നാഥന് ഇതരൻമാരെ പകരം വെക്കുന്നവരാണ് എന്ന് പറഞ്ഞുകൊണ്ടാണ് സൂറത്ത് അൻആം ആരംഭിക്കുന്നത്. കഠിനമായ ശിക്ഷയെപ്പറ്റി മുന്നറിയിപ്പ് നൽകുവാനും സൽകർമ്മങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികൾക്ക് നല്ല പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുവാനും വേണ്ടി തന്റെ അടിമയുടെമേൽ യാതൊരു വക്രതയുമില്ലാത്ത നേരെച്ചൊവ്വെയുള്ള ഗ്രന്ഥം അവതരിപ്പിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയും എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് സൂറത്ത് കഹ്ഫ് ആരംഭിക്കുന്നത്. അല്ലാഹുവിനാണ് സർവ്വസ്തുതിയും, ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ ഒന്നും അവനുള്ളതാണ്, പരലോകത്തും അവനുതന്നെയാണ് സ്തുതി. അവൻ യുക്തിജ്ഞനായ തന്ത്രജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു എന്ന് 34: 1 ലും; ആകാശങ്ങളെയും ഭൂമിയെയും വേർപ്പെടുത്തി വിരിപ്പിച്ചുണ്ടാക്കിയ അല്ലാഹുവിനാണ് സർവ്വസ്തുതിയും, അവൻ ഈരണ്ടും മുമ്മൂന്നും നന്നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിയോഗിച്ചിരിക്കുന്നു, അവൻ ഉദ്ദേശിച്ചവർക്ക് സൃഷ്ടിപ്പിൽ (ചിറകുകളുടെ എണ്ണം) വർദ്ധിപ്പിക്കുന്നു, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാകുന്നു എന്ന് 35: 1 ലും പറഞ്ഞിട്ടുണ്ട്.

ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ലാത്തവനും തന്റെ ആധിപത്യത്തിൽ യാതൊരു പങ്കുകാരുമില്ലാത്തവനും പോരായ്മയിൽ നിന്ന് രക്ഷിക്കാൻ ഒരു സംരക്ഷകനേയും ആവശ്യമില്ലാത്തവനുമായ അല്ലാഹുവിനെ സ്തുതിക്കാനും മഹത്വപ്പെടുത്താനും കൽപിച്ചുകൊണ്ടാണ് സൂറത്ത് ഇസ്റാഅ് അവസാനിക്കുന്നത്. സർവ്വസ്തുതിയും അല്ലാഹുവിനാണ്, അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചുതരുമ്പോൾ നിങ്ങൾ അവ തിരിച്ചറിയും, നിന്റെ നാഥൻ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അശ്രദ്ധനൊന്നുമല്ല എന്ന് പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ടാണ് 27: 93 അവസാനിക്കുന്നത്. അപ്പോൾ ആകാശങ്ങളുടെ ഉടമയും ഭൂമിയുടെ ഉടമയും സർവ്വലോകങ്ങളുടെ ഉടമയുമായ അല്ലാഹുവിനാണ് സർവ്വ സ്തുതിയും എന്ന ആശയത്തിലുള്ളതാണ് 45: 36. ഞങ്ങളിൽ നിന്ന് ദു:ഖം അകറ്റിക്കളഞ്ഞ അല്ലാഹുവിനാണ് സർവ്വസ്തുതിയും, നിശ്ചയം ഞങ്ങളുടെ ഉടമയായ നാഥൻ ഏറെപ്പൊറുക്കുന്നവനും നന്ദിപ്രകടനം വിലമതിക്കുന്നവനുമാണ് എന്ന് സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട വിശ്വാസികൾ പറയുന്നതാണ് എന്ന് 35: 34 ൽ പറഞ്ഞിട്ടുണ്ട്. അവനാണ് അല്ലാഹു, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല, അവനാണ് ഇഹത്തിലും പരത്തിലും സർവ്വസ്തുതിയും, അവനാണ് ശാസനാധികാരവും, അവനിലേക്കുതന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും എന്ന് 28: 70 ൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൊണ്ട് വിശ്വാസികൾ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടാൽ തങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും അവർ സാഷ്ടാംഗത്തിൽ വീഴുന്നതാണ്, അവർ ഒരിക്കലും അഹങ്കരിക്കുന്നവരാവുകയുമില്ല എന്ന് 32: 15 ൽ പറഞ്ഞിട്ടുണ്ട്. 17: 44 ൽ, ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ള സർവ്വവസ്തുക്കളും അല്ലാഹുവിനെ വാഴ്ത്തുന്നു, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് കീർത്തനം ചെയ്യാത്ത ഒരു വസ്തുവുമില്ല എന്നും; 24: 41 ൽ, എല്ലാ ഓരോ വസ്തുവിനും അതിന്റെ നമസ്കാരരീതിയും കീർത്തനരീതിയും പഠിപ്പിച്ചിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്.

റബ്ബ്:- *റബ്ബ്* എന്ന് പറഞ്ഞാൽ സ്രഷ്ടാവ്, രക്ഷിതാവ്, നിലനിർത്താനും നശിപ്പിക്കാനും അധികാരമുള്ള ഉടമ, സൃഷ്ടികൾക്കുള്ള നിയമങ്ങൾ നൽകാൻ അധികാരമുള്ളവൻ എന്നൊക്കെയാണ് ആശയം. ഗ്രന്ഥത്തിലെ പ്രാരംഭ സൂറത്തായ ഫാത്തിഹഃയുടെ തുടക്കം *റബ്ബി*ന് സർവ്വസ്തുതിയും പ്രഖ്യാപിച്ചുകൊണ്ട് എന്നാണെങ്കിൽ ജനങ്ങളുടെ ഉടമ

യോട് ഞാൻ അഭയം തേടുന്നു എന്ന് പറയാൻ കൽപിച്ചുകൊണ്ടാണ് അവസാനത്തെ സൂറത്തായ അന്നാസ് ആരംഭിക്കുന്നത്.

ആലമീൻ:- ലോകത്തിന്റെ (*ആലം*) ഉടമ എന്നുപറയാതെ സർവ്വലോകങ്ങളുടെയും (*ആലമീൻ*) ഉടമ എന്ന് പറഞ്ഞതുകൊണ്ട് മലക്കുകളുടേയും ജിന്നുകളുടേയും മനുഷ്യരുടേയും ഇഹപരലോകങ്ങളുടേയും സ്വർഗനരകങ്ങളുടേയും എല്ലാ ചരാചരങ്ങളുടേയും സ്രഷ്ടാവ്, രക്ഷിതാവ്, നിലനിർത്താനും നശിപ്പിക്കാനും അധികാരമുള്ള ഏകഉടമ എന്നൊക്കെയാണ് ആശയം. സർവ്വലോകങ്ങളുടേയും ഉടമ എന്ന വാക്യം ഗ്രന്ഥത്തിൽ 42 പ്രാവശ്യം വന്നിട്ടുണ്ട്. ഫിർഔൻ പ്രവാചകൻ മൂസായോട്: 'അപ്പോൾ മൂസാ, നിങ്ങൾ രണ്ടുപേരുടെയും ഉടമ ആരാണ്' എന്ന് ചോദിച്ചപ്പോൾ മൂസാ പറഞ്ഞു: 'എല്ലാ വസ്തുക്കൾക്കും അതിന്റെ സൃഷ്ടിപ്പ് നൽകിയവനും പിന്നെ സന്മാർഗം നൽകിയവനുമാണ് അവൻ.' അപ്പോൾ ഫിർഔൻ ചോദിച്ചു: 'മുമ്പ് കഴിഞ്ഞുപോയ തലമുറകളുടെ സ്ഥിതി എന്താണ്' മൂസാ പറഞ്ഞു: 'അവരെക്കുറിച്ചുള്ള അറിവ് എന്റെ നാഥന്റെയടുക്കൽ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്റെ നാഥന് പിഴക്കുകയോ മറക്കുകയോ ഇല്ല' എന്ന് 20: 49-52 ൽ പറഞ്ഞിട്ടുണ്ട്.

2. നിഷ്പക്ഷവാൻ, കാരുണ്യവാൻ.

ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കാത്തവനാണ് നിഷ്പക്ഷവാനായ നാഥൻ. അവൻ അവന്റെ അനുഗ്രഹങ്ങൾ വഴിപ്പെട്ടവർക്കും വഴിപ്പെടാത്തവർക്കും നൽകുന്നതാണ്. എന്നുമാത്രമല്ല, വഴിപ്പെടാത്തവർ പരലോകത്ത് നരകക്കുണ്ഠത്തിലേക്ക് പോകേണ്ടവരാണല്ലോ എന്ന് അറിയുന്ന ത്രികാലജ്ഞാനിയായ അവൻ അവർക്കാണ് ഐഹികലോകത്ത് കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നത്.

കാരുണ്യവാൻ എന്ന് പറഞ്ഞാൽ വിശ്വാസികളായ അവന്റെ അടിമകൾക്ക് ഇഹലോകത്തുതന്നെ കാരുണ്യം കൂടുതൽ ചൊരിയുന്നവനാണ്; പരലോകത്ത് അവർക്ക് പ്രത്യേകമായി കാരുണ്യം ചൊരിയുന്നവനുമാണ്. കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും നാഥന്റെ 'നിഷ്പക്ഷവാൻ' എന്ന ഗുണനാമം അംഗീകരിക്കാത്തവരാണ്. അത്തരം കാഫിറുകൾ സ്വർഗവും നരകവുമെല്ലാം അല്ലാഹു നൽകുന്നതാണ്, നമുക്ക് അത് തെരഞ്ഞെടുക്കാനൊന്നും അവകാശമില്ല എന്ന് പ്രചരിപ്പിക്കുന്നതാണ്. അവർ ഗ്രന്ഥത്തിൽ 15 സൂക്തങ്ങളിൽ പറഞ്ഞ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കാത്തവരുമാണ്. പ്രത്യേകിച്ച് നിഷ്പക്ഷവാന് സാഷ്ടാംഗം പ്രണമിക്കാൻ കൽപിക്കുന്ന 19: 58; 25: 60 സൂക്തങ്ങൾ വായിക്കുമ്പോഴും കേൾക്കുമ്പോഴും പോലും അവർ സാഷ്ടാംഗം പ്രണമിക്കുകയില്ല. അപ്പോൾ അവർ കേട്ട, കണ്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി നാലാം ഘട്ടമായ ഇഹലോകത്ത് സ്വർഗം പണിതാൽ മാത്രമേ ഏഴാം ഘട്ടമായ പരലോകത്ത് അത് അനന്തരമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന ജീവിതലക്ഷ്യമുള്ളവനാണ്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുന്നവരായതിനാൽ ജീവിതലക്ഷ്യം മറന്നവരും പ്രജ്ഞയറ്റവരുമാണ്. അവരുടെ ആത്മാവിനെതിരെ മരണസമയത്ത് നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും അവർ വായിച്ചിട്ടുണ്ട്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത ഇത്തരം കാഫിറുകൾ സത്യമായ അദ്ദിക്റിനെ അവഗണിച്ച് 2: 168-169 സൂക്തങ്ങ

ളിൽ വിവരിച്ച പ്രകാരം മിഥ്യയായ പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരാണ്. അ വരുടെ കുറ്റങ്ങളെല്ലാം കാരുണ്യവാൻ പൊറുത്തുകൊടുക്കും എന്ന മിഥ്യാധാരണയിൽ ജീവിക്കുന്നവരാണ് അവർ.

നിഷ്പക്ഷവാൻ:- എല്ലാ മനുഷ്യരും കാഫിറുകളാകുമായിരുന്നില്ലെങ്കിൽ നിഷ്പക്ഷ വാനെ നിഷേധിക്കുന്നവരുടെ വീടുകളുടെ മച്ചുകളും മച്ചിലേക്ക് കയറിപ്പോകുന്ന കോ ണിപ്പടികളും വാതിലുകളും കട്ടിലുകളും ചാരുമഞ്ചങ്ങളും എല്ലാം നാം വെള്ളിയാലും ന വരത്നങ്ങളാലും അലംകൃതമാക്കുക തന്നെ ചെയ്യുമായിരുന്നു, എന്നാൽ ഇതെല്ലാം ത ന്നെ ഇഹത്തിലുള്ള ജീവിതവിഭവങ്ങളാകുന്നു. നിന്റെ നാഥന്റെ പക്കൽ ഗ്രന്ഥത്തെ സ ത്യപ്പെടുത്തി ജീവിക്കുന്ന സൂക്ഷ്മാലുക്കൾക്കുള്ളതാണ് പരലോകഭവനമെന്ന് 43: 33-35 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

കാഫിറുകളോട് നിഷ്പക്ഷവാനായ നാഥന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക എ ന്ന് പറയപ്പെട്ടാൽ അവർ ചോദിക്കുന്നതാണ്: ഏതാണ് ഈ നിഷ്പക്ഷവാൻ? നീ കൽ പി ക്കുന്നവർക്കൊക്കെയും ഞങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയോ? അത് അവരുടെ വി രോധം വർധിപ്പിക്കുകയാണ് ചെയ്യുക എന്ന് 25: 60 ൽ പറഞ്ഞിട്ടുണ്ട്. മുമ്പ് കഴിഞ്ഞുപോ യിട്ടുള്ള സമുദായങ്ങളിലേക്ക് പ്രവാചകന്മാരെ നിയോഗിച്ചതുപോലെ നാം നിന്നെ ഈ സമുദായത്തിലേക്ക് നിയോഗിച്ചിരിക്കുകയാണ്; നാം നിന്നിലേക്ക് ദിവ്യസന്ദേശമായി നൽ കിയിട്ടുള്ളത് നിഷ്പക്ഷവാനായ നാഥനെ നിഷേധിക്കുന്നവർക്ക് വിവരിച്ചുകൊടുക്കുന്ന തിനുവേണ്ടിയാണ്. നീ പറയുക: അവനാണ് എന്റെ നാഥൻ, അവനല്ലാതെ മറ്റൊരു ഇലാ ഹുമില്ല, ഞാൻ എന്നെ അവനിൽ ഭരമേൽപിച്ചിരിക്കുന്നു, അവനിലേക്ക് തന്നെയാണ് ഞാൻ ഖേദിച്ചുമടങ്ങുന്നതും എന്ന് 13: 30 ൽ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ഇലാഹ് ഏക ഇ ലാഹാകുന്നു, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല, അവൻ നിഷ്പക്ഷവാനായ കാരുണ്യ വാനാകുന്നു എന്ന് 2: 163 ൽ പറഞ്ഞിട്ടുണ്ട്. 27: 30; 41: 2; 59: 22 എന്നീ സൂക്തങ്ങളും അ വസാനിക്കുന്നത് അവൻ നിഷ്പക്ഷവാനായ കാരുണ്യവാനാകുന്നു എന്ന് പറഞ്ഞുകൊ ണ്ടാണ്.

ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥം മനുഷ്യരെ പഠിപ്പിച്ച നാഥൻ നിഷ്പക്ഷവാ നാണ്, അവൻ മനുഷ്യനെ സൃഷ്ടിക്കുകയും അവന് ഗ്രന്ഥത്തിന്റെ വിശദീകരണം പഠി പ്പിക്കുകയും ചെയ്തു എന്ന് 55: 1-4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും സ്വർ ഗത്തിൽ സൃഷ്ടിച്ച മനുഷ്യന് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമാണ് പഠി പ്പിച്ചത് എന്നും വിശദീകരണം ഭൂമിയിലേക്ക് നിയോഗിച്ചതിനുശേഷമാണ് പഠിപ്പിച്ചത് എന്നും മനസ്സിലാക്കാം. സന്ദേശവാഹകരായ 313 പ്രവാചകന്മാർക്കും നൽകിയിട്ടുള്ള സ ന്ദേശം സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണെന്ന് 16: 43-44; 21: 7, 24; 41: 41-43 തു ടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. നിനക്കുമുമ്പ് നിഷ്പക്ഷവാനല്ലാതെ സേവി ക്കപ്പെടാൻ അർഹരായി മറ്റേതെങ്കിലും ഇലാഹുകളുണ്ടായിരുന്നോ എന്ന് മുമ്പ് കഴിഞ്ഞു പോയ പ്രവാചകന്മാരോട് ചോദിക്കാൻ 43: 45 ലൂടെ പ്രവാചകൻ മുഹമ്മദിനോട് അല്ലാഹു കൽപിച്ചിട്ടുണ്ട്. പ്രവാചകന്റെ കാലത്തുള്ള കാഫിറുകൾ നിഷ്പക്ഷവാനായ നാഥന്റെ അടിമകളായ മലക്കുകളെ സ്ത്രീകളായിട്ടാണ് പരിഗണിച്ചിരുന്നത്. അവർ പറയുകയും ചെയ്തിരുന്നു: 'നിഷ്പക്ഷവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ സേവിക്കുമാ യിരുന്നില്ല' എന്ന് 43: 19-20 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാന് ഒരു സന്താനം ഉണ്ടായിരുന്നുവെങ്കിൽ അവനെ സേവിക്കുന്നവരിൽ ഒന്നാമൻ ഞാനാകുമായിരുന്നു എ ന്ന് പറയാൻ 43: 81 ലൂടെ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. പ്രവാചകന്റെ കാലത്തുള്ള കാ

ഫിറുകൾ പ്രവാചകനെ പരിഹാസപാത്രമായല്ലാതെ കണ്ടിരുന്നില്ല. അവർ ചോദിക്കുക യും ചെയ്തിരുന്നു: ഇതാണോ നിങ്ങളുടെ ഇലാഹുകളെക്കുറിച്ച് സംസാരിക്കുന്നത്? അ വരാകട്ടെ, നിഷ്പക്ഷവാനെ ഓർമിപ്പിക്കുന്ന അദ്ദിക്റിനെ നിഷേധിക്കുന്നവരുമാണ് എ ന്ന് 21: 36 ൽ പറഞ്ഞിട്ടുണ്ട്. ആരാണ് രാത്രിയിൽ അല്ലെങ്കിൽ പകലിൽ നിഷ്പക്ഷവാ നിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്താനുള്ളത്; അല്ല, അവർ തങ്ങളുടെ നാഥന്റെ സ്മരണ ഉണ്ടാക്കുന്ന അദ്ദിക്റിനെ അവഗണിച്ചുപോകുന്നവരാണ് എന്ന് പറയാൻ 21: 42 ൽ പ്രവാ ചകനോട് കൽപിച്ചിട്ടുണ്ട്.

വിധിദിവസത്തിലെ ആധിപത്യം യഥാർത്ഥത്തിൽ നിഷ്പക്ഷവാനാണ് എന്ന് 25: 26 ലും, നിഷ്പക്ഷവാനിൽ നിന്നുള്ള പുതിയതായ ഒരു ഉണർത്തലും അവർക്ക് വരുന്നില്ല, അവർ അതിനെ അവഗണിക്കുന്നവരായിട്ടല്ലാതെ എന്ന് 26: 5 ലും പറഞ്ഞിട്ടുണ്ട്. നിശ്ച യം നീ ഉണർത്തുക അദ്ദിക്റിനെ പിൻപറ്റുന്നവനെയും ഗ്രന്ഥത്തിൽ നിന്ന് നിഷ്പക്ഷവാ നെ കണ്ടുകൊണ്ട് ഭയപ്പെടുന്നവനെയും മാത്രമാണ്, അപ്പോൾ അവനെ പാപമോചനം കൊണ്ടും മാന്യമായ പ്രതിഫലം കൊണ്ടും ശുഭവാർത്ത അറിയിക്കുക എന്ന് 36: 11 ലും, ഗ്രന്ഥം പിൻപറ്റി ജീവിക്കുന്ന സൂക്ഷ്മാലുക്കളും നിഷ്പക്ഷവാനെ ഗ്രന്ഥത്തിൽ നിന്ന് ക ണ്ടുകൊണ്ട് ഭയപ്പെടുന്നവരും ആത്മാവുകൊണ്ട് അവനിലേക്ക് ഖേദിച്ച് മടങ്ങുന്നവരുമാ യ സൂക്ഷ്മാലുക്കൾക്ക് വിദൂരമല്ലാതെ സ്വർഗം അടുപ്പിക്കുമെന്ന് 50: 31 ലും പറഞ്ഞിട്ടു ണ്ട്. നിഷ്പക്ഷവാന്റെ സൃഷ്ടിപ്പിൽ ഒരു ന്യൂനതയും കണ്ടെത്താൻ നിനക്ക് സാധ്യമല്ല എന്ന് 67: 3 ലും, അവർക്ക് മുകളിൽ ചിറകടിച്ചും ചിറക് നിശ്ചലമാക്കിയും പറക്കുന്ന പ ക്ഷികളെ അവർ ശ്രദ്ധിച്ചിട്ടില്ലേയോ? നിഷ്പക്ഷവാനല്ലാതെ അവയെ താങ്ങിനിർത്തു ന്നില്ല, അവൻ എല്ലാ ഓരോ കാര്യവും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് എന്ന് 67: 19 ലും പറഞ്ഞിട്ടുണ്ട്. നീ പറയുക: ആരെക്കൊണ്ടാണോ ഞങ്ങൾ വിശ്വസിച്ചിട്ടുള്ളത്, ആ രിലാണോ ഞങ്ങൾ ഭരമേൽപിച്ചിട്ടുള്ളത്, അവൻ നിഷ്പക്ഷവാനാണ്; അപ്പോൾ ആരാ ണ് വ്യക്തമായ വഴികേടിലുള്ളതെന്ന് അടുത്തുതന്നെ നിങ്ങൾ അറിയുന്നതാണ് എന്ന് 67: 29 ലും പറഞ്ഞിട്ടുണ്ട്.

നിങ്ങൾ അല്ലാഹ് എന്നോ നിഷ്പക്ഷവാൻ എന്നോ വിളിച്ചുപ്രാർത്ഥിക്കുക, നിങ്ങൾ ഏത് പേര് വിളിച്ചാലും എല്ലാ നല്ല പേരുകളും അല്ലാഹുവിനുള്ളതാണെന്ന് 17: 110 ലും, ആദം സന്തതികളിൽ പെട്ട അല്ലാഹുവിന്റെ കാരുണ്യത്തിന് വിധേയരായ നബിമാരുടെ യും പ്രവാചകന്മാരുടെയും മാർഗദർശനം ചെയ്യപ്പെട്ടവരുടെയും സ്വഭാവം, അവർക്ക് നി ഷ്പക്ഷവാനായ നാഥന്റെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ അവർ കരഞ്ഞു കൊണ്ട് സാഷ്ടാംഗപ്രണാമത്തിൽ വീഴലാണ് എന്ന് 19: 58 ലും പറഞ്ഞിട്ടുണ്ട്. നിഷ്പ ക്ഷവാനായ നാഥനെ ഗ്രന്ഥത്തിൽ നിന്ന് കണ്ടുകൊണ്ട് ഭയപ്പെട്ട് ജീവിക്കുന്നവർക്ക് നി ത്യാനന്ദ അനുഗ്രഹങ്ങളടങ്ങിയ സ്വർഗപ്പൂന്തോപ്പുകൾ വാഗ്ദത്തം ചെയ്തിട്ടുണ്ടെന്ന് 19: 61 ലും; ഉടമ്പടി പാലിക്കുന്നവർക്കൊഴികെ നിഷ്പക്ഷവാന്റെ അടുത്ത് ശുപാർശക്ക് അ ധികാരമുണ്ടാവുകയില്ല എന്ന് 19: 87 ലും പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ സിം ഹാസനത്തിൽ ഉപവിഷ്ടനായി എന്ന ആശയത്തിലാണ് 20: 5 അവസാനിക്കുന്നത്. നീ പറയുക: ആരാണോ വഴികേടിൽ ചരിക്കുന്നത്, നിഷ്പക്ഷവാൻ അവന് ജീവിതാവധി നീട്ടിക്കൊടുക്കുന്നതാണ് എന്ന് 19: 75 ൽ പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളെയും അവക്കിട യിലുള്ള സർവ്വവസ്തുക്കളെയും ആറ് നാളുകളിലായി സൃഷ്ടിക്കുകയും പിന്നെ സിം ഹാസനസ്ഥനാവുകയും ചെയ്ത നിഷ്പക്ഷവാനായ ത്രികാലജ്ഞാനിയെക്കുറിച്ച് 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവായ

ത്രികാലജ്ഞാനിയോട് ചോദിക്കാനാണ് പ്രവാചകനോട് 25: 59 ൽ കൽപിച്ചിട്ടുള്ളത്.

കാരുണ്യവാൻ:- 7: 32 ൽ 'നീ ചോദിക്കുക: അല്ലാഹു തന്റെ അടിമകൾക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള അലങ്കാരങ്ങളും ഭക്ഷണവിഭവങ്ങളിൽ നിന്നുള്ള പരിശുദ്ധമായവയും നിഷിദ്ധമാക്കിയത് ആരാണ്? നീ പറയുക: അവ ഭൗതികജീവിതത്തിൽ വിശ്വാസികളായവർക്ക് വേണ്ടിയുള്ളതാണ്, പരലോകത്ത് അവ അവർക്ക് മാത്രമുള്ളതുമാണ്' എന്ന് പറഞ്ഞിട്ടുണ്ട്. 26: 10-66 സൂക്തങ്ങളിൽ മൂസായുടെയും ഫിർഔനിന്റെയും; 26: 69-102 സൂക്തങ്ങളിൽ ഇബ്റാഹീമിന്റെയും ജനതയുടെയും; 26: 105-120 സൂക്തങ്ങളിൽ നൂഹിന്റെയും ജനതയുടെയും; 26: 123-138 സൂക്തങ്ങളിൽ ഹൂദിന്റെയും ആദ് ജനതയുടെയും; 26: 141-157 സൂക്തങ്ങളിൽ സ്വാലിഹിന്റെയും സമൂദ് ജനതയുടെയും; 26: 160-173 സൂക്തങ്ങളിൽ ലൂത്തിന്റെയും ജനതയുടെയും; 26: 176-189 സൂക്തങ്ങളിൽ ശുഐബ് നബിയുടെയും ജനതയുടെയും സംഭവചരിത്രങ്ങൾ വിവരിച്ചശേഷം 26: 190-191 സൂക്തങ്ങളിൽ കാഫിറുകളെ നശിപ്പിച്ച് ഭൂമിയെ ശുദ്ധമാക്കിത്തന്നത് അവന്റെ ദൃഷ്ടാന്തമാണെന്നും അവരിൽ അധിക പേരും വിശ്വാസികളായില്ല, 'നിശ്ചയം നിന്റെ നാഥൻ അജയ്യനായ കാരുണ്യവാനാണ്' എന്ന് പറഞ്ഞിട്ടുണ്ട്. 26: 217 ൽ അജയ്യനായ കാരുണ്യവാനിൽ ഭരമേൽപിക്കുകയും ചെയ്യുക എന്ന് പ്രവാചകനോട് കൽപിച്ചിട്ടുണ്ട്.

പൂർവ്വിക സമുദായത്തിൽ വേശ്യാവൃത്തി ചെയ്ത് ജീവിച്ചിരുന്ന ഒരു സ്ത്രീ ദാഹിച്ച് മണ്ണുകപ്പുന്ന നായക്ക് സ്വന്തം പാദരക്ഷ ഉപയോഗിച്ച് വെള്ളം കോരിക്കൊടുത്ത് ദാഹം തീർത്തതിന്റെ പേരിൽ അല്ലാഹു അവളെ സ്വർഗത്തിലാക്കി എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിക്കുകയുണ്ടായി. എന്നാൽ *ഇസ്റാഈൽ സന്തതികളിൽ നിന്ന് തന്നെയുള്ള കപടഭക്തയായ ഒരു സ്ത്രീ പൂച്ചയെ കെട്ടിയിടുകയും അല്ലാഹുവിന്റെ ഭൂമിയിൽ ഇരതേടുന്നതിൽ നിന്ന് തടഞ്ഞ് അതിന്റെ ജീവഹാനിക്ക് കാരണക്കാരിയാവുകയും ചെയ്തതിന്റെ പേരിൽ അവൾ നരകത്തിലായി* എന്നും പഠിപ്പിച്ചിട്ടുണ്ട്.

39: 53 ൽ, സൃഷ്ടിയാണെന്ന പരിധിലംഘിച്ച് അതിരുകവിഞ്ഞ് കുറ്റകൃത്യങ്ങളിൽ മുഴുകി ജീവിക്കുന്നവരോട്: അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടരുത്, അവൻ എല്ലാ കുറ്റങ്ങളും ഒറ്റയടിക്ക് പൊറുത്തുതരാൻ കഴിവുള്ളവനാണ് എന്ന് പറയാനാണ് പ്രവാചകനോടും അതുവഴി വിശ്വാസിയോടും കൽപിക്കുന്നത്. തെറ്റുകുറ്റങ്ങൾ പൊറുത്തുകിട്ടുന്നതിന് നാഥനിലേക്ക് ആത്മാവുകൊണ്ട് തിരിയുകയും തന്റെ മരണത്തിനുമുമ്പ് സർവസ്വം നാഥന് സമർപ്പിക്കുകയും ചെയ്യുക, മരണം സംഭവിക്കുന്നതിനുമുമ്പ് ഏറ്റവും നല്ലതായ അദ്ദിക്ർ പിൻപറ്റുക എന്നീ ഉപാധികൾ 39: 54-55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥൻ അവന്റെ കാരുണ്യത്തിൽ നിന്നുള്ള നൂറിൽ ഒരുഭാഗം മാത്രമാണ് ഭൂമിയിലേക്ക് വീതിച്ച് നൽകിയിട്ടുള്ളത്. ബാക്കി 99 ഭാഗവും അവന്റെ പക്കലാണുള്ളത്. ജീവികൾ തമ്മിൽ പരസ്പരം കാണിക്കുന്ന സ്നേഹവും കാരുണ്യവുമെല്ലാം അവന്റെ കാരുണ്യത്തിന്റെ ഒരു ഭാഗം മാത്രമാണ്. 28: 16; 34: 2; 41: 32; 42: 5; 46: 8; 49: 5, 14; 57: 28; 58: 12; 60: 7, 12; 64: 14; 66: 1; 73: 20 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത് അല്ലാഹു ഏറെ പൊറുക്കുന്ന കാരുണ്യവാനാണ് എന്ന് പറഞ്ഞുകൊണ്ടാണ്.

കാരുണ്യം:- 6: 12 ലും 6: 54 ലും കാരുണ്യം നാഥന്റെ സ്ഥായിയായ സ്വഭാവമാക്കിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 7: 52, 203; 12: 111; 16: 64 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നത് അദ്ദിക്ർ വിശ്വാസികളായ ജനതക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് പറഞ്ഞുകൊണ്ടാണ്. എല്ലാ ജീവജാലങ്ങൾക്കും ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യുന്നതിന് സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനും ഭൂമിയിൽ രക്തച്ചൊരിച്ചിൽ നിർത്ത

ലാക്കി മനുഷ്യരുടെ ഐക്യം സ്ഥാപിക്കുന്നതിനും കപടവിശ്വാസികൾക്ക് ഇവിടെ കുറഞ്ഞ കാലത്തെ സ്വർഗീയ ജീവിതം ആസ്വദിക്കുന്നതിനും വേണ്ടി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്തുന്നതിനായി വിശ്വാസികൾ ഏറ്റവും വലിയ കാരുണ്യമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയും ലോകർക്ക് ഉപയോഗപ്പെടുത്താൻ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതാണ്.

3. വിധിദിവസത്തിന്റെ അധിപനായവൻ.

എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന, ഉറക്കവും മയക്കവുമില്ലാത്ത, ആദ്യനും അന്ത്യനുമായ, ഉപമയും ഉദാഹരണവുമില്ലാത്ത, ഏകാധിപനും സ്വേച്ഛാധിപനും സർവ്വാധിപനും ത്രികാലജ്ഞാനിയുമായ രാജാധിരാജന്റെ മുമ്പിൽ എല്ലാ ഓരോരുത്തരും പതിനഞ്ച് വയസ്സിനുശേഷം മരണം വരെയുള്ള ഇഹലോക ജീവിതത്തിലെ ഓരോ നിമിഷത്തെക്കുറിച്ചും നഗ്നരായി, നഗ്നപാദരായി, ചേലാകർമ്മരഹിതരായി ഒറ്റക്കൊറ്റക്കായി ഉത്തരം പറയേണ്ടിവരുന്ന ദിനമാണ് വിധിദിവസം. ആ ദിനത്തെ പരിചയപ്പെടുത്തുന്നതാണ് ഗ്രന്ഥത്തിലെ മൂന്നിലൊന്ന് സൂക്തങ്ങൾ. ഇവിടെ ഭ്രാന്തന്മാരായി ജീവിച്ച കാഫിറുകളുടെ തൊലികൾ, കേൾവികൾ, കാഴ്ചകൾ തുടങ്ങിയവയെല്ലാം അന്ന് അവർക്കെതിരായി സാക്ഷ്യം വഹിക്കും എന്ന് 41: 19–24 സൂക്തങ്ങളിലും; അന്നേദിനം അവരുടെ വായക്ക് നാം മുദ്രവെക്കുകയും അവർ സമ്പാദിച്ചതിനെത്തൊട്ട് നമ്മോട് അവരുടെ കൈകൾ സംസാരിക്കുകയും കാലുകൾ സാക്ഷി നിൽക്കുകയും ചെയ്യുമെന്ന് 36: 65 ലും പറഞ്ഞിട്ടുണ്ട്. ആ ദിനത്തെക്കുറിച്ച്: ഭൂമി അതിന്റെ റിക്കാർഡുകൾ സമർപ്പിക്കുന്ന ദിനം എന്ന് 99: 4 ലും; നാവുകളും ഗുഹ്യസ്ഥാനങ്ങളും ഗർഭപാത്രങ്ങളും ഉൾപ്പെടെ എല്ലാ അവയവങ്ങളും അവയുടെ റിക്കാർഡ് സമർപ്പിക്കുന്ന ദിനം എന്ന് 4: 1; 17: 36; 24: 24 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അന്ന് അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ തന്നെ അവർക്കെതിരായി സാക്ഷ്യം വഹിക്കുമെന്ന് 17: 13–14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 18: 49; 23: 62–63; 36: 12; 45: 28–29; 58: 6; 78: 27–29 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞ ഗ്രന്ഥവും ഈ കർമരേഖ തന്നെയാണ്. എല്ലാ ആത്മാവും അവർക്കുവേണ്ടി മുൻകൂട്ടി ഒരുക്കിവെച്ചത് കാണുന്ന ദിനം അദ്ദിക്റിനെ മൂടിവെച്ച കാഫിർ 'ഞാൻ മണ്ണായിത്തീർന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് വിലപിക്കുമെന്ന് 78: 40 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നാലാം ഘട്ടമായ ഐഹികലോക ജീവിതം ഏഴാം ഘട്ടത്തിലേക്കുള്ള കൃഷിയിടമാണെന്ന ബോധത്തിൽ പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതം നയിച്ച് അമ്പത് ശതമാനത്തിൽ കൂടുതലെങ്കിലും വായിക്കാൻ കൊള്ളാവുന്ന വാക്കും പ്രവൃത്തിയും ചിന്തയും തന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തിയവർ മാത്രമേ വിധിദിവസം വലതുകൈയിൽ ഗ്രന്ഥം ലഭിച്ച് വിചാരണക്ക് ശേഷം സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ. അവർ അവരുടെ കുടുംബാംഗങ്ങളുടെ ജീവിതവും അദ്ദിക്റിന്റെ വെളിച്ചത്തിലുള്ളതാക്കി മാറ്റാൻ ജാഗ്രത പുലർത്തുന്നതുമാണ്.

ഇസ്റാഈൽ സന്തതികളെ അഭിസംബോധനം ചെയ്തുകൊണ്ട് ഒരാളും മറ്റൊരാൾക്ക് ഒരുനിലക്കും ഉപകാരപ്പെടാത്ത ഒരു നാളിനെ സൂക്ഷിക്കുക, അന്ന് ഒരാളിൽ നിന്നും ശുപാർശയോ പ്രായശ്ചിത്തമോ സ്വീകരിക്കപ്പെടുകയില്ല, അവർ ഒരുനിലക്കും സഹായിക്കപ്പെടുകയുമില്ല എന്ന് 2: 48, 123 സൂക്തങ്ങളിലൂടെ മൊത്തം മനുഷ്യരെ അല്ലാഹു പഠിപ്പിക്കുന്നു. അവിഹിത മാർഗത്തിൽ പണം സമ്പാദിച്ച് ശരീരം നിഷിദ്ധമാക്കരുതെന്നും സകാത്ത് നൽകി സ്വയം ശുദ്ധീകരിക്കണമെന്നും പറഞ്ഞ ശേഷം 2: 281 ൽ എല്ലാ ഓരോ ആത്മാവിനും അത് സമ്പാദിച്ചതിനുള്ള പരിപൂർണ്ണ പ്രതിഫലം നൽകപ്പെടുന്ന, ആരും

അൽപം പോലും അനീതി കാണിക്കപ്പെടാത്തതുമായ ഒരു ദിനത്തെ നിങ്ങൾ സൂക്ഷിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. അറിവിൽ അഗാധജ്ഞാനം നേടിയവർ പ്രാർത്ഥിക്കുന്നതാണ്: ഞങ്ങളുടെ നാഥാ, നീ ജനങ്ങളെ എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന ഒരു നാളുണ്ട്, ആ നാളിന്റെ കാര്യത്തിൽ സംശയമില്ല തന്നെ, നിശ്ചയം നീ വാഗ്ദത്തങ്ങൾ ലംഘിക്കുകയില്ല തന്നെ എന്ന് 3: 9 ലും; അദ്ദിക്റിനെ മൂടിവെക്കുകയും പ്രവാചകനെ ധിക്കരിക്കുകയും ചെയ്തവർ ഭൂമി പിളർന്ന് തങ്ങളെ വിഴുങ്ങിക്കൊണ്ട് നിരപ്പായിരുന്നുവെങ്കിൽ എന്ന് ആഗ്രഹിച്ചുപോകും, അവരുടെ ഒരു വർത്തമാനവും അല്ലാഹു മറച്ചുവെക്കുകയുമില്ല എന്ന് 4: 42 ലും പറഞ്ഞിട്ടുണ്ട്. 4: 41; 16: 89; 39: 69 എന്നീ സൂക്തങ്ങൾ പ്രകാരം വിധിദിവസം എല്ലാ ഓരോ സമുദായത്തിൽ നിന്നും സാക്ഷിയായി നബിമാരെയും വിശ്വാസികളെയും കൊണ്ടുവരുന്നതാണ്, ആ ദിനത്തിൽ എല്ലാ ഓരോ ആത്മാവിനെയും സ്വന്തത്തിനെതിരായി തർക്കിക്കുന്നവരായിട്ട് കൊണ്ടുവരുന്നതും എല്ലാ ഓരോ ആത്മാവിനും അവൾ പ്രവർത്തിച്ചതിനുള്ള പൂർണ്ണമായ പ്രതിഫലം കൊടുക്കുന്നതുമാണ്, ആരോടും ഒട്ടും അനീതി കാണിക്കുകയുമില്ല എന്ന് 16: 111 ലും; എല്ലാ ഓരോ ആത്മാവും അത് സമ്പാദിച്ച നന്മയും അത് സമ്പാദിച്ച തിന്മയും ഹാജരാക്കപ്പെടുന്ന ഒരു ദിവസം കണ്ടുമുട്ടുന്നതാണ്, അന്ന് അവന്റെയും ആ ദിനത്തിന്റെയുമിടയിൽ അതിവിദൂരമായ അകൽച്ച ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ ആഗ്രഹിക്കും, അല്ലാഹു അവനെക്കുറിച്ചുതന്നെ നിങ്ങളെ ജാഗരൂകരാക്കുന്നു, അല്ലാഹുവാകട്ടെ അവന്റെ അടിമകളോട് വളരെ കൃപയുള്ളവനുമാകുന്നു എന്ന് 3: 30 ലും പറഞ്ഞിട്ടുണ്ട്. 4: 87 ൽ, അല്ലാഹു, അവൻ ഒഴികെ മറ്റൊരു ഇലാഹുമില്ല, വിധിദിവസം നിങ്ങളെ എല്ലാവരെയും ഒരുമിച്ചുകൂട്ടും, അതിന്റെ കാര്യത്തിൽ സംശയമില്ല, അല്ലാഹുവിനേക്കാൾ സത്യം പറയുന്നവൻ ആരുണ്ട് എന്ന് ചോദിക്കുന്നു.

3: 91; 5: 36; 10: 54; 13: 18; 39: 47 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ഗ്രന്ഥം കിട്ടിയിട്ട് അതിന്റെ ആശയത്തെ മൂടിവെക്കുകയും നിഷേധത്തിനുമേൽ നിഷേധം കൈകൊള്ളുകയും ചെയ്യുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾക്ക് ഭൂമിയിലുള്ള സർവ്വസ്വവും അത്ര വേറെയും ലഭിച്ചിട്ട് അതുകൊണ്ട് തെണ്ടം നൽകി ആ ദിനത്തിലെ ശിക്ഷയിൽ നിന്ന് മോചനം നേടാമെന്ന് കരുതിയാൽ സാധിക്കുകയില്ല, അവർക്ക് ഒരു സഹായിയും ഉണ്ടാവുകയില്ല എന്നുപറഞ്ഞിട്ടുണ്ട്. അല്ലാഹു എല്ലാ പ്രവാചകന്മാരെയും ഒരുനാളിൽ ഒരുമിച്ചു കൂട്ടുന്നതും എന്ത് മറുപടിയും കൊണ്ടാണ് നിങ്ങൾ വന്നിട്ടുള്ളത് എന്ന് ചോദിക്കുന്നതുമാണ്. അപ്പോൾ അവർ പറയും: 'ഞങ്ങളുടെ പക്കൽ യാതൊരു അറിവുമില്ല, നിശ്ചയം അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞാനി നീ മാത്രമാണ്' എന്ന് 5: 109 ലും; അയക്കപ്പെട്ട പ്രവാചകന്മാരെയും ആരിലേക്കാണോ അയക്കപ്പെട്ടത്, ആ ജനതയെയും നാം ചോദ്യം ചെയ്യുക തന്നെ ചെയ്യുമെന്ന് 7: 6 ലും പറഞ്ഞിട്ടുണ്ട്. എല്ലാവരേയും ഒരുമിച്ചുകൂട്ടുന്ന നാളിൽ ഫുജ്ജാറുകളായ മുശ്രിക്കുകളോട് അല്ലാഹു ചോദിക്കുന്നതാണ്: 'എന്നെക്കൂടാതെ നിങ്ങൾ സ്വീകരിച്ചിരുന്ന നിങ്ങളുടെ പങ്കാളികൾ എവിടെ?' അപ്പോൾ അവർ പറയും: 'ഞങ്ങളുടെ ഉടമയായ നാഥാ, ഞങ്ങൾ ഒരിക്കലും പങ്കുചേർക്കുന്നവരായിരുന്നില്ല.' നോക്കൂ പ്രവാചകാ, അവർ സ്വന്തത്തിനെതിരായി എങ്ങനെയാണ് നുണ പറയുന്നത്, അവർ കെട്ടിച്ചമച്ചതെല്ലാം അവരെ വിട്ടുപോയിരിക്കുന്നു എന്ന് 6: 22–24 സൂക്തങ്ങളിലും; അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചു പ്രാർത്ഥിച്ചിരുന്നതും നേർച്ചവഴിപാടുകൾ നൽകിയിരുന്നതുമെല്ലാം സ്വയം നിഷേധിക്കുമെന്ന് 28: 62–64; 35: 13–14 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ള

വർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന ഭ്രാന്തന്മാർ വിധിദിവസം നരകത്തിന്റെ വക്കിൽ നിർത്തപ്പെടുമ്പോൾ: 'ഓ ഞങ്ങളുടെ കഷ്ടം, ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വാസികളാകുന്നതിനുവേണ്ടി ഞങ്ങളെ ഒരിക്കൽ കൂടി ഐഹികജീവിതത്തിലേക്കുതന്നെ അയച്ചാലും' എന്ന് പറയുമെന്ന് 6: 25–27; 7: 53; 32: 12; 40: 11 തുടങ്ങിയ സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ അന്ന് അവരോട് അൽപം പോലും അനീതി കാണിക്കുകയില്ല, എല്ലാ ഓരോ ആത്മാവിനും അവരവർ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകുന്നതും വളരെ വേഗത്തിൽ അവരുടെ കണക്കുകൾ നോക്കുന്നതുമാണ്. 6: 28 ൽ, അന്ന് അവർ ഐഹികലോകത്തുവെച്ച് മറന്നുകളഞ്ഞ എല്ലാ തെറ്റുകളും വെളിവാക്കപ്പെടുമെന്നും ഇനി അഥവാ അവരെ ഐഹികലോകത്തേക്കുതന്നെ തിരിച്ചയച്ചാലും അവരോട് വിരോധിച്ചതുതന്നെയാണ് വീണ്ടും പ്രവർത്തിക്കുകയെന്നും നിശ്ചയം അവർ നുണ പറയുന്നവർ തന്നെയാണെന്നും പറഞ്ഞിട്ടുണ്ട്. അവർ കണക്കുകൂട്ടുകപോലും ചെയ്യാത്ത അവരുടെ എല്ലാ രഹസ്യങ്ങളും തിന്മകളും അന്ന് വെളിപ്പെടുത്തുമെന്ന് 39: 48; 45: 33; 86: 9 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖ പുറത്തെടുത്ത് നൽകി ഓരോരുത്തരെക്കൊണ്ടും വായിപ്പിക്കുമ്പോൾ ഇത്തരം ഭ്രാന്തന്മാർ അതിലുള്ളതിൽ കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ വിവരിച്ചിട്ടുണ്ട്.

സൃഷ്ടിക്കപ്പെട്ടതുപോലെ ഒറ്റയ്ക്കൊറ്റക്കായിട്ടാണ് ഓരോരുത്തരും വിധിദിവസം അല്ലാഹുവിന്റെ മുന്നിൽ ഉത്തരം പറയേണ്ടതെന്നും അവർക്ക് അവിടെ ഭൂമിയിലെ യാതൊരു സമ്പത്തും ഉപയോഗപ്പെടുകയില്ലെന്നും അവരുടെ പങ്കാളികളുമായുള്ള ബന്ധങ്ങളെല്ലാം അന്ന് മുറിച്ചുകളയുമെന്നും 6: 94 ൽ പറഞ്ഞിട്ടുണ്ട്. ഒറ്റയ്ക്കൊറ്റക്കായിട്ടാണ് കൊണ്ടുവരപ്പെടുക എന്ന് 18: 48; 19: 80, 95 തുടങ്ങിയ സൂക്തങ്ങളിലും; അല്ലാഹുവിനെ കാണാതിരിക്കത്തക്ക വിധം ഫുജ്ജാറുകളായ കാഫിറുകൾക്കും അവരുടെ നാഥനുമിടയിൽ മറയിടപ്പെടുമെന്ന് 83: 15 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അദ്ദിക്ർ എന്ത്, എന്തിന്, എന്തുകൊണ്ട് എന്നൊന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ തള്ളിക്കളയുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ മരണസമയത്ത് അവർ കാഫിറുകളായിരുന്നു എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്താത്ത ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽപെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58–59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം തെമ്മാടികളും അക്രമികളുമായ കാഫിറുകൾ തന്നെയാണ് നരകത്തിന്റെ വിറകുകളെന്ന് 2: 39; 3: 10, 116; 5: 10, 86; 57: 19; 64: 10 എന്നീ സൂക്തങ്ങളിലെല്ലാം ഇവർ വായിച്ചിട്ടുള്ളതാണ്. മാതാപിതാക്കൾ മക്കൾക്ക് അദ്ദിക്ർ പഠിപ്പിക്കാതിരുന്നാൽ മക്കൾ അവരെക്കുറിച്ച്: ഇവരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത്, ഇവർക്ക് നീ ഇരട്ടി ശിക്ഷ നൽകണേ എന്ന് നരകത്തിൽ വെച്ച് പറയുമെന്ന് 7: 38 ലും; അദ്ദിക്റിന്റെ മാർഗമായ പ്രവാചകന്റെ മാർഗം അവഗണിച്ചുകൊണ്ട് കപടവിശ്വാസികളായ നേതാക്കൻമാരെയും കേമൻമാരെയും അനുസരിച്ച കാഫിറുകളുടെ മുഖം നരകത്തിൽ തിരിച്ചും മറിച്ചും വേവിക്കപ്പെടുമ്പോൾ: ഞങ്ങളെ പിഴപ്പിച്ച നേതാക്കൾക്ക് ഇരട്ടിശിക്ഷ നൽകണമെന്നും അവരെ അധികരിച്ച് ശപിക്കണമെന്നും പറയുന്ന രംഗം 33: 66–68 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അവർ എല്ലാവരും ഒരുനാളിൽ അല്ലാഹുവിന്റെ മുമ്പിൽ മറയില്ലാതെ വെളിപ്പെടുന്നതാണ്. ഇഹലോകത്ത് ദുർബലരായിരുന്ന അനുയായികൾ കേമൻമാരായി ചമഞ്ഞിരുന്ന നേതാക്കളോട് അന്ന് പറയും: 'നിശ്ചയം ഭൗതികലോകത്ത് ഞങ്ങൾ നിങ്ങളെയായിരുന്നല്ലോ പിൻപറ്റിയിരുന്നത്, അപ്പോൾ ഇവിടെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് വല്ലതും ഞങ്ങളിൽ നിന്ന് നീക്കിത്തരാൻ നിങ്ങൾക്ക് സാധിക്കുമോ?' അവർ പറയും: 'ഞങ്ങളെ അല്ലാഹു സന്മാർഗത്തിലാക്കിയിരുന്നുവെങ്കിൽ നിശ്ചയം ഞങ്ങൾ നിങ്ങളെയും സന്മാർഗത്തിലാക്കുമായിരുന്നു; ഇപ്പോൾ ഇവിടെ നാം പരസ്പരം കലഹിച്ചാലും ക്ഷമിച്ചാലും തുല്യമാണ്, ഒരു നിലക്കും നമ്മെ രക്ഷിക്കാൻ ആരുമില്ല' എന്ന് 14: 21 ലും; അന്നേദിവസം നേതാക്കളും അനുയായികളും പരസ്പരമുള്ള ബന്ധങ്ങൾ മുറിച്ചുകളയുന്നതും, ഞങ്ങൾക്ക് ഒരു അവസരം കിട്ടുകയാണെങ്കിൽ ഇന്ന് ഞങ്ങളിൽ നിന്നും നിങ്ങൾ വിമുക്തരായതുപോലെ ഞങ്ങൾ നിങ്ങളെയും ഒഴിവാക്കുമായിരുന്നു എന്ന് അനുയായികൾ നേതാക്കളോട് പറയുമെന്ന് 2: 165-167 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത കാഫിറുകളായ അക്രമികൾ ഒരുമിച്ചുകൂട്ടപ്പെടുന്ന നാളിൽ: നിങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾ വിശ്വാസികളാകുമായിരുന്നു എന്ന് അനുയായികൾ നേതാക്കളോടും; സന്മാർഗമായ അദ്ദിക്ർ നിങ്ങൾക്ക് വന്നുകിട്ടിയതിനു ശേഷം ഞങ്ങളാണോ നിങ്ങളെ അതിൽ നിന്ന് തടഞ്ഞത്; അല്ല, നിങ്ങൾ ഭ്രാന്തൻമാർ തന്നെയായിരുന്നു എന്ന് നേതാക്കൾ അനുയായികളോടും പറയുമെന്ന് 34: 31-32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 26: 91-102 സൂക്തങ്ങളിൽ, ലക്ഷ്യബോധം നഷ്ടപ്പെട്ടവർക്ക് നരകം അടുപ്പിക്കുന്നതാണ്. അവരോട് ചോദിക്കും: അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ഇബാദത്ത് ചെയ്തിരുന്നവർ (സേവിച്ചുകൊണ്ടിരുന്നവർ, വിളിച്ച് പ്രാർത്ഥിച്ചിരുന്നവർ) ഇപ്പോൾ എവിടെ? അവർക്ക് നിങ്ങളെ സഹായിക്കാൻ സാധിക്കുന്നുണ്ടോ? അല്ലെങ്കിൽ അവർക്ക് അവരെത്തന്നെ സഹായിക്കാൻ സാധിക്കുന്നുണ്ടോ? അങ്ങനെ അവരെയും അവരെ അതിന് പ്രേരിപ്പിച്ചിരുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട നേതാക്കളെയും ഇബ്ലീസിന്റെ പട്ടാളത്തെ മുഴുവനും ആ നരകത്തിൽ അടുക്കിവെക്കുന്നതാണ്. അവർ അതിൽ പരസ്പരം തർക്കിച്ചുകൊണ്ട് പറയും: നിശ്ചയം ഞങ്ങൾ സർവ്വലോകങ്ങളുടെയും ഉടമക്ക് സമന്മാരെ വെച്ചപ്പോൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു, ഭ്രാന്തന്മാരല്ലാതെ ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല. അപ്പോൾ ഇവിടെ ഞങ്ങൾക്ക് ശുപാർശക്കാരിൽ നിന്നുള്ളവരോ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ഒരു ആത്മമിത്രമോ ഇല്ലല്ലോ, ഞങ്ങൾക്ക് ഒരു അവസരം കൂടി കിട്ടിയിരുന്നെങ്കിൽ ഞങ്ങൾ വിശ്വാസികളാകുമായിരുന്നല്ലോ എന്ന് പറയുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 37: 28-34 സൂക്തങ്ങളിൽ, അനുയായികൾ പറയും: 'നിങ്ങൾ ഞങ്ങളെ അധികാരത്തോടുകൂടി വലതുഭാഗത്തിലൂടെ (ഞങ്ങളെ സൻമാർഗത്തിലേക്ക് നയിക്കുന്നവരാണെന്ന നാട്യത്തോടെ) സമീപിച്ചിരുന്നുവല്ലോ,' അപ്പോൾ നേതാക്കൻമാർ പറയും: 'അല്ല, നിങ്ങൾ വിശ്വാസികളായിരുന്നില്ല, ഞങ്ങൾക്ക് നിങ്ങളിൽ ഒരു സ്വാധീനവും ഉണ്ടായിരുന്നില്ല, നിങ്ങൾ പരിധി ലംഘിച്ചവരായിരുന്നു. നമ്മുടെ മേൽ നാഥന്റെ വചനം പൂർത്തിയായി, നമ്മൾ അത് ആസ്വദിക്കുക തന്നെ വേണം, ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരായതുപോലെ നിങ്ങളെയും നഷ്ടപ്പെടുത്തി', അങ്ങനെ അന്നേദിനം അവർ ശിക്ഷയിൽ പങ്കാളികളാവുന്നതുമാണ്, അപ്രകാരമാണ് നാം ഭ്രാന്തൻമാരോട് പ്രവർത്തിക്കുക എന്ന് പറഞ്ഞിട്ടുണ്ട്.

അദ്ദിക്റിനെ അവഗണിച്ച് ജീവിച്ചിരുന്ന അക്രമികൾ അന്ന് തങ്ങളുടെ കൈകടിച്ച്, 'കഷ്ടം, ഞാൻ പ്രവാചകന്റെ മാർഗം തെരഞ്ഞെടുത്തില്ലല്ലോ, ഞാൻ ആത്മമിത്രമായി ഇന്നാ

ലിന്നവനെ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ, അവനാണല്ലോ അദ്ദിക്റിൽ നിന്ന് എനിക്ക് അത് വന്നുകിട്ടിയശേഷം എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27 -29 സൂക്തങ്ങളിലും; അന്ന് പ്രവാചകൻ ഗ്രന്ഥവും കൊണ്ടുവന്ന് 'എന്റെ നാഥാ, എന്റെ ഈ ജനത ഈ വായനയെ അവഗണിച്ചതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് അന്യായം ബോധിപ്പിക്കുന്ന രംഗം 25: 30 ലും; അദ്ദിക്റിനെ വിസ്മരിച്ച് ജീവിച്ച ഇവർ ഒരു കെട്ടജനത തന്നെയായിരുന്നു എന്ന് മഹാത്മാക്കൾ അന്യായം പറയുന്ന രംഗം 25: 18 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 20: 124-127 സൂക്തങ്ങളിൽ, ആരാണോ *'ദിക്രീ'* യെത്തൊട്ട് അകന്ന് ജീവിക്കുന്നത്, അപ്പോൾ അവന് ഇഹലോകത്ത് കുടുസ്സായ ജീവിതമാണുള്ളത്, അവൻ പരലോകത്ത് കുരുടനായി പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടും; അപ്പോൾ അവൻ ചോദിക്കും: 'എന്റെ നാഥാ, ഐഹികലോകത്ത് എനിക്ക് കണ്ണിന് കാഴ്ചയുണ്ടായിരുന്നല്ലോ, ഇവിടെ എന്താണ് എന്നെ നീ കുരുടനായി പുനർജീവിപ്പിച്ചിരിക്കുന്നത്?' അപ്പോൾ അല്ലാഹു പറയും: ശരിയാണ്, നീ ഗ്രന്ഥത്തിലെ സൂക്തങ്ങളെ വിസ്മരിച്ച് ജീവിച്ചതിനാൽ ഇന്നേദിനം നീയും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്'. 20: 99-100 സൂക്തങ്ങളിൽ, അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ അവഗണിച്ച് ജീവിച്ചവർ വിധിദിവസം പാപഭാരം വഹിക്കുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 41: 26-28 സൂക്തങ്ങളിൽ, കപടവിശ്വാസികളായ കാഫിറുകൾ അജയ്യഗ്രന്ഥമായ അദ്ദിക്ർ കേൾക്കരുതെന്നാണ് അവരുടെ അനുയായികളായ കാഫിറുകളോട് പറയുക എന്നും, അല്ലാഹുവിന്റെ ശത്രുക്കളായ അവർക്ക് ശാശ്വതവീടായി നരകമാണുള്ളതെന്നും; 41: 29 ൽ, അനുയായികളായ കാഫിറുകൾ നരകത്തിൽ വെച്ച്: ഞങ്ങളെ വഴിപിഴപ്പിച്ച നേതാക്കളെ ഞങ്ങൾക്ക് നീ കാണിച്ചുതരിക, ഞങ്ങൾ അവരെ കാലിനടിയിലിട്ട് ചവിട്ടിമെതിച്ച് ദേഷ്യം തീർക്കട്ടെ -ഞങ്ങൾ താഴ്ത്തപ്പെട്ടവരായിരുന്നതിനാൽ എന്ന് പറയുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഉൾക്കാഴ്ചാദായകമായ അദ്ദിക്റിനെ വിസ്മരിച്ച് തങ്ങളുടെ ജീവിതത്തെ കളിയും തമാശയുമായി സ്വീകരിച്ച ഫുജ്ജാറുകൾ ഇവിടെ അവർ സമ്പാദിച്ച നരകം ആസ്വദിക്കേണ്ടിവരുമെന്ന് 7: 51; 32: 14 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ദിക്രീ എന്ന ഗ്രന്ഥത്തെത്തൊട്ട് കണ്ണിന് മൂടിയുണ്ടായിരുന്ന കപടവിശ്വാസികളും അത് കേൾക്കാൻ തയ്യാറാകാതിരുന്ന അവരുടെ അനുയായികളുമടങ്ങിയ കാഫിറുകളായ ഫുജ്ജാറുകൾക്ക് നരകക്കുണ്ഠം വിരുന്നായി ഒരുക്കിവെച്ചിട്ടുണ്ടെന്ന് 18: 100-101 സൂക്തങ്ങളിലും; ആരാണോ അദ്ദിക്റിനോട് ഇഹലോകത്ത് അന്ധത നടിച്ചത്, അവർ പരലോകത്ത് ഏറ്റവും അന്ധന്മാരായിരിക്കുമെന്ന് 17: 72 ലും പറഞ്ഞിട്ടുണ്ട്. നരകക്കുണ്ഠം അടുപ്പിക്കുന്ന ദിനം 'ഞാൻ *ദിക്റാ* ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു' എന്ന് മനുഷ്യന് ബോധ്യം വരുമെന്നും, 'ഞാൻ എന്റെ ആയുസ്സ് വെറുതെ കളഞ്ഞല്ലോ' എന്ന് ഖേദിക്കുമെന്നും 89: 23-24 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കുട്ടികളെ നരപ്പിച്ചുകളയുന്ന ആ ദിനത്തെ നിഷേധിച്ച് ജീവിക്കുന്നവർ എങ്ങനെ സൂക്ഷ്മാലുക്കളാകാനാണ് എന്ന് 73: 17 ൽ ചോദിച്ചിട്ടുണ്ട്. വിധിദിവസം വിശ്വാസികൾ ശാന്തിയിലും സമാധാനത്തിലുമായിരിക്കുമെന്ന് 25: 24 ലും; അവരും അവരുടെ ഇണകളും സൗഭാഗ്യങ്ങളിലും ആർഭാടങ്ങളിലും ആനന്ദങ്ങളിലും തണലുകളിലും ആയിരിക്കുമെന്ന് 36: 55-58 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഫാത്തിഹഃയിലെ സൂക്തം 1: 3 വായിക്കുമ്പോൾ വലതുപക്ഷക്കാരായ സ്വർഗവാസികളുടെ കൂട്ടത്തിൽ ചേർക്കാനും ഇടതുപക്ഷക്കാരായ നരകവാസികളുടെ കൂട്ടത്തിൽ ചേർ

ക്കാതിരിക്കാനും ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടതാണ്. 82: 17–19 സൂക്തങ്ങളിൽ, വിധിദിവസത്തെക്കുറിച്ച് നിനക്ക് എന്തറിയാം, പിന്നെ വിധിദിവസത്തെക്കുറിച്ച് നിനക്ക് എന്തറിയാം, ഒരാൾക്കും മറ്റൊരാൾക്ക് ഒരു ഉപകാരവും ഒരു ഉപദ്രവവും ചെയ്യാൻ കഴിയാത്ത ദിവസമാണ് അത്. എല്ലാ കൽപനയും അന്ന് അല്ലാഹുവിന് മാത്രമാണ് എന്ന് പറഞ്ഞിട്ടുണ്ട്. വിധിദിവസം അല്ലാഹു ഭൂമി മുഴുവൻ ചുരുട്ടി ഇടതുകയ്യിലും ആകാശം മുഴുവൻ വലതുകയ്യിലും പിടിച്ച്: ഞാനാണ് സ്വേച്ഛാധിപൻ, ഞാനാണ് സർവ്വാധിപൻ, ഞാനാണ് ഏകാധിപൻ, ഞാനാണ് അഹങ്കാരത്തിന് അർഹതയുള്ളവൻ, എവിടെ ഭൂമിയിലെ രാജാക്കന്മാർ, എവിടെ അഹങ്കാരികൾ, എവിടെ സ്വേച്ഛാധിപന്മാർ എന്ന് ചോദിക്കുന്നതും അന്ന് എല്ലാവരും ഉടുതുണിയില്ലാതെ അല്ലാഹുവിന്റെ മുന്നിൽ ഹാജരാക്കപ്പെടുന്നതുമാണ്. ഇന്ന് ആർക്കാണ് രാജാധിപത്യം, എല്ലാം അടക്കിഭരിക്കുന്ന സർവ്വാധിപനായ അല്ലാഹുവിന് മാത്രം എന്ന് 39: 67; 40: 16 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ 70: 4 ൽ വരച്ചുകാണിക്കുന്ന അമ്പതിനായിരം വർഷം ദൈർഘ്യമുള്ള വിധിദിവസം ഓരോരുത്തർക്കും രക്ഷപ്പെടണമെങ്കിൽ ആ ദിവസത്തിലെ രംഗങ്ങൾ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നാലാം ഘട്ടമായ ഇഹലോകത്തുവെച്ച് കാണുകയും മൊത്തം ജീവിതം അദ്ദിക്റിന്റെ വെളിച്ചത്തിൽ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

4. ഞങ്ങൾ നിന്നെമാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു.

ആദം നബി മുതൽ അന്ത്യനാൾ വരെയുള്ള, 5: 56 ലും 58: 22 ലും പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ട വിശ്വാസികൾ ഒറ്റക്കാണെങ്കിലും കൂട്ടമായാണെങ്കിലും ഈ സൂക്തത്തിലൂടെ പറയുകയാണ്: ഞങ്ങൾ സേവിക്കുന്നത് നിന്നെ മാത്രമാണ്, അഥവാ നിന്റെ പ്രതിനിധികളായിക്കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നത്, അതിന് ഏത് അവസ്ഥയിലും ഞങ്ങൾ നിന്നോട് മാത്രമാണ് സഹായം തേടുന്നത്. എല്ലാ മനുഷ്യരെയും ജിന്നുകളെയും അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കാനാണ് ഭൂമിയിലേക്ക് നിയോഗിച്ചതെങ്കിലും വിശ്വാസികൾ മാത്രമാണ് ആ പ്രാതിനിധ്യം വഹിക്കുക. ഗ്രന്ഥം കിട്ടിയവരിൽ നാഥന്റെ പ്രാതിനിധ്യം വഹിക്കാത്തവരെല്ലാം പിശാചിന്റെ പ്രതിനിധികളും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘക്കാരുമാണ്. ഞാൻ ജിന്നുകളെയും മനുഷ്യരെയും എന്നെ സേവിക്കാൻ വേണ്ടിയല്ലാതെ സൃഷ്ടിച്ചിട്ടേയില്ല എന്ന് 51: 56 ലും; മരണവും ജീവിതവും ഉണ്ടാക്കിയത് നിങ്ങളിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് ആരാണെന്ന് തിരിച്ചറിയാനാണെന്ന് 67: 2 ലും പറഞ്ഞിട്ടുണ്ട്. 39: 11–14 സൂക്തങ്ങളിൽ, പ്രവാചകനോടും അതുവഴി വിശ്വാസികളോടും പറയാൻ കൽപിക്കുന്നു: ജീവിതം മുഴുവൻ അല്ലാഹുവിന് പ്രത്യേകമാക്കിക്കൊണ്ട് അവനെ സേവിച്ചുകൊണ്ടിരിക്കാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു, അവന് സർവ്വാർപ്പണം ചെയ്തവരിൽ ഒന്നാമനാകണമെന്നും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു; നിശ്ചയം ഞാൻ എന്റെ നാഥനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു നാളിലെ ശിക്ഷ ഭയപ്പെടുന്നു. എന്റെ ജീവിതം മുഴുവൻ അവന് പ്രത്യേകമാക്കിക്കൊണ്ട് അല്ലാഹുവിനെയാണ് ഞാൻ സേവിച്ചുകൊണ്ടിരിക്കുന്നത്. 36: 61 ൽ, നിങ്ങൾ എന്നെ മാത്രം സേവിക്കുവീൻ, ഇതാണ് നേരെച്ചൊവ്വെയുള്ള പാത എന്ന് പറഞ്ഞത് അന്വർത്ഥമാക്കിക്കൊണ്ട് ആയിരത്തിൽ ഒന്നായ വിശ്വാസികൾ അവരുടെ നാലാം ഘട്ടമായ ഐഹികജീവിതം ഏഴാം ഘട്ടത്തിലേക്കു വേണ്ടി സ്വർഗം പണിയാനുള്ളതാണെന്ന ബോധത്തോടെയായിരിക്കും ഫാത്തിഹഃയിലെ ഈ നാലാം സൂക്തം വായിക്കുക.

മുഹമ്മദ് ഉൾപ്പെടെ 313 പ്രവാചകന്മാരെയും അദ്ദിക്ർ കൊണ്ട് അയച്ചിട്ടുള്ളത് അല്ലാ

ഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അതുകൊണ്ട് നിങ്ങൾ അവനെ മാത്രം സേവിക്കുവിൻ എന്ന് കൽപിച്ചുകൊണ്ടാണെന്നും 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ മറ്റുള്ളവരെ പങ്കുചേർത്താൽ അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോവുകയും അവർ എല്ലാം നഷ്ടപ്പെട്ടവരായിത്തീരുകയും ചെയ്യുമെന്ന് 6: 88 ലും 39: 65 ലും പറഞ്ഞിട്ടുണ്ട്. 10: 104-106 സൂക്തങ്ങളിൽ, എന്റെ ദീനിൽ നിങ്ങൾ സംശയിക്കുന്നുവെങ്കിൽ അല്ലാഹുവിനെക്കൂടാതെ ആരെയാണോ നിങ്ങൾ സേവിക്കുന്നത് (ഇബാദത്ത് ചെയ്യുന്നത്), അവരെ ഞാൻ സേവിക്കുന്നില്ല, എന്നാൽ ഞാൻ സേവിക്കുന്നത് നിങ്ങളെ മരിപ്പിക്കുന്നവനെ മാത്രമാണ്, ഞാൻ വിശ്വാസികളിൽ പെട്ടവനായിരിക്കണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എന്റെ മുഖം ഋജുമാനസനായിക്കൊണ്ട് ഈ ദീനിൽ ഉറപ്പിച്ചു നിർത്തണമെന്നും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ ആരെയും പങ്കുചേർക്കുന്നവരിൽ പെട്ടുപോകരുതെന്നും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനെക്കൂടാതെ നിനക്ക് ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയാത്ത ഒന്നിനെയും നീ വിളിച്ച് പ്രാർത്ഥിക്കുകയുമരുത്, അങ്ങനെ ചെയ്താൽ നിശ്ചയം നീ അക്രമികളിൽ പെട്ടവനായിത്തീരും എന്ന് പറയാൻ പ്രവാചകനോട് കൽപിക്കുന്നു. ഓ ഗ്രന്ഥം കിട്ടിയിട്ട് മൂടിവെക്കുന്ന കാഫിറുകളേ! നിങ്ങൾ ആരെ സേവിക്കുന്നുവോ, അവനെ ഞാൻ സേവിക്കുന്നില്ല. ഞാൻ ആരെ സേവിക്കുന്നുവോ, അവനെ നിങ്ങളും സേവിക്കുന്നില്ല. നിങ്ങൾ ആരെ സേവിക്കുന്നുവോ, അവനെ ഭാവിയിലും ഞാൻ സേവിക്കുകയില്ല. ഞാൻ ആരെ സേവിക്കുന്നുവോ, അവനെ നിങ്ങളും ഭാവിയിൽ സേവിക്കുകയില്ല. നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും എന്ന് വിവിധ സംഘടനകളായിപ്പിരിഞ്ഞ അറബി ഖുർആൻ വായിക്കുന്ന യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളോട് പറയാൻ 109-ാം സൂറത്തിൽ പ്രവാചകനോടും വിശ്വാസികളോടും കൽപിക്കുന്നു. ജീവിതം മുഴുവൻ അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനെ സേവിക്കാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല -നമസ്കാരം നിലനിർത്താനും സകാത്ത് കൊടുക്കാനും വേണ്ടിയല്ലാതെയും, അതാണ് നേരെചൊവ്വെയുള്ള ദീൻ എന്ന് 98: 5 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം ലക്ഷ്യത്തോടുകൂടിയാണ് ഗ്രന്ഥമിറക്കിയത്, നീ ജീവിതം മുഴുവൻ അവനാക്കിക്കൊണ്ട് അവനെ സേവിക്കുക. അറിഞ്ഞിരിക്കുക: ജീവിതം (ദീൻ) മുഴുവൻ അല്ലാഹുവിനുള്ളതാണ്, അല്ലാഹുവിനെക്കൂടാതെ മറ്റുള്ളവരെ സംരക്ഷകരായി തെരഞ്ഞെടുത്തവർ പറയുന്നത് ഞങ്ങൾ അല്ലാഹുവിനെക്കൂടാതെയുള്ളവരെ സേവിക്കുന്നത് അവർ ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കാൻ വേണ്ടിയല്ലാതെ അല്ല എന്ന് 39: 2-3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

'ഇഹ്സാൻ' എന്നാൽ, നീ അല്ലാഹുവിനെ കാണുന്നതുപോലെ -അല്ലാഹുവിനെ നീ കാണുന്നില്ലെങ്കിലും അല്ലാഹു നിന്നെ കാണുന്നുണ്ട് എന്ന ബോധത്തിൽ- നിലകൊള്ളുക എന്നാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും എല്ലായ്പ്പോഴും എവിടെയും അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുക എന്നർത്ഥം. അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്കാണ് മുഹ്സിനീങ്ങൾ എന്ന് പറയുന്നത്. ഇന്ന് അതിന് സാധ്യമാവുക ഏറ്റവും നല്ലതായ അദ്ദിക്റിന്റെ മാർഗത്തിൽ ചരിക്കുമ്പോൾ മാത്രമാണ്. അങ്ങനെ ചെയ്യാത്ത ഫുജ്ജാറുകളോട് അവരുടെ മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58-59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇബാദത്ത്-സേവനം-ഒന്നുകിൽ അല്ലാഹുവിനാണ്, അല്ലെങ്കിൽ പിശാചിനായി മാ

റുന്നതാണ്. ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടുകൊണ്ട് നില കൊള്ളുകയാണെങ്കിൽ അത് അല്ലാഹുവിനെ സേവിക്കലും; നാഥനെ വിസ്മരിച്ച് നാഥ നെ പരിഗണിക്കേണ്ട വിധം പരിഗണിക്കാതെ കാഫിറായ പിശാചിനെ ജീവിപ്പിക്കുന്നത് പിശാചിനെ സേവിക്കലുമാണ്. അവർ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പി ശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരാണ്. അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ച് പ്രാർത്ഥിച്ചാലും അവർ പിശാചിനെയല്ലാതെ വിളിക്കുന്നില്ല എന്ന് 4: 117 ൽ പറഞ്ഞിട്ടു ണ്ട്. അല്ലാഹുവിനെയല്ലാതെ അവന്റെ സൃഷ്ടികളായ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥി ക്കുന്നതും അവരുടെ ശാപമേൽക്കുമെന്ന് ഭയപ്പെടുന്നതും അവരെ പ്രീതിപ്പെടുത്തുന്ന തിനും അവരുടെ ശുപാർശ ലഭിക്കുന്നതിനും വേണ്ടി നേർച്ച വഴിപാടുകൾ നടത്തുന്ന തുമെല്ലാം പിശാചിനെ സേവിക്കലാണ്. പിശാച് അല്ലാഹുവിനോട് നിന്റെ പ്രതാപമാ ണ് സത്യം, നിനക്ക് വേണ്ടി മാത്രം ജീവിക്കുന്ന നിന്റെ അടിമകളെ ഒഴികെ മുഴുവനും വ ഴി പിഴപ്പിച്ച് ലക്ഷ്യബോധം നഷ്ടപ്പെടുത്തി ഞാൻ പാട്ടിലാക്കുക തന്നെ ചെയ്യും എന്ന് ആണയിട്ട് പറഞ്ഞതായി 38: 82-83 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥി ക്കപ്പെട്ടിരുന്ന മഹാത്മാക്കളോട് അല്ലാഹു ചോദിക്കുന്നതാണ്: നിങ്ങളാണോ എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം വഴിപിഴച്ചതാണോ? അപ്പോൾ മഹാ ത്മാക്കൾ മറുപടി പറയും: നീ പരിശുദ്ധൻ, നിന്നെക്കൂടാതെ മറ്റൊരു സംരക്ഷകനെയോ സഹായിയെയോ തെരഞ്ഞെടുക്കൽ ഞങ്ങൾക്ക് യോജിച്ചതായിരുന്നില്ല തന്നെ. എന്നാൽ നീ ഇവർക്കും ഇവരുടെ പിതാക്കൾക്കും ജീവിതവിഭവങ്ങൾ യഥേഷ്ടം നൽകി -അവർ അദ്ദിക്റിനെ വിസ്മരിച്ച് ഒരു കെട്ടജനതയായിത്തീരുന്നതുവരെ എന്ന് 25: 17-18 സൂക്ത ങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവർ അല്ലാഹുവിനെക്കൂടാതെ തങ്ങൾക്ക് ഉപദ്രവമോ ഉപകാര മോ ചെയ്യാൻ കഴിവില്ലാത്തവയെ സേവിച്ചുകൊണ്ടിരിക്കുന്നവരാകുന്നു, ഇക്കൂട്ടർ അല്ലാ ഹുവിന്റെയടുത്ത് ഞങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യുന്നവരാണെന്ന് അവർ വാദിക്കുക യും ചെയ്യുന്നു. നീ ചോദിക്കുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവി ന് അറിയാത്ത കാര്യങ്ങൾ നിങ്ങൾ അവനെ അറിയിച്ച് കൊടുക്കുകയാണോ? നിങ്ങൾ ജൽപിക്കുന്ന പങ്കാളിത്തത്തെത്തൊട്ടെല്ലാം അവൻ അത്യുന്നതനും അതീവ പരിശുദ്ധനു മാകുന്നു എന്ന് 10: 18 ലും; എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അല്ലാഹുവിന്റെ അ ധികാരാവകാശങ്ങളിൽ പങ്ക് ചേർത്തവരോട് പറയും: നിങ്ങളും നിങ്ങളുടെ പങ്കാളികളും മാറി നിൽക്കുക, അങ്ങനെ അവരുടെ ഇടയിലുള്ള അപരിചിതത്വം നീക്കിക്കളയുന്നതും അപ്പോൾ പങ്കാളികൾ (മഹാത്മാക്കൾ) പറയുന്നതുമാണ്: നിങ്ങൾ ഞങ്ങളെ സേവിക്കു ന്നവരായിരുന്നില്ല, നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മ തി. നിങ്ങളുടെ ഞങ്ങൾക്കുള്ള സേവനത്തെക്കുറിച്ച് (നേർച്ചവഴിപാടുകൾ, പ്രാർത്ഥന കൾ, ശുപാർശകരായി സ്വീകരിച്ചത്) ഞങ്ങൾ ബോധമില്ലാത്തവർ തന്നെയായിരുന്നു എ ന്ന് 10: 28-29 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ അവരുടെ പങ്കാളികളെ കാണുമ്പോൾ പറയുന്നതാണ്: ഞങ്ങളുടെ നാഥാ, ഞങ്ങൾ നിന്നെക്കൂടാതെ ഐഹികലോകത്തുവെച്ച് വിളിച്ച് പ്രാർത്ഥിച്ചിരുന്ന ഞങ്ങളുടെ പങ്കാളികൾ ഇക്കൂട്ടരാകുന്നു. അപ്പോൾ പങ്കാളികൾ അവർക്ക് മറുപടി നൽ കും: നിശ്ചയം നിങ്ങൾ നുണ പറയുന്നവർ തന്നെയാണ്. അന്ന് അവർ അല്ലാഹുവിന് പൂർണ്ണമായി കീഴടങ്ങുന്നതാണ്, അവരുടെ ധാരണകളെല്ലാം അവരെത്തൊട്ട് പിഴച്ചുപോ യിരിക്കുന്നു എന്ന് 16: 86-87 സൂക്തങ്ങളിലും; ഞാനല്ലാതെ വേറെ ഒരു ഇലാഹുമില്ല എ

ന്ന് ദിവ്യസന്ദേശം നൽകിയിട്ടല്ലാതെ നിനക്കുമുമ്പ് ഒരു പ്രവാചകനെയും അയച്ചിട്ടില്ല, അപ്പോൾ നിങ്ങൾ എന്നെ മാത്രം സേവിക്കുകയും ചെയ്യുക എന്ന് 21: 25 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ അല്ലാഹുവിനെ മാത്രം ഇലാഹായി അംഗീകരിച്ച് ജീവിക്കലാണ് അല്ലാഹുവിനെ സേവിക്കൽ. 16: 2, 36 വിശദീകരണം നോക്കുക.

ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി വിധി കൽപിക്കുന്ന പണ്ഡിതപുരോഹിതന്മാരെ അനുസരിക്കുന്നവരും മർയമിന്റെ പുത്രൻ ഈസായെ സേവിക്കുന്നവരും പിശാചിനെ സേവിക്കുന്നവരാണെന്ന് 9: 31 ലും; എന്റെ പിതാവേ, താങ്കൾ പിശാചിനെ സേവിക്കരുത്, നിശ്ചയം പിശാച് നിഷ്പക്ഷവാനെ നിഷേധിച്ചവനാകുന്നു, പിശാചിനെ സംരക്ഷകനായി തെരഞ്ഞെടുക്കുക വഴി നിഷ്പക്ഷവാനിൽ നിന്നുള്ള ശിക്ഷ താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു എന്ന് ഇബ്റാഹീം പിതാവിനെ വിളിച്ച് പറഞ്ഞ കാര്യം 19: 44-45 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 7: 172-173 സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിൽ വെച്ച് ചെയ്ത ഉടമ്പടി അദ്ദിക്റിലൂടെ വന്നുകിട്ടിയതിന് ശേഷം അത് പാലിച്ച് ജീവിക്കാത്തവരെല്ലാം ചിന്താശേഷി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും പിശാചിനെ സേവിച്ചു കൊണ്ടിരിക്കുന്നവരുമാണെന്ന് സമ്മതിക്കേണ്ടിവരുമെന്ന് 36: 59-62 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് മാത്രമേ 'അല്ലാഹ്' എന്ന സ്മരണ നിലനിർത്താൻ സാധിക്കുകയുള്ളൂ. 'അല്ലാഹ്' എന്ന സ്മരണയുണ്ടാകുമ്പോൾ അല്ലാഹുവാണ് ഹൃദയത്തിലുണ്ടാവുക. അത് ഇല്ലാത്തപ്പോൾ പിശാചുമാണ് ഹൃദയത്തിലുണ്ടാവുക. 43: 36-37; 59: 16-17 സൂക്തങ്ങളിൽ പറഞ്ഞ ഓരോരുത്തരുടെയും ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ മാത്രമേ വിശ്വാസിയാവുകയുള്ളൂ. ഐഹികലോകത്തിന് പ്രാധാന്യം കൊടുത്ത് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാതിരുന്നാൽ പിരടിയിൽ വഹിക്കുന്ന കർമ്മരേഖയിൽ പിശാചിന്റെ കാൽപാടുകളായ ഊഹം, തോന്നൽ, ജൽപനങ്ങൾ തുടങ്ങിയവയാണ് രേഖപ്പെടുത്താനുണ്ടാവുക. അറബി ഖുർആൻ വായിക്കുന്ന ഇത്തരം ഫുജ്ജാറുകൾ വിധിദിവസം അവരുടെ കർമ്മരേഖയിലുള്ളത് വായിച്ച് കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ വിവരിച്ചിട്ടുണ്ട്. 2: 172 ൽ വിശ്വാസികളെ വിളിച്ച്: ഓ വിശ്വാസികളേ! നിങ്ങൾ അല്ലാഹുവിനെ മാത്രമാണ് സേവിക്കുന്നതെങ്കിൽ നിങ്ങൾക്ക് നാം നൽകിയിട്ടുള്ള ഭക്ഷണവിഭവങ്ങൾ തിന്നുകയും നിങ്ങൾ എനിക്ക് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. 16: 114 ൽ, നിങ്ങൾ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരാണെങ്കിൽ അവൻ നൽകിയിട്ടുള്ള പരിശുദ്ധവും അനുവദനീയവുമായ ഭക്ഷണവിഭവങ്ങൾ നിങ്ങൾ കഴിക്കുക, അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദിപ്രകടിപ്പിക്കുകയും ചെയ്യുക എന്ന് അല്ലാഹു മനുഷ്യരെ വിളിച്ച് പറഞ്ഞിട്ടുണ്ട്. നിങ്ങൾ സൂര്യനെയോ ചന്ദ്രനെയോ സാഷ്ടാംഗം പ്രണമിക്കരുത്, അവയെ സൃഷ്ടിച്ച അല്ലാഹുവിന് നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുക, നിങ്ങൾ അവനെ മാത്രം സേവിക്കുന്നവരാണെങ്കിൽ എന്ന് പറഞ്ഞുകൊണ്ടാണ് 41: 37 അവസാനിക്കുന്നത്.

ഇലാഹ്:- കാണാതെകണ്ട് ആരെ വിളിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപിക്കാമോ, ആരോട് മാത്രമാണോ ജീവിതത്തെക്കുറിച്ച് ഉത്തരം ബോധിപ്പിക്കേണ്ടത് അവനാണ് ഇലാഹ്. അവൻ പ്രപഞ്ചനാഥനായ അല്ലാഹു മാത്രമാണ്. അല്ലാതെ അവന്റെ സൃഷ്ടികളിൽ ആരെ വിളിച്ചാലും ആരെ ബോധിപ്പിക്കാൻ വേണ്ടി ജീവിച്ചാലും അത് പിശാചിനുള്ള സേവനമാണ്. 2: 257 വിശദീകരണം നോക്കുക. നിശ്ചയം അവൻ -അല്ലാഹു- ഏക ഇലാഹാകുന്നു, അപ്പോൾ നിങ്ങൾ എ

ന്നെ മാത്രം ഉള്ളിന്റെയുള്ളിൽ ഭയപ്പെടുവിൻ എന്ന് 16: 51 ലും; അപ്പോൾ നിങ്ങൾ ജീവിതം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുക, കാഫിറുകൾക്ക് അത് എത്ര അരോചകമായിരുന്നാലും ശരി എന്ന് 40: 14 ലും പറഞ്ഞിട്ടുണ്ട്. എനിക്കുശേഷം നിങ്ങൾ ആരെയാണ് സേവിക്കുക എന്ന് മരണം ആസന്നമായ സന്ദർഭത്തിൽ യഅ്ഖൂബ് നബി തന്റെ മക്കളെ വിളിച്ച് ചോദിച്ചു. താങ്കളുടെയും താങ്കളുടെ പിതാക്കന്മാരായ ഇബ്റാഹിമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ഇലാഹായ ഏക ഇലാഹിനെയാണ് ഞങ്ങൾ സേവിക്കുക, ഞങ്ങൾ അവന് സർവ്വസ്വവും സമർപ്പിക്കുന്നവരുമാകുന്നു എന്ന് അവർ മറുപടി പറഞ്ഞതായി 2: 133 ലും; നിശ്ചയം കാര്യം നിങ്ങളുടെ ഇലാഹ് അല്ലാഹു മാത്രമാണ്, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല തന്നെ, അവൻ എല്ലാ വസ്തുക്കളെക്കുറിച്ചും അറിവുള്ള ത്രികാലജ്ഞാനിയാണ് എന്ന് 20: 98 ലും പറഞ്ഞിട്ടുണ്ട്. 5: 116–117 സൂക്തങ്ങളിൽ, ഈസായെ വിചാരണ ചെയ്തുകൊണ്ട് അല്ലാഹു ചോദിക്കുന്നു: ഓ മർയമിന്റെ പുത്രൻ ഈസാ! എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിനെക്കൂടാതെ രണ്ട് ഇലാഹുകളായി തെരഞ്ഞെടുക്കണമെന്ന് നീ ജനങ്ങളോട് കൽപിച്ചിരുന്നുവോ? ഈസാ മറുപടി പറയും: നീ പരിശുദ്ധൻ, എനിക്ക് അർഹതയില്ലാത്തത് ഞാൻ പറയുകയോ! ഞാൻ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ നീ അത് അറിയുന്നവനാണല്ലോ! എന്റെ ആത്മാവിനെക്കുറിച്ച് നീ അറിയുന്നു, നിന്റെ ആത്മാവിനെക്കുറിച്ച് ഞാൻ അറിയുന്നില്ല, നിശ്ചയം നീ അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞൻ തന്നെയാകുന്നു. നീ എന്താണോ എന്നോട് പറയാൻ കൽപിച്ചത്, അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല, അതായത് നിങ്ങൾ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരാവുക എന്ന്. ഞാൻ അവരിലുള്ള കാലത്തോളം ഞാൻ അതിന് സാക്ഷിയുമാണ്, നീ എന്നെ തിരിച്ചുവിളിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെ ആയിരുന്നല്ലോ, നീ എല്ലാ ഓരോ കാര്യത്തിന്റെ മേലിലും സാക്ഷിയുമാകുന്നു!

പ്രാർത്ഥന തന്നെയാണ് ഇബാദത്ത് (സേവനം) എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 40: 60 ൽ, നിങ്ങളുടെ നാഥൻ പറയുകയും ചെയ്യുന്നു, നിങ്ങൾ എന്നെ വിളിച്ച് പ്രാർത്ഥിക്കുക; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, നിശ്ചയം എന്നെ സേവിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അഹങ്കരിച്ചുകൊണ്ടിരിക്കുന്നവരാരോ, അവർ നരകകുണ്ഠത്തിൽ ദീനരായി പ്രവേശിപ്പിക്കപ്പെടുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചുപ്രാർത്ഥിക്കുന്നവർ ഒരു വസ്തുവും സൃഷ്ടിച്ചിട്ടില്ല, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരാണ്, അവർ മരിച്ചുകിടക്കുന്നവരാണ്, ജീവിച്ചിരിക്കുന്നവർ പോലുമല്ല, എന്നാണ് പുനർജീവിപ്പിക്കപ്പെടുക എന്നുപോലും അവർക്ക് അറിയില്ല എന്ന് 16: 20–21 സൂക്തങ്ങളിലും; നിശ്ചയം നിങ്ങളുടെ ഇലാഹ് ഏക ഇലാഹാകുന്നു, അപ്പോൾ പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങളിൽ വിരോധം വളരുകയും അവർ അഹങ്കരിച്ച് പിന്തിരിഞ്ഞുപോവുകയും ചെയ്യുമെന്ന് 16: 22 ലും പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർ ഈത്തപ്പനക്കുരുവിന്റെ പാടയുടെ അത്ര പോലും അധികാരമോ ഉടമസ്ഥതയോ ഇല്ലാത്തവരാണ്. നിങ്ങൾ അവരെ വിളിച്ചാൽ വിളി കേൾക്കുകയില്ല, അഥവാ കേട്ടാൽ തന്നെ ഉത്തരം നൽകുകയുമില്ല, വിധിദിവസം അവർ നിങ്ങളുടെ പങ്കുചേർക്കൽ നിഷേധിക്കുന്നതുമാണ്, ഒരു ത്രികാലജ്ഞാനിയല്ലാതെ ഇതുപോലെയുള്ള വിവരങ്ങൾ നിനക്ക് വിവരിച്ചുതരികയില്ല എന്ന് 35: 13–14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'അല്ലാഹ്' എന്ന് വിളിക്കുന്നവർ ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെ മനസ്സിലാ

ക്കുന്നില്ലെങ്കിൽ അവർ അല്ലാഹുവിൽ പങ്കുചേർക്കുന്ന(ശിർക്ക് ചെയ്യുന്ന)വരും പിശാചിനെ സേവിക്കുന്നവരുമാണ്. 22: 73 ൽ മനുഷ്യരെ വിളിച്ച് അല്ലാഹു പറയുന്നു: നിശ്ചയം നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല -അവർ എല്ലാവരും ഒരുമിച്ചുകൂടിയാലും ശരി; മാത്രമല്ല, ഈച്ച അവരുടെ ചുണ്ടിൽ നിന്ന് എന്തെങ്കിലും തട്ടിയെടുത്ത് കൊണ്ടുപോയാൽ അത് തിരിച്ചെടുക്കാൻ പോലും അവർക്ക് കഴിവില്ല, സഹായം തേടുന്നവരും തേടപ്പെടുന്നവരും ബലഹീനർ തന്നെ. 29: 41 ൽ, അല്ലാഹുവിനെക്കൂടാതെ രക്ഷകന്മാരെ തെരഞ്ഞെടുത്തവരുടെ ഉപമ എട്ടുകാലിയെപ്പോലെയാണ്, അത് പണിപ്പെട്ട് ഒരു വീടുണ്ടാക്കി, വീടുകളിൽ വെച്ച് ഏറ്റവും ബലഹീനമായത് എട്ടുകാലിയുടെതാണ് -അവർ അറിവുള്ളവരായിരുന്നെങ്കിൽ എന്നും; 29: 42 ൽ, നിശ്ചയം അവനെക്കൂടാതെ അവർ വിളിച്ച് പ്രാർത്ഥിക്കുന്ന ഏതൊന്നിനെക്കുറിച്ചും അവൻ അറിയുന്നുണ്ട്, അവൻ അജയ്യനായ സർവ്വപ്രതാപിയും യുക്തിജ്ഞനായ തന്ത്രജ്ഞനുമാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 13: 14 ൽ, യഥാർത്ഥത്തിലുള്ള വിളിക്ക് അർഹൻ അവൻ മാത്രമാണ്, അവനെക്കൂടാതെ ആരെയെല്ലാം ഇവർ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ, അവർ ആരും തന്നെ ഇവർക്ക് യാതൊരു ഉത്തരവും നൽകുന്നില്ല, വെള്ളത്തിലേക്ക് കൈനീട്ടി അതിനോട് വായിലേക്ക് എത്തിപ്പെടുക എന്ന് പറഞ്ഞാൽ അത് വായിലേക്ക് എത്തിപ്പെടുകയില്ല എന്നതുപോലെയല്ലാതെ, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെയുമല്ല എന്ന് പറഞ്ഞിട്ടുണ്ട്.

കാര്യകാരണബന്ധത്തിന് അതീതമായി അല്ലാഹുവിനോട് മാത്രമേ സഹായം തേടാൻ പാടുള്ളൂ. വേറെ ആരോട് സഹായം തേടിയാലും അത് പിശാചിനുള്ള സേവനമാണ്. വിശ്വാസികൾ ഏത് കാര്യവും അല്ലാഹുവിനോടാണ് ചോദിക്കുക. അപ്പോൾ അല്ലാഹുവാണ് അത് മറ്റുള്ളവർ വഴി നിറവേറ്റുന്നത്. അതാണ് *'അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവരില്ല, നീ തടഞ്ഞത് നൽകുന്നവരുമില്ല, നീ വിധിച്ചത് തടുക്കുന്നവരില്ല, നിന്റെ വിധി മാറ്റിമറിക്കുന്നവരുമില്ല, ഒരു പ്രമാണിയുടെയും അഹങ്കാരവും പ്രമാണിത്തവും നിന്റെയടുക്കൽ വിലപ്പോവുകയുമില്ല'* എന്ന പ്രാർത്ഥനയുടെ പൊരുൾ. 5: 35 ൽ വിശ്വാസികളോട് അല്ലാഹു പറയുന്നു: നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ അവനിലേക്ക് സാമീപ്യം (*വസീല*) അന്വേഷിക്കുകയും അവന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്യുകയും ചെയ്യുക -നിങ്ങൾ വിജയം പ്രാപിക്കുന്നവരാകുന്നതിനുവേണ്ടി. 17: 56-57 സൂക്തങ്ങളിൽ, നിങ്ങൾ അല്ലാഹുവിനെക്കൂടാതെ മറ്റാരെയെങ്കിലും വിളിച്ചുപ്രാർത്ഥിക്കുക! അവർക്ക് നിങ്ങളുടെ ഉപദ്രവങ്ങൾ നീക്കിക്കളയാനോ മാറ്റിക്കളയാനോ അധികാരമോ അവകാശമോ ഇല്ല, അവർ തന്നെ തങ്ങളുടെ നാഥനിലേക്ക് ഏറ്റവും അടുക്കുന്നതിനായി സാമീപ്യം (*വസീല*) അന്വേഷിക്കുന്നവരും അവന്റെ കാരുണ്യം ആഗ്രഹിക്കുന്നവരും അവന്റെ ശിക്ഷ ഭയപ്പെടുന്നവരുമാണ്. അപ്പോൾ അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ച് പ്രാർത്ഥിച്ചാലും (ഇടയാളൻമാരാവട്ടെ, ശുപാർശക്കാരാവട്ടെ) അവർ പിശാചിന്റെ സാമീപ്യമാണ് തേടുന്നത്. അല്ലാഹുവിന്റെ സാമീപ്യം നേടൽ സൽകർമ്മങ്ങൾ ചെയ്തുകൊണ്ടും തെറ്റുചെയ്യാൻ അവസരമുണ്ടായിട്ട് അല്ലാഹുവിനെ ഗ്രന്ഥത്തിൽ നിന്ന് കണ്ടുകൊണ്ട് ആ തെറ്റിൽ നിന്ന് പിന്തിരിഞ്ഞുകൊണ്ടുമാണ്. ഗ്രന്ഥത്തിൽ നിന്ന് പ്രവാചകന്മാരുടെ ജീവിതത്തിൽ വന്നിട്ടുള്ള സംഭവങ്ങൾ മനസ്സിലാക്കി അത് എടുത്തുദ്ധരിച്ചുകൊണ്ട് അല്ലാഹുവിനോട് സഹായം തേടുന്ന രീതിയാണ് *വസീലത്ത്*. അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനായി, നിങ്ങൾക്ക്

അവനെക്കൂടാതെ സംരക്ഷകരിൽ നിന്ന് ആരും ശുപാർശക്കാരിൽ നിന്ന് ആരും ഇല്ല തന്നെ, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്ന, ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് നാഥനെ ലോകർക്ക് പരിചയപ്പെടാനുള്ള അദ്ദിക്ർ എത്തിച്ചുകൊടുക്കൽ. എന്നാൽ വിശ്വാസികൾ മാത്രമേ പ്രസ്തുത ഉത്തരവാദിത്തം നിർവ്വഹിക്കുകയുള്ളൂ. 10: 103; 21: 87 വിശദീകരണം നോക്കുക.

2: 128 ൽ വിവരിച്ച പ്രകാരം *ഇബാദത്ത്* എന്ന പദത്തിന് ആരാധന എന്ന് അർത്ഥം വരുന്നില്ല. മറിച്ച് സേവനം എന്നാണ് അർത്ഥം. വിശ്വാസിയായ ഒരാളെ മുസ്‌ലിമായിക്കൊണ്ടുള്ള ജീവിതത്തിൽ നിലനിർത്താൻ ആവശ്യമായ ആചാരാനുഷ്ഠാന കർമ്മങ്ങൾക്ക് *മനാസിക്ക്* എന്നാണ് പറയുക. അല്ലാഹ് എന്ന സ്മരണ ഇല്ലാതെയുള്ള ഏത് അനുഷ്ഠാനകർമ്മവും കാഫിറായ പിശാചിനുള്ളതാണ്. 6: 162 ൽ നീ പറയുക: 'നിശ്ചയം എന്റെ നമസ്കാരവും എന്റെ ആരാധനാകർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം സർവ്വലോകങ്ങളുടെയും നാഥനായ അല്ലാഹുവിന് വേണ്ടിയാകുന്നു' എന്ന് പറഞ്ഞിട്ടുണ്ട്. 22: 11–13 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: ജനങ്ങളിൽ അല്ലാഹുവിനെ ഒരു വക്കിൽ നിന്ന് സേവിക്കുന്നവരുണ്ട്, അവർക്ക് ഒരു നന്മ ബാധിച്ചാൽ അവർ അതിൽ സായൂജ്യം കൊള്ളും, അവർക്ക് ഒരു നാശം പിടിപെട്ടാൽ മുഖം തിരിച്ച് അല്ലാഹുവിൽ നിന്ന് പിന്തിരിയുകയും ചെയ്യുന്നതാണ്, അവർ ഇഹവും പരവും നഷ്ടപ്പെടുത്തി, അതുതന്നെയാണ് വ്യക്തമായ നഷ്ടം. അവർ അല്ലാഹുവിനെക്കൂടാതെ അവർക്ക് ഉപകാരമോ ഉപദ്രവമോ വരുത്താത്തവരെയാണ് വിളിച്ച് പ്രാർത്ഥിക്കുന്നത്, അതുതന്നെയാണ് വിദൂരമായ വഴികേട്, അവർ വിളിച്ച് പ്രാർത്ഥിക്കുന്നത് ഉപകാരത്തേക്കാൾ ഉപദ്രവം വരുത്തുന്നവനായ പിശാചിനെയാണ്, എത്ര മോശപ്പെട്ട നേതാവ്, എത്ര മോശപ്പെട്ട അഭയം നൽകുന്നവൻ!

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസിയോട് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ ഹൃദയം പങ്കെടുത്ത് വായിച്ച് മനസ്സിലാക്കാനും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചനാഥനെ സഹായിക്കാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണകരമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ത്രികാലജ്ഞാനിയായ നാഥന്റെ മൊത്തം മനുഷ്യർക്കുള്ള ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന, പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം.

ബുദ്സിയ്യായ ഒരു ഹദീസിലൂടെ പ്രപഞ്ചനാഥൻ പഠിപ്പിക്കുകയുണ്ടായി: സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനാണ് എന്ന് പറയുമ്പോൾ അല്ലാഹു പറയുന്നതാണ്: എന്റെ അടിമ എന്നെ സ്തുതിക്കേണ്ട വിധം സ്തുതിച്ചിരിക്കുന്നു. നിഷ്പക്ഷവാൻ, കാരുണ്യവാൻ എന്ന് അടിമ പറയുമ്പോൾ അല്ലാഹു പറയുന്നു: എന്റെ അടിമ എന്നെ പുകഴ്ത്തേണ്ട വിധം പുകഴ്ത്തിയിരിക്കുന്നു. വിധിദിവസത്തിന്റെ ഉടമ എന്ന് അടിമ പറയുമ്പോൾ അല്ലാഹു പറയുന്നതാണ്: എന്റെ അടിമ എന്നെ വന്ദിക്കേണ്ട വിധം വന്ദിച്ചിരിക്കുന്നു. ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നി

ന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു എന്ന് അടിമ പറയുമ്പോൾ അല്ലാഹു പ റയുന്നതാണ്: അത് എന്റെയും അടിമയുടെയും ഇടയിലുള്ള കരാറാണ്, അതുകൊണ്ട് അടിമ ചോദിച്ചത് ഉടമയായ ഞാൻ നൽകുക തന്നെ ചെയ്യുന്നതാണ്.

5. ഞങ്ങളെ നീ ഏറ്റവും ചൊവ്വായ പാതയിൽ മാർഗദർശനം ചെയ്യേണമേ!

2: 213; 6: 126; 10: 25; 16: 76; 36: 61; 42: 52; 48: 2 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നാ ഥനിലേക്ക് എത്തിപ്പെടാനുള്ള നേരെച്ചൊവ്വെയുള്ള പാത അദ്ദിക്റാണ്. ഞങ്ങളെ നീ ഏ റ്റവും ചൊവ്വായ പാതയായ അദ്ദിക്റിന്റെ വഴിയിൽ ജീവിപ്പിക്കേണമേ എന്നാണ് സൂക്ത ത്തിന്റെ ആശയം. 15: 39-43 സൂക്തങ്ങളിൽ, മനുഷ്യന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെ യ്യാൻ വിസമ്മതിച്ച പിശാച് അല്ലാഹുവിനോട് പറഞ്ഞു: എന്റെ നാഥാ, നീ ആരുടെ കാ ര്യത്തിലാണോ എന്നെ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാക്കിയത്, അവർക്കുവേണ്ടി ഭൂമിയി ലെ ജീവിതം ഞാൻ ആകർഷകമാക്കുകയും അവരിൽ നിന്നുള്ള നിന്റെ പ്രത്യേകക്കാരാ യ അടിമകളെ ഒഴികെ മുഴുവനും ലക്ഷ്യബോധം നഷ്ടപ്പെട്ടവരാക്കുകയും ചെയ്യും. അല്ലാ ഹു പറഞ്ഞു: ശരി, ഇതാണ് എന്റെ അടുത്തുള്ള നേരെചൊവ്വെയുള്ള പാത, ലക്ഷ്യബോ ധം നഷ്ടപ്പെട്ട് നിന്നെ പിൻപറ്റുന്നവരല്ലാത്ത എന്റെ അടിമകളുടെ മേൽ നിനക്ക് യാതൊ രു സ്വാധീനവുമില്ല. ലക്ഷ്യബോധം നഷ്ടപ്പെട്ട് നിന്നെ പിൻപറ്റുന്നവരോട് മുഴുവനും വാ ഗ്ദത്തം ചെയ്തിട്ടുള്ളത് നരകക്കുണ്ഠമാണ്. 15: 44 ൽ പറഞ്ഞ നരകക്കുണ്ഠത്തിന്റെ ഏ ഴ് വാതിലുകളിലേക്കും നിശ്ചയിക്കപ്പെട്ടവർ അദ്ദിക്റിനെ വിസ്മരിച്ച് അറബി ഖുർആൻ വായിക്കുന്ന, പിശാച് പാട്ടിലാക്കിയ ഫുജ്ജാറുകളായ കുഫ്ഫാറുകളാണ്. 4: 118 ൽ, അ ല്ലാഹു അവനെ ശപിച്ചിരിക്കുന്നു, പിശാച് പറയുകയും ചെയ്തു: നിശ്ചയം നിന്റെ അടി മകളിൽ നിന്ന് നല്ലൊരു വിഭാഗത്തെ ഞാൻ പാട്ടിലാക്കുക തന്നെ ചെയ്യുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെ വിശദീകരണമായിക്കൊണ്ട് 'എല്ലാഓരോ ആയിരത്തിലും തൊ ള്ളായിരത്തിത്തൊണ്ണൂറ്റി ഒൻപത് നരകത്തിലേക്കും ഒന്ന് സ്വർഗത്തിലേക്കുമാണ്' എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. നിശ്ചയം ഗ്രന്ഥം പിൻപറ്റുന്ന എന്റെ അടിമകളുടെമേൽ നിനക്ക് (പിശാചിന്) യാതൊരു സ്വാധീനവുമില്ല, കൈകാര്യ കർത്താവായി നിന്റെ നാഥൻ തന്നെ ഏറ്റവും മതിയായവനാകുന്നു എന്ന് 17: 65 ലും; നി ങ്ങൾ എന്നെ മാത്രം സേവിച്ചുകൊണ്ടിരിക്കുന്നവരാകുവിൻ, അതാണ് നേരെച്ചൊവ്വെയു ള്ള പാത എന്ന് 36: 61 ലും പറഞ്ഞിട്ടുണ്ട്.

ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന പാതയാണ് ത്രികാലജ്ഞാനിയായ അല്ലാഹുവിലേക്കുള്ള ഏകപാത. അത് നരകത്തിന്റെ മുകളിലുള്ള പാലം കടന്ന് സ്വർഗ ത്തിലുള്ള അല്ലാഹുവിലേക്ക് എത്തിച്ചേരാനുള്ള ടിക്കറ്റാണ്. സ്വർഗത്തിൽ നിന്ന് എല്ലാവ രെയും ഭൂമിയിലേക്ക് നിയോഗിച്ചയച്ചപ്പോൾ അല്ലാഹു പറഞ്ഞു: എന്റെ സന്മാർഗം നി ങ്ങൾക്ക് വന്നുകിട്ടും, അത് വന്നുകിട്ടിയാൽ ആരാണോ അത് പിൻപറ്റുന്നത്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 38 ലും; സന്മാർഗം മുഴുവൻ വിശദീകരിച്ചതും സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവി ധ വഴികളും തിരിച്ചറിയാനുള്ള ഉരക്കല്ലുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യർ ക്ക് മൊത്തം സന്മാർഗമായിട്ടാണ്. അത് റമളാനിലായതുകൊണ്ട് അതിന് നന്ദിപ്രകടിപ്പി ക്കാൻ വേണ്ടി നിങ്ങൾ ആ മാസത്തിൽ നോമ്പനുഷ്ഠിക്കുക എന്ന് വിശ്വാസികളുടെ സം ഘത്തോട് 2: 185 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദിക്റിന് സർവ്വപ്രധാനം കൊടുത്തുകൊ ണ്ട് ആ മാസത്തിന്റെ ശ്രേഷ്ഠത കാത്തുസൂക്ഷിക്കുക വിശ്വാസികൾ മാത്രമാണ്. വിശ്വാ സികളോട് മാത്രമേ നോമ്പും നമസ്കാരവും കൽപിച്ചിട്ടുള്ളൂ. ഇതാണ് (അദ്ദിക്ർ) നിന്റെ

നാഥനിലേക്കുള്ള നേരെചൊവ്വെയുള്ള പാത, ഹൃദയം കൊണ്ട് ഓർമിക്കുന്ന ജനതക്ക് വേണ്ടി നിശ്ചയം നമ്മുടെ സൂക്തങ്ങൾ വിശദീകരിച്ചുകഴിഞ്ഞു എന്ന് 6: 126 ലും; നിശ്ചയം ഇതുതന്നെയാണ് എന്റെ നേരെചൊവ്വെയുള്ള പാത, അപ്പോൾ നിങ്ങൾ ഇത് പിൻപറ്റുക, അവന്റെ മാർഗത്തെത്തൊട്ട് നിങ്ങളെ ഭിന്നിപ്പിക്കുന്ന മറ്റു മാർഗങ്ങളൊന്നും തന്നെ നിങ്ങൾ പിൻപറ്റുകയുമരുത്, അതുകൊണ്ടാണ് അവൻ നിങ്ങളെ ഉൗന്നി ഉപദേശിക്കുന്നത്, നിങ്ങൾ സൂക്ഷ്മതയുള്ളവർ തന്നെയാകണം എന്നതിനുവേണ്ടി എന്ന് 6: 153 ലും; നിശ്ചയം ഇത് വിശ്വാസികൾക്ക് സന്മാർഗവും രോഗശമനവുമാണെന്ന് 41: 44 ലും പറഞ്ഞിട്ടുണ്ട്. 2: 142, 213; 10: 25 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, അല്ലാഹു അവൻ ഉദ്ദേശിച്ചവരെ നേരെചൊവ്വെയുള്ള പാതയിലേക്ക് വഴി കാണിക്കുന്നു എന്ന ആശയത്തിലാണ്. സ്വർഗത്തിൽ വെച്ച് എല്ലാ മനുഷ്യർക്കും അദ്ദിക്ർ പഠിപ്പിച്ച നിഷ്പക്ഷവാനായ അല്ലാഹു ഒരാളെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ ആക്കുന്നില്ല. ആരാണോ അവന്റെ സമ്മതപത്രമായ അദ്ദിക്ർ എന്ന ഗ്രന്ഥം ആദ്യം മുതൽ അവസാനം വരെ വായിച്ച് മനസിലാക്കി പിൻപറ്റി വിശ്വാസിയായ അല്ലാഹുവിന്റെ മാർഗം സ്വീകരിക്കുകയും കാഫിറായ പിശാചിന്റെ മാർഗങ്ങൾ വെടിയുകയും ചെയ്യുന്നത്, അവർ സന്മാർഗത്തിലായി. മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് -അജയ്യനും സ്വയം സ്തുത്യർഹനുമായ അല്ലാഹുവിലേക്ക്- അവരവരുടെ നാഥന്റെ അനുമതിയോടുകൂടി പുറപ്പെടുവിക്കുന്നതിന് വേണ്ടിയാണ് നിനക്ക് നാം ഗ്രന്ഥം ഇറക്കിയിട്ടുള്ളത് എന്ന് 14: 1 ലും; നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിച്ചവരെ വഴികേടിലാക്കുന്നു, അവനിലേക്ക് തിരിഞ്ഞവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു എന്ന് 13: 27 ലും പറഞ്ഞിട്ടുണ്ട്. ആരാണോ അദ്ദിക്ർ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് സന്മാർഗത്തിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 175; 5: 48 എന്നീ സൂക്തങ്ങളിലും; ആരാണോ സ്വയം വഴിപിഴപ്പിച്ചത്, അവനെ അല്ലാഹു സന്മാർഗത്തിലാക്കുകയില്ല തന്നെ, അവർക്ക് സഹായികളിൽ നിന്ന് ആരും ഉണ്ടാവുകയുമില്ല എന്ന് 16: 37 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇന്ന് വിശ്വാസികൾ 20: 114 ൽ പറഞ്ഞ പ്രകാരം 'എന്റെ നാഥാ! എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് സന്മാർഗമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയും ജാതിമതഭേദമന്യേ ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയുമാണ് ചെയ്യുക. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

16: 120-121 സൂക്തങ്ങളിൽ, ഇബ്റാഹീം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവനായിരുന്നു, അപ്പോൾ അല്ലാഹുവിന്റെ ദൗത്യത്തിന് വേണ്ടി അവനെ തെരഞ്ഞെടുക്കുകയും ഏറ്റവും ചൊവ്വായ പാതയിൽ മാർഗദർശനം ചെയ്യുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 20: 135 ൽ പ്രവാചകനോട് പറയാൻ കൽപിക്കുന്നു: എല്ലാവരും കാത്തിരിക്കുന്നവരാണ്, അപ്പോൾ നിങ്ങളും കാത്തിരിക്കുക! ആരാണ് ഏറ്റവും ചൊവ്വായ പാതയിലെന്നും മാർഗദർശനം ചെയ്യപ്പെട്ടവരെന്നും അടുത്തുതന്നെ അറിയുന്നതാണ്. 22: 24 ൽ, നിങ്ങൾ ഏറ്റവും പരിശുദ്ധമായ വചനങ്ങളിലേക്ക് മുന്നേറുക, അതുവഴി സ്തുത്യർഹനായവന്റെ മാർഗത്തിലേക്ക് മുന്നേറുക എന്ന് പറഞ്ഞതും; 51: 50 ൽ, അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക എന്ന് പറഞ്ഞതും സന്മാർഗമായ അദ്ദിക്ർ വിവരിക്കുന്ന സദസ്സിലേക്ക് വിരണ്ടോടുക എന്നാണ്. നിശ്ചയം അല്ലാഹു വിശ്വാസികളായവരെ ഏറ്റവും ചൊവ്വായ പാതയിലേക്ക് മാർഗദർശനം ചെയ്യുക തന്നെ ചെയ്യും എന്ന് പറഞ്ഞുകൊണ്ടാണ് 22: 54 അവസാനിക്കുന്നത്. 11: 56 ൽ, നിശ്ചയം എന്റെ നാഥൻ ഏറ്റവും

ചൊവ്വായ പാതയിലാണുള്ളതെന്ന് ഹൂദ് നബി പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹു സന്മാർഗമായ അദ്ദിക്റിലാണുള്ളത് എന്നാണ്. 3: 101 ൽ, ആരാണോ അല്ലാഹുവിനെ മുറുകെപ്പിടിച്ചത്, അപ്പോൾ അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് പറഞ്ഞതിന്റെയും; 22: 78 ൽ, നിങ്ങൾ അല്ലാഹുവിനെക്കൊണ്ട് മുറുകെപ്പിടിക്കുക എന്ന് പറഞ്ഞതിന്റെയും വിവക്ഷ 4: 175 ൽ പറഞ്ഞ തെളിവായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലാവുക എന്നാണ്. 36: 3-4 സൂക്തങ്ങളിൽ, നിശ്ചയം നീ പ്രവാചകന്മാരിൽ പെട്ട ഏറ്റവും ചൊവ്വായ മാർഗത്തിൽ നിലകൊള്ളുന്നവനാണ് എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ; 42: 52 ൽ, നിശ്ചയം നീ മാർഗദർശനം ചെയ്യുന്നത് ഏറ്റവും ചൊവ്വായ പാതയിലേക്ക് തന്നെയാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. നിശ്ചയം നീ അവരെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും ചൊവ്വായ പാതയിലേക്ക് തന്നെയാണ് എന്ന് 23: 73 ലും പറഞ്ഞിട്ടുണ്ട്.

പ്രവാചകൻ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതമാണ് നയിച്ചിരുന്നത്. 43: 43 ൽ, അപ്പോൾ നിന്നിലേക്ക് ദിവ്യസന്ദേശമായി ലഭിച്ചത് നീ മുറുകെപ്പിടിക്കുക, നിശ്ചയം നീ നേരെച്ചൊവ്വെയുള്ള പാതയിൽ തന്നെയാണ് എന്നും; 43: 61 ൽ, ഈസാ അവസാന നാളിന്റെ അടയാളമാണ്, അപ്പോൾ അതിന്റെ കാര്യത്തിൽ നിങ്ങൾ സംശയിക്കരുത്, നിങ്ങൾ എന്നെ പിൻപറ്റുക, അതാണ് നേരെച്ചൊവ്വെയുള്ള പാത എന്നും പറഞ്ഞിട്ടുണ്ട്. 17: 9 ൽ, നിശ്ചയം ഈ ഗ്രന്ഥം ഏറ്റവും ചൊവ്വായ പാതയിലേക്ക് മാർഗദർശനം ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. 67: 22 ൽ, അപ്പോൾ തന്റെ മുഖം കുത്തി നടക്കുന്നവനാണോ അതല്ല, നേരെച്ചൊവ്വെ തലയുയർത്തി നടക്കുന്നവനാണോ ഏറ്റവും ചൊവ്വായ പാതയിലുള്ളതെന്ന് ചോദിക്കുന്നു. 25: 34 ൽ, ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഭൂമിയിൽ തല ഉയർത്തി നടക്കാത്തവർ വിധിദിവസം തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് പറഞ്ഞിട്ടുണ്ട്. 7: 16 ൽ, അപ്പോൾ നീ ആരുടെ കാര്യത്തിലാണോ എന്നെ ലക്ഷ്യബോധം നഷ്ടപ്പെടുത്തിയത്, അവർക്കുവേണ്ടി നിന്റെ ചൊവ്വായ പാതയിൽ ഞാൻ പതിയിരിക്കുക തന്നെ ചെയ്യുമെന്ന് പിശാച് പറഞ്ഞതായി അല്ലാഹു മുന്നറിയിപ്പ് നൽകുന്നുണ്ട്.

ജിന്നുകളിൽ നിന്നുള്ള ഒരു വിഭാഗം ആദ്യമായി ഗ്രന്ഥം കേട്ടശേഷം അവരുടെ ജനതയിലേക്ക് ചെന്ന് പറഞ്ഞു: ഓ ഞങ്ങളുടെ ജനമേ, ഞങ്ങൾ മൂസാക്കുശേഷം ഇറക്കപ്പെട്ട ഒരു ഗ്രന്ഥം കേൾക്കുക തന്നെ ചെയ്തു, അത് അതിനുമുമ്പുള്ള ഗ്രന്ഥങ്ങളെയെല്ലാം സത്യപ്പെടുത്തുന്നതാണ്, അത് യഥാർത്ഥ ലക്ഷ്യത്തിലേക്കും (അല്ലാഹുവിലേക്കും) ചൊവ്വായ പാതയിലേക്കും മാർഗദർശനം ചെയ്യുന്നതാണ് എന്നും; 46: 30 ൽ പറഞ്ഞിട്ടുണ്ട്. 48: 1-2 സൂക്തങ്ങളിൽ, പ്രവാചകനോട് അല്ലാഹു പറയുന്നു: നിനക്ക് ഞാൻ വ്യക്തമായ വിജയം നൽകുകയും നിന്റെ കഴിഞ്ഞുപോയതും വരാൻ പോകുന്നതുമായ എല്ലാ കുറ്റങ്ങളും പൊറുത്തുതരികയും ഏറ്റവും ചൊവ്വായ പാതയിലേക്ക് നിന്നെ മാർഗദർശനം ചെയ്യുകയും ചെയ്യുന്നതാണ്. 81: 27-29 സൂക്തങ്ങളിൽ, ഇത് സർവ്വലോകർക്കുമുള്ള ഒരു ഉണർത്തൽ അല്ലാതെ മറ്റൊന്നുമല്ല -നിങ്ങളിൽ ആരാണോ നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളാൻ ഉദ്ദേശിക്കുന്നത് അവർക്ക്, എന്നാൽ സർവ്വലോകങ്ങളുടെയും ഉടമയായ നാഥൻ ഉദ്ദേശിക്കാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല എന്നുപറഞ്ഞിട്ടുണ്ട്. സന്മാർഗം ഓരോരുത്തരും അദ്ദിക്ർ വായിച്ച് നേടണമെന്നർത്ഥം. 91: 9-10 സൂക്തങ്ങളിൽ, എല്ലാ ഓരോ മനുഷ്യനും അതിന്റെ തെമ്മാടിത്തവും സൂക്ഷ്മതയും നൽകിയിട്ടുണ്ട്, അപ്പോൾ

ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയിച്ചു, ശുദ്ധീകരിക്കാത്തവൻ പരാജയപ്പെട്ടു എന്ന് പ റഞ്ഞിട്ടുണ്ട്. മനുഷ്യന് രണ്ടാലൊരുവഴി -നന്ദിയുള്ളവൻ അല്ലെങ്കിൽ നന്ദികെട്ടവൻ- തെ രഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി എന്ന് 76: 3 ലും പറഞ്ഞിട്ടുണ്ട്.

പ്രവാചകൻ തന്റെ വളർത്തുപിതാവായ പിതൃവ്യൻ അബൂത്വാലിബിന്റെ മരണസമയ ത്ത് അവിടെ ഹാജരാവുകയും അല്ലാഹുവിന്റെ ഏകത്വം സാക്ഷ്യപ്പെടുത്താൻ ആവശ്യ പ്പെടുകയും ചെയ്തപ്പോഴാണ്: നിശ്ചയം നീ, നീ ഇഷ്ടപ്പെടുന്നവരെ സന്മാർഗത്തിലാക്കു ന്നില്ല, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗത്തിലാക്കുന്നു, ആരാണ് സന്മാർഗ ത്തിലുള്ളതെന്ന് ഏറ്റവും അറിയുന്നവൻ അവൻ തന്നെയാകുന്നു എന്ന 28: 56 അവതരി ക്കുന്നത്. ദാനധർമ്മങ്ങൾ മുസ്ലിംകളല്ലാത്തവർക്ക് നൽകാമോ എന്ന സംശയത്തിന് മ റുപടിയായി 'അവരുടെ സന്മാർഗം നിന്റെ കയ്യിൽ തന്നിട്ടില്ല, എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു' എന്ന 2: 272 അവതരിക്കുകയുണ്ടായി. അഥ വാ ദാനധർമ്മങ്ങൾ ജാതിയോ മതമോ നോക്കാതെ മനുഷ്യരിൽ നിന്നും അർഹതയുള്ള വർക്കാണ് കൊടുക്കേണ്ടത് എന്നർത്ഥം.

ചുരുക്കത്തിൽ, അദ്ദിക്റാണ് നേരെച്ചൊവ്വെയുള്ള പാത. 39: 33 ൽ, ആർക്കാണോ സ ത്യം വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അപ്പോൾ അക്കൂട്ടർ ത ന്നെയാണ് സൂക്ഷ്മതയുള്ളവർ എന്നും; 73: 19; 76: 29 എന്നീ സൂക്തങ്ങളിൽ, നിശ്ചയം അ ദ്ദിക്ർ തങ്ങളുടെ നാഥനിലേക്ക് എത്തിപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് ഒരു ടിക്കറ്റുതന്നെ യാണ് എന്നും; 69: 48 ൽ, നിശ്ചയം അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുക സൂക്ഷ് മാലുക്കൾ മാത്രമാണെന്നും പറഞ്ഞിട്ടുണ്ട്. അടിമ ഉടമയോട് ഫാത്തിഹഃയിലൂടെ ഞങ്ങ ളെ നീ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് നയിക്കേണമേ എന്ന് പ്രാർത്ഥിച്ചതിന് മറുപ ടിയായിട്ടാണ് ബഖറ മുതൽ അന്നാസ് വരെയുള്ള മൊത്തം 113 സൂറത്തുകൾ അവതരി പ്പിക്കപ്പെട്ടത്. ഒറ്റ ഗ്രന്ഥമായ *അൽ കിതാബി*ന്റെ അവസാന രൂപമായ ആ ഗ്രന്ഥം, അതി ന്റെ കാര്യത്തിൽ സംശയമില്ല, അത് സൂക്ഷ്മാലുക്കൾക്ക് സന്മാർഗമാണ് എന്ന് 2: 2 ൽ പ റഞ്ഞിട്ടുണ്ട്. നമസ്കാരത്തിൽ 'ഞങ്ങളെ നീ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് നയി ക്കേണമേ' എന്ന് ഫാത്തിഹഃയിലൂടെ പ്രാർത്ഥിക്കുകയും എന്നാൽ സന്മാർഗമായ അദ്ദി ക്ർ ഉപയോഗപ്പെടുത്താതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾ പട്ടി, പന്നി, കുരങ്ങ് തു ടങ്ങിയവയുടെ രൂപത്തിൽ നരകത്തിൽ പ്രവേശിക്കുന്നതാണ്. ലക്ഷ്യബോധമില്ലാതെ ന മസ്കരിക്കുന്നവർക്ക് പിഴയായി നരകത്തിലെ *വൈൽ* എന്ന ചെരുവാണ് ലഭിക്കുക എ ന്ന് 107: 4-5 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

6. നിന്റെ അനുഗ്രഹം വർഷിച്ചവരുടേതായ പാതയിൽ.

നാഥന്റെ കാരുണ്യവും ഔദാര്യവുമായ അദ്ദിക്റിന്റെ പാതയാണ് സ്വർഗത്തിലേക്കു ള്ള നേരെച്ചൊവ്വെയുള്ള ഏകപാത. ആ പാതയിൽ തന്നെയാണ് ദിവ്യബോധനം നൽക പ്പെട്ട നബിമാരും സന്ദേശം നൽകപ്പെട്ട പ്രവാചകന്മാരും നിലകൊണ്ടത്. അഥവാ 4: 68-69 സൂക്തങ്ങളിൽ വിവരിച്ച ദിവ്യബോധനം ലഭിച്ചിരുന്ന നബിമാർ, സത്യസന്ധന്മാർ, നാഥന്റെ മാർഗത്തിൽ രക്തസാക്ഷ്യം വഹിച്ചവർ, സജ്ജനങ്ങൾ തുടങ്ങിയവർ നിലകൊ ണ്ടിരുന്ന നേരെച്ചൊവ്വെയുള്ള പാതയാണ് നാഥന്റെ അനുഗ്രഹം വർഷിച്ചവരുടേതായ പാത. 57: 19 ൽ, ആരാണോ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊ ണ്ടും വിശ്വസിച്ചവരായത്, അക്കൂട്ടർ തന്നെയാണ് തന്റെ നാഥന്റെ പക്കൽ സത്യപ്പെടു ത്തുന്നവരും സാക്ഷ്യപ്പെടുത്തുന്നവരും, അവർക്ക് അവരുടെ പ്രതിഫലവും അവരുടെ പ്രകാശവും ഉണ്ട്; കാഫിറുകളായവരും നമ്മുടെ സൂക്തങ്ങൾ കളവാക്കി തള്ളിപ്പറഞ്ഞവ

രുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാണ് ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികൾ എന്ന് പ റഞ്ഞിട്ടുണ്ട്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യു ദ്ധമോ അല്ലാഹുവിന്റെ മാർഗത്തിലുള്ള രക്തസാക്ഷ്യം വഹിക്കലോ ഇല്ല. എന്നാൽ ഒറ്റ പ്പെട്ട വിശ്വാസി 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അ തിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന അവരുടെ അനു യായികളോടും അധികരിച്ച ജിഹാദ് ചെയ്യാനാണ് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളി ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 2: 143; 22: 78 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദി ക്റിന്റെ മാർഗത്തിലുള്ള പ്രവാചകന്റെ ജീവിതം ജനങ്ങളിൽ സാക്ഷ്യപ്പെടുത്തി ജീവിക്കു ന്ന വിശ്വാസികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ ഒറ്റപ്പെട്ട വി ശ്വാസി ഇന്ന് 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജന വിഭാഗങ്ങൾക്ക് 32: 4 ൽ പറഞ്ഞ പ്രകാരം 'പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല' എ ന്ന് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയാണ് വേണ്ടത്. അപ്പോൾ നാഥൻ അവരെയും സഹായിക്കുന്നതാണ്.

ആദ്യപ്രവാചകനായ നൂഹ് മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് വരെയുള്ള 313 പ്ര വാചകന്മാർക്കും അവതരിപ്പിക്കപ്പെട്ടത് സത്യവും തെളിവുമായ ഒറ്റ ഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ് എന്നും അത് അവതരിപ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനെക്കൂടാതെ സേവിക്കാൻ മറ്റൊരു ദൈവവുമില്ല എന്ന് പഠിപ്പിക്കാനാണെന്നും 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടു ണ്ട്. ആദ്യമനുഷ്യനായ ആദം മുതൽ അന്ത്യനാൾ വരെയുള്ള എല്ലാ വിശ്വാസികളും 5: 55 –56; 58: 22 സൂക്തങ്ങളിൽ പറഞ്ഞ വിശ്വാസിയായ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെ ട്ടവരാണ്. പ്രസ്തുത സംഘത്തിൽ പെടാത്ത അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫു ജ്ജാറുകളായ കുഫ്ഫാറുകളും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരാ ണ്. അവരുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ൽ പറഞ്ഞി ട്ടുണ്ട്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണ മായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവർ നാഥനെ മുറു കെപ്പിടിച്ച് നേരെചൊവ്വായ പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174–175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവും അവന്റെ പ്രവാചകന്മാരും വിശ്വാസികളും ഉ ൾപ്പെട്ട അല്ലാഹുവിന്റെ സംഘത്തിനാണ് അന്തിമ വിജയമെന്ന് 5: 56 ലും; അല്ലാഹുവി നും അവന്റെ പ്രവാചകനും വിശ്വാസികൾക്കുമാണ് പ്രതാപമെന്നും എന്നാൽ കപടവി ശ്വാസികൾ അത് തിരിച്ചറിയുകയില്ല എന്ന് 63: 8 ലും പറഞ്ഞിട്ടുണ്ട്.

സത്യസന്ധന്മാർ: സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവരാണ് സ ത്യസന്ധന്മാരെന്നും അക്കൂട്ടരാണ് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരെന്നും 39: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം ഗ്രന്ഥം സമർപ്പിക്കുന്ന നാഥനെക്കൊണ്ടും അവ ന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിച്ചിട്ടുള്ളവരും പിന്നെ അതിൽ യാതൊരു ചാഞ്ചാട്ട മില്ലാത്തവരും തങ്ങളുടെ സമ്പത്തുകൊണ്ടും ആത്മാവുകൊണ്ടും നാഥന്റെ മാർഗത്തിൽ ത്യാഗപരിശ്രമം ചെയ്യുന്നവരുമാണ് സത്യസന്ധന്മാർ എന്ന് 49: 15 ൽ പറഞ്ഞിട്ടുണ്ട്. വി ശ്വാസികളോട് മാത്രമാണ് നമസ്കാരം കൽപിച്ചിട്ടുള്ളത്. അതാകട്ടെ, *ദിക്റീ* (അദ്ദിക്ർ) എന്ന ഗ്രന്ഥം നിലനിർത്താനാണ് എന്ന് 20: 14 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെ ടുത്താത്ത ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവ

നോട് 'അപ്പോൾ നീ സത്യത്തെ സത്യപ്പെടുത്തിയില്ല, അതുകൊണ്ട് നീ നമസ്കരിച്ചിട്ടു മില്ല; എന്നാൽ നീ കളവാക്കുകയും പിന്തിരിഞ്ഞ് പോവുകയുമാണുണ്ടായത്' എന്ന് പറ യുമെന്ന് 75: 31–32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

സജ്ജനങ്ങൾ: 2: 130; 16: 122; 29: 27 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് ഇബ്റാ ഹീം സജ്ജനങ്ങളിൽ പെട്ടവനായിരുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. എന്നെ നീ സജ്ജ നങ്ങളിൽ പ്രവേശിപ്പിക്കേണമേ എന്ന് യൂസുഫ് പ്രാർത്ഥിച്ചതായി 12: 101 ലും; എന്നെ നീ നിന്റെ കാരുണ്യമായ അദ്ദിക്ർ കൊണ്ട് സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ എ ന്ന് സുലൈമാൻ പ്രാർത്ഥിച്ചതായി 27: 19 ലും പറഞ്ഞിട്ടുണ്ട്. ആരാണോ വിശ്വസിയാവു കയും ആ വിശ്വാസം ജനങ്ങൾക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരി ക്കുകയും ചെയ്യുന്നത്, അവരെ നാം സജ്ജനങ്ങളിൽ പ്രവേശിപ്പിക്കുക തന്നെ ചെയ്യും എന്ന് 29: 9 ലും; നിശ്ചയം വിശ്വാസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാണ് കരയി ലെ ഏറ്റവും ഉത്തമജീവികൾ, അവർക്ക് തങ്ങളുടെ നാഥന്റെ പക്കലുള്ള പ്രതിഫലം താ ഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന നിത്യാനുഗ്രഹ സ്വർഗപ്പൂന്തോപ്പുകളാണ്, അവർ അതിൽ എന്നെന്നും നിത്യവാസികളാണ്, നാഥൻ അവരെത്തൊട്ടും അവർ നാഥ നെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അതുതന്നെയാണ് തന്റെ നാഥനെ ഭയപ്പെടുന്നവനു ള്ളത് എന്ന് 98: 7–8 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നിശ്ചയം ഭൂമി അനന്തരമെടുക്കുക എ ന്റെ സജ്ജനങ്ങളായ അടിമകളാണെന്ന് 21: 105 ലും; നിശ്ചയം എന്റെ സംരക്ഷകൻ ഗ്ര ന്ഥം അവതരിപ്പിച്ച അല്ലാഹുവാണ്, അവൻ സജ്ജനങ്ങളെ തെരഞ്ഞെടുക്കുന്നവനുമാണ് എന്ന് 7: 196 ലും പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാരും നബിമാരും സജ്ജനങ്ങളിൽ പെ ട്ടവരായിരുന്നു. നാഥന്റെ അനുഗ്രഹം വർഷിച്ചവരുടെ സ്വഭാവം 19: 58 ൽ, വിവരിച്ചിട്ടുള്ളത് ഇങ്ങനെയാണ്: 'അക്കൂട്ടരെല്ലാമാണ് ആദം സന്തതിപരമ്പരകളിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്തിന് വിധേയമായിട്ടുള്ള നബിമാരിൽ നിന്നുള്ള ചിലർ, നൂഹിന്റെ കൂടെ നാം കപ്പലിൽ വഹിപ്പിച്ചവരിൽ നിന്നുള്ള ചിലർ, ഇബ്റാഹിമിന്റെയും ഇസ്റാഈലിന്റെയും സന്തതിപരമ്പരകളിൽ പെട്ട ചിലർ, നാം സന്മാർഗത്തിലാക്കുകയും തെരഞ്ഞെടുക്കുക യും ചെയ്തിട്ടുള്ളവരിൽ നിന്നുള്ള ചിലർ; നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവരുടെ മേൽ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ ഉടനെത്തന്നെ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗ ത്തിൽ വീഴുന്നതാണ്'. വിശ്വാസി അവന്റെ ആത്മാവുകൊണ്ട് എപ്പോഴും, പ്രത്യേകിച്ച് തി ലാവത്തിന്റെ സാഷ്ടാംഗപ്രണാമത്തിൽ നിന്ന് വിരമിക്കുന്നതിന് മുമ്പായി 'നാഥാ! നിന്റെ കാരുണ്യമായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ നിന്റെ സജ്ജനങ്ങളായ അടിമകളിൽ പ്രവേ ശിപ്പിക്കേണമേ' എന്ന് പ്രാർത്ഥിക്കുന്നതാണ്.

7. കോപിക്കപ്പെട്ടവരുടെയും വഴിതെറ്റി വ്യതിചലിച്ചവരുടെയും മാർഗത്തിലല്ല.

പ്രവാചകന്റെ കാലത്ത് മക്കാമുശ്രിക്ക് നേതാക്കളും ജൂതരുമായിരുന്നു നാഥന്റെ കോ പം വർഷിക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നത് എങ്കിൽ വഴിതെറ്റി വ്യതിചലിച്ചവരുടെ കൂട്ട ത്തിൽ ക്രൈസ്തവരും മക്കാമുശ്രിക്കുകളിലെ സാധാരണക്കാരുമാണ് ഉൾപ്പെട്ടിരുന്നത്. 3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറ ബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയാ യികളുമടങ്ങിയ ഫുജ്ജാറുകളാണ് കോപിക്കപ്പെട്ടവരിലും വഴിപിഴച്ചവരിലും ഉൾപ്പെടുക.

കോപം വർഷിക്കപ്പെട്ട കപടവിശ്വാസികളെ തെമ്മാടികൾ, കാഫിറുകൾ, ലക്ഷ്യബോ ധം നഷ്ടപ്പെട്ടവർ, കുറ്റവാളികൾ, ഹൃദയം കല്ലിച്ചുപോയവർ, അല്ലാഹുവിന്റെ ശത്രുക്കൾ,

മനുഷ്യപ്പിശാചുക്കൾ, ഭ്രാന്തന്മാർ എന്നിങ്ങനെയും; ഇത്തരം കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരെ ഫാജിറുകൾ, കുഫ്ഫാറുകൾ, ഹൃദയത്തിൽ രോഗമുള്ളവർ, മുശ്രിക്കുകൾ, പ്രജ്ഞയറ്റവർ, നന്ദികെട്ടവർ, കാഫിറുകൾ, സത്യത്തെ തള്ളിപ്പറയുന്നവർ, ഭ്രാന്തന്മാർ എന്നിങ്ങനെയും പല സൂക്തങ്ങളിലൂടെ വിശേഷിപ്പിച്ചിട്ടുണ്ട്. 9: 67 അവസാനിക്കുന്നത് 'നിശ്ചയം കപടവിശ്വാസികൾ, അവർ തന്നെയാണ് തെമ്മാടികൾ' എന്ന് പറഞ്ഞുകൊണ്ടാണ്. അത്തരം കപടവിശ്വാസികളായ പുരുഷന്മാരോടും സ്ത്രീകളോടും ഗ്രന്ഥത്തിലെ സൂക്തങ്ങളെ അടിക്കടി തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്ന കുഫ്ഫാറുകളോടും വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകക്കുണ്ഠത്തിലെ തീയാണ്, അവർ അതിൽ നിത്യവാസികളായിരിക്കും, നാഥൻ അവരെ ശപിച്ചിരിക്കുന്നു, അവർക്ക് അതിൽ സ്ഥായിയായ ശിക്ഷയുമാണുള്ളത് എന്ന് 9: 68 ൽ പറഞ്ഞിട്ടുണ്ട്. 9: 73; 66: 9 തുടങ്ങിയ സൂക്തങ്ങളിലൂടെ പ്രവാചകനും വിശ്വാസിയും 'ഇത്തരം കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനും അവരോട് കോപം പുലർത്താനും അവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്, അത് എത്ര ദുഷിച്ച മടക്കസ്ഥലം' എന്ന് പറയാനും കൽപിക്കപ്പെട്ടിരിക്കുന്നു. ഓ വിശ്വാസികളായിട്ടുള്ളവരേ! അല്ലാഹുവിന്റെ കോപത്തിന് വിധേയരായ പരലോകം കൊണ്ട് വിശ്വസിക്കാത്ത കപടവിശ്വാസികളും ഖബർ വാസികളെക്കുറിച്ച് ആശയറ്റവരായ കുഫ്ഫാറുകളുമായ ജനതയെ നിങ്ങൾ മിത്രങ്ങളായി തെരഞ്ഞെടുക്കരുത് എന്ന് 60: 13 ൽ പറഞ്ഞിട്ടുണ്ട്.

9: 123; 48: 29; 82: 14; 83: 7 സൂക്തങ്ങളിൽ പറഞ്ഞ കുഫ്ഫാറുകളിലും ഫുജ്ജാറുകളിലും കപടവിശ്വാസികളും വഴിപിഴച്ചുപോയ അവരുടെ അനുയായികളും ഉൾപ്പെടുന്നതാണ്. 2: 6–7; 41: 26–28; 74: 31 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകൾ കപടവിശ്വാസികളാണെങ്കിൽ 4: 140; 33: 1, 48; 41: 29; 57: 15 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകൾ വഴിപിഴച്ചുപോയ അവരുടെ അനുയായികളാണ്. 2: 39; 5: 10, 86; 64: 10 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളിൽ ഉൾപ്പെടുക സൂക്തങ്ങൾ മൂടിവെക്കുന്ന കപടവിശ്വാസികളാണെങ്കിൽ പ്രസ്തുത സൂക്തങ്ങളിൽ പറഞ്ഞ സൂക്തങ്ങളെ തള്ളിപ്പറയുന്നവർ വഴിപിഴച്ചുപോയ അവരുടെ അനുയായികളാണ്. 77-ാം സൂറത്തിൽ 10 സൂക്തങ്ങളിൽ അദ്ദിക്റിനെ തള്ളിപ്പറയുന്നവർക്ക് 'വൈൽ' എന്ന ചെരിവാകുന്നു എന്ന് പറഞ്ഞതിൽ കപടവിശ്വാസികളും അവരുടെ വഴിപിഴച്ചവരായ അനുയായികളും ഉൾപ്പെടുന്നതാണ്. പ്രവാചകനോടും അതുവഴി വിശ്വാസിയോടും കുറ്റവാളികളായ കപടവിശ്വാസികളെയും നന്ദികെട്ട അവരുടെ അനുയായികളെയും അനുസരിക്കരുതെന്ന് കൽപിച്ചുകൊണ്ടാണ് 76: 24 അവസാനിക്കുന്നത്. 41: 28 ലും 63: 4 ലും കപടവിശ്വാസികൾ അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ സൂക്തങ്ങൾ തള്ളിപ്പറയുന്നവരെയും അതെല്ലാം പഠിച്ച് തികഞ്ഞവരാണെന്ന് അഹങ്കരിക്കുന്ന കപടവിശ്വാസികളെയും 7: 40; 10: 17; 26: 99; 32: 12, 22; 34: 32; 37: 34 തുടങ്ങി 52 സൂക്തങ്ങളിൽ ഭ്രാന്തന്മാർ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ ഇവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത് എന്ന് 36: 59–62 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സൂക്തങ്ങൾ നൽകപ്പെട്ടിട്ട് അതിൽ നിന്ന് ഊരിപ്പോയതുകാരണം പിശാചിനാൽ പിന്തുടരപ്പെട്ട കപടവിശ്വാസികളെ ലക്ഷ്യബോധം നഷ്ടപ്പെട്ടവർ എന്നാണ് 7: 175 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. ഭൂമിയിൽ ഒട്ടിപ്പിടിച്ച ഇത്തരം കപടവിശ്വാസികളും നാഥന്റെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് ഇത്തരം കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകളെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും

മാറ്റം വരാത്ത നായയോടാണ് 7: 176 ൽ പ്രപഞ്ചനാഥൻ ഉപമിച്ചിട്ടുള്ളത്. 26: 94; 28: 63; 37: 32 എന്നീ സൂക്തങ്ങളിൽ പറഞ്ഞ ലക്ഷ്യബോധം നഷ്ടപ്പെട്ടവരിൽ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന വഴിപിഴച്ചുപോയ അനുയായികളും ഉൾപ്പെടുന്നതാണ്. 7: 179; 16: 108 എന്നീ സൂക്തങ്ങളിൽ പറഞ്ഞ നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ള പ്രജ്ഞയറ്റവരിൽ കപടവിശ്വാസികളും വഴിപിഴച്ചുപോയ അവരുടെ അനുയായികളും ഉൾപ്പെടുന്നതാണ്. 22: 53 ൽ പറഞ്ഞ ഹൃദയം കല്ലിച്ചുപോയവരിലും ഹൃദയത്തിൽ രോഗമുള്ളവരിലും ഉൾപ്പെടുക കപടവിശ്വാസികളും അവരുടെ അനുയായികളുമാണ്. 33: 60; 74: 31 എന്നീ സൂക്തങ്ങളിൽ ഹൃദയത്തിൽ രോഗമുള്ളവർ എന്ന് പറഞ്ഞത് വഴിപിഴച്ചുപോയവരെക്കുറിച്ചാണ്. 98: 6 ൽ പറഞ്ഞ വേദത്തിന്റെ ആളുകളായ കാഫിറുകൾ ഇന്ന് കപടവിശ്വാസികളും മുശ്‌രിക്കുകൾ കപടവിശ്വാസികളെ പിൻപറ്റുന്ന അനുയായികളുമാണ്. അവർ രണ്ടുകൂട്ടരും നരകക്കുണ്ഠത്തിലേക്കുള്ളവരും കരയിലെ ദുഷ്ടജീവികളുമാണ്.

ത്രാസും അമാനത്തുമായ അദ്ദിക്‌ർ അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്‌രിക്കുകളായിത്തീർന്ന പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കാൻ വേണ്ടിയുമാണെന്ന് 33: 72–73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവസാനകാലത്ത് ലൈംഗിക ബന്ധത്തിലേർപ്പെടാതെ ദൈവസ്മരണയിൽ നിലകൊള്ളുന്ന ലോകത്തുള്ള പുരുഷന്മാരെയും സ്ത്രീകളെയും *ഇജാസി*ലേക്ക് (മക്ക, മദീന ഉൾപ്പെടുന്ന പ്രദേശം) വേർതിരിക്കുന്നത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും വഴിപിഴച്ചുപോയി മുശ്‌രിക്കുകളായിത്തീർന്ന പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണെന്നും അവരുടെ മേലാണ് അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ളതെന്നും അവർക്കുവേണ്ടി നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ടെന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ഏകസംഘത്തിൽപെടാതെ വിവിധ സംഘടനകളായിത്തീർന്ന മുശ്‌രിക്കുകൾ മാലിന്യമാണെന്ന് 9: 28 ലും; കപടവിശ്വാസികൾ മാലിന്യമാണെന്ന് 9: 95 ലും പറഞ്ഞിട്ടുണ്ട്. *ഇജാസി*ൽ *ഇമാം മഹ്ദി* വന്നാൽ അവിടെയുള്ള മാലിന്യമായ കപടവിശ്വാസികളെയും മുശ്‌രിക്കുകളെയും അവിടെ നിന്ന് പുറത്താക്കുന്നതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അത്തരക്കാർക്ക് അവിടേക്ക് പ്രവേശനം വിരോധിക്കുന്നതുമാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനക്കാർ കാഫിറുകളും മുശ്‌രിക്കുകളുമാണെന്ന് 4: 150–151; 30: 30–31 സൂക്തങ്ങളിലും; സാക്ഷിയും *ഇമാമും* കാരുണ്യവുമായ അദ്ദിക്‌റിനെ ഇത്തരം സംഘടനകളിൽ നിന്നുള്ള ഏതൊരുവൻ മൂടിവെച്ചാലും അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകക്കുണ്ഠമാണെന്ന് 11: 17 ലും പറഞ്ഞിട്ടുണ്ട്. 23: 51–53 സൂക്തങ്ങളിൽ, ഓ സന്ദേശവാഹകരേ! നിങ്ങൾ പരിശുദ്ധമായവയിൽ നിന്ന് തിന്നുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുവിൻ, നിശ്ചയം ഞാൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അറിയുന്നവൻ തന്നെയാണ്. നിശ്ചയം ഇത്; നിങ്ങളുടെ സമുദായം ഒറ്റ സമുദായമാണ്, ഞാൻ നിങ്ങളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുന്നവരാകുവീൻ എന്നും പറഞ്ഞിട്ടുണ്ട്. **യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്‌ർ മൊത്തം മനുഷ്യരെ 'ഒരു ജാതി (മനുഷ്യജാതി), ഒരു മതം (സർവസ്രഷ്ടാവിന് സർവസ്വം സമർപ്പിച്ചുകൊണ്ടുള്ള ജീവിതരീതി), ഒരു ദൈവം (സർവ്വാധിപനായ പ്രപഞ്ചനാഥൻ)' എന്ന് തന്നെയാണ്**

പഠിപ്പിക്കുന്നത് എന്നിരിക്കെ ഗ്രന്ഥത്തിൽ നിന്ന് വ്യതിചലിച്ച് ചില സൂക്തങ്ങൾ മാത്രം സ്വീകരിക്കുന്ന വിവിധ സംഘടനകളായിപ്പിരിഞ്ഞ ഫുജ്ജാറുകൾ 23: 53 ൽ പറഞ്ഞ പ്രകാരം അവരോടുള്ള കൽപനകളെല്ലാം അവർക്കിടയിൽ തുണ്ടം തുണ്ടമായി മുറിച്ചുകളയുന്നവരും എല്ലാ ഓരോ സംഘവും അവരുടെ പക്കലുള്ളതുകൊണ്ട് നിഗളിച്ച് ആഹ്ലാദിച്ചുകൊണ്ടിരിക്കുന്നവരുമാണ്. ഗ്രന്ഥത്തിൽ നിന്ന് ഇത്തരം കാര്യങ്ങളെല്ലാം മനസ്സിലാക്കിയ വിശ്വാസി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിച്ചുകൊണ്ട് മാനുഷികഐക്യം നടപ്പിലാകുന്നതിന് വേണ്ടി പ്രയത്നിക്കുന്നതാണ്. 13: 14; 40: 50 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളിൽ കപടവിശ്വാസികളും അവരുടെ വഴിപിഴച്ച ബലഹീനരായ അനുയായികളും ഉൾപ്പെടുന്നതാണ്. അവർ ഇരുകൂട്ടരുടെയും പ്രാർത്ഥന വഴികേടല്ലാതെ വർധിപ്പിക്കുകയില്ല എന്നും ഈ രണ്ട് സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 109: 6 വിശദീകരണം നോക്കുക.

1: 4 ൽ, 'ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു' എന്ന് വായിക്കുമ്പോൾ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി '1: 7 ൽ പറഞ്ഞ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരും ഉൾപെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ ഉൾപ്പെടുത്തരുതേ' എന്നാണ് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുക.

2. അൽ ബഖറഃ

ഗ്രന്ഥത്തിലെ ഏറ്റവും വലിയ സൂറത്താണിത്. മദീനയിൽ അവതരിച്ച ഇതിൽ 286 സൂക്തങ്ങളാണുള്ളത്. പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: എല്ലാ വസ്തുക്കൾക്കും കൊടുമുടിയുണ്ട്, ഗ്രന്ഥത്തിന്റെ കൊടുമുടിയാണ് അൽ ബഖറ. ഗ്രന്ഥത്തിലെ ഏറ്റവും മഹത്തായ സൂക്തമായ ആയത്തുൽ കുർസിയ്യ് (255-ാം സൂക്തം), ഏറ്റവും ദൈർഘ്യമുള്ള സൂക്തമായ ആയത്തുദ്ദൈൻ (282-ാം സൂക്തം) എന്നിവ ഈ സൂറത്തിലാണ്. *നിങ്ങൾ ബഖറയും ആലിഇംറാനും പഠിക്കുക, നിശ്ചയം അവ രണ്ട് പൂവാടികളാണ്, അവ രണ്ടിന്റെയും ആശയം സത്യപ്പെടുത്തി ജീവിച്ചവന് രണ്ട് മേഘക്കുടയെന്നോണം അല്ലെങ്കിൽ രണ്ട് തലപ്പാവെന്നോണം അല്ലെങ്കിൽ ഒരു പക്ഷിയുടെ രണ്ട് ചിറകെന്നോണം അവ വിധിദിവസം തണൽ വിരിക്കുന്നതാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

ഈജിപ്തിൽ പശുപൂജയിൽ മുഴുകിയ ഇസ്റാഈൽ സന്തതികളെ അല്ലാഹു കടൽ പിളർത്തി ഫിർഔൻ പ്രഭൃതികളിൽ നിന്ന് രക്ഷപ്പെടുത്തുകയും അവർ സീനാമരുഭൂമിയിൽ താവളമടിക്കുകയും ചെയ്തു. തുടർന്ന് അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം പ്രവാചകൻ മൂസാ, സഹോദരൻ ഹാറൂനിനെ പ്രതിനിധിയായി നിയമിച്ചുകൊണ്ട് തൗറാത്ത് സ്വീകരിക്കുന്നതിനുവേണ്ടി ത്വൂർ പർവ്വതത്തിലേക്ക് പോവുകയുണ്ടായി. ഈ സമയത്ത് ഇസ്റാഈൽ സന്തതികളുടെ പക്കലുണ്ടായിരുന്ന ആഭരണങ്ങളെല്ലാം ഉരുക്കി 'സാമിരി'യുടെ നേതൃത്വത്തിൽ അവർ ഒരു പശുക്കുട്ടിയുടെ രൂപം വാർത്തെടുത്തു. പിശാച് അതിന് മുക്രയിടുന്ന ശബ്ദം നൽകുകയും അവർ അതിനെ പൂജിക്കാൻ തുടങ്ങുകയും ചെയ്തു. പശുഭക്തി അവരുടെ ഹൃദയത്തിൽ ഈജിപ്തിൽ വെച്ചുതന്നെ ലയിച്ചുചേർന്നിരുന്നു. അപ്പോൾ 67-71 സൂക്തങ്ങളിൽ വിവരിച്ചത് പ്രകാരം അല്ലാഹു, ആരാധിക്കപ്പെടാൻ തെരഞ്ഞെടുക്കാവുന്ന ലക്ഷണങ്ങളുള്ള ഒരു പശുവിനെ അറുക്കാൻ കൽപിക്കുകയാണ്. ഇതിൽ നിന്നാണ് ഈ സൂറത്തിന് അൽ ബഖറഃ (പശു) എന്ന പേര് വന്നത്. അന്നത്തെ ഇസ്റാഈല്യരുടെ ഹൃദയത്തിൽ ലയിച്ചുചേർന്നിരുന്ന പശുഭക്തിയുടെ സ്ഥാനത്ത് ഇന്നത്തെ ഫുജ്ജാറുകളുടെ ഹൃദയത്തിൽ ലയിച്ചുചേർന്നിട്ടുള്ളത് സാമുദായികവികാരം, കാക്കകാരണവന്മാരുടെ ചര്യ, സംഘടനാപക്ഷപാതം തുടങ്ങിയവയാണ്. ഹൃദയത്തിൽ അല്ലാഹുവിനെ വെക്കുന്നതിനുപകരം പശുഭക്തി, കാക്കകാരണവന്മാരുടെ ചര്യ, സാമുദായികവികാരം, സ്വാർത്ഥത, വർഗീയത, ദേഹേച്ഛ, ദേശീയത, വംശീയത, സ്വജനപക്ഷപാതം, സംഘടനാപക്ഷപാതം തുടങ്ങിയ പൈശാചികമായ ദുർഗുണങ്ങൾ വെച്ചിട്ടുള്ളവർ അത് ഗ്രന്ഥത്തിന്റെ ആശയമായ അദ്ദിക്ർ കൊണ്ട് ദൂരീകരിക്കണമെന്നാണ് ഈ സൂറത്ത് മുന്നറിയിപ്പ് നൽകുന്നത്.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്.

രണ്ട് സൂറത്തുകൾ വേർതിരിക്കുന്നത് *ബിസ്മി* കൊണ്ടാണ്.

1. അലിഫ്-ലാം-മീം.

ഇത് ഒരു സൂക്തമായതിനാൽ 16: 89 ൽ പറഞ്ഞ എല്ലാ ഓരോ കാര്യവും വിശദീകരിച്ച ഗ്രന്ഥമായ അദ്ദിക്ർ ഈ സൂക്തത്തെയും വിശദീകരിച്ചിട്ടുണ്ട്. 26: 192-194 സൂക്തങ്ങ

ളിൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനായ അല്ലാഹുവിൽ നിന്നാണ് എന്നതിൽ നിന്നും 'അലിഫ്' അല്ലാഹുവിനെയും; അതും കൊണ്ട് ഇറങ്ങിയത് വിശ്വസ്തനായ *റൂഹ് (ജീബ്രീൽ)* ആകുന്നു എന്നതിൽ നിന്നും 'ലാം' *ജിബ്രീലി*നെയും; നിന്റെ ഹൃദയത്തിലേക്ക് അത് ഇറക്കിയത് അത് കൊണ്ട് നീ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ് എന്ന് പറഞ്ഞതിൽ നിന്നും 'മീം' മുഹമ്മദിനെയും സൂചിപ്പിക്കുന്നു. അഥവാ അല്ലാഹുവിൽ നിന്ന് *ജിബ്രീൽ* മുഖേന പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം എന്ന് സാരം.

2. ആ ഗ്രന്ഥമാകുന്നത്, അതിന്റെ കാര്യത്തിൽ സംശയമേയില്ല, സൂക്ഷ്മാലുക്കൾക്ക് അത് മാർഗദർശകമാണ്.

85: 21–22 സൂക്തങ്ങളിൽ പറഞ്ഞ ഭദ്രമായി സൂക്ഷിക്കപ്പെട്ട ഫലകത്തിൽ (ലൗഹുൽ മഹ്ഫൂളിൽ) രേഖപ്പെടുത്തപ്പെട്ട ആ ഗ്രന്ഥം -പുകൾപെറ്റ വായനയായ അദ്ദിക്ർ, ആ ഒറ്റ ഗ്രന്ഥം മാത്രമേ വേദഗ്രന്ഥമായി ഭൂമിയിലേക്ക് ഇറക്കപ്പെട്ടിട്ടുള്ളൂ. അതിന്റെ ശരീരം വിവിധ ഭാഷകളിലായി പലകാലങ്ങളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെയെല്ലാം ആത്മാവ് ഒന്നുതന്നെയാണ്, അതിന് അദ്ദിക്ർ എന്ന് പറയുന്നു. എല്ലാ പ്രവാചകന്മാർക്കും ദിവ്യസന്ദേശമായി നൽകിയിട്ടുള്ള ഗ്രന്ഥം അദ്ദിക്ർ ആണെന്ന് 16: 43 ലും; അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്ന എല്ലാ ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും ഉണ്ടെന്നും അത് അവതരിപ്പിക്കപ്പെട്ടത് മനുഷ്യർക്ക് അത് വിശദീകരിച്ച് കൊടുക്കുന്നതിന് വേണ്ടിയും അവർ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയുമാണെന്ന് 16: 44 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം അദ്ദിക്റിനെ അത് വന്നുകിട്ടിയിട്ട് മൂടിവെച്ചവരുണ്ടല്ലോ, അവർക്ക് വേദനാജനകമായ ശിക്ഷയുണ്ട്, നിശ്ചയം അത് അജയ്യമായ ഒരു ഗ്രന്ഥം തന്നെയാണ്. അത് ക്രോഡീകരിക്കുന്നതിന് മുമ്പോ ക്രോഡീകരിച്ചതിന് ശേഷമോ അതിൽ മിഥ്യ കടന്നുകൂടുകയില്ല, യുക്തിജ്ഞനും സ്വയം സ്തുത്യർഹനുമായവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണ് അത്. നിനക്കുമുമ്പുള്ള പ്രവാചകന്മാരോട് പറയപ്പെട്ടിട്ടുള്ളതല്ലാത്തതൊന്നും നിന്നോടും പറയപ്പെട്ടിട്ടില്ല എന്ന് 41: 41–43 സൂക്തങ്ങളിലും; ഇതാണ് എന്നോടുള്ളതൊപ്പമുള്ള ദിക്ർ, എനിക്ക് മുമ്പുള്ളവരോടൊപ്പമുള്ള ദിക്റും, എന്നാൽ അവരിൽ അധികപേർക്കും യാഥാർത്ഥ്യം അറിയുകയില്ല, അതുകൊണ്ട് അവർ അദ്ദിക്റിനെ അവഗണിക്കുകയാണ് എന്ന് 21: 24 ലും പറഞ്ഞിട്ടുണ്ട്. 36: 69 ൽ, നിശ്ചയം ഇത് വ്യക്തമായ വായനയായ ഒരു ഉണർത്തലല്ലാതെ മറ്റൊന്നുമല്ല എന്നും; 26: 196 ൽ, നിശ്ചയം ഇത് പൂർവ്വിക ഏടുകളിലെല്ലാമുണ്ടെന്നും; 98: 3 ൽ, പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളുമുണ്ടെന്നും; 5: 48 ൽ, സത്യമായ ഈ ഗ്രന്ഥം അതിന് മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്.

നിശ്ചയം ഇത് മാന്യമായ ഒരു വായന തന്നെയാകുന്നു, എന്നാൽ 98: 2 ൽ പറഞ്ഞ ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അതുകൊണ്ട് ആത്മാവിനെ ശുദ്ധീകരിച്ച വിശുദ്ധന്മാരല്ലാതെ അത് ഉൾക്കൊള്ളുകയില്ല എന്നും, ആത്മാവിനെ പരിഗണിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയവരാണ് എന്നും 56: 77–82 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന വിശ്വാസികൾക്ക് മാത്രമാണ് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമെന്ന് 16: 89

ലും പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാർക്കും അദ്ദിക്ർ മാത്രമാണ് അവതരിപ്പിക്കപ്പെട്ടത് എങ്കിൽ പ്രവാചകൻ മുഹമ്മദിന് ഗ്രന്ഥത്തിന്റെ മാതാവായ ഫാത്തിഹ ഉൾപ്പെടെ *അൽ കിതാബ്* തന്നെ അവതരിപ്പിച്ചിട്ടുണ്ട് എന്ന് 13: 39 ൽ പറഞ്ഞിട്ടുണ്ട്. ഈ വായന ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുണ്ട്, എന്നാൽ അതിന് തയ്യാറുള്ളവർ ആരുണ്ട് എന്ന് 54-ാം സൂറത്തിൽ നാല് പ്രാവശ്യവും ചോദിച്ചിട്ടുണ്ട്. ഗ്രന്ഥത്തിൽ എവിടെയും നിശ്ചയം നാമാണ് ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്, നാം തന്നെ അത് സൂക്ഷിക്കുകയും ചെയ്യും എന്ന് പറഞ്ഞിട്ടില്ല; എന്നാൽ 15: 9 ൽ, നിശ്ചയം നാമാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, നാം തന്നെ അത് സൂക്ഷിക്കുകയും ചെയ്യും എന്നാണ് പറഞ്ഞിട്ടുള്ളത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 32: 2 ൽ, ഗ്രന്ഥം അവതീർണമാകുന്നത് -അതിന്റെ കാര്യത്തിൽ ഒരു സംശയവുമില്ല, അത് സർവ്വലോകങ്ങളുടെയും ഉടമയിൽ നിന്നാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

അദ്ദിക്ർ സൂക്ഷ്മാലുക്കൾക്ക് സന്മാർഗമാണെന്നാണ് സൂക്തത്തിൽ പറയുന്നത്. സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തുന്നവരാണ് സൂക്ഷ്മാലുക്കൾ എന്ന് 39: 33 ലും; അദ്ദിക്ർ സ്വർഗത്തിലേക്കുള്ള സൂക്ഷ്മാലുക്കൾക്ക് ഒരു ടിക്കറ്റ് തന്നെയാണ് എന്ന് 69: 48 ലും പറഞ്ഞിട്ടുണ്ട്. ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ശരീരത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളും അടങ്ങിയവരാണ് ഫുജ്ജാറുകൾ. ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകൾ എന്ന് 83: 34 ൽ പറഞ്ഞിട്ടുണ്ട്. 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ക്രോഡീകരിക്കപ്പെട്ട ത്രികാലജ്ഞാനവും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 5 വിശദീകരണം നോക്കുക.

3. അദൃശ്യങ്ങളിൽ വിശ്വസിക്കുന്നവരും നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവരും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിച്ചുകൊണ്ടിരിക്കുന്നവരുമാണ് അവർ.

പ്രവാചകന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം ഉണ്ടായിരുന്നില്ല എന്നതിനാൽ അന്ന് വിശ്വാസിയാകാനുള്ള ഏകവഴി പ്രവാചകനെ പിൻപറ്റുക എന്നത് മാത്രമായിരുന്നു. എന്നാൽ ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടതിനാൽ 10: 100 ൽ പറഞ്ഞ പ്രകാരം നാഥന്റെ സമ്മതപത്രമായ അത് കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. *പ്രവാചകൻ അനുയായികളോട് ചോദിച്ചു: ആരാണ് ഏറ്റവും ഉത്തമന്മാർ? അവർ പറഞ്ഞു: ഞങ്ങൾ തന്നെയായിരിക്കും, ഞങ്ങൾ താങ്കളെ പിൻപറ്റുകയും താങ്കളോടൊപ്പം യുദ്ധം ചെയ്യുകയും ചെയ്യുന്നുവല്ലോ; പ്രവാചകൻ പറഞ്ഞു: നിങ്ങൾക്ക് എന്തുപറ്റി? ഞാൻ നിങ്ങളിലുണ്ടാവുകയും എനിക്ക് ദിവ്യസന്ദേശം ലഭിക്കുകയും ചെയ്യുന്നുണ്ടെന്നിരിക്കെ. അപ്പോൾ അവർ ചോദിച്ചു: മലക്കുകളായിരിക്കുമോ? പ്ര*

വാചകൻ പറഞ്ഞു: 'മലക്കുകളോ? അവർ കുറ്റം ചെയ്യാത്തവരും അല്ലാഹുവിന്റെ സമീപ സ്ഥരുമല്ലെയോ?' 'പിന്നെ മറ്റു നബിമാരായിരിക്കുമോ?' പ്രവാചകൻ പറഞ്ഞു: 'അവർ ദിവ്യബോധനം ലഭിക്കുന്നവരല്ലേ'. 'പിന്നെ ആരാണവർ?' 'നിങ്ങൾക്കുശേഷം രണ്ട് ചട്ട (ലൗഹ്)യുടെ ഇടയിലുള്ള ഗ്രന്ഥത്തിൽ നിന്ന് എന്നെ കണ്ട് പിൻപറ്റി ജീവിക്കുന്നവരാണവർ' എന്ന് പ്രവാചകൻ മറുപടി പറഞ്ഞു. 36: 11 ൽ, നിശ്ചയം നിഷ്പക്ഷവാനെ കാണാതെ കണ്ട് (അദ്ദിക്റിൽ നിന്ന് കണ്ട്) ഭയപ്പെടുന്നവരെയും അദ്ദിക്ർ പിൻപറ്റുന്നവരെയും മാത്രമേ നീ ഉണർത്തുകയുള്ളൂ, അപ്പോൾ അവന് പാപമോചനവും മാന്യമായ പ്രതിഫലവും കൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം നൽകപ്പെട്ടവർക്ക് പ്രവാചകൻ മുഹമ്മദിനെ തങ്ങളുടെ സന്താനങ്ങളെ അറിയുന്നതിലുപരി അറിയുമെന്ന് 2: 146; 6: 20 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി ഫുജ്ജാറുകൾ കാഫിറുകളും അക്രമികളും തെമ്മാടികളുമായി മാറിയിരിക്കുകയാണ്.

അദൃശ്യങ്ങൾ(ഗൈബ്):-ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിൽ മുമ്പ് കഴിഞ്ഞതും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇനി സംഭവിക്കാൻ പോകുന്നതുമായ എല്ലാ ഓരോ കാര്യവും ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടുതന്നെ അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം രൂപപ്പെടുത്താൻ സാധിക്കുക അദ്ദിക്ർ കൊണ്ട് മാത്രമാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾ ഗ്രന്ഥം സമർപ്പിക്കുന്ന വിധം പരലോകം കൊണ്ട് വിശ്വാസമില്ലാത്തവരാണ്. 6: 104 ൽ പറഞ്ഞ ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ ഉപയോഗപ്പെടുത്തി പുരുഷനാകട്ടെ സ്ത്രീയാകട്ടെ ഏതൊരാൾക്കും പ്രപഞ്ചനാഥനേയും പ്രവാചകന്മാരേയും മലക്കുകളേയും പിശാചിനേയുമെല്ലാം പരിചയപ്പെടാവുന്നതാണ്. കൂടാതെ മനുഷ്യന്റെ ഏഴ് ഘട്ടങ്ങൾ, ഓരോരുത്തരെയും ഭൂമിയിൽ നിയോഗിച്ചതിന്റെ ലക്ഷ്യം, മരണസമയത്തുള്ള ആത്മാവിന്റെ അവസ്ഥ, ഖബർ ജീവിതത്തിന്റെ അവസ്ഥ, പുനർജന്മം, പരലോകം, വിചാരണാരംഗം, സ്വർഗം, സ്വർഗത്തിലെ അനുഭൂതികൾ, സ്വർഗവാസികളുടെ രൂപം, സ്വർഗവാസികൾക്ക് ഇല്ലാത്ത അവയവങ്ങൾ ഏതെല്ലാമാണ്, സ്വർഗത്തിൽ വിലക്കപ്പെട്ട കനി ഏതാണ്, നരകക്കുണ്ഠം, നരകക്കുണ്ഠത്തിലെ ശിക്ഷാകഠോരങ്ങൾ, പിശാചിനെ സേവിച്ചുകൊണ്ടിരുന്ന നരകവാസികളുടെ രൂപം തുടങ്ങി ആത്മാവുകൊണ്ട് കാണേണ്ട എല്ലാ രംഗങ്ങളും അവസ്ഥകളുമാണ് അദൃശ്യങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ന് ഏതൊരാളും അറിവില്ലാത്ത ഏതൊരു കാര്യവും ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് എന്ന് 16: 43; 25: 59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ആത്മാവും ആത്മാവിന്റെ ഉടമയും തമ്മിലുള്ള കൂടിക്കാഴ്ചയാണ് നമസ്കാരം. *ദിക്റീ* എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടി നീ നമസ്കാരം നിലനിർത്തുക എന്ന് 20: 14 ലും; നമസ്കാരം വിശ്വാസികൾക്ക് മാത്രമുള്ള സമയം നിർണ്ണയിക്കപ്പെട്ട ഒരു ബാധ്യതയാണെന്ന് 4: 103 ലും പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്താത്ത ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'അപ്പോൾ നീ സത്യത്തെ സത്യപ്പെടുത്തിയിട്ടില്ല; അതുകൊണ്ട് തന്നെ നീ നമസ്കരിച്ചിട്ടുമില്ല, നീ അതിനെ തള്ളിപ്പറഞ്ഞ് പിന്തിരിഞ്ഞ് പോയി' എന്ന് പറയുമെന്ന് 75: 31-32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ലക്ഷ്യബോധമില്ലാതെ അറബി ഖുർആൻ വായിച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഫുജ്ജാറുകളും കുഫ്ഫാറുകളുമായ ഭ്രാന്തന്മാരോട് പരലോകത്തുവെച്ച് 'എന്തൊന്നാണ് നിങ്ങളെ നരകക്കുണ്ഠത്തിന്റെ ഏഴ് കവാടങ്ങളിലൊന്നായ സഖറി

ലേക്ക് കടത്തിവിട്ടത്' എന്ന് സ്വർഗവാസികൾ ചോദിക്കുമ്പോൾ, 'ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല. ഞങ്ങൾ അഗതികളെ ഭക്ഷിപ്പിക്കുന്നവരുമായിരുന്നില്ല. ഞങ്ങൾ പരിഹസിക്കുന്നവരോടൊപ്പം പരിഹസിക്കുന്നവരുമായിരുന്നു. ഞങ്ങൾക്ക് ഉറപ്പ് -മരണം- വന്നെത്തുന്നത് വരെ ഞങ്ങൾ വിധിദിവസത്തെ കളവാക്കി തള്ളിപ്പറയുന്നവർ തന്നെയുമായിരുന്നു' എന്ന് അവർ മറുപടി പറയുമെന്ന് 74: 42-47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്ത കാഫിറുകളുടെ പ്രാർത്ഥനയോ ദാനധർമ്മങ്ങളോ ഒന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്നും അവർക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്നും 9: 53-55; 13: 14; 25: 65-66; 40: 50 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി സ്വർഗം പണിയുക അല്ലെങ്കിൽ വാങ്ങുക എന്നതാണ് ജീവിതലക്ഷ്യം. അന്നേദിനം എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും നിങ്ങൾ ചോദിക്കപ്പെടുക തന്നെ ചെയ്യും എന്ന് 102: 8 ൽ പറഞ്ഞിട്ടുണ്ട്. ഐശ്വര്യവാനായ നാഥനിൽ നിന്നുള്ള അദ്ദിക്ർ ആണ് ഏറ്റവും വലിയ അനുഗ്രഹം. നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഗ്രന്ഥം മനഃപ്പാഠമാക്കിയവനാണ് എന്ന് പഠിപ്പിക്കുന്നതിനുപകരം ഗ്രന്ഥത്തിന്റെ ആശയം വഹിക്കുന്നവനാണ് എന്നാണ് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. അറബി ഖുർആൻ വായിക്കുന്ന അക്രമികളായ ഫുജ്ജാറുകളെ ഭാരം വഹിക്കുന്ന കഴുതയോടാണ് 62: 5 ൽ ഉപമിച്ചിട്ടുള്ളത്. ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടതിനാലും ലോകത്ത് എവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാലും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 254; 5: 35-36; 9: 60 വിശദീകരണം നോക്കുക.

4. നിനക്ക് അവതീർണ്ണമായ ഒന്നുകൊണ്ടും നിനക്കുമുമ്പ് അവതീർണ്ണമായ ഒന്നുകൊണ്ടും വിശ്വസിക്കുന്നവരും പരലോകം കൊണ്ട് ദൃഢബോധ്യമുള്ളവരുമാണ് അവർ.

ഗ്രന്ഥത്തിന്റെ വിരോധങ്ങൾ അനുവദനീയമായി കൊണ്ടുനടക്കുന്നവർ ഗ്രന്ഥം കൊണ്ട് വിശ്വസിച്ചിട്ടില്ല എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഗ്രന്ഥത്തിന്റെ ആശയമായ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കാത്തവർ ഗ്രന്ഥം കൊണ്ട് വിശ്വസിച്ചിട്ടില്ല. ഗ്രന്ഥത്തിൽ പറഞ്ഞ ചില പദങ്ങളുടെ ആശയം വിശദീകരിച്ചിട്ടുണ്ടാവുക ചിലപ്പോൾ മുൻ ഗ്രന്ഥങ്ങളിലായിരിക്കും. 4: 136 ൽ, ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിക്കുക, അവന്റെ പ്രവാചകന് ഇറക്കപ്പെട്ട ഗ്രന്ഥത്തെക്കൊണ്ടും മുമ്പ് ഇറക്കപ്പെട്ട ഗ്രന്ഥങ്ങളെക്കൊണ്ടും വിശ്വസിക്കുക, ആരെങ്കിലും അല്ലാഹുവിനെക്കൊണ്ടും അവന്റെ മലക്കുകളെക്കൊണ്ടും അവന്റെ ഗ്രന്ഥങ്ങളെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും നിഷേധിക്കുന്നുവോ, അപ്പോൾ തീർച്ചയായും അവർ സത്യത്തിൽ നിന്ന് അതിവിദൂരം വഴിപിഴച്ചുപോയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ ആദ്യം 'മുമ്പ് ഇറക്കപ്പെട്ട ഗ്രന്ഥം' എന്ന് ഏകവചനത്തിലും രണ്ടാമത് 'അവന്റെ ഗ്രന്ഥങ്ങളെക്കൊണ്ടും' എന്ന് ബഹുവചനത്തിലും പറഞ്ഞത് ഒറ്റഗ്രന്ഥം മാത്രമേ വന്നിട്ടുള്ളൂ എന്നും, അഥവാ ഗ്രന്ഥത്തിന്റെ ആത്മാവ് എക്കാലത്തും ഒന്നുതന്നെയായിരുന്നു എന്നും, എന്നാൽ അവയുടെ ശരീരം വ്യത്യസ്ഥമായിരുന്നു എന്നുമാണ്.

എല്ലാഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള 56: 95; 69: 51 സൂക്തങ്ങളിൽ പറഞ്ഞ ഉറ

പ്പ് നൽകുന്ന സത്യമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്നവർ മാത്രമാണ് പരലോകം കൊണ്ട് ദൃഢബോധ്യമുള്ളവർ. അദ്ദിക്ർ മനുഷ്യർക്ക് മൊത്തം ഉൾക്കാഴ്ചാദായകവും ദൃഢബോധ്യമുള്ള ജനതക്ക് സന്മാർഗവും കാരുണ്യവുമാണെന്ന് 45: 20 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും കുഫ്ഫാറുകളുമായ ഭ്രാന്തന്മാർ സാക്ഷിയായ അദ്ദിക്റിനെ സത്യപ്പെടുത്താതെ ജീവിക്കുന്നത് കാരണം വിധിദിവസം: ഞങ്ങളുടെ നാഥാ! ഞങ്ങൾ നരകക്കുണ്ഠം കണ്ടു, അതിലെ രോദനങ്ങൾ കേൾക്കുകയും ചെയ്തു, അപ്പോൾ നീ ഞങ്ങളെ ഒന്ന് തിരിച്ചയച്ചാലും, ഞങ്ങൾ സൽകർമ്മങ്ങൾ ചെയ്തു കൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു എന്ന് പറയുമെന്ന് 32: 12 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 69: 51 ൽ പറഞ്ഞ ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതിരുന്നാൽ കണ്ണിന് ഉറപ്പാകുന്നത് വരെ ജ്വലിക്കുന്ന നരകം കാണുക തന്നെ ചെയ്യുമെന്ന് 102: 6–7 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 32: 24 ൽ, നമ്മുടെ സൂക്തങ്ങളിൽ ദൃഢബോധ്യമുള്ളവരും പരലോകത്തിന് പ്രാധാന്യം കൊടുക്കുന്ന ക്ഷമാലുക്കളുമായിരുന്നപ്പോൾ ഇസ്റാഈൽ സന്തതികൾക്ക് നാം അവരിൽ നിന്നുതന്നെയുള്ള സന്മാർഗത്തിലേക്ക് നയിക്കുന്ന നേതാക്കളെ നിയോഗിച്ചിട്ടുണ്ടായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 27: 82 ൽ, അവസാനനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ ഭൂമിയിൽ നിന്ന് പുറപ്പെടുന്ന മൃഗം (*ദാബ്ബത്തുൽ അർള്*) വന്ന് 'നിശ്ചയം മനുഷ്യർ നമ്മുടെ സൂക്തങ്ങൾ കൊണ്ട് ദൃഢബോധ്യമുള്ളവരല്ല' എന്ന് പറയുമെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് എന്ന് പറയുന്നതിന് പകരം 'നമ്മുടെ സൂക്തങ്ങൾ കൊണ്ട്' എന്ന് പറയുന്നത് മൃഗം അല്ലാഹുവിനുവേണ്ടി സംസാരിക്കുന്നതിനാലാണ്. പ്രവാചകന്മാരും അല്ലാഹുവിനുവേണ്ടി സംസാരിക്കുന്നവരായിരുന്നു. അതുപോലെ വിശ്വാസികളും അല്ലാഹുവിനുവേണ്ടി സംസാരിക്കുന്നവരായിരിക്കണം. 6: 158 ൽ വിവരിച്ച പ്രകാരം ഭൂമി തിരിച്ചുകറങ്ങി സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്ന ഒരു വർഷത്തെ ദൈർഘ്യമുള്ള ദിനത്തിലാണ് ആ മൃഗം പുറപ്പെടുക എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിനുവേണ്ടി സംസാരിക്കുന്ന ഒരാളും ഇല്ലാതാകുമ്പോഴാണ് മൃഗത്തെ അയച്ച് അല്ലാഹു ഇങ്ങനെ അവസാനത്തെ സാക്ഷ്യം നിർവഹിക്കുന്നത്. 1: 3; 25: 33–34; 27: 1–3 വിശദീകരണം നോക്കുക.

5. അക്കൂട്ടർ തന്നെയാണ് അവരുടെ നാഥനിൽ നിന്നുള്ള സന്മാർഗത്തിൽ നിലകൊള്ളുന്നവർ, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവരും.

7: 157 അവസാനിക്കുന്നത്, ആരാണോ പ്രവാചകനെക്കൊണ്ട് വിശ്വസിക്കുകയും അവനെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും അവനോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ (അദ്ദിക്റിനെ) പിൻപറ്റുകയും ചെയ്യുന്നത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവർ എന്ന് പറഞ്ഞുകൊണ്ടാണ്. പ്രവാചകനും പ്രവാചകനോടൊപ്പമുള്ള വിശ്വാസികളും തങ്ങളുടെ സമ്പത്തുകൊണ്ടും ശരീരം കൊണ്ടും ജിഹാദ് ചെയ്യുന്നവരാണ്, അക്കൂട്ടർക്കാണ് ഉത്തമമായ വിഭവങ്ങളും പ്രതിഫലവുമുള്ളത്, അവർ മാത്രമാണ് വിജയം വരിക്കുന്നവരും എന്ന് 9: 88 ലും; നിശ്ചയം വിശ്വാസികൾ അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും അവർക്കിടയിലുള്ള കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടാൽ അവരുടെ മറുപടി: ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു എന്ന് പറയലായിരിക്കുമെന്നും അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവർ എന്നും 24: 51 ലും പറഞ്ഞിട്ടുണ്ട്. അറിഞ്ഞിരിക്കുക! നിശ്ചയം അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവരാണ് വിജയം വ

രിക്കുക എന്ന് പറഞ്ഞുകൊണ്ടാണ് 58: 22 അവസാനിക്കുന്നതെങ്കിൽ, ആരാണോ ആത്മാവിന്റെ കുടുസ്സിൽ നിന്ന് (സ്വാർത്ഥത) മോചിതനായത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുക എന്ന് പറഞ്ഞുകൊണ്ടാണ് 59: 9; 64: 16 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്.

ബഖറയിൽ നിന്നുള്ള ഒന്നുമുതൽ അഞ്ച് വരെയുള്ള സൂക്തങ്ങളും ആയത്തുൽ കുർസിയ്യും തുടർന്നുള്ള രണ്ട് സൂക്തങ്ങളും അവസാനത്തെ മൂന്ന് സൂക്തങ്ങളും രാത്രി ഉറങ്ങാൻ കിടക്കുന്ന സമയത്ത് തിലാവത്ത് ചെയ്യുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പിശാച് സമീപിക്കുകയില്ലെന്നും അവർ അല്ലാഹുവിന്റെ കാവലിലാണെന്നും പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 1–5 സൂക്തങ്ങളും 31: 1–5 സൂക്തങ്ങളും സമാന ആശയമുള്ളവയാണ്. 5: 56; 23: 1–11; 30: 38 വിശദീകരണം നോക്കുക.

6. നിശ്ചയം കാഫിറുകളായിട്ടുള്ളവരാരോ, അവരുടെമേൽ നീ അവരെ മുന്നറിയിപ്പ് നൽകലും അല്ലെങ്കിൽ നീ അവരെ മുന്നറിയിപ്പ് നൽകാതിരിക്കലും സമമാണ്; അവർ വിശ്വസികളാവുകയില്ല.

സൂക്തത്തിൽ പറഞ്ഞ കാഫിറുകളായിട്ടുള്ളവർ സത്യമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളാണ്. കപടവിശ്വാസികളുടെ മേൽ നീ പൊറുക്കലിനെത്തേടുന്നതും പൊറുക്കലിനെത്തേടാതിരിക്കുന്നതും സമമാണ്, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല തന്നെ, നിശ്ചയം അല്ലാഹു തെമ്മാടികളായ ഒരു ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് 63: 6 ലും; നിങ്ങൾ അവരെ സന്മാർഗമായ അദ്ദിക്റിലേക്ക് വിളിച്ചാൽ അവർ നിങ്ങളെ പിൻപറ്റുകയില്ല, നിങ്ങൾ അവരെ വിളിക്കലും മൗനം ദീക്ഷിക്കലും (വിളിക്കാതിരിക്കലും) നിങ്ങളുടെമേൽ സമമാണ് എന്ന് 7: 193 ലും; അവരുടെ കാര്യത്തിൽ നീ മുന്നറിയിപ്പ് നൽകുന്നതും അല്ലെങ്കിൽ നൽകാതിരിക്കുന്നതും സമമാണ്, അവർ വിശ്വസിക്കുന്നവരാവുകയില്ല, നിശ്ചയം നീ മുന്നറിയിപ്പ് നൽകുക അദ്ദിക്റിനെ പിൻപറ്റുന്നവരെയും നിഷ്പക്ഷവാനായ നാഥനെ അദ്ദിക്റിൽ നിന്ന് കണ്ടുകൊണ്ട് ഭയപ്പെടുന്നവരെയും മാത്രമാണ്, അപ്പോൾ അവന് പാപമോചനവും മാന്യമായ പ്രതിഫലവുമുണ്ടെന്നും സന്തോഷവാർത്ത അറിയിക്കുക എന്ന് 36: 10–11 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അപ്രകാരം നിശ്ചയം അവർ വിശ്വസിക്കുകയില്ല എന്ന നിന്റെ നാഥന്റെ വചനം തെമ്മാടികളായവരുടെ മേൽ ബാധകമായിരിക്കുന്നു എന്ന് 10: 33 ലും; അപ്രകാരം കാഫിറുകളായവരുടെമേൽ നിശ്ചയം അവർ നരകവാസികളാണെന്നുള്ള നിന്റെ നാഥന്റെ വചനം ബാധകമായിരിക്കുന്നു എന്ന് 40: 6 ലും പറഞ്ഞിട്ടുണ്ട്. ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്ന ഏതൊരു മനുഷ്യനും വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും; നിശ്ചയം നാഥന്റെ സന്ദേശമായ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് 5: 67; 16: 107 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നിശ്ചയം അദ്ദിക്ർ നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, എന്നാൽ ജനങ്ങളിൽ അധികപേരും വിശ്വസികളാവുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് 11: 17 അവസാനിക്കുന്നത്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ പട്ടിക സിജ്ജീനിലാണെന്ന് 83: 7 ലും; അവർ തന്നെയാണ് കുഫ്ഫാറുകളെന്ന് 83: 34, 36 സൂക്തങ്ങളിലും; അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയെ ഇത്തരം ഭ്രാന്തന്മാർ പരിഹസിക്കുമെന്ന് 83: 29 ലും പറഞ്ഞിട്ടുണ്ട്.

7. അവരുടെ ഹൃദയങ്ങളുടെ മേലും അവരുടെ കേൾവികളുടെ മേലും അല്ലാഹു

മുദ്ര വെച്ചിരിക്കുന്നു, അവരുടെ കാഴ്ചകളുടെ മേലും ഒരു മൂടിയുണ്ട്, അവർക്ക് വന്നിച്ച ശിക്ഷയുമാണുള്ളത്.

കപടവിശ്വാസികൾക്ക് കേൾവിയും കാഴ്ചയും ബുദ്ധിശക്തിയുമെല്ലാം ഉണ്ടെങ്കിലും അദ്ദിക്ർ മനസ്സിലാക്കി ജീവിതലക്ഷ്യം സാക്ഷാത്കരിക്കാൻ അവ ഉപയോഗപ്പെടുത്തുകയില്ല. 7: 179 ൽ, ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും അധികപേരെയും കൊണ്ട് നാം നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യും; അവർക്ക് ഹൃദയങ്ങളുണ്ട്, പക്ഷേ അതുകൊണ്ട് എന്താണ് ജീവിതലക്ഷ്യം, എന്താണ് അദ്ദിക്ർ എന്നൊന്നും അവർ ഗ്രഹിക്കുകയില്ല; അവർക്ക് കണ്ണുകളുണ്ട്, അതുകൊണ്ട് ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കാണുകയില്ല; അവർക്ക് കാതുകളുണ്ട്, അതുകൊണ്ട് അദ്ദിക്ർ കേൾക്കുകയില്ല; അക്കൂട്ടർ കന്നുകാലികളെപ്പോലെയാണ്; അല്ല, അതിലേറെ വഴിപിഴച്ചവരാണ്, അക്കൂട്ടർ തന്നെയാണ് പ്രജ്ഞയറ്റവർ എന്ന് പറഞ്ഞിട്ടുണ്ട്. *'ദിക്ർ'* എന്ന ഗ്രന്ഥം കാണാൻ തയ്യാറാകാത്തവരും കേൾക്കാൻ തയ്യാറാകാത്തവരും നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകളാണെന്ന് 18: 100–101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ദേഹേച്ഛയെ ഇലാഹായി തെരഞ്ഞെടുത്തവനെ നീ കണ്ടുവോ, അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ വഴികേടിലാക്കിയിരിക്കുന്നു, അവന്റെ കേൾവിയിന്മേലും അവന്റെ ഹൃദയത്തിന്മേലും അല്ലാഹു മുദ്രവെച്ചിരിക്കുന്നു, അവന്റെ കാഴ്ചയുടെ മേലും ഒരു മൂടിയുണ്ട്, അപ്പോൾ അല്ലാഹുവിനുശേഷം ആരുണ്ട് അവനെ സന്മാർഗത്തിലാക്കാൻ എന്ന് 45: 23 ലും; ആരാണോ അദ്ദിക്റിനെത്തൊട്ട് ഇഹത്തിൽ അന്ധത നടിച്ചത്, അവൻ പരത്തിൽ അന്ധനും വഴിപിഴച്ചവനുമായിരിക്കും എന്ന് 17: 72 ലും പറഞ്ഞിട്ടുണ്ട്.

നിശ്ചയം അല്ലാഹുവിന്റെ പക്കൽ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ കേൾവി ഉണ്ടായിട്ട് അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് മറ്റുള്ളവരോട് പറയാൻ തയ്യാറാകാത്ത ഊമകളുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരാണെന്ന് 8: 22 ൽ പറഞ്ഞിട്ടുണ്ട്. അവരിൽ ചിലർ നിന്നെ കേൾക്കുന്നവരുണ്ട്, എന്നാൽ നാം അവരുടെ ഹൃദയങ്ങളിൽ അദ്ദിക്ർ മനസ്സിലാകാതിരിക്കാൻ ഒരു മൂടിയിട്ടിരിക്കുന്നു, അവരുടെ ചെവികളിലും ഒരു അടപ്പുണ്ട്, ഏത് സൂക്തങ്ങൾ കണ്ടാലും അവർ അതിൽ വിശ്വസിക്കുകയില്ല, ഇത്തരം കാഫിറുകൾ നിന്റെ അടുത്ത് വന്നാൽ ഇത് പൂർവ്വികരുടെ പഴമ്പുരാണമല്ലാതെ മറ്റൊന്നുമല്ല എന്നാണ് പറയുക, അവർ അദ്ദിക്റിനെത്തൊട്ട് ജനങ്ങളെയും അവരെത്തന്നെയും തടയുന്നു, അതുവഴി അവർ സ്വന്തത്തെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല എന്ന് 6: 25–26 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് അതിനെ അവഗണിക്കുകയും തന്റെ കൈകൾ ഒരുക്കിവെച്ചത് മറന്നുകളയുകയും ചെയ്തവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണ്, നിശ്ചയം നാം അത്തരക്കാരുടെ ഹൃദയങ്ങളിൽ അത് മനസ്സിലാകാതിരിക്കത്തക്കവണ്ണം ഒരു മൂടി ഇട്ടിരിക്കുന്നു, അവരുടെ ചെവികളിലും ഒരു അടപ്പുണ്ട്, നീ അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അപ്പോൾ അവർ ഒരിക്കലും സന്മാർഗം പ്രാപിക്കുകയില്ല തന്നെ എന്ന് 18: 57 ലും പറഞ്ഞിട്ടുണ്ട്. 4: 150–151; 17: 45–46; 20: 124–126 വിശദീകരണം നോക്കുക.

8. ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിച്ചിരിക്കുന്നു എന്നുപറയുന്ന ആളുകൾ ജനങ്ങളിലുണ്ട്; എന്നാൽ അവർ വിശ്വാസികളല്ല തന്നെ.

ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞ ഗ്രാമീണ അറബികളോട്: നിങ്ങൾ വിശ്വസിച്ചിട്ടില്ല, നിങ്ങളുടെ ഹൃദയത്തിലേക്ക് വിശ്വാസകിരണങ്ങളായ അദ്ദിക്ർ പ്രവേശിച്ചിട്ടില്ല എന്നിരിക്കെ നിങ്ങൾ സമർപ്പിച്ചവരാണെന്ന് പറഞ്ഞുകൊള്ളുക എന്ന് 49: 14 ലും; ഓ പ്രവാചകാ! വായ കൊണ്ട് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുകയും എന്നാൽ ഹൃദയത്തിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന, നിഷേധത്തിൽ ഓടി നടക്കുന്ന കപടവിശ്വാസികളുടെയും ജൂതന്മാരുടെയും പ്രവർത്തനങ്ങൾ നിന്നെ ദു:ഖിപ്പിക്കേണ്ടതില്ല എന്ന് 5: 41 ലും പറഞ്ഞിട്ടുണ്ട്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് നരകത്തിന്റെ വിറകുകൾ. ഇവരിൽ 41: 26–28 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ ശത്രുക്കളായ കപടവിശ്വാസികളായ കാഫിറുകൾ 4: 145 ൽ പറഞ്ഞ പ്രകാരം വിചാരണ കൂടാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരാണെങ്കിൽ അവരെ അന്ധമായി പിൻപറ്റുന്ന 41: 29 ൽ പറഞ്ഞ അവരുടെ അനുയായികളായ കാഫിറുകൾ 39: 71 ൽ പറഞ്ഞ പ്രകാരം വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നവരാണ്. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന അക്രമികളായ കപടവിശ്വാസികൾ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വക്രീകരിക്കാൻ ശ്രമിക്കുകയും പരലോകത്തെ നിഷേധിക്കുകയും ചെയ്യുന്നവരാണെന്ന് 11: 18–19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പരലോകത്തേക്കാൾ ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്ന കപടവിശ്വാസികൾ പിതാക്കളും സഹോദരന്മാരുമാണെങ്കിൽ പോലും അവരെ സംരക്ഷകരായി തെരഞ്ഞെടുക്കരുതെന്ന് 9: 23 ൽ വിശ്വാസികളോട് കൽപിച്ചിട്ടുണ്ട്. പ്രപഞ്ചനാഥനെ പരിചയപ്പെടുത്തുന്ന അദ്ദിക്റിനെ വിസ്മരിച്ച് തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും പിശുക്ക് കാണിക്കുകയും ചെയ്ത് ജീവിക്കുന്ന തെമ്മാടികളായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്തിട്ടുണ്ടെന്ന് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ചിന്ത വെച്ചുപുലർത്തിക്കൊണ്ടിരിക്കുന്ന, ഏറ്റവും ദുഷിച്ച പരിണിതിയുള്ള, അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ, നരകകുണ്ഠം ഒരുക്കിവെക്കപ്പെട്ട കപടവിശ്വാസികളായ പുരുഷന്മാരേയും സ്ത്രീകളേയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാരേയും സ്ത്രീകളേയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 72–73; 48: 6; 98: 6 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 1: 7 വിശദീകരണം നോക്കുക.

9. അല്ലാഹുവിനെയും വിശ്വാസികളായവരെയുമാണ് അവർ വഞ്ചിച്ചുകൊണ്ടിരിക്കുന്നത്, അതുവഴി അവർ അവരെത്തന്നെയല്ലാതെ വഞ്ചിച്ചുകൊണ്ടിരിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല.

പണ്ഡിത വേഷധാരികളായ 'അവർ' ആകർഷണീയമായി സംസാരിച്ച് സാധാരണ ജനങ്ങളെ നരകത്തിലേക്ക് പിടിച്ച് വലിച്ച് കൊണ്ടുപോകുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളാണ് എന്നും അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളായ അവരെ അല്ലാഹു കൊന്നുകളഞ്ഞിട്ടുണ്ടെന്ന് 63: 4 ലും; ജീവിതലക്ഷ്യം ഗ്രഹിക്കാത്തവരും പരലോകം കൊണ്ട് വിശ്വാസമില്ലാത്തവരുമായതിനാൽ അല്ലാഹുവിനെ ഭയപ്പെടുന്നതിന് പകരം അവർ ഭയപ്പെടുന്നത് അവരുടെ തനിനിറം തുറന്ന് കാണിക്കുന്ന വിശ്വാസികളെയാണ് എന്ന് 59: 13 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ അല്ലാഹുവിനെയും അവന്റെ പ്ര

വാചകനെയും വിശ്വാസികളെയും മാത്രമാണ് സംരക്ഷകരായി തെരഞ്ഞെടുക്കുക. അ ല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. തന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നത് പിൻപറ്റുന്നതുവരെ ഒ രാളും വിശ്വാസിയാവുകയില്ല എന്ന് പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുളും ഇതുതന്നെയാണ്. കപടവിശ്വാസികളുടെ നോമ്പ്, നമസ്കാരം, ഹജ്ജ്, ഉംറ തുടങ്ങിയ എല്ലാ കർമ്മങ്ങളും ജനങ്ങളെ ബോധിപ്പിക്കുന്നതിന് വേണ്ടിയുള്ളതും ആ ത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് മാത്രമുള്ളതുമാണ്. അല്ലാഹുവിനെയും പ്രവാച കനെയും അദ്ദിക്റിൽ നിന്ന് തിരിച്ചറിഞ്ഞതിനുശേഷം മൂടിവെച്ച തെമ്മാടികളാണ് അ വർ എന്ന് 2: 99 ൽ പറഞ്ഞിട്ടുണ്ട്. 8: 27; 9: 16 വിശദീകരണം നോക്കുക.

10. അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ട്, അപ്പോൾ അല്ലാഹു അവരുടെ രോഗത്തെ വർധിപ്പിച്ചിരിക്കുന്നു; അവർ കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നതി നാൽ അവർക്ക് വേദനാജനകമായ ശിക്ഷയുമുണ്ട്.

63: 1 ൽ, കപടവിശ്വാസികൾ നിന്റെയടുത്തുവന്നാൽ നിശ്ചയം താങ്കൾ അല്ലാഹുവി ന്റെ പ്രവാചകനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു എന്ന് പറയുന്നതാണ്, നിശ്ച യം നീ അവന്റെ പ്രവാചകനാണെന്ന് അല്ലാഹുവിനറിയാം, നിശ്ചയം കപടവിശ്വാസികൾ കള്ളം പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു എ ന്ന് പറഞ്ഞിട്ടുണ്ട്. 'നിശ്ചയം കപടവിശ്വാസികൾ കള്ളം പറയുന്നവർ തന്നെയാണ്' എ ന്ന് പറഞ്ഞുകൊണ്ടാണ് 9: 107 അവസാനിക്കുന്നതെങ്കിൽ 9: 42 അവസാനിക്കുന്നത് കപ ടവിശ്വാസികൾ കള്ളം പറയുന്നവർ തന്നെയാണ് എന്ന് അല്ലാഹുവിന് അറിയാം എന്ന് പറഞ്ഞുകൊണ്ടാണ്. ഇത്തരം കാഫിറുകൾ ജനങ്ങളോട്: നിങ്ങൾ ഞങ്ങളുടെ മാർഗം പിൻപറ്റുക, നിങ്ങളുടെ പാപഭാരങ്ങളെല്ലാം ഞങ്ങൾ വഹിച്ചുകൊള്ളാം എന്ന് പറയുന്ന താണ്, എന്നാൽ അവർ ജനങ്ങളുടെ പാപഭാരങ്ങളിൽ നിന്ന് ഒന്നും തന്നെ വഹിക്കുക യില്ല, നിശ്ചയം അവർ കള്ളം പറയുന്നവർ തന്നെയാണ്. അല്ല; അവരുടെ പാപഭാര ത്തോടൊപ്പം അവർ വഴിപിഴപ്പിച്ച ജനങ്ങളുടെ പാപഭാരം കൂടി വഹിക്കുകയും അവർ ക ള്ളം കെട്ടിച്ചമച്ചതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നതാണ് എന്ന് 29: 12–13 സൂക്തങ്ങളിലും; അല്ലാഹു അവതരിപ്പിച്ച അദ്ദിക്ർ പൂർവ്വികരുടെ പഴമ്പുരാണങ്ങളാണെ ന്ന് പറഞ്ഞ് ജനങ്ങളെ അതിൽ നിന്ന് തടയുന്ന കപടവിശ്വാസികൾ അന്ത്യനാളിൽ അവ രുടെ പാപഭാരവും അവർ വഴിപിഴപ്പിച്ചവരുടെ പാപഭാരത്തിൽ നിന്ന് ഒരുഭാഗവും കൂടി വഹിക്കേണ്ടിവരുമെന്ന് 16: 24–25 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചു: *സംസാരിച്ചാൽ കള്ളം പറയുക, വിശ്വ സിച്ചാൽ വഞ്ചിക്കുക, കരാർ ചെയ്താൽ ലംഘിക്കുക തുടങ്ങിയവ കപടവിശ്വാസിയുടെ പ്രത്യക്ഷമായ ലക്ഷണങ്ങളാണ്.* ആശയമില്ലാതെ ഗ്രന്ഥത്തിന്റെ ശരീരം തിന്നുക വഴി വില്ലിൽ നിന്നും അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്നും തെറിച്ചുപോകുമെ ന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന് വിരുദ്ധമായി ആശയമില്ലാ തെയും ഗ്രന്ഥം പാരായണം ചെയ്ത് പുണ്യം നേടാമെന്ന് പറഞ്ഞ് സാധാരണ ജനങ്ങ ളെ വഞ്ചനയിലകപ്പെടുത്തി ബോറന്മാരുടെ വീടായ നരകക്കുണ്ഠത്തിൽ വേവിക്കപ്പെ ടാൻ അർഹരാക്കുകയാണ് അവർ. ജീവിതലക്ഷ്യം നഷ്ടപ്പെട്ട അവരോട്: നിങ്ങൾ കുറച്ച് കാലം സുഖിച്ചുകൊള്ളുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ് എന്ന് പറ യാനാണ് 14: 28–30 സൂക്തങ്ങളിലൂടെ വിശ്വാസികൾ കൽപിക്കപ്പെട്ടിരിക്കുന്നത്. *അവരു ടെ പണ്ഡിതന്മാർ ആകാശത്തിന് താഴെയുള്ള ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേ*

റിയവരായിരിക്കും എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഹൃദയത്തിൽ കാപട്യമാകുന്ന രോഗമുള്ള അവരെ 1: 7 ൽ കോപിക്കപ്പെട്ടവർ എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ 22: 53; 33: 60; 74: 31 സൂക്തങ്ങളിൽ ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവർ എന്ന് പറഞ്ഞിട്ടുള്ളത് അവരെ പിൻപറ്റുന്ന 1: 7 ൽ പറഞ്ഞ വഴിപിഴച്ചു പോയ അനുയായികളെയാണ്. ആത്മാവിന്റെ രോഗമായ കാപട്യവും സംശയവും നീക്കിക്കളയാനും വിശ്വാസം വർദ്ധിപ്പിക്കുവാനും ആത്മാവിനെ ശുദ്ധീകരിക്കാനുമുള്ള ഏക ഉപകരണം അദ്ദിക്ർ ആണ്. കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും മാലിന്യമാണെന്നും അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും 9: 28, 95, 125 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 57–58; 33: 61 വിശദീകരണം നോക്കുക.

11. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കാതിരിക്കുവീൻ എന്ന് അവരോട് പറയപ്പെട്ടാലോ, അവർ പറയും: നിശ്ചയം ഞങ്ങൾ സുകൃതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ തന്നെയാകുന്നു.

12. അറിഞ്ഞിരിക്കുക, നിശ്ചയം അവർ തന്നെയാണ് നാശകാരികൾ; എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല.

ഭൂമിയിൽ നാശം വിതക്കാതിരിക്കാനും തിന്മകളും രക്തച്ചൊരിച്ചിലുകളും ഇല്ലാതാക്കി സമാധാനം സ്ഥാപിക്കാനും മനുഷ്യരുടെ ഐക്യം നിലനിർത്താനുമുള്ള ഏക ഉപകരണം അദ്ദിക്റാണ്. കപടവിശ്വാസികൾ അതിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായ ജീവിതരീതികൾ മനുഷ്യർക്കുമുമ്പിൽ അവതരിപ്പിച്ചുകൊണ്ട് സർവ്വസ്രഷ്ടാവ് തൃപ്തിപ്പെട്ട യഥാർത്ഥ ജീവിതരീതിയായ ഇസ്ലാമിനെ കളവാക്കുന്നവരാണ്. കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഏറ്റവും നല്ലതായ അദ്ദിക്റിനെ മൂടിവെക്കുന്നവരും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്നവരും അല്ലാഹുവിനെ വിസ്മരിച്ചവരും പിശുക്ക് കാണിക്കുന്ന തെമ്മാടികളുമാണെന്നും ശപിക്കപ്പെട്ട അവർക്കും അവരെ പിൻപറ്റിക്കൊണ്ടിരിക്കുന്ന കുഫ്ഫാറുകൾക്കും അല്ലാഹു നരകക്കുണ്ഠാഗ്നിയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് എന്നും 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 29 കള്ളവാദികളെ പിൻപറ്റുകയും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന നാശകാരികളായ അവരെ വധിച്ചുകളയണമെന്ന 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന ഈസാ രണ്ടാമത് വന്നശേഷം അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ നടപ്പിലാകുന്നതാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ ഇവരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് 8: 22, 55 സൂക്തങ്ങളിൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് നാഥന്റെ സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങുന്ന അവർ തങ്ങളുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174–175 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. ഭൂമിയിൽ ആര് നാശമുണ്ടാക്കിയാലും രക്തം ചിന്തിയാലും നീതിമാനായ ഉടമയുടെ മുമ്പിൽ അതിന്റെ പാപഭാരം വഹിക്കേണ്ടിവരിക അമാനത്തായ അദ്ദിക്റിനെ മൂടിവെച്ച കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളുമാണ്. 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോട് ഉപമിക്കപ്പെട്ട അക്കൂട്ടർ നാളെ നരകത്തിൽ പട്ടി, പന്നി, കുരങ്ങ്, പെരുച്ചാഴി തുടങ്ങിയ ജീവികളുടെ രൂപത്തിലാണ് പുനർസൃഷ്ടിക്കപ്പെടുക എന്ന് 2: 65–66; 5: 60 എ

ന്നീ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അക്രമികളായ അവർ ഗ്രന്ഥം വഹിക്കുന്നത് കഴുത ഭാരം വഹിക്കുന്നതുപോലെയാണ് എന്ന് 62: 5 ൽ പറഞ്ഞിട്ടുണ്ട്. 2: 189; 6: 26–28; 13: 16–17 വിശദീകരണം നോക്കുക.

13. ജനങ്ങൾ വിശ്വസിച്ചതുപോലെ നിങ്ങളും വിശ്വസിക്കുക എന്ന് അവരോട് പറയപ്പെട്ടാൽ അവർ ചോദിക്കും: ആ വിഡ്ഢികൾ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കുകയോ, അറിഞ്ഞിരിക്കുക; നിശ്ചയം അവർ തന്നെയാണ് വിഡ്ഢികൾ, പക്ഷേ അവർ അത് തിരിച്ചറിയുന്നവരല്ല.

പരീക്ഷണത്തിന് വിധേയമാകുന്നവരും ഭൗതിക ജീവിതവിഭവങ്ങൾ കുറഞ്ഞവരുമാണ് എക്കാലത്തുമുള്ള വിശ്വാസികൾ. പരലോകത്തിന് മുൻഗണന നൽകുന്ന അവരെക്കുറിച്ച് ജീവിക്കാൻ പഠിക്കാത്ത മൂഢന്മാരെന്നാണ് ഭൗതികപൂജകരായ കപടവിശ്വാസികൾ ആരോപിക്കുക. പ്രപഞ്ചനാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവർ 6: 165 ൽ വിവരിച്ച പ്രകാരം മനുഷ്യരെ പരീക്ഷണത്തിന് വിധേയമാക്കുന്നതിന് വേണ്ടിയാണ് ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് എന്ന യാഥാർത്ഥ്യം അംഗീകരിക്കാത്തവരാണ്. 10: 61; 34: 3; 57: 22 എന്നീ സൂക്തങ്ങൾ പ്രകാരം ലോകത്ത് നടക്കുന്ന എല്ലാ സംഭവങ്ങളും നേരത്തെ നിശ്ചയിച്ചിട്ടുള്ളതും ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

കപടവിശ്വാസികളും അനുയായികളുമായ ഫുജ്ജാറുകൾ കരുതുന്നത് അവർ സത്യത്തിലായതുകൊണ്ട് അല്ലാഹു അനുഗ്രഹിച്ച് നൽകിയതാണ് അവരുടെ സമ്പത്തും പ്രതാപവുമെല്ലാം എന്നാണ്. എന്നാൽ കാഫിറുകളായി ജീവൻ വെടിഞ്ഞ അവരുടെ സമ്പത്തും സന്താനങ്ങളും മുഖേന അല്ലാഹു അവരെ ശിക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് 9: 55, 85 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 48–49 സൂക്തങ്ങളിൽ, നരകത്തിലേക്കുള്ളവരെയും സ്വർഗത്തിലേക്കുള്ളവരെയും തിരിച്ചറിയുന്ന 'അഅ്റാഫു'കാർ പരലോകത്തുവെച്ച് ഇത്തരം കപടവിശ്വാസികളോട്: നിങ്ങളുടെ ഇഹലോകത്തെ സംഘബലവും അഹങ്കാരവുമൊന്നും നിങ്ങൾക്ക് ഉപകാരപ്പെട്ടില്ലല്ലോ, അല്ലാഹുവിന്റെ കാരുണ്യം സ്പർശിച്ചിട്ടേയില്ല എന്ന് നിങ്ങൾ പറഞ്ഞിരുന്ന വിശ്വാസികളോട് ഇന്ന് സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന് പറയപ്പെടുകയും ചെയ്തിരിക്കുന്നുവല്ലോ എന്ന് പറയുന്നുണ്ട്. 72: 22–24 സൂക്തങ്ങളിൽ, നിശ്ചയം അല്ലാഹുവിൽ നിന്ന് എന്നെ രക്ഷപ്പെടുത്തുന്ന ഒരാളുമില്ല, ഞാൻ അവനെക്കൂടാതെ മറ്റൊരു അഭയസ്ഥാനവും കണ്ടെത്തുന്നവനുമല്ല. അല്ലാഹുവിൽ നിന്നുള്ള ഒരു വെളിപ്പെടുത്തലും അവന്റെ സന്ദേശങ്ങളുമല്ലാതെ, ആരാണോ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും ധിക്കരിക്കുന്നത്, അപ്പോൾ നിശ്ചയം നരകകുണ്ഠത്തിലെ തീയാകുന്നു അവനുള്ളത്, അവൻ അതിൽ എന്നെന്നും ശാശ്വതനുമായിരിക്കും. അങ്ങനെ അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്ന് കാണുമ്പോൾ ആർക്കാണ് ഏറ്റവും ദുർബലമായ സഹായിയുള്ളതെന്നും ആരാണ് എണ്ണത്തിൽ കുറവുള്ളവരെന്നും അവർ അറിയുക തന്നെ ചെയ്യും എന്ന് പറയാൻ പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. 1: 2; 2: 6–7; 3: 166–167 വിശദീകരണം നോക്കുക.

14. വിശ്വാസികളായവരെ കണ്ടുമുട്ടുമ്പോൾ അവർ പറയും: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, എന്നാൽ അവരുടെ പിശാചുക്കളുമായി തനിച്ചായിരിക്കുമ്പോൾ അവർ പറയും: നിശ്ചയം ഞങ്ങൾ നിങ്ങളോടൊപ്പമാണ്, നിശ്ചയം ഞങ്ങൾ അവരെ പരിഹസിക്കുക മാത്രമാണ് ചെയ്യുന്നത്.

അവസരവാദികളായ ഇത്തരം കപടവിശ്വാസികൾ വിശ്വാസികളുടെ സാമീപ്യത്തിൽ

വിശ്വാസം പ്രകടിപ്പിക്കുന്നവരും നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമ്മങ്ങൾ ചെയ്യുന്നവരുമാണ്. എന്നാൽ അവർ അല്ലാഹുവിനെ സ്മരിക്കാത്തവരും അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയണമെന്ന ബോധമില്ലാത്തവരും മറ്റുള്ള ജനങ്ങളെക്കൂടി നരകത്തിലേക്ക് ക്ഷണിക്കുന്നവരും ഗ്രന്ഥം പഠിച്ച് പൂർത്തിയായവരാണെന്ന അഹങ്കാരത്തിൽ നിലകൊള്ളുന്നവരുമായിരിക്കും. വേദനാജനകമായ ശിക്ഷയാണ് 31: 5-6 സൂക്തങ്ങളിലൂടെ അല്ലാഹു അവർക്ക് സന്തോഷവാർത്തയായി അറിയിച്ചിട്ടുള്ളത്. ഇന്ന് എല്ലാ പള്ളികളിലും നമസ്കാരത്തിന് നേതൃത്വം നൽകുകയും പ്രഭാഷണം നടത്തുകയും ചെയ്തുകൊണ്ട് ഗ്രന്ഥത്തെ മൂടിവെക്കുകയും സൂക്തങ്ങൾ വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളായ ഇമാമുമാരും അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അവരുടെ പിന്നിൽ നമസ്കരിക്കുകയും അവരുടെ സംസാരം കേട്ടിരിക്കുകയും ചെയ്യുന്ന കാഫിറുകളായ അനുയായികളും നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടപ്പെടുമെന്ന് 4: 140 ൽ നാഥൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അവരിലെ കപടവിശ്വാസികളെക്കുറിച്ച് അവർ നരകകവാടത്തിൽ നിന്നുകൊണ്ട് ജനങ്ങളെ അതിലേക്ക് മാടിവിളിക്കുന്നവരാണ് എന്നാണ് നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയെ 'കളവ് പറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുന്ന അക്രമികളായ ഫുജ്ജാറുകൾ യഥാർത്ഥത്തിൽ അവരെത്തന്നെയാണ് പരിഹസിച്ചുകൊണ്ടിരിക്കുന്നത്. 83: 7 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിൽ കർമ്മങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്ന് നൽകപ്പെടുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയോ ഇല്ല എന്ന് 7: 40 ലും പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവർ നാഥനെ സേവിക്കുന്നതിന് പകരം 36: 59-62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിനെയാണ് സേവിച്ചു കൊണ്ടിരിക്കുന്നത്. 6: 4-5; 10: 17-18; 11: 8 വിശദീകരണം നോക്കുക.

15. അല്ലാഹു അവരെ പരിഹസിക്കുകയും അവരുടെ അതിക്രമത്തിൽ അന്ധമായി വിഹരിക്കാൻ വിട്ടിരിക്കുകയുമാണ്.

63: 4 ൽ പറഞ്ഞ പ്രകാരം കപടവിശ്വാസികളായ തെമ്മാടികളെ അല്ലാഹു കൊന്നുകളഞ്ഞതിനാൽ അവർ ആത്മാവില്ലാതെ ശരീരം മാത്രമുള്ള ഉറക്കാവസ്ഥയിൽ നിലകൊള്ളുന്നവരാണ്. ലക്ഷ്യബോധമില്ലാത്ത അവർ പരലോകത്തിനുമേൽ ഐഹികജീവിതത്തിന് പ്രാധാന്യം നൽകുന്നവരും ദേഹേച്ഛ പിൻപറ്റുന്നവരുമായതിനാൽ 10: 33 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെട്ടാൽ അവർ വിശ്വാസികളാവുകയില്ല. 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്ന അക്കൂട്ടർ സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതി പിൻപറ്റാതെ നാഥന്റെ ഗ്രന്ഥത്തെയും പ്രവാചകന്മാരെയും പരിഹസിക്കുന്നവരാണ്. ദിഗന്തങ്ങളിലും അവരിൽ തന്നെയും നമ്മുടെ സൂക്തങ്ങൾ നാം അവർക്ക് കാണിച്ചുകൊടുക്കുക തന്നെ ചെയ്യും, നിശ്ചയം അത് സത്യം തന്നെയാണ് എന്ന് അവർക്ക് വ്യക്തമാകുന്നതുവരെ; നിശ്ചയം നിന്റെ നാഥൻ അവൻ എല്ലാ ഓരോ കാര്യത്തിന്റെമേലും ഒരു സാക്ഷിയാണെന്നത് നിനക്ക് പോരെയോ എന്ന് 41: 53 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. എന്നാൽ ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിനോടുള്ള അവഗണന കാരണം ദിഗന്തങ്ങളിലും അവരിൽ തന്നെയും ഗ്രന്ഥത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാകുന്നത് അവർക്ക് കാണാൻ കഴിയുകയില്ല. മ

ക്കാ-മദീന ഉൾപ്പെട്ട പ്രദേശമായ ഇജാസിൽ മഹ്ദി വരുന്നതോടുകൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നത് നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന, നാഥന്റെ കോപത്തിനും ശാപത്തിനും വിധേയമായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളായ കുഫ്ഫാറുകളെ ശിക്ഷിക്കാൻ വേണ്ടിയാണെന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നെ ദൈവമായിത്തന്നെയും സ്വീകരിക്കുന്ന 8: 22 ൽ പറഞ്ഞ ദുഷ്ടജീവികളായ ഈ കുഫ്ഫാറുകൾ 4: 158-159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുമ്പോൾ മാത്രമാണ് അറബി ഖുർആൻ ആയിരുന്നില്ല, മറിച്ച് 38: 8 ൽ പറഞ്ഞ അദ്ദിക്ർ അഥവാ ദിക്രീ ആയിരുന്നു ഗ്രന്ഥമെന്ന് ഇക്കൂട്ടർക്ക് ബോധ്യം വരിക.

16. അക്കൂട്ടർ സന്മാർഗത്തിന് പകരം വഴികേട് വാങ്ങിയവരാകുന്നു, അപ്പോൾ അവരുടെ കച്ചവടം എത്ര നഷ്ടകരം! അവർ സന്മാർഗം ഉപയോഗപ്പെടുത്തുന്നവരായില്ല.

മൊത്തം മനുഷ്യർക്ക് സന്മാർഗവും സത്യാസത്യ വിവേചന മാനദണ്ഡവുമായിട്ടാണ് ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 2: 185 ൽ പറഞ്ഞിട്ടുണ്ട്. നാഥന്റെ സംസാരമായ അദ്ദിക്റിൽ നിന്ന് സന്മാർഗം അന്വേഷിക്കാതെ വേറെ എവിടെ അന്വേഷിച്ചാലും അവരെ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് പിന്തിരിപ്പിച്ചുവിടുമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. സന്മാർഗമായ അദ്ദിക്റിനെ മൂടിവെക്കുന്നവർ അവരുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീയാണ് നിറക്കുന്നതെന്ന് 2: 174-175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിനെ പരിഗണിക്കാതെ അദ്ദിക്റിനെ വിസ്മരിച്ച് കെട്ട ജനതയായിത്തീർന്ന ഫുജ്ജാറുകൾ പ്രകാശമായ അദ്ദിക്റിനെ അവരുടെ വായ കൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണെങ്കിലും നാഥൻ അവന്റെ പ്രകാശമായ അദ്ദിക്റിനെ ലോകത്ത് വ്യാപിപ്പിക്കുക തന്നെ ചെയ്യുമെന്ന് 9: 32 ൽ വിവരിച്ചിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളായ ഭ്രാന്തന്മാരുടെ ഒരു പ്രവർത്തനത്തിനും വിധിദിവസം ത്രാസിൽ തൂക്കം ലഭിക്കുകയില്ല എന്ന് 7: 8-9; 18: 103-105; 47: 8-9 സൂക്തങ്ങളിലും; ലക്ഷ്യ ബോധമില്ലാതെ ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 25: 34, 65-66 സൂക്തങ്ങളിലും കുഫ്ഫാറുകളായ അവരാണ് വായിക്കുന്നത്. 1: 5; 2: 254; 3: 91 വിശദീകരണം നോക്കുക.

17. അവരുടെ ഉപമ തീ കത്തിച്ച ഒരുവനെപ്പോലെയാണ്, അങ്ങനെ അതിന്റെ പ്രകാശം ചുറ്റുഭാഗവും പടർന്നപ്പോൾ അല്ലാഹു അവരുടെ പ്രകാശം എടുത്തുകളഞ്ഞു, അവരെ ഉൾക്കാഴ്ച ഇല്ലാത്തവരായി അന്ധകാരങ്ങളിൽ വിടുകയും ചെയ്തു.

18. -ബധിരർ, ഊമർ, അന്ധർ, അപ്പോൾ അവർ തിരിച്ചുവരുന്നവരല്ല.

അന്ധകാരത്തിൽ കഴിയുന്ന ഒരു ജനതക്ക് ഒരു മെഴുകുതിരി കത്തിക്കുകയും അതിന്റെ വെളിച്ചം പടരുമ്പോൾ അത് അണയുകയും ചെയ്താൽ അവർക്ക് ആദ്യം ഇരുട്ടിലായപ്പോഴുണ്ടായിരുന്ന കാഴ്ച പോലും ഉണ്ടാവുകയില്ല. അതുപോലെ ഇത്തരം കപടവിശ്വാസികൾ ഉൾക്കാഴ്ചാദായകവും പ്രകാശവുമായ അദ്ദിക്ർ വന്നുകിട്ടിയപ്പോൾ ഉപയോ

ഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും ഊതിക്കെടുത്താൻ ശ്രമിക്കുക വഴി അവർ അവരെത്തന്നെയാണ് കൂടുതൽ ഇരുട്ടുകളിലേക്ക് നയിക്കുന്നത്. 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘക്കാരായ അവർ ലോകത്തുള്ള എല്ലാ കാര്യങ്ങളും കേൾക്കുമെങ്കിലും ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്ർ കേൾക്കാത്ത ബധിരരും വാചാലമായി സംസാരിക്കാൻ കഴിയുമെങ്കിലും അദ്ദിക്റിനെക്കുറിച്ച് മറ്റുള്ളവരോട് പറയാത്ത ഊമകളും എല്ലാം കണ്ടുമനസ്സിലാക്കാൻ കഴിയുമെങ്കിലും അദ്ദിക്റിൽ പറഞ്ഞ കാര്യങ്ങൾ ദിഗന്തങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് കാണാൻ കഴിയാത്ത അന്ധരുമാണ്.

അല്ലാഹു നൽകിയ അനുഗ്രഹങ്ങളായ കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങിയവ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിലൂടെ സ്രഷ്ടാവിനെ കണ്ടെത്താനും ജീവിതലക്ഷ്യം സാക്ഷാത്കരിച്ച് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനും ഉപയോഗപ്പെടുത്താത്തതിനാൽ അവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്. അക്രമികളായ അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 125; 17: 82 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളതിനാൽ അവർ ഇനി സ്വർഗത്തിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിലേക്ക് മടങ്ങിവരികയില്ല. പരലോകത്ത് വരാൻ പോകുന്ന രംഗങ്ങളെല്ലാം വിവരിക്കുന്ന അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും കളവാക്കിക്കൊണ്ടും ആത്മാവ് പങ്കെടുക്കാതെ ജാഡയായും പുറംപൂച്ചായും നമസ്കരിക്കുന്ന കപടവിശ്വാസികളും അനുയായികളും നരകക്കുണ്ഠത്തിൽ അന്ധരും ഊമരും ബധിരരുമായി മുഖം കുത്തിയ നിലയിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്, അതിലെ തീ അടങ്ങുമ്പോഴെല്ലാം അത് ആളിക്കത്തിക്കപ്പെടുന്നതുമാണ് എന്ന് 17: 97–98 സൂക്തങ്ങളിൽ പറഞ്ഞതും; അല്ലാഹുവിന്റെയും ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികളുടെയും ശത്രുക്കളായ ഇത്തരം ഫുജ്ജാറുകളായ കുഫ്ഫാറുകൾക്ക് വിധിദിവസം അവരുടെ തന്നെ കേൾവിയും കാഴ്ചയും തൊലിയുമെല്ലാം എതിരായി സാക്ഷ്യം വഹിക്കുമെന്ന് 17: 36; 41: 19–24 സൂക്തങ്ങളിൽ പറഞ്ഞതും; ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും പ്രജ്ഞാശൂന്യരായ അവരുടെ അനുയായികളും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണെന്ന് 7: 179 ലും 15: 44 ലും പറഞ്ഞതും ഇവർ വായിച്ചിട്ടുണ്ട്. ഇവർ തന്നെയാണ് 56: 82 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവർ. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ അവർ തൊട്ട, കേട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 6–7, 62; 6: 25–26 വിശദീകരണം നോക്കുക.

19. അല്ലെങ്കിൽ ആകാശത്തുനിന്ന് പേമാരി വർഷിക്കുന്നതുപോലെ, അതിൽ കൂരിരുട്ടുകളും ഇടിയും മിന്നൽപ്പിണറുമുണ്ട്, ഇടിയുടെ ശബ്ദത്താൽ മരണഭയം പൂണ്ട് അവർ ചെവികളിൽ അവരുടെ വിരലുകൾ തിരുകുന്നു, അല്ലാഹു കാഫിറുകളെ വലയം ചെയ്തവൻ തന്നെയുമാകുന്നു.

20. മിന്നൽപ്പിണർ അവരുടെ ദൃഷ്ടികളെ റാഞ്ചിയെടുക്കത്തക്കവിധത്തിലുള്ളതാവുന്നു, പ്രകാശം പരക്കുമ്പോഴെല്ലാം അവർ അതിലൂടെ നടക്കുകയും അവരുടെ മേൽ ഇരുട്ട് വ്യാപിക്കുമ്പോൾ നിൽക്കുകയും ചെയ്യുന്നു, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ കേൾവിയും കാഴ്ചകളും അവൻ എടുത്തുകളയുമായിരുന്നു, നിശ്ചയം അല്ലാഹു എല്ലാ കാര്യത്തിന്റെ മേലും കഴിവുള്ള സർവ്വശക്തൻ തന്നെയുമാകുന്നു.

കപടവിശ്വാസികൾ അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെട്ടാൽ അദ്ദിക്റിനെ സത്യപ്പെടുത്തി പിൻപറ്റേണ്ടതാണെന്ന് അവർക്ക് ബോധ്യം വരുന്നതാണ്. എന്നാൽ അവരുടെ ആഗ്രഹങ്ങൾക്കും ദേഹേച്ഛക്കും വിരുദ്ധമായ കാര്യങ്ങൾ സൂക്തങ്ങളിലൂടെ ഉണർത്തുമ്പോൾ അവർ ക്രമേണ സദസ്സിൽ നിന്ന് അകലുന്നതും അദ്ദിക്റിന്റെ പ്രചരണത്തിനെതിരെ തിരിയുന്നതുമാണ്. സിംഹഗർജ്ജനം പോലെ അദ്ദിക്ർ വിശദീകരിക്കുമ്പോൾ 74: 49–51 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ അത് കേൾക്കാൻ തയ്യാറാകാതെ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ അദ്ദിക്ർ വിശദീകരിക്കുന്ന സദസ്സിൽ നിന്ന് വിരണ്ടോടുന്നതാണ്. 15: 12; 26: 200 എന്നീ സൂക്തങ്ങളിൽ അദ്ദിക്റിനെ ചുട്ടുപഴുത്ത കമ്പിയെന്നോണം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരുടെ ഹൃദയങ്ങളിലേക്ക് നാഥൻ കടത്തിവിടുകയാണ് എന്ന് പറഞ്ഞിട്ടുണ്ട്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളുടെ അവസ്ഥ ത്രികാലജ്ഞാനിയായ നാഥന് ശരിക്കും അറിയാം എന്നാണ് അല്ലാഹു കാഫിറുകളെ വലയം ചെയ്തവൻ തന്നെയുമാകുന്നു എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ. 17: 17 അവസാനിക്കുന്നത് നാഥന്റെ അടിമകളുടെ തെറ്റുകുറ്റങ്ങൾ വലയം ചെയ്യാനും വീക്ഷിച്ചുകൊണ്ടിരിക്കാനും അവൻ തന്നെ മതി എന്ന് പറഞ്ഞുകൊണ്ടാണ്. 2: 255; 7: 37; 9: 53–55; 85: 19–20 വിശദീകരണം നോക്കുക.

21. ഓ മനുഷ്യരേ! നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ ഉടമയായ ഒരുവനെ നിങ്ങൾ സേവിക്കുവീൻ, നിങ്ങൾ സൂക്ഷ്മതയുള്ളവരാകുന്നതിനുവേണ്ടി.

22. നിങ്ങൾക്ക് ഭൂമിയെ ഒരു വിരിപ്പും ആകാശത്തെ ഒരു മേലാപ്പുമായി സംവിധാനിച്ചവനും ആകാശത്തുനിന്ന് വെള്ളം വർഷിപ്പിച്ച് അതുകൊണ്ട് നിങ്ങൾക്ക് ഭക്ഷണവിഭവങ്ങളായി കായ്കനികൾ പുറപ്പെടുവിച്ച് തന്നവനുമായ ഒരുവൻ, അപ്പോൾ നിങ്ങൾ അറിവുള്ളവരായിരിക്കെ അല്ലാഹുവിന് പകരക്കാരെ ഉണ്ടാക്കാതിരിക്കുവീൻ.

ഈ സൂക്തങ്ങളിലൂടെ മൊത്തം മനുഷ്യരെയാണ് നാഥൻ അഭിസംബോധന ചെയ്യുന്നത്. 32: 4 ൽ, അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്ക് ഇടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ല തന്നെ, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. അതുകൊണ്ട് 35: 32 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത, അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനതയുടെ ബാധ്യതയാണ് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ പ്രപഞ്ചനാഥനെ മൊത്തം മനുഷ്യർക്ക് പരിചയപ്പെടുത്തൽ. എന്നാൽ അദ്ദിക്റിന്റെ 40 പേരുകളെയും സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി മാത്രമേ പ്രസ്തുത ഉത്തരവാദിത്തം നിറവേറ്റുകയുള്ളൂ. കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകളായ കുഫ്ഫാറുകൾ 62: 5 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വഹിക്കുന്നത് കഴുത ഭാരം വഹിക്കുന്നതുപോലെയാണ്. 2: 63, 179, 183; 6: 153; 7: 171 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് നിങ്ങൾ സൂക്ഷ്മതയുള്ളവരാവുക തന്നെ വേണം എന്നതിന് വേണ്ടി എന്ന് പറഞ്ഞുകൊണ്ടാണ്. 1: 4; 2: 2 വിശദീകരണം നോക്കുക.

23. നമ്മുടെ അടിമയുടെ മേൽ നാം ഇറക്കിയതിൽ നിങ്ങൾ സംശയാലുക്കളാണെങ്കിൽ അപ്പോൾ അതുപോലുള്ള ഒരു സൂറത്ത് നിങ്ങൾ കൊണ്ടുവരിക; നി

ങ്ങൾ അല്ലാഹുവിനെക്കൂടാതെയുള്ള നിങ്ങളുടെ സഹായികളെ വിളിക്കുക യും ചെയ്യുക -നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ!

10: 38 ലും ഇതേ വെല്ലുവിളി അല്ലാഹു ആവർത്തിച്ചിട്ടുണ്ട്. 114 സൂറത്തുകളുള്ള ഗ്രന്ഥ ത്തിലെ ചെറിയ സൂറത്തുകളായ അസ്വർ, കൗസർ, നസ്വ്ർ എന്നിവ പോലുള്ള 3 സൂക്ത ങ്ങളുള്ള ഒരു സൂറത്തെങ്കിലും കെട്ടിച്ചമച്ച് കൊണ്ടുവരാൻ അന്ത്യനാൾ വരെയുള്ള മനു ഷ്യരെ അല്ലാഹു വെല്ലുവിളിക്കുകയാണ്. ഇതുപോലുള്ള പത്ത് സൂറത്തുകൾ കെട്ടിച്ചമ ച്ചുണ്ടാക്കി കൊണ്ടുവരാൻ 11: 13 ലും അല്ലാഹു വെല്ലുവിളിച്ചിട്ടുണ്ട്. മനുഷ്യരും ജിന്നുക ളും മുഴുവനും ഒരുമിച്ചുകൂടി പരസ്പരം സഹായിച്ചാൽ പോലും ഇതുപോലുള്ള ഒരു ഗ്ര ന്ഥം കൊണ്ടുവരാൻ അവർക്ക് സാധ്യമല്ല എന്ന് 17: 88 ലും പറഞ്ഞിട്ടുണ്ട്. സ്രഷ്ടാവിന്റെ മൊത്തം സൃഷ്ടികൾക്കുള്ള മുഖപത്രമായ അദ്ദിക്ർ പോലെയുള്ള ഒരു വർത്തമാനം കൊ ണ്ടുവരാൻ 52: 34 ലും വെല്ലുവിളിച്ചിട്ടുണ്ട്. ഈ വെല്ലുവിളികൾ നേരിടുന്നതിൽ ലോകത്ത് ഇന്നേവരെ ആരും വിജയിച്ചിട്ടില്ല, ഇനി വിജയിക്കുകയുമില്ല. നിരക്ഷരനായ പ്രവാചക നിലൂടെ അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ 5: 48 ൽ വിവരിച്ച പ്രകാരം മുമ്പ് വന്നിട്ടുള്ള 312 ഗ്ര ന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്ത് സൂക്ഷിക്കുന്നതുമാണ്. 10: 38; 11: 13, 35; 32: 3; 46: 8 എന്നീ അഞ്ച് സൂക്തങ്ങളും ആരംഭിക്കുന്നത് 'അതോ, ഇത് അവൻ കെട്ടിച്ചമച്ച് ഉ ണ്ടാക്കിയതാണെന്ന് അവർ പറയുന്നുവോ' എന്ന് ചോദിച്ചുകൊണ്ടാണ്.

ചില വാക്കുകൾ കെട്ടിച്ചമച്ച് അവൻ(പ്രവാചകൻ) നമ്മുടേതായി പറയുകയാണെ ങ്കിൽ നാം അവനെ വലംകൈ കൊണ്ട് പിടികൂടുകയും അവന്റെ ജീവനാഡി മുറിച്ചുകള യുകയും ചെയ്യുമായിരുന്നു, അപ്പോൾ നിങ്ങളിൽ ആർക്കും അല്ലാഹുവിൽ നിന്നുള്ള ശി ക്ഷയെ തടയാനാവുകയില്ല എന്ന് 69: 44-47 സൂക്തങ്ങളിലും; നാം ഉദ്ദേശിച്ചിരുന്നുവെ ങ്കിൽ നിന്റെമേൽ ദിവ്യസന്ദേശമായി നൽകപ്പെട്ടത് എടുത്തുകൊണ്ട് പോവുക തന്നെ ചെയ്യുമായിരുന്നു, പിന്നെ അതിനുവേണ്ടി നമുക്കെതിരെ വാദിക്കാൻ ഒരു വക്കീലിനെ നീ കണ്ടെത്തുകയുമില്ല എന്ന് 17: 86 ലും പറഞ്ഞിട്ടുണ്ട്.

3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആ നിനെയാണ് നാഥന്റെ ഗ്രന്ഥമായി പരിഗണിക്കുന്നത്. എന്നാൽ നൂഹ് മുതൽ മുഹമ്മദ് വ രെയുള്ള 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം അദ്ദിക്റാണെന്ന് 4: 163; 16: 43-44; 21: 24-25; 41: 44 സൂക്തങ്ങളിൽ പറഞ്ഞതും; അതിന്റെ സൂക്ഷിപ്പാണ് നാഥൻ ഏറ്റെടുത്തിട്ടു ള്ളത് എന്ന് 15: 9 ൽ പറഞ്ഞതും ഈ കെട്ടജനത മനസ്സിലാക്കുന്നില്ല. യഥാർത്ഥത്തിൽ ഖുർആൻ എന്ന ഗ്രന്ഥം തന്നെ നാഥനിൽ നിന്ന് അവതരിച്ചിട്ടില്ല. മറിച്ച് മുകളിൽ പറഞ്ഞ പ്രകാരം അദ്ദിക്ർ മാത്രമാണ് എല്ലാ കാലങ്ങളിലും അവതരിച്ചിട്ടുള്ളത്. 313 ഗ്രന്ഥങ്ങളും ആവർത്തിച്ച് വായിക്കപ്പെടാനുള്ളതുകൊണ്ടാണ് 15: 91 ൽ അദ്ദിക്റിന് ഖുർആൻ എന്ന് പ റഞ്ഞിട്ടുള്ളത്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണമായ അ ദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിന്റെ 40 പേരുകളും സത്യപ്പെടുത്താതെ ഒരാളും വിശ്വാസിയാവുകയില്ല. 16: 89 ൽ പ റഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ച അദ്ദിക്റിനെ സന്മാർഗവും കാരു ണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ. അറബി ഖുർആൻ വായിക്കുന്ന, 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിലാണെന്ന് 82: 14 ൽ പറഞ്ഞിട്ടുണ്ട്. മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമാണ് അദ്ദിക്ർ എന്ന് 41: 41 ലും; അത് വന്നുകിട്ടിയിട്ട് അതി

നെ മൂടിവെക്കുന്നവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത് എന്ന് 41: 43 ലും പറഞ്ഞിട്ടുണ്ട്. 2: 31, 94, 111; 3: 93, 168, 183; 6: 40, 143; 7: 194; 10: 38, 48; 11: 13; 27: 64, 71; 32: 28; 34: 29; 36: 48; 44: 36; 45: 25; 46: 4; 49: 17; 56: 87; 62: 6; 67: 25 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ എന്ന് പറഞ്ഞുകൊണ്ടാണ്.

ആത്മാവായ ആശയമില്ലാതെ ശരീരമായ അറബി ഖുർആൻ വായിച്ചാൽ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്നതുപോലെ ദീനിൽ നിന്ന് തെറിച്ചുപോകുമെന്ന് നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 8: 31; 10: 94; 12: 111 വിശദീകരണം നോക്കുക.

24. അങ്ങനെ നിങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ -നിങ്ങൾ അങ്ങനെ പ്രവർത്തിക്കുകയില്ല തന്നെ, അപ്പോൾ കാഫിറുകൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ട, മനുഷ്യരും കല്ലുകളും വിറകായിട്ടുള്ള നരകത്തെ നിങ്ങൾ ഭയപ്പെട്ടുകൊള്ളുക.

4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ട ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും അദ്ദിക്റിനെ തള്ളിപ്പറയുന്നവരായതിനാൽ പിശാചിനാൽ പാട്ടിലാക്കപ്പെടുന്നവരാണ്. ആയിരത്തിൽ ഒന്നായ വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കുകയും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതുമാണ്. മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് നാഥനിൽ നിന്നുള്ള മാർഗദർശനവും അവനിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റുമാണ്. അത് വന്നുകിട്ടിയിട്ട് മൂടിവെക്കുകയും മറ്റുള്ളവർക്ക് നൽകാതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളായ കാഫിറുകൾക്ക് സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ സാധ്യമല്ല. നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളേയും മനുഷ്യരും കല്ലുകളും വിറകായിട്ടുള്ള നരകത്തെത്തൊട്ട് കാത്തുകൊള്ളുക എന്ന് 66: 6 ൽ വിശ്വാസികളെ വിളിച്ച് പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന അക്രമികളായ കപടവിശ്വാസികളും അനുയായികളും അവരുടെ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഏതൊരു ഫുജ്ജാറിന്റെയും മരണസമയത്ത് നാഥൻ: അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുമെന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. അറബി ഖുർആനല്ല, മറിച്ച് അദ്ദിക്റാണ് വ്യക്തവും സ്പഷ്ടവുമായ വായന എന്നും അത് അവതരിപ്പിച്ചിട്ടുള്ളത് ജീവനുള്ളവരെ മുന്നറിയിപ്പ് നൽകാനും കാഫിറുകളുടെ മേൽ ശിക്ഷാവചനം ബാധകമാകുന്നതിന് വേണ്ടിയുമാണെന്ന് 36: 69-70 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും അവൻ/അവൾ സ്വയം 'ഞാൻ കാഫിറായിരുന്നു' എന്ന് സമ്മതിക്കാതെ നരകത്തിലേക്ക് അയക്കുകയില്ല. അദ്ദിക്ർ പിൻപറ്റുന്നവർക്ക് മാത്രമേ നിന്റെ ഉണർത്തൽ ഉപകാരപ്പെടുകയുള്ളൂ എന്ന് 36: 10-11 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 7; 2: 6-7; 36: 7 വിശദീകരണം നോക്കുക.

25. വിശ്വാസികളാവുകയും സൽകർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക -നിശ്ചയം അവർ

ക്ക് താഴ്ഭാഗങ്ങളിലൂടെ നദികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുക ളുണ്ടെന്ന്, എല്ലാ ഓരോ പ്രാവശ്യവും അതിലെ കനികളിൽ നിന്ന് അവർക്ക് ഭ ക്ഷണമായി ഭക്ഷിപ്പിക്കപ്പെടുമ്പോൾ അവർ പറയും: ഇത് മുമ്പ് ഞങ്ങൾ ഭ ക്ഷിപ്പിക്കപ്പെട്ടത് തന്നെയാണല്ലോ, അത് അവർക്ക് സാദൃശ്യമാക്കപ്പെട്ടിരിക്കു കയാണ്, അവർക്ക് അതിൽ പരിശുദ്ധരായ ഇണകളും ഉണ്ടായിരിക്കും, അവ ർ അതിൽ ശാശ്വതരുമാണ്.

ജന്മം കൊണ്ട് എല്ലാ മനുഷ്യരും മുസ്ലിംകളാണെങ്കിലും 10: 100 ൽ പറഞ്ഞ വിശ്വാ സിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. വിശ്വാസിയാകാതെ ഒരാൾക്കും സ്വർഗത്തിൽ പ്രവേശി ക്കാനും സാധ്യമല്ല.

സ്വർഗത്തിൽ വെച്ച് ഓരോ പ്രാവശ്യവും പരസ്പരം സാദൃശ്യമുള്ളതും വ്യത്യസ്ഥ രു ചികളിലുള്ളതുമായ വിവിധയിനം പഴവർഗങ്ങൾ ഭക്ഷിക്കാൻ നൽകുമ്പോൾ: ഇത് ഇ പ്പോൾ കഴിച്ചതാണല്ലോ; ഇതല്ലാത്തത് കൊണ്ടുവരിക എന്നാണ് അവർ പറയുക. പരസ് പരം സാദൃശ്യമായ വിവിധതരം കനികളുടെ ആധിക്യമാണ് സ്വർഗവാസികൾ ഇങ്ങനെ പറയാൻ കാരണം. ആൺ-പെൺ വ്യത്യാസമില്ലാതെ ലൈംഗികാവയവങ്ങളില്ലാതെ വി ശ്വാസിയായ അല്ലാഹുവിന്റെ രൂപത്തിലായിരിക്കും സ്വർഗവാസികളെല്ലാം തന്നെ. സ്വർ ഗത്തിൽ ആർത്തവമോ മറ്റ് അശുദ്ധാവസ്ഥകളോ വിസർജ്ജ്യങ്ങളോ ഉണ്ടായിരിക്കുന്നത ല്ല. കാമം പിശാചിൽ നിന്നുള്ളതായതുകൊണ്ട് സ്വർഗത്തിൽ കാമവും ഉണ്ടായിരിക്കുക യില്ല. ലൈംഗികബന്ധം സ്വർഗത്തിൽ വിലക്കപ്പെട്ട കനിയാണ്. ഒരു സ്വർഗത്തിൽ ചുരു ങ്ങിയത് പന്ത്രണ്ട് നദികളുണ്ടെന്ന് 47: 15 ൽ നിന്ന് മനസിലാക്കാം. 3: 133-136; 76: 22 സൂ ക്തങ്ങളിൽ വിവരിച്ച പ്രകാരം നാലാം ഘട്ടമായ ഇവിടെ വെച്ച് സ്വർഗം സമ്പാദിക്കുന്ന വർക്കാണ് ഏഴാം ഘട്ടത്തിൽ അത് അനന്തരാവകാശമായി ലഭിക്കുക.

98: 7 ൽ, നിശ്ചയം വിശ്വാസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊ ടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാണ് കരയിലെ ഏറ്റവും ഉത്തമജീവികൾ എന്നും; 98: 8 ൽ, അവർക്ക് തങ്ങളുടെ നാഥന്റെ പക്കലുള്ള പ്ര തിഫലം താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന നിത്യാനുഗ്രഹ സ്വർഗപ്പൂ ന്തോപ്പുകളാണ്, അവർ അതിൽ എന്നെന്നും നിത്യവാസികളാണ്, അല്ലാഹു അവരെ ത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അത് തന്നെയാണ് തന്റെ നാ ഥനെ ഭയപ്പെടുന്നവനുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇ ക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസിയോട് പ്രഭാത പ്രദോഷങ്ങളിൽ ഹൃദയം പങ്കെടുത്ത് അദ്ദി ക്ർ വായിക്കാനും 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ വാഴ്ത്തിക്കൊ ണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചനാഥനെ സഹായിക്കാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. അതോടൊപ്പം അദ്ദിക്റിനെ മൂടിവെക്കുകയും ത ള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും ഫുജ്ജാറുകളോടും 9: 73 ൽ വിവരി ച്ച പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനും കൽപിച്ചിട്ടുണ്ട്. 56: 12-26; 76: 5-22; 78: 31-36 വിശദീകരണം നോക്കുക.

26. നിശ്ചയം അല്ലാഹു ഒരു പ്രാണിയെയോ അല്ലെങ്കിൽ അവയെക്കാൾ മീതെയു

ള്ളവയെയോ ഉദാഹരണമായി അവതരിപ്പിക്കാൻ ലജ്ജിക്കുകയില്ല, അപ്പോൾ വിശ്വാസികളായവർ, അത് തങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണെന്ന് മനസ്സിലാക്കും; എന്നാൽ കാഫിറുകളായവരോ, അവർ ചോദിക്കും: ഈ ഉപമ കൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിച്ചത്? ഇത്തരം ഉപമ കൊണ്ട് ധാരാളം പേരെ വഴിപിഴപ്പിക്കുന്നു; അതുകൊണ്ട് ധാരാളം പേരെ സന്മാർഗത്തിലുമാക്കുന്നു, എന്നാൽ തെമ്മാടികളല്ലാതെ അതുകൊണ്ട് വഴിപിഴക്കുകയില്ല.

27. അല്ലാഹുവുമായി ചെയ്ത ഉടമ്പടി അത് കണ്ടുമുട്ടിയതിനുശേഷം ലംഘിച്ചുകൊണ്ടിരിക്കുന്നവരും അല്ലാഹു ചേർക്കാൻ കൽപ്പിച്ച ബന്ധങ്ങൾ മുറിച്ച് കളഞ്ഞു കൊണ്ടിരിക്കുന്നവരും ഭൂമിയിൽ നാശമുണ്ടാക്കിക്കൊണ്ടിരിക്കുന്നവരുമാണവർ, അക്കൂട്ടർ തന്നെയാണ് നഷ്ടപ്പെട്ടവർ.

16: 68 ൽ തേനീച്ച, 22: 73 ൽ ഈച്ച, 27: 18 ൽ ഉറുമ്പ്, 29: 41 ൽ എട്ടുകാലി തുടങ്ങിയ പ്രാണികളെ ഉദാഹരണമായി ഉപമിച്ചിരിക്കുന്നതിനെ വിലകുറച്ച് കാണുന്ന എക്കാലത്തുമുള്ള കാഫിറുകൾക്കുള്ള മറുപടിയാണിത്. അദ്ദിക്ർ വിവരിക്കുമ്പോൾ എന്ത് ഉപമോദാഹരണങ്ങൾ പറഞ്ഞാലും അത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന ബോധത്തിൽ അതിൽ നിന്ന് പാഠമുൾക്കൊള്ളുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അല്ലാഹു ആവർത്തിച്ച് വരുന്ന ഉപമാലങ്കാരങ്ങളടങ്ങിയ ഏറ്റവും നല്ല വർത്തമാനമായ ഗ്രന്ഥമിറക്കി, തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികളും ഹൃദയങ്ങളും 'അതുകൊണ്ട്' രോമാഞ്ചം കൊള്ളുകയും 'അല്ലാഹ്' എന്ന സ്മരണയിൽ ലയിച്ച് മയപ്പെടുകയും ചെയ്യുന്നു, അതാകുന്നു അല്ലാഹുവിന്റെ സന്മാർഗം, അല്ലാഹു ഉദ്ദേശിക്കുന്നവരെ 'അതുകൊണ്ട്' സന്മാർഗത്തിലേക്കാക്കുന്നു, ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവനെ സന്മാർഗത്തിലാക്കുന്ന ഒരാളുമില്ല തന്നെ എന്ന് 39: 23 ലും; തെമ്മാടികളല്ലാതെ അദ്ദിക്ർ മൂടിവെക്കുകയില്ല എന്ന് 2: 99 ലും പറഞ്ഞിട്ടുണ്ട്.

ആരാണോ അല്ലാഹുവുമായി ചെയ്ത ഉടമ്പടി കണ്ടുമുട്ടിയതിനുശേഷം ലംഘിച്ചുകൊണ്ടിരിക്കുകയും അല്ലാഹു ചേർക്കാൻ കൽപിച്ച ബന്ധങ്ങൾ മുറിച്ചുകളഞ്ഞുകൊണ്ടിരിക്കുകയും ഭൂമിയിൽ നാശമുണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്, അവരുടെ മേലാണ് അല്ലാഹുവിന്റെ ശാപമുള്ളത്, അവർക്ക് ഏറ്റവും ദുഷിച്ച ഭവനവുമാണുള്ളത് എന്ന് 13: 25 ലും പറഞ്ഞിട്ടുണ്ട്. ഈ രണ്ടു സൂക്തങ്ങളിലും 'ഉടമ്പടി കണ്ടുമുട്ടിയശേഷം അത് ലംഘിക്കുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ 7: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാവരും അല്ലാഹുവുമായി ഉടമ്പടി ചെയ്തിട്ടുണ്ടെങ്കിലും അക്കാര്യം വിശദീകരിക്കുന്ന ഗ്രന്ഥത്തിലെ സൂക്തങ്ങൾ വന്നുകിട്ടിയതിനുശേഷം അതിനെ അവഗണിച്ച് ജീവിക്കുക എന്നതാണ്. സ്വർഗത്തിൽ വെച്ച് അല്ലാഹുവുമായി ചെയ്ത ഉടമ്പടി ഗ്രന്ഥത്തിലൂടെ ഉണർത്തിയിട്ട് അത് പാലിക്കാത്തവർ തന്നെയാണ് തെമ്മാടികൾ. മുമ്പ് നശിപ്പിക്കപ്പെട്ട നാട്ടുകാരിൽ അധികപേരെയും ഉടമ്പടി പാലിക്കുന്നവരായി നാം കണ്ടെത്തിയില്ല, അവരിൽ അധികപേരെയും ഉടമ്പടി ലംഘിക്കുന്ന തെമ്മാടികളായിട്ട് തന്നെയാണ് നാം കണ്ടെത്തിയതെന്ന് 7: 102 ലും പറഞ്ഞിട്ടുണ്ട്. 5: 47, 49, 59; 9: 53, 67; 10: 33; 24: 55; 32: 18; 57: 16, 26–27; 59: 19; 61: 5; 63: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം കപടവിശ്വാസികളായ തെമ്മാടികളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ **'അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല, മുഹമ്മദ് അവന്റെ പ്രവാചകനുമാണ്'** എന്നീ സാക്ഷ്യവാക്യങ്ങളിലൂടെ അല്ലാഹുവുമായി ചെയ്ത ഉടമ്പടി പുതുക്കുകയാണ് ചെയ്യുന്നത്. അവർ പകലിന്റെ

തുടക്കത്തിലും രാത്രിയുടെ തുടക്കത്തിലും: *അല്ലാഹുവേ, നീയാണ് എന്റെ ഉടമയായ നാഥൻ, നീയല്ലാതെ ഒരു ഇലാഹുമില്ല, നീയാണ് എന്നെ സൃഷ്ടിച്ചത്, ഞാൻ നിന്റെ അടിമയാണ്, ഞാൻ ആ ഒരു ഉടമ്പടിയിലും വാഗ്ദത്തത്തിലുമാണ് കഴിയുന്നത്ര നിലകൊള്ളുന്നത്, ഞാൻ ഉത്പാദിപ്പിക്കുന്ന തിന്മയെത്തൊട്ട് ഞാൻ നിന്നോട് തന്നെ അഭയം തേടുന്നു. നിന്റെ അനുഗ്രഹങ്ങൾ എന്റെ മേൽ ചൊരിഞ്ഞത് നിന്റെ മുമ്പിൽ ഞാനിതാ തുറന്ന് വെക്കുന്നു (ആത്മാവുകൊണ്ട് സ്മരിക്കുക), എന്റെ പാപങ്ങളും ഞാൻ ഇതാ നിന്റെ മുമ്പിൽ തുറന്ന് വെക്കുന്നു. അതുകൊണ്ട് എന്റെ പാപങ്ങൾ നീ പൊറുത്തുതന്നാലും, നിശ്ചയം നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല തന്നെ* എന്ന **സയ്യിദുൽ ഇസ്തിഗ്ഫാർ** -പൊറുക്കലിനെത്തേടാനുള്ള ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന- പ്രാർത്ഥിച്ചുകൊണ്ട് പ്രസ്തുത **ഉടമ്പടി** *(അഹ്ദ്)* പാലിക്കുന്നതാണ്. അവർ എപ്പോൾ മരിച്ചാലും സ്വർഗത്തിൽ പ്രവേശിക്കുമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഈ ഉടമ്പടിയെക്കുറിച്ച് അന്ത്യനാളിൽ എല്ലാവരെയും ഒരുമിച്ചുകൂട്ടി വിചാരണ ചെയ്യുമ്പോൾ അല്ലാഹു വീണ്ടും ചോദിക്കുന്നതാണ്. ഇതാണ് **വാഗ്ദത്തം** *(വഅ്ദ്)*. സ്വർഗം സൂക്ഷ്മാലുക്കൾക്ക് വളരെ വിദൂരമല്ലാതെ അടുപ്പിക്കുന്നതാണെന്ന് 50: 31 ലും; ഇതാണ് ആവർത്തിച്ചാവർത്തിച്ച് ഖേദിച്ചുമടങ്ങുകയും *സയ്യിദുൽ ഇസ്തിഗ്ഫാർ* സൂക്ഷിക്കുകയും ചെയ്തിരുന്ന എല്ലാവരോടും വാഗ്ദത്തം ചെയ്തിരുന്നത് എന്ന് 50: 32 ലും പറഞ്ഞിട്ടുണ്ട്.

39: 63 ൽ, ആരാണോ അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചത്, അക്കൂട്ടർ തന്നെയാണ് നഷ്ടപ്പെട്ടവർ എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ അക്കൂട്ടർ തന്നെയാണ് നഷ്ടപ്പെട്ടവർ എന്ന ആശയത്തിലാണ് 2: 121; 7: 178; 63: 9 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത്. 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ് കാഫിറുകളും മുശ്രിക്കുകളുമായിത്തീർന്ന ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരായതിനാൽ അവരുടെ പ്രാർത്ഥന വഴികേടല്ലാതെ വർധിപ്പിക്കുകയില്ല എന്ന് 13: 14 ലും 40: 50 ലും പറഞ്ഞിട്ടുണ്ട്.

28. നിങ്ങൾ എങ്ങനെയാണ് അല്ലാഹുവിനെക്കൊണ്ട് നിഷേധിക്കുന്നവരാവുക? നിങ്ങളോ മരിച്ച അവസ്ഥയിലായിരുന്നു, അപ്പോൾ അവൻ നിങ്ങളെ ജീവിപ്പിച്ചു, പിന്നെ അവൻ നിങ്ങളെ മരിപ്പിക്കും, പിന്നെ അവൻ നിങ്ങളെ ജീവിപ്പിക്കും, പിന്നെ അവനിലേക്കുതന്നെയാണ് നിങ്ങൾ തിരിച്ചയക്കപ്പെടുന്നതും.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും സൃഷ്ടിച്ച്, ഓരോരുത്തർക്കുമുള്ള സന്തതിപരമ്പരകളെയും നിശ്ചയിച്ച് ആദമിന്റെ മുതുകിൽ നിക്ഷേപിച്ചു. 7: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദം സന്താനങ്ങളുടെ മുതുകുകളിൽ നിന്ന് അവരുടെ സന്തതിപരമ്പരകളെ പുറത്തെടുത്തുകൊണ്ട് ഓരോരുത്തരോടും 'ഞാനല്ലെയോ നിങ്ങളുടെ നാഥൻ?' എന്ന് ചോദിച്ചുകൊണ്ട് ഉടമ്പടി വാങ്ങുകയുണ്ടായി. ശേഷം ആദമിന്റെ മുതുകിലേക്കുതന്നെ മടക്കി. സൂക്തത്തിൽ നിങ്ങൾ മരിച്ച അവസ്ഥയിലായിരുന്നു എന്ന് പറഞ്ഞത് ഈ അവസ്ഥയെക്കുറിച്ചാണ്. പിന്നെ ഭൂമിയിൽ നടക്കുന്നതാണ് ഒന്നാമത്തെ ജനനം. അപ്പോൾ നാം നിങ്ങളെ 'സൃഷ്ടിച്ചു' എന്ന് പറയാതെ അപ്പോൾ നാം നിങ്ങളെ 'ജീവിപ്പിച്ചു' എന്ന് പറഞ്ഞത് അതുകൊണ്ടാണ്. അവനാണ് നിങ്ങളെ ഭൂമിയിൽ ജീവിപ്പിച്ചത്, പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നതും പിന്നെ അവൻ നിങ്ങളെ ഭൂമിയിൽ നിന്ന് പുനർജീവിപ്പിക്കുന്നതുമാണ്, നിശ്ചയം മനുഷ്യർ നന്ദികെട്ടവൻ തന്നെയാകുന്നു എന്ന് 22: 66 ൽ പറഞ്ഞിട്ടുണ്ട്. 40: 11 ൽ, നരകത്തിന്റെ സമീപത്തുവെച്ച് കാഫിറുകൾ: 'ഞങ്ങളുടെ ഉടമയായ നാഥാ! ഞങ്ങളെ നീ രണ്ട് പ്രാ

വശ്യം മരിപ്പിച്ചു, രണ്ട് പ്രാവശ്യം ജനിപ്പിച്ചു, ഇപ്പോൾ ഞങ്ങൾ ഞങ്ങളുടെ കുറ്റങ്ങളെ ല്ലാം തിരിച്ചറിഞ്ഞു, ഇനി ഇവിടെ നിന്ന് പുറത്തുപോകാൻ വല്ല മാർഗവുമുണ്ടോ' എന്ന് പറയുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 'രണ്ട് പ്രാവശ്യം മരിപ്പിച്ചു' എന്ന് ആദ്യം പ റഞ്ഞതിൽ, സൃഷ്ടിച്ച് കരാർ വാങ്ങിയ ശേഷം നിർജീവരാക്കി ആദമിന്റെ മുതുകിൽ സൂ ക്ഷിച്ചത് ഒന്നാം മരണവും, ഭൂമിയിൽ വെച്ച് നടക്കുന്നത് രണ്ടാം മരണവുമാണ്. രണ്ട് പ്രാ വശ്യം ജനിപ്പിച്ചു എന്ന് പറയുന്നതിലെ ഒന്ന് ഭൂമിയിലെ ജനനവും രണ്ടാമത്തേത് പര ലോകത്തിലെ പുനർജന്മവുമാണ്.

മനുഷ്യർക്ക് ഭൂമിയിൽ നിശ്ചിത അവധി വരെയുള്ള താവളവും ഭക്ഷണവിഭവങ്ങളുമു ണ്ട്. 20: 55 ൽ, അതിൽ നിന്നാണ് നാം നിങ്ങളെ സൃഷ്ടിച്ചത്, അതിലേക്കുതന്നെയാണ് നാം നിങ്ങളെ മടക്കുന്നതും, അതിൽ നിന്നുതന്നെ നാം നിങ്ങളെ മറ്റൊരു പ്രാവശ്യം പു റപ്പെടുവിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അതിൽ നിന്നാണ് നിങ്ങളെ സൃഷ്ടിച്ചത് എന്ന് പറഞ്ഞതിൽ നിന്നും ഭൂമിയിലാണ് നാം നിങ്ങളെ സൃഷ്ടിച്ചത് എന്ന് ആശയം വരു ന്നില്ല. മറിച്ച് ഭൂമിയിൽ നിന്ന് കൊണ്ടുപോയ മണ്ണുകൊണ്ട് സ്വർഗത്തിൽ വെച്ചാണ് ആദ മിന്റെ ശരീരം സൃഷ്ടിച്ചത്. മനുഷ്യന്റെ ഏഴുഘട്ടങ്ങൾ 71: 14 ൽ വിശദീകരിച്ചിട്ടുണ്ട്. 4: 1; 16: 78; 39: 6–7 വിശദീകരണം നോക്കുക.

29. അവൻ തന്നെയാണ് ഭൂമിയിലുള്ളത് മുഴുവനും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ച ത്, പിന്നെ അവൻ ആകാശത്തേക്ക് തിരിഞ്ഞു, അങ്ങനെ അവയെ ഏഴ് ആകാ ശങ്ങളായി സംവിധാനിച്ചു, അവൻ എല്ലാ ഓരോ വസ്തുവിനെക്കുറിച്ചും അ റിയുന്നവനുമാണ്.

25: 59; 32: 4; 50: 38 തുടങ്ങിയ സൂക്തങ്ങളിൽ ആകാശങ്ങളെയും ഭൂമിയെയും അവക്കി ടയിലുള്ള സർവ്വവസ്തുക്കളെയും ആറ് നാളുകളിലായിട്ടാണ് സൃഷ്ടിച്ചത് എന്ന് പറഞ്ഞി ട്ടുണ്ട്. രണ്ട് നാളുകളിൽ ഭൂമിയെ സൃഷ്ടിച്ച സർവ്വലോകങ്ങളുടെയും ഉടമയായ നാഥന് പ കരക്കാരെ ഉണ്ടാക്കി നിങ്ങൾ അവനെ നിഷേധിക്കുക തന്നെയാണോ എന്ന് 41: 9 ൽ ചോദിച്ചിട്ടുണ്ട്. ഭൂമിയുടെ മുകളിൽ പർവ്വതങ്ങളെ നാട്ടി, അതിൽ എല്ലാ വസ്തുക്കളെ യും (സൃഷ്ടികളുടെ ഓരോരുത്തരുടെയും താൽപര്യവും ആവശ്യവും പരിഗണിച്ചുകൊ ണ്ട്) ക്ലിപ്തമായ തോതിൽ നാല് ദിവസങ്ങളിലായിക്കൊണ്ട് സംവിധാനിച്ചു -ചോദിക്കു ന്നവർക്ക് മറുപടിയായി ക്കൊണ്ട് എന്ന് 41: 10 ലും; പിന്നെ അവൻ ആകാശത്തേക്ക് തി രിഞ്ഞു, അത് പുകയായിരുന്നു, അങ്ങനെ അവൻ അതിനോടും ഭൂമിയോടും പറഞ്ഞു: ഇ ഷ്ടപ്പെട്ടാലും ഇല്ലെങ്കിലും രൂപപ്പെട്ടുവരിക, അപ്പോൾ അവ രണ്ടും പറഞ്ഞു: ഞങ്ങൾ ഇ താ നിനക്ക് വഴിപ്പെട്ട് വന്നിരിക്കുന്നു എന്ന് 41: 11 ലും; ആകാശങ്ങളെ രണ്ട് നാളുകളിൽ ഏഴ് തട്ടുകളായിട്ട് സംവിധാനിക്കുകയും എല്ലാ ഓരോ ആകാശത്തിനും അതിന്റെ കൽ പനകൾ ബോധനം ചെയ്യുകയും ചെയ്തു എന്ന് 41: 12 ലും പറഞ്ഞിട്ടുണ്ട്. (രണ്ട് നാളുക ളിലായിക്കൊണ്ട് ഭൂമിയെയും രണ്ട് നാളുകളിലായിക്കൊണ്ട് ഭൂമിയുടെ മുകളിലുള്ള സർ വ്വവസ്തുക്കളെയും രണ്ട് നാളുകളിലായിക്കൊണ്ട് ഏഴ് ആകാശങ്ങളെയും, ഇങ്ങനെ ആ കാശങ്ങളും ഭൂമിയും അവക്കിടയിലുള്ള സർവ്വവസ്തുക്കളും ആറ് നാളുകളിലായിട്ടാണ് അല്ലാഹു സംവിധാനിച്ചത് എന്ന് സാരം). 21: 30 ൽ, കാഫിറുകളായിട്ടുള്ളവർ കാണുന്നി ല്ലെയോ? നിശ്ചയം ആകാശങ്ങളും ഭൂമിയും അവ രണ്ടും ഒട്ടിപ്പിടിച്ച അവസ്ഥയിലായിരു ന്നു എന്നും അപ്പോൾ നാം അവ രണ്ടിനേയും വേർപെടുത്തി സംവിധാനിച്ചുവെന്നും, എല്ലാ ഓരോ വസ്തുവിനും ജീവൻ നിലനിർത്തുന്നതിന് വെള്ളം നാം അനിവാര്യമാക്കു കയും ചെയ്തു, അപ്പോൾ അവർ വിശ്വസിക്കുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. എല്ലാ

ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ നാഥനെക്കുറിച്ച് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയോട് ചോദിക്കാനാണ് പ്രവാചകനോട് കൽപിച്ചിട്ടുള്ളത്. ഏതൊരാളും അറിവില്ലാത്ത കാര്യങ്ങൾ ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവിനോടാണ് എന്ന് 16: 43; 21: 7 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 13: 2–3; 67: 1–3; 87: 2–3 വിശദീകരണം നോക്കുക.

30. നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭവും ഓർക്കേണ്ടതാണ്: നിശ്ചയം ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിയോഗിക്കുകയാണ്; അവർ ചോദിച്ചു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുവാൻ പോകുന്നത് -ഞങ്ങൾ നിന്നെ സ്തുതിച്ചുകൊണ്ട് വാഴ്ത്തുകയും നിന്നെ പരിശുദ്ധപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കെ, അവൻ പറഞ്ഞു: നിശ്ചയം നിങ്ങൾക്കറിയാത്തത് ഞാൻ അറിയുന്നു.

മനുഷ്യർക്ക് മുമ്പ് ജിന്നുകളാ(അസുരന്മാർ)യിരുന്നു അല്ലാഹുവിന്റെ പ്രതിനിധികളായി ഭൂമിയിൽ നിയോഗിക്കപ്പെട്ടിരുന്നത്. ജിന്നുകളും മനുഷ്യരും നന്ദി കാണിക്കുന്നവർ അല്ലെങ്കിൽ നന്ദികേട് കാണിക്കുന്നവർ എന്നീ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ളവരായതുകൊണ്ടാണ് അവരെ അല്ലാഹുവിന്റെ പ്രതിനിധികളെന്ന് വിശേഷിപ്പിക്കുന്നത്. ജിന്നുകളെല്ലാം നാശകാരികളും തെമ്മാടികളുമായി മാറിയപ്പോൾ ഇബ്ലീസിന്റെ നേതൃത്വത്തിൽ മലക്കുകൾ അവരെ നശിപ്പിക്കുകയാണുണ്ടായത്. വിശ്വസിക്കാനും നിഷേധിക്കാനുമുള്ള സ്വാതന്ത്ര്യത്തോടുകൂടിയ മനുഷ്യരെ നിയോഗിക്കാൻ പോകുന്നു എന്ന് അല്ലാഹു പറഞ്ഞപ്പോൾ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുവാൻ പോകുന്നത് എന്ന് മലക്കുകൾ ചോദിക്കാൻ കാരണം അതാണ്. മലക്കുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലാത്തവരായതിനാൽ അവർ അല്ലാഹുവിനെ ധിക്കരിക്കുകയില്ല, അവർ അനുസരണസ്വഭാവം മാത്രമുള്ള വിശ്വാസികളാണ് എന്ന് 16: 49–50; 66: 6 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 18: 50 വിശദീകരണം നോക്കുക.

എല്ലാ മനുഷ്യരെയും അല്ലാഹുവിന്റെ പ്രതിനിധികളായിട്ടാണ് ഭൂമിയിൽ നിയോഗിച്ചിട്ടുള്ളതെങ്കിലും 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് ജിന്നു കൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റിയ വിശ്വാസി മാത്രമേ നിഷ്പക്ഷവാനായ നാഥന്റെ പ്രാതിനിധ്യം വഹിക്കുകയുള്ളൂ. മലക്കുകൾ പറഞ്ഞതുപോലെ അല്ലാഹുവിനെ സ്തുതിക്കുക, വാഴ്ത്തുക എന്ന ലക്ഷ്യത്തിനുവേണ്ടി മാത്രമല്ല മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്; മറിച്ച്, 87: 14; 91: 9–10 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആരാണ് ആത്മാവിനെ തിരിച്ചറിയുന്നത്; 4: 1 പ്രകാരം ആരാണ് സ്രഷ്ടാവിനെ തിരിച്ചറിയുന്നത്; 3: 185 പ്രകാരം ആരാണ് ഏഴാം ഘട്ടത്തിന് വേണ്ടി നാലാം ഘട്ടമായ ഐഹികലോകത്തുവെച്ചുതന്നെ സ്വർഗം സമ്പാദിക്കുന്നത് എന്നെല്ലാം പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. നിശ്ചയം നിങ്ങൾക്ക് നാം ഒരു ഗ്രന്ഥമിറക്കി, അതിൽ നിങ്ങളെക്കുറിച്ച് നാം ഓർമ്മിപ്പിച്ചിട്ടുണ്ട്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് 21: 10 ൽ ചോദിച്ചിട്ടുണ്ട്. ആരാണ് മനുഷ്യൻ, എന്താണ് ആത്മാവ്, എന്താണ് ജീവൻ, എന്താണ് ശരീരം, എന്താണ് ഭൂമിയിലേക്കുള്ള നിയോഗലക്ഷ്യം, എന്താണ് ഉറക്കവും മരണവും തമ്മിലുള്ള വ്യത്യാസം, ആരാണ് വിശ്വാസികളായവർ, ആരാണ്

കാഫിറുകളായവർ, ആരാണ് സ്വർഗത്തിലേക്ക് പോവുക, ആരാണ് നരകത്തിലേക്ക് പോവുക, ആരാണ് സ്വർഗവും നരകവുമല്ലാത്ത ലോകങ്ങളിലേക്ക് അയക്കപ്പെടുക തുടങ്ങി എല്ലാ ഓരോ കാര്യവും ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കുന്ന 3: 58 ൽ പറഞ്ഞ തത്വ നിർഭരമായ അദ്ദിക്റാണ് ആ ഗ്രന്ഥം. ഭൂമിയിൽ രക്തം ചിന്താതിരിക്കാനും വർഗീയത, വംശീയത, ദേശീയത, സ്വാർത്ഥത തുടങ്ങിയ ദുർഗുണങ്ങളെല്ലാം ഇല്ലാതാക്കി മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനുമുള്ള ഏകഉപകരണവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ തന്നെയാണ്.

അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും, കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയതും മനുഷ്യരെ നരകത്തിലേക്ക് നയിക്കുന്നതുമായ ഫുജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ആയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ കാഫിറായ പിശാചിന്റെ പ്രാതിനിധ്യം വഹിക്കുന്നവരും ഭൂമിയിൽ നടക്കുന്ന രക്തച്ചൊരിച്ചിലിന്റെയും നശീകരണ പ്രവർത്തനങ്ങളുടെയും പാപഭാരം വഹിച്ച് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകാനുള്ളവരുമാണ്. 4: 118; 6: 165; 11: 57 വിശദീകരണം നോക്കുക.

31. അവൻ ആദമിന് എല്ലാ വസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചു, പിന്നെ അവ മലക്കുകളുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു: ഈ വസ്തുക്കളുടെ പേരുകളെല്ലാം നിങ്ങൾ എനിക്ക് പറഞ്ഞുതരിക -നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ!

32. അവർ പറഞ്ഞു: നീ മാത്രമാണ് പരിശുദ്ധൻ! നീ ഞങ്ങളെ പഠിപ്പിച്ചതല്ലാത്ത ഒരു അറിവും ഞങ്ങളുടെ പക്കലില്ല, നിശ്ചയം നീ മാത്രമാണ് യുക്തിജ്ഞനായ സർവ്വജ്ഞാനി!

33. അവൻ പറഞ്ഞു: ഓ ആദം! അവയുടെ പേരുകൾ നീ അവർക്ക് പറഞ്ഞുകൊടുക്കുക, അങ്ങനെ ആ പേരുകളെല്ലാം അവരെ ഉണർത്തിയപ്പോൾ അവൻ ചോദിച്ചു: നിശ്ചയം ഞാൻ ആകാശങ്ങളിലെയും ഭൂമിയിലെയും മറഞ്ഞ കാര്യങ്ങൾ അറിയുന്നവനും നിങ്ങൾ വെളിവാക്കുന്നതും നിങ്ങൾ മൂടിവെച്ചു കൊണ്ടിരിക്കുന്നതും അറിയുന്നവനുമാണെന്ന് നിങ്ങളോട് പറഞ്ഞിട്ടില്ലെയോ?

ആദമിന് എല്ലാ വസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചു എന്നുപറഞ്ഞതിന്റെ വിവക്ഷ എല്ലാ കാര്യങ്ങളും അടങ്ങിയ ത്രികാലജ്ഞാനമായ അദ്ദിക്ർ പഠിപ്പിച്ചു എന്നാണ്. പ്രപഞ്ചത്തിന്റെ 'സോഫ്റ്റ്വെയറാ'യ അദ്ദിക്ർ പഠിപ്പിക്കപ്പെട്ടതുവഴിയാണ് മനുഷ്യന് മലക്കുകളെക്കാളും ഉന്നതമായ പദവി ലഭിച്ചതും അങ്ങനെ മനുഷ്യരുടെ മാർഗദർശനത്തിന്റെ കാര്യത്തിൽ അല്ലാഹു അവനെ സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ നയിക്കാത്ത നിഷ്പക്ഷവാനായതും. 45: 13; 55: 1-4 വിശദീകരണം നോക്കുക. മനുഷ്യനെ ഏറ്റവും നല്ല കലണ്ടറിൽ അഥവാ രൂപത്തിൽ (അല്ലാഹുവിന്റെ ഛായയിൽ) ആണ് സൃഷ്ടിച്ചിട്ടുള്ളത്, പിന്നെ അവനെ അധമരിൽ അധമനാക്കി, നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരൊഴികെ എന്ന് 95: 4-6 സൂക്തങ്ങളിലും; നിശ്ചയം ആദം സന്താനങ്ങളെ നാം ബഹുമാനിച്ചിട്ടുണ്ട്, നാം അവരെ കരയിലും കടലിലും സഞ്ചരിപ്പിച്ചു, അവർക്ക് പരിശുദ്ധമായ ഭക്ഷണവിഭവങ്ങൾ നൽകുകയും നാം സൃഷ്ടിച്ച അധിക സൃഷ്ടികളേക്കാളും ശ്രേഷ്ഠത നൽകുകയും ചെയ്തു എന്ന് 17: 70 ലും പറഞ്ഞിട്ടുണ്ട്. 64: 2-3 സൂക്തങ്ങളിൽ, അവനാണ് നിങ്ങളെ സൃഷ്ടിച്ചത്, അപ്പോൾ നിങ്ങളിൽ കാഫിറുണ്ട്, നിങ്ങളിൽ വിശ്വാസിയുമുണ്ട്, അ

ല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെ യാകുന്നു എന്ന് പറഞ്ഞി ട്ടുണ്ട്.

മലക്കുകളിലെ ഓരോ വിഭാഗത്തിനും അല്ലാഹു അവരവർക്ക് അറിയിച്ച് കൊടുക്കു ന്ന അറിവ് മാത്രമേയുള്ളൂ. ജിന്നുകൾ മുഴുവൻ നാശകാരികളായി മാറുകയും മലക്കുക ളാൽ അവർ ഒന്നടങ്കം നശിപ്പിക്കപ്പെടുകയും ചെയ്ത പശ്ചാത്തലത്തിലാണ് അവർ 'കു ഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കാൻ പോ കുന്നത്' എന്ന് ചോദിച്ചത്. ഒളിഞ്ഞതും തെളിഞ്ഞതുമായ കാര്യങ്ങൾ അറിയുന്നവൻ ത്രികാലജ്ഞാനിയായ അല്ലാഹു മാത്രമാണ്. അതാണ് അവന്റെ 'ത്രികാലജ്ഞാനി', 'എ ല്ലാം വലയം ചെയ്തവൻ' എന്നീ ഗുണനാമങ്ങൾ പഠിപ്പിക്കുന്നത്. അവനെക്കുറിച്ച് അജ ്ഞഗ്രന്ഥമായ അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോട് ചോദിക്കാനാണ് 25: 59 ലൂടെ പ്രവാചകനോടും അതുവഴി വിശ്വാസിയോടും കൽപിച്ചിട്ടുള്ളത്.

1: 4 ൽ വിവരിച്ച പ്രകാരം നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരും നി യോഗിക്കപ്പെട്ടിട്ടുള്ളത് സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ടാണ്. ഇന്ന് ഒറ്റപ്പെട്ട വി ശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാത പ്രദോഷങ്ങളിൽ അദ്ദിക്ർ തിലാവത്ത് ചെയ്യാനും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും അദ്ദിക്ർ ലോ കരിൽ എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചനാഥനെ സഹായിക്കാനും 1000 സമുദായ ങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണകരമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പി ക്കാനുമാണ് കൽപിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ത്രികാലജ്ഞാനിയായ നാഥന്റെ മൊത്തം മനുഷ്യർക്കുള്ള സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാ സികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും വേണം. 2: 24–25, 38–39, 62 വിശദീകരണം നോക്കുക.

34. നാം മലക്കുകളോട് പറഞ്ഞ സന്ദർഭവും സ്മരണീയമാണ്, നിങ്ങളെല്ലാം ആദ മിന് സാഷ്ടാംഗം പ്രണമിക്കുക, അപ്പോൾ അവരെല്ലാവരും സാഷ്ടാംഗം പ്രണ മിച്ചു -ഇബ്ലീസ് ഒഴികെ, അവൻ വിസമ്മതിക്കുകയും അഹങ്കാരം പ്രകടിപ്പി ക്കുകയും ചെയ്തു, അവൻ കാഫിറുകളിൽ പെട്ടവനായിരുന്നു.

ജിന്നിൽ പെട്ട *ഇബ്ലീസ്* അടക്കമുള്ള മലക്കുകളുടെ സദസ്സിനോട് മനുഷ്യരുടെ മു മ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ കൽപ്പിച്ചതുകൊണ്ടുദ്ദേശിക്കുന്നത്, അദ്ദിക്ർ ഉപയോഗ പ്പെടുത്തി അല്ലാഹുവിന്റെ പ്രാതിനിധ്യം നിർവ്വഹിച്ചുകൊണ്ട് പ്രപഞ്ചം അതിന്റെ സന്തു ലനത്തിൽ നിലനിർത്താൻ നിയോഗിക്കപ്പെട്ട മനുഷ്യന് എല്ലാവിധ സേവനവും ചെയ്ത് നിലകൊള്ളണമെന്നാണ്. *ഇബ്ലീസ്* കാഫിറുകളിൽ പെട്ടവനായിരുന്നു എന്ന് ഇവിടെ ക്കൂടാതെ 38: 74 ലും; അവൻ ജിന്നിൽ പെട്ടവനായിരുന്നു എന്ന് 18: 50 ലും പറഞ്ഞിട്ടുണ്ട്.

35. നാം പറയുകയും ചെയ്തു: ഓ ആദം! നീയും നിന്റെ ഇണയും ഈ സ്വർഗ ത്തിൽ താമസിക്കുകയും അതിലെ വിഭവങ്ങൾ നിങ്ങൾ രണ്ടുപേരും ഉദ്ദേശി ക്കും വിധം യഥേഷ്ടം തിന്നുകയും ചെയ്യുക, ഈ വൃക്ഷത്തോട് നിങ്ങൾ ര ണ്ടുപേരും സമീപിച്ചുപോകരുത്, അപ്പോൾ നിങ്ങൾ രണ്ടുപേരും അക്രമിക ളിൽ പെട്ടവരാകുന്നതാണ്.

36. അപ്പോൾ അതിനെത്തൊട്ട് പിശാച് അവരെ രണ്ടുപേരെയും തെറ്റിച്ചു, അവർ

രണ്ടുപേരും ആയിരുന്ന അവസ്ഥയിൽ നിന്ന് അവരെ രണ്ടുപേരെയും പുറപ്പെടുവിപ്പിക്കുകയും ചെയ്തു, നാം കൽപിക്കുകയും ചെയ്തു: നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളായിക്കൊണ്ട് നിങ്ങളെല്ലാവരും ഇവിടെ നിന്ന് ഇറങ്ങിപ്പോവുക, നിങ്ങൾക്ക് ഭൂമിയിൽ താവളവും ഒരു നിശ്ചിത സമയം വരെ ജീവിതവിഭവങ്ങളുമുണ്ട്.

ഭൂമിയിൽ നിയോഗിക്കപ്പെടാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിലേക്ക് അയക്കാനുള്ള ഒരു കാരണമായിക്കൊണ്ടും ഭൂമിയിൽ വെച്ച് പിശാച് എപ്രകാരം മനുഷ്യനെ പ്രലോഭിപ്പിച്ച് വഞ്ചനയിലകപ്പെടുത്തുമെന്ന് പഠിപ്പിക്കുന്നതിന് വേണ്ടിയുമാണ് അല്ലാഹു ആദമിനെ സ്വർഗത്തിൽ വെച്ച് തന്നെ പരീക്ഷണത്തിന് വിധേയമാക്കിയത്. പിശാച് മനുഷ്യന്റെ ശത്രുവാണെന്നും അവന്റെ വഞ്ചനയിൽ അകപ്പെടരുതെന്നും അല്ലാഹു സ്വർഗത്തിൽ വെച്ച് അദ്ദിക്ർ പഠിപ്പിക്കുക വഴി ആദമിനെ പഠിപ്പിച്ചിട്ടുണ്ടായിരുന്നു: ഓ ആദം, നിശ്ചയം അവൻ നിനക്കും നിന്റെ ഇണക്കും ശത്രുവാണ്, അപ്പോൾ നിങ്ങൾ ദൗർഭാഗ്യവാന്മാരായിത്തീരും വിധം നിങ്ങൾ ഇരുവരേയും അവൻ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കാൻ ഇടവരാതിരിക്കട്ടെ, സ്വർഗത്തിൽ നിനക്ക് വിശപ്പോ നഗ്നതയോ അനുഭവപ്പെടുകയില്ല, നിനക്ക് അവിടെ ദാഹമോ ചൂടോ അനുഭവപ്പെടുകയുമില്ല. അപ്പോൾ പിശാച് അവന്റെ ഹൃദയത്തിൽ മന്ത്രിച്ചു: ഓ ആദമേ, നിനക്ക് ശാശ്വത ജീവിതവും അവസാനിക്കാത്ത ആധിപത്യവും ലഭിക്കുന്ന ഒരു വൃക്ഷത്തെക്കുറിച്ച് ഞാൻ പറഞ്ഞുതരട്ടെയോ? അങ്ങനെ അവർ രണ്ടുപേരും ആ വൃക്ഷത്തിൽ നിന്ന് ആസ്വദിച്ചു, അപ്പോൾ അവർക്ക് അവരുടെ ഗുഹ്യസ്ഥാനങ്ങൾ വെളിപ്പെടുകയും സ്വർഗ്ഗത്തിലെ ഇലകളെടുത്ത് രണ്ടുപേരും പൊത്താൻ തുടങ്ങുകയും ചെയ്തു. ആദം തന്റെ റബ്ബിനെ ധിക്കരിക്കുകയും അങ്ങനെ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാവുകയും ചെയ്തു എന്ന് 20: 117–121 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ലൈംഗികബന്ധത്തിലൂടെയല്ലാതെ സദാസമയവും ലൈംഗികാനുഭൂതി അനുഭവപ്പെടുന്ന സ്വർഗീയാവസ്ഥയിൽ നിന്നാണ് പിശാച് അവരെ ലൈംഗികബന്ധമാകുന്ന കനി ആസ്വദിക്കാൻ പ്രേരിപ്പിച്ചത്. ലൈംഗികാവയവങ്ങളില്ലാത്ത സ്വർഗത്തിൽ എല്ലാ അനുഭൂതികളും ആസ്വദിച്ചുകൊണ്ടിരുന്ന ആദം ദമ്പതികൾ അവരുടെ നാഭിമുടികൾ തമ്മിൽ ഉരസിയപ്പോഴാണ് അവർക്ക് ലൈംഗികാവയവങ്ങൾ പ്രത്യക്ഷപ്പെടുന്നത്. നാഭിമുടിയാണ് സൂക്തത്തിൽ പറഞ്ഞ വൃക്ഷം. 7: 19–20, 24 വിശദീകരണം നോക്കുക.

അല്ലാഹു പറഞ്ഞു: നിങ്ങൾ ഇരുവരും മുഴുവനാളുകളും ചിലർ ചിലർക്ക് ശത്രുക്കളായിക്കൊണ്ട് ഇവിടെ നിന്ന് പുറത്തുപോവുക. അങ്ങിനെ എന്നിൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നുകിട്ടിയാൽ; അപ്പോൾ ആരാണോ എന്റെ സന്മാർഗം പിൻപറ്റുന്നത്, അപ്പോൾ അവൻ വഴി തെറ്റുകയോ ദൗർഭാഗ്യവാനാവുകയോ ഇല്ല എന്ന് 20: 123 ൽ പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഇരുവരും എന്നുപറഞ്ഞത് ആദമിനെയും ഹവ്വയെയും, മുഴുവൻ ആളുകളും എന്നുപറഞ്ഞത് ആദമിന്റെ മുതുകിലുള്ള അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരെയുമാണ്. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളായിക്കൊണ്ട് എന്ന് പറഞ്ഞത് കപടവിശ്വാസികൾ വിശ്വാസികൾക്ക് ശത്രുക്കളായിക്കൊണ്ട് എന്നും, പിശാചുക്കൾ മനുഷ്യർക്ക് ശത്രുക്കളായിക്കൊണ്ട് എന്നുമാണ്. മാത്രമല്ല, മനുഷ്യരിലെ വിശ്വാസികൾക്ക് മനുഷ്യരിലെ കാഫിറുകളും ജിന്നുകളിലെ വിശ്വാസികൾക്ക് ജിന്നുകളിലെ കാഫിറുകളും ശത്രുക്കളാണ്. മനുഷ്യരിലും ജിന്നുകളിലും പിശാചുക്കളുണ്ടെന്ന് 6: 112; 114: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരെ വഴിപിഴപ്പിക്കാൻ അവസരം ആവശ്യപ്പെട്ട പിശാചിന്, ആദമിന് ഒരു സന്താനത്തെ കൊടുക്കുമ്പോൾ നിനക്കും ഓരോ സന്താനത്തെ നൽ

കാമെന്നും അവർക്ക് മനുഷ്യരുടെ ഹൃദയങ്ങളിൽ കുടിയിരിക്കാമെന്നും അവരുടെ രക്ത ത്തിലൂടെ സഞ്ചരിക്കാമെന്നും അല്ലാഹു പിശാചിന് വാക്ക് കൊടുത്തു. അത് പ്രകാരം എ ല്ലാ ഓരോ പുരുഷനിലും ഓരോ ജിന്നുകൂട്ടുകാരനും സ്ത്രീയിൽ ഓരോ ജിന്നുകൂട്ടുകാ രിയുമുണ്ട്. അദ്ദിക്ർ ജിന്നുകൂട്ടുകാരനുള്ള ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായതിനാൽ അത് ഉപയോഗപ്പെടുത്തി ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കേണ്ട ബാധ്യത മനുഷ്യരു ടേതാണ്, അല്ലെങ്കിൽ ജിന്നുകൂട്ടുകാരൻ മനുഷ്യനെക്കൂടി നരകത്തിലേക്ക് കൊണ്ടുപോ കുമെന്ന് 43: 36–39; 50: 27–29; 59: 16–17 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജിന്നുകളിൽ ഒരു വി ഭാഗം ഗ്രന്ഥം ആദ്യപ്രാവശ്യം കേട്ടപ്പോൾ തന്നെ വിശ്വാസികളായ കാര്യം 46: 29 ൽ പ റഞ്ഞിട്ടുണ്ട്. ഓ ആദം സന്താനങ്ങളേ! പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ ത്തിൽ നിന്ന് പുറത്താക്കിയതു പോലെ നിങ്ങളെ നാശത്തിൽ അകപ്പെടുത്താതിരിക്കട്ടെ, അവൻ അവരുടെ ഗുഹ്യസ്ഥാനങ്ങൾ വെളിപ്പെടുത്തുന്നതിനുവേണ്ടി അവരുടെ സൂക്ഷ്മ താവസ്ത്രം ഊരിക്കളഞ്ഞു, നിശ്ചയം അവനും അവന്റെ ഗോത്രക്കാരും നിങ്ങൾ അവ രെ കാണാത്ത വിധം നിങ്ങളെ കാണുന്നുണ്ട്, നിശ്ചയം പിശാചുക്കളെ നാം വിശ്വാസിക ളല്ലാത്തവർക്ക് കൂട്ടുകാരാക്കിയിരിക്കുന്നു എന്ന് 7: 26–27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 102; 8: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് ആത്മാവിന്റെ ജിന്ന് കൂട്ടു കാരനെ വിശ്വാസിയാക്കി മാറ്റാതെ ഒരാളും വിശ്വാസിയാവുകയില്ല. അദ്ദിക്ർ കൊണ്ട് വി ശ്വാസികളായവരും വിശ്വാസിയാകാനുള്ള പ്രസ്തുത ഗ്രന്ഥം ലോകരിൽ എത്തിച്ചുകൊ ടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും ഒഴിച്ചുള്ള കൂടിക്കലർന്ന് ജീവിക്കുന്ന പു രുഷന്മാരും സ്ത്രീകളും പരസ്പരം ലൈംഗികബന്ധത്തിന് അതിയായി ആഗ്രഹിക്കുമെ ന്ന് 38: 24 ൽ പറഞ്ഞിട്ടുണ്ട്. 8: 24; 32: 13; 54: 17 വിശദീകരണം നോക്കുക.

37. അപ്പോൾ ആദമിന് തന്റെ നാഥനിൽ നിന്ന് ചില വചനങ്ങൾ ഇട്ടുകൊടുക്കപ്പെ ട്ടു, അങ്ങനെ ആദമിന്റെമേൽ അവൻ മടങ്ങി, നിശ്ചയം അവൻ ഏറെ പശ്ചാ ത്താപം സ്വീകരിക്കുന്ന കാരുണ്യവാനാകുന്നു.

തന്റെ തെറ്റ് തിരിച്ചറിഞ്ഞ ആദമിന് നാവുകൊണ്ട് ദുഃഖം പ്രകടിപ്പിക്കാൻ കഴിയാതെ മനോവേദന അനുഭവപ്പെട്ടപ്പോൾ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്ന നാഥൻ: ഞങ്ങളു ടെ നാഥാ! ഞങ്ങൾ ഞങ്ങളുടെ ആത്മാവിനോട് അക്രമം കാണിച്ചിരിക്കുന്നു, നീ ഞ ങ്ങൾക്ക് പൊറുത്ത് തന്നിട്ടില്ലെങ്കിൽ, ഞങ്ങളുടെമേൽ നിന്റെ കാരുണ്യം വർഷിച്ചിട്ടില്ലെ ങ്കിൽ നിശ്ചയം ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പെട്ടുപോകുന്നതാണ് എന്ന 7: 23–ാം സൂക്തം ഇട്ടുകൊടുത്തു. അപ്രകാരം പ്രാർത്ഥിച്ച ആദമിനെ തന്റെ നാഥൻ തെരഞ്ഞെടുക്കുകയും അവന്റെ പശ്ചാത്താപം സ്വീകരിക്കുകയും സന്മാർഗത്തിലാക്കുകയും ചെയ്തു എന്ന് 20: 122 ൽ പറഞ്ഞിട്ടുണ്ട്.

38. നാം പറഞ്ഞു: നിങ്ങളെല്ലാവരും ഇവിടെ നിന്ന് പുറത്തുപോവുക, നിങ്ങൾക്ക് എന്നിൽ നിന്നുള്ള സന്മാർഗം വന്നുകിട്ടുകയാണെങ്കിൽ, അങ്ങനെ ആരാണോ എന്റെ സന്മാർഗം പിൻപറ്റിയത്, അപ്പോൾ അവരുടെമേൽ ഭയപ്പെടാനോ അ വർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

ആദ്യത്തെ പ്രവാചകനായ നൂഹ് മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് വരെ 313 പ്ര വാചകന്മാർക്കും നൽകപ്പെട്ടിട്ടുള്ള സന്മാർഗം അദ്ദിക്ർ തന്നെയാണ് എന്ന് 16: 43–44; 21: 24; 41: 41–43; 53: 56 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 35: 32 പ്രകാരം ലോകർക്ക് മൊത്തമുള്ള ഗ്രന്ഥം പ്രവാചകന്റെ ജനതയാണ് അനന്തരമെടുത്തിട്ടുള്ളത്. എന്നാൽ അ റബി ഖുർആൻ വായിക്കുന്ന അവരിൽ നിന്നുള്ള ഫുജ്ജാറുകളായ കുഫ്ഫാറുകൾ ഗ്ര

നഥത്തിന്റെ ആത്മാവിനെ പരിഗണിക്കാത്തവരായതിനാൽ ആത്മാവിനോട് അക്രമം കാണിക്കുന്നവരാണ്. അവരെ ശിക്ഷിക്കുന്നതിന് വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിരിക്കുന്നതെന്ന് 9: 67–68; 33: 72–73; 48: 6; 98: 6 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 16–18 ൽ വിവരിച്ച പ്രകാരം സന്മാർഗമായ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ വഴികേട് വാങ്ങിയവരാണ് ഫുജ്ജാറുകൾ. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ നയിക്കുന്നില്ല. എന്നാൽ ഫുജ്ജാറുകൾ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക.

2: 2, 185; 9: 33; 18: 57; 22: 8; 28: 85; 39: 23 തുടങ്ങി 80 സൂക്തങ്ങളിൽ പറഞ്ഞ സന്മാർഗമായ അദ്ദിക്ർ തന്നെയാണ് മൊത്തം മനുഷ്യർക്ക് സന്മാർഗമെങ്കിലും വിശ്വാസികൾ മാത്രമേ അതിനെ സന്മാർഗമായി സ്വീകരിക്കുകയും അതിനെ ലോകർക്ക് എത്തിച്ചുകൊടുക്കുകയുമുള്ളൂ എന്ന് 10: 57; 41: 44 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'സന്മാർഗം വന്നുകിട്ടുക' എന്ന ഉപാധി വെച്ചിരിക്കുന്നതിനാൽ ഗ്രന്ഥം കിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവരാണ് നഷ്ടപ്പെട്ടവരാവുക. 7: 35 ൽ, 'ഓ ആദം സന്തതികളേ! എന്റെ സൂക്തങ്ങൾ വഴിക്കുവഴിയായി വിശദീകരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങൾക്ക് വന്നെത്തിയാൽ ആരാണോ സൂക്തങ്ങളെ പിൻപറ്റുകയും കർമ്മങ്ങൾ നന്നാക്കുകയും ചെയ്തത്, അപ്പോൾ അവരുടെമേൽ ഭയപ്പെടാനും അവർക്ക് ദുഃഖിക്കാനും ഇടവരികയില്ല എന്നും; 20: 123 ൽ, എന്നിൽ നിന്നുള്ള സന്മാർഗം നിങ്ങൾക്ക് വന്നുകിട്ടിയാൽ അപ്പോൾ ആരാണോ എന്റെ സന്മാർഗം പിൻപറ്റുന്നത്, അപ്പോൾ അവൻ വഴിപിഴക്കുകയോ ദൗർഭാഗ്യവാനാവുകയോ ഇല്ല എന്നും പറഞ്ഞിട്ടുണ്ട്. അവരുടെമേൽ ഭയപ്പെടാൻ ഇടവരികയില്ല എന്നു പറഞ്ഞാൽ അവരുടെ കാര്യത്തിൽ അവർക്കോ മറ്റുള്ളവർക്കോ ഭയപ്പെടേണ്ടി വരികയില്ല എന്നാണ്. 2: 62, 112, 274, 277; 5: 69; 6: 48; 10: 62; 39: 61; 43: 67–68 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത്, അപ്പോൾ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് പറഞ്ഞുകൊണ്ടാണ്. എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ട മൊത്തം മനുഷ്യരെ ഉണർത്താനുള്ള സന്മാർഗമായ അദ്ദിക്ർ പ്രവാചകന്റെ ജനത മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത മറ്റൊരു ജനതയെ ഏൽപിക്കുമെന്ന് 6: 89–90 സൂക്തങ്ങളിലും, ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അക്രമികളായ ഫുജ്ജാറുകളെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് 62: 5 ലും പറഞ്ഞിട്ടുണ്ട്. 2: 186; 3: 101–102; 39: 53–55 വിശദീകരണം നോക്കുക.

39. ആരാണോ നമ്മുടെ സൂക്തങ്ങൾ മൂടിവെക്കുകയും അതിനെ തള്ളിപ്പറയുകയും ചെയ്തത്, അക്കൂട്ടരാണ് നരകവാസികൾ, അവർ അതിൽ നിത്യവാസികളുമാണ്.

അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസിച്ചവർ തന്നെയാണ് തങ്ങളുടെ നാഥന്റെ അടുക്കൽ ഗ്രന്ഥത്തെ സത്യപ്പെടുത്തുന്നവരും ഗ്രന്ഥത്തിന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നവരും, അവർക്ക് അവരുടെ പ്രതിഫലവും പ്രകാശവുമുണ്ട്, ആരാണോ നമ്മുടെ സൂക്തങ്ങൾ മൂടിവെക്കുകയും അതിനെ തള്ളിപ്പറയുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികൾ എന്ന് 57: 19 ൽ പറഞ്ഞിട്ടുണ്ട്. ആരാണോ ഗ്രന്ഥത്തിലെ സൂക്തങ്ങൾ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തത്, അക്കൂട്ടരാണ് ജ്വലിക്കുന്ന നരകത്തിന്റെ നിവാസികൾ എന്ന് 5: 10, 86; 64: 10 എ

ന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ മൂടിവെക്കുന്നവർ 'അദ്ദിക്റിന്റെ 40 പേരുകളും അറിഞ്ഞുകൊണ്ട് മൂടിവെക്കുന്ന' കപടവിശ്വാസികളായ നേതാക്കളും, സൂക്തങ്ങളെ തള്ളിപ്പറയുന്നവർ കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന ഫാജിറുകളുമാണ്. ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ നിശ്ചയം ജ്വലിക്കുന്ന നരകത്തിൽ തന്നെയാണെന്ന് 82: 14 ൽ പറഞ്ഞിട്ടുണ്ട്. 7: 36 ൽ, നമ്മുടെ സൂക്തങ്ങൾ തള്ളിപ്പറയുകയും അതിനോട് അഹങ്കാരം നടിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അക്കൂട്ടർ നരകത്തിന്റെ സഹവാസികളും അവർ അതിൽ നിത്യവാസികളുമാണെന്നും; 7: 40 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുകയും അവയെല്ലാം പഠിച്ച് തികഞ്ഞവരാണെന്ന് അഹങ്കരിക്കുകയും ചെയ്യുന്നവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയില്ല, തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല, അപ്രകാരമാണ് നാം ഭ്രാന്തന്മാർക്ക് പ്രതിഫലം നൽകുക എന്നും പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ തള്ളിപ്പറഞ്ഞവർ അനുയായികളും അതിനോട് അഹങ്കാരം നടിക്കുന്നവർ കപടവിശ്വാസികളുമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ ഇക്കൂട്ടർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണെന്ന് 36: 59–62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയപ്പോൾ അതിനെ മൂടിവെക്കുന്നവരുണ്ടല്ലോ, അവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളതെന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആരാണ് അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ, അല്ലെങ്കിൽ അവന് സത്യം വന്നുകിട്ടിയപ്പോൾ അതിനെ തള്ളിപ്പറഞ്ഞവനേക്കാൾ ഏറ്റവും വലിയ അക്രമി, ഇത്തരം കാഫിറുകൾക്ക് നരകക്കുണ്ഠത്തിൽ പാർപ്പിടമില്ലെന്നോ എന്ന് 29: 68 ലും 39: 32 ലും അല്ലാഹു ചോദിക്കുന്നു. നമ്മുടെ സൂക്തങ്ങൾ മൂടിവെച്ചവരുണ്ടല്ലോ, അവർ നരകത്തീയിൽ വേവിക്കപ്പെടുക തന്നെ ചെയ്യും, എല്ലാ ഓരോ പ്രാവശ്യവും അവരുടെ തൊലി ഉരുകിയുരുകി ഇല്ലാതാകുമ്പോൾ ശിക്ഷ അതിന്റെ പൂർണ്ണരുചിയിൽ ആസ്വദിക്കുന്നതിനുവേണ്ടി തൽസ്ഥാനത്ത് നാം പുതിയ തൊലികൾ വെച്ചുകൊടുക്കുമെന്ന് 4: 56 ൽ പറഞ്ഞിട്ടുണ്ട്. 1: 7; 2: 6–7; 25: 33–34 വിശദീകരണം നോക്കുക.

40. ഓ ഇസ്റാഈൽ സന്തതികളേ! എന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ ഞാൻ ചൊരിഞ്ഞത് നിങ്ങൾ സ്മരിക്കുവീൻ! ഞാനുമായി ചെയ്ത ഉടമ്പടി നിങ്ങൾ പൂർത്തിയാക്കുക, നിങ്ങളുമായി ചെയ്ത ഉടമ്പടി ഞാനും പൂർത്തിയാക്കാം, നിങ്ങൾ എന്നെ മാത്രമാണ് ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്നതെങ്കിൽ!

ഇബ്റാഹീം നബിയുടെ മകനായ ഇസ്ഹാഖ് നബിയുടെ മകൻ യഅ്ഖൂബ് നബിയുടെ മറ്റൊരു പേരാണ് ഇസ്റാഈൽ. യഅ്ഖൂബ് നബിയുടെ പുത്രൻ യൂസുഫ് നബി സ്വ സഹോദരന്മാരാൽ കിണറ്റിലെറിയപ്പെടുകയും വഴിയാത്രക്കാരായ കച്ചവടസംഘക്കാരാൽ കണ്ടെടുക്കപ്പെട്ട് ഈജിപ്തിൽ വിൽക്കപ്പെടുകയും ചെയ്തു. അദ്ദേഹം കാലക്രമേണ ഈജിപ്തിലെ ഭരണാധികാരിയായി മാറി. തുടർന്ന് യഅ്ഖൂബ് നബിയെയും കുടുംബാംഗങ്ങളെയുമെല്ലാം ഈജിപ്തിൽ കൊണ്ടുപോയി താമസിപ്പിച്ചു. അങ്ങനെയാണ് ഇസ്റാഈൽ സന്തതികൾ ഈജിപ്തിലെത്തിയത്. കാലക്രമേണ യൂസുഫ് നബിയിലൂടെ പഠിപ്പിക്കപ്പെട്ട അധ്യാപനങ്ങൾ ഇസ്റാഈൽ സന്തതികളടക്കമുള്ള ആ ജനത വിസ്മരിക്കുകയും പശു ആരാധനയിലും മറ്റ് അധാർമ്മിക പ്രവർത്തനങ്ങളിലും മുഴുകുകയും ചെയ്തു. ഖിബ്തി വംശത്തിൽ നിന്ന് ഫറോവമാർ ഭരണാധികാരികളായി വരികയും ഇസ്റാ

ഈൽ സന്തതികളെ അടിച്ചമർത്തുകയും അടിമകളാക്കി വെക്കുകയും ചെയ്തു. അപ്പോൾ അവരെ മോചിപ്പിക്കുന്നതിന് വേണ്ടി മൂസായെ അല്ലാഹു പ്രവാചകനായി നിയോഗിക്കുകയുണ്ടായി.

അന്ത്യപ്രവാചകനായ മുഹമ്മദിന്റെ കാലത്തുള്ള ജൂതന്മാരുടെ ഏകദേശം ആയിരത്തി അഞ്ഞൂറ് വർഷം മുമ്പ്, അതായത് മൂസാ നബിയുടെ കാലത്ത് ജീവിച്ചിരുന്ന അവരുടെ പിതാക്കന്മാരെക്കുറിച്ചാണ് ഈ സൂക്തത്തിൽ പരാമർശിക്കുന്നത്. തുടർന്ന് അവർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ വിവരിക്കുന്നുണ്ട്. മദീനയിലുള്ള ജൂതർ അവരുടെ പിതാക്കന്മാരുടെ ജീവിതചര്യ പൂർണ്ണമായി പിൻപറ്റുന്നവരാണെന്നും അവരുടെ ഹൃദയം വേദഗ്രന്ഥത്താൽ തുളുമ്പുകയാണെന്നും അപ്പോൾ പുതിയൊരു ഗ്രന്ഥത്തിന്റെ ആവശ്യമില്ല എന്നുമായിരുന്നു അവരുടെ നിലപാട്. ഇതിനെയാണ് അല്ലാഹു ഈ സൂക്തത്തിലൂടെ വിമർശിക്കുന്നത്. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതക്രൈസ്തവരുടെ ജീവിതം ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റിക്കൊണ്ടിരിക്കുകയും എന്നാൽ പ്രവാചകന്റെയും അനുയായികളുടെയും ജീവിതമാണ് ഞങ്ങൾ പിൻപറ്റുന്നതെന്ന് ദുരഭിമാനിക്കുകയും ചെയ്യുന്ന, അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ അവസ്ഥയാണ് ഈ സൂക്തം പ്രതിഫലിപ്പിക്കുന്നത്. അവർ മുസ്‌ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താത്തതിനാൽ അവർ തന്നെയാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ.

നിങ്ങൾ കരാറുകളും പ്രതിജ്ഞകളും ചെയ്തതിനുശേഷം അത് മുറിച്ചുകളയരുത്, നിങ്ങൾ അല്ലാഹുവിനെ അതിന് സാക്ഷിയാക്കിയിരിക്കുന്നുവല്ലോ, നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു അറിയുന്നവനാകുന്നു എന്ന് 16: 91 ലും; നിങ്ങൾ അനാഥകളുടെ സമ്പത്തിനോട് -അവർക്ക് പ്രായപൂർത്തിയാകുന്നതുവരെ, ഏറ്റവും നല്ല നിലയിലല്ലാതെ അടുത്തുപോകരുത്, നിങ്ങൾ ഉടമ്പടികൾ പൂർത്തിയാക്കുകയും ചെയ്യുക, നിശ്ചയം ഉടമ്പടികളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നത് തന്നെയാകുന്നു എന്ന് 17: 34 ലും പറഞ്ഞിട്ടുണ്ട്. വിജയം വരിക്കുന്ന വിശ്വാസികൾ അവരുടെ *അമാനത്തു*കളും (വിശ്വസിച്ച് ഏൽപിച്ചത്, ഉത്തരവാദിത്തം) ഉടമ്പടികളും മുറുകെപ്പിടിക്കുന്നവരാണ് എന്ന് 23: 6 ലും 70: 32 ലും പറഞ്ഞിട്ടുണ്ട്. 2: 27; 5: 47; 7: 102 വിശദീകരണം നോക്കുക.

41. നിങ്ങളോടൊപ്പമുള്ള വേദത്തെ സത്യപ്പെടുത്തിക്കൊണ്ട് ഞാൻ അവതരിപ്പിച്ച വേദം കൊണ്ട് നിങ്ങൾ വിശ്വസിക്കുകയും അതിനെ നിഷേധിക്കുന്നവരിൽ ഒന്നാമന്മാരാകാതിരിക്കുകയും ചെയ്യുവീൻ, നിങ്ങൾ എന്റെ സൂക്തങ്ങൾ കൊണ്ട് കുറഞ്ഞ വില വാങ്ങാതിരിക്കുകയും ചെയ്യുവിൻ, നിങ്ങൾ എന്നെ മാത്രം സൂക്ഷിക്കുന്നവരാണെങ്കിൽ!

അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട് എന്നും അത് അവയെയെല്ലാം സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്നും 5: 48 ൽ വിവരിച്ചിട്ടുണ്ട്. നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളിലെല്ലാം പ്രവാചകൻ മുഹമ്മദിനെക്കുറിച്ചും പ്രവാചകന് അവതരിപ്പിക്കപ്പെടാനുള്ള ഗ്രന്ഥത്തെക്കുറിച്ചും പരാമർശമുണ്ട്. ഗ്രന്ഥം നൽകപ്പെട്ടവർക്ക് ഗ്രന്ഥത്തെയും പ്രവാചകനെയും അവരുടെ സന്താനങ്ങളെ അറിയുന്നതുപോലെ അറിയുമെന്ന് 2: 146; 6: 20 എന്നീ

സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു നബിമാരോട് പ്രതിജ്ഞ വാങ്ങിയതും ഓർക്കേണ്ടതാണ്: നിങ്ങൾക്ക് ഗ്രന്ഥവും തത്വജ്ഞാനവും നൽകുകയും പിന്നെ നിങ്ങളോടൊപ്പമുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് എന്റെ പ്രവാചകൻ വരികയും ചെയ്താൽ നിങ്ങൾ അവനെക്കൊണ്ട് വിശ്വസിക്കുകയും അവനെ സഹായിക്കുകയും തന്നെ വേണം, നിങ്ങൾ കരാർ ചെയ്യുകയും എന്നോടുള്ള ആ ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തുവോ? അപ്പോൾ അവർ എല്ലാവരും പറഞ്ഞു: ഞങ്ങൾ കരാർ ചെയ്തു. അല്ലാഹു പറഞ്ഞു: അപ്പോൾ നിങ്ങൾ അതിന് സാക്ഷ്യം വഹിക്കുക, ഞാനും നിങ്ങളോടൊപ്പം സാക്ഷികളിൽ പെട്ടവൻ തന്നെയാണ് എന്ന് 3: 81 ലും; നിങ്ങൾ അത് മനുഷ്യർക്ക് വെളിവാക്കുക തന്നെ വേണം, മൂടിവെക്കരുത് എന്ന് ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് അല്ലാഹു പ്രതിജ്ഞ വാങ്ങിയതായി 3: 187 ലും പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥം കൊണ്ട് വിശ്വസിക്കുക എന്നുപറഞ്ഞാൽ വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ മനസ്സിലാക്കി അതിലെ വിധിവിലക്കുകൾ പിൻപറ്റേണ്ടവിധം പിൻപറ്റുക എന്നാണ്. നിങ്ങൾ അതിനെ നിഷേധിക്കുന്നവരിൽ ഒന്നാമന്മാരാകാതിരിക്കുവീൻ എന്ന് പറഞ്ഞത് അന്ന് പ്രവാചകന്റെ കാലത്തുള്ള ജൂതക്രൈസ്തവരോടാണെങ്കിൽ ഇന്ന് അതിനെ നിഷേധിക്കുന്നതിൽ ഒന്നാമന്മാരായിട്ടുള്ള, കഴുത ഭാരം വഹിക്കുന്നതുപോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളോടാണ്. അവരിലെ കപടവിശ്വാസികൾ ഗ്രന്ഥം അറിഞ്ഞിട്ട് മൂടിവെക്കുന്നത് കാരണം 4: 145 ൽ പറഞ്ഞ പ്രകാരം വിചാരണയില്ലാതെ നരകത്തിൽ പോകുന്നവരാണെങ്കിൽ അവരുടെ അനുയായികൾ കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്നത് കാരണം 39: 71 ൽ പറഞ്ഞ പ്രകാരം വിചാരണക്കുശേഷം നരകത്തിലേക്ക് തെളിക്കപ്പെടുന്ന കാഫിറുകളാണ്. അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളായ ഇവർ തന്നെയാണ് ഇന്ന് ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മ നിറഞ്ഞവരും കരയിലെ ദുഷ്ടജീവികളുമെന്ന് 8: 22; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 26 ൽ വിവരിച്ച പ്രകാരം അവർ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുന്നില്ല; അതുവഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. 3: 199 ൽ, നിശ്ചയം വേദക്കാരിൽ ചിലർ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവരും നിങ്ങളിലേക്ക് ഇറക്കപ്പെട്ടതുകൊണ്ടും അവരിലേക്ക് ഇറക്കപ്പെട്ടതുകൊണ്ടും വിശ്വസിക്കുന്നവരും അല്ലാഹുവിനെ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്നവരുമായുണ്ട്, അവർ അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് കുറഞ്ഞവില വാങ്ങുന്നവരുമല്ല, അവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്, നിശ്ചയം അല്ലാഹു വളരെ വേഗത്തിൽ കണക്കുനോക്കുന്നവനാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 174–176; 48: 6; 56: 82 വിശദീകരണം നോക്കുക.

42. നിങ്ങൾ സത്യത്തെ മിഥ്യകൊണ്ട് മൂടാതിരിക്കുകയും നിങ്ങൾ അറിവുള്ളവരായിരിക്കെ സത്യത്തെ ഒളിപ്പിച്ച് വെക്കാതിരിക്കുകയും ചെയ്യുവീൻ!

2: 119, 147; 3: 60; 7: 8; 10: 108; 39: 33; 42: 17 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യം അദ്ദിക്ർ തന്നെയാണ്. 15: 6, 9; 16: 44; 41: 41 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ സത്യമായ അതിനെ ഒഴിവാക്കിക്കൊണ്ടും 2: 78–79 സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ടും 29 കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ മിഥ്യാഗ്രന്ഥങ്ങളാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും. 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടിക

യിൽ നിന്ന് അവരുടെ കർമ്മങ്ങൾ 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടിക യിലേക്ക് അവർ മാറ്റുകയില്ല. ഇത്തരം കുഫ്ഫാറുകളോട് വിശ്വാസി അദ്ദിക്റിനെക്കുറിച്ച് ഉണർത്തിയാൽ 54: 25 ൽ പറഞ്ഞ പ്രകാരം 'ഇവൻ ഒരു കളവ് പറയുന്ന ഒറ്റയാനാണ്' എ ന്നായിരിക്കും അവരുടെ പ്രതികരണം. 17: 81 ൽ, സത്യം വന്നുകഴിഞ്ഞു, മിഥ്യ തകരുക യും ചെയ്തു; നിശ്ചയം, മിഥ്യ തകരേണ്ടത് തന്നെയാണ് എന്നും; 34: 49 ൽ, സത്യം വന്നു കഴിഞ്ഞു, ഇനി മിഥ്യ ആരംഭിക്കുകയോ ആവർത്തിക്കുകയോ ഇല്ല എന്നും ലോകരിൽ വായിക്കുന്നത് ഇക്കൂട്ടർ തന്നെയാണ്. 10: 108 ൽ, ഓ മനുഷ്യരേ! നിങ്ങളുടെ നാഥനിൽ നിന്നുള്ള 'സത്യം' നിശ്ചയം നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തി സന്മാർഗത്തിലായത്, അപ്പോൾ നിശ്ചയം അവൻ സന്മാർഗ ത്തിലായത് അവന് വേണ്ടിത്തന്നെയാണ്, ആരാണോ അവനെത്തന്നെ വഴികേടിലാക്കി യത്, അപ്പോൾ നിശ്ചയം ആ വഴികേടിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്, ഞാൻ നിങ്ങളുടെമേൽ കൈകാര്യകർത്താവൊന്നുമല്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 119; 3: 71; 7: 8–9 വിശദീകരണം നോക്കുക.

43. നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും കുനിയുന്നവ രോടൊപ്പം കുനിയുകയും ചെയ്യുവിൻ!

കുനിയുക (*റുകൂഅ്* ചെയ്യുക) എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ പിൻപറ്റി ജീവിക്കുന്ന അല്ലാഹുവിന്റെ സംഘത്തിൽ ചേരുക എന്നാണ്. ഓ വിശ്വാസിക ളേ, നിങ്ങൾ കുനിയുകയും സാഷ്ടാംഗം പ്രണമിക്കുകയും നിങ്ങളുടെ നാഥനെ സേവി ക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുവീൻ –നിങ്ങൾ വിജയം വരിക്കുന്നതിന് വേ ണ്ടി എന്ന് 22: 77 ലും; ഓ മർയമേ, നീ നിന്റെ നാഥന് കീഴ്വണങ്ങുന്നവളാവുക, സാഷ്ടാം ഗം പ്രണമിക്കുന്നവളുമാവുക, കുനിയുന്നവരോടൊപ്പം കുനിയുന്നവളുമാവുക എന്ന് 3: 43 ലും പറഞ്ഞിട്ടുണ്ട്.

ഇന്ന് പ്രവാചകന്റെ ജനത മാത്രമാണ് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആ നിൽ വായിക്കുന്നത്. എന്നാൽ അവരിലെ ഫുജ്ജാറുകൾ സൂക്തങ്ങളുടെ ആശയം മന സ്സിലാക്കാതെ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്നതുപോലെ ഇസ്ലാമാകുന്ന ദീ നിൽ നിന്ന് തെറിച്ചുപോയവരാണ്. 20: 14 ലൂടെ പ്രവാചകനോടും വിശ്വാസിയോടും ദി ക്രീ എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടി പ്രാർത്ഥന നിലനിർത്തുക എന്നാണ് കൽപി ച്ചിട്ടുള്ളത്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ കഴുത ഭാരം വഹി ക്കുന്നതു പോലെ ഗ്രന്ഥം വഹിക്കുന്നതുകാരണം അവരുടെ നമസ്കാരം, പ്രാർത്ഥന, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയവയൊന്നും സ്വീകരിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, ജീവി തലക്ഷ്യമില്ലാതെ ഇവിടെ ജീവിച്ചതിന് പിഴയായി 9: 53–55; 25: 18, 34, 65–66; 107: 4–5 തു ടങ്ങിയ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ് ലഭിക്കുക.

ഇന്ന് ലോകത്തൊരിടത്തും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ജീവിതല ക്ഷ്യം ഉൾക്കൊണ്ട ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാ ചകൻ മുഹമ്മദ് പ്രവാചകത്വം കിട്ടിയതിന്റെ അഞ്ചാം വർഷം ചെയ്തുവന്നിരുന്നതുപോ ലെ തിലാവത്തിന്റെ സുദീർഘമായ സാഷ്ടാംഗപ്രണാമമാണ് ഇക്കാലത്ത് നിർവ്വഹിക്കു ക. അതായത് പ്രഭാതത്തിലും പ്രദോഷത്തിലും അദ്ദിക്ർ എന്ന ഗ്രന്ഥം തുടർച്ചയായി ആത്മാവ് പങ്കെടുത്ത് വായിക്കുകയും 15 സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുള്ള തിലാവത്തി ന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയും ചെയ്യും. അതോടൊപ്പം മൊത്തം മനുഷ്യർ ക്ക് നാഥന്റെ സന്ദേശമായ അദ്ദിക്ർ എത്തിച്ചുകൊടുത്ത് 22: 40; 47: 7; 61: 14 സൂക്തങ്ങളിൽ

പറഞ്ഞതുപോലെ നാഥനെ സഹായിക്കുകയും, അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന ഉൾക്കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും, ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് അവയുടെ ആത്മാവുകൊണ്ട് 17: 44; 24: 41 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥനെ വാഴ്ത്താനും കീർത്തനം ചെയ്യാനും അവസരം നൽകുക എന്ന ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്. 2: 2–5; 9: 5, 60 വിശദീകരണം നോക്കുക.

44. നിങ്ങൾ ജനങ്ങളോട് പുണ്യം കൊണ്ട് കൽപ്പിക്കുകയും സ്വന്തം കാര്യത്തിൽ നിങ്ങൾ അത് മറക്കുകയും ചെയ്യുന്നുവോ? നിങ്ങളാവട്ടെ ഗ്രന്ഥം തിലാവത്ത് ചെയ്യുന്നവരുമാണല്ലോ, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?

പ്രവാചകന്റെ കാലത്തുള്ള ജൂതരും കപടവിശ്വാസികളും ഈ ചോദ്യത്തിന്റെ പരിധിയിൽ വരുമെങ്കിലും 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗാനന്തരം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകളാണ് ഇന്ന് ഈ ചോദ്യത്തിന്റെ പരിധിയിൽ വരിക. ആശയം മനസ്സിലാക്കി ആത്മാവുകൊണ്ട് പ്രതികരിച്ച് വായിക്കലും ആശയം ലോകർക്ക് എത്തിച്ചുകൊടുക്കലുമാണ് തിലാവത്ത്. കപടവിശ്വാസികൾ ഗ്രന്ഥം തിലാവത്ത് ചെയ്യുന്ന കാര്യമാണ് ഈ സൂക്തത്തിൽ പരാമർശിക്കുന്നത്. അഥവാ, തിലാവത്ത് ചെയ്യുന്നതുകൊണ്ടും കപടവിശ്വാസികൾക്ക് യാതൊരു പ്രയോജനവുമില്ല. കാരണം പ്രായോഗിക ജീവിതത്തിൽ അവർ ഗ്രന്ഥത്തിന്റെ 40 പേരുകളും മൂടിവെക്കുക വഴി അല്ലാഹുവിനെയും പ്രവാചകന്മാരെയും നബിമാരെയും മൂടിവെച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അനുയായികളെ അതിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അവർ 63: 4 പ്രകാരം അല്ലാഹുവിനാൽ വധിക്കപ്പെട്ടവരും വിശ്വാസികളുടെ സംഘത്തോട് 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളിലൂടെ വധിക്കാൻ കൽപ്പിക്കപ്പെട്ടവരുമാണ്. ഫുജ്ജാറുകളായ അവർ അവരുടെ ആത്മാവിനെതിരെ മരണസമയത്ത് നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ് എന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. വായ പൊളിച്ചാൽ കളവുപറയുന്ന അവർ പ്രവർത്തിക്കുന്നത് പറയാത്തവരും പറയുന്നത് പ്രവർത്തിക്കാത്തവരുമാണ്. 'അല്ലാഹു ഏറ്റവും വലിയവനാണ്' എന്നാണ് അവർ പറയുന്നതെങ്കിൽ പോലും പ്രായോഗിക ജീവിതത്തിൽ അത് അംഗീകരിക്കാത്തതുകൊണ്ട് അത് കളവാണ്.

അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് നരകം സ്വയം സമ്പാദിച്ചവരായതിനാൽ നരകാവകാശികളുടെ കാര്യത്തിൽ ചിന്താശേഷി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ കരയുകയോ ദുഃഖിക്കുകയോ ഇല്ല. മറിച്ച് 2: 159 പ്രകാരം അവരെ ശപിക്കുകയാണ് ചെയ്യുക. 61: 2–3 സൂക്തങ്ങളിലൂടെ വിശ്വാസികളെ വിളിച്ച്, 'എന്താണ് നിങ്ങൾ പ്രവർത്തിക്കാത്തത് പറയുന്നത്, അല്ലാഹുവിന്റെ അടുക്കൽ വലിയ അപരാധമാണ് പ്രവർത്തിക്കാത്തത് പറയുക എന്നത് എന്ന് പറഞ്ഞിട്ടുണ്ട്.

8: 22 ൽ, നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ അറബി ഖുർആൻ കേൾക്കാത്തവരോ പറയാത്തവരോ അല്ല, മറിച്ച് കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും സംസാരശേഷി ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് മറ്റുള്ളവരോട് പറയാൻ തയ്യാറാകാത്ത ഊമകളുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ ഇക്കൂട്ടരെക്കുറിച്ച് 'നി

ങ്ങൾ അധികപേരെയും പിശാച് പാട്ടിലാക്കിയിരിക്കുകയാണല്ലോ, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരായിരുന്നില്ലേ' എന്ന് ചോദിക്കുന്ന രംഗം 36: 59–62 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അദ്ദിക്ർ കിട്ടിയിട്ട് അത് ഉപയോഗപ്പെടുത്താത്ത കാഫിറുകൾ നാളെ നരകത്തിന്റെ പാറാവുകാരോട്: ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നെങ്കിൽ, അല്ലെങ്കിൽ ചിന്തിച്ചിരുന്നെങ്കിൽ ഞങ്ങൾ നരകത്തിന്റെ ആളുകളാകുമായിരുന്നില്ലല്ലോ എന്ന് പറയുന്ന രംഗം 67: 10 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 3: 65; 6: 32; 7: 169; 10: 16; 11: 51; 12: 109; 21: 10, 67; 23: 80; 28: 60; 37: 138 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നത് 'അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലെയോ' എന്ന് ചോദിച്ചുകൊണ്ടാണ്. 2: 11–14, 39; 48: 6 വിശദീകരണം നോക്കുക.

45. നിങ്ങൾ ക്ഷമ കൊണ്ടും നമസ്കാരം കൊണ്ടും സഹായം തേടുകയും ചെയ്യുവിൻ! നിശ്ചയം അത് അല്ലാഹുവിനെ ഭയപ്പെടുന്നവർക്കൊഴികെ ഒരു വലിയ ഭാരം തന്നെയാണ്.

46. നിശ്ചയം അവർ തങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്നും നിശ്ചയം അവർ അവനിലേക്കുതന്നെ മടങ്ങേണ്ടവരാകുന്നു എന്നും ബോധ്യമുള്ളവരാകുന്നു.

ഇഹലോകത്തിനുമേൽ പരലോകത്തിന് പ്രാധാന്യം നൽകിക്കൊണ്ട് നിലകൊള്ളലാണ് ക്ഷമ. ഭൂമിയിലേക്ക് നിയോഗിച്ചയച്ചത് പരീക്ഷണത്തിന് വിധേയമാക്കാനാണ് എന്ന ബോധത്തോടുകൂടി എല്ലാ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ദുരിതങ്ങളും രോഗങ്ങളും ധനനഷ്ടങ്ങളും ശരീരനഷ്ടങ്ങളും സത്യത്തിന്റെ മാർഗത്തിലുള്ള എതിർപ്പുകളുമെല്ലാം ത്രികാലജ്ഞാനിയായ നാഥന്റെ അറിവോടും നിശ്ചയത്തോടും കൂടിയാണെന്ന് മനസ്സിലാക്കി നാഥനിൽ ഭരമേൽപ്പിച്ചുകൊണ്ട് സത്യത്തിൽ ഉറച്ച് സ്ഥൈര്യമായി നിലകൊള്ളുന്നതിനാണ് ക്ഷമ, ത്യാഗം, സഹനം എന്നെല്ലാം പറയുന്നത്. പ്രതിസന്ധിഘട്ടങ്ങളിലും പ്രയാസങ്ങളിലും നമസ്കാരം വഴി സ്രഷ്ടാവുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു പ്രവാചകന്റെ ചര്യ. എന്നാൽ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരം സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വിധത്തിൽ അത്തരം നമസ്കാരം വഴി അവർ ദീനിൽ നിന്ന് തെറിച്ചുപോകുന്നതും 107: 4–5 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലെ വൈൽ എന്ന ചെരുവിൽ ആപതിക്കുന്നതുമാണ്.

അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ലും; തങ്ങളുടെ നമസ്കാരങ്ങളിൽ ഭയഭക്തിയുള്ള വിശ്വാസികൾ നിശ്ചയം വിജയിച്ചിരിക്കുന്നു എന്ന് 23: 1–2 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. എല്ലാ നബിമാരും ഉത്തമ പ്രവർത്തനങ്ങളിലേക്ക് ധൃതി കാണിക്കുന്നവരും ആശിച്ചുകൊണ്ടും ഭയപ്പെട്ടുകൊണ്ടും നാഥനോട് പ്രാർത്ഥിക്കുന്നവരും ഭയഭക്തിയുള്ളവരുമായിരുന്നു എന്ന് 21: 90 ൽ പറഞ്ഞിട്ടുണ്ട്.

അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരാണ് കരയിലെ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ഉത്തമന്മാരെന്ന് 98: 7 ൽ പറഞ്ഞിട്ടുണ്ട്. 17: 44; 24: 41 എന്നീ സൂക്തങ്ങളിൽ, എല്ലാ ജീവജാലങ്ങൾക്കും അതിന്റെ നമസ്കാര രീതിയും അല്ലാഹുവിനെ വാഴ്ത്തുന്ന രീതിയും പഠിപ്പിച്ചിട്ടുണ്ട്. ബുദ്ധിശക്തി നൽകപ്പെടാത്ത ജീവജാലങ്ങളെല്ലാം ആത്മാവ് കൊണ്ടാണ് നമസ്കരിക്കുന്നത്. അപ്പോൾ ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യരായിരിക്കണം അവയെക്കാളെല്ലാം നമസ്കാരത്തിൽ അല്ലാഹുവിനെ സ്മരിക്കുന്നവരും ഭയഭക്തിയുള്ള

വരുമാകേണ്ടത്. എന്നാൽ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരെന്ന് 8: 22 ൽ വിശേഷിപ്പിക്കപ്പെട്ട ഹുജ്ജാറുകൾ മറ്റ് സമയങ്ങളിൽ അല്ലാഹുവിനെ സ്മരിക്കുന്ന അത്ര പോലും നമസ്കാരത്തിൽ അല്ലാഹുവിനെ സ്മരിക്കാത്തവരും ശ്രദ്ധയും ഭയഭക്തിയും ക്ഷമയും കൈകൊള്ളാത്തവരുമാണ്. 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദുഷ്ടിയുമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതാണ് ഇതിന് കാരണം. ആത്മാവ് പങ്കെടുക്കാതെ നമസ്കരിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ നേതാക്കളും അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 17: 107–109 ൽ, നീ പറയുക: നിങ്ങൾ 'സത്യമായ അദ്ദിക്ർ കൊണ്ട്' വിശ്വസിക്കുകയോ അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുകയോ ചെയ്തുകൊള്ളുക, നിശ്ചയം ഇതിനുമുമ്പ് ജ്ഞാനം നൽകപ്പെട്ടവരായവർ, അവരുടെ മേൽ അത് വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ അവർ മുഖം കുത്തി സാഷ്ടാംഗപ്രണാമത്തിൽ വീഴുന്നതാണ്. അവർ പറയുന്നതുമാണ്: ഞങ്ങളുടെ നാഥൻ പരിശുദ്ധനാണ്, നിശ്ചയം ഞങ്ങളുടെ നാഥന്റെ വാഗ്ദത്തം പുലരാനുള്ളത് തന്നെയുമായിരിക്കുന്നു; അവർ കരഞ്ഞുകൊണ്ട് വിനീതരായി മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുമ്പോൾ അവരുടെ ഭയഭക്തി വർദ്ധിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്തെ ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 2–5; 6: 31; 75: 31 വിശദീകരണം നോക്കുക.

47. ഓ ഇസ്റാഈൽ സന്തതികളേ! ഞാൻ നിങ്ങളുടെമേൽ വർഷിച്ചിട്ടുള്ളതായ എന്റെ അനുഗ്രഹങ്ങളും, നിശ്ചയം നിങ്ങളെ ഞാൻ സർവ്വലോകരുടെമേൽ ശ്രേഷ്ഠരാക്കിയതും നിങ്ങൾ സ്മരിക്കുവീൻ!

ഈ സൂക്തം 2: 122 ൽ ആവർത്തിച്ചിട്ടുണ്ട്. നിശ്ചയം നാം ആദംസന്തതികളെ ആദരിച്ചിട്ടുണ്ട്, അവരെ നാം കരയിലും കടലിലും വഹിപ്പിക്കുകയും പരിശുദ്ധമായ ഭക്ഷണവിഭവങ്ങളിൽ നിന്ന് അവർക്ക് നൽകുകയും നാം സൃഷ്ടിച്ച അധിക സൃഷ്ടികളേക്കാളും അവർക്ക് നാം ശ്രേഷ്ഠത നൽകുകയും ചെയ്തിട്ടുണ്ട് എന്ന് 17: 70 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു ഇസ്റാഈൽ സന്തതികൾക്ക് നൽകിയ അനുഗ്രഹങ്ങൾ തുടർന്നുള്ള സൂക്തങ്ങളിൽ വിവരിക്കുന്നുണ്ട്. ഗ്രന്ഥത്തിൽ പേരെടുത്തുപറഞ്ഞ ഇരുപത്തിയഞ്ച് നബിമാരിൽ പകുതിയിലധികവും ഉലുൽ അസ്മുകളിൽ (സ്ഥൈര്യചിത്തരിൽ) പെട്ട അഞ്ച് പ്രവാചകന്മാരായ മുഹമ്മദ്, ഇബ്റാഹീം, നൂഹ്, മൂസാ, ഈസാ എന്നിവരിൽ മൂസാ, ഈസാ എന്നീ രണ്ടുപ്രവാചകന്മാരും ഇസ്റാഈൽ സന്തതികളിലാണ് വന്നിട്ടുള്ളത്. ലോകത്ത് മറ്റാർക്കും നൽകപ്പെടാത്ത പ്രഭാവവും പ്രൗഢിയും രാജാധിപത്യവും നൽകപ്പെട്ട ദാവൂദും സുലൈമാനും ഇസ്റാഈൽ സന്തതികളിൽ പെട്ടവരാണ്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെടുന്നതിനുമുമ്പ് ലോകത്തിന്റെ തന്നെ നേതൃത്വം ഇസ്റാഈൽ സന്തതികളുടെ കൈകളിലായിരുന്നു. ഇതെല്ലാം അവർക്ക് മറ്റുള്ളവരെക്കാളുള്ള ശ്രേഷ്ഠതകളാണ്.

48. ഒരുനാളിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക, അന്ന് ഒരു ആത്മാവും മറ്റൊരു ആത്മാവിന് ഒരുനിലക്കും ഉപകാരപ്പെടുകയില്ല, അവളിൽ നിന്നും ശുപാർശ സ്വീകരിക്കപ്പെടുകയുമില്ല, അവളിൽ നിന്നും പ്രായശ്ചിത്തം സ്വീകരിക്കപ്പെടുകയുമില്ല, അവർ സഹായിക്കപ്പെടുന്നവരാവുകയുമില്ല.

വ്യക്തികളുടെ കാര്യത്തിൽ മരണസമയവും മൊത്തം മനുഷ്യരുടെ കാര്യത്തിൽ വിധിദിവസവും സൂചിപ്പിക്കുന്ന ഈ സൂക്തം 2: 123 ൽ ആവർത്തിക്കുന്നുണ്ട്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, എല്ലാ ഓരോരുത്തരും ഒറ്റക്കൊറ്റക്കാണ് നാഥന്റെ മുമ്പിൽ ഇഹലോക ജീവിതത്തെക്കുറിച്ച് വിധിദിവസം ഉത്തരം പറയേണ്ടിവരിക. ഓ മനുഷ്യരേ! നിങ്ങൾ നിങ്ങളുടെ ഉടമയായ നാഥനെ ഭയപ്പെടുകയും ഒരു നാളിനെ സൂക്ഷിക്കുകയും ചെയ്യുക, അന്ന് ഒരു പിതാവും തന്റെ മകനും, ഒരു മകനും തന്റെ പിതാവിനും ഒരുവിധത്തിലും ഉപകാരപ്പെടുകയില്ല എന്ന് 31: 33 ലും; നിശ്ചയം അവരെയെല്ലാവരേയും ഒരുമിച്ചുകൂട്ടി തീരുമാനം കൽപിക്കുന്ന ഒരു ദിനമുണ്ട്, അന്ന് ഒരാളും മറ്റൊരാൾക്ക് ഉപകാരപ്പെടുകയില്ല, അവർ സഹായിക്കപ്പെടുകയുമില്ല -അല്ലാഹുവിന്റെ കാരുണ്യം കിട്ടിയവരൊഴികെ എന്ന് 44: 40-42 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇവിടെപ്പറഞ്ഞ കാരുണ്യം അദ്ദിക്ർ തന്നെയാണ്. 6: 164; 17: 15; 35: 18; 39: 7; 53: 38 എന്നീ സൂക്തങ്ങളിലെല്ലാം ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 6: 104 അവസാനിക്കുന്നത് ഞാൻ നിങ്ങളുടെ മേൽ സൂക്ഷിപ്പുകാരനൊന്നുമല്ല എന്ന് പറഞ്ഞുകൊണ്ടാണെങ്കിൽ, 10: 108 അവസാനിക്കുന്നത് ഞാൻ നിങ്ങളുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല എന്ന് പറഞ്ഞുകൊണ്ടാണ്. എന്നാൽ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന 'സാബിഖിന്' - വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന വിശ്വാസിക്ക്- വേണ്ടി അദ്ദിക്ർ ശുപാർശ ചെയ്യുന്നതും മറ്റുള്ളവർക്ക് വേണ്ടി ശുപാർശ ചെയ്യാനുള്ള അധികാരം നൽകുന്നതുമാണ്. 2: 255 ൽ, അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ നാഥന്റെയടുക്കൽ ശുപാർശ ചെയ്യാൻ ധൈര്യമുള്ളവർ ആരുണ്ട് എന്ന് ചോദിച്ചിട്ടുണ്ട്. 1: 1-3; 6: 94; 11: 118-119 വിശദീകരണം നോക്കുക.

49. നാം നിങ്ങളെ ഫിർഔൻ പ്രഭൃതികളിൽ നിന്നും രക്ഷപ്പെടുത്തിയ സന്ദർഭവും ഓർമ്മിക്കുവീൻ! അവർ നിങ്ങളെ നിഷ്ഠൂരമായ ശിക്ഷകളാൽ പീഡിപ്പിക്കുകയും നിങ്ങളുടെ ആൺ സന്താനങ്ങളെ അറുകൊല ചെയ്യുകയും നിങ്ങളുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്തു, അതിൽ നിങ്ങൾക്ക് നിങ്ങളുടെ നാഥന്റെ പക്കൽ നിന്നുള്ള വമ്പിച്ച പരീക്ഷണമുണ്ടായിരുന്നു.

7: 141; 14: 6 എന്നിവ ഇതേ ആശയമുള്ള സൂക്തങ്ങളാണ്. നിശ്ചയം, ഫിർഔൻ ഭൂമിയിൽ ഔന്നിത്യം നടിക്കുകയും അതിലെ ജനങ്ങളെ വിഭാഗങ്ങളായി വിഭജിക്കുകയും അവരുടെ ആൺ സന്താനങ്ങളെ കൊന്നുകൊണ്ടും അവരുടെ സ്ത്രീകളെ ജീവിക്കാൻ അനുവദിച്ചുകൊണ്ടും അവരിൽ നിന്നുള്ള ഒരു വിഭാഗത്തെ അടിച്ചമർത്തുകയും ചെയ്തു, നിശ്ചയം അവൻ നാശകാരികളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് 28: 4 ൽ പറഞ്ഞിട്ടുണ്ട്.

ആകാശഭൂമികളും അവക്കിടയിലുള്ള എല്ലാ കാര്യങ്ങളും വലയം ചെയ്ത് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചവനാണ് ത്രികാലജ്ഞാനിയായ നാഥൻ. സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ എല്ലാ മനുഷ്യരെയും ആ ഗ്രന്ഥം പഠിപ്പിക്കുക വഴി അവൻ നിഷ്പക്ഷവാനുമാണ്. 4: 79 ൽ, നന്മ അല്ലാഹുവിൽ നിന്നും തിന്മ അവരവരിൽ നിന്നുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഏതൊരു ജനതക്കും നിഷ്ഠൂരരായ ഭരണാധികാരികളെ വെച്ചുകൊടുക്കുന്നതും മറ്റ് ജനവിഭാഗങ്ങളാൽ അടിച്ചമർത്തപ്പെടുന്നതും അല്ലാഹുവിൽ നിന്നുള്ള പരീക്ഷണം തന്നെയാണ്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അനുഭവിക്കുന്ന എല്ലാവിധ പീഡനങ്ങൾക്കും ദുരിതങ്ങൾക്കും കാരണം പ്രപഞ്ചം നിലനിർത്താനു

ള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും മൂടിവെച്ചതാണ്. അതിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ സംഘടനാബലം കൊണ്ടോ സാങ്കേതികവിദ്യ കൊണ്ടോ സമ്പത്തുകൊണ്ടോ തീവ്രവാദ പ്രവർത്തനങ്ങൾ കൊണ്ടോ സാധ്യമല്ല. മറിച്ച് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് ജീവിതലക്ഷ്യം തിരിച്ചറിഞ്ഞ് മനുഷ്യരുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കൽ മാത്രമാണ് പരിഹാരം.

എക്കാലത്തുമുള്ള വിശ്വാസികൾ മൂസായുടെയും മുഹമ്മദിന്റെയും സ്ഥാനത്തും, അവരുടെ ശത്രുക്കളായ കപടവിശ്വാസികൾ ഫിർഔനിന്റെയും ഹാമാൻ-ഖാറൂന്മാരുടെയും അബൂജാഹിലിന്റെയും സ്ഥാനത്തുമായിക്കൊണ്ട് പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരിക്കും. എന്നാൽ സത്യമായ അദ്ദിക്റിനെ പരിചയും മുഹൈമിനുമായി പരിഗണിക്കുന്ന വിശ്വാസികൾ അന്തിമവിജയം നേടുകയും അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾ അവരുടെ പ്രവർത്തനങ്ങളാൽ ഇഹലോകത്തുവെച്ചുതന്നെ പിടികൂടപ്പെടുകയും ചെയ്യുന്നതാണ് എന്നതിന് ചരിത്രം സാക്ഷിയാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സായ അദ്ദിക്റിനെ ഊതിക്കെടുത്തിക്കൊണ്ട് ഭൂമിയിൽ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരായതിനാൽ അവർ അല്ലാഹുവിന്റെയും മലക്കുകളുടെയും എല്ലാ മനുഷ്യരുടെയും ശാപത്തിലാണുള്ളതെന്ന് 2: 159-161 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 7; 3: 7; 33: 60-61, 72-73; 48: 24-25 വിശദീകരണം നോക്കുക.

50. നിങ്ങൾക്കുവേണ്ടി നാം സമുദ്രത്തെ പിളർത്തിയതും അങ്ങനെ നിങ്ങളെ നാം രക്ഷപ്പെടുത്തിയതും നിങ്ങൾ നോക്കിനിൽക്കുന്നവരായിരിക്കെ ഫിർഔൻ പ്രഭൃതികളെ നാം മുക്കിക്കൊന്നതുമായ സന്ദർഭവും.

നബിമാരുടെ ചരിത്രങ്ങളിൽ പ്രവാചകൻ മൂസായുടെ ചരിത്രമാണ് ഗ്രന്ഥത്തിൽ കൂടുതൽ സ്ഥലങ്ങളിൽ വിവരിച്ചിട്ടുള്ളത്. ഞാൻ തന്നെയാണ് അത്യുന്നതനായ നാഥൻ എന്ന് പ്രഖ്യാപിച്ച ഏകാധിപതിയും സ്വേച്ഛാധിപതിയുമായ ഫിർഔൻ തന്റെ പ്രജകളെ രണ്ടായി തിരിച്ച് ഒരു വിഭാഗമായ ഇസ്റാഈൽ സന്തതികളെ അടിച്ചമർത്തുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ആൺ സന്താനങ്ങളെ കൊന്നുകളയുകയും ചെയ്തുകൊണ്ട് ഭൂമിയിൽ നാശം വിതയ്ക്കുകയായിരുന്നു. ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള ഒരാൾ അവന്റെ അധികാരം കൈക്കലാക്കുമെന്ന പിശാചിന്റെ ദുർബോധനം ഭയപ്പെട്ടായിരുന്നു അത്. എന്നാൽ മൂസാ ജനിച്ച ഉടനെ അവന് മുലകൊടുത്ത് ഒരു പെട്ടിയിലാക്കി നദിയിലൊഴുക്കണമെന്ന് മൂസായുടെ മാതാവിന് അല്ലാഹു ബോധനം നൽകി. നദിയിലൂടെ ഒഴുകിച്ചെന്ന പെട്ടി ഫിർഔനിന്റെ കൊട്ടാരത്തിൽ നിന്നുള്ളവർ എടുത്ത് കൊട്ടാരത്തിൽ കൊണ്ടുപോയി തുറന്നുനോക്കുകയും, കുട്ടിയെ കണ്ട ഫിർഔനിന്റെ സ്ത്രീ എനിക്കും താങ്കൾക്കും കൺകുളിർമയേകുന്ന ഈ കുട്ടിയെ വധിക്കരുതെന്നും നമുക്കിവനെ ഒരു ദത്തുപുത്രനായി സ്വീകരിക്കാമെന്നും പറഞ്ഞു. അതനുസരിച്ച് കുട്ടിക്ക് മുലകൊടുക്കാൻ ആളുകളെ ക്ഷണിച്ചുകൊണ്ട് ഫിർഔൻ വിളംബരം ചെയ്യുകയും അപ്പോൾ കുട്ടിയെ ലക്ഷ്യം വെച്ച് പിന്തുടർന്നിരുന്ന സഹോദരി അവിടെ എത്തിച്ചേരുകയും നിങ്ങൾക്കും കുട്ടിക്കും ഗുണം കാംക്ഷിക്കുന്ന ഒരു കുടുംബത്തെക്കുറിച്ച് വിവരം തരാമെന്ന് പറയുകയും ചെയ്തു, അങ്ങനെ അല്ലാഹു സ്വന്തം മാതാവിനെക്കൊണ്ട് തന്നെ മൂസാക്ക് മുലകൊടുപ്പിച്ചു. മുലകുടിപ്രായം കഴിഞ്ഞ മൂസായെ കൊട്ടാരത്തിൽ ഏൽപിക്കുകയും അവിടെ എല്ലാ വിധ സൗകര്യങ്ങളോടും കൂടി മൂസാ വളർന്ന് വരികയും ചെയ്തു.

യുവത്വം പ്രാപിച്ച മൂസാ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ തന്റെ വംശത്തിൽ പെട്ട ഒ

രുവനും ശത്രുവംശത്തിൽ പെട്ട ഖിബ്തിക്കാരനും തമ്മിൽ ശണ്ഠ കൂടുന്നത് കണ്ടു. ത ന്റെ വംശത്തിൽ പെട്ടവന്റെ സഹായാഭ്യർത്ഥനക്ക് ഉത്തരം നൽകിക്കൊണ്ട് മൂസാ ഖിബ് തിയെ ഒരു തൊഴികൊടുത്തു. അതോടെ അവന്റെ കഥ കഴിഞ്ഞു. അല്ലാഹുവിന്റെ നാമം സ്മരിക്കാതെ തൊഴിച്ചതുകൊണ്ട് പിശാചാണ് ആ പ്രവൃത്തി ചെയ്തതെന്ന് മൂസാ അ നുസ്മരിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും അല്ലാഹു അത് പൊ റുത്ത് കൊടുക്കുകയും ചെയ്തു. അടുത്ത ദിവസം രാവിലെ സംഭവഗതികൾ അറിയുന്ന തിനായി ഭയത്തോടെ ഒളിഞ്ഞും പതിഞ്ഞും പട്ടണത്തിൽ പ്രവേശിച്ച മൂസാ കണ്ടത് ക ഴിഞ്ഞ ദിവസം സഹായം അഭ്യർത്ഥിച്ച അതേ വ്യക്തി മറ്റൊരാളുമായി ശണ്ഠ കൂടുന്ന താണ്. അവൻ മൂസായോട് വീണ്ടും സഹായമർത്ഥിച്ചപ്പോൾ, നിശ്ചയം നീ ഒരു വ്യക്ത മായ ദുർമാർഗിയാണ് എന്ന് പറഞ്ഞുകൊണ്ട് മൂസാ അവരെ രണ്ടുപേരെയും വേർപ്പെടു ത്താൻ ചെന്നു. ഇന്നലെ ഒരാളെ കൊന്നതുപോലെ ഇന്ന് എന്നെയും കൊല്ലാനാണോ നീ ഉദ്ദേശിക്കുന്നത് എന്ന് ചോദിച്ചുകൊണ്ട് അവൻ മൂസാക്കുനേരെ തിരിഞ്ഞു. അപ്പോ ഴേക്കും പട്ടണത്തിന്റെ അങ്ങേയറ്റത്തുനിന്ന് ഒരാൾ ഓടി വന്ന് അധികാരികൾ മൂസായെ പ്രതിക്രിയക്കുവേണ്ടി അന്വേഷിക്കുന്നുണ്ടെന്ന വിവരം പറഞ്ഞു. ഇതുകേട്ട മൂസാ ഭയ ത്തോടുകൂടി ഒളിഞ്ഞും പതിഞ്ഞും അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ട് 'മദ്യനി'ലേ ക്ക് പാലായനം ചെയ്തു. മദ്യനിൽ എത്തിയ മൂസാ തങ്ങളുടെ ആടുകൾക്ക് വെള്ളം കൊടുക്കുന്ന ഒരു സംഘത്തിലാണ് എത്തിപ്പെട്ടത്. രണ്ട് സ്ത്രീകൾ തിക്കിലും തിരക്കി ലും പെടാതെ ഒഴിഞ്ഞുമാറി നിൽക്കുന്നത് കണ്ട മൂസാ അവരുടെ ആടുകൾക്ക് വെള്ളം കുടിപ്പിച്ചു. സ്ത്രീകൾ വീട്ടിൽചെന്ന് പിതാവിനെ വിവരമറിയിക്കുകയും അവരിലൊരു വൾ, ക്ഷീണിതനായി ഒരു മരച്ചുവട്ടിൽ അല്ലാഹുവിനോട് സഹായം അഭ്യർത്ഥിച്ചുകൊ ണ്ടിരിക്കുന്ന മൂസായുടെ അടുത്ത് വരികയും, ആടുകൾക്ക് വെള്ളം കുടിപ്പിച്ചതിന് കൂലി നൽകാൻ വേണ്ടി പിതാവ് താങ്കളെ വിളിക്കുന്നുണ്ടെന്ന് പറയുകയും ചെയ്തു. വീട്ടിലെ ത്തിയ മൂസായോട് പിതാവ് കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു. അവരുടെ ആടുകളെ മേച്ച് അവരുടെ ജോലിക്കാരനായി ചുരുങ്ങിയത് എട്ടുവർഷം അവിടെ താമസിക്കണമെന്ന വ്യ വസ്ഥയിൽ രണ്ടുപേരിൽ ഒരുവളെ മൂസാക്ക് വിവാഹം ചെയ്ത് കൊടുത്തു.

പത്തുവർഷം അവിടെ താമസിച്ച മൂസാ കുടുംബത്തോടൊപ്പം ഈജിപ്തിലേക്ക് മട ങ്ങുകയായിരുന്നു. അപ്പോൾ 'ത്വൂർ' പർവ്വതനിരയിൽ വെളിച്ചം കാണുകയും വെളിച്ചം അന്വേഷിച്ചുചെന്ന മൂസായോട് അല്ലാഹു സംസാരിക്കുകയും ഫിർഔനിലേക്ക് പ്രവാച കനായി നിയോഗിക്കുകയും ചെയ്തു. ആടുകൾക്ക് ഇല പൊഴിച്ചുകൊടുക്കാനും വഴി ത പ്പിത്തടഞ്ഞ് നടക്കാനും മറ്റും മൂസാ ഉപയോഗിച്ചിരുന്ന വടി അല്ലാഹുവിന്റെ കൽപന പ്ര കാരം പാമ്പായി മാറുക, കൈ കക്ഷത്തിൽ വെച്ചെടുത്താൽ വെള്ള നിറത്തിൽ പ്രകാശി ക്കുക എന്നീ രണ്ട് ദൃഷ്ടാന്തങ്ങൾ നൽകുകയും, മൂസായുടെ ആവശ്യപ്രകാരം സഹോദ രൻ ഹാറൂനിനെ നബിയും സഹായിയുമായി നിയോഗിക്കുകയും ചെയ്തു. അല്ലാഹുവി ന്റെ ദൃഷ്ടാന്തങ്ങളും കൊണ്ട് ഫിർഔനിന്റെ അടുത്തുവന്ന മൂസായും ഹാറൂനും അവനെ സർവ്വലോകങ്ങളുടെയും ഉടമയിലേക്ക് ക്ഷണിച്ചു. (28: 1–40 നോക്കുക). ദൃഷ്ടാന്തങ്ങൾ ക ണ്ട് അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നതിനുപകരം ഫിർഔൻ കൂടുതൽ ധിക്കാരി യായി മാറുകയാണുണ്ടായത്. മൂസായും ഹാറൂനും പഠിച്ച മാരണക്കാരാണെന്നും കൺ കെട്ടുകാരാണെന്നും പറഞ്ഞ് നാട്ടിലുള്ള മാരണക്കാരെ വിളിച്ചുവരുത്തി മത്സരം സംഘ ടിപ്പിച്ചു. മത്സരത്തിൽ മൂസാ ജയിച്ചപ്പോൾ മാരണക്കാർ ഒന്നടങ്കം സാഷ്ടാംഗം വീണു കൊണ്ട് 'ഞങ്ങൾ മൂസായുടെയും ഹാറൂനിന്റെയും നാഥനിൽ വിശ്വസിച്ചിരിക്കുന്നു' എ ന്ന് പ്രഖ്യാപിച്ചു. അപ്പോൾ അവരെ ഫിർഔൻ നിഷ്ഠൂരമായി കൈയും കാലും ഇടവിട്ട്

ഛേദിച്ച് ക്രൂശിച്ച് കൊന്നു. നിന്നെയും നിന്റെ ഇലാഹുകളെയും ഒഴിവാക്കിക്കൊണ്ട് ഭൂമിയിൽ നാശമുണ്ടാക്കാൻ മൂസായെയും ഹാറൂനിനെയും വിടുകയാണോ എന്ന് ദർബാറിലെ മുഖ്യന്മാർ ഫിർഔനിനോട് ചോദിച്ചു. മറുപടിയായി ഫിർഔൻ വീണ്ടും ഇസ്റാഈൽ സന്തതികളുടെ സ്ത്രീകളെ ജീവിക്കാൻ വിട്ടുകൊണ്ട് ആൺ സന്താനങ്ങളെ വധിക്കാൻ കൽപ്പന പുറപ്പെടുവിച്ചു.

ഫിർഔനിന്റെ ശിക്ഷ ഭയപ്പെട്ടതിനാൽ മൂസായുടെ ജനതയിൽ ഒരുപിടി യുവാക്കൾ മാത്രമേ വിശ്വസിച്ചിരുന്നുള്ളൂ. തങ്ങളുടെ വീട് കേന്ദ്രമാക്കി വിശ്വാസികൾ നമസ്കാരം നിലനിർത്തണമെന്ന് മൂസായോടും ഹാറൂനിനോടും അല്ലാഹു കൽപ്പിച്ചു. വിവിധ ദൃഷ്ടാന്തങ്ങൾ കാണിച്ച് പ്രബോധനം ചെയ്യപ്പെട്ടിട്ടും ഫിർഔൻ സത്യത്തിലേക്ക് ഒരിക്കലും തിരിച്ചുവരാതെ തെമ്മാടിയായ കപടവിശ്വാസിയായി മാറിയപ്പോൾ അല്ലാഹു മൂസായോട് പ്രാർത്ഥിക്കാൻ കൽപിച്ചു. അതനുസരിച്ച് അവന്റെ സമ്പത്തും സൗഭാഗ്യങ്ങളും സ്ഥാനമാനങ്ങളുമെല്ലാം എടുത്തുകളയണമെന്നും, വേദനാജനകമായ ശിക്ഷ കാണുമ്പോഴല്ലാതെ അവർ വിശ്വസിക്കാനിടവരാത്ത വിധം അവരുടെ ഹൃദയങ്ങളെ കഠിനമാക്കണമെന്നും മൂസാ പ്രാർത്ഥിച്ചു. പ്രാർത്ഥനക്ക് ഉത്തരം നൽകിക്കൊണ്ട് ഇസ്റാഈൽ സന്തതികളെയും കൂട്ടി രാത്രിക്കുരാത്രി പുറപ്പെടാൻ മൂസായോട് അല്ലാഹു കൽപിച്ചു. വിവരമറിഞ്ഞ ഫിർഔൻ പട്ടാളത്തെ സ്വരൂപിച്ച് അവരെ പിന്തുടർന്നു. ചെങ്കടൽ തീരത്തെത്തിയ മൂസായോട് വടി കൊണ്ട് കടലിൽ അടിക്കാൻ അല്ലാഹു കൽപ്പിച്ചു. 26: 63 പ്രകാരം സമുദ്രം പിളർന്ന് വെള്ളം രണ്ട് മലകളെന്നോണം മാറി നിന്നു. 20: 77 ൽ പറഞ്ഞതനുസരിച്ച് സമുദ്രത്തിലെ ഉണങ്ങിയ വഴിയിലൂടെ ഇസ്റാഈൽ സന്തതികൾ മറുകരയിലെത്തി. 44: 24 പ്രകാരം മൂസായോട് സമുദ്രം പിളർന്ന നിലയിൽ തന്നെ വിടാൻ കൽപ്പിച്ചു. ഇസ്റാഈൽ സന്തതികൾ ഭയത്തോടുകൂടി മറുകരയിൽ നോക്കി നിൽക്കേ ഫിർഔനിനെയും സംഘത്തെയും ആ വഴിയിലേക്ക് അടുപ്പിക്കുകയും മധ്യത്തിലെത്തിയ അവരെ മലകളെന്നോണം മാറി നിന്നിരുന്ന വെള്ളത്തെ യോജിപ്പിച്ച് മുക്കിക്കൊല്ലുകയും ചെയ്തു. റൂഹ് തൊണ്ടക്കുഴിയിലെത്തിയ ഫിർഔൻ, 'ഇസ്റാഈൽ സന്തതികൾ ഏതൊരു ഇലാഹിലാണോ വിശ്വസിച്ചത്, അവനിൽ ഞാനിതാ വിശ്വസിക്കുന്നു, അവന് സർവാർപ്പണം ചെയ്തവരിൽ പെട്ടവനുമായിരിക്കുന്നു' എന്ന് പ്രഖ്യാപിച്ചു. അല്ലാഹു മറുപടി നൽകി: ഇപ്പഴോ? ഇതിനുമുമ്പ് നീ ധിക്കാരിയായ നാശകാരി തന്നെയായിരുന്നു, അപ്പോൾ ഇന്നേ ദിവസം നിന്റെ പിന്നിലുള്ള ജനങ്ങൾക്ക് ഒരു ദൃഷ്ടാന്തമെന്നോണം നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തി സൂക്ഷിക്കുന്നതാണ്. 10: 83-92 വിശദീകരണം നോക്കുക. ഏകദേശം 2800 കൊല്ലക്കാലം സമുദ്രത്തിൽ സൂക്ഷിക്കപ്പെട്ട ആ ശരീരം ഇന്ന് ഈജിപ്ഷ്യൻ മ്യൂസിയത്തിലാണുള്ളത്. 7: 103-127; 20: 37-52; 26: 10-66 വിശദീകരണം നോക്കുക.

51. നാം മൂസാക്ക് നാൽപത് നാളുകൾ വാഗ്ദത്തം ചെയ്ത സന്ദർഭവും ഓർമ്മിക്കേണ്ടതാണ്, പിന്നീട് നിങ്ങൾ അവനുശേഷം പശുക്കുട്ടിയെ സ്വീകരിച്ചു, നിങ്ങൾ അക്രമികൾ തന്നെയുമായിരുന്നു.

52. പിന്നെ, അതിനുശേഷം അതും നാം നിങ്ങളെത്തൊട്ട് മാപ്പാക്കിത്തന്നു, നിങ്ങൾ നന്ദിയുള്ളവർ തന്നെയാകണം എന്നതിനുവേണ്ടി.

കടൽ പിളർത്തി രക്ഷപ്പെടുത്തിക്കൊണ്ടുവന്ന ഇസ്റാഈൽ സന്തതികൾക്കുള്ള വിധിവിലക്കുകൾ നൽകുന്നതിനുവേണ്ടി അല്ലാഹു പ്രവാചകൻ മൂസായെ സീനാപർവ്വതത്തിലേക്ക് വിളിച്ച കാര്യം 7: 142-143 സൂക്തങ്ങളിലും; തന്റെ പ്രാതിനിധ്യം സഹോദരൻ ഹാറൂനിനെ ഏൽപ്പിച്ചുകൊണ്ട് മൂസാ പോയപ്പോൾ അവർ സാമിരിയുടെ നേതൃത്വത്തിൽ

ഒരു പശുക്കുട്ടിയുടെ രൂപം വാർത്തെടുത്ത് അതിനെ ആരാധിക്കാൻ തുടങ്ങിയ കാര്യം 7: 148 ലും പറഞ്ഞിട്ടുണ്ട്. ഇസ്റാഈൽ സന്തതികൾ 'സാമിരി'യുടെ നേതൃത്വത്തിൽ അവരുടെ ആഭരണങ്ങളെല്ലാം ഉരുക്കാൻ വേണ്ടി ഒരു തീക്കുണ്ഠത്തിലിട്ടു. പിശാചിന്റെ സഹായത്താൽ 'സാമിരി' അവർക്ക് ആ തീക്കുണ്ഠത്തിൽ നിന്ന് മുക്രയിടുന്ന ശരീരത്തോടുകൂടിയ ഒരു പശുക്കുട്ടിയെ വാർത്തെടുത്ത് ഇതാണ് നിങ്ങളുടെ ഇലാഹ്, മൂസായുടെ ഇലാഹും ഇതുതന്നെയാണ്, അത് നിങ്ങളെ അറിയിക്കാൻ മൂസാ മറന്നുപോയതാണ് എന്നു പറഞ്ഞു. അപ്പോൾ ഹാറൂൻ 'ഹോ എന്റെ ജനമേ! ഇതുമുഖേന നിങ്ങൾ പരീക്ഷിക്കപ്പെട്ട് നാശത്തിലകപ്പെടുകയാണ്, നിശ്ചയം നിങ്ങളുടെ നാഥൻ നിഷ്പക്ഷവാനാണ്, അതുകൊണ്ട് നിങ്ങൾ എന്നെ പിൻപറ്റുകയും എന്റെ കൽപ്പനകൾ അനുസരിക്കുകയും ചെയ്യുവീൻ' എന്ന് പറഞ്ഞുകൊണ്ട് അവരെ തടയാൻ ശ്രമിച്ചെങ്കിലും 'മൂസാ ഞങ്ങളിലേക്ക് തിരിച്ചുവരുന്നതുവരെ ഞങ്ങൾ ഇതിനെ പൂജിക്കുന്നത് ഒരിക്കലും നിർത്തുകയില്ല' എന്ന് പറഞ്ഞ് അവർ ഹാറൂനിനെ വധിക്കാൻ ഉദ്യമിച്ചുകൊണ്ട് ഒതുക്കിക്കളയുകയാണുണ്ടായത്. 2: 56, 185; 3: 123; 5: 6, 89; 8: 26; 16: 14, 78; 22: 36; 28: 73; 30: 46; 35: 12; 45: 12 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത് 'നിങ്ങൾ നന്ദിയുള്ളവർ തന്നെയാകണം എന്നതിനുവേണ്ടി' എന്ന് പറഞ്ഞുകൊണ്ടാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 2: 27 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ച് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി നാഥനുമായി ചെയ്ത ഉടമ്പടി പാലിക്കാത്തവരായതിനാൽ ജീവിതം നഷ്ടപ്പെട്ടവരാണ്. 2: 186; 4: 150–151; 5: 33 വിശദീകരണം നോക്കുക.

53. മൂസാക്ക് നാം ഗ്രന്ഥവും സത്യാസത്യ വിവേചനമാനദണ്ഡവും നൽകിയതും ഓർമ്മിക്കേണ്ടതാണ് –നിങ്ങൾ സന്മാർഗം പ്രാപിച്ചവർ തന്നെയാകണം എന്നതിനുവേണ്ടി.

2: 2 ൽ വിവരിച്ച പ്രകാരം ഒറ്റ ഗ്രന്ഥമായ *അൽ കിതാബി*ന്റെ ഭാഗം തന്നെയാണ് തൗറാത്ത്. 7: 145 ൽ വിവരിച്ച പ്രകാരം രണ്ട് ശിലാഫലകങ്ങളിലായിരുന്നു അത് രേഖപ്പെടുത്തി നൽകിയിരുന്നത്. അതിൽ രേഖപ്പെടുത്തിയ പത്ത് കൽപനകളാണ് മൂസാ ജീവിച്ച് വിശദീകരിച്ച് കാണിച്ചുകൊടുത്ത സത്യാസത്യ വിവേചന മാനദണ്ഡമായിരുന്ന തൗറാത്ത്. ഇന്ന് മൊത്തം മനുഷ്യർക്ക് നാഥനിൽ നിന്നുള്ള വേദഗ്രന്ഥം എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുള്ള സമാനമായ ഉപമ ഉദാഹരണങ്ങളും ഉരക്കല്ലുമായ അദ്ദിക്ർ മാത്രമാണ്. സാക്ഷിയായ അദ്ദിക്ർ പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പടുന്നതിന് മുമ്പ് *ഇമാമും* കാരുണ്യവുമായ മൂസായുടെ ഗ്രന്ഥമായിരുന്നു ഉരക്കല്ല്(*ഫുർഖാൻ*) എന്ന് 11: 17; 46: 12 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മുമ്പ് ഗ്രന്ഥം നൽകപ്പെടാത്തവരെ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടി അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം നിന്റെ നാഥനിൽ നിന്നുള്ള സത്യമാണെന്നും അത് അവർ സന്മാർഗത്തിലാകുന്നതിന് വേണ്ടിയാണെന്നും 32: 3 ലും; നിശ്ചയം മൂസാക്ക് നാം ഗ്രന്ഥം നൽകിയിട്ടുണ്ട്, അപ്പോൾ അതുപോലുള്ള ഒരു ഗ്രന്ഥം നിനക്ക് വന്നുകിട്ടുന്നതിൽ നീ സംശയിക്കേണ്ടതില്ല, മൂസാക്ക് നൽകപ്പെട്ട ഗ്രന്ഥത്തെ നാം ഇസ്റാഈൽ സന്തതികൾക്ക് സന്മാർഗമാക്കുകയും ചെയ്തിട്ടുണ്ട് എന്ന് 32: 23 ലും പറഞ്ഞിട്ടുണ്ട്. മൂസാക്ക് നൽകപ്പെട്ടതുപോലെ ഫലകങ്ങളിൽ രേഖപ്പെടുത്തിയ ഗ്രന്ഥം നൽകണമെന്ന് മക്കാമുശ്രിക്കുകൾ ആവശ്യപ്പെട്ടതും പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തെക്കുറിച്ചും തൗറാത്തിനെക്കുറിച്ചും അവ രണ്ടും പരസ്പരം സഹായിക്കുന്ന രണ്ട് മാരണങ്ങളാണെന്ന് പറഞ്ഞ് അവയെ നിഷേധിച്ചതും 28: 48 ൽ പറഞ്ഞിട്ടുണ്ട്.

ത്രാസും *അമാനത്തു*മായ അദ്ദിക്റിലുള്ളത് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കാതെ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ അറബി ഖുർആൻ വഹിക്കുന്ന ഈ അക്രമികളും വിഡ്ഢികളും തന്നെയാണ് ഭൂമിയിൽ നടക്കുന്ന എല്ലാ നശീകരണ പ്രവർത്തനങ്ങളുടെയും തിന്മകളുടെയും പാപഭാരം വഹിച്ചുകൊണ്ട് നരകക്കുണ്ഠത്തിന്റെ വിറകായിത്തീരേണ്ടി വരിക. 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന അവരെ ശിക്ഷിക്കാൻ വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73 ലും; ശപിക്കപ്പെട്ട ഇവർ ഈസാ രണ്ടാമതുവന്നാൽ വധിക്കപ്പെടുമെന്ന് 33: 60-61 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 150; 3: 103; 7: 158; 16: 15; 43: 10 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത് 'നിങ്ങൾ സന്മാർഗം പ്രാപിച്ചവർ തന്നെയാകണം എന്നതിനുവേണ്ടി' എന്ന് പറഞ്ഞുകൊണ്ടാണ്. 6: 90-92 വിശദീകരണം നോക്കുക.

54. മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭവും; ഓ എന്റെ ജനമേ! നിശ്ചയം നിങ്ങൾ പശുക്കുട്ടിയെ സ്വീകരിക്കുക വഴി നിങ്ങൾ നിങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു, അപ്പോൾ നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിലേക്ക് ഖേദിച്ചു മടങ്ങുകയും നിങ്ങൾ നിങ്ങളെത്തന്നെ വധിക്കുകയും ചെയ്യുക! അതാണ് നിങ്ങൾക്ക് നിങ്ങളുടെ സ്രഷ്ടാവിന്റെയടുക്കൽ ഉത്തമമായിട്ടുള്ളത്, അങ്ങനെ അവൻ നിങ്ങളുടെമേൽ മടങ്ങി; നിശ്ചയം അവൻ, അവൻ തന്നെയാണ് ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാൻ.

പശുവിനെ ഉണ്ടാക്കുന്നതിന് നേതൃത്വം വഹിച്ച കപടവിശ്വാസിയായ 'സാമിരി'യോട് 'എന്നെ നമ്പരുത്' (എന്നെ വിശ്വസിക്കരുത്) എന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ട് സ്ഥലം വിടാൻ മൂസാ കൽപ്പിക്കുകയും, പശുവിനെ കരിച്ച് നദിയിലൊഴുക്കുകയും ചെയ്തു. പശുവിനെ ഉണ്ടാക്കാൻ കൂട്ടുനിന്ന ഇസ്റാഈൽ സന്തതികൾ പരസ്പരം വധിക്കണമെന്ന അല്ലാഹുവിന്റെ കൽപന പ്രവാചകൻ മൂസാ അറിയിച്ചതനുസരിച്ച് നിയന്ത്രണമില്ലാതെ വധം നടക്കുകയും അങ്ങിനെ നിരപരാധികളടക്കം എഴുപതിനായിരം പേർ പരസ്പരം വധിക്കപ്പെടുകയും ചെയ്തു. അതിൽ വധിക്കപ്പെട്ട നിഷ്കളങ്കരായ ആളുകൾക്ക് അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വഹിച്ചവരുടെ പ്രതിഫലമുണ്ടെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 20: 95-98 വിശദീകരണം നോക്കുക.

ആത്മാവിനെ സൃഷ്ടിച്ചവന് സ്രഷ്ടാവ് *-ഖാലിഖ്-* എന്നും ശരീരം സൃഷ്ടിച്ചവന് പടച്ചവൻ *-ബാരിഅ്-* എന്നും ആത്മാവും ശരീരവും സന്തുലനപ്പെടുത്തിയവന് രൂപപ്പെടുത്തിയവൻ *-മുസ്വവ്വിർ-* എന്നും പറയുന്നു. അറിഞ്ഞിട്ട് കുറ്റം ചെയ്യുന്നവർക്ക് മാപ്പില്ലെന്നും അവരോടാണ് അല്ലാഹു പ്രതികാരം ചെയ്യുക എന്നും ഈ സംഭവങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം. അവന്റെ പ്രതിനിധികളായ വിശ്വാസികൾക്ക് അറിഞ്ഞിട്ട് മൂടിവെക്കുന്ന കപടവിശ്വാസികളോട് മാത്രമാണ് പ്രതികാര മനോഭാവമുണ്ടാവുക. *ഒരു കുറ്റം കണ്ടാൽ കൈ കൊണ്ട് തടയണം, അതിന് സാധ്യമല്ലെങ്കിൽ നാവുകൊണ്ട് തടയണം, അതിനും സാധ്യമല്ലെങ്കിൽ മനസ്സുകൊണ്ട് വെറുക്കുകയെങ്കിലും വേണമെന്നും, മനസ്സുകൊണ്ട് വെറുത്തിട്ടില്ലെങ്കിൽ പിന്നെ അവനിൽ വിശ്വാസത്തിന്റെ അംശം പോലും ഉണ്ടായിരിക്കുകയില്ല* എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 18, 186; 3: 183; 7: 205-206 വിശദീകരണം നോക്കുക.

55. നിങ്ങൾ പറഞ്ഞ സന്ദർഭവും ഓർക്കേണ്ടതാണ്, ഓ! മൂസാ, അല്ലാഹുവിനെ നേരിൽ കാണുന്നതുവരെ ഞങ്ങൾ ഒരിക്കലും നിന്നിൽ വിശ്വസിക്കുകയില്ല,

അപ്പോൾ നിങ്ങൾ നോക്കി നിൽക്കുന്നവരായിരിക്കേ ഇടിനാദം നിങ്ങളെ പിടികൂടുകയുമുണ്ടായി.

56. പിന്നെ നിങ്ങളുടെ മരണത്തിന് ശേഷം നാം നിങ്ങളെ പുനർജ്ജീവിപ്പിച്ചു -നിങ്ങൾ നന്ദിയുള്ളവരാവുക തന്നെ വേണമെന്നതിനുവേണ്ടി.

അല്ലാഹുവിനെ നേരിൽ കാണണമെന്ന് മൂസായോട് ഇസ്റാഈൽ സന്തതികൾ ആവശ്യപ്പെട്ടതനുസരിച്ച് മൂസാ പന്ത്രണ്ട് ഗോത്രങ്ങളിൽ നിന്നായി എഴുപത് പ്രധാനികളെ തെരഞ്ഞെടുത്ത് ത്വൂർ പർവ്വതനിരകളിലേക്ക് കൊണ്ടുപോയി. അവരെ ഒരു പ്രകമ്പനത്താൽ അല്ലാഹു സ്തബ്ധരാക്കി വീഴ്ത്തി. അപ്പോൾ 7: 155 പ്രകാരം മൂസാ പ്രാർത്ഥിച്ചു: എന്നെയും ഇവരെയും നീ ഉദ്ദേശിക്കുകയാണെങ്കിൽ ഇതിനുമുമ്പുതന്നെ നശിപ്പിക്കാമായിരുന്നു, ഞങ്ങളിൽ നിന്നുള്ള അവിവേകികൾ പ്രവർത്തിച്ചതിന്റെ ഫലമായി നീ ഞങ്ങളെ നശിപ്പിക്കുകയാണോ; അല്ല, ഇത് നിന്റെ പരീക്ഷണം തന്നെയാണ്, ഇതുമുഖേന നീ ഉദ്ദേശിച്ചവരെ വഴികേടിലാക്കുകയും നീ ഉദ്ദേശിച്ചവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു, നീ മാത്രമാണ് ഞങ്ങളുടെ സംരക്ഷകൻ, അപ്പോൾ നീ ഞങ്ങൾക്ക് പൊറുത്തുതന്നാലും, നിന്റെ കാരുണ്യം ഞങ്ങളിൽ വർഷിപ്പിച്ചാലും, നീ പൊറുക്കുന്നവരിൽ ഏറ്റവും നന്നായി പൊറുക്കുന്നവനാകുന്നു! അപ്പോൾ അല്ലാഹു അവരെ പുനർജ്ജീവിപ്പിക്കുകയും 2: 63; 7: 171 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം: നിങ്ങൾക്ക് നാം നൽകിയത് മുറുകെപ്പിടിക്കുക, അതിലുള്ളതെല്ലാം ഹൃദയം കൊണ്ട് ഓർമ്മിക്കുകയും ചെയ്യുക, നിങ്ങൾ സൂക്ഷ്മാലുക്കളാവുക തന്നെ വേണം എന്നതിനുവേണ്ടി എന്ന് പറഞ്ഞുകൊണ്ട് ത്വൂർ പർവ്വതത്തെ ഒരു കുടയെന്നോണം അവരുടെമേൽ വീഴ്ത്തുമെന്ന മട്ടിൽ ഉയർത്തുകയുണ്ടായി.

അദ്ദിക്ർ പഠിപ്പിക്കുക വഴി സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും ഓരോ ആത്മാവിനും നൽകിയിട്ടുണ്ടെന്ന് 91: 7-10 സൂക്തങ്ങളിലും; നിശ്ചയം നാം മനുഷ്യർക്ക് രണ്ടാലൊരു മാർഗം -ഒന്നുകിൽ നന്ദിയുടെ മാർഗം അല്ലെങ്കിൽ നന്ദികേടിന്റെ മാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് 76: 3 ലും പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഉണർത്തുന്ന അദ്ദിക്ർ ക്രോഡീകരിച്ച് കിട്ടുന്നതിനുമുമ്പ് അല്ലാഹുവിനോട് സന്മാർഗത്തിലാക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ ഇന്ന് സന്മാർഗം മുഴുവൻ വിശദീകരിച്ചിട്ടുള്ള 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്ർ ക്രോഡീകരിച്ചിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമായിരിക്കണം. 1: 5; 2: 259-260; 3: 101-103 വിശദീകരണം നോക്കുക.

57. നാം നിങ്ങളുടെമേൽ മേഘത്തിന്റെ തണൽ വിരിക്കുകയും നാം നിങ്ങളുടെ മേൽ മന്നായും സൽവായും ഇറക്കുകയുമുണ്ടായി, നാം നിങ്ങൾക്ക് നൽകിയിട്ടുള്ള ഭക്ഷണവിഭവങ്ങളിൽ നിന്ന് പരിശുദ്ധമായത് നിങ്ങൾ തിന്നുവീൻ, അവർ നമ്മോട് അക്രമം പ്രവർത്തിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം പ്രവർത്തിച്ചുകൊണ്ടിരുന്നത്.

ഈ സൂക്തത്തിന്റെ സമാന ആശയം 7: 160 ൽ സൂക്തഭാഗമായി വന്നിട്ടുണ്ട്. ഈജിപ്തിൽ നിന്ന് കടൽ പിളർത്തി രക്ഷപ്പെടുത്തിയ ഇസ്റാഈൽ സന്തതികളെ സീനാ മരുഭൂമിയിലെ കടുത്ത ചൂടിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി മേഘക്കുട ചൂടിക്കൊടുക്കുകയും അവർക്ക് ഭക്ഷണവിഭവങ്ങളായി മന്നായും സൽവായും ഇറക്കിക്കൊടുക്കുകയുമുണ്ടായി. മന്നാ കൽക്കണ്ടം പോലെയുള്ള വിഭവവും സൽവാ കാടപ്പക്ഷി വിഭാഗത്തിൽ

പെട്ട പോഷകാംശങ്ങളടങ്ങിയ പ്രത്യേകതരം ഭക്ഷണവുമായിരുന്നു. ഇത്തരം അനുഗ്രഹങ്ങളെല്ലാം അടിക്കടി ലഭിച്ചിട്ടും ധിക്കാരസ്വഭാവം കാണിച്ചുകൊണ്ട് അവർ ധിക്കാരികളായിത്തീരുകയാണുണ്ടായത്. അവർ നമ്മോട് അക്രമം പ്രവർത്തിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്നതിന്റെ വിവക്ഷ, അല്ലാഹു നിഷ്പക്ഷവാനാണെന്നിരിക്കെ മുഴുവൻ മനുഷ്യരും ജിന്നുകളും അനുസരണ ശീലമുള്ളവരാവുകയോ അല്ലെങ്കിൽ എല്ലാവരും ധിക്കാരികളായി മാറുകയോ ചെയ്താലും ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമായ അല്ലാഹുവിന്റെ ആധിപത്യത്തിൽ യാതൊരു വർദ്ധനവോ കുറവോ സംഭവിക്കുകയില്ല എന്നും മനഃസാക്ഷിക്ക് വിരുദ്ധമായി ഓരോരുത്തരും പ്രവർത്തിക്കുന്ന തിന്മയുടെ ഫലം അവരവരുടെ ആത്മാവ് തന്നെയാണ് അനുഭവിക്കേണ്ടി വരിക എന്നുമാണ്.

മുൻതലമുറകളിൽ പെട്ടവർ അദ്ദിക്റിനെ വിസ്മരിച്ച് അല്ലാഹുവിനെക്കൂടാതെയുള്ള ഇലാഹുകളെ വിളിച്ച് പ്രാർത്ഥിക്കുന്നവരും അക്രമികളുമായപ്പോഴാണ് അവരെ നശിപ്പിച്ചതെന്ന് 11: 101 ലും; നീ അല്ലാഹുവിനെക്കൂടാതെ നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവയെ വിളിച്ച് പ്രാർത്ഥിക്കരുത്, നീയെങ്ങാനും അങ്ങനെ ചെയ്താൽ നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കുമെന്ന് പ്രവാചകനെ വിളിച്ച് 10: 106 ലും പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളായ ഭ്രാന്തന്മാർ നരകശിക്ഷയിൽ ശാശ്വതരായി യാതൊരു ഇളവുമില്ലാതെ നിരാശരായി കഴിഞ്ഞു കൂടുമെന്ന് 43: 74-75 സൂക്തങ്ങളിൽ പറഞ്ഞതിന് ശേഷം 43: 76 ൽ, നാം അവരോട് അക്രമം പ്രവർത്തിച്ചിട്ടില്ല, എന്നാൽ അവർ അവരോട് തന്നെ അക്രമം കാണിക്കുന്നവരായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 16: 118; 29: 40; 30: 9 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് നാം (അല്ലാഹു) അവരോട് അക്രമം കാണിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം കാണിച്ചിരുന്നത് എന്ന് പറഞ്ഞുകൊണ്ടും; 16: 33 അവസാനിക്കുന്നത് അവർ അല്ലാഹുവിനോട് അക്രമം കാണിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം കാണിച്ചിരുന്നത് എന്ന് പറഞ്ഞുകൊണ്ടുമാണ്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്താത്തവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്തുകൊണ്ട് എല്ലാവരും ഭ്രാന്തന്മാരും അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. 6: 47; 7: 84; 46: 35 വിശദീകരണം നോക്കുക.

58. നിങ്ങൾ ഈ നാട്ടിൽ പ്രവേശിച്ചുകൊള്ളുകയും അങ്ങനെ നിങ്ങൾ ഉദ്ദേശിക്കും വിധം അതിൽ നിന്ന് യഥേഷ്ടം ആഹരിച്ചുകൊള്ളുകയും അതിലെ കവാടങ്ങൾ സാഷ്ടാംഗപ്രണാമത്തിലായിക്കൊണ്ടും 'ഹിത്ത്വതുൻ' എന്ന് ഉച്ചരിച്ചുകൊണ്ടും പ്രവേശിക്കുകയും ചെയ്യുവീൻ എന്ന് നാം പറഞ്ഞ സന്ദർഭവും, നാം നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകളെല്ലാം പൊറുത്തുതരുന്നതാണ്, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് അധികരിപ്പിച്ച് നൽകുകയും ചെയ്യുന്നതാണ്.

ഇസ്റാഈൽ സന്തതികൾക്ക് അല്ലാഹു നിശ്ചയിച്ചിരുന്ന വാഗ്ദത്തഭൂമിയായ ഫലസ്തീനിൽ പ്രവേശിച്ചുകൊള്ളുക എന്നാണ് 'ഈ നാട്ടിൽ പ്രവേശിച്ചുകൊള്ളുക' എന്ന്

പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'അതിലെ കവാടങ്ങൾ സാഷ്ടാംഗ പ്രണാമത്തിലായിക്കൊണ്ട് പ്രവേശിക്കുക' എന്ന് പറഞ്ഞാൽ മുഖം കുത്തി പ്രവേശിക്കുക, നുഴഞ്ഞുകയറു ക എന്നൊന്നുമല്ല, മറിച്ച് 'അല്ലാഹ്' എന്ന സ്മരണയോടും പ്രാർത്ഥനയോടും കൂടി പ്രവേശിക്കുക എന്നാണ്. അഥവാ അതിലെ നിവാസികളോട് ഗുണകാംക്ഷയുള്ളവരായിക്കൊണ്ടും അല്ലാഹുവിന്റെ വിധിവിലക്കുകൾ (ഗ്രന്ഥം) അനുസരിച്ച് വിശ്വാസിയായി ജീവിക്കാൻ അവരെ ബോധിപ്പിച്ചുകൊണ്ടും ഉപദേശിച്ചുകൊണ്ടും പ്രവേശിക്കുക എന്ന് സാരം. തൗഹീദിന്റെ വാക്ക് -നാഥന്റെ ഏകത്വം- പ്രഖ്യാപിച്ചുകൊണ്ടും പൊറുക്കലിനെ ത്തേടിക്കൊണ്ടും സമാധാനം എന്ന് പറഞ്ഞുകൊണ്ടും പ്രവേശിക്കുക എന്നാണ് '*ഹിത്ത്വതുൻ* എന്നുപറഞ്ഞ് പ്രവേശിക്കുക' എന്നതിന്റെ വിവക്ഷ.

25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പ റഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ അതിന്റെ വെളിച്ചത്തിൽ ചരിക്കുന്ന വരാണ് മുഹ്സിനീങ്ങൾ. ആണായിരിക്കട്ടെ, പെണ്ണായിരിക്കട്ടെ, ആരാണോ സൽകർമ്മം പ്രവർത്തിക്കുന്നത് -അവൻ വിശ്വാസിയുമാണ് എങ്കിൽ നാം അവനെ പരിശുദ്ധമായ ഒരു ജീവിതം ഇവിടെത്തന്നെ ജീവിപ്പിക്കുന്നതാണ്, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഏറ്റവും നല്ലതുകൊണ്ട് നാം അവരുടെ പ്രതിഫലം നൽകുക തന്നെ ചെയ്യും എന്ന് 16: 97 ൽ പറഞ്ഞിട്ടുണ്ട്. അതായത് വിശ്വാസിയാകാൻ കഴിഞ്ഞിട്ടില്ലെങ്കിലും വിശ്വാസിയാകാൻ ആഗ്രഹിക്കുകയും ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം കിട്ടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്താൽ അവന്റെ/അവളുടെ അത്തരം പ്രവൃത്തികൾ നോക്കി മൊത്തം ജീവിതത്തിന് പ്രതിഫലം നൽകുന്നതാണ്. എന്നാൽ 18: 103-105 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം രൂപപ്പെടുത്താതെ മിഥ്യയായ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ കർമ്മങ്ങൾ ചെയ്യുന്ന മിഥ്യാവാദികളായ കാഫിറുകളുടെ എല്ലാ പ്രവൃത്തികളും സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന വിധിദിവസം നഷ്ടപ്പെടുന്നതാണെന്ന് 40: 78 ലും പറഞ്ഞിട്ടുണ്ട്. നന്മ ചെയ്യുന്നവർക്ക് ഈ ലോകത്ത് നന്മയുണ്ട്, അല്ലാഹുവിന്റെ ഭൂമി വിശാലമാണ്, നിശ്ചയം ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം പൂർണമായി കണക്കില്ലാതെ നൽകുന്നതാണ് എന്ന് 39: 10 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസം സ്വീകരിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അവരുടെ തിന്മകൾ നാം മായ്ച്ചുകളയുന്നതും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി നാം പ്രതിഫലം കൊടുക്കുന്നതുമാണ് എന്ന് 29: 7 ലും; സ്വർഗത്തിൽ അവർക്ക് അവർ ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും, നമ്മുടെ പക്കൽ അധികരിച്ചതുമുണ്ട് എന്ന് 50: 35 ലും പറഞ്ഞിട്ടുണ്ട്. അവർക്ക് ആഗ്രഹിക്കുന്നവരെ സ്വർഗത്തിലേക്ക് ശുപാർശ ചെയ്ത് കൊണ്ടുവരാനുള്ള അധികാരം നൽകുമെന്നാണ് 'നമ്മുടെ പക്കൽ അധികരിച്ചതുമുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ. നന്മയുടെ മാർഗത്തിൽ ചരിച്ചവർ ആരോ അവർക്ക് നന്മയുണ്ട്, കൂടുതൽ നന്മ വർദ്ധിപ്പിച്ച് കൊടുക്കുന്നതുമാണ്, അവരുടെ മുഖങ്ങളിൽ കരിപുരളുകയോ അവരെ അപകർഷത ബാധിക്കുകയോ ഇല്ല, അക്കൂട്ടരാണ് സ്വർഗവാസികൾ, അവർ അതിൽ നിത്യവാസികളുമാണ് എന്ന് 10: 26 ലും പറഞ്ഞിട്ടുണ്ട്. 2: 25; 4: 154; 25: 68-70; 37: 110 വിശദീകരണം നോക്കുക.

59. അപ്പോൾ അക്രമികളായ അവർ വാക്കിനെ അവരോട് പറയപ്പെട്ടിട്ടില്ലാത്ത ഒന്നാക്കി മാറ്റിമറിച്ചു, അപ്പോൾ നാം ആ അക്രമികളായവരുടെമേൽ ആകാശത്തുനിന്നും ദണ്ഡനമിറക്കി -അവർ തെമ്മാടികളായിരുന്നതുകൊണ്ട്.

ഇസ്റാഈൽ സന്തതികളുടെ വാഗ്ദത്തഭൂമിയായ ഫലസ്തീനിൽ പ്രവേശിക്കുന്നതി

ന്റെ ഭാഗമായി അവരിൽ നിന്നുള്ള പന്ത്രണ്ട് പ്രമുഖരെ ആ പ്രദേശം നിരീക്ഷിക്കാൻ വേണ്ടി പറഞ്ഞയക്കുകയുണ്ടായി. തിരിച്ചുവന്ന അവരിൽ നിന്നുള്ള രണ്ടുപേരൊഴിച്ച് ബാക്കിയുള്ളവർ പറഞ്ഞത്: 'നിശ്ചയം ആ നാട്ടിലുള്ളത് മല്ലന്മാരായ ഒരു ജനതയാണ്, അവർ അവിടെയുള്ള കാലത്തോളം ഞങ്ങൾ അവിടെ പ്രവേശിക്കുകയില്ല, അവർ അവിടെ നിന്ന് പോവുകയാണെങ്കിൽ ഞങ്ങൾ അവിടെ പ്രവേശിച്ചുകൊള്ളാം' എന്നാണ്. അപ്പോൾ അവരിൽ നിന്നുള്ള അല്ലാഹുവിനെ ഭയപ്പെടുന്ന രണ്ടുപേർ പറഞ്ഞു: 'നിങ്ങൾ അവിടെ പ്രവേശിക്കുകയാണെങ്കിൽ നിങ്ങൾ തന്നെയാണ് അതിജയിക്കുക, നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിന്റെ മേലാണ് നിങ്ങൾ ഭരമേൽപ്പിക്കേണ്ടത്'. അപ്പോൾ അവർ പറഞ്ഞു: 'അവർ അവിടെയുള്ള കാലത്തോളം ഞങ്ങൾ ഒരിക്കലും അവിടെ പ്രവേശിക്കുകയില്ല, മൂസാ! നീയും നിന്റെ നാഥനും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്'. അപ്പോൾ മൂസാ പറഞ്ഞു: 'എന്റെ നാഥാ! എനിക്ക് എന്റെയും സഹോദരന്റെയും കാര്യത്തിൽ മാത്രമേ സ്വാധീനമുള്ളൂ, അപ്പോൾ ഞങ്ങൾക്കും തെമ്മാടികളായ ഈ ജനതക്കുമിടയിൽ നീ വേർതിരിവുണ്ടാക്കിയാലും' അല്ലാഹു പറഞ്ഞു: 'ആ നാട് നാൽപത് വർഷത്തേക്ക് അവർക്ക് നിഷിദ്ധമാണ്, അവർ ഭൂമിയിൽ അലഞ്ഞുതിരിഞ്ഞ് പിടിവള്ളിയില്ലാതെ (ആസ്ഥാനമില്ലാതെ) നടക്കുന്നതാണ്, അതുകൊണ്ട് തെമ്മാടികളായ ഈ ജനതയുടെമേൽ നീ ദുഃഖിക്കേണ്ടതില്ല' എന്ന് 5: 20–26 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

വാക്കിനെ അവരോട് പറയപ്പെട്ടിട്ടില്ലാത്ത ഒന്നാക്കി മാറ്റിമറിച്ചു എന്ന് പറഞ്ഞതിന്റെ വിവക്ഷ, അവർ ആ നാട്ടിൽ പ്രവേശിക്കുമ്പോൾ ഞങ്ങൾക്ക് അല്ലാഹുവിൽ നിന്നും ലഭിച്ച സന്മാർഗം ഉപയോഗപ്പെടുത്തി സമാധാനത്തോടും സഹവർത്തിത്വത്തോടും കൂടി അല്ലാഹു നിശ്ചയിച്ച കാലം നമുക്ക് ഇവിടെ കഴിച്ചുകൂട്ടാം എന്ന് പറയുന്നതിനുപകരം, അതികായകന്മാരായ അമാലിക്കുകളെക്കുറിച്ച് കേട്ടപ്പോൾ അവർ സ്വയം നിസ്സാരന്മാരായി കാണുകയും ആത്മാവിനെ പരിഗണിക്കാതെ ഭീരുത്വം പ്രകടിപ്പിച്ചുകൊണ്ട് നീയും നിന്റെ നാഥനും പോയി യുദ്ധം ചെയ്യുക എന്ന് മൂസായോട് പറയുകയുമാണുണ്ടായത്. അപ്പോൾ ആകാശത്തുനിന്നും അല്ലാഹു പ്ലേഗ് പോലുള്ള പകർച്ചവ്യാധികൾ ഇറക്കി അവരെ ശിക്ഷിച്ചു.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 3: 96–97; 5: 97 സൂക്തങ്ങളുടെ കൽപന ധിക്കരിച്ചുകൊണ്ട് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളെ കാഫിറുകളെന്ന് മുദ്രകുത്തി മക്കയിലുള്ള കഅ്ബയിലേക്ക് പ്രവേശനം വിലക്കുകയാണ്. യഥാർത്ഥത്തിൽ ഇത്തരം ഫുജ്ജാറുകളാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. മക്ക-മദീന പ്രദേശങ്ങൾ ഉൾപ്പെട്ട *ഇജ്മാഅ്* നീതിമാനായ *മഹ്ദി* വരുന്നതോടുകൂടി അവിടെയുള്ള കാഫിറുകളെല്ലാം പുറത്താക്കപ്പെടുന്നതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ലൈംഗിക ബന്ധമില്ലാതെ ദൈവസ്മരണയിൽ നിലകൊള്ളുന്ന സന്യാസി-സന്യാസിനികളെയെല്ലാം അവിടേക്ക് വേർതിരിക്കുന്നതുമാണ്. ശേഷം 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ തെമ്മാടികളായ കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും അവിടേക്ക് പ്രവേശനം വിലക്കപ്പെടുന്നതുമാണ്. 5: 44, 45, 47; 9: 28; 10: 33 വിശദീകരണം നോക്കുക.

60. മൂസാ തന്റെ ജനതയ്ക്കുവേണ്ടി വെള്ളം തേടിയ സന്ദർഭവും, അപ്പോൾ നാം കൽപിച്ചു: നിന്റെ വടി കൊണ്ട് ആ കല്ലിൽ അടിക്കുക, അങ്ങനെ അതിൽ നിന്ന് പന്ത്രണ്ട് ഉറവകൾ പൊട്ടിയൊഴുകി, എല്ലാ ഓരോ വിഭാഗവും അവരുടെ

വെള്ളമെടുക്കേണ്ട സ്ഥലം മനസ്സിലാക്കി, അല്ലാഹുവിന്റെ വിഭവങ്ങളിൽ നിന്ന് നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, നിങ്ങൾ ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുകയും ചെയ്യുവീൻ!

പന്ത്രണ്ട് ഗോത്രക്കാരായിരുന്ന ഇസ്റാഈൽ സന്തതികൾ മൂസായോട് കുടിവെള്ളം ചോദിച്ചപ്പോൾ, അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം മൂസാ തന്റെ വടികൊണ്ട് കല്ലിന്മേൽ അടിക്കുകയും ഒറ്റ അടിക്ക് തന്നെ ഓരോ ഗോത്രക്കാർക്കും പ്രത്യേകം പ്രത്യേകം വെള്ളമെടുക്കാവുന്ന വിധത്തിൽ പന്ത്രണ്ട് ഉറവകൾ പുറപ്പെടുവിക്കുകയുമുണ്ടായി. 2: 57 മുതൽ 60 വരെയുള്ള സൂക്തങ്ങളിൽ പരാമർശിച്ചിട്ടുള്ള സംഭവങ്ങൾ 7: 160-162 സൂക്തങ്ങളിലും പരാമർശിച്ചിട്ടുണ്ട്. 2: 11-12, 254; 7: 169-170 വിശദീകരണം നോക്കുക.

61. നിങ്ങൾ പറഞ്ഞ സന്ദർഭവും ഓർക്കേണ്ടതാണ്: ഓ മൂസാ! ഒരേതരം ഭക്ഷണത്തിന്മേൽ ഞങ്ങൾക്ക് ക്ഷമിക്കാൻ കഴിയുകയില്ല തന്നെ, അപ്പോൾ നീ നിന്റെ നാഥനോട് ഞങ്ങൾക്കുവേണ്ടി ഭൂമിയിൽ നിന്ന് മുളച്ചുവരുന്ന ചീര, മത്തൻ, ഗോതമ്പ്, പരിപ്പ്, ഉള്ളി തുടങ്ങിയവയിൽ നിന്ന് ഉൽപാദിപ്പിച്ചുതരാൻ പ്രാർത്ഥിക്കുക; മൂസാ ചോദിച്ചു: നിങ്ങൾ ഉത്തമമായ വസ്തുക്കൾക്ക് പകരം നിസ്സാരമായത് തേടുകയാണോ? നിങ്ങൾ മിസ്റിലേക്ക് ചേക്കേറുക, അപ്പോൾ നിശ്ചയം നിങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾക്കുണ്ട്; പതിത്വവും ദൈന്യതയും അവരുടെമേൽ പതിക്കുകയും അല്ലാഹുവിൽ നിന്നുള്ള കോപത്തിന് അവർ ഇരയാവുകയും ചെയ്തു, അത് നിശ്ചയം അവർ അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചിരുന്നതുകൊണ്ടും അന്യായമായി നബിമാരെ വധിച്ചിരുന്നതുകൊണ്ടുമാണ്, അത് അവർ ധിക്കാരികളും അതിക്രമകാരികളുമായിരുന്നതുകൊണ്ടുമാണ്.

സ്വർഗീയ ഭക്ഷണപദാർത്ഥങ്ങളായ മന്നാ, സൽവാ എന്നിവക്ക് പകരം ഭൂമിയിൽ നിന്നുള്ള ഭക്ഷണവിഭവങ്ങളായ ഇലക്കറികൾ, പച്ചക്കറികൾ, ഉള്ളിവർഗങ്ങൾ, പയറുവർഗങ്ങൾ, ധാന്യങ്ങൾ തുടങ്ങിയവ ഉൽപാദിപ്പിച്ചുതരാൻ പ്രാർത്ഥിക്കാനാണ് അവർ മൂസായോട് ആവശ്യപ്പെട്ടത്. നിങ്ങൾ ചോദിച്ചതെല്ലാം ലഭിക്കാൻ നിങ്ങൾ മിസ്റിലേക്ക് ചേക്കേറുക എന്ന് പറഞ്ഞതനുസരിച്ച് അവരിൽ നിന്ന് ഭൗതികജീവിതം തെരഞ്ഞെടുത്ത വലിയ ഒരു വിഭാഗം 26: 59; 44: 28 സൂക്തങ്ങളിൽ പരാമർശിച്ച പ്രകാരം ഈജിപ്തിലേക്കു തന്നെ തിരിച്ചുപോയി, ഫിർഔനും പ്രഭൃതികളും ആസ്വദിച്ചിരുന്ന തോട്ടങ്ങളും അരുവികളും കൃഷികളും കൊട്ടാരങ്ങളും അനുഭവിച്ചുകൊണ്ട് അവിടെ താമസമാക്കുകയുണ്ടായി. എന്നാൽ ക്രമേണ അവർ നന്ദി കെട്ടവരും ധിക്കാരികളുമായിത്തീരുകയും അവരുടെ ഐക്യം തകരുകയും ദൈന്യതയും ഛിദ്രതയും ഉടലെടുക്കുകയും ചെയ്തു.

ധാരാളം നബിമാരെ ഇസ്റാഈൽ സന്തതികൾ അന്യായമായി വധിച്ചിട്ടുണ്ട്. ഇസ്റാഈൽ രാജാവിന്റെ ദർബാറിലുള്ള ഒരു നർത്തകിയെ തൃപ്തിപ്പെടുത്താൻ വേണ്ടി യഹ്യാ നബിയുടെ തലയെടുത്ത് താലത്തിൽ വെച്ച് സമ്മാനിച്ചിട്ടുണ്ട്. ചില നബിമാരെ കല്ലെറിഞ്ഞും മറ്റു ചിലരെ ഈർച്ചവാളുകൊണ്ട് ഈർന്നും മറ്റുചിലരെ ചെളിക്കുണ്ടിൽ താഴ്ത്തിയും അവർ കൊന്നിട്ടുണ്ട്. ഈസാനബിയെത്തന്നെയും കൊന്നുകളഞ്ഞുവെന്ന് അവർ ഘോഷിച്ചിട്ടുണ്ടെന്ന് 4: 157 ൽ കാണാം. നിശ്ചയം അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കുന്നവർക്കും അന്യായമായി നബിമാരെയും ജനങ്ങളിൽ നിന്ന് നീതിയും ന്യായവും കൽപിക്കുന്നവരെയും കൊന്നുകൊണ്ടിരിക്കുന്നവർക്കും വേദനാജനകമായ ശിക്ഷ കൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന് 3: 21 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് നബിമാരെ

കൊല്ലുക എന്നാൽ നബിമാരുടെ പേരുവെച്ച് അവരുടെ ജീവിതം പിൻപറ്റാതെ ജനമധ്യത്തിൽ കളവാക്കി അവതരിപ്പിച്ച് കൊല്ലാതെ കൊല്ലലാണ്. 16: 43-44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മുമ്പ് നാഥനിൽ നിന്ന് അവതരിക്കപ്പെട്ട 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയ അദ്ദിക്റാണ് ഇന്ന് മൊത്തം മനുഷ്യർക്കുള്ള നാഥനിൽ നിന്നുള്ള ഗ്രന്ഥം. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അതിനെ കാരുണ്യവും സന്മാർഗവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് 16: 89 ൽ പറഞ്ഞ യഥാർത്ഥ മുസ്ലിംകൾ. അല്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അവർ പ്രവാചകന്മാരുടെയും നബിമാരുടെയും പേര് വെച്ച് ഗ്രന്ഥത്തിന് വിരുദ്ധമായ ജീവിതം നയിക്കുന്നവരായതിനാൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾക്ക് ഗ്രന്ഥത്തിന്റെ പേരുപോലും കേൾക്കുന്നത് വെറുപ്പായിരിക്കുകയാണ്.

പ്രവാചകന്റെ കാലത്തുള്ള ജൂതരുടേതിനെക്കാൾ ദുഷിച്ച സ്വഭാവമാണ് 3: 7 ന്റെ വിശദീകരണത്തിൽ പറഞ്ഞ പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കപടവിശ്വാസികളുമടങ്ങിയ ഫുജ്ജാറുകളിൽ ഇന്ന് കണ്ട് വരുന്നത്. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ അവർ ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥത്തിന്റെ 40 പേരുകളിൽ ഒന്നുപോലും ജനങ്ങളോട് പറയാതെ കളവ് മാത്രം പറയുന്നവരാണ്. അതുകൊണ്ടുതന്നെ ലോകത്ത് എവിടെയും അവർ നിന്ദ്യരും അപമാനിതരും അല്ലാഹുവിന്റെയും ജനങ്ങളുടെയും ശാപത്തിനും കോപത്തിനും ഇരയായിക്കൊണ്ടിരിക്കുന്നവരുമാണ്. അതിന് കാരണം മൊത്തം മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ട വിധിവിലക്കുകളടങ്ങിയ അദ്ദിക്ർ അവർ സ്വയം പിൻപറ്റാതിരിക്കുന്നതും മറ്റുള്ളവർക്ക് നൽകാതെ മൂടിവെക്കുന്നതുമാണ്. 3: 112; 5: 78 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നതും 'അത് അവർ ധിക്കാരികളും അതിക്രമകാരികളുമായതുകൊണ്ടാണ്' എന്ന ആശയത്തിലാണ്. 2: 39; 4: 91; 48: 6 വിശദീകരണം നോക്കുക.

62. നിശ്ചയം വിശ്വാസികളായിട്ടുള്ളവർ; ജൂതരായവർ, ക്രിസ്ത്യാനികളായവർ, സാബിഇൗങ്ങളായവർ ആരായാലും അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയുമാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലുണ്ട്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

ഈ സൂക്തം 5: 69 ലും ആവർത്തിച്ചിട്ടുണ്ട്. 4: 163-164 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദ്യപ്രവാചകനായ നൂഹ് മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ടിട്ടുള്ള നാഥനിൽ നിന്നുള്ള ഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. 5: 48; 16: 44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട്. ആരാണോ അതിനെ സത്യപ്പെടുത്തുകയും പിൻപറ്റുകയും ചെയ്യുന്നത്, അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും നരകക്കുണ്ഠത്തിലേക്ക് വിധിക്കപ്പെട്ട ഫുജ്ജാറുകളാണ്. 3: 19, 85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ക്രോഡീകരിച്ചിട്ടുള്ള പ്രകൃതി ജീവിതവ്യവസ്ഥയായ ഇസ്ലാം മാത്രമാണ് ആദ്യമനുഷ്യനായ ആദം മുതൽ അന്ത്യനാൾ വരെയുള്ള സർവ്വമനു

ഷ്യർക്കും പ്രപഞ്ചനാഥനായ അല്ലാഹു അംഗീകരിച്ചിട്ടുള്ള ഏക ജീവിതവ്യവസ്ഥ. എല്ലാ ഓരോരുത്തരും ഇസ്ലാമിലാണ് ജനിക്കുന്നത്. ആരാണോ സർവസ്വം സർവലോകനാഥന് സമർപ്പിച്ചുകൊണ്ട് ജീവിക്കുന്നത്, അവർ മാത്രമാണ് 313 പ്രവാചകന്മാരും 313 ഗ്രന്ഥങ്ങളും സമർപ്പിക്കുന്ന ഇസ്ലാമിലുള്ളത്. എന്നാൽ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങളും യഥാർത്ഥ ജീവിതവ്യവസ്ഥയായ ഇസ്ലാമിൽ നിന്ന് വ്യതിചലിച്ചുപോയിരിക്കുന്നു. എന്നാലും പ്രവാചകന്റെ ജനതയിലുള്ളതിനെക്കാൾ പ്രകൃതിജീവിതവ്യവസ്ഥയായ ഇസ്ലാം കൂടുതൽ നിഴലിച്ചുകാണുന്നത് പ്രവാചകന്റെ തന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, യുക്തിവാദികൾ തുടങ്ങിയവരിലാണ്. ജൈനർ, ബുദ്ധർ, ഹൈന്ദവർ, സിക്കുകാർ, പാർസികൾ തുടങ്ങിയവരെല്ലാം സൂക്തത്തിൽ പറഞ്ഞ *സാബിഈ*ങ്ങളിലാണ് ഉൾപ്പെടുക. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടത് മുതൽ മുഴുവൻ മനുഷ്യരും പ്രവാചകന്റെ *ഉമ്മത്തിൽ* (സമുദായത്തിൽ) പെട്ടവരാണെങ്കിൽ പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകളും 35: 32 ൽ പറഞ്ഞ പ്രകാരം നാഥന്റെ ഗ്രന്ഥം അനന്തരമെടുത്ത അന്ത്യനാൾ വരെയുള്ളവരും പ്രവാചകന്റെ *ഖൗമി*ൽ (ജനതയിൽ) ആണ് ഉൾപ്പെടുക. പ്രവാചകന്റെ ജനതയിൽ നിന്നുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ 25: 18 ൽ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനത എന്നും; നരകക്കുണ്ഠത്തിലേക്കുള്ള അവരെ 98: 6 ൽ കരയിലെ ഏറ്റവും ദുഷ്ടജീവികൾ എന്നും; ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ 8: 22 ൽ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. പ്രവാചകന്റെ ജനതയിൽ നിന്ന് ആരാണോ 10: 100 ൽ പറഞ്ഞ നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയായത്, അവന് മാത്രമാണ് സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ സാധിക്കുക. 1: 7 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ കോപം ആപതിച്ചിട്ടുള്ള കപടവിശ്വാസികളും അവരെ പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിലേക്കുള്ളവരാണെന്ന് 2: 39; 9: 67-68; 18: 101; 25: 34, 65-66; 48: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ഒരാൾക്കും മറ്റൊരാളെ വിശ്വാസിയാക്കാൻ സാധ്യമല്ല; എന്നാൽ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ 6: 104 ൽ പറഞ്ഞ ഉൾക്കാഴ്ചാദായകവും, 10: 108 ൽ പറഞ്ഞ സത്യവും, 17: 15 ൽ പറഞ്ഞ സന്മാർഗവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കുകയും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള *സിജ്ജീൻ* പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള *ഇല്ലിയ്യീൻ* പട്ടികയിലേക്ക് മാറ്റുകയും ചെയ്തത്, അവൻ മാത്രമാണ് വിശ്വാസിയാവുക.

വിധിദിവസം മനുഷ്യരെ മൂന്ന് വിഭാഗങ്ങളായി വേർതിരിക്കുന്നതാണ്. (1) വലതുപക്ഷക്കാർ:- തങ്ങളുടെ കർമരേഖ വലതുകൈയിൽ നൽകപ്പെടുകയും വിചാരണക്കുശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നവർ. ഇക്കൂട്ടർ ആദ്യകാലക്കാരിൽ നിന്നും (ആദം മുതൽ പ്രവാചകൻ മുഹമ്മദ് വരെയുള്ളവർ) ഒരു വിഭാഗവും, അവസാനകാലക്കാരിൽ നിന്ന് (പ്രവാചകൻ മുഹമ്മദിന്റെ കാലഘട്ടം മുതൽ അന്ത്യനാൾ വരെയുള്ളവർ) ഒരു വിഭാഗവുമാണെന്ന് 56: 38-40 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ഏതൊരാൾക്കും അദ്ദിക്ർ ഉപയോഗപ്പെടുത്തി പ്രപഞ്ചനാഥനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടുമുള്ള വിശ്വാസം രൂപപ്പെടുത്തുകയും നാഥന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണപ്രദമാ

യ രീതിയിൽ സൽക്കർമങ്ങൾ ചെയ്യുകയുമാണെങ്കിൽ ഈ വിഭാഗത്തിൽ ഉൾപ്പെടാവുന്നതാണ്. എന്നല്ലാതെ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ കണ്ടുവരുന്നതുപോലെ മതപരിവർത്തനമോ അതോടനുബന്ധിച്ചുള്ള ആചാര അനുഷ്ഠാനങ്ങളോ പാലിക്കേണ്ടതില്ല. (2) ഇടതുപക്ഷക്കാർ:- ഇടതുകൈയിൽ കർമരേഖ ലഭിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളും. 313 പ്രവാചകന്മാരുടെയും ജനതയിൽ പെട്ട കപടവിശ്വാസികളും അവരുടെ അനുയായികളുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. 4: 145 ൽ വിവരിച്ച പ്രകാരം അവരിലുള്ള കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകാനുള്ള കാഫിറുകളാണെങ്കിൽ കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന അനുയായികൾ 39: 71 ൽ പറഞ്ഞ പ്രകാരം വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടാനുള്ള കാഫിറുകളാണ്. ഇന്ന് മനുഷ്യരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഫുജ്ജാറുകൾ മാത്രമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. (3). മുൻകടക്കുന്നവർ:- (വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവർ). അവർ സ്വർഗത്തിൽ സർവശക്തനായ നാഥന്റെ ചുറ്റും *സ്വിദ്ഖ്* (സത്യം) ആകുന്ന ഇരിപ്പിടത്തിൽ ഇരിപ്പുറപ്പിക്കുമെന്ന് 54: 54-55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *ആദം മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യരിൽ നിന്ന് എഴുപതിനായിരം പേരാണ് ഈ വിഭാഗത്തിൽ പെടുക* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവരിൽ അധികപേരും ആദ്യകാലക്കാരിൽ നിന്നുള്ളവരും കുറച്ചുപേർ അവസാനകാലക്കാരിൽ നിന്നുള്ളവരുമാണെന്ന് 56: 10-14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവരിൽ പ്രവാചകൻ മുഹമ്മദിന്റെ ജനതയിൽനിന്ന് രണ്ട് പേർ മാത്രമാണുള്ളത്. ഒന്ന് പ്രവാചകന്റെ കാലത്ത് തന്നെയുള്ള പ്രവാചകന്റെ അനുയായികളിൽ പെട്ട ഉക്കാശയും മറ്റൊന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവായ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയുമാണ്. അവസാനകാലക്കാരിൽ നിന്നുള്ള ഈ വിഭാഗത്തിൽ നിന്നുള്ള ബാക്കിയുള്ളവർ ലൈംഗികബന്ധത്തിൽ ഏർപ്പെടാത്തവരും ആത്മാവുകൊണ്ട് ആത്മാവിന്റെ ഉടമയായ നാഥനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവരുമായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ നിന്നുള്ളവരാണ്. 4: 140, 150-151 വിശദീകരണം നോക്കുക.

3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾക്ക് പ്രവാചകന്റെ ജീവിതമായ അദ്ദിക്റിന്റെ ജീവിതം സാക്ഷ്യപ്പെടുത്തി ജീവിച്ച് കാണിച്ചുകൊടുക്കുന്ന വിശ്വാസികളുടെ ഒരു സംഘം ലോകത്തെവിടെയും ഇല്ലാത്തതിനാൽ അവർ നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടുകയില്ല. പകരം 108: 1-3 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒരിക്കൽ കുടിച്ചാൽ പിന്നെ ഒരിക്കലും ദാഹം വരാത്ത കൗസർ തടാകത്തിൽ നിന്ന് കുടിപ്പിക്കപ്പെട്ട ശേഷം സ്വർഗവും നരകവും അല്ലാത്ത ഇതര ലോകങ്ങളിലേക്കാണ് അവർ അയക്കപ്പെടുക. 4: 123-124; 16: 97 വിശദീകരണം നോക്കുക.

ഒരാൾക്കും തന്റെ നാട്, മതം, ജാതി, വംശം, ലിംഗം, മാതാപിതാക്കൾ, ജനന-മരണ കാലം, വർണം തുടങ്ങിയവയൊന്നും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല. അതുകൊണ്ടുതന്നെ മനുഷ്യരുടെ ഐക്യം മാത്രമാണ് ഇന്ന് ഉപദേശിക്കാനുള്ളത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റ് പഠിച്ചും ലോകരിൽ പ്രചരിപ്പിച്ചും കൊണ്ട് മനുഷ്യനെ അവനവനെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിയാൻ പ്രാപ്തരാക്കുക

വഴി മാത്രമാണ് അതിന് സാധിക്കുക. 6: 38 ൽ വിവരിച്ച പ്രകാരം പ്രപഞ്ചത്തിൽ മനുഷ്യ രടക്കം ആയിരം സമുദായത്തിൽ പെട്ട ജീവികളാണുള്ളത്. അവയിൽ 400 സമുദായം ക രയിലും 600 സമുദായം വെള്ളത്തിലുമാണുള്ളത്. 17: 44; 24: 41 സൂക്തങ്ങളിൽ പറഞ്ഞ പ്ര കാരം ജീവനുള്ളതും ജീവനില്ലാത്തതുമായ വസ്തുക്കളെല്ലാം നാഥനെ സ്തുതിക്കുക യും കീർത്തനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ബുദ്ധിശക്തി നൽകി അനു ഗ്രഹിച്ച് ഭൂമിയിൽ നാഥന്റെ പ്രതിനിധിയായി നിയോഗിക്കപ്പെട്ട മനുഷ്യന്റെ ബാധ്യതയാ ണ് മനുഷ്യരുടേതടക്കം പ്രപഞ്ചത്തിലുള്ള സർവ്വസൃഷ്ടികളുടെയും നിലനിൽപ്പും ക്ഷേ മവും ലക്ഷ്യം വെച്ച് പ്രവർത്തിക്കൽ. അതിനുവേണ്ടി അവൻ/അവൾ ജൈവകൃഷി ചെ യ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിന് വേണ്ടി മറ്റുള്ളവരെ പ്രോത്സാ ഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. ഇന്ന് ഏതൊരാൾക്കും അനുഷ്ഠി ക്കാൻ കഴിയുന്ന സൽക്കർമങ്ങൾ ഇതെല്ലാമാണ്.

ചെടികളുടെ ഇലകൾ അന്തരീക്ഷത്തിൽ നിന്ന് കാർബൺ ഡയോക്സൈഡ് വലി ച്ചെടുത്ത് ഓക്സിജനും ജലവും പുറത്തേക്കുവിടുക വഴി വായുമലിനീകരണം തടയുക യും അന്തരീക്ഷ ഊഷ്മാവിനെ നിയന്ത്രിക്കുകയും ചെയ്യുന്നു. വേരുകൾ മണ്ണിലെ മലിന ജലവും വളങ്ങളും വലിച്ചെടുക്കുന്നതിലൂടെ പരിസ്ഥിതി ശുദ്ധീകരണം നടത്തുന്നു. വേ രുകൾ മണ്ണൊലിപ്പ് തടയാനും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താനും സഹായിക്കുന്നു. ഇലകളിലൂടെ ബാഷ്പീകരിക്കപ്പെടുന്ന ജലകണികകൾ അന്തരീക്ഷത്തെയും മേഘങ്ങ ളെയും തണുപ്പിച്ച് മഴ വർഷിപ്പിക്കാൻ കാരണമാവുകയും ചെയ്യുന്നു. അതുകൊണ്ടാണ് വനപ്രദേശങ്ങളിൽ മറ്റ് പ്രദേശങ്ങളിലുള്ളതിനേക്കാൾ കൂടുതൽ മഴ ലഭിക്കുന്നത്. കരയി ലും ജലത്തിലും ജീവിക്കുന്ന എല്ലാ ജീവികൾക്കും ജീവവായുവായ ഓക്സിജൻ ലഭിക്കേ ണ്ടത് അവയുടെ ആരോഗ്യകരമായ നിലനിൽപ്പിന് അനിവാര്യമാണ്. അതുകൊണ്ടുത ന്നെയാണ് *'നാളെ അന്ത്യദിനമാണെന്ന് അറിഞ്ഞാലും ഇന്ന് നീ മരം നടുക'* എന്ന് ത്രി കാലജ്ഞാനിയായ നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത്. അവസാന കാലഘ ട്ടത്തിൽ നിങ്ങൾ കൃഷിയിലേക്ക് മടങ്ങണമെന്നും പ്രവാചകനിലൂടെ പഠിപ്പിച്ചതും ഇതോ ടൊപ്പം ചേർത്ത് വായിക്കുക. ഇക്കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് നാം ധാരാളം മ രങ്ങൾ, പ്രത്യേകിച്ച് ഫലവൃക്ഷങ്ങൾ നട്ടുവളർത്തേണ്ടതും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കേണ്ടതും സഹായിക്കേണ്ടതുമാണ്.

ആരാണോ ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് തന്റെ ആത്മാവിനെ ശുദ്ധീകരിച്ചത്, അത്തരക്കാർ മാത്രമേ പരിശുദ്ധമായ ഭക്ഷണവിഭവങ്ങൾ ഉപയോഗിക്കുകയുള്ളൂ. ഇന്ന് വിപണിയിലെവിടെയും പരിശുദ്ധമായ ഭക്ഷണസാധന ങ്ങൾ ലഭ്യമല്ലാത്തതിനാൽ ജൈവകൃഷി നടത്തുകയും മറ്റുള്ളവരെ അതിനുവേണ്ടി പ്രേ രിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തന്നെ എല്ലാ ജീവി കൾക്കും ദോഷകരമായ രാസവളങ്ങളും കീടനാശിനികളും ഉപയോഗപ്പെടുത്തിക്കൊണ്ടു ള്ള നിലവിലുള്ള കൃഷിസമ്പ്രദായത്തെ നിരുത്സാഹപ്പെടുത്തുകയും വേണം. ഓർമിക്കു ക! ബുദ്ധിശക്തി നൽകപ്പെടാത്ത ജീവികൾ അവയുടെ ആത്മാവുകൊണ്ട് നാഥനെ സദാ വാഴ്ത്തുകയും കീർത്തനം ചെയ്യുകയും ചെയ്യുന്നുണ്ട് എന്നിരിക്കെ, ബുദ്ധിശക്തി നൽക പ്പെട്ട മനുഷ്യരുടെ ബാധ്യതയാണ് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനു ള്ള ത്രാസും *അമാനത്തു*മായ അദ്ദിക്ർ ഉപയോഗപ്പെടുത്തി കാലാവസ്ഥയും ആവാസവ്യ വസ്ഥയും അതിന്റെ സന്തുലനത്തിൽ നിലനിർത്തൽ. അത്യുൽപാദന ശേഷിയുള്ള ജനി

തകവിത്തുകൾ ഉപയോഗിച്ചിട്ടുള്ള കൃഷിയുടെ പ്രത്യാഘാതങ്ങൾ കൃഷിക്കാരെയും പൊതുജനങ്ങളെയും അറിയിക്കേണ്ടതും നമ്മുടെ ബാധ്യതയാണ്. അത്തരം കൃഷി ക്യാൻസർ, അന്ധത തുടങ്ങി പല തരത്തിലുള്ള മാരകമായ രോഗങ്ങൾക്കും ജനിതകവൈകല്യങ്ങൾക്കും കാരണമാകുന്നതാണ്. മരങ്ങൾ മുറിച്ചുകളയുന്നതിനെയും, ഭൂമിയെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ആണികളും നങ്കൂരങ്ങളുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പർവ്വതങ്ങൾ നിരപ്പാക്കുന്നതിനെയും അതോടൊപ്പം കൃത്രിമ ആണികളായ വലിയ കെട്ടിടങ്ങളും നിർമിതികളും പ്രത്യേകിച്ച് വയലുകളിലും കടലുകളിലും കെട്ടിപ്പൊക്കുന്നതിനെയും നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. പ്രകൃതിവിഭവങ്ങളായ പെട്രോളിയം, കൽക്കരി, ധാതുക്കൾ, ലോഹങ്ങൾ തുടങ്ങിയവയുടെ ആനുപാതിക അളവിലുള്ള സാന്നിധ്യമാണ് ഭൂമിയുടെ കാന്തികശക്തി നിലനിർത്തുന്നത് എന്നത് ഒരു വസ്തുതയാണ്. ഇത്തരം ധാതുക്കളുടെ അനിയന്ത്രിതമായ ഖനനം ഭൂമിയുടെ കാന്തികശക്തിയിൽ മാറ്റം വരാനും ധ്രുവങ്ങൾ പരസ്പരം മാറാനും അതുവഴി ഭൂമി തിരിച്ചുകറങ്ങാനും കാരണമാകുന്നു. ജനങ്ങളുടെ കൈകൾ സമ്പാദിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ചിലതിന്റെ ഫലം അവരെ രുചിപ്പിക്കുന്നതിനുവേണ്ടി, അവർ യഥാർത്ഥ ജീവിതലക്ഷ്യത്തിലേക്ക് മടങ്ങുന്നതിനുവേണ്ടിയും എന്ന് 30: 41 ൽ പറഞ്ഞതിനെ അവഗണിച്ചുകൊണ്ട് ഇന്ന് ഇത്തരം ധാതുക്കളാൽ അനുഗ്രഹീതമായ നാടുകൾ സാമ്പത്തികനേട്ടം മാത്രം ലക്ഷ്യം വെച്ചുകൊണ്ട് അതിന്റെ പ്രത്യാഘാതങ്ങൾ പരിഗണിക്കാതെ അനിയന്ത്രിതമായ ഖനനം തുടരുകയാണ്. വ്യവസായങ്ങളിലും വാഹനങ്ങളിലും മറ്റും പെട്രോളിയം ഉൽപന്നങ്ങൾ കത്തിക്കുക വഴി ദിനം പ്രതി ധാരാളം കാർബൺ ഡയോക്സൈഡും അതുപോലെയുള്ള ഹരിതഗൃഹവാതകങ്ങളും ഉൽപാദിപ്പിക്കപ്പെടുകയും അതുവഴി ഭൗമാന്തരീക്ഷത്തിലെ ചൂട് വർദ്ധിക്കാൻ കാരണമാവുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളെല്ലാം ഉൾക്കൊണ്ട് പ്രവർത്തിക്കുക വഴി, ഓ മനുഷ്യാ! നീ ഒരു മനുഷ്യനാകാൻ ശ്രമിക്കുക, കാഫിറായ പിശാചിന്റെ പ്രതിനിധിയാകാതിരിക്കുക. ഗ്രന്ഥം വന്നുകിട്ടിയതിനുശേഷം ജീവിതലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരായും ഇവിടെ ജീവിച്ചവരാണ് നരകക്കുണ്ഠത്തിന്റെ ഏഴ് കവാടങ്ങളിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവർ എന്ന് ഓർമിക്കുക! 2: 18, 166–169; 7: 205–206; 27: 42 വിശദീകരണം നോക്കുക.

63. നിങ്ങൾക്ക് മീതെ ത്വൂർ പർവ്വതത്തെ നാം ഉയർത്തിക്കൊണ്ട് നിങ്ങളോട് പ്രതിജ്ഞ വാങ്ങിയ സന്ദർഭവും, നാം നിങ്ങൾക്ക് നൽകിയതിനെ നിങ്ങൾ മുറുകെപ്പിടിച്ചുകൊള്ളുക, അതിലുള്ളതെല്ലാം നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുക – നിങ്ങൾ സൂക്ഷ്മാലുക്കളാവുക തന്നെ വേണം എന്നതിനുവേണ്ടി.

അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളാനാണ് നാഥൻ മൂസായുടെ അഭിസംബോധകരായ ഇസ്റാഈൽ സന്തതികളോട് കൽപിച്ചിരുന്നത്. എന്നാൽ കാലക്രമേണ നേരെ ച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് വ്യതിചലിച്ച് പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതർ അവരുടെ ഗ്രന്ഥം 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയാണ് വഹിച്ചിരുന്നത്.

ഇന്ന് നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവർ നാഥനെ മുറുകെപ്പിടിച്ച് നേരെ ച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174–175; 5: 48 സൂക്തങ്ങളിൽ

പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരും 2: 79 ൽ പറഞ്ഞ പ്രകാരം സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഫുജ്ജാർ കിതാബുകൾ പിൻപറ്റുന്നവരുമാണ്. അതിനാലാണ് 25: 33-34 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരായി മാറിയത്. 2: 2-5, 12, 55-56 വിശദീകരണം നോക്കുക.

64. പിന്നെ അതിനുശേഷവും നിങ്ങൾ പിന്തിരിഞ്ഞു, അപ്പോൾ അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യവും നിങ്ങളുടെമേൽ ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപെടുക തന്നെ ചെയ്യുമായിരുന്നു.

ഈ സൂക്തത്തിലും 4: 83, 113; 10: 58; 24: 10, 14, 20, 21; 62: 4 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും അദ്ദിക്ർ തന്നെയാണ്. 10: 57 ൽ, ഓ മനുഷ്യരേ! നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ഉപദേശം വന്നുകഴിഞ്ഞു, അത് നിങ്ങളുടെ നെഞ്ചുകളിലുള്ളതിന് ശമനവും വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 40, 121 വിശദീകരണം നോക്കുക.

65. നിശ്ചയം നിങ്ങളിൽ നിന്ന് ശനിയാഴ്ച നാളിൽ അതിക്രമം കാണിച്ചവരെക്കുറിച്ച് നിങ്ങൾക്ക് അറിയുകയും ചെയ്യുമല്ലോ, അപ്പോൾ നാം അവരോട് പറഞ്ഞു: നിങ്ങൾ നിന്ദ്യന്മാരായ കുരങ്ങന്മാരായിത്തീരുക!

66. അങ്ങനെ ആ സംഭവത്തെ നാം അവരുടെ മുമ്പിലും പിന്നിലുമുള്ളവർക്ക് ഒരു ഗുണപാഠവും സൂക്ഷ്മതയുള്ളവർക്ക് ഒരു സദുപദേശവും ആക്കുകയുണ്ടായി.

16: 124 ൽ പറഞ്ഞ പ്രകാരം ജൂതന്മാരായിത്തീർന്നവർ അല്ലാഹുവിന്റെ ദീനിൽ ആഴ്ചയിലുള്ള പെരുന്നാളായി നിശ്ചയിച്ചിരുന്ന വെള്ളിയാഴ്ചയെ മാറ്റിമറിച്ച് ശനിയാഴ്ചയാക്കി ആചരിച്ചുപോന്നിരുന്നു. അവരിൽ പെട്ട *ഐല* എന്ന കടലോരത്ത് താമസിച്ചിരുന്ന ഒരു വിഭാഗം മത്സ്യബന്ധനം നടത്തി ജീവിക്കുന്നവരായിരുന്നു. ശനിയാഴ്ചനാളിൽ മത്സ്യ ബന്ധനമടക്കം ഒരു തൊഴിലും ചെയ്യരുതെന്ന അലിഖിത നിയമം അവർ ആചരിച്ചുപോന്നു. ശനിയാഴ്ച ദിവസം മറ്റുള്ള നാളുകളിലില്ലാത്ത വിധം മത്സ്യങ്ങളെ കൂട്ടംകൂട്ടമായി ഒരു ചാലിലേക്ക് വരുത്തി അല്ലാഹു അവരെ പരീക്ഷിച്ചു. അപ്പോൾ അവർ ആ മത്സ്യങ്ങളെ തിരിച്ചുപോകാൻ സാധിക്കാത്ത വിധം തടയിടുകയും അടുത്ത ദിവസം പിടിക്കുകയും ചെയ്തു. അല്ലാഹു ഉദ്ദേശ്യങ്ങളിലേക്കാണ് നോക്കുന്നത്, പ്രവർത്തനങ്ങളിലേക്കല്ല എന്ന് പഠിപ്പിച്ചതിന് വിരുദ്ധമായി ധിക്കാരപൂർവ്വം പ്രവർത്തിച്ചപ്പോൾ അവരുടെ ശരീരം കുരങ്ങന്മാരുടേതാക്കി മാറ്റുകയുണ്ടായി. ഈ സംഭവം 7: 163-166 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 4: 154 വിശദീകരണം നോക്കുക.

യഥാർത്ഥത്തിൽ അല്ലാഹുവിന്റെ നടപടിക്രമങ്ങളെ ധിക്കരിക്കുക എന്ന ഉദ്ദേശമില്ലാതെ അവരിൽ നിന്നും പാവപ്പെട്ട ഒരാൾ പട്ടിണിമൂലം തന്റെ കുടുംബത്തിന് ഭക്ഷണം നൽകാൻ വേണ്ടി, ഹൃദയം കൊണ്ട് നാഥനോട് ബന്ധപ്പെട്ട് എന്നെ നീ നിന്റെ ശിക്ഷക്ക് വിധേയമാക്കരുതേ എന്ന പ്രാർത്ഥനയോടെ ശനിയാഴ്ച നാളിൽ തന്നെ മത്സ്യം പിടിച്ചിരുന്നുവെങ്കിൽ പോലും അല്ലാഹു അവനെ ശിക്ഷിക്കുന്നവനാവുകയില്ല. ശിക്ഷക്ക് വിധേയരായവർ ശനിയാഴ്ച നാളിൽ മത്സ്യം പിടിച്ചിരുന്നില്ല, പകരം അവർ അടുത്ത ദിവസമാണ് മത്സ്യം പിടിച്ചതെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണ് എന്ന് മറന്നുകൊണ്ടുള്ള ഏതുതരം പ്രവർത്തനങ്ങൾ ആരുതന്നെ പ്രവർത്തിച്ചാലും അവർക്കുള്ള ശിക്ഷ ഇതുപോലെ കഠിനമായിരിക്കും എന്നുള്ളതാണ്

ഈ സൂക്തത്തിന്റെ സമാനമായ ഗുണപാഠം (*മൗഇളത്ത്*). മൊത്തം മനുഷ്യർക്കുള്ള വെളിപാടായ അദ്ദിക്ർ സൂക്ഷ്മതയുള്ളവർക്ക് ഒരു സദുപദേശമാണെന്ന് 3: 138 ലും; മൊത്തം മനുഷ്യർക്ക് അത് സദുപദേശമാണെന്ന് 10: 57 ലും പറഞ്ഞിട്ടുണ്ട്. മൊത്തം മനുഷ്യർക്ക് അദ്ദിക്ർ സദുപദേശമാണെങ്കിലും അതുകൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന സൂക്ഷ്മാലുക്കൾ മാത്രമേ അതിനെ സദുപദേശമായി സ്വീകരിക്കുകയുള്ളൂ. 16: 125 ൽ, ഹിക്മത്ത് കൊണ്ടും *മൗഇളത്തുൽ ഹസനത്തു*കൊണ്ടും നിന്റെ നാഥനിലേക്ക് നീ ജനങ്ങളെ വിളിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ *ഹിക്മത്ത്* ആശയം സ്പഷ്ടമായ ഗ്രന്ഥത്തിലെ സൂക്തങ്ങളും *മൗഇളത്തുൽ ഹസനത്ത്* അവയുടെ സമാനമായ ഉപമ ഉദാഹരണങ്ങളും സമാനമായ കൽപനകളും വിരോധങ്ങളുമാണ്.

അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം അനന്തരമെടുത്തത് 35: 32 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ ജനതയാണ്. എന്നാൽ അവരിൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പേരും ആത്മാവിനോട് അക്രമം കാണിച്ചവരും ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ അവഗണിച്ച് അറബി ഖുർആൻ വായിക്കുന്ന നരകക്കുണ്ഠത്തിലേക്കുള്ള ഫുജ്ജാറുകളായ കുഫ്ഫാറുകളുമാണ്. അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും അതിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരുമായ ഇവരെ ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 113, 174–176; 5: 60 വിശദീകരണം നോക്കുക.

67. മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭവും ഓർമ്മിക്കുക: നിശ്ചയം അല്ലാഹു നിങ്ങളോട് ഒരു പശുവിനെ അറുക്കാൻ കൽപിക്കുന്നു, അവർ ചോദിച്ചു: നീ ഞങ്ങളെ പരിഹസിക്കുകയാണോ? മൂസാ പറഞ്ഞു: ഞാൻ അവിവേകികളിൽ പെട്ടുപോകുന്നതിൽ നിന്ന് അല്ലാഹുവിനെക്കൊണ്ട് അഭയം തേടുന്നു.

68. അവർ ചോദിച്ചു: ഏതാണ് ആ പശുവെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തരാൻ ഞങ്ങൾക്കുവേണ്ടി നീ നിന്റെ നാഥനോട് ചോദിക്കുക; അവൻ പറഞ്ഞു: നിശ്ചയം അവൻ പറയുന്നു, നിശ്ചയം അത് ഏറെ പ്രായമുള്ളതോ തീരെ പ്രായമില്ലാത്തതോ അല്ലാത്ത മധ്യവയസുള്ള ഒരു പശുവാകുന്നു, അപ്പോൾ നിങ്ങൾ കൽപിക്കപ്പെടുന്നതെന്തോ അത് നിങ്ങൾ പ്രവർത്തിക്കുക!

69. അവർ പറഞ്ഞു: അതിന്റെ നിറമെന്താണെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ ഞങ്ങൾക്കുവേണ്ടി നീ നിന്റെ നാഥനോട് ആവശ്യപ്പെടുക, അവൻ പറഞ്ഞു: നിശ്ചയം അവൻ പറയുന്നു, നിശ്ചയം കാഴ്ചക്കാരെ കണ്ണഞ്ചിപ്പിക്കുന്ന ആകർഷണീയമായ മഞ്ഞ നിറത്തിലുള്ള ഒരു പശുവാണ് അത്.

70. അവർ പറഞ്ഞു: നിശ്ചയം ആ പശു ഞങ്ങളുടെ മേൽ അവ്യക്തമായിരിക്കേ അത് ഏതാണെന്ന് ഞങ്ങൾക്കുവേണ്ടി വ്യക്തമാക്കിത്തരുവാൻ നീ നിന്റെ നാഥനോട് ആവശ്യപ്പെടുക, നിശ്ചയം അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഞങ്ങൾ സന്മാർഗം ഉപയോഗപ്പെടുത്തുക തന്നെ ചെയ്യും.

71. അവൻ പറഞ്ഞു: നിശ്ചയം അവൻ പറയുന്നു, നിശ്ചയം ഭൂമി ഉഴുതുവാനോ കൃഷി നനക്കുവാനോ ഉപയോഗിക്കാത്തതും യാതൊരു ന്യൂനതകളുമില്ലാത്തതും സുരക്ഷിതവുമായ ഒരു പശുവാണത്; അവർ പറഞ്ഞു: ഇപ്പോഴാണ് നീ സത്യം കൊണ്ടുവന്നത്, അങ്ങനെ അവർ മനമില്ലാമനസ്സോടെ അതിനെ അറു

ത്തു.

ഈജിപ്തിൽ വെച്ച് പശുവാരാധനയിൽ മുഴുകിയിരുന്ന ഇസ്റാഈൽ സന്തതികളുടെ ഹൃദയങ്ങളിൽ പശുവിനോടുള്ള ഭക്തി ലയിച്ചുചേർന്നിരുന്നു. അതുകൊണ്ടാണ് ആഭരണങ്ങൾ ഉരുക്കാനിട്ട കുഴിയിൽ നിന്ന് മുക്രയിടുന്ന ഒരു പശുക്കുട്ടിയെ വാർത്തെടുക്കാൻ പിശാച് അവരെ സഹായിച്ചത്. ആ പശുവിനോടുള്ള ഭക്തി അവരിൽ നിന്ന് എന്നെന്നേക്കുമായി എടുത്തുകളയാനാണ് യാതൊരു ന്യൂനതകളുമില്ലാത്ത, കത്തിവെക്കാൻ തോന്നാത്ത സ്വർണ്ണനിറത്തിലുള്ള ഒരു പശുവിനെ അറുക്കാൻ കൽപിക്കുന്നത്. ഏത് പശുവിനെയാണ് അറുക്കാൻ കൽപിക്കുന്നതെന്ന് ആദ്യമേ ബോധ്യമുണ്ടായിരുന്ന അവർ അതിൽ നിന്ന് ഒഴിവാകാൻ വേണ്ടി പലതരം ചോദ്യങ്ങൾ ചോദിച്ചെങ്കിലും അവസാനം ഗത്യന്തരമില്ലാതെ അവർ പൂജക്ക് ഉപയോഗിച്ചിരുന്ന ലക്ഷണമൊത്ത പശുവിനെത്തന്നെ അറുക്കാൻ നിർബന്ധിതരാവുകയാണുണ്ടായത്. ഈ സംഭവത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ സൂറത്തിന് ബഖറ (പശു) എന്ന് നാമകരണം ചെയ്തിട്ടുള്ളത്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ സർവസ്വം നാഥന് സമർപ്പിച്ച മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും 16: 89 ൽ പറഞ്ഞ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താതെ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഇവർ പ്രവാചകന്റെ സമുദായത്തിൽ പെട്ട, ഇത്തരം സൂക്തങ്ങളൊന്നും വായിക്കാത്ത, കേൾക്കാത്ത ഇതര ജനവിഭാഗങ്ങളെയാണ് കാഫിറുകൾ എന്ന് മുദ്ര കുത്തുന്നത്. 2: 6–7, 23–24; 7: 40 വിശദീകരണം നോക്കുക.

72. നിങ്ങൾ ഒരാളെ കൊന്നതും എന്നിട്ട് അതിന്റെ കാര്യത്തിൽ അന്യോന്യം ആരോപിച്ച സന്ദർഭവും; അല്ലാഹുവോ, നിങ്ങൾ ഒളിപ്പിച്ചുവെച്ചുകൊണ്ടിരുന്നതിനെ പുറത്തുകൊണ്ടുവരുന്നവനുമാകുന്നു.

73. അപ്പോൾ നാം പറഞ്ഞു: അതിന്റെ ഒരു ഭാഗം കൊണ്ട് അവനെ നിങ്ങൾ അടിക്കുക, അപ്രകാരം അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുന്നു, അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചുതരികയും ചെയ്യുന്നു, നിങ്ങൾ ചിന്തിക്കുന്നവർ തന്നെയായിരിക്കണം എന്നതിനുവേണ്ടി.

ഒരു കൊലനടന്നാൽ ചുറ്റുഭാഗത്തുമുള്ള ഗോത്രത്തലവന്മാർ തങ്ങളുടെ ആരാധനാമൂർത്തിയായ പശുവിന്റെമേൽ കൈകഴുകി ഞങ്ങൾക്ക് ഈ കൊലയിൽ യാതൊരു പങ്കുമില്ലെന്ന് ആണയിടുന്ന ഒരു സമ്പ്രദായം അക്കാലത്ത് നിലവിലുണ്ടായിരുന്നു. പശുവിനെ അറുക്കാൻ കൽപിച്ച അവസരത്തിൽ അവിടെ കൊലയാളിയെ തിരിച്ചറിയാത്ത ഒരു പുരുഷന്റെ ശവശരീരവുമുണ്ടായിരുന്നു. അറുക്കപ്പെട്ട ആ പശുവിന്റെ ചില ഭാഗങ്ങൾ കൊണ്ട് അല്ലാഹു ആ ശവശരീരത്തിൻമേൽ അടിക്കാൻ പറഞ്ഞു. അതിലൂടെ അല്ലാഹു മരിച്ചയാളെ ജീവിപ്പിക്കുകയും ഘാതകനാരാണെന്ന് അവനെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിലൂടെ ജനങ്ങൾ ഒളിപ്പിച്ചുവെക്കുന്നതെന്തും പുറത്തുകൊണ്ടുവരാൻ കഴിവുള്ളവനാണ് അല്ലാഹു എന്ന് തെളിയിക്കുകയാണുണ്ടായത്. അറുത്ത പശുവിന്റെ ശരീരം കൊണ്ട് അടിക്കാൻ പറഞ്ഞതുവഴി ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റിഒമ്പത് ആളുകളും പശു തന്നെയാണ് ദൈവം (ഇലാഹ്), പശുവിനെ അറുത്തിട്ടും അതിന് മരിച്ചവനെ ജീവിപ്പിക്കാൻ കഴിഞ്ഞല്ലോ എന്നാണ് വിശ്വസിച്ചത്. ഇത്തരം സംഭ

വങ്ങളിലൂടെ വിശ്വാസികളെയും കാഫിറുകളെയും അല്ലാഹു വേർതിരിക്കുന്നു.

മനുഷ്യന് ബുദ്ധിശക്തി നൽകിയത് എല്ലാ കാര്യങ്ങളും അത് ഉപയോഗിച്ച് ചിന്തിച്ച് പ്രവർത്തിക്കാനാണ്. അന്ന് മദീനയിലുള്ള ജൂതരെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നവരാകുന്നതിനുവേണ്ടി എന്നുപറഞ്ഞതിലെ 'നിങ്ങൾ' ഇന്ന് ബാധകമാവുന്നത് ഗ്രന്ഥത്തിന്റെ വാഹകരായ പ്രവാചകന്റെ ജനതക്കാണ്. 2: 73; 6: 151; 12: 2; 24: 61; 40: 67; 43: 3; 57: 17 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് 'നിങ്ങൾ ചിന്തിക്കുന്നവർ തന്നെയായിരിക്കണം എന്നതിനുവേണ്ടി' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 44, 165–167; 6: 55 വിശദീകരണം നോക്കുക.

74. പിന്നെ അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങൾ കല്ലിച്ചുപോയി –അങ്ങനെ അത് കല്ലിനെപ്പോലെ, അല്ല, അതിനെക്കാൾ കടുത്തുപോയി, നിശ്ചയം കല്ലുകളിൽ ചിലതിൽ നിന്ന് നദികൾ പൊട്ടിയൊഴുകാറുണ്ട്, മറ്റു ചിലത് പിളർക്കപ്പെടുമ്പോൾ അതിൽ നിന്ന് വെള്ളം പുറപ്പെടാറുണ്ട്, മറ്റു ചിലത് അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് താഴ്ന്നുപോകുന്നു, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അശ്രദ്ധനല്ല തന്നെ.

പ്രവാചകൻ മൂസാ മുഖേന അല്ലാഹു പ്രകടിപ്പിച്ച എല്ലാ ദൃഷ്ടാന്തങ്ങൾക്കും ഇസ്റാഈൽ സന്തതികൾ സാക്ഷികളായിരുന്നു. എന്നാൽ അവർ അത് മറന്നുകൊണ്ട് ധിക്കാരങ്ങളിലും അധർമ്മങ്ങളിലും വിഹരിക്കുകയും കനിവും കാരുണ്യവുമില്ലാത്ത കഠിനഹൃദയന്മാരായിത്തീരുകയും ചെയ്തു. മദീനയിൽ പ്രവാചകന്റെ മുമ്പിലുണ്ടായിരുന്ന ജൂതരും അവരുടെ പൂർവ്വപിതാക്കളുടെ അതേ സ്വഭാവക്കാരും അവരെ ചാണിനുചാണായി പിൻപറ്റുന്നവരുമായിരുന്നു. ഇക്കാലത്ത് അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ് ഹൃദയം കല്ലിച്ചുപോയവരിലും യാതൊരു ദയാദാക്ഷിണ്യവുമില്ലാത്തവരിലും തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരിലും നാടുകളിൽ കുഴപ്പമുണ്ടാക്കുന്നവരിലും കൂടുതലുള്ളത്. ലോകത്ത് ആര് എവിടെ രക്തം ചിന്തിയാലും നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലും അതിന്റെ പാപഭാരം വഹിക്കേണ്ടി വരിക 6: 26; 20: 99–100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ കുഫ്ഫാറുകളാണ്.

22: 53 ൽ, ഹൃദയങ്ങൾ കല്ലിച്ചുപോയ കപടവിശ്വാസികളെയും ഹൃദയങ്ങളിൽ രോഗമുള്ള സാധാരണക്കാരെയും നേരെച്ചൊവ്വെയുള്ള മാർഗത്തിൽ നിന്ന് വിദൂരമാക്കപ്പെട്ട അക്രമികൾ എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ 39: 22 ൽ, അദ്ദിക്റിനോട് ഹൃദയങ്ങൾ കഠിനമായവർക്ക് നരകത്തിലെ വൈൽ എന്ന ചെരുവാണുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് നിങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെട്ട് അല്ലാഹുവിന്റെ സ്മരണയിൽ മുഴുകാൻ നിങ്ങൾക്ക് ഇനിയും സമയമായില്ലേ, മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ –അവരിൽ കാലം കുറേ കഴിഞ്ഞുപോവുകയും അവരുടെ ഹൃദയങ്ങൾ കല്ലിച്ചുപോവുകയും അധികപേരും തെമ്മാടികളായിത്തീരുകയും ചെയ്തവരെപ്പോലെ– നിങ്ങൾ ആകരുത് എന്ന് 57: 16 ൽ വിശ്വാസികളെ വിളിച്ച് അല്ലാഹു പറഞ്ഞിട്ടുണ്ട്. 'അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അശ്രദ്ധനല്ല തന്നെ' എന്നതിലെ 'നിങ്ങൾ' എന്ന അഭിസംബോധനം ഇന്ന് ബാധകമാവുന്നത് ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾക്ക് മാത്രമാണ്. 1: 7; 2: 26–27; 10: 88 വിശദീകരണം നോക്കുക.

75. അപ്പോൾ അവർ നിങ്ങളിൽ വിശ്വസിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുവോ! തീർച്ചയായും അവരിൽ നിന്നുള്ള ഒരു വിഭാഗം അല്ലാഹുവിന്റെ വചനങ്ങൾ

കേൾക്കുകയും പിന്നെ അത് ബോധ്യമായതിനുശേഷം അറിഞ്ഞുകൊണ്ട് അതിനെ മാറ്റിമറിക്കുന്നവരുമായിരിക്കെ.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരുടെയും കപടവിശ്വാസികളുടെയും സ്വഭാവമാണ് ഈ സൂക്തങ്ങളിലെല്ലാം പരാമർശിക്കുന്നത്. എന്നാൽ ഇന്ന് ഈ സ്വഭാവമുള്ളത് ലോകത്തെല്ലായിടത്തുമുള്ള കപടവിശ്വാസികൾക്കാണ്. 2: 18 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ അവർ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിലേക്കോ സ്വർഗത്തിലേക്കോ തിരിച്ച് വരികയില്ല. 2: 6–7; 3: 78; 10: 33 വിശദീകരണം നോക്കുക.

76. വിശ്വാസികളായവരെ കണ്ടുമുട്ടിയാൽ അവർ പറയും: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്, അവർ പരസ്പരം തനിച്ചായാൽ അവർ ചോദിക്കും: അല്ലാഹു നിങ്ങളുടെ മേൽ വെളിവാക്കിയത് നിങ്ങൾ അവരോട് പറഞ്ഞുവോ? -നാളെ അതുമുഖേന നിങ്ങളുടെ നാഥന്റെ അടുക്കൽ നിങ്ങളോട് അവർ തർക്കിക്കാൻ ഇടവരത്തക്ക വിധം, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?

77. നിശ്ചയം അവർ രഹസ്യമാക്കുന്ന ഒന്നും പരസ്യമാക്കുന്ന ഒന്നും അല്ലാഹു അറിയുന്നവനാണെന്ന് അവർ അറിയുന്നില്ലെന്നോ?

മദീനയിലെ ജൂതർ വിശ്വാസികളുമായി ഒത്തുചേരുമ്പോൾ അദ്ദിക്ർ സത്യമാണ്, അത് തൗറാത്തിലുള്ളതിനെ സത്യപ്പെടുത്തുന്നതുമാണ് എന്ന് സമ്മതിച്ചിരുന്നു. എന്നാൽ അവിടെ നിന്ന് പോയാൽ: നിങ്ങളുടെ ഗ്രന്ഥത്തിൽ (*തൗറാത്തിൽ*) അദ്ദിക്റിനെക്കുറിച്ചും മുഹമ്മദിനെക്കുറിച്ചും പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ചിന്തയില്ലാതെ വിശ്വാസികളോടെങ്ങാനും പറഞ്ഞ് വിധിദിവസം നിങ്ങളുടെ നാഥന്റെയടുക്കൽ നിങ്ങൾ അറിയിച്ച സത്യവും കൊണ്ട് വാദിക്കാൻ അവർക്ക് അവസരം നൽകിയോ എന്ന് ചോദിച്ചിരുന്നു. 2: 14–15 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളുടെ സ്വഭാവവും ഇതുതന്നെയാണ്. എല്ലാ ഓരോ മനുഷ്യനും അവന്റെ പിരടിയിൽ കർമ്മരേഖ വഹിക്കുന്നുണ്ടെന്ന് 17: 13–14; 18: 49; 23: 62–63; 36: 12; 45: 28–31; 58: 6; 78: 29 എന്നീ സൂക്തങ്ങളിലും; തങ്ങളുടെ തൊലി, കേൾവി, കാഴ്ച, നാവ്, കൈകാലുകൾ എന്നിവയെല്ലാം അവയുടെ പ്രവർത്തനങ്ങൾ വിധിദിവസം പ്രതിഫലിപ്പിക്കുമെന്ന് 24: 24; 36: 65; 41: 19–24 തുടങ്ങിയ സൂക്തങ്ങളിലും; ഭൂമി അതിന്റെ റിക്കാർഡുകൾ സമർപ്പിക്കുമെന്ന് 99: 4–5 സൂക്തങ്ങളിലും; മഹാത്മാക്കളും സാക്ഷികളും പ്രവാചകൻ തന്നെയും അവർക്കെതിരായി സാക്ഷി നിൽക്കുമെന്ന് 25: 18, 30; 39: 69 തുടങ്ങിയ സൂക്തങ്ങളിലും വായിക്കുന്ന, ഫുജ്ജാറുകളായ കാഫിറുകൾ തന്നെയാണ് നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും നരകക്കുണ്ഠം പിഴയായി സമ്പാദിക്കുന്നത്. അവർ ഈ ബോധമൊന്നുമില്ലാതെ ജീവിക്കുന്നവരായതിനാൽ അവർക്കെതിരായി അവർ കണ്ട-കേട്ട-വായിച്ച സൂക്തങ്ങൾ സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്തുകൊണ്ട് 25: 34 ൽ പറഞ്ഞ പ്രകാരം അവരെ ബധിരരും അന്ധരും മൂകരുമായി മുഖം കുത്തിയ നിലയിൽ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 6: 59; 9: 51; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 'ത്രികാലജ്ഞാനിയായ അല്ലാഹു അവരിലും ആകാശഭൂമികളിലും സംഭവിക്കുന്നതെല്ലാം നേരത്തെ തന്നെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി വെച്ചിട്ടുള്ളതാണ്' എന്ന യഥാർത്ഥ വിവരമില്ലാത്ത ഇക്കൂട്ടരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും ദുഷ്ടർ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 255; 3: 79; 38: 28–29; 48: 29 വിശദീകരണം നോക്കുക.

78. അവരിൽ വേദം അറിയാത്ത ചില നിരക്ഷരരുമുണ്ട്; നിഗമനങ്ങളല്ലാതെ അവർ വെച്ചുപുലർത്തുന്നില്ല, ഊഹത്തെയല്ലാതെ അവർ പിൻപറ്റുന്നുമില്ല.

ഇന്ന് ഗ്രന്ഥം അദ്ദിക്ർ മാത്രമായതിനാൽ അദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാത്ത അ റബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ സാധാരണക്കാരെക്കുറിച്ചാണ് ഈ സൂ ക്തം പരാമർശിക്കുന്നത്. ഭൂരിപക്ഷത്തിന്റെയും കാക്കകാരണവന്മാരുടെയും മാർഗം അ ടിതെറ്റാതെ പിൻപറ്റുന്ന അവരോട് അദ്ദിക്റിനെക്കുറിച്ച് വിശ്വാസി ഉണർത്തിയാൽ നിഗ മനങ്ങളുടെയും ഊഹങ്ങളുടെയും അടിസ്ഥാനത്തിൽ അതിനെ പാടെ തള്ളിക്കളയുക യാണ് അവർ ചെയ്യുക. വിശ്വാസികളേ! നിങ്ങൾ ഊഹങ്ങളിൽ അധികവും വർജ്ജിക്കു ക, നിശ്ചയം ഊഹങ്ങളിൽ ചിലത് കുറ്റകരമാണ് എന്ന് 49: 12 ലും; ഭൂമിയിൽ അധികപേ രെയും നീ അനുസരിക്കുകയാണെങ്കിൽ അവർ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് നി ന്നെ വ്യതിചലിപ്പിച്ചുകളയും, അവരിൽ അധികപേരും ഊഹത്തെയല്ലാതെ പിൻപറ്റുന്നി ല്ല, അവർ നിഗമനങ്ങളല്ലാതെ വെച്ചുപുലർത്തുന്നുമില്ല എന്ന് 6: 116 ലും പറഞ്ഞിട്ടുണ്ട്.

യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ ഇല്ലാത്തതിനാൽ അന്ത്യപ്രവാചകനെ പിൻപറ്റാ തെ കള്ളവാദികളെ പിൻപറ്റുന്ന ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ ഊഹത്തെയല്ലാതെ പിൻപറ്റാത്തവരും നിഗമനങ്ങളല്ലാതെ വെച്ച് പുലർത്താത്തവരുമാ ണ്. 10: 36 ൽ, അവരിൽ അധികപേരും ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല, നിശ്ചയം ഊ ഹം സത്യത്തിന്റെ സ്ഥാനത്ത് ഒട്ടും പര്യാപ്തമാവുകയില്ല എന്നും; 10: 60 ൽ, അല്ലാഹുവി ന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവർ വിധിദിവസത്തെക്കുറിച്ച് എന്താണ് കരുതുന്ന ത്? നിശ്ചയം അല്ലാഹു ജനങ്ങളോട് ഏറെ ഔദാര്യമുള്ളവനാണ്, പക്ഷേ അവരിൽ അ ധികപേരും നന്ദി പ്രകടിപ്പിക്കുന്നവരല്ല എന്നും; 10: 66 ൽ, അറിഞ്ഞിരിക്കുക, നിശ്ചയം ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിനുള്ളതാണ്, അല്ലാഹുവിനെക്കൂടാതെ പങ്കാ ളികളെ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല, നിശ്ചയം അവർ ഊഹിച്ച് കള്ളം പറയുന്നവർ തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. ഏതൊരു വിഷയത്തി ലും ഉറപ്പുനൽകുന്ന സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് തിന്മകൾ പ്രവർത്തി ക്കുകയും ഊഹത്തിന്റെ അടിസ്ഥാനത്തിൽ കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ വിചാരണനാളിലെ അവസ്ഥ 41: 19-24 സൂക്തങ്ങളിൽ ഇങ്ങനെ കാ ണാം: വിധിദിവസം അവരവരുടെ തൊലികളോട് അവർ ചോദിക്കും: നിങ്ങൾ എന്തിനാ ണ് നമുക്കെതിരായി സാക്ഷ്യം വഹിക്കുന്നത്? തൊലികൾ പറയും: എല്ലാ വസ്തുക്കളെ യും പ്രതിഫലിപ്പിച്ച അല്ലാഹു ഞങ്ങളെ പ്രതിഫലിപ്പിച്ചതാണ്. ആദ്യതവണ (തൊലിക ളില്ലാത്ത അവസ്ഥയിൽ) നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ, അവനിലേക്കുതന്നെ നി ങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു. നിങ്ങളുടെ കേൾവികളും കാഴ്ചകളും തൊലികളും നിങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന് കരുതി ഐഹികലോകത്ത് നിങ്ങൾ തെറ്റു കുറ്റങ്ങളിൽ നിന്നും മാറിനിൽക്കാറുണ്ടായിരുന്നില്ലല്ലോ, എന്നാൽ നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിൽ അധികവും അറിയുന്നില്ല എന്നായിരുന്നു നിങ്ങൾ ധരി ച്ചിരുന്നത്, അതത്രെ നിങ്ങളുടെ ഉടമയെപ്പറ്റി നിങ്ങൾ ധരിച്ചുവെച്ച ധാരണ (ഊഹം), അ ങ്ങനെ നിങ്ങൾ നിങ്ങളുടെ ആയുസ്സ് കഴിച്ചുകൂട്ടുകയും നഷ്ടക്കാരിൽ പെട്ടവരായിത്തീരു കയും ചെയ്തു.

അല്ലാഹുവിനെക്കൂടാതെ അവന്റെ പങ്കാളികളെന്ന് കരുതി മറ്റുള്ളവരെ വിളിച്ചുപ്രാർ ത്ഥിക്കുന്നവരുടെ പക്കൽ യാതൊരു തെളിവുമില്ലെന്നും അവർ ഊഹത്തെയല്ലാതെ പിൻ പറ്റുന്നില്ലെന്നും അവർ ദേഹേച്ഛയാണ് പിൻപറ്റുന്നതെന്നും 53: 23 ലും; പ്രവാചകനെക്കു

റിച്ചും വിശ്വാസികളെക്കുറിച്ചും ദുഷിച്ച ചിന്ത വെച്ചുപുലർത്തുന്നവർ ഊഹത്തെ പിൻപറ്റുന്ന കെട്ടജനതയാണെന്ന് 48: 12 ലും പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളിലും അവക്കിടയിലുള്ളതുമെല്ലാം വ്യർഥാ സൃഷ്ടിച്ചതാണെന്ന ഊഹം വെച്ചുപുലർത്തുന്ന കാഫിറുകൾക്ക് നരകക്കുണ്ഠത്തിൽ നിന്നുള്ള വൈൽ ആണുള്ളതെന്ന് 38: 27 ലും; സൃഷ്ടിപ്പ് ആരംഭിക്കുകയും പിന്നെ അത് ആവർത്തിക്കുകയും ആകാശഭൂമികളിൽ നിന്നും നിങ്ങളെ ഭക്ഷിപ്പിക്കുകയും ചെയ്യുന്ന അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹുണ്ടെങ്കിൽ നിങ്ങൾ അതിനുള്ള തെളിവ് കൊണ്ടുവരിക എന്ന് 27: 64 ലും പറഞ്ഞിട്ടുണ്ട്. 11: 118–119 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അദ്ദിക്ർ കൊണ്ട് അവനവന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണ്. 2: 39; 3: 7–10, 154; 6: 148 വിശദീകരണം നോക്കുക.

79. അപ്പോൾ തങ്ങളുടെ കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കിക്കൊണ്ടിരുന്നവരും പിന്നെ അതിന് കുറഞ്ഞ വില വാങ്ങുന്നതിനുവേണ്ടി ഇത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് പറഞ്ഞുകൊണ്ടിരുന്നവരുമായവർക്കാണ് നാശം, അപ്പോൾ അവരുടെ കൈകൾ എഴുതിയതിനും അവർക്ക് നാശം, അതുമുഖേന അവർ സമ്പാദിച്ചുകൊണ്ടിരുന്നതിനും അവർക്ക് നാശം!

ഇന്ന് മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം 25: 33; 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവും മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്ർ മാത്രമാണ്. എല്ലാ പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ടത് അദ്ദിക്ർ തന്നെയാണെന്ന് 2: 185; 16: 43; 21: 24 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായും വിശ്വാസിയാകാനുള്ള സ്രഷ്ടാവിൽ നിന്നുള്ള സമ്മതപത്രമായും സ്വർഗത്തിലേക്കുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായും ഉപയോഗപ്പെടുത്താനാണ് അത് അവതരിപ്പിച്ചിട്ടുള്ളത്. കൂടാതെ മനുഷ്യൻ ആരാണെന്നും അവൻ കുറഞ്ഞ കാലത്തെ ജീവിതത്തിനുവേണ്ടി ഭൂമിയിൽ നിയോഗിക്കപ്പെട്ടതിന്റെ ലക്ഷ്യം എന്താണെന്നും ഗ്രന്ഥം കൊണ്ട് തിരിച്ചറിഞ്ഞ് മനുഷ്യരുടെ ഐക്യവും സമാധാനവും സ്ഥാപിതമാകാൻ ലക്ഷ്യം വെച്ചുകൊണ്ട് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ഏതൊരാൾക്കും എത്തിച്ച് കൊടുക്കേണ്ടതാണ്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള ജനങ്ങൾക്ക് അല്ലാഹു തൃപ്തിപ്പെട്ട അവന്റെ ഏകസംഘത്തെ പരിചയപ്പെടുത്തുന്നതിന് പകരം വിവിധ സംഘടനകളായി പിരിഞ്ഞ് ഓരോ സംഘടനയുടെയും പക്കലുള്ളതിൽ ആഹ്ലാദിച്ചുകൊണ്ടിരിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ കപടവിശ്വാസികൾ ദേഹേച്ഛയനുസരിച്ചും സംഘടനാതാൽപര്യം മുൻനിർത്തിയും ഗ്രന്ഥത്തിലെ സൂക്തങ്ങളെ വളച്ചൊടിച്ച് ജനങ്ങളെ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് വ്യതിചലിപ്പിക്കുന്നവരാണ്. ഗ്രന്ഥത്തിന്റെ ജീവനാകുന്ന അർത്ഥവും അവരവരുടെ സംഘടനകളെയും ഭൂരിപക്ഷത്തെയും ന്യായീകരിക്കുന്ന വിധത്തിലുള്ള വിശദീകരണങ്ങളും മാത്രം ഉൾക്കൊള്ളുന്ന ഖുർആൻ വിശദീകരണ ഗ്രന്ഥങ്ങൾ ഇറക്കുന്നവരുമാണ് അവർ. വിശ്വാസം രൂപപ്പെടുത്താതെ കർമ്മങ്ങൾ ചെയ്യാൻ പഠിപ്പിക്കുന്ന കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ രചിക്കുന്നവരും പഠിപ്പിക്കുന്നവരും, 36: 69–70 സൂക്തങ്ങളുടെ കൽപന ധിക്കരിച്ചുകൊണ്ട് ജീവനുള്ളവർക്ക് മുന്നറിയിപ്പ് നൽ

കാൻ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തെ പ്രസ്തുത ലക്ഷ്യത്തിന് ഉപയോഗപ്പെടുത്താതെ മ രിച്ചവരുടെമേൽ പാരായണം ചെയ്ത് അതിന് കൂലി വാങ്ങിത്തിന്നുന്നവരും, മാരണം, മ ന്ത്രം, ശകുനം തുടങ്ങിയ പൈശാചിക പ്രവൃത്തികൾ സ്ഥാപിക്കാൻ വേണ്ടി സൂക്തങ്ങൾ അസ്ഥാനത്ത് ഉദ്ധരിക്കുന്നവരും, ജനങ്ങൾക്കിടയിൽ ഛിദ്രതയും വർഗീയതയും ദേശീയ തയും സ്വാർത്ഥതയും സംഘടനാപക്ഷപാതിത്വവും ലിംഗപക്ഷപാതിത്വവും സ്വജനപ ക്ഷപാതിത്വവും വളർത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ടി ഗ്രന്ഥത്തിലെ സൂക്ത ങ്ങൾ തെറ്റായും ഭാഗികമായും വളച്ചൊടിച്ചും സംസാരിക്കുകയും എഴുതുകയും ചെയ്യു ന്നവരുമെല്ലാമാണ് സ്വന്തം കൈകളാൽ ഗ്രന്ഥം എഴുതിയുണ്ടാക്കുന്നവരും അതിന് കുറ ഞ്ഞവില വാങ്ങുന്നവരും. അല്ലാഹുവിനെയും ജീവിതലക്ഷ്യത്തെയും പരിചയപ്പെടുത്തു ന്നതിന് വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥത്തെ പ്രസ്തുത ഉദ്ദേശ്യത്തിന് വിരുദ്ധമായും പരലോകത്തിന് പ്രാധാന്യം കൊടുക്കാതെയും ഐഹികജീവിതത്തിന് പ്രാധാന്യം കൊ ടുത്തുകൊണ്ടുള്ള ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള രചനകളും ഗ്രന്ഥ ങ്ങളും എഴുതിയുണ്ടാക്കുന്ന ഫുജ്ജാറുകളെല്ലാം ഗ്രന്ഥം കൊണ്ട് കുറഞ്ഞവില വാങ്ങി ക്കൊണ്ടിരിക്കുന്നവർ തന്നെയാണ്. അതുവഴി അവർ 2: 174-175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വയറുകളിൽ തീയാണ് നിറ ച്ചുകൊണ്ടിരിക്കുന്നത്. ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരെ അന്ധ മായി പിൻപറ്റുന്ന പ്രജ്ഞാശൂന്യരായ അനുയായികളും സ്വർഗം സമ്പാദിക്കുന്നതിന് പ കരം നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. ചിന്താശക്തി നൽകപ്പെട്ടിട്ടും അത് ഉപയോഗപ്പെടുത്താത്ത ഇക്കൂട്ടരെ നാഥന്റെ അടുക്കൽ ജീവജാലങ്ങളിൽ വെച്ച് ഏ റ്റവും ദുഷ്ടജീവികൾ എന്നാണ് 8: 22; 98: 6 സൂക്തങ്ങളിൽ വിശേഷിപ്പിച്ചിട്ടുള്ളത്. 3: 187 ൽ, വേദം നൽകപ്പെട്ടവരോട് അല്ലാഹു വാങ്ങിയ പ്രതിജ്ഞകൾ ഓർക്കേണ്ടതുമാണ്, നി ങ്ങൾ അതിനെ മനുഷ്യർക്ക് വെളിവാക്കുക തന്നെ വേണം, നിങ്ങൾ അതിനെ മൂടിവെ ക്കുകയുമരുത്; എന്നാൽ അവർ അതിനെ അവരുടെ പുറകോട്ട് വലിച്ചെറിയുകയും അതു കൊണ്ട് കുറഞ്ഞ വില വാങ്ങുകയും ചെയ്തു, അപ്പോൾ എത്ര മോശമായ വിലയാണ് അവർ വാങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. 2: 63; 4: 150-151; 33: 72-73; 48: 6 വി ശദീകരണം നോക്കുക.

80. അവർ പറയുകയും ചെയ്യുന്നു: എണ്ണപ്പെട്ട നാളുകളല്ലാതെ നരകം ഒരിക്കലും ഞങ്ങളെ സ്പർശിക്കുകയില്ല തന്നെ; നീ ചോദിക്കുക: നിങ്ങൾ അല്ലാഹുവി ന്റെ പക്കൽ നിന്ന് വല്ല ഉടമ്പടിയും വാങ്ങിയിട്ടുണ്ടോ, അപ്പോൾ അല്ലാഹു അ വന്റെ ഉടമ്പടി ഒരിക്കലും ലംഘിക്കുകയില്ല, അതോ നിങ്ങൾ അല്ലാഹുവിന്റെ മേൽ നിങ്ങൾക്ക് അറിയാത്തത് പറഞ്ഞുകൊണ്ടിരിക്കുകയാണോ?

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതന്മാർ അല്ലാഹുവിന്റെ ഇഷ്ടദാസ ന്മാരും സ്വർഗത്തിലേക്കുള്ളവരുമാണെന്ന് അഭിമാനം കൊണ്ടിരുന്നു. അഥവാ നരകത്തിൽ പ്രവേശിച്ചാൽ തന്നെ പശുവിനെ ആരാധിച്ച നാൽപത് നാളുകളല്ലാതെ നരകത്തിൽ കി ടക്കേണ്ടി വരികയില്ലെന്ന് ഊറ്റം കൊള്ളുകയും ചെയ്തിരുന്നു. ഈ സൂക്തത്തിൽ പറ ഞ്ഞ 'എണ്ണപ്പെട്ട നാളുകൾ' കൊണ്ട് ഉദ്ദേശിക്കുന്നത് നാൽപത് നാളുകളും; 2: 184 ൽ പ റഞ്ഞ 'എണ്ണപ്പെട്ട നാളുകൾ' കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു മാസവും; 2: 203 ൽ പറഞ്ഞ 'എണ്ണപ്പെട്ട നാളുകൾ' കൊണ്ട് ഉദ്ദേശിക്കുന്നത് രണ്ടോ അല്ലെങ്കിൽ മൂന്നോ ദിവസവുമാ ണ്. യഥാർത്ഥ ജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അറബി ഖുർആൻ വാ യിക്കുന്ന ഫുജ്ജാറുകളിൽ ഒരു വിഭാഗം എണ്ണപ്പെട്ട നാളുകൾ കൊണ്ട് ഉദ്ദേശിച്ചത് ര

ണ്ടോ മൂന്നോ ദിവസങ്ങളാണെന്ന് പറഞ്ഞുകൊണ്ട് 2: 183–185 സൂക്തങ്ങളിലൂടെ വിശ്വാസികളോട് കൽപിച്ചിട്ടുള്ള റമളാനിലെ ഒരു മാസത്തിലെ വ്രതം രണ്ടോ മൂന്നോ ദിവസങ്ങളിൽ അനുഷ്ഠിച്ചാൽ മതി എന്നാക്കി 15: 90 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥത്തെ ഭാഗം വെച്ചവരായിരിക്കുകയാണ്. നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് യഥാർത്ഥ ജ്ഞാനമില്ലാതെ സംസാരിച്ചിരുന്നതുകൊണ്ടും സൂക്തങ്ങളെത്തൊട്ട് എല്ലാം തികഞ്ഞവരാണെന്ന് അഹങ്കരിച്ചിരുന്നതുകൊണ്ടും നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുക എന്നുപറഞ്ഞ് മരണസമയത്ത് അക്രമികളായ കപടവിശ്വാസികളെയും പ്രജ്ഞയറ്റ അനുയായികളെയും നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ് എന്ന് 6: 93–94 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അറിവില്ലാത്ത ഏതൊരു കാര്യവും ചോദിക്കേണ്ടത് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അജയ്യഗ്രന്ഥമായ അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് എന്ന് ഫുജ്ജാറുകൾ 16: 44; 21: 7; 25: 59 സൂക്തങ്ങളിൽ വായിക്കുന്നവരാണ്. എന്നാൽ 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ അവർ അതിനെ സ്വയം ഉപയോഗപ്പെടുത്തുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയും ചെയ്യാതെ അവരെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവരോട് 'ഓ ഭ്രാന്തന്മാരേ! നിങ്ങൾ വിശ്വാസികളുടെ ഭാഗത്തുനിന്ന് മാറി നിൽക്കുക. 'നിങ്ങൾ പിശാചിനെ സേവിക്കരുത്; നിങ്ങൾ എന്നെ മാത്രം സേവിക്കുക, അതാണ് നേരെച്ചൊവ്വെയുള്ള പാത' എന്ന് നിങ്ങളിൽ നിന്ന് ഉടമ്പടി വാങ്ങിയിരുന്നില്ലേ എന്ന് വിധിദിവസം ചോദിക്കുന്ന രംഗം 36: 59–62 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 7: 172 ൽ പറഞ്ഞ സ്വർഗത്തിൽ വെച്ച് എല്ലാവരും ചെയ്ത പ്രസ്തുത ഉടമ്പടി പാലിച്ച് ഇവിടെ ജീവിക്കാത്ത ഇക്കൂട്ടരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ബധിരരും ഊമകളുമായ ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. മാലിന്യമായ അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 28, 95, 125 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. അവർ വായിച്ച സൂക്തങ്ങൾ അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി ഇന്ന് സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 8–9, 26–27, 94–95; 9: 32–33 വിശദീകരണം നോക്കുക.

81. അല്ല; ആരാണോ തിന്മ സമ്പാദിക്കുകയും അവന്റെ തിന്മ അവനെ വലയം ചെയ്യുകയും ചെയ്തത്, അപ്പോൾ അക്കൂട്ടർ തന്നെയാണ് നരകത്തിന്റെ സഹവാസികൾ, അവർ അതിൽ നിത്യവാസികളുമാണ്.

ഫുജ്ജാറുകളുടെയോ മുമ്പ് വേദം നൽകപ്പെട്ടവരുടെയോ വ്യാമോഹങ്ങളല്ല നടപ്പിലാവുക, ആര് ഒരു തിന്മ പ്രവർത്തിച്ചാലും അവന് അതിന്റെ പ്രതിഫലം നൽകും, അവന് അല്ലാഹുവിനെക്കൂടാതെ ഒരു സംരക്ഷകനെയോ ഒരു സഹായിയെയോ എത്തിക്കുകയുമില്ല എന്ന് 4: 123 ൽ പറഞ്ഞിട്ടുണ്ട്. തെറ്റും ശരിയും വേർതിരിക്കാനുള്ള മാനദണ്ഡമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ അവഗണിച്ച് പ്രവർത്തിക്കുമ്പോഴാണ് ഒരു കാര്യം തെറ്റായിത്തീരുന്നത്. ആശയം മനസ്സിലാക്കാൻ ശ്രമിക്കാതെ ഗ്രന്ഥത്തിന്റെ ശരീരം വായിച്ച് ദീനിൽ നിന്ന് തെറിച്ച് പോകുന്ന *ഹാജിറി*നെ ജനങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവൻ എന്ന് വിശേഷിപ്പിച്ചതിന്റെ കാരണം അതാണ്. ഗ്രന്ഥം വായിക്കുന്ന കപടവിശ്വാസികളായ കാഫിറുകളാകട്ടെ, അദ്ദിക്റിനെ അറിഞ്ഞുകൊണ്ട് മൂടിവെച്ചവരായതിനാൽ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ടവരാണ്. നിഷ്പക്ഷവാനായ

അല്ലാഹുവിന്റെ അടുക്കൽ ഏതൊരു പ്രവൃത്തിയും സ്വീകരിക്കപ്പെടാൻ അദ്ദിക്റിൽ നിന്നുള്ള ഒരു സൂക്തഭാഗമെങ്കിലും തെളിവായി ഉണ്ടായിരിക്കണമെന്ന് 2: 111 ൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന *ഫുജ്ജാറു*കളിലെ കപടവിശ്വാസികൾ നന്മ വിരോധിക്കുന്നവരും തിന്മ കൽപിക്കുന്നവരും നാഥനെ വിസ്മരിച്ച തെമ്മാടികളുമാണ് എന്ന് 9: 67-68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെക്കുന്നത് കാരണം അവർ ചെയ്യുന്നതെല്ലാം തിന്മയാണ്. അത്തരം തെമ്മാടികൾ ഇനി വിശ്വസിക്കുകയില്ല എന്ന് 10: 33; 27: 80; 30: 52 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാലാം ഘട്ടമായ ഇഹത്തിൽ വെച്ച് ഓരോരുത്തരും സമ്പാദിക്കുന്നതാണ് സ്വർഗവും നരകവുമെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. 2: 39; 18: 57; 98: 6 വിശദീകരണം നോക്കുക.

82. വിശ്വാസികളാവുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാരോ, അക്കൂട്ടർ സ്വർഗവാസികളും അവർ അതിൽ നിത്യവാസികളുമാകുന്നു.

അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെയും അവരവരെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിഞ്ഞവരാണ് വിശ്വാസികൾ. ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിച്ച അവർ മരണസമയത്ത് ആത്മാവുകൊണ്ട് നാഥനെ പ്രസന്നവദനനായി കണ്ടുകൊണ്ട് അവർ ഇവിടെ സമ്പാദിച്ച സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നതാണ്. 40: 40 ൽ, ആരാണോ ഒരു തിന്മ പ്രവർത്തിച്ചത്, അപ്പോൾ അതിന് തക്കതായ പ്രതിഫലമല്ലാതെ നൽകപ്പെടുകയില്ല, ആണായിരിക്കട്ടെ അല്ലെങ്കിൽ പെണ്ണായിരിക്കട്ടെ, ആരാണോ സൽകർമ്മം പ്രവർത്തിക്കുന്നത് -അവൻ ഒരു വിശ്വാസിയുമാണ്, അപ്പോൾ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്, അവന് അതിൽ കണക്കില്ലാതെ വിഭവങ്ങൾ നൽകപ്പെടുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 25, 62; 9: 71-72; 98: 7-8 വിശദീകരണം നോക്കുക.

83. ഇസ്റാഈൽ സന്തതികളോട് നാം പ്രതിജ്ഞ വാങ്ങിയ സന്ദർഭവും; നിങ്ങൾ അല്ലാഹുവിനെയല്ലാതെ സേവിക്കരുത്, മാതാപിതാക്കളോടും ബന്ധുക്കളോടും അനാഥരോടും അഗതികളോടും നന്മയിൽ വർത്തിക്കുക, നിങ്ങൾ ജനങ്ങളോട് നല്ലത് പറയുകയും ചെയ്യുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുകയും ചെയ്യുക, പിന്നെ നിങ്ങളിൽ നിന്നുള്ള കുറച്ചുപേരൊഴികെ പിന്തിരിഞ്ഞു, ഇപ്പോഴും നിങ്ങൾ പിന്തിരിഞ്ഞുകൊണ്ടിരിക്കുകയുമാകുന്നു.

അല്ലാഹുവിന്റെ തൃപ്തിയിൽ മറ്റൊരാളെ തൃപ്തിപ്പെടുന്നതുവരെയും അല്ലാഹുവിന്റെ കോപത്തിൽ ഏതൊരാളോടും കോപം പുലർത്തുന്നതുവരെയും അല്ലാഹുവിന്റെ തൃപ്തിയിൽ നൽകുന്നതുവരെയും അല്ലാഹുവിന്റെ കോപത്തിൽ നൽകാതിരിക്കുന്നതുവരെയും ഒരാളും വിശ്വാസിയാവുകയില്ലെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അഥവാ അല്ലാഹുവിന്റെ സമ്മതപത്രവും നീതിയും നന്മയുമായ അദ്ദിക്ർ പിൻപറ്റുന്നതുവരെ ഒരാളും വിശ്വാസിയാവുകയില്ല. ജനങ്ങളോട് 'നല്ലതുപറയുക' എന്നാൽ അവർക്ക് ഇഷ്ടമുള്ളത് പറയുക എന്നല്ല, മറിച്ച് 'ഏറ്റവും നല്ലതായ' അദ്ദിക്റിന്റെ വിധി വിലക്കുകൾനുസരിച്ച് പറയുക എന്നാണ്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള എറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 16: 90-91; 41: 33-35 വിശദീകരണം നോക്കുക.

മൂസാനബിയുടെ കാലത്ത് ജീവിച്ച ഇസ്റാഈൽ സന്തതികൾ 7: 172-173 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവുമായി ചെയ്ത കരാർ ലംഘിച്ചതുപോലെ പ്രവാചകൻ മുഹമ്മ

ദിന്റെ മുമ്പിലുണ്ടായിരുന്ന ജൂതരും കപടവിശ്വാസികളും കരാർ ലംഘിച്ചിരുന്നു. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് ലോകരിൽ അദ്ദിക്റിന്റെ വിധിവിലക്കുകൾ തീരെ പരിഗണിക്കാതെയും കരാർ പാലിക്കാതെയും ജീവിക്കുന്നത് ഫാജിറുകളും കാഫിറുകളുമായി അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. അവർക്കെതിരെ തന്നെയാണ് നാളെ ഗ്രന്ഥവും പ്രവാചകനും അന്യായം ബോധിപ്പിക്കുക. 32: 22 ൽ, തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കപ്പെട്ടിട്ട് പിന്നെ അതിനെ അവഗണിച്ച് പോയവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം, ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. സന്തോഷവാർത്ത അറിയിക്കുന്നതും മുന്നറിയിപ്പ് നൽകുന്നതുമായ അദ്ദിക്ർ കേൾക്കാതെ അധികപേരും അവഗണിച്ചുപോകുമെന്ന് 41: 4 ലും; അദ്ദിക്റിനെ അവഗണിച്ചവർ വിധിദിവസം പാപഭാരം വഹിക്കേണ്ടിവരിക തന്നെ ചെയ്യുമെന്ന് 20: 99–100 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 6: 21; 10: 17; 18: 101–102 വിശദീകരണം നോക്കുക.

84. നിങ്ങൾ പരസ്പരം രക്തം ചിന്തരുതെന്നും നിങ്ങളുടെ വസതികളിൽ നിന്ന് നിങ്ങളെ പുറത്താക്കരുതെന്നും നാം നിങ്ങളോട് പ്രതിജ്ഞ വാങ്ങിയ സന്ദർഭവും ഓർക്കേണ്ടതാണ്, പിന്നെ നിങ്ങൾ കരാർ ചെയ്തതുമാണ്, നിങ്ങൾ അതിന് ഇപ്പോഴും സാക്ഷികളുമാണ്.

പ്രവാചകൻ മദീനയിൽ ചെല്ലുമ്പോൾ ബനൂനളീർ, ബനൂഖുറൈള, ബനൂഖൈനുഖാഅ് എന്നീ ജൂതഗോത്രങ്ങളും ഔസ്, ഖസ്റജ് എന്നീ അറബി ഗോത്രങ്ങളുമാണ് അവിടെ ഉണ്ടായിരുന്നത്. ഇവരുമായി പ്രവാചകൻ ഒരു കരാറിലേർപെട്ടു. ജൂതഗോത്രങ്ങളോട് അവരുടെ പക്കലുള്ള ഗ്രന്ഥമനുസരിച്ച് ജീവിക്കാനും പ്രവാചകന്റെ കൂടെയുള്ളവർ അദ്ദിക്ർ അനുസരിച്ച് ജീവിക്കാനും പൊതുശത്രുക്കളെ ഒരുമിച്ച് നേരിടാനും അതിൽ വ്യവസ്ഥ ചെയ്തിരുന്നു. ഈ കരാറിനെ ഉദ്ദേശിച്ചാണ് 'നിങ്ങൾ ഇപ്പോഴും അതിന് സാക്ഷികളുമാണ്' എന്നുപറഞ്ഞത്. 2: 27, 41, 159–161; 7: 205–206 വിശദീകരണം നോക്കുക.

85. പിന്നെ നിങ്ങൾ -ഇക്കൂട്ടർ തന്നെ- നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുകയും നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗത്തെ അവരുടെ വീടുകളിൽ നിന്ന് പുറപ്പെടുവിക്കുകയും കുറ്റകരമായും ശത്രുതാപരമായും അവർക്കെതിരിൽ സഖ്യം ചേരുകയും ചെയ്യുന്നു, അവരുടെ വീടുകളിൽ നിന്ന് അവരെ പുറത്താക്കുന്നത് നിങ്ങളുടെമേൽ നിഷിദ്ധമായിരിക്കെ; അവർ ബന്ദികളാക്കപ്പെട്ട് നിങ്ങളുടെയടുക്കൽ കൊണ്ടുവന്നാൽ അവരിൽ നിന്ന് മോചനദ്രവ്യം വാങ്ങി നിങ്ങൾ വിട്ടയക്കുകയും ചെയ്യുന്നു, അപ്പോൾ നിങ്ങൾ ഗ്രന്ഥത്തിൽ നിന്ന് ചിലത് കൊണ്ട് വിശ്വസിക്കുകയും ചിലത് മൂടിവെക്കുകയും ചെയ്യുന്നുവോ? നിങ്ങളിൽ നിന്നും അങ്ങനെ പ്രവർത്തിക്കുന്നവരുടെ പ്രതിഫലം ഇഹത്തിൽ നിന്ദ്യതയല്ലാതെ അല്ല; അന്ത്യനാളിലോ, അവർ അതികഠിനമായ ശിക്ഷയിലേക്ക് തള്ളിവിടപ്പെടുന്നതാണ്, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അശ്രദ്ധവാനല്ല തന്നെ!

മദീനയിലുണ്ടായിരുന്ന ജൂതർ അല്ലാഹുവുമായും അവന്റെ പ്രവാചകനുമായും ചെയ്ത എല്ലാ കരാറുകളും അവഗണിച്ചിരുന്നു. സ്വാർത്ഥതയും അസൂയയും ഗോത്രപക്ഷപാതിത്വവും വെച്ചുപുലർത്തിയിരുന്ന അവരിൽ രണ്ടുവിഭാഗക്കാർ സഖ്യം ചേർന്ന് മൂന്നാമത്തെ വിഭാഗത്തെ എതിർക്കുകയും അവരെ അവരുടെ വീടുകളിൽ നിന്നും നാട്ടിൽ നിന്നുതന്നെയും പുറത്താക്കുകയും അതുവഴി അവരുടെ സ്വത്തുക്കൾ കൈവശപ്പെടുത്തുക

യും ചെയ്തിരുന്നു. പുറത്താക്കപ്പെട്ടവരെ ബന്ദികളാക്കി ഗോത്രനേതാക്കന്മാരുടെ മുമ്പിൽ പിടിച്ച് കൊണ്ടുവരികയും അവരിൽ നിന്ന് മോചനദ്രവ്യം (കൈക്കൂലി) വാങ്ങിക്കൊണ്ട് അവരെ വിട്ടയക്കുകയും ചെയ്തിരുന്നു. ഗ്രന്ഥത്തിന്റെ ആശയത്തിൽ നിന്നുപോയ അ വർ പരസ്പരം കലഹിച്ചും പോരടിച്ചും ഐക്യമില്ലാതെയാണ് ജീവിച്ചിരുന്നത്.

ഇന്ന് ഗ്രന്ഥം അദ്വിക്ർ മാത്രമാണ്. എന്നാൽ ഗ്രന്ഥം കിട്ടിയവർ അവർക്കിടയിലെ പോര് നിമിത്തമല്ലാതെ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ചിട്ടില്ല എന്ന് 2: 213; 42: 14; 98: 4 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞതിനെ അവഗണിച്ചുകൊണ്ട് ഇന്ന് ലോകത്തെല്ലായി ടത്തുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് വിവിധ സംഘടനകളായി പ്പിരിഞ്ഞ് ഐക്യമില്ലാതെ പരസ്പരം ഭിന്നിച്ച് ശത്രുതയിലും വിദ്വേഷത്തിലുമായി ജീവി തം നയിക്കുന്നത്. ഗ്രന്ഥത്തിൽ നിന്ന് ചിലത് സ്വീകരിക്കുകയും ചിലത് മൂടിവെക്കുകയും ചെയ്യുന്നത് കാരണം ഇഹത്തിൽ നിന്ദ്യത പേറുകയും പിടിവള്ളിയില്ലാതെ എല്ലായിട ത്തും അവഗണിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുന്ന അധമവിഭാഗമായി അവർ മാറിയിരിക്കുകയാണ്. വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ള ഹതഭാഗ്യർ ദിക്റായെ വെ ടിയുക തന്നെ ചെയ്യുമെന്ന് 87: 9–12 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. ഗ്രന്ഥത്തിൽ നി ന്ന് ചിലത് സ്വീകരിക്കുകയും ചിലത് മൂടിവെക്കുകയും ചെയ്യുന്നവരെക്കുറിച്ചാണ് 4: 151 ൽ അക്കൂട്ടർ തന്നെയാണ് യഥാർത്ഥ കാഫിറുകൾ, അവർക്ക് അതിഹീനമായ ശിക്ഷ നാ ഥൻ ഒരുക്കിവെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുള്ളത്. 22: 18 ൽ പറഞ്ഞ പ്രകാരം ഹീനമായ ശി ക്ഷ ബാധകമായ, ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ അ വർ കോഴി-കൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുന്നവരാണ്. പി ശാചിന്റെ സംഘത്തിൽ പെട്ട എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂ റ്റി ഒമ്പതായ ഇവരോട്: 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവി തരീതിയും' എന്ന് പ്രഖ്യാപിക്കാൻ 109: 6 ലൂടെയും, അവരോട് അദ്വിക്ർ കൊണ്ട് അധി കരിച്ച ജിഹാദ് ചെയ്യാൻ 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിലൂടെയും അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ട ആയിരത്തിൽ ഒന്നായ വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നു. 'നി ങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട്' എന്നതിലെ 'നിങ്ങൾ' ഗ്രന്ഥം വായി ക്കുന്നവർ മാത്രമാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

22: 8–9; 31: 20 സൂക്തങ്ങളിൽ, യാതൊരു ജ്ഞാനവുമില്ലാതെ, സന്മാർഗ്ഗവുമില്ലാതെ, വെളിച്ചം നൽകുന്ന ഗ്രന്ഥവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ ജ നങ്ങളിൽ ഉണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് ജനങ്ങളെ പിഴപ്പിക്കുന്നതിനു വേ ണ്ടി പിരടി ഒരുഭാഗത്തേക്ക് ചെരിച്ചുകൊണ്ട് നടക്കുന്നവൻ, അവന് ഇഹത്തിൽ നിന്ദ്യത യാണുള്ളത്, വിധിദിവസം നാം അവനെ കരിക്കുന്ന ശിക്ഷ രുചിപ്പിക്കുന്നതുമാണ് എ ന്നും; 22: 10 ൽ, ഈ നരകം നിന്റെ കൈകൾ നിനക്കുവേണ്ടി ഒരുക്കിവെച്ചതാണ്, അല്ലാ തെ അല്ലാഹു അവന്റെ അടിമകളോട് അനീതി കാണിക്കുന്നവനല്ല എന്നും പറഞ്ഞിട്ടു ണ്ട്. 2: 114; 16: 27; 39: 25–26; 41: 16 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ഗ്രന്ഥം കിട്ടിയിട്ട് അതി നെ പിൻപറ്റാത്തവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാ ണെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 23: 51–53 സൂക്തങ്ങളിൽ, ഓ സന്ദേശവാഹകരേ! നി ങ്ങൾ പരിശുദ്ധമായവയിൽ നിന്ന് തിന്നുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെ യ്യുവിൻ, നിശ്ചയം ഞാൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അറിയുന്നവൻ ത ന്നെയാണ്. നിശ്ചയം ഇത്; നിങ്ങളുടെ ഈ സമുദായം ഒറ്റ സമുദായമാണ്, ഞാൻ നിങ്ങ ളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുന്നവരാകുവീൻ. എന്നാൽ അവർ

അവരോടുള്ള കൽപനകളെല്ലാം അവർക്കിടയിൽ തുണ്ടം തുണ്ടമായി മുറിച്ചുകളഞ്ഞു, എല്ലാ ഓരോ സംഘവും അവരുടെ പക്കലുള്ളതുകൊണ്ട് നിഗളിച്ച് ആഹ്ലാദിച്ചുകൊണ്ടിരിക്കുന്നവരാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 5: 33; 6: 159; 11: 17; 15: 90–91 വിശദീകരണം നോക്കുക.

86. അക്കൂട്ടർ തന്നെയാണ് പരലോകത്തിനുപകരം ഇഹലോകം വാങ്ങിയവർ, അപ്പോൾ അവരെത്തൊട്ട് ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല, അവർ സഹായിക്കപ്പെടുകയുമില്ല.

അവർ എവിടെ കാണപ്പെട്ടാലും ഹീനത (പതിത്വം) അവരിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കും, എന്നാൽ അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോ വല്ല പിടിവള്ളിയും അവർക്ക് ലഭിക്കുന്നുവെങ്കിൽ അത് മറ്റൊരു കാര്യം, അവരുടെമേൽ അല്ലാഹുവിൽ നിന്നുള്ള കോപം പതിച്ചുകഴിഞ്ഞു, ഹീനതയും ദൈന്യതയും അവരെ കീഴടക്കിക്കഴിഞ്ഞു, അത് നിശ്ചയം അവർ അല്ലാഹുവിന്റെ സൂക്തങ്ങളെ മൂടിവെച്ചിരുന്നതുകൊണ്ടും നബിമാരെ അന്യായമായി വധിച്ചുകൊണ്ടിരുന്നതിനാലുമാണ് എന്ന് 3: 112 ൽ പറഞ്ഞിട്ടുണ്ട്. 14: 1–3 സൂക്തങ്ങളിൽ, ഈ ഗ്രന്ഥം, നാമാണ് അതിനെ നിന്നിലേക്ക് അവതരിപ്പിച്ചിട്ടുള്ളത്, അതുകൊണ്ട് അവരവരുടെ നാഥന്റെ സമ്മതത്തോടുകൂടി മനുഷ്യരെ ഇരുട്ടുകളിൽ നിന്ന് പ്രകാശത്തിലേക്ക് നീ പുറപ്പെടുവിക്കുന്നതിന് വേണ്ടി –അജയ്യനും സ്വയം സ്തുത്യർഹനുമായ അല്ലാഹുവിന്റെ വഴിയിലേക്ക്. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അവനുള്ളതാകുന്നു, കാഫിറുകൾക്ക് അതികഠിനമായ ശിക്ഷയിൽ നിന്നുള്ള 'വൈൽ' ആണുള്ളത്. പരലോകത്തിനുമേൽ ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നവരും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വക്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ് അവർ, അക്കൂട്ടർ വിദൂരമായ വഴികേടിലാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 16: 107 ൽ, നിശ്ചയം കാഫിറുകൾ പരലോകത്തിനുമേൽ ഭൗതികജീവിതത്തെ ഇഷ്ടപ്പെട്ടവരാണ്, നിശ്ചയം ഇത്തരം കാഫിറുകളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്.

അന്ന് ജൂതർക്ക് ലഭിച്ചിരുന്നത്ര പിടിവള്ളി പോലും ഇന്ന് ലോകത്തെവിടെയുമുള്ള ഫുജ്ജാറുകൾക്ക് ലഭിക്കുന്നില്ല എന്ന് കാണാം. ഇന്ന് ലോകത്തെവിടെയും യാതൊരു പിടിവള്ളിയുമില്ലാത്തവരും എല്ലാവരാലും വെറുക്കപ്പെടുന്നവരും കാർക്കിച്ച് തുപ്പപ്പെടുന്നവരും അവരാണ്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ വന്നുകിട്ടിയിരിക്കെ അതിനെ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതുകൊണ്ടാണ് നിഷ്പക്ഷവാനായ അല്ലാഹുവിന്റെയോ മനുഷ്യരുടേയോ ഭാഗത്തുനിന്ന് ഫുജ്ജാറുകൾക്ക് യാതൊരു സഹായവും ലഭിക്കാത്തത്. ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരായ, അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരുമായ അവരെ ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളതെങ്കിൽ, മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ അവരെ കരയിലെ ഏറ്റവും തിന്മയേറിയ ജീവികളെന്നാണ് 98: 6 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 16, 61; 33: 60–61; 48: 6 വിശദീകരണം നോക്കുക.

87. നിശ്ചയം മൂസാക്ക് നാം ഗ്രന്ഥം നൽകിയിട്ടുണ്ട്, അവനുശേഷം പ്രവാചകന്മാരെ നാം പിന്തുടർന്ന് അയക്കുകയും ചെയ്തിട്ടുണ്ട്, മർയമിന്റെ പുത്രൻ ഈസാക്ക് നാം വ്യക്തമായ തെളിവുകൾ നൽകുകയും പരിശുദ്ധാത്മാവുകൊ

ണ്ട് അവനെ നാം ശക്തിപ്പെടുത്തുകയും ചെയ്തു, നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിരുദ്ധമായിക്കൊണ്ടുള്ള ഏതൊരു പ്രവാചകൻ നിങ്ങളിലേക്ക് വന്നപ്പോഴും നിങ്ങൾ അഹങ്കരിച്ചു, അങ്ങനെ ചിലരെ നിങ്ങൾ തള്ളിപ്പറഞ്ഞു, മറ്റു ചിലരെ നിങ്ങൾ കൊന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ സൂക്തം അഭിസംബോധനം ചെയ്യുന്നത് പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരെയും ക്രൈസ്തവരെയുമാണ്. 313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ടത് 16: 43–44; 21: 24; 41: 43 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ്. എന്നാൽ മൂസാക്ക് ശേഷം ഗ്രന്ഥത്തിൽ ഭിന്നിച്ച് ജൂതർ വിവിധ വിഭാഗങ്ങളായി പിരിഞ്ഞു. അപ്പോൾ ഗ്രന്ഥവും തെളിവുകളും കൊണ്ട് ഈസായെ അവരിലേക്ക് നിയോഗിച്ചു. എന്നാൽ ഈസാ കൊണ്ടുവന്ന ഗ്രന്ഥം അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ഈസായെയും ഈസാ കൊണ്ടുവന്ന സന്ദേശത്തെയും തള്ളിപ്പറയുകയും അവർ ഈസായെ ക്രൂശിച്ച് കൊന്നുവെന്ന് ഘോഷിക്കുകയുമാണുണ്ടായത്. എന്നാൽ 4: 157–158 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർക്ക് ഈസായെ ക്രൂശിക്കാനോ വധിക്കാനോ സാധിച്ചിട്ടില്ല, അല്ലാഹു ഈസായെ അവനിലേക്ക് ഉയർത്തുകയാണുണ്ടായത്. 5: 11 ൽ വിവരിച്ച പ്രകാരം മദീനയിലെ ഒരുവിഭാഗം ജൂതന്മാർ പ്രവാചകൻ മുഹമ്മദിനെ വധിക്കാൻ ഉദ്യമിക്കുകയുണ്ടായി. അപ്രകാരം മുൻകാലത്ത് ജൂതന്മാർ നബിമാരിൽ പലരെയും വധിക്കുകയും പ്രവാചകന്മാരിൽ ചിലരെ വധിക്കാൻ ഉദ്യമിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളാണ്. എല്ലാ പ്രവാചകന്മാരുടെയും നബിമാരുടെയും ജീവിതചര്യ അദ്ദിക്ർ ആയിരിക്കെ ഫുജ്ജാറുകൾ അതിനെ തള്ളിപ്പറയുക വഴി അല്ലാഹുവിനെക്കൊണ്ടോ പ്രവാചകന്മാരെക്കൊണ്ടോ നബിമാരെക്കൊണ്ടോ ഒന്നും വിശ്വസിക്കുന്നവരല്ല. ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ജഡത്തിനും ഐഹികലോകത്തിനും പ്രാധാന്യം നൽകുന്ന ഫുജ്ജാറുകൾ പ്രവാചകന്മാരുടെയും നബിമാരുടെയും പേരുകൾ വെച്ചും വേഷഭൂഷാദികൾ ധരിച്ചും സമൂഹത്തിൽ അവരെ കൊല്ലാതെ കൊല്ലുന്നവരാണ്. 3: 21–22 സൂക്തങ്ങളിൽ, നിശ്ചയം അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചുകൊണ്ടിരിക്കുന്നവരായവരും നബിമാരെ അന്യായമായി വധിച്ചുകൊണ്ടിരിക്കുന്നവരായവരും മനുഷ്യരിൽ നിന്ന് നീതി കൽപിച്ചുകൊണ്ടിരിക്കുന്നവരെ വധിച്ചുകൊണ്ടിരിക്കുന്നവരുമുണ്ടല്ലോ –അപ്പോൾ അവരെ വേദനാജനകമായ ശിക്ഷ കൊണ്ട് സന്തോഷവാർത്ത അറിയിക്കുക, അക്കൂട്ടരാണ് തങ്ങളുടെ പ്രവർത്തനങ്ങൾ ഇഹത്തിലും പരത്തിലും പാഴാക്കിയവർ, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്.

ഈ സൂക്തത്തിൽ 'പരിശുദ്ധാത്മാവ്' എന്ന് പറഞ്ഞത് മലക്കുകളിൽ നിന്നുള്ള പ്രവാചകനായ ജിബ്രീലിനെയാണ്. ജിബ്രീലിനെക്കുറിച്ച് 'പരിശുദ്ധനായ റൂഹ്' എന്ന് 16: 102 ലും 'വിശ്വസ്തനായ റൂഹ്' എന്ന് 26: 193 ലും 'മാന്യനായ ദൂതൻ' എന്ന് 81: 19 ലും പറഞ്ഞിട്ടുണ്ട്. 78: 38; 97: 4 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞ റൂഹ് ജിബ്രീൽ തന്നെയാണ്. ഈസായോടൊപ്പം പരിശുദ്ധാത്മാവായ ജിബ്രീൽ എപ്പോഴും ഉള്ളതിനാൽ പിശാച് ഈസായെ സമീപിക്കുകയില്ല. ഈസായെ ശക്തിപ്പെടുത്തുന്നത് 'പരിശുദ്ധാത്മാവായ' ജിബ്രീലിനെക്കൊണ്ടാണെങ്കിൽ അദ്ദിക്ർ പഠിപ്പിക്കപ്പെടുന്നതുപോലെയും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും 'നിങ്ങൾ റബ്ബാനിയ്യീങ്ങളായിത്തീരുക' എന്നാണ് ഈസാ വിശ്വാസികളെ പഠിപ്പിക്കുക എന്ന് 3: 79 ൽ പറഞ്ഞിട്ടുണ്ട്. 5: 109, 116; 7: 6 എന്നീ

സൂക്തങ്ങൾ പ്രകാരം എല്ലാ പ്രവാചകന്മാരും ചോദ്യം ചെയ്യപ്പെടുന്നവരും വിചാരണക്കുശേഷം സ്വർഗത്തിലേക്ക് പോകുന്നവരുമാണെങ്കിൽ അദ്ദിക്റിന്റെ 40 പേരുകളും സത്യപ്പെടുത്തി ജീവിക്കുന്ന മുൻകടക്കുന്നവർക്ക് വിചാരണയില്ലാതെത്തന്നെ സ്വർഗത്തിലേക്ക് പോകാവുന്നതാണ്. 2: 62; 4: 150–151, 171–172; 10: 103 വിശദീകരണം നോക്കുക.

88. അവർ പറയുകയും ചെയ്യുന്നു: ഞങ്ങളുടെ ഹൃദയം തുളുമ്പുകയാണ്; അല്ല, അവരുടെ നിഷേധം കാരണം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്, അപ്പോൾ അവർ അൽപം മാത്രമേ വിശ്വസിക്കുന്നുള്ളൂ.

മദീനയിലുണ്ടായിരുന്ന ജൂതർ 'ഗ്രന്ഥത്തിന്റെ പൊതിയടക്കം ഞങ്ങളുടെ ഹൃദയത്തിലുണ്ട്, അതുകൊണ്ട് ഇനി പുതിയ ഗ്രന്ഥമൊന്നും ഞങ്ങൾക്കുവേണ്ട' എന്ന നയത്തിലായിരുന്നു പ്രവാചകനോടും വിശ്വാസികളോടും പെരുമാറിയിരുന്നത്. അടിക്കടി പ്രതിജ്ഞകൾ ലംഘിക്കുക, അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കുക, അന്യായമായി നബിമാരെ വധിക്കുക, ഞങ്ങളുടെ ഹൃദയം തുളുമ്പുകയാണ് എന്നുപറയുക, മർയമിന്റെ പേരിൽ വമ്പിച്ച അപവാദം കെട്ടിച്ചമക്കുക, നിശ്ചയം ഞങ്ങൾ അല്ലാഹുവിന്റെ പ്രവാചകൻ ഈസാ മസീഹിനെ വധിച്ചുകളഞ്ഞു എന്ന് ഘോഷിക്കുക തുടങ്ങിയ കാരണങ്ങളാൽ അല്ലാഹു അവരെ ശപിക്കുകയും അവരുടെ നിഷേധം കാരണം ഹൃദയങ്ങൾക്ക് മുദ്ര വെക്കുകയും ചെയ്തിരിക്കുന്നു എന്ന് 4: 155–157 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

മദീനയിലുണ്ടായിരുന്ന അന്നത്തെ ജൂതരുടെ ഈ സ്വഭാവം ഇന്നുള്ളത്, ഞങ്ങൾ ഖുർആൻ പഠിച്ചവരാണ്, ഞങ്ങൾക്ക് അത് തുളുമ്പുകയാണ് എന്ന ഭാവത്തിൽ സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഭൂമിയിൽ അഹങ്കരിച്ചുനടക്കുന്ന ലോകത്തെല്ലായിടത്തുമുള്ള കപടവിശ്വാസികൾക്കാണ്. കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും, സംഘടനാ താൽപര്യങ്ങളും സാമ്പത്തിക ലാഭവും ലക്ഷ്യം വെച്ചുകൊണ്ട് എഴുതിയുണ്ടാക്കിയ ഖുർആൻ പരിഭാഷകളും ഉയർത്തിക്കാട്ടി ഞങ്ങൾക്ക് ഇതുതന്നെ മതി, ഇതിൽ തന്നെ എല്ലാം ഉണ്ട് എന്നാണ് അവരുടെ പ്രതികരണം. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഇന്ന് ഒരാളും വിശ്വാസിയാവുകയില്ല എന്ന് പറയുമ്പോൾ മുമ്പുകാലത്തുള്ളവരൊന്നും വിശ്വാസികളായിരുന്നില്ലേ എന്ന് ചോദിച്ചുകൊണ്ടും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സാണ് അദ്ദിക്ർ എന്ന് പറയുമ്പോൾ അദ്ദിക്ർ കൊണ്ട് എങ്ങനെയാണ് പ്രപഞ്ചം നിലനിർത്തുക, അതിന്റെ അവധി നേരത്തെ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണല്ലോ എന്ന് പരിഹസിച്ചുകൊണ്ടും, 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്ർ ത്രികാലജ്ഞാനിയിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണെന്ന് പറയുമ്പോൾ മുമ്പ് ആരും തന്നെ പറഞ്ഞിട്ടില്ലാത്ത ഈ ആശയം എവിടെ നിന്ന് കിട്ടി എന്ന് ചോദിച്ചുകൊണ്ടും അവരിലുള്ള കപടവിശ്വാസികൾ അതിനെ പുച്ഛിച്ചുതള്ളുന്നതാണ്. ഇതാണ് അല്ലാഹു വധിച്ചുകളഞ്ഞ കപടവിശ്വാസികളുടെ സ്വഭാവമെങ്കിൽ കഴുത ഭാരം വഹിക്കുന്നതുപോലെ ഗ്രന്ഥം വഹിക്കുന്ന, കപടവിശ്വാസികളെ പിൻപറ്റുന്ന അനുയായികൾക്ക് ഗ്രന്ഥത്തിലെ മുഴുവൻ സൂറത്തുകളുടെ പേരുകളോ ആകെ സൂക്തങ്ങളുടെ എണ്ണം പോലുമോ അറിയുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമായ അദ്ദിക്ർ അല്ല അവരുടെ ദൃഷ്ടിയിൽ *കിതാബ്*; മറിച്ച് *മുസൈലിമത്തുൽ കദ്ദാബ്* മുതൽ *മസീഹുദ്ദജ്ജാൽ* ഉൾപ്പെടെ മുപ്പത് കള്ളവാദികൾ വരുമെന്ന് അന്ത്യപ്രവാചകൻ ദീർഘവീക്ഷണം ചെയ്ത കള്ളവാദികൾ എഴുതിയുണ്ടാക്കിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളാണ്. അത് പഠിച്ചവരെയും പഠിപ്പിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയുമാണ് അവർ പണ്ഡിതന്മാരായി അംഗീകരിക്കുന്നത്. നിരക്ഷരരായ ആളു

കൾക്കാണ് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ മനസ്സിലാവുക എന്ന് 62: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ 25: 18 ൽ പറഞ്ഞ കെട്ടജനത മൂടിവെക്കുകയാണെങ്കിൽ സർവലോകർക്കുമുള്ള ഉണർത്തലും സന്മാർഗവുമായ അതിനെ പ്രവാച കന്റെ സമുദായത്തിൽ പെട്ട ഗ്രന്ഥം മൂടിവെക്കാത്ത ഇതര ജനവിഭാഗങ്ങളെ ഏൽപിക്കുമെന്ന് നാഥൻ 6: 89–90 സൂക്തങ്ങളിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 4: 118 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുകയുള്ളൂ. അങ്ങനെ ചെയ്യാത്ത 999 ഫുജ്ജാറുകളും നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 79; 7: 26; 9: 67–68 വിശദീകരണം നോക്കുക.

89. അവരോടൊപ്പമുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ടുള്ള അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ഗ്രന്ഥം അവർക്ക് വന്നുകിട്ടിയപ്പോൾ, അതിനുമുമ്പ് അവർ കാഫിറുകളായവരുടെ മേൽ വിജയം തേടുന്നവരായിരുന്നു; അങ്ങനെ അവർക്ക് അറിയാവുന്ന ഒന്ന് അവർക്ക് വന്നുകിട്ടിയപ്പോൾ അവർ അതിനെ മൂടിവെച്ചു, അപ്പോൾ കാഫിറുകളുടെ മേലാണ് അല്ലാഹുവിന്റെ ശാപമുള്ളത്.

90. അല്ലാഹു അവതരിപ്പിച്ചതിനെ നിഷേധിക്കുക വഴി അവർ അവരുടെ ആത്മാവിന് പകരം വാങ്ങിയത് എത്ര നികൃഷ്ടം! തന്റെ അടിമകളിൽ നിന്ന് അവൻ ഉദ്ദേശിച്ചവർക്ക് അവന്റെ ഔദാര്യത്തിൽ നിന്ന് അല്ലാഹു ഇറക്കി എന്ന പോര് നിമിത്തമാണത്, അങ്ങനെ അവർ കോപത്തിനുമേൽ കോപത്തിന് അർഹരായി, കാഫിറുകൾക്ക് ഹീനമായ ശിക്ഷയുമുണ്ട്.

പ്രവാചകൻ നിയോഗിക്കപ്പെടുന്നതിന് മുമ്പ് മദീനയിലുണ്ടായിരുന്ന ജൂതർ അവരുടെ ഇടയിലുള്ള ഔസ്, ഖസ്റജ് ഗോത്രക്കാരായ അറബികളോട്: ഞങ്ങളുടെ ഗ്രന്ഥത്തിൽ ഒരു പ്രവാചകന്റെ വരവിനെക്കുറിച്ച് പറയുന്നുണ്ട്, ആ പ്രവാചകനൊന്നിങ്ങുവന്നാൽ ഞങ്ങൾ അദ്ദേഹത്തോടൊപ്പം ചേർന്ന് നിങ്ങളെ ജയിച്ചടക്കും എന്ന് പറഞ്ഞിരുന്നു. എന്നാൽ അവരുടെ പക്കലുള്ള ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന അദ്ദിക്റും കൊണ്ട് പ്രവാചകൻ മുഹമ്മദ് അവരിലേക്ക് വന്നപ്പോൾ അവർ അവരുടെ ഗ്രന്ഥം പൂഴ്ത്തിവെക്കുകയും പ്രവാചകനെ എതിർക്കുന്നവരിൽ മുൻപന്തിയിലാവുകയും ചെയ്തു. പ്രവാചകനെ ഇസ്ഹാഖ് പരമ്പരയിൽ നിന്ന് നിയോഗിക്കാതെ ഇസ്മാഈൽ പരമ്പരയിൽ നിന്ന് നിയോഗിച്ചു എന്ന വിദ്വേഷം (സ്വാർത്ഥത) നിമിത്തമാണ് അല്ലാഹു ഇറക്കിയ അദ്ദിക്റിൽ ജൂതർ വിശ്വസിക്കാതിരുന്നത്. അതുവഴി അവരുടെ ആത്മാവിനെ അവർ നഷ്ടപ്പെടുത്തി. എന്നാൽ ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും പ്രവാചകനെ തള്ളിപ്പറയുകയും ചെയ്യുന്നത് പ്രവാചകന്റെ അനുയായികളെന്ന് ദുരഭിമാനിക്കുന്ന, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. അതുകൊണ്ടാണ് ഈ കെട്ടജനതയെ 62: 5 ൽ കഴുതയോടും ജൂതരോടും 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നാവും നീട്ടി നടക്കുന്ന നായയോടും ഉപമിച്ചിട്ടുള്ളത്. ഇത്തരം കാഫിറുകളുടെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും ശപിക്കാൻ അർഹതയുള്ളവരുടെയുമെല്ലാം ശാപമുണ്ടെന്ന് 2: 159–161; 3: 86–88 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 40; 39: 59 എന്നീ സൂക്തങ്ങളിൽ പറഞ്ഞ 'ഗ്രന്ഥത്തിലെ സൂക്തങ്ങളോട് അഹങ്കരിച്ചവർ' കപടവിശ്വാസികളാണ്. സത്യമായ അദ്ദിക്ർ ഇ

ല്ലാതെ പണ്ഡിതരെന്ന് അഹംഭാവം നടിച്ച് നടക്കുന്നവരെ നാഥന്റെ സൂക്തങ്ങളെത്തൊട്ട് പിന്തിരിപ്പിച്ച് വിടുക തന്നെ ചെയ്യുമെന്ന് 7: 146 ലും പറഞ്ഞിട്ടുണ്ട്.

25: 33 ൽ വിവരിച്ച പ്രകാരം ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് രൂപപ്പെട്ടിരിക്കെ അതിന്റെ കാര്യത്തിൽ ഭിന്നിക്കുന്നത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മാത്രമാണ്. അതുവഴി 'ഗ്രന്ഥം കിട്ടിയവർ മാത്രമേ ഭിന്നിക്കുകയുള്ളൂ' എന്ന് 98: 4 ൽ പറഞ്ഞത് സത്യപ്പെടുകയാണ്. ഇന്ന് ഫുജ്ജാറുകൾ 30: 31–32 സൂക്തങ്ങളുടെ കൽപന ധിക്കരിച്ചുകൊണ്ട് വിവിധ സംഘടനകളായിപ്പിരിഞ്ഞ് ഓരോ സംഘടനയും അവരുടെ പക്കലുള്ളതിൽ നിഗളിച്ചുല്ലസിക്കുന്ന മുശ്രിക്കുകളായിരിക്കുകയാണ്. കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരുടെ അനുയായികളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരാണ്. ദുഷിച്ച പരിണിതിയുള്ള അവരുടെ മേലാണ് അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ളതെന്നും അവർക്കുവേണ്ടിയാണ് നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുള്ളതെന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. 9: 28 ൽ വിവരിച്ച പ്രകാരം മാലിന്യമായ ഇക്കൂട്ടർ *ഇജ്മാഅ്*ൽ *ഇമാം മഹ്ദി* വരുന്നതോടുകൂടി അവിടെ നിന്ന് പുറത്താക്കപ്പെടുന്നതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവിടേക്ക് പ്രവേശിപ്പിക്കപ്പെടുന്നതുമാണ്.

ഊഹങ്ങൾ പിൻപറ്റുന്ന *ഫുജ്ജാറുകൾ* ഈസാ രണ്ടാമത് വരുമ്പോൾ തങ്ങളുടെ സമുദായത്തിന് പ്രതാപവും പ്രൗഢിയുമെല്ലാം വീണ്ടെടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരാണ്. എന്നാൽ *ഇസ്‌ലാമി*നെ മായ്ച്ചുകളയാൻ വരുന്ന പിശാചിന്റെ അവസാനത്തെ അവതാരമായ *മസീഹുദ്ദജ്ജാലി*നെയാണ് അവർ ആദ്യം നബിയായും പിന്നീട് റബ്ബായിത്തന്നെയും സ്വീകരിക്കുക. കാവിവസ്ത്രധാരിയായി ഈസാ വരുമ്പോൾ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവർ തിരിച്ചറിയുകയില്ല എന്ന് മാത്രമല്ല, അവർക്ക് കാണാൻ സാധിക്കുക പോലുമില്ല. *ഈസായുടെ കാഴ്ച എത്തുന്നിടത്തേക്ക് ശ്വാസം എത്തുമെന്നും ആ ഉച്ഛ്വാസവായു സ്പർശിക്കുന്ന കാഫിറുകളെല്ലാം ചത്ത് വീഴുമെന്നും* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഈസാ വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ വധിക്കപ്പെട്ടുകൊണ്ട് 4: 90–91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതാണ്. 1: 7; 2: 41–42; 3: 72–73 വിശദീകരണം നോക്കുക.

91. അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് വിശ്വസിക്കുവീൻ എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയുന്നു: ഞങ്ങൾ ഞങ്ങളുടെമേൽ അവതരിപ്പിക്കപ്പെട്ടതുകൊണ്ട് വിശ്വസിക്കുന്നവരും അതിന്റെ പിന്നാലെയുള്ളതിനെ നിഷേധിക്കുന്നവരുമാകുന്നു, അതാകട്ടെ അവരോടൊപ്പമുള്ളതിനെ സത്യപ്പെടുത്തുന്ന സത്യവുമാണ്; നീ ചോദിക്കുക: നിങ്ങൾ വിശ്വാസികളായിരുന്നുവെങ്കിൽ അപ്പോൾ ഇതിനുമുമ്പ് എന്തിനാണ് നിങ്ങൾ അല്ലാഹുവിന്റെ നബിമാരെ കൊന്നുകൊണ്ടിരുന്നത്?

ഈ ചോദ്യം ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോടാണ് അല്ലാഹു ചോദിക്കുന്നത്. പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം ത്രികാലജ്ഞാനമായ അദ്ദിക്റിനെ ഒഴിവാക്കി 2: 78–79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സൃഷ്ടികൾ എ

ഴുതിയുണ്ടാക്കിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ പിൻപറ്റുന്നവരും പ്രചരിപ്പിക്കുന്നവരുമാണ് അവർ. ഗ്രന്ഥത്തിന്റെ വാഹകരായ നിങ്ങൾ യഥാർത്ഥത്തിൽ അതിൽ വിശ്വസിക്കുന്നവരാണെങ്കിൽ ഉത്തമരും ഉന്നതരും മറ്റുള്ളവർക്ക് നേതൃത്വം കൊടുക്കുന്നവരും ആകേണ്ടവരും ഗ്രന്ഥത്തിന്റെ ജീവിതം നയിച്ച് പ്രവാചകന്റെ ജീവിതം ജനങ്ങൾക്ക് സാക്ഷ്യപ്പെടുത്താൻ കടമപ്പെട്ടവരുമാണ്; എന്നിരിക്കെ, നിങ്ങൾ പിടിവള്ളിയില്ലാതെ നിന്ദ്യരും നീചരുമായി അധഃപതിച്ച് മറ്റുള്ളവരാൽ വെറുക്കപ്പെടുന്നവരും നബിമാരുടെ പേരുവെച്ച് അവരെ ജനമധ്യത്തിൽ കൊല്ലാതെ കൊല്ലുന്നവരുമായി അധഃപതിച്ചതെങ്ങനെ? വിശ്വാസികളായ പ്രവാചകന്മാരുടെ ജീവിതം ഇവിടെ സാക്ഷ്യപ്പെടുത്തി ജീവിക്കുന്നവർ മാത്രമാണ് വിശ്വാസികളുടെ ഏകസംഘത്തിൽ ഉൾപ്പെടുന്നത്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ലെന്ന് 10: 100 ലും; ഓ മനുഷ്യരേ! നിങ്ങളുടെ ഉടമയായ നാഥനിൽ നിന്നുള്ള 'സത്യം' നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തുന്നത്, അവൻ അവനെത്തന്നെയാണ് സന്മാർഗത്തിലാക്കുന്നത്, ആരാണോ അവനവനെ വഴികേടിലാക്കിയത്, അപ്പോൾ നിശ്ചയം ആ വഴികേടിന്റെ ദോഷവും ആ ആത്മാവിനുതന്നെ, ഞാൻ നിങ്ങളുടെ കൈകാര്യകർത്താവൊന്നുമല്ല എന്ന് 10: 108 ലും പറഞ്ഞിട്ടുണ്ട്. 2: 93, 248, 278; 3: 139, 175; 5: 23, 57, 112; 7: 85; 8: 1; 9: 13; 11: 86; 24: 17; 57: 8 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത്, 'നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 85, 113; 58: 22 വിശദീകരണം നോക്കുക.

92. നിശ്ചയം മൂസാ വ്യക്തമായ തെളിവുകളും കൊണ്ട് നിങ്ങളിൽ വരികയും ചെയ്തിട്ടുണ്ടായിരുന്നു, പിന്നെ അവനുശേഷം നിങ്ങൾ പശുക്കുട്ടിയെ തെരഞ്ഞെടുത്തു, നിങ്ങൾ അക്രമികൾ തന്നെയുമായിരുന്നു.

ഞങ്ങൾ സത്യത്തിലാണെന്നും കാക്കകാരണവന്മാരെ പിന്തുടർന്ന് ജീവിക്കുന്നവരാണെന്നുമുള്ള പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മദീനയിലെ ജൂതരുടെ വാദത്തിന് മറുപടിയായി അവരുടെ പൂർവ്വികരുടെ ധിക്കാരനയം അനുസ്മരിപ്പിക്കുകയാണ് ഇവിടെ. ഇന്ന് പ്രവാചകന്റെ ജീവിതമാണ് ഞങ്ങൾ നയിക്കുന്നതെന്ന് ദുരഭിമാനിക്കുന്ന ഫുജ്ജാറുകൾ ഇതിൽ നിന്ന് ഗുണപാഠമുൾക്കൊണ്ട് കാക്കകാരണവന്മാരുടെ ജീവിതം അന്ധമായി അനുകരിക്കാതെയും വിവിധ സംഘടനകളിലൊന്നും ചേരാതെയും അല്ലാഹു അവതരിപ്പിച്ച അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതം ചിട്ടപ്പെടുത്തി ആദം മുതൽ അന്ത്യനാൾ വരെയുള്ള വിശ്വാസികളുടെ ഏകസംഘത്തിൽ നിലകൊണ്ട് ഇഹപരവിജയം നേടുകയുമാണ് വേണ്ടത്. എന്നാൽ അതിന് തയ്യാറാകാതെ അവർ 36: 59-62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമായി മാറിയിരിക്കുകയാണ്. ഗ്രന്ഥത്തിൽ 35 സ്ഥലങ്ങളിൽ പരാമർശിച്ച നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിന്റെ മാർഗം പിൻപറ്റുന്ന വിശ്വാസികളെ പരിഹസിക്കുന്ന അവർ 10: 60 ൽ വിവരിച്ച പ്രകാരം അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചുകൊണ്ടും കാഫിറായ പിശാചിനെ കണ്ടുകൊണ്ടുമാണ് മരണപ്പെടുക. 5: 104-105; 31: 21-22; 43: 21-23 വിശദീകരണം നോക്കുക.

93. ത്വൂർ പർവ്വതത്തെ നിങ്ങളുടെ മേൽ ഉയർത്തിക്കൊണ്ട് നിങ്ങളോട് നാം പ്രതിജ്ഞ വാങ്ങിയ സന്ദർഭവും; നാം നിങ്ങൾക്ക് നൽകിയത് മുറുകെപ്പിടിക്കുകയും ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുക; അവർ പറഞ്ഞു: ഞങ്ങൾ കേട്ടു, ഞങ്ങൾ

ധിക്കരിക്കുകയും ചെയ്യുന്നു, അവരുടെ നിഷേധം കാരണം പശുക്കുട്ടിയെ അവരുടെ ഹൃദയത്തിൽ കുടിയിരുത്തപ്പെട്ടിരുന്നു. നീ പറയുക: നിങ്ങളുടെ ആ വിശ്വാസം നിങ്ങളോട് കൽപിക്കുന്നത് എത്ര നികൃഷ്ടം, നിങ്ങൾ വിശ്വാസികളായിരുന്നുവെങ്കിൽ!

പശുഭക്തി ഹൃദയത്തിൽ ലയിച്ച ഇസ്റാഈൽ സന്തതികൾ അല്ലാഹുവുമായി ചെയ്ത കരാറുകളും ഉടമ്പടികളും ലംഘിച്ചുകൊണ്ട് ധിക്കാരപരമായ ജീവിതമാണ് നയിച്ചിരുന്നത്. പ്രവാചകന്റെ സദസ്സിൽ വന്നിരുന്ന മദീനയിലെ ജൂതർ 'ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു' എന്ന് പറയുന്നതിനുപകരം 'ഞങ്ങൾ കേട്ടു, ഞങ്ങൾ ധിക്കരിക്കുകയും ചെയ്യുന്നു' എന്നാണ് പറഞ്ഞിരുന്നത്. ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിതം ചിട്ടപ്പെടുത്തണം, എന്നാൽ മാത്രമേ അല്ലാഹുവിനുവേണ്ടി ജീവിക്കുന്ന വിശ്വാസികളാവുകയുള്ളൂ എന്ന് പറയുമ്പോൾ, ഞങ്ങൾ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ എന്ന ദുരഭിമാനത്തിൽ നിലകൊള്ളുകയാണ് അവർ ചെയ്യുക. ജൂതന്മാർ പശുക്കുട്ടിയെ പ്രതിഷ്ഠിച്ചതുപോലെ തങ്ങളുടെ ഹൃദയങ്ങളിൽ സംഘടനകളെയും കാക്കകാരണവന്മാരെയും പ്രതിഷ്ഠിച്ചവരാണ് അവർ. മദീനയിലുണ്ടായിരുന്ന ജൂതന്മാർ ഗ്രന്ഥം അവരുടെ മക്കളെ പഠിപ്പിച്ചിരുന്നതുപോലെത്തന്നെയാണ് ഇന്ന് ഇവരും ഇവരുടെ മക്കളെ ആശയമില്ലാതെ ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇവരിൽ ചിലർ സൂക്തങ്ങളുടെ ജീവനായ അർത്ഥം പഠിപ്പിക്കുന്നുണ്ടെങ്കിലും ആത്മാവായ അദ്ദിക്ർ പഠിപ്പിക്കാത്തവരാണ്. വിവിധ സംഘടനകളായിപ്പിരിഞ്ഞ ഇക്കൂട്ടർ തന്നെയാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ. നാഥന്റെ വചനമായ അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും അതിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരുമായ ഇവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. ഇത്തരം കാഫിറുകൾ നരകക്കുണ്ഠത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ 'നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നില്ലേ' എന്ന നരകത്തിന്റെ പാറാവുകാരുടെ ചോദ്യത്തിന് മറുപടിയായി 'അതെ, നിശ്ചയം ഞങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നു, അപ്പോൾ ഞങ്ങൾ കളവാക്കി തള്ളിപ്പറഞ്ഞു; ഞങ്ങൾ പറയുകയും ചെയ്തു: അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല -നിങ്ങൾ വമ്പിച്ച വഴികേടിൽ അല്ലാതെയല്ല. ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ചിന്താശക്തി ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളാകുമായിരുന്നില്ലല്ലോ' എന്ന് പറയുന്നതാണ് എന്ന് 67: 8–10 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകൾ 7: 40; 18: 49; 32: 12, 22; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാരാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവരിലെ നേതാക്കളും അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന, തർക്കിക്കുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇത്തരം അക്രമികൾ വിധിദിവസം 'ഓ എന്റെ നാശം! അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം ഇന്നാലിന്നവനാണല്ലോ എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെ ആയിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 3: 10, 78; 4: 46; 7: 37 വിശദീകരണം നോക്കുക.

94. നീ പറയുക: അല്ലാഹുവിന്റെ പക്കലുള്ള പരലോകഭവനം മറ്റു ജനങ്ങൾക്കൊ

ന്നുമില്ലാതെ നിങ്ങൾക്ക് മാത്രമുള്ളതാണെങ്കിൽ, അപ്പോൾ നിങ്ങൾ മരണത്തെ കൊതിക്കുക, നിങ്ങൾ സത്യസന്ധൻമാർ തന്നെയാണെങ്കിൽ!

അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും തന്നെയാണ് ലോകരിൽ മരിക്കാൻ ഏറ്റവും ഭയമുള്ളത്. കാരണം 9: 80-82, 95, 125 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർ മാലിന്യമായതുകൊണ്ടും അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കാത്തതുകൊണ്ടും അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠമായതുകൊണ്ടുമാണ്. 98: 2 ൽ പറഞ്ഞ ആത്മാവിനെ ശുദ്ധീകരിക്കാനുള്ളതും 41: 42 ൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യവുമായ ഗ്രന്ഥം ഏതാണെന്ന് ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത, 7: 176 ൽ നായയോട് ഉപമിക്കപ്പെട്ട ഈ ജനതക്ക് അറിയുകയില്ല. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഇവർ തന്നെയാണ് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകേണ്ടവരെന്ന് 9: 67-68; 25: 33-34, 65-66; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം വായിച്ചിട്ടുള്ളത് ലോകരിൽ ഇക്കൂട്ടർ തന്നെയാണ്. അതുകൊണ്ടുതന്നെ ഇവർ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം ഇവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും ഇവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 1: 7; 2: 23, 39; 62: 5-7 വിശദീകരണം നോക്കുക.

95. അവരുടെ കരങ്ങൾ മുൻകൂട്ടി ഒരുക്കിവെച്ചത് കാരണം അവർ ഒരിക്കലും അതിന് കൊതിക്കുകയില്ല, അല്ലാഹു ഇത്തരം അക്രമികളെക്കുറിച്ച് ശരിക്കും അറിവുള്ളവനുമാകുന്നു.

മദീനയിൽ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരുടെ ഈ സ്വഭാവവും ഉള്ളിലിരിപ്പും ഇന്ന് ലോകരിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണുള്ളത്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. അവൻ ഓരോ ആത്മാവിനും അതിന്റെ ദുർമാർഗവും സന്മാർഗവും നൽകിയിട്ടുണ്ടെന്നും ആരാണോ അവരവരെ അദ്ദിക്ർ കൊണ്ട് ശുദ്ധീകരിച്ചത്, അവർ വിജയിക്കുമെന്നും ആരാണോ അദ്ദിക്ർ ഉപയോഗപ്പെടുത്താത്തത്, അവർ പരാജിതരാകുമെന്നും 91: 7-10 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥൻ അവന്റെ റൂഹ് മനുഷ്യനിൽ ആവാഹിപ്പിക്കുന്നതോടൊപ്പം അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റും പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അവന് നന്മയും തിന്മയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അതാണ് 76: 3 ൽ മനുഷ്യന് നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദികെട്ടവൻ എന്നീ രണ്ടാലൊരു മാർഗം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട് എന്ന് പറഞ്ഞതിന്റെ വിവക്ഷ. വിശ്വാസികളെ വിളിച്ച് നാളേക്കുവേണ്ടി എന്താണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് ഓരോ ആത്മാവും നോക്കിക്കാണണമെന്ന് 59: 18 ലും; അന്ന് ജൂതരും ഇന്ന് ഫുജ്ജാറുകളും അവരുടെ കൈകൾ ഒരുക്കിവെച്ചത് നരകമായതിനാൽ ഒരിക്കലും മരിക്കാൻ ആഗ്രഹിക്കുകയില്ല; അല്ലാഹു ഇത്തരം അക്രമികളെക്കുറിച്ച് ശരിക്കും അറിവുള്ളവനാണ് എന്ന് 62: 7 ലും പറഞ്ഞിട്ടുണ്ട്. 18: 57 ൽ, തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് അതിനെ അവഗണിക്കുകയും തന്റെ കൈകൾ ഒരുക്കിവെച്ചത് മറന്ന് ജീവിക്കുകയും ചെയ്തവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത് എന്ന് ചോദിച്ചിട്ടുണ്ട്. കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും 'വിശ്വാസികളെ അവരുടെ ദീൻ വഞ്ചിച്ചിരിക്കുന്നു' എന്ന് പറഞ്ഞ് പരിഹസിച്ചുകൊണ്ടിരിക്കുന്നവരാണ് എന്ന് 8: 49 ലും; ഇത്തരം കപടവിശ്വാസികളായ കാഫിറുകളെ മരിപ്പിക്കുന്ന സമയത്ത് മല

ക്കുകൾ മുഖത്തും പിരടിയിലുമെല്ലാം അടിക്കുകയും നിങ്ങൾ ഒരുക്കിവെച്ച കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുക എന്ന് പറയുകയും ചെയ്യുമെന്ന് 8: 50 ലും; നരകം നിങ്ങൾ നിങ്ങൾക്കുവേണ്ടി ഒരുക്കിവെച്ചിട്ടുള്ളതാണ്, എന്നല്ലാതെ അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുകയില്ല എന്ന് 8: 51 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചതും കളവാക്കി തള്ളിപ്പറഞ്ഞതുമാണ് അതിന് കാരണമെന്ന് 8: 52 ലും; ഒരു ജനതയുടെമേൽ നൽകിയ അനുഗ്രഹങ്ങൾ അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അല്ലാഹു മാറ്റം വരുത്തുകയില്ല എന്ന് 8: 53 ലും 13: 11 ലും പറഞ്ഞിട്ടുണ്ട്.

അദ്ദിക്ർ മനസ്സിലാക്കുന്നതിനും ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിനും വേണ്ടി സമയവും സമ്പത്തും ഉൾപ്പെടെ എല്ലാ അനുഗ്രഹങ്ങളും ചെലവഴിക്കുന്ന വിശ്വാസികൾക്ക് മരിക്കാൻ ഭയമുണ്ടായിരിക്കുകയില്ല. കാരണം അവർ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നാലാം ഘട്ടത്തിലുള്ള ഐഹികജീവിതം ഏഴാം ഘട്ടത്തിലേക്ക് സ്വർഗം സമ്പാദിക്കുന്നതിന് വേണ്ടിയാണെന്ന ജീവിതലക്ഷ്യം മനസ്സിലാക്കി ചരിക്കുന്നവരാണ്. അവർ അല്ലാഹുവിനെത്തൊട്ടും അവൻ അവരെത്തൊട്ടും തൃപ്തിപ്പെട്ടവരുമാണ്. ജീവിതലക്ഷ്യം മനസ്സിലാക്കി നാലാം ഘട്ടത്തിൽ സ്വർഗം സമ്പാദിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം സമ്പാദിച്ചുകൊണ്ടിരിക്കുന്നത് 2: 286 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ്. 3: 181–182; 22: 8–10; 42: 48; 59: 18; 78: 40; 89: 23–24 തുടങ്ങിയ സൂക്തങ്ങളിൽ 'തങ്ങളുടെ കൈകൾ ഒരുക്കിവെക്കുന്നത് തന്നെയാണ് പരലോകത്ത് ആസ്വദിക്കേണ്ടി വരിക' എന്ന് പറഞ്ഞിട്ടുണ്ട്. പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാത്ത പ്രവർത്തനങ്ങളെല്ലാം അവരുടെ മുമ്പിൽ വെച്ചുകൊടുക്കുകയും അവയെയെല്ലാം കാറ്റിൽ പറക്കുന്ന ധൂളിയാക്കി മാറ്റിക്കളയുകയും ചെയ്യുന്നതാണെന്ന് 25: 23 ലും പറഞ്ഞിട്ടുണ്ട്. 2: 254; 3: 91; 6: 93–94 വിശദീകരണം നോക്കുക.

96. നിശ്ചയം, ജനങ്ങളിൽ വെച്ച് ഏറ്റവും ജീവിക്കാൻ കൊതിയുള്ളവരായി നീ അവരെ കാണുന്നതാണ്; അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന ബഹുദൈവാരാധകരേക്കാളും, അവരിൽ ഓരോരുത്തരും കൊതിക്കുന്നത് ആയിരം വർഷം ഇവിടെ ജീവിക്കാൻ സാധിച്ചിരുന്നുവെങ്കിൽ എന്നാണ്, എന്നാൽ ശിക്ഷയെത്തൊട്ട് അകറ്റുവാൻ അവരുടെ ദീർഘായുസ്സ് നൽകപ്പെടൽ ഒട്ടും പര്യാപ്തമാവുകയുമില്ല, അവർ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു വീക്ഷിക്കുന്നവനാകുന്നു.

പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജീവിതലക്ഷ്യം നഷ്ടപ്പെട്ട ജൂതർ ഇഹലോകജീവിതം കൊണ്ട് തൃപ്തിപ്പെട്ടവരായിരുന്നു. ഇവിടെ ആയിരം വർഷം സ്വർഗീയജീവിതം നയിക്കാൻ അവസരം കിട്ടിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്നായിരുന്നു അവരുടെ ഉള്ളിലിരിപ്പ്. പക്ഷേ, അവരുടെ ദീർഘായുസ്സ് ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ കുറ്റങ്ങൾ തിരിച്ചറിഞ്ഞ് പശ്ചാത്തപിച്ച് ജനിച്ചതുപോലെ സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകാൻ അവർ ഉപയോഗപ്പെടുത്തുകയില്ല. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് ഫുജ്ജാറുകൾ മാത്രമാണ്. എന്നാൽ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അവർ 63: 4 പ്രകാരം അല്ലാഹുവിനാൽ വധിക്കപ്പെട്ട, ആത്മാവില്ലാത്ത ജീവൻ മാത്രമുള്ളവരാണ്. അതുകൊണ്ടുതന്നെ ജീവിതലക്ഷ്യം നഷ്ടപ്പെട്ട അവർ പിശാചിന്റെ സ്വാധീനത്തിൽ പെട്ട് ഭൂമിയിൽ ഒട്ടിപ്പിടിച്ചവരുമാണ്. അവരെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 176 ൽ നാഥൻ ഉപമിച്ചിട്ടുള്ളത്. മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും ശേഷം റബ്ബായിത്തന്നെയും സ്വീകരിക്കുന്ന ഇ

ക്കൂട്ടരെ ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ വധിക്കുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. 2: 6-7; 9: 53-55, 67-68 വിശദീകരണം നോക്കുക.

97. നീ പറയുക: വല്ലവനും ജിബ്‌രീലിന്റെ ശത്രുവാണെങ്കിൽ, അപ്പോൾ നിശ്ചയം അത് അവൻ നിന്റെ ഹൃദയത്തിലേക്കത് അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവിന്റെ ആജ്ഞപ്രകാരവും അതിന്റെ മുന്നിലുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ടുമാണ്, അത് വിശ്വാസികൾക്ക് സന്മാർഗവും ശുഭവാർത്താദായകവുമാണ്.

16: 102 അവസാനിക്കുന്നത്, ഈ ഗ്രന്ഥം സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവർക്ക് സന്മാർഗവും ശുഭവാർത്താദായകവുമാണ് എന്ന് പറഞ്ഞുകൊണ്ടാണ്. 2: 185 പ്രകാരം മൊത്തം മനുഷ്യർക്ക് സന്മാർഗമായിട്ടാണ് ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളതെങ്കിലും, അതിനെ സത്യപ്പെടുത്തുന്ന വിശ്വാസികൾക്കുമാത്രമേ അത് സന്മാർഗവും ശുഭവാർത്തയുമാവുകയുള്ളൂ. 16: 89 ൽ, എല്ലാ ഓരോ സമുദായത്തിനും അവരുടെമേൽ സാക്ഷ്യം വഹിക്കുന്ന അവരിൽ നിന്നുള്ള ഒരു സാക്ഷിയെ നാം എഴുന്നേൽപിക്കുന്ന ദിനം! ഇക്കൂട്ടരുടെ മേൽ സാക്ഷിയായി നിന്നെയും നാം കൊണ്ടുവരുന്നതാണ്, എല്ലാ ഓരോ കാര്യവും വ്യക്തമായി വിശദീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം നാം നിന്റെമേൽ അവതരിപ്പിച്ചിട്ടുമുണ്ട്, അത് സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവർക്ക് (മുസ്‌ലിംകൾക്ക്) സൻമാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവും തന്നെയാണ് എന്ന ആശയത്തിലാണ് 12: 111 അവസാനിക്കുന്നതെങ്കിൽ, നിശ്ചയം അത് വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവും തന്നെയാണ് എന്ന് 27: 77 ലും പറഞ്ഞിട്ടുണ്ട്. 6: 157; 7: 203; 10: 57; 16: 64; 27: 2; 31: 3; 41: 44 തുടങ്ങിയ സൂക്തങ്ങളിലെല്ലാം അദ്ദിക്ർ വിശ്വാസികൾക്ക് കാരുണ്യവും സന്മാർഗവും രോഗശമനവുമാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ മാലിന്യമായ കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്‌രിക്കുകൾക്കും അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 28, 95, 125 സൂക്തങ്ങളിലും; അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 17: 82 ലും; ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകൾക്ക് അത് ദുഃഖഹേതുതന്നെയാണ് എന്ന് 69: 50 ലും പറഞ്ഞിട്ടുണ്ട്. 2: 1-2, 90; 5: 48 വിശദീകരണം നോക്കുക.

98. വല്ലവനും അല്ലാഹുവിന്റെയും അവന്റെ മലക്കുകളുടെയും അവന്റെ പ്രവാചകന്മാരുടെയും ജിബ്‌രീലിന്റെയും മീകാഈലിന്റെയും ശത്രുവാകുന്നുവെങ്കിൽ അപ്പോൾ നിശ്ചയം, അല്ലാഹു കാഫിറുകളുടെ ശത്രുവാകുന്നു.

ഗ്രന്ഥം കൊണ്ടുവരുന്നത് *ജിബ്‌രീൽ* ആയതുകൊണ്ടാണ് ജൂതന്മാർ *ജിബ്‌രീലി*നെ അവരുടെ ശത്രുവായി ഗണിച്ചത്. അല്ലാഹുവിനോടോ അവന്റെ ഏതെങ്കിലും മലക്കുകളോടോ പ്രവാചകന്മാരോടോ വിശ്വാസികളോടോ ശത്രുത കാണിച്ചാൽ അവർ കാഫിറായ പിശാചിന്റെ ആളുകളാണെന്നും അല്ലാഹു അത്തരം കാഫിറുകളുടെ ശത്രുവാണെന്നുമാണ് പറയുന്നത്.

പ്രവാചകന്റെ കാലത്ത് ജൂതരിൽ നിന്നുള്ള ഒരു സംഘം പ്രവാചകനെ സമീപിച്ച് നാല് കാര്യങ്ങളെക്കുറിച്ച് ചോദിക്കുകയും അതിന് വ്യക്തമായ മറുപടി തരികയാണെങ്കിൽ ഞങ്ങൾ നിന്നെ സത്യപ്പെടുത്തുകയും വിശ്വസിക്കുകയും ചെയ്യാമെന്ന് പറയുകയും ചെയ്തു. (1) തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിനുമുമ്പ് ഇസ്‌റാഈൽ (യഅ്ഖൂബ് നബി) എന്താണ് തനിക്ക് നിഷിദ്ധമാക്കിയത്? പ്രവാചകൻ മറുപടി നൽകി: യഅ്ഖൂബിന് രോ

ഗം വന്നപ്പോൾ രോഗശമനത്തിന് വേണ്ടി അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണവിഭവങ്ങളായ ഒട്ടകത്തിന്റെ മാംസവും പാലും ഒഴിവാക്കാൻ നേർച്ചയാക്കുകയാണുണ്ടായത്. അപ്പോൾ അവർ: അല്ലാഹുവേ ശരിയാണ് എന്ന് പറഞ്ഞുകൊണ്ട് അത് അംഗീകരിച്ചു. അപ്പോൾ പ്രവാചകൻ അവരുടെമേൽ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തി. (2) പുരുഷന്റെയും സ്ത്രീയുടെയും വെള്ളം (ഇന്ദ്രിയമടങ്ങുന്ന ദ്രാവകം)എങ്ങനെയുള്ളതാണ്? അതിൽ നിന്ന് എങ്ങനെയാണ് ആൺകുട്ടിയും പെൺകുട്ടിയും ഉണ്ടാകുന്നത്? പ്രവാചകൻ മറുപടി നൽകി: 'പുരുഷന്റെ വെള്ളം കട്ടിയുള്ളതും വെള്ളനിറത്തിലുള്ളതുമാണെങ്കിൽ സ്ത്രീയുടേത് നേരിയതും മഞ്ഞനിറത്തിലുള്ളതുമാണ്. ആരുടെ സ്ഖലനമാണോ അതിജയിക്കുന്നത്, അവരുടെ മുഖച്ഛായയിലായിരിക്കും കുട്ടി ജനിക്കുക. പുരുഷന്റെ സ്ഖലനം നടക്കുന്നത് സ്ത്രീയുടെ സ്ഖലനത്തിന് ശേഷമാണെങ്കിൽ അല്ലാഹുവിന്റെ വേണ്ടുകയോടുകൂടി കുട്ടി ആണും, സ്ത്രീയുടെ സ്ഖലനം നടക്കുന്നത് പുരുഷന്റെ സ്ഖലനത്തിന് ശേഷമാണെങ്കിൽ അല്ലാഹുവിന്റെ വേണ്ടുകയോടുകൂടി കുട്ടി പെണ്ണുമായിരിക്കും. അപ്പോഴും അവർ: അല്ലാഹുവേ ശരിയാണ് എന്ന് പറഞ്ഞുകൊണ്ട് അത് അംഗീകരിച്ചു. അപ്പോൾ പ്രവാചകൻ അവരുടെമേൽ അല്ലാഹുവിനെ സാക്ഷിയാക്കി. ആത്മനിയന്ത്രണം പാലിക്കാൻ സാധിക്കുന്ന വിശ്വാസിയായ പുരുഷന് അവന്റെ സ്ഖലനം നിയന്ത്രിച്ചുകൊണ്ട് കുട്ടിയെ ആണോ പെണ്ണോ ആയി തെരഞ്ഞെടുക്കാൻ സാധിക്കുന്നതാണ്. (3) തൗറാത്തിൽ പരാമർശിച്ച നിരക്ഷരനായ പ്രവാചകനെക്കുറിച്ചും മലക്കുകളിൽ നിന്ന് അദ്ദേഹത്തിന്റെ സഹായി ആരാണ് എന്നും ഞങ്ങൾക്ക് വിവരിച്ചുതരിക? പ്രവാചകൻ മറുപടി നൽകി: അദ്ദേഹത്തിന്റെ കണ്ണുകൾ ഉറങ്ങുമ്പോൾ ഹൃദയം ഉറങ്ങുന്നില്ല. അദ്ദേഹത്തിന്റെ സഹായി *ജിബ്‌രീലു*മാണ്. ഒരു പ്രവാചകനെയും *ജിബ്‌രീലി*നെ സഹായിയാക്കിക്കൊണ്ടല്ലാതെ അല്ലാഹു നിയോഗിച്ചിട്ടില്ല. അപ്പോൾ അവർ പറഞ്ഞു: ഇവിടെയാണ് നാം വിയോജിക്കുന്നത്. മലക്കുകളിൽ നിന്ന് മറ്റ് ആരാണെങ്കിലും ഞങ്ങൾ നിന്നെ പിൻപറ്റുകയും സത്യപ്പെടുത്തുകയും ചെയ്യുമായിരുന്നു. *ജിബ്‌രീൽ* ഞങ്ങളുടെ ശത്രുവാണ്. അവർ ഇപ്രകാരം പറഞ്ഞപ്പോഴാണ് അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചത്. (4) ഇടിമിന്നലിനെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതരിക? പ്രവാചകൻ മറുപടി നൽകി: 'മേഘങ്ങളെക്കൊണ്ട് ഭരമേൽപ്പിക്കപ്പെട്ട '*മീകാഈൽ*' എന്ന മലക്ക് അവയെ പിളർത്തുമ്പോൾ ആ ഘർഷണത്തിൽ നിന്ന് ഉളവാകുന്ന തീ മിന്നൽപിണറും അപ്പോഴുണ്ടാകുന്ന ശബ്ദം ഇടിനാദവുമാണ്.'

6: 33 ൽ, നിശ്ചയം അവർ നിന്നെയല്ല കളവാക്കുന്നത്, എന്നാൽ ഈ അക്രമികൾ അല്ലാഹുവിന്റെ സൂക്തങ്ങളോടാണ് വിരോധം വെച്ചുപുലർത്തുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കേൾക്കുന്നതിൽ നിന്നും സാധാരണ ജനങ്ങളെ തടയുന്ന കപടവിശ്വാസികൾ അല്ലാഹുവിന്റെ ശത്രുക്കളാണെന്നും അവർക്ക് ശാശ്വതഭവനമായി നരകമുണ്ടെന്നും അത് അവർ അല്ലാഹുവിന്റെ സൂക്തങ്ങളോട് വിരോധം വെച്ചുപുലർത്തിയതുകൊണ്ടാണെന്നും 41: 26–28 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെത്തന്നെ മദീനയിലുണ്ടായിരുന്ന ജൂതർക്കും മലക്കുകളോടോ പ്രവാചകനോടോ വിശ്വാസികളോടോ ആയിരുന്നില്ല ശത്രുത, മറിച്ച് അദ്ദിക്റിനോടായിരുന്നു. 7: 40–41; 10: 19; 41: 40–44 വിശദീകരണം നോക്കുക.

99. നിശ്ചയം നിന്നിലേക്ക് നാം വ്യക്തമായ സൂക്തങ്ങൾ അവതരിപ്പിക്കുകയും ചെയ്തു, തെമ്മാടികളല്ലാതെ അവയെ മൂടിവെക്കുകയുമില്ല.

കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഒരേ വർഗത്തിൽ പെട്ടവരാണെ

ന്നും അവർ 'ഏറ്റവും നല്ലതായ' അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും തിന്മ കൽപ്പിക്കുന്നവരാണെന്നും അല്ലാഹുവിനെ വിസ്മരിച്ചതിനാൽ നാഥനാൽ വിസ്മരിക്കപ്പെട്ട തെമ്മാടികളാണെന്നും 9: 67 ലും; അല്ലാഹുവിനെ വിസ്മരിച്ച അവർ സ്വന്തത്തെ വിസ്മരിച്ച തെമ്മാടികളാണെന്ന് 59: 19 ലും പറഞ്ഞിട്ടുണ്ട്. കാഫിറുകളല്ലാതെ നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്ന് 29: 47 ലും; അക്രമികളല്ലാതെ നാഥന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്ന് 29: 49 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഇവിടെ വെച്ച് വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

80: 11 ൽ പറഞ്ഞ സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച ഏതൊരു മനുഷ്യനും വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും; ഗ്രന്ഥം കിട്ടിയതിനുശേഷം അശ്രദ്ധയിൽ മത്തുപിടിച്ച് ബോധമില്ലാതെ ജീവിക്കുന്നവർ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 51: 10–11 സൂക്തങ്ങളിലും; കപടവിശ്വാസികൾ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 63: 4 ലും പറഞ്ഞിട്ടുണ്ട്. 'അല്ലാഹു അവരെ വധിച്ചിരിക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചത് കാരണം അവരുടെ ആത്മാവിനെ അല്ലാഹു എടുത്തുകളഞ്ഞിരിക്കുന്നു എന്നും, അതിനാൽ അവർ ആത്മാവില്ലാതെ ജീവൻ മാത്രമുള്ള അവസ്ഥയിൽ –ഉറങ്ങുന്ന അവസ്ഥയിൽ– ബോധമില്ലാതെ ജീവിക്കുന്നവരാണ് എന്നുമാണ്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട് ബോധമില്ലാത്ത അവസ്ഥയിൽ കഴിയുന്നവരായതുകൊണ്ട് അവരുടെ ഒരു കർമ്മവും സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, മരണത്തോടുകൂടി അവർ നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യും.

അദ്ദിക്റിനെ മൂടിവെക്കുന്ന ഇത്തരം കപടവിശ്വാസികളാണ് ഇന്ന് ലോകത്തെ എല്ലാ പള്ളികളിലെയും ഇമാമുമാർ. അവരെയും അവരുടെ സംസാരം കേട്ടുകൊണ്ടിരിക്കുന്ന കാഫിറുകളെയും നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടുമെന്ന് 4: 140 ലും; അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി കപടവിശ്വാസികളേയും കാഫിറുകളേയും അനുസരിക്കാൻ പാടില്ല എന്ന് 33: 1, 48 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിശ്വാസികളെ *ഇജ്മാഅ്* ലേക്ക് വേർതിരിക്കുന്നത് നാഥനെക്കുറിച്ച് ദുഷിച്ച ചിന്ത വെച്ചുപുലർത്തുന്ന കപടവിശ്വാസികളെയും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അനുയായികളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണെന്നും അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ള അവർക്ക് മടക്കസ്ഥലമായി നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ടെന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസിക്ക് അത്തരക്കാരുമായി യാതൊരു ബന്ധവും പാടില്ല. നിന്റെ കോപം വർഷിക്കപ്പെട്ടവരുടെ പാതയിലല്ല എന്ന് 1: 7 ലൂടെ പറയുമ്പോൾ ഇത്തരം തെമ്മാടികളായ കപടവിശ്വാസികളുടെ മാർഗത്തിലല്ല എന്നും; പിഴച്ചുപോയവരുടെ പാതയിലല്ല എന്ന് പറയുമ്പോൾ അവരുടെ അനുയായികളുടെ മാർഗത്തിലല്ല എന്നുമാണ് വിശ്വാസി മനസ്സിൽ കരുതേണ്ടത്. വിശ്വാസികളുടെ ഏക സംഘവും ഇമാമുമില്ലാത്ത ഒരു അവസ്ഥ വന്നാൽ ഞങ്ങൾ എന്തുചെയ്യണമെന്ന '*ഹുദൈഫതുൽ യമാനി*'യുടെ ചോദ്യത്തിന് മറുപടിയായി: 'എല്ലാ വിഭാഗങ്ങളെയും വെടിയുവാനും കാട്ടിൽ പോയി ഏതെങ്കിലും മരത്തിന്റെ മൂട് കടിച്ചുപിടിച്ച് മരണം വരെ നിലകൊള്ളാനുമാണ്' പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പി

ച്ചിട്ടുള്ളത്. എന്നാൽ എഴുത്തും വായനയും അറിയുന്നവരോട് അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളാനാണ് പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജിൽ വെച്ച് പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. ത്രികാലജ്ഞാനമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തെമ്മാടികളാണെന്ന് 32: 18 ലും; വിശ്വാസിയല്ലാത്ത എല്ലാ ഫുജ്ജാറുകളും കാഫിറുകളാണെന്ന് 64: 2 ലും പറഞ്ഞിട്ടുണ്ട്. 2: 11–14; 5: 49; 16: 64 വിശദീകരണം നോക്കുക.

100.എല്ലാ ഓരോ പ്രാവശ്യം ഉടമ്പടി ചെയ്തപ്പോഴും അവരിൽ നിന്നുള്ള ഒരു വിഭാഗം ആ ഉടമ്പടി വലിച്ചെറിയുകയുണ്ടായി; അല്ല, അവരിൽ അധികപേരും വിശ്വാസികളാവുകയില്ല.

2: 26–27 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ വെച്ച് അല്ലാഹുവുമായി ചെയ്ത ഉടമ്പടി പാലിക്കാതെ അവനെ വിസ്മരിച്ച് ജീവിക്കുന്നവർ തന്നെയാണ് തെമ്മാടികൾ. 'എല്ലാ ഓരോ പ്രാവശ്യം ഉടമ്പടി ചെയ്തപ്പോഴും അവരിൽ നിന്നുള്ള ഒരു വിഭാഗം ആ ഉടമ്പടി വലിച്ചെറിയുകയുണ്ടായി' എന്നതിന്റെ വിവക്ഷ സ്വർഗത്തിൽ വെച്ച് അല്ലാഹുവുമായി ചെയ്ത ഉടമ്പടിയെക്കുറിച്ച് ഉണർത്തുന്ന ഏത് സൂക്തങ്ങൾ അവരെ ഓർമിപ്പിച്ചാലും അവർ അത് പിൻപറ്റുകയില്ലെന്നും അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സൃഷ്ടികളുമായി ചെയ്ത ഏത് കരാറും അവർ ലംഘിക്കുമെന്നുമാണ്. അവരിൽ അധികപേരും വിശ്വാസികളാവുകയില്ല എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസികളാവുകയില്ല എന്നാണ്. ആയിരത്തിൽ ഒന്ന് മാത്രമേ സ്വർഗത്തിലേക്കുള്ളൂ എന്ന് 4: 118 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് അംഗീകരിക്കാതെ ഇന്ന് 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്ന ഫുജ്ജാറുകൾ 'എന്നെ ആയിരത്തിൽ ഒന്നാക്കേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുകയോ ജനങ്ങൾ അങ്ങനെ പ്രാർത്ഥിക്കുന്നവരാകാൻ അദ്ദിക്ർ അവരിലേക്ക് എത്തിച്ച് കൊടുക്കുകയോ ഇല്ല. 7: 37; 11: 17; 32: 12–13 വിശദീകരണം നോക്കുക.

101. അവരോടൊപ്പമുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് അല്ലാഹുവിൽ നിന്നുള്ള പ്രവാചകൻ അവരിലേക്ക് വന്നപ്പോൾ, ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നുള്ള ഒരു വിഭാഗം അല്ലാഹുവിന്റെ ഗ്രന്ഥത്തെ അവരുടെ പിറകിലേക്ക് വലിച്ചെറിഞ്ഞു –നിശ്ചയം അവർ ഒന്നുമറിയാത്തവരെപ്പോലെ.

സൂക്തത്തിൽ പറഞ്ഞ സ്വഭാവം പ്രവാചകന്റെ കാലത്തെ മദീനയിലെ ജൂതന്മാരുടേതായിരുന്നുവെങ്കിൽ ഇന്ന് അത് 3: 7–10 സൂക്തത്തിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ ആളുകളാണെന്ന് അവകാശപ്പെടുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടേതാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അവരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് 8: 22, 55 സൂക്തങ്ങളിൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 87; 5: 48 വിശദീകരണം നോക്കുക.

102. സുലൈമാന്റെ രാജാധിപത്യത്തിനെതിരിൽ പിശാചുക്കൾ പറഞ്ഞുപരത്തിയതിനെ അവർ പിൻപറ്റുകയും ചെയ്തു, സുലൈമാൻ നിഷേധിയായിട്ടില്ല, എന്നാൽ നിശ്ചയം പിശാചുക്കളാണ് നിഷേധികളായത്, അവർ ജനങ്ങളെ മാരണം പഠിപ്പി

ച്ചു, ബാബിലോണിയയിൽ 'ഹാറൂത്ത്, മാറൂത്ത്' എന്നീ രണ്ടു മലക്കുകൾക്ക് ഇറക്കപ്പെട്ടതിനെയും, ആ മലക്കുകൾ രണ്ടുപേരും അവരിൽ നിന്ന് ഒരാളെയും: 'നിശ്ചയം ഞങ്ങൾ ഒരു പരീക്ഷണമാണ്, അതിനാൽ നിങ്ങൾ നിഷേധികളാക രുത്' എന്ന് പറഞ്ഞിട്ടല്ലാതെ ഒന്നും പഠിപ്പിച്ചിട്ടില്ല, എന്നാൽ അവർ രണ്ടുപേ രിൽ നിന്നും അവർ ഭർത്താവിന്റെ കീഴിലുള്ള ഭാര്യയെ വേർപിരിച്ചെടുക്കുന്ന ഒരു വിദ്യ പഠിച്ചു, എന്നാൽ അല്ലാഹുവിന്റെ സമ്മതം കൂടാതെ ആ വിദ്യ കൊ ണ്ട് അവർ ഒരാളെയും ഉപദ്രവിച്ചിട്ടില്ല, എന്നാൽ അവർക്ക് ഉപദ്രവകരമായ തും ഉപകാരപ്രദമല്ലാത്തതുമായ ആ വിദ്യ അവർ പഠിച്ചുകൊണ്ടിരിക്കുന്നു, അത് വാങ്ങുന്നവർക്ക് പരലോകത്തിൽ യാതൊരു വിഹിതവുമില്ലെന്ന് അവർ ക്ക് ശരിക്കുമറിയാം, അതുകൊണ്ട് അവർ അവർക്കുവേണ്ടി വാങ്ങിയത് എ ത്ര മോശമായ വിലയാണ്, അവർ അറിവുള്ളവരായിരുന്നുവെങ്കിൽ!

മാരണം, കൺകെട്ട് തുടങ്ങിയ ക്ഷുദ്രവിദ്യകളാലാണ് സുലൈമാൻ നബിയുടെ രാജാ ധിപത്യം നിലനിൽക്കുന്നതെന്ന് പിശാചുക്കൾ പറഞ്ഞുപരത്തിയിരുന്നു. എന്നാൽ സു ലൈമാൻ നബിയുടെ കഴിവുകളാവട്ടെ അല്ലാഹു നൽകിയതും മാരണം പഠിപ്പിച്ചിരുന്നത് പിശാചുക്കളുമാണ്. ബാബിലോണിയയിലെ ജനത അവരുടെ ഇംഗിതങ്ങൾ സാധിപ്പിച്ചു കിട്ടുന്നതിനുവേണ്ടി പിശാച് പഠിപ്പിച്ച മാരണവിദ്യയിലേക്ക് ചാഞ്ഞപ്പോൾ ആ ജനതക്ക് ഒരു പരീക്ഷണമായി അല്ലാഹു അവിടെ ഹാറൂത്ത്, മാറൂത്ത് എന്നീ മലക്കുകളെ മനുഷ്യ രൂപത്തിൽ മാരണം പഠിപ്പിക്കുന്നതിനായി നിയോഗിക്കുകയുണ്ടായി. അവർ രണ്ടുപേരും മാരണം പഠിക്കാൻ വരുന്നവരോട്: 'നിശ്ചയം ഞങ്ങൾ പരീക്ഷണമാണ്, നിങ്ങൾ ഇതുവ ഴി കാഫിറുകളാകരുത്' എന്ന് പറഞ്ഞിട്ടല്ലാതെ ജനങ്ങളെ ഒന്നും പഠിപ്പിച്ചിരുന്നില്ല. എ ന്നാൽ ഐഹികലോകത്തിന്റെ പട്ടികളായി അധഃപതിച്ച ആ ജനത ഭർത്താവിന്റെ കീഴി ൽ ജീവിക്കുന്ന സ്ത്രീകളെ അടർത്തിയെടുത്ത് അവരുമായി അവിഹിതബന്ധം പുലർ ത്തുന്നതിനുവേണ്ടി ഈ വിദ്യ(മാരണം) ഉപയോഗിച്ചു. ആ ജനത ഉപകാരപ്രദമല്ലാത്ത ഉ പദ്രവകരമായ ആ വിദ്യ പഠിച്ച് ഇഹലോകം ആസ്വദിച്ച് പരലോകം നഷ്ടപ്പെടുത്തി. *മാര ണവുമായി ബന്ധപ്പെടുന്നവർക്ക് സ്വർഗത്തിന്റെ വാസന പോലും ലഭിക്കുകയില്ലെന്ന്* പ്ര പഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

മാരണമുണ്ടെന്നും അത് പഠിപ്പിക്കുന്നതും അതുമായി ബന്ധപ്പെടുന്നതും പിശാചു ക്കളാണെന്നും ഈ സൂക്തം പഠിപ്പിക്കുന്നു. മനുഷ്യരിലും ജിന്നുകളിലും പിശാചുക്കളു ണ്ടെന്ന് 6: 112 ലും 114: 6 ലും; തങ്ങളുടെ നാഥനിൽ ഭരമേൽപ്പിച്ച വിശ്വാസികളുടെ മേൽ പിശാചിന് യാതൊരു സ്വാധീനവും അധികാരവുമില്ല എന്ന് 16: 99 ലും പറഞ്ഞിട്ടുണ്ട്. 5: 48 ൽ വിവരിച്ച പ്രകാരം എല്ലാ വിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊ ട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ ഇന്ന് ത്രികാലജ്ഞാനി യിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവൻ നാ ഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലാണ്. 3: 102 ൽ വിവരിച്ച പ്രകാരം ജി ന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കു ന്നവനല്ലാ തെ വിശ്വാസിയാവുകയോ മുസ്ലിമായി മരണപ്പെടുകയോ ഇല്ല. എന്നാൽ പ്ര വാചകന്മാർക്ക് മാരണമേൽക്കുമോ എന്ന ചോദ്യത്തിന് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം അ വർക്ക് ഇല്ലാതിരുന്നതിനാൽ ഏൽക്കുമെന്നാണ് മറുപടി. 25: 31 ൽ പറഞ്ഞ പ്രകാരം എ ല്ലാ നബിമാർക്കും ഭ്രാന്തന്മാരായ പിശാചുക്കളെ ശത്രുക്കളാക്കിയിട്ടുണ്ട്. പ്രവാചകനായ മൂസായുമായി മത്സരിക്കുന്നതിന് ഫിർഔൻ വിളിച്ചുവരുത്തിയ മാരണക്കാർ അവരുടെ

കയറുകളും വടികളും നിലത്തേക്കിട്ടപ്പോൾ മാരണം വഴി അവ ചലിക്കുന്നതായി മൂസാക്ക് തോന്നി, മൂസാ ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടു എന്ന് 20: 66-67 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അയ്യൂബ് നബി, നിശ്ചയം എന്നെ പിശാചിന്റെ ബാധയും ശിക്ഷയും ബാധിച്ചിരിക്കുന്നു എന്ന് ആവലാതിപ്പെട്ടതായി 38: 41 ലും; വർഷങ്ങൾക്കുശേഷം: നിശ്ചയം എന്നെ ദുരിതം ബാധിച്ചിരിക്കുന്നു, നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും നന്നായി കരുണ ചെയ്യുന്നവനുമാണ് എന്ന് പ്രാർത്ഥിച്ചതായി 21: 83 ലും പറഞ്ഞിട്ടുണ്ട്. ജിന്നുപിശാചുക്കൾ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ മുഖേന പ്രവാചകൻ മുഹമ്മദിന് മാരണം ചെയ്യുകയും പ്രവാചകന് അത് ഏൽക്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസികൾക്ക് മാരണം ഏൽക്കാതിരിക്കുന്നതിന് വേണ്ടിയുള്ള പ്രതിവിധി പ്രവാചകനിലൂടെ അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് അത് സംഭവിപ്പിച്ചത്. മുഅവ്വിദത്തൈനിയായ സൂറത്തുൽ ഫലഖും സൂറത്ത് അന്നാസും അവതരിപ്പിച്ചത് മാരണത്തിൽ നിന്ന് രക്ഷപ്പെടാനുള്ള പ്രതിവിധിയായിക്കൊണ്ടാണ്. അദ്ദിക്റിനെ പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്ന വിശ്വാസിക്ക് മാരണം കൊണ്ടെന്നല്ല, മറ്റൊന്നുകൊണ്ടും ഒരു ഉപദ്രവവും വരുത്താൻ മനുഷ്യപ്പി ശാചുക്കൾക്കോ ജിന്നുപിശാചുക്കൾക്കോ സാധ്യമല്ല തന്നെ.

കപടവിശ്വാസികളെ അല്ലാഹു കൊന്നുകളഞ്ഞതിനാൽ അവർക്ക് മാരണമോ പരീക്ഷണമോ ഏൽക്കുകയില്ല. 19: 83 ൽ കാഫിറുകൾക്ക് അവരുടെ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കാൻ പിശാചുക്കളെ നിയോഗിച്ചിട്ടുള്ളത് നീ കണ്ടില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. നിശ്ചയം ഗൂഢാലോചന പിശാചിൽ നിന്നുള്ളതാണ് -വിശ്വാസികളെ അതുമുഖേന ദുഃഖിപ്പിക്കുന്നതിന് വേണ്ടി, എന്നാൽ അല്ലാഹുവിന്റെ വേണ്ടുകയില്ലാതെ അവരെ ഒരു തരത്തിലും ബുദ്ധിമുട്ടിക്കാൻ അവർക്ക് കഴിയുകയില്ല. അപ്പോൾ വിശ്വാസികൾ പിശാചിന്റെയും ഉടമയായ എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിലാണ് ഭരമേൽപിക്കേണ്ടത് എന്ന് 58: 10 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളിൽ പെട്ട, 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ലൈംഗികാവയവങ്ങൾ ശ്രദ്ധാകേന്ദ്രമായി കൊണ്ടുനടക്കുന്നവരും, തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും, പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. അതുകൊണ്ട് തന്നെ ലൈംഗിക അരാജകത്വം നടമാടുന്ന ഇക്കാലത്ത് പരസ്ത്രീ പരപുരുഷ ബന്ധങ്ങൾക്കുവേണ്ടി മന്ത്രമോ മാരണമോ നടത്തേണ്ട കാര്യമില്ല. അവർ അറിവുള്ളവരായിരുന്നുവെങ്കിൽ എന്ന് പറഞ്ഞതിന്റെ വിവക്ഷ അവർ ത്രികാലജ്ഞാനമായ അദ്ദിക്ർ അറിവുള്ളവരായിരുന്നുവെങ്കിൽ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റി ഇഹപരജീവിതം നഷ്ടപ്പെടുത്തുന്നവരാകുമായിരുന്നില്ല എന്നാണ്. 4: 51-52, 79; 7: 175-176; 39: 15 വിശദീകരണം നോക്കുക.

103. നിശ്ചയം അവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അല്ലാഹുവിൽ നിന്ന് അവർക്ക് ലഭിക്കുന്ന പ്രതിഫലം തന്നെയായിരുന്നു ഏറ്റവും ഉത്തമം -അവർ അറിവുള്ളവരായിരുന്നുവെങ്കിൽ!

2: 2 ൽ വിവരിച്ച പ്രകാരം സന്മാർഗമായ അദ്ദിക്റിനെ പിൻപറ്റുന്നവരാണ് സൂക്ഷ്മാലുക്കൾ. അവർ അദ്ദിക്റിനെ സ്വർഗത്തിലേക്ക് തന്നെ തിരിച്ച് പോകാനുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുമെന്ന് 69: 48 ലും; അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾക്ക് അത് ഒരു ദുഃഖഹേതുവാണെന്ന് 69: 50 ലും പറഞ്ഞിട്ടുണ്ട്. ശാശ്വതമായ പരലോകജീവിതത്തിന് നൈമിഷികമായ ഐഹികജീവിതത്തെക്കാൾ പ്രാധാന്യം കൊടുക്കുന്നവരാണ് വിശ്വാസികൾ. എന്നാൽ കപടവിശ്വാസികൾ ജീവിതലക്ഷ്യം

നഷ്ടപ്പെട്ടവരായതിനാൽ ഐഹികജീവിതത്തിന് പരലോകത്തെക്കാൾ പ്രാധാന്യം കൊടുക്കുന്നവരാണ് എന്ന് 14: 2–3; 16: 107 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ലോകരിൽ നിന്ന് മൂടിവെക്കുന്ന കാഫിറായ ഒരു ജനതയെ നിശ്ചയം അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് 5: 67 ലും പറഞ്ഞിട്ടുണ്ട്. അവർ അറിവുള്ളവരായിരുന്നുവെങ്കിൽ എന്ന് പറഞ്ഞുകൊണ്ട് അവസാനിക്കുന്ന തുടർച്ചയായി വരുന്ന രണ്ട് സൂക്തങ്ങളാണ് 2: 102, 103 എന്നിവ. 3: 195–197; 7: 96; 25: 17–18 വിശദീകരണം നോക്കുക.

104.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ 'റാഇനാ' എന്ന് പറയരുത്, നിങ്ങൾ 'ഉൻളുർനാ' എന്ന് പറയുകയും ശ്രദ്ധിച്ചുകേൾക്കുകയും ചെയ്യുക, കാഫിറുകൾക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

റാഇനാ എന്ന പദത്തിന് ഞങ്ങളെ നോക്കുക, ഞങ്ങളെ പരിഗണിക്കുക എന്നൊക്കെ ആശയമുണ്ടെങ്കിലും പരുഷസ്വഭാവക്കാരൻ, മ്ലേഛൻ, വിഡ്ഢി എന്നൊക്കെ ദ്വയാർത്ഥങ്ങളുമുണ്ട്. *റാഇൗനാ* എന്ന് നീട്ടിപ്പറഞ്ഞാൽ 'ഞങ്ങളുടെ ആട്ടിടയാ' എന്നും അർത്ഥമുണ്ട്. പ്രവാചകന്റെ സദസ്സിൽ ഗ്രന്ഥത്തിന്റെ അധ്യാപനങ്ങൾ കേൾക്കാൻ വേണ്ടി വന്നിരുന്ന ജൂതരും കപടവിശ്വാസികളും ദ്വയാർത്ഥത്തിൽ ഇത്തരം പദങ്ങൾ ധാരാളമായി പ്രയോഗിച്ചിരുന്നു. അവരോടൊപ്പം കപടവിശ്വാസികളുടെ ഗൂഢോദ്ദേശ്യം മനസ്സിലാക്കാൻ കഴിയാത്ത വിശ്വാസികളിൽ ചിലരും അബദ്ധത്തിൽ ഇത്തരം പ്രയോഗങ്ങൾ ഉപയോഗിച്ചപ്പോഴാണ് അല്ലാഹു വിശ്വാസികളോട്: *ഉൻളുർനാ* എന്ന ദ്വയാർത്ഥമില്ലാത്ത പദം ഉപയോഗിക്കണമെന്നും ശ്രദ്ധിച്ചുകേൾക്കണമെന്നും കൽപിക്കുന്നത്. ഈ കൽപന വന്നതിനുശേഷം വീണ്ടും ദ്വയാർത്ഥപദങ്ങൾ ഉപയോഗിക്കുന്നവർ കാഫിറുകളും വേദനാജനകമായ ശിക്ഷക്ക് അർഹരുമാണ്. അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ ഗ്രന്ഥം വിശദീകരിക്കുമ്പോൾ ജനങ്ങളെ അതിൽ നിന്ന് തെറ്റിക്കാൻ വേണ്ടി ദ്വയാർത്ഥ പ്രയോഗങ്ങളും ഗൂഢതന്ത്രങ്ങളും പയറ്റുന്നതിൽ ഇന്നത്തെ കപടവിശ്വാസികൾ ഒരുപടി മുന്നിലാണ്. 48: 6 ൽ വിവരിച്ച പ്രകാരം അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന, അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും ഇരയായിട്ടുള്ള, ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾക്ക് തന്നെയാണ് ദുഷിച്ച പരിണിതി ഉള്ളത്. 8: 22 ൽ വിവരിച്ച പ്രകാരം യഥാർത്ഥ കാഫിറുകളായ ഇവരെ നാഥൻ മനുഷ്യരായിപ്പോലും പരിഗണിച്ചിട്ടില്ല. 2: 286 ൽ, പ്രവാചകനും വിശ്വാസികളും 'ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു' എന്ന് പറയുന്നവരാണെന്ന് പറഞ്ഞിട്ടുണ്ട്.

64: 16–17 സൂക്തങ്ങളിൽ, അപ്പോൾ നിങ്ങൾക്ക് കഴിയുന്നത്ര നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക, നിങ്ങൾ അനുസരിക്കുകയും നിങ്ങളുടെ ആത്മാവിനുവേണ്ടി ഉത്തമമായിട്ടുള്ളത് ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുക, ആരാണോ തന്റെ ആത്മാവിന്റെ കുടുസ്സിൽ നിന്ന് മോചിതനാക്കപ്പെട്ടത്, അപ്പോൾ അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവരാവുക! നിങ്ങൾ അല്ലാഹുവിന് ഏറ്റവും നല്ല ഒരു കടം കൊടുക്കുകയാണെങ്കിൽ അവൻ അത് നിങ്ങൾക്ക് ഇരട്ടിയാക്കിത്തരികയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്, അല്ലാഹു നന്ദിപ്രകടനം വിലമതിക്കുന്ന സഹനശീലൻ തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 7: 179 ൽ, നിശ്ചയം ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും അധികപേരെക്കൊണ്ടും നരകക്കുണ്ഠം നാം കുത്തിനിറക്കുക തന്നെ ചെയ്യും, അവർക്ക് ഹൃദയങ്ങളുണ്ട്, അതുകൊണ്ട് അവർ ജീവിതലക്ഷ്യം ഗ്രഹിക്കുകയില്ല; അവർക്ക് കണ്ണുകളുണ്ട്, അതുകൊണ്ട് അവർ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ

കാണുകയില്ല, അവർക്ക് ചെവികളുമുണ്ട്, അതുകൊണ്ട് അവർ അത് കേൾക്കുന്നവരാവുകയില്ല, അക്കൂട്ടർ കന്നുകാലികളെപ്പോലെയാണ് -അല്ല; അവർ അവയെക്കാൾ ഏറ്റവും വഴിപിഴച്ചിരിക്കുന്നു; അക്കൂട്ടർ, അവർ തന്നെയാണ് പ്രജ്ഞയറ്റവർ എന്ന് പറഞ്ഞിട്ടുണ്ട്. 3: 78; 4: 46; 9: 32-33 വിശദീകരണം നോക്കുക.

105.നിങ്ങളുടെ നാഥനിൽ നിന്ന് നന്മയിൽ നിന്നുള്ള ഒന്ന് നിങ്ങളുടെ മേൽ അവതരിപ്പിക്കപ്പെടുന്നത് വേദക്കാരിൽ നിന്നുള്ള കാഫിറുകളായവരോ അല്ലാഹുവിൽ പങ്കുചേർക്കുന്നവരോ ഇഷ്ടപ്പെടുന്നില്ല, അല്ലാഹുവാകട്ടെ അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ കാരുണ്യത്തിനുവേണ്ടി തെരഞ്ഞെടുക്കുന്നു, അല്ലാഹു മഹത്തായ ഔദാര്യമുടയവനുമാകുന്നു!

ഈ സൂക്തം അവതരിക്കുന്ന കാലത്ത് ജൂതരും ക്രൈസ്തവരുമായിരുന്നു വേദക്കാർ. മക്കയിലും മദീനയിലുമുള്ള ബഹുദൈവാരാധകർ അല്ലാഹുവിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളുമായിരുന്നു. ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥം അജയ്യഗ്രന്ഥമായ അദ്ദിക്ർ മാത്രമായതിനാൽ വേദത്തിന്റെ ആളുകളിൽ നിന്നുള്ള കാഫിറുകൾ ഫുജ്ജാറുകളിലെ കപടവിശ്വാസികളും, മുശ്രിക്കുകൾ അവരുടെ അനുയായികളുമാണ്.

നാഥൻ നിഷ്പക്ഷവാനായതിനാലും കാരുണ്യവും ഔദാര്യവുമായ അദ്ദിക്ർ മൂന്ന് വാള്യങ്ങളിലായി മലയാളത്തിൽ രൂപപ്പെട്ടതിനാലും 'എന്റെ നാഥാ! എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് അത് വായിക്കുകയും അതിനെ സത്യപ്പെടുത്തി ജീവിക്കുകയുമാണ് നാഥന്റെ കാരുണ്യത്തിൽ പ്രവേശിക്കാനുള്ള ഏകമാർഗം. 3: 74, 174; 8: 29; 57: 21, 29; 62: 4 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത് 'അല്ലാഹു മഹത്തായ ഔദാര്യമുടയവനാകുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 64; 9: 67-68; 33: 73 വിശദീകരണം നോക്കുക.

106.നാം സൂക്തത്തിൽ നിന്ന് ഒന്നും മായ്ച്ചുകളയുകയോ അല്ലെങ്കിൽ അതിനെ മറപ്പിച്ചുകളയുകയോ ചെയ്യുന്നില്ല -അതിനേക്കാൾ മികച്ചതോ അല്ലെങ്കിൽ അതുപോലുള്ളതോ നാം കൊണ്ടുവന്നിട്ടല്ലാതെ, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാണെന്ന് നിനക്കറിയില്ലേ?

107.നിശ്ചയം ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിന് മാത്രമാണെന്നും നിങ്ങൾക്ക് അല്ലാഹുവിനെക്കൂടാതെ ഒരു സംരക്ഷകനോ സഹായിയോ ഇല്ലെന്നും നിനക്കറിയില്ലേ?

ആദ്യം മുതൽ അവസാനം വരെ ഭൂമിയിലേക്ക് ഒറ്റ ഗ്രന്ഥം മാത്രമേ വന്നിട്ടുള്ളൂ എന്നും, വ്യത്യസ്ത ശരീരങ്ങളോടുകൂടിയ അതിന് ഒരൊറ്റ ആത്മാവാണുള്ളതെന്നും അത് അദ്ദിക്ർ തന്നെയാണെന്നും 16: 43-44; 21: 24; 41: 43; 53: 56 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ തൗറാത്തും ഇൻജീലും നിലനിർത്തിയാൽ പോരേ, പുതിയ ഒരു ഗ്രന്ഥത്തിന്റെ ആവശ്യമുണ്ടോ എന്ന് ജൂതരും ക്രൈസ്തവരും പ്രവാചകനോട് ചോദിച്ചിരുന്നു. ആകാശഭൂമികളുടെ രഹസ്യമറിയുന്ന അല്ലാഹുവിനാണ് അതാത് കാലഘട്ടങ്ങളിലേക്കുള്ള ജനങ്ങൾക്കുവേണ്ട നിയമനിർദ്ദേശങ്ങൾ അറിയുക. അതുകൊണ്ട് അതാത് കാലഘട്ടങ്ങളിലേക്ക് വേണ്ട നിയമനിർദ്ദേശങ്ങൾ ഉൾകൊള്ളുന്ന ഗ്രന്ഥങ്ങളാണ് അതാത് കാലഘട്ടങ്ങളിൽ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ 25: 33 ൽ പറഞ്ഞ പ്രകാരം പ്രവാചകന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മുമ്പുവന്ന എല്ലാ ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങ

ളെയും സത്യപ്പെടുത്തുന്നതും സാക്ഷ്യപ്പെടുത്തുന്നതുമാണ് എന്ന് 5: 48 ൽ വിവരിച്ചിട്ടുണ്ട്.

പ്രവാചകന് നൽകപ്പെട്ട ഗ്രന്ഥത്തിൽ തന്നെയും ആദ്യം വന്ന ചില സൂക്തങ്ങളിലെ നിർദ്ദേശങ്ങൾ പിന്നീട് വന്ന സൂക്തങ്ങളിലൂടെ ഭേദഗതി വരുത്തുകയോ പരിമിതപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണമായി 'നിങ്ങളിൽ നിന്നുള്ള ഒരാൾക്ക് മരണം ആസന്നമായാൽ അവൻ സമ്പത്ത് വിട്ടേച്ചുപോകുന്നുണ്ടെങ്കിൽ മാതാപിതാക്കൾക്കും കുടുംബത്തിൽ നിന്ന് അടുത്തവർക്കും ന്യായമായ രീതിയിൽ *വസ്വിയ്യത്ത്* ചെയ്യൽ നിങ്ങളുടെ മേൽ നിർബന്ധമാണ്' എന്ന 2: 180 ന്റെ കൽപന സൂറ: അന്നിസാഇൽ അനന്തരാവകാശനിയമം അവതരിച്ചതോടെ അനന്തരാവകാശികൾക്ക് *വസ്വിയ്യത്ത്* ചെയ്യാൻ പാടില്ലെന്നും *വസ്വിയ്യത്ത്* മൊത്തം സമ്പത്തിന്റെ മൂന്നിലൊന്നേ ആകാവൂ എന്നും പരിമിതപ്പെടുത്തി. 2: 219; 4: 43; 5: 90 എന്നീ സൂക്തങ്ങളിലൂടെ ഘട്ടം ഘട്ടമായുള്ള മദ്യനിർമ്മാർജ്ജനവും ഇതിന് ഉദാഹരണമാണ്. ത്രികാലജ്ഞാനിയായ അല്ലാഹുവിൽ നിന്ന് സർവ്വലോകങ്ങൾക്കും മുന്നറിയിപ്പായിക്കൊണ്ട് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്റിൽ അത് ക്രോഡീകരിപ്പെടുന്നതിന് മുമ്പോ ക്രോഡീകരിക്കപ്പെട്ടതിന് ശേഷമോ മിഥ്യയൊന്നും കടന്നുകൂടുകയില്ല എന്ന് 41: 41-42 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 76-77 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹു ആകാശഭൂമികളിലുള്ളതെല്ലാം അറിയുന്നവനും അതെല്ലാം ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളവനുമാണ്. 64: 11 ൽ, അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ടല്ലാതെ യാതൊരു വിപത്തും ബാധിക്കുന്നില്ല, ആരെങ്കിലും അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ചുവെങ്കിൽ അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നു, അല്ലാഹു എല്ലാ ഓരോ കാര്യത്തെക്കുറിച്ചും അറിവുള്ളവൻ തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

22: 52 ൽ, നാം നിനക്കുമുമ്പ് ഒരു പ്രവാചകനെയോ നബിയെയോ അയച്ചിട്ടില്ല -അവൻ എന്തെങ്കിലും ഒന്ന് പറയാൻ ഉദ്ദേശിക്കുമ്പോൾ പിശാച് അതിൽ ഇടപെട്ടിട്ടല്ലാതെ, എന്നാൽ പിശാച് ഇട്ടുകൊടുത്തത് മായ്ച്ചുകളയുകയും അല്ലാഹു തന്റെ വചനങ്ങളെ എല്ലാ കൈകടത്തലുകളിൽ നിന്നും സംരക്ഷിക്കുകയും അതിനെ തത്വനിർഭരമാക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ക്രോഡീകരിക്കപ്പെട്ട ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ ചരിക്കുന്ന വിശ്വാസി 32: 4 ൽ പറഞ്ഞതുപോലെ പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല എന്ന ഉത്തമബോധ്യമുള്ളവനും 58: 22 ൽ പറഞ്ഞ നാഥന്റെ ഏകസംഘത്തിലുള്ളവനുമാണ്. അല്ലാത്ത *സിജ്ജീൻ* പട്ടികയിലുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ 41: 7 ൽ പറഞ്ഞ പ്രകാരം പരലോകം കൊണ്ട് വിശ്വാസമില്ലാത്തവരും, 36: 59-62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരും, 58: 19 ൽ പറഞ്ഞ പ്രകാരം പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. അവർ 7: 26 ൽ പറഞ്ഞ പ്രകാരം ആത്മാവിനെ പരിഗണിക്കാതെ ജഡത്തിന് പ്രാധാന്യം കൊടുക്കുന്നവരും ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്റിനെ വിസ്മരിച്ചവരും 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരുമാണ്. 7: 37 ൽ പറഞ്ഞ പ്രകാരം ആത്മാവിനെതിരെ കാഫിറാണെന്ന് സാക്ഷ്യം വഹിച്ച് മരണപ്പെടുന്ന അവർ 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. നിഷ്പക്ഷവാനായ നാഥൻ ആരെയും നരകത്തിലേക്ക് തള്ളിവിടുന്നില്ല. എന്നാൽ അവർ കണ്ട, തൊട്ട, കേട്ട,

വായിച്ച സൂക്തങ്ങൾ അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 1: 4; 2: 12, 18, 255 വിശദീകരണം നോക്കുക.

108.അതല്ല, മുമ്പ് മൂസാ ചോദിക്കപ്പെട്ടതുപോലെ നിങ്ങളുടെ പ്രവാചകനോട് നിങ്ങളും ചോദിക്കാൻ ഉദ്ദേശിക്കുകയാണോ? അപ്പോൾ വിശ്വാസത്തിനുപകരം നിഷേധത്തെ സ്വീകരിക്കുന്നവർ നേർമാർഗത്തിൽ നിന്ന് വ്യതിചലിച്ചവരായിക്കഴിഞ്ഞു.

ഇസ്റാഈൽ സന്തതികൾ മൂസായോട് ചോദിച്ചിരുന്ന ചോദ്യങ്ങൾ 2: 55-61 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഞങ്ങൾക്ക് അല്ലാഹുവിനെ നേരിൽ കാണിച്ചുതരണമെന്ന് ആവശ്യപ്പെട്ടത്, പശുവിനെ അറുക്കാൻ കൽപ്പിച്ച സന്ദർഭത്തിൽ ആ പശുവിന്റെ നിറം, പ്രായം തുടങ്ങി പല ചോദ്യങ്ങളും ചോദിച്ചത്, മന്നായും സൽവായും ഭക്ഷണമായി നൽകിയപ്പോൾ അതിൽ സംതൃപ്തരാവാതെ ഉള്ളി, കക്കരിക്ക, പച്ചക്കറികൾ എന്നീ ഭക്ഷണവിഭവങ്ങൾ വേണമെന്നാവശ്യപ്പെട്ടത് തുടങ്ങിയവയെല്ലാം ഇതിനുദാഹരണങ്ങളാണ്. ഇതുപോലെ അവരുടെ പിൻഗാമികളായ മദീനയിലുള്ള ജൂതരും കപടവിശ്വാസികളും പ്രവാചകനോട് പല ചോദ്യങ്ങളും ചോദിച്ചിരുന്നു. 7: 145 ൽ പറഞ്ഞ പ്രകാരം മൂസാക്ക് നൽകിയതുപോലെ ഫലകത്തിൽ രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥം നൽകുക, 3: 183 ൽ പറഞ്ഞ പ്രകാരം ആകാശത്തു നിന്ന് 'തീ' ഇറങ്ങി വന്ന് കരിച്ചുകളയുന്ന ബലികർമ്മം നടത്തിക്കാണിക്കുക തുടങ്ങിയ ആവശ്യങ്ങളുമുന്നയിച്ചിരുന്നു.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 29 കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത് 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. 63: 4 ൽ പറഞ്ഞ പ്രകാരം നാഥനാൽ വധിക്കപ്പെട്ട കപടവിശ്വാസികൾ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമാക്കി മാറ്റിമറിക്കുകയും അവരുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം ഹലാലാക്കിക്കൊടുക്കുകയും ചെയ്യുകയാണെന്ന് 14: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 12, 60, 77; 28: 22; 60: 1 തുടങ്ങിയ സൂക്തങ്ങളെല്ലാം സ്വർഗത്തിലേക്കുള്ള ഏകമാർഗത്തെ പരാമർശിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. 1: 7; 2: 85, 254; 5: 101 വിശദീകരണം നോക്കുക.

109.നിങ്ങളുടെ വിശ്വാസത്തിനുശേഷം നിങ്ങളെ നിഷേധത്തിനുമേൽ നിഷേധത്തിലേക്ക് തിരിച്ചുകൊണ്ടുപോകാൻ സാധിച്ചിരുന്നെങ്കിൽ എന്നാണ് വേദക്കാരിൽ അധികപേരും ആഗ്രഹിക്കുന്നത്, സത്യം അവർക്ക് തെളിഞ്ഞുകഴിഞ്ഞിട്ടും അവരുടെ മനസ്സിൽ കുടികൊള്ളുന്ന അസൂയ നിമിത്തമാണത്, അപ്പോൾ അല്ലാഹു തന്റെ തീരുമാനം കൊണ്ടുവരുന്നതുവരെ നിങ്ങൾ വിട്ടുവീഴ്ച ചെയ്യുകയും കാത്തിരിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാണ്.

അന്ന് വേദക്കാരായ ജൂതക്രൈസ്തവർ വിശ്വാസികളോട് കാണിച്ചിരുന്ന ഈ സ്വഭാവം ഇന്ന് വിശ്വാസികളല്ലാത്ത യഥാർത്ഥ കാഫിറുകളായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണുള്ളത്. വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ എഴുത്തും വായനയും അറിയുന്ന ആരും തന്നെ വിശ്വാസിയാവുകയോ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. അദ്ദിക്ർ മുറുകെപ്പിടിച്ച് ഭിന്നിക്കാതെ ഒറ്റ സംഘമാകാനാണ് 3: 103 ൽ കൽപിച്ചിട്ടുള്ളത് എന്ന് പറയുമ്പോൾ അത് സ്വീകരിക്കാതെ അവ

രവരുടെ സംഘടനകളിലേക്കും മനുഷ്യനിർമ്മിതമായ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലേക്കും ദീനിൽ നിന്നുപോയ *മദ്ഹബു*കളിലേക്കും കാക്കകാരണവന്മാരുടെ ചര്യയിലേക്കുമാണ് അവർ വിശ്വാസികളെ തിരിച്ചുകൊണ്ടുപോകാൻ ശ്രമിക്കുന്നത്. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205-206 ൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കേണ്ടത്. 7: 127, 137 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം *ഇജാസി*ൽ അവസാനത്തെ ഖലീഫയായ *മഹ്ദി* വരുന്നതോടെ അവിടെയുള്ള കുഫ്ഫാറുകളെയെല്ലാം പുറത്താക്കുന്നതും മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെല്ലാം *ഇജാസി*ലേക്ക് വേർതിരിക്കപ്പെടുന്നതുമാണ്. അതിനുശേഷം കാഫിറുകൾക്ക് അവിടേക്ക് പ്രവേശനം ലഭിക്കുകയില്ല. ശേഷം *മസീഹുദ്ദജ്ജാൽ* പ്രത്യക്ഷപ്പെടുന്നതും ഈസാ രണ്ടാമത് വന്ന് *മസീഹുദ്ദജ്ജാലി*നെ വധിക്കുന്നതുമാണ്. അതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ 8: 22 ൽ ദുഷ്ടജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളെ വധിച്ചുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതാണ്. അപ്പോൾ മാത്രമാണ് 25: 17-18 സൂക്തങ്ങളിൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ഫുജ്ജാറുകൾക്ക് 38: 8 ൽ വിവരിച്ച പ്രകാരം അറബി ഖുർആനല്ല, അദ്ദിക്റാണ് നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ബോധ്യം വരിക. 2: 39, 105, 159-161; 9: 28, 113 വിശദീകരണം നോക്കുക.

110. നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുക, നിങ്ങൾ സ്വന്തത്തിനുവേണ്ടി നന്മകളിൽ നിന്ന് എന്ത് ഒരുക്കിവെച്ചിട്ടുണ്ടെങ്കിലും അല്ലാഹുവിന്റെയടുക്കൽ അത് നിങ്ങൾ കണ്ടെത്തുന്നതാണ്, നിശ്ചയം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്.

ഈ സൂക്തം വിശ്വാസികളുടെ സംഘം രൂപപ്പെട്ടുവരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ടതാണ്. എന്നാൽ ഇന്ന് വിശ്വാസികളുടെ സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസികളോട് പ്രഭാതപ്രദോഷങ്ങളിൽ ആത്മാവ് പങ്കെടുത്തുകൊണ്ട് അദ്ദിക്ർ വായിക്കാനും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും മാനുഷിക ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് ലോകർക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണകരമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ത്രികാലജ്ഞാനിയായ നാഥന്റെ മൊത്തം മനുഷ്യർക്കുള്ള സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. ഇതെല്ലാമാണ് 22: 40; 47: 7; 61: 14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ സഹായിക്കാനും അതുവഴി നാഥന്റെ സഹായം തിരിച്ച് ലഭിക്കാനുമുള്ള ഏകമാർഗം.

സകാത്ത് കൊടുക്കുക എന്നുപറഞ്ഞാൽ എല്ലാവിധ സംസ്കരണപ്രവർത്തനങ്ങളും നടപ്പിലാക്കുക എന്നാണ്. ആത്മാവിന്റെയും ശരീരത്തിന്റെയും ധനത്തിന്റെയും ശുദ്ധീകരണപ്രവർത്തനങ്ങൾ നടത്തുകയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് അഅ്ലാ: 14-ൽ നിന്നും മനസ്സിലാക്കാം. അല്ലാഹുവിനെ തിരിച്ചറിഞ്ഞ്, സ്വന്തത്തെ തിരിച്ചറിഞ്ഞ്

ജീവിതലക്ഷ്യം മനസ്സിലാക്കലാണ് ആത്മാവിന്റെ സകാത്ത്. ആരോഗ്യം, യുവത്വം, കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങി എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കലാണ് ശരീരത്തിന്റെ സകാത്ത്. അല്ലാഹു നിശ്ചയിച്ച വിഹിതം നൽകി ധനത്തെ ശുദ്ധീകരിക്കലാണ് ധനത്തിന്റെ സകാത്ത്. അദ്ദിക്ർ കൊണ്ട് മാത്രമേ ഈ മൂന്നു നിലക്കുള്ള സംസ്കരണപ്രവർത്തനങ്ങളും സാധിക്കുകയുള്ളൂ. അഥവാ അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികളിൽ നിന്ന് മാത്രമേ ഏത് പ്രവൃത്തിയും സ്വീകരിക്കപ്പെടുകയുള്ളൂ. കപടവിശ്വാസികളിൽ നിന്ന് നമസ്കാരമോ നിർബന്ധദാനമോ ഐച്ഛികദാനമോ ഒന്നും തന്നെ സ്വീകരിക്കുകയില്ല എന്ന് 9: 53–55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്ന കപടവിശ്വാസികളിൽ നിന്നും സൂക്തങ്ങൾ അടിക്കടി മൂടിവെക്കുന്ന കുഫ്ഫാറുകളിൽ നിന്നും പ്രവർത്തനങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, അവർ ഇവിടെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് അവർക്കുവേണ്ടി ഒരുക്കിവെച്ചിട്ടുള്ളതെന്ന് 9: 67–68; 25: 33–34, 65–66 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 2–5, 94–95; 11: 5; 17: 17 വിശദീകരണം നോക്കുക.

111. ജൂതനോ അല്ലെങ്കിൽ ക്രൈസ്തവനോ ആകാതെ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്ന് അവർ പറയുകയും ചെയ്യുന്നു, അത് അവരുടെ വ്യാമോഹങ്ങൾ മാത്രമാണ്, നീ പറയുക: നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ നിങ്ങളുടെ തെളിവ് കൊണ്ടുവരിക!

27: 64 അവസാനിക്കുന്നതും 'അല്ലാഹുവിനോടൊപ്പം വേറെ ഇലാഹുണ്ടെന്നോ? നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക' എന്ന് ചോദിച്ചുകൊണ്ടാണ്. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതർ പറഞ്ഞിരുന്നത് ജൂതനാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്നും, ക്രൈസ്തവർ പറഞ്ഞിരുന്നത് ക്രിസ്ത്യാനിയാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്നുമായിരുന്നു. ഇന്ന് ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങി പ്രവാചകന്റെ സമുദായത്തിൽ പെട്ട ആരും തന്നെ അങ്ങനെ അവകാശപ്പെടുന്നില്ല. മറിച്ച് പ്രവാചകന്റെ ജനതയിൽ പെട്ട, ഇസ്‌ലാമിന്റെ പേരിൽ വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന, 4: 150–151 സൂക്തങ്ങളിൽ യഥാർത്ഥ കാഫിറുകളെന്ന് വിശേഷിപ്പിക്കപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ് ഇത്തരം അവകാശവാദങ്ങളുള്ളത്. അതുകൊണ്ട് വിശ്വാസി അവരോട് പറയേണ്ടത് 'അത് നിങ്ങളുടെ വ്യാമോഹം മാത്രമാണ്, നിങ്ങളുടെ വാദം സത്യമാണ് എന്നതിന് 21: 24 ൽ പറഞ്ഞ സത്യവും തെളിവുമായ അദ്ദിക്റിൽ നിന്ന് നിങ്ങൾ തെളിവ് കൊണ്ടുവരിക' എന്നാണ്. യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാത്തതുകാരണം ഇക്കൂട്ടർക്ക് ആദം മുതൽ അന്ത്യം വരെയുള്ള വിശ്വാസികളുടെ സംഘം 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘമാണ് എന്നും അതിൽ പെട്ട ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമാണ് സ്വർഗത്തിലേക്കുള്ളതെന്നും അറിയില്ല. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ 6: 104 ൽ പറഞ്ഞ ആത്മാവിന്റെ ദൃഷ്ടിയും; 17: 15 ൽ പറഞ്ഞ സന്മാർഗവും; 10: 108; 39: 41 എന്നീ സൂക്തങ്ങളിൽ പറഞ്ഞ സത്യവുമായ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിച്ചത്, അവർ മാത്രമാണ് വിജയം വരിക്കുക. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത പിശാചിന്റെ സംഘത്തിൽ പെട്ട കാഫിറുകളാണ് തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമെന്ന് 25: 33–34 സൂക്തങ്ങളിൽ പ

റഞ്ഞിട്ടുണ്ട്.

പരലോകത്ത് എല്ലാ ഓരോ സമുദായത്തിൽ നിന്നും നാം ഓരോ സാക്ഷിയെ കൊണ്ടു വരികയും അവരോട് നിങ്ങളുടെ തെളിവുകൾ നിരത്തുക എന്ന് പറയുകയും ചെയ്യും, അ പ്പോൾ നിശ്ചയം സത്യം അല്ലാഹുവിന് മാത്രമാണ് എന്നും അദ്ദിക്റിന്റെ അടിസ്ഥാനത്തി ലല്ലാത്ത പ്രവർത്തനങ്ങളെല്ലാം അവരെത്തൊട്ട് വഴിമാറിപ്പോയിരിക്കുന്നു എന്നും അവർ അറിയുന്നതാണ് എന്ന് 28: 75 ലും പറഞ്ഞിട്ടുണ്ട്. 2: 6-7, 94, 152; 4: 123-124; 28: 32 വിശദീ കരണം നോക്കുക.

112. അല്ല; ആരാണോ തന്റെ മുഖത്തെ അല്ലാഹുവിനുവേണ്ടി സമർപ്പിക്കുകയും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുകയും ചെയ്യുന്നത്, അപ്പോൾ അവന് അവന്റെ പ്രതിഫലം തന്റെ നാഥന്റെ പക്കലുണ്ട്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല.

മുഖം കൊണ്ടാണ് എല്ലാവരെയും തിരിച്ചറിയുന്നത് എന്നതിനാലാണ് സൂക്തത്തിൽ സ്വന്തത്തെ പ്രപഞ്ചനാഥന് സമർപ്പിക്കുക എന്ന് പറയുന്നതിനുപകരം മുഖത്തെ പ്രപഞ്ച നാഥന് സമർപ്പിക്കുക എന്ന് പറഞ്ഞിട്ടുള്ളത്. ഏത് മതവിഭാഗത്തിൽ പെട്ടവനായാലും പ്രപഞ്ചനാഥന് സർവാർപ്പണം ചെയ്തുകൊണ്ട് നടത്തങ്ങളിലും ഇരുത്തങ്ങളിലും കിട ത്തങ്ങളിലും അവനെ മാത്രം സ്മരിച്ചുകൊണ്ട് ജീവിക്കുന്നവർക്ക് സ്വർഗത്തിലേക്ക് ത ന്നെ തിരിച്ചുപോകാം. പ്രകൃതിമതമായ ഇസ്ലാമിൽ മതം മാറ്റമില്ല, വിശ്വാസമാറ്റം മാത്ര മാണുള്ളത് എന്നതിന് ഈ സൂക്തവും തെളിവാണ്. അല്ലാഹുവിനെ കണ്ടുകൊണ്ട് ചരി ക്കുക എന്നുപറഞ്ഞാൽ ഇന്ന് അല്ലാഹുവിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശ ദീകരണവും പ്രകാശവും പ്രമാണവുമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിക്കുക എന്നാ ണ്. 6: 115-116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഊഹങ്ങൾ പിൻപറ്റുന്നവരും നിഗമനങ്ങൾ വെച്ചുപുലർത്തുന്നവ രുമായ ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിൽ കുത്തിനിറപ്പെ ടാനുള്ളവരാണ്. 1: 4; 2: 62, 256; 10: 26, 100 വിശദീകരണം നോക്കുക.

113. ജൂതന്മാർ പറയുന്നു ക്രിസ്ത്യാനികൾ ഒന്നിന്മേലുമല്ല, ക്രിസ്ത്യാനികൾ പറ യുന്നു ജൂതന്മാർ ഒന്നിന്മേലുമല്ല, അവരാകട്ടെ ഒരേ ഗ്രന്ഥം വായിക്കുന്നവരു മാണ്, വേദപരിജ്ഞാനമില്ലാത്ത ജനങ്ങളും അപ്രകാരമുള്ള വാക്കുകൾ പറ ഞ്ഞിട്ടുണ്ട്, അപ്പോൾ അല്ലാഹു അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ വിധിദിവസം അവർക്കിടയിൽ വിധി കൽപിക്കുന്നതാണ്.

പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതന്മാരും ക്രിസ്ത്യാനികളും തൗറാത്തും ഇ ഞ്ചീലും വായിക്കുകയും പഠിക്കുകയും ചെയ്യുന്നുണ്ടെന്നിരിക്കെ ക്രിസ്ത്യാനികൾ പോ ക്കാണെന്ന് ജൂതന്മാരും ജൂതന്മാർ പോക്കാണെന്ന് ക്രിസ്ത്യാനികളും പരസ്പരം കുറ്റ പ്പെടുത്തിയിരുന്നു. അവരെപ്പോലെ യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ പിൻപറ്റാത്ത മുമ്പു ള്ള ജനങ്ങളും അങ്ങനെ പറഞ്ഞിട്ടുണ്ട് എന്നാണ് ത്രികാലജ്ഞാനിയായ നാഥൻ ഈ സൂക്തത്തിലൂടെ പറയുന്നത്. ഇന്ന് കഴുത ഭാരം വഹിക്കുന്നതുപോലെ ഗ്രന്ഥം വഹിക്കു ന്ന സിജ്ജീൻ പട്ടികയിലുള്ള, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കിടയിലെ വിവിധ സംഘടനകൾ ഓരോരുത്തരും പരസ്പരം ഇതുപോലെ കുറ്റപ്പെടുത്തുന്നവരാ ണ്. ആത്മാവായ ആശയമില്ലാതെ ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം പഠിപ്പിക്കുന്ന സം ഘടനകൾ തന്നെ പരസ്പരം ഇപ്രകാരം കുറ്റപ്പെടുത്തുകയും കാഫിറാക്കുകയും ചെയ്യു ന്നുണ്ട്. ഗ്രന്ഥത്തിന്റെ അർത്ഥം പോലും പഠിപ്പിക്കാതെ പാരായണം മാത്രം പഠിപ്പിക്കു

കയും ഒരേ കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ പിൻപറ്റുകയും ചെയ്യുന്ന യാഥാസ്ഥിതിക സംഘടനകളും ഇപ്രകാരം പരസ്പരം പഴിചാരുന്നുണ്ട്. 23: 53; 30: 32 എന്നീ രണ്ട് സൂക്തങ്ങളും അവസാനിക്കുന്നത് എല്ലാ ഓരോ വിഭാഗവും അവരുടെ പക്കലുള്ളതിൽ ആഹ്ലാദിച്ച് ഉല്ലസിക്കുന്നവരാണ് എന്ന് പറഞ്ഞുകൊണ്ടാണ്.

39: 69, 75 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുമ്പോൾ 7: 8–9; 40: 78 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മിഥ്യ പിൻപറ്റുന്ന ഇക്കൂട്ടർ നഷ്ടപ്പെട്ടവരായിരിക്കുന്നതാണ്. അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഇഹത്തിൽ വെച്ച് വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിലും; അവർ ഭിന്നിച്ചിട്ടുള്ള വിഷയത്തിൽ വ്യക്തമായ തീർപ്പുകൽപിക്കുന്നതിന് വേണ്ടിയല്ലാതെ നാം നിനക്ക് ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല, വിശ്വാസികളായ ജനതക്ക് അത് സന്മാർഗവും കാരുണ്യവുമാണ് എന്ന് 16: 64 ലും പറഞ്ഞിട്ടുണ്ട്. അതിനാൽ വിശ്വാസികൾ ഉറപ്പുനൽകുന്ന സത്യമായ അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തി ഇഹത്തിൽ വെച്ചുതന്നെ അവരുടെ വിധി നിർണ്ണയിക്കേണ്ടതാണ്. ആയിരത്തിൽ ഒന്നായ അവർ മാത്രമാണ് അല്ലാഹുവിനെ നിഷ്പക്ഷവാനായും അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായും അംഗീകരിക്കുന്നവർ.

എന്നാൽ വിചാരണയില്ലാതെ നരകത്തിൽ പോകുന്ന കപടവിശ്വാസികൾ: അല്ലാഹു അവന്റെ സൃഷ്ടികൾക്കിടയിൽ പരലോകത്തുവെച്ച് വിധികൽപിക്കുമെന്നാണല്ലോ പറഞ്ഞിട്ടുള്ളത്, അപ്പോൾ നിങ്ങൾ എന്തിനാണ് ഒരാളെ നരകത്തിലേക്കും സ്വർഗത്തിലേക്കും തരം തിരിക്കുന്നത് എന്നാണ് വിശ്വാസികളോട് ചോദിക്കുക. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അവർക്ക് എന്തെങ്കിലും തിന്മ ബാധിക്കുകയാണെങ്കിൽ അത് അവരുടെ തന്നെ കാരണം കൊണ്ടാണ് എന്ന് അംഗീകരിക്കുകയില്ല. അവരെ ബാധിക്കുന്ന ദുരിതങ്ങൾക്കും വഴികേടിനും അല്ലാഹുവിനെയും മറ്റു ജനങ്ങളെയുമാണ് അവർ പഴിചാരുക. 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ ഫുജ്ജാറുകൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിച്ച് നരകക്കുണ്ഠത്തിൽ പോകേണ്ടവരും എന്നെന്നും അതിൽ കഴിയേണ്ടവരുമാണ്.

ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ അവർക്കിടയിൽ തീരുമാനം കൽപിക്കുന്നതിനും നിശ്ചയം തങ്ങൾ കള്ളം പറയുന്നവരായിരുന്നു എന്ന് കാഫിറുകൾ അറിയുന്നതിനും വേണ്ടിയാണ് വിധിദിവസം നിശ്ചയിച്ചിട്ടുള്ളതെന്ന് 16: 39 ൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥ കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും കലഹിക്കുകയും പഴിക്കുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 6–7; 2: 186; 3: 101–102 വിശദീകരണം നോക്കുക.

114. അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം സ്മരിക്കപ്പെടുന്നതിനെ തടയുന്നവനെക്കാളും അവയെ നശിപ്പിക്കാനുദ്യോഗിച്ചുകൊണ്ട് ഇറങ്ങിത്തിരിച്ചവനേക്കാളും ഏറ്റവും വലിയ അക്രമി ആരാണ്? അക്കൂട്ടർ അവകളിൽ ഭയത്തോടു

കൂടിയല്ലാതെ പ്രവേശിക്കാവുന്നതല്ല, അവർക്ക് ഇഹത്തിൽ നിന്ദ്യതയാണുള്ളത്, പരത്തിൽ അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത്.

ഈ സൂക്തം അവതരിപ്പിക്കുമ്പോൾ മക്കാമുശ്രിക്കുകളുടെ അധീനതയിലായിരുന്നു കഅ്ബ. ദൈവസ്മരണയിൽ ജീവിച്ചിരുന്ന വിശ്വാസികളെ അതിലേക്ക് പ്രവേശിപ്പിച്ചിരുന്നില്ല. മദീനയിലായിരുന്ന പ്രവാചകൻ ഹിജ്റ 6-ാം വർഷം ഏകദേശം 1400 അനുയായികളെയും കൊണ്ട് മക്കയിലേക്ക് ഉംറ നിർവ്വഹിക്കാൻ പോയപ്പോൾ ഹുദൈബിയായിൽ വെച്ച് മക്കാമുശ്രിക്കുകൾ അവരെ തടയുകയുണ്ടായി. ഹുദൈബിയാ കരാർ പ്രകാരം 7-ാം വർഷം അവർ ഉംറ ചെയ്ത് തിരിച്ചുപോയി. 8-ാം വർഷം വിശ്വാസികൾക്ക് മക്കാവിജയം ലഭിച്ചു. അപ്പോഴും കഅ്ബയിൽ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. അതിനുശേഷം വിശ്വാസികൾക്കും അവിടേക്ക് പ്രവേശനം അനുവദിക്കപ്പെട്ടു. 9-ാം വർഷം അബൂബക്കർ സിദ്ദീഖിന്റെ കീഴിൽ ഒരു സംഘം വിശ്വാസികൾ മദീനയിൽ നിന്ന് ഹജ്ജിന് പുറപ്പെട്ടു. അതേവർഷം പ്രവാചകന്റെ കൂടെ 30,000 അനുയായികൾ റോമൻ പട്ടാളക്കാരെ പ്രതിരോധിക്കുന്നതിനായി തബൂക്കിലേക്ക് പോവുകയും അപ്പോഴേക്കും മദീനയിലുണ്ടായിരുന്ന കപടവിശ്വാസികളും കുഫ്ഫാറുകളും വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനുവേണ്ടി 9: 107-108 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മസ്ജിദുളിറാർ (ഉപദ്രവകരമായ പള്ളി) നിർമ്മിക്കുകയുണ്ടായി. തബൂക്കിൽ നിന്ന് മദീനയിലേക്ക് തിരിച്ചുവരുമ്പോൾ പ്രപഞ്ചനാഥൻ പ്രവാചകനോട് ഈ പള്ളി പൊളിച്ചുകളയാൻ കൽപിച്ചതനുസരിച്ച് ഏതാനും വിശ്വാസികൾ ആ പള്ളി പൊളിച്ചുകളഞ്ഞു. 9-ാം വർഷം അബൂബക്കറിന്റെ നേതൃത്വത്തിൽ വിശ്വാസികൾ ഇസ്ലാമികരീതിയിലും മക്കാമുശ്രിക്കുകൾ ജാഹിലിയ്യാരീതിയിലും ഹജ്ജ് നിർവ്വഹിച്ചപ്പോൾ തബൂക്കിൽ നിന്ന് തിരിച്ചുവരികയായിരുന്ന പ്രവാചകന് 9: 1-40 സൂക്തങ്ങൾ അവതരിപ്പിക്കപ്പെടുകയുണ്ടായി. ഈ സൂക്തങ്ങൾ ഹജ്ജ് വേളയിൽ ഹാജിമാരുടെ പൊതുസമ്മേളനത്തിൽ പ്രഖ്യാപിക്കുന്നതിനുവേണ്ടി അലിയുടെ പക്കൽ കൊടുത്തയച്ചു. അബൂബക്കർ അത് അവിടെ വിളംബരം ചെയ്തു. അതോടൊപ്പം ഈ പറയുന്ന നാല് കാര്യങ്ങൾ പ്രത്യേകം വിളംബരം ചെയ്യുകയുണ്ടായി. 1) വിശ്വാസിയാകാതെ ഒരാളും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. 2) അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന (മുശ്രിക്കുകൾ) ഒരാളും ഈ വർഷത്തിനുശേഷം ഹജ്ജിന് പങ്കെടുക്കാവുന്നതല്ല. 3) നഗ്നരായിക്കൊണ്ട് കഅ്ബ പ്രദക്ഷിണം ചെയ്യുന്നത് വിരോധിച്ചിരിക്കുന്നു. 4) പ്രവാചകനുമായി ഉടമ്പടി നിലനിൽക്കുന്നവരോട് അഥവാ കരാർ ലംഘിച്ചിട്ടില്ലാത്ത മുശ്രിക്കുകളോട് കാലാവധി വരെ കരാർ വ്യവസ്ഥകൾ പാലിക്കുന്നതാണ്. ശേഷം ഒരിക്കൽ അതിന്റെ പരിപാലകരായിരുന്നവരുടെ കൈകളാൽ തന്നെ കഅ്ബയിലുണ്ടായിരുന്ന വിഗ്രഹങ്ങൾ അവിടെ നിന്ന് എടുത്ത് മാറ്റി. ഹിജ്റ 10-ാം വർഷം വിഗ്രഹങ്ങളില്ലാത്ത അവസ്ഥയിൽ പ്രവാചകൻ ഹജ്ജ് നിർവ്വഹിക്കുകയും 11-ാം വർഷം പ്രവാചകൻ ലോകത്തോട് വിടവാങ്ങുകയും ചെയ്തു.

നിശ്ചയം പള്ളികളെല്ലാം അല്ലാഹുവിന്റെ വീടുകളാണ്, അപ്പോൾ അല്ലാഹുവിനോടൊപ്പം മറ്റാരെയും നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കരുത് എന്ന് 72: 18 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ലോകത്തുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്നവർ പ്രത്യേകം പ്രത്യേകം പള്ളികളുണ്ടാക്കി അത്തരം പള്ളികളിലൂടെ അവരുടെ ആശയങ്ങളും സംഘടനാതാൽപര്യങ്ങളുമാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഭരണാധികാരികളുടേതോ സംഘടനകളുടേതോ അല്ലാത്ത, പൂർണ്ണമായും അല്ലാഹുവിന്റെ ഭവനമായ പള്ളികൾ ഇന്ന് ലോകത്തെവിടെ

യും ഇല്ല. പ്രവാചകന്റെ കാലത്ത് കഅ്ബയിലുള്ള മക്കാമുശ്രിക്കുകളുടെ നമസ്കാരരീതി കൈകൊട്ടും ചൂളം വിളിയുമല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്ന് 8: 35 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഫുജ്ജാറുകളുടെ പള്ളികളിലും ആർപ്പും വിളിയുമല്ലാതെ ദൈവസ്മരണയോ അദ്ദിക്റിനെ നിലനിർത്തുന്നതിനുള്ള നമസ്കാരങ്ങളോ കർമ്മങ്ങളോ ഒന്നും തന്നെ ഇല്ല. മറിച്ച് ഇസ്ലാമിന് വിരുദ്ധമായ ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളുമാണ് നടക്കുന്നത്. ആത്മാവിനെ പരിഗണിക്കാത്ത പ്രജ്ഞയറ്റവരായ അവരുടെ പൊറുക്കലിനെത്തേടൽ പോലും മറ്റുള്ളവരെ കേൾപ്പിച്ചുകൊണ്ട് ഉച്ചഭാഷിണിയിലൂടെയാക്കി മാറ്റിയിരിക്കുന്നു. അഥവാ അവരുടെ പള്ളികൾ വലിയ കെട്ടിടങ്ങളായിരിക്കും, എന്നാൽ അവിടെ സന്മാർഗമായ അദ്ദിക്ർ ഉണ്ടാവുകയില്ല എന്ന് നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് നടപ്പിലായിരിക്കുകയാണ്.

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ അവർ നിഷേധത്തിന് സാക്ഷ്യം വഹിക്കുന്നവരായിരിക്കെ അല്ലാഹുവിന്റെ പള്ളികളുടെ കൈകാര്യകർത്താക്കളാകാൻ പാടില്ല, അക്കൂട്ടരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായിരിക്കുന്നു, അവർ നരകത്തിൽ ശാശ്വതരുമാണ്. നിശ്ചയം അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും സംസ്കരണപ്രവർത്തനങ്ങൾ കൊണ്ടുവരികയും അല്ലാഹുവിനെയൊഴികെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാണ് അല്ലാഹുവിന്റെ പള്ളികളുടെ കൈകാര്യകർത്താക്കളാകേണ്ടത്, അപ്പോൾ അക്കൂട്ടർ സന്മാർഗം ഉപയോഗപ്പെടുത്തുന്നവരായേക്കാം എന്ന് 9: 17-18 സൂക്തങ്ങളിലും; അല്ലാഹു ജനങ്ങളിൽ ചിലരെ ചിലരെക്കൊണ്ട് തടഞ്ഞിട്ടുണ്ടായിരുന്നില്ലെങ്കിൽ അല്ലാഹുവിന്റെ നാമങ്ങൾ ധാരാളമായി സ്മരിക്കപ്പെടുന്ന സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും യഹൂദ ദേവാലയങ്ങളും അല്ലാഹുവിന്റെ സ്മരണ നിലനിർത്തുന്ന മുസ്ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു, അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കുക തന്നെ ചെയ്യും, നിശ്ചയം അല്ലാഹു അതിശക്തനും അജയ്യനുമാകുന്നു എന്ന് 22: 40 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ മനുഷ്യരുടെ ഐക്യം ഇല്ലാതാക്കുന്നതിനും വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനും നിഷേധം പരത്തുന്നതിനും ഗൂഢതന്ത്രങ്ങൾ മെനയുന്നതിനും വേണ്ടി നിർമ്മിച്ചിട്ടുള്ള പള്ളികളിൽ പ്രവേശിക്കൽ തന്നെ വിശ്വാസിക്ക് അനുവദനീയമല്ല. അത്തരം പള്ളികൾ പൊളിച്ചുകളയണമെന്നാണ് 9: 107-108 സൂക്തങ്ങളിലൂടെ അല്ലാഹു കൽപ്പിച്ചിട്ടുള്ളത്. എന്നാൽ അത് നടപ്പിലാവുക ഈസാ രണ്ടാമത് വന്നതിനുശേഷമാണ്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കുക. 2: 256 ൽ ദീനിൽ നിർബന്ധമില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ലോകർക്ക് നാഥനെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ എത്തിച്ചുകൊടുക്കാനാണ് വിശ്വാസി പരമപ്രാധാന്യം നൽകുക. അതാണ് 47: 7 ൽ പറഞ്ഞ പ്രകാരം നാഥനെ സഹായിക്കുന്ന മാർഗവും നാഥന്റെ സഹായം തിരിച്ച് ലഭിക്കാനുള്ള മാർഗവും. 2: 85; 5: 33; 7: 37, 40; 9: 67-68 വിശദീകരണം നോക്കുക.

115. കിഴക്കും പടിഞ്ഞാറുമെല്ലാം അല്ലാഹുവിനുള്ളതാണ്, അപ്പോൾ നിങ്ങൾ എവിടേക്ക് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്, നിശ്ചയം അല്ലാഹു സർവ്വവ്യാപിയായ സർവ്വജ്ഞനാകുന്നു.

2: 177 ആരംഭിക്കുന്നത് നിങ്ങളുടെ മുഖം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുന്ന

തിലല്ല പുണ്യം എന്ന് പറഞ്ഞുകൊണ്ടാണ്. 2: 144 ൽ പറഞ്ഞ ഖിബ്ല മാറ്റത്തെ അംഗീകരിക്കാൻ വിസമ്മതിച്ച കപടവിശ്വാസികൾക്കും മദീനയിലുണ്ടായിരുന്ന വേദക്കാർക്കുമുള്ള മറുപടിയാണ് ഈ സൂക്തം. എന്നാൽ പള്ളികൾ സന്മാർഗത്തിൽ നിന്ന് വ്യതിചലിച്ചതാണെങ്കിൽ പ്രാർത്ഥിക്കാൻ അവിടെ പോകരുതെന്നും സ്വന്തം വീട്ടിൽ വെച്ചും ഭൂമിയിൽ മറ്റെവിടെ വെച്ചും അത് നിർവ്വഹിക്കാമെന്നും അന്ത്യനാൾ വരെയുള്ള വിശ്വാസികളെ പഠിപ്പിക്കുകയുമാണ് ഈ സൂക്തം. മസ്ജിദ് എന്നാൽ സുജൂദ് -സാഷ്ടാംഗപ്രണാമം - ചെയ്യാനുള്ള സ്ഥലം എന്നാണ് അർത്ഥം. എന്റെ സമുദായത്തിന് ഖബറിടങ്ങളും മലമൂത്രവിസർജ്ജനം നടത്തുന്ന സ്ഥലവുമൊഴികെ ഭൂമി മുഴുവനും പള്ളിയാണെന്ന് പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ സന്മാർഗത്തിൽ നിന്ന് വ്യതിചലിച്ച ഇന്നത്തെ പള്ളികളിൽ സാഷ്ടാംഗപ്രണാമം ചെയ്യൽ വിശ്വാസിക്ക് അനുവദനീയമല്ല. കാരണം അവയെല്ലാം കാഫിറായ പിശാചിന്റെ വീടുകളാണ്. എന്നാൽ മറ്റെവിടെയും വിശ്വാസികൾക്ക് സാഷ്ടാംഗപ്രണാമം ചെയ്യാവുന്നതാണ്.

നിശ്ചയം അല്ലാഹു വിശ്വാസിയിൽ അവന്റെയും അവന്റെ ഹൃദയത്തിന്റെയും ഇടയിലാണ് ഉള്ളതെന്ന് 8: 24 ൽ പറഞ്ഞിട്ടുണ്ട്. എല്ലാവരുടെയും ആത്മാവും ജീവനും അടങ്ങിയ റൂഹ് നാഥന്റേതായതുകൊണ്ടാണ് നിങ്ങൾ എവിടെ, എപ്പോൾ, ഏത് അവസ്ഥയിലാണെങ്കിലും ശരി, അവൻ നിങ്ങളോടൊപ്പമുണ്ട് എന്ന് 57: 4; 58: 7 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. ഹൃദയത്തിൽ കുടികൊള്ളുന്ന ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ വെക്കുന്നവർക്കാണ് നാഥൻ കൂടെയുള്ളത്. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം മരണസമയത്ത് 43: 36-39 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 'ഓ, എന്റെ നാശം! എന്റെയും നിന്റെയുമിടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ അകൽച്ച ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! അപ്പോൾ നീ എത്ര ദുഷിച്ച കൂട്ടുകാരൻ' എന്ന് ജിന്നുകൂട്ടുകാരനോട് പറയുന്നതാണ്. ഇവർ 10: 60 ൽ വിവരിച്ച പ്രകാരം മരണസമയത്ത് ആത്മാവിനെതിരെ അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. ത്രികാലജ്ഞാനിയായ നാഥൻ എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നിരിക്കെ 3: 5 ൽ പറഞ്ഞ പ്രകാരം അവനിൽ നിന്ന് ആകാശങ്ങളിലോ ഭൂമിയിലോ യാതൊന്നും ഒളിച്ചുവെക്കാൻ സാധ്യമല്ല. 7: 205-206; 10: 61, 85-87 വിശദീകരണം നോക്കുക.

116. അവർ പറയുകയും ചെയ്യുന്നു: അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു, അവൻ അതീവ പരിശുദ്ധനാകുന്നു; അല്ല, ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ ഒന്നും അവനുള്ളതാണ്, എല്ലാ ഒന്നും അവന് കീഴ്വണങ്ങുന്നവയാണ്.

9: 30-31 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ ഓരോ നബിമാരുടേയും പ്രവാചകന്മാരുടേയും ജനത അവരുടെ കാലശേഷം നാഥനെക്കുറിച്ചും പ്രവാചകന്മാരെക്കുറിച്ചും നബിമാരെക്കുറിച്ചും പരിചയപ്പെടുത്തുന്ന അദ്ദിക്റിനെ അവഗണിച്ച് പ്രവാചകനെയും നബിമാരെയും മഹാത്മാക്കളെയും ഇലാഹുകളായി സ്വീകരിച്ച് പോന്നു. 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകനായ മുഹമ്മദിന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും; 18: 110 ൽ വിവരിച്ച പ്രകാരം മുഹമ്മദിനെക്കുറിച്ച് അദ്ദിക്റിന്റെ അധ്യാപനത്തിന് വിരുദ്ധമായി പലതരം സവിശേഷതകളും മഹത്വങ്ങളും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരാണ്. ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം പ്രവാചകന് നൽകപ്പെട്ടിരുന്നില്ല എന്നതിനാൽ

നിഷ്പക്ഷവാനും ത്രികാലജ്ഞാനിയും എന്നെന്നും ജീവിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമായ നാഥനെക്കുറിച്ച് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവായ ത്രികാലജ്ഞാനിയോട് ചോദിക്കാനാണ് 25: 59 ൽ പ്രവാചകനോട് തന്നെ കൽപിച്ചിട്ടുള്ളത്. ഏതൊരാളും അറിവില്ലാത്ത ഏതൊരു കാര്യവും ചോദിക്കേണ്ടത് 16: 89 ൽ എല്ലാ ഓരോ കാര്യവും വിശദീകരിച്ച ഗ്രന്ഥമെന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദിക്റിന്റെ രചയിതാവിനോട് തന്നെയാണ് എന്ന് 16: 43; 21: 7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ജിന്നുകൾ അല്ലാഹുവിന്റെ ആൺമക്കളും മലക്കുകൾ പെൺമക്കളുമാണെന്ന് മക്കാമുശ്രിക്കുകൾ ജൽപിച്ചിരുന്നതായി 6: 100; 43: 17–19 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആകാശങ്ങളും ഭൂമിയും അവക്കിടയിലുള്ള സർവ്വവസ്തുക്കളും അല്ലാഹുവിനുള്ളതും അവന് അടിമപ്പെടുന്നവയുമാണ്. 'ഈസാ മസീഹോ' അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകളോ അവന്റെ അടിമയാകുന്നതിൽ കുറച്ചിൽ കാണുന്നില്ല എന്ന് 4: 172 ൽ പറഞ്ഞിട്ടുണ്ട്. 19: 92 ൽ, ഒരു സന്താനത്തെ തെരഞ്ഞെടുക്കുക എന്നത് നിഷ്പക്ഷവാന് യോജിച്ചതല്ലെന്നും; 19: 93 ൽ, ആകാശഭൂമികളിലുള്ള ഒന്നും തന്നെ നിഷ്പക്ഷവാന്റെ അടിമയായിട്ടല്ലാതെ വരുന്നില്ല എന്നും; 30: 26 ൽ, ആകാശഭൂമികളിലുള്ളതെല്ലാം അവനുള്ളതാണെന്നും എല്ലാം അവന് കീഴ്വണങ്ങുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. 33: 35 ൽ പറഞ്ഞ സ്വഭാവഗുണങ്ങളുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും മാത്രമേ പ്രപഞ്ചനാഥനായ അല്ലാഹുവിനെ മക്കളോ ഇടയാളന്മാരോ ശുപാർശക്കാരോ ഒന്നുമില്ലാത്തവനായി അംഗീകരിക്കുന്നവരാവുകയുള്ളൂ. അവർ ഗ്രന്ഥത്തിൽ നിന്ന് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരും മനസാ വാചാ കർമണാ അവന് വിധേയരായി ജീവിക്കുന്നവരുമാണ്. 2: 32–33; 66: 12 വിശദീകരണം നോക്കുക.

117. ആകാശങ്ങളുടെയും ഭൂമിയുടെയും തുടക്കം കുറിച്ചവൻ, അപ്പോൾ അവൻ ഒരു കാര്യം തീരുമാനിച്ചാൽ നിശ്ചയം അവൻ അതിനോട് 'ഉണ്ടാവുക' എന്ന് പറയലായി, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു.

6: 101 ൽ, ആകാശങ്ങൾക്കും ഭൂമിക്കും തുടക്കം കുറിച്ചവൻ, അവന് എങ്ങനെയാണ് ഒരു സന്താനമുണ്ടാവുക, അവന് ഒരു കൂട്ടുകാരിയില്ല എന്നിരിക്കെ? അവൻ എല്ലാ ഓരോ വസ്തുവിനെയും സൃഷ്ടിച്ചവനാകുന്നു, അവൻ എല്ലാ ഓരോ വസ്തുവിനെക്കുറിച്ചും അറിവുള്ളവനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 3: 47, 59; 6: 73; 16: 40; 19: 35; 36: 82; 40: 68 തുടങ്ങിയ സൂക്തങ്ങളെല്ലാം അവൻ ഒരു കാര്യം തീരുമാനിച്ചാൽ നിശ്ചയം അവൻ അതിനോട് 'ഉണ്ടാവുക' എന്ന് പറയലായി, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു എന്ന ആശയത്തിലുള്ളവയാണ്. 2: 29; 3: 26–27; 21: 30 വിശദീകരണം നോക്കുക.

118. വിവരമില്ലാത്ത ഒരു കൂട്ടർ ചോദിക്കുന്നു: എന്തുകൊണ്ടാണ് അല്ലാഹു നമ്മോട് സംസാരിക്കാത്തത്, അല്ലെങ്കിൽ നമുക്കായി ഒരു ദൃഷ്ടാന്തം കൊണ്ടുവരാത്തത്? അപ്രകാരം ഇവർ ചോദിച്ചതുപോലുള്ള ചോദ്യങ്ങൾ ഇവർക്ക് മുമ്പുള്ളവരും ചോദിച്ചിട്ടുണ്ട്, അവരുടെ ഹൃദയങ്ങൾ സദൃശ്യമാക്കപ്പെട്ടിരിക്കുകയാണ്, നിശ്ചയം ദൃഢബോധ്യമുള്ള ഒരു ജനതക്കുവേണ്ടി നമ്മുടെ സൂക്തങ്ങൾ നാം വ്യക്തമാക്കിയിട്ടുണ്ട്.

2: 32, 145; 3: 7, 19; 11: 14; 12: 22, 68; 27: 15, 40; 28: 80; 29: 49 തുടങ്ങി 62 സൂക്തങ്ങളിൽ പറഞ്ഞ 'ജ്ഞാനം' അദ്ദിക്ർ തന്നെയാണ്. അതുകൊണ്ടുതന്നെ ജ്ഞാനമായ അദ്ദിക്ർ അറിയാത്ത ഒരാൾക്കും പ്രപഞ്ചനാഥനെക്കുറിച്ചോ പ്രവാചകന്മാരെക്കുറിച്ചോ മലക്കുകളെക്കുറിച്ചോ ജിന്നുകളെക്കുറിച്ചോ വിധിദിവസത്തെക്കുറിച്ചോ ഉള്ള വിശ്വാസം രൂപപ്പെ

ടുത്താൻ സാധ്യമല്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവിന്റെ ജിന്നു കൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തത് കാരണം ജിന്നുകൂട്ടുകാരൻ അവരെ നരകക്കുണ്ഠത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്നതാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന വിധം നാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം നഷ്ടപ്പെട്ട അവർ 25: 21 ൽ പറഞ്ഞ പ്രകാരം 'നമ്മുടെ മേൽ എന്താണ് മലക്കുകൾ ഇറക്കപ്പെടാത്തത്, അല്ലെങ്കിൽ നമ്മുടെ നാഥനെ നേരിൽ കാണാത്തത്' എന്ന് ചോദിച്ചുകൊണ്ട് സ്വന്തത്തോട് അഹങ്കാരം നടിക്കുന്നവരും സൃഷ്ടികൾ എന്ന പരിധി ലംഘിച്ചുകൊണ്ട് ധിക്കാരികളായിത്തീർന്നവരുമാണ്. 25: 22–23 ൽ, മലക്കുകളെ കാണുന്ന ദിനം ഈ ഭ്രാന്തന്മാർക്ക് സന്തോഷകരമായിരിക്കുകയില്ല; മലക്കുകൾക്കും ഞങ്ങൾക്കുമിടയിൽ കാണാത്ത ഒരു മറ ഉണ്ടായിരിക്കട്ടെ എന്ന് അന്ന് അവർ പറയുന്നതാണ്; അവരുടെ പ്രവർത്തനങ്ങളെല്ലാം അന്ന് അവരുടെ മുമ്പിൽ വെച്ച് കൊടുക്കുന്നതും അവയെല്ലാം കാറ്റിൽ ചിന്നിച്ചിതറി പറക്കുന്ന ധൂളികളാക്കി മാറ്റുകയും ചെയ്യുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ളതാണ്. കാഫിറുകളും അക്രമികളുമല്ലാതെ അദ്ദിക്റിനോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്ന് യഥാക്രമം 29: 47, 49 സൂക്തങ്ങളിൽ പറഞ്ഞശേഷം 29: 50–51 സൂക്തങ്ങളിൽ വിശ്വാസികളായ ഒരു ജനതക്ക് അദ്ദിക്ർ ഏറ്റവും വലിയ ദൃഷ്ടാന്തവും കാരുണ്യവും ഓർമ്മപ്പെടുത്തലുമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മദീനയിലെ ജൂതർ ആകാശത്തുനിന്ന് അവരുടെ മേൽ ഒരു ഗ്രന്ഥം ഇറക്കപ്പെടാത്തതെന്താണ് എന്നാണ് ചോദിച്ചിരുന്നതെങ്കിൽ അവരുടെ പൂർവ്വപിതാക്കൾ മൂസായോട്: അവർക്ക് അല്ലാഹുവിനെ നേരിൽ കാണണമെന്ന് ആവശ്യപ്പെട്ടതായി 4: 153 ലും; മലക്കുകളെ നാം ഇവരിലേക്ക് ഇറക്കിയാലും മരിച്ചവർ എഴുന്നേറ്റുവന്ന് ഇവരോട് സംസാരിച്ചാലും ഭൂലോകത്തുള്ള മുഴുവൻ വസ്തുക്കളും അവരുടെ മുമ്പിൽ ഹാജരാക്കപ്പെട്ടാലും അല്ലാഹു ഉദ്ദേശിക്കാതെ അവർ വിശ്വാസികളാകുമായിരുന്നില്ല എന്ന് 6: 111 ലും പറഞ്ഞിട്ടുണ്ട്.

എല്ലാത്തരം ഉപമ ഉദാഹരണങ്ങൾ അടങ്ങിയതും മനുഷ്യന്റെ നെഞ്ചുകൾക്കുള്ളിലെ എല്ലാത്തരം സംശയങ്ങൾക്കുമുള്ള ശമനവും വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവുമായ അദ്ദിക്ർ വന്നുകിട്ടി എന്ന് 10: 57 ൽ അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അത് സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും അതിനെ മൂടിവെച്ചുകൊണ്ട് 6: 26 ൽ വിവരിച്ച പ്രകാരം അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ വിധിദിവസം നരകക്കുണ്ഠം കാണുമ്പോൾ 'ഞങ്ങളുടെ നാഥാ! ഞങ്ങൾ ഉൾക്കാഴ്ച കണ്ടു, ഞങ്ങൾ കേൾക്കുകയും ചെയ്തു, അപ്പോൾ നീ ഞങ്ങളെ ഒന്ന് തിരിച്ചയച്ചാലും, ഞങ്ങൾ സൽകർമ്മങ്ങൾ ചെയ്തുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു!' എന്ന് കേഴുന്ന രംഗം 32: 12 ൽ പറഞ്ഞിട്ടുണ്ട്. 2: 1–4; 13: 31; 27: 82; 28: 57 വിശദീകരണം നോക്കുക.

119. നിശ്ചയം നിന്നെ നാം അയച്ചിട്ടുള്ളത് സത്യവും കൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായിട്ടാണ്, ജ്വലിക്കുന്ന നരകവാസികളെക്കുറിച്ച് നീ ചോദിക്കപ്പെടുകയുമില്ല.

2: 147; 7: 8–9; 10: 108; 17: 105; 39: 41, 69, 75; 43: 78 തുടങ്ങി 256 സ്ഥലങ്ങളിൽ അദ്ദിക്റി ന്റെ 40 പേരുകളിൽ ഒന്നായ സത്യം എന്നത് പരാമർശിച്ചിട്ടുണ്ട്. എല്ലാ പ്രവാചകന്മാരും അയക്കപ്പെട്ടിട്ടുള്ളത് സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ടാണെന്നും അത് അവതരി പ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ സേവിക്കപ്പെടാൻ മറ്റാരുമില്ല എന്ന് ജനങ്ങളെ ഉണർത്താനുമാണ് എന്നും 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സ ത്യമായ അദ്ദിക്ർ പിൻപറ്റാത്തവരെല്ലാം മിഥ്യയാണ് പിൻപറ്റുന്നതെന്നും മിഥ്യയാകട്ടെ ഉ ടയാനുള്ളതാണെന്നും 17: 81 ലും; അല്ലാഹുവിന്റെ കൽപന വന്നെത്തുമ്പോൾ സത്യം കൊണ്ട് വിധി കൽപിക്കുകയായി, അപ്പോൾ മിഥ്യാവാദികൾ നഷ്ടപ്പെട്ടവരായിരിക്കുമെ ന്ന് 40: 78 ലും പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുന്ന ഫുജ്ജാറുകൾ ജ്വ ലിക്കുന്ന നരകത്തിലാണെന്ന് 82: 14 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീ വിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസിക്ക് ഗ്രന്ഥവും പ്രവാചകനും ശുഭവാർത്താദാ യകമാണെങ്കിൽ ഫുജ്ജാറുകളായ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിന് ഗ്രന്ഥവും പ്രവാചകനും താക്കീതും എതിർസാക്ഷിയുമാണ്. വിധിദിവസം അക്രമികൾ 'അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിനുശേഷം ഇന്നാലിന്നവനാണല്ലോ എന്നെ അതിൽ നി ന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വില പിക്കുമെന്ന് 25: 27–29 സൂക്തങ്ങളിലും; അന്ന് പ്രവാചകൻ 'എന്റെ ഈ ജനത ഈ വായ നയിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് അന്യായം ബോധി പ്പിക്കുമെന്ന് 25: 30 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറു കളും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളും ജ്വലിക്കുന്ന നരകത്തിന്റെ നി വാസികളാണെന്ന് 5: 10, 86 സൂക്തങ്ങളിലും, ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗ ത്തെയും നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെച്ചിട്ടു ണ്ടെന്ന് 15: 44 ലും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ നിഷ്പക്ഷവാനായ നാഥനോ പ്രവാച കനോ ആരെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ ആക്കുന്നില്ല. മറിച്ച് ഓ രോരുത്തരും അവരവർക്ക് പരലോകത്ത് ലഭിക്കേണ്ട സ്വർഗം ഇവിടെ വെച്ച് സമ്പാദി ക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കെ തിരായി 9: 82 ൽ വിവരിച്ച പ്രകാരം അവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ വാ ദിച്ചു കൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക.

ജ്വലിക്കുന്ന നരകവാസികളെക്കുറിച്ച് നീ ചോദിക്കപ്പെടുകയുമില്ല എന്നാണ് പ്രവാച കനോടും അതുവഴി വിശ്വാസിയോടും പറയുന്നത്. ത്രികാലജ്ഞാനമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന, നന്മ വിരോധിക്കുകയും തിന്മ കൽപിക്കുകയും ചെയ്യുന്ന കപടവിശ്വാസി കളോടും കുഫ്ഫാറുകളോടും അധികരിച്ച ജിഹാദ് ചെയ്യാനാണ് 9: 73; 66: 9 എന്നീ സൂ ക്തങ്ങളിലൂടെ ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യരുടെ ഐക്യവും ശാ ന്തിയും സമാധാനവും പുലരുന്നതിനുവേണ്ടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃ ഷ്ടിയുമായ അദ്ദിക്ർ ജാതി-മത-വർണ്ണ-ലിംഗ-ഭാഷ-ദേശഭേദമന്യേ ലോകരിൽ പ്രചരി പ്പിച്ചുകൊണ്ട് 47: 7 ൽ വിവരിച്ച പ്രകാരം നാഥനെ സഹായിക്കുമ്പോൾ നാഥൻ അവനെ യും സഹായിക്കുന്നതാണ്. 10: 42 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികൾ ആത്മാവിനെ പരിഗണിക്കാത്തവരായതിനാൽ അവരെ അദ്ദിക്ർ കേൾ പ്പിക്കാൻ പ്രവാചകനോ വിശ്വാസിക്കോ സാധ്യമല്ല. 39: 19 അവസാനിക്കുന്നത് 'നരകത്തി

ലുള്ളവരെ നീ രക്ഷപ്പെടുത്തുന്നവനാണോ' എന്ന് ചോദിച്ചുകൊണ്ടാണ്. 2: 62; 3: 196–197; 36: 7, 69–70 വിശദീകരണം നോക്കുക.

120.ജൂതരോ ക്രൈസ്തവരോ അവരുടെ ചര്യ പിൻപറ്റുന്നതുവരെ നിന്നെത്തൊട്ട് തൃപ്തിപ്പെടുകയില്ലതന്നെ; നീ പറയുക: നിശ്ചയം അല്ലാഹുവിന്റെ സന്മാർഗം, അത് മാത്രമാണ് സന്മാർഗം, അറിവിൽ നിന്ന് നിനക്ക് വന്നുകിട്ടിയതിനുശേഷം നീ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയാണെങ്കിൽ അല്ലാഹുവിൽ നിന്ന് നിനക്ക് ഒരു രക്ഷകനോ ഒരു സഹായിയോ ഉണ്ടാവുകയുമില്ല.

പ്രവാചകന്റെ കാലത്തുള്ള വേദക്കാരുടെ സമീപനം ഇതായിരുന്നുവെങ്കിൽ അല്ലാഹുവിൽ നിന്നുള്ള സന്മാർഗമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കണമെന്ന് പറയുകയും ആയിരത്തിൽ ഒന്ന് സ്വർഗത്തിലേക്കും തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് നരകത്തിലേക്കുമാണ് എന്ന് 4: 118 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച കാര്യം ഉണർത്തുകയും ചെയ്യുന്ന വിശ്വാസികളോട് ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ വെച്ചുപുലർത്തുന്ന സമീപനവും ഇതുതന്നെയാണ്. യഥാർത്ഥ ജ്ഞാനമായ അദ്ദിക്റിൽ നിന്ന് ഇക്കാര്യം വന്നുകിട്ടിയതിനുശേഷം ദേഹേച്ഛയെയോ ഭൂരിപക്ഷത്തിന്റെ വഴിയോ പിൻപറ്റിയാൽ പരലോകത്തിൽ എല്ലാം നഷ്ടപ്പെട്ടവരായിത്തീരുമെന്ന് വിശ്വാസികളെ ഈ സൂക്തം താക്കീത് നൽകുകയും ചെയ്യുന്നു. നീ പറയുക: നിശ്ചയം അല്ലാഹുവിന്റെ സന്മാർഗം (അദ്ദിക്ർ), അത് മാത്രമാണ് സന്മാർഗം എന്ന് 6: 71 ലും; നിശ്ചയം സന്മാർഗം അത് അല്ലാഹുവിൽ നിന്നുള്ളത് മാത്രമാണ് എന്ന് 3: 73 ലും; അല്ലാഹുവിൽ നിന്ന് അവതീർണ്ണമായ അദ്ദിക്ർ മൊത്തം മനുഷ്യർക്കുള്ള സന്മാർഗവും സത്യാസത്യ വിവേചനമാനദണ്ഡവുമാണെന്ന് 2: 185 ലും പറഞ്ഞിട്ടുണ്ട്.

ഖിബ്ല മാറ്റത്തെക്കുറിച്ച് പറഞ്ഞശേഷം 2: 145 ൽ അല്ലാഹു പറയുന്നു: അറിവിൽ നിന്ന് നിനക്ക് വന്ന് കിട്ടിയതിനുശേഷം നീയെങ്ങാനും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയാണെങ്കിൽ നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും. അല്ലാഹു ഇറക്കിയതുകൊണ്ട് അവർക്കിടയിൽ വിധി കൽപിക്കുക, നീ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റരുത്, അല്ലാഹു അവതരിപ്പിച്ച ചിലതിൽ നിന്നെ അവർ നാശത്തിലകപ്പെടുത്തുന്നത് സൂക്ഷിക്കുകയും ചെയ്യുക, അവർ പിന്തിരിയുകയാണെങ്കിൽ നീ അറിഞ്ഞിരിക്കുക, അവരുടെ കുറ്റകൃത്യങ്ങളുടെ ഫലം അവരെ ബാധിപ്പിക്കാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുകയാണ്, ജനങ്ങളിൽ അധികപേരും തെമ്മാടികൾ തന്നെയാണ് എന്ന് 5: 49 ൽ പറഞ്ഞിട്ടുണ്ട്. 10: 15–16 സൂക്തങ്ങളിൽ, നാഥന്റെ വ്യക്തമായ സൂക്തങ്ങൾ അവർക്ക് വിവരിച്ചുകൊടുക്കപ്പെട്ടാൽ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്ത ജനം പറയുന്നു: ഇതല്ലാത്ത വേറെ ഒരു വായന നീ കൊണ്ടുവരിക, അല്ലെങ്കിൽ ഇതിൽ ചില ഭേദഗതികൾ വരുത്തുക. പ്രവാചകാ, അവരോട് പറയുക: ഇത് എന്നിൽ നിന്നുള്ളത് അല്ലാത്തതിനാൽ എന്റെ വകയായി അതിൽ എന്തെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്താൻ എനിക്ക് സാധ്യമല്ല, നിശ്ചയം ഞാൻ എനിക്ക് ലഭിക്കുന്ന ദിവ്യബോധനങ്ങളല്ലാതെ പിൻപറ്റുന്നവനല്ല, നിശ്ചയം ഞാൻ എന്റെ നാഥനോട് ധിക്കാരം കാണിക്കുകയാണെങ്കിൽ ഒരു നാളിലെ ഭയങ്കരമായ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു. നീ പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഈ ഗ്രന്ഥം ഞാൻ നിങ്ങൾക്ക് വിശദീകരിച്ച് തരുമായിരുന്നില്ല, ഇതിനെ സംബന്ധിച്ച് നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു, അപ്പോൾ ഇതിനുമുമ്പ് ഞാൻ കുറേ കൊല്ലങ്ങൾ നിങ്ങളിൽ കഴിച്ചുകൂട്ടിയിട്ടുണ്ടല്ലോ, അപ്പോൾ നിങ്ങൾ ചിന്താശക്തി ഉപയോഗപ്പെടുത്തുന്നില്ലേ എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ

വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് സ്വീകരിക്കേണ്ടത്. 2: 38; 22: 77–78; 42: 52 വിശദീകരണം നോക്കുക.

121. ആർക്കാണോ നാം ഗ്രന്ഥം നൽകിയത്, അത് അവർ തിലാവത്ത് ചെയ്യേണ്ട വിധം തിലാവത്ത് ചെയ്യുന്നവരാണ്, അക്കൂട്ടർ അതുകൊണ്ട് വിശ്വസിക്കുന്നവരുമാണ്, ആരാണോ അതിനെ മൂടിവെച്ചത്, അപ്പോൾ അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവർ.

ഗ്രന്ഥത്തിലെ സൂക്തങ്ങൾ ആത്മാവ് പങ്കെടുത്ത് വായിച്ച് മനസ്സിലാക്കുകയും അത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യലാണ് തിലാവത്ത്. സൂക്തം അവതരിച്ച കാലത്ത് വേദക്കാരെക്കൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകന്റെ കാലത്തുള്ള ജൂതക്രൈസ്തവരാണ്. മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം അനന്തരമെടുത്തത് ഇന്ന് 35: 32 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ ജനതയാണ്. അതുകൊണ്ടുതന്നെ അതിനെ സത്യപ്പെടുത്തി 2: 143; 22: 78 സൂക്തങ്ങളിൽ കൽപിച്ച പ്രകാരം ഇതര ജനവിഭാഗങ്ങളിൽ സാക്ഷ്യം വഹിച്ച് ജീവിക്കാൻ കടമപ്പെട്ടവരാണ് അവർ. എന്നാൽ അവരിലെ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവിനോട് അക്രമം കാണിക്കുന്നവരായതിനാൽ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഒരു പ്രവാചകനെയും നബിയെയും പിൻപറ്റാത്തവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിനെ ആനയിച്ചുകൊണ്ടിരിക്കുന്ന പിശാചിന്റെ സേവകരുമാണ്.

63: 9 ൽ, വിശ്വാസികളെ വിളിച്ച് 'നിങ്ങളുടെ സ്വത്തുക്കളോ നിങ്ങളുടെ സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണയെത്തൊട്ട് (അദ്ദിക്റിനെത്തൊട്ട്) നിങ്ങളെ തടയാതിരിക്കട്ടെ, ആരെങ്കിലും അങ്ങനെ പ്രവർത്തിച്ചാൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് നഷ്ടപ്പെട്ടവർ എന്ന് പറഞ്ഞിട്ടുണ്ട്. 7: 178 ൽ, ആരാണോ സ്വയം വഴികേടിലായത്, അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവർ എന്നും പറഞ്ഞിട്ടുണ്ട്. 3: 69 ൽ, വേദക്കാരിൽ നിന്നുള്ളവർ നിങ്ങളെ ഏതെങ്കിലും വിധത്തിൽ വഴിപിഴപ്പിച്ചാൽ കൊള്ളാമെന്ന് അതിയായി ആഗ്രഹിക്കുന്നവരാണ്, വാസ്തവത്തിൽ അവർ അവരെത്തന്നെയല്ലാതെ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നുമില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ വേദക്കാർ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്.

28: 52–53 സൂക്തങ്ങളിൽ, ഇതിനുമുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരുണ്ടല്ലോ, അവർ ആ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവരുമാണ്, അവരുടെയടുക്കൽ ഗ്രന്ഥം വിശദീകരിച്ചുകൊടുക്കപ്പെട്ടാൽ അവർ പറയും: ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു, നിശ്ചയം അത് ഞങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, ഞങ്ങൾ ഇതിനുമുമ്പും സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. അത് ലഭിച്ചവർ അതിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തേണ്ട വിധം ചിട്ടപ്പെടുത്തുകയും മനുഷ്യർക്ക് അവരവരെ തിരിച്ചറിയാനും സ്രഷ്ടാവിനെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും ഉതകുന്ന അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനും ലക്ഷ്യം വെച്ച് പ്രവർത്തിക്കുക വഴി നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കുകയുമാണ് വേണ്ടത്.

11: 17 ൽ, സംഘങ്ങളിൽ നിന്നുള്ളവർ ആരാണോ സാക്ഷിയായ അദ്ദിക്റിനെ മൂടിവെക്കുന്നത്, അപ്പോൾ അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണ്, അതുകൊണ്ട്

നീ അദ്ദിക്റിന്റെ കാര്യത്തിൽ സംശയിക്കരുത്, നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, പക്ഷേ ജനങ്ങളിൽ അധികപേരും വിശ്വസിക്കുന്നവരാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 39, 44, 99 വിശദീകരണം നോക്കുക.

122. ഓ, ഇസ്റാഈൽ സന്തതികളേ! എന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ ഞാൻ വർഷിച്ചതും, നിശ്ചയം നിങ്ങളെ ഞാൻ സർവ്വലോകരുടെമേൽ ശ്രേഷ്ഠരാക്കിയതും നിങ്ങൾ ഓർക്കുവീൻ.

123. ഒരു നാളിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക, അന്ന് ഒരു ആത്മാവും മറ്റൊരു ആത്മാവിന് ഒരു നിലക്കും ഉപകാരപ്പെടുകയില്ല, അവളിൽ നിന്നും പ്രായശ്ചിത്തം സ്വീകരിക്കപ്പെടുകയുമില്ല, അവൾക്ക് ഒരു ശുപാർശയും ഉപകാരപ്പെടുകയുമില്ല, അവർ സഹായിക്കപ്പെടുന്നവരാവുകയുമില്ല.

പ്രവാചകന്മാരുടെ പിതാവ് എന്നറിയപ്പെടുന്ന ഇബ്റാഹീം നബിയുടെ രണ്ടാമത്തെ പുത്രനായ ഇസ്ഹാഖ് നബിയുടെ മകൻ യഅ്ഖൂബ് നബിയുടെ പുത്രന്മാരാണ് ഇസ്റാഈൽ സന്തതികൾ. അവർ പിതാമഹന്മാരുടെ മാർഗത്തിൽ സത്യത്തിലാണെന്ന് ഊറ്റം കൊണ്ടിരുന്നു. അവരുടെ പൂർവ്വപിതാക്കളായ ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ് തുടങ്ങിയവരുടെ ജീവിതചര്യ തുടർന്നുവരുന്ന സൂക്തങ്ങളിലൂടെ ഉണർത്തുകയും മുൻഗാമികൾ എത്ര ഉൽകൃഷ്ടരാണെങ്കിലും ശരി, നിങ്ങൾക്ക് നിങ്ങൾ സമ്പാദിച്ചതിനുള്ള പ്രതിഫലം മാത്രമാണ് ലഭിക്കുക എന്ന് തുടർന്നുവരുന്ന സൂക്തങ്ങളിലൂടെ പഠിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ തങ്ങൾ പ്രവാചകന്മാരുടെ ചര്യ പിൻപറ്റുന്നവരും സ്വർഗത്തിലേക്കുള്ളവരും, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർ കാഫിറുകളും നരകത്തിലേക്കുള്ളവരുമാണെന്നും ജൽപിക്കുന്നവരാണ്. എന്നാൽ 4: 150-151 സൂക്തങ്ങളിൽ യഥാർത്ഥ കാഫിറുകൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ഫുജ്ജാറുകൾ 6: 115-116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാരുണ്യമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഊഹങ്ങൾ പിൻപറ്റുന്നവരും നിഗമനങ്ങൾ വെച്ചുപുലർത്തുന്നവരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരുമാണ്.

2: 254 ൽ വിവരിച്ച പ്രകാരം വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും മരണം വന്നെത്തുന്നതിന് മുമ്പ് നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പടുത്തി ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം സമ്പാദിക്കുകയും സമ്പാദിച്ച സ്വർഗം അനന്തരമെടുക്കുകയുമാണ് ജീവിതലക്ഷ്യം. അങ്ങനെ ചെയ്യാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം ഏഴാം ഘട്ടത്തിലേക്കുവേണ്ടി നരകക്കുണ്ഠമാണ് ഇവിടെ സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. ആരാണോ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റിയത്, അവർ മാത്രമാണ് വിജയം വരിക്കുക. 2: 47-48; 4: 1-2; 8: 22 വിശദീകരണം നോക്കുക.

124. ഇബ്റാഹീമിനെ തന്റെ നാഥൻ ചില വചനങ്ങൾ കൊണ്ട് പരീക്ഷിച്ച സന്ദർഭവും, അങ്ങനെ അവൻ അതെല്ലാം പൂർത്തീകരിച്ചപ്പോൾ അവൻ പറഞ്ഞു: നിശ്ചയം ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവായി നിശ്ചയിക്കുകയാണ്, ഇബ്റാഹീം പറഞ്ഞു: എന്റെ സന്തതികളിൽ നിന്നും; അവൻ പറഞ്ഞു: എന്റെ ഉടമ്പടി അക്രമികൾക്ക് ബാധകമല്ല.

ഇബ്റാഹീം സ്വപിതാവ് ആസറിനെയും ജനങ്ങളെയും വിഗ്രഹാരാധന വെടിയുന്നതിനും അല്ലാഹുവിനെ ഏക ഇലാഹായി സ്വീകരിക്കുന്നതിനും വേണ്ടി വിളിച്ചപ്പോൾ നംറൂദിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം അദ്ദേഹത്തിന് തീക്കുണ്ഠം ഒരുക്കി. ഇബ്റാഹീമിനെ ചുട്ടുകരിക്കാൻ ആ തീക്കുണ്ഠത്തിലേക്ക് എറിയാൻ സാധിക്കാതെ വന്നപ്പോൾ തെറ്റമ്പ് ഉപയോഗിച്ച് അവർ അദ്ദേഹത്തെ അതിലേക്ക് എറിഞ്ഞു. എന്റെ കാര്യം നോക്കാൻ അല്ലാഹു ഏറ്റവും മതിയായവനാണ് എന്ന് പറഞ്ഞുകൊണ്ട് ഇബ്റാഹീം വെപ്രാളം കാണിക്കാതെ സമാധാനിച്ചു. അപ്പോൾ അല്ലാഹു ഇബ്റാഹീമിന് തീയിനെ തണുപ്പും സമാധാനവുമുള്ളതാക്കി മാറ്റി എന്ന് 21: 65–70; 29: 24 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 14: 39 പ്രകാരം, വാർദ്ധക്യകാലത്ത് സന്താനങ്ങളൊന്നുമില്ലാതിരുന്ന ഇബ്റാഹീമിന് നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ഇസ്മാഈലിനെ മകനായി നൽകി. ആ മകനെയും ഭാര്യ ഹാജറയെയും ആരോരുമില്ലാത്ത വെള്ളം പോലുമില്ലാത്ത കഅ്ബത്തിങ്കൽ കൊണ്ടുപോയി താമസിപ്പിക്കാൻ അല്ലാഹു കൽപിച്ചു. കയ്യിലുണ്ടായിരുന്ന വെള്ളം തീർന്നു പോയപ്പോൾ അതിനുവേണ്ടി ഹാജറ *സഫ*യിലും *മർവ*യിലും ഏഴ് പ്രാവശ്യം കയറിയിറങ്ങി. അവസാനം കുഞ്ഞിന്റെ കാലടിയിൽ നിന്നുതന്നെ *സംസം* എന്ന ഉറവ പൊട്ടിയൊഴുകി. ഇസ്മാഈലിന് പതിനാല് വയസ്സ് പ്രായമായപ്പോൾ അല്ലാഹു അവനെ ബലിയർപ്പിക്കാൻ കൽപിച്ചു. ഇബ്റാഹീം അതിനും തയ്യാറായപ്പോൾ മകനെ ബലിയറുക്കേണ്ടതില്ലെന്നും പകരം ഒരു ആടിനെ നൽകിക്കൊണ്ട് അല്ലാഹു ആ മഹത്തായ ബലികർമ്മം പിൽക്കാലത്തുള്ള വിശ്വാസികൾക്ക് ചര്യയായി (*സുന്നത്ത്*) നിശ്ചയിക്കുകയുണ്ടായി. 22: 78; 37: 100–109; 60: 4 വിശദീകരണം നോക്കുക.

ഇബ്റാഹീമിനെ ജനങ്ങൾക്ക് നേതാവായി നിശ്ചയിക്കാൻ പോവുകയാണെന്ന് അല്ലാഹു പറഞ്ഞപ്പോൾ എന്റെ സന്താനപരമ്പരകളിൽ നിന്നും നേതാക്കളെ നിശ്ചയിക്കണമെന്ന് ഇബ്റാഹീം ആവശ്യപ്പെട്ടെങ്കിലും ഉടമ്പടി പാലിക്കാത്ത അക്രമികൾക്ക് അത് ലഭിക്കുകയില്ല എന്നാണ് അല്ലാഹു പറഞ്ഞത്. തങ്ങളുടെ പക്കലുള്ള വേദത്തിൽ പരാമർശിച്ച പ്രവാചകനെയും ഗ്രന്ഥത്തെയും തള്ളിപ്പറയുകയും മൂടിവെക്കുകയും ചെയ്ത ഇസ്റാഈൽ സന്തതികൾ അക്രമികളായിത്തീരുകയാണുണ്ടായത്. മൊത്തം ലോകർക്കുള്ള സന്മാർഗമായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്ത് ഗ്രന്ഥത്തിന്റെ ആളുകളാണെന്ന് അഭിമാനിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ലോകത്ത് ഏറ്റവും വലിയ അക്രമികളും തെമ്മാടികളും. 2: 136; 6: 89–90, 153 വിശദീകരണം നോക്കുക.

125. ആ മന്ദിരത്തെ നാം ജനങ്ങൾക്ക് ഒരു അഭയസ്ഥാനവും ഒരുമിച്ച് ചേരാനുള്ള കേന്ദ്രവുമാക്കിയതും ഓർക്കേണ്ടതാണ്, ഇബ്റാഹീം നിന്ന സ്ഥലത്തെ നിങ്ങൾ പ്രാർത്ഥനാ സ്ഥലമായി സ്വീകരിക്കുവീൻ, ഇബ്റാഹീമിനോടും ഇസ്മാഈലിനോടും നാം കരാർ ചെയ്യുകയും ചെയ്തു: നിശ്ചയം നിങ്ങൾ രണ്ടുപേരും എന്റെ വീടിനെ പ്രദക്ഷിണം ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും കുനിയുന്നവർക്കും സാഷ്ടാംഗം പ്രണമിക്കുന്നവർക്കും വേണ്ടി ശുദ്ധീകരിച്ചുവെക്കുക.

മനുഷ്യർക്കുള്ള ഭൂമിയിലെ ആദ്യത്തെ ആരാധനാലയമാണ് മക്കയിലുള്ള കഅ്ബ. അത് അനുഗ്രഹീതവും മൊത്തം ലോകർക്ക് സന്മാർഗവുമാണ്, അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങളും ഇബ്റാഹീമിന്റെ സ്ഥാനവുമുണ്ട് എന്ന് 3: 96–97 സൂക്തങ്ങളിലും; എന്നിൽ ഒന്നിനേയും പങ്കുചേർക്കരുതെന്ന് പറഞ്ഞുകൊണ്ടും പ്രദക്ഷിണം ചെയ്യുന്നവർക്കും നിൽ

ക്കുന്നവർക്കും കുനിയുന്നവർക്കും സാഷ്ടാംഗപ്രണാമം ചെയ്യുന്നവർക്കുമായി എന്റെ വീട് നീ ശുദ്ധീകരിച്ച് വെക്കണമെന്ന് പറഞ്ഞുകൊണ്ടും ഇബ്റാഹീമിന് ആ വീടിന്റെ സ്ഥാനം നിർണ്ണയിച്ച് കൊടുത്തതും ഓർക്കേണ്ടതാണ് എന്ന് 22: 26 ലും പറഞ്ഞിട്ടുണ്ട്. ഇബ്റാഹീം *കഅ്ബ* പടുത്തുയർത്താൻ വേണ്ടി കയറി നിന്ന കല്ലിനാണ് 'ഇബ്റാഹീമിന്റെ സ്ഥാനം'(*മഖാമുഇബ്റാഹീം*) എന്ന് പറയുന്നത്. അദ്ദേഹത്തിന്റെ പാദസ്പർശമേറ്റ ആ കല്ല് ഇന്ന് കഅ്ബയുടെ അടുത്ത് ഒരു കണ്ണാടിക്കൂട്ടിൽ സ്ഥാപിച്ച് വെച്ചിട്ടുണ്ട്. അതിനരികിൽ വെച്ച് അല്ലാഹുവിന് സാഷ്ടാംഗപ്രണാമം ചെയ്യുന്നതിൽ പുണ്യമുണ്ട്. എന്നാൽ തിക്കും തിരക്കും കാരണം സൗകര്യക്കുറവാണെങ്കിൽ *ഹറമി*ൽ എവിടെ വെച്ച് സാഷ്ടാംഗപ്രണാമം നിർവ്വഹിച്ചാലും മതി. 2: 41-43 വിശദീകരണം നോക്കുക.

അല്ലാഹു അവന്റെ ഭവനത്തെ മനുഷ്യർക്ക് മൊത്തമുള്ള ഒരു അഭയസ്ഥാനവും ഒരുമിച്ച് ചേരാനുള്ള കേന്ദ്രവുമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മറ്റു വിഷയങ്ങളിൽ എന്ന പോലെ അല്ലാഹുവിന്റെ ഭവനത്തിന്റെ കാര്യത്തിലും അങ്ങോട്ടുള്ള തീർത്ഥാടനത്തിന്റെ കാര്യത്തിലും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ വ്യതിചലിച്ചുപോയിട്ടുണ്ട്. യഥാർത്ഥത്തിൽ ഫുജ്ജാറുകളാണ് ഗ്രന്ഥത്തിൽ പറഞ്ഞ കാഫിറുകളും മുശ്രിക്കുകളും എന്നിരിക്കെ അവർ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെ കാഫിറുകളും മുശ്രിക്കുകളുമെന്ന് മുദ്രകുത്തി അവർക്ക് അല്ലാഹുവിന്റെ ഭവനമായ കഅ്ബയിലേക്ക് പ്രവേശനം നിരോധിച്ചിരിക്കുകയാണ്. ആത്മാവില്ലാത്ത ഈ യഥാർത്ഥ മുശ്രിക്കുകൾ അവരുടെ പ്രാർത്ഥന 8: 35 ൽ പറഞ്ഞ പ്രകാരം ആർപ്പും വിളിയുമാക്കി മാറ്റിയിരിക്കുകയാണ്. അവരുടെ തെറ്റുകുറ്റങ്ങൾക്കുള്ള ഒരു മറയായിക്കൊണ്ടാണ് ഇന്ന് ഇവർ അവിടെ ഹജ്ജും ഉംറയുമെല്ലാം നിർവ്വഹിച്ച് പോരുന്നത്. അതിൽ സങ്കുചിതത്വം, ദേശീയത, ലോകമാന്യം, കച്ചവടതാൽപര്യങ്ങൾ തുടങ്ങിയ *ജാഹിലിയ്യാ*സംസ്കാരങ്ങൾ വീണ്ടും കടന്നുവന്നിട്ടുള്ളതായി കാണാം. വിശ്വാസിയാകാനും കർമ്മങ്ങൾ സ്വീകരിക്കപ്പെടാനും 2: 186 സൂക്തങ്ങളിൽ പറഞ്ഞ രണ്ട് ഉപാധികൾ പാലിക്കാത്തതാണ് ഇതിനെല്ലാം കാരണം. മക്കാ-മദീനാ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന *ഇജാസി*ൽ *മഹ്ദി*യുടെ പ്രത്യക്ഷപ്പെടലോടുകൂടി 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിന്റെ അടിസ്ഥാനത്തിൽ നീതിയോടു കൂടിയുള്ള ഭരണം *ഇജാസി*ൽ നടപ്പിലാകുന്നതാണ്. തുടർന്ന് ലോകത്തെല്ലായിടത്തുമുള്ള മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ *ഇജാസി*ലേക്ക് ചേക്കേറുന്നതും അവിടെയുള്ള 48: 6 ൽ പറഞ്ഞ കപടവിശ്വാസികളും മുശ്രിക്കുകളും *മസീഹുദ്ദജ്ജാലി*ന്റെ ആധിപത്യത്തിലുള്ള ഇതര പ്രദേശങ്ങളിലേക്ക് പുറത്താക്കപ്പെടുന്നതുമാണ്. സ്വർഗത്തിൽ വിലക്കപ്പെട്ട കനിയായ ലൈംഗികാസ്വാദനത്തിൽ ഏർപ്പെടാതെ കാട്ടിലും പൊത്തിലും മലയിലും ഭഗവാനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്ന ജൈനർ, ബുദ്ധർ, ഹൈന്ദവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ള സന്യാസി-സന്യാസിനിമാർക്കാണ് കൂടുതലായും *ഇജാസി*ലേക്ക് പ്രവേശനം ലഭിക്കുക. *അങ്ങനെ അവസാനകാലത്ത് പാമ്പ് മാളത്തിലേക്ക് ഉൾവലിയുന്നതുപോലെ ഇസ്ലാം ഇജാസിലേക്ക് ഉൾവലിയുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് നടപ്പിലാകുന്നതാണ്. 2: 114; 28: 57; 29: 67 വിശദീകരണം നോക്കുക.

126.ഇബ്റാഹീം പ്രാർത്ഥിച്ച സന്ദർഭവും ഓർക്കേണ്ടതാണ്: എന്റെ നാഥാ! ഈ നാടിനെ നീ ശാന്തി നിർഭരമാക്കേണമേ, അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിച്ചവരായ അതിലെ നിവാസികൾക്ക് ഫലവർഗങ്ങളിൽ

നിന്ന് നീ ഭക്ഷിപ്പിക്കുകയും ചെയ്യേണമേ; അവൻ പറഞ്ഞു: അപ്പോൾ കാഫിറിനും കുറച്ചുകാലം ഞാൻ വിഭവങ്ങൾ നൽകും, പിന്നെ അവനെ നരകശിക്ഷയിലേക്ക് തള്ളിവിടുന്നതുമാണ് -എത്ര മോശപ്പെട്ട മടക്കസ്ഥലം!

2: 124 ൽ, എന്റെ സന്തതിപരമ്പരകൾക്കും നേതൃസ്ഥാനം നൽകണമെന്ന് ഇബ്റാഹീം അല്ലാഹുവിനോട് ആവശ്യപ്പെട്ടപ്പോൾ, അതിന് മറുപടിയായി അവരിൽ നിന്നുള്ള അക്രമികൾക്ക് അത് ബാധകമല്ലെന്ന് അല്ലാഹു പറഞ്ഞു. അതനുസരിച്ച് ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ചവർക്ക് എല്ലാ വിധ പഴവർഗങ്ങളും നൽകണമെന്ന് ഇബ്റാഹീം പ്രാർത്ഥിച്ചപ്പോൾ അല്ലാഹു പറഞ്ഞു: കാഫിറുകൾക്കും നൈമിഷികമായ ഭൗതിക ജീവിതത്തിൽ എല്ലാ വിധ സുഖസൗകര്യങ്ങളും നൽകുന്നതാണ്, എന്നാൽ മരണശേഷം അവരെ അവർ സമ്പാദിച്ച നരകത്തിലേക്ക് തള്ളിവിടുന്നതുമാണ്. അല്ലാഹു നിഷ്പക്ഷവാനായതുകൊണ്ടാണ് ഭക്ഷണവിഭവങ്ങളും അധികാരങ്ങളുമെല്ലാം ഇഹലോകത്ത് കാഫിറുകൾക്ക് കൂടുതലായി നൽകിയിട്ടുള്ളത്. അല്ലാഹുവിന് സമന്മാരെയുണ്ടാക്കി അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുന്ന കപടവിശ്വാസികളോടും അവരുടെ അനുയായികളോടും ഒന്നിച്ച്: 'നിങ്ങൾ ഈ ഭൗതികജീവിതം ആസ്വദിക്കുക, നിശ്ചയം, നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാൻ 14: 30 ലും; വ്യക്തിയോട് 'നിന്റെ നിഷേധവും കൊണ്ട് നീ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നീ നരകവാസികളിൽ പെട്ടവൻ തന്നെയാണ്' എന്ന് പറയാൻ 39: 8 ലും കൽപിച്ചിട്ടുണ്ട്.

'മടക്കസ്ഥലം':-എല്ലാവരും വന്നത് സ്വർഗത്തിൽ നിന്നാണ്. സന്മാർഗവും ടിക്കറ്റുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ഓരോരുത്തർക്കും സ്വർഗത്തിലേക്ക് തന്നെ തിരിച്ചു പോകാവുന്നതാണ്. അത് വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്താത്തവർ നരകത്തിലേക്കാണ് പോവുക. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ 15: 44 ൽ പറഞ്ഞ പ്രകാരം നരകത്തിന്റെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തപ്പെട്ടവരാണ്. 3: 162; 8: 16; 9: 73; 22: 72; 24: 57; 57: 15; 58: 8; 64: 10; 66: 9; 67: 6 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത് എത്ര മോശപ്പെട്ട മടക്കസ്ഥലം എന്ന് പറഞ്ഞുകൊണ്ടാണ്. 1: 7; 2: 24-25; 14: 35-37 വിശദീകരണം നോക്കുക.

127. ഇബ്റാഹീമും ഇസ്മാഈലും പരിശുദ്ധ മന്ദിരത്തിന്റെ അടിത്തറയുടെമേൽ പടുത്തുയർത്തിക്കൊണ്ട് പ്രാർത്ഥിച്ചതും ഓർക്കേണ്ടതാണ്: ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് നീ സ്വീകരിച്ചാലും, നിശ്ചയം നീ എല്ലാം കേൾക്കുന്ന അറിയുന്ന സർവജ്ഞൻ തന്നെയാകുന്നു.

ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ *കഅ്ബ* ആദം നബിയുടെ കാലത്തുതന്നെയുള്ളതാണ്. നൂഹ് നബിയുടെ കാലത്തെ വെള്ളപ്പൊക്കത്തിൽ അതിന്റെ അടിത്തറ ഒഴികെയുള്ള ഭിത്തികളെല്ലാം നശിച്ചുപോയി. ആ ഭിത്തികൾ പടുത്തുയർത്താൻ ഇബ്റാഹീമിനോടും മകൻ ഇസ്മാഈലിനോടും അല്ലാഹു കൽപിക്കുകയാണ്. ഏത് പ്രവൃത്തിയും അല്ലാഹുവിന്റെ നാമത്തിലും അല്ലാഹുവുമായി ബന്ധപ്പെട്ടുകൊണ്ടുമായിരിക്കണം ചെയ്യേണ്ടത്. ആ പ്രവൃത്തി സ്വീകരിക്കപ്പെടാൻ അവനോട് പ്രാർത്ഥിക്കുകയും വേണം. അല്ലാത്തപക്ഷം സമയം വെറുതെ കളഞ്ഞതിന് അല്ലാഹുവിനോട് മറുപടി പറയേണ്ടി വരും. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് മാത്രമുള്ള ഒരു പ്രവൃത്തിയും സ്വീകരിക്കപ്പെടുകയില്ല. 1: 4; 4: 100; 106: 3 വിശദീകരണം നോക്കുക.

128. ഞങ്ങളുടെ നാഥാ! ഞങ്ങളെ നിനക്ക് സർവ്വാർപ്പണം ചെയ്യുന്നവരാക്കേണമേ,

ഞങ്ങളുടെ സന്താനപരമ്പരകളിൽ നിന്ന് നിനക്ക് സർവ്വാർപ്പണം ചെയ്യുന്ന ഒരു സമുദായത്തെയും നീ ഉണ്ടാക്കേണമേ, ഞങ്ങളുടെ അനുഷ്ഠാനകർമ്മങ്ങൾ ഞങ്ങൾക്ക് നീ കാണിച്ചുതരേണമേ, ഞങ്ങളുടെ മേൽ നീ മടങ്ങുകയും ചെയ്യേണമേ, നിശ്ചയം നീ ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു.

നാട്, വീട്, ജാതി, മതം, കാലം, മാതാപിതാക്കൾ, ലിംഗം തുടങ്ങിയവയൊന്നും തെരഞ്ഞെടുക്കാനുള്ള അവകാശം ഒരാൾക്കുമില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തിയിൽ മറ്റുള്ളവരെ തൃപ്തിപ്പെട്ടുകൊണ്ടും അല്ലാഹുവിന്റെ കോപത്തിൽ മറ്റുള്ളവരോട് കോപം പുലർത്തിക്കൊണ്ടും അല്ലാഹുവിന്റെ തൃപ്തിയിൽ നൽകിക്കൊണ്ടും അല്ലാഹുവിന്റെ അതൃപ്തിയിൽ നൽകാതിരുന്നുകൊണ്ടും മനസാ-വാചാ-കർമ്മണാ സർവ്വസ്വം നാഥന് സമർപ്പിച്ചുകൊണ്ടുള്ള ജീവിതമാണ് ഉടമയായ നാഥന് സർവ്വാർപ്പണം ചെയ്തുകൊണ്ടുള്ള (മുസ്‌ലിമായിക്കൊണ്ടുള്ള) ജീവിതം. സത്യമായ അദ്ദിക്റിന്റെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയ പ്രസ്തുത ജീവിതവ്യവസ്ഥക്കാണ് *ഇസ്‌ലാം* എന്ന് പറയുന്നത്. വിശ്വാസിയായ ഒരാളെ മുസ്‌ലിമായിക്കൊണ്ടുള്ള ജീവിതത്തിൽ നിലനിർത്താൻ ആവശ്യമായ ആചാരാനുഷ്ഠാന കർമ്മങ്ങൾക്കാണ് *മനാസിക്ക്* എന്ന് പറയുന്നത്. *ഇബാദത്തിന്* ആരാധന എന്ന് അർത്ഥം വരുന്നില്ല. മറിച്ച് സേവനം എന്നാണ് അർത്ഥം. അല്ലാഹ് എന്ന സ്മരണ ഇല്ലാതെയുള്ള ഏത് അനുഷ്ഠാനകർമ്മവും കാഫിറായ പിശാചിനുള്ളതാണ്. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമാണ്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ പ്രഭാത പ്രദോഷങ്ങളിൽ ആത്മാവ് പങ്കെടുത്തുകൊണ്ട് വായിച്ച് മനസ്സിലാക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും, മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കാനും, 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണകരമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. കൂടാതെ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന ഉൾക്കൊണ്ട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. 43: 67 ൽ, അന്നേദിനം സാഹോദര്യബന്ധങ്ങളെല്ലാം പരസ്പരം ശത്രുതയിലായിരിക്കും -സൂക്ഷ്മാലുക്കൾ തമ്മിലുള്ളതൊഴികെ എന്നും; 43: 68 ൽ, ഓ എന്റെ അടിമകളേ! ഇന്നേദിനം നിങ്ങളുടെ മേൽ ഭയപ്പെടാനൊന്നുമില്ല, നിങ്ങൾ ദുഃഖിക്കുന്നവരാവുകയുമില്ല എന്നും; 43: 69 ൽ, അവർ നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വാസികളായവരും അവർ സർവ്വസ്വം സമർപ്പിച്ച് ജീവിക്കുന്നവരുമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2: 99, 121; 6: 162 വിശദീകരണം നോക്കുക.

129.ഞങ്ങളുടെ നാഥാ! ഇവരിൽ നിന്നുതന്നെ ഇവരിലേക്ക് ഒരു പ്രവാചകനെ നീ നിയോഗിക്കുകയും ചെയ്യേണമേ -ഇവരുടെ മേൽ നിന്റെ സൂക്തങ്ങൾ വിശദീ

കരിച്ചുകൊടുക്കുന്ന, ഇവർക്ക് നിന്റെ ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചു കൊടുക്കുകയും ഇവരെ സംസ്കരിക്കുകയും ചെയ്യുന്ന; നിശ്ചയം നീ അജയ്യനായ യുക്തിജ്ഞാനി തന്നെയാകുന്നു!

ഇസ്മാഈൽ പരമ്പരയിൽ നിന്ന് ഒരു പ്രവാചകനെ നിയോഗിക്കണമെന്നുള്ള ഇബ്റാഹീം നബിയുടെ ഈ പ്രാർത്ഥനക്ക് ഏകദേശം രണ്ടായിരത്തി അഞ്ഞൂറ് കൊല്ലങ്ങൾക്കുശേഷം മുഹമ്മദിനെ പ്രവാചകനായി നിയോഗിച്ചുകൊണ്ടാണ് അല്ലാഹു ഉത്തരം നൽകിയത്. 62: 2-3 സൂക്തങ്ങളിൽ, അവൻ തന്നെയാണ് നിരക്ഷരരായവർക്ക് അവരിൽ നിന്നുള്ള ഒരു പ്രവാചകനെ നിയോഗിച്ചത്, അവരുടെമേൽ അവന്റെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കുന്നതിനും അവരെ സംസ്കരിക്കുന്നതിനും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുന്നതിനും വേണ്ടി, അവർ അതിനുമുമ്പ് വ്യക്തമായ വഴികേടിൽ തന്നെയുമായിരുന്നു. ഇനിയും അവരോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള വേറെ ചിലരിലേക്കും, അവൻ അജയ്യനായ യുക്തിജ്ഞൻ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതായത് അറബി പഠിച്ചവരും കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ പഠിച്ചവരുമാണെന്ന് അഹങ്കരിക്കുന്നവരും, ശാസ്ത്രജ്ഞർ, ഡോക്ടർ, എഞ്ചിനീയർ, അധ്യാപകർ, ഓഫീസർമാർ, ബിരുദധാരികൾ തുടങ്ങി യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ ഇല്ലാതെ ഐഹികലോകത്ത് സുഖിക്കാൻ ആവശ്യമായ അറിവിൽ അഭിമാനിക്കുന്നവരും അഹങ്കരിക്കുന്നവരുമായ ഫുജ്ജാറുകൾക്ക് അദ്ദിക്ർ തീരെ മനസ്സിലാവുകയില്ല എന്നാണ് സൂക്തം പറയുന്നത്. സ്വർഗത്തിലേക്കുള്ള ടിക്കറ്റും നരകത്തെത്തൊട്ട് കാത്തുസൂക്ഷിക്കുന്ന മുഹൈമിനുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നാഥനെ മുറുകെപ്പിടിച്ച് ജീവിക്കാൻ അവരുടെ അഹങ്കാരം അവരെ അനുവദിക്കുകയില്ല. ആരാണോ 20: 114 ൽ കൽപിച്ച പ്രകാരം 'എന്റെ നാഥാ! എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് അദ്ദിക്ർ വായിക്കുകയും പിൻപറ്റുകയും ചെയ്യുന്നത്, അവർക്ക് മാത്രമാണ് അദ്ദിക്ർ മനസ്സിലാവുക. ചുരുക്കിപ്പറഞ്ഞാൽ ഇനി ലോകരിൽ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാണ് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ഉപയോഗപ്പെടുത്താൻ മുന്നോട്ട് വരിക. അതുകൊണ്ടുതന്നെ അവരിലേക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കാനാണ് വിശ്വാസി ശ്രമിക്കുക.

'നിശ്ചയം നീ അജയ്യനായ യുക്തിജ്ഞാനി തന്നെയാകുന്നു' എന്നതിന്റെ പൊരുൾ അല്ലാഹു ത്രികാലജ്ഞാനിയും പ്രപഞ്ചത്തിൽ നടക്കുന്നതെല്ലാം നേരത്തെ നിശ്ചയിച്ചവനും ചോദ്യം ചെയ്യപ്പെടാത്തവനും എപ്പോൾ, എവിടെ, എങ്ങനെ, എന്ത് നടപ്പിലാക്കണമെന്ന് തീരുമാനിക്കാൻ കഴിവുള്ള ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനുമാണ് എന്നാണ്. ഗ്രന്ഥവും തത്വജ്ഞാനവുമായ അദ്ദിക്ർ കൊണ്ട് അവരവരെ ശുദ്ധീകരിച്ച വിശ്വാസികൾ മാത്രമേ വിശ്വാസികളുടെ ഏക സംഘത്തിൽപെട്ട ഇബ്റാഹീം, ഈസാ, മൂസാ, ഇസ്മാഈൽ, ഇസ്ഹാഖ്, മുഹമ്മദ് തുടങ്ങിയവരുടെ മാർഗം പിൻപറ്റുന്നവരാവുകയുള്ളൂ. അല്ലാത്തവർ വിവിധ സംഘടനകളായി വ്യതിചലിച്ച് പിശാചിന്റെ മാർഗം സ്വീകരിച്ച് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 21: 92 ൽ പ്രവാചകന്മാരെക്കുറിച്ച് പറഞ്ഞ ശേഷം നാഥൻ പറയുന്നു: നിശ്ചയം നിങ്ങളുടെ ഈ സമുദായം ഏകസമുദായവും ഞാൻ നിങ്ങളുടെ ഉടമയുമാണ്, അതുകൊണ്ട് നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാവുക. 5: 118; 40: 8; 60: 5 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, നിശ്ചയം നീ അജയ്യനായ യുക്തിജ്ഞാനി തന്നെയാകുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. 4: 69-70; 12: 3; 36: 6-7 വിശദീകര

ണം നോക്കുക.

130. സ്വന്തത്തെ വിഡ്ഢിയാക്കിയവനല്ലാതെ ആരാണ് ഇബ്റാഹീമിന്റെ ചര്യ വെറുക്കുക, നിശ്ചയം ഇഹത്തിൽ അവനെ നാം തെരഞ്ഞെടുത്തിട്ടുണ്ട്; നിശ്ചയം, പരത്തിൽ അവൻ സജ്ജനങ്ങളിൽ പെട്ടവൻ തന്നെയുമാകുന്നു.

നിശ്ചയം ഇബ്റാഹീം ഒറ്റയ്ക്ക് ഒരു സമുദായം തന്നെയായിരുന്നു, എപ്പോഴും നേരെ ച്ചൊവ്വെ അല്ലാഹുവിനെ വണങ്ങുന്നവനും ഒരിക്കലും ശിർക്ക് ചെയ്യാത്തവനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവനുമായിരുന്നു എന്നും, അവനെ നാം തെരഞ്ഞെടുക്കുകയും ഏറ്റവും ചൊവ്വായ പാതയിലേക്ക് മാർഗദർശനം ചെയ്യുകയും ചെയ്തു എന്നും, അവന് നാം ഇഹലോകത്ത് നന്മ നൽകി, നിശ്ചയം അവൻ പരത്തിൽ സജ്ജനങ്ങളിൽ പെട്ടവൻ തന്നെയാണ് എന്നും 16: 120-122 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജൂതക്രൈസ്തവരും മക്കാമുശ്രിക്കുകളുമെല്ലാം മറ്റു പ്രവാചകന്മാരെ തള്ളിപ്പറയുന്നുണ്ടെങ്കിലും അവർ ആരും തന്നെ പ്രവാചകൻ ഇബ്റാഹീമിനെ തള്ളിപ്പറയുന്നില്ല. എന്നാൽ അവർ ആരും തന്നെ ഇബ്റാഹീമിന്റെ മാർഗം പിൻപറ്റിയിരുന്നില്ല. ഇന്ന് ഗ്രന്ഥത്തെ കളവാക്കുന്നവരും ആത്മാവിനെ പരിഗണിക്കാത്തവരുമായ ഫുജ്ജാറുകൾ പ്രവാചകൻ മുഹമ്മദിന്റെയും മാർഗം പിൻപറ്റുന്നവരല്ല, പ്രവാചകന്റെ വിയോഗത്തിന് 30 വർഷത്തിന് ശേഷമുള്ള അറബി ഖുർആൻ വായിക്കുന്ന ഈ ഫുജ്ജാറുകൾ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും 10: 60 ൽ വിവരിച്ച പ്രകാരം കാഫിറാണെന്ന് സാക്ഷ്യം വഹിച്ച് മരണപ്പെടുന്നവരുമാണ്. 19: 58 ൽ പറഞ്ഞ പ്രകാരം തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കാത്ത ഇവർ ഒരു നബിയെയും പ്രവാചകനെയും പിൻപറ്റാത്തവരും നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരുമാണ്. ലോകത്തെവിടെയും വിശ്വാസികളുടെ സംഘം ഇല്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട ജീവിതരീതിയും പ്രാർത്ഥനാരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 6 വിശദീകരണം നോക്കുക.

131. അവന്റെ നാഥൻ അവനോട് സർവ്വസ്വം അല്ലാഹുവിൽ അർപ്പിച്ചവനാവുക എന്ന് പറഞ്ഞപ്പോൾ അവൻ പറഞ്ഞു: സർവ്വലോകങ്ങളുടെയും ഉടമയായ എന്റെ നാഥന് ഞാൻ സർവ്വസ്വവും സമർപ്പിച്ചുകഴിഞ്ഞു.

ഇല്ലായ്മയിൽ നിന്ന് സർവ്വലോകങ്ങളെയും സൃഷ്ടിച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്ന എന്റെ നാഥന് എന്നെത്തന്നെയും അവൻ എനിക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങളും ഞാൻ ഇതാ സമർപ്പിക്കുന്നു എന്നാണ് ഇബ്റാഹീം പ്രഖ്യാപിക്കുന്നത്. സുലൈമാൻ നബിക്ക് നാഥനിൽ നിന്ന് നൽകപ്പെട്ട അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞപ്പോൾ സൂര്യാരാധകയായിരുന്ന ബിൽക്കീസ് രാജ്ഞി സൂര്യനും ചന്ദ്രനുമടക്കം സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ചവളായിക്കൊണ്ട് വിശ്വാസിയായ മുസ്ലിമായി മാറിയ കാര്യം 27: 22-44 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. എനിക്ക് എന്റെ നാഥനിൽ നിന്നുള്ള വെളിപാട് വന്നുകിട്ടിയിരിക്കെ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചുകൊണ്ടിരിക്കുന്നവയെ സേവിക്കുന്നത് നിശ്ചയം ഞാൻ വിരോധിക്കപ്പെട്ടിരിക്കുന്നു, ഞാൻ സർവ്വലോകങ്ങളുടേയും ഉടമക്ക് സർവ്വസ്വം സമർപ്പിക്കപ്പെട്ടവനാകണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് പ്രഖ്യാപിക്കാൻ പ്രവാചകനോടും വിശ്വാസിയോടും 40: 66 ലൂടെ കൽപിച്ചിട്ടുണ്ട്. 1: 1; 6: 71, 161-163 വിശദീകരണം നോക്കുക.

132. ഇബ്റാഹീമും യഅ്ഖൂബും തന്റെ മക്കളെ 'അതുകൊണ്ട്' ഉന്നി ഉപദേശിക്കുകയുമുണ്ടായി: ഓ എന്റെ മക്കളേ! നിശ്ചയം, നിങ്ങൾക്ക് അല്ലാഹു ഈ ജീവിതവ്യവസ്ഥ തെരഞ്ഞെടുത്തിരിക്കുന്നു, അപ്പോൾ നിങ്ങൾ സർവ്വസ്വവും അല്ലാ

ഹുവിന് സമർപ്പിച്ചവരായിക്കൊണ്ടല്ലാതെ മരണപ്പെടരുത്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മുഴുവൻ സൃഷ്ടികൾക്കും സർവ്വസ്രഷ്ടാവ് തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. 3: 19 ൽ, നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ ജീവിതവ്യവസ്ഥ ഇസ്‌ലാം മാത്രമാണെന്നും; 3: 85 ൽ, ഇസ്‌ലാമല്ലാത്ത മറ്റ് ജീവിതവ്യവസ്ഥ ആരെങ്കിലും അന്വേഷിച്ചാൽ അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല, അവൻ പരത്തിൽ എല്ലാം നഷ്ടപ്പെട്ടവനായിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. 30: 30–31 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാവരും ജനിക്കുന്നത് പ്രകൃതിയിൽ (ഇസ്‌ലാമിൽ) മുസ്‌ലിമായിക്കൊണ്ടാണ്. 15 വയസ്സിന് മുമ്പ് മക്കളെ അദ്ദിക്ർ പഠിപ്പിക്കൽ മാതാപിതാക്കളുടെ ബാധ്യതയാണ്. അങ്ങനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അതിന്റെ വെളിച്ചത്തിൽ ചരിക്കുന്ന ഏതൊരാൾക്കും സ്വർഗത്തിലേക്ക് തിരിച്ചു പോകാം. അല്ലാത്ത പക്ഷം പരലോകത്ത് മക്കളും മാതാപിതാക്കളും പരസ്പരം പഴിചാരുന്ന രംഗം 7: 38 ൽ വിവരിച്ചിട്ടുണ്ട്. നാലാം ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് (പതിനഞ്ച് വയസ്സിനുമുമ്പ്) മരിക്കുന്ന ഏതൊരാളും മുസ്‌ലിമായിട്ടാണ് മരിക്കുക, അവർ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകുന്നതും അവർ സ്വർഗത്തിലെ സേവകരായിത്തീരുന്നതുമാണ്. അല്ലാഹുവിന്റെ സമ്മതപത്രവും സ്വർഗത്തിലേക്കുള്ള ടിക്കറ്റുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഒരാൾക്കും പതിനഞ്ച് വയസ്സിനുശേഷം മുസ്‌ലിമായി മരിക്കാനോ സ്വർഗത്തിലേക്ക് തിരിച്ച് പോകാനോ സാധ്യമല്ല. 3: 102 ൽ, ഓ വിശ്വാസികളേ! നിങ്ങൾ സത്യമായ അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുക, നിങ്ങൾ മുസ്‌ലിമായിക്കൊണ്ടല്ലാതെ മരിക്കുകയുമരുത് എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാവരും ജനിച്ചത് മുസ്‌ലിമായിട്ടാണ്. ജനിക്കുമ്പോൾ ഏത് കാലത്ത്, ഏത് നാട്ടിൽ, ഏത് മാതാപിതാക്കളിൽ, ഏത് ലിംഗത്തിൽ, ഏത് വർണ്ണത്തിൽ ജനിക്കണമെന്ന് ഒരാൾക്കും തീരുമാനിക്കാൻ അധികാരമില്ല എന്നതുപോലെ ജനിച്ച അവസ്ഥയിൽ തന്നെ (നിഷ്കളങ്കരായി) സർവ്വസ്വവും അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് ഭയമില്ലാതെയും വധിക്കപ്പെടാതെയും സ്വാഭാവികമായി അല്ലാഹുവിനെ ആത്മാവുകൊണ്ട് കണ്ടുകൊണ്ട് മരിക്കണമെന്നാണ് സൂക്തം കൽപിക്കുന്നത്. അതാണ് മുസ്‌ലിമായി മരണപ്പെടുക എന്നതിന്റെ വിവക്ഷ. ഗ്രന്ഥത്തിൽ നിന്ന് നാഥനെ ആത്മാവുകൊണ്ട് കണ്ട് മരിക്കുന്നവർക്ക് മാത്രമേ മുസ്‌ലിമായി മരിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം 7: 37 ൽ പറഞ്ഞ പ്രകാരം അവരുടെ ആത്മാവിനെതിരെ കാഫിറാണെന്ന് സാക്ഷ്യം വഹിച്ചുകൊണ്ടാണ് മരണപ്പെടുക.

ഇന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ജനവിഭാഗങ്ങൾക്ക് അദ്ദിക്റിന്റെ ജീവിതം സാക്ഷ്യം വഹിച്ച് കാണിച്ചുകൊടുക്കാൻ വിശ്വാസികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ല. അതിനാൽ അവരിൽ നിന്നുള്ള പ്രകൃതിജീവിതം നയിക്കുന്ന ഏതൊരാളും 2: 62 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയുമാണെങ്കിൽ അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 2: 38, 165–167; 16: 89 വിശദീകരണം നോക്കുക.

133. അതോ, യഅ്ഖൂബിന് മരണം ആസന്നമായ സന്ദർഭത്തിൽ നിങ്ങൾ അവിടെ സാക്ഷികളായി ഹാജറുണ്ടായിരുന്നുവോ? അവൻ തന്റെ മക്കളോട് ചോദിച്ച സന്ദർഭം: എനിക്കുശേഷം ഏതൊന്നിനെയാണ് നിങ്ങൾ സേവിച്ചുകൊണ്ടിരി

ക്കുക? അവർ പറഞ്ഞു: താങ്കളുടെ ഇലാഹായ, താങ്കളുടെ പിതാക്കന്മാരായ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ഇലാഹായ, ഏക ഇലാഹിനെയാണ് ഞങ്ങൾ സേവിക്കുക, ഞങ്ങൾ അവന് സർവ്വസ്വവും സമർപ്പിച്ചവരുമാണ്.

കാണാതെ കണ്ട് ആരെ വിളിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപ്പിക്കാമോ, ആരുടെ മുമ്പിലാണോ ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടത് അവനാണ് *ഇലാഹ്*. അഥവാ അവൻ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന ഏകനായ പ്രപഞ്ചനാഥനായ അല്ലാഹു മാത്രമാണ്. പ്രവാചകന്മാരുടെ ചര്യ പിൻപറ്റുന്ന വിശ്വാസികൾ മരണം ആസന്നമാകുന്ന സമയത്ത് മക്കളെ വിളിച്ച് ഇപ്രകാരം *വസ്വിയ്യത്ത്* - ഊന്നി ഉപദേശിക്കൽ- ചെയ്യുന്നതാണ്. അദ്ദിക്റിനെ പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ കൊലചെയ്യപ്പെടുകയോ അവർക്ക് ദുർമരണങ്ങളോ പെട്ടെന്നുള്ള അപകടമരണങ്ങളോ സംഭവിക്കുകയില്ലെന്നും ഈ സൂക്തത്തിൽ നിന്നും മനസ്സിലാക്കാം. 1: 4; 2: 255; 112: 1-4 വിശദീകരണം നോക്കുക.

134.അതെല്ലാം കഴിഞ്ഞുപോയ ഒരു സമുദായം, അവർക്ക് അവർ സമ്പാദിച്ചതുണ്ട്, നിങ്ങൾക്ക് നിങ്ങൾ സമ്പാദിച്ചതുമുണ്ട്, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുകയുമില്ല.

ഈ സൂക്തം 2: 141 ലും ആവർത്തിച്ചിട്ടുണ്ട്. ഓരോ വ്യക്തിക്കും അവരവർ സമ്പാദിച്ചത് മാത്രമാണുണ്ടാവുക. സ്വർഗം അവരവർ തന്നെ ഇവിടെ വെച്ച് സമ്പാദിക്കണം. മാതാപിതാക്കളെക്കുറിച്ച് മക്കൾ ചോദിക്കപ്പെടുകയില്ല, എന്നാൽ മക്കളെക്കുറിച്ച് മാതാപിതാക്കൾ ചോദിക്കപ്പെടും. അതുകൊണ്ട് മക്കൾക്ക് സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ പഠിപ്പിക്കൽ മാതാപിതാക്കളുടെ ബാധ്യതയാണ്.

വിശ്വാസികളെയും വിശ്വാസത്തിൽ അവരെ പിൻപറ്റുന്ന അവരുടെ സന്തതികളെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുന്നതാണ്, അവരുടെ ഒരു പ്രവർത്തനവും പാഴായിപ്പോവുകയില്ല, എല്ലാ ഓരോ വ്യക്തിയും അവൻ സമ്പാദിച്ചതിന് പണയമാണ് എന്ന് 52: 21 ലും; എല്ലാ ഓരോ ആത്മാവും അവനവൻ സമ്പാദിച്ചതിന് പണയമാണ് -വലതുപക്ഷക്കാർ ഒഴികെ എന്ന് 74: 38-39 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വലതുപക്ഷക്കാരായ സ്വർഗവാസികൾക്ക് അവരുടെ സജ്ജനങ്ങളായ സന്താനങ്ങളെയും മാതാപിതാക്കളെയും ഇണകളെയും സ്വർഗത്തിൽ ലഭിക്കുമെന്ന് 13: 23; 40: 8 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അദ്ദിക്ർ പിൻപറ്റാതെ മരിച്ചുപോയ മാതാപിതാക്കളെ സ്വർഗത്തിൽ ലഭിക്കുന്നതിനുവേണ്ടി എന്തുചെയ്യാൻ സാധിക്കുമെന്ന ചോദ്യത്തിന്: ഇന്ന് അദ്ദിക്ർ ലഭിക്കാത്തവർക്ക് അത് എത്തിച്ചുകൊടുക്കുകയും അവരെ അദ്ദിക്ർ അനുസരിച്ചുള്ള ജീവിതം നയിക്കാൻ ഉപദേശിക്കുകയും ചെയ്യുക. അതോടൊപ്പം തന്നെ ആയിരം സമുദായങ്ങളിൽപെട്ട ജീവജാലങ്ങളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി ചെയ്യുകയും മരങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. അതുവഴി അവന് ആയിരം സമുദായങ്ങളിൽപെട്ട ജീവജാലങ്ങളുടെ പ്രാർത്ഥനകളുടെയും കീർത്തനങ്ങളുടെയും പ്രതിഫലം ലഭിക്കാനും മുൻകഴിഞ്ഞുപോയ മാതാപിതാക്കളുടെ ഖബറുകൾ സ്വർഗപ്പൂന്തോപ്പുകളാക്കി മാറ്റാനും സ്വർഗത്തിൽ പ്രവേശിക്കാനും സാധ്യമാകുന്നതാണ് എന്നാണ് മറുപടി. 2: 261; 4: 85; 36: 12 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തർക്കും അവരുടെ ജീവിതകാലത്ത് പ്രവർത്തിച്ചത് മാത്രമല്ല, അവരുടെ പിൻഗാമികൾക്ക് വിട്ടേച്ചുപോകുന്ന പൈതൃകങ്ങളു

ടെ നേട്ടകോട്ടങ്ങളുടെ വിഹിതവും ലഭിക്കുന്നതാണ്. ആരാണോ അദ്ദിക്റിന്റെ മാർഗത്തിലുള്ള ജീവിതം നയിക്കുകയും അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അതിന്റെ വിധിവിലക്കുകൾക്ക് അനുസരിച്ച് ജീവിക്കാൻ പിൻഗാമികളെയും ലോകരെയും പ്രാപ്തരാക്കുകയും ചെയ്യുന്നത്, അപ്പോൾ അവൻ നല്ല പൈതൃകങ്ങളാണ് വിട്ടുപോകുന്നത്. അതിന്റെ ഒരു വിഹിതം അവന് മരണശേഷവും കിട്ടിക്കൊണ്ടിരിക്കും. അദ്ദിക്റിനെ മൂടിവെക്കുകയും നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിന്റെ ജീവിതം നയിക്കുകയും പ്രസ്തുത ജീവിതചര്യ പിൻഗാമികൾക്കും ലോകർക്കും വിട്ടുപോവുകയും ചെയ്യുന്ന കാഫിറുകൾക്ക് അവരുടെ വഴികേടിനോടൊപ്പം അവർ വഴിപിഴപ്പിച്ചവരുടെ പാപഭാരത്തിൽ നിന്നുള്ള ഒരു വിഹിതവും കൂടി ലഭിക്കുന്നതാണ്. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും 2: 285-286 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇവിടെ നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. 2: 62, 128; 25: 68-70; 47: 6-7 വിശദീകരണം നോക്കുക.

135. അവർ പറയുകയും ചെയ്യുന്നു: നിങ്ങൾ ജൂതന്മാരാവുക അല്ലെങ്കിൽ ക്രൈസ്തവരാവുക, എന്നാലേ നിങ്ങൾ സന്മാർഗത്തിലാവുകയുള്ളൂ; നീ പറയുക: അല്ല, ഇബ്റാഹീമിന്റെ മാർഗമാണ് നേരെചൊവ്വായ മാർഗം, അവൻ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല.

2: 111 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരും ക്രൈസ്തവരും അവരുടെ ജീവിതചര്യ പിൻപറ്റിയെങ്കിലേ ഏതൊരാളും സന്മാർഗത്തിലാവുകയുള്ളൂ എന്ന് പ്രത്യേകം പ്രത്യേകം പറഞ്ഞിരുന്നു. ഇന്നത്തെ ജൂതരോ ക്രൈസ്തവരോ മറ്റേതെങ്കിലും ജനവിഭാഗങ്ങളോ ഇങ്ങനെ പറയുന്നില്ല. എന്നാൽ ഇന്ന് മതം കണക്കെ ഭിന്നിച്ചിട്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനക്കാരുടെ വാദമാണ് ഇതെല്ലാം. 23: 51-53; 30: 30-32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഇന്ന് അവരെല്ലാം അല്ലാഹുവിന്റെ ഏക സംഘത്തിൽ പെടാതെ വിവിധ സംഘടനകളായിപ്പിരിഞ്ഞ മുശ്രിക്കുകളാണ്. അവർ പ്രവാചകന്മാരായ ഇബ്റാഹീമിന്റെയോ മുഹമ്മദിന്റെയോ മാർഗമല്ല പിൻപറ്റുന്നത്. മറിച്ച് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ ഒഴിവാക്കി 2: 78-79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 29 കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് പിശാചിനെ സേവിക്കുന്നവരും അവന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്.

നയതന്ത്ര പ്രതിനിധികളെ തട്ടിക്കൊണ്ടുപോയി വില പേശുക, വധിക്കുക, എംബസികളും തന്ത്രപ്രധാനകേന്ദ്രങ്ങളും ബോംബുസ്ഫോടനം നടത്തി നശിപ്പിക്കുക തുടങ്ങിയ തീവ്രവാദ പ്രവർത്തനങ്ങളിലൂടെയാണ് ജൂതർ ഇസ്റാഈൽ രാഷ്ട്രം നേടിയത്. വിവിധ രാജ്യങ്ങളിൽ ചിന്നിച്ചിതറി ജീവിച്ചിരുന്ന ജൂതർക്ക് അവരുടെ ഇത്തരം പ്രവർത്തനങ്ങളിൽ സഹികെട്ടാണ് 1948 ൽ അമേരിക്കയും ബ്രിട്ടനും മുൻകൈയെടുത്ത് ഇസ്റാഈൽ രാഷ്ട്രം ഉണ്ടാക്കിക്കൊടുത്തത്. ജൂതരുടെ ഇതേ നയം തന്നെയാണ് ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഫലസ്തീനിലും കാശ്മീരിലുമുൾപ്പെടെ പലയിടങ്ങളിലും സ്വീകരിച്ചിരിക്കുന്നത്. മാത്രമല്ല, ലോകത്തെവിടെയുമുള്ള ഫുജ്ജാറുകളിലെ തീവ്രവാദ പ്രസ്ഥാനങ്ങൾ പിന്തുടരുന്ന പല മാർഗങ്ങളും മുൻകാലത്തെ ജൂതരുടേതിനേക്കാൾ അധ:പതിച്ചതായി കാണാവുന്നതാണ്. അവർ ജനങ്ങളെ അദ്ദിക്റിൽ നിന്ന് തടയുകയും അവർ സ്വ

യം അതിനെത്തൊട്ട് തടയുകയും ചെയ്യുന്നു, അതുവഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല എന്ന് 6: 26 ൽ പറഞ്ഞിട്ടുണ്ട്. ഭൂമിയിൽ രക്തം ചിന്താതെ മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും ശാന്തിയും സമാധാനവും നിലനിർത്താനുമുള്ള ഏക ഉപാധിയാണ് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ. അതുകൊണ്ട് മാത്രമേ മനുഷ്യരുടെ ആത്മാവ് ഏക ആത്മാവിൽ നിന്നുള്ളതാണെന്നും ശരീരം മാത്രമേ വിഭിന്നമായിട്ടുള്ളൂ എന്നുമുള്ള തിരിച്ചറിവ് ലഭിക്കുകയുള്ളൂ. ഇന്ന് ജൂതരോ ക്രൈസ്തവരോ മറ്റ് ജനവിഭാഗങ്ങളോ ഇത്തരം സൂക്തങ്ങൾ വായിക്കുന്നില്ല. എന്നാൽ ഫുജ്ജാറുകളാണ് 5: 32 ൽ 'നിശ്ചയം ഒരു ആത്മാവിന് പകരമായിക്കൊണ്ടോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പകരമായിക്കൊണ്ടോ അല്ലാതെ ആരെങ്കിലുമൊരാൾ ഒരു ആത്മാവിനെ വധിക്കുകയാണെങ്കിൽ അപ്പോൾ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചത് പോലെയാണ്, ഇനി ഒരുവൻ ഒരു ആത്മാവിനെ ജീവിപ്പിക്കുകയാണെങ്കിൽ അപ്പോൾ അവൻ മുഴുവൻ മനുഷ്യരെയും ജീവിപ്പിച്ചത് പോലെയുമാണ്' എന്ന് വായിച്ചിട്ടുള്ളത്. എന്നാൽ അവർ തന്നെയാണ് ലോകത്തെല്ലായിടത്തും തീവ്രവാദ പ്രവർത്തനങ്ങളിലും നശീകരണ പ്രവർത്തനങ്ങളിലും മുഴുകിയിട്ടുള്ളത്. 17: 13–14; 18: 49; 23: 62–63; 36: 12; 45: 28–29; 58: 6; 78: 29–30 എന്നീ ഏഴ് സൂക്തങ്ങളിൽ 'എല്ലാ ഓരോരുത്തരും അവരുടെ പിരടിയിൽ കർമ്മരേഖ വഹിക്കുന്നുണ്ട്' എന്ന് ഫുജ്ജാറുകൾ അറബി ഖുർആനിൽ വായിക്കുന്നുണ്ടെങ്കിലും അവർ പ്രസ്തുത കർമ്മരേഖയെക്കുറിച്ച് ബോധമില്ലാത്ത ജീവിതരീതിയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. 20: 99–100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലോകത്ത് ഏതൊരു ജീവി എന്ത് ബുദ്ധിമുട്ട് സഹിക്കേണ്ടി വന്നാലും അതിന്റെയെല്ലാം പാപഭാരം വഹിക്കേണ്ടിവരിക 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഈ ദുഷ്ടജീവികൾ തന്നെയാണ്. ഈസാ വന്നശേഷം 4: 90–91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ വധിക്കപ്പെടാനുള്ളവരാണ്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ഇല്ല; മറിച്ച് അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും തള്ളിപ്പറയുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളോടും 9: 73 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ കൊണ്ടുള്ള ജിഹാദ് മാത്രമേയുള്ളൂ. 3: 67, 95; 6: 161; 16: 123 എന്നീ സൂക്തങ്ങളെല്ലാം 'അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല' എന്ന് പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. 2: 120; 9: 67–68; 25: 23–24 വിശദീകരണം നോക്കുക.

136. നിങ്ങൾ പറയുക: ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും ഞങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്നുകൊണ്ടും ഇബ്റാഹീമിലേക്കും ഇസ്മാഈലിലേക്കും ഇസ്ഹാഖിലേക്കും യഅ്ഖൂബിലേക്കും ഗോത്രവർഗക്കാരിലേക്കും അവതരിപ്പിക്കപ്പെട്ട ഒന്നുകൊണ്ടും മൂസാക്കും ഈസാക്കും നൽകപ്പെട്ട ഒന്നുകൊണ്ടും തങ്ങളുടെ നാഥനിൽ നിന്ന് എല്ലാ നബിമാർക്കും നൽകപ്പെട്ട ഒന്നുകൊണ്ടും വിശ്വസിച്ചിരിക്കുന്നു, അവരിൽ നിന്ന് ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല, ഞങ്ങൾ അവന് സർവ്വസ്വം സമർപ്പിച്ചവരുമാകുന്നു.

3: 84 ഇതേ ആശയത്തിലുള്ള സൂക്തമാണ്. ഇവിടെ വിശ്വാസികളോട് പ്രഖ്യാപിക്കാനാണ് കൽപിക്കുന്നതെങ്കിൽ 3: 84 ൽ പ്രവാചകനോടും അതുവഴി വിശ്വാസികളോടും പ്രഖ്യാപിക്കാനാണ് കൽപിക്കുന്നത്. എല്ലാ പ്രവാചകന്മാരും ഒരേ ആശയം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഏകനായ അല്ലാഹുവിനാൽ അയക്കപ്പെട്ടവരാണ്. 2: 2, 213 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒറ്റഗ്രന്ഥം (അൽകിതാബ്) മാത്രമേ ആദ്യം മുതൽ അവസാനം

വരെ വന്നിട്ടുള്ളൂ. 7: 158; 34: 28 സൂക്തങ്ങളിൽ അന്ത്യപ്രവാചകനായ മുഹമ്മദിനെ മൊത്തം മനുഷ്യർക്കുള്ള ദൂതനായിട്ടല്ലാതെ അയച്ചിട്ടില്ല എന്നും; 21: 107 ൽ, പ്രവാചകൻ മുഹമ്മദിനെ സർവ്വലോകർക്കും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല എന്നും പറഞ്ഞിട്ടുണ്ട് എന്നിരിക്കെ പ്രവാചകൻ മുഹമ്മദാണ് ഇസ്ലാം സ്ഥാപിച്ചതെന്നും അദ്ദേഹം മുസ്ലിംകളുടെ മാത്രം പ്രവാചകനാണെന്നും പറയുന്നവരും വിശ്വസിക്കുന്നവരുമായ ഫുജ്ജാറുകളെല്ലാം കാഫിറുകളാണ്. 313 പ്രവാചകന്മാർ ഉൾപ്പെടെ 1,24,000 ത്തിൽ പരം നബിമാർ കാലാകാലങ്ങളിലായി നാഥനിൽ നിന്ന് നിയോഗിക്കപ്പെട്ടിട്ടുണ്ട്. 4: 163 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാർക്കും ഗ്രന്ഥം നൽകപ്പെട്ടിട്ടുണ്ട്. നബിമാർക്ക് ദിവ്യബോധനമാണ് നൽകപ്പെട്ടിട്ടുള്ളത്. രാമനും കൃഷ്ണനുമെല്ലാം ഇക്കൂട്ടരിൽ ഉൾപ്പെട്ടവരാണ്. യഥാർത്ഥ വിശ്വാസികൾ പ്രവാചകന്മാർക്കിടയിലോ നബിമാർക്കിടയിലോ യാതൊരു വ്യത്യാസവും കൽപിക്കാത്തവരുമാണ്. 3: 79 ൽ പറഞ്ഞ നാഥന്റെ പ്രൗഢരായ പ്രതിനിധികൾക്ക് വിചാരണയില്ലാതെത്തന്നെ സ്വർഗത്തിൽ പോകാൻ സാധിക്കുന്നതാണ്. എന്നാൽ 7: 6 ൽ പറഞ്ഞ പ്രകാരം പ്രവാചകന്മാരും നബിമാരും വിചാരണക്ക് ശേഷമാണ് സ്വർഗത്തിൽ പോവുക.

ഗോത്രവർഗക്കാർ എന്നതുകൊണ്ടുള്ള വിവക്ഷ യഅ്ഖൂബ് നബിയുടെ പത്ത് പുത്രന്മാരുടെയും യൂസുഫ് നബിയുടെ രണ്ട് പുത്രന്മാരുടെയും സന്താനപരമ്പരകളാണ്. അവർ പന്ത്രണ്ട് ഗോത്രങ്ങളായിരുന്നുവെന്ന് 7: 160 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ കാരുണ്യം വർഷിക്കപ്പെട്ട എല്ലാ പ്രവാചകന്മാരുടെയും നബിമാരുടെയും വിശ്വാസികളുടെയും സ്വഭാവം നിഷ്പക്ഷവാനായ നാഥന്റെ സൂക്തങ്ങൾ അവർക്ക് വിവരിച്ചുകൊടുക്കപ്പെട്ടാൽ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുക എന്നതാണ് എന്ന് 19: 58 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് വിശ്വാസികളുടെ സംഘമില്ലാത്തതിനാലും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ രൂപപ്പെട്ടിട്ടുള്ളതിനാലും 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി പ്രഭാത-പ്രദോഷങ്ങളിൽ അദ്ദിക്ർ വായിക്കുകയും 15 സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള തിലാവത്തിന്റെ ദൈർഘ്യമായ ഒറ്റ സാഷ്ടാംഗ പ്രണാമം നിർവഹിക്കുകയുമാണ് വേണ്ടത്. 2: 109; 42: 13–14; 98: 4 വിശദീകരണം നോക്കുക.

137. അപ്പോൾ നിങ്ങൾ ഏതൊന്നുകൊണ്ടാണോ വിശ്വസിച്ചിട്ടുള്ളത്, അതുപോലെയുള്ളതുകൊണ്ട് അവരും വിശ്വസിക്കുകയാണെങ്കിൽ, അപ്പോൾ നിശ്ചയം അവർ സന്മാർഗത്തിലായി; ഇനി അവർ പിന്തിരിയുകയാണെങ്കിൽ അപ്പോൾ നിശ്ചയം അവർ ഭിന്നിപ്പിലാണ്, അപ്പോൾ അവരെത്തൊട്ട് നിനക്ക് അല്ലാഹു മതി, അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞനുമാണ്.

അദ്ദിക്റിനെ സന്മാർഗമായി സ്വീകരിച്ച് അതിനെ പിൻപറ്റുന്നവർ മാത്രമാണ് യഥാർത്ഥ വിശ്വാസികൾ. അദ്ദിക്ർ മൊത്തം ഉപയോഗപ്പെടുത്താതെ ഗ്രന്ഥത്തിൽ നിന്ന് ചിലത് എടുക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുന്നവർ ഇസ്ലാമാകുന്ന മൊത്തം വൃക്ഷത്തെ സ്വീകരിക്കാതെ കൊമ്പും പിടിച്ച് ഭിന്നിച്ചുപോയവരും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളുമാണ്. 2: 176 ൽ, ഗ്രന്ഥത്തിൽ ഭിന്നിച്ചവർ നിശ്ചയം സത്യത്തിൽ നിന്ന് വളരെ ദൂരം അകന്നുപോയി എന്നും പറഞ്ഞിട്ടുണ്ട്. അവരുടെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിന്നെ സഹായിക്കാൻ അല്ലാഹു മതി എന്ന് ഈ സൂക്തത്തിലും, ജനങ്ങളിൽ നിന്നുള്ള ഉപദ്രവത്തെത്തൊട്ട് നിന്നെ സഹായിക്കാൻ അല്ലാഹു മതി എന്ന് 5: 67 ലും പറഞ്ഞിട്ടുണ്ട്. നിന്നോട് കൽപിക്കപ്പെട്ടതുപോലെ നീ ഗ്രന്ഥം കൊണ്ട് മുന്നേറുകയും ചെയ്യുക, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെ അവഗ

ണിക്കുക, പരിഹസിക്കുന്നവരെത്തൊട്ട് നിന്നെ സഹായിക്കാൻ നാം തന്നെ മതിയായവ നാകുന്നു എന്ന് 15: 94-95 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. പരിചയും *മുഹൈമിനു*മായ അ ദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുകയും അതുകൊണ്ട് അതിനെ മൂടിവെക്കുന്ന യഥാർത്ഥ കാഫിറുകളോട് ജിഹാദ് ചെയ്യുകയും ചെയ്യുന്ന വിശ്വാസികൾക്ക് അറബി ഖുർആൻ വാ യിക്കുന്ന 8: 22 ൽ പറഞ്ഞ ദുഷിച്ച ജീവികളിൽ നിന്നുള്ള ഉപദ്രവങ്ങളും എതിർപ്പുകളും മാത്രമല്ല, ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ള ഉപദ്രവങ്ങളും എതിർപ്പുകളും ബാധിക്കുക യില്ല എന്ന് സാരം. 2: 38-39, 48; 4: 115; 47: 32 വിശദീകരണം നോക്കുക.

138.അല്ലാഹുവിന്റെ വർണ്ണം; അല്ലാഹുവിൽ നിന്നുള്ള വർണ്ണം സ്വീകരിക്കുന്നവ നെക്കാൾ ഉത്തമനായി ആരുണ്ട്? ഞങ്ങൾ അവനുവേണ്ടി മാത്രം ജീവിക്കുന്ന വരുമാകുന്നു.

ഗ്രന്ഥത്തിന്റെ അവതരണകാലത്തുള്ള ക്രൈസ്തവരുടെ ഇടയിൽ നിലനിന്നിരുന്ന 'മാമ്മോദീസ' സമ്പ്രദായത്തെ അപലപിക്കുകയും അല്ലാഹുവിന്റെ വർണ്ണം സ്വീകരിക്കാൻ കൽപിക്കുകയുമാണ് ചെയ്യുന്നത്. ഒരാൾക്കും ഏത് നാട്ടിൽ, ഏത് വംശത്തിൽ, ഏത് ലിം ഗത്തിൽ ഏത് കാലത്ത് ഏത് മാതാപിതാക്കളിലൂടെ ജനിക്കണമെന്ന് തെരഞ്ഞെടുക്കാൻ അധികാരമോ അവകാശമോ ഇല്ല എന്നും അതെല്ലാം നിശ്ചയിക്കുന്നത് അല്ലാഹു മാത്ര മാണ് എന്നും, ഞാനില്ല, എന്റേതായി ഒന്നുമില്ല, ഞാൻ അടിമയാണ്, എല്ലാം പ്രപഞ്ചനാ ഥനായ ഉടമയുടേതാണ് എന്നുമുള്ള സത്യം മനസിലാക്കി അല്ലാഹുവിന്റെ സ്വഭാവം ഉൾ ക്കൊണ്ട് അവന്റെ പ്രതിനിധിയായ വിശ്വാസിയായി ജീവിക്കലാണ് അല്ലാഹുവിന്റെ വർ ണ്ണം സ്വീകരിക്കുക എന്നതിന്റെ വിവക്ഷ. എന്നാൽ ഈ ആശയത്തിൽ നിന്ന് പോയതു കാരണം ഇന്ന് ലോകത്തുള്ള എല്ലാ മതവിഭാഗങ്ങൾക്കിടയിലും ഇതിന് (മാമ്മോദീസ ക്ക്) സമാനമായ ആചാരാനുഷ്ഠാനങ്ങളുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറു കൾക്കിടയിൽ കണ്ട് വരുന്ന മതപരിവർത്തനവും അതിന്റെ ഭാഗമായുള്ള വേഷവിധാന വും ലിംഗഛേദവുമെല്ലാം ഇത്തരം മിഥ്യയായ ആചാരാനുഷ്ഠാനങ്ങൾ തന്നെയാണ്. ആ ദം മുതൽ അന്ത്യനാൾ വരെയുള്ള ജനങ്ങളിൽ ഒരു സംഘം 58: 22 ൽ പറഞ്ഞ വിശ്വാസി യായ അല്ലാഹുവിന്റെ ഏക സംഘമാണ്, ഗ്രന്ഥം കിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഫു ജ്ജാറുകളിലെ എല്ലാ സംഘടനകളും 30: 30-31 സൂക്തങ്ങളിൽ പറഞ്ഞ മുശ്രിക്കുകളും 58: 19 ൽ പറഞ്ഞ കാഫിറായ പിശാചിന്റെ സംഘവുമാണ്. അല്ലാഹുവിന്റെ സംഘക്കാർ അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്നവരും അവന്റെ പ്രതിനിധികളുമാണ്. അത് എ ല്ലാ ഓരോ ആയിരത്തിലും ഒന്ന് മാത്രമേയുള്ളൂവെന്ന് 4: 118 ന്റെ വിശദീകരണത്തിൽ പ്ര പഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാ പ്രവാചക ന്മാരുടെയും ജനതയിൽ നിന്ന് ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും ന രകത്തിലേക്കുള്ളവർ തന്നെയാണ്. ഇന്ന് നരകത്തിലേക്കുള്ളവർ 2: 62 ൽ വിവരിച്ച പ്ര കാരം പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഫുജ്ജാറുകൾ മാത്രമാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ട് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്ത് നാഥ നെ സഹായിക്കുന്നതിനാണ് സർവ്വപ്രധാനം നൽകേണ്ടത്. അപ്പോൾ 47: 7 ൽ പറഞ്ഞ പ്രകാരം നാഥൻ തിരിച്ചും സഹായിക്കുന്നതാണ്. നാഥൻ നിഷ്പക്ഷവാനാണെന്നിരിക്കെ അവൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല; ഏതൊരാൾ ക്കും 73: 19; 76; 29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദി ക്ർ ഉപയോഗപ്പെടുത്തി സ്വർഗത്തിലേക്ക് പോകാവുന്നതാണ്.

32: 4 ൽ, അല്ലാഹുവാണ് ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും ആറ് നാളുകളിലായി സൃഷ്ടിച്ചത്, പിന്നെ അവൻ സിംഹാസനസ്ഥനായി, അവനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ അവനെക്കുറിച്ച് നിങ്ങൾ മനുഷ്യരെ ഉണർത്തുന്നില്ലെയോ എന്ന് അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകളാണ് 48: 6 ൽ പറഞ്ഞ പ്രകാരം നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നത്. നാഥന്റെ ഗ്രന്ഥത്തെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ അവർ നരകത്തിലേക്കുള്ള ഫുജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ്. 1: 4; 2: 112–113 വിശദീകരണം നോക്കുക.

139.നീ ചോദിക്കുക: അല്ലാഹുവിന്റെ കാര്യത്തിലാണോ നിങ്ങൾ ഞങ്ങളോട് തർക്കിച്ചുകൊണ്ടിരിക്കുന്നത് -അവൻ ഞങ്ങളുടെ ഉടമയും നിങ്ങളുടെ ഉടമയുമായിരിക്കെ, ഞങ്ങൾക്ക് ഞങ്ങളുടെ പ്രവൃത്തികളും നിങ്ങൾക്ക് നിങ്ങളുടെ പ്രവൃത്തികളും, ഞങ്ങൾ അവനുവേണ്ടിയുള്ള പ്രത്യേകക്കാരുമാകുന്നു.

ഇന്ന് അദ്ദിക്ർ മുറുകെപ്പിടിച്ച് ഭൂരിപക്ഷത്തിന്റെ ഒഴുക്കിൽ പെടാതെ ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസികളെക്കുറിച്ച് പിഴച്ചുപോയവർ എന്ന് ആരോപിക്കുന്ന, പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും യഥാർത്ഥ ഭ്രാന്തന്മാരുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കുള്ള മറുപടിയാണ് ഈ സൂക്തം. അദ്ദിക്ർ വിശദീകരിക്കുന്ന സദസ്സിനെ ഗൗരവമായി എടുക്കാത്തവരെയും സമയം കളയുന്നതിനുവേണ്ടി കളിയിലും തമാശകളിലും ഏർപ്പെട്ടവരെയും വെടിയണമെന്നും അവരോട് 'ഞങ്ങൾക്ക് ഞങ്ങളുടെ പ്രവർത്തനങ്ങൾ, നിങ്ങൾക്ക് നിങ്ങളുടെ പ്രവർത്തനങ്ങൾ, നിങ്ങൾക്ക് സലാം (നിങ്ങൾക്ക് പോകാം), ഞങ്ങൾ അവിവേകികളുടെ മാർഗം അനേഷിക്കുന്നവരല്ല' എന്ന് പറയാനാണ് 28: 55 ൽ വിശ്വാസികളോട് കൽപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ സന്മാർഗം, അത് മാത്രമാണ് സന്മാർഗം, ഞങ്ങൾ സർവ്വലോകങ്ങളുടെയും ഉടമയായ നാഥന് ജീവാർപ്പണം ചെയ്യാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് 6: 71 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ലഭിച്ചിട്ട് അതിൽ നിന്ന് പിന്തിരിഞ്ഞുപോയവൻ തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതിനാൽ പിശാചിന്റെ ബാധയേറ്റ് ലക്ഷ്യബോധം നഷ്ടപ്പെട്ട് ആടിയുലഞ്ഞ് ജീവിക്കുന്നവനാണ്. വിശ്വാസികൾ 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിയതിനാൽ അത്തരം ജിന്നുകൂട്ടുകാരൻ അവരുടെ സൂക്ഷിപ്പുകാരായി വർത്തിക്കുമെന്ന് 86: 4 ൽ പറഞ്ഞിട്ടുണ്ട്.

15: 39–40; 37: 40; 38: 82–83 എന്നീ സൂക്തങ്ങളിൽ, അല്ലാഹുവിനുവേണ്ടി മാത്രം ജീവിക്കുന്ന അവന്റെ പ്രത്യേകക്കാരായ, നിഷ്കളങ്കരായ അടിമകളല്ലാത്തവരെയെല്ലാം ലക്ഷ്യബോധം നഷ്ടപ്പെടുത്തി വഴിപിഴപ്പിച്ച് നരകത്തിലേക്ക് കൊണ്ടുപോകുമെന്ന് പിശാച്, അല്ലാഹുവിനോട് ശപഥം ചെയ്തതായി പറഞ്ഞിട്ടുണ്ട്. 12: 24 ൽ, നിശ്ചയം യൂസുഫ് നമ്മുടെ നിഷ്കളങ്കരായ അടിമകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതിനാൽ പ്രവാചകന്മാരുടെ ജീവിതം നയിക്കുന്ന വിശ്വാസികൾ തന്നെയാണ് നിഷ്കളങ്കരായ അടിമകൾ. 1: 4 ൽ, 'ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോടു മാത്രം സഹായം തേടുകയും ചെയ്യുന്നു' എന്ന് പറയുമ്പോൾ 'ഞങ്ങളെ നീ നിന്നെ മാത്രം സേവിക്കുന്ന നിഷ്കളങ്കരായ സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്ന് ആക്കേണമേ' എന്നാണ് വിശ്വാസി ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടത്. 40: 14; 41: 26–28; 109: 6 വിശദീകരണം നോക്കുക.

140.അതോ, നിശ്ചയം ഇബ്റാഹീമും ഇസ്മാഈലും ഇസ്ഹാഖും യഅ്ഖൂബും

ഗോത്രവർഗക്കാരും ജൂതരോ അല്ലെങ്കിൽ ക്രൈസ്തവരോ ആയിരുന്നുവെന്നാ ണോ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നീ ചോദിക്കുക: നിങ്ങളാണോ ഏ റ്റവും അറിയുന്നവർ, അതോ അല്ലാഹുവോ? തന്റെ പക്കൽ അല്ലാഹുവിൽ നി ന്നുള്ള ഒരു സാക്ഷ്യമുണ്ടായിട്ട് അത് മറച്ചുവെക്കുന്നവനേക്കാൾ ഏറ്റവും വ ലിയ അക്രമി ആരാണ്? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അല്ലാഹു അശ്രദ്ധനൊന്നുമല്ല തന്നെ.

30: 30-32 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് മതങ്ങൾ കണക്കെ ഭിന്നിച്ചുപോയി മുശ്രിക്കുകളായിത്തീർന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനക്കാരോട്: മുഹമ്മദും ഇബ്റാഹീമും ഇസ്മാഈലും ഇസ്ഹാഖും യഅ്ഖൂബും ഗോത്രവർഗക്കാരുമെല്ലാം നിങ്ങളുടെ ജീവിതചര്യയായിരുന്നുവോ നയിച്ചിരുന്നത്, അ തോ സാക്ഷിയായ അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ടുള്ള നേരെച്ചൊവ്വെയുള്ള ജീവിതമാ ണോ നയിച്ചിരുന്നത് എന്നാണ് വിശ്വാസി സൂക്തത്തിന്റെ മൗഇളത്തായിക്കൊണ്ട് ചോദി ക്കേണ്ടത്.

അല്ലാഹുവിൽ നിന്നുള്ള സാക്ഷ്യം:- ഒറ്റ വേദഗ്രന്ഥത്തിന്റെ ഭാഗമായ തൗറാത്തും ഇൻജീലുമാണ് മദീനയിലെ ജൂതക്രൈസ്തവരുടെ പക്കലുള്ള സാക്ഷ്യം കൊണ്ട് ഉദ്ദേശി ക്കുന്നത്. എന്നാൽ ഇന്ന് സാക്ഷ്യം അദ്ദിക്ർ മാത്രമാണ്. *ഗ്രന്ഥം നിനക്ക് അനുകൂലമായ സാക്ഷിയാണ്, അല്ലെങ്കിൽ നിനക്ക് എതിരായ സാക്ഷിയാണ്* എന്ന് പ്രപഞ്ചനാഥൻ പ്ര വാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഗ്രന്ഥത്തെ സത്യപ്പെടുത്തി ജീവിച്ച വിശ്വാസികൾക്ക് അ ത് അനുകൂലമായും, അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറ ഞ്ഞുകൊണ്ട് കപടവിശ്വാസികളെ പിൻപറ്റുന്ന അനുയായികളുമുൾപ്പെട്ട ഫുജ്ജാറുകൾ ക്ക് അത് എതിരായും സാക്ഷ്യം വഹിക്കുന്നതാണ്. 11: 17 ൽ, അപ്പോൾ തന്റെ നാഥനിൽ നിന്ന് വ്യക്തമായ തെളിവിന്മേലായിട്ടുള്ള ഒരുവൻ -അവനിൽ നിന്നുള്ള ഒരു സാക്ഷ്യം അവന് വിശദീകരിച്ച് കൊടുക്കുന്നുമുണ്ട്, അതിനുമുമ്പ് ഇമാമും കാരുണ്യവുമായി മൂസാ ക്ക് നൽകിയ ഗ്രന്ഥവുമുണ്ട്, അക്കൂട്ടർ അതുകൊണ്ട് വിശ്വസിക്കുന്നവരാണ്; സംഘങ്ങ ളിൽ നിന്ന് ആരാണോ അതിനെ മൂടിവെക്കുന്നത്, അപ്പോൾ അവനോട് വാഗ്ദത്തം ചെ യ്യപ്പെട്ടിട്ടുള്ളത് നരകമാണ്, അതുകൊണ്ട് നീ അതിന്റെ കാര്യത്തിൽ സംശയിക്കുകയേ അരുത്, നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, എന്നാൽ ജന ങ്ങളിൽ അധികപേരും വിശ്വാസികളാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഐഹിക ജീവിതത്തെക്കുറിച്ച് ആർക്കും വിധിദിവസം അല്ലാഹു വിവരം പറഞ്ഞുകൊടു ക്കുകയല്ല ചെയ്യുക. മറിച്ച്, 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെ യും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാര്യ ങ്ങൾ വിധിദിവസം പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് നൽകി ഓരോരുത്തരും വായിച്ച് അവരവരുടെ വിചാരണ നടത്തുകയാണ് ചെയ്യുക. 2: 62, 74, 255; 10: 60-61 വിശ ദീകരണം നോക്കുക.

141. അതെല്ലാം കഴിഞ്ഞുപോയ ഒരു സമുദായം, അവർക്ക് അവർ സമ്പാദിച്ചതുണ്ട്, നിങ്ങൾക്ക് നിങ്ങൾ സമ്പാദിച്ചതുമുണ്ട്, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതി നെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുകയുമില്ല.

എല്ലാ പ്രവാചകന്മാരും നബിമാരും വിശ്വാസികളും 5: 56; 58: 22 സൂക്തങ്ങളിൽ പറ ഞ്ഞ വിശ്വാസിയായ നാഥന്റെ ഏക സംഘത്തിൽ പെട്ടവരായിരുന്നു. അവരെല്ലാം 16: 43; 21: 24; 41: 43 സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുന്നവരുമായിരുന്നു.

അതുതന്നെയാണ് 1: 5; 2: 142; 3: 51; 4: 68, 175; 6: 39, 126, 153; 36: 61 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയും. നാലാം ഘട്ടത്തിൽ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം ഇവിടെ വെച്ച് സമ്പാദിക്കുന്നതിന് വേണ്ടിയാണ്. ഗ്രന്ഥം കിട്ടിയിട്ട് സ്വർഗം ഇവിടെവെച്ച് സമ്പാദിക്കാത്ത കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിലെ ഏഴ് കവാടങ്ങളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 9: 67–68; 15: 43–44; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും 11: 118–119 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി ഇന്ന് സ്വീകരിക്കേണ്ട ജീവിതരീതിയും പ്രാർത്ഥനാരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 39, 134, 136; 36: 45–46 വിശദീകരണം നോക്കുക.

142. ജനങ്ങളിൽ നിന്നുള്ള വിഡ്ഢികൾ ചോദിക്കുക തന്നെ ചെയ്യും: അവരുടെ മേൽ ഉണ്ടായിരുന്ന ഖിബ്‌ലയെത്തൊട്ട് അവരെ മാറ്റിക്കളഞ്ഞത് എന്താണ്? നീ പറയുക: കിഴക്കും പടിഞ്ഞാറും അല്ലാഹുവിനുള്ളതാണ്, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ഏറ്റവും ചൊവ്വായ പാതയിലേക്ക് മാർഗദർശനം ചെയ്യുന്നു.

143. അപ്രകാരം നാം നിങ്ങളെ ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു –പ്രവാചകൻ നിങ്ങളിൽ സാക്ഷ്യം വഹിക്കുന്നതുപോലെ നിങ്ങൾ ജനങ്ങളുടെമേൽ സാക്ഷ്യം വഹിക്കാൻ വേണ്ടി, മുമ്പ് നിനക്കുണ്ടായിരുന്ന ഖിബ്‌ല നാം നിശ്ചയിച്ചിട്ടില്ല– പ്രവാചകനെ അനുസരിക്കാതെ പുറം തിരിഞ്ഞ് പോകുന്നവരിൽ നിന്ന് ആരാണ് അവനെ പിൻപറ്റുന്നവർ എന്ന് നമുക്ക് അറിയാൻ വേണ്ടിയല്ലാതെ, നിശ്ചയം ആ സംഭവം അല്ലാഹു മാർഗദർശനം നൽകിയവർക്കൊഴിച്ച് ഉൾക്കൊള്ളാൻ കഴിയാത്ത ഒരു വലിയ സംഭവം തന്നെയാണ്; അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കാനുദ്ദേശിക്കുന്നില്ല, നിശ്ചയം അല്ലാഹു ജനങ്ങളോട് ഏറ്റവും വാത്സല്യമുള്ള കാരുണ്യവാൻ തന്നെയാണ്.

144. നിശ്ചയം, നിന്റെ മുഖം ആകാശത്തേക്ക് ഉയരുന്നത് നാം കാണുന്നുണ്ട്, അതുകൊണ്ട് നീ തൃപ്തിപ്പെടുന്ന ഖിബ്‌ലയിലേക്ക് നാം നിന്നെ തിരിക്കുക തന്നെ ചെയ്യും, അപ്പോൾ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ ഭാഗത്തേക്ക് തിരിക്കുക, നിങ്ങൾ എവിടെയായിരുന്നാലും ഏത് അവസ്ഥയിലായിരുന്നാലും നിങ്ങളുടെ മുഖം അതിന്റെ ഭാഗത്തേക്ക് തിരിക്കുക, നിശ്ചയം ഗ്രന്ഥം നൽകപ്പെട്ടവരാരോ അവർക്ക് അത് തങ്ങളുടെ നാഥനിൽ നിന്നുള്ള യാഥാർത്ഥ്യമാണെന്ന് അറിയുക തന്നെ ചെയ്യും, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അല്ലാഹു അശ്രദ്ധനുമല്ല തന്നെ.

ഭൂമിയിലെ അല്ലാഹുവിന്റെ ആദ്യത്തെ ആരാധനാലയമാണ് മക്കയിലുള്ള *കഅ്ബ*. ഇബ്റാഹീമും ആദ്യപുത്രൻ ഇസ്മാഈലും കൂടിയാണ് അത് പുനർനിർമ്മിച്ചത്. ഇബ്റാഹീമിന്റെ രണ്ടാമത്തെ മകൻ ഇസ്ഹാഖ്, മകൻ യഅ്ഖൂബ്, മകൻ യൂസുഫ്, മൂസാ, ഹാറൂൻ, ദാവൂദ്, സുലൈമാൻ, സക്കരിയ, യഹ്യ, ഈസ തുടങ്ങിയ പ്രവാചകന്മാരിലൂടെയാണ് ഇസ്‌ലാം പ്രബോധനം ചെയ്യപ്പെട്ടിരുന്നത്. ഇവരുടെയെല്ലാം *ഖിബ്‌ല* മക്കയിലുള്ള *കഅ്ബ* തന്നെയായിരുന്നു. ഇവരുടെ പിൻഗാമികളെന്ന് വാദിച്ചിരുന്ന ജൂതർ ഈസാ നബിയെ ക്രൂശിച്ചുകൊന്നു എന്ന് ഘോഷിക്കുകയുണ്ടായി. എന്നാൽ 4: 157–158 സൂക്തങ്ങ

ളിൽ പറഞ്ഞ പ്രകാരം അല്ലാഹു ഈസായെ ശരീരത്തോടുകൂടി അവനിലേക്ക് ഉയർത്തുകയാണുണ്ടായത്. ഈസാ നബിയെ അല്ലാഹുവിന്റെ കാര്യത്തിൽ സഹായിച്ച അൻസാരികളുടെ പിൻഗാമികളെന്ന് വാദിക്കുന്ന ക്രൈസ്തവർ ക്രമേണ വഴിതെറ്റുകയും ഈസായെക്കുറിച്ച് ദൈവപുത്രൻ, ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന മൂവരിലൊന്ന് എന്നെല്ലാമുള്ള വികലമായ വിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരായി മാറി. മക്കയിൽ ഇസ്മാഈൽ നബിയുടെ മക്കൾ കാലക്രമേണ വഴിപിഴക്കുകയും ഏകനായ അല്ലാഹുവിനെ മാത്രം സേവിക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ട *കഅ്ബ*യിൽ ലാത്ത, ഉസ്സ, മനാത്ത തുടങ്ങി മുന്നൂറ്റി അറുപതോളം വിഗ്രഹങ്ങൾ സ്ഥാപിക്കുകയും നശിപ്പിക്കപ്പെടേണ്ട ഒരു ഘട്ടത്തിലെത്തുകയും ചെയ്തു. അങ്ങനെ മൊത്തം ലോകം ഇരുണ്ടപ്പോഴാണ് സർവ്വലോകർക്കും കാരുണ്യമായി അദ്ദിക്റായ പ്രകാശവും കൊണ്ട് അല്ലാഹു മുഹമ്മദിനെ പ്രവാചകനായി നിയോഗിക്കുന്നത്. വേദവാഹകരോടാണ് പ്രവാചകന് അടുപ്പമുണ്ടാകേണ്ടത് എന്നതുകൊണ്ടും വിഗ്രഹങ്ങൾ സ്ഥാപിച്ചിരുന്നില്ല എന്നതുകൊണ്ടുമാണ് പ്രവാചകന് ആദ്യഘട്ടത്തിൽ ഫലസ്തീനിലുള്ള *ബൈത്തുൽ മുഖദ്ദസ്* ഖിബ്ലയായി നിശ്ചയിച്ച് കൊടുത്തത്.

പ്രവാചകത്വത്തിന്റെ 13-ാം വർഷം മദീനയിലേക്ക് ഹിജ്റ പോയ പ്രവാചകനും അനുയായികളും അവിടെ വെച്ച് പതിനേഴ് മാസക്കാലം *ബൈത്തുൽ മുഖദ്ദസി*ലേക്ക് തിരിഞ്ഞു തന്നെയാണ് നമസ്കരിച്ചിരുന്നത്. മദീനയിലുള്ള ജൂതക്രൈസ്തവർ പ്രവാചകൻ മുഹമ്മദിനോടും അനുയായികളോടും 'നിങ്ങളുടെ ജീവിതമാർഗം മുഴുവൻ ഞങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു പുതിയ മാർഗമാണ്, എന്നാൽ *ബൈത്തുൽ മുഖദ്ദസി*നെ ഖിബ്ലയായി തുടരുന്നത് എന്തുകൊണ്ടാണ്' എന്ന് ചോദിക്കാറുണ്ടായിരുന്നു. പ്രവാചകന്മാരുടെ പിതാവായി അറിയപ്പെടുന്ന ഇബ്റാഹീമിന്റെ 2: 129 ൽ പരാമർശിച്ച പ്രാർത്ഥനയുടെ ഫലമായി നിയോഗിക്കപ്പെട്ട മുഹമ്മദ്, ഇബ്റാഹീമും ഇസ്മാഈലും ചേർന്ന് പണിത ഭൂമിയിലെ ആദ്യത്തെ ഭവനം ഖിബ്ലയായി കിട്ടാൻ അതിയായി ആഗ്രഹിച്ചിരുന്നു. അപ്പോൾ അല്ലാഹു പ്രവാചകനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും അങ്ങനെ നാടുകളുടെ കേന്ദ്രമായ മക്കയിലുള്ള കഅ്ബയിലേക്ക് ഖിബ്ല മാറ്റുകയുമാണുണ്ടായത്. ഈ ഖിബ്ല മാറ്റത്തെ ജൂതരും ക്രൈസ്തവരും ചോദ്യം ചെയ്തു. അപ്പോൾ കിഴക്കും പടിഞ്ഞാറും അല്ലാഹുവിനുള്ളതാണ്, ലോകത്ത് എന്തുതീരുമാനം നടപ്പിലാക്കാനും അല്ലാഹുവിന് അധികാരമുണ്ട്, ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക് ഈ ഖിബ്ല മാറ്റത്തിൽ ദുരൂഹതക്ക് വകയില്ല എന്നാണ് അവരോട് പറയുന്നത്. ഇതിലൂടെ ലോകത്തിന്റെ നേതൃത്വം ഇസ്റാഈൽ സന്തതികളിൽ നിന്ന് ഇസ്മാഈൽ പരമ്പരയിൽ പെട്ട അറബികളിലേക്ക് മാറ്റുകയാണുണ്ടായത്. 2: 115, 136 വിശദീകരണം നോക്കുക.

ഇബ്റാഹീമിന്റെ മാർഗം പിൻപറ്റുന്ന മുഹമ്മദ്, ഇബ്റാഹീമും ഇസ്മാഈലും പണിത വീട് ഒഴിവാക്കി ബൈത്തുൽ മുഖദ്ദസ് ഖിബ്ലയായി അംഗീകരിച്ചത് മക്കാമുശ്രിക്കുകൾക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. മദീനയിൽ പ്രവാചകന്റെ കൂടെയുള്ളവരിൽ നിന്നുള്ള കപടവിശ്വാസികൾക്ക് തിരിച്ചുള്ള ഖിബ്ല മാറ്റവും ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്നില്ല. പ്രവാചകനും വിശ്വാസികൾക്കും വിശ്വാസികളെയും അല്ലാത്തവരെയും തിരിച്ചറിയാൻ വേണ്ടിയാണ് ത്രികാലജ്ഞാനിയായ അല്ലാഹു ആദ്യഖിബ്ലയിൽ നിന്ന് *ബൈത്തുൽ മുഖദ്ദസി*ലേക്കും പിന്നീട് തിരിച്ചും ഖിബ്ല മാറ്റം നിശ്ചയിച്ചത്. ഖിബ്ല മാറ്റം മുഹമ്മദിന്റെ തന്നിഷ്ടപ്രകാരമാണെന്നും തോന്നുമ്പോൾ തോന്നുന്നേടത്തേക്ക് തിരിയുകയാണെന്നും വേദക്കാരും കപടവിശ്വാസികളും ആരോപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തി

രുന്നു. ഖിബ്ല മാറ്റം പ്രവാചകൻ മുഹമ്മദ് പ്രാർത്ഥിച്ചതുകൊണ്ടാണ് എന്ന് വിശ്വസിക്കുന്ന ഇന്നുള്ളവരും യഥാർത്ഥ വിശ്വാസികളല്ല. മറിച്ച് ഖിബ്ല മാറ്റം ത്രികാലജ്ഞാനിയായ അല്ലാഹുവിൽ നിന്ന് തന്നെയുള്ളതാണെന്നും പ്രവാചകനെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് അല്ലാഹു തന്നെ നടപ്പിലാക്കിയതാണെന്നും വിശ്വസിക്കുന്നവരും നമസ്കാരം, നോമ്പ്, പെരുന്നാൾ, അറഫ, ഹജ്ജ് തുടങ്ങിയ എല്ലാ കാര്യങ്ങളിലും ഖിബ്ലയെ അംഗീകരിക്കുന്നവരുമാണ് വിശ്വാസികൾ. അവർ തങ്ങളുടെ ജീവിതത്തെ എല്ലായ്പ്പോഴും അല്ലാഹുവിനെ കേന്ദ്രീകരിച്ചുകൊണ്ട് അഥവാ അവന്റെ പ്രതീകമായ കഅ്ബയെ മനസാ-വാചാ-കർമണാ വലയം ചെയ്യുന്നവരുമാണ്. അതിന്റെ പ്രതീകമായിട്ടാണ് കഅ്ബക്കു ചുറ്റും *ത്വവാഹ്* നിശ്ചയിച്ചിട്ടുള്ളത്. ജനങ്ങളുടെ വിശ്വാസം പാഴാക്കിക്കളയാനല്ല ഖിബ്ല മാറ്റത്തിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത്. മറിച്ച്, അവരുടെ ബുദ്ധി ഉപയോഗിച്ച് ചിന്തിച്ച് അല്ലാഹുവിന്റെ ചര്യ മനസ്സിലാക്കി വിശ്വാസം വർദ്ധിപ്പിക്കാനും അല്ലാഹുവിനെയും പ്രവാചകനെയും വേർതിരിച്ചറിയാനുമാണ്.

3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷമുള്ള പ്രവാചകന്റെ ജനതയിൽ ഒറ്റപ്പെട്ട വിശ്വാസിയൊഴിച്ച് ബാക്കിയുള്ളവരെല്ലാം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളാണ്. സാക്ഷിയായ അദ്ദിക്റിനെ സത്യപ്പെടുത്തുന്നവർ മാത്രമേ ഇന്ന് വിശ്വാസിയാവുകയുള്ളൂ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഇതര ജനവിഭാഗങ്ങളിൽ സാക്ഷിയായ അദ്ദിക്റിന്റെ ജീവിതം സാക്ഷ്യപ്പെടുത്തി ജീവിക്കാൻ സാധ്യമല്ല. എന്നാൽ മൊത്തം മനുഷ്യർക്കുള്ള സന്മാർഗമായ അദ്ദിക്ർ അവർക്ക് എത്തിച്ചുകൊടുത്ത് നാഥനെയും അവന്റെ ഗ്രന്ഥത്തെയും മനുഷ്യർക്ക് പരിചയപ്പെടുത്തൽ ഒറ്റപ്പെട്ട വിശ്വാസിയുടെ ഒഴിച്ചുകൂടാനാകാത്ത ബാധ്യതയാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഉടമയെ വിസ്മരിച്ച തെമ്മാടികളാണ്. അവർ അവരുടെ ജീവിത മേഖലകളിൽ മക്കയിലുള്ള കഅ്ബയെ ഖിബ്ല (ശ്രദ്ധാകേന്ദ്രം)യായി അംഗീകരിക്കാത്തവരും പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളെ ഖിബ്ലയായി സ്വീകരിച്ചവരുമാണ്. 1: 4-6; 2: 111-113; 25: 18, 33-34 വിശദീകരണം നോക്കുക.

145.വേദം നൽകപ്പെട്ടവർക്ക് നീ ഏതൊരു തെളിവ് കൊണ്ടുവന്നാലും അവർ നിന്റെ ഖിബ്ല പിന്തുടരുകയില്ല, നീ അവരുടെ ഖിബ്ലയും പിൻപറ്റുന്നവനല്ല, അവരിൽ ചിലർ ചിലരുടെ ഖിബ്ലയെ പിൻപറ്റുന്നവരുമല്ല, നിനക്ക് അറിവിൽ നിന്ന് വന്നുകിട്ടിയതിനുശേഷം നീയെങ്ങാനും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയാണെങ്കിൽ നിശ്ചയം നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.

16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്നതും 25: 33 ൽ പറഞ്ഞ പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ കപടവിശ്വാസികളും അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 3: 100-101 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന വിശ്വാസിയെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതാണ്. അത്തരക്കാരെ ഒരാളെയും അനുസരിക്കാൻ പാടില്ല എന്ന് മാത്രമല്ല, 9: 73 ൽ പറഞ്ഞ പ്രകാരം അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യേണ്ടതുമാണ്. 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇത്തരം ദുഷ്ടജീവികൾ ക

അ്ബയെ ഖിബ്ലയായി സ്വീകരിക്കാതെ വ്യത്യസ്ത ദിനങ്ങളിൽ നോമ്പ്, പെരുന്നാൾ തുടങ്ങിയവ കൊണ്ടുനടക്കുന്നവരാണ്. അതുവഴി അവർ 9: 36-37; 41: 37 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ചന്ദ്രന് സാഷ്ടാംഗപ്രണാമം നടത്തുന്ന കെട്ടജനതയായി അധഃപതിച്ചിരിക്കുന്നു. ആരാണോ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കാത്തത്, അവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ വായിക്കുന്നത് ഇവർ തന്നെയാണ്. അവർ വായിച്ച, കേട്ട സൂക്തങ്ങൾ അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. ഇന്ന് ഏറ്റവും നല്ല ഗ്രന്ഥമായ' അദ്ദിക്ർ പിൻപറ്റുക വഴി പ്രവാചകനെ സാക്ഷ്യപ്പെടുത്തുന്ന വിശ്വാസികളോട് പറയുകയാണ്: ലോകത്തെവിടെയും ദിവസം മാറുന്നില്ല എന്നിരിക്കെ അറിവ് വന്നുകിട്ടിയശേഷം (ഖിബ്ലയുള്ള മക്കയിലെ നോമ്പ്, പെരുന്നാൾ, അറഫ തുടങ്ങിയവയുടെ ദിനങ്ങൾ അറിഞ്ഞതിന് ശേഷം) അവയിൽ നിന്ന് വ്യത്യസ്തമായ ദിനങ്ങളിൽ ആചരിച്ചുകൊണ്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ഇംഗിതങ്ങളെങ്ങാനും പിൻപറ്റിയാൽ നിങ്ങൾ അക്രമികൾ തന്നെയായിരിക്കും. 2: 78, 120; 4: 49-50 വിശദീകരണം നോക്കുക.

146.നാം ഗ്രന്ഥം നൽകിയിട്ടുള്ളവരാരോ അവർക്ക് അവനെ അറിയും -അവരുടെ ആൺമക്കളെ അവർ അറിയുന്നതുപോലെ, നിശ്ചയം അവരിൽ നിന്നുള്ള ഒരു വിഭാഗം അറിവുള്ളവരായിരിക്കെ സത്യം മൂടിവെക്കുക തന്നെയാണ്.

'നാം ഗ്രന്ഥം നൽകിയിട്ടുള്ളവരാരോ അവർക്ക് അവനെ അറിയും -അവരുടെ ആൺമക്കളെ അവർ അറിയുന്നതുപോലെ' എന്ന സൂക്തഭാഗം 6: 20 ലും വന്നിട്ടുണ്ട്. അവനെ അറിയും എന്നതിന് ആറ് ആശയങ്ങളുൾക്കൊള്ളുന്നുണ്ട്. (1) ഗ്രന്ഥം നൽകപ്പെട്ടവർക്ക് അല്ലാഹുവിനെ അവരുടെ ആൺമക്കളെ അറിയുന്നതുപോലെ അറിയും. (2) ഗ്രന്ഥം നൽകപ്പെട്ടവർക്ക് പിശാചിനെ അവരുടെ ആൺമക്കളെ അറിയുന്നതുപോലെ അറിയും. (3) ഗ്രന്ഥം നൽകപ്പെട്ടവർക്ക് മുഹമ്മദ്നബിയെ അവരുടെ ആൺമക്കളെ അറിയുന്നതുപോലെ അറിയും. (4) ഗ്രന്ഥം നൽകപ്പെട്ടവർക്ക് ഖിബ്ലമാറ്റം അവരുടെ ആൺമക്കളെ അറിയുന്നതുപോലെ അറിയും. (5) ഗ്രന്ഥം നൽകപ്പെട്ടവർക്ക് ആ ഗ്രന്ഥത്തെ അവരുടെ ആൺമക്കളെ അറിയുന്നതുപോലെ അറിയും. (6) ഗ്രന്ഥം നൽകപ്പെട്ടവർക്ക് അവരവരെ അവർ കാഫിറാണോ വിശ്വാസിയാണോ എന്ന് അവരുടെ ആൺമക്കളെ അറിയുന്നതുപോലെ അറിയും. ഈ ആറ് ആശയങ്ങളും ഇവിടെ പ്രസക്തവുമാണ്.

മദീനയിൽ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന, ഗ്രന്ഥത്തിന്റെ ആളുകൾ എന്ന് അഭിമാനിച്ചിരുന്നവർ ജൂതരും ക്രൈസ്തവരുമായിരുന്നു. 4: 163 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം അദ്ദിക്ർ തന്നെയാണ്. 'ഗ്രന്ഥത്തെ സത്യപ്പെടുത്തിക്കൊണ്ട് എന്റെ ഒരു പ്രവാചകൻ വന്നാൽ നിങ്ങൾ അവനെക്കൊണ്ട് വിശ്വസിക്കുകയും അവനെ സഹായിക്കുകയും ചെയ്യണം' എന്ന ഉടമ്പടി എല്ലാ നബിമാരിൽ നിന്നും വാങ്ങിയ കാര്യം 3: 81-82 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ എല്ലാ ഓരോ കാര്യവും വിശദീകരിച്ചതും മുൻ വേദഗ്രന്ഥങ്ങളെയെല്ലാം സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്ന് 5: 48 ലും 16: 89 ലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അദ്ദിക്റിൽ നിന്ന് മാത്രമാണ് ഏതൊരാൾക്കും നാഥനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും മലക്കുകളെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടുമെല്ലാമുള്ള വിശ്വാസം രൂപപ്പെടുത്താനും സ്വന്തത്തെയും മറ്റുള്ളവരെയും വിശ്വാസി

യായ നാഥന്റെ പ്രതിനിധിയാണോ അതോ കാഫിറായ പിശാചിന്റെ പ്രതിനിധിയാണോ എന്ന് തിരിച്ചറിയാനും സാധിക്കുക. 3: 96 ൽ വിവരിച്ച പ്രകാരം ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ മക്കയിലെ കഅ്ബയെ ഖിബ്ലയായി നിശ്ചയിച്ചതിലുള്ള യുക്തി യുക്തിനിർഭരഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് മാത്രമേ ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ.

ഇന്ന് 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ 4: 151 ൽ വിവരിച്ച പ്രകാരം പിശാചിന്റെ സംഘത്തിൽ പെട്ട യഥാർത്ഥ കാഫിറുകളാണ്. അദ്ദിക്റിനെ വിസ്മരിക്കുകവഴി 25: 18 ൽ പറഞ്ഞ പ്രകാരം കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകളിലെ നേതാക്കൾ അവരുടെ അനുയായികളെ അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ട് 7: 202 ൽ പറഞ്ഞ പ്രകാരം പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നവരാണ്. 21: 10 ൽ, നിശ്ചയം നിങ്ങൾക്ക് നിങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന ഒരു ഗ്രന്ഥം നാം അവതരിപ്പിച്ചിട്ടുണ്ട്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് ചോദിക്കുന്നുണ്ട്. 2: 121, 140; 9: 31–32 വിശദീകരണം നോക്കുക.

147. സത്യം നിന്റെ നാഥനിൽ നിന്നുള്ളതാകുന്നു –അപ്പോൾ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടവനാകരുത്.

3: 60 ൽ ഈ സൂക്തം ആവർത്തിക്കുന്നുണ്ട്. സത്യം അദ്ദിക്റാണ്. ത്രികാലജ്ഞാനമായ അത് ഉപയോഗപ്പെടുത്തിയാണ് കഴിഞ്ഞുപോയതോ ഇപ്പോഴുള്ളതോ വരാനുള്ളതോ ആയ ഏതൊരു കാര്യത്തെക്കുറിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കേണ്ടത്. 56: 95; 69: 51 എന്നീ സൂക്തങ്ങളിൽ പറഞ്ഞ ഉറപ്പുനൽകുന്ന സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തിയവർ മാത്രമാണ് ദ്യഢബോധ്യമുള്ളവർ. അവർക്ക് ഒരു കാര്യത്തെക്കുറിച്ചും സംശയമുണ്ടാവുകയില്ല. സത്യം വന്നുകഴിഞ്ഞു, ഇനി മിഥ്യ ആരംഭിക്കുകയോ ആവർത്തിക്കുകയോ ഇല്ല എന്ന് പ്രഖ്യാപിക്കാൻ 34: 49 ലൂടെ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് മിഥ്യാഗ്രന്ഥങ്ങളാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതും പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും. 7: 52 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്റിനെ സത്യപ്പെടുത്താത്ത ഫുജ്ജാറുകൾ 2: 78 ൽ വിവരിച്ച പ്രകാരം ഹൃദയത്തിൽ സംശയമാകുന്ന രോഗമുള്ളവരും ഊഹങ്ങൾ പിൻപറ്റുന്നവരുമാണ്. കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കൾ 10: 33 ൽ പറഞ്ഞ പ്രകാരം തെമ്മാടികളായതിനാൽ അവർ അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെട്ടാലും വിശ്വാസികളാവുകയില്ല. 2: 119; 10: 57–58, 94, 108 വിശദീകരണം നോക്കുക.

148. എല്ലാ ഓരോരുത്തർക്കും ഒരു ലക്ഷ്യമുണ്ട്, അതിലേക്ക് അവൻ അവനെ തിരിക്കുന്നു, അതുകൊണ്ട് നിങ്ങൾ നന്മകളിലേക്ക് ചേക്കേറുക, നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളെ എല്ലാവരെയും അല്ലാഹു കൊണ്ടുവരും, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെ മേലും കഴിവുള്ള സർവ്വശക്തൻ തന്നെയാകുന്നു.

ആരാണോ സന്മാർഗമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചത്, അവർക്ക് സന്മാർഗം വർദ്ധിപ്പിച്ച് കൊടുക്കുകയും അവർക്ക് ഭയഭക്തി നൽകുകയും ചെയ്യുമെന്ന് 47: 17 ൽ പറഞ്ഞിട്ടുണ്ട്. 6: 104 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചത

ല്ലാതെയില്ല എന്ന് 53: 39 ൽ പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്ർ കൊണ്ട് 8: 48 ൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റിയാൽ മാത്രമേ 3: 102 ൽ വിവരിച്ച പ്രകാരം വിശ്വാസിയായ നാഥന് സർവ്വതും സമർപ്പിച്ച അവസ്ഥയിൽ മുസ്‌ലിമായി മരണപ്പെടുകയുള്ളൂ. അല്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം അവരുടെ ആത്മാവിനെതിരെ മരണസമയത്ത് 'നിശ്ചയം ഞങ്ങൾ കാഫിറുകളായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. അവരിൽ നിന്നുള്ള ഏതൊരുത്തന്റെയും മരണസമയത്ത് നാഥൻ അവരോട് 'നിശ്ചയം നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ 3: 136 ൽ വിവരിച്ച പ്രകാരം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഏഴാം ഘട്ടത്തിലേക്ക് സ്വർഗം സമ്പാദിക്കുന്നവരാണെങ്കിൽ ഫുജ്ജാറുകൾ 3: 181–182 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠം സമ്പാദിച്ചുകൊണ്ടിരിക്കുന്നവരാണ്.

എല്ലാ ഓരോ മനുഷ്യന്റെയും കർമ്മരേഖ അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുണ്ട് എന്നും 15 വയസ്സിനുശേഷമുള്ള ഓരോ നിമിഷവും ആ റിക്കാർഡിൽ രേഖപ്പെടുത്തുന്നുണ്ട് എന്നും വിചാരണാനാളിൽ എല്ലാ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടുമ്പോൾ അവരവരുടെ കർമ്മരേഖ തുറന്ന പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്ത് കൊടുക്കുന്നതും, നീ നിന്റെ ഗ്രന്ഥം വായിക്കുക; ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായവനാണ് എന്ന് പറയുമെന്നും 17: 13–14; 18: 49; 23: 62–64; 36: 12; 45: 28–29; 58: 6; 78: 29–30 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആയിരത്തിൽ ഒന്നായ വിശ്വാസി 2: 152 ൽ വിവരിച്ച പ്രകാരം തന്റെ കർമ്മരേഖയിൽ വിധിദിവസം തനിക്ക് അനുകൂലമായി സാക്ഷ്യം വഹിക്കുന്ന കാര്യങ്ങൾ മാത്രമാണ് രേഖപ്പെടുത്താൻ ശ്രമിക്കുക, എങ്കിൽ 999 ൽ പെട്ട ഫുജ്ജാറുകൾ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരായതിനാൽ വിധിദിവസം തനിക്ക് പ്രതികൂലമായി സാക്ഷ്യം വഹിക്കുന്ന കാര്യങ്ങളാണ് കർമ്മരേഖയിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം കാഫിറുകൾ വിധിദിവസം തന്റെ കർമ്മരേഖയിലുള്ളത് വായിച്ച് കുണ്ഠിതപ്പെടുന്നതും, 'ഓ ഇത് എന്തൊരു കഷ്ടം! എന്തൊരു ഗ്രന്ഥമാണിത്! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടിട്ടില്ലല്ലോ' എന്ന് വിലപിക്കുകയും ചെയ്യുന്ന രംഗം 18: 49 ൽ അവർ വായിച്ചിട്ടുണ്ട്. സൂക്തം അവസാനിക്കുന്നത് 'അവർ പ്രവർത്തിച്ചതൊക്കെയും അതിൽ കാണുന്നതാണ്, നിന്റെ നാഥൻ ഒരാളോടും അൽപം പോലും അനീതി കാണിക്കുകയില്ല' എന്ന് പറഞ്ഞുകൊണ്ടാണ്. അനീതി കാണിക്കുകയില്ല എന്നുപറഞ്ഞാൽ ഉള്ളത് ഒഴിവാക്കുകയോ ഇല്ലാത്തത് കൂട്ടിച്ചേർക്കുകയോ ഇല്ല എന്നാണ്.

'നന്മ' അദ്ദിക്ർ തന്നെയാണ്. നന്മയിലേക്ക് ചേക്കേറുക എന്നുപറഞ്ഞാൽ 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചുകൊണ്ട് അതിന്റെ കൽപനാ നിർദ്ദേശങ്ങൾ പിൻപറ്റലും അതിന്റെ വിരോധങ്ങളിൽ നിന്ന് സ്വയം ഒഴിഞ്ഞ് നിൽക്കലും ഇത്തരം കാര്യങ്ങൾ ജനങ്ങളെ ഉണർത്താനുള്ള ഗ്രന്ഥമായ അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുക്കലുമാണ്. 2: 28, 106–107; 4: 100; 9: 100 വിശദീകരണം നോക്കുക.

149.നീ എവിടേക്ക് പുറപ്പെട്ടാലും നിന്റെ മുഖം മസ്ജിദുൽ ഹറമിന്റെ ഭാഗത്തേക്ക് തിരിക്കുക, നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ല

തന്നെ.

150.നീ എവിടേക്ക് പുറപ്പെട്ടാലും നിന്റെ മുഖം മസ്ജിദുൽ ഹറമിന്റെ ഭാഗത്തേക്ക് തിരിക്കുക, നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ മുഖം അതിന്റെ ഭാഗത്തേക്ക് തിരിക്കുക –നിങ്ങളുടെമേൽ ജനത്തിന് ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടി, അവരിൽ നിന്നുള്ള അക്രമികളായവരൊഴിച്ച്, അപ്പോൾ നിങ്ങൾ അവരെ ഭയപ്പെടരുത്, നിങ്ങൾ എന്നെ ഭയപ്പെടുവീൻ, നിങ്ങളുടെ മേൽ എന്റെ അനുഗ്രഹം പൂർത്തീകരിക്കുന്നതിനുവേണ്ടിയും നിങ്ങൾ സന്മാർഗം പ്രാപിച്ചവർ തന്നെയായിരിക്കണം എന്നതിനുവേണ്ടിയും.

3: 96–97 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ മക്കയിലുള്ള *കഅ്ബ* മൊത്തം മനുഷ്യർക്കുള്ളതാണ്. അതിനെ ഭൂമിയുടെ കേന്ദ്രമായിട്ടാണ് പ്രപഞ്ചനാഥൻ നിശ്ചയിച്ചിട്ടുള്ളത്. *ഖിബ്‌ല* കൊള്ളെ മുഖം തിരിക്കുക എന്നുപറഞ്ഞാൽ എപ്പോൾ എവിടെയാണെങ്കിലും ആത്മാവുകൊണ്ട് നാഥന്റെ പ്രതീകമായ കഅ്ബയുമായി ബന്ധം പുലർത്തുക എന്നാണ്. നോമ്പ്, പെരുന്നാൾ, അറഫാദിനം തുടങ്ങി എല്ലാം നിശ്ചയിക്കേണ്ടത് ഖിബ്‌ല സ്ഥിതി ചെയ്യുന്ന മക്കയിലുള്ള ദിനം നോക്കിയാണ്. എന്നാൽ ഇന്ന് 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ പ്രായോഗിക ജീവിതത്തിൽ *കഅ്ബ*യെ *ഖിബ്‌ല*യായി (ശ്രദ്ധാകേന്ദ്രമായി) അംഗീകരിക്കാത്തതുകാരണം നോമ്പ്, പെരുന്നാൾ തുടങ്ങിയവ *കഅ്ബ*യിലുള്ളത് അറിഞ്ഞതിനുശേഷം അതിൽ നിന്നും വ്യത്യസ്തമായ ദിനങ്ങളിൽ ആചരിക്കുക വഴി അക്രമികളും മുശ്‌രിക്കുകളുമായി മാറിയിരിക്കുന്നു. ഫുജ്ജാറുകളിൽ പെട്ട ഇത്തരം കപടവിശ്വാസികളും അവരുടെ അനുയായികളും പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ ശ്രദ്ധാകേന്ദ്രമായി കൊണ്ടുനടക്കുന്നവരും 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരുമാണ്. ആത്മാവിനെ പരിഗണിക്കാതെ ദേഹേച്ഛക്ക് മുൻഗണന നൽകുന്നവരും പിശാചിനെ സേവിച്ച് കൊണ്ടിരിക്കുന്നവരുമായ അവർക്ക് നരകക്കുണ്ഠമാണ് വാഗ്ദത്തം ചെയ്തിട്ടുള്ളത്. ഭ്രാന്തന്മാരായ അവർ അവരുടെ പിരടിയിലുള്ള കർമ്മരേഖയിൽ പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന് 38: 24 ൽ അവർ വായിച്ചിട്ടുണ്ട്. അങ്ങനെ നാലാം ഘട്ടമായ ഇവിടെ വെച്ച് അവരുടെ കർമ്മരേഖയിൽ രേഖപ്പെടുത്തപ്പെട്ട ലൈംഗികാവയവങ്ങളിൽ കോർത്തുകൊണ്ടാണ് 6: 28 ൽ വിവരിച്ച പ്രകാരം ഏഴാം ഘട്ടത്തിൽ ഓരോരുത്തരും സൂചി കുത്താൻ പോലും സ്ഥലമില്ലാത്ത നരകക്കുണ്ഠത്തിൽ കഴിയേണ്ടി വരിക. 9: 28 ൽ വിവരിച്ച പ്രകാരം *ഇജാസിൽ മഹ്‌ദി* വരുന്നതോടുകൂടി 48: 6 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ പുരുഷന്മാരും സ്ത്രീകളും *ഇജാസിൽ* നിന്ന് പുറത്താക്കപ്പെടുന്നതും 2: 62 ൽ വിവരിച്ച പ്രകാരം ലൈംഗികബന്ധമില്ലാതെ ദൈവസ്മരണയിൽ നിലകൊള്ളുന്ന മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ അങ്ങോട്ട് പ്രവേശിക്കപ്പെടുന്നതുമാണ്. 2: 53; 3: 103; 7: 158; 16: 15; 43: 10 തുടങ്ങിയ സൂക്തങ്ങളെല്ലാം 'നിങ്ങൾ സന്മാർഗം പ്രാപിക്കുക തന്നെ വേണം എന്നതിനുവേണ്ടി' എന്ന് പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. 2: 85, 140, 254; 33: 73 വിശദീകരണം നോക്കുക.

151. നിങ്ങളിൽ നിന്നും നിങ്ങൾക്ക് ഒരു പ്രവാചകനെ നിയോഗിച്ചതുപോലെ, അവൻ നിങ്ങളുടെമേൽ നമ്മുടെ സൂക്തങ്ങൾ വിവരിച്ചുതരികയും നിങ്ങളെ സം

സ്കരിക്കുകയും നിങ്ങൾക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും നിങ്ങൾക്ക് അറിവില്ലാതിരുന്നതെല്ലാം പഠിപ്പിക്കുകയും ചെയ്യുന്നു.

മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയ അദ്ദിക്ർ പ്രവാചകന് അവതരിപ്പിക്കപ്പെട്ടത് മനുഷ്യർക്ക് എന്തൊന്നാണോ നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടത്, അത് അവർക്ക് വിശദീകരിച്ചുകൊടുക്കുന്നതിനും അവർ അത് പ്രതിഫലിപ്പിക്കുന്നതിനും വേണ്ടിയാണെന്ന് 16: 43-44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്ർ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാതെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ ഫുജ്ജാറുകൾ മരണസമയത്ത് 'അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സ്വയം സാക്ഷ്യം വഹിക്കുന്നതാണ്. നാഥന്റെ സംസാരമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഇത്തരം ഫുജ്ജാറുകളെ 7: 175-176 സൂക്തങ്ങളിൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് ഉപമിച്ചതെങ്കിൽ 62: 5 ൽ അക്രമികളായ ഇവരെ, തങ്ങൾ വഹിക്കുന്ന ഭാരം എന്തെന്നറിയാത്ത കഴുതകളോടാണ് ഉപമിച്ചിട്ടുള്ളത്. കാഴ്ചയുണ്ടായിട്ടും ദിക്രീ എന്ന ഗ്രന്ഥം കാണാത്തവരും കേൾവിയുണ്ടായിട്ടും ദിക്രീ എന്ന ഗ്രന്ഥം കേൾക്കാത്തവരുമായ ഈ കാഫിറുകൾക്ക് നരകക്കുണ്ഠമാണ് വിധിദിവസം ലഭിക്കുക എന്ന് 18: 100-101 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയിൽ നിന്നുള്ള എല്ലാ അറിവുകളും ഉൾക്കൊള്ളുന്ന അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വയം സംസ്കരിക്കുകയും അത് ജനങ്ങൾക്ക് എത്തിച്ചുകൊടുത്ത് മറ്റുള്ളവരെ സംസ്കരിപ്പിക്കാൻ സഹായിക്കുകയും ചെയ്ത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ പരിശ്രമിക്കണമെന്നും കൽപിക്കുന്നു. 2: 129; 10: 60-61 വിശദീകരണം നോക്കുക.

152.അപ്പോൾ നിങ്ങൾ എന്നെ ഓർമ്മിക്കുക, ഞാൻ നിങ്ങളെയും ഓർമ്മിക്കുന്നതാണ്, നിങ്ങൾ എനിക്ക് നന്ദി പ്രകടിപ്പിക്കുവീൻ, നിങ്ങൾ എന്നോട് നന്ദികേട് കാണിക്കുന്നവരാകാതിരിക്കുകയും ചെയ്യുവീൻ.

അല്ലാഹുവിനെ ഓർമ്മിക്കുക എന്നുപറഞ്ഞാൽ അല്ലാഹു ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണെന്ന ബോധത്തിൽ എല്ലായ്പ്പോഴും എവിടെയും നിലകൊള്ളലാണ്. പ്രപഞ്ചനാഥനായ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ത്രികാലജ്ഞാനമായ അദ്ദിക്ർ കൊണ്ട് 3: 102 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് വിശ്വാസികൾ. അവർ 3: 190-191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും നാഥനെ സ്മരിച്ച് നിലകൊള്ളുന്നവരാണ്. *ദിക്രീ* എന്ന ഗ്രന്ഥം കാണാനും കേൾക്കാനും തയ്യാറാകാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ബധിരരും ഊമരുമായതിനാൽ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 8: 22, 55; 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം അല്ലാഹുവിന്റെ സ്മരണ (അദ്ദിക്ർ) തന്നെയാണ് പരമപ്രധാനം എന്ന് 29: 45 ൽ പറഞ്ഞിട്ടുണ്ട്. നീ നിന്റെ നാഥനെ നിന്റെ ആത്മാവുകൊണ്ട് വിനീതനായും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും നാവുകൊണ്ട് അല്ലാഹ് എന്നുപറയാതെയും സ്മരിക്കണമെന്ന് 7: 205 ൽ കൽപിച്ചിട്ടുണ്ട്. അല്ലാഹു എല്ലാ മനു

ഷ്യർക്കും രണ്ടാലൊരു മാർഗം -ഒന്നുകിൽ നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദി കെട്ടവൻ- തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട് എന്ന് 76: 3 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാകാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തെമ്മാടികളാണെന്ന് 32: 18 ലും; തെമ്മാടികളല്ലാതെ നാഥന്റെ സൂക്തങ്ങൾ മൂടിവെക്കുകയില്ല എന്ന് 2: 99 ലും അവർ വായിച്ചിട്ടുള്ളതാണ്. നാഥന്റെ സ്മരണയിൽ നിന്ന് തടയുന്നതിനുവേണ്ടി പിശാച് മനുഷ്യരെ അദ്ദിക്റിൽ നിന്നാണ് തടയുക എന്ന് 5: 90-91; 7: 175; 25: 29; 43: 36-39; 58: 19 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മറിച്ച് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നവർക്കുവേണ്ടി അത് അനുകൂലമായി സാക്ഷി നിൽക്കുകയും വാദിക്കുകയും ചെയ്ത് അവരെ സ്വർഗത്തിലെത്തിപ്പെടാൻ സഹായിക്കുന്നതാണെങ്കിൽ അദ്ദിക്റിനെ സത്യപ്പെടുത്താതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കെതിരെ അവർ കേട്ട, വായിച്ച സൂക്തങ്ങൾ എതിരായി സാക്ഷി നിന്നുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനാ രീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 39; 6: 89-90; 87: 9-12 വിശദീകരണം നോക്കുക.

153. ഓ വിശ്വാസികളായിട്ടുള്ളവരേ! ക്ഷമ കൊണ്ടും നമസ്കാരം കൊണ്ടും നിങ്ങൾ സഹായം തേടുവിൻ, നിശ്ചയം അല്ലാഹു ക്ഷമാലുക്കളോടൊപ്പമാകുന്നു.

വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. 2: 186 ൽ വിവരിച്ച പ്രകാരം വിശ്വാസിക്ക് മാത്രമേ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയും അവനിൽ നിന്ന് മാത്രമേ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയുമുള്ളൂ.

ക്ഷമ: ഐഹികലോകം നൈമിഷികമാണെങ്കിൽ പരലോകം ശാശ്വതമാണ്. മനുഷ്യന്റെ ജീവിതലക്ഷ്യം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം പണിയലാണ്. അതുകൊണ്ട് പരലോകത്തിന് ഐഹികലോകത്തെക്കാൾ മുൻഗണന നൽകി നിലകൊള്ളലാണ് ക്ഷമ. അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിക്കുന്ന ക്ഷമ കൈക്കൊള്ളുന്ന വിശ്വാസി മാനുഷികഐക്യം ലക്ഷ്യം വെച്ചുകൊണ്ട് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുന്നതോടൊപ്പം സ്രഷ്ടാവിന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം ലക്ഷ്യം വെച്ച് കൊണ്ടും അവക്ക് അവയുടെ നാഥനെ ആത്മാവുകൊണ്ട് നമസ്കരിക്കാനും കീർത്തനം ചെയ്യാനും അവസരമൊരുക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി ചെയ്യുന്നതും മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതുമാണ്. 41: 34 ൽ, നന്മകൊണ്ട് (അദ്ദിക്ർ കൊണ്ട്) തിന്മയെ പ്രതിരോധി ക്കാൻ സാധിക്കുക ക്ഷമാലുക്കൾക്ക് മാത്രമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

നമസ്കാരം കൊണ്ട് ഉദ്ദേശിക്കുന്നത് പ്രാർത്ഥനയാണ്. 2: 2-5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ദിക്റീ എന്ന ഗ്രന്ഥം നിലനിർത്താനാണ് നമസ്കാരം കൊണ്ട് കൽപിക്കപ്പെട്ടിട്ടുള്ളത്. വിശ്വാസിയാകാതെയും ആത്മാവ് പങ്കെടുക്കാതെയും (ഹൃദയം കൊണ്ട് നാഥനെ സ്മരിക്കാതെ) ശരീരം കൊണ്ടുള്ള നമസ്കാരം സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, അത് മുഖേന ശിക്ഷിക്കപ്പെടുന്നതാണ്. ദിക്റീ എന്ന ഗ്രന്ഥം കാണാനും കേൾക്കാനും സാധിക്കാത്ത ഫുജ്ജാറുകളാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എ

ന്ന് 18: 101 ൽ പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്താതെ നമസ്കരിക്കുന്ന ഫുജ്ജാറുകളോട് നീ സത്യത്തെ (അദ്ദിക്റിനെ) സത്യപ്പെടുത്തിയില്ല, അതുകൊണ്ട് നീ നമസ്കരിച്ചിട്ടുമില്ല എന്ന് നാഥൻ അവന്റെ മരണസമയത്ത് പറയുമെന്ന് 75: 31–32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ വായിക്കുകയും തിലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയുമാണ് വേണ്ടത്. അല്ലാതെ 22: 18 ൽ പറഞ്ഞ ശിക്ഷ ബാധകമായ നമസ്കാരം നിർവ്വഹിക്കുകയല്ല വേണ്ടത്. ജീവിതത്തിൽ സാഷ്ടാംഗ പ്രണാമത്തിലാണ് അടിമ ഉടമയുമായി ഏറ്റവും സാമീപ്യത്തിൽ നിലകൊള്ളുന്നത്, അതുകൊണ്ട് നിങ്ങൾ സാഷ്ടാംഗപ്രണാമത്തിൽ ജിഹാദ് നടത്തുക എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. സാഷ്ടാംഗപ്രണാമത്തിൽ ജിഹാദ് ചെയ്യുക എന്നതിന്റെ വിവക്ഷ ഏത് കാര്യവും ഉടമയോട് ആത്മാവുകൊണ്ട് ചോദിച്ച് വാങ്ങുക എന്നാണ്. എന്നാൽ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള സാഷ്ടാംഗപ്രണാമത്തിലെ പ്രാർത്ഥനകൾ ഉൾപ്പടെ ഒരു പ്രാർത്ഥനയും സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, അവ മുഖേന ശിക്ഷിക്കപ്പെടുകയാണ് ചെയ്യുക.

31: 17 ൽ, ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട്: നീ നമസ്കാരം നിലനിർത്തുക, ഗ്രന്ഥത്തിന്റെ കൽപനകൾ കൊണ്ട് കൽപിക്കുക, ഗ്രന്ഥത്തിന്റെ വിരോധങ്ങൾ കൊണ്ട് വിരോധിക്കുക, അപ്പോഴുണ്ടാകുന്ന എതിർപ്പ് സഹിക്കുകയും ചെയ്യുക, അത് തന്നെയാണ് ജീവിതലക്ഷ്യം സാക്ഷാത്കരിക്കാനുള്ള സ്ഥൈര്യത്തിന്റെ മാർഗം എന്ന് പറഞ്ഞിട്ടുണ്ട്. 21: 85 ൽ, അയ്യൂബ്, ഇസ്മാഈൽ, ഇദ്രീസ്, ദുൽകിഫ്ലി എന്നിവരെക്കുറിച്ച് പരാമർശിച്ച ശേഷം അവരെല്ലാം ക്ഷമാലുക്കളിൽ പെട്ടവരായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ക്ഷമാലുക്കളായ പുരുഷന്മാർക്കും ക്ഷമാലുക്കളായ സ്ത്രീകൾക്കും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് 33: 35 ലും; ഉലുൽ അസ്മുകളിൽ പെട്ട പ്രവാചകന്മാർ ക്ഷമിച്ചതുപോലെ നീയും (മുഹമ്മദും) ക്ഷമിക്കുക, കാഫിറുകളുടെ കാര്യത്തിൽ നീ ധൃതിപ്പെടരുത് എന്ന് 46: 35 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം അല്ലാഹു ക്ഷമാലുക്കളുടെ കൂടെയാണ് എന്ന് പറഞ്ഞുകൊണ്ടാണ് 8: 46 അവസാനിക്കുന്നത്. 103: 1–3 സൂക്തങ്ങളിൽ, കാലം തന്നെയുമാണ് സത്യം! നിശ്ചയം, മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു, വിശ്വാസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരും സത്യം കൊണ്ട് പരസ്പരം ഉപദേശിക്കുന്നവരും ക്ഷമ കൊണ്ട് പരസ്പരം ഉപദേശിക്കുന്നവരും ഒഴികെ എന്ന് പറഞ്ഞിട്ടുണ്ട്. 2: 186; 3: 200; 28: 80 വിശദീകരണം നോക്കുക.

154.അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവരെ മരിച്ചവർ എന്ന് നിങ്ങൾ പറയുകയുമരുത്, അല്ല അവർ ജീവിച്ചിരിക്കുന്നവരാണ് -പക്ഷേ നിങ്ങൾ അത് തിരിച്ചറിയുന്നവരല്ല.

ബദ്ർ യുദ്ധമുണ്ടാക്കിയത് സത്യം വിശ്വാസികളുടെ ഭാഗത്താണോ മുശ്രിക്കുകളുടെ ഭാഗത്താണോ എന്ന് വേർതിരിക്കാനാണെങ്കിൽ, ഉഹ്ദ് യുദ്ധമുണ്ടാക്കിയത് 3: 166–167; 8: 19, 41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കൂടെയുള്ളവരിൽ നിന്നുതന്നെയുള്ള കപടവിശ്വാസികളെയും വിശ്വാസികളെയും വിശ്വാസികൾക്ക് വേർതിരിച്ചറിയാൻ വേണ്ടിയായിരുന്നു. യുദ്ധത്തിൽ വധിക്കപ്പെട്ടവരെക്കുറിച്ച്: 'അവർ ഞങ്ങളെ അനുസരിച്ച് ഞങ്ങളോടൊപ്പം യുദ്ധത്തിൽ നിന്ന് മാറിനിന്നിരുന്നെങ്കിൽ ഇങ്ങനെ ദാരുണമായി വധി

ക്കപ്പെടുമായിരുന്നില്ല' എന്ന ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളുടെ ജൽപനങ്ങൾക്ക് മറുപടിയായിട്ടാണ് ഈ സൂക്തം അവതരിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവർ മരിച്ചവരാണെന്ന് നിങ്ങൾ കണക്കുകൂട്ടേണ്ട, അവർ തങ്ങളുടെ നാഥന്റെ യടുക്കൽ എല്ലാവിധ അനുഗ്രഹങ്ങളും ആസ്വദിച്ചുകൊണ്ട് സ്വർഗീയ ജീവിതത്തിൽ ആഹ്ലാദിച്ച് ഉല്ലസിച്ചുകൊണ്ടിരിക്കുകയും അവരോടൊപ്പം ചേരാത്ത ആളുകൾക്ക് (യുദ്ധത്തിൽ പങ്കെടുക്കുകയും എന്നാൽ രക്തസാക്ഷിത്വം വരിക്കാതിരിക്കുകയും ചെയ്തവർ) ഭയപ്പെടാനും ദുഃഖിക്കാനും ഇടവരികയില്ലല്ലോ എന്ന സന്തോഷത്താൽ പുളകം കൊള്ളുന്നവരുമാണ് എന്ന് 3: 168-172 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ജഡത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ വിസ്മരിച്ച് ജീവിക്കുന്ന തെമ്മാടികളായ കപടവിശ്വാസികളാണ് മരണം ഒരു നഷ്ടമായി കാണുന്നത്. നന്മ വിരോധിക്കുകയും തിന്മ കൽപിക്കുകയും പിശുക്ക് കാണിക്കുകയും ചെയ്യുന്ന ഇത്തരം കപടവിശ്വാസികളോടും കുഫ്ഫാറുകളോടും നരകക്കുണ്ഠമാണ് നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത്. അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ട് ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കുന്ന വിശ്വാസികൾ 3: 136 ൽ വിവരിച്ച പ്രകാരം നാലാം ഘട്ടത്തിൽ സ്വർഗം പണിയുന്നവരും മരണത്തോടുകൂടി പണിത സ്വർഗം അനന്തരമെടുക്കുന്നവരുമാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ട രക്തസാക്ഷികളെ വിളിച്ചുപ്രാർത്ഥിക്കുകയും അവർക്ക് നേർച്ച വഴിപാടുകൾ നേരുകയും ചെയ്താൽ അവരിൽ നിന്ന് സഹായം ലഭിക്കുമെന്ന വിശ്വാസം മൂഢവും നിഷേധവുമാണ്. ഇത്തരം വിശ്വാസാചാരങ്ങൾ വെച്ചു പുലർത്തുന്നവർക്ക് മറുപടി നൽകിക്കൊണ്ട് 35: 14 ൽ അല്ലാഹു പറയുന്നു: നിങ്ങൾ അവരെ വിളിച്ചാൽ നിങ്ങളുടെ വിളി അവർ കേൾക്കുകയില്ല, ഇനി കേട്ടാൽ തന്നെ നിങ്ങൾക്ക് അവർ മറുപടി നൽകുകയുമില്ല, അന്ത്യനാളിലോ അവർ നിങ്ങളുടെ പങ്കുചേർക്കലിനെ നിഷേധിക്കുന്നതുമാണ്. രണ്ടുകൂട്ടരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അവർ ഇവർക്കെതിരായി വരുന്ന പട്ടാളക്കാരായിരിക്കുമെന്ന് 36: 75 ലും; അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ചുപ്രാർത്ഥിക്കുന്നുവോ, അവർക്ക് അന്ത്യനാൾ വരെ ഉത്തരം നൽകാൻ സാധിക്കുകയില്ലെന്നും അവർ ഇവരുടെ വിളിയെക്കുറിച്ച് അറിവില്ലാത്തവരാണെന്നും ജനങ്ങളെ മുഴുവൻ ഒരുമിച്ചുകൂട്ടുന്ന നാളിൽ അവർ ഇവർക്കെതിരെ വരുന്ന ശത്രുക്കളാണെന്നും ഇവരുടെ വിളിയും നേർച്ചവഴിപാടുകളും ഇടതേടലുകളും ശുപാർശക്കാരെ വെക്കലുമെല്ലാം അവർ നിഷേധിക്കുമെന്നും 46: 5-6 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന വിധിദിവസം മഹാത്മാക്കളോട്: എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത് നിങ്ങളാണോ, അതോ അവർ സ്വയം വഴിപിഴച്ചതാണോ എന്ന് അല്ലാഹു ചോദിക്കുമ്പോൾ അവർ മറുപടി പറയും: നീ പരിശുദ്ധൻ, ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റൊരാളെയും സംരക്ഷകനോ സഹായിയോ ആയി തെരഞ്ഞെടുക്കാൻ പാടുണ്ടായിരുന്നില്ല, എന്നാൽ നീ ഇവർക്കും ഇവരുടെ പിതാക്കൾക്കും ജീവിതവിഭവങ്ങൾ നൽകി, അവർ അദ്ദിക്റിനെ വിസ്മരിച്ച് ഒരു കെട്ടജനത ആയിത്തീരുന്നതുവരെ എന്ന് 25: 17-18 സൂക്തങ്ങളിൽ ഇവർ വായിച്ചിട്ടുണ്ട്. അല്ലാഹുവിനെ ക്കൂടാതെ ആരെ വിളിച്ചുപ്രാർത്ഥിക്കുന്നുവോ, അവർ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല എന്നു മാത്രമല്ല, അവർതന്നെ സൃഷ്ടിക്കപ്പെട്ടവരാണ്, അവർ മരിച്ചവരാണ്, ജീവിച്ചിരിപ്പുള്ളവർ പോലുമല്ല, എന്നാണ് പുനർജ്ജീവിപ്പിക്കപ്പെടുക എന്നുപോലും അറിയാത്തവരാണ് അവർ എന്ന് 16: 20-21 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 3: 7 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും

ചെയ്യുന്ന കാഫിറായ ഫുജ്ജാറുകൾ 32: 4 ൽ വിവരിച്ച പ്രകാരം മനുഷ്യന് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് മനുഷ്യരെ ഉണർത്താൻ കൽപിക്കപ്പെട്ടവരാണ്. എന്നാൽ അവർ ഇത്തരം കാര്യങ്ങളെല്ലാം ഉണർത്തുന്ന അദ്ദിക്റിനെയും അതിന്റെ 40 പേരുകളെയും സത്യപ്പെടുത്തുന്നില്ല എന്നുമാത്രമല്ല, നാഥന്റെ ഗ്രന്ഥം തൊടുക പോലും ചെയ്യാത്തവരെയാണ് കാഫിറുകളും നരകക്കുണ്ഠത്തിലേക്കുള്ളവരുമായി മുദ്ര കുത്തുന്നത്. ഇത്തരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണെന്ന് 2: 168-169 സൂക്തങ്ങളിലും; അവരിലെ കപടവിശ്വാസികളും അനുയായികളും തമ്മിൽ പരലോകത്ത് വെച്ച് പരസ്പരം കലഹിക്കുകയും തർക്കിക്കുകയും പഴിക്കുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിലും വിവരിച്ചിട്ടുണ്ട്. 2: 94-95; 23: 99-100; 48: 6 വിശദീകരണം നോക്കുക.

155.നിശ്ചയം വിശപ്പ്, ധനനഷ്ടം, ശാരീരിക നഷ്ടം, വിളനാശം തുടങ്ങിയ ഭയം ജനിപ്പിക്കുന്ന ചില കാര്യങ്ങൾ കൊണ്ട് നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും, അപ്പോൾ ക്ഷമാലുക്കൾക്ക് സന്തോഷവാർത്ത അറിയിക്കുക.

156.അവർക്ക് ഒരു വിപത്ത് ബാധിച്ചാൽ അവർ പറയും: നിശ്ചയം ഞങ്ങൾ അല്ലാഹുവിനുള്ളവരും ഞങ്ങൾ അവനിലേക്ക് തന്നെ തിരിച്ചുപോകേണ്ടവരുമാണ്.

157.അക്കൂട്ടരുടെമേൽ തന്നെയാണ് തങ്ങളുടെ നാഥനിൽ നിന്നുള്ള അനുഗ്രഹങ്ങളും കാരുണ്യവുമുള്ളത്, അക്കൂട്ടർ മാത്രമാണ് സന്മാർഗം പ്രാപിച്ചവരും.

നാം മനുഷ്യനെ (ശരീരം) ആണിന്റെയും പെണ്ണിന്റെയും മിശ്രിതമായ ബീജത്തിൽ നിന്നാണ് സൃഷ്ടിച്ചിട്ടുള്ളത്, നമുക്ക് അവനെ പരീക്ഷിക്കുന്നതിനുവേണ്ടി എന്ന് 76: 2 ൽ പറഞ്ഞിട്ടുണ്ട്. 5: 48; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട് നാഥനുമായി ഉടമ്പടി ചെയ്ത മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചതിന്റെ ലക്ഷ്യം ഓരോരുത്തർക്കും നൽകപ്പെട്ട അനുഗ്രഹങ്ങൾ കൊണ്ട് പരീക്ഷിക്കുക എന്നതാണ്. 21: 35 ൽ, എല്ലാ ഓരോ ആത്മാവും മരണം രുചിക്കുക തന്നെ ചെയ്യും, തിന്മ കൊണ്ടും നന്മ കൊണ്ടും നിങ്ങളെ നാം പരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും, നമ്മിലേക്കുതന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും എന്ന് പറഞ്ഞിട്ടുണ്ട്. 29: 2-3 സൂക്തങ്ങളിൽ, ജനങ്ങൾ കണക്കുകൂട്ടുന്നുവോ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുക വഴി അവർ പരീക്ഷിക്കപ്പെടാതെ വെറുതെയങ്ങ് വിട്ടയക്കപ്പെടുമെന്ന്. നിശ്ചയം, അവർക്ക് മുമ്പുണ്ടായിരുന്നവരെയും നാം പരീക്ഷണത്തിന് വിധേയരാക്കിയിട്ടുണ്ട്, അങ്ങനെ അവരിൽ സത്യസന്ധന്മാർ ആരാണെന്നും കളവ് പറയുന്നവർ ആരാണെന്നും അല്ലാഹു അറിയുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചവർ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101-102; 4: 174-175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 43: 36-39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിയാൽ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ. എല്ലാ ജീവികളുടെയും ആത്മാവും ജീവനുമടങ്ങിയ റൂഹ് പ്രപഞ്ചനാഥനിൽ നിന്നുള്ളതായതിനാൽ എല്ലാ ജീവികളുടെയും നിയന്ത്രണം നാഥന്റെ കൈകളിൽ തന്നെയാണുള്ളത് എന്ന ഉത്തമ ബോധ്യമുള്ളവനാണ് വിശ്വാസി. അതുകൊണ്ടുതന്നെ വിശ്വാസി 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും രോഗങ്ങളെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി അദ്ദിക്റിനെ സ്വയം

ഉപയോഗപ്പെടുത്തുകയും ആത്മാവിനെയും നാഥനെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിഞ്ഞുകൊണ്ട് മാനവികൈക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുകയും, ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുക, മരങ്ങൾ വെച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നതാണ്. 47: 7 ൽ പറഞ്ഞ പ്രകാരം അങ്ങനെ നാഥനെ സഹായിക്കുമ്പോൾ നാഥൻ വിശ്വാസിയെ തിരിച്ചും സഹായിക്കുന്നതാണ്. വിശ്വാസികൾ ആപത്തുകളോ മരണമോ സംഭവിക്കുമ്പോൾ, 'നിശ്ചയം ഞങ്ങൾ അല്ലാഹുവിനുള്ളവരും ഞങ്ങൾ അവനിലേക്ക് തന്നെ തിരിച്ചുപോകേണ്ടവരുമാണ്' എന്ന് പറയുന്നത് 2: 156-ാം സൂക്തമനുസരിച്ചാണ്. 2: 186; 3: 185-186; 6: 43-44 വിശദീകരണം നോക്കുക.

158.നിശ്ചയം സഫായും മർവഃയും അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ടതാണ്, അപ്പോൾ ആരാണോ ഹജ്ജ് അല്ലെങ്കിൽ ഉംറ നിർവ്വഹിക്കുന്നത്, അപ്പോൾ അവ രണ്ടും ചുറ്റുന്നതിൽ അവന്റെമേൽ വിരോധമില്ല, ആരെങ്കിലും ഒരു നന്മ സ്വമേധയാ പ്രവർത്തിച്ചാൽ നിശ്ചയം അല്ലാഹു അത് വില മതിക്കുന്ന സർവ്വജ്ഞാനി തന്നെയാണ്.

പ്രവാചകൻ ഇബ്റാഹീമിന്റെ പത്നി ഹാജറ പുത്രൻ ഇസ്മാഈലിനുവേണ്ടി വെള്ളം അന്വേഷിച്ചുകൊണ്ട് സഫാ മർവാ കുന്നുകളിന്മേൽ കയറിയിറങ്ങി ഓടി വെള്ളം അന്വേഷിച്ചതിനെ അനുസ്മരിച്ചുകൊണ്ടാണ് സഫാ-മർവഃയുടെ ഇടയിലുള്ള നടത്തം ഹജ്ജിന്റെയും ഉംറയുടെയും അനുഷ്ഠാന കർമ്മമായ *സഅ്യ്* (ഉദ്ദേശ്യം) ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കാലക്രമേണ ഇസ്മാഈൽ സന്തതികൾ പിതാമഹന്മാരുടെ മാർഗത്തിൽ നിന്ന് വ്യതിചലിക്കുകയും കഅ്ബയിൽ വരെ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും അവയെ ആരാധിക്കുകയും ചെയ്ത് തുടങ്ങി. അവർ '*ഇസാഫ്*' എന്ന വിഗ്രഹത്തെ സഫായിലും '*നാഇലഃ*' എന്ന വിഗ്രഹത്തെ മർവഃയിലും നാട്ടിയിരുന്നു. ഈ വിഗ്രഹങ്ങൾ '*അസഫ*' എന്ന പുരുഷന്റേതും '*നാഇലഃ*' എന്ന സ്ത്രീയുടേതുമായിരുന്നു. അവർ രണ്ടുപേരും കഅ്ബയുടെ പവിത്രത കളങ്കപ്പെടുത്തിക്കൊണ്ട് കഅ്ബയിൽ വെച്ച് വ്യഭിചരിച്ചതിന്റെ പേരിൽ അല്ലാഹു അവരെ കല്ലുകളാക്കി മാറ്റുകയാണുണ്ടായത്. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ മുന്നോട്ടോ പിന്നോട്ടോ ഇളകാൻ കഴിയാത്ത വിധം അവരെ ഒരു സ്ഥാനത്ത് ഉറപ്പിച്ചുനിർത്തുക തന്നെ ചെയ്യുമായിരുന്നു എന്ന് 36: 67 ൽ പറഞ്ഞിട്ടുണ്ട്. അവർ (മരണപ്പെട്ടവർ) കേട്ടാൽ തന്നെ നിങ്ങൾക്ക് അവർ ഉത്തരം നൽകുകയില്ല എന്ന് 35: 14 ൽ പറഞ്ഞതിന്റെ വിവക്ഷ, അവിടെ നടക്കുന്ന ചലനങ്ങൾ ഈ വിഗ്രഹങ്ങളെ ഒരു പീഡനമെന്നോണം അല്ലാഹു കേൾപ്പിച്ചിരുന്നു എന്നാണ്. ഇസ്റാഈൽ സന്തതികളിൽ അല്ലാഹുവിനെ ധിക്കരിച്ച് മീൻ പിടിച്ചവരെ 2: 66 പ്രകാരം കുരങ്ങന്മാരും, ഈസാനബിയുടെ പ്രാർത്ഥനക്ക് ഉത്തരമായി ആകാശത്തുനിന്ന് ഇറക്കിയ ഭക്ഷണത്തളികയിൽ നിന്ന് ഭക്ഷിച്ച ശേഷം അതിനെ നിഷേധിച്ച ജൂതന്മാരെ 5: 60 പ്രകാരം പന്നികളും ആക്കിയിട്ടുണ്ട്. എന്നാൽ അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനത അവസാനത്തെ ജനതയായതിനാലും എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ എന്ന ഗ്രന്ഥം രൂപപ്പെട്ടതിനാലും ഇന്നത്തെ ജനതക്ക് അത്തരത്തിലുള്ള ശിക്ഷകൾ പരലോകത്തേക്ക് മാറ്റിവെച്ചിരിക്കുകയാണ്. അറിഞ്ഞിട്ട് കുറ്റം ചെയ്യുന്ന അവർ നാളെ നരകത്തിൽ പട്ടി, പന്നി, കുരങ്ങ്, പെരുച്ചാഴി തുടങ്ങിയ ജീവികളുടെ രൂപത്തിലായിരിക്കും പുനർജീവിപ്പിക്കപ്പെടുക.

ഈ സൂക്തത്തിലൂടെ സഫാ-മർവഃക്കിടയിലുള്ള നടത്തം ഹജ്ജിന്റേയും ഉംറയുടേ

യും ഭാഗമാണെന്ന് വിശ്വാസികളെ പഠിപ്പിക്കുകയാണ്. 3: 96 ൽ വിവരിച്ച പ്രകാരം മനുഷ്യരോടാണ് ഹജ്ജ് കൽപിച്ചിട്ടുള്ളതെങ്കിലും അദ്ദിക്ർ കൊണ്ട് വിശ്വാസിയാകുമ്പോൾ മാത്രമേ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയും കർമങ്ങൾ സ്വീകരിക്കപ്പെടുകയുമുള്ളൂ എന്ന് 2: 186 ൽ വിവരിച്ചിട്ടുണ്ട്. വിശ്വാസിയാകാതെ നമസ്കാരം, നോമ്പ്, ഹജ്ജ്, ദാനധർമ്മങ്ങൾ തുടങ്ങിയ കർമങ്ങൾ ചെയ്യുന്ന ഫുജ്ജാറുകൾക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 9: 55, 85; 15: 44; 25: 65–66; 48: 6; 98: 6; 107: 4–5 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്.

9: 28 ൽ വിവരിച്ച പ്രകാരം *ഇജ്മാസിൽ മഹ്ദി*യുടെ ഭരണപ്രഖ്യാപനം ഉണ്ടാകുന്നതോടെ അദ്ദിക്റിനെ മാലിന്യമായി പരിഗണിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികളും അനുയായികളും *ഇജ്മാസിൽ* നിന്ന് പുറത്താക്കപ്പെടുന്നതും, 2: 62 ൽ വിവരിച്ച പ്രകാരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികൾ *ഇജ്മാസി*ലേക്ക് പ്രവേശിപ്പിക്കപ്പെടുന്നതുമാണ്. 2: 52, 144, 152; 7: 205–206 വിശദീകരണം നോക്കുക.

159.നിശ്ചയം നാം അവതരിപ്പിച്ചിട്ടുള്ള വെളിപാടുകളിൽ നിന്നും സന്മാർഗത്തിൽ നിന്നും ജനങ്ങൾക്കുവേണ്ടി നാം ഗ്രന്ഥത്തിൽ വ്യക്തമാക്കിയതിന് ശേഷം അതിനെ ഒളിപ്പിച്ചുവെക്കുന്നവരാരോ, അക്കൂട്ടരെ അല്ലാഹു ശപിച്ചിരിക്കുന്നു, ശപിക്കുന്നവരെല്ലാം ശപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

160.പശ്ചാത്തപിക്കുകയും കർമ്മങ്ങൾ നന്നാക്കിത്തീർക്കുകയും (ഒളിപ്പിച്ചുവെച്ചത്) വ്യക്തമാക്കുകയും ചെയ്തവർ ഒഴികെ, അപ്പോൾ അക്കൂട്ടരുടെമേൽ ഞാൻ മടങ്ങുന്നതാണ്, ഞാൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാനാകുന്നു.

33: 72–73 സൂക്തങ്ങളിൽ പറഞ്ഞ ത്രാസും അമാനത്തുമായ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടത് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരെ അന്ധമായി പിൻപറ്റുന്ന, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിനുവേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടിയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളെ ശിക്ഷിക്കാൻ വേണ്ടിയാണ് അവരെ വേർതിരിക്കുന്നത് എന്നും അവർക്ക് ദുഷിച്ച പരിണിതിയാണുള്ളത് എന്നും, നാഥന്റെ കോപവും ശാപവും വർഷിക്കപ്പെട്ട അവർക്ക് നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുണ്ട് എന്നും 48: 6 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാണെന്ന് 4: 145 ലും; എന്നാൽ അവരിൽ ആരാണോ സത്യമായ അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെടുമ്പോൾ കഴിഞ്ഞുപോയ ജീവിതത്തിൽ സംഭവിച്ചുപോയ തെറ്റുകുറ്റങ്ങൾക്ക് പൊറുക്കലിനെത്തേടുകയും അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതം പിൻപറ്റുകയും നാഥനെ മുറുകെപ്പിടിക്കുകയും ജീവിതം നാഥന് സമർപ്പിക്കുകയും ചെയ്യുന്നത്, അവർ വിശ്വാസിയുടെ കൂടെയാണെന്ന് 4: 146 ലും പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. തെമ്മാടികളല്ലാതെ അദ്ദിക്ർ മൂടിവെക്കുകയില്ല എന്ന് 2: 99 ലും; തെമ്മാടികൾ ഇനി വിശ്വസി

ക്കുകയില്ല എന്ന് 10: 33 ലും ഫുജ്ജാറുകൾ വായിച്ചിട്ടുള്ളതാണ്. 2: 6–7, 12, 39 വിശദീകരണം നോക്കുക.

161. നിശ്ചയം ഗ്രന്ഥത്തെ മൂടിവെക്കുന്നവരാവുകയും നിഷേധത്തിനുമേൽ നിഷേധികളായി മരിക്കുകയും ചെയ്യുന്നവർ, അക്കൂട്ടരുടെ മേലാണ് അല്ലാഹുവിന്റെയും മലക്കുകളുടെയും മൊത്തം മനുഷ്യരുടെയും ശാപമുള്ളത്.

162. അതിൽ അവർ ശാശ്വതരാണ്, ശിക്ഷ അവരെത്തൊട്ട് ലഘൂകരിക്കപ്പെടുകയില്ല, അവർ സാവകാശം നൽകപ്പെടുന്നവരാവുകയുമില്ല.

നാഥന്റെ സൂക്തങ്ങൾ മൂടിവെക്കുകയും അതിനെ തള്ളിപ്പറയുകയും ചെയ്യുന്ന അക്രമികളായ ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും അവരുടെ മരണസമയത്ത് ആത്മാവിനെതിരെ, 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും; അവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും ഫുജ്ജാറുകൾ അറബി ഖുർആനിൽ വായിച്ചിട്ടുള്ളതാണ്. വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്ത, 4: 150–151 സൂക്തങ്ങളിൽ യഥാർത്ഥ കാഫിറുകളെന്ന് വിശേഷിപ്പിക്കപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല എന്ന് 13: 14 ലും 40: 50 ലും പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകൾ അവരെയും ഇതര ജനവിഭാഗങ്ങളെയും നാഥന്റെ സംസാരമായ അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ടിരിക്കുക വഴി സ്വന്തത്തെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല എന്ന് 6: 26 ൽ പറഞ്ഞിട്ടുണ്ട്. സർവ്വലോകർക്കുമുള്ള ഉണർത്തലും സന്മാർഗവുമായ ദിക്റാ –അദ്ദിക്ർ– യെ ഈ ജനത മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത ഇതര ജന വിഭാഗങ്ങളെ അത് ഏൽപിക്കുമെന്ന് 6: 89–90 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളതിനാൽ ഇന്ന് വിശ്വാസി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിഖുകാർ തുടങ്ങിയവർക്ക് എത്തിച്ചുകൊടുക്കാനാണ് മുൻഗണന നൽകുക. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ ഫുജ്ജാറുകൾ സിജ്ജീൻ പട്ടികയിലേക്കുള്ള ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് ഭൂമിയുടെ തിരിച്ചുകറക്കത്തിനും മസീഹുദ്ദജ്ജാലിന്റെ ആഗമനത്തിനും ധൃതിപ്പെട്ടുകൊണ്ടിരിക്കുകയാണ്. 4: 91 ൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് ഫുജ്ജാറുകളെ വധിക്കുമ്പോൾ മാത്രമേ 38: 8 ൽ പറഞ്ഞ പ്രകാരം ദിക്റീ –അദ്ദിക്ർ– ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ഇവർക്ക് ബോധ്യം വരികയുള്ളൂ. പക്ഷേ അതുകൊണ്ട് അവർക്ക് യാതൊരു പ്രയോജനവും ലഭിക്കുകയില്ല എന്ന് 32: 29 ൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്നുള്ള 1000 ത്തിൽ 999 പേരും ആത്മാവിനോട് അക്രമം കാണിച്ചവരാണ് എന്ന് 35: 32 ൽ പറഞ്ഞിട്ടുണ്ട്. അവരിലെ തെമ്മാടികളായ കപടവിശ്വാസികൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകത്തിൽ പോകുന്നവരാണെങ്കിൽ അനുയായികൾ 39: 71 പ്രകാരം വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നവരാണ്. 35: 32 ൽ പറഞ്ഞ നന്മയിലേക്ക് മുന്നേറുന്ന, വിചാരണ കൂടാതെ സ്വർഗത്തിൽ പോകുന്ന വിശ്വാസി വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും

സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്നവനാണെങ്കിൽ മിതത്വം പാലിച്ച് ജീവിക്കുന്ന, വിചാരണക്ക് ശേഷം സ്വർഗത്തിൽ പ്രവേശിക്കുന്ന വിശ്വാസി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്തുക, പ്രപഞ്ചനാഥനെ ലോകർക്ക് പരിചയപ്പെടുത്തുക, മാനുഷികൈക്യം രൂപപ്പെടുത്തുക എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് ത്രാസായ അദ്ദിക്റിനെ ലോകർക്ക് എത്തിച്ചുകൊടുക്കുക വഴി 25: 67-70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവനിൽ നിന്ന് മുൻകാലത്ത് വന്നുപോയിട്ടുള്ള തിന്മകളെ നന്മകളാക്കി പരിവർത്തിപ്പിക്കുന്നവനാണ്. 16: 105-109 സൂക്തങ്ങളിൽ അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കാത്തവരാണ് കള്ളം കെട്ടിച്ചമക്കുന്നവരും കള്ളം പറയുന്നവരും എന്നും; എന്നാൽ തന്റെ വിശ്വാസത്തിനുശേഷം തന്റെ ഹൃദയം വിശ്വാസം കൊണ്ട് സംതൃപ്തമായ അവസ്ഥയിൽ നിർബന്ധിതാവസ്ഥയിൽ ഒഴികെ ആരാണോ അല്ലാഹുവിനെ നിഷേധിക്കുകയും ആരുടെ നെഞ്ചുകളാണോ നിഷേധം കൊണ്ട് വിശാലമാവുകയും ചെയ്തത്, അപ്പോൾ അവരുടെ മേലിലാണ് അല്ലാഹുവിൽ നിന്നുള്ള കോപവും ശിക്ഷയുമുള്ളത്. അതിനുകാരണം അവർ പരലോകത്തിന് മേൽ ഐഹികജീവിതത്തെ ഇഷ്ടപ്പെട്ടതാണ്, നിശ്ചയം കാഫിറുകളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ. അക്കൂട്ടരുടെ ഹൃദയങ്ങളുടെ മേലിലും കേൾവിയുടെ മേലിലും കാഴ്ചകളുടെ മേലിലും അല്ലാഹു മുദ്രവെച്ചിട്ടുണ്ട്, അവർ തന്നെയാണ് പ്രജ്ഞയറ്റവരും, നിശ്ചയം അവർ തന്നെയാണ് പരലോകത്ത് നഷ്ടപ്പെട്ടവർ എന്നും പറഞ്ഞിട്ടുണ്ട്. 1: 7; 2: 141 വിശദീകരണം നോക്കുക.

163.നിങ്ങളുടെ ഇലാഹ് ഏകനായ ഇലാഹാകുന്നു, അവൻ ഒഴികെ മറ്റൊരു ഇലാഹും ഇല്ല തന്നെ, അവൻ നിഷ്പക്ഷവാനായ കാരുണ്യവാനാകുന്നു.

313 പ്രവാചകന്മാർക്കും നാഥനിൽ നിന്ന് സത്യവും തെളിവുമായ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് മറ്റൊരു ഇലാഹുമില്ല എന്നും അതുകൊണ്ട് അവനെ മാത്രം സേവിക്കുക എന്നും പഠിപ്പിക്കാനാണ് എന്ന് 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി 'ഞങ്ങൾ സേവിക്കുന്നത് നിന്നെ മാത്രമാണ്, അതിന് ഞങ്ങൾ സഹായം തേടുന്നത് നിന്നോട് മാത്രമാണ്' എന്ന സൂക്തം 1: 4 വായിക്കുന്ന വിശ്വാസി പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ നിങ്ങൾ മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കുന്നില്ലെയോ എന്ന 32: 4 ന്റെ കൽപന ഉൾക്കൊണ്ട് ലോകർക്ക് നിഷ്പക്ഷവാനായ നാഥനെ പരിചയപ്പെടുത്താനുള്ള ഗ്രന്ഥമായ അദ്ദിക്ർ എത്തിച്ചുകൊടുക്കാൻ കഴിയുന്നത്ര ശ്രമിക്കുന്നതാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മറിച്ച് ഓരോരുത്തരും കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവനെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. വിശ്വാസികൾക്ക് മാത്രമാണ് നാഥൻ കാരുണ്യവാനായിട്ടുള്ളത്. ഗ്രന്ഥം കിട്ടിയവരിൽ നിന്നും കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്താത്ത മനുഷ്യരെല്ലാം ഭിന്നിക്കുകയും അവരും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിൽ പ്രവേശിക്കുകയും ചെയ്യുമെന്ന് 11: 118-119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 2; 2: 133 വിശദീകരണം നോക്കുക.

164.നിശ്ചയം ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും, രാവും പകലും മാറിമാറി വരുന്നതിലും, ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലുകളിലും, ആകാശത്തുനിന്ന് അല്ലാഹു വെള്ളം ഇറക്കുക

യും അതുമുഖേന ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുന്നതിലും, എല്ലാ ജീവജാലങ്ങളെയും അതിൽ പരത്തിയിട്ടതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ ആജ്ഞാനുവർത്തിയായി സംവിധാനിച്ച മേഘങ്ങളിലും ചിന്തിക്കുന്ന ജനങ്ങൾക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിവരുന്നതിലും ബുദ്ധിമാന്മാർക്ക് ധാരാളം പാഠമുണ്ട്. അവർ അവയുടെ സൃഷ്ടിപ്പിന്റെ പിന്നിലുള്ള ഏകസ്രഷ്ടാവിനെ കണ്ടെത്തുന്നവരും അവന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ആലോചിക്കുന്നവരും ഇതൊന്നും വെറുതെ സൃഷ്ടിച്ചതല്ല, ലക്ഷ്യത്തോടുകൂടിയാണെന്ന് മനസ്സിലാക്കുന്നവരും അല്ലാഹുവിനെ വാഴ്ത്തുന്നവരും അവനെ പരിശുദ്ധപ്പെടുത്തുന്നവരുമാണ്. അവർ ആകാശഭൂമികളുടെ സംവിധാനത്തിൽ നിന്ന് നരകവും സ്വർഗവുമുണ്ടെന്ന് മനസ്സിലാക്കിയവരും നരകശിക്ഷയെത്തൊട്ട് എപ്പോഴും മുഹൈമിനായ അദ്ദിക്ർ കൊണ്ട് അഭയം തേടുന്നവരും 'അല്ലാഹ്' എന്ന സ്മരണയിൽ എല്ലായ്പ്പോഴും നിലകൊള്ളുന്നവരുമാണ്. 3: 190-191; 39: 17-18 വിശദീകരണം നോക്കുക.

45: 22 ൽ, ആകാശങ്ങളെയും ഭൂമിയെയും പ്രപഞ്ചനാഥൻ സൃഷ്ടിച്ചിട്ടുള്ളത് എല്ലാ ഓരോ ആത്മാവും അത് സമ്പാദിച്ചത് കൊണ്ട് പ്രതിഫലം നൽകപ്പെടുന്നതിന് വേണ്ടിയാണ്, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയില്ല എന്നും, 30: 19 ൽ, അവൻ ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെ പുറപ്പെടുവിക്കുന്നു, ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും പുറപ്പെടുവിക്കുന്നു, ഭൂമിയെ അതിന്റെ മരണത്തിനുശേഷം ജീവിപ്പിക്കുകയും ചെയ്യുന്നു, അപ്രകാരം നിങ്ങളും പുറപ്പെടുവിക്കപ്പെടുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. 10: 5-6 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹു തന്നെയാണ് സൂര്യനെ പ്രകാശമുള്ളതും ചന്ദ്രനെ ശോഭയുള്ളതുമാക്കിയതും അതിന്റെ വൃദ്ധി-ക്ഷയസ്ഥാനങ്ങളെ കൃത്യമായി നിർണ്ണയിച്ചുവെച്ചതും, നിങ്ങൾ വർഷങ്ങളുടെയും തീയ്യതികളുടെയും കണക്ക് അറിയുന്നതിനുവേണ്ടി, അല്ലാഹു അതൊക്കെയും ലക്ഷ്യത്തോടുകൂടിയല്ലാതെ സൃഷ്ടിച്ചിട്ടില്ല, അവൻ അവന്റെ സൂക്തങ്ങൾ അറിവുള്ള ജനതക്കുവേണ്ടി വ്യക്തമായി വിശദീകരിക്കുകയാണ്. നിശ്ചയം രാവും പകലും മാറി വരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള സകലവസ്തുക്കളിലും സൂക്ഷ്മാലുക്കളായ ജനതക്ക് ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട് എന്നും 31: 29-31 സൂക്തങ്ങളിൽ, നീ കണ്ടില്ലേ, നിശ്ചയം അല്ലാഹു രാത്രിയെ പകലിൽ ലയിപ്പിക്കുന്നതും പകലിനെ രാത്രിയിൽ ലയിപ്പിക്കുന്നതും, അവൻ സൂര്യനെയും ചന്ദ്രനെയും വിധേയമാക്കിയിരിക്കുന്നു, എല്ലാ ഒന്നും നിർണ്ണിതമായ ഒരു അവധി വരെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാകുന്നു, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനുമാകുന്നു. അത്; നിശ്ചയം അല്ലാഹു, അവൻ മാത്രമാണ് സത്യം, നിശ്ചയം അവനെക്കൂടാതെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നതെല്ലാം മിഥ്യയുമാണ്; നിശ്ചയം അല്ലാഹു, അവൻ തന്നെയാണ് വലിയവനായ അത്യുന്നതൻ. നിശ്ചയം, അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് നിങ്ങളെ കാണിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ അനുഗ്രഹത്താൽ കപ്പൽ സമുദ്രത്തിലൂടെ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ, നിശ്ചയം അതിൽ എല്ലാഓരോ ക്ഷമാലുവായ നന്ദി പ്രകടിപ്പിക്കുന്നവനും പാഠങ്ങൾ തന്നെയുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്.

ഇരുമ്പ് വെള്ളത്തിൽ താഴ്ന്ന് പോകുമെങ്കിലും ഇരുമ്പുകൊണ്ടുള്ള കപ്പലിനെ വെള്ളത്തിന്റെ മുകളിലൂടെ സഞ്ചരിപ്പിക്കാനുള്ള മാർഗവും അറിവും അല്ലാഹു മനുഷ്യരെ പഠിപ്പിക്കുകയുണ്ടായി. യാത്രക്കും മത്സ്യബന്ധനത്തിനും ഏറ്റവും ഭാരം കൂടിയ ചരക്കു

കൾ കടത്തുന്നതിനും യുദ്ധാവശ്യങ്ങൾക്കും ഇന്ന് മനുഷ്യൻ കപ്പലുകൾ ധാരാളമായി ഉപയോഗപ്പെടുത്തുന്നുണ്ട്. വെള്ളമില്ലാതെ വരണ്ട് വിണ്ടുകീറിയ ഭൂമിയിലേക്ക് മഴ വർഷിക്കുന്നതോടുകൂടി അത് വികസിക്കുകയും സ്ഫുടിക്കുകയും തുടിക്കുകയും ചെയ്യുന്നു. വിത്തുകളും കളകളും മുളച്ചുവരികയും അവ പുഷ്പിക്കുകയും വണ്ട്, തേനീച്ച, ഉറുമ്പ്, ഉറുമ്പുതീനി തുടങ്ങി എല്ലാ ജീവജാലങ്ങളും അതോടുകൂടി വളരുകയും ഒരുമിച്ചുകൂടുകയും ചെയ്യുന്നു. മരിച്ച ആളുകളെ അല്ലാഹു പുനർജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതിനുള്ള ഒരു ഉപമയാണ് ഇത്. 17: 66; 41: 39 വിശദീകരണം നോക്കുക.

നമ്മുടെ വീടുകളിലെ ഒരു മുറിയിലുള്ള ജീവജാലങ്ങളെക്കുറിച്ചുള്ള അറിവുതന്നെ നമുക്ക് പരിമിതമാണ്. 6: 38 ൽ വിവരിച്ച പ്രകാരം 'ലോകത്തുള്ള 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ മനുഷ്യരടക്കമുള്ള 400 സമുദായം കരയിലാണ് ജീവിക്കുന്നതെങ്കിൽ 600 സമുദായം ജലത്തിലാണ് ജീവിക്കുന്നത്.' 17: 44; 24: 41 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവക്കെല്ലാം ആത്മാവുകൊണ്ട് നാഥനെ നമസ്കരിക്കാനും വാഴ്ത്താനും പരിശുദ്ധപ്പെടുത്താനുമുള്ള രീതി നാഥൻ പഠിപ്പിച്ചിട്ടുണ്ട്. 16: 49; 22: 18 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോ ജീവിയും നാഥന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തുന്നുണ്ട്. അതുകൊണ്ട് ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ് എല്ലാ ജീവികൾക്കും നാഥനെ വാഴ്ത്താനും പരിശുദ്ധപ്പെടുത്താനുമുള്ള അവസരം പ്രപഞ്ചത്തിൽ ഒരുക്കിക്കൊടുക്കുക എന്നത്. എന്നാൽ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുന്നതിനാലും തള്ളിപ്പറയുന്നതിനാലും പ്രസ്തുത ഉത്തരവാദിത്തം നിറവേറ്റാത്തവരാണ്. അതുകൊണ്ട് ഏതൊരു ജീവി ഏതുതരത്തിലുള്ള ദുരിതമോ പീഡനമോ ജീവിതഭാരമോ വഹിക്കുന്നുണ്ടെങ്കിലും 8: 22 ൽ വിവരിച്ച ഫുജ്ജാറുകളായ ദുഷ്ടജീവികളാണ് അതിന്റെയെല്ലാം പാപഭാരം വഹിച്ച് 6: 26 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിൽ പോകേണ്ടി വരിക.

ഓരോ പ്രദേശത്ത് ജീവിക്കുന്ന ജീവികളെയും അതിന് അനുകൂലമായ ശരീരഘടനയോടുകൂടിയാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിലെ ഓന്തും ആഫ്രിക്കയിലുള്ള ഓന്തും ശരീരഘടനയിലും മറ്റും വ്യത്യാസം പുലർത്തുന്നതായി കാണാം. ഈ ജീവജാലങ്ങളുടെയെല്ലാം സൃഷ്ടിപ്പിലൂടെ സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവത്തെ കണ്ടെത്തുകയും അവനെ വാഴ്ത്തുകയും ചെയ്യുന്നവരാണ് ചിന്താശക്തി ഉപയോഗപ്പെടുത്തുന്ന ബുദ്ധിമാന്മാർ. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യത്തെക്കുറിച്ച് (നിയന്ത്രണത്തെക്കുറിച്ച്) ഇക്കൂട്ടർ ഒരിക്കലും ചിന്തിച്ചുനോക്കിയിട്ടില്ലേ? അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഒരു വസ്തുവിനെയും ഇവർ കണ്ണുതുറന്ന് നോക്കിയിട്ടില്ലേ? തങ്ങളുടെ ജീവിതാവധി അവസാനിക്കാറായി എന്ന് അവർ ഒരിക്കലും ആലോചിച്ചിട്ടില്ലേ? അപ്പോൾ നാഥന്റെ സംസാരത്തിനു ശേഷം വേറെ ഏതൊരു സംസാരത്തിലാണ് ഫുജ്ജാറുകൾ വിശ്വസിക്കാൻ പോകുന്നത് എന്ന് 7: 185 ൽ ചോദിക്കുന്നു. 88: 17 ൽ, അവർ ഒട്ടകത്തിലേക്ക് അത് എങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടതെന്ന് നോക്കിയിട്ടില്ലേ എന്ന് ചോദിക്കുന്നതിനുള്ള മറുപടി: നീ പരിശുദ്ധനാണ് നാഥാ! എന്നാണ്. അതായത് ആ ഒട്ടകത്തിന്റെ സൃഷ്ടിവൈഭവത്തിലൂടെ അതിന്റെ സ്രഷ്ടാവിനെ ഞാൻ ആത്മാവുകൊണ്ട് കണ്ടു, നീ ഉപമയില്ലാത്ത ഉദാഹരണമില്ലാത്ത എല്ലാറ്റിനും കഴിവുള്ള പരിശുദ്ധനാണ്, നിന്റെ സൃഷ്ടിവൈഭവം അപാരം തന്നെ എന്നാണ്. ആകാശഭൂമികളുടെ സൃഷ്ടിപ്പും അവകളിൽ പരത്തിയിട്ടിരിക്കുന്ന എല്ലാ ജീവജാലങ്ങളും അല്ലാഹു ഉണ്ട് എന്നതിനുള്ള തെളിവിൽ പെട്ടതാണെന്ന് 42: 29 ൽ പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തു

ന്നവർക്ക് മാത്രമേ ഭൂമിയിൽ മാത്രമല്ല, ഇതര ഗ്രഹങ്ങളിലും നാഥനെ വാഴ്ത്തുന്ന ജീവികളുണ്ട് എന്ന ബോധമുണ്ടാവുകയുള്ളൂ.

മഴ വർഷിപ്പിക്കുന്നതിന് മുന്നോടിയായി സന്തോഷവാർത്ത അറിയിക്കുന്ന മന്ദമാരുതൻ, നാശം വിതയ്ക്കുന്ന കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, മണൽക്കാറ്റ്, വരണ്ട തീക്കാറ്റ്, തണുത്ത കാറ്റ് തുടങ്ങി കാറ്റുകൾ പലവിധമുണ്ട്. വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനും കപ്പലോടിക്കുന്നതിനും ദിശ നിശ്ചയിക്കുന്നതിനും ഇന്നും കാറ്റിനെ ഉപയോഗപ്പെടുത്തുന്നു. കാറ്റിലൂടെ പരാഗണം നടക്കുന്നതായി 15: 22 ൽ പരാമർശിച്ചിട്ടുണ്ട്. ആദം ദമ്പതികളെ ശരീരത്തോടുകൂടി കാറ്റിന്റെ താളാത്മകതയിലാണ് അല്ലാഹു സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറക്കിയത്. ഇദ്‌രീസ് നബിയെ നാലാം ആകാശത്തേക്കും ഈസാ നബിയെ രണ്ടാം ആകാശത്തേക്കും അല്ലാഹു ചുഴലിക്കാറ്റ് മുഖേനയാണ് ശരീരത്തോടുകൂടി ഉയർത്തിയത്. നൂറ് കൊല്ലം മരിപ്പിച്ച് കിടത്തിയശേഷം പുനർജ്ജീവിപ്പിക്കപ്പെട്ട ഉസൈറിന് മരിച്ചവരെ ജീവിപ്പിക്കുന്നത് എങ്ങനെയെന്ന് കാണിച്ച് കൊടുക്കുന്നതിനുവേണ്ടി എല്ലും മുള്ളുമായി ഭൂമിയിൽ ലയിച്ചുചേർന്ന അദ്ദേഹത്തിന്റെ വാഹനമായി ഉപയോഗിച്ചിരുന്ന കഴുതയെ ഒരു കാറ്റിന്റെ താളാത്മകതയിൽ അല്ലാഹു ജീവിപ്പിച്ച് കാണിച്ചുകൊടുക്കുകയുണ്ടായി. ആദ് സമുദായത്തെ ജലാംശമില്ലാത്ത വന്ധ്യമായ കാറ്റ് മുഖേനയാണ് നശിപ്പിച്ചത്. ആ കാറ്റ് അവരുടെ ശരീരത്തിലുള്ള ജലാംശം മുഴുവനും വലിച്ചെടുത്ത് അവരെ നശിപ്പിക്കുകയാണുണ്ടായത്. ഏഴ് രാത്രിയും എട്ട് പകലും നീണ്ടുനിന്ന അത്യുഗ്രമായ കാറ്റിനാൽ കടപുഴകിയ ഈത്തപ്പനത്തടികൾ പോലെ അവർ വീണ് കിടക്കുന്നതായി നിനക്ക് കാണാം എന്ന് 69: 6–8 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വായുസഞ്ചാരം നിന്നുകഴിഞ്ഞാൽ മനുഷ്യരും ജീവജാലങ്ങളുമെല്ലാം കൊത്തിച്ചമച്ച മരപ്പാവകൾ പോലെ ചലനരഹിതരായിത്തീരുന്നതാണ്. മക്കയിൽ നിന്ന് മീനായിലേക്കുള്ള തുരങ്കത്തിൽ വൈദ്യുതി തകരാറുമൂലം വായുസഞ്ചാരം നിലച്ചതുകൊണ്ട് ഹജ്ജ് കാലത്ത് ആയിരത്തിലേറെ ഹാജിമാർ മരിച്ചത് അടുത്ത കാലത്തുണ്ടായ സംഭവമാണല്ലോ? അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ അവസാനത്തേതായ യമനിൽ നിന്ന് പുറപ്പെടുന്ന തീക്കാറ്റാണ് ജനങ്ങളെ പരലോകത്തേക്ക് നയിക്കുക എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 4: 158; 41: 15–16 വിശദീകരണം നോക്കുക.

ഭൂമിയിലുള്ള പർവ്വതങ്ങളെപ്പോലെ മേഘങ്ങളിലും പർവ്വതങ്ങളുണ്ടെന്ന് 24: 43 ൽ പറഞ്ഞ കാര്യം മനസ്സിലാക്കാനായത് വിമാനം കണ്ടുപിടിച്ചതിനുശേഷം മാത്രമാണ്. മേഘങ്ങളെ അല്ലാഹു കാറ്റിനാൽ അവൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിലേക്ക് നയിച്ച് മഴയായി വർഷിപ്പിക്കുന്നു. മേഘങ്ങളെ ഘനീഭവിപ്പിച്ച് വലിയ ഐസുകട്ടകളാക്കി മാറ്റി അത് വീഴ്ത്തി ശിക്ഷിക്കാനും കഴിയുന്ന അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ നിർഭയരായി ഇരിക്കരുത് എന്നാണ് 'ആകാശഭൂമികൾക്കിടയിൽ ആജ്ഞാനുവർത്തിയായി സംവിധാനിച്ച മേഘങ്ങളുണ്ട്' എന്ന് പറഞ്ഞതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

എല്ലാ വസ്തുക്കളെയും കുറ്റമറ്റതായിട്ടാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. ചിന്തിക്കുന്ന ജനതക്ക് ധാരാളം പാഠങ്ങളുണ്ട് എന്ന് പറഞ്ഞതിന്റെ പൊരുൾ ഈ പ്രപഞ്ചത്തെക്കുറിച്ചും അതിലെ പ്രതിഭാസങ്ങളെക്കുറിച്ചും ചിന്തിക്കുന്നവർക്ക് ത്രികാലജ്ഞാനമായ ഗ്രന്ഥം സമർപ്പിക്കുന്ന നാഥൻ ഏകനാണെന്നും അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല എന്നും ബോധ്യം വരുന്നതാണ്. അദ്ദിക്റിനെ ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്തിയാൽ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമയും ഏകനായ അല്ലാഹുവാണെന്നും അവന്റെ അധികാരാവകാശങ്ങളിൽ അവന് സമ

ന്മാരോ ഇടയാളന്മാരോ ശുപാർശക്കാരോ പങ്കുകാരോ മക്കളോ ഇല്ല എന്നും അവനെപ്പോലെ ഒരാളോ ഒരു വസ്തുവോ ഇല്ല എന്നും കണ്ടെത്താൻ കഴിയും. എന്നാൽ ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ സംസാരവൈഭവമുണ്ടായിട്ടും നാഥന്റ സംസാരമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തെക്കുറിച്ച് ലോകരോട് പറയാത്ത കപടവിശ്വാസികളും കേൾവിശക്തിയുണ്ടായിട്ട് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കേൾക്കാൻ തയ്യാറാവാത്ത ബധിരരും ആയിരം സമുദായങ്ങളിൽപെട്ട ജീവികളിൽ വെച്ച് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും തിന്മയേറിയവരും വഴിപിഴച്ചവരുമാണ് എന്നാണ് 8: 22; 25: 34; 98: 6 സൂക്തങ്ങളിൽ നാഥൻ രേഖപ്പെടുത്തിവെച്ചിട്ടുള്ളത്. 2: 6–7, 44; 7: 40; 9: 67–68; 39: 29–31; 48: 6 വിശദീകരണം നോക്കുക.

165.അല്ലാഹുവിനെക്കൂടാതെ അവന് സമന്മാരെ തെരഞ്ഞെടുക്കുന്നവർ മനുഷ്യരിലുണ്ട്, അവർ അല്ലാഹുവിനെ സ്നേഹിക്കേണ്ടതുപോലെ അവരെ സ്നേഹിക്കുന്നു; എന്നാൽ വിശ്വാസികളായിട്ടുള്ളവരോ, അല്ലാഹുവിനെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കുക; അക്രമികളായവർ കാണുകയാണെങ്കിൽ, അവർ ശിക്ഷ കാണുന്ന സന്ദർഭം -നിശ്ചയം സർവ്വശക്തിയും അല്ലാഹുവിന് മാത്രമാണെന്നും, നിശ്ചയം അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനുമാണെന്നും.

അദ്ദിക്ർ ലഭിച്ചിട്ട് സർവ്വസ്രഷ്ടാവായ അല്ലാഹുവിന് ഇടയാളന്മാരേയും സമന്മാരേയും ശുപാർശക്കാരേയും സങ്കൽപ്പിക്കുകയും അവരെ പ്രീതിപ്പെടുത്താൻ വേണ്ടി നേർച്ച, വഴിപാട് തുടങ്ങിയവ നടത്തുകയും ചെയ്യുന്നവരാണ് ഇവിടെ പറഞ്ഞ അക്രമികൾ. അദ്ദിക്ർ കൊണ്ടല്ലാതെ വിശ്വാസം രൂപപ്പെടുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ ഇല്ല എന്ന് 2: 186; 7: 8–9; 18: 103–106; 25: 23; 47: 8–9 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 10: 17 ൽ വിവരിച്ച പ്രകാരം ഹൃദയത്തിന്റെ ഭാഷയിൽ അദ്ദിക്ർ വിവരിച്ചിട്ട് പിന്നെ അതിൽ നിന്ന് പിന്തിരിഞ്ഞു പോകുന്ന ഭ്രാന്തന്മാരോട് നാഥൻ പ്രതികാരം ചെയ്യുന്നതാണ്. 6: 21 ൽ, ആരാണ് അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ, അല്ലെങ്കിൽ അവന്റെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞ് കളവാക്കിയവനേക്കാൾ ഏറ്റവും വലിയ അക്രമി? നിശ്ചയം അവൻ ഇത്തരം അക്രമികളെ വിജയം വരിപ്പിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരം അക്രമികൾ വിധിദിവസം കൈകടിച്ചുകൊണ്ട് 'ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ! അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിനുശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ 25: 74 ൽ പറഞ്ഞ പ്രകാരം 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും സന്തതിപരമ്പരകളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യേണമേ! ഞങ്ങളെ നീ സൂക്ഷ്മാലുക്കൾക്ക് മുന്നിൽ നടക്കുന്നവരുമാക്കേണമേ' എന്ന് പ്രാർത്ഥിക്കുന്നവരും സന്താനങ്ങളെ പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നവരുമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയതിനാൽ അവരുടെ മരണസമയത്ത് 'നിശ്ചയം ഞങ്ങൾ കാഫിറുകളും അക്രമികളും ആയിരുന്നു' എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുന്നതാണ് എന്ന് 7: 37 ലും 21: 14 ലും പറഞ്ഞിട്ടുണ്ട്. 3: 31 ൽ, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ (പ്രവാചകനെ) പിൻപറ്റുക എന്ന് പറഞ്ഞിട്ടുണ്ട്. 9: 55, 85; 25: 17–18, 33–34 വി

ശദീകരണം നോക്കുക.

166.പിൻപറ്റപ്പെട്ടവർ (നേതാക്കൾ) പിൻപറ്റിക്കൊണ്ടിരുന്നവരെ കയ്യൊഴിയുന്ന സന്ദർഭം! അവർ ശിക്ഷ മുന്നിൽ കാണുകയും അവർക്കിടയിലുള്ള ബന്ധങ്ങളെല്ലാം മുറിച്ചുകളയുകയും ചെയ്യുന്നതാണ്.

167.പിൻപറ്റിക്കൊണ്ടിരുന്നവർ പറയുകയും ചെയ്യും: നിശ്ചയം ഞങ്ങൾക്ക് ഒരു അവസരം കൂടി ലഭിക്കുകയാണെങ്കിൽ, അപ്പോൾ ഞങ്ങളെ അവർ കയ്യൊഴിച്ചതുപോലെ അവരെ ഞങ്ങളും കയ്യൊഴിക്കുമായിരുന്നു, അപ്രകാരം അവരുടെ മേൽ അവരുടെ പ്രവർത്തനങ്ങൾ ഖേദകരമായി കാണിച്ചുകൊടുക്കുന്നതാണ്, അവർ ഒരു വിധത്തിലും നരകത്തിൽ നിന്ന് പുറത്തുകടക്കുകയുമില്ല.

കപടവിശ്വാസികളായ നേതാക്കളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന അനുയായികളും നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും കുറ്റപ്പെടുത്തുകയും പഴിചാരുകയും ശപിക്കുകയും ചെയ്യുന്ന രംഗമാണ് ഈ സൂക്തത്തിലും താഴെ കൊടുത്ത സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകുന്നത്.

(1) 4: 140 ൽ, നിശ്ചയം അല്ലാഹു ഗ്രന്ഥത്തിൽ നിങ്ങളുടെ മേൽ അവതരിപ്പിച്ചിട്ടുമുണ്ട്: അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കപ്പെടുന്നതും അവ കൊണ്ട് പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേൾക്കാനിടയായാൽ അപ്പോൾ അവർ മറ്റുവർത്തമാനങ്ങളിൽ ഏർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത്; അങ്ങനെയായാൽ നിശ്ചയം നിങ്ങളും അവരെപ്പോലെയാകും, നിശ്ചയം അല്ലാഹു കപടവിശ്വാസികളെയും അവരുടെ സംസാരം കേട്ടിരിക്കുന്ന കാഫിറുകളെയും മുഴുവൻ നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്.

(2) 14: 21 ൽ അല്ലാഹു പറയുന്നു: അവർ എല്ലാവരും ഒരു നാളിൽ അല്ലാഹുവിന്റെ മുമ്പിൽ മറയില്ലാതെ വെളിപ്പെടുന്നതാണ്, ഇഹലോകത്ത് ദുർബലരായിരുന്ന അനുയായികൾ കേമന്മാരായി ചമഞ്ഞിരുന്ന നേതാക്കളോട് അന്ന് പറയും: നിശ്ചയം ഐഹികലോകത്ത് ഞങ്ങൾ നിങ്ങളെയായിരുന്നല്ലോ പിൻപറ്റിക്കൊണ്ടിരുന്നത്, അതുകൊണ്ട് ഇവിടെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് വല്ലതും ഞങ്ങളിൽ നിന്ന് നീക്കിത്തരാൻ നിങ്ങൾക്ക് സാധിക്കുമോ? അവർ പറയും; ഞങ്ങളെ അല്ലാഹു സന്മാർഗത്തിലാക്കിയിരുന്നുവെങ്കിൽ നിശ്ചയം ഞങ്ങൾ നിങ്ങളെയും സന്മാർഗത്തിലാക്കുമായിരുന്നു. ഇവിടെ നാം പരസ്പരം കലഹിച്ചാലും ക്ഷമിച്ചാലും തുല്യമാകുന്നു, ഏത് നിലക്കും നമ്മെ രക്ഷിക്കാൻ ആരുമില്ല. അല്ലാഹുവിനെക്കുറിച്ചും പിശാചിനെക്കുറിച്ചും വിചാരണയെക്കുറിച്ചും നരകത്തെക്കുറിച്ചും സ്വർഗത്തെക്കുറിച്ചും ഉൾക്കാഴ്ച നൽകുന്ന, ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളായ ഭ്രാന്തന്മാർ വിധിദിവസം 17: 13–14 സൂക്തങ്ങളിൽ പറഞ്ഞ അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ അവരുടെ ജീവിതത്തിലെ 15 വയസ്സിന് ശേഷമുള്ള ഓരോ നിമിഷവും മറയില്ലാതെ വെളിവായി കാണും എന്നാണ് 'മറയില്ലാതെ വെളിപ്പെടുക' എന്ന് പറഞ്ഞതിന്റെ ആശയം. പ്രസ്തുത കർമ്മരേഖ വായിക്കുമ്പോൾ അതിലുള്ളതിൽ അവർ കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ വിവരിച്ചിട്ടുണ്ട്.

(3) 26: 91–102 സൂക്തങ്ങളിൽ, ലക്ഷ്യബോധം നഷ്ടപ്പെട്ടവർക്ക് നരകം അടുപ്പിക്കുന്നതാണ്. അവരോട് ചോദിക്കപ്പെടും: അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ഇബാദത്ത് ചെയ്തിരുന്നവർ (സേവിച്ചുകൊണ്ടിരുന്നവർ, വിളിച്ച് പ്രാർത്ഥിച്ചിരുന്നവർ) ഇപ്പോൾ എവി

ടെ? അവർക്ക് നിങ്ങളെ സഹായിക്കാൻ സാധിക്കുന്നുണ്ടോ? അല്ലെങ്കിൽ അവർക്ക് അവരെത്തന്നെ സഹായിക്കാൻ സാധിക്കുന്നുണ്ടോ? അങ്ങനെ അവരെയും അവരെ അതിന് പ്രേരിപ്പിച്ചിരുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട നേതാക്കളെയും ഇബ്‌ലീസിന്റെ പട്ടാളത്തെ മുഴുവനും ആ നരകക്കുണ്ഠത്തിൽ അടുക്കിവെക്കുന്നതാണ്, അവർ അതിൽ പരസ്പരം തർക്കിച്ചുകൊണ്ട് പറയും: നിശ്ചയം ഞങ്ങൾ സർവ്വലോകങ്ങളുടെയും ഉടമക്ക് സമന്മാരെ വെച്ചപ്പോൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു, ഭ്രാന്തന്മാരല്ലാതെ ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല. അപ്പോൾ ഇവിടെ ഞങ്ങൾക്ക് ശുപാർശക്കാരിൽ നിന്നുള്ളവരോ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ഒരു ആത്മമിത്രമോ ഇല്ലല്ലോ, ഞങ്ങൾക്ക് ഒരു അവസരം കൂടി കിട്ടിയിരുന്നെങ്കിൽ ഞങ്ങൾ വിശ്വാസികളാകുമായിരുന്നല്ലോ. ഇവിടെ അനുയായികളാണ് നേതാക്കന്മാരെക്കുറിച്ച് ഭ്രാന്തന്മാർ എന്ന് പറയുന്നത്.

(4) 28: 62-64 സൂക്തങ്ങളിൽ, എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന ആ നാളിൽ നിങ്ങൾ എനിക്ക് ഉറപ്പിച്ചുവെച്ചിരുന്ന എന്റെ പങ്കാളികൾ ഇപ്പോൾ എവിടെ എന്ന് അല്ലാഹു ചോദിക്കുന്നതാണ്. അപ്പോൾ ചോദ്യം ബാധകമായവർ പറയും: ഞങ്ങളുടെ നാഥാ! ഇക്കൂട്ടരെയാണ് ഞങ്ങൾ വഴിപിഴപ്പിച്ചത്, ഞങ്ങൾ വഴിപിഴച്ചതുപോലെ അവരെയും വഴിപിഴപ്പിച്ചതാണ്, അവരെ വഴിപിഴപ്പിച്ച ഉത്തരവാദിത്തത്തിൽ നിന്ന് ഞങ്ങൾ ഇതാ മുക്തി തേടുന്നു, അവർ ഞങ്ങളെ സേവിക്കുന്നവരായിരുന്നില്ല. അവരോട് പറയപ്പെടും: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുക, അപ്പോൾ അവർ വിളിക്കും, എന്നാൽ അവർ ഉത്തരം നൽകുകയില്ല, ശിക്ഷ അവർ കാണുക തന്നെ ചെയ്യും, അവർ അദ്ദിക്ർ സന്മാർഗമായി ഉപയോഗപ്പെടുത്തുന്നവർ ആയിരുന്നുവെങ്കിൽ (ഇങ്ങനെ ദുഃഖിക്കേണ്ടി വരുമായിരുന്നില്ല). ഈ സൂക്തങ്ങളിൽ പറഞ്ഞ പങ്കാളികൾ അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ച് പ്രാർത്ഥിച്ചിരുന്ന അല്ലാഹുവിന്റെ സൃഷ്ടികളാണ്. ചോദ്യം ബാധകമായവർ സാധാരണ ജനങ്ങളെ ശിർക്കുപരമായ ഇത്തരം അന്ധവിശ്വാസാചാരങ്ങൾക്ക് പ്രേരിപ്പിച്ചിരുന്ന കപടവിശ്വാസികളായ നേതാക്കളാണ്. അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ച് പ്രാർത്ഥിച്ചാലും അവർ ശപിക്കപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല എന്ന് 4: 116-117 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

(5) 33: 66-68 സൂക്തങ്ങളിൽ, നരകത്തിൽ കാഫിറുകളുടെ മുഖം അങ്ങോട്ടുമിങ്ങോട്ടും മറിച്ചിടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അവർ പറയുന്നതാണ്: ഓ, ഞങ്ങളുടെ നാശം! ഞങ്ങൾ അല്ലാഹുവിനെയും പ്രവാചകനെയും അനുസരിച്ചിരുന്നുവെങ്കിൽ! അവർ പറയുകയും ചെയ്യും: ഞങ്ങളുടെ നാഥാ! നിശ്ചയം ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും കേമന്മാരെയുമാണ് അനുസരിച്ചത്, അപ്പോൾ അവർ യഥാർത്ഥ മാർഗത്തിൽ നിന്ന് ഞങ്ങളെ വഴിപിഴപ്പിച്ചു. ഞങ്ങളുടെ നാഥാ! അവർക്ക് ശിക്ഷയിൽ നിന്ന് ഇരട്ടിപ്പിച്ച് കൊടുക്കുകയും അവരെ അധികരിച്ച് ശപിക്കുകയും ചെയ്താലും.

(6) 34: 31-33 സൂക്തങ്ങളിൽ, കാഫിറുകൾ പറയുന്നതാണ്: നിങ്ങൾ ഈ ഗ്രന്ഥത്തിലോ അതിന് മുമ്പുള്ളതിലോ വിശ്വസിക്കരുത്. ഇത്തരം അക്രമികളെ നിന്റെ നാഥന്റെ മുമ്പിൽ നിർത്തപ്പെടുന്ന രംഗം നീ കാണുകയാണെങ്കിൽ; അവർ പരസ്പരം കുറ്റം ആരോപിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നതും അടിച്ചമർത്തപ്പെട്ട അനുയായികൾ കേമന്മാരായി നടിച്ചിരുന്ന നേതാക്കളോട് പറയുന്നതാണ്: നിങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾ വിശ്വാസികളാവുക തന്നെ ചെയ്യുമായിരുന്നു. കേമന്മാരായ നേതാക്കൾ ബലഹീനരായ അനുയായികളോട് ചോദിക്കുന്നതാണ്: സന്മാർഗമായ അദ്ദിക്ർ നിങ്ങൾക്ക് വന്നുകിട്ടിയതിനുശേഷം ഞങ്ങളാണോ നിങ്ങളെ അതിൽ നിന്ന് തടഞ്ഞത്?

അല്ല; നിങ്ങൾ ഭ്രാന്തന്മാർ തന്നെയായിരുന്നു. അപ്പോൾ അനുയായികൾ നേതാക്കളോട് വീണ്ടും പറയുന്നതാണ്: അല്ല; ഞങ്ങളോട് അല്ലാഹുവിനെ നിഷേധിക്കാനും അവന് പ കരക്കാരെ ഉണ്ടാക്കാനും കൽപിച്ചിരുന്നപ്പോൾ നിങ്ങൾ രാപകൽ വഞ്ചന നടത്തുകയാ യിരുന്നു. അവർ ശിക്ഷ കാണുമ്പോൾ ഉള്ളിന്റെയുള്ളിൽ ഖേദിക്കുന്നതുമാണ്, ഇത്തരം കാഫിറുകളുടെ പിരടികളിൽ നാം ചങ്ങലകൾ ബന്ധിക്കുന്നതുമാണ് -അവർ പ്രവർത്തി ച്ചു കൊണ്ടിരുന്നതിനല്ലാതെ പ്രതിഫലം കൊടുക്കാനൊക്കുമോ?

ഈ സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളിലും അക്രമികളിലും നേതാക്കളും അനുയാ യികളും ഉൾപെടുന്നതാണ്. നിങ്ങൾ അദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാത്ത ഭ്രാന്തന്മാരാ യിരുന്നു എന്ന് ഇവിടെ നേതാക്കൾ അനുയായികളോടാണ് പറയുന്നത്. 25: 27-29 സൂക്ത ങ്ങളിൽ, ഇത്തരം അക്രമികൾ വിധിദിവസം തങ്ങളുടെ കൈകടിച്ച് 'ഓ, എന്റെ കഷ്ടം! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുക്കാതിരുന്നിരുന്നെങ്കിൽ എത്ര ന ന്നായിരുന്നേനെ, അവനാണല്ലോ അദ്ദിക്റിനെത്തൊട്ട് എനിക്ക് അത് വന്നുകിട്ടിയതിനു ശേഷം എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇഹലോകത്തുവെച്ച് അദ്ദിക്ർ മ നസ്സിലാക്കി പിൻപറ്റാൻ ശ്രമിക്കാത്തവർ പരലോകത്തുവെച്ച് അറബി ഖുർആനിൽ നി ന്നല്ല, അദ്ദിക്റിൽ നിന്നാണ് പിശാച് തടയുക എന്ന് സമ്മതിക്കുകയും വിലപിക്കുകയും ചെയ്യുന്ന രംഗമാണിത്.

(7) 37: 28-34 സൂക്തങ്ങളിൽ: നിങ്ങൾ ഞങ്ങളിൽ വലതുഭാഗത്തിലൂടെ (സന്മാർഗ ത്തിലേക്ക് നയിക്കുന്നവരാണെന്ന് ഭാവിച്ചുകൊണ്ട് അധികാരപൂർവ്വം) വന്നിരുന്നല്ലോ എന്ന് അനുയായികൾ ചോദിക്കുമ്പോൾ, അല്ല; നിങ്ങൾ വിശ്വാസികളായിരുന്നില്ല, ഞ ങ്ങൾക്ക് നിങ്ങളുടെ മേൽ യാതൊരു സ്വാധീനവും അധികാരവും ഉണ്ടായിരുന്നില്ല, നി ങ്ങൾ അതിക്രമകാരികളായിരുന്നു. അപ്പോൾ നമ്മുടെമേൽ നമ്മുടെ നാഥന്റെ വചനം ബാധകമായി, നാം ഈ ശിക്ഷ രുചിക്കുക തന്നെ വേണം, നിശ്ചയം ഞങ്ങൾ ലക്ഷ്യ ബോധം നഷ്ടപ്പെട്ടവരായിരുന്നു, അതുപോലെ നിങ്ങളെയും ലക്ഷ്യബോധം നഷ്ടപ്പെട്ടവ രാക്കിയതായിരുന്നു എന്ന് കപടവിശ്വാസികളായ നേതാക്കൾ മറുപടി പറയുന്നതാണ്. അതുകൊണ്ട് ഇന്നേദിനം അവർ ശിക്ഷയിൽ പങ്കാളികളാവുന്നതാണ്, ഇപ്രകാരമാണ് നാം ഭ്രാന്തന്മാരോട് പ്രവർത്തിക്കുക. ഈ സൂക്തങ്ങളിലെല്ലാം പറഞ്ഞ ഭ്രാന്തന്മാരിൽ ക പടവിശ്വാസികളായ നേതാക്കളും ഫാജിറുകളായ അനുയായികളും ഉൾപ്പെടുന്നതാണ്. രണ്ട് കൂട്ടരും ശിക്ഷയിൽ പങ്കുചേരുന്നതുമാണ്.

(8) 40: 47-50 സൂക്തങ്ങളിൽ, അവർ നരകത്തിൽ പരസ്പരം തർക്കിക്കുന്നത് സ്മര ണീയമാണ്. അപ്പോൾ ബലഹീനരായി അടിച്ചമർത്തപ്പെട്ടിരുന്ന അനുയായികൾ നേതാ ക്കളായ കപടവിശ്വാസികളോട് ചോദിക്കും: നിശ്ചയം ഞങ്ങൾ നിങ്ങളെയായിരുന്നല്ലോ പിൻപറ്റിയിരുന്നത്, അതുകൊണ്ട് ഈ നരകശിക്ഷയിൽ നിന്ന് ഒരു വിഹിതം ഞങ്ങളെ ത്തൊട്ട് നിങ്ങൾക്ക് വഹിക്കാനോ തടയാനോ സാധിക്കുമോ? അഹങ്കാരികളായിരുന്ന നേതാക്കൾ മറുപടി പറയുന്നതാണ്: നിശ്ചയം നമ്മൾ എല്ലാവരും ഇവിടെത്തന്നെയാണ്, അല്ലാഹു അവന്റെ അടിമകൾക്കിടയിൽ നീതിപൂർവ്വം വിധി കൽപിച്ചിരിക്കുന്നു; നരക ത്തിലുള്ളവർ നരകത്തിന്റെ പാറാവുകാരെ വിളിച്ച് പറയുന്നതുമാണ്: നിങ്ങളുടെ നാഥ നോട് ഞങ്ങൾക്ക് ശിക്ഷയിൽ നിന്ന് ഒരു ദിവസം ലഘൂകരിക്കാൻ ഒന്നുപറഞ്ഞാലും! അ പ്പോൾ പാറാവുകാരായ മലക്കുകൾ ചോദിക്കും: നിങ്ങൾക്ക് നിങ്ങളിൽ നിന്നുള്ള പ്രവാ ചകന്മാർ വ്യക്തമായ വെളിപാടും (അദ്ദിക്ർ) കൊണ്ട് വന്നിരുന്നില്ലേ? അവർ പറയും: അ

തെ; വന്നിരുന്നു, അപ്പോൾ പാറാവുകാർ പറയും: എന്നാൽ പിന്നെ നിങ്ങൾ തന്നെ പ്രാർത്ഥിച്ചുകൊള്ളുക, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല. സൂക്തത്തിൽ പറഞ്ഞ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാത്ത കാഫിറുകൾ സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകളായ കപടവിശ്വാസികളും അനുയായികളുമാണ്. 13: 14 കൂട്ടിവായിക്കുക.

(9) 41: 26-28 സൂക്തങ്ങളിൽ, ഈ വായന നിങ്ങൾ കേൾക്കരുത് എന്ന് പറഞ്ഞുകൊണ്ട് സാധാരണക്കാരെ അദ്ദിക്റിനെത്തൊട്ട് തടയുന്ന അല്ലാഹുവിന്റെ ശത്രുക്കളായ കപടവിശ്വാസികളെ പരാമർശിച്ച ശേഷം 41: 29 ൽ, അനുയായികളായ കാഫിറുകൾ പരലോകത്തുവെച്ച്: ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ഞങ്ങളെ വഴിപിഴപ്പിച്ച നേതാക്കളെ ഒന്ന് കാണിച്ച് തന്നാലും! ഐഹിക ലോകത്ത് ഞങ്ങൾ അടിച്ചമർത്തപ്പെട്ടവരായി കഴിഞ്ഞുകൂടിയതിന് പകരമായി ഇന്ന് അവരെ കാലിനടിയിലിട്ട് ചവിട്ടിമെതിച്ച് ദേഷ്യം തീർക്കട്ടെ എന്ന് പറയുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

(10) 43: 74-78 സൂക്തങ്ങളിൽ, നിശ്ചയം ഭ്രാന്തന്മാർ നരകശിക്ഷയിൽ ശാശ്വതരായി കഴിയുന്നതാണ്, അവർക്ക് അവിടെ ഒരു വിടുതിയും ലഭിക്കുന്നതല്ല. അവർ അതിൽ ആശയറ്റ ഇബ്ലീസുകളായി കഴിഞ്ഞുകൂടുന്നതുമാണ്, നാം അവരോട് അക്രമം കാണിച്ചിട്ടില്ല, പക്ഷേ അവർ അവരോടുതന്നെ അക്രമം കാണിച്ചിരുന്നവരായിരുന്നു. അവർ നരകത്തിന്റെ പാറാവുകാരനായ മാലിക്കിനെ വിളിച്ച് പറയുന്നതുമാണ്: ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചോട്ടെ! മാലിക്ക് പറയും: നിങ്ങൾ ശാശ്വതരായി എന്നെന്നും അതിൽ കഴിഞ്ഞുകൂടേണ്ടവരാണ്, ഞങ്ങൾ സത്യമായ അദ്ദിക്ർ കൊണ്ട് നിങ്ങളിൽ വന്നിരുന്നു, പക്ഷേ നിങ്ങളിൽ അധികപേരും സത്യത്തോട് വിരോധം വെക്കുന്നവരായിരുന്നു. 6: 94; 7: 38-40, 49-51 വിശദീകരണം നോക്കുക.

168.ഓ മനുഷ്യരേ! ഭൂമിയിൽ നിന്നുള്ള അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങൾ നിങ്ങൾ തിന്നുക, നിങ്ങൾ പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുകയുമരുത്, നിശ്ചയം അവൻ നിങ്ങൾക്ക് വ്യക്തമായ ഒരു ശത്രുവാണ്.

169.നിശ്ചയം അവൻ നിങ്ങളോട് തിന്മ കൊണ്ടും മ്ലേഛത കൊണ്ടും അല്ലാഹുവിന്റെ മേൽ നിങ്ങൾക്ക് അറിയാത്തത് പറഞ്ഞുകൊണ്ടിരിക്കാനും മാത്രമാണ് കൽപിക്കുക.

2: 146 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ട അദ്ദിക്റിൽ നിന്നാണ് അല്ലാഹുവിനെയും പ്രവാചകന്മാരെയും മലക്കുകളെയും നബിമാരെയും പിശാചിനെയും സ്വന്തത്തെത്തന്നെയും മനസ്സിലാക്കേണ്ടത്. എന്നാൽ വിവിധ സംഘടനകളായി പിരിഞ്ഞ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരാണ്. 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ മനുഷ്യനും അവന്റെ പിരടിയിൽ കർമരേഖ വഹിക്കുന്നുണ്ടെന്നും വിധിദിവസം അത് പ്രകാശിക്കുന്ന ഗ്രന്ഥമായി നൽകപ്പെട്ട് ഓരോരുത്തരും സ്വയം വായിച്ച് 15 വയസ്സിന് ശേഷമുള്ള അവനവന്റെ ജീവിതത്തെക്കുറിച്ചുള്ള വിചാരണ നടത്തേണ്ടിവരുമെന്നുമുള്ള ബോധത്തിൽ നിലകൊള്ളുകയാണെങ്കിൽ അവൻ ഒരിക്കലും താഴെ പറയുന്നതുപോലെയുള്ള പിശാചിന്റെ കാൽപാടുകളിൽ അകപ്പെടുകയോ പിൻപറ്റുകയോ ഇല്ല;

-വംശീയത, അന്ധമായ ദേശീയത, വർഗ്ഗീയത, സ്വജനപക്ഷപാതം, സ്വാർത്ഥത, നിരീശ്വരവാദം, അഹംഭാവം, അഹങ്കാരം, ധിക്കാരം, താൻപോരിമ, ലിംഗപക്ഷപാതം, വർണ

വിവേചനം തുടങ്ങിയവ.

-പിശുക്ക്, ധൂർത്ത്, പൊങ്ങച്ചം, പലിശ ഇടപാടുകൾ, കൊള്ള, കൈക്കൂലി, സ്ത്രീധനം വാങ്ങൽ, കൊടുക്കൽ, കള്ളക്കടത്ത്, കള്ളപ്പണം, മായം ചേർക്കൽ, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ, അഴിമതി, അനാഥകളുടെ സമ്പത്ത് അവിഹിതമായി കൈവശപ്പെടുത്തൽ തുടങ്ങിയവ.

-കവർച്ച, കൊല, കൊള്ളിവെപ്പ്, തീവ്രവാദം, രക്തച്ചൊരിച്ചിൽ, കലാപം തുടങ്ങിയവ.

-കള്ള്, കഞ്ചാവ്, ബ്രൗൺഷുഗർ, കറുപ്പ് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗവും ഇടപാടും.

-നീചവും നിന്ദ്യവുമായ പ്രവൃത്തികളായ സ്വവർഗരതി, വ്യഭിചാരം, ബലാത്സംഗം, സ്വയംഭോഗം, പരസ്ത്രീ പരപുരുഷന്മാരെ അവിഹിത ബന്ധത്തിലേക്ക് പ്രേരിപ്പിക്കുന്ന വേഷ ഭൂഷാദികൾ, ചലനങ്ങൾ തുടങ്ങിയവ.

-അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ മാരണം, മന്ത്രവാദം, ശകുനം നോക്കൽ, രാശി നോക്കൽ, ജാതകം, കൈരേഖ നോക്കൽ, പക്ഷികളെക്കൊണ്ട് കാർഡെടുപ്പിച്ച് ഭാവി പ്രവചിക്കൽ, ഗൗളിശാസ്ത്രം തുടങ്ങിയവ.

-ജീവനുള്ളവർക്ക് മുന്നറിയിപ്പ് നൽകാനുള്ള ഗ്രന്ഥത്തെ മൂടിവെച്ച് മരിച്ചവരുടെമേൽ അറബി ഖുർആൻ വായിച്ചുകേൾപ്പിക്കൽ, അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കൽ, ഭക്ഷണസാധനങ്ങൾ അല്ലാഹു അല്ലാത്തവരുടെ പേരിൽ നീക്കിവെക്കൽ. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ കർമശാസ്ത്ര ഗ്രന്ഥങ്ങളും ഇസ്ലാമിക ഗ്രന്ഥങ്ങളെന്ന പേരിൽ കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഫുജ്ജാർ കിതാബുകളും പഠിക്കലും പഠിപ്പിക്കലും പ്രചരിപ്പിക്കലും.

നിങ്ങൾ പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റരുത്, അവൻ നിങ്ങൾക്ക് വ്യക്തമായ ശത്രുവാണ് എന്ന് പറഞ്ഞുകൊണ്ട് അവസാനിക്കുന്നവയാണ് 2: 208; 6: 142 എന്നീ സൂക്തങ്ങൾ. 12: 5; 28: 15; 36: 60; 43: 62 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് 'നിശ്ചയം പിശാച് മനുഷ്യന് വ്യക്തമായ ശത്രുവാണ് എന്ന് പറഞ്ഞുകൊണ്ടാണ്. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ പ്രസ്തുത ബോധമില്ലാതെ ഇവിടെ ജീവിച്ചതുകാരണം വിധിദിവസം അവരുടെ പിരടിയിൽ വഹിക്കുന്ന കർമരേഖ പുറത്തെടുത്ത് നൽകപ്പെട്ട് വായിക്കുമ്പോൾ അതിലുള്ളതിൽ കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ വിവരിച്ചിട്ടുണ്ട്. 23: 62-63; 36: 12; 45: 28-29; 58: 6; 78: 21-30 എന്നിവയും കർമരേഖയെക്കുറിച്ച് പ്രതിപാദിക്കുന്ന സൂക്തങ്ങളാണ്. ഫുജ്ജാറുകൾ നാഥന്റെ സംസാരമായ അദ്ദിക്റിനെ വെടിഞ്ഞ് സംസാരിക്കുന്നതെല്ലാം പിശാചിന്റെ വഴിയിലുള്ളതാണ്. 4: 116-117 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ച് പ്രാർത്ഥിച്ചാലും അവർ ശപിക്കപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല. 18: 100-101 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ദിക്റീ എന്ന ഗ്രന്ഥത്തെത്തൊട്ട് കണ്ണിന് മൂടിയുണ്ടായിരുന്നവരും അത് കേൾക്കാൻ തയ്യാറല്ലാത്തവരുമായ കാഫിറുകൾക്കാണ് നരകക്കുണ്ഠം അടുപ്പിക്കുക. ഫുജ്ജാറുകളിലെ കപടവിശ്വാസികൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധമാക്കി മാറ്റിമറിച്ച് അനുയായികളായ ഫാജിറുകൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിയിരിക്കുന്നു. അത്തരം ഫുജ്ജാറുകളായ കാഫിറുകളോട് 'നിങ്ങൾ ഇവിടെ സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാ

ണ്' എന്ന് പറയാൻ 14: 30 ലൂടെ വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നു. 2: 26–27, 44; 8: 22 വിശദീകരണം നോക്കുക.

170. അല്ലാഹു അവതരിപ്പിച്ച ഒന്നിനെ നിങ്ങൾ പിൻപറ്റുക എന്ന് അവരോട് പറയപ്പെട്ടാലോ, അവർ പറയും: അല്ല, ഞങ്ങളുടെ പിതാക്കന്മാരെ ഏതൊരു ചര്യയിലാണോ ഞങ്ങൾ കണ്ടത്, അതാണ് ഞങ്ങൾ പിൻപറ്റുക –അവരുടെ പിതാക്കന്മാർ യാതൊന്നും ചിന്തിക്കാത്തവരും സന്മാർഗം പ്രാപിക്കാത്തവരുമാണെങ്കിലും!

പിശാചിനെ സേവിക്കുന്ന ഫുജ്ജാറുകളായ ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതിന്റെ സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. 5: 48; 16: 44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് നിങ്ങൾ അല്ലാഹു അവതരിപ്പിച്ച അദ്ദിക്റിലേക്ക് വരിക എന്നുപറഞ്ഞാൽ അവർ 'ഞങ്ങൾക്ക് ഞങ്ങളുടെ പിതാക്കളുടെ മാർഗം മതി' എന്ന് പറഞ്ഞ് അദ്ദിക്റിൽ നിന്ന് അഹങ്കരിച്ച് പിന്തിരിഞ്ഞുപോകുന്നതും ചിന്താശക്തി ഉപയോഗപ്പെടുത്താതെ പൂർവികരുടെ മാർഗത്തിൽ തന്നെ അടിയുറച്ച് നിൽക്കുന്നതുമാണ് എന്ന് 5: 104; 37: 69–71; 43: 23 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 18 ൽ വിവരിച്ച പ്രകാരം അന്ധരും മൂകരും ബധിരരുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിലേക്കോ സ്വർഗത്തിലേക്കോ തിരിച്ചുവരികയില്ല. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല, മറിച്ച് ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിന് വിരുദ്ധമായ ജീവിതം നയിക്കുന്ന ഫുജ്ജാറുകൾക്ക് എതിരായി അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം വാദിച്ച്, സാക്ഷ്യം വഹിച്ച് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. ഗ്രന്ഥത്തെ സത്യപ്പെടുത്തുന്നവരെ ഗ്രന്ഥം സ്വർഗത്തിലേക്ക് ശുപാർശ ചെയ്യുന്നതുമാണ്. ഫുജ്ജാറുകൾ യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാതെ നാഥനെക്കുറിച്ച് തർക്കിക്കുന്നവരാണെന്ന് 22: 8; 31: 20 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 31: 21 അവസാനിക്കുന്നത്, പിശാച് അവരെ കത്തിയാളുന്ന നരകത്തിലേക്കാണ് വിളിച്ചുകൊണ്ടിരിക്കുന്നതെങ്കിലും ഇവർ അവരുടെ പിതാക്കന്മാരെ അന്ധമായി അനുകരിക്കുകയാണോ എന്ന് ചോദിച്ചുകൊണ്ടാണ്. ചുരുക്കത്തിൽ ഗ്രന്ഥം വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനക്കാരായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളും കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരുമാണ്. 1: 7; 7: 205–206; 37: 22–23 വിശദീകരണം നോക്കുക.

171. കാഫിറുകളായവരുടെ ഉപമ, വിളിയും തെളിയുമല്ലാതെ യാതൊന്നും കേൾക്കാത്ത കാലികളോട് ഇടയൻ ഒച്ചയിടുന്നതുപോലെയാകുന്നു –അവർ ബധിരരും മൂകരും അന്ധരുമാണ്, അതിനാൽ അവർ ചിന്തിക്കാത്തവരുമാകുന്നു.

ലോകത്തുള്ള എല്ലാ കാര്യങ്ങളും കേൾക്കുമെങ്കിലും ജീവിതലക്ഷ്യം പരിചയപ്പെടുത്തുന്ന അദ്ദിക്ർ കേൾക്കാൻ തയ്യാറില്ലാത്തവരാണ് സൂക്തത്തിൽ പറഞ്ഞ ബധിരരായ കാഫിറുകൾ. എല്ലാം കാണാനുള്ള കണ്ണുണ്ടെങ്കിലും ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കാണാൻ കാഴ്ച ഉപയോഗപ്പെടുത്താത്തവരാണ് അന്ധർ. ആളുകളെ പിടിച്ചുനിർത്താൻ

കഴിയുന്ന സംസാരശേഷിയുള്ള വാഗ്മികളാണെങ്കിലും അദ്ദിക്റിന്റെ 40 പേരുകളിൽ ഒ ന്നു പോലും പറയാൻ വായ തുറക്കാത്ത കപടവിശ്വാസികളാണ് ഊമകൾ. ഇത്തരം കാ ഫിറുകളോട് അദ്ദിക്റിനെക്കുറിച്ച് പറഞ്ഞാൽ ഇടയൻ കന്നുകാലികളോട് ഒച്ചയിടുന്ന ഫ ലം പോലും ലഭിക്കുകയില്ല എന്നാണ് സൂക്തത്തിൽ പറയുന്നത്.

അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാ കാൻ സാധ്യമല്ല; ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരുടെമേൽ അതിനെ ഒരു മാലി ന്യമാക്കുകയും ചെയ്തിരിക്കുന്നു എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. അവർ തന്നെയാണ് നാ ഥന്റെ കോപവും ശാപവും വർഷിക്കപ്പെട്ട കപടവിശ്വാസികളും മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകൾ എന്ന് 48: 6 ലും; കരയിലെ ഏറ്റവും ദുഷ്ടജീവികൾ എന്ന് 98: 6 ലും; 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്ന് 8: 22 ലും വി ശേഷിപ്പിക്കപ്പെട്ടവർ. 7: 179 ൽ നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവർ എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവരെ 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായ യോടാണ് ഉപമിച്ചിട്ടുള്ളതെങ്കിൽ, 62: 5 ൽ ഗ്രന്ഥം വഹിക്കുന്ന അക്രമികളായ ഇവരെ ഉ പമിച്ചിട്ടുള്ളത് വഹിക്കുന്നത് എന്തെന്നറിയാതെ ഭാരം വഹിക്കുന്ന കഴുതകളോടാണ്.

25: 43-44 സൂക്തങ്ങളിൽ ദേഹേച്ഛയെ ഇലാഹായി തെരഞ്ഞെടുത്ത ഇവരിൽ അധിക പേരും കേൾക്കുകയോ ചിന്തിക്കുകയോ ഇല്ല എന്നും; അവർ കന്നുകാലികളേക്കാൾ വ ഴിപിഴച്ചവരാണ് എന്നും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം കിട്ടിയതിനുശേഷം ആശയം പഠിക്കാൻ ശ്രമിക്കാതെ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ മറ്റ് ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മാ ത്രം ഉപയോഗിക്കുന്ന ബുദ്ധിജീവികളെന്ന് സ്വയം അഭിമാനിക്കുന്നവരും ഇക്കൂട്ടത്തിലാ ണ്. അദ്ദിക്ർ കിട്ടിയിട്ട് മൂടിവെക്കുന്ന കാഫിറുകൾ ഇഹത്തിൽ കന്നുകാലികളെപ്പോലെ തിന്ന് കുടിച്ച് സുഖിക്കുന്നവരാണ്, അവരുടെ പരലോകഭവനം നരകക്കുണ്ഠവുമാണ് എ ന്ന് 47: 12 ലും; നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുന്നവർ അന്ധകാരത്തിൽ ക ഴിഞ്ഞു കൂടുന്ന ബധിരരും ഊമകളുമാണെന്ന് 6: 39 ലും പറഞ്ഞിട്ടുണ്ട്. അവരിൽ ചിലർ നിന്നെ ശ്രദ്ധിച്ച് കേൾക്കുന്നവരുണ്ട്, എന്നാൽ ചിന്തിക്കാത്ത ബധിരരെ നീ കേൾപ്പിക്കു ന്നവനാണോ എന്ന് 10: 42 ലും; അവരിൽ ചിലർ നിന്നെ നോക്കുന്നവരുണ്ട്, അപ്പോൾ ഉൾക്കാഴ്ച കാണാത്ത ഇത്തരം അന്ധരെ നീ സന്മാർഗത്തിലാക്കുമോ എന്ന് 10: 43 ലും ചോദിക്കുന്നു. 27: 80; 30: 52 എന്നീ സൂക്തങ്ങളിൽ: നിശ്ചയം മരിച്ചവരെയും വിളി കേൾ ക്കാതെ പിന്തിരിഞ്ഞുപോകുന്ന ബധിരരെയും നീ കേൾപ്പിക്കുകയില്ല എന്നും; 27: 81; 30: 53 എന്നീ സൂക്തങ്ങളിൽ, നീ ഒരിക്കലും അന്ധന്മാരെ അവരുടെ വഴികേടിൽ നിന്ന് സ ന്മാർഗത്തിലേക്കാക്കുന്നവനല്ല, നമ്മുടെ സൂക്തങ്ങളിൽ വിശ്വസിച്ച് സർവ്വസ്വം അല്ലാഹു വിന് സമർപ്പിക്കുന്നവരെയല്ലാതെ നീ കേൾപ്പിക്കുന്നവനുമല്ല എന്നും പറഞ്ഞിട്ടുണ്ട്. 43: 40 ൽ, അപ്പോൾ നീ വ്യക്തമായ വഴികേടിലുള്ള ബധിരരെ കേൾപ്പിക്കുന്നവനും അ ന്ധരെ വഴികാട്ടുന്നവനുമാണോ എന്ന് ചോദിച്ചിട്ടുണ്ട്. 2: 6-7; 18: 101 വിശദീകരണം നോക്കുക.

172. ഓ വിശ്വാസികളായിട്ടുള്ളവരേ! നാം നിങ്ങൾക്ക് നൽകിയ ഭക്ഷണവിഭവങ്ങളിൽ നിന്ന് പരിശുദ്ധമായത് നിങ്ങൾ ഭക്ഷിക്കുക, അല്ലാഹുവിന് നിങ്ങൾ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക -നിങ്ങൾ അവനെ മാത്രം സേവിക്കുന്നവരാണെങ്കിൽ!

16: 114 ഉം ഇതേ ആശയമുള്ള സൂക്തമാണ്. 23: 51-52 സൂക്തങ്ങളിൽ പ്രവാചകന്മാരെ വിളിച്ച് 'നിങ്ങൾ പരിശുദ്ധമായത് ഉപയോഗിക്കുക, നിങ്ങൾ സൽക്കർമങ്ങൾ പ്രവർത്തി ക്കുകയും ചെയ്യുക, നിശ്ചയം ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുന്നവൻ ത

ന്നെയാണ്, നിശ്ചയം നിങ്ങളുടെ സമുദായം ഒറ്റ സമുദായവും ഞാൻ നിങ്ങളുടെ ഉടമയുമാണ്, അതുകൊണ്ട് നിങ്ങൾ എന്നെ സൂക്ഷിക്കുവീൻ' എന്ന് പറഞ്ഞിട്ടുണ്ട്. 7: 32 ൽ, ഇഹത്തിൽ എല്ലാ ഭക്ഷണവിഭവങ്ങളും വിശ്വാസികൾ ഉപയോഗിക്കുന്നതാണ് അല്ലാഹുവിന് ഏറെ ഇഷ്ടം എന്നും പരലോകത്ത് അത് അവർക്ക് മാത്രമുള്ളതാണ് എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ 43: 33–35 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരും നാഥനെ വിസ്മരിച്ചവരും പിശാചിനെ സേവിക്കുന്നവരും നരകക്കുണ്ഠത്തിലേക്ക് പോകാനുള്ളവരുമായതിനാൽ ഈ ലോകത്ത് ജീവിതവിഭവങ്ങൾ കൂടുതൽ നൽകിയിട്ടുള്ളത് അവർക്കാണ്. വിശ്വാസികൾ ഇഹത്തിൽ അല്ലാഹുവിന്റെ പ്രതിനിധികളായിക്കൊണ്ട് അല്ലാഹുവിനെ മാത്രം സേവിക്കുന്നവരായതിനാൽ അവർക്ക് മരണത്തോടുകൂടിയാണ് സ്വർഗം ലഭിക്കുക. പിശാചിന്റെ പ്രതിനിധികളായി ജീവിക്കുന്ന കപടവിശ്വാസികൾക്ക് ഇഹലോകം സ്വർഗവും മരണത്തോടുകൂടി നരകവുമാണ്. ബോറന്മാരുടെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകാനുള്ള അവരോട് വിശ്വാസി 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്' എന്ന് പറയാൻ 14: 30 ലൂടെ കൽപിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റും കൊണ്ട് അന്ത്യപ്രവാചകനായ മുഹമ്മദിനെ അയച്ചിട്ടുള്ളത് മൊത്തം മനുഷ്യരിലേക്കാണ് എന്നും;

വിവിധ തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ വഴി അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ അവരെത്തൊട്ട് ഇറക്കിവെക്കുകയും അവരുടെമേൽ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുകയും വിവിധ തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ വഴി അവരെ ഞരിച്ചുകൊണ്ടിരിക്കുന്ന ജീവിതഭാരങ്ങൾ അവരെത്തൊട്ട് ഇറക്കിവെക്കാനും അവരുടെമേൽ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയാനും അവർക്ക് മ്ലേച്ഛമായതിൽ നിന്ന് പരിശുദ്ധമായത് വേർതിരിച്ച് കൊടുക്കാനുമാണ് എന്ന് 7: 157–158 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. പരിശുദ്ധവും അനുവദനീയവുമായ ഭക്ഷണം കഴിക്കുന്ന ശരീരം കൊണ്ട് ചെയ്ത പ്രവൃത്തികൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. അവർക്കുമാത്രമേ പരിശുദ്ധവചനമായ അദ്ദിക്ർ മനസ്സിലാവുകയുമുള്ളൂ. അതാണ് മാന്യവായനയായ അദ്ദിക്ർ പരിശുദ്ധന്മാരല്ലാതെ സ്പർശിക്കുകയില്ല എന്ന് 56: 79 ൽ പറഞ്ഞതിന്റെ പൊരുൾ. അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തുമ്പോൾ മാത്രമേ അനുവദനീയവും മ്ലേച്ഛവും വേർതിരിക്കാൻ സാധിക്കുകയുള്ളൂ. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പൈശാചിക കാൽപാടിലൂടെ സമ്പാദിക്കുന്നതെല്ലാം മ്ലേച്ഛവും നിഷിദ്ധവുമാണ്.

നിങ്ങൾ സൂര്യനെയോ ചന്ദ്രനെയോ സാഷ്ടാംഗം പ്രണമിക്കരുത്, നിങ്ങൾ അവയെ സൃഷ്ടിച്ച നാഥന് സാഷ്ടാംഗപ്രണാമം നടത്തുക, നിങ്ങൾ അവനെമാത്രം സേവിക്കുന്നവരാണെങ്കിൽ എന്ന് 41: 37 ൽ വായിക്കുന്ന ഫുജ്ജാറുകൾ സത്യാസത്യ വിവേചനമാനദണ്ഡമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് വിവിധ നാടുകളിലുള്ള ചന്ദ്രോദയത്തെ അടിസ്ഥാനമാക്കി 2: 150 ൽ വിവരിച്ച പ്രകാരം നോമ്പ്, പെരുന്നാള് തുടങ്ങിയവ വ്യത്യസ്ഥ ദിനങ്ങളിൽ കൊണ്ടാടുകവഴി പിശാചിനെ സേവിക്കുന്നവരും ചന്ദ്രന് സാഷ്ടാംഗം പ്രണമിക്കുന്ന മുശ്രിക്കുകളും അക്രമികളുമാണ്. 7: 127–137 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മഹ്ദിയുടെ ആഗമനം ഇജാസിൽ പ്രഖ്യാപിക്കുന്നതോടെ മാലിന്യമായ ഇത്തരം ഫുജ്ജാറുകളെ അവിടെനിന്നും പുറത്താക്കുന്നതും മനുഷ്യരിൽ നിന്ന് ലോകത്തുള്ള വിശ്വാസികളെ അങ്ങോട്ട് പ്രവേശിപ്പിക്കുന്നതുമാണ്. 2: 62, 152, 188; 9: 34; വിശദീകരണം നോക്കുക.

173. നിശ്ചയം നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിട്ടുള്ളത് ശവവും രക്തവും പന്നി മാംസവും അല്ലാഹുവിനുവേണ്ടിയല്ലാതെ നീക്കിവെക്കപ്പെട്ടതുമാണ്, അപ്പോൾ വല്ലവനും നിർബന്ധിതാവസ്ഥയിൽ പരിധി ലംഘിക്കാതെയും അതിക്രമപരമല്ലാതെയും അവ ഉപയോഗിക്കുകയാണെങ്കിൽ അപ്പോൾ അവന്റെമേൽ കുറ്റമില്ല, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

16: 115 ഉം ഇതേ ആശയമുള്ള സൂക്തമാണ്. 6: 145 ൽ, അല്ലാഹുവിന് വേണ്ടിയല്ലാതെ (നേർച്ചയായി) നീക്കിവെക്കപ്പെട്ടത് മാലിന്യവും കാപട്യമുളവാക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. കരൾ, ഹൃദയം എന്നിവയിൽ രക്തം ധാരാളം അടങ്ങിയിട്ടുണ്ടെങ്കിലും 6: 145 ൽ ഒഴുക്കപ്പെട്ട രക്തം മാത്രമേ നിഷിദ്ധമാവുകയുള്ളൂ എന്ന് നിയമം വന്നിട്ടുള്ളതിനാൽ അവ ഭക്ഷിക്കൽ അനുവദനീയമാണ്. ചത്ത മത്സ്യവും വെട്ടുകിളിയും നിഷിദ്ധമല്ല എന്ന് അല്ലാഹു അവന്റെ പ്രവാചകനിലൂടെ ഈ സൂക്തത്തിന്റെ വിശദീകരണമായി പഠിപ്പിച്ചിട്ടുണ്ട്.

നിർബന്ധിതാവസ്ഥയിൽ എന്നതുകൊണ്ടുദ്ദേശിക്കുന്നത് മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി സ്വമനസോടെയല്ലാതെ കഴിക്കലും മറ്റ് ഭക്ഷണവസ്തുക്കളൊന്നും കിട്ടാത്ത അവസ്ഥയിൽ ജീവൻ നിലനിർത്താൻ വേണ്ടി ആവശ്യത്തിനുമാത്രം ഉപയോഗിക്കലുമാണ്. കഴിയുന്നത്ര അനുവദനീയമായ ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുകയും കഴിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണം നിഷിദ്ധമായതാണെന്ന് ബോധ്യം വന്നാൽ ഉടനെ നിർത്തുകയും അല്ലാഹുവിനോട് പശ്ചാത്തപിക്കുകയും വേണം. 6: 121 ൽ, അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തതൊന്നും നിങ്ങൾ ഒരിക്കലും ഭക്ഷിക്കരുത്, നിശ്ചയം അത് കാപട്യമുളവാക്കുന്നതാണ്, നിശ്ചയം പിശാച് അവന്റെ മിത്രങ്ങൾക്ക് നിങ്ങളോട് തർക്കിക്കാൻ വേണ്ടി ബോധനം നൽകുന്നതുമാണ്, നിങ്ങൾ അവരെ അനുസരിക്കുകയാണെങ്കിൽ നിശ്ചയം നിങ്ങൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവർ തന്നെയായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തത് നിങ്ങൾ തിന്നരുത്, നിശ്ചയം അത് കാപട്യമുളവാക്കുന്നതാണ് എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ പേര് ഉച്ചരിച്ച് അറുത്താൽ മതി, അല്ലെങ്കിൽ ഭക്ഷണം കഴിക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചാൽ മതി എന്നല്ല ആശയം, മറിച്ച് ഇത് (ഉരു) അല്ലാഹുവിൽ നിന്നുള്ളതാണ്, അല്ലാഹുവിലേക്ക് തന്നെയാണ് ഇത് തിരിച്ചുപോകുന്നതും എന്ന് ആത്മാവുകൊണ്ട് സ്മരിച്ച് അറുക്കണമെന്നാണ്. അല്ലാഹുവിനല്ലാതെ മറ്റുള്ളവരുടെ പേരിൽ നേർച്ചയായി നീക്കിവെച്ച ഭക്ഷണവിഭവങ്ങളെല്ലാം നിഷിദ്ധമാണെന്ന് ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്.

ആത്മാവുകൊണ്ട് നാഥനെ സ്മരിക്കുന്ന ജീവികളെ ദൈവസ്മരണ തീരെയില്ലാതെ വായ കൊണ്ട് മാത്രം ബിസ്മി ചൊല്ലി അറുത്തുതിന്നുന്നതിലും അല്ലാഹു അല്ലാത്തവരുടെ മേൽ നേർച്ചയായി ഭക്ഷണസാധനങ്ങളും മറ്റും നീക്കിവെക്കുന്നതിലും മുൻപന്തിയിലുള്ളത് ആത്മാവിനെ പരിഗണിക്കാതെ ജീവിക്കുന്ന മുശ്രിക്കുകളും യഥാർത്ഥ കാഫിറുകളുമായ ഫുജ്ജാറുകളാണ്. അതിനാൽ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസിക്ക് അവരെ അനുസരിക്കാനോ അവർ അറുത്തത് ഭക്ഷിക്കാനോ പാടില്ല. എന്നാൽ ഏതൊരാൾ അറവ് നടത്തി രക്തം ഒഴുക്കിയ ഭക്ഷ്യയോഗ്യമായ ജീവികളുടെ മാംസവും 5: 3-4 സൂക്തങ്ങളുടെ മൗഇളത്ത് -സമാനമായ ഉപമ ഉദാഹരണങ്ങൾ- പരിഗണിച്ച് 'എല്ലാ ജീവികളുടെയും ആത്മാവ് നാഥനിൽ നിന്നുള്ളതാണ്, അത് നാഥനിലേക്കുതന്നെ തിരിച്ചുപോകുന്നതുമാണ്' എന്ന സ്മരണയോടുകൂടി വിശ്വാസിക്ക് ഭക്ഷിക്കാവുന്നതാണ്. കാര

ണം ബുദ്ധിശക്തി ഉപയോഗപ്പെടുത്തുന്ന വിശ്വാസി 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ നിർത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും പ്രപഞ്ചനാഥനെ ആത്മാവുകൊണ്ട് സ്മരിച്ച് നിലകൊള്ളുന്നവനാണ്. 2: 168–169; 5: 100 വിശദീകരണം നോക്കുക.

174.നിശ്ചയം ഗ്രന്ഥത്തിൽ നിന്ന് അല്ലാഹു അവതരിപ്പിച്ചതിനെ മൂടിവെച്ചുകൊണ്ടിരിക്കുന്നവരും അതുകൊണ്ട് തുച്ഛവില വാങ്ങുന്നവരുമുണ്ടല്ലോ, അക്കൂട്ടർ അവരുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല, അന്ത്യനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയില്ല, അവരെ സംസ്കരിക്കുകയുമില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

അദ്ദിക്റിനെ സത്യപ്പെടുത്താതെയും മറ്റുള്ളവരോട് അതിന്റെ 40 പേരുകളിൽ ഒന്നു പോലും പറയാതെയും 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം കപടവിശ്വാസികളും കുഫ്ഫാറുകളും നാഥനെ വിസ്മരിച്ച് ജീവിക്കുക വഴി നാഥനാൽ വിസ്മരിക്കപ്പെട്ട തെമ്മാടികളാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ സത്യപ്പെടുത്തി മനുഷ്യരുടെ ഐക്യവും ശാന്തിയും സമാധാനവും നിലനിർത്താൻ പരിശ്രമിക്കേണ്ട അവർ അവരുടെ സ്ഥാനമാനങ്ങളും രാഷ്ട്രീയനേട്ടങ്ങളും നിലനിർത്താൻ വേണ്ടി തീവ്രവാദം, വർഗീയത, നശീകരണപ്രവർത്തനങ്ങൾ തുടങ്ങിയ പൈശാചികപ്രവർത്തനങ്ങൾക്ക് ജിഹാദിന്റെ പരിവേഷം കൊടുത്തുകൊണ്ട് പിശാചിനെ സേവിക്കുന്നവരും സഹായിക്കുന്നവരുമാണ്. 1: 3 ൽ വിവരിച്ച പ്രകാരം എല്ലാ ഓരോ മനുഷ്യനും തന്റെ കർമരേഖ പിരടിയിൽ വഹിക്കുന്നുണ്ട് എന്ന വിവരം ജനങ്ങളെ അറിയിക്കാൻ കടമപ്പെട്ട അവർ അദ്ദിക്റിനെ മൂടിവെക്കുക വഴി 4: 145 ൽ വിവരിച്ച പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ട ഭ്രാന്തന്മാരാണ്. അവരുടെ ഭ്രാന്തന്മാരായ അനുയായികൾ വിധിദിവസം അവരുടെ കർമരേഖ വായിക്കുമ്പോൾ ഐഹികലോകത്തെ 15 വയസ്സിന് ശേഷമുള്ള എല്ലാ ഓരോ കാര്യവും അതിൽ കണ്ട് 'ഓ കഷ്ടം! ഇത് എന്തൊരു ഗ്രന്ഥമാണ്! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ രേഖപ്പെടുത്താതെ വിട്ടിട്ടില്ലല്ലോ' എന്ന് വിലപിക്കുന്ന രംഗം 18: 49 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

നാഥന്റെ സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങുന്നതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

1) 6: 36; 27: 80–81; 30: 52; 36: 70 തുടങ്ങിയ സൂക്തങ്ങളെ അവഗണിച്ചുകൊണ്ട് ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആൻ മരിച്ചവരുടെമേൽ ഓതിക്കേൾപ്പിച്ച് പ്രതിഫലം വാങ്ങൽ.

2) വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ജനങ്ങളെ പഠിപ്പിക്കാതെ നമസ്കാരത്തിന് *ഇമാമത്ത്* നിന്ന് ശമ്പളം സ്വീകരിക്കൽ.

3) 2: 78–79; 3: 10, 78 സൂക്തങ്ങളെ അവഗണിച്ച് അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുന്നതിന് വേണ്ടി ഇസ്ലാമിക പ്രസിദ്ധീകരണങ്ങളെന്ന പേരിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് പണം സമ്പാദിക്കൽ. ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ ഇല്ലാതെ ഹിഫ്ള്, തജ്വീദ് എന്നിവ പഠിപ്പിച്ച് ശമ്പളം വാങ്ങൽ, ഗ്രന്ഥത്തിലെ സൂക്തങ്ങൾ പിഞ്ഞാണങ്ങളിലും തകിടുകളിലും മറ്റും എഴുതിക്കൊടുത്ത് അതിന് പണം വാങ്ങൽ.

ചുരുക്കത്തിൽ ഏതൊരു ഉദ്ദേശ്യം മുൻനിർത്തിയാണോ അല്ലാഹു ഗ്രന്ഥം അവതരിപ്പിച്ചത്, അതിന് വിരുദ്ധമായി ഐഹിക നേട്ടങ്ങൾക്കുവേണ്ടി മാത്രം ഗ്രന്ഥത്തെ ദുരുപ

യോഗപ്പെടുത്തുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ ഗ്രന്ഥം വിറ്റ് ജീവിക്കുന്നവരും അവരുടെ വയറുകളിൽ മാത്രമല്ല, അവരുടെ കുടുംബാംഗങ്ങളുടെ വയറുകളിലും തീ നിറക്കുന്നവരുമാണ്.

ഫുജ്ജാറുകൾ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലെ സിജ്ജീൻ പട്ടികയിലേക്കുള്ള ടിക്കറ്റായ ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത് നരകത്തിലേക്ക് പോകാനുള്ളവരാണെങ്കിൽ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി തന്റെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റി സ്വർഗത്തിലേക്ക് പോകാനുള്ളവനാണ്.

4: 1 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം പൂർത്തിയാക്കാത്ത ഫുജ്ജാറുകൾ ദുഃഖത്തോടെ പിശാചിനെ കണ്ടുകൊണ്ട് ജീവൻ വെടിയുന്നതും അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്ന നരകത്തിലേക്ക് പോകുന്നതുമാണ്. 9: 28, 95, 125 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ മാലിന്യമെന്നോണം സമീപിക്കുന്ന മാലിന്യമായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വയം ശുദ്ധീകരിക്കാത്തതിനാൽ നിഷ്പക്ഷവാനായ നാഥൻ അവരെ സംസ്കരിക്കുകയില്ല എന്നാണ് സൂക്തം പറയുന്നത്. വിശ്വാസി ഇത്തരം ഫുജ്ജാറുകളെ അനുസരിക്കരുതെന്ന് 33: 1, 48 സൂക്തങ്ങളിലും, അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തണമെന്ന് 9: 73; 25: 52; 66: 9 സൂക്തങ്ങളിലും കൽപിച്ചിട്ടുണ്ട്. അക്രമികളും കാഫിറുകളും തെമ്മാടികളും ഭ്രാന്തന്മാരുമായ ഇത്തരം ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും കുറ്റപ്പെടുത്തുകയും പഴിക്കുകയും ചെയ്യുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. മസീഹുദ്ദജ്ജാൽ (അന്തിക്രിസ്തു) വരുന്നതോടെ അവനെ ആദ്യം നബിയായും പിന്നീട് റബ്ബ് തന്നെയായും സ്വീകരിക്കുന്ന ഫുജ്ജാറുകൾ ഈസാ രണ്ടാമത് വന്നശേഷം അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുമ്പോൾ മാത്രമാണ് 38: 8 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ അല്ല, അദ്ദിക്ർ -ദിക്റീ- ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് അവർക്ക് ബോധ്യം വരിക. 2: 79, 116, 159 വിശദീകരണം നോക്കുക.

175. അക്കൂട്ടരാണ് സന്മാർഗത്തിന് പകരം ദുർമാർഗവും പാപമോചനത്തിന് പകരം ശിക്ഷയും വാങ്ങിയവർ, അപ്പോൾ നരകത്തിന്റെ മേൽ അവർക്ക് എന്തൊരു ക്ഷമയാണുള്ളത്!

സന്മാർഗം മുഴുവൻ വിശദീകരിച്ചിട്ടുള്ള 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവും സത്യാസത്യ വിവേചന മാനദണ്ഡവും ത്രാസും അമാനത്തുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളായ, മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയാണെന്ന് 33: 72-73 സൂക്തങ്ങളിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക വഴി ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ഐഹികലോകത്തിനും ദേഹേച്ഛക്കും പ്രാധാന്യം കൊടുക്കുന്നവരും അതുവഴി നരകക്കുണ്ഠത്തെത്തൊട്ട് ക്ഷമയുള്ളവരുമാണ് എന്നാണ് സൂക്തം പറയുന്നത്. നിശ്ചയം കപടവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന് 4: 138 ൽ പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. വിശ്വാസികളെ ഒഴിവാക്കി കാഫിറുകളുടെ അടുത്ത് പ്രതാപമന്വേഷിക്കുന്നവരാണ് കപടവിശ്വാസികളെന്ന് 4: 139

ലും; വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്റിനെ തള്ളിപ്പറയുന്നവരും ഖുർആൻ സൂക്തങ്ങൾ വായിക്കപ്പെടുമ്പോൾ സാഷ്ടാംഗത്തിൽ വീഴാത്തവരുമായ ഫുജ്ജാറുകൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന് 84: 21-24 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവർ പറയുന്നത് നരകവും സ്വർഗവുമെല്ലാം അല്ലാഹു നൽകുന്നതാണ്, മനുഷ്യന് അതിൽ യാതൊന്നും ചെയ്യാനില്ല എന്നാണ്. 2: 6-7, 16, 38-39; 4: 44 വിശദീകരണം നോക്കുക.

176.അത്, നിശ്ചയം അല്ലാഹു ഗ്രന്ഥത്തെ ലക്ഷ്യത്തോടുകൂടി അവതരിപ്പിച്ചതു കൊണ്ടാണ്, നിശ്ചയം ഗ്രന്ഥത്തിൽ ഭിന്നിച്ചവർ അതിവിദൂരമായ ഭിന്നിപ്പിൽ തന്നെയുമാണ്.

313 പ്രവാചകന്മാർക്കും നാഥനിൽ നിന്ന് നൽകപ്പെട്ടത് സത്യവും തെളിവുമായ അദ്ദിക്റാണ് എന്ന് 21: 24 ലും; ത്രികാലജ്ഞാനമായ പ്രസ്തുത ഗ്രന്ഥത്തിന്റെ സൂക്ഷിപ്പ് നാഥൻ തന്നെ ഏറ്റെടുത്തിട്ടുണ്ടന്ന് 15: 9 ലും പറഞ്ഞിട്ടുണ്ട്. 41: 42 ൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101-102; 4: 174-175; 5: 48 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന നാഥനെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുത്താതെയും ഇസ്ലാമാകുന്ന മൊത്തം വൃക്ഷത്തെ പിടിക്കാതെയും ചില സൂക്തങ്ങൾ മാത്രം പിടിക്കുക വഴി ശാഖകൾ മാത്രം പിടിച്ച് യഥാർത്ഥ ദീനിൽ നിന്ന് പോയവരാണ് അറബി ഖുർആൻ വായിക്കുന്ന 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ.

വിശ്വാസികളേ! നിങ്ങൾ ഒരിക്കലും തങ്ങളുടെ ദീനിൽ ഭിന്നിച്ച് വിവിധ സംഘടനകളായിപ്പിരിഞ്ഞ മുശ്രിക്കുകളിൽ പെട്ടുപോകരുത്, എല്ലാ ഓരോ സംഘവും അവരുടെ പക്കലുള്ളതിൽ നിഗളിച്ച് ഉല്ലസിച്ച് ഊറ്റം കൊള്ളുന്നവരാണ് എന്ന് 30: 31-32 സൂക്തങ്ങളിലും; നിശ്ചയം നിങ്ങളുടെ സമുദായം ഏകസമുദായമാണ്, ഞാൻ നിങ്ങളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ ഹൃദയത്തിൽ സൂക്ഷിക്കുവീൻ; എന്നാൽ അവർ കക്ഷികളായിപ്പിരിഞ്ഞ് കൽപനകളെല്ലാം മുറിച്ചുകളഞ്ഞു, എല്ലാ ഓരോ സംഘവും അവരുടെ പക്കലുള്ളതിൽ നിഗളിച്ച് ഉല്ലസിച്ച് ഊറ്റം കൊള്ളുന്നവരാണ്, അതിനാൽ ഒരു നിശ്ചിത അവധിവരെ അവരെ മത്തുപിടിച്ചവരായി വിഹരിക്കാൻ വിടുക എന്ന് 23: 52-54 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നിശ്ചയം നിങ്ങളുടെ ഈ സമുദായം ഏക സമുദായമാണ്, ഞാൻ നിങ്ങളുടെ നാഥനും, അപ്പോൾ നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാവുക; എന്നാൽ അവർക്കിടയിലുള്ള കാര്യങ്ങളും കൽപനകളുമെല്ലാം അവർ മുറിച്ചുകളഞ്ഞു, എല്ലാവരും നമ്മിലേക്കുതന്നെ മടങ്ങിവരേണ്ടവരാകുന്നു എന്ന് 21: 92-93 സൂക്തങ്ങളിലും; നിശ്ചയം തങ്ങളുടെ ദീനിൽ ഭിന്നിക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരുണ്ടല്ലോ, അവരുടെ കാര്യത്തിൽ നിനക്ക് ഒരു ഉത്തരവാദിത്തവുമില്ല (അവരുമായി നിനക്ക് ഒരു ബന്ധവുമില്ല), നിശ്ചയം അവരുടെ കാര്യങ്ങൾ അല്ലാഹുവിലേക്ക് മടക്കപ്പെടുന്നതും പിന്നെ അവർ എന്താണ് ഇവിടെ പ്രവർത്തിച്ചിരുന്നതെന്ന് അവൻ അവർക്ക് വിവരം പറഞ്ഞുകൊടുക്കുന്നതുമാണ് എന്ന് 6: 159 ലും പറഞ്ഞിട്ടുണ്ട്. 2: 99, 113, 137; 5: 44, 45, 47 വിശദീകരണം നോക്കുക.

177.നിങ്ങളുടെ മുഖങ്ങൾ കിഴക്ക് ഭാഗത്തേക്കോ പടിഞ്ഞാറ് ഭാഗത്തേക്കോ തിരിക്കുന്നതിലല്ല പുണ്യം, എന്നാൽ അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊ

ണ്ടും മലക്കുകളെക്കൊണ്ടും വേദഗ്രന്ഥത്തെക്കൊണ്ടും നബിമാരെക്കൊണ്ടും വിശ്വസിക്കുകയും ധനത്തോട് പ്രിയമുള്ളതോടൊപ്പം ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിയാത്രക്കാർക്കും ആവശ്യക്കാർക്കും അടിമമോചനത്തിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സംസ്കരണ പ്രവർത്തനം നടപ്പിലാക്കുകയും കരാർ ചെയ്താൽ അവരുടെ കരാർ പാലിക്കുകയും ദുഃഖത്തിലും ദുരിതത്തിലും പ്രതിസന്ധി ഘട്ടങ്ങളിലും ക്ഷമ അവലംബിക്കുകയുമാണ് പുണ്യം, അക്കൂട്ടർ മാത്രമാണ് സത്യസന്ധന്മാർ, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മതയുള്ളവരും.

അല്ലാഹുവിന്റെ സാമീപ്യം എല്ലായിടങ്ങളിലുമുണ്ട് എന്നതിനാൽ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് *ഖിബ്‌ല*ക്കുനേരെ മുഖം തിരിക്കുന്നതുകൊണ്ട് പുണ്യമൊന്നുമില്ല. നാഥനിൽ നിന്നുള്ള ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് വിശ്വാസം രൂപപ്പെടുത്തുകയും ധനത്തിന് അവരവർക്ക് ആവശ്യമുണ്ടായിരിക്കെ അല്ലാഹുവിന്റെ പ്രീതിക്ക് മുൻഗണന നൽകി സ്വന്തം ആവശ്യത്തേക്കാളുപരി അല്ലാഹുവിന്റെ സൃഷ്ടികൾക്ക് നൽകലുമാണ് പുണ്യം. നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ ഒരിക്കലും പുണ്യം എത്തിക്കുകയില്ല എന്ന് 3: 92 ലും; നിശ്ചയം പുണ്യാത്മാക്കൾ ഭക്ഷണത്തിന് സ്വയം ആവശ്യമുണ്ടായിരിക്കെ അല്ലാഹുവിനോടുള്ള സ്നേഹത്താൽ മനുഷ്യരിൽ നിന്നുള്ള അഗതികൾക്കും അനാഥകൾക്കും ബന്ദികൾക്കും നൽകുന്നതും, ഞങ്ങൾ നിങ്ങളെ തീറ്റുന്നത് അല്ലാഹുവിന്റെ മുഖം സന്തോഷത്തോടുകൂടി കാണുവാനും അവനിൽ നിന്നുമാത്രം പ്രതിഫലം വാങ്ങാനുമാണ്, അല്ലാതെ ഞങ്ങൾ നിങ്ങളിൽ നിന്ന് യാതൊരു പ്രതിഫലവും നന്ദിപ്രകടനവും ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്നില്ല എന്ന് മനസ്സിൽ കരുതുന്നവരുമാണ് എന്ന് 76: 8–10 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. സ്വന്തത്തെ ശുദ്ധീകരിക്കുകയും അത്യുന്നതനായ തന്റെ നാഥന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് മറ്റാരുടെയും പ്രതിഫലം കാംക്ഷിക്കാതെ തന്റെ ധനത്തിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്ന സൂക്ഷ്മാലുക്കളെ അല്ലാഹു തൃപ്തിപ്പെടുകയും അവരിലേക്ക് സ്വർഗം അടുപ്പിക്കുകയും ചെയ്യും എന്ന് 92: 17–21 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. കൊലപാതകം ചെയ്തുവന്ന ബന്ദിയാണെങ്കിലും ചുമരുകൾക്കുള്ളിലാകുമ്പോൾ അവന് ഭക്ഷണം നൽകേണ്ടത് അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കുന്ന വിശ്വാസിയുടെ ബാധ്യതയാണ്.

മനുഷ്യനെ സ്വതന്ത്രനായിട്ടാണ് സൃഷ്ടിച്ചത്. നന്മയും തിന്മയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവനുണ്ട്. ഇക്കാര്യം ഉണർത്താൻ വേണ്ടി അദ്ദിക്ർ അവനെ പഠിപ്പിക്കുകയും അങ്ങനെ അവൻ അവനെ സ്വയം തിരിച്ചറിയുകയും ജീവിതലക്ഷ്യം തിരിച്ചറിയുകയും ചെയ്ത് സ്രഷ്ടാവിനെ മാത്രം ആശ്രയിച്ച് സ്വയം പര്യാപ്തനായി ജീവിക്കാൻ പ്രാപ്തനാക്കലാണ് അടിമമോചനം കൊണ്ടുദ്ദേശിക്കുന്നത്. അതിനാൽ ഇന്ന് അദ്ദിക്ർ മനസ്സിലാക്കി അതിനെ സത്യപ്പെടുത്തലും ജാതി-മത-ലിംഗ-വർണ്ണ-ദേശ-ഭാഷ ഭേദമന്യേ ലോകർക്ക് അത് എത്തിച്ചുകൊടുക്കലുമാണ് പരമപ്രധാനം. അങ്ങനെ 22: 40; 47: 7 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥനെ സഹായിക്കുന്നതിനാൽ നാഥൻ അവരെ തിരിച്ചും സഹായിക്കുന്നതാണ്. മൊത്തം ലോകർക്കുള്ള സന്ദേശമായ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് 5: 67 അവസാനിക്കുന്നത്. അല്ലാഹുവുമായി ചെയ്ത ഉടമ്പടിയും അവനെ മുൻനിർത്തി അവന്റെ സൃഷ്ടികളുമായി ചെയ്ത ഉടമ്പടിയും പാലിക്കാതിരിക്കുന്നത് കാപട്യമാണ്. നിശ്ചയം ഉടമ്പടികളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുമെന്ന് 17: 34 ൽ പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിന്റെ മാർഗത്തിൽ പ്രവേശിക്കുമ്പോൾ പരീക്ഷണങ്ങൾക്ക് വിധേയമാകുന്നതാണ്. അദ്ദിക്ർ എപ്പോൾ എവിടെ പറഞ്ഞാലും എതിർക്കപ്പെടുക തന്നെ ചെയ്യും. അപ്പോഴെല്ലാം അല്ലാഹു വീക്ഷിക്കുന്നുണ്ട് എന്ന ബോധത്തിൽ അല്ലാഹുവിനുവേണ്ടിയാണ് ഞാൻ പറയുന്നത്, അല്ലാഹുവിന് വേണ്ടിയാണ് ഞാൻ നിലനിൽക്കുന്നത് എന്ന സ്ഥൈര്യത്തിൽ ഉറച്ചുനിന്ന് പിന്തിരിയാതെ ക്ഷമയോടെ മുന്നേറലാണ് പുണ്യം. അദ്ദിക്റിനെ സത്യപ്പെടുത്തുന്ന അവർക്ക് അനുകൂലമായി അത് സാക്ഷി നിൽക്കുകയും വാദിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യിപ്പിക്കുന്നതുമാണ്. സത്യമായ അദ്ദിക്ർ കൊണ്ട് 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് വിശ്വാസികളും സൂക്ഷ്മാലുക്കളും. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ മാത്രമാണ് മുസ്ലിംകളായി മരണപ്പെടുക. 7: 37 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട്/അവളോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. 49: 15 ൽ, നിശ്ചയം അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിക്കുകയും പിന്നെ ആ വിശ്വാസത്തിൽ യാതൊരു സംശയവുമില്ലാതിരിക്കുകയും തങ്ങളുടെ ധനം കൊണ്ടും ആത്മാവുകൊണ്ടും *ജിഹാദ്* നടത്തുകയും ചെയ്യുന്നവർ മാത്രമാണ് സത്യത്തെ സത്യപ്പെടുത്തിയ സത്യസന്ധന്മാർ എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി എല്ലാ അനുഗ്രഹങ്ങളും 9: 60 ൽ വിവരിച്ച പ്രകാരം ഏറ്റവും നല്ല അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് ഉപയോഗപ്പെടുത്തുന്നതാണ്. അത്തരം വിശ്വാസികളുടെ ഇക്കാലത്തെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 2–5, 115; 19: 43; 39: 33–35 വിശദീകരണം നോക്കുക.

178.ഓ വിശ്വാസികളായിട്ടുള്ളവരേ! കൊലയ്ക്ക് പ്രതിക്രിയ നടപ്പിലാക്കൽ നിങ്ങളുടെമേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു -സ്വതന്ത്രന് പകരം സ്വതന്ത്രനെയും അടിമക്ക് പകരം അടിമയെയും- സ്ത്രീക്ക് പകരം സ്ത്രീയെയും, ഇനി അവന് തന്റെ സഹോദരനിൽ നിന്ന് വല്ല ഇളവും നൽകപ്പെടുകയാണെങ്കിൽ, അപ്പോൾ അറിയപ്പെട്ട നഷ്ടപരിഹാരം നല്ല നിലക്ക് നൽകിക്കൊണ്ട് അത് ഒത്തുതീരേണ്ടതാകുന്നു, അത് നിങ്ങളുടെ നാഥന്റെ പക്കൽ നിന്നുള്ള ഒരു ഇളവും കാരുണ്യവുമാണ്, അതിനുശേഷം വല്ലവനും പരിധിവിട്ടാൽ അവന് വേദനാജനകമായ ശിക്ഷയുണ്ട്!

179.ഓ ബുദ്ധിയുള്ളവരേ! പ്രതിക്രിയയിൽ നിങ്ങൾക്ക് ജീവിതമാണുള്ളത് -നിങ്ങൾ സൂക്ഷ്മതയുള്ളവരായിരിക്കുക തന്നെ വേണം എന്നതിനുവേണ്ടി.

ആരാണോ കൊല നടത്തിയത് അവനെത്തന്നെയാണ് പ്രതിക്രിയയായി വധിക്കേണ്ടത്, എന്നല്ലാതെ പകരം മറ്റൊരാളെ പ്രതിക്രിയയായി വധിക്കാവുന്നതല്ല. ഇനി അബദ്ധത്തിൽ കൊല സംഭവിക്കുകയും വധിക്കപ്പെട്ടവന്റെ അനന്തരാവകാശി കൊല നടത്തിയവന് പ്രതിക്രിയ മാപ്പാക്കിക്കൊടുക്കുകയുമാണെങ്കിൽ ന്യായമായ രീതിയിലുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്. അത് അവൻ ഏറ്റവും നല്ല നിലക്ക് അനന്തരാവകാശികൾക്ക് കൊടുത്തുവീട്ടുകയും വേണം. ഉടമയായ നാഥനിൽ നിന്നുള്ള ഈ കാരുണ്യവും ലഘൂകരണവും അവഗണിച്ച് പ്രതിക്രിയക്ക് പകരം കൂടുതൽ ആളുകളെ കൊല്ലുകയോ ദാരുണമായ രീതിയിൽ പ്രതിക്രിയ നടത്തുകയോ നഷ്ടപരിഹാരം നിശ്ചയിച്ച് അത് കൊടു

ക്കാതിരിക്കുകയോ നഷ്ടപരിഹാരം സ്വീകരിച്ച ശേഷവും പ്രതിക്രിയ നടത്തുകയോ ചെയ്താൽ അവർ അതിക്രമകാരികളാണ്. അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്. 17: 33 ൽ, അല്ലാഹു കൊല്ലൽ നിഷിദ്ധമാക്കിയിട്ടുള്ള ഒരു ആത്മാവിനെയും നിങ്ങൾ ന്യായമായിക്കൊണ്ടല്ലാതെ വധിക്കരുത്, ആരെങ്കിലും അക്രമപരമായി കൊല ചെയ്യപ്പെട്ടാൽ അവന്റെ രക്ഷാധികാരിക്ക് പ്രതിക്രിയ നടപ്പിലാക്കുവാൻ നാം അധികാരം നൽകിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. കൊല്ലപ്പെട്ടവന്റെ അനന്തരാവകാശികളുടെ ഇംഗിതം ആരാഞ്ഞിട്ടാണ് ഭരണാധികാരി പ്രതിക്രിയ നടപ്പാക്കുകയോ നഷ്ടപരിഹാരം നൽകി പ്രതിക്രിയ ഒഴിവാക്കുകയോ ചെയ്യേണ്ടത്.

ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ അബദ്ധത്തിലല്ലാതെ വധിക്കുകയില്ല, ഇനി അബദ്ധത്തിൽ വധിച്ചാൽ വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയും വധിക്കപ്പെട്ടവന്റെ കുടുംബാംഗങ്ങൾ വിട്ടുവീഴ്ച ചെയ്തുകൊടുത്തിട്ടില്ലെങ്കിൽ നല്ല നിലക്കുള്ള നഷ്ട പരിഹാരം നൽകുകയും വേണം എന്ന് 4: 92 ലും; കരുതിക്കൂട്ടി ഒരു വിശ്വാസിയെ ആരെങ്കിലും കൊന്നാൽ അവന്റെ പ്രതിഫലം നരകക്കുണ്ഠമാണ്, അതിൽ അവൻ ശാശ്വതനുമാണ്, അവന്റെ മേൽ അല്ലാഹുവിന്റെ കോപവും ശാപവും ഉണ്ട്, അവന് വമ്പിച്ച ശിക്ഷ ഒരുക്കിവെച്ചിട്ടുമുണ്ട് എന്ന് 4: 93 ലും പറഞ്ഞിട്ടുണ്ട്. ആദം സന്താനമായ ഖാബീൽ, സഹോദരൻ ഹാബീലിനെ മനസ്സറിഞ്ഞ് കരുതിക്കൂട്ടി വധിച്ചതിനാൽ ലോകത്ത് നടക്കുന്ന എല്ലാ കൊലപാതകങ്ങളുടെയും ശിക്ഷയുടെ ഒരു വിഹിതം ഖാബീലിനുണ്ടെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ആരെങ്കിലും ഒരാൾ പ്രതിക്രിയയായിക്കൊണ്ടല്ലാതെ അല്ലെങ്കിൽ ഭൂമിയിൽ നാശമുണ്ടാക്കിയതിനല്ലാതെ ഒരു ആത്മാവിനെ വധിക്കുകയാണെങ്കിൽ അവൻ മൊത്തം മനുഷ്യരെ വധിച്ചതുപോലെയാണെന്നും, ആരെങ്കിലും ഒരു ആത്മാവിനെ ജീവിപ്പിച്ചാൽ മൊത്തം മനുഷ്യരെ ജീവിപ്പിച്ചതുപോലെയാണെന്നും 5: 32 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ അടുക്കൽ ഓരോ ആത്മാവും പവിത്രമാണ്. ആത്മാവും ജീവനും കൂടിയ റൂഹ് അല്ലാഹുവിന്റെ റൂഹിന്റെ ഭാഗമായതിനാൽ റൂഹിനെ ശരീരത്തിൽ നിന്ന് വേർപെടുത്തുന്ന 'വധം' അല്ലാഹുവിനെത്തന്നെ വധിക്കുന്നതിന് തുല്യമാണ്. അത് അനുവദിച്ചാൽ വധത്തിൽ അതിരുകവിയുകയും ഭൂമിയിൽ രക്തം ചിന്തുകയും ഭൂമിയുടെ നാശത്തിനു തന്നെ കാരണമാവുകയും ചെയ്യും. അപ്പോൾ ഭൂമിയെ അതിന്റെ സന്തുലനാവസ്ഥയിൽ നിലനിർത്താനും ശാന്തിയും സമാധാനവുമുള്ള പ്രകൃതി ജീവിതം നയിക്കാനും വധത്തിന് പ്രതിക്രിയ നടപ്പിലാക്കുന്നത് നിർബന്ധമാണെന്ന് ബുദ്ധിമാന്മാർക്ക് മനസ്സിലാകും. സ്രഷ്ടാവിനെ തിരിച്ചറിഞ്ഞവരും മനുഷ്യർ ആരാണെന്നും ഭൂമിയിൽ അവർക്കുള്ള സ്ഥാനമെന്താണെന്നും ജീവിതലക്ഷ്യമെന്താണെന്നും തിരിച്ചറിഞ്ഞവരാണ് ഈ ബുദ്ധിമാന്മാർ.

2: 62 ൽ വിവരിച്ച പ്രകാരം വിശ്വാസി ഇന്ന് പ്രപഞ്ചനാഥനെ മൊത്തം മനുഷ്യർക്ക് പരിചയപ്പെടുത്താനുള്ള ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ജാതി-മത-വർണ-ലിംഗ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കാൻ ശ്രമിക്കുന്നതും ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ വാഴ്ത്താനും പരിശുദ്ധപ്പെടുത്താനും അവസരമൊരുക്കുക എന്നത് ചിന്താശക്തി നൽകപ്പെട്ട എല്ലാ മനുഷ്യരുടെയും ബാധ്യതയാണ് എന്ന് മനുഷ്യരെ ഉണർത്തുന്നതുമാണ്. 2: 44-45, 112; 7: 205-206 വിശദീകരണം നോക്കുക.

180.നിങ്ങളിൽ ഒരുത്തന് മരണം ആസന്നമായാൽ അവൻ ധനം വിട്ടുപോകുന്നുവെങ്കിൽ മാതാപിതാക്കൾക്കും ബന്ധുക്കൾക്കും ന്യായമായ രീതിയിൽ വ

സ്വിയ്യത്ത് ചെയ്യൽ നിങ്ങളുടെമേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, സൂക്ഷ്മാലുക്കളുടെ മേൽ ഇത് ഒരു ബാധ്യതയാണ്.

സൂറ: അന്നിസാഇൽ അനന്തരാവകാശ നിയമം അവതരിപ്പിക്കുന്നതിനുമുമ്പ് അതരിച്ച സൂക്തമാണ് ഇത്. ധനം വിട്ടേച്ച് മരിച്ചുപോകുന്നവർ മരിക്കുന്നതിന് മുമ്പുതന്നെ അവരുടെ ധനം മാതാപിതാക്കൾക്കും മക്കൾക്കും മറ്റുകുടുംബാംഗങ്ങൾക്കും ന്യായമായ വിഹിത പ്രകാരം വസ്വിയ്യത്ത് ചെയ്യണമെന്നായിരുന്നു കൽപന. എന്നാൽ സൂറ: അന്നിസാഇൽ അനന്തരാവകാശനിയമം അവതരിപ്പിച്ചതോടുകൂടി ഈ സൂക്തത്തിന്റെ കൽപനയായ വസ്വിയ്യത്ത് മൂന്നിലൊന്നായി ചുരുക്കുകയും, അനന്തരാവകാശികൾക്ക് വസ്വിയ്യത്ത് ചെയ്യാൻ പാടില്ല എന്ന് നിയമമാക്കുകയും ചെയ്തു. 'വസ്വിയ്യത്ത്' ഒരാൾ ജീവിച്ചിരിക്കുമ്പോൾ അയാൾ നടത്തുന്നതും അനന്തരമെടുക്കൽ അയാളുടെ മരണശേഷം അവകാശികൾ നടത്തുന്നതുമാണ്. രണ്ടും നടപ്പിൽ വരുന്നത് അയാളുടെ മരണശേഷം മാത്രമാണ്. ഒരു വിശ്വാസി എപ്പോഴും മരണം മുന്നിൽ കണ്ടുകൊണ്ട് നിലകൊള്ളണമെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. സൂക്ഷ്മാലുക്കളുടെ മേൽ അത് ഒരു ബാധ്യതയാണ് എന്ന് പറഞ്ഞുകൊണ്ട് അവസാനിക്കുന്ന മറ്റൊരു സൂക്തമാണ് 2: 241.

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 2: 2 ൽ വിവരിച്ച പ്രകാരം അതിനെ സന്മാർഗമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് സൂക്ഷ്മാലുക്കൾ. ആത്മാവിനെ പരിഗണിക്കാത്തവരും ജീവിതലക്ഷ്യമില്ലാത്തവരുമായ ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം ജീവിതം കൊണ്ട് അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 2: 106–107; 4: 11–12; 5: 105–106 വിശദീകരണം നോക്കുക.

181. അപ്പോൾ ആരാണോ അത് കേട്ടതിനുശേഷം അതിനെ മാറ്റിമറിക്കുന്നത്, നിശ്ചയം അതിന്റെ കുറ്റം അത് മാറ്റിമറിച്ചവന്റെ മേൽ മാത്രമാണ്, നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

182. വസ്വിയ്യത്ത് ചെയ്തവനിൽ നിന്ന് വിവേചനമോ കുറ്റമോ സംഭവിച്ചതായി ഒരുവൻ ഭയപ്പെടുകയാണെങ്കിൽ അപ്പോൾ അവർക്കിടയിൽ രമ്യതയുണ്ടാക്കുന്നതിന് അവന്റെ മേൽ കുറ്റമില്ല, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

വസ്വിയ്യത്ത് ചെയ്തയാൾ അദ്ദിക്റിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി കുറ്റകരമായോ വിവേചനപരമായോ *വസ്വിയ്യത്ത്* നടത്തിയിട്ടുണ്ടെങ്കിൽ അത് കേട്ട ആളുകൾക്ക് കൂടുതൽ ന്യായമായ രീതിയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് അനുസൃതമായ നിലയിലും അത് മാറ്റിമറിക്കുന്നതിൽ കുറ്റമില്ല. *വസ്വിയ്യത്ത്* ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമാണെങ്കിൽ അത് നടപ്പിലാക്കാൻ പാടില്ല. 4: 135; 5: 8; 9: 71–72 വിശദീകരണം നോക്കുക.

183. ഓ, വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ രേഖപ്പെടുത്തപ്പെട്ടതുപോലെ നിങ്ങളുടെ മേലും നോമ്പ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു – നിങ്ങൾ സൂക്ഷ്മതയുള്ളവർ തന്നെയാകണം എന്നതിനുവേണ്ടി.

വിശ്വാസികളോട് മാത്രമാണ് ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം റമളാൻ മാസത്തിലെ നോമ്പും 4: 103 ൽ വിവരിച്ച പ്രകാരം ഒരുമിച്ചുകൂടിയുള്ള നമസ്കാരവും കൽപിച്ചിട്ടുള്ളത്. 10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ

അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയോ പ്രാർത്ഥന, നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമ്മങ്ങൾ തുടങ്ങിയ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല. മറിച്ച് ലക്ഷ്യബോധ മില്ലാതെ ഇവിടെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 9: 53–55; 25: 33–34, 65–66 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 7–10 ൽ വിവരിച്ച പ്ര കാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായി ക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് നരകക്കുണ്ഠത്തിന്റെ വിറകുകൾ. കാഫിറുകളായ അ വരുടെ പ്രാർത്ഥന വഴികേടല്ലാതെയല്ല എന്ന് 13: 14 ലും 40: 50 ലും പറഞ്ഞിട്ടുണ്ട്. 2: 1–5, 110 വിശദീകരണം നോക്കുക.

184.എണ്ണപ്പെട്ട നാളുകളാണ് അത്, എന്നാൽ നിങ്ങളിൽ ആരാണോ ആ നാളുക ളിൽ രോഗിയായത്, അല്ലെങ്കിൽ യാത്രയിലായത്, അപ്പോൾ മറ്റു ദിവസങ്ങളിൽ നിന്ന് എണ്ണം തികക്കണം; അതിന് കഴിവുള്ളവർ (നോമ്പെടുക്കാൻ കഴിവുണ്ടാ യിട്ടും നോമ്പ് എടുക്കാത്തവർ) ഒരു അഗതിക്കുള്ള ഭക്ഷണം പ്രായശ്ചിത്തമാ യി നൽകണം, ഇനി ആരെങ്കിലും സ്വമേധയാ കൂടുതൽ നന്മ ചെയ്താൽ അ ത് അവന് നല്ലതുതന്നെ –നിങ്ങൾ അറിവുള്ളവരാണെങ്കിൽ നോമ്പ് അനുഷ്ഠി ക്കൽ തന്നെയാണ് നിങ്ങൾക്ക് ഏറ്റവും ഉത്തമം.

ഇന്ന് വിശ്വാസികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ 2: 143 ലും 22: 78 ലും പറഞ്ഞ പ്രകാരം പ്രവാചകന്റെ ജീവിതം ലോകരിൽ സാക്ഷ്യം വഹിച്ച് ജീ വിക്കുക സാധ്യമല്ല. ഇന്ന് ഒറ്റപ്പെട്ട വിശ്വാസികളോട് 7: 205–206; 22: 77–78 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാത പ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് വായിച്ച് മന സ്സിലാക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ വന്നിട്ടുള്ള തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും മനുഷ്യ രുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊ ടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കാനും, 1000 സമുദാ യങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാ നും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരി പ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. കൂടാതെ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാല ജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കു കയും അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന അനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നട ത്തുകയും വേണം. 1: 5–6; 2: 25, 43; 3: 136 വിശദീകരണം നോക്കുക.

185.റമളാൻ മാസം, ആ മാസത്തിലാണ് –മൊത്തം മനുഷ്യർക്ക് സന്മാർഗവും സന്മാർ ഗത്തിൽ നിന്ന് മുഴുവൻ വിശദീകരിച്ച് വ്യക്തമാക്കിയിട്ടുള്ളതും സത്യാസത്യ വിവേചനമാനദണ്ഡവുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്, അപ്പോൾ നിങ്ങളിൽ നിന്ന് ആര് ആ മാസത്തിന് സാക്ഷ്യം വഹിച്ചുവോ അവൻ നോമ്പ് അനുഷ്ഠിക്കട്ടെ, ഇനി ആരെങ്കിലും രോഗിയോ അല്ലെങ്കിൽ യാത്രയിലോ ആ യാൽ, അപ്പോൾ മറ്റു ദിവസങ്ങളിൽ നിന്ന് എണ്ണം തികക്കണം, അല്ലാഹു നി ങ്ങൾക്ക് എളുപ്പമാണ് ഉദ്ദേശിക്കുന്നത്, അവൻ നിങ്ങൾക്ക് പ്രയാസം ഉദ്ദേശി ക്കുന്നില്ല, നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും നിങ്ങളെ അവൻ സന്മാർ ഗത്തിലാക്കിയതിന്റെ പേരിൽ നിങ്ങൾ അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതി

നും നിങ്ങൾ നന്ദിയുള്ളവർ തന്നെയാകണം എന്നതിനും വേണ്ടിയാണത്.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥം ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റാണ്. അറബി ഖുർആൻ വ്യക്തവും സ്പഷ്ടവുമായ വായനയല്ല. എന്നാൽ അദ്ദിക്റാണ് സ്പഷ്ടവും വ്യക്തവുമായ വായന എന്ന് 36: 69 ൽ പറഞ്ഞിട്ടുണ്ട്. അത് ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുണ്ടെന്ന് 54: 17 ലും; അത് മാന്യമായ ഒരു വായന തന്നെയാണെന്ന് 56: 77 ലും; അത് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമാണെന്ന് 25: 33 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ 9: 28, 95 സൂക്തങ്ങളിൽ മാലിന്യമെന്ന് വിശേഷിപ്പിക്കപ്പെട്ട കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾക്ക് അത് ഉൾക്കൊള്ളാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് 56: 82 ൽ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവർ അവരുടെ ഭക്ഷണമാക്കിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത്. 2: 2, 38; 18: 57; 16: 89; 22: 8; 41: 44; 45: 11 തുടങ്ങി 80 സൂക്തങ്ങളിൽ അദ്ദിക്റിന് സന്മാർഗം എന്ന പേര് പറഞ്ഞിട്ടുണ്ട്. അത് മൊത്തം മനുഷ്യർക്കുള്ളതാണ് എന്നാണ് ഈ സൂക്തം പറയുന്നത്. *ആരെങ്കിലും സന്മാർഗം നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിലല്ലാതെ വേറെ എവിടെ അന്വേഷിച്ചാലും അവരെ സന്മാർഗത്തിൽ നിന്ന് തിരിച്ചുവിടുന്നതാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമേ സർവ്വവും നാഥന് സമർപ്പിച്ചവർ -മുസ്ലിംകൾ- ആവുകയുള്ളൂ. ഇന്ന് മുസ്ലിംകളാണെന്ന് അവകാശപ്പെടുന്ന പ്രവാചകന്റെ ജനത അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നതുകാരണം അവർ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 7: 40 ൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ അവർക്ക് സ്വർഗത്തിൽ പ്രവേശിക്കുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്ന് നൽകപ്പെടുകയില്ല.

മൊത്തം മനുഷ്യർക്കുള്ള സന്മാർഗമായ അദ്ദിക്ർ അവതരിപ്പിച്ചത് റമളാനിൽ ആയതുകൊണ്ടാണ് ആ മാസത്തിൽ നോമ്പ് നിർബന്ധമാക്കിയത്. അത് മറ്റൊരു മാസത്തിലാണ് അവതരിപ്പിക്കപ്പെട്ടിരുന്നതെങ്കിൽ ആ മാസത്തിലായിരുന്നു നോമ്പ് കൽപിക്കുക. 2: 184 ൽ പറഞ്ഞ എണ്ണപ്പെട്ട നാളുകൾ കൊണ്ടുദ്ദേശിക്കുന്നത് 29 ഓ 30 ഓ ദിവസങ്ങളടങ്ങിയ റമളാൻ മാസമാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ പഠിക്കലും പഠിപ്പിക്കലും ലോകരിലേക്ക് എത്തിക്കലും തന്നെയാണ് പരമപ്രധാനം. 2: 2 ൽ, സൻമാർഗമായ ഗ്രന്ഥം പിൻപറ്റുന്നവർ തന്നെയാണ് സൂക്ഷ്മാലുക്കൾ എന്ന് പറഞ്ഞിട്ടുണ്ട്. സന്മാർഗം എന്തെല്ലാമുണ്ടോ, അതെല്ലാം ത്രികാലജ്ഞാനിയും എല്ലാം വലയം ചെയ്തവനുമായ അല്ലാഹുവിന്റെ സംസാരമായ അദ്ദിക്റിൽ ഉണ്ട്.

ഫുർഖാൻ(ഉരക്കല്ല്):- സത്യവും അസത്യവും, ധർമ്മവും അധർമ്മവും, പ്രകാശവും അന്ധകാരവും, നീതിയും അനീതിയും, ന്യായവും അന്യായവും, സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും ജീവിതത്തിന്റെ എല്ലാ സമയങ്ങളിലും സ്ഥലങ്ങളിലും തിരിച്ചറിയാനുള്ള ഉരക്കല്ലാണ് അദ്ദിക്ർ. അല്ലാഹുവിനെയും അവന്റെ ഏകസംഘത്തെയും പിശാചിനെയും അവന്റെ വിവിധ സംഘങ്ങളെയും തിരിച്ചറിയുന്നതും ഉരക്കല്ലായ ഈ ഗ്രന്ഥം കൊണ്ടായിരിക്കണം. അതുകൊണ്ട് അദ്ദിക്ർ ലഭിച്ചിട്ട് അതിനെ ഉരക്കല്ലായി അംഗീകരിക്കാത്തവർ മുശ്രിക്കുകളും പിശാചിന്റെ സംഘക്കാരും പരലോകത്ത് എല്ലാം നഷ്ടപ്പെട്ടവരുമാണ്. ഓ പ്രവാചകാ! പ്രാർത്ഥന കൊണ്ട് നിന്റെ

കുടുംബത്തോട് കൽപിക്കുകയും അതിന്റെ കാര്യത്തിൽ സ്ഥിരനിഷ്ഠയോടെ ശ്രദ്ധാപൂർവ്വം നിലകൊള്ളുകയും ചെയ്യുക, ഞാൻ നിന്നോട് ഭക്ഷണം ആവശ്യപ്പെടുന്നില്ല, നാമാണ് നിന്നെ ഭക്ഷിപ്പിക്കുന്നത്, നല്ല പര്യവസാനം സൂക്ഷ്മതയുള്ളവർക്കാണ് എന്ന് 20: 132 ലും; നാഥനെ സേവിക്കാൻ വേണ്ടിയല്ലാതെ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിട്ടില്ല, ഞാൻ അവരിൽ നിന്ന് ഭക്ഷണം ഉദ്ദേശിക്കുന്നില്ല, അവർ എന്നെ ഭക്ഷിപ്പിക്കണമെന്നും ഞാൻ ഉദ്ദേശിക്കുന്നില്ല എന്ന് 51: 56–57 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹു ഭക്ഷണം ആവശ്യപ്പെടുന്നില്ല എന്നതിന്റെ വിവക്ഷ മനുഷ്യൻ ബുദ്ധിമുട്ടി വ്രതം അനുഷ്ഠിച്ച് ഭക്ഷണം വർജ്ജിക്കണമെന്നില്ല; മറിച്ച് വ്രതം കൊണ്ട് ആത്മനിയന്ത്രണം പാലിക്കുന്ന സ്വഭാവം കരസ്ഥമാക്കണമെന്നാണ്. പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: *എത്രയെത്ര നോമ്പുകാരാണ് അവരുടെ ഭക്ഷണവും വെള്ളവും വർജ്ജിച്ചുകൊണ്ട് പട്ടിണിക്കിരയാവുന്നത്.* അതായത് അദ്ദിക്റിനെ സത്യപ്പെടുത്താത്തതുകാരണം അവരുടെ വ്രതം അല്ലാഹുവിന് വേണ്ടിയാകുന്നില്ല. കാരണം അവർ ആത്മാവിനെ തിരിച്ചറിഞ്ഞിട്ടില്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതുമായ ഗ്രന്ഥങ്ങളെല്ലാം സൃഷ്ടികൾ എഴുതിയുണ്ടാക്കിയതും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലെ സിജ്ജീൻ പട്ടികയിലേക്കുള്ള ടിക്കറ്റുകളുമാണ്. 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മാത്രമാണ് 83: 18 ൽ പറഞ്ഞ പ്രകാരം സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിൽ കർമങ്ങൾ രേഖപ്പെടുത്താനുള്ള ടിക്കറ്റ്. 2: 80, 121; 6: 25–26 വിശദീകരണം നോക്കുക.

186.എന്നെക്കുറിച്ച് എന്റെ അടിമകൾ നിന്നോട് ചോദിച്ചാൽ അപ്പോൾ നിശ്ചയം ഞാൻ അവരുടെ സമീപത്ത് തന്നെയുണ്ട്, വിളിക്കുന്നവന്റെ വിളിക്ക് ഞാനാണ് ഉത്തരം നൽകുന്നത്, അപ്പോൾ അവർ എന്റെ വിളിക്ക് ഉത്തരം നൽകട്ടെ, അവർ എന്നിൽ (വിശ്വസിക്കേണ്ട വിധം) വിശ്വസിക്കുകയും ചെയ്യട്ടെ -അവർ തന്റേടത്തോടെ മുന്നോട്ട് പോകുന്നവരാകുന്നതിനുവേണ്ടി.

ഞാൻ, നീ എന്നെല്ലാം പറയുന്നത് ആത്മാവിനെയാണ്. ആത്മാവാകട്ടെ ആയിരം സമുദായങ്ങളിൽ പെട്ട എല്ലാ ജീവികൾക്കും നാഥന്റേതുതന്നെയാണ്. അതിൽ മനുഷ്യന് മാത്രമാണ് വിശേഷബുദ്ധി നൽകപ്പെട്ടിട്ടുള്ളത് എന്നും അവനെ മാത്രമാണ് അല്ലാഹുവിന്റെ പ്രതിനിധിയായി നിശ്ചയിച്ചിട്ടുള്ളത് എന്നുമുള്ള പ്രത്യേകതയാണുള്ളത്. പ്രസ്തുത ബോധമുള്ള വിശ്വാസി 'ഞങ്ങളെ ഒറ്റ ആത്മാവിൽ നിന്ന് ആണിന്റെയും പെണ്ണിന്റെയും മിശ്രിതമായ ബീജത്തിൽ നിന്നും സൃഷ്ടിച്ച ഒരുവൻ അതീവപരിശുദ്ധനാണ്' എന്ന് നാഥനെ ആത്മാവുകൊണ്ട് വാഴ്ത്തുന്നതും ആ ബോധത്തിൽ എവിടെയും നിലകൊള്ളുന്നതുമാണ്. 50: 16 ൽ, മനുഷ്യനിൽ നാഥൻ അവന്റെ ജീവനാഡിയെക്കാൾ അടുത്താണ് ഉള്ളതെന്നും; 8: 24 ൽ, വിശ്വാസികളേ! നിങ്ങൾ അറിഞ്ഞിരിക്കുക, ഞാൻ വ്യക്തിയുടെയും അവന്റെ ഹൃദയത്തിന്റെയും ഇടയിലാണ് ഉള്ളത് എന്നും; 57: 4 ലും 58: 7 ലും അവൻ നിങ്ങളോടൊപ്പമുണ്ട്, നിങ്ങൾ എവിടെയാണെങ്കിലും എന്നും പറഞ്ഞിട്ടുണ്ട്. 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിച്ചവർ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ നാഥനെ കണ്ടുകൊണ്ട് വിശ്വാസിയായി മരണപ്പെടുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ 4: 118 ൽ വിവരിച്ച പ്രകാരം പിശാച് പാട്ടിലാക്കിയിരിക്കുന്നതിനാൽ അവരുടെ ഹൃദയത്തിൽ പിശാചാണ് കുടികൊള്ളുന്നത്.

ഇലാഹായി അല്ലാഹുവിനെ മാത്രമേ വിളിക്കാവൂ എന്ന് അംഗീകരിക്കുന്നവരാണ് വി

ശ്വാസികൾ. സ്ഥായിയായ ഉത്തരം നൽകുന്ന അല്ലാഹുവിനെ മാത്രമേ അവർ വിളിക്കുക യുള്ളൂ. 'അപ്പോൾ അവർ എന്റെ വിളിക്ക് ഉത്തരം നൽകട്ടെ, അവർ എന്നിൽ വിശ്വസി ക്കേണ്ട വിധം വിശ്വസിക്കുകയും ചെയ്യട്ടെ' എന്ന് പറഞ്ഞതിനാൽ വിളിക്ക് ഉത്തരം ലഭി ക്കാൻ രണ്ട് ഉപാധികൾ വെച്ചിട്ടുണ്ട്: (1) നാഥന്റെ വിളിക്ക് ഉത്തരം നൽകുക (2) നാഥ നിൽ വിശ്വസിക്കേണ്ട വിധം വിശ്വസിക്കുക. നാഥന്റെ വിളിക്ക് ഉത്തരം നൽകുക എന്നു പറഞ്ഞാൽ 2: 2 ൽ വിവരിച്ച പ്രകാരം അവനിൽ നിന്നുള്ള സന്മാർഗമായ അദ്ദിക്ർ പിൻ പറ്റുക എന്നാണ്. നാഥനിൽ വിശ്വസിക്കേണ്ട വിധം വിശ്വസിക്കുക എന്ന് പറഞ്ഞതിന്റെ വിവക്ഷ ഗ്രന്ഥത്തിലെ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ട് വിശ്വ സിക്കലാണ്. അത്തരം വിശ്വാസിക്ക് മാത്രമേ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയും അവ രുടെ കർമങ്ങൾ മാത്രമേ സ്വീകരിക്കപ്പെടുകയുമുള്ളൂ എന്ന് ഈ സൂക്തത്തിലും; നാഥ ന്റെ സൂക്തങ്ങളെ മൂടിവെക്കുകയും അവനെ കണ്ടുമുട്ടണമെന്ന ബോധമില്ലാതെ ജീവി ക്കുകയും ചെയ്യുന്ന കാഫിറുകളുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയി എന്ന് 18: 103–106; 25: 23; 47: 8–9 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. കാഫിറുകളുടെ പ്രാർത്ഥന വഴികേ ടല്ലാതെയല്ല എന്ന് 13: 14 ലും 40: 50 ലും പറഞ്ഞിട്ടുണ്ട്. 5: 44, 45, 47 സൂക്തങ്ങളിൽ പറ ഞ്ഞ പ്രകാരം ആരാണോ അദ്ദിക്ർ കൊണ്ട് ഇവിടെവെച്ച് വ്യക്തിജീവിതത്തിലും കുടും ബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കുന്നത്, അവരുടെ പ്രവർത്തന ങ്ങൾക്ക് മാത്രമേ 7: 8–9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രാസായ അദ്ദിക്ർ ഉപയോ ഗപ്പെടുത്തി വിധി കൽപിക്കുന്ന ദിവസം തൂക്കം ലഭിക്കുകയുള്ളൂ. ഗ്രന്ഥം കിട്ടുന്നതിനു മുമ്പ് തെറ്റുകുറ്റങ്ങളിൽ മുഴുകി ആത്മാവിനോട് അക്രമം കാണിച്ച് ജീവിക്കുന്നവരോട് 39: 53 ൽ, 'നിങ്ങൾ നാഥന്റെ കാരുണ്യത്തിൽ ആശയറ്റവരാകരുത്, നാഥൻ തെറ്റുകുറ്റങ്ങളെ ല്ലാം ഒറ്റയടിക്ക് പൊറുത്തുതരുന്ന ഏറെ കാരുണ്യവാനാണ്' എന്ന് പറഞ്ഞശേഷം 39: 54–55 സൂക്തങ്ങളിൽ, അതിന് രണ്ട് ഉപാധികളായി 'നിങ്ങൾ ആത്മാവുകൊണ്ട് നാഥനി ലേക്ക് തിരിഞ്ഞ് സർവ്വതും നാഥന് സമർപ്പിക്കുക' എന്നും, 'ഏറ്റവും നല്ലത് -അദ്ദിക്ർ- പിൻപറ്റുക' എന്നും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന പ്രപ ഞ്ചനാഥനെ എല്ലായ്പ്പോഴും സ്മരിച്ച് നിലകൊള്ളുന്നവനാണ് 3: 190–191 സൂക്തങ്ങളിൽ പറഞ്ഞ ബുദ്ധിശക്തി ഉപയോഗപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി.

ആരാണോ അല്ലാഹുവിന്റെ തൃപ്തിയിൽ നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തുകയും ചെയ്തത്, അപ്പോൾ അവന്റെ കാ ര്യങ്ങൾ നാം എളുപ്പമാക്കിക്കൊടുക്കും എന്ന് 92: 5–7 സൂക്തങ്ങളിലും; ആരാണോ പിശു ക്ക് കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും നല്ലതായ അദ്ദിക്റിനെ കളവാക്കി തള്ളിപ്പറയുകയും ചെയ്തത്, അവന്റെ എല്ലാ കാര്യങ്ങളും ബുദ്ധിമുട്ടാക്കിക്കൊ ടുക്കുമെന്ന് 92: 8–10 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതായ അദ്ദിക്റിനെ ത ള്ളിപ്പറഞ്ഞ് കൊണ്ടും അതിനോട് അഹങ്കാരം നടിച്ച് കൊണ്ടും ജീവിക്കുന്ന ഫുജ്ജാറു കളോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് മരണസമയത്ത് നാഥൻ പറയുമെന്ന് 39: 58–59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 256; 3: 79–80; 7: 146–147 വിശദീകരണം നോക്കുക.

187.നോമ്പുകാല രാത്രികളിൽ നിങ്ങൾക്ക് നിങ്ങളുടെ സ്ത്രീകളുമായി സംസർഗ ത്തിലേർപ്പെടുന്നത് അനുവദിക്കപ്പെട്ടിരിക്കുന്നു, അവർ നിങ്ങളുടെ വസ്ത്രവും നിങ്ങൾ അവരുടെ വസ്ത്രവുമാകുന്നു, നിശ്ചയം നിങ്ങൾ സ്വന്തത്തെ വഞ്ചിച്ചു കൊണ്ടിരുന്നത് അല്ലാഹു അറിഞ്ഞിട്ടുണ്ട്, അപ്പോൾ അവൻ നിങ്ങളുടെമേൽ

മടങ്ങുകയും നിങ്ങളെത്തൊട്ട് വിടുതി ചെയ്യുകയും ചെയ്തിരിക്കുന്നു, അതുകൊണ്ട് ഇപ്പോൾ മുതൽ നിങ്ങൾ അവരുമായി സംസർഗത്തിലേർപ്പെട്ടുകൊള്ളുക, അല്ലാഹു അതുവഴി നിങ്ങൾക്ക് രേഖപ്പെടുത്തിയത് നിങ്ങൾ അന്വേഷിക്കുകയും ചെയ്യുക, പ്രഭാതത്തിൽ കറുത്ത നൂലിൽ നിന്ന് വെളുത്ത നൂൽ നിങ്ങൾക്ക് വ്യക്തമാകുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, പിന്നീട് നിങ്ങൾ രാത്രിയാകുന്നതുവരെ നോമ്പ് പൂർത്തിയാക്കുകയും ചെയ്യുക, പള്ളികളിൽ നിങ്ങൾ ഭജനമിരിക്കുമ്പോൾ നിങ്ങൾ അവരുമായി സംസർഗത്തിലേർപ്പെടരുത്, ഇതെല്ലാം അല്ലാഹു നിശ്ചയിച്ച അതിരുകളാകുന്നു, അപ്പോൾ അതുകൊള്ളെ നിങ്ങൾ അടുക്കുക പോലും ചെയ്യരുത്, അപ്രകാരം അല്ലാഹു അവന്റെ സൂക്തങ്ങളെ മനുഷ്യർക്കുവേണ്ടി വ്യക്തമാക്കിക്കൊടുക്കുന്നു -അവർ സൂക്ഷ്മതയുള്ളവർ ആകുന്നതിന് വേണ്ടി.

*ജാഹിലിയ്യാ*കാലത്ത് സ്ത്രീകളും പുരുഷന്മാരും നഗ്നരായിട്ടാണ് *കഅ്ബ* പ്രദക്ഷിണം ചെയ്തിരുന്നത്, എന്നാൽ അവർ രാത്രിയിൽ ഇരുട്ടായ കിടപ്പറയിൽ ഓരോരുത്തരും പൂർണ്ണമായി മറച്ചിട്ടാണ് കിടന്നിരുന്നത്. ആണിന് പെണ്ണിനോട് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അവരുടെ പുതപ്പ് അൽപ്പം നീക്കി അല്ലാഹു കാണും എന്ന ഭയത്തിൽ ഒളിച്ചായിരുന്നു സംസാരിച്ചിരുന്നത്. 11: 5 ൽ അവരുടെ ഈ സ്വഭാവത്തെ ഖണ്ഡിച്ചുകൊണ്ട്, നിശ്ചയം അവർ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് മാറിടങ്ങൾ വെളിവാക്കാൻ മടിച്ച് വസ്ത്രം കൊണ്ട് മൂടുമ്പോഴും മാത്രല്ല, അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും എല്ലാം അല്ലാഹു അറിയുന്നു, നിശ്ചയം അവൻ നെഞ്ചുകളുടെ അവസ്ഥ അറിയുന്നവൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. കിടപ്പറയിൽ ആണും പെണ്ണും ഒരേ വസ്ത്രത്തിനുള്ളിൽ കിടക്കുന്നത് അല്ലാഹു അനുവദിച്ചിട്ടുള്ളതാണെന്നും പൂർണ നഗ്നരായിരിക്കാൻ അനുവദിക്കപ്പെട്ട മൂന്ന് സമയങ്ങളിൽ വസ്ത്രം അഴിച്ചുവെക്കൽ അവർക്ക് അനുവദനീയമാണെന്നും 24: 58 ലൂടെ അല്ലാഹു വിശ്വാസികളെ പഠിപ്പിച്ചിട്ടുണ്ട്. 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനുള്ള ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമാണ് അദ്ദിക്ർ. എന്നാൽ ആത്മാവിനെ പരിഗണിക്കാത്തതുകാരണം ഫുജ്ജാറുകൾ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കുകയില്ല. അതുവഴി അവർ നരകക്കുണ്ഠത്തിലേക്ക് പോകാനുള്ളവരാണ്. 4: 142-143 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നിർവഹിക്കുന്ന നമസ്കാരങ്ങളിൽ പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് കർമരേഖയിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. 4: 23 ൽ വിവരിച്ച പ്രകാരം വല്ലവനും ഒരു സ്ത്രീയുടെ ജനനേന്ദ്രിയത്തെ നോക്കിയാൽ അവന് അവളുടെ മാതാവിനെയും മകളെയും വിവാഹം ചെയ്യൽ നിഷിദ്ധമായിക്കഴിഞ്ഞു എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ പഠിപ്പിച്ചതിന്റെ പിന്നിലുള്ള യുക്തി പുരുഷൻ സ്വന്തം ഭാര്യയുടെ യോനി ശരിക്കും കാണണമെന്നും അതുവഴി എല്ലാ സ്ത്രീകൾക്കും തന്റെ ഭാര്യയുടേതുപോലെയുള്ള ലൈംഗികാവയവമാണ് ഉള്ളതെന്നും അതുകൊണ്ട് മറ്റ് സ്ത്രീകളുടെ യോനി കാണാൻ ഒരിക്കലും ആഗ്രഹിക്കുകയോ അതിനെക്കുറിച്ച് ചിന്തിക്കുകയോ ചെയ്യരുത് എന്നുമാണ്. 10: 61 വിശദീകരണം നോക്കുക.

റമളാനിന്റെ രാവുകളിൽ സ്ത്രീസംസർഗം നിഷിദ്ധമാണെന്ന് സ്വയം കരുതുകയും എന്നാൽ ഇരുട്ടിൽ അല്ലാഹു കാണുന്നില്ല എന്ന വികലമായ ധാരണ വെച്ചുപുലർത്തിക്കൊണ്ട് ആത്മനിയന്ത്രണം കൈവിട്ട് ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിരുന്നതിനെക്കുറിച്ചാണ് 'നിങ്ങൾ നിങ്ങളെ സ്വയം വഞ്ചിച്ചത് അല്ലാഹു അറിഞ്ഞിട്ടുണ്ട്' എന്ന് പറഞ്ഞത്. റമളാ

നിന്റെ രാവുകളിൽ തീറ്റയും കുടിയും ലൈംഗികബന്ധവുമെല്ലാം മറ്റ് സമയങ്ങളെപ്പോലെ അനുവദിച്ചിട്ടുണ്ടെന്നും റമളാനിന്റെ പകലിൽ പ്രഭാതം മുതൽ പ്രദോഷം വരെ മാത്രമേ ഇതെല്ലാം നിഷിദ്ധമാക്കിയിട്ടുള്ളൂ എന്നുമാണ് സൂക്തത്തിലൂടെ പഠിപ്പിക്കുന്നത്.

സമയമറിയുന്നതിന് വാച്ച്, ക്ലോക്ക് തുടങ്ങിയ ഉപകരണങ്ങൾ പിൽക്കാലത്ത് ഉണ്ടാകുമെന്നറിയാവുന്ന ത്രികാലജ്ഞാനിയായ അല്ലാഹു തന്നെ കറുത്ത നൂലിൽ നിന്ന് വെളുത്ത നൂൽ വ്യക്തമാകുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക എന്ന് പറഞ്ഞതുകൊണ്ട് ബാങ്ക് വിളിച്ചയുടനെ ഭക്ഷണപാനീയങ്ങൾ കഴിക്കുന്നത് നിർത്തി വ്രതത്തിൽ പ്രവേശിക്കേണ്ടതില്ല എന്നും, മറിച്ച് പ്രഭാതം വിടരുന്നതുവരെ ആവശ്യത്തിനു വേണ്ട ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കാമെന്നുമാണ് മനസ്സിലാക്കേണ്ടത്. രണ്ടാമത്തെ ബാങ്ക് (*ഇഖാമത്ത്*) കൊടുക്കുന്നതുവരെ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കാമെന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെയും പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് മറ്റുള്ള മേഖലകളിലെല്ലാം വ്യതിചലിച്ചതുപോലെത്തന്നെ ബാങ്ക് വിളിച്ചയുടനെ ഭക്ഷണപാനീയങ്ങൾ അവസാനിപ്പിച്ച് വ്രതത്തിൽ പ്രവേശിക്കുന്നവരാണ് ഭൂരിപക്ഷം ഫുജ്ജാറുകളും. 22: 11 ൽ, അല്ലാഹുവിനെ ഒരു വരയിൽ നിന്ന് സേവിക്കുന്നവർ ജനങ്ങളിലുണ്ട് എന്ന് അല്ലാഹു വിമർശിച്ച് പറഞ്ഞ കൂട്ടത്തിലാണ് അവർ ഉൾപ്പെടുക.

നിങ്ങൾക്ക് അല്ലാഹു അവരിൽ രേഖപ്പെടുത്തിയത് അന്വേഷിക്കുക എന്ന് പറഞ്ഞതിന്റെ താൽപര്യം വികാരം അല്ലാഹു മനുഷ്യന് നൽകിയതാണെന്നും അത് ശമിപ്പിക്കാനുള്ള മാർഗവും അവൻ തന്നെയാണ് നൽകിയതെന്നും അത് ശമിപ്പിക്കുന്നത് അവന്റെ തൃപ്തിയിലും അവൻ കാണുന്നുണ്ടെന്ന ബോധത്തിലുമായിരിക്കണം എന്നുമാണ്. ദൈവസ്മരണയിൽ ആത്മാവും ആത്മാവും ഒന്നായിച്ചേരുന്ന (ഇണചേരുന്ന) പ്രവൃത്തിയാണ് ഇസ്ലാമിൽ ഏറ്റവും വലിയ *ഇബാദത്ത്*. ലൈംഗികബന്ധം സജ്ജനങ്ങളായ സന്താനോൽപാദനത്തിനുവേണ്ടിയുള്ളതുകൂടി ആയതുകൊണ്ട് ആ ഉദ്ദേശ്യവും ഇതിന്റെ വിവക്ഷയിൽ വരുന്നുണ്ട്. 2: 223 ൽ, നിങ്ങൾ 'നിങ്ങൾക്കുവേണ്ടി മുൻകൂട്ടി ഒരുക്കിവെക്കുക' എന്ന് പറഞ്ഞതും ദൈവസ്മരണയിൽ നിലകൊള്ളുന്ന സജ്ജനങ്ങളായ സന്താനോൽപാദനം നടത്തുക എന്ന ഉദ്ദേശ്യത്തിലാണ്. എന്നാൽ മാത്രമേ പിൻഗാമികളിൽ നിന്ന് അദ്ദിക്റിനെ സത്യപ്പെടുത്തുന്ന സജ്ജനങ്ങൾ ഉണ്ടാവുകയുള്ളൂ. ഏതൊരു പ്രവൃത്തിയും അല്ലാഹുവിന്റെ നാമത്തിലാണ് ആരംഭിക്കേണ്ടത് എന്നതിനാൽ ഇണ ചേരുമ്പോൾ അല്ലാഹുവിന്റെ നാമത്തിൽ, *'അല്ലാഹുവേ, ഞങ്ങളെത്തൊട്ടും ഞങ്ങൾക്ക് ഈ പ്രവൃത്തിയിലൂടെ നൽകുന്നതിനെത്തൊട്ടും പിശാചിനെ (ഇടപെടാനനുവദിക്കാതെ) അകറ്റേണമേ'* എന്ന് ആണും പെണ്ണും പ്രത്യേകം ആത്മാവുകൊണ്ട് പ്രാർത്ഥിക്കണമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 4: 119 ൽ, ഞാൻ അവരുടെ സൃഷ്ടിപ്പിനെ മാറ്റിമറിക്കുമെന്ന് പിശാച് പറഞ്ഞതിന്റെ വിവക്ഷയിൽ സന്താനോൽപാദനത്തെ തടയലും ഉൾപ്പെടുന്നതാണ്. എന്നാൽ വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്ർ കടിച്ചുപിടിച്ച് നിലകൊള്ളാൻ ഒറ്റപ്പെട്ട വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളതിനാൽ വിവാഹമോ സന്താനോൽപാദനമോ ഇല്ല. 66: 11–12 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിശ്വാസികൾ മർയം, ആസ്യ എന്നിവരെ മാതൃകയായി സ്വീകരിക്കേണ്ട കാലഘട്ടമാണിത്. 43: 60; 57: 27 വിശദീകരണം നോക്കുക. മനുഷ്യർ സൂക്ഷ്മതയുള്ളവരായി മാറുന്നതിനുവേണ്ടിയാണ് ഇത്തരം സൂക്തങ്ങൾ അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുള്ളതിനാൽ മാനുഷികൈക്യവും ശാന്തിയും നിലനിർത്തുക എന്ന ലക്ഷ്യം വെച്ച് മൊത്തം മനുഷ്യർക്ക് ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായ അദ്ദിക്ർ എത്തിച്ചുകൊടുക്കൽ വിശ്വാസിയുടെ ബാധ്യത

യാണ്. 4: 1, 23; 7: 189; 30: 21 വിശദീകരണം നോക്കുക.

188.നിങ്ങൾ പരസ്പരം നിങ്ങളുടെ ധനം അവിഹിതമായി തിന്നുകയുമരുത്, കുറ്റകരമായി ജനങ്ങളുടെ ധനത്തിൽ നിന്ന് ഒരു ഭാഗം തിന്നുന്നതിനുവേണ്ടി അത്തരം വാദവും കൊണ്ട് വിധികർത്താക്കളെ സമീപിക്കുകയുമരുത് -നിങ്ങൾ അറിവുള്ളവരായിരിക്കെ.

4: 29 ൽ വിശ്വാസികളെ വിളിച്ച്: പരസ്പരം മനസ്സുകൊണ്ട് തൃപ്തിപ്പെട്ട കച്ചവടത്തിലൂടെയല്ലാതെ നിങ്ങൾ നിങ്ങളുടെ ധനം പരസ്പരം അവിഹിതമായി തിന്നരുത്, നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുകയുമരുത് എന്ന് പറഞ്ഞിട്ടുണ്ട്. മനുഷ്യർക്കിടയിൽ അന്യായമായി ധനം തിന്നുന്ന സാഹചര്യമുണ്ടായാൽ വിരോധവും വിദ്വേഷവും വളരുകയും കൊലയും രക്തം ചിന്തലും നാശവും വർദ്ധിക്കുകയും ചെയ്യും. കള്ളക്കേസുകളുമായി കോടതിയെ സമീപിക്കരുത്, കോടതിയിൽ അവരവർക്ക് ന്യായം ലഭിക്കുന്നതിന് വേണ്ടി കൈക്കൂലി കൊടുക്കരുത്, കൈക്കൂലി വാങ്ങരുത്, കളവ് പറയരുത്, കള്ളസാക്ഷ്യം വഹിക്കരുത് എന്നെല്ലാമാണ് സൂക്തം പഠിപ്പിക്കുന്നത്. മാത്രമല്ല പലിശ, ചൂതാട്ടം, കള്ള് തുടങ്ങിയ പൈശാചിക വൃത്തികളിലൂടെയും കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത, മായം ചേർക്കൽ, കുഴൽപ്പണം, ആളുകളുടെ അറിവില്ലായ്മ ചൂഷണം ചെയ്യൽ തുടങ്ങിയ പ്രവൃത്തികളിലൂടെയും സമ്പാദിക്കുന്നതെല്ലാം അവിഹിതവും അത് തങ്ങളുടെ കുടുംബാംഗങ്ങളെ തീറ്റാൻ പാടില്ലാത്തതുമാണെന്നും ഈ സൂക്തം പഠിപ്പിക്കുന്നു.

എന്നാൽ നല്ലതും ചീത്തയും വേർതിരിച്ചറിയാനുള്ള ഉരക്കല്ലായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ആത്മാവില്ലാതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 5: 100 ൽ പറഞ്ഞ പ്രകാരം ആത്മാവിനെ ശുദ്ധീകരിക്കാതെ അവിഹിത മാർഗങ്ങളിലൂടെ സമ്പാദിക്കുന്നവരും അതുവഴി സ്വന്തത്തെയും കുടുംബാംഗങ്ങളെയും നിഷിദ്ധം ഭക്ഷിപ്പിക്കുന്നവരുമാണ്. നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന അവർ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരാണ്. 2: 172-174; 5: 90-91; 7: 157 വിശദീകരണം നോക്കുക.

189.ചന്ദ്രോദയത്തെക്കുറിച്ച് (ചന്ദ്രന്റെ വൃദ്ധിക്ഷയത്തെക്കുറിച്ച്) അവർ നിന്നോട് ചോദിക്കുന്നു; നീ പറയുക: അത് ജനങ്ങൾക്ക് സമയം നിർണ്ണയിക്കുന്നതിനും ഹജ്ജിനുമുള്ളതാകുന്നു, നിങ്ങൾ വീടുകളിൽ അതിന്റെ പിറകിലൂടെ പ്രവേശിക്കുന്നതിൽ പുണ്യമൊന്നുമില്ല, എന്നാൽ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കലാണ് പുണ്യം, നിങ്ങൾ വീടുകളിൽ അതിന്റെ യഥാർത്ഥ വാതിലുകളിലൂടെത്തന്നെ പ്രവേശിച്ചുകൊള്ളുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക -നിങ്ങൾ വിജയികളാവുക തന്നെ വേണം എന്നതിനുവേണ്ടി.

*ജാഹിലിയ്യാ*കാലത്തെ വിവിധ അന്ധവിശ്വാസങ്ങളുടെ കൂട്ടത്തിൽ ഹജ്ജ് മാസം പിറന്നാൽ ജനങ്ങൾ മാസപ്പിറവി കാണാതിരിക്കാൻ തങ്ങളുടെ വീടുകളിൽ പ്രവേശിച്ചിരുന്നത് പുറകിലൂടെ ചുമരുകൾ തുരന്നോ അല്ലെങ്കിൽ കിളിവാതിലിലൂടെയോ ആയിരുന്നു. ചന്ദ്രോദയം കണ്ട് ഹജ്ജിന്റെ സമയം മനസ്സിലാക്കിയശേഷം ഹജ്ജിന് പങ്കെടുക്കാതിരുന്നാലുള്ള മനഃസാക്ഷിക്കുത്തിൽ നിന്ന് രക്ഷപ്പെടാനായിരുന്നു അവർ അങ്ങനെ ചെയ്തിരുന്നത്. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠാഗ്നി വാഗ്ദാനം ചെയ്യപ്പെട്ട കപടവിശ്വാസികളും കുഫ്ഫാറുകളും തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും നാഥനെ വിസ്മരിച്ചവരുമാണ്. അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുന്ന

അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരായതിനാൽ ആത്മാവിനെ പരിഗണിക്കാത്തവരും നാഥന്റെ ഭൂമിയിലെ ആദ്യവീടായ *കഅ്ബ*യെ *ഖിബ്‌ല*യായി അംഗീകരിക്കാത്തവരും, 38: 24 ൽ വിവരിച്ച പ്രകാരം പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ ശ്രദ്ധാകേന്ദ്രമായി സ്വീകരിക്കുന്നവരാണ്. 9: 28 ൽ വിവരിച്ച പ്രകാരം *ഇജാസിൽ മഹ്ദി*യുടെ പ്രഖ്യാപനമുണ്ടാകുന്നതോടെ മാലിന്യമായ അവർ അവിടെനിന്നും പുറത്താക്കപ്പെടുന്നതും ദൈവസ്മരണയിൽ നിലകൊള്ളുന്ന മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾക്ക് അവിടേക്ക് പ്രവേശനം നൽകപ്പെടുന്നതുമാണ്. അതോടുകൂടി ഇജാസിന് പുറത്ത് ജീവിക്കുന്ന മാലിന്യമായ ഫുജ്ജാറുകൾക്ക് ഇജാസിലേക്ക് പ്രവേശനം വിലക്കുന്നതാണ്.

ആകാശഭൂമികളിലും നിങ്ങളിലും സംഭവിക്കുന്ന കാര്യങ്ങളെല്ലാം അല്ലാഹു നേരത്തെ നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളതാണെന്നും അതെല്ലാം ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും 6: 59; 9: 51; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. രണ്ട് ഉദയസ്ഥാനങ്ങളുടെയും രണ്ട് അസ്തമയസ്ഥാനങ്ങളുടെയും ഉടമ എന്ന് 55: 17 ൽ പറഞ്ഞതിന്റെ വിവക്ഷ സൂര്യനും ചന്ദ്രനും ഭൂമിയുടെ രണ്ട് അർദ്ധഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്നുവെന്നാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ മരണസമയത്ത് ഓരോരുത്തരും ജിന്നുകൂട്ടുകാരനോട്: നിനക്കും എനിക്കുമിടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ വഴിദൂരമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, നീ എത്ര ദുഷിച്ച കൂട്ടുകാരൻ എന്ന് പറയുമെന്ന് 43: 38 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇവിടെ രണ്ട് ഉദയസ്ഥാനങ്ങളുടെ അകൽച്ചയുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് പറഞ്ഞത് ലോകത്ത് എവിടെയും ഒരു ദിവസത്തിന്റെ വ്യത്യാസമില്ല, മറിച്ച് രാവിന്റേയോ പകലിന്റേയോ വ്യത്യാസം മാത്രമേയുള്ളൂ എന്നതിനാലാണ്. അതുകൊണ്ട് ഭൂമിയുടെ കേന്ദ്രവും *ഖിബ്‌ല*യുമായ മക്കയിൽ എന്നാണോ ചന്ദ്രപ്പിറവി, അതനുസരിച്ച് ലോകം മുഴുവൻ പിൻപറ്റുകയാണ് വേണ്ടത്. അതിന് ഉചിതമായ രീതിയിലാണ് ത്രികാലജ്ഞാനിയായ നാഥൻ നാടുകളുടെ കേന്ദ്രവും മനുഷ്യർക്കുവേണ്ടി നിർമ്മിക്കപ്പെട്ട ആദ്യ ആരാധനാലയമായ *കഅ്ബ* സ്ഥിതി ചെയ്യുന്നതുമായ മക്കയെ സംവിധാനിച്ചിട്ടുള്ളത്.

വീടുകളുടെ യഥാർത്ഥ വാതിലുകളിലൂടെ പ്രവേശിക്കുക എന്നുപറഞ്ഞാൽ എല്ലാ വിഷയങ്ങളിലും തുറന്ന സമീപനം കൈക്കൊള്ളുക, വളവും ഒളിവും തിരിവും ഒന്നുമില്ലാതെ അല്ലാഹുവിനെ കണ്ടുകൊണ്ട് അഥവാ അല്ലാഹു കാണുന്നുണ്ട് എന്ന ബോധത്തിൽ പ്രകാശമായ അദ്ദിക്റിന്റെ പ്രകാശത്തിൽ ചരിക്കുക എന്നാണ്. ത്രികാലജ്ഞാനമായ അദ്ദിക്റിനെ വിസ്മരിച്ച ലോകത്തെവിടെയുമുള്ള കെട്ടജനതക്ക് ലോകത്തൊരിടത്തും ഒരു ദിവസത്തിന്റെ മാറ്റമില്ല എന്ന പ്രാഥമിക അറിവുപോലുമില്ലാത്തതിനാൽ അവർ നോമ്പ്, പെരുന്നാൾ തുടങ്ങിയവ മൂന്നോ നാലോ വ്യത്യസ്ത ദിനങ്ങളിലായി വിവിധ നാടുകളിൽ ചന്ദ്രോദയം ദർശിക്കുന്നതിനനുസരിച്ച് നടത്തുന്ന മുശ്‌രിക്കുകളാണ്. 3: 130, 200; 5: 35, 90, 100; 7: 69; 8: 45; 22: 77; 24: 31; 63: 10 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നതും 'നിങ്ങൾ വിജയികളാവുക തന്നെ വേണം' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 1-5, 177; 4: 150-151 വിശദീകരണം നോക്കുക.

190.നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുവിൻ, നിങ്ങൾ അതിക്രമിക്കാതിരിക്കുകയും ചെയ്യുവിൻ, നിശ്ച

യം അതിക്രമകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

191. നിങ്ങൾ അവരെ പിടികിട്ടുന്നേടത്തുവെച്ച് കൊന്നുകളയുക, നിങ്ങളെ എവിടെ നിന്നാണോ അവർ പുറത്താക്കിയത്, അവിടെ നിന്ന് അവരെ നിങ്ങളും പുറത്താക്കുക, വധത്തേക്കാൾ കഠിനമാണ് നാശം, മസ്ജിദുൽ ഹറമിൽ വെച്ച് നിങ്ങളോട് അവർ യുദ്ധം ചെയ്യുന്നതുവരെ അവിടെ വെച്ച് നിങ്ങൾ അവരോടും യുദ്ധം ചെയ്യരുത് (വധിക്കരുത്), ഇനി അവർ നിങ്ങളോട് (അവിടെ വെച്ച്) യുദ്ധം ചെയ്യുകയാണെങ്കിൽ നിങ്ങൾ അവരോടും യുദ്ധം ചെയ്തുകൊള്ളുക, കാഫിറുകൾക്കുള്ള പ്രതിഫലം അപ്രകാരമാണ്!

192. ഇനി അവർ വിരമിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

193. നാശമുണ്ടാകാതിരിക്കുന്നതുവരെയും ദീൻ അല്ലാഹുവിന് മാത്രമാകുന്നതുവരെയും നിങ്ങൾ അവരോട് യുദ്ധം ചെയ്യുക, ഇനി അവർ വിരമിക്കുകയാണെങ്കിൽ അപ്പോൾ അക്രമികളോടല്ലാതെ ശത്രുതയില്ല.

അല്ലാഹുവിൽ വിശ്വസിച്ചതിന്റെ പേരിലും അവനിലേക്ക് മനുഷ്യരെ വിളിച്ചു എന്നതിന്റെ പേരിലും സ്വന്തം വീടുകളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും നാടുകളിൽ നിന്നും പുറത്താക്കപ്പെട്ട വിശ്വാസികൾക്ക് യുദ്ധത്തിന് അനുവാദം കൊടുത്തുകൊണ്ട് അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളാണ് ഇവ. 'നാശമുണ്ടാകാതിരിക്കുന്നതുവരെയും ദീൻ അല്ലാഹുവിന് മാത്രമാകുന്നതുവരെയും നിങ്ങൾ അവരോട് യുദ്ധം ചെയ്യുക' എന്നതിന്റെ വിവക്ഷ എല്ലാവരും വിശ്വാസികളാകുന്നതുവരെ യുദ്ധം ചെയ്യണമെന്നല്ല. അങ്ങനെയായാൽ അത് 2: 256 ൽ 'സന്മാർഗം ദുർമാർഗത്തിൽ നിന്ന് വേർതിരിഞ്ഞിരിക്കുന്നു എന്നിരിക്കെ ദീനിൽ നിർബന്ധമില്ല' എന്ന് പറഞ്ഞതിന് വിരുദ്ധമാകും. മറിച്ച് 3: 19 ൽ വിവരിച്ച പ്രകാരം മൊത്തം മനുഷ്യർക്ക് പ്രപഞ്ചനാഥൻ തൃപ്തിപ്പെട്ട അദ്ദിക്ർ സമർപ്പിക്കുന്ന ഏക ജീവിതവ്യവസ്ഥയായ ഇസ്ലാം അനുസരിച്ച് ഏതൊരു വിശ്വാസിക്കും ജീവിക്കാൻ അവസരമുണ്ടാകുന്നതുവരെ എന്നാണ്. നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ നാഥന്റെ മാർഗത്തിലുള്ള യുദ്ധമോ വധമോ ഇല്ല. എന്നാൽ അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ട ഇക്കാലത്ത് അതിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 9: 73 ൽ വിവരിച്ച പ്രകാരം അതിനെ തള്ളിപ്പറയുകയും മൂടിവെക്കുകയും ചെയ്യുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അത് കൊണ്ട് അധികരിച്ച ജിഹാദ് നടത്തേണ്ടതാണ്. മനുഷ്യരുടെ ഐക്യം രൂപപ്പെടുത്താൻ ശ്രമിക്കുകയും ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യാനും വാഴ്ത്താനും അവസരം ഒരുക്കുകയും ചെയ്യുക എന്നത് ചിന്താശക്തി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ്. ഇക്കാര്യം മനുഷ്യരെ ഉണർത്തുന്നതിന് വേണ്ടി 2: 62 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ജാതി-മത-ലിംഗ-വർണ-ഭാഷ-ദേശ ഭേദമന്യേ ലോകരിൽ എത്തിച്ചുകൊടുക്കൽ തന്നെയാണ് 22: 40; 47: 7; 61: 14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥനെ സഹായിക്കൽ. അതുതന്നെയാണ് നാഥന്റെ സഹായം തിരിച്ച് കിട്ടാനുള്ള മാർഗവും അദ്ദിക്റിന്റെ വഴിയിൽ ഉറച്ച് നിൽക്കാനുള്ള മാർഗവും. 1: 7; 2: 165-167; 8: 39-40; 48: 6 വിശദീകരണം നോക്കുക.

194. യുദ്ധം നിഷിദ്ധമായ മാസത്തിന് പകരം യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസം തന്നെ, പവിത്രമായ കാര്യങ്ങൾക്കുപകരം തത്തുല്യമായവ തന്നെ, അപ്പോൾ നിങ്ങളു

ടെ മേൽ അതിക്രമം കാണിച്ചവനോട് തത്തുല്യമായി നിങ്ങളും അതിക്രമം കാണിച്ചുകൊള്ളുക; നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിശ്ചയം അല്ലാഹു സൂക്ഷ്മാലുക്കളോടൊപ്പമാകുന്നു എന്ന് നിങ്ങൾ അറിയുകയും ചെയ്യുക.

ഹിജ്റ വർഷത്തിലെ ദുൽഖഅദ്, ദുൽഹജ്ജ്, മുഹറം എന്നീ മൂന്നുമാസങ്ങൾ ഹജ്ജിനുവേണ്ടിയും റജബ് മാസം ഉംറക്കുവേണ്ടിയും യുദ്ധം നിഷിദ്ധമായ മാസങ്ങളായി ഇബ്റാഹീം നബിയുടെ കാലം മുതൽ ആചരിച്ചുവന്നിരുന്നെങ്കിലും കാലക്രമേണ ഇബ്റാഹീം-ഇസ്മാഈൽ നബിമാരുടെ വഴിപിഴച്ചുപോയ സന്തതിപരമ്പരകളായ മക്കാമുശ്രിക്കുകൾ അവരുടെ ഇംഗിതങ്ങളനുസരിച്ച് മാസങ്ങളും ദിവസങ്ങളുമെല്ലാം മാറ്റിമറിച്ച് യുദ്ധം നിഷിദ്ധമായ മാസങ്ങളിൽ യുദ്ധം ചെയ്യുകയും കൊള്ള, കവർച്ച, പിടിച്ചുപറി തുടങ്ങിയ അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്തിരുന്നു. യുദ്ധം നിഷിദ്ധമായ മാസങ്ങളുടെ പവിത്രത ലംഘിച്ചുകൊണ്ട് മക്കാമുശ്രിക്കുകൾ യുദ്ധം ചെയ്യാൻ വരികയാണെങ്കിൽ വിശ്വാസികൾക്ക് അവർക്കെതിരിൽ യുദ്ധം ചെയ്യാൻ അനുവാദം നൽകിക്കൊണ്ട് അവതരിപ്പിക്കപ്പെട്ടതാണ് ഈ സൂക്തം.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ഒന്നും തന്നെയില്ല. മറിച്ച് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് ജാതി-മത-ലിംഗ-വർണ-ഭാഷ-ദേശ ഭേദമന്യേ എത്തിച്ചുകൊടുക്കുക വഴി ഒരാൾക്കും അവൻ ഏത് നാട്ടിൽ ഏത് കുടുംബത്തിൽ ഏത് ഗോത്രത്തിൽ ഏത് ജാതിയിൽ ഏത് മാതാപിതാക്കളിൽ ഏത് മതത്തിൽ ജനിക്കണമെന്ന് തെരഞ്ഞെടുക്കാനുള്ള അധികാരമോ അവകാശമോ ഇല്ല എന്നും അതുകൊണ്ട് തന്നെ അവയുടെ പേരിലുള്ള ശത്രുതയും വിദ്വേഷവും വിവേചനവുമെല്ലാം ഒഴിവാക്കി മാനുഷികൈക്യം രൂപപ്പെടുത്തുക എന്നത് മനുഷ്യന്റെ ബാധ്യതയാണ് എന്നും ഉണർത്തേണ്ടതാണ്. എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായ അദ്ദിക്റിനെ ആരാണോ മുറുകെപ്പിടിക്കുന്നത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 4: 174-175; 5: 48 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 7-10 ൽ വിവരിച്ച പ്രകാരം ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ 15: 44 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലെ ഏഴ് കവാടങ്ങളിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണ്. 2: 2 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സന്മാർഗമായി ഉപയോഗപ്പെടുത്തുന്നവരാണ് സൂക്ഷ്മാലുക്കൾ. 2: 3, 216-217; 5: 2, 97; 9: 36-37 വിശദീകരണം നോക്കുക.

195.നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക, നിങ്ങളുടെ കൈകളാൽ നിങ്ങളെ നാശത്തിലേക്ക് വലിച്ചെറിയാതിരിക്കുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരുമാകുവീൻ, നിശ്ചയം അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരെ ഇഷ്ടപ്പെടുന്നവനാകുന്നു.

അല്ലാഹുവിന്റെ മാർഗം 1: 5; 4: 68; 6: 126, 153 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ 'നേരെച്ചൊവ്വെയുള്ള പാത'യായ അദ്ദിക്ർ തന്നെയാണ്. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നതിന് യുദ്ധസാമഗ്രികളും വാഹനങ്ങളും മറ്റും വാങ്ങുന്നതിനുവേണ്ടി പണം ചെലവഴിക്കണമെന്നും അങ്ങനെ പണം ചെലവഴിക്കാതെ പിശുക്ക് കാണിച്ചാൽ യുദ്ധത്തിൽ ശത്രുക്കൾ നിങ്ങളെ അതിജയിക്കുമെന്നും അങ്ങനെ നിങ്ങൾ നിങ്ങളുടെ കരങ്ങളാൽ തന്നെ നശിക്കാനിടവരുമെന്നുമാണ് അന്ന് വിശ്വാസികളെ ഉണർത്തുന്നത്. ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്നത് കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളാ

ണ്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുക വഴി അവർ തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും അല്ലാഹുവിനെ വിസ്മരിച്ചവരും അതിനാൽ നാഥനാൽ വിസ്മരിക്കപ്പെട്ടവരും കൈകൾ ചുരുട്ടുന്ന പിശുക്കന്മാരുമാണ്. ശപിക്കപ്പെട്ട, കോപിക്കപ്പെട്ട, തെമ്മാടികളായ അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകക്കുണ്ഠാഗ്നിയുമാണ്. അവരിൽ ഏതൊരാളുടെയും മരണസമയത്ത് അവരുടെ ആത്മാവിനെതിരെ 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും അവർ വായിച്ചിട്ടുള്ളതാണ്. ഇന്ന് വിശ്വാസികളുടെ സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി 7: 205–206; 9: 60 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവന് നൽകപ്പെട്ട എല്ലാ അനുഗ്രഹങ്ങളും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്. അതോടൊപ്പം ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമം ലക്ഷ്യം വെച്ച് പരിമിതമായ ജലലഭ്യത ഉപയോഗപ്പെടുത്തി ജൈവകൃഷി ചെയ്യുന്നതിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലും മുഴുകേണ്ടതും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കേണ്ടതും സഹായിക്കേണ്ടതുമാണ്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ പ്രകാശത്തിൽ ഇവിടെ ചരിക്കുന്നവരാണ് *മുഹ്സിനീങ്ങൾ*. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 25: 34 ലും, അവരിൽ ഏതൊരാളുടെയും മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്.

64: 16 ൽ, അപ്പോൾ നിങ്ങൾക്ക് കഴിയുന്നത്ര നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക, നിങ്ങൾ അനുസരിക്കുകയും നിങ്ങളുടെ ആത്മാവിനുവേണ്ടി ഉത്തമമായിട്ടുള്ളത് ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുക, ആരാണോ തന്റെ ആത്മാവിന്റെ കുടുസ്സിൽ നിന്ന് മോചിതനാക്കപ്പെട്ടത്, അപ്പോൾ അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവരാവുക എന്ന് പറഞ്ഞിട്ടുണ്ട്. നിശ്ചയം അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരെ ഇഷ്ടപ്പെടുന്നവനാകുന്നു എന്ന് പറഞ്ഞുകൊണ്ടാണ് 5: 13 ഉം അവസാനിക്കുന്നത്. അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുക എന്നാൽ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ജീവിക്കുക എന്നാണ്. 4: 37–38; 6: 26; 10: 26 വിശദീകരണം നോക്കുക.

196.അല്ലാഹുവിനുവേണ്ടി നിങ്ങൾ ഹജ്ജും ഉംറയും പൂർത്തിയാക്കുക, ഇനി നിങ്ങൾ തടയപ്പെട്ടാൽ സാധ്യമായ ബലി നിർവ്വഹിക്കുക, ബലിമൃഗം അതിന്റെ സ്ഥാനത്ത് എത്തുന്നതുവരെ നിങ്ങൾ തല മുണ്ഡനം ചെയ്യരുത്, ഇനി നിങ്ങളിൽ നിന്ന് വല്ലവനും രോഗിയാവുകയോ തലയിൽ വല്ല ഉപദ്രവമുണ്ടാവുകയോ ചെയ്താൽ നോമ്പുകൊണ്ടോ ദാനം കൊണ്ടോ ബലി കൊണ്ടോ അതിന് പ്രായശ്ചിത്തം നൽകണം; നിങ്ങൾ നിർഭയരായ അവസ്ഥയിൽ നിങ്ങളിൽ ഒരാൾ ഉംറയിൽ നിന്ന് വിരമിച്ച് ഹജ്ജുവരെ സുഖമെടുക്കുന്ന പക്ഷം ബലിയിൽ നിന്ന് സാധ്യമായത് നൽകണം, ഇനി നിങ്ങളിൽ ബലിയർപ്പിക്കാൻ സാധിക്കാത്തവർ മൂന്നു ദിവസം ഹജ്ജിന്റെ നാളുകളിലും ഏഴുദിവസം വീട്ടിൽ തിരിച്ചെത്തിയ ശേഷവും വ്രതമനുഷ്ഠിച്ച് പത്ത് ദിവസം പൂർത്തിയാക്കണം, അത് മസ്ജിദുൽ ഹറമിന്റെ പരിസരവാസികളിൽ പെടാത്തവർക്കാണ്, നിങ്ങൾ

അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ അറിയുകയും ചെയ്യുക -നിശ്ചയം അ ല്ലാഹു കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാണ്.

ഈ സൂക്തം ഹജ്ജ്, ഉംറ എന്നീ കർമങ്ങളുടെ നിയമനിർദ്ദേശങ്ങൾ പഠിപ്പിക്കുന്നു. 10: 100 ൽ പറഞ്ഞ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒ രാളും വിശ്വാസിയാവുകയില്ല. വിശ്വാസിയാകാതെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, ദാ നധർമ്മങ്ങൾ തുടങ്ങിയവയൊന്നും സ്വീകരിക്കപ്പെടുകയുമില്ല എന്നുമാത്രമല്ല, 2: 186; 7: 8-9; 18: 103 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആത്മാവ് പങ്കെടുക്കാതെ ഇത്ത രം കർമങ്ങൾ ചെയ്തതിന് പിഴയായി 25: 34, 65-66; 33: 72-73; 48: 6; 98: 6 തുടങ്ങിയ സൂ ക്തങ്ങളിൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠമാണ് ലഭിക്കുക. താമസിയാതെ അവസാന ത്തെ *ഖലീഫ*യായ *മഹ്ദി*യുടെ ആഗമനം *ഇജാസി*ൽ പ്രഖ്യാപിക്കുന്നതാണ്. *അതോടു കൂടി 'പാമ്പ് മാളത്തിലേക്ക് ഉൾവലിയുന്നതുപോലെ ലോകത്തെല്ലായിടത്തുമുള്ള വിശ്വാ സികൾ ഇജാസിലേക്ക് ഉൾവലിയും'* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് സത്യപ്പെട്ടുകൊണ്ട് ലോകത്തെല്ലായിടത്തുമുള്ള ജനവിഭാഗങ്ങളിൽ നിന്നു ള്ള വിശ്വാസി-വിശ്വാസിനികൾ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ഇജാ സിലേക്ക് വേർതിരിക്കപ്പെടുന്നതാണ്. ശേഷം 9: 28, 95 സൂക്തങ്ങളിൽ മാലിന്യമെന്ന് വി ശേഷിപ്പിക്കപ്പെട്ട കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അ ടങ്ങിയ ഫുജ്ജാറുകൾ അവിടെ നിന്നും പുറത്താക്കപ്പെടുന്നതും അത്തരക്കാർക്ക് ഇജാ സിലേക്ക് പ്രവേശനം വിലക്കപ്പെടുന്നതുമാണ്. 2: 211; 8: 13, 25; 59: 4, 7 തുടങ്ങിയ സൂക്ത ങ്ങളും 'നിശ്ചയം അല്ലാഹു അതികഠിനമായി ശിക്ഷിക്കുന്നവനാണ്' എന്ന് പറഞ്ഞുകൊ ണ്ടാണ് അവസാനിക്കുന്നത്. 2: 66, 174-175; 3: 96-97; 22: 29 വിശദീകരണം നോക്കുക.

197.ഹജ്ജ് അറിയപ്പെട്ട ചില മാസങ്ങളിലാണ്, അപ്പോൾ ആരെങ്കിലും ആ മാസങ്ങ ളിൽ ഹജ്ജിനുവേണ്ടി തീരുമാനിച്ചാൽ ഹജ്ജ് വേളയിൽ സ്ത്രീ സംസർഗമോ കാപട്യമോ തർക്കകോലാഹലങ്ങളോ നടത്താൻ പാടില്ല, നന്മയിൽ നിന്ന് നി ങ്ങൾ എന്തൊന്ന് പ്രവർത്തിച്ചാലും അത് അല്ലാഹു അറിയുന്നു, നിങ്ങൾ സൗകര്യ ങ്ങളും പാഥേയങ്ങളും വർദ്ധിപ്പിക്കുക, ഏറ്റവും ഉത്തമമായ പാഥേയം അല്ലാഹു വിനെ ഹൃദയത്തിൽ സൂക്ഷിക്കലാണ്; ഓ ബുദ്ധിമാന്മാരേ, നിങ്ങൾ എന്നെ സൂക്ഷിക്കുന്നവരാവുക!

3: 102 ൽ വിവരിച്ച പ്രകാരം ഹൃദയത്തിൽ കുടികൊള്ളുന്ന ആത്മാവിന്റെ ജിന്നുകൂ ട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിമാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് ബുദ്ധിമാന്മാർ. അവർക്ക് മാത്രമേ സർവസ്വം നാഥന് സമർപ്പിച്ച മു സ്ലിംകളായി മരണപ്പെടാൻ സാധിക്കുകയുള്ളൂ. ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് അർ ഹതയില്ലാതെ വാദിക്കുന്നവരാണെങ്കിലും എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്റിനെ സന്മാർഗവും ശുഭവാർത്താദായകവും കാരുണ്യവുമായി ഉപയോഗപ്പെടു ത്താത്തതിനാൽ കാഫിറായ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ചിന്താശക്തി ഉപ യോഗപ്പെടുത്താത്ത ഭ്രാന്തന്മാരാണ്. പ്രകാശമായ അദ്ദിക്ർ കൊണ്ട് എല്ലാ നടത്തങ്ങളി ലും ഇരുത്തങ്ങളിലും കിടപ്പുകളിലും നാഥനെ സ്മരിച്ചുകൊണ്ട് 3: 190-191 സൂക്തങ്ങ ളിൽ വിവരിച്ച പ്രകാരം നിലകൊള്ളുന്നവരാണ് ബുദ്ധിമാന്മാർ. ചിന്താശക്തി ഉപയോഗ പ്പെടുത്താത്തവരും അദ്ദിക്ർ കേൾക്കാനോ വായിക്കാനോ തയ്യാറാകാത്തവരും അതിന്റെ 40 പേരുകളെക്കുറിച്ചുപോലും ലോകരെ ഉണർത്താത്തവരുമായ ബധിരരും അന്ധരും ഊമരുമായ ഫുജ്ജാറുകൾ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും

ദുഷിച്ചവരാണെന്ന് 8: 22 ൽ വിശേഷിപ്പിച്ചിട്ടുണ്ട്. ഓ ബുദ്ധിമാന്മാരേ, നിങ്ങൾ എന്നെ സൂക്ഷിക്കുന്നവരാവുക എന്ന ആശയത്തിൽ അവസാനിക്കുന്ന ഏകസൂക്തമാണിത്. 2: 107, 152; 7: 26, 37 വിശദീകരണം നോക്കുക.

198.നിങ്ങളുടെ നാഥനിൽ നിന്നുള്ള അനുഗ്രഹം തേടൽ നിങ്ങൾക്ക് വിരോധമില്ല, അങ്ങനെ അറഫയിൽ നിന്ന് വിരമിച്ചാൽ മശ്അറുൽ ഹറമിന്റെ അടുത്തുവെച്ച് നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക, നിങ്ങളെ മാർഗദർശനം ചെയ്തതു പോലെ നിങ്ങൾ അവനെ സ്മരിക്കുകയും ചെയ്യുവീൻ, അതിനുമുമ്പ് നിങ്ങൾ വഴികേടിൽ തന്നെയായിരുന്നുവല്ലോ!

നാഥനിൽ നിന്നുള്ള ഗ്രന്ഥം ലഭിക്കുന്നതിനുമുമ്പ് പ്രവാചകന്റെ അനുയായികൾ വ്യക്തമായ വഴികേടിലായിരുന്നു എന്നും, യുക്തിനിർഭരഗ്രന്ഥമായ അദ്ദിക്ർ മനസ്സിലാവുക അറബി അറിയാത്ത നിരക്ഷരർക്കാണ് എന്നും അജയ്യനും യുക്തിജ്ഞനുമായ നാഥൻ 62: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയവരാണ് എന്ന് 56: 82 ൽ പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകൾ എന്ന് 83: 34, 36 സൂക്തങ്ങളിലും; നിശ്ചയം തങ്ങളുടെ വിശ്വാസത്തിന് ശേഷം കാഫിറുകളാവുകയും പിന്നെ നിഷേധം വർദ്ധിക്കുകയും ചെയ്തവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയില്ല, അക്കൂട്ടർ തന്നെയാണ് വഴിപിഴച്ചവർ എന്ന് 3: 90 ലും; നിശ്ചയം നിഷേധത്തിനുമേൽ നിഷേധത്തോടുകൂടി മരണപ്പെട്ട അത്തരം കുഫ്ഫാറുകൾക്ക് ഭൂമി നിറയെ സ്വർണം കിട്ടി അതുകൊണ്ട് തെണ്ടം ചെയ്താലും അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല എന്ന് 3: 91 ലും പറഞ്ഞിട്ടുണ്ട്. 1: 7; 2: 39, 110; 7: 43 വിശദീകരണം നോക്കുക.

199.പിന്നെ നിങ്ങൾ ജനങ്ങൾ വിരമിക്കുന്നിടത്തുനിന്ന് വിരമിക്കുകയും നിങ്ങൾ അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും ചെയ്യുവീൻ, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു!

200.അങ്ങനെ നിങ്ങൾ നിങ്ങളുടെ അനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പിതാമഹന്മാരെ സ്മരിച്ചിരുന്നതുപോലെ അല്ലെങ്കിൽ അതിലുപരിയായുള്ള സ്മരിക്കൽ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യുവീൻ, അപ്പോൾ ജനങ്ങളിൽ 'ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഭൗതിക വിഭവങ്ങൾ നൽകേണമേ' എന്ന് പ്രാർത്ഥിക്കുന്ന ചിലരുണ്ട്, അവന് പരലോകത്ത് യാതൊരു വിഹിതവുമില്ല.

201.ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹത്തിൽ നീ നന്മ നൽകിയാലും, പരത്തിലും നന്മ നൽകിയാലും, ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാത്തുരക്ഷിച്ചാലും എന്ന് പ്രാർത്ഥിക്കുന്നവരും അവരിലുണ്ട്.

202.അക്കൂട്ടർക്ക് അവർ സമ്പാദിച്ച വിഹിതമുണ്ട്, അല്ലാഹുവാകട്ടെ അതിവേഗം കണക്കുനോക്കുന്നവൻ തന്നെയാകുന്നു.

ജാഹിലിയ്യാകാലത്ത് ഹജ്ജ് സമയങ്ങളിൽ പൂർവ്വപിതാക്കളുടെ മഹിമ എടുത്തുദ്ധരിക്കുകയും അവരെ പാടിപ്പുകഴ്ത്തുകയും ചെയ്തിരുന്നു. ഇനി മുതൽ അത് പാടില്ലെന്നും അല്ലാഹുവിനെയാണ് ഓർക്കേണ്ടതെന്നും വാഴ്ത്തേണ്ടതെന്നും അവരവരുടെ പതിനഞ്ച് വയസ്സിനുശേഷമുള്ള ജീവിതരംഗങ്ങളെല്ലാം അയവിറക്കിക്കൊണ്ട് അല്ലാഹുവിനോട് ഏറ്റു പറഞ്ഞ് അതെല്ലാം പൊറുത്തുതരുവാൻ അപേക്ഷിക്കണമെന്നും കൽപിക്കുന്നു. അദ്ദിക്ർ

സമർപ്പിക്കുന്ന നാഥനെ മനസ്സിലാക്കിയവർക്ക് മാത്രമേ നാഥനെ സ്മരിച്ച് നിലകൊള്ളാൻ സാധിക്കുകയുള്ളൂ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് നാഥനെ സ്മരിക്കുകയും വാഴ്ത്തുകയും ചെയ്യേണ്ട രീതി 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. എല്ലാ ജീവജാലങ്ങളും ആത്മാവുകൊണ്ട് നാഥനെ വാഴ്ത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നിരിക്കെ അവയുടെ വാഴ്ത്തലും പരിശുദ്ധപ്പെടുത്തലും നിലനിർത്തുന്നതിന് വേണ്ടി പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകർക്ക് എത്തിച്ച് 22: 40; 47: 7; 61: 14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ നാഥനെ സഹായിക്കലാണ് ഇന്ന് പരമപ്രധാനം.

14: 2-3 സൂക്തങ്ങളിൽ, കാഫിറുകൾക്ക് അതികഠിനമായ ശിക്ഷയിൽ നിന്നുള്ള 'വൈൽ' എന്ന ചെരുവാണുള്ളത്; അവർ പരലോകത്തിനുമേൽ ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നവരും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വക്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്, അക്കൂട്ടർ വിദൂരമായ വഴികേടിലാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികൾ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമാക്കി മാറ്റിമറിച്ച് തങ്ങളുടെ കെട്ടജനതക്ക് നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുത്തിട്ടുണ്ടെന്ന് 14: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ് ഇഹലോകത്തിനു വേണ്ടി മാത്രം പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യുക. ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികളാവട്ടെ, പരലോക ജീവിതവിജയം ലക്ഷ്യം വെച്ചുകൊണ്ട് ഇഹലോക ജീവിതം അദ്ദിക്റിന്റെ വെളിച്ചത്തിൽ ചിട്ടപ്പെടുത്തുന്നവരും ഗ്രന്ഥത്തിൽ നിന്ന് നരകം കണ്ട് ഇവിടെ വെച്ചുതന്നെ അതിനെ തടയുന്നവരുമാണ്. സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെ വെച്ച് സമ്പാദിക്കുന്നതാണെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. 42: 20 ൽ, ആരാണോ പരലോകത്തെ വിളവ് ഉദ്ദേശിച്ചുകൊണ്ട് പ്രവർത്തിച്ചത്, അവന് അവന്റെ വിളവ് നാം വർദ്ധിപ്പിച്ച് കൊടുക്കുന്നതാണ്; ആരാണോ ഇഹലോകത്തെ വിളവ് ഉദ്ദേശിച്ചു കൊണ്ട് പ്രവർത്തിച്ചത്, അവന് നാം അതിൽ നിന്നും കൊടുക്കുന്നതാണ്, അവന് പരലോകത്ത് യാതൊരു വിഹിതവും ഉണ്ടാവുകയുമില്ല എന്നും പറഞ്ഞിട്ടുണ്ട്. ആരാണോ ധൃതിയിൽ ഐഹികനേട്ടം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നത്, അവരിൽ അല്ലാഹു ഉദ്ദേശിച്ചവർക്ക് അവൻ ഉദ്ദേശിക്കുന്ന വിധത്തിൽ ആ നേട്ടം ഒരുക്കിക്കൊടുക്കുകയും മരണത്തോടുകൂടി കാരുണ്യം വിലക്കപ്പെട്ടവനും നിന്ദ്യനുമായിക്കൊണ്ട് നരകത്തിൽ എറിയപ്പെടുന്നതാണ് എന്ന് 17: 18 ലും; ആരാണോ വിശ്വാസിയായിക്കൊണ്ട് പരലോകത്തെ ഉദ്ദേശിച്ച് പ്രവർത്തിക്കുന്നത്, അക്കൂട്ടരുടെ പ്രവർത്തനങ്ങൾ വിലമതിക്കുക തന്നെ ചെയ്യുമെന്ന് 17: 19 ലും പറഞ്ഞിട്ടുണ്ട്. ആരാണോ ഭൗതികജീവിതവും അതിലെ അലങ്കാരവും ഉദ്ദേശിച്ചത്, അവർക്ക് അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ നാം അനുമതി കൊടുക്കും, അവർക്ക് അതിൽ ഞാൻ യാതൊരു കുറവും വരുത്തുകയില്ല എന്ന് 11: 15 ലും; അക്കൂട്ടർക്ക് പരലോകത്ത് നരകമല്ലാതെ ഇല്ല എന്നും ഇവിടെ അവർ ഉത്പാദിപ്പിച്ചതെല്ലാം മിഥ്യയായിത്തീരുകയും അവർ പ്രവർത്തിച്ചിരുന്നതെല്ലാം നിഷ്ഫലമാവുകയും ചെയ്തിരിക്കുന്നു എന്നും 11: 16 ലും പറഞ്ഞിട്ടുണ്ട്. ഈ സൂക്തങ്ങളുടെയെല്ലാം വിശദീകരണമായി: *ഐഹികലോകം പരലോകത്തേക്കുള്ള കൃഷിയിടമാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി മാത്രമേ അത് അംഗീകരിച്ച് പ്രവർത്തിക്കുകയുള്ളൂ. അതുകൊണ്ട് വിശ്വാസി ഏതൊരു കാര്യവും പ്രവർത്തിക്കേണ്ടത് പരലോകം ലക്ഷ്യം

വെച്ചുകൊണ്ട് ഗ്രന്ഥത്തിന്റെ വെളിച്ചത്തിലായിരിക്കണം. 6: 62 അവസാനിക്കുന്നത്, അ ല്ലാഹുവാകട്ടെ അതിവേഗം കണക്കുനോക്കുന്നവൻ തന്നെയാണ് എന്ന് പറഞ്ഞുകൊ ണ്ടാണ്. നിഷ്പക്ഷവാനായ നാഥൻ വിധിദിവസം ഓരോരുത്തരുടെയും പ്രവർത്തനത്തെ ക്കുറിച്ച് വിവരം പറയുകയില്ല, മറിച്ച് 17: 13–14; 18: 49; 23: 62–64; 45: 28–29; 36: 12; 58: 6; 78: 28–29 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ ബന്ധി ച്ചിട്ടുള്ള കർമരേഖ തുറന്ന പുസ്തകമായി എടുത്തുകൊടുത്ത് 'നീ നിന്റെ ഗ്രന്ഥം വായി ക്കുക, ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായവനാകുന്നു' എന്ന് പറയുകയാണ് ചെയ്യുക. വിശ്വാസി മാത്രമേ പ്രസ്തുത ബോധത്തിൽ നിലകൊ ള്ളുകയുള്ളൂ. ഈ ബോധമില്ലാതെ ഇവിടെ ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർ പ്രസ്തുത കർമരേഖ വായിക്കുമ്പോൾ അതിലുള്ളത് കണ്ട് കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ വിവരിച്ചിട്ടുണ്ട്. 2: 186 ൽ പ്രാർത്ഥനക്ക് ഉത്തരം ലഭി ക്കാനും കർമങ്ങൾ സ്വീകരിക്കപ്പെടാനും രണ്ട് ഉപാധികൾ പറഞ്ഞിട്ടുണ്ട്. സത്യമായ അ ദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ മിഥ്യയാണ് പിൻ പറ്റുന്നത് എന്നതിനാൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന ദിവസം 7: 8–9; 40: 78 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മിഥ്യാവാദികളായ അവരുടെ കർമങ്ങൾക്ക് ത്രാ സിൽ തൂക്കം ലഭിക്കാതെ അവർ എല്ലാം നഷ്ടപ്പെട്ടവരാകുന്നതാണ്. 2: 254; 4: 85; 47: 7–9 വിശദീകരണം നോക്കുക.

203.നിങ്ങൾ എണ്ണപ്പെട്ട നാളുകളിൽ അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യുവീൻ, ആരെങ്കിലും ധൃതിപ്പെട്ട് രണ്ട് നാളുകളിലായി ചുരുക്കുകയാണെങ്കിൽ അപ്പോൾ അവന്റേമേൽ കുറ്റമൊന്നുമില്ല, വല്ലവനും പിന്തിക്കുകയാണെങ്കിൽ അപ്പോൾ അവന്റെ മേലിലും കുറ്റമില്ല -അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ടായിരിക്കണമെ ന്നുമാത്രം, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിശ്ചയം നിങ്ങൾ അവ നിലേക്കാണ് പുനർജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുക എന്ന് അറിയുകയും ചെ യ്യുവീൻ!

എണ്ണപ്പെട്ട നാളുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് ഹജ്ജിനോടനുബന്ധിച്ച് മീനായിൽ രാപ്പാർക്കേണ്ട മൂന്ന് ദിവസങ്ങളാണ്. വല്ലവനും ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങളു ണ്ടെങ്കിൽ രണ്ട് ദിവസം രാപ്പാർക്കുകയും ആവശ്യങ്ങളില്ലെങ്കിൽ മൂന്നുദിവസം തന്നെ രാപ്പാർക്കുകയുമാണ് വേണ്ടതെന്നും പഠിപ്പിക്കുന്നു -നാലാം ഘട്ടമായ ഐഹികലോകത്തെ ഓരോ നിമിഷത്തെക്കുറിച്ചും വിധിദിവസം അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയണമെ ന്ന ബോധത്തോടെയായിരിക്കണമെന്ന് മാത്രം. ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർ ആനിൽ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ അവർ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാ ചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കു ന്നവരുമാണ്. 11: 18–19 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഗ്രന്ഥം സമർപ്പിക്കുന്ന വിധം പ രലോകം കൊണ്ട് വിശ്വസിക്കാത്ത ഇത്തരം അക്രമികൾ അവരെയും ജനങ്ങളെയും അ ദ്ദിക്റിനെത്തൊട്ട് തടയുന്നവരായതിനാൽ സാക്ഷിയായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ വിധിദിവസം അവർക്കെതിരായി 'അവർ അല്ലാഹുവിനെക്കു റിച്ച് കള്ളം കെട്ടിച്ചമച്ച് പറയുന്നവരായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 2: 18 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദി ക്റിനെത്തൊട്ട് അന്ധരും ബധിരരും ഊമരുമായതിനാൽ നേരെച്ചൊവ്വെയുള്ള പാതയി

ലേക്കോ സ്വർഗത്തിലേക്കോ തിരിച്ചുവരികയില്ല. 1: 1, 3; 2: 80, 155–157 വിശദീകരണം നോക്കുക.

204.ഐഹിക ജീവിതത്തിൽ, അവരുടെ വാക്കുകൾ നിന്നെ അത്ഭുതപ്പെടുത്തുന്ന ചിലരും മനുഷ്യരിലുണ്ട്, അവന്റെ ഹൃദയത്തിലുള്ളതിനെക്കുറിച്ച് അവൻ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു, അവനാണ് ഏറ്റവും വലിയ കുതർക്കിയായ ശത്രു!

ഹൃദയത്തിൽ അദ്ദിക്റിനോട് വിരോധം വെക്കുക വഴി അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളായ കപടവിശ്വാസികളാണ് അവർ. അവർ ഹൃദയത്തിലില്ലാത്തത് പറയുന്നവരും പറയുന്നത് പ്രവർത്തിക്കാത്തവരും അവർ പറയുന്ന കളവിന് അല്ലാഹുവിൽ ആണയിട്ട് സാക്ഷ്യം വഹിക്കുന്നവരുമാണ്. 2: 6–7 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളുടെ ഹൃദയത്തിനും കണ്ണിനും കേൾവിക്കും അല്ലാഹു മൂടിയിട്ടതുകാരണം അവരെ മുന്നറിയിപ്പ് നൽകിയാലും അവർ വിശ്വാസികളാവുകയില്ല. 2: 8–9, 44; 10: 33 വിശദീകരണം നോക്കുക.

205.അവന് അധികാരം കിട്ടിയാൽ ഭൂമിയിൽ നാശമുണ്ടാക്കുന്നതിന് വേണ്ടിയും അതിലെ വിളവുകളെയും മനുഷ്യവംശത്തെയും നശിപ്പിക്കാൻ ഉദ്ദേശ്യം വെച്ചുകൊണ്ടും അവൻ ഓടി നടക്കുന്നതാണ്, നശീകരണമാകട്ടെ അല്ലാഹു ഇഷ്ടപ്പെടുന്നുമില്ല.

206.അല്ലാഹുവിനെ സൂക്ഷിക്കുക എന്ന് അവനോട് പറയപ്പെട്ടാൽ അവനെ അഹന്ത പിടിപെട്ട് അവൻ കൂടുതൽ തെറ്റുകളിൽ മുഴുകുകയായി, അപ്പോൾ അവന് നരകക്കുണ്ഠം മതി –എത്ര മോശപ്പെട്ട തൊട്ടിലുകൾ!

കപടവിശ്വാസികൾക്ക് അധികാരം ലഭിച്ചാൽ അവർ സ്വവർഗരതി, വ്യഭിചാരം, തീവ്രവാദം, രക്തച്ചൊരിച്ചിൽ തുടങ്ങി പ്രകൃതിക്ക് വിരുദ്ധമായ, 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നതും അതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. അതുപോലെ പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥ തകർക്കുന്ന വിധം ഭൂമിയുടെ ആണികളായ പർവതങ്ങൾ പൊടിച്ച് കൃഷിഭൂമി നിരത്തി അതിൽ വൻകെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്നതും അങ്ങനെ ചെയ്യുന്നതിന് എല്ലാവിധ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതുമാണ്. 29 കള്ളവാദികളെ പിൻപറ്റി 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന അവർ അന്ത്യനാളിനെ വിദൂരമായി കാണുന്നവരും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ നിലനിൽപ്പ് മുൻനിർത്തി ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയോ ജൈവകൃഷിയിലേർപ്പെടുകയോ ചെയ്യാത്തവരുമാണ്. ജനത നശീകരണ പ്രവർത്തനങ്ങളിൽ മുഴുകുന്നത് കണ്ടാലും അവർ അതിനെ ന്യായീകരിക്കുകയോ അല്ലെങ്കിൽ മൗനം പാലിക്കുകയോ ചെയ്യുന്നവരാണ്. അവരുടെ അനുയായികൾ വർഗീയതയിലും സംഘടനാ പക്ഷപാതത്തിലും രക്തച്ചൊരിച്ചിലിലും മറ്റും ഏർപ്പെടുന്നത് കണ്ടാലും അതിനെ തടയുകയോ അവരെ ഉപദേശിച്ച് അതിൽ നിന്ന് പിന്തിരിപ്പിക്കുകയോ ചെയ്ത് മാനുഷികഐക്യം രൂപപ്പെടുത്താൻ ശ്രമിക്കുകയില്ല. മാത്രമല്ല, ഐഹികനേട്ടവും രാഷ്ട്രീയാധികാരവും ആഗ്രഹിച്ച് അനുയായികളുടെ എണ്ണം വർദ്ധിപ്പിക്കാനും ഭൂരിപക്ഷത്തിൽ പ്രതാപം അന്വേഷിക്കാനുമാണ് അവർ ശ്രമിക്കുക. അതുകൊണ്ടുതന്നെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾ പ്രപഞ്ചത്തിൽ എവിടെയെങ്കിലും കാലാവസ്ഥാ വ്യതിയാനം, ജലക്ഷാമം, ഭക്ഷണദൗർലഭ്യം, മഹാമാരികൾ തുടങ്ങിയവ മുഖേന എന്ത് ബുദ്ധിമുട്ട് നേരിടേണ്ടിവന്നാലും 6: 26; 20: 99–101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇത്തരം ക

പടവിശ്വാസികളും അവരുടെ അനുയായികളുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഇതിന്റെയെല്ലാം പാപഭാരം വഹിച്ച് നരകത്തിൽ കഴിയേണ്ടി വരിക. അവരിലെ കപടവിശ്വാസികൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകക്കുണ്ഠത്തിൽ പോകുന്നവരാണെങ്കിൽ അനുയായികൾ 39: 71 പ്രകാരം വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിലേക്ക് പോകുന്നവരാണ്. പരലോകത്തിൽ വിശ്വാസമില്ലാത്ത ഇത്തരം കപടവിശ്വാസികൾക്ക് അല്ലാഹുവിനേക്കാൾ ഭയം അവരുടെ തനിനിറം ജനമധ്യത്തിൽ തുറന്നുകാണിക്കുന്ന വിശ്വാസികളെയാണ് എന്ന് 59: 13 ൽ പറഞ്ഞിട്ടുണ്ട്. 2: 11–12, 99; 3: 196–197; 4: 63–64 വിശദീകരണം നോക്കുക.

207.അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചുകൊണ്ട് സ്വന്തത്തെ അല്ലാഹുവിനുവേണ്ടി വിറ്റവരും മനുഷ്യരിലുണ്ട്, അല്ലാഹു അടിമകളോട് ഏറ്റവും കൃപയുള്ളവനുമാണ്.

ഇന്ന് വിശ്വാസികളുടെ സംഘം ലോകത്തൊരിടത്തും ഇല്ല. സാക്ഷിയായ അദ്ദിക്ർ പിൻപറ്റുന്ന ഒറ്റപ്പെട്ട വിശ്വാസി അല്ലാഹുവിനെ മാത്രം സേവിക്കുന്ന അവന്റെ പ്രതിനിധിയും 2: 143 ൽ വിവരിച്ച പ്രകാരം അദ്ദിക്റിന്റെ സ്വഭാവത്തിൽ അവന്റെ ജീവിതം ക്രമപ്പെടുത്തുന്നവനുമാണ്. ആയിരം സമുദായങ്ങളിൽ പെട്ട ജീവികളെ ഒറ്റ ആത്മാവിൽ നിന്നും ആണിന്റെയും പെണ്ണിന്റെയും മിശ്രിതമായ ബീജത്തിൽ നിന്നും ഇണകളായി സൃഷ്ടിച്ചവനാണ് പ്രപഞ്ചനാഥൻ. മനുഷ്യന്റെ ആത്മാവിന് നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള ഉപകരണമായ അദ്ദിക്ർ പഠിപ്പിക്കുക വഴി നാഥൻ നിഷ്പക്ഷവാനാണ്. എന്നാൽ വിശ്വാസി മാത്രമേ നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുകയുള്ളൂ. ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ് അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം മുൻനിർത്തി നന്മ പ്രവർത്തിക്കാൻ മനുഷ്യരെ ഉണർത്തൽ. 3: 79–80 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളുന്ന വിശ്വാസി ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാതെയും നാഥന്റെ മാത്രം തൃപ്തി കാംക്ഷിച്ചുകൊണ്ടും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമത്തിന് വേണ്ടി പ്രയത്നിക്കുന്നതാണ്. പരലോകത്തിന് പ്രാധാന്യം കൊടുക്കുന്ന അത്തരം വിശ്വാസിക്ക് സ്വാർത്ഥത, സ്വജനപക്ഷപാതം, സാമുദായികത, വംശീയത, ലിംഗപക്ഷപാതം, വർണ്ണവിവേചനം, വർഗീയത, ജാതിവിവേചനം തുടങ്ങിയ ദുർഗുണങ്ങളൊന്നും തന്നെ ഉണ്ടാവുകയില്ല. ഇത്തരം അടിമകളുടെ പ്രവർത്തനം വിലമതിക്കുന്ന കൃപാലുവാണ് അല്ലാഹു. 59: 18 ൽ വിശ്വാസികളെ വിളിച്ച് 'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, ഓരോ ആത്മാവും നാളേക്കുവേണ്ടി എന്താണ് ഒരുക്കിവെച്ചിട്ടുള്ളത് എന്ന് നിങ്ങൾ നോക്കിക്കാണുകയും നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ! നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവൻ തന്നെയാകുന്നു' എന്നും; 64: 16 ൽ, അപ്പോൾ നിങ്ങൾക്ക് കഴിയുന്നത്ര നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക, നിങ്ങൾ അനുസരിക്കുകയും നിങ്ങളുടെ ആത്മാവിനുവേണ്ടി ഉത്തമമായിട്ടുള്ളത് ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുക, ആരാണോ തന്റെ ആത്മാവിന്റെ കുടുസ്സിൽ നിന്ന് മോചിതനായത്, അപ്പോൾ അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവരാവുക എന്നും പറഞ്ഞിട്ടുണ്ട്.

കാഫിറുകൾക്ക് പരലോകത്ത് നരകമായതിനാൽ അവർക്ക് ഇവിടെ ജീവിതം സുഖകരമാക്കിക്കൊടുത്തിരിക്കുകയാണ്. 10: 11–12 സൂക്തങ്ങളിൽ, ഇഹലോകത്ത് മനുഷ്യർ നേട്ടങ്ങൾക്കുവേണ്ടി ധൃതി കാണിക്കുന്നതുപോലെ അവർക്ക് തിന്മ വരുത്തുന്നതിൽ അ

ല്ലാഹുവും ധൃതി കാണിച്ചിരുന്നുവെങ്കിൽ അവരുടെ അവധി എന്നോ അവസാനിപ്പിക്കുമായിരുന്നു, അപ്പോൾ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരെ അവരുടെ ധിക്കാരത്തിൽ ലക്ഷ്യബോധമില്ലാതെ വിഹരിക്കുന്നതിന് നാം അഴിച്ച് വിട്ടിരിക്കുകയുമാണ് എന്നും; മനുഷ്യനെ ഒരു ദുരിതം ബാധിച്ചാൽ കിടന്നുകൊണ്ടും ഇരുന്നുകൊണ്ടും നിന്നുകൊണ്ടും അവൻ നമ്മോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും, അപ്പോൾ നാം അവനെത്തൊട്ട് അവന്റെ ദുരിതം നീക്കിക്കളഞ്ഞാലോ, അവനെ ബാധിച്ച ഒരു ദുരിതത്തിലും ഒരിക്കലും നമ്മോട് പ്രാർത്ഥിച്ചിട്ടേയില്ല എന്നമട്ടിൽ നടക്കുകയായി, അപ്രകാരം അതിരുകവിയുന്നവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. 16: 47 അവസാനിക്കുന്നത് 'അപ്പോൾ നിശ്ചയം നിങ്ങളുടെ നാഥൻ ഏറെ കൃപാലുവായ കാരുണ്യവാൻ തന്നെയാകുന്നു' എന്ന് പറഞ്ഞുകൊണ്ടും 3: 30 അവസാനിക്കുന്നത് 'അല്ലാഹു അവന്റെ അടിമകളോട് ഏറ്റവും കൃപയുള്ളവനാണ്' എന്ന് പറഞ്ഞുകൊണ്ടുമാണ്. വിശ്വാസികൾ 'ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും വിശ്വാസം കൊണ്ട് മുൻകടന്ന ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, വിശ്വാസികളായവരുടെ മേൽ ഞങ്ങളുടെ ഹൃദയങ്ങളിൽ പകയും വിദ്വേഷവും ഉണ്ടാക്കരുതേ; ഞങ്ങളുടെ നാഥാ! നിശ്ചയം നീ കൃപാലുവായ കാരുണ്യവാൻ തന്നെയാകുന്നു' എന്ന് പ്രാർത്ഥിക്കുമെന്ന് 59: 10 ൽ പറഞ്ഞിട്ടുണ്ട്. 2: 62; 9: 71–72, 100; 48: 29 വിശദീകരണം നോക്കുക.

208.ഓ, വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ ഇസ്ലാമിൽ പരിപൂർണ്ണമായി പ്രവേശിച്ചുകൊള്ളുക, പിശാചിന്റെ കാൽപ്പാടുകൾ നിങ്ങൾ പിൻപറ്റുകയുമരുത്, നിശ്ചയം അവൻ നിങ്ങൾക്ക് വ്യക്തമായ ശത്രു തന്നെയാകുന്നു.

209.നിങ്ങൾക്ക് വ്യക്തമായ വെളിപാടുകൾ വന്നുകിട്ടിയ ശേഷവും നിങ്ങൾ തെന്നിപ്പോവുകയാണെങ്കിൽ അപ്പോൾ നിങ്ങൾ അറിയുക: നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞനാകുന്നു.

ഞാനില്ല, എന്റേതൊന്നുമില്ല എന്ന് മനസാ-വാചാ-കർമ്മണാ അംഗീകരിച്ച് സർവ്വസ്വം നാഥന് സമർപ്പിച്ച് നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും 'അല്ലാഹ്' എന്ന സ്മരണ നിലനിർത്തി, അല്ലാഹുവിന്റെ പ്രതിനിധികളായിക്കൊണ്ട് ജീവിക്കുകയാണ് ഇസ്ലാമിൽ പരിപൂർണ്ണമായി പ്രവേശിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയായതിനുശേഷം അതിന്റെ മൊത്തം വിധിവിലക്കുകൾ പിൻപറ്റുമ്പോൾ മാത്രമേ പരിപൂർണ്ണമായി ഇസ്ലാമിൽ പ്രവേശിക്കുകയുള്ളൂ. അത്തരം വിശ്വാസി വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് ഇവിടെ വെച്ചുതന്നെ വിധികൽപിക്കുന്നതാണ്. അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ മാത്രമേ 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സർവസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ (മുസ്ലിമായി) മരണപ്പെടുകയുള്ളൂ. അല്ലാത്ത ഫുജ്ജാറുകളെല്ലാം 7: 37 ൽ വിവരിച്ച പ്രകാരം ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചാണ് മരണപ്പെടുക. 33: 35 ൽ, നിശ്ചയം, സർവസ്വം അല്ലാഹുവിന് സമർപ്പിച്ച് ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളും വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന പുരുഷന്മാരും സ്ത്രീകളും ക്ഷമാലുക്കളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ഭയപ്പെടുന്ന പുരുഷന്മാരും സ്ത്രീകളും ദാനധർമ്മങ്ങൾ ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ സൂക്ഷിക്കു

ന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും, അവർക്കെല്ലാം അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട് എന്നും; 98: 7–8 സൂക്തങ്ങളിൽ, നിശ്ചയം വിശ്വാസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുമുണ്ടല്ലോ, അക്കൂട്ടർ തന്നെയാകുന്നു കരയിലെ ഏറ്റവും ഉത്തമരായ ജീവികൾ. അവർക്ക് തങ്ങളുടെ നാഥന്റെ പക്കലുള്ള പ്രതിഫലം താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന നിത്യാനുഗ്രഹ സ്വർഗപ്പൂന്തോപ്പുകളാണ്, അവർ അതിൽ എന്നെന്നും നിത്യവാസികളാണ്, അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അതുതന്നെയാണ് തന്റെ നാഥനെ ഭയപ്പെടുന്നവനുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്.

നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മറിച്ച് ഫുജ്ജാറുകൾ വായിച്ച ഗ്രന്ഥത്തിലെ സൂക്തങ്ങൾ അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അവയെ അവഗണിക്കുന്നവനേക്കാൾ വലിയ അക്രമി ആരാണുള്ളത്? നിശ്ചയം, ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യും എന്നും ഫുജ്ജാറുകൾ വായിച്ചിട്ടുള്ളതാണ്. അദ്ദിക്ർ നിങ്ങൾക്ക് വന്നുകിട്ടിയിരിക്കെ പിശാചിന്റെ കാൽപ്പാടുകൾ നിങ്ങൾ പിൻപറ്റരുത് എന്നും, അല്ലാഹു തൃപ്തിപ്പെട്ട ഏകമാർഗമായ ഇസ്ലാമിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് പിശാചിന്റെ മാർഗമായ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതിന്റെ മാർഗത്തിലേക്ക് പോയാൽ അവന്റെ കൂടെ നിങ്ങൾ നരകക്കുണ്ഠത്തിൽ സഹവസിക്കേണ്ടി വരും എന്നുമാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണെന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് സത്യപ്പെടുത്താതെ ഇവിടെ ജീവിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 17: 96–97; 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 136, 168–169; 4: 136 വിശദീകരണം നോക്കുക.

210. മേഘക്കുടയും ചൂടി മലക്കുകളുടെ അകമ്പടിയോടെ അല്ലാഹു അവരിലേക്ക് വന്ന് കാര്യങ്ങൾ നടപ്പാക്കുകയല്ലാതെ ഇനി എന്താണ് അവർ കാത്തിരിക്കുന്നത്? അല്ലാഹുവിലേക്ക് തന്നെയാണ് എല്ലാ കാര്യങ്ങളും മടക്കപ്പെടുന്നത്.

6: 158 ഇതേ ആശയത്തിലുള്ളതാണ്. അദ്ദിക്ർ സമർപ്പിക്കുന്ന വിശ്വാസം സ്വീകരിക്കാനും അതിന്റെ വിധിവിലക്കുകളനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തി ജീവിക്കാനും തയ്യാറാവാതെ വിവിധ വിശ്വാസങ്ങളിലും സംഘടനകളിലും അകപ്പെട്ട് ലക്ഷ്യബോധം നഷ്ടപ്പെട്ട് ജീവിക്കുന്ന ഫുജ്ജാറുകളോട് അല്ലാഹു ചോദിക്കുകയാണ്: ഇനി മരണം ആസന്നമാകുമ്പോൾ വിശ്വസിക്കാമെന്നാണോ നിങ്ങൾ കരുതുന്നത്, വിശ്വസിക്കാനും സൽക്കർമങ്ങൾ ചെയ്യാനും മരണം ആസന്നമാകാൻ കാത്തിരിക്കുകയാണോ? പ്രകാശമായ അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടുകൊണ്ട് അവന്റെ പ്രതിനിധികളായി ഇവിടെ ജീവിക്കുന്ന വിശ്വാസികൾ മരണസമയത്ത് പ്രസന്നവദനനായി നാഥനെ കാണുന്നതാണ് എന്ന് 75: 22–23; 76: 11 സൂക്തങ്ങളിലും; ഫുജ്ജാറുകൾ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിനെ അവഗ

ണിച്ച് ജീവിക്കുക വഴി നാഥനെ വിസ്മരിച്ച് ജീവിക്കുന്നതിനാൽ ആത്മാവിനെതിരെ അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സ്വയം സാക്ഷ്യം വഹിക്കുന്നതും പിശാചിനെ ദുഃഖത്തോടുകൂടി കണ്ടുകൊണ്ട് ജീവൻ വെടിയുന്നതുമാണ് എന്ന് 7: 37; 69: 49–50; 75: 24–25 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നാഥന് സർവ്വവും സമർപ്പിക്കാതെയും ആത്മാവിനെ ശുദ്ധീകരിക്കാതെയും നരകക്കുണ്ഠത്തിലേക്കുള്ള ടിക്കറ്റായ മിഥ്യാഗ്രന്ഥങ്ങൾ (ഫുജ്ജാർ കിതാബുകൾ) പിൻപറ്റുന്ന കാഫിറുകൾ മരണസമയത്ത്, 'അല്ലാഹുവിന്റെ കാര്യത്തിൽ ഞാൻ അശ്രദ്ധനായല്ലോ, ഞാൻ അദ്ദിക്റിനെ പരിഹസിക്കുന്നവനായിരുന്നല്ലോ എന്നും, അല്ലാഹു എന്നെ സന്മാർഗത്തിലാക്കിയിരുന്നുവെങ്കിൽ ഞാൻ സൂക്ഷ്മാലുക്കളിൽ പെട്ടവനാകുമായിരുന്നല്ലോ, അല്ലെങ്കിൽ എനിക്ക് ഒരു അവസരവും കൂടി ലഭിച്ചിരുന്നെങ്കിൽ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവനാകുമായിരുന്നല്ലോ' എന്നും പറയുമ്പോൾ നാഥൻ അവനോട്, 'അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനെന്ന് അഹങ്കരിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 57–59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 25: 21–26 സൂക്തങ്ങളിൽ, നാമുമായി കണ്ടുമുട്ടണമെന്ന് പ്രതീക്ഷിക്കാത്തവർ ചോദിക്കുകയും ചെയ്യുന്നു: എന്തുകൊണ്ട് നമ്മുടെമേൽ മലക്കുകൾ ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ നമ്മുടെ നാഥനെ നാം നേരിൽ കാണുന്നില്ല? നിശ്ചയം, അവർ സ്വന്തത്തോട് അഹങ്കരിക്കുകയും വമ്പിച്ച ഗർവ്വിൽ വല്ലാതെ അതിരുകവിയുകയും ചെയ്തിരിക്കുന്നു. മലക്കുകളെ അവർ കാണുന്ന ദിനം; ഇത്തരം ഭ്രാന്തന്മാർക്ക് സന്തോഷകരമായിരിക്കുകയില്ല, അവർ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും: ഒരു കാണാത്ത കന്മതിൽ ഉണ്ടായിരുന്നെങ്കിൽ! അവരുടെ പ്രവൃത്തികളിൽ നിന്നുള്ള പ്രവർത്തനങ്ങളെല്ലാം നാം മുമ്പിൽ വെച്ചുകൊടുക്കുകയും അങ്ങനെ നാം അതിനെ ചിന്നിച്ചിതറിയ പൊടിപടലങ്ങളാക്കി മാറ്റുകയും ചെയ്യും. സ്വർഗത്തിനർഹരായവർ അന്നേദിനം ഉത്തമമായ വിശ്രമസ്ഥലത്തും മധ്യാഹ്നം കഴിച്ചുകൂട്ടുന്നത് എറ്റവും നല്ല നിലയിലുമായിരിക്കും. അന്ത്യനാളിൽ മേഘങ്ങളോടുകൂടി ആകാശം പൊട്ടിപ്പിളരുകയും മലക്കുകൾ കൂട്ടം കൂട്ടമായി ഇറങ്ങുകയും ചെയ്യുന്നതാണ്. കാഫിറുകൾക്ക് വളരെ പ്രയാസമേറിയ അന്ന് രാജാധിപത്യം യഥാർത്ഥത്തിൽ നിഷ്പക്ഷവാന് മാത്രമായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. 3: 109; 8: 44; 22: 76; 35: 4; 57: 5 തുടങ്ങിയ സൂക്തങ്ങളും 'എല്ലാ കാര്യങ്ങളും അല്ലാഹുവിലേക്കുതന്നെയാണ് മടക്കപ്പെടുക' എന്ന് പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. 4: 17–18; 25: 17–18, 27–30; 56: 83–87 വിശദീകരണം നോക്കുക.

211. ഇസ്റാഈൽ സന്തതികൾക്ക് വ്യക്തമായ എത്രയെത്ര ദൃഷ്ടാന്തങ്ങളാണ് നാം നൽകിയത് എന്ന് അവരോട് ചോദിച്ചു നോക്കുക, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വന്നുകിട്ടിയതിന് ശേഷം അതിനെ മാറ്റിമറിക്കുന്നവരുണ്ടല്ലോ, അപ്പോൾ നിശ്ചയം അല്ലാഹു അതികഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാകുന്നു.

ഇസ്റാഈൽ സന്തതികൾക്ക് നൽകിയ അനുഗ്രഹങ്ങൾ 2: 40–60 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 133–134 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സർപ്പമായി മാറുന്ന വടി, കക്ഷത്തിൽ വെച്ച് പുറത്തെടുത്താൽ സൂര്യനെപ്പോലെ പ്രകാശിക്കുന്ന കൈ, ക്ഷാമത്തിന്റെയും വരൾച്ചയുടെയും ജലദൗർലഭ്യത്തിന്റേതുമായ വർഷങ്ങൾ, ലോകത്തുള്ള സകല ആഭിചാരകന്മാരുടെയും പരാജയം, ജലപ്രളയം, വെട്ടുകിളി ശല്യം, മനുഷ്യരിലും മൃഗങ്ങളിലും കൃഷിയിലും രോഗം പരത്തുന്ന കീടങ്ങൾ, തവളപ്രളയം, വെള്ളം രക്തമായി മാറുക വഴി കുടിക്കാനും കുളിക്കാനും വെള്ളം ലഭിക്കാതിരിക്കുക എന്നിവയാണ് സൂക്ത

ത്തിൽ പറഞ്ഞ ദൃഷ്ടാന്തങ്ങൾ. എന്നാൽ അവ കൊണ്ടൊന്നും അവർ വിശ്വാസികളായി ല്ല. തെമ്മാടികളല്ലാതെ അല്ലാഹുവിന്റെ സൂക്തങ്ങളെ മൂടിവെക്കുകയില്ല എന്ന് 2: 99 ൽ പ റഞ്ഞിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ച അദ്ദിക്റാണ് ഏറ്റവും വലിയ ദൃഷ്ടാ ന്തം. അതിൽ 'അലിഫ് ലാം മീം', 'കാഫ് ഹാ യാ ഐൻ സ്വാദ്', 'ഹാം മീം' തുടങ്ങിയ മുഖത്തലആത്ത്(Abbreviated) ആയ സൂക്തങ്ങൾ വരെ വിവരിച്ചിട്ടുണ്ട്. അതിനെ സ ന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി സത്യപ്പെടുത്തി ജീവിക്കുന്നവർ മാത്രമാണ് 16: 89, 102 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ മുസ്ലിംകൾ. എന്നാൽ 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്താത്ത അറബി ഖുർആൻ വായിക്കുന്ന കാഫിറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷ ണമാക്കിയതിനാൽ അവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത് എന്ന് 41: 41–43 സൂ ക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 89 ൽ വിവരിച്ച പ്രകാരം സന്മാർഗവും ഉണർത്തലുമായ അ ദ്ദിക്റിനെ വിസ്മരിച്ച കെട്ടജനത അതിനെ മൂടിവെക്കുന്നതിനാൽ അതിനെ മൂടിവെക്കാ ത്ത ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുന്നതാണ്. 2: 159–161; 6: 26; 9: 67–68 വിശദീ കരണം നോക്കുക.

212. കാഫിറുകളായവർക്ക് ഈ ഐഹിക ജീവിതം അലങ്കാരമാക്കപ്പെട്ടിരിക്കുന്നു, അവർ വിശ്വാസികളിൽ നിന്നുള്ളവരെ പരിഹസിക്കുന്നവരുമാകുന്നു, എന്നാൽ അന്ത്യനാളിൽ സൂക്ഷ്മാലുക്കളായവർ അവർക്കുമീതെ തന്നെയാണ്; അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ ഭക്ഷണവിഭവങ്ങൾ നൽകുകയും ചെയ്യുന്നു.

അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും തള്ളിപ്പറയുന്ന ഫാജിറുകളും അടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ് കാഫിറുകളും അക്രമികളും ഭ്രാന്തന്മാരും പരിധിലംഘിച്ചവരും ദുഷ്ടജീവികളുമെല്ലാം. 11: 27 ൽ വിവരിച്ച പ്രകാരം എക്കാലത്തുമുള്ള പ്രവാചകന്മാരുടെ ജനതയിൽ നിന്നുള്ള കാഫിറുകൾ അവരുടെ സംഘബലത്തിന്റെയും സമ്പത്തിന്റെയും അഹങ്കാരത്തിൽ പ്രവാചകന്മാരെയും വിശ്വാസികളെയും പരിഹസിക്കുന്നവരായിരുന്നു. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഫുജ്ജാറുകൾ നശ്വരമായ ഐഹികലോകത്തെങ്കിലും സ്വർഗീയ ജീവിതം ആസ്വദിക്കട്ടെ എന്ന് കരുതി നിഷ്പക്ഷവാനായ നാഥൻ അവർക്കാണ് കൂടുതൽ സമ്പത്തും സന്താനങ്ങളും പ്രതാപവുമെല്ലാം നൽകിയിട്ടുള്ളത്. ഞങ്ങൾ സത്യത്തിലായതുകൊണ്ട് അല്ലാഹു ഞങ്ങളെ അനുഗ്രഹിച്ചതാണ് ഇത് എന്ന് തെറ്റായി മനസ്സിലാക്കിയ ഇവർ ഭൗതികജീവിതത്തിലെ പ്രൗഢിയും പ്രതാപവുമൊന്നും ആസ്വദിക്കാതെ ശാശ്വത ജീവിതവിജയം ലക്ഷ്യം വെച്ചുകൊണ്ട് മിതത്വം പാലിച്ച് ജീവിതം നയിക്കുന്ന വിശ്വാസികളെ പരിഹസിക്കുന്നവരാണ്. എന്നാൽ പരലോകത്ത് വിശ്വാസികൾ തന്നെയായിരിക്കും മേലെയെന്നും, സ്വർഗത്തിലുള്ള അവരോട് നരകവാസികൾ വെള്ളവും ഭക്ഷണവും ചോദിക്കുമെന്നും, അപ്പോൾ 'ദീനിനെ കളിയും തമാശയുമായി തെരഞ്ഞെടുത്ത കാഫിറുകൾക്ക് അല്ലാഹു അവ രണ്ടും നിഷിദ്ധമാക്കിയിരിക്കുന്നു' എന്ന് മറുപടി പറയുമെന്നും മുന്നറിയിപ്പ് നൽകുന്ന 7: 48–51 സൂക്തങ്ങൾ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 83: 29–34 സൂക്തങ്ങളിൽ, നിശ്ചയം ഫുജ്ജാറുകളായ ഭ്രാന്തന്മാർ വിശ്വാസികളെ ഇഹത്തിൽ കളിയാക്കുന്നവരും വിശ്വാസികൾക്ക് അരികിലൂടെ കടന്നുപോകുമ്പോൾ കണ്ണുകൊണ്ട് ആംഗ്യം കാട്ടി പരിഹസിക്കുന്നവരും തങ്ങളുടെ കുടുംബാംഗങ്ങളിലേക്ക് ആഹ്ലാദിച്ച് ഉല്ലസിച്ച് പിരിഞ്ഞുപോകുന്നവരുമായിരുന്നു; വിശ്വാസികളെ കാണുമ്പോൾ 'നി

ശ്ചയം ഇക്കൂട്ടർ തന്നെയാണ് വഴിപിഴച്ചവർ' എന്ന് അവർ പറയുകയും ചെയ്യും. നാം ഇ വരെ വിശ്വാസികളുടെമേൽ സൂക്ഷിപ്പുകാരാക്കിയിട്ടുണ്ടായിരുന്നില്ലല്ലോ! അതുകൊണ്ട് വിധിദിവസം വിശ്വാസികൾ ഇത്തരം കുഫ്ഫാറുകളായ ഭ്രാന്തന്മാരെ കളിയാക്കുന്നവരാ യിരിക്കും എന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സത്യമായ അദ്ദിക്ർ പിൻപറ്റാത്ത കപടവി ശ്വാസികൾ നുണ മാത്രം പറയുന്നവരാണെന്നും അല്ലാഹുവിനാൽ ശപിക്കപ്പെട്ട അവർ ആത്മാവിനെ പരിഗണിക്കാതെ ദേഹേച്ഛ പിൻപറ്റുന്നവരാണെന്നും 63: 1–4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാരുടെയും അദ്ദിക്ർ പിൻപറ്റാത്ത ജനത അദ്ദിക്ർ പിൻ പറ്റുന്ന പ്രവാചകന്മാരെക്കുറിച്ചും വിശ്വാസികളെക്കുറിച്ചും 'നമ്മുടെ ഇടയിൽ ഇവന്റെ മേ ലാണോ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടത്; അല്ല, ഇവൻ നുണ പറയുന്ന ഒറ്റയാനാണ്' എ ന്ന് പരിഹസിക്കുമെന്ന് 38: 8 ലും 54: 25 ലും പറഞ്ഞിട്ടുണ്ട്. 6: 10; 9: 79; 11: 38; 21: 41 തു ടങ്ങിയ സൂക്തങ്ങളിലെല്ലാം കാഫിറുകൾ വിശ്വാസികളെയും പ്രവാചകന്മാരെയും പരി ഹസിക്കുമെന്നും ആ പരിഹാസം നാളെ അവർക്കുതന്നെ എതിരായി ഭവിക്കുമെന്നും പ റയുന്നുണ്ട്. 3: 27, 37; 24: 38 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത് 'അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ ഭക്ഷണവിഭവങ്ങൾ നൽകുന്നവനുമാകുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. നാഥന്റെ കാരുണ്യമായ അദ്ദിക്ർ പിൻപറ്റി ജീവിക്കുന്നവരാണ് എല്ലാ നബിമാരും പ്രവാചകന്മാരും വിശ്വാസികളും. നിഷ്പക്ഷവാനായ നാഥന്റെ സൂക്തങ്ങൾ അവർക്ക് വിവരിച്ചുകൊടുക്കപ്പെട്ടാൽ കരഞ്ഞുകൊണ്ട് സാഷ്ടാംഗ പ്രണാമത്തിൽ വീഴു ക എന്നതാണ് അവരുടെ സ്വഭാവമെന്ന് 19: 58 ൽ വായിക്കുന്ന കാഫിറുകളായ ഫുജ്ജാ റുകൾ ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ കൽപിച്ചിട്ടുള്ള പ്രസ്തുത സാഷ്ടാംഗപ്രണാമം നിർവഹിക്കാത്തവരാണ്. 2: 110 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റാത്ത അവർ ആത്മാവ് പങ്കെടുക്കാതെ അവരുടെ ശരീരം കൊണ്ട് നടത്തുന്ന നമസ്കാരങ്ങളിൽ പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് 17: 13–14 സൂക്തങ്ങളിൽ പറഞ്ഞ പിരടിയിലുള്ള കർമരേഖയിൽ കൊത്തിവെച്ചുകൊണ്ടി രിക്കുന്നത്. അത്തരം നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തിൽ സാഷ്ടാംഗപ്ര ണാമം നടത്തുന്ന അവർ തന്നെയാണ് 22: 18 ൽ പറഞ്ഞ പ്രകാരം ഹീനമായ ശിക്ഷ ബാ ധകമായവർ. 6: 43; 43: 32–35; 74: 42–47 വിശദീകരണം നോക്കുക.

213. മനുഷ്യരെല്ലാം ഒറ്റ സമുദായമായിരുന്നു, അപ്പോൾ അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നവരായും മുന്നറിയിപ്പ് നൽകുന്നവരായും നബിമാരെ നിയോഗി ച്ചു, ഗ്രന്ഥത്തിൽ നിന്ന് അവർ ഭിന്നിച്ച വിഷയങ്ങളിൽ മനുഷ്യർക്കിടയിൽ വി ധി കൽപിക്കാൻ വേണ്ടി അവരോടൊപ്പം ലക്ഷ്യത്തോടുകൂടി ഗ്രന്ഥവും ഇറ ക്കി, അവർക്കിടയിലെ താൻപോരിമ നിമിത്തം വ്യക്തമായ വെളിപാടുകൾ വ ന്നുകിട്ടിയതിനുശേഷമല്ലാതെ ഗ്രന്ഥം നൽകപ്പെട്ടവരായ അവർ അതിൽ ഭിന്നി ച്ചിട്ടുമില്ല, അപ്പോൾ വിശ്വാസികളായവരെ അല്ലാഹു അവന്റെ സമ്മതപത്രം കൊണ്ട് സത്യത്തിൽ നിന്ന് ഏതൊന്നിലാണോ അവർ ഭിന്നിച്ചത് ആ കാര്യത്തിൽ മാർഗദർശനം ചെയ്തു, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേരെചൊവ്വെയു ള്ള പാതയിലേക്ക് മാർഗദർശനം ചെയ്യുന്നു.

മനുഷ്യരെല്ലാം ആദ്യത്തിൽ ഒറ്റ സമുദായമാകാതിരുന്നില്ല എന്ന് 10: 19 ലും പറഞ്ഞി ട്ടുണ്ട്. 2: 2 ൽ വിവരിച്ച പ്രകാരം *ലൗഹുൽ മഹ്ഫൂളി*ൽ സൂക്ഷിക്കപ്പെട്ട ഒറ്റ ഗ്രന്ഥമായ അ ദ്ദിക്ർ മാത്രമാണ് ഭൂമിയിലേക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ആദ്യമായി ശരീരത്തോടുകൂ ടിയ ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടത് ആദ്യത്തെ പ്രവാചകനായ നൂഹിനാണ്. എല്ലാ പ്രവാ

ചകന്മാർക്കും വെളിപാടും ത്രാസ്സുമായ ഗ്രന്ഥം നൽകിയിട്ടുണ്ട് എന്ന് 57: 25 ൽ പറഞ്ഞിട്ടുണ്ട്. ആ ഗ്രന്ഥമനുസരിച്ചാണ് എല്ലാ നബിമാരും വിധികൽപിച്ചിട്ടുള്ളത്. എല്ലാ നബിമാരും ഒരേ ദൗത്യം നിർവ്വഹിക്കുന്നതിനുവേണ്ടിയും ഇസ്ലാമിലുമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. 16: 2, 36; 21: 24–25 വിശദീകരണം നോക്കുക. എക്കാലത്തും ഗ്രന്ഥം കിട്ടിയവർ മാത്രമാണ് ഭിന്നിച്ചിട്ടുള്ളത് എന്ന് 42: 13–14 ലും 98: 4 ലും പറഞ്ഞിട്ടുണ്ട്. 45: 17 ൽ, ഇസ്റാഈൽ സന്തതികളെക്കുറിച്ച് പരാമർശിച്ച ശേഷം അല്ലാഹു പറയുന്നു: അവർക്ക് നമ്മുടെ കൽപനയിൽ നിന്നുള്ള വ്യക്തമായ നിർദേശങ്ങൾ നൽകി, എന്നാൽ അവർക്ക് വ്യക്തമായ അറിവ് വന്നുകിട്ടിയതിനുശേഷം അവർക്കിടയിലുള്ള താൻപോരിമ നിമിത്തമല്ലാതെ അവർ ഭിന്നിച്ചിട്ടില്ല, നിശ്ചയം നിന്റെ നാഥൻ അവർക്കിടയിൽ വിധിദിവസം അവർ ഭിന്നിച്ച വിഷയത്തിൽ വിധികൽപിക്കുന്നതാണ്.

ഇന്ന് മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം അദ്ദിക്ർ മാത്രമായതുകൊണ്ട് 35: 32 ൽ പറഞ്ഞ പ്രകാരം അത് അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഫുജ്ജാറുകൾ മാത്രമാണ് ഭിന്നിച്ചുകൊണ്ടിരിക്കുന്നത്. നാഥനെ നിഷ്പക്ഷവാനായി പരിഗണിക്കാത്ത ഫുജ്ജാറുകളായ കുഫ്ഫാറുകളോട് പ്രവാചകന്റെ കൂടെയുള്ളവർ കാർക്കശ്യത്തിൽ പെരുമാറുന്നതാണ് എന്ന് 48: 29 ൽ അവർ വായിച്ചിട്ടുണ്ട്. പ്രവാചകന്റെ കൂടെയുള്ള വിശ്വാസികൾ എന്ന് പറയാതെ പ്രവാചകന്റെ കൂടെയുള്ളവർ എന്ന് പറഞ്ഞതിൽ നിന്നും അവർ ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരാണെന്ന് മനസ്സിലാക്കാം. വിവിധ സംഘടനകളായിപ്പിരിഞ്ഞ് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുന്ന യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾക്ക് ഹീനമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്ന് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ട് എന്നും അത് അവതരിപ്പിക്കപ്പെട്ടത് നാഥനിൽ നിന്ന് മനുഷ്യർക്കുവേണ്ടി അവതരിപ്പിക്കപ്പെട്ടത് എന്താണോ, അത് പ്രവാചകൻ അവർക്ക് വെളിപ്പെടുത്തുന്നതിന് വേണ്ടിയും അത് കിട്ടിയവർ മനുഷ്യർക്ക് വെളിപ്പെടുത്തുന്നതിന് വേണ്ടിയുമാണെന്ന് 16: 44 ലും പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും വഴിപിഴച്ചവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരുമാണെന്ന് 25: 34 ൽ പറഞ്ഞിട്ടുണ്ട്.

ഈ സൂക്തത്തിലും 2: 255; 10: 100; 14: 1; 22: 65 തുടങ്ങി 30 സൂക്തങ്ങളിലും പരാമർശിച്ച 'സമ്മതപത്രം' കൊണ്ടുദ്ദേശിക്കുന്നത് 1: 5; 4: 68; 6: 153; 42: 52 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ തന്നെയാണ്. 16: 64 ൽ, മനുഷ്യർ ഏതൊരു വിഷയത്തിലാണോ ഭിന്നിച്ചിട്ടുള്ളത്, അത് അവർക്ക് വെളിവാക്കിക്കൊടുക്കുന്നതിനല്ലാതെ നിനക്ക് നാം ഈ ഗ്രന്ഥം ഇറക്കിയിട്ടില്ല, അത് വിശ്വാസികളായ ജനതക്ക് സന്മാർഗവും കാരുണ്യവും തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്.

അപ്രകാരം നാം നിനക്ക് നമ്മുടെ കൽപനയാലുള്ള ഒരു റൂഹിനെ ദിവ്യസന്ദേശമായി നൽകി, ഇതിനുമുമ്പ് നിനക്ക് എന്താണ് ഗ്രന്ഥമെന്നും എന്താണ് വിശ്വാസമെന്നും അറിയുമായിരുന്നില്ല, എന്നാൽ നാം ആ റൂഹിനെ (ഗ്രന്ഥത്തെ) ഒരു പ്രകാശമാക്കി, ആ ഗ്ര

ന്ഥം കൊണ്ട് നമ്മുടെ അടിമകളിൽ നാം ഉദ്ദേശിക്കുന്നവരെ നാം സന്മാർഗത്തിലാക്കുന്നു, നിശ്ചയം നീ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് തന്നെയാണ് ജനങ്ങളെ മാർഗദർശനം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് 42: 52 ലും; ആരാണോ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101–102; 4: 174–175; 5: 48 സൂക്തങ്ങളിലും പറഞ്ഞിട്ടുള്ളത് ഇത്തരം ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. 16: 37 ൽ, നീ അവരുടെ സന്മാർഗത്തിനുവേണ്ടി എത്ര തന്നെ പരിശ്രമിച്ചാലും ആരാണോ അവനെ സ്വയം വഴിപിഴപ്പിച്ചത്, അപ്പോൾ നിശ്ചയം അല്ലാഹു അവനെ ഒരിക്കലും സന്മാർഗത്തിലാക്കുകയില്ല, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 119, 176; 7: 178; 10: 108–109 വിശദീകരണം നോക്കുക.

214. നിങ്ങളുടെ മുൻഗാമികൾക്ക് കഴിഞ്ഞുപോയിട്ടുള്ള അനുഭവങ്ങളൊന്നും നിങ്ങൾക്ക് വന്നുകഴിഞ്ഞിട്ടില്ലായെന്നിരിക്കെ സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ കണക്കുകൂട്ടുന്നുവോ? വിപത്തുകളും ദുരിതങ്ങളും അവരെ പിടികൂടി, എപ്പോഴാണ് അല്ലാഹുവിന്റെ സഹായം എന്ന് പ്രവാചകനും അവനോടൊപ്പമുള്ള വിശ്വാസികളും വിളിച്ചുകേഴുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തു, അറിഞ്ഞിരിക്കുക: നിശ്ചയം അല്ലാഹുവിന്റെ സഹായം അടുത്ത് തന്നെയാണുള്ളത്.

എത്രയെത്ര നബിമാരും അവരോടൊപ്പം എത്രയെത്ര പ്രൗഢന്മാരായ അനുയായികളുമാണ് യുദ്ധം ചെയ്തിട്ടുള്ളത്, അല്ലാഹുവിന്റെ മാർഗത്തിൽ അവരെ ബാധിച്ചതിൽ അവർ മനം ഇടിഞ്ഞവരായിട്ടില്ല, അവർ ബലഹീനത പ്രകടിപ്പിച്ചിട്ടില്ല, അവർ അസത്യത്തിന്റെ മുമ്പിൽ തലകുനിച്ചിട്ടുമില്ല, അല്ലാഹുവോ ഇത്തരം ക്ഷമാശീലരെ ഇഷ്ടപ്പെടുന്നവനാകുന്നു എന്ന് 3: 146 ൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് പരീക്ഷണത്തിന് വിധേയമാക്കാനാണ്. പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് അല്ലാഹുവിൽ ഭരമേൽപിച്ച് നിലകൊള്ളുന്നവർ മാത്രമേ പരീക്ഷണങ്ങളിൽ വിജയിക്കുകയുള്ളൂ. മുൻഗാമികളിൽ സംഭവിച്ചിട്ടുള്ളതുപോലെ വഹിക്കാൻ കഴിയാത്ത പരീക്ഷണങ്ങളൊന്നും ഞങ്ങൾക്ക് നൽകരുതെന്ന് പ്രാർത്ഥിക്കാൻ 2: 285–286 സൂക്തങ്ങളിലൂടെ അല്ലാഹു തന്നെ പഠിപ്പിച്ചിട്ടുണ്ട്. അതല്ല, നിങ്ങളിൽ നിന്ന് ആരാണ് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതെന്നും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും വിശ്വാസികളെയുമല്ലാതെ മറ്റാരെയും ആത്മമിത്രവും അഭയമരുളുന്നവനുമായി തെരഞ്ഞെടുക്കാത്തവരാരെന്നും അല്ലാഹു ഇനിയും അറിഞ്ഞിട്ടില്ല എന്നിരിക്കെ നിങ്ങൾ വെറുതെയങ്ങ് വിട്ടയക്കപ്പെടുമെന്ന് കണക്കുകൂട്ടുന്നുവോ എന്ന് 9: 16 ലും; നിങ്ങളിൽ ആരാണ് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമം ചെയ്യുന്നതെന്നും ആരാണ് അവന്റെ മാർഗത്തിൽ ക്ഷമ കൈക്കൊള്ളുന്നതെന്നും അല്ലാഹു ഇനിയും അറിഞ്ഞ് കഴിഞ്ഞിട്ടില്ല എന്നിരിക്കെ എളുപ്പത്തിൽ സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ കണക്കുകൂട്ടുന്നുവോ എന്ന് 3: 142 ലും ചോദിക്കുന്നുണ്ട്. സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാൻ ഉദ്ദേശിക്കുന്നവർ 73: 19; 76: 29; 80: 11–12 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും വായിച്ച് തിലാവത്തിന്റെ സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുക

യും, പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുക എന്ന ലക്ഷ്യം വെച്ച് ത്രാസ്സും അമാനത്തുമായ അ ദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായി ക്കുകയും, ജീവിതലക്ഷ്യം തിരിച്ചറിയാനുതകുന്ന അതിനെ മൂടിവെക്കുകയും തള്ളിപ്പറ യുകയും ചെയ്യുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളോട് 9: 73; 25: 52; 66: 9 സൂക്തങ്ങളിൽ കൽപിക്കപ്പെട്ട പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച് ജി ഹാദ് ചെയ്യുകയും, ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമവും ഐശ്വര്യ വും ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്ത് ഇവിടെ വെച്ചുത ന്നെ സ്വർഗം സമ്പാദിക്കേണ്ടതാണ്. വിശ്വാസി അപ്രകാരം ചെയ്ത് 83: 7 ൽ പറഞ്ഞ ന രകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർ ഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. 2: 155–157, 186; 7: 94–96; 22: 78 വി ശദീകരണം നോക്കുക.

215. അവർ എന്താണ് ചെലവഴിക്കേണ്ടതെന്ന് നിന്നോട് ചോദിക്കുന്നു; നീ പറയുക: നന്മയിൽ നിന്ന് നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അപ്പോൾ അത് മാതാപി താക്കൾക്കും അടുത്തവർക്കും അനാഥകൾക്കും അഗതികൾക്കും വഴിയാത്ര ക്കാർക്കുമാകുന്നു വേണ്ടത്, നിങ്ങൾ നന്മയിൽ നിന്ന് എന്തുപ്രവർത്തിച്ചാലും അപ്പോൾ നിശ്ചയം അല്ലാഹു അത് ഏറ്റവും അറിയുന്നവനുമാകുന്നു.

ഇവിടെ നന്മ കൊണ്ട് ഉദ്ദേശിക്കുന്നത് ധനമാണ്. *സകാത്ത്* നിയമം ഇറങ്ങുന്നതിനു മുമ്പ് അവതരിച്ച സൂക്തമാണിത്. 26: 214 ൽ, കുടുംബത്തിൽ നിന്ന് അടുത്തവരോട് ത ന്നെയാണ് ആദ്യമാദ്യം ഗ്രന്ഥം കൊണ്ട് മുന്നറിയിപ്പുനൽകാനും കൽപിച്ചിട്ടുള്ളത്. 22: 77 ൽ, വിശ്വാസികളേ! നിങ്ങൾ കുനിയുക, നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുക, നിങ്ങൾ നി ങ്ങളുടെ നാഥനെ മാത്രം സേവിക്കുക, നിങ്ങൾ നന്മ പ്രവർത്തിക്കുകയും ചെയ്യുക, നി ങ്ങൾ വിജയം വരിക്കുന്നതിനുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. അവസാനകാലഘട്ടമായ ഇ ന്ന് പ്രപഞ്ചം അതിന്റെ സന്തുലനാവസ്ഥയിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തു മായ അദ്ദിക്ർ പഠിക്കാനും അത് ലോകർക്ക് ജാതി-മത-ലിംഗ-ദേശ-വർണ്ണ ഭേദമന്യേ എത്തിച്ച് കൊടുക്കാനുമാണ് സമ്പത്ത് ഉൾപ്പെടെ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെ ടുത്തേണ്ടത്. 2: 148; 9: 60; 64: 16 വിശദീകരണം നോക്കുക.

216. യുദ്ധം നിങ്ങളുടെമേൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു –അത് നിങ്ങൾക്ക് വെറു പ്പുള്ളതാണെങ്കിലും ശരി, നിങ്ങൾ വെറുക്കുന്നത് നിങ്ങൾക്ക് ഗുണകരമായേ ക്കാം, നിങ്ങൾ ഇഷ്ടപ്പെടുന്നതെന്തോ അത് നിങ്ങൾക്ക് തിന്മയുമായേക്കാം, അല്ലാഹു അറിയുന്നു, നിങ്ങളോ അറിവില്ലാത്തവരുമാകുന്നു.

പുരുഷന്മാരിൽ നിന്ന് ബലഹീനന്മാരായിട്ടുള്ളവരും സ്ത്രീകളും കുട്ടികളും 'ഞങ്ങളു ടെ നാഥാ! ഞങ്ങളെ നീ ഈ അക്രമികളിൽ നിന്ന് പുറപ്പെടുവിച്ചാലും, ഞങ്ങൾക്ക് നി ന്നിൽ നിന്നുള്ള ഒരു സംരക്ഷകനെയും സഹായിയെയും നിയോഗിച്ച് തന്നാലും' എന്ന് നാഥനോട് പ്രാർത്ഥിക്കുന്നുണ്ടെന്നിരിക്കെ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാ തിരിക്കാൻ നിങ്ങൾക്ക് എന്തുപറ്റി എന്ന് 4: 75 ൽ ചോദിക്കുന്നു. തങ്ങളുടെ കൈകൾ ചു രുട്ടുക, നമസ്കാരം നിലനിർത്തുക എന്ന് പറയപ്പെട്ടിരുന്ന ഒരു വിഭാഗം ജനതയിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ? അങ്ങനെ അവരിൽ ഒരു വിഭാഗം അല്ലാഹുവിനെ ഭയപ്പെ ടുന്നതുപോലെ അല്ലെങ്കിൽ അതിലുപരി ജനങ്ങളെ ഭയപ്പെടുന്നു. അവർ ചോദിക്കുക യും ചെയ്യുന്നു: ഞങ്ങളുടെ നാഥാ, എന്താണ് ഞങ്ങൾക്ക് യുദ്ധം കൽപിക്കപ്പെട്ടത്? അ

ത് അൽപകാലത്തേക്ക് പിന്തിപ്പിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ. അവരോട് പറയുക: ഐഹികലോകത്തെ വിഭവങ്ങൾ തുച്ഛമാണ്, പരലോകമാണ് അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് ഉത്തമമായിട്ടുള്ളത്, നിങ്ങൾ തരിമ്പുപോലും അനീതി കാണിക്കപ്പെടുന്നവരാവുകയില്ല എന്ന് 4: 77 ലും പറഞ്ഞിട്ടുണ്ട്. യുദ്ധം അല്ലാഹുവിൽ നിന്നുള്ളതാണെന്നും അതുവഴി ഇഹലോകത്തിന് പകരം പരലോകം വാങ്ങുകയാണ് എന്നും വിശ്വാസികൾക്ക് അറിയാമായിരുന്നു. എന്നാൽ കപടവിശ്വാസികളായിരുന്നു അതിൽ നീരസം പ്രകടിപ്പിച്ച് പിന്തിരിഞ്ഞിരുന്നത്. 4: 66, 74 വിശദീകരണം നോക്കുക. അവരെക്കുറിച്ച് 47: 20 ൽ, യുദ്ധം ഓർമ്മിപ്പിച്ചുകൊണ്ടുള്ള ഒരു സൂറത്ത് അവതരിക്കപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവർ മരണവെപ്രാളം പൂണ്ട് കണ്ണ് ചുഴറ്റിയെറിയുന്നവരെപ്പോലെ നിന്നെ നോക്കുന്നതായി കാണാം എന്നും പറഞ്ഞിട്ടുണ്ട്.

എന്നാൽ ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ശരീഅത്ത് നിയമങ്ങൾ പാലിക്കലോ യുദ്ധമോ വധമോ ഇല്ല. മറിച്ച്, അദ്ദിക്ർ കൊണ്ട് അതിനെ മൂടിവെക്കുന്ന കാഫിറുകളോട് അധികരിച്ച ജിഹാദ് മാത്രമാണുള്ളത്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനും മനുഷ്യർ പരസ്പരം തിരിച്ചറിഞ്ഞ് മാനുഷിക ഐക്യം സ്ഥാപിതമാകാനും രക്തച്ചൊരിച്ചിലും നശീകരണപ്രവർത്തനങ്ങളും ഇല്ലാതാക്കാനും ഇസ്ലാമിനെ മായ്ച്ചുകളഞ്ഞ് കുഫ്ർ വ്യവസ്ഥ നടപ്പിൽ വരുത്തുന്ന *മസീഹുദ്ദജ്ജാലി*ന്റെ പുറപ്പാട് നീട്ടാനും ലക്ഷ്യം വെച്ചുകൊണ്ട് അജയ്യഗ്രന്ഥമായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ്ണ-ദേശ-ഭാഷ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുകയാണ് ഇന്ന് ചെയ്യേണ്ടത്. 2: 232; 3: 66; 16: 74; 24: 19 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത് അല്ലാഹു അറിയുന്നു, നിങ്ങളോ അറിവില്ലാത്തവരുമാകുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. 2: 190–193; 33: 12–13, 73 വിശദീകരണം നോക്കുക.

217. യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളിൽ യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് നിന്നോട് അവർ ചോദിക്കുന്നു; നീ പറയുക: അതിൽ യുദ്ധം ചെയ്യുന്നത് വലിയ കുറ്റം തന്നെ, അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയലും അതിനെ മൂടിവെക്കലും മസ്ജിദുൽ ഹറമിനെത്തൊട്ട് തടയലും അതിലെ നിവാസികളെ അവിടെ നിന്ന് പുറപ്പെടുവിക്കലും അല്ലാഹുവിന്റെയടുക്കൽ അതിലും വലിയതാണ്, വധത്തേക്കാൾ മാരകമാണ് നാശം വിതക്കൽ, അവർക്ക് സാധിക്കുമെങ്കിൽ നിങ്ങളുടെ ദീനിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കുന്നതുവരെ അവർ നിങ്ങളോട് യുദ്ധം ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കുകയില്ല, നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ ദീനിൽ നിന്ന് പിന്തിരിയുകയും കാഫിറായിക്കൊണ്ട് മരിക്കുകയും ചെയ്താൽ അപ്പോൾ അവരുടെ പ്രവർത്തനങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായി, അക്കൂട്ടർ തന്നെയാണ് നരകവാസികൾ, അവർ അതിൽ ശാശ്വതരുമായിരിക്കും.

ഖുറൈശികളുടെ പടനീക്കങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി പ്രവാചകൻ എട്ട് അംഗങ്ങളടങ്ങുന്ന ഒരു സംഘത്തെ *ത്വാഇഫി*ന്റെയും മക്കയുടെയും ഇടയിലുള്ള *നഖ്ല* താഴ്വരയിലേക്ക് നിയോഗിക്കുകയുണ്ടായി. അവർ ഖുറൈശികളിൽ നിന്നുള്ള ഒരു കച്ചവട സംഘം മക്കയിലേക്ക് തിരിച്ചുപോകുന്നത് കാണുകയും ആ സംഘം മക്കയിലെത്തിയാലുള്ള ഭവിഷ്യത്ത് ഓർത്ത് അവരെ അക്രമിക്കുകയും അവരിലൊരാളെ വധിക്കുകയും ബാക്കിയുള്ളവരെ അവരുടെ സമ്പത്തുക്കളോടൊപ്പം മദീനയിലേക്ക് ബന്ദികളായി കൊണ്ടുവരികയും ചെയ്തു. *ജമാദുൽ ആഖിർ* അവസാനത്തിൽ നടന്ന ഈ സംഭവം യുദ്ധം

നിഷിദ്ധമായ *റജബ്* മാസത്തിലാണെന്നും നിഷിദ്ധമായ മാസത്തിൽ മുഹമ്മദും അനുയായികളും യുദ്ധത്തിൽ മുഴുകിയിരിക്കുകയാണെന്നും ഖുറൈശികൾ ആരോപിക്കാൻ തുടങ്ങി. മദീനയിലുള്ള ജൂതന്മാരും കപടവിശ്വാസികളും ഇത് ഏറ്റുപറയാൻ തുടങ്ങിയപ്പോൾ ഇറങ്ങിയതാണ് ഈ സൂക്തം. ഇതിനെത്തുടർന്നാണ് യുദ്ധം നിർബന്ധമാക്കിക്കൊണ്ടുള്ള കൽപനാസൂക്തമായ 2: 216 അവതരിച്ചത്. വിശ്വാസി വിശ്വാസത്തിനുശേഷം പിന്തിരിഞ്ഞ് കപടവിശ്വാസിയായി മരണപ്പെടുമ്പോഴാണ് അവന്റെ കർമങ്ങൾ നിഷ്ഫലമായി നരകത്തിൽ ആപതിക്കുന്നതെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. വിശ്വാസികളേ, നിങ്ങളിൽ ആരാണോ തന്റെ ദീനിൽ നിന്ന് പുറത്തുപോകുന്നത് അവർക്ക് പകരം അവർ അല്ലാഹുവിനെയും അല്ലാഹു അവരെയും സ്നേഹിക്കുകയും വിശ്വാസികളോട് വിനയം കാണിക്കുകയും കാഫിറുകളോട് കാർക്കശ്യം പുലർത്തുകയും ചെയ്യുന്ന ഒരു ജനതയെ അല്ലാഹു കൊണ്ടുവരുന്നതാണ്, അവർ അല്ലാഹുവിന്റെ മാർഗത്തിൽ *ജിഹാദ്* ചെയ്യുന്നവരും ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാത്തവരുമായിരിക്കും, അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു, അത് അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്നു, അല്ലാഹു സർവ്വവ്യാപിയായ സർവ്വജ്ഞാനിയാകുന്നു എന്ന് 5: 54 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ദീനിൽ നിന്നും പുറത്തുപോയിരിക്കുകയാണ്. 9: 31 ൽ വിവരിച്ച പ്രകാരം അവരിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 2: 121; 6: 89–90; 18: 103–106 വിശദീകരണം നോക്കുക.

218.നിശ്ചയം, വിശ്വാസികളാവുകയും പലായനം ചെയ്യുകയും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് നടത്തുകയും ചെയ്യുന്നവരാരോ, അക്കൂട്ടർ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരാകുന്നു, അല്ലാഹുവാകട്ടെ ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

മക്കാവിജയത്തിനുശേഷം പലായനമില്ലെന്നും അദ്ദിക്ർ കൊണ്ടുള്ള *ജിഹാദ്* മാത്രമാണുള്ളതെന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 8: 72–75; 9: 16, 20, 73, 88; 16: 110; 29: 6, 69; 49: 15; 61: 11 തുടങ്ങിയ സൂക്തങ്ങളിലെല്ലാം *ജിഹാദി*ന് പ്രേരിപ്പിച്ചിട്ടുണ്ട്. ലക്ഷ്യസാക്ഷാത്കാരത്തിന് വേണ്ടി സർവ്വകഴിവുകളും ഉപയോഗപ്പെടുത്തലാണ് *ജിഹാദ്*. ഇന്ന് ഏറ്റവും വലിയ *ജിഹാദ്* അല്ലാഹുവിൽ നിന്നുള്ള കാരുണ്യവും ഔദാര്യവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പഠിക്കുകയും അത് ജാതി–മത–ലിംഗ–ദേശ–വർണ്ണ–ഭാഷാ വ്യത്യാസമില്ലാതെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കലുമാണ്. 7: 205–206; 9: 73 വിശദീകരണം നോക്കുക.

219.മദ്യത്തെക്കുറിച്ചും ചൂതാട്ടത്തെക്കുറിച്ചും നിന്നോട് അവർ ചോദിക്കുന്നു, നീ പറയുക: അവ രണ്ടിലും വലിയ ദോഷമുണ്ട്, മനുഷ്യർക്ക് ഉപകാരങ്ങളുമുണ്ട്, അവ രണ്ടിന്റെയും ദോഷം അവ രണ്ടിന്റെയും ഉപകാരത്തേക്കാൾ വലുതാണ്, അവർ എന്താണ് ചെലവഴിക്കേണ്ടതെന്ന് നിന്നോട് അവർ ചോദിക്കുന്നു, നീ പറയുക: മിച്ചമുള്ളത്, അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ചുതരുന്നു –നിങ്ങൾ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവരാകുന്നതിനുവേണ്ടി.

220.ഇഹലോകത്തിലും പരലോകത്തിലും, അനാഥകളെക്കുറിച്ചും അവർ നിന്നോട്

ചോദിക്കുന്നുവല്ലോ; നീ പറയുക: അവർക്ക് ഗുണപ്രദമായ രീതിയിൽ വർത്തിക്കലാണ് ഉത്തമം, ഇനി നിങ്ങൾ അവരോട് കൂട്ടിക്കലർത്തുകയാണെങ്കിൽ അവർ നിങ്ങളുടെ സഹോദരന്മാർ തന്നെയല്ലോ, അല്ലാഹു സുകൃതം ചെയ്യുന്നവരിൽ നിന്ന് നാശകാരിയെ അറിയുന്നവൻ തന്നെയാകുന്നു, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ ഞെരുക്കുക തന്നെ ചെയ്യുമായിരുന്നു, നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞാനിയുമാകുന്നു.

മദ്യം എന്നുപറഞ്ഞതിൽ കറുപ്പ്, കഞ്ചാവ് തുടങ്ങി ലഹരിയുണ്ടാക്കുന്ന എല്ലാ വസ്തുക്കളും മയക്കുമരുന്നുകളും ഉൾപ്പെടുന്നു. *ലഹരിയുണ്ടാക്കുന്ന എല്ലാ വസ്തുക്കളും നിഷിദ്ധമാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ചൂതാട്ടത്തിൽ ശീട്ടുകളി, ലോട്ടറി തുടങ്ങി അർഹതയില്ലാതെ ചുളുവിലും എളുപ്പത്തിലും ചൂഷണത്തിന്റെ അടിസ്ഥാനത്തിൽ പണം നേടുന്ന/നഷ്ടപ്പെടുന്ന എല്ലാ പ്രവൃത്തികളും ഉൾപ്പെടുന്നു. മദ്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ആദ്യപടിയായി അവതരിച്ചിട്ടുള്ള സൂക്തമാണിത്. അതിനുശേഷം 4: 43 ൽ വിശ്വാസികളോട്, നിങ്ങൾ ലഹരി ബാധിച്ചവരായിക്കൊണ്ട്, പറയുന്നത് എന്താണെന്ന് തിരിച്ചറിയുന്നതുവരെ നമസ്കാരത്തോട് അടുക്കരുത് എന്ന് കൽപിച്ചുകൊണ്ട് മദ്യം ഉപയോഗിക്കുന്നത് പരിമിതപ്പെടുത്തി. *ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരം ഗുണത്തിലേറെ ദോഷമാണ് ചെയ്യുകയെന്നും, ആശയമറിയാതെ ഗ്രന്ഥം നമസ്കാരത്തിലാണെങ്കിലും പാരായണം ചെയ്യാൻ പാടില്ലെന്നും* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *ഉറക്കം അതിജയിച്ച അവസ്ഥയിലും അധികരിച്ച വിശപ്പും ക്ഷീണവുമുള്ള അവസ്ഥയിലും മലമൂത്രവിസർജ്ജനം ചെയ്യാനുണ്ടായിരിക്കെ അത് ചെയ്യാതെയും നമസ്കരിക്കരുതെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. നിശ്ചയം മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും അമ്പുകളുമെല്ലാം പിശാചിന്റെ പ്രവർത്തനങ്ങളിൽ പെട്ട മാലിന്യമാണെന്നും, അപ്പോൾ നിങ്ങൾ വിജയം വരിക്കുന്നവരാകുന്നതിനുവേണ്ടി അവനെ വർജ്ജിക്കുക, നിശ്ചയം പിശാച് മദ്യം കൊണ്ടും ചൂതാട്ടം കൊണ്ടും നിങ്ങൾക്കിടയിൽ ശത്രുതയും പോരും ഉണ്ടാക്കുന്നതിനും അദ്ദിക്റിൽ നിന്നും 'അല്ലാഹ്' എന്ന സ്മരണയോടുകൂടിയുള്ള നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയാനുമാണ് ഉദ്ദേശിക്കുന്നത്, അപ്പോൾ നിങ്ങൾ വിരമിക്കുന്നില്ലെയോ എന്ന ആശയത്തിലുള്ള 5: 90–91 സൂക്തങ്ങൾ അവതരിപ്പിച്ചുകൊണ്ട് പിന്നീട് മദ്യം പൂർണമായി നിർമ്മാർജ്ജനം ചെയ്യുകയുമുണ്ടായി.

ഈ സൂക്തത്തിൽ എത്രയാണ്, എന്താണ് ചെലവഴിക്കേണ്ടത് എന്ന് ചോദിച്ചതിന് മറുപടിയായി 'ചെലവ് കഴിച്ച് ബാക്കിയുള്ളതെല്ലാം ചെലവഴിക്കുക' എന്ന് പറയാനാണ് പ്രവാചകനോട് കൽപിക്കുന്നത്. ആദ്യഘട്ടത്തിൽ ആർക്കൊക്കെയാണ് ചെലവഴിക്കേണ്ടതെന്ന് 2: 215 ൽ പറഞ്ഞിട്ടുണ്ടെങ്കിലും, പിന്നീട് 9: 60 അവതരിപ്പിച്ചുകൊണ്ട് സകാത്തിന്റെ അവകാശികൾ ആരാണെന്ന് വ്യക്തമാക്കുകയുണ്ടായി. ഇഹപരജീവിതവിജയത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവരാകുന്നതിനുവേണ്ടി അല്ലാഹുവിന്റെ സൂക്തങ്ങൾ വ്യക്തമായി വിവരിച്ചുതരുന്നു എന്ന് പറഞ്ഞാൽ, മനുഷ്യരെ സ്വർഗത്തിൽ സൃഷ്ടിച്ച് ഭൂമിയിലേക്ക് നിയോഗിച്ചത് ഭൂമിയിൽ വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെ വെച്ച് സമ്പാദിക്കാനും മരണത്തോടുകൂടി സമ്പാദിച്ച സ്വർഗം അനന്തരമെടുക്കാനുമാണ്. ഇതിനുള്ള ഉപകരണമാണ് ഏറ്റവും വലിയ അനുഗ്രഹവും ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ.

അനാഥകൾക്ക് അവരുടെ ധനം നൽകുക, നിങ്ങൾ പരിശുദ്ധമായതിന് പകരം മ്ലേച്ഛമായത് എടുക്കരുത്, നിങ്ങളുടെ ധനവും അവരുടെ ധനവും കൂട്ടിക്കലർത്തരുത്, നിശ്ചയം അത് വമ്പിച്ച അപരാധം തന്നെയാണ് എന്ന സൂക്തം 4: 2 ഉം; നിശ്ചയം അനാഥകളുടെ ധനം അവിഹിതമായി തിന്നുന്നവർ അവരുടെ വയറുകളിൽ തീയാണ് നിറക്കുന്നത്, അവർ നരകത്തിൽ കരിക്കപ്പെടുക തന്നെ ചെയ്യും എന്ന സൂക്തം 4: 10 ഉം അവതരിക്കപ്പെട്ടപ്പോൾ അനാഥകളുടെ ധനം അറിയാതെ തങ്ങളുടെ ധനത്തിൽ കൂടിക്കലർന്നാൽ നരകത്തിൽ പോകേണ്ടി വരുമല്ലോ എന്ന് മദീനയിലുള്ള വിശ്വാസികൾക്ക് വലിയ പരിഭ്രമമുണ്ടായി. അപ്പോഴാണ് ഈ സൂക്തത്തിലൂടെ അവർ നിങ്ങളുടെ സഹോദരങ്ങൾ തന്നെയാണ്; നിങ്ങളുടെ ഭക്ഷണവിഭവങ്ങൾ കൂടിക്കലരുകയാണെങ്കിൽ അത് അവർക്ക് ദോഷം വരുന്ന വിധത്തിലായിരിക്കരുത്, അനാഥകൾക്ക് നിങ്ങളുടേതിനേക്കാൾ മുൻഗണന കൊടുക്കണം, കരുതിക്കൂട്ടി അവരുടെ ധനം തിന്നുകയോ അവർക്ക് വിഷമമുണ്ടാക്കുന്ന ഒരു പ്രവൃത്തിയും നിങ്ങളിൽ നിന്ന് ഉണ്ടാവുകയോ അരുത് എന്ന ഉപദേശം അല്ലാഹു നൽകുന്നത്. വിശ്വാസികൾ യഥാർത്ഥത്തിൽ സ്വന്തം മക്കളേക്കാൾ അനാഥകൾക്ക് എല്ലാ വിഷയത്തിലും പ്രാധാന്യം കൊടുക്കുന്നതാണ്. അനാഥകളെ ബഹുമാനിക്കുന്നവരാണ് വിശ്വാസികളും വിജയം വരിക്കുന്നവരും എന്ന് 89: 17 ൽ പറഞ്ഞിട്ടുണ്ട്. 2: 177; 76: 8–9; 90: 15 വിശദീകരണം നോക്കുക.

221. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന സ്ത്രീകളെ അവർ യഥാർത്ഥ വിശ്വാസികളാകുന്നതുവരെ നിങ്ങൾ വിവാഹം ചെയ്യുകയുമരുത്, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന സ്ത്രീയേക്കാൾ ഉത്തമം വിശ്വാസിയായ അടിമസ്ത്രീ തന്നെയാണ് –അവൾ നിങ്ങളെ എത്ര മോഹിപ്പിക്കുന്നുവെങ്കിലും ശരി; അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാർക്ക് അവർ യഥാർത്ഥ വിശ്വാസികളാകുന്നതുവരെ നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുകയുമരുത്, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷനേക്കാൾ വിശ്വാസിയായ അടിമ തന്നെയാണ് ഉത്തമം –അവൻ നിങ്ങളെ എത്ര മോഹിപ്പിക്കുന്നുവെങ്കിലും ശരി, അക്കൂട്ടർ നരകത്തിലേക്കാണ് വിളിക്കുന്നത്, അല്ലാഹുവാകട്ടെ അവന്റെ സമ്മതപത്രം കൊണ്ട് സ്വർഗത്തിലേക്കും പാപമോചനത്തിലേക്കുമാണ് വിളിക്കുന്നത്, മനുഷ്യർക്കുവേണ്ടി അവൻ അവന്റെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ചുകൊടുക്കുന്നു, അവർ ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കുന്നവരാകുന്നതിന് വേണ്ടി.

5: 5 ൽ, നിങ്ങൾക്ക് പരിശുദ്ധമായ എല്ലാ ഭക്ഷണവിഭവങ്ങളും മുമ്പ് വേദം നൽകപ്പെട്ടവരുടെ ഭക്ഷണവിഭവങ്ങളും അനുവദിക്കപ്പെട്ടിരിക്കുന്നു, വിശ്വാസിനികളും പതിവ്രതകളുമായ സ്ത്രീകളെയും വേദക്കാരിൽ നിന്നുള്ള ചാരിത്ര്യവതികളെയും അവർക്ക് വിവാഹമൂല്യം നൽകിക്കൊണ്ട് വിവാഹം കഴിക്കൽ അനുവദിച്ചിരിക്കുന്നു –നിങ്ങൾ ജാരസന്താനങ്ങളെ തെരഞ്ഞെടുക്കാതിരിക്കാനും വ്യഭിചാരത്തിൽ നിന്ന് അകന്നു നിൽക്കാനും വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. 4: 25 ൽ, പതിവ്രതകളായ കുലീനസ്ത്രീകളെ വിവാഹം കഴിക്കുന്നതിന് വിവാഹമൂല്യം നൽകാൻ സാമ്പത്തികശേഷി ഇല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള വിശ്വാസിനികളായ അടിമസ്ത്രീകളെ വിവാഹം കഴിക്കാവുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ. സ്വന്തത്തെയും കുടുംബാംഗങ്ങളെയും നരകത്തെത്തൊട്ട് കാത്തുസൂക്ഷിക്കൽ വിശ്വാസിയായ പുരുഷന്റെ

ബാധ്യതയാണ് എന്ന് 66: 6 ലും; പുരുഷന്മാർ സ്ത്രീകളുടെ നിയന്ത്രാതാക്കളാണ് എന്ന് 4: 34 ലും പറഞ്ഞിട്ടുണ്ട്. വേദവാഹകരായ സ്ത്രീകളെ അവർ വേദപരിജ്ഞാനമുള്ളവരായതുകൊണ്ട് വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ വളരെ എളുപ്പമാണ്. എന്നാൽ *വിശ്വാസികളായ സ്ത്രീകളെ വേദക്കാരായ പുരുഷന്മാർക്ക് വിവാഹം ചെയ്തുകൊടുക്കരുതെന്ന്* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. വിവാഹം കഴിക്കുന്നത് ഭംഗി, തറവാട്, ധനം, ദീൻ എന്നീ നാല് കാര്യങ്ങൾ നോക്കിയാണ്. എന്നാൽ വിശ്വാസികളായ സ്ത്രീ പുരുഷന്മാർ ദീനിനാണ് പ്രാമുഖ്യം നൽകേണ്ടത്, അല്ലാതെ മറ്റുമൂന്ന് കാര്യങ്ങൾക്കല്ല എന്നാണ് അവർ നിങ്ങളെ എത്ര മോഹിപ്പിക്കുന്നുണ്ടെങ്കിലും ശരി എന്ന് പറഞ്ഞതിന്റെ പൊരുൾ.

അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ബന്ധം മാത്രമേ പരലോകത്ത് ഗുണപ്രദമാവുകയുള്ളൂ. അതിനാൽ അദ്ദിക്ർ പിൻപറ്റുന്ന പുരുഷന്മാരും സ്ത്രീകളും തമ്മിലാണ് വിവാഹം നടക്കേണ്ടത്. എങ്കിൽ മാത്രമേ സജ്ജനങ്ങളായ സന്താനങ്ങളുണ്ടാവുകയും സ്വർഗത്തിൽ ഒരുമിച്ച് ചേരുകയുമുള്ളൂ. ഇന്ന് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ ഫുജ്ജാറുകളെല്ലാം നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളും യഥാർത്ഥ കാഫിറുകളുമായിത്തീർന്നിട്ടുള്ളതിനാൽ അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികൾക്ക് നരകത്തിന്റെ വിറകുകളായ അവരിൽ നിന്നുള്ളവരെ വിവാഹം ചെയ്യാവുന്നതല്ല. യഥാർത്ഥത്തിൽ, അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളേണ്ട ഇക്കാലത്ത് മർയമിനെയും ആസ്യയെയും മാതൃകയായി സ്വീകരിച്ചുകൊണ്ട് വിവാഹം ചെയ്യാതെ നിലകൊള്ളുകയാണ് വേണ്ടത്. അങ്ങനെയാണ് മനുഷ്യരിൽ നിന്ന് മലക്കുകളെ പ്രതിനിധികളായി നിശ്ചയിക്കുമെന്ന് 43: 60 ൽ പറഞ്ഞത് നടപ്പിലാവുക. എന്നാൽ ആത്മനിയന്ത്രണം പാലിച്ച് ജീവിക്കാൻ സാധിക്കുകയില്ല എന്ന് ഭയപ്പെടുന്നവർ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ താരതമ്യേന പ്രകൃതിജീവിതത്തിൽ നിലകൊള്ളുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീപുരുഷന്മാരെ വിവാഹം കഴിക്കാവുന്നതാണ്. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളുമായും അതിനെ തള്ളിപ്പറയുന്ന *കുഫ്ഫാറുകളുമായും* വിവാഹബന്ധം എന്ന് മാത്രമല്ല, ആത്മാർത്ഥമായ ഒരു ബന്ധവും വെച്ചുപുലർത്താൻ വിശ്വാസിക്ക് പാടില്ല. കാരണം നരകത്തിന്റെ വിറകുകളായ അവർ മറ്റുള്ളവരെ നരകത്തിലേക്കാണ് പിടിച്ചുവലിച്ച് കൊണ്ടുപോവുക. ഇവർ രണ്ടുകൂട്ടരെയും ശിക്ഷിക്കാനാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 72-73 സൂക്തങ്ങളിലും; ഈസാ രണ്ടാമത് വന്നാൽ ശപിക്കപ്പെട്ട ഇവർ വധിക്കപ്പെടുമെന്ന് 33: 60-61 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

അല്ലാഹുവാകട്ടെ അവന്റെ സമ്മതപത്രം കൊണ്ട് സ്വർഗത്തിലേക്കും പാപമോചനത്തിലേക്കുമാണ് വിളിക്കുന്നത് എന്ന് പറഞ്ഞതിന്റെ വിവക്ഷ, അവന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും വിശ്വാസം രൂപപ്പെടുത്താനും തെറ്റുകുറ്റങ്ങളിൽ നിന്ന് അകറ്റിനിർത്താനുമുള്ള ഏക ഉപകരണമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് സ്വർഗത്തിലേക്കുള്ള ഏകപാതയിൽ സ്വയം മുന്നേറുക എന്നാണ്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ഏതൊരാൾക്കും വിശ്വാസിയാകാവുന്നതാണ്. എന്നാൽ ഒരാൾക്കും മറ്റൊരാളെ വിശ്വാസിയാക്കാൻ സാധ്യമല്ല തന്നെ. അപ്പോൾ മനുഷ്യർ ഹൃദയം കൊണ്ട് ഓർമ്മിക്കുന്നവരാകുന്നതിന് വേണ്ടി അവൻ അവന്റെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ചുകൊടുക്കുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമുള്ള, ആ

ത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പ്രചരിപ്പിക്കുക വഴി മനുഷ്യർ പരസ്പരം തിരിച്ചറിഞ്ഞ് രക്തച്ചൊരിച്ചിലിലും നശീകരണ പ്രവർത്തനങ്ങളിലും മുഴുകാതെ സമാധാനത്തോടുകൂടി നിശ്ചയിച്ച അവധി എത്തുന്നതുവരെ ഇവിടെ ജീവിച്ചു പോകുന്നതിന് വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്നാണ്. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ല, അപ്പോൾ ഈ നാഥനെക്കുറിച്ച് നിങ്ങൾ മറ്റുള്ളവരെ ഓർമ്മിപ്പിക്കുന്നില്ലെയോ എന്ന് 32: 4 ൽ ചോദിച്ചിട്ടുണ്ട്. 14: 25; 28: 43, 46, 51; 39: 27; 44: 58 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത്, അവർ ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കുന്നവരാകുന്നതിന് വേണ്ടി എന്ന ആശയത്തോടുകൂടിയാണ്. 24: 3, 31–32; 36: 10–11; 57: 27 വിശദീകരണം നോക്കുക.

222. ആർത്തവത്തെക്കുറിച്ചും നിന്നോട് അവർ ചോദിക്കുന്നുവല്ലോ; നീ പറയുക: അത് ഒരു ഉപദ്രവകരമായ അശുദ്ധാവസ്ഥയാണ്, ആർത്തവത്തിൽ നിങ്ങൾ സ്ത്രീകളെ വിട്ടുനിൽക്കുക, അവർ ശുദ്ധിയാകുന്നതുവരെ നിങ്ങൾ അവരെ സമീപിക്കരുത്, അങ്ങനെ അവർ ശുദ്ധിയുള്ളവരായാൽ അപ്പോൾ അല്ലാഹു നിങ്ങളോട് കൽപിക്കും പ്രകാരം നിങ്ങൾക്ക് അവരെ സമീപിക്കാവുന്നതാണ്, നിശ്ചയം അല്ലാഹു ഏറെ പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു, വിശുദ്ധി നേടുന്നവരെയും ഇഷ്ടപ്പെടുന്നു.

ആർത്തവം ഒരു മ്ലേഛാവസ്ഥയാണെന്നും ആ അവസ്ഥയിൽ സ്ത്രീകളുമായി സംയോഗത്തിലേർപ്പെടാൻ പാടില്ലെന്നുമാണ് പഠിപ്പിക്കുന്നത്. പ്രവാചകന്റെ കാലത്തുള്ള ജൂതന്മാർ സ്ത്രീകളിൽ നിന്ന് ആർത്തവസമയത്ത് പൂർണ്ണമായി അകന്ന് നിൽക്കുന്നവരും, ക്രൈസ്തവർ ആർത്തവസമയത്തും ലൈംഗികബന്ധം പുലർത്തുന്നവരുമായിരുന്നു. വിശ്വാസികളോട് ആർത്തവസമയത്ത് സംയോഗമല്ലാത്ത മറ്റു ശാരീരിക ബന്ധങ്ങളെല്ലാം ആവാമെന്ന മധ്യമനയം സ്വീകരിക്കാൻ പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി. സ്ത്രീകൾ ആർത്തവത്തിൽ നിന്ന് ശുദ്ധിയായാൽ അല്ലാഹു കൽപിച്ചതുപോലെ, പ്രകൃതി തേടുന്ന വിധം അവൻ അതിനുവേണ്ടി സൃഷ്ടിച്ച അവയവങ്ങൾ കൊണ്ടേ ഇണ ചേരാവൂ എന്നാണ് ഇവിടെ പറയുന്നത്. 4: 119 ൽ, അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ ഞാൻ മാറ്റിമറിക്കും എന്ന് പിശാച് പറഞ്ഞതിന്റെ പൊരുൾ പ്രകൃതിക്ക് വിരുദ്ധമായ ലൈംഗികബന്ധങ്ങളും മറ്റും നടത്താൻ കൽപിക്കുമെന്നാണ്.

ഇണ ചേർന്ന് കഴിഞ്ഞാൽ കുളിക്കുകയോ അല്ലെങ്കിൽ ചുരുങ്ങിയത് വുളൂഅ് –അംഗശുദ്ധിയെങ്കിലും വരുത്തിയതിന് ശേഷമേ ഉറങ്ങാവൂ എന്നും, ജനാബത്തുകാരിൽ നിന്ന് റഖീബ്, അത്തീദ് എന്നീ മലക്കുകൾ കർമ്മങ്ങളൊന്നും രേഖപ്പെടുത്തുകയില്ല –ചുരുങ്ങിയത് അവർ അംഗശുദ്ധി വരുത്തുന്നതുവരെ എന്നും പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *അല്ലാഹുവേ, എന്റെ പാപങ്ങൾ പൊറുത്തുതരിക, എന്റെ വീടിനെ വിശാലമാക്കുക, എന്റെ ഭക്ഷണ വിഭവങ്ങളിൽ വർദ്ധനവ് നൽകുകയും ചെയ്യുക എന്ന് അംഗശുദ്ധി പൂർത്തിയാക്കുന്നതോടുകൂടി പ്രാർത്ഥിക്കാനും, അല്ലാഹുവേ, എന്നെ നീ ഏറെ പശ്ചാത്തപിക്കുന്നവരിലും ഏറെ ശുദ്ധിനേടുന്നവരിലും നിന്റെ സജ്ജനങ്ങളായ അടിമകളിലും ഉൾപ്പെടുത്തേണമേ എന്ന് അംഗശുദ്ധിയിൽ നിന്ന് വിരമിച്ചശേഷം രണ്ട് ശഹാദത്തോടുകൂടി പ്രാർത്ഥിക്കാനും* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. വിശ്വാസികൾ ഉറങ്ങാൻ കിടക്കുമ്പോൾ കുളിക്കുകയോ ചുരുങ്ങിയത് *വുളൂഅ്* എടുക്കുകയോ ചെയ്യുന്നത് നബിചര്യയിൽ പെട്ട

താണ്. എന്നാൽ 3: 7–10 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ ആത്മാവിനെ പരിഗണിക്കാതെ ജഡത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുന്നവരാണ്. 2: 2, 18; 9: 108–109; 17: 13–15; 56: 79 വിശദീകരണം നോക്കുക.

223. നിങ്ങളുടെ സ്ത്രീകൾ നിങ്ങൾക്കുള്ള ഒരു കൃഷിയിടമാണ്, അതിനാൽ നിങ്ങൾ ഉദ്ദേശിക്കും വിധം നിങ്ങളുടെ കൃഷിയിടത്തെ സമീപിക്കുക, നിങ്ങൾക്കുവേണ്ടി നിങ്ങൾ മുൻകൂട്ടി ഒരുക്കിവെക്കുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിശ്ചയം നിങ്ങൾ അവനെ കണ്ടുമുട്ടുമെന്ന് അറിയുകയും ചെയ്യുക, വിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

പുരുഷന്റെയും സ്ത്രീയുടെയും ബീജങ്ങൾ സംയോജിപ്പിച്ച് അല്ലാഹു വികസിപ്പിച്ചെടുത്തിട്ടുള്ള ഓരോ അവയവത്തിനും അവൻ ഓരോ ഉപയോഗം നിശ്ചയിച്ചിട്ടുണ്ട്. അല്ലാഹു തൃപ്തിപ്പെട്ട വിധം വികാരം ശമിപ്പിക്കുന്നതിന് പുരുഷനും സ്ത്രീയും അവൻ നിശ്ചയിച്ചിട്ടുള്ള ലൈംഗികാവയവങ്ങൾ ഉപയോഗപ്പെടുത്തണമെന്നാണ് അവൻ കൽപിച്ചിട്ടുള്ളത്. അതിനാൽ നിങ്ങൾ ഉദ്ദേശിക്കും വിധം നിങ്ങളുടെ കൃഷിയിടത്തെ സമീപിക്കുക എന്ന് പറഞ്ഞതിനാൽ നിങ്ങളുടെ സ്ത്രീകളുമായി ഏത് രീതിയിലും ലൈംഗിക ബന്ധം നടത്താം എന്നാണ്. എന്നാൽ അല്ലാഹു നിശ്ചയിച്ച ലൈംഗികാവയവങ്ങൾ ഉപയോഗിച്ചുകൊണ്ടായിരിക്കണം എന്നുമാത്രം. നിങ്ങൾ നിങ്ങൾക്കുവേണ്ടി മുൻകൂട്ടി ഒരുക്കിവെക്കുക എന്നതിന്റെ ഉദ്ദേശ്യം സച്ചരിതരായ സന്താനങ്ങളെ ഉൽപ്പാദിപ്പിച്ച് അല്ലാഹുവിന്റെ പ്രതിനിധികളായ വിശ്വാസികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നാണ്. സച്ചരിതരായ സന്താനങ്ങൾ വിശ്വാസികളായ മാതാപിതാക്കൾ മരിച്ച് സ്വർഗത്തിൽ പോയാലും ഭൂമിയിൽ അവരെ പ്രതിനിധീകരിക്കുന്നതും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമാണ്. 2: 187, 189 വിശദീകരണം നോക്കുക.

ഗ്രന്ഥത്തിന്റെ മൊത്തം ആശയം പതിനഞ്ച് വയസ്സിനുമുമ്പ് മക്കൾക്ക് പഠിപ്പിച്ച് സ്വർഗത്തിലേക്കുള്ള ടിക്കറ്റ് കൊടുക്കാനാണ് അല്ലാഹുവിന്റെ സൃഷ്ടികളായ മക്കളെ അല്ലാഹു അവന്റെ തന്നെ സൃഷ്ടികളായ മാതാപിതാക്കളെ ഏൽപ്പിച്ചിട്ടുള്ളത്. അത് ചെയ്യാതിരുന്നാലുള്ള ദോഷം 7: 38 ൽ വിവരിക്കുന്നു: അതായത് രണ്ടുകൂട്ടരും (മാതാപിതാക്കളും മക്കളും) നരകത്തിൽ ഒരു ഇടുങ്ങിയ സ്ഥലത്ത് ഒരുമിച്ചുകൂടിയാൽ മക്കൾ മാതാപിതാക്കളെ ചൂണ്ടിപ്പറയും: ഞങ്ങളുടെ നാഥാ, ഇക്കൂട്ടരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത്, അതുകൊണ്ട് അവർക്ക് നരകത്തിൽ നിന്ന് ഇരട്ടിശിക്ഷ നൽകിയാലും; അല്ലാഹു പറയും: എല്ലാവർക്കും ഇരട്ടിയുണ്ട്, പക്ഷേ നിങ്ങൾ അത് അറിയുന്നില്ല. *ഇഹലോകം പരലോകത്തേക്കുള്ള കൃഷിയിടമാണ് എന്ന്* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചത് അന്വർത്ഥമാകണമെങ്കിൽ അദ്ദിക്റിനനുസരിച്ച് സ്വയം ജീവിതം ചിട്ടപ്പെടുത്തുക തന്നെ വേണം.

നിങ്ങൾ പ്രവർത്തിക്കുക, അപ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങൾ അല്ലാഹുവും പ്രവാചകനും വിശ്വാസികളും നോക്കിക്കാണുക തന്നെ ചെയ്യും എന്ന 9: 105 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: വിശ്വാസികളുടെ പിൻഗാമികളുടെ പ്രവർത്തനങ്ങൾ അഞ്ചാം ഘട്ടമായ *ബർസഖിൽ* വെച്ച് അവർക്ക് കാണിച്ചുകൊടുക്കും. അപ്പോൾ അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനമാണെങ്കിൽ അവർ അതിൽ ആഹ്ലാദിക്കുന്നതും, എന്നാൽ അദ്ദിക്റിന് വിരുദ്ധമായിട്ടുള്ള പ്രവർത്തനമാണെങ്കിൽ അല്ലാഹുവിനോട് അവരെ തിരുത്തണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യും. ഒരു മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ മൂന്ന് കാര്യങ്ങൾ മാത്രമേ അവന് ഉപയോഗപ്പെടുകയുള്ളൂ. (1) ഉപകാ

രപ്രദമായ അറിവ് (2) നിലനിൽക്കുന്ന ദാനധർമ്മങ്ങൾ. (3) അവനുവേണ്ടി പ്രാർത്ഥിക്കുന്ന സച്ചരിതരായ സന്താനങ്ങൾ. 9: 112; 10: 87; 61: 13 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത്, വിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുക എന്ന ആശയത്തിലാണ്. നാലാം ഘട്ടമായ ഇവിടെ വെച്ചുതന്നെ ഓരോരുത്തരും പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വർഗം സമ്പാദിക്കണമെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. അവർ മാത്രമേ അല്ലാഹുവിനെ കണ്ടുമുട്ടുകയുള്ളൂ. 2: 261; 36: 12; 60: 13; 83: 15 വിശദീകരണം നോക്കുക.

224.നിങ്ങൾ ചെയ്ത പ്രതിജ്ഞകളിൽ നിന്ന് ഒഴിഞ്ഞുമാറി കൂടുതൽ പുണ്യം ചെയ്യുന്നതിനോ സൂക്ഷ്മതയുടെ മാർഗം സ്വീകരിക്കുന്നതിനോ മനുഷ്യർക്കിടയിൽ ഒരുമയുണ്ടാക്കുന്നതിനോ അല്ലാഹുവിനെ നിങ്ങൾ ഒരു തടസ്സമാക്കരുത്, അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്ന സർവ്വജ്ഞനാകുന്നു.

225.തമാശയായി നിങ്ങളെടുക്കുന്ന പ്രതിജ്ഞകളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല, എന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ സ്ഥിരീകരിച്ച് സമ്പാദിച്ചിട്ടുള്ളതിന്റെ പേരിൽ നിങ്ങളെ അവൻ പിടികൂടുക തന്നെ ചെയ്യും, അല്ലാഹു ഏറെപ്പൊറുക്കുന്ന സഹനശീലനുമാകുന്നു.

ഒരു പുണ്യകർമ്മം ചെയ്യാൻ പ്രതിജ്ഞ ചെയ്തശേഷം അതിനേക്കാൾ കൂടുതൽ ഉത്തമവും മനുഷ്യർക്ക് കൂടുതൽ ഉപകാരപ്രദവുമായ മറ്റൊരു കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി അത് ലംഘിക്കുന്നതിന് വിരോധമില്ല എന്നും, അതിന് അല്ലാഹുവിനെ ഒരു തടസ്സമാക്കാവുന്നതല്ല എന്നുമാണ് ഈ സൂക്തം പഠിപ്പിക്കുന്നത്. കരുതിക്കൂട്ടിയല്ലാതെ തമാശയായി ചെയ്യുന്ന ശപഥം ലംഘിക്കുന്നതിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കുകയില്ലെന്നും എന്നാൽ, ഹൃദയത്തിൽ ഉറപ്പിച്ചുകൊണ്ട് കരുതിക്കൂട്ടി സമ്പാദിക്കുന്ന തിന്മകളുടെ പേരിൽ മാത്രമേ വിചാരണ ഉണ്ടാവുകയുള്ളൂവെന്നും പഠിപ്പിക്കുന്നു. അതിനാൽ ആത്മാവ് പങ്കെടുക്കാത്ത അറബി ഖുർആൻ പാരായണവും നമസ്കാരവും സ്വീകരിക്കപ്പെടുകയില്ല എന്നുമാത്രമല്ല, ശിക്ഷിക്കപ്പെടാൻ കാരണമാവുകയും ചെയ്യും. കരുതിക്കൂട്ടി ചെയ്യുന്ന ശപഥം ലംഘിച്ചാൽ അല്ലാഹു പിടികൂടുമെന്നും അത് മായ്ച്ചുകളയാനുള്ള പ്രായശ്ചിത്തമായി പത്ത് അഗതികൾക്ക് അവരവരുടെ കുടുംബത്തിന് നൽകുന്ന തോതിലുള്ള ഭക്ഷണം കൊടുക്കുകയോ അവർക്ക് വസ്ത്രം നൽകുകയോ അതുമല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ചെയ്യണമെന്നും, ഇതിനൊന്നും കഴിഞ്ഞില്ലെങ്കിൽ മൂന്ന് ദിവസം നോമ്പനുഷ്ഠിക്കണമെന്നും അതാണ് നിങ്ങളുടെ പ്രതിജ്ഞ ലംഘിച്ചതിനുള്ള പ്രായശ്ചിത്തമെന്നും നിങ്ങൾ നിങ്ങളുടെ ശപഥങ്ങൾ നിറവേറ്റി സൂക്ഷിക്കണമെന്നും 5: 89 ൽ പറഞ്ഞിട്ടുണ്ട്. 2: 255; 16: 91–94; 63: 1–2 വിശദീകരണം നോക്കുക.

226.തങ്ങളുടെ സ്ത്രീകളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുകയില്ലെന്ന് ശപഥം ചെയ്യുന്ന പുരുഷന്മാരുടെ കാര്യത്തിൽ സ്ത്രീകൾ നാലുമാസം കാത്തിരിക്കണം, അങ്ങനെ അവർ മടങ്ങുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

227.ഇനി അവർ വിവാഹമോചനമാണ് തീരുമാനിച്ചതെങ്കിൽ, അപ്പോൾ നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

*ജാഹിലിയ്യാ*കാലത്ത് നിലവിലുണ്ടായിരുന്ന ഒരു ദുരാചാരമായിരുന്നു *'ഈലാഅ്'* –ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുകയില്ലെന്ന് ശപഥം ചെയ്തുകൊണ്ട് അവളെ കയറില്ലാതെ കെട്ടിയിടുന്ന സമ്പ്രദായം. ആ സമ്പ്രദായം ഇല്ലാതാക്കിക്കൊണ്ട് അ

ല്ലാഹു കൽപിച്ചു: ഒരാൾക്ക് തങ്ങളുടെ ഇണകളുമായി വിട്ടുനിൽക്കാനുള്ള അവസാനത്തെ പരിധി നാലുമാസം മാത്രമാണ്. എന്നാൽ ഉമർ തന്റെ മകളും പ്രവാചകന്റെ പത്നിയുമായ ഹഫ്സയോട്: ഒരു സ്ത്രീക്ക് തന്റെ ഇണയുമായി വിട്ടുനിൽക്കാൻ സാധിക്കുന്ന അവസാനത്തെ പരിധി എത്രയാണെന്ന് ചോദിച്ചപ്പോൾ: ആറുമാസമാണ് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എല്ലാ യോദ്ധാക്കൾക്കും ആറുമാസത്തിനുള്ളിൽ തങ്ങളുടെ ഇണകളുമായി ബന്ധപ്പെടുവാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുകയുണ്ടായി. നാലുമാസം കാത്തിരുന്നിട്ടും പുരുഷൻ വരുന്നില്ലെങ്കിൽ സ്ത്രീക്ക് അവനെ വിവാഹബന്ധത്തിൽ നിന്ന് വേർപ്പെടുത്താവുന്നതാണ്. ഇതിന് *ഖുൽഅ്* എന്ന് പറയുന്നു. ഇക്കാലത്ത് വർഷങ്ങളോളം ഇണകളിൽ നിന്ന് അകന്നുകഴിയുന്ന ഗൾഫ് ജീവിതം ഉണ്ടാക്കുന്ന തിന്മകളും അനർത്ഥങ്ങളും കുറച്ചൊന്നുമല്ല. ജാരസന്താനങ്ങൾ പെരുകുക, പ്രവർത്തിക്കുന്നവനെയും പ്രവർത്തിക്കപ്പെടുന്നവനെയും കൊല്ലണമെന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ച പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗസംഭോഗം വർദ്ധിക്കുക തുടങ്ങിയവയെല്ലാം ഗൾഫ് ജീവിതത്തിന്റെ കോട്ടങ്ങളിൽ ചിലതാണ്. ഭാര്യയുടെ വികാരം ശമിപ്പിക്കുക എന്നത് ഭർത്താവിന്റെ ഉത്തരവാദിത്തമായിരിക്കെ അത് നിർവ്വഹിക്കാതെ ഭാര്യയെ അവിഹിതബന്ധത്തിലേക്ക് തള്ളിവിട്ടതിന്റെ പേരിൽ ഭർത്താവ് വ്യഭിചാരത്തിലേർപ്പെടാതെത്തന്നെ പരലോകത്ത് വ്യഭിചാരക്കുറ്റത്തിന്റെ ഒരു പങ്ക് വഹിക്കേണ്ടി വരുന്നതുമാണ്.

പ്രവാചകന്റെ ജനതയിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കിടയിലാണ് ഇതര ജനവിഭാഗങ്ങളേക്കാൾ ഇന്ന് ഇത്തരം ദുർവൃത്തികൾ കൂടുതൽ നിലവിലുള്ളത്. ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അവർ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ഹജ്ജും ഉംറയും നിർവ്വഹിക്കുകയും ചെയ്ത് പിഴയായി നരകക്കുണ്ഠം വാങ്ങേണ്ടി വരുന്നവരാണ്. അദ്ദിക്റിനെ വെടിഞ്ഞ ഈ കെട്ടജനതയെത്തന്നെയാണ് 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് ഉപമിച്ചിട്ടുള്ളത്. വിധിദിവസം ഗ്രന്ഥം കൊണ്ടുവന്ന് പ്രവാചകൻ ഇവർക്കെതിരെ അന്യായം ബോധിപ്പിക്കുമെന്ന് 25: 30 ലും; മഹാത്മാക്കൾ ഇവർക്കെതിരെ അന്യായം ബോധിപ്പിക്കുമെന്ന് 25: 18 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 94-95; 8: 22; 107: 1-4 വിശദീകരണം നോക്കുക.

228.വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ മൂന്ന് ആർത്തവകാലം തങ്ങളെ സ്വയം തടഞ്ഞുവെക്കേണ്ടതാകുന്നു, അവരുടെ ഗർഭപാത്രങ്ങളിൽ അല്ലാഹു സൃഷ്ടിച്ചതിനെ മറച്ചുവെക്കുക അവർക്ക് അനുവദനീയവുമല്ല -അവർ അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിക്കുന്നവരാണെങ്കിൽ, അവരുടെ ഭർത്താക്കന്മാർ തന്നെയാണ് അവരെ തിരിച്ചെടുക്കാൻ ഏറ്റവും അർഹതപ്പെട്ടവർ -അതിൽ അവർ നന്മയും രമ്യമായ ഐക്യവുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ, പുരുഷന്മാർക്കുള്ളതുപോലെ അവർക്കും ന്യായമായ അവകാശങ്ങളുണ്ട്, പുരുഷന്മാർക്ക് അവരുടെമേൽ ഒരു പദവിയുമുണ്ട്, അല്ലാഹുവാകട്ടെ അജയ്യനായ യുക്തിജ്ഞനാകുന്നു.

4: 21; 25: 54; 30: 21 സൂക്തങ്ങൾ പ്രകാരം വിവാഹം അല്ലാഹു ബന്ധിപ്പിച്ച ബന്ധമായതിനാൽ വിവാഹമോചനം ഇസ്ലാമിൽ ഏറ്റവും വെറുക്കപ്പെട്ട അനുവദനീയമായ കാര്യമാണ്. അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് നടത്തിയ ബലിഷ്ഠമായ ആ കരാറിനെ നിസ്സാരമായ കാരണങ്ങളുടെ പേരിൽ വേർപ്പെടുത്താവുന്നതല്ല. അഥവാ അല്ലാഹുവിന്റെ കോപത്തിലല്ലാതെ വേർപ്പെടുത്താവുന്നതല്ല. വിവാഹമോചനം നടത്തുന്നതിന് മുമ്പാ

യി 4: 34 ൽ പറഞ്ഞ പ്രകാരം, ഭർത്താവ് ഭാര്യയെ ഉപദേശിക്കുക, കിടപ്പറയിൽ വർജ്ജിക്കുക, ഇവളുടെ സ്വഭാവം നന്നാക്കേണമേ എന്ന് ആത്മാവ് കൊണ്ട് പ്രാർത്ഥിച്ച് ഒറ്റ അടി അടിക്കുക എന്നീ വിവിധ ഘട്ടങ്ങൾ കഴിഞ്ഞിട്ടും അവർ തമ്മിൽ ഭിന്നിപ്പിൽ തന്നെയാണെങ്കിൽ അവന്റെ ഭാഗത്തുനിന്നും അവളുടെ ഭാഗത്തുനിന്നും ഓരോ വിധികർത്താക്കളെ വെച്ച് പരസ്പരം കാര്യങ്ങൾ ചർച്ച ചെയ്ത് രമ്യമായ ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ നാലുഘട്ടങ്ങൾ കഴിഞ്ഞിട്ടും ഒരു നിലക്കും ഒത്തൊരുമിച്ചുപോകാൻ സാധിക്കുന്നില്ലെങ്കിലാണ് വിവാഹമോചനം അനുവദിച്ചിട്ടുള്ളത്. 65: 1 ൽ, ഓ പ്രവാചകാ! നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരുടെ ഇദ്ദാസമയത്തേക്ക് വിവാഹമോചനം ചെയ്യുകയും ഇദ്ദാകാലം ശരിക്ക് എണ്ണിക്കണക്കാക്കുകയും ചെയ്യുക, അവരുടെ വീടുകളിൽ നിന്ന് നിങ്ങൾ അവരെ പുറത്താക്കുകയോ, അവർ സ്വമേധയാ പുറത്തുപോകുകയോ ചെയ്യരുത് -അവർ വ്യക്തമായ ദുർനടപ്പിൽ ഏർപ്പെട്ടാലൊഴികെ എന്ന് പറഞ്ഞിട്ടുണ്ട്. ആർത്തവമുണ്ടാകുന്ന സ്ത്രീകൾക്ക് ഇദ്ദാകാലം മൂന്ന് ശുദ്ധികാലമാണെന്നും ആർത്തവമുണ്ടാകാത്ത സ്ത്രീകൾക്കും ആർത്തവം ക്രമമില്ലാതെയുണ്ടാകുന്ന സ്ത്രീകൾക്കും മൂന്ന് മാസക്കാലമാണെന്നും ഗർഭിണികൾക്ക് പ്രസവിക്കുന്നത് വരെയാണെന്നും 65: 4 ലും; പുരുഷൻ മരിച്ചുപോകുന്ന സ്ത്രീകളുടെ ഇദ്ദാകാലം നാലുമാസവും പത്ത് ദിവസവുമാണ് എന്ന് 2: 234 ലും പറഞ്ഞിട്ടുണ്ട്. പുരുഷൻ സ്ത്രീയുടെ നിയന്ത്രാതാവായതിനാൽ തിരിച്ചെടുക്കാൻ കൂടുതൽ ബാധ്യത പുരുഷനാണ്. ആർത്തവകാലത്ത് വിവാഹമോചനം അനുവദനീയമല്ലെന്ന് ഈ സൂക്തങ്ങളിൽ നിന്നും മനസ്സിലാക്കാം. 2: 255; 9: 51; 17: 13-14 വിശദീകരണം നോക്കുക.

229.വിവാഹമോചനം രണ്ട് പ്രാവശ്യമാണ്, അപ്പോൾ ന്യായമായ രീതിയിൽ പിടിച്ചുവെക്കുകയോ അല്ലെങ്കിൽ നല്ല രീതിയിൽ പിരിച്ചയക്കുകയോ ചെയ്യേണ്ടതാകുന്നു, നിങ്ങൾ അവർക്ക് നൽകിയതിൽ നിന്ന് ഒന്നും തിരിച്ചുവാങ്ങൽ നിങ്ങൾക്ക് അനുവദനീയമല്ല -ദമ്പതികളിൽ ഇരുവരും അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുകയില്ലെന്ന് ഭയപ്പെട്ടാലൊഴിച്ച്, ഇനി അവർ ഇരുവരും അല്ലാഹുവിന്റെ നിയമപരിധികൾ ലംഘിക്കുമെന്ന് നിങ്ങൾ ഭയപ്പെട്ടാൽ, അപ്പോൾ സ്ത്രീ തന്റെ ഭർത്താവിന് വിവാഹമൂല്യം തിരിച്ചുകൊടുത്ത് വിവാഹമോചനം നേടുന്നത് അവരുടെ രണ്ടുപേരുടെയും മേൽ കുറ്റമില്ല, ഇതെല്ലാം അല്ലാഹുവിന്റെ നിയമപരിധികളാണ്, അപ്പോൾ അതിനെ നിങ്ങൾ വിട്ടുകടക്കരുത്, ആരെങ്കിലും അല്ലാഹുവിന്റെ നിയമപരിധികൾ വിട്ടുകടന്നാൽ, അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ.

സാധാരണഗതിയിൽ വിവാഹമൂല്യം നൽകിയതിൽ നിന്ന് ഒന്നും തിരിച്ചുവാങ്ങാൻ പാടില്ല. എന്നാൽ സ്ത്രീകളിൽ ദുർനടപ്പ് കാണുകയോ അല്ലെങ്കിൽ സ്ത്രീ വിവാഹമോചനം ആവശ്യപ്പെട്ട് മറ്റൊരു വിവാഹത്തിന് കോപ്പുകൂട്ടുകയാണെന്ന് മനസ്സിലാവുകയോ ചെയ്യുന്ന അവസരത്തിൽ പുരുഷന് വിവാഹമൂല്യം തിരിച്ച് ചോദിക്കാവുന്നതാണ്. പുരുഷൻ സ്ത്രീയുടെ വികാരം ശമിപ്പിക്കുന്നതിന് കഴിവില്ലാത്തവനാണെന്നതിന്റെ പേരിൽ സ്ത്രീ മറ്റൊരു പുരുഷനെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിലും വിവാഹമൂല്യം മുഴുവനും തിരിച്ചുകൊടുത്ത് അവൾക്ക് അവനിൽ നിന്ന് വിവാഹബന്ധം വേർപെടുത്താവുന്നതാണ്. 3: 94; 5: 45; 9: 23 തുടങ്ങിയ സൂക്തങ്ങളും അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന ആശയത്തിലാണ് അവസാനിക്കുന്നത്. അല്ല; അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന ആശയത്തോടുകൂടിയാണ് 24: 50 അവസാനിക്കുന്നത്. 2: 254, 258 വിശദീകര

ണം നോക്കുക.

230.ഇനി അവൻ അവളെ വിവാഹമോചനം ചെയ്താൽ, അപ്പോൾ അവളെ മറ്റൊരു ഭർത്താവ് വിവാഹം കഴിച്ചശേഷമല്ലാതെ അവന് അവളെ അനുവദനീയമാവുകയില്ല, ഇനി അവനും അവളെ വേർപ്പെടുത്തിയാൽ അവർ രണ്ടുപേരും അല്ലാഹുവിന്റെ നിയമപരിധികൾ നിലനിർത്തുമെന്ന് ഉറപ്പുണ്ടെങ്കിൽ പരസ്പരം വിവാഹബന്ധത്തിലേക്ക് മടങ്ങൽ അപ്പോൾ അവർ രണ്ടുപേരുടെയും മേൽ വിരോധമില്ല, ഇതെല്ലാം അല്ലാഹുവിന്റെ നിയമപരിധികളാണ്, അറിവുള്ള ഒരു ജനതക്ക് വേണ്ടിയാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

ഒരേ ഇരിപ്പിൽ മൂന്ന് വിവാഹമോചനവും ചെയ്യുന്നവരെ പ്രവാചകൻ ശപിച്ചിട്ടുണ്ട്. 4: 228 ൽ വിശദീകരിച്ച ഘട്ടങ്ങളെല്ലാം കഴിഞ്ഞിട്ടും ദമ്പതികൾക്കിടയിൽ യോജിച്ചുപോകാൻ സാധിക്കുന്നില്ലെങ്കിലാണ് ഒന്നാമത്ത വിവാഹമോചനം. ഇദ്ദാകാലം തീർന്നതിന് ശേഷമാണെങ്കിൽ പുനർവിവാഹം ചെയ്ത ശേഷവും ഇദ്ദാകാലം തീരുന്നതിന് മുമ്പാണെങ്കിൽ പുനർവിവാഹം ചെയ്യാതെയും വീണ്ടും അവർക്ക് ദമ്പതികളായി തുടരാവുന്നതാണ്. വീണ്ടും ദമ്പതികൾക്കിടയിൽ യോജിച്ചുപോകാൻ സാധിക്കാത്ത അവസ്ഥ വരികയാണെങ്കിൽ മേൽഘട്ടങ്ങളെല്ലാം കഴിഞ്ഞ ശേഷം സൂക്തം 229 പ്രകാരം രണ്ടാമത്തെ വിവാഹമോചനവും അപ്രകാരം തന്നെ മൂന്നാം തവണയും വിവാഹവും വിവാഹമോചനവും ചെയ്യുകയാണെങ്കിലാണ് ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം മറ്റൊരാൾ അവളെ വിവാഹം കഴിച്ച ശേഷമല്ലാതെ അവന് അവളെ അനുവദനീയമാവുകയില്ല എന്ന് പറഞ്ഞിട്ടുള്ളത്. പുതിയ ഭർത്താവ് വിവാഹം ചെയ്ത് ഗ്രന്ഥത്തിൽ പറഞ്ഞ വിവാഹമോചനത്തിനുള്ള എല്ലാ ഘട്ടങ്ങളും കഴിഞ്ഞ് വിവാഹമോചനം ചെയ്യുകയാണെങ്കിൽ മാത്രമേ അതിനുള്ള സാധ്യതയുള്ളൂ. ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾ അനുസരിക്കാതെ ഒരേ ഇരിപ്പിൽ മൂന്ന് വിവാഹമോചനം നടത്തുകയും അങ്ങനെ അത് മൂന്നായിത്തന്നെ പരിഗണിച്ച് മറ്റൊരാളെ ചടങ്ങ് നിർത്തി വിവാഹം ചെയ്യിപ്പിക്കുകയും, ശേഷം വിവാഹമോചനം ചെയ്യിപ്പിച്ച് ആദ്യഭർത്താവ് തന്നെ വിവാഹം ചെയ്യുകയും ചെയ്യുന്ന ഏർപ്പാട് ഇസ്ലാമികമല്ല. ഇസ്റാഈൽ സന്തതികളോട് ശനിയാഴ്ച നാളിൽ മീൻ പിടിക്കരുതെന്ന് പറഞ്ഞിട്ടും അവർ ധാർഷ്ട്യത്തോടെ മീൻ പിടിക്കുകയും അപ്പോൾ അല്ലാഹു അവരെ കുരങ്ങന്മാരാക്കി മാറ്റുകയുമുണ്ടായി. അതുപോലെയാണ് ഇന്ന് അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന കെട്ടജനതയായ ഫുജ്ജാറുകൾ അവരുടെ വിവാഹത്തിലും വിവാഹമോചനത്തിലും കടത്തിക്കൂട്ടിയ മുത്ത്വലാഖ് സമ്പ്രദായം, ചടങ്ങുനിൽക്കൽ തുടങ്ങിയ ദുരാചാരങ്ങൾ. ഇത്തരം സ്വഭാവങ്ങൾ കാരണം 98: 6 ൽ പറഞ്ഞ കരയിലെ ദുഷ്ടജീവികളായ ഇവർ നാളെ നരകക്കുണ്ഠത്തിൽ കുരങ്ങ്, പട്ടി, പന്നി, പെരുച്ചാഴി തുടങ്ങിയവയുടെ രൂപത്തിലായിട്ടാണ് പ്രവേശിപ്പിക്കപ്പെടുക. 2: 66; 5: 60; 6: 104 വിശദീകരണം നോക്കുക.

231.നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയും അങ്ങനെ അവർ അവരുടെ അവധി പൂർത്തീകരിക്കുകയും ചെയ്താൽ, അപ്പോൾ നിങ്ങൾ അവരെ ന്യായമായ രീതിയിൽ നിലനിർത്തുകയോ അല്ലെങ്കിൽ ന്യായമായ രീതിയിൽ പിരിച്ചയക്കുകയോ ചെയ്യുക, പരിധി ലംഘിച്ചവരായിക്കൊണ്ട് ദ്രോഹിക്കുന്നതിനുവേണ്ടി നിങ്ങൾ അവരെ പിടിച്ചുവെക്കരുത്, അങ്ങനെ വല്ലവനും പ്രവർത്തിച്ചാൽ അപ്പോൾ നിശ്ചയം അവൻ അവനോട് തന്നെ അക്രമം പ്രവർത്തിച്ചു, നിങ്ങൾ അല്ലാഹുവിന്റെ സൂക്തങ്ങളെ പരിഹാസ്യമായി എടുക്കരുത്, നിങ്ങളുടെമേൽ അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെയും നിങ്ങളെ ഉപദേശിക്കുന്ന ഗ്ര

ന്ഥവും തത്വജ്ഞാനവും നിങ്ങളുടെമേൽ അവതരിപ്പിച്ചതിനെയും നിങ്ങൾ ഓർമ്മിക്കുവീൻ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ, നിങ്ങൾ അറിയുകയും ചെയ്യുക, നിശ്ചയം അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്ന സർവ്വജ്ഞാനിയാകുന്നു.

വിവാഹമുക്തകൾ അവരുടെ *ഇദ്ദ* പൂർത്തിയാക്കിയാൽ അവരെ നല്ല രീതിയിൽ നില നിർത്തുകയോ അല്ലെങ്കിൽ അറിയപ്പെട്ട ന്യായമായ രീതിയിൽ വേർപെടുത്തുകയോ ചെയ്യുക, നിങ്ങളിൽ നിന്നുള്ള രണ്ട് നീതിമാന്മാരെ അതിന് സാക്ഷ്യം വഹിപ്പിക്കുകയും ചെയ്യുക, അവർ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സാക്ഷ്യം നിലനിർത്തുകയും ചെയ്യട്ടെ, അതാണ് അല്ലാഹുവിന് അവനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച നിങ്ങളോട് ഉപദേശിക്കാനുള്ളത് എന്നും, ആരാണോ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ചത്, അവന് ഒരു പോംവഴി കാണിച്ച് കൊടുക്കുന്നതാണ് എന്നും 65: 2 ലും അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്ക് സത്യാസത്യ വിവേചന ഉരക്കല്ല് നൽകുന്നതാണ് എന്ന് 8: 29 ലും പറഞ്ഞിട്ടുണ്ട്. 65: 2 ൽ പറഞ്ഞ പോംവഴിയും 8: 29 ൽ പറഞ്ഞ ഉരക്കല്ലും അദ്ദിക്ർ തന്നെയാണ്. നിശ്ചയം ഇത് സ്പഷ്ടമായ ഗൗരവമേറിയ വാക്കുകൾ തന്നെയാണ്, ഇത് തമാശയല്ല എന്ന് 86: 13–14 സൂക്തങ്ങളിലും; കാഫിറുകൾ സത്യത്തിൽ മിഥ്യ കടത്തിക്കൂട്ടുന്നതിനുവേണ്ടി മിഥ്യകൊണ്ട് തർക്കിച്ചുകൊണ്ടിരിക്കുന്നു, അവർ എന്റെ സൂക്തങ്ങളും താക്കീതുകളും പരിഹാസമായി കാണുകയും ചെയ്യുന്നു എന്ന് 18: 56 ലും; എന്റെ സൂക്തങ്ങളെയും എന്റെ പ്രവാചകന്മാരെയും പരിഹാസപാത്രമായി തെരഞ്ഞെടുത്തിരിക്കുന്നതിനാൽ കാഫിറുകൾക്കുള്ള പ്രതിഫലം നരകക്കുണ്ഠമാണ് എന്ന് 18: 106 ലും പറഞ്ഞിട്ടുണ്ട്. 56: 81 ൽ, നിങ്ങൾ ഈ വർത്തമാനത്തെ (അദ്ദിക്റിനെ) ലാഘവത്തോടുകൂടി എടുക്കുകയാണോ എന്ന് ചോദിക്കുന്നു. 2: 85, 165–167; 31: 6; 39: 55–59 വിശദീകരണം നോക്കുക.

232. നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയും അങ്ങനെ അവർ അവരുടെ അവധി പൂർത്തിയാക്കുകയും ചെയ്താൽ, അപ്പോൾ ന്യായമായ രീതിയിൽ മറ്റൊരു പുരുഷനുമായി അവർ പരസ്പരം തൃപ്തിപ്പെട്ട് വിവാഹിതരാകുന്നതിൽ നിന്ന് നിങ്ങൾ അവരെ തടയരുത്, അതാണ് നിങ്ങളിൽ നിന്ന് അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിക്കുന്നവരോട് ഉപദേശിക്കാനുള്ളത്, അതുതന്നെയാണ് നിങ്ങൾക്ക് ഏറ്റവും സംസ്കരണമുള്ളതും ശുദ്ധിയുള്ളതും, അല്ലാഹു അറിയുന്നവനും നിങ്ങളോ അറിവില്ലാത്തവരുമാകുന്നു!

എല്ലാം അറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹുവാണ് വിവാഹബന്ധത്തിലൂടെ അവന്റെ സൃഷ്ടികളെ ബന്ധിപ്പിക്കുന്നത്. എല്ലാ മനുഷ്യരെയും ഭൂമിയിൽ കൊണ്ടുവന്നത് അല്ലാഹുവാണെന്നും അവൻ നിശ്ചയിച്ച അവധി വരെ അവർ ഇവിടെ താമസിക്കുമെന്നും അവർക്ക് ഇവിടെ ജീവിതവിഭവങ്ങളുണ്ടെന്നും അതുകൊണ്ട് ആരും ആർക്കും സ്വന്തമല്ല, എല്ലാവരും സ്വതന്ത്രരാണ്, ഒരാളും ഒരാൾക്കും ഭാരമാകാവുന്നതല്ല എന്ന ബോധത്തിൽ നിലകൊള്ളലുമാണ് പരിശുദ്ധിയുടെയും സംസ്കരണത്തിന്റെയും മാർഗം. ഇന്ന് വിശ്വാസികളുടെ സംഘം ലോകത്തെവിടെയും ഇല്ലാത്തതിനാൽ നാഥന്റെ സംസാരമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 216; 4: 1; 87: 14–15 വിശദീകരണം നോക്കുക.

233. മാതാക്കൾ അവരുടെ കുട്ടികൾക്ക് രണ്ടുവർഷം മുഴുവനായും മുലയൂട്ടേണ്ടതാ

ണ് –പിതാവ് തന്റെ കുട്ടിക്ക് മുലകുടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ന്യായമായ രീതിയിൽ അവർക്ക് ഭക്ഷണവും അവർക്ക് വസ്ത്രവും നൽകൽ പിതാവിന്റെ ബാധ്യതയാണ്, എന്നാൽ ആരിലും അവരുടെ കഴിവിൽ കവിഞ്ഞ ബാധ്യതകൾ ചുമത്താവുന്നതല്ല, ഒരു മാതാവും അവളുടെ സന്താനം കാരണം ഉപദ്രവിക്കപ്പെടാവുന്നതല്ല, ഒരു പിതാവും തന്റെ സന്താനം കാരണം ഉപദ്രവിക്കപ്പെടാവുന്നതല്ല, (പിതാവിന്റെ അഭാവത്തിൽ) അതേ ബാധ്യതകൾ അവന്റെ അനന്തരാവകാശികളുടെ മേൽ ഉണ്ടായിരിക്കും, ഇനി അവർ രണ്ടുപേരും കൂടിയാലോചിച്ച് തൃപ്തിപ്പെട്ട് മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അപ്പോൾ അതിന് അവർ രണ്ടുപേരുടെയും മേൽ വിരോധമില്ല, ഇനി മറ്റൊരു സ്ത്രീയെക്കൊണ്ട് ന്യായമായ പ്രതിഫലം കൊടുത്ത് നിങ്ങളുടെ കുട്ടികൾക്ക് മുലകൊടുപ്പിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അപ്പോൾ അതിനും നിങ്ങളുടെ മേൽ വിരോധമില്ല, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, നിങ്ങൾ അറിയുകയും ചെയ്യുക –നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വീക്ഷിക്കുന്നവനാകുന്നു.

31: 14 ൽ, മുലയൂട്ടൽ രണ്ട് വർഷമാണെന്നും; 46: 15 ൽ, ഗർഭകാലവും മുലയൂട്ടലും കൂടി മുപ്പത് മാസമാണെന്നും പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ മുലകുടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നവർക്ക് രണ്ടുവർഷമാണെന്നും പറയുന്നു. ഇതിൽ നിന്നും ഗർഭകാലം ഏറ്റവും ചുരുങ്ങിയത് ആറുമാസമായി പരിഗണിക്കാവുന്നതാണ്. എന്നാൽ സാധാരണഗതിയിൽ ഏഴുമാസം തികഞ്ഞ് പ്രസവിക്കുന്ന കുട്ടിയെ വളർച്ചയെത്താത്ത പ്രസവമായി കണക്കാക്കുന്നതും, ഏഴുമാസമാകാതെ പ്രസവിച്ചാൽ കുട്ടി ജീവിച്ചിരിക്കുകയില്ല എന്നുമാണ് ശാസ്ത്രനിഗമനം. എന്നാൽ ആറുമാസമായാലും അപൂർവ്വസന്ദർഭങ്ങളിൽ കുട്ടി ജീവിച്ചിരിക്കുമെന്നും ആ കുട്ടിക്ക് പൂർണ്ണമായി രണ്ട് വർഷം മുലയൂട്ടണമെന്നും ഈ സൂക്തങ്ങൾ പഠിപ്പിക്കുന്നു. പത്തുമാസം പൂർത്തിയായി ജനിക്കുന്ന കുട്ടിക്ക് ഇരുപത് മാസം മുലകൊടുത്താലും മതി എന്ന് സാരം. വിവാഹമോചിതയാണെങ്കിലും കുട്ടിക്ക് മുല കൊടുക്കുന്ന കാലത്ത് ന്യായമായ രീതിയിലുള്ള ഭക്ഷണവും വസ്ത്രവും മാതാവിന് നൽകൽ പിതാവിന്റെ ബാധ്യതയാണ്. പിതാവിന്റെ അഭാവത്തിൽ കുട്ടിയുടെ രക്ഷാധികാരിയായ അനന്തരാവകാശിയുടെ മേലാണ് ഈ ബാധ്യത വരിക. ഒരാളും അവർക്ക് വഹിക്കാൻ കഴിയാത്ത ബാധ്യതകൾ വഹിക്കേണ്ടതില്ലെന്നും, അല്ലാഹുവിന്റെ സൃഷ്ടിയായ ഒരു കുട്ടിയോ മാതാവോ പിതാവോ രക്ഷാധികാരിയോ ആരും തന്നെ മറ്റൊരു സൃഷ്ടി മുഖേന ബുദ്ധിമുട്ടരുതെന്നും ആരും ആർക്കും ഭാരമാകരുത് എന്നുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. മനുഷ്യരെല്ലാം സ്വതന്ത്രരായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെ വെച്ച് സമ്പാദിക്കുന്നതാണെന്നും ഈ സൂക്തം പഠിപ്പിക്കുന്നു.

234.ഭർത്താക്കന്മാർ മരിച്ചുപോകുന്ന നിങ്ങളിൽ നിന്നുള്ള ഭാര്യമാർ തങ്ങളെ നാലു മാസവും പത്ത് ദിവസവും സ്വയം തടഞ്ഞുനിർത്തേണ്ടതാകുന്നു, ഇനി അവരുടെ ഇദ്ദാ അവധി പൂർത്തിയായാൽ അവർ ന്യായമായ രീതിയിൽ സ്വന്തം കാര്യത്തിൽ തീരുമാനമെടുത്ത് പ്രവർത്തിക്കുന്നതിൽ അപ്പോൾ നിങ്ങളുടെ മേൽ വിരോധമില്ല, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാകുന്നു.

നിങ്ങളുടെമേൽ വിരോധമില്ല എന്ന് പറഞ്ഞതിലെ 'നിങ്ങൾ' മരിച്ചുപോയ ഭർത്താ

വിന്റെ അനന്തരാവകാശികളാണ്. സ്ത്രീകൾ പ്രായാധിക്യമുള്ളവരോ കുട്ടികളുള്ളവരോ ആണെങ്കിൽ ആ കുട്ടികളെ സംരക്ഷിച്ച് മറ്റൊരു വിവാഹം കഴിക്കാതെ ജീവിതം തുടരാനും; അതല്ല, സ്ത്രീ പ്രായം കുറഞ്ഞവളാണെങ്കിൽ അവൾക്ക് ഇഷ്ടമുള്ള പുരുഷനുമായി വിവാഹത്തിലേർപ്പെടാനും സ്വാതന്ത്ര്യമുണ്ട് -അവൾക്ക് കുട്ടികളുണ്ടെങ്കിലും ശരി. അതാണ് അവർ ന്യായമായ രീതിയിൽ സ്വന്തം കാര്യത്തിൽ തീരുമാനമെടുത്ത് പ്രവർത്തിക്കുന്നതിൽ നിങ്ങളുടെമേൽ വിരോധമില്ല എന്ന് പറഞ്ഞതിന്റെ താൽപര്യം. സ്ത്രീകൾക്ക് ഒരു കൊല്ലത്തെ ജീവിതവിഭവം *വസ്വിയ്യത്ത്* ചെയ്യണമെന്ന് മരിച്ചുപോകുന്ന ഭർത്താക്കന്മാരോട് 2: 240 ൽ കൽപിക്കുന്നുണ്ട്. അവർ അവരുടെ സ്വന്തം കാര്യത്തിൽ തീരുമാനമെടുത്ത് വീട്ടിൽ നിന്ന് പുറത്ത് പോവുകയാണെങ്കിൽ അതിൽ അനന്തരാവകാശികൾക്ക് കുറ്റമില്ല എന്നും പറയുന്നു. ചെറുപ്പക്കാരികളായ സ്ത്രീകളെ മരിച്ചുപോകുന്ന ഭർത്താവിന്റെ സഹോദരങ്ങൾ ആരെങ്കിലും വിവാഹം ചെയ്ത് അവൾക്ക് ദാമ്പത്യജീവിതം നൽകാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടിയാണത്.

2: 271; 3: 180; 57: 10; 58: 3, 11; 64: 8 തുടങ്ങിയ സൂക്തങ്ങളെല്ലാം 'അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങൾ വലയം ചെയ്ത ത്രികാലജ്ഞാനിയാകുന്നു' എന്ന ആശയത്തിലാണ് അവസാനിക്കുന്നത്. 3: 153; 9: 16; 58: 13; 64: 11 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നത് 'നിങ്ങൾ എന്താണ് പ്രവർത്തിക്കുകയെന്ന് വലയം ചെയ്തവനാണ് അല്ലാഹു' എന്ന ആശയത്തിലും; 24: 53; 59: 18 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, 'നിശ്ചയം നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് വലയം ചെയ്തവനാണ് അല്ലാഹു' എന്ന ആശയത്തിലുമാണ്. 'നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് വലയം ചെയ്ത ത്രികാലജ്ഞാനിയാകുന്നു' എന്ന ആശയത്തിലാണ് 31: 29 അവസാനിക്കുന്നത്. അതായത് ഓരോ വ്യക്തിയും എവിടെയാണ് ജനിക്കുക, ഏത് മാതാപിതാക്കളിൽ, എപ്പോൾ, ഏത് നാട്ടിൽ, പുരുഷനായിട്ടാണോ സ്ത്രീയായിട്ടാണോ ജനിക്കുക, ആരെ വിവാഹം കഴിക്കും, അവരുടെ ആയുസ്സ് എത്രയാണ്, അവർ എത്ര ഭക്ഷണം കഴിക്കും, എത്ര സന്താനങ്ങളുണ്ടാകും, എപ്പോൾ എവിടെ വെച്ച് മരിക്കും, അവരുടെ ശരീരത്തിൽ നിന്ന് ഭൂമിയിൽ എത്ര ലയിച്ചുചേരും, സ്വർഗത്തിലായിരിക്കുമോ നരകത്തിലായിരിക്കുമോ തുടങ്ങിയ എല്ലാ കാര്യങ്ങളും അല്ലാഹു നേരത്തെ നിശ്ചയിച്ച് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ആകാശഭൂമികളിലോ നിങ്ങളിൽ തന്നെയോ ഒരു കാര്യവും നടക്കുന്നില്ല, അത് വ്യക്തമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ എന്ന് 57: 22 ൽ പറഞ്ഞിട്ടുണ്ട്. 9: 51; 10: 61; 11: 5; 22: 70; 27: 75; 34: 3; 35: 11; 36: 12; 64: 11 തുടങ്ങിയവ സമാന ആശയമുള്ള സൂക്തങ്ങളാണ്. 6: 59; 35: 31; 87: 2–3 വിശദീകരണം നോക്കുക. സുരക്ഷിതമായ ഫലകത്തിൽ (*ലൗഹുൽ മഹ്ഫൂളിൽ*) സൂക്ഷിക്കപ്പെട്ട ഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ് അത്. ഓരോരുത്തരും എന്താണ് ജീവിതകാലത്ത് പ്രവർത്തിക്കുക എന്ന കർമരേഖ അവരവരുടെ പിരടിയിൽ വഹിക്കുന്നുണ്ടെന്ന് 17: 13 ലും; വിധിദിവസം അല്ലാഹു അവർക്ക് അത് ഒരു തുറന്ന പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് കൊടുക്കുമെന്നും, നിന്റെ ഗ്രന്ഥം നീ തന്നെ വായിക്കുക, ഇന്നേ ദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായവനാകുന്നു എന്ന് പറയുമെന്നും 17: 14 ലും പറഞ്ഞിട്ടുണ്ട്. 17: 15 ൽ, ആരാണോ സന്മാർഗമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി സന്മാർഗത്തിലായത്, അപ്പോൾ അത് അവനുവേണ്ടിത്തന്നെയാണ്, ആരാണോ അതിനെത്തൊട്ട് വഴിപിഴച്ചത്, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ് എന്നും, ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല എന്നും ഒരു പ്രവാചകനെ നിയോഗിക്കാതെ നാം ശിക്ഷിക്കുന്നവനാവുകയില്ല എന്നും പറ

ഞ്ഞിട്ടുണ്ട്. 16: 89 വിശദീകരണം നോക്കുക.

35: 14 അവസാനിക്കുന്നത്, 'എല്ലാം വലയം ചെയ്ത ഒരു ത്രികാലജ്ഞാനിയല്ലാതെ ഇതുപോലുള്ള ഒരു വൃത്താന്തം (അദ്ദിക്ർ) നിന്നോട് പറയുകയില്ല' എന്ന് പറഞ്ഞുകൊണ്ടാണ്. ആകാശഭൂമികളെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളെയും സർവ്വസംഭവങ്ങളെയും ആറ് നാളുകളിലായി സൃഷ്ടിച്ച് അവയുടെ നിയന്ത്രണം ഏറ്റെടുത്ത നിഷ്പക്ഷവാനായ അല്ലാഹുവാണ് 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനി (*ഖബീർ*). അവനെക്കുറിച്ച് നീ ത്രികാലജ്ഞാനി(*ഖബീർ*)യോട് ചോദിച്ച് നോക്കുക എന്ന് 25: 59 ൽ പറയുന്നതിലെ *ഖബീർ*, 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിന്റെ രചയിതാവാണ്. ചുരുക്കത്തിൽ അല്ലാഹുവും അദ്ദിക്റും ഒന്നാണ് എന്ന് 3: 101; 7: 143; 22: 78; 51: 50; 59: 21 തുടങ്ങിയ സൂക്തങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാവുന്നതാണ്. 24: 35 ൽ പ്രകാശം എന്ന് അല്ലാഹുവിനെക്കുറിച്ചാണ് പറഞ്ഞതെങ്കിൽ, 4: 174; 7: 157; 64: 8 എന്നീ സൂക്തങ്ങളിലെല്ലാം അദ്ദിക്റിനെക്കുറിച്ചാണ് പ്രകാശം എന്ന് പറഞ്ഞിട്ടുള്ളത്. 59: 23 ൽ *മുഹൈമിൻ* (കാത്തുസൂക്ഷിക്കുന്നവൻ) എന്നത് അല്ലാഹുവിന്റെ പേരായിട്ടാണ് പറഞ്ഞതെങ്കിൽ 5: 48 ൽ *മുഹൈമിൻ* (കാത്തുസൂക്ഷിക്കുന്നത്) എന്ന് പറഞ്ഞത് അദ്ദിക്റിനെക്കുറിച്ചാണ്. 2: 129; 5: 118; 40: 8 തുടങ്ങിയ സൂക്തങ്ങളിലെല്ലാം അജയ്യൻ എന്ന് അല്ലാഹുവിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളതെങ്കിൽ 41: 41 ൽ അജയ്യമായ ഗ്രന്ഥം എന്ന് അദ്ദിക്റിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അദ്ദിക്ർ അറിയുമ്പോൾ മാത്രമേ അവരവരെ തിരിച്ചറിയുക, ജീവിതലക്ഷ്യം തിരിച്ചറിയുക, അല്ലാഹുവിനെ തിരിച്ചറിയുക എന്ന ലക്ഷ്യം പൂർണ്ണമാവുകയുള്ളൂ. 3: 10 ൽ പറഞ്ഞ നരകത്തിന്റെ വിറകുകളായ ഫുജ്ജാറുകളെല്ലാം തന്നെ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. വിശ്വാസിയാകാതെ നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും നരകക്കുണ്ഠം പിഴയായി സമ്പാദിക്കുന്നവരാണ് അവർ എന്ന് 9: 53–55, 67–68; 25: 33–34; 33: 72–73; 48: 6; 98: 6; 107: 4–5 തുടങ്ങിയ സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്.

235.വിധവകളായ സ്ത്രീകളോട് അവരുടെ ഇദ്ദാവേളയിൽ നിങ്ങൾ വിവാഹാഭിലാഷം സൂചിപ്പിക്കുകയോ അല്ലെങ്കിൽ നിങ്ങൾ അത് മനസ്സിൽ സൂക്ഷിക്കുകയോ ചെയ്യുന്നതിൽ നിങ്ങളുടെമേൽ വിരോധമില്ല, നിശ്ചയം നിങ്ങൾ അവരെക്കുറിച്ച് ഓർമ്മിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്, എന്നാൽ നിങ്ങൾ അറിയപ്പെട്ട വാക്കുകൾ പറയുകയെന്നല്ലാതെ രഹസ്യമായി നിങ്ങൾ അവരോട് വിവാഹവാഗ്ദാനം നടത്താതിരിക്കുക, രേഖപ്പെടുത്തിയ കാലാവധി കഴിയാതെ വിവാഹമുടമ്പടി നിങ്ങൾ ഒരിക്കലും തീരുമാനിക്കാൻ തുനിയരുത്, നിങ്ങൾ അറിയുകയും ചെയ്യുക -നിശ്ചയം അല്ലാഹു നിങ്ങളുടെ ആത്മാവിലുള്ളതിനെക്കുറിച്ച് ശരിക്കും അറിയുന്നു, അപ്പോൾ നിങ്ങൾ അവനെക്കുറിച്ച് ജാഗ്രതയുള്ളവരാവുക, നിങ്ങൾ അറിയുകയും ചെയ്യുക -നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന സഹനശീലനാകുന്നു.

സൂക്തത്തിൽ 'നിങ്ങളുടെമേൽ വിരോധമില്ല' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മരിച്ചുപോയ ഭർത്താവിന്റെ സഹോദരങ്ങളെക്കുറിച്ചാണ്. അവർക്ക് അവരുടെ സഹോദരഭാര്യയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കാവുന്നതും ആ കാര്യം അറിയപ്പെട്ട (മാന്യമായ) നിലയിൽ അവളെ അറിയിക്കാവുന്നതും ഇദ്ദാകാലമായ നാലുമാസവും പത്തുദിവസവും കഴിഞ്ഞാൽ അവളുമായി വിവാഹക്കരാറിൽ ഏർപ്പെടാവുന്നതുമാണ്. വിധിദിവസം വിചാ

രണാവേളയിൽ ഈസാനബി പറയുന്നതായി 5: 116 ൽ പറയുന്നു: നീ എന്റെ ആത്മാവിന്റെ അവസ്ഥ അറിയുന്നവനാണ്, എന്നാൽ ഞാൻ നിന്റെ ആത്മാവിന്റെ അവസ്ഥ അറിയുന്നവനല്ല, നിശ്ചയം അദൃശ്യങ്ങളെല്ലാം അറിയുന്ന ഏകൻ നീ മാത്രമാണ്. 2: 28–29, 255; 31: 34 വിശദീകരണം നോക്കുക.

236.സ്ത്രീകളെ സ്പർശിക്കുന്നതിനുമുമ്പോ അല്ലെങ്കിൽ അവർക്ക് നിശ്ചയിച്ച വിവാഹമൂല്യം നൽകുന്നതിനുമുമ്പോ വിവാഹബന്ധം വേർപെടുത്തുന്നതിൽ നിങ്ങളുടെമേൽ വിരോധമില്ല, ധനികന്റെമേൽ അവന്റെ കഴിവനുസരിച്ചും ദരിദ്രന്റെമേൽ അവന്റെ കഴിവനുസരിച്ചും ന്യായമായ ഒരു വിഭവം പാരിതോഷികമായി നൽകൽ ബാധ്യതയുണ്ട്, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരുടെമേൽ അതൊരു ബാധ്യത തന്നെയാണ്.

237.ഇനി നിങ്ങൾ അവരെ സ്പർശിക്കുന്നതിനുമുമ്പായി –വിവാഹമൂല്യം നൽകിയിട്ടുമുണ്ട്– നിങ്ങൾ അവരെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അപ്പോൾ നിങ്ങൾ നൽകിയ വിവാഹമൂല്യത്തിന്റെ പകുതി അവർക്കുള്ളതാണ് –അവർ വിടുതി ചെയ്താലൊഴികെ, അല്ലെങ്കിൽ അവരുടെ രക്ഷാധികാരി വിടുതി ചെയ്താലൊഴികെ, നിങ്ങൾ വിട്ടുവീഴ്ച ചെയ്യൽ തന്നെയാണ് സൂക്ഷ്മതയോട് ഏറ്റവും അടുത്തത്, നിങ്ങൾക്കിടയിലെ ശ്രേഷ്ഠതയെ നിങ്ങൾ മറക്കരുത്, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

വിവാഹമൂല്യം നിശ്ചയിച്ച ശേഷം നൽകുന്നതിനുമുമ്പും ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനുമുമ്പും തക്കതായ കാരണമുണ്ടെങ്കിൽ വിവാഹമോചനം നടത്തുന്നതിന് വിരോധമില്ല. എന്നാൽ കഴിവുള്ളവൻ അവന്റെ കഴിവനുസരിച്ചും കഴിവില്ലാത്തവൻ അവന്റെ കഴിവനുസരിച്ചും ന്യായമായ(അറിയപ്പെടുന്ന) രീതിയിലുള്ള പാരിതോഷികം നൽകണം. 2: 241 ൽ സൂക്ഷ്മാലുക്കളുടെമേൽ വിവാഹമോചിതകൾക്ക് അറിയപ്പെട്ട ന്യായമായ രീതിയിലുള്ള പാരിതോഷികം നൽകൽ ഒരു ബാധ്യതയാണ് എന്ന് പറഞ്ഞിട്ടുണ്ട്. വിവാഹമൂല്യം നിശ്ചയിക്കുകയും എന്നാൽ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനുമുമ്പ് വിവാഹമോചനം നടത്തുകയുമാണെങ്കിൽ നിശ്ചയിച്ച വിവാഹമൂല്യത്തിന്റെ പകുതി നൽകണം. അവളോ അല്ലെങ്കിൽ അവളുടെ രക്ഷാധികാരിയോ അത് വേണ്ടെന്ന് പറയുകയാണെങ്കിൽ അത് നൽകേണ്ടതുമില്ല. പുരുഷന്മാർക്ക് സ്ത്രീകളുടെമേൽ ഒരു സ്ഥാനം(ശ്രേഷ്ഠത) ഉള്ളതിനാലും വിവാഹമേഖലയിൽ പുരുഷന് സ്ത്രീയുടെ അത്രക്ക് മാന്യത സംഭവിക്കാത്തതിനാലും വിവാഹമൂല്യം മുഴുവനും വിട്ടുകൊടുത്ത് അവളെ പിരിച്ചയക്കുകയാണ് ഏറ്റവും ഉത്തമം. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്ന, ജീവിതലക്ഷ്യം മനസ്സിലാക്കിയ സജ്ജനങ്ങളുടെ സ്വഭാവമാണത്. നിങ്ങൾ വിശ്വാസിനികളെ വിവാഹം കഴിക്കുകയും, പിന്നെ അവരെ സ്പർശിക്കുന്നതിനുമുമ്പ് വിവാഹമോചനം നടത്തുകയുമാണെങ്കിൽ നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദ ആചരിക്കേണ്ട ബാധ്യത അവൾക്കില്ല, എന്നാൽ നിങ്ങൾ അവൾക്ക് മാന്യമായ പാരിതോഷികം നൽകുകയും ഭംഗിയായി പിരിച്ചയക്കുകയും ചെയ്യുക എന്ന് 33: 49 ൽ വിശ്വാസികളെ വിളിച്ച് അല്ലാഹു പറഞ്ഞിട്ടുണ്ട്.

നിങ്ങളിൽ ചിലർക്ക് ചിലരേക്കാൾ ശ്രേഷ്ഠത നൽകിയത് നിങ്ങൾ കൊതിക്കരുതെന്നും, പുരുഷന് അവൻ സമ്പാദിച്ച വിഹിതമുണ്ട്, സ്ത്രീകൾക്ക് അവൾ സമ്പാദിച്ച വിഹിതവുമുണ്ട്, നിങ്ങൾ അല്ലാഹുവിനോട് അവന്റെ ഔദാര്യങ്ങൾ ചോദിക്കുക, നിശ്ചയം അല്ലാഹു

എല്ലാ കാര്യങ്ങളും അറിയുന്ന സർവ്വജ്ഞാനിയാകുന്നു എന്ന് 4: 32 ൽ പറഞ്ഞിട്ടുണ്ട്. അ പ്പോൾ സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഐഹികലോകത്തുവെച്ച് സമ്പാ ദിക്കുന്നതാണെന്ന ബോധത്തിലും അല്ലാഹു മറ്റുള്ളവർക്ക് നൽകിയ അനുഗ്രഹങ്ങളിൽ അസൂയപ്പെടാതെയും പുരുഷനായി ജനിച്ചില്ലല്ലോ അല്ലെങ്കിൽ സ്ത്രീയായി ജനിച്ചില്ലല്ലോ എന്ന ആവലാതിയൊന്നും ഇല്ലാതെയുമാണ് വിശ്വാസികളായ പുരുഷനാവട്ടെ സ്ത്രീയാ കട്ടെ ഇവിടെ ജീവിക്കുക. എന്നാൽ പുരുഷനാവട്ടെ സ്ത്രീയാവട്ടെ, അദ്ദിക്ർ പഠിക്കുകയും പഠിപ്പിക്കുകയും ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന കാര്യത്തിൽ അസൂയ പ്പെടാവുന്നതും മത്സരിക്കാവുന്നതുമാണ്. അപ്പോൾ മത്സരിക്കുന്നവർ അതിനുവേണ്ടി മ ത്സരിക്കട്ടെ എന്ന് 83: 26 ൽ പറഞ്ഞിട്ടുണ്ട്. 3: 133; 16: 97; 57: 21 വിശദീകരണം നോക്കുക.

238.നിങ്ങൾ നമസ്കാരങ്ങളിൽ സൂക്ഷ്മത പുലർത്തുക -മധ്യമനമസ്കാരം നിർവ്വ ഹിക്കുന്നതിലും, നിങ്ങൾ അല്ലാഹുവിന് വണങ്ങുന്നവരായി നിൽക്കുകയും ചെയ്യുക.

239.ഇനി നിങ്ങൾ ഭയത്തിന്റെ അവസ്ഥയിലാണെങ്കിൽ, നടന്നുകൊണ്ട് അല്ലെങ്കിൽ വാഹനത്തിലായിക്കൊണ്ട്, അങ്ങനെ നിങ്ങൾ നിർഭയരായാൽ അപ്പോൾ നി ങ്ങൾ അല്ലാഹുവിനെ സ്മരിക്കുവീൻ -നിങ്ങൾക്ക് അറിവില്ലാതിരുന്നത് നിങ്ങ ളെ പഠിപ്പിച്ചതുപോലെ.

എല്ലായ്പ്പോഴും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരാണ് *മുഹ്സിനീങ്ങൾ*, അഥവാ അവരാണ് ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവർ. വിശ്വാ സികൾ ജീവിതമേഖലകളിൽ മുഴുകുമ്പോൾ ഉണ്ടാകുന്ന പൈശാചികമായ ചിന്തകളും സംസാരങ്ങളും പ്രവർത്തനങ്ങൾ തന്നെയും അല്ലാഹുവിനോട് ഏറ്റുപറയുന്നതിനുവേണ്ടി അവനുമായുള്ള കൂടിക്കാഴ്ചയാണ് നമസ്കാരം. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് മാത്രമുള്ള നമസ്കാരം സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, അതുവഴി ശിക്ഷിക്കപ്പെടു കയും ചെയ്യും. പിശാചിനെ കണ്ടുകൊണ്ട് മരണപ്പെടുന്ന കാഫിറിനെക്കുറിച്ച്, 'അപ്പോൾ അവൻ അദ്ദിക്റിനെ സത്യപ്പെടുത്തിയില്ല, അതുകൊണ്ട് തന്നെ നമസ്കരിച്ചിട്ടുമില്ല' എന്ന് 75: 31 ൽ പറഞ്ഞിട്ടുണ്ട്. നമസ്കാരം സ്വീകരിക്കപ്പെടാൻ രേഖപ്പെടുത്തപ്പെട്ട പതിനാല് നിർബന്ധകാര്യങ്ങളിൽ ഒന്നാണ് *തുമഅ്നീനത്ത്. തുമഅ്നീനത്തോ*ടുകൂടിയുള്ള നമസ്കാ രമാണ് മധ്യമനമസ്കാരം. അതായത്, ഹൃദയം കൊണ്ട് ഹൃദയത്തിന്റെ അവസ്ഥയറിയു ന്ന ഉടമയായ നാഥന്റെ മുമ്പിൽ എല്ലാം തുറന്നുവെക്കുകയും പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചുവെന്ന് ഉറപ്പുവരുത്തിയ ശേഷം പിൻവാങ്ങുകയും ചെയ്യലാണത്. ആ ഉറപ്പ് ലഭി ക്കുന്നതുവരെ അടങ്ങിയൊതുങ്ങി താമസിക്കലാണ് *തുമഅ്നീനത്ത്.* ശാന്തിനിർഭരമായ ഉറപ്പായ അവസ്ഥയാണത്. അദ്ദിക്ർ കൊണ്ട് മാത്രമേ *തുമഅ്നീനത്ത്* ലഭിക്കുകയുള്ളൂ. അറിഞ്ഞിരിക്കുക, അദ്ദിക്ർ കൊണ്ട് ഹൃദയങ്ങൾക്ക് തുമഅ്നീനത്ത് ലഭിക്കുന്നതാണ് എ ന്ന് 13: 28 ലും; *'നഫ്സ് മുത്മഇന്ന'* (*തുമഅ്നീനത്ത്* ലഭിച്ച ആത്മാവ്) മാത്രമേ സ്വർഗ ത്തിൽ പ്രവേശിക്കുകയുള്ളൂ എന്ന് 89: 27-30 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള മധ്യമനമസ്കാരം നിർവ്വഹിക്കാൻ പറ്റാത്ത അവസ്ഥയിൽ നടന്നും വാഹനത്തിലായിക്കൊ ണ്ടുമെല്ലാം അല്ലാഹുവിനെ ആത്മാവ് കൊണ്ട് സ്മരിക്കുകയാണ് വേണ്ടത്. ദിക്രീ നില നിർത്താനാണ് നമസ്കാരമെന്ന് 20: 14 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഇല്ലാതെ അല്ലാഹുവി ന്റെ സ്മരണ നിലനിർത്താൻ സാധ്യമല്ല തന്നെ. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന തുകൊണ്ടാണ് ഫുജ്ജാറുകൾ പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരായത്.

ഗ്രന്ഥത്തിൽ എവിടെയും ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ മനസ്സിലാക്കാനും അത്

ലോകർക്ക് എത്തിച്ചുകൊടുക്കാനുമാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. 7: 170; 29: 45; 35: 29; 87: 14–15 വിശദീകരണം നോക്കുക. വിശ്വാസികൾ എല്ലായ്പ്പോഴും എവിടെയും ആത്മാവുകൊണ്ട് അല്ലാഹുവിനെ സ്മരിച്ച് നിലകൊള്ളുന്നവരാണ്. അദ്ദിക്ർ ഉപയോഗപ്പെടുത്താത്തതുകാരണം ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നമസ്കാരം നിർവ്വഹിക്കുന്നവർക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 4: 142–143; 25: 65–66; 107: 4–5 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 43–44, 152–153, 186 വിശദീകരണം നോക്കുക.

240.നിങ്ങളിൽ നിന്ന് ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരിച്ചുപോകുന്നവരാരോ അവർ, അവരുടെ ഭാര്യമാരെ അവിടെ നിന്ന് പുറത്താക്കാതെ അവർക്ക് ഒരു വർഷത്തേക്കുള്ള ജീവിതവിഭവങ്ങൾ വസ്വിയ്യത്ത് ചെയ്യേണ്ടതാണ്, ഇനി അവർ പുറത്തുപോവുകയാണെങ്കിൽ അപ്പോൾ നിങ്ങളുടെ മേൽ വിരോധമില്ല -അവർ ന്യായമായ നിലയിൽ സ്വയം തീരുമാനിക്കുന്നതിൽ, അല്ലാഹു അജയ്യനായ യുക്തിജ്ഞനുമാകുന്നു.

241.വിവാഹമോചിതകൾക്ക് ന്യായമായ ജീവിതവിഭവങ്ങളുണ്ട്, സൂക്ഷ്മാലുക്കളുടെമേൽ അത് ഒരു ബാധ്യതയാണ്.

242.അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ചുതരുന്നു -നിങ്ങൾ ചിന്തിക്കുന്നവർ തന്നെയാകണം എന്നതിനുവേണ്ടി.

വിവാഹമൂല്യം നിശ്ചയിക്കാത്ത അവസ്ഥയിൽ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനുമുമ്പ് വിവാഹമോചനം നടത്തുകയാണെങ്കിൽ അവർക്ക് ജീവിതവിഭവം പാരിതോഷികമായി നൽകൽ ഏറ്റവും നല്ലതായ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരുടെ മേൽ ബാധ്യതയാണെന്ന് 2: 236 ൽ പറഞ്ഞിട്ടുണ്ട്. ഇവിടെ വിവാഹമോചിതകൾക്ക് ജീവിതവിഭവം പാരിതോഷികമായി നൽകൽ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന സൂക്ഷ്മാലുക്കളുടെ മേൽ ബാധ്യതയാണ് എന്നും കൽപിക്കുന്നു. 16: 128 ൽ, നിശ്ചയം അല്ലാഹു അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരോടൊപ്പവും അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരോടൊപ്പവുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ കൊണ്ടുവരാൻ ഉദ്ദേശിച്ചാൽ ആദ്യഭാര്യക്ക് വിവാഹമൂല്യമായി സ്വർണ്ണത്തിന്റെ ഒരു കൂമ്പാരം തന്നെ നൽകിയിട്ടുണ്ടെങ്കിലും ശരി, അതിൽ നിന്ന് ഒന്നും തിരിച്ചുവാങ്ങരുതെന്നും അത് വമ്പിച്ച അപരാധവും വ്യക്തമായ കുറ്റവുമാണെന്നും 4: 20 ൽ പറഞ്ഞിട്ടുണ്ട്. ഈ സൂക്തങ്ങളെല്ലാം കൂട്ടിവായിക്കുമ്പോൾ സ്ത്രീകളെ വിവാഹജീവിതത്തിൽ കുറേക്കാലം നിർത്തിയശേഷം അവരെ വിവാഹമോചിതരാക്കുകയാണെങ്കിൽ നൽകിയ വിവാഹമൂല്യത്തിനുപുറമെ നഷ്ടപരിഹാരമായി ഒരു പാരിതോഷികം (വിവാഹമോചനദ്രവ്യം)കൂടി അവർക്ക് നൽകണമെന്നും അവരെ വഴിയാധാരമാക്കുന്ന വിധത്തിൽ വിവാഹമോചനം നടത്താൻ പാടില്ലെന്നും അവർക്ക് സംരക്ഷണം നൽകാൻ രക്ഷാകർത്താക്കളില്ലാത്ത അവസ്ഥയിൽ മറ്റൊരാൾ വിവാഹം കഴിക്കുന്നതുവരെ അവളെ സംരക്ഷിക്കൽ ആദ്യഭർത്താവിന്റെ ബാധ്യതയാണെന്നും മനസ്സിലാക്കാം. അതായത് അവൾക്ക് പാരിതോഷികം (*മതാഅ്*) നൽകുന്നത് ഒരു ജീവിതമാർഗം കണ്ടെത്താൻ ഉപകരിക്കുന്നതിന് കൂടിയായിരിക്കണം എന്ന് സാരം. അപ്പോൾ മാത്രമാണ് അവൻ-പുരുഷൻ-സ്ത്രീകളുടെ മേൽ നിയന്ത്രാതാവാകുന്നു എന്ന് 4: 34 ൽ പറഞ്ഞത് അംഗീകരിക്കുന്നവനാവുകയുള്ളൂ.

2: 73, 180; 4: 128-130 വിശദീകരണം നോക്കുക.

243.അവർ അനേകായിരമുണ്ടായിട്ടും മരണഭയത്താൽ തങ്ങളുടെ വീടുകളിൽ നിന്ന് പുറപ്പെട്ട ഒരു വിഭാഗത്തിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞില്ലെയോ? അപ്പോൾ അല്ലാഹു അവരോട് പറഞ്ഞു: 'നിങ്ങൾ മരിക്കുവീൻ', പിന്നെ അവൻ അവരെ ജീവിപ്പിച്ചു, നിശ്ചയം അല്ലാഹു മനുഷ്യരുടെമേൽ വളരെയധികം ഔദാര്യമുള്ളവൻ തന്നെയാണ്, എന്നാൽ മനുഷ്യരിൽ അധികപേരും നന്ദി പ്രകടിപ്പിക്കാത്തവർ തന്നെയാകുന്നു.

ഇസ്റാഈൽ സമുദായത്തിൽ നടന്ന ഒരു സംഭവം എടുത്തുദ്ധരിച്ച് പ്രവാചകനെയും വിശ്വാസികളെയും *ബദ്ർ* യുദ്ധത്തിനും തുടർന്നുള്ള യുദ്ധങ്ങൾക്കും പ്രേരിപ്പിക്കുകയാണ്. അവർ ആയിരക്കണക്കിന് ആളുകളുണ്ടായിരുന്നിട്ടും തങ്ങളുടെ വീടുകളിൽ നിന്ന് മരണ ഭയത്താൽ ഇറങ്ങിപ്പോവുകയാണുണ്ടായത്. അപ്പോൾ അല്ലാഹു അവരോട് പറഞ്ഞു: 'നിങ്ങൾ മരിക്കുക, എന്നാൽ ബാക്കിയുള്ളവർക്ക് ജീവിക്കാം'. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാനും വധിക്കപ്പെടുവാനും തയ്യാറാകാത്ത ഒരു വിഭാഗത്തിന് ജീവിക്കാൻ അർഹതയില്ലെന്നും, അതുകൊണ്ട് വിശ്വാസികൾ എല്ലാം അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് ഒറ്റക്കെട്ടായി അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാൻ തയ്യാറാകണമെന്നും പഠിപ്പിക്കുകയാണ്. 2: 207; 9: 111 വിശദീകരണം നോക്കുക.

ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളാണ് മരണത്തെ ഭയപ്പെടുക. വിശ്വാസികൾ മരണത്തോടുകൂടി യഥാർത്ഥ ജീവിതമായ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് ദൃഢ ബോധ്യമുള്ളവരാണ്. *അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവരാകട്ടെ, അവർ അവിടെ ആസ്വദിക്കുന്ന അനുഭൂതികളുടെയും വിഭവങ്ങളുടെയും ആധിക്യത്താൽ ഭൂമിയിൽ തിരിച്ചുവന്ന് വീണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടാൻ കൊതിക്കുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉമർ, ഉസ്മാൻ, അലി എന്നിവരെല്ലാം രക്തസാക്ഷിത്വം വഹിക്കാൻ എപ്പോഴും പ്രാർത്ഥിക്കുമായിരുന്നു. അതിനാലാണ് അവർ കപടവിശ്വാസികളാൽ വധിക്കപ്പെടാനിടയായത്. അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം നന്ദികെട്ട കാഫിറുകളാണെന്ന് 76: 3 ൽ പറഞ്ഞിട്ടുണ്ട്. ഓ വിശ്വാസികളേ! നിങ്ങൾ അല്ലാഹുവും അവന്റെ പ്രവാചകനും നിങ്ങൾക്ക് ജീവിതം നൽകാൻ വേണ്ടി വിളിക്കുമ്പോൾ നല്ലനിലക്ക് മറുപടി നൽകുക, നിശ്ചയം അല്ലാഹു വിശ്വാസിയുടെയും അവന്റെ ഹൃദയത്തിന്റെയും ഇടയിലാണുള്ളതെന്നും, അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുകയെന്നും നിങ്ങൾ അറിഞ്ഞിരിക്കുവീൻ എന്ന് 8: 24 ൽ പറഞ്ഞിട്ടുണ്ട്. 12: 38; 40: 61 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, 'പക്ഷേ ജനങ്ങളിൽ അധികപേരും നന്ദിപ്രകടിപ്പിക്കുന്നവരല്ല' എന്ന ആശയത്തിലാണ്. 10: 60; 27: 73 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത്, 'പ ക്ഷേ, അവരിൽ അധികപേരും നന്ദിപ്രകടിപ്പിക്കുന്നവരല്ല' എന്ന ആശയത്തിലുമാണ്. പ്രവാചകന്റെ ജനതയിൽ നിന്നുള്ള അറബി ഖുർആൻ വായിക്കുന്ന ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ ഫുജ്ജാറുകൾ നരകത്തിലേക്കുള്ളവരാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റുകയും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലെ സിജ്ജീനിലേക്കുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീനിലേക്ക് മാറ്റുന്നതുമാണ്. 2: 96; 3: 145; 9: 38-42; 24: 62-64 വിശദീകരണം നോക്കുക.

244.നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക, നിങ്ങൾ അറിയുകയും

ചെയ്യുക -നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സർവജ്ഞാനിയാകുന്നു.

245.അല്ലാഹുവിന് ഏറ്റവും നല്ല ഒരുകടം നൽകുന്നവൻ ആരുണ്ട്? അപ്പോൾ അവ ന് അത് അനേകം ഇരട്ടികളായി വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്, അല്ലാഹുവാ ണ് ചുരുട്ടുകയും നിവർത്തുകയും ചെയ്യുന്നത്, അവനിലേക്ക് തന്നെയാണ് നി ങ്ങളെല്ലാവരും തിരിച്ചയക്കപ്പെടുന്നതും.

യുദ്ധത്തിന് പ്രേരിപ്പിച്ചുകൊണ്ടുള്ള സൂക്തം അവതരിപ്പിച്ചതിനെത്തുടർന്ന് ആ യുദ്ധ ത്തിന് ആവശ്യമായ ആയുധം, വാഹനം, ഭക്ഷണം മുതലായ യുദ്ധപാഥേയങ്ങൾ ഒരുക്കു ന്നതിനുവേണ്ടി സമ്പത്ത് ചെലവഴിക്കണമെന്ന് കൽപിക്കുകയാണ്. അല്ലാഹുവിന്റെ മാർ ഗത്തിൽ പണം ചെലവഴിക്കുന്നവരുടെ ഉപമ 2: 261 ൽ വിശദീകരിക്കുന്നത് ഇങ്ങനെയാ ണ്: ഒരു വിത്ത് പാകുന്നതുപോലെയാണ് അത്, ആ വിത്ത് ഏഴ് കതിരുകളുമായി മുളച്ചു വരുന്നു. ഓരോ കതിരിലും നൂറ് മണികളുമുണ്ട്. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് ഇ രട്ടിപ്പിച്ചുകൊടുക്കുന്നു. അല്ലാഹുവാണ് ചുരുട്ടുകയും നിവർത്തുകയും ചെയ്യുന്നത് എന്ന് പറഞ്ഞതിന്റെ വിവക്ഷ ചിലർക്ക് ഭക്ഷണവിഭവങ്ങൾ വിശാലമാക്കിക്കൊടുക്കുന്നതും മ റ്റുചിലർക്ക് പരിമിതമാക്കിക്കൊടുക്കുന്നതും വിജയപരാജയങ്ങൾ നൽകുന്നതുമെല്ലാം അ ല്ലാഹു തന്നെയാണ് എന്നാണ്. 5: 12; 57: 18; 64: 17; 73: 20 വിശദീകരണം നോക്കുക.

ഈ സൂക്തം അവതരിച്ചപ്പോൾ, മദീനയിലുള്ള ജൂതന്മാരും കപടവിശ്വാസികളും, അ ല്ലാഹു മനുഷ്യരിൽ നിന്ന് കടം ചോദിക്കുന്ന അവസ്ഥയിൽ പാപ്പരായിരിക്കുന്നു എന്ന് പ രിഹസിച്ചതിന് മറുപടിയായിട്ടാണ് 5: 64 അവതരിപ്പിച്ചത്. നിങ്ങൾക്ക് നൽകിയതിൽ നി ന്ന് നിങ്ങൾ ചെലവഴിക്കുക എന്നുപറഞ്ഞാൽ കാഫിറുകളായവർ വിശ്വാസികളായവരോ ട് 'അല്ലാഹു ഭക്ഷിപ്പിക്കാൻ ഉദ്ദേശിക്കാത്തവരെ ഞങ്ങൾ ഭക്ഷിപ്പിക്കുകയോ, നിങ്ങൾക്കെ ന്തുപറ്റി, അത് അല്ലാഹുവിന് എതിര് പ്രവർത്തിക്കലല്ലേ' എന്ന് ചോദിക്കുമെന്ന് 36: 47 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് യുദ്ധമില്ല, മറിച്ച് അദ്ദിക്ർ മൂടിവെച്ച കാഫിറുകളോട് അദ്ദിക്ർ കൊ ണ്ട് അധികരിച്ച ജിഹാദ് മാത്രമാണുള്ളത്. പ്രപഞ്ചനാഥനായ അല്ലാഹുവിനെ ലോകർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടിയും ജീവിതലക്ഷ്യം മനസ്സിലാക്കി മനുഷ്യർ ബോധവാ ന്മാരാക്കുന്നതിനുവേണ്ടിയും ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം ലഭി ക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുന്നതിനുവേണ്ടിയും 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മി ഥ്യകലരാത്ത അജയ്യഗ്രന്ഥവും കാരുണ്യവും ഐശ്വര്യവുമായ അദ്ദിക്ർ ജാതി-മത-ലിം ഗ-ദേശ-വർണ്ണ-ഭാഷ വ്യത്യാസമില്ലാതെ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തന ങ്ങളിൽ മുഴുകുകയും അതിനുവേണ്ടി സർവ്വകഴിവുകളും ഉപയോഗപ്പെടുത്തുകയുമാണ് ഇന്ന് വിശ്വാസി ചെയ്യേണ്ടത്. 2: 195; 9: 67-68 വിശദീകരണം നോക്കുക.

246.മൂസാക്ക് ശേഷമുള്ള ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള പ്രമാണിമാരിലേ ക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ? അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യു ന്നതിന് ഞങ്ങൾക്ക് ഒരു രാജാവിനെ നിയോഗിച്ചുതരിക എന്ന് അവർ അവരു ടെ നബിയോട് പറഞ്ഞ സന്ദർഭം; അവൻ ചോദിച്ചു: നിങ്ങളുടെമേൽ യുദ്ധം രേഖപ്പെടുത്തപ്പെട്ടാൽ പിന്നെ നിങ്ങൾ യുദ്ധം ചെയ്യാതെ നിരസിക്കുമോ? അ വർ പറഞ്ഞു: നിശ്ചയം ഞങ്ങൾ ഞങ്ങളുടെ വീടുകളിൽ നിന്നും സന്തതിക ളിൽ നിന്നും പുറത്താക്കപ്പെട്ടവരാണെന്നിരിക്കെ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ ഞങ്ങൾക്ക് എന്താണ് തടസ്സം? അങ്ങനെ യുദ്ധം അ വരുടെ മേൽ രേഖപ്പെടുത്തപ്പെട്ടപ്പോൾ അവരിൽ നിന്ന് കുറച്ച് പേരൊഴിച്ച് മ റ്റുള്ളവരെല്ലാം പിന്തിരിഞ്ഞുകളഞ്ഞു, അല്ലാഹു ഇത്തരം അക്രമികളെക്കുറി

ച്ച് ശരിക്കും അറിയുന്നവനാകുന്നു.

മൂസായുടെ കാലത്തുള്ള ഇസ്റാഈൽ സന്തതികളുടെ ധിക്കാരനയം ഗ്രന്ഥത്തിൽ പലയിടത്തും വിവരിച്ചിട്ടുണ്ട്. ഇസ്റാഈൽ സന്തതികൾ വലിയ ഔന്നിത്യം നടിച്ച് അഹങ്കാരികളും ധിക്കാരികളുമായി ഭൂമിയിൽ രണ്ടുപ്രാവശ്യം നാശമുണ്ടാക്കുമെന്ന് അവരുടെ മേൽ നാം വിധിച്ചിട്ടുണ്ട് എന്ന് 17: 4 ലും; അപ്പോൾ അവർക്കെതിരെ അതികഠിനമായി അവരെ ദ്രോഹിക്കുന്ന അവന്റെ സൃഷ്ടികളെ അഴിച്ചുവിടുകയും അവരുടെ വീടുകളിൽ നിന്നും കുടുബാംഗങ്ങളിൽ നിന്നുമെല്ലാം പുറത്താക്കി അവരെ ഛിന്നഭിന്നമാക്കിക്കളയുകയും ചെയ്യുമെന്ന് 17: 5 ലും പറഞ്ഞിട്ടുണ്ട്. മൂസാനബിയുടെ കാലശേഷം ഇസ്റാഈൽ സന്തതികൾ സത്യത്തിൽ നിന്ന് വ്യതിചലിച്ച് കൂടുതൽ ധിക്കാരികളായിത്തീരുകയും മറ്റുള്ള ജനതയെ അനുകരിക്കാൻ തുടങ്ങുകയും ചെയ്തു. മറ്റുള്ള ജനതകൾക്ക് രാജാക്കന്മാർ മുഖേനയാണ് പ്രൗഢിയും പ്രതാപവും ലഭിച്ചതെന്ന് പ്രത്യക്ഷത്തിൽ മനസ്സിലാക്കിയ അവർ നബിയെ ഒഴിവാക്കി നേതൃസ്ഥാനത്തേക്ക് രാജാവിനെ നിയോഗിച്ച് തരണമെന്നാണ് ആവശ്യപ്പെടുന്നത്. ശാശ്വതജീവിതത്തിലേക്കുള്ള നേട്ടങ്ങൾ വിസ്മരിച്ചുകൊണ്ട് നശ്വരവും വഞ്ചനാപരവുമായ ഐഹികനേട്ടങ്ങളിൽ ഭ്രമിക്കുന്ന സ്വഭാവം ഉണ്ടാകാൻ പാടില്ല എന്നാണ് ഈ സൂക്തത്തിലൂടെ വിശ്വാസികളെ പഠിപ്പിക്കുന്നത്.

എന്നാൽ ജീവിതലക്ഷ്യം മറന്നവരും പ്രജ്ഞയറ്റവരുമായ ഫുജ്ജാറുകൾ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം പാരായണം ചെയ്യുന്നുണ്ടെങ്കിലും ഭൗതികനേട്ടങ്ങൾക്കും അധികാരത്തിനും വേണ്ടിയുള്ള സാമുദായിക കൂട്ടുകെട്ടുകളിലും കുതന്ത്രങ്ങളിലും ഏർപ്പെടുന്നവരായി അധഃപതിച്ചിരിക്കുകയാണ്. മാനുഷികൈക്യത്തിനും സമാധാനത്തിനും വേണ്ടി പരിശ്രമിക്കാൻ കടമപ്പെട്ട അവർ മദീനയിലെ കപടവിശ്വാസികളെയും ജൂതന്മാരെയും വെല്ലുന്ന വിധത്തിൽ ഭൂമിയിലൊട്ടുകയും അവരുടെ ആശയങ്ങൾ കടമെടുത്ത് തീവ്രവാദ പ്രവർത്തനങ്ങളിലും നശീകരണപ്രവർത്തനങ്ങളിലും മുഴുകുകയും ചെയ്തതുകൊണ്ടാണ് 33: 60-61 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെടാൻ അർഹരാകുന്നത്. 2: 95; 9: 47; 62: 7 തുടങ്ങിയ സൂക്തങ്ങളിലെല്ലാം അവസാനിക്കുന്നത്, 'അല്ലാഹു ഇത്തരം അക്രമികളെക്കുറിച്ച് ശരിക്കും അറിയുന്നവനാകുന്നു' എന്ന ആശയത്തിലാണ്. വിശ്വാസികൾ അദ്ദിക്റിനെ പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്നവരും അതിനെ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. 3: 7-10; 33: 72-73; 63: 9-11 വിശദീകരണം നോക്കുക.

247.അവരുടെ നബി അവരോട് പറയുകയും ചെയ്തു: നിശ്ചയം അല്ലാഹു നിങ്ങൾക്ക് താലൂത്തിനെ ഒരു രാജാവായി നിയോഗിച്ചിട്ടുണ്ട്; അവർ ചോദിച്ചു: എങ്ങനെയാണ് അവന് ഞങ്ങളുടെമേൽ രാജാധിപത്യമുണ്ടാവുക? രാജാധിപത്യത്തിന് ഞങ്ങളാണ് അവനേക്കാൾ ഏറ്റവും അർഹരെന്നിരിക്കെ -അവന് ധനത്തിൽ നിന്ന് കൂടുതൽ നൽകപ്പെട്ടിട്ടുമില്ല; അവൻ പറഞ്ഞു: നിശ്ചയം അല്ലാഹു നിങ്ങളുടെ മേൽ അവനെ തെരഞ്ഞെടുത്തിരിക്കുന്നു, വിശാലമായ അറിവും കായികപുഷ്ടിയും അല്ലാഹു അവന് അധികരിപ്പിച്ചിട്ടുണ്ട്, അല്ലാഹു അവൻ ഉദ്ദേശിച്ചവർക്ക് അവന്റെ ആധിപത്യം നൽകുന്നു, അല്ലാഹു സർവ്വവ്യാപിയായ സർവ്വജ്ഞനുമാകുന്നു.

പ്രത്യക്ഷത്തിലുള്ള ശരീരപുഷ്ടിയും പ്രൗഢിയും പ്രതാപവും സമ്പത്തും ഭൗതികവിദ്യാഭ്യാസവുമെല്ലാമാണ് സത്യത്തിൽ നിന്ന് വ്യതിചലിച്ച ജനത അനുഗ്രഹമായി പരിഗ

ണിക്കുക. എന്നാൽ, അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള വിശാലമായ അറിവും ആത്മാവിന്റെ ശക്തിയുമാണ് അല്ലാഹുവിന്റെയും വിശ്വാസികളുടെയും അടുക്കൽ പരിഗണനീയമായ അനുഗ്രഹം. 2: 218; 39: 9–10; 63: 4, 8 വിശദീകരണം നോക്കുക.

248.അവരുടെ നബി അവരോട് പറയുകയും ചെയ്തു: നിശ്ചയം അവന്റെ രാജാധിപത്യത്തിനുള്ള തെളിവ്, നിങ്ങളുടെ നാഥനിൽ നിന്നുള്ള ശാന്തിയും സമാധാനവും അടങ്ങിയതും മൂസാ കുടുംബവും ഹാറൂൻ കുടുംബവും വിട്ടേച്ചുപോയ പൈതൃകങ്ങളടങ്ങിയതും, മലക്കുകൾ വഹിച്ചുകൊണ്ടിരിക്കുന്നതുമായ പേടകം അവൻ നിങ്ങൾക്ക് കൊണ്ടുവരുമെന്നതാണ്, നിങ്ങൾ വിശ്വാസികളാണെങ്കിൽ, നിശ്ചയം നിങ്ങൾക്ക് അതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്.

മൂസാക്ക് അല്ലാഹു നൽകിയ പത്ത് കൽപ്പനകൾ കൊത്തിവെച്ച ഫലകങ്ങളും മൂസായുടെ വടിയും ചെരിപ്പും, *മന്ന-സൽവ* എന്നീ ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിളുകളും അടങ്ങിയ പേടകം ഇസ്റാഈൽ സന്തതികളെ യുദ്ധത്തിൽ കീഴടക്കിയ അമാലിക്കുകൾ കൊണ്ടുപോയിരുന്നു. മലക്കുകളാണ് അത് വഹിക്കുന്നത് എന്ന് പറഞ്ഞതിന്റെ വിവക്ഷ ആ പേടകം അമാലിക്കുകൾക്ക് തുറക്കാനോ അതിലടങ്ങിയിട്ടുള്ളതെന്താണെന്ന് മനസ്സിലാക്കാനോ ഉപയോഗപ്പെടുത്താനോ സാധിച്ചിരുന്നില്ല എന്നാണ്. അപ്പോൾ യാതൊരു മാറ്റവും വരാതെ ആ പേടകം തിരിച്ചുകിട്ടുക എന്നത് വിശ്വാസികൾക്ക് ഒരു ദൃഷ്ടാന്തം തന്നെയാണ്. 2: 91, 93 വിശദീകരണം നോക്കുക.

249.അങ്ങനെ സൈന്യങ്ങളെ സജ്ജീകരിച്ച് പുറപ്പെടാറായപ്പോൾ താലൂത്ത് പറഞ്ഞു: നിശ്ചയം അല്ലാഹു ഒരു നദിയിലെ വെള്ളം കൊണ്ട് നിങ്ങളെ പരീക്ഷിക്കുന്നതാണ്, അപ്പോൾ ആര് അതിൽ നിന്ന് വെള്ളം കുടിച്ചുവോ, അവൻ എന്നിൽ പെട്ടവനല്ല, ആരാണോ അതിൽ നിന്ന് രുചിക്കാതിരുന്നത്, അപ്പോൾ നിശ്ചയം അവൻ എന്നിൽ പെട്ടവനുമാണ് -തന്റെ ഒരു കൈക്കുമ്പിളിൽ ഒതുങ്ങിയ വെള്ളം മാത്രം കുടിച്ചവരൊഴിച്ച്, എന്നാൽ അവരിൽ നിന്നുള്ള കുറച്ചുപേരൊഴിച്ച് അതിൽ നിന്ന് കുടിച്ചു, അങ്ങനെ അവനും അവനോടൊപ്പമുള്ള വിശ്വാസികളായവരും ആ നദി വിട്ടുകടന്നപ്പോൾ അവർ പറഞ്ഞു: ഇന്നേദിവസം ഞങ്ങൾക്ക് ജാലൂത്തിനോടും അവന്റെ സൈന്യത്തോടും ഏറ്റുമുട്ടാനുള്ള കഴിവും ശക്തിയുമില്ല, നിശ്ചയം അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് ഉറപ്പുള്ളവർ പറഞ്ഞു: അല്ലാഹുവിന്റെ അനുമതിയോടുകൂടി എത്രയെത്ര ചെറിയ സംഘങ്ങളാണ് വലിയ സംഘങ്ങളെ അതിജയിച്ചിട്ടുള്ളത്, അല്ലാഹുവാകട്ടെ ക്ഷമാലുക്കളോടൊപ്പവുമാകുന്നു.

കഠിനമായ ചൂടും ദാഹവും അനുഭവിച്ചിരുന്ന അവർക്ക് വഴിമധ്യേ ജോർദ്ദാൻ നദി മുറിച്ചുകടക്കേണ്ടതുണ്ടായിരുന്നു. അതിലെ വെള്ളത്തിൽ നിന്ന് കുടിക്കാതെ ദാഹവും ക്ഷീണവും സഹിച്ചുകൊണ്ട് ആ നദി മുറിച്ചുകടക്കുന്നവർ യഥാർത്ഥ വിശ്വാസികളാണെന്നും, ഇനി ആരെങ്കിലും ഒരു കൈക്കുമ്പിളിലടങ്ങിയ വെള്ളം മാത്രം രുചിക്കുന്നതിൽ വിരോധമില്ല, അതിലേറെ കുടിക്കുന്നവർ എന്നിൽ പെട്ടവരല്ല എന്നും താലൂത്ത് അവരോട് പറഞ്ഞിരുന്നു. എന്നാൽ അധികപേരും ഇഷ്ടം പോലെ വെള്ളം കുടിക്കുകയാണുണ്ടായത്. അങ്ങനെ താലൂത്തും വെള്ളം തീരെ രുചിക്കാതിരിക്കുകയും അൽപം രുചിക്കുകയും ചെയ്ത വിശ്വാസികളും അമാലിക്ക് രാജാവായ ജാലൂത്തിനെ (ഗോലിയാത്ത്) നേരിടാൻ എത്തിയപ്പോൾ അവരിൽ നിന്നുള്ള ഉറച്ച വിശ്വാസികളല്ലാത്തവർ (യഥേഷ്ടം വെള്ളം കുടിച്ചവർ) ഇന്ന് ഞങ്ങൾക്ക് ജാലൂത്തിന്റെ പട്ടാളവുമായി നേരിടാൻ ശക്തിയില്ല എന്നാണ്

പറഞ്ഞത്.

ബദ്റിലും ഉഹ്ദിലുമെല്ലാം വിശ്വാസികളെയും കപടവിശ്വാസികളെയും വേർതിരിച്ച് കാണിക്കാൻ സഹായിക്കുന്ന ഇതിന് സമാനമായ സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. ലോകത്ത് നടക്കുന്ന എല്ലാ സംഭവങ്ങളും അല്ലാഹു നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. അല്ലാഹുവിനോട് പ്രാർത്ഥിച്ച് അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് അവൻ എല്ലാം വീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ടെന്ന ബോധത്തിൽ നിലകൊള്ളുന്നവർക്ക് മാത്രമാണ് ഇഹത്തിലും പരത്തിലും വിജയം ലഭിക്കുക. അവർ മാത്രമാണ് ഇത്തരം സംഭവങ്ങളിൽ നിന്നെല്ലാം പാഠമുൾക്കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ അടിയുറച്ച് നിലകൊള്ളുക. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുക വഴി അവർ പരീക്ഷിക്കപ്പെടാതെ വെറുതെയങ്ങ് വിട്ടയക്കപ്പെടുമെന്ന് ജനങ്ങൾ കണക്കുകൂട്ടുന്നുവോ? നിശ്ചയം, അവർക്ക് മുമ്പുണ്ടായിരുന്നവരെയും നാം പരീക്ഷണത്തിന് വിധേയരാക്കിയിട്ടുണ്ട്, അങ്ങനെ അവരിൽ സത്യസന്ധന്മാർ ആരാണെന്നും കളവ് പറയുന്നവർ ആരാണെന്നും അല്ലാഹു അറിയുക തന്നെ ചെയ്യും. തിന്മ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ നമ്മെയങ്ങ് മുൻകടക്കാമെന്ന് കണക്കുകൂട്ടുന്നുവോ? എത്ര മോശപ്പെട്ട തീരുമാനമാണ് അവർ കൈകൊള്ളുന്നത് എന്ന് 29: 2-4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 66 ഉം 'അല്ലാഹു ക്ഷമാലുക്കളുടെ കൂടെയാണ്' എന്ന ആശയത്തോടുകൂടിയാണ് അവസാനിക്കുന്നത്. 2: 155-157; 61: 10-13 വിശദീകരണം നോക്കുക.

250.അങ്ങനെ ജാലൂത്തിനോടും അവന്റെ സൈന്യത്തോടും ഏറ്റുമുട്ടാനിറങ്ങിയപ്പോൾ അവർ പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ! ഞങ്ങളുടെമേൽ നീ ക്ഷമ ചൊരിയേണമേ, ഞങ്ങളുടെ പാദങ്ങൾ നീ ഉറപ്പിച്ച് നിർത്തുകയും കാഫിറുകളായ ഒരു ജനതയുടെമേൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!

ഇവിടെ പറഞ്ഞ കാഫിറുകളിൽ ജാലൂത്തും പട്ടാളവും മാത്രമല്ല, താലൂത്തിന്റെ കൂടെയുണ്ടായിരുന്ന വെള്ളം കുടിച്ച് പിന്തിരിഞ്ഞുപോയവരും യുദ്ധമുഖത്തുവെച്ച് പിന്തിരിഞ്ഞുപോയവരും ഉൾപ്പെടുന്നതാണ്. ഉഹ്ദ് യുദ്ധത്തിൽ ക്ഷതമേറ്റ് ചിറകറ്റവരെ ആശ്വസിപ്പിച്ചുകൊണ്ട് 3: 146-147 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: എത്രയെത്ര നബിമാരും മല്ലന്മാരായ അനുയായികളുമാണ് ഇതിനുമുമ്പ് യുദ്ധം ചെയ്തിട്ടുള്ളത്, അവർ അല്ലാഹുവിന്റെ മാർഗത്തിൽ അവരെ ബാധിച്ചതിൽ മനമിടിഞ്ഞവരോ ബലഹീനത പ്രകടിപ്പിക്കുന്നവരോ അസത്യത്തിന്റെ മുമ്പിൽ തലകുനിക്കുന്നവരോ ആയിട്ടില്ല, ക്ഷമാലുക്കളായ അവരുടെ പ്രാർത്ഥന: 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളും ഞങ്ങൾ പരിധിലംഘിച്ച് ചെയ്ത കാര്യങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ പാദങ്ങൾ നീ ഉറപ്പിച്ചു നിർത്തുകയും സത്യത്തെ മൂടിവെക്കുന്ന കാഫിറുകളായ ജനതക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ' എന്നായിരുന്നു. ഫിർഔൻ വിളിച്ചുകൂട്ടിയ മാരണക്കാർ മൂസാനബിയോട് മത്സരിച്ച് പരാജയപ്പെടുകയും തുടർന്ന് അവർ വിശ്വാസം സ്വീകരിക്കുകയും ചെയ്തു. അവരെ ആ വിശ്വാസത്തിൽ നിന്ന് വ്യതിചലിപ്പിക്കാനായി ഫിർഔൻ ഒരുമ്പെട്ടപ്പോൾ അവർ: 'ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നീ ക്ഷമ ചൊരിയേണമേ, ഞങ്ങളെ നിനക്ക് സർവ്വസ്വം സമർപ്പിച്ചവരായി തിരിച്ചുവിളിക്കേണമേ' എന്ന് പ്രാർത്ഥിച്ചതായി 7: 126 ൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ അവർ അല്ലാഹുവിന്റെ മാർഗത്തിൽ ഉറച്ചുനിൽക്കുകയും രക്തസാക്ഷിത്വം വരിക്കുകയുമാണുണ്ടായത്. യുദ്ധമോ വധമോ ഇല്ലാത്ത ഇക്കാലത്ത് അജയ്യഗ്രന്ഥമായ അദ്ദിക്റിന്റെ പാതയിൽ പാദങ്ങളും ഹൃദയങ്ങളും ഉറപ്പിച്ച് നിർത്തേണമേ എന്നാണ് ആത്മാവുകൊണ്ട് ആത്മാവിന്റെ ഉടമയോട് എപ്പോഴും പ്രാർത്ഥിക്കേണ്ടത്. 2: 286; 9: 80-82; 10: 85-86 വിശദീകരണം നോക്കുക.

251.അല്ലാഹുവിന്റെ അനുമതിയോടുകൂടി അങ്ങനെ അവർ അവരെ പരാജയപ്പെടുത്തുകയും ദാവൂദ് ജാലൂത്തിനെ വധിക്കുകയും ചെയ്തു, അവന് അല്ലാഹു രാജാധിപത്യവും യുക്തിജ്ഞാനവും നൽകുകയും അവനുദ്ദേശിച്ചതെല്ലാം അവനെ പഠിപ്പിക്കുകയും ചെയ്തു, മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് തടഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ ഭൂമി നശിക്കുക തന്നെ ചെയ്യുമായിരുന്നു, എന്നാൽ അല്ലാഹു ലോകരുടെമേൽ ഔദാര്യമുള്ളവൻ തന്നെയാകുന്നു.

ബൈബിളിൽ പരാമർശിച്ച 'ശംവീൽ' എന്ന നബിയുടെ കാലത്താണ് താലൂത്തിന്റെ നേതൃത്വത്തിൽ വിശ്വാസികൾ 'ഗോലിയാത്ത്' എന്ന പേരിലറിയപ്പെടുന്ന അമാലിക്ക് രാജാവായ ജാലൂത്തുമായി ഏറ്റുമുട്ടാൻ പോയത്. ദാവൂദ് വഴിക്കുവെച്ച് വിശ്വാസികളോടൊപ്പം ചേരുകയാണുണ്ടായത്. ആജാനുബാഹുവായ ജാലൂത്തിനെ ദ്വന്ദയുദ്ധത്തിൽ കുറിയവനായ ദാവൂദ് തോൽപ്പിക്കുകയും വധിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു രാജാധിപത്യവും പ്രവാചകത്വവും നൽകിക്കൊണ്ട് നബിയും രാജാവുമായി ദാവൂദിനെ നിയമിച്ച് ആ ജനതയെ അനുഗ്രഹിച്ചു. ലോകത്ത് മറ്റാർക്കും നൽകാത്ത പ്രൗഢിയും പ്രതാപവും സമ്പത്തും നൽകി അനുഗ്രഹിച്ച സുലൈമാൻ അദ്ദേഹത്തിന്റെ പുത്രനാണ്. അദ്ദേഹവും നബിയും രാജാവുമായിരുന്നു.

ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് തടഞ്ഞ് ഭൂമിയെ അതിന്റെ സന്തുലിതാവസ്ഥയിൽ നിലനിർത്തുന്നത് അല്ലാഹുവിന്റെ ചര്യയിൽ പെട്ടതാണ്. വിശ്വാസികൾ പരിചയും *മുഹൈമിനു*മായ അദ്ദിക്ർ മുറുകെപ്പിടിച്ച് ലോകത്തെവിടെയും ആരെയും ഭയപ്പെടാതെ അല്ലാഹുവിനെ മാത്രം ആശ്രയിച്ച് നിലകൊള്ളുന്നവരും തല ഉയർത്തിക്കൊണ്ട് അല്ലാഹുവിന്റെ ഭൂമിയിൽ എവിടെയും ചരിക്കുന്നവരുമാണ്. ഗ്രന്ഥം കിട്ടിയിട്ട് തലയുയർത്തിക്കൊണ്ട് നടക്കാതെ തലകുനിച്ചുകൊണ്ട് മറ്റുള്ളവരെ ഭയപ്പെട്ടും ആശ്രയിച്ചും നടക്കുന്ന ജനത നാളെ നരകത്തിലേക്ക് മുഖം കുത്തി വലിച്ചിഴക്കപ്പെടുന്നവരും ഐഹികലോകത്ത് ഏറ്റവും മോശപ്പെട്ട സ്ഥാനത്തുള്ളവരും വഴിപിഴച്ചവരുമാണ് എന്ന് 17: 97–98 ലും 25: 34 ലും പറഞ്ഞിട്ടുണ്ട്. 6: 45 ൽ, അക്രമികളായ ധിക്കാരികളായ ജനതയുടെ അടിവേരറുത്ത് നശിപ്പിച്ച സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാണ് സർവ്വസ്തുതിയും എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകൻ നൂഹ്: 'എന്റെ നാഥാ, നീ ഭൂമിയിൽ കാഫിറുകളിൽ നിന്നുള്ള ഒരാളെയും ബാക്കിയാക്കല്ലേ, നീ അവരെ ബാക്കിയാക്കിയാൽ അവർ നിന്റെ അടിമകളെ വഴിപിഴപ്പിക്കും, ഫാജിറുകളെയും കുഫ്ഫാറുകളെയും അല്ലാതെ അവർ പ്രസവിക്കുകയുമില്ല' എന്ന് 71: 26–27 സൂക്തങ്ങളിലും; എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിലുള്ള വിശ്വാസികൾക്കും വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും നീ പൊറുത്തുതരണം, അക്രമികൾക്ക് നീ നാശമല്ലാതെ വർദ്ധിപ്പിക്കുകയുമരുത് എന്ന് 71: 28 ലും പ്രാർത്ഥിച്ചതായി പറഞ്ഞിട്ടുണ്ട്. 2: 262; 12: 22; 22: 40; 67: 22 വിശദീകരണം നോക്കുക.

252.ഇതെല്ലാം ലക്ഷ്യത്തോടുകൂടി നിനക്ക് നാം വിവരിച്ചുതരുന്ന അല്ലാഹുവിന്റെ സൂക്തങ്ങളാണ്, നിശ്ചയം നീ അയക്കപ്പെട്ടവരിൽ പെട്ടവൻ തന്നെയുമാണ്.

കഴിഞ്ഞുപോയ കാലത്ത് നടന്ന സംഭവങ്ങളെല്ലാം ത്രികാലജ്ഞാനിയായ അല്ലാഹു നിരക്ഷരനായ പ്രവാചകൻ മുഹമ്മദിന് *ജിബ്‌രീൽ* മുഖേന വിശദീകരിച്ച് നൽകുകയാണ്. സകരിയ്യാ, യഹ്‌യാ, മർയം, ഈസാ തുടങ്ങിയവരുടെ ചരിത്രം ഓർമ്മിപ്പിച്ചതിനുശേഷം 3: 44 ൽ, അതെല്ലാം മറഞ്ഞ വൃത്താന്തങ്ങളാണ്, നാം നിനക്ക് അത് ദിവ്യസന്ദേശമായി നൽകുകയാണ് എന്ന് പറഞ്ഞിട്ടുണ്ട്. മൂസാക്ക് നമ്മുടെ കൽപന ഏൽപിച്ചപ്പോൾ നീ

തൂർ പർവ്വതത്തിന്റെ പടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്നില്ലല്ലോ, നീ അതിന് സാക്ഷികളിൽ പെട്ടവനുമായിരുന്നില്ലല്ലോ, ഈ ഗ്രന്ഥം നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യമാകുന്നു, നിനക്കുമുമ്പ് താക്കീതുകാർ ആരും വരാത്ത ഒരു ജനതയെ ഇതുകൊണ്ട് നീ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയും അവർ ഹൃദയം കൊണ്ട് സ്മരിക്കുന്നതിനുവേണ്ടിയും എന്ന് 28: 44-46 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയായ ഒരുവനല്ലാതെ നിന്നോട് ഇത്തരം വൃത്താന്തം പറഞ്ഞ് തരികയില്ല എന്ന ആശയത്തിലാണ് 35: 14 അവസാനിക്കുന്നത്. അല്ലാഹു മനുഷ്യരിൽ നിന്നും മലക്കുകളിൽ നിന്നും ദൂതന്മാരെ തെരഞ്ഞെടുക്കുമെന്ന് 22: 75 ലും; മുഹമ്മദ്, നബിമാരിലും പ്രവാചകന്മാരിലും അന്ത്യനാണെന്ന് 33: 40 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദിനെ സർവ്വലോകർക്കും അനുഗ്രഹമായിട്ടല്ലാതെ നിയോഗിച്ചിട്ടില്ല എന്ന് 21: 107 ലും; മുഹമ്മദിനെ മൊത്തം മനുഷ്യരിലേക്ക് പ്രവാചകനായിട്ടല്ലാതെ അയച്ചിട്ടില്ല എന്ന് 7: 158 ലും 34: 28 ലും പറഞ്ഞിട്ടുണ്ട്. 2: 119; 11: 17; 36: 3 വിശദീകരണം നോക്കുക.

253.അതെല്ലാമാണ് പ്രവാചകന്മാർ, അവരിൽ ചിലരെ ചിലരേക്കാൾ നാം ശ്രേഷ്ഠരാക്കിയിട്ടുണ്ട്, അവരിൽ അല്ലാഹു സംസാരിച്ചവരുണ്ട്, അവരിൽ ചിലരുടെ പദവികൾ ഉയർത്തുകയും ചെയ്തിട്ടുണ്ട്, മർയമിന്റെ പുത്രൻ ഈസാക്ക് വ്യക്തമായ വെളിപാടുകൾ നാം നൽകുകയും അവനെ നാം പരിശുദ്ധാത്മാവുകൊണ്ട് ശക്തിപ്പെടുത്തുകയും ചെയ്തു, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർക്ക് ശേഷവും വ്യക്തമായ വെളിപാടുകൾ വന്നുകിട്ടിയതിനുശേഷവും അവർ പരസ്പരം പൊരുതുമായിരുന്നില്ല, എന്നാൽ അവർ ഭിന്നിച്ചു, അപ്പോൾ അവരിൽ വിശ്വസിച്ചവരുണ്ട്, അവരിൽ നിഷേധിച്ചവരുമുണ്ട്, എന്നാൽ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പരസ്പരം പോരടിച്ച് വധിക്കുമായിരുന്നില്ല; പക്ഷേ അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുക തന്നെ ചെയ്യും!

മക്കയിൽ വെച്ച് ഇതിനുമുമ്പ് അവതരിച്ചിട്ടുള്ള സൂറത്തുകളിൽ പ്രവാചകന്മാരുടെ ചരിത്രം വിവരിച്ചിട്ടുള്ളതിനാലാണ് ഇവിടെ അതെല്ലാമാകുന്നു പ്രവാചകന്മാർ എന്ന് പറഞ്ഞത്. നിനക്കുമുമ്പ്, ചരിത്രം വിവരിച്ചുതന്നിട്ടുള്ളതും വിവരിച്ചുതരാത്തതുമായ പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ടെന്നും, ഒരു പ്രവാചകനും അല്ലാഹുവിന്റെ സമ്മതം കൂടാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാൻ സാധ്യമല്ലെന്നും 40: 78 ലും; പ്രവാചകന്മാർ, അവരെക്കുറിച്ച് നാം നിനക്ക് മുമ്പ് ചരിത്രങ്ങൾ വിവരിച്ചുതന്നിട്ടുണ്ട്; പ്രവാചകന്മാർ, അവരെക്കുറിച്ച് നാം നിനക്ക് മുമ്പ് ചരിത്രങ്ങൾ വിവരിച്ചു തരാത്തവരുമുണ്ട്, മൂസായോട് അല്ലാഹു സംസാരിക്കുക തന്നെ ചെയ്തിട്ടുണ്ട് എന്ന് 4: 164 ലും പറഞ്ഞിട്ടുണ്ട്. 2: 87; 42: 13-14 വിശദീകരണം നോക്കുക.

പ്രവാചകൻ പ്രാർത്ഥിച്ചിരുന്ന ഈ പ്രാർത്ഥന വിശ്വാസികൾ ദിവസത്തിന്റെ തുടക്കത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്: *ജിബ്രീലിന്റെയും മീകാഈലിന്റെയും ഇസ്റാഫീലിന്റെയും അസ്റാഈലിന്റെയും ഉടമയായ നാഥാ, ആകാശഭൂമികളെ വിരിപ്പിച്ചുണ്ടാക്കിയവനേ, ദൃശ്യങ്ങളും അദൃശ്യങ്ങളും അറിയുന്ന ഏകനേ, ഞങ്ങളുടെ ഉടമയും എല്ലാ വസ്തുക്കളുടെ ഉടമയും അവയുടെ ആധിപത്യം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധനായ നാഥാ, ഏതെല്ലാം വസ്തുക്കളുടെ നിയന്ത്രണം നിന്റെ കയ്യിലാണോ അവയുടെ തിന്മയെത്തൊട്ട് നിന്നോട് ഞങ്ങൾ അഭയം തേടുന്നു, വിധിദിവസം നിന്റെ സൃഷ്ടികൾക്കിടയിൽ അവർ ഭിന്നിച്ച കാര്യത്തിൽ നീ തീരുമാനം കൽപ്പിക്കുന്നതാണ്, ജനങ്ങൾ ഭിന്നിച്ച വിഷയത്തിൽ നീ നിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നിന്റെ നേ*

രെച്ചൊവ്വെയുള്ള പാതയിലേക്ക് നയിക്കേണമേ, നിശ്ചയം നീയല്ലാതെ സന്മാർഗത്തിലേക്ക് നയിക്കുന്നവൻ ഇല്ല തന്നെ!

ആത്യന്തികമായി മനുഷ്യരിൽ വിശ്വാസികൾ, കാഫിറുകൾ എന്നീ രണ്ട് സംഘങ്ങൾ മാത്രമേയുള്ളൂ. 64: 2 ൽ, അവനാണ് നിങ്ങളെ എല്ലാവരെയും സൃഷ്ടിച്ചത്, അപ്പോൾ നിങ്ങളിൽ കാഫിറുണ്ട്, നിങ്ങളിൽ വിശ്വാസിയുമുണ്ട്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ മുറുകെപ്പിടിച്ച് 59: 23 ൽ പറഞ്ഞ വിശ്വാസിയായ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാത്തവരെല്ലാം തന്നെ കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരാണ്. 13: 27 ൽ, എന്താണ് അല്ലാഹുവിൽ നിന്ന് പ്രവാചകന് ഒരു ദിവ്യാത്ഭുതം ഇറക്കപ്പെടാത്തത് എന്ന കാഫിറുകളുടെ ചോദ്യത്തിന് മറുപടിയായി അല്ലാഹു പറയാൻ കൽപിക്കുന്നു: അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു, അവനിലേക്ക് തിരിഞ്ഞ് അവനോട് ചോദിക്കുന്നവനെ സന്മാർഗത്തിലുമാക്കുന്നു. 'അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു' എന്ന് പറഞ്ഞതുകൊണ്ടുള്ള വിവക്ഷ നിഷ്പക്ഷവാനായ അല്ലാഹു ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല, എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെയും പിശാചിനെയും തിരിച്ചറിഞ്ഞ് അല്ലാഹുവിന്റെ മാർഗം സ്വീകരിച്ചവരെ സ്വർഗത്തിലേക്കും പിശാചിന്റെ മാർഗം സ്വീകരിച്ചവരെ നരകത്തിലേക്കും ആക്കുന്നു എന്നാണ്, അല്ലാതെ ഒരു പ്രത്യേകവിഭാഗത്തെ സ്വർഗത്തിലേക്കോ നരകത്തിലേക്കോ അല്ലാഹു ആക്കുന്നു എന്നല്ല. അപ്പോൾ വിശ്വാസികൾ അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വന്തത്തെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിഞ്ഞ് ഇവിടെ വെച്ച് സ്വർഗം സമ്പാദിക്കുന്നവരും പിശാചിന്റെ പ്രവർത്തനങ്ങളായ നശീകരണപ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നവരുമാണ്. അവർ മരിക്കുമ്പോൾ അല്ലാഹുവിനെ സന്തോഷത്തോടുകൂടി ആത്മാവ് കൊണ്ട് നോക്കിക്കൊണ്ട് അവന്റെ വീടും സമാധാനഗേഹവുമായ സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നതുമാണ്. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത കാഫിറുകൾ ദുഃഖത്തോടുകൂടി പിശാചിനെ നോക്കിക്കൊണ്ട് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കും പോകുന്നതാണ്. 2: 62, 176, 213; 58: 19, 22 വിശദീകരണം നോക്കുക.

254.ഓ വിശ്വാസികളായിട്ടുള്ളവരേ, ക്രയവിക്രയങ്ങൾ നടക്കാത്തതും സാഹോദര്യ ബന്ധങ്ങൾ പ്രയോജനപ്പെടാത്തതും ഒരു തരത്തിലുള്ള ശുപാർശയും ഫലിക്കാത്തതുമായ ഒരു ദിവസം വന്നെത്തുന്നതിനുമുമ്പ് നാം നിങ്ങൾക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവീൻ, അങ്ങനെ ചെയ്യാത്ത കാഫിറുകൾ തന്നെയാണ് അക്രമികൾ.

ജീവിതലക്ഷ്യം മനസ്സിലാക്കിയ, സ്രഷ്ടാവിന്റെ പ്രതിനിധികളായ വിശ്വാസികൾ, അവർക്ക് സ്രഷ്ടാവ് നൽകിയ എല്ലാ അനുഗ്രഹങ്ങളും സ്രഷ്ടാവിന്റെ തൃപ്തിയിൽ അവന്റെ സൃഷ്ടികളുടെ ജീവിതഭാരം ഇറക്കിവെക്കാൻ സഹായിക്കുന്ന വിധത്തിൽ ക്രിയാത്മകമായി വിനിയോഗിച്ച് ഇവിടെ വെച്ച് സ്വർഗം സമ്പാദിക്കുന്നതാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിന്റെ വിധിവിലക്കുകൾ നടപ്പിൽ വരലാണ് അതിനുള്ള ഏകമാർഗം എന്ന് മനസ്സിലാക്കിക്കൊണ്ട് അത് ലോകരിൽ പ്രചരിപ്പിക്കാൻ സർവ്വകഴിവുകളും വിനിയോഗിച്ചുകൊണ്ടാണ് അത് സാധിക്കുക. അതോടൊപ്പം തന്നെ അല്ലാഹുവിനെ ആത്മാവുകൊണ്ട് പ്രകീർത്തനം ചെയ്യുന്ന, അവന്റെ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങൾക്കുള്ള ഭക്ഷണവും ശുദ്ധവായുവും ഉത്പാദിപ്പി

ക്കുന്നതിനുവേണ്ടി സ്രഷ്ടാവ് ഇറങ്ങിവരികയില്ല എന്ന് മനസ്സിലാക്കി അവയുടെയെല്ലാം ക്ഷേമം ലക്ഷ്യം വെച്ചുകൊണ്ട് ഇവിടെ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതും ജൈവകൃഷി ചെയ്യുന്നതും അതിന് മറ്റുള്ളവരെ സഹായിക്കുന്നതും പ്രേരിപ്പിക്കുന്നതുമാണ്. കൂടാതെ 9: 73 ൽ വിവരിച്ച പ്രകാരം അമാനത്തായ അദ്ദിക്റിനെ മൂടിവെക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച് ജിഹാദ് ചെയ്യുന്നതുമാണ്.

കൊടുക്കലും വാങ്ങലും നടക്കാത്ത, സാഹോദര്യബന്ധം ഉപകാരപ്പെടാത്ത, ശുപാർശയൊന്നും നടക്കാത്ത ദിനം കൊണ്ട് ഉദ്ദേശിക്കുന്നത് ഓരോരുത്തരുടെയും മരണദിനമാണ്. മൊത്തം മനുഷ്യരെക്കുറിച്ച് പറയുമ്പോൾ വിധിദിവസവുമാണ്. സൂക്തത്തിൽ മനുഷ്യരേ എന്ന് വിളിക്കാതെ വിശ്വാസികളേ എന്ന് വിളിച്ചതുകൊണ്ട് ഗ്രന്ഥം കിട്ടിയിട്ട് അതിന്റെ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്തവരാണ് കാഫിറുകളും അക്രമികളും. അവർ തന്നെയാണ് അറബി ഖുർആൻ വായിക്കുന്ന നരകക്കുണ്ഠത്തിലേക്കുള്ള ഫുജ്ജാറുകളും. 63: 9 ൽ വിശ്വാസികളേ! നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ നിങ്ങളെ അദ്ദിക്റിനെത്തൊട്ട് തടയരുതെന്നും അങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവരെന്നും; 63: 10 ൽ, നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമാകുന്നതിനുമുമ്പ് നാം നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുക, അങ്ങനെ പ്രവർത്തിക്കാത്തവർ പറയും: എന്റെ നാഥാ, എന്നെ ഒരു നിമിഷം പിന്തിപ്പിച്ചാലും, ഞാൻ അദ്ദിക്റിനെ സത്യപ്പെടുത്തുകയും സജ്ജനങ്ങളിൽ ഉൾപ്പെടുകയും ചെയ്തുകൊള്ളാം എന്നും; 63: 11 ൽ, ഒരു ആത്മാവിനെയും അതിന്റെ നിശ്ചയിച്ച അവധി എത്തിക്കഴിഞ്ഞാൽ അല്ലാഹു പിന്തിപ്പിക്കുകയില്ല തന്നെ, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം തന്നെ നേരത്തെ നിശ്ചയിച്ച് വലയം ചെയ്തവനാണ് എന്നും പറഞ്ഞിട്ടുണ്ട്. 10: 17 ൽ, അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ അല്ലെങ്കിൽ അവന്റെ സൂക്തങ്ങൾ തള്ളിപ്പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം ഇത്തരം ഭ്രാന്തന്മാരെ അവൻ വിജയം വരിപ്പിക്കുകയില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്. 6: 21 സമാന ആശയമുള്ള സൂക്തമാണ്. ഗ്രന്ഥത്തിന്റെ ആശയം മൂടിവെക്കുകയും അതിനെ വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ച അനുയായികളുമാണ് അക്രമികളും ഭ്രാന്തന്മാരും കാഫിറുകളും. അല്ലാഹു ഇറക്കിയ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളും എന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയും ജീവിതലക്ഷ്യം ഉൾക്കൊണ്ട് സ്വർഗം സമ്പാദിക്കുകയും ചെയ്യാത്ത എല്ലാ ഫുജ്ജാറുകളും 7: 179 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ള പ്രജ്ഞയറ്റവരാണ്.

ഈ സൂക്തത്തിനുപുറമെ 2: 258; 3: 86, 151; 4: 168; 5: 72; 7: 37; 14: 13, 34; 17: 99; 18: 29; 21: 97; 29: 68; 34: 31; 39: 32; 46: 10 തുടങ്ങിയ 16 സൂക്തങ്ങളും ഒരേ സൂക്തത്തിൽ തന്നെ കാഫിറിനെയും അക്രമിയെയും പരാമർശിച്ചിട്ടുള്ളവയാണ്. 2: 253-254 സൂക്തങ്ങളിൽ തുടർച്ചയായി കാഫിറിനെയും അക്രമിയെയും പരാമർശിച്ചിരിക്കുന്നു. ഇതിനുപുറമെ 3: 56-57, 116-117, 140-141, 149-150; 4: 167-168; 5: 44-45, 72-73; 6: 129-130; 7: 44-45; 8: 55-56; 10: 85-86; 11: 18-19, 67-68; 14: 27-28; 16: 27-28, 84-85; 18: 37-38; 21: 29-30; 22: 44-45, 71-72; 25: 26-27; 27: 43-44; 29: 46-47, 67-68; 30: 8-9; 35: 36-37, 39-40; 59: 16-17; 61: 7-8; 71: 27-28 തുടങ്ങിയ 30 സ്ഥലങ്ങളിലും തുടർച്ചയായി വരുന്ന സൂക്തങ്ങളിൽ കാഫിറിനെയും അക്രമിയെയും പരാമർശിച്ചിട്ടുണ്ട്. 2: 39 വിശദീകരണം നോക്കുക.

വിശ്വാസികളോട്: *ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ അക്രമികളായ ഒരു ജനത്തിന് പരീക്ഷണമാക്കാതിരിക്കേണമേ! നിന്റെ മഹത്തായ കാരുണ്യമായ അദ്ദിക്ർ കൊണ്ട് കാഫിറുകളായ ജനതയിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ എന്ന് പ്രാർത്ഥിക്കാൻ 10: 85-86 സൂക്തങ്ങളിലും; ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ കാഫിറുകളായ വിഭാഗങ്ങളുടെ പരീക്ഷണത്തിന് വിധേയമാക്കരുതേ, ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ, ഞങ്ങളുടെ നാഥാ, നിശ്ചയം നീ അജയ്യനായ യുക്തിജ്ഞനുമാകുന്നു* എന്ന് പ്രാർത്ഥിക്കാൻ 60: 5 ലും കൽപിച്ചിട്ടുണ്ട്. 1: 7; 2: 165-167; 4: 150-151 വിശദീകരണം നോക്കുക.

255.അല്ലാഹു, അവനല്ലാതെ ഇലാഹില്ല, അവൻ എന്നെന്നും നിലനിൽക്കുന്നവനും മറ്റുള്ളവയെ നിലനിർത്തുന്നവനുമാകുന്നു, മയക്കമോ ഉറക്കമോ അവനെ പിടികൂടുകയില്ല, ആകാശങ്ങളിലുള്ള എല്ലാ ഒന്നും ഭൂമിയിലുള്ള എല്ലാ ഒന്നും അവനുള്ളതാണ്, അവന്റെയടുക്കൽ അവന്റെ സമ്മതം കൂടാതെ ശുപാർശ ചെയ്യുന്നതിന് ആരുണ്ട്? അവരുടെ മുമ്പിലുള്ള എല്ലാ ഒന്നും അവരുടെ പിന്നിലുള്ള എല്ലാ ഒന്നും അവൻ അറിയുന്നു, അല്ലാഹു നൽകിയ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ ഒന്നും തന്നെ ഉൾക്കൊള്ളാൻ ആർക്കും സാധ്യമല്ല, അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വിശാലമായി വ്യാപിച്ചുകിടക്കുകയാണ്, അവ രണ്ടിന്റെയും സംരക്ഷണം അവനെ ഒട്ടും ക്ഷീണിപ്പിക്കുന്നുമില്ല, അവൻ അത്യുന്നതനായ മഹത്വമുടയവൻ തന്നെയുമാകുന്നു!

ആയത്തുൽ കുർസിയ്യ് എന്നറിയപ്പെടുന്ന ഗ്രന്ഥത്തിലെ ഏറ്റവും മഹത്തായ സൂക്തമാണിത്. ഇതിന്റെ ആശയത്തിൽ ഗ്രന്ഥത്തിന്റെ മൊത്തം ആശയം ഉൾക്കൊള്ളുന്നുണ്ട് എന്ന് സാരം. അഞ്ച് നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും ഉറങ്ങാൻ കിടക്കുമ്പോഴും ഈ സൂക്തം *'വിർദ്'* ആയി പ്രവാചകൻ പ്രാർത്ഥിച്ചിരുന്നു. ഗ്രന്ഥത്തിൽ നിന്നുള്ള പ്രാർത്ഥനാ സൂക്തങ്ങൾക്കാണ് *വിർദ്* എന്നുപറയുന്നത്. *നമസ്കാരത്തിനുശേഷം ആയത്തുൽ കുർസിയ്യ് പ്രാർത്ഥിക്കാൻ ധൃതി കാണിക്കുന്നവർ മരിക്കേണ്ട താമസം സ്വർഗത്തിൽ പ്രവേശിക്കുന്നതാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ആശയമില്ലാതെ ഈ സൂക്തം പാരായണം ചെയ്യുകയും ആശയത്തിന് വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾക്ക് എതിരായി ഈ സൂക്തം മാത്രമല്ല, ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും സാക്ഷി നിൽക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്.

ഇലാഹ്:- കാണാതെ കണ്ട് ആരെ വിളിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപ്പിക്കാമോ അവനാണ് ഇലാഹ്, അവന്റെ മുമ്പിൽ മാത്രമാണ് ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടതും. അവൻ അല്ലാഹു മാത്രമാകുന്നു. **ഹയ്യ്:-** ആദ്യവും അന്ത്യവുമില്ലാത്ത സ്വയം നിലനിൽക്കുന്നവൻ. **ഖയ്യൂം:-** മറ്റുള്ളവയെയെല്ലാം സൃഷ്ടിച്ച് നിലനിർത്തുന്നവൻ. അവന് മയക്കമോ ഉറക്കമോ ഒരിക്കലും പിടിപെടുന്നില്ല. മറ്റുള്ളവ ഉറങ്ങുമ്പോഴും മയങ്ങുമ്പോഴുമെല്ലാം ഉറങ്ങാതെ മയങ്ങാതെ എല്ലാം പതിയിരുന്ന് സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് അവൻ. ആകാശങ്ങളിലും ഭൂമിയിലും അവക്കിടയിലുമുള്ള എല്ലാ ഒന്നും അവൻ സൃഷ്ടിച്ച് സംവിധാനിച്ചതും അവൻ നിലനിർത്തുന്നതും അവന്റെ ഉടമാധികാരത്തിൽ മാത്രമുള്ളതുമാണ്.

ശുപാർശ മുഴുവനും അല്ലാഹുവിന്റെ പക്കലാണ് എന്ന് 39: 44 ലും; അവന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് സാക്ഷ്യം വഹിക്കുന്നവർക്കല്ലാതെ അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചുപ്രാർത്ഥിക്കുന്ന ആർക്കും തന്നെ യാതൊരു ശുപാർശക്കും അധികാരമില്ല

തന്നെ എന്ന് 43: 86 ലും പറഞ്ഞിട്ടുണ്ട്. അവന്റെയടുക്കൽ അവന്റെ സമ്മതം കൊണ്ടല്ലാതെ ശുപാർശ ചെയ്യാൻ ധൈര്യപ്പെടുന്നവർ ആരുമില്ല, അതായത് സൃഷ്ടികൾക്ക് അല്ലാഹുവിന്റെയടുക്കൽ അവന്റെ സമ്മതം കൂടാതെ സംസാരിക്കാനോ ശുപാർശ ചെയ്യാനോ അധികാരമില്ല, എന്നാൽ അദ്ദിക്ർ അല്ലാഹുവിന്റെ തന്നെ സംസാരമായതിനാൽ അത് അല്ലാഹുവിനോട് സമ്മതം കൂടാതെ നേരിട്ടുതന്നെ ശുപാർശ ചെയ്യുകയും വാദിക്കുകയും ചെയ്യും. അതാണ് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ: *നിങ്ങൾ ഗ്രന്ഥം വായിക്കുക, നിശ്ചയം അത് അന്ത്യനാളിൽ അതിന്റെ സഹവാസികൾക്ക് ശുപാർശകനായി വരുന്നതാണ്. എന്നാൽ വായന ഹൃദയം ബന്ധപ്പെടുമ്പോൾ മാത്രമേ പാടുള്ളൂ; കാരണം, ഗ്രന്ഥം നിനക്ക് അനുകൂലമായി വാദിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യും, അല്ലെങ്കിൽ നിനക്കെതിരായിട്ടും* എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

'അവരുടെ മുമ്പിലുള്ള എല്ലാ ഒന്നും അവരുടെ പിന്നിലുള്ള എല്ലാ ഒന്നും അവൻ അറിയുന്നു' എന്ന സൂക്തഭാഗം ഇവിടെക്കൂടാതെ 20: 110; 21: 28; 22: 76 എന്നീ സൂക്തങ്ങളിലുമുണ്ട്. ഞങ്ങൾക്ക് താങ്കളുടെ നാഥന്റെ കൽപനപ്രകാരമല്ലാതെ ഇറങ്ങിവരാൻ സാധിക്കുകയില്ല, ഞങ്ങളുടെ മുമ്പിലുള്ള ഒന്നും ഞങ്ങളുടെ പിന്നിലുള്ള ഒന്നും അവയ്ക്കിടയിലുമുള്ള ഒന്നുമെല്ലാം അവനുള്ളതാണ്, താങ്കളുടെ നാഥനാവട്ടെ ഒന്നും തന്നെ വിസ്മരിക്കുന്നവനുമല്ല എന്ന് ജിബ്‌രീൽ പ്രവാചകനോട് പറഞ്ഞതായി 19: 64 ൽ പറഞ്ഞിട്ടുണ്ട്. ഓരോ സൃഷ്ടിയുടെയും ഇതുവരെയുള്ള അവസ്ഥ എന്താണെന്നും എന്താണ് അവർ സമ്പാദിച്ചതെന്നും ഭാവിയിൽ അവരുടെ അവസ്ഥ എന്തായിരിക്കുമെന്നും നാളെ എന്താണ് അവർ സമ്പാദിക്കുകയെന്നും അറിയുന്ന ത്രികാലജ്ഞാനിയായ സൂക്ഷ്മജ്ഞാനിയാണ് അല്ലാഹു എന്നാണ് ഇതിന്റെ വിവക്ഷ. അവനിൽ നിന്ന് എവിടെയും ഒന്നും മറഞ്ഞു നിൽക്കുന്നില്ല എന്ന് 3: 5; 14: 38; 50: 4 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 6: 59; 9: 51; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22 തുടങ്ങിയ സൂക്തങ്ങളിൽ ആകാശഭൂമികളിൽ നടക്കുന്നതെല്ലാം ത്രികാലജ്ഞാനിയായ നാഥൻ ആദ്യമേ തീരുമാനിച്ച് അദ്ദിക്‌റിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട് എന്നുപറഞ്ഞിട്ടുണ്ട്. *'എന്റെ നാഥാ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ!'* എന്ന് പ്രാർത്ഥിക്കാൻ 20: 114 ലൂടെ പ്രവാചകനോടും വിശ്വാസികളോടും കൽപിച്ചിട്ടുണ്ട്. *അല്ലാഹുവേ, നീ ഞങ്ങളെ പഠിപ്പിച്ചത് ഞങ്ങൾക്ക് ഉപകാരപ്പെടുത്തേണമേ, ഞങ്ങൾക്ക് ഉപകാരപ്രദമായത് പഠിപ്പിക്കേണമേ, ഉപകാരപ്പെട്ട അറിവ് ഞങ്ങൾക്ക് വർദ്ധിപ്പിച്ച് തരേണമേ, നരകത്തിന്റെ അവസ്ഥയിലല്ലാത്തപ്പോഴെല്ലാം അല്ലാഹുവിനാണ് സ്തുതി!* എന്നും പ്രവാചകൻ പ്രാർത്ഥിച്ചിരുന്നു.

അവന്റെ സിംഹാസനം ആകാശഭൂമികളിലെല്ലാം വിശാലമായി വ്യാപിച്ചുകിടക്കുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ, ആകാശഭൂമികളിൽ എല്ലായിടത്തും അവന്റെ ആധിപത്യമാണ് നിലനിൽക്കുന്നത് എന്നാണ്. ആകാശങ്ങളുടെയും ഭൂമികളുടെയും നിഗൂഢതകളുടെ താക്കോലുകൾ അവനുള്ളതാണ് എന്ന് 39: 63 ലും 42: 12 ലും പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളുടെ ആധിപത്യം നിലനിർത്തുന്നതിന് അവന് ആരുടെയും സഹായം ആവശ്യമില്ല, അവൻ അതിന്റെ പേരിൽ ക്ഷീണിതനാകുന്നുമില്ല. അല്ലാഹു ഉപമയോ ഉദാഹരണമോ ഇല്ലാത്ത അജയ്യനും അതുല്യനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനും എന്നാൽ അവന് ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാം അടക്കിഭരിക്കുന്ന സർവ്വാധിപനും ഏകാധിപനും സ്വേച്ഛാധിപനുമാണ്. ചുരുക്കത്തിൽ, ഗ്രന്ഥം അവതരിപ്പിച്ചത് അല്ലാഹുവിനെ പരിചയപ്പെടുത്താനാണെങ്കിൽ ഈ സൂക്തം മറ്റേത് സൂക്തത്തേക്കാളും ആ ദൗത്യം

നിർവ്വഹിക്കുന്നതായി കാണാം. എന്നാൽ ആശയമില്ലാതെ ഈ സൂക്തം വായിക്കുകയും അതിന്റെ ആശയത്തിന് വിരുദ്ധമായി എല്ലാ തിന്മകളിലും മുഴുകി ജീവിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾക്ക് ഈ സൂക്തം മാത്രമല്ല, മൊത്തം ഗ്രന്ഥം തന്നെ എതിരായി വാദിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതും അത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതുമാണ്. 1: 3-4; 2: 234; 31: 16 വിശദീകരണം നോക്കുക.

256.ദീനിൽ നിർബന്ധമില്ല, നിശ്ചയം തന്റേടത്തിന്റെ മാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിട്ടുണ്ട്, അതുകൊണ്ട് വല്ലവനും ത്വാഗൂത്തിനെ നിഷേധിക്കുകയും അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുകയുമാണെങ്കിൽ, അപ്പോൾ നിശ്ചയം അവൻ ബലിഷ്ഠമായ ഒരു പാശത്തെയാണ് മുറുകെപ്പിടിച്ചിട്ടുള്ളത്, അത് പൊട്ടിപ്പോവുകയില്ല, അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയുമാകുന്നു.

76: 3 പ്രകാരം സന്മാർഗവും ദുർമാർഗവും തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയിലും നിക്ഷിപ്തമായിരിക്കെ ദീനിന്റെ കാര്യത്തിൽ ഒരാൾ മറ്റൊരാളെ നിർബന്ധിക്കാൻ പാടില്ല. 10: 99 ൽ, നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ള എല്ലാവരും വിശ്വസിക്കുമായിരുന്നു, അപ്പോൾ മനുഷ്യർ എല്ലാവരും വിശ്വാസികളാകാൻ നീ നിർബന്ധിക്കുകയോ, അഥവാ മനുഷ്യർ വിശ്വാസികളാകാത്തതിന് അവരെ വെറുക്കുകയോ എന്ന് ചോദിക്കുകയും; 10: 100 ൽ, അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരു ആത്മാവിനും വിശ്വാസിയാകാൻ സാധ്യമല്ല എന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഉരക്കല്ലായ അദ്ദിക്റിലൂടെ തന്റേടവും ദുർമാർഗവും വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ആത്മാവിന്റെ ദൃഷ്ടിയും പൊട്ടിപ്പോകാത്ത പാശവും. 3: 103 ൽ, നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശത്തെ മുറുകെപ്പിടിച്ച് ഒന്നാവുക, നിങ്ങൾ ഭിന്നിക്കരുത് എന്ന് പറഞ്ഞതുകൊണ്ടും 22: 78 ലും 3: 101 ലും അല്ലാഹുവിനെ മുറുകെപ്പിടിക്കുക എന്ന് പറഞ്ഞതുകൊണ്ടും ഉദ്ദേശിക്കുന്നത് അദ്ദിക്ർ മുറുകെപ്പിടിക്കുക എന്നുതന്നെയാണ്.

31: 22 ൽ, ആരാണോ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ച് അവനെ കണ്ടുകൊണ്ട് ചരിക്കുന്നത്, അപ്പോൾ അവൻ പൊട്ടിപ്പോകാത്ത ബലിഷ്ഠമായ ഒരു പാശത്തിൻമേൽ തന്നെയാണ് പിടിച്ചിരിക്കുന്നത്, എല്ലാ കാര്യങ്ങളും അല്ലാഹുവിലേക്കാണ് മടക്കപ്പെടുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. *സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിരിക്കുന്ന പൊട്ടിപ്പോകാത്ത ബലമുള്ള പാശമാണ് അദ്ദിക്ർ. അതുകൊണ്ട് നിങ്ങൾ അതിനെ മുമ്പിൽ നടത്തണം. അത് ഉൾവലിയുക അല്ലാഹുവിലേക്കാണ്. അതിനെ പിന്നിലാക്കരുത്, അതിനെ പിന്നിലാക്കുന്നവരെ അത് നരകത്തിലേക്ക് തള്ളിവിടുന്നതുമാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 185-186; 10: 108; 39: 41 വിശദീകരണം നോക്കുക.

257.അല്ലാഹു വിശ്വാസികളായവരുടെ രക്ഷാധികാരിയാണ്, അവൻ അവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിപ്പിക്കുന്നു; കാഫിറുകളായവരാകട്ടെ, അവരുടെ രക്ഷാധികാരികൾ ത്വാഗൂത്തുകളുമാണ്, അവരെ അവർ പ്രകാശത്തിൽ നിന്ന് അന്ധകാരങ്ങളിലേക്ക് പുറപ്പെടുവിപ്പിക്കുന്നു, അക്കൂട്ടരാണ് നരകവാസികൾ, അവർ അതിൽ നിത്യവാസികളുമാകുന്നു.

14: 1 ൽ, നാം നിന്നിലേക്ക് അവതരിപ്പിച്ചിട്ടുള്ള ഈ ഗ്രന്ഥം കൊണ്ട് അവരവരുടെ നാഥന്റെ സമ്മതത്തോടുകൂടി മനുഷ്യരെ നീ ഇരുട്ടുകളിൽ നിന്ന് പ്രകാശത്തിലേക്ക് -അജയ്യനും സ്വയം സ്തുത്യർഹനുമായവന്റെ വഴിയിലേക്ക്- പുറപ്പെടുവിക്കുക എന്ന് പറഞ്ഞിട്ടു

ണ്ട്. മനുഷ്യരെ പിശാചിന്റെ മാർഗങ്ങളായ അന്ധകാരങ്ങളിൽ നിന്ന് അല്ലാഹുവിലേക്കുള്ള പ്രകാശത്തിന്റെ ഏകപാതയിലേക്ക് നയിക്കാനാണ് അത്. അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാണ് എന്ന് 24: 35 ലും; അദ്ദിക്റാണ് വ്യക്തമായ പ്രകാശം എന്ന് 4: 174 ലും പറഞ്ഞിട്ടുണ്ട്. അന്ധകാരം ബഹുവചനത്തിലും പ്രകാശം ഏകവചനത്തിലുമാണ് പറഞ്ഞിട്ടുള്ളത് എന്നതിനാൽ അല്ലാഹു തൃപ്തിപ്പെട്ട പാത സ്വർഗത്തിലേക്കുള്ള ഒറ്റ പാതയും പിശാചിന്റെ പാത പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കുള്ള തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പാതകളുമാണ്. അദ്ദിക്റിൽ നിന്ന് മനുഷ്യരെ തടയുന്ന എല്ലാ പ്രേരണകളും വ്യക്തികളും ശക്തികളും സംഘടനകളും *ത്വാഗൂത്തിൽ* ഉൾപ്പെടുന്നതാണ്. ഞാൻ എന്ന ഭാവം, ദേഹേച്ഛ, സ്വാർത്ഥത, സ്വജനപക്ഷപാതം, ദേശീയത, വംശീയത, വർഗീയത, സാമുദായികത്വം തുടങ്ങിയവ വെച്ചുപുലർത്തുക; ഭൂരിപക്ഷത്തിന്റെ മാർഗമായ കാക്കകാരണവന്മാരുടെ വഴികൾ പിൻപറ്റുക, ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി മാതാവിനെ, പിതാവിനെ, ഇണകളെ, മക്കളെ, മറ്റു കുടുംബാംഗങ്ങളെ, പണ്ഡിതന്മാരെ, സംഘടനകളെ അനുസരിക്കുക തുടങ്ങിയവയെല്ലാം *ത്വാഗൂത്തി*നെ അനുസരിക്കലാണ്. എല്ലാവരും ജനിക്കുന്നത് മുസ്ലിമായിട്ടാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അത് ഉപയോഗപ്പെടുത്തി വിശ്വാസിയാകാതെ അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും നന്ദികെട്ട കാഫിറുകളായിത്തീരുകയാണ് ചെയ്യുന്നത് എന്നതുകൊണ്ടാണ് 'കാഫിറുകളായവർ' എന്ന് സൂക്തത്തിൽ പരാമർശിച്ചത്. ആയിരത്തിൽ ഒന്നായ വിശ്വാസികൾ അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി അവന്റെ പ്രതിനിധികളായി ജീവിക്കുന്നവരും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യവും സമാധാനവും സ്ഥാപിക്കാൻ പരിശ്രമിക്കുന്നവരുമാണ്. 3: 68; 6: 14; 10: 62–63; 16: 36; 42: 9, 28; 45: 19 കൂട്ടിവായിക്കുക. 2: 165–167; 9: 67–68; 25: 33–34; 48: 6 വിശദീകരണം നോക്കുക.

258.ഇബ്റാഹീമിനോട് തന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ –അല്ലാഹു അവന് രാജാധികാരം നൽകി എന്ന കാരണത്താൽ, ഇബ്റാഹീം പറഞ്ഞ സന്ദർഭം: ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ് എന്റെ നാഥൻ; അവൻ പറഞ്ഞു: ഞാൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ; ഇബ്റാഹീം പറഞ്ഞു: അപ്പോൾ നിശ്ചയം അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു, എന്നാൽ നീ അതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക, അങ്ങനെ നിഷേധിച്ചവന് ഉത്തരം മുട്ടി, അല്ലാഹു ഇത്തരം അക്രമികളായ ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയുമില്ല.

പ്രവാചകൻ ഇബ്റാഹീം വിഗ്രഹാരാധകരായ തന്റെ പിതാവിനെയും ജനതയെയും അല്ലാഹുവിലേക്ക് ക്ഷണിച്ചെങ്കിലും അവരിൽ ആരും തന്നെ ഇബ്റാഹീമിന്റെ പ്രബോധനം പിൻപറ്റാനോ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുവാനോ തയ്യാറായില്ല. ജനങ്ങളെല്ലാം ഉത്സവത്തിനുപോയ ഒരവസരത്തിൽ അദ്ദേഹം അവരുടെ വിഗ്രഹങ്ങളെ ഒന്നൊഴികെ മുഴുവൻ തച്ചുടച്ചു. തിരിച്ചുവന്ന ജനങ്ങൾ അവരുടെ ദൈവങ്ങൾക്ക് വന്ന ദുർഗതി കണ്ടപ്പോൾ ഭരണാധികാരിയായ നംറൂദിനെ വിവരമറിയിച്ചു. തുടർന്ന് നംറൂദ് ഇബ്റാഹീമിനെ വിളിച്ച് വിചാരണ നടത്തുന്ന രംഗമാണിത്: അല്ല, ഇബ്റാഹീം! ഞങ്ങളുടെയും നിന്റെ പിതാവിന്റെയും നാഥനല്ലാത്ത നിന്റെ ഈ നാഥൻ ഏതാണ്? ഇബ്റാഹീം പറഞ്ഞു: ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ് എന്റെ നാഥൻ, അപ്പോൾ നംറൂദ് ജ

യിലിൽ നിന്ന് രണ്ടാളുകളെ കൊണ്ടുവന്ന് ഒരാളെ വധിക്കാനും മറ്റവനെ വിട്ടയക്കാനും വിധിച്ചു കൊണ്ട് പറഞ്ഞു: ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ! ഇബ്റാഹീം പറഞ്ഞു: എന്റെ നാഥൻ സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നു. എന്നാൽ നീ അതിനെ പടിഞ്ഞാറുനിന്ന് ഉദിപ്പിക്കുക! അതിൽ കാഫിറായ നംറൂദിന് ഉത്തരം മുട്ടുകയുണ്ടായി. തുടർന്ന് ഒരു തീക്കുണ്ഠം പണിത് അതിൽ ഇബ്റാഹീമിനെ കരിച്ചുകൊല്ലാനും അത് പണിയുന്നതുവരെ അദ്ദേഹത്തെ ജയിലിൽ വെക്കാനുമാണ് അവൻ തീരുമാനിച്ചത്. 21: 52–70; 29: 24 വിശദീകരണം നോക്കുക.

അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായിക്കൊണ്ട് സൂര്യനെ പടിഞ്ഞാറുനിന്ന് അല്ലാഹു ഉദിപ്പിക്കുമെന്ന് ഈ സൂക്തം സൂചന നൽകുന്നു. 3: 86; 9: 19, 109; 61: 7; 62: 5 തുടങ്ങിയ സൂക്തങ്ങളും അല്ലാഹു അക്രമികളായ ഒരു ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന ആശയത്തിലാണ് അവസാനിക്കുന്നത്. അദ്ദിക്ർ കിട്ടിയിട്ട് അതിനെ സ്വയം ഉപയോഗപ്പെടുത്താത്തവരും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെ മൂടിവെച്ചവരുമാണ് അക്രമികളെന്ന് 5: 45; 6: 21; 7: 40–41; 18: 57; 32: 22 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അക്രമികളായ ജനതയല്ലാതെ നശിപ്പിക്കപ്പെടുകയില്ല എന്ന് 6: 47 ൽ പറഞ്ഞിട്ടുണ്ട്.

259.അല്ലെങ്കിൽ മേൽപ്പുരകളോടെ തകർന്നടിഞ്ഞ ഒരു നാട്ടിലൂടെ സഞ്ചരിക്കാൻ ഇടയായ മറ്റൊരുവനിലേക്ക് (നിന്റെ ശ്രദ്ധതിരിഞ്ഞുവോ), അവൻ ചോദിച്ചു: ഇങ്ങനെ നശിച്ചുകഴിഞ്ഞ നാടിനെ അല്ലാഹു എങ്ങനെയാണ് വീണ്ടും ജീവിപ്പിക്കുക? അപ്പോൾ നൂറുവർഷത്തേക്ക് അല്ലാഹു അവനെ മരിപ്പിച്ചു, പിന്നീട് അവനെ പുനർജ്ജീവിപ്പിച്ചിട്ട് ചോദിച്ചു: നീ എത്ര നാൾ കഴിച്ചുകൂട്ടി? അവൻ പറഞ്ഞു: ഞാൻ ഒരു ദിവസം, അതല്ലെങ്കിൽ ഒരു ദിവസത്തിന്റെ ഭാഗം മാത്രമാണ് കഴിച്ചുകൂട്ടിയത്; അല്ലാഹു പറഞ്ഞു: അല്ല; നീ നൂറുവർഷം കഴിച്ചുകൂട്ടിയിട്ടുണ്ട്, അപ്പോൾ നീ നിന്റെ ഭക്ഷണത്തിലേക്കും പാനീയത്തിലേക്കും നോക്കുക, അതിന് യാതൊരു മാറ്റവും വന്നിട്ടില്ല, നീ നിന്റെ കഴുതയിലേക്കും നോക്കുക, നിന്നെ നാം മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമാക്കുന്നതിന് വേണ്ടിയാണിത്, എല്ലുകളിലേക്ക് നീ നോക്കുക –എങ്ങിനെയാണ് അവയെ നാം പുനർഘടിപ്പിക്കുന്നതെന്ന്, പിന്നീട് അവയെ നാം മാംസം കൊണ്ട് പൊതിയുന്നതെന്നും, അങ്ങനെ അവന് അത് വ്യക്തമായപ്പോൾ അവൻ പറഞ്ഞു: നിശ്ചയം അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാണെന്ന് ഞാൻ അറിയുന്നു.

ഫലസ്തീൻ ഭാഗത്തുള്ള തകർന്നടിഞ്ഞ ഒരു പ്രദേശത്തിലൂടെ തന്റെ കഴുതപ്പുറത്ത് സഞ്ചരിക്കാനിടയായ 'ഉസൈർ' ഇത്തരം നശിച്ച നാടിനെ എങ്ങനെയാണ് അല്ലാഹു പുനർജീവിപ്പിക്കുകയെന്ന് മനസ്സിൽ സംശയം പ്രകടിപ്പിക്കുകയാണ്. അപ്പോൾ അല്ലാഹു അദ്ദേഹത്തെ നൂറുവർഷം മരിപ്പിച്ചുകിടത്തിയ ശേഷം പുനർജ്ജീവിപ്പിച്ച് ചോദിച്ചു: നീ എത്ര കൊല്ലം മരിച്ചുകിടന്നു? അദ്ദേഹം പറഞ്ഞു: ഒരു ദിവസമോ ഒരു ദിവസത്തിന്റെ ഭാഗമോ മാത്രം. അപ്പോൾ അദ്ദേഹം യാത്രയിൽ ഉപയോഗിച്ചിരുന്ന മുന്തിരി, അത്തിപ്പഴം തുടങ്ങിയ ഭക്ഷണപാനീയത്തിലേക്ക് നോക്കാൻ പറഞ്ഞു. അതിന് യാതൊരു മാറ്റവും വന്നിട്ടില്ല, പിന്നെ അദ്ദേഹം സഞ്ചരിച്ചിരുന്ന കഴുതയിലേക്ക് നോക്കാൻ പറഞ്ഞു, നൂറ് വർഷം മുമ്പ് നശിച്ചതിനാൽ അതിന്റെ എല്ലുകളൊക്കെ നുറുമ്പിയതായി കണ്ടു. അല്ലാഹു ആ എല്ലുകളെ പുനഃസംഘടിപ്പിച്ച് മാംസം പൊതിഞ്ഞ് കഴുതയെ പുനർസൃഷ്ടിച്ചു. ഇത് കണ്ടപ്പോൾ ഉസൈറിന് ബോധ്യമായി –നിശ്ചയം എത്ര കൊല്ലം മുമ്പ് മരിച്ചവരെയും ജീ

വിപ്പിക്കാനും വേഗത്തിൽ കേടുവരുന്ന ഭക്ഷണപാനീയങ്ങൾ എത്ര കാലത്തേക്കും കേടു വരാതെ സൂക്ഷിക്കാനും മാത്രമല്ല, എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാണ് അ ല്ലാഹു എന്ന്. ഈ സംഭവം കാരണമാണ് ജൂതന്മാർ ഉസൈറിനെ ദൈവപുത്രനായി ചി ത്രീകരിച്ചത്. ഈ സംഭവത്തിലൂടെ അല്ലാഹു എല്ലാ കാര്യത്തിനും എല്ലാ വസ്തുക്കളുടെ മേലും കഴിവുള്ള സർവ്വശക്തനാണ് എന്ന് പ്രവാചകനെയും വിശ്വാസികളെയും പഠിപ്പി ക്കുകയാണ്. 2: 20, 106, 109, 148; 3: 165; 16: 77; 24: 45; 29: 20; 35: 1 തുടങ്ങിയ സൂക്തങ്ങളും,'നി ശ്ചയം അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാകുന്നു' എന്ന ആശയത്തോടുകൂടിയാണ് അവസാനിക്കുന്നത്. 2: 164; 9: 30; 18: 19 വിശദീകരണം നോ ക്കുക.

260.ഇബ്റാഹീം ചോദിച്ച സന്ദർഭവും ഓർക്കേണ്ടതാണ്: എന്റെ നാഥാ! മരിച്ചവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചുതരിക? അവൻ ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? (ഇബ്റാഹീം)പറഞ്ഞു: ഉണ്ട്, എന്നാൽ എന്റെ ഹൃദയത്തിന് ഉറപ്പുകിട്ടുന്നതിനുവേണ്ടിയാണ്, അവൻ പറഞ്ഞു: നീ പക്ഷിക ളിൽ നിന്ന് നാലെണ്ണത്തെ പിടിക്കുക, അവയെ കൊത്തി നുറുക്കി നിന്നിലേക്ക് ചേർക്കുക, പിന്നീട് അവയിൽ നിന്നുള്ള ഒരംശം എല്ലാ മലയിലും കൊണ്ടുപോ യി വെക്കുക, ശേഷം നീ അവയെ വിളിക്കുക -അവ ധൃതിയിൽ നിന്റെ അടു ക്കലേക്ക് വരും, നീ അറിയുകയും ചെയ്യുക, നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞനാകുന്നു.

ഇബ്റാഹീം അല്ലാഹുവിനോട് മരിച്ചവരെ ജീവിപ്പിക്കുന്നത് എങ്ങനെയാണെന്ന് കാ ണിച്ച് കൊടുക്കാൻ ആവശ്യപ്പെട്ടപ്പോൾ കോഴി, പ്രാവ്, മയിൽ, കാക്ക എന്നീ നാല് പക്ഷി കളെ അറുത്ത് കൊത്തിനുറുക്കി കൂട്ടിക്കുഴമ്പിയ ശേഷം അവയുടെ ഓരോ ഭാഗം ഏഴ് മ ലകളിലായി കൊണ്ടുവെക്കാൻ പറയുകയാണ്. ശേഷം ഇബ്റാഹീം വിളിച്ചപ്പോൾ അല്ലാ ഹുവിന്റെ കൽപന പ്രകാരം അവയെല്ലാം പഴയ സ്ഥിതിയിലുള്ള പക്ഷികളായിത്തന്നെ ഇബ്റാഹീമിലേക്ക് പറന്നടുത്തു. *ഫസ്ഉർഹുന്ന ഇലയ്ക* എന്നതിന് നിന്നിലേക്ക് ഇണ ക്കുക എന്നും ഭാഷാർത്ഥമുണ്ട്. എന്നാൽ ഇവിടെ അതിന്റെ ആശയം കൊത്തിനുറുക്കുക എന്ന് തന്നെയാണ്. കാരണം മരിച്ചവരെ പുനർജീവിപ്പിക്കുന്നത് എങ്ങനെയാണ് എന്ന് കാണിച്ച് കൊടുക്കാനാണ് ഇബ്റാഹീം ആവശ്യപ്പെടുന്നത്. ഗ്രന്ഥത്തിൽ ഇത്തരം ദ്വയാർ ത്ഥമുള്ള പദങ്ങൾ വേറെയും ഉപയോഗിച്ചിട്ടുണ്ട്. വിശ്വാസികളെയും കപടവിശ്വാസികളെ യും വേർതിരിക്കാൻ വേണ്ടിയാണത്. ഈസായെ ഉയർത്തിയതിന് *മുതവഫ്ഫീക്ക* എന്ന് 3: 55 ൽ ഉപയോഗിച്ചത് മറ്റൊരു ഉദാഹരണമാണ്. ജീവനോടെ ഉയർത്തുക എന്നതിനുപു റമെ മരിച്ചതിനുശേഷം ഉയർത്തുക എന്നും ഈ പദത്തിന് ആശയമുണ്ട്. 75: 29 ൽ, പ്രക മ്പനത്തിനുമേൽ പ്രകമ്പനം എന്നുപറഞ്ഞത്, മരണസമയത്ത് ശരീരത്തിൽ നിന്ന് റൂഹ് വേർപ്പെടുമ്പോൾ അവരുടെ വിശ്വാസങ്ങളും ധാരണകളും അദ്ദിക്റിന് വിരുദ്ധമായിരുന്ന തിനാൽ അവർ പതിനഞ്ച് വയസ്സിനുശേഷം ചെയ്തിട്ടുള്ള എല്ലാ തിന്മകളും ഒന്നിനു മേൽ ഒന്നായി ആത്മാവിന് കാണിച്ചുകൊടുക്കുമ്പോൾ അവർ പ്രകമ്പിതരാകുന്ന രംഗം ചിത്രീകരിക്കുകയാണ്. എന്നാൽ ആത്മാവിനെ പരിഗണിക്കാത്ത കപടവിശ്വാസികൾ ഈ ആശയം മനസ്സിലാക്കുന്നതിന് പകരം മനുഷ്യർ എന്നുപറഞ്ഞാൽ ശരീരമാണ് എന്ന് തെ റ്റിദ്ധരിക്കുകയും പ്രസ്തുത സൂക്തത്തിന് ശരീരത്തിന്റെ ഭാഗമായ കണങ്കാലുകൾ പരസ് പരം കൂട്ടിക്കെട്ടുക എന്നുമാണ് അർത്ഥം കൊടുത്തിട്ടുള്ളത്. 2: 73; 6: 75; 35: 31 വിശദീക രണം നോക്കുക.

261. അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവന്റെ ഉപമ ഒരു ധാന്യമണിയുടെ ഉപമ പോലെയാണ്, അത് ഏഴ് കതിരുകളെ മുളപ്പിച്ചു, എല്ലാ ഓരോ കതിരിലും നൂറ് ധാന്യമണികളുണ്ട്, അല്ലാഹു അവൻ ഉദ്ദേശിച്ചവർക്ക് ഇരട്ടിപ്പിച്ച് കൊടുക്കുന്നു, അല്ലാഹു സർവ്വവ്യാപിയായ സർവ്വജ്ഞാനിയുമാകുന്നു.

ഒരു വിത്തിൽ നിന്ന് എഴുന്നൂറ് ധാന്യമണികൾ വരുന്നു. അടുത്ത വർഷത്തേക്ക് ചുരുങ്ങിയത് അതിൽ നിന്ന് എഴുപത് വിത്തുകളെങ്കിലും ഉണ്ടാകും. അങ്ങനെ കുറേവർഷം കഴിയുമ്പോൾ ഒരു പ്രദേശത്തുള്ള മുഴുവൻ വിളകളും ആദ്യവിത്തിൽ നിന്നുള്ളതായിത്തീരുന്നതാണ്. ഇങ്ങനെ വർദ്ധിപ്പിച്ച് ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടിയായിരിക്കണം വിശ്വാസികൾ തങ്ങളുടെ പണം ചെലവഴിക്കേണ്ടത്; എന്ന് മാത്രമല്ല, എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത്. നിശ്ചയം മരിച്ചവരെ ഞാൻ ജീവിപ്പിക്കുക തന്നെ ചെയ്യും, അവരുടെ ജീവിത കാലത്ത് ചെയ്ത പ്രവർത്തനങ്ങളും അവരുടെ പൈതൃകങ്ങളുടെ നേട്ടകോട്ടങ്ങളുമെല്ലാം ഒരു വ്യക്തമായ പട്ടികയിൽ നാം രേഖപ്പെടുത്തിവെക്കുന്നുണ്ട് എന്ന് 36: 12 ൽ പറഞ്ഞിട്ടുണ്ട്. ഓരോരുത്തരും അവരുടെ ജീവിതകാലത്ത് ചെയ്യുന്ന നന്മയും തിന്മയും, അവരുടെ പിൻഗാമികൾക്ക് വിട്ടേച്ചുപോകുന്ന പൈതൃകങ്ങളുടെ നന്മയും തിന്മയും വിധിദിവസം വിലയിരുത്തുന്നതാണ്. 24: 30 ൽ, നിശ്ചയം അല്ലാഹു അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് വലയം ചെയ്തവനാണ് എന്നും; 29: 45 ൽ, നിങ്ങൾ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹു അറിയുന്നവനാണ് എന്നും പറഞ്ഞിട്ടുണ്ട്. ഈ രണ്ട് സൂക്തങ്ങളിലും 'അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്' എന്നൊന്നും പറയാതെ 'അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്, നിങ്ങൾ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്' എന്നുപറഞ്ഞതിന്റെ വിവക്ഷ, അവരുടെ പ്രവൃത്തികൾ മാത്രമല്ല, അവർ പിൻഗാമികൾക്ക് വിട്ടേച്ചുപോകുന്ന പൈതൃകങ്ങളുടെ നേട്ടകോട്ടങ്ങളും കൂടി പരിഗണിക്കുമെന്നാണ്. 4: 85 ൽ, ആരെങ്കിലും ഒരു നന്മ ശുപാർശ ചെയ്താൽ അവന് അതിൽ നിന്നൊരു വിഹിതം ലഭിക്കുന്നതാണ്, ആരെങ്കിലും ഒരു തിന്മയാണ് ശുപാർശ ചെയ്തതെങ്കിൽ അതിന്റെ പാപഭാരത്തിന്റെ ഒരു പങ്കും അവന് ലഭിക്കുന്നതാണ്, അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെ മേലും മേൽനോട്ടക്കാരനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 10: 26–27; 16: 24–25; 29: 12–13 വിശദീകരണം നോക്കുക.

ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് അനുസരിച്ചുള്ള പ്രവൃത്തികളെ ഉത്തേജിപ്പിക്കുകയും *വിരുദ്ധമായ പ്രവർത്തനങ്ങളെ സാധിക്കുമെങ്കിൽ കൈകൊണ്ട് തടയുകയും അല്ലെങ്കിൽ നാവുകൊണ്ട് എതിർക്കുകയും അതുമല്ലെങ്കിൽ മനസ്സിൽ ആ പ്രവൃത്തിയെ വെറുക്കുകയെങ്കിലും ചെയ്യണമെന്നും, ഒരു കുറ്റം കണ്ടാൽ അതിനോട് വെറുപ്പ് പ്രകടിപ്പിക്കുന്നില്ലെങ്കിൽ അവനിൽ പിന്നെ അൽപം പോലും വിശ്വാസമില്ലെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ആരെങ്കിലും ഒരു നന്മ കൊണ്ടുവന്നാൽ അവർക്ക് പത്തിരട്ടി പ്രതിഫലവും ഒരു തിന്മയാണ് കൊണ്ടുവന്നതെങ്കിൽ അവർക്ക് അതിന് തക്കതായ പ്രതിഫലവും നൽകുന്നതാണ്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല എന്ന് 6: 160 ലും; ആരെങ്കിലും ഒരു നന്മയും കൊണ്ട് വന്നാൽ അവന് അതിലേറെ ഉത്തമമായതുണ്ട്, ആരെങ്കിലും ഒരു തിന്മയും കൊണ്ട് വന്നാൽ അവൻ പ്രവർത്തിച്ചുകൊണ്ടിരുന്ന തിന്മക്ക് തക്കതായ പ്രതിഫലമല്ലാതെയില്ല എന്ന് 28: 84 ലും പറഞ്ഞിട്ടുണ്ട്. ഈ സൂക്തങ്ങളുടെ അടിസ്ഥാനത്തിൽ: *ഒരാൾ ഒരു നന്മ പ്രവൃത്തിക്കാൻ ഉദ്ദേശിച്ചു, എന്നാൽ അത് പ്രവൃത്തിക്കാൻ സാധിച്ചില്ലെങ്കിലും ഒരു നന്മ അവന് രേഖപ്പെടുത്തുമെന്നും, പ്രവർ*

ത്തിച്ചാൽ ചുരുങ്ങിയത് പത്ത് നന്മ രേഖപ്പെടുത്തുമെന്നും; ഒരാൾ ഒരു തിന്മ പ്രവൃത്തിക്കാൻ ഉദ്ദേശിച്ചു, എന്നിട്ട് അത് പ്രവർത്തിക്കാതിരുന്നാൽ തിന്മയായി രേഖപ്പെടുത്തുകയില്ല, ഇനി അത് പ്രവർത്തിച്ചാൽ തക്കതായ തിന്മയായി മാത്രമേ രേഖപ്പെടുത്തുകയുള്ളൂ എന്നും പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അപ്പോൾ വിശ്വാസികൾ പിൻഗാമികൾക്ക് അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള നല്ല സംസ്കാരമാണ് ജീവിതകാലത്ത് കാണിച്ചുകൊടുക്കേണ്ടതും മരിക്കുമ്പോൾ വിട്ടുപോകേണ്ടതും. 2: 81, 201-202; 40: 40; 75: 13 വിശദീകരണം നോക്കുക.

262.തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും പിന്നീട് ചെലവഴിച്ചത് എടുത്തുപറയുകയോ അതിന്റെ പേരിൽ മറ്റുവിധത്തിൽ ശല്യപ്പെടുത്തുകയോ ചെയ്യാത്തവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല.

എല്ലാ അനുഗ്രഹങ്ങളും പ്രപഞ്ചനാഥനിൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കി അവനാഥന്റെ തൃപ്തിയിൽ വിനിയോഗിച്ച് ഏഴാം ഘട്ടത്തിലേക്ക് വേണ്ട സ്വർഗം ഇവിടെ വെച്ച് സമ്പാദിക്കലാണ് മനുഷ്യരുടെ ജീവിതലക്ഷ്യം. നിങ്ങൾ ഇഷ്ടപ്പെടുന്നതെന്തോ, അതിൽ നിന്ന് ചെലവഴിക്കുന്നതുവരെ നിങ്ങൾ പുണ്യമെത്തിക്കുകയില്ല എന്ന് 3: 92 ലും; അത്യുന്നതനായ നാഥന്റെ മുഖം പ്രതീക്ഷിച്ചു കൊണ്ട് ഏതൊരുവൻ തന്റെ ധനം നൽകി സ്വയം ശുദ്ധീകരിക്കുന്നുവോ -പ്രത്യുപകാരം ചെയ്യേണ്ട യാതൊരു ഔദാര്യവും അവന്റെ പക്കൽ മറ്റാർക്കുമില്ല- അവൻ തൃപ്തിപ്പെട്ടവനാവുക തന്നെ ചെയ്യുമെന്ന് 92: 17-21 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അതായത് അവർ ഒരു ഔദാര്യം ചെയ്യുന്നത് മറ്റൊരാളിൽ നിന്ന് ഒരു തരത്തിലുള്ള പ്രത്യുപകാരവും പ്രതീക്ഷിച്ചു കൊണ്ടല്ല, മറ്റൊരാളുടെ ഔദാര്യം കൊണ്ട് അവനിൽ നിന്ന് അനർഹമായത് നേടാനും സാധിക്കുകയില്ല എന്ന് സാരം. വിശ്വാസി തന്റെ ധനം ആർക്ക് എപ്പോൾ നൽകുകയാണെങ്കിലും അവരിൽ നിന്ന് പ്രത്യുപകാരമോ നന്ദി പ്രകടനമോ സാക്ഷ്യപത്രമോ പ്രശംസയോ പ്രതീക്ഷിക്കുകയോ അവരുടെ എതിർപ്പ് പരിഗണിക്കുകയോ ഇല്ല. 32: 19 ൽ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് അവർ പ്രവർത്തിച്ചതിന് വിരുന്നായി സ്വർഗപ്പൂന്തോപ്പുകളുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 2: 38, 62, 177; 53: 32 വിശദീകരണം നോക്കുക.

263.നല്ല വാക്ക് പറയലും വിട്ടുവീഴ്ച ചെയ്യലുമാണ് ശല്യം പിന്തുടരുന്ന ദാനധർമ്മങ്ങളേക്കാൾ ഉത്തമമായത്, അല്ലാഹു ഐശ്വര്യവാനായ സഹനശീലനുമാകുന്നു.

മനമില്ലാമനസ്സോടെ ബുദ്ധിമുട്ടി ദാനധർമ്മങ്ങൾ ചെയ്യണമെന്ന് അല്ലാഹുവിന് ഒരു ആവശ്യവുമില്ല. ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ അത് അവനുവേണ്ടിത്തന്നെയാണ്, ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു ഐശ്വര്യവാനായ സ്വയം സ്തുത്യർഹനാണ് എന്ന് 31: 12 ലും; ധനത്തിൽ നിന്ന് അടുത്തവർക്കും അഗതികൾക്കും വഴിയാത്രക്കാർക്കും അവരുടെ വിഹിതം നൽകണമെന്നും എന്നാൽ അത്തരക്കാർക്ക് നൽകാനുള്ള പണം തൽക്കാലം കയ്യിലില്ലെങ്കിൽ അവരോട് നല്ല വാക്കുകൾ പറയണമെന്നും പണം ലഭിക്കുമ്പോൾ നൽകാൻ ശ്രദ്ധിക്കണമെന്നും 17: 26-28 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ, അല്ലാഹുവാണ് എല്ലാ അനുഗ്രഹങ്ങളുടെയും ദാതാവെന്നും കൊടുക്കുന്നവന്റെ സ്ഥാനത്തുനിന്ന് വാങ്ങുന്നവന്റെ സ്ഥാനത്തേക്ക് മാറ്റാൻ അല്ലാഹുവിന് സാധിക്കുമെന്നുമുള്ള ചിന്തയിൽ പ്രാർത്ഥനയോടുകൂടിയും അല്ലാഹ് എന്ന സ്മരണയോടുകൂടിയുമായിരിക്കണം വിശ്വാസി പെരുമാറേണ്ടത്. 2: 174-175; 107: 6-7 വിശദീകരണം നോക്കുക.

264.ഓ വിശ്വാസികളായിട്ടുള്ളവരേ, അല്ലാഹുവിനെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാൻ വേണ്ടി തന്റെ ധനം ചെലവഴിക്കുന്ന ഒരുവനെപ്പോലെ കൊടുത്തത് എടുത്തുപറഞ്ഞുകൊണ്ടും ശല്യം ചെയ്തുകൊണ്ടും നിങ്ങളുടെ ദാനധർമ്മങ്ങൾ നിങ്ങൾ പാഴാക്കരുത്, അപ്പോൾ അവന്റെ ഉപമ ഒരു പാറപ്പുറം പോലെയാണ്, അതിന്മേൽ അല്പം മണ്ണുണ്ട്, ഒരു കനത്ത മഴ വർഷിച്ച് (മണ്ണെല്ലാം ഒഴുകിപ്പോയി) പാറപ്പുറം മിനുത്തതായി മാറി, അവർ സമ്പാദിച്ചതിൽ നിന്ന് ഒന്നും അനുഭവിക്കാൻ അവർക്ക് സാധ്യമാവുകയില്ല, ഇത്തരം കാഫിറുകളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലാക്കുകയുമില്ല.

അല്ലാഹു കാണുന്നുണ്ട് എന്ന ബോധമില്ലാതെ ജനങ്ങൾ കാണുന്നതിനെ ഭയപ്പെട്ടുകൊണ്ടുള്ള പ്രവൃത്തികൾ *ശിർക്കി*ൽ പെട്ടതാണ്. അന്ത്യനാളിൽ തങ്ങളുടെ തൊലികൾ, കൈകാലുകൾ, കേൾവി, കാഴ്ച തുടങ്ങി ഭൂമി തന്നെയും തങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന് പറയുന്ന 24: 24; 36: 65; 41: 19–24; 99: 4 തുടങ്ങിയ സൂക്തങ്ങൾ അവഗണിച്ച് ജീവിക്കുന്ന അവർ ഇഹലോകത്ത് ജനങ്ങളിൽ നിന്നുള്ള നന്ദിപ്രകടനവും സാക്ഷ്യപത്രവും പ്രതീക്ഷിക്കുന്നവരുമാണ്. അദ്ദിക്ർ കൊണ്ട് വിശ്വാസം രൂപപ്പെടുത്താതെയുള്ള ഏത് പ്രവർത്തനവും മിഥ്യയും നരകകുണ്ഠം പിഴയായി ലഭിക്കുന്നതിന് കാരണമാകുന്നതുമാണ്. അവരുടെ പ്രവർത്തനങ്ങളുടെ ഉപമ, ഒരു മഴ വർഷിക്കുമ്പോഴേക്കും മണ്ണെല്ലാം ഒഴുകിപ്പോയി മിനുത്തതായി മാറുന്ന പാറപ്പുറം പോലെയാണ്, അഥവാ പരലോകത്ത് അവർ തന്നെയാണ് പാപ്പരായവർ. കപടവിശ്വാസികൾ വെറുപ്പോടുകൂടിയോ അല്ലെങ്കിൽ ഭക്തി പ്രകടിപ്പിച്ചുകൊണ്ടോ ചെയ്യുന്ന നമസ്കാരങ്ങളോ ദാനധർമ്മങ്ങളോ സ്വീകരിക്കപ്പെടുകയില്ല; അവർ അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും വിശ്വസിക്കാത്തതാണ് കാരണം എന്ന് 9: 53–54 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം കാഫിറുകളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലാക്കുകയുമില്ല എന്ന ആശയത്തോടുകൂടിയാണ് 9: 37 ഉം അവസാനിക്കുന്നത്. 18: 103–106; 25: 23; 47: 8–9 വിശദീകരണം നോക്കുക.

ഗ്രന്ഥം കൊണ്ട് അഹങ്കരിക്കുകയും സ്വയം പര്യാപ്തനാവുകയും വേണമെന്ന് കൽപിച്ചിട്ടുള്ളതിനാൽ അദ്ദിക്ർ മനസ്സിലാക്കുന്നതിനും അത് ലോകരിലേക്ക് എത്തിച്ചുകൊടുക്കുന്നതിനും വേണ്ടി ചെലവഴിക്കുന്നത് എടുത്തുദ്ധരിക്കുന്നതും അതിൽ ഊറ്റം കൊള്ളുന്നതും അനുവദനീയമാണെന്ന് മാത്രമല്ല, പുണ്യകർമ്മം കൂടിയാണ്. വിധിദിവസം എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുമ്പോൾ അദ്ദിക്റിനുവേണ്ടി ചെലവഴിച്ചതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയില്ല തന്നെ. അദ്ദിക്റിന്റെ കാര്യത്തിൽ അസൂയയും അഹങ്കാരവുമെല്ലാം അനുവദനീയമാണ്. *കടുകുമണിത്തൂക്കത്തോളം അഹങ്കാരം ഹൃദയത്തിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അഹങ്കാരത്തെ പ്രകാശമായ അദ്ദിക്ർ കൊണ്ട് കരിച്ചുകളഞ്ഞ് സ്വർഗത്തിലേക്ക് കുതിക്കാൻ ശ്രമിക്കുന്നവരാണ് വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്നവർ. *അല്ലാഹു ജനങ്ങളിൽ നിന്ന് കുടുംബത്തെ സ്വീകരിക്കുന്നു; ചോദിക്കപ്പെട്ടു: ആരാണ് അവർ? ഗ്രന്ഥത്തിന്റെ ആളുകളാണ് അവർ, അവർ അവന്റെ കുടുംബാംഗങ്ങളും പ്രത്യേകക്കാരുമാണ്* എന്നും പ്രവാചകനിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. 2: 186; 4: 82; 47: 24–25 വിശദീകരണം നോക്കുക.

265.അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ടും പൂർണ്ണമായ മനഃസ്സന്നദ്ധതയോടെയും തങ്ങളുടെ ധനം ചെലവഴിക്കുന്നവരുടെ ഉപമ ഉയർന്ന പ്രദേശത്തുള്ള

ഒരു തോട്ടം പോലെയാണ്, അതിനെ ഒരു കനത്ത മഴ ബാധിച്ചു, അപ്പോൾ അത് വിളവുകൾ രണ്ടിരട്ടി നൽകി, ഇനി കനത്ത മഴയില്ലാതെ ചാറ്റൽ മഴ കിട്ടിയാലും (സാധാരണ വിളവ് ലഭിക്കുന്നതിന്) അത് മതിയാകുന്നതാണ്, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാണ്.

വിശ്വാസികൾ ധനം ചെലവഴിക്കുന്നതിനുള്ള ഉപമയാണ് ഈ സൂക്തത്തിൽ പരാമർശിക്കുന്നത്. നാളെ യഥാർത്ഥ ജീവിതത്തിൽ വിളവ് ലഭിക്കണമെന്ന നിർബന്ധബുദ്ധിയോടെ അദ്ദിക്റിന്റെ വെളിച്ചത്തിലാണ് അവർ ധനം ചെലവഴിക്കുക. അഥവാ ഏഴാം ഘട്ടത്തിലേക്ക് വേണ്ടത് നാലാം ഘട്ടമായ ഇവിടെ വെച്ചുതന്നെ സമ്പാദിക്കണമെന്ന ജീവിതലക്ഷ്യം അറിയുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാണ് അവർ. 2: 112, 201-202, 261 വിശദീകരണം നോക്കുക.

266.നിങ്ങളിൽ ഒരുവന് ഈത്തപ്പനകളാലും മുന്തിരികളാലുമുള്ള ഒരു തോട്ടമുണ്ട്, അതിന്റെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നുമുണ്ട്, അതിൽ അവന് എല്ലാവിധ ഫലങ്ങളുമുണ്ട്, അവനെയാണെങ്കിൽ വാർദ്ധക്യം ബാധിച്ചിട്ടുമുണ്ട്, അവനുള്ളത് ബലഹീനന്മാരായ കുട്ടികളുമാണ്, അങ്ങനെ തീയോടുകൂടിയ ഒരു ചുഴലിക്കാറ്റ് ആ തോട്ടത്തെ പിടികൂടുകയും അതിനെ കരിച്ചുകളയുകയും ചെയ്തു, അങ്ങനെയുള്ള ഒരുവനെപ്പോലെയാകാൻ നിങ്ങളിലാരെങ്കിലും ഇഷ്ടപ്പെടുമോ? അപ്രകാരം അല്ലാഹു അവന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വ്യക്തമായി വിശദീകരിച്ചുതരുന്നു -നിങ്ങൾ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവർ തന്നെയാകണം എന്നതിനുവേണ്ടി.

പ്രവർത്തനങ്ങൾ മുഴുവനും പാഴായിപ്പോയി ജീവിതം നഷ്ടപ്പെട്ട ഒരുവന്റെ ഉദാഹരണം എടുത്തുദ്ധരിച്ച് മനുഷ്യരെ ആലോചിക്കുന്നവരും പാഠം പഠിക്കുന്നവരുമാക്കുകയാണ് ഈ സൂക്തത്തിലൂടെ അല്ലാഹു ചെയ്യുന്നത്. ഒരാൾക്ക് ഒരു തോട്ടമുണ്ട്, ആ തോട്ടത്തിൽ അവനും അവന്റെ കുടുംബത്തിനും ജീവിക്കാൻ വേണ്ട ധാന്യങ്ങളും പഴവർഗങ്ങളും മറ്റെല്ലാ വിഭവങ്ങളുമുണ്ട്. അവ നനയ്ക്കാൻ ചുറ്റുഭാഗത്തും പുഴകളുമുണ്ട്. വാർദ്ധക്യം ബാധിച്ച അവൻ താൻ സമ്പാദിച്ചുണ്ടാക്കിയ ആ തോട്ടം മുഖേന സുഭിക്ഷമായി കഴിഞ്ഞുകൂടുമ്പോൾ ഒരുനാളിൽ തീക്കാറ്റ് മുഖേന അവന്റെ തോട്ടം കരിയിക്കപ്പെടുകയാണ്. അവന്റെ മക്കളാകട്ടെ ബലഹീനന്മാരും അധ്വാനിക്കാൻ ശേഷിയില്ലാത്തവരുമായ കുട്ടികളാണ്. അങ്ങനെ അവൻ ഇഹലോകത്തുതന്നെ എല്ലാം നഷ്ടപ്പെട്ടവനായി ഖേദിക്കുന്നവനായി മാറുന്നു. പരലോകത്തേക്കാകട്ടെ അവൻ ഒന്നും തന്നെ സമ്പാദിച്ചിട്ടുമുണ്ടായിരുന്നില്ല. പരലോകത്ത് ലഭിക്കണമെന്ന ഉദ്ദേശ്യമില്ലാതെ ഇഹലോകമുദ്ദേശിച്ച് പ്രവർത്തിക്കുന്ന, ഗ്രന്ഥത്തിൽ നിന്ന് വ്യതിചലിച്ച് ജീവിക്കുന്ന കപടവിശ്വാസികളുടെയും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുടെയും ജീവിതം നഷ്ടപ്പെടുന്നത് ഇങ്ങനെയാണ്. 18: 32-44 സൂക്തങ്ങളിൽ പറഞ്ഞ തോട്ടക്കാരന്റെ അവസ്ഥയും 68: 20-31 സൂക്തങ്ങളിൽ പറഞ്ഞ തോട്ടക്കാരുടെ അവസ്ഥയും വിലയിരുത്തുക. 2: 121, 219-220; 39: 63 വിശദീകരണം നോക്കുക.

267.ഓ വിശ്വാസികളായവരേ, നിങ്ങൾ സമ്പാദിച്ചിട്ടുള്ള പരിശുദ്ധമായതിൽ നിന്നും ഭൂമിയിൽ നിന്ന് നാം നിങ്ങൾക്ക് ഉൽപാദിപ്പിച്ച് തന്നതിൽ നിന്നും നിങ്ങൾ ചെലവഴിക്കുവീൻ, മ്ലേഛമായത് ചെലവഴിക്കുവാൻ നിങ്ങൾ ഉദ്ദേശിക്കരുത്, മനമില്ലാമനസ്സോടെയല്ലാതെ നിങ്ങൾ അത് സ്വീകരിക്കുന്നവരാവുകയില്ലല്ലോ, നിങ്ങൾ അറിയുക -നിശ്ചയം അല്ലാഹു ഐശ്വര്യവാനായ സ്വയം സ്തുത്യർഹ

നാകുന്നു.

സമ്പാദിക്കുന്നതും ചെലവഴിക്കുന്നതും അല്ലാഹു അനുവദിച്ച മാർഗത്തിലൂടെ അഥവാ ത്രാസ്സായ അദ്ദിക്റിന്റെ വെളിച്ചത്തിലായിരിക്കണം. പലിശ, ചൂതാട്ടം, കള്ളക്കടത്ത്, കുഴൽപ്പണം, കൈക്കൂലി, സ്ത്രീധനം, കവർച്ച, കൊള്ള, പിടിച്ചുപറി, മായം ചേർക്കൽ, പൂഴ്ത്തിവെക്കൽ, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ തുടങ്ങിയ നിഷിദ്ധമായ ചൂഷണമാർഗങ്ങളിലൂടെ സമ്പാദിച്ചത് ചെലവഴിച്ചിട്ട് കാര്യമില്ല എന്നാണ്, പരിശുദ്ധമായ വഴിയിൽ സമ്പാദിച്ചത് ചെലവഴിക്കുക എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമിയിൽ നിന്ന് നിങ്ങൾക്ക് ഉത്പാദിപ്പിച്ച് തന്നതിൽ നിന്ന് ചെലവഴിക്കുക എന്ന് പറഞ്ഞതിനാൽ ധാന്യങ്ങൾക്കും പഴവർഗങ്ങൾക്കുമെല്ലാം സകാത്തുണ്ട്. നിഷിദ്ധമായ നിലയിൽ നേടിയ ധനമോ മോശപ്പെട്ട സാധനമോ മറ്റുള്ളവർക്ക് നൽകാൻ ഉദ്ദേശിക്കരുത്. കാരണം അത് നമുക്കാണ് ലഭിക്കുന്നതെങ്കിൽ നാം അത് ഇഷ്ടപ്പെടുകയില്ലല്ലോ. ചുരുക്കത്തിൽ ഏതെങ്കിലും രൂപത്തിൽ പണം സമ്പാദിച്ച് അത് ചെലവഴിച്ച് പുണ്യം നേടാമെന്ന് വിചാരിക്കുന്നത് വിഡ്ഢിത്തമാണ്. അവരവർ പ്രവർത്തിക്കുന്നതും സമ്പാദിക്കുന്നതുമെല്ലാം അവരവർക്കു വേണ്ടിത്തന്നെയാണ്, അല്ലാഹുവാകട്ടെ ആരുടെയും ആവശ്യമില്ലാത്തവനും സ്വയം സ്തുത്യർഹനുമാണ്.

വിശ്വാസികളേ, നിശ്ചയം പണ്ഡിതപുരോഹിതന്മാരിൽ അധികപേരും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകയും അവർ ഗ്രന്ഥത്തിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുമെന്ന് 9: 34 ൽ പറഞ്ഞിട്ടുണ്ട്. പൂർവ്വിക വേദക്കാരിൽ (പ്രത്യേകിച്ച് ജൂതന്മാരിൽ) അധികപേരും കുറ്റകൃത്യങ്ങളും ശത്രുതയും പരത്തുന്നതിനുവേണ്ടി ഓടിനടക്കുന്നവരും മ്ലേഛത തിന്നുന്നവരുമായി നീ കാണുന്നതാണ് എന്ന് 5: 62 ലും; പണ്ഡിതപുരോഹിതന്മാർ എന്തുകൊണ്ട് അവരെ കുറ്റകരമായ വാക്കുകൾ പറയുന്നതിൽ നിന്നും മ്ലേഛത തിന്നുന്നതിൽ നിന്നും തടഞ്ഞില്ല, എത്ര മോശപ്പെട്ട ഉൽപാദനമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് 5: 63 ലും പറഞ്ഞിട്ടുണ്ട്. മ്ലേഛമായതും പരിശുദ്ധമായതും സമമാവുകയില്ല, മ്ലേഛതയുടെ ആധിക്യം നിന്നെ എത്ര തന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി, അതുകൊണ്ട് ബുദ്ധിമാന്മാരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക -നിങ്ങൾ വിജയം വരിക്കുന്നവർ ആകണമെന്നതിനു വേണ്ടി എന്ന് 5: 100 ലും പറഞ്ഞിട്ടുണ്ട്. 2: 172; 6: 141; 16: 114 വിശദീകരണം നോക്കുക.

268.പിശാച് നിങ്ങളോട് ദാരിദ്ര്യമാണ് വാഗ്ദാനം ചെയ്യുന്നത്, നീചവൃത്തികൾ കൊണ്ട് അവൻ നിങ്ങളോട് കൽപിക്കുകയും ചെയ്യുന്നു; അല്ലാഹു അവനിൽ നിന്നുള്ള പാപമോചനവും ഔദാര്യവുമാണ് നിങ്ങളോട് വാഗ്ദാനം ചെയ്യുന്നത്, അല്ലാഹു സർവ്വവ്യാപിയായ സർവ്വജ്ഞനുമാകുന്നു.

25: 67 ൽ, നിഷ്പക്ഷവാന്റെ ഇഷ്ടദാസന്മാരുടെ സ്വഭാവം പറഞ്ഞിടത്ത് അവർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്ക് കാണിക്കുകയോ ചെയ്യുകയില്ല, അതിന് രണ്ടിനുമിടയിലുള്ള ഒരു മധ്യമനിലപാടാണ് സ്വീകരിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. പരലോകത്തിനുവേണ്ടി ചെലവഴിക്കുന്നതിൽ പിശുക്ക് കാണിച്ചില്ലെങ്കിൽ ദാരിദ്ര്യം വരുമെന്ന് പിശാച് ഭീഷണിപ്പെടുത്തുകയും അതേസമയം ഐഹികലോകത്തിന്റെ കാര്യത്തിൽ ധൂർത്തിനുവേണ്ടി പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. കളവ്, വ്യഭിചാരം, സ്വവർഗസംഭോഗം, കള്ള്, പ്രതിഷ്ഠ, നേർച്ച, വഴിപാട്, ലോട്ടറി, പൂഴ്ത്തിവെപ്പ്, മായം ചേർക്കൽ തുടങ്ങി മ്ലേഛവും നീചവുമായ എല്ലാപ്രവൃത്തികളും പിശാച് കൽപിക്കും. എന്നാൽ അല്ലാഹു അവന്റെ പാപമോചനവും സ്വർഗത്തിൽ സുഖസമ്പൂർണ്ണമായ ജീവിതവിഭവങ്ങളുമാണ് വാഗ്

ദാനം ചെയ്യുന്നത്. പിശാച് അദ്ദിക്റിൽ നിന്ന് മനുഷ്യരെ തടയുക വഴി അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തടഞ്ഞ് അവരെ അവനോടൊപ്പം നരകക്കുണ്ഠത്തിലേക്ക് വിളിച്ചു കൊണ്ടിരിക്കുകയാണ്. പരലോകത്തുവെച്ച് പിശാച് കയ്യൊഴിയുന്ന രംഗം 14: 22 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അവരോട് അവൻ വാഗ്ദത്തം ചെയ്യുകയും വ്യാമോഹിപ്പിക്കുകയും ചെയ്യും, എന്നാൽ പിശാചിന്റെ വാഗ്ദാനം വഞ്ചനയല്ലാതെ മറ്റൊന്നുമല്ല എന്ന് 4: 120 ലും; പിശുക്ക് കാണിക്കുന്നവൻ കാഫിറാണെന്ന് 4: 37 ലും പറഞ്ഞിട്ടുണ്ട്. 2: 168–171; 4: 79; 9: 67–68 വിശദീകരണം നോക്കുക.

269.അവൻ ഉദ്ദേശിക്കുന്നവർക്ക് ഹിക്മത്ത് നൽകുന്നു, ആർക്കാണോ ഹിക്മത്ത് നൽകപ്പെട്ടത് അപ്പോൾ നിശ്ചയം അവന് ധാരാളം നന്മ നൽകപ്പെട്ടുകഴിഞ്ഞു, ബുദ്ധിമാന്മാരല്ലാതെ ഓർമ്മിക്കുകയുമില്ല.

പ്രവാചകത്വം, ദീർഘവീക്ഷണം, തത്വജ്ഞാനം, ഉരക്കല്ലായ അദ്ദിക്ർ കൊണ്ട് നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള കഴിവ്, ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൂട്ടിയോജിപ്പിച്ച് ഉറപ്പുവരുത്താനുള്ള കഴിവ് എന്നതെല്ലാമാണ് '*ഹിക്മത്ത്*' കൊണ്ട് ഉദ്ദേശിക്കുന്നത്. 8: 29 ൽ വിശ്വാസികളെ വിളിച്ച് അല്ലാഹു പറയുന്നു: നിങ്ങൾ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുകയാണെങ്കിൽ സത്യവും അസത്യവും വേർതിരിച്ചറിയാനുള്ള ഉരക്കല്ല് നിങ്ങൾക്ക് അവൻ നൽകുകയും അവൻ നിങ്ങളുടെ തിന്മകൾ മായ്ച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. 39: 18 ൽ, ആരാണോ ഗ്രന്ഥത്തിലെ വചനങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയും അത് ഏറ്റവും നല്ല നിലയിൽ പിൻപറ്റുകയും ചെയ്യുന്നത്, അവർ തന്നെയാണ് ബുദ്ധിമാന്മാർ എന്നും 36: 11 ൽ നിശ്ചയം നിന്റെ ഉണർത്തൽ ഉപകാരപ്പെടുക അദ്ദിക്ർ പിൻപറ്റുകയും നിഷ്പക്ഷവാനെ കാണാതെകണ്ട് (അദ്ദിക്റിൽ നിന്ന് കണ്ട്) ഭയപ്പെടുകയും ചെയ്യുന്നവർക്കാണ്, അപ്പോൾ അവന് പാപമോചനവും മാന്യമായ പ്രതിഫലവുമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുക എന്നും പറഞ്ഞിട്ടുണ്ട്. 3: 7; 16: 125 വിശദീകരണം നോക്കുക.

ഇബ്റാഹീം നബി *ഹിക്മത്തി*നുവേണ്ടി പ്രാർത്ഥിച്ചിരുന്നു എന്ന് 26: 83 ലും; അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നവനാകുന്നതിന് വേണ്ടി ലുഖ്മാന് *ഹിക്മത്ത്* നൽകിയിട്ടുണ്ട് എന്ന് 31: 12 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ് ഹിക്മത്ത്. അതുകൊണ്ട് മാത്രമേ മൊത്തം ജീവിതം അല്ലാഹുവിന് വേണ്ടിയുള്ളതാക്കാനും നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലുമെല്ലാം അല്ലാഹുവിനെ സ്മരിച്ച് അവന്റെ പ്രതിനിധിയായി നിലകൊള്ളാനും സാധിക്കുകയുള്ളൂ. അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്ന സൂക്ഷ്മാലുക്കൾക്ക് മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ സാധിക്കുകയുമുള്ളൂ. *ഹിക്മത്ത്* കിട്ടിയവർക്ക് ധാരാളം നന്മ നൽകപ്പെട്ടു എന്ന് ഈ സൂക്തത്തിൽ പറഞ്ഞതിന്റെയും; *നിങ്ങളിൽ ഏറ്റവും ഉത്തമൻ ഗ്രന്ഥം -അദ്ദിക്ർ- പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ് എന്നും; ഗ്രന്ഥമാണ് ഐശ്വര്യം, അതിനുശേഷം ദാരിദ്ര്യമില്ല, അതുകൂടാതെ ഐശ്വര്യവുമില്ല എന്നും* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെയും പൊരുൾ ഒന്നുതന്നെയാണ്. 17: 23–38 സൂക്തങ്ങളിൽ, ജീവിതത്തിൽ പാലിക്കേണ്ട വിധിവിലക്കുകൾ വിശദീകരിച്ചതിന് ശേഷം 17: 39 ൽ അതെല്ലാമാണ് നിന്റെ നാഥനിൽ നിന്ന് നിനക്ക് ദിവ്യസന്ദേശമായി നൽകിയിട്ടുള്ള തത്വജ്ഞാനങ്ങളിൽ ചിലത് എന്ന് പറഞ്ഞിട്ടുണ്ട്. 3: 58; 15: 87; 25: 33 വിശദീകരണം നോക്കുക.

270.ദാനങ്ങളിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നത് എന്താകട്ടെ, അല്ലെങ്കിൽ നേരുന്ന നേർച്ചയിൽ നിന്ന് എന്താകട്ടെ, അപ്പോൾ നിശ്ചയം അല്ലാഹു അത് അറിയുന്നു

ണ്ട്, അക്രമികൾക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല.

ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കാതെ മറ്റുള്ളവരുടെ പ്രത്യുപകാരവും ആദരവും തൃപ്തിയുമെല്ലാം മോഹിച്ചുകൊണ്ട് ചെലവഴിക്കുന്നവരും, അല്ലാഹു അല്ലാത്തവർക്ക് നേർച്ചവഴിപാടുകൾ നൽകുന്നവരും അക്രമികളാണെന്നും അവർക്ക് ഒരു സഹായിയും ഉണ്ടാവുകയില്ല എന്നുമാണ് സൂക്തം പഠിപ്പിക്കുന്നത്. അല്ലാഹുവിന് മാത്രമേ നേർച്ചവഴിപാടുകൾ അർപ്പിക്കൽ അനുവദിച്ചിട്ടുള്ളൂ. അതാകട്ടെ ജാതി-മത-വർണ്ണ-ഭാഷ-ദേശ-ലിംഗ ഭേദമന്യേ മനുഷ്യരിൽ നിന്നുള്ള ദരിദ്രർക്കും അഗതികൾക്കും അനാഥകൾക്കും വഴിയാത്രക്കാർക്കും നൽകലാണ്. ഇന്ന് അല്ലാഹുവിന്റെ മാർഗമായ അദ്ദിക്ർ മനസ്സിലാക്കാനും അത് ജാതി-മത-വർണ്ണ-ഭാഷ-ദേശ-ലിംഗ ഭേദമന്യേ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കാനും വേണ്ടി ധനവും സമയവും അറിവുമെല്ലാം നീക്കിവെക്കലാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. കാരണം അദ്ദിക്ർ ഉണ്ടെങ്കിൽ മാത്രമേ ധനം ചെലവഴിക്കലും നേർച്ചകളും അല്ലാഹുവിന്റെ തൃപ്തിയിലും സ്വീകരിക്കപ്പെടുന്ന വിധത്തിലുമാവുകയുള്ളൂ. അദ്ദിക്ർ ഉപയോഗപ്പെടുത്താത്തത് കാരണം ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നേർച്ചകൾ നേരുന്നത് മരിച്ചുപോയ മഹാത്മാക്കളുടെ പേരിലാണ്. *കുഫ്റും ശിർക്കു*മായ ഈ ചര്യ കൊണ്ടുനടക്കുന്ന അവിവേകികളും ഫാജിറുകളുമായ സാധാരണക്കാരും അത് തിരുത്താതെ അതിനെ പ്രോത്സാഹിപ്പിക്കുകയോ അത് കയ്യും കെട്ടി നോക്കി നിൽക്കുകയോ ചെയ്യുന്ന പണ്ഡിതപുരോഹിതന്മാരുമാണ് അക്രമികൾ. ഈ രണ്ടുകൂട്ടരെയും ശിക്ഷിക്കുന്നതിനും വിശ്വാസികളുടെ പശ്ചാത്താപം സ്വീകരിക്കുന്നതിനും വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പേരിലല്ലാതെ നേർച്ചയായി നീക്കിവെച്ചതിനെ 6: 145 ൽ പന്നിമാംസത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും രണ്ടും മാലിന്യവും കാപട്യമുളവാക്കുന്നതുമാണെന്നും പറഞ്ഞിട്ടുണ്ട്. 3: 192; 5: 72 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത്, 'അക്രമികൾക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 12, 254, 258 വിശദീകരണം നോക്കുക.

271. നിങ്ങൾ ദാനധർമ്മങ്ങൾ വെളിപ്പെടുത്തുകയാണെങ്കിൽ അപ്പോൾ അത് നിങ്ങൾക്ക് നല്ലത് തന്നെ, എന്നാൽ അത് നിങ്ങൾ രഹസ്യമാക്കുകയും ദരിദ്രർക്ക് നൽകുകയുമാണെങ്കിൽ അതാണ് നിങ്ങൾക്ക് ഏറ്റവും ഉത്തമം, അത് നിങ്ങളെത്തൊട്ട് നിങ്ങളുടെ തിന്മകളിൽ നിന്ന് മായ്ച്ചുകളയാൻ ഉപകരിക്കും, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു.

മറ്റുള്ളവരെ ദാനധർമ്മങ്ങൾക്ക് പ്രേരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പരസ്യമായി ദാനധർമ്മങ്ങൾ ചെയ്യുന്നതിൽ വിരോധമില്ല. ഹൃദയങ്ങളുടെ അവസ്ഥ നോക്കിയാണ് അത് സ്വീകരിക്കപ്പെടുന്നതും പ്രതിഫലം നൽകപ്പെടുന്നതും. എന്നാൽ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണ് അല്ലാഹു എന്ന് സാധൂകരിക്കുന്ന വിധത്തിൽ, ആരും കാണാതെയും അറിയാതെയും വളരെ രഹസ്യമായി ഏറ്റവും അർഹതപ്പെട്ട ദരിദ്രരായ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയാണെങ്കിൽ അതാണ് ഏറ്റവും ഉത്തമം. അല്ലാഹുവിനെ അല്ലെങ്കിൽ സാക്ഷിയായ അദ്ദിക്റിനെ സാക്ഷ്യപ്പെടുത്തി ചെയ്യുന്നത് അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല. അത് അവനെ തെറ്റുകുറ്റങ്ങളിൽ നിന്ന് അകറ്റുന്നതും അറിവില്ലാത്ത കാലത്ത് ചെയ്തുപോയ തെറ്റുകുറ്റങ്ങൾ മായ്ച്ചുകളയുന്നതുമാണ്. പ്രവാചകൻ പെരുന്നാൾ പ്രഭാഷണത്തിന് ശേഷം സ്ത്രീകളുടെ ഭാഗത്ത് പോവുകയും *'ഓ സ്ത്രീ സമൂഹമേ, നിങ്ങളെ*

യാണ് ഞാൻ നരകത്തിൽ കൂടുതൽ കണ്ടത്, അതുകൊണ്ട് നിങ്ങൾ ദാനധർമ്മങ്ങൾ വർദ്ധിപ്പിക്കുക' എന്ന് പറയുകയുണ്ടായി. അല്ലാഹുവിന്റെ ഗ്രന്ഥം എത്തിച്ചുകൊടുക്കുന്നവരും നമസ്കാരം നിലനിർത്തുന്നവരും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിച്ചുകൊണ്ടിരിക്കുന്നവരുമാരോ, അവർ നഷ്ടപ്പെടാത്ത ഒരു കച്ചവടം തന്നെയാണ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത് എന്ന് 35: 29 ൽ പറഞ്ഞിട്ടുണ്ട്. 9: 60 ൽ സകാത്തിന് അർഹരായ എട്ട് വിഭാഗങ്ങളിൽ മുൻഗണന നൽകിയിരിക്കുന്നത് മനുഷ്യരിൽ നിന്നുള്ള ദരിദ്രർക്കാണ്. തുടർന്നുവരുന്ന 2: 273 ലും ദരിദ്രർക്ക് മുൻഗണന നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന സൂക്ഷ്മാലുക്കൾക്ക് അവർ മുമ്പ് പ്രവർത്തിച്ച ഏറ്റവും ദുഷിച്ച കർമങ്ങൾ അല്ലാഹു മായ്ച്ചുകളയുന്നതും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവൃത്തികൾ നോക്കി അവർക്ക് പ്രതിഫലം കൊടുക്കുന്നതുമാണ് എന്ന് 39: 35 ലും; അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവന് അവന്റെ തിന്മകളെ അല്ലാഹു മായ്ച്ചുകളയുന്നതും അവന് മഹത്തായ പ്രതിഫലം നൽകുന്നതുമാണ് എന്ന് 65: 5 ലും പറഞ്ഞിട്ടുണ്ട്. 2: 214; 5: 39; 8: 29; 25: 68–70 വിശദീകരണം നോക്കുക.

272.അവരുടെ സന്മാർഗം നിന്റെ പക്കലല്ല, എന്നാൽ അല്ലാഹു അവൻ ഉദ്ദേശിച്ചവരെ സന്മാർഗത്തിലാക്കുന്നു, നന്മയിൽ നിന്ന് നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അത് നിങ്ങൾക്കുവേണ്ടിത്തന്നെയാണ്, നിങ്ങൾ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ടല്ലാതെ അത് ചെലവഴിക്കുന്നില്ലല്ലോ, നന്മയിൽ നിന്ന് നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും നിങ്ങൾക്ക് പരിപൂർണ്ണമായി (അതിന്റെ പ്രതിഫലം) തിരിച്ചുനൽകപ്പെടുന്നതാകുന്നു, നിങ്ങളോ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

ദാനധർമ്മങ്ങൾ *(സകാത്തും സ്വദഖഃയും)* പ്രവാചകന്റെ കൂടെയുള്ളവർക്കല്ലാതെ നൽകാൻ പാടുണ്ടോ എന്ന വിശ്വാസികൾക്കുണ്ടായിരുന്ന സംശയം ഈ സൂക്തത്തിലൂടെ ദൂരീകരിക്കുകയാണ്. ഒരാളുടെ സന്മാർഗം നബിയുടെ എന്നല്ല, ആരുടെ പക്കലും നൽകിയിട്ടില്ല. സന്മാർഗവും ദുർമാർഗവും വേർതിരിച്ച് കാണിച്ചുതരുന്ന അദ്ദിക്ർ സ്വർഗത്തിൽ വെച്ച് സൃഷ്ടിച്ചപ്പോൾ തന്നെ അല്ലാഹു ഓരോരുത്തരെയും പഠിപ്പിച്ചിട്ടുണ്ടെന്നും മനുഷ്യരുടെ സന്മാർഗത്തിന്റെ കാര്യത്തിൽ അല്ലാഹു നിഷ്പക്ഷവാനാണെന്നും 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ക്രോഡീകരിക്കപ്പെട്ട ശേഷം അത് ഉപയോഗപ്പെടുത്തി സന്മാർഗം ഓരോരുത്തരും സ്വയം നേടേണ്ടതാണെന്നും മനസ്സിലാക്കി അത് പിൻപറ്റുന്നവർ മാത്രമേ ഇന്ന് സന്മാർഗത്തിലാവുകയുള്ളൂ. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് അർഹരായ അവന്റെ സൃഷ്ടികൾക്ക് (അവർ ഏത് ജാതി മതസ്ഥരായാലും ശരി) *സകാത്തും സ്വദഖഃ*യും മറ്റു സഹായങ്ങളും നൽകണമെന്ന് വിശ്വാസികളോട് പ്രത്യേകം കൽപിക്കുകയാണ് ഈ സൂക്തത്തിൽ. അല്ലാഹുവിന്റെ സൃഷ്ടികളുടെ ജീവിതഭാരം ഇറക്കിവെക്കുക എന്ന ലക്ഷ്യത്തോടും അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന ബോധത്തോടും കൂടി അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം മോഹിച്ചുകൊണ്ട് ആർക്ക് എന്ത് നൽകുകയാണെങ്കിലും അവർക്ക് അത് പൂർണ്ണമായി തിരിച്ചുകൊടുക്കുകയും ഉദ്ദേശ്യമനുസരിച്ച് ഇരട്ടിപ്പിച്ച് കൊടുക്കുകയും ചെയ്യുമെന്ന് 2: 261 ൽ പറഞ്ഞിട്ടുണ്ട്.

നിശ്ചയം നീ ഇഷ്ടപ്പെടുന്നവരെ നീ സന്മാർഗത്തിലേക്കാക്കുന്നില്ല; എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലേക്കാക്കുന്നു, സന്മാർഗത്തിലാരാണെന്ന്

ഏറ്റവും അറിയുന്നവൻ അല്ലാഹു തന്നെയാണ് എന്ന് 28: 56 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദ് തന്റെ വളർത്തുപിതാവ് അബൂത്വാലിബിന്റെ മരണസമയത്ത് അവിടെ ഹാജരാകുകയും മൂന്ന് പ്രാവശ്യം സത്യസാക്ഷ്യം വഹിക്കാൻ ആവശ്യപ്പെടുകയും ചെയ്തപ്പോൾ മൂന്നാമത്തെ പ്രാവശ്യം അബൂത്വാലിബ് ചോദിച്ചു: പിതാമഹൻ അബ്ദുൽ മുത്തലിബിന്റെ മതത്തിൽ വിശ്വസിക്കുന്നുണ്ടോ? പ്രവാചകൻ 'ഇല്ല' എന്ന് മറുപടി നൽകി. അപ്പോഴാണ് ഈ സൂക്തം അവതരിക്കുന്നത്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർക്ക് -അവർ കുടുംബത്തിൽ നിന്ന് എത്ര അടുത്തവരാണെങ്കിലും (മാതാവ്, പിതാവ് ആരാണെങ്കിലും)ശരി- അവർ നരകത്തിന്റെ സഹവാസികളാണെന്ന് വ്യക്തമായതിനുശേഷം അവർക്കുവേണ്ടി പൊറുക്കലിനെത്തേടാൻ പ്രവാചകനോ വിശ്വാസിക്കോ പാടില്ല എന്ന് 9: 113 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ ജീവിതാവസാനകാലത്ത് (ഹിജ്റ 9-ാം വർഷം) പ്രവാചകനെ സ്വന്തം മാതാവിന് പൊറുക്കലിനെത്തേടുന്നത് വിലക്കിക്കൊണ്ടാണ് പ്രസ്തുത സൂക്തം അവതരിച്ചിട്ടുള്ളത്. 'മൂസവീ ശരീഅത്ത്' പിൻപറ്റി വിശ്വാസിയാവാത്തതിനാൽ മാതാവിനുവേണ്ടി പൊറുക്കലിനെത്തേടാൻ പാടില്ല എന്ന് സാരം.

പൂർവ്വിക സമുദായത്തിൽ വേശ്യാവൃത്തി ചെയ്തിരുന്ന ഒരു സ്ത്രീ ദാഹിച്ച് വിശന്ന് മണ്ണുകപ്പുന്ന നായയെ കണ്ടിട്ട് അതിന്റെ കാര്യത്തിൽ അലിവുതോന്നി തന്റെ വസ്ത്രം കീറി ഷൂ ഉപയോഗപ്പെടുത്തി കിണറ്റിൽ നിന്ന് വെള്ളം കോരിക്കൊടുത്ത് അതിനെ കുടിപ്പിച്ചതിനാൽ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടു എന്നും, *ഭക്തി നടിച്ച് നമസ്കരിച്ച് നോമ്പനുഷ്ഠിച്ച് ജീവിച്ചിരുന്ന മറ്റൊരു സ്ത്രീ തന്റെ അധീനതയിലുള്ള പൂച്ചക്ക് ഭക്ഷണം നൽകാതെയും അല്ലാഹുവിന്റെ ഭൂമിയിൽ ഭക്ഷണം തേടാൻ അതിനെ അനുവദിക്കാതെയും കെട്ടിയിട്ട് കൊന്നതിന്റെ പേരിൽ അവൾ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു* എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ലോകർക്കുമൊത്തം അനുഗ്രഹമായി അയക്കപ്പെട്ട പ്രവാചകൻ മുഹമ്മദിന്റെ പേരുവെച്ച് പ്രവാചകനെ ജനമധ്യത്തിൽ ക്രൂരനും കൊള്ളരുതാത്തവനും രക്തം ചിന്തുന്നവനുമായി അവതരിപ്പിക്കുക വഴി ഫുജ്ജാറുകൾ അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ച് പിശാചിനെ ജീവിപ്പിക്കുന്ന യഥാർത്ഥ കാഫിറുകളായി മാറിയിരിക്കുകയാണ്. സ്വർഗം അല്ലെങ്കിൽ നരകം ഐഹികലോകത്തുവെച്ച് ഓരോ ആത്മാവും സമ്പാദിക്കേണ്ടതാണെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. സ്വന്തം കുറ്റങ്ങൾക്കും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുറ്റങ്ങൾക്കും പൊറുക്കലിനെത്തേടാൻ മാത്രമേ പ്രവാചകന് അനുവാദമുള്ളൂ എന്ന് 4: 64 ലും 47: 19 ലും പറഞ്ഞിട്ടുണ്ട്. 2: 2-5, 119; 5: 48; 64: 16 വിശദീകരണം നോക്കുക.

273.തങ്ങളുടെ സ്വന്തം ജീവിതാവശ്യങ്ങൾക്ക് വേണ്ടി ഭൂമിയിൽ അധ്വാനിക്കാൻ അവസരം കിട്ടാത്ത വിധം അല്ലാഹുവിന്റെ മാർഗത്തിൽ ബന്ധിതരായ ദരിദ്രർക്കു വേണ്ടി(ചെലവഴിക്കുക), അറിവില്ലാത്ത ആളുകൾ അവരുടെ ആത്മാഭിമാനം കണ്ട് അവർ സമ്പന്നരാണെന്ന് കണക്കുകൂട്ടുന്നു, അവരുടെ ലക്ഷണം കൊണ്ട് നീ അവരെ തിരിച്ചറിയും, അവർ ജനങ്ങളുടെ പിന്നാലെപ്പോയി ആവർത്തിച്ച് ചോദിക്കുന്നവരല്ല, നന്മയിൽ നിന്ന് നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അപ്പോൾ നിശ്ചയം അല്ലാഹു അത് ഏറ്റവും അറിയുന്നവൻ തന്നെയാകുന്നു.

അല്ലാഹുവിന്റെ മാർഗത്തിൽ ബന്ധിതരാവുക എന്ന് പറഞ്ഞതിന്റെ വിവക്ഷ, ഇന്ന് അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ മനസ്സിലാക്കുകയും അത് ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകുക എന്നാണ്. അത്ത രക്കാരിൽ

നിന്നുള്ള ദരിദ്രർക്കാണ് ദാനധർമ്മങ്ങളും സഹായങ്ങളും നൽകുന്നതിൽ മുൻഗണന നൽകേണ്ടത്. അവർ അല്ലാഹുവിനെ സഹായിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് തങ്ങൾക്ക് ജീവിതസൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി കച്ചവടത്തിലോ കൃഷിയിലോ മറ്റോ ഏർപ്പെടാൻ സാധിക്കാത്തവരാണ്. എന്നാൽ അവർ ജനങ്ങളോട് യാചിക്കാതെയും വസ്ത്രത്തിലും പെരുമാറ്റത്തിലും ഇല്ലായ്മ പ്രകടിപ്പിക്കാതെയും മാന്യമായ ജീവിതം നയിക്കുന്നവരുമാണ്. ഇക്കാരണത്താൽ അറിവില്ലാത്ത ജനങ്ങൾ അവർ പ്രമാണിമാരാണ്, അവർക്ക് *സകാത്തിനും സ്വദഖഃക്കും* അർഹതയില്ല എന്ന് കരുതും. എന്നാൽ അല്ലാഹുവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന വിശ്വാസികൾ അവരെ തിരിച്ചറിയുന്നതാണ്. *സ്വദഖഃയും സകാത്തും* സ്വീകരിക്കാൻ പ്രവാചകനും കുടുംബത്തിനും അനുവാദമില്ല. 9: 60; 59: 7–9; 76: 8–9 വിശദീകരണം നോക്കുക.

274.തങ്ങളുടെ ധനം രാപ്പകൽ ഭേദമന്യേ രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നവർക്ക് അവരുടെ നാഥന്റെ അടുക്കൽ തക്കതായ പ്രതിഫലമുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല.

13: 22 ൽ, തങ്ങളുടെ ഹൃദയം കൊണ്ട് ഓർമിക്കുന്ന ബുദ്ധിമാന്മാർ തങ്ങളുടെ നാഥന്റെ മുഖം സന്തോഷത്തോടുകൂടി കണ്ടുമുട്ടണമെന്ന് ആഗ്രഹിച്ചുകൊണ്ട് ക്ഷമ അവലംബിക്കുന്നവരും നമസ്ക്കാരം മുറപ്രകാരം നിലനിർത്തുന്നവരും അവർക്ക് നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നവരും ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് തിന്മയെ തടയുന്നവരുമാണ്, അക്കൂട്ടർക്കാണ് നല്ല പര്യവസാനമായ സ്വർഗമുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. ക്രയവിക്രയങ്ങൾ നടക്കാത്തതും സുഹൃദ്ബന്ധങ്ങൾ ഉപയോഗപ്പെടാത്തതുമായ ഒരു നാൾ അവർക്ക് വരുന്നതിനുമുമ്പായി നാം നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുക എന്ന് വിശ്വാസികളായ അടിമകളോട് പറയാൻ 14: 31 ലും; അല്ലാഹുവിന്റെ ഗ്രന്ഥമായ അദ്ദിക്ർ എത്തിച്ചുകൊടുക്കുകയും പ്രാർത്ഥന നിലനിർത്തുകയും അവർക്ക് നാം നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവർ നഷ്ടപ്പെടാത്ത ഒരു കച്ചവടമാണ് ആഗ്രഹിക്കുന്നത് എന്ന് 35: 29 ലും പറഞ്ഞിട്ടുണ്ട്. 2: 38; 16: 75; 32: 15–16 വിശദീകരണം നോക്കുക.

275.എന്നാൽ പലിശ തിന്നുന്നവർ പിശാചിന്റെ ബാധയേറ്റ് ഭ്രാന്ത് പിടിച്ച് കിടക്കുന്നവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ എഴുന്നേൽക്കുകയില്ല, അത് തീർച്ചയായും കച്ചവടം പലിശയെപ്പോലെ തന്നെയാകുന്നു എന്ന് അവർ പറഞ്ഞതുകൊണ്ടാണ്, എന്നാൽ അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു, അപ്പോൾ തന്റെ നാഥനിൽ നിന്നുള്ള ഒരു സദുപദേശം വന്നെത്തുകയും അങ്ങനെ അതിൽ നിന്ന് വിരമിക്കുകയും ചെയ്തവന് മുമ്പ് അനുഭവിച്ചതുണ്ട്, അവന്റെ കാര്യം അല്ലാഹുവിങ്കലാകുന്നു, ആരെങ്കിലും പരിധി ലംഘിച്ചാൽ അക്കൂട്ടർ തന്നെയാണ് നരകവാസികൾ, അവർ അതിൽ നിത്യവാസികളുമാകുന്നു.

പലിശയിടപാടുകൾ പിശാചിൽ നിന്നുള്ളതാകുന്നു. അത് മനുഷ്യനെ ആവശ്യത്തിനു പോലും ചെലവഴിക്കാതെ സമ്പത്ത് കുന്നുകൂട്ടുന്നതിനും പിശുക്കിനും പ്രേരിപ്പിക്കുന്നു. പലിശ കണക്കുകൂട്ടിക്കണക്കുകൂട്ടി രാത്രി കുറേക്കഴിഞ്ഞ് ഉറങ്ങുന്ന അവൻ രാവിലെ എഴുന്നേറ്റ് ജീവിതവ്യവഹാരങ്ങളിൽ പ്രവേശിക്കാൻ വളരെ പ്രയാസപ്പെടുന്നതാണ്. ക്രമേണ അവന് ഉറക്കം പാടെ നഷ്ടപ്പെടുകയും ചിന്തയും സൂക്ഷ്മതയുമില്ലാതെ ഭ്രാന്തന്മാരുടെ ജീവിതരീതിയിലേക്ക് ആപതിക്കുന്നതുമാണ്. നഷ്ടത്തിൽ പങ്കുകൊള്ളാതെ ലാഭം

മാത്രം സ്വീകരിച്ചുകൊണ്ട് കച്ചവടത്തിൽ പങ്കുചേരലും പലിശ വാങ്ങുന്നത് പോലെത്തന്നെ നിഷിദ്ധമാണ്. എന്നാൽ കച്ചവടം അല്ലാഹു അനുവദിച്ചിരിക്കുന്നു, മനുഷ്യർക്ക് ആവശ്യമുള്ള ഉൽപന്നങ്ങൾ എത്തിച്ചുകൊടുക്കുക എന്ന സേവനത്തിനുള്ള പ്രതിഫലമാണ് കച്ചവടത്തിൽ നിന്നുള്ള ലാഭം. അതിൽ നഷ്ടം വരാതിരിക്കാനുള്ള പ്രാർത്ഥനയും വിട്ടുവീഴ്ചയും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പണത്തിന് ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ നിശ്ചിത തോതിൽ നിർബന്ധമായി ഈടാക്കുന്നതാണ് പലിശ. അതിൽ പ്രാർത്ഥനയോ ജനങ്ങൾക്കുള്ള സേവനപ്രവർത്തനങ്ങളോ നഷ്ടം വന്നാലുള്ള വിട്ടുവീഴ്ചയോ ഉണ്ടാവുകയില്ല. പലിശ വാങ്ങുന്നതും കൊടുക്കുന്നതും പലിശയിടപാടിന് സാക്ഷി നിൽക്കുന്നതുമെല്ലാം അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു.

10: 57 ൽ, മനുഷ്യരേ! നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള *മൗഇളത്ത്* വന്നുകിട്ടി എന്ന് പറഞ്ഞതിലെ *മൗഇളത്ത്* അദ്ദിക്റാണ്. ഇവിടെ പലിശയെക്കുറിച്ചുള്ള വിധികളടങ്ങിയ സൂക്തങ്ങളാണ് *മൗഇളത്ത്.* ആ വിധികൾ വരുന്നതിനുമുമ്പ് പലിശയിൽ നിന്ന് അനുഭവിച്ചതിന്റെ പേരിൽ അല്ലാഹുവിനോട് ഖേദിച്ചുമടങ്ങുകയും ഇനി മറ്റുള്ളവർ പലിശയിടപാടുകളിൽ മുഴുകാതിരിക്കാൻ വേണ്ടി അവർക്ക് അദ്ദിക്ർ പറഞ്ഞുകൊടുത്തും എത്തിച്ചുകൊടുത്തും അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുകയുമാണെങ്കിൽ മുമ്പ് അനുഭവിച്ചത് അവന് മായ്ച്ചുകൊടുക്കുന്നതാണ്. ഗ്രന്ഥത്തിലൂടെ നാഥന്റെ വിധിവിലക്കുകൾ വന്നുകിട്ടിയതിനുശേഷം ആരെങ്കിലും പലിശയിടപാടിൽ ഏർപ്പെട്ടാൽ അവർ നരകത്തിൽ നിത്യവാസികളായിരിക്കും. 4: 29 ൽ, വിശ്വാസികളെ വിളിച്ച് നിങ്ങൾ നിങ്ങളുടെ ധനം പരസ്പരം തൃപ്തിപ്പെട്ട കച്ചവടത്തിലൂടെയല്ലാതെ തിന്നരുത് എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ വായിക്കുന്ന ഫുജ്ജാറുകൾ ലോകത്തെവിടെയും പലിശ വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ അവരുടെ ഭക്ഷണം നിഷിദ്ധമാകും വിധം പലിശമുതൽ ചേർന്നതായിരിക്കുന്നു. 2: 257; 3: 138; 48: 6 വിശദീകരണം നോക്കുക.

276.അല്ലാഹു പലിശയെ നശിപ്പിക്കുകയും ദാനധർമ്മങ്ങളെ വളർത്തുകയും ചെയ്യുന്നു, കുറ്റവാളിയായ നന്ദികെട്ട ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുന്നുമില്ല.

30: 39 ൽ, ജനങ്ങളുടെ ധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ പലിശയിൽ നിന്ന് നൽകുന്ന ഒന്നും തന്നെ അല്ലാഹുവിന്റെ പക്കൽ വർദ്ധിക്കുന്നില്ല, (കൊടുക്കുന്നവനും വാങ്ങുന്നവനും സമ്പത്ത് വർദ്ധിക്കുന്നില്ല എന്നർത്ഥം), എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിച്ചുകൊണ്ട് *സകാത്തിൽ* നിന്ന് നൽകുന്ന ഏതൊന്നും അവർക്ക് പല മടങ്ങുകളായി വർദ്ധിപ്പിച്ച് കൊടുക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഐച്ഛികദാനം മാത്രമേ ഇരട്ടിപ്പിച്ച് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈ സൂക്തത്തിൽ പറഞ്ഞ *സകാത്തു*കൊണ്ട് ഉദ്ദേശിക്കുന്നത് ഐച്ഛികദാനമാണ്. നിർബന്ധദാനം ദരിദ്രരുടെ അവകാശമാണ്, അത് നൽകുക വഴി ശിക്ഷയിൽ നിന്ന് രക്ഷപ്പെടുക മാത്രമേയുള്ളൂ.

ഭൗതികദൃഷ്ടിയിൽ, പലിശ വാങ്ങുക വഴി ധനം കൂടുതൽ ലഭിക്കുകയും *സകാത്ത്* നൽകുമ്പോൾ കുറയുകയുമാണ് ചെയ്യുന്നത്. *സകാത്ത്* അല്ലാഹു ഇഷ്ടപ്പെട്ടതായതുകൊണ്ട് ശാന്തിയും സമാധാനവും സമ്പത്തിൽ വർദ്ധനവും അവൻ പ്രദാനം ചെയ്യുന്നതാണ്. എന്നാൽ പലിശ പിശാചിൽ നിന്നുള്ളതും അല്ലാഹു നിഷിദ്ധമാക്കിയതുമായതിനാൽ ശാന്തിയും സമാധാനവും ഇല്ലാതാക്കുകയും സ്വാർത്ഥതയും ഇഹലോകത്തോടുള്ള ത്വരയും വർദ്ധിപ്പിക്കുകയുമാണ് ചെയ്യുക. ആ സമ്പത്ത് പല വിധ നാശനഷ്ടങ്ങൾക്കിരയായി ശോഷിക്കുകയും ചെയ്യും. ദിക്രീ, ദിക്റാ, തദ്കിറ തുടങ്ങി 40 പേരുകളുള്ള അദ്ദിക്റിനെ

ത്തൊട്ട് കണ്ണിൻമേൽ മൂടിയുള്ള ഫുജ്ജാറുകൾക്ക് ഇത് മനസ്സിലാവുകയില്ല. ഇത്തരം കാഫിറുകൾക്കാണ് വിധിദിവസം നരകക്കുണ്ഠം അടുപ്പിക്കുക എന്ന് 18: 101 ലും; ഇന്നേദിനം നിന്റെ ഉൾക്കാഴ്ചയിന്മേലുണ്ടായിരുന്ന മൂടി ദൂരീകരിച്ചിരിക്കുന്നു, ഇപ്പോൾ നിനക്ക് എല്ലാം തീക്ഷ്ണമായിത്തന്നെ കാണാവുന്നതാണ് എന്ന് പരലോകത്തുവെച്ച് അല്ലാഹു പറയുന്ന രംഗം 50: 22 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന വിശ്വാസിക്ക് മാത്രമേ ഈ വസ്തുത മനസ്സിലാവുകയുള്ളൂ. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന ഭ്രാന്തന്മാരായ ഫുജ്ജാറുകൾ വിധിദിവസം നാഥന്റെ മുമ്പിൽ തലകുനിച്ച് കീഴടങ്ങി നിൽക്കുന്നതും 'ഞങ്ങളുടെ നാഥാ! ഞങ്ങൾ നരകക്കുണ്ഠത്തിലെ രംഗങ്ങൾ കാണുകയും അതിലെ രോദനങ്ങൾ കേൾക്കുകയും ചെയ്തു, അപ്പോൾ നീ ഞങ്ങളെ ഐഹികലോകത്തേക്ക് ഒന്ന് തിരിച്ചയച്ചാലും, ഞങ്ങൾ സൽക്കർമ്മങ്ങൾ ചെയ്ത് വന്നുകൊള്ളട്ടെ, നിശ്ചയം ഞങ്ങൾ ദൃഢബോധ്യം ഉള്ളവരായിരിക്കുന്നു' എന്ന് വിലപിക്കുന്ന രംഗം 32: 12 ലും; അക്രമികളായ അവർ 'അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിനുശേഷം പിശാച് എന്നെ അദ്ദിക്റിൽ നിന്ന് തടഞ്ഞല്ലോ, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 29 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 6: 104; 8: 22; 25: 68–70 വിശദീകരണം നോക്കുക.

277.നിശ്ചയം വിശ്വാസികളാവുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുന്നവർക്ക് തങ്ങളുടെ നാഥന്റെ അടുക്കൽ അവരുടെ പ്രതിഫലമുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല.

ഗ്രന്ഥത്തിൽ നിന്നുള്ള ഒരു പദമെങ്കിലും ന്യായീകരിക്കുന്ന പ്രവൃത്തികൾ മാത്രമേ സ്വീകരിക്കപ്പെടുന്ന സൽക്കർമ്മങ്ങളാവുകയുള്ളൂ. വിശ്വാസികളിൽ നിന്ന് മാത്രമേ നമസ്കാരവും *സകാത്തു*മെല്ലാം സ്വീകരിക്കപ്പെടുകയുമുള്ളൂ. തെമ്മാടികളായ കപടവിശ്വാസികളിൽ നിന്ന് ഒരു പ്രവർത്തനവും സ്വീകരിക്കപ്പെടുകയില്ല, കാരണം അവർ അല്ലാഹുവിനെയും പ്രവാചകനെയും അദ്ദിക്റിൽ മൂടിവെച്ചതുകൊണ്ടും വെറുപ്പോടുകൂടി മാത്രം ധനം ചെലവഴിക്കുന്നതുകൊണ്ടുമാണ് എന്ന് 9: 53–54 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 38, 186; 4: 142–143; 7; 205–206; 107: 4 വിശദീകരണം നോക്കുക.

278.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, പലിശയിനത്തിൽ ബാക്കിയുള്ളത് നിങ്ങൾ ഒഴിവാക്കുകയും ചെയ്യുക –നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ!

വിശ്വാസികളായിട്ടുള്ളവരേ എന്ന് വിളിച്ചുകൊണ്ട് തുടങ്ങുകയും നിങ്ങൾ വിശ്വാസികളാണെങ്കിൽ എന്ന് പറഞ്ഞുകൊണ്ട് അവസാനിക്കുകയും ചെയ്യുന്നവയാണ് ഈ സൂക്തവും 5: 57 ഉം. ഈ രണ്ട് സൂക്തങ്ങളും കൂട്ടിവായിക്കുമ്പോൾ പലിശ ഇടപാടുകൾ നടത്തുന്നവർ വിശ്വാസികളല്ലെന്നും അത്തരക്കാരുമായി വിശ്വാസികൾക്ക് യാതൊരു ബന്ധവും പാടില്ലെന്നും മനസ്സിലാക്കാവുന്നതാണ്. 2: 261, 268; 4: 85 വിശദീകരണം നോക്കുക.

279.അപ്പോൾ നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നുമുള്ള യുദ്ധപ്രഖ്യാപനം കേട്ടുകൊള്ളുവിൻ, ഇനി നിങ്ങൾ ഖേദിച്ചുമടങ്ങുകയാണെങ്കിൽ നിങ്ങൾ അക്രമം പ്രവർത്തിക്കാതെയും അക്രമിക്കപ്പെടാതെയും നിങ്ങൾക്ക് നിങ്ങളുടെ മൂലധനമുണ്ട്.

വിടവാങ്ങൽ ഹജ്ജ് നാളിലാണ് ഈ സൂക്തം അവതരിപ്പിച്ചുകൊണ്ട് പലിശ പൂർണ്ണമായി നിരോധിച്ചത്. പ്രവാചകൻ മുഹമ്മദ് തന്റെ പിതൃവ്യനായ അബ്ബാസിന് കിട്ടാനുള്ള പലിശയാണ് ആദ്യം നിരോധിച്ചുകൊണ്ട് വിളംബരം ചെയ്തത്. 3: 130 ൽ, ഓ വിശ്വാസികളായിട്ടുള്ളവരേ, നിങ്ങൾ പലിശ ഇരട്ടിപ്പിച്ച് തിന്നരുത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക -നിങ്ങൾ വിജയം വരിക്കുന്നവരാകണം എന്നതിന് വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. ജൂതർ അവരോട് വിരോധിക്കപ്പെട്ടിരുന്ന പലിശ വാങ്ങുകയും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ ധാരാളമായി തടയുകയും ചെയ്ത് അക്രമികളായതുകൊണ്ട് അവർക്ക് അനുവദനീയമായിരുന്ന പരിശുദ്ധമായ പല ഭക്ഷണങ്ങളും അവരുടെ കരങ്ങളാൽ തന്നെ അല്ലാഹു നിഷിദ്ധമാക്കുകയുണ്ടായി എന്നും, ഇത്തരം കാഫിറുകൾക്ക് വേദനാജനകമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത് എന്നും 4: 160-161 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് എല്ലാ തിന്മകളിലും മുന്നേറിക്കൊണ്ടിരിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും പലിശ ഇടപാടുകളിൽ മുൻപന്തിയിലുണ്ട്. ഇതര ജനവിഭാഗങ്ങൾ മിതമായ ബാങ്ക് പലിശ വാങ്ങുന്നവരാണെങ്കിൽ ഇക്കൂട്ടർ ബ്ലേഡ് പലിശ വാങ്ങുന്നവരും കൊടുക്കുന്നവരുമായി അധഃപതിച്ചിരിക്കുന്നു. ഇന്ന് ജനങ്ങളെ കൊന്നുതിന്നുന്ന മയക്കുമരുന്ന് കച്ചവടം, കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, കുഴൽപ്പണം തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുന്ന അന്ധവിശ്വാസാചാരങ്ങളിലുമെല്ലാം ഏറ്റവും കൂടുതൽ മുഴുകിയിരിക്കുന്നത് ഇക്കൂട്ടർ തന്നെയാണ്. പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതെ ഇരുട്ടിൽ കഴിയുന്നവരായതിനാൽ സിദ്ധന്മാരുടെയും പുരോഹിതന്മാരുടെയും ചൂഷണത്തിന് ഏറ്റവും കൂടുതൽ വിധേയരാകുന്നതും ഈ കെട്ടജനത തന്നെയാണ്. 'നിങ്ങൾ അക്രമിക്കാതെയും അക്രമിക്കപ്പെടാതെയും' എന്ന് പറഞ്ഞതിന്റെ വിവക്ഷ നിങ്ങളുടെ മൂലധനം നിങ്ങൾക്ക് നഷ്ടപ്പെടാത്ത വിധം, എന്നാൽ തരാനുള്ളവനെ ബുദ്ധിമുട്ടിക്കാതെ നല്ല നിലക്ക് ക്രമേണ അവനിൽ നിന്ന് വാങ്ങാവുന്നതാണ് എന്നും മുൻകാലങ്ങളിൽ പലിശ വാങ്ങിയതിന് അല്ലാഹുവിനോട് പൊറുക്കലിനെ തേടണമെന്നുമാണ്. 2: 188; 9: 23-24, 34 വിശദീകരണം നോക്കുക.

280.അവൻ (മൂലധനം തിരിച്ചുനൽകാൻ) പ്രയാസമുള്ളവനാണെങ്കിൽ അവന് എളുപ്പമാകുന്നതുവരെ സാവകാശം നൽകേണ്ടതാണ്, നിങ്ങൾ അത് ദാനമായി നൽകുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഏറ്റവും ഉത്തമം -നിങ്ങൾ അറിവുള്ളവരാണെങ്കിൽ!

സമ്പത്ത് അല്ലാഹു നൽകുന്നതാണ് എന്ന ബോധത്തിൽ പണം വാങ്ങിയവന്റെ സ്ഥാനത്ത് ഞാനും ആകാമല്ലോ, എനിക്കും ആ അവസ്ഥ വരാമല്ലോ എന്ന് കരുതി അവന് സാവകാശം നൽകി തന്റെ സഹോദരന്റെ ഭാരം ലഘൂകരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. ഇനി അവന് തിരിച്ചുതരാൻ ബുദ്ധിമുട്ടാണെന്ന് കാണുകയാണെങ്കിൽ എല്ലാം അല്ലാഹുവിന്റേതാണ് എന്ന് മനസിലാക്കിക്കൊണ്ട് മൂലധനം തന്നെ അവന് ദാനമായി വിട്ടുകൊടുക്കുകയാണ് ഏറ്റവും ഉത്തമം. അപ്പോൾ മാത്രമാണ് അവൻ യഥാർത്ഥ അറിവായ അദ്ദിക്ർ അറിയുന്നവനും അതിനെ സത്യപ്പെടുത്തുന്നവനുമാകുന്നത്. *തന്റെ സഹോദരന്റെ ഒരു ഭാരം ഇറക്കിവെച്ചാൽ അന്ത്യനാളിൽ അല്ലാഹു അവന്റെ ഭാരവും ഇറക്കിവെക്കുമെന്നും, നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കുകയാണെങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കുമെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 271-273; 19: 80; 92: 5-10 വിശദീകരണം നോക്കുക.

281.നിങ്ങൾ അല്ലാഹുവിലേക്ക് മടക്കപ്പെടുന്ന ഒരു ദിനത്തെ സൂക്ഷിക്കുകയും ചെയ്യുക, പിന്നെ എല്ലാ ഓരോ ആത്മാവിനും അത് സമ്പാദിച്ചതിന് പരിപൂർണ്ണമായി പ്രതിഫലം നൽകപ്പെടുന്നതാണ്, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

അവസാനമായി അവതരിച്ച പൂർണ്ണ സൂക്തമായ ഈ സൂക്തം പ്രവാചകൻ മരിക്കുന്നതിന്റെ ഒമ്പത് ദിവസം മുമ്പാണ് അവതരിച്ചത്. ജീവിതലക്ഷ്യം മനസ്സിലാക്കി ഇവിടെവെച്ച് സ്വർഗം സമ്പാദിച്ച് സമ്പാദിച്ച സ്വർഗത്തിലേക്ക് തിരിച്ചുപോകലാണ് വിശ്വാസിയുടെ മരണം. യഥാർത്ഥ ജീവിതം ശാശ്വതമായ സ്വർഗത്തിലാണെന്നും തിരിച്ചുപോകുന്ന ആ ദിനത്തെ എപ്പോഴും ഓർക്കണമെന്നും അല്ലാഹു മനുഷ്യരെ ഉണർത്തുകയാണ്. ഞങ്ങൾ അല്ലാഹുവിൽ നിന്ന് വന്നവരും അവനിലേക്കുതന്നെ തിരിച്ചുപോകേണ്ടവരുമാണെന്ന് മനസാ-വാചാ-കർമ്മണാ പ്രഖ്യാപിക്കുന്ന വിശ്വാസികൾ മാത്രമേ ഈ സത്യം ഓർമ്മിക്കുകയും പാലിക്കുകയുമുള്ളൂ. സ്വർഗം അല്ലെങ്കിൽ നരകം അവരവർ തന്നെയാണ് സമ്പാദിക്കുന്നതെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. 3: 25, 161; 6: 160; 10: 47, 54; 16: 111; 23: 62; 39: 69; 45: 22; 46: 19 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത്, 'അവർ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല' എന്ന ആശയത്തിലാണ്. 2: 286 ൽ ഓരോ ആത്മാവിനും അവൾ സമ്പാദിച്ചതുണ്ട്, അവൾ സമ്പാദിക്കാത്തതുമുണ്ട് എന്ന് പറഞ്ഞതിന്റെ വിവക്ഷ ഗ്രന്ഥം വായിക്കുന്നവരിൽ ആരാണോ നാലാം ഘട്ടമായ ഇവിടെവെച്ച് സ്വർഗം സമ്പാദിച്ചത്, അവർക്ക് സ്വർഗം ലഭിക്കുന്നതാണ് എന്നും; ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളും സ്വർഗം സമ്പാദിക്കാത്തതിനാൽ അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക, അത് അവർ ഇവിടെ ബോധപൂർവം സമ്പാദിക്കുന്നതല്ലെങ്കിലും ശരി എന്നാണ്. 'ദിക്രീ' എന്ന ഗ്രന്ഥം കാണാൻ കാഴ്ച ഉപയോഗപ്പെടുത്താത്തവരും കേൾക്കാൻ കേൾവി ഉപയോഗപ്പെടുത്താത്തവരുമാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 100-101 സൂക്തങ്ങളിലും; അവർ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും തിന്മയേറിയ ജീവികളാണെന്ന് 8: 22 ലും പറഞ്ഞിട്ടുണ്ട്. 3: 135-136, 185; 9: 67-68, 71-72; 10: 108; 98: 6-7 വിശദീകരണം നോക്കുക.

282.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ നിശ്ചിതമായ അവധി വെച്ച് കടമിടപാട് നടത്തുകയാണെങ്കിൽ നിങ്ങൾ അത് എഴുതിവെക്കുക, നീതിപൂർവ്വം ഒരു എഴുത്തുകാരൻ നിങ്ങൾക്കിടയിൽ അത് എഴുതട്ടെ, ഒരു എഴുത്തുകാരനും അല്ലാഹു അവനെ പഠിപ്പിച്ചതുപോലെ എഴുതാൻ വിസമ്മതിക്കരുത്, അപ്പോൾ അവൻ എഴുതട്ടെ, ആരുടെ മേലിലാണോ ബാധ്യത (കടം വാങ്ങുന്നവൻ), അവൻ വ്യവസ്ഥകൾ പറഞ്ഞുകൊടുക്കുകയും ചെയ്യട്ടെ, അവൻ തന്റെ ഉടമയായ അല്ലാഹുവിനെ സൂക്ഷിക്കുകയും അതിൽ നിന്ന് ഒന്നും കുറവുവരുത്താതിരിക്കുകയും ചെയ്യട്ടെ, ഇനി കടം വാങ്ങുന്നവൻ അവിവേകിയോ ദുർബ്ബലനോ അല്ലെങ്കിൽ വ്യവസ്ഥകൾ പറഞ്ഞുകൊടുക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അപ്പോൾ അവന്റെ രക്ഷാധികാരി നീതിപൂർവ്വം പറഞ്ഞുകൊടുക്കട്ടെ, നിങ്ങളിൽ പെട്ട പുരുഷന്മാരിൽ നിന്നുള്ള രണ്ട് സാക്ഷികളെ സാക്ഷ്യം വഹിപ്പിക്കുകയും ചെയ്യുക, അപ്പോൾ ഇനി സാക്ഷികളായി രണ്ട് പുരുഷന്മാർ ഇല്ലെങ്കിൽ ഒരു പുരുഷനും സാക്ഷികളായി നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ട് സ്ത്രീകളും സാക്ഷ്യം വഹിക്കട്ടെ -അവരിൽ രണ്ടിലൊരുവൾ തെറ്റിപ്പിക്കപ്പെടുകയാണെങ്കിൽ മറ്റവളാൽ ഓർമ്മിപ്പിക്കപ്പെടുന്നതിന് വേണ്ടിയാണിത്, സാക്ഷി

കളായി വിളിക്കപ്പെട്ടാൽ വിസമ്മതം പ്രകടിപ്പിക്കരുത്, ചെറിയതാണെങ്കിലും വലിയതാണെങ്കിലും അതിന്റെ അവധി വരെ അത് രേഖപ്പെടുത്താൻ നിങ്ങൾ മടിക്കുകയുമരുത്, അതാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നീതിപൂർവ്വകമായതും സാക്ഷ്യം നിലനിർത്തുന്നതിനും നിങ്ങൾ സംശയിക്കാതിരിക്കുന്നതിനും നിങ്ങൾക്ക് ഏറ്റവും നല്ലത്, നിങ്ങൾക്കിടയിൽ റൊക്കമായി സാധാരണ നടക്കുന്ന കച്ചവടമൊഴിച്ച്, അപ്പോൾ അത് എഴുതിവെക്കാതിരിക്കുന്നതിൽ നിങ്ങളുടെമേൽ വിരോധമില്ല, എന്നാൽ നിങ്ങൾ കച്ചവടമിടപാടുകൾ നടത്തുമ്പോൾ സാക്ഷികളെ നിർത്തണം, ഒരു സാക്ഷിയോ ഒരു എഴുത്തുകാരനോ ഉപദ്രവിക്കപ്പെടാവുന്നതുമല്ല, നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ അപ്പോൾ നിശ്ചയം നിങ്ങളിൽ കാപട്യമുണ്ട്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തരികയാകുന്നു, അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്ന സർവ്വജ്ഞാനിയുമാകുന്നു.

ഈ സൂക്തമാണ് *'ആയത്തുദ്ദൈൻ'* (കടമിടപാടിനെക്കുറിച്ച് പ്രതിപാദിക്കുന്ന സൂക്തം) എന്ന പേരിലറിയപ്പെടുന്ന ഗ്രന്ഥത്തിലെ ഏറ്റവും വലിയ സൂക്തം. അല്ലാഹു പഠിപ്പിച്ചതുപോലെ നീതിപൂർവ്വം എഴുതണം എന്ന് പറഞ്ഞതിന്റെ വിവക്ഷ, എല്ലാ അറിവുകളും അല്ലാഹുവിൽ നിന്നുള്ളതാണ് എന്നും അല്ലാഹു എല്ലാം വീക്ഷിക്കുന്നുണ്ട് എന്നും ഒരു ദിവസം അവന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്നുമുള്ള ബോധത്തിൽ അവൻ പഠിപ്പിച്ച ആ അറിവ് അവനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് മറ്റുള്ള സൃഷ്ടികൾക്ക് ഗുണപ്രദമായ രീതിയിൽ നീതിപൂർവ്വം ഉപയോഗപ്പെടുത്തണമെന്നാണ്. പണം സ്വീകരിക്കുന്ന ആൾ നൽകുന്ന ആൾക്ക് അതിൽ യാതൊരു നഷ്ടവും മനപ്രയാസവും വരാത്ത വിധം പണം തിരിച്ചുകിട്ടാനുള്ള എല്ലാ വ്യവസ്ഥകളും എഴുത്തിൽ എഴുതാൻ പറഞ്ഞുകൊടുക്കണമെന്നാണ് 'അവൻ തന്റെ ഉടമയായ അല്ലാഹുവിനെ സൂക്ഷിക്കുകയും അതിൽ നിന്ന് ഒന്നും കുറവ് വരുത്താതിരിക്കുകയും ചെയ്യട്ടെ' എന്ന് പറഞ്ഞതിന്റെ വിവക്ഷ.

വിശ്വാസികളായ രണ്ട് പുരുഷന്മാരെ സാക്ഷികളായി കിട്ടിയില്ലെങ്കിൽ ഒരു പുരുഷനെയും നിങ്ങൾ തൃപ്തിപ്പെടുന്ന രണ്ട് സ്ത്രീകളെയും സാക്ഷികളാക്കുക എന്ന് പറഞ്ഞതുകൊണ്ട് സാക്ഷി നിൽക്കാൻ സ്ത്രീകൾ വിശ്വാസിനികളാകണമെന്ന ഉപാധിയില്ലെന്നുവരുന്നു. ഒരു പുരുഷന്റെ സ്ഥാനത്ത് രണ്ട് സ്ത്രീകളെ സാക്ഷിയായി നിർത്താൻ പറഞ്ഞത് ഒരുവൾ തെറ്റിക്കപ്പെടുകയാണെങ്കിൽ മറ്റവളാൽ ഓർമ്മപ്പെടുത്താൻ വേണ്ടിയാണ്. പൊതുവെ സ്ത്രീകൾ ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും മറ്റുപ്രേരണകൾക്കും വിധേയമായി വശീകരിക്കപ്പെട്ട് സാക്ഷ്യം പറയാതിരിക്കാനോ അല്ലെങ്കിൽ സാക്ഷ്യം മാറ്റിപ്പറയാനോ ഇടവരാതിരിക്കാൻ വേണ്ടിയാണിത്. വിശ്വാസിനികളായ സ്ത്രീകൾ ഒരിക്കലും തെറ്റിക്കപ്പെടുകയില്ല തന്നെ. 16: 97 ൽ, ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ നിങ്ങളിൽ ആരാണോ വിശ്വാസിയായിക്കൊണ്ട് സൽകർമ്മങ്ങളിൽ ഏർപ്പെടുന്നത്, അവരെ നാം ഈ ലോകത്തുതന്നെ പരിശുദ്ധമായ ഒരുജീവിതം നയിപ്പിക്കുകയും പരത്തിൽ അവരുടെ ഏറ്റവും നല്ല പ്രവർത്തനം നോക്കി പ്രതിഫലം നൽകുകയും ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. 3: 195; 4: 124; 40: 40 തുടങ്ങിയ സൂക്തങ്ങളിൽ നിന്നെല്ലാം വിശ്വാസിനികളായ സ്ത്രീകളും പുരുഷന്മാരും തുല്യരാണെന്നും വിശ്വാസിനികളായ സ്ത്രീകൾ ഒരിക്കലും വ്യതിചലിപ്പിക്കപ്പെടുകയില്ല എന്നും മനസ്സിലാക്കാം. എന്നാൽ 4: 34; 24: 31; 33: 59 എന്നീ സൂക്തങ്ങളുടെ കൽപന മാനിച്ച് വിശ്വാസിനികളായ സ്ത്രീകളെ സാക്ഷി നിർത്തുന്നതിനും മറ്റും പൊതുരംഗത്ത് കൊണ്ടുവരാൻ വിശ്വാസിക്ക് പാടില്ല. അതുകൊണ്ടാണ്

നിങ്ങൾ തൃപ്തിപ്പെടുന്ന രണ്ട് സ്ത്രീകളെ സാക്ഷി നിർത്തുക എന്ന് പറഞ്ഞത്. 33: 35 വിശദീകരണം നോക്കുക.

ചെറുതോ വലുതോ ആയ കാര്യങ്ങളെല്ലാം തന്നെ എഴുതിവെക്കലാണ് ഭാവിയിൽ സംശയങ്ങളുണ്ടാകാതിരിക്കാനും സാക്ഷ്യം നിലനിർത്താനും ഏറ്റവും ന്യായവും നീതിപൂർവ്വകവുമായ മാർഗം. റൊക്കമായി നടക്കുന്ന സാധാരണ ഇടപാടുകൾ എഴുതിവെക്കണമെന്നില്ല, എന്നാൽ വിറ്റയാൾ അല്ലാഹുവിനെ ഭയപ്പെടാതെ വിറ്റത് നിഷേധിക്കാതിരിക്കാനും വാങ്ങിയ ആൾക്ക് അതിൽ നഷ്ടം സംഭവിക്കാതിരിക്കാനും, വാങ്ങിയ ആൾ പിന്നീട് സാധനം മോശമായിരുന്നു എന്ന് പറയാതിരിക്കാനും മറ്റുകടകളിൽ നിന്ന് വാങ്ങിയ മോശപ്പെട്ട സാധനങ്ങൾ വാങ്ങാത്ത കടയിൽ കൊണ്ടുപോയി കൊടുത്ത് പണം വാങ്ങുക വഴി പണം കൊടുക്കുന്ന കച്ചവടക്കാരൻ കബളിപ്പിക്കപ്പെടാതിരിക്കാനുമെല്ലാം വേണ്ടിയാണ് സാക്ഷ്യം വഹിപ്പിക്കണമെന്ന് പറഞ്ഞത്. സാക്ഷികളെയും എഴുത്തുകാരെയും ബുദ്ധിമുട്ടിക്കുന്ന വിധത്തിൽ ഇടപാടുകളിൽ വ്യവസ്ഥകൾ പാലിക്കാത്തവർ കപട വിശ്വാസികളും ജീവിതം നഷ്ടപ്പെട്ടവരുമായിത്തീരുമെന്ന് സൂക്തം മുന്നറിയിപ്പ് നൽകുന്നു. ഇക്കാലത്ത് സാധനങ്ങളുടെ വിശദവിവരങ്ങളടങ്ങുന്ന ബിൽ, റസീപ്റ്റ്, ചെക്ക് തുടങ്ങിയവ ഈ സാക്ഷികളുടെ സ്ഥാനത്ത് പരിഗണിക്കാവുന്നതാണ്.

മൂന്നുപേരുടെ പ്രാർത്ഥനക്ക് ഉത്തരം കിട്ടുകയില്ലെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്: 1) ദുസ്വഭാവിയായ ഭാര്യയെ വിവാഹമോചനം ചെയ്യാതെ നിലനിർത്തുന്നവൻ. 2) ഈ സൂക്തത്തെ അവഗണിച്ചുകൊണ്ട് കടമിടപാടുകൾ എഴുതിവെക്കാത്തവൻ. 3) പ്രായപൂർത്തിയായി പക്വത പ്രാപിക്കുന്നതിനുമുമ്പ് അനാഥകൾക്ക് അവരുടെ സ്വത്ത് തിരിച്ചുനൽകി ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിവാകുന്നവൻ. ഈ സൂക്തം പരിഗണിച്ച് കടം വാങ്ങലും കൊടുക്കലും ഇസ്ലാമിൽ ഇബാദത്താണ്. കടക്കാരനായ അവസ്ഥയിൽ മരിക്കുകയാണെങ്കിൽ അവരുടെ അനന്തരാവകാശം ഭാഗിക്കുന്നതിനുമുമ്പ് അവന്റെ കടവും *വസ്വിയ്യത്തും* വീട്ടണമെന്ന് 4: 12 ൽ വിവരിച്ചിട്ടുണ്ട്. 2: 234, 239 വിശദീകരണം നോക്കുക.

283.നിങ്ങൾ യാത്രയിലായിരിക്കുകയും കടപ്പത്രമെഴുതാൻ എഴുത്തുകാരനെ കിട്ടാതിരിക്കുകയുമാണെങ്കിൽ അപ്പോൾ ഒരു പണയം സ്വീകരിച്ച് ഇടപാട് നടത്തുക, അങ്ങനെ നിങ്ങൾ പരസ്പരം വിശ്വസിച്ച് എന്തെങ്കിലും അമാനത്ത് ഏൽപ്പിച്ചാൽ അപ്പോൾ ആ അമാനത്ത് ഏറ്റെടുത്തവൻ അത് ഏൽപ്പിച്ചവന് തിരിച്ചുനൽകേണ്ടതാകുന്നു, അവൻ തന്റെ ഉടമയായ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യട്ടെ, സാക്ഷ്യത്തെ നിങ്ങൾ മറച്ചുവെക്കുകയുമരുത്, നിങ്ങളിൽ ആരെങ്കിലും ആ സാക്ഷ്യത്തെ മറച്ചുവെക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അവന്റെ ഹൃദയത്തിൽ പാപമാണുള്ളത്, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഏറ്റവും അറിയുന്നവൻ തന്നെയുമാകുന്നു.

വിജയം വരിക്കുന്ന വിശ്വാസികൾ അവരുടെ *അമാനത്തു*കളും അവരുടെ കരാറുകളും ഉടമ്പടികളുമെല്ലാം മുറുകെപ്പിടിക്കുന്നവരും പാലിക്കുന്നവരുമാണെന്ന് 23: 8; 70: 32 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 58 ൽ വിശ്വാസികളെ വിളിച്ച്: അമാനത്ത് അതിന്റെ അവകാശികൾക്ക് തിരിച്ചുനൽകണമെന്നും ജനങ്ങൾക്കിടയിൽ വിധി കൽപിക്കുകയാണെങ്കിൽ നീതിപൂർവ്വം വിധിക്കണമെന്നും അല്ലാഹു കൽപിച്ചിട്ടുണ്ട്. വിശ്വാസികളേ, നിങ്ങൾ അറിവുള്ളവരായിരിക്കെ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും നിങ്ങളുടെ അമാനത്തുകളെയും വഞ്ചിക്കരുത് എന്ന് 8: 27 ലും; നിശ്ചയം അമാനത്ത് അല്ലാഹു

ആകാശ ഭൂമികളുടെയും പർവ്വതങ്ങളുടെയും നേരെ നീട്ടിയെന്നും അവ അത് സ്വീകരിക്കാൻ വിസമ്മതിക്കുകയും അതിന്റെ കാര്യത്തിൽ കിടിലം കൊള്ളുകയും ചെയ്തു, എന്നാൽ അക്രമിയും വിഡ്ഢിയുമായ മനുഷ്യൻ അത് സ്വീകരിച്ചു എന്ന് 33: 72 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസം, ഉത്തരവാദിത്തബോധം, നിർഭയത്വം എന്നെല്ലാമാണ് അമാനത്തു കൊണ്ട് ഉദ്ദേശിക്കുന്നത്. 33: 72 ൽ പറഞ്ഞ അമാനത്ത് അദ്ദിക്റാണ്. അത് ആകാശഭൂമികളും പർവ്വതങ്ങളുമെല്ലാം അതിന്റെ സന്തുലനത്തിൽ നിലനിൽക്കാനുള്ളതും മൊത്തം മനുഷ്യർക്കുള്ള അല്ലാഹുവിൽ നിന്നുള്ള സന്മാർഗവുമാണ്. ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ മനുഷ്യരിലേക്ക് അത് എത്തിച്ചുകൊടുത്ത് ഭൂമിയിൽ പരസ്പരം രക്തം ചിന്താതെയും പോരടിക്കാതെയും ഐക്യത്തോടെ നിലകൊണ്ടുകൊണ്ട് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള ജീവിതാവധി പൂർത്തിയാക്കാനും വേണ്ടി മനുഷ്യരെ ഉണർത്തൽ വിശ്വാസികളുടെ ബാധ്യതയാണ്. എന്നാൽ അമാനത്തായ അദ്ദിക്ർ മൂടിവെച്ച കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന പുരുഷന്മാരും സ്ത്രീകളും മനുഷ്യരിൽ വെച്ച് വിശ്വസിക്കാൻ കൊള്ളാത്തവരും അമാനത്തുകൾ ഏൽപ്പിച്ചാൽ മാറ്റങ്ങൾ വരുത്താതെ തിരിച്ചുനൽകാത്തവരുമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇക്കൂട്ടർ തന്നെയാണ് ജീവജാലങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ചവരെന്ന് 8: 22; 98: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവരെ ശിക്ഷിക്കാൻ വേണ്ടിയും വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അജയ്യഗ്രന്ഥമായ അദ്ദിക്ർ മനസ്സിലാക്കി കഴിഞ്ഞുപോയ കാലങ്ങളിൽ വന്ന തെറ്റുകുറ്റങ്ങൾ നാഥനോട് ഹൃദയം കൊണ്ട് ഏറ്റുപറഞ്ഞ് നാഥനിലേക്ക് മടങ്ങാൻ വേണ്ടിയുമാണ് അല്ലാഹു അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 73 ലും പറഞ്ഞിട്ടുണ്ട്. 3: 75 ൽ പ്രവാചകന്റെ കാലത്തുള്ള വേദവാഹകരായ ജൂതന്മാരുടെ സ്വഭാവം ഇപ്രകാരം വിവരിക്കുന്നു: അവരെ വിശ്വസിച്ച് സമ്പത്തിന്റെ ഒരു കൂമ്പാരം ഏൽപ്പിച്ചാൽ നിനക്ക് അത് തിരിച്ചുതരുന്നവർ അവരിലുണ്ട്, എന്നാൽ വിശ്വസിച്ച് ഒരു ദീനാർ ഏൽപ്പിച്ചാൽ അത് തുടർച്ചയായി ചോദിച്ചിട്ടല്ലാതെ തിരിച്ചുതരാത്തവരും അവരിലുണ്ട്, ആ സ്വഭാവം അവരിലുണ്ടാകാൻ കാരണം നിരക്ഷരരുടെ (വേദം അറിയാത്തവരുടെ) കാര്യത്തിൽ തങ്ങൾ ചോദ്യം ചെയ്യപ്പെടുകയില്ല എന്ന അവരുടെ ജൽപനം കൊണ്ടും അല്ലാഹുവിനെക്കുറിച്ച് മനഃപൂർവ്വം കളവ് പറഞ്ഞതുകൊണ്ടുമാണ്. ഇന്ന് ഇതര ജനവിഭാഗങ്ങളോട് ഫുജ്ജാറുകൾ വെച്ചുപുലർത്തുന്ന നിലപാടും അദ്ദിക്ർ പിൻപറ്റുന്നവരോട് തെമ്മാടികളായ കപടവിശ്വാസികൾ വെച്ചുപുലർത്തുന്ന നിലപാടും ഇതുതന്നെയാണ്. 2: 140; 25: 17-18, 29-30; 48: 6 വിശദീകരണം നോക്കുക.

284.ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാകുന്നു, നിങ്ങൾ നിങ്ങളുടെ സ്വന്തം കാര്യത്തിൽ എന്തൊന്ന് വെളിപ്പെടുത്തിയാലും അല്ലെങ്കിൽ മറച്ചുവെച്ചാലും അത് അല്ലാഹു വിചാരണക്ക് കൊണ്ടുവരിക തന്നെ ചെയ്യും, അപ്പോൾ അവൻ ഉദ്ദേശിച്ചവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു, അവൻ ഉദ്ദേശിച്ചവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തനുമാകുന്നു.

ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളുടെയും ആധിപത്യം അല്ലാഹുവിനാകുന്നു, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാണ് എന്ന് 5: 120 ൽ പറഞ്ഞിട്ടുണ്ട്. 31: 16 ൽ, തത്വജ്ഞാനിയായ ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് പറയുകയാണ്: എന്റെ മകനേ, നിശ്ചയം നീയുമായി ബന്ധപ്പെട്ട ഒരു കാര്യം,

അത് കടുകുമണിയോളം ചെറുതാണെങ്കിലും അത് പാറക്കെട്ടുകളുടെ അടുക്കുകൾക്ക് ഇടയിലാണെങ്കിലും അല്ലെങ്കിൽ ആകാശങ്ങളിലോ ഭൂമിയിലോ എവിടെയാണെങ്കിലും ശരി, അല്ലാഹു അത് വിചാരണക്ക് കൊണ്ടുവരുന്നതാണ്, നിശ്ചയം അല്ലാഹു അതിസൂക്ഷ്മജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു. 14: 38 ൽ, ഞങ്ങളുടെ നാഥാ, നിശ്ചയം നീ ഞങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുന്നവൻ തന്നെയാണ്, അല്ലാഹുവിൽ നിന്ന് ഭൂമിയിലോ ആകാശങ്ങളിലോ ഒന്നും തന്നെ മറഞ്ഞു നിൽക്കുന്നില്ല എന്നും; 3: 5 ൽ, നിശ്ചയം അല്ലാഹു, അവനിൽ നിന്ന് ഭൂമിയിലോ ആകാശങ്ങളിലോ ഉള്ള ഒന്നും മറഞ്ഞിരിക്കുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. 6: 103 ൽ, അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: ദൃഷ്ടികൾ അവനെ കാണുകയില്ല, എന്നാൽ ദൃഷ്ടികളെ അവൻ കണ്ടുകൊണ്ടിരിക്കുന്നു, അവൻ അതിസൂക്ഷ്മജ്ഞാനിയും എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു. ചുരുക്കത്തിൽ അല്ലാഹു കാണുന്നില്ല എന്ന ബോധത്തിൽ ഗ്രന്ഥത്തിലെ ഒരു പദം ന്യായീകരിക്കാത്ത ഏത് പ്രവൃത്തി എവിടെ വെച്ച് എപ്പോൾ ചെയ്താലും അത് വിചാരണക്ക് കൊണ്ടുവരുന്നതാണ്. ആ അന്ത്യമണിക്കൂർ ഞങ്ങൾക്ക് വരിക തന്നെയില്ല എന്ന് കാഫിറുകളായിട്ടുള്ളവർ പറയുകയും ചെയ്യുന്നു; പറയുക: അദൃശ്യകാര്യങ്ങൾ അറിയുന്ന എന്റെ നാഥൻ തന്നെയാണ് സത്യം, നിങ്ങൾക്ക് അത് വന്നെത്തുക തന്നെ ചെയ്യും! ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുമണി തൂക്കം അവനെത്തൊട്ട് മറഞ്ഞുനിൽക്കുന്നില്ല, അതിനേക്കാൾ ചെറുതോ വലുതോ ആയ ഒന്നുമില്ല -ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ എന്ന് 34: 3 ലും; വിധിദിവസം അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് കൊടുത്ത് ഓരോരുത്തരും വായിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക എന്ന് 17: 13-14 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഓരോരുത്തരുടെയും വിധി നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവർക്ക് തിന്മകളൊന്നും ബാധിക്കുകയില്ല. അവർ കഴിഞ്ഞുപോയ തെറ്റുകുറ്റങ്ങൾ പൊറുത്ത് കിട്ടുന്നതിനുവേണ്ടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് പ്രത്യേകിച്ച് അത് കിട്ടാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നതാണ്. കൂടാതെ ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമം ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി ചെയ്യുകയും മരങ്ങൾ വെച്ചുപിടിപ്പിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്. അതുവഴി ജീവജാലങ്ങൾ നാഥനെ വാഴ്ത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നതിന്റെ പുണ്യം അവർക്ക് ലഭിക്കുന്നതാണ്. 2: 255, 272; 6: 59; 9: 51; 35: 31 വിശദീകരണം നോക്കുക.

285.പ്രവാചകൻ തന്റെ നാഥനിൽ നിന്നും തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ വിശ്വസിച്ചിട്ടുണ്ട് -വിശ്വാസികളും, എല്ലാ ഓരോരുത്തരും അല്ലാഹുവിനെക്കൊണ്ടും അവന്റെ മലക്കുകളെക്കൊണ്ടും അവന്റെ ഗ്രന്ഥങ്ങളെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസിച്ചിട്ടുണ്ട്, അവന്റെ പ്രവാചകന്മാരിൽ നിന്ന് ഒരാളുടെയുമിടയിൽ ഞങ്ങൾ വ്യത്യാസം കൽപിക്കുന്നില്ല, അവർ പറയുകയും ചെയ്യുന്നു: ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിക്കുകയും ചെയ്തു, ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് പൊറുത്തുതന്നാലും, നിന്നിലേക്ക് തന്നെയാണ് ഞങ്ങളുടെ മടക്കവും.

അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും മലക്കുകളെക്കൊണ്ടും വിശ്വസിക്കുക എന്നുപറഞ്ഞാൽ നാഥന്റെ സംസാരമായ അദ്ദിക്ർ സമർപ്പിക്കുന്ന വിധം പ്രവാചകന്മാരുടെ ജീവിതരീതി കണ്ട് മനസ്സാ-വാചാ-കർമ്മണാ അനുകരിക്കലാണ്. 4: 136 ലൂടെ വിശ്വാസികളെ വിളിച്ച്, നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെ ക്കൊണ്ടും പ്രവാചകന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം കൊണ്ടും മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം കൊണ്ടും വിശ്വസിക്കുവീൻ, ആരാണോ അല്ലാഹുവിനെയും അവന്റെ മലക്കുകളെയും അവന്റെ ഗ്രന്ഥങ്ങളെയും അവന്റെ പ്രവാചകന്മാരെയും അന്ത്യദിനത്തെയും ഗ്രന്ഥത്തിൽ മൂടിവെച്ച് നിഷേധിച്ചത്, അപ്പോൾ അവർ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 'കിതാബ്' എന്നതിന്റെ ബഹുവചനമായ 'കുതുബ്' എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഗ്രന്ഥങ്ങളെക്കൊണ്ട് വിശ്വസിക്കുക എന്ന് പറഞ്ഞാൽ, നാല് ഗ്രന്ഥങ്ങളും പല ഏടുകളും വന്നിട്ടുണ്ട് എന്ന് വിശ്വസിക്കലല്ല, മറിച്ച് ഒറ്റ ഗ്രന്ഥം മാത്രമേ വന്നിട്ടുള്ളൂ, അതിന്റെ ശരീരം വിവിധ ഭാഷകളിലാണെങ്കിൽ ആത്മാവ് ഒന്നുതന്നെയാണ് എന്ന് വിശ്വസിക്കലാണ്. ഗ്രന്ഥത്തിന്റെ ആത്മാവിനാണ് അദ്ദിക്ർ എന്ന് പറയുന്നത്. 313 പ്രവാചകന്മാർക്കും ത്രികാലജ്ഞാനമായ അദ്ദിക്ർ മാത്രമാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് എന്ന് 16: 43; 21: 24; 41: 43 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 2: 2, 213; 5: 48 വിശദീകരണം നോക്കുക.

എന്നാൽ ഇന്ന് അഞ്ച് സൂക്തങ്ങളിലൂടെ വിശ്വാസികളുടെ സംഘത്തോട് വധിക്കാൻ കൽപിക്കപ്പെട്ട മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ, ഏറ്റവും വലിയ ദിവ്യാത്ഭുതവും മുൻഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമായ അദ്ദിക്ർ എന്ന അജയ്യഗ്രന്ഥത്തെ മൂടിവെക്കുകയും തങ്ങളുടെ ഇംഗിതത്തിനും സംഘടനാതാൽപര്യത്തിനും അനുസരിച്ച് വളച്ചൊടിക്കുകയും അല്ലാഹു ഉദ്ദേശിച്ച ലക്ഷ്യം തെറ്റിച്ച് ഉദ്ധരിക്കുകയും ചെയ്ത് പ്രപഞ്ചത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന ഇവർ ഈസായുടെ രണ്ടാം വരവോടുകൂടി ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുമെന്ന് 33: 60-61 സൂക്തങ്ങളിലും; മരണത്തോടുകൂടി ഇക്കൂട്ടർ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് പോകുമെന്ന് 4: 145 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാർക്കിടയിൽ ഞങ്ങൾ ഒരു വ്യത്യാസവും കൽപിക്കുന്നില്ല എന്ന് വിശ്വാസികൾ പറയുന്നത് 2: 253 ൽ, നാം പ്രവാചകന്മാരിൽ ചിലർക്ക് മറ്റുചിലരേക്കാൾ ശ്രേഷ്ഠത നൽകിയിട്ടുണ്ട് എന്നുപറഞ്ഞതിന് വിരുദ്ധമാകുന്നില്ല, കാരണം ശ്രേഷ്ഠത നൽകിയത് അല്ലാഹുവാണ്, ഇവിടെ പറഞ്ഞത് വിശ്വാസികൾ പ്രവാചകന്മാർക്കിടയിൽ ഒരു വ്യത്യാസവും കൽപിക്കുകയില്ല എന്നാണ്. എല്ലാ പ്രവാചകന്മാരും ഏകനായ അല്ലാഹുവിനാൽ അവനെ പരിചയപ്പെടുത്തുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടവരാണെന്നും അവരെല്ലാം കൊണ്ടുവന്ന സന്ദേശം ഒന്നുതന്നെയാണെന്നും അവരെല്ലാം വിശ്വാസികളാണെന്നും അല്ലാഹുവിന്റെ സംഘമായ (അല്ലാഹു, പ്രവാചകന്മാർ, വിശ്വാസികൾ) ഏകസംഘത്തിലെ അംഗങ്ങളാണെന്നും വിശ്വസിക്കുന്നവരാണ് വിശ്വാസികൾ. 'നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം' എന്ന് പറയുമ്പോൾ അല്ലാഹുവേ, ഞങ്ങളുടെ മടക്കം ടിക്കറ്റായ അദ്ദിക്ർ കൊണ്ട് സ്വർഗത്തിലേക്കാക്കേണമേ എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടതാണ്. 2: 136; 5: 55-56; 37: 111; 63: 8 വിശദീകരണം നോക്കുക.

286.ഒരു ആത്മാവിനെയും അതിന് വഹിക്കാൻ കഴിയാത്തത് അല്ലാഹു ഏൽപ്പിക്കുകയില്ല, അവൾക്ക് അവൾ സമ്പാദിച്ചതുണ്ട്, അവളുടെമേൽ അവൾ സമ്പാദിക്കാത്തതുമുണ്ട്. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുകൊണ്ടോ അല്ലെങ്കിൽ

അബദ്ധത്തിലോ ചെയ്ത തെറ്റുകളുടെ പേരിൽ ഞങ്ങളെ നീ പിടികൂടരുതേ! ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെമേൽ നീ വഹിപ്പിച്ചതുപോലുള്ള ഭാരങ്ങൾ ഞങ്ങളുടെമേൽ നീ വഹിപ്പിക്കല്ലേ! ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് താങ്ങാൻ കഴിയാത്തതൊന്നും ഞങ്ങളെ നീ വഹിപ്പിക്കല്ലേ! ഞങ്ങളെത്തൊട്ട് നീ വിടുതി ചെയ്താലും, ഞങ്ങൾക്ക് നീ പൊറുത്തുതന്നാലും, ഞങ്ങളോട് കരുണ കാണിച്ചാലും, നീയാണ് ഞങ്ങളുടെ യജമാനൻ, അപ്പോൾ കാഫിറുകളായ ജനതയുടെ മേൽ ഞങ്ങളെ നീ സഹായിക്കേണമേ!

പ്രവാചകന് സ്വർഗത്തിൽ വെച്ച് നൽകിയ, മറ്റാർക്കും നൽകാത്ത രണ്ട് പ്രകാശങ്ങളിലൊന്നാണ് ഈ രണ്ട് സൂക്തങ്ങൾ (2: 285–286). വിശ്വാസികളോട് എപ്പോഴും പ്രാർത്ഥിക്കാൻ അല്ലാഹു തന്നെ പഠിപ്പിച്ച ഈ സൂക്തങ്ങൾ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും ഉറങ്ങാൻ കിടക്കുന്ന സമയത്തും പ്രവാചകൻ '*വിർദായി*' പ്രാർത്ഥിച്ചിരുന്നു. സൂക്തത്തിൽ 'അവൾക്ക് അവൾ സമ്പാദിച്ച' എന്നുപറഞ്ഞതിലെ 'അവൾ' ആത്മാവാണ്. ആണിന്റെയും പെണ്ണിന്റെയും ആത്മാവിനെ സ്ത്രീലിംഗത്തിലാണ് ഗ്രന്ഥം ഉപയോഗിച്ചിട്ടുള്ളതെന്ന് 6: 104, 164; 89: 27–30; 91: 7–10 എന്നീ സൂക്തങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം. 'അവൾക്ക് അവൾ സമ്പാദിച്ചതുണ്ട്, അവളുടെമേൽ അവൾ സമ്പാദിക്കാത്തതുമുണ്ട്' എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഗ്രന്ഥം വന്നുകിട്ടിയവർ നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സ്വർഗം സമ്പാദിക്കുന്നില്ലെങ്കിൽ അവർക്ക് ഏഴാം ഘട്ടത്തിൽ നരകക്കുണ്ഠമാണ് ലഭിക്കുക എന്നാണ് -അത് അവർ ബോധപൂർവം സമ്പാദിക്കുന്നതല്ലെങ്കിലും ശരി. ആണായാലും പെണ്ണായാലും സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെ വെച്ച് സമ്പാദിക്കുന്നതാണ് എന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. 10: 108; 22: 10; 39: 7 വിശദീകരണം നോക്കുക.

ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ അദ്ദിക്ർ ഹൃദയം കൊണ്ട് മനസ്സിലാക്കാനാണ് വളരെ എളുപ്പമാക്കിയിട്ടുള്ളത് എന്ന് 54-ാം സൂറത്തിൽ നാല് പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. 55: 1–4 സൂക്തങ്ങളിൽ, സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർക്ക് അല്ലാഹു ഗ്രന്ഥം പഠിപ്പിച്ചിട്ടുണ്ട് എന്നും; ഈ സൂക്തത്തിൽ ഒരു ആത്മാവിനും അതിന് വഹിക്കാൻ കഴിയാത്തത് ഏൽപിച്ചിട്ടില്ല എന്നും പറഞ്ഞിട്ടുണ്ട്. 75: 14–15 സൂക്തങ്ങളിൽ, മനുഷ്യന് അവനെക്കുറിച്ച് അവൻ കാഫിറാണോ വിശ്വാസിയാണോ എന്ന് ശരിക്കും കാഴ്ചപ്പാടുണ്ടെന്നും അവൻ എന്ത് ഒഴികഴിവ് പറഞ്ഞിട്ടും കാര്യമില്ല എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകൾ അവരുടെ മരണസമയത്ത് നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് ആത്മാവിനെതിരെ സ്വയം സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും; അവർ കാഫിറാണെന്ന് സ്വയം സാക്ഷ്യം വഹിക്കാൻ വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചതെന്ന് 36: 70 ലും പറഞ്ഞിട്ടുണ്ട്. കാഫിറാണെന്ന് സ്വയം സാക്ഷ്യം വഹിക്കാത്ത ഒരാളെയും നിഷ്പക്ഷവാനായ നാഥൻ നരകത്തിലേക്ക് ഇടുകയില്ല. അദ്ദിക്ർ വന്നുകിട്ടിയിട്ട് സത്യപ്പെടുത്താത്ത ഒരാൾക്കും തന്നെ അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കാനോ സ്വർഗത്തിലേക്ക് തിരിച്ചുപോകാനോ സാധിക്കുകയില്ല. കപടവിശ്വാസികളും അവരെ പിൻപറ്റിക്കൊണ്ടിരിക്കുന്ന അനുയായികളും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം പഴിചാരുകയും ശപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 25: 27–30 വിശദീകരണം നോക്കുക.

ഏതൊരാളും അവനവന് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും ഹൃദയത്തിന്റെ ഭാഷ

യിലുള്ള അദ്ദിക്ർ മനസ്സിലാക്കാനും അത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാനും ഉപ യോഗപ്പെടുത്തേണ്ടതാണ്. ഹൃദയത്തിന്റെ ഭാഷയിൽ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഉ ണർത്തപ്പെട്ടതിന് ശേഷം അതിനെ അവഗണിച്ച് പഴയ ജീവിതം തന്നെ നയിക്കുന്നവരാ ണ് ഏറ്റവും വലിയ അക്രമികളെന്നും അത്തരം ഭ്രാന്തന്മാരോട് അല്ലാഹു പ്രതികാരം ചെ യ്യുമെന്നും 32: 22 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ കാലത്തുതന്നെ എല്ലാവരും യുദ്ധത്തി ന് പോകാതെ ഒരുവിഭാഗം ഗ്രന്ഥം മനസ്സിലാക്കി അവരവരുടെ ജനതയിലേക്ക് ചെന്ന് ദീൻ പഠിപ്പിച്ചുകൊടുക്കണമെന്നാണ് 9: 122 ൽ അല്ലാഹു കൽപിക്കുന്നത്. 9: 6 ൽ, ഗ്രന്ഥം കേൾക്കാത്ത ഒരു ബഹുദൈവവിശ്വാസി യുദ്ധമുഖത്തുവെച്ച് അഭയം ചോദിച്ചാൽ അവ ന് അഭയം കൊടുക്കുകയും അവനെ ഗ്രന്ഥം കേൾപ്പിക്കുകയും അവനെ സുരക്ഷിതമായ സ്ഥാനത്തേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളു ടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ഇല്ല. മറിച്ച് 9: 73 ൽ വിവരിച്ച പ്രകാ രം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും അനുയായികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് മാത്രമാണുള്ളത്. ചുരുക്ക ത്തിൽ മനുഷ്യന് നാഥനെ തിരിച്ചറിയാനും സ്വന്തത്തെ തിരിച്ചറിയാനും ജീവിതലക്ഷ്യം മനസ്സിലാക്കി നാലാം ഘട്ടമായ ഇവിടെവെച്ച് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം സ മ്പാദിക്കാനുമുള്ള വഴി ജീവിതത്തിന്റെ എല്ലാ മേഖലകളിലും കാണിച്ചുതരുന്ന ഉൾക്കാഴ് ചാദായകമാണ് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ എന്ന ഗ്രന്ഥം.

മൗലാനാ എന്ന പദം ഗ്രന്ഥത്തിൽ ഇവിടെക്കൂടാതെ 9: 51 ലും വന്നിട്ടുണ്ട്. ഗ്രന്ഥ ത്തിൽ അല്ലാഹുവിന് മാത്രമാണ് '*മൗലാനാ*' എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. *മൗലവി, മൗലാ, മൗലായ* എന്നീ പദങ്ങളുടെ ബഹുവചനമാണ് *മൗലാനാ* എന്ന് പറഞ്ഞുകൊണ്ട് പണ്ഡിതന്മാരെയും പ്രവാചകനായ മുഹമ്മദിനെത്തന്നെയും *മൗലാനാ* എന്ന് വിളിച്ചാൽ വിളിക്കുന്നവൻ കാഫിറും അങ്ങനെ വിളിപ്പിക്കുന്നവൻ മനുഷ്യപ്പിശാചായ കപടവിശ്വാ സിയുമാണ്. 7: 180 ൽ അത്തരക്കാരെ വെടിയണമെന്നാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. ഗ്രന്ഥത്തിൽ സൃഷ്ടികളെ *മൗലാ, മവാലിയ* എന്നെല്ലാം വിളിച്ചതുപോലെ *റബ്ബ്* എന്നും വിളിച്ചിട്ടുണ്ട്. 12: 42 ൽ യൂസുഫ് നബി ഈജിപ്തിലെ രാജാവിനെക്കുറിച്ച് 'നിന്റെ *റബ്ബ്*' എന്ന് ജയിൽ മോചിതനായ യുവാവിനോട് പറഞ്ഞിട്ടുണ്ട്. എന്നാൽ '*റബ്ബുനാ*' എന്നോ '*മൗലാനാ*' എന്നോ അല്ലാഹുവിനെയല്ലാതെ മറ്റൊരാളെയും ഒരു പ്രവാചകനോ ഒരു വി ശ്വാസിക്കോ വിളിക്കാൻ സാധ്യമല്ല തന്നെ. 1: 7; 4: 150–151; 25: 33–34 വിശദീകരണം നോ ക്കുക.

3. ആലിഇംറാൻ

'ഇംറാന്റെ കുടുംബം' എന്നാണ് ആലിഇംറാൻ എന്നതിന്റെ അർത്ഥം. 33-ാം സൂക്തത്തിൽ ഇംറാൻ കുടുംബത്തെക്കുറിച്ച് പരാമർശിക്കുന്നതിനാലാണ് ഇതിന് ആലിഇംറാൻ എന്ന് നാമകരണം ചെയ്തിട്ടുള്ളത്. ഹിജ്റ 2-ാം വർഷം വിശ്വാസികളും അവിശ്വാസികളും തമ്മിൽ നടന്ന ബദ്ർ യുദ്ധത്തെക്കുറിച്ചും 3-ാം വർഷം നടന്ന ഉഹ്ദ് യുദ്ധത്തെക്കുറിച്ചും വിശദീകരിക്കുന്ന സൂക്തങ്ങൾ ഈ സൂറത്തിൽ അടങ്ങിയിട്ടുണ്ട്. ഹിജ്റ 9-ാം വർഷം പ്രവാചകന്റെ അടുത്ത് നജ്റാനിൽ നിന്നുള്ള ഒരു ക്രൈസ്തവസംഘം വന്ന് സംസാരിച്ചതോടനുബന്ധിച്ച് അവതരിപ്പിക്കപ്പെട്ട ചില സൂക്തങ്ങളും ഇതിലുണ്ട്. മർയം, മർയമിന്റെ പുത്രൻ ഈസാ, സകരിയ്യ, യഹ്യ തുടങ്ങിയവരുടെ ജീവിതചരിത്രം വിവരിച്ച ശേഷം വേദക്കാരായ ഇസ്റാഈൽ സന്തതികളെയും ക്രൈസ്തവരെയും യഥാർത്ഥ വിശ്വാസത്തിലേക്കും അവരുടെ പൂർവ്വപിതാക്കളുടെ ജീവിതചര്യയിലേക്കും ക്ഷണിക്കുകയാണ്. വേദക്കാരെക്കുറിച്ച് പരാമർശിക്കുന്ന സൂക്തങ്ങളെല്ലാം ഇന്ന് ബാധകമാകുന്നത് ഗ്രന്ഥത്തിന്റെ വാഹകരും എന്നാൽ അതിനെ മൂടിവെക്കുന്നവരുമായ ഫുജ്ജാറുകളിലെ കപടവിശ്വാസികൾക്കും അദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാതെ അവരെ അന്ധമായി പിൻപറ്റുന്ന അനുയായികൾക്കുമാണ്. വിശ്വാസികളുടെ സ്വഭാവങ്ങൾ വിശദീകരിക്കുന്ന ധാരാളം സൂക്തങ്ങൾ ഈ സൂറത്തിൽ അടങ്ങിയിട്ടുണ്ട്. ഉഹ്ദ് യുദ്ധം സംഭവിപ്പിച്ചത് പ്രവാചകനോടൊപ്പമുണ്ടായിരുന്ന വിശ്വാസികളെയും കപടവിശ്വാസികളെയും വേർതിരിക്കാനാണ് എന്ന് ഈ സൂറത്ത് പഠിപ്പിക്കുന്നു. സർവ്വസ്രഷ്ടാവ് അവന്റെ സൃഷ്ടികൾക്ക് തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയാണ് ഇസ്ലാം. അതിലേക്ക് ഒരാളെ ചേർക്കാനോ ചേർക്കാതിരിക്കാനോ പ്രവാചകനോ സൃഷ്ടികളിൽ പെട്ട മറ്റാർക്കെങ്കിലുമോ സാധ്യമല്ല എന്ന് ഈ സൂറത്ത് പഠിപ്പിക്കുന്നു. ഗ്രന്ഥത്തിലെ സൂക്തങ്ങൾ ആശയത്തോടെ വിശദീകരിച്ച് കൊടുത്താൽ ഇതിനുമുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരിൽ ചിലർ അതുകേട്ട് കണ്ണീർ വാർക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്തുകൊണ്ട് വിശ്വാസം പ്രഖ്യാപിക്കുന്നതാണ്. വിശ്വാസികൾ അദ്ദിക്ർ മുറുകെപ്പിടിച്ചുകൊണ്ട് ഒറ്റ സംഘമായി നിലകൊള്ളണമെന്ന് ഈ സൂറത്ത് കൽപിക്കുന്നു. രണ്ട് പൂവാടികളിൽ ഒന്നായ ഈ സൂറത്തും ബഖറയെപ്പോലെത്തന്നെ 'അലിഫ്-ലാം-മീം' എന്ന സൂക്തം കൊണ്ട് ആരംഭിക്കുന്നു. 200 സൂക്തങ്ങളുള്ള ഈ സൂറത്തിലെ 18, 26, 27 സൂക്തങ്ങൾ പ്രവാചകൻ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും '*വിർദ*'യി പ്രാർത്ഥിച്ചിരുന്നു. ഈ സൂറത്തിലെ 190 മുതൽ 200 വരെയുള്ള സൂക്തങ്ങൾ പ്രവാചകൻ പ്രഭാതത്തിൽ ഉറക്കത്തിൽ നിന്നും എഴുന്നേറ്റയുടനെ തിലാവത്ത് ചെയ്തിരുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-മീം.

അല്ലാഹുവിൽ നിന്ന് ജിബ്രീൽ മുഖേന മുഹമ്മദിന് വന്നുകിട്ടുന്നത്. 2: 1 വിശദീകരണം നോക്കുക.

2. അല്ലാഹു, അവനല്ലാതെ ഇലാഹ് ഇല്ല, അവൻ സ്വയം നിലനിൽക്കുന്നവനും മറ്റുള്ളവയെ നിലനിർത്തുന്നവനുമാകുന്നു.

അല്ലാഹുവിന്റെ 'ഇസ്മുൽ അഅ്ളം' അടങ്ങിയ ഈ സൂക്തം 2: 255 ൽ സൂക്തഭാഗമാ

യി വന്നിട്ടുണ്ട്. 2: 255 വിശദീകരണം നോക്കുക.

3. അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് ലക്ഷ്യത്തോടുകൂടി നാമാണ് ഈ ഗ്രന്ഥം നിന്റെ മേൽ ഘട്ടംഘട്ടമായി അവതരിപ്പിച്ചിട്ടുള്ളത്, തൗറാത്തും ഇൻജീലും അവതരിപ്പിച്ചിട്ടുമുണ്ട്.

4. -ഇതിനുമുമ്പ് മൊത്തം മനുഷ്യർക്ക് സന്മാർഗമായിക്കൊണ്ട്, സത്യാസത്യവിവേചനമാനദണ്ഡവും അവൻ അവതരിപ്പിച്ചിട്ടുണ്ട്; നിശ്ചയം അല്ലാഹുവിന്റെ സൂക്തങ്ങളെ മൂടിവെക്കുന്നവരാരോ, അവർക്ക് കഠിനമായ ശിക്ഷതന്നെയുണ്ട്, അല്ലാഹു പ്രതികാരം ചെയ്യുന്ന അജയ്യനായ സർവ്വപ്രതാപി തന്നെയുമാണ്.

313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്ർ മാത്രമാണെന്നും, അത് അവതരിപ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് മനുഷ്യസമൂഹത്തോട് കൽപിക്കുന്നതിനുവേണ്ടിയാണ് എന്നും 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ അതിന് മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്ന് 5: 48; 16: 44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അത് മൊത്തം മനുഷ്യർക്ക് സന്മാർഗവും സത്യാസത്യ വിവേചനമാനദണ്ഡവുമാണ് എന്ന് 2: 185 ലും പറഞ്ഞിട്ടുണ്ട്.

പ്രപഞ്ചം അതിന്റെ സന്തുലനാവസ്ഥയിൽ നിലനിർത്താനുള്ള ഉപകരണവും മനുഷ്യർക്ക് സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റുമായ അദ്ദിക്ർ വന്നുകിട്ടിയ ശേഷം അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെ മൂടിവെക്കുകയും ചെയ്യുക എന്നത് ഏറ്റവും വലിയ അപരാധമാണ്, അവരോട് അല്ലാഹു പ്രതികാരം ചെയ്യുമെന്നാണ് ഇവിടെ പറയുന്നത്. അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയി എന്ന് 39: 63 ലും; അവർ അക്രമികളും ഭ്രാന്തന്മാരുമാണെന്നും അവരോട് നാം പ്രതികാരം ചെയ്യുമെന്നും 32: 22 ലും പറഞ്ഞിട്ടുണ്ട്. അറിവില്ലായ്മ കൊണ്ട് കുറ്റം ചെയ്തവർക്ക് മാത്രമേ പശ്ചാത്താപമുള്ളൂ എന്ന് 4: 17; 6: 54; 16: 119 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 95 അവസാനിക്കുന്നത്, അല്ലാഹു പ്രതികാരം ചെയ്യുന്നവനാണ് എന്ന് പറഞ്ഞുകൊണ്ടും; 14: 47 അവസാനിക്കുന്നത് നിശ്ചയം അല്ലാഹു പ്രതികാരം ചെയ്യുന്ന അജയ്യനായ സർവ്വപ്രതാപി തന്നെയാണ് എന്ന് പറഞ്ഞുകൊണ്ടുമാണ്. 2: 2, 174-176, 209 വിശദീകരണം നോക്കുക.

5. നിശ്ചയം അല്ലാഹു, അവന്റെമേൽ ഭൂമിയിലോ ആകാശങ്ങളിലോ ഒരു വസ്തുവും മറഞ്ഞിരിക്കുന്നില്ല.

14: 38 അവസാനിക്കുന്നതും ഇതേ ആശയത്തിലാണ്. 40: 16 ൽ, അല്ലാഹുവിന്റെ മേൽ അവരിൽ നിന്ന് ഒന്നും തന്നെ മറഞ്ഞിരിക്കുകയില്ല, ഇന്നേദിനം (വിധിദിവസം) ആർക്കാണ് രാജാധിപത്യമെന്ന് ചോദിക്കപ്പെടും, അപ്പോൾ എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിനാണെന്ന് പറയപ്പെടുമെന്നും; 41: 40 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങളെത്തൊട്ട് വിരോധം വെച്ച് തർക്കിക്കുന്നവൻ നമ്മിൽ നിന്ന് മറഞ്ഞുനിൽക്കുന്നില്ല, അപ്പോൾ നരകക്കുണ്ഠത്തിലേക്ക് വലിച്ചെറിയപ്പെടുന്നവനാണോ ഉത്തമൻ, അതോ വിധിദിവസം ശാന്തിയോടും സമാധാനത്തോടും കൂടി വരുന്നവനാണോ ഉത്തമൻ? നിങ്ങൾ ഉദ്ദേശിച്ചതുപോലെ നിങ്ങൾ പ്രവർത്തിക്കുക, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വീക്ഷിച്ചുകൊണ്ടി

രിക്കുകയാണ് എന്നും പറഞ്ഞിട്ടുണ്ട്. അന്ത്യനാളിൽ ഈസായെ വിചാരണ ചെയ്യുമ്പോൾ 'എന്റെ ആത്മാവിന്റെ അവസ്ഥ നീ അറിയുന്നു, നിന്റെ ആത്മാവിന്റെ അവസ്ഥ ഞാൻ അറിയുന്നുമില്ല, നിശ്ചയം നീ അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞാനി തന്നെയുമാകുന്നു' എന്ന് ഈസാ മറുപടി പറയുമെന്ന് 5: 116 ൽ പറഞ്ഞിട്ടുണ്ട്. 1: 3; 2: 284; 17: 17 വിശദീകരണം നോക്കുക.

6. അവൻ ഉദ്ദേശിക്കുന്നതുപോലെ ഗർഭപാത്രങ്ങളിൽ നിങ്ങളെ രൂപപ്പെടുത്തിതും അവൻ തന്നെയാണ്, അജയ്യനായ യുക്തിജ്ഞനായ അവനല്ലാതെ വേറെ ഒരു ഇലാഹുമില്ല തന്നെ.

സ്രഷ്ടാവിന്റെ ഗുണനാമങ്ങളായ '*ഖാലിഖ്*' എന്നാൽ ആത്മാവിനെ സൃഷ്ടിച്ചവൻ എന്നും '*ബാരിഅ്*' എന്നാൽ ശരീരത്തെ സൃഷ്ടിച്ചവൻ എന്നും '*മുസവ്വിർ*' എന്നാൽ ആത്മാവും ശരീരവും യോജിപ്പിച്ച് രൂപപ്പെടുത്തുന്നവൻ എന്നുമാണ് വിവക്ഷ എന്ന് 59: 24 ൽ വിവരിച്ചിട്ടുണ്ട്. എല്ലാ മനുഷ്യരെയും (ആത്മാവ്) ആദമിനെ സൃഷ്ടിച്ചപ്പോൾ തന്നെ സ്വർഗത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. 76: 1 ൽ, മനുഷ്യനിൽ അവൻ ഓർമ്മിപ്പിക്കപ്പെടാത്ത ഒരു അകാലമായ കാലഘട്ടം കഴിഞ്ഞുപോയിട്ടില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. മനുഷ്യരുടെ ശരീരം മിശ്രിതമായ ബീജത്തിൽ നിന്ന് വിവിധ ഘട്ടങ്ങൾ തരണം ചെയ്ത് ഗർഭപാത്രത്തിൽ ആണും പെണ്ണുമായി രൂപപ്പെടുത്തുന്നതും അവൻ തന്നെയാണ്. പിതാവിന്റെ മുതുകിൽ സൂക്ഷിച്ചിരുന്ന ആത്മാവിനെ നാലാം മാസത്തിൽ മലക്കുമുഖേന മാതാവിന്റെ ഗർഭപാത്രത്തിൽ വളരുന്ന ശിശുവിൽ ആവാഹിപ്പിക്കുന്നു. 2: 28; 39: 6; 53: 32 വിശദീകരണം നോക്കുക.

7. അവൻ തന്നെയാണ് നിന്റെമേൽ ഈ ഗ്രന്ഥമിറക്കിയത്, അതിൽ ആശയം സ്പഷ്ടമായ സൂക്തങ്ങളുണ്ട്, അവയാണ് ഗ്രന്ഥത്തിന്റെ മൂലഘടകം (ഉമ്മുൽ കിതാബ്), മറ്റ് ചില സൂക്തങ്ങൾ ആലങ്കാരികവുമാണ്, അപ്പോൾ തങ്ങളുടെ ഹൃദയങ്ങളിൽ വക്രതയുള്ളവർ നാശം ലക്ഷ്യം വെച്ച് ആലങ്കാരികമായ സൂക്തങ്ങളുടെ വിശദീകരണം തേടിക്കൊണ്ട് പിന്നാലെ നടക്കുന്നു, അതിന്റെ വിശദീകരണമാകട്ടെ, അല്ലാഹുവിനല്ലാതെ അറിയുകയില്ല –അറിവിൽ അഗാധജ്ഞാനം ലഭിച്ചവരാകട്ടെ നിശ്ചയം ഞങ്ങൾ അതുകൊണ്ട് വിശ്വസിച്ചിരിക്കുന്നു, എല്ലാം ഞങ്ങളുടെ നാഥന്റെ പക്കൽ നിന്നുള്ളത് തന്നെയാണ് എന്ന് പറയുന്നവരാണ്, ബുദ്ധിമാന്മാരല്ലാതെ ഹൃദയം കൊണ്ട് ഓർമ്മിക്കുന്നവരാവുകയില്ല.

ഗ്രന്ഥത്തിൽ രണ്ട് തരം സൂക്തങ്ങളുണ്ട്. തത്വനിർഭരമായ സൂക്തങ്ങളാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാന ഘടകം. എല്ലാ പ്രവാചകന്മാർക്കും ഗ്രന്ഥങ്ങളും ഏടുകളും വിശദീകരണങ്ങളും നൽകിയിട്ടുണ്ടെന്ന് 16: 44 ലും; പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട പരിശുദ്ധ ഗ്രന്ഥമായ അദ്ദിക്റിൽ അതിന് മുമ്പ് വന്നിട്ടുള്ള നേരെച്ചൊവ്വെയുള്ള ഗ്രന്ഥങ്ങളെല്ലാം അടങ്ങിയിട്ടുണ്ടെന്ന് 98: 2–3 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ആലങ്കാരികമായ സാദൃശ്യ(*മുതശാബിഹാത്ത്*)മായ സൂക്തങ്ങളുമുണ്ട് എന്നത് പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട ഈ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകതയാണ്. 39: 23 ൽ അല്ലാഹു പറയുന്നു: ഏറ്റവും നല്ല വർത്തമാനമായ ആലങ്കാരികവും ആവർത്തിച്ചാവർത്തിച്ച് വരുന്നതുമായ സൂക്തങ്ങളടങ്ങുന്ന ഈ ഗ്രന്ഥം ഇറക്കിയത് അല്ലാഹുവാണ്, അതുമുഖേന തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികൾ രോമാഞ്ചമുൾക്കൊള്ളുകയും അവരുടെ തൊലികളും ഹൃദയങ്ങളും മാർദ്ദവമാവുകയും, അവർ 'അല്ലാഹ്' എന്ന സ്മരണയിൽ മുഴുകുകയും ചെയ്യുന്നതാണ്, അതാണ് അല്ലാഹുവിന്റെ സന്മാർഗം, അതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നവരെ അവൻ സന്മാർഗത്തിലാക്കുന്നതാണ്.

7: 53 പ്രകാരം അല്ലാഹു അവന്റെ സൂക്തങ്ങളുടെ ഭാവിപ്രവചനങ്ങൾ കാലാകാലങ്ങളിലായി ലോകത്ത് പ്രത്യക്ഷപ്പെടുത്തിക്കൊണ്ടേയിരിക്കുന്നതാണ്. *മുതശാബിഹാത്തായ* സൂക്തങ്ങളുടെ വിശദീകരണങ്ങൾ അല്ലാഹു ദിഗന്തങ്ങളിലും അവരവരിൽ തന്നെയും ലോകത്ത് പ്രത്യക്ഷപ്പെടുത്തുമ്പോൾ മാത്രമേ അവയുടെ വിശദീകരണം ലഭ്യമാവുകയുള്ളൂ. അതിന് മുമ്പ് ആലങ്കാരികമായ സൂക്തങ്ങളുടെ വിശദീകരണം ചോദിക്കുന്നവർ മനസിൽ വക്രതയുള്ള കപടവിശ്വാസികളാണെന്ന് ഈ സൂക്തം മുന്നറിയിപ്പ് നൽകുന്നു. ഇത്തരക്കാർ ഗ്രന്ഥം ആശയം അറിയാതെ നിങ്ങൾ വായിക്കരുത് എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന് വിരുദ്ധമായി *'അലിഫ്-ലാം-മീം' നിങ്ങൾ ഉച്ചരിക്കുന്നില്ല, അവയോരോന്നും പത്ത് നന്മകളായിട്ടല്ലാതെ* എന്ന് പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചത് മാത്രമുദ്ധരിച്ച് *അലിഫ്-ലാം-മീമിന്* അർത്ഥമില്ലല്ലോ, അതുകൊണ്ട് ഗ്രന്ഥം അർത്ഥമറിയാതെ വായിച്ചാലും പുണ്യമുണ്ടെന്ന് വാദിച്ച് ജനങ്ങളെ ഗ്രന്ഥത്തിന്റെ ആത്മാവും, വ്യക്തവും സ്പഷ്ടമായ വായനയുമായ അദ്ദിക്ർ മനസ്സിലാക്കുന്നതിൽ നിന്നും തടഞ്ഞ് കൊണ്ടിരിക്കുന്നവരാണ്. *ആശയമില്ലാതെ ഗ്രന്ഥം വായിച്ചാൽ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വിധം ദീനിൽ നിന്ന് തെറിച്ചുപോകുമെന്നും വായിച്ച സൂക്തങ്ങൾ അവനെതിരിൽ വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്യുമെന്നും* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചത് ഉദ്ധരിച്ചുകൊണ്ട് 54: 17 ൽ പറഞ്ഞ പ്രകാരം ആശയം പഠിക്കാനാണ് എളുപ്പമാക്കിയിട്ടുള്ളത് എന്ന് ജനങ്ങളെ അറിയിക്കുന്ന വിശ്വാസികളോട് തർക്കിക്കുകയാണ് അവർ ചെയ്യുക.

പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുമെന്നും പിന്നെ ഗ്രന്ഥം വായിക്കുന്നവർ 3 വിഭാഗങ്ങളായിത്തീരുമെന്നും പ്രവാചകനിലൂടെ നാഥൻ പഠിപ്പിച്ചിട്ടുണ്ട്. (1) *ഫാജിർ*: അറബി ഖുർആൻ തിന്നുന്നവൻ, അല്ലെങ്കിൽ അറബി ഖുർആൻ കൊണ്ട് തിന്നുന്നവൻ. അതുവഴി അവൻ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ച് പോകുന്നതാണ്. ജനങ്ങളിൽ വെച്ച് ഏറ്റവും വലിയ ദുഷ്ടൻ ഗ്രന്ഥം ആദ്യം മുതൽ അവസാനം വരെ വായിച്ചിട്ട് അതിൽ നിന്ന് ഒന്നും ലഭിക്കാത്ത ഫാജിറാണ് എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഏറ്റവും വലിയ ദുഷ്ടൻ വിചാരണയില്ലാതെ നരകത്തിൽ പോകുന്ന കപടവിശ്വാസിയാണെന്ന് പറയുന്നതിനുപകരം ഫാജിറാണെന്ന് പറഞ്ഞതിന് കാരണം, കപടവിശ്വാസി അദ്ദിക്റിനെ മൂടിവെച്ചതിനാൽ വധിക്കപ്പെട്ടവനായതുകൊണ്ടാണ്. (2) *കാഫിർ* (കപടവിശ്വാസി): ഗ്രന്ഥത്തിന്റെ ആശയം അറിഞ്ഞിട്ട് അത് മൂടിവെക്കുന്നവൻ. (3) വിശ്വാസി: പ്രവർത്തിക്കുന്നത് പറയുന്നവനും പറയുന്നത് പ്രവർത്തിക്കുന്നവനും. ഈ മൂന്ന് വിഭാഗങ്ങളിൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ. ബാക്കി ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ രണ്ട് വിഭാഗങ്ങളും (അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളും) നരക്കുണ്ഠത്തിലേക്കുള്ളവരാണ് എന്ന് 4: 118; 6: 115 സൂക്തങ്ങളുടെ വിശദീകരണമായി നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഫാജിറുകളും കാഫിറുകളും അടങ്ങിയ ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ലും; ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിൽ തന്നെയാണെന്ന് 82: 14 ലും പറഞ്ഞിട്ടുണ്ട്.

ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനവും എല്ലാ ഓരോ കാര്യവും വിശദീകരിച്ച ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ ഇന്ന് 25: 59 ലെ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നിഷ്പക്ഷവാനായ നാഥ

നെക്കുറിച്ച് പ്രവാചകനും വിശ്വാസിയും ചോദിക്കേണ്ടത് ഈ ത്രികാലജ്ഞാനിയോടാണെന്ന് 25: 59 ലും; അറിവില്ലാത്ത ഏതൊരു കാര്യത്തെക്കുറിച്ചും ഏതൊരാളും ചോദിക്കേണ്ടത് അദ്ദിക്റിന്റെ രചയിതാവിനോടാണെന്ന് 16: 43; 21: 7 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസിയാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അദ്ദിക്ർ ശ്രദ്ധിച്ചുകേൾക്കുന്നവരും അതിനെ ഏറ്റവും നല്ലനിലക്ക് പിൻപറ്റുന്നവരുമാണ് അല്ലാഹുവിനാൽ മാർഗദർശനം ചെയ്യപ്പെട്ടവരും ബുദ്ധിമാന്മാരുമെന്ന് 39: 17–18 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 174; 7: 52–53; 9: 67–68 വിശദീകരണം നോക്കുക.

8. ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ സന്മാർഗത്തിലാക്കിയതിന് ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിച്ചുകളയല്ലേ, നിന്നിൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ ഔദാര്യമായി പ്രദാനം ചെയ്താലും, നിശ്ചയം നീ അത്യുദാരൻ തന്നെയാണ്.

കാരുണ്യവും സന്മാർഗവുമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ 3: 101 ൽ വിവരിച്ച പ്രകാരം നേരായ മാർഗത്തിലും അല്ലാഹുവിന്റെ കാരുണ്യത്തിലുമായിക്കഴിഞ്ഞു. 3: 7 ൽ, കപടവിശ്വാസികളെക്കുറിച്ച് അവർ ഹൃദയങ്ങളിൽ വക്രതയുള്ളവരാണ് എന്നാണ് പറഞ്ഞതെങ്കിൽ ഈ സൂക്തത്തിൽ അറിവിൽ അഗാധജ്ഞാനമുള്ളവർ തങ്ങളുടെ ഹൃദയങ്ങളിൽ നീ വക്രതയുണ്ടാക്കരുതേ, കപടവിശ്വാസികളിൽ ഉൾപ്പെടുത്തരുതേ എന്ന് ആത്മഗതം ചെയ്യുന്നവരാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. 38: 35 ൽ സുലൈമാൻ നബിയുടെ പ്രാർത്ഥന അവസാനിക്കുന്നത് 'നിശ്ചയം നീ അത്യുദാരൻ തന്നെയാകുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 105, 256; 3: 79–80, 102 വിശദീകരണം നോക്കുക.

9. ഞങ്ങളുടെ നാഥാ! നിശ്ചയം നീ സകല മനുഷ്യരെയും ഒരു നാളിൽ സമ്മേളിപ്പിക്കുന്നവനാകുന്നു –ആ നാളിന്റെ കാര്യത്തിൽ സംശയമേയില്ല, നിശ്ചയം അല്ലാഹു വാഗ്ദത്തങ്ങൾ ലംഘിക്കുകയില്ല തന്നെ.

64: 9 ൽ പറഞ്ഞ ക്രയവിക്രയം നടക്കാത്ത ദിനമാണിത്. 13: 31 അവസാനിക്കുന്നത് 'നിശ്ചയം അല്ലാഹു വാഗ്ദത്തങ്ങൾ ലംഘിക്കുകയില്ല തന്നെ' എന്ന് പറഞ്ഞുകൊണ്ടും; 3: 194 അവസാനിക്കുന്നത് 'നിശ്ചയം നീ വാഗ്ദത്തങ്ങൾ ലംഘിക്കുകയില്ല തന്നെ' എന്ന് പറഞ്ഞുകൊണ്ടുമാണ്.

1: 3 ൽ വിവരിച്ച പ്രകാരം വിധിദിവസം ഓരോ മനുഷ്യനും അവന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള, 17: 13–14; 18: 49; 23: 62–63; 36: 12; 45: 28–29; 58: 6; 78: 29–30 സൂക്തങ്ങളിൽ പറഞ്ഞ കർമരേഖ തുറന്ന പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്ത് കൊടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക. ആരാണോ പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതം നയിച്ചത്, അവരുടെ കർമപുസ്തകത്തിൽ രേഖപ്പെടുത്തിയത് വിധിദിവസം അവർക്ക് വായിക്കാൻ പറ്റിയതും അവർ ജീവിതലക്ഷ്യം പൂർത്തീകരിച്ചവരുമാണ്. ആരാണോ പ്രസ്തുത കർമരേഖയെക്കുറിച്ച് ബോധമില്ലാതെ ജീവിക്കുകയും കർമരേഖയിൽ അദ്ദിക്റിന് വിരുദ്ധമായ കാര്യങ്ങൾ രേഖപ്പെടുത്തി വെപ്പിക്കുകയും ചെയ്യുന്നത്, അവർ ജീവിതലക്ഷ്യം നഷ്ടപ്പെടുത്തിയവരുമാണ്. 2: 254 വിശദീകരണം നോക്കുക.

10. നിശ്ചയം കാഫിറുകളായിട്ടുള്ളവരോ, അവരുടെ സമ്പത്തുക്കളോ സന്താനങ്ങളോ അവരെത്തൊട്ട് അല്ലാഹുവിങ്കൽ നിന്ന് ഒരുനിലക്കും അവർക്ക് ഗുണപ്രദ

മാവുകയില്ല, അക്കൂട്ടർ തന്നെയാണ് നരകത്തിന്റെ വിറകുകളും.

2: 6–7 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റാണ് ഗ്രന്ഥം എന്ന് അറിഞ്ഞിട്ട് അ തിനെ മൂടിവെക്കുന്ന കപടവിശ്വാസികളാണ് ഇവിടെ പരാമർശിച്ച കാഫിറുകൾ. കപടവി ശ്വാസികളുടെ സമ്പത്തുകളിലും സന്താനങ്ങളിലും നീ അത്ഭുതപ്പെടേണ്ടതില്ല, നിശ്ചയം അല്ലാഹു അതുമുഖേന ഭൗതികജീവിതത്തിൽ തന്നെ അവരെ ശിക്ഷിക്കണമെന്നും കാ ഫിറുകളായിക്കൊണ്ടുതന്നെ അവർ ജീവൻ വെടിയണമെന്നുമാണ് ഉദ്ദേശിക്കുന്നത് എ ന്ന് 9: 55, 85 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവരെക്കുറിച്ച് പ്രവാചകൻ മക്കയിലായിരുന്ന പ്പോൾ തന്നെ ഇങ്ങനെ പഠിപ്പിച്ചിട്ടുണ്ട്. ഇബ്നു അബ്ബാസിന്റെ മാതാവിൽ നിന്ന് നിവേ ദനം ചെയ്യപ്പെട്ടു: *അവർ പറഞ്ഞു: ഞങ്ങൾ മക്കയിലായിരിക്കെ ഒരു രാത്രി പ്രവാചകൻ എഴുന്നേറ്റുനിന്ന് 'അല്ലാഹുവേ! ഞാൻ എത്തിച്ചില്ലെയോ' എന്ന് മൂന്നുപ്രാവശ്യം ചോദി ച്ചു. അപ്പോൾ ഉമർ എഴുന്നേറ്റുനിന്ന് 'അതെ എത്തിച്ചിട്ടുണ്ട്' എന്ന് പറഞ്ഞു. പിന്നീട് നേ രം പുലർന്നു. അപ്പോൾ പ്രവാചകൻ പറഞ്ഞു: ഇസ്ലാം ലോകത്തെല്ലായിടത്തും വ്യാപി ക്കും, പിന്നെ അതിന്റെ സ്ഥാനത്ത് നിഷേധം വരിക തന്നെ ചെയ്യും, കടലിനക്കരെയുള്ള വർ (യൂറോപ്യന്മാരും അമേരിക്കക്കാരുമെല്ലാം) ഇസ്ലാമിനെ പരിഹസിക്കുന്നതാണ്, പിന്നെ ജനങ്ങൾക്ക് ഒരു കാലഘട്ടം വരും. അന്ന് അവർ അറബി ഖുർആൻ വായിക്കുക യും അർത്ഥം പഠിക്കുകയും ചെയ്യും. ഞങ്ങൾ വായിക്കുന്നുണ്ടല്ലോ ഞങ്ങൾ പഠിപ്പിക്കു ന്നുണ്ടല്ലോ, പിന്നെ ഞങ്ങളേക്കാൾ ഉത്തമന്മാർ ആരാണുള്ളത് എന്ന് അവർ ചോദിക്കു കയും ചെയ്യും; എന്നിട്ട് പ്രവാചകൻ ചോദിച്ചു: അക്കൂട്ടരിൽ വല്ല നന്മയുമുണ്ടോ? അനു യായികൾ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരേ, ആരാണ് അക്കൂട്ടർ? പ്രവാചകൻ പ റഞ്ഞു: അക്കൂട്ടർ നിങ്ങളിൽ നിന്നുള്ളവരാണ്, അവർ തന്നെയാണ് നരകത്തിന്റെ വിറകു കളും.* ഇതിൽ അനുയായികളോട്, 'നിങ്ങളാണ് ആ കാഫിർ' എന്ന് പറയാതെ 'നിങ്ങ ളിൽ നിന്നാണ്' എന്ന് പറഞ്ഞതിൽ നിന്നും പ്രവാചകന്റെ ജനതയിൽ നിന്ന് മാത്രമാണ് കാഫിറുണ്ടാവുക എന്ന് മനസ്സിലാക്കാം. ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ പഠിപ്പിക്കാ തെ ഗ്രന്ഥത്തിന്റെ അറബി ടെക്സ്റ്റായ ശരീരവും ജീവനായ അർത്ഥവും മാത്രം പഠിപ്പി ക്കുന്നവരാണ് അവർ. ആത്മാവിനെ പരിഗണിക്കാതെ ജഡത്തിന് പ്രാധാന്യം കൊടുക്കു ന്ന ഫുജ്ജാറുകളായ അവർ 43: 36–39; 50: 27–29; 59: 16–17 സൂക്തങ്ങളിൽ പറഞ്ഞ ആത്മാ വിന്റെ ജിന്നുകൂട്ടുകാരനുള്ള ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളി പ്പറയുന്നവരാണ്. അവരിൽ നിന്നുള്ള ഏതൊരാളും 7: 37 പ്രകാരം അവരുടെ മരണസമ യത്തും 6: 130 പ്രകാരം വിധിദിവസവും അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്.

കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും വിവിധ സംഘടനകളായി പിരി ഞ്ഞ് മുശ്രിക്കുകളായിത്തീർന്ന പുരുഷന്മാരും സ്ത്രീകളും ത്രികാലജ്ഞാനമായ അദ്ദിക് റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി യഥാർത്ഥ കാഫിറുകളാണെന്ന് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഭ്രാന്തന്മാരായ അവർ 29 കള്ളവാദികളെ പിൻപ റ്റിക്കൊണ്ടിരിക്കുന്നവരും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചു കൊണ്ടിരിക്കുന്നവരുമാണ്. *അവസാനകാലത്ത് ചിരിച്ചുകൊണ്ടും നല്ല പഞ്ചാരവാക്കു കൾ പറഞ്ഞുകൊണ്ടും ഒരു വിഭാഗം ദീനിന്റെ വക്താക്കളായി രംഗത്തുവരും എന്നും, പ റയുന്നത് പ്രവർത്തിക്കാത്ത, പ്രവർത്തിക്കാത്തത് പറയുന്ന ഈ ആളുകൾ വില്ലിൽ നിന്ന് അമ്പ് തെറിക്കുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോകുമെന്നും അവരെ കണ്ടുമുട്ടു ന്നിടത്തുവെച്ച് കൊല്ലണമെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടു

ണ്ട്. ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗത്തെയും നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെച്ചിട്ടുണ്ടെന്ന് 15: 44 ൽ അവർ വായിച്ചിട്ടുണ്ട്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 7; 2: 39; 3: 116 വിശദീകരണം നോക്കുക.

11. –ഫിർഔൻ പ്രഭൃതികളെ പോലെയും അവർക്ക് മുമ്പുള്ളവരെ പോലെയും, അവരെല്ലാം നമ്മുടെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞ് കളവാക്കി, അപ്പോൾ അവരുടെ കുറ്റങ്ങൾ കാരണം അല്ലാഹു അവരെ പിടികൂടി, അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

8: 52, 54 എന്നിവ ഇതേ ആശയത്തിലുള്ള സൂക്തങ്ങളാണ്. ഫിർഔൻ പ്രഭൃതികൾ (കുടുംബം) എന്നതിന്റെ വിവക്ഷ തെമ്മാടിയായ ഫിർഔനിന്റെ ചര്യ ആരാണോ പിൻപറ്റുന്നത് അവരാണ്. അതുപോലെ ആലിമുഹമ്മദ് (മുഹമ്മദ് നബിയുടെ കുടുംബം) എന്നതിന്റെ വിവക്ഷ മുഹമ്മദ് നബിയുടെ ചര്യയായ അദ്ദിക്ർ പിൻപറ്റുന്ന –കുടുംബത്തിൽ നിന്നുള്ളവരാകട്ടെ, അല്ലാത്തവരാകട്ടെ- അന്ത്യനാൾ വരെയുള്ള വിശ്വാസികളാണ്. എല്ലാം മനസിലാക്കിയശേഷം തെമ്മാടിയായ കപടവിശ്വാസിയായപ്പോഴാണ് ഫിർഔനിനെ അല്ലാഹു ശിക്ഷിച്ചത്. ഇനി ഇന്നത്തെ ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും കപടവിശ്വാസികളാകുമ്പോഴാണ് ലോകം അവസാനിക്കുക എന്ന് 46: 35 ൽ പറഞ്ഞിട്ടുണ്ട്. നരകക്കുണ്ഠത്തിൽ നിന്നുള്ള ഒരു കുഴിയാണ് അവരുടെ മരണശേഷമുള്ള കിടപ്പറയായ *ബർസഖ്. ബർസഖിൽ* രാവിലെയും വൈകുന്നേരവും നരകം അതിന്റെ പൂർണ്ണരൂപത്തിൽ അവർക്ക് പ്രദർശിപ്പിക്കുന്നതും വിധിദിവസം വിചാരണയില്ലാതെ അവരെ നരകത്തിലേക്ക് തള്ളിവിടുന്നതുമാണ് എന്ന് 40: 46 ലും; അവരെ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് തള്ളിവിടുമെന്ന് 4: 145 ലും പറഞ്ഞിട്ടുണ്ട്. 10: 92; 32: 13–14 വിശദീകരണം നോക്കുക.

12. കാഫിറുകളായവരോട് നീ പറയുക: നിങ്ങൾ അതിജയിക്കപ്പെടുന്നതും നരകക്കുണ്ഠത്തിലേക്ക് പുനരുജ്ജീവിപ്പിച്ച് ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ്, എത്ര മോശപ്പെട്ട തൊട്ടിലുകൾ!

2: 206; 3: 197; 13: 18; 38: 56 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നതും 'എത്ര മോശപ്പെട്ട തൊട്ടിലുകൾ' എന്ന് പറഞ്ഞുകൊണ്ടാണ്. ഇവിടെ നരകക്കുണ്ഠത്തെക്കുറിച്ച് തൊട്ടിലുകൾ എന്ന് പറയാൻ കാരണം കുട്ടികൾക്ക് എല്ലാ ഭാഗത്തുനിന്നും സുഖം നൽകുന്ന തൊട്ടിലുകൾ പോലെ ഇവർ നരകത്തിൽ ചുറ്റുഭാഗങ്ങളിൽ നിന്നും തീ കൊണ്ട് മൂടപ്പെടുമെന്നതിനാലാണ്. 7: 40–41 സൂക്തങ്ങളിൽ, ഗ്രന്ഥത്തിലെ സൂക്തങ്ങളെ തള്ളിപ്പറയുന്ന ഫാജിറുകളും എല്ലാം പഠിച്ചവരാണെന്ന് അഹങ്കരിക്കുന്ന കപടവിശ്വാസികളും ഉൾപ്പെടുന്ന ഭ്രാന്തന്മാരും അക്രമികളുമായ ഫുജ്ജാറുകൾക്ക് നരകത്തിൽ തൊട്ടിലുകളുണ്ടെന്നും തീജ്വാലയാലുള്ള പുതപ്പുകളുണ്ടെന്നും, 2: 175 ൽ അപ്പോൾ നരകത്തിന്റെ മേൽ ഇവർക്ക് എന്ത് 'ക്ഷമ'യാണുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാതെ മൂടിവെച്ച് കാഫിറുകളായിത്തീർന്നതുകൊണ്ടാണ് അവരുടെ മടക്കം കാഫിറായ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കായത്. ഫുജ്ജാറുകളായ കുഫ്ഫാറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, അപ്പോൾ നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാൻ 14: 30 ലൂടെ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. 2: 126; 20:

124–127 വിശദീകരണം നോക്കുക.

13. രണ്ട് സംഘങ്ങൾ ഏറ്റുമുട്ടിയതിൽ നിശ്ചയം നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമുണ്ടായിരുന്നു, ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു, മറ്റേ വിഭാഗമാകട്ടെ നിഷേധികളുമാണ്, അവർ അവരെ ഒറ്റനോട്ടത്തിൽ അവരുടെ ഇരട്ടിയായി കാണുന്നു, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ സഹായം കൊണ്ട് ശക്തിപ്പെടുത്തുന്നു, നിശ്ചയം ഉൾക്കാഴ്ചയുള്ളവർക്ക് അതിൽ മഹത്തായ ഒരു ഗുണപാഠം തന്നെയുണ്ട്.

ഇസ്‌ലാമും കുഫ്റും തമ്മിൽ ഹിജ്റ 2-ാം വർഷം റമളാൻ 17-ന് നടന്ന യുദ്ധമായ ബദ്ർ യുദ്ധത്തെക്കുറിച്ചാണ് പറയുന്നത്. ഒന്ന് അല്ലാഹുവിന്റെ സംഘവും മറ്റേത് പിശാചിന്റെ സംഘവുമായിരുന്നു. വിശ്വാസികൾക്ക് യഥാർത്ഥത്തിൽ അവരുടെ മൂന്നിരട്ടിയുണ്ടായിരുന്ന കാഫിറുകളെ ഒറ്റ നോട്ടത്തിൽ രണ്ടിരട്ടിയായി ചെറുതാക്കി കാണിക്കുക വഴി ധൈര്യവും സ്ഥൈര്യവും പ്രദാനം ചെയ്തു. കാഫിറുകളുടെ കാഴ്ചയിൽ വിശ്വാസികളെ ചെറുതാക്കി കാണിക്കുകയും അങ്ങനെ അവരെ നിഷ്പ്രയാസം പരാജയപ്പെടുത്താൻ സാധിക്കുമെന്ന് അമിതമായ ആത്മവിശ്വാസം തോന്നിപ്പിച്ചുകൊണ്ട് അവർക്ക് അലസതയും മടിയും നൽകി അല്ലാഹു ആദ്യമേ നിശ്ചയിച്ച കാര്യം നടപ്പിലാക്കുകയാണുണ്ടായത്. 8: 43–44 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: നിന്റെ ഉറക്കത്തിൽ നിനക്ക് അവരെ എണ്ണത്തിൽ കുറച്ച് കാണിച്ചുതന്നത് സ്മരണീയമാണ്. അവൻ നിനക്ക് അവരെ എണ്ണത്തിൽ കൂടുതലായി കാണിച്ച് തന്നിരുന്നുവെങ്കിൽ തീർച്ചയായും നിങ്ങളുടെ മനോധൈര്യം ക്ഷയിക്കുകയും നിങ്ങളുടെ കാര്യത്തിൽ നിങ്ങൾ പരസ്പരം തർക്കിച്ച് ഭിന്നിക്കുകയും ചെയ്യുമായിരുന്നു, എന്നാൽ അല്ലാഹു നിങ്ങളെ അതിൽ നിന്ന് രക്ഷിച്ചു, നിശ്ചയം അവൻ നെഞ്ചുകളുടെ അവസ്ഥ അറിയുന്നവനുമാകുന്നു. രണ്ട് സംഘവും പരസ്പരം അഭിമുഖീകരിച്ചപ്പോൾ അല്ലാഹു നിങ്ങളുടെ ദൃഷ്ടിയിൽ ശത്രുക്കളെ കുറച്ച് കാണിച്ചതും അവരുടെ ദൃഷ്ടിയിൽ നിങ്ങളെ കുറച്ച് കാണിച്ചതും ഓർക്കേണ്ടതാണ്; തീരുമാനിച്ച് ഉറപ്പിച്ച സംഭവിക്കേണ്ട കാര്യം നടപ്പിൽ വരുത്താൻ വേണ്ടിത്തന്നെയായിരുന്നു അത്, എല്ലാ കാര്യങ്ങളും അല്ലാഹുവിലേക്കു തന്നെ മടക്കപ്പെടുന്നതുമാണ്.

വിശ്വാസികൾ ഏത് അവസ്ഥയിലും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവരും അവനിൽ ഭരമേൽപ്പിക്കുന്നവരും അവനോട് മാത്രം സഹായം തേടുന്നവരും അവനുവേണ്ടി മാത്രം ജീവിക്കുന്നവരുമാണ്. 1: 4; 8: 45–48 വിശദീകരണം നോക്കുക. അഹന്തയോടുകൂടിയും എല്ലാവിധ ആയുധ സന്നാഹങ്ങളോടുകൂടിയും ഡംഭ് നടിച്ചുകൊണ്ട് യുദ്ധത്തിന് വന്ന, യുദ്ധം ജീവിതശൈലിയാക്കി മാറ്റിയ ആയിരത്തിൽ പരം വരുന്ന കാഫിറുകളുടെ സംഘത്തിനെതിരെ യുദ്ധനൈപുണ്യമോ വേണ്ടത്ര ആയുധങ്ങളോ ഇല്ലാത്ത 313 പേരടങ്ങിയ അല്ലാഹുവിന്റെ ചെറിയ സംഘത്തെ ബദ്റിൽ മലക്കുകളെ ഇറക്കി അല്ലാഹു സഹായിക്കുകയുണ്ടായി.

നിങ്ങൾ അവരെ വധിച്ചിട്ടില്ല, എന്നാൽ അല്ലാഹുവാണ് അവരെ വധിച്ചത്, നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞിട്ടില്ല, എന്നാൽ അല്ലാഹുവാണ് എറിഞ്ഞത്. വിശ്വാസികൾ അതുമുഖേന മഹത്തായ ഒരു പരീക്ഷണം ഏറ്റവും നല്ല നിലയിൽ വിജയകരമായി തരണം ചെയ്യേണ്ടതിനായിരുന്നു അത്, നിശ്ചയം അല്ലാഹു സർവ്വശ്രോതാവും സർവ്വജ്ഞനുമാകുന്നു, അത് (വിജയം) നിങ്ങൾക്കുള്ളതാണ്, നിശ്ചയം അല്ലാഹു കാഫിറുകളുടെ കുതന്ത്രങ്ങൾ ബലഹീനമാക്കുന്നവൻ തന്നെയാണ്. കാഫിറുകളോട്; നിങ്ങൾ തീരുമാനം ചോദിച്ചുവെങ്കിൽ നിങ്ങൾക്കിതാ തീരുമാനം വന്നുകഴിഞ്ഞിരിക്കുന്നു, ഇനി നിങ്ങൾ വിരമി

ക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഏറ്റവും നല്ലത്; അതല്ല, വീണ്ടും നിങ്ങൾ അതിക്രമികളാവുകയാണെങ്കിൽ നാമും പ്രതികരിക്കുന്നതാണ്. നിങ്ങളുടെ സംഘബലം അത് എത്ര തന്നെ വർദ്ധിച്ചതായിരുന്നാലും ശരി, അത് നിങ്ങൾക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല, നിശ്ചയം അല്ലാഹു വിശ്വാസികളോടൊപ്പമാണ് എന്ന് 8: 17–19 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന ബുദ്ധിമാന്മാരായ വിശ്വാസികൾക്ക് സത്യാസത്യ വിവേചന ദിനത്തിൽ നടന്ന ആ സംഭവത്തിൽ ധാരാളം ഗുണപാഠങ്ങളുണ്ട്. 'നിശ്ചയം ഉൾക്കാഴ്ചയുള്ളവർക്ക് അതിൽ മഹത്തായ ഒരു ഗുണപാഠം തന്നെയുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിച്ച അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികളെ അല്ലാഹു അദൃശ്യമായ നിലയിൽ (കാര്യകാരണ ബന്ധത്തിന് അതീതമായി) ഇന്നും എന്നും സഹായിക്കുക തന്നെ ചെയ്യുമെന്നാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ആയുധം കൊണ്ടുള്ള *ജിഹാദില്ല*. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി ഇന്ന് സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 243, 251; 8: 41 വിശദീകരണം നോക്കുക.

14. സ്ത്രീകൾ, ആൺ സന്താനങ്ങൾ, സ്വർണ്ണത്തിൽ നിന്നും വെള്ളിയിൽ നിന്നുമുള്ള കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിയിടങ്ങൾ എന്നിവയോടുള്ള അതിയായ മോഹം മനുഷ്യർക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു, എന്നാൽ അവയെല്ലാം തുച്ഛമായ ഭൗതിക ജീവിതവിഭവങ്ങളാകുന്നു; അല്ലാഹുവോ, അവന്റെയടുക്കലാണ് ഏറ്റവും നല്ല അഭയസങ്കേതമുള്ളത്.

15. നീ ചോദിക്കുക: അതിനേക്കാൾ ഉത്തമമായത് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരട്ടെയോ, തങ്ങളുടെ നാഥനെ സൂക്ഷിച്ച് ജീവിക്കുന്നവരായവർക്ക് അവരുടെ നാഥന്റെ പക്കൽ താഴ്ഭാഗങ്ങളിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളുണ്ട്, അവർ അതിൽ എന്നെന്നും ജീവിച്ചിരിക്കുന്നവരാണ്, അവർക്ക് അതിൽ പരിശുദ്ധരായ ഇണകളും അല്ലാഹുവിങ്കൽ നിന്നുള്ള തൃപ്തിയുമുണ്ട്, അല്ലാഹുവാകട്ടെ അവന്റെ അടിമകളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാകുന്നു.

ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിയൊമ്പത് ഫുജ്ജാറുകൾക്കും ഭൗതിക ജീവിതത്തിനോടാണ് ആകർഷണമുണ്ടാവുക. ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമായ അവർക്ക് പിശാചാണ് ഐഹികജീവിതം അലങ്കാരമാക്കിക്കൊടുക്കുന്നത്. തങ്ങളെ ഏൽപിച്ച സന്താനങ്ങൾക്ക് സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റ് നൽകി ജീവിതലക്ഷ്യമുള്ളവരാക്കാൻ ശ്രമിക്കുന്നതിനുപകരം ഭൗതികനേട്ടങ്ങളും സ്ഥാനമാനങ്ങളും നേടുന്നതിനുവേണ്ടി പ്രാപ്തരാക്കുകയാണ് അവർ ചെയ്യുക. എന്നാൽ ആയിരത്തിൽ ഒന്നായ വിശ്വാസികളുടെ ജീവിതലക്ഷ്യം പരലോകമായിരിക്കും. സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചത് സ്വർഗം ഇവിടെ സമ്പാദിക്കാനാണ് എന്ന ലക്ഷ്യബോധം നിലനിർത്തി ഇഹത്തിൽ അല്ലാഹു അവർക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങളും അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി ഇവിടെ സ്വർഗം സമ്പാദിച്ച് ഐഹികജീവിതം പരലോകത്തേക്കുള്ള കൃഷിയിടമാക്കി മാറ്റുന്നവരാണ് അവർ. 64: 15 ൽ വിശ്വാസികളെ വിളിച്ച്: നിശ്ചയം നിങ്ങളുടെ സമ്പത്തുക്കളും സന്താനങ്ങളും പരീക്ഷണോപാധികളാണ് (നാശമാണ്), അല്ലാഹുവിന്റെ പക്കലാണ് മഹത്തായ പ്രതിഫലമുള്ളത് എന്നും; 64: 16 ൽ, അതുകൊണ്ട് നിങ്ങൾക്ക് കഴിയുന്നത്ര നിങ്ങൾ അല്ലാഹുവിനെ സൂ

ക്ഷിക്കുകയും ശ്രദ്ധിച്ച് കേൾക്കുകയും അനുസരിക്കുകയും നിങ്ങളുടെത്തന്നെ ഗുണത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്യുക, ആരാണോ തന്റെ ആത്മാവിന്റെ കുടുസ്സിൽ നിന്ന് മോചിതനായത്, അക്കൂട്ടർ മാത്രമാണ് വിജയം വരിച്ചവരാവുക എന്നും പറഞ്ഞിട്ടുണ്ട്. അത്തരം അല്ലാഹുവിന്റെ ഇഷ്ടദാസന്മാരുടെ പ്രവർത്തനങ്ങളും പ്രാർത്ഥനകളും സ്വഭാവങ്ങളുമാണ് താഴെ വരുന്ന മൂന്ന് സൂക്തങ്ങളിൽ വിവരിക്കുന്നത്. 2: 25; 8: 28; 43: 32–35 വിശദീകരണം നോക്കുക.

16. അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നവരാണ്: ഞങ്ങളുടെ നാഥാ! നിശ്ചയം ഞങ്ങൾ വിശ്വസിച്ചുകഴിഞ്ഞു, അപ്പോൾ ഞങ്ങളുടെ കുറ്റങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തുതരികയും നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ!

17. അവർ ക്ഷമാലുക്കളും സത്യത്തെ സത്യപ്പെടുത്തുന്നവരും വണങ്ങുന്നവരും ചെലവഴിക്കുന്നവരും രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാണ്.

25: 63–64 സൂക്തങ്ങളിൽ, നിഷ്പക്ഷവാനായ നാഥന്റെ ഇഷ്ടദാസന്മാർ സാഷ്ടാംഗപ്രണാമത്തിലായിക്കൊണ്ടും നിന്നുകൊണ്ടുമാണ് അവരുടെ രാത്രി കഴിച്ചുകൂട്ടുക എന്ന് പറഞ്ഞിട്ടുണ്ട്. 51: 17–18 സൂക്തങ്ങളിൽ, സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട സൂക്ഷ്മാലുക്കളുടെ സ്വഭാവം 'അവർ രാത്രിയിൽ നിന്ന് അൽപം മാത്രമല്ലാതെ ഉറങ്ങിയിരുന്നില്ല, അവർ രാത്രിയുടെ അന്ത്യയാമങ്ങളിൽ പൊറുക്കലിനെത്തേടുന്നവരുമാണ്' എന്നതാണ്. 33: 35 ൽ, നിശ്ചയം സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ച പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ച പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിന് എല്ലായ്പ്പോഴും വണങ്ങുന്ന പുരുഷന്മാരും സ്ത്രീകളും ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന പുരുഷന്മാരും സ്ത്രീകളും ക്ഷമാലുക്കളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്ന പുരുഷന്മാരും സ്ത്രീകളും ദാനധർമ്മങ്ങൾ ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളുമുണ്ടല്ലോ, അവർക്കുവേണ്ടി അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 32: 15 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുന്നവർ, ഹൃദയത്തിന്റെ ഭാഷയിൽ അവകൊണ്ട് ഉണർത്തപ്പെട്ടാൽ തങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും സാഷ്ടാംഗപ്രണാമത്തിൽ വീഴുന്നതാണ്, അവർ അഹങ്കരിച്ച് പിന്തിരിയുന്നവരല്ല എന്നും; 32: 16 ൽ, അവർ അവരുടെ കിടപ്പറയിൽ നിന്ന് അവരുടെ പാർശ്വങ്ങൾ തെള്ളിത്തെള്ളി വന്ന് തങ്ങളുടെ നാഥനെ ഭയത്തോടും പ്രത്യാശയോടും കൂടി വിളിച്ചുപ്രാർത്ഥിക്കുന്നവരും അവർക്ക് നാം നൽകിയതിൽ നിന്ന് ചെലവഴിച്ചുകൊണ്ടിരിക്കുന്നവരുമാണ് എന്നും; 32: 17 ൽ, അവർ ഇഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഗോപ്യമായി ഒരുക്കിവെച്ചിട്ടുള്ള കൺകുളിർമയുളവാക്കുന്ന പ്രതിഫലം ഒരു ആത്മാവും അറിയുന്നില്ല എന്നും; 32: 18 ൽ, അപ്പോൾ ഇത്തരം വിശ്വാസിയായിട്ടുള്ള ഒരാൾ തെമ്മാടിയായ ഒരാളെപ്പോലെയാകുമോ -ഇല്ല; അവർ സമമാവുകയില്ല എന്നും പറഞ്ഞിട്ടുണ്ട്.

4: 118 ൽ വിവരിച്ച പ്രകാരം ഇന്ന് ഒറ്റപ്പെട്ട വിശ്വാസി പ്രഭാതപ്രദോഷങ്ങളിൽ 20: 14, 124; 18: 101; 23: 110 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ ദിക്റീ (അദ്ദിക്ർ) എന്ന ഗ്രന്ഥം ഹൃദയം പങ്കെടുത്തുകൊണ്ട് വായിക്കുകയും 7: 205–206; 22: 77–78; 32: 15 തുടങ്ങി 15 സ്ഥല

ങ്ങളിൽ പറഞ്ഞ തിലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയുമാണ് വേണ്ടത്. അതോടൊപ്പം നാഥനെ പരിചയപ്പെടുത്താനുള്ള ഗ്രന്ഥവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയും 1000 സമുദായങ്ങളിൽ പെട്ട ജീവജാലങ്ങൾക്ക് അവയുടെ ആത്മാവുകൊണ്ട് പ്രാർത്ഥനകളും കീർത്തനങ്ങളും നടത്താൻ അവസരം നൽകുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി നടത്തുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും മനുഷ്യരെ അതിന് പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കണം. കൂടാതെ അദ്ദിക്റിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്തുകൊണ്ട് ലോകരെ പിശാചിന്റെ മാർഗത്തിലേക്ക് അഥവാ നരകക്കുണ്ഠത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്നവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തിക്കൊണ്ട് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുകയും വേണം. 1: 6; 2: 218–219, 245 വിശദീകരണം നോക്കുക.

18. നിശ്ചയം, അല്ലാഹു അല്ലാതെ വേറെ ഇലാഹ് ഇല്ലെന്ന് അല്ലാഹു സ്വയം സാക്ഷ്യം വഹിച്ചുകഴിഞ്ഞു, മലക്കുകളും ജ്ഞാനമുള്ളവരും -നീതിക്കുവേണ്ടി നിലനിൽക്കുന്നവരായിക്കൊണ്ട്, അജയ്യനും യുക്തിജ്ഞനുമായ അവനല്ലാതെ വേറെ ഇലാഹില്ല തന്നെ എന്ന് സാക്ഷ്യം വഹിക്കുന്നു.

ഈ സൂക്തം പ്രവാചകൻ പ്രഭാതത്തിൽ സ്ഥിരമായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. 4: 135; 5: 8; 57: 25 തുടങ്ങി 17 സൂക്തങ്ങളിൽ പരാമർശിച്ച 'നീതി കൊണ്ടും', 6: 19; 11: 7 തുടങ്ങി 4 സ്ഥലങ്ങളിൽ പരാമർശിച്ച 'സാക്ഷി' കൊണ്ടും ഉദ്ദേശിക്കുന്നത് അദ്ദിക്റാണ്. അപ്പോൾ ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ 3: 101 ൽ പറഞ്ഞ പ്രകാരം സാക്ഷിയായ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. ആദ്യ പ്രവാചകൻ നൂഹ് മുതൽ അന്ത്യ പ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ളത് അദ്ദിക്ർ ആണെന്ന് 4: 163; 16: 43–44; 21: 24; 41: 43 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ഇതിന് മുമ്പ് ജ്ഞാനം നൽകപ്പെട്ടവർ സത്യമായ അദ്ദിക്ർ അവരുടെമേൽ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ അവർ വിനീതരായി മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുന്നതാണെന്ന് 17: 107 ൽ പറഞ്ഞിട്ടുണ്ട്. 7: 52; 22: 3, 8; 28: 57; 34: 28, 36; 40: 57 തുടങ്ങി 62 സൂക്തങ്ങളിൽ പറഞ്ഞ 'ജ്ഞാനം' അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. നാഥന്റെ അടിമകളിൽ ജ്ഞാനമായ അദ്ദിക്ർ അറിയുന്നവർ മാത്രമാണ് നാഥനെ ഭയപ്പെടുക എന്ന് 35: 28 ൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാതെ ആരാണോ അല്ലാഹുവിനെക്കുറിച്ച് സംസാരിക്കുന്നത്, അവൻ അല്ലാഹുവിന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്ന കാഫിറും അക്രമിയുമാണെന്ന് യഥാക്രമം 29: 47, 49 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 140–145; 58: 22 വിശദീകരണം നോക്കുക.

19. നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ ദീൻ ഇസ്ലാം മാത്രമാണ്; ഗ്രന്ഥം നൽകപ്പെട്ടവരല്ലാതെ ഭിന്നിച്ചിട്ടുമില്ല -അറിവ് വന്നുകിട്ടിയതിന് ശേഷം അവർക്കിടയിലുള്ള താൻപോരിമ നിമിത്തമല്ലാതെ; അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചവനാരോ, അപ്പോൾ നിശ്ചയം അല്ലാഹു അതിവേഗം വിചാരണ ചെയ്യുന്നവൻ തന്നെയാകുന്നു.

ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതി മാത്രമാണ് ആദം മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യർക്ക് ത്രികാലജ്ഞാനിയായ നാഥൻ തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥ. 9: 33; 48: 28; 61: 9 തുടങ്ങിയ സൂക്തങ്ങളിൽ 'അവൻ തന്നെ

യാണ് അവന്റെ പ്രവാചകനെ സന്മാർഗവും യഥാർത്ഥ ജീവിതരീതിയും കൊണ്ട് അയച്ചത്, അത് മറ്റെല്ലാ ജീവിതവ്യവസ്ഥകളെയും അതിജയിക്കുന്നതിനുവേണ്ടി -അത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ മുശ്രിക്കുകൾക്ക് എത്ര അരോചകമായിരുന്നാലും ശരി' എന്ന് പറഞ്ഞിട്ടുണ്ട്. മുമ്പ് വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരുടെയും ജനത നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് വ്യതിചലിച്ചപ്പോഴാണ് നാഥൻ, മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളെയും സത്യപ്പെടുത്തുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന 15: 9; 16: 44; 21: 24; 41: 41–42 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്റും കൊണ്ട് അന്ത്യപ്രവാചകൻ മുഹമ്മദിനെ നിയോഗിച്ചത്. എന്നാൽ 3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം പ്രവാചകന്റെ ജനത ഭിന്നിക്കുകയും നാഥന്റെ ഗ്രന്ഥം മൂടിവെച്ച് സൃഷ്ടികൾ എഴുതിയുണ്ടാക്കിയ കർമശാസ്ത്രഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത് ദീനിൽ നിന്ന് പുറത്തുപോവുകയാണുണ്ടായത്.

ഇന്ന് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കുന്നു. സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന യഥാർത്ഥ മുസ്ലിംകൾക്ക് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണെന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് അവകാശപ്പെടുന്നവരാണെങ്കിലും അവർ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി 4: 150–151; 30: 30–32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമാണ്. ത്രാസും അമാനത്തുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളായ, മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയാണെന്ന് 33: 72–73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 28 ൽ വിവരിച്ച പ്രകാരം ഇജാസിൽ അവസാനത്തെ ഖലീഫയായ മഹ്ദി വരുന്നതോടെ മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും ഇജാസിലേക്ക് വേർതിരിക്കുന്നതും അവിടെയുള്ള കുഫ്ഫാറുകളായ ഫുജ്ജാറുകളെയെല്ലാം അവിടെനിന്നും പുറത്താക്കുന്നതുമാണ്. മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാൽ വന്നാൽ ഫുജ്ജാറുകൾ അവനെ ആദ്യം നബിയായും പിന്നെ റബ്ബായും സ്വീകരിക്കുന്നതാണ്. ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടെ അന്ന് ഇസ്ലാം അംഗീകരിക്കുന്ന, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഈ ദുഷ്ടജീവികൾ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതുമാണ്. അപ്പോൾ മാത്രമാണ് 38: 8 ൽ പറഞ്ഞ പ്രകാരം അറബി ഖുർആൻ അല്ല, മറിച്ച് ദിക്റീ -അദ്ദിക്ർ- ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ഫുജ്ജാറുകൾക്ക് ബോധ്യം വരിക. 2: 208–210, 213; 3: 102 വിശദീകരണം നോക്കുക.

20. അപ്പോൾ ഇനി നിന്നോട് അവർ തർക്കിക്കുകയാണെങ്കിൽ ഞാനും എന്നെ പിൻപറ്റുന്നവരും അല്ലാഹുവിന് സർവ്വസ്വവും സമർപ്പിച്ചവരാണെന്ന് നീ പറയുക, വേദം നൽകപ്പെട്ടവരോടും നിരക്ഷരരായവരോടും ചോദിക്കുകയും ചെയ്യുക: അപ്പോൾ നിങ്ങളും അവന് സർവ്വാർപ്പണം ചെയ്യാൻ തയ്യാറുണ്ടോ, അങ്ങനെ അവർ സർവ്വാർപ്പണം ചെയ്യുകയാണെങ്കിൽ നിശ്ചയം അവർ സന്മാർഗ

ത്തിലായി; ഇനി അവർ പിന്തിരിയുകയാണെങ്കിൽ അപ്പോൾ നിശ്ചയം എത്തിച്ചുകൊടുക്കൽ മാത്രമാണ് നിന്റെ മേലുള്ള ബാധ്യത, അല്ലാഹു അവന്റെ അടിമകളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാകുന്നു.

പ്രവാചകന്റെ കാലത്ത് വേദത്തിന്റെ ആളുകൾ ജൂതരും ക്രൈസ്തവരും, നിരക്ഷരർ മക്കാമുശ്രിക്കുകളും ആയിരുന്നു. എന്നാൽ അന്ന് ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം ഉണ്ടായിരുന്നില്ല. 3: 10 ൽ വിവരിച്ച പ്രകാരം ഇന്ന് ലോകത്തുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് വേദത്തിന്റെ ആളുകളും നരകത്തിന്റെ വിറകുകളായ കാഫിറുകളും. 6: 55; 7: 40; 32: 12, 22; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാരായ ഇവർ 36: 59–62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് പിൻപറ്റുക. പ്രപഞ്ചനാഥനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയും 47: 7 ൽ പറഞ്ഞ പ്രകാരം നാഥനെ സഹായിക്കുന്നതിന് വേണ്ടിയും വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യം സ്ഥാപിക്കാൻ ശ്രമിക്കലും വിശ്വാസിയുടെ ബാധ്യതയാണ്.

മനുഷ്യർക്ക് ആർക്കും തന്നെ ഏത് കാലഘട്ടത്തിൽ, ഏത് ദേശത്ത്, ഏത് വംശത്തിൽ, ഏത് നിറത്തിൽ, ഏത് മാതാപിതാക്കളിൽ ജനിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമില്ലെന്നും, 4: 1–2 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ കണ്ടെത്തുക, വിശ്വാസിയാണെന്ന് ഉറപ്പുവരുത്തുക, 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നതാണ് ചിന്താശക്തി നൽകപ്പെട്ട മനുഷ്യരുടെ ബാധ്യത. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ 2: 62 ൽ വിവരിച്ച പ്രകാരം ഏക ദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 2: 78–79, 254; 5: 67; 7: 179 വിശദീകരണം നോക്കുക.

21. നിശ്ചയം അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചുകൊണ്ടിരിക്കുന്നവരായവരും നബിമാരെ അന്യായമായി വധിച്ചുകൊണ്ടിരിക്കുന്നവരായവരും മനുഷ്യരിൽ നിന്ന് നീതി കൽപിച്ചുകൊണ്ടിരിക്കുന്നവരെ വധിച്ചുകൊണ്ടിരിക്കുന്നവരുമുണ്ടല്ലോ –അപ്പോൾ അവരെ വേദനാജനകമായ ശിക്ഷകൊണ്ട് സന്തോഷവാർത്ത അറിയിക്കുക.

22. അക്കൂട്ടരാണ് തങ്ങളുടെ പ്രവർത്തനങ്ങൾ ഇഹത്തിലും പരത്തിലും പാഴാക്കിയവർ, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല.

നബിമാരെ അന്യായമായി വധിക്കുന്നവർ ഇന്ന് നബിമാരുടെ പേരുവെച്ച് ജനമധ്യത്തിൽ അവരെ കളവാക്കുന്ന വിധം ജീവിതം നയിച്ച് കൊല്ലാതെ കൊല്ലുന്നവരാണ്. 'മനുഷ്യരിൽ നിന്ന് നീതി കൽപിച്ചുകൊണ്ടിരിക്കുന്നവരെ കൊല്ലുക' എന്ന് പറഞ്ഞതിൽ അദ്ദിക്ർ പഠിക്കുകയും പഠിപ്പിക്കുകയും ജാതി-മത-വർണ-ലിംഗ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരെ ബുദ്ധിമുട്ടിക്കലും

ഉപദ്രവിക്കലും അവർക്ക് ജീവിത പ്രയാസം സൃഷ്ടിക്കലുമെല്ലാമാണ്. ഈ സൂക്തത്തിൽ പറഞ്ഞ മൂന്ന് വിഭാഗവും അല്ലാഹുവിന്റെ ശത്രുക്കളായ, 3: 7–10 സൂക്തങ്ങളിൽ വിവരിച്ച അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. 1000 ത്തിൽ 999 ൽ പെട്ട അവരെ ആത്മാവിനോട് അക്രമം കാണിച്ചവർ എന്നാണ് 35: 32 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. എല്ലാ പ്രവർത്തനങ്ങളും നഷ്ടപ്പെടുന്ന ഇവർ ഇഹത്തിൽ നിന്ദ്യത അനുഭവിക്കുന്നവരും പരത്തിൽ നരകക്കുണ്ഠത്തിൽ പോകേണ്ടവരുമാണ് എന്ന് ഈ സൂക്തവും മുന്നറിയിപ്പ് നൽകുന്നു. വിശ്വാസികളെയും വിശ്വാസിനികളെയും ബുദ്ധിമുട്ടിക്കുകയും അതിൽ ഖേദിച്ച് മടങ്ങാതിരിക്കുകയും ചെയ്യുന്നവർക്ക് നരകക്കുണ്ഠത്തിലെ കരിക്കുന്ന ശിക്ഷയാണുള്ളത് എന്ന് 85: 10 ൽ പറഞ്ഞിട്ടുണ്ട്. 2: 85; 8: 22; 18: 103–106 വിശദീകരണം നോക്കുക.

23. വേദത്തിൽ നിന്ന് ഒരു വിഹിതം നൽകപ്പെട്ടവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ? അവർക്കിടയിൽ വിധി കൽപിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്ക് അവർ വിളിക്കപ്പെട്ടാൽ പിന്നെ അവരിൽ നിന്ന് ഒരു വിഭാഗം അതിൽ നിന്ന് പിന്തിരിഞ്ഞുപോകുന്നവരും അതിനെ അവഗണിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

24. നിശ്ചയം എണ്ണപ്പെട്ട നാളുകളിലല്ലാതെ നരകം ഞങ്ങളെ സ്പർശിക്കുകയില്ല തന്നെ എന്ന് അവർ പറഞ്ഞതാണ് അതിനുകാരണം, അവരുടെ ദീനിൽ അവർ സ്വയം കെട്ടിച്ചമച്ചുകൊണ്ടിരുന്നത് അവരെ വഞ്ചിച്ചിരിക്കുന്നു.

16: 89 ൽ വിവരിച്ച പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്നതും 25: 33 ൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ ഇന്ന് രൂപപ്പെട്ടിരിക്കെ അഭിപ്രായ വ്യത്യാസങ്ങളിൽ അതുകൊണ്ട് വിധി കൽപിക്കണമെന്ന് പറഞ്ഞുകൊണ്ട് ഫുജ്ജാറുകളിലെ വിവിധ സംഘടനക്കാരെ വിളിച്ചാൽ 4: 59; 18: 57; 32: 22 തുടങ്ങിയ സൂക്തങ്ങളുടെ ആശയമെല്ലാം തള്ളിപ്പറഞ്ഞുകൊണ്ട് അവർ നിലകൊള്ളുന്ന ആദർശങ്ങളിൽ തന്നെ മാറ്റമില്ലാതെ തുടരുന്നതാണ്. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ വിവിധ സംഘടനകളായിപ്പിരിഞ്ഞ ഫുജ്ജാറുകളുടെ ഈ സ്വഭാവം കാരണമാണ് ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് 7: 176 ൽ അല്ലാഹു അവരെ ഉപമിച്ചിട്ടുള്ളത്. കാഫിറുകളായ അവർ നരകക്കുണ്ഠത്തിൽ നായയുടെ രൂപത്തിൽ കഴുത്തിൽ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടവരായിട്ടാണ് പ്രവേശിപ്പിക്കപ്പെടുക എന്ന് 40: 69–74; 76: 4 സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കാം. അദ്ദിക്റിനെ അവഗണിച്ച് പിന്തിരിഞ്ഞ് ഇഹലോകം മാത്രം ജീവിതലക്ഷ്യമായി തെരഞ്ഞെടുത്തിട്ടുള്ള 8: 22; 98: 6 സൂക്തങ്ങളിൽ ദുഷ്ടജീവികളെന്നും; 4: 151 ൽ യഥാർത്ഥ കാഫിറുകളെന്നും വിശേഷിപ്പിച്ചിട്ടുള്ള ഫുജ്ജാറുകളെ അവഗണിക്കണമെന്ന് പ്രവാചകനോടും വിശ്വാസികളോടും 53: 29–30 സൂക്തങ്ങളിലൂടെ അല്ലാഹു കൽപിച്ചിട്ടുണ്ട്. മുമ്പ് വേദം നൽകപ്പെട്ട ജൂതക്രൈസ്തവരെ പോലെത്തന്നെ ഇന്ന് 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ആശയമില്ലാതെ ഗ്രന്ഥം വഹിക്കുന്ന, 25: 17–18 സൂക്തങ്ങളിൽ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളുടെ ഉള്ളിലിരിപ്പ് അവർ എന്തുതന്നെയായാലും കുറച്ചുകാലം നരകക്കുണ്ഠത്തിൽ താമസിക്കേണ്ടി വന്നാൽ തന്നെ അധികം വൈകാതെ നബിമാരാലും മഹാത്മാക്കളാലും ശുപാർശ ചെയ്യപ്പെട്ട് സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുമെന്നാണ്. 'അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം കപടന്മാരായ നേതാക്കളാണല്ലോ ഞങ്ങളെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകനായിരുന്നുവല്ലോ' എന്ന് അക്രമികളായ ഇത്തരക്കാർ പരലോകത്തുവെച്ച് കൈ

കടിച്ചുകൊണ്ട് വിലപിക്കുന്ന രംഗം 25: 27-29 സൂക്തങ്ങളിലും; പ്രവാചകൻ ഗ്രന്ഥവും കൊണ്ട് വന്ന് 'എന്റെ ഈ ജനത ഈ വായനയിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് അവരുടെ ഈ ദുർഗതിക്ക് കാരണം' എന്ന് അന്യായം പറയുന്ന രംഗം 25: 30 ലും മുന്നറിയിപ്പ് ൽകിയിട്ടുണ്ട്. ഇത്തരം മുന്നറിയിപ്പുകളെയെല്ലാം അവഗണിച്ചുകൊണ്ട് ആത്മാവ് പങ്കെടുക്കാതെ നമസ്കരിച്ചും നോമ്പെടുത്തും ഹജ്ജും ഉംറയും ചെയ്തും 25: 65-66 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിഴയായി നരകക്കുണ്ഠം വാങ്ങുന്നവരായി ഈ കെട്ടജനത അധഃപതിച്ചിരിക്കുകയാണ്. 2: 80, 94-95; 5: 10 വിശദീകരണം നോക്കുക.

25. നാം അവരെയെല്ലാം ഒരുമിച്ചുകൂട്ടുന്ന നാളിൽ അവരുടെ അവസ്ഥ എന്തായിരിക്കും? ആ നാളിന്റെ കാര്യത്തിൽ സംശയമേയില്ല, അന്ന് എല്ലാ ഓരോ ആത്മാവിനും അവൾ സമ്പാദിച്ചത് പൂർണ്ണമായി നൽകപ്പെടുന്നതാണ്, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

മനുഷ്യരുടെ നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഏഴാം ഘട്ടത്തിലേക്കുള്ള സ്വർഗ്ഗം അല്ലെങ്കിൽ നരകം അവരവർ തന്നെയാണ് സമ്പാദിക്കുന്നത്, അല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല എന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. സൃഷ്ടികൾക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന ഒരു ദിനം അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ആ ദിനത്തിന്റെ ഉടമസ്ഥൻ രാജാധിരാജനായ അല്ലാഹു മാത്രമാണെന്ന് എല്ലാവരും അംഗീകരിക്കുന്നു. നിഷ്പക്ഷവാനായ അവൻ അവന്റെ സൃഷ്ടികളോട് അൽപം പോലും അനീതി കാണിക്കാത്ത നീതിമാനായ ഏകാധിപനും സർവ്വാധിപനും സ്വേഛാധിപനുമാണ്. ത്രികാലജ്ഞാനിയായ അവൻ 17: 13-15; 18: 49; 23: 62-63; 36: 12; 45: 28-29; 58: 6; 78: 27-29 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെയും പിരടിയിൽ അവരവരുടെ കർമരേഖ ബന്ധിച്ചിട്ടുണ്ട്. അത് പുറത്തെടുത്ത് ഓരോരുത്തർക്കും നൽകി അവരവരെക്കൊണ്ട് തന്നെ വായിപ്പിച്ചാണ് വിധിദിവസം ഓരോരുത്തരുടെയും വിചാരണ നടത്തുക. 2: 286; 3: 9; 32: 14 വിശദീകരണം നോക്കുക.

26. നീ പ്രാർത്ഥിക്കുക: രാജാധിരാജനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ രാജാധിപത്യം നൽകുന്നു, നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ രാജാധിപത്യം ഇറക്കിവെക്കുന്നു, നീ ഉദ്ദേശിക്കുന്നവരെ നീ പ്രതാപവാനാക്കുന്നു, നീ ഉദ്ദേശിക്കുന്നവരെ നീ പതിതനാക്കുന്നു, എല്ലാ നന്മയും നിന്റെ പക്കലാണുള്ളത്, നിശ്ചയം നീ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാകുന്നു.

27. നീ രാത്രിയെ പകലിൽ ലയിപ്പിക്കുന്നു, പകലിനെ രാത്രിയിലും നീ ലയിപ്പിക്കുന്നു, ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെ നീ പുറപ്പെടുവിപ്പിക്കുന്നു, ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും നീ പുറപ്പെടുവിപ്പിക്കുന്നു, നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ ഏറ്റവും മഹത്തായ നാമം ഉൾക്കൊള്ളുന്ന ഈ രണ്ട് സൂക്തങ്ങൾ പ്രവാചകൻ പ്രഭാതത്തിലും പ്രദോഷത്തിലും 'വിർദ്' ആയി പ്രാർത്ഥിച്ചിരുന്നു. പ്രവാചകനോടും വിശ്വാസികളോടും ഇങ്ങനെ ആത്മാവുകൊണ്ട് പ്രാർത്ഥിക്കാനാണ് പ്രപഞ്ചനാഥനായ അല്ലാഹു കൽപിക്കുന്നത്: അല്ലാഹുവേ, രാജാധിരാജാ! എല്ലാറ്റിന്റെയും നിയന്ത്രണം കയ്യിലുള്ളവനേ, സന്മാർഗത്തിന്റെ ഉടയവനേ, നീ ഉദ്ദേശിക്കുന്നവർക്ക് ഭരണാധികാരം നൽകുകയും നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് അത് ഇറക്കിവെക്കുകയും ചെയ്യുന്നവനേ, രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നവനേ, ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെയും പുറപ്പെടു

വിപ്പിക്കുന്നവനേ, നീ ഉദ്ദേശിക്കുന്നവർക്ക് പ്രതാപം നൽകുകയും നീ ഉദ്ദേശിക്കുന്നവരെ പതിതരാക്കുകയും ചെയ്യുന്നവനേ, നീ ഉദ്ദേശിക്കുന്നവരെ കാര്യകാരണബന്ധത്തിന് അതീതമായി ഊട്ടുന്നവനേ, നിന്റെ പക്കലാണ് എല്ലാ നന്മകളുമുള്ളത്, നിശ്ചയം നീ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാണ്. അതുകൊണ്ട് ഭരണാധികാരികളെ നീ മാർഗദർശനം ചെയ്ത് നിന്റെ ഗ്രന്ഥത്തോടും ദീനിനോടും കൂറുള്ളവരാക്കേണമേ.

മൊത്തം മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ പഠിപ്പിക്കുക വഴി ജീവിതലക്ഷ്യത്തെക്കുറിച്ച് ബോധമുള്ളവരാക്കി നീതിയും ന്യായവും നടപ്പിലാക്കുന്ന ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ ജനങ്ങളെ പാകപ്പെടുത്തലാണ് അല്ലാഹു തൃപ്തിപ്പെട്ട ഇസ്ലാമിക വ്യവസ്ഥിതി നടപ്പിൽ വരുത്തുന്നതിനുള്ള വിശ്വാസികളുടെ പ്രവർത്തനരീതി. അല്ലാതെ അധികാരം പിടിച്ചെടുക്കുന്നതിനും ആനുകൂല്യങ്ങൾ നേടുന്നതിനും വേണ്ടി ഭൂരിപക്ഷത്തെ പ്രീണിപ്പിക്കുകയോ ജൂതരാഷ്ട്രം ഉണ്ടാക്കിയതുപോലെ തീവ്രവാദ പ്രവർത്തനങ്ങൾ വഴി അധികാരം നേടാൻ ശ്രമിക്കുകയോ സാമുദായിക സംഘടനകളുണ്ടാക്കി അതുവെച്ച് വില പേശുകയോ മറ്റു കുറുക്കുവഴികൾ അന്വേഷിക്കുകയോ ചെയ്യാൻ നാഥന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസിക്ക് പാടില്ല. അദ്ദിക്റിന്റെ വിധിവിലക്കുകൾ നടപ്പിൽ വരുത്താൻ അവരവർ തന്നെ അധികാരത്തിൽ വരണമെന്ന ആഗ്രഹം വിശ്വാസികൾക്ക് ഒരിക്കലും ഉണ്ടാവുകയില്ല.

മതേതരവാദികൾ ഒരുമിക്കാതിരുന്നാൽ ഫാസിസ്റ്റുകൾ അധികാരത്തിൽ വരുമെന്ന് പറയുന്നവർ അദ്ദിക്റിനെ അവഗണിക്കുന്നവരാണ്. മൊത്തം മനുഷ്യരെ പരിഗണിക്കാതെ സമുദായങ്ങളെ ഒരുമിച്ചുകൂട്ടി അധികാരത്തിനുവേണ്ടി വാദിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവർ ഇത്തരം സൂക്തങ്ങളെ കളവാക്കുന്ന കപടവിശ്വാസികളാണ്. അവർ തന്നെയാണ് മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരും ഭൗതികലോകത്തെ സ്വർഗമായി പരിഗണിക്കുന്നവരും. 63: 4 ൽ പരാമർശിച്ച അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളായ കപടവിശ്വാസികൾ അധികാരത്തിൽ വരുന്നതിന് വിശ്വാസികൾ ഒരിക്കലും ആഗ്രഹിക്കുകയില്ല എന്ന് മാത്രമല്ല, അവർ അധികാരത്തിൽ വരുന്നതിന് എതിരായി മനസ്സാ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ്.

'നീ രാത്രിയെ പകലിൽ ലയിപ്പിക്കുന്നു, പകലിനെ രാത്രിയിലും നീ ലയിപ്പിക്കുന്നു' എന്ന് പറഞ്ഞതിന്റെ ആശയം രാത്രിയെ പകലിൻ മേലും പകലിനെ രാത്രിയിൻ മേലും ചുരുട്ടുന്നവൻ എന്ന് 39: 5 ൽ പറഞ്ഞത് തന്നെയാണ്. 'ചുരുട്ടുന്നവൻ' എന്ന് പറഞ്ഞതിൽ നിന്ന് ഭൂമിയുടെ ഗോളാകൃതിക്കുള്ള തെളിവ് ലഭിക്കുന്നുണ്ട്. അവൻ തന്നെയാണ് രാവിനെയും പകലിനെയും ഒന്നിനുപുറകെ മറ്റൊന്നായി കൊണ്ടുവരുന്നവൻ എന്ന് 25: 62 ലും പറഞ്ഞിട്ടുണ്ട്. 'ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയും ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയും പുറപ്പെടുവിപ്പിക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ, അണ്ടിയിൽ നിന്ന് മാവും മാവിൽ നിന്ന് അണ്ടിയും മുട്ടയിൽ നിന്ന് കോഴിയും കോഴിയിൽ നിന്ന് മുട്ടയും ഇന്ദ്രിയത്തുള്ളിയിൽ നിന്ന് വികസിപ്പിച്ചെടുത്ത ശരീരത്തിൽ നാലാം മാസത്തിൽ ആവാഹിപ്പിച്ച റൂഹ് വേർപ്പെടുത്തി മരിപ്പിക്കുന്നതും കാഫിറിൽ നിന്ന് വിശ്വാസിയെയും വിശ്വാസിയിൽ നിന്ന് കാഫിറിനെയും കൊണ്ടുവരുന്നതും അല്ലാഹു തന്നെയാണ് എന്നാണ്.

'നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുന്നു' എന്നതിന്റെ ആശയം, ഭൗതിക ജീവിതവിഭവങ്ങൾ നൽകുന്നത് കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല എന്നാണ്. നിഷ്പക്ഷവാനായ നാഥൻ ഭൗതികവിഭവങ്ങൾ നൽകിയിട്ടു

ള്ളത് കൂടുതലും കാഫിറുകൾക്കാണ്. അതുവഴി അവൻ അവരെ ഇഹത്തിലെങ്കിലും സ്വർഗീയ ജീവിതം ആസ്വദിപ്പിക്കുകയാണ് ചെയ്യുന്നത്. കാരണം അവർ മരണത്തോടു കൂടി നരകക്കുണ്ഠത്തിൽ പ്രവേശിക്കപ്പെടുന്നവരാണ്. എന്നാൽ പരലോകത്ത് വിശ്വാസികൾക്ക് മാത്രമായി വിഭവങ്ങൾ നൽകുന്ന കാരുണ്യവാനായ അല്ലാഹു ഇഹലോകത്ത് കാര്യകാരണബന്ധത്തിന് അതീതമായി വിശ്വാസികൾക്കുമാത്രം ഭക്ഷണവിഭവങ്ങളും സഹായങ്ങളും നൽകുന്നവനാണ്. 4: 139 ൽ, കപടവിശ്വാസികളെക്കുറിച്ച്, അവർ വിശ്വാസികളെ ഒഴിവാക്കിക്കൊണ്ട് കാഫിറുകളെ തങ്ങളുടെ മിത്രങ്ങളായി സ്വീകരിച്ചവരാണ്, അവർ കാഫിറുകളുടെ അടുത്താണോ അന്തസ്സും പ്രതാപവും അന്വേഷിക്കുന്നത്, എന്നാൽ നിശ്ചയം അന്തസ്സും പ്രതാപവുമെല്ലാം അല്ലാഹുവിനുള്ളതാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 63: 8 ൽ, അല്ലാഹുവിനും അവന്റെ പ്രവാചകനും വിശ്വാസികൾക്കുമാണ് പ്രതാപമെന്നും എന്നാൽ കപടവിശ്വാസികൾ അത് ഗ്രഹിക്കാത്തവരാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 10: 65 ൽ, അവരുടെ വാക്കുകൾ നിന്നെ ദുഃഖിപ്പിക്കേണ്ട, നിശ്ചയം ശക്തിയും പ്രതാപവും മുഴുവനും അല്ലാഹുവിന്റെ പക്കലാണ് എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 2; 2: 62, 256–258; 9: 73 വിശദീകരണം നോക്കുക.

28. വിശ്വാസികൾ വിശ്വാസികളെക്കൂടാതെ കാഫിറുകളെ ആത്മമിത്രങ്ങളായി സ്വീകരിക്കുകയില്ല, ആരെങ്കിലും അങ്ങനെ ചെയ്യുന്നുവെങ്കിൽ അവന് അല്ലാഹുവുമായി ഒരു ബന്ധവുമില്ല –സൂക്ഷ്മത പാലിച്ചുകൊണ്ട് അവരോട് സഹകരിക്കുന്നതൊഴികെ, അല്ലാഹു അവനെക്കുറിച്ചുതന്നെ നിങ്ങളെ ജാഗരൂകരാക്കുന്നു, അല്ലാഹുവിലേക്ക് തന്നെയാണ് എല്ലാവരുടെയും മടക്കവും.

9: 23 ൽ അല്ലാഹു വിശ്വാസികളെ വിളിച്ച്: നിങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും വിശ്വാസത്തേക്കാൾ കൂടുതൽ നിഷേധത്തിന് പ്രാധാന്യം നൽകുന്നുവെങ്കിൽ അവരെ നിങ്ങൾ ആത്മമിത്രമായി തെരഞ്ഞെടുക്കരുത് –നിങ്ങളിൽ ആരെങ്കിലും അങ്ങനെ അവരെ തെരഞ്ഞെടുത്താൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ വിശ്വാസിയായ അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവരാണ്. അവനാണ് അവരുടെ സംരക്ഷകനും കൂട്ടുകാരനും. എന്നാൽ ഗ്രന്ഥം കിട്ടിയിട്ട് മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകളും അക്രമികളും തെമ്മാടികളുമായ ഫുജ്ജാറുകളുടെ സംരക്ഷകരും തോഴരും വിവിധങ്ങളായ ദുശ്ശക്തികളാണ്. അവർ കാഫിറായ പിശാചിന്റെ സംഘക്കാരും പിശാചിനോടൊപ്പം നരകക്കുണ്ഠത്തിൽ സഹവസിക്കേണ്ടവരുമാണ്. അപ്പോൾ അത്തരം കാഫിറുകളോട് അവർ മാതാപിതാക്കൾ, മക്കൾ, ഇണ–തുണകൾ, സഹോദര സഹോദരികൾ, അവർക്ക് സംരക്ഷണം കൊടുത്തവർ, നേതാക്കൾ, അനുയായികൾ തുടങ്ങി ആരുതന്നെ ആണെങ്കിലും ശരി, ഈ ലോകത്തുവെച്ച് മനസറിഞ്ഞ് സഹകരിക്കാൻ പാടില്ല. എന്നാൽ നിർബന്ധിതാവസ്ഥയിൽ 16: 106–107 സൂക്തങ്ങളുടെ ആശയം ഉൾക്കൊണ്ട് സഹകരിക്കാമെന്നല്ലാതെ, മനസാ അവരുമായി ഇഹത്തിൽ സഹകരിക്കരുത് എന്നാണ് കൽപിക്കുന്നത്. അല്ലാത്ത പക്ഷം പരത്തിൽ ഖേദിക്കേണ്ടി വരുന്ന രംഗം 25: 29; 43: 67 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ബന്ധം മാത്രമേ പരലോകത്ത് പ്രയോജനപ്പെടുകയുള്ളൂ. അല്ലാത്ത ബന്ധങ്ങളെല്ലാം പരസ്പരം പഴിചാരുന്നതും ശത്രുതയിലുമായിരിക്കും. അതുതന്നെയാണ് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത്: *നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല –തന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നതിനെ (അദ്ദിക്*

റിനെ) പിൻപറ്റുന്നതുവരെ. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അറബി ഖുർ ആൻ വായിക്കുന്ന ഫുജ്ജാറുകളിലെ കപടവിശ്വാസികളായ നേതാക്കളും അനുയായികളും നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ നാഥൻ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 2: 120–121; 4: 144; 58: 22; 80: 34–37 വിശദീകരണം നോക്കുക.

29. നീ പറയുക: നിങ്ങളുടെ നെഞ്ചുകളിലുള്ളതിനെ നിങ്ങൾ മറച്ചുവെച്ചാലും അല്ലെങ്കിൽ അത് നിങ്ങൾ വെളിപ്പെടുത്തിയാലും അല്ലാഹു അത് അറിയുന്നുണ്ട്, ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അവൻ അറിയുന്നവനാകുന്നു, അല്ലാഹു എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാകുന്നു.

ത്രികാലജ്ഞാനിയായ അല്ലാഹു നെഞ്ചുകളുടെ അവസ്ഥ അറിയുന്നവനാണെന്നും അവനിൽ നിന്ന് ആർക്കും എവിടെയും എപ്പോഴും ഒന്നും ഒളിപ്പിച്ചുവെക്കാൻ സാധ്യമല്ലെന്നുമുള്ള ബോധത്തിൽ സദാ നിലകൊള്ളുകയും പിശാചിനെയും അവന്റെ സംഘക്കാരെയും മനസാ-വാചാ-കർമണാ വെറുക്കുകയും അവരോട് വിരോധം വെക്കുകയും വേണമെന്നാണ് കൽപിക്കുന്നത്. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 'നാഥനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ല, അപ്പോൾ ഈ അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മനുഷ്യരെ ഉണർത്തുന്നില്ലെയോ' എന്ന് 32: 4 ൽ വായിക്കുന്നവരാണ്. അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ അല്ലാഹുവിനെക്കൂടാതെയുള്ളവരെ സംരക്ഷകരായി തെരഞ്ഞെടുത്തിരിക്കുന്നു എന്ന് 25: 17–18 സൂക്തങ്ങളിലും; പരലോകത്തുവെച്ച് അവർ 'എനിക്ക് അദ്ദിക്ർ വന്നുകിട്ടിയതിനുശേഷം പിശാച് അദ്ദിക്റിൽ നിന്ന് എന്നെ തടഞ്ഞുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിലും അവർ വായിച്ചിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്താതെ ഇവിടെ ജീവിക്കുന്ന അവർ, തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ദുഷിച്ച ജീവികളും വഴിപിഴച്ചവരുമാണെന്ന് 8: 22; 25: 33–34 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 'അല്ലാഹു ഒഴികെ മറ്റൊരു ഇലാഹുമില്ല' എന്ന് നാവുകൊണ്ട് പറഞ്ഞാൽ തന്നെ സ്വർഗത്തിൽ പ്രവേശിക്കുമെന്നാണ് നാഥന്റെ കോപത്തിനും ശാപത്തിനും വിധേയരായവരും അഹങ്കാരികളുമായ കപടവിശ്വാസികളും അവരുടെ അനുയായികളും ജൽപിച്ചുപോരുന്നത്. 2: 254–255, 284; 3: 5; 9: 67–68 വിശദീകരണം നോക്കുക.

30. എല്ലാ ഓരോ ആത്മാവും അത് പ്രവർത്തിച്ച നന്മയും അത് പ്രവർത്തിച്ച തിന്മയും ഹാജരാക്കപ്പെടുന്ന ഒരു ദിവസം കണ്ടെത്തുന്നതാണ്, അന്ന് അതിന്റെയും അവന്റെയും ഇടയിൽ അതിവിദൂരമായ അകൽച്ച ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ ആഗ്രഹിക്കും, അല്ലാഹു അവനെക്കുറിച്ചുതന്നെ നിങ്ങളെ ജാഗരൂകരാക്കുന്നു, അല്ലാഹുവാകട്ടെ തന്റെ അടിമകളോട് ഏറ്റവും കൃപയുള്ളവനുമാകുന്നു.

എല്ലാ ഓരോ ആത്മാവും -ആണായിരിക്കട്ടെ, പെണ്ണായിരിക്കട്ടെ- അവർ സമ്പാദിക്കുന്നത് നന്മയിൽ നിന്നുള്ളതാണെങ്കിൽ അതും തിന്മയിൽ നിന്നുള്ളതാണെങ്കിൽ അതും വിധിദിവസം കാണുന്നതാണ്. 'അതിന്റെയും അവന്റെയും ഇടയിൽ' എന്ന് പറഞ്ഞതിന്റെ വിവക്ഷ സ്വീകരിക്കപ്പെടാത്ത പ്രവൃത്തികളുടെയും കുറ്റവാളിയായ ആത്മാവിന്റെയും ഇടയിൽ എന്നും, അല്ലെങ്കിൽ ആ ദിവസത്തിന്റെയും അവന്റെയും ഇടയിൽ എന്നുമാണ്. 78: 40 ൽ, ഓരോ വ്യക്തിയും തന്റെ കൈകൾ മുൻകൂട്ടി ഒരുക്കിവെച്ചിട്ടുള്ളത് കാ

ണുന്ന ദിനം കാഫിർ: 'ഓ, എന്റെ നാശം! കഷ്ടം! ഞാൻ മണ്ണായിത്തീർന്നിരുന്നെങ്കിൽ എ ത്ര നന്നായിരുന്നേനെ' എന്ന് വിലപിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

3: 25 ൽ വിവരിച്ച പ്രകാരം പിരടിയിലുള്ള കർമരേഖയിൽ രേഖപ്പെടുത്തപ്പെട്ട വാക്കി നും പ്രവൃത്തിക്കും ചിന്തക്കും അനുകൂലമായി ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിൽ നി ന്നുള്ള ഒരു പദമെങ്കിലും തെളിവായുണ്ടെങ്കിൽ മാത്രമേ ഏതൊരു പ്രവൃത്തിയും നന്മ യായി സ്വീകരിക്കപ്പെടുകയുള്ളൂ. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് നന്മയാണെന്ന് കരുതി ചെയ്യുന്ന ഏത് പ്രവർത്തനവും തിന്മയായി മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. 'അല്ലാഹു അവനെക്കുറിച്ചുതന്നെ നിങ്ങളെ ജാഗരൂകരാക്കുന്നു' എന്ന് പറഞ്ഞതിന്റെ വിവക്ഷ പര ലോകത്ത് വരാൻ പോകുന്ന എല്ലാ കാര്യങ്ങളും അല്ലാഹു ഗ്രന്ഥത്തിൽ നിങ്ങളെ ഉണർ ത്തിയിട്ടുള്ളതിനാൽ സ്വർഗം അല്ലെങ്കിൽ നരകം ഓരോരുത്തരും ഇവിടെവെച്ച് സമ്പാദി ക്കുന്നതാണ് എന്നാണ്. അല്ലാതെ നിങ്ങൾ നരകം സമ്പാദിച്ചതിന് അല്ലാഹുവിനെയോ പിശാചിനെയോ കുറ്റപ്പെടുത്തിയിട്ട് പ്രയോജനമുണ്ടാവുകയില്ല. 'അല്ലാഹുവാകട്ടെ ത ന്റെ അടിമകളോട് ഏറ്റവും കൃപയുള്ളവനുമാകുന്നു' എന്നതിന്റെ വിവക്ഷ, പരലോക ത്തുവെച്ച് ആർക്കും ഒന്നും തിരുത്താൻ സാധ്യമല്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ഇഹ ത്തിൽ വെച്ച് ഓരോരുത്തരും സമ്പാദിക്കുന്നത് നരകമാണോ സ്വർഗമാണോ എന്ന് ഇവി ടെ വെച്ച് തന്നെ സ്വയം തൂക്കിനോക്കി ഉറപ്പുവരുത്താനുള്ള ത്രാസ്സായ അദ്ദിക്ർ അവൻ നൽകിയിരിക്കുന്നു എന്നതാണ്. 2: 286; 4: 42; 16: 111; 18: 49 വിശദീകരണം നോക്കുക.

31. നീ പറയുക: നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ അപ്പോൾ നിങ്ങൾ എന്നെ പിൻപറ്റുക, അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങൾക്ക് അവൻ നിങ്ങളുടെ കുറ്റങ്ങൾ പൊറുത്തുതരികയും ചെയ്യും, അല്ലാഹു ഏറെപൊറുക്കു ന്ന കാരുണ്യവാനുമാകുന്നു.

32. നീ പറയുക: നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, പ്രവാചകനെയും; ഇനി അവർ പിന്തിരിയുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു കാഫിറുകളെ ഇഷ്ടപ്പെടുകയില്ല തന്നെ.

അല്ലാഹുവിന്റെ അടുത്തേക്ക് എത്തിപ്പെടാൻ ആഗ്രഹിക്കുന്നവർ അവന്റെ പ്രവാചക നെ അടിമുതൽ മുടിവരെ പിൻപറ്റണം. നിങ്ങൾക്ക് പ്രവാചകൻ എന്താണോ നൽകിയിട്ടു ള്ളത്, അത് നിങ്ങൾ സ്വീകരിക്കുക, പ്രവാചകൻ എന്താണോ വിരോധിച്ചിട്ടുള്ളത്, അത് നിങ്ങൾ വർജ്ജിക്കുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിശ്ചയം അ വൻ കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാണ് എന്ന് 59: 7 ലും; നിങ്ങൾ അല്ലാഹുവി നെയും അവന്റെ പ്രവാചകനെയും അനുസരിക്കുകയാണെങ്കിൽ നിങ്ങളുടെ പ്രവർത്തന ങ്ങളൊന്നും പാഴായിപ്പോവുകയില്ല, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാ നാകുന്നു എന്ന് 49: 14 ലും; ആരാണോ പ്രവാചകനെ അനുസരിച്ചത്, അപ്പോൾ അവൻ അല്ലാഹുവിനെ അനുസരിച്ചു, ആരാണോ പ്രവാചകനിൽ നിന്ന് പിന്തിരിഞ്ഞത്, അപ്പോൾ നിന്നെ നാം അവരുടെ സൂക്ഷിപ്പുകാരനൊന്നും ആക്കിയിട്ടില്ല എന്ന് 4: 80 ലും പറഞ്ഞി ട്ടുണ്ട്. അല്ലാഹുവും പ്രവാചകനും ഉള്ളത് ഗ്രന്ഥത്തിലായതുകൊണ്ട് അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദിക്ർ പിൻപറ്റുക എന്നാണ്. അദ്ദിക്ർ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായതുകൊണ്ട് അതിനെ മുറുകെപ്പിടിച്ച് നിലകൊണ്ടാൽ ഏതൊരാൾക്കും സ്വർഗ്ഗ ത്തിലേക്ക് തന്നെ തിരിച്ചുപോകാവുന്നതാണ്.

5: 48 ൽ പറഞ്ഞ മുഹൈമിനായ ഗ്രന്ഥം ഇന്ന് രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പി

ടിച്ചാൽ 3: 101–103 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം *മുഹൈമിനായ* നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളിലെ നേതാക്കളായ കപടവിശ്വാസികൾ അനുയായികളായ ഫാജിറുകളോട് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെക്കുറിച്ച് ഒരക്ഷരം പോലും പറയാതെ 'ആവർത്തിച്ച് വായിക്കുക' എന്ന് അർത്ഥം വരുന്ന 'ഖുർആൻ' എന്ന പദം മാത്രം പറയുന്നവരാണ്. 1: 7 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ കോപത്തിന് വിധേയരായവരും വഴിപിഴച്ചുപോയവരുമായ, പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഇവർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ അവർ തന്നെ വായിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുന്നില്ല. മറിച്ച്, ഇവർ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 146; 4: 59; 39: 53–55; 57: 19 വിശദീകരണം നോക്കുക.

33. നിശ്ചയം അല്ലാഹു ആദമിനെയും നൂഹിനെയും ഇബ്റാഹീം കുടുംബത്തെയും ഇംറാൻ കുടുംബത്തെയും സർവ്വലോകരുടെമേൽ തെരഞ്ഞെടുത്തിരിക്കുന്നു.

34. അവർ ചിലർ ചിലരുടെ സന്തതിപരമ്പരകളിൽ പെട്ടവരാകുന്നു, അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയുമാകുന്നു.

സൂറത്ത് മർയമിൽ, സകരിയ്യ, യഹ്യാ, ഈസാ, ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, മൂസാ, ഹാറൂൻ, ഇസ്മാഈൽ, ഇദ്രീസ് എന്നീ പ്രവാചകന്മാരെ അനുസ്മരിച്ചതിന് ശേഷം 19: 58 ൽ, അക്കൂട്ടരെല്ലാമാണ് ആദം സന്തതിപരമ്പരകളിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്തിന് വിധേയരായിട്ടുള്ള നബിമാരിൽ നിന്നുള്ള ചിലർ, നൂഹിന്റെ കൂടെ നാം കപ്പലിൽ വഹിപ്പിച്ചവരിൽ നിന്നുള്ള ചിലർ, ഇബ്റാഹീമിന്റെയും ഇസ്റാഈലിന്റെയും സന്തതിപരമ്പരകളിൽ പെട്ട ചിലർ, നാം സന്മാർഗത്തിലാക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളവരിൽ നിന്നുള്ള ചിലർ; നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവരുടെ മേൽ വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ ഉടനെത്തന്നെ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. നിന്നോടും (മുഹമ്മദ്) നൂഹിനോടും ഇബ്റാഹീം, മൂസാ, ഈസാ തുടങ്ങിയവരോടും ഊന്നിയുപദേശിച്ച ആ ദീൻ തന്നെ നിങ്ങൾക്ക് മാർഗമായി (ജീവിതസരണിയായി) നിശ്ചയിച്ചിരിക്കുന്നു എന്ന് 42: 13 ലും; ഓ മനുഷ്യരേ! നിശ്ചയം നിങ്ങളെ നാം ഒരു ആണിൽ നിന്നും പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്, നിങ്ങളെ വിവിധ ദേശക്കാരും ഗോത്രക്കാരുമായി തിരിച്ചിട്ടുള്ളത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്, നിശ്ചയം നിങ്ങളിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും സൂക്ഷ്മതയുള്ളവനാണ്, നിശ്ചയം അല്ലാഹു എല്ലാം വലയം ചെയ്ത സർവ്വജ്ഞാനിയായ ത്രികാലജ്ഞാനിയാകുന്നു എന്ന് 49: 13 ലും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ആദം മുതൽ അന്ത്യനാൾ വരെയുള്ള അല്ലാഹുവിന്റെ സൃഷ്ടികൾക്ക് അവൻ തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയാണ് നേരെചൊവ്വെയുള്ള പാതയായ അദ്ദിക്ർ. സർവ്വലോകർക്കുമുള്ള ഉണർത്തലും സന്മാർഗവുമായ അദ്ദിക്റിനെ ഫുജ്ജാറുകൾ മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്ന് 6: 89–90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഈസാ നബിയുടെ മാതാവായ മർയമിന്റെ പിതാവിന്റെ കുടുംബത്തെയാണ് ഇംറാൻ കുടുംബം എന്നത്കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. മൂസാ നബിയുടെയും ഹാറൂൻ നബി

യുടെയും പിതാവിന്റെ പേരും 'ഇംറാൻ' എന്നായിരുന്നു. 1: 5–6; 2: 136, 213; 3: 19; 4: 163 വിശദീകരണം നോക്കുക.

35. ഇംറാന്റെ സ്ത്രീ പ്രാർത്ഥിച്ച സന്ദർഭം ഓർക്കേണ്ടതാണ്: എന്റെ നാഥാ, നിശ്ചയം ഞാൻ എന്റെ വയറ്റിലുള്ളതിനെ നിനക്ക് സേവനം ചെയ്യുന്നതിനുവേണ്ടി പ്രത്യേകം ഉഴിഞ്ഞുവെക്കാൻ നേർച്ചയാക്കിയിരിക്കുന്നു, അപ്പോൾ നീ എന്നിൽ നിന്ന് സ്വീകരിച്ചാലും, നിശ്ചയം നീ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി തന്നെയാണ്.

36. അങ്ങനെ അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ! നിശ്ചയം ഞാൻ പ്രസവിച്ചിട്ടുള്ളത് ഒരു പെണ്ണിനെയാണ് –അവൾ പ്രസവിച്ചതെന്താണെന്ന് ഏറ്റവും അറിയുന്നവൻ അല്ലാഹു തന്നെയാകുന്നു, എന്നാൽ പുരുഷൻ സ്ത്രീയെപ്പോലെയല്ലല്ലോ? നിശ്ചയം ഞാൻ അവൾക്ക് മർയം എന്ന് പേരിടുകയും ചെയ്തിരിക്കുന്നു, നിശ്ചയം ഞാൻ അവളെത്തൊട്ടും അവളുടെ സന്താനത്തെത്തൊട്ടും ആട്ടപ്പെട്ട പിശാചിൽ നിന്ന് നിന്നെക്കൊണ്ട് അഭയം തേടുകയും ചെയ്യുന്നു.

എല്ലാ ആദം സന്തതികളെയും പിശാച് സ്പർശിക്കാതിരിക്കുകയില്ല, എന്നാൽ ഈ പ്രാർത്ഥന കാരണം മർയമിനെയും പുത്രൻ ഈസായെയും പിശാച് സമീപിക്കുകയില്ല എന്നും, അതുകൊണ്ട് ഇണചേരുമ്പോൾ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിൽ ശരണം തേടണമെന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. നന്മ നാഥനിൽ നിന്നും തിന്മ പിശാചിൽ നിന്നുമാണ് സംഭവിക്കുന്നത് എന്ന് 4: 79 ൽ പറഞ്ഞിട്ടുണ്ട്. ലൈംഗികബന്ധത്തിന് പ്രേരിപ്പിച്ചുകൊണ്ടാണ് പിശാച് ആദം ദമ്പതികളെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയത്. ഈസായെയും മാതാവിനെയും പിശാച് ബാധിക്കുകയില്ല എന്നതിനാൽ അവർ വിവാഹം കഴിക്കാത്തവരും ലൈംഗികബന്ധത്തിൽ ഏർപ്പെടാത്തവരുമായിരുന്നു. പിശാചിന് ഈസായിൽ ഒരു സ്വാധീനവുമില്ലാത്തതിനാൽ തന്നെ ഈസാ ക്രൂശിക്കപ്പെട്ടിട്ടില്ല. മറിച്ച്, അജയ്യനായ പ്രപഞ്ചനാഥൻ ഈസായെ ശരീരത്തോടുകൂടി രണ്ടാം ആകാശത്തേക്ക് ഉയർത്തുകയാണുണ്ടായത്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്ന മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാൽ പുറപ്പെട്ട് അവൻ *ഇജാസൊ*ഴികെ മറ്റെല്ലായിടത്തും ചുറ്റിസഞ്ചരിക്കുന്നതും കുഫ്ർ വ്യവസ്ഥ നടപ്പിലാക്കുന്നതുമാണ്. അവനെ വധിക്കുന്നതിനുവേണ്ടി ഈസായെ നാഥൻ രണ്ടാമതും ഭൂമിയിലേക്ക് ഇറക്കുന്നതും മസീഹുദ്ദജ്ജാലിനെ വധിക്കുന്നതുമാണ്. ഈസായുടെ ശ്വാസോച്ഛ്വാസമേറ്റ് കാഫിറുകളെല്ലാം മരിച്ചുവീഴുന്നതുമാണ്.

പിശാചിന് ആദം സന്തതികളുടെ സമ്പത്തിലും സന്താനങ്ങളിലും പങ്കുചേരാനുള്ള കഴിവ് ഉടമയായ നാഥൻ നൽകിയിട്ടുണ്ടെന്ന് 17: 64 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ വിശ്വാസികൾ ഇണചേരുമ്പോൾ 'ഞങ്ങളെത്തൊട്ടും ഞങ്ങൾക്ക് ഇതിലൂടെ നൽകുന്നതിനെത്തൊട്ടും പിശാചിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു നാഥാ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടതാണ്. പുരുഷൻ സ്ത്രീയെപ്പോലെയല്ലല്ലോ എന്ന് പറഞ്ഞതിന്റെ വിവക്ഷ പുരുഷന് ഏകനായി ഏത് രാത്രിയിലും എവിടേയും സഞ്ചരിക്കാമെങ്കിലും സ്ത്രീക്ക് ഒരു സംരക്ഷകന്റെ ആവശ്യമുണ്ടെന്നതാണ്. 4: 157–158; 17: 64; 18: 109; 26: 212 വിശദീകരണം നോക്കുക.

37. അപ്പോൾ അവളിൽ നിന്ന് അവളുടെ നാഥൻ നല്ലനിലക്ക് അവളെ സ്വീകരിക്കുകയും നല്ലനിലക്ക് തന്നെ അവളെ വളർത്തുകയും അവളുടെ രക്ഷാധികാ

രം സകരിയ്യായെ ഏൽപ്പിക്കുകയും ചെയ്തു; എല്ലാ ഓരോ പ്രാവശ്യവും സകരിയ്യാ അവളുടെ അടുത്ത് മിഹ്റാബിൽ പ്രവേശിച്ചപ്പോൾ അവളുടെയടുത്ത് ഭക്ഷണവിഭവങ്ങൾ കണ്ടു, അവൻ ചോദിച്ചു: ഓ മർയം, എവിടെ നിന്നാണ് നിനക്ക് ഇതെല്ലാം; അവൾ പറഞ്ഞു: അത് അല്ലാഹുവിൽ നിന്നാണ്, നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കണക്കില്ലാതെ ഊട്ടുന്നവനാകുന്നു.

ഇവിടെ പരാമർശിച്ച '*മിഹ്റാബ്*' പള്ളിയിൽ *ഇമാം* നിൽക്കുന്ന സ്ഥലമല്ല, മറിച്ച് പള്ളിയിൽ നിന്ന് കുറച്ച് അകലെ ഏകാന്തമായി ഭജനമിരിക്കുന്നതിനുവേണ്ടി ഉയർന്ന തറയിൽ പ്രത്യേകം നിർമ്മിച്ചിട്ടുള്ള മുറിയാണ്. സകരിയ്യാ നബിക്കും പ്രത്യേകം *മിഹ്റാബ്* ഉണ്ടായിരുന്നതായി 19: 11 ൽ കാണാം. ആദ്യമായിട്ടാണ് ഒരു സ്ത്രീ പള്ളിയുടെ സേവനത്തിനുവേണ്ടി നിയോഗിക്കപ്പെടുന്നത്. അപ്പോൾ അവളുടെ രക്ഷാധികാരം ആര് ഏറ്റെടുക്കണമെന്ന് തർക്കമുണ്ടാവുകയും അവർ അമ്പുകൊണ്ട് നറുക്കെടുക്കുകയും അങ്ങനെ വാർദ്ധക്യം പ്രാപിച്ച കുട്ടികളില്ലാത്ത സകരിയ്യാ നബിക്ക് അവളുടെ സംരക്ഷണാധികാരം ലഭിക്കുകയും ചെയ്തു. 5: 114 സൂക്തപ്രകാരം പ്രവാചകൻ ഈസായുടെ പ്രാർത്ഥനക്ക് ഉത്തരം നൽകിക്കൊണ്ട് ഭക്ഷണത്തളിക ഇറക്കുന്നതിനുമുമ്പായി അദ്ദേഹത്തിന്റെ മാതാവായ മർയമിന് അല്ലാഹു അദൃശ്യമായ നിലയിൽ ഭക്ഷണവിഭവങ്ങൾ നൽകിയിട്ടുണ്ടായിരുന്നു എന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. അതുവഴി അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കാര്യകാരണബന്ധത്തിന് അതീതമായി കണക്കില്ലാതെ ഭക്ഷണം നൽകാൻ കഴിവുള്ളവൻ തന്നെയാണെന്ന് വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യുന്നു. മർയമിന് കാര്യകാരണബന്ധത്തിന് അതീതമായി ഭക്ഷണം ലഭിക്കുന്നത് കണ്ടപ്പോഴാണ് തനിക്കൊരു സന്താനത്തെ നൽകാനും അല്ലാഹുവിന് കഴിയുമെന്ന പ്രതീക്ഷ സകരിയ്യാ നബിക്ക് ഉണ്ടായതും തുടർന്ന് അദ്ദേഹം അതിനായി പ്രാർത്ഥിക്കുന്നതും. 2: 260; 3: 26–27, 44 വിശദീകരണം നോക്കുക.

38. അപ്പോൾ അവിടെ സകരിയ്യാ തന്റെ നാഥനെ വിളിച്ചു; അവൻ പ്രാർത്ഥിച്ചു: എന്റെ നാഥാ, നിന്നിൽ നിന്നുള്ള പരിശുദ്ധനായ ഒരു സന്തതിയെ എനിക്ക് ഔദാര്യമായി പ്രദാനം ചെയ്താലും, നിശ്ചയം നീ പ്രാർത്ഥനകൾ കേൾക്കുന്നവൻ തന്നെയാകുന്നു.

തന്റെ ദൗത്യം അനന്തരമായി ഏറ്റെടുക്കുന്നതിന് വേണ്ടി കുട്ടികളില്ലാത്തതിൽ ദുഃഖത്തിലകപ്പെട്ടിരുന്ന സകരിയ്യാ കാര്യകാരണ ബന്ധത്തിനതീതമായി മർയമിന് ഭക്ഷണം ലഭിക്കുന്നത് കണ്ടപ്പോൾ ഉടനെത്തന്നെ തന്റെ *മിഹ്റാബിൽ* പോയി പ്രാർത്ഥിച്ചു. 'കാര്യകാരണബന്ധമില്ലാതെ നൽകുക' എന്നാണ് ഔദാര്യമായി പ്രദാനം ചെയ്യുക എന്ന് പറഞ്ഞതിന്റെ വിവക്ഷ. വിശ്വാസികൾ അവരുടെ എന്ത് ഉദ്ദേശ്യങ്ങളും നിരാശപ്പെടാതെ അവരുടെ ഉടമയായ നാഥനോട് ഹൃദയം കൊണ്ട് പ്രാർത്ഥിച്ച് നടപ്പിലാക്കണം എന്നാണ് ഇത്തരം സംഭവങ്ങളിലൂടെ പഠിപ്പിക്കുന്നത്. 19: 2–6 സൂക്തങ്ങളിൽ, നിന്റെ നാഥൻ അവന്റെ അടിമ സകരിയ്യാക്ക് നൽകിയ അനുഗ്രഹത്തെ ഓർമ്മിപ്പിക്കുന്നത്. അവൻ തന്റെ നാഥനോട് ഉള്ളിന്റെയുള്ളിൽ കേണപേക്ഷിച്ച സന്ദർഭം. അവൻ പറഞ്ഞു; എന്റെ നാഥാ! എന്റെ എല്ലുകൾ വരെ ബലഹീനമായിക്കഴിഞ്ഞു, തലയാണെങ്കിൽ വാർധക്യത്താൽ നരബാധിക്കുകയും ചെയ്തിരിക്കുന്നു; എന്റെ നാഥാ, നിന്നോടുള്ള എന്റെ പ്രാർത്ഥന ഒരിക്കലും ഉത്തരം നൽകപ്പെടാതിരുന്നിട്ടുമില്ല. എനിക്ക് പിന്നിലുള്ള എന്റെ അനന്തരാവകാശികളെക്കുറിച്ച് നിശ്ചയം ഞാൻ ഭയപ്പെടുന്നവനാകുന്നു, എന്റെ പത്നിയാകട്ടെ വന്ധ്യയുമാകുന്നു, അപ്പോൾ നിന്റെ പക്കൽ നിന്നുള്ള ഒരു അവകാശിയെ ഔദാര്യമായി നീ എ

നിക്ക് നൽകിയാലും. അവൻ എന്നെ അനന്തരാവകാശമെടുക്കും, യഅ്ഖൂബ് കുടുംബത്തേയും അനന്തരാവകാശമെടുക്കും, എന്റെ നാഥാ അവനെ നീ നിനക്ക് തൃപ്തിപ്പെട്ടവനുമാക്കേണമേ എന്ന് പ്രാർത്ഥിച്ചതായി പറഞ്ഞിട്ടുണ്ട്. 14: 39 ൽ, എനിക്ക് ഈ വയസ്സുകാലത്ത് ഇസ്മാഈലിനെയും ഇസ്ഹാഖിനെയും ഔദാര്യമായി പ്രദാനം ചെയ്ത അല്ലാഹുവിനാണ് സ്തുതി, നിശ്ചയം എന്റെ നാഥൻ പ്രാർത്ഥനകൾ കേൾക്കുന്നവൻ തന്നെയാണ് എന്ന് ഇബ്റാഹീം പറഞ്ഞ കാര്യം അനുസ്മരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളായവർക്ക് മാത്രമേ പ്രാർത്ഥനക്ക് ഉത്തരം കിട്ടുകയുള്ളൂ. അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 13: 14; 40: 50 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 186; 10: 103; 42: 26 വിശദീകരണം നോക്കുക

39. അവൻ തന്റെ മിഹ്റാബിൽ നമസ്കരിച്ചുകൊണ്ട് നിൽക്കവേ, മലക്കുകൾ അവനോട് വിളിച്ചുപറഞ്ഞു: നിശ്ചയം, അല്ലാഹു യഹ്യായെക്കൊണ്ട് നിന്നെ സന്തോഷവാർത്ത അറിയിക്കുന്നു, അവൻ അല്ലാഹുവിൽ നിന്നുള്ള ഒരു വചനത്തെ സത്യപ്പെടുത്തുന്നവനും നേതാവും ആത്മനിയന്ത്രണമുള്ളവനും സജ്ജനങ്ങളിൽ പെട്ട നബിയുമായിരിക്കും.

40. അവൻ ചോദിച്ചു: എന്റെ നാഥാ, എനിക്ക് എങ്ങനെയാണ് ഒരു കുഞ്ഞുണ്ടാവുക, നിശ്ചയം എന്നെ അങ്ങേയറ്റത്തെ വാർദ്ധക്യം ബാധിച്ചിരിക്കുന്നു, എന്റെ ഭാര്യയാകട്ടെ വന്ധ്യയുമാണ്, അവൻ പറഞ്ഞു: അപ്രകാരം അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.

യഹ്യാ നബി 'അല്ലാഹുവിൽ നിന്നുള്ള ഒരു വചനത്തെ സത്യപ്പെടുത്തുന്നവനാണ്' എന്ന് പറഞ്ഞതിലെ 'വചനം' കൊണ്ടുദ്ദേശിക്കുന്നത് ഈസായുടെ ശരീരമാണ്. 4: 171 ൽ, നിശ്ചയം മർയമിന്റെ പുത്രൻ ഈസാമസീഹ് അല്ലാഹുവിന്റെ പ്രവാചകനും മർയമിലേക്ക് ഇട്ടുകൊടുത്ത അവന്റെ വചനവും അവനിൽ നിന്നുള്ള ഒരു റൂഹുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഈസാ നബിക്ക് മാത്രമല്ല, എല്ലാ സൃഷ്ടികൾക്കും ജീവനും ആത്മാവും അടങ്ങിയ റൂഹ് അല്ലാഹുവിന്റേത് തന്നെയാണ്. 'സത്യപ്പെടുത്തുന്നവൻ' എന്നതിന്റെ വിവക്ഷ കാര്യകാരണബന്ധത്തിന് അതീതമായുള്ള യഹ്യാ നബിയുടെ ജനനം ഈസാനബിയുടെ പിതാവില്ലാത്ത ജനനത്തെ സത്യപ്പെടുത്തുന്നു എന്നാണ്. സ്ത്രീ സംസർഗമില്ലാത്തവൻ, ഭയഭക്തൻ, വിശുദ്ധൻ, വിവാഹം കഴിക്കാത്തവൻ എന്നെല്ലാമാണ് ആത്മനിയന്ത്രണമുള്ളവൻ (ഹസ്വൂർ) എന്നതിന്റെ ആശയം. 1: 6; 2: 28; 19: 7–9, 13 വിശദീകരണം നോക്കുക.

41. അവൻ ചോദിച്ചു: എന്റെ നാഥാ! എനിക്കൊരു ദൃഷ്ടാന്തം നൽകിയാലും, അവൻ പറഞ്ഞു: നിനക്കുള്ള ദൃഷ്ടാന്തം തുടർച്ചയായ മൂന്നുനാളുകളിൽ ആംഗ്യം കൊണ്ടല്ലാതെ ജനങ്ങളോട് സംസാരിക്കാതിരിക്കലാണ്, നീ നിന്റെ നാഥനെ ധാരാളമായി സ്മരിച്ചുകൊണ്ടിരിക്കുകയും പ്രദോഷങ്ങളിലും പ്രഭാതങ്ങളിലും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക!

ഈ അഭിസംബോധനങ്ങളിൽ സകരിയ്യാനബി അല്ലാഹുവിനോട് നേരിട്ടാണ് ചോദിക്കുന്നത്, എന്നാൽ മറുപടി നൽകുന്നത് മലക്കുകൾ മുഖേനയാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 19: 10–11 വിശദീകരണം നോക്കുക. അല്ലാഹു ഒരു മനുഷ്യനോടും ദിവ്യബോധനത്തിലൂടെയോ മറക്ക് പിന്നിലായിക്കൊണ്ടോ അല്ലാതെ സംസാരിക്കുകയില്ല എന്ന് 42: 51 ൽ പറഞ്ഞിട്ടുണ്ട്. ഇത് പഠിപ്പിക്കുന്നത് വിശ്വാസികൾ തങ്ങളുടെ ഉടമയായ

നാഥനോട് നേരിട്ടാണ് ഏതൊരു കാര്യവും ചോദിക്കുക എന്നും, കാഫിറുകൾ എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെയും അവരുടെയും ഇടയിൽ ഇടയാളന്മാരെയും ശുപാർശക്കാരെയും വെക്കുന്നവരാണ് എന്നുമാണ്. അത്തരം ഭ്രാന്തന്മാർ നാളെ നരകക്കുണ്ഠത്തിൽ വെച്ച് നരകത്തിന്റെ പാറാവുകാരനായ '*മാലിക്കി*'നെ വിളിച്ച് പറയുന്നതാണ്: ഓ! *മാലിക്കേ*! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചോട്ടെ. അപ്പോൾ *മാലിക്ക്* പറയും: നിങ്ങൾ അവിടെ കാലാകാലം കഴിഞ്ഞുകൂടേണ്ടവരാണ്, നിശ്ചയം ഞങ്ങൾ സത്യമായ അദ്ദിക്ർ കൊണ്ട് നിങ്ങളിലേക്ക് വന്നിട്ടുണ്ടായിരുന്നു, എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തോട് വെറുപ്പുള്ളവരായിരുന്നു എന്ന് 43: 74–78 സൂക്തങ്ങളിലും; നരകത്തിലുള്ള ആളുകൾ അതിന്റെ പാറാവുകാരോട് പറയുന്നതാണ്: ശിക്ഷയിൽ നിന്നുള്ള ഒരു ദിനം ഞങ്ങളെത്തൊട്ട് ലഘൂകരിക്കാൻ നിങ്ങളൊന്ന് പ്രാർത്ഥിച്ചാലും. മലക്കുകൾ ചോദിക്കും: നിങ്ങൾക്ക് വ്യക്തമായ വെളിപാടും (അദ്ദിക്ർ) കൊണ്ട് നിങ്ങളിൽ നിന്നുള്ള സന്ദേശവാഹകർ വന്നിട്ടുണ്ടായിരുന്നില്ലേ? അവർ മറുപടി പറയും: അതെ; വന്നിട്ടുണ്ടായിരുന്നു. മലക്കുകൾ പറയും: എന്നാൽ നിങ്ങൾ തന്നെ പ്രാർത്ഥിച്ചുകൊള്ളുക, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 40: 49–50 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഐഹികലോകത്തുവെച്ച് അല്ലാഹുവിനോട് നേരിട്ട് പ്രാർത്ഥിക്കാൻ സാധിക്കാത്ത കാഫിറുകൾക്ക് നാളെ നരകത്തിൽ വെച്ചും അല്ലാഹുവിനോട് നേരിട്ട് പറയാൻ സാധിക്കുകയില്ല എന്ന് ഈ സൂക്തങ്ങളെല്ലാം മുന്നറിയിപ്പ് നൽകുന്നു. 4: 1 ൽ വിവരിച്ച പ്രകാരം നാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം ഇല്ലാത്ത അറബി ഖുർആൻ വായിക്കുന്ന എല്ലാ ഫുജ്ജാറുകളും ദുഃഖത്തോടുകൂടി പിശാചിനെ കണ്ടുകൊണ്ട് ആത്മാവിനെതിരെ 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിച്ചുകൊണ്ട് മരണപ്പെടുന്നതാണ്. 2: 165–167; 32: 4; 39: 3 വിശദീകരണം നോക്കുക.

42. മലക്കുകൾ വിളിച്ചുപറഞ്ഞതും ഓർക്കേണ്ടതാണ്: ഓ മർയം! നിശ്ചയം അല്ലാഹു നിന്നെ തെരഞ്ഞെടുക്കുകയും നിന്നെ ശുദ്ധീകരിക്കുകയും സർവ്വലോക സ്ത്രീകളുടെ മേൽ നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

43. ഓ മർയം! നീ നിന്റെ നാഥനോട് വണക്കമുള്ളവളാവുക, നീ അവന് സാഷ്ടാംഗം പ്രണമിക്കുന്നവളും കുനിയുന്നവരോടൊപ്പം കുനിയുന്നവളുമാവുക.

66: 11–12 സൂക്തങ്ങളിൽ, ഫിർഔനിന്റെ സ്ത്രീയെയും മർയമിനെയുമാണ് വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും മാതൃകയായി അല്ലാഹു ചൂണ്ടിക്കാണിച്ചിട്ടുള്ളത്. *സർവ്വലോക സ്ത്രീകളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠതയുള്ളവർ ഇംറാന്റെ പുത്രി മർയം, ഖുവൈലിദിന്റെ പുത്രി ഖദീജ, മുഹമ്മദിന്റെ പുത്രി ഫാത്തിമ, ഫിർഔനിന്റെ സ്ത്രീ ആസ്യ എന്നീ നാല് സ്ത്രീകളാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുമുണ്ട്. 'കുനിയുന്നവരോടൊപ്പം കുനിയുക' എന്ന് പറഞ്ഞാൽ നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും എല്ലായ്പ്പോഴും എവിടെയും 'അല്ലാഹ്' എന്ന സ്മരണയോടെ നിലകൊള്ളുക എന്നാണ്. നിശ്ചയം സർവസ്വം നാഥന് സമർപ്പിച്ചുകൊണ്ട് ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളും വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും അദ്ദിക്റിനെ സത്യപ്പെടുത്തുന്ന പുരുഷന്മാരും സ്ത്രീകളും ക്ഷമാലുക്കളായ പുരുഷന്മാരും സ്ത്രീകളും ദാനധർമങ്ങൾ നൽകുന്ന പുരുഷന്മാരും സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും സ്ത്രീകളും ചാരിത്ര്യം സൂക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും നാഥനെ ധാരാളമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും; അവർക്ക് നാഥൻ പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ടെന്ന് 33: 35 ൽ പറഞ്ഞിട്ടുണ്ട്. 2: 43, 152, 177 വിശദീക

രണം നോക്കുക.

44. അതെല്ലാം നാം നിന്നിലേക്ക് ദിവ്യബോധനമായി നൽകുന്ന മറഞ്ഞ വൃത്താന്തങ്ങളാകുന്നു, മർയമിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടത് അവരിൽ ആരാണെന്ന് നിശ്ചയിക്കുന്നതിനുവേണ്ടി അവരുടെ അമ്പുകൾ എറിയപ്പെട്ടപ്പോൾ അവരുടെയടുത്ത് നീയുണ്ടായിരുന്നില്ല, അവർ തർക്കിച്ചുകൊണ്ടിരുന്നപ്പോഴും അവരുടെയടുത്ത് നീ ഉണ്ടായിരുന്നില്ല.

അതെല്ലാം നാം നിനക്ക് ദിവ്യബോധനമായി നൽകുന്ന മറഞ്ഞ വൃത്താന്തങ്ങളാണ്; അവർ ഒരുമിച്ചുകൂടി കാര്യങ്ങൾ നടപ്പിലാക്കാൻ ഗൂഢതന്ത്രം പ്രയോഗിച്ചപ്പോൾ നീ അവിടെ ഉണ്ടായിരുന്നില്ലല്ലോ എന്ന് മുഹമ്മദ് നബിയോട് പറഞ്ഞതായി 12: 102 ൽ പറഞ്ഞിട്ടുണ്ട്. നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ്, ലൂത്ത് തുടങ്ങിയ പ്രവാചകന്മാരുടെ ചരിത്രം വിവരിച്ച ശേഷം 7: 101 ൽ, അതെല്ലാമാണ് ആ നാടുകളുടെ വൃത്താന്തങ്ങൾ, അവ നിനക്ക് വഴിക്കുവഴിയായി വിശദീകരിച്ച് തരികയാണ്, നിശ്ചയം അവരുടെ പ്രവാചകന്മാർ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അവരിലേക്ക് വന്നിട്ടുണ്ടായിരുന്നു, എന്നാൽ അവർ കാഫിറുകളായി, അപ്രകാരമാണ് കാഫിറുകളുടെ ഹൃദയങ്ങൾ നാം അടച്ചുപൂട്ടുന്നത് എന്ന് നാഥൻ പറഞ്ഞിട്ടുണ്ട്. 2: 252; 12: 3, 111; 42: 52 വിശദീകരണം നോക്കുക.

45. മലക്കുകൾ അവളോട് പറഞ്ഞ സന്ദർഭം ഓർക്കേണ്ടതാണ്: ഓ മർയം! നിശ്ചയം അല്ലാഹു നിന്നെ അവനിൽ നിന്നുള്ള ഒരു വചനം കൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നു, അവന്റെ പേര് 'മസീഹായ' മർയമിന്റെ പുത്രൻ ഈസാ എന്നാകുന്നു, അവൻ ഇഹത്തിലും പരത്തിലും അന്തസ്സുറ്റവനും അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമാകുന്നു.

19: 16–21 സൂക്തങ്ങളിൽ, ഗ്രന്ഥത്തിൽ മർയമിനെ നീ ഓർമ്മിപ്പിക്കുകയും ചെയ്യുക, അവൾ കുടുംബാംഗങ്ങളിൽ നിന്ന് അകന്ന് കിഴക്കുഭാഗത്തൊരിടത്ത് കഴിഞ്ഞുകൂടിയ സന്ദർഭം. അപ്പോൾ അവരിൽ നിന്ന് അവൾ ഒരു മറ തെരഞ്ഞെടുത്തു, അപ്പോൾ അവളിലേക്ക് നമ്മുടെ റൂഹിനെ (മലക്ക് ജിബ്‌രീലിനെ) നാം അയച്ചു, അങ്ങനെ അവളുടെ അടുത്ത് ജിബ്‌രീൽ ഒരു പൂർണ്ണ മനുഷ്യരൂപത്തിൽ പ്രത്യക്ഷനായി. അവൾ പറഞ്ഞു; നിശ്ചയം ഞാൻ നിന്നെത്തൊട്ട് നിഷ്പക്ഷവാനെക്കൊണ്ട് അഭയം തേടുന്നു, നീ ഒരു സൂക്ഷ്മതയുള്ളവനായിരുന്നുവെങ്കിൽ. അവൻ പറഞ്ഞു; നിശ്ചയം ഞാൻ നിനക്ക് വിശുദ്ധനായ ഒരു പുത്രനെ ഔദാര്യമായി നൽകുന്നതിന് വേണ്ടി നിന്റെ നാഥനിൽ നിന്ന് നിയോഗിക്കപ്പെട്ട ദൂതനാകുന്നു. അവൾ ചോദിച്ചു: നിശ്ചയം എനിക്ക് എങ്ങനെയാണ് ഒരു സന്താനമുണ്ടാവുക, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ല, ഞാൻ ഒരു ദുർനടപ്പുകാരിയുമായിട്ടുമില്ല എന്നിരിക്കെ? അവൻ പറഞ്ഞു: അത് അപ്രകാരം തന്നെയാണ്, അത് അവന് വളരെ എളുപ്പമാണെന്ന് നിന്റെ നാഥൻ ഇതാ പറയുന്നു, അവനെ നാം മനുഷ്യർക്ക് ഒരു ദൃഷ്ടാന്തവും നമ്മിൽ നിന്നുള്ള ഒരു കാരുണ്യവുമാക്കുന്നതുമാണ്, അത് വിധിക്കപ്പെട്ട ഒരു കാര്യം തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. *'അൽമസീഹ്'* എന്ന് പറഞ്ഞാൽ ചുറ്റിക്കറങ്ങി സഞ്ചരിക്കുന്നവൻ, മായ്ച്ച് കളയുന്നവൻ എന്നെല്ലാം ആശയമുണ്ട്. അല്ലാഹുവിന്റെ വേണ്ടുക കൊണ്ട് ഈസാനബി കുഷ്ഠരോഗികളെയും വെള്ളപ്പാണ്ട് രോഗികളെയും തടവി സുഖപ്പെടുത്തിയിരുന്നു. 3: 52–55; 4: 157–159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രബോധനം ചെയ്ത് ഭൂമിയിൽ ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കെ കാഫിറുകളായ ശത്രുക്കൾ അദ്ദേഹത്തെ ക്രൂശിക്കാൻ തുനിഞ്ഞപ്പോൾ ശരീരത്തോടുകൂടിത്തന്നെ അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിലേക്ക് ഉയർത്തുകയുണ്ടായി. അവസാനകാലത്ത് ഇജാസിലൊഴികെ

(മക്കയും മദീനയും ഉൾപ്പെടുന്ന പ്രദേശം) ഭൂമിയിൽ എല്ലായിടത്തും ചുറ്റിക്കറങ്ങി ഇസ്ലാമിനെ മായ്ച്ചുകളയുന്ന 'മോശേദയാലാ'യ മസീഹുദ്ദജ്ജാലിനെ വധിച്ച് കുഫ്റ് മായ്ച്ചുകളഞ്ഞ് ലോകം മൊത്തം ചുറ്റിക്കറങ്ങി ഇസ്ലാം നടപ്പിലാക്കുന്നതിനുവേണ്ടി ഈസായെ അല്ലാഹു ഭൂമിയിലേക്ക് വീണ്ടും കൊണ്ടുവരുന്നതാണ്. ഇക്കാരണങ്ങളാലും അല്ലാഹുവിന്റെ വേണ്ടുക കൊണ്ട് ഈസാ നബി കുഷ്ഠരോഗികളെയും വെള്ളപ്പാണ്ടുരോഗികളെയും തടവി സുഖപ്പെടുത്തിയിരുന്നതിനാലുമാണ് അദ്ദേഹത്തിന് *മസീഹ്* എന്ന നാമം വന്നത്. ലോകം മുഴുവൻ ചുറ്റിക്കറങ്ങി ഇസ്ലാമിനെ മായ്ച്ചുകളയുന്നതുകൊണ്ട് *'മസീഹ്'* എന്ന നാമം ദജ്ജാലിനും യോജിക്കുന്നു. അപ്പോൾ *'അൽമസീഹ്'* എന്ന സർവ്വനാമം മസീഹുദ്ദജ്ജാലിനും മസീഹ് ഈസാക്കും ബാധകമാണ്. *ആദം സന്തതികൾക്ക് വരാനുള്ള ഏറ്റവും വലിയ ഫിത്ന(നാശം)യാണ് മസീഹുദ്ദജ്ജാലെന്നും അവന്റെ നാശത്തെത്തൊട്ട് അഭയം തേടാൻ നിങ്ങൾ മക്കളെ പഠിപ്പിക്കണമെന്നും* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഈസാ രണ്ടാമത് വരുമ്പോഴും സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ട പ്രായമായ 33-ാമത്തെ വയസ്സിൽ തന്നെയാണ് ഉണ്ടാവുക. 2: 258; 3: 39-40; 9: 123 വിശദീകരണം നോക്കുക.

46. അവൻ തൊട്ടിലിലായിരിക്കുമ്പോഴും പ്രായമാകുമ്പോഴും മനുഷ്യരോട് സംസാരിക്കുന്നതുമാണ്, അവൻ സജ്ജനങ്ങളിൽ പെട്ടവനുമാകുന്നു.

47. അവൾ ചോദിച്ചു: എന്റെ നാഥാ! എങ്ങനെയാണ് എനിക്ക് ഒരു സന്താനമുണ്ടാവുക -എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ല എന്നിരിക്കെ; അവൻ പറഞ്ഞു: അപ്രകാരം തന്നെയാണ് നിന്റെ കാര്യം, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു, അവൻ ഒരു കാര്യം വിധിച്ചാൽ അപ്പോൾ നിശ്ചയം അതിനോട് അവൻ 'ഉണ്ടാവുക' എന്ന് പറയലാണ്; അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു.

മർയം പ്രസവാനന്തരം ശിശുവിനെയും കൊണ്ട് ജനമധ്യത്തിലേക്ക് ചെന്നപ്പോൾ ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാതെ 'ശിശുവിനോട് ചോദിക്കുക' എന്ന ഭാവേന ശിശുവിലേക്ക് വിരൽ ചൂണ്ടുകയുണ്ടായി. അപ്പോൾ അവർ ചോദിച്ചു: ഞങ്ങൾക്ക് എങ്ങനെ തൊട്ടിലിലുള്ള ഒരു ശിശുവിനോട് സംസാരിക്കാൻ കഴിയും? ശിശുവായ ഈസാ മറുപടി പറഞ്ഞു: നിശ്ചയം ഞാൻ നാഥനായ അല്ലാഹുവിന്റെ അടിമയാണ്, എനിക്ക് ഗ്രന്ഥം നൽകപ്പെട്ടിരിക്കുന്നു; എന്നെ അവൻ ഒരു നബിയുമാക്കിയിരിക്കുന്നു. ഞാൻ എവിടെയാണെങ്കിലും അവന്റെ കടാക്ഷം എന്നോടൊപ്പമുണ്ട്, ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം നമസ്കാരം കൊണ്ടും സക്കാത്ത് കൊണ്ടും എന്നോട് ഉന്നി ഉപദേശിച്ചിരിക്കുന്നു, എന്റെ മാതാവിനോട് പുണ്യത്തിൽ വർത്തിക്കാനും, അവൻ എന്നെ ധാർഷ്ട്യക്കാരനായ ദൗർഭാഗ്യവാനാക്കിയിട്ടുമില്ല. ഞാൻ ജനിച്ച നാളിലും ഞാൻ മരിക്കുന്ന നാളിലും ഞാൻ പുനർജനിക്കുന്ന നാളിലും എന്റെ മേൽ സമാധാനമുണ്ട് എന്ന് 19: 29-33 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മർയമിനെയും മകൻ ഈസായെയും പിശാച് ബാധിക്കുകയില്ല എന്ന് 3: 36 ലും പറഞ്ഞിട്ടുണ്ട്.

നാഥൻ എല്ലാത്തരം സൃഷ്ടിപ്പും എല്ലാ സൃഷ്ടികളെക്കുറിച്ചും അറിയുന്ന പരിശുദ്ധനാണ്, നിശ്ചയം അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അവൻ പറയലാണ്: 'ഉണ്ടാവുക' എന്ന്, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു എന്ന് 36: 81-82 സൂക്തങ്ങളിലും; നിശ്ചയം! നാം ഒരു കാര്യം ഉദ്ദേശിച്ചാൽ നാം അതിനോട് പറയലാണ് 'ഉണ്ടാവുക' എന്ന്, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു എന്ന് 16: 40 ലും പറഞ്ഞിട്ടുണ്ട്. നമ്മുടെ കൽപന നടപ്പിലാകാൻ കണ്ണ് ഇമ വെട്ടുന്ന സമയം പോലും ആവശ്യമില്ലെന്ന് 54: 50 ലും; സുലൈമാൻ നബിയുടെ

സദസ്സിലുണ്ടായിരുന്ന ഗ്രന്ഥത്തിൽ നിന്ന് ജ്ഞാനമുള്ള ഒരാൾ കണ്ണ് ഇമ വെട്ടുന്ന സമയം കൊണ്ട് യമനിലുള്ള ബൽക്കീസ് രാജ്ഞിയുടെ സിംഹാസനം സുലൈമാൻ നബിയുടെ കൊട്ടാരത്തിൽ എത്തിച്ചതായി 27: 38-40 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അതായത് അജ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസിക്ക് അമാനുഷിക കാര്യങ്ങൾ പോലും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. 3: 79 -80; 5: 48; 19: 20-21 വിശദീകരണം നോക്കുക.

48. അവന് വേദവും തത്വജ്ഞാനവും തൗറാത്തും ഇഞ്ചീലും പഠിപ്പിക്കുന്നതുമാണ്.

ഉമ്മുൽകിതാബായ ഫാത്തിഹയും ഗ്രന്ഥത്തിന്റെ ആത്മാവുമടങ്ങിയ *അൽകിതാബും* അതാത് കാലഘട്ടത്തിലേക്ക് ആവശ്യമായ അതിന്റെ പ്രായോഗികതയും ഈസായെ പഠിപ്പിക്കും. കൂടാതെ ഈസായെ പ്രവാചകനായി നിയോഗിക്കപ്പെട്ട കാലഘട്ടത്തിലേക്കുള്ള തൗറാത്തും ഇഞ്ചീലും പഠിപ്പിക്കുമെന്നാണ് പറയുന്നത്. ഇസ്റാഈൽ സന്തതികളിലേക്ക് നിയോഗിക്കുന്നതിന് വേണ്ടിയാണ് ഈസായെ തൗറാത്തും ഇഞ്ചീലും പഠിപ്പിച്ചതെങ്കിൽ *അൽകിതാബായ* അദ്ദിക്ർ പഠിപ്പിച്ചത് ലോകത്തുമൊത്തം ഇസ്ലാം നടപ്പിലാവുന്നതിനുവേണ്ടിയുള്ള രണ്ടാം വരവിനെ ഉദ്ദേശിച്ചുകൊണ്ടാണ്. 2: 2, 269; 3: 2-3 വിശദീകരണം നോക്കുക.

49. ഇസ്റാഈൽ സന്തതികളിലേക്ക് അവനെ ഒരു പ്രവാചകനായി നിയോഗിക്കുകയും ചെയ്യും, നിശ്ചയം, ഞാൻ നിങ്ങളുടെ നാഥനിൽ നിന്ന് ഒരു ദൃഷ്ടാന്തവും കൊണ്ടാണ് നിങ്ങളിൽ വന്നിട്ടുള്ളത്, നിശ്ചയം ഞാൻ നിങ്ങൾക്കുവേണ്ടി കളിമണ്ണിൽ നിന്ന് പക്ഷിയുടെ രൂപമുണ്ടാക്കുകയും അങ്ങനെ ഞാൻ അതിൽ ഊതുകയും അപ്പോൾ അത് അല്ലാഹുവിന്റെ സമ്മതം കൊണ്ട് ഒരു പക്ഷിയായിത്തീരുകയും ചെയ്യും, അല്ലാഹുവിന്റെ സമ്മതം കൊണ്ട് ഞാൻ അന്ധന്മാരെയും കുഷ്ഠരോഗികളെയും സുഖപ്പെടുത്തുകയും മരിച്ചവരെ ജീവിപ്പിക്കുകയും നിങ്ങൾ ഭക്ഷിക്കുന്നത് എന്താണെന്നും നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നത് എന്താണെന്നും ഞാൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരികയും ചെയ്യും, നിശ്ചയം നിങ്ങൾക്ക് അതിൽ ഒരു ദൃഷ്ടാന്തമുണ്ട് -നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ!

'അല്ലാഹുവിന്റെ സമ്മതം കൊണ്ട്' എന്നുപറഞ്ഞത് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് എന്നാണ്. 13: 38; 14: 11; 40: 78 എന്നീ മൂന്ന് സൂക്തങ്ങളിലും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരു പ്രവാചകനും ഒരു ദൃഷ്ടാന്തവും (ദിവ്യാത്ഭുതം) കൊണ്ടുവരാൻ സാധ്യമല്ല തന്നെ എന്നുപറഞ്ഞിട്ടുണ്ട്. *'അക്മഹ്'* എന്ന പദത്തിന് അന്ധത എന്നും കുഷ്ഠം എന്നും ആശയമുണ്ട്.

ഈസാ മരിച്ചവരെ ജീവിപ്പിച്ചിരുന്നത് സൂറത്ത് മുൽക്ക് ഒന്നാം റക്അത്തിലും, സൂറത്ത് സജദഃ രണ്ടാം റക്അത്തിലും തിലാവത്ത് ചെയ്ത് സുദീർഘമായി രണ്ട് റക്അത്ത് നമസ്കരിച്ചതിനുശേഷം അല്ലാഹുവിനെ വന്ദിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ട്: ഓ ആദ്യമില്ലാത്തവനേ, ഓ ഗോപ്യനേ, ഓ നിത്യനേ, ഓ ഇണതുണയില്ലാത്തവനേ, ഓ ഏകനേ, ഓ ഒറ്റയാനേ, ഓ പൂർണ്ണനായ സ്വാശ്രയനേ തുടങ്ങിയ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിന്റെ ഉൽകൃഷ്ടനാമങ്ങൾ വിളിച്ച് മരിച്ചവനെ ജീവിപ്പിക്കാൻ വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും എഴുന്നേൽക്കാത്ത അവസ്ഥയിൽ വീണ്ടും: ഓ സ്വയം ജീവിച്ചിരിക്കുന്നവനേ, ഓ മറ്റുള്ളവരെ ജീവിപ്പിക്കുന്നവനേ, ഓ അല്ലാഹ്, ഓ നിഷ്പക്ഷവാനേ, ഓ മഹത്വമുടയവനും ആദരണീയനുമായിട്ടുള്ളവനേ, ഓ ആകാശഭൂമികളുടെയും

അവക്കിടയിലുള്ളവയുടെയും പ്രകാശമേ, ഓ മഹത്തായ സിംഹാസനത്തിന്റെ ഉടമയായിട്ടുള്ള നാഥാ തുടങ്ങിയ ഏഴുപേരുകൾ വിളിച്ച് 'അല്ലാഹുവിന്റെ സമ്മതം' കൊണ്ട് എഴുന്നേൽക്കുക എന്ന് കൽപിച്ചുകൊണ്ടായിരുന്നു.

ഈ ദിവ്യാത്ഭുതങ്ങളെല്ലാം ഈസാനബിയുടെ കഴിവാണെന്ന് വിശ്വസിക്കുന്നവരും അല്ലാഹുവിന്റെ ദിവ്യാത്ഭുതങ്ങളിൽ വിശ്വസിക്കാതെ ഇതെല്ലാം വ്യക്തമായ മാരണമാണ് എന്ന് പറയുന്നവരും കാഫിറുകളാണ്. ഞാനില്ല, എന്റേതില്ല എന്ന നയത്തിൽ നിലകൊള്ളുന്ന വിശ്വാസികൾ വിധിക്കുന്നതും നടപ്പിലാക്കുന്നതുമെല്ലാം അല്ലാഹു തന്നെയാണെന്ന് വിശ്വസിക്കുന്നവരും, അവനിൽ ഭരമേൽപ്പിച്ച് അവന്റെ പ്രതിനിധികളായി അവന്റെ ഗ്രന്ഥത്തെ സത്യപ്പെടുത്തിക്കൊണ്ടും പ്രവാചകന്മാരെ സാക്ഷ്യപ്പെടുത്തിക്കൊണ്ടും അവനുവേണ്ടി മാത്രം ജീവിക്കുന്നവരുമാണ്. 4: 46; 14: 1; 22: 65 തുടങ്ങി 30 സൂക്തങ്ങളിൽ അദ്ദിക്റിനെ അല്ലാഹുവിന്റെ സമ്മതപത്രമെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എല്ലാ പ്രവാചകന്മാർക്കും അദ്ദിക്ർ തന്നെയാണ് നൽകിയിട്ടുള്ളത് എന്ന് 16: 43–44; 21: 24; 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത കപടവിശ്വാസികളെയും അവരുടെ അനുയായികളെയും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളെന്നും അവരാണ് മനുഷ്യരിൽ നിന്ന് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലെ 7 കവാടങ്ങളിലേക്ക് നിജപ്പെടുത്തപ്പെട്ടിട്ടുള്ളതെന്നും യഥാക്രമം 8: 22; 15: 43–44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 10: 100 ൽ അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാൾക്കും വിശ്വാസിയാകാൻ സാധ്യമല്ല എന്നും പറഞ്ഞിട്ടുണ്ട്. 2: 91, 213; 3: 7–10; 5: 110 വിശദീകരണം നോക്കുക.

50. എന്റെ മുമ്പിലുള്ള തൗറാത്തിൽ നിന്നുള്ളതിനെ സത്യപ്പെടുത്തുന്നതിനും നിങ്ങളുടെമേൽ നിഷിദ്ധമാക്കപ്പെട്ടിരുന്ന ചില കാര്യങ്ങൾ നിങ്ങൾക്ക് അനുവദിച്ച് തരുന്നതിനുമാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്, ഞാൻ നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം കൊണ്ടുവന്നിട്ടുമുണ്ട്, അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, എന്നെ അനുസരിക്കുകയും ചെയ്യുവീൻ.

നിഷിദ്ധമാക്കപ്പെട്ടിട്ടുള്ള ചിലത് നിങ്ങൾക്ക് അനുവദിക്കുന്നതിനുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത് എന്ന് പറഞ്ഞതിൽ നിന്ന് അല്ലാഹു നിഷിദ്ധമാക്കിയത് എന്നല്ല, മൂസായുടെ കാലശേഷം ഗ്രന്ഥത്തിൽ നിന്ന് അകന്ന് പോയ ജൂതന്മാർ തന്നിഷ്ടപ്രകാരം നിഷിദ്ധമാക്കിയത് എന്നാണ്. ഈസാ രണ്ടാമതുവരുമ്പോൾ മിഥ്യയൊന്നും കടന്നുകൂടാത്തതും ത്രികാലജ്ഞാനിയായ നാഥൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്തതും മുമ്പ് അവതരിപ്പിക്കപ്പെട്ട 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന, 5: 48 ൽ പറഞ്ഞ മുഹൈമിൻ ആയ അദ്ദിക്ർ ആണ് പിൻപറ്റുക. ആത്മാവുകൊണ്ടുള്ള നമസ്കാരം സ്ത്രീപുരുഷഭേദമന്യേ വിശ്വാസിക്ക് എപ്പോഴും നിർവഹിക്കാവുന്നതാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 56: 146; 7: 156–158; 16: 118 വിശദീകരണം നോക്കുക.

51. നിശ്ചയം അല്ലാഹു എന്റെയും നിങ്ങളുടെയും നാഥനാണ്, അപ്പോൾ നിങ്ങൾ അവനെ സേവിക്കുവീൻ, അതാകുന്നു നേരെചൊവ്വെയുള്ള പാത.

ഈ സൂക്തം 19: 36 ലും 43: 64 ലും ആവർത്തിച്ചിട്ടുണ്ട്. വിശ്വാസിയാകാനുള്ള നാഥ

ന്റെ സമ്മതപത്രമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചനാഥനെക്കുറിച്ചുള്ള ധാരണ ലോകരിൽ ശരിപ്പെടുത്തുകയാണ് അല്ലാഹുവിനെ സേവിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 6: 153 ൽ, ഇതാണ് നേരെചൊവ്വെയുള്ള എന്റെ പാത, അപ്പോൾ നിങ്ങൾ അത് പിൻപറ്റുക, ഈ ഏകമാർഗത്തിൽ നിന്ന് ഭിന്നിച്ചിട്ടുള്ള വിവിധ മാർഗങ്ങൾ നിങ്ങൾ പിൻപറ്റാതിരിക്കുകയും ചെയ്യുക, അതാണ് നിങ്ങളോട് ഉപദേശിക്കുവാനുള്ളത് -നിങ്ങൾ സൂക്ഷ്മത ഉള്ളവരാകുന്നതിനുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. അജയ്യഗ്രന്ഥമായ അദ്ദിക്റാണ് നേരെച്ചൊവ്വെയുള്ള പാത. അതുതന്നെയാണ് സ്വർഗത്തിലേക്കുള്ള ടിക്കറ്റും. അപ്പോൾ അതിൽ നിന്ന് ചിലത് എടുക്കുകയും ചിലത് തള്ളിക്കളയുകയും ചെയ്യുന്നവരൊന്നും തന്നെ സ്വർഗത്തിലേക്ക് തിരിച്ചെത്തുകയില്ല. ഇന്ന് ലോകത്തുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ആരും തന്നെ നാഥനെ സേവിക്കാത്തതിനാൽ അവർ പിശാചിനെ സേവിക്കുന്ന ഭ്രാന്തന്മാരും ഒരു പ്രവാചകനെയും നബിയെയും പിൻപറ്റാത്തവരുമാണ്. അവർ തന്നെയാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകൾ. 1: 4-5; 3: 103 വിശദീകരണം നോക്കുക.

52. അങ്ങനെ ഈസാ അവരിൽ നിഷേധം കണ്ടപ്പോൾ അവൻ ചോദിച്ചു: അല്ലാഹുവിലേക്ക് എന്നെ സഹായിക്കാൻ ആരുണ്ട്? ഹവാരിയ്യീങ്ങൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്, ഞങ്ങൾ അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ചു, നിശ്ചയം ഞങ്ങൾ അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ചവരാണെന്ന് നീ സാക്ഷ്യം വഹിക്കുകയും ചെയ്യുക.

ഇസ്റാഈൽ സന്തതികൾ വിശ്വസിക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ ഹവാരിയ്യീങ്ങളായ പതിമൂന്നുപേർ മാത്രമാണ് അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ തയ്യാറായത്. അവരിൽ ഒരാളായ *സർജ്ജാസ്* (ജൂദാസ്) ഈസാനബിക്കുവേണ്ടി ക്രൂശിക്കപ്പെടാനും തയ്യാറായി. 61: 14 ൽ, ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നവരാകുവീൻ, മർയമിന്റെ പുത്രൻ ഈസാ ഹവാരിയ്യീങ്ങളോട് ചോദിച്ചതുപോലെ, അല്ലാഹുവിലേക്ക് എന്നെ സഹായിക്കാൻ ആരാണുള്ളത്? ഹവാരിയ്യീങ്ങൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികൾ തന്നെയാകുന്നു, അങ്ങനെ ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം നിഷേധിക്കുകയും ചെയ്തു, അപ്പോൾ വിശ്വാസികളായിട്ടുള്ളവരെ നാം അവരുടെ ശത്രുക്കളുടെമേൽ ശക്തിപ്പെടുത്തുകയും അങ്ങനെ അവർ അവരെ അതിജയിക്കുന്നവരുമായി എന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്ന് സൂറത്ത് സ്വഫ്ഫിന് ഹവാരിയ്യീൻ എന്ന പേരും ലഭിക്കുകയുണ്ടായി. നാഥനിലേക്ക് എത്തിപ്പെടാനുള്ള പ്രകാശമായ അദ്ദിക്റിനെ ഊതിക്കെടുത്താൻ കാഫിറുകൾ ശ്രമിക്കുമെന്നും എന്നാൽ പ്രപഞ്ചനാഥൻ അത് ലോകരിൽ പ്രചരിപ്പിച്ചിട്ടല്ലാതെ പിൻവാങ്ങുകയില്ല എന്നും 9: 32-33 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ കാലത്തും മനുഷ്യരിൽ നിന്ന് ആയിരത്തിൽ ഒന്ന് മാത്രമാണ് സ്വർഗത്തിലേക്കെന്ന് 4: 118 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അപ്പോൾ പ്രവാചകൻ ഈസായും ഹവാരിയ്യീങ്ങളും പ്രബോധനം ചെയ്തത് അല്ലാഹു തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയായ ഇസ്ലാം തന്നെയായിരുന്നു എന്ന് സൂക്തത്തിൽ നിന്ന് മനസ്സിലാക്കാം. 3: 19, 48-49; 4: 157-158 വിശദീകരണം നോക്കുക.

53. ഞങ്ങളുടെ നാഥാ! നീ അവതരിപ്പിച്ചതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുകയും ഞങ്ങൾ പ്രവാചകനെ പിൻപറ്റുകയും ചെയ്തിരിക്കുന്നു, അപ്പോൾ സാക്ഷികളോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തിയാലും!

'ഞങ്ങൾ പ്രവാചകനെ പിൻപറ്റുകയും ചെയ്തിരിക്കുന്നു' എന്ന് പറഞ്ഞതിലെ പ്രവാചകൻ ഹവാരിയ്യീങ്ങളുടെ കാര്യത്തിൽ പ്രവാചകൻ ഈസായാണ്. എന്നാൽ നജ്റാനിൽ നിന്ന് മദീനയിൽ പ്രവാചകന്റെ അടുത്തുവന്ന അദിയ്യുബ്നു ഹാതിമിന്റെ നേതൃത്വത്തിലുള്ള ക്രൈസ്തവ സംഘത്തിന്റെ പ്രഖ്യാപനം കൂടിയാണ് ഈ സൂക്തം. അവരുടെ കാര്യത്തിൽ 'ഞങ്ങൾ പ്രവാചകനെ പിൻപറ്റുകയും ചെയ്തിരിക്കുന്നു' എന്ന് പറഞ്ഞതിലെ പ്രവാചകൻ മുഹമ്മദ് നബിയാണ്. 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിക്കുന്നവരാണ് തങ്ങളുടെ നാഥന്റെ പക്കൽ ഗ്രന്ഥത്തെ സത്യപ്പെടുത്തുന്നവരും സാക്ഷികളുമെന്ന് 57: 19 ൽ പറഞ്ഞിട്ടുണ്ട്. 5: 83–84 കൂട്ടിവായിക്കുക. 2: 38–39; 17: 107–109 വിശദീകരണം നോക്കുക.

54. അവർ ഗൂഢതന്ത്രം പ്രയോഗിച്ചു, അല്ലാഹുവും ഗൂഢതന്ത്രം പ്രയോഗിച്ചു, അല്ലാഹുവാകട്ടെ ഗൂഢതന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും മികച്ചവനുമാകുന്നു.

ഈസായെ കുരിശിലേറ്റുന്നതിനുവേണ്ടി ജൂതർ നടത്തിയ ഗൂഢതന്ത്രത്തെയാണ് ഇവിടെ പരാമർശിക്കുന്നത്. ഇതുപോലെ മുഹമ്മദിനെ വധിക്കാൻ മദീനയിലുള്ള ജൂതരും ഗൂഢതന്ത്രം മെനഞ്ഞിരുന്നു. 14: 46 ൽ, എല്ലാ പ്രവാചകന്മാർക്കും വിശ്വാസികൾക്കുമെതിരായി കപടവിശ്വാസികൾ എല്ലാകാലത്തും ഗൂഢതന്ത്രം പ്രയോഗിച്ചിരുന്നുവെന്നും എന്നാൽ മല തന്നെ നീക്കാനുതകുന്ന അവരുടെ ഗൂഢതന്ത്രം കൊണ്ട് പ്രവാചകന്മാരെയോ അല്ലാഹുവിൽ ഭരമേൽപ്പിച്ച വിശ്വാസികളെയോ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും പറഞ്ഞിട്ടുണ്ട്. ഇവർക്കുമുമ്പുള്ള ആളുകളും നിശ്ചയം തന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ട്, തന്ത്രങ്ങൾ മുഴുവനും അല്ലാഹുവിന്റെ പക്കലാകുന്നു, എല്ലാ ഓരോ ആത്മാവും സമ്പാദിക്കുന്നത് എന്തെന്ന് അവൻ അറിയുന്നു, അപ്പോൾ ആർക്കാണ് ദുഷിച്ച ഭവനമെന്ന് കാഫിറുകൾ അറിയുക തന്നെ ചെയ്യും എന്ന് 13: 42 ലും പറഞ്ഞിട്ടുണ്ട്.

27: 45–49 സൂക്തങ്ങളിൽ, സ്വാലിഹിനെ സമൂദ് ജനതയിലേക്ക് പ്രവാചകനായി അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തെ സ്വീകരിക്കാൻ അവർ തയ്യാറായില്ല. നിന്നെയും നിന്റെ കൂടെയുള്ളവരെയും ദു:ശ്ശകുനമായിട്ടാണ് ഞങ്ങൾ കാണുന്നതെന്ന് അവർ പറഞ്ഞു. സ്വാലിഹ് പറഞ്ഞു: നിങ്ങളുടെ ദു:ശ്ശകുനം അല്ലാഹുവിന്റെ പക്കലാണ്; അല്ല, നിങ്ങൾ പരീക്ഷിക്കപ്പെടുന്ന ഒരു ജനത തന്നെയാകുന്നു. അവരിൽ ഭൂമിയിൽ നാശം വിതക്കുന്ന സുകൃതം ചെയ്യാത്ത ഒമ്പത് ഗോത്രക്കാരുണ്ടായിരുന്നു. അവർ സ്വാലിഹിനെയും അവന്റെ കുടുംബത്തെയും ഒരു രാത്രിയിൽ വധിക്കാനും പിന്നെ അവന്റെ രക്ഷാധികാരിയോട് 'ഞങ്ങൾ നിന്റെ കുടുംബാംഗങ്ങളെ കൊന്നതിന് സാക്ഷികളല്ല, ഞങ്ങൾ സത്യസന്ധന്മാർ തന്നെയാണ്' എന്ന് അല്ലാഹുവിൽ ആണയിട്ടുകൊണ്ട് പറയാനും തീരുമാനിച്ചു എന്നും; 27: 50 ൽ, അവർ അവരുടെ ഗൂഢതന്ത്രങ്ങൾ മെനഞ്ഞു, നാം നമ്മുടെ തന്ത്രവും മെനഞ്ഞു, എന്നാൽ അത് അവർ തിരിച്ചറിഞ്ഞിരുന്നില്ല എന്നും; 27: 51 ൽ, ഗൂഢതന്ത്രം മെനഞ്ഞവരുടെ പര്യവസാനം എന്തായിരുന്നുവെന്ന് നോക്കിക്കാണുക, നാം അവരെയും അവരുടെ ജനതയെ മുഴുവനും തകർത്തുതരിപ്പണമാക്കി എന്നും പറഞ്ഞിട്ടുണ്ട്.

27: 68–69 സൂക്തങ്ങളിൽ, ഈ ഗ്രന്ഥം പൂർവ്വികരുടെ കെട്ടുകഥകളാണെന്ന് പറഞ്ഞുകൊണ്ട് പ്രവാചകനെ തള്ളിപ്പറഞ്ഞ മക്കാമുശ്രിക്കുകളോട് പറയാൻ പ്രവാചകനോട് കൽപിക്കുന്നു: നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചുകൊണ്ട് ഇതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത ഭ്രാന്തന്മാരുടെ പരിണിതി എന്തായിരുന്നു എന്ന് നോക്കിക്കാണുക. 27: 70 ൽ, പ്രവാചകനോട് പറയുന്നു: നീ അവരുടെ കാര്യത്തിൽ ദു:ഖിക്കരുത്, അവർ മെ

നയുന്ന ഗൂഢതന്ത്രങ്ങളിൽ നീ മനം മുട്ടുകയുമരുത്. 16: 127 ൽ അല്ലാഹു പ്രവാചക നോട് പറയുന്നു: നീ ക്ഷമിക്കുക, നിന്റെ ക്ഷമ അല്ലാഹുവിൽ നിന്നുള്ളതല്ലാതെ അല്ല, നീ അവരുടെ കാര്യത്തിൽ ദുഃഖിക്കരുത്, അവരുടെ ഗൂഢതന്ത്രത്തിൽ നീ മനംമുട്ടുകയും ചെയ്യരുത്. 35: 10 ൽ, ആരാണോ തിന്മക്കുവേണ്ടി ഗൂഢതന്ത്രം മെനയുന്നത്, അവർക്ക് അതി കഠിനമായ ശിക്ഷയുണ്ട്, അക്കൂട്ടരുടെ ഗൂഢതന്ത്രം ലക്ഷ്യത്തിലെത്തുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 5: 11; 6: 123–124; 8: 30 വിശദീകരണം നോക്കുക.

55. അല്ലാഹു പ്രഖ്യാപിച്ചത് ഓർക്കേണ്ടതാണ്, ഓ ഈസാ! നിശ്ചയം ഞാൻ നിന്നെ തിരിച്ചുവിളിക്കുകയും നിന്നെ എന്നിലേക്ക് ഉയർത്തുകയും കാഫിറുകളായവരിൽ നിന്ന് നിന്നെ ശുദ്ധീകരിക്കുകയും അന്ത്യനാൾ വരെ നിന്നെ പിൻപറ്റുന്നവരെ നാം കാഫിറുകളായവരുടെ മേലെയാക്കുകയും ചെയ്യുന്നതാണ്, പിന്നെ നിങ്ങളുടെയെല്ലാം മടക്കം എന്നിലേക്ക് തന്നെയാണ്, അപ്പോൾ നിങ്ങൾ ഏതൊന്നിലാണോ ഭിന്നിച്ചുകൊണ്ടിരുന്നത്, അതിൽ ഞാൻ നിങ്ങൾക്കിടയിൽ തീരുമാനം കൽപ്പിക്കുന്നതുമാകുന്നു.

56. അപ്പോൾ കാഫിറുകളായവരോ, അവരെ ഇഹത്തിലും പരത്തിലും അതികഠിനമായ ശിക്ഷ കൊണ്ട് ഞാൻ ശിക്ഷിക്കുക തന്നെ ചെയ്യും, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല.

കാഫിറുകളായ ജൂതപുരോഹിതർ ഈസാനബിയെ ക്രൂശിച്ചുകൊല്ലാൻ റോമൻ ചക്രവർത്തിയുടെ ഗവർണരിൽ സ്വാധീനം ചെലുത്തുകയും അവസാനം അവർ ഈസായെ പിടിച്ച് ക്രൂശിക്കാൻ തന്നെ തീരുമാനിക്കുകയും ചെയ്തു. ഈ വിവരം ത്രികാലജ്ഞാനിയായ നാഥൻ ഈസായെ അറിയിച്ചതനുസരിച്ച് ഈസാ 'ആരാണ് എനിക്കുപകരം ക്രൂശിക്കപ്പെടാൻ തയ്യാറുള്ളത്, അവർക്ക് സ്വർഗത്തിൽ എന്റെ കൂടെ സഹവസിക്കാം' എന്ന് മൂന്ന് സന്ദർഭങ്ങളിലായി ചോദിക്കുകയുണ്ടായി. അപ്പോഴെല്ലാം ഹവാരിയ്യീങ്ങളിൽ പെട്ട *സർജ്ജാസ്* (ജൂദാസ്) ഞാൻ തയ്യാറാണെന്ന് മറുപടി കൊടുത്തു. അങ്ങനെ റോമൻ പട്ടാളം ഈസായെ പിടിക്കാൻ വന്നപ്പോൾ സർജ്ജാസിന്റെ മുഖം 76: 28 ൽ പറഞ്ഞ പ്രകാരം അല്ലാഹു ഈസായുടെ മുഖം പോലെയാക്കി മാറ്റിമറിക്കുകയും ഈസായെ ഒരു ചുഴലിക്കാറ്റ് മുഖേന ശരീരത്തോടുകൂടിത്തന്നെ അവനിലേക്ക് ഉയർത്തുകയും ചെയ്തു. 4: 157–158 സൂക്തങ്ങളിൽ, അവനെ അവർ ഉറപ്പായും കൊന്നിട്ടില്ല, എന്നാൽ അല്ലാഹു അവനെ അവനിലേക്ക് ഉയർത്തുകയാണുണ്ടായത്, അല്ലാഹു അജയ്യനായ തന്ത്രജ്ഞാനി തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 'അവനെ ഉയർത്തുകയാണുണ്ടായത്' എന്ന് അർത്ഥം വരുന്ന *'റഫഅഹു'* എന്നതിലെ *'ഹു'* പുരുഷനെ ശരീരത്തോട് കൂടിയാകുമ്പോഴാണ് പ്രയോഗിക്കുക, ആത്മാവ് മാത്രമാണെങ്കിൽ *'റഫഅഹാ'* എന്നാണ് പ്രയോഗിക്കേണ്ടിയിരുന്നത്. ഈ സൂക്തത്തിൽ നിന്നെ തിരിച്ചുവിളിക്കും, നിന്നെ ഉയർത്തും എന്ന് അർത്ഥം വരുന്ന *'മുതവഫ്ഫീക വറാഫിഉക'* എന്നതിലെ *'ക'* പുരുഷന്റെ ശരീരത്തോടുകൂടിയാകുമ്പോഴാണ് പ്രയോഗിക്കുക, ആത്മാവിന് മാത്രമായിരുന്നുവെങ്കിൽ *'കി'* എന്നാണ് പ്രയോഗിക്കേണ്ടിയിരുന്നത്.

4: 159 ൽ, നിശ്ചയം വേദവാഹകരിൽ നിന്നുള്ളവർ അവനെക്കൊണ്ട് അവന്റെ മരണത്തിനുമുമ്പ് വിശ്വസിക്കാതിരിക്കുകയില്ല തന്നെ, വിധിദിവസം അവൻ അവർക്കെതിരെ സാക്ഷ്യം വഹിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 'ഇവിടെ അവർക്കെതിരെ സാക്ഷ്യം വഹിക്കുന്നതുമാണ്' എന്ന് പറഞ്ഞത് 3: 51 ൽ പഠിപ്പിച്ചതിന് വിരുദ്ധമായി ഈസായെയും മാതാവിനെയും അല്ലാഹുവിനെക്കൂടാതെയുള്ള രണ്ട് ഇലാഹുകളായി തെരഞ്ഞെ

ടുത്ത് കാഫിറുകളായിത്തീർന്നവർക്ക് എതിരെയാണ്. 5: 116–117 സൂക്തങ്ങളിൽ, ഈസാ യെ പരലോകത്തുവെച്ച് വിചാരണ ചെയ്യുമ്പോൾ ഈസാ മറുപടി പറയും: നീയെന്താ ണോ എന്നോട് പറയാൻ കൽപിച്ചത്, അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല, അതാ യത് നിങ്ങൾ എന്റെയും നിങ്ങളുടെയും ഉടമയായ അല്ലാഹുവിന്റെ പ്രതിനിധികളായി ജീ വിക്കുക എന്നല്ലാതെ, ഞാൻ അവരിലുള്ള കാലത്തോളം അതിന് സാക്ഷിയുമായിരുന്നു, തുടർന്ന് ഈസാ പറയും: അപ്പോൾ എന്നെ നീ പൂർണ്ണമായി എടുത്തപ്പോൾ നീ തന്നെ യായിരുന്നല്ലോ അവരുടെ മേൽനോട്ടക്കാരൻ, നീ എല്ലാ ഓരോ കാര്യത്തിനും സാക്ഷി യുമല്ലോ എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ എന്നെ നീ മരിപ്പിച്ചപ്പോൾ എന്ന് പറയുന്നതിനു പകരം എന്നെ നീ പൂർണ്ണമായി എടുത്തപ്പോൾ എന്ന് പറഞ്ഞതിന്റെ വിവക്ഷ ഈസാന ബിയെ മരണത്തിലല്ലാതെ ശരീരത്തോടുകൂടി ജീവനോടെത്തന്നെയാണ് ആകാശത്തേ ക്ക് ഉയർത്തിയത് എന്നാണ്.

6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിനുമുമ്പ് മസീഹുദ്ദജ്ജാലിനെ വധിച്ച് ഇസ് ലാം ലോകത്ത് എല്ലാവർക്കും പരിചയപ്പെടുത്തുന്നതിന് വേണ്ടി 33ാം വയസ്സിൽ ജീവ നോടെ ഉയർത്തപ്പെട്ട ഈസായെ അതേ വയസ്സിൽ തന്നെ ഭൂമിയിലേക്ക് കൊണ്ടുവരുന്ന താണ്. 43: 61 ൽ, നിശ്ചയം അവനെ നാം അന്ത്യമണിക്കൂറിന്റെ അറിവാക്കി വെച്ചിരിക്കു ന്നു എന്ന് പറഞ്ഞിട്ടുണ്ട്. അന്ന് മുഹമ്മദിന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സൗരാഷ്ട്രർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളെല്ലാം ഈസായെ അംഗീകരിക്കുന്നതാണ്. ഇന്ന് മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കു ന്ന മുഹമ്മദിന്റെ ജനതയിൽ പെട്ട, 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ വിവിധ സംഘടന കളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന യഥാർത്ഥ കാഫിറുകളെ അവർ വധിക്കുന്ന തും 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതുമാണ്. ഏഴുകൊല്ലത്തെ ഭരണശേഷം 40–ാം വയസ്സിൽ ഈസാ മരിക്കുന്നതും മദീനയിൽ മുഹ മ്മദ് നബിയുടെ ഖബറിന് അടുത്ത് ഒഴിച്ചിട്ടിരിക്കുന്ന സ്ഥലത്ത് മറവുചെയ്യുന്നതുമാണ്. 19: 33 ൽ, ഞാൻ ജനിക്കുന്ന നാളിലും ഞാൻ മരിക്കുന്ന നാളിലും ഞാൻ പുനർജീവിപ്പി ക്കപ്പെടുന്ന നാളിലും എന്റെ മേൽ സമാധാനമുണ്ട് എന്ന് തൊട്ടിലിൽ വെച്ച് ഈസാ സം സാരിച്ചതായി പറഞ്ഞിട്ടുണ്ട്. അതായത് ഈസാനബി ക്രൂശിക്കപ്പെട്ട് പ്രയാസപ്പെട്ട് മരി ച്ചിട്ടില്ല എന്നും സമാധാനത്തോടുകൂടിയാണ് മരിക്കുക എന്നതുമാണ് സത്യം.

നിന്നെ പിൻപറ്റുന്നവരെ അന്ത്യനാൾ വരെ കാഫിറുകളായവരുടെ മേലെയാക്കുമെ ന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ ജൂതരുടെമേൽ ക്രൈസ്തവർക്ക് സ്ഥാനം നൽ കും എന്നല്ല, മറിച്ച് ഈസായുൾപ്പെടെ എല്ലാ പ്രവാചകന്മാരും കൊണ്ടുവന്ന അദ്ദിക്ർ പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾക്ക് അറബി ഖുർആൻ വായിക്കുന്ന ഫു ജ്ജാറുകളുടെമേൽ സ്ഥാനം നൽകുമെന്നും ഇഹത്തിലും പരത്തിലും അവർ മാത്രമായി രിക്കും വിജയികളെന്നും പ്രഖ്യാപിക്കുകയാണ്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളാണ് നരകക്കുണ്ഠത്തിലെ 7 വാതിലുകളിലേക്കും നിജപ്പെടുത്തി വെക്കപ്പെ ട്ട കാഫിറുകൾ. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തി ലേക്കോ ആക്കുന്നില്ല. കാഫിറുകൾ വായിച്ച, തൊട്ട, കണ്ട സൂക്തങ്ങളാണ് അവർക്കെ തിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നത്. ലോക ത്തൊരിടത്തും വിശ്വാസികളുടെ ഏകസംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരി ച്ചിട്ടുണ്ട്. 2: 62; 3: 45; 9: 31–33 വിശദീകരണം നോക്കുക.

57. വിശ്വാസികളായവരും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമായവർ ആരോ, അപ്പോൾ അവർക്ക് അവരുടെ പ്രതിഫലം പൂർണ്ണമായി നൽകപ്പെടുന്നതാണ്, അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ.

സൽകർമ്മങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് ഇന്ന് വിശ്വാസം രൂപപ്പെടുത്താനുള്ള ഗ്രന്ഥമായ അദ്ദിക്ർ ജാതി-മത-വർണ്ണ-ഭാഷ-ദേശ-ലിംഗ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കലാണ്. 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുകയും അവരവരെ തിരിച്ചറിയുകയും ജീവിതലക്ഷ്യം മനസ്സിലാക്കി നാലാം ഘട്ടമായ ഇവിടെവെച്ച് സ്വർഗം സമ്പാദിക്കുകയും ചെയ്യുന്നവർക്ക് അവർ സമ്പാദിച്ച സ്വർഗം ഏഴാം ഘട്ടത്തിൽ അല്ലാഹു അനന്തരാവകാശമായി നൽകുന്നതാണ്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല എന്ന ആശയത്തിലാണ് 3: 140 ഉം അവസാനിക്കുന്നത്. 'നിശ്ചയം അവൻ അക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ' എന്ന് പറഞ്ഞുകൊണ്ടാണ് 42: 40 അവസാനിക്കുന്നത്. 2: 25, 254, 286; 6: 21; 9: 71–72 വിശദീകരണം നോക്കുക.

58. ഇതെല്ലാം നാം നിന്റെമേൽ വിശദീകരിച്ചുതന്നുകൊണ്ടിരിക്കുന്ന സൂക്തങ്ങളിൽ നിന്നുള്ളവയും യുക്തിനിർഭരമായ ഒരു ഉണർത്തലുമാകുന്നു.

ഗ്രന്ഥത്തിന്റെ ആത്മാവിന് 'അദ്ദിക്ർ' എന്ന് പറയുന്നു. 36: 69 ൽ, ഇത് വ്യക്തമായ വായനയായ ഒരു ഉണർത്തലല്ലാതെ അല്ല എന്നും; 38: 1 ൽ, ഉണർത്തലായ ഒരു വായനയുമാണ് സത്യം എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെക്കുറിച്ച്: ഈ വായന ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിട്ടുണ്ട് എന്ന് 54-ാം സൂറത്തിൽ നാല് പ്രാവശ്യം പറഞ്ഞിട്ടുണ്ട്. 36: 2 ൽ യുക്തിനിർഭരമായ ഒരു വായന എന്നാണ് പറഞ്ഞതെങ്കിൽ ഇവിടെ യുക്തിനിർഭരമായ ഒരു ഉണർത്തൽ എന്നാണ് പറഞ്ഞത്. ഇത് നിനക്കും നിന്റെ ജനതക്കുമുള്ള ഒരു ഉണർത്തൽ ആണ്, അതിനെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യുമെന്ന് 43: 44 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിൽ നിന്നാണ് പിശാച് തടയുക, കാരണം അത് മനുഷ്യരുടെ ഹൃദയത്തിന്റെ ഭാഷയിലുള്ളതാണ്. അദ്ദിക്റിനെ വിസ്മരിച്ചതുകൊണ്ടാണ് ഫുജ്ജാറുകൾ കെട്ടജനതയായത് എന്ന് 25: 17–18 സൂക്തങ്ങളിലും; അത്തരം അക്രമികൾ അവരുടെ കൈകടിച്ച് 'ഓ കഷ്ടം! ഇന്നാലിന്നവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുമെന്ന് 25: 27–29 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് മൂടിവെക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട് എന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. യുക്തിനിർഭരമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചാൽ ത്രികാലജ്ഞാനിയായ നാഥനെ മുറുകെപ്പിടിച്ച് നേരെചൊവ്വേയുള്ള പാതയിലായി എന്ന് 3: 101 ലും 4: 175 ലും പറഞ്ഞിട്ടുണ്ട്. 15: 9; 16: 89; 25: 33 വിശദീകരണം നോക്കുക.

59. നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ ഈസായുടെ ഉപമ ആദമിന്റെ ഉപമ പോലെയാകുന്നു, അവനെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു, പിന്നെ അവൻ അവനോട് പറഞ്ഞു: ഉണ്ടാവുക, അപ്പോൾ അവൻ ഉണ്ടാവുകയായി.

പിതാവും മാതാവുമില്ലാത്ത അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഉദാഹരണമാണ് ആദമും ഹവ്വയും. മണ്ണുകൊണ്ട് ശരീരം സൃഷ്ടിച്ച് അവന്റെ റൂഹ് അതിൽ ആവാഹിച്ചപ്പോൾ ആദം മനുഷ്യനായി. ഹവ്വയെ ആദമിന്റെ ആത്മാവിൽ നിന്ന് നാഥൻ 'ഉണ്ടാവുക' എന്ന കൽപന പ്രകാരമാണ് സൃഷ്ടിച്ചത്. ഈസായുടെ ശരീരം 'ഉണ്ടാവുക' എന്ന വചനവും റൂഹ് നാഥനിൽ നിന്നുള്ളത് തന്നെയാണെന്നും 4: 171 ൽ പറഞ്ഞിട്ടുണ്ട്. പിതാവില്ലാത്ത അല്ലാ

ഹുവിന്റെ സൃഷ്ടിക്ക് ഉദാഹരണമാണ് ഈസാ. അപ്പോൾ ആദമിന്റെയും ഈസായുടെയും ജീവനും ആത്മാവും അടങ്ങിയ റൂഹ് അല്ലാഹുവിൽ നിന്നുള്ളതാണ് എന്നതുപോലെ ത്തന്നെ മനുഷ്യരുടേതടക്കം എല്ലാ സൃഷ്ടികളുടെയും റൂഹ് അല്ലാഹുവിൽ നിന്നുള്ളത് തന്നെയാണ്. മനുഷ്യരടക്കം എല്ലാ ജീവികളുടെയും ശരീരം ആണിന്റെയും പെണ്ണിന്റെയും ബീജങ്ങൾ കൂട്ടിച്ചേർത്താണ് സൃഷ്ടിച്ചിട്ടുള്ളത്. ഇതര ജീവികളിൽ നിന്ന് മനുഷ്യർക്കുള്ള പ്രത്യേകത മനുഷ്യന് വിശേഷബുദ്ധി നൽകപ്പെട്ടിട്ടുണ്ട് എന്നതാണ്. ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് ഇത്തരം കാര്യങ്ങളെല്ലാം മനസ്സിലാക്കിയ വിശ്വാസി ഒരു ജീവിയെയും ന്യായം കൂടാതെ വധിക്കുകയില്ല. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളായ കുഫ്ഫാറുകൾ ഇത്തരം കാര്യങ്ങളെല്ലാം ഉണർത്തുന്ന ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും അതിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരുമായതിനാലാണ് അവരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരെന്ന് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 3: 47; 4: 1; 32: 7–9 വിശദീകരണം നോക്കുക.

60. സത്യം നിന്റെ നാഥന്റെ പക്കൽ നിന്നുള്ളതാണ്, അപ്പോൾ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുത്.

അദ്ദിക്ർ നിന്റെ നാഥന്റെ പക്കൽ നിന്നുള്ളതാണ്, അതിന്റെ കാര്യത്തിൽ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുതെന്നാണ് പ്രവാചകനോടും വിശ്വാസിയോടും കൽപിക്കുന്നത്. അപ്പോൾ സത്യമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തെ സത്യപ്പെടുത്തി ജീവിക്കാത്ത എല്ലാ ഫുജ്ജാറുകളും മിഥ്യയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. മിഥ്യയാകട്ടെ, അത് ഉടയേണ്ടതുതന്നെയാണെന്ന് 17: 81 ൽ പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണെന്ന് 16: 89, 102 എന്നീ സൂക്തങ്ങളിലും, അദ്ദിക്ർ ഉറപ്പുനൽകുന്ന സത്യമാണെന്ന് 56: 95 ലും 69: 51 ലും പറഞ്ഞിട്ടുണ്ട്. 2: 119, 147; 11: 17 വിശദീകരണം നോക്കുക.

61. അപ്പോൾ അതിന്റെ കാര്യത്തിൽ അറിവിൽ നിന്ന് നിനക്ക് വന്നുകിട്ടിയ ശേഷം ആരെങ്കിലും നിന്നോട് തർക്കിക്കുന്നുവെങ്കിൽ അപ്പോൾ നീ അവരോട് പറയുക: നിങ്ങൾ വരുവീൻ, നമുക്ക് ഞങ്ങളുടെ മക്കളെയും നിങ്ങളുടെ മക്കളെയും ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും വിളിച്ചുകൂട്ടുകയും ഞങ്ങളും നിങ്ങളും ഒരുമിച്ചുകൂടുകയും പിന്നെ നുണപറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപം ഭവിക്കട്ടെ എന്ന് നമുക്ക് ശാപപ്രാർത്ഥന നടത്തുകയും ചെയ്യാം.

ശാപപ്രാർത്ഥന (*മുബാഹല*) എന്നുപറഞ്ഞാൽ അവരവർ പറയുന്നത് തെറ്റാണെങ്കിൽ അവരവരുടെമേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ എന്ന് അല്ലാഹുവിന്റെ കാര്യത്തിൽ അല്ലെങ്കിൽ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിപ്പിലായ വിഭാഗങ്ങൾ ഒരുമിച്ചുകൂടി സ്വയം പ്രാർത്ഥിക്കലാണ്. ഈ സൂക്തം അനുസരിച്ച് സത്യം മനസ്സിലാക്കിയ ശേഷം മനഃസാക്ഷിക്ക് വിരുദ്ധമായി വിശ്വാസികളോട് തർക്കിക്കാൻ വരുന്നവരോട് വാദപ്രതിവാദമില്ലെന്നും പകരം *മുബാഹല* മാത്രമാണുള്ളതെന്നും മനസ്സിലാക്കാവുന്നതാണ്. വിശ്വാസികളുടെ സംഘമുള്ളപ്പോൾ മാത്രമാണ് ശാപപ്രാർത്ഥന പറഞ്ഞിട്ടുള്ളത്. ഗ്രന്ഥം മൂടിവെക്കുന്ന കുഫ്ഫാറുകളോടും വികലമാക്കി സംസാരിക്കുന്ന കപടവിശ്വാസികളോടും അദ്ദി

ക്ർ കൊണ്ട് ജിഹാദ് ചെയ്യാനാണ് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിലൂടെ വിശ്വാസി ഇന്ന് കൽപിക്കപ്പെട്ടിട്ടുള്ളത്. കപടവിശ്വാസികളോടും അവരുടെ അനുയായികളോടും 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാനും 14: 30 ലൂടെ ഇന്ന് വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവാചകന്റെ തന്നെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾക്ക് സത്യം മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടി ഏറ്റവും നല്ലതുകൊണ്ട് (അദ്ദിക്ർ കൊണ്ട്) വിശ്വാസികൾക്ക് സംവാദത്തിൽ ഏർപ്പെടാവുന്നതാണ് എന്ന് 29: 46 ൽ പറഞ്ഞിട്ടുണ്ട്.

അറിവിൽ നിന്ന് നിനക്ക് വന്നുകിട്ടിയതിന് ശേഷം എന്നതിലെ 'അറിവ്' അദ്ദിക്റാണ്. 22: 8; 31: 20 സൂക്തങ്ങളിൽ ജനങ്ങളിൽ യാതൊരു അറിവും സന്മാർഗവും വെളിച്ചം നൽകുന്ന ഗ്രന്ഥവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവരുണ്ട് എന്ന് പറഞ്ഞതിലെ അറിവ്, സന്മാർഗം, വെളിച്ചം നൽകുന്ന ഗ്രന്ഥം എന്നിവ കൊണ്ടെല്ലാം ഉദ്ദേശിക്കുന്നത് അദ്ദിക്ർ മാത്രമാണ്. 25: 58 ലെ ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനവും 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥവുമായ അദ്ദിക്റിന്റെ രചയിതാവാണ് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനി. അറിവില്ലാത്ത കാര്യങ്ങൾ ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവിനോട് ചോദിക്കാനാണ് 16: 43; 21: 7 സൂക്തങ്ങളിലൂടെ ഏവരോടും കൽപിച്ചിട്ടുള്ളത്. 2: 120–121, 145–146, 166–167 വിശദീകരണം നോക്കുക.

62. നിശ്ചയം ഇത്, അതുതന്നെയാണ് യഥാർത്ഥ സംഭവ വിവരണം, അല്ലാഹു ഒഴികെ ഒരു ഇലാഹുമില്ല തന്നെ; നിശ്ചയം അല്ലാഹു, അവൻ തന്നെയാണ് അജയ്യനായ യുക്തിജ്ഞാനിയും.

63. ഇനി അവർ പിന്തിരിയുന്നുവെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു നാശകാരികളെക്കുറിച്ച് ശരിക്കും അറിയുന്നവൻ തന്നെയാണ്.

313 പ്രവാചകന്മാരെയും സത്യവും തെളിവുമായ അദ്ദിക്ർ കൊണ്ട് നിയോഗിച്ചിട്ടുള്ളത് പ്രപഞ്ചനാഥനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ത്രികാലജ്ഞാനിയുടെ സംസാരമായ സംഭവവിവരണങ്ങളാണ്. 7: 35 ൽ അല്ലാഹു ആദം സന്തതികളെ വിളിച്ച് പറയുന്നു: നിങ്ങൾക്ക് എന്റെ സൂക്തങ്ങൾ വിശദീകരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ വന്നാൽ ആരാണോ സൂക്ഷ്മാലുക്കളാവുകയും ജീവിതം നന്നാക്കിത്തീർക്കുകയും ചെയ്തത്, അപ്പോൾ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 6: 130 ൽ, എന്റെ സൂക്തങ്ങൾ വിശദീകരിച്ച് തന്നിരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങൾക്ക് വന്നിരുന്നില്ലേ എന്ന് വിചാരണാനാളിൽ കാഫിറുകളോട് അല്ലാഹു ചോദിക്കുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 7: 176 ൽ, ഗ്രന്ഥത്തിലെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞ ജനതയെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് ഉപമിച്ച ശേഷം നീ ചരിത്രം അവർക്ക് വ്യക്തമായി വിവരിച്ചുകൊടുക്കുക, കേട്ടവർ കേട്ടവർ അത് പ്രതിഫലിപ്പിക്കട്ടെ എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകനോട്: നാം നിനക്ക് ഈ ഗ്രന്ഥം ദിവ്യസന്ദേശമായി നൽകുക വഴി ഏറ്റവും നല്ല സംഭവചരിത്രം വിശദീകരിച്ചുതരാം, ഇതിനുമുമ്പ് നീ പ്രജ്ഞയറ്റവരിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് 12: 3 ൽ പറഞ്ഞിട്ടുണ്ട്. 12: 111 തുടങ്ങുന്നത്, നിശ്ചയം അവരുടെ സംഭവചരിത്രത്തിൽ ബുദ്ധിമാന്മാർക്ക് ഗുണപാഠങ്ങളുണ്ട് എന്ന് പറഞ്ഞുകൊണ്ടാണ്. 28: 77 അവസാനിക്കുന്നത് 'നിശ്ചയം അല്ലാഹു നാശകാരികളെ ഇഷ്ടപ്പെടുന്നവനല്ല തന്നെ' എന്ന് പറഞ്ഞുകൊണ്ടാണ്. വിശ്വാസികളോട് നാശകാരികളുടെ പര്യവസാനം നോ

ക്കിക്കാണാൻ 7: 103 ലൂടെ കൽപിച്ചിട്ടുണ്ട്. 2: 10–12, 38–39, 163 വിശദീകരണം നോക്കുക.

64. നീ പറയുക: ഓ വേദത്തിന്റെ ആളുകളേ! ഞങ്ങളുടെയും നിങ്ങളുടെയും ഇടയിലുള്ള ഒരുപോലെ അംഗീകരിക്കേണ്ട ഒരു വചനത്തിലേക്ക് നിങ്ങൾ വരുവീൻ, നാം അല്ലാഹുവിനെയല്ലാതെ സേവിച്ചുകൂടാ, അവനെക്കൊണ്ട് ഒരു വസ്തുവിനെയും നാം പങ്കുചേർക്കുകയുമരുത്, നാം അല്ലാഹുവിനെക്കൂടാതെ നമ്മിൽ ചിലർ ചിലരെ റബ്ബുകളായി തെരഞ്ഞെടുക്കാതിരിക്കുകയും ചെയ്യുക, അപ്പോൾ ഇനിയവർ പിന്തിരിയുന്നുവെങ്കിൽ അപ്പോൾ നിങ്ങൾ അവരോട് തുറന്നുപറയുക: നിശ്ചയം ഞങ്ങൾ അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ചവരാണെന്ന് നിങ്ങൾ സാക്ഷ്യം വഹിക്കുവീൻ.

9: 30 ൽ, ജൂതന്മാർ പറയുന്നു: ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന്; ക്രൈസ്തവർ പറയുന്നു: മസീഹ് അല്ലാഹുവിന്റെ പുത്രനാണെന്ന്; അതെല്ലാം അവരുടെ വായകൾ ഉതിർക്കുന്ന അവരുടെ വെറും വാക്കുകളാണ്, മുമ്പുള്ള കാഫിറുകളായവരുടെ വാക്കുകൾ അവർ അനുകരിച്ച് പറയുകയാണ്, അല്ലാഹു അവരെ വധിച്ചുകളഞ്ഞിരിക്കുന്നു, എങ്ങനെയാണ് അവർ വഴിതെറ്റിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്? ഇന്ന് ലോകരിൽ ഫുജ്ജാറുകളാണ് ഇത്തരം സൂക്തങ്ങൾ വായിക്കുന്നത്. അവരുടെ കപടവിശ്വാസികളായ പണ്ഡിത പുരോഹിതന്മാർ നാഥന്റെ സൂക്തങ്ങൾ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിൽ ഇതരന്മാരെ പങ്കുചേർക്കുന്നവരാണ്. അവർ നാഥനെ ത്രികാലജ്ഞാനിയായും ഉള്ളിന്റെ ഉള്ള് അറിയുന്ന സൂക്ഷ്മജ്ഞാനിയായും അംഗീകരിക്കാത്തവരുമാണ്. 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ അനുയായികളായ മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികളെ വിളിച്ച്, പണ്ഡിതപുരോഹിതന്മാരിൽ അധികപേരും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകയും അവരെ അദ്ദിക്റിൽ നിന്ന് തടയുകയും ചെയ്യുമെന്ന് 9: 34 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1: 4; 2: 99; 9: 67–68 വിശദീകരണം നോക്കുക.

65. ഓ വേദത്തിന്റെ ആളുകളേ! ഇബ്റാഹീമിന്റെ കാര്യത്തിൽ നിങ്ങൾ എന്തിനാണ് തർക്കിച്ചുകൊണ്ടിരിക്കുന്നത്? തൗറാത്തും ഇഞ്ചീലും അവനുശേഷമല്ലാതെ ഇറക്കപ്പെട്ടിട്ടില്ലല്ലോ -അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരാകുന്നില്ലേ?

പ്രവാചകന്റെ കാലത്തുള്ള വേദവാഹകരായ ജൂതരും ക്രൈസ്തവരും 'ഞങ്ങൾ ഇബ്റാഹീമിന്റെ മാർഗമാണ് പിൻപറ്റുന്നത്' എന്ന് വാദിച്ചിരുന്നു. എന്നാൽ തൗറാത്തും ഇഞ്ചീലും ഇബ്റാഹീമിന്റെ കാലശേഷം മൂസാക്കും ഈസാക്കും അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. അവർ ആ വേദത്തെ പിൻപറ്റി ജീവിക്കാൻ കൽപിക്കപ്പെട്ടവരുമാണ്. വേദഗ്രന്ഥത്തിൽ നിന്ന് വ്യതിചലിച്ച് ജീവിതം നയിക്കുക വഴി അവർ ഇബ്റാഹീമിന്റെയും മൂസായുടെയും ഈസായുടെയുമെല്ലാം മാർഗത്തിൽ നിന്ന് വ്യതിചലിച്ച് കഴിഞ്ഞുവെന്നും ആ വസ്തുത മനസ്സിലാക്കാതെയുള്ള അവരുടെ വാദം പൊള്ളയാണെന്നുമാണ് ഇവിടെ പറയുന്നത്. എന്നാൽ ഇന്ന് ലോകർക്ക് മൊത്തമുള്ള ഗ്രന്ഥം അദ്ദിക്ർ മാത്രമാണ്. അതിന്റെ വാഹകരായ പ്രവാചകന്റെ ജനത മാത്രമാണ് 'നിങ്ങൾ ചിന്തിക്കുന്നവരാകുന്നില്ലേ' എന്ന് ഗ്രന്ഥത്തിൽ വായിക്കുന്നത്. ഇബ്റാഹീമും മുഹമ്മദുമെല്ലാം ഗ്രന്ഥത്തിന്റെ മാർഗം -നേരെച്ചൊവ്വായ അല്ലാഹുവിന്റെ ഏകപാത- പിൻപറ്റി ജീവിച്ചവരാണ്. എന്നാൽ അദ്ദിക്റിനെ തള്ളിപ്പറയുക വഴി നിങ്ങൾ ഇബ്റാഹീമിനെയോ മുഹമ്മദിനെയോ മറ്റു പ്രവാച

കന്മാരെയോ അല്ല പിൻപറ്റിക്കൊണ്ടിരിക്കുന്നത്, നിങ്ങൾ അല്ലാഹുവിന്റെ ഏക സംഘത്തിൽ പെട്ടവരുമല്ല. ഗ്രന്ഥത്തിൽ 52 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട ഭ്രാന്തന്മാരായ നിങ്ങൾ 29 കള്ളവാദികളെ പിൻപറ്റുക വഴി വിവിധ സംഘടനകളായി പിരിഞ്ഞ് ഗ്രന്ഥത്തിൽ 55 സ്ഥലങ്ങളിൽ പരാമർശിക്കപ്പെട്ട മുശ്രിക്കുകളും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരും 36: 59-62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും ഗ്രന്ഥത്തിൽ 520 സ്ഥലങ്ങളിൽ പരാമർശിക്കപ്പെട്ട കാഫിറുകളുമാണ്. 2: 44, 170-171; 23: 52-53 വിശദീകരണം നോക്കുക.

66. ഹാ, നിങ്ങൾ ഇക്കൂട്ടർ തന്നെ, നിങ്ങൾക്ക് വിവരമുള്ള കാര്യത്തിൽ നിങ്ങൾ ധാരാളം തർക്കിച്ചുകഴിഞ്ഞു, ഇനി നിങ്ങൾക്ക് ഒട്ടും അറിവില്ലാത്ത കാര്യത്തിലും നിങ്ങൾ തർക്കിച്ചുകൊണ്ടിരിക്കുന്നതെന്താണ്? അല്ലാഹു അറിവുള്ളവനും നിങ്ങൾ അറിവില്ലാത്തവരുമാകുന്നു.

നിങ്ങൾക്ക് വിവരമുള്ള കാര്യത്തിൽ നിങ്ങൾ ധാരാളം തർക്കിച്ചുകഴിഞ്ഞു എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്, അന്ന് ജൂത-ക്രൈസ്തവർ ഇബ്റാഹീമിനെക്കുറിച്ചും ഇസ്ഹാഖിനെക്കുറിച്ചും വാദിച്ചിരുന്നത് കേട്ടുകേൾവി അനുസരിച്ചായിരുന്നു, അല്ലാതെ യഥാർത്ഥ അറിവായ വേദത്തിന്റെ ആശയമനുസരിച്ചായിരുന്നില്ല എന്നാണ്. അതുകൊണ്ടാണ് മുൻസൂക്തത്തിൽ *തൗറാത്തും ഇഞ്ചീലും* അവന് ശേഷമല്ലാതെ ഇറക്കപ്പെട്ടിട്ടില്ലല്ലോ എന്ന് പറയുന്നത്. അതായത് *തൗറാത്തും ഇഞ്ചീലു*മനുസരിച്ചാണ് നിങ്ങൾ വാദത്തിന് ഒരുമ്പെടേണ്ടിയിരുന്നത് എന്നാണ്. ഇബ്റാഹീം, ഇസ്മാഈൽ, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാരെക്കുറിച്ച് മനസ്സിലാക്കേണ്ടത് ഇന്ന് ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് മാത്രമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, 8: 22 ൽ ദുഷ്ടജീവികളെന്ന് വിശേഷിപ്പിക്കപ്പെട്ട അവർ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ 'നിശ്ചയം! അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതുമാണ്. 2: 2-5; 3: 52; 10: 60 വിശദീകരണം നോക്കുക.

67. ഇബ്റാഹീം ജൂതനായിരുന്നില്ല, ക്രിസ്ത്യാനിയുമായിരുന്നില്ല, എന്നാൽ അവൻ ഏകാഗ്രചിത്തനായ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവനായിരുന്നു, അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് നാഥൻ തൃപ്തിപ്പെട്ട ഏക ജീവിതരീതി 3: 19 ൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ഇസ്ലാം മാത്രമാണ്. എല്ലാ പ്രവാചകന്മാരും നബിമാരും വിശ്വാസികളും 58: 22 ൽ പറഞ്ഞ നാഥന്റെ സംഘത്തിൽ പെട്ടവരും, എന്നാൽ എല്ലാ പ്രവാചകന്മാരുടെയും കാലത്തുള്ള 1000 ത്തിൽ 999 പേരും കപടവിശ്വാസികളും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. 2: 62, 135-136; 4: 140 വിശദീകരണം നോക്കുക.

68. നിശ്ചയം ജനങ്ങളിൽ വെച്ച് ഇബ്റാഹീമിനോട് അടുത്തവരായിരിക്കാൻ അർഹതയുള്ളത് അവനെ പിൻപറ്റുന്നവരായവർ തന്നെയാണ് -ഈ നബിയും വിശ്വാ

സികളായവരുമാകുന്നു- അല്ലാഹു വിശ്വാസികളുടെ സംരക്ഷകനുമാകുന്നു.

പ്രവാചകൻ മുഹമ്മദിന്റെ മുമ്പിലുണ്ടായിരുന്ന ജൂത-ക്രൈസ്തവർ 'ഞങ്ങളാണ് ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരുടെ ആളുകൾ, നിങ്ങൾ പുതിയ വാദവുമായി വന്നവരാണ്' എന്ന് പറഞ്ഞിരുന്നു. അതിന് മറുപടിയായിട്ടാണ് ഈ നബിയും (പ്രവാചകൻ മുഹമ്മദ്) അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളായവരുമാണ് ഇബ്റാഹീം നബിയോട് അടുത്തത് എന്ന് പറഞ്ഞത്. ഇക്കാലത്ത് അന്ത്യപ്രവാചകനായ മുഹമ്മദിനോട് ഏറ്റവും അടുത്തവർ പ്രവാചകന്റെ ആളുകളാണെന്ന് വാദിച്ച് പ്രവാചകന്റെ ചരമദിനം കൊണ്ടാടുന്ന ഫുജ്ജാറുകളല്ല. മറിച്ച് ഏറ്റവും നല്ലതായ അദ്ദിക്ർ മനസ്സിലാക്കി പിൻപറ്റുകയും അദ്ദിക്ർ മൊത്തം ലോകരിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന വിശ്വാസികൾ മാത്രമാണ്. അവർ മാത്രമാണ് ഇബ്റാഹീമിന്റെയും ഇസ്ഹാഖിന്റെയും ഇസ്മാഈലിന്റെയും മുഹമ്മദിന്റെയും മറ്റെല്ലാ പ്രവാചകന്മാരുടെയും നബിമാരുടെയും മാർഗമായ നേരെച്ചൊവ്വെയുള്ള പാത പിൻപറ്റുന്ന ആയിരത്തിൽ ഒന്നായ സ്വർഗത്തിലേക്കുള്ള വിശ്വാസികൾ. അല്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പ്രവാചകന്മാരെയെല്ലാം ജനമധ്യത്തിൽ കളവാക്കി അവതരിപ്പിക്കുന്നവരും അവരെ കൊല്ലാതെ കൊല്ലുന്നവരുമായ കാഫിറുകളും പിശാചിന്റെ സംഘക്കാരും അവന്റെ കൂടെ നരകത്തിന്റെ വിറകുകളാകേണ്ടവരുമാണ്. ഇന്ന് പ്രവാചകന്റെ ജനതയിൽ നിന്നുള്ളതിനേക്കാൾ വിശ്വാസികൾ ഉള്ളത് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്കുകാർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളിലാണെന്ന് അദ്ദിക്റിനെ സത്യാസത്യ വിവേചനമാനദണ്ഡമായും ഉൾക്കാഴ്ചാദായകമായും ത്രാസ്സായും ഉപയോഗപ്പെടുത്തുന്ന ഏതൊരാൾക്കും ബോധ്യമാവുന്നതാണ്. 2: 257, 285; 3: 21-22; 6: 153 വിശദീകരണം നോക്കുക.

69. വേദക്കാരിൽ നിന്നുള്ള ഒരു വിഭാഗം നിങ്ങളെ ഏതെങ്കിലും വിധത്തിൽ വഴി പിഴപ്പിച്ചാൽ കൊള്ളാമെന്ന് അതിയായി ആഗ്രഹിക്കുന്നവരാണ്, വാസ്തവത്തിൽ അവർ അവരെത്തന്നെയല്ലാതെ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നുമില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നുമില്ല.

35: 32 ൽ പറഞ്ഞ പ്രകാരം മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം ഏൽപിക്കപ്പെട്ട പ്രവാചകന്റെ ജനതയിലെ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും ഫുജ്ജാറുകളും ആത്മാവിനോട് അക്രമം കാണിച്ചവരുമാണ്. 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവർ വിവിധ സംഘടനകളിൽ പെട്ട് 30: 30-31 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മുശ്രിക്കുകളായവരാണ്. 10: 60 ൽ വിവരിച്ച പ്രകാരം അവരിൽ പെട്ട ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട്/അവളോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. 6: 26 ൽ വിവരിച്ച പ്രകാരം അവർ വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതിരിക്കുക വഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. മാലിന്യമായ അവർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല എന്ന് 9: 28, 95, 125 സൂക്തങ്ങളിൽ ഫുജ്ജാറുകളായ അവർ വായിച്ചിട്ടുള്ളതാണ്. 2: 18, 109, 165-167 വിശദീകരണം നോക്കുക.

70. ഓ വേദത്തിന്റെ ആളുകളേ! നിങ്ങൾ എന്തിനാണ് അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കുന്നത്, നിങ്ങൾ അതിന് സാക്ഷികളായിരിക്കെത്തന്നെ?

ഗ്രന്ഥത്തെക്കുറിച്ചും പ്രവാചകൻ മുഹമ്മദിനെക്കുറിച്ചും പൂർവ്വികഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ഭാഗം ജൂത-ക്രൈസ്തവർ മൂടിവെക്കുകയും ഒന്നും അറിയാത്ത വിധം പ്രവാചകന്റെ മുമ്പിൽ പെരുമാറുകയും ചെയ്തിരുന്നു. മാത്രമല്ല, അവർ തനിച്ചാകുമ്പോൾ അവരുടെ പക്കലുള്ള ഗ്രന്ഥത്തിൽ പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് പരാമർശിച്ച ഭാഗങ്ങൾ വിധിദിവസം, അതുമുഖേന അല്ലാഹുവിന്റെയടുക്കൽ നിങ്ങൾക്കെതിരായി വാദിക്കാൻ ഇടനൽകുന്ന വിധത്തിൽ വിശ്വാസികളുമായുള്ള സംസാരത്തിൽ ചിന്തയില്ലാതെ നിങ്ങൾ പരാമർശിച്ചുവോ എന്ന് പരസ്പരം ചോദിക്കുകയും ചെയ്തിരുന്ന കാര്യം 2: 76 ൽ വരച്ചു കാണിച്ചിട്ടുണ്ട്. ഇന്ന് പ്രവാചകന്റെ ജനതയിൽ പെട്ട കപടവിശ്വാസികൾക്കാണ് ജൂത-ക്രൈസ്തവരുടെ ഈ സ്വഭാവമുള്ളത്. 2: 77-79, 101; 3: 7-10, 187 വിശദീകരണം നോക്കുക.

71. ഓ വേദത്തിന്റെ ആളുകളേ! നിങ്ങൾ എന്തിനാണ് സത്യത്തെ മിഥ്യയുമായി കൂട്ടിക്കുഴച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ അറിവുള്ളവരായിരിക്കെ സത്യത്തെ ഒളിപ്പിച്ചുവെക്കുക തന്നെയുമാണോ?

ഇന്ന് ഗ്രന്ഥം വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണവും വ്യക്തവും സപഷ്ടവുമായ വായനയുമായ അദ്ദിക്ർ മാത്രമായിരിക്കെ അത് മനുഷ്യർക്ക് വെളിവാക്കാതിരിക്കുകയും സൂക്തങ്ങൾക്ക് അല്ലാഹു ഉദ്ദേശിച്ച ആശയമല്ലാതെ അവരവരുടെ ഇഷ്ടത്തിനനുസരിച്ച് ആശയം നൽകി വിശദീകരിക്കുകയും അവസരത്തിന് വിരുദ്ധമായി സൂക്തങ്ങൾ ഉദ്ധരിക്കുകയും യഥാർത്ഥ ആശയം പുറത്തുവരാതിരിക്കാൻ വേണ്ടി സൂക്തം മുഴുവൻ ഉദ്ധരിക്കാതിരിക്കുകയുമെല്ലാം ചെയ്ത് ഗ്രന്ഥത്തെ നിഷേധമാക്കി മാറ്റിമറിക്കുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളുടെ ചെയ്തികളെയാണ് സൂക്തം വരച്ചുകാണിക്കുന്നത്. 2: 42, 99, 174-176; 4: 140 വിശദീകരണം നോക്കുക.

72. വേദത്തിന്റെ ആളുകളിൽ ഒരു വിഭാഗം പറയുകയും ചെയ്യുന്നു: വിശ്വാസികളായവരുടെ മേൽ അവതരിപ്പിക്കപ്പെട്ടതുകൊണ്ട് നിങ്ങൾ പകലിന്റെ ആദ്യത്തിൽ വിശ്വസിക്കുകയും അതിന്റെ അന്ത്യത്തിൽ അതിനെ നിഷേധിക്കുകയും ചെയ്യുക, അതുമുഖേന അവരുടെ വിശ്വാസത്തിൽ നിന്ന് അവർ മടങ്ങുന്നതിനുവേണ്ടി.

മദീനയിൽ പ്രവാചകന്റെ കാലത്തുതന്നെ ജൂതരിൽ ഒരുവിഭാഗം പ്രഭാതത്തിൽ വിശ്വാസികളുടെ കൂട്ടത്തിൽ ചേർന്നതായി നടിക്കുകയും തുടർന്ന് വൈകുന്നേരം വരെ വിശ്വാസികളുടെ കൂടെ നിലകൊള്ളുകയും ചെയ്തിരുന്നു. എന്നാൽ വൈകുന്നേരം അവർ അവരുടെ പഴയ താവളത്തിലേക്കുതന്നെ തിരിച്ചുവന്ന് അവരുടെ പൂർവ്വിക ആചാരാനുഷ്ഠാനങ്ങൾ തന്നെ പിന്തുടർന്നു. അതുവഴി ബുദ്ധിമാന്മാരായ ആളുകൾ വിശ്വാസികൾ പിൻപറ്റിക്കൊണ്ടിരിക്കുന്ന യഥാർത്ഥ ദീനിനെ പഠിച്ചറിയുകയും അതിൽ പുതുമയും സത്യവും ദർശിക്കാതെ പഴയ ജീവിതവ്യവസ്ഥ തന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു എന്ന് സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യം. സാധാരണക്കാർ ഇസ്ലാമിനെക്കുറിച്ച് ചിന്തിക്കുക പോലും ചെയ്യാതിരിക്കുന്നതിന് വേണ്ടിയുള്ള തന്ത്രമായിരുന്നു അത്. ഒരു ജൂതസുഹൃത്ത് അവരുടെ ഗ്രന്ഥം എനിക്ക് പഠിപ്പിച്ചു തരുന്നുണ്ടെന്ന് ഉമർ പ്രവാചകനെ ഉണർത്തിയപ്പോൾ പ്രവാചകൻ കോപിക്കുകയും 'മൂസാ ഇന്ന് ജീവിച്ചിരിപ്പുണ്ടെങ്കിൽ മൂസാ എന്നെ പിൻപറ്റാൻ കടമപ്പെട്ടിരിക്കുന്നു' എന്ന് മറുപടി നൽകുകയുമുണ്ടായി.

5: 11 ൽ വിവരിച്ച പ്രകാരം ജൂതന്മാർ മുഹമ്മദിനെ വധിച്ചുകളയാൻ ഗൂഢതന്ത്രം പ്രയോഗിക്കുകയുണ്ടായി. പിന്നീട് അവർ കപടവിശ്വാസികളുമായി ചേർന്ന് വിശ്വാസികൾക്കെതിരെ ഗൂഢതന്ത്രം പ്രയോഗിക്കാൻ തുടങ്ങി. കപടവിശ്വാസികളുടെ അത്തരം ഗൂഢ

തന്ത്രങ്ങളെക്കുറിച്ച് 59: 11 ൽ പറയുന്നത് ഇങ്ങനെയാണ്: കാപട്യമുള്ളവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞില്ലേ? അവർ വേദക്കാരിൽ നിന്നുള്ള കാഫിറുകളായ അവരുടെ സഹോദരന്മാരോട് പറഞ്ഞുകൊണ്ടിരിക്കുന്നു: നിങ്ങൾ പുറത്താക്കപ്പെടുകയാണെങ്കിൽ ഞങ്ങളും നിങ്ങളോ ടൊപ്പം പുറത്തുപോവുക തന്നെ ചെയ്യും, നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും ഒരാളെയും അനുസരിക്കുകയുമില്ല, നിങ്ങൾ യുദ്ധത്തിന് വിധേയരാവുകയാണെങ്കിൽ ഞങ്ങൾ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും, അല്ലാഹു സാക്ഷ്യം വഹിക്കുന്നു -നിശ്ചയം അവർ കളവ് പറയുന്നവർ തന്നെയാകുന്നു. 5: 41 ൽ, ഓ പ്രവാചകാ, തങ്ങളുടെ വായ കൊണ്ട് ഞങ്ങൾ വിശ്വസിച്ചു എന്ന് പറയുകയും ഹൃദയം കൊണ്ട് വിശ്വസിച്ചിട്ടില്ലാത്തവരുമായ നിഷേധത്തിന്റെ വഴിയിൽ സദാ ഓടിനടക്കുന്നവരായവരുടെയും ജൂതരായിത്തീർന്നവരുടെയും പ്രവർത്തനങ്ങൾ നിന്നെ ദുഃഖിപ്പിക്കേണ്ടതില്ല, അവർ കളവിനുവേണ്ടിയും നിന്നിലേക്ക് വരാത്ത മറ്റൊരു ജനതക്കുവേണ്ടിയും കേൾക്കുന്നവരാകുന്നു, അവർ വേദവചനങ്ങളെ അതിന്റെ ശരിയായ സ്ഥാനം മനസ്സിലായിട്ടും സാക്ഷാൽ ആശയത്തിൽ നിന്ന് മാറ്റിമറിക്കുന്നവരുമാകുന്നു, അവർ പറഞ്ഞുകൊണ്ടിരിക്കുന്നവരുമാണ്: നിങ്ങൾക്ക് ഇതാണ് നൽകപ്പെട്ടതെങ്കിൽ അപ്പോൾ നിങ്ങൾ അത് സ്വീകരിക്കുക, നിങ്ങൾക്ക് നൽകപ്പെടുന്നത് അതല്ലാത്തതാണെങ്കിൽ അപ്പോൾ നിങ്ങൾ ജാഗ്രത പുലർത്തുകയും ചെയ്യുവീൻ, അല്ലാഹു ആരെയെങ്കിലും തന്റെ പരീക്ഷണത്തിലകപ്പെടുത്താൻ ഉദ്ദേശിച്ചാൽ അപ്പോൾ അവനുവേണ്ടി അല്ലാഹുവിൽ നിന്ന് നിനക്ക് യാതൊന്നും ചെയ്യാൻ കഴിയില്ല തന്നെ, അക്കൂട്ടരാകുന്നു തങ്ങളുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്തവരായവർ, അവർക്ക് ഇഹത്തിൽ നിന്ദ്യതയാണുള്ളത്, അവർക്ക് പരത്തിൽ വമ്പിച്ച ശിക്ഷയുമാണുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥം രൂപപ്പെടാത്ത പ്രവാചകന്റെ കാലത്തുള്ള മദീനയിലെ ജൂതരെക്കാളും കപടവിശ്വാസികളെക്കാളും ദുഷിച്ച കുതന്ത്രങ്ങളാണ് ഇന്ന് അദ്ദിക്ർ കേൾക്കുന്നതിനെത്തൊട്ട് ജനങ്ങളെ തടയുന്നതിനുവേണ്ടി കപടവിശ്വാസികൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. മാലിന്യമായ അവരെയും അവരുടെ അനുയായികളെയും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ ദുഷ്ടരെന്നാണ് 8: 22, 55 സൂക്തങ്ങളിൽ നാഥൻ പ്രപഞ്ചം രൂപപ്പെടുത്തുന്നതിനുമുമ്പ് തന്നെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിവെച്ചിട്ടുള്ളത്. പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ലോകത്തുണ്ടായിട്ടുള്ള മതപഠനശാലകളിലെല്ലാം തന്നെ ജൂതക്രൈസ്തവരും കപടവിശ്വാസികളും മെനഞ്ഞെടുത്ത് ഉണ്ടാക്കിയ പാഠ്യപദ്ധതിയാണ് ഇസ്ലാമിന്റെ പേരിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്.

2: 79 ൽ വിവരിച്ച പ്രകാരം 29 കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പഠിക്കുകയും പിൻപറ്റുകയും ചെയ്തുകൊണ്ട് 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന ഫുജ്ജാറുകൾ ആദ്യം അവനെ നബിയായും പിന്നെ ദൈവമായും സ്വീകരിക്കുന്നതാണ്. ഒന്നേകാൽ വർഷത്തിനുശേഷം ഈസാ വന്നാൽ അവനെ വധിക്കുന്നതോടെ അന്ന് യഥാർത്ഥ ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങൾ ഇത്തരം യഥാർത്ഥ കാഫിറുകളായ കപടവിശ്വാസികളെയും മുശ്രിക്കുകളെയും വധിക്കുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതുമാണ്. അപ്പോൾ മാത്രമാണ് 25: 17-18 സൂക്തങ്ങളിൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവർക്ക് 38: 8 ൽ പറഞ്ഞ പ്രകാരം 'അദ്ദിക്ർ' ആയിരുന്നു നാഥന്റെ ഗ്രന്ഥമെന്ന് ബോധ്യം വരിക. 2: 6-7, 171; 3: 28 വിശദീകരണം നോക്കുക.

73. നിങ്ങളുടെ ദീൻ പിൻപറ്റുന്നവരെയല്ലാതെ നിങ്ങൾ വിശ്വസിക്കുകയുമരുത്; നീ പറയുക: നിശ്ചയം സന്മാർഗം അല്ലാഹുവിൽ നിന്നുള്ള സന്മാർഗമാകുന്നു; നിങ്ങൾക്ക് നൽകിയതുപോലെ അത് മറ്റൊരുവന് നൽകപ്പെടലും, അല്ലെങ്കിൽ നിങ്ങളുടെ നാഥന്റെ മുമ്പിൽ നിങ്ങൾക്കെതിരായി വാദിക്കുന്നതിനുവേണ്ടി മറ്റുള്ളവന് ന്യായപ്രമാണം നൽകലും; നീ പറയുക: നിശ്ചയം ഔദാര്യം അല്ലാഹുവിന്റെ കയ്യിലാണ്, അത് അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്നതുമാണ്, അല്ലാഹുവോ, സർവ്വവ്യാപിയായ സർവ്വജ്ഞനാകുന്നു.

74. അവൻ അവന്റെ കാരുണ്യത്തിന് അവൻ ഉദ്ദേശിക്കുന്നവരെ തെരഞ്ഞെടുക്കുന്നു, അല്ലാഹു മഹത്തായ ഔദാര്യമുടയവൻ തന്നെയാകുന്നു.

സന്മാർഗം, കാരുണ്യം, ഔദാര്യം എന്നിവ അദ്ദിക്റിന്റെ 40 പേരുകളിൽ പെട്ടതാണ്. *നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഗ്രന്ഥത്തിന്റെ ആശയം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മൊത്തം മനുഷ്യർക്ക് സന്മാർഗമായിക്കൊണ്ടും പൂർവ്വിക വേദങ്ങളെ സത്യപ്പെടുത്തിക്കൊണ്ടും അവതരിപ്പിച്ച ഗ്രന്ഥം ജൂതന്മാർ സ്വീകരിക്കാതിരിക്കാൻ കാരണം ഇസ്ഹാഖ് പരമ്പരയിൽ നിന്നുള്ളവൻ ആയിരുന്നില്ല പ്രവാചകൻ മുഹമ്മദ് എന്നതിനാലായിരുന്നു. ഇസ്മാഈൽ പരമ്പരയിൽ നിന്ന് വന്ന മുഹമ്മദിനെ അവർ പ്രവാചകനായി സ്വീകരിച്ചില്ല. പ്രവാചകത്വമാകട്ടെ, ആർക്കും തെരഞ്ഞെടുക്കാൻ കഴിയാത്തതും ത്രികാലജ്ഞാനിയായ അല്ലാഹു ഇഷ്ടമുള്ളപ്പോൾ അവൻ ഇച്ഛിക്കുന്ന അവന്റെ അടിമകളിൽ നിന്ന് തെരഞ്ഞെടുക്കുന്നതുമാണ്. 2: 129 ൽ, മക്കാനിവാസികളായ ഇസ്മാഈൽ പരമ്പരയിൽ നിന്ന് പ്രവാചകനെ നിയോഗിക്കണമെന്ന ഇബ്റാഹീം നബിയുടെ പ്രാർത്ഥന ഏകദേശം 2500 കൊല്ലങ്ങൾക്ക് ശേഷമാണ് മുഹമ്മദിനെ പ്രവാചകനായി നിയോഗിക്കുക വഴി അല്ലാഹു നടപ്പിലാക്കിയത്. ഇബ്റാഹീം നബിയെക്കൊണ്ട് അങ്ങനെ പ്രാർത്ഥിപ്പിച്ചതും അല്ലാഹു തന്നെയാണ്. അഥവാ ത്രികാലജ്ഞാനിയായ അല്ലാഹു തന്നെയാണ് ആദ്യമേ എല്ലാം തീരുമാനിച്ചിട്ടുള്ളതും നടപ്പിലാക്കുന്നതും. അവന്റെ സൃഷ്ടികൾക്ക് ആർക്കും തന്നെ അതിലൊന്നും അധികാരമോ സ്വാധീനമോ അവകാശമോ ഇല്ല. അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെ കണ്ട് അവന്റെ സ്വഭാവമുൾക്കൊണ്ട് അവനെ മാത്രം സേവിക്കുന്നവരാണ് അവന്റെ കാരുണ്യവും ഔദാര്യവും ലഭിച്ച അവന്റെ പ്രതിനിധികളായ യഥാർത്ഥ വിശ്വാസികൾ. *അദ്ദിക്ർ നിനക്ക് അനുകൂലമായ പ്രമാണമാണ്, അല്ലെങ്കിൽ എതിർപ്രമാണമാണ് എന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് മിഥ്യകലരാത്ത അജയ്യ ഗ്രന്ഥം ഏതാണെന്ന് തിരിച്ചറിയാത്തവരായതിനാൽ അല്ലാഹുവിനെയും പ്രവാചകനെയും പരിഗണിക്കേണ്ട വിധം പരിഗണിക്കാത്തവരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അപ്പോൾ അദ്ദിക്ർ പിൻപറ്റുന്ന സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസി നരകത്തിലേക്കുള്ള എല്ലാ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ ഇത്തരക്കാരിൽ ഉൾപ്പെടുത്തരുതേ എന്നാണ് 1: 7 വായിക്കുമ്പോൾ മനസിൽ കരുതേണ്ടത്. 2: 120; 6: 89-90; 38: 8 വിശദീകരണം നോക്കുക.

75. വേദത്തിന്റെ ആളുകളിൽ സമ്പത്തിന്റെ ഒരു കൂമ്പാരം തന്നെ നീ അവനെ വിശ്വസിച്ചേൽപ്പിച്ചാൽ നിനക്ക് അത് തിരിച്ചുതരുന്നവരുണ്ട്, എന്നാൽ അവരിൽ തന്നെ ഒരു ദീനാർ പോലും നീ അവനെ വിശ്വസിച്ചേൽപ്പിച്ചാൽ വിടാതെ അവന്റെ പിന്നാലെ ചോദിച്ച് നടന്നാലല്ലാതെ നിനക്ക് തിരിച്ചുതരാത്തവരുമുണ്ട്,

അത് നിശ്ചയം നിരക്ഷരരുടെ കാര്യത്തിൽ നമ്മോട് ആരും ചോദിക്കുകയില്ല എന്ന് അവർ പറഞ്ഞതിനാലാണ്, അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ മേൽ കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നതിനാലുമാണ്.

പ്രവാചകന്റെ കാലത്തുള്ള ജൂതരുടെ സ്വഭാവമാണ് സൂക്തത്തിൽ ചിത്രീകരിച്ചിട്ടുള്ളത്. ഇന്ന് ഗ്രന്ഥം എല്ലാ കാര്യവും വിശദീകരിക്കുന്ന അദ്ദിക്ർ മാത്രമായതിനാൽ ഈ സൂക്തത്തിൽ പറഞ്ഞ സ്വഭാവം കൂടുതൽ യോജിക്കുന്നത് അതിന്റെ വാഹകരായ, പ്രവാചകന്റെ ജനതയിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ്, പ്രത്യേകിച്ച് അവരിലെ കപടവിശ്വാസികൾക്കാണ്. കപടവിശ്വാസികളുടെ സ്വഭാവങ്ങളായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച, *വിശ്വസിച്ചേൽപ്പിച്ചാൽ തിരിച്ചുകൊടുക്കാതിരിക്കുക, വായ തുറന്നാൽ നുണ പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ വഞ്ചിക്കുക* എന്നിവ അവരുടെ കാര്യത്തിൽ പൂർണ്ണമായും പുലർന്നിട്ടുണ്ട്. 'നിരക്ഷരരുടെ കാര്യത്തിൽ നമ്മോട് ആരും ചോദിക്കുകയില്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ, അവരെ വഞ്ചിച്ചാൽ വിധിദിവസം അല്ലാഹു ചോദിക്കുകയില്ല എന്നുമാത്രമല്ല, ഇഹത്തിൽ തന്നെ കോടതിയെയും ഭരണാധികാരികളെയും സമീപിച്ച് ഏൽപ്പിച്ചത് തിരിച്ചുവാങ്ങാൻ എഴുത്തും വായനയും അറിയാത്ത അവർക്ക് സാധിക്കുകയില്ല എന്ന് കരുതി അന്ന് ജൂതരും ഇന്ന് കപടവിശ്വാസികളും അവരുടെ അവകാശം നിഷേധിക്കുന്നവരാണ് എന്നാണ്. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ മേൽ കള്ളം പറയുന്നു എന്ന് പറഞ്ഞത്, ഏതൊരാളുടെയും അവകാശം തിരിച്ചുകൊടുക്കാതെ വിധിദിവസം ഒരു അടിപോലും മുന്നോട്ടുവെക്കാൻ ആർക്കും സാധിക്കുകയില്ല എന്ന വസ്തുത നിഷേധിക്കുക മാത്രമല്ല, നീതിമാനായ സർവ്വസ്രഷ്ടാവിനെക്കുറിച്ചും വിധിദിവസത്തെക്കുറിച്ചുമെല്ലാം വ്യക്തമായി പഠിപ്പിക്കുന്ന *അമാനത്തായ* അദ്ദിക്ർ അറിഞ്ഞിട്ട് പിൻപറ്റുകയോ മറ്റുള്ളവർക്ക് പഠിപ്പിക്കുകയോ ചെയ്യുകയില്ല എന്നാണ്. ആശയം അറിഞ്ഞിട്ടും ഗ്രന്ഥം തിലാവത്ത് ചെയ്തതുകൊണ്ട് പുണ്യം ലഭിക്കാത്ത വിഭാഗമാണ് അല്ലാഹുവിനാൽ വധിക്കപ്പെട്ട ഫുജ്ജാറുകളിലെ കപടവിശ്വാസികൾ. 2: 78–79, 174–176; 63: 1–4 വിശദീകരണം നോക്കുക.

76. അതെ, ആരാണ് അവനുമായി ചെയ്ത ഉടമ്പടി പാലിച്ചുകൊണ്ടും സൂക്ഷ്മത കൈക്കൊണ്ടുകൊണ്ടും ജീവിക്കുന്നത്, അപ്പോൾ നിശ്ചയം അല്ലാഹു സൂക്ഷ്മാലുക്കളായവരെ ഇഷ്ടപ്പെടുന്നവൻ തന്നെയാണ്.

2: 2 ൽ പറഞ്ഞ സന്മാർഗമായ അദ്ദിക്ർ ജീവിതത്തിന്റെ എല്ലാ മേഖലയിലും പിൻപറ്റുക തന്നെ വേണം. എഴുത്തും വായനയും അറിയാത്തവർക്കും അദ്ദിക്ർ ഹൃദയത്തിന്റെ ഭാഷയിൽ മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയിരിക്കുന്നു എന്ന് 54: 17 ൽ പറഞ്ഞിട്ടുണ്ട്. 7: 172–173 സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിൽ വെച്ച് ചെയ്ത ഉടമ്പടി അദ്ദിക്റിൽ നിന്ന് മനസ്സിലാക്കി ഇഹലോക ജീവിതത്തിൽ പാലിക്കാതിരുന്നാൽ അവരുടെ ജീവിതം പിശാചിനുള്ളതായിത്തീരുന്നതും അവർ ഭ്രാന്തന്മാരും നരകത്തിൽ കരിക്കപ്പെടുന്നവരാകുന്നതുമാണ് എന്ന് 36: 59–62 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സത്യമായ അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നവരാണ് സൂക്ഷ്മാലുക്കളെന്ന് 39: 33 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അല്ലാഹുവുമായി ചെയ്ത ഉടമ്പടി പാലിക്കാതെ അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്നവരാണ് കപടവിശ്വാസികളായ തെമ്മാടികൾ. ഒറ്റക്കൊറ്റക്കായിട്ടാണ് ഓരോ മനുഷ്യനും –ആണും പെണ്ണും– അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടി വരിക എന്ന് 6: 94; 18: 48; 19: 95 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 2: 38–39, 185–186 വിശദീകരണം നോക്കുക.

77. നിശ്ചയമായും അല്ലാഹുവുമായി ചെയ്ത ഉടമ്പടികൊണ്ടും തങ്ങളുടെ പ്രതിജ്ഞകൾ കൊണ്ടും കുറഞ്ഞ വില വാങ്ങുന്നവരുണ്ടല്ലോ, അക്കൂട്ടർക്ക് പരലോകത്തിൽ ഒരു വിഹിതവുമില്ല, വിധിദിവസം അല്ലാഹു അവരോട് സംസാരിക്കുകയോ അവരിലേക്ക് നോക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ചെയ്യുകയില്ല, അവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്.

'അല്ലാഹു അവരോട് സംസാരിക്കുകയോ അവരിലേക്ക് നോക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ചെയ്യുകയില്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ ഇത്തരം കപടവിശ്വാസികൾ ഫിർഔൻ പ്രഭൃതികളെപ്പോലെ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് വലിച്ചെറിയപ്പെടുമെന്നാണ്. അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഓരോരുത്തരും അവരവരുടെ വിചാരണ നാലാം ഘട്ടമായ ഇവിടെ വെച്ച് തന്നെ നടത്തണമെന്നിരിക്കെ അത് പരലോകത്തുവെച്ച് അല്ലാഹു വിധി കൽപിക്കട്ടെ എന്ന മട്ടിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നവരാണ് കപടവിശ്വാസികൾ. അത് അവർ പരലോകവിശ്വാസം ഇല്ലാത്തവരും അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരുമായതുകൊണ്ടാണ്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും കുഫ്ഫാറുകളും അല്ലാഹുവിനെ വിസ്മരിച്ചവരായതിനാൽ അവൻ അവരെയും വിസ്മരിച്ചിരിക്കുന്നു. നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ അവർ നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്യപ്പെട്ടവരാണ് എന്ന് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 99, 174; 3: 10–12; 11: 17–19 വിശദീകരണം നോക്കുക.

78. നിശ്ചയം അവരിൽ നിന്നുള്ള ഒരു വിഭാഗം നിങ്ങൾ അത് വേദത്തിൽ പെട്ടതാണെന്ന് കരുതുന്നതിനുവേണ്ടി തങ്ങളുടെ ഗ്രന്ഥം കൊണ്ട് അവരുടെ നാവിനെ വളക്കുന്നതാണ് –അത് വേദത്തിൽ പെട്ടതുമല്ല, അവർ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു: അത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന്, എന്നാൽ അത് അല്ലാഹുവിൽ നിന്നുള്ളതുമല്ല, അവർ അറിവുള്ളവരായിരിക്കെ അല്ലാഹുവിന്റെ മേൽ കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നവരുമാകുന്നു.

ഇന്ന് വേദത്തിന്റെ ആളുകൾ പ്രവാചകന്റെ ജനതയിൽ നിന്നുള്ളവരാണ്. അവരിൽ നിന്നുള്ള 58: 22 ൽ പറഞ്ഞ അല്ലാഹുവിന്റെ സംഘത്തിൽ പെടാതെ വിവിധ സംഘടനകളിൽ പെട്ട കപടവിശ്വാസികളായ നേതാക്കൾ അദ്ദിക്റിന്റെ ദിക്രീ, ദിക്റാ, സത്യം, ടിക്കറ്റ്, കാത്തുസൂക്ഷിക്കുന്നത്, ഏറ്റവും നല്ല ഗ്രന്ഥം, സന്മാർഗം, ജ്ഞാനം, സന്ദേശം തുടങ്ങിയ 40 പേരുകളിൽ ഒന്നുപോലും ജനങ്ങളോട് പറയാത്തവരും അവരുടെ ഇംഗിതത്തിനനുസരിച്ച് ആശയം വളച്ചൊടിച്ച് സംസാരിക്കുകയും അതെല്ലാം ഗ്രന്ഥത്തിൽ ഉള്ളതാണ്, അല്ലെങ്കിൽ ഗ്രന്ഥത്തിന്റെ വിശദീകരണമാണ് എന്ന് പറയുന്നവരുമാണ്. എന്നാൽ അത് ഗ്രന്ഥത്തിനും ഗ്രന്ഥത്തിന്റെ വിശദീകരണത്തിനും എതിരാണ്. 'അദ്ദിക്ർ നാമാണ് ഇറക്കിയത്, അതിന്റെ സംരക്ഷണം നാം തന്നെ ഏറ്റെടുത്തിരിക്കുന്നു' എന്നാണ് 15: 9 ൽ പറഞ്ഞിട്ടുള്ളത് എന്നിരിക്കെ അതിനെ വളച്ചൊടിച്ച് 'ഖുർആൻ നാമാണ് ഇറക്കിയത്, അതിന്റെ സംരക്ഷണം നാം തന്നെ ഏറ്റെടുത്തിരിക്കുന്നു' എന്നാണ് അവർ പറയുക. 41: 41 ൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അദ്ദിക്റാണ് അജയ്യഗ്രന്ഥമെന്നോ, ത്രികാലജ്ഞാനമായ അദ്ദിക്ർ ത്രികാലജ്ഞാനിയായ നാഥന്റെ സംസാരവും വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമാണെന്നോ അംഗീകരിക്കാത്തവരാണ് അവർ. എല്ലാ ആയിരത്തിലും 999 അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെയും പട്ടിക സിജ്ജീനിലാ

ണെന്നോ, ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകളെന്നോ, അവരിൽ നിന്നുള്ളവരിൽ ഓരോ വിഭാഗത്തെയും നരകക്കുണ്ഠത്തിലെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെച്ചിട്ടുണ്ടെന്നോ കപടവിശ്വാസികൾ ജനങ്ങളെ അറിയിക്കാറില്ല. 62: 5 ഉദ്ധരിക്കുമ്പോൾ അവർ ആദ്യഭാഗം മാത്രം ഉദ്ധരിച്ച് 'തൗറാത്ത് വഹിക്കുന്നവരുടെ ഉപമ, പിന്നെ അതിനെ അവർ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയല്ലാതെ വഹിക്കുന്നില്ല' എന്ന് ഉദ്ധരിച്ച് ഇത് ജൂതർക്ക് മാത്രം ബാധകമായതാണ്, ഈ സൂക്തം അറബി ഖുർആൻ വായിക്കുന്നവർക്ക് ബാധകമല്ല എന്ന് പറയുന്നതാണ്. അതിനുവേണ്ടി അവർ 'അല്ലാഹുവിന്റെ സൂക്തങ്ങൾ തള്ളിപ്പറയുന്ന ജനതയുടെ ഉപമ എത്ര നികൃഷ്ടം, ഇത്തരം അക്രമികളെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ' എന്ന സൂക്തത്തിന്റെ അവസാന ഭാഗം മറച്ചുവെക്കുന്നതാണ്. അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന കപടവിശ്വാസികളുടെ നയം ഹൈന്ദവർക്ക് ഭഗവത്ഗീതയും ജൂതർക്ക് തൗറാത്തും ക്രൈസ്തവർക്ക് ഇഞ്ചീലും മുസ്ലിംകൾക്ക് ഖുർആനും എന്നതാണ്. ലക്ഷ്യബോധമില്ലാത്ത, ആത്മാവിനോട് അക്രമം കാണിക്കുന്ന തെമ്മാടികളായ കപടവിശ്വാസികൾ നാഥന്റെ സർവ്വ ലോകർക്കുമുള്ള ഗ്രന്ഥം ഇന്ന് തൗറാത്തല്ല, മറിച്ച് 6: 90 ൽ പറഞ്ഞ ദിക്റാ -അദ്ദിക്ർ- ആണ് എന്ന് അംഗീകരിക്കാത്തവരാണ്. യഥാർത്ഥത്തിൽ ഇന്ന് 62: 5 ന്റെ ആശയം അറബി ഖുർആൻ വായിക്കുന്ന ജനത ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയാണ് അതിനെ വഹിക്കുന്നത്, കഴുതക്ക് അത് വഹിക്കുന്ന ഭാരം എന്താണെന്ന് അറിയാത്തതുപോലെ ഇവർക്കും ഗ്രന്ഥം എന്താണ് എന്ന് അറിയുകയില്ല എന്നാണ്. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന നരകക്കുണ്ഠാഗ്നിയിലേക്കുള്ള ഇത്തരം കെട്ടജനതയെ കരയിലെ ദുഷിച്ച ജീവികൾ എന്നാണ് 98: 6 ൽ വിശേഷിപ്പിച്ചിട്ടുള്ളതെങ്കിൽ, ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇക്കൂട്ടരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. അതിനുകാരണം അവർ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതാണ്. 2: 66, 78-79, 165-167; 7: 175-176 വിശദീകരണം നോക്കുക.

79. അല്ലാഹു ഒരാൾക്ക് വേദവും തത്വജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട് അവൻ മനുഷ്യരോട് നിങ്ങൾ അല്ലാഹുവിന്റെ അടിമകളാകുന്നതിന് പകരം എന്റെ അടിമകളായിരിക്കുവീൻ എന്ന് പറയുകയും ചെയ്യുക എന്നത് ഒരു മനുഷ്യനും യോജിച്ചതല്ല, മറിച്ച് നിങ്ങൾ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും ഉടമയുടെ പ്രൗഢരായ പ്രതിനിധികളായിത്തീരുക എന്നാണ് അവൻ പറയുക.

80. മലക്കുകളെയും നബിമാരെയും റബ്ബുകളായി സ്വീകരിക്കാൻ അവൻ ഒരിക്കലും നിങ്ങളോട് കൽപിക്കുകയില്ല, നിങ്ങൾ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരായിക്കഴിഞ്ഞിരിക്കെ നിങ്ങളോട് അവൻ സത്യനിഷേധം കൽപിക്കുകയോ?

'ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെ നിങ്ങൾ ഉടമയുടെ പ്രൗഢരായ പ്രതിനിധികളായിത്തീരുക (റബ്ബാനിയ്യീങ്ങളാവുക)' എന്നുപറഞ്ഞതിന്റെ വിവക്ഷ, ഗ്രന്ഥം മുറുകെപ്പിടിച്ച് മറ്റാരെയും ആശ്രയിക്കാതെ അല്ലാഹുവിനെ മാത്രം ആശ്രയിച്ച് സ്വയം പര്യാപ്തരും തലയുയർത്തിക്കൊണ്ട് ആരെയും ഭയപ്പെടാതെ ഭൂമിയിലെവിടേയും ചരിക്കുന്ന പ്രൗഢരായിത്തീരുക എന്നാണ്. 67: 22 ൽ, അപ്പോൾ ഭൂമിയിൽ മുഖം കുത്തി എല്ലാവരെയും ഭയപ്പെട്ടും ആശ്രയിച്ചും പിടിവള്ളിയില്ലാതെ നടക്കുന്നവരാണോ അതോ തലയുയർത്തിക്കൊണ്ട് അല്ലാഹുവിനെ മാത്രം ആശ്രയിച്ചുകൊണ്ട് നടക്കുന്നവരാണോ സന്മാർ

ഗത്തിലെന്ന് ചോദിച്ചിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അല്ലാഹുവിനെ മറന്നുകൊണ്ട് മറ്റുള്ളവരെ പേടിച്ചും ആശ്രയിച്ചും ഇഹലോകത്ത് ജീവിക്കുന്നവർ മുഖംകുത്തി നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നവരും ഏറ്റവും വഴിപിഴച്ച മാർഗത്തിലുമാണെന്ന് 17: 97 ലും 25: 34 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിച്ച അവന്റെ ഇഷ്ടദാസന്മാർ 'ഞങ്ങളെ നീ അദ്ദിക്റിനെ പിൻപറ്റുന്ന സൂക്ഷ്മാലുക്കൾക്ക് മുന്നിൽ നടക്കുന്ന ഇമാമുകളാക്കേണമേ' എന്ന് പ്രാർത്ഥിക്കുന്നവരാണെന്ന് 25: 74 ൽ പറഞ്ഞിട്ടുണ്ട്. ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥം കൊണ്ട് നിങ്ങൾ പ്രൗഢരായി അഹങ്കരിക്കുന്നില്ലേ? അതോ, നിങ്ങളുടെ ഹൃദയങ്ങൾ അതുകൊള്ളെ താഴിട്ട് പൂട്ടിയിരിക്കുകയാണോ എന്ന് 47: 24 ൽ അല്ലാഹു ചോദിക്കുന്നു. നാമാണ് അനുഗ്രഹീതമായ ഈ ഗ്രന്ഥം നിനക്ക് ഇറക്കിയിട്ടുള്ളത്, അതിന്റെ സൂക്തങ്ങളിൽ നിങ്ങൾ ചിന്തിച്ച് പ്രൗഢരാകുന്നതിനുവേണ്ടിയും ബുദ്ധിമാന്മാരെ അതുകൊണ്ട് ഹൃദയം കൊണ്ട് ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയും എന്ന് 38: 29 ൽ പറഞ്ഞിട്ടുണ്ട്. 4: 82 ൽ അപ്പോൾ അവർ ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥം കൊണ്ട് പ്രൗഢരാകുന്നില്ലേ, അത് അല്ലാഹുവിൽ നിന്നുള്ളത് അല്ലായിരുന്നുവെങ്കിൽ അതിൽ അവർ ധാരാളം ഭിന്നതകൾ കാണുമായിരുന്നു എന്നുപറഞ്ഞിട്ടുണ്ട്. ഇതുതന്നെയാണ് *'ആവർത്തിച്ച് വായിക്കപ്പെടേണ്ട അദ്ദിക്റാണ് ഐശ്വര്യം (പ്രമാണിത്തം), അതിന് ശേഷം ദാരിദ്ര്യമില്ല, അതുകൂടാതെ ഐശ്വര്യവുമില്ല'* എന്ന് പ്രപഞ്ച നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ.

ഒരു പ്രവാചകനോ നബിയോ വിശ്വാസിയോ അല്ലാഹുവിനെക്കൂടാതെ എന്നെ നിങ്ങൾ സേവിക്കുവീൻ എന്ന് ജനങ്ങളോട് പറയുകയില്ല. മറിച്ച് 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്ർ എന്ന ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും നിങ്ങൾ അത് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായ അടിമകളായിത്തീരുക എന്നാണ് പറയുക. മൂസാ, ഈസാ, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാരുടെ കാലത്ത് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരുന്നില്ല. എന്നാൽ ഇന്ന് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള, സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന വിശ്വാസിക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായ 16: 89 ൽ പറഞ്ഞ അദ്ദിക്ർ എന്ന ഗ്രന്ഥം ത്രികാലജ്ഞാനിയായ നാഥൻ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെടുത്തിയിരിക്കുന്നു. 2: 256; 3: 101; 4: 174–175; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പൊട്ടിപ്പോകാത്ത പാശമായ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. നാഥന്റെ സംസാരമായ അദ്ദിക്ർ പഠിപ്പിക്കുന്നത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് മറ്റൊരു ഇലാഹും നാഥനും രാജാവുമില്ല എന്നാണ്. വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയോ 16: 89 ൽ പറഞ്ഞ പ്രകാരം നാഥന് സർവ്വസ്വം സമർപ്പിച്ച അവസ്ഥയിൽ മുസ്ലിമായി മരണപ്പെടുകയോ ഇല്ല. 2: 136–137; 3: 64; 4: 150–151; 11: 54–56 വിശദീകരണം നോക്കുക.

81. അല്ലാഹു നബിമാരോട് പ്രതിജ്ഞ വാങ്ങിയതും ഓർക്കേണ്ടതാണ്, നിങ്ങൾക്ക് ഗ്രന്ഥവും തത്വജ്ഞാനവും ഞാൻ നൽകുകയും പിന്നെ നിങ്ങളോടൊപ്പമുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് എന്റെ ഒരു പ്രവാചകൻ വരികയും ചെയ്താൽ, നിങ്ങൾ അവനെക്കൊണ്ട് വിശ്വസിക്കുകയും അവനെ സഹായിക്കുകയും തന്നെ വേണം; അവൻ ചോദിച്ചു: നിങ്ങൾ കരാർ ചെയ്യുകയും എന്നോടുള്ള ആ ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറ

ഞ്ഞു: ഞങ്ങൾ കരാർ ചെയ്തു; അവൻ പറഞ്ഞു: അപ്പോൾ നിങ്ങൾ അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുവിൻ, ഞാനും നിങ്ങളോടൊപ്പം സാക്ഷികളിൽ പെട്ടവൻ തന്നെയുമാകുന്നു.

82. അപ്പോൾ അതിനുശേഷം ആരാണോ പിന്തിരിഞ്ഞത്, അക്കൂട്ടർ തന്നെയാണ് തെമ്മാടികൾ.

ഒറ്റ ഗ്രന്ഥമായ അൽകിതാബ് മാത്രമാണ് അല്ലാഹു സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ ആത്മാവായ അദ്ദിക്ർ പിൻപറ്റി ജീവിച്ചവരും അതനുസരിച്ച് ജീവിക്കണമെന്ന് മനുഷ്യരെ ഉപദേശിച്ചവരുമാണ് എല്ലാ നബിമാരും എന്ന് 4: 163 -164; 16: 43-44; 21: 24; 41: 43 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 85: 21-22 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ അടുക്കൽ ഫലകത്തിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ട പുകൾപെറ്റ വായനയായ അതിന്റെ അവസാനരൂപമായ ഗ്രന്ഥവും കൊണ്ട് പ്രവാചകൻ മുഹമ്മദ് വന്നാൽ നിങ്ങളെല്ലാവരും ആ ഗ്രന്ഥം കൊണ്ട് വിശ്വസിക്കുകയും അവനെ സഹായിക്കുകയും ചെയ്യണമെന്ന് അല്ലാഹു സ്വർഗത്തിൽ വെച്ച് എല്ലാ നബിമാരോടും കരാർ ചെയ്ത കാര്യമാണ് ഇവിടെ ഓർമിപ്പിക്കുന്നത്. 33: 7 ൽ, നാം എല്ലാ നബിമാരിൽ നിന്നും -നിന്നിൽ നിന്നും നൂഹിൽ നിന്നും ഇബ്റാഹീം, മൂസാ, മർയമിന്റെ പുത്രൻ ഈസാ തുടങ്ങിയവരിൽ നിന്നെല്ലാം- പ്രതിജ്ഞ വാങ്ങിയ സന്ദർഭവും സ്മരണീയമാണ്, നാം അവരിൽ നിന്നും ബലിഷ്ഠമായ ഒരു കരാർ വാങ്ങുക തന്നെ ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 7: 156 ൽ, അല്ലാഹുവിന്റെ കാരുണ്യം എല്ലാറ്റിനെയും വലയം ചെയ്തിരിക്കുന്നു, അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുകയും സകാത്ത് കൊടുക്കുകയും നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ആ കാരുണ്യത്തെ ഞാൻ രേഖപ്പെടുത്തുന്നതാണെന്നും; 7: 157 ൽ, അവർ അവരുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ട നിരക്ഷരനായ പ്രവാചകനും നബിയുമായ മുഹമ്മദിനെ പിൻപറ്റുന്നവരുമാണ്, ആ നബിയാകട്ടെ, അവരോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും അവർക്ക് പരിശുദ്ധമായതെല്ലാം അനുവദനീയമാക്കുകയും മ്ലേച്ഛമായതെല്ലാം നിഷിദ്ധമാക്കുകയും ചെയ്യുന്നു, അവരെ ഞെരുക്കിയിരുന്ന ഭാരങ്ങൾ ഇറക്കിവെക്കുകയും അവരെ ബന്ധിച്ചിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുകയും ചെയ്യുന്നു, അപ്പോൾ ആരാണോ അവനെക്കൊണ്ട് വിശ്വസിച്ചത്, അവനെ ശക്തിപ്പെടുത്തിയത്, അവനെ സഹായിച്ചത്, അവനോടൊപ്പം ഇറക്കപ്പെട്ട പ്രകാശമായ അദ്ദിക്റിനെ പിൻപറ്റുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുന്നവർ എന്നും പറഞ്ഞിട്ടുണ്ട്. 7: 158 ൽ, പ്രവാചകനോട് പറയാൻ കൽപിക്കുന്നു: ഓ മനുഷ്യരേ, നിശ്ചയം ഞാൻ ആകാശഭൂമികളുടെ ഉടമയിൽ നിന്നും നിങ്ങൾക്കെല്ലാവർക്കുമുള്ള പ്രവാചകനാകുന്നു, അവനല്ലാതെ നിങ്ങൾക്ക് വേറെ ഇലാഹില്ല, അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്, അപ്പോൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ വചനങ്ങളെക്കൊണ്ടും വിശ്വസിച്ച നിരക്ഷരനായ നബിയും പ്രവാചകനുമായ മുഹമ്മദിനെക്കൊണ്ടും നിങ്ങൾ വിശ്വസിക്കുക, നിങ്ങൾ അവനെ പിൻപറ്റുക -നിങ്ങൾ സന്മാർഗത്തിലാവുക തന്നെ വേണമെന്നതിനുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ പിൻപറ്റുന്നവർ മാത്രമാണ് അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടുമെല്ലാം വിശ്വസിച്ചിട്ടുള്ളത്. 3: 187 ൽ, ഗ്രന്ഥം നൽകപ്പെട്ടവരോട് നിങ്ങൾ അത് ജനങ്ങൾക്ക് വെളിവാക്കുക തന്നെ വേണം, നിങ്ങൾ അതിനെ മൂടിവെക്കരുത് എന്ന് കരാർ വാങ്ങിയതായി ഓർമ്മിപ്പിക്കുന്നുണ്ട്.

13: 43 ൽ അല്ലാഹു പറയുന്നു: നീ അല്ലാഹുവിനാൽ നിയുക്തനായ പ്രവാചകനൊന്നുമല്ല എന്ന് കാഫിറുകൾ പറയുന്നു; അവരോട് പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതി, ആരുടെ പക്കലാണോ വേദപരിജ്ഞാനമുള്ളത് അവന്റെയും സാക്ഷ്യം മതി. 29: 52 ൽ, എനിക്കും നിങ്ങൾക്കും ഇടയിൽ സാക്ഷിയായി അല്ലാഹു ഏറ്റവും മതിയായവനാണ്, അവൻ ആകാശഭൂമികളിലുള്ളതെല്ലാം അറിയുന്നവനുമാണ്; ആരാണോ മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിനെ സത്യമായ അദ്ദിക്റിൽ മൂടിവെക്കുകയും ചെയ്യുന്നത്, അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവർ എന്ന് പറയാൻ പ്രവാചകനോട് കൽപിക്കുന്നു. തെമ്മാടികളായ കപടവിശ്വാസികളല്ലാതെ അദ്ദിക്ർ മൂടിവെക്കുകയില്ല എന്ന് 2: 99 ൽ പറഞ്ഞിട്ടുണ്ട്. 5: 47; 24: 4, 55; 59: 19 തുടങ്ങിയ സൂക്തങ്ങളും അവസാനിക്കുന്നത് 'അക്കൂട്ടർ തന്നെയാണ് തെമ്മാടികൾ' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 140, 146; 6: 19; 9: 67–68 വിശദീകരണം നോക്കുക.

83. അപ്പോൾ അവർ അന്വേഷിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹുവിന്റെ ദീനല്ലാത്ത മറ്റേതെങ്കിലുമാണോ? ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ ഒന്നും അനുസരണയോടെയും വെറുപ്പോടെയും കീഴ്പ്പെട്ടിട്ടുള്ളത് അവന് മാത്രമാണ് എന്നിരിക്കെ, അവനിലേക്കാണ് അവരെല്ലാം മടക്കപ്പെടുന്നതും.

3: 19 ൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ഇസ്ലാം മാത്രമാണ് അല്ലാഹു തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥ. ഇല്ലായ്മയിൽ നിന്ന് ആകാശഭൂമികളെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളെയും ആറ് നാളുകളിലായി സൃഷ്ടിച്ച് സംവിധാനിച്ച്, അവയുടെ നിയന്ത്രണം ഏറ്റെടുത്ത അല്ലാഹുവിനെ ഇഷ്ടപ്രകാരമോ ഇഷ്ടമില്ലാതെയോ വണങ്ങുന്നവരും കീഴ്പ്പെടുന്നവരുമാണ് എല്ലാ ചരാചരങ്ങളും. വിവേകം നൽകപ്പെട്ട മനുഷ്യരിൽ യഥാർത്ഥ അറിവായ അദ്ദിക്റിൽ നിന്ന് ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കി ബോധത്തോടെ 'അല്ലാഹ്' എന്ന സ്മരണയിൽ നിലനിൽക്കുന്നവരാണ് വിശ്വാസികൾ. എല്ലാ വസ്തുക്കൾക്കും അവയുടെ നമസ്കാര രീതിയും അല്ലാഹുവിനെ വാഴ്ത്തേണ്ട രീതിയും പഠിപ്പിച്ചിട്ടുണ്ടെന്ന് 24: 41 ലും 17: 44 ലും പറഞ്ഞിട്ടുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ ജീവജാലങ്ങളും മലക്കുകളും അഹങ്കരിക്കാതെ അല്ലാഹുവിന് സാഷ്ടാംഗപ്രണാമം ചെയ്യുന്നുണ്ടെന്ന് 16: 49 ലും; ആകാശഭൂമികളിലുള്ളവയും അവയുടെ നിഴലുകളും സ്വയം വഴങ്ങിയോ നിർബന്ധപൂർവ്വമോ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അല്ലാഹുവിന് സാഷ്ടാംഗപ്രണാമം ചെയ്യുന്നുണ്ടെന്ന് 13: 15 ലും; ആകാശഭൂമികളിലുള്ളതെല്ലാം –സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവ്വതങ്ങളും മൃഗങ്ങളും അധികമനുഷ്യരും ശിക്ഷ ബാധകമായ ധാരാളം പേരും (ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ) അല്ലാഹുവിന് സാഷ്ടാംഗപ്രണാമം ചെയ്യുന്നുവെന്ന് 22: 18 ലും പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള അമാനത്തായ അദ്ദിക്ർ ആകാശഭൂമികളെയും പർവ്വതങ്ങളെയും ഏൽപിക്കാൻ തുനിഞ്ഞപ്പോൾ അവ ആ ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിസമ്മതിക്കുകയും അതിൽ കുണ്ഠിതപ്പെടുകയും ചെയ്തു, എന്നാൽ മനുഷ്യൻ അത് ഏറ്റെടുത്തു, അവൻ വിഡ്ഢിയും അക്രമിയും തന്നെയായിരുന്നു എന്ന് 33: 72 ൽ പറഞ്ഞിട്ടുണ്ട്. അമാനത്തായ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളെയും ഗ്രന്ഥം സമർപ്പിക്കുന്ന വിധം അല്ലാഹുവിനെ അംഗീകരിക്കാതെ മുശ്രിക്കുകളായിത്തീർന്ന അനുയായികളെയും ശിക്ഷിക്കാൻ വേണ്ടിയും വിശ്വാസികളുടെ പശ്ചാത്താപം സ്വീകരിക്കാൻ വേണ്ടിയുമാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73 ൽ പറഞ്ഞിട്ടുണ്ട്. ഭൂമിയുടെ മുക

ളിലുള്ളതെല്ലാം നീക്കിക്കളഞ്ഞ് അതിനെ മാർബിൾ വിരിച്ചതുപോലെ തരിശാക്കുമെന്ന് 18: 8 ൽ പറഞ്ഞിട്ടുണ്ട്. ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹു തന്നെ അനന്തരമെടുക്കുമെന്ന് 19: 80 ലും; ആകാശഭൂമികളിലുള്ള എല്ലാ ഒന്നും നിഷ്പക്ഷവാന് അടിമപ്പെടാതിരിക്കുന്നില്ല എന്ന് 19: 93 ലും പറഞ്ഞിട്ടുണ്ട്. ഞാൻ നബിയും റബ്ബുമാണെന്ന് വാദിക്കുന്ന 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ഈസാ 'രണ്ടാമത് വന്ന്' വധിക്കുന്നതോടെ മുഹമ്മദിന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെല്ലാം ഇസ്ലാമിനെ അംഗീകരിക്കുന്നതാണ്. അദ്ദിക്റിനെ അംഗീകരിക്കാതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ, 8: 22 ൽ പറഞ്ഞ ദുഷ്ടജീവികളെ കല്ലുകളാലും മരങ്ങളാലും വിളിച്ചു പറയപ്പെട്ട് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ വധിച്ചുകാണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ ഇന്നത്തെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 20-21; 4: 151; 8: 55; 25: 33-34; 51: 55-57 വിശദീകരണം നോക്കുക.

84. നീ പറയുക, അല്ലാഹുവിനെക്കൊണ്ടും ഞങ്ങളുടെമേൽ അവതരിപ്പിക്കപ്പെട്ടതുകൊണ്ടും, ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, ഗോത്രവർഗക്കാർ തുടങ്ങിയവരുടെമേൽ അവതരിപ്പിക്കപ്പെട്ടതുകൊണ്ടും മൂസാക്കും ഈസാക്കും മറ്റെല്ലാ നബിമാർക്കും അവരുടെ നാഥനിൽ നിന്ന് നൽകപ്പെട്ടതുകൊണ്ടും ഞങ്ങൾ വിശ്വസിച്ചുകഴിഞ്ഞു, അവരിൽ നിന്നുള്ള ആർക്കിടയിലും ഞങ്ങൾ ഒരു വ്യത്യാസവും കൽപിക്കുന്നവരല്ല, ഞങ്ങൾ അവന് സർവ്വസ്വം സമർപ്പിച്ചവരുമാകുന്നു.

2: 136, 286; 4: 163-164 വിശദീകരണം നോക്കുക.

85. ആരെങ്കിലും ഇസ്ലാം അല്ലാത്ത ഒരു ജീവിതവ്യവസ്ഥ അന്വേഷിക്കുകയാണെങ്കിൽ അപ്പോൾ അവനിൽ നിന്ന് ഒരിക്കലും അത് സ്വീകരിക്കപ്പെടുകയില്ല, അവൻ പരത്തിൽ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടവനുമായിരിക്കും.

9: 33 ൽ വിവരിച്ച പ്രകാരം നാഥൻ അവന്റെ പ്രവാചകനെ സന്മാർഗവും യഥാർത്ഥ ജീവിതവ്യവസ്ഥയും കൊണ്ട് അയച്ചത് അത് മറ്റെല്ലാ ജീവിതവ്യവസ്ഥകളെയും അതിജയിച്ച് നിലകൊള്ളുന്നതിന് വേണ്ടിയാണ്, അത് നാഥന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർക്ക് എത്ര അരോചകമായിരുന്നാലും ശരി. 313 പ്രവാചകന്മാർക്കും നൽകപ്പെട്ട സത്യവും തെളിവുമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതിയാണ് ഇസ്ലാം. ഇന്ന് അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളെല്ലാം തന്നെ കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരും കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. അക്രമികളായ അവർ ഗ്രന്ഥം വഹിക്കുന്നത് കഴുത ഭാരം വഹിക്കുന്നതുപോലെയല്ലാതെയല്ല എന്ന് 62: 5 ൽ പറഞ്ഞിട്ടുണ്ട്. അവർ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുന്നില്ല. അതുകൊണ്ട് 6: 26; 20: 99-100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലോകത്തെവിടെയും നടക്കുന്ന കൊല, രക്തച്ചൊരിച്ചിൽ, ബലാൽസംഗം തുടങ്ങിയ നശീകരണ പ്രവർത്തനങ്ങളുടെയെല്ലാം പാപഭാരം വഹിച്ച് അവർ നരകക്കുണ്ഠത്തിൽ പോകേണ്ടവരാണ്. 2: 94-95,121, 254; 10: 60-61 വിശദീകരണം നോക്കുക.

86. തങ്ങളുടെ വിശ്വാസത്തിനുശേഷം കാഫിറുകളായിത്തീർന്ന ഒരു ജനതയെ അല്ലാഹു എങ്ങനെയാണ് സന്മാർഗത്തിലേക്ക് നയിക്കുക? നിശ്ചയം, പ്രവാചകൻ

സത്യമാണെന്ന് അവർ സാക്ഷ്യം വഹിക്കുകയും അതിന് അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതുമാണ്, ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ.

സൂക്തത്തിൽ പറഞ്ഞ തെളിവ് അദ്ദിക്ർ തന്നെയാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികളും അനുയായികളും 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് കള്ളവാദികൾ രചിച്ച പുസ്തകങ്ങളാണ് പഠിക്കുന്നതും പിൻപറ്റിക്കൊണ്ടിരിക്കുന്നതും. ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുകയും ദേഹേച്ഛ പിൻപറ്റുകയും ചെയ്യുന്ന ഈ കെട്ടജനത നാഥനെ വിസ്മരിച്ചുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണ്. 63: 2-3 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നുണ മാത്രം പറയുന്ന കപടവിശ്വാസികൾ ജനങ്ങളെ സത്യമായ അദ്ദിക്റിൽ നിന്ന് തടയുന്നതിനുവേണ്ടി അല്ലാഹുവിൽ ആണയിട്ട് പ്രതിജ്ഞ ചെയ്യുന്നവരാണ്, എത്ര ദുഷിച്ച പ്രവർത്തനമാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്! അതിനുകാരണം അവർ വിശ്വസിച്ചതിന് ശേഷം കാഫിറുകളായതാണ്; അപ്പോൾ നാഥൻ അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെച്ചു, അവർ ജീവിതലക്ഷ്യത്തെക്കുറിച്ച് ബോധവാന്മാരാവുകയില്ല.

നാഥന്റെ സൂക്തങ്ങൾ നൽകിയിട്ട് അതിനെ അവഗണിച്ച് ജീവിക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളെയും അവരുടെ അനുയായികളെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 175-176 സൂക്തങ്ങളിൽ ഉപമിച്ചിട്ടുള്ളത്. ഒരു ജനതയുടെ സ്വഭാവം അവർ സ്വയം മാറ്റാതെ അല്ലാഹു മാറ്റുകയില്ല എന്ന് 13: 11 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി എല്ലാ വിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നതാണ്. അവന് വേണ്ടി മാത്രമേ ഗ്രന്ഥം അനുകൂലമായി വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്യുകയുള്ളൂ. 2: 168-169; 10: 17-18 വിശദീകരണം നോക്കുക.

87. അക്കൂട്ടർക്കുള്ള പ്രതിഫലം, നിശ്ചയം അവരുടെമേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപമുണ്ട് എന്നതാണ്.

88. അവർ ആ അവസ്ഥയിൽ ശാശ്വതമായി കഴിഞ്ഞുകൂടും, അവരെത്തൊട്ട് ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല, അവർ സാവകാശം നൽകപ്പെടുന്നവരാവുകയുമില്ല.

89. എന്നാൽ അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും കർമ്മങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്തവർക്കൊഴികെ, അപ്പോൾ നിശ്ചയം അല്ലാഹു ഏറെ പൊറുക്കുന്ന കാരുണ്യവാനാകുന്നു.

കപടവിശ്വാസികൾ മൊത്തം മനുഷ്യർക്കുള്ള സന്മാർഗവും സത്യാസത്യ വിവേചന മാനദണ്ഡവുമായ അദ്ദിക്റിനെ അറിഞ്ഞുകൊണ്ട് മൂടിവെച്ച് സത്യത്തിലാണെന്ന ധാർഷ്ട്യത്തിൽ അഹങ്കാരപൂർവം ജീവിക്കുന്നതിനാൽ നാഥൻ അവരെ കൊന്നുകളഞ്ഞിരിക്കുന്നു എന്ന് 63: 4 ൽ പറഞ്ഞിട്ടുണ്ട്. 4: 140 ൽ, സൂക്തങ്ങൾ വളച്ചൊടിച്ചുകൊണ്ടും മൂടിവെച്ചുകൊണ്ടും സംസാരിക്കുന്ന കപടവിശ്വാസികളെയും അവരുടെ സംസാരം കേട്ടിരിക്കുന്ന കാഫിറുകളെയും നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടും എന്ന് പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അനുയായികളും നാഥന്റെ സൂക്തങ്ങൾക്ക് തുച്ഛവില വാങ്ങുന്നവരായതിനാൽ അവർ തങ്ങളുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174 ൽ അവർ

വായിച്ചിട്ടുണ്ട്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ അവർ 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ള അവരുടെ വിധി അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുകയില്ല. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ മൂടിവെച്ചതുകൊണ്ടാണ് നാഥന്റെയും മലക്കുകളുടെയും മൊത്തം മനുഷ്യരുടെയും ശാപത്തിന് അവർ വിധേയരായിട്ടുള്ളത്. അല്ലാഹുവിനെ പ്രപഞ്ചനാഥനായി അംഗീകരിക്കാത്ത അവർ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരും പ്രപഞ്ചത്തിന്റെ നാശത്തിനുവേണ്ടി ധൃതി കാണിക്കുന്നവരുമാണ്. 8: 22 ൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട, ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇവരെ ശിക്ഷിക്കുന്നതിന് വേണ്ടിയാണ് 48: 6, 24 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതിന് മുന്നോടിയായി വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നത്. 2: 159–161; 4: 145–147; 6: 26 വിശദീകരണം നോക്കുക.

90. നിശ്ചയം തങ്ങളുടെ വിശ്വാസത്തിനുശേഷം നിഷേധികളാവുകയും പിന്നെ നിഷേധം വർദ്ധിക്കുകയും ചെയ്തവരാരോ, അവരുടെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല, അക്കൂട്ടർ തന്നെയാണ് വഴിപിഴച്ചവരും.

അദ്ദിക്ർ കിട്ടിയിട്ട് അത് സ്വയം പിൻപറ്റാതെയും അതിനെ മൂടിവെച്ചുകൊണ്ടും അതിന് വിരുദ്ധമായ ജീവിതരീതി പിൻപറ്റിക്കൊണ്ടും നിഷേധത്തിൽ മുന്നേറിയ കപടവിശ്വാസികളും അവരുടെ അനുയായികളും തന്നെയാണ് സന്മാർഗത്തിൽ നിന്ന് പിഴച്ച് പോയവർ. നിശ്ചയം വിശ്വസിക്കുകയും പിന്നെ നിഷേധിക്കുകയും പിന്നെ വിശ്വസിക്കുകയും പിന്നെ നിഷേധം വർദ്ധിക്കുകയും ചെയ്തവരുണ്ടല്ലോ, അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുകയില്ല, അവരെ സന്മാർഗത്തിലേക്ക് മാർഗദർശനം ചെയ്യുകയുമില്ല, മറിച്ച് ഇത്തരം കപടവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ട് 'സന്തോഷവാർത്ത' അറിയിക്കുക എന്നാണ് 4: 137–138 സൂക്തങ്ങളിൽ അവരെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. 1: 7 ൽ 'കോപിക്കപ്പെട്ടവരുടെ മാർഗത്തിലല്ല' എന്ന് പറയുമ്പോൾ ഫുജ്ജാറുകളിൽ പെട്ട ഇത്തരം കപടവിശ്വാസികളുടെ മാർഗത്തിലല്ല എന്നും; 'വഴിപിഴച്ചവരുടെ മാർഗത്തിലല്ല' എന്ന് പറയുമ്പോൾ ഇത്തരം കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന ഫുജ്ജാറുകളിലെ അനുയായികളായ വഴിപിഴച്ചവരുടെ കൂടെയല്ല എന്നുമാണ് മനസ്സിൽ കരുതേണ്ടത്. 95: 7–8 സൂക്തങ്ങളിൽ, *ദീൻ* വന്നുകിട്ടിയതിന് ശേഷം നിന്നെ കളവാക്കുന്നവരുണ്ടല്ലോ, അപ്പോൾ അല്ലാഹു വിധി കൽപിക്കുന്നവരിൽ ഏറ്റവും നന്നായി വിധി കൽപിക്കുന്നവൻ തന്നെയല്ലെയോ എന്ന് ചോദിക്കുന്നുണ്ട്. അഥവാ *ദീൻ* വന്നുകിട്ടിയതിന് ശേഷം നിഷേധിക്കുന്ന കപടവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്. കാരണം, അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരായി വാദിക്കുന്നതും സാക്ഷി നിൽക്കുന്നതുമാണ്. അജയ്യഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെച്ചവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത് എന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 91, 165–167; 4: 91; 9: 67–68 വിശദീകരണം നോക്കുക.

91. നിശ്ചയം കാഫിറുകളാവുകയും നിഷേധത്തിനുമേൽ നിഷേധികളായിക്കൊണ്ട് മരണപ്പെടുകയും ചെയ്തവരാരോ, അപ്പോൾ അത്തരക്കാരിൽ പെട്ട ഒരാളിൽ നിന്ന് ഭൂമി നിറയെ സ്വർണ്ണം ലഭിച്ച് അതുകൊണ്ട് തെണ്ടം നൽകിയാലും സ്വീകരിക്കപ്പെടുകയില്ല തന്നെ, അക്കൂട്ടർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയില്ല.

നാഥന്റെ സൂക്തങ്ങൾ അടിക്കടി തള്ളിപ്പറയുകയും മൂടിവെക്കുകയും ചെയ്യുന്നവരാണ് ഈ സൂക്തത്തിൽ പറഞ്ഞ കുഫ്ഫാറുകൾ. ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകൾ എന്ന് 83: 7, 34, 36 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഒരു സൂക്തത്തിൽ കുഫ്ഫാറുകൾ അല്ലെങ്കിൽ ഫുജ്ജാർ എന്നുമാത്രം പരാമർശിച്ചാൽ അതിൽ 1: 7 ൽ വിവരിച്ച നാഥന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളും അവരെ പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളും ഉൾപ്പെടുന്നതാണ്. 10: 60 ൽ വിവരിച്ച പ്രകാരം കുഫ്ഫാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. 4: 145 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾ വിചാരണ കൂടാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ടവരാണെങ്കിൽ, 39: 71 ൽ വിവരിച്ച പ്രകാരം അനുയായികൾ വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നവരാണ്. 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യാൻ കൽപിക്കപ്പെട്ടിട്ടുണ്ട്. അറബി ഖുർആൻ എണ്ണയെന്ന പോലെ മേമ്പൊടിയായി ഉപയോഗിക്കുന്ന കുഫ്ഫാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് അവരുടെ ഭക്ഷണമാക്കിയവരാണ് എന്ന് 56: 81–82 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കേൾവിയുണ്ടായിട്ടും കേൾക്കാത്ത ബധിരരും സംസാരവൈഭവമുണ്ടായിട്ടും അതിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഇക്കൂട്ടരെ 1000 സമുദായങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികളെന്ന് 8: 22, 55 സൂക്തങ്ങളിൽ നാഥൻ വിശേഷിപ്പിച്ചിട്ടുണ്ട്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ കുഫ്ഫാറുകൾ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 5: 36; 10: 54; 13: 18; 39: 47 എന്നീ സൂക്തങ്ങളും 3: 90–91 സൂക്തങ്ങൾക്ക് സമാന ആശയമുള്ള സൂക്തങ്ങളാണ്. 2: 27–28; 3: 77; 48: 6 വിശദീകരണം നോക്കുക.

92. നിങ്ങൾക്ക് എന്താണോ ഇഷ്ടമുള്ളത് അത് ചെലവഴിക്കുന്നതുവരെ നിങ്ങൾ ഒരിക്കലും പുണ്യം എത്തിക്കുകയില്ല തന്നെ, നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അപ്പോൾ നിശ്ചയം അല്ലാഹു അത് അറിയുന്നവനാണ്.

അവരവർക്ക് ഇഷ്ടമുള്ളതായിരിക്കണം മറ്റുള്ളവർക്ക് നൽകേണ്ടത്. അതാകട്ടെ അല്ലാഹുവിന്റെ തൃപ്തിയിലായിരിക്കണം. അഥവാ അദ്ദിക്റിന്റെ വെളിച്ചത്തിൽ നൽകുന്നതുവരെ ഒരാളും വിശ്വാസിയാകുന്നില്ല. വിശ്വാസികൾക്കല്ലാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ അവരിൽ നിന്നല്ലാതെ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല. വിശ്വാസികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് കാരുണ്യമായ അദ്ദിക്ർ ആയതിനാൽ അത് അവർ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. *അതുതന്നെയാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ് എന്നും, നിങ്ങൾക്ക് ഇഷ്ടമുള്ളത് സ്വന്തം സഹോദരന് നൽകുന്നതുവരെ നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല* എന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ. ഇന്ന് അദ്ദിക്ർ പഠിക്കുകയും അത് ജാതി-മത-ലിംഗ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യാതെ ഒരാളും വിശ്വാസിയാവുകയോ ഒരു കർമ്മവും സ്വീകരിക്കപ്പെടുകയോ ഇല്ല. വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചെലവഴിച്ച് സ്വർഗം നേടലായിരിക്കണം ജീവിതലക്ഷ്യം. 2: 177, 186, 267; 9: 53–55; 98: 6–7 വിശദീകര

ണം നോക്കുക.

93. തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിന് മുമ്പ് ഇസ്റാഈൽ സന്തതികൾക്ക് എല്ലാ ഭക്ഷണപദാർത്ഥങ്ങളും അനുവദനീയമായിരുന്നു, ഇസ്റാഈൽ സ്വന്തത്തിന്റെ മേൽ നിഷിദ്ധമാക്കിയതൊഴികെ; നീ പറയുക: നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ തൗറാത്ത് കൊണ്ടുവരികയും അങ്ങനെ അത് വിശദീകരിച്ച് കേൾപ്പിക്കുകയും ചെയ്യുക.

ഒട്ടകവും ഒട്ടകപ്പാലുമെല്ലാം ഞങ്ങളുടെ *ശരീഅത്തിൽ* നിഷിദ്ധമാണ്, എന്നാൽ നിങ്ങൾ അതെല്ലാം ഉപയോഗിക്കുന്നുണ്ടല്ലോ എന്ന് ജൂതന്മാർ പ്രവാചകനോട് വിമർശന രൂപത്തിൽ ചോദിച്ചിരുന്നു. അതിന് മറുപടിയായി, തൗറാത്ത് അനുസരിച്ച് ജീവിക്കാൻ കടമപ്പെട്ട നിങ്ങൾ അത് കൊണ്ടുവന്ന് എന്നെ വിശദീകരിച്ച് കേൾപ്പിക്കുക എന്ന് പറയാൻ പ്രവാചകനോട് അല്ലാഹു ആവശ്യപ്പെടുകയാണ്. യഅ്ഖൂബ് (ഇസ്റാഈൽ) നബിക്ക് കഠിനമായ രോഗം പിടിപെട്ടപ്പോൾ ഏറ്റവും ഇഷ്ടമുള്ള ഭക്ഷണം വർജ്ജിച്ചുകൊള്ളാമെന്ന് അല്ലാഹുവിനോട് ശപഥം ചെയ്യുകയും അങ്ങനെ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമായിരുന്ന ഒട്ടക മാംസവും ഒട്ടകപ്പാലും അദ്ദേഹം സ്വയം വർജ്ജിക്കുകയുമായിരുന്നു. അല്ലാതെ വേദത്തിൽ ഒട്ടകമാംസവും പാലുമൊന്നും അല്ലാഹു നിഷിദ്ധമാക്കിയിട്ടില്ല എന്ന് സാരം. ഇന്ന് അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതിക്ക് വിരുദ്ധമായ ജീവിതരീതികൾ പിൻപറ്റുന്ന കുഫ്ഫാറുകളോട് 'നിങ്ങൾ കൊണ്ടുനടക്കുന്നത് ഗ്രന്ഥത്തിന്റെ വെളിച്ചത്തിലുള്ള ഇസ്ലാമിക ജീവിതരീതിയാണ്' എന്ന് നിങ്ങൾ ഊറ്റം കൊള്ളുന്നവരാണെങ്കിൽ നിങ്ങൾ ഗ്രന്ഥം കൊണ്ടുവന്ന് എനിക്ക് അത് തെളിവോടുകൂടി വിശദീകരിച്ച് തരിക എന്നാണ് ആയിരത്തിൽ ഒന്നായ വിശ്വാസി ഫുജ്ജാറുകളോട് പറയേണ്ടത്.

പ്രവാചകന്റെ സമുദായത്തിൽ പെട്ട അറബിഭാഷ പഠിക്കാത്ത ഇതര ജനവിഭാഗങ്ങൾക്കാണ് ഇനി ഹൃദയത്തിന്റെ ഭാഷയിലുള്ള നാഥന്റെ സംസാരമായ അദ്ദിക്ർ മനസിലാവുകയും ഉപകാരപ്പെടുകയും ചെയ്യുക എന്ന് 6: 89–90; 62: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 111–113, 173, 213 വിശദീകരണം നോക്കുക.

94. അപ്പോൾ അതിനുശേഷം ആരാണോ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നത്, അക്കൂട്ടർ തന്നെയാകുന്നു അക്രമികൾ.

ഗ്രന്ഥത്തിൽ അല്ലാഹു ജനങ്ങൾക്ക് വെളിവാക്കാൻ വേണ്ടി ഇറക്കിയത് മൂടിവെക്കുകയും ഗ്രന്ഥത്തിൽ ഇല്ലാത്തത് അല്ലാഹുവിന്റെ മേൽ കെട്ടിച്ചമച്ച് പറയുകയും ചെയ്യുന്നവരാണ് ഏറ്റവും വലിയ അക്രമികൾ. അല്ലാഹു അവതരിപ്പിച്ച അജയ്യവും മിഥ്യകലരാത്ത ഗ്രന്ഥവുമായ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ ആയിരത്തിലും 999 ൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് 35: 32 ൽ പറഞ്ഞ ആത്മാവിനോട് അക്രമം കാണിച്ചവർ. 2: 254; 6: 21; 32: 22 വിശദീകരണം നോക്കുക.

95. നീ പറയുക: അല്ലാഹു അരുളിയിട്ടുള്ളതാണ് സത്യം, അപ്പോൾ നിങ്ങൾ ഋജുമാനസനായ ഇബ്റാഹീമിന്റെ ചര്യ പിൻപറ്റുക, അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല.

സ്വിദ്ഖ് (സത്യം) അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. ആരാണോ സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞത്, അവനോട് അവന്റെ മരണസമയത്ത് നാഥൻ: നീ സത്യത്തെ

സത്യപ്പെടുത്തിയില്ല, അതുകൊണ്ട് നമസ്കരിച്ചിട്ടുമില്ല. നീ അതിനെ തള്ളിപ്പറഞ്ഞുകൊണ്ട് പിന്തിരിഞ്ഞുപോയി എന്ന് പറയുന്നതാണെന്ന് 75: 31-32 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 74: 40-47 സൂക്തങ്ങളിൽ, അവർ സ്വർഗപ്പൂന്തോപ്പുകളിൽ വെച്ച് ഭ്രാന്തന്മാരെക്കുറിച്ച് എന്തൊന്നാണ് നിങ്ങളെ സഖറിലേക്ക് കടത്തിവിട്ടത് എന്ന് ചോദിക്കുമ്പോൾ അവർ പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല. ഞങ്ങൾ അഗതികളെ ഭക്ഷിപ്പിക്കുന്നവരുമായിരുന്നില്ല. ഞങ്ങൾ പരിഹസിക്കുന്നവരോടൊപ്പം പരിഹസിക്കുന്നവരുമായിരുന്നു. ഞങ്ങൾക്ക് ഉറപ്പ് -മരണം- വന്നെത്തുന്നതുവരെ ഞങ്ങൾ വിധിദിവസത്തെ കളവാക്കി തള്ളിപ്പറയുന്നവർ തന്നെയുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ മാത്രമാണ് ആദം മുതൽ അന്ത്യനാൾ വരെയുള്ള എല്ലാ പ്രവാചകന്മാരുടേയും നബിമാരുടേയും വിശ്വാസികളുടേയും സ്വർഗത്തിലേക്കുള്ള ഏക പാത എന്ന് 6: 153 ൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന കുഫ്ഫാറുകൾ നാഥനിൽ നിന്നുള്ള അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് മുസൈലിമത്തുൽ കദ്ദാബ് മുതലുള്ള 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും അവർ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളെ പിൻപറ്റിക്കൊണ്ട് അദ്ദിക്റിന് വിരുദ്ധമായ ജീവിതം നയിക്കുന്നവരുമാണ്. പ്രഭാഷണങ്ങളിലും *ജുമുഅ* ഖുതുബകളിലും മറ്റും ഗ്രന്ഥത്തിലെ സൂക്തങ്ങൾ ഉദ്ധരിച്ചതിനുശേഷം മഹാനായ അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു*(സ്വദഖല്ലാഹുൽ അളീം)* എന്നുപറയുന്ന ഫുജ്ജാറുകളുടെ ചര്യ പ്രവാചകന്റെയും വിശ്വാസികളുടേതുമല്ല, മറിച്ച് പിശാചിന്റെ ചര്യക്ക് വിധേയരായ കപടവിശ്വാസികളുടേതാണ്. അദ്ദിക്ർ വായിച്ച് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുകയും അദ്ദിക്റിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയുമാണ് വേണ്ടത്. *ജുമുഅ ഖുതുബ*കളിൽ ഗ്രന്ഥത്തിലെ സൂക്തങ്ങൾ പാരായണം ചെയ്ത ശേഷം 'മഹാനായ അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു' എന്ന് അല്ലാഹുവിന് സർട്ടിഫിക്കറ്റ് നൽകുന്ന ഇത്തരം കപടവിശ്വാസികളെയും അത് കേട്ടിരിക്കുന്ന കാഫിറുകളെയും നരകത്തിൽ ഒരുമിച്ചുകൂട്ടുമെന്ന് 4: 140 ൽ പറഞ്ഞിട്ടുണ്ട്. 2: 135-140; 3: 65-68; 48: 29 വിശദീകരണം നോക്കുക.

96. നിശ്ചയം മനുഷ്യർക്കുവേണ്ടി നിർമ്മിക്കപ്പെട്ട ആദ്യത്തെ ഗേഹം മക്കയിലുള്ളതായ ഒന്ന് തന്നെയാകുന്നു, അത് സർവ്വലോകർക്കും അനുഗ്രഹീതവും മാർഗദർശകകേന്ദ്രവുമാകുന്നു.

ആദം നബിയുടെ കാലത്തുതന്നെ പണിത ഭൂമിയിലെ ആദ്യത്തെ മന്ദിരമാണ് മക്കയിലുള്ള *കഅ്ബ*. നൂഹ് നബിയുടെ കാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ തകർന്ന അതിന്റെ ഭിത്തികൾ പിന്നീട് ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയുമാണ് പടുത്തുയർത്തിയത്. ഈ സ്ഥാനം *കഅ്ബക്ക്* ഉണ്ടായിരിക്കെത്തന്നെയാണ് *ബൈത്തുൽ മുഖദ്ദസി*ലേക്ക് ആദ്യഘട്ടത്തിൽ നബിയോടും അനുയായികളോടും നമസ്കാരത്തിൽ മുഖം തിരിക്കാൻ അല്ലാഹു കൽപിച്ചിരുന്നത്. ശേഷം 2: 144-150 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദ്യഗേഹമായ മക്കയിലേക്ക് തന്നെ *ഖിബ്ല* മാറ്റി നിശ്ചയിക്കുകയുണ്ടായി.

എന്നാൽ, 3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കു ശേഷം ഫുജ്ജാറുകൾ അദ്ദിക്റിനെ അവഗണിച്ച് ദീനിൽ നിന്ന് പോയ(*മദ്ഹബ്*) കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളെ അവലംബിച്ച് ജീവിക്കുന്നവരാവുകയും പ്രവാചകന്മാരുടെയും വിശ്വാസികളുടെയും സംഘത്തിൽ പെടാതെ വിവിധ സംഘടനകളായിത്തീർന്ന് 30: 30-32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മുശ്രിക്കുകളും 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം യഥാർത്ഥ കാഫിറുകളുമായി മാറുകയാണുണ്ടായത്. അന്ന് പ്ര

വാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകൾ മനുഷ്യരെ മക്കയിൽ നിന്ന് തടഞ്ഞുകൊണ്ടിരുന്നത് പോലെ ഇന്ന് അവർ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ മക്കയിലേക്കും മദീനയിലേക്കും പ്രവേശിപ്പിക്കുന്നില്ല.

ഇനി *ഇജാസി*ൽ അവസാന ഖലീഫയായ ഇമാം മഹ്ദി വന്നാൽ ലൈംഗികബന്ധമില്ലാതെ, ദൈവസ്മരണയിൽ നിലകൊള്ളുന്ന ഇതര ജനവിഭാഗങ്ങളിൽ പെട്ട സന്യാസി-സന്യാസിനിമാരിൽ നിന്നുള്ള വിശ്വാസികളെ അങ്ങോട്ട് പ്രവേശിപ്പിക്കുന്നതും 9: 28, 67–68; 33: 72–73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളെയും മുശ്രിക്കുകളെയും അവിടെ നിന്നും പുറത്താക്കുന്നതും അവർ മസീഹുദ്ദജ്ജാലിന്റെ സ്വർഗം തേടി അവനെ സമീപിക്കുന്നതുമാണ്. 4: 23 ൽ വിവരിച്ച പ്രകാരം ലൈംഗികാവയവങ്ങൾ *ഖിബ്ല*യായി(ശ്രദ്ധാകേന്ദ്രമായി) സ്വീകരിച്ച് ജീവിക്കുന്ന അവരിലെ പുരുഷന്മാരും സ്ത്രീകളുമെല്ലാം ഈസാ രണ്ടാമതുവന്നാൽ ഇന്ന് അവർ കാഫിറുകളെന്നും നരകത്തിലേക്കുള്ളവരെന്നും മുദ്ര കുത്തുന്നവരായ, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതും അന്ന് ലോകത്തുള്ള എല്ലാ മനുഷ്യരുടെയും ആസ്ഥാനമായി മക്ക മാറുന്നതുമാണ്. ഭൂമിയുടെ കേന്ദ്രമായ *കഅ്ബ*യെ *ഖിബ്ല*യായി(ശ്രദ്ധാകേന്ദ്രമായി) ലോകം അംഗീകരിക്കുമ്പോൾ മാത്രമാണ് മനുഷ്യരുടെ ഐക്യം നിലവിൽ വരിക. 2: 143–144; 5: 97; 7: 127, 137 വിശദീകരണം നോക്കുക.

97. അതിൽ വ്യക്തമായ തെളിവുകളുണ്ട്, ഇബ്റാഹീമിന്റെ സ്ഥാനം; ആര് അതിൽ പ്രവേശിച്ചുവോ, അവൻ സുരക്ഷിതനായി, ആ മന്ദിരത്തിലേക്ക് എത്തിച്ചേരാൻ കഴിവുള്ളവർക്ക് അവിടേക്ക് തീർത്ഥാടനം ചെയ്യൽ മനുഷ്യർക്ക് അല്ലാഹുവിനോടുള്ള കടമയാണ്, ആരെങ്കിലും ഈ വസ്തുത നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു സർവ്വലോകരെത്തൊട്ടും ആവശ്യമില്ലാത്ത ഐശ്വര്യവാൻ തന്നെയാകുന്നു.

'അവിടെ എത്തിപ്പെടാൻ സാധിക്കുന്നവർക്ക്' എന്ന് പറഞ്ഞതിന്റെ വിവക്ഷ ധനം കൊണ്ടും ശരീരം കൊണ്ടും അവിടെ എത്തിപ്പെടാൻ കഴിയുന്നവർക്ക് എന്നാണ്. നമസ്കാരവും നോമ്പും സകാത്തുമെല്ലാം വിശ്വാസികളോട് മാത്രമാണ് കൽപിക്കുന്നതെങ്കിൽ ഹജ്ജ് ചെയ്യാൻ കൽപിച്ചിട്ടുള്ളത് മനുഷ്യരോടാണ്. അഥവാ വിശ്വാസിയായിട്ടില്ലെങ്കിലും സാധിക്കുന്ന സമയത്ത് ഹജ്ജ് നിർവ്വഹിച്ചാൽ പിന്നീട് അദ്ദിക്ർ ഉപയോഗപ്പെടുത്തി യഥാർത്ഥ വിശ്വാസിയായി മാറി നിർവ്വഹിച്ച ഹജ്ജ് സ്വീകരിക്കപ്പെടുന്നതാക്കി മാറ്റാവുന്നതാണ്. അല്ലാതെ 73: 19; 76: 29 എന്നീ സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റായ അദ്ദിക്ർ കൊണ്ടല്ലാതെ വിശ്വാസിയാവുകയോ ഹജ്ജ് സ്വീകരിക്കപ്പെടുകയോ ഇല്ല. 80: 11 ൽ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റ് എന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ പറഞ്ഞിട്ടുണ്ട്. 'ആരെങ്കിലും ഈ വസ്തുത നിഷേധിക്കുകയാണെങ്കിൽ അല്ലാഹു സർവ്വലോകരെത്തൊട്ടും ആവശ്യമില്ലാത്ത ഐശ്വര്യവാനാണ്' എന്ന് പറഞ്ഞതിന്റെ വിവക്ഷ നിഷ്പക്ഷവാനായ അല്ലാഹു സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ അദ്ദിക്ർ എല്ലാ ഓരോരുത്തർക്കും (ആത്മാവിന്) സ്വർഗ്ഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ പഠിപ്പിച്ചിരിക്കെ അത് ഉപയോഗപ്പെടുത്തി സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകുന്നുവെങ്കിൽ അതിന്റെ ഗുണം അവനുതന്നെയാണ്. മറിച്ച് അതിനെ മൂടിവെച്ച് നരകത്തിലേക്ക് പോകുന്നുവെങ്കിൽ അതിന്റെ ദോഷവും ആ ആത്മാവിന് ത

ന്നെയാണ് എന്നാണ്. 29: 6 അവസാനിക്കുന്നതും 'നിശ്ചയം അല്ലാഹു സർവ്വലോകരെത്തൊട്ടും ഐശ്വര്യവാൻ തന്നെയാണ് എന്ന് പറഞ്ഞുകൊണ്ടാണ്. 2: 125, 186; 30: 30–32; 48: 6, 24–25 വിശദീകരണം നോക്കുക.

98. നീ ചോദിക്കുക: ഓ വേദത്തിന്റെ ആളുകളേ, നിങ്ങൾ എന്തിനാണ് അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചുകൊണ്ടിരിക്കുന്നത്? അല്ലാഹുവാകട്ടെ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ മേൽ ഒരു സാക്ഷിയുമാണ്.

സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന വിധത്തിൽ നാഥനെ പരിഗണിക്കാത്ത കപടവിശ്വാസികളും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളും തന്നെയാണ് ഇന്ന് സർവലോകർക്കുമുള്ള ഗ്രന്ഥം വഹിക്കുന്നത്. പ്രവാചകന്റെ ജനതയിൽ പെട്ട അവർ 15: 9; 16: 43–44; 41: 41–43 എന്നീ സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്റിനെ വിസ്മരിച്ച ഒരു കെട്ടജനതയാണെന്ന് 25: 17–18 ലും; അവർക്ക് ബോറന്മാരുടെ വീടായ നരകഗർത്തമാണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് 9: 67–68; 14: 28–30; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരശേഷിയുണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ അവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും തിന്മയേറിയ ജീവികൾ എന്ന് വിശേഷിപ്പിച്ചത് അവരാണ് 8: 22 ൽ വായിച്ചിട്ടുള്ളത്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവരിലെ നേതാക്കളും അനുയായികളും തമ്മിൽ നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും പഴിചാരുകയും ശപിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത അവരിലെ ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ് എന്ന് 39: 59 ലും; ആത്മാവിനെ പരിഗണിക്കാതെ ഇവിടെ ജീവിക്കുന്ന അവർ മരണസമയത്ത് 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും അവർ വായിച്ചിട്ടുണ്ട്. ചുരുക്കത്തിൽ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുന്നില്ല, മറിച്ച് അവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. തെമ്മാടികളല്ലാതെ നാഥന്റെ സൂക്തങ്ങൾ മൂടിവെക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് 2: 99 അവസാനിക്കുന്നത്. 2: 254–255; 3: 81; 25: 33–34 വിശദീകരണം നോക്കുക.

99. നീ ചോദിക്കുക: ഓ വേദക്കാരേ, നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തെ വളച്ചൊടിച്ച് ആ മാർഗത്തിൽ ചരിക്കുന്ന വിശ്വാസികളെക്കൂടി അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയുന്നതെന്തിന്? (അത് മാത്രമാണ് സന്മാർഗമെന്നതിന്) നിങ്ങൾ തന്നെ സാക്ഷികളുമാണല്ലോ, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അശ്രദ്ധനല്ല തന്നെ.

അദ്ദിക്ർ തന്നെയാണ് നേരെച്ചൊവ്വെയുള്ള പാതയായ അല്ലാഹുവിന്റെ മാർഗം. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരുടെ ഈ സ്വഭാവം ഇന്നുള്ളത് ഗ്രന്ഥം അറിഞ്ഞിട്ടും അതിന് വിരുദ്ധമായ ജീവിതമാർഗത്തിൽ ജനങ്ങളെ നയിക്കുന്ന പണ്ഡിതരെന്ന് ദുരഭിമാനിക്കുന്ന അല്ലാഹു കൊന്ന് കളഞ്ഞ കപടവിശ്വാസികൾക്കാണ്. അല്ലാഹുവിന്റെ ഗ്രന്ഥം പഠിപ്പിക്കുന്നതിനുപകരം അവർ മനുഷ്യനിർമ്മിത ഗ്രന്ഥങ്ങളാണ് പഠിപ്പിക്കുന്നത്. മൊത്തം മനുഷ്യരെ അദ്ദിക്റിൽ നിന്ന് തടഞ്ഞ് കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയി

ച്ചുകൊണ്ടിരിക്കുന്ന, പ്രപഞ്ചം നശിപ്പിച്ചുകൊണ്ടിരിക്കുന്നതിന് ആക്കം കൂട്ടുന്ന നാശകാരികളായ മനുഷ്യപ്പിശാചുക്കളാണ് അവർ. അവരെക്കുറിച്ച് *'ആകാശത്തിന് താഴെയുള്ള ജീ വജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയേറിയവരായിരിക്കും അവരുടെ പണ്ഡിതൻമാർ'* എന്ന് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിരിക്കുന്നു. 7: 44-45 സൂക്തങ്ങളിൽ, സ്വർഗവാസികൾ പരലോകത്തുവെച്ച് നരകവാസികളോട് വിളിച്ചുപറയും: ഞങ്ങളുടെ നാഥൻ വാഗ്ദത്തം ചെയ്തത് ഞങ്ങൾ സത്യമായി കണ്ടെത്തിയിരിക്കുന്നു, നിങ്ങളോട് നിങ്ങളുടെ നാഥൻ വാഗ്ദത്തം ചെയ്തത് നിങ്ങൾ സത്യമായി കണ്ടെത്തിയോ? അപ്പോൾ അവർ മറുപടി പറയും: അതെ, ഞങ്ങൾ കണ്ടെത്തി. അപ്പോൾ അവർക്കിടയിൽ ഒരു വിളിയാളൻ വിളിച്ചുപറയുന്നതാണ്: അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് സ്വയം തടയുകയും മറ്റുള്ളവരെ തടയുകയും ചെയ്തിരുന്ന, അല്ലാഹുവിന്റെ മാർഗത്തെ വക്രീകരിച്ച് ബുദ്ധിമുട്ടുള്ളതാക്കി മാറ്റുകയും പരലോകത്തെ നിഷേധിച്ചിരുന്നവരുമായ ഇത്തരം അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്.

18: 1 ൽ, മനസ്സിലാക്കാൻ ഒട്ടും പ്രയാസമോ ബുദ്ധിമുട്ടോ വളവോ തിരിവോ ഒന്നുമില്ലാത്ത ഗ്രന്ഥം തന്റെ അടിമക്ക് അവതരിപ്പിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയും എന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് ഇബ്റാഹീമിന്റെ ചര്യയായ ഈ ദീനിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കിയിട്ടില്ല എന്ന് 22: 78 ലും പറഞ്ഞിട്ടുണ്ട്. പ്രകൃതിമതമായ ഇസ്ലാമിൽ ജനനം, വിവാഹം, മരണം തുടങ്ങി എല്ലാം വളരെ എളുപ്പവും നീതിയുക്തവുമാണ്. എന്നാൽ അനാചാരങ്ങളുടെ മാറാപ്പുകൾ ജീവിതമേഖലകളിലെല്ലാം കൃത്രിമമായി വെച്ചുകെട്ടിയതു കാരണം ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളുടെ ഇടയിലാണ് ജീവിതം വളരെ ക്ലേശകരവും ദുർഘടവുമായിട്ടുള്ളത്. 8: 7-8; 9: 33-34; 18: 103-106 വിശദീകരണം നോക്കുക.

100.ഓ വിശ്വാസികളായവരേ! നിങ്ങൾ വേദം നൽകപ്പെട്ടവരിൽ നിന്നുള്ള വിഭാഗങ്ങളെ അനുസരിക്കുകയാണെങ്കിൽ, നിങ്ങൾ വിശ്വാസികളായതിന് ശേഷം അവർ നിങ്ങളെ നിഷേധത്തിലേക്ക് തള്ളിവിടുന്നതാകുന്നു.

പ്രവാചകന്റെ കാലത്ത് ജൂതരിൽ നിന്നോ ക്രൈസ്തവരിൽ നിന്നോ ഉള്ള ആരെയെങ്കിലും അനുസരിക്കുകയാണെങ്കിൽ എന്നാണ് പറഞ്ഞതെങ്കിൽ ഇന്ന് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളായിത്തീർന്നിട്ടുള്ളവരെ വിളിച്ച് പറയുകയാണ്: വിവിധ സംഘടനകളായി പിരിഞ്ഞ് കാഫിറുകളും മുശ്രിക്കുകളുമായിത്തീർന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ പെട്ട ആരെയെങ്കിലും നിങ്ങൾ അനുസരിക്കുകയാണെങ്കിൽ നിങ്ങളുടെ വിശ്വാസത്തിനുശേഷം അവരുടെ ചര്യയിലേക്ക് നിങ്ങളെ അവർ തിരിച്ചുകൊണ്ടുപോവുകയും അതുവഴി നിങ്ങൾ ജീവിതം മുഴുവൻ നഷ്ടപ്പെട്ടവരായിത്തീരുകയും ചെയ്യുന്നതാണ്. 4: 59 ൽ, വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളും നിങ്ങളുടെ കൈകാര്യകർത്താക്കളും ഏതെങ്കിലും വിഷയത്തിൽ ഭിന്നിച്ചാൽ അക്കാര്യം അല്ലാഹുവിലേക്കും പ്രവാചകനിലേക്കും മടക്കണമെന്ന് കൽപിച്ചിട്ടുണ്ട്. 'അല്ലാഹുവിലേക്കും പ്രവാചകനിലേക്കും മടക്കുക' എന്നുപറഞ്ഞാൽ ഇന്ന് അദ്ദിക്റിലേക്ക് മടങ്ങുക എന്നാണ്. സ്വർഗത്തിലേക്ക് ഏകവഴി മാത്രമാണുള്ളത്, ബാക്കിയുള്ള എല്ലാ വഴികളും നരകത്തിലേക്കുള്ള തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പത് വഴികളാണ്. 2: 109; 3: 28, 195-196; 109: 6 വിശദീകരണം നോക്കുക.

101. നിങ്ങളിൽ അല്ലാഹുവിന്റെ സൂക്തങ്ങൾ വിശദീകരിക്കപ്പെട്ടുകൊണ്ടിരിക്കെ, നിങ്ങൾ എങ്ങനെയാണ് കാഫിറുകളാവുക? -നിങ്ങളിൽ അവന്റെ പ്രവാചകനുമു

ണ്ട്; ആരാണോ അല്ലാഹുവിനെക്കൊണ്ട് മുറുകെപ്പിടിച്ചത്, അപ്പോൾ നിശ്ചയം അവൻ നേരെച്ചൊവ്വേയുള്ള പാതയിലേക്ക് നയിക്കപ്പെട്ടവനായിക്കഴിഞ്ഞു.

അജയ്യഗ്രന്ഥമായ അദ്ദിക്ർ ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമാണ്. 2: 146 ൽ വിവരിച്ച പ്രകാരം ആർക്കാണോ ഗ്രന്ഥം നൽകപ്പെട്ടത്, അവർക്ക് നാഥനെയും പ്രവാചകനെയും പിശാചിനെയും ഖിബ്‌ലമാറ്റത്തെയും അവരെത്തന്നെയും അവരുടെ സന്താനങ്ങളെ അറിയുന്നതിലുപരി അറിയുന്നതാണ്. ഫുജ്ജാറുകളിലെ വിവിധ സംഘടനകളിൽ നിന്നുള്ള ആരാണോ സാക്ഷിയും കാരുണ്യവും സത്യവും ഇമാമുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നത്, അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണ് എന്ന് 11: 17 ൽ പറഞ്ഞിട്ടുണ്ട്. 'അല്ലാഹുവിനെക്കൊണ്ട് മുറുകെപ്പിടിക്കുക' എന്നതിന്റെ വിവക്ഷ 2: 256; 3: 103 സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിക്കുക എന്നാണ്. ആരാണോ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുകയും അദ്ദിക്റിനെ മുറുകെപ്പിടിക്കുകയും ചെയ്തത്, അപ്പോൾ അവരെ അവനിൽ നിന്നുള്ള കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതും ഏറ്റവും നേരായ മാർഗത്തിലേക്ക് മാർഗദർശനം ചെയ്യുന്നതുമാണെന്ന് 4: 175 ൽ പറഞ്ഞിട്ടുണ്ട്. പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാണെന്നും അവർ അവിടെ ഒരു സഹായിയെയും കാണുകയില്ല എന്നും 4: 145 ലും; എന്നാൽ ഖേദിച്ചുമടങ്ങുകയും പ്രവർത്തനങ്ങൾ നന്നാക്കിത്തീർക്കുകയും അല്ലാഹുവിനെ മുറുകെപ്പിടിക്കുകയും ജീവിതം മുഴുവൻ അല്ലാഹുവിനുവേണ്ടി മാത്രമാക്കിത്തീർക്കുകയും ചെയ്തവരൊഴികെ, അപ്പോൾ അക്കൂട്ടർ വിശ്വാസികളോടൊപ്പമാണ്, അല്ലാഹു വിശ്വാസികൾക്ക് മഹത്തായ പ്രതിഫലം നൽകുക തന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. 25: 27–29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാച് അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ടാണ് മനുഷ്യരെ അല്ലാഹുവിൽ നിന്ന് തടയുക. അദ്ദിക്ർ ഒഴിച്ചുള്ള മറ്റു ഗ്രന്ഥങ്ങളെല്ലാം പഠിപ്പിക്കുന്നവരും ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ പഠിപ്പിക്കാതെ ജീവനായ അർത്ഥം പഠിപ്പിക്കുന്നവരും അറബി ഖുർആൻ പാരായണം ചെയ്താലും പുണ്യം ലഭിക്കുമെന്ന് സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുന്നവരുമായ കപടവിശ്വാസികൾ മനുഷ്യപ്പിശാചുക്കളാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 79–80, 86– 91; 5: 48 വിശദീകരണം നോക്കുക.

102.ഓ വിശ്വാസികളായവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട വിധം സൂക്ഷിക്കുക, സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരായിക്കൊണ്ടല്ലാതെ നിങ്ങൾ മരണപ്പെടുകയുമരുത്.

'സത്യം' എന്നത് അദ്ദിക്റിന്റെ നാൽപത് പേരുകളിൽ ഒന്നാണ്. അതിനാൽ അല്ലാഹുവിനെ സൂക്ഷിക്കേണ്ട വിധം സൂക്ഷിക്കുക എന്നുപറഞ്ഞാൽ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് 43: 36–37 സൂക്തങ്ങളിൽ പറഞ്ഞ സംശയമുണ്ടാക്കുന്ന ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കുക എന്നാണ്. എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായ അദ്ദിക്ർ ഹൃദയത്തിലുണ്ടായിരിക്കെ നിങ്ങൾക്ക് വെടിവെച്ചാൽ പോലും ഏൽക്കാൻ പാടില്ല. വിശ്വാസിയാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. വിശ്വാസികളെ വിളിച്ച് അല്ലാഹുവിനെ സൂക്ഷിക്കേണ്ട വിധം സൂക്ഷിക്കു

ക എന്ന് പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് 3: 190–191 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 'അല്ലാഹ്' എന്ന സ്മരണ നടത്തങ്ങളിലും നിറുത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും ഉണ്ടായിരിക്കണമെന്നാണ്. 16: 128 ൽ പറഞ്ഞ പ്രകാരം ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്ന മുഹ്സിനീങ്ങളാകണമെന്നും അല്ലാതെ 59: 19 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെ വിസ്മരിക്കുക വഴി സ്വന്തത്തെത്തന്നെ മറന്ന തെമ്മാടികളാകരുതെന്നുമാണ് കൽപിക്കുന്നത്. വർഗീയത, ദേശീയത, വംശീയത, സ്വാർത്ഥത, സംഘടനാപക്ഷപാതം, സ്വജനപക്ഷപാതം, ആത്മാവിന്റെ കുടുസ്സ് തുടങ്ങിയ ദുർഗുണങ്ങളൊന്നുമില്ലാതെ ആരെയും ഭയപ്പെടാതെയും വെപ്രാളപ്പെടാതെയും വിയർപ്പൊഴുക്കാതെയും അദ്ദിക്റിൽ നിന്ന് കണ്ട അല്ലാഹുവിനെ സന്തോഷത്തോടുകൂടി ആത്മാവുകൊണ്ട് നോക്കി 75: 22–23 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ജനിച്ചതുപോലെ നിഷ്കളങ്കരായി തിരിച്ചുപോകുന്നവരാണ് മുസ്ലിംകളായി (സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരായിക്കൊണ്ട്) മരിക്കുന്നവർ. എല്ലാ മനുഷ്യരും ജനിക്കുന്നത് മുസ്ലിമായിട്ടാണ്. പതിനഞ്ച് വയസിനുശേഷം സ്വർഗത്തിലേക്കു തന്നെ തിരിച്ചുപോകണമെങ്കിൽ അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുക തന്നെ വേണം. മാതാപിതാക്കളുടെ കടമയാണ് അല്ലാഹു അവരെ ഏൽപ്പിച്ച മക്കൾക്ക് 15 വയസ്സിന് മുമ്പ് സ്വർഗത്തിലേക്കുള്ള ടിക്കറ്റ് നൽകൽ. അല്ലാത്ത പക്ഷം ഇരുകൂട്ടരും നരകത്തിലെ ഇടുങ്ങിയ സ്ഥലത്ത് ഒരുമിച്ചുകൂടുമ്പോഴുള്ള രംഗം 7: 37–39 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്ർ സർവ്വസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്നാണ് 16: 89 ൽ പറഞ്ഞിട്ടുള്ളത് എന്നിരിക്കെ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന പ്രവാചകന്റെ ജനതയിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഞങ്ങൾ മുസ്ലിംകളാണെന്നും സ്വർഗത്തിലേക്കുള്ളവരാണെന്നും പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെക്കുറിച്ച് അവർ കാഫിറുകളും നരകത്തിലേക്കുള്ളവരുമാണെന്നും മുദ്ര കുത്തുന്നവരാണ്. എന്നാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഫുജ്ജാറുകൾ തന്നെയാണ് യഥാർത്ഥ കാഫിറുകളും അവർക്കു വേണ്ടിത്തന്നെയാണ് ഹീനമായ ശിക്ഷ ഒരുക്കിവെച്ചിട്ടുള്ളതും. 10: 60 ൽ വിവരിച്ച പ്രകാരം അവർ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചുകൊണ്ട് മരണപ്പെടുന്നതും 15: 44 ൽ പറഞ്ഞ നരകത്തിന്റെ 7 കവാടങ്ങളിൽ ഒന്നിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നതുമാണ്.

'ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുക' എന്ന് അഭിസംബോധനം ചെയ്തുകൊണ്ടാണ് 2: 278; 5: 35; 33: 70; 57: 28; 59: 18 എന്നീ സൂക്തങ്ങളും ആരംഭിക്കുന്നത്. നിങ്ങളിൽ ഒരാളുടെയും ഇച്ഛ ഞാൻ കൊണ്ടുവന്നതിനെ (അദ്ദിക്റിനെ) പിൻപറ്റുന്നതുവരെ നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 152; 16: 89; 85: 4 വിശദീകരണം നോക്കുക.

103. നിങ്ങൾ എല്ലാവരും ഒരുമിച്ച് അല്ലാഹുവിന്റെ പാശത്തെ മുറുകെപ്പിടിക്കുകയും നിങ്ങൾ ഭിന്നിക്കാതിരിക്കുകയും ചെയ്യുവീൻ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ വർഷിച്ചത് സ്മരിക്കുകയും ചെയ്യുവീൻ, നിങ്ങൾ പരസ്പരം ശത്രുക്കളായ സന്ദർഭം, അപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ അവൻ പരസ്പരം

ഇണക്കി, അവന്റെ അനുഗ്രഹത്താൽ നിങ്ങളെ പരസ്പരം സഹോദരങ്ങളാക്കി മാറ്റി, നിങ്ങൾ ഒരു തീക്കുണ്ഠത്തിന്റെ വക്കിലുമായിരുന്നു, അങ്ങനെ നിങ്ങളെ അവൻ അതിൽ നിന്ന് രക്ഷപ്പെടുത്തി, അപ്രകാരം നിങ്ങൾക്ക് അല്ലാഹു അവന്റെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ചുതരുന്നു, നിങ്ങൾ സന്മാർഗത്തിലായിത്തീരുക തന്നെ വേണം എന്നതിനുവേണ്ടി.

10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല. വിശ്വാസികളെ വിളിച്ച് 2: 256 ൽ വിവരിച്ച നാഥനിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നാഥന്റെ ഏക സംഘമായി നിലകൊള്ളാനാണ് സൂക്തം കൽപിക്കുന്നത്. 6: 153 ൽ, നിശ്ചയം ഇത് തന്നെയാണ് എന്റെ നേരെചൊവ്വെയുള്ള പാത, അപ്പോൾ നിങ്ങൾ അത് പിൻപറ്റുക, അവന്റെ പാതയെത്തൊട്ട് നിങ്ങളെ ഭിന്നിപ്പിക്കുന്ന മറ്റു പാതകളൊന്നും തന്നെ നിങ്ങൾ പിൻപറ്റുകയുമരുത്, അതുകൊണ്ടാണ് അവൻ നിങ്ങളെ ഊന്നി ഉപദേശിക്കുന്നത്, നിങ്ങൾ സൂക്ഷ്മതയുള്ളവർ തന്നെയാകണമെന്നതിനുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഫുജ്ജാറുകൾ ഏതാണ് അജയ്യഗ്രന്ഥമെന്നോ നേരെച്ചൊവ്വെയുള്ള പാതയെന്നോ നാഥനിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമെന്നോ മനസ്സിലാക്കാൻ ശ്രമിക്കാത്തവരും 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച ഒരു കെട്ടജനതയുമാണ്.

ഇക്കൂട്ടർ 30: 31–32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ മുശ്രിക്കുകളും 58: 19 ൽ പറഞ്ഞ പ്രകാരം കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം യഥാർത്ഥ കാഫിറുകളുമാണ്. ഇവർ ദിക്റീ എന്ന ഗ്രന്ഥത്തെത്തൊട്ട് ബധിരരാണെന്ന് 38: 8 ലും; അവർ അതിനെത്തൊട്ട് ഊമരാണെന്ന് 8: 22 ലും; നരകക്കുണ്ഠത്തിലേക്കുള്ള കപടവിശ്വാസികൾക്കും അനുയായികളായ മുശ്രിക്കുകൾക്കും നാഥനെക്കുറിച്ചുള്ള ധാരണ ദുഷിച്ചതായതുകൊണ്ട് നാഥന്റെ കോപവും ശാപവും അവരുടെമേൽ ആപതിച്ചിരിക്കുന്നു എന്ന് 48: 6 ലും പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്. അവസാന കാലഘട്ടമായതിനാൽ ഇന്ന് വിശ്വാസികളുടെ ഒരു സംഘം രൂപപ്പെടുത്താൻ സാധ്യമല്ല. അപ്പോൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ മനുഷ്യർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മാനുഷികൈക്യം രൂപപ്പെടുത്താനാണ് വിശ്വാസി ശ്രമിക്കേണ്ടത്. അദ്ദിക്ർ മാത്രമാണ് തീവ്രവാദം, രക്തച്ചൊരിച്ചിൽ തുടങ്ങിയ നശീകരണ പ്രവൃത്തികൾക്കെതിരെയുള്ള ശക്തമായ ആയുധം. അപ്പോൾ അദ്ദിക്ർ കൊണ്ട് മാത്രമേ ഭൂമിയുടെ തിരിച്ചുകറക്കവും അന്ത്യദിനത്തിന്റെ ആഗമനവും നീട്ടാൻ സാധിക്കുകയുള്ളൂ. 2: 38–39; 3: 73–74; 7: 205–206 വിശദീകരണം നോക്കുക.

104.നന്മയിലേക്ക് വിളിച്ചുകൊണ്ടിരിക്കുകയും നന്മ കൽപിച്ചുകൊണ്ടിരിക്കുകയും നിഷിദ്ധങ്ങളെത്തൊട്ട് വിരോധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നിങ്ങളിൽ നിന്ന് ഉണ്ടാവുകയും ചെയ്യട്ടെ, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുന്നവരും.

ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾ കൽപിക്കുന്നതിനുവേണ്ടി ഒരുവിഭാഗം നിങ്ങളിൽ നിന്ന് ഉണ്ടാവണമെന്നാണ് വിശ്വാസികളെ വിളിച്ച് സൂക്തം കൽപിക്കുന്നത്. എന്നാൽ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുകയും ഇസ്ലാമിന്റെ ആളുകളെന്ന് അർഹതയില്ലാതെ അഹങ്കരിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കിടയിൽ വിവിധ സംഘടനകൾ രൂപം കൊള്ളുകയും ചെയ്തു. ഖലീഫ ഭരണത്തിന് അന്ത്യം കുറിച്ച് മുആവിയ രാ

ജഭരണം തുടങ്ങി. അങ്ങനെ നാഥന്റെ രാജാധിപത്യത്തിൽ പങ്കുചേർത്തു. അതോടുകൂടി ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും ആചാരാനുഷ്ഠാനങ്ങളും പിൻപറ്റാൻ തുടങ്ങി. എല്ലാ 1000 ത്തിലും 999 ൽ പെട്ട അവർ ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ദേഹേച്ഛ പിൻപറ്റുന്നവരും ഐഹികലോകത്തിന് പ്രാധാന്യം കൊടുക്കുന്നവരുമാണ്. ഈസാ രണ്ടാമത് വന്ന ശേഷം ഇവർ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുമ്പോൾ മാത്രമാണ് ദിക്രീ -അദ്ദിക്ർ- ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ഇവർക്ക് ബോധ്യം വരിക.

ഇത് ഒരു അനുഗ്രഹീതമായ ഉണർത്തലാണ്, അപ്പോൾ നിങ്ങൾ അതിനോട് വിരോധം വെക്കുന്നവരാണോ എന്ന് 21: 50 ലും; ഇത് നിനക്കും നിന്റെ ജനതക്കുമുള്ള ഒരു ഉണർത്തലാണ്, അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരും അതിനെക്കുറിച്ച് ചോദിക്കപ്പെടുക തന്നെ ചെയ്യും എന്ന് 43: 44 ലും ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ഭ്രാന്തന്മാർ നരകക്കുണ്ഠത്തിൽ വെച്ച് നരകത്തിന്റെ പാറാവുകാരനായ മാലിക്കിനെ വിളിച്ച് 'ഓ മാലിക്കേ! നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചു കൊള്ളട്ടെ' എന്ന് പറയുമ്പോൾ മാലിക്ക് പറയുന്നതാണ്: 'നിങ്ങൾ അതിൽ കാലാകാലം കഴിഞ്ഞുകൂടേണ്ടവരാണ്, ഞങ്ങൾ നിങ്ങളിലേക്ക് സത്യവും കൊണ്ട് വന്നിട്ടുണ്ടായിരുന്നു, എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരായിരുന്നു' എന്ന് 43: 74-78 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

നിങ്ങളിൽ ഒരാൾ ഒരു തിന്മ കണ്ടാൽ അത് കൈ കൊണ്ട് തടയട്ടെ, അതിന് സാധിക്കുന്നില്ലെങ്കിൽ നാവുകൊണ്ട് തടയട്ടെ, അതിനും സാധിക്കുന്നില്ലെങ്കിൽ ഹൃദയം കൊണ്ട് തിന്മയെ വെറുക്കട്ടെ. അത് ഈമാനിന്റെ ഏറ്റവും ബലഹീനമായ രൂപമാണ്. മറ്റൊരു റിപ്പോർട്ടിൽ ഹൃദയം കൊണ്ട് വെറുത്തിട്ടില്ലെങ്കിൽ പിന്നെ അവന് ഒരു കടുകുമണിത്തൂക്കത്തിന്റെ അത്ര പോലും വിശ്വാസമില്ല എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളുമടങ്ങിയ ഫുജ്ജാറുകൾ തിന്മ കൽപിക്കുന്നവരും നന്മ തടയുന്നവരും നാഥനെ വിസ്മരിച്ചവരും നാഥനാൽ വിസ്മരിക്കപ്പെട്ടവരും പിശുക്ക് കാണിക്കുന്നതെമ്മാടികളുമാണ്. കപടവിശ്വാസികളോടും കുഫ്ഫാറുകളോടും നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകക്കുണ്ഠാഗ്നിയാണ്. അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായി ഇവിടെ ജീവിക്കുന്ന അവർ ബധിരരും ഊമരും അന്ധരുമായി തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 2: 18; 17: 97-98; 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 2-5, 147-148; 9: 71-72 വിശദീകരണം നോക്കുക.

105.തങ്ങൾക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനുശേഷം ഭിന്നിച്ച് വ്യത്യസ്തമായ സംഘടനകളിൽ ആയവരെപ്പോലെ നിങ്ങൾ ആകാതിരിക്കുകയും ചെയ്യുവീൻ, അക്കൂട്ടരോ അവർക്ക് വമ്പിച്ച ശിക്ഷയാണുള്ളത്.

പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചു: *നിശ്ചയം ജൂതർ എഴുപത്തൊന്ന് വിഭാഗങ്ങളായും ക്രൈസ്തവർ എഴുപത്തിരണ്ട് വിഭാഗങ്ങളായും ഭിന്നിച്ചിട്ടുണ്ട്. എന്നാൽ എന്റെ ഈ സമുദായം എഴുപത്തിമൂന്ന് വിഭാഗമായി ഭിന്നിക്കുന്നതാണ്. അവരിൽ ഒരു വിഭാഗമല്ലാത്തവരെല്ലാം നരകത്തിലായിരിക്കും; അവർ ചോദിച്ചു:*

ആ വിഭാഗം ആരാണ്? മറുപടി പറഞ്ഞു: ഞാനും എന്നെ പിൻപറ്റുന്നവരും ഏതൊരു വഴിയിലാണോ, ആ വഴിയിൽ നിലകൊള്ളുന്നവരാണവർ. അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവരാണ് അല്ലാഹുവിന്റെ സംഘത്തിൽ പെട്ട ആ വിഭാഗം. 3: 101–103 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മുറുകെപ്പിടിച്ചവർ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് ഗ്രന്ഥത്തിൽ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് വിവിധ സംഘടനകളായിപ്പിരിഞ്ഞ് യഥാർത്ഥ കാഫിറുകളാവുക വഴി പിശാചിന്റെ സംഘത്തിൽ പെട്ടവരായിരിക്കുകയാണ്. 2: 39; 8: 48; 10: 60; 11: 17–18 വിശദീകരണം നോക്കുക.

106.ഒരു നാളിൽ ചില മുഖങ്ങൾ പ്രസന്നമാകുന്നതും മറ്റു ചില മുഖങ്ങൾ കറുത്ത് കരുവാളിക്കുന്നതുമാണ്; അപ്പോൾ തങ്ങളുടെ മുഖം കറുക്കുന്നവരോ, നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിനുശേഷം നിഷേധികളായി, അപ്പോൾ നിങ്ങൾ നിഷേധിച്ചുകൊണ്ടിരുന്നവരായതുകൊണ്ട് ശിക്ഷ രുചിച്ചുകൊള്ളുക.

1: 7 ൽ വിവരിച്ച നാഥന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളുടെയും അവരുടെ വഴിപിഴച്ചുപോയ അനുയായികളുടെയും മുഖമാണ് കറുത്ത് കരിവാളിക്കുന്നത്. 39: 59 ൽ, ഇത്തരം കപടവിശ്വാസികളുടെയും കാഫിറുകളുടെയും മരണ സമയത്ത് നാഥൻ അവരോട്: അല്ല, നിശ്ചയം നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞ് കളവാക്കി, നീ അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുമെന്ന് പറഞ്ഞശേഷം 39: 60 ൽ, അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറഞ്ഞ കാഫിറുകളുടെ മുഖം കറുത്തതായി നിനക്ക് കാണാം, ഇത്തരം അഹംഭാവികൾക്ക് നരകത്തിൽ പാർപ്പിടമില്ലെയോ എന്ന് ചോദിക്കുകയും ചെയ്തിട്ടുണ്ട്. ആരാണോ ഇവിടെ ഏറ്റവും നല്ലതായ അദ്ദിക്റിനെ ജീവിപ്പിച്ചത്, അവർക്ക് തക്കതായ പ്രതിഫലവും വർദ്ധനവുമുണ്ട്, അവരുടെ മുഖങ്ങൾ പൊടിപുരളുകയോ കറുക്കുകയോ അവർ ദുഃഖിക്കുകയോ ഹീനത അവരെ മുദ്രണം ചെയ്യുകയോ ഇല്ല, അവർ സ്വർഗത്തിന്റെ സഹവാസികളും അതിൽ നിത്യവാസികളുമാകുന്നു എന്ന് 10: 26 ലും; ആരാണോ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് തിന്മകൾ സമ്പാദിച്ചത്, അവർക്ക് അവർ സമ്പാദിച്ചതിന്റെ പ്രതിഫലമുണ്ട്, ഹീനത അവരെ മുദ്രണം ചെയ്തിരിക്കുന്നു, അല്ലാഹുവിൽ നിന്ന് അവരെ സഹായിക്കാൻ ഒരു സഹായിയും ഉണ്ടാവുകയുമില്ല, അവരുടെ മുഖം കൂരിരുട്ടുള്ള രാത്രിയെപ്പോലെ കറുത്തിരുണ്ടിരിക്കും, അവർ നരകത്തിന്റെ സഹവാസികളും അതിൽ നിത്യവാസികളുമായിരിക്കുമെന്നും 10: 27 ലും പറഞ്ഞിട്ടുണ്ട്. 80: 40–42 സൂക്തങ്ങളിൽ, ചില മുഖങ്ങൾ പൊടിപുരളുകയും ദുഃഖവും ഹീനതയും അവരെ ബാധിക്കുകയും ചെയ്യും, അക്കൂട്ടർ അദ്ദിക്റിനെ മൂടിവെച്ച കാഫിറുകളും അത് മനസിലാക്കാൻ ശ്രമിക്കാതെ അറബിയിലുള്ള അതിന്റെ ശരീരം തിന്നുന്ന ഫാജിറുകളുമാണ് എന്നും പറഞ്ഞിട്ടുണ്ട്.

18: 29 ൽ, സത്യം (അദ്ദിക്ർ) നിന്റെ നാഥനിൽ നിന്നുള്ളതാണ്, അപ്പോൾ ഉദ്ദേശിക്കുന്നവൻ വിശ്വസിച്ചുകൊള്ളട്ടെ, ഉദ്ദേശിക്കുന്നവൻ മൂടിവെക്കുകയും ചെയ്തുകൊള്ളട്ടെ, നിശ്ചയം മൂടിവെച്ചവർക്ക് നരകം ഒരുക്കിവെച്ചിട്ടുണ്ട്, അതിന്റെ ജ്വാലകൾ അവരെ വലയം ചെയ്തിരിക്കുന്നു, അവർ വെള്ളത്തിനുവേണ്ടി ചോദിക്കുമ്പോഴെല്ലാം അവർക്ക് എണ്ണച്ചണ്ടിപോലെയുള്ള ചുട്ടുപഴുത്ത തിളച്ച വെള്ളം കൊടുക്കുന്നതുമാണ്, അത് അവരുടെ മുഖങ്ങൾ ഉരുക്കികളയുന്നതാണ്, എത്ര മോശപ്പെട്ട പാനീയം! എത്ര ദുഷിച്ച സഹവാസം! എന്ന് പറഞ്ഞിട്ടുണ്ട്. 2: 256–257; 3: 91–92; 11: 106–108; 18: 100–101 വിശദീകരണം നോക്കുക.

107.എന്നാൽ തങ്ങളുടെ മുഖം പ്രസന്നമായി വെളുക്കുന്നവരുണ്ടല്ലോ, അപ്പോൾ അവർ അല്ലാഹുവിന്റെ കാരുണ്യത്തിലായിരിക്കും, അവർ അതിൽ ശാശ്വതരുമായിരിക്കും.

ഗ്രന്ഥം കിട്ടിയവരിൽ നിന്നുള്ളവരാണ് മുഖം കറുക്കുന്നവരും വെളുക്കുന്നവരുമെന്ന് ഈ രണ്ട് സൂക്തങ്ങളും പഠിപ്പിക്കുന്നു. പ്രകാശമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത കപടവിശ്വാസികളും കാഫിറുകളുമാണ് മുഖം കറുക്കുന്നവരെങ്കിൽ അദ്ദിക്ർ പിൻപറ്റിയ വിശ്വാസികളുടെ മുഖമാണ് വെളുക്കുന്നത്. 32: 18 ൽ, അപ്പോൾ വിശ്വാസിയായ ഒരാൾ തെമ്മാടിയെപ്പോലെയാകുമോ എന്ന് ചോദിച്ചതിനുശേഷം അവർ സമമാവുകയില്ല എന്നുപറഞ്ഞിട്ടുണ്ട്. 32: 19 ൽ, അപ്പോൾ വിശ്വാസികളാവുകയും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവർക്ക് ഫിർദൗസ് സ്വർഗമാണുള്ളത്, അത് അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് വിരുന്നായിട്ട് നൽകുന്നതാണ് എന്നും; 32: 20 ൽ, തെമ്മാടികളായിട്ടുള്ളവരോ, അപ്പോൾ അവരുടെ സങ്കേതം നരകമാണ്, എല്ലാ ഓരോ പ്രാവശ്യവും അവർ അതിൽ നിന്ന് പുറത്തുകടക്കാൻ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്കുതന്നെ അവർ മടക്കപ്പെടുന്നതാണ്; അവരോട് പറയപ്പെടുകയും ചെയ്യും: നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടേയിരുന്ന നരകശിക്ഷ നിങ്ങൾ രുചിച്ചു കൊള്ളുക എന്നും പറഞ്ഞിട്ടുണ്ട്. ഈ രണ്ടുകൂട്ടർക്കും പരലോകത്ത് വരാൻ പോകുന്ന അവസ്ഥ 57: 12–16 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 66: 8 ൽ അവരുടെ (മുഖം വെളുക്കുന്നവരുടെ) ഇഹത്തിലെ പ്രാർത്ഥന: 'ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ഞങ്ങളുടെ പ്രകാശം –അദ്ദിക്ർ– പൂർത്തിയാക്കിത്തരേണമേ, ഞങ്ങളുടെ പാപങ്ങൾ നീ പൊറുത്തുതരേണമേ, നിശ്ചയം നീ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാണ്' എന്നായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ സമുദായത്തിൽപെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾ അദ്ദിക്ർ പിൻപറ്റിയിട്ടില്ലെങ്കിലും വിചാരണക്കുശേഷം 'ഒരിക്കൽ കുടിച്ചാൽ പിന്നെ ഒരിക്കലും ദാഹം അനുഭവപ്പെടാത്ത' കൗസർ തടാകത്തിൽ നിന്നും കുടിപ്പിക്കപ്പെട്ട് സ്വർഗവും നരകവുമല്ലാത്ത ഇതര ലോകങ്ങളിലേക്കാണ് അയക്കപ്പെടുക. കാരണം 2: 143; 22: 78 സൂക്തങ്ങളുടെ കൽപന ഉൾക്കൊണ്ടുകൊണ്ട് പ്രവാചകന്റെ ജീവിതമായ അദ്ദിക്റിന്റെ ജീവിതം മനുഷ്യർക്കിടയിൽ സാക്ഷ്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെ സംഘം ഇന്ന് ലോകത്തൊരിടത്തും തന്നെ ഇല്ല. എന്നാൽ ഇന്ന് ഇതര ജനവിഭാഗങ്ങളിൽ തന്നെയാണ് ആത്മാവിന് പ്രാധാന്യം കൊടുത്ത്, ലൈംഗിക ബന്ധമില്ലാതെ ദൈവസ്മരണയിൽ നിലകൊണ്ട് ജീവിക്കുന്ന വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും, രാജാധിരാജന്റെ സമീപസ്ഥരായി ഇരിപ്പുറപ്പിക്കുന്ന സാബിഖീങ്ങളും–വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവരും– കൂടുതൽ ഉള്ളത്. 3: 7 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം വായിക്കുന്ന പ്രവാചകന്റെ ജനത ഫാജിറുകൾ, കാഫിറുകൾ, ആയിരത്തിൽ ഒന്നായ വിശ്വാസി എന്നിങ്ങനെ 3 വിഭാഗങ്ങളാണ്. ഇവരിൽ ഫാജിറുകളും കാഫിറുകളും നരകത്തിലേക്കുള്ളവരാണ്. ഈ രണ്ട് കൂട്ടരും ഉൾപ്പെട്ട ഫുജ്ജാറുകളുടെ പട്ടിക സിജ്ജീനിലാണെന്ന് 83: 7 ൽ പറഞ്ഞിട്ടുണ്ട്. ആയിരത്തിൽ ഒന്നായ വിശ്വാസി അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി തന്റെ പട്ടിക നരകക്കു ണ്ഠത്തിലേക്കുള്ള സിജ്ജീനിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീനിലേക്ക് മാറ്റിയവരാണ്. 2: 62; 4: 118; 39: 32–33; 57: 19 വിശദീകരണം നോക്കുക.

108.അതെല്ലാം അല്ലാഹുവിന്റെ സൂക്തങ്ങളാണ്, നാം അവ നിന്റെ മേൽ ലക്ഷ്യ

ത്തോടുകൂടി വിശദീകരിച്ച് തരികയാണ്, അല്ലാഹു ലോകരോട് അനീതി കാണിക്കാൻ ഒട്ടും ഉദ്ദേശിക്കുന്നില്ല.

3: 58 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയിൽ നിന്നുള്ള യുക്തിനിർഭരമായ ഗ്രന്ഥമാണ് അദ്ദിക്ർ. അത് അവതരിപ്പിച്ചിട്ടുള്ളത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായിട്ടാണ്. 35: 32 ൽ പറഞ്ഞ പ്രകാരം അത് അനന്തരമെടുത്തത് അന്ത്യപ്രവാചകന്റെ ജനതയാണ്. അവർ മൂന്ന് വിഭാഗക്കാരാണ്: 1) ആത്മാവിനോട് അക്രമം കാണിച്ചവർ -കപടവിശ്വാസികളും അവരുടെ അനുയായികളും. അവർ ഗ്രന്ഥം സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ഇല്ല. 2) വലതുകയ്യിൽ ഗ്രന്ഥം ലഭിക്കുന്നവർ -അവരും അവരുടെ കുടുംബാംഗങ്ങളും നാലാം ഘട്ടമായ ഇവിടെ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ജീവിതം നയിച്ചവരാണ്. 3) വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവർ. ഈ മൂന്ന് വിഭാഗങ്ങളിൽ കപടവിശ്വാസികൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്ന കാഫിറുകളും അവരുടെ അനുയായികൾ 39: 71 പ്രകാരം വിചാരണക്കുശേഷം നരകത്തിലേക്ക് തെളിക്കപ്പെടുന്ന കാഫിറുകളുമാണ്. 11: 5 ൽ വിവരിച്ച പ്രകാരം വലതുകൈയിൽ കർമരേഖ ലഭിക്കുന്നവർ 39: 73-74 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിചാരണക്കുശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന സൂക്ഷ്മാലുക്കളാണ്. വിചാരണ കൂടാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്നവർക്ക് 38: 49-50 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഏഴാകാശങ്ങളുടെയും വാതിലുകൾ തുറന്നുവെക്കപ്പെട്ടിരിക്കുകയാണ്. 26: 208-209 സൂക്തങ്ങളിൽ, നാടുകളിൽ നിന്നുള്ള ഒന്നിനെയും നാം നശിപ്പിച്ചിട്ടുമില്ല, അതിന് മുന്നറിയിപ്പുകാരെ അയച്ചിട്ടല്ലാതെ. ഓർമപ്പെടുത്തുക! നാം അക്രമം കാണിക്കുന്നവനായിരുന്നിട്ടുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 87: 9-13 സൂക്തങ്ങളിൽ, അപ്പോൾ നീ ഉണർത്തുക, നിശ്ചയം ഉണർത്തൽ ഉപകാരപ്പെട്ടെങ്കിലോ. ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നത്, അവൻ ഉണർത്തപ്പെടുക തന്നെ ചെയ്യും. ഏറ്റവും വലിയ ദൗർഭാഗ്യവാൻ അതിനെ വർജ്ജിക്കുന്നതുമാണ്. വമ്പിച്ച നരകാഗ്നിയിൽ വേവുന്ന ഒരുവൻ. പിന്നെ അതിൽ അവൻ മരിക്കുകയില്ല, ജീവിക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത കപടവിശ്വാസികളും കേൾവിയുണ്ടായിട്ട് അദ്ദിക്ർ കേൾക്കാത്ത അവരുടെ അനുയായികളും അടങ്ങിയ ഫുജ്ജാറുകളായ ഭ്രാന്തന്മാരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 119; 3: 28-30, 181-182 വിശദീകരണം നോക്കുക.

109.ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാകുന്നു, സകലകാര്യങ്ങളും മടക്കപ്പെടുന്നതും അല്ലാഹുവിലേക്ക് തന്നെയാകുന്നു.

ത്രികാലജ്ഞാനിയായ നാഥൻ ത്രികാലജ്ഞാനമായ അദ്ദിക്റിൽ പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. നാലാം ഘട്ടമായ ഐഹികലോകജീവിതത്തെക്കുറിച്ച് (15 വയസ് മുതൽ മരണം വരെയുള്ള ജീവിതം) വിധിദിവസം ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും. ഓരോ മനുഷ്യനും അവന്റെ പിരടിയിൽ കർമരേഖ വഹിക്കുന്നുണ്ടെന്നും വിധിദിവസം അത് ഒരു തുറന്ന പ്രകാശിക്കുന്ന പുസ്തകമായി പുറത്തെടുത്തുകൊടുത്ത് വായിപ്പിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക എന്നും 2: 168-169; 9: 51; 11: 5 തുടങ്ങിയ സൂക്തങ്ങളിലെല്ലാം വിവരിച്ചിട്ടുണ്ട്. വിശ്വാസി മാത്രമാണ് സ്വർഗത്തിലേക്ക് തിരിച്ചുപോവുക. അവൻ മാത്രമേ നാഥനെ കണ്ടുമുട്ടുകയുള്ളൂ. ഫുജ്ജാറുകൾ ഈ കർമരേഖയെക്കുറിച്ചുള്ള വിവരം ലോകരെ അറിയിക്കാതെ ലോകം ന

ശിപ്പിച്ചുകൊണ്ടിരിക്കുന്ന പൈശാചിക കാൽപാടുകൾ പിൻപറ്റുന്നവരും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് ചേക്കേറേണ്ടവരുമാണ്. ലക്ഷ്യബോധമില്ലാതെ ഇവിടെ ജീവിക്കുന്ന അവരെയും അവരുടെ ജിന്നുകൂട്ടുകാരെയും കൊണ്ട് നരകക്കുണ്ഠം കുത്തി നിറക്കപ്പെടുക തന്നെ ചെയ്യുമെന്ന് 7: 179; 9: 67–68; 15: 44 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. 2: 210, 255; 8: 24, 48; 22: 76 വിശദീകരണം നോക്കുക.

110.നിങ്ങൾ മനുഷ്യർക്കുവേണ്ടി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള ഉത്തമസമുദായമാകുന്നു, നിങ്ങൾ നീതി കൊണ്ട് കൽപിച്ചുകൊണ്ടിരിക്കുന്നവരും വിരോധങ്ങളെത്തൊട്ട് തടഞ്ഞുകൊണ്ടിരിക്കുന്നവരും അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവരുമാകുന്നു, വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതായിരുന്നു അവർക്ക് ഉത്തമം, അവരിൽ വിശ്വാസികളുണ്ട്, എന്നാൽ അവരിൽ അധികപേരും തെമ്മാടികൾ തന്നെയാകുന്നു.

ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്നത് പ്രവാചകന്റെ ജനതയിൽ പെട്ടവരാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന അവരിലെ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളായ കുഫ്ഫാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 29 കള്ളവാദികൾ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് തിന്മ കൽപിക്കുകയും നന്മ തടയുകയും ചെയ്യുന്നവരും നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരുമാണ്. തെമ്മാടികളായ അവർ അല്ലാഹുവിനെ വിസ്മരിച്ചുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ കുഫ്ഫാറുകൾ വായിച്ച, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച്, സാക്ഷ്യം വഹിച്ച് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. നിശ്ചയം ജനങ്ങളിൽ അധികപേരും തെമ്മാടികൾ തന്നെയാണ് എന്ന് 5: 49 ൽ പറഞ്ഞിട്ടുണ്ട്. 9: 8; 57: 16, 26, 27 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നത് 'അവരിൽ അധികപേരും തെമ്മാടികൾ തന്നെയാണ്' എന്ന് പറഞ്ഞുകൊണ്ടാണെങ്കിൽ 7: 102 അവസാനിക്കുന്നത് 'അവരിൽ അധികപേരെയും നാം കണ്ടെത്തിയത് തെമ്മാടികളായിട്ട് തന്നെയാണ്' എന്ന് പറഞ്ഞുകൊണ്ടാണ്. 9: 53–55, 71–72; 46: 35; 98: 6–8 വിശദീകരണം നോക്കുക.

111. നിങ്ങളെ അവർ ഒരിക്കലും ഉപദ്രവിക്കുകയില്ല -അൽപം ശല്യപ്പെടുത്തുമെന്നല്ലാതെ, നിങ്ങളുമായി അവർ യുദ്ധം ചെയ്യുകയാണെങ്കിൽ അവർ പിന്തിരിഞ്ഞ് ഓടിക്കളയും, പിന്നെ അവർ എവിടെ നിന്നും സഹായിക്കപ്പെടുന്നവരാവുകയില്ല.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരെക്കുറിച്ചും കപടവിശ്വാസികളെക്കുറിച്ചുമാണ് ഈ സൂക്തത്തിൽ പറയുന്നതെങ്കിലും ഇന്നത്തെ കപടവിശ്വാസികളുടെ വിശ്വാസികളോടുള്ള സമീപനവും ഇങ്ങനെത്തന്നെയാണ്. എല്ലാം അടക്കിഭരിക്കുന്ന ത്രികാലജ്ഞാനിയായ ഉടമയിൽ ഭരമേൽപിച്ച വിശ്വാസികളുടെമേൽ പിശാചിന് യാതൊരു സ്വാധീനവുമില്ല എന്ന് 16: 99 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇത്തരം വിശ്വാസികൾക്ക് അൽപസ്വൽപം പ്രയാസം സൃഷ്ടിക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾക്ക് സാധിക്കുകയില്ല എന്നാണ് അല്ലാഹു പഠിപ്പിക്കുന്നത്. കപടവിശ്വാസികൾക്ക് അല്ലാഹുവിനേക്കാൾ ഭയം വിശ്വാസികളെയാണെന്ന് 59: 13 ൽ പറഞ്ഞിട്ടുണ്ട്. മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾ വിശ്വാസികൾക്കെതിരായി ജൂ

തർക്കാണ് സഹായം വാഗ്ദാനം ചെയ്തിരുന്നതെന്നും എന്നാൽ അവർ അത് നിറവേറ്റുകയില്ലെന്നും അഥവാ വിശ്വാസികളുമായി ഏറ്റുമുട്ടിയാൽ അവർ പുറം തിരിഞ്ഞ് ഓടിക്കളയുമെന്നും പിന്നെ അവർക്ക് ഒരു സഹായവും എവിടെ നിന്നും ലഭിക്കുകയില്ല എന്നും 59: 11–12 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ട ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 207; 3: 79–80, 101–102 വിശദീകരണം നോക്കുക.

112. എവിടെ കാണപ്പെട്ടാലും പതിത്വം അവരിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കും, എന്നാൽ അല്ലാഹുവിൽ നിന്നുള്ള വല്ല പിടിവള്ളിയും മനുഷ്യരിൽ നിന്നുള്ള വല്ല പിടിവള്ളിയും അവർക്ക് ലഭിക്കുന്നുവെങ്കിൽ അത് മറ്റൊരു കാര്യം, അവരുടെ മേൽ അല്ലാഹുവിൽ നിന്നുള്ള കോപം പതിച്ചുകഴിഞ്ഞു, ദൈന്യത അവരിൽ മുദ്രണം ചെയ്യപ്പെട്ടുകഴിഞ്ഞു, അത് നിശ്ചയം അവർ അല്ലാഹുവിന്റെ സൂക്തങ്ങളെ മൂടിവെച്ചിരുന്നതുകൊണ്ടും നബിമാരെ അന്യായമായി വധിച്ചുകൊണ്ടിരുന്നതിനാലുമാണ്, അവർ ധിക്കാരികളും പരിധി ലംഘിച്ച അതിക്രമകാരികളുമായതിനാലാണത്.

തന്റെ സൃഷ്ടികളാണല്ലോ എന്ന അല്ലാഹുവിന്റെ കാരുണ്യവും മനുഷ്യരിൽ പെട്ടവരാണല്ലോ എന്ന മനുഷ്യരുടെ കാരുണ്യവും കൊണ്ട് മാത്രമായിരുന്നു ജൂതർക്ക് ഭൂമിയിൽ ജീവിക്കാൻ സാധിച്ചത്. അല്ലാതെ ഒരു നന്മയും അവരിലുണ്ടായിരുന്നില്ല, മറിച്ച് അവർ ഇല്ലായ്മയും വല്ലായ്മയും സ്വയം തെരഞ്ഞെടുത്തവരുമായിരുന്നു. എന്നാൽ ഇന്ന് ലോകജനതയിൽ കപടവിശ്വാസികളാണ് ഈ സ്വഭാവക്കാർ എന്ന് അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തുന്നവർക്ക് മനസ്സിലാക്കാം. ഇന്ന് പ്രവാചകന്റെ ജനത അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 2: 99 ൽ പറഞ്ഞ പ്രകാരം തെമ്മാടികളായിരിക്കുന്നു. ആത്മാവിനെ പരിഗണിക്കാത്ത അവർ ജഡത്തിനും ഭൗതിക ജീവിതത്തിനും പ്രാധാന്യം കൊടുക്കുന്നവരും തിന്മ കൽപിക്കുന്നവരും നന്മ തടയുന്നവരും അല്ലാഹുവിനെ പ്രപഞ്ചനാഥനായും മൊത്തം മനുഷ്യരുടെ ഉടമയായും രാജാവായും ഇലാഹായും അംഗീകരിക്കാത്തവരുമാണ്. അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ചിന്ത വെച്ചുപുലർത്തുന്ന അവരുടെ മേലാണ് അല്ലാഹുവിന്റെ കോപവും ശാപവും പതിച്ചിട്ടുള്ളത് എന്നും അവർക്കുവേണ്ടി നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ട് എന്നും 9: 67–68; 48: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

അവർ നാവുകൊണ്ട് അല്ലാഹ്, അല്ലാഹ് എന്ന് പറയുന്നവരാണെങ്കിലും ഹൃദയത്തിൽ അല്ലാഹ് എന്ന ബോധമില്ലാത്തവരും അല്ലാഹുവിനാൽ വധിക്കപ്പെട്ടവരുമാണ്. അതിനു കാരണം അവർ 80: 11 ൽ പറഞ്ഞ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റ് മൂടിവെച്ചതാണ് എന്ന് 80: 17 ലും 63: 4 ലും പറഞ്ഞിട്ടുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത് എന്ന് 36: 59–62 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 61; 3: 21–22; 9: 125; 25: 34 വിശദീകരണം നോക്കുക.

113. വേദത്തിന്റെ ആളുകളിൽ എല്ലാവരും ഒരുപോലെയല്ല, അല്ലാഹുവിന്റെ സൂക്തങ്ങൾ നിന്നുകൊണ്ട് തിലാവത്ത് ചെയ്യുന്നവരായും സാഷ്ടാംഗം പ്രണമിക്കുന്നവരായും രാത്രി കഴിച്ചുകൂട്ടുന്ന ഒരുവിഭാഗം അവരിലുണ്ട്.

114. അവർ അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും നന്മ കൊണ്ട് കൽപിക്കുകയും നിഷിദ്ധങ്ങളെത്തൊട്ട് വിരോധിക്കുകയും

സുകൃതങ്ങൾ പ്രവർത്തിക്കുന്നതിന് ഓടിനടക്കുകയും ചെയ്യുന്നവരുമാണ്, അക്കൂട്ടർ സജ്ജനങ്ങളിൽ പെട്ടവർ തന്നെയുമാകുന്നു.

115. അവർ നന്മയിൽ നിന്ന് എന്തൊന്ന് പ്രവർത്തിച്ചാലും അപ്പോൾ അത് വിലമതിക്കപ്പെടാതിരിക്കുകയില്ല, സൂക്ഷ്മത പാലിക്കുന്നവരെ അല്ലാഹു അറിയുന്നവനുമാകുന്നു.

അന്ന് പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ക്രൈസ്തവരിൽ പെട്ട ചിലരെയാണ് സൂക്തം വരച്ചുകാണിക്കുന്നത്. അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് കഴിഞ്ഞുകൂടാൻ പഠിപ്പിക്കപ്പെട്ട കാലഘട്ടമാണിത്. ഇന്ന് മനുഷ്യർക്കെല്ലാമുള്ള വേദഗ്രന്ഥം 41: 41–43 ൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യവും, 3: 58 ൽ പറഞ്ഞ തത്വനിർഭരവും ത്രികാലജ്ഞാനവുമായ അദ്ദിക്ർ മാത്രമാണ്. അപ്പോൾ പ്രകൃതിജീവിതത്തിൽ –ഇസ്‌ലാമിൽ– താരതമ്യേന നിലകൊള്ളുന്ന ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, നിരീശ്വരവാദികൾ തുടങ്ങിയവർ അവരവരെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും സ്രഷ്ടാവിനെ തിരിച്ചറിയാനുമുള്ള ഉപകരണമായ അദ്ദിക്ർ വായിച്ച് മനസ്സിലാക്കുകയും സ്രഷ്ടാവിന്റെ അധികാരാവകാശങ്ങളിൽ യാതൊന്നിനെയും പങ്കുചേർക്കാതെ തെറ്റുകളൊഴിവാക്കി ജീവിക്കുകയും ജീവജാലങ്ങൾക്ക് സ്രഷ്ടാവിനെ വാഴ്ത്താനും കീർത്തനം ചെയ്യാനും അവസരമുണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്താൽ അവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. അല്ലാതെ അവർ മതവും പേരും വേഷവും മാറ്റി അദ്ദിക്ർ ഉപയോഗപ്പെടുത്താതെ നമസ്കരിച്ച് നോമ്പുനോറ്റ് പിഴയായി നരകക്കുണ്ഠം സ്വീകരിക്കുന്ന ഫുജ്ജാറുകളിൽ ചേരേണ്ടതില്ല. 5: 83–85 ൽ, പ്രവാചകന് ഇറക്കപ്പെട്ട അദ്ദിക്ർ അവരെ കേൾപ്പിച്ചാൽ സത്യത്തിൽ നിന്ന് അവർക്ക് അറിയുന്നതുകാരണം കണ്ണുനീർ ധാരധാരയായി ഒഴുകുന്നത് നിനക്കുകാണാം; അവർ പ്രാർത്ഥിക്കുന്നതുമാണ്: 'ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചു, അപ്പോൾ ഞങ്ങളെ നീ സാക്ഷികളോടൊപ്പം രേഖപ്പെടുത്തേണമേ'. ഞങ്ങളുടെ നാഥൻ ഞങ്ങളെ സജ്ജനങ്ങളായ ഒരു ജനതയിൽ പ്രവേശിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നു എന്നിരിക്കെ ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും സത്യത്തിൽ നിന്ന് ഞങ്ങൾക്ക് വന്നുകിട്ടിയതുകൊണ്ടും എന്തുകൊണ്ട് വിശ്വസിക്കാതിരിക്കണം, അപ്പോൾ അവർക്ക് താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകൾ പ്രതിഫലമായി നൽകുന്നതാണ്, അപ്രകാരമാണ് സുകൃതവാന്മാർക്ക് പ്രതിഫലം നൽകുക എന്ന് പറഞ്ഞിട്ടുണ്ട്. 57: 15–17 ൽ പറഞ്ഞതുപോലെ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളുടെ ഹൃദയങ്ങൾ അദ്ദിക്റുമായി ബന്ധപ്പെടാത്തതുകാരണം കല്ലിച്ചുപോയതിനാൽ അദ്ദിക്ർ കേട്ടാലും അവരുടെ മനസ് അലിയുന്നില്ല എന്നുമാത്രമല്ല, അവർക്ക് അതിനോട് വെറുപ്പ് വർദ്ധിക്കുകയാണ് ചെയ്യുന്നത്. ആയിരം സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളിൽ നിന്നുള്ള ഏതെങ്കിലും ഒരു ജീവി കാലാവസ്ഥാവ്യതിയാനം, ഭക്ഷ്യക്ഷാമം, ജലദൗർലഭ്യം, വായുമലിനീകരണം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവയാൽ അനുഭവിക്കുന്ന പ്രയാസങ്ങളുടെ പാപഭാരം വഹിക്കേണ്ടി വരിക 33: 72–73 ൽ പറഞ്ഞ പ്രകാരം കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും മുശ്രിക്കുകളായ പുരുഷന്മാരും സ്ത്രീകളുമാണ്. ജഡത്തിനും ഐഹിക ജീവിതത്തിനും പ്രാധാന്യം കൊടുക്കുന്ന അവർ 35: 32 ൽ പറഞ്ഞ പ്രകാരം അവരുടെ ആത്മാവിനോടുതന്നെ അക്രമം കാണിക്കു

ന്നവരാണ്.

39: 17 ൽ, ദുശ്ശക്തികളെ വർജ്ജിച്ച് അല്ലാഹുവിലേക്ക് മടങ്ങിയ എന്റെ അടിമകൾക്ക് സന്തോഷവാർത്ത അറിയിക്കുക എന്ന് പറഞ്ഞ ശേഷം 39: 18 ൽ, അവർ അദ്ദിക്ർ ശ്രദ്ധിച്ചുകേൾക്കുന്നവരും അതിനെ ഏറ്റവും നല്ലനിലക്ക് പിൻപറ്റുന്നവരുമാണെന്നും അവർ തന്നെയാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ളവരെന്നും അവർ തന്നെയാണ് ബുദ്ധിമാന്മാരെന്നും പറഞ്ഞിട്ടുണ്ട്. 57: 19 ൽ, അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും വിശ്വസിക്കുന്നവർ തന്നെയാണ് സത്യസന്ധന്മാരും സത്യസാക്ഷികളുമെന്നും അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലവും പ്രകാശവുമുണ്ടെന്നും, അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും തള്ളിപ്പറയുന്ന ഫുജ്ജാറുകളും ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികളാണെന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് മൂടിവെക്കുന്ന കാഫിറുകളും അക്രമികളുമായവർ വിധിദിവസം സ്വന്തം കൈകടിച്ച് 'അദ്ദിക്ർ എനിക്ക് വന്നുകിട്ടിയിട്ട് പിശാചാണല്ലോ അതിൽ നിന്ന് എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27-29 സൂക്തങ്ങളിലും; അദ്ദിക്റിന്റെ തണലിലല്ലാത്ത സാഹോദര്യബന്ധങ്ങളെല്ലാം പരസ്പരം ശത്രുതയിലായിരിക്കുമെന്ന് 43: 67 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 24: 37 ൽ, വിശ്വാസികളായിട്ടുള്ളവരെ അവരുടെ കച്ചവടമോ ക്രയവിക്രയങ്ങളോ അല്ലാഹുവിന്റെ സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് തടയുകയില്ല, അവർ നമസ്കാരം നിലനിർത്തുന്നവരും സകാത്ത് നൽകുന്നവരും കണ്ണുകളും ഹൃദയങ്ങളും ഇളകിമറിയുന്ന വിധിദിവസത്തെ ഭയപ്പെടുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 1: 6; 2: 62-63; 3: 52-53 വിശദീകരണം നോക്കുക.

116. നിശ്ചയം കാഫിറുകളായവർ, അവരുടെ സമ്പത്തുകളോ അവരുടെ സന്താനങ്ങളോ അല്ലാഹുവിൽ നിന്ന് അവരെത്തൊട്ട് ഒരു വിധത്തിലും ഉപകാരപ്പെടുകയില്ല, അക്കൂട്ടർ നരകത്തിന്റെ സഹവാസികളും അവർ അതിൽ നിത്യവാസികളുമാകുന്നു.

ഇവിടെപ്പറഞ്ഞ കാഫിറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന 3: 10 ൽ പറഞ്ഞ കാഫിറുകൾ തന്നെയാണ്. അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്ർ കിട്ടിയിട്ട് മൂടിവെച്ചവരായതിനാൽ അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും ഇരയായവരാണവർ. ആത്മാവിന്റെ ഉടമയായ അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്നതിനാൽ അവരുടെ സമ്പത്തോ സന്താനങ്ങളോ ഒന്നും തന്നെ ഇഹത്തിലും പരത്തിലും അവർക്ക് ഉപകാരപ്പെടുകയില്ല, അവർ മരണത്തോടുകൂടി നരകത്തിൽ പോകുന്നവരുമാണ്. 45: 7 ൽ, കുറ്റവാളികളായ കളവ് കെട്ടിച്ചമക്കുന്ന എല്ലാ ഒരുത്തനും നാശം എന്നും; 45: 8 ൽ, അല്ലാഹുവിന്റെ സൂക്തങ്ങൾ അവന് വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ അത് കേൾക്കാത്ത വിധം അവൻ അകന്നുപോകുന്നു, അപ്പോൾ അവന് വേദനാജനകമായ ശിക്ഷ കൊണ്ട് 'സന്തോഷവാർത്ത' അറിയിക്കുക എന്നും; 45: 9 ൽ, നമ്മുടെ സൂക്തങ്ങളിൽ നിന്ന് അവന് എന്തെങ്കിലും അറിയുമെങ്കിൽ അവൻ അതിനെ പരിഹാസമായി തെരഞ്ഞെടുക്കുന്നു, അക്കൂട്ടർക്ക് നിന്ദ്യമായ ശിക്ഷയാണുള്ളത് എന്നും; 45: 10 ൽ, അവർക്ക് മരണശേഷം നരകഗർത്തവുമുണ്ട്, അവർ സമ്പാദിച്ചതും അല്ലാഹുവിനെക്കൂടാതെ സംരക്ഷകരെയും സഹായികളെയും തെരഞ്ഞെടുത്തതും അവർക്ക് ഉപകാരപ്പെടുകയില്ല, അവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത് എന്നും പറഞ്ഞതിനുശേഷം 45: 11 ൽ, ഇതാണ് സന്മാർഗം; ആരാണോ തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ മൂടിവെച്ചത്, അ

വർക്ക് വേദനാജനകവും മാലിന്യവുമായ ശിക്ഷയാണുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. മാലിന്യമായ കപടവിശ്വാസികൾക്കും അവരുടെ അനുയായികളായ മുശ്രിക്കുകൾക്കും അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 28, 95, 125 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ പേരിലല്ലാതെ നീക്കിവെക്കപ്പെട്ട ഭക്ഷണ സാധനങ്ങളും പന്നിമാംസവും മാലിന്യവും കാപട്യമുളവാക്കുന്നതുമാണ് എന്ന് 6: 145 ൽ വായിക്കുന്ന ഇക്കൂട്ടർ തന്നെയാണ് പ്രവാചകന്റെയും മഹാത്മാക്കളുടെയും പേരിൽ നേർച്ചവഴിപാടുകൾ നടത്തുന്നതിൽ മുൻപന്തിയിലുള്ളത്. 47: 1 ൽ, അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിനെ മൂടിവെക്കുകയും അതിനെത്തൊട്ട് ജനങ്ങളെ തടയുകയും ചെയ്തവരുടെ പ്രവർത്തനങ്ങൾ വഴിപിഴച്ചുപോയി എന്ന് പറഞ്ഞിട്ടുണ്ട്. 3: 90–91; 9: 55, 85 വിശദീകരണം നോക്കുക.

117. ഭൗതികജീവിതത്തിൽ അവർ ചെലവഴിക്കുന്നതിന്റെ ഉപമ അതിശൈത്യമുള്ള ഒരു കാറ്റിന്റെ ഉപമ പോലെയാണ്, തങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ച ഒരു ജനതയുടെ കൃഷിയിടത്തെ അത് ബാധിക്കുകയും അങ്ങനെ അതിനെ നശിപ്പിക്കുകയും ചെയ്തു; അല്ലാഹു അവരോട് അക്രമം പ്രവർത്തിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം പ്രവർത്തിച്ചു കൊണ്ടിരുന്നത്.

യഥാർത്ഥത്തിൽ നാലാം ഘട്ടമായ ഐഹികജീവിതം ഏഴാം ഘട്ടത്തിലേക്കുവേണ്ട സ്വർഗം സമ്പാദിക്കാനുള്ളതാണ്. എന്നാൽ ഗ്രന്ഥം നൽകപ്പെട്ടവരിൽ ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ അവരുടെ ജീവിതം അദ്ദിക്റിനനുസരിച്ച് ക്രമപ്പെടുത്തുകയുള്ളൂ. ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാനുള്ള അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ദേഹേച്ഛക്കും ഐഹികലോക ജീവിതത്തിനും പ്രാധാന്യം കൊടുക്കുന്ന ലക്ഷ്യബോധം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമാണ്. അവർക്ക് നരകമാണല്ലോ ലഭിക്കാനുള്ളത് എന്നതിനാൽ നിഷ്പക്ഷവാനായ നാഥൻ ഇഹത്തിൽ അവർക്ക് കൂടുതൽ സമൃദ്ധികൾ നൽകിയിരിക്കുകയാണ്. എന്നാൽ അത് അവർക്ക് പരീക്ഷണമാണ്. അവർ അവസാനം പരലോകത്തേക്കുവേണ്ടി ഒന്നും സമ്പാദിക്കാതെ നരകം സമ്പാദിച്ചുകൊണ്ട് ജീവൻ വെടിയുന്നതുമാണ്. 18: 103–104 സൂക്തങ്ങളിൽ പ്രവാചകനോട് ചോദിക്കാൻ കൽപിക്കുന്നു: പ്രവൃത്തികൾ മുഴുവൻ പാഴായിപ്പോയവർ ആരാണെന്ന് നാം നിങ്ങൾക്ക് വിവരം പറഞ്ഞുതരട്ടെയോ, ഇഹത്തിൽ അവരുടെ പ്രയത്നങ്ങൾ യഥാർത്ഥ വഴിയിൽ നിന്ന് പിഴച്ചുപോയവരാണ്, എന്നാൽ അവർ ഉത്പാദിപ്പിക്കുന്നത് നല്ലതാണെന്ന് അവർ കണക്കുകൂട്ടുകയും ചെയ്യുന്നു എന്നും; 18: 105 ൽ, അക്കൂട്ടരാണ് തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ മൂടിവെച്ചവരും തങ്ങളുടെ നാഥനെ കണ്ടുമുട്ടി ഉത്തരം പറയണമെന്ന വസ്തുത മറന്നവരും, അപ്പോൾ അവരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായി, വിധിദിവസം അവർക്ക് ത്രാസിൽ തൂക്കം ലഭിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. ആപത്തുകളെല്ലാം മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ അനന്തരഫലങ്ങളാണെന്ന് 30: 41 ൽ പറഞ്ഞിട്ടുണ്ട്. 'അല്ലാഹു അവരോട് അക്രമം കാണിച്ചിട്ടില്ല, അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം പ്രവർത്തിച്ചത്' എന്ന് പറഞ്ഞതിന്റെ വിവക്ഷ നിഷ്പക്ഷവാനായ നാഥൻ എന്താണ് ജീവിതലക്ഷ്യം, ആരാണ് അക്രമികൾ, ആരാണ് സൂക്ഷ്മത കൈക്കൊള്ളുന്നവർ എന്നെല്ലാം വിശദീകരിക്കുന്ന അദ്ദിക്ർ നൽകിയിട്ടുണ്ട്. അതുകൊണ്ട് അവരവർ സൂക്ഷ്മത കൈക്കൊള്ളുന്ന വിശ്വാസികളാണോ അതോ അക്രമികളാണോ എന്ന് ത്രാസ്സായ അദ്ദിക്ർ ഉപയോഗപ്പെടു

ത്തി വിലയിരുത്തൽ ഓരോരുത്തരുടേയും ബാധ്യതയാണ്. 2: 57, 266; 4: 79; 11: 17-19 വിശദീകരണം നോക്കുക.

118. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ നിങ്ങളിൽ പെട്ടവരെയല്ലാതെ നിങ്ങളുടെ മേലധികാരികളാക്കരുത്, നിങ്ങളെ ചൂഷണം ചെയ്യാൻ ലഭിക്കുന്ന ഒരു അവസരവും അവർ പാഴാക്കുന്നതല്ല, നിങ്ങൾ നശിച്ച് കാണണമെന്നാണ് അവർ ആഗ്രഹിക്കുന്നത്, നിശ്ചയം അവരുടെ വായകളിൽ നിന്ന് നിങ്ങളോടുള്ള വിദ്വേഷം വെളിപ്പെട്ടിട്ടുള്ളതുമാകുന്നു, അവരുടെ നെഞ്ചിനുള്ളിൽ ഒളിപ്പിച്ചു വെച്ചത് അതിലേറെ ഭയങ്കരവുമാകുന്നു, നിശ്ചയം നിങ്ങൾക്ക് നാം സൂക്തങ്ങൾ വ്യക്തമാക്കിത്തന്നിരിക്കുന്നു -നിങ്ങൾ ചിന്തിക്കുന്നവരാണെങ്കിൽ.

വിശ്വാസിയായ അല്ലാഹുവിന്റെ സംഘത്തിൽ പെട്ട വിശ്വാസികൾ പരസ്പരം സഹോദര സഹോദരികളാണ്. അവർ അവരിൽ പെട്ടവരെയല്ലാതെ കാഫിറുകളെയോ അക്രമികളെയോ കപടവിശ്വാസികളെയോ അവരുടെ മേലധികാരികളായും കൈകാര്യകർത്താക്കളായും നേതാക്കളായും സ്വീകരിക്കുകയില്ല. അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികൾ നശിച്ചുകാണണമെന്നാണ് പിശാചിന്റെ സംഘത്തിൽ പെട്ട കാഫിറുകളും അക്രമികളും തെമ്മാടികളുമായ അല്ലാഹുവിന്റെ ശത്രുക്കൾ ആഗ്രഹിക്കുക. വിശ്വാസികളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ചെറിയ അബദ്ധം പോലും അവർ ഊതിവീർപ്പിച്ച് ജനമധ്യത്തിൽ അവരെ ഇകഴ്ത്തുന്നതാണ്. പലിശ, പൂഴ്ത്തിവെപ്പ്, കള്ളക്കടത്ത്, കരിഞ്ചന്ത, കുഴൽപ്പണം, സ്ത്രീധനം തുടങ്ങിയ എല്ലാതരം പൈശാചിക പ്രവൃത്തികളെയും അവർ പ്രോത്സാഹിപ്പിക്കുന്നതായി കാണാം. ചുരുക്കത്തിൽ വിശ്വാസികൾ മനുഷ്യർക്ക് അദ്ദിക്ർ എത്തിച്ചു കൊടുക്കുക വഴി അവരെ അല്ലാഹുവിലേക്കും സ്വർഗത്തിലേക്കുമാണ് ക്ഷണിക്കുന്നതെങ്കിൽ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ കാഫിറുകൾ കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുക വഴി പിശാചിനെ സേവിക്കുന്നവരും അവന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് ജനങ്ങളെ പിടിച്ച് വലിച്ച് കൊണ്ടുപോകുന്നവരുമാണ്. അദ്ദിക്റിന്റെ അടിസ്ഥാനത്തിലുള്ള ഇസ്ലാമിലെ ജീവിതവഴികൾ വളരെ എളുപ്പവും നീതിയും സമാധാനവും ശാന്തിയും നൽകുന്നതാണെങ്കിൽ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കെട്ടിവെച്ച് മനുഷ്യർക്ക് ജീവിതഭാരമുണ്ടാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് കൊണ്ടുനടക്കുന്നതും മറ്റുള്ളവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതും. ഇന്ന് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത 8: 22 ൽ പറഞ്ഞ ദുഷ്ടജീവികളായ ഫുജ്ജാറുകൾ മാനവിക ഐക്യത്തിനുവേണ്ടി ശ്രമിക്കാതെ സ്വജനതയുടെ ഐക്യത്തിനുവേണ്ടി മാത്രം വാദിക്കുന്നവരും ശ്രമിക്കുന്നവരുമാണ്. എന്നാൽ വിശ്വാസി ജനങ്ങൾക്കിടയിൽ ഭിന്നതയും ഛിദ്രതയും പ്രേരിപ്പിക്കുന്ന ഇത്തരം കപടവിശ്വാസികളെയും കുഫ്ഫാറുകളെയും കൈകാര്യകർത്താക്കളായി സ്വീകരിക്കുകയില്ല. ഏതൊരു മേഖലയിലും ഒരുതരത്തിലുള്ള വിഭാഗീയതയുമില്ലാതെ മാനുഷിക ഐക്യത്തിനുവേണ്ടി ശ്രമിക്കുന്നവർ കൈകാര്യകർത്താക്കളായി തെരഞ്ഞെടുക്കപ്പെടാനാണ് വിശ്വാസി പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്യുക. 3: 26 -27 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാം നിയന്ത്രിക്കുന്ന പ്രപഞ്ചനാഥനോട്: ഏത് ഭരണാധികാരിക്കും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളോടും കാരുണ്യത്തിൽ വർത്തിക്കുന്ന മനസ് നൽകേണമേ എന്ന് പ്രാർത്ഥിക്കുന്നതാണ്. 13: 14; 40: 50 സൂക്തങ്ങൾ അവസാനിക്കുന്നത്, കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല എന്ന് പറഞ്ഞു കൊണ്ടാണ്. അദ്ദിക്റിനെ സത്യപ്പെടുത്താത്ത കപടവിശ്വാസികളുടെയും അനുയായിക

ളായ കുഫ്ഫാറുകളുടെയും മരണസമയത്ത് നാഥൻ 10: 60 ൽ വിവരിച്ച പ്രകാരം 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. 1: 7; 2: 14–18, 44; 3: 28 വിശദീകരണം നോക്കുക.

119. ഹാ, നിങ്ങൾ ഇക്കൂട്ടർ തന്നെ, അവരെ നിങ്ങൾ സ്നേഹിക്കുന്നു, എന്നാൽ അവർ നിങ്ങളെ സ്നേഹിക്കുന്നുമില്ല, നിങ്ങൾ എല്ലാ ഓരോ വേദത്തിലും വിശ്വസിക്കുന്നവരുമാണ്; നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയും: ഞങ്ങളും വിശ്വസിച്ചിരിക്കുന്നു, എന്നാൽ നിങ്ങളിൽ നിന്ന് പിരിഞ്ഞുപോയാലോ, നിങ്ങളോടുള്ള വിദ്വേഷത്താൽ അവർ വിരലുകൾ കടിക്കുകയായി, അവരോട് പറയുക: നിങ്ങൾ നിങ്ങളുടെ ദേഷ്യത്താൽ നീറി മരിച്ചുകൊള്ളുക, നിശ്ചയം അല്ലാഹു നെഞ്ചകങ്ങളുടെ അവസ്ഥ ശരിക്കും അറിയുന്നവനാണ്.

തങ്ങളുടെ കൂട്ടത്തിൽ ജീവിക്കുന്ന കാഫിറുകളായ കപടവിശ്വാസികളുമായും ജൂതരുമായും ഇടപഴകി ജീവിക്കുന്നതിൽ പ്രവാചകന്റെ കാലത്തുള്ള ചില വിശ്വാസികൾ വെറുപ്പ് പ്രകടിപ്പിച്ചിരുന്നില്ല. വിവിധ കാലഘട്ടങ്ങളിലായി ഒറ്റഗ്രന്ഥം മാത്രമേ വന്നിട്ടുള്ളൂ എന്നും അവയെല്ലാം അതാത് കാലത്തേക്കുള്ള മനുഷ്യർക്കുള്ള മാർഗദർശനമായിരുന്നു എന്നും വിശ്വസിക്കുന്നവരാണ് വിശ്വാസികൾ. ആ ഗ്രന്ഥത്തിന്റെ അവസാനരൂപമായ അദ്ദിക്റും അത് വിശദീകരിക്കുന്ന പ്രവാചകനും മൊത്തം മനുഷ്യരിലേക്ക് അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടതാണെന്നും വിശ്വസിക്കുന്നവരാണ് അവർ. എന്നാൽ വിശ്വാസികളുടെ മുമ്പിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരും തനിച്ചാകുമ്പോൾ വിശ്വാസികളോടുള്ള വെറുപ്പിന്റെ ആധിക്യം കൊണ്ട് വിരൽ കടിക്കുന്നവരുമാണ് കപടവിശ്വാസികൾ. 54: 25 ൽ പറഞ്ഞ പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനത അതാത് പ്രവാചകന്മാരെക്കുറിച്ച് പറഞ്ഞിരുന്നതുപോലെ പ്രവാചകൻ മുഹമ്മദിന്റെ ജനതയിൽ നിന്നുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും ആയിരത്തിൽ ഒന്നായ വിശ്വാസിയെക്കുറിച്ച് 'നമ്മുടെ ഇടയിൽ ഇവന്റെ മേലാണോ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്? അല്ല, ഇവൻ നുണ പറയുന്ന ഒറ്റയാൻ തന്നെയാണ്' എന്നാണ് പറയുക. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ഏതാണെന്ന് അന്വേഷിക്കുക പോലും ചെയ്യാത്ത കപടവിശ്വാസികൾ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള *അമാനത്തായ* അത് മൊത്തം ലോകർക്ക് പരിചയപ്പെടുത്താൻ ശ്രമിക്കുന്ന വിശ്വാസികൾ നശിച്ചുകാണണമെന്ന് ആഗ്രഹിക്കുന്നവരാണ്. യഥാർത്ഥത്തിൽ ത്രാസ്സായ അദ്ദിക്റിനെ മൂടിവെക്കുക വഴി പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിക്കേണ്ടവരാണ് അവർ. അവർ ഓരോ ശ്വാസത്തിലും ജാഡയായി 'അല്ലാഹ്' എന്ന് ഉരുവിടുന്നുണ്ടെങ്കിലും അവനെ നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായി അംഗീകരിക്കാത്തവരാണ്. അതിനാൽ അവരോട്, 'നിങ്ങൾ അദ്ദിക്ർ പ്രചരിക്കുന്നത് കണ്ട് ദേഷ്യം പൂണ്ട് മരിച്ചുകൊള്ളുക, അല്ലാഹു അവന്റെ പ്രകാശമായ അദ്ദിക്ർ വ്യാപിപ്പിക്കുക തന്നെ ചെയ്യും എന്ന്' പറയാനാണ് വിശ്വാസികൾ ഈ സൂക്തത്തിലൂടെ കൽപിക്കപ്പെട്ടിരിക്കുന്നത്. 3: 101–103 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി നരകക്കുണ്ഠത്തിലേക്കുള്ള കപടവിശ്വാസികളായ കാഫിറുകളെയും അവരുടെ അനുയായികളായ കാഫിറുകളെയും അനുസരിക്കാൻ പാടില്ല എന്ന് 4: 140; 25: 52; 33: 1, 48; 76: 24 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചനാഥനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസി പിശാചിന്റെ സംഘത്തിൽ പെട്ട കാഫിറുകളോട് അദ്ദിക്ർ

കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും കോപം പുലർത്തുകയും ചെയ്യണമെന്ന് 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിൽ കൽപിച്ചിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 76–77; 4: 63; 22: 77–78 വിശദീകരണം നോക്കുക.

120. നിങ്ങൾക്ക് ഒരു നന്മ പിടിപെട്ടാൽ നിശ്ചയം അത് അവരെ ദുഃഖിപ്പിക്കുകയും നിങ്ങൾക്ക് ഒരു തിന്മ പിടിപെട്ടാൽ അവർ അതിൽ ആഹ്ലാദം കൊള്ളുകയും ചെയ്യും; എന്നാൽ നിങ്ങൾ ക്ഷമിക്കുകയും നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയുമാണെങ്കിൽ അവരുടെ കുതന്ത്രങ്ങളൊന്നും നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതല്ല, നിശ്ചയം അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനാകുന്നു.

കപടവിശ്വാസികളുടെ സ്വഭാവം 9: 50 ൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: നിനക്ക് ഒരു നന്മ ബാധിച്ചാൽ അത് അവരെ ദുഃഖിപ്പിക്കും, നിനക്ക് ഒരു തിന്മ ബാധിച്ചാലോ, ഞങ്ങൾ ഞങ്ങളുടെ കാര്യം മുമ്പേ തന്നെ നോക്കി എന്നുപറഞ്ഞുകൊണ്ട് അവർ ആഹ്ലാദഭരിതരായി പിന്തിരിഞ്ഞുപോകുന്നതാണ്. 9: 51 ൽ, 'ത്രികാലജ്ഞാനിയായ നാഥൻ എന്താണോ ഞങ്ങൾക്ക് രേഖപ്പെടുത്തി വെച്ചിരിക്കുന്നത്, അതല്ലാതെ ഞങ്ങളെ ബാധിക്കുകയില്ല, അവനാണ് ഞങ്ങളുടെ യജമാനൻ, അപ്പോൾ വിശ്വാസികൾ എല്ലാ കാര്യങ്ങളും അല്ലാഹുവിലാണ് ഭരമേൽപിക്കുക' എന്ന് അവരോട് പറയാൻ പ്രവാചകനോട് കൽപിക്കുന്നു. 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ വിശ്വാസി അതിനെ മുറുകെപ്പിടിച്ച് ജീവിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ ചരിക്കുന്നവനാണെന്ന് 3: 101; 4: 175; 5: 48 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 8: 48 ൽ വിവരിച്ച പ്രകാരം അവൻ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റിയവനുമാണ്. അത്തരം വിശ്വാസി ബോറന്മാരുടെ വീടായ നരകക്കുണ്ഠത്തിലേക്കുള്ള തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളായ ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാനാണ് 14: 28–30 സൂക്തങ്ങളിലൂടെ കൽപിച്ചിട്ടുള്ളത്. 2: 255; 4: 78–79; 17: 13–14; 35: 31–32 വിശദീകരണം നോക്കുക.

121. നീ വിശ്വാസികളെ അവരുടെ യുദ്ധസ്ഥാനങ്ങളിൽ നിയോഗിക്കുന്നതിനുവേണ്ടി നിന്റെ കുടുംബാംഗങ്ങളിൽ നിന്ന് പ്രഭാതത്തിൽ തന്നെ ഇറങ്ങിത്തിരിച്ചത് ഓർക്കേണ്ടതുമാണ്, അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞനുമാകുന്നു.

ഹിജ്റ 3-ാം വർഷം ഹിജ്റ കലണ്ടറിലെ 10-ാം മാസമായ ശവ്വാലിൽ നടന്ന ഉഹ്ദ് യുദ്ധത്തെക്കുറിച്ചാണ് തുടർന്നുവരുന്ന സൂക്തങ്ങളിൽ പരാമർശിക്കുന്നത്. ഹിജ്റ 2-ാം വർഷം റമളാൻ പതിനേഴിന് ബദ്റിൽ വെച്ച് നടന്ന പോരാട്ടത്തിൽ നിഷേധിപ്രമുഖന്മാരിൽ പലരും വധിക്കപ്പെടുകയും എഴുപതോളം പേർ ബന്ദികളായി പിടികൂടപ്പെടുകയും ചെയ്തിരുന്നു. അതിന് പകരം ചോദിക്കാൻ ഹിജ്റ 3-ാം വർഷം അബൂസുഫ്യാന്റെ നേതൃത്വത്തിൽ മൂവ്വായിരത്തോളം യോദ്ധാക്കൾ സർവ്വ ആയുധങ്ങളോടും കൂടി മദീനക്ക് നേരെ പുറപ്പെട്ടു. യോദ്ധാക്കൾ യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞ് പോകാതിരിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും വേണ്ടി അവരുടെ സ്ത്രീകളെയും കൂടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. നഗരമധ്യത്തിൽ വെച്ച് അവരെ തടയാനാണ് പ്രവാചകനും പ്രമുഖ അനുയായികളും ആലോചിച്ചിരുന്നതെങ്കിലും ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതിരിക്കുകയും രക്തസാ

ക്ഷിത്വം വഹിക്കാൻ കൊതിക്കുകയും ചെയ്തിരുന്ന ചില യുവാക്കൾ ശത്രുക്കളെ മദീന യിൽ പ്രവേശിക്കാൻ അനുവദിക്കരുതെന്ന് ആവേശത്തോടെ പറഞ്ഞതനുസരിച്ച് ഉഹ്ദ് പർവ്വതഭാഗത്തേക്ക് പ്രവാചകനും ആയിരത്തോളം വരുന്ന യോദ്ധാക്കളും പുറപ്പെടുക യാണുണ്ടായത്.

122. നിങ്ങളിൽ പെട്ട രണ്ടുവിഭാഗം ഭീരുത്വം കാണിക്കാൻ ഒരുമ്പെട്ടെത് ഓർക്കുക, അല്ലാഹു അവരുടെ സഹായികളായിരിക്കെ, അപ്പോൾ വിശ്വാസികൾ അല്ലാ ഹുവിന്റെ മേൽ തന്നെ ഭരമേൽപ്പിക്കേണ്ടതാണ്.

മദീനയിൽ കപടവിശ്വാസികളുടെ നേതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യുബ് നുസുലൂലിന്റെ നേതൃത്വത്തിൽ മുന്നൂറുപേർ വഴിക്കുവെച്ച് മദീനയിലേക്കുതന്നെ പിന്തി രിഞ്ഞ് പോവുകയുണ്ടായി. അതിൽ ഭീതി പൂണ്ട ബനൂസൽമ, ബനൂഹാരിസ് എന്നീ രണ്ട് ഗോത്രക്കാരാണ് ഇവിടെപ്പറഞ്ഞ ഭീരുത്വം കാണിച്ച രണ്ട് വിഭാഗം. 3: 160; 5: 11; 9: 51; 58: 10; 64: 13 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നതും 'അപ്പോൾ വിശ്വാസികൾ അല്ലാഹുവിന്റെമേൽ തന്നെ ഭരമേൽപിക്കേണ്ടതാണ്' എന്ന് പറഞ്ഞുകൊണ്ടാണ്. ഇന്ന് ലോകത്തൊരിടത്തും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ കപടവിശ്വാസിക ളെയും വിശ്വാസികളെയും വേർതിരിക്കാൻ നടന്ന ഉഹ്ദ് യുദ്ധം പോലെയുള്ള യുദ്ധമൊന്നു മില്ല. 2: 165–167, 216; 7: 37; 61: 14 വിശദീകരണം നോക്കുക.

123. നിങ്ങൾ തീരെ ദുർബലരായിരുന്നപ്പോൾ ബദ്റിൽ വെച്ച് നിശ്ചയം അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുള്ളതാണ്, അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കു ക, നിങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവർ തന്നെയായിരിക്കണം എന്നതിനുവേണ്ടി.

ആയുധങ്ങളോ യുദ്ധം ചെയ്ത പരിചയമോ ഒന്നുമില്ലാത്ത ദുർബലരായ മുന്നൂറ്റിപ്പതി മൂന്ന് ആളുകളാണ് ബദ്റിൽ യുദ്ധനിപുണരും ആയുധങ്ങളണിഞ്ഞവരുമായ ആയിരത്തോ ളം വരുന്ന മക്കാമുശ്രിക്കുകളെ നേരിട്ടത്. ആ യുദ്ധത്തിൽ കാര്യകാരണബന്ധത്തിന് അ തീതമായി അല്ലാഹുവിന്റെ മാർഗത്തിൽ പോരാട്ടത്തിനിറങ്ങിയ വിശ്വാസികൾക്ക് വിജ യം നൽകിയ അല്ലാഹുവിനെ സൂക്ഷിക്കേണ്ട വിധം സൂക്ഷിക്കുന്നവരാവുക, എന്നാൽ നിങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരാകും എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. മനുഷ്യർക്കെ ല്ലാം തന്നെ രണ്ടാലൊരുമാർഗം -നന്ദി പ്രകടിപ്പിക്കുന്നവർ അല്ലെങ്കിൽ നന്ദികെട്ടവർ- തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് 76: 3; 90: 10; 91: 8–10 സൂക്തങ്ങ ളിലെല്ലാം പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുക എന്നുപറഞ്ഞാൽ ഇന്ന് അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നി ലകൊള്ളുക എന്നാണ്. 2: 152; 3: 101–103 വിശദീകരണം നോക്കുക.

124. നീ വിശ്വാസികളോട് പറഞ്ഞുകൊണ്ടിരുന്ന സന്ദർഭം ഓർക്കുക, നിങ്ങളുടെ നാഥൻ മലക്കുകളിൽ നിന്നുള്ള മൂവ്വായിരം പേരെ ഇറക്കി നിങ്ങളെ സഹായി ക്കുമെന്നത് നിങ്ങൾക്ക് പോരെയോ?

125. അതെ, നിങ്ങൾ ക്ഷമാലുക്കളും നിങ്ങൾ സൂക്ഷ്മതയുള്ളവരുമാണെങ്കിൽ, ശ ത്രുക്കളുടെ ആക്രമണമുണ്ടാകുന്ന നിമിഷം തന്നെ നിങ്ങളുടെ നാഥൻ മലക്കു കളിൽ നിന്നുള്ള അടയാളമുള്ള അയ്യായിരം പേരെ നിങ്ങളിലേക്ക് വേഗത്തിൽ കൊണ്ടുവരുന്നതാണ്.

126. നിങ്ങൾക്ക് ഒരു സന്തോഷവാർത്തയും അതുമുഖേന നിങ്ങളുടെ ഹൃദയം ശാന്തി നിർഭരമാകാനും വേണ്ടിയല്ലാതെ അല്ലാഹു അതിനെ ആക്കിയിട്ടില്ല, അജയ്യ

നും യുക്തിജ്ഞനുമായ അല്ലാഹുവിൽ നിന്നല്ലാതെ സഹായമൊന്നും ഇല്ല തന്നെ.

127. കാഫിറുകളായവരിൽ നിന്നുള്ളവരുടെ ചിറക് ഒടിച്ചുകളയുന്നതിന്, അല്ലെങ്കിൽ അവരെ തുക്കുന്നതിനുവേണ്ടി, അങ്ങനെ അവർ ആശയറ്റ് പിന്തിരിഞ്ഞു പോവുകയുണ്ടായി.

അബൂസുഫ്യാന്റെ നേതൃത്വത്തിലുള്ള മക്കയിൽ നിന്നുള്ള കാഫിറുകൾ മുവ്വായിരമുണ്ടെങ്കിൽ അവരെ നേരിടാൻ ബദ്റിൽ മലക്കുകളെ ഇറക്കി സഹായിച്ചതുപോലെ മുവ്വായിരം മലക്കുകളെയിറക്കി അല്ലാഹു സഹായിക്കുമെന്ന് പ്രവാചകൻ വിശ്വാസികളെ ഉണർത്തിയിരുന്നു. അപ്പോൾ അല്ലാഹു പറയുന്നത്, നിങ്ങൾ ക്ഷമിക്കുന്നവരും അല്ലാഹുവിനെ സൂക്ഷിക്കുന്നവരുമാണെങ്കിൽ അടയാളമുള്ള അയ്യായിരം മലക്കുകളെത്തന്നെ ഇറക്കി സഹായിക്കുമെന്നാണ്. എന്നാൽ, അതെല്ലാം വിശ്വാസികളുടെ ഹൃദയത്തിന് ഉറപ്പും ശാന്തിയും ലഭിക്കാൻ വേണ്ടിയായിരുന്നു. ഉഹ്ദ് യുദ്ധം നടത്താതെത്തന്നെ വിശ്വാസികൾക്ക് വിജയം നൽകാനും അവന് സാധിക്കുമായിരുന്നല്ലോ. ഈ യുദ്ധം പ്രവാചകന്റെ കൂടെയുണ്ടായിരുന്ന വിശ്വാസികളെയും കപടവിശ്വാസികളെയും വേർതിരിച്ചറിയാനാണെന്ന് 3: 166-167 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതാണ് സൂക്തത്തിൽ കാഫിറുകളായവരിൽ നിന്നുള്ളവരുടെ ചിറക് ഒടിച്ചുകളയുന്നതിനുവേണ്ടി എന്നുപറഞ്ഞത്. ഉഹ്ദ് യുദ്ധാനന്തരം മക്കാമുശ്രിക്കുകൾ ഒന്നും നേടാനാവാതെ ആശയറ്റവരായി പിന്തിരിഞ്ഞ് പോകുകയാണുണ്ടായത്. അറിഞ്ഞിരിക്കുക, അദ്ദിക്ർ കൊണ്ടാണ് ഹൃദയങ്ങൾക്ക് ശാന്തിയും സമാധാനവും ലഭിക്കുക എന്ന് 13: 28 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം യഥാർത്ഥ കാഫിറുകളും 30: 30-31 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മുശ്രിക്കുകളുമായിരിക്കുകയാണ്. അവർക്കെതിരെ അവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ത്രികാലജ്ഞാനമായ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുകയും ജീവിതലക്ഷ്യം ഉണർത്തുന്ന അത് ലോകരിൽ പ്രചരിപ്പിച്ചു കൊണ്ട് മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കാനും സമാധാനവും ശാന്തിയുമുള്ള ഒരു ലോകം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രന്ഥം ലോകരിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയും ചെയ്യുകയാണ് ഒറ്റപ്പെട്ട വിശ്വാസി ചെയ്യേണ്ടത്. 9: 73 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് 'നിങ്ങൾ കുറച്ചുകാലം ഇവിടെ സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്' എന്ന് പറയാനും 14: 30 ലൂടെ വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നു. 2: 154-157, 213-214 വിശദീകരണം നോക്കുക.

128. കാര്യങ്ങൾ തീരുമാനിക്കുന്നതിൽ നിനക്ക് ഒരു പങ്കുമില്ല, അവരുടെമേൽ പശ്ചാത്താപം സ്വീകരിച്ചേക്കാം, അല്ലെങ്കിൽ അവരെ ശിക്ഷിച്ചേക്കാം, അപ്പോൾ നിശ്ചയം അവർ അക്രമികൾ തന്നെയാണ്.

129. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാകുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

3: 152 ൽ വിവരിച്ച പ്രകാരം ഉഹ്ദ് യുദ്ധത്തിന്റെ ആരംഭത്തിൽ പ്രവാചകനും അനുയായികൾക്കും വിജയം ലഭിക്കുകയും ശത്രുക്കൾ പിന്തിരിഞ്ഞ് പോവുകയുമുണ്ടായി. പ്രവാചകന്റെ കൂടെയുള്ളവർ യുദ്ധമുതൽ വാരിക്കൂട്ടുന്നതിൽ ശ്രദ്ധ പതിപ്പിക്കുകയും, ഉഹ്ദ് പർവ്വതനിരകളിൽ നിശ്ചയിച്ചിരുന്ന അമ്പെയ്ത്തുകാർ യുദ്ധമുതൽ വാരിക്കൂട്ടുന്നതിനു വേണ്ടി ഇറങ്ങിവരികയും ചെയ്തപ്പോൾ ശത്രുക്കളിൽ കുതിരസേനയുടെ നേതൃത്വം വഹിച്ചിരുന്ന ഖാലിദുബ്നു വലീദിന്റെ കുതിരസൈന്യം മലമുകളിൽ ബാക്കിയുണ്ടായിരുന്ന അമ്പെയ്ത്തുകാരെ വീഴ്ത്തുകയും അതിലൂടെ യുദ്ധമൈതാനിയിലേക്ക് ഇറങ്ങിവരികയുമുണ്ടായി. അബൂസുഫ്യാന്റെ നേതൃത്വത്തിലുള്ള ശത്രുസൈന്യം മറുഭാഗത്തിലൂടെയും അവരെ വളഞ്ഞു. 3: 144 ൽ വിവരിച്ച പ്രകാരം പ്രവാചകൻ ഒരു ചതിക്കുഴിയിൽ വീഴുകയും പ്രവാചകന് വെട്ടേൽക്കുകയും പല്ല് നഷ്ടപ്പെടുകയും തലക്ക് മുറിവേൽക്കുകയും ചെയ്തു. 'മുഹമ്മദ് വധിക്കപ്പെട്ടു' എന്ന കിംവദന്തി വരെ പ്രചരിക്കുകയുമുണ്ടായി. പ്രവാചകന്റെ കൂടെയുണ്ടായിരുന്നവർ യുദ്ധമുഖത്തുനിന്ന് ചിന്നിച്ചിതറി 3: 153 പ്രകാരം ആരെയും നോക്കാതെയും പ്രവാചകൻ അവരെ വിളിക്കുന്നത് ശ്രദ്ധിക്കാതെയും പിന്തിരിഞ്ഞോടുകയുമുണ്ടായി. ആ സമയത്ത് ശത്രുക്കൾക്കെതിരായി പ്രവാചകൻ: തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനെ നശിപ്പിക്കാൻ ശ്രമിക്കുന്ന ഒരു ജനത എങ്ങനെ സന്മാർഗത്തിലാകാനാണ് എന്ന് ആത്മഗതം ചെയ്തുപോയി. അപ്പോഴാണ് ഈ രണ്ട് സൂക്തങ്ങൾ അവതരിച്ചത്.

സൂക്തത്തിൽ പറഞ്ഞതുപോലെത്തന്നെ ഹിജ്റ 6-ാം വർഷം ഹുദൈബിയ സന്ധിയോടനുബന്ധിച്ച് ഖാലിദുബ്നു വലീദിനെയും, ഹിജ്റ 8-ാം വർഷം അബൂസുഫ്യാൻ, ഭാര്യ ഹിന്ദ്, ഉഹ്ദ് യുദ്ധത്തിൽ പ്രവാചകന്റെ പിതൃവ്യൻ ഹംസയെ വധിച്ച ഹിന്ദിന്റെ അടിമയായ ആഫ്രിക്കൻ നീഗ്രോ വഹ്ശി തുടങ്ങിയവരെയും മറ്റും അല്ലാഹു ഇസ്ലാമിലേക്ക് കൊണ്ടുവരികയുണ്ടായി. ചുരുക്കത്തിൽ ഇസ്ലാം ആരുടെയും കുത്തകയല്ല, അത് അല്ലാഹു അവന്റെ മൊത്തം സൃഷ്ടികൾക്ക് തൃപ്തിപ്പെട്ട ജീവിത വ്യവസ്ഥയാണ്. 28: 56 പ്രകാരം പ്രവാചകൻ മുഹമ്മദിന് പിതൃവ്യൻ അബൂത്വാലിബിനെയോ, 9: 113 പ്രകാരം പ്രവാചകൻ മുഹമ്മദിന് സ്വന്തം മാതാവിനെയോ, 9: 114 പ്രകാരം ഇബ്റാഹീം നബിക്ക് സ്വന്തം പിതാവിനെയോ, 11: 45-46 പ്രകാരം നൂഹ് നബിക്ക് സ്വന്തം മകനെയോ ഭാര്യയെയോ, 66: 10 പ്രകാരം ലൂത്ത് നബിക്ക് സ്വന്തം ഭാര്യയെയോ അതിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല. 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യവും മിഥ്യകലരാത്ത ഗ്രന്ഥവുമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ അല്ലാഹുവിനുതന്നെയും ഒരാളേയും സന്മാർഗത്തിലാക്കാൻ സാധ്യമല്ല. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണ് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തിയത്, അത് അവനു വേണ്ടിത്തന്നെയാണ്, ആരാണോ അതുകൊള്ളെ അന്ധത നടിച്ചത്, അതിന്റെ വഴികേടും ആ ആത്മാവിന്റെമേൽ തന്നെയാണ്. അതായത് അല്ലാഹുവിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റും അവന്റെ സമ്മതപത്രവുമായ അദ്ദിക്ർ ആരാണോ ഉപയോഗപ്പെടുത്തുന്നത്, അപ്പോൾ അവൻ സന്മാർഗത്തിലായി.

3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ തള്ളിപ്പറയുന്നവരായതിനാൽ അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിൽ ഇവർ വായിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ആ

രെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. ഫുജ്ജാറുകൾ വായിച്ച, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 272; 4: 131–133; 8: 19 വിശദീകരണം നോക്കുക.

130. ഓ വിശ്വാസികളായിട്ടുള്ളവരേ, നിങ്ങൾ പലിശ ഇരട്ടിപ്പിച്ച് കുമിഞ്ഞുകൂട്ടി തിന്നാതിരിക്കുവീൻ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ – നിങ്ങൾ വിജയം വരിക്കുന്നവരാവുക തന്നെ വേണം എന്നതിനുവേണ്ടി.

131. കാഫിറുകൾക്കുവേണ്ടി ഒരുക്കിവെച്ചിട്ടുള്ള നരകത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ.

132. നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുകയും ചെയ്യുവീൻ, പ്രവാചകനെയും –നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നവർ തന്നെയായിരിക്കണം എന്നതിനുവേണ്ടി.

പിശാചിന്റെ വക്താക്കളാണ് പലിശയിടപാടുകളിൽ ഏർപ്പെടുക. വിശ്വാസികൾ പലിശവ്യവസ്ഥ നിർമാർജ്ജനം ചെയ്ത് സകാത്ത് വ്യവസ്ഥ നടപ്പിലാക്കാൻ ശ്രമിക്കുന്നവരാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അവന്റെ സൃഷ്ടികളുടെ ജീവിതഭാരം ഇറക്കിവെച്ച് അവർക്ക് സമാധാന പൂർണ്ണമായ ജീവിതം ഉണ്ടാക്കുന്നതിനുവേണ്ടി വിനിയോഗിക്കുന്നവരും മറ്റുള്ളവരെ അതിനുവേണ്ടി പ്രേരിപ്പിക്കുന്നവരുമാണ് വിശ്വാസികൾ. 64: 15–17 സൂക്തങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അല്ലാഹുവിന് നല്ല നിലക്ക് കടം കൊടുക്കുന്നവരാണ് അവർ. അന്ന് മദീനയിലുള്ള വിശ്വാസികളോട് യുദ്ധത്തിനുവേണ്ട ചെലവുകൾ വഹിക്കാൻ സന്നദ്ധരാവാനാണ് സൂക്തത്തിലൂടെ ആവശ്യപ്പെടുന്നത്. അല്ലാതെ പലിശ വാങ്ങുന്നവരും ചെലവഴിക്കാൻ മടിയുള്ള ലുബ്ധന്മാരുമായി ജീവിതം നഷ്ടപ്പെടുത്തരുതെന്നാണ് പറയുന്നത്. ഇന്ന് യുദ്ധമില്ല, മറിച്ച് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിക്കളയുകയും ചെയ്യുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളോട് 25: 52 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ കൊണ്ടുള്ള ജിഹാദ് മാത്രമാണുള്ളത്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് 9: 60 ൽ വിവരിച്ച പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ മനസിലാക്കാനും അത് ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ വ്യത്യാസമില്ലാതെ മൊത്തം ലോകർക്ക് എത്തിച്ചുകൊടുക്കാനുമാണ് സമ്പത്ത്, ആരോഗ്യം, സമയം, അറിവ് തുടങ്ങിയ എല്ലാ അനുഗ്രഹങ്ങളും വിനിയോഗിക്കേണ്ടത്. പലിശ നിർമ്മാർജ്ജനം ചെയ്യാനും പിശുക്ക് ഇല്ലാതാക്കാനുമുള്ള മാർഗവും അതുതന്നെയാണ്.

അല്ലാഹുവും പ്രവാചകനുമെല്ലാം ഉള്ളത് അദ്ദിക്റിലാണ് എന്നതിനാൽ അല്ലാഹുവിനും പ്രവാചകനും വഴിപ്പെടുക എന്നുപറഞ്ഞാൽ കാരുണ്യമായ അദ്ദിക്ർ പിൻപറ്റി ജീവിക്കുക എന്നാണ്. ആരാണോ പിശുക്ക് കാണിക്കുകയും ജനങ്ങളോട് പിശുക്കിനുവേണ്ടി കൽപിക്കുകയും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ മൂടിവെക്കുകയും ചെയ്യുന്നത്, അത്തരം കാഫിറുകൾക്ക് നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്ന് 4: 37 ൽ പറഞ്ഞിട്ടുണ്ട്. 6: 155; 7: 63, 204; 24: 56; 27: 46; 36: 45; 49: 10 തുടങ്ങിയ സൂക്തങ്ങളും 'നിങ്ങൾ അനുഗ്രഹിക്കപ്പെടുക തന്നെ വേണം എന്നതിനുവേണ്ടി' എന്ന് പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. 2: 23–24, 275–276; 9: 65–66 വിശദീകരണം നോക്കുക.

133. നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്ക് നിങ്ങൾ കുതിച്ച് മുന്നേറുകയും ചെയ്യുവീൻ –ആകാശഭൂമികളോളം വിശാലമായ സ്വർഗത്തിലേക്കും, അത് സൂക്ഷ്മാലുക്കൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു.

നിങ്ങൾ നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമികളോളം വിശാലമായ സ്വർഗത്തിലേക്കും മുൻകടക്കുവീൻ, അത് അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസിച്ചവർക്കുവേണ്ടി ഒരുക്കിവെച്ചിരിക്കുന്നു, അത് അല്ലാഹുവിന്റെ ഔദാര്യമാണ്, അത് അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്നു, അല്ലാഹു മഹത്തായ ഔദാര്യമുടയവനാകുന്നു എന്ന് 57: 21 ൽ പറഞ്ഞിട്ടുണ്ട്. സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകൾക്ക് നരകവും, സത്യമായ അദ്ദിക്ർ പിൻപറ്റേണ്ട വിധം പിൻപറ്റുന്ന സൂക്ഷ്മാലുക്കൾക്ക് സ്വർഗവും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് ഗ്രന്ഥത്തിലുടനീളം പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ വിശ്വാസിയാകാനുള്ള അവന്റെ സമ്മതപത്രവും കാരുണ്യവുമായ ഗ്രന്ഥം 55: 1–4 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്വർഗത്തിൽ വെച്ച് തന്നെ എല്ലാവർക്കും പഠിപ്പിച്ചിട്ടുള്ളതിനാൽ ഓരോരുത്തർക്കും വേണ്ട സ്വർഗം അവരുടെ നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഓരോരുത്തരും സമ്പാദിക്കുന്നതാണ്. വിശ്വാസികൾ എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി സ്വർഗം ഇവിടെ പണിയുന്നതും മറ്റുള്ളവരെ പ്രസ്തുത ലക്ഷ്യം ഓർമ്മിപ്പിക്കുന്നതിനുവേണ്ടി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നതുമാണ്. 50: 31–35 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സൂക്ഷ്മാലുക്കൾക്ക് വിദൂരമല്ലാതെ സ്വർഗം അടുപ്പിക്കുന്നതുമാണ്. നരകത്തിനോട് അന്നേദിനം നിനക്ക് മതിയായോ എന്ന് അല്ലാഹു ചോദിക്കുമ്പോൾ ഇനി ആരെയും ഉൾക്കൊള്ളാൻ കഴിയാത്ത വണ്ണം 'ഇനിയുമുണ്ടോ' എന്ന് ചോദിക്കുന്നതാണെന്ന് 50: 30 ൽ പറഞ്ഞിട്ടുണ്ട്. സ്വർഗം പ്രപഞ്ചത്തോളം വിശാലമാണെങ്കിൽ നരകം സൂചി കുത്താൻ പോലും ഇടമില്ലാത്ത വിധം വളരെ ഇടുങ്ങിയതാണ്. 7: 16–18; 11: 118–119; 15: 43–44; 17: 63; 32: 13; 38: 84–85; 46: 18 തുടങ്ങിയ സൂക്തങ്ങളെല്ലാം ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും മുഴുവനും നരക്കുണ്ഠം കുത്തിനിറക്കപ്പെടുന്നതാണെന്ന് പറഞ്ഞിട്ടുള്ളവയാണ്. എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് മനുഷ്യരും അവരുടെ ജിന്നുകൂട്ടുകാരും നരകത്തിലേക്കും ഒന്ന് സ്വർഗത്തിലേക്കുമാണെന്ന് 4: 118 ന്റെ വിശദീകരണത്തിൽ പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അപ്പോൾ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വർഗത്തിലേക്കുള്ള ഒന്നാണെന്ന് ഉറപ്പുവരുത്താൻ ഓരോരുത്തരും ശ്രമിക്കേണ്ടതുണ്ട്. 83: 22–27 സൂക്തങ്ങളിൽ, നിശ്ചയം പുണ്യാത്മാക്കൾ അനുഗ്രഹങ്ങളിൽ തന്നെയാണ്, അവർ സ്വർഗത്തിൽ ചാരുമഞ്ചങ്ങളിൽ പരസ്പരം നോക്കിയിരിക്കുന്നവരാണ്, അനുഗ്രഹങ്ങളാൽ അവരുടെ മുഖങ്ങൾ പ്രസന്നമാകുന്നത് നിനക്ക് കാണാം, അവർ മുദ്രവെക്കപ്പെട്ട ശുദ്ധമായ മദ്യത്തിൽ നിന്നും തേനിൽ നിന്നും കുടിപ്പിക്കപ്പെടുന്നതാണ്, അതിന്റെ മേമ്പൊടി കസ്തൂരിയായിരിക്കും, അപ്പോൾ മത്സരിക്കുന്നവർ മത്സരിക്കേണ്ടത് സ്വർഗത്തിലെ അനുഭൂതികൾക്ക് വേണ്ടിയാണ് എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്ക് ദിക്റാ ഉപകാരപ്പെടുമെന്ന് 51: 55 ലും; ദിക്റായെ വെടിഞ്ഞ ഹതഭാഗ്യവാൻ വമ്പിച്ച തീയിൽ വേവിക്കപ്പെടുമെന്ന് 87: 9–12 സൂക്തങ്ങളിലും പറഞ്ഞത് ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 5, 254, 286 വിശദീകരണം നോക്കുക.

134. ദുരിതാവസ്ഥകളിലും രഹസ്യമായും ധനം ചെലവഴിച്ചുകൊണ്ടിരിക്കുന്നവരും ദേഷ്യം സ്വയം കടിച്ചുപിടിച്ച് നിയന്ത്രിക്കുന്നവരും ജനങ്ങളെത്തൊട്ട് വിടുതി ചെയ്യുന്നവരുമാണവർ; അല്ലാഹുവാകട്ടെ, അവനെ കണ്ടുകൊണ്ട് ചരിക്കുന്ന

ഇത്തരം സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നവനുമാകുന്നു.

135.അവർ ഒരു നീചകൃത്യം ചെയ്യാൻ ഇടയായാൽ അല്ലെങ്കിൽ ആത്മാവിനോടു തന്നെ അക്രമം പ്രവർത്തിക്കാൻ ഇടയായാൽ അല്ലാഹുവിനെ ഹൃദയം കൊണ്ട് സ്മരിക്കുന്നവരുമാണ്, അങ്ങനെ അവർ അവരുടെ കുറ്റങ്ങൾക്ക് അവനോട് പൊറുക്കലിനെ തേടുന്നതുമാണ്, അല്ലാഹുവല്ലാതെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നവൻ ആരുണ്ട്? അവർ അറിവുള്ളവരായിരിക്കെ അവർ തെറ്റായി പ്രവർത്തിച്ച ഒന്നിനുമേൽ ഉറച്ച് നിൽക്കുകയുമില്ല.

അവരവർക്ക് പണത്തിനും ഭക്ഷണത്തിനും ആവശ്യമുള്ളപ്പോൾ തന്നെ മറ്റുള്ളവരുടെ അത്തരം ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നവരാണ് പുണ്യാത്മാക്കളും സൂക്ഷ്മാലുക്കളും. വലതുകൈ കൊടുക്കുന്നത് ഇടതുകൈ അറിയാതെ രഹസ്യമായി ത്രികാല ജ്ഞാനിയായ അല്ലാഹു കാണുന്നുണ്ട്, അവന്റെ തൃപ്തി മാത്രം മതി എന്ന മട്ടിൽ ചെലവഴിക്കുന്നവരുമാണ് അവർ. അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികളുടെ സ്വഭാവം അദ്ദിക്ർ സമർപ്പിക്കുന്ന നാഥന്റെ സ്വഭാവമായിരിക്കും. അവർ അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെടുന്നവരും അല്ലാഹുവിന്റെ കോപത്തിൽ കോപിക്കുന്നവരും അദ്ദിക്ർ മൂടിവെക്കുന്ന, അല്ലാഹു ശപിച്ച, കോപിച്ച കപടവിശ്വാസികളോടും അക്രമികളോടും കോപം പുലർത്തുന്നവരും അറിവില്ലാത്ത ജനങ്ങളോട് വിട്ടുവീഴ്ചയോടെ വർത്തിക്കുന്നവരുമാണ്. 25: 63 ൽ, അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന അവന്റെ ദാസന്മാർ വിനീതരായി ഭൂമിയിൽ നടക്കുന്നവരും വിഡ്ഢികളായ ഫാജിറുകളോട് സംസാരിക്കാൻ ഇടവന്നാൽ തർക്കിക്കാൻ നിൽക്കാതെ നിനക്ക് പോകാം എന്ന് പറഞ്ഞുകൊണ്ട് പിരിഞ്ഞുപോകുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. *ഒരു പാമരന് എഴുപത് പ്രാവശ്യം പൊറുത്തുകൊടുത്താലും ഒരു പണ്ഡിതന് ഒരു പ്രാവശ്യം പോലും അല്ലാഹു പൊറുത്തുകൊടുക്കുകയില്ല* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ വചനങ്ങൾ കേട്ടിട്ടില്ലാത്ത, അറിവില്ലാത്ത ബഹുദൈവാരാധകരിൽ പെട്ട ഒരാൾ യുദ്ധമുഖത്തുവെച്ച് അഭയം ചോദിച്ചാൽ അവന് അഭയം നൽകുകയും അവനെ അവന്റെ സുരക്ഷിതസ്ഥാനത്തേക്ക് അകമ്പടി സേവിച്ച് കൊണ്ടുപോകണമെന്നും 9: 6 ൽ കൽപിച്ചിട്ടുണ്ട്. 7: 198 ൽ, വിവിധ സംഘടനകളായിത്തീർന്ന് മുശ്രിക്കുകളായ ഫുജ്ജാറുകളെ നീ സന്മാർഗമായ അദ്ദിക്റിലേക്ക് വിളിച്ചാൽ അവർ ശ്രദ്ധിക്കുകയില്ല, അവർ നിന്നിലേക്ക് തുറിച്ചുനോക്കുന്നതായി കാണാമെന്നും അവർ ഉൾക്കാഴ്ച ഉള്ളവരാവുകയുമില്ല എന്നും; 7: 199 ൽ, അപ്പോൾ നീ വിടുതി ചെയ്യുകയും ന്യായം കൊണ്ട് കൽപിക്കുകയും വിഡ്ഢികളായവരെ അവഗണിക്കുകയും ചെയ്യുക എന്നും പറഞ്ഞിട്ടുണ്ട്. അറിവില്ലാതെ തെറ്റ് ചെയ്യുന്നവർക്കും തെറ്റാണെന്ന് മനസ്സിലായാൽ ഉടനെ പശ്ചാത്തപിക്കുന്നവർക്കും മാത്രമാണ് പശ്ചാത്താപമുള്ളതെന്നും അല്ലാതെ മരണം ആസന്നമാകുന്നതുവരെ തിന്മകൾ പ്രവർത്തിക്കുകയും റൂഹ് തൊണ്ടക്കുഴിയിലെത്തുമ്പോൾ 'ഞാൻ പശ്ചാത്തപിക്കുന്നു' എന്നുപറഞ്ഞ് പശ്ചാത്തപിക്കുന്നവർക്കും കുഫ്ഫാറായി (കപടവിശ്വാസിയായി) മരണപ്പെടുന്നവർക്കും പശ്ചാത്താപമില്ലെന്ന് 4: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് മുഹ്സിനീങ്ങളും സൂക്ഷ്മാലുക്കളും. 41: 33 ൽ, അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിലേക്ക് വിളിക്കുകയും അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകയും ഞാൻ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരിൽ പെട്ടവനാണ് എന്ന് പറയുകയും ചെയ്യുന്നവനേക്കാൾ ഏറ്റവും നല്ല വാ

ക്ക് പറയുന്നവൻ ആരുണ്ട് എന്നും; 41: 34 ൽ, നന്മയും തിന്മയും സമമാവുകയില്ല, നീ ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് തിന്മയെ തടയുക, അപ്പോൾ നിന്റെയും ആരുടെയും ഇടയിലാണോ ശത്രുതയുള്ളത്, അവൻ ആത്മമിത്രമായി വരുന്നതാണ് എന്നും; 41: 35 ൽ, എന്നാൽ ഈ സ്വഭാവം പരലോകത്തിന് ഐഹികലോകത്തേക്കാൾ പ്രാധാന്യം നൽകുന്ന ക്ഷമാലുക്കൾക്കും വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന മഹാഭാഗ്യവാന്മാർക്കുമല്ലാതെ ലഭിക്കുകയില്ല എന്നും; 41: 36 ൽ, പിശാചിൽ നിന്നുള്ള ഒരു പ്രേരണ (സ്പർശനം) നിന്നെ ബാധിച്ചാൽ എല്ലാം കേൾക്കുന്ന, അറിയുന്ന അല്ലാഹുവിൽ അവനെത്തൊട്ട് അഭയം തേടുക എന്നും പറഞ്ഞിട്ടുണ്ട്. 7: 200 ൽ, പിശാചിന്റെ ഒരു പ്രേരണ (സ്പർശനം) നിന്നെ ബാധിച്ചാൽ നീ എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്ന അല്ലാഹുവിൽ അവനെത്തൊട്ട് അഭയം തേടുക എന്നും; 7: 201 ൽ, നിശ്ചയം സൂക്ഷ്മാലുക്കൾ, പിശാചിൽ നിന്നുള്ള ഒരു സ്പർശനം അവരെ ബാധിച്ചാൽ അവർ ഉടനെ ഹൃദയം കൊണ്ട് ഓർമിക്കുകയായി, അപ്പോൾ അവർ ഉൾക്കാഴ്ചയുള്ളവരാകുന്നതാണ് (അഥവാ പിശാചിന്റെയും അല്ലാഹുവിന്റെയും വഴി തിരിച്ചറിയുന്നവരാകുന്നതാണ്) എന്നും; 7: 202 ൽ, എന്നാൽ പിശാചിന്റെ സഹോദരന്മാരോ, അവരെ അവർ ലക്ഷ്യബോധം നഷ്ടപ്പെടുത്തി പിടിവിടാതെ ദുർമാർഗത്തിലൂടെത്തന്നെ നയിച്ച് നരകത്തിലേക്ക് കൊണ്ടുപോകുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്.

മ്ലേച്ഛവൃത്തികളായ വ്യഭിചാരം, സ്വവർഗസംഭോഗം, കളവ് തുടങ്ങിയവ ഒരു വിശ്വാസിയിൽ നിന്ന് ഉണ്ടാവുകയില്ല എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്ത് മുശ്രിക്കായ ശേഷം മാത്രമേ ഗ്രന്ഥം കിട്ടിയ ഒരാൾ വൻകുറ്റങ്ങളിൽ ഏർപ്പെടുകയുള്ളൂ. അഥവാ അല്ലാഹു കാണുന്നുണ്ട്, അറിയുന്നുണ്ട് എന്ന ബോധമില്ലാതെ അല്ലാഹുവിനെ മറന്ന അവസ്ഥയിലാകുമ്പോഴാണ് ഒരാൾ മുശ്രിക്കും തെമ്മാടിയുമായിത്തീരുന്നത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ വായിച്ച് തെറ്റ് കുറ്റങ്ങൾ തിരിച്ചറിഞ്ഞ് ആത്മാവുകൊണ്ട് അല്ലാഹുവിനോട് ഏറ്റുപറയുകയും ശിഷ്ടമുള്ള ജീവിതം അദ്ദിക്റിന്റെ വിധിവിലക്കുകൾ അനുസരിച്ച് ചിട്ടപ്പെടുത്തുകയും ചെയ്താൽ വിചാരണക്കുശേഷം സ്വർഗത്തിലേക്ക് പോകുന്ന വലതുപക്ഷത്തിൽ ഉൾപ്പെടാവുന്നതാണ്. യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുന്നവർ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ എന്ന് 35: 28; 36: 11 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 177; 3: 91–92, 119 വിശദീകരണം നോക്കുക.

136. അക്കൂട്ടർക്ക് പ്രതിഫലമായി തങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനവും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളുമുണ്ട്, അവർ അതിൽ ശാശ്വതരുമായിരിക്കും, പ്രവർത്തിക്കുന്നവർക്ക് കിട്ടുന്ന പ്രതിഫലം എത്ര മാത്രം അനുഗ്രഹീതമായിരിക്കുന്നു!

സ്വർഗം നാലാം ഘട്ടമായ ഇഹലോകത്തുവെച്ച് പ്രകാശമായ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ പ്രവർത്തിച്ച് വാങ്ങേണ്ടതാണെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. 29: 58; 39: 74 സൂക്തങ്ങളും അവസാനിക്കുന്നത്, 'അപ്പോൾ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര അനുഗ്രഹസമ്പൂർണ്ണം' എന്ന് പറഞ്ഞുകൊണ്ടാണ്. 32: 19 ൽ, അപ്പോൾ വിശ്വസിക്കുകയും വിശ്വാസം രൂപപ്പെടുത്താൻ ആവശ്യമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവർക്ക് അഭയകേന്ദ്രമായി സ്വർഗപ്പൂന്തോപ്പുകളുണ്ട് –അത് അവർ ഇഹലോകത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നതിന് വിരുന്നായിക്കൊണ്ടാണ് എന്നും പറഞ്ഞിട്ടുണ്ട്. സ്വർഗവാസികളോട്: നിങ്ങൾ ഐഹികലോകത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫ

ലമായിക്കൊണ്ട് ആ സ്വർഗം അനന്തരാവകാശമായി സ്വീകരിച്ചുകൊള്ളുവീൻ എന്ന് വിളിച്ചുപറയപ്പെടുന്നതാണ് എന്ന് 7: 43 ൽ പറഞ്ഞിട്ടുണ്ട്. 43: 68-71 സൂക്തങ്ങളിൽ, നമ്മുടെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുകയും സർവ്വസ്വം നമുക്ക് സമർപ്പിച്ച് ജീവിക്കുകയും ചെയ്തിരുന്ന എന്റെ അടിമകളേ! ഇന്നേദിനം നിങ്ങളുടെ മേൽ ഭയപ്പെടാനോ നിങ്ങൾക്ക് ദുഃഖിക്കാനോ ഇടവരികയില്ല, നിങ്ങളും നിങ്ങളുടെ ഇണകളും ആ സ്വർഗത്തിൽ പ്രവേശിച്ച് ആഹ്ലാദിച്ച് ഉല്ലസിച്ചുകൊള്ളുക, അവർക്കായി ആ സ്വർഗത്തിൽ സ്വർണ്ണത്താലുള്ള താലങ്ങളും കോപ്പകളും ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും. അതിൽ ഓരോ ആത്മാവും ആഗ്രഹിക്കുന്ന കൺകുളിർമയുള്ള എല്ലാ സുഖസൗകര്യങ്ങളും ഒരുക്കിവെച്ചിട്ടുമുണ്ടായിരിക്കും, നിങ്ങൾ അതിൽ നിത്യവാസികളുമായിരിക്കും എന്ന് പറഞ്ഞതിനുശേഷം; 43: 72 ൽ, ആ സ്വർഗം നിങ്ങൾ ഇഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് അനന്തരാവകാശമായി ലഭിക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 46: 13-14 സൂക്തങ്ങളിൽ, നിശ്ചയമായും ഞങ്ങളുടെ ഉടമ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും പിന്നെ ആ പ്രഖ്യാപനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അപ്പോൾ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല, അക്കൂട്ടർ സ്വർഗവാസികളും അതിൽ നിത്യവാസികളുമായിരിക്കും -അത് അവർക്ക് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായിട്ടാണ് ലഭിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. 56: 12-23 സൂക്തങ്ങളിൽ, വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന സാബിഖീങ്ങൾക്ക് ലഭിക്കാൻ പോകുന്ന അനുഗ്രഹങ്ങൾ എടുത്തുദ്ധരിച്ചതിന് ശേഷം 56: 24 ൽ, അത് അവർ ഇഹലോകത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള പ്രതിഫലമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 25; 9: 71-72; 18: 107; 76: 22 വിശദീകരണം നോക്കുക.

137. നിശ്ചയം നിങ്ങൾക്കുമുമ്പ് ഏറെ ചര്യകൾ കഴിഞ്ഞുപോയിട്ടുണ്ട്, അപ്പോൾ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച് സത്യത്തെ കളവാക്കിക്കൊണ്ടിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുക.

നശിപ്പിക്കപ്പെടാനായ ഒരു ജനതയിലേക്കാണ് അല്ലാഹു ഗ്രന്ഥവും കൊണ്ട് പ്രവാചകന്മാരെ നിയോഗിച്ചിട്ടുള്ളത്. ഗ്രന്ഥത്തെക്കുറിച്ച് അറിവുള്ള അവരിലെ കപടവിശ്വാസികൾ പ്രവാചകനെ എതിർക്കുന്നതിൽ മുൻപന്തിയിലായിരിക്കും. സാധുക്കളും ദുർബലരുമായ ജനങ്ങളിൽ നിന്നുള്ളവരാണ് വിശ്വാസം സ്വീകരിക്കുക. സമൂഹത്തിലെ പ്രമാണിമാരും മുഖ്യന്മാരും മറുചേരിയിൽ നിന്ന് വിശ്വാസികളുടെ സംഘത്തെ എതിർക്കുകയാണ് ചെയ്യുക. അവസാനം പ്രവാചകനെയും വിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തുകയും കാഫിറുകളെ മുഴുവനും അവരുടെ പ്രവൃത്തികളാൽ തന്നെ നശിപ്പിക്കുകയും ചെയ്യുന്നു. പിന്നെ അല്ലാഹു രക്ഷപ്പെടുത്തിയ വിശ്വാസികളുടെ പിന്മുറക്കാർ 6: 131-133 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാലക്രമേണ വഴികേടിലാവുകയും ഭിന്നിക്കുകയും പ്രവാചകനെ കളവാക്കുകയും ചെയ്യുന്ന ഘട്ടമെത്തുമ്പോൾ അല്ലാഹു പുതിയ പ്രവാചകനെ നിയോഗിക്കുകയായി. മുൻ പ്രവാചകന്റെ അനുയായികളെന്ന് ദുരഭിമാനിക്കുന്ന കാഫിറുകളാണ് പുതിയ പ്രവാചകനെ എതിർക്കുന്നതിൽ മുൻ നിരയിൽ നിൽക്കുക.

നൂഹ് നബിയുടെ കപ്പലിൽ രക്ഷപ്പെട്ട വിശ്വാസികൾ കാലക്രമേണ വഴിപിഴച്ച് വിഗ്രഹാരാധന തുടങ്ങുകയും ശിർക്കിലകപ്പെടുകയും അക്രമികളും തെമ്മാടികളുമായി നശിപ്പിക്കപ്പെടേണ്ട ഘട്ടത്തിലെത്തുകയും ചെയ്തപ്പോഴാണ് അല്ലാഹു ഇബ്റാഹീം നബിയെ നിയോഗിക്കുന്നത്. ഏക ഇലാഹിലേക്ക് വിളിച്ച ഇബ്റാഹീം നബിയെ അദ്ദേഹത്തിന്റെ പിതാവും ജനതയും 21: 67-69 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തീക്കുണ്ഠമുണ്ടാക്കി കരിച്ചുകൊല്ലാൻ നിശ്ചയിക്കുകയാണുണ്ടായത്. അവിടെ നിന്ന് രക്ഷപ്പെട്ട ഇബ്റാഹീം നബി

മകൻ ഇസ്മാഈലിനെയും പത്നി ഹാജറയെയും ആരോരുമില്ലാത്ത വെള്ളം പോലുമില്ലാത്ത മക്കയിൽ കൊണ്ടുപോയി താമസിപ്പിക്കുന്നു. ഏകഇലാഹിനുള്ള സേവനത്തിനുവേണ്ടി ഇബ്റാഹീമും മകൻ ഇസ്മാഈലും ചേർന്ന് പുതുക്കിപ്പണിത കഅ്ബയിൽ കാലക്രമേണ ഇസ്മാഈലിന്റെ വഴിപിഴച്ച പിൻഗാമികൾ തങ്ങളുടെ പിതാമഹന്മാരായ ഇബ്റാഹീമിന്റേതും ഇസ്മാഈലിന്റേതുമടക്കം മുന്നൂറ്റിയറുപതോളം വിഗ്രഹങ്ങൾ നാട്ടുകയുണ്ടായി. പ്രവാചകൻ മുഹമ്മദ് വന്ന് അവരെ ഏകഇലാഹിലേക്ക് വിളിച്ചപ്പോൾ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും മാർഗത്തിലാണെന്ന് ഊറ്റം കൊണ്ടിരുന്ന അവർ തന്നെയാണ് അദ്ദേഹത്തെ എതിർത്തത്. ഇസ്ഹാഖ് പരമ്പരയിൽ യഅ്ഖൂബ് നബിയുടെ പുത്രന്മാരായ ഇസ്റാഈൽ സന്തതികളിലാണ് സബൂറും തൗറാത്തും ഇഞ്ചീലുമെല്ലാം വന്നത്. ദൃഢചിത്തരായ മൂസാ, ഈസാ എന്നീ പ്രവാചകന്മാരും അവരിലാണ് വന്നിട്ടുള്ളത്. എന്നാൽ ജൂതന്മാർ ഈസാ നബിയെ വധിക്കാൻ ഉദ്യമിക്കുകയും ക്രൈസ്തവർ ഈസാനബിയെ ദൈവപുത്രനായി സങ്കൽപിച്ച് വഴിപിഴക്കുകയും ചെയ്തു. 13 കൊല്ലം മക്കയിൽ പ്രബോധനം ചെയ്ത പ്രവാചകൻ മുഹമ്മദിനെ അവസാനം മക്കാമുശ്രിക്കുകൾ വധിക്കാൻ തന്നെ നിശ്ചയിച്ചപ്പോൾ അദ്ദേഹത്തിന് മദീനയിലേക്ക് പാലായനം ചെയ്യേണ്ടി വന്നു. അവിടെയുണ്ടായിരുന്ന വേദക്കാരായ ജൂതരും ക്രൈസ്തവരും അവരുടെ വേദത്തിൽ പരാമർശിച്ചിട്ടുള്ള പ്രവാചകനെ അറിഞ്ഞുകൊണ്ട് എതിർക്കുകയും മക്കാമുശ്രിക്കുകളെ പ്രവാചകനുമായി യുദ്ധത്തിന് പ്രേരിപ്പിക്കുകയുമാണുണ്ടായത്.

ഇനി ഒരു പ്രവാചകൻ വരാനില്ല എന്നിരിക്കെ അദ്ദിക്റിൽ നിന്ന് അകലുക വഴി മുൻകഴിഞ്ഞ എല്ലാ ജനതയിലുമുണ്ടായിരുന്ന കുറ്റകൃത്യങ്ങൾ അദ്ദിക്റിനെ വിസ്മരിച്ച് കെട്ട ജനതയായിത്തീർന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ സമ്മേളിച്ചിരിക്കുകയാണ്. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ 56: 82 ൽ പറഞ്ഞ പ്രകാരം തള്ളിപ്പറയുക എന്നത് തങ്ങളുടെ ഭക്ഷണമായി സ്വീകരിച്ചിരിക്കുകയാണ് ഫുജ്ജാറുകൾ. അദ്ദിക്റിനെ ലോകർക്ക് പ്രചരിപ്പിക്കുന്ന ഒരു വിശ്വാസി ലോകത്തെവിടെയും ഇല്ലാതെ വരുമ്പോൾ പിശാച് മസീഹുദ്ദജ്ജാലായി പുറപ്പെടുന്നതും ഇസ്ലാമിനെ മക്കാ-മദീനയടങ്ങിയ *ഇജാസ്* ഒഴിച്ച് മറ്റെല്ലായിടങ്ങളിൽ നിന്നും മായ്ച്ചുകളഞ്ഞ് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും വേണ്ട സ്വർഗം ഒരുക്കിക്കൊടുക്കുന്നതുമാണ്. കെടാൻ പോകുന്ന ഇസ്ലാമിനെ മൊത്തം ലോകത്ത് തെളിയിച്ച് കാണിക്കുന്നതിനുവേണ്ടി ഈസായെ അല്ലാഹു രണ്ടാമതും കൊണ്ടുവരുന്നതും അന്ന് ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങളെല്ലാം യഥാർത്ഥ ഇസ്ലാം അംഗീകരിക്കുന്നതുമാണ്. കാഫിറായ *മസീഹുദ്ദജ്ജാലി*നെ നബിയായും ശേഷം റബ്ബായിത്തന്നെയും സ്വീകരിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന മുശ്രിക്കുകളും വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 61 തുടങ്ങിയ സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്.

പര്യവസാനം എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധം പ്രവർത്തിച്ചാലുള്ള അനന്തരഫലം എന്നാണ്. 91: 15 ൽ, അതിന്റെ പരിണിതി (സ്വാലിഹ് നബിയെ കളവാക്കി അല്ലാഹു ദൃഷ്ടാന്തമായി നൽകിയ ഒട്ടകത്തെ കൊന്നുകളഞ്ഞതിന്റെ പരിണിതി) അവർ ഭയപ്പെട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ ദൃഷ്ടാന്തമായ അദ്ദിക്റിനെ ഇന്ന് കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം അവർ ഓരോരുത്തരും *അമാന*

ത്തായ അദ്ദിക്റിനോടുള്ള അവരുടെ എതിർപ്പിന്റെയും അകൽച്ചയുടെയും തോതനുസരിച്ച് വഹിക്കേണ്ടി വരും. നിങ്ങൾ/അവർ ഭൂമിയിലൂടെ സഞ്ചരിച്ചു നോക്കിയിട്ടില്ലേ, സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ ഭ്രാന്തന്മാരുടെയും കുറ്റവാളികളുടെയും നാശകാരികളുടെയും ധിക്കാരികളുടെയും പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണകയും ചെയ്തിട്ടില്ലേ എന്ന ആശയത്തിലുള്ളവയാണ് 6: 11; 12: 109; 16: 36; 27: 69; 30: 9; 35: 44; 40: 21, 82; 47: 10 തുടങ്ങിയ സൂക്തങ്ങളെല്ലാം. 2: 253; 6: 25–26; 34: 18–20 വിശദീകരണം നോക്കുക.

138. ഇത് മനുഷ്യർക്കുവേണ്ടിയുള്ള ഒരു വെളിപ്പെടുത്തലാണ്, സൂക്ഷ്മാലുക്കൾക്ക് വേണ്ടിയുള്ള സന്മാർഗവും സദുപദേശവുമാണ്.

24: 34 ൽ, നിശ്ചയം നിങ്ങൾക്ക് നാം നിങ്ങളുടെ മുമ്പുള്ളവരുടെ ഉപമ ഉദാഹരണങ്ങളും സൂക്ഷ്മാലുക്കൾക്ക് *മൗഇളത്തു*മായ (സദുപദേശം) നമ്മുടെ വ്യക്തമായ സൂക്തങ്ങൾ അവതരിപ്പിച്ച് തന്നിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 2: 185 പ്രകാരം ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ അദ്ദിക്ർ മൊത്തം മനുഷ്യർക്കുള്ള സന്മാർഗവും ഉരക്കല്ലുമാണ്. എന്നാൽ അതിനെ പിൻപറ്റുന്ന സൂക്ഷ്മാലുക്കൾ മാത്രമേ അതിനെ സന്മാർഗമായും ഉരക്കല്ലായും ഉപയോഗപ്പെടുത്തുകയുള്ളൂ. *മൗഇളത്ത്* എന്നുപറഞ്ഞാൽ ആശയം സ്പഷ്ടമായ ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ സമാനമായ കൽപനകളും വിരോധങ്ങളുമാണ്. 25: 33 ൽ പറഞ്ഞ 'സത്യം' 16: 125 ൽ പറഞ്ഞ *ഹിക്മത്ത്* (തത്വജ്ഞാനം) ആണെങ്കിൽ അതേ സൂക്തത്തിൽ പറഞ്ഞ *അഹ്സനു തഫ്സീർ* (ഏറ്റവും നല്ല വിശദീകരണം) 16: 125 ൽ തന്നെ പറഞ്ഞ *മൗഇളത്തുൽ ഹസനത്ത്* (ഏറ്റവും നല്ല ഉപദേശം) ആണ്. 10: 57 ൽ, മനുഷ്യരെ വിളിച്ച് 'നിങ്ങളുടെ നാഥനിൽ നിന്നുള്ള മൗഇളത്ത് നിങ്ങൾക്ക് വന്ന് കിട്ടിക്കഴിഞ്ഞു' എന്ന് പറഞ്ഞിടത്ത് *മൗഇളത്തിന്* സദുപദേശം, മുന്നറിയിപ്പ്, താക്കീത് എന്നെല്ലാം ആശയമുണ്ട്. മനുഷ്യർക്ക് മൊത്തമുള്ള സദുപദേശമാണ് അദ്ദിക്റെങ്കിലും സൂക്ഷ്മാലുക്കൾ മാത്രമേ അതിനെ സദുപദേശമായി പരിഗണിക്കുകയുള്ളൂ. 2: 2–3, 16: 125 വിശദീകരണം നോക്കുക.

139. നിങ്ങൾ മനമിടിഞ്ഞവരോ ദുഃഖിക്കുന്നവരോ ആകരുത്, നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതർ.

5: 48 ൽ പറഞ്ഞ പ്രകാരം മുമ്പ് അവതരിപ്പിക്കപ്പെട്ട 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസികൾ തന്നെയാണ് ഔന്നിത്യമുള്ളവരും തന്റേടമുള്ളവരും. അജയ്യഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്ന കപടവിശ്വാസികളും കുഫ്ഫാറുകളും തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും നാഥനെ വിസ്മരിച്ചവരുമായതിനാൽ നാഥൻ അവരെയും വിസ്മരിച്ചിരിക്കുന്നു; അവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകക്കുണ്ഠാഗ്നിയാണെന്ന് 9: 67–68 സൂക്തങ്ങളിൽ അവരാണ് വായിച്ചിട്ടുള്ളത്. 2: 256; 3: 79; 9: 33; 16: 33–34 വിശദീകരണം നോക്കുക.

140. നിങ്ങൾക്ക് ഒരു ക്ഷതം ഏറ്റിട്ടുണ്ടെങ്കിൽ അപ്പോൾ നിശ്ചയം അതുപോലെയുള്ള ഒരു ക്ഷതം ആ ജനതക്കും ഏറ്റിട്ടുണ്ട്, ആ ദിനങ്ങൾ ജനങ്ങൾക്കിടയിൽ നാം മാറ്റിമറിച്ചുകൊണ്ടിരുന്നത് വിശ്വാസികളായവർ ആരെന്ന് അല്ലാഹുവിന് അറിയുന്നതിനുവേണ്ടിയും നിങ്ങളിൽ നിന്നുള്ള രക്തസാക്ഷികളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുമാകുന്നു; അല്ലാഹുവാകട്ടെ, അക്രമികളെ ഇഷ്ടപ്പെടുന്നവനുമല്ല.

141. വിശ്വാസികളായിട്ടുള്ളവരെ അല്ലാഹു കറകളഞ്ഞ് കടഞ്ഞെടുക്കുന്നതിനു വേ

ണ്ടിയും കാഫിറുകളെ കൊമ്പുകുത്തി നശിപ്പിക്കുന്നതിന് വേണ്ടിയും.

ഉഹ്ദ് യുദ്ധത്തിൽ പ്രത്യക്ഷത്തിൽ പ്രവാചകനും അനുയായികൾക്കും പരാജയമാണ് സംഭവിച്ചത്. ഉഹ്ദ് യുദ്ധം പ്രവാചകന്റെ കൂടെയുള്ളവരിൽ നിന്നുള്ള വിശ്വാസികളെയും കപടവിശ്വാസികളെയും വേർതിരിച്ചറിയാൻ വേണ്ടിയാണ് നടപ്പിലാക്കിയത് എന്ന് 3: 166-167 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രവാചകനും സംഘവും സത്യത്തിൽ നിലകൊള്ളുന്നവരും അല്ലാഹുവിന്റെ ആളുകളുമാണെങ്കിൽ എന്തുകൊണ്ട് ഇങ്ങനെ പരാജയം സംഭവിച്ചു എന്നുള്ള കപടവിശ്വാസികളുടെ മനസ്സിലിരിപ്പിന് മറുപടി പറയുകയാണ് ഈ സൂക്തങ്ങളിലൂടെ. ഇപ്പോൾ നിങ്ങൾക്ക് മുറിവും നഷ്ടവും സംഭവിച്ചിട്ടുണ്ടെങ്കിൽ ഇതിനുമുമ്പ് ബദ്റിൽ ശത്രുജനതക്കും അതുപോലുള്ള മുറിവും നഷ്ടവും സംഭവിച്ചിട്ടുണ്ടല്ലോ. അപ്പോൾ യുദ്ധനാളുകൾ അല്ലാഹു നിശ്ചയിച്ചിട്ടുള്ളത് മനുഷ്യരിൽ ആരാണ് സത്യത്തിലെന്നും ആരാണ് അസത്യത്തിലെന്നും തിരിച്ചറിയാനും വിശ്വാസികൾക്ക് അല്ലാഹുവിനെ കണ്ടുകൊണ്ടും സ്വന്തത്തെ അവന് സമർപ്പിച്ചുകൊണ്ടും സന്മാർഗസാക്ഷ്യം അല്ലെങ്കിൽ രക്തസാക്ഷ്യം വരിക്കുന്നതിനുമുള്ള അവസരമായിക്കൊണ്ടുകൂടിയായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിലും തൃപ്തിയിലുമല്ലാതെ വധിക്കപ്പെട്ടവർ അക്രമികളും അവർ അല്ലാഹുവിന്റെ കോപത്തിന് വിധേയമായവരുമാകുന്നു.

കാഫിറുകളെ കൊമ്പുകുത്തി നശിപ്പിക്കുന്നതിന് എന്ന് പറഞ്ഞതിലെ കാഫിർ പ്രവാചകനോടൊപ്പമുണ്ടായിരുന്നവരിൽ പെട്ട കപടവിശ്വാസികൾ തന്നെയാണ്. 9: 125 ൽ, ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ള ഇത്തരം കപടവിശ്വാസികൾക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമാണ് വർദ്ധിപ്പിക്കുക എന്നും അവർ കാഫിറായിക്കൊണ്ട് മരണം വരിക്കുകയും ചെയ്തിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. ബദ്ർ യുദ്ധത്തിന് ശേഷം അവതരിച്ച 8: 19 ൽ അല്ലാഹു കാഫിറുകളായ മക്കാമുശ്രിക്കുകളോട് ചോദിക്കുന്നു: നിങ്ങൾ ഫത്വ ചോദിച്ചെങ്കിൽ നിങ്ങളിൽ ആരാണ് സത്യത്തിലെന്നും വിജയം വരിച്ചതെന്നും ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി, അതുകൊണ്ട് ഇനി നിങ്ങൾ പിന്തിരിയുന്നുവെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം; അതല്ല, നിങ്ങൾ വീണ്ടും പ്രതികരിക്കുകയാണെങ്കിൽ നാമും പ്രതികരിക്കുക തന്നെ ചെയ്യും, നിങ്ങളുടെ സംഘബലം എത്ര വലുതാണെങ്കിലും നിങ്ങൾക്ക് അത് ഒരു തരത്തിലും ഉപകാരപ്പെടുകയില്ല; നിശ്ചയം, അല്ലാഹു വിശ്വാസികളുടെ കൂടെത്തന്നെയാണ്. എന്നാൽ ഉഹ്ദ് യുദ്ധത്തിൽ പ്രവാചകന്റെ കൂടെയുണ്ടായിരുന്ന കപടവിശ്വാസികൾ കാരണം അല്ലാഹു മക്കാമുശ്രിക്കുകൾക്ക് പ്രത്യക്ഷത്തിൽ വിജയം കൊടുക്കുകയാണുണ്ടായത്. ബദ്ർ യുദ്ധത്തിന് ശേഷം മക്കയിലുള്ളവർക്ക് ഗ്രന്ഥത്തിലെ സൂക്തങ്ങൾ ലഭിച്ചിട്ടില്ല, എന്നാൽ സൂക്തങ്ങൾ തുടർന്ന് ലഭിച്ച മദീനയിലുള്ള കപടവിശ്വാസികളാണ് അത് ലഭിച്ചിട്ടും നിഷേധസ്വഭാവം പ്രകടിപ്പിച്ചതും അല്ലാഹുവിന്റെ ശിക്ഷക്ക് ഇഹത്തിൽ തന്നെ വിധേയമായതും. അദ്ദിക്റിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരും തന്നെയാണ് പരത്തിലും അതികഠിനമായി ശിക്ഷിക്കപ്പെടുക. 4: 123 ൽ, വിശ്വാസികളുടെയോ വേദക്കാരുടെയോ വ്യാമോഹങ്ങളോ നിഗമനങ്ങളോ അല്ല നടപ്പിലാവുക, ആര് ഒരു തിന്മ ചെയ്താലും തക്കതായ പ്രതിഫലം ലഭിക്കും, അവർ അല്ലാഹുവിനെക്കൂടാതെയാതൊരു സഹായിയെയും സംരക്ഷകനെയും കണ്ടെത്തുകയുമില്ല എന്നും; 4: 124 ൽ, സൽകർമങ്ങൾ പ്രവർത്തിക്കുന്നത് പുരുഷനോ സ്ത്രീയോ ആകട്ടെ, അവൻ വിശ്വാസിയുമാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടും, അപ്പോൾ അവർ തരിമ്പും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല എന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഇന്ന് ഒരാൾക്കും വിശ്വാസിയാകാനോ അല്ലാഹുവിന്റെ വീ

ടായ സ്വർഗത്തിൽ പ്രവേശിക്കാനോ സാധ്യമല്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് അദ്ദിക്റിനെ ലോകരിൽ നിന്ന് മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്ന് 6: 89-90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 115-116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം യഥാർത്ഥ ജ്ഞാനമായ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന, ഊഹങ്ങൾ പിൻപറ്റുകയും നിഗമനങ്ങൾ വെച്ചുപുലർത്തുകയും ചെയ്യുന്ന കുഫ്ഫാറുകൾ നരകക്കുണ്ഠത്തിലാണെന്ന നാഥന്റെ വിധി നീതിയായും സത്യമായും പുലർന്നിരിക്കുകയാണ്. 2: 39, 85; 3: 112 വിശദീകരണം നോക്കുക.

142.അതോ, സ്വർഗത്തിലേക്ക് പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ കണക്കുകൂട്ടുന്നുവോ? നിങ്ങളിൽ നിന്നും ത്യാഗപരിശ്രമം ചെയ്യുന്നവരായവർ ആരെന്ന് അല്ലാഹു അറിഞ്ഞുകഴിഞ്ഞിട്ടില്ല എന്നിരിക്കെ, ക്ഷമാലുക്കൾ ആരാണെന്നും അവൻ അറിഞ്ഞുകഴിഞ്ഞിട്ടില്ല എന്നിരിക്കെ.

ഈ സൂക്തങ്ങളെല്ലാം വായിക്കുന്നത് 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയാണ്. മനുഷ്യരിൽ ആരാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് പ്രവർത്തിക്കുന്നത് എന്ന് തിരിച്ചറിയാൻ വേണ്ടിയാണ് മരണവും ജനനവും സൃഷ്ടിച്ചതെന്ന് 67: 2 ൽ പറഞ്ഞിട്ടുണ്ട്. ആരാണ് നിങ്ങളിൽ പരലോകത്തിന് പ്രാധാന്യം കൊടുക്കുന്നതെന്നും അല്ലാഹു തൃപ്തിപ്പെട്ട ജീവിതസരണി ലോകർക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി ത്യാഗപരിശ്രമങ്ങൾ ചെയ്യുന്നതെന്നും തിരിച്ചറിയാൻ വേണ്ടിയാണ് ബദ്ർ യുദ്ധം, ഉഹ്ദ് യുദ്ധം തുടങ്ങി എല്ലാ സംഭവങ്ങളും നടപ്പിലാക്കിയിട്ടുള്ളത് എന്നാണ് സൂക്തം പറയുന്നത്. ത്രികാലജ്ഞാനിയായ അല്ലാഹുവിന് കപടവിശ്വാസികളെ തിരിച്ചറിയാത്തതു കൊണ്ടല്ല, മറിച്ച് അവരുടെ ഹൃദയങ്ങളിലുള്ള കാപട്യം പ്രകടമാക്കാൻ അവസരമുണ്ടാക്കുക വഴി പ്രവാചകനും വിശ്വാസികൾക്കും അവരെ തിരിച്ചറിയാൻ വേണ്ടിയാണ് ഈ സംഭവങ്ങളെല്ലാം ഉണ്ടാക്കിയിട്ടുള്ളത്. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ആയുധം കൊണ്ടുള്ള ജിഹാദില്ല. മറിച്ച് അദ്ദിക്റിനെ മൂടിവെക്കുന്ന, നരകക്കുണ്ഠത്തിലേക്കുള്ള ഫുജ്ജാറുകളോട് അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനാണ് 9: 73; 22: 78; 25: 52 സൂക്തങ്ങളിലൂടെ വിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നത്. 2: 155-157, 214; 7: 205-206 വിശദീകരണം നോക്കുക.

143.നിശ്ചയം, നിങ്ങൾ മരണത്തിന് കൊതിക്കുന്നവരായിരുന്നുവല്ലോ -അതിനെ കണ്ടുമുട്ടുന്നതിന് മുമ്പ്, അപ്പോൾ നിശ്ചയം നിങ്ങൾ അതിനെ കണ്ടുകഴിഞ്ഞിരിക്കുന്നു, നിങ്ങൾ അതിനെ നോക്കിക്കൊണ്ടിരിക്കുന്നവരുമാകുന്നു.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 10: 100 ൽ പറഞ്ഞ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരായി മാറിയിരിക്കുകയാണ്. 2: 94-95 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 'ഞങ്ങൾ പ്രവാചകന്റെ ആളുകളും സ്വർഗത്തിലേക്കുള്ളവരുമാണ്' എന്ന് ന്യായം കൂടാതെ അഹങ്കരിക്കുന്ന അവർക്കാണ് ലോകരിൽ മരണഭയം കൂടുതലുള്ളത്. അതിന് കാരണം അവർ ഇവിടെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും നരകക്കുണ്ഠം ഒരുക്കിക്കൊണ്ടിരിക്കുന്നവരുമായതാണ്. 2: 18 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ അവർ 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ള അവരുടെ വിധി 83: 18 ൽ പറഞ്ഞ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റി സ്വർഗത്തിലേക്ക് തിരിച്ച് പോവുകയില്ല. 2: 216; 9: 53-55, 80-82 വിശദീകരണം നോക്കുക.

144.മുഹമ്മദ് ഒരു പ്രവാചകനല്ലാതെ മറ്റാരുമല്ല, നിശ്ചയം അവനുമുമ്പ് പ്രവാചകന്മാർ കഴിഞ്ഞുപോയിട്ടുണ്ട്, അപ്പോൾ അവൻ മരിക്കുകയോ അല്ലെങ്കിൽ വധിക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ മുട്ടുമടക്കി പിന്തിരിഞ്ഞുപോവുകയാണോ? ആരാണോ തങ്ങളുടെ മുട്ടുമടക്കി പിന്തിരിഞ്ഞുപോകുന്നത്, അപ്പോൾ അവർ അല്ലാഹുവിനെ ഒരു തരത്തിലും ഉപദ്രവിക്കുന്നില്ല, നന്ദി പ്രകടിപ്പിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുക തന്നെ ചെയ്യും.

ഉഹ്ദ് യുദ്ധം നടന്നുകൊണ്ടിരിക്കെ പ്രവാചകന് വെട്ടേറ്റ് തലക്ക് മുറിവ് പറ്റുകയും പല്ല് നഷ്ടപ്പെടുകയും ചെയ്ത സന്ദർഭത്തിൽ പിശാച് വിളിച്ചു പറഞ്ഞു: മുഹമ്മദ് വധിക്കപ്പെട്ടു എന്ന്. ശത്രുപക്ഷത്തുള്ള *ഇബ്നു ഖമീഅ* 'ഞാൻ മുഹമ്മദിനെ കൊന്നു' എന്ന് മുശ്രിക്ക് നേതാക്കളെ അറിയിക്കുകയും ചെയ്തു. ഇതുകേട്ട് പ്രവാചകന്റെ കൂടെയുണ്ടായിരുന്നവരിൽ നിന്ന് വിശ്വാസം കുറഞ്ഞവരെല്ലാം പതറുകയും ചിന്നിച്ചിതറി പിന്തിരിഞ്ഞോടുകയും ചെയ്തപ്പോഴാണ് നിങ്ങൾ മുട്ടുമടക്കി പിന്തിരിഞ്ഞ് പോവുകയാണോ എന്ന് അല്ലാഹു ചോദിക്കുന്നത്.

പ്രവാചകൻ മരണപ്പെട്ട സന്ദർഭത്തിൽ ഉമർ ഊരിപ്പിടിച്ച വാളുമായി 'മുഹമ്മദ് മരിച്ചു' എന്ന് പറയുന്നവരെ ഞാൻ ഈ വാളിനിരയാക്കുമെന്ന് പറഞ്ഞ് പ്രവാചകന്റെ മരണത്തെ നിഷേധിച്ചപ്പോൾ അബൂബക്കർ സിദ്ധീഖ് ഉമറിനെ സമാധാനിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി: ആരാണോ മുഹമ്മദിനുവേണ്ടി ജീവിച്ചിരുന്നത്, അപ്പോൾ മുഹമ്മദ് നിശ്ചയം മരണപ്പെട്ടുകഴിഞ്ഞിരിക്കുന്നു; എന്നാൽ ആരാണോ അല്ലാഹുവിനുവേണ്ടി ജീവിക്കുന്നത്, അല്ലാഹു എന്നെന്നും ജീവിച്ചിരിക്കുന്നവനും മരണമില്ലാത്തവനുമാകുന്നു. ശേഷം ഈ സൂക്തമാണ് ഉമറിനെ വായിച്ചുകേൾപ്പിച്ചത്. 21: 34-35 സൂക്തങ്ങളിൽ, നിനക്കുമുമ്പ് ഒരു മനുഷ്യനെയും നാം ശാശ്വതനാക്കിയിട്ടില്ല, അപ്പോൾ നീ മരിക്കുകയാണെങ്കിൽ അവരാണോ ശാശ്വതരായി നിലകൊള്ളുന്നത്? എല്ലാ ഓരോ ആത്മാവും മരണം രുചിക്കുക തന്നെ ചെയ്യും, നിശ്ചയം നാം നിങ്ങളെ തിന്മ കൊണ്ടും നന്മ കൊണ്ടും പരീക്ഷിക്കുക തന്നെ ചെയ്യും, നമ്മിലേക്ക് തന്നെയാണ് നിങ്ങളെല്ലാം തിരിച്ചുകൊണ്ടുവരപ്പെടുന്നതും എന്ന് പറഞ്ഞിട്ടുണ്ട്. 39: 30 ൽ, നിശ്ചയം നീ മരിക്കും, അവരും മരിക്കുന്നവർ തന്നെയാണ്, പിന്നെ നിങ്ങൾ നിങ്ങളുടെ നാഥന്റെയടുക്കൽ വെച്ച് തർക്കിക്കുന്നതുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് എല്ലാ വിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസിക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ആയിരത്തിൽ ഒന്നായ അവൻ 999 ൽ പെട്ട ഫുജ്ജാറുകളോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുന്നതും മനുഷ്യരുടെ ഐക്യം നിലനിർത്തി ശാന്തിയും സമാധാനവും ഭൂമിയിൽ പുലർന്നുകാണുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുന്നതുമാണ്. വിശ്വാസികളുടെ ഒരു സംഘമില്ലാത്ത ഇക്കാലത്ത് 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവർക്ക് അവരുടെ പ്രതിഫലം നാഥന്റെ പക്കലുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല. 2: 152; 3: 101-102, 128-129 വിശദീകരണം നോക്കുക.

145.അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ടല്ലാതെ ഒരാൾക്കും മരിക്കുക സാധ്യമല്ല തന്നെ, മരണസമയമാകട്ടെ ക്ലിപ്തമായി രേഖപ്പെടുത്തിവെച്ചിരിക്കുന്നു, ആ

രെങ്കിലും ഇഹലോകത്തെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുന്നുവെങ്കിൽ അതിൽ നിന്ന് നാം അവന് നൽകുന്നതാണ്, ആരെങ്കിലും പരലോകത്തെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുന്നുവെങ്കിൽ നാം അതിൽ നിന്നും അവന് നൽകുന്നതാണ്, നന്ദി പ്രകടിപ്പിക്കുന്നവർക്ക് നാം പ്രതിഫലം നൽകുക തന്നെ ചെയ്യും.

4: 78 ൽ, നിങ്ങൾ എവിടെയാണെങ്കിലും ഭദ്രമായ കോട്ടകൊത്തളങ്ങൾക്കുള്ളിലാണെങ്കിലും ശരി, മരണം നിങ്ങളെ പിടികൂടും. അവർക്ക് ഒരു നന്മ ലഭിച്ചാൽ ഇത് അല്ലാഹുവിൽ നിന്നാണെന്നും തിന്മ ബാധിച്ചാൽ ഇത് നിന്നിൽ നിന്നാണ് (പ്രവാചകനിൽ നിന്നാണ്) എന്നും അവർ പറയും. നീ പറയുക: എല്ലാ ഒന്നും അല്ലാഹുവിൽ നിന്നാകുന്നു, എന്തുപറ്റി ഇവർക്ക്? അവർക്ക് ഈ വർത്തമാനം ശരിക്കും ഗ്രഹിക്കാൻ കഴിയുന്നില്ലല്ലോ എന്നും; 4: 79 ൽ, നിന്നെ ബാധിക്കുന്ന നന്മയിൽ നിന്നുള്ള ഒന്ന് അപ്പോൾ അല്ലാഹുവിൽ നിന്നാണ്, നിന്നെ ബാധിക്കുന്ന തിന്മയിൽ നിന്നുള്ള ഒന്നോ, അപ്പോൾ അത് നിന്നിൽ നിന്ന് തന്നെയാകുന്നു, നാം നിന്നെ പ്രവാചകനായിട്ട് നിയോഗിച്ചിട്ടുള്ളത് മനുഷ്യർക്ക് വേണ്ടിയാണ്, സാക്ഷിയായി അല്ലാഹു തന്നെ ഏറ്റവും മതിയായവനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 10: 100 ൽ, ഒരു ആത്മാവിനും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൂടാതെ വിശ്വാസിയാകാൻ കഴിയുകയില്ല, ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാത്തവരുടെ മേൽ അതിനെ മാലിന്യമാക്കിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ആരാണോ ഐഹികലോകത്തെ നേട്ടമായ *ഗനീമത്ത്* മുതലും (യുദ്ധാർജ്ജിത മുതലും) പേരും പ്രശസ്തിയും ആഗ്രഹിച്ചത്, അവർക്ക് അത് നൽകുന്നതാണ്; ആരാണോ പരലോകവും രക്തസാക്ഷിത്വവും ആഗ്രഹിച്ചത്, അവർക്ക് അതും നൽകുന്നതാണ്. 'സമ്മതപത്രം' കൊണ്ടുദ്ദേശിക്കുന്നത് അദ്ദിക്ർ തന്നെയാണ്. അല്ലാഹുവിന്റെ സമ്മതപത്രം കൂടാതെ മരിക്കാൻ കഴിയുകയില്ല എന്ന് പറഞ്ഞാൽ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന, 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്ന, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസിക്ക് തന്റെ മരണം സ്വയം തന്നെ നിശ്ചയിക്കാൻ കഴിയും എന്നാണ്. ജീവിതലക്ഷ്യം മനസിലാക്കിയ വിശ്വാസികളുടെ നാലാം ഘട്ടമായ ഇഹലോക ജീവിതം പരലോകത്തേക്കുള്ള കൃഷിയിടമായിരിക്കും. അതുകൊണ്ട് അവർ ഏത് പ്രവൃത്തിയും പരലോകത്ത് പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അല്ലാഹുവിന്റെ സ്മരണയിൽ അല്ലാഹുവിനുവേണ്ടി മാത്രമാണ് പ്രവർത്തിക്കുക. അവർ തന്നെയാണ് നന്ദി പ്രകടിപ്പിക്കുന്ന അല്ലാഹുവിന്റെ പ്രതിനിധികൾ. 2: 201–202, 234; 31: 34 വിശദീകരണം നോക്കുക.

146.നബിമാരിൽ നിന്ന് എത്രയെത്ര പേരും അവരോടൊപ്പം അധികരിച്ച പ്രമുഖന്മാരുമാണ് യുദ്ധം ചെയ്തിട്ടുള്ളത്, അപ്പോൾ അവർ അല്ലാഹുവിന്റെ മാർഗത്തിൽ നേരിടേണ്ടി വന്ന വിപത്തുകളിൽ മനസ്സിടിഞ്ഞവരായിട്ടില്ല, അവർ ദൗർബല്യം കാണിച്ചിട്ടുമില്ല, അസത്യത്തിന്റെ മുമ്പിൽ തല കുനിച്ചിട്ടുമില്ല, അല്ലാഹു ഇത്തരം ക്ഷമാലുക്കളെ ഇഷ്ടപ്പെടുന്നവനുമാണ്.

പ്രവാചകന്റെ കാലത്തെ ബലഹീനരായ വിശ്വാസികളെ ഉഹ്ദ് യുദ്ധത്തിനുവേണ്ടി പ്രേരിപ്പിച്ചുകൊണ്ട് അവതരിപ്പിക്കപ്പെട്ട സൂക്തമാണിത്. എല്ലാകാലത്തുമുള്ള വിശ്വാസികളും കാഫിറുകൾക്കെതിരെ യുദ്ധം ചെയ്യുന്നതിന് സമ്പത്തോ അധികാരമോ സ്വാധീനമോ ഇല്ലാത്തവരായിരുന്നു. എന്നാൽ അവർ സർവശക്തനായ നാഥന്റെ സംഘക്കാരും അവനുവേണ്ടി യുദ്ധം ചെയ്യുന്നവരുമാണ് എന്ന ബോധ്യമുള്ളവരായിരുന്നു അവർ. 16: 89 ൽ,

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ സർവ്വവും നാഥന് സമർപ്പിച്ച മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 214; 3: 79, 112 വിശദീകരണം നോക്കുക.

147.അവരുടെ വാക്കുകൾ ഇങ്ങനെ പ്രാർത്ഥിക്കലാകാതിരുന്നില്ല: ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുത്തുതരേണമേ, ഞങ്ങളുടെ കാര്യത്തിൽ ഞങ്ങൾ പരിധി കവിഞ്ഞ് പ്രവർത്തിച്ചത് നീ മാപ്പാക്കുകയും ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ച് നിർത്തുകയും ചെയ്യേണമേ, കാഫിറുകളായ ജനതയുടെ മേൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ഇല്ല. മറിച്ച് അജയ്യ ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് കുഫ്ഫാറുകളോടും കപടവിശ്വാസികളോടും 9: 73 ൽ വിവരിച്ച പ്രകാരം അധികരിച്ച *ജിഹാദ്* നടത്തുകയാണ് ഒറ്റപ്പെട്ട വിശ്വാസി ചെയ്യേണ്ടത്. അവൻ 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുത്തുതരേണമേ, ഞങ്ങൾ അതിരുകവിഞ്ഞ് പ്രവർത്തിച്ച കാര്യങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ, ഞങ്ങളുടെ ഹൃദയങ്ങളും പാദങ്ങളും വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിൽ ഉറപ്പിച്ചുനിർത്തേണമേ! അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകൾക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ' എന്ന് പ്രാർത്ഥിക്കേണ്ടതുമാണ്. 2: 250, 286; 9: 32-33 വിശദീകരണം നോക്കുക.

148.അപ്പോൾ അല്ലാഹു അവർക്ക് ഐഹികമായ പ്രതിഫലവും അതിനേക്കാൾ ഉത്തമമായ പാരത്രിക പ്രതിഫലവും നൽകി, അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്ന ഇത്തരം സുകൃതവാന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നവനാകുന്നു.

ഏറ്റവും നല്ലതായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർ. അവർ അദ്ദിക്റിനെ സത്യപ്പെടുത്തുന്നവരായതിനാൽ അവരുടെ എല്ലാകാര്യങ്ങളും അല്ലാഹു എളുപ്പമാക്കിക്കൊടുക്കുന്നതാണ്. അവർ ഇവിടെ അല്ലാഹുവിന്റെ സന്ദേശം ലോകർക്ക് എത്തിച്ചു കൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുക എന്ന ഏറ്റവും നല്ല പ്രവൃത്തിയിൽ മുഴുകിയത് പരിഗണിച്ച് അവരുടെ മൊത്തം ജീവിതത്തിന് അതിനനുസരിച്ചുള്ള പ്രതിഫലം നൽകുന്നതാണ്. *ഹുസ്നാ* എന്ന ഗ്രന്ഥത്തെ സത്യപ്പെടുത്താതെ ജീവിക്കുന്ന ഏതൊരു അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറിന്റെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58-59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 254; 3: 66, 195; 16: 97 വിശദീകരണം നോക്കുക.

149.വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ കാഫിറുകളായവരെ അനുസരിക്കുകയാണെങ്കിൽ അവർ നിങ്ങളെ പുറകോട്ട് പിന്തിരിപ്പിച്ച് കൊണ്ടുപോകുന്നതും, അങ്ങനെ നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായി പരാജിതരായിത്തീരുന്നതുമാണ്.

അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളും വഴിപിഴച്ചുപോയ അവരുടെ അനുയായികളും 7: 202 ൽ വിവരിച്ച പ്രകാരം വിശ്വാസികളെ അദ്ദിക്റിൽ നിന്ന് പിന്തിരിപ്പിച്ചുകളയാൻ ശ്രമിക്കുന്നതാണ്. ആയിരത്തിൽ ഒന്നായ വിശ്വാസി അദ്ദിക്റിനെ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നതും ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം ലഭിക്കുന്ന പ്രവർത്തനങ്ങളായ ജൈവകൃഷി, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയവയിൽ ഏർപ്പെടു

ന്നതും ഇത്തരം പ്രവൃത്തികളിൽ മനുഷ്യർ മുഴുകുന്നതിനും മാനുഷികഐക്യം രൂപപ്പെടുത്തുന്നതിനും ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതുമാണ്. 2: 121; 3: 100; 4: 150–151 വിശദീകരണം നോക്കുക.

150.അല്ല, അല്ലാഹുവാണ് നിങ്ങളുടെ യജമാനൻ, അവൻ സഹായികളിൽ വെച്ച് ഏറ്റവും ഉത്തമനുമാകുന്നു.

ആരെങ്കിലും നാഥനെ സഹായിക്കുകയാണെങ്കിൽ നാഥൻ ഇങ്ങോട്ടും സഹായിക്കുന്നതാണ് എന്ന് 22: 40; 47: 7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥനെ സഹായിക്കുക എന്ന് പറഞ്ഞാൽ മനുഷ്യരുടെ ഐക്യം നിലവിൽ വരാനും പ്രപഞ്ചത്തിന്റെ സന്തുലിതത്വം നിലനിർത്താനും വേണ്ടി നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുക്കലാണ്. 22: 78 ൽ വിശ്വാസികളെ വിളിച്ച് 'നിങ്ങൾ അല്ലാഹുവിനെ മുറുകെപ്പിടിച്ച് ജീവിക്കുക, എത്ര നല്ല യജമാനൻ! എത്ര നല്ല സഹായി!' എന്ന് പറഞ്ഞിട്ടുണ്ട്. 2: 107; 4: 144; 3: 101; 9: 84–85 വിശദീകരണം നോക്കുക.

151.ഈ കാഫിറുകളായവരുടെ ഹൃദയങ്ങളിൽ നാം ഉൾഭയം ഇട്ടുകൊടുക്കുക തന്നെ ചെയ്യും, അല്ലാഹു യാതൊരു തെളിവും ഇറക്കിയിട്ടില്ലാതിരിക്കെ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ അവർ പങ്കുചേർക്കുന്നവരായത് കൊണ്ടാണത്, അവരുടെ സങ്കേതം നരകമാണ്, അക്രമികൾക്ക് എത്തിച്ചേരാനുള്ള പാർപ്പിടം എത്ര ചീത്ത!

പ്രവാചകന്റെ കാലത്ത് സൂക്തം അവതരിപ്പിച്ചത് 8: 12 ൽ പറഞ്ഞ പ്രകാരം മക്കാമുശ്രിക്കുകളായ കാഫിറുകളെക്കുറിച്ചാണെങ്കിൽ ഇന്ന് ഇത് ബാധകമാകുന്നത് 33: 73 ൽ പറഞ്ഞ കപടവിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും അവരെ അന്ധമായി പിൻപറ്റുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമാണ്. സത്യവും തെളിവുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവല്ലാതെ ഒരു ഇലാഹുമില്ല, അതുകൊണ്ട് നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് പഠിപ്പിക്കാനാണ് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പരലോകത്ത് വിചാരണക്കുശേഷം 'എനിക്ക് നിങ്ങളിൽ യാതൊരു സ്വാധീനവും ഉണ്ടായിരുന്നില്ല, ഞാനൊന്ന് വിളിച്ചുനോക്കി, അപ്പോൾ നിങ്ങൾ എനിക്ക് ഉത്തരം നൽകി, അതുകൊണ്ട് നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ടതില്ല, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തിക്കൊള്ളുക, നിങ്ങൾ മുമ്പ് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർത്തുകൊണ്ടിരുന്നത് ഞാൻ ഇതാ നിഷേധിക്കുന്നു, നിശ്ചയം അക്രമികൾക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്' എന്ന് പിശാച് പരലോകത്തുവെച്ച് പറയുന്ന രംഗം 14: 22 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 165–167; 4: 48; 8: 48 വിശദീകരണം നോക്കുക.

152.നിശ്ചയം, അല്ലാഹു നിങ്ങളോട് ചെയ്ത അവന്റെ വാഗ്ദത്തം സത്യപ്പെടുത്തുക തന്നെ ചെയ്തിട്ടുണ്ട് -ആദ്യഘട്ടത്തിൽ അവന്റെ വേണ്ടുകയോടുകൂടി നിങ്ങൾ അവരെ അരിഞ്ഞുകൊണ്ടിരുന്നപ്പോഴും നിങ്ങൾ ബലഹീനരായി ചിന്നിച്ചിതറുകയും കാര്യത്തിൽ പരസ്പരം ഭിന്നിക്കുകയും നിങ്ങൾ ഏറെ ആഗ്രഹിച്ചിരുന്നതിനെ ഞാൻ നിങ്ങൾക്ക് കാണിച്ച് തന്നതിനോടനുബന്ധിച്ച് നിങ്ങൾ പ്രവാചകനെ ധിക്കരിക്കുകയും ചെയ്യുന്നതുവരെ, നിങ്ങളിൽ ഐഹികനേട്ടം ഉദ്ദേശിക്കുന്നവരുമുണ്ട്, നിങ്ങളിൽ പരലോകനേട്ടം ഉദ്ദേശിക്കുന്നവരുമുണ്ട്, പിന്നെ ശത്രുക്കളെത്തൊട്ട് നിങ്ങളുടെ ശ്രദ്ധ പിന്തിരിപ്പിച്ചുകളഞ്ഞു, നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി, നിങ്ങളെത്തൊട്ട് അതും വിടുതി ചെയ്ത് തന്നിട്ടുണ്ട്,

വിശ്വാസികളുടെമേൽ അല്ലാഹു വലിയ ഔദാര്യമുടയവനാകുന്നു.

ഉഹ്ദ് യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ പ്രവാചകനോടൊപ്പമുള്ളവർക്കായിരുന്നു വിജയം. ശത്രുക്കൾ പിന്തിരിഞ്ഞുപോയ സന്ദർഭത്തിൽ അവർ വിട്ടേച്ച് പോയ യുദ്ധമുതലുകൾ (*ഗനീമത്ത്* മുതലുകൾ) വാരിക്കൂട്ടുന്നതിൽ പ്രവാചകനോടൊപ്പമുള്ളവരിൽ ഒരു വിഭാഗം മുഴുകി. *അബ്ദുള്ളാഹിബ്നു ജുബൈറി*ന്റെ നേതൃത്വത്തിൽ അമ്പെയ്ത്ത് വിദഗ്ധന്മാരായ അമ്പതോളം പേരെ മലമുകളിൽ പ്രവാചകൻ നിയോഗിച്ചിരുന്നു. അമ്പെയ്ത്തുകാരോട് 'ഞങ്ങളുടെ തലകൾ പക്ഷികൾ കൊത്തിക്കൊണ്ടുപോകുന്നത് നിങ്ങൾ കണ്ടാൽ പോലും ആ സ്ഥാനത്തുനിന്ന് നിങ്ങൾ ഇറങ്ങി വരരുത്' എന്ന് പ്രത്യേകം കൽപിക്കുകയും ചെയ്തിരുന്നു. എന്നാൽ യുദ്ധമുതലുകൾ ലഭിച്ചില്ലെങ്കിലോ എന്ന് കരുതി ഐഹികനേട്ടം കൊതിച്ച് അവരിൽ അഞ്ചുപേരൊഴികെ എല്ലാവരും മലമുകളിൽ നിന്ന് മൈതാനത്തേക്ക് ഇറങ്ങിവരികയാണുണ്ടായത്. ആ സന്ദർഭത്തിലാണ് ശത്രുസൈന്യം അവശേഷിച്ച അമ്പെയ്ത്തുകാരെ വധിച്ച് യുദ്ധമൈതാനം വലയം ചെയ്തത്. അപ്പോൾ അവർ ചിന്നിച്ചിതറി പിന്തിരിഞ്ഞോടുകയും അവർക്കിടയിൽ ഭിന്നത രൂക്ഷമാവുകയുമുണ്ടായി. പ്രവാചകൻ വധിക്കപ്പെട്ടു എന്ന കിംവദന്തി പരന്നു. അങ്ങനെ അവരുടെ ശക്തി ക്ഷയിക്കുകയും ശത്രുക്കളുടെ മുമ്പിൽ അവരെ അല്ലാഹു ചിറകൊടിഞ്ഞവരായി താഴ്ത്തിക്കെട്ടുകയും ചെയ്തു. ഇതെല്ലാം സംഭവിപ്പിച്ചത് പ്രവാചകനോടൊപ്പമുള്ളവരിൽപെട്ട കപടവിശ്വാസികളെയും യഥാർത്ഥ വിശ്വാസികളെയും വേർതിരിച്ചറിയുന്നതിന് വേണ്ടിയാണ് എന്നാണ് 'പരീക്ഷിക്കുന്നതിനുവേണ്ടി' എന്ന് പറഞ്ഞതിന്റെ വിവക്ഷ. ഔദാര്യമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസികളോട് നിഷ്പക്ഷവാനായ അല്ലാഹു വളരെ ഔദാര്യമുടയവനാണ് എന്ന് മനസിലാക്കിക്കൊണ്ട് വിശ്വാസികളുടെ സംഘമോ യുദ്ധമോ ഇല്ലാത്ത ഇക്കാലത്ത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ, 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിക്കലാണ് പരമപ്രധാനം. 2: 15; 3: 128–129; 8: 17–19 വിശദീകരണം നോക്കുക.

153. നിങ്ങൾ ആരെയും തിരിഞ്ഞുനോക്കാതെ കുതിച്ചോടിക്കൊണ്ടിരുന്ന സന്ദർഭം, പ്രവാചകനാവട്ടെ നിങ്ങൾ രണ്ടാമതും തിരിച്ച് ചെല്ലുന്നതിനുവേണ്ടി നിങ്ങളെ വിളിച്ചുകൊണ്ടിരിക്കുന്നുമുണ്ട്, അപ്പോൾ അല്ലാഹു നിങ്ങളുടെമേൽ വിപത്തിനുമേൽ വിപത്ത് നൽകി –നിങ്ങൾക്ക് നഷ്ടപ്പെട്ടതിലും നിങ്ങളെ ബാധിച്ചതിലും നിങ്ങൾ ദുഃഖിക്കാതിരിക്കാൻ വേണ്ടി, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവൻ തന്നെയാകുന്നു.

ഉഹ്ദ് മൈതാനിയിൽ രണ്ടാമത് ശത്രുസൈന്യം പ്രവാചകനെയും അനുയായികളെയും വളഞ്ഞപ്പോൾ അനുയായികൾ ഏറെ മോഹിച്ച് വാരിക്കൂട്ടിയ യുദ്ധമുതലുകളും ആയുധങ്ങളും കൂട്ടുകാരെയും നേതാവിനെത്തന്നെയും ഒഴിവാക്കി ചിന്നിച്ചിതറി തിരിഞ്ഞുനോക്കാതെ പിന്തിരിഞ്ഞോടുകയായിരുന്നു. അപ്പോൾ അല്ലാഹു അവർക്ക് ദുഃഖത്തിനുമേൽ ദുഃഖം പ്രദാനം ചെയ്തു. സൃഷ്ടികളുടെ നിയന്ത്രണം സ്രഷ്ടാവിന്റെ പക്കലാണ് എന്ന് അംഗീകരിക്കാതെ ജീവിക്കുന്ന കപടവിശ്വാസികളാണ് ഇന്ന് ഈ സൂക്തത്തിന്റെ അഭിസംബോധകർ. വിശ്വാസികൾ അവരുടെ എല്ലാ പ്രവർത്തനങ്ങളും ത്രികാലജ്ഞാനിയായ അല്ലാഹു നേരത്തെ നിശ്ചയിച്ച് 9: 51; 11: 5; 17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തങ്ങളുടെ കർമ്മരേഖയായി പിരടിയിൽ ബന്ധിപ്പിച്ചിട്ടുണ്ട് എന്ന ബോധത്തിൽ എല്ലായ്പ്പോഴും എവിടെയും നിലകൊള്ളുന്നവരാണ്. 'നരകത്തിന്റെ അവസ്ഥയിലല്ലാത്ത

ഏത് അവസ്ഥയിലും അല്ലാഹുവിനാണ് സ്തുതി' എന്ന് ആത്മാവുകൊണ്ട് ഹൃദയത്തിൽ സ്മരിക്കുന്ന, പരലോകത്തിൽ ദൃഢബോധ്യമുള്ള ക്ഷമാശീലരാണ് അവർ. അത്തരക്കാർക്ക് ദുഃഖമോ നഷ്ടമോ ഉണ്ടായിരിക്കുകയില്ല. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികളും അവരുടെ അനുയായികളും അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരായതിനാൽ അവർക്ക് ദുഷിച്ച പരിണിതിയാണുള്ളത്, അവരോട് അല്ലാഹു കോപിച്ചിരിക്കുന്നു, അവരെ അവൻ ശപിച്ചിരിക്കുന്നു, അവർക്ക് മടക്കസ്ഥലമായി നരകക്കുണ്ഠം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു എന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ് അവർ. 2: 157, 255; 9: 67–68 വിശദീകരണം നോക്കുക.

154.പിന്നെ ഈ വിപത്തിനുശേഷം ശാന്തിദായകമായ ഉറക്കം അവൻ നിങ്ങളുടെ മേൽ ഇറക്കി, അത് നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗത്തെ ബാധിച്ചു, മറ്റേ വിഭാഗമാകട്ടെ അവർക്ക് അവരുടെ ആത്മാവ് തന്നെയായിരുന്നു സർവ്വപ്രധാനം, അവർ അല്ലാഹുവിനെക്കുറിച്ച് യഥാർത്ഥത്തിന് വിരുദ്ധമായി അവിവേകികളുടെ ചിന്തകൾ വെച്ചുപുലർത്തുന്നവരുമായിരുന്നു; അവർ ചോദിക്കുന്നവരുമാകുന്നു: കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഞങ്ങൾക്ക് വല്ല പങ്കുമുണ്ടോ? നീ പറയുക: നിശ്ചയം എല്ലാ ഓരോ കാര്യവും നിയന്ത്രിക്കുന്നത് അല്ലാഹുവാണ്, അവർ അവരുടെ ഉള്ളിൽ മൂടിവെക്കുന്നത് നിന്നോട് വെളിവാക്കുന്നില്ല; അവർ പറയുകയും ചെയ്യുന്നു: കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഞങ്ങൾക്ക് വല്ല പങ്കുമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ ഇങ്ങനെ ദാരുണമാം വിധം വധിക്കപ്പെടുമായിരുന്നില്ല; നീ പറയുക: നിങ്ങൾ നിങ്ങളുടെ വീടുകളിലായിരുന്നാലും ശരി, ആരുടെ മേലാണോ മരണം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്, ആ സ്ഥലങ്ങളിലേക്ക് അവർ അവരുടെ കിടപ്പറകളിൽ നിന്ന് വെളിപ്പെടുക തന്നെ ചെയ്യും, നിങ്ങളുടെ നെഞ്ചകങ്ങൾക്കുള്ളിലുള്ളത് അല്ലാഹു വെളിപ്പെടുത്തുന്നതിന് വേണ്ടിയും നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് കറകളഞ്ഞ് കടഞ്ഞെടുക്കുന്നതിനുവേണ്ടിയും, അല്ലാഹു നെഞ്ചകങ്ങളുടെ അവസ്ഥ ശരിക്കും അറിയുന്നവൻ തന്നെയാകുന്നു.

ഉഹ്ദ് യുദ്ധം കഴിഞ്ഞ രാത്രി വിശ്വാസികൾക്ക് അല്ലാഹു ശാന്തിനിർഭരമായ ഉറക്കം പ്രദാനം ചെയ്യുക വഴി അവർ അവരെ ബാധിച്ച മുറിവുകളുടെ വേദനയോ പരാജയമോ ഒന്നും അനുഭവിക്കാത്ത ഒരു അവസ്ഥയിലായിരുന്നു. എന്നാൽ കപടവിശ്വാസികൾക്ക് ഉറക്കം വരികയുണ്ടായില്ല. 'പ്രവാചകനോടൊപ്പമുള്ളവരായിട്ടും ഞങ്ങൾക്ക് എന്തുകൊണ്ട് മുറിവേറ്റു, പരാജയം നേരിട്ടു' എന്നെല്ലാമുള്ള ചിന്തയിലായിരുന്നതിനാൽ അവർ ഉറക്കം വരാതെ വേദനയും ദുഃഖവും പൂർണ്ണരൂപത്തിൽ അനുഭവിക്കുകയും ചെയ്തു. എന്നാൽ 8: 11 സൂക്തപ്രകാരം ബദ്ർ യുദ്ധത്തിന്റെ കാര്യത്തിൽ തലേ ദിവസം രാത്രിയാണ് ഈ ശാന്തിനിർഭരമായ ഉറക്കം വിശ്വാസികളെ മൂടിയത് എന്ന് കാണാം. അല്ലാഹുവിനെക്കുറിച്ച് ജാഹിലിയ്യാ ധാരണ വെച്ചുപുലർത്തിയ കപടവിശ്വാസികൾ 'പ്രവാചകനാണ് ഇതിനെല്ലാം കാരണക്കാരൻ' എന്ന് മനസിൽ കരുതി അത് പ്രകടിപ്പിക്കാതെ ഉള്ളിൽ പ്രവാചകനോട് വിരോധം വെച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ സ്വയം പറയുകയും ചെയ്തു: കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഞങ്ങൾക്ക് വല്ല അധികാരവുമുണ്ടായിരുന്നുവെങ്കിൽ ഇവ്വിധം ദാരുണമായി വധിക്കപ്പെടുമായിരുന്നില്ല. മറുപടിയായി ത്രികാലജ്ഞാനിയായ അല്ലാഹു പറയുകയാണ്: എല്ലാവരുടെ കാര്യത്തിലും മരണത്തിന്റെ സമയവും

സ്ഥലവുമെല്ലാം നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. സമയമായാൽ ആ സ്ഥലത്തേക്ക് കിടപ്പറകളിലാണെങ്കിലും ഓരോരുത്തരും പുറപ്പെടുക തന്നെ ചെയ്യും. 31: 34 ൽ, നിശ്ചയം അല്ലാഹുവിന്റെ പക്കലാണ് അന്ത്യമണിക്കൂറിനെക്കുറിച്ചുള്ള അറിവ്, അവനാണ് മഴ വർഷിപ്പിക്കുന്നത്, ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു, നാളെ താൻ എന്താണ് സമ്പാദിക്കുക എന്ന് ഒരാളും അറിയുന്നവനല്ല, താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല, നിശ്ചയം അല്ലാഹു സർവ്വജ്ഞനായ ത്രികാലജ്ഞാനിയാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ ഇങ്ങനെയെല്ലാം സംഭവിപ്പിച്ചത് കപടവിശ്വാസികളുടെ മനസിലിരിപ്പ് വെളിവാക്കുന്നതിനും വിശ്വാസികളുടെ ഹൃദയങ്ങളിലുള്ള സംശയങ്ങൾ കഴുകിക്കളഞ്ഞ് അവരെ ദൃഢബോധ്യമുള്ളവരാക്കുന്നതിനും വേണ്ടിയാണ്.

56: 95; 69: 51 സൂക്തങ്ങളിൽ പറഞ്ഞ ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ വിശ്വാസി 15 വയസ്സ് മുതലുള്ള ഇഹലോക ജീവിതയാത്രയിൽ അദ്ദിക്റിനെ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നതാണ്. അങ്ങനെ ചെയ്യാത്ത ഫുജ്ജാറുകളുടെ അവസ്ഥ 32: 12 ൽ വിവരിക്കുന്നത് ഇങ്ങനെയാണ്: ഭ്രാന്തന്മാർ തങ്ങളുടെ നാഥന്റെ അടുക്കൽ അവരുടെ തലകുനിച്ച് നിൽക്കുന്ന രംഗം നീ കാണുകയുമാണെങ്കിൽ! അവർ പറയും: ഞങ്ങളുടെ നാഥാ! ഞങ്ങൾ ഉൾക്കാഴ്ച കണ്ടു, ഞങ്ങൾ കേൾക്കുകയും ചെയ്തു, അപ്പോൾ നീ ഞങ്ങളെ ഒന്ന് തിരിച്ചയച്ചാലും, ഞങ്ങൾ സൽകർമ്മങ്ങൾ ചെയ്തുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു!. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസിക്ക് എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്ന അദ്ദിക്ർ മുറുകെപ്പിടിച്ച് 3: 145 ൽ വിവരിച്ച പ്രകാരം തന്റെ മരണം സ്വയം നിശ്ചയിക്കാവുന്നതാണ്. അവൻ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റിയവനാണ്. ഈ സൂക്തത്തിലും 48: 29 ലും അറബി അക്ഷരമാലയിലെ ഇരുപത്തെട്ട് അക്ഷരങ്ങളും വന്നിട്ടുണ്ട്. 3: 118–120; 4: 77–78; 9: 55, 85 വിശദീകരണം നോക്കുക.

155.നിശ്ചയം, രണ്ടുസംഘങ്ങൾ ഏറ്റുമുട്ടിയ ദിനം നിങ്ങളിൽ നിന്ന് പിന്തിരിഞ്ഞുപോയവരുണ്ടല്ലോ, അവരുടെ ഈ വീഴ്ചക്കുകാരണം അവരുടെത്തന്നെ ചില സമ്പാദ്യങ്ങൾ നിമിത്തം പിശാച് അവരെ തെന്നിച്ചുകളഞ്ഞതാകുന്നു, അല്ലാഹു അവരെത്തൊട്ടും വിടുതി ചെയ്തിരിക്കുന്നു, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന സഹനശീലനാകുന്നു.

3: 122 ൽ പറഞ്ഞ പ്രകാരം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുക്കാതെ വഴിക്കുവെച്ച് കപടവിശ്വാസി നേതാവായ *അബ്ദുള്ളാഹിബ്നു ഉബൈയ്യുബ്നുസുലൂലി*ന്റെ നേതൃത്വത്തിൽ പിന്തിരിഞ്ഞുപോയ മുന്നൂറോളം വരുന്ന കപടവിശ്വാസികൾക്കും ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്ത് പിന്തിരിഞ്ഞോടിയ കപടവിശ്വാസികൾക്കും ഈ സൂക്തം ബാധകമാണ്. ആദ്യ തവണയായതുകൊണ്ട് അവരോട് വിട്ടുവീഴ്ച ചെയ്തിരിക്കുന്നു എന്നാണ് സൂക്തം പറയുന്നത്. വിശ്വാസികളുടെ സംഘമോ ആയുധം കൊണ്ടുള്ള ജിഹാദോ ഇല്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 7–10; 5: 49; 48: 24–25, 29 വിശദീകരണം നോക്കുക.

156.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ കാഫിറുകളായവരെപ്പോലെ ആകരു

ത്, അവരുടെ സഹോദരങ്ങൾ ഭൂമിയിൽ സഞ്ചരിക്കുകയോ യുദ്ധത്തിൽ പങ്കാളികളാവുകയോ മൂലം വല്ല വിപത്തുകൾക്കും വിധേയരാവുകയാണെങ്കിൽ അവർ പറയുന്നതാണ്: അവർ ഞങ്ങളുടെ അടുക്കൽ തന്നെയായിരുന്നുവെങ്കിൽ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമായിരുന്നില്ല, അവരുടെ ഹൃദയങ്ങൾക്ക് ദുഃഖനിമിത്തമാക്കുന്നതിന് വേണ്ടിയാണ് അത് അല്ലാഹു സംഭവിപ്പിക്കുന്നത്, അല്ലാഹു തന്നെയാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാകുന്നു.

നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണ് എന്ന് അംഗീകരിക്കാത്ത കപടവിശ്വാസികളുടെ ഇന്നുള്ള നിലപാടും ഇതുതന്നെയാണ്. അവർ അതിന് കാരണം തിരക്കുകയും അങ്ങിനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല, ഞാൻ അപ്പോഴേ പറഞ്ഞതാണ്, അത് കേൾക്കാത്തതുകൊണ്ടാണ് ഇങ്ങനെ അപകടം വന്നത് എന്നെല്ലാം പറയുന്നവരാണ്. അവരുടെ കൈകൾ സമ്പാദിച്ചത് നരകമായതിനാൽ അവർ മരണത്തെ ഭയപ്പെടുന്നവരും മരണം ഒരു നഷ്ടമായി പരിഗണിക്കുന്നവരുമാണ്. എന്നാൽ വിശ്വാസികൾ ഐഹികജീവിതം പരലോകത്തേക്കുള്ള കൃഷിയിടമായി പരിഗണിക്കുന്നവരും മരണത്തോടുകൂടിയാണ് യഥാർത്ഥജീവിതം തുടങ്ങുന്നത് എന്ന് വിശ്വസിക്കുന്നവരും മരണത്തെ ഭയപ്പെടാത്തവരുമായിരിക്കും. അദ്ദിക്ർ പഠിപ്പിച്ച അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന അവർ അതിനെ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്നതാണ്. ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനായി അല്ലാഹുവിനെ പരിഗണിക്കാത്ത കപടവിശ്വാസികൾ ജനങ്ങളെ കാണിക്കാനായി ഭക്തി പ്രകടിപ്പിക്കുന്നവരും അല്ലാഹുവിനെ മറന്ന തെമ്മാടികളുമാണ്. അവർ അല്ലാഹുവിന്റെ സ്മരണയുണ്ടാക്കുന്ന അദ്ദിക്ർ മൂടിവെക്കുന്നവരും ജനങ്ങളെ അതിനെത്തൊട്ട് തടയുന്നവരുമാണ്. അങ്ങനെ കാഫിറും പിശാചുമായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന അവർ ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സിക്ക്, സൗരാഷ്ട്രർ തുടങ്ങിയ ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും 4: 91; 5; 33; 9: 5, 123; 33: 60-61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുന്നതുമാണ്. 8: 49; 9: 111; 25: 17-18, 27-30 വിശദീകരണം നോക്കുക.

157.അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ വധിക്കപ്പെടുകയാണെങ്കിൽ അല്ലെങ്കിൽ മരിക്കുകയാണെങ്കിൽ, അതുവഴി അല്ലാഹുവിൽ നിന്നുള്ള പാപമോചനവും കാരുണ്യവും തന്നെയാണ് അവർ ഒരുമിച്ചുകൂട്ടുന്നതിനേക്കാൾ ഏറ്റവും ഉത്തമമായത്.

158.നിങ്ങൾ മരിക്കുകയാണെങ്കിലും അല്ലെങ്കിൽ നിങ്ങൾ വധിക്കപ്പെടുകയാണെങ്കിലും നിങ്ങൾ പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുക അല്ലാഹുവിലേക്ക് തന്നെയാണ്.

അല്ലാഹു നൽകിയ എല്ലാ അനുഗ്രഹങ്ങളും പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി നാലാം ഘട്ടത്തിൽ സ്വർഗം സമ്പാദിക്കലും ഏഴാം ഘട്ടത്തിൽ അത് അനന്തരമെടുക്കലുമാണ് ജീവിതലക്ഷ്യം. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുന്നതിനാൽ ജീവിതലക്ഷ്യം

ഇല്ലാത്തവരും 15: 44 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരുമാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി അവർ അറിയാത്ത വിധം അവരെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുന്നവരാണെന്ന് 6: 26 ൽ പറഞ്ഞിട്ടുണ്ട്. 10: 57–58 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ ഔദാര്യവും കാരുണ്യവുമായ അദ്ദിക്ർ കൊണ്ട് ഊറ്റം കൊള്ളലാണ് അവർ ഒരുമിച്ചുകൂട്ടുന്ന മറ്റെന്തിനെക്കാളും ഉത്തമമായിട്ടുള്ളത് എന്ന് അവർ വായിച്ചിട്ടുള്ളതാണ്. 4: 1–2 സൂക്തങ്ങളിൽ വിവരിച്ചതുപോലെ നാഥനെ കണ്ടുമുട്ടുക എന്ന ജീവിതലക്ഷ്യമില്ലാത്ത അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 2: 193; 3: 79–80; 7: 205–206 വിശദീകരണം നോക്കുക.

159.അപ്പോൾ നീ അവരോട് വളരെ സൗമ്യശീലനായി വർത്തിച്ചത് അല്ലാഹുവിൽ നിന്നുള്ള കാരുണ്യം കൊണ്ടാകുന്നു, നീ കഠിനഹൃദയനായ പരുഷസ്വഭാവക്കാരനായിരുന്നുവെങ്കിൽ നിന്റെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞുപോവുകതന്നെ ചെയ്യുമായിരുന്നു, അപ്പോൾ നീ അവരെത്തൊട്ട് വിടുതി ചെയ്യുക, അവർക്കുവേണ്ടി പൊറുക്കലിനെത്തേടുകയും കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക, അങ്ങനെ നീ ഒരു കാര്യത്തിൽ ദൃഢനിശ്ചയമെടുത്താൽ അപ്പോൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക, നിശ്ചയം, അല്ലാഹു അവനിൽ ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നവനാകുന്നു.

ഉഹ്ദ് യുദ്ധാനന്തരം ഒന്നും തന്നെ സംഭവിച്ചിട്ടില്ല എന്ന മട്ടിൽ പ്രവാചകൻ കപടവിശ്വാസികളോട് അല്ലാഹുവിന്റെ കൽപനപ്രകാരം വളരെ സൗമ്യമായ നിലയിൽ പെരുമാറുകയാണുണ്ടായത്. 3: 152, 155 സൂക്തങ്ങളിൽ അല്ലാഹു തന്നെ അവർക്ക് മാപ്പുനൽകിയ വിവരം പറഞ്ഞിട്ടുണ്ട്. 42: 36–40 സൂക്തങ്ങളിൽ വിജയം വരിക്കുന്ന വിശ്വാസികളുടെ സ്വഭാവങ്ങൾ എടുത്തുകാണിച്ചിട്ടുണ്ട്. 16: 127 ൽ പ്രവാചകനോട്, നീ ക്ഷമിക്കുക, നിന്റെ ക്ഷമ അല്ലാഹുവിനെക്കൊണ്ടല്ലാതെ അല്ല, കാഫിറുകളുടെമേൽ നീ ദുഃഖിക്കാതിരിക്കുകയും അവരുടെ ഗൂഢതന്ത്രങ്ങളിൽ മനം മുട്ടാതിരിക്കുകയും വേണമെന്നും; 16: 128 ൽ, നിശ്ചയം അല്ലാഹു അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരോടൊപ്പവും അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരോടൊപ്പവുമാണ് എന്നും പറഞ്ഞിട്ടുണ്ട്.

എന്നാൽ 33: 1, 48 സൂക്തങ്ങൾ പ്രകാരം പ്രവാചകനും വിശ്വാസിക്കും കപടവിശ്വാസികളെയും അവരുടെ അനുയായികളായ കാഫിറുകളെയും അനുസരിക്കാൻ പാടില്ല. കളവ് മാത്രം പറയുന്ന കപടവിശ്വാസികളെ അല്ലാഹു വധിച്ചുകളഞ്ഞിരിക്കുന്നു എന്ന് 63: 4 ലും; സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ വാദിക്കുന്നത് അവർ അല്ലാഹുവിന്റെ ആളുകളും സ്വർഗത്തിലേക്കുള്ളവരുമാണെന്നാണ്. ആത്മാവിനെ പരിഗണിക്കാത്ത, പരലോകം കൊണ്ട് വിശ്വസിക്കാത്ത, അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ മറ്റേതൊരു ജനവിഭാഗത്തെക്കാളും ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നവരാണ്. 9: 55, 85 സൂക്തങ്ങളിൽ അന്ന് പ്രവാചകനോടും ഇന്ന് വിശ്വാസിയോടും, കപടവിശ്വാസികളുടെ സമ്പത്തോ സന്താനങ്ങളോ നിന്നെ ആകർഷിക്കരുത്, അവ രണ്ടും കൊണ്ട് ഇഹത്തിൽ തന്നെ അവരെ ശിക്ഷിക്കണമെന്നും അവർ കാഫി

റായിക്കൊണ്ട് ജീവൻ വെടിയണമെന്നുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. മാലിന്യമായ ഇത്തരം മനുഷ്യപ്പിശാചുക്കൾ കാരുണ്യമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് അവരുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കി കൊടുത്തവരാണെന്ന് 14: 28–30 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 7; 2: 99, 165–167; 9: 73 വിശദീകരണം നോക്കുക.

160. അല്ലാഹു നിങ്ങളെ സഹായിക്കുകയാണെങ്കിൽ അപ്പോൾ നിങ്ങളെ അതിജയിക്കുന്ന ഒരു ശക്തിയുമില്ല തന്നെ, അവൻ നിങ്ങളെ കൈവെടിയുന്നുവെങ്കിലോ, അപ്പോൾ അവനുശേഷം നിങ്ങളെ സഹായിക്കാൻ ഏതൊരുവനാണുള്ളത്? അപ്പോൾ വിശ്വാസികൾ അല്ലാഹുവിന്റെ മേലാണ് ഭരമേൽപ്പിക്കേണ്ടത്.

സർവ്വസ്വം അടക്കിഭരിക്കുന്ന അജയ്യനും യുക്തിജ്ഞനുമായ അല്ലാഹു ഒരു വിഭാഗത്തെ സഹായിക്കുകയാണെങ്കിൽ പിന്നെ അവരെ അതിജയിക്കുന്ന ഒരു ശക്തിയുമില്ല തന്നെ. അപ്പോൾ വിശ്വാസികൾ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനോട് മാത്രമാണ് സഹായം തേടേണ്ടതും ഭരമേൽപ്പിക്കേണ്ടതും. ആകാശഭൂമികളോളം വിശാലമായ സ്വർഗത്തിലേക്ക് കുതിക്കുന്ന വിശ്വാസികൾ ഇന്ന് ചെയ്യേണ്ടത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള അജയ്യഗ്രന്ഥമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുകയും അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിക്കുകയുമാണ്. അത്തരക്കാരെ എതിർക്കാൻ ഒരു പൈശാചിക ശക്തിക്കും സാധ്യമല്ലെന്ന് അല്ലാഹു അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

ഗ്രന്ഥം സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 3: 26–27 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനാണ് ഭരണാധികാരികളെ നിശ്ചയിക്കുന്നത് എന്നും അവരുടെയെല്ലാം കടിഞ്ഞാൺ നാഥനിലാണ് ഉള്ളത് എന്നുമുള്ള ഉത്തമ ബോധത്തിൽ നിലകൊള്ളുന്നവനാണ്. പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും ആത്മാവുകൊണ്ട് ആത്മാവിന്റെ നാഥനായ രാജാധിരാജനോട് 'ഭരണാധികാരികളെ 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം ലഭിക്കുന്ന വിധത്തിൽ നീതിയിൽ വർത്തിക്കുന്നവരാക്കേണമേ' എന്ന് പ്രാർത്ഥിക്കാനാണ് വിശ്വാസിയോട് കൽപിച്ചിട്ടുള്ളത്. കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ രാഷ്ട്രീയ അധികാരം ലഭിക്കുന്നതിനുവേണ്ടി ഭൂരിപക്ഷത്തിന്റെ അടുക്കൽ പ്രതാപം അന്വേഷിക്കുന്നവരാണ്. പൈശാചികമായ ആ രീതി വിശ്വാസി ഒരിക്കലും സ്വീകരിക്കാൻ പാടില്ല. 3: 101–103, 125–126; 8: 74; 9: 50–51 വിശദീകരണം നോക്കുക.

161. ഒരു നബിക്കും ചതിക്കുക എന്നത് യോജിക്കുകയില്ല തന്നെ, ഒരുവൻ ചതി നടത്തിയാൽ അന്ത്യനാളിൽ അവന്റെ ചതിയും കൊണ്ട് അവനെ കൊണ്ടുവരുന്നതാണ്, പിന്നെ എല്ലാ ഓരോ ആത്മാവിനും അത് സമ്പാദിച്ചത് പൂർണ്ണമായി നൽകപ്പെടുന്നതുമാണ്, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

ഉഹ്ദ് യുദ്ധത്തിൽ മലക്കുകളെ ഇറക്കി സഹായിക്കുമെന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് യുദ്ധത്തിൽ പങ്കെടുപ്പിച്ച് ദാരുണമാം വിധം വധിക്കപ്പെട്ടത് നബിയുടെ വഞ്ചനയാണെന്ന് കപടവിശ്വാസികൾ ആരോപിച്ചതിനുള്ള മറുപടിയാണ് ഇത്. സ്വർഗം അല്ലെങ്കിൽ നരകം അവരവർ (ഓരോ ആത്മാവും) സമ്പാദിക്കുന്നതാണെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. കളവും വഞ്ചനയും നടത്തുന്നത് ഏതൊരുവനാണെങ്കിലും വിധിദിവസം അവർ അവരുടെ തൊണ്ടിസാധനങ്ങളും കൊണ്ട് ഹാജരാക്കപ്പെടുന്നതാണ്. വിധിദിവസത്തെ നിഷേധിക്കുന്ന അവർക്കെതിരെ 17: 13–14, 36; 24: 24; 36: 65; 41: 19–22; 99: 1–5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ തൊലികളും കേൾവികളും കാഴ്ചയും

അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയും ഭൂമി തന്നെയും സാക്ഷ്യം വഹിക്കുന്നതുമാണ്. 2: 168–169, 286; 3: 21–22, 30, 154; 9: 51 വിശദീകരണം നോക്കുക.

162.അപ്പോൾ അല്ലാഹുവിന്റെ തൃപ്തി സദാ പിൻപറ്റുന്ന ഒരുവൻ അല്ലാഹുവിൽ നിന്നുള്ള കോപത്തിൽ ആണ്ടുപോയവനെപ്പോലെയാകുമോ? അവന്റെ സങ്കേതം നരകക്കുണ്ഠമാകുന്നു, എത്ര മോശപ്പെട്ട മടക്കസ്ഥലം!

163.അവർ അല്ലാഹുവിന്റെ അടുക്കൽ വിവിധ പദവികളിലാണ്, അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാണ്.

അല്ലാഹുവിന്റെ തൃപ്തിയും കാരുണ്യവുമായ അദ്ദിക്ർ പിൻപറ്റുന്ന പ്രവാചകനും വിശ്വാസികൾക്കും സ്വർഗത്തിൽ വിവിധങ്ങളായ സ്ഥാനമാനങ്ങളുണ്ട്. അല്ലാഹുവിന്റെ മാർഗത്തെയും പിശാചിന്റെ മാർഗങ്ങളെയും പരിചയപ്പെടുത്തുന്ന അദ്ദിക്റിനെ മൂടിവെച്ചവരും തള്ളിപ്പറയുന്നവരുമാണ് അല്ലാഹുവിന്റെ കോപത്തിൽ ആണ്ടുപോയവർ. അദ്ദിക്റിനെ മൂടിവെച്ച തെമ്മാടികളായ കപടവിശ്വാസികൾ ഇനി വിശ്വസിക്കുകയില്ല എന്ന് 10: 33 ലും; അല്ലാഹുവിന്റെ ശത്രുക്കളായ അവർ വധിക്കപ്പെട്ടവരാണെന്ന് 63: 4 ലും; 80: 11 ൽ പറഞ്ഞ ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 38–39; 32: 18–20; 39: 32–33 വിശദീകരണം നോക്കുക.

164.നിശ്ചയം, തങ്ങളിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകനെ അവർക്ക് നിയോഗിച്ചയക്കുക വഴി അല്ലാഹു വിശ്വാസികളുടെ മേൽ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്, അവൻ അവരുടെമേൽ അവന്റെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു, അതിനുമുമ്പ് അവർ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.

62: 2 ഉം ഇതേ ആശയത്തിലുള്ളതാണ്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആയിരത്തിൽ ഒന്നായ, അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസിക്ക് മാത്രമേ ഗ്രന്ഥം അനുകൂലമായി വാദിക്കുകയും സാക്ഷി നിൽക്കുകയുമുള്ളൂ. ബാക്കി 999 ഫുജ്ജാറുകളും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന, 4: 150–151; 39: 71; 67: 6 തുടങ്ങി 520 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 9: 31 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിലെ ഓരോ വിഭാഗവും നരകക്കുണ്ഠത്തിലെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണ്. 6: 90; 26: 209; 87: 9; 89: 23 തുടങ്ങി 21 സൂക്തങ്ങളിൽ പറഞ്ഞ ദിക്റാ എന്ന ഗ്രന്ഥത്തെ വെടിഞ്ഞ ഹതഭാഗ്യൻ വമ്പിച്ച തീയിൽ വേവിക്കപ്പെടാനുള്ളവനാണ് എന്ന് 87: 11–12 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 129, 146, 254; 10: 60–61 വിശദീകരണം നോക്കുക.

165.നിങ്ങൾക്ക് ഒരു വിപത്ത് ബാധിച്ചപ്പോഴേക്കും ഇത് എങ്ങനെ സംഭവിച്ചുവെന്ന് നിങ്ങൾ ചോദിക്കുന്നു, അതിന്റെ രണ്ടിരട്ടി നാശം നിശ്ചയം നിങ്ങൾ അവർക്ക് (ബദ്റിൽ) ബാധിപ്പിച്ചിട്ടുള്ളതാണല്ലോ; നീ പറയുക: ഈ വിപത്ത് നിങ്ങളിൽ നിന്ന് തന്നെയാകുന്നു, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാകുന്നു.

ബദ്ർ യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്നുള്ള എഴുപത് പേരെ വധിക്കുകയും എഴുപത് പേരെ ബന്ദികളായി പിടികൂടുകയുമുണ്ടായി. എന്നാൽ ഉഹ്ദ് യുദ്ധത്തിൽ പ്രവാചകന്റെ കൂടെയുള്ളവരിൽ നിന്നുള്ള എഴുപത് പേർ വധിക്കപ്പെടുകയാണുണ്ടായത്. അപ്പോൾ

പ്രവാചകനോടൊപ്പമുള്ളവരായാൽ നഷ്ടമോ പരാജയമോ ഉണ്ടാവാൻ പാടില്ല എന്ന നിഗമനത്തിൽ കപടവിശ്വാസികൾ അവർക്ക് സംഭവിച്ച വിപത്തിൽ വേവലാതിപ്പെടുകയുണ്ടായി. 4: 78 ൽ, അവർക്ക് ഒരു നന്മ ലഭിച്ചാൽ അത് അല്ലാഹുവിൽ നിന്നാണ് എന്ന് അവർ പറയും, അവർക്ക് ഒരു തിന്മ ബാധിച്ചാൽ അത് പ്രവാചകനിൽ നിന്നാണ് എന്നാണ് അവർ പറയുക; നീ പറയുക: എല്ലാം അല്ലാഹുവിൽ നിന്നാണ്, ഈ ജനതക്ക് എന്തുപറ്റി? അവർക്ക് അല്ലാഹുവിന്റെ ഈ വർത്തമാനം ഗ്രഹിക്കാൻ സാധിക്കുന്നില്ലല്ലോ എന്ന് കപടവിശ്വാസികളുടെ സ്വഭാവത്തെക്കുറിച്ച് പറഞ്ഞ ശേഷം 4: 79 ൽ, അപ്പോൾ നിനക്ക് ഒരു നന്മ ലഭിക്കുന്നത് അല്ലാഹുവിൽ നിന്നാണ്, എന്നാൽ നിന്നെ ഒരു തിന്മ പിടിപെടുന്നുവെങ്കിൽ അത് നിന്നിൽ നിന്ന് തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. അഥവാ 'അല്ലാഹ്' എന്ന സ്മരണയോടുകൂടി നിലനിന്നാൽ ഒരു ആപത്തും ബാധിക്കുകയില്ല, അല്ലാഹുവിനെ മറന്ന അവസ്ഥയിൽ പിശാചിനാലാണ് തിന്മ ബാധിക്കുന്നത്. 59: 19 ൽ, അല്ലാഹുവിനെ മറന്നാൽ അവർ അവരവരെത്തന്നെ മറന്ന കപടവിശ്വാസികളായ തെമ്മാടികളായിത്തീരുമെന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ കൽപന ലംഘിച്ച് അമ്പെയ്ത്തുകാർ യുദ്ധമുതൽ വാരിക്കൂട്ടാൻ മലമുകളിൽ നിന്ന് ഇറങ്ങി വന്നതാണ് ഉഹ്ദ് യുദ്ധത്തിൽ നേരിട്ട തിരിച്ചടിക്ക് കാരണം. 41: 50 ൽ, കാഫിറുകളുടെ സ്വഭാവം ഇങ്ങനെ വിവരിച്ചിരിക്കുന്നു: അവന് പിടിപെട്ട ഒരു ദുരിതത്തിനുശേഷം നമ്മിൽ നിന്നുള്ള ഒരു കാരുണ്യം അവന് ലഭിച്ചാൽ അവൻ പറയും: ഇത് തീർച്ചയായും എനിക്കുള്ളതാണ്, ആ അന്ത്യമണിക്കൂർ സംഭവിക്കുമെന്ന് തോന്നുന്നില്ല, സംഭവിച്ചാൽ തന്നെ അവിടെയും എനിക്ക് നന്മ ലഭിക്കുന്നതാണ്. 18: 32-36 സൂക്തങ്ങളിൽ, തന്നോടു തന്നെ അക്രമം കാണിച്ച കാഫിറായ ഒരുവൻ തന്റെ തോട്ടങ്ങളുടെ കാര്യത്തിൽ കൂട്ടുകാരനോട് സംവാദം നടത്തിക്കൊണ്ട് പറഞ്ഞു: എന്റെ ഈ അനുഗ്രഹങ്ങളൊന്നും ഒരിക്കലും നശിക്കുമെന്ന് ഞാൻ കരുതുന്നില്ല, ആ അന്ത്യമണിക്കൂർ നിലവിൽ വരുമെന്നും ഞാൻ കരുതുന്നില്ല, ഇനി നാഥനിലേക്ക് മടക്കപ്പെട്ടാലും അവിടെയും എനിക്ക് തന്നെയായിരിക്കും നല്ല പരിണിതി. 2: 152; 3: 140, 152 വിശദീകരണം നോക്കുക.

166.രണ്ട് സംഘങ്ങൾ ഏറ്റുമുട്ടിയ യുദ്ധനാളിൽ നിങ്ങളെ ബാധിച്ചത് അപ്പോൾ അല്ലാഹുവിന്റെ വേണ്ടുകയോടുകൂടി തന്നെയുമാകുന്നു, വിശ്വാസികളാരെന്ന് അവന് തിരിച്ചറിയുന്നതിന് വേണ്ടിയാണത്,

167.കപടവിശ്വാസികളായവരാരെന്ന് അവന് അറിയുന്നതിനുവേണ്ടിയും, വരുവിൻ! അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുവിൻ, അല്ലെങ്കിൽ പ്രതിരോധിക്കുകയെങ്കിലും ചെയ്യുവിൻ എന്ന് അവരോട് പറയപ്പെട്ടപ്പോൾ അവർ പറഞ്ഞു: യുദ്ധമുണ്ടാകുമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ പിൻപറ്റുക തന്നെ ചെയ്യുമായിരുന്നു, അവർ ആ നാളുകളിൽ വിശ്വാസത്തേക്കാൾ ഏറ്റവും അടുത്തിരുന്നത് നിഷേധത്തോടായിരുന്നു, അവരുടെ ഹൃദയങ്ങളിലില്ലാത്ത ഒന്ന് വായ കൊണ്ട് പറഞ്ഞുകൊണ്ടിരിക്കുന്നവരാണവർ, അല്ലാഹു അവർ മൂടിവെച്ചുകൊണ്ടിരിക്കുന്നത് ശരിക്കും അറിയുന്നവനാകുന്നു.

വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്റിന്റെ അവതരണം പൂർത്തിയാകാത്ത സന്ദർഭത്തിൽ ആരാണ് സ്വന്തം ആത്മാവിനെയും ജീവിതത്തെത്തന്നെയും അല്ലാഹുവിനുവേണ്ടി ബലിയർപ്പിക്കാൻ തയ്യാറുള്ള വിശ്വാസികളെന്ന് അറിയുന്നതിനുവേണ്ടിയും ആരാണ് അതിന് തയ്യാറില്ലാതെ ജീവിതലക്ഷ്യം മറന്ന് കപടവിശ്വാസികളായിത്തീർന്നിട്ടുള്ളത് എന്ന് വേർതിരിക്കാൻ വേണ്ടിയുമാണ് അല്ലാഹുവിന്റെ സ

മ്മതത്തോടുകൂടി ഉഹദ് യുദ്ധവും അതിൽ പ്രവാചകനോടൊപ്പമുള്ളവർക്ക് നേരിട്ട വിപത്തുകളും സംഭവിച്ചതെന്നാണ് പറയുന്നത്. അല്ലാഹു ത്രികാലജ്ഞാനിയാണെന്നിരിക്കെ അവന് അറിയാൻ വേണ്ടി എന്ന് പറഞ്ഞതിന്റെ വിവക്ഷ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ, നാഥന്റെ പ്രതിനിധിയായ വിശ്വാസിക്ക് തിരിച്ചറിയാൻ വേണ്ടി എന്നാണ്. വഴിക്കുവെച്ച് അബ്ദുള്ളാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ പിന്തിരിഞ്ഞ് പോയ മുന്നൂറ് പേരാണ് യുദ്ധമൊന്നും ഉണ്ടാവുകയില്ല, അത് ഉണ്ടാകുമെന്ന് ഉറപ്പുണ്ടെങ്കിൽ ഞങ്ങൾ നിങ്ങളെ അനുഗമിക്കുക തന്നെ ചെയ്യുമായിരുന്നു എന്ന് പറഞ്ഞ കപടവിശ്വാസികൾ. യഥാർത്ഥത്തിൽ അവർ ഹൃദയങ്ങളിലില്ലാത്തത് പറയുകയായിരുന്നു. 63: 1 ൽ കപടവിശ്വാസികളുടെ സ്വഭാവത്തെക്കുറിച്ച്, കപടവിശ്വാസികൾ നിന്റെയടുത്ത് വന്നാൽ അവർ പറയും: നിശ്ചയം, താങ്കൾ അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു എന്ന്; നിശ്ചയം നീ അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണെന്ന് അല്ലാഹുവിന് അറിയാം, നിശ്ചയം കപടവിശ്വാസികൾ കള്ളം പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകനും ആയിരത്തി നാനൂറോളം പേരടങ്ങുന്ന അനുയായികളും ഹിജ്റ 6-ാം വർഷം ഉംറക്ക് പോയെങ്കിലും മക്കാമുശ്രിക്കുകൾ അവരെ തടഞ്ഞു. അങ്ങനെ ഹുദൈബിയയിൽ വെച്ച് അവരുമായി സന്ധി ചെയ്തതിനെത്തുടർന്ന് പ്രവാചകനും അനുയായികളും മദീനയിലേക്ക് തിരിച്ചുപോന്നു. അപ്പോൾ മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾ 48: 11 ൽ പറഞ്ഞ പ്രകാരം പ്രവാചകനോടും അനുയായികളോടും പറയുകയാണ്: ഞങ്ങളുടെ സമ്പത്തുക്കളെയും കുടുംബാംഗങ്ങളെയും ശ്രദ്ധിക്കാനുള്ളത് കൊണ്ടാണ് ഞങ്ങൾ നിങ്ങളോടൊപ്പം വരാതിരുന്നത്. അതുകൊണ്ട് ഞങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് പൊറുക്കലിനെ തേടിയാലും! അവർ അവരുടെ ഹൃദയങ്ങളിലില്ലാത്തത് നാവുകൊണ്ട് പറയുകയാണ്; നബിയേ അവരോട് ചോദിക്കുക: അല്ലാഹു നിങ്ങൾക്ക് ഒരു ദുരിതം അല്ലെങ്കിൽ ഒരു ഗുണം നൽകാൻ ഉദ്ദേശിച്ചാൽ ആരാണ് അല്ലാഹുവിൽ നിന്ന് അത് തടയാനുള്ളത്? അല്ല; അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാണ്. പ്രവാചകനും വിശ്വാസികളും ഒരിക്കലും അവരുടെ കുടുംബാംഗങ്ങളിലേക്ക് തിരിച്ചുവരികയില്ല എന്ന് അവർ ഉറച്ച് വിശ്വസിക്കുകയും അത് അവരുടെ ഹൃദയങ്ങൾക്ക് അലങ്കാരമാക്കപ്പെടുകയും ചെയ്തു; അവർ ഏറ്റവും ദുഷിച്ച ചിന്തയാണ് വെച്ചുപുലർത്തിയത്, അവർ ഒരു കെട്ടജനത തന്നെയാകുന്നു എന്ന് 48: 12 ലും പറഞ്ഞിട്ടുണ്ട്. ഇന്നത്തെ കപടവിശ്വാസികളും ഇതേ സ്വഭാവമുള്ളവരാണ്. അവർ ഏതൊരു കാര്യവും ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ കൊണ്ട് ഉറപ്പ് വരുത്താതെയാണ് സംസാരിക്കുക. അദ്ദിക്ർ കിട്ടിയവർക്ക് ഒരു വിഷയത്തിലും സംശയം ഉണ്ടാകാൻ പാടില്ല. ഉരക്കല്ലും ത്രാസുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് വിശ്വാസികൾ കപടവിശ്വാസികളെയും വിശ്വാസികളെയും വേർതിരിച്ചറിയേണ്ടതും അവരോടുള്ള അല്ലാഹുവിന്റെ സമീപനം എന്താണെന്ന് മനസിലാക്കി അതേ സമീപനം കൈക്കൊള്ളേണ്ടതും. നുണ മാത്രം പറയുന്ന കപടവിശ്വാസികൾ അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസിയെക്കുറിച്ച് 'അവൻ നുണ പറയുന്ന ഒറ്റയാനാണ്' എന്നാണ് പറയുക എന്ന് 54: 25 ലും; അവർക്ക് ശിക്ഷ ബാധിക്കുമ്പോൾ മാത്രമേ ദിക്രീ എന്ന ഗ്രന്ഥത്തിന്റെ കാര്യത്തിലുള്ള അവരുടെ സംശയം തീരുകയുള്ളൂ എന്ന് 38: 8 ലും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ സത്യപ്പെടുത്താതെ ഇവിടെ ജീവിച്ചതിന് നരകക്കുണ്ഠമാണ് അവർക്ക് ഒരുക്കിവെച്ചിട്ടുള്ളതെന്ന് 25: 34, 65-66; 48: 6; 98: 6 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. അവർ വായിച്ച, കേട്ട ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദി

ച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലെ ഏഴ് കവാടങ്ങളിൽ ഒന്നിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 13, 113, 157; 3: 60; 5: 41-42 വിശദീകരണം നോക്കുക.

168.സ്വയം കുത്തിയിരിക്കുകയും യുദ്ധത്തിനുപോയി വധിക്കപ്പെട്ടവരെക്കുറിച്ച് അവരുടെ സഹോദരന്മാരോട്: അവർ ഞങ്ങളെ അനുസരിച്ചിരുന്നുവെങ്കിൽ വധിക്കപ്പെടുമായിരുന്നില്ലല്ലോ എന്ന് പറയുന്നവരുമാണ് അവർ; നീ പറയുക: നിങ്ങൾ നിങ്ങളുടെ സ്വന്തത്തെത്തൊട്ട് മരണത്തെ പ്രതിരോധിക്കുവീൻ -നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ!

അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും അവരവരെക്കുറിച്ചുമുള്ള ശരിയായ ധാരണയില്ലാത്ത കപടവിശ്വാസികൾ എക്കാലത്തും മരണം ഒരു നഷ്ടമായിട്ടാണ് കാണുക. ജീവിതലക്ഷ്യം മറന്നവർ പരലോകത്തിന് പ്രാധാന്യം കൊടുക്കുന്നതിന് പകരം ഐഹികലോകത്തിനാണ് പ്രാധാന്യം കൊടുക്കുക. അവരവരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ അനന്തരഫലമായിട്ടാണ് അപകടം സംഭവിക്കുന്നത് എന്ന കാര്യമൊന്നും അവർ ഓർമ്മിക്കുകയുമില്ല. ആകാശഭൂമികളിൽ നടക്കുന്ന എല്ലാ സംഭവങ്ങളും അല്ലാഹു നേരത്തെ നിശ്ചയിച്ചതാണെന്നും ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും 6: 59; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22; 64: 11 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 9: 51 ൽ, അല്ലാഹു രേഖപ്പെടുത്തിയിട്ടുള്ളതല്ലാത്തതൊന്നും ഒരിക്കലും ഞങ്ങൾക്ക് ബാധിക്കുകയില്ല എന്ന് പറയാൻ പ്രവാചകനോടും വിശ്വാസികളോടും കൽപിക്കുന്നു. ആത്മാവിനെ പരിഗണിക്കാതെ ജഡത്തിന് പ്രാധാന്യം കൊടുക്കുന്ന കപടവിശ്വാസികൾ കാര്യകാരണ ബന്ധത്തിന് അതീതമായി പ്രവർത്തിക്കുന്നവനാണ് അല്ലാഹു എന്ന് തിരിച്ചറിയാത്തവരാണ്. ഭൗതികജീവിതത്തോട് ഒട്ടിപ്പിടിച്ച, പിശാചിനാൽ പിൻപറ്റപ്പെട്ട അവർ മരണത്തിന് കാര്യകാരണ ബന്ധങ്ങൾ അന്വേഷിക്കുന്നവരാണ്. പരലോകം കൊണ്ട് വിശ്വസിക്കാത്ത അത്തരം കപടന്മാരോട്: മറ്റുള്ളവരുടെ മരണത്തെ തടയാൻ സാധിക്കുമെന്ന നിങ്ങളുടെ വാദം സത്യമാണെങ്കിൽ നിങ്ങളുടെ മരണത്തെത്തൊട്ട് നിങ്ങൾ പ്രതിരോധിക്കുക എന്ന് പറയാനാണ് ഈ സൂക്തത്തിലൂടെ വിശ്വാസിയോട് കൽപിക്കുന്നത്. 3: 145, 154; 9: 55 വിശദീകരണം നോക്കുക.

169.അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവരെ മരിച്ചവരെന്ന് നിങ്ങൾ കരുതരുത്, എന്നാൽ അവർ തങ്ങളുടെ നാഥന്റെ പക്കൽ വിഭവങ്ങൾ ആസ്വദിച്ചുകൊണ്ട് ജീവിച്ചിരിക്കുന്നവരാകുന്നു.

170.അല്ലാഹു അവർക്ക് നൽകിയ അവന്റെ ഔദാര്യങ്ങളിൽ ആഹ്ലാദിച്ചുല്ലസിക്കുന്നവരും തങ്ങൾക്ക് പിന്നിൽ ഇഹലോകത്ത് അവശേഷിച്ചവരും ഇനിയും തങ്ങളോടൊപ്പം എത്തിച്ചേർന്നിട്ടില്ലാത്തവരുമായ വിശ്വാസികളുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ലല്ലോ എന്നോർത്ത് സന്തോഷിക്കുന്നവരുമാണ് അവർ.

18: 108 ൽ വിവരിച്ച പ്രകാരം വിശ്വാസികൾ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടാൽ അതിലെ അനുഭൂതികൾ ആസ്വദിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്നതിൽ സംതൃപ്തരായിരിക്കും. *എന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷ്യം വഹിച്ചവർ അവർക്ക് ലഭിച്ച അനുഭൂതികളുടെ ആധിക്യം നിമിത്തം ഒന്നുകൂടി ഇഹലോകത്തേക്ക് വരാനും വീണ്ടും രക്തസാക്ഷ്യം വഹിക്കാനും ആഗ്രഹിക്കുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബദ്ർ, ഉഹ്ദ്, ഖന്ദക്ക്, തബൂക്ക് തുടങ്ങിയ യുദ്ധങ്ങളിലെല്ലാം പങ്കെടുക്കുകയും പ്രവാചകന്റെ ശേഷമുള്ള യുദ്ധങ്ങൾക്ക് നേതൃത്വം

നൽകുകയും ചെയ്ത ഖലീഫമാരായ ഉമർ, ഉസ്മാൻ, അലി തുടങ്ങിയവരെല്ലാം തന്നെ രക്തസാക്ഷിത്വത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരായിരുന്നു. അതിനാലാണ് അവർ രക്ത സാക്ഷികളായി കൊല്ലപ്പെട്ടത്. എന്നാൽ വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ഇല്ല. അതിനാൽ വിശ്വാസി രക്തസാക്ഷിത്വത്തിനുവേണ്ടി ആഗ്രഹിക്കാൻ പാടില്ല. കാരണം 9: 73; 25: 52 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകളോട് അദ്ദിക്ർ കൊണ്ട് ജിഹാദ് ചെയ്യാനാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസികൽപിക്കപ്പെട്ടിരിക്കുന്നത്. ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിന്റെ പുറപ്പാട് നീട്ടുന്നതിനുവേണ്ടി ലോകർക്ക് അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ എത്തിച്ചുകൊടുക്കലും മക്കളെയും പിൻഗാമികളെയുമെല്ലാം പരിചയും മുഹൈമിനുമായ അദ്ദിക്ർ പഠിപ്പിക്കുന്നതുപ്രകാരം റബ്ബാനിയായി നിലകൊള്ളാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കലും അവരുടെ ബാധ്യതയാണ്. ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട ജീവിതരീതിയും പ്രാർത്ഥനാരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 154; 3: 79, 102 വിശദീകരണം നോക്കുക.

171. അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം കൊണ്ടും ഔദാര്യം കൊണ്ടും അവർ ആഹ്ലാദം കൊള്ളുന്നതാകുന്നു, നിശ്ചയം അല്ലാഹു വിശ്വാസികളുടെ പ്രതിഫലം പാഴാക്കിക്കളയുന്നവനുമല്ല.

ആരാണോ ഗ്രന്ഥത്തെ മുറുകെപ്പിടിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്നത്, നിശ്ചയം അത്തരം സുകൃതവാന്മാരുടെ പ്രതിഫലം നാം പാഴാക്കുകയില്ല തന്നെ എന്ന് 7: 170 ലും; അല്ലാഹുവിന്റെ ഔദാര്യം കൊണ്ടും കാരുണ്യം കൊണ്ടും ആഹ്ലാദഭരിതരാവുക, അതാണ് നിങ്ങൾ ഒരുമിച്ചുകൂട്ടുന്നതിനേക്കാളെല്ലാം ഉത്തമമായിട്ടുള്ളത് എന്ന് 10: 58 ലും പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ കാരുണ്യവും ഔദാര്യവും അദ്ദിക്ർ തന്നെയാണ്. വിശ്വാസികൾക്ക് മാത്രമേ അദ്ദിക്ർ കാരുണ്യവും ഔദാര്യവുമാകുന്നുള്ളൂ. 9: 28 ൽ പറഞ്ഞ കപടവിശ്വാസികളും അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ മാലിന്യങ്ങൾക്ക് അദ്ദിക്ർ മാലിന്യവും നഷ്ടവുമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് യഥാക്രമം 9: 125 ലും 17: 82 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക, അഥവാ അദ്ദിക്ർ ഹൃദയത്തിന്റെ ഭാഷയിൽ വിവരിക്കുന്ന സദസ്സിലേക്ക് വിരണ്ടോടുക; ഞാൻ നിങ്ങൾക്ക് അവനിൽ നിന്നുള്ള ഒരു മുന്നറിയിപ്പുകാരൻ മാത്രമാണ് എന്ന് പറയാനാണ് 51: 50 ലൂടെ പ്രവാചകനും വിശ്വാസിയും കൽപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കാഫിറുകൾ സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ ടിക്കറ്റായ അദ്ദിക്റിൽ നിന്ന് വിരണ്ടോടുന്നതാണെന്ന് 74: 49–51 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ടെങ്കിലും ഈ സൂക്തങ്ങളെയെല്ലാം തള്ളിപ്പറഞ്ഞുകൊണ്ട് അവർ അദ്ദിക്ർ വിവരിക്കുന്ന സദസ്സിൽ നിന്ന് വിരണ്ടോടുന്നതാണ്. 2: 38; 3: 74; 22: 78 വിശദീകരണം നോക്കുക.

172. അവർക്ക് പരിക്കേറ്റതിന് ശേഷം അല്ലാഹുവിന്റെയും പ്രവാചകന്റെയും വിളിക്ക് മറുപടി നൽകിയവരാണ് അവർ, അവരിൽ നിന്നുള്ള അല്ലാഹുവിനെ കണ്ടു കൊണ്ട് ചരിക്കുന്നവർക്കും അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്കും മഹത്തായ പ്രതിഫലമുണ്ട്.

173. ആരാണവർ? നിശ്ചയം നിങ്ങൾക്കെതിരിൽ ജനങ്ങൾ സംഘടിച്ചിരിക്കുന്നു, അപ്പോൾ നിങ്ങൾ അവരെ ഭയപ്പെടുക എന്ന് ജനം അവരോട് പറഞ്ഞപ്പോൾ അവരുടെ വിശ്വാസം വർദ്ധിക്കുകയാണുണ്ടായത്; അവർ പറയുകയും ചെയ്

തു: ഞങ്ങൾക്ക് അല്ലാഹു മതി, കാര്യങ്ങൾ ഭരമേൽപ്പിക്കാൻ ഏറ്റവും യോജിച്ചവൻ അവൻ തന്നെയാകുന്നു.

ഉഹ്ദ് യുദ്ധം കഴിഞ്ഞ് മടങ്ങുമ്പോൾ അബൂസുഫ്യാൻ വിളിച്ചുചോദിച്ചു: നിങ്ങളിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ? അബൂബക്കറുണ്ടോ? ഉമറുണ്ടോ? പ്രവാചകന്റെ നിർദ്ദേശമനുസരിച്ച് ആരും മറുപടി നൽകിയില്ല. എന്നാൽ ഉമറുണ്ടോ എന്ന് മൂന്നാം പ്രാവശ്യം ആവർത്തിച്ചപ്പോൾ: ഉണ്ട്, എല്ലാവരുമുണ്ട് എന്ന് ഉമർ മറുപടി നൽകി. അടുത്ത വർഷം ബദ്റിൽ വെച്ച് വീണ്ടും കാണാം എന്ന് പറഞ്ഞുകൊണ്ട് അവർ പിന്തിരിഞ്ഞുപോയി. അപ്പോൾ പ്രവാചകൻ കുറച്ച് ആളുകളോട് അവരെ പിന്തുടരാൻ പറഞ്ഞു. അങ്ങനെ എഴുപതോളം വിശ്വാസികൾ എട്ട് മൈലോളം ദൂരം അവരെ പിന്തുടർന്നു. ഈ വിശ്വാസി സംഘത്തെക്കുറിച്ചാണ് അവർക്ക് പരിക്കേറ്റതിനുശേഷം 'അല്ലാഹുവിന്റെയും പ്രവാചകന്റെയും വിളിക്ക് മറുപടി നൽകിയവരാണ് അവർ' എന്ന് പറഞ്ഞിട്ടുള്ളത്.

അടുത്ത വർഷം (ഹിജ്റ 4-ാം വർഷം) ബദ്റിലേക്ക് യുദ്ധത്തിനുവേണ്ടി പുറപ്പെടാൻ ശത്രുക്കളെ സാഹചര്യം അനുവദിച്ചില്ല. അപ്പോൾ അവർ പ്രചാരകന്മാരെ മദീനയിലേക്കയച്ച്: മക്കയിൽ അബൂസുഫ്യാനും സംഘവും വമ്പിച്ച സൈന്യത്തെ ശേഖരിക്കുന്നുണ്ട്, നിങ്ങൾ ഭയപ്പെടുക എന്ന് പറഞ്ഞുകൊണ്ട് വിശ്വാസികളെ ബദ്റിലേക്ക് പുറപ്പെടുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. എന്നാൽ പ്രവാചകൻ അനുയായികളെ സംഘടിപ്പിച്ച് ബദ്റിലേക്ക് പോവുകയും ഈ വെല്ലുവിളി നേരിടുകയുമുണ്ടായി. 'ഞങ്ങൾക്ക് അല്ലാഹു മതി ഞങ്ങളുടെ കാര്യം നോക്കാൻ' എന്ന് പറഞ്ഞുകൊണ്ട് പ്രവാചകന്റെ കൂടെ പോയവരെക്കുറിച്ചാണ് അവരിൽ നിന്നുള്ള സുകൃതവാന്മാരും ഭക്തന്മാരുമായവർക്ക് മഹത്തായ പ്രതിഫലമുണ്ട് എന്ന് പറഞ്ഞിട്ടുള്ളത്. ഏറ്റവും നല്ലതായ അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളുന്നവരും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും സമാധാനവും ശാന്തിയും നിലനിർത്താനുമുള്ള ഉപകരണവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ലോകർക്ക് എത്തിച്ച് കൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നവരുമാണ് ഇന്ന് സുകൃതവാന്മാരും ഭക്തന്മാരും. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസിയോട് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും 9: 129 ൽ വിവരിച്ച പ്രകാരം 'ഞങ്ങൾക്ക് അല്ലാഹു മതി, നീയല്ലാതെ മറ്റൊരു ഇലാഹുമില്ല, നിന്നിലാണ് ഞങ്ങൾ ഭരമേൽപിച്ചിട്ടുള്ളത്, നീ മഹത്തായ സിംഹാസനത്തിന്റെ ഉടമയാകുന്നു' എന്ന് 7 പ്രാവശ്യം പ്രാർത്ഥിക്കാൻ പഠിപ്പിച്ചിട്ടുണ്ട്. 2: 112, 177; 3: 148; 25: 33-34 വിശദീകരണം നോക്കുക.

174.അപ്പോൾ അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് തിരിച്ചുപോരുകയുണ്ടായി, അവരെ ഒരു തിന്മയും ബാധിച്ചില്ല, അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയുമുണ്ടായി; അല്ലാഹുവോ, മഹത്തായ ഔദാര്യമുടയവനുമാകുന്നു.

ബദ്റിൽ എത്തിയ പ്രവാചകനും അനുയായികളും ശത്രുസൈന്യത്തെ പ്രതീക്ഷിച്ച് എട്ടുദിവസം അവിടെ തങ്ങുകയും കച്ചവടങ്ങൾ നടത്തുകയുമുണ്ടായി. ആ കച്ചവടം മുഖേന ലഭിച്ച ലാഭത്തെക്കുറിച്ചാണ് അല്ലാഹുവിന്റെ ഔദാര്യമെന്ന് ഈ സൂക്തത്തിൽ പറഞ്ഞത്. അവർക്ക് ഒരു സൈന്യത്തെയും നേരിടേണ്ടി വന്നതുമില്ല. അല്ലാഹുവിന്റെ ഈ പരീക്ഷണം അവർ വിജയകരമായി പൂർത്തിയാക്കി. അതാണ് അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയുമുണ്ടായി എന്ന് പറഞ്ഞതിന്റെ താൽപര്യം. 'ഞങ്ങൾക്ക് ഭരമേൽപിക്കാൻ അല്ലാഹു മതി' എന്നാണ് അവർ പറഞ്ഞത്. ഇന്ന് *മുഐമിനായ* ഗ്രന്ഥം രൂപപ്പെട്ടിരി

ക്കെ അതിനെ മുറുകെപ്പിടിച്ചവൻ അല്ലാഹുവിനെ മുറുകെപ്പിടിച്ചവരാകുന്നതിനാൽ അവനെ ഒരു തിന്മയും ബാധിക്കുകയില്ല. 3: 79–80; 16: 89; 98: 7–8 വിശദീകരണം നോക്കുക.

175. നിശ്ചയം അത്, പിശാചാണ് അവന്റെ കൂട്ടുകാരെ ഭയപ്പെടുത്തുന്നത്, അപ്പോൾ നിങ്ങൾ അവരെ ഭയപ്പെടരുത്, നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ എന്നെ ഭയപ്പെടുകയും ചെയ്യുവീൻ.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 8: 48–49; 43: 36–39; 59: 16–17 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റിയവനാണ് ആയിരത്തിൽ ഒന്നായ വിശ്വാസി. അപ്പോൾ വിശ്വാസിയായ ജിന്നുകൂട്ടുകാരൻ അവന്റെ സൂക്ഷിപ്പുകാരനാകുമെന്ന് 86: 4 ൽ പറഞ്ഞിട്ടുണ്ട്. അവൻ പിശാചിനെയും അവന്റെ കൂട്ടാളികളെയും ഭയപ്പെടുകയില്ല. 3: 79–80 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളുന്ന വിശ്വാസി മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും കാർക്കശ്യമായി പെരുമാറുകയും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യുകയുമാണ് വേണ്ടത്. 2: 150; 3: 139; 23: 97–98 വിശദീകരണം നോക്കുക.

176. നിഷേധത്തിൽ ഓടിനടക്കുന്നവരായവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ! നിശ്ചയം അവർ അല്ലാഹുവിന് ഒരു ദ്രോഹവും ചെയ്യുന്നില്ല, എന്നാൽ അവർക്ക് പരലോകത്തിൽ ഒരു വിഹിതവും ഉണ്ടാകരുതെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, അവർക്ക് വമ്പിച്ച ശിക്ഷയുമാണുള്ളത്.

177. നിശ്ചയം വിശ്വാസത്തിന് പകരം നിഷേധം വാങ്ങിയവരുണ്ടല്ലോ, അവർ അല്ലാഹുവിന് ഒരു ദ്രോഹവും ചെയ്യുകയില്ല, അവർക്ക് നോവുന്ന ശിക്ഷയുമാണുള്ളത്.

48: 6 ൽ പറഞ്ഞ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമാണ് വിശ്വാസം രൂപപ്പെടുത്താനുള്ള അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം അതിനെ തള്ളിപ്പറഞ്ഞ് നിഷേധം വിലക്ക് വാങ്ങിയവർ. 3: 187 ൽ ത്രികാലജ്ഞാനിയായ നാഥൻ ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് 'അത് ജനങ്ങൾക്ക് വെളിപ്പെടുത്തണം' എന്ന കരാർ വാങ്ങിയതിനെ വിസ്മരിച്ചുകൊണ്ട് വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി അല്ലാഹുവിനെയും പരലോകത്തെയും നിഷേധിച്ച് ജീവിക്കുന്നവരാണ് ഫുജ്ജാറുകൾ. ഭ്രാന്തന്മാരായ അവർ നിഷ്പക്ഷവാനായ നാഥനെ സേവിക്കുന്നതിന് പകരം പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത് എന്ന് 36: 59–62 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന വിശ്വാസി 9: 28, 95 സൂക്തങ്ങളിൽ പറഞ്ഞ മാലിന്യമായ ഫുജ്ജാറുകളെ അവഗണിക്കുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുകയുമാണ് ചെയ്യുക. 2: 113, 168–169; 3: 144–145; 11: 118–119 വിശദീകരണം നോക്കുക.

178. കാഫിറുകളായവർ, നാം അവർക്ക് സാവകാശം നൽകുന്നത് തങ്ങൾക്ക് ഗുണകരമാണെന്ന് കരുതേണ്ടതുമില്ല, അവർക്ക് സാവകാശം നൽകുന്നത് അവരുടെ പാപഭാരം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ്, അവർക്ക് ഹീനമായ ശിക്ഷയുമാണുള്ളത്.

അല്ലാഹുവിന്റെ 'നിഷ്പക്ഷവാൻ' എന്ന സ്വഭാവത്തെ നിഷേധിക്കുന്ന കപടവിശ്വാസികൾക്ക് ഇഹത്തിൽ ദീർഘായുസ്സും സമ്പത്തും സന്താനങ്ങളും സംഘബലവുമെല്ലാം ധാരാളമായി നൽകിയിട്ടുള്ളത് അവർ അവരവരുടെ കൈകൾ കൊണ്ട് പാപങ്ങൾ കൂടുതൽ കൂടുതൽ സമ്പാദിച്ച് നരകത്തിന്റെ അടിത്തട്ടിലേക്ക് പോകുന്നതിനുവേണ്ടിയാണ്. 3: 7 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകൾ തന്നെയാണ് യഥാർത്ഥ കാഫിറുകളെന്നും അവർക്ക് ഹീനമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ആത്മാവിനെ പരിഗണിക്കാതെ ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുന്ന തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളും വധിക്കപ്പെട്ടവരാണ്. അവരുടെ എല്ലാ പ്രവൃത്തികളും നിഷ്ഫലമാണെന്നും അവരുടെ പ്രവൃത്തികൾക്ക് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക എന്നും 9: 53–55, 67–68; 25: 33–34, 65–66 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 7; 2: 96, 254, 286; 3: 116; 17: 64 വിശദീകരണം നോക്കുക.

179. പരിശുദ്ധന്മാരിൽ നിന്ന് മ്ലേച്ഛന്മാരെ വേർതിരിക്കുന്നതുവരെ വിശ്വാസികളായ നിങ്ങളെ ഇപ്പോഴുള്ള അവസ്ഥയിൽ നിലകൊള്ളാൻ വിടുക എന്നത് അല്ലാഹുവിന് യോജിച്ചതല്ല, നിങ്ങൾക്ക് അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുക എന്നത് അല്ലാഹുവിന്റെ രീതിയുമല്ല, എന്നാൽ നിശ്ചയം അവൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അവന്റെ പ്രവാചകന്മാരെ തെരഞ്ഞെടുക്കുന്നു, അപ്പോൾ നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസിക്കുവീൻ, നിങ്ങൾ വിശ്വസിക്കുകയും നിങ്ങൾ സൂക്ഷ്മാലുക്കളാവുകയുമാണെങ്കിൽ അപ്പോൾ നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്.

നിങ്ങളിൽ ആരാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ഏറ്റവും ഭംഗിയായി പ്രവർത്തിക്കുന്നത് എന്ന്, അഥവാ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ പ്രവർത്തിക്കുന്നത് എന്ന് പരീക്ഷിക്കാനാണ് മരണവും ജനനവും നിശ്ചയിച്ചതെന്ന് 67: 2 ൽ പറഞ്ഞിട്ടുണ്ട്. 11: 7; 18: 7 സൂക്തങ്ങളും സമാന ആശയമുള്ളവയാണ്. പരിശുദ്ധന്മാരായ വിശ്വാസികളെയും മ്ലേച്ഛന്മാരായ കപടവിശ്വാസികളെയും വേർതിരിച്ചെടുക്കാനാണ് ലോകത്ത് നടക്കുന്ന എല്ലാ സംഭവങ്ങളും ത്രികാലജ്ഞാനിയായ അല്ലാഹു സംഭവിപ്പിക്കുന്നത്. അജയ്യവും ഉൾക്കാഴ്ചാദായകവുമായ അദ്ദിക്ർ പൂർത്തിയായിരിക്കെ ഇക്കാലത്ത് പരിശുദ്ധന്മാരെയും മ്ലേച്ഛന്മാരെയും വേർതിരിക്കുന്നത് സത്യാസത്യവിവേചന മാനദണ്ഡമായ (*ഫുർഖാനായ*) അദ്ദിക്ർ ഉപയോഗപ്പെടുത്തിയാണ്. അല്ലാഹുവിനെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടുമുള്ള വിശ്വാസം രൂപപ്പെടുത്തലും 6236 സൂക്തങ്ങൾ ഉൾക്കൊള്ളുന്ന അതുകൊണ്ട് തന്നെയാണ്. ലോകത്തിന്റെ ആയുസ്സ് നീട്ടാനുള്ള ഉപകരണവും ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിച്ച് കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളും ഹൃദയത്തിൽ സംശയമാകുന്ന രോഗമുള്ള അനുയായികളുമടങ്ങിയ കാഫിറുകളെ ശിക്ഷിക്കുന്നതിനുവേണ്ടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതാണ്. 2: 62 ൽ വിവരിച്ച പ്രകാരം വിചാരണയില്ലാതെ സ്വർഗത്തിലേക്ക് പോകുന്ന അവസാനത്തെ വ്യക്തിയും സ്വർഗത്തിലേക്ക് തിരിച്ചുപോയാൽ ഭൂമി തിരിച്ച് കറങ്ങുന്നതും മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതുമാണ്. കപടവിശ്വാസികളും അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ കൃഷിക്കും മഴക്കും വേണ്ടി മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പരസ്ത്രീ പരപുരുഷബന്ധം ലക്ഷ്യം വെച്ച് ജീവിക്കുന്ന അവർ സുന്ദ

രീസുന്ദരന്മാരുടെ ക്ലോണിംഗ് കോപ്പികൾക്കുവേണ്ടി പിന്നീട് റബ്ബായിത്തന്നെയും സ്വീകരിക്കുന്നതാണ്. ഈസാ രണ്ടാമതുവന്ന് അവനെ വധിക്കുന്നതോടെ അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽപെട്ട ഇതര ജനവിഭാഗങ്ങൾ 8: 22 ലും 98: 6 ലും പറഞ്ഞ ഭ്രാന്തന്മാരും മ്ലേച്ഛന്മാരുമായ ദുഷ്ടജീവികളെ വധിച്ചുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതാണ്. 43: 60–61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസായുടെ ഭരണകാലത്ത് മനുഷ്യർ ലൈംഗികബന്ധമില്ലാതെ മലക്കുകളുടെ ജീവിതം നയിക്കുന്നതാണ്. 2: 3–4, 136, 213; 9: 95 വിശദീകരണം നോക്കുക.

180.തന്റെ അനുഗ്രഹങ്ങളിൽ നിന്ന് അല്ലാഹു തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ പിശുക്ക് കാണിച്ചുകൊണ്ടിരിക്കുന്നവരായവർ അത് അവർക്ക് ഗുണപ്രദമാണെന്ന് കരുതേണ്ടതുമില്ല; അല്ല, അത് അവർക്ക് ദോഷം തന്നെയാകുന്നു, അവർ പിശുക്കി തങ്കരിച്ച് വെച്ചതായ ഒന്നുകൊണ്ട് അവർ അന്ത്യനാളിൽ കഴുത്തിൽ വളയമിട്ട് കൊടുക്കപ്പെടുക തന്നെ ചെയ്യും, ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിന് മാത്രമാകുന്നു, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയുമാകുന്നു.

ജനിച്ചപ്പോൾ കൂടെ കൊണ്ടുവരാത്തതും മരിക്കുമ്പോൾ കൂടെ കൊണ്ടുപോകാത്തതുമായ സ്രഷ്ടാവ് നൽകിയ എല്ലാ അനുഗ്രഹങ്ങളും അവന്റെ ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ വിനിയോഗിച്ച് സ്വർഗം നേടലാണ് ജീവിത ലക്ഷ്യം. വിധിദിവസം എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും എന്ന 102: 8 ഉം; *നിങ്ങളിൽ ഏറ്റവും ഉത്തമൻ നാഥന്റെ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതും ഉൾക്കൊണ്ട് അത് പഠിക്കാനും പ്രചരിപ്പിക്കാനുമാണ് വിശ്വാസികൾ അവരുടെ സമ്പത്ത്, സമയം, സ്വാധീനം, കാഴ്ച, കേൾവി തുടങ്ങി എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തുക. അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നതിൽ പിശുക്ക് കാണിക്കുന്നവരുണ്ട്, ആരെങ്കിലും പിശുക്ക് കാണിക്കുകയാണെങ്കിൽ നിങ്ങളുടെ സ്ഥാനത്ത് മറ്റൊരു ജനതയെ കൊണ്ടുവരുമെന്നും അവർ നിങ്ങളെപ്പോലെ ആവുകയില്ലെന്നും 47: 38 ലും; സ്വയം പിശുക്ക് കാണിക്കുകയും മറ്റുള്ളവരെ പിശുക്കിനുവേണ്ടി കൽപിക്കുകയും അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ മൂടിവെക്കുകയും ചെയ്യുന്ന കാഫിറുകൾക്ക് അതിനിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്ന് 4: 37 ലും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഒരേ വിഭാഗത്തിൽ പെട്ടവരാണ്, അവർ സൃഷ്ടികൾ എഴുതിയുണ്ടാക്കിയ മിഥ്യാഗ്രന്ഥങ്ങൾ കൊണ്ട് കൽപിക്കുന്നവരും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെത്തൊട്ട് തടയുന്നവരും തങ്ങളുടെ കൈകൾ ചുരുട്ടുന്നവരും (പിശുക്ക് കാണിക്കുന്നവരും) അല്ലാഹുവിനെ മറന്നവരും അല്ലാഹുവിനാൽ വിസ്മരിക്കപ്പെട്ട തെമ്മാടികളുമാണെന്നും അവർക്കും കുഫ്ഫാറുകൾക്കും നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുണ്ടെന്നും 9: 67–68 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം, പണ്ഡിത പുരോഹിതന്മാരിൽ അധികവും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകയും അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നതാണ്, അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കാതെ തങ്കരിച്ച് വെക്കുന്നവരെ വിധിദിവസം ആ ധനം നരകത്തീയിൽ ചുട്ടുപഴുപ്പിച്ച് മുഖങ്ങളിലും പാർശ്വങ്ങളിലും മുതുകുകളിലും പൊള്ളിപ്പിക്കുന്നതാണെന്നും നിങ്ങൾ നിങ്ങൾക്കുവേണ്ടി തങ്കരിച്ചുവെച്ചിരുന്നത് നിങ്ങൾ രുചിച്ചുകൊള്ളുക എന്ന് പറയപ്പെടുന്നതാണെന്നും 9: 34–35 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 19: 80; 28: 58; 57: 10 തുടങ്ങിയ സൂക്തങ്ങളിൽ ആകാശ

ഭൂമികളുടെ അനന്തരാവകാശം പ്രപഞ്ചനാഥനായ അല്ലാഹുവിനാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 44, 159-161, 168-169; 3: 28; 23: 51-53; 54: 25 വിശദീകരണം നോക്കുക.

181.നിശ്ചയം, അല്ലാഹു ദരിദ്രനും ഞങ്ങൾ ധനികരുമാണെന്ന് പറഞ്ഞവരുടെ വാക്കുകൾ അല്ലാഹു കേട്ടുകഴിഞ്ഞിരിക്കുന്നു; അവർ പറയുന്ന എല്ലാ ഒന്നും നാം രേഖപ്പെടുത്തുക തന്നെ ചെയ്യും, -അവർ അന്യായമായി നബിമാരെ വധിച്ചതും; നാം അവരോട് നിങ്ങൾ കരിക്കുന്ന നരകശിക്ഷ രുചിച്ചുകൊള്ളുക എന്ന് പറയുന്നതുമാണ്.

182.അത് നിങ്ങളുടെ തന്നെ കരങ്ങൾ മുൻകൂട്ടി ഒരുക്കിവെച്ചതാകുന്നു, നിശ്ചയം അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുന്നവനുമല്ല.

അല്ലാഹുവിന്റെ മാർഗത്തിൽ പണം ചെലവഴിക്കുക വഴി നല്ലനിലക്ക് അല്ലാഹുവിന് കടം കൊടുക്കുന്നവർ ആരുണ്ട് എന്ന് 2: 245; 57: 11; 64: 17 സൂക്തങ്ങളിലും അല്ലാഹു ചോദിക്കുന്നതിനെ പരിഹസിച്ചുകൊണ്ട് പ്രവാചകന്റെ കാലത്തുള്ള ജൂതർ 'അല്ലാഹു ദരിദ്രനും ഞങ്ങൾ ധനികരുമായിരിക്കുന്നു' എന്ന് പറഞ്ഞിരുന്നു. ഇന്ന് ഇത്തരം സ്വഭാവങ്ങളുള്ളത് ലോകരിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരാണ് എന്നും അവരുടെ മേലാണ് അല്ലാഹുവിന്റെ കോപവും ശാപവുമുള്ളതെന്നും അവർക്കാണ് ദുഷിച്ച പരിണിതിയുള്ളതെന്നും അവർക്ക് നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുണ്ടെന്നും 48: 6 ൽ അവർ തന്നെയാണ് വായിച്ചിട്ടുള്ളത്. 36: 47 ൽ, കാഫിറുകളുടെ ഈ സ്വഭാവം വരച്ചുകാണിച്ചിട്ടുണ്ട്. ജൂതന്മാരായവർ പറഞ്ഞു: അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ അവരുടെ കൈകളാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്, അല്ലാഹുവിന്റെ രണ്ട് കൈകളും വിശാലമാണ്, അവൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ അങ്ങിനെ ചെലവ് ചെയ്യുന്നു എന്ന് 5: 64 ൽ പറഞ്ഞിട്ടുണ്ട്. 35: 15-17 സൂക്തങ്ങളിൽ, ഓ മനുഷ്യരേ! നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ ദരിദ്രരാണ്; അല്ലാഹു മാത്രമാണ് ഐശ്വര്യവാനും പ്രമാണിയും സ്വയം സ്തുത്യർഹനും. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങൾക്കുപകരം മറ്റൊരു ജനതയെ കൊണ്ടുവരുന്നതാണ്, അവൻ അതിനെല്ലാം കഴിവുള്ളവൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. ജൂതന്മാർ നബിമാരിൽ നിന്നുള്ള പലരെയും വധിച്ചിട്ടുണ്ടെങ്കിലും പ്രവാചകന്മാർക്ക് നാഥനിൽ നിന്നുള്ള മുഹൈമിനായ ഗ്രന്ഥം ലഭിച്ചിരുന്നതിനാൽ പ്രവാചകന്മാരിൽ നിന്നുള്ള ആരെയും വധിക്കാൻ സാധിച്ചിട്ടില്ല. അദ്ദിക്റിനെ അവഗണിച്ച് കള്ളവാദികളെ പിൻപറ്റുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് 3: 21-22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരെയും നബിമാരെയും കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്നവരാണ്. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന കപടവിശ്വാസികൾ പ്രവാചകനെ മനസ്സുകൊണ്ട് അംഗീകരിക്കാത്തവരും പ്രവാചകനെ പഴിക്കുന്നവരും പ്രവാചകന്റെ അഭാവത്തിൽ പ്രവാചകനെതിരായി ഗൂഢാലോചന നടത്തുന്നവരുമാണെന്ന് 58: 8-10; 63: 1-5 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നരകം അല്ലെങ്കിൽ സ്വർഗം ഓരോരുത്തരും നാലാം ഘട്ടമായ ഇവിടെ വെച്ച് സമ്പാദിക്കുന്നതാണ് എന്ന് ഈ സൂക്തങ്ങളെല്ലാം പഠിപ്പിക്കുന്നു. എന്നാൽ ലക്ഷ്യബോധം നഷ്ടപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള അവരുടെ വിധി അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടി

കയിലേക്ക് മാറ്റാത്തതിനാൽ 2: 286 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠം സമ്പാദിക്കുന്നവരാണ്. അത് അവർ ലക്ഷ്യം വെച്ച് സമ്പാദിക്കുന്നതല്ലെങ്കിലും ശരി.

8: 50 ൽ, കപടവിശ്വാസികളായ കാഫിറുകൾ മരിക്കുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ! അപ്പോൾ മലക്കുകൾ അവരുടെ മുതുകുകളിലും പിരടികളിലും അടിക്കുന്നതാണ്, നിങ്ങൾ കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്യും എന്നും; 8: 51 ൽ, അത് നിങ്ങളുടെ തന്നെ കരങ്ങൾ മുൻകൂട്ടി ഒരുക്കിവെച്ചതാണ്, നിശ്ചയം അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുന്നവനല്ല തന്നെ എന്നും പറഞ്ഞിട്ടുണ്ട്. 22: 8–9 സൂക്തങ്ങളിൽ, യഥാർത്ഥ ജ്ഞാനവും സന്മാർഗവും വെളിച്ചം നൽകുന്ന ഗ്രന്ഥവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ മനുഷ്യരിലുണ്ട്. അവർ ജനങ്ങളെ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് പിഴപ്പിക്കുന്നതിനു വേണ്ടി പിരടി ഒരു ഭാഗത്തേക്ക് ചെരിച്ചുകൊണ്ട് (പക്ഷം ചേർന്നുകൊണ്ട്) നടക്കുന്നവരാണ്, അവന് ഇഹത്തിൽ നിന്ദ്യതയാണുള്ളത്, വിധിദിവസം നാം അവനെ കരിക്കുന്ന ശിക്ഷ രുചിപ്പിക്കുന്നതുമാണ് എന്നും; 22: 10 ൽ, അത് നിന്റെ കൈകൾ നിനക്കുവേണ്ടി ഒരുക്കിവെച്ചതാണ്, നിശ്ചയം അല്ലാഹു അവന്റെ അടിമകളോട് അൽപം പോലും അനീതി കാണിക്കുന്നവനല്ല എന്നും പറഞ്ഞിട്ടുണ്ട്. 41: 46 ൽ, ആരാണോ സൽകർമ്മങ്ങൾ ചെയ്യുന്നത്, അതിന്റെ ഗുണവും ആരാണോ ദുഷ്കർമ്മങ്ങൾ ചെയ്യുന്നത് അതിന്റെ ദോഷവും ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആ ആത്മാവിന് തന്നെയാണ്; നിന്റെ നാഥൻ അവന്റെ അടിമകളോട് ഒട്ടും അനീതി കാണിക്കുന്നവനല്ല എന്നും പറഞ്ഞിട്ടുണ്ട്. 2: 6–7, 94–95; 3: 90–91; 9: 28; 80–82;125 വിശദീകരണം നോക്കുക.

183.നിശ്ചയം, തീ വന്ന് കരിക്കുന്ന ഒരു ബലി നമ്മിലേക്ക് കൊണ്ടുവരുന്നതുവരെ ഒരു പ്രവാചകനിലും നാം വിശ്വസിക്കുകയില്ല എന്ന് അല്ലാഹു നമ്മോട് ഉടമ്പടി ചെയ്തിട്ടുണ്ട് എന്നു പറയുന്നവരോട് നീ ചോദിക്കുക: എനിക്കുമുമ്പ് സുവ്യക്തങ്ങളായ തെളിവുകളോടുകൂടിയും നിങ്ങൾ ചോദിച്ചുകൊണ്ടിരുന്നതുകൊണ്ടും പ്രവാചകന്മാർ നിങ്ങളിലേക്ക് വന്നിട്ടുണ്ട്, അപ്പോൾ നിങ്ങൾ അവരെ വധിച്ചുകളഞ്ഞത് എന്തുകൊണ്ടാണ് -നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ?

പൂർവ്വിക സമുദായങ്ങളിൽ ബലി സ്വീകരിക്കപ്പെടുന്നതിന്റെ ലക്ഷണമായി അദൃശ്യമായ നിലയിൽ തീ വന്ന് അത് കരിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ആദം സന്താനങ്ങളായ ഹാബീലും ഖാബീലും ബലിയർപ്പിച്ചപ്പോൾ അദൃശ്യമായ തീ വന്ന് കരിച്ചിട്ടാണ് ബലി സ്വീകരിച്ചതും സ്വീകരിക്കാത്തതും തിരിച്ചറിഞ്ഞത്. (5: 27 നോക്കുക.) ഇസ്റാഈൽ സന്തതികളിലേക്ക് നിയോഗിക്കപ്പെട്ട ഇൽയാസ് നബി 'ബഅ്ൽ' ദേവിയെ പൂജിച്ചിരുന്ന പൂജാരിമാരോട് പറഞ്ഞു: യഹോവയുടെ പ്രവാചകനായി ഞാൻ മാത്രമേ ശേഷിച്ചിരിപ്പുള്ളൂ. ബഅ്ലിന്റെ പ്രവാചകന്മാരാകട്ടെ നാന്നൂറ്റിയമ്പത് പേരുണ്ട്, ഞങ്ങൾക്ക് രണ്ട് കാളകളെ തരിക, ഒന്നിനെ നിങ്ങൾ അറുത്ത് കഷ്ണം കഷ്ണമായി മുറിച്ച് തീയിടാതെ വിറകിന്മേൽ വെക്കുക, മറ്റേ കാളയെ ഞാനും ഒരുക്കി തീയിടാതെ വിറകിന്മേൽ വെക്കാം. നിങ്ങൾ നിങ്ങളുടെ ദേവനെ വിളിച്ച് അപേക്ഷിക്കുവീൻ, ഞാൻ യഹോവയുടെ നാമത്തിലും വിളിച്ച് അപേക്ഷിക്കാം, തീ കൊണ്ട് ഉത്തരം നൽകുന്നത് ദൈവമായിരിക്കട്ടെ! അങ്ങനെ രണ്ടുകൂട്ടരും സമ്മതിച്ചു. ഇൽയാസ് നബി ബലിയർപ്പിച്ച കാളയെയാണ് അദൃശ്യമായ തീ വന്ന് തിന്നത്. എന്നാൽ 'ബഅ്ൽ' പൂജകയായ ഇസ്റാഈൽ രാജ്ഞി ഇൽയാസ് നബിയുടെ ശത്രുവാകുകയും അവളുടെ ആവശ്യപ്രകാരം ഇൽയാസിനെ വധിക്കാനായി അവളുടെ

ഭർത്താവ് പുറപ്പെടുകയും ചെയ്തു. തദവസരം ദൈവകൽപനയുണ്ടായി: നീ പുറപ്പെട്ട് ദ മ്മേശക്കിന്റെ മരുഭൂമി വഴി മടങ്ങിപ്പോവുക! (പഴയ നിയമം-രാജാക്കന്മാർ: 18-19 എന്നീ അധ്യായങ്ങൾ നോക്കുക). ഈ സംഭവത്തെ മുൻനിർത്തിയാണ് മദീനയിൽ പ്രവാചകന്റെ മുമ്പിലുള്ള ജൂതരോട് അല്ലാഹു ചോദിക്കുന്നത്: സത്യത്തിന്റെ ശത്രുക്കളേ, നിങ്ങൾ എ ന്തിനാണ് ദിവ്യാത്ഭുതം ആവശ്യപ്പെടുന്നത്? അല്ലാഹുവിന്റെ വേണ്ടുകയോടുകൂടി ദിവ്യാ ത്ഭുതം പ്രത്യക്ഷപ്പെടുത്തിയ നബിമാരെപ്പോലും നിങ്ങൾ വധിച്ചിട്ടുണ്ടല്ലോ? സുവ്യക്ത മായ തെളിവുകൾ കൊണ്ടുദ്ദേശിക്കുന്നത് വേദവും വ്യത്യസ്തമായ ദിവ്യാത്ഭുതങ്ങളുമാ ണ്. എന്നാൽ ഇന്നത്തെ ജൂതരോ ക്രൈസ്തവരോ ഇതൊന്നും ആവശ്യപ്പെടുന്നില്ല. അ വരുടെ ഈ സ്വഭാവങ്ങളെല്ലാം ഇന്നുള്ളത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറു കൾക്കാണ്. *നിങ്ങൾ ചാണിന് ചാണായും മുഴത്തിന് മുഴമായും ജൂത-ക്രൈസ്തവരെ പിൻപറ്റുക തന്നെ ചെയ്യും, എത്രത്തോളമെന്നാൽ അവർ ഒരു ഉടുമ്പിന്റെ മാളത്തിലാണ് പ്രവേശിക്കുന്നതെങ്കിൽ അതിൽ പ്രവേശിക്കാൻ നിങ്ങളും പരിശ്രമിക്കുന്നതാണ്* എന്നും, അവസാനകാലത്ത് അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കാത്തവരെല്ലാം തന്നെ വഴികേടിലാ യിരിക്കുമെന്നും അന്നുതന്നെ പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 61; 3: 112; 8: 22; 10: 103 വിശദീകരണം നോക്കുക.

184.അപ്പോൾ നിന്നെ അവർ കളവാക്കി തള്ളിപ്പറയുന്നുവെങ്കിൽ, നിശ്ചയം നിന ക്കുമുമ്പ് വ്യക്തമായ തെളിവുകളും ഏടുകളും വെളിച്ചം നൽകുന്ന ഗ്രന്ഥവും കൊണ്ടുവന്നിട്ടുള്ള പ്രവാചകന്മാരും കളവാക്കി തള്ളിപ്പറയപ്പെട്ടിട്ടുണ്ട്.

35: 25 ഇതേ ആശയത്തിലുള്ള സൂക്തമാണ്. മുൻ പ്രവാചകന്മാരുടെ കാലഘട്ടങ്ങളി ലെ കപടവിശ്വാസികളും അനുയായികളുമടങ്ങിയ കാഫിറുകളുടെ സ്വഭാവമാണ് ഇവിടെ ചിത്രീകരിക്കുന്നത്. സബൂറിന്റെ ബഹുവചനമാണ് സുബുർ (ഏടുകൾ) എന്ന പദം. ഈ സൂക്തത്തിൽ പറഞ്ഞ തെളിവുകളും ഏടുകളും വെളിച്ചം നൽകുന്ന ഗ്രന്ഥവും കൊണ്ട് ഉ ദ്ദേശിക്കുന്നത് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ തന്നെയാണ്. അ ദ്ദിക്ർ പ്രകാശമാണെന്ന് 4: 174; 5: 15; 7: 157; 64: 8; 66: 8 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പ റഞ്ഞിട്ടുണ്ട്. ഒറ്റ ഗ്രന്ഥം (അൽകിതാബ്) മാത്രമേ ഭൂമിയിലേക്ക് ഇറക്കിയിട്ടുള്ളൂ. അതി ന്റെ ശരീരം വിവിധ ഭാഷകളിലാണെങ്കിൽ ആത്മാവ് (ആശയം) ഒന്നുതന്നെയാണ്. നി ശ്ചയം അദ്ദിക്ർ പൂർവ്വിക ഏടുകളിൽ ഉണ്ട് എന്ന് 26: 196 ൽ പറഞ്ഞിട്ടുണ്ട്. അതു തന്നെ യാണ് 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ളതെന്നും അത് അവതരിപ്പിക്കപ്പെട്ടത് അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ നിങ്ങൾ അവനെ മാ ത്രം സേവിക്കുക എന്നും പഠിപ്പിക്കുന്നതിനുവേണ്ടിയാണ് എന്ന് 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 2 ൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെയെല്ലാം ഏറ്റവും നല്ല വിശദീക രണങ്ങളും അടങ്ങിയിട്ടുണ്ടെന്നും അത് 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാ ത്തുസൂക്ഷിക്കുന്നതുമാണ് എന്നും 5: 48; 41: 43 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായ അദ്ദിക്റിന്റെ 40 പേരുകളും തള്ളിപ്പ റഞ്ഞുകൊണ്ട് അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്ന ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും 6: 115-116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠ ത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണ്. 2: 185, 285; 3: 60-61 വിശദീകരണം നോക്കുക.

185.എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുക തന്നെ ചെയ്യും! നിശ്ചയം നി ങ്ങളുടെ കർമ്മഫലം അന്ത്യനാളിൽ പരിപൂർണ്ണമായി നൽകപ്പെടുകയും ചെ

യ്യുന്നതുമാണ്, അപ്പോൾ ആരാണോ അവനെ നരകത്തെത്തൊട്ട് തടയുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തത്, അപ്പോൾ അവൻ വിജയിച്ചു; ഈ ഐഹികജീവിതമാകട്ടെ വഞ്ചനാത്മകമായ ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല.

എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുമെന്ന സൂക്തഭാഗം ഗ്രന്ഥത്തിൽ ഇവിടെക്കൂടാതെ 21: 35 ലും 29: 57 ലും വന്നിട്ടുണ്ട്. 28: 88 ൽ, അല്ലാഹുവല്ലാത്ത എല്ലാ വസ്തുക്കളും നശിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാം നശിക്കുന്നതാണ്. എല്ലാ ജീവികൾക്കും ആത്മാവ് പ്രപഞ്ചനാഥന്റേതുതന്നെയാണ്. എല്ലാ ജീവികളും ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യുകയും വാഴ്ത്തുകയും ചെയ്യുന്നുണ്ടെന്ന് 17: 44: 24: 41 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ ജീവികളിൽ നിന്നും മനുഷ്യനുള്ള പ്രത്യേകത മനുഷ്യന് വിശേഷബുദ്ധി നൽകപ്പെട്ടിട്ടുണ്ട് എന്നതാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളേയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക.

അതുകൊണ്ട് സ്വർഗത്തിലേക്കുള്ള ടിക്കറ്റും നരകത്തെത്തൊട്ട് കാത്തുസൂക്ഷിക്കുന്നമുഹൈമിനുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം സ്വന്തത്തെ നരകത്തെത്തൊട്ട് തടയുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണ്ടത് ഓരോ ആത്മാവിന്റേയും ബാധ്യതയാണ്. വിശ്വാസികൾക്ക് പരലോകത്താണ് സ്വർഗം, ഇഹലോകം അവർക്ക് നരകതുല്യമാണ്. എന്നാൽ നിഷ്പക്ഷവാനെ നിഷേധിക്കുന്നവർക്ക് ഇഹലോകം സ്വർഗവും മരണത്തോടുകൂടി നരകവുമാണ്. 13: 26 ൽ, ഈ ഐഹിക ജീവിതം പരലോകത്തെ അപേക്ഷിച്ച് ഒരു സദ്യയല്ലാതെ മറ്റൊന്നുമല്ല എന്ന് പറഞ്ഞിട്ടുണ്ട്. 57: 20 അവസാനിക്കുന്നതും 'ഐഹിക ജീവിതമാകട്ടെ വഞ്ചനാത്മകമായ ഒരു വിഭവമല്ലാതെ അല്ല' എന്ന് പറഞ്ഞുകൊണ്ടാണ്. 35: 5 ൽ, ഓ മനുഷ്യരേ! നിശ്ചയം അല്ലാഹുവിന്റെ വാഗ്ദത്തം സത്യം തന്നെയാണ്, അപ്പോൾ ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, അല്ലാഹുവിന്റെ കാര്യത്തിൽ ആ മഹാവഞ്ചകനായ പിശാചും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്ത ഏതൊരു ഫുജ്ജാറും മരണസമയത്ത് ആത്മാവിനെതിരെ 'നിശ്ചയം ഞാൻ കാഫിറായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ് എന്ന് 7: 37 ലും; നാഥൻ അവനോട് 'അല്ല നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. 2: 213; 3: 30; 14: 28–30 വിശദീകരണം നോക്കുക.

186.നിങ്ങളുടെ ധനത്തിലും നിങ്ങളുടെ സ്വന്തത്തിലും നിങ്ങൾ പരീക്ഷിക്കപ്പെടുകതന്നെ ചെയ്യും, നിങ്ങൾക്കുമുമ്പ് വേദം നൽകപ്പെട്ടവരായവരിൽ നിന്നും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരായവരിൽ നിന്നും ഉപദ്രവകരമായ അനേകം വാക്കുകൾ നിങ്ങൾ കേൾക്കുക തന്നെ ചെയ്യും, എന്നാൽ നിങ്ങൾ ക്ഷമ കൈകൊള്ളുകയും നിങ്ങൾ സൂക്ഷ്മത പാലിക്കുകയും ചെയ്യുകയാണെങ്കിൽ, അപ്പോൾ നിശ്ചയം അതുതന്നെയാണ് നിശ്ചയദാർഢ്യത്തിന്റെ മാർഗത്തിൽ പെട്ടത്.

സൂക്തം അവതരിച്ച കാലത്ത് വേദവാഹകർ ജൂത-ക്രൈസ്തവരും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ മക്കാമുശ്രിക്കുകളുമായിരുന്നു, എന്നാൽ ഇന്ന് വേദം 3: 58 ൽ പറഞ്ഞ തത്വനിർഭരമായ അദ്ദിക്ർ ആയതിനാൽ വേദവാഹകർ എന്നതിൽ പെടുക അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ പിൻപറ്റുന്ന അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. മനുഷ്യരിൽ നിന്ന് നരകക്കുണ്ഠത്തിലെ വിറകുകളായ, കരയിലെ ദുഷ്ടജീവികളായ ഇക്കൂട്ടരെ ശിക്ഷിക്കാൻ വേണ്ടിയാണ് അമാനത്തായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72-73; 48: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 42: 43 ൽ, ആരെങ്കിലും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുകയാണെങ്കിൽ നിശ്ചയം അതുതന്നെയാണ് നിശ്ചയദാർഢ്യത്തിന്റെ മാർഗത്തിൽ പെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് നീ നമസ്കാരം നിലനിർത്തുക, നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക, അതിന്റെ പേരിൽ വരുന്ന എതിർപ്പുകൾ ക്ഷമിക്കുകയും ചെയ്യുക, അതുതന്നെയാണ് നിശ്ചയദാർഢ്യത്തിന്റെ മാർഗത്തിൽ പെട്ടത് എന്ന് പറഞ്ഞതായി 31: 17 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്ന വിശ്വാസിക്ക് ഒരു ഉപദ്രവവും വരുത്താൻ ആർക്കും സാധ്യമല്ല തന്നെ. 3: 101-102 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 7; 2: 155-157; 3: 111-112 വിശദീകരണം നോക്കുക.

187.വേദം നൽകപ്പെട്ടവരായവരോട് അല്ലാഹു വാങ്ങിയ പ്രതിജ്ഞകൾ ഓർക്കേണ്ടതുമാണ്, നിങ്ങൾ അത് മനുഷ്യർക്ക് വെളിവാക്കുക തന്നെ വേണം, നിങ്ങൾ അതിനെ മൂടിവെക്കുകയുമരുത്, എന്നാൽ അവർ അതിനെ അവരുടെ പിറകോട്ട് വലിച്ചെറിയുകയും അതുകൊണ്ട് കുറഞ്ഞ വില വാങ്ങുകയും ചെയ്തു, അപ്പോൾ എത്ര മോശമായ വിലയാണ് അവർ വാങ്ങിക്കൊണ്ടിരിക്കുന്നത്!

ഇന്ന് വേദം ത്രികാലജ്ഞാനിയിൽ നിന്നുള്ള ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ മാത്രമാണ്. മനുഷ്യർക്ക് മൊത്തം സന്മാർഗമായ, ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ജനങ്ങൾക്ക് വ്യക്തമായി വിശദീകരിച്ച് കൊടുക്കണമെന്നും മൂടിവെക്കരുതെന്നും അല്ലാഹു അതിന്റെ വാഹകരായ പ്രവാചകന്റെ ജനതയിൽ നിന്ന് പ്രതിജ്ഞ വാങ്ങിയിട്ടുണ്ട് എന്നാണ് പറയുന്നത്. എന്നാൽ അവർ ഇന്ന് അദ്ദിക്റിനെ അവഗണിച്ച് അത് മനസ്സിലാക്കാനോ പഠിപ്പിക്കാനോ ലോകരിലേക്ക് എത്തിക്കാനോ ശ്രമിക്കാതെ ദീനിൽ നിന്ന് കൊമ്പും പിടിച്ചുപോയ കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്.

313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ട നാഥന്റെ ഗ്രന്ഥം അദ്ദിക്ർ തന്നെയാണ്. അവയുടെയെല്ലാം ശരീരം വിവിധ പേരുകളിൽ അറിയപ്പെടുന്നു. 16: 44 ൽ പറഞ്ഞ പ്രകാരം പ്രവാചകൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിന്റെ ശരീരം അറബി ഖുർആനാണ്. ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളും ഖുർആൻ തന്നെയായിരുന്നു എന്ന് 15: 90-91 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വ്യക്തവും സ്പഷ്ടവുമായ വായന ത്രികാലജ്ഞാന

മായ അദ്ദിക്റാണ്. ഇന്ന് 25: 33 ൽ പറഞ്ഞ വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിന്റെ 40 പേരുകളും മൂടിവെച്ച അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ പട്ടിക നരകക്കുണ്ഠത്തിലെ സിജ്ജീനിലാണെന്ന് 83: 7 ൽ അവർ വായിച്ചിട്ടുണ്ട്. 8: 48 ൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലുള്ള തന്റെ പട്ടിക 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീനിലേക്ക് മാറ്റുന്നവനാണ് അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി. 3: 7 –10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളാണ്. 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ ഗ്രന്ഥത്തെത്തൊട്ട് അവരെയും മറ്റുള്ളവരെയും തടയുക വഴി അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല എന്ന് 6: 26 ൽ അവർ വായിച്ചിട്ടുണ്ട്. ആത്മാവിനെ ശുദ്ധീകരിക്കാതെ നാഥനെ വിസ്മരിച്ച് ജീവിക്കുന്ന ഇക്കൂട്ടർ 10: 60 ൽ വിവരിച്ച പ്രകാരം അവരുടെ മരണസമയത്തും വിധിദിവസവും അവരുടെ ആത്മാവിനെതിരെ നിശ്ചയം ഞങ്ങൾ കാഫിറുകളും അക്രമികളുമായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 2: 79, 174–176; 3: 81 വിശദീകരണം നോക്കുക.

188.തങ്ങൾക്ക് നൽകപ്പെട്ടതിൽ ആഹ്ലാദിച്ചുകൊണ്ടിരിക്കുന്നവരായവർ കണക്ക് കൂട്ടേണ്ടതില്ല –തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കാത്തതിന്റെ പേരിൽ സ്തുതിക്കപ്പെടണമെന്ന് മോഹിക്കുന്നവരുമാണവർ, അപ്പോൾ ശിക്ഷയിൽ നിന്ന് മോചനം ലഭിക്കുമെന്ന് അവർ കണക്ക് കൂട്ടേണ്ടതില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെച്ചവർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത് എന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകളിലെ വിവിധ വിഭാഗങ്ങൾ ഓരോരുത്തരും അവരുടെ പക്കലുള്ളതിൽ ആഹ്ലാദിച്ച് ഉല്ലസിക്കുന്നവരാണെന്ന് 23: 51–53; 30: 32 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇടതുകൈയിൽ പിറകിലൂടെ കർമപുസ്തകം ലഭിക്കുന്ന അവൻ നാശത്തിനുവേണ്ടി കേഴുമെന്നും പുനർജന്മത്തെ തള്ളിപ്പറഞ്ഞുകൊണ്ട് അവർ ഇവിടെ കുടുംബാംഗങ്ങളോടൊപ്പം ആഹ്ലാദിച്ച് ഉല്ലസിച്ച് കഴിഞ്ഞുകൂടുകയായിരുന്നു എന്നും 84: 10–14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥന്റെ സംസാരമായ അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് ജീവിക്കുന്ന കുഫ്ഫാറുകളോട് 'നിങ്ങൾ ഈ വർത്തമാനത്തിലാണോ അത്ഭുതം കൂറുന്നത്? നിങ്ങൾ ചിരിച്ചുകൊണ്ടിരിക്കുകയാണോ! നിങ്ങൾ കരയുന്നില്ലേ' എന്ന് 53: 59–60 സൂക്തങ്ങളിൽ ചോദിച്ചിട്ടുണ്ട്. നിങ്ങൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠമായതിനാൽ നിങ്ങൾ കുറച്ച് ചിരിക്കുക, അധികം കരയുക എന്ന് കപടവിശ്വാസികളോട് 9: 80–82 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഫുജ്ജാറുകളിൽ നിന്നുള്ള ആരും തന്നെ 3: 102 ൽ പറഞ്ഞ പ്രകാരം സർവ്വസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ മുസ്ലിമായി മരിക്കുകയില്ല. കളവുമാത്രം പറയുന്ന കപടവിശ്വാസികളും കുഫ്ഫാറുകളും അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസിയെ 'കളവ് പറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുമെന്ന് 54: 25 ൽ പറഞ്ഞിട്ടുണ്ട്. 6: 55; 7: 40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ ഫുജ്ജാറു

കൾ ഒരു പ്രവാചകനെയും പിൻപറ്റാതെ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവ രും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാ ണ്. ഈസാ രണ്ടാമതുവന്നാൽ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ് ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ കല്ലുക ളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് ഇക്കൂട്ടരെ വധിച്ച് 4: 91; 5: 33; 9: 5, 123; 33: 60-61 സൂ ക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുമ്പോൾ മാത്രമാണ് അവർക്ക് അദ്ദിക്ർ ആയിരു ന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ബോധ്യം വരിക എന്ന് 38: 8 ൽ പറഞ്ഞിട്ടുണ്ട്. 2: 44, 159-161, 168-169; 3: 28 വിശദീകരണം നോക്കുക.

189. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനാകുന്നു, അല്ലാ ഹു എല്ലാ ഓരോ കാര്യത്തിന്റെമേലും കഴിവുള്ള സർവ്വശക്തനുമാണ്.

67: 1 ൽ, ആരുടെ കൈകളിലാണോ എല്ലാ വസ്തുക്കളുടെയും ആധിപത്യമുള്ളത്, അ വൻ അനുഗ്രഹ സമ്പൂർണ്ണനാണ്, അവൻ എല്ലാ കാര്യത്തിന്റെമേലും കഴിവുള്ള സർവ്വശ ക്തനുമാണ് എന്നുപറഞ്ഞിട്ടുണ്ട്. വിധിദിവസം യഥാർത്ഥത്തിൽ ആധിപത്യം നിഷ്പക്ഷ വാനായ നാഥനായിരിക്കും, ആ ദിനം കാഫിറുകൾക്ക് വളരെ ബുദ്ധിമുട്ടുള്ളതായിരിക്കും എന്ന് 25: 26 ൽ പറഞ്ഞിട്ടുണ്ട്. 40: 16 ൽ, എല്ലാവരും മറനീക്കി അല്ലാഹുവിന്റെ മുമ്പിൽ നിർത്തപ്പെടുന്ന ദിവസം 'ആർക്കാണ് ഇന്നേ ദിനം ആധിപത്യം' എന്ന് ചോദിക്കപ്പെടു മെന്നും, എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ അല്ലാഹുവിനാണെന്ന് പറയപ്പെടുമെ ന്നും പറഞ്ഞിട്ടുണ്ട്. 6: 104 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ കൊ ണ്ട് പ്രപഞ്ചനാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യമുള്ള ആയിരത്തിൽ ഒന്നായ വി ശ്വാസി മാത്രമാണ് ആത്മാവുകൊണ്ട് നാഥനെ കണ്ട് സന്തോഷത്തോടുകൂടി മരണപ്പെടു ക. ആത്മാവിനെ പരിഗണിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ ദുഃഖ ത്തോടുകൂടി പിശാചിനെ കണ്ടുകൊണ്ടാണ് മരണപ്പെടുക. 9: 31 ൽ വിവരി ച്ച പ്രകാരം അവർ നരകക്കുണ്ഠത്തിലെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെ ട്ടവരാണ്. 1: 3; 4: 131-133; 6: 115-116 വിശദീകരണം നോക്കുക.

190. നിശ്ചയം ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിവരുന്നതിലും ബുദ്ധിമാന്മാർക്ക് ധാരാളം പാഠങ്ങൾ തന്നെയുണ്ട്.

191. തങ്ങളുടെ നിർത്തങ്ങളിലും ഇരുത്തങ്ങളിലും പാർശ്വങ്ങളിലും അല്ലാഹുവി നെ സ്മരിച്ചുകൊണ്ടിരിക്കുന്നവരും ആകാശങ്ങളുടെയും ഭൂമിയുടെയും സൃ ഷ്ടിപ്പിനെക്കുറിച്ച് ആലോചിച്ച് പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുന്നവരുമാണ് അ വർ; ഞങ്ങളുടെ നാഥാ! ഇതൊന്നും നീ മിഥ്യയായി സൃഷ്ടിച്ചതല്ല, നീ പരിശു ദ്ധനാണ്, അപ്പോൾ ഞങ്ങളെ നീ നരകശിക്ഷയെത്തൊട്ട് കാത്തുരക്ഷിക്കേണ മേ (എന്ന് മനസ്സാ പ്രാർത്ഥിക്കുന്നവരുമാണ് അവർ).

21: 30 പ്രകാരം ആകാശങ്ങളെയും ഭൂമിയെയും ഒട്ടിപ്പിടിച്ച അവസ്ഥയിൽ നിന്ന് വേർ പ്പെടുത്തി ഇന്ന് കാണുന്ന വിധത്തിൽ സംവിധാനിച്ചവനാണ് ആകാശഭൂമികൾക്ക് തുട ക്കം കുറിച്ച അല്ലാഹു. അവൻ എല്ലാ ജീവജാലങ്ങൾക്കും ജീവൻ നിലനിൽക്കുന്നതിന് വെള്ളം അനിവാര്യഘടകമായി വെക്കുകയും ചെയ്തു. അവൻ തന്നെയാണ് തന്റെ നാഥ നെ ഓർമിക്കുന്നവർക്കുവേണ്ടിയും അവന് നന്ദി പ്രകടിപ്പിക്കുന്നവർക്കുവേണ്ടിയും രാ വിനെയും പകലിനെയും ഒന്നിനുപിറകെ ഒന്നായി മാറിമാറി വരുന്നതാക്കിയത് എന്ന് 25: 62 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ശ്രദ്ധിച്ച് കേൾക്കുന്നവരും അതിനെ ഏറ്റവും നല്ലനിലക്ക്

പിൻപറ്റുന്നവരുമാണ് സന്മാർഗ്ഗത്തിലുള്ളവരെന്നും അക്കൂട്ടർ തന്നെയാണ് ബുദ്ധിമാന്മാരെന്നും 39: 18 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് ജീവിക്കുന്ന ബുദ്ധിശക്തി ഉപയോഗിക്കുന്നവർ രാപ്പകൽ ഭേദമന്യേ എല്ലായ്പ്പോഴും എവിടെയും 'അല്ലാഹ്' എന്ന സ്മരണയിൽ നിലകൊള്ളുന്നവരും അവന്റെ പ്രതിനിധികളായി ജീവിക്കുന്നവരും 'അല്ലാഹ്' എന്ന സ്മരണ നിലനിർത്താനുള്ള ഉപകരണമായ അദ്ദിക്ർ ജാതി-മത-വർണ്ണ-ദേശ-ഭാഷ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അവനെ സഹായിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അവർ ആകാശഭൂമികളുടെയും അവരുടെത്തന്നെയും സൃഷ്ടിപ്പിനെക്കുറിച്ച് ആലോചിക്കുന്നവരും ഇതൊന്നും അർത്ഥമില്ലാതെ കളിതമാശയായിട്ട് സൃഷ്ടിച്ചതല്ല എന്ന് മനസ്സിലാക്കി ഇതിന്റെ പിന്നിലുള്ള ഏകസ്രഷ്ടാവിനെ കണ്ടെത്തുന്നവരും അത് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നവരും നരകത്തെത്തൊട്ട് ഞങ്ങളെ കാത്തുരക്ഷിക്കേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. എല്ലാ ഓരോ ആത്മാവിനും അത് സമ്പാദിച്ചതിന് പ്രതിഫലം കൊടുക്കുന്നതിനുവേണ്ടി ആകാശങ്ങളെയും ഭൂമിയെയും ലക്ഷ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല എന്ന് 45: 22 ൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം, 'ആലോചിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് അതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്' എന്ന ആശയത്തിൽ അവസാനിക്കുന്ന സൂക്തങ്ങളാണ് 13: 3; 30: 21; 39: 42; 45: 13 എന്നിവ. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുന്നവരും മൂടിവെക്കുന്നവരുമായതിനാൽ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരാണെന്ന് 8: 22 ലും; തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള അവർ ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

വിശ്വാസി ഈ സൂക്തം വായിക്കുമ്പോൾ 'ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ നിന്നെ സ്മരിച്ചുകൊണ്ട് എല്ലാ നിർത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും നിലകൊള്ളുന്ന ബുദ്ധിമാന്മാരിൽ ഉൾപ്പെടുത്തേണമേ! ഞങ്ങളെ നീ ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ആലോചിച്ച് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നവരാക്കേണമേ. ഞങ്ങളുടെ നാഥാ! നീ ഇതൊന്നും മിഥ്യയായി സൃഷ്ടിച്ചതല്ല, നീ പരിശുദ്ധനാണ്. മുഹൈമിനായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ നരകത്തെത്തൊട്ട് കാത്തുസൂക്ഷിക്കേണമേ! ഓ മുഹൈമിനേ, മുഹൈമിനായ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളവനേ, ഓ പുണ്യവാനായ കാരുണ്യവാനേ' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടതാണ്. 2: 148, 152; 3: 26-28; 32: 4 വിശദീകരണം നോക്കുക.

192.ഞങ്ങളുടെ നാഥാ നിശ്ചയം, നീ ഒരാളെ നരകത്തിൽ പ്രവേശിപ്പിച്ചാൽ അപ്പോൾ നിശ്ചയം നീ അവനെ നിന്ദ്യനാക്കി, അത്തരം അക്രമികൾക്ക് സഹായികളിൽ നിന്ന് ആരും ഉണ്ടായിരിക്കുന്നതല്ല.

സന്മാർഗ്ഗവും ദുർമാർഗ്ഗവും വ്യക്തമാക്കിത്തരുന്ന അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ച് സൃഷ്ടിച്ചപ്പോൾ തന്നെ എല്ലാ ഓരോരുത്തർക്കും പഠിപ്പിച്ചിട്ടുള്ളതിനാൽ അല്ലാഹു നിഷ്പക്ഷവാനാണ്. അതിനാൽ പതിനഞ്ച് വയസ്സിനുമുമ്പ് മക്കൾക്ക് സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ പഠിപ്പിക്കൽ മക്കളെ ഏൽപിക്കപ്പെട്ട മാതാപിതാക്കളുടെ ബാധ്യതയാണ്. നാലാം ഘട്ടമായ പതിനഞ്ച് വയസ്സിനുശേഷം മരണം വരെയുള്ള ഐഹികജീവിതം അദ്ദിക്റിന്റെ വെളിച്ചത്തിൽ ക്രമപ്പെടുത്തുന്നവരാണ് സൂക്ഷ്മതയുള്ളവരും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവരും. അദ്ദിക്ർ വന്നുകിട്ടിയിട്ട് മൂടിവെക്കുന്നവരും അതിനെ ത

ള്ളിപ്പറയുന്നവരുമാണ് അക്രമികളും ഭ്രാന്തന്മാരുമെന്ന് 6: 21; 7: 40-41; 10: 17; 17: 82; 18: 57; 28: 50; 32: 22; 39: 32; 62: 5; 76: 31 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്.

ജീവിതലക്ഷ്യമില്ലാത്ത ദേഹേച്ഛ പിൻപറ്റുന്ന കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് 220 സൂക്തങ്ങളിലും പറഞ്ഞ അക്രമികൾ. അദ്ദിക്റിനെ വിസ്മരിച്ചതിനാൽ അവർ ഒരു കെട്ട ജനതയാണെന്ന് 25: 18 ലും; അവർ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണെന്ന് 56: 82 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവേ! ഞങ്ങളെ നീ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളായ അക്രമികളും നിന്ദ്യരും ആക്കരുതേ! 98: 2 ൽ പറഞ്ഞ ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ സൂക്ഷ്മതയുള്ളവരും വിജയം വരിക്കുന്നവരും ആക്കേണമേ. 2: 254; 3: 185 വിശദീകരണം നോക്കുക.

193.ഞങ്ങളുടെ നാഥാ! നിശ്ചയം വിശ്വാസത്തിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്ന ഒരു വിളിയാളൻ 'നിങ്ങളുടെ നാഥനെക്കൊണ്ട് വിശ്വസിക്കുവീൻ' എന്ന് വിളിച്ചുകൊണ്ടിരിക്കുന്നത് ഞങ്ങൾ കേട്ടു, അപ്പോൾ ഞങ്ങൾ വിശ്വസിച്ചുകഴിഞ്ഞു, ഞങ്ങളുടെ നാഥാ! അതിനാൽ നീ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളെത്തൊട്ട് മായ്ച്ച് കളയുകയും ഞങ്ങളെ നീ തിരിച്ചുവിളിക്കുമ്പോൾ പുണ്യാത്മാക്കളോടൊപ്പം തിരിച്ചുവിളിക്കുകയും ചെയ്യേണമേ.

ഈ സൂക്തത്തിൽ പറഞ്ഞ 'വിളിയാളൻ' പ്രവാചകനാണ്. ഇന്ന് അത് അദ്ദിക്റിലേക്ക് വിളിക്കുന്ന വിശ്വാസിയാണ് എന്നത് വളരെ വ്യക്തമാണ്. അതുകൊണ്ട് സാക്ഷിയായ അദ്ദിക്റിനെയും പ്രവാചകനെയും പിൻപറ്റുന്ന വിശ്വാസി 25: 33; 41: 33 സൂക്തങ്ങളെ സത്യപ്പെടുത്തിക്കൊണ്ട് വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കൊണ്ടാണ് മനുഷ്യസമൂഹത്തെ നാഥനിലേക്ക് വിളിക്കേണ്ടത്. ഈ സൂക്തം വായിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്: അല്ലാഹുവേ! ഞങ്ങളെ നീ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തി നിന്നെ കണ്ടുകൊണ്ട് ചരിക്കുന്നവരാക്കേണമേ! ഞങ്ങളെ നീ പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി പരലോകത്ത് ഏഴാം ഘട്ടത്തിൽ അനന്തരമെടുക്കുന്നതിനുവേണ്ടി നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സ്വർഗം സമ്പാദിക്കുന്നവരാക്കേണമേ! ഞങ്ങളെ നീ തിരിച്ച് വിളിക്കുമ്പോൾ സർവസ്വം നിനക്ക് സമർപ്പിച്ചുകൊണ്ട് പുണ്യാത്മാക്കളുടെ വേർപാട് പ്രദാനം ചെയ്യേണമേ! ഞങ്ങളെ നീ പരിശുദ്ധമായ അദ്ദിക്ർ കൊണ്ട് വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന മുൻകടന്നവരോടൊപ്പവും വിജയികളോടൊപ്പവും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ. 3: 55, 102; 5: 117 വിശദീകരണം നോക്കുക.

194.ഞങ്ങളുടെ നാഥാ! നിന്റെ പ്രവാചകന്മാർ മുഖേന നീ ഞങ്ങളോട് വാഗ്ദത്തം ചെയ്തിട്ടുള്ളതൊക്കെയും ഞങ്ങൾക്ക് നിവർത്തിച്ചുതരേണമേ, അന്ത്യനാളിൽ നീ ഞങ്ങളെ നിന്ദ്യരാക്കുകയുമരുതേ -നിശ്ചയം നീ വാഗ്ദത്തങ്ങൾ ലംഘിക്കുന്നവനല്ല തന്നെ.

നാഥൻ പിശാച് ഉൾപ്പെടെയുള്ള അവന്റെ സൃഷ്ടികൾക്ക് നൽകിയ വാഗ്ദത്തങ്ങൾ ലംഘിക്കുകയില്ല. വാഗ്ദത്തങ്ങൾ ലംഘിക്കാത്ത ഒരുവൻ പരിശുദ്ധനാണ് എന്ന് വിശ്വാസി നാഥനെ വാഴ്ത്തുന്നതാണ്. 32: 13 ൽ, നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ ഓരോ ആത്മാവിനും അതിന്റെ സന്മാർഗം മാത്രമങ്ങ് നൽകുമായിരുന്നു, എന്നാൽ എന്നിൽ നി

ന്ന് വാക്ക് ഉണ്ടായിക്കഴിഞ്ഞു: നിശ്ചയം ഞാൻ ജിന്നുകളിൽ നിന്നുള്ളവരെയും മനുഷ്യരിൽ നിന്നുള്ളവരെയും മുഴുവനും നരകക്കുണ്ഠത്തിൽ കുത്തിനിറക്കുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ ഓരോ ആയിരത്തിലും 999 നെ പിശാച് പാട്ടിലാക്കുന്നതാണ്. ആരാണോ സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റിയത്, അവൻ തന്റെ പ്രവർത്തനങ്ങൾ 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലാണ് രേഖപ്പെടുത്തുക. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റാത്തതിനാൽ അവരുടെ പട്ടിക 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിൽ തന്നെ നിലനിൽക്കുന്നതാണ്. 17: 108–109 സൂക്തങ്ങളിൽ, മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരുടെ മേൽ നിഷ്പക്ഷവാന്റെ സൂക്തങ്ങൾ വായിച്ച് കേൾപ്പിക്കപ്പെട്ടാൽ അവർ പറയുന്നതാണ്: ഞങ്ങളുടെ നാഥൻ പരിശുദ്ധനാണ്, നിശ്ചയം ഞങ്ങളുടെ നാഥന്റെ വാഗ്ദാനം പുലരാനുള്ളത് തന്നെയുമാണ്. അവർ കരഞ്ഞുകൊണ്ട് വിനീതരായി മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുന്നതും അതുവഴി അവരുടെ ഭയഭക്തി വർദ്ധിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 27–28, 136; 3: 133–136 വിശദീകരണം നോക്കുക.

195.അപ്പോൾ അവരുടെ നാഥൻ അവർക്ക് ഉത്തരം നൽകി, നിശ്ചയം ഞാൻ നിങ്ങളിൽ ആരുടെയും –പുരുഷനാകട്ടെ അല്ലെങ്കിൽ സ്ത്രീയാകട്ടെ– കർമ്മങ്ങളിൽ ഒന്നും തന്നെ പാഴാക്കിക്കളയുന്നവനല്ല, നിങ്ങളിൽ ചിലർ ചിലരിൽ നിന്നാണല്ലോ, അപ്പോൾ ആരാണോ എനിക്കുവേണ്ടി സ്വദേശം വെടിയുന്നവരാവുകയും സ്വഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗത്തിൽ ഉപദ്രവിക്കപ്പെടുകയും എനിക്കുവേണ്ടി യുദ്ധം ചെയ്യുകയും വധിക്കപ്പെടുകയും ചെയ്തത്, അവരുടെ എല്ലാ തിന്മകളും അവരെത്തൊട്ട് ഞാൻ നീക്കികളയുകതന്നെ ചെയ്യുന്നതും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ അവർ പ്രവേശിപ്പിക്കപ്പെടുന്നതുമാണ് –അല്ലാഹുവിൽ നിന്നുള്ള പ്രതിഫലമായിക്കൊണ്ട്; അല്ലാഹുവോ, അവന്റെ പക്കലാകുന്നു ഏറ്റവും ഉൽകൃഷ്ടമായ പ്രതിഫലമുള്ളത്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് സ്വദേശം വെടിഞ്ഞ് പാലായനമോ യുദ്ധമോ ഒന്നുമില്ല. എന്നാൽ ഗ്രന്ഥത്തിന്റെ വിധിവിലക്കുകളനുസരിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കുകയും അത് മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുമ്പോൾ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ടിരിക്കുന്ന, 25: 17–18 സൂക്തങ്ങളിൽ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളിൽ നിന്ന് ശല്യമുണ്ടായിക്കൊണ്ടിരിക്കും. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാനും കർമ്മങ്ങൾ സ്വീകരിക്കപ്പെടാനും 2: 186 ൽ രണ്ട് ഉപാധികൾ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല എന്ന് 13: 14; 40: 50 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തങ്ങളുടെ നാഥന്റെ വിളിക്ക് ഉത്തരം നൽകിയവർക്ക് ഏറ്റവും ഉൽകൃഷ്ടമായ പദവിയുണ്ടെന്നും ആരാണോ അവന് ഉത്തരം നൽകാത്തത്, അവർക്ക് ഏറ്റവും ദുഷിച്ച വിചാരണയുണ്ടെന്നും അന്ന് ഭൂമിയിലുള്ള സർവ്വസ്വവും അത്ര വേറെയും അവന് ലഭിച്ചിട്ട് അതുകൊണ്ട് പ്രായശ്ചിത്തം ചെയ്താൽ അത് സ്വീകരിക്കപ്പെടുകയില്ല എന്നും അവരുടെ സങ്കേതം നരകക്കുണ്ഠമാണെന്നും 13: 18 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് ജീവിക്കാൻ വിടവാങ്ങൽ ഹജ്ജ് ദിനത്തിൽ തന്നെ പ്രപഞ്ചനാഥൻ അവന്റെ നിര

ക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ച കാലഘട്ടമാണിത്.

സ്ത്രീയും പുരുഷനും ഒറ്റക്കൊറ്റക്കാണ് അവരവരുടെ ജീവിതത്തെക്കുറിച്ച് ഉടമയുടെ മുമ്പിൽ ഉത്തരം പറയേണ്ടി വരിക. രക്തസാക്ഷ്യം വഹിക്കുന്നവരുടെ കടം ഒഴിച്ചുള്ള എല്ലാ തിന്മകളും അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. എന്നാൽ വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധം കൽപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ രക്തസാക്ഷ്യം വഹിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അദ്ദിക്ർ വായിക്കുകയും തെറ്റുകുറ്റങ്ങൾ തിരിച്ചറിഞ്ഞ് സാഷ്ടാംഗ പ്രണാമത്തിൽ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്ന നാഥനോട് ആത്മാവുകൊണ്ട് ഏറ്റുപറയുകയും ലോകരിൽ നിന്ന് തിന്മകൾ നീക്കികളയുക എന്ന ലക്ഷ്യം വെച്ച് തെറ്റുകുറ്റങ്ങൾ തിരിച്ചറിയാനുള്ള ഉരക്കല്ലായ അദ്ദിക്ർ എത്തിച്ചുകൊടുക്കുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ വാഴ്ത്താനും കീർത്തനം ചെയ്യാനും അവസരം നൽകുക എന്ന ലക്ഷ്യം വെച്ച് ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലും ജൈവകൃഷി ചെയ്യലും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കലും സഹായിക്കലും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും 9: 73; 22: 78; 25: 52; 66: 9 സൂക്തങ്ങൾ കൽപിക്കുന്ന പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യലുമാണ് അറിവില്ലാത്ത കാലത്ത് ചെയ്ത തെറ്റുകുറ്റങ്ങൾ മായ്ച്ച് കളയാനുള്ള ഏകവഴി. ലോകാവസാനത്തിന്റെ പ്രധാനപ്പെട്ട അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാലിന്റെ പുറപ്പാട് നീട്ടാനുള്ള മാർഗ്ഗവും അതുതന്നെയാണ്. അതുകൊണ്ട് സ്ത്രീ-പുരുഷഭേദമില്ലാതെ വിശ്വാസികൾ ജാതി-മത-ലിംഗ-വർണ-ദേശ-ഭാഷ ഭേദമന്യേ ലോകർക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കുന്ന പ്രവൃത്തിയിൽ ഏർപ്പെടേണ്ടതാണ്. 2: 177; 8: 2-4; 3: 43 വിശദീകരണം നോക്കുക.

196.കാഫിറുകളുടെ നാട്ടിലുള്ള വിളയാട്ടം നിന്നെ വഞ്ചിതനാക്കാതിരിക്കട്ടെ!

197.അത് ഐഹിക ജീവിതത്തിലെ തുച്ഛമായ വിഭവം മാത്രമാണ്, പിന്നീട് അവരുടെയെല്ലാം സങ്കേതം നരകകുണ്ഠമാണ് -എത്രമോശപ്പെട്ട തൊട്ടിലുകളുമാണത്!

കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകളാണ് ഗ്രന്ഥത്തിൽ 520 സൂക്തങ്ങളിലും പറഞ്ഞ കാഫിറുകൾ. അജയ്യഗ്രന്ഥമായ അദ്ദിക്ർ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസി അത്തരം കാഫിറുകളുടെ ലക്ഷ്യബോധമില്ലാതെയുള്ള ജീവിതത്തിൽ ആകൃഷ്ടനാകരുത് എന്നാണ് സൂക്തം കൽപിക്കുന്നത്. മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ കാരുണ്യമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് അവരുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിയവരാണ് എന്ന് 14: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി ഇത്തരം കാഫിറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്' എന്ന് പറയാൻ 14: 30 ലൂടെയും; ഉടമയുടെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന, ഇടയാളന്മാരെയും ശുപാർശക്കാരെയും വെച്ചുപുലർത്തുന്ന കാഫിറിനോട് 'നീ നിന്റെ നിഷേധം കൊണ്ട് അൽപകാലം ഇവിടെ സുഖിക്കുക, നിശ്ചയം നീ നരകവാസികളിൽ പെട്ടവനാണ്' എന്ന് പറയാൻ 39: 8 ലൂടെയും കൽപിക്കപ്പെട്ടിട്ടുണ്ട്. നിശ്ചയം നാം കാഫിറുകളായ ഫുജ്ജാറുകൾക്ക് നരകക്കുണ്ഠം വിരുന്നായി ഒരുക്കിവെച്ചിട്ടുണ്ടെന്ന് 18: 102 ൽ പറഞ്ഞിട്ടുണ്ട്.

'ഓ ഞങ്ങളുടെ നാഥാ! അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് തങ്ങളുടെ ജീവിതം കളിയും തമാശയുമായി തെരഞ്ഞെടുത്ത കാഫിറുകളായ കെട്ടജനതയിൽ ഞങ്ങളെ നീ ഉൾപ്പെടുത്തരുതേ; അവരെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും മുഹൈമിനായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ വിദൂരമാക്കേണമേ! ഓ മുഹൈമിനേ, ഓ മുഹൈമിൻ അവതരിപ്പിച്ചിട്ടുള്ളവനേ, ഓ നിഷ്പക്ഷവാനായ കാരുണ്യവാനേ' എന്ന് പ്രാർത്ഥിക്കാൻ വിശ്വാസികൽപിക്കപ്പെട്ടിട്ടുണ്ട്. 2: 6–7, 39; 3: 116, 182 വിശദീകരണം നോക്കുക.

198.എന്നാൽ തങ്ങളുടെ നാഥനെ സൂക്ഷിച്ച് ജീവിക്കുന്നവരാരോ, അവർക്ക് താഴ് ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളുണ്ട്, അവർ അതിൽ നിത്യവാസികളുമായിരിക്കും, അല്ലാഹുവിൽ നിന്നുള്ള വിരുന്നാണത്, അല്ലാഹുവിന്റെ പക്കലുള്ള ഒന്നാകുന്നു പുണ്യാത്മാക്കൾക്ക് ഏറ്റവും ഉത്തമമായിട്ടുള്ളത്.

10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് ഫിർദൗസ് പൂന്തോപ്പുകൾ വിരുന്നായി ലഭിക്കുമെന്ന് 18: 107 ലും 32: 19 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം പുണ്യാത്മാക്കൾ കർപ്പൂരം ചേരുവയായിട്ടുള്ള പാനപാത്രങ്ങളിൽ നിന്ന് കുടിക്കുന്നവ രാണെന്ന് 76: 5 ലും പറഞ്ഞിട്ടുണ്ട്. 83: 18 ൽ, പുണ്യാത്മാക്കളുടെ കർമ്മരേഖ സ്വർഗ്ഗത്തിലുള്ള *ഇല്ലിയ്യീനി*ലാണ് എന്നും; 82: 13; 83: 22 സൂക്തങ്ങളിൽ നിശ്ചയം പുണ്യാത്മാക്കൾ അനുഗ്രഹ കേദാരങ്ങളിലാണ് എന്നും പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ പുണ്യാത്മാക്കളിൽ വിചാരണ കൂടാതെ സ്വർഗത്തിലേക്ക് പോകുന്ന *സാബിഖീ*ങ്ങളും വിചാരണക്കുശേഷം സ്വർഗത്തിലേക്ക് പോകുന്ന വലതുപക്ഷക്കാരും ഉൾപ്പെടുന്നതാണ്.

ഈ സൂക്തം വായിക്കുമ്പോൾ വിശ്വാസി ആത്മാവുകൊണ്ട് 'ഓ ഞങ്ങളുടെ നാഥാ! അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ടും പിൻപറ്റിക്കൊണ്ടും ജീവിക്കുന്ന മുൻകടന്നവരിലും പുണ്യാത്മാക്കളിലും ഞങ്ങളെ നീ ഉൾപ്പെടുത്തേണമേ' എന്ന് പ്രാർത്ഥിക്കേണ്ടതാണ്. 2: 25, 177; 3: 136 വിശദീകരണം നോക്കുക.

199.നിശ്ചയം വേദക്കാരിൽ ചിലരുണ്ട്, അവർ അല്ലാഹുവിനെക്കൊണ്ടും നിങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്നുകൊണ്ടും അവരിലേക്ക് അവതരിക്കപ്പെട്ട ഒന്നുകൊണ്ടും വിശ്വസിക്കുന്നു, അവർ അല്ലാഹുവിനെ ഭയപ്പെടുന്നവരും അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ട് കുറഞ്ഞവില വാങ്ങാത്തവരുമാകുന്നു, അക്കൂട്ടർക്ക് തങ്ങളുടെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലമുണ്ട്, നിശ്ചയം അല്ലാഹു വളരെവേഗം കണക്കുനോക്കുന്നവൻ തന്നെയാകുന്നു.

28: 52–55 സൂക്തങ്ങളിൽ ഇതിനുമുമ്പ് ഗ്രന്ഥം നൽകപ്പെട്ടവർ അദ്ദിക്ർ കൊണ്ട് വിശ്വസിക്കുമെന്നും അവരുടെമേൽ അത് വായിച്ച് കേൾപ്പിച്ചാൽ: ഞങ്ങൾ അതുകൊണ്ട് വിശ്വസിച്ചു കഴിഞ്ഞു, നിശ്ചയം ഇത് ഞങ്ങളുടെ ഉടമയിൽ നിന്നുള്ള സത്യം തന്നെയാണ്, നിശ്ചയം ഞങ്ങൾ ഇതിനുമുമ്പും അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ച മുസ്ലിംകളായിരുന്നു എന്ന് പറയുമെന്നും, അവർ ക്ഷമാലുക്കളായതുകൊണ്ടും ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് തിന്മയെ തടയുന്നവരും അവർക്ക് നാം നൽകിയതിൽ നിന്ന് ചെലവഴിച്ചുകൊണ്ടിരിക്കുന്നവരുമായതുകൊണ്ടും അക്കൂട്ടർക്ക് രണ്ടിരട്ടി പ്രതിഫലമുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. നബിയുടെ കാലത്ത് മുൻവേദക്കാരായ ജൂത-ക്രൈസ്തവരിൽ നിന്നുള്ള വിശ്വാ

സികളുടെ സ്വഭാവമാണ് ഇവിടെ വിവരിച്ചത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെട്ടവരും നരകക്കുണ്ഠത്തിലേക്കുള്ളവരുമാണെന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മറിച്ച്, ഓരോരുത്തവരും വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവരവർക്കെതിരെ വാദിച്ച്, സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 3: 19; 5: 4; 14: 51; 40: 17 എന്നീ സൂക്തങ്ങൾ 'നിശ്ചയം, അല്ലാഹു അതിവേഗം കണക്കുകൾ നോക്കുന്നവനാണ്' എന്ന് പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. 2: 2–5, 174–176; 3: 52–53, 187; 17: 13–14 വിശദീകരണം നോക്കുക.

200.ഓ വിശ്വാസികളായിട്ടുള്ളവരേ, നിങ്ങൾ ക്ഷമയോടെ വർത്തിക്കുക, ക്ഷമ കൊണ്ട് കൽപിക്കുക, ഹൃദയങ്ങൾ പരസ്പരം ബന്ധിതമായി ഒറ്റക്കെട്ടായി നിലകൊള്ളുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക –നിങ്ങൾ വിജയം വരിക്കുന്നവർ തന്നെയായിരിക്കണം എന്നതിനുവേണ്ടി.

വിശ്വാസികളോട്: നിങ്ങൾ കുനിയുന്നവരാവുക, സാഷ്ടാംഗം പ്രണമിക്കുന്നവരാവുക, നിങ്ങളുടെ നാഥന്റെ പ്രതിനിധികളായി ജീവിക്കുന്നവരാവുക, നിങ്ങൾ ഏറ്റവും നല്ല പ്രവർത്തനങ്ങൾ ചെയ്യുക –നിങ്ങൾ വിജയം വരിക്കുന്നവർ തന്നെയായിരിക്കണം എന്നതിനുവേണ്ടി എന്ന് 22: 77 ൽ പറഞ്ഞിട്ടുണ്ട്.

ഈ സൂക്തം വായിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്: അല്ലാഹുവേ, ഞങ്ങളെ നീ അദ്ദിക്ർ കൊണ്ട് വിശ്വാസികളും വിശ്വാസിയാകാനുള്ള അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന സൽകർമ്മങ്ങൾ ചെയ്യുന്നവരും സജ്ജനങ്ങളും പരലോകത്തിന് പ്രാധാന്യം കൊടുക്കുന്ന ക്ഷമാലുക്കളും പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നിന്നെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവരും നിന്നെ ധാരാളമായി സ്മരിക്കുന്നവരും നിനക്ക് നന്ദി പ്രകടിപ്പിക്കുന്നവരുമാക്കേണമേ! ഞങ്ങളുടെ പാദങ്ങളും ഹൃദയങ്ങളും ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിൽ ഉറപ്പിച്ചുനിർത്തുകയും കാഫിറുകളായ ജനതയെത്തൊട്ട് നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ! ഞങ്ങളെ നീ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി നരകക്കുണ്ഠത്തിൽ പ്രവേശിക്കുന്ന തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിൽ ഉൾപ്പെടുത്തരുതേ; ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വർഗത്തിലേക്ക് തിരിച്ചുവരുന്ന ആയിരത്തിൽ ഒന്നിൽ ഉൾപ്പെടാൻ തുണക്കേണമേ. ഞങ്ങളെ നീ അദ്ദിക്റിനെ പിൻപറ്റേണ്ട വിധം പിൻപറ്റുന്നവരും മുൻകടക്കുന്നവരുടെയും വിജയികളുടെയും കൂടെ സ്വർഗത്തിൽ പ്രവേശിക്കുന്നവരുമാക്കേണമേ!

3: 190 മുതൽ 200 വരെയുള്ള സൂക്തങ്ങൾ പ്രവാചകൻ എല്ലാ ദിവസവും ഉറക്കിൽ നിന്ന് എഴുന്നേറ്റയുടനെ ആകാശത്തേക്ക് നോക്കിക്കൊണ്ട് *തിലാവത്ത്* ചെയ്തിരുന്നതാണ്. വിശ്വാസികളും അപ്രകാരം ചെയ്യേണ്ടതാണ്.

4. അന്നിസാഅ്

ഈ സൂറത്ത് മദീനയിൽ ഹിജ്റ മൂന്നാം വർഷാവസാനം മുതൽ അഞ്ചാം വർഷത്തിന്റെ ആദ്യം വരെയുള്ള കാലഘട്ടങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിലായി അവതരിച്ചതാണ്. പ്രവാചകന്റെ കൂടെയുള്ള എഴുപത് ഭടന്മാർ വധിക്കപ്പെട്ട ഉഹ്ദ് യുദ്ധത്തിനുശേഷം അവതരിച്ച ഈ സൂറത്തിൽ അനാഥകളായ കുട്ടികളെയും അഗതികളെയും സംബന്ധിച്ച നിയമങ്ങൾ, അനന്തരാവകാശ നിയമങ്ങൾ തുടങ്ങി ഒട്ടേറെ നിയമങ്ങൾ അവതരിക്കുകയുണ്ടായി. യുദ്ധവേളയിലെ നമസ്കാരത്തെക്കുറിച്ചുള്ള സൂക്തം അവതരിച്ചത് ഹിജ്റ 4-ാം വർഷം നടന്ന *ദാത്തുരിഖാഅ്* യുദ്ധസംഭവത്തിലും വെള്ളത്തിന്റെ അഭാവത്തിൽ മണ്ണുകൊണ്ട് തടവി ശുദ്ധീകരിച്ച് (*തയമ്മും*) നമസ്കരിക്കാമെന്ന് അനുവാദം ലഭിച്ചത് ഹിജ്റ 5-ാം വർഷം നടന്ന *ബനുൽമുസ്തലഖ്* യുദ്ധകാലത്തുമായിരുന്നു.

പ്രവാചകന്റെ അനുയായി ഇബ്നുമസ്ഊദ് പറയുന്നു: അന്നിസാഇലുള്ള 31, 40, 46, 48, 116 എന്നീ അഞ്ച് സൂക്തങ്ങൾ എനിക്ക് വളരെ എളുപ്പവും ഐഹികലോകവും അതിലുള്ളതും ലഭിച്ചതുപോലെയുമാണ്. വിവാഹമോചനത്തിന്റെ വിവിധ ഘട്ടങ്ങൾ, വിവാഹം നിഷിദ്ധമായ സ്ത്രീകളുടെ പട്ടിക, യഥാർത്ഥ കാഫിറുകളുടെ പട്ടിക, അഭിസംബോധന നിയമങ്ങൾ, കപടവിശ്വാസികളോടുള്ള പെരുമാറ്റചിട്ടകൾ, വേദക്കാരുടെ തനിനിറം, ഗ്രന്ഥത്തിലെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞാലുള്ള ശിക്ഷയുടെ ഗൗരവം, ഒരു വിശ്വാസിയെ യുദ്ധത്തിൽ അബദ്ധത്തിൽ വധിച്ചാലുള്ള പ്രായശ്ചിത്തനിയമങ്ങൾ തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിക്കുന്ന സൂക്തങ്ങൾ, വിശ്വാസികളോട് സ്ത്രീകളെയും കുട്ടികളെയും ദുർബലരെയും സംരക്ഷിക്കുന്നതിനുവേണ്ടി യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്ന സൂക്തങ്ങൾ, പിശാചിനെ പരിചയപ്പെടുത്തുന്ന സൂക്തങ്ങൾ, ഈസാനബിയെ ശരീരത്തോടുകൂടി അല്ലാഹു അവനിലേക്ക് ഉയർത്തിയതാണെന്നും രണ്ടാമത് ഭൂമിയിൽ വരുമെന്നും അദ്ദേഹത്തിന്റെ യഥാർത്ഥ മരണത്തിനുമുമ്പ് വേദക്കാർ അദ്ദേഹത്തിൽ വിശ്വസിക്കുമെന്നും പറയുന്ന സൂക്തങ്ങൾ, ഗ്രന്ഥം മനുഷ്യർക്ക് മൊത്തം തെളിവും വ്യക്തമായ പ്രകാശവുമാണെന്ന് പറയുന്ന സൂക്തം തുടങ്ങി വിവിധ കാര്യങ്ങൾ പഠിപ്പിക്കുന്ന 176 സൂക്തങ്ങൾ ഈ സൂറത്തിൽ അടങ്ങിയിട്ടുണ്ട്.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ഓ മനുഷ്യരേ! നിങ്ങൾ നിങ്ങളെ ഒറ്റ ആത്മാവിൽ നിന്ന് സൃഷ്ടിച്ചിട്ടുള്ളവനായ നിങ്ങളുടെ നാഥനെ സൂക്ഷിക്കുവീൻ, അതിൽ നിന്ന് അതിന്റെ ഇണയേയും അവൻ സൃഷ്ടിക്കുകയുണ്ടായി, അവ രണ്ടിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും ലോകത്ത് പരത്തുകയുമുണ്ടായി, ഏതൊരുവനെക്കുറിച്ചാണോ നിങ്ങൾ ചോദിക്കപ്പെടുക, ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ -ഗർഭപാത്രങ്ങളെയും, നിശ്ചയം അല്ലാഹു നിങ്ങളുടെ മേൽ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയായിരിക്കുന്നു.

സർവ്വസ്രഷ്ടാവായ പ്രപഞ്ചനാഥൻ മനുഷ്യനെ സൃഷ്ടിച്ചത് മുട്ടിയാൽ ശബ്ദമുണ്ടാകുന്ന, ഒട്ടിപ്പിടിക്കുന്ന, ദുർഗന്ധം വമിക്കുന്ന കറുത്ത കളിമണ്ണിൽ നിന്നാണെന്ന് 15: 26; 32: 7 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആദമിനെ സൃഷ്ടിച്ചശേഷം ആദമിന്റെ ആത്മാ

വിൽ നിന്ന് തന്നെ അവന്റെ ഇണയായ ഹവ്വായെയും സൃഷ്ടിച്ചു. 2: 28 ൽ വിവരിച്ച പ്രകാരം അല്ലാഹു ആദ്യമനുഷ്യനായ ആദമിനെ സൃഷ്ടിച്ചപ്പോൾ തന്നെ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും (ആത്മാവിനെ) സ്വർഗത്തിൽ സൃഷ്ടിച്ചു. ശേഷം എല്ലാ മനുഷ്യരെയും അദ്ദിക്ർ പഠിപ്പിക്കുകയും 7: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരിൽ നിന്നെല്ലാം ഉടമ്പടി വാങ്ങുകയും ശേഷം അവരെയെല്ലാം ആദമിന്റെ മുതുകിലേക്ക് മടക്കുകയുമുണ്ടായി. ആദമിനെയും ഹവ്വയെയും ശരീരത്തോടുകൂടി കാറ്റിന്റെ താളാത്മകതയിലാണ് അല്ലാഹു സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറക്കിയത്. വിവിധ ഫലവൃക്ഷങ്ങളുടെ കായ്കനികൾ ഭക്ഷിച്ച് അവർ ഭൂമിയിൽ ജീവിച്ച് പോന്നു. അതിൽ നിന്നും രക്തവും മാംസവും ഇന്ദ്രിയവും രൂപപ്പെട്ടു.

പുരുഷനും സ്ത്രീയും ഇണ ചേരുമ്പോൾ രണ്ട് ആത്മാവും ഒന്നായിത്തീരുന്നു. 7: 189 ൽ, അവൻ തന്നെയാണ് നിങ്ങളെ ഒരൊറ്റ ആത്മാവിൽ നിന്ന് സൃഷ്ടിച്ചത്, അതിൽ നിന്ന് തന്നെ അതിന്റെ ഇണയെ ഉണ്ടാക്കുകയും ചെയ്തു, അവൻ അവളിലേക്ക് ശാന്തിയടയേണ്ടതിന് വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. 76: 2; 86: 5–7 സൂക്തങ്ങളിൽ പരാമർശിച്ച പ്രകാരം പിതാവിന്റെ വൃഷ്ണ(*സുൽബ്*)ത്തിൽ നിന്നും പുറപ്പെടുന്ന പുംബീജവും മാതാവിന്റെ ഇടുപ്പെല്ലി(*തറാഇബ്*)ൽ നിന്നും പുറപ്പെടുന്ന അണ്ഡവും ഒന്നായിച്ചേർന്നു ഗർഭാശയത്തിലെത്തി വളരാൻ ആരംഭിക്കുന്നു. 21: 30 ൽ പറഞ്ഞ പ്രകാരം വെള്ളത്തിന്റെ സാന്നിധ്യത്തിൽ മാത്രമാണ് ജീവൻ നിലനിൽക്കുക. 22: 5 ലും 23: 14 ലും പരാമർശിച്ച പ്രകാരം ജീവനുള്ള ബീജ(*നുത്ഫ*)മായി 40 ദിവസം, പിന്നെ രക്തപിണ്ഡ(*അലഖ*)മായി 40 ദിവസം, പിന്നെ മാംസപിണ്ഡ(*മുള്ഗ*)മായി 40 ദിവസം എന്നിങ്ങനെ വിവിധ ഘട്ടങ്ങൾ തരണം ചെയ്ത് നാലാം മാസത്തിൽ പിതാവിന്റെ മുതുകിലുള്ള ആത്മാവിനെ മലക്കുമുഖേന മാതാവിന്റെ ഗർഭാശയത്തിൽ ജീവനുള്ള ഭ്രൂണത്തിലേക്ക് ആവാഹിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ നാല് മാസം ആകുന്നതോടുകൂടി ശിശുവിന് *റൂഹ്* (ജീവൻ+ആത്മാവ്) ലഭിക്കുന്നു. മാതാവിന്റെ ഗർഭാശയത്തിൽ നിശ്ചിത അവധി പിന്നിടുന്നതോടെ ശിശു ജനിച്ച് ഭൂമിയിലെത്തുന്നു. ഈ ഘട്ടങ്ങളെല്ലാം പിന്നിട്ടാണ് എല്ലാ മനുഷ്യരും ഭൂമിയിൽ ജനിക്കുന്നത്. മനുഷ്യന്റെ ഏഴ് ഘട്ടങ്ങൾ 71: 14 ൽ വിവരിച്ചിട്ടുണ്ട്.

വിധിദിവസം എല്ലാ ഓരോരുത്തരും അവന്റെ നാലാം ഘട്ടമായ 15 വയസ്സ് മുതൽ മരണം വരെയുള്ള ഐഹികലോകജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടി വരും. സ്രഷ്ടാവായ നാഥനെ തിരിച്ചറിയുക, ഓരോരുത്തരും സ്വയം അവൻ വിശ്വാസിയാണോ അല്ലയോ എന്ന് ഉറപ്പാക്കുക, അദ്ദിക്ർ ഉപയോഗപ്പെടുത്തി ഏഴാം ഘട്ടത്തിൽ അനന്തരമെടുക്കുന്നതിന് വേണ്ടി നാലാം ഘട്ടമായ ഇവിടെ വെച്ച് സ്വർഗം സമ്പാദിക്കുക എന്നതാണ് ജീവിതലക്ഷ്യം. 3: 102 ൽ വിവരിച്ച പ്രകാരം വിശ്വാസി മാത്രമേ സർവ്വസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ മുസ്‌ലിമായി മരണപ്പെടുകയുള്ളൂ. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്നതിനാൽ ദുഖത്തോടെ പിശാചിനെ കണ്ടുകൊണ്ടാണ് മരണപ്പെടുക. 39: 59 ൽ പറഞ്ഞ പ്രകാരം ഇവരിൽ ഓരോരുത്തരുടെയും മരണസമയത്ത് നാഥൻ 'നിശ്ചയം, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, എന്നാൽ നീ അവയെ തള്ളിപ്പറഞ്ഞു, നീ അവയോട് അഹങ്കാരം നടിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. ഇത്തരം കാഫിറുകൾ അവരുടെ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. 83: 15 ൽ പ

റഞ്ഞ പ്രകാരം അവർ ഒരിക്കലും നാഥനെ കാണുകയില്ല. 'ഏതൊരുവനെക്കുറിച്ചാണോ നിങ്ങൾ ചോദിക്കപ്പെടുക ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക, ഗർഭപാത്രങ്ങളെയും സൂക്ഷിക്കുക' എന്നതിന് ഏത് അല്ലാഹുവിനെ മുൻനിർത്തിയാണോ നിങ്ങൾ പരസ്പരം അവകാശങ്ങൾ ചോദിക്കുന്നത്, ആ അല്ലാഹുവിനെ സൂക്ഷിക്കുക എന്നും, കുടുംബബന്ധം സൂക്ഷിക്കുക എന്നും ആശയമുണ്ട്. അല്ലാഹുവിനെക്കുറിച്ചാണ് ഖബറിൽ വെച്ചുള്ള ആദ്യത്തെ ചോദ്യം. അപ്പോൾ മനുഷ്യന്റെ ജീവിതലക്ഷ്യം നാഥനെ പരിചയപ്പെടുത്തുന്ന ഗ്രന്ഥമായ അദ്ദിക്റിലൂടെ അവനെ കണ്ടെത്തലാണ്. 24: 24; 36: 65; 41: 19–24; 99: 4 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം കൈകാലുകളും തൊലികളും ഗർഭപാത്രങ്ങളും ഭൂമിയും അതിന്റെ ഉടമയുടെ കൽപന പ്രകാരം വിധിദിവസം അവന്റെ മുമ്പിൽ അതിന്റെ റിക്കാർഡ് സമർപ്പിക്കുന്നതാണ്. 'നിശ്ചയം അല്ലാഹു നിങ്ങളുടെമേൽ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്' എന്ന് പറഞ്ഞതിൽ നിന്നും സൂക്ഷ്മത കൈക്കൊള്ളുന്ന അല്ലാഹുവിന്റെ പ്രതിനിധികളായ അവർ അവനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുണ്ട് എന്ന ബോധത്തിൽ എവിടെയും എല്ലായ്പ്പോഴും നിലകൊള്ളുന്നവരായിരിക്കും. അല്ലാഹുവിനെ മറന്ന് ജീവിക്കുന്നവരെല്ലാം അവരവരെ മറന്ന തെമ്മാടികളും പിശാചിന്റെ പ്രതിനിധികളുമാണ്. 2: 2–5; 3: 5, 59; 6: 26 വിശദീകരണം നോക്കുക.

2. നിങ്ങൾ അനാഥകൾക്ക് അവരുടെ ധനം തിരിച്ചുകൊടുക്കുകയും ചെയ്യുവീൻ, നിങ്ങൾ പരിശുദ്ധമായതിനെ മ്ലേച്ഛമായതുകൊണ്ട് മാറ്റിമറിക്കാതിരിക്കുകയും ചെയ്യുവീൻ, നിങ്ങൾ അവരുടെ സമ്പത്ത് നിങ്ങളുടെ സമ്പത്തുമായി ചേർത്ത് തിന്നാതിരിക്കുകയും ചെയ്യുവീൻ, നിശ്ചയം അത് വമ്പിച്ച അപരാധം തന്നെയായിരിക്കുന്നു.

അനാഥകളുടെ സമ്പത്ത് അവരുടെ കുട്ടിക്കാലത്ത് നിങ്ങൾ കൈകാര്യം ചെയ്യുകയും പ്രായപൂർത്തിയാകുമ്പോൾ അത് അവർക്ക് തിരിച്ചുനൽകുകയും അതിന് സാക്ഷ്യം വഹിപ്പിക്കുകയും ചെയ്യണമെന്ന് 4: 6 ലും പറഞ്ഞിട്ടുണ്ട്. പലിശ, ചൂതാട്ടം, കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത തുടങ്ങിയ നിഷിദ്ധമായ വഴിയിലൂടെ സമ്പാദിച്ച ധനം നിങ്ങളുടെ അനുവദനീയമായ ധനത്തിൽ കൂട്ടിച്ചേർത്ത് തിന്ന് ശരീരം ഹറാമാക്കരുത് എന്നാണ് സൂക്തം കൽപ്പിക്കുന്നത്. അനാഥകളുടെ ധനം തിന്നുന്നവർ തങ്ങളുടെ വയറ്റിൽ തീയാണ് നിറക്കുന്നതെന്ന് 4: 10 ലും, സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്നവരും അതുകൊണ്ട് തുച്ഛവില വാങ്ങുന്നവരും അവരുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല എന്ന് 2: 174 ലും പറഞ്ഞിട്ടുണ്ട്. 61: 2–3 സൂക്തങ്ങളിലൂടെ വിശ്വാസികളെ വിളിച്ച്, നിങ്ങൾ എന്താണ് പ്രവർത്തിക്കാത്തത് പറയുന്നത്, പ്രവർത്തിക്കാത്തത് പറയുക എന്നത് അല്ലാഹുവിന്റെയടുക്കൽ ശാപവും കോപവും ലഭിക്കുന്ന വമ്പിച്ച കുറ്റമാണ് എന്ന് പറഞ്ഞിട്ടുണ്ട്. പറയുന്നത് പ്രവർത്തിക്കാതിരിക്കുക എന്നത് കപടവിശ്വാസികളുടെ സ്വഭാവമാണ്. 5: 100 ൽ, പരിശുദ്ധമായതും മ്ലേച്ഛമായതും സമമാവുകയില്ല, മ്ലേച്ഛമായതിന്റെ ആധിക്യം നിന്നെ എത്ര ആശ്ചര്യപ്പെടുത്തിയാലും ശരി; ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ വിജയം വരിക്കണമെന്നതിന് വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്.

അനാഥ സംരക്ഷണത്തിന്റെ പേരുപറഞ്ഞ് ഇന്ന് അദ്ദിക്റിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി അനാഥശാലകൾ നിർമ്മിക്കുകയും, *ഞാനും അനാഥകളെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇങ്ങനെയാണെന്ന്* ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിച്ചുകൊണ്ട് പ്രവാചകനിലൂടെ പഠിപ്പിച്ചതിൽ സായൂജ്യം കൊള്ളുകയും ചെയ്യുന്ന അനാഥശാലാ ഭാരവാഹികൾ അവിടുത്തെ അന്തേവാസികളുടെ കാര്യത്തിൽ സൂക്ഷ്മത പുലർത്തു

ന്നവരല്ല. നിങ്ങൾ അവരുടെ സമ്പത്ത് നിങ്ങളുടെ സമ്പത്തുമായി ചേർത്ത് തിന്നാതിരിക്കുകയും ചെയ്യുവീൻ, അത് വമ്പിച്ച അപരാധം തന്നെയാകുന്നു എന്ന കൽപന അവഗണിച്ചുകൊണ്ട് അനാഥകളുടെ പേരിൽ പിരിവുനടത്തി കമ്മീഷൻ വാങ്ങി വയറുകളിൽ തീ നിറക്കുന്നവരാണ് അവർ. അനാഥശാലകളിൽ പ്രകൃതിക്ക് വിരുദ്ധമായ പ്രവർത്തനങ്ങളും പല വിധത്തിലുള്ള ദുശ്ശീലങ്ങളുമാണ് അവർ വളർത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെല്ലാം കാരണം പരിശുദ്ധവചനമായ അദ്ദിക്റിൽ നിന്ന് അകന്നതും, *മുസൈലിമത്തുൽ കദ്ദാബ്* മുതൽ *മസീഹുദ്ദജ്ജാൽ* വരെ മുപ്പത് കള്ളവാദികൾ വരുമെന്ന് നാഥൻ പ്രവാചകനിലൂടെ മുന്നറിയിപ്പ് നൽകിയ, ദീനിൽ നിന്ന് പോയ കള്ളവാദികൾ എഴുതിയുണ്ടാക്കിയ മിഥ്യാ ഗ്രന്ഥങ്ങളെ അവലംബിച്ചുകൊണ്ടുള്ള ആചാരാനുഷ്ഠാനങ്ങൾ കൊണ്ടുനടക്കുന്നതുമാണ്. 25: 17–18; 61: 2–3 സൂക്തങ്ങളിൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവർ യഥാർത്ഥത്തിൽ 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്റ് ഉപയോഗപ്പെടുത്തി 3: 110 ൽ പറഞ്ഞ പ്രകാരം ജനങ്ങൾക്കുവേണ്ടി പുറപ്പെടുവിപ്പിക്കപ്പെട്ട ഉത്തമ സമുദായമാകേണ്ടവരാണ്. എന്നാൽ അവർ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് നശീകരണ പ്രവർത്തനങ്ങളിൽ മുഴുകി പ്രപഞ്ചത്തെ നശിപ്പിക്കുന്നതിന് ധൃതി കാണിക്കുന്നവരായി അധഃപതിച്ചിരിക്കുന്നതിനാൽ അവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ പ്രപഞ്ചനാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 85, 220; 7: 26 വിശദീകരണം നോക്കുക.

3. **അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാൻ സാധിക്കുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിലോ, അപ്പോൾ നിങ്ങൾ നിങ്ങൾക്ക് ഇഷ്ടമുള്ള സ്ത്രീകളിൽ നിന്ന് ഈരണ്ടോ മുമ്മൂന്നോ നന്നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക, എന്നാൽ അവർക്കിടയിൽ നീതി പാലിക്കാൻ സാധിക്കുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ അപ്പോൾ ഒരുവളെ മാത്രം വിവാഹം ചെയ്യുക, അല്ലെങ്കിൽ നിങ്ങളുടെ വലംകൈ അധീനപ്പെടുത്തിയ സ്ത്രീകളെ, അതാണ് നിങ്ങൾ അതിര് കവിയാതിരിക്കാൻ ഏറ്റവും ഉചിതമായിട്ടുള്ളത്.**

ജാഹിലിയ്യാകാലത്ത് ഓരോരുത്തർക്കും ഒരേസമയം പത്തോ അതിലധികമോ ഭാര്യമാരുണ്ടായിരുന്നു. വൈവാഹിക ജീവിതത്തിൽ സ്ത്രീകളോട് കാണിക്കുന്ന ഇത്തരം അനീതികൾ മുന്നിൽ കണ്ടിട്ടായിരുന്നു 16: 58–59 സൂക്തങ്ങളിൽ പറഞ്ഞതുപോലെ പെൺകുട്ടികൾ ജനിച്ചാൽ മാതാ-പിതാക്കൾ അവരെ ജീവനോടെ കുഴിച്ചുമൂടിയിരുന്നത്. അനാഥകളായ പെൺകുട്ടികളെപ്പറ്റി ആരും ചോദിക്കാനില്ലല്ലോ എന്ന് കരുതി അവരുടെ ധനവും സൗന്ദര്യവും കണ്ട് അവരെ വളർത്തിയിരുന്നവർ വിവാഹമൂല്യം പോലും നൽകാതെ വിവാഹം ചെയ്യുകയും അവരോട് പല വിധത്തിലുള്ള അനീതികൾ കാണിക്കുകയും ചെയ്തിരുന്നു. അനാഥകളായ പെൺകുട്ടികളോട് നീതിയിൽ വർത്തിക്കാനാവുന്നില്ലെങ്കിൽ അവരെ വിവാഹം ചെയ്യരുത് എന്നും അനാഥകളെ എന്നുമാത്രമല്ല, ഒരു കാരണവശാലും നാലിൽ കൂടുതൽ സ്ത്രീകളെ വിവാഹബന്ധത്തിൽ നിലനിർത്തരുതെന്നും ഈ സൂക്തം കൽപിക്കുന്നു. ഉഹ്ദ് യുദ്ധത്തിൽ പ്രവാചകന്റെ കൂടെയുള്ള എഴുപത് ഭടന്മാർ വധിക്കപ്പെടുകയും അവരുടെ സ്ത്രീകളും കുട്ടികളും അനാഥരാവുകയും ചെയ്ത സന്ദർഭത്തിലാണ് ഈ സൂക്തങ്ങൾ അവതരിച്ചത്. അനാഥകൾ ഏത് മാതാവിന്റെ കൂടെയാണോ ഉള്ളത്, ആ സ്ത്രീയെ വിവാഹം ചെയ്തിട്ടെങ്കിലും അനാഥകളെ സംരക്ഷിക്കണമെന്നും ഈ സൂക്തം പഠിപ്പിക്കുന്നു. അങ്ങനെ അനാഥകൾ അവരുടെ പിതാക്കളുടെ അഭാവത്തിൽ മാതാക്കളുടെ സംരക്ഷണത്തിൽ തന്നെയാണ് വളരേണ്ടത്. അനാഥകളെയും അഗതിക

ളായ അവരുടെ മാതാക്കളെയും സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. എന്നാൽ ഇതിന് വിപരീതമായി അനാഥശാലകൾ ഉണ്ടാക്കുകയും അവിടെ അനാഥകളെ അവരുടെ മാതാക്കളിൽ നിന്നുകൂടി അകറ്റി കൂടുതൽ നാഥനില്ലായ്മയിലേക്ക് തള്ളിവിടുകയും ചെയ്യുന്ന സമ്പ്രദായമാണ് അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന കെട്ടജനതയിൽ ഇന്ന് എവിടെയും കണ്ടുവരുന്നത്. അങ്ങനെ എല്ലാ തിന്മകളും ദുശ്ശീലങ്ങളും അനാഥശാലകളിൽ നിന്ന് പുറത്തുവരുന്ന അനാഥകൾ വഴി സമൂഹത്തിൽ പടർന്നുകൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ യുദ്ധത്തിൽ ബന്ദികളായി പിടിക്കപ്പെടുകയും ഭരണാധികാരികളാൽ സംരക്ഷണത്തിനുവേണ്ടി ഏൽപ്പിക്കപ്പെടുകയും ചെയ്ത സ്ത്രീകളാണ് 'നിങ്ങളുടെ വലംകൈ അധീനപ്പെടുത്തിയ സ്ത്രീകൾ' എന്ന് പറയുന്നവരിൽ ഉൾപ്പെടുക. 23: 5-6 സൂക്തങ്ങളിൽ, വിജയം വരിക്കുന്ന വിശ്വാസികളുടെ സ്വഭാവം പറഞ്ഞ കൂട്ടത്തിൽ അവർ തങ്ങളുടെ ഭാര്യമാരിലും അല്ലെങ്കിൽ വലംകൈ അധീനപ്പെടുത്തിയ സ്ത്രീകളിലും ഒഴികെ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുന്നവരുമാണ്, അപ്പോൾ അവർ ഒരു ആക്ഷേപത്തിനും അർഹരല്ല എന്ന് പറഞ്ഞിട്ടുണ്ട്. 24: 32 ൽ, നിങ്ങളിലെ അവിവാഹിതകളെയും നിങ്ങളുടെ അധീനതയിലുള്ള സജ്ജനങ്ങളായ പുരുഷന്മാരെയും അടിമസ്ത്രീകളെയും നിങ്ങൾ വിവാഹം ചെയ്യിപ്പിക്കുക, അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് അവരെ സമ്പന്നരാക്കുന്നതാണ്, അല്ലാഹു വിശാലജ്ഞാനിയാണ് എന്നും; 24: 33 ൽ, വിവാഹം ചെയ്യുന്നതിന് സാമ്പത്തികശേഷി ഇല്ലാത്തവർ അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് അവനെ ഐശ്വര്യവാനാക്കുന്നതുവരെ അവന്റെ സദാചാരം കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ജീവിതം കൊണ്ട് തൃപ്തിപ്പെടട്ടെ, മോചനപത്രം എഴുതിക്കിട്ടാൻ ആഗ്രഹിക്കുന്ന അടിമക്ക് അതിൽ വല്ല നന്മയുമുണ്ടെന്നറിഞ്ഞാൽ അവർക്ക് മോചനപത്രം എഴുതിക്കൊടുക്കുകയും നിങ്ങൾക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ നിന്ന് അവർക്ക് നൽകുകയും ചെയ്യുക, ചാരിത്ര്യവതികളായ അടിമസ്ത്രീകളെ ഐഹികലാഭം മോഹിച്ച് വേശ്യാവൃത്തിക്ക് നിർബന്ധിക്കുകയുമരുത്, നിങ്ങളുടെ നിർബന്ധത്തിന് വിധേയമായിക്കൊണ്ടാണ് അവർ അത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നതെങ്കിൽ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുന്നതാണ്, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാണ് എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യുദ്ധമില്ല, അതുകൊണ്ടുതന്നെ വലതുകൈ അധീനമാക്കിയ സ്ത്രീകളോ അടിമസ്ത്രീകളോ ഇല്ല. അവസാന കാലഘട്ടമായ ഇന്ന് 2: 187 ൽ വിവരിച്ച പ്രകാരം ആസ്യ, മർയം എന്നിവരെ മാതൃകയാക്കാനാണ് വിശ്വാസികളായ പുരുഷന്മാരോടും സ്ത്രീകളോടും പറഞ്ഞിട്ടുള്ളത്. ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 185, 221; 3: 16-17; 9: 67-68; 57: 21 വിശദീകരണം നോക്കുക.

4. സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം ബാധ്യതയായി കരുതി നിങ്ങൾ സന്തോഷത്തോടെ നൽകേണ്ടതുമാണ്, എന്നാൽ സ്വമനസ്സോടെ അവർ അതിൽ നിന്ന് എന്തെങ്കിലും നിങ്ങൾക്ക് വിട്ടുതരികയാണെങ്കിൽ, അപ്പോൾ യാതൊരു കുറച്ചിലും തോന്നാതെ സന്തോഷപൂർവ്വം നിങ്ങൾ അത് ഭക്ഷിച്ചുകൊള്ളുക.

4: 25 ൽ, സ്ത്രീകളുടെ വിവാഹമൂല്യം ന്യായമായ നിലയിൽ നിങ്ങൾ നൽകുക എന്നാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾ അവർക്കുള്ള വിവാഹമൂല്യം കൊടുക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് വിവാഹമൂല്യം അവരെ പോറ്റിവളർത്തിയ പിതാവിന് നൽകുക എന്നാണ്. ഏത് അവസ്ഥയിലും സ്ത്രീകൾക്ക് വിവാഹമൂല്യം നൽകൽ പുരുഷന്റെ ബാധ്യതയാണ്. അടിമ

സ്ത്രീകളെ വിവാഹം ചെയ്യുകയാണെങ്കിലും വിവാഹമൂല്യം നൽകൽ നിർബന്ധമാണ്. കരുതിക്കൂട്ടി കടം വരുത്തിവെക്കുക, കൃത്രിമമായ ബുദ്ധിമുട്ടുണ്ടാക്കി ഭാര്യമാരുടെ പണം ആവശ്യപ്പെടുക തുടങ്ങിയ പ്രത്യക്ഷമായ പ്രേരണയോ, ഇണചേരുമ്പോൾ ഭാര്യയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി അവളുടെ പണം ആവശ്യപ്പെട്ടുകൊണ്ടുള്ള പരോക്ഷമായ പ്രേരണയോ കൂടാതെ ഭാര്യമാർ സ്വമനസ്സാലെ അവരുടെ ധനത്തിൽ നിന്ന് നൽകുന്നത് മാത്രമേ ഭർത്താക്കന്മാർക്ക് അനുവദനീയമാവുകയുള്ളൂ. 2: 229, 236 വിശദീകരണം നോക്കുക.

5. അല്ലാഹു നിങ്ങളുടെ നിലനിൽപ്പിന് ആധാരമാക്കിവെച്ചിട്ടുള്ള സമ്പത്തിന്റെ കൈകാര്യം മൂഢന്മാരെ നിങ്ങൾ ഏൽപ്പിക്കുകയുമരുത്, അതിൽ നിന്ന് അവരെ ഭക്ഷിപ്പിക്കുകയും ഉടുപ്പിക്കുകയും ചെയ്യുക, നിങ്ങൾ അവരോട് ന്യായമായ രീതിയിലുള്ള നല്ല വാക്ക് പറയുകയും ചെയ്യുക.

സ്ത്രീകൾ, കുട്ടികൾ, അവിവേകികൾ, വിഡ്ഢികൾ തുടങ്ങി ധനം കൈകാര്യം ചെയ്യുന്നതിൽ കാര്യശേഷി ഇല്ലാത്തവരുടെ ധനം അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് ഉത്തരവാദിത്തത്തോടുകൂടി സ്വന്തം ധനം പോലെ പരിപാലിക്കണമെന്നും, അവർക്ക് ആവശ്യമുള്ള ഭക്ഷണവും വസ്ത്രവുമെല്ലാം അതിൽ നിന്ന് നൽകണമെന്നും കൽപിക്കുന്നു. അവരുടെ തന്നെ ഗുണത്തിനാണ് അവരുടെ ധനം ഇപ്രകാരം കൈകാര്യം ചെയ്യുന്നതെന്ന ധ്വനിയിലുള്ള വാക്കുകളായിരിക്കണം അവരോട് പറയേണ്ടത്. അനാഥകളാണെങ്കിലും അല്ലെങ്കിലും ധനം കൈകാര്യം ചെയ്യാൻ ഉത്തരവാദിത്തബോധമില്ലാത്ത വിഡ്ഢികളായ ആളുകളെ അത് ഏൽപ്പിക്കാൻ പാടില്ല. മനുഷ്യരുടെ നിലനിൽപ്പിനുള്ള ആധാരമാണ് സമ്പത്ത് എന്നതിനാൽ നിന്റെ ധനം നീ ധൂർത്തടിച്ച് നശിപ്പിക്കുകയോ എന്തുവേണമെങ്കിലും ചെയ്തോ എന്ന മട്ടിൽ അവർക്ക് വിട്ടുകൊടുക്കൽ അമാനത്തായ അദ്ദിക്ർ ഏറ്റെടുത്ത വിശ്വാസിക്ക് യോജിച്ചതല്ല തന്നെ. 2: 282–283; 3: 104 വിശദീകരണം നോക്കുക.

6. വിവാഹപ്രായമാകുന്നതുവരെ അനാഥകളെ നിങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുവീൻ, അങ്ങനെ നിങ്ങൾ അവരിൽ തന്റേടം കണ്ടെത്തിയാൽ അപ്പോൾ നിങ്ങൾ അവരുടെ സമ്പത്ത് അവരിലേക്കുതന്നെ തിരിച്ചേൽപ്പിക്കുക, അവർ വളർന്ന് വലുതായി തങ്ങളുടെ അവകാശം ചോദിക്കുമെന്ന് ഭയന്ന് നിങ്ങൾ അവരുടെ ധനം നീതിവിട്ട് ധൂർത്തായും ധൃതിയായും ഭക്ഷിക്കുകയുമരുത്, അനാഥകളുടെ ധനം കൈകാര്യം ചെയ്യുന്നവൻ സമ്പന്നനാണെങ്കിൽ അപ്പോൾ അവൻ അവന്നുള്ളതുകൊണ്ട് തന്നെ തൃപ്തിപ്പെട്ടുകൊള്ളട്ടെ! ഇനി അവൻ ദരിദ്രനാണെങ്കിലോ, അപ്പോൾ ന്യായമായ രീതിയിലുള്ളതുമാത്രം ഭക്ഷിച്ചുകൊള്ളട്ടെ! അങ്ങനെ അവരുടെ ധനം അവരിലേക്ക് തിരിച്ചേൽപ്പിച്ചുകൊടുക്കുമ്പോൾ നിങ്ങൾ അവയുടെ മേൽ സാക്ഷ്യം വഹിപ്പിക്കേണ്ടതാകുന്നു, കണക്കുനോക്കുന്നതിന് അല്ലാഹു തന്നെ ഏറ്റവും മതിയായവനുമാകുന്നു.

അനാഥകൾ വിവാഹപ്രായം എത്തുമ്പോഴേക്കും അവരുടെ ധനത്തിന്റെ കൈകാര്യം ഏൽപ്പിക്കാൻ അവർ പ്രാപ്തരാണോ എന്ന് പല വിധത്തിലും പരീക്ഷിച്ചറിയേണ്ടതുണ്ട്. അവർ ഉത്തരവാദിത്തമില്ലാത്തവരോ പക്വതയില്ലാത്തവരോ ധൂർത്തടിക്കുന്നവരോ വിഡ്ഢികളോ ആണെന്ന് ബോധ്യപ്പെടുകയാണങ്കിൽ അവരുടെ ധനം അവർക്കുവേണ്ടി നിങ്ങൾതന്നെ കൈകാര്യം ചെയ്യണമെന്നാണ് മുൻസൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അനാഥകൾ വളർന്ന് വലുതായി വരുമ്പോൾ അവരുടെ അവകാശം അവരെ ഏൽപ്പിക്കേണ്ടി വരുമെന്ന് കരുതി അപ്പോഴേക്കും ധൃതിയിലും ധൂർത്തായും നിങ്ങൾ അത് ചെലവഴിക്കാവുന്നതല്ല. കൈകാര്യകർത്താവ് സമ്പന്നനാണെങ്കിൽ അനാഥകളുടെ ധനത്തിൽ നിന്ന്

ഒന്നും എടുക്കാതെത്തന്നെ അവരുടെ ധനം കൈകാര്യം ചെയ്യണം. അല്ലാഹു അവന് നൽകിയതിൽ അവൻ തൃപ്തിപ്പെടുകയും വേണം, അതാണ് മാന്യത. ധനം അനാഥകളെ തിരിച്ചേൽപ്പിക്കുമ്പോൾ അതിന്റെ മേൽ സാക്ഷികളെ നിർത്തുന്നത് അതിൽ ഒരു കുറവും വരുത്തിയിട്ടില്ലെന്നും അവകാശം നീതിപൂർവ്വം തിരിച്ചേൽപ്പിച്ചിട്ടുണ്ടെന്നും ബോധ്യപ്പെടുത്താനും ഭാവിയിൽ അതിനെക്കുറിച്ച് ഒരു കശപിശയും ഉണ്ടാവാതിരിക്കാനും വേണ്ടിയാണ്. ത്രികാലജ്ഞാനിയായ നാഥൻ എല്ലാം പതിയിരുന്ന് വീക്ഷിക്കുന്നുണ്ടെന്നും, ഓരോരുത്തരും ഇവിടെ എന്തൊക്കെ പ്രവർത്തിക്കുമെന്ന് നേരത്തെത്തന്നെ നിശ്ചയിച്ച് 17: 13; 18: 49; 23: 62–64 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ കൊത്തിവെക്കുന്നുണ്ടെന്നും, 45: 28–31 പ്രകാരം വിധിദിവസം അല്ലാഹുവിന്റെ ഗ്രന്ഥമായ അത് ഊരിയെടുത്ത് ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് ഓരോരുത്തരുടെയും വിചാരണ നടത്തുക എന്നുമാണ് 'കണക്കുനോക്കാൻ അല്ലാഹു തന്നെ മതി' എന്ന് പറഞ്ഞതിന്റെ വിവക്ഷ. ത്രികാലജ്ഞാനിയായ അവൻ തന്നെയാണ് നിങ്ങളെ അനാഥകളുടെ ധനത്തിന്റെ കൈകാര്യകർത്താക്കളായി നിയോഗിച്ചത് എന്നും അവന്റെ മുമ്പിലാണ് ഓരോരുത്തരും ഒറ്റക്കൊറ്റക്കായി വിചാരണാനാളിൽ ഉത്തരം പറയേണ്ടി വരിക എന്നുമുള്ള ബോധത്തിൽ നിലകൊള്ളണമെന്നുമാണ് സൂക്തം ഉണർത്തുന്നത്. 2: 255; 3: 199; 6: 59 വിശദീകരണം നോക്കുക.

7. മാതാപിതാക്കളും കുടുംബങ്ങളിൽ നിന്ന് അടുത്തവരും വിട്ടേച്ചുപോയ സമ്പത്തിൽ പുരുഷന്മാർക്ക് ഒരു വിഹിതമുണ്ട്, മാതാപിതാക്കളും കുടുംബങ്ങളിൽ നിന്ന് അടുത്തവരും വിട്ടേച്ചുപോയ സമ്പത്തിൽ സ്ത്രീകൾക്കും വിഹിതമുണ്ട്, അതിൽ നിന്നുള്ള എത്ര കുറഞ്ഞതാണെങ്കിലും അല്ലെങ്കിൽ അധികരിച്ചതാണെങ്കിലും ശരി –നിർബന്ധമാക്കപ്പെട്ട വിഹിതം!

ജാഹിലിയ്യാ കാലത്ത് സ്ത്രീകൾക്ക് അനന്തരാവകാശമുണ്ടായിരുന്നില്ല. മാത്രമല്ല, 4: 19, 22 സൂക്തങ്ങളിൽ പറഞ്ഞതിന് വിരുദ്ധമായി സ്ത്രീകളെത്തന്നെ അനന്തരാവകാശസ്വത്തായി പരിഗണിക്കുകയും ചെയ്തിരുന്നു. അപ്പോൾ മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ –അത് എത്ര കുറഞ്ഞതാണെങ്കിലും കൂടിയതാണെങ്കിലും ശരി– അതിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും അല്ലാഹു ഒരു വിഹിതം നിശ്ചയിച്ചിട്ടുണ്ട്.

8. അനന്തരാവകാശം ഭാഗം വെക്കുമ്പോൾ അടുത്ത ബന്ധുക്കളും അനാഥകളും അഗതികളും സന്നിഹിതരാവുകയാണെങ്കിൽ അപ്പോൾ അതിൽ നിന്ന് അവരെയും ഭക്ഷിപ്പിക്കുകയും അവരോട് ന്യായമായ രീതിയിലുള്ള വാക്കുകൾ പറയുകയും ചെയ്യുവീൻ.

9. തങ്ങളുടെ പിന്നിൽ ദുർബലരായ മക്കളെ വിട്ടേച്ചുപോവുന്നത് ഭയപ്പെടുന്നതുപോലെ അവരുടെമേലും നിങ്ങൾ ഭയപ്പെടുക, അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നേരെചൊവ്വെയുള്ള വാക്കുകൾ പറയുകയും ചെയ്യുവീൻ.

യഥാർത്ഥത്തിൽ ഭൂമിയിലുള്ളതിന്റെ അവകാശം മുഴുവനും പ്രപഞ്ചനാഥനായ അല്ലാഹുവിനാണ്. അനാഥകളെയും അഗതികളെയും പ്രമാണിമാരെയുമെല്ലാം നിശ്ചയിക്കുന്നതും അവൻ തന്നെയാണ്. അതുകൊണ്ട് അനാഥകളും അഗതികളും ദരിദ്രരുമെല്ലാം സ്വത്ത് വിഹിതം വെക്കുമ്പോൾ സന്നിഹിതരാവുകയാണെങ്കിൽ സ്വന്തം മക്കൾക്കും ഈ അവസ്ഥ വരാമല്ലോ എന്ന ഉൾഭയത്തോടെ സ്വന്തം മക്കളോടെന്ന പോലെ അവരോടും ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ വർത്തിക്കേണ്ടതാണ്. അല്ലാ

തെ അവർ വന്നതിൽ വെറുപ്പ് പ്രകടിപ്പിക്കുകയോ അവരെ പഴിക്കുകയോ അരുത് എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. കൂടാതെ സമ്പത്ത് ധൂർത്തടിച്ച് ചെലവഴിക്കാതെ മക്കൾക്ക് ജീവിതം എളുപ്പമാകത്തക്ക വിധവും 4: 85 ൽ വിവരിച്ച പ്രകാരം അവരുടെ സൽകർമങ്ങളുടെ ഒരു വിഹിതം തനിക്കും പരലോകത്ത് ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടിയും സമ്പത്ത് അനന്തരാവകാശമായി വിട്ടേച്ചുപോകണമെന്നും ഈ സൂക്തം പഠിപ്പിക്കുന്നുണ്ട്. എല്ലാം അല്ലാഹുവിന്റെ തൃപ്തിയായ അദ്ദിക്റിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ടായിരിക്കുകയും വേണം. എന്നാൽ അദ്ദിക്ർ കൊണ്ട് 'ഞാനില്ല, എന്റേതൊന്നുമില്ല' എന്ന നയത്തിൽ നിലകൊള്ളുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ ഇത്തരം സൂക്തങ്ങളുടെയെല്ലാം കൽപനകൾ പാലിച്ച് നിലകൊള്ളുകയുള്ളൂ. 2: 266–267; 33: 70–71; 36: 12 വിശദീകരണം നോക്കുക.

10. നിശ്ചയം അനാഥകളുടെ സമ്പത്തുകൾ അക്രമമായി തിന്നുകൊണ്ടിരിക്കുന്നവർ, നിശ്ചയം അവർ തങ്ങളുടെ വയറുകളിൽ തീയാണ് തിന്നുകൊണ്ടിരിക്കുന്നത്, ആളിക്കത്തുന്ന നരകത്തിൽ അവർ വേവിക്കപ്പെടുക തന്നെ ചെയ്യും.

അനാഥകളുടെ ധനം തിന്നുന്നത് ഏഴ് വൻകുറ്റങ്ങളിൽ പെട്ട ഒന്നാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. തങ്ങൾക്ക് ഭക്ഷണം ആവശ്യമുണ്ടായിരിക്കെ അല്ലാഹുവിന്റെ തൃപ്തി മാത്രം മോഹിച്ചുകൊണ്ട് അഗതികളെയും അനാഥകളെയും ബന്ദികളെയും ഭക്ഷിപ്പിക്കുന്നവരാണ് പുണ്യാത്മാക്കളെന്നും അല്ലാഹുവിനെ മുഖപ്രസന്നതയോടെ അവർ കണ്ടുമുട്ടുമെന്നും 76: 8–11 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 93: 6 ൽ പ്രവാചകനെ അഭിസംബോധനം ചെയ്തുകൊണ്ട്, അവൻ നിന്നെ അനാഥനായി കാണുകയും അങ്ങനെ അഭയം നൽകുകയും ചെയ്തില്ലേ എന്ന് ചോദിച്ച ശേഷം 93: 9 ൽ, അപ്പോൾ അനാഥകളുണ്ടല്ലോ, അവരെ നീ ഒരിക്കലും ആട്ടിപ്പുറത്താക്കുകയുമരുത് എന്ന് പറഞ്ഞിട്ടുണ്ട്. 2: 174–175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അനാഥകളോടും അഗതികളോടും ദരിദ്രരോടും കൈകൊള്ളേണ്ട വിധിവിലക്കുകളടങ്ങുന്ന അദ്ദിക്ർ മൂടിവെക്കുന്ന കപടവിശ്വാസികളും അതുകൊണ്ട് തുച്ഛവില വാങ്ങുന്ന ഫുജ്ജാറുകളും തങ്ങളുടെ വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല. *ദിക്റാ* എന്ന ഗ്രന്ഥത്തെ വർജ്ജിക്കുന്ന ദൗർഭാഗ്യവാൻ വമ്പിച്ച തീയിൽ വേവിക്കപ്പെടുമെന്ന് 87: 9–12 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 4: 118 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും സത്യമായ അദ്ദിക്റിനെ അവഗണിച്ച് മിഥ്യ പിൻപറ്റുന്നവരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരുമാണ്. 89: 17–20 സൂക്തങ്ങളിൽ, അല്ല; അങ്ങനെയല്ല, നിങ്ങൾ അനാഥയെ ആദരിക്കുന്നവരായില്ല. അഗതിക്ക് ആഹാരം നൽകുന്നതിനുവേണ്ടി നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നവരുമായില്ല. നിങ്ങൾ അനന്തരാവകാശ സ്വത്തുക്കൾ വാരിക്കൂട്ടി തിന്നുന്നവരുമാകുന്നു. സമ്പത്ത് ഒരുമിച്ചുകൂട്ടാൻ നിങ്ങൾ അതിയായി ആഗ്രഹിക്കുന്നവരുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 24, 159–161; 6: 115–116 വിശദീകരണം നോക്കുക.

11. നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു: പുരുഷന്റെ വിഹിതം രണ്ട് സ്ത്രീവിഹിതത്തിന് തുല്യമാകുന്നു, ഇനി അവകാശികളായി രണ്ടോ അതിലധികമോ പെൺമക്കളാണെങ്കിൽ അപ്പോൾ നീ വിട്ടേച്ചുപോയ ധനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം അവർക്കുള്ളതാകുന്നു; ഇനി അവൾ ഒരുവൾ മാത്രമാണെങ്കിൽ പകുതി അവൾക്കുള്ളതാണ്, പരേതന് സന്താനമുള്ള അവസ്ഥയിൽ അവന്റെ മാതാപിതാക്കളിൽ ഓരോരുത്തർക്കും അവൻ വിട്ടേച്ചുപോയ ധനത്തിന്റെ ആറിലൊന്ന് ലഭിക്കുന്നതാകുന്നു, ഇനി അവ

ന് സന്താനമില്ലാതിരിക്കുകയും മാതാപിതാക്കൾ മാത്രം അവകാശികളാവുക യും ചെയ്യുമ്പോൾ, അപ്പോൾ അവന്റെ മാതാവിന് മൂന്നിലൊന്ന് നൽകിക്കൊ ണ്ട് അവന്റെ പിതാവ് അവനെ അനന്തരമെടുക്കുന്നതാണ്; ഇനി അവന് സ ഹോദര സഹോദരികളുണ്ടെങ്കിൽ അപ്പോൾ മാതാവിന് ആറിലൊന്ന് ലഭിക്കു ന്നതാണ്, ഈ വിഹിതങ്ങളെല്ലാം നൽകേണ്ടത് പരേതൻ ചെയ്തിട്ടുള്ള വസ്വി യ്യത്തുകൾ പൂർത്തിയാക്കിയ ശേഷവും, അല്ലെങ്കിൽ അവന്റെ പേരിലുള്ള ക ടങ്ങൾ വീട്ടിയ ശേഷവുമാകുന്നു, നിങ്ങളുടെ മാതാപിതാക്കളാണോ മക്കളാ ണോ ഉപകാരത്തിൽ ഏറ്റവും നിങ്ങളോട് അടുത്തവരെന്ന് നിങ്ങൾക്ക് അറിവി ല്ല, അതുകൊണ്ട് ഈ വിഹിതം അല്ലാഹുവിൽ നിന്നുള്ളതാകുന്നു; നിശ്ചയം അല്ലാഹു സർവ്വജ്ഞനായ യുക്തിജ്ഞാനി തന്നെയായിരിക്കുന്നു.

ഇസ്‌ലാമിൽ സ്ത്രീകളും മക്കളും അടങ്ങുന്ന കുടുംബത്തിന്റെ ചെലവുകൾ വഹി ക്കേണ്ടത് ഭർത്താവാണെങ്കിലും പിതാവാണെങ്കിലും പുരുഷന്റെ കടമയാണ്. അതുകൊ ണ്ടാണ് അനന്തരാവകാശത്തിൽ സ്ത്രീകളുടെ ഇരട്ടിവിഹിതം പുരുഷന് നൽകിയിട്ടുള്ള ത്. മക്കളില്ലാത്ത മകനാണ് മരിച്ചുപോയതെങ്കിൽ പിതാവിന് വേറെ മക്കളുമുണ്ടെങ്കിൽ മാതാവിന് ആറിലൊന്നായി ചുരുങ്ങിയത് മക്കളുടെ ബാധ്യത പിതാവിനായതിനാലാണ്. മക്കൾക്ക് പിതാവ് മരിച്ചതിനുശേഷമല്ലാതെ അനന്തരാവകാശം ലഭിക്കുകയില്ല. പിതാവു ണ്ടായിരിക്കെ മകൻ മരിച്ചാൽ മകന്റെ മക്കൾക്ക് പിതാവിന്റെ അനന്തരാവകാശം ലഭിക്കു കയില്ല. എന്നാൽ സ്വത്തിന്റെ മൂന്നിലൊരുഭാഗം വരെ മകന്റെ മക്കളുടെ സാമ്പത്തിക അ വസ്ഥയും മറ്റും പരിഗണിച്ചുകൊണ്ട് പിതാമഹന് *വസ്വിയ്യത്ത്* ചെയ്യാവുന്നതാണ്. നരകം അല്ലെങ്കിൽ സ്വർഗം ഓരോരുത്തരും നാലാം ഘട്ടമായ ഇവിടെ വെച്ച് സമ്പാദിക്കുന്നതാ ണ്. അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി മാത്രം ജീ വിക്കുന്ന അവന്റെ പ്രതിനിധികളായ വിശ്വാസികൾക്ക് മാത്രമേ ഈ വിധിവിലക്കുകളെ ല്ലാം നീതിപൂർവ്വമായി തോന്നുകയുള്ളൂ. അതുകൊണ്ടാണ് 'നിങ്ങൾക്ക് നിങ്ങളുടെ മാതാ പിതാക്കളാണോ മക്കളാണോ ഉപകാരത്തിൽ നിങ്ങളോട് ഏറ്റവും അടുത്തതെന്ന് നിങ്ങൾ ക്ക് അറിയുകയില്ല' എന്നും 'അല്ലാഹു എല്ലാം അറിയുന്ന സർവ്വജ്ഞനായ യുക്തിജ്ഞാ നി തന്നെയായിരിക്കുന്നു എന്നും പറഞ്ഞത്.

ഈ സൂക്തത്തിൽ *വസ്വിയ്യത്താ*ണ് കടത്തിനുമുമ്പ് പറഞ്ഞിട്ടുള്ളത്. *എന്നാൽ ജീവി തകാലത്ത് തന്നെ കഴിയുന്നത്ര വേഗത്തിൽ കടം വീട്ടാൻ ശ്രമിക്കണമെന്നും അനന്തരാ വകാശം വിഹിതം വെക്കുമ്പോൾ കടം ബാക്കിയുണ്ടെങ്കിൽ അതാണ് ആദ്യം വീട്ടേണ്ട തെന്നും* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 180–182 സൂക്തമനുസരിച്ച് *വസ്വിയ്യത്തിൽ* മാറ്റം വരുത്താവുന്നതാണെങ്കിൽ കടത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. *അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷി ത്വം വരിച്ച ശഹീദിന്റെ കടം പോലും വീടുകയില്ലെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാച കനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. കടം സൃഷ്ടികൾ പരസ്പരമുള്ള ബാധ്യതയും *അമാനത്തു*മാ ണ്. അതിൽ നീതിമാനായ സ്രഷ്ടാവിന് ഒന്നും ചെയ്യാൻ കഴിയുകയില്ല. മറിച്ച് നമസ്കാരം, നോമ്പ് തുടങ്ങിയവ വിശ്വാസികളുടെമേൽ സ്രഷ്ടാവിനോടുള്ള ബാധ്യതയാണ്. അതു കൊണ്ട് അവയിൽ വീഴ്ച വന്നത് സ്രഷ്ടാവിനോട് ഏറ്റുപറഞ്ഞാൽ അവൻ പൊറുത്തു കൊടുത്തേക്കും. 2: 186 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർ ത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല. മാത്രമല്ല, അറ ബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് അവർ ഇവിടെ ലക്ഷ്യബോ

ധമില്ലാതെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 9: 67–68; 25: 34, 65–66; 48: 6; 98: 6; 107: 4–5 തുടങ്ങിയ സൂക്തങ്ങളിലെല്ലാം അവർ വായിച്ചിട്ടുണ്ട്. 2: 255, 269, 283 വിശദീകരണം നോക്കുക.

12. നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാർ വിട്ടേച്ചുപോകുന്ന ധനത്തിൽ പകുതിയുമുണ്ട് –അവർക്ക് മക്കളില്ലെങ്കിൽ; ഇനി അവർക്ക് മക്കളുണ്ടെങ്കിലോ, അപ്പോൾ നിങ്ങളുടെ വിഹിതം അവർ വിട്ടേച്ചുപോയതിന്റെ നാലിലൊന്നാകുന്നു–അവർ ചെയ്ത വസ്വിയ്യത്തുകൾ പൂർത്തീകരിക്കുകയും അല്ലെങ്കിൽ കടങ്ങൾ വീട്ടുകയും ചെയ്തതിന് ശേഷം, നിങ്ങൾ വിട്ടേച്ചുപോകുന്ന സ്വത്തിൽ ഭാര്യമാർക്ക് നാലിലൊന്നുണ്ട് –നിങ്ങൾക്ക് മക്കളില്ലെങ്കിൽ, ഇനി നിങ്ങൾക്ക് മക്കളുണ്ടെങ്കിൽ അപ്പോൾ അവർക്ക് നിങ്ങൾ വിട്ടേച്ചുപോകുന്നതിന്റെ എട്ടിലൊന്നാണ് ലഭിക്കുക –നിങ്ങളുടെ വസിയ്യത്ത് പൂർത്തീകരിക്കുകയും അല്ലെങ്കിൽ കടങ്ങൾ വീട്ടുകയും ചെയ്തതിനുശേഷം; കലാലഃയായ ഒരു പുരുഷൻ അല്ലെങ്കിൽ ഒരു സ്ത്രീ അനന്തരമെടുക്കപ്പെടുകയാണെങ്കിൽ –അവന് ഒരു സഹോദരനോ സഹോദരിയോ ഉണ്ട് താനും, അപ്പോൾ അവർ രണ്ടുപേരിൽ എല്ലാ ഓരോരുത്തർക്കും ആറിലൊന്ന് ലഭിക്കുന്നതാണ്; ഇനി അവർ അതിൽ കൂടുതലുണ്ടെങ്കിൽ അപ്പോൾ മൂന്നിലൊന്ന് സ്വത്തിൽ അവർ പങ്കുകാരായിരിക്കും, –ഉപദ്രവകരമല്ലാത്ത വസ്വിയ്യത്ത് അല്ലെങ്കിൽ കടം വീട്ടിയതിനുശേഷം; അല്ലാഹുവിൽ നിന്നുള്ള ഉപദേശമാണിത്, അല്ലാഹു സർവ്വജ്ഞാനിയായ സഹനശീലനാകുന്നു.

ഭാര്യമാർക്ക് അവരുടെ ആദ്യവിവാഹത്തിലുള്ള കുട്ടികളുണ്ടെങ്കിലും ഭർത്താവിന് നാലിലൊന്ന് അവകാശമേ ലഭിക്കുകയുള്ളൂ. ഇനി ഒരാൾക്ക് ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടെങ്കിൽ മക്കളുള്ള അവസ്ഥയിൽ എട്ടിലൊന്നും, മക്കളില്ലാത്ത അവസ്ഥയിൽ നാലിലൊന്നും വിഹിതം അവർക്കിടയിൽ തുല്യമായി ഭാഗിച്ചെടുക്കേണ്ടതാകുന്നു. മാതാപിതാക്കളോ മക്കളോ അനന്തരാവകാശികളായി ഇല്ലാതെ മരിച്ചുപോകുന്നവർക്കാണ് '*കലാലഃ*' എന്ന് പറയുന്നത്. 4: 176 ൽ പറയുന്ന *കലാലഃ*യും ഈ സൂക്തത്തിൽ പറഞ്ഞ കലാലഃയും തമ്മിൽ വ്യത്യാസമുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ *കലാലഃ*യുടെ അവകാശികളായ സഹോദരനും സഹോദരിക്കും തുല്യമായ വിഹിതമാണുള്ളത് എന്നതിനാൽ പിതാവ് വ്യത്യസ്തമായ മാതാവൊത്ത സഹോദരനോ സഹോദരിയോ ആണ് ഇവർ. എന്നാൽ 4: 176 ലെ കലാലഃയുടെ അവകാശികൾ പിതാവൊത്തവരായതുകൊണ്ട് സഹോദരിക്കുള്ളതിന്റെ ഇരട്ടിയാണ് സഹോദരനുള്ളത് (മുൻ സൂക്തത്തിൽ പെൺമക്കൾക്കുള്ളതിന്റെ ഇരട്ടിയാണ് ആൺ മക്കൾക്ക് എന്ന് പറഞ്ഞതുപോലെത്തന്നെ).

'ഉപദ്രവകരമല്ലാത്ത *വസ്വിയ്യത്തും* കടവും' എന്ന് പറഞ്ഞതിന്റെ വിവക്ഷ, ഏതായാലും എനിക്ക് അനന്തരാവകാശികളൊന്നുമില്ലല്ലോ എന്ന് കരുതി, അല്ലെങ്കിൽ മാതാവൊത്ത അകന്ന ബന്ധുക്കൾക്ക് അവകാശം പോകുമല്ലോ എന്ന് കരുതി ധൂർത്തടിച്ച് ജീവിച്ച് കടങ്ങൾ വരുത്തുകയോ അന്യായമായ *വസ്വിയ്യത്തുകൾ* ചെയ്യുകയോ അരുത് എന്നാണ്. 2: 182 പരിഗണിച്ചുകൊണ്ട് അന്യായമായി ചെയ്ത *വസ്വിയ്യത്ത്* തിരുത്താവുന്നതാണ്. എന്നാൽ കടം ഏത് നിലക്കുള്ളതാണെങ്കിലും വീട്ടുക തന്നെ വേണം. അഥവാ അല്ലാഹു നൽകിയതാണ് എല്ലാ അനുഗ്രഹങ്ങളെന്നും അവ അല്ലാഹുവിന്റെ തൃപ്തിയിൽ വിനിയോഗിച്ച് ഇവിടെ സ്വർഗം പണിയലാണ് ജീവിതലക്ഷ്യമെന്നും ബോധമുണ്ടായിരിക്കണമെന്ന് സാരം. 2: 286; 3: 136, 182; 32: 18–20 വിശദീകരണം നോക്കുക.

13. ഇതെല്ലാം അല്ലാഹു നിശ്ചയിച്ച പരിധികളാണ്, ആരെങ്കിലും അല്ലാഹുവിനെയും

അവന്റെ പ്രവാചകനെയും അനുസരിച്ചാൽ അവനെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്, അതിൽ അവർ നിത്യവാസികളുമായിരിക്കും, അതത്രെ മഹത്തായ വിജയവും!

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ സ്വർഗത്തിലേക്ക് തിരിച്ചു പോകാനുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ. 'അതത്രെ മഹത്തായ വിജയം' എന്ന് ഗ്രന്ഥത്തിൽ ഇവിടെക്കൂടാതെ 5: 119; 9: 89, 100; 61: 12; 64: 9 എന്നീ അഞ്ച് സൂക്തങ്ങളിൽ വന്നിട്ടുണ്ട്. 2: 38, 62; 3: 185 വിശദീകരണം നോക്കുക.

14. ആരാണോ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും ധിക്കരിക്കുകയും അവന്റെ പരിധികൾ മറികടക്കുകയും ചെയ്തത്, അവനെ നരകത്തിൽ പ്രവേശിപ്പിക്കുന്നതുമാണ്, അതിൽ അവൻ ശാശ്വതനുമായിരിക്കും, അവന് ഹീനമായ ശിക്ഷയുമാണുള്ളത്.

2: 146 ൽ വിവരിച്ച പ്രകാരം ഇന്ന് അല്ലാഹുവും പ്രവാചകനും നാഥന്റെ വിധിവിലക്കുകളുമെല്ലാം അടങ്ങിയിട്ടുള്ളത് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്റിലാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവർക്കാണ് ഇഹത്തിലും പരത്തിലും ഹീനവും നിന്ദ്യവുമായ ശിക്ഷയുള്ളത്. 1: 7; 2: 39; 3: 31–32, 182 വിശദീകരണം നോക്കുക.

15. നിങ്ങളുടെ സ്ത്രീകളിൽ മ്ലേച്ഛവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ, അപ്പോൾ അവരുടെമേൽ നിങ്ങളിൽ നിന്നുള്ള നാലുപേരെ സാക്ഷികളായി കൊണ്ടുവരിക, അങ്ങനെ അവർ സാക്ഷ്യം വഹിച്ചാൽ അപ്പോൾ വീടുകളിൽ അവരുടെ മരണം വരെ, അല്ലെങ്കിൽ അല്ലാഹു അവരുടെ കാര്യത്തിൽ ഒരു വഴി നിർദ്ദേശിക്കുന്നതുവരെ നിങ്ങൾ അവരെ പിടിച്ചുവെക്കുക.

16. നിങ്ങളിൽ നിന്നുള്ള ഇത്തരം മ്ലേച്ഛവൃത്തികളിൽ ഏർപ്പെടുന്ന രണ്ടുപേരെ കൊണ്ടുവന്നാൽ അപ്പോൾ നിങ്ങൾ ഇരുവരെയും പീഡിപ്പിക്കേണ്ടതാകുന്നു, ഇനി അവർ രണ്ടുപേരും പശ്ചാത്തപിച്ച് മടങ്ങുകയും പ്രവർത്തനങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്താൽ അപ്പോൾ അവർ രണ്ടുപേരെത്തൊട്ടും നിങ്ങൾ അവഗണിക്കുക, നിശ്ചയം അല്ലാഹു ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാനായിരിക്കുന്നുവല്ലോ.

സ്ത്രീകൾ വ്യഭിചാരത്തിൽ ഏർപ്പെടുന്നതായി കാണുകയും അതിന് വിശ്വാസികളായ നാല് പേർ സാക്ഷ്യം വഹിക്കുകയും ചെയ്താൽ അവരെ മരണം വരെ അവരുടെ വീടുകളിൽ തളച്ചിടണം എന്നാണ് സൂക്തം പറയുന്നത്. 'അല്ലെങ്കിൽ അവരുടെ കാര്യത്തിൽ അല്ലാഹു ഒരു വഴി നിർദ്ദേശിക്കുന്നതുവരെ' എന്നുപറഞ്ഞത് 24: 2 ൽ ആണായാലും പെണ്ണായാലും അവരെ നൂറ് അടി വീതം അടിക്കണം എന്ന വ്യഭിചാരക്കുറ്റത്തിനുള്ള ശിക്ഷാ നിയമം അവതരിപ്പിക്കുന്നതുവരെ എന്നാണ്. 4: 16 ൽ 'നിങ്ങളിൽ ഈ കൃത്യം ചെയ്യുന്ന രണ്ടുപേർ' എന്ന് പറഞ്ഞത് സ്ത്രീയെയും പുരുഷനെയുമാണ്, അല്ലാതെ *ലിവാത്ത്* –സ്വവർഗ സംഭോഗം– നടത്തുന്നവരെയല്ല. മാത്രമല്ല, സൂക്തത്തിൽ '*യഅ്തീഹിമാ*' എന്നാണ് പറഞ്ഞിരുന്നതെങ്കിൽ രണ്ട് പുരുഷന്മാരെക്കുറിച്ചാകുമായിരുന്നു, എന്നാൽ ഇവിടെ '*യഅ്തി*

യാനിഹാ' എന്ന് പറഞ്ഞത് പുരുഷനും സ്ത്രീയും ചേർന്ന വ്യഭിചാരക്കുറ്റമായതുകൊണ്ടാണ്. *പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗ സംഭോഗം ചെയ്യുന്നവനെയും ചെയ്യപ്പെടുന്നവനെയും വധിച്ച് കളയണമെന്നാണ്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്.

എക്കാലത്തും ഇസ്ലാമിൽ കുറ്റകൃത്യങ്ങളെല്ലാം ഘട്ടം ഘട്ടമായിട്ടാണ് ഇല്ലായ്മ ചെയ്തിട്ടുള്ളത്. വിവാഹിതരായവർ വ്യഭിചാരക്കുറ്റത്തിൽ ഏർപ്പെട്ടാലുള്ള ശിക്ഷയുടെ ആദ്യഘട്ടമാണ് ഈ സൂക്തത്തിൽ പരാമർശിക്കുന്നത്. വ്യഭിചാരക്കുറ്റത്തിന് ആണിനെയും പെണ്ണിനെയും നൂറ് അടിവീതം അടിക്കണമെന്നും, വിശ്വാസികളുടെ സംഘം അതിന് സാക്ഷ്യം വഹിക്കണമെന്നും കൽപിച്ചുകൊണ്ട് 24-ാം സൂറത്തിൽ വ്യഭിചാരത്തിനുള്ള ശിക്ഷയുടെ രണ്ടാം ഘട്ടം അവതരിപ്പിച്ചു. മൂന്നാം ഘട്ടമായി വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞുകൊല്ലുന്ന ശിക്ഷ പ്രവാചകൻ മുഹമ്മദ് അവസാനഘട്ടത്തിൽ നടപ്പിലാക്കുകയുണ്ടായി. ആ ശിക്ഷ തൗറാത്തിലുള്ളതും ഈസാനബിയുടെ കാലത്ത് നടപ്പിലാക്കിയിട്ടുള്ളതുമാണ്. 'നിങ്ങളിൽ നിന്ന് കുറ്റം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന ഈസാനബിയുടെ വാക്ക് അതാണ് സൂചിപ്പിക്കുന്നത്. എന്നാൽ തടഞ്ഞുവെക്കൽ, നൂറ് അടി അടിക്കൽ, എറിഞ്ഞുകൊല്ലൽ എന്നിങ്ങനെയുള്ള വ്യഭിചാരത്തിനുള്ള ശിക്ഷയുടെ ഒരുഘട്ടവും നടപ്പിലാക്കാൻ വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് സാധ്യമല്ല. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പഠിപ്പിക്കുക വഴി, 17: 13-14; 18: 48-49; 23: 62-64; 36: 12; 45: 28-31; 58: 6; 78: 29 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോ മനുഷ്യനും അവന്റെ പിരടിയിൽ വഹിക്കുന്ന കർമരേഖയിൽ തന്റെ ചിന്തകളും പ്രവൃത്തികളുമെല്ലാം കൊത്തിവെക്കുന്നുണ്ടെന്നും വിധിദിവസം അത് പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് നൽകി ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ചാണ് വിചാരണ നടത്തുക എന്നും; 41: 19-24 സൂക്തങ്ങൾ പ്രകാരം അന്ന് ഓരോരുത്തരുടെയും തൊലികളും കേൾവികളും കാഴ്ചകളും അവർക്കെതിരെ സാക്ഷ്യം വഹിക്കുമെന്നും; 99: 4-5 സൂക്തങ്ങൾ പ്രകാരം ഭൂമി തന്നെയും അതിന്റെ റിക്കാർഡ് സമർപ്പിക്കുമെന്നും ബോധവാന്മാരാക്കി തെറ്റ് കുറ്റങ്ങളിൽ നിന്നും മനുഷ്യനെ അകറ്റി നിർത്തുക മാത്രമാണ് ഇത്തരം തിന്മകൾ ഇല്ലാതാക്കാനുള്ള ഏകമാർഗം. പ്രസ്തുത ബോധമുള്ള വിശ്വാസികൾ മാത്രമാണ് അദ്ദിക്റിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനുമായി ഉപയോഗപ്പെടുത്തുന്നവർ. ഗ്രന്ഥത്തിന്റെ ആശയം അറിഞ്ഞുകൊണ്ട് മൂടിവെക്കുന്ന തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾക്ക് അറബി ഖുർആൻ നരകത്തിലേക്കുള്ള ടിക്കറ്റാണ്. 2: 219-220; 3: 110; 4: 1 വിശദീകരണം നോക്കുക.

17. നിശ്ചയം, അല്ലാഹുവിന്റെമേൽ പശ്ചാത്താപമുള്ളത് അറിവില്ലായ്മ കൊണ്ട് തിന്മ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്ക് വേണ്ടിയാണ്, പിന്നെ അറിഞ്ഞ ഉടനെ അടുത്തുതന്നെ പശ്ചാത്തപിക്കുന്നവർക്കുമാണ്, അപ്പോൾ അക്കൂട്ടരുടെ മേൽ അല്ലാഹു മടങ്ങുന്നതാണ്, അല്ലാഹു സർവ്വജ്ഞാനിയായ യുക്തിജ്ഞാനിയായിരിക്കുന്നു.

18. ദുഷ്കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരായവർക്ക് പശ്ചാത്താപവുമില്ല, മരണം ആസന്നമാകുമ്പോൾ അവരിൽ നിന്നുള്ള ഒരുവൻ നിശ്ചയം ഞാനിതാ പശ്ചാത്തപിച്ച് മടങ്ങുന്നു എന്ന് പറയുകയായി -നിഷേധത്തിനുമേൽ നിഷേധം കൈക്കൊള്ളുന്നവരായി മരണപ്പെടുന്നവരായവർക്കും, അക്കൂട്ടർക്ക് വേദ

നാജനകമായ ശിക്ഷ തന്നെയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്.

'തൗബ' എന്നാൽ മടക്കം എന്നാണ്. അഥവാ എവിടെ നിന്നാണോ പോയത്, അവി ടേക്കുതന്നെ തിരിച്ചുവരിക എന്നർത്ഥം. എല്ലാവരും പ്രകൃതിയിൽ അനുസരണമുള്ളവ രായിട്ടാണ് ജനിക്കുന്നത്, ആ പ്രകൃതിയിലേക്ക്, അനുസരണത്തിലേക്ക്, സ്രഷ്ടാവിലേ ക്ക്, സ്വർഗ്ഗത്തിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിലേക്ക് തിരിച്ചുവരലാ ണ് പശ്ചാത്താപം. യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാത്തതുകൊണ്ടാണ് മനുഷ്യ രിൽ തെറ്റുകുറ്റങ്ങൾ വരുന്നത്. അദ്ദിക്ർ ഉപയോഗപ്പെടുത്തി അവരവരെ തിരിച്ചറിയാത്ത തുകൊണ്ടും സ്രഷ്ടാവിനെ തിരിച്ചറിയാത്തതുകൊണ്ടും ജീവിതലക്ഷ്യം തിരിച്ചറിയാത്ത തുകൊണ്ടുമാണ് അത്. അന്ത്യനാൾ വരെയുള്ള ആദം സന്തതികളെ മുഴുവനും സ്വർഗ ത്തിൽ സൃഷ്ടിച്ച് 'ഞാനല്ലെയോ നിങ്ങളുടെ ഉടമ' എന്ന് അല്ലാഹു ചോദിച്ചപ്പോൾ എ ല്ലാ ഓരോരുത്തരും 'അതെ നാഥാ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് മറുപടി പറ ഞ്ഞു. 'ഞങ്ങൾ അതിനെക്കുറിച്ച് ബോധമില്ലാത്തവരായിരുന്നു എന്ന് ഇനി വിധിദിവസം നിങ്ങൾ പറയാതിരിക്കാനും അല്ലെങ്കിൽ ഞങ്ങളുടെ പിതാക്കന്മാർ ശിർക്ക് ചെയ്തു, ഞ ങ്ങൾ അവരുടെ പിൻഗാമികളായ സന്തതികളല്ലേ, അപ്പോൾ ആ മിഥ്യാവാദികൾ ചെയ്ത കുറ്റത്തിന് നീ ഞങ്ങളെ ശിക്ഷിക്കുകയാണോ നാഥാ' എന്ന് നിങ്ങളിൽ ഒരാളും പറയാൻ ഇടവരാതിരിക്കാനും വേണ്ടിയാണതെന്ന് 7: 172–173 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 174 ൽ, ഇപ്രകാരം നാം നമ്മുടെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കുകയാണ്, അവർ പ്രസ് തുത കരാറിലേക്കുതന്നെ തിരിച്ച് വരുന്നവരാകുന്നതിനുവേണ്ടി എന്നും പറഞ്ഞിട്ടുണ്ട്.

ജീവിതകാലം മുഴുവനും ലക്ഷ്യബോധമില്ലാതെ തിന്മകളിൽ മുഴുകി കഴിച്ചുകൂട്ടിയ ക പടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്ക് പശ്ചാത്താപം ലഭിക്കുകയില്ല എന്നാണ് സൂ ക്തം മുന്നറിയിപ്പ് നൽകുന്നത്. *റൂഹ് തൊണ്ടക്കുഴിയിൽ എത്തുന്നതുവരെ അല്ലാഹു അ ടിമയുടെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചക നിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 33: 72 ൽ, പ്രപഞ്ചം നിലനിൽക്കാനുള്ള *അമാനത്തായ* അദ്ദിക്ർ സ്വീകരിച്ച മനുഷ്യൻ അക്രമിയും വിഡ്ഢിയും തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 33: 73 ൽ, *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചത് കപടവിശ്വാസികളായ പുരുഷന്മാരെ യും സ്ത്രീകളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന പുരുഷ ന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാനും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീ കളുടെയും പശ്ചാത്താപം സ്വീകരിക്കാനുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ബുദ്ധിശക്തി, കാഴ് ച, കേൾവി, എഴുത്ത്, വായന തുടങ്ങി സ്രഷ്ടാവ് നൽകിയ എല്ലാ അനുഗ്രഹങ്ങളും ഏറ്റ വും വലിയ അനുഗ്രഹമായ അദ്ദിക്ർ മനസ്സിലാക്കാനും അത് ജനങ്ങളിലേക്ക് എത്തിച്ചു കൊടുക്കാനും ഉപയോഗപ്പെടുത്താതെ നരകം സമ്പാദിച്ചതിന് നിഷ്പക്ഷവാനായ അല്ലാ ഹുവിനെയോ പിശാചിനെയോ മാതാ-പിതാക്കളെയോ മറ്റാരെയെങ്കിലുമോ കുറ്റപ്പെടു ത്തി രക്ഷപ്പെടാൻ സാധ്യമാവുകയില്ല എന്നും ഗ്രന്ഥം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 18, 254; 3: 90–91; 5: 48; 10: 90–92 വിശദീകരണം നോക്കുക.

19. ഓ വിശ്വാസികളായിട്ടുള്ളവരേ! സ്ത്രീകളെ അവർക്ക് ഇഷ്ടമില്ലാതെ അനന്തരമെ ടുക്കുക നിങ്ങൾക്ക് അനുവദനീയമല്ല, നിങ്ങൾ അവർക്ക് നൽകിയ വിവാഹമൂ ല്യത്തിന്റെ ഒരുഭാഗം അവർ ഒഴിവാക്കി പോകത്തക്ക വിധം നിങ്ങൾ അവരെ ഞെരുക്കുകയുമരുത് -അവർ വ്യക്തമായ ദുർനടപ്പുകളിൽ ഏർപ്പെട്ടാൽ ഒഴികെ, നിങ്ങൾ അവരോട് ന്യായമായ രീതിയിൽ മാന്യമായി സഹവർത്തിക്കേണ്ടതാണ്;

അപ്പോൾ നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ, നിങ്ങൾ ഒരു കാര്യം വെറുക്കുന്നുവെങ്കിൽ അല്ലാഹു അതിൽ ധാരാളം നന്മകൾ നിക്ഷേപിച്ചിട്ടുണ്ടാകാം.

ജാഹിലിയ്യാ കാലത്ത് ഭർത്താവ് മരണപ്പെട്ട സ്ത്രീകളെ ഭർത്താവിന്റെ അനന്തരാവകാശികൾ അനന്തരസ്വത്തായി പരിഗണിച്ചിരുന്നു. ആ സമ്പ്രദായത്തെ ഇല്ലായ്മ ചെയ്യുകയും ആ സ്ത്രീകൾക്ക് ഇഷ്ടമില്ലാതെ ബലാൽക്കാരമായി അവരെ പിടിച്ചുവെക്കലോ അവരുടെ ഇഷ്ടമില്ലാതെ വിവാഹം ചെയ്യലോ നിങ്ങൾക്ക് അനുവദനീയമല്ല എന്ന നിയമം നൽകുകയും വിവാഹമൂല്യം മുഴുവനായോ അല്ലെങ്കിൽ ഭാഗികമായോ മടക്കി നൽകി സ്ത്രീ തെറ്റിപ്പോകത്തക്കവിധം അവളെ പീഡിപ്പിക്കുന്ന *ജാഹിലിയ്യാ* ചര്യകൾ വെടിയണമെന്നുമാണ് വിശ്വാസികളോട് സൂക്തത്തിലൂടെ കൽപിക്കുന്നത്. നിങ്ങൾ അവരിൽ ഒരു തിന്മ കാണുന്നുവെങ്കിൽ നിങ്ങൾ കാണാത്ത നന്മകളും അവരിലുണ്ടായേക്കും. അപ്പോൾ അദ്ദിക്റിന്റെ വെളിച്ചത്തിൽ –അല്ലാഹുവിന്റെ തൃപ്തിയിൽ– സഹവർത്തിച്ച് ജീവിതം മുന്നോട്ട് കൊണ്ടുപോകണമെന്നാണ് കൽപിക്കുന്നത്. എന്നാൽ *വ്യക്തമായ ദുർനടപ്പുകളിൽ ഏർപ്പെട്ട സ്ത്രീകളെ വിവാഹബന്ധത്തിൽ വെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത്തരം പുരുഷന്മാരുടെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയില്ല എന്നും* പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് ഇസ്ലാമിലില്ലാത്ത സ്ത്രീധനം വാങ്ങിക്കുകയും നിസ്സാരകാര്യങ്ങളുടെ പേരിൽ വിവാഹമോചനം നടത്തുകയും വാങ്ങിയ സ്ത്രീധനം തന്നെ തിരിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്നവരാണ്. അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കാത്ത ഇക്കൂട്ടർക്കെതിരായിട്ട് തന്നെയാണ് അവർ കേട്ട-കണ്ട-തൊട്ട-വായിച്ച സൂക്തങ്ങൾ വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്ത് കൊണ്ട് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുക. 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാനുള്ള അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ് ഫുജ്ജാറുകൾ. 10: 60 ൽ വിവരിച്ച പ്രകാരം അവരിൽ ഓരോരുത്തരും മരണസമയത്ത് ആത്മാവിനെതിരെ 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. ആവർത്തിച്ച് വായിക്കുക എന്ന് അർത്ഥം വരുന്ന ഖുർആൻ എന്ന പദം നാവുകൊണ്ട് പറയുന്ന, നരകക്കുണ്ഠത്തിലെ സിജ്ജീൻ പട്ടികയിലേക്ക് വിധിക്കപ്പെട്ട ഇവർ വ്യക്തവും സ്പഷ്ടവുമായ അദ്ദിക്റാണ് ആവർത്തിച്ച് വായിക്കേണ്ടത് എന്ന് തിരിച്ചറിയാത്തവരാണ്. നാഥന്റെ സൂക്തങ്ങൾ നൽകപ്പെട്ടിട്ട് അതിനെ അവഗണിച്ച് ജീവിതലക്ഷ്യം നഷ്ടപ്പെട്ട് ഭൂമിയിൽ ഒട്ടിപ്പിടിച്ച് ജീവിക്കുന്ന ഇവരെ 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് ഉപമിച്ചതും, 62: 5 ൽ വഹിക്കുന്നത് എന്താണെന്ന് അറിയാതെ ഭാരം വഹിക്കുന്ന കഴുതയെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അക്രമികളായ ഇവരെ കഴുതയോട് ഉപമിച്ചതും എത്ര അർത്ഥവത്തായിത്തീർന്നിരിക്കുന്നു എന്ന് കാണാം. ഇവരുടെ ജീവിതം കണ്ടിട്ട് ഈ ഗ്രന്ഥമാണ് ഇവരെ ഇങ്ങനെ അധഃപതിപ്പിച്ചതെന്ന് പ്രവാചകൻ മുഹമ്മദിന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റ് അവർക്ക് നൽകുകയാണെങ്കിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ സ്വഭാവവും ജീവിതചര്യയും കണ്ട് അത് സ്വീകരിക്കാൻ ആദ്യം അവർ വിസമ്മതിക്കുകയാണ് ചെയ്യുക. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ് മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റ് ആണെന്നുപോലും തിരിച്ചറിയാത്തവരാണ് ഫുജ്ജാറുകൾ.

അതുകൊണ്ട് പ്രകൃതിമതമായ ഇസ്ലാമിൽ താരതമ്യേന നിലകൊള്ളുന്ന ഇതര ജനവിഭാഗങ്ങളോട് നിങ്ങൾ അത് ഉപയോഗപ്പെടുത്തണമെന്ന് പറയുമ്പോഴാണ് അവർ അത് സ്വീകരിക്കാൻ തയ്യാറാവുന്നത്. 2: 231–232; 3: 112; 33: 60–61; 34: 19–20 വിശദീകരണം നോക്കുക.

20. ഇനി നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണെങ്കിൽ, അവരിൽ ഒരുവൾക്ക് സമ്പത്തിന്റെ ഒരു കൂമ്പാരം തന്നെ നിങ്ങൾ നൽകിയിട്ടുണ്ടായിരുന്നുവെങ്കിലും അപ്പോൾ അതിൽ നിന്ന് ഒന്നും തിരിച്ചുപിടിക്കാവുന്നതല്ല, അപവാദപരമായിക്കൊണ്ടും വ്യക്തമായ കുറ്റമായിക്കൊണ്ടും നിങ്ങൾ അത് തിരിച്ചുപിടിക്കുകയോ?

സ്ത്രീകളുടെ വിവാഹമൂല്യം -*മഹർ*- ചുരുക്കണം, പുരുഷന്മാർക്ക് മഹറിന്റെ ആധിക്യം കൊണ്ട് വിവാഹം ചെയ്യാൻ ഞെരുക്കമുണ്ട് എന്ന് ഖലീഫ ഉമർ *ജുമുഅ* പ്രഭാഷണം നിർവ്വഹിച്ചുകൊണ്ടിരിക്കെ പറയുകയുണ്ടായി. പ്രസംഗപീഠത്തിൽ നിന്ന് ഇറങ്ങിവന്ന ഉമറിനെ സദസ്സിലുണ്ടായിരുന്ന ഒരു ഖുറൈശി വനിത ഈ സൂക്തം ഉദ്ധരിച്ചുകൊണ്ട് 'അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അത് ഒരു സമ്പത്തിന്റെ കൂമ്പാരമാണെങ്കിലും ശരി' എന്ന് പറഞ്ഞിട്ടുണ്ടെന്നിരിക്കെ പ്രവാചകനോ ഒന്നാം ഖലീഫ അബൂബക്കറോ നടപ്പിലാക്കാത്ത നിയമം കൊണ്ടുവരാൻ ഉമറിന് ആരാണ് അധികാരം നൽകിയതെന്ന് ചോദിക്കുകയുണ്ടായി. ഉടനെത്തന്നെ പ്രസംഗപീഠത്തിൽ കയറി ഉമർ പ്രസ്തുത ആവശ്യം പിൻവലിച്ച് സ്വയം തിരുത്തുകയുമുണ്ടായി. 2: 229, 236; 3: 144 വിശദീകരണം നോക്കുക.

21. നിങ്ങൾ എങ്ങനെയാണ് അത് തിരിച്ചുപിടിക്കുക? നിങ്ങൾ പരസ്പരം സുഖമെടുക്കുകയും അവർ നിങ്ങളിൽ നിന്ന് ബലിഷ്ഠമായ പ്രതിജ്ഞ വാങ്ങുകയും ചെയ്തുകഴിഞ്ഞിരിക്കെ?

വിവാഹബന്ധം സ്രഷ്ടാവ് തന്നെ നിശ്ചയിച്ചിട്ടുള്ളതാണ്, അവനാണ് വെള്ളത്തിൽ നിന്ന് മനുഷ്യന്റെ ശരീരം ഉണ്ടാക്കിയത്, അവർക്കിടയിൽ വംശബന്ധവും വിവാഹബന്ധവും ഉണ്ടാക്കിയിട്ടുള്ളതും അവൻ തന്നെയാണ് എന്ന് 25: 54 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ വിവാഹം അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സൃഷ്ടികൾ തമ്മിൽ നടത്തുന്ന ഒരു കരാറാണ്. ആ ബന്ധം വിഛേദിക്കുന്നത് അനുവദനീയമായ കാര്യങ്ങളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും കോപമുള്ള കാര്യവുമാണ്. വിവാഹമോചനത്തിന് 4: 34–35; 65: 1–2 തുടങ്ങിയ സൂക്തങ്ങളിൽ പടിപടിയായുള്ള പല നിബന്ധനകളും വെച്ചിട്ടുണ്ട്. പ്രസ്തുത വിധിവിലക്കുകളെല്ലാം പാലിച്ചിട്ടും യോജിച്ചുപോകാൻ സാധിക്കുകയില്ല എന്ന് ദമ്പതികൾ മനസിലാക്കുകയാണെങ്കിൽ മാത്രമേ വിവാഹമോചനം അനുവദനീയമാവുകയുള്ളൂ. അത്തരം സാഹചര്യത്തിൽ വിവാഹമൂല്യമായി നൽകിയത് ഒരു കൂമ്പാരമാണെങ്കിൽ പോലും അതിൽ നിന്ന് ഒന്നും തിരിച്ചുവാങ്ങുന്നതിന് പുരുഷന് അനുവാദമില്ല. 4: 34 പ്രകാരം പുരുഷൻ അവന്റെ സമ്പത്തിൽ നിന്ന് സ്ത്രീകൾക്കുവേണ്ടി ചെലവഴിക്കുന്നത് കൊണ്ടാണ് അവരെ സ്ത്രീകളുടെ നിയന്ത്രാതാവായി നിശ്ചയിച്ചിട്ടുള്ളത്.

സ്രഷ്ടാവിന്റെ തൃപ്തിയിലുള്ള ബന്ധം മാത്രമേ സൃഷ്ടികൾക്ക് അനുവദിച്ചിട്ടുള്ളൂ. സ്ത്രീയുടെ വികാരം ശമിപ്പിച്ച് കൊടുക്കാൻ പുരുഷനെയാണ് ഉത്തരവാദപ്പെടുത്തിയിരിക്കുന്നത്. ഇഹത്തിൽ സ്വർഗീയമായ അവസ്ഥ ദ്യോതിപ്പിക്കുന്ന ഇണ ചേരൽ പ്രകൃതിമതമായ ഇസ്ലാമിൽ ഏറ്റവും വലിയ ഇബാദത്താണ്. 33: 7 ൽ വിവരിച്ച പ്രകാരം മുഹമ്മദ്, നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ പുത്രൻ ഈസാ തുടങ്ങിയ പ്രവാചകന്മാരോട് നാഥൻ വാങ്ങിയ ബലിഷ്ഠമായ പ്രതിജ്ഞ തന്നെയാണ് ഈ സൂക്തങ്ങളിൽ പറഞ്ഞ

പ്രതിജ്ഞയും. 2: 226, 232; 3: 81–82, 187 വിശദീകരണം നോക്കുക.

22. നിങ്ങൾ നിങ്ങളുടെ പിതാക്കന്മാർ വിവാഹം ചെയ്ത സ്ത്രീകളിൽ നിന്നുള്ളവരെ ഒരിക്കലും വിവാഹം ചെയ്യുകയുമരുത് –മുൻകാലത്ത് നടന്നതൊഴികെ, നിശ്ചയം അത് തികച്ചും മ്ലേഛവും വെറുക്കപ്പെട്ടതും ദുർമാർഗ്ഗവുമാകുന്നു.

ജാഹിലിയ്യാ കാലത്ത് പിതാക്കന്മാർ മരിച്ചുപോയാൽ അവരുടെ വിധവകളായ ഭാര്യമാരെ മക്കളും മക്കൾ മരിച്ചുപോയാൽ മക്കളുടെ ഭാര്യമാരെ പിതാക്കളും വിവാഹം ചെയ്യുകയോ അവരെ അനന്തരസ്വത്തായി സ്വീകരിക്കുകയോ ചെയ്തിരുന്നു. അത് തികച്ചും മ്ലേഛവും ദുർനടപ്പും സന്മാർഗത്തിന് വിരുദ്ധവുമാണെന്ന് അല്ലാഹു പഠിപ്പിക്കുകയാണ്. *വിവാഹബന്ധം നിരോധിക്കപ്പെട്ട വല്ല സ്ത്രീകളെയും വല്ലവനും വ്യഭിചരിച്ചാൽ അവനെ കൊന്നുകളയണമെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ഇത്തരം നീചവൃത്തികൾക്കുള്ള ശിക്ഷ നടപ്പിലാക്കാൻ സാധ്യമല്ല. ഇന്ന് ഒറ്റപ്പെട്ട വിശ്വാസി 2: 187 ൽ വിവരിച്ച പ്രകാരം ലൈംഗികബന്ധമില്ലാതെ ദൈവസ്മരണയിൽ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ആത്മാവുകൊണ്ടുള്ള പ്രാർത്ഥനകളുടെയും കീർത്തനങ്ങളുടെയും പ്രതിഫലത്തിന്റെ ഒരു വിഹിതം ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുകയുമാണ് വേണ്ടത്. 2: 2–5; 7: 205–206; 23: 7 വിശദീകരണം നോക്കുക.

23. നിങ്ങളുടെ മേൽ വിവാഹം കഴിക്കൽ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു –നിങ്ങളുടെ മാതാക്കളെ, നിങ്ങളുടെ പുത്രിമാരെയും, നിങ്ങളുടെ സഹോദരിമാരെയും, നിങ്ങളുടെ പിതൃസഹോദരികളെയും, നിങ്ങളുടെ മാതൃസഹോദരികളെയും, സഹോദരപുത്രിമാരെയും, സഹോദരീപുത്രിമാരെയും, നിങ്ങൾക്ക് മുലയൂട്ടിയവരായ നിങ്ങളുടെ മാതാക്കളെയും, മുലകുടിബന്ധത്തിലുള്ള നിങ്ങളുടെ സഹോദരിമാരെയും, നിങ്ങളുടെ ഭാര്യമാരുടെ മാതാക്കളെയും, നിങ്ങളോടൊപ്പം ദാമ്പത്യം പങ്കിട്ട സ്ത്രീകളിൽ പിറന്നവരും നിങ്ങളുടെ വീടുകളിൽ വളർന്നവരുമായ പുത്രിമാരെയും –ഇനി അവരോടൊപ്പം ഇണ ചേർന്നിട്ടില്ലെങ്കിൽ അവരെ ഒഴിവാക്കി അവരുടെ പുത്രിമാരെ വിവാഹം ചെയ്യുന്നതിൽ നിങ്ങൾക്ക് വിരോധമില്ല, നിങ്ങളുടെ സ്വന്തം പുത്രന്മാരുടെ ഭാര്യമാരെ വിവാഹം ചെയ്യൽ നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു, രണ്ട് സഹോദരികളെ ഒരുമിച്ച് നിങ്ങൾ ഭാര്യമാരാക്കുന്നതും –മുൻകാലത്ത് കഴിഞ്ഞുപോയതൊഴികെ, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയായിരിക്കുന്നു.

നിങ്ങളുടെ മാതാക്കൾ എന്ന് പറഞ്ഞതിൽ മാതാവിനു പുറമെ ചിറ്റമ്മയും പിതാവിന്റെ മാതാവും മാതാവിന്റെ മാതാവും ഉൾപ്പെടുന്നതാണ്. പുത്രിയുടെ കൂട്ടത്തിൽ പൗത്രിയും ഉൾപ്പെടുന്നു. സഹോദരികളുടെ കൂട്ടത്തിൽ മാതാപിതാക്കളൊത്ത സഹോദരിയും പിതാവൊത്ത സഹോദരിയും മാതാവൊത്ത സഹോദരിയുമെല്ലാം ഉൾപ്പെടുന്നു. അപ്രകാരം മാതാപിതാക്കളൊത്തവരോ പിതാവൊത്തവരോ മാതാവൊത്തവരോ ആയ മാതാപിതാക്കളുടെ സഹോദരികളെ മകൻ വിവാഹം ചെയ്യുന്നത് നിഷിദ്ധമാണ്. അതുപോലെത്തന്നെ സഹോദര സഹോദരിമാർ മാതാപിതാക്കളൊത്തവരോ പിതാവൊത്തവരോ മാതാവൊത്തവരോ ആരായിരുന്നാലും ശരി, അവരുടെ പുത്രിമാർ ഒരുവന് സ്വന്തം പുത്രിമാരെപ്പോലെ വിവാഹം കഴിക്കൽ നിഷിദ്ധമാണ്. പുരുഷന് മുലകുടിബന്ധത്തിലുള്ള മാതാവിനെയും

സ്ത്രീക്ക് ആ മാതാവിന്റെ ഭർത്താവിനെയും വിവാഹം ചെയ്യാൻ പാടില്ലാത്തതുപോലെ അവരുടെ സന്താനങ്ങളെയും വിവാഹം ചെയ്തുകൂടാ, കാരണം മുലകൊടുത്ത സ്ത്രീ കുട്ടിയുടെ മാതാവായിത്തീരുന്നതുപോലെ അവരുടെ ഭർത്താവ് പിതാവും അവർ രണ്ടു പേരുടെയും സന്തതികൾ സഹോദര സഹോദരികളുമായിത്തീരുന്നു. *സാക്ഷാൽ മാതാപിതാക്കൾ വഴിയുള്ള ബന്ധങ്ങളെല്ലാം മുലകുടിബന്ധത്താലും സ്ഥാപിതമാകുമെന്ന്* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. രക്തബന്ധം കൊണ്ട് നിഷിദ്ധമാകുന്നതെല്ലാം മുലകുടിബന്ധം കൊണ്ടും നിഷിദ്ധമാകുന്നതാണ്. ഒരു സ്ത്രീയുടെ ആദ്യഭർത്താവിലുള്ള പെൺകുട്ടിയെ രണ്ടാമത്തെ ഭർത്താവിന് വിവാഹം ചെയ്യൽ അനുവദനീയമല്ല, അവൾ എവിടെ താമസിച്ചാലും ശരി. കാരണം പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്: *വല്ലവനും ഒരു സ്ത്രീയുടെ ജനനേന്ദ്രിയത്തെ നോക്കിയാൽ അവന് അവളുടെ മാതാവും മകളും നിഷിദ്ധമായിക്കഴിഞ്ഞു. ഒരു പെണ്ണിന്റെയും അവളുടെ മകളുടെയും ജനനേന്ദ്രിയത്തെ നോക്കിയ പുരുഷനെ അല്ലാഹു നോക്കുകയോ കടാക്ഷിക്കുകയോ ഇല്ല* എന്നും പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

സ്വന്തം പുത്രന്മാരുടെ ഭാര്യമാർ നിഷിദ്ധമാണ് എന്ന് പറഞ്ഞതിനാൽ ദത്തുപുത്രന്മാരുടെ വിധവകളെയും അവർ വിവാഹമോചനം ചെയ്ത സ്ത്രീകളെയും വിവാഹം ചെയ്യുന്നതിന് ഇസ്ലാമിൽ യാതൊരു വിരോധവുമില്ല. എന്നാൽ *ജാഹിലിയ്യത്തിൽ* ദത്തുപുത്രന്മാരുടെ വിധവകളെയും അവർ വിവാഹമോചനം ചെയ്ത സ്ത്രീകളെയും പിതാവിന് വിവാഹം ചെയ്യൽ നിഷിദ്ധവും സ്വപുത്രന്മാരുടെ വിധവകളെയും അവർ വിവാഹം ചെയ്ത സ്ത്രീകളെയും വിവാഹം ചെയ്യൽ അനുവദനീയവുമായി പരിഗണിച്ചിരുന്നു. പ്രവാചകൻ സ്വന്തം അമ്മായിയുടെ മകൾ സൈനബയെ അല്ലാഹുവിന്റെ കൽപന പ്രകാരം വളർത്തുപുത്രൻ സൈദിന് വിവാഹം ചെയ്ത് കൊടുത്തുവെങ്കിലും അല്ലാഹുവിന്റെ കൽപന പ്രകാരം തന്നെ അവർ തമ്മിൽ വിവാഹമോചിതരാവുകയും ശേഷം പ്രവാചകൻ വിവാഹമൂല്യം നൽകി അവരെ വിവാഹം ചെയ്യുകയുമുണ്ടായി. (33: 4–5, 36–40 കൂട്ടിവായിക്കുക.) മേൽ പറഞ്ഞ *ജാഹിലിയ്യാ* സമ്പ്രദായത്തെ പാടെ നിർമാർജ്ജനം ചെയ്യുന്നതിനുവേണ്ടിയായിരുന്നു ഇത്. പുത്രന്മാരുടെ ഭാര്യമാരെപ്പോലെത്തന്നെയാണ് പൗത്രന്മാരുടെ ഭാര്യമാരും. പിതാമഹനും മാതാമഹനും അവരെ വിവാഹം ചെയ്യൽ നിഷിദ്ധമാണ്. *രണ്ട് സഹോദരികളെ ഒരേ സമയം വിവാഹബന്ധത്തിൽ വെക്കാൻ പാടില്ലാത്തതുപോലെത്തന്നെ അവളുടെ മാതൃസഹോദരി, പിതൃസഹോദരി, സഹോദരീപുത്രി, സഹോദരപുത്രി എന്നിവരെയും ഒരേസമയത്ത് ഭാര്യമാരാക്കി വെക്കാൻ പാടില്ല* എന്ന് പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിരിക്കുന്നു.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകൾ 36: 59–62 പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും 2: 268 പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന നാഥനെക്കൊണ്ട് വിശ്വസിക്കാത്ത ഇവർ മരണസമയത്ത് 7: 37 ൽ പറഞ്ഞ പ്രകാരം ഇവരുടെ ആത്മാവിനെതിരെ നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 4: 15–16 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോ മനുഷ്യന്റെയും പിരടിയിൽ കമ്പ്യൂട്ടർ റിക്കാർഡിംഗ് നടക്കുന്നുണ്ടെന്ന ബോധമില്ലാത്ത, 8: 22 ൽ വിവരിച്ച അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ദുഷ്ടജീവികൾ ഇന്ന് ലൈംഗികാവയവങ്ങൾ ശ്രദ്ധാകേന്ദ്രമാ(ഖിബ്ല)ക്കിയത് കാരണം ഇവർ സ്വന്തം ഇണകളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനെക്കാൾ വിവാ

ഹം നിഷിദ്ധമാക്കിയവരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാനാണ് താൽപര്യപ്പെടുന്നത്. ഇത്തരം കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 6: 26, 89-90; 9: 67-68; 48: 6 വിശദീകരണം നോക്കുക.

24. മറ്റുള്ളവരുടെ വിവാഹബന്ധത്തിലിരിക്കുന്ന സ്ത്രീകളിൽ നിന്നുള്ളവരെയും, നിങ്ങളുടെ വലംകൈ ഉടമപ്പെടുത്തിയവരൊഴികെ, അല്ലാഹു നിങ്ങളുടെമേൽ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു, ഇവരല്ലാത്തവരെയെല്ലാം നിങ്ങളുടെ സമ്പത്തുകൊണ്ട് തേടുന്നത് നിങ്ങൾക്ക് അനുവദിക്കപ്പെടുകയും ചെയ്തിരിക്കുന്നു, അവിഹിതബന്ധത്തിൽ ഏർപ്പെടാതെ അവരെ വിവാഹബന്ധത്തിന്റെ സുരക്ഷിതത്വത്തിൽ ചാരിത്ര്യവതികളായി സൂക്ഷിക്കണമെന്ന നിബന്ധനയോടുകൂടി, അങ്ങനെ നിങ്ങൾ അവരിൽ നിന്നുള്ളവരുമായി ദാമ്പത്യത്തിന്റെ സുഖം അനുഭവിക്കുകയാണെങ്കിൽ അപ്പോൾ അവർക്ക് നിർണ്ണയിച്ചിട്ടുള്ള വിവാഹമൂല്യം നിർബന്ധമായും നൽകണം, വിവാഹമൂല്യം നിർണ്ണയിക്കപ്പെട്ട ശേഷം പരസ്പരസമ്മതത്തോടുകൂടി വിട്ടുവീഴ്ച ചെയ്യുന്നതിൽ നിങ്ങളുടെമേൽ വിരോധമില്ല; നിശ്ചയം, അല്ലാഹു സർവ്വജ്ഞനായ യുക്തിജ്ഞനായിരിക്കുന്നു.

മുത്അ വിവാഹം ആദ്യകാലത്ത് അനുവദനീയമായിരുന്നു. വിദൂരസ്ഥലങ്ങളിൽ പോയി ദീർഘകാലം താമസിക്കുമ്പോൾ അവിടെയുള്ള സ്ത്രീകളെ താൽക്കാലികമായി വിവാഹം ചെയ്യുന്ന രീതിക്കാണ് *'മുത്അ'* വിവാഹം എന്നുപറയുന്നത്. അവർക്ക് വിവാഹമൂല്യം നിശ്ചയിച്ചത് നൽകിയിട്ട് മാത്രമേ അവരുമായി ഇണചേരാൻ പാടുള്ളൂ. ഇനി വിവാഹമൂല്യത്തിൽ സ്വമനസ്സാലെ തൃപ്തിപ്പെട്ട് അവർ ഇളവ് നൽകുകയാണെങ്കിൽ അത് സ്വീകരിക്കുന്നതിന് വിരോധമില്ല. ഈ താൽക്കാലിക വിവാഹം ഇന്ന് അനുവദനീയമല്ല. മക്കാവിജയദിവസം പ്രവാചകൻ പറഞ്ഞു: *ഓ മനുഷ്യരേ! നിങ്ങൾക്ക് മുത്അ വിവാഹം (സ്ത്രീകൾക്ക് സമ്പത്ത് നൽകികൊണ്ടുള്ള താൽക്കാലിക വിവാഹം) അനുവദിച്ചിരുന്നു; നിശ്ചയം, അല്ലാഹു അത് അന്ത്യനാൾ വരെ നിഷിദ്ധമാക്കിയിരിക്കുന്നു. ഇനി നിങ്ങളിൽ ആർക്കെങ്കിലും അത്തരം സ്ത്രീകളുണ്ടെങ്കിൽ അവരെ അവരുടെ പാട്ടിന് വിടുക, അവർക്ക് നൽകിയതിൽ നിന്ന് ഒന്നും തിരിച്ചുവാങ്ങുകയുമരുത്.* എന്നാൽ ഇതൊന്നും പരിഗണിക്കാതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ പലരും ഇന്നും നാലിൽ കൂടുതൽ സ്ത്രീകളെ ഒരേസമയത്ത് ഭാര്യമാരാക്കി നിലനിർത്തുന്നവരുണ്ട്. അദ്ദിക്റിനെ പാടെ അവഗണിച്ച് ജീവിക്കുന്നവരും പ്രപഞ്ചനാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരുമായ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ, പ്രവാചകന്മാരിൽ നിന്നുള്ള ഒരാളെയും പിൻപറ്റാതെ മുസൈലിമത്തുൽ കദ്ദാബ് മുതൽ മസീഹുദ്ദജ്ജാൽ വരെയുള്ള മുപ്പത് കള്ളവാദികളെ പിൻപറ്റുന്നവരായി മാറിയിരിക്കുന്നു. ഇക്കാലത്ത് വിദൂരയാത്രകളിൽ ഭാര്യമാരെ കൂടെ കൊണ്ടുപോകാനും താമസിപ്പിക്കാനും മറ്റും എല്ലാ സൗകര്യങ്ങളുമുള്ളത് കൊണ്ട് താൽക്കാലിക വിവാഹത്തിന് തീരെ പ്രസക്തിയില്ല. 8: 22; 48: 6; 98: 6 വിശദീകരണം നോക്കുക.

25. നിങ്ങളിൽ ആർക്കെങ്കിലും വിശ്വാസിനികളായ കുലീന സ്ത്രീകളെ വിവാഹം ചെയ്യാൻ സാമ്പത്തികമായി കഴിവില്ലാതെ വന്നാൽ, അപ്പോൾ നിങ്ങളുടെ അധീനതയിലുള്ള വിശ്വാസിനികളായ അടിമസ്ത്രീകളെ വിവാഹം ചെയ്തു കൊള്ളുക, നിങ്ങളുടെ വിശ്വാസം കൊണ്ട് ഏറ്റവും അറിയുന്നവനാകുന്നു അല്ലാഹു, നിങ്ങൾ ചിലർ ചിലരിൽ നിന്നുള്ളവരാണല്ലോ, അപ്പോൾ അവരുടെ രക്ഷാധികാ

രികളുടെ അനുമതിയോടെ നിങ്ങൾ അവരെ വിവാഹം ചെയ്തുകൊള്ളുക, അവരുടെ ന്യായമായ വിവാഹമൂല്യം അവർക്ക് നൽകുകയും ചെയ്യുക, അവർ ജാരസന്താനങ്ങളെ സ്വീകരിക്കാതിരിക്കാനും മ്ലേഛവൃത്തികളിൽ ഏർപ്പെടാതിരിക്കാനും വിവാഹബന്ധത്തിന്റെ സുരക്ഷിതത്വത്തിൽ ചാരിത്ര്യവതികളായി നിലകൊള്ളാനും വേണ്ടി, അങ്ങനെ അവർ ദാമ്പത്യത്തിന്റെ പരിധിയിൽ സുരക്ഷിതരാക്കപ്പെട്ടാൽ മ്ലേഛവൃത്തികളിൽ ഏർപ്പെടുന്ന പക്ഷം അപ്പോൾ അവരുടെമേൽ ശിക്ഷയിൽ നിന്ന് കുലീനസ്ത്രീകളുടെമേൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതിന്റെ പകുതിയാകുന്നു, ഇത്തരം സ്ത്രീകളെ വിവാഹം ചെയ്യുന്നതിനുള്ള ഇളവ് നിങ്ങളിൽ നിന്ന് അവിഹിത ബന്ധത്തിൽ ഏർപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് വേണ്ടിയുള്ളതാകുന്നു, എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ, അതാണ് നിങ്ങൾക്ക് ഏറ്റവും ഗുണകരം, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ യുദ്ധത്തടവുകാരോ ഒന്നും ഇല്ല. അതുപോലെ 33: 35 ൽ പറഞ്ഞ സ്വഭാവമുള്ള പുരുഷന്മാരും സ്ത്രീകളും ഇന്നില്ല. അതുകൊണ്ട് ഏത് പുരുഷനും സ്ത്രീക്കും പരസ്പരം വിവാഹം നടത്താവുന്നതാണ്. അവർ പ്രകാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമഐശ്വര്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയുമാണെങ്കിൽ അവർക്ക് സ്വർഗത്തിലേക്കോ അല്ലെങ്കിൽ സ്വർഗമോ നരകമോ അല്ലാത്ത ഇതര ലോകങ്ങളിലേക്കോ പോകാവുന്നതാണ്. നാഥൻ ഉറക്കമോ മയക്കമോ ഇല്ലാതെ എല്ലാം പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന ബോധമുള്ളതിനാൽ വിശ്വാസി ഏത് അവസ്ഥയിലും അവിഹിത ലൈംഗികബന്ധത്തിന് ആഗ്രഹിക്കുക പോലുമില്ല. അത്തരം വിശ്വാസി നിഷ്പക്ഷവാനും ത്രികാലജ്ഞാനിയുമായ നാഥൻ 4: 15–16 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ പിരടിയിൽ കർമരേഖ ബന്ധിപ്പിച്ചിട്ടുണ്ട് എന്ന ബോധത്തിൽ നിലകൊള്ളുന്നവനാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ ജാതി–മത–ലിംഗ–വർണ–ഭാഷ–ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുകയും ഭൂമിയിൽ എവിടെയും കഴിയുന്നത്ര ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും ജൈവകൃഷി നടത്തുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യലാണ് യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ ലഭിക്കുന്നതിന് മുമ്പ് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിനുള്ള പ്രായശ്ചിത്തം. 2: 221, 255–256; 10: 60–61 വിശദീകരണം നോക്കുക.

26. നിങ്ങൾക്ക് യാഥാർത്ഥ്യം വിശദീകരിച്ച് തരുന്നതിനും നിങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയ സജ്ജനങ്ങളുടെ ചര്യയിലേക്ക് നിങ്ങളെ മാർഗദർശനം ചെയ്യുന്നതിനും നിങ്ങളുടെമേൽ പശ്ചാത്താപം സ്വീകരിക്കുന്നതിനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, അല്ലാഹു സർവ്വജ്ഞനായ യുക്തിജ്ഞാനിയുമാകുന്നു.

313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം അദ്ദിക്ർ ആണെന്ന് 16: 43–44; 21: 24; 41: 43–44 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 3: 19 ൽ വിവരിച്ചതുപോലെ ഗ്രന്ഥം സമർപ്പിക്കുന്ന ജീവിതരീതിയായ ഇസ്‌ലാം മാത്രമാണ് നാഥന്റെ പക്കൽ സ്വീകാര്യമായിട്ടുള്ളത്. മൊത്തം മനുഷ്യരിൽ വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന 70,000 പേരിൽ അന്ത്യപ്രവാചകനായ മുഹമ്മദിന്റെ മുമ്പുള്ള ആദ്യകാലക്കാരിൽ നിന്ന് ഒരു വലിയ വിഭാഗവും പ്രവാചകനുശേഷം അന്ത്യനാൾ വരെയുള്ളവരിൽ നിന്ന് വളരെ കുറച്ചുപേരുമാണുള്ളതെന്ന് 56: 10–14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിചാരണക്കുശേഷം സ്വർഗത്തിൽ

പോകുന്ന വലതുപക്ഷക്കാർ ആദ്യകാലക്കാരിൽ നിന്ന് ഒരു വിഭാഗവും അവസാന കാലക്കാരിൽ നിന്ന് ഒരു വിഭാഗവും ഉണ്ടെന്ന് 56: 38-40 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ളവരാണ് (ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സാബിഈങ്ങൾ തുടങ്ങിയവരിൽ നിന്നുള്ളവർ) സ്വർഗത്തിലേക്കുള്ള കൂടുതൽ പേരും. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് 2: 79 ൽ വിവരിച്ചതുപോലെ സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത് അതിൽ ഊറ്റം കൊള്ളുന്നവരും ഗ്രന്ഥം കിട്ടാത്ത ജനങ്ങളെക്കുറിച്ച് അവർ കാഫിറുകളും നരകത്തിലേക്കുള്ളവരുമാണ് എന്ന് കളവ് പറയുന്നവരുമാണ്. 2: 38-39, 254-258; 25: 68-70 വിശദീകരണം നോക്കുക.

27. അല്ലാഹു നിങ്ങളുടെമേൽ മടങ്ങാനാണ് ഉദ്ദേശിക്കുന്നത്, എന്നാൽ തന്നിഷ്ടങ്ങളെ പിൻപറ്റുന്നവരായവർ നിങ്ങളെ നേർമാർഗത്തിൽ നിന്ന് ബഹുദൂരം അകറ്റിക്കൊണ്ട് പോകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

28. അല്ലാഹു നിങ്ങളെത്തൊട്ട് ലഘൂകരിക്കാനാണ് ഉദ്ദേശിക്കുന്നത്, എന്തെന്നാൽ മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

നിശ്ചയം മനുഷ്യരെ നാം ക്ലേശത്തിലായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് 90: 4 ലും; അല്ലാഹുവാണ് നിങ്ങളെ ബലഹീനതയോടുകൂടി സൃഷ്ടിച്ചത്, പിന്നെ ബലഹീനതക്കുശേഷം നിങ്ങളെ ശക്തന്മാരാക്കി (യുവാവ്), പിന്നെ ശക്തിക്കുശേഷം വീണ്ടും നിങ്ങളെ ബലഹീനനും വൃദ്ധനുമാക്കി, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു, അവൻ എല്ലാറ്റിനും കഴിവുള്ള സർവ്വജ്ഞാനിയാകുന്നു എന്ന് 30: 54 ലും പറഞ്ഞിട്ടുണ്ട്. എല്ലായ്പ്പോഴും സ്രഷ്ടാവിനെ ആശ്രയിച്ച് ജീവിക്കേണ്ട പ്രകൃതിയിൽ ബലഹീനനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 35: 15-16 സൂക്തങ്ങളിലൂടെ മനുഷ്യരെ വിളിച്ച് അല്ലാഹു പറയുന്നു: നിങ്ങൾ അല്ലാഹുവിലേക്ക് എപ്പോഴും ആവശ്യമുള്ള ദരിദ്രരാകുന്നു; അല്ലാഹു, അവൻ മാത്രമാകുന്നു ഐശ്വര്യവാനും സ്വയം സ്തുത്യർഹനും. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കിക്കളഞ്ഞ് പുതിയ സൃഷ്ടികളെ കൊണ്ടുവരുന്നതാണ്. 9: 115 ൽ, ഒരു ജനതയെ സന്മാർഗത്തിലാക്കിയതിനുശേഷം അവർ എന്തെല്ലാം വിധിവിലക്കുകളാണ് പാലിക്കേണ്ടതെന്ന് പഠിപ്പിക്കാതെ അവരെ വഴികേടിൽ വിടുക അല്ലാഹുവിന് യോജിച്ചതല്ല, നിശ്ചയം, അല്ലാഹു എല്ലാകാര്യങ്ങളും അറിയുന്ന സർവ്വജ്ഞാനിയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. സൃഷ്ടികളെക്കുറിച്ച് ഏറ്റവും അറിയുന്ന സ്രഷ്ടാവ് അവർക്ക് വഹിക്കാൻ കഴിയാത്ത ഒരു ഭാരവും ചുമത്തിയിട്ടില്ല. അദ്ദിക്ർ മനസ്സിലാക്കാൻ ഏറ്റവും എളുപ്പമാക്കിയിരിക്കുന്നു എന്ന് 54: 17 ലും; നിശ്ചയം ഈ ഗ്രന്ഥം ഏറ്റവും നേരെചൊവ്വെയുള്ളതിലേക്ക് മാർഗദർശനം ചെയ്യുമെന്ന് 17: 9 ലും; യാതൊരു വക്രതയുമില്ലാത്ത നേരെച്ചൊവ്വെയുള്ള ഗ്രന്ഥം തന്റെ അടിമക്ക് അവതരിപ്പിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയുമെന്ന് 18: 1 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സംസാരമായ അദ്ദിക്ർ അല്ലാഹുവിലേക്കും സ്വർഗത്തിലേക്കും വിളിക്കുമ്പോൾ സ്വേഛകളെയും തന്നിഷ്ടങ്ങളെയും മാമൂലുകൾ, മര്യാദകൾ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളെയും കൊണ്ടുനടക്കുന്നതിന് നേതൃത്വം നൽകുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരും ജനങ്ങളെ പിശാചിലേക്കും നരകത്തിലേക്കുമാണ് നയിക്കുന്നത്. ഇന്ന് അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർ അല്ലാഹുവിനെ മുറുകെപ്പിടിച്ച് സന്മാർഗത്തിലായിക്കഴിഞ്ഞു എന്ന് 3: 101 ൽ പറഞ്ഞിട്ടുണ്ട്. അവർ

മാത്രമേ വിജയം വരിക്കുകയുള്ളൂ. 2: 6–7; 3: 79; 45: 23–25 വിശദീകരണം നോക്കുക.

29. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ പരസ്പരം നിങ്ങളുടെ ധനം അവിഹിതമായി തിന്നരുത്, നിങ്ങൾ പരസ്പരം തൃപ്തിപ്പെട്ട കച്ചവടങ്ങളിലൂടെയുള്ള തൊഴികെ, നിങ്ങൾ നിങ്ങളെത്തന്നെ വധിക്കുന്നവരുമാകരുത്, നിശ്ചയം അല്ലാഹു നിങ്ങളോട് കാരുണ്യമുള്ളവൻ തന്നെയായിരിക്കുന്നു.

'പരസ്പരം തൃപ്തിപ്പെട്ട കച്ചവടം' എന്ന് പറഞ്ഞാൽ ഒളിവും മറവുമൊന്നുമില്ലാതെ കാര്യങ്ങൾ തുറന്ന് പറഞ്ഞുകൊണ്ടുള്ള കച്ചവടമാണ് ഉദ്ദേശിക്കുന്നത്. അല്ലാതെ മായം ചേർക്കൽ, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത എന്നിവ നടത്തുകയും ഡ്യൂപ്ലിക്കേറ്റ് സാധനങ്ങൾ കൊടുത്ത് ഒറിജിനലിന്റെ വില വാങ്ങുകയും കളവ് പറയുകയും കളവ് നടത്തുകയും ചെയ്തുകൊണ്ടുള്ള കച്ചവടങ്ങളൊന്നും അനുവദനീയമല്ല. നിങ്ങൾ നിങ്ങളെത്തന്നെ വധിക്കരുത് എന്ന് പറഞ്ഞതിന്റെ വിവക്ഷ, നിങ്ങൾ ആത്മഹത്യ ചെയ്യരുതെന്നുമാത്രമല്ല, കച്ചവടങ്ങളിലും ഇടപാടുകളിലും ഒളിവും വഞ്ചനയും ചെയ്താൽ വഞ്ചിക്കപ്പെട്ടവർ പിന്നെ നിങ്ങളുടെ അടുത്ത് വരാതിരിക്കുകയും അങ്ങനെ നിങ്ങളുടെ കച്ചവടം ക്രമേണ നശിക്കാനിടവരുമെന്നാണ്, മാത്രമല്ല അത് പരസ്പരം വിദ്വേഷവും ശത്രുതയും വർദ്ധിപ്പിക്കാനും കൊല നടത്താൻ തന്നെയും പ്രേരിപ്പിക്കും എന്നും കൂടിയാണ്. ആത്മാവ് അല്ലാഹുവിന്റേതും ശരീരം അതിന് സഞ്ചരിക്കുന്നതിനുവേണ്ടി അവനുണ്ടാക്കിയ വാഹനവും അതിനുള്ള ആയുസ്സ് അവൻ നിർണ്ണയിച്ചിട്ടുള്ളതുമാണ്, എന്നിരിക്കെ അവധി എത്തുന്നതിനുമുമ്പ് ആത്മഹത്യ വഴി സ്വന്തത്തെ കൊല്ലുന്നത് അല്ലാഹുവിനെത്തന്നെ കൊല്ലുന്നതിന് സമമാണ്. അത് ധിക്കാരവും വലിയ അപരാധവും തന്നെയാകുന്നു. ശരീരത്തിന്റെ ഉടമ അല്ലാഹുവായതിനാൽ അതിനെ കേടുവരുത്തുന്ന തരത്തിലുള്ള പുകവലി, മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം നിഷിദ്ധമാണ്. ഇത്തരം വസ്തുക്കളുടെ കച്ചവടത്തിലൂടെ ലഭിക്കുന്ന ലാഭത്തിൽ നിന്ന് തിന്നലും നിഷിദ്ധമാണ്. അല്ലാഹുവിന്റെ വിധിവിലക്കുകൾ പിൻപറ്റി ജീവിക്കുക വഴി മാത്രമേ ശാന്തിയും സമാധാനവും ലഭിക്കുകയുള്ളൂ. 2: 188; 9: 67–68; 16: 114 വിശദീകരണം നോക്കുക.

30. ആരെങ്കിലും ശത്രുതാപരമായും അക്രമപരമായും അങ്ങനെ പ്രവർത്തിച്ചാൽ അപ്പോൾ നാം അവനെ നരകത്തിൽ വേവിക്കുക തന്നെ ചെയ്യും, അത് അല്ലാഹുവിന്റെമേൽ വളരെ എളുപ്പമുള്ള കാര്യവുമായിരിക്കുന്നു.

അന്യരുടെ ധനം അറിഞ്ഞുകൊണ്ട് വഞ്ചനയിലൂടെയോ ചൂഷണത്തിലൂടെയോ വശത്താക്കിയാൽ അവരുടെ ശരീരം നരകത്തിൽ കരിക്കപ്പെടുക തന്നെ ചെയ്യും. 9: 34–35 സൂക്തങ്ങളിൽ, വിശ്വാസികളെ വിളിച്ച് 'നിശ്ചയം പണ്ഡിത പുരോഹിതന്മാർ ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകയും അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നതാണ്' എന്ന് പറഞ്ഞിട്ടുണ്ട്. നിഷിദ്ധം തിന്ന് ശരീരം നിഷിദ്ധമാക്കിയാൽ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, ആ ശരീരം നരകത്തിൽ വേവുകയും ചെയ്യും. അദ്ദിക്ർ കൊണ്ട് മാത്രമേ ആത്മാവിനെ ശുദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ. ഭക്ഷണവിഭവങ്ങൾ അനുവദനീയമാണോ നിഷിദ്ധമാണോ എന്ന് ത്രാസായ അദ്ദിക്ർ കൊണ്ട് തിരിച്ചറിയാതെ ഉപയോഗിക്കുക വഴി ശരീരത്തെ ദുഷിപ്പിക്കാൻ ഇടവരുത്തരുതെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 2: 126, 168–169, 172 വിശദീകരണം നോക്കുക.

31. നിങ്ങളുടെമേൽ വിരോധിക്കപ്പെട്ടിട്ടുള്ള വൻകുറ്റങ്ങൾ നിങ്ങൾ വർജ്ജിക്കുകയാണെങ്കിൽ നിങ്ങളെത്തൊട്ട് നിങ്ങളുടെ തിന്മകൾ നാം മായ്ച്ചുകളയുകയും, നിങ്ങളെ മാന്യമായ ഒരു പ്രവേശനത്തിലേക്ക് നാം പ്രവേശിപ്പിക്കുകയും ചെ

യ്യുന്നതാണ്.

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുക, ആഭിചാര പ്രവർത്തനങ്ങളിൽ ഏർപ്പെടുക, അല്ലാഹു പവിത്രമാക്കിയ ഒരു ആത്മാവിനെ അന്യായമായി വധിക്കുക, പലിശ തിന്നുക, അനാഥകളുടെ ധനം തിന്നുക, യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞോടുക, പതിവ്രതകളായ നിഷ്കളങ്കരായ വിശ്വാസിനികളുടെമേൽ അപവാദം പറയുക തുടങ്ങിയവയാണ് ഏഴ് വൻകുറ്റങ്ങളെന്നും നിങ്ങൾ അവയെ വർജ്ജിക്കണമെന്നും നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 25: 68 ൽ, നിഷ്പക്ഷവാനായ നാഥന്റെ ഇഷ്ട ദാസന്മാർ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെയും വിളിച്ച് പ്രാർത്ഥിക്കുകയില്ല, ന്യായം കൂടാതെ അല്ലാഹു പവിത്രമാക്കിയ ഒരു ആത്മാവിനെയും വധിക്കുകയില്ല, വ്യഭിചരിക്കുകയുമില്ല എന്നും ഈ മൂന്ന് വൻകുറ്റങ്ങൾ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ കുറ്റവാളിയായി നരകത്തിൽ ആപതിക്കുമെന്നും പറഞ്ഞിട്ടുണ്ട്. 25: 69 ൽ, അന്ത്യനാളിൽ അവന് ശിക്ഷ ഇരട്ടിപ്പിച്ച് കൊടുക്കുന്നതും ഹീനമായ ശിക്ഷ ആസ്വദിച്ചുകൊണ്ട് അവൻ അതിൽ ശാശ്വതമായി കഴിഞ്ഞുകൂടുമെന്നും; 25: 70 ൽ, പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം രൂപപ്പെടുത്തുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവരുടെ തിന്മകളെ നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. 4: 14; 23; 8: 2–4; 9: 72–73 വിശദീകരണം നോക്കുക.

32. അല്ലാഹു നിങ്ങളിൽ ചിലർക്ക് മറ്റു ചിലരേക്കാൾ കൂടുതൽ നൽകിയ അനുഗ്രഹങ്ങളിൽ നിങ്ങൾ കൊതിക്കുകയുമരുത്, പുരുഷന്മാർക്ക് അവർ സമ്പാദിച്ച വിഹിതമുണ്ട്, സ്ത്രീകൾക്ക് അവർ സമ്പാദിച്ചതനുസരിച്ചുള്ള വിഹിതവുമുണ്ട്, നിങ്ങൾ അല്ലാഹുവിനോട് അവന്റെ അനുഗ്രഹത്തിൽ നിന്ന് ചോദിച്ചുകൊള്ളുക, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെമേലും അറിവുള്ളവൻ തന്നെയായിരിക്കുന്നു.

ഒരാൾക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ അസൂയപ്പെടാതെ അനുഗ്രഹ ദാതാവായ അല്ലാഹുവിനോട് ആവശ്യങ്ങൾ ചോദിക്കാനാണ് പഠിപ്പിക്കുന്നത്. നാഥന്റെ സമ്മതപത്രവും ഔദാര്യവും കാരുണ്യവുമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്നവന് അവന്റെ എല്ലാ കാര്യങ്ങളും എളുപ്പമാക്കപ്പെടുന്നതാണ് എന്ന് 92: 6–7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ അദ്ദിക്റിനെ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും സ്വർഗത്തിലേക്കുള്ള ടിക്കറ്റായും ഉപയോഗപ്പെടുത്തുന്നതാണ്.

മനഃസാക്ഷിക്ക് സ്വർഗത്തിൽ വെച്ചുതന്നെ അദ്ദിക്ർ പഠിപ്പിച്ചിട്ടുള്ള നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മറിച്ച് കുഫ്ഫാറുകൾ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച്, സാക്ഷ്യം വഹിച്ച് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 8: 48 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റാതെ ഒരാളും വിശ്വാസിയാവുകയില്ല. പുരുഷനാവട്ടെ സ്ത്രീയാവട്ടെ, ആരാണോ അദ്ദിക്റിനെ സത്യപ്പെടുത്തി ഇവിടെ ജീവിച്ചത്, അത് അവനുവേണ്ടിത്തന്നെയാണ്; ആരാണോ അതിനെ തള്ളിപ്പറഞ്ഞത്, അതിന്റെ ദോഷവും ആ ആത്മാവിനുതന്നെയാണ്, നീ അവന്റെ സൂക്ഷിപ്പുകാരനൊന്നുമല്ല എന്ന് 6: 104; 10: 108; 17: 15; 39: 41 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 94–95; 3: 73–74, 136, 181–182 വിശദീകരണം നോക്കുക.

33. എല്ലാ ഓരോരുത്തർക്കും മാതാപിതാക്കളും കുടുംബത്തിൽ നിന്ന് അടുത്തവരും വിട്ടേച്ചുപോകുന്നതിൽ നാം അനന്തരാവകാശം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു, എന്നാൽ നിങ്ങളുമായി കരാർ ചെയ്തവരായവർക്ക് അപ്പോൾ അവരുടെ വിഹിതം നിങ്ങൾ കൊടുത്തുകൊള്ളുക, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെമേലും സാക്ഷിയായിരിക്കുന്നു.

8: 75; 33: 6 സൂക്തങ്ങളനുസരിച്ച് രക്തബന്ധമുള്ളവർക്കിടയിൽ അല്ലാഹു നിശ്ചയിച്ചിട്ടുള്ള വിഹിതമാണ് അനന്തരാവകാശം. എന്നാൽ ദത്തുപുത്രന്മാർ, പൗത്രൻമാർ, ആത്മ സുഹൃത്തുക്കൾ തുടങ്ങിയവർക്ക് മൊത്തം സ്വത്തിന്റെ മൂന്നിലൊന്നുവരെ വസ്വിയ്യത്ത് ചെയ്യാമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ തൃപ്തിയിൽ നീതിയും ന്യായവും പാലിച്ചുകൊണ്ടായിരിക്കണം എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണ്ടത്. 2: 180, 234; 4: 7 വിശദീകരണം നോക്കുക.

34. പുരുഷന്മാർ സ്ത്രീകളുടെമേൽ നിയന്ത്രാതാക്കളാകുന്നു, അല്ലാഹു അവരിൽ ചിലരെ ചിലരുടെമേൽ ശ്രേഷ്ഠരാക്കിയതുകൊണ്ടും അവരുടെ ധനത്തിൽ നിന്ന് അവർ ചെലവഴിക്കുന്നതുകൊണ്ടുമാണത്, അപ്പോൾ സജ്ജനങ്ങളായ സ്ത്രീകൾ അനുസരണസ്വഭാവമുള്ളവരും പുരുഷന്മാരുടെ അഭാവത്തിൽ അല്ലാഹു സൂക്ഷിക്കാൻ പറഞ്ഞത് സൂക്ഷിക്കുന്നവരുമാകുന്നു, ഏത് സ്ത്രീകളിൽ നിന്ന് അനുസരണക്കേട് ഭയപ്പെടുന്നുവോ, അപ്പോൾ അവരെ നിങ്ങൾ ഉപദേശിക്കുക, അവരെ കിടപ്പറകളിൽ വെടിയുകയും അവരെ നിങ്ങൾ അടിക്കുകയും ചെയ്യുക, അങ്ങനെ അവർ നിങ്ങളെ അനുസരിക്കുന്നവരായാൽ പിന്നെ നിങ്ങൾ അവരുടെമേൽ മറ്റൊരു മാർഗ്ഗവും അന്വേഷിക്കാവുന്നതല്ല, നിശ്ചയം, അല്ലാഹു അത്യുന്നതനായ വലിയവൻ തന്നെയായിരിക്കുന്നു.

പുരുഷന്മാരുടെ ശരീരഘടന സ്ത്രീകളുടെ ശരീരഘടനയിൽ നിന്ന് വ്യത്യസ്തമാണ്. അവർക്ക് സ്ത്രീകളെ അപേക്ഷിച്ച് ഏതുസമയത്തും എവിടെയും തനിച്ചുപോകാമെങ്കിൽ സ്ത്രീകൾക്ക് ദൂരയാത്രയിലും രാത്രികാലങ്ങളിലും മറ്റും തനിച്ചുപോകൽ സുരക്ഷിതമല്ല. സ്ത്രീയുടെ നിയന്ത്രാതാവായി പുരുഷനെ നിശ്ചയിക്കാനുള്ള മറ്റൊരു കാരണം അവന്റെ ധനത്തിൽ നിന്ന് അവൾക്കുവേണ്ടി ചെലവഴിക്കുന്നു എന്നതാണ്. സ്ത്രീകൾക്ക് ഭക്ഷണവും പാർപ്പിടവുമെല്ലാം നൽകാനും വിവാഹമൂല്യം നൽകാനും സാമ്പത്തികശേഷി ഇല്ലെങ്കിൽ വിവാഹിതരാകാതെ വ്രതമനുഷ്ഠിച്ച് ആത്മനിയന്ത്രണം പാലിച്ച് ജീവിക്കാനാണ് യുവാക്കളോട് കൽപിച്ചിട്ടുള്ളത്. അല്ലാതെ സ്ത്രീകളുടെ ഭാഗത്തുനിന്ന് സ്ത്രീധനവും ആഭരണങ്ങളും വാങ്ങി വിവാഹം ചെയ്യുന്നത് അനിസ്ലാമികവും പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ജാഹിലിയ്യാ വ്യവസ്ഥ നടപ്പിലാകുന്നതിന് വഴിവെക്കുന്നതുമാണ്. അല്ലാഹു സൂക്ഷിക്കാൻ പറഞ്ഞത് സൂക്ഷിക്കുന്നവൾ എന്നു പറഞ്ഞാൽ അവളുടെ ചാരിത്ര്യവും ഭർത്താവിന്റെ സമ്പത്തും സൂക്ഷിക്കുന്നവൾ എന്നാണ്. അഥവാ ഭർത്താവിന്റെ സമ്മതം കൂടാതെ അവൻ വിലക്കിയ സ്ഥലങ്ങളിൽ പോവുകയോ അവൻ ഇഷ്ടപ്പെടാത്തവരുമായി ഇടപഴകുകയോ അവന്റെ ധനത്തിൽ നിന്ന് ദാനധർമ്മങ്ങൾ ചെയ്യുകയോ ചെയ്യാത്തവൾ എന്നർത്ഥം.

അനുസരണക്കേട് കാണിക്കുന്ന സ്ത്രീകളെ വിവാഹമോചനം ചെയ്യുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട മൂന്നുഘട്ടങ്ങൾ. ഒന്ന്: 10: 57 ൽ പറഞ്ഞ മൗഇളത്തായ അദ്ദിക്ർ കൊണ്ട് ഉപദേശിക്കുക. രണ്ട്: ഒരേ കിടക്കയിൽ കിടന്ന് സംയോഗത്തിലേർപ്പെടാതെ നാൽപത് ദിവസം കഴിച്ചുകൂട്ടുക. മൂന്ന്: അല്ലാഹുവിനോട് ഇവളുടെ സ്വഭാവമൊന്ന്

നന്നാക്കിത്തരണമെന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ച് അടിക്കുക എന്നിവയാണ്. 2: 187, 222; 4: 15–16, 27 വിശദീകരണം നോക്കുക.

35. അവർക്കിടയിലുള്ള (ദമ്പതികൾക്കിടയിലുള്ള) ബന്ധം ഭിന്നിക്കുമെന്ന് ഇനിയും നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ അപ്പോൾ അവന്റെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനെയും നിയോഗിക്കുക, അവർ ഇരുവരും അനുരഞ്ജനം ആഗ്രഹിച്ചാൽ അല്ലാഹു അവർക്കിടയിൽ യോജിപ്പിന് വേണ്ടുക നൽകുന്നതാണ്, നിശ്ചയം അല്ലാഹു എല്ലാം വലയം ചെയ്ത സർവ്വജ്ഞാനി തന്നെയായിരിക്കുന്നു.

'അവർ ഇരുവരും അനുരഞ്ജനം ആഗ്രഹിച്ചാൽ' എന്ന് പറഞ്ഞാൽ ദമ്പതികളായ രണ്ടുപേർ എന്നും മധ്യസ്ഥന്മാരായ രണ്ടുപേർ എന്നും ആശയമുണ്ട്. അല്ലാഹു എല്ലാം അറിയുന്നവനും ത്രികാലജ്ഞാനിയുമാണ് എന്ന് പറയുമ്പോൾ രണ്ടുപേരും ആത്മാർത്ഥമായി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും എല്ലാ കാര്യങ്ങളും അല്ലാഹു നേരത്തെ നിശ്ചയിച്ച് അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിവെച്ചിട്ടുള്ളതാണ് എന്ന ബോധത്തോടെ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ നിലകൊള്ളണമെന്നുമാണ്. എന്നാൽ മാത്രമേ ഇണകളായി സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ സാധിക്കുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 152, 255; 3: 165–167; 17: 17 വിശദീകരണം നോക്കുക.

36. നിങ്ങൾ അല്ലാഹുവിനെ മാത്രം സേവിക്കുകയും അവനെക്കൊണ്ട് ഒരു വസ്തുവിനെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുവീൻ, നിങ്ങൾ മാതാപിതാക്കളോടും ബന്ധുക്കളോടും അനാഥരോടും അഗതികളോടും ബന്ധുക്കളായ അയൽവാസികളോടും സമീപസ്ഥരായ അയൽവാസികളോടും സഹവാസികളോടും വഴിയാത്രക്കാരോടും നിങ്ങളുടെ അധീനതയിലുള്ളവരോടും ഏറ്റവും നന്നായി വർത്തിക്കുവീൻ, നിശ്ചയം അഹന്തയാൽ വഞ്ചിതനും പൊങ്ങച്ചക്കാരനുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.

37. പിശുക്ക് കാണിക്കുന്നവരായവരും ജനങ്ങളോട് പിശുക്കിനുവേണ്ടി കൽപിച്ചുകൊണ്ടിരിക്കുന്നവരും അല്ലാഹു തങ്ങൾക്കേകിയ അനുഗ്രഹങ്ങളിൽ നിന്ന് പൂഴ്ത്തിവെക്കുന്നവരുമാണ് അവർ, കാഫിറുകൾക്കുവേണ്ടി ഹീനമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്.

അല്ലാഹുവിനെ സേവിക്കുക എന്ന് പറഞ്ഞാൽ ജീവിതം മുഴുവൻ അദ്ദിക്റിന്റെ വെളിച്ചത്തിൽ ക്രമപ്പെടുത്തലും ത്രാസും അമാനത്തുമായ അത് ലോകർക്ക് എത്തിച്ചുകൊടുക്കലുമാണ്. 6: 130; 7: 37; 39: 59 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം കാഫിറാണെന്ന് സാക്ഷ്യം വഹിക്കാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും നരകത്തിൽ പ്രവേശിപ്പിക്കുകയില്ല. *ഒരാൾക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ മൂടിവെക്കരുതെന്നും അവന്റെ ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായവയിൽ പ്രകടമാകണമെന്നും* നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മാതാപിതാക്കളോടും ബന്ധുക്കളോടും അനാഥകളോടും അഗതികളോടും കുടുംബത്തിൽ നിന്ന് അടുത്ത അയൽവാസികളോടും അന്യരായ അയൽവാസികളോടും സഹവാസികളോടും വഴിയാത്രക്കാരോടുമെല്ലാം നാഥന്റെ തൃപ്തിയിൽ -അദ്ദിക്റിന്റെ വെളിച്ചത്തിൽ- ഏറ്റവും നല്ല നിലയിൽ വർത്തിക്കേണ്ടതാണ്. തങ്ങളുടെ കീഴിലുള്ള ജോലിക്കാരോട് മാത്രമല്ല, വളർത്തുജീവികളോടും മറ്റു ജീവജാലങ്ങളോടും

അവയെക്കുറിച്ചെല്ലാം വിധിദിവസം ഉത്തരം പറയേണ്ടിവരുമെന്ന ബോധത്തിൽ ഇവിടെ പെരുമാറേണ്ടതാണ്. 10: 100 ൽ വിവരിച്ച പ്രകാരം നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയോ വിശ്വാസിയാകാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. 9: 67 ൽ, കപടവിശ്വാസികൾ ഗ്രന്ഥത്തിന്റെ നിഷിദ്ധങ്ങൾ കൽപ്പിക്കുന്നവരും കൽപനകൾ വിരോധിക്കുന്നവരും പിശുക്ക് കാണിക്കുന്നവരും അല്ലാഹുവിനെ വിസ്മരിച്ചവരും അപ്പോൾ അവർ അവനാൽ വിസ്മരിക്കപ്പെട്ടവരുമാണ്, നിശ്ചയം കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികൾ എന്നും; 9: 68 ൽ, കപടവിശ്വാസികളായ പുരുഷന്മാർക്കും കപടവിശ്വാസികളായ സ്ത്രീകൾക്കും നിഷേധത്തിനുമേൽ നിഷേധം കൈക്കൊള്ളുന്ന കുഫ്ഫാറുകൾക്കും അല്ലാഹു നരകക്കുണ്ഠാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു, അവർ അതിൽ നിത്യവാസികളുമായിരിക്കും -അവർക്ക് അതുതന്നെ മതി. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു, അവർക്ക് സ്ഥായിയായ ശിക്ഷയുമാണുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. 2: 24, 99, 174; 3: 180–182, 187; 4: 150–151 വിശദീകരണം നോക്കുക.

38. തങ്ങളുടെ ധനം ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുന്നവരുമാണവർ, അല്ലാഹുവിനെക്കൊണ്ടോ അന്ത്യദിനത്തെക്കൊണ്ടോ അവർ വിശ്വസിച്ചിട്ടുമില്ല, ആർക്കെങ്കിലും പിശാച് കൂട്ടുകാരനായാൽ അപ്പോൾ അവൻ ഒരു ദുഷിച്ച കൂട്ടുകാരൻ തന്നെ.

നിഷ്പക്ഷവാന്റെ സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് ആരാണോ മടുപ്പ് കാണിച്ചത്, അവർക്ക് നാം പിശാചിനെ കൂട്ടുകാരനായി നിശ്ചയിച്ച് കൊടുക്കുമെന്ന് 43: 36 ൽ പറഞ്ഞിട്ടുണ്ട്. ആ ദുഷിച്ച കൂട്ടുകാർ അവരെ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയുക തന്നെ ചെയ്യും; എന്നാൽ അവർ സന്മാർഗത്തിലാണെന്ന് കണക്കുകൂട്ടുന്നതാണ് എന്ന് 43: 37 ലും, അങ്ങനെ അവർ രണ്ടുകൂട്ടരും നമ്മിലേക്ക് വന്നാൽ അവർ പറയും: കഷ്ടം! എനിക്കും നിനക്കുമിടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ അകൽച്ച ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ, നീ എത്ര ദുഷിച്ച കൂട്ടുകാരൻ എന്ന് 43: 38 ലും, അന്നേദിനം അവിടെവെച്ച് സങ്കടം പറഞ്ഞതുകൊണ്ടോ പരസ്പരം തർക്കിച്ചതുകൊണ്ടോ ഇത്തരം അക്രമികൾക്ക് ഒരു ഉപകാരവും ലഭിക്കുകയില്ല, നിശ്ചയം അവർ ശിക്ഷയിൽ പങ്കുകാരുമായിരിക്കും എന്ന് 43: 39 ലും പറഞ്ഞിട്ടുണ്ട്. ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാതെ ഒരു മനുഷ്യനും വിശ്വാസിയാകാൻ സാധ്യമല്ല തന്നെ. *ജനങ്ങളെ ബോധിപ്പിക്കാൻ വേണ്ടി പണം ചെലവഴിക്കുന്നവരോട്; ആരെ ബോധിപ്പിക്കാനാണോ നിങ്ങൾ പണം ചെലവഴിച്ചത്, അവരിൽ നിന്ന് നിങ്ങൾ പ്രതിഫലം വാങ്ങിക്കൊള്ളുക എന്ന് അന്ത്യനാളിൽ പറയപ്പെടുമെന്ന്* നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിനെ ബോധിപ്പിക്കാനല്ലാതെ മറ്റാരെ ബോധിപ്പിക്കാനാണെങ്കിലും അവർ പിശാചിനെയാണ് ബോധിപ്പിക്കുന്നത്. അല്ലാഹുവിനെയല്ലാതെ മറ്റാരെ വിളിച്ചുപ്രാർത്ഥിച്ചാലും അവർ കാരുണ്യം വിലക്കപ്പെട്ട, ശപിക്കപ്പെട്ട, സംശയമുണ്ടാക്കുന്ന പിശാചിനെയല്ലാതെ വിളിക്കുന്നില്ല എന്ന് 4: 117 ൽ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 264, 268; 3: 101–102; 18: 110 വിശദീകരണം നോക്കുക.

39. അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ചുകൊണ്ട് അല്ലാഹു നൽകിയിട്ടുള്ള വിഭവങ്ങളിൽ നിന്ന് ചെലവഴിച്ചിരുന്നുവെങ്കിൽ അവരുടെമേൽ എന്ത് ദോഷമാണുള്ളത്? അല്ലാഹു അവരെക്കുറിച്ച് ശരിക്കും അറിവുള്ളവൻ തന്നെയായിരിക്കുന്നു.

ജീവിതലക്ഷ്യം മനസ്സിലാക്കിയ വിശ്വാസികൾ സ്വർഗം അല്ലെങ്കിൽ നരകം ഓരോ

ആത്മാവും ഇവിടെ വെച്ച് സമ്പാദിക്കുന്നതാണ് എന്ന ഉത്തമബോധ്യമുള്ളവരാണ്. അവർ വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി നാലാം ഘട്ടമായ ഐഹികലോകത്ത് വെച്ച് ഏഴാം ഘട്ടത്തിലേക്ക് വേണ്ട സ്വർഗം സമ്പാദിക്കുന്നതാണ്. അങ്ങനെ മരണത്തോടുകൂടി അവർ സമ്പാദിച്ച സ്വർഗത്തിലേക്ക് സ്രഷ്ടാവ് അവരെത്തൊട്ടും അവർ സ്രഷ്ടാവിനെത്തൊട്ടും തൃപ്തിപ്പെട്ടുകൊണ്ട് തിരിച്ചുപോകുന്നതുമാണ്. ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്റിനെ അവഗണിക്കുക വഴി കാഫിറുകളുടെ പ്രവർത്തനങ്ങളെല്ലാം തന്നെ പരലോകത്ത് അവർക്ക് നഷ്ടകരമായിരിക്കുമെന്ന് 2: 186; 7: 8-9; 18: 103-106; 40: 50; 47: 9 തുടങ്ങിയ സൂക്തങ്ങളിലെല്ലാം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 271, 286; 3: 136 വിശദീകരണം നോക്കുക.

40. നിശ്ചയം, അല്ലാഹു ആരോടും അണുഅളവ് അനീതി കാണിക്കുകയില്ല തന്നെ, ആരുടെ പക്കലെങ്കിലും ഒരു നന്മയുണ്ടെങ്കിൽ അല്ലാഹു അതിനെ ഇരട്ടിപ്പിക്കുന്നതും, അവനിൽ നിന്നുള്ള മഹത്തായ പ്രതിഫലം നൽകുന്നതുമാണ്.

നന്മയും തിന്മയും കാണിച്ചുതരുന്ന അദ്ദിക്ർ ഓരോ ആത്മാവിനും സ്വർഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിനുവേണ്ടി പ്രവർത്തിക്കുന്നത് മാത്രമേ നന്മയാവുകയുള്ളൂ. അഥവാ ഗ്രന്ഥത്തിലെ സൂക്തങ്ങൾ തെളിവായി (ബുർഹാനായി) ഉദ്ധരിക്കാവുന്ന വാക്കുകളും പ്രവൃത്തികളും മാത്രമേ നന്മയാവുകയുള്ളൂ. 6: 160 ൽ, ആരാണോ ഒരു നന്മയും കൊണ്ട് വന്നത്, അപ്പോൾ അവന് അതിന്റെ പത്തിരട്ടി പ്രതിഫലമുണ്ട്, ആരാണോ ഒരു തിന്മയും കൊണ്ട് വന്നത്, അവന് തക്കതായ പ്രതിഫലമല്ലാതെയില്ല, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയുമില്ല എന്നും പറഞ്ഞിട്ടുണ്ട്. *ഒരു നന്മ പ്രവർത്തിക്കാൻ ഉദ്ദേശിച്ചാൽ തന്നെ ഒരു പുണ്യമുണ്ട്, എന്നാൽ ഒരു നന്മ പ്രവർത്തിച്ചാൽ ചുരുങ്ങിയത് പത്ത് നന്മകളുണ്ട് എന്നും ഒരു തിന്മ പ്രവർത്തിക്കാൻ ഉദ്ദേശിച്ചാൽ തിന്മയായി പരിഗണിക്കുകയില്ല എന്നും തിന്മ പ്രവർത്തിച്ചാൽ തക്കതായ ശിക്ഷ മാത്രമേ ലഭിക്കുകയുള്ളൂ* എന്നും പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുകയില്ല, അവരവർ തന്നെയാണ് അവരവരുടെ ഭാഗധേയം നിശ്ചയിക്കുന്നതെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ അല്ല എന്ന് 13: 14 ലും 40: 50 ലും പറഞ്ഞിട്ടുണ്ട്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവർ 17: 13 ൽ പറഞ്ഞ അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖ വിധിദിവസം വായിക്കുമ്പോൾ 'ഓ! ഇത് എന്തൊരു ഗ്രന്ഥമാണ്! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടുപോയിട്ടില്ലല്ലോ!' എന്ന് വിലപിക്കുന്നതാണ് എന്നും അവരുടെ ജീവിതം മുഴുവൻ അവർ അതിൽ കാണുന്നതാണ് എന്നും നിന്റെ നാഥൻ ആരോടും അനീതി കാണിക്കുന്നവനല്ല എന്നും 18: 49 ൽ പറഞ്ഞിട്ടുണ്ട്. 2: 119, 245, 261; 3: 187 വിശദീകരണം നോക്കുക.

41. അപ്പോൾ എല്ലാ ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരുമ്പോൾ എന്തായിരിക്കും അവസ്ഥ? ഇക്കൂട്ടരുടെ മേൽ സാക്ഷിയായി നിന്നെയും നാം കൊണ്ടുവരുമ്പോൾ!

16: 89 ഉം ഇതേ ആശയത്തിലുള്ള സൂക്തമാണ്. എല്ലാ ഓരോ സമുദായത്തിനുമുള്ള സാക്ഷി അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരായിരുന്നു. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടത് മുതൽ പ്രവാചകന്റെ കാലത്തുണ്ടായിരുന്നവർക്ക് സാക്ഷി മുഹ

മമദ് ആയിരിക്കും; എന്നാൽ പ്രവാചകന്റെ കാലശേഷം പ്രവാചകനും പ്രവാചകനെ പിൻപറ്റുന്ന വിശ്വാസികളുമായിരിക്കും സാക്ഷികളാവുക. 2: 143 ലും 22: 78 ലും നിങ്ങളിൽ പ്രവാചകൻ സാക്ഷിയാകാനും നിങ്ങൾ മനുഷ്യർക്ക് സാക്ഷിയാകാനും വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ തന്നെയാണ് ഏറ്റവും വലിയ സാക്ഷി. പ്രവാചകന്റെ ജീവിതം അജയ്യഗ്രന്ഥമായ അദ്ദിക്റിന്റെ വഴിയിലുള്ളതായിരുന്നു. 4: 115 ൽ, സന്മാർഗ്ഗം വന്നുകഴിഞ്ഞശേഷം ആരെങ്കിലും പ്രവാചകനോട് വിഘടിച്ച് വിശ്വാസികളുടെ മാർഗമല്ലാത്തത് പിൻപറ്റിയാൽ അല്ലാഹു അവനെ തിരിഞ്ഞോടത്തേക്കുതന്നെ തിരിക്കുകയും നരകക്കുണ്ഠത്തിൽ കരിക്കുകയും ചെയ്യുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാരും വിശ്വാസികളാണെന്ന് 37: 81, 111, 122, 132 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 39: 69 ൽ, വിചാരണാനാളിൽ ഗ്രന്ഥം ഹാജരാക്കപ്പെടുമെന്നും നബിമാരും സാക്ഷികളും കൊണ്ടുവരപ്പെടുമെന്നും സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കപ്പെടുമെന്നും പറഞ്ഞിട്ടുണ്ട്. അവരവരുടെ പ്രവർത്തന റിക്കാർഡുതന്നെ അനുകൂലമായും പ്രതികൂലമായും സാക്ഷ്യം വഹിക്കുന്നതാണ് എന്ന് 17: 13–14; 18: 49; 23: 62–63; 36: 12; 45: 28–29; 58: 6; 78: 27–29 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ അവരവരുടെ കൈകാലുകൾ സംസാരിക്കുമെന്ന് 36: 65 ലും; തൊലികളും കേൾവിയും കാഴ്ചയും സാക്ഷ്യം വഹിക്കുമെന്ന് 41: 19–24 ലും; ഭൂമി അതിന്റെ റിക്കാർഡ് സമർപ്പിക്കുമെന്ന് 99: 4 ലും പറഞ്ഞിട്ടുണ്ട്. തന്റെ സമുദായത്തിന് വേണ്ടി മരണസമയത്ത് പോലും പ്രാർത്ഥിച്ച പ്രവാചകൻ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് കള്ളവാദികളെ പിൻപറ്റി ജീവിച്ച അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കെതിരെ പരലോകത്തുവെച്ച് ഗ്രന്ഥവും കൊണ്ടുവന്ന് 'എന്റെ ഈ ജനത വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റിനെ അവഗണിച്ചതാണ് ഇവർ പിശാചിന്റെ വലയത്തിൽ അകപ്പെടാൻ കാരണമെന്ന്' അന്യായം ബോധിപ്പിക്കുമെന്ന് 25: 17–18, 29–30 സൂക്തങ്ങളിൽ പറഞ്ഞത് ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. അവർ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച്, സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 8: 22; 11: 17; 25: 33–34 വിശദീകരണം നോക്കുക.

42. അന്നേദിനം കാഫിറുകളായവരും പ്രവാചകനെ ധിക്കരിച്ചവരുമായവർ ആഗ്രഹിച്ചുപോകും, ഭൂമി പിളർന്ന് തങ്ങളെ വിഴുങ്ങിക്കൊണ്ട് നിരപ്പായെങ്കിൽ എന്ന്, അന്ന് അവരുടെ ഒരു വർത്തമാനവും അല്ലാഹു മറച്ചുവെക്കുകയുമില്ല.

അദ്ദിക്റിനെ മൂടിവെച്ച കപടവിശ്വാസികളും കുഫ്ഫാറുകളും ഇഹത്തിൽ വെച്ച് അവനുവേണ്ടി ഒരുക്കിവെച്ച സമ്പാദ്യം വിധിദിവസം കാണുമ്പോൾ 'ഓ! എന്റെ നാശം, ഞാൻ മണ്ണായിത്തീർന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ' എന്ന് വിലപിക്കുമെന്ന് 78: 40 ലും; അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ അവഗണിച്ച അക്രമി പരലോകത്തുവെച്ച് തന്റെ കൈകടിച്ച്, 'ഓ! എന്റെ നാശം, ഞാൻ പ്രവാചകന്റെ മാർഗ്ഗം പിൻപറ്റിയിരുന്നെങ്കിൽ; ഓ! എന്റെ നാശം, ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനേ, അവനാണല്ലോ എന്നെ അദ്ദിക്റിൽ നിന്ന് എനിക്ക് അത് വന്നുകിട്ടിയതിനുശേഷം തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അങ്ങനെ പിശാച് അദ്ദിക്റിൽ നിന്നാണ് മനുഷ്യനെ തടയുക എന്ന് അന്ത്യനാളിൽ അവൻ സ്വയം സമ്മതിക്കേണ്ടി വരും. 3: 51 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിൽ ആരും തന്നെ ഇന്ന് ഒരു പ്രവാചകനെയും നബിയെയും പിൻപറ്റാത്തവരും അല്ലാഹുവിനെ സേവിക്കുന്നതിനുപകരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരുമാണ്.

2: 121, 168-169; 3: 30 വിശദീകരണം നോക്കുക.

43. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ മത്ത് പിടിച്ചവരായിരിക്കെ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതെന്തെന്ന് തിരിച്ചറിയുന്നതുവരെ നമസ്കാരത്തോട് അടുക്കരുത്; സ്ത്രീസംസർഗം നടത്തിയശേഷം കുളിക്കുന്നതുവരെയും -വ ഴി കടന്നുപോകുന്നവരൊഴികെ; ഇനി നിങ്ങൾ രോഗികളോ അല്ലെങ്കിൽ യാത്ര ക്കാരോ അല്ലെങ്കിൽ നിങ്ങളിൽ ആർക്കെങ്കിലും വിസർജ്ജനം ചെയ്യേണ്ടി വ ന്നു, അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളുമായി സംസർഗത്തിലേർപ്പെട്ടു, എന്നാൽ നിങ്ങൾക്ക് വെള്ളം ലഭിച്ചതുമില്ല, എങ്കിൽ ശുദ്ധിയുള്ള മണ്ണ് ഉപയോഗിച്ചു കൊള്ളുക, അപ്പോൾ അതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും നിങ്ങളുടെ കൈ കളും തടവുക, നിശ്ചയം അല്ലാഹു ഏറെ വിടുതി ചെയ്യുന്ന ഏറെ പൊറുത്തു കൊടുക്കുന്നവൻ തന്നെയായിരിക്കുന്നു.

കള്ള് നിർമാർജ്ജനം ചെയ്യുന്നതിന്റെ രണ്ടാം ഘട്ടമായി അവതരിച്ചിട്ടുള്ള സൂക്തമാ ണിത്. ലഹരി ബാധിച്ച അവസ്ഥയിൽ എന്താണ് പറയുന്നതെന്ന് തിരിച്ചറിയുന്നതുവരെ നമസ്കാരത്തെ സമീപിക്കരുതെന്നാണ് അല്ലാഹു ഈ സൂക്തത്തിലൂടെ കൽപിക്കുന്നത്. ഉറക്കം അതിജയിക്കുന്ന അവസ്ഥയിലും മലമൂത്രവിസർജ്ജനം ചെയ്യാനുള്ളപ്പോഴും കഠി നമായ വിശപ്പും ദാഹവുമുള്ളപ്പോഴുമെല്ലാം അവ പരിഹരിച്ചതിനുശേഷം മാത്രമേ നമ സ്കാരത്തോട് അടുക്കാവൂ. വെള്ളം ലഭ്യമല്ലാത്ത അവസ്ഥയിൽ ഇന്ദ്രിയസ്ഖലനമോ മ ലമൂത്ര വിസർജനം നടത്തുകയോ ചെയ്താൽ വ്യത്തിയാക്കുന്നതിനുവേണ്ടി ശുദ്ധിയു ള്ള മണ്ണ് ഉപയോഗിക്കാവുന്നതാണ്. എന്നാൽ 'ടിഷ്യൂപേപ്പർ' നിലവിലുള്ള ഇക്കാലത്ത് മണ്ണിനേക്കാൾ വൃത്തിയാക്കാൻ അത് ഉപയോഗിക്കുന്നതാണ് നല്ലത്.

ഞാൻ, നീ എന്നെല്ലാം പറയുന്നത് ആത്മാവിനെയാണ് എന്ന ബോധമുള്ള വിശ്വാസി 2: 152 ലും 3: 190-191 ലും വിവരിച്ച പ്രകാരം എല്ലാ നടത്തങ്ങളിലും ഇരുത്തങ്ങളിലും കി ടത്തങ്ങളിലും എല്ലായ്പ്പോഴും ആത്മാവുകൊണ്ട് നാഥനെ സ്മരിക്കുന്നവനായതിനാൽ അവനെ തിന്മകളൊന്നും ബാധിക്കുകയില്ല. ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാതെ ഒരാളും വിശ്വാസിയാവുകയോ, അത്ത രക്കാരിൽ നിന്ന് പ്രാർത്ഥനകളോ കർമങ്ങളോ ഒന്നും തന്നെ സ്വീകരിക്കപ്പെടുകയോ ഇ ല്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിശാചിനെ സേവിച്ചുകൊണ്ടിരിക്കു ന്നവരും ലക്ഷ്യബോധമില്ലാതെ ഇവിടെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠം സമ്പാദി ക്കുന്നവരുമാണെന്ന് 9: 67-68; 15: 44; 25: 34, 65-66; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരക ത്തിലേക്കോ ആക്കുന്നില്ല. മറിച്ച് അവർ വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാ ക്ഷിനിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. വിശ്വാസികളു ടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്ർ പിൻപറ്റുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥ നാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 2-5; 3: 7-10; 5: 6; 9: 53-55 വിശദീകരണം നോക്കുക.

44. വേദത്തിൽ നിന്നുള്ള ഒരു വിഹിതം നൽകപ്പെട്ടവരിലേക്ക് നിന്റെ ശ്രദ്ധ തിരി ഞ്ഞുവോ? അവർ സ്വയം വഴികേട് വാങ്ങിക്കൊണ്ടിരിക്കുന്നു, നിങ്ങളെ നേർ മാർഗ്ഗത്തിൽ നിന്ന് വഴിപിഴപ്പിക്കാൻ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു.

സൂക്തം അവതരിപ്പിച്ച കാലത്തെ പ്രവാചകന്റെ മുമ്പിലുള്ള വേദക്കാരായ ജൂത ക്രൈ സ്തവരെക്കുറിച്ചാണ് ഈ പരാമർശമെങ്കിൽ, ഇന്ന് മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം അ

ദ്ദിക്ർ മാത്രമായതിനാൽ അതിലെ 6236 സൂക്തങ്ങളും എടുക്കാതെ ചിലത് എടുക്കുക യും മറ്റു ചിലത് തള്ളിപ്പറയുകയും ചെയ്ത് വിവിധ സംഘടനകളായി പിരിഞ്ഞ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് 'വേദത്തിൽ നിന്ന് ഒരു വിഹിതം നൽക പ്പെട്ടവർ'. 48: 6 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപു ലർത്തുന്ന അവർ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. അവരു ടെ മേലാണ് നാഥന്റെ ശാപവും കോപവും വർഷിച്ചിട്ടുള്ളതും അവർക്ക് വേണ്ടിയാണ് നരകക്കുണ്ഠം ഒരുക്കിവെച്ചിട്ടുള്ളതും. അവർ അവരുടെ ആത്മാവിനെതിരെ 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിച്ചാണ് മരണപ്പെടുക എ ന്ന് 7: 37 ൽ അവർ വായിച്ചിട്ടുണ്ട്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ ഇക്കൂട്ടർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും കുറ്റപ്പെടുത്തുക യും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 7; 2: 109; 3: 90–91; 14: 28 –30 വിശദീകരണം നോക്കുക.

45. നിങ്ങളുടെ ശത്രുക്കളാരാണെന്ന് ഏറ്റവും അറിയുന്നവൻ അല്ലാഹു തന്നെയു മാകുന്നു, നിങ്ങൾക്ക് സംരക്ഷകനായിട്ട് അല്ലാഹു തന്നെ മതി, സഹായിയാ യും അല്ലാഹു തന്നെ മതി.

46. ജൂതന്മാരായിത്തീർന്നവരിൽ നിന്ന്, അവർ പദങ്ങളെ അതിന്റെ സ്ഥാനത്തുനി ന്ന് തെറ്റിക്കുകയും 'ഞങ്ങൾ കേട്ടു, ഞങ്ങൾ ധിക്കരിക്കുന്നു' എന്നും നീ കേൾ ക്കുക, 'നീ കേൾക്കുന്നവനല്ല' എന്നും 'റാഇനാ' എന്നും തങ്ങളുടെ നാവുകൾ വക്രിച്ചുകൊണ്ടും സത്യദീനിനെ കളിയാക്കിക്കൊണ്ടും അവർ പറഞ്ഞുകൊ ണ്ടിരിക്കുകയും ചെയ്യുന്നു, എന്നാൽ നിശ്ചയം അവർ 'ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിക്കുകയും ചെയ്തു, നീയൊന്ന് കേൾക്കുകയും ഞങ്ങളെക്കൂടി ശ്ര ദ്ധിക്കുകയും ചെയ്യുക' എന്ന് പറഞ്ഞിരുന്നെങ്കിൽ അതായിരുന്നു അവർക്ക് ഉ ത്തമവും ഏറ്റവും ചൊവ്വായ മാർഗ്ഗവും, എന്നാൽ അവരുടെ നിഷേധം കാര ണം അല്ലാഹു അവരെ ശപിച്ചിരിക്കുന്നു, അപ്പോൾ അവർ കുറച്ചുപേർ മാത്ര മല്ലാതെ വിശ്വസിക്കുകയില്ല.

5: 13, 41–42 സൂക്തങ്ങളിൽ, ജൂതന്മാരുടെയും കപടവിശ്വാസികളുടെയും ഇത്തരം ക പടനയം ശരിക്കും വ്യക്തമാക്കി കാണിച്ചിട്ടുണ്ട്. പദങ്ങൾ സ്ഥാനത്തുനിന്ന് തെറ്റിക്കുക എന്ന് പറഞ്ഞാൽ പദങ്ങളുടെ ഘടന മാറ്റുക, പദങ്ങൾ തന്നെ മാറ്റിമറിക്കുക, സ്വന്തം വ്യാ ഖ്യാനങ്ങൾ വഴി അർത്ഥം മാറ്റുക, യഥാർത്ഥ ആശയം മനസ്സിലാകാതിരിക്കാൻ സൂക്ത ഭാഗം മുഴുവൻ ഉദ്ധരിക്കാതെ മൂടിവെക്കുക, പ്രവാചകന്റെയും അനുയായികളുടെയും അടുത്തുവന്ന് അവരുടെ സംസാരം കേട്ട് തിരിച്ചുവന്നാൽ സ്വന്തം വക പൊടിപ്പും തൊങ്ങ ലും വെച്ച് തെറ്റായി റിപ്പോർട്ടുചെയ്യുക, അപകീർത്തിയും തെറ്റിദ്ധാരണയും പ്രചരിപ്പിച്ച് ആളുകളെ യഥാർത്ഥ ജീവിതവഴിയായ അദ്ദിക്റിന്റെ വഴിയിൽ നിന്ന് മാറ്റിനിർത്തുക എ ന്നെല്ലാമാണ്. ഇതെല്ലാമാണ് ഇസ്ലാമിൽ നിന്ന് പോയി ജൂതരായിത്തീർന്നവർ അന്ന് ചെയ്തുകൊണ്ടിരുന്നത്.

അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കൾ എക്കാലത്തും നന്മ തടയുകയും തിന്മ കൽപിക്കുകയും നുണ മാത്രം പറയുകയും ചെയ്യുന്ന കപടവി ശ്വാസികളാണെന്ന് 41: 26–28; 63: 4 സൂക്തങ്ങളിലും ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. പ്രപ ഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശ ക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ നിങ്ങൾ ഈ അല്ലാഹുവിനെക്കുറിച്ച് മ

റ്റുള്ളവരെ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. ഇന്ന് ലോകത്തെവിടെയും നാഥന്റെ ഗ്രന്ഥത്തോടും വിശ്വാസികളോടും ഇത്തരം സമീപനം കൈക്കൊള്ളുന്നത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനാനേതാക്കളായ കപടവിശ്വാസികളും അവരുടെ അനുയായികളുമാണ്. അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായ കപടവിശ്വാസികളും അവരുടെ അനുയായികളും 9: 28 ൽ വിവരിച്ച പ്രകാരം *ഇജാസിൽ ഇമാം മഹ്ദി* വരുന്നതോടുകൂടി അവിടെ നിന്ന് പുറത്താക്കപ്പെടുന്നതും മനുഷ്യരിൽ നിന്നുള്ള വിശ്വാസികൾ *ഇജാസി*ലേക്ക് വേർതിരിക്കപ്പെടുന്നതുമാണ്. 9: 30; 63: 4 എന്നീ സൂക്തങ്ങൾ പ്രകാരം അല്ലാഹുവിനാൽ വധിക്കപ്പെട്ട വിഭാഗത്തിൽ അന്നത്തെ ജൂതരും കപടവിശ്വാസികളും ഉൾപ്പെടുന്നുവെങ്കിൽ വിശ്വാസികളുടെ സംഘത്തോട് അഞ്ച് സൂക്തങ്ങളിലൂടെ വധിക്കാൻ കൽപ്പിക്കപ്പെട്ട ഏകവിഭാഗം 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകളാണ്. 33: 60-61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മസീഹുദ്ദജ്ജാലിന്റെ പടയാളികളായ എഴുപതിനായിരം ജൂതർ മാത്രമാണ് ഫുജ്ജാറുകളെക്കൂടാതെ വധിക്കപ്പെടുക. അദ്ദിക്റിനെ ത്രാസ്സും *അമാനത്തു*മായി ഉപയോഗപ്പെടുത്തുന്ന വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന അവസാനത്തെ *സാബിഖും* ഭൂമിയിൽ നിന്ന് വിടവാങ്ങുന്നതോടുകൂടിയാണ് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങൾ പ്രത്യക്ഷപ്പെടുക. 1: 7; 2: 88, 159-161; 3: 78 വിശദീകരണം നോക്കുക.

47. ഓ വേദം നൽകപ്പെട്ടിട്ടുള്ളവരേ! നിങ്ങളോടൊപ്പമുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന വേദത്തിൽ നിങ്ങൾ വിശ്വസിക്കുവീൻ -ചില മുഖങ്ങളെ നാം വികൃതമാക്കി അതിനെ പുറകോട്ട് തിരിക്കുകയോ അല്ലെങ്കിൽ അവരെ നാം ശപിക്കുകയോ ചെയ്യുന്നതിനുമുമ്പായി, ശനിയാഴ്ച നാളുകാരെ നാം ശപിച്ചതുപോലെ; അല്ലാഹുവിന്റെ കൽപന നടപ്പിലാക്കാനുള്ളത് തന്നെയുമായിരിക്കുന്നു.

അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളേയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്ന് 5: 48; 16: 44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 163 ൽ വിവരിച്ച പ്രകാരം 312 പ്രവാചകന്മാർക്കും സത്യവും തെളിവുമായ അദ്ദിക്ർ തന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ എല്ലാ പ്രവാചകന്മാരുടേയും ജനതയിൽ പെട്ട 1000 ത്തിൽ 999 ഉം അദ്ദിക്റിനെ തള്ളിപ്പറയുന്നവരും ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതിനാൽ പിശാചിനാൽ പാട്ടിലാക്കപ്പെട്ടവരുമാണ് എന്ന് 11: 118-119 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിലെ 7 വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണെന്ന് 15: 44 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 6: 112 ൽ വിവരിച്ച പ്രകാരം എല്ലാ നബിമാരുടെയും ശത്രുക്കളാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവർ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിൽ പട്ടി, പന്നി, പെരുച്ചാഴി, പാമ്പ്, തേൾ തുടങ്ങിയ രൂപങ്ങളിലാണ് പ്രവേശിപ്പിക്കപ്പെടുക.

അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ, ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവർ 8: 22 ൽ വിവരിച്ച പ്രകാരം 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷ്ടരാണ്. 2: 65–66; 3: 112; 5: 60 വിശദീകരണം നോക്കുക.

48. നിശ്ചയം അല്ലാഹു അവനെക്കൊണ്ട് പങ്കുചേർക്കപ്പെടുന്നത് പൊറുക്കുകയില്ല തന്നെ, അതല്ലാത്തതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതുമാണ്, ആരാണോ അല്ലാഹുവിനെക്കൊണ്ട് പങ്കുചേർക്കുന്നത്, അപ്പോൾ നിശ്ചയം അവൻ വമ്പിച്ച വ്യാജവും ഭയങ്കരമായ കുറ്റവും കെട്ടിച്ചമച്ചിരിക്കുന്നു.

4: 116 ഇതേ ആശയമുള്ള സൂക്തമാണ്. 12: 103 ൽ, നീ എത്ര ജാഗ്രത പാലിച്ചാലും ജനങ്ങളിൽ അധികപേരും വിശ്വസിക്കുകയില്ല എന്നും; 12: 106 ൽ, ജനങ്ങളിൽ അധികപേരും അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുകയില്ല, അവനിൽ പങ്കുചേർത്തുകൊണ്ടല്ലാതെ എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുമ്പോൾ മാത്രമേ ഒരുവൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കേണ്ട വിധം വിശ്വസിക്കുന്നവനാവുകയുള്ളൂ. കാണാതെ കണ്ട് വിളിച്ച് പ്രാർത്ഥിക്കാനും അഭയം തേടാനും സഹായം തേടാനും ഭരമേൽപിക്കാനും ഭയപ്പെടാനും ജീവിതത്തെക്കുറിച്ച് ഉത്തരം പറയാനും അർഹനായിട്ടുള്ള പ്രപഞ്ചനാഥനായ അല്ലാഹുവിനെ പരിചയപ്പെടുത്താനാണ് 6236 സൂക്തങ്ങളും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. 7: 172 ൽ പറഞ്ഞ പ്രകാരം മനുഷ്യരെയെല്ലാം സ്വർഗത്തിൽ സൃഷ്ടിച്ച് 'ഞാനല്ലെയോ നിങ്ങളുടെ ഉടമ' എന്ന് അല്ലാഹു ചോദിച്ചപ്പോൾ എല്ലാ ഓരോരുത്തരും 'അതെ നാഥാ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് ഉടമ്പടി ചെയ്തതായി പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉടമ്പടി പാലിച്ചുകൊണ്ട് 'ഞാനില്ല, എന്റേതൊന്നുമില്ല' എന്ന നയത്തിൽ എപ്പോഴും എവിടെയും അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് നിലകൊള്ളാത്തവർ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും പിശാചിന്റെ വലയത്തിൽ അകപ്പെട്ടവരുമാണ്. ചുരുക്കത്തിൽ ഗ്രന്ഥത്തിന്റെ ആളുകളാണെന്ന് അഭിമാനിക്കുകയും എന്നാൽ ത്രികാലജ്ഞാനിയായ അല്ലാഹു ഉറക്കവും മയക്കവുമില്ലാതെ എല്ലാം പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുകയാണ് എന്ന ബോധത്തിൽ നിലകൊള്ളാതിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളാണ് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ.

നിശ്ചയം നിനക്കും നിനക്ക് മുമ്പുള്ളവരായവർക്കും ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുണ്ട്, നീയെങ്ങാനും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്താൽ നിന്റെ പ്രവൃത്തികളെല്ലാം പാഴായിപ്പോവുകയും നീ എല്ലാം നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുകയും ചെയ്യുന്നതാണ് എന്ന് 39: 65 ലും; അപ്പോൾ നീ അല്ലാഹുവിനെ സേവിക്കുകയും നീ നന്ദി പ്രകടിപ്പിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്യുക എന്ന് 39: 66 ലും പറഞ്ഞിട്ടുണ്ട്. അറിവില്ലായ്മ കൊണ്ട് ചെയ്ത തെറ്റുകൾ അറിവ് കിട്ടുമ്പോൾ അല്ലാഹുവിനോട് ഏറ്റുപറഞ്ഞാൽ പൊറുത്തുകൊടുക്കുമെന്ന് 4: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 31: 13 ൽ, ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് പറയുന്നു: എന്റെ കുഞ്ഞുമോനേ, നീ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കരുത്, നിശ്ചയം അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കൽ (*ശിർക്ക്*) വമ്പിച്ച അക്രമം തന്നെയാണ്. 22: 31 ൽ, ആരെങ്കിലും അല്ലാഹുവിനെക്കൊണ്ട് പങ്കുചേർക്കുകയാണെങ്കിൽ അവൻ ആകാശത്തുനിന്ന് വീണവനെപ്പോലെയാണ്, അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ട് പോവുകയോ അല്ലെങ്കിൽ കാറ്റിനാൽ നയിക്കപ്പെട്ട് എവിടെയെങ്കിലും അഗാധഗർത്തങ്ങളിൽ ചെ

ന്നുവീഴുകയോ ചെയ്യുന്നവനെപ്പോലെയാണെന്ന് പറഞ്ഞിട്ടുണ്ട്. അഥവാ അത്തരം ആളുകൾ ലക്ഷ്യത്തിലെത്തുകയില്ല എന്ന് ചുരുക്കം. 16: 100 ൽ, അല്ലാഹുവിനെക്കൊണ്ട് പങ്കു ചേർക്കുന്നവരുടെ മേലിലാണ് പിശാചിന് സ്വാധീനമുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ട 5: 56 ലും 58: 22 ലും പറഞ്ഞ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായി പിരിഞ്ഞ് 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽപെട്ട എല്ലാ ഫുജ്ജാറുകളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന മുശ്രിക്കുകളാണ്. അല്ലാഹുവിന്റെ ദീനിൽ പങ്കുചേർക്കുന്നതും *ശിർക്ക്* തന്നെയാണ്. വിവിധ സംഘടനകളുടെ നേതാക്കളായ കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന അനുയായികളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73; 48: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഈ രണ്ടുകൂട്ടരുമാണ് കരയിലെ ദുഷ്ടജീവികളെന്ന് 98: 6 ൽ പറഞ്ഞിട്ടുണ്ട്. 2: 113; 6: 115–116; 9: 28 വിശദീകരണം നോക്കുക.

49. തങ്ങളെ സ്വയം ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നവരായവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ, എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ ശുദ്ധീകരിക്കുന്നു, അവർ അണുഅളവ് അനീതി ചെയ്യപ്പെടുന്നവരാവുകയുമില്ല.

50. നോക്കുക, അവർ എങ്ങനെയെല്ലാമാണ് അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നത്, അവരെ ശിക്ഷിക്കുന്നതിന് വ്യക്തമായ ഈ കുറ്റം തന്നെ ഏറ്റവും മതിയായതാകുന്നു.

ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ആത്മാവിനെ പരിഗണിക്കാതെ ദേഹേച്ഛ പിൻപറ്റുന്ന കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരുടെ അനുയായികളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും ദുഷിച്ച പരിണിതിയുള്ളവരുമാണ്. അവരുടെ മേൽ അല്ലാഹു കോപിച്ചിരിക്കുന്നു, അവരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർക്ക് മടക്കസ്ഥലമായി നരകക്കുണ്ഠം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു എന്ന് 48: 6 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 136 ൽ എല്ലാ പ്രവാചകന്മാർക്കും നബിമാർക്കും നൽകപ്പെട്ടതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, പ്രവാചകന്മാർക്കിടയിൽ ഞങ്ങൾ ഒരു വ്യത്യാസവും കൽപിക്കുന്നില്ല എന്ന് വായിക്കുന്ന ഫുജ്ജാറുകൾ എല്ലാ പ്രവാചകന്മാരെയും പരിചയപ്പെടുത്തുന്ന നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ ഇതര ജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാത്തവരാണ്. അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കളവ് മാത്രം പറയുന്ന കപടവിശ്വാസികൾ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിയിരിക്കുന്നു എന്ന് 14: 28–29 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 134, 254; 3: 187; 6: 21; 10: 60–61 വിശദീകരണം നോക്കുക.

51. ഗ്രന്ഥത്തിൽ നിന്നുള്ള ഒരു വിഹിതം നൽകപ്പെട്ടവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ, അവർ ജിബ്ത്തുകൊണ്ടും ത്വാഗൂത്തുകൊണ്ടും വിശ്വസിക്കുന്നവരും കാഫിറുകളായവരെക്കുറിച്ച് ഇക്കൂട്ടരാണ് വിശ്വാസികളായവരേക്കാൾ ഏ

റ്റവും നേർമാർഗത്തിലെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നവരുമാണ്.

52. അക്കൂട്ടരാണ് അല്ലാഹുവിന്റെ ശാപത്തിന് വിധേയമായവർ, ആരെയാണോ അല്ലാഹു ശപിച്ചിട്ടുള്ളത്, അപ്പോൾ അവന് യാതൊരു സഹായിയെയും നീ കണ്ടെത്തുകയില്ല തന്നെ.

ജിബ്ത്ത് എന്നാൽ മിഥ്യ, അടിസ്ഥാനരഹിതം, നിഷ്ഫലം എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. മന്ത്രവാദം, മാരണം, ജ്യോതിഷം, മുഹൂർത്തം നോക്കൽ, ശകുനം, നക്ഷത്രഫലം, ജാതകഫലം, സ്ഥാനം നോക്കൽ, കണികാണൽ, ഹസ്തരേഖ നോക്കൽ, ചൊവ്വാദോഷം നോക്കൽ തുടങ്ങിയ അടിസ്ഥാനരഹിതവും അന്ധവിശ്വാസജന്യവുമായ എല്ലാ ഊഹാപോഹങ്ങൾക്കും നിഗമനങ്ങൾക്കുമുള്ള സമഗ്രമായ പേരാണ് ജിബ്ത്ത്. *പക്ഷിലക്ഷണവും ശകുനം നോക്കലും പ്രശ്നം വെക്കലും ജിബ്ത്തിൽ പെട്ടതാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.* ത്വാഗൂത്ത്: ദേഹേച്ഛ, കാക്കകാരണവന്മാരുടെ വഴി അന്ധമായി അനുസരിക്കൽ, സംഘടനാപക്ഷപാതം, വർഗീയത, ദേശീയത, വംശീയത, സ്വാർത്ഥത, സ്വജനപക്ഷപാതം, ലിംഗപക്ഷപാതം തുടങ്ങി അല്ലാഹുവിന്റെ ഏകമാർഗമായ അദ്ദിക്റിന് വിരുദ്ധമായ പിശാചിന്റെ വഴികളാണ് ത്വാഗൂത്ത്. ബഖറ: 257; നഹ്ൽ: 36 വിശദീകരണം നോക്കുക.

ഇന്ന് ലോകരിൽ ഫുജ്ജാറുകൾ മാത്രമാണ് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. എന്നാൽ ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഈ ജനത 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്ന കെട്ടജനതയായി അധഃപതിച്ചിരിക്കുകയാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ ലോകർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ അവർ അവരെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല എന്ന് 6: 25-26 സൂക്തങ്ങളിൽ അവർ വായിക്കുന്നുണ്ട്. 16: 36 ൽ വിവരിച്ചതുപോലെ മാരണം, മന്ത്രം, കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ എന്നിവ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരും അറബിഭാഷ സ്വർഗത്തിലെ ഭാഷയാണെന്നും അത് പഠിച്ചവരും പ്രവാചകന്റെ പേരുവെച്ചവരുമെല്ലാം സ്വർഗത്തിലേക്കാണ് പോവുക എന്നുമുള്ള മിഥ്യാധാരണയിൽ പ്രജ്ഞയറ്റവരായി ജീവിക്കുന്നവരുമാണ് അവർ. അല്ലാഹ്, അല്ലാഹ് എന്ന് നാവുകൊണ്ട് പറയുന്നു എന്നല്ലാതെ അല്ലാഹുവിനെ ഗ്രന്ഥം സമർപ്പിക്കുന്ന വിധത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാത്ത അവരാണ് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്കും നിജപ്പെടുത്തിവെക്കപ്പെട്ടവർ എന്ന് 9: 67-68; 11: 17; 15: 44; 25: 34, 65-66; 48: 6; 98: 6 സൂക്തങ്ങളിലെല്ലാം ഫുജ്ജാറുകളായ അവർ വായിക്കുന്നുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 85; 3: 86-89, 119; 4: 140 വിശദീകരണം നോക്കുക.

53. അതല്ല, അവർക്ക് ആധിപത്യത്തിൽ നിന്നുള്ള ഒരു വിഹിതമുണ്ടെന്നോ? അങ്ങനെയുണ്ടായിരുന്നെങ്കിൽ അവർ അതിൽ നിന്ന് തരിമ്പുപോലും ജനങ്ങൾക്ക് നൽകുമായിരുന്നില്ല.

ജൂതർക്ക് ലോകത്തിന്റെ മൊത്തം അധികാരം ഒരിക്കലും ലഭിച്ചിട്ടില്ല. അതുപോലെ കപടവിശ്വാസികൾക്കും ലഭിക്കുകയില്ല. കപടവിശ്വാസികൾക്ക് അധികാരം ലഭിച്ചാൽ പിന്നെ അൽപം പോലും നീതിയുണ്ടാവുകയില്ല. മക്കാ-മദീന പ്രദേശങ്ങൾ ഉൾപ്പെട്ട ഇജാ

സിൽ ഇമാം മഹ്ദി വരുന്നതോടുകൂടി 2: 62; 9: 28; 48: 24–25 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലൈംഗികബന്ധമില്ലാതെ ദൈവസ്മരണയിൽ നിലകൊള്ളുന്ന വിശ്വാസികളായ സന്യാസി-സന്യാസിനികളും മറ്റ് വിശ്വാസികളുമെല്ലാം ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നതാണ്. കൂടുതൽ താമസിയാതെ ഭൂമി തിരിച്ച് കറങ്ങുകയും അന്ന് അന്തിക്രിസ്തു-മസീഹുദ്ദജ്ജാൽ- പുറപ്പെടുന്നതും ഇജാസ് ഒഴികെ ലോകം മുഴുവൻ അവന്റെ ഭരണത്തിന് കീഴിലാകുന്നതുമാണ്. *അതാണ് പാമ്പ് മാളത്തിലേക്ക് ഒളിക്കുന്നതുപോലെ ഇസ്ലാം അന്ത്യകാലത്ത് ഇജാസിലേക്ക് ഉൾവലിയുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുൾ. മനുഷ്യന് അവനവനെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനുമുള്ള അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമായ കപടവിശ്വാസികൾ അവനെ ആനയിച്ചുകൊണ്ടിരിക്കുകയാണ്. മസീഹുദ്ദജ്ജാൽ വരുന്നതോടുകൂടി 48: 6 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും കുഫ്ഫാറുകളും അവനെ വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി ആദ്യം നബിയായും പിന്നീട് ലൈംഗികബന്ധത്തിന് സുന്ദരീ സുന്ദരന്മാരുടെ ക്ലോണിംഗ് കോപ്പികൾ കിട്ടുന്നതിനായി റബ്ബായിത്തന്നെയും സ്വീകരിക്കുന്നതാണ്. കപടവിശ്വാസികളുടെ താവളങ്ങളായിരിക്കും അവന്റെ വിശ്രമകേന്ദ്രങ്ങൾ. *ആദം സന്തതികൾക്ക് മസീഹുദ്ദജ്ജാലിന്റെ അത്ര നാശം വേറെയില്ലെന്ന്* നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ താമസിയാതെ ഈസാ വന്ന് മസീഹുദ്ദജ്ജാലിനെയും പട്ടണങ്ങളിൽ കുഴപ്പമുണ്ടാക്കുന്ന അവനോടൊപ്പമുള്ള 70, 000 ജൂതപടയാളികളെയും വധിക്കുന്നതുമാണ്. തുടർന്ന് 'ഇതാ എന്റെ പിന്നിലൊരു കാഫിറുണ്ട്, അവനെ പിടിച്ചു കൊല്ലുക' എന്ന് കല്ലുകളും മരങ്ങളും വിളിച്ചുപറയുകയും കപടവിശ്വാസികളും ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവരും അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെട്ടുകൊണ്ട് 4: 90–91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്. 2: 174–176; 3: 26–27; 17: 100 വിശദീകരണം നോക്കുക.

54. അതല്ല, അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് നൽകിയതിന്റെ പേരിൽ മനുഷ്യരോട് അവർ അസൂയ കാണിക്കുകയാണോ? അപ്പോൾ നിശ്ചയം ഇബ്റാഹീം കുടുംബത്തിന് നാം ഗ്രന്ഥവും തത്വജ്ഞാനവും നൽകിയിട്ടുണ്ട്, അവർക്ക് മഹത്തായ ആധിപത്യവും നൽകിയിട്ടുണ്ട്.

55. അപ്പോൾ അവരിൽ അതുകൊണ്ട് വിശ്വസിച്ചവരുണ്ട്, അവരിൽ അതിനെത്തൊട്ട് പിന്തിരിഞ്ഞവരുമുണ്ട്, അവർക്ക് കത്തിയാളുന്ന നരകകുണ്ഠം തന്നെ മതിയായിരിക്കുന്നു.

ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള ഒരാളായിരിക്കണം അന്ത്യപ്രവാചകൻ എന്ന വാദക്കാരായിരുന്നു ജൂതന്മാർ. ഇബ്റാഹീം നബിയുടെ ആദ്യമകൻ ഇസ്മാഈൽ നബിയുടെ പരമ്പരയിൽ നിന്ന് വന്ന മുഹമ്മദ് നബിയെ അസൂയ നിമിത്തം അവർ സ്വീകരിച്ചില്ല. ഒറ്റഗ്രന്ഥമായ അദ്ദിക്ർ മാത്രമാണ് സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് അവതരിപ്പിച്ചിട്ടുള്ളത് എന്നും അത് അവതരിപ്പിക്കപ്പെട്ടത് സേവിക്കപ്പെടാൻ പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല എന്ന് മൊത്തം മനുഷ്യരെ ഉണർത്താനാണെന്നും 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആ ഗ്രന്ഥം കൊണ്ട് വിശ്വസിച്ചവരും അതിനെത്തൊട്ട് സ്വയം തടയുകയും മറ്റുള്ളവരെ തടയുകയും ചെയ്തവരും ഇബ്റാഹീമിന്റെ പിൻഗാമികളിലുണ്ട്. ഇന്ന് മൊത്തം ലോകർക്കുള്ള ഗ്രന്ഥം 33: 40 ൽ പറഞ്ഞ അന്ത്യപ്ര

വാചകനും നബിയുമായ മുഹമ്മദിന്റെ മേൽ അവതരിക്കപ്പെട്ട 41: 41–43 സൂക്തങ്ങളിൽ പ റഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മാത്രമാണ്. അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴി പിഴച്ചവരുമാണ് കത്തിയാളുന്ന നരകക്കുണ്ഠത്തിലെ വിറകായിത്തീരുക. അതിന് കാര ണം പ്രവാചകന്മാരുടെ പേരുവെക്കുകയും എന്നാൽ പ്രവാചകന്മാരുടെയും അവരിലൂടെ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തിന്റെയും മാർഗത്തിന് വിരുദ്ധമായ ജീവിതം നയിച്ച് പ്രവാ ചകന്മാരെ ജനമധ്യത്തിൽ കളവാക്കി അവതരിപ്പിക്കുകയും നാഥനിൽ നിന്നുള്ള ഗ്രന്ഥ ത്തെ മാലിന്യമായി പരിഗണിക്കുകയും ചെയ്തതാണ്. 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉ പയോഗപ്പെടുത്താത്ത ബധിരരും ഊമരും ദുഷ്ടജീവികളുമായ ഇക്കൂട്ടരെ 9: 28, 95 സൂ ക്തങ്ങളിൽ മാലിന്യമെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. മഹ്ദി ഇജാസിൽ വന്നാൽ ഇവർ ഇജാ സിലേക്ക് പ്രവേശിപ്പിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, ഇപ്പോൾ അവിടെയുള്ള കപടവി ശ്വാസികളും അനുയായികളുമടങ്ങിയ മാലിന്യമായ ഇത്തരം മുശ്രിക്കുകളെ അവിടെനി ന്ന് പുറത്താക്കുന്നതുമാണ്. 2: 39, 119, 136; 3: 181–182; 4: 26 വിശദീകരണം നോക്കുക.

56. നിശ്ചയം നമ്മുടെ സൂക്തങ്ങൾ മൂടിവെച്ചവരായവർ, അവരെ നാം നരകത്തീ യിൽ വേവിക്കുക തന്നെ ചെയ്യും, എല്ലാ ഓരോ പ്രാവശ്യവും അവരുടെ തൊ ലി ഉരുകിയുരുകി ഇല്ലാതാകുമ്പോൾ തൽസ്ഥാനത്ത് നാം അതല്ലാത്ത പുതിയ തൊലികൾ വെച്ചുകൊടുക്കും, ശിക്ഷ അതിന്റെ പൂർണ്ണരുചിയിൽ 'ആസ്വദി ക്കു'ന്നതിനുവേണ്ടി, നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞാനിയായി രിക്കുന്നു.

20: 74 ൽ, ആരാണോ ഭ്രാന്തനായിക്കൊണ്ട് തന്റെ നാഥനിലേക്ക് വരുന്നത്, അപ്പോൾ അവന് നരകമുണ്ട്, അതിൽ അവൻ ജീവിക്കുകയോ മരിക്കുകയോ ചെയ്യുകയില്ല എന്നും; 20: 75 ൽ, ആരാണോ വിശ്വാസിയായിക്കൊണ്ട് തന്റെ നാഥനിലേക്ക് വരുന്നത്, അവൻ സ്വർഗം സമ്പാദിച്ചിട്ടുമുണ്ട്, അപ്പോൾ അക്കൂട്ടർക്ക് മാന്യമായ പ്രതിഫലമുണ്ട് എന്നും പ റഞ്ഞിട്ടുണ്ട്. വിധിദിവസം നരകവാസികളുടെ തൊലികളും കാഴ്ചകളും കേൾവികളും അവർക്കെതിരായി സാക്ഷ്യം വഹിക്കുമ്പോൾ അവർ തൊലിയോട് ചോദിക്കുന്നതാണ്: എന്താണ് തൊലീ നീ നമുക്കെതിരായി സാക്ഷ്യം വഹിക്കുന്നത്? അപ്പോൾ തൊലി പറ യും: എല്ലാ വസ്തുക്കൾക്കും അതിന്റെ പ്രതിഫലനശേഷി നൽകിയ അല്ലാഹു എന്നെ ക്കൊണ്ട് പ്രതിഫലിപ്പിച്ചതാണ്, അവനാണല്ലോ നിങ്ങളെ ഇല്ലായ്മയിൽ നിന്നും സൃഷ് ടിച്ചത്, (അപ്പോൾ ഞാനുണ്ടായിരുന്നില്ലല്ലോ), നിങ്ങൾ മടക്കപ്പെടുന്നതും അവനിലേക്കാ ണല്ലോ! നിങ്ങളുടെ കേൾവികളും കാഴ്ചകളും തൊലികളും നിങ്ങൾക്കെതിരായി സാ ക്ഷ്യം വഹിക്കുമെന്ന് നിങ്ങൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. നിങ്ങൾ കരുതിയത് നി ങ്ങൾ പ്രവർത്തിക്കുന്നതിൽ അധികവും ത്രികാലജ്ഞാനിയായ അല്ലാഹു അറിയുന്നില്ല എന്നായിരുന്നു എന്ന് 41: 20–22 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ദിക്റായെ വെടിഞ്ഞവൻ വമ്പിച്ച നരകത്തീയിൽ വേവിക്കപ്പെടുക തന്നെ ചെയ്യുമെന്ന് 87: 9–12 സൂ ക്തങ്ങളിലും; പിന്നെ അതിൽ അവൻ മരിക്കുകയോ ജീവിക്കുകയോ ഇല്ല എന്ന് 87: 13 ലും പറഞ്ഞിട്ടുണ്ട്. ശരീരത്തിൽ നിന്ന് തൊലി പോയിക്കഴിഞ്ഞാൽ പിന്നെ വേദന അനു ഭവപ്പെടുകയില്ല എന്ന് ആധുനിക ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. പുതിയ തൊലി വെച്ചു കൊടുക്കപ്പെടുന്നതിനാൽ മരണമുണ്ടാവുകയില്ല. മരണമില്ലെങ്കിൽ പിന്നെ ജനനവുമില്ല. 2: 24, 121; 3: 116; 25: 33–34; 43: 74–78 വിശദീകരണം നോക്കുക.

57. വിശ്വാസികളായവരെയും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കു

ന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെയും താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകളിൽ പ്രവേശിപ്പിക്കുക തന്നെ ചെയ്യും, അവർ അതിൽ എന്നെന്നും നിത്യനിവാസികളുമായിരിക്കും, അവർക്കതിൽ പരിശുദ്ധകളായ ഇണകളുണ്ടായിരിക്കും, നാം അവരെ അറ്റമില്ലാത്ത ശീതള ഛായയിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

വിശ്വാസിയാകാതെ ഒരാളും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. 36: 20–29 സൂക്തങ്ങളിൽ പറഞ്ഞ വിശ്വാസിയെപ്പോലെയും മൂസാനബിയോട് മത്സരിച്ച് പരാജയപ്പെട്ട് വിശ്വാസം സ്വീകരിച്ച മാരണക്കാരെപ്പോലെയും ഗുഹാവാസികളെപ്പോലെയും വിശ്വാസിയായ ശേഷം വിശ്വാസം പ്രകടിപ്പിക്കാനും സൽകർമങ്ങൾ ചെയ്യാനും അവസരം ലഭിച്ചിട്ടില്ലെങ്കിലും അവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി ഹൃദയത്തിൽ നാഥനെ സ്ഥാപിച്ചാൽ മാത്രമേ വിശ്വാസിയാവുകയുള്ളൂ. വിശ്വാസിയായ പുരുഷന്റെ ബാധ്യതയാണ് ഇണയെയും കുടുംബാംഗങ്ങളെയും നരകത്തിൽ നിന്ന് രക്ഷപ്പെടുത്തി സ്വർഗത്തിലേക്ക് എത്തിക്കുക എന്നത് എന്ന് 66: 6 ൽ പറഞ്ഞിട്ടുണ്ട്. ആർക്കാണോ വിധിദിവസം വലതുകൈയിൽ ഗ്രന്ഥം നൽകപ്പെട്ടത്, അവൻ ചെറിയ ഒരു വിചാരണ നേരിടുന്നതാണ്, അവൻ തന്റെ കുടുംബാംഗങ്ങളിലേക്ക് ആഹ്ലാദപൂർവം തിരിച്ചുചെല്ലുന്നതുമാണ് എന്ന് 84: 7–9 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ലൈംഗികാവയവങ്ങളില്ലാതെ പുരുഷന്റെ രൂപത്തിലും ഒരേ നിറത്തിലും പ്രായത്തിലുമാണ് സ്വർഗത്തിലുണ്ടാവുക. പിതാവും മാതാവും ഇന്ദ്രിയം തെറിപ്പിച്ചപ്പോൾ അതിൽ നിന്ന് ആണും പെണ്ണുമായ രണ്ട് ഇണകളെ സൃഷ്ടിച്ചത് അല്ലാഹു തന്നെയാണ് എന്നും, അവന്റെമേൽ മറ്റൊരു നട്ടുവളർത്തലുമുണ്ട് എന്നും 53: 45–47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും മനുഷ്യരുടെ ഐക്യം നിലനിർത്താനും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുമുള്ള ത്രാസ്സും *അമാനത്തു*മായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുക വഴി നിഷ്പക്ഷവാനായ അല്ലാഹുവിനെ സഹായിക്കുകയും ചെയ്യുന്നവരാണ് സ്വർഗത്തിൽ പ്രവേശിക്കുക. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 25; 3: 133–136; 98: 7–8 വിശദീകരണം നോക്കുക.

58. നിശ്ചയം, അമാനത്തുകൾ അതിന്റെ ആളുകൾക്ക് തിരിച്ചേൽപ്പിക്കണമെന്നും ജനങ്ങൾക്കിടയിൽ വിധി കൽപിക്കുമ്പോൾ നീതി കൊണ്ട് വിധി കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു, നിശ്ചയം എത്ര നല്ല ഉപദേശമാണ് അല്ലാഹു നിങ്ങൾക്ക് നൽകുന്നത്, നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്ന സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനായിരിക്കുന്നു.

'അമാനത്ത്' എന്നാൽ വിശ്വസിച്ചേൽപ്പിച്ചത് എന്നാണ്. അത് യാതൊരു കുറവും വരുത്താതെ തിരിച്ചുകൊടുക്കണമെന്നാണ് സൂക്തം കൽപിക്കുന്നത്. 16: 90 ൽ, നിശ്ചയം അല്ലാഹു നീതി കൊണ്ടും ഏറ്റവും നല്ലതുകൊണ്ടും അടുത്തവർക്ക് അവരുടെ അവകാശം നൽകൽ കൊണ്ടും കൽപിക്കുന്നു, മ്ലേച്ഛവും നിഷിദ്ധവുമായതിനെത്തൊട്ടും അതിക്രമങ്ങളിൽ നിന്നും നിങ്ങളെ വിരോധിക്കുകയും ചെയ്തിരിക്കുന്നു, നിങ്ങൾ ഹൃദയം കൊണ്ട് ഓർമിക്കുന്നതിനുവേണ്ടി നിങ്ങളെ ഉപദേശിക്കുകയാണ് എന്നും; 16: 91 ൽ, അ

ല്ലാഹുവുമായി ചെയ്ത ഉടമ്പടികൾ നിങ്ങൾ പൂർത്തിയാക്കുവീൻ, നിങ്ങൾ അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് ചെയ്ത പ്രതിജ്ഞകളൊന്നും മുറിച്ചുകളയാതിരിക്കുകയും ചെയ്യുവീൻ എന്നും പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതുകൊണ്ടും നീതി കൊണ്ടും ഉദ്ദേശിക്കുന്നത് അദ്ദിക്റാണ്. മൊത്തം മനുഷ്യർക്കുള്ള ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഏൽപ്പിക്കപ്പെട്ടിട്ടുള്ളത് 35: 32 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ ജനതയെയാണ്. അതുകൊണ്ട് അത് ലോകർക്ക് എത്തിച്ചുകൊടുക്കാത്ത പ്രവാചകന്റെ ജനതയിൽ നിന്നുള്ള എല്ലാ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും തന്നെയാണ് കാഫിറുകളും മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളും. നീതിയായ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അമാനത്തായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുകയോ ഏതൊരാൾക്കും സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അത് ലോകർക്ക് നൽകുകയോ, എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കാനുള്ള *മുഹൈമിനാ*യി അതിനെ അംഗീകരിക്കുകയോ ചെയ്യാത്ത ഫുജ്ജാറുകൾ തന്നെയാണ് നരകക്കുണ്ഠത്തിന്റെ ഏഴ് കവാടങ്ങളിലേക്കും നിജപ്പെടുത്തിവെക്കപ്പെട്ടവർ എന്ന് 2: 39; 9: 67–68; 15: 44; 25: 17–18, 33–34; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 2: 283; 8: 22; 33: 72–73 വിശദീകരണം നോക്കുക.

59. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവീൻ, പ്രവാചകനെയും അനുസരിക്കുവീൻ, നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും, അപ്പോൾ നിങ്ങളും കൈകാര്യകർത്താക്കളും ഏതെങ്കിലും കാര്യത്തിൽ ഭിന്നിച്ചാൽ അപ്പോൾ നിങ്ങൾ അത് അല്ലാഹുവിലേക്കും പ്രവാചകനിലേക്കും മടക്കുവീൻ, നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഉത്തമവും കാര്യങ്ങളുടെ പരിണിതിക്ക് ഏറ്റവും നല്ലതും.

അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കാൻ സാധിക്കുക അദ്ദിക്ർ പിൻപറ്റുമ്പോൾ മാത്രമാണ്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ പിൻപറ്റാതെ കള്ളവാദികൾ രചിച്ചിട്ടുള്ള കർമശാസ്ത്ര ഗ്രന്ഥങ്ങളാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതും. 2: 146 ൽ വിവരിച്ച പ്രകാരം നാഥനെയും പ്രവാചകനെയും പിശാചിനെയും അവനവനെത്തന്നെയും അദ്ദിക്റിൽ നിന്നാണ് തിരിച്ചറിയേണ്ടത്. ഇന്ന് എല്ലാ ഓരോ കാര്യവും വിശദീകരിച്ച നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ, 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 4: 175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് പ്രവാചകനും വിശ്വാസിയും ചോദിക്കേണ്ടത് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയോടാണെന്നും ഏതൊരാളും അറിവില്ലാത്ത കാര്യങ്ങൾ ചോദിക്കേണ്ടത് ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ രചയിതാവിനോടാണ് എന്നും 16: 43; 21: 7 സൂക്തങ്ങളിലും കൽപിച്ചിട്ടുണ്ട്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസികളോട് 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് വായിച്ച് മനസ്സിലാക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ വന്നിട്ടുള്ള തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പം ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന അനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനും കൽപിക്കപ്പെട്ടിട്ടുണ്ട്.

പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഫുജ്ജാറുകൾ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരാണ്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവർ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം വാദിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 28, 31-32, 102-103; 4: 150-151 വിശദീകരണം നോക്കുക.

60. നിനക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും നിനക്കുമുമ്പ് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും നിശ്ചയം ഞങ്ങൾ വിശ്വസിച്ചിട്ടുണ്ട് എന്ന് ഉറപ്പിച്ചുപറയുന്നവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ? തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി ത്വാഗൂത്തിനെയാണ് അവർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്, എന്നാൽ അതിനെ നിഷേധിക്കാനാണ് അവർ കൽപ്പിക്കപ്പെട്ടിട്ടുള്ളത്, പിശാചാകട്ടെ അവരെ വ്യതിചലിപ്പിച്ച് വിദൂരമായ വഴികേടിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പ്രവാചകന്റെ കാലത്ത് കപടവിശ്വാസികളും ജൂതരുമാണ് ത്വാഗൂത്തുകളായ വിധികർത്താക്കളെ സ്വീകരിച്ചിരുന്നതെങ്കിൽ ഇന്ന് 5: 55-56 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആദം മുതൽ അന്ത്യനാൾ വരെയുള്ള വിശ്വാസിയായ നാഥന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായിപ്പിരിഞ്ഞ് പിശാചിന്റെ സംഘത്തിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ത്വാഗൂത്തിനെ അനുസരിക്കുന്നവരും പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരും. 4: 15-16 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള യുക്തിനിർഭരമായ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതിനാൽ അവരുടെ ജിന്നുകൂട്ടുകാരൻ അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ നരകക്കുണ്ഠത്തിലേക്കുള്ള വഴികളാണ് ചിന്തിപ്പിക്കുന്നതും സംസാരിപ്പിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും. ഏതൊരാൾക്കും സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ 20: 3; 73: 19; 74: 49; 76: 29; 80: 11 തുടങ്ങി 9 സൂക്തങ്ങളിൽ പറഞ്ഞ ടിക്കറ്റായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുക തന്നെ വേണം. ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച ഏതൊരു മനുഷ്യനും വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാ

ഫിറുകളും അക്രമികളും തെമ്മാടികളും എന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 25: 18 പ്രകാരം മഹാത്മാക്കളും 25: 30 പ്രകാരം പ്രവാചകൻ തന്നെയും എതിരായി അന്യായം ബോധിപ്പിക്കുന്ന ഈ കെട്ടജനത അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ 9: 53–55; 25: 34, 65–66; 107: 4–5 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും ചെയ്തും പിഴയായി നരകക്കുണ്ഠം സമ്പാദിക്കുന്നവരാണ്. 2: 102, 256–257; 4: 51 വിശദീകരണം നോക്കുക.

61. അല്ലാഹു അവതരിപ്പിച്ച ഒന്നിലേക്കും പ്രവാചകനിലേക്കും നിങ്ങൾ വരുവീൻ എന്ന് അവരോട് പറയപ്പെട്ടാൽ കപടവിശ്വാസികൾ നിന്നെത്തൊട്ട് തല തിരിച്ച വരായി തിരിഞ്ഞുപോകുന്നത് നിനക്ക് കാണാം.

63-ാം സൂറത്തിൽ കപടവിശ്വാസികളുടെ ഈ സ്വഭാവം വരച്ചുകാണിച്ചിട്ടുണ്ട്. 63: 5 ൽ, നിങ്ങൾ വരുവീൻ, അല്ലാഹുവിന്റെ പ്രവാചകൻ നിങ്ങൾക്കുവേണ്ടി പാപമോചനം തേടും എന്ന് കപടവിശ്വാസികളോട് പറയപ്പെട്ടാൽ അവർ അവരുടെ തലയാട്ടുന്നതാണ്; അഹങ്കാരികളായിക്കൊണ്ട് പിന്തിരിഞ്ഞ് പോകുന്നവരായും നിനക്ക് അവരെ കാണാം എന്ന് പറഞ്ഞിട്ടുണ്ട്. 7: 205–206 സൂക്തങ്ങളിൽ വിവരിച്ച *തിലാവത്തി*ന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്ത അവർ, അലക്ഷ്യമായിക്കൊണ്ടും ആത്മാവ് പങ്കെടുക്കാതെയും ശരീരം കൊണ്ട് നമസ്കാരത്തിലെ സാഷ്ടാംഗപ്രണാമം നിർവഹിക്കുക വഴി 22: 18 ൽ പറഞ്ഞ ശിക്ഷ ബാധകമായവരാണ്. യഥാർത്ഥ കാഫിറുകളായ അവർക്ക് ഹീനമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് 4: 151 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുള്ളതാണ്. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് 2: 186; 7: 8–9; 18: 103–106 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 6–7, 170–171; 7: 146–147; 9: 65, 80 വിശദീകരണം നോക്കുക.

62. അപ്പോൾ അവരുടെ കൈകൾ ഒരുക്കിവെച്ചിട്ടുള്ള വിപത്തുകളിൽ നിന്നുള്ള ഒരു വിപത്ത് അവരെ ബാധിക്കുകയാണെങ്കിൽ എങ്ങനെയായിരിക്കും? പിന്നെ അവർ നിന്റെ അടുത്തുവന്ന് അല്ലാഹുവിനെക്കൊണ്ട് ആണയിട്ടുകൊണ്ട് പറയും: ഞങ്ങൾ യോജിപ്പും നന്മയുമല്ലാതെ ഉദ്ദേശിച്ചിരുന്നില്ലായെന്ന്.

4: 88–91 സൂക്തങ്ങളിലും കപടവിശ്വാസികളുടെ ഈ നയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അനുകൂലമായ വിധി കിട്ടുമെന്ന് പ്രതീക്ഷിക്കുമ്പോൾ പ്രവാചകന്റെ അടുത്ത് വരികയും വിധി പ്രതികൂലമാകുമെന്ന് ആശങ്കപ്പെടുമ്പോൾ പ്രവാചകന്റെ അടുത്തുവരാൻ വിസമ്മതിക്കുകയുമായിരുന്നു മദീനയിലുള്ള കപടന്മാരുടെ പൊതുനയം. 63: 8 ൽ, കപടവിശ്വാസികൾ മദീനയിലേക്ക് തിരിച്ചെത്തിയാൽ കൂടുതൽ പ്രതാപമുള്ളവർ തരം താഴ്ന്നവരെ അവിടെ നിന്ന് പുറത്താക്കുക തന്നെ ചെയ്യുമെന്ന് പറയുന്നവരാകുന്നു; അല്ലാഹുവിനും അവന്റെ പ്രവാചകനും വിശ്വാസികൾക്കുമാണ് പ്രതാപം, എന്നാൽ കപടവിശ്വാസികൾ അറിവില്ലാത്തവരാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികൾ ഇന്നും പ്രതാപം അന്വേഷിക്കുന്നത് നാഥനിലോ നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിലോ അല്ല; മറിച്ച് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ ഭൂരിപക്ഷത്തിന്റെ അടുത്താണ്. പ്രവാചകനോടും വിശ്വാസികളോടും പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും 3: 26–27 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ ജീവികളുടെയും ആത്മാവിന്റെ ഉടമയായ, പ്രപഞ്ചനാഥനായ രാജാധിരാജനോട് ഭരണാധികാരികളെക്കൊണ്ട് നീതി നടപ്പിലാക്കിപ്പിക്കേണമേ എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കാനാണ് കൽപിച്ചിട്ടുള്ളത്. ഇന്ന് മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ഗ്രന്ഥമായി

രൂപപ്പെട്ടിരിക്കെ, മനുഷ്യരെ നീതിയിൽ നിലനിർത്താനും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുമുള്ള ത്രാസും *അമാനത്തു*മായ അത് ലോകർക്ക് എത്തിച്ചുകൊടുത്ത് നാഥനെ സഹായിക്കാനും, 7: 26 ൽ വിവരിച്ച പ്രകാരം അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള കപടവിശ്വാസികളും ഫാജിറുകളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് അതുകൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും വേണം. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനാ*യ അദ്ദിക്റിനെ മുറുകെപ്പിടിച്ചവൻ *മുഹൈമിനാ*യ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 175; 5: 48 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിക്കുന്നുണ്ട്. 24: 47 ൽ, ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും പ്രവാചകനെക്കൊണ്ടും വിശ്വസിച്ചു, ഞങ്ങൾ അനുസരിക്കുകയും ചെയ്തു എന്ന് പറയുകയും പിന്നെ ആ പ്രഖ്യാപനത്തിൽ നിന്നും പിന്തിരിയുകയും ചെയ്തവർ ഒരിക്കലും വിശ്വാസികളല്ല തന്നെ എന്ന് പറഞ്ഞതിനുശേഷം 24: 48 ൽ, അവർക്കിടയിൽ വിധി കൽപിക്കാൻ അവരെ അല്ലാഹുവിലേക്കും പ്രവാചകനിലേക്കും വിളിച്ചാൽ അവരിൽ നിന്നുള്ള ഒരു വിഭാഗം അതിനെ അവഗണിച്ച് പോകുന്നതാണ് എന്നും; 24: 49 ൽ, എന്നാൽ വിധി അവർക്ക് അനുകൂലമാണെങ്കിൽ അവർ വിധേയത്വത്തോടുകൂടി വരികയും ചെയ്യുന്നതാണ് എന്നും; 24: 50 ൽ, അപ്പോൾ അവരുടെ ഹൃദയങ്ങളിൽ രോഗമുണ്ടോ? അല്ലെങ്കിൽ അവർ സംശയിച്ചുകൊണ്ടിരിക്കുകയാണോ? അതോ, അല്ലാഹുവും അവന്റെ പ്രവാചകനും അവരോട് അനീതി കാണിക്കുമെന്ന് അവർ ഭയപ്പെടുകയാണോ? അല്ല; അക്കൂട്ടർ അക്രമികൾ തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. എല്ലാ ദുരിതങ്ങളും അവരവരുടെ കൈകൾ പ്രവർത്തിച്ചതിന്റെ അനന്തരഫലമാണെന്ന് ഇത്തരം കപടവിശ്വാസികൾ മനസ്സിലാക്കുന്നില്ല. സ്വർഗം അല്ലെങ്കിൽ നരകം അവനവൻ സമ്പാദിക്കേണ്ടതാണ് എന്ന് പഠിപ്പിക്കുന്നതിന് പകരം അത് അല്ലാഹു തീരുമാനിക്കുന്നതാണ് എന്നാണ് നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവർ ജനങ്ങളെ പഠിപ്പിക്കുന്നത്. 2: 8–11; 3: 78; 4: 46, 139–140 വിശദീകരണം നോക്കുക.

63. അക്കൂട്ടരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു ശരിക്കും അറിയുന്നവനാകുന്നു, അപ്പോൾ നീ അവരെത്തൊട്ട് അവഗണിക്കുക, അവരെ ഉപദേശിക്കുകയും ചെയ്യുക, അവരുടെ മനസ്സിൽ തറക്കുന്ന വാക്കുകൾ അവരോട് പറയുകയും ചെയ്യുക.

9: 95 ൽ, കപടവിശ്വാസികളെക്കുറിച്ച് അവർ മാലിന്യമാണ്, അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി അവർക്ക് നരകഗർത്തം അഭയകേന്ദ്രമാക്കിയിരിക്കുന്നു, അതുകൊണ്ട് നിങ്ങൾ അവരെ അവഗണിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയും സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമായ അല്ലാഹു 63: 4 പ്രകാരം കപടവിശ്വാസികളെ വധിച്ചുകളഞ്ഞിട്ടുള്ളതിനാൽ വിശ്വാസികൾ തങ്ങളുടെ ശത്രുക്കളായ അവരെക്കുറിച്ച് ചിന്തിച്ച് സമയം കളയേണ്ടതില്ല, അവരെ അവഗണിക്കുകയും അവരോട് അവരുടെ ഹൃദയത്തിൽ തറക്കുന്ന വാക്കുകൾ പറഞ്ഞ് തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കുകയും വേണമെന്നാണ് അല്ലാഹു പറയുന്നത്. 10: 33 ൽ ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളെക്കുറിച്ച് ഇത്തരം തെമ്മാടികൾ ഇനി വിശ്വസിക്കുകയില്ല എന്നാണ് പറഞ്ഞിട്ടുള്ളത്.

25: 63 ൽ, നിഷ്പക്ഷവാന്റെ ഇഷ്ടദാസന്മാരോട് അവിവേകികളായ ഫാജിറുകൾ തർക്കിക്കാൻ വന്നാൽ സലാം (നിനക്ക് പോകാം) പറഞ്ഞ് വിട്ടുപിരിയുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 7: 198 ൽ, കാഫിറുകളെ സന്മാർഗമായ അദ്ദിക്റിലേക്ക് വിളിച്ചാൽ വിളി കേൾക്കാതെ

അവർ നിന്നെ തുറിച്ചുനോക്കുന്നതാണ്, അവർ ഉൾക്കാഴ്ചയുള്ളവരാവുകയില്ല എന്നും; 7: 199 ൽ, അത്തരം ആളുകളോട് നീ വിട്ടുവീഴ്ച ചെയ്യുക, ന്യായം കൊണ്ട് -അദ്ദിക്ർ കൊണ്ട്- കൽപിക്കുക, ഫാജിറുകളെ അവഗണിക്കുകയും ചെയ്യുക എന്നും പറഞ്ഞിട്ടുണ്ട്. 15: 12 ലും 26: 200 ലും അവിവേകികളും കപടന്മാരുമടങ്ങിയ ഭ്രാന്തന്മാരുടെ ഹൃദയങ്ങളിലേക്ക് അദ്ദിക്ർ ചുട്ടുപഴുത്ത കമ്പിയെന്നോണം നാം കടത്തിവിടുകയാണ് എന്നും പറഞ്ഞിട്ടുണ്ട്.

മനസ്സിൽ തട്ടുന്ന വാക്കുകൾക്ക് ഉദാഹരണം: (1) 7: 37 പ്രകാരം ആത്മാവിനെതിരെ നിശ്ചയം 'ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിച്ച് മരണപ്പെടുന്ന ഒരുവന് മയ്യത്ത് നമസ്കരിക്കുന്നതിൽ നിന്ന് 9: 84-85, 113 സൂക്തങ്ങൾ പ്രകാരം പ്രവാചകനും വിശ്വാസിയും വിരോധിക്കപ്പെട്ടിട്ടില്ലേ എന്ന് വിശ്വാസി ചോദിക്കുമ്പോൾ കപടവിശ്വാസികൾ ചോദിക്കുന്നതാണ്: 'മരിച്ചവൻ വിശ്വാസിയാണോ കപടവിശ്വാസിയാണോ എന്ന് എങ്ങനെയാണ് തിരിച്ചറിയുക?' അപ്പോൾ അവരോട് പറയുക: നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത നിങ്ങൾ അദ്ദിക്റിനെ സത്യാസത്യ വിവേചനമാനദണ്ഡമായും ത്രാസായും ഉൾക്കാഴ്ചാദായകമായും ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായും മനുഷ്യർക്ക് മൊത്തമുള്ള സന്മാർഗമായും അംഗീകരിക്കാത്തവരായതുകൊണ്ടാണ് നിങ്ങൾക്ക് അത് തിരിച്ചറിയാത്തത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധികൽപിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം കാഫിറുകളും അക്രമികളും തെമ്മാടികളുമാണെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട് എന്ന് പറയുക. (2) ഖുർആൻ എല്ലാവർക്കും മനസ്സിലാകുമോ എന്ന് ചോദിക്കുന്ന കപടന്മാരോട്: ഖുർആൻ എന്ന പേരിൽ ഒരു ഗ്രന്ഥമില്ല, മറിച്ച് അന്ത്യപ്രവാചകനായ മുഹമ്മദ് ഉൾപ്പെടെ 313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം വ്യക്തവും സ്പഷ്ടമായ വായനയുമായ അദ്ദിക്ർ ആണ് എന്നാണ് 4: 163-164; 16: 43-44; 21: 24; 41: 43 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുള്ളത്. ഖുർആൻ എന്നാൽ 'ആവർത്തിച്ച് വായിക്കപ്പെടേണ്ടത്' എന്നാണ് അർത്ഥം. നാഥനിൽ നിന്നുള്ള എല്ലാ ഗ്രന്ഥങ്ങളും ആവർത്തിച്ച് വായിക്കപ്പെടാനുള്ളതാണ് എന്ന് 15: 90-91 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 55: 1-2; 75: 14-15 സൂക്തങ്ങൾ പ്രകാരം സ്വർഗത്തിൽ വെച്ച് തന്നെ എല്ലാവരെയും അല്ലാഹു ഗ്രന്ഥം പഠിപ്പിച്ചിട്ടുണ്ട്, അത് ഉണർത്തുന്നതാണ് അദ്ദിക്ർ എന്ന് പറയുക. അത് ഹൃദയം കൊണ്ട് മനസ്സിലാക്കാനാണ് വളരെ എളുപ്പമാക്കിയിട്ടുള്ളത് എന്ന് 54-ാം സൂറത്തിൽ നാല് പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട് എന്നും അദ്ദിക്റിന്റെ സൂക്ഷിപ്പാണ് 15: 9 പ്രകാരം നാഥൻ ഏറ്റെടുത്തിട്ടുള്ളത് എന്നും പറയുക. (3) പ്രവാചകൻ ആരെയെങ്കിലും പട്ടി എന്ന് വിളിച്ചിട്ടുണ്ടോ എന്ന് ചോദിക്കുന്നവരോട്, പ്രവാചകനും വിശ്വാസികളും ആരെയും പട്ടി എന്ന് വിളിക്കുകയില്ല, എന്നാൽ അവരുടെത്തന്നെ ഉടമയായ അല്ലാഹു അദ്ദിക്റിനെ മൂടിവെക്കുന്ന പണ്ഡിതനെയും തള്ളിപ്പറയുന്ന ജനതയെയും 7: 175-176 സൂക്തങ്ങളിൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോട് ഉപമിച്ചിട്ടുണ്ട്. മാത്രമല്ല, കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്തവരും സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്തവരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ബധിരരും ഊമരുമായ അവരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരും ഏറ്റവും വഴിപിഴച്ചവരും എന്നാണ് 8: 22; 25: 34 സൂക്തങ്ങളിൽ വിശേഷിപ്പിച്ചിട്ടുള്ളത് എന്ന് പറയുക. (4) നമസ്ക്കരിക്കണം, നോമ്പനുഷ്ഠിക്കണം, ഖുർആൻ ഓതുകയും വേണം എന്നാൽ രക്ഷപ്പെടുമെന്ന ധാരണയിൽ ജീവിക്കുന്നവരോട്: നമസ്കാരവും നോമ്പുമെല്ലാം വിശ്വാസികളല്ലാത്തവരോട് കൽപിച്ചിട്ടില്ല എന്നും വിശ്വാസികളാകാത്തവർ നമസ്കരിച്ചതിന് നരകത്തിലെ 'വൈൽ' എന്ന ചെരുവാണ് ലഭിക്കുക എ

ന്ന് 107: 4-7 സൂക്തങ്ങളിലും; ഇത്തരം നമസ്കാരക്കാർക്കും നോമ്പുകാർക്കും പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 25: 34 ലും 25: 65-66 ലും പറഞ്ഞിട്ടുണ്ട് എന്ന് പറയുക. (5) ആശയം അറിയാതെ ഖുർആൻ ഓതിയാലും പുണ്യമുണ്ടെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെന്ന് പറയുന്നവരോട്: അന്ത്യനാൾ വരെയുള്ള വിശ്വാസികൾക്ക് മുഹമ്മദാണ് പ്രവാചകൻ. അതുകൊണ്ട് പ്രവാചകൻ പഠിപ്പിച്ചതിനെതിരായി ആര് എന്തൊന്ന് പഠിപ്പിച്ചാലും അവർ മനുഷ്യപ്പിശാചുക്കളാണ്. ഇന്ന് ആശയമറിഞ്ഞ് ഖുർആൻ പാരായണം ചെയ്തതുകൊണ്ടും കാര്യമില്ല. അദ്ദിക്റിനെ സത്യപ്പെടുത്തി തന്റെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റിയ 1000 ത്തിൽ ഒന്നായ വിശ്വാസി മാത്രമേ സ്വർഗത്തിലേക്ക് തിരിച്ച് പോവുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ബാക്കി 999 ഫുജ്ജാറുകളിൽ നിന്നുള്ള എല്ലാ വിഭാഗങ്ങളും നരകക്കുണ്ഠത്തിന്റെ 7 കവാടങ്ങളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 44 ൽ പറഞ്ഞിട്ടുണ്ട്. (6) പണ്ഡിതന്മാർ പ്രവാചകന്റെ അനന്തരാവകാശികളാണെന്ന് പറഞ്ഞിട്ടുണ്ടല്ലോ എന്ന് പറയുന്നവരോട്: അതെ, അദ്ദിക്ർ പിൻപറ്റുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന പണ്ഡിതനെക്കുറിച്ചാണ് അങ്ങനെ പറഞ്ഞിട്ടുള്ളത് എന്ന് പറയുക. 10: 100 ൽ പറഞ്ഞ അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയായ അല്ലാഹുവിന്റെ പ്രതിനിധികൾ പ്രവാചകന്മാരെയും നബിമാരെയും പിൻപറ്റി ജീവിക്കുന്നവരാണ്. എന്നാൽ ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്ന് ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പേരും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് എന്നും അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരും പ്രവാചകന്മാരുടെയും നബിമാരുടെയും പേരുവെച്ച് 3: 21-22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരെ ജനമധ്യത്തിൽ കൊല്ലാതെ കൊല്ലുന്നവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ട് മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ് എന്നും; 7: 146 പ്രകാരം, സത്യമായ അദ്ദിക്ർ അറിയാതെ പണ്ഡിതരെന്ന് അഹങ്കരിക്കുന്നവരെ അല്ലാഹുവിന്റെ സൂക്തങ്ങളിൽ നിന്ന് തിരിച്ച് വിടുക തന്നെ ചെയ്യുമെന്നും അവരെക്കുറിച്ചാണ് *'അവരുടെ പണ്ഡിതന്മാർ ആകാശത്തിന് താഴെയുള്ള ജീവജാലങ്ങളിൽ വെച്ച് ഏറ്റവും തിന്മയുള്ളവരായിരിക്കും'* എന്ന് അല്ലാഹു അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത് എന്നും പറയുക. (7) പ്രവാചകൻ ആരെയെങ്കിലും കാഫിറാക്കിയിട്ടുണ്ടോ, മറ്റുള്ളവരെ കാഫിറും കപടവിശ്വാസിയുമാക്കാൻ ആർക്കെങ്കിലും അധികാരം കൊടുത്തിട്ടുണ്ടോ എന്നെല്ലാം ചോദിക്കുന്നവരോട്: പ്രവാചകൻ ആരെയും കാഫിറാക്കിയിട്ടില്ല, മറിച്ച് ത്രാസായ അദ്ദിക്ർ കൊണ്ട് ഓരോരുത്തരും സ്വയം കാഫിറാണോ വിശ്വാസിയാണോ എന്ന് തീരുമാനിക്കണമെന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളത് എന്ന് പറയുക. തീരുമാനത്തിനുവേണ്ടി വിധിദിവസത്തേക്ക് നീട്ടിവെക്കുന്നവരെല്ലാം കാഫിറുകളാണ്. അവരിൽ പെട്ട ഏതൊരുവനോടും 'നീ നിന്റെ നിഷേധവും കൊണ്ട് കുറച്ചുകാലം സുഖിച്ചുകൊള്ളുക, നിശ്ചയം നീ നരകത്തിന്റെ സഹവാസികളിൽ പെട്ടവൻ തന്നെയാണ്' എന്ന് പറയാൻ പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചുകൊണ്ടാണ് 39: 8 അവസാനിക്കുന്നതെങ്കിൽ, ഫുജ്ജാറുകളായ ജനതയോട് മൊത്തമായി 'നിങ്ങൾ ഇവിടെ സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാൻ പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചുകൊണ്ടാണ് 14: 30 അവസാനിക്കുന്നത്. 2: 65-66, 254; 3: 119, 138, 159 വിശദീകരണം നോക്കുക.

64. അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ട് അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ

പ്രവാചകന്മാരിൽ നിന്നുള്ള ഒരാളെയും നാം നിയോഗിച്ചിട്ടുമില്ല, അവർ തങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുകയും നിന്റെ അടുത്തുവരികയും അങ്ങനെ അവർ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും പ്രവാചകൻ അവർക്കു വേണ്ടി അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്തിരുന്നുവെങ്കിൽ, നിശ്ചയം അവർ അല്ലാഹുവിനെ ഏറെ പശ്ചാത്താപം സ്വീകരിക്കുന്ന കാരുണ്യവാനായി കണ്ടെത്തുമായിരുന്നു.

അല്ലാഹു ഭൂമിയിലേക്ക് വരിക എന്നത് അസംഭവ്യമാണ്. പകരം അവന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് പ്രവാചകന്മാരെ നിയോഗിക്കുന്നു. മൊത്തം സൃഷ്ടികൾക്ക് അവൻ തൃപ്തിപ്പെട്ട അവന്റെ സന്ദേശം സന്ദേശവാഹകരായ മലക്കുകൾ വഴിയാണ് പ്രവാചകന്മാർക്ക് എത്തിച്ചുകൊടുക്കുന്നത്. അല്ലാഹുവിന്റെ സമ്മതപത്രം കൊണ്ട് അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ പ്രവാചകന്മാരിൽ നിന്നുള്ള ഒരാളെയും നാം നിയോഗിച്ചിട്ടുമില്ല എന്ന് പറഞ്ഞതുകൊണ്ട് ഗ്രന്ഥത്തിൽ നിന്നുള്ള ഒരു പദമെങ്കിലും ന്യായീകരിക്കാത്ത ഒരു നബിവചനവും എടുക്കാവുന്നതല്ല. കാരണം അവ യഥാർത്ഥ നബിവചനങ്ങളായിരിക്കുകയില്ല. 53: 3 പ്രകാരം പ്രവാചകൻ ദേഹേച്ഛയനുസരിച്ച് സംസാരിക്കുകയില്ല എന്നതിനാൽ അദ്ദിക്റിന് വിരുദ്ധമായി നബിവചനങ്ങൾ എന്ന പേരിലുള്ളതെല്ലാം മനുഷ്യപ്പിശാചുക്കളായ കള്ളവാദികളും അവരെ പിൻപറ്റുന്ന കപടവിശ്വാസികളും എഴുതിയുണ്ടാക്കിയതാണ്. 'തങ്ങളോട് അക്രമം പ്രവർത്തിച്ചവർ' എന്നാൽ *ശിർക്ക്* ചെയ്തവരും അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടാതെ വിവിധ സംഘടനകളിൽ ചേക്കേറിയവരും അദ്ദിക്ർ മനസ്സിലാക്കിയിട്ടും പിൻപറ്റാത്തവരും അല്ലാഹു അല്ലാത്തവരുടെ മേൽ നേർച്ചവഴിപാടുകൾ അർപ്പിച്ചവരുമെല്ലാമാണ്. അവർ പ്രവാചകന്റെ അടുത്തുപോയി കുറ്റം ഏറ്റുപറഞ്ഞാൽ പ്രവാചകൻ അവരുടെ കുറ്റം ഏറ്റെടുക്കും എന്നാണ് മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ പ്രചരിപ്പിക്കുന്നത്. ഈ സൂക്തം വളച്ചൊടിച്ച് പ്രവാചകനോട് സഹായം തേടുന്നതിനും പ്രവാചകനോട് പൊറുക്കലിനെ തേടുന്നതിനും പ്രവാചകന്റെ *മദ്ഹ്* പാടിപ്പുകഴ്ത്തുന്ന *മൗലീദ്* പാരായണത്തിനും തെളിവായി ഉദ്ധരിക്കുന്നവരാണ് അവർ. അതുവഴി അവർ മറ്റുള്ളവരെ നരകത്തിലേക്ക് ആനയിക്കുന്നവരാണ്.

അന്ന് പ്രവാചകനോട് മനസ്സുതുറന്ന് കാര്യങ്ങൾ സംസാരിക്കുകയും ഉപദേശം സ്വീകരിക്കുകയും അവർ തന്നെ സ്വയം അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും പിന്നെ അവർക്കുവേണ്ടി പ്രവാചകനും അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും വേണമെന്നാണ് സൂക്തത്തിൽ പറയുന്നത്. 25: 58 ലെ ത്രികാലജ്ഞാനിയിൽ നിന്ന് 25: 59 ലെ ത്രികാലജ്ഞാനിയിലൂടെ 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവും ത്രികാലജ്ഞാനവും നാഥന്റെ സമ്മതപത്രവുമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അത് മനസ്സിരുത്തി വായിച്ച് തന്റെ കഴിഞ്ഞ കാല ജീവിതത്തിൽ വന്നുപോയ തെറ്റുകുറ്റങ്ങൾ എല്ലാം വലയം ചെയ്ത, സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധനായ അല്ലാഹുവിനോട് ഹൃദയം കൊണ്ട് ഏറ്റുപറയുകയും ഇതര മനുഷ്യർക്ക് അവരുടെ തെറ്റുകുറ്റങ്ങൾ തിരിച്ചറിയുന്നതിനും അവ നന്മകളാക്കി പരിവർത്തിപ്പിക്കുന്നതിനും വേണ്ടി അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കുകയുമാണ് വേണ്ടത്. 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുകയും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളായ കുഫ്ഫാറുകളോടും കപടവിശ്വാസികളോടും 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. കൂടാതെ സ്രഷ്ടാവിന്റെ ആയിരം

സമുദായങ്ങളിൽ പെട്ട ജീവജാലങ്ങളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വെച്ച് ജൈവ കൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. അപ്പോൾ നാഥൻ അവരെയും സഹായിക്കുന്നതാണ്. 2: 119, 213; 3: 128–129; 4: 17–18, 31; 25: 68–70 വിശദീകരണം നോക്കുക.

65. അപ്പോൾ അല്ല, നിന്റെ നാഥനാണ് സത്യം! അവർക്കിടയിലുള്ള തർക്കങ്ങളിൽ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ നൽകുന്ന വിധിതീർപ്പുകളിൽ മനഃപ്രയാസം തോന്നാതിരിക്കുകയും അത് അടിമുടി സമ്മതിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല തന്നെ!

പ്രവാചകന്റെ കാലത്തെ വിശ്വാസികൾക്ക് മാത്രമല്ല, അന്ത്യനാൾ വരെയുള്ള വിശ്വാസികൾക്ക് മുഴുവനും ബാധകമാണ് ഈ സൂക്തം. 33: 6 ൽ, വിശ്വാസികൾ സ്വന്തത്തേക്കാൾ പ്രവാചകന് പ്രാധാന്യം കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 63: 8 ൽ, അല്ലാഹുവിനും പ്രവാചകനും വിശ്വാസികൾക്കുമാണ് പ്രതാപമെന്നും എന്നാൽ കപടവിശ്വാസികൾക്ക് ഈ വസ്തുത അറിയില്ലെന്നും പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ കാലത്തുള്ളവർ പ്രവാചകനെ പൂർണ്ണമായി പിൻപറ്റി ജീവിക്കുക തന്നെ വേണം. എന്നാൽ ഇന്നുള്ളവർ അദ്ദിക്റിൽ നിന്ന് പ്രവാചകനെ കാണുകയും ഇന്ന് പ്രവാചകനുണ്ടെങ്കിൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഏത് മാർഗമാണ് സ്വീകരിക്കുക എന്ന് അദ്ദിക്റിൽ നിന്ന് സ്വയം മനസ്സിലാക്കി ആ മാർഗം പിൻപറ്റുകയും വേണം. അഥവാ ത്രികാലജ്ഞാനിയിൽ നിന്നുള്ള 25: 33 ൽ പറഞ്ഞ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുമ്പോൾ മാത്രമേ നാഥനെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുകയും പ്രവാചകന്മാരെയും നബിമാരെയും പിൻപറ്റുന്നവരാവുകയും ചെയ്യുകയുള്ളൂ. പ്രവാചകന്റെ മാർഗം പിൻപറ്റുന്ന വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന വിശ്വാസിയെ പിൻപറ്റാത്തവരെ അവർ തിരിഞ്ഞോടത്തേക്കുതന്നെ തിരിക്കുകയും നരകക്കുണ്ഠത്തിൽ വേവിക്കുകയും ചെയ്യുമെന്നാണ് 4: 115 ൽ പറഞ്ഞിട്ടുള്ളത്. *നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല, തന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നിട്ടുള്ളതിനെ പിൻപറ്റുന്നതുവരെ* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുളും അതാണ്. 2: 146 ൽ വിവരിച്ച പ്രകാരം അദ്ദിക്റിൽ നിന്ന് പ്രവാചകന്റെ ജീവിതം മനസ്സിലാക്കി ജനങ്ങളിൽ പ്രവാചകന്റെ ജീവിതം സാക്ഷ്യം വഹിക്കുമ്പോൾ മാത്രമാണ് ഗ്രന്ഥത്തെ സത്യപ്പെടുത്തുന്നവരും പ്രവാചകനെ പിൻപറ്റുന്നവരുമാവുക. 2: 18; 174–176; 3: 7; 31–32; 4: 59 വിശദീകരണം നോക്കുക.

66. നിശ്ചയം, നിങ്ങൾ നിങ്ങളെ സ്വയം കൊല്ലണം അല്ലെങ്കിൽ നിങ്ങളുടെ വീടുകളിൽ നിന്ന് സ്വയം പുറത്തുപോകണം എന്ന് നാം അവരുടെമേൽ രേഖപ്പെടുത്തിയിരുന്നുവെങ്കിൽ അവരിൽ നിന്നുള്ള കുറച്ചുപേരൊഴികെ അങ്ങനെ പ്രവർത്തിക്കുമായിരുന്നില്ല, എന്നാൽ തങ്ങളോട് ഏതൊന്നുകൊണ്ടാണോ ഉപദേശിക്കപ്പെടുന്നത്, അപ്രകാരം അവർ പ്രവർത്തിച്ചിരുന്നുവെങ്കിൽ അതായിരുന്നു അവർക്ക് ഏറ്റവും ഗുണകരവും ഏറെ സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നതും.

9: 41–42 സൂക്തങ്ങളിൽ 'നിങ്ങൾ ഭാരം കുറഞ്ഞവരായോ കൂടിയവരായോ നിങ്ങളുടെ ധനം കൊണ്ടും സ്വന്തത്തെക്കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്യുക, അതാണ് നിങ്ങൾ വിവരമുള്ളവരാണെങ്കിൽ നിങ്ങൾക്ക് നല്ലത്' എന്ന് അവരോട് പറയപ്പെട്ടാൽ അവർ അല്ലാഹുവിൽ ആണയിട്ടുകൊണ്ട് പറയും: ഞങ്ങൾക്ക് സാധിക്കുമായിരുന്നെങ്കിൽ ഞങ്ങൾ നിങ്ങളോടൊപ്പം പുറപ്പെടുമായിരുന്നു. അതുവഴി അവർ അവരെത്തന്നെ നശിപ്പിച്ചിരിക്കുന്നു, അവർ നുണ പറയുകയാണെന്ന് അല്ലാഹുവിന് അ

റിയാം, നേട്ടം സമീപസ്ഥമാവുക (യുദ്ധമുതൽ ലഭിക്കുക), ശത്രുക്കൾ ബലമില്ലാത്തവരാവുക, യാത്ര ക്ലേശരഹിതവും ഹ്രസ്വവുമാവുക തുടങ്ങിയ സന്ദർഭങ്ങളിൽ അവർ നിന്നെ പിൻപറ്റുക തന്നെ ചെയ്യും, എന്നാൽ വഴിദൂരം അവർക്ക് പ്രയാസമുണ്ടാക്കിയതിനാൽ തബൂക്കിലേക്ക് പുറപ്പെടുന്നതിൽ നിന്നും അവർ ഒഴിഞ്ഞുനിൽക്കുകയാണുണ്ടായത് എന്ന് ഗ്രന്ഥം രൂപപ്പെടാത്ത കാലത്തുള്ള മദീനയിലെ കപടവിശ്വാസികളുടെ സ്വഭാവത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകത്ത് ഒരിടത്തും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യുദ്ധമോ വധമോ രക്തസാക്ഷിത്വമോ ഇല്ല. മറിച്ച് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും തള്ളിപ്പറയുന്ന അനുയായികളുമടങ്ങിയ കാഫിറുകളായ ഫുജ്ജാറുകളോട് 'അദ്ദിക്ർ കൊണ്ട്' അധികരിച്ച ജിഹാദ് ചെയ്യുകയും സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അത് ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കുകയുമാണ് ഇന്നുള്ള ഒറ്റപ്പെട്ട വിശ്വാസികൾ ചെയ്യേണ്ടത്. 2: 265–266; 3: 166–168; 7: 150, 205–206 വിശദീകരണം നോക്കുക.

67. അവർ അവ്വിധം ചെയ്തിരുന്നുവെങ്കിൽ, നിശ്ചയം നമ്മിൽ നിന്നുള്ള അതിമഹത്തായ പ്രതിഫലം നാം അവർക്ക് നൽകുക തന്നെ ചെയ്യുമായിരുന്നു.

68. നാം അവരെ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് നയിക്കുകയും ചെയ്യുമായിരുന്നു.

69. ആരാണോ അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കുന്നത്, അപ്പോൾ അക്കൂട്ടർ ആരുടെ മേലാണോ അല്ലാഹു അനുഗ്രഹിച്ചത് അവരോടൊപ്പമാകുന്നു, അതായത് നബിമാരിൽ നിന്നും സത്യസന്ധന്മാരിൽ നിന്നും സത്യസാക്ഷികളിൽ നിന്നും സജ്ജനങ്ങളിൽ നിന്നുമുള്ളവർ, അക്കൂട്ടർ എത്ര ഉൽകൃഷ്ടരായ സഖാക്കൾ!

70. അതാകുന്നു അല്ലാഹുവിൽ നിന്നുള്ള ഔദാര്യം, എല്ലാം അറിയുന്നവനായി അല്ലാഹു തന്നെ മതിയായവനുമാകുന്നു.

ആദം നബി മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ട ഏക സംഘമാണ് പ്രവാചകന്മാരുടെയും വിശ്വാസികളുടെയും സംഘം. എല്ലാ പ്രവാചകന്മാരും വിശ്വാസികളും സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തുന്നവരും സജ്ജനങ്ങളിൽപെട്ടവരുമാണ്. സത്യസന്ധന്മാരും സത്യസാക്ഷികളും അല്ലാഹുവിനെക്കൊണ്ടും ദൂതന്മാരെക്കൊണ്ടും വിശ്വസിച്ച വിശ്വാസികൾ തന്നെയാണെന്ന് 57: 19 ൽ പറഞ്ഞിട്ടുണ്ട്. ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് ഞങ്ങൾ നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു എന്ന 1: 4 വായിക്കുമ്പോൾ വിശ്വാസിയുടെ മനസ്സിൽ ഈ ഏക സംഘമാണുള്ളത്. അഥവാ സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികളുടെ ഏകസംഘം. 1: 6 ലൂടെ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ഉൾപ്പെടുത്തേണമേ എന്ന് പ്രാർത്ഥിക്കുമ്പോഴും ഈ ഏകസംഘത്തിൽ ഉൾപ്പെടുത്തേണമേ എന്നാണ് മനസ്സിൽ കരുതേണ്ടത്. നേരെച്ചൊവ്വേയുള്ള പാതയായ അദ്ദിക്റിൽ ഇവിടെ ജീവിച്ചുപോയവരാണ് ഈ ഏക സംഘത്തിൽ ഉൾപ്പെടുക. *അറബി ഖുർആൻ* വായിക്കുന്ന *ഫുജ്ജാറു*കളുടെ ഇടയിലുള്ള സംഘടനകളെല്ലാം തന്നെ പിശാചിന്റെ സംഘക്കാരും നരകത്തിലേക്കുള്ളവരുമാണ്.

30: 47 ൽ, വിശ്വാസികളെ സഹായിക്കുക നാഥന്റെ ബാധ്യതയാണെന്നും; 10: 103 ൽ, എല്ലാ കാലത്തും എവിടെയും നമ്മുടെ പ്രവാചകന്മാരെയും വിശ്വാസികളെയും രക്ഷപ്പെ

ടുത്തുക എന്നത് നാഥന്റെ ബാധ്യതയാണ് എന്നും പറഞ്ഞിട്ടുണ്ട്. 62: 4 ൽ, അത് അല്ലാഹുവിന്റെ ഔദാര്യമാണ്, അത് അവൻ ഉദ്ദേശിക്കുന്നവർക്ക് കൊടുക്കുന്നു, അല്ലാഹു മഹത്തായ ഔദാര്യമുടയവനാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 12: 38 ൽ, യൂസുഫ് നബി തന്റെ ജയിലിലുള്ള കൂട്ടുകാരെ പ്രബോധനം ചെയ്തുകൊണ്ട്: അല്ലാഹുവിൽ ഒന്നിനെയും പങ്കു ചേർക്കാതിരിക്കുക എന്നത് ഞങ്ങളുടെ മേലിലും മനുഷ്യരുടെ മേലിലുമുള്ള അല്ലാഹുവിന്റെ ഔദാര്യമാകുന്നു, പക്ഷേ ജനങ്ങളിൽ അധികപേരും നന്ദിപ്രകടിപ്പിക്കുന്നവരല്ല എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ചവർ അല്ലാഹുവിനെ മുറുകെപ്പിടിച്ചവരും നേരെച്ചൊവ്വെയുള്ള പാതയിലുള്ളവരുമാണെന്ന് 2: 256; 3: 101; 4: 175; 5: 48 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 5–6; 6: 153; 10: 57–58; 58: 22 വിശദീകരണം നോക്കുക.

71. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ സദാ ജാഗ്രത പുലർത്തുന്നവരാവുക, അങ്ങനെ നിങ്ങൾ പ്രതിരോധത്തിന് ചെറുസംഘങ്ങളായോ എല്ലാവരും ഒരുമിച്ചോ ഇറങ്ങിത്തിരിക്കുക!

72. നിശ്ചയം, സ്വവസതികളിൽ ചടഞ്ഞുകൂടുന്നവർ നിങ്ങളിലുണ്ട്, അങ്ങനെ നിങ്ങൾക്ക് ഒരു വിപത്ത് ബാധിക്കുകയാണെങ്കിൽ അവൻ പറയും: നിശ്ചയം അല്ലാഹു എന്റെ മേൽ വലിയ അനുഗ്രഹം ചെയ്തിരിക്കുന്നു -ഞാൻ അവരോടൊപ്പം സന്നിഹിതനാകാതിരിക്കുക വഴി.

73. അല്ലാഹുവിൽ നിന്നുള്ള ഒരു അനുഗ്രഹം നിങ്ങൾക്ക് ലഭിക്കുകയാണെങ്കിലോ, അവനും നിങ്ങൾക്കുമിടയിൽ യാതൊരു മൈത്രിബന്ധവും ഉണ്ടായിട്ടേയില്ല എന്ന മട്ടിൽ അവൻ പറയുക തന്നെ ചെയ്യും: ഹാ! എന്റെ നാശം, ഞാനും അവരോടൊപ്പമുണ്ടായിരുന്നുവെങ്കിൽ അപ്പോൾ വമ്പിച്ച നേട്ടം എനിക്കും ലഭിക്കുമായിരുന്നുവല്ലോ!

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന കപടവിശ്വാസികളുടെ സ്വഭാവമാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. ഇന്ന് ലോകർക്ക് തീവ്രവാദ പ്രവർത്തനങ്ങൾക്കും രക്തച്ചൊരിച്ചിലിനും നശീകരണ പ്രവർത്തനങ്ങൾക്കും എതിരായി ഉപയോഗപ്പെടുത്താനുള്ള ശക്തമായ ആയുധമായി അദ്ദിക്റിനെ പരിചയപ്പെടുത്തുന്ന വിശ്വാസിക്ക് വല്ല വിപത്തും സംഭവിച്ചുകാണാനാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ ആഗ്രഹിക്കുന്നത്.

ഭൂമിയുടെ തിരിച്ചുകറക്കവും മസീഹുദ്ദജ്ജാലിന്റെ പുറപ്പെടലും നീട്ടിവെക്കുക എന്ന ലക്ഷ്യം വെച്ച് പ്രകാശമായ അദ്ദിക്റിനെ ലോകർക്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുന്നവനാണ് വിശ്വാസി എങ്കിൽ, 9: 32–33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കാഫിറുകൾ അതിനെ ഊതിക്കെടുത്താൻ ശ്രമിക്കുന്നവരാണ്. ഇജാസിൽ മഹ്ദി ഇമാമിന്റെ വരവോടുകൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതാണ്. 48: 6 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകൾ 'ഓ എന്റെ കഷ്ടം! ഞാൻ അദ്ദിക്ർ പിൻപറ്റുന്നവനായിരുന്നുവെങ്കിൽ ഇപ്പോൾ വിശ്വാസികളോടൊപ്പം ഇജാസിലേക്ക് വേർതിരിക്കപ്പെടുന്നവരിൽ ഉൾപ്പെടുമായിരുന്നല്ലോ' എന്ന് വിലപിക്കുന്നതാണ്. 25: 27–29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിധിദിവസം ഇത്തരം ആക്രമികൾ, 'ഓ കഷ്ടം! ഞാൻ ഇന്നയിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ! അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്ന് കിട്ടിയതിനുശേഷം എന്നെ അ

തിൽ നിന്ന് തടഞ്ഞത്! പിശാച് മനുഷ്യന് ഒരു മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്നതാണ്. ഇത്തരം കുഫ്ഫാറുകൾ വിശ്വാസികളോട് അവരുടെ പ്രകാശം ചോദിക്കുന്ന രംഗം 57: 13–16 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

25: 17–18 സൂക്തങ്ങളിൽ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയെന്നും; 7: 40 ൽ ഭ്രാന്തന്മാരെന്നും; 98: 6 ൽ കരയിലെ ദുഷ്ടജീവികളെന്നും; 8: 22 ൽ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവിയെന്നും വിശേഷിപ്പിക്കപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇനി അദ്ദിക്ർ ഉപയോഗപ്പെടുത്തുകയില്ല എന്നതിനാൽ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് പ്രവാചകൻ മുഹമ്മദിന്റെ തന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതര ജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും അവരോട് നിങ്ങൾ അത് ഉപയോഗപ്പെടുത്തി പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാൻ ശ്രമിക്കണമെന്ന് ഉപദേശിക്കുകയുമാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി ചെയ്യേണ്ടത്. 2: 254–258; 3: 161–162; 9: 73 വിശദീകരണം നോക്കുക.

74. അപ്പോൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നവരാരോ, അവർ ഭൗതിക ജീവിതത്തിനുപകരം പരലോകം വാങ്ങുന്നവരാകുന്നു, ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും അങ്ങനെ വധിക്കപ്പെടുകയോ അല്ലെങ്കിൽ അതിജയിക്കുകയോ ചെയ്യുകയുമാണെങ്കിൽ, അപ്പോൾ നാം അവന് അതിമഹത്തായ പ്രതിഫലം നൽകുക തന്നെ ചെയ്യും.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമില്ല. മറിച്ച് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച ജീവിതരീതിയും പ്രാർത്ഥനാരീതിയുമാണ് സ്വീകരിക്കേണ്ടത്. 2: 207–208; 3: 169–172; 9: 111–112 വിശദീകരണം നോക്കുക.

75. പുരുഷന്മാരിൽ നിന്നുള്ള ബലഹീനന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്ക് എന്താണ് ന്യായം? അവർ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവർ ആയിരിക്കെ, 'ഞങ്ങളുടെ നാഥാ! അക്രമികളായ നിവാസികളുടെ ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ പുറപ്പെടുവിപ്പിക്കേണമേ, ഞങ്ങൾക്ക് നിന്നിൽ നിന്നുള്ള ഒരു രക്ഷകനെ നിയോഗിച്ചുതരേണമേ, ഞങ്ങൾക്ക് നിന്നിൽ നിന്നുള്ള ഒരു സഹായിയെയും നിയോഗിച്ചുതരേണമേ'.

അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ തീവ്രവാദഗ്രൂപ്പുകൾ പിശാചിന്റെ മാർഗത്തിൽ നടത്തുന്ന ജിഹാദിനെ അല്ലാഹുവിന്റെ മാർഗത്തിലുള്ളതാണെന്ന് വരുത്തിത്തീർക്കാൻ ഈ സൂക്തം തെറ്റായി ഉദ്ധരിക്കാറുണ്ട്. അതുകൊണ്ട് തന്നെ ലോകത്ത് എവിടെ ഏതൊരു ജീവി എന്തൊരു പ്രയാസമോ ദുരിതമോ അനുഭവിക്കുന്നുണ്ടെങ്കിലും അതിന്റെയെല്ലാം ശിക്ഷ 20: 99–100; 33: 72–73; 48: 6 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തീവ്രവാദികൾ ഉൾപ്പെടെയുള്ള ഫുജ്ജാറുകൾ വഹിക്കേണ്ടി വരും.

ഇന്ന് ലോകത്തൊരിടത്തും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ ആയുധം കൊണ്ടുള്ള ജിഹാദ് ഇല്ല. അദ്ദിക്റിനെ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നില കൊള്ളുന്ന ഒറ്റപ്പെട്ട വിശ്വാസി 'ഞങ്ങളുടെ നാഥാ! ഇജാസിൽ ഇമാം മഹ്ദിയുടെ ഭരണം പ്രഖ്യാപിക്കുന്നതോടുകൂടി ഇജാസിലേക്ക് വേർതിരിക്കപ്പെടുന്ന വിശ്വാസികളിൽ ഞങ്ങ

ളെ നീ ഉൾപ്പെടുത്തേണമേ; ഈസായുടെ രണ്ടാം വരവോടുകൂടി ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ ഞങ്ങളെ നീ ഉൾപ്പെടുത്തുകയുമരുതേ!' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നതാണ്. 2: 85; 3: 79–80, 101–103; 9: 73 വിശദീകരണം നോക്കുക.

76. വിശ്വാസികളായിട്ടുള്ളവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നവരാകുന്നു; കാഫിറുകളായവരോ, അവർ ത്വാഗൂത്തിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവരുമാകുന്നു, അതിനാൽ നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് യുദ്ധം ചെയ്യുവീൻ, നിശ്ചയം പിശാചിന്റെ തന്ത്രം അതീവ ദുർബ്ബലം തന്നെയായിരിക്കുന്നു.

ഇന്ന് ലോകത്തെവിടെയും 58: 22 ൽ പറഞ്ഞ വിശ്വാസിയായ നാഥന്റെ സംഘമായ വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യുദ്ധമോ വധമോ ആയുധം കൊണ്ടുള്ള ജിഹാദോ ഇല്ല. എന്നാൽ അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിന്റെ 40 പേരുകളും സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ, 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലേക്കുള്ള ടിക്കറ്റായ ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയാണ് വേണ്ടത്. പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ സഹായികളിൽ നിന്നോ ആരും തന്നെയില്ല എന്ന് ലോകരെ ഉണർത്തുന്നതിനുവേണ്ടി ത്രികാലജ്ഞാനമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുകയും വേണം. അതോടൊപ്പം 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യാനും നമസ്കരിക്കാനും സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി ലോകരെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. 1: 6; 4: 60, 150–151; 9: 28 വിശദീകരണം നോക്കുക.

77. നിങ്ങൾ നിങ്ങളുടെ കൈകൾ ചുരുട്ടുകയും നമസ്കാരം നിലനിർത്തുകയും സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുവീൻ എന്ന് പറയപ്പെട്ടിട്ടുണ്ടായിരുന്ന ഒരു വിഭാഗത്തിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ? അങ്ങനെ അവരുടെമേൽ യുദ്ധം കൽപിക്കപ്പെട്ടപ്പോൾ അവരിൽ നിന്നുള്ള ഒരു വിഭാഗം അല്ലാഹുവിനെ ഭയപ്പെടേണ്ടതുപോലെ അല്ലെങ്കിൽ അതിലധികമായി ജനങ്ങളെ ഭയപ്പെടുന്നു; അവർ പറയുകയും ചെയ്യുന്നു: ഞങ്ങളുടെ നാഥാ, എന്തിനാണ് നീ ഞങ്ങളുടെ മേൽ യുദ്ധം കൽപിച്ചത്, ഞങ്ങൾക്ക് കുറച്ചുകാലം കൂടി അവധി നീട്ടിത്തന്നിരുന്നെങ്കിൽ! നീ പറയുക: ഭൗതികവിഭവങ്ങൾ വളരെ തുച്ഛമാകുന്നു, പരലോകമാകുന്നു അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്ക് ഏറെ ഉത്തമം, നിങ്ങൾ അണുഅളവ് അനീതി ചെയ്യപ്പെടുന്നവരാവുകയുമില്ല.

ആദ്യകാലത്ത് നമസ്കരിക്കുകയും സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുകൊണ്ട് പ്രവർത്തിക്കാൻ പറഞ്ഞപ്പോൾ വിശ്വാസികളിൽ ചിലർ, 'നമ്മൾ സത്യത്തിലാണെങ്കിൽ എന്തിനാണ് ഈ പീഡനവും മർദ്ദനവുമെല്ലാം സഹിക്കുന്നത്, നമുക്ക് കാഫിറുകളോട് യുദ്ധം ചെയ്തുകൂടെ' എന്ന് അടക്കം പറഞ്ഞിരുന്നു. 2: 216; 3: 142–143 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഹിജ്റ: 2–ാം വർഷം യുദ്ധത്തിന് അനുമതി നൽകപ്പെട്ടപ്പോൾ അവരിൽ ഒരു വിഭാഗം അല്ലാഹുവിനെ ഭയപ്പെടുന്നതിനേക്കാൾ മനുഷ്യരെ ഭയപ്പെടുകയും മരിക്കാൻ ഭയമുള്ള കപടവിശ്വാസികളുടെ സ്വഭാവമുള്ളവരായി മാറു

കയുമാണുണ്ടായത്. സ്വർഗം അല്ലെങ്കിൽ നരകം നാലാം ഘട്ടമായ ഇവിടെ ഓരോരുത്തരും സമ്പാദിക്കുന്നതാണ്. പരലോകത്തിലേക്കുള്ള കൃഷിയിടമാണ് ഇഹലോകജീവിതമെന്ന് മനസ്സിലാക്കി ജീവിക്കുന്നവർ മാത്രമേ ജീവിതലക്ഷ്യം സാക്ഷാത്കരിച്ച് സമ്പാദിച്ച സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോവുകയുള്ളൂ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമൊന്നും അല്ലാഹു കൽപിച്ചിട്ടില്ല, മറിച്ച് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മുറുകെപ്പിടിച്ച് 'അല്ലാഹ്' എന്ന സ്മരണ നിലനിർത്തി ജീവിക്കുകയും അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട്, 'ഇസ്ലാമിനെ മായ്ച്ച് കളഞ്ഞ് കുഫ്റ് വ്യവസ്ഥ നടപ്പിലാക്കാൻ വരുന്ന മസീഹുദ്ദജ്ജാലിന്റെ പുറപ്പാട്' നീട്ടുകയുമാണ് വേണ്ടത്. എന്നാൽ ഇന്ന് അജയ്യമായ ഗ്രന്ഥം ഏതെന്നുപോലും അറിയാത്ത, അല്ലാഹുവിന്റെ അടുക്കൽ തിന്മയേറിയവരെന്ന് വിശേഷിപ്പിക്കപ്പെട്ട 8: 22 ൽ പറഞ്ഞ ഊമരും ബധിരരുമായ ദുഷ്ടജീവികൾ അദ്ദിക്ർ എന്താണെന്ന് മനസ്സിലാക്കാൻപോലും തയ്യാറാകാതെ തീവ്രവാദപ്രവർത്തനങ്ങളിലും നശീകരണപ്രവർത്തനങ്ങളിലും ഏർപ്പെടുക വഴി മസീഹുദ്ദജ്ജാലിനെ സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്നവരാണ്. 5: 54 ൽ, വിശ്വാസികളെ വിളിച്ച്: നിങ്ങൾ അല്ലാഹുവിന്റെ ദീനിനെത്തൊട്ട് പിന്തിരിഞ്ഞ് പോവുകയാണെങ്കിൽ അപ്പോൾ അവർ അല്ലാഹുവിനെയും അല്ലാഹു അവരെയും തൃപ്തിപ്പെടുന്ന വിധത്തിലുള്ള ഒരു ജനതയെ അവൻ കൊണ്ടുവരികയും ചെയ്യും, അവർ വിശ്വാസികളോട് മൃദുലമായും കാഫിറുകളോട് പരുഷമായും വർത്തിക്കുന്നവരുമായിരിക്കും, അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവരും ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാത്തവരുമായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. 48: 29 ൽ, മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണ്, അവനോടൊപ്പമുള്ളവർ പരസ്പരം കാരുണ്യത്തിൽ വർത്തിക്കുന്നവരും ഫുജ്ജാറുകളായ കുഫ്ഫാറുകളോട് കർക്കശമായും പരുഷമായും പെരുമാറുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 165–167; 3: 185; 14: 28–30 വിശദീകരണം നോക്കുക.

78. നിങ്ങൾ എവിടെയാണെങ്കിലും മരണം നിങ്ങളെ പിടികൂടുക തന്നെ ചെയ്യും, നിങ്ങൾ എത്ര സുഭദ്രമായ കോട്ടകൊത്തളങ്ങൾക്ക് ഉള്ളിലാണെങ്കിലും ശരി, അവർക്ക് ഒരു നന്മ ലഭിച്ചാൽ ഇത് അല്ലാഹുവിൽ നിന്നാണെന്ന് അവർ പറയുന്നു; ഒരു തിന്മ അവരെ പിടിപെടുമ്പോഴോ, അവർ പറയും: ഇത് നിന്നിൽ നിന്നാണെന്ന്; നീ പറയുക: എല്ലാ ഒന്നും അല്ലാഹുവിൽ നിന്നുള്ളതാകുന്നു, അപ്പോൾ ഈ ജനതക്ക് എന്തുപറ്റി, അവർക്ക് ഈ വർത്തമാനം ശരിക്കും ഗ്രഹിക്കാൻ സാധിക്കുന്നില്ലല്ലോ!

മദീനയിൽ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന കപടവിശ്വാസികളുടെ സ്വഭാവമാണ് സൂക്തത്തിൽ വരച്ച് കാണിക്കുന്നത്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ *ഫുജ്ജാറു*കളാണ് ഇത്തരം സൂക്തങ്ങൾ വായിക്കുന്നത്. എന്നാൽ 2: 94–96 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന അവർ നരകക്കുണ്ഠത്തിലേക്കുള്ളവരായതിനാൽ ഏതൊരു ജനവിഭാഗത്തേക്കാളും മരണത്തെ ഭയപ്പെടുന്നവരാണ്. അതിന് കാരണം ത്രികാലജ്ഞാനവും സ്വർഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനു*മായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്നവരായതാണ്. കളവ് മാത്രം പറയുന്ന കപടവിശ്വാസികളും അവരുടെ അനുയായികളും അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസിയെ 'നുണ പറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുന്നതാണ് എന്ന് 38: 8 ലും 54: 25 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മാലിന്യമായി

പരിഗണിക്കുന്ന ഫുജ്ജാറുകൾ അവർക്ക് വല്ല ഗുണവും കിട്ടിയാൽ അത് അല്ലാഹുവിൽ നിന്നാണെന്നും അവരെ ഏതെങ്കിലും തിന്മ ബാധിച്ചാൽ അത് വിശ്വാസിയിൽ നിന്നാണെന്നുമാണ് പറയുക. 8: 48 ൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവനായതിനാൽ തിന്മകളൊന്നും ബാധിക്കുകയില്ല. തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തവരെയാണ് തിന്മ ബാധിക്കുക. നന്മ അല്ലാഹുവിൽ നിന്നാണെങ്കിൽ തിന്മ പിശാചിൽ നിന്നാണ്. 4: 78 ൽ നന്മയും തിന്മയും അല്ലാഹുവിൽ നിന്നുള്ളതാണ് എന്നാണ് പറഞ്ഞതെങ്കിൽ 4: 79 ൽ നന്മ അല്ലാഹുവിൽ നിന്നും തിന്മ നിന്നിൽ നിന്നുമാണ് എന്ന് പറഞ്ഞത് അതുകൊണ്ടാണ്. 7: 185; 18: 2; 39: 23; 53: 59 തുടങ്ങി 12 സൂക്തങ്ങളിൽ പറഞ്ഞ നാഥന്റെ സംസാരമായ അദ്ദിക്ർ *സിജ്ജീൻ* പട്ടികയിലേക്കുള്ള ഫുജ്ജാറുകൾക്ക് മനസിലാവുകയില്ല എന്നാണ് സൂക്തം പറയുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥമാണ് ഏറ്റവും നല്ല *ഹദീസ്* എന്ന് നാവുകൊണ്ട് പറയാറുണ്ടെങ്കിലും 15: 44 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ട ഫുജ്ജാറുകൾ നിരക്ഷരനായ പ്രവാചകന്റെ സംസാരമാണ് *ഹദീസ്* എന്ന് നുണ പറയുന്നവരാണ്. 6: 115 -116 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഊഹാപോഹങ്ങൾ പിൻപറ്റിക്കൊണ്ടിരിക്കുന്ന *ഫുജ്ജാറു*കളും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടുമെന്ന നാഥന്റെ വചനം സത്യസന്ധമായും നീതിപൂർവമായും പൂർത്തിയായിരിക്കുന്നു. 2: 6-7; 3: 7-10 വിശദീകരണം നോക്കുക.

79. നിന്നെ ബാധിക്കുന്ന നന്മയിൽ നിന്നുള്ള ഒന്ന് അപ്പോൾ അല്ലാഹുവിൽ നിന്നുള്ളതാകുന്നു, നിന്നെ ബാധിക്കുന്ന തിന്മയിൽ നിന്നുള്ള ഒന്നോ, അപ്പോൾ അത് നിന്നിൽ നിന്ന് തന്നെയാകുന്നു, നാം നിന്നെ പ്രവാചകനായിട്ട് നിയോഗിച്ചിട്ടുള്ളത് മനുഷ്യർക്ക് വേണ്ടിയാണ്, സാക്ഷിയായി അല്ലാഹു തന്നെ മതിയായവനുമാകുന്നു.

ഓരോ ആത്മാവിനും സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ നാഥൻ അദ്ദിക്ർ പഠിപ്പിച്ചിട്ടുണ്ട്. 4: 163 ൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരിലൂടെയും നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകരിലേക്ക് അയച്ചിട്ടുമുണ്ട്. മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കുന്നതിനാൽ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. അപ്പോൾ ഏതൊരാൾക്കും നന്മയോ തിന്മയോ സംഭവിക്കുന്നതിന്റെ ഉത്തരവാദിത്തം അവരവർക്കുതന്നെയാണ്. അന്നത്തെ കപടവിശ്വാസികളെപ്പോലെത്തന്നെ ഇന്നത്തെ കപടവിശ്വാസികളും അവരവർക്ക് വല്ല തിന്മയും നേരിട്ടാൽ മറ്റുള്ളവരെ പഴിചാരുന്നവരാണ്. നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണ് എന്ന വിശ്വാസകാര്യം അംഗീകരിക്കാത്തവരുമാണവർ. 'അല്ലാഹ്' എന്ന സ്മരണയോടുകൂടി നിലകൊള്ളുമ്പോൾ ഒരു തിന്മയും ബാധിക്കുകയില്ല. മറിച്ച് അദ്ദിക്ർ മൂടിവെച്ചവർ അല്ലാഹുവിനെയും സ്വന്തത്തെയും മറന്നവരും ജീവിതലക്ഷ്യം മറന്നവരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. അങ്ങനെ സ്വന്തം ജിന്നുകൂട്ടുകാരനെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ അവന് തിന്മ ബാധിക്കുന്നു, അഥവാ പിശാച് ബാധിക്കുന്നു.

നന്മകളെല്ലാം അല്ലാഹുവിൽ നിന്നാണെങ്കിൽ തിന്മകളെല്ലാം പിശാചിൽ നിന്നാണ്. നിഷ്പക്ഷവാനായ അല്ലാഹു എല്ലാ നന്മകളും തിന്മകളും അടങ്ങിയ ഗ്രന്ഥത്തിന്റെ ആ

തമാവ് സ്വർഗത്തിൽ വെച്ച് തന്നെ പഠിപ്പിച്ചിരിക്കെ ഇനി ഓരോരുത്തരെയും സ്വർഗത്തിലേക്ക് നയിക്കേണ്ടത് അവരവരുടെ ബാധ്യതയാണ്. ഗ്രന്ഥം കിട്ടിയവർ അതിനെ അവഗണിച്ച് ജീവിക്കുകയാണെങ്കിൽ അവർ അവരെ നയിക്കുന്നത് കാഫിറായ പിശാചിന്റെ വീട്ടിലേക്കാണ്. 2: 152; 3: 101–102; 10: 108–109; 11: 17 വിശദീകരണം നോക്കുക.

80. ആരാണോ പ്രവാചകനെ അനുസരിച്ചത്, അപ്പോൾ നിശ്ചയം അവൻ അല്ലാഹുവിനെ അനുസരിച്ചു; ആരെങ്കിലും പിന്തിരിഞ്ഞുപോകുന്നുവെങ്കിൽ അപ്പോൾ നിന്നെ നാം അവരുടെമേൽ സൂക്ഷിപ്പുകാരനായി അയച്ചിട്ടില്ല.

നാഥന്റെ സംസാരമായ അദ്ദിക്ർ ആയിരുന്നു പ്രവാചകന്റെ സ്വഭാവവും ജീവിതരീതിയും. അതുകൊണ്ട് പ്രവാചകനെ അനുസരിക്കുക എന്ന് പറഞ്ഞാൽ അദ്ദിക്ർ പിൻപറ്റുക എന്നാണ്. അതുതന്നെയാണ് അല്ലാഹുവിനെ അനുസരിക്കലും. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 2: 143 ൽ വിവരിച്ച പ്രകാരം അതിനെ സാക്ഷ്യപ്പെടുത്തി ജീവിക്കുമ്പോൾ മാത്രമാണ് പ്രവാചകന്റെ ജീവിതം ജനങ്ങളിൽ സാക്ഷ്യപ്പെടുത്താൻ സാധിക്കുക. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 36: 59–62 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരുമാണ്. 2: 119; 3: 31–32; 4: 64–65, 70 വിശദീകരണം നോക്കുക.

81. അവർ അനുസരണമുള്ളവരാണെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു, അങ്ങനെ അവർ നിന്റെ അടുത്തുനിന്ന് പിരിഞ്ഞുപോയാൽ അവരിൽ ഒരു വിഭാഗം രാത്രിയിൽ അവരുടെ വീടുകളിൽ സമ്മേളിച്ച് നീ പറഞ്ഞതല്ലാത്തത് പറഞ്ഞുകൊണ്ടിരിക്കുന്നു, അല്ലാഹു അവർ രാത്രി സമ്മേളിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നതെല്ലാം രേഖപ്പെടുത്തുന്നുണ്ട്, അപ്പോൾ നീ അവരെ അവഗണിക്കുകയും അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുകയും ചെയ്യുക, കൈകാര്യകർത്താവായി അല്ലാഹു തികച്ചും മതിയായവനുമാണ്.

പ്രവാചകന്റെ മുമ്പിൽ അനുസരണം പ്രകടിപ്പിച്ചിരുന്ന മദീനയിലെ കപടവിശ്വാസികൾ പ്രവാചകന്റെയും വിശ്വാസികളുടെയും അഭാവത്തിൽ രാത്രി കാലങ്ങളിൽ വീടുകളിൽ സമ്മേളിച്ച് പ്രവാചകനും വിശ്വാസികൾക്കുമെതിരിൽ ഗൂഢാലോചന നടത്തുന്നതിന്റെ ഭാഗമായി പ്രവാചകൻ പറഞ്ഞിട്ടില്ലാത്തത് പ്രവാചകന്റെമേൽ ആരോപിക്കുന്നവരും പരിഹസിക്കുന്നവരുമായിരുന്നു. അല്ലാഹുവിനെ മറന്നുകളഞ്ഞ തെമ്മാടികളായ അവരുടെ ഈ സ്വഭാവം 58: 7–10 സൂക്തങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. അവർ പ്രവാചകന്റെ അടുത്തുവന്നാൽ 'താങ്കൾ അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് പറയും, എന്നാൽ നിശ്ചയം നീ അവന്റെ പ്രവാചകൻ തന്നെയാണെന്ന് അല്ലാഹുവിനറിയാം, നിശ്ചയം കപടവിശ്വാസികൾ നുണ പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അവർ സംസാരിക്കുമ്പോൾ നീ കേട്ട് നിന്നുപോകുമെന്നും അവരുടെ ശരീരം നിന്നെ ആശ്ചര്യപ്പെടുത്തുമെന്നും അല്ലാഹു കൊന്നുകളഞ്ഞ അവർ വിശ്വാസമാകുന്ന വേരില്ലാതെ ചുമരിൽ ചാരിവെച്ച വിറകുകൊള്ളികളെപ്പോലെയാണെന്നും, എല്ലാ ശബ്ദവും തങ്ങൾക്കെതിരാണെന്ന് ധരിക്കുന്ന അവർ വിശ്വാസികളുടെയും പ്രവാചകന്റെയും ശത്രുക്കളാണെന്നും അപ്പോൾ അവരെ സൂക്ഷിക്കണമെന്നും 63: 1–4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 58 ൽ പറഞ്ഞ തത്വനിർഭര ഗ്രന്ഥമായ അദ്ദിക്റിനെ വിസ്മരിച്ച പിശാചിന്റെ സംഘത്തിൽ പെട്ടവരാണ് അവർ എന്ന് 58: 19

ലും; പരിചയും *മുഹൈമിനു*മായ അദ്ദിക്ർ കൊണ്ട് 9: 73 ൽ പറഞ്ഞ പ്രകാരം അധികരിച്ച *ജിഹാദ്* ചെയ്യുന്ന വിശ്വാസികളെ ഇത്തരം കപടവിശ്വാസികൾക്ക് അല്ലാഹുവിനേക്കാൾ ഭയമാണെന്ന് 59: 13 ലും പറഞ്ഞിട്ടുണ്ട്. 2: 99, 187; 4: 160–161; 9: 53–55 വിശദീകരണം നോക്കുക.

82. അപ്പോൾ അവർ ഈ വായനയെക്കുറിച്ച് ചിന്തിച്ച് പ്രൗഢരാകുന്നില്ലെയോ? അത് അല്ലാഹു അല്ലാത്തവരുടെ അടുക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവർ അതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടെത്തുക തന്നെ ചെയ്യുമായിരുന്നു!

5: 48 ൽ വിവരിച്ച, എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും അത് മറ്റുള്ളവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളണമെന്നാണ് 3: 79–80 സൂക്തങ്ങളിലൂടെ ത്രികാലജ്ഞാനിയായ നാഥൻ വിശ്വാസികളോട് കൽപിച്ചിട്ടുള്ളത്. 47: 24–26 സൂക്തങ്ങളിൽ, അപ്പോൾ അവർ ഈ വായനയെക്കുറിച്ച് ചിന്തിച്ച് പ്രൗഢരാകുന്നില്ലെയോ; അതോ അവരുടെ ഹൃദയങ്ങളുടെ മേൽ താഴിട്ട് പൂട്ടിയിരിക്കുകയാണോ? നിശ്ചയം, സന്മാർഗം അവർക്ക് വ്യക്തമായതിന് ശേഷം ആരാണോ പുറം തിരിഞ്ഞ് ദീനിൽ നിന്ന് പോയവരായത്, അവർക്ക് പിശാചാണ് ആ നിലപാട് ശരിപ്പെടുത്തിക്കൊടുക്കുന്നത്, അവൻ അവർക്ക് സാവകാശം നൽകുകയും ചെയ്തിരിക്കുന്നു. അത്, നിശ്ചയം അവർ അല്ലാഹു അവതരിപ്പിച്ചതിനെ വെറുക്കുന്നവരോട് 'ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങളെ അനുസരിക്കുക തന്നെ ചെയ്യും' എന്ന് പറഞ്ഞതുകൊണ്ടാണ്; അല്ലാഹു അവരുടെ എല്ലാ രഹസ്യങ്ങളും അറിയുന്നവൻ തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അതിനെ മൂടിവെച്ച ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 44 ൽ പറഞ്ഞത് ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 25: 33 ൽ പറഞ്ഞ വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളാണ് തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും ദുഷിച്ച ജീവികളും ഏറ്റവും വഴിപിഴച്ചവരുമെന്ന് 8: 22; 25: 34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥന്റെ സംസാരമായ അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം പൂർത്തിയാക്കാത്ത, നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്യപ്പെട്ട കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും കുഫ്ഫാറുകളായ പുരുഷന്മാരും സ്ത്രീകളും അദ്ദിക്റിനെത്തൊട്ട് തടയുന്നവരും ഫുജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിച്ചുകൊണ്ടിരിക്കുന്നവരും നാഥനെ വിസ്മരിച്ചതിനാൽ നാഥനാൽ വിസ്മരിക്കപ്പെട്ടവരും നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരുമാണ്. അവരുടെ മേൽ അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുണ്ടെന്നും അവരുടെ മടക്കസ്ഥലം നരകക്കുണ്ഠാഗ്നിയാണെന്നും 9: 67–69; 48: 6 സൂക്തങ്ങളിൽ ഭ്രാന്തന്മാരായ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. അറബി ഖുർആൻ കേൾക്കാത്തതുകൊണ്ടോ അതിനെക്കുറിച്ച് ലോകരോട് പറയാത്തതുകൊണ്ടോ അല്ല അല്ലാഹു കപടവിശ്വാസികളെയും അവരുടെ സംസാരം കേട്ടിരിക്കുന്ന കാഫിറുകളെയും 4: 140 പ്രകാരം നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടുന്നത്, മറിച്ച് 18: 101 ൽ പറഞ്ഞ ദിക്റീ എന്ന ഗ്രന്ഥം കേൾക്കാത്തതുകൊണ്ടും അതിനെക്കുറിച്ച് ലോകരോട് പറയാത്തതുകൊണ്ടുമാണ്. അതുകൊണ്ടുതന്നെയാണ് അവർ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെ

ച്ച് ഏറ്റവും ദുഷ്ടജീവികളായതും. കാരുണ്യവും ഔദാര്യവുമായ അദ്ദിക്ർ കൊണ്ട് ഊറ്റം കൊള്ളണമെന്നാണ് 10: 57–58 സൂക്തങ്ങളിൽ കൽപിച്ചിട്ടുള്ളത്. അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ ജീവിക്കുന്ന വിശ്വാസികൾ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ചവരായി മരണപ്പെടുകയുള്ളൂ എന്ന് 3: 101–102 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1000 ത്തിൽ 999 അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും 10: 60 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതുകാരണം മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്.

17: 82 ൽ, അദ്ദിക്ർ വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമാണെന്നും അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയുമില്ല എന്നും പറഞ്ഞിട്ടുള്ളതിനാൽ ഐശ്വര്യവും അജയ്യവുമായ അദ്ദിക്ർ കിട്ടിയ ഒരാൾക്ക് ഇല്ലായ്മയോ വല്ലായ്മയോ ഭയമോ ദുഃഖമോ ഉണ്ടാവാൻ പാടില്ല. 9: 124 ൽ, ഗ്രന്ഥം വിശ്വാസികൾക്ക് അവരുടെ വിശ്വാസം വർദ്ധിപ്പിക്കുമെന്നും; 125 ൽ, കപടവിശ്വാസികൾക്ക് അത് മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. *ഗ്രന്ഥം (അദ്ദിക്ർ) ഐശ്വര്യമാണ്, അതിനുശേഷം ദാരിദ്ര്യമില്ല, അതുകൂടാതെ ഐശ്വര്യവുമില്ല എന്നും, അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്റിനെ സത്യപ്പെടുത്തിയവർക്ക് അത് ശുപാർശ ചെയ്യുന്നതും ശുപാർശ ചെയ്യിപ്പിക്കുന്നതുമാണ്. ആരാണോ അതിനെ മുമ്പിൽ നടത്തിയത് അവരെ അത് സ്വർഗത്തിലേക്ക് നയിക്കുന്നതാണ്, ആരാണോ അതിനെ പിന്നിലാക്കിയത് അവരെ അത് നരകത്തിലേക്ക് തള്ളിവിടുന്നതുമാണ്* എന്നും പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 78–79; 4: 63; 11: 118–119; 17: 13–15 വിശദീകരണം നോക്കുക.

83. അവർക്ക് ശാന്തിയുടേയോ അല്ലെങ്കിൽ ഭയത്തിന്റേയോ ഒരു വാർത്ത വന്നുകിട്ടിയാൽ അവർ അത് കൊട്ടിഘോഷിക്കുന്നതാണ്; എന്നാൽ അവർ അത് പ്രവാചകനിലേക്കും അവരിൽ നിന്നുള്ള കൈകാര്യകർത്താക്കളിലേക്കും തിരിച്ചയച്ചിരുന്നുവെങ്കിൽ അവരിൽ നിന്നുള്ള സത്യാവസ്ഥ ഗ്രഹിക്കുവാൻ കഴിവുള്ളവരായവർ അത് മനസിലാക്കി തക്കതായ മുൻകരുതലുകളെടുക്കുമായിരുന്നു, നിങ്ങളുടെ മേൽ അല്ലാഹുവിന്റെ മഹത്തായ ഔദാര്യവും അവന്റെ കാരുണ്യവുമുണ്ടായിരുന്നില്ലെങ്കിൽ, നിശ്ചയം നിങ്ങളിൽ കുറച്ചുപേരൊഴിച്ച് പിശാചിനെ പിൻപറ്റുക തന്നെ ചെയ്യുമായിരുന്നു.

ഇന്ന് അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റിയവർ മാത്രമാണ് വിജയം വരിക്കുക. 10: 58 ൽ പറഞ്ഞ ഔദാര്യവും കാരുണ്യവും അദ്ദിക്ർ തന്നെയാണ്. ഈ സൂക്തത്തിലും 4: 59 ലും പറഞ്ഞ കൈകാര്യകർത്താക്കളും 3: 7 ലും അഗാധജ്ഞാനികളും ഒന്നുതന്നെയാണ്. ആത്യന്തികമായി പിശാചാണ് ഭയപ്പെടുത്തുന്നതും തെറ്റായതുമായ വാർത്തകൾ പ്രചരിപ്പിക്കുന്നത്. അദ്ദിക്റിൽ തടയാൻ വേണ്ടി പലതരം ഗ്രന്ഥങ്ങളും പത്രങ്ങളുമെല്ലാം പുറത്തിറക്കുന്നതും പിശാചിന്റെ വഴിയിൽ പെട്ടതാണ്. 3: 7–10, 101–102; 4: 59; 11: 118–119 വിശദീകരണം നോക്കുക.

84. അപ്പോൾ നീ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക, നിനക്ക് നിന്റെ കാര്യത്തിലല്ലാതെ ഉത്തരവാദിത്തമില്ല, എന്നാൽ വിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും ചെയ്യുക, അല്ലാഹു കാഫിറുകളിൽ നിന്നുള്ള വിപത്ത് ദൂരീകരിക്കുക വിദൂരമല്ല, അല്ലാഹുവിന്റെ ശക്തി ഏറ്റവും പ്രബലവും അവന്റെ ശി

ക്ഷ ഏറ്റവും കഠിനവുമാകുന്നു.

8: 64 ൽ, പ്രവാചകനെ വിളിച്ച് നിനക്ക് അല്ലാഹു മതി, നിന്നെ പിൻപറ്റുന്ന വിശ്വാസികളും മതി എന്നും; 8: 65 ൽ, വിശ്വാസികളെ യുദ്ധത്തിനുവേണ്ടി പ്രേരിപ്പിക്കുക, നിങ്ങളിൽ നിന്നുള്ള ക്ഷമാലുക്കളായ ഇരുപത് പേരുണ്ടെങ്കിൽ ഇരുന്നൂറുപേരെ അതിജയിക്കാം, നിങ്ങളിൽ നൂറ് പേരുണ്ടെങ്കിൽ കാഫിറുകളിൽ നിന്നുള്ള ആയിരം പേരെ അതിജയിക്കാം, നിശ്ചയം അവർ ലക്ഷ്യബോധം നഷ്ടപ്പെട്ട ഒരു ജനതയായത് കൊണ്ടാണത് എന്നും പറഞ്ഞിട്ടുണ്ട്. ഏതൊരാൾക്കും അവനവന്റെ കാര്യത്തിൽ മാത്രമേ ഉത്തരവാദിത്തമുള്ളൂ; എന്നാൽ മനുഷ്യരെ നന്മയിലേക്ക് പ്രേരിപ്പിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്, ആരെയും നിർബന്ധിക്കാൻ പാടില്ല.

ഇന്ന് യുദ്ധമില്ല, മറിച്ച് അജയ്യവും തത്വനിർഭരഗ്രന്ഥവുമായ അദ്ദിക്റിനെ മൂടിവെക്കുകയും അതിനെ തള്ളിപ്പറയുകയും അതിന്റെ പ്രചരണത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്ന കപടവിശ്വാസികളോടും ഫുജ്ജാറുകളോടും അതുകൊണ്ട് അധികരിച്ച *ജിഹാദ്* മാത്രമാണുള്ളത്. കൂടാതെ ജീവിതലക്ഷ്യം തിരിച്ചറിയാനും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും തീവ്രവാദപ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുമുള്ള ഉപകരണമായ പരിചയും *മുഹൈമിനു*മായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിക്കലുമാണ് ഇന്നത്തെ ഒറ്റപ്പെട്ട വിശ്വാസിക്ക് ചെയ്യാനുള്ളത്. അല്ലാഹുവിന്റെ ശക്തി ഏറ്റവും പ്രബലവും അവന്റെ ശിക്ഷ ഏറ്റവും കഠിനവുമാകുന്നു എന്നതിന്റെ വിവക്ഷ, എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിന്റെ ശക്തിക്ക് മുമ്പിൽ കാഫിറുകളുടെ ശക്തി ഒന്നുമല്ലെന്നും അവരെ നീക്കിക്കളയാൻ അല്ലാഹുവിന് നിഷ്പ്രയാസം കഴിയുമെന്നുമാണ്. 2: 74; 3: 138; 4: 63 വിശദീകരണം നോക്കുക.

85. ആരെങ്കിലും ഒരു നന്മ പ്രവർത്തിക്കുവാൻ ശുപാർശ ചെയ്യുകയാണെങ്കിൽ അവന് അതിൽ നിന്നുള്ള ഒരു വിഹിതമുണ്ട്, ആരെങ്കിലും ഒരു തിന്മ പ്രവർത്തിക്കാൻ ശുപാർശ ചെയ്യുകയാണെങ്കിൽ അവന് അതിൽ നിന്നുള്ള തിന്മയുടെ ഭാരത്തിന്റെ ഒരു പങ്കുമുണ്ട്, അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെമേലും വലയം ചെയ്ത മേൽനോട്ടക്കാരനുമായിരിക്കുന്നു.

6: 160 ൽ, ആരാണോ ഒരു നന്മയും കൊണ്ട് വന്നത്, അതിന് പത്തിരട്ടി നന്മയുണ്ട്, ആരാണോ ഒരു തിന്മയും കൊണ്ട് വന്നത് അതിന് തക്കപ്രതിഫലമല്ലാതെ ലഭിക്കുകയില്ല, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 36: 12 ൽ, അവരുടെ ജീവിതകാലത്ത് പ്രവർത്തിച്ച കാര്യങ്ങളും അവർ പിൻതലമുറക്ക് വിട്ടേച്ചുപോയ പൈതൃകങ്ങളുടെ നേട്ടകോട്ടങ്ങളും നാം രേഖപ്പെടുത്തുന്നുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് ജീവിതകാലത്ത് ചെയ്ത പ്രവൃത്തികൾ മാത്രമല്ല, പിൻഗാമികൾ തന്റെ പാത പിന്തുടർന്ന് ചെയ്ത പ്രവൃത്തികളുടെ നേട്ടകോട്ടങ്ങളുടെ ഒരു വിഹിതവും ഓരോരുത്തർക്കും ലഭിക്കുന്നതാണ് എന്നർത്ഥം. 82: 5 ൽ, എല്ലാ ഓരോ ആത്മാവും അതിന്റെ ജീവിതകാലത്ത് സമ്പാദിച്ചതും പിൽക്കാലത്ത് സമ്പാദിച്ചതും വിധിദിവസം അറിയുന്നതാണ് എന്നും; 75: 13 ൽ, മനുഷ്യരോട് അവർ മുമ്പ് ചെയ്തതിനെക്കുറിച്ചും അവർ പിന്നീട് ചെയ്തതിനെക്കുറിച്ചും വിധിദിവസം വിവരം പറയുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. ഈ രണ്ട് സൂക്തങ്ങളിലും പിന്നീട് ചെയ്തത് എന്നതിന്റെ ഉദ്ദേശ്യം ഓരോരുത്തരുടെയും പൈതൃകങ്ങളാണ്.

പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളും നാഥനെ കീർത്തനം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടെന്ന് 17: 44; 24: 41 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് പരിഗണിച്ചുകൊ

ണ്ട് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്താൻ ഉപദേശിക്കുകയും 1000 സമുദായങ്ങളിൽ പെട്ട ജീവ ജാലങ്ങളുടെ നിലനിൽപ്പ് ലക്ഷ്യം വെച്ച് ജീവജാലങ്ങൾ അവയുടെ നാഥനെ കീർത്തനം ചെയ്യുന്നതിന്റെയും വാഴ്ത്തുന്നതിന്റെയും പുണ്യത്തിൽ നിന്ന് ഒരു വിഹിതം ലഭിക്കണ മെന്ന ഉദ്ദേശ്യത്തോടുകൂടി ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കു കയും അതിനുവേണ്ടി ലോകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന വരാണ് വിശ്വാസികൾ. ഗ്രന്ഥത്തെ മൂടിവെച്ചതിനാൽ 63: 4; 80: 17 സൂക്തങ്ങൾ പ്രകാരം വധിക്കപ്പെട്ട ഇവർ അവരുടെ അനുയായികളോട് പറയുന്നത് 'നിങ്ങൾ ഞങ്ങളെ പിൻപ റ്റുക, ഞങ്ങൾ നിങ്ങളുടെ പാപഭാരം വഹിച്ചുകൊള്ളാം' എന്നാണ്. എന്നാൽ വിചാരണ യില്ലാതെ നരകക്കുണ്ഠത്തിന്റെ അടിത്തട്ടിൽ പോകുന്ന കപടവിശ്വാസികൾ അനുയായി കളുടെ പാപത്തിൽ നിന്ന് ഒന്നും തന്നെ വഹിക്കുകയില്ല, നിശ്ചയം അവർ കളവ് പറ ഞ്ഞുകൊണ്ടിരിക്കുന്നവർ തന്നെയാണ്. അവർ അവരുടെ പാപഭാരങ്ങളും അതോടൊ പ്പം മറ്റുള്ളവരുടെ പാപഭാരങ്ങളും വഹിക്കേണ്ടി വരിക തന്നെ ചെയ്യും, വിധിദിവസം അ വർ കെട്ടിച്ചമച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് അവർ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും എന്ന് 29: 12-13 സൂക്തങ്ങളിലും; ഇത്തരം അഹങ്കാരികളായ കാഫിറുകളോട് 'എന്താണ് നിങ്ങളുടെ നാഥൻ അവതരിപ്പിച്ചത്' എന്ന് ചോദിച്ചാൽ അവർ പറയും 'പൂർവികരുടെ പുരാണങ്ങൾ' എന്ന്. അന്ത്യനാളിൽ അവരുടെ പാപഭാരം അവർ വഹിക്കുന്നതിനും അ വർ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്ന അറിവില്ലാത്തവരുടെ പാപഭാരത്തിൽ നിന്ന് ഒരു വിഹി തവും കൂടി വഹിക്കുന്നതിനും വേണ്ടിയാണ് അത്; അറിഞ്ഞിരിക്കുക! അവർ വഹിച്ചുകൊ ണ്ടിരിക്കുന്നത് ദുഷിച്ചതുതന്നെ എന്ന് 16: 24-25 സൂക്തങ്ങളിലും അവർ വായിച്ചിട്ടുണ്ട്.

വിശ്വാസികൾ മനുഷ്യരെ അദ്ദിക്റിലേക്ക് വിളിക്കുക വഴി സ്വർഗത്തിലേക്കും എളുപ്പ മായ ജീവിതമാർഗത്തിലേക്കുമാണ് വിളിക്കുന്നത്. എന്നാൽ പിശാചിന്റെ സംഘത്തിൽ പെട്ട കപടവിശ്വാസികൾ അദ്ദിക്റിൽ നിന്ന് തടയുന്നതിലൂടെ മനുഷ്യരെ വിവിധ സംഘട നകളിലേക്കും സ്വാർത്ഥതയിലേക്കും ജീവിതഭാരങ്ങളിലേക്കും അതുവഴി നരകക്കുണ്ഠത്തി ലേക്കുമാണ് വിളിച്ചുകൊണ്ടിരിക്കുന്നത്. അജയ്യഗ്രന്ഥമായ അദ്ദിക്ർ നിങ്ങൾ കേൾക്കരു ത് എന്ന് പറയുന്ന 41: 26-28 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകൾ കപടവിശ്വാസികളാണെ ങ്കിൽ, 41: 29 ൽ പറഞ്ഞ കാഫിറുകൾ അവരെ അന്ധമായി അനുസരിക്കുന്ന അനുയായി കളാണ്. 2: 261; 3: 90-91; 4: 64-65 വിശദീകരണം നോക്കുക.

86. നിങ്ങൾ ഒരു അഭിവാദ്യം കൊണ്ട് അഭിവാദനം ചെയ്യപ്പെട്ടാൽ അതിലും ഭംഗി യായി നിങ്ങൾ പ്രത്യഭിവാദ്യം ചെയ്യുവീൻ, അല്ലെങ്കിൽ അതുതന്നെ തിരിച്ചു നൽകുക, നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെമേലും കണക്ക് നോ ക്കുന്നവൻ തന്നെയായിരിക്കുന്നു.

അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹീതവും പരിശുദ്ധവുമായ അഭിവാദനം ചെയ്തു കൊണ്ടായിരിക്കണം വിശ്വാസികൾ അവരുടെ വീടുകളിലേക്കും മറ്റു വീടുകളിലേക്കും പ്രവേശിക്കേണ്ടത് എന്ന് 24: 61 ൽ പറഞ്ഞിട്ടുണ്ട്.

അല്ലാഹു പോലും അഭിസംബോധനം ചെയ്യാത്ത വിധം നിന്നെ അഭിസംബോധനം ചെയ്യുകയും നിനക്കെതിരായിട്ട് ഗൂഢതന്ത്രം പ്രയോഗിക്കുന്നതിന്റെ പേരിൽ എന്തുകൊ ണ്ടാണ് അല്ലാഹു നമ്മെ ശിക്ഷിക്കാത്തത് എന്ന് ആത്മഗതം ചെയ്യുകയും ചെയ്തിരുന്ന കപടവിശ്വാസികളെക്കുറിച്ച് 58: 8 ൽ അല്ലാഹു പ്രവാചകനോട് പറയുന്നുണ്ട്. മദീനയിലു ണ്ടായിരുന്ന ജൂതരും കപടവിശ്വാസികളും പരിഹസിച്ചുകൊണ്ടും നാവ് വളച്ചുകൊണ്ടും

'നീ നശിക്കട്ടെ' എന്ന ആശയത്തിൽ പ്രവാചകനെ അഭിസംബോധനം ചെയ്തിരുന്നു. അപ്പോൾ അവരോട് 'നിന്റെ മേൽ തന്നെ' എന്നും, ശാപപ്രാർത്ഥനയല്ല എന്ന് തോന്നുന്ന അവസരങ്ങളിൽ 'നിന്റെ മേലിലും' എന്നും പ്രവാചകൻ പ്രത്യഭിവാദ്യം ചെയ്തിരുന്നു. അല്ലാഹു വധിച്ചുകളഞ്ഞ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യാൻ വിശ്വാസി കൽപ്പിക്കപ്പെട്ടതിനാൽ *വിശ്വാസികൾ സലാം അങ്ങോട്ട് പറയരുതെന്നും അവർ ഇങ്ങോട്ട് പറഞ്ഞാൽ തന്നെ തക്കതായ വിധത്തിൽ പ്രത്യഭിവാദ്യം ചെയ്യണമെന്നും* പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു അവരെ ശപിക്കുകയും കൊല്ലുകയും ചെയ്തിരിക്കെ വിശ്വാസികൾ എങ്ങനെ അല്ലാഹു നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ' എന്ന് കപടവിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കും? കപടവിശ്വാസികളുടെമേൽ *മയ്യിത്ത്* നമസ്കരിക്കരുതെന്നും അവരുടെ ഖബറിങ്കൽ നിൽക്കരുതെന്നും 9: 84 ൽ അല്ലാഹു വിശ്വാസികളോട് കൽപിച്ചിട്ടുമുണ്ട്. 9: 113 ൽ, ശിർക്ക് ചെയ്യുന്നവർക്കുവേണ്ടി –അവർ മാതാപിതാക്കളാണെങ്കിലും ശരി– പൊറുക്കലിനെത്തേടാൻ പാടില്ല എന്ന് പ്രവാചകനോടും വിശ്വാസികളോടും കൽപ്പിച്ചിട്ടുണ്ട്. നരകത്തിലേക്കുള്ള വിഭാഗക്കാരായ *ശിർക്ക്* ചെയ്യുന്നവരെയും കപടവിശ്വാസികളെയും, സ്വർഗ്ഗത്തിലേക്കുള്ള വിശ്വാസികളെയും തിരിച്ചറിയാനുള്ള ഉപകരണമാണ് ത്രാസ്സും ഉരക്കല്ലും ഉൾക്കാഴ്ചാദായകവുമായ അദ്ദിക്ർ. കപടവിശ്വാസികളും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളും പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, തുടങ്ങിയവർ സലാം പറയുകയാണെങ്കിൽ പ്രത്യഭിവാദ്യം ചെയ്യുകയില്ല. എന്നാൽ വിശ്വാസി ആര് അഭിസംബോധനം ചെയ്താലും തനതായ വിധത്തിൽ പ്രത്യഭിവാദ്യം ചെയ്യുന്നതാണ്. പ്രവാചകൻ *ഇസ്റാഅ്-മിഅ്റാജ്* നാളിൽ *ജന്നത്തുൽ മഅ്വ*യിൽ പ്രവേശിച്ച്, 'എല്ലാ തിരുമുൽകാഴ്ചകളും അല്ലാഹുവിനാണ്, എല്ലാ നമസ്കാരങ്ങളും (പ്രാർത്ഥനകളും) പരിശുദ്ധമായിട്ടുള്ളതെല്ലാം തന്നെയും' എന്ന് അല്ലാഹുവിനെ അഭിവാദ്യം ചെയ്തപ്പോൾ, 'ഓ നബിയേ, നിന്റെമേൽ അല്ലാഹുവിന്റെ രക്ഷയുണ്ടായിരിക്കട്ടെ, അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹങ്ങളും' എന്ന് അല്ലാഹു പ്രത്യഭിവാദ്യം നൽകി. അപ്പോൾ അഭിവാദ്യം ചെയ്യൽ ഐച്ഛികമാണെങ്കിൽ പ്രത്യഭിവാദ്യം ചെയ്യൽ വിശ്വാസിക്ക് നിർബന്ധമാണ്. 2: 62, 165–167; 4: 63; 17: 1; 58: 22 വിശദീകരണം നോക്കുക.

87. അല്ലാഹു, അവനല്ലാതെ വേറെ ഇലാഹില്ല തന്നെ, വിചാരണാനാളിലേക്ക് അൻ നിങ്ങളെ എല്ലാവരെയും ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും –അതിന്റെ കാര്യത്തിൽ യാതൊരു സംശയവുമില്ല, അല്ലാഹുവിൽ നിന്നുള്ള സംസാരത്തേക്കാൾ സത്യസന്ധമായ സംസാരം മറ്റാരുടേതാണുള്ളത്.

ത്രികാലജ്ഞാനിയായ നാഥന്റെ സംസാരമായ അദ്ദിക്ർ 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുക എന്നും കൽപിച്ചുകൊണ്ടാണ് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ അതിനെ തള്ളിപ്പറയുകയും മൂടിവെക്കുകയും ചെയ്യുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 34 ൽ പറഞ്ഞിട്ടുണ്ട്.

മറ്റുള്ള ഏത് ഗ്രന്ഥത്തേക്കാളും അല്ലാഹുവിന്റെ സംസാരമായ അദ്ദിക്റിനുള്ള ശ്രേഷ്ഠ

ത സൃഷ്ടികളുടെ മേൽ സ്രഷ്ടാവായ അല്ലാഹുവിനുള്ള ശ്രേഷ്ഠതയാണ് എന്ന് പ്രപഞ്ച നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുതന്നെയാ ണ് 6: 155 ൽ, അനുഗ്രഹസമ്പൂർണ്ണമായ ഈ ഗ്രന്ഥത്തെ നാമാണ് ഇറക്കിയത്, അപ്പോൾ നിങ്ങ ൾ അത് പിൻപറ്റുക, അതുകൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുകയും ചെ യ്യുക -നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നതിനുവേണ്ടി എന്ന് പറഞ്ഞതിന്റെ പൊരുൾ. 2: 213; 4: 78-79; 6: 153 വിശദീകരണം നോക്കുക.

88. അപ്പോൾ നിങ്ങൾക്ക് എന്തുപറ്റി, കപടവിശ്വാസികളുടെ കാര്യത്തിൽ നിങ്ങൾ രണ്ട് കക്ഷികളായിരിക്കുന്നുവല്ലോ? അവർ സമ്പാദിച്ചതിന്റെ പേരിൽ അല്ലാഹു അവരെ തലതിരിച്ചുവിട്ടിരിക്കുകയാകുന്നു, അല്ലാഹു വഴിപിഴപ്പിച്ച ഒരുവനെ സന്മാർഗത്തിലാക്കാമെന്ന് നിങ്ങൾ ഉദ്ദേശിക്കുന്നുവോ? ആരെയാണോ അല്ലാ ഹു സ്വയം വഴികേടിലാവാൻ അനുവദിച്ചത്, അപ്പോൾ അവനെ നേർമാർഗത്തി ലാക്കുന്ന ഒരാളെ നീ കണ്ടെത്തുകയില്ല തന്നെ!

അദ്ദിക്റിനെ സത്യാസത്യ വിവേചന മാനദണ്ഡമായും ത്രാസ്സായും ഉപയോഗപ്പെടു ത്തുന്ന വിശ്വാസികൾക്ക് കപടവിശ്വാസികളുടെ കാര്യത്തിൽ രണ്ട് അഭിപ്രായം ഉണ്ടാ കാൻ പാടില്ല. സന്മാർഗവും ദുർമാർഗവും വേർതിരിച്ച് കാണിച്ചുതരുന്ന അദ്ദിക്ർ സ്വർഗ്ഗ ത്തിൽ വെച്ചുതന്നെ നിഷ്പക്ഷവാനായ നാഥൻ എല്ലാ മനുഷ്യരെയും പഠിപ്പിച്ചിട്ടുണ്ട് എ ന്നിരിക്കെ സന്മാർഗമായ അത് വന്നുകിട്ടിയിട്ട് ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആ രാണ് അത് ഉപയോഗപ്പെടുത്തുന്നത്, അപ്പോൾ അവൻ അവനെത്തന്നെയാണ് സന്മാർഗ്ഗ ത്തിലാക്കുന്നത്. ആരാണോ അതിനെ മൂടിവെക്കുന്നത്, അവൻ കപടവിശ്വാസിയും; ആ രാണോ അതിനെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നത്, അവൻ ഫാജിറായ കാഫിറുമാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും സ്വർഗത്തിലേക്കുള്ള ടിക്കറ്റുമാ യ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ വിശ്വാ സിക്ക് നരകത്തിലേക്കുള്ള തൊള്ളായിരത്തി തൊണ്ണൂറ്റൊമ്പതായ കപടവിശ്വാസികളെ യും കാഫിറുകളെയും അനുസരിക്കാൻ പാടില്ല എന്ന് 4: 140; 33: 1, 48 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ പഠിക്കുകയും അത് ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യു ന്ന സംരംഭത്തിൽ കപടവിശ്വാസികളും എത്തിപ്പെടുന്നതാണ്. എന്നാൽ അവർ നരക ത്തിലേക്കുള്ളവരാണ് എന്ന വചനം ബാധകമായവരായതിനാൽ അവരെക്കൊണ്ട് അല്ലാ ഹു നന്മ ചെയ്യിപ്പിക്കുകയില്ല, അവരുടെ തിന്മ കാരണം അല്ലാഹു അവരെ നേരെച്ചൊവ്വേ യുള്ള പാതയിൽ നിന്ന് തിരിച്ചുവിടുന്നതാണ്. അപ്പോൾ അത്തരം കപടവിശ്വാസികളോ ട് പ്രത്യേകിച്ച് അദ്ദിക്ർ കൊണ്ട് *ജിഹാദ്* ചെയ്യേണ്ടതാണ്. നന്മ തടയുകയും തിന്മ നടപ്പി ലാക്കുകയും ചെയ്യുന്ന കപടവിശ്വാസികൾ തെമ്മാടികളാണെന്ന് 9: 67-68 സൂക്തങ്ങളി ലും; തെമ്മാടികളല്ലാതെ അദ്ദിക്ർ മൂടിവെക്കുകയില്ല എന്ന് 2: 99 ലും പറഞ്ഞിട്ടുണ്ട്. വി ശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേണ്ട ജീവിതരീതി യും പ്രാർത്ഥനാരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 6-7; 5: 49; 7: 178-179 വിശദീകരണം നോക്കുക.

89. അവർ നിഷേധിച്ചതുപോലെ നിങ്ങളും നിഷേധികളായി രണ്ടുകൂട്ടരും ഒരു പോലെയായിത്തീർന്നെങ്കിൽ എന്നാണ് അവർ ആഗ്രഹിക്കുന്നത്, അപ്പോൾ അവർ അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞുവരുന്നതുവരെ നി ങ്ങൾ അവരിൽ നിന്നുള്ളവരെ മിത്രങ്ങളായി സ്വീകരിക്കരുത്, ഇനി അവർ പി ന്തിരിയുകയാണെങ്കിൽ നിങ്ങൾ അവരെ എവിടെവെച്ച് എപ്പോഴാണോ കണ്ടു

മുട്ടിയത്, അവിടെ വെച്ച് പിടികൂടുകയും വധിക്കുകയും ചെയ്യുക, അവരിൽ നിന്നുള്ളവരെ നിങ്ങൾ രക്ഷകനോ സഹായിയോ ആയി സ്വീകരിക്കുകയുമരുത്.

പ്രവാചകന്റെ കാലത്ത് വിശ്വാസം നിലനിർത്തുന്നതിനുവേണ്ടി നാടുവിടാത്തവരും സ്വമനസ്സോടെ യുദ്ധരംഗത്തേക്ക് വരാത്തവരുമായ കപടവിശ്വാസികളെക്കുറിച്ചാണ് ഈ സൂക്തം പറയുന്നത്. എന്നാൽ ഇന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇറങ്ങിപ്പുറപ്പെടുന്നതുവരെ എന്ന് പറഞ്ഞാൽ അല്ലാഹുവിനെ നിഷ്പക്ഷവാനായി കണ്ടുകൊണ്ട് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യമായ ഗ്രന്ഥം ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാൻ ശ്രമിക്കുന്നതിനുവേണ്ടി ഇറങ്ങിപ്പുറപ്പെടുന്നതുവരെ എന്നാണ്. അദ്ദിക്റിനെ മൂടിവെച്ച കപടവിശ്വാസികളെ അനുസരിക്കരുത്, അവരോട് അതുകൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യുക എന്ന് 25: 52 ലും; വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ പിതാക്കളെയും സഹോദരങ്ങളെയും മിത്രങ്ങളും സംരക്ഷകരുമായി സ്വീകരിക്കരുത് –അവർ വിശ്വാസത്തിനുമേൽ നിഷേധം ഇഷ്ടപ്പെടുന്നവരാണെങ്കിൽ, നിങ്ങളിൽ ആരെങ്കിലും അങ്ങനെ ചെയ്താൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന് 9: 23 ലും പറഞ്ഞിട്ടുണ്ട്.

പ്രവാചകന്റെ ജനതയിൽ നിന്നുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിക്കുക വഴി 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ കെട്ട ജനതയായിത്തീർന്നിട്ടുള്ളതിനാലും 56: 82 പ്രകാരം അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളതിനാലും 9: 32 പ്രകാരം പ്രകാശമായ അതിനെ ഊതിക്കെടുത്താൻ ശ്രമിക്കുന്നതിനാലും അല്ലാഹു അവരോട് കോപിക്കുകയും അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. ഈ ജനത അതിനെ മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെ നാഥൻ അദ്ദിക്ർ ഏൽപ്പിക്കുമെന്ന് 6: 89–90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 96 ൽ വിവരിച്ച പ്രകാരം മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും *ഇജ്മാഅ്*ലേക്ക് വേർതിരിക്കപ്പെടുന്നതോടെ ഇതര ജനവിഭാഗങ്ങൾ അദ്ദിക്ർ സ്വീകരിക്കുന്നതാണ്. 2: 109; 3: 28; 4: 60–63 വിശദീകരണം നോക്കുക.

90. നിങ്ങളും ഏതൊരു ജനതയുമായിട്ടാണോ നിങ്ങൾ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളത്, അവർക്കുമിടയിൽ കൂടിക്കലർന്ന് ജീവിക്കുന്നവരായവരൊഴികെ, അല്ലെങ്കിൽ നിങ്ങളോട് യുദ്ധം ചെയ്യുന്നതിനും അല്ലെങ്കിൽ സ്വന്തം ജനതയോട് യുദ്ധം ചെയ്യുന്നതിനും മനസ്സുവരാതെ അവരുടെ നെഞ്ചുകളിലുള്ളത് നിങ്ങളുടെ അടുത്തുവന്ന് നിങ്ങളോട് തുറന്നുപറയുന്നവരൊഴികെ, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെ നിങ്ങൾക്കെതിരിൽ തിരിച്ചുവിടുകയും അങ്ങനെ അവർ നിങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുകയും ചെയ്യുമായിരുന്നു, അപ്പോൾ അവർ നിങ്ങളെ വെടിയുകയും യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളിലേക്ക് സന്ധിയുടെയും സമാധാനത്തിന്റെയും കൈ നീട്ടുകയുമാണെങ്കിൽ അപ്പോൾ അവരുടെ മേൽ നിങ്ങൾക്ക് ഒരു മാർഗവും അല്ലാഹു നിശ്ചയിച്ചിട്ടില്ല.

91. മറ്റൊരു വിഭാഗം കപടവിശ്വാസികളെ നിങ്ങൾ കണ്ടെത്തുക തന്നെ ചെയ്യും, അവർ നിങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കും, അവരുടെ ജനതയെയും വിശ്വസിപ്പിക്കാൻ ശ്രമിക്കും, പ്രതിസന്ധിയുടെ എല്ലാ ഓരോ ഘട്ടത്തിലും അവർ അതിൽ വന്ന് തലയിടുകയും ചെയ്യും, അപ്പോൾ ഇക്കൂട്ടർ നിങ്ങളെ വെടിയാതിരിക്കുകയും നിങ്ങളിലേക്ക് സന്ധിയുടെയും സമാധാനത്തിന്റെയും കൈ

കൾ നീട്ടാതിരിക്കുകയും അവരുടെ കൈകൾ നിങ്ങളെത്തൊട്ട് അടക്കിവെക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ നിങ്ങൾ അവരെ എവിടെ വെച്ചും എങ്ങനെയും പിടികൂടി കൊന്നുകളയുകയും ചെയ്യുക, അക്കൂട്ടരുടെമേൽ തന്നെയാകുന്നു നാം നിങ്ങൾക്ക് വ്യക്തമായ ന്യായം നൽകിയിട്ടുള്ളത്.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധമോ വധമോ ഇല്ല. എന്നാൽ ആത്മാവിനെ പരിഗണിക്കാതെ ദേഹേച്ഛ പിൻപറ്റുന്നവരും ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും രക്തച്ചൊരിച്ചിൽ, തീവ്രവാദം, കൊല, കൊള്ള തുടങ്ങി മനുഷ്യരുടെ ജീവിതഭാരം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നതുമായ പൈശാചിക പ്രവർത്തനങ്ങളിൽ മുഴുകിയിട്ടുള്ള കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്താനാണ് 9: 73; 25: 52; 66: 9 സൂക്തങ്ങളിലൂടെ വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. 2: 256 ൽ വിവരിച്ച പ്രകാരം ദീനിൽ നിർബന്ധമില്ല എന്നിരിക്കെ ഒരാൾക്കും മറ്റൊരാളെ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിലേക്ക് നയിക്കാൻ സാധ്യമല്ല എന്ന ദൃഢബോധ്യമുള്ളവനാണ് വിശ്വാസി. 6: 104 ൽ വിവരിച്ച പ്രകാരം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ആരാണോ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തിയത്, അതിന്റെ ഗുണം അവനുതന്നെയാണ്; ആരാണോ അതിനെത്തൊട്ട് അന്ധത നടിച്ചത്, അതിന്റെ ദോഷം ആ ആത്മാവിനുതന്നെയാണ്. എല്ലാ ഓരോ കാര്യവും വിവരിച്ചിട്ടുള്ള, നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള കപടവിശ്വാസികളിലും ഫാജിറുകളായ അവരുടെ അനുയായികളിലും പെട്ട 1000 ത്തിൽ 999 ഉം ഊഹങ്ങൾ പിൻപറ്റുന്നവരും നരകക്കുണ്ഠത്തിലേക്കുള്ളവരുമാണ്. അപ്പോൾ ഇന്ന് ഒറ്റപ്പെട്ട വിശ്വാസി വിശ്വാസികളുടെ സംഘം രൂപപ്പെടുത്താൻ ശ്രമിക്കാതെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിച്ചുകൊണ്ട് മാനുഷികഐക്യവും അതുവഴി ശാന്തിയും സമാധാനവും നിലവിൽ വരുത്താനാണ് ശ്രമിക്കുക. 6: 55; 7: 40; 32: 12, 22; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പരാമർശിച്ച ഭ്രാന്തന്മാരായ ഫുജ്ജാറുകൾ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

2: 62; 9: 28 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളെയും അവരുടെ അനുയായികളെയും ഇജാസിൽ മഹ്ദി വരുന്നതോടെ അവിടെ നിന്ന് പുറത്താക്കുന്നതും ലോകത്തെല്ലായിടത്തുമുള്ള മനുഷ്യരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതുമാണ്. അതോടുകൂടി 9: 32-33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ സന്ദേശമായ അദ്ദിക്ർ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട് ലോത്തെല്ലായിടത്തും പ്രചരിപ്പിക്കുന്നതാണ്. വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന അവസാനത്തെ വ്യക്തിയും ഭൂമിയിൽ നിന്ന് വിടവാങ്ങുന്നതോടെ ഭൂമിയുടെ തിരിച്ചുകറക്കം സംഭവിക്കുന്നതും അന്ന് സൂര്യൻ കിഴക്കുനിന്ന് ഉദിക്കുന്നതിനുപകരം പടിഞ്ഞാറുനിന്ന് ഉദിക്കുന്നതുമാണ്. അന്ന് കാഫിറായ മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതും ഇജാസിലൊഴികെ ലോകത്തെല്ലായിടത്തും അവൻ ചുറ്റിക്കറങ്ങി ഇസ്ലാമിന്റെ ശേഷിക്കുന്ന പൈതൃകങ്ങൾ വരെ മായ്ച്ചുകളയുന്നതുമാണ്. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച കപടവിശ്വാസികളും കുഫ്ഫാറുകളും അവനെ ആദ്യം നബിയായും പിന്നെ ദൈവമായിത്തന്നെയും അംഗീകരിക്കുന്നതാണ്. ഒന്നേകാൽ വർഷത്തിനുശേഷം നാഥൻ രണ്ടാം ആകാശത്തുള്ള

ഈസായെ ഭൂമിയിലേക്ക് കൊണ്ടുവരുന്നതും കാഫിറായ മസീഹുദ്ദജ്ജാലിനെ ഈസാ വധിക്കുന്നതുമാണ്. 3: 83 ൽ വിവരിച്ച പ്രകാരം ഭൂമിയിലുള്ള മനുഷ്യരടക്കമുള്ള എല്ലാ വസ്തുക്കളും അനുസരണപൂർവം ഇസ്ലാം അംഗീകരിക്കുന്നതും അങ്ങനെ കല്ലുകളാലും മരങ്ങളാലും 'ഇതാ ഇവിടെ ഒരു കാഫിർ, അവനെ പിടിച്ച് കൊല്ലുക' എന്ന് പറയപ്പെട്ട് യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളുമായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അന്ന് ഇസ്ലാം അംഗീകരിക്കുന്ന, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതുമാണ്. അന്നാണ് അതേവരെ നടപ്പിലാക്കപ്പെടാത്ത 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കപ്പെടുക. അപ്പോൾ മാത്രമാണ് അറബി ഖുർആനല്ല, 38: 8 ൽ പറഞ്ഞ ദിക്റീ –അദ്ദിക്ർ– ആയിരുന്നു യഥാർത്ഥ ഗ്രന്ഥമെന്ന് അവർക്ക് ബോധ്യം വരിക. അതോടുകൂടി 43: 60–61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഭൂമിയിൽ ലൈംഗിക ബന്ധമോ സ്ത്രീ–പുരുഷ വ്യത്യാസമോ ജാതി–മത–വർണ–ഭാഷ–ദേശ വ്യത്യാസമോ ഇല്ലാതെ മനുഷ്യർക്കിടയിൽ ശാന്തിയോടും സമാധാനത്തോടും കൂടിയ മലക്കുകളുടെ ജീവിതം നിലവിൽ വരുന്നതാണ്. 4: 82, 159; 8: 22; 11: 118–119 വിശദീകരണം നോക്കുക.

92. അബദ്ധത്തിലല്ലാതെ ഒരു വിശ്വാസിക്ക് മറ്റൊരു വിശ്വാസിയെ വധിക്കൽ യോജിച്ചതുമല്ല, ഇനി ആരെങ്കിലും ഒരു വിശ്വാസിയെ അബദ്ധത്തിൽ വധിച്ചാൽ അപ്പോൾ അവൻ അതിന് പ്രായശ്ചിത്തമായി ഒരു വിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കുകയും വധിക്കപ്പെട്ടവന്റെ അവകാശികൾക്ക് തക്കതായ നഷ്ടപരിഹാരം –അവർ അത് വിട്ടുകൊടുത്താലൊഴികെ– നൽകുകയും വേണം, ഇനി വധിക്കപ്പെട്ടവൻ നിങ്ങളുടെ ശത്രുജനതയിൽ പെട്ടവനും അവൻ ഒരു വിശ്വാസിയുമാണെങ്കിൽ അപ്പോൾ അതിന്റെ പ്രായശ്ചിത്തം വിശ്വാസിയായ ഒരു അടിമയെ സ്വതന്ത്രമാക്കലാണ്, ഇനി വധിക്കപ്പെട്ടവൻ നിങ്ങളോട് സഖ്യത്തിലേർപ്പെട്ടിട്ടുള്ള ഒരു ജനതയുടെ ഇടയിൽ താമസിക്കുന്ന വിശ്വാസിയാണെങ്കിൽ അവന്റെ അവകാശികൾക്ക് തക്കതായ നഷ്ടപരിഹാരം നൽകുകയും വിശ്വാസിയായ ഒരു അടിമയെ സ്വതന്ത്രമാക്കുകയും വേണം, ഇനി അടിമയെ സ്വതന്ത്രമാക്കാൻ സാധിച്ചില്ലെങ്കിൽ അല്ലാഹുവിൽ നിന്നുള്ള പശ്ചാത്താപമായി രണ്ടുമാസം തുടർച്ചയായി വ്രതമനുഷ്ഠിക്കേണ്ടതാണ്, അല്ലാഹു എല്ലാം അറിയുന്ന സർവ്വജ്ഞാനിയായ യുക്തിജ്ഞൻ തന്നെയുമായിരിക്കുന്നു.

തക്കതായ നഷ്ടപരിഹാരം എന്നുപറഞ്ഞാൽ 5: 95 ൽ പറഞ്ഞതുപോലെ നീതിമാന്മാരായ കൈകാര്യകർത്താക്കൾ അല്ലെങ്കിൽ ഭരണാധികാരികൾ നീതിയോടുകൂടി നിശ്ചയിക്കുന്ന സംഖ്യയാണ്. പ്രവാചകൻ നിശ്ചയിച്ചത് നൂറ് ഒട്ടകം, അല്ലെങ്കിൽ ഇരുന്നൂറ് പശു, അതുമല്ലെങ്കിൽ രണ്ടായിരം ആടുകൾ, അല്ലെങ്കിൽ അവയുടെ സമാനമായ വിലയാണ്. അടിമയെ സ്വതന്ത്രമാക്കാൻ കിട്ടിയില്ലെങ്കിൽ എന്നുപറയാതെ 'സാധിച്ചില്ലെങ്കിൽ' എന്നു പറഞ്ഞത് സാമ്പത്തികമായി സാധിച്ചില്ലെങ്കിൽ എന്നാണ്. യുദ്ധത്തിൽ വധിക്കപ്പെടുന്നത് ശത്രുജനതയിൽ പെട്ട വിശ്വാസിയാണെങ്കിലും അവകാശികൾക്ക് നഷ്ടപരിഹാരം നൽകേണ്ടതില്ല. എന്നാൽ വിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കൽ എല്ലാ അവസ്ഥകളിലും പശ്ചാത്താപമായി വിധിച്ചിട്ടുണ്ട്. സഖ്യത്തിലേർപ്പെട്ട ജനതയിലുള്ള വിശ്വാസിയാണ് വധിക്കപ്പെട്ടതെങ്കിൽ ആ നാട്ടിലെ ഭരണാധികാരികൾ നീതിപൂർവ്വം നിശ്ചയിക്കുന്നതാണ് അവകാശികൾക്കുള്ള നഷ്ടപരിഹാരം. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് യുദ്ധവും വധവും ഇല്ല. എന്നാൽ വാഹനാപകടങ്ങളിലും മറ്റും അബദ്ധത്തിൽ കൊല നടക്കാൻ

സാധ്യതയുണ്ട്. 'വിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കുക' എന്നുപറഞ്ഞാൽ ഇന്ന് അ ടിമസമ്പ്രദായമില്ലെങ്കിലും വിശ്വാസിയായി ജീവിക്കാൻ തയ്യാറുള്ള ഒരാൾക്ക് ജീവിതമാർ ഗം കണ്ടെത്താൻ സഹായിക്കലാണ്. ഇന്ന് കുടുംബാംഗങ്ങളിൽ നിന്ന് അകന്ന് ജീവിതമാർ ഗം തേടി വിദേശങ്ങളിൽ ജോലി ചെയ്യുന്നവരെ നാട്ടിൽ കുടുംബാംഗങ്ങളോടൊപ്പം താ മസിപ്പിച്ച് മിതമായി ജീവിക്കാനുള്ള അവസരം കണ്ടെത്താൻ സഹായിക്കൽ അതിൽ ഉൾപ്പെടുന്നതാണ്. അതുവഴി ഇണയുടെ അഭാവത്തിൽ സ്ത്രീകൾ പരപുരുഷന്മാരുമായി അവിഹിതബന്ധം നടത്താതിരിക്കാനും ജാരസന്താനങ്ങളെ വർദ്ധിപ്പിക്കാതിരിക്കാനും അന്തിക്രിസ്തുവിന്റെ വരവ് നീട്ടാനും സാധിക്കുന്നതാണ്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസി ന്യായം കൂടാതെ ഒരു ആത്മാവിനെയും വധിക്കുകയില്ല എന്ന് 25: 68 ൽ പറഞ്ഞിട്ടുണ്ട്. ഓർമിക്കുക, 10: 100 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട ല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല. അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളാ യ മുശ്രിക്കുകളുമാണ് ലോകത്ത് നടക്കുന്ന രക്തച്ചൊരിച്ചിൽ, വധം, കൊള്ള, കൊള്ളിവെ പ്പ്, തീവ്രവാദപ്രവർത്തനങ്ങൾ, ചൂഷണം തുടങ്ങിയ എല്ലാവിധ നശീകരണപ്രവർത്തന ങ്ങളുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി പ്രകൃതിക്ക് സംഭവിച്ചു കൊണ്ടി രിക്കുന്ന ദുരന്തങ്ങളുടെയുമെല്ലാം പാപഭാരം വഹിച്ച് പിശാചിന്റെ വീടായ നരകക്കുണ്ഠ ത്തിലേക്ക് പോകേണ്ടവർ. 2: 2–5, 30; 3: 183 വിശദീകരണം നോക്കുക.

93. ആരെങ്കിലും ഒരു വിശ്വാസിയെ കരുതിക്കൂട്ടി കൊല്ലുകയാണെങ്കിലോ, അപ്പോൾ അവനുള്ള പ്രതിഫലം നരകഗർത്തമാണ്, അവൻ അതിൽ ശാശ്വതമായി വസി ക്കുന്നതാണ്, അവന്റെ മേൽ അല്ലാഹു കോപിച്ചിരിക്കുന്നു, അവനെ ശപിക്കു കയും ചെയ്തിരിക്കുന്നു, വമ്പിച്ച ശിക്ഷ അവനുവേണ്ടി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

ആദം സന്തതികളിൽ ഖാബീൽ ഹാബീലിനെ വധിച്ചതാണ് ലോകത്ത് നടന്ന ആദ്യ ത്തെ കൊലപാതകം. അവന്റെ ആത്മാവ് അതിന് വഴങ്ങിയെന്ന് 5: 30 ൽ പറഞ്ഞതിൽ നി ന്ന് കരുതിക്കൂട്ടിയാണ് അവൻ സഹോദരനെ കൊന്നത് എന്ന് മനസ്സിലാക്കാം. *അവന് ലോകത്ത് നടക്കുന്ന എല്ലാ കൊലപാതകങ്ങളുടെയും ശിക്ഷയുടെ ഒരു വിഹിതമുണ്ടെ ന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിരിക്കുന്നു. ഒരാളെ വധിച്ചതിന് പകരമായിക്കൊണ്ടല്ലാതെ, അല്ലെങ്കിൽ ഭൂമിയിൽ നാശമുണ്ടാക്കുന്നതിന്റെ പേരിലല്ലാ തെ ആരെങ്കിലും ഒരാളെ വധിച്ചാൽ അവൻ മനുഷ്യസമുദായത്തെ മൊത്തം വധിച്ചതു പോലെയാണ് എന്നും, ആരെങ്കിലും ഒരാളെ ജീവിപ്പിച്ചാൽ അവൻ മനുഷ്യസമുദായ ത്തെ മുഴുവനും ജീവിപ്പിച്ചതുപോലെയാണ് എന്നും, നിശ്ചയം അവരിലേക്ക് നമ്മുടെ പ്ര വാചകന്മാർ വെളിപാടും കൊണ്ട് വരികയുണ്ടായി. എന്നാൽ അവരിൽ അധികപേരും ഭൂ മിയിൽ അതിര് കവിഞ്ഞവർ തന്നെയായിരുന്നു. അല്ലാഹുവിനെയും പ്രവാചകനെയും അദ്ദിക്റിൽ മൂടിവെച്ച് ഭൂമിയിൽ നാശം ഉണ്ടാക്കുന്നതിനുവേണ്ടി ഓടിനടക്കുന്നവരുടെ പ്രതിഫലം അവർ വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ കൈകാലുകൾ വിപരീത മായി ഛേദിക്കപ്പെടുകയോ അല്ലെങ്കിൽ ഭൂമിയിൽ നിന്ന് നാടുകടത്തപ്പെടുകയോ ആണ്. അത് അവർക്ക് ഇഹത്തിലുള്ള നിന്ദ്യതയാണ്, പരത്തിൽ അവർക്ക് വമ്പിച്ച ശിക്ഷയുമാ ണുള്ളത് എന്നും 5: 32–33 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 39: 53 ന്റെ വിശദീകരണത്തിൽ *ഇസ്റാഈൽ സന്തതികളിൽ പെട്ട നൂറ് കൊലപാതകം ചെയ്ത ഒരാൾക്ക് പശ്ചാത്താപം ലഭിച്ച വിവരം* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അവൻ നൂറ്

കൊലയും ചെയ്തത് കരുതിക്കൂട്ടിയായിരുന്നില്ല. വിശ്വാസികളെ വധിച്ചാൽ മാത്രമല്ല, വിശ്വാസികളെയും വിശ്വാസിനികളെയും ശല്യം ചെയ്യുകയും പിന്നെ അതിൽ ഖേദിച്ച് മടങ്ങാതിരിക്കുകയും ചെയ്യുന്നതാരാണോ, അവർക്കും നരകഗർത്തത്തിലെ കരിക്കുന്ന ശിക്ഷയാണുള്ളതെന്ന് 85: 10 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ലോകം നശിപ്പിക്കുന്നതിന് ഓടിനടക്കുന്നവരായി അധഃപതിച്ചിരിക്കുകയാണ്. അവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് 10: 60 ൽ വിവരിച്ച പ്രകാരം നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. ഇന്ന് വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 178–179; 3: 21–22; 4: 29–31 വിശദീകരണം നോക്കുക.

94. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇറങ്ങിത്തിരിച്ചാൽ അപ്പോൾ നിങ്ങൾ വെളിവാക്കുക, നിങ്ങളിലേക്ക് സമാധാനം ഇട്ടുതരുന്ന ഒരുവനോട് നിങ്ങൾ ഐഹികനേട്ടങ്ങൾ കൊതിച്ചുകൊണ്ട് 'നീ വിശ്വാസിയല്ല' എന്ന് പറയുകയും അരുത്, അപ്പോൾ യുദ്ധമുതലാകട്ടെ അല്ലാഹുവിന്റെയടുത്ത് ധാരാളമുണ്ട്, മുമ്പ് നിങ്ങളും അവരെപ്പോലെയായിരുന്നല്ലോ, അപ്പോൾ അല്ലാഹു നിങ്ങളുടെമേൽ ഔദാര്യം കാണിച്ചു, അതുകൊണ്ട് നിങ്ങൾ ശരിക്കും വെളിവാക്കുക, നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം നേരത്തെത്തന്നെ നിശ്ചയിച്ച ത്രികാലജ്ഞാനിയാകുന്നു.

പ്രവാചകനോടൊപ്പം യുദ്ധങ്ങളിൽ പങ്കെടുത്തിരുന്ന വിശ്വാസികളോട് ശത്രുസൈന്യത്തിൽ പെട്ട ആരെങ്കിലും സലാം പറയുകയാണെങ്കിൽ (അഭയം ചോദിച്ചാൽ) അവനോട് 'നീ വിശ്വാസിയല്ല' എന്ന് പറയാനോ, 9: 6 ൽ വിവരിച്ച പ്രകാരം അവനെ വധിക്കാനോ പാടില്ല എന്നുമാത്രമല്ല, അവനെ അകമ്പടി സേവിച്ച് സുരക്ഷിത സ്ഥാനത്തേക്ക് എത്തിച്ചുകൊടുക്കുകയും വേണം. ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്റിനാൽ പഠിപ്പിക്കപ്പെടുന്നതുപോലെയും മറ്റുള്ളവരെ പഠിപ്പിക്കുന്നതുപോലെയും 3: 79 ൽ വിവരിച്ച പ്രകാരം നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളുന്നവരാണ് വിശ്വാസികൾ. അപ്പോൾ അവന്റെ സ്വഭാവവും പ്രവർത്തനങ്ങളും എല്ലാ ജീവികളോടും കാരുണ്യമുള്ള രീതിയിലായിരിക്കും. 48: 6 ൽ വിവരിച്ച പ്രകാരം നാഥന്റെ ശാപവും കോപവും വർഷിക്കപ്പെട്ട കപടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന അനുയായികളോടുമാണ് -അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട്- വിശ്വാസി ശത്രുതയിൽ വർത്തിക്കുക. വിശ്വാസി ഒരിക്കലും 4: 86 ൽ വിവരിച്ച പ്രകാരം നാഥനാൽ വധിക്കപ്പെട്ട കപടവിശ്വാസികളോട് അഭിവാദ്യം നടത്തുകയില്ല എന്നുമാത്രമല്ല, 4: 63 ൽ വിവരിച്ച പ്രകാരം അവരുടെ മനസ്സിൽ തറക്കുന്ന വാക്കുകൾ പറയുകയും ചെയ്യുന്നതാണ്. 4: 85 ഓർമിച്ചുകൊണ്ടാണ് വിശ്വാസി എപ്പോഴും നിലകൊള്ളുക. വിശ്വാസി നാഥനെ മാത്രം സേവിക്കുന്നവനാണെങ്കിൽ കപടവിശ്വാസി പിശാചിനെ സേവിക്കുന്നവനും ഹൃദയത്തിലില്ലാത്തത് പറയുന്നവനുമാണ്. 9: 67 -68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്ത്രീ-പരപുരുഷബന്ധത്തിനുവേണ്ടി അതിയായി കൊതിക്കുന്നവരും അതിനുവേണ്ടി ശ്രമിക്കുന്നവരും ലൈംഗിക അരാജകത്വം കണ്ടാലും അതിനെതിരെ അദ്ദിക്ർ കൊണ്ട് പ്രതികരിക്കാതെ പരോക്ഷമായി അതിനെ അനുകൂലിക്കുന്ന തരത്തിൽ മൂകസാക്ഷികളായി നിലകൊള്ളുന്നവരുമാണ്. 2: 234; 4: 49–50; 8: 22 വിശദീകരണം നോക്കുക.

95. വിശ്വാസികളിൽ നിന്ന് യാതൊരു ബുദ്ധിമുട്ടും സഹിക്കാതെ വീട്ടിലിരിക്കുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ സമ്പത്തുകൊണ്ടും ആത്മാവുകൊണ്ടും ജിഹാദ് ചെയ്യുന്നവരും സമമാവുകയില്ല, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ സമ്പത്തുകൊണ്ടും ആത്മാവുകൊണ്ടും ജിഹാദ് ചെയ്യുന്നവരെ വെറുതെയിരിക്കുന്നവരേക്കാൾ ഒരു പദവിയിൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു, എല്ലാ ഓരോരുത്തർക്കും അല്ലാഹു നന്മ വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്യുന്നവരെ വെറുതെയിരിക്കുന്നവരേക്കാൾ അല്ലാഹു ശ്രേഷ്ഠരാക്കിയിരിക്കുന്നു, അവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

96. അവനിൽ നിന്നുള്ള പദവികൾ, പാപമോചനവും കാരുണ്യവും; അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമായിരിക്കുന്നു.

വിശ്വാസികളുടെ സംഘമില്ലാത്ത ഇന്ന് വധമോ യുദ്ധമോ ഇല്ല. ഇന്ന്, ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ചിരിക്കുകയാണ് ഒറ്റപ്പെട്ട വിശ്വാസി ചെയ്യേണ്ടത്. കൂടാതെ മനുഷ്യരുടെ ഐക്യം സ്ഥാപിക്കുന്നതിനുവേണ്ടിയും രക്തച്ചൊരിച്ചിലും നശീകരണ പ്രവർത്തനങ്ങളും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയും എല്ലാ ജീവജാലങ്ങളുടെയും നമസ്കാരത്തിന്റെയും കീർത്തനങ്ങളുടെയും പ്രതിഫലത്തിന്റെ ഒരു വിഹിതം ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടിയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തും* അല്ലാഹുവിന്റെ സന്ദേശവുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുകയും 9: 73 ൽ വിവരിച്ച പ്രകാരം പ്രകാശമായ അദ്ദിക്റിനെ ഊതിക്കെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളോടും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയുമാണ് വേണ്ടത്.

ഫുജ്ജാറുകളുടെ കാര്യത്തിൽ നീ അവരെ ഉണർത്തുന്നതും ഉണർത്താതിരിക്കുന്നതും സമമാണ്, അവർ വിശ്വാസികളാവുകയില്ല. നിശ്ചയം നീ ഉണർത്തുക അദ്ദിക്റിനെ പിൻപറ്റുന്നവനെയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ടുകൊണ്ട് അവനെ ഭയപ്പെടുന്നവനെയും മാത്രമാണ്, അപ്പോൾ നീ അവനെ പാപമോചനം കൊണ്ടും മാന്യമായ പ്രതിഫലം കൊണ്ടും സന്തോഷവാർത്ത അറിയിക്കുക എന്ന് 36: 10–11 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 118, 177, 218; 3: 32; 8: 2–4, 74 വിശദീകരണം നോക്കുക.

97. നിശ്ചയം സ്വന്തം ആത്മാവിനോടുതന്നെ അക്രമം പ്രവർത്തിച്ചവരോ, അവരുടെ റൂഹ് പിടിച്ചെടുക്കുമ്പോൾ മലക്കുകൾ ചോദിക്കും: നിങ്ങൾ എവിടെ എന്ത് ചെയ്യുകയായിരുന്നു? അവർ മറുപടി പറയും: ഭൂമിയിൽ ഞങ്ങൾ ബലഹീനന്മാരും അടിച്ചമർത്തപ്പെട്ടവരുമായിരുന്നു; അപ്പോൾ മലക്കുകൾ ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ, നിങ്ങൾക്ക് സ്വദേശം വെടിഞ്ഞ് ഒളിച്ചോടിപ്പോകാമായിരുന്നില്ലേ? അപ്പോൾ അക്കൂട്ടരുടെ അഭയസ്ഥാനം നരകഗർത്തമാകുന്നു –അതെത്ര ദുഷിച്ച മടക്കസ്ഥലം!

98. എന്നാൽ പുരുഷന്മാരിൽ നിന്നുള്ള യഥാർത്ഥ നിസ്സഹായരും സ്ത്രീകളും കുട്ടികളുമൊഴികെ, അവർ പലായനം ചെയ്യുന്നതിനുള്ള ഒരു ഉപായമോ ഒരു മാർഗമോ കണ്ടെത്താൻ സാധിക്കാത്തവരായതിനാൽ.

99. അപ്പോൾ അക്കൂട്ടരെത്തൊട്ട് അല്ലാഹു വിടുതി ചെയ്തേക്കാം, അല്ലാഹു വിടുതി ചെയ്യുന്ന ഏറെപ്പൊറുക്കുന്നവൻ തന്നെയുമായിരിക്കുന്നു.

പ്രവാചകന്റെ കാലത്ത് 2: 190–193 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാശം ഇല്ലാതാകുന്നതുവരെയും അല്ലാഹു തൃപ്തിപ്പെട്ട ജീവിതരീതി സ്വീകരിച്ച് ജീവിക്കാനുള്ള സാഹചര്യം നാട്ടിൽ ഉണ്ടാകുന്നതുവരെയും ഇങ്ങോട്ട് യുദ്ധത്തിന് വരുന്നവരോട് പ്രതിരോധിക്കാനാണ് കൽപിച്ചിട്ടുള്ളത്. വിശ്വാസികളുടെ സംഘമുള്ള അവസ്ഥയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ *ജിഹാദ്* ചെയ്യുന്നതിനുവേണ്ടി ഇറങ്ങിത്തിരിക്കാൻ കഴിവുണ്ടായിട്ടും അതിന് തയ്യാറാകാത്തവരെയാണ് ഇവിടെ സ്വന്തം ആത്മാവിനോട് അക്രമം പ്രവർത്തിച്ചവർ എന്ന് പറയുന്നത്. മനുഷ്യർക്ക് അവർ ആരെന്ന് തിരിച്ചറിയാനും സ്രഷ്ടാവിനെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും ഉപയുക്തമായ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്നവരാണ് സ്വന്തത്തിനെതിരെ അക്രമം കാണിച്ചവർ. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുകയുണ്ടായി. കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ് കാഫിറുകളും നരകത്തിന്റെ വിറകുകളും. അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും ദുഷിച്ച പരിണിതിയാണുള്ളതെന്നും അല്ലാഹുവിന്റെ കോപവും ശാപവും അവരിൽ പതിച്ചിരിക്കുന്നു എന്നും അവരുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ് എന്നും 48: 6 ൽ വിവരിച്ചിട്ടുണ്ട്. 35: 32 ൽ വിവരിച്ചപ്രകാരം നാഥന്റെ ഗ്രന്ഥം അനന്തരമെടുത്ത ഫുജ്ജാറുകൾ ആത്മാവിനോട് അക്രമം കാണിച്ചവരായതിനാൽ 10: 60 ൽ വിവരിച്ച പ്രകാരം മരണസമയത്തും വിധിദിവസവും അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതാണ്.

അപ്പോൾ അക്കൂട്ടരെത്തൊട്ട് അല്ലാഹു 'വിടുതി ചെയ്യും' എന്നുപറയാതെ 'ചെയ്തേക്കാം' എന്നുപറഞ്ഞതുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും നിസ്സഹായരായ പുരുഷന്മാർക്കുമെല്ലാം പൊറുത്തുകൊടുക്കുമെന്നല്ല, മറിച്ച് അവരിൽ നിന്നുള്ള നിഷേധത്തോടും അനീതിയോടും വെറുപ്പുള്ളവരും പ്രകാശമാകുന്ന അദ്ദിക്ർ നടപ്പിലായിക്കാണാൻ ആഗ്രഹിക്കുന്നവരും അതിനുവേണ്ടി പ്രാർത്ഥിക്കുന്നവരുമായവർക്ക് പൊറുത്തുകൊടുക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. നിഷേധത്തോടും അനീതിയോടും മനസ്സാ രാജിയാകുന്നവർക്ക് പൊറുത്തുകൊടുക്കുകയില്ല തന്നെ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 85, 254; 3: 180; 4: 91; 6: 94 വിശദീകരണം നോക്കുക.

100.ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ഒളിച്ചോടുകയാണെങ്കിൽ ഭൂമിയിൽ അവർ ധാരാളം അഭയസ്ഥാനങ്ങളും ജീവിതവിഭവങ്ങളും കണ്ടെത്തുന്നതാണ്, ആരെങ്കിലും അവന്റെ വീട്ടിൽ നിന്ന് അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും ഒളിച്ചോടുന്നവനായി പുറപ്പെടുകയും വഴിക്കുവെച്ച് മരണപ്പെടുകയും ചെയ്താൽ അപ്പോൾ അവന്റെ പ്രതിഫലം അല്ലാഹുവിന്റെമേൽ ഉറച്ചുകഴിഞ്ഞു, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമായിരിക്കുന്നു.

ഇന്ന് വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ യുദ്ധമോ പാലായനമോ ഇല്ല. അതു

കൊണ്ട് ഒറ്റപ്പെട്ട വിശ്വാസി ഇന്ന് 3: 101–103 സൂക്തങ്ങളിൽ വിവരിച്ചതുപോലെ അദ്ദിക്ർ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയാണ് വേണ്ടത്. ജീവിത ലക്ഷ്യം മനസ്സിലാക്കിയ അത്തരം വിശ്വാസി അവന് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമവും ഐശ്വര്യവും പരിഗണിച്ചുകൊണ്ട് പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ വിനിയോഗിക്കുന്നതാണ്. 3: 96 ൽ വിവരിച്ച പ്രകാരം മനുഷ്യർക്കുവേണ്ടി ഭൂമിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള നാഥന്റെ ആദ്യദേവാലയമായ കഅ്ബ ഉൾക്കൊള്ളുന്ന *ഇജാസി*ൽ അവസാനത്തെ ഖലീഫയായ *മഹ്ദി* വരുന്നതോടു കൂടി മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് *ഇജാസി*ലേക്ക് വേർതിരിക്കപ്പെടുന്നതാണ്. ഭൂമിയിലെ ആദ്യകാല വേദക്കാരായ ഇന്ത്യയിൽ നിന്നുള്ള ജൈന–ബുദ്ധ–ഹൈന്ദവ സന്യാസി–സന്യാസിനിമാരാണ് അവിടേക്ക് വേർതിരിക്കപ്പെടുന്നവരിൽ അധികവും. നാഥന്റെ ഭൂമിയിലെ ആദ്യ ദേവാലയം 'കഅ്ബ' ആണെന്നിരിക്കെ അവസാനത്തെ പ്രവാചകന്റെ ജനതയിൽ നിന്നുള്ള, 9: 28 ൽ വിവരിച്ച കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ മുശ്രിക്കുകളായ ഫുജ്ജാറുകളെ അവിടെ നിന്നും പുറത്താക്കപ്പെടുന്നതാണ്. വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന അവസാനത്തെ വ്യക്തിയും ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്ക് മടങ്ങുന്നതോടുകൂടി ഭൂമി തിരിച്ച് കറങ്ങുന്നതും സൂര്യൻ കിഴക്കുനിന്ന് ഉദിക്കുന്നതിനുപകരം പടിഞ്ഞാറുനിന്ന് ഉദിക്കുന്നതുമാണ്. അതോടുകൂടി 6: 158 ൽ വിവരിച്ചതുപോലെ പശ്ചാത്താപത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെടുന്നതുമാണ്.

കണ്ണുകളുടെ കട്ടുനോട്ടവും നെഞ്ചുകളിൽ ഒളിപ്പിച്ചുവെച്ചതിന്റെ പൊരുളും അറിയുന്ന ത്രികാലജ്ഞാനിയായ നാഥൻ ഏതൊരാളും എവിടെ വെച്ച് ഏത് പ്രവൃത്തി ചെയ്യുമ്പോഴും അവന്റെ നിറത്തിലേക്കോ ശരീരത്തിലേക്കോ നോക്കുന്നില്ല, മറിച്ച് അവന്റെ ഹൃദയത്തിന്റെ അവസ്ഥയാണ് നോക്കുന്നത്. അവയെല്ലാം 9: 51; 17: 13–14 സൂക്തങ്ങളിൽ വിവരിച്ചതുപോലെ ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ രേഖപ്പെടുത്തി വെക്കുന്നുമുണ്ട്. 53: 39 ൽ മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്നും; 92: 4 ൽ, നിശ്ചയം നിങ്ങളുടെ പ്രവർത്തനലക്ഷ്യങ്ങൾ വിഭിന്നം തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയുന്നവനും അറിയാത്തവനും സമമാവുകയില്ല എന്ന് 39: 9 ൽ പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തുന്നവന് നാം എല്ലാ കാര്യങ്ങളും എളുപ്പമാക്കിക്കൊടുക്കുമെന്ന് 92: 6–7 സൂക്തങ്ങളിലും; ഗ്രന്ഥത്തെ തള്ളിപ്പറയുന്നവന് എല്ലാ കാര്യങ്ങളും ബുദ്ധിമുട്ടാക്കിക്കൊടുക്കുമെന്ന് 92: 9–10 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ആത്മാവ് പങ്കെടുക്കാതെയുള്ള ഫുജ്ജാറുകളുടെ പ്രാർത്ഥനകൾ, നമസ്കാരം, ദാനധർമങ്ങൾ, നോമ്പ്, ഹജ്ജ് തുടങ്ങിയവയൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല എന്നുമാത്രമല്ല, അവർക്ക് പിഴയായി നരകഗർത്തമാണ് ലഭിക്കുക എന്ന് 18: 103–106; 25: 34, 65–66; 107: 4–5 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം സമർപ്പിക്കുന്ന വിധം പ്രപഞ്ചനാഥനെ പരിഗണിക്കാത്ത, ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളുടെയും പ്രജ്ഞയറ്റ അവരുടെ അനുയായികളുടെയും പ്രവർത്തനങ്ങളൊന്നും സ്വീകരിക്കപ്പെടുകയില്ല എന്ന് 9: 53–55 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നരകഗർത്തത്തിന്റെ ഏഴ് വാതിലുകളിൽ ഓരോന്നിലേക്കും അവരിൽ നിന്നുള്ള ഓരോ വിഭാഗത്തെയും നിജപ്പെടുത്തിവെച്ചിട്ടുണ്ട് എന്ന് 15: 44 ലും; നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവരുടെ പട്ടിക സിജ്ജീനിലാണെന്ന് 83: 7 ലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഓരോരുത്തരും അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി നരകക്കുണ്ഠത്തി

ലേക്കുള്ള സിജ്ജീനിലുള്ള തന്റെ പട്ടിക സ്വർഗത്തിലുള്ള ഇല്ലിയ്യീനിലേക്ക് മാറ്റേണ്ടതാണ്. എന്നാൽ ഭ്രാന്തന്മാരായ ഫുജ്ജാറുകൾക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതു വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ലും പറഞ്ഞിട്ടുണ്ട്. 2: 186; 4: 75, 85 വിശദീകരണം നോക്കുക.

101. നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുകയാണെങ്കിൽ നമസ്കാരങ്ങളിൽ നിന്ന് ചുരുക്കുന്നതിൽ നിങ്ങളുടെമേൽ വിരോധമില്ല -കാഫിറുകളായവർ നിങ്ങളെ ശല്യം ചെയ്യുമെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ, നിശ്ചയം കാഫിറുകൾ നിങ്ങൾക്ക് വ്യക്തമായ ശത്രു തന്നെയായിരിക്കുന്നു.

യാത്രയിലായിരിക്കുമ്പോൾ നാല് റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്തായി ചുരുക്കി നിർവ്വഹിച്ചാൽ മതി എന്നാണ് സൂക്തം പറയുന്നത്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് നാഥന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായി പിരിഞ്ഞ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് യഥാർത്ഥ കാഫിറുകളെന്ന് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 99 ൽ വിവരിച്ച തെമ്മാടികളായ അവർ വിശ്വാസികളുടെ ശത്രുക്കളാണ്. സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചയക്കുമ്പോൾ തന്നെ, സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റും സന്മാർഗ്ഗവുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളായ കാഫിറുകളെ അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസികൾക്ക് ശത്രുക്കളായിട്ടാണ് നിയോഗിച്ചിട്ടുള്ളത് എന്ന് 7: 24 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസികളോട് മാത്രമാണ് നമസ്കാരം, നോമ്പ് തുടങ്ങിയ കർമ്മങ്ങൾ കൽപിച്ചിട്ടുള്ളത്. 29: 45 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിന് പരമപ്രധാനം നൽകുന്ന വിശ്വാസിയോട്: നീചവും നിന്ദ്യവുമായ എല്ലാ പ്രവൃത്തികളിലും മുഴുകുകയും പ്രവാചകന്മാരെയും ഗ്രന്ഥത്തെയും കളവാക്കി ജനമധ്യത്തിൽ അവതരിപ്പിക്കുകയും ആത്മാവ് പങ്കെടുക്കാതെ ജാഡയായി നമസ്കരിക്കുകയും മരണശേഷം പിഴയായി നരകക്കുണ്ഠം ലഭിക്കുകയും ചെയ്യുന്ന കാഫിറുകൾ ശത്രുത പുലർത്തുന്നതാണ്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 22: 40; 47: 7; 61: 14 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുകയും അദ്ദിക്ർ വായിച്ച് നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും സുദീർഘമായി ഒറ്റ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുകയുമാണ് ചെയ്യുക. 1: 7; 9: 73; 11: 87 വിശദീകരണം നോക്കുക.

102. നീ അവരിലുണ്ടായിരിക്കുകയും നീ അവർക്കുവേണ്ടി നമസ്കാരത്തിന് ഇമാമായി നിൽക്കുകയും ചെയ്യുകയാണെങ്കിൽ ആയുധധാരികളായിക്കൊണ്ട് അവരിൽ ഒരു വിഭാഗം നിന്നോടൊപ്പം നിൽക്കട്ടെ, അങ്ങനെ അവർ സുജൂദ് ചെയ്താൽ പിറകോട്ട് മാറി നിൽക്കുകയും നമസ്കരിച്ചിട്ടില്ലാത്ത മറ്റേ വിഭാഗം വന്ന് നിന്നോടൊപ്പം നമസ്കരിക്കുകയും ചെയ്യട്ടെ, അവരും ജാഗ്രതയുള്ളവരും ആയുധധാരികളുമായിരിക്കണം, എന്തെന്നാൽ നിങ്ങൾ നിങ്ങളുടെ ആയുധങ്ങളിലും വിഭവങ്ങളിലും അൽപമൊന്ന് അശ്രദ്ധരായാൽ നിങ്ങളുടെ മേൽ ഒറ്റക്കെട്ടായി ചാടിവീഴുവാൻ തക്കം പാർത്തിരിക്കുന്നവരാണ് കാഫിറുകൾ, മഴമൂലം അല്ലെങ്കിൽ രോഗികളായി ബുദ്ധിമുട്ടുമ്പോൾ നിങ്ങൾ നിങ്ങളുടെ ആയുധങ്ങൾ താഴെ വെക്കുന്നതിൽ വിരോധമില്ല, എന്നാൽ അപ്പോഴും നിങ്ങൾ

ജാഗ്രത കൈക്കൊള്ളുന്നവരാകണം, നിശ്ചയം കാഫിറുകൾക്ക് അല്ലാഹു നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു.

വിശ്വാസികളുടെ സംഘമുണ്ടായിരുന്ന കാലത്ത് യുദ്ധവേളയിൽ പ്രവാചകൻ അവർക്ക് ഇമാമായി പ്രാർത്ഥനക്ക് നേതൃത്വം നൽകേണ്ട രീതിയാണ് ഈ സൂക്തത്തിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. എന്നാൽ പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം ഇസ്ലാം പിരിയുടയുകയും അറബി ഖുർആൻ വായിക്കുന്നവർ 3: 7 ൽ വിവരിച്ച പ്രകാരം ഗ്രന്ഥത്തിന്റെ ആശയം മൂടിവെക്കുന്ന കപടവിശ്വാസികൾ, ഗ്രന്ഥത്തിന്റെ ആശയം മനസ്സിലാക്കാൻ തയ്യാറാകാത്ത ഫാജിറുകൾ, ഗ്രന്ഥത്തിന്റെ ആശയം മനസിലാക്കി പ്രവർത്തിക്കുന്ന വിശ്വാസികൾ എന്നീ മൂന്ന് വിഭാഗങ്ങളായി തിരിയുകയും ചെയ്തിരിക്കുന്നു. ഗ്രന്ഥം കിട്ടിയവരിൽ നിന്ന് എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് പേരും നരകത്തിലേക്കും ഒന്ന് സ്വർഗത്തിലേക്കുമാണെന്ന് 4: 118 ൽ വിവരിച്ചിട്ടുണ്ട്. ഇന്ന് വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ കാഫിറുകളുമായുള്ള യുദ്ധമോ യുദ്ധവേളയിലുള്ള നമസ്കാരമോ ഇല്ല.

അജയ്യഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസിയെ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 'ഇവൻ നുണ പറയുന്ന ഒറ്റയാനാണ്' എന്ന് പരിഹസിക്കുമെന്ന് 54: 25 ലും പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അവരാണ് 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന, നുണ മാത്രം പറയുന്ന, നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ട യഥാർത്ഥ കാഫിറുകൾ. അദ്ദിക്റിനെ വിസ്മരിച്ചതിനാൽ 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഇവർ വർഗീയത, സ്വാർത്ഥത, തീവ്രവാദം, കള്ളക്കടത്ത്, വ്യഭിചാരം, സ്വവർഗസംഭോഗം തുടങ്ങിയ എല്ലാ ദുഷ്പ്രവൃത്തികളിലും മുന്നിലും നന്മകളിൽ പിന്നിലുമാണ്. 3: 102 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നിർവഹിക്കുന്ന അവരുടെ നമസ്കാരങ്ങളിൽ അവർ പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ ഹൃദയം കൊണ്ട് കണ്ടുകൊണ്ടിരിക്കുകയും 17: 13-14; 18: 49; 23: 62-63; 36: 12; 45: 28-29; 58: 6; 78: 29 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ പിരടിയിലുള്ള കർമ്മരേഖയിൽ അത് രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയുമാണ്. 2: 2-5, 18; 10: 60-61; 11: 118-119; 38: 8 വിശദീകരണം നോക്കുക.

103.അപ്പോൾ നിങ്ങൾ നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ നിങ്ങളുടെ നിർത്തങ്ങളിലും ഇരുത്തങ്ങളിലും കിടത്തങ്ങളിലും എല്ലായ്പ്പോഴും അല്ലാഹുവിനെ സ്മരിക്കുവീൻ, അങ്ങനെ നിങ്ങൾ ഭയം നീങ്ങി സമാധാനാവസ്ഥയിലായാൽ നമസ്കാരം പൂർണ്ണരൂപത്തിൽ തന്നെ നിർവ്വഹിക്കുകയും ചെയ്യുക, നിശ്ചയം നമസ്കാരം വിശ്വാസികളുടെമേൽ സമയം നിർണ്ണയിക്കപ്പെട്ട ഒരു ബാധ്യത തന്നെയായിരിക്കുന്നു.

ഈ സൂക്തത്തിൽ നമസ്കാരം (പ്രാർത്ഥന) വിശ്വാസികളുടെ മേൽ സമയം നിശ്ചയിക്കപ്പെട്ട ബാധ്യതയാണ് എന്നാണ് പറയുന്നത്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളാണ് ഗ്രന്ഥത്തിൽ 520 സൂക്തങ്ങളിൽ പറഞ്ഞ കാഫിറുകളും 220 സൂക്തങ്ങളിൽ പറഞ്ഞ അക്രമികളും 52 സൂക്തങ്ങളിൽ

പറഞ്ഞ ഭ്രാന്തന്മാരും 24 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും 38 സൂക്തങ്ങളിൽ പറഞ്ഞ തെമ്മാടികളും 55 സൂക്തങ്ങളിൽ പറഞ്ഞ മുശ്രിക്കുകളും. അവർ 11: 17; 46: 12 സൂക്തങ്ങളിൽ പറഞ്ഞ ഇമാമായ അദ്ദിക്റിനെയും പ്രവാചകനെയും വിസ്മരിച്ച് 29 കള്ളവാദി ഇമാമുകളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. എന്നാൽ 98: 6 ൽ കരയിലെ ഏറ്റവും തിന്മയേറിയ ജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഇക്കൂട്ടർ പ്രവാചകന്റെ സമുദായത്തിൽ പെട്ട അറബി ഖുർആൻ തൊടുക പോലും ചെയ്യാത്ത ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെയാണ് കാഫിറുകളെന്നും നരകത്തിലേക്കുള്ളവരെന്നും മുദ്ര കുത്തുന്നത്. 4: 159 ൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമതുവന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങൾ കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് ഇത്തരം ഫുജ്ജാറുകളെ വധിക്കുന്നതും 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതുമാണ്. 2: 62, 120-121; 3: 190-191; 4: 43 വിശദീകരണം നോക്കുക.

104.ആ ജനത്തെ തേടിപ്പിടിക്കുന്നതിൽ നിങ്ങൾ ദൗർബല്യം കാണിക്കുകയുമരുത്, നിങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണെങ്കിൽ അപ്പോൾ നിശ്ചയം നിങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതുപോലെ അവരും ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്, നിങ്ങൾ അവർ പ്രതീക്ഷിക്കാത്തത് അല്ലാഹുവിൽ നിന്ന് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരുമാണ്, അല്ലാഹു സർവ്വജ്ഞാനിയായ യുക്തിജ്ഞാനിയുമായിരിക്കുന്നു.

ഈ സൂക്തത്തിലൂടെ പ്രവാചകന്റെ കൂടെയുള്ള വിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയാണ്. 9: 111-112 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ അവരുടെ ജീവനും സമ്പത്തുമെല്ലാം ത്യജിക്കുന്നതിനാൽ അനുഗ്രഹസമ്പൂർണമായ സ്വർഗമാണ് അവർക്ക് വാഗ്ദത്തം ചെയ്തിട്ടുള്ളത്. എന്നാൽ കാഫിറുകൾ ജീവിത ലക്ഷ്യം ഇല്ലാത്തവരും മരണഭയമുള്ളവരും ജീവിതമെന്നാൽ ഐഹികലോകം മാത്രമാണെന്ന ധാരണയുള്ളവരുമായതിനാൽ അവർ ക്ലേശങ്ങൾ സഹിച്ച് യുദ്ധത്തിന് ഒരുമ്പെട്ട്വരുമ്പോൾ അവരെ പ്രതിരോധിക്കാൻ വിശ്വാസികൾ അലസത പ്രകടിപ്പിക്കരുതെന്നാണ് സൂക്തം കൽപിക്കുന്നത്. 3: 7 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം വിശ്വാസികളുടെ ഒരു സംഘമോ നേതാവോ ഇല്ലാത്തതിനാൽ യുദ്ധമോ വധമോ ഇല്ല. 3: 139; 9: 73; 4: 91 10: 60-61 വിശദീകരണം നോക്കുക.

105.നിശ്ചയം, നാം നിന്റെമേൽ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് ലക്ഷ്യത്തോടുകൂടിയാണ്, അല്ലാഹു നിനക്ക് കാണിച്ച് തന്നതുപോലെ ജനങ്ങൾക്കിടയിൽ നീ വിധി കൽപിക്കാൻ വേണ്ടിയാകുന്നു, നീ വഞ്ചകന്മാർക്കുവേണ്ടി വാദിക്കുന്നവനുമാകരുത്.

ലക്ഷ്യത്തോടുകൂടിയാണ് ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളതെന്ന് പറഞ്ഞാൽ ഗ്രന്ഥം അനുസരിച്ച് നീ നിലകൊള്ളണമെന്നും ഗ്രന്ഥം സമർപ്പിക്കുന്ന അല്ലാഹുവിലേക്ക് ഗ്രന്ഥം കൊണ്ട് ജനങ്ങളെ നീ ക്ഷണിക്കണമെന്നും ഗ്രന്ഥം എത്തിച്ചുകൊടുക്കേണ്ട ബാധ്യത നീ നിർവ്വഹിക്കണമെന്നുമാണ്. പരലോകത്തും വിചാരണ നടത്തുന്നത് സത്യമായ അദ്ദിക്ർ കൊണ്ടാണെന്ന് 39: 69, 75 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'അല്ലാഹു നിനക്ക് കാണിച്ച് തന്നതുപോലെ' എന്ന് പറഞ്ഞാൽ അല്ലാഹു ഉദ്ദേശിച്ചതുപോലെ എന്നാണ്. ആരാണോ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും

വിധി കൽപിക്കാത്തത്, അക്കൂട്ടർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നുണ മാത്രം പറയുന്ന കപടവിശ്വാസികളും കുഫ്ഫാറുകളുമായ തെമ്മാടികൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരും നരകക്കുണ്ഠത്തിലേക്കുള്ള ഭ്രാന്തന്മാരുമാണ്. വഞ്ചകന്മാരായ അവരോട് നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കുതന്നെയാണ് എന്ന് പറയാൻ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 14: 30; 39: 8 സൂക്തങ്ങളിലൂടെ കൽപിക്കപ്പെട്ടിരിക്കുന്നു. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 2: 174–176; 3: 187 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും തങ്ങളുടെയും തങ്ങളുടെ കുടുംബാംഗങ്ങളുടെയും വയറുകളിൽ തീ നിറക്കുന്നവരാണ്. 2: 147–148; 3: 196–197; 8: 27–28 വിശദീകരണം നോക്കുക.

106.നീ അല്ലാഹുവിനോട് പൊറുക്കലിനെത്തേടുകയും ചെയ്യുക, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനായിരിക്കുന്നു.

സാമുദായിക പക്ഷപാതത്തിലേക്കോ ഭൂരിപക്ഷത്തിന്റെ ഇംഗിതങ്ങളിലേക്കോ ശ്രദ്ധ ആകർഷിച്ചിട്ടുണ്ടെങ്കിൽ അതിന് കാരുണ്യവാനായ നാഥനോട് പൊറുക്കലിനെത്തേടാനാണ് പ്രവാചകനോടും അത് വഴി വിശ്വാസിയോടും ആവശ്യപ്പെടുന്നത്.

107.തങ്ങളെത്തന്നെ വഞ്ചിച്ചുകൊണ്ടിരിക്കുന്നവരെത്തൊട്ട് നീ വാദിക്കുകയുമരുത്, നിശ്ചയം കൊടുംവഞ്ചകനായ കുറ്റവാളിയായ ഒരുവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

തങ്ങളെത്തന്നെ വഞ്ചിച്ചുകൊണ്ടിരിക്കുന്നവർ കപടവിശ്വാസികളാണ്. അവർ അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ച് പിശാചിനെ സഹായിച്ചുകൊണ്ടിരിക്കുന്നവരും ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാണെന്ന് ഉറപ്പ് വരുത്താത്തവരും അദ്ദിക്റിനെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായി പരിചയപ്പെടുത്താത്തവരുമാണ്. അത്തരം കൊടും വഞ്ചകരും കുറ്റവാളികളുമായവരെ അനുസരിക്കലോ അവർക്കുവേണ്ടി വാദിക്കലോ പ്രവാചകനും വിശ്വാസിക്കും അനുവദനീയമല്ല. ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കപടവിശ്വാസികൾ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമാണ്. നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള അവരെയും അനുയായികളായ മുശ്രിക്കുകളെയും 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 1: 7; 2: 18; 4: 63 വിശദീകരണം നോക്കുക.

108.ജനങ്ങളിൽ നിന്ന് അവർ ഒളിപ്പിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹുവിൽ നിന്ന് അവർക്ക് ഒളിപ്പിച്ചുവെക്കാൻ സാധ്യവുമല്ല, രാത്രി കാലങ്ങളിൽ അവരുടെ വീടുകളിൽ അവൻ തൃപ്തിപ്പെടാത്ത വാക്കുകളിൽ നിന്ന് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരോടൊപ്പമുണ്ട്, അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനായിരിക്കുന്നു.

57: 4 ൽ, നിങ്ങൾ എവിടെയാണെങ്കിലും അവൻ നിങ്ങളോടൊപ്പമുണ്ട് എന്നും; 58: 7 ൽ, മൂന്നാളുകൾ കൂടി രഹസ്യസംസാരം നടത്തുന്നില്ല –നാലാമനായി അല്ലാഹു കൂടെയുണ്ടായിട്ടല്ലാതെ, അഞ്ചാളുകൾ കൂടി രഹസ്യസംസാരം നടത്തുന്നില്ല –ആറാമനായി അ

ല്ലാഹു കൂടെയുണ്ടായിട്ടല്ലാതെ, അതിലേറെയോ കുറവോ ആളുകൾ കൂടി എപ്പോൾ എ വിടെവെച്ച് രഹസ്യസംസാരം നടത്തുമ്പോഴും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ നടത്തുന്നില്ല, പിന്നെ എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന അല്ലാഹു അന്ത്യദിനത്തിൽ അ വരോട് വിവരം പറഞ്ഞുകൊടുക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹു വിവരം പ റഞ്ഞുകൊടുക്കും എന്ന് പറഞ്ഞാൽ 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓരോരു ത്തരുടെയും പിരടിയിൽ വഹിക്കുന്ന കർമ്മരേഖ പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടു ത്ത് നൽകി ഓരോരുത്തരെക്കൊണ്ടും വായിപ്പിച്ച് വിചാരണ നടത്തും എന്നാണ്. എല്ലാം വലയം ചെയ്തവനാണെന്ന് പറഞ്ഞാൽ, ഓരോ വ്യക്തിയെക്കുറിച്ചുമുള്ള കാര്യങ്ങൾ മാ ത്രമല്ല, ആകാശഭൂമികൾക്കിടയിലുള്ള എല്ലാ കാര്യങ്ങളും നേരത്തെ തീരുമാനിച്ച് ഉറപ്പി ച്ച് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട് എന്നാണ്. എന്നാൽ ത്രികാലജ്ഞാനിയാ യ അല്ലാഹു ഉറക്കവും മയക്കവും പിടിപെടാത്തവനും എല്ലാം പതിയിരുന്ന് വീക്ഷിച്ചു കൊണ്ടിരിക്കുന്നവനുമാണ് എന്ന് വിശ്വസിക്കാത്ത കപടവിശ്വാസികൾ പരലോകത്തെ യും അല്ലാഹുവിനെയും മറന്നുകൊണ്ട് അദ്ദിക്റിന്റെ കൽപനകൾക്കും വിരോധങ്ങൾ ക്കും നേരെ വിരുദ്ധമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുക.

6: 38 ൽ വിവരിച്ച 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെയും ആത്മാവും ജീവനു മ ടങ്ങിയ റൂഹ് പ്രപഞ്ചനാഥന്റേത് തന്നെയാണ്. ഇതര ജീവികളിൽ നിന്നും മനുഷ്യനുള്ള പ്രത്യേകത മനുഷ്യന് വിശേഷബുദ്ധി നൽകപ്പെട്ടിട്ടുണ്ട് എന്നതാണ്. 2: 121, 255; 4: 88; 10: 60-61 വിശദീകരണം നോക്കുക.

109.ഹാ! നിങ്ങൾ ഇക്കൂട്ടർ, ഐഹികലോകത്ത് അവർക്കുവേണ്ടി വാദിക്കുന്നവർ തന്നെയാണ്, അപ്പോൾ അന്ത്യദിനത്തിൽ ആരാണ് അവർക്കുവേണ്ടി അല്ലാഹുവിനോട് വാദിക്കാനുണ്ടാവുക? അതല്ലെങ്കിൽ ആരാണ് അവരുടെ മേൽ കൈകാര്യകർത്താവാകാനുണ്ടാവുക?

ഭാരം വഹിക്കുന്ന ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒന്നും ചെയ്യാൻ പറ്റാത്ത ദിനമാ ണ് അന്ത്യനാൾ എന്ന് 6: 164; 17: 15; 35: 18; 39: 7; 53: 38-42 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. എല്ലാ ഓരോരുത്തരും നഗ്നരായി നഗ്നപാദരായി ചേലാ കർമ്മരഹിതരായി ഒറ്റക്കൊറ്റക്കായി അല്ലാഹുവിന്റെ മുമ്പിൽ 15 വയസ്സിന് ശേഷമുള്ള ജീ വിതത്തിന്റെ ഓരോ നിമിഷത്തെക്കുറിച്ചും ഉത്തരം പറയേണ്ടതുണ്ട് എന്ന് 6: 94; 18: 48; 19: 95 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ഓരോരുത്തരുടെയും പിരടിയിൽ ബ ന്ധിച്ചിട്ടുള്ള കർമ്മരേഖ അന്ന് തുറന്ന പുസ്തകമായി പുറത്തെടുത്ത് കൊടുത്തു കൊ ണ്ട് അവരവരെക്കൊണ്ട് വായിപ്പിച്ചാണ് വിചാരണ നടത്തുക എന്ന് 17: 13-15; 18: 49; 23: 62-63; 36: 12; 45: 28-32; 58: 6; 78: 27-29 എന്നീ സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടു ണ്ട്. അന്ന് അവരുടെ നാവുകളും തൊലികളും കേൾവികളും കാഴ്ചകളും കൈകാലുക ളും മറ്റ് അവയവങ്ങളുമെല്ലാം അവർക്കെതിരെ സാക്ഷ്യം വഹിക്കുന്നതാണ് എന്ന് 24: 24; 36: 65; 41: 19-24; 99: 4 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്. ഞാൻ നിങ്ങൾക്കുവേണ്ടി വാദിക്കുന്ന വക്കീലൊന്നുമല്ല എന്ന് പറയാൻ 6: 66 ൽ പ്രവാചകനോ ട് ആവശ്യപ്പെട്ടിട്ടുണ്ട്. 39: 41 ൽ, നിശ്ചയം നാം നിന്റെമേൽ ഈ ഗ്രന്ഥമിറക്കിയത് മനു ഷ്യർക്കുവേണ്ടി ലക്ഷ്യത്തോടുകൂടിയാണ്, അപ്പോൾ ആരെങ്കിലും അത് ഉപയോഗപ്പെടു ത്തി സന്മാർഗത്തിലാവുകയാണെങ്കിൽ അതിന്റെ ഗുണം അവനുതന്നെയാണ്, ആരെങ്കി ലും അതിൽ നിന്ന് വ്യതിചലിച്ച് വഴികേടിലായാൽ അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്, നീ അവർക്കുവേണ്ടി വാദിക്കുന്ന വക്കീലൊന്നുമല്ല എന്നും; 39: 62 ൽ, അ

ല്ലാഹുവാണ് എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ് എന്നും അവൻ തന്നെയാണ് എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവെന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ കൈകാര്യകർത്താവായി സ്വീകരിക്കുക അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസികൾ മാത്രമാണ്. നാഥനിൽ നിന്നുള്ള ഗ്രന്ഥം ലഭിച്ചതിന് ശേഷം അല്ലാഹുവിന്റെ സൃഷ്ടികളെ -മുഹമ്മദ്, ഈസാ, മൂസാ തുടങ്ങിയ പ്രവാചകന്മാരെ തന്നെയാണെങ്കിലും- കൈകാര്യകർത്താവായി സ്വീകരിക്കുന്നവർ കാഫിറായ പിശാചിനെ കൈകാര്യകർത്താവായി സ്വീകരിക്കുന്ന യഥാർത്ഥ കാഫിറുകളാണ്. അവരുടെ ജിന്ന് കൂട്ടുകാരനായ പിശാചാകട്ടെ, ആ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതും 'എനിക്ക് നിങ്ങളിൽ യാതൊരു സ്വാധീനവുമുണ്ടായിരുന്നില്ല, നിങ്ങളുടെ വഴികേടിന് നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തിക്കൊള്ളുക' എന്ന് പറയുന്ന രംഗം 14: 22; 43: 36-39; 50: 27-29; 59: 16-17 തുടങ്ങിയ സൂക്തങ്ങളിലെല്ലാം മുന്നറിയിപ്പ് നൽകിയത് ഇത്തരം ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. മറിച്ച് അവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥമാണ് അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നത്. 2: 119; 3: 30; 4: 37-38 വിശദീകരണം നോക്കുക.

110. ആരെങ്കിലും ഒരു തിന്മ പ്രവർത്തിക്കുകയും അല്ലെങ്കിൽ സ്വന്തത്തോട് തന്നെ അതിക്രമം കാണിക്കുകയും പിന്നെ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയുമാണെങ്കിൽ അല്ലാഹുവിനെ ഏറെപ്പൊറുക്കുന്ന കാരുണ്യവാനായി കണ്ടെത്തുന്നതാണ്.

അല്ലാഹുവിനെ പരിചയപ്പെടുന്നതിനും തെറ്റും ശരിയും വേർതിരിച്ചറിയുന്നതിനുമുള്ള ഉരക്കല്ലായ അദ്ദിക്ർ ലഭിക്കാത്തത് കാരണം ജാഹിലിയ്യാകാലത്ത് സംഭവിച്ചു പോയ തെറ്റുകുറ്റങ്ങളെല്ലാം അദ്ദിക്ർ വായിച്ച് ആത്മാവുകൊണ്ട് അല്ലാഹുവിനോട് ഏറ്റുപറയുകയും മറ്റുള്ളവരിൽ നിന്ന് അത്തരം തെറ്റുകുറ്റങ്ങൾ വരാതിരിക്കാനുള്ള ലക്ഷ്യത്തോടുകൂടി ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ശിഷ്ടമുള്ള ജീവിതം നയിക്കുകയും വഴി അവൻ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ പ്രവർത്തനങ്ങൾ 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്ർ കൊണ്ട് തന്റെ സ്ഥാനം സ്വർഗത്തിലാണെന്ന് ഉറപ്പുവരുത്താത്ത എല്ലാ ഫുജ്ജാറുകളും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരാണെന്നും അവർ വിധിദിവസം നരകക്കുണ്ഠത്തിന്റെ വക്കിൽ വെച്ച് 'നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് പറയുമെന്നും 32: 12 ൽ അവർ വായിച്ചിട്ടുണ്ട്. അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത, അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന കപടവിശ്വാസികളും അദ്ദിക്റിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളും ആത്മാവിനോട് അക്രമം കാണിച്ചവരാണെന്നും ഇത്തരം അക്രമികളും ഭ്രാന്തന്മാരുമായവരെ നാഥൻ വിജയം വരിപ്പിക്കുകയില്ല എന്നും 6: 21; 10: 17 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 165-167; 186; 4: 17-18, 48; 5: 48; 25: 68-70 വിശദീകരണം നോക്കുക.

111. ആരെങ്കിലും ഒരു കുറ്റം സമ്പാദിക്കുകയാണെങ്കിൽ, അപ്പോൾ നിശ്ചയം അവൻ അത് സമ്പാദിക്കുന്നത് അവന്റെ മേൽ തന്നെയാണ്, അല്ലാഹു സർവ്വജ്ഞനായ യുക്തിജ്ഞാനിയായിരിക്കുന്നു.

പ്രകാശമായ അദ്ദിക്റിനെ ടിക്കറ്റും തെളിവുമായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ സമ്പാദിക്കുന്നത് സ്വർഗ്ഗവും, അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്

തുകൊണ്ടിരിക്കുന്ന കാഫിറുകൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠവുമാണെന്നാണ് പഠിപ്പിക്കുന്നത്. നിഷ്പക്ഷവാനായ അല്ലാഹു സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കുമുള്ള വഴികളടങ്ങിയ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാവരെയും പഠിപ്പിച്ചിട്ടുണ്ട്. 2: 286; 4: 100; 6: 104 വിശദീകരണം നോക്കുക.

112. ആരെങ്കിലും ഒരു തെറ്റോ അല്ലെങ്കിൽ കുറ്റമോ സമ്പാദിക്കുകയും പിന്നീട് ഒരു നിരപരാധിയുടെമേൽ അത് ആരോപിക്കുകയും ചെയ്യുന്ന പക്ഷം, അപ്പോൾ നിശ്ചയം അവൻ വമ്പിച്ച അപവാദവും തെളിഞ്ഞ കുറ്റവും ചുമന്ന് കഴിഞ്ഞു.

വിശ്വാസികളുടെ മേൽ അപവാദം പറയൽ വൻകുറ്റങ്ങളിൽ പെട്ടതാണെന്ന് പ്രപഞ്ച നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 24: 11–13 സൂക്തങ്ങളിൽ, ആയിശ–സ്വഫ്വാൻ എന്നിവരെക്കുറിച്ച് കപടവിശ്വാസികൾ അപവാദം പറഞ്ഞുപരത്തിയതിനെ വിമർശിക്കുകയും; 24: 16 ൽ, 'ഇത് വമ്പിച്ച അപവാദമാണ്, അല്ലാഹുവേ നീയെത്ര പരിശുദ്ധൻ, വിശ്വാസികളായ നമുക്ക് ഇത്തരം വാക്കുകൾ പറയാൻ പാടില്ല' എന്ന് ആ വാർത്ത കേട്ടപ്പോൾ നിങ്ങൾ എന്തുകൊണ്ട് പറഞ്ഞില്ല എന്ന് ചോദിക്കുകയും; 24: 17 ൽ, നിങ്ങൾ വിശ്വാസികളാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ മേലിൽ ഒരിക്കലും ആവർത്തിക്കരുതെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഭ്രാന്തന്മാരായ അവർ അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളെ 'നുണ പറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുന്നതാണ് എന്ന് 54: 25; 83: 29 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അക്രമികളായ ഫുജ്ജാറുകളെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 175–176 സൂക്തങ്ങളിൽ ഉപമിച്ചിട്ടുള്ളതെങ്കിൽ, ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരുമായ അവരെ ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. ഇസ്ലാമിനെ വികൃതമായി അവതരിപ്പിച്ചുകൊണ്ട് കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ കാഫിറുകളായ ഇക്കൂട്ടർ ഈസാ രണ്ടാമത് വന്നാൽ കല്ലുകളാലും മരങ്ങളാലും കാഫിറുകളാണെന്ന് വിളിച്ചുപറയപ്പെട്ട് അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 തുടങ്ങിയ സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതുമാണ്. 1: 7; 2: 80–81; 9: 67–68 വിശദീകരണം നോക്കുക.

113. അല്ലാഹുവിന്റെ ഔദാര്യവും അവന്റെ കാരുണ്യവും നിന്റെമേൽ ഉണ്ടായിരുന്നില്ലെങ്കിലോ, അവരിൽ ഒരു വിഭാഗം നിന്നെ വഴിപിഴപ്പിക്കാൻ ഉദ്യമിക്കുക തന്നെ ചെയ്യുമായിരുന്നു, എന്നാൽ അവർ അവരെത്തന്നെയല്ലാതെ വഴിപിഴപ്പിക്കുന്നുമില്ല, നിനക്ക് ഒരു ഉപദ്രവവും വരുത്തുകയുമില്ല, നിന്റെമേൽ അല്ലാഹു വേദവും തത്വജ്ഞാനവും അവതരിപ്പിച്ചിട്ടുണ്ടല്ലോ, നിന്നെ അറിവില്ലാത്ത പലതും പഠിപ്പിക്കുകയും ചെയ്തിരിക്കുന്നുവല്ലോ, നിന്റെ മേലുള്ള അല്ലാഹുവിന്റെ ഔദാര്യം മഹത്തരവുമായിരിക്കുന്നു.

17: 73–75 സൂക്തങ്ങളിൽ, അവർക്ക് സാധിച്ചിരുന്നെങ്കിൽ നാം നിനക്ക് ദിവ്യസന്ദേശമായി നൽകിയ ഗ്രന്ഥത്തിൽ അക്ഷരങ്ങൾ കൂട്ടുകയോ കുറക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് നമ്മുടെ മേൽ ഇല്ലാത്തത് കെട്ടിച്ചമച്ച് അവർ നിന്നെ നാശത്തിൽ അകപ്പെ

ടുത്താൻ ശ്രമിക്കുക തന്നെ ചെയ്യുമായിരുന്നു, അങ്ങനെ നീ ചെയ്തിരുന്നുവെങ്കിൽ അ വർ നിന്നെ ആത്മമിത്രമായി തെരഞ്ഞെടുക്കുമായിരുന്നു. നാം നിന്നെ ഉറപ്പിച്ച് നിർത്തി യിട്ടുണ്ടായിരുന്നില്ലെങ്കിൽ നീ അൽപസ്വൽപം അവരിലേക്ക് ചാഞ്ഞുപോവുക തന്നെ ചെയ്യുമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ ഇഹത്തിലും പരത്തിലും ഇരട്ടിശിക്ഷ നാം നിന്നെ രുചിപ്പിക്കുക തന്നെ ചെയ്യും, പിന്നെ നമ്മുടെ മേൽ ഒരു സഹായിയെയും നീ കണ്ടെത്തുകയുമില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്.

മദീനയിൽ *ബനൂസഫർ* ഗോത്രത്തിൽ പെട്ട *തഅ്മത്തുബ്നു ഉബൈരിഖ്* എന്ന ഒ രാൾ ഒരു അൻസാരിയുടെ പടയങ്കി മോഷ്ടിച്ചു, കാണാതായ അങ്കിയെപ്പറ്റി ഉടമസ്ഥൻ അ ന്വേഷിക്കാൻ തുടങ്ങിയപ്പോൾ തഅ്മത്ത് അത് ഒരു ജൂതന്റെ പക്കൽ സൂക്ഷിക്കാൻ കൊ ടുത്തു. അങ്കിയുടമ പ്രവാചകന്റെ മുമ്പാകെ കേസ് ബോധിപ്പിക്കുക യും തഅ്മത്തിനെ സംശയിക്കുന്നതായി ഉണർത്തുകയും ചെയ്തു. തഅ്മത്ത് സ്വകുടുബക്കാരെ സമീപിച്ച് ഗൂഢാലോചന നടത്തി കുറ്റം ജൂതന്റെമേൽ ആരോപിക്കാൻ തീരുമാനിച്ചു. വിചാരണ ന ടത്തിയപ്പോൾ ജൂതൻ വാസ്തവം വെളിപ്പെടുത്തുകയും തന്റെ നിരപരാധിത്തം അറിയി ക്കുകയും ചെയ്തു. എന്നാൽ തഅ്മത്തും കുടുംബവും ശക്തിയായി പക്ഷം പിടിച്ച് വാ ദിക്കുകയാണുണ്ടായത്. ഇവനോ ഒരു ജൂതൻ, സത്യത്തെയും അല്ലാഹുവിന്റെ പ്രവാച ക നെയും നിഷേധിക്കുന്ന ഇവന്റെ വാദം ഒരിക്കലും വിശ്വസനീയമല്ല, വിശ്വാസികളായ ഞ ങ്ങളുടെ വാദമാണ് അംഗീകരിക്കേണ്ടത് എന്ന് അവർ വാദിച്ചു. പ്രത്യക്ഷത്തിൽ ജൂതനെ സംശയിക്കാനും തഅ്മത്തിനും കുടുംബത്തിനും അനുകൂലമായി വിധി കൽപിക്കാനും ഇടയാക്കുമായിരുന്ന ഈ സാഹചര്യത്തിലാണ് ത്രികാലജ്ഞാനിയായ നാഥൻ 4: 105 മു തൽ 4: 113 വരെയുള്ള സൂക്തങ്ങൾ അവതരിപ്പിക്കുന്നത്. അങ്ങനെ പ്രവാചകൻ അല്ലാഹു വിന്റെ നിർദ്ദേശപ്രകാരം ജൂതന് അനുകൂലമായി വിധി കൽപിക്കുകയും ജൂതനെ സംശ യിക്കാൻ ഇടയായ സാഹചര്യത്തെത്തൊട്ട് അല്ലാഹുവിനോട് പൊറുക്കലിനെത്തേടുക യും ചെയ്തു. ഈ സംഭവത്തിൽ നിന്നും കിട്ടുന്ന പാഠം വിശ്വാസികൾ അല്ലാഹുവിന്റെ പ്രതിനിധികളായിരിക്കെ സ്വാർത്ഥത, സ്വജനപക്ഷപാതം, വർഗീയത എന്നീ ദുർഗുണങ്ങ ളൊന്നുമില്ലാതെ നിഷ്കളങ്കരായിരിക്കണമെന്നാണ്.

സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന യഥാർത്ഥ മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായ, എല്ലാ ഓരോ കാര്യവും വിശദീകരിച്ച, 16: 89 ൽ പറഞ്ഞ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അത് വന്നുകിട്ടിയിട്ട് അതുകൊണ്ട് വ്യ ക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്ത വർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളും എന്ന് 5: 44, 45, 47 സൂക്ത ങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തെ തള്ളിപ്പറഞ്ഞ് അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന അവർ അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയരായവരും നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ടവരുമാണെന്ന് 9: 67–68; 18: 101; 25: 33–34; 48: 6; 98: 6 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 62; 10: 57–58 വിശദീകരണം നോക്കുക.

114. അവരുടെ രഹസ്യ സംസാരങ്ങളിൽ അധികവും നന്മയേതുമില്ലാത്തതാകുന്നു –ദാനധർമ്മങ്ങൾക്കും അല്ലെങ്കിൽ നന്മ കൽപ്പിക്കുന്നതിനുള്ള പ്രേരണ നൽകു ന്നതിനും അല്ലെങ്കിൽ ജനങ്ങൾക്കിടയിൽ യോജിപ്പുണ്ടാക്കുന്നതിനും വേണ്ടി യുള്ളതൊഴികെ, അല്ലാഹുവിന്റെ തൃപ്തി മോഹിച്ചുകൊണ്ട് അങ്ങനെ ആരെ ങ്കിലും ചെയ്യുകയാണെങ്കിൽ അപ്പോൾ നാം അവന് മഹത്തായ പ്രതിഫലം നൽകുക തന്നെ ചെയ്യുന്നതാണ്.

5: 2 ൽ വിശ്വാസികളെ വിളിച്ച്: നിങ്ങൾ പുണ്യത്തിലും ഭക്തിയിലും പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്യുവീൻ, കുറ്റകൃത്യങ്ങളിലും ശത്രുതയിലും നിങ്ങൾ സഹകരിക്കാതിരിക്കുകയും സഹായിക്കാതിരിക്കുകയും ചെയ്യുവീൻ എന്ന് പറഞ്ഞിട്ടുണ്ട്. 8: 48 ൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ ചിന്താശക്തി ഉപയോഗപ്പെടുത്തുന്നവരാവുകയുള്ളൂ. 2: 152 ൽ വിവരിച്ച പ്രകാരം എപ്പോഴും ദൈവസ്മരണയിൽ നിലകൊള്ളുന്നവരായതിനാൽ മനസാ വാചാ കർമണാ അവർ പരദ്രോഹം ചെയ്യുകയില്ല. 3: 91, 187; 4: 86; 7: 205–206; 58: 8–10 വിശദീകരണം നോക്കുക.

115. ആരെങ്കിലും തനിക്ക് സന്മാർഗം വെളിപ്പെട്ട് കഴിഞ്ഞതിനുശേഷം പ്രവാചകനുമായി വിഘടിക്കുകയും വിശ്വാസികളുടേതല്ലാത്ത മാർഗ്ഗം പിന്തുടരുകയും ചെയ്യുന്നുവെങ്കിൽ, നാം അവനെ അവൻ തിരിഞ്ഞോടത്തേക്കുതന്നെ തിരിക്കുകയും നാം അവനെ നരകക്കുണ്ഠത്തിൽ കരിക്കുകയും ചെയ്യുന്നതാണ് –എത്ര മോശപ്പെട്ട മടക്കസ്ഥലം.

47: 32 ൽ, നിശ്ചയം അദ്ദിക്റിനെ മൂടിവെക്കുകയും അല്ലാഹുവിന്റെ മാർഗ്ഗമായ അതിൽ നിന്ന് ജനങ്ങളെ തടയുകയും സന്മാർഗമായ അത് വന്നുകിട്ടിയശേഷം പ്രവാചകനുമായി വിഘടിക്കുകയും ചെയ്തവരുണ്ടല്ലോ, അവർ അല്ലാഹുവിന് ഒരു ഉപദ്രവവും വരുത്തുന്നില്ല, എന്നാൽ അവരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായിക്കഴിഞ്ഞു എന്നും; 47: 33 ൽ, വിശ്വാസികളെ വിളിച്ച്: ഓ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവീൻ, അവന്റെ പ്രവാചകനെയും അനുസരിക്കുവീൻ, അതുവഴി നിങ്ങളുടെ പ്രവർത്തനങ്ങൾ നിഷ്ഫലമാക്കാതിരിക്കുകയും ചെയ്യുവീൻ എന്നും; 47: 34 ൽ, നിശ്ചയം അദ്ദിക്ർ മൂടിവെക്കുകയും അതിൽ നിന്ന് ജനങ്ങളെ തടയുകയും അങ്ങനെ നിഷേധത്തിനുമേൽ നിഷേധിയായിക്കൊണ്ട് മരിക്കുകയും ചെയ്തവരുണ്ടല്ലോ, അവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല തന്നെ എന്നും പറഞ്ഞിട്ടുണ്ട്. 8: 13; 59: 1–4 എന്നീ സൂക്തങ്ങളിലും അല്ലാഹുവിനോടും പ്രവാചകനോടും വിഘടിച്ച് ജീവിച്ചാൽ അവരെ കഠിനമായി ശിക്ഷിക്കുക തന്നെ ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇന്ന് അല്ലാഹുവിനെക്കൊണ്ടും പ്രവാചകനെക്കൊണ്ടും വിശ്വസിക്കുന്നുണ്ടെന്ന് ഊറ്റം കൊള്ളുന്നവരും എന്നാൽ അല്ലാഹുവിനെയും അവന്റെ പ്രവാചകന്മാരെയുമെല്ലാം പരിചയപ്പെടുത്തുന്ന ഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിതമേഖലകളിലെല്ലാം പ്രവാചകനുമായി വിഘടിച്ച് ജീവിതം നയിക്കുന്നവരാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം സന്മാർഗമായ അദ്ദിക്ർ മാത്രമാണെന്നിരിക്കെ അതിനെ പിൻപറ്റുന്ന വിശ്വാസി മാത്രമാണ് നേരെച്ചൊവ്വെയുള്ള പാതയിലുള്ളത്. അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ട അത്തരം വിശ്വാസികളുടെ മാർഗ്ഗം പിൻപറ്റാത്തവരെയെല്ലാം അവർ തെരഞ്ഞെടുത്ത പിശാചിന്റെ പാതകളിലൂടെത്തന്നെ ചരിപ്പിക്കുകയും അവന്റെ വീടായ നരകക്കുണ്ഠത്തിൽ കരിക്കുകയും ചെയ്യുമെന്നാണ് മുന്നറിയിപ്പ് നൽകുന്നത്. അല്ലാഹുവും പ്രവാചകനും വിശ്വാസികളും ഉൾപ്പെട്ട അല്ലാഹുവിന്റെ സംഘത്തിനാണ് പ്രതാപവും വിജയവും ലഭിക്കുക. വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകൾ തന്നെയാണ് പിശാചിന്റെ സംഘത്തിൽ പെട്ട യഥാർത്ഥ കാഫിറുകളും എല്ലാം നഷ്ടപ്പെട്ടവരും. 2: 174–176; 3: 196–197; 4: 80–82 വിശദീകരണം നോക്കുക.

116. നിശ്ചയം അല്ലാഹു അവനെക്കൊണ്ട് പങ്കുചേർക്കപ്പെടുന്നത് ഒരിക്കലും പൊ

റുക്കുകയില്ല തന്നെ, അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുത്തേക്കാം, ആരെങ്കിലും അല്ലാഹുവിനെക്കൊണ്ട് പങ്കുചേർത്താൽ അപ്പോൾ നിശ്ചയം അവൻ വിദൂരമായ വഴികേടിൽ വഴിപിഴച്ചുകഴിഞ്ഞു.

ആരാണോ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന അല്ലാഹുവിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നത്, അപ്പോൾ അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 -102; 4: 174-175 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രവും യുക്തിനിർഭര ഗ്രന്ഥവുമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാണെന്ന് ഉറപ്പുവരുത്തി അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെടാത്ത ഫുജ്ജാറുകളിൽ നിന്നുള്ളവരെല്ലാം അല്ലാഹുവിനെക്കൊണ്ട് പങ്കുചേർക്കുന്ന മുശ്രിക്കുകളും കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരുമാണ്. 1: 7; 2: 137; 4: 48; 7: 40 വിശദീകരണം നോക്കുക.

117. അവർ അവനെക്കൂടാതെ ചില ദേവികളെയല്ലാതെ വിളിക്കുന്നില്ല, അവർ സംശയമുണ്ടാക്കുന്ന പിശാചിനെയല്ലാതെ വിളിക്കുന്നുമില്ല.

നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും സത്യവും തെളിവുമായ അദ്ദിക്ർ അവതരിച്ചിട്ടുള്ളത് പ്രപഞ്ചനാഥനായ അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് കൽപിച്ചുകൊണ്ടാണെന്ന് 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ നിങ്ങൾ ഈ അല്ലാഹുവിനെക്കുറിച്ച് ജനങ്ങളുടെ ഭാഷയിൽ ഓർമിപ്പിക്കുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്നത് കപടവിശ്വാസികളും അവരുടെ അനുയായികളായ ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളാണ്.

മക്കാമുശ്രിക്കുകൾ മലക്കുകളെ അല്ലാഹുവിന്റെ പെൺസന്താനങ്ങളായിട്ടും ജിന്നുകളെ ആൺസന്താനങ്ങളായിട്ടും കണക്കാക്കിപ്പോന്നിരുന്നു. അവർ ആപത്തുഘട്ടങ്ങളിൽ അല്ലാഹുവിനെക്കൂടാതെ ദേവികളായി സങ്കൽപിച്ചുവെച്ച മലക്കുകളെയാണ് വിളിച്ചു പ്രാർത്ഥിച്ചിരുന്നത്. സൃഷ്ടികളായ മുഹമ്മദ്, ഈസാ, മൂസാ തുടങ്ങിയ പ്രവാചകന്മാർ; മുഹ്യുദ്ധീൻ ശൈഖ്, അജ്മീർ ഖോജ, ബദ്ർ ശുഹദാക്കൾ തുടങ്ങിയ മഹാത്മാക്കൾ; മലക്കുകൾ, ജിന്നുകൾ തുടങ്ങി അല്ലാഹുവിനെക്കൂടാതെ അവന്റെ ഏത് സൃഷ്ടികളെ വിളിച്ചാലും അവർ സർവ്വസ്രഷ്ടാവിൽ നിന്ന് തടയുന്ന ധിക്കാരിയായ പിശാചിനെയല്ലാതെ വിളിക്കുന്നില്ല. എല്ലാ സൃഷ്ടികളെയും അല്ലാഹുവിനെയല്ലാതെ അവർ ആരെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അല്ലാഹു മഹാത്മാക്കളോട് ചോദിക്കും: എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത് നിങ്ങളാണോ, അതോ അവർ സ്വയം വഴിപിഴച്ചതാണോ; അപ്പോൾ ആ മഹാത്മാക്കൾ മറുപടി പറയും: 'നീ പരിശുദ്ധൻ, നിന്നെക്കൂടാതെ മറ്റൊരു സംരക്ഷകനെയും സഹായിയെയും തെരഞ്ഞെടുക്കൽ ഞങ്ങൾക്ക് യോജിച്ചതായിരുന്നില്ല തന്നെ, എന്നാൽ നീ ഇവർക്കും ഇവരുടെ പിതാക്കൾക്കും ജീവിതവിഭവങ്ങൾ യഥേഷ്ടം നൽകുകയും അങ്ങനെ അവർ അദ്ദിക്റിനെ വിസ്മരിച്ച ഒരു കെട്ട ജനതയായി' എന്ന് അന്യായം ബോധിപ്പിക്കുന്ന രംഗം 25: 17-18 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 16: 20-22 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവർ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരുമാണ്, അവർ മരിച്ചവരാണ്, ജീവിച്ചിരിപ്പുള്ളവർ പോലുമല്ല, എന്നാണ് പുനർജീവിപ്പിക്കപ്പെടുക എന്നുപോലും അറിയാത്തവരാണ് അവർ. നിങ്ങളുടെ ഇലാഹ് -കാണാതെ കണ്ട് വിളിക്കാവുന്നവൻ, സഹായം തേടാവുന്നവൻ, ഭയപ്പെടാവുന്നവൻ, ഭരമേൽപ്പിക്കാവുന്നവൻ- ഏകനായ ഇലാഹ് മാത്ര

മാണ്, അപ്പോൾ പരലോകം കൊണ്ട് വിശ്വസിക്കാത്തവരുടെ ഹൃദയങ്ങളിൽ വിരോധമാണുള്ളത്, അവർ എല്ലാം തികഞ്ഞ മട്ടിൽ അഹങ്കാരികളായി അദ്ദിക്ർ സമർപ്പിക്കുന്ന ഇലാഹിൽ നിന്ന് പിന്തിരിഞ്ഞ് പോകുന്നവരുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 36: 74-75 സൂക്തങ്ങളിൽ, അവർ അല്ലാഹുവിനെക്കൂടാതെ അവരെ സഹായിക്കുമെന്ന് കരുതി മറ്റ് ഇലാഹുകളെ സ്വീകരിച്ചിരിക്കുന്നു, എന്നാൽ അവർക്ക് ഇവരെ സഹായിക്കാൻ സാധ്യമല്ല, എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അവർ ഇവർക്കെതിരെ വരുന്ന പട്ടാളക്കാരായിരിക്കും എന്നും പറഞ്ഞിട്ടുണ്ട്. അന്ത്യനാളിൽ മലക്കുകളടക്കമുള്ള എല്ലാ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടുമ്പോൾ 'ഇവർ നിങ്ങളെയാണോ വിളിച്ച് പ്രാർത്ഥിച്ചിരുന്നത്' എന്ന് മലക്കുകളോട് ചോദിക്കുമ്പോൾ അവർ: 'നീ പരിശുദ്ധൻ, നീയാണ് ഞങ്ങളുടെ സംരക്ഷകനായ നാഥൻ, അവരല്ല; അവർ ജിന്നുകളെയാണ് വിളിച്ച് പ്രാർത്ഥിച്ചിരുന്നത്, അവരിൽ അധികപേരും ആ ജിന്നുകളിൽ വിശ്വസിക്കുന്നവരുമായിരുന്നു' എന്ന് പറയുന്നതാണ്. അപ്പോൾ അല്ലാഹു പറയും: 'ഇന്നേദിനം നിങ്ങളിൽ ഒരു വിഭാഗത്തിനും മറ്റൊരു വിഭാഗത്തിന് ഉപകാരമോ ഉപദ്രവമോ വരുത്താൻ സാധ്യമല്ല, അക്രമികളായ നിങ്ങളെല്ലാം(ജിന്നുകളും മനുഷ്യരും) കളവാക്കി തള്ളിപ്പറഞ്ഞിരുന്ന നരകശിക്ഷ രുചിച്ചുകൊള്ളുക' എന്ന് പറയുന്ന രംഗം 34: 40-42 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

35: 13-14 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർ കാരക്കാകുരുവിന് മുകളിലുള്ള പാടയുടെയത്ര പോലും അധികാരമുള്ളവരല്ല, നിങ്ങൾ അവരെ വിളിക്കുമ്പോൾ അവർ നിങ്ങളുടെ വിളി കേൾക്കുന്നില്ല, ഇനി കേട്ടാൽ തന്നെ - അല്ലാഹു കേൾപ്പിക്കുന്ന പക്ഷം കേൾക്കും- അവർ നിങ്ങൾക്ക് ഉത്തരം നൽകുകയുമില്ല, അന്ത്യനാളിലോ നിങ്ങൾ അല്ലാഹുവിൽ പങ്കുചേർത്തതിനെ അവർ നിഷേധിക്കുകയും ചെയ്യും, എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയായ ഒരുവനല്ലാതെ നിനക്ക് ഇത്തരം വൃത്താന്തങ്ങൾ അറിയിച്ച് തരികയില്ല എന്ന് പറഞ്ഞിട്ടുണ്ട്. നിശ്ചയം നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവർ നിങ്ങളെപ്പോലുള്ള അടിമകൾ മാത്രമാണ്, അപ്പോൾ നിങ്ങൾ അവരെ വിളിക്കുക, നിങ്ങൾ സത്യസന്ധന്മാരാണെങ്കിൽ അവർ നിങ്ങൾക്ക് ഉത്തരം നൽകുന്നത് കാണട്ടെ; അല്ല, അവർക്ക് നടന്നുവരാൻ കാലുകളുണ്ടോ? അതല്ല, അവർക്ക് നിങ്ങളെ പിടിച്ചെഴുന്നേൽപ്പിക്കാനുള്ള കൈകളുണ്ടോ? അതോ അവർക്ക് നിങ്ങളെ കാണാനുള്ള കണ്ണുകളുണ്ടോ? അതോ അവർക്ക് നിങ്ങളുടെ വിളി കേൾക്കാനുള്ള കാതുകളുണ്ടോ? നീ പറയുക: നിങ്ങൾ അല്ലാഹുവിനെക്കൂടാതെയുള്ള നിങ്ങളുടെ പങ്കാളികളെയെല്ലാം വിളിച്ച് ഒരുമിച്ചുകൂട്ടി എനിക്കെതിരെ ഗൂഢതന്ത്രം മെനയുക, എനിക്ക് നിങ്ങൾ ഒരു സാവകാശവും നൽകേണ്ടതുമില്ല എന്ന് വെല്ലുവിളിക്കാൻ പ്രവാചകനോടും അതുവഴി വിശ്വാസികളോടും 7: 194-195 സൂക്തങ്ങളിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ആകാശഭൂമികളിൽ നിഷ്പക്ഷവാന്റെ അടിമയായിട്ടല്ലാതെ ഒന്നുമില്ലെന്ന് 19: 93 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെക്കൂടാതെ ആരെ ഭയപ്പെട്ടാലും സ്രഷ്ടാവിനെ ധിക്കരിച്ചുകൊണ്ട് ആരെ അനുസരിച്ചാലും അവർ പിശാചിന് അടിമപ്പെടുന്നവരും, പിശാചിന്റെ പ്രതിനിധികളായി ജീവിക്കുന്നവരുമാണ്. പിതാവേ, താങ്കൾ പിശാചിനെ സേവിക്കരുത്, നിശ്ചയം പിശാച് നിഷ്പക്ഷവാനെ ധിക്കരിച്ചവനാണ്; ഓ എന്റെ പിതാവേ, പിശാചിനെ സംരക്ഷകനും സഹായിയുമായി തെരഞ്ഞെടുക്കുക വഴി നിഷ്പക്ഷവാനിൽ നിന്നുള്ള ശിക്ഷ നിസ്സംശയം താങ്കളെ പിടിപെടുമെന്ന് ഞാൻ ഭയപ്പെടുന്നു എന്ന് ഇബ്റാഹീം നബി സ്വപിതാവിനോട് പറഞ്ഞതായി 19: 44-45 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് വിളിച്ച് പ്രാർത്ഥിക്കാനും സഹായം തേടാനും ഭരമേൽപ്പിക്കാനും ജീവിത

ത്തെക്കുറിച്ച് ഉത്തരം പറയാനും അർഹനായിട്ടുള്ള ഏക ഇലാഹിനെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് എന്നിരിക്കെ അവനെക്കൂടാതെ വേറെ ആരെ സേവിച്ചാലും അവർ ശപിക്കപ്പെട്ട പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരാണ്. 1: 4; 2: 256–257; 3: 7–10; 36: 59–62 വിശദീകരണം നോക്കുക.

118. അല്ലാഹു അവനെ ശപിച്ചിരിക്കുന്നു, അവൻ പറയുകയും ചെയ്തു: നിന്റെ അടിമകളിൽ നിന്ന് നിശ്ചയിക്കപ്പെട്ട വലിയൊരു വിഭാഗത്തെ ഞാൻ പാട്ടിലാക്കുക തന്നെ ചെയ്യും!

അല്ലാഹു അവനെ ശപിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ കാരുണ്യത്തിൽ നിന്ന് പുറംതള്ളി അവനുമായുള്ള ബന്ധം വേർപ്പെടുത്തിയിരിക്കുന്നു എന്നാണ്. എന്നാൽ അദ്ദിക്ർ മൂടിവെച്ച കപടവിശ്വാസികളെ അല്ലാഹു ശപിക്കുകയും വധിക്കുകയും വധിക്കാൻ വേണ്ടി വിശ്വാസികളോട് കൽപിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്റെ അടിമകളിൽ നല്ലൊരു വിഭാഗത്തെ പാട്ടിലാക്കുക തന്നെ ചെയ്യുമെന്ന് പിശാച് പറഞ്ഞതിനെക്കുറിച്ച് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ വിശദീകരിച്ചു: *എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പത് നരകത്തിലേക്കും ഒന്ന് സ്വർഗത്തിലേക്കുമാണ്, ഈ അനുപാതം അർത്ഥവത്താണ്, ക്ലിപ്തമാണ്, മാറ്റമില്ലാത്തതുമാണ്.* പിശാച് പറഞ്ഞു: അപ്പോൾ ഏതൊരുവന്റെ കാര്യത്തിലാണോ നീ എന്നെ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാക്കിയത്, അവർക്കുവേണ്ടി നിന്റെ ചൊവ്വായ മാർഗ്ഗമായ അദ്ദിക്റിൽ ഞാൻ ഇരിപ്പുറപ്പിക്കുക തന്നെ ചെയ്യും, പിന്നെ ഞാൻ അവരിൽ അവരുടെ മുന്നിലൂടെയും പിന്നിലൂടെയും അവരുടെ വലതുഭാഗത്തിലൂടെയും ഇടതുഭാഗത്തിലൂടെയും വരികയും ചെയ്യും, അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ എത്തിക്കുകയുമില്ല, അല്ലാഹു പറഞ്ഞു: നീ ഇവിടെ നിന്ന് നിന്ദ്യനും കാരുണ്യം വിലക്കപ്പെട്ടവനുമായി പുറത്തുപോവുക, അവരിൽ നിന്നെ പിൻപറ്റുന്നവരെക്കൊണ്ടും നിങ്ങളെക്കൊണ്ട് മുഴുവനും നാം നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യും എന്ന് 7: 16–18 സൂക്തങ്ങളിലും; നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ മനുഷ്യരെയും ഒറ്റ സമുദായമാക്കുമായിരുന്നു, എന്നാൽ നിന്റെ നാഥന്റെ കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്താത്തവർ ഭിന്നിപ്പ് നിർത്തുകയില്ല തന്നെ, അതിന് വേണ്ടിത്തന്നെയാണ് അവരെ സൃഷ്ടിച്ചത്, നിശ്ചയം ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും മുഴുവനും നാം നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യുമെന്ന നിന്റെ നാഥന്റെ വചനം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു എന്ന് 11: 118–119 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

അപ്പോൾ നിശ്ചയം നിന്റെമേൽ വിധിദിവസം വരെ ശാപമുണ്ട്; പിശാച് പറഞ്ഞു: എന്റെ നാഥാ! ഇവരെ പുനരുജ്ജീവിപ്പിക്കുന്ന നാൾ വരെ അവസരം നൽകിയാലും; അല്ലാഹു പറഞ്ഞു: സമയം നിർണ്ണയിക്കപ്പെട്ട നാൾ വരെ നിശ്ചയം നിനക്ക് അവസരം നൽകിയിരിക്കുന്നു. പിശാച് പറഞ്ഞു: എന്നെ നീ ലക്ഷ്യബോധം നഷ്ടപ്പെട്ടവനാക്കിയതിനാൽ ഞാൻ അവർക്ക് ഭൂമിയിലെ ജീവിതം അലങ്കാരമാക്കി കാണിച്ചുകൊടുക്കുകയും അവരെ മുഴുവൻ ലക്ഷ്യബോധം നഷ്ടപ്പെടുത്തിയവരാക്കുകയും ചെയ്യും, അവരിൽ നിന്നുള്ള നിന്റെ പ്രത്യേകക്കാരായ അടിമകളെയൊഴികെ. അല്ലാഹു പറഞ്ഞു: ഇതാണ് നേരെച്ചൊവ്വെയുള്ള പാത, എന്റെ അടിമകളുടെ മേൽ നിനക്ക് ഒരു സ്വാധീനവുമില്ല -ലക്ഷ്യബോധം നഷ്ടപ്പെട്ട് നിന്നെ പിൻപറ്റിയവരിലൊഴികെ, നിശ്ചയം അവരോട് മുഴുവനും വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകഗർത്തം തന്നെയാണ് എന്ന് 15: 35–43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പിശാച് പറഞ്ഞു: ഇവനെയാണല്ലോ നീ എന്നേക്കാൾ ആദരിച്ചത്, അന്ത്യനാൾ വരെ

നീ എനിക്ക് അവസരം തരികയാണെങ്കിൽ ഞാൻ നിനക്ക് കാണിച്ചുതരാം! അവന്റെ സന്തതികളിൽ കുറച്ച് പേരൊഴികെ ആ പദവിയിൽ നിന്ന് ഞാൻ പിഴുതെറിയുക തന്നെ ചെയ്യും. നാഥൻ പറഞ്ഞു: നീ പോവുക, അവരിൽ നിന്ന് ആരാണോ നിന്നെ പിൻപറ്റുന്നത്, അപ്പോൾ നിശ്ചയം നിങ്ങൾക്ക് നരകക്കുണ്ഠം തന്നെയാണ് തികഞ്ഞ പ്രതിഫലമായിട്ടുള്ളത്, നിന്റെ ശബ്ദം കൊണ്ട് അവരിൽ നിന്ന് കഴിയുന്നവരെയൊക്കെ നീ വ്യതിചലിപ്പിച്ചുകൊള്ളുക, നിന്റെ കുതിരപ്പടയെയും കാലാൾപടയെയും നീ അവരുടെ നേരെ നയിക്കുകയും ചെയ്യുക, അവരുടെ സമ്പത്തിലും സന്താനങ്ങളിലും നീ പങ്കുചേരുകയും അവർക്ക് വാഗ്ദാനങ്ങൾ നൽകുകയും ചെയ്യുക, അവരോടുള്ള പിശാചിന്റെ വാഗ്ദാനം വഞ്ചനയല്ലാതെയല്ല, നിശ്ചയം എന്നെ കൈകാര്യകർത്താവായി സ്വീകരിച്ച എന്റെ അടിമകളുടെമേൽ നിനക്ക് യാതൊരു സ്വാധീനവുമില്ല എന്ന് 17: 62-65 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ ഓരോ ആത്മാവിനും അതിന്റെ സന്മാർഗം മാത്രം നൽകുമായിരുന്നു, എന്നാൽ എന്നിൽ നിന്ന് വചനമുണ്ടായിക്കഴിഞ്ഞു, നിശ്ചയം ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും മുഴുവനും ഞാൻ നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യും എന്ന് 32: 13 ൽ പറഞ്ഞിട്ടുണ്ട്.

നിശ്ചയം വിധിദിവസം വരെ നിന്റെമേൽ എന്റെ ശാപമുണ്ട്, പിശാച് പറഞ്ഞു: എന്റെ നാഥാ, അവരുടെ പുനർജന്മനാൾ വരെ എനിക്ക് അവസരം തരണം, അല്ലാഹു പറഞ്ഞു: ശരി, അപ്പോൾ അറിയപ്പെട്ട ഒരു നാൾ വരെ നിനക്ക് അവസരം നൽകപ്പെട്ടിരിക്കുന്നു; അവൻ പറഞ്ഞു: അപ്പോൾ നിന്റെ പ്രതാപമാണ് സത്യം, നിനക്കുവേണ്ടി മാത്രം ജീവിക്കുന്നവരൊഴികെയുള്ള നിന്റെ മുഴുവൻ അടിമകളെയും ഞാൻ ലക്ഷ്യബോധം നഷ്ടപ്പെടുത്തി വഴിപിഴപ്പിക്കുക തന്നെ ചെയ്യും; അവൻ പറഞ്ഞു: അപ്പോൾ സത്യം, ഞാൻ പറഞ്ഞതാണ് സത്യം, നിന്നെക്കൊണ്ടും അവരിൽ നിന്ന് നിന്നെ പിൻപറ്റിയവരെക്കൊണ്ട് മുഴുവനും ഞാൻ നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യും എന്ന് 38: 78-85 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനമായ അദ്ദിക്റിനെ പൂർവ്വികരുടെ പഴമ്പുരാണങ്ങളെന്ന് തള്ളിപ്പറഞ്ഞ് ജീവിക്കുന്ന, വിധിദിവസം കൊണ്ട് വിശ്വാസമില്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കപടവിശ്വാസികളുടെയും അനുയായികളുടെയും മേലാണ് മുമ്പ് കഴിഞ്ഞുപോയ മനുഷ്യരുടെയും ജിന്നുകളുടെയും മേൽ ബാധകമായ ശിക്ഷാവചനം ബാധകമായിട്ടുള്ളത് എന്നും, നിശ്ചയം അവർ നഷ്ടപ്പെട്ടവർ തന്നെയായിരുന്നു എന്നും 46: 17-18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

നൂഹ് മുതൽ മുഹമ്മദ് വരെയുള്ള എല്ലാ പ്രവാചകന്മാർക്കും അദ്ദിക്ർ തന്നെയാണ് നൽകിയിട്ടുള്ളതെന്ന് 21: 24 ൽ പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള പ്രവാചകന്റെ ജനതയിൽ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റിഒൻപതും നരകക്കുണ്ഠത്തിലേക്കുള്ളവർ തന്നെയാണ്. അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട 5: 48; 15: 6, 9; 16: 43-44 സൂക്തങ്ങളിൽ പറഞ്ഞ *മുഹൈമിനായ* അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സ്വർഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനു*മായി ഉപയോഗപ്പെടുത്തുന്ന വിശ്വാസികൾ മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ. ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 44 ൽ പറഞ്ഞിട്ടുണ്ട്. 6: 115-116; 8: 46-48; 43: 60 വിശദീകരണം നോക്കുക.

119. ഞാൻ അവരെ വഴിപിഴപ്പിക്കുക തന്നെ ചെയ്യും, ഞാൻ അവരെ വ്യാമോഹ

ത്തിൽ അകപ്പെടുത്തുകയും ചെയ്യും, ഞാൻ അവരോട് കൽപിക്കുക തന്നെ ചെയ്യും, അങ്ങനെ അവർ കന്നുകാലികളുടെ കാതുകൾ കീറുക തന്നെ ചെയ്യും, ഞാൻ അവരോട് കൽപിക്കുക തന്നെ ചെയ്യും, അങ്ങനെ അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പ് മാറ്റിമറിക്കുക തന്നെ ചെയ്യും, അല്ലാഹുവിനെക്കൂടാതെ പിശാചിനെ ആരാണോ സംരക്ഷകനായി തെരഞ്ഞെടുത്തത്, അപ്പോൾ അവൻ വ്യക്തമായ നഷ്ടത്തിൽ ആപതിച്ചുകഴിഞ്ഞു.

120. അവൻ അവരോട് വാഗ്ദാനങ്ങൾ ചെയ്യുകയും അവരിൽ വ്യാമോഹങ്ങൾ ജനിപ്പിക്കുകയും ചെയ്യും, പിശാച് അവരോട് വഞ്ചനയല്ലാതെ വാഗ്ദത്തം ചെയ്യുന്നുമില്ല.

121. അക്കൂട്ടരുടെ അഭയസങ്കേതം നരകക്കുണ്ഠമാകുന്നു, അതിനെത്തൊട്ട് രക്ഷ പ്രാപിക്കാൻ അവർക്ക് യാതൊരു പഴുതും ലഭിക്കുകയുമില്ല.

മലക്കുകളോ അല്ലെങ്കിൽ മരണമില്ലാത്തവരോ ആയി മാറാമെന്ന് വ്യാമോഹിപ്പിച്ചാണ് പിശാച് സ്വർഗ്ഗത്തിൽ യഥേഷ്ടം തിന്നുകുടിച്ച് വസിച്ചിരുന്ന ആദം ദമ്പതികളെ വിലക്കപ്പെട്ട കനിയായ ലൈംഗിക ആസ്വാദനം നടത്തിപ്പിക്കാൻ ശ്രമിച്ചത്. നിശ്ചയം ഞാൻ നിങ്ങളുടെ ഗുണകാംക്ഷിയാണെന്ന് ആണയിട്ട് പറഞ്ഞുകൊണ്ടാണ് അവൻ അവരെ രണ്ടുപേരെയും വഞ്ചിച്ചതും അങ്ങനെ അവർ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെടാൻ ഇടയായതും. അപ്പോഴേക്കും അല്ലാഹുവിനെ ഓർമ്മ വന്ന ആദം ഹൃദയത്തിൽ ദുഃഖം പ്രകടിപ്പിച്ചപ്പോൾ ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന അല്ലാഹു ഖേദിച്ചുമടങ്ങാനുള്ള വചനമായ 7: 23 ഹൃദയത്തിലേക്ക് ഇട്ടുകൊടുത്തു. നിശ്ചയം, അവനെ –പിശാചിനെ– ആരാണോ തെരഞ്ഞെടുത്തത്, അവൻ അവരെ വഴിപിഴപ്പിക്കുകയും കത്തിയാളുന്ന നരകശിക്ഷയിലേക്ക് മാർഗദർശനം നൽകുകയും ചെയ്യുമെന്ന് അവന്റെമേൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്ന് 22: 4 ൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം അദ്ദിക്റിനെ പിൻപറ്റുന്ന സൂക്ഷ്മതയുള്ളവർ പിശാചിൽ നിന്നുള്ള ഒരു തോണ്ടൽ അനുഭവപ്പെട്ടാൽ ഉടനെ അല്ലാഹുവിനെ സ്മരിക്കുന്നവരും അപ്പോൾ അവർ ഉൾക്കാഴ്ചയുള്ളവരായി മാറുന്നവരുമാണെന്ന് 7: 201 ലും; എന്നാൽ പിശാചിന്റെ സഹോദരന്മാരെയോ, അവൻ ദുർമാർഗത്തിലേക്ക് വലിച്ചിഴക്കുകയും പിന്നെ പിടിവിടാതിരിക്കുകയും ചെയ്യുമെന്ന് 7: 202 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ എനിക്ക് വന്നുകിട്ടിയിട്ട് എന്നെ അതിൽ നിന്ന് തടഞ്ഞത് വഞ്ചകനായ പിശാച് ആയിരുന്നുവല്ലോ എന്ന് അറബി ഖുർആൻ വായിക്കുന്ന അക്രമികളായ ഫുജ്ജാറുകൾ വിധിദിവസം വിലപിക്കുന്ന രംഗം 25: 29 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥനെക്കുറിച്ചുള്ള സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് അകന്നവനെ നാം ഒരു പിശാചിന് ഏൽപ്പിച്ചുകൊടുക്കുമെന്നും അപ്പോൾ അവൻ അവന്റെ കൂട്ടുകാരനാകുമെന്നും 43: 36 ലും പറഞ്ഞിട്ടുണ്ട്. ആ പിശാചുക്കൾ അവരെ അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിൽ നിന്ന് തടയുക തന്നെ ചെയ്യുന്നതാണ്, എന്നാൽ നിശ്ചയം അവർ സന്മാർഗത്തിൽ തന്നെയാണെന്ന് അവർ കണക്കുകൂട്ടുമെന്ന് 43: 37 ലും; അങ്ങനെ അവർ നമ്മിലേക്ക് വന്നാൽ മനുഷ്യൻ, 'ഓ കഷ്ടം! എന്റെയും നിന്റെയും ഇടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ (രാവിന്റെയും പകലിന്റെയും) അകൽച്ച ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ, നീ എത്ര ദുഷിച്ച കൂട്ടുകാരൻ' എന്ന് വിലപിക്കുമെന്ന് 43: 38 ലും പറഞ്ഞിട്ടുണ്ട്. 50: 27 ൽ, ജിന്നുകൂട്ടുകാരനായ പിശാച്, 'ഞങ്ങളുടെ നാഥാ! ഞാൻ അവനെ നിർബന്ധിച്ച് വഴിപിഴപ്പിച്ചിട്ടില്ല; എന്നാൽ അവൻ വളരെ വിദൂരമായ വഴികേടിൽ തന്നെയായിരുന്നു' എന്ന് വിധിദിവസം പറയുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പിശാചിന്റെ സംഘക്കാരായ ക

പടവിശ്വാസികൾ അല്ലാഹുവിനോട് പരലോകത്തുവെച്ച് ആണയിട്ട് പറയുന്ന രംഗം 58: 16–19 സൂക്തങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. അദ്ദിക്റിനെത്തൊട്ട് തടഞ്ഞുകൊണ്ടാണ് പിശാച് മനുഷ്യരെ അവന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നത്. 6: 112; 114: 6 എന്നീ സൂക്തങ്ങളിൽ മനുഷ്യരിലും ജിന്നുകളിലും മോഹനവാഗ്ദാനങ്ങൾ നൽകുകയും സംശയങ്ങൾ ജനിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പിശാചുക്കളുണ്ടെന്ന് പറഞ്ഞിട്ടുണ്ട്.

30: 30 ൽ, എല്ലാ മനുഷ്യരെയും സൃഷ്ടിച്ച പ്രകൃതിയിൽ തന്നെ നീ നേരെച്ചൊവ്വെ നിലകൊള്ളുക, അല്ലാഹുവിന്റെ സൃഷ്ടിപ്പിന് യാതൊരു മാറ്റവുമില്ല, അതാണ് നേരെച്ചൊവ്വെയുള്ള ജീവിതരീതി, എന്നാൽ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവരാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. *സൃഷ്ടികളെല്ലാം തന്നെ മുസ്ലിമായിട്ട് (പ്രകൃതിമതത്തിൽ) ഇസ്ലാമിലാണ് ജനിക്കുന്നതെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. കാതുകൾ കീറി വികൃതമാക്കപ്പെടാത്ത പ്രകൃതിയിൽ തന്നെയാണ് കന്നുകാലികളും ജനിക്കുന്നത്. എന്നാൽ അവയുടെ കാതുകീറി 5: 103 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ചുകൊണ്ട് *ബഹീറ, സാഇബ, വസ്വീല, ഹാമ്* തുടങ്ങിയ പേരുകൾ നൽകി നീക്കിവെക്കുന്ന ദുരാചാരങ്ങൾ കൽപിക്കുന്നത് പിശാചാണെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. കാക്കകാരണവന്മാരെ അന്ധമായി അനുസരിക്കാൻ പ്രേരിപ്പിക്കുക വഴി പിശാച് അവരെ വിളിച്ചുകൊണ്ടിരിക്കുന്നത് കത്തിയാളുന്ന നരകത്തിലേക്കാണെന്ന് 31: 21 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അല്ലാഹു സൃഷ്ടിച്ച അവയവങ്ങൾ അവൻ ഉദ്ദേശിച്ച ഉപയോഗത്തിൽ നിന്ന് മാറ്റിമറിക്കുമെന്നാണ് 'സൃഷ്ടിപ്പിനെ മാറ്റിമറിക്കുക' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം. ചുരുക്കത്തിൽ ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ 6236 സൂക്തങ്ങളടങ്ങിയ അദ്ദിക്ർ അവതരിപ്പിച്ചുകൊണ്ട് അല്ലാഹു നിഷ്പക്ഷവാനായിരിക്കുന്നത്, ആ ലക്ഷ്യത്തിന് വിരുദ്ധമായി 57: 16 ൽ പറഞ്ഞ പ്രകാരം പൂർവ്വവേദക്കാർ അവരുടെ ഗ്രന്ഥത്തോട് തങ്ങളുടെ ഹൃദയം കല്ലിച്ചവരായിത്തീർന്നതുപോലെ ആകരുതെന്നാണ് ഗ്രന്ഥത്തിന്റെ വാഹകരോട് ആവശ്യപ്പെടുന്നത്. എന്നാൽ അല്ലാഹുവിനെയും പ്രവാചകനെയും അദ്ദിക്റിൽ മൂടിവെച്ച് കാഫിറായ പിശാചിനെ ജീവിപ്പിച്ചുകൊണ്ടിരിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ഹൃദയങ്ങൾ അതിനോട് പൂർവ്വ വേദക്കാരുടേതിനേക്കാൾ കഠിനവും വിരോധവുമുള്ളതായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പൈശാചികമായ എല്ലാ പ്രവർത്തനങ്ങളിലും അവർ മുഴുകി ലോകാവസാനം സംഭവിച്ചുകാണുന്നതിന് ധൃതി കാണിക്കുന്നവരായി മാറിയിരിക്കുകയുമാണ്. 3: 86, 91; 14: 22; 34: 19–20 വിശദീകരണം നോക്കുക.

122. വിശ്വാസികളായവരും ആ വിശ്വാസം ജനങ്ങൾക്ക് എത്തിക്കുന്ന മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നവരുമുണ്ടല്ലോ, അവരെ നാം താഴ്ഭാഗങ്ങളിലൂടെ നദികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ പ്രവേശിപ്പിക്കുക തന്നെ ചെയ്യും, അവർ അതിൽ എന്നെന്നും ശാശ്വതവാസികളുമായിരിക്കും, ഇത് അല്ലാഹുവിന്റെ സത്യവാഗ്ദാനമാകുന്നു, അല്ലാഹുവിനേക്കാൾ ഏറ്റവും സത്യം പറയുന്നവൻ പിന്നെ ആരുണ്ട്?

ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ഒറ്റപ്പെട്ട വിശ്വാസി 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാത പ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് വായിച്ച് മനസ്സിലാക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും

പരിശുദ്ധപ്പെടുത്തിക്കൊണ്ടും ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ വന്നിട്ടുള്ള തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നടത്താനും മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും 9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന അനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും വേണം. 2: 25; 4: 82, 87; 98: 7–8 വിശദീകരണം നോക്കുക.

123. നിങ്ങളുടെ വ്യാമോഹങ്ങളല്ല, വേദക്കാരുടെ വ്യാമോഹങ്ങളുമല്ല, ആര് ഒരു തിന്മ പ്രവർത്തിച്ചാലും അതുകൊണ്ട് അവന് പ്രതിഫലം നൽകപ്പെടും, അവന് അല്ലാഹുവിനെക്കൂടാതെ ഒരു സംരക്ഷകനെയോ സഹായിയെയോ എത്തിക്കുന്നതുമല്ല.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മനുഷ്യരെ നാഥനെക്കുറിച്ച് ഓർമിപ്പിക്കുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്നത് കപടവിശ്വാസികളും അവരുടെ അനുയായികളുമായ ഫുജ്ജാറുകളാണ്. എന്നാൽ അദ്ദിക്റിന്റെ 40 പേരുകളും മൂടിവെച്ച് ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ട് പിശാചിനെ സഹായിച്ചുകൊണ്ടിരിക്കുന്ന അവരെ ശിക്ഷിക്കുന്നതിനുവേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 9: 67–68; 18: 100–101; 33: 72–73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം അവരാണ് വായിച്ചിട്ടുള്ളത്. കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായ ഇവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 62, 120–121; 4: 85; 9: 80 വിശദീകരണം നോക്കുക.

124. സൽകർമ്മങ്ങളിൽ നിന്നുള്ള പ്രവൃത്തികൾ ചെയ്യുന്ന പുരുഷനാകട്ടെ അല്ലെങ്കിൽ സ്ത്രീയാകട്ടെ, അവൻ ഒരു വിശ്വാസിയുമാണെങ്കിൽ അപ്പോൾ അക്കൂട്ടരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക, അവർ തരിമ്പും അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

10: 100 ൽ വിവരിച്ച പ്രകാരം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയോ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ല. കാഫിറുകളുടെ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയില്ല എന്നും അവരുടെ പ്രാർത്ഥനകൾ വഴികേടല്ലാതെ അല്ല എന്നും 13: 14; 40: 50 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് അറബി ഖുർആൻ

വായിക്കുന്ന ഫുജ്ജാറുകളാണ് യഥാർത്ഥ കാഫിറുകളും പിശാചിന്റെ സംഘത്തിൽ പെട്ടവരും നരകക്കുണ്ഠത്തിലേക്കുള്ളവരും. അവർ 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ളവരാണ്. 4: 118 ൽ വിവരിച്ച പ്രകാരം വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയുള്ളൂ. 2: 62 ൽ വിവരിച്ച പ്രകാരം ഇന്ന് ലോകരിൽ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ളവരാണ് വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്നവരിലും വിചാരണക്കുശേഷം സ്വർഗത്തിൽ പോകുന്നവരിലും കൂടുതൽ ഉൾപ്പെടുക. 2: 186, 282; 3: 43, 195; 4: 64, 115 വിശദീകരണം നോക്കുക.

125. ആരാണ് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിച്ചവനേക്കാൾ ഏറ്റവും നല്ല ജീവിതരീതിയിലുള്ളത്, അവൻ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ചരിക്കുന്നവനുമാണ്, ഋജുമാനസനായ ഇബ്റാഹീമിന്റെ ചര്യ അവൻ പിൻപറ്റുകയും ചെയ്തിരിക്കുന്നു, അല്ലാഹുവാകട്ടെ ഇബ്റാഹീമിനെ തന്റെ ആത്മമിത്രമായി തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിലേക്ക് വിളിക്കുന്നവനേക്കാൾ നല്ല വാക്ക് പറയുന്നവൻ ആരുണ്ട്? അവൻ സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്; അവൻ പറയുന്നതുമാണ്: നിശ്ചയം ഞാൻ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരിൽ പെട്ടവനുമാണ് എന്ന് 41: 33 ൽ പറഞ്ഞിട്ടുണ്ട്. ഇതേ ആശയം തന്നെയാണ് 31: 22 ലും പറഞ്ഞിട്ടുള്ളത്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റും ഫുജ്ജാർ കിതാബുകളും സമമാവുകയില്ല. നീ ഏറ്റവും നല്ല അദ്ദിക്ർ കൊണ്ട് തിന്മയെ തടയുക, അപ്പോൾ ആർക്കും നിനക്കും ഇടയിലാണോ ശത്രുതയുള്ളത്, അവൻ ഒരു ആത്മമിത്രമായി വരുന്നതാണ്. എന്നാൽ ഈ സൗഭാഗ്യം പരലോകത്തിന് ഐഹിക ജീവിതത്തെക്കാൾ പ്രാധാന്യം കൊടുക്കുന്ന ക്ഷമാലുക്കൾക്കും വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന മഹാഭാഗ്യവാന്മാർക്കുമല്ലാതെ ലഭിക്കുകയില്ല എന്ന് 41: 34-35 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസിയോട് 41: 41 ൽ പറഞ്ഞ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളാൻ 3: 79 ലും കൽപിച്ചിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി നാഥനെ കണ്ടുകൊണ്ട് ജീവിക്കാത്ത ഫുജ്ജാറുകളുടെ മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്നാണ് പറയുക എന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. 3: 19 ൽ വിവരിച്ച പ്രകാരം സന്മാർഗവും സത്യവുമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതിയാണ് എല്ലാ പ്രവാചകന്മാരുടേതും വിശ്വാസികളുടേതും. 2: 112, 257; 3: 101-102; 10: 26 വിശദീകരണം നോക്കുക.

126. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാകുന്നു, അല്ലാഹു എല്ലാ ഓരോ വസ്തുവിനെയും വലയം ചെയ്തവനുമായിരിക്കുന്നു.

2: 255; 3: 128-129; 4: 108; 6: 59 വിശദീകരണം നോക്കുക.

127. സ്ത്രീകളുടെ കാര്യത്തിൽ നിന്നോട് അവർ വിധി ചോദിക്കുന്നുവല്ലോ? നീ പറയുക: അവരുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്കിതാ വിധിനൽകുന്നു, ഗ്രന്ഥത്തിൽ നിങ്ങളുടെ മേൽ വിവരിക്കപ്പെട്ടിട്ടുള്ളതും അനാഥകളായ സ്ത്രീകളുടെ കാര്യത്തിൽ അവർക്ക് രേഖപ്പെടുത്തിയിട്ടുള്ള ഒന്ന് (അനന്തരാവകാശം) നിങ്ങൾ അവർക്ക് നൽകിയിട്ടില്ല -നിങ്ങൾ അവരെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നുമുണ്ട്; കുട്ടികളിൽ നിന്ന് ദുർബ്ബലരായിട്ടുള്ളവരോടും അനാഥകളോടും നീതി

കൊണ്ട് വർത്തിക്കണമെന്നും, നിങ്ങൾ നന്മയിൽ നിന്ന് എന്തൊന്ന് പ്രവർത്തിച്ചാലും അപ്പോൾ നിശ്ചയം അല്ലാഹു അത് അറിയുന്നവൻ തന്നെയായിരിക്കുന്നു.

സ്ത്രീകളെക്കുറിച്ചുള്ള വിധികൾ തുടർന്നുള്ള സൂക്തങ്ങളിൽ വരുന്നുണ്ട്. നിങ്ങളുടെ കീഴിലുള്ള അനാഥകളായ സ്ത്രീകളെ വിവാഹം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ -നിങ്ങൾ അവരുടെ അനന്തരാവകാശം നൽകിയിട്ടുമില്ല, നിങ്ങൾക്ക് അവരെ വിവാഹം ചെയ്യാമെന്നും എല്ലാ കാര്യങ്ങളും ത്രികാലജ്ഞാനിയായ അല്ലാഹു നേരത്തെ നിശ്ചയിച്ച് ഉറപ്പിച്ചുവെച്ചിട്ടുള്ളതാണെന്നുമുള്ള ബോധത്തിൽ അനാഥകളോടും കുട്ടികളിൽനിന്നുള്ള ദുർബലരോടും പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ നീതിയിൽ നിലകൊള്ളണമെന്നുമാണ് കൽപിക്കുന്നത്. 3: 187; 4: 2-6; 9: 67-68 വിശദീകരണം നോക്കുക.

128.ഇനി ഒരു സ്ത്രീ അവളുടെ ഭർത്താവിൽ നിന്ന് പിണക്കമോ അല്ലെങ്കിൽ അവഗണനയോ ഭയപ്പെടുകയാണെങ്കിൽ അപ്പോൾ അവർക്ക് ഇരുവർക്കുമിടയിൽ ബന്ധം നിലനിർത്തിക്കൊണ്ട് രഞ്ജിപ്പുണ്ടാക്കുന്നതിൽ അവർ ഇരുവരുടെമേലും വിരോധമില്ല, രഞ്ജിപ്പ് തന്നെയാണ് ഉത്തമായിട്ടുള്ളത്, ആത്മാവ് അതിന്റെ സങ്കുചിതത്വത്തിലേക്ക് ആകൃഷ്ടമാകുന്നതാണ്, നിങ്ങൾ അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുകയും നിങ്ങൾ സൂക്ഷ്മാലുക്കളാവുകയുമാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്തവനായിരിക്കുന്നു.

ഒരു പുരുഷന് രണ്ട് ഭാര്യമാരുണ്ടായിരിക്കുകയും അവളിൽ ഒരുവളോട് അവന് മതിപ്പ് കുറയുകയും ചെയ്യുന്ന അവസ്ഥയിൽ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ അവർ തമ്മിൽ പരസ്പരം കാര്യങ്ങൾ ചർച്ച ചെയ്ത് ഒത്തുതീർപ്പുണ്ടാക്കി രമ്യമായ ജീവിതം നയിക്കുകയാണ് വേണ്ടത്. ഇനി ഒരാളുടെ ഭാര്യക്ക് ഭർത്താവിനെ ദാമ്പത്യജീവിതത്തിൽ തൃപ്തിപ്പെടുത്താൻ സാധിക്കുന്നില്ലെങ്കിൽ അവളെ വിവാഹബന്ധത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ അവന് മറ്റൊരുവളെ വിവാഹം ചെയ്യാവുന്നതാണ്. ഒറ്റ ആത്മാവിൽ നിന്ന് പുരുഷന്മാരെയും സ്ത്രീകളെയും സൃഷ്ടിച്ച് അവർക്കിടയിലുള്ള ബന്ധങ്ങളെല്ലാം നേരത്തെ നിശ്ചയിച്ചവനാണ് ത്രികാലജ്ഞാനിയായ അല്ലാഹു എന്ന് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിൽ നിന്ന് മനസ്സിലാക്കി, സ്വാർത്ഥതയും ഭിന്നതയുമെല്ലാം വെടിഞ്ഞ് അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുകയും അതിന്റെ വിധിവിലക്കുകൾ പിൻപറ്റുകയും ചെയ്ത് ഒരു ശരീരമെന്നോണം ഐക്യപ്പെടണമെന്നാണ് അല്ലാഹു കൽപിക്കുന്നത്. ആരാണോ തന്റെ ആത്മാവിന്റെ സ്വാർത്ഥതയിൽ നിന്ന് വിമുക്തനായത്, അക്കൂട്ടർ മാത്രമാണ് വിജയം വരിക്കുക എന്ന് 59: 9 ലും 64: 16 ലും പറഞ്ഞിട്ടുണ്ട്. 2: 187 ൽ വിവരിച്ച പ്രകാരം വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 177; 4: 1; 17: 13-15 വിശദീകരണം നോക്കുക.

129.സ്ത്രീകൾക്കിടയിൽ നീതി പാലിക്കാൻ നിങ്ങൾ എത്ര തന്നെ ശ്രമിച്ചാലും നിങ്ങൾക്ക് അതിന് സാധ്യമല്ല തന്നെ, അപ്പോൾ നിങ്ങൾ അവളെ കയറില്ലാതെ കെട്ടിയിട്ടതുപോലെ പൂർണ്ണമായി അകറ്റാതിരിക്കട്ടെ, നിങ്ങൾ സുകൃതം ചെയ്യുന്നവരും സൂക്ഷ്മത കൈക്കൊള്ളുന്നവരുമാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനായിരിക്കുന്നു.

ഹൃദയങ്ങളുടെ അവസ്ഥയറിയുന്ന ത്രികാലജ്ഞാനിയായ സ്രഷ്ടാവ് പറയുകയാണ്: ഭാര്യമാർക്കിടയിൽ തുല്യമായ നീതി പാലിക്കാൻ നിങ്ങൾ എത്ര ശ്രമിച്ചാലും സാധ്യമാ

വുകയില്ല എന്ന്. എന്നാൽ ഒരുവളെ ആകാശത്തും ഭൂമിയിലുമല്ലാതെ തൂക്കിയിടുന്ന അ വസ്ഥയിൽ അവളുമായുള്ള ബന്ധം വിച്ഛേദിക്കുകയോ മറ്റൊരുവളിലേക്ക് പൂർണ്ണമായി ചായുകയോ ചെയ്യരുത്. ഭാര്യമാർക്കിടയിൽ എല്ലാ കാര്യത്തിലുമുള്ള പരിപൂർണ്ണ നീതി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയിൽ ലൈംഗികബന്ധം നടത്തുന്നതിന് മാസത്തിൽ ഒരിക്കലോ ആഴ്ചയിൽ ഒരിക്കലോ ഊഴം നിശ്ചയിച്ചുകൊണ്ടും അവൾക്ക് മറ്റു സംരക്ഷ ണങ്ങളെല്ലാം പൂർണ്ണമായി നൽകിക്കൊണ്ടും 4: 128 പരിഗണിച്ച് പരസ്പരം വ്യവസ്ഥ ചെ യ്തുകൊണ്ട് യോജിച്ച് പോകാവുന്നതാണ്. ഇനി അവൾ ലൈംഗികാസക്തിയില്ലാത്ത വാർദ്ധക്യം പ്രാപിച്ചവളാണെങ്കിൽ അവളുമായി ലൈംഗികബന്ധം പുലർത്തുന്നില്ലെങ്കി ലും 4: 34 ന്റെ കൽപന പാലിച്ചുകൊണ്ട് അവൾക്ക് സംരക്ഷണം നൽകൽ പുരുഷന്റെ ബാധ്യതയാണ്. പ്രവാചകന്റെ പത്നിയായ സൗദ വാർദ്ധക്യം പ്രാപിച്ചവളായിരുന്നതി നാൽ അവരുടെ ഊഴം ആയിഷക്ക് നൽകിക്കൊണ്ട് അവർ പ്രവാചകന്റെ പത്നിപദവി യിൽ തന്നെ നിലകൊള്ളുകയാണുണ്ടായത്. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം ആശ യമില്ലാതെ വായിക്കുന്ന, 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച് ഒരു കെട്ട ജനതയായിത്തീർന്ന ഫുജ്ജാറുകൾ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാ ചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരായതിനാൽ വൈവാഹിക ജീവിതത്തിൽ മാത്രമല്ല, എല്ലാ മേഖലകളിലും നീതി പുലർത്താത്തവരാണ്. അതുകൊണ്ടാണ് അവരെ 8: 22 ൽ ദുഷ്ടജീവികൾ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. 2: 226, 231–233 വിശദീകരണം നോക്കുക.

130. ഇനി അവർ രണ്ടുപേരും വേർപിരിയുകയാണെങ്കിൽ, അപ്പോൾ അല്ലാഹു അ വന്റെ കണക്കില്ലാത്ത വിഭവങ്ങളിൽ നിന്ന് നൽകി ഓരോരുത്തരെയും ഐശ്വ ര്യമുള്ളവരാക്കുന്നതാണ്, അല്ലാഹു വിശാലനായ യുക്തിജ്ഞാനിയുമായിരി ക്കുന്നു.

ത്രികാലജ്ഞാനിയായ നാഥൻ ഓരോരുത്തരെയും സൃഷ്ടിക്കുന്നതിന് മുമ്പുതന്നെ അവരുടെ ഭക്ഷണവിഭവങ്ങളും ആയുസ്സുമെല്ലാം നിശ്ചയിച്ച് ഓരോരുത്തരുടെയും പിരടിയി ൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 11: 6 ൽ, ഭൂമിയിൽ ഒരു ജീവജാ ലത്തിനും അതിന്റെ ഭക്ഷണം അല്ലാഹുവിന്റെ പക്കലായിട്ടല്ലാതെയില്ല എന്നും അതിന്റെ വിശ്രമസ്ഥലവും അതിന്റെ മരണത്തിനുശേഷമുള്ള സൂക്ഷിപ്പുസ്ഥലവുമെല്ലാം ഒരു വ്യക്ത മായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. 29: 60 ൽ, എത്രയെത്ര ജീവജാലങ്ങളാണുള്ളത്, അവയുടെ ഭക്ഷണം അവ വഹിച്ച് നടക്കുന്നില്ല; അവയെയും നിങ്ങളെയും അല്ലാഹുവാണ് ഊട്ടുന്നത്, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനു മാണ് എന്ന് പറഞ്ഞിട്ടുണ്ട്. അവർ എപ്പോഴാണ് എവിടെയാണ് മരിക്കുക എന്നും അവരുടെ ശരീരം മണ്ണിൽ എത്ര ലയിച്ചുചേരുമെന്നും ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചി ട്ടുണ്ടെന്ന് 50: 4 ൽ പറഞ്ഞിട്ടുണ്ട്. സർവ്വസ്രഷ്ടാവായ അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനാണെന്നും സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ ആശ്രയം ആവശ്യമുള്ളവരാ ണെന്നുമുള്ള വിശ്വാസത്തിൽ ജീവിക്കുന്നവരാണ് വിശ്വാസികൾ. അവരാണ് *സ്വമദ്* എന്ന അല്ലാഹുവിന്റെ ഗുണനാമത്തെ അംഗീകരിക്കുന്നവർ. അവർ തന്നെയാണ് അല്ലാഹുവിന്റെ നിഷ്കളങ്കരായ അടിമകളും. 4: 20, 32–33; 6: 59 വിശദീകരണം നോക്കുക.

131. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാണ്, നിശ്ച യം നിങ്ങൾക്കുമുമ്പ് വേദം നൽകപ്പെട്ടവരെയും നിങ്ങളെത്തന്നെയും നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് നാം ഉന്നി ഉപദേശിച്ചിട്ടുമുണ്ട്, ഇനി നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം ആകാശങ്ങളിലുള്ള

ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാകുന്നു, അല്ലാഹുവാകട്ടെ ഐശ്വര്യവാനായ സ്വയം സ്തുത്യർഹനുമായിരിക്കുന്നു.

132. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാണ്, കൈകാര്യകർത്താവായി അല്ലാഹു തന്നെ മതിയായവനുമാകുന്നു.

133. അവൻ ഉദ്ദേശിച്ചാൽ ഓ മനുഷ്യരേ, നിങ്ങളെ നീക്കിക്കളഞ്ഞ് മറ്റൊരു വിഭാഗത്തെ അവൻ കൊണ്ടുവരുന്നതാണ്, അല്ലാഹു അതിനെല്ലാം കഴിവുള്ളവൻ തന്നെയായിരിക്കുന്നു.

ആകാശഭൂമികളെയും അവയ്ക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളെയും ആറുനാളുകളിൽ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ച് സംവിധാനിച്ച് അവയുടെ നിയന്ത്രണം ഏറ്റെടുത്തവനാണ് പ്രപഞ്ചനാഥനായ അല്ലാഹു. അവനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല; അപ്പോൾ നിങ്ങൾ അവനെക്കുറിച്ച് ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരായതിനാൽ 15: 44 പ്രകാരം നരകക്കുണ്ഠത്തിലെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തിവെക്കപ്പെട്ടവരാണ്. 14: 19–20 സൂക്തങ്ങളിൽ, ആകാശങ്ങളെയും ഭൂമിയെയും ലക്ഷ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നീ മനസ്സിലാക്കിയിട്ടില്ലേ, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കിക്കളഞ്ഞ് നിങ്ങളുടെ സ്ഥാനത്ത് പുതിയ സൃഷ്ടികളെ കൊണ്ടുവരുന്നതാണ്, അത് അവന് വളരെ ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല എന്നും; 6: 133 ൽ, നിന്റെ നാഥൻ തികഞ്ഞ സ്വയം പര്യാപ്തനും കാരുണ്യമുടയവനുമാണ്, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കിക്കളയുന്നതും മറ്റു ജനതകളുടെ സന്തതികളിൽ നിന്ന് നിങ്ങളെ നട്ടുവളർത്തിക്കൊണ്ടുവന്നതുപോലെ നിങ്ങളുടെ സ്ഥാനത്ത് അവൻ ഉദ്ദേശിക്കും പ്രകാരം മറ്റൊരു ജനതയെ നട്ടുവളർത്തിക്കൊണ്ടുവന്ന് നിങ്ങൾക്കുശേഷം പ്രതിനിധികളായി നിയോഗിക്കുന്നതുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 39: 7 ൽ, നിങ്ങൾ അല്ലാഹുവിനെ നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു നിങ്ങളെത്തൊട്ട് ആവശ്യമില്ലാത്ത ഐശ്വര്യവാനാണ്, അവന്റെ അടിമകൾക്ക് അവൻ നിഷേധം ഇഷ്ടപ്പെടുന്നില്ല, എന്നാൽ നിങ്ങൾ നന്ദി പ്രകടിപ്പിക്കുകയാണെങ്കിൽ അവൻ നിങ്ങളെ ഇഷ്ടപ്പെടുന്നതാണ്, ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല, പിന്നെ നിങ്ങളെല്ലാം മടക്കപ്പെടുന്നതും നിങ്ങളുടെ നാഥനിലേക്ക് തന്നെയാണ്, പിന്നെ നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ നിങ്ങളോട് വിവരം പറഞ്ഞുതരുന്നതുമാണ്, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 31: 12 ൽ, ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നുവെങ്കിൽ അത് അവനുവേണ്ടിത്തന്നെയാണ് എന്നും, ആരെങ്കിലും നന്ദികേട് കാണിക്കുകയാണെങ്കിൽ നിശ്ചയം അല്ലാഹു ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 35: 15 ൽ, ഓ മനുഷ്യരേ! നിങ്ങൾ അല്ലാഹുവിനെക്കൊള്ളെ ഏറ്റവും ആവശ്യമുള്ള ദരിദ്രരാണ്; അല്ലാഹുവോ, പരമ ഐശ്വര്യവാനും സ്വയം സ്തുത്യർഹനും തന്നെയാണ് എന്നും; 35: 16–17 സൂക്തങ്ങളിൽ, അവൻ ഉദ്ദേശിച്ചാൽ നിങ്ങളെ നീക്കിക്കളഞ്ഞ് പുതിയ ഒരുവിഭാഗം സൃഷ്ടികളെ കൊണ്ടുവരാൻ സാധിക്കുന്നതാണ് എന്നും അതിന് അല്ലാഹുവിന് വലിയ പ്രയാസമൊന്നുമില്ല എന്നും പറഞ്ഞിട്ടുണ്ട്. അവർ കാഫിറുകളാവുകയും പിന്തിരിയുകയും ചെയ്തപ്പോൾ അവരെ ആവശ്യമില്ലാത്ത വിധം അല്ലാഹു അവരെ നശിപ്പിക്കുകയും അവൻ സ്വയം പര്യാപ്തത തെരഞ്ഞെടുക്കുകയും ചെയ്തു എന്ന് 64: 6 ലും; നിങ്ങൾ പിശുക്ക്

കാണിക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് എതിരായിത്തന്നെയാണ്, അല്ലാഹു ഐശ്വര്യവാനും നിങ്ങൾ ദരിദ്രരുമാണ്, ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ നിങ്ങളുടെ സ്ഥാനത്ത് മറ്റൊരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്, പിന്നെ അവർ നിങ്ങളെപ്പോലെയാവുകയുമില്ല എന്ന് 47: 38 ലും പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനും രക്തച്ചൊരിച്ചിൽ ഇല്ലാതാക്കി മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനുള്ള ഉപകരണവും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും അതിനെ മൂടിവെച്ച് മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്താൽ ആ ജനതയുടെ സ്ഥാനത്ത് മറ്റൊരു ജനതയെ അല്ലാഹു കൊണ്ടുവരുമെന്നാണ് ഈ സൂക്തങ്ങളിലെല്ലാം മുന്നറിയിപ്പ് നൽകുന്നത്. അതുകൊണ്ട് 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകൾ സർവ്വലോകരെയും ഉണർത്താനുള്ള അദ്ദിക്റിനെ മൂടിവെക്കുകയാണെങ്കിൽ അപ്പോൾ അതിനെ മൂടിവെക്കാത്ത മറ്റൊരു ജനതയെ അത് നാം ഏൽപിക്കുക തന്നെ ചെയ്യുമെന്ന് 6: 89 ൽ പറഞ്ഞിട്ടുണ്ട്. സ്വയം സ്തുത്യർഹനും യുക്തിജ്ഞനുമായ നാഥനിൽ നിന്നുള്ള മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് 41: 43 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസികൾ ഹൃദയത്തിന്റെ ഭാഷയിലുള്ള അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്റിനെ ജാതി-മത-ലിംഗ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കേണ്ടതും അദ്ദിക്ർ കൊണ്ട് കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അധികരിച്ച ജിഹാദ് നടത്തേണ്ടതുമാണ്. വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന അവസാനത്തെ വ്യക്തിയും ഭൂമുഖത്തുനിന്നും വിടവാങ്ങുന്നതോടെ ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ ഫുജ്ജാറുകൾ നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 255-256; 4: 91; 5: 54; 48: 6 വിശദീകരണം നോക്കുക.

134.ആരെങ്കിലും ഐഹികലോക പ്രതിഫലം ഉദ്ദേശിക്കുകയാണെങ്കിൽ അപ്പോൾ അല്ലാഹുവിന്റെ അടുക്കൽ ഐഹികലോക പ്രതിഫലവും പാരത്രിക പ്രതിഫലവും ഉണ്ട്, അല്ലാഹു എല്ലാം കേൾക്കുന്ന സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയുമായിരിക്കുന്നു.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുക വഴി പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരായതിനാൽ ഐഹികജീവിതം പിശാച് അവർക്ക് അലങ്കാരമാക്കിക്കൊടുത്തിരിക്കുന്നു. അവർ വായിച്ച, കേട്ട ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിച്ച് വാദിച്ച് പിശാചിന്റെ കേന്ദ്രമായ നരകക്കുണ്ഠത്തിലേക്ക് അവരെ തള്ളിവിടുകയാണ് ചെയ്യുക. 1000 ത്തിൽ ഒന്നായ വിശ്വാസികൾ 8: 48 ൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി ഇരുവരുടെയും മടക്കം സ്വർഗത്തിലേക്കാണെന്ന് ഉറപ്പ് വരുത്തുന്നതാണ്. 2: 152, 200-202; 11: 15-16 വിശദീകരണം നോക്കുക.

135.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിച്ചുകൊണ്ട് നീതി കൊണ്ട് കൽപിക്കുന്നവരായിത്തീരുവീൻ, അത് നിങ്ങൾ

ക്കോ അല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കൾക്കോ കുടുംബത്തിൽ നിന്ന് അടുത്തവർക്കോ എതിരാണെങ്കിലും ശരി! ധനികനാകട്ടെ അല്ലെങ്കിൽ ദരിദ്രനാകട്ടെ, അപ്പോൾ അവർ ഇരുവരുടെയും കാര്യം നോക്കാൻ അല്ലാഹുവാകുന്നു നിങ്ങളിൽ ഏറെ അർഹനായിട്ടുള്ളവൻ, അതുകൊണ്ട് നീതി പാലിക്കുന്ന കാര്യത്തിൽ നിങ്ങൾ ദേഹേച്ഛയെ പിൻപറ്റാതിരിക്കുവീൻ, നിങ്ങൾ വളച്ചൊടിക്കുകയോ അല്ലെങ്കിൽ നിങ്ങൾ അവഗണിക്കുകയോ ആണെങ്കിൽ അപ്പോൾ നിശ്ചയം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയായിരിക്കുന്നു.

5: 8; 49: 9; 57: 25 തുടങ്ങി 17 സ്ഥലങ്ങളിൽ പരാമർശിച്ച നീതി അദ്ദിക്ർ തന്നെയാണ്. അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ കാഫിറുകളും അക്രമികളും തെമ്മാടികളുമാണെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരാണ് വിശ്വാസികൾ. പ്രപഞ്ചത്തിൽ ഒരിടത്തും നാഥനിൽ നിന്ന് ഒന്നും തന്നെ മറഞ്ഞ് നിൽക്കുന്നില്ല എന്നും; 2: 255 ൽ വിവരിച്ച പ്രകാരം നാഥൻ ഉറക്കവും മയക്കവുമില്ലാതെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണെന്നുമുള്ള ബോധത്തിൽ നാഥനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്ന അവനിൽ നിന്ന് മനസാ വാചാ കർമണാ അനീതിയൊന്നും സംഭവിക്കുകയില്ല. 17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ എല്ലാം കൊത്തിവെക്കുന്നുണ്ടെന്നുള്ള ബോധമുള്ളവരാണ് വിശ്വാസികൾ. 58: 22 ൽ, അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച ഒരു ജനത അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും വിരോധം വെക്കുന്നവരോട് –അവർ അവരുടെ പിതാക്കളോ മക്കളോ സഹോദരങ്ങളോ അല്ലെങ്കിൽ എത്ര അടുത്തവരാണെങ്കിലും ശരി, സ്നേഹത്തിൽ വർത്തിക്കുന്നവരാവുകയില്ല, അക്കൂട്ടരുടെ ഹൃദയങ്ങളിലാണ് അല്ലാഹു വിശ്വാസം രേഖപ്പെടുത്തിയിട്ടുള്ളത്, അവനിൽ നിന്നുള്ള ഒരു റൂഹുകൊണ്ട് അവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു, താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകളിൽ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും, അവർ അതിൽ നിത്യവാസികളുമായിരിക്കും, അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടിരിക്കുന്നു, അക്കൂട്ടരാണ് അല്ലാഹുവിന്റെ സംഘക്കാർ, അറിഞ്ഞിരിക്കുക; നിശ്ചയം അല്ലാഹുവിന്റെ സംഘം മാത്രമാണ് വിജയം വരിക്കുക എന്ന് പറഞ്ഞിട്ടുണ്ട്.

ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ 29 കള്ളവാദികൾ രചിച്ചിട്ടുള്ള നരകക്കുണ്ഠത്തിലേക്കുള്ള *ഫുജ്ജാർ കിതാബു*കൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും പ്രചരിപ്പിക്കുന്നവരുമാണ്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ വിസ്മരിച്ചുകൊണ്ട് തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും, അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുകവഴി തെമ്മാടികളായിരിക്കുന്നു. അവരോടും കുഫ്ഫാറുകളോടും നരകക്കുണ്ഠാഗ്നിയാണ് നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത്. കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും, സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളെ 1000 സമുദായങ്ങളിൽപെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. തങ്ങളുടെ കർമരേഖയിൽ കൊത്തിവെച്ചത് വിധിദിവസം കാണുമ്പോൾ ഇത്തരം

ഭ്രാന്തന്മാർ കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം ഫു ജ്ജാറുകളെയും അല്ലാഹുവിനെക്കൂടാതെ അവർ സേവിച്ചുകൊണ്ടിരിക്കുന്ന മഹാത്മാ ക്കളെയും ഒരുമിച്ച് കൂട്ടുന്ന ദിവസം നാഥൻ മഹാത്മാക്കളോട് ചോദിക്കുന്നതാണ്: നിങ്ങ ളാണോ എന്റെ അടിമകളെ വഴിപിഴപ്പിച്ചത്, അതോ അവർ സ്വയം വഴിപിഴച്ചതാണോ; അവർ പറയും: നീ പരിശുദ്ധൻ, ഞങ്ങൾക്ക് നിന്നെക്കൂടാതെ മറ്റ് സംരക്ഷകരെ തെര ഞ്ഞെടുക്കൽ യോജിച്ചതായിരുന്നില്ല, എന്നാൽ നീ ഇവർക്കും ഇവരുടെ പിതാക്കൾക്കും ജീവിതവിഭവങ്ങൾ യഥേഷ്ടം നൽകി, അങ്ങനെ അവർ അദ്ദിക്റിനെ വിസ്മരിച്ച ഒരു കെട്ടജനതയായി എന്ന് 25: 17-18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പരമകാരുണികന്റെ ഇഷ്ടദാസന്മാർ കള്ളസാക്ഷ്യം വഹിക്കുകയില്ലെന്ന് 25: 72 ൽ പ റഞ്ഞിട്ടുണ്ട്. സ്വന്തത്തിനെതിരായോ മാതാപിതാക്കൾക്കെതിരായോ കുടുംബ മിത്രാദി കൾക്കെതിരായോ ആണെങ്കിലും ശരി, അല്ലാഹു കാണുന്നുണ്ട്, അന്ത്യദിനത്തിൽ കേൾ വികളും കാഴ്ചകളും തൊലികളും കൈകാലുകളുമെല്ലാം തന്നെ അല്ലാഹുവിന്റെ മുമ്പിൽ യാഥാർത്ഥ്യം പ്രതിഫലിപ്പിക്കുമെന്ന ബോധത്തിൽ നീതി പാലിക്കുകയും മറ്റുള്ളവരോ ട് നീതി പാലിക്കാൻ കൽപിക്കുകയും വേണം. അല്ലാഹുവിനെ മറന്നുകൊണ്ട് പ്രമാണി മാരിൽ നിന്ന് എന്തെങ്കിലും ലഭിക്കുന്നതിനുവേണ്ടി അവരുടെ പക്ഷം ചേരുക, അല്ലെ ങ്കിൽ ഒരാൾ പ്രമാണിയാണ്, അപ്പോൾ അയാൾക്ക് കുറച്ച് നഷ്ടം വന്നാലും തരക്കേടില്ല, മറ്റേയാൾ ദരിദ്രനാണ്, അവൻ ഇല്ലാത്തവനായതുകൊണ്ടല്ലേ പ്രമാണിയുടെ അവകാശ മെടുത്തത് എന്നെല്ലാമുള്ള നയത്തിൽ പെരുമാറരുത്. മറിച്ച് മക്കൾക്കിടയിലാണെങ്കിൽ പോലും അല്ലാഹു നിശ്ചയിച്ച പരിധികൾ പാലിച്ചുകൊണ്ട് നീതിയിൽ വർത്തിക്കേണ്ട താകുന്നു. വാക്കുകൾ വളച്ചൊടിച്ച് സംസാരിച്ചും സാക്ഷ്യം മറച്ചുവെച്ചും നീതി പാലി ക്കാതിരിക്കരുത്. അഥവാ ഏതൊരു വിഷയത്തിലും ആർക്കിടയിലും നീതിയായ അദ്ദി ക്ർ ത്രാസായി ഉപയോഗപ്പെടുത്തിയാണ് തീരുമാനം കൽപിക്കേണ്ടത്. *സാക്ഷികളിൽ ഏറ്റവും ഉത്തമൻ, ചോദിക്കുന്നതിനുമുമ്പു തന്നെ ആ സാക്ഷ്യം കൊണ്ടുവരുന്നവനാണ്* എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 16: 90 ൽ, നിശ്ചയം അ ല്ലാഹു നീതി കൊണ്ടും ഇഹ്സാൻ കൊണ്ടും കൽപിച്ചിട്ടുണ്ടെന്ന് പറഞ്ഞതിന്റെ ആശ യം ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വഴിയിൽ ചരിക്കണമെന്നാണ്. 25: 33 ൽ പറഞ്ഞ ഏ റ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടതിനാലും ലോക ത്തൊരിടത്തും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാലും ഇന്ന് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരി ച്ച പ്രകാരമാണ്. 4: 46, 150-151; 5: 42; 9: 84-85 വിശദീകരണം നോക്കുക.

136.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും അവന്റെ പ്രവാചകന് അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥത്തെ ക്കൊണ്ടും അതിനുമുമ്പ് അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥത്തെക്കൊണ്ടും വിശ്വസിക്കു വീൻ; ആരെങ്കിലും അല്ലാഹുവിനെക്കൊണ്ടും അവന്റെ മലക്കുകളെക്കൊണ്ടും അവന്റെ ഗ്രന്ഥങ്ങളെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും അന്ത്യദി നത്തെക്കൊണ്ടും നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അവൻ വി ദൂരമായ വഴികേടിൽ വഴിപിഴച്ചുകഴിഞ്ഞു.

ഈ സൂക്തത്തിൽ വിശ്വാസികളെ വിളിച്ചാണ് വീണ്ടും വിശ്വസിക്കാൻ ആവശ്യപ്പെടു ന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതായത് വിശ്വാസികളാണെന്ന് അവകാശ പ്പെട്ടാൽ മാത്രം പോര, 69: 51 ൽ പറഞ്ഞ ഉറപ്പുനൽകുന്ന സത്യമായ അദ്ദിക്ർ കൊണ്ട് വി

ശ്വാസിയാണെന്ന് ഉറപ്പുവരുത്തണമെന്നാണ് കൽപ്പിക്കുന്നത്. 10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഒരാളും വിശ്വാസിയാവുകയില്ല. 16: 44 പ്രകാരം പ്രവാചകന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണവും അടങ്ങിയിട്ടുണ്ടെന്നും അത് അവതരിപ്പിക്കപ്പെട്ടത് മനുഷ്യർക്ക് എന്തൊന്നാണോ നാഥനിൽ നിന്ന് അവതരിപ്പിച്ചിട്ടുള്ളത്, അത് അവർക്ക് വെളിപ്പെടുത്തുന്നതിനും അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിനും വേണ്ടിയാണ്. എന്നാൽ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലേക്കുള്ള ഫുജ്ജാർ കിതാബുകളാണ് അവർ പഠിക്കുന്നതും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതും. മനുഷ്യപ്പിശാചുക്കളും ജിന്ന് പിശാചുക്കളും അറബി ഖുർആനിൽ നിന്നല്ല മനുഷ്യനെ തടയുക, മറിച്ച് അദ്ദിക്റിൽ നിന്നാണ് തടയുക എന്ന് 25: 18 ലും 25: 29 ലും വായിക്കുന്ന അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 34 ലും അവർ വായിച്ചിട്ടുണ്ട്. 1: 7; 2: 2–4, 146, 285; 3: 101–102; 5: 33 വിശദീകരണം നോക്കുക.

137. നിശ്ചയം വിശ്വാസികളായവരും പിന്നെ നിഷേധിക്കുകയും പിന്നെ വിശ്വസിക്കുകയും പിന്നെ നിഷേധിക്കുകയും പിന്നെ നിഷേധത്തിൽ വർദ്ധനവുവരികയും ചെയ്തവരുണ്ടല്ലോ, അവർക്കുവേണ്ടി അല്ലാഹു പൊറുക്കുന്നവനാവുകയില്ല, അവരെ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് മാർഗ്ഗദർശനം ചെയ്യുന്നവനാവുകയുമില്ല.

നേരെച്ചൊവ്വെയുള്ള പാത ഗ്രന്ഥത്തിലെ 6236 സൂക്തങ്ങൾ സമർപ്പിക്കുന്ന ഏകമാർഗമാണ്. സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് നരകത്തിന്റെ കവാടങ്ങളിൽ നിന്ന് ജനങ്ങളെ അതിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാമിന്റെ വക്താക്കളായി അഹങ്കരിക്കുന്ന മനുഷ്യപ്പിശാചുക്കളെയാണ് സൂക്തത്തിൽ പരാമർശിക്കുന്നത്. 41: 28 ലും 63: 4 ലും അല്ലാഹുവിന്റെ ശത്രുക്കളെന്ന് വിശേഷിപ്പിക്കപ്പെട്ട ഈ മനുഷ്യപ്പിശാചുക്കളുടെ ആത്മാവ് എടുത്ത് കളയപ്പെട്ടതിനാൽ അവരും അവരുടെ അനുയായികളും ഉറക്കം നടിക്കുന്നവരും എല്ലാം പഠിച്ച് തികഞ്ഞവരാണെന്ന് അഹങ്കരിക്കുന്ന ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരുമാണ്. ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുക വഴി അല്ലാഹുവിനെ വിസ്മരിച്ച് പിശാചിനെ ജീവിപ്പിക്കുന്ന കപടവിശ്വാസികളായ ഇവർ തന്നെയാണ് തെമ്മാടികളെന്ന് 9: 67 ൽ പറഞ്ഞിട്ടുണ്ട്. തെമ്മാടികളായിക്കഴിഞ്ഞാൽ പിന്നെ അവർ വിശ്വസിക്കുകയില്ല എന്ന് 10: 33 ലും; തെമ്മാടികളായ ഒരു ജനതയല്ലാതെ അദ്ദിക്റിനെ മൂടിവെക്കുകയില്ല എന്ന് 2: 99 ലും; അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറുകൾ തന്നെയാണ് നരകത്തിന്റെ സഹവാസികളെന്ന് 40: 6 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളായ ഒരു ജനതയെ നിശ്ചയം അല്ലാഹു സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല എന്ന ആശയത്തോടുകൂടിയാണ് 63: 6 അവസാനിക്കുന്നതെങ്കിൽ; അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയുമില്ല എന്ന ആശയത്തിലാണ് 9: 24, 80; 61: 5 തുടങ്ങിയ സൂക്തങ്ങൾ അവസാനിക്കുന്നത്. 3: 86–87; 7: 179; 63: 3 വിശദീകരണം നോക്കുക.

138. കപടവിശ്വാസികളെ 'സന്തോഷവാർത്ത' അറിയിക്കുക –നിശ്ചയം അവർക്ക്

വേദനാജനകമായ ശിക്ഷയുണ്ടെന്ന്.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെക്കുക വഴി കപടവിശ്വാസികൾ പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ നശീകരണ പ്രവർത്തനങ്ങളുടെയും പാപഭാരത്തിന്റെ ഒരു പങ്ക് വഹിച്ചുകൊണ്ട് വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരും കാലാകാലം അവിടെ കഴിഞ്ഞു കൂടേണ്ടവരുമാണ്. 2: 174 പ്രകാരം തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീ നിറക്കുന്ന അവരോട് അല്ലാഹു സംസാരിക്കുകയില്ല, അവരെ അല്ലാഹു ശുദ്ധീകരിക്കുകയുമില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്. നരകത്തെത്തൊട്ട് ക്ഷമാലുക്കളായ അവർ സന്മാർഗ്ഗത്തിനുപകരം വഴികേടും പാപമോചനത്തിന് പകരം ശിക്ഷയും വിലക്ക് വാങ്ങിയവരാണ് എന്ന് 2: 175 ലും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ സൂക്തങ്ങൾ വായിച്ച് കേൾപ്പിക്കപ്പെടുമ്പോൾ സാഷ്ടാംഗപ്രണാമം ചെയ്യാത്ത അവർക്ക് വേദനാജനകമായ ശിക്ഷ കൊണ്ട് സന്തോഷവാർത്ത അറിയിക്കുക എന്ന് 84: 21-24 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

139.വിശ്വാസികളെക്കൂടാതെ കാഫിറുകളായവരെ തങ്ങളുടെ മിത്രങ്ങളായി സ്വീകരിച്ചവരാണ് അവർ, അവർ അവരുടെ അടുത്താണോ പ്രതാപം അന്വേഷിക്കുന്നത്? അപ്പോൾ നിശ്ചയം പ്രതാപം മുഴുവൻ അല്ലാഹുവിനുള്ളതാകുന്നു.

7: 52; 17: 107; 22: 38; 35: 28; 39: 9 തുടങ്ങി 62 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ ജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പണ്ഡിതരെന്ന് അഹങ്കരിക്കുന്ന മനുഷ്യപ്പിശാചുക്കളാണ് തെമ്മാടികളായ കപടവിശ്വാസികൾ. വിചാരണയില്ലാതെ നരകക്കുണ്ഠത്തിന്റെ അടിത്തട്ടിൽ പോകുന്ന അവർ അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നുപോലും ലോകരോട് പറയാതെ ഫുജ്ജാറുകളായ അവരുടെ അനുയായികളോട് ആശയമില്ലാതെ അറബി ഖുർആൻ വായിച്ചാലും പുണ്യം ലഭിക്കുമെന്ന് കളവ് പറയുന്നവരാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കിയാൽ മാത്രമേ സ്വർഗത്തിലേക്ക് തിരിച്ചുപോകാൻ സാധിക്കുകയുള്ളൂ എന്ന് അനുയായികളെ പഠിപ്പിക്കാത്ത അവർ നരകക്കുണ്ഠത്തിലേക്കുള്ള 1000 ത്തിൽ 999 ന്റെ അടുക്കലാണ് പ്രതാപം അന്വേഷിക്കുന്നത്. 4: 51-52 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ദേഹേച്ഛ പിൻപറ്റുന്ന കപടവിശ്വാസികൾ, സന്മാർഗമായ അദ്ദിക്റിനെ പിൻപറ്റുന്ന വിശ്വാസിയേക്കാൾ സത്യത്തിലുള്ളത് ഫാജിറുകളായ അനുയായികളാണെന്ന് ജൽപിക്കുന്നവരാണ്. 19: 58 ൽ പറഞ്ഞ പ്രകാരം കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന എല്ലാ പ്രവാചകന്മാരുടെയും നബിമാരുടെയും സ്വഭാവം; അവർക്ക് നിഷ്പക്ഷവാന്റെ സൂക്തങ്ങൾ വിവരിച്ച് കൊടുക്കപ്പെട്ടാൽ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ മുഖം കുത്തിവീഴുക എന്നതായിരുന്നുവെങ്കിൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളുടെയും കുഫ്ഫാറുകളുടെയും സ്വഭാവം; നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവർക്ക് വിവരിക്കപ്പെട്ടാൽ സാഷ്ടാംഗപ്രണാമത്തിൽ വീഴാതെ 74: 49-51 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സിംഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടു കഴുതകളെപ്പോലെ അതിൽ നിന്ന് വിരണ്ടോടുക എന്നതായിരിക്കും. 2: 165-167; 3: 28, 86, 90-91; 9: 53-55 വിശദീകരണം നോക്കുക.

140.നിശ്ചയം അല്ലാഹു ഗ്രന്ഥത്തിൽ നിങ്ങളുടെമേൽ അവതരിപ്പിച്ചിട്ടുമുണ്ട്: അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കപ്പെടുന്നതും അവ കൊണ്ട് പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേൾക്കാനിടയായാൽ അപ്പോൾ അവർ മറ്റുവർത്തമാനങ്ങളിൽ ഏർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത്, അങ്ങനെയാ

യാൽ നിശ്ചയം നിങ്ങളും അവരെപ്പോലെയാകും, നിശ്ചയം അല്ലാഹു കപടവിശ്വാസികളെയും കാഫിറുകളെയും മുഴുവൻ നരകക്കുണ്ഠത്തിൽ ഒരുമിച്ചു കൂട്ടുക തന്നെ ചെയ്യുന്നതാണ്.

ഈ സൂക്തം അവതരിക്കുന്നതിനുമുമ്പ് മക്കയിൽ അവതരിച്ചിട്ടുള്ള 6: 68 ൽ, നമ്മുടെ സൂക്തങ്ങളെ പരിഹസിക്കുന്ന ഒരു വിഭാഗം ജനതയെ നീ കണ്ടാൽ, അവർ മറ്റൊരു സംസാരത്തിൽ ഏർപ്പെടുന്നതുവരെ അവരിൽ നിന്ന് പിന്തിരിയുക, ഇനി പിശാച് നിന്നെ മറപ്പിക്കുകയാണെങ്കിൽ ഓർമ്മ വന്നതിനുശേഷം അക്രമികളായ ആ ജനതയോടൊപ്പം നീ ഇരിക്കുകയുമരുത് എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. *ഗ്രന്ഥം വായിക്കുമ്പോഴും കേൾക്കുമ്പോഴും പിശാച് ഹൃദയത്തെ അതിന്റെ ആശയത്തിൽ നിന്ന് മറ്റു മേഖലകളിലേക്ക് തിരിച്ചുവിട്ടാൽ ഉടൻ എഴുന്നേറ്റുപോകണമെന്നാണ്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്. നിശ്ചയം കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങി എല്ലാറ്റിനെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യുമെന്ന് 17: 36 ൽ പറഞ്ഞിട്ടുണ്ട്. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് ഏത് പ്രവൃത്തി ചെയ്താലും അവർക്കെതിരെ അവരുടെ ശരീരാവയവങ്ങളും തൊലികളും സാക്ഷ്യം വഹിക്കുമെന്ന് 41: 19–22 സൂക്തങ്ങളിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുക വഴി നാഥനെ വിസ്മരിച്ച കപടവിശ്വാസികൾ അദ്ദിക്റിന് വിരുദ്ധമായി പ്രഭാഷണം നടത്തുമ്പോൾ അല്ലെങ്കിൽ ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം പഠിപ്പിക്കുന്ന ക്ലാസെടുക്കുമ്പോൾ അല്ലെങ്കിൽ സംഘടനകളുടെ വക്താക്കളായി പ്രസംഗിക്കുമ്പോൾ ഗ്രന്ഥത്തിലെ സൂക്തങ്ങൾ മൂടിവെച്ച് സംസാരിക്കുന്നതിനാലും സ്ഥാനം തെറ്റി ഉദ്ധരിക്കുന്നതിനാലും ആശയം വളച്ചൊടിക്കുന്നതിനാലും അവിടെ ഇരിക്കുകയോ നിൽക്കുകയോ പോലും ചെയ്യരുതെന്നാണ് വിശ്വാസികളോട് അല്ലാഹു കൽപിച്ചിട്ടുള്ളത്. അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ച കാഫിറുകളെയും ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ കൽപനക്ക് വിരുദ്ധമായി അനുസരിക്കുകയോ അവരോടൊപ്പം സഹവസിക്കുകയോ ആണെങ്കിൽ അവരോടൊപ്പം നരകക്കുണ്ഠത്തിൽ ഒരുമിച്ച് ചേരേണ്ടിവരുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 3: 10, 78; 4: 43; 8: 22 വിശദീകരണം നോക്കുക.

141. നിങ്ങളുടെ കാര്യത്തിൽ കാത്തിരിക്കുന്നവരാണ് അവർ, അങ്ങനെ നിങ്ങൾക്ക് അല്ലാഹുവിൽ നിന്നുള്ള ഒരു വിജയം ലഭിക്കുകയാണെങ്കിൽ അവർ പറയും: ഞങ്ങളും നിങ്ങളോടൊപ്പമായിരുന്നല്ലോ, എന്നാൽ കാഫിറുകൾക്കാണ് ഒരു നേട്ടമുണ്ടായതെങ്കിൽ അവർ അവരോട് പറയുന്നു: ഞങ്ങൾക്ക് നിങ്ങളുടെ മേൽ അതിജയിക്കാൻ അവസരമുണ്ടായിട്ടും ഞങ്ങൾ നിങ്ങളെ വിശ്വാസികളിൽ നിന്ന് തടഞ്ഞില്ലേ? അപ്പോൾ വിധിദിവസം അല്ലാഹു നിങ്ങൾക്കിടയിൽ വിധി കൽപിക്കുന്നതാകുന്നു, അല്ലാഹു വിശ്വാസികളുടെമേൽ കാഫിറുകൾക്ക് യാതൊരു മാർഗ്ഗവും ഉണ്ടാക്കിയിട്ടില്ല തന്നെ.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റി ജീവിക്കുന്ന കുഫ്ഫാറുകളെ അനുസരിക്കരുതെന്നാണ് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 9: 73 ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. അത്തരം കാഫിറുകളെ ഒരുനിലക്കും അനുസരിക്കരുതെന്നും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യണമെന്നും 25: 52 ലൂടെയും വിശ്വാസി കൽപിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചി

ട്ടുള്ളതും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കലും ഇന്ന് ഒറ്റപ്പെട്ട വിശ്വാസിയുടെ ബാധ്യതയാണ്. അതോടൊപ്പം 2: 62 ൽ വിവരിച്ച പ്രകാരം 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ ആത്മാവുകൊണ്ട് നമസ്കരിക്കാനും വാഴ്ത്താനും സൗകര്യം ഒരുക്കുക എന്ന ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്യുകയും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. 2: 113; 3: 159–160; 4: 88–89 വിശദീകരണം നോക്കുക.

142.നിശ്ചയം ഈ കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിച്ചുകൊണ്ടിരിക്കുന്നവരാണ്, അവൻ അവരെയാണ് വഞ്ചനയിൽ അകപ്പെടുത്തിയിട്ടുള്ളത്, അവർ നമസ്കാരത്തിനുവേണ്ടി നിൽക്കുമ്പോൾ അലസന്മാരായി ജനങ്ങളെ കാണിക്കാൻ വേണ്ടി നിൽക്കുന്നതാണ്, അവർ അൽപം മാത്രമല്ലാതെ അല്ലാഹുവിനെ സ്മരിക്കുന്നവരുമല്ല.

143.അവർ ഇക്കൂട്ടരിലേക്കും അക്കൂട്ടരിലേക്കുമില്ലാതെ അതിന് രണ്ടിനുമിടയിൽ ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്, അപ്പോൾ ആരെയാണോ അല്ലാഹു വഴിപിഴക്കാൻ അനുവദിച്ചത്, അവന് യഥാർത്ഥ മാർഗം കാണിച്ചുകൊടുക്കുന്നവനായി ആരെയും നീ കണ്ടെത്തുകയില്ല തന്നെ!

കപടവിശ്വാസികൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ അറിഞ്ഞുകൊണ്ട് മൂടിവെക്കുക വഴി നാഥനെ വഞ്ചിക്കുകയാണ്. അതുവഴി അവർ അവരെത്തന്നെയാണ് വഞ്ചിച്ചുകൊണ്ടിരിക്കുന്നത്. *'ദിക്ർ'* എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടിയാണ് 20: 14 ലൂടെ നമസ്കാരം കൽപിച്ചിട്ടുള്ളതെങ്കിൽ കപടവിശ്വാസികൾ അവരുടെ കാപട്യം മറച്ചുവെക്കുന്നതിന് വേണ്ടിയാണ് നമസ്കരിക്കുന്നത്. 2: 171 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ സത്യപ്പെടുത്തുന്നതുവരെ ആരും വിശ്വാസിയാവുകയില്ല. ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായവരായതിനാൽ 2: 18 ൽ വിവരിച്ച പ്രകാരം അവർ വധിക്കപ്പെട്ടവരായിരിക്കുന്നു. ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയതിനാൽ അവരെ നേരെച്ചൊവ്വെയുള്ള പാതയിലേക്കാക്കാൻ ഒരാൾക്കും സാധ്യമല്ല. 8: 48 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതിനാൽ അവർ തങ്ങളുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ പരസ്ത്രീ-പര പുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് നമസ്കാരത്തിൽ കൊത്തിവെച്ചുകൊണ്ടിരിക്കുന്നത്. 2: 110; 3: 110–112; 7: 178–179 വിശദീകരണം നോക്കുക.

144.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ വിശ്വാസികളെക്കൂടാതെ കാഫിറുകളെ നിങ്ങളുടെ മിത്രങ്ങളായി സ്വീകരിക്കരുത്, അതോ നിങ്ങൾ നിങ്ങളുടെ മേൽ അല്ലാഹുവിന് വ്യക്തമായ ന്യായമുണ്ടാക്കിക്കൊടുക്കാൻ ഉദ്ദേശിക്കുകയാണോ?

അല്ലാഹുവിന്റെ സംഘത്തിൽ പെട്ട വിശ്വാസികളോട് അദ്ദിക്റിനെ മൂടിവെക്കുന്ന പിശാചിന്റെ സംഘത്തിൽ പെട്ട കപടവിശ്വാസികളായ കാഫിറുകളെയും അദ്ദിക്റിനെ തള്ളിപ്പറയുന്ന ഫാജിറുകളായ കാഫിറുകളെയും മിത്രങ്ങളായി തെരഞ്ഞെടുക്കരുതെന്നും അങ്ങനെ തെരഞ്ഞെടുത്താൽ അത് അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമാണെന്നും അവരെയാണ് അല്ലാഹു കഠിനമായി ശിക്ഷിക്കുക എന്നുമാണ് സൂക്തം മുന്നറിയിപ്പ് നൽകു

ന്നത്. അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള ബന്ധങ്ങളല്ലാത്തതെല്ലാം ത്രാസായ അദ്ദിക്ർ കൊണ്ട് വിചാരണ നടത്തപ്പെടുന്ന വിധിദിവസം പരസ്പരം ശത്രുതയിലായിരിക്കുമെന്ന് 43: 67; 70: 11–14; 80: 34–38 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത അക്രമികളായ കാഫിറുകൾ വിധിദിവസം, 'ഓ കഷ്ടം! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ, അദ്ദിക്റിൽ നിന്ന് എനിക്ക് അത് വന്നുകിട്ടിയതിന് ശേഷം അവനാണല്ലോ എന്നെ തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെ ആയിരുന്നുവല്ലോ' എന്ന് വിലപിക്കുമെന്ന് 25: 29 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 31: 14–15 സൂക്തങ്ങളിൽ, എനിക്കും നിന്റെ മാതാപിതാക്കൾക്കും നീ നന്ദി പ്രകടിപ്പിക്കണം, ഇനി അവർ നിനക്ക് അറിവില്ലാത്ത കാര്യങ്ങളെ എന്നിൽ പങ്കുചേർക്കാൻ നിന്നോട് നിർബന്ധിച്ചാൽ നീ അവരെ അനുസരിക്കരുത്, എന്നാൽ ഐഹികലോകത്ത് ഗ്രന്ഥത്തിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് അവരോട് സഹവർത്തിക്കുകയും നീ എന്നിലേക്ക് തിരിഞ്ഞവരുടെ മാർഗ്ഗം പിൻപറ്റുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോരുത്തരുടെയും കർമ്മരേഖ അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുണ്ടെന്നും പതിനഞ്ച് വയസ്സിനുശേഷമുള്ള ഓരോ നിമിഷവും അതിൽ രേഖപ്പെടുത്തുന്നുണ്ടെന്നും വിശ്വസിക്കുന്നവരാണ് വിശ്വാസികൾ എന്നിരിക്കെ, അല്ലാഹുവിനെയും പ്രവാചകനെയും അദ്ദിക്റിൽ മൂടിവെച്ചുകൊണ്ട് പിശാചിനെ ജീവിപ്പിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളുമായിട്ടാണ് വിശ്വാസികൾ ഇവിടെ സഹവസിക്കുന്നതെങ്കിൽ വിചാരണാനാളിൽ 41: 19–24 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരുടെതന്നെ തൊലികളും കേൾവികളും കാഴ്ചകളുമെല്ലാം അവർക്കെതിരെ സാക്ഷ്യം വഹിക്കാനും അവരുടെ കർമ്മരേഖയിൽ അവർക്ക് വായിക്കാൻ കൊള്ളാത്തത് രേഖപ്പെടുത്താനും ഇടവരുന്നതാണ്. അപ്പോൾ പരലോകത്തെക്കൊണ്ട് ദൃഢമായി വിശ്വസിക്കുന്ന വിശ്വാസികൾ നിർബന്ധിതാവസ്ഥയിൽ കാഫിറുകളുമായി ഇടപഴകേണ്ടി വരികയാണെങ്കിൽ മാനസികമായി അവരോട് പൊരുത്തം കാണിക്കാനോ സ്നേഹം പ്രകടിപ്പിക്കാനോ പാടില്ല. ഓരോരുത്തരും വിചാരണാനാളിൽ വായിക്കാനുള്ള കർമരേഖ അദ്ദിക്റിന്റെ വെളിച്ചത്തിൽ അനുകൂലമായി സാക്ഷ്യം വഹിക്കുന്ന വിധത്തിൽ ഇവിടെവെച്ച് സജ്ജീകരിക്കേണ്ടതുണ്ട്. അവർക്കുമാത്രമേ വലതുകൈയിൽ ഗ്രന്ഥം കിട്ടുകയും വിചാരണക്ക് ശേഷമെങ്കിലും സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയുമുള്ളൂ.

വിശ്വാസികൾ നരകക്കുണ്ഠത്തിലേക്കുള്ള കപടവിശ്വാസികളോടും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളോടും 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും പ്രവാചകന്റെ സമുദായത്തിൽ പെട്ടവരും ആത്മാവിനെ പരിഗണിക്കുന്നവരുമായ ഇതര ജനവിഭാഗങ്ങളിൽ പെട്ട മനുഷ്യരോട് കാരുണ്യത്തിലും സൗഹാർദത്തിലും പെരുമാറുകയും അവർക്ക് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ എന്ന ഗ്രന്ഥം എത്തിച്ചുകൊടുക്കുകയുമാണ് ചെയ്യുക. അതുവഴി ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യാനും നമസ്കരിക്കാനും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി 7: 205–206; 8: 46; 32: 15 എന്നീ സൂക്തങ്ങളിൽ വിവരിച്ചതുപോലെ പ്രവർത്തിക്കാനാണ് അവരെ ഉപദേശിക്കേണ്ടത്. മനുഷ്യരടക്കമുള്ള എല്ലാ ജീവികൾക്കും ജീവനും ആത്മാവും അടങ്ങിയ റൂഹ് പ്രപഞ്ചനാഥന്റേത് മാത്രമാണെന്നും ശരീരം ആണിന്റെയും പെണ്ണിന്റെയും ബീജങ്ങൾ കൂട്ടിച്ചേർത്ത് സർവ്വസ്രഷ്ടാവ് വികസിപ്പിച്ചെടുത്തതാണെന്നുമിരിക്കെ

അന്യായമായി ഒരു ജീവിയെയും വധിക്കാൻ ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന് അധികാരമില്ല എന്ന് അവരെ അറിയിക്കേണ്ടതുണ്ട്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത കപടവിശ്വാസികളെയും അവരുടെ അനുയായികളെയും ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയവർ എന്നാണ് 8: 22; 25: 34 സൂക്തങ്ങളിൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 80: 11 ൽ പറഞ്ഞ, ഏതൊരാൾക്കും സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ നാഥൻ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അതായത് അദ്ദിക്റിനെ മൂടിവെച്ച മനുഷ്യൻ ഉറങ്ങുന്ന അവസ്ഥയിൽ ബോധമില്ലാതെ ജീവിക്കുകയാണ്. 3: 28; 4: 59; 9: 84–85, 113–114 വിശദീകരണം നോക്കുക.

145.നിശ്ചയം കപടവിശ്വാസികൾ നരകത്തിന്റെ ഏറ്റവും അടിത്തട്ടിലാണ്, അവർക്ക് സഹായികളായി ആരെയും നീ കണ്ടെത്തുകയുമില്ല.

146.എന്നാൽ പശ്ചാത്തപിച്ച് മടങ്ങുകയും തങ്ങളുടെ പ്രവൃത്തികൾ നന്നാക്കിത്തീർക്കുകയും അല്ലാഹുവിനെ മുറുകെപ്പിടിക്കുകയും തങ്ങളുടെ ജീവിതം മുഴുവൻ അല്ലാഹുവിന് വേണ്ടി മാത്രമാക്കുകയും ചെയ്തവരൊഴികെ, അപ്പോൾ അക്കൂട്ടർ വിശ്വാസികളുടെ കൂടെയാകുന്നു, വിശ്വാസികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകുക തന്നെ ചെയ്യും!

147.അല്ലാഹുവിന് നിങ്ങളെ വെറുതെ ശിക്ഷിച്ചിട്ട് എന്തുകാര്യം -നിങ്ങൾ നന്ദിപ്രകടിപ്പിക്കുകയും നിങ്ങൾ വിശ്വസിക്കുകയുമാണെങ്കിൽ, അല്ലാഹു നന്ദിപ്രകടനത്തെ വിലമതിക്കുന്ന സർവ്വജ്ഞാനി തന്നെയായിരിക്കുന്നു.

ത്രികാലജ്ഞാന ഗ്രന്ഥവും ഏതൊരാൾക്കും സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റുമായ അദ്ദിക്ർ അറിഞ്ഞിട്ട് സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെ അതിനെ മൂടിവെക്കുകയും ചെയ്തതിനാലാണ് കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നത്. എല്ലാം അറിഞ്ഞിട്ട് അല്ലാഹുവിന്റെ ദീനിനെ കളവാക്കുകയും വികൃതമാക്കുകയും ചെയ്യുന്നതിലൂടെ പിശാചിനെപ്പോലും കവച്ചുവെക്കുന്ന ധിക്കാരമാണ് ഇത്തരം തെമ്മാടികളായ മനുഷ്യപ്പിശാചുക്കൾ ചെയ്യുന്നത്. 41: 26–28 സൂക്തങ്ങളിൽ, അദ്ദിക്റിൽ നിന്ന് ജനങ്ങളെ തടയുന്ന അല്ലാഹുവിന്റെ ശത്രുക്കളായ ഇവർക്ക് ശാശ്വതമായി നരകത്തിൽ താമസമുണ്ടെന്നും അത് അവർ അല്ലാഹുവിന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരുന്നതിനാലാണെന്നും പറഞ്ഞിട്ടുണ്ട്. 16: 64 ൽ, ജനങ്ങൾ ഭിന്നിച്ചിട്ടുള്ള വിഷയത്തിൽ വിധി കൽപിക്കാൻ വേണ്ടിയല്ലാതെ നിന്റെ മേൽ ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരായ കപടവിശ്വാസികൾ വിധിദിവസം ജനങ്ങൾ ഭിന്നിച്ച വിഷയങ്ങളിൽ അല്ലാഹു വിധികൽപിക്കുമെന്നല്ലേ പറഞ്ഞിട്ടുള്ളത്, പിന്നെ നിങ്ങൾ എന്തിനാണ് ഖുർആൻ വായിക്കുന്ന ജനങ്ങളെ മുനാഫിഖുകളും കാഫിറുകളുമാക്കുന്നത് എന്നാണ് വിശ്വാസികളോട് ചോദിക്കുക എന്ന് 2: 113 ൽ പറഞ്ഞിട്ടുണ്ട്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് ഇവിടെവെച്ച് വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ അവർ വായിക്കുന്നുമുണ്ട്.

വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏ

റ്റവും വഴിപിഴച്ചവരാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 40 ൽ വിവരിച്ച പ്രകാരം ഭ്രാന്തന്മാരായ ഫുജ്ജാറുകൾക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നത് വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. അദ്ദിക്ർ കൊണ്ട് ഉണർത്തപ്പെടുമ്പോൾ കപടവിശ്വാസികളിൽ നിന്നുള്ള ആരാണോ സൂക്തങ്ങൾ വളച്ചൊടിക്കുകയും മൂടിവെക്കുകയും ചെയ്തതിൽ ഖേദിച്ചുമടങ്ങുകയും അദ്ദിക്റാണ് ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥമെന്ന് അംഗീകരിക്കുകയും അതിന്റെ 40 പേരുകളും ലോകരോട് വെളിപ്പെടുത്തുകയും ചെയ്തുകൊണ്ട് നാഥന്റെ സന്ദേശമായ അത് ലോകർക്ക് എത്തിച്ച് കൊടുക്കുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ കീർത്തനം ചെയ്യുന്നതിനും വാഴ്ത്തുന്നതിനും അവസരം ഉണ്ടാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ഫലവൃക്ഷങ്ങൾ നടുകയും ജൈവകൃഷി നടത്തുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് കഴിഞ്ഞുപോയ കാലത്ത് വന്നിട്ടുള്ള തിന്മകളെല്ലാം നന്മകളായി പരിവർത്തിപ്പിക്കുകയും ചെയ്യുന്നത്, അവർക്ക് വിചാരണക്കുശേഷം സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നവരിൽ ഉൾപ്പെടാൻ സാധിക്കുന്നതാണ്. 2: 256; 3: 101; 4: 174–175; 5: 48 തുടങ്ങിയ സൂക്തങ്ങളിൽ അദ്ദിക്റിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് പറഞ്ഞിട്ടുണ്ട്. 10: 26 ൽ വിവരിച്ച പ്രകാരം ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ ജീവിക്കുന്നവരാണ് ജീവിതം മുഴുവൻ നാഥന് സമർപ്പിച്ചവർ. എല്ലാ ഓരോ കാര്യവും വിശദീകരിച്ച അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്ന മുസ്ലിംകളാണ് അവർ എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. 7: 37 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും അവരുടെ മരണസമയത്ത് ആത്മാവിനെതിരെ 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. 2: 159–160; 4: 46, 125; 38: 8 വിശദീകരണം നോക്കുക.

148.വാക്കുകളിൽ നിന്ന് ദുഷിച്ചത് പരസ്യപ്പെടുത്തുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല -അക്രമിക്കപ്പെട്ടവനൊഴികെ, അല്ലാഹു എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയായിരിക്കുന്നു.

ത്രികാലജ്ഞാനിയായ നാഥൻ പ്രപഞ്ചത്തിൽ നടക്കുന്നതെല്ലാം നേരത്തെ നിശ്ചയിച്ച് രേഖപ്പെടുത്തി വെച്ചിട്ടുണ്ടെന്ന ബോധത്തോടെയായിരിക്കണം എപ്പോഴും എവിടെയും വിശ്വാസികൾ പെരുമാറേണ്ടത്. എന്നാൽ അക്രമികളോടും കപടവിശ്വാസികളോടും സൗമ്യമായി പെരുമാറാൻ പാടില്ല. കാരണം അത് അവരെ കൂടുതൽ അക്രമത്തിലേക്കും കാപട്യത്തിലേക്കുമാണ് നയിക്കുക. 3: 80 ൽ വിവരിച്ച പ്രകാരം പിശാചിന്റെ സംഘത്തിൽ പെട്ട അക്രമികളായ കപടവിശ്വാസികളും അവരുടെ അനുയായികളും നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും നാഥന്റെ ശാപവും കോപവും ആപതിച്ചിട്ടുള്ളവരും നരകക്കുണ്ഠത്തിലേക്കുള്ളവരും നുണ മാത്രം പറയുന്നവരുമാണ്. 3: 75 ൽ വിവരിച്ച പ്രകാരം ഇത്തരം അക്രമികൾ പരസ്യജീവിതത്തിൽ മാന്യത ചമഞ്ഞ് പണം കടം വാങ്ങുകയും എന്നാൽ തിരിച്ച് നൽകാൻ കഴിവുണ്ടായാലും തിരിച്ച് നൽകാത്തവരുമാണ്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ അവർ ഗ്രന്ഥം തൊടാത്ത, വായിക്കാൻ കഴിയാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെയാണ് കാഫിറുകളും അക്രമികളുമായി മുദ്ര കുത്തുന്നത്. ഇത്തരം അക്രമികളുടെ തനിസ്വഭാവം വിശ്വാസി ജനങ്ങളോട് വെളിവാക്കുക തന്നെ വേണം. ഉദാഹരണമായി ഒ

രാൾ പണം കടംവാങ്ങി തിരിച്ചുതരാൻ കഴിവുണ്ടായിട്ടും തിരിച്ചുതരാതിരിക്കുകയാണെങ്കിൽ മറ്റുള്ളവർ അവന്റെ കെണിയിൽ പെടാതിരിക്കാൻ വേണ്ടി പരസ്യപ്പെടുത്തേണ്ടതാണ്. നീ അവരുടെമേൽ അധികാരം ചെലുത്തുന്നവനൊന്നുമല്ല, ആരാണോ പിന്തിരിഞ്ഞുപോവുകയും കാഫിറാവുകയും ചെയ്തത്, അവനെ ഒഴികെ എന്ന് 88: 22–23 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഒരാളിൽ നിന്ന് അറിവില്ലായ്മ കൊണ്ട് സംഭവിക്കുന്ന തെറ്റുകൾ കാണുകയാണെങ്കിൽ അത് പരസ്യപ്പെടുത്താതെ അവനെ ഉപദേശിച്ച് തിരുത്താൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത്. 2: 254, 258; 3: 119, 159 വിശദീകരണം നോക്കുക.

149.നിങ്ങൾ ഒരു നന്മ വെളിവാക്കുകയോ അല്ലെങ്കിൽ അത് ഗോപ്യമാക്കിവെക്കുകയോ അതുമല്ലെങ്കിൽ ഒരു തിന്മയെത്തൊട്ട് നിങ്ങൾ വിടുതി ചെയ്യുകയോ ചെയ്താൽ, അപ്പോൾ നിശ്ചയം അല്ലാഹു ഏറെ വിടുതി ചെയ്യുന്ന സർവ്വശക്തനായിരിക്കുന്നു.

പരസ്യമായും രഹസ്യമായും നന്മ ചെയ്യാനാണ് സൂക്തം പ്രേരിപ്പിക്കുന്നത്. തിന്മയെ അവഗണിക്കാനും നന്മ പ്രോത്സാഹിപ്പിക്കാനുമാണ് ശ്രമിക്കേണ്ടത്. ഏറ്റവും വലിയ നന്മ അദ്ദിക്റാണ്. ത്രികാലജ്ഞാനമായ അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിശ്ചയം അവരോട് അല്ലാഹു പ്രതികാരം ചെയ്യുന്നതാണെന്ന് 32: 22 ൽ പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരിൽ നിന്ന് അബദ്ധത്തിൽ സംഭവിക്കുന്ന ഒരു തിന്മ ഒരാൾ വിടുതി ചെയ്ത് കൊടുക്കുകയാണെങ്കിൽ അപ്പോൾ അല്ലാഹു അവന്റെ ഒരു തിന്മ വിടുതി ചെയ്യുന്നതും പൊറുത്തുകൊടുക്കുന്നതുമാണ്. 2: 271–272; 3: 4, 133–136 വിശദീകരണം നോക്കുക.

150.നിശ്ചയം അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും നിഷേധിക്കുന്നവരായവരാരോ, അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്മാരുടെയും ഇടയിൽ വ്യത്യാസം കൽപിക്കുവാൻ ഉദ്ദേശിക്കുന്നവരുമാരോ, ഞങ്ങൾ ചിലരെക്കൊണ്ട് വിശ്വസിക്കുകയും ചിലരെക്കൊണ്ട് ഞങ്ങൾ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നവരുമാരോ, നിഷേധത്തിനും വിശ്വാസത്തിനും ഇടയിലുള്ള ഒരു മാർഗം തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നവരുമാരോ,

151.അക്കൂട്ടർ തന്നെയാണ് യഥാർത്ഥ കാഫിറുകൾ, ഇത്തരം കാഫിറുകൾക്ക് നാം ഹീനമായ ശിക്ഷ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്.

ത്രികാലജ്ഞാനമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് പ്രപഞ്ചനാഥനെക്കൊണ്ടും ഗ്രന്ഥത്തെക്കൊണ്ടും അവന്റെ സന്ദേശവാഹകരായ പ്രവാചകന്മാരെക്കൊണ്ടും നബിമാരെക്കൊണ്ടും മലക്കുകളെക്കൊണ്ടും വിധിദിവസത്തെക്കൊണ്ടുമെല്ലാമുള്ള വിശ്വാസം രൂപപ്പെടുത്തുന്നതിന് വേണ്ടിയാണ്. 25: 33 ൽ പറഞ്ഞ പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ 40 പേരുകളും അറിഞ്ഞുകൊണ്ട് മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളുമാണ് യഥാർത്ഥ കാഫിറുകൾ. അവരെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളാണ് അവർ. യഥാർത്ഥ മുസ്ലിംകൾ 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗമായും കാരുണ്യമായും ശുഭവാർത്താദായകമായും ഉപയോഗപ്പെടുത്തുന്നവരാണെങ്കിൽ, യഥാർത്ഥ കാഫിറുകൾ 7:

26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ്. ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും അവരുടെ ആത്മാവിനെതിരെ 7: 37 പ്രകാരം മരണസമയത്തും 6: 130 പ്രകാരം വിധിദിവസവും 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. അവരിൽ നിന്നുള്ള ഓരോരുത്തരോടും 39: 59 പ്രകാരം 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് മരണസമയത്ത് നാഥൻ പറയുന്നതുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 8: 48 ൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അത്തരം വിശ്വാസി മാത്രമേ സർവസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ മരിക്കുകയുള്ളൂ എന്ന് 3: 102 ൽ പറഞ്ഞിട്ടുണ്ട്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യരിൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി വിശ്വാസിയായ നാഥന്റെ ഏകസംഘത്തിൽ പെട്ടവനാണെങ്കിൽ 4: 118 ൽ വിവരിച്ച പ്രകാരം ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ ഫുജ്ജാറുകളിൽ പെട്ട കപടവിശ്വാസികളും അനുയായികളും 58: 19 ൽ പറഞ്ഞ കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളും സാക്ഷിയും ഇമാമും തെളിവും സത്യവും കാരുണ്യവുമായ അദ്ദിക്റിനെ മൂടിവെച്ചതിനാൽ അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകക്കുണ്ഠമാണെന്ന് 11: 17 ലും; ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിലേക്കുള്ള 7 വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 44 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത ഫുജ്ജാറുകൾ സ്വർഗവും നരകവുമെല്ലാം അല്ലാഹു നൽകുന്നതാണ് എന്ന് കള്ളം പറയുന്നവരാണ്. ജീവിതലക്ഷ്യം മറന്ന് ജീവിക്കുന്ന അവർ ഇവിടെ 2: 186; 48: 6; 98: 6 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും നാഥനെ വിസ്മരിച്ച് ജീവിക്കുകയും ചെയ്യുന്ന തെമ്മാടികളായ കപടവിശ്വാസികൾ, ഓരോ മനുഷ്യനും അവനവന്റെ പിരടിയിൽ കർമരേഖ വഹിക്കുന്നുണ്ടെന്നും അതിൽ 15 വയസ്സിനുശേഷമുള്ള ഓരോ നിമിഷവും കൊത്തിവെക്കുന്നുണ്ടെന്നും 17: 13–14; 18: 49; 23: 62–64; 36: 12; 45: 28–29; 58: 6; 78: 29–30 സൂക്തങ്ങളിൽ പറഞ്ഞ വസ്തുത ജനങ്ങളെ അറിയിക്കാത്തവരും 38: 24 ൽ വിവരിച്ച പ്രകാരം കർമരേഖയിൽ പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ കൊത്തിവെച്ചുകൊണ്ടിരിക്കുന്നവരുമാണ്.

ഫുജ്ജാറുകൾ കുഫ്ഫാറുകളാണെന്ന് 83: 34, 36 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഒരു സൂക്തത്തിൽ മുശ്രിക്കുകളെയോ കാഫിറുകളെയോ കുഫ്ഫാറുകളെയോ ഫുജ്ജാറുകളെയോ മാത്രം പറയുകയാണെങ്കിൽ അതിൽ കപടവിശ്വാസികളും അനുയായികളും ഉൾപ്പെടുന്നതാണ്. 3: 90–91; 5: 36; 10: 54; 13: 18; 39: 47 എന്നീ സൂക്തങ്ങൾ പ്രകാരം ഇത്തരം കുഫ്ഫാറുകൾക്ക് അന്ത്യനാളിലെ ശിക്ഷയിൽ നിന്ന് ഇളവ് ലഭിക്കുന്നതിനുവേണ്ടി ഭൂമിയിലുള്ള സർവസ്വവും അത്ര വേറെയും ലഭിച്ച് പകരം നൽകിയാലും അവരിൽ നിന്ന് അത് സ്വീകരിക്കുകയില്ല. 'അക്കൂട്ടർ തന്നെയാണ് യഥാർത്ഥ കാഫിറുകൾ' എന്ന് പരാമർശിക്കുന്ന ഗ്രന്ഥത്തിലെ ഏക സൂക്തമാണിത്. എന്നാൽ 'അക്കൂട്ടർ തന്നെയാണ് യഥാർത്ഥ വിശ്വാസികൾ' എന്ന് 8: 4, 74 എന്നീ രണ്ട് സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 1: 7; 2:

166–167; 8: 55 വിശദീകരണം നോക്കുക.

152. ആരാണോ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസിക്കുന്നവരാവുകയും അവരിൽ നിന്നുള്ള ആർക്കിടയിലും വ്യത്യാസം കൽപിക്കാതിരിക്കുകയും ചെയ്യുന്നത്, അക്കൂട്ടർക്ക് അവരുടെ പ്രതിഫലങ്ങൾ നൽകുക തന്നെ ചെയ്യുന്നതാണ്, അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമായിരിക്കുന്നു.

21: 24–25 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ട നാഥന്റെ സന്ദേശം സത്യവും തെളിവുമായ അദ്ദിക്ർ ആണെന്നും അത് അവതരിപ്പിച്ചിട്ടുള്ളത് പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് ദൈവമോ രാജാവോ നാഥനോ ഇല്ലെന്നും അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കണം എന്നും പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് എന്ന് 5: 48; 16: 44 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ചത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101; 4: 174–175 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 136, 285 വിശദീകരണം നോക്കുക.

153. നീ അവരുടെ മേൽ ആകാശത്തുനിന്ന് ഒരു ഗ്രന്ഥം അവതരിപ്പിച്ചുകൊടുക്കണമെന്ന് വേദക്കാർ നിന്നോട് ചോദിക്കുന്നുവെങ്കിൽ, അപ്പോൾ നിശ്ചയം അവർ മൂസായോട് അതിനേക്കാൾ വലിയ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്, അപ്പോൾ അവർ പറഞ്ഞു: നീ ഞങ്ങൾക്ക് അല്ലാഹുവിനെ പരസ്യമായി കാണിച്ചുതരിക, അപ്പോൾ അവരുടെ അക്രമം കാരണം അവരെ സ്തബ്ധരാക്കുന്ന ഒരു ശിക്ഷ മുഖേന ഞാനവരെ പിടികൂടി, പിന്നീട് അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷവും പശുക്കുട്ടിയെ ഇലാഹായി സ്വീകരിച്ചു, അപ്പോൾ നാം അവരെത്തൊട്ട് അതും വിടുതി ചെയ്തു, മൂസാക്ക് നാം വ്യക്തമായ പ്രമാണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

വടി പാമ്പായി മാറുക, കൈ കക്ഷത്തിങ്കൽ വെച്ചെടുത്താൽ പ്രകാശിക്കുക എന്നിവയടക്കം ഒമ്പത് ദൃഷ്ടാന്തങ്ങൾ അല്ലാഹു മൂസാക്ക് നൽകിയിട്ടുണ്ടായിരുന്നു. വ്യക്തമായ ഈ തെളിവുകൾക്ക് പുറമെ 26: 63 പ്രകാരം മൂസായോട് കടലിൽ തന്റെ വടി കൊണ്ട് അടിക്കാൻ കൽപിക്കുകയും കടൽ വെള്ളം രണ്ടു മലകളെന്നോണം ഇരുഭാഗത്തേക്കുമായി പിളർത്തി 20: 77 ൽ പറഞ്ഞ പ്രകാരം ഉണങ്ങിയ വഴി ഉണ്ടാക്കിക്കൊടുത്ത് അവരെ രക്ഷപ്പെടുത്തുകയും അവർ മറുകരയിലെത്തി നോക്കി നിൽക്കെ 10: 90–92 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഫിർഔനിനെയും സംഘത്തെയും വെള്ളം ഒരുമിച്ചുകൂട്ടി മുക്കിക്കൊല്ലുകയും ചെയ്തത്, ഇസ്റാഈൽ സന്തതികൾക്ക് സീനാ മരുഭൂമിയിൽ മേഘത്തിന്റെ കുട ചൂടിക്കൊടുത്ത് അവർക്ക് മന്നയും സൽവയും ഭക്ഷണമായി നൽകിയത്, അവരെ പന്ത്രണ്ട് ഗോത്രങ്ങളായി തിരിക്കുകയും കുടിക്കാൻ വെള്ളം ആവശ്യപ്പെട്ടപ്പോൾ അല്ലാഹു മൂസായോട് തന്റെ വടികൊണ്ട് ഒരു കല്ലിൽ അടിക്കാൻ കൽപിക്കുകയും അതിൽ നിന്ന് ഓരോ ഗോത്രക്കാർക്കും പ്രത്യേകം പ്രത്യേകം വെള്ളമെടുക്കുന്നതിനുവേണ്ടി പന്ത്രണ്ട് ഉറവകൾ പുറപ്പെടുവിപ്പിച്ചത് തുടങ്ങിയ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിട്ടും അവർ മൂസാനബി തൗറാത്ത് സ്വീകരിക്കാൻ പോയ നാൽപത് നാളുകൾക്കിടയിൽ സാമിരിയുടെ നേതൃത്വത്തിൽ ആഭരണങ്ങൾ ഉരുക്കി പശുക്കുട്ടിയെ ഉണ്ടാക്കി പൂജിക്കാൻ തുടങ്ങി; അതും അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തു. മൂസാക്ക് അല്ലാഹു 10 കൽപനകൾ രണ്ട് ഫ

ലകങ്ങളിൽ രേഖപ്പെടുത്തിയാണ് കൊടുത്തത്. എന്നാൽ അത് കിട്ടിയതിനുശേഷവും അവർ അല്ലാഹുവിനെ കണ്ണുകൊണ്ട് നേരെ കാണണമെന്ന് ആവശ്യപ്പട്ടപ്പോൾ മൂസാ അവരിൽ നിന്നുള്ള എഴുപത് ആളുകളെയും കൂട്ടി *ത്വൂർ* പർവ്വതത്തിലേക്ക് ചെല്ലുകയും അപ്പോൾ അവരെ ഇടിമുഴക്കം പോലുള്ള പ്രകമ്പനം പിടികൂടുകയും അവർ ബോധം കെട്ട് വീഴുകയും ചെയ്തു, പിന്നെ അല്ലാഹു അവരെ 7: 155 ൽ പറഞ്ഞ പ്രകാരം ജീവിപ്പിക്കുകയുണ്ടായി. മൂസാക്ക് പ്രമാണങ്ങൾ കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞതിൽ ഈ ദൃഷ്ടാന്തങ്ങളും തൗറാത്തും അതിന്റെ വിശദീകരണമായ ഫുർഖാനും ഉൾപ്പെടുന്നു. അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ട ഇക്കാലത്ത് 6: 81; 17: 80; 55: 33 തുടങ്ങി 27 സൂക്തങ്ങളിൽ പറഞ്ഞ പ്രമാണം അദ്ദിക്ർ തന്നെയാണ്. 7: 133; 17: 101 വിശദീകരണം നോക്കുക.

പ്രവാചകന്റെ കാലത്തുള്ള ജൂതരും കാഫിറുകളും ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം ആവശ്യപ്പെട്ടിരുന്നു. ആകാശത്തുനിന്ന് നീ ഞങ്ങൾക്ക് വായിക്കാൻ പറ്റുന്ന ഒരു ഗ്രന്ഥം ഇറക്കിത്തരുന്നതുവരെ ഞങ്ങൾ അല്ലാഹുവുമായുള്ള നിന്റെ കൂടിക്കാഴ്ച(*ഇസ്റാഅ് വൽ മിഅ്റാജ്*)യിൽ വിശ്വസിക്കുകയില്ല എന്ന് മക്കാമുശ്രിക്കുകൾ പ്രവാചകനോട് പറഞ്ഞിരുന്നതായി 17: 93 ൽ പറഞ്ഞിട്ടുണ്ട്. 25: 32 ൽ, എന്തുകൊണ്ടാണ് പ്രവാചകന് ഗ്രന്ഥം ഒരുമിച്ച് അവതരിപ്പിക്കപ്പെടാത്തത് എന്ന് കാഫിറുകൾ ചോദിച്ചിരുന്നതായി പറഞ്ഞിട്ടുണ്ട്. എക്കാലത്തുമുള്ള കാഫിറുകൾ 'എന്താണ് ഞങ്ങളുടെ മേൽ മലക്കുകൾ ഇറങ്ങാത്തത്? അല്ലെങ്കിൽ ഞങ്ങൾ ഞങ്ങളുടെ നാഥനെ നേരിൽ കാണാത്തത്?' എന്ന് ചോദിച്ചിരുന്നതായി 25: 21-22 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് മുൻകാല ജനതയുടെ സ്വഭാവങ്ങളും വിശ്വാസ വൈകല്യങ്ങളും അവർ പ്രവാചകന്മാരോട് കൈക്കൊണ്ട സമീപനങ്ങളുമെല്ലാം വിവരിക്കുന്ന അദ്ദിക്റിനെ അവഗണിക്കുകയും അതിൽ നിന്ന് ഒളിച്ചോടിപ്പോവുകയും ചെയ്തിട്ടുള്ളത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. വിധിദിവസം ഇത്തരം അക്രമികൾ 'എനിക്ക് അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം പിശാചാണല്ലോ എന്നെ അതിൽ നിന്ന് തടഞ്ഞത്' എന്ന് വിലപിക്കുന്ന രംഗം 25: 29 ലും; പ്രവാചകൻ: 'എന്റെ ഈ ജനത ഈ വായനയിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് ജനതക്കെതിരെ അന്യായം ബോധിപ്പിക്കുന്ന രംഗം 25: 30 ലും മുന്നറിയിപ്പ് നൽകിയത് അവർ വായിച്ചിട്ടുണ്ട്. 2: 54-57, 210-211; 3: 183 വിശദീകരണം നോക്കുക.

154.അവരുടെ പ്രതിജ്ഞകൾക്ക് വേണ്ടി നാം അവരുടെമേൽ ത്വൂർ പർവ്വതത്തെ ഉയർത്തുകയുമുണ്ടായി; നാം അവരോട് പറഞ്ഞു: നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുന്നവരായിക്കൊണ്ട് വാതിലുകളിലൂടെ പ്രവേശിച്ചുകൊള്ളുക, നാം അവരോട് പറയുകയും ചെയ്തു: ശനിയാഴ്ച നാളിൽ നിങ്ങൾ അതിക്രമം കാണിക്കരുത്, നാം അവരിൽ നിന്ന് ബലിഷ്ഠമായ പ്രതിജ്ഞ വാങ്ങുകയുമുണ്ടായി.

തൗറാത്ത് മുറുകെപ്പിടിക്കണമെന്നും അതിലുള്ളത് ഹൃദയം കൊണ്ട് സ്മരിക്കണമെന്നും പ്രതിജ്ഞ വാങ്ങുന്നതിനുവേണ്ടി *ത്വൂർ* പർവ്വതത്തെ ഒരു കുടയെന്നോണം ഇസ്റാഈൽ സന്തതികളുടെമേൽ ഉയർത്തി എന്നും അത് അവരുടെമേൽ വീഴുമെന്ന് അവർ ഉറപ്പിച്ചു എന്നും 7: 171 ൽ പറഞ്ഞിട്ടുണ്ട്. ഇസ്റാഈൽ സന്തതികളോട് അതികായകന്മാരാ *അമാലിക്കു*കൾ താമസിച്ചിരുന്ന ഫലസ്തീനിലേക്ക് പൊറുക്കലിനെത്തേടിക്കൊണ്ടും അതിലെ നിവാസികളോട് സലാം പറഞ്ഞുകൊണ്ടും അതിന്റെ യഥാർത്ഥ കവാടങ്ങളിലൂടെ പ്രവേശിക്കാൻ പറഞ്ഞ സംഭവമാണ് ഇവിടെ ഓർമിപ്പിക്കുന്നത്. ശനിയാഴ്ച നാളിന്റെ കാര്യത്തിൽ ധിക്കാരം കാണിച്ചതിന്റെ പരിണിതി 2: 65-66; 7: 163-166 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തു

മായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ലോകത്തിന്റെ അന്ത്യത്തി നുവേണ്ടി ധൃതി കാണിക്കുന്ന കപടവിശ്വാസികളും കുഫ്ഫാറുകളുമാണ് 1000 സമുദായ ങ്ങളിൽ പെട്ട ജീവികൾ അനുഭവിക്കുന്ന പ്രയാസങ്ങളുടെയും ദുരിതങ്ങളുടെയും പാപ ഭാരം വഹിച്ച് നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടുക എന്ന് 6: 26; 20: 99–100; 33: 72–73 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്.

155.അപ്പോൾ അവരുടെ ആവർത്തിച്ചുള്ള പ്രതിജ്ഞാ ലംഘനങ്ങൾ കൊണ്ടും അ വരുടെ അല്ലാഹുവിന്റെ സൂക്തങ്ങളോടുള്ള നിഷേധം കൊണ്ടും അന്യായമായി അവർ നബിമാരെ വധിച്ചിരുന്നതുകൊണ്ടും ഞങ്ങളുടെ ഹൃദയങ്ങൾ തുളുമ്പു കയാണെന്ന അവരുടെ വാക്കുകൾ കൊണ്ടും; അല്ല, അവരുടെ നിഷേധം കാ രണം അല്ലാഹു അവയുടെ മേൽ മുദ്ര വെച്ചിരിക്കുകയാണ് –അപ്പോൾ അൽപ മല്ലാതെ അവർ വിശ്വസിക്കുന്നവരാവുകയില്ല.

2: 93, 4: 46 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സൂക്തങ്ങൾ മൂടിവെക്കുകയും നാവ് വ ളച്ചൊടിച്ച് ഗ്രന്ഥത്തിലുള്ളതാണെന്ന രൂപത്തിൽ കള്ളം കെട്ടിച്ചമച്ച് അവതരിപ്പിക്കുന്ന തും 2: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഗ്രന്ഥത്തെ പിറകോട്ടെറിഞ്ഞ് മാരണപ്ര വർത്തനങ്ങളിൽ ഏർപ്പെടുന്നതും അവരുടെ പക്കലുള്ളതിനെ സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമായ 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്റിനെ സ്വീകരിക്കാ ത്തതുമെല്ലാം അല്ലാഹുവിന്റെ സൂക്തങ്ങളെ മൂടിവെക്കലും നിഷേധിക്കലുമാണ്. 2: 61; 3: 112 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇസ്റാഈൽ രാജാവിന്റെ ദർബാറിലുള്ള ഒരു നർ ത്തകിയെ തൃപ്തിപ്പെടുത്താൻ വേണ്ടി യഹ്യാ നബിയുടെ തലയറുത്ത് താലത്തിൽ വെ ച്ചുകൊടുത്തതും ചില നബിമാരെ കല്ലെറിഞ്ഞും മറ്റുചിലരെ ഈർച്ചവാളുകൊണ്ട് ഈർ ന്നും വേറെ ചിലരെ ചെളിക്കുണ്ടിൽ താഴ്ത്തി കൊന്നതുമെല്ലാമാണ് അവരുടെമേൽ അ ല്ലാഹുവിന്റെ ശാപവും കോപവും വർഷിക്കാൻ കാരണം. ഇവരുടെ പിൻഗാമികളായ മദീ നയിലെ ജൂതന്മാർ 5: 11 ൽ പറഞ്ഞ പ്രകാരം പ്രവാചകനായ മുഹമ്മദിനെ വധിക്കാൻ ഉ ദ്യമിക്കുകയുണ്ടായി. മദീനയിലെ കപടവിശ്വാസികളെ കൂട്ടുപിടിച്ച് പ്രവാചകനെ നശിപ്പി ക്കാൻ വേണ്ടി അവർ മാരണം ചെയ്യുകയുമുണ്ടായി. 2: 88 ൽ വിവരിച്ച പ്രകാരം അവർ ഗ്ര ന്ഥത്തിന്റെ പൊതിയടക്കം മുഴുവനും തന്നെ ഞങ്ങളുടെ ഹൃദയത്തിലുണ്ട്, അതുകൊ ണ്ട് ഇനി ഗ്രന്ഥത്തിൽ നിന്നുള്ള പുതിയതൊന്നും 'ഞങ്ങൾക്ക് വേണ്ട' എന്ന നയത്തിലാ യിരുന്നു പ്രവാചകനോടും വിശ്വാസികളോടും പെരുമാറിയിരുന്നത്. അപ്പോൾ ഹൃദയ ങ്ങളുടെ അവസ്ഥയറിയുന്ന ത്രികാലജ്ഞാനിയായ നാഥൻ നന്മയൊന്നുമില്ലാത്ത അവരു ടെ ഹൃദയങ്ങൾക്ക് അദ്ദിക്ർ മനസ്സിലാകുന്നതിനെത്തൊട്ട് മുദ്ര വെക്കുകയാണുണ്ടായത്.

എന്നാൽ ഇന്ന് മൊത്തം മനുഷ്യരിൽ അല്ലാഹുമായി ചെയ്ത ഉടമ്പടി ലംഘിക്കുന്ന വരും അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തി സൃഷ്ടികളുമായി ചെയ്ത ഉടമ്പടികളും കരാറു കളും ലംഘിക്കുന്നവരും വാക്കുപാലിക്കാത്തവരും വിശ്വസിച്ചാൽ വഞ്ചിക്കുന്നവരും വാ യ തുറന്നാൽ കളവ് പറയുന്നവരുമെല്ലാം 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തി ന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരുമായ തെമ്മാടികളായ കപടവിശ്വാസിക ളും അനുയായികളായ കുഫ്ഫാറുകളുമാണ്. 2: 78–79; 3: 78 എന്നീ സൂക്തങ്ങളിൽ വിവ രിച്ച പ്രകാരം ഇന്ന് ഗ്രന്ഥത്തെ വളച്ചൊടിക്കുന്നതും മൂടിവെക്കുന്നതും അല്ലാഹു ഉദ്ദേശി ച്ച ആശയത്തിന് വിരുദ്ധമായി സൂക്തങ്ങൾ ഉദ്ധരിക്കുന്നതുമെല്ലാം അല്ലാഹു കൊന്നുക ളഞ്ഞ ആത്മാവ് എടുത്ത് കളയപ്പെട്ട കപടവിശ്വാസികളാണ്. 3: 21 ൽ വിവരിച്ചതുപോലെ ഇന്ന് നബിമാരുടെ പേരും വേഷവും സ്വീകരിക്കുകയും എന്നാൽ അദ്ദിക്റിന് വിരുദ്ധമാ

യ ജീവിതം നയിക്കുകയും ചെയ്യുക വഴി കാഫിറായ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ് അദ്ദിക്ർ പിൻപറ്റാതെ നബിമാരെ കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്നത്.

41: 26–28; 63: 1–3 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിൽ നിന്ന് സാധാരണ ജനങ്ങളെ തടഞ്ഞുകൊണ്ടിരിക്കുന്ന, അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളായ കപടവിശ്വാസികളെ അല്ലാഹു വധിച്ചിട്ടുണ്ടെന്ന് 63: 4 ലും; അദ്ദിക്ർ മൂടിവെക്കുന്നവർ വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകരിൽ ജൈനരോ ബുദ്ധരോ ഹൈന്ദവരോ ജൂതരോ ക്രൈസ്തവരോ ആരും തന്നെ അദ്ദിക്റിന്റെ ആളുകളാണെന്ന് വാദിക്കുന്നവരും അദ്ദിക്റിനെക്കുറിച്ച് അറിയുന്നവരുമല്ല. എന്നാൽ കപടവിശ്വാസികൾ 3: 58 ൽ പറഞ്ഞ യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്റിനെ ത്രികാലജ്ഞാനിയുടെ ത്രികാല ജ്ഞാനമായോ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായോ ഉപയോഗപ്പെടുത്തുന്നില്ലെന്ന് മാത്രമല്ല, 6: 26 ൽ പറഞ്ഞ പ്രകാരം അതിനെത്തൊട്ട് അവരെയും മറ്റുള്ളവരെയും തടഞ്ഞുകൊണ്ട് അവരെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റി അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്ന് 33: 73 ലും 48: 6 ലും പറഞ്ഞിട്ടുള്ളത് ഉണർത്തിയിട്ടും ഉണരാതെ, ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരായി കാക്കകാരണവന്മാരുടെ വഴി അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്നവരായതുകൊണ്ടാണ് ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്‌ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങളാൽ ഇത്തരം കപടവിശ്വാസികളും ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ള ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളും പട്ടണങ്ങളിൽ കുഴപ്പമുണ്ടാക്കുന്ന എഴുപതിനായിരം ജൂതരും വധിക്കപ്പെടുന്നതും 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതും. 2: 44; 4: 137–138; 8: 46–48 വിശദീകരണം നോക്കുക.

156.അവരുടെ നിഷേധം കൊണ്ടും മർയമിന്റെമേൽ അവരുടെ വമ്പിച്ച അപവാദാരോപണം കൊണ്ടും,

ജൂതന്മാർ മർയമിനെക്കുറിച്ച് അപവാദം പറഞ്ഞുപരത്തിയെങ്കിൽ മദീനയിലുള്ള കപടവിശ്വാസികൾ പ്രവാചക പത്നിമാരായ ആയിശയെക്കുറിച്ചും സൈനബിനെക്കുറിച്ചുമെല്ലാം അപവാദം പറഞ്ഞ് പരത്തുകയുണ്ടായി. അന്നത്തെ ജൂതരുടെ എല്ലാ ചീത്ത സ്വഭാവങ്ങളും ഇന്ന് ലോകരിൽ ഫുജ്ജാറുകളിൽ നിന്നുള്ള കപടവിശ്വാസികൾക്കാണ് ഉള്ളത്. നശീകരണ പ്രവർത്തനങ്ങളിൽ നിന്നും രക്തച്ചൊരിച്ചിലിൽ നിന്നും മനുഷ്യരെ അകറ്റിനിർത്തി മനുഷ്യരുടെ ഐക്യം സ്ഥാപിക്കാൻ ലക്ഷ്യം വെച്ചുകൊണ്ട് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാൻ കടമപ്പെട്ടവരാണ് 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനത. എന്നാൽ വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായി മാറിയ അവർ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരേക്കാൾ സാമുദായിക ഐക്യത്തിനുവേണ്ടി വാദിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ്. ഫുജ്ജാറുകളായ അവർ ആത്മാവിനോട് അക്രമം കാണിച്ചതിനാൽ 7: 37 ൽ വിവരിച്ച പ്രകാരം മരണസമയത്ത് ആത്മാവിനെതിരെ 'നിശ്ചയം ഞങ്ങൾ കാഫിറുകൾ തന്നെയായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ്. സാക്ഷിയായ അദ്ദിക്റിനെ മൂടിവെക്കുന്നത് സംഘടനകളിൽ നിന്ന് ആരാണെങ്കിലും അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണ് എന്ന് 11: 17 ൽ പറഞ്ഞതോ, അദ്ദിക്റിനെത്തൊട്ട് തങ്ങളുടെ സമ്പത്തോ

സന്താനങ്ങളോ തടയാൻ ഇട വന്നാൽ അക്കൂട്ടർ എല്ലാം നഷ്ടപ്പെട്ടവർ തന്നെയായിരിക്കുമെന്ന് വിശ്വാസികളെ വിളിച്ച് 63: 9 ൽ പറഞ്ഞതോ ഇവർ പരിഗണിക്കുന്നില്ല. 63: 3 പ്രകാരം അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെക്കപ്പെട്ടിരിക്കുന്നതിനാലും അദ്ദിക്ർ എതിർപ്രമാണമായി മാറുന്നതിനാലും ഇനി അവർ ലക്ഷ്യബോധമുള്ളവരാവുകയില്ല. 2: 18, 121; 6: 25; 7: 127, 137 വിശദീകരണം നോക്കുക.

157.അല്ലാഹുവിന്റെ പ്രവാചകനായ മർയമിന്റെ പുത്രൻ ഈസാ മസീഹിനെ നിശ്ചയം ഞങ്ങൾ വധിച്ചുകളഞ്ഞിരിക്കുന്നു എന്ന അവരുടെ വാക്ക് കാരണവും, എന്നാൽ അവനെ അവർ കൊന്നിട്ടില്ല, അവനെ അവർ ക്രൂശിച്ചിട്ടുമില്ല, എന്നാൽ അവർക്ക് ആ സംഭവം അവ്യക്തമാക്കപ്പെടുകയാണുണ്ടായത്, നിശ്ചയം അവന്റെ കാര്യത്തിൽ ഭിന്നിച്ചവരുണ്ടല്ലോ, അവരും അവന്റെ കാര്യത്തിൽ തീരാത്ത സംശയത്തിൽ തന്നെയാണുള്ളത്, അവർ കേവലം ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അവനെക്കുറിച്ച് അറിവിൽ നിന്ന് ഒന്നും തന്നെയില്ല, ഉറപ്പായിട്ടും അവനെ അവർ കൊന്നിട്ടുമില്ല.

158.അല്ല, അല്ലാഹു അവനെ അവനിലേക്ക് ഉയർത്തുകയാണുണ്ടായത്, അല്ലാഹു അജയ്യനായ യുക്തിജ്ഞനുമായിരിക്കുന്നു.

3: 49 ൽ വിവരിച്ച പ്രകാരം ജൂതരുടെ പക്കലുള്ള തൗറാത്തിനെ സത്യപ്പെടുത്തിക്കൊണ്ടും വ്യക്തമായ ദൃഷ്ടാന്തങ്ങൾ കൊണ്ടും ഈസായെ ഇസ്റാഈൽ സന്തതികളിലേക്ക് പ്രവാചകനായി അയക്കുകയുണ്ടായി. ഈസാ അവരോട്: നിശ്ചയം എന്റെയും നിങ്ങളുടെയും നാഥൻ അല്ലാഹുവാണ്, അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവീൻ, അതാണ് നേരെച്ചൊവ്വെയുള്ള പാത എന്ന് പറയുകയുണ്ടായി. എന്നാൽ, ജൂതരുടെ ദേഹേച്ഛകൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും വിരുദ്ധമായ സന്ദേശവും കൊണ്ട് ഈസാ വന്നപ്പോൾ അവർ ഈസായെ വധിക്കാനുള്ള ഗൂഢതന്ത്രം മെനയുകയാണുണ്ടായത്. അപ്പോൾ 3: 54-55 സൂക്തങ്ങൾ പ്രകാരം ത്രികാലജ്ഞാനിയായ അല്ലാഹുവും ഗൂഢതന്ത്രം പ്രയോഗിക്കുകയുണ്ടായി. ജൂതരുടെ മേൽനോട്ടത്തിൽ റോമൻ പട്ടാളക്കാർ ഈസാനബിയെ ക്രൂശിക്കാൻ വേണ്ടി പിടികൂടാൻ ചെന്നപ്പോൾ, ചോദ്യം ചെയ്യപ്പെടാത്തവനും തന്നിഷ്ടം പ്രവർത്തിക്കുന്നവനും അജയ്യനായ യുക്തിജ്ഞനും തന്ത്രജ്ഞനുമായ അല്ലാഹു ഈസാനബിയുടെ മുഖച്ഛായ ഹവാരിയ്യായ സർജ്ജാസിന് നൽകുകയും ഈസായെ ശരീരത്തോടുകൂടിത്തന്നെ അവനിലേക്ക് ഉയർത്തുകയും പട്ടാളക്കാർ ഈസായുടെ രൂപസാദൃശ്യത്തിലുള്ള സർജ്ജാസിനെ പിടിച്ചുകൊണ്ടുപോയി ക്രൂശിക്കുകയുമാണുണ്ടായത്. അതാണ് 'അവർക്ക് ആ സംഭവം അവ്യക്തമാക്കപ്പെട്ടു, അഥവാ അവർ വിഡ്ഢികളാക്കപ്പെട്ടു' എന്ന് പറഞ്ഞതിന്റെ വിവക്ഷ. നാമാണ് മനുഷ്യരെ സൃഷ്ടിച്ചത്, അവരുടെ ചട്ടക്കൂടും രഹസ്യവുമെല്ലാം നാം അറിയുന്നു, നാം ഉദ്ദേശിച്ചാൽ അവരുടെ രൂപം തന്നെ മാറ്റിമറിക്കുന്നതാണ് എന്ന് 76: 28 ൽ പറഞ്ഞിട്ടുണ്ട്. 2: 158; 4: 47 വിശദീകരണം നോക്കുക.

'അവന്റെ കാര്യത്തിൽ ഭിന്നിച്ചിട്ടുള്ളവരുണ്ടല്ലോ, അവരും അവന്റെ കാര്യത്തിൽ തീരാത്ത സംശയത്തിലാണ്' എന്ന് പറഞ്ഞത് പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ക്രൈസ്തവരെക്കുറിച്ചും ഇന്ന് യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെക്കുറിച്ചുമാണ്. ക്രൈസ്തവരിൽ ചിലർ യേശു മനുഷ്യരുടെ പാപം വഹിച്ചുകൊണ്ട് ക്രൂശിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്നവരാണ്, ക്രൂശിക്കപ്പെട്ടിട്ടില്ല എന്ന് വിശ്വസിക്കുന്നവരും അവരിലുണ്ട്. മറ്റുചിലർ യേശു ക്രൂശിക്കപ്പെട്ട് മൂന്നാം ദിവ

സം ഉയർത്തെഴുന്നേറ്റുവെന്ന് വിശ്വസിക്കുന്നവരാണ്. ഇന്ന് ഈസാനബിയെക്കുറിച്ച് യ ഥാർത്ഥത്തിലുള്ള വിശ്വാസം ക്രൈസ്തവരിൽ ആർക്കും തന്നെയില്ല. ഈസാനബി വ ധിക്കപ്പെട്ടുവെന്നും ആത്മാവ് മാത്രമാണ് സ്വർഗത്തിലേക്ക് ഉയർത്തപ്പെട്ടതെന്നുമുള്ള ക്രൈ സ്തവരുടെ വിശ്വാസം തന്നെയാണ് ഭാരം വഹിക്കുന്ന കഴുതയെപ്പോലെ ഗ്രന്ഥം വഹി ക്കുന്ന ഫുജ്ജാറുകൾക്കുമുള്ളത്. സൂക്തത്തിൽ അല്ലാഹു അവനെ അവനിലേക്ക് ഉയർ ത്തുകയാണുണ്ടായത് എന്നാണ് പറഞ്ഞിട്ടുള്ളത്. പുരുഷന്മാരെ ശരീരത്തോടുകൂടി ഉ യർത്തുമ്പോഴാണ് അവനെ (*റഫഅഹു*) എന്ന് പറയുക. ആത്മാവിനെയാണ് ഉയർത്തി യതെങ്കിൽ അവളെ (*റഫഅഹാ*) എന്നാണ് പറയുക. എല്ലാ വിശ്വാസികളുടെയും ആ ത്മാവ് മരണശേഷം സ്വർഗത്തിലേക്കാണ് ഉയർത്തുക എന്നിരിക്കെ, ഈസാ നബിയുടെ യും ആത്മാവിനെ മാത്രമാണ് ഉയർത്തിയതെങ്കിൽ അതുപറയാൻ അല്ലാഹുവിന്റെ അജ യ്യൻ, യുക്തിജ്ഞൻ എന്നീ ഗുണവിശേഷങ്ങൾ പറയേണ്ടിയിരുന്നില്ല. അദ്ദിക്റിനെ ഉൾ ക്കാഴ്ചാദായകമായും വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായും സ്വർഗ ത്തിലേക്കുള്ള ടിക്കറ്റായും ഉപയോഗപ്പെടുത്തുന്ന പ്രപഞ്ചനാഥന്റെ കഴിവിന് അതിരു കൾ നിശ്ചയിക്കാത്ത, ആയിരത്തിൽ ഒന്നായ വിശ്വാസികൾക്ക് മാത്രമേ ഈസാ ശരീര ത്തോടുകൂടിയാണ് ഉയർത്തപ്പെട്ടത് എന്ന് വിശ്വസിക്കാൻ കഴിയുകയുള്ളൂ. അറബി ഖുർ ആൻ കേൾക്കാത്തതുകൊണ്ടോ അതിനെക്കുറിച്ച് ലോകരോട് പറയാത്തതുകൊണ്ടോ അല്ല ഫുജ്ജാറുകളെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ചിന്താശക്തി ഉപ യോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്ന് 8: 22 ൽ വിശേഷിപ്പിച്ചത്. മറിച്ച് അവർ അദ്ദി ക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാൻ ത യ്യാറാകാത്ത ഊമരുമായതിനാലാണ്.

21: 68-70 സൂക്തങ്ങളിൽ വ്യക്തമാക്കിയതുപോലെ ഇബ്റാഹീമിന്റെ കാര്യത്തിൽ തീ യിനെ തണുപ്പുള്ളതും സമാധാനമുള്ളതുമാക്കി മാറ്റിയ അജയ്യനാണവൻ. 2: 260 പ്രകാരം ഇബ്റാഹീം നബിക്ക് മരിച്ചവരെ ജീവിപ്പിക്കുന്നത് കാണിച്ചുകൊടുത്ത യുക്തിജ്ഞനാ ണവൻ. 2: 259 പ്രകാരം കീഴ്മേൽ മറിക്കപ്പെട്ട് നശിച്ച ഒരു നാട്ടിലൂടെ കഴുതപ്പുറത്ത് സ ഞ്ചരിക്കുകയായിരുന്ന ഉസൈർ 'ഈ നാടിനെ ഇനി ആര് ജീവിപ്പിക്കാനാണ്' എന്ന് ആ ത്മഗതം ചെയ്തപ്പോൾ അവനെ മരിപ്പിക്കുകയും 100 കൊല്ലം കഴിഞ്ഞ് പുനർജീവിപ്പിക്കു കയും ചെയ്ത്, അവൻ സഞ്ചരിച്ചിരുന്ന വാഹനമായിരുന്ന കഴുതയുടെ എല്ലുകൾ കൂട്ടി യോജിപ്പിച്ച് മാംസം പൊതിഞ്ഞ് ജീവിപ്പിച്ച് കാണിച്ചുകൊടുത്ത സർവ്വശക്തനുമാണ വൻ. മുട്ടയിൽ നിന്ന് വിരിയുക അല്ലെങ്കിൽ പ്രസവിക്കുക എന്ന പ്രകൃതിനിയമത്തിന് വി രുദ്ധമായി, മൂസാനബി ആടുകൾക്ക് ഇല പൊഴിച്ചുകൊടുക്കാനും വഴി തപ്പിത്തടഞ്ഞ് ന ടക്കാനും മറ്റും ഉപയോഗിച്ചിരുന്ന വടിയെ 20: 20 പ്രകാരം പാമ്പാക്കി മാറ്റിയ സ്വയം ജീ വിക്കുന്നവനും ജീവിപ്പിക്കുന്നവനുമാണവൻ. 11: 64 പ്രകാരം സമൂദ് സമുദായത്തിന് ദൃഷ് ടാന്തമായി പ്രസവിക്കപ്പെട്ടതല്ലാത്ത ഒരു ഒട്ടകത്തെ നിയോഗിച്ചുകൊടുക്കുകയും അതി നെ അവർ ധിക്കാരപൂർവ്വം വധിച്ചപ്പോൾ ആ ജനതയെ ഘോരഗർജ്ജനം വഴി നശിപ്പിച്ച വിധികർത്താക്കളിൽ ഏറ്റവും നന്നായി വിധികൽപിക്കുന്നവനാണവൻ. 18: 18 പ്രകാരം ഞങ്ങൾ ഞങ്ങളുടെ ഉടമയായ നാഥനെയൊഴികെ മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കുകയി ല്ല എന്ന് പ്രഖ്യാപിച്ച ഗുഹാവാസികളായ ഏഴ് യുവാക്കളെ പ്രസവിക്കപ്പെട്ടുണ്ടായതല്ലാ ത്ത ഒരു നായയുടെ പിന്നാലെ നയിച്ച് ഗുഹയിൽ മൂന്ന് നൂറ്റാണ്ടുകളോളം ഉറക്കിക്കിട ത്തിയ ഉപമയില്ലാത്തവനാണ് അവൻ. 26: 62-63 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം മൂസാ നബിയോട് വടി കൊണ്ട് കടലിൽ അടിക്കാൻ പറയുകയും അങ്ങനെ അടിച്ചപ്പോൾ വെ

ള്ളത്തെ രണ്ടു മലകളെന്നോണം ഇരുഭാഗത്തേക്കും മാറ്റിനിർത്തി മൂസാക്കും അനുയായികൾക്കും 20: 77 ൽ പറഞ്ഞതുപോലെ ഉണങ്ങിയ വഴി ഉണ്ടാക്കിക്കൊടുത്ത് അവരെ കടൽ കടത്തുകയും ആ വഴിയിലേക്ക് ഫിർഔനിനെയും പട്ടാളത്തെയും കൊണ്ടുവന്ന് മാറ്റിനിർത്തപ്പെട്ട വെള്ളം ഒരുമിച്ചുകൂട്ടി അവരെ മുക്കിക്കൊല്ലുകയും ചെയ്ത അജയ്യനായ പ്രതികാരം ചെയ്യുന്നവനാണവൻ. 10: 90-92 സൂക്തങ്ങളിൽ പറയും പ്രകാരം ഫിർഔനിന്റെ ശരീരം ഏകദേശം 2800 കൊല്ലത്തോളം കടലിൽ സൂക്ഷിക്കുകയും പിന്നെ ഈജിപ്ഷ്യൻ മ്യൂസിയത്തിലേക്ക് മാറ്റുകയും അവിടെ ഇപ്പോഴും സൂക്ഷിക്കുകയും ചെയ്യുന്ന ത്രികാലജ്ഞാനിയാണവൻ. 7: 160 പ്രകാരം മൂസാ നബി ഇസ്റാഈൽ സന്തതികൾക്കുവേണ്ടി വെള്ളം ചോദിച്ചപ്പോൾ വടി കൊണ്ട് അടിക്കാൻ കൽപിക്കുകയും ഒരു പാറയിൽ നിന്ന് പന്ത്രണ്ട് ഗോത്രക്കാർക്കും പ്രത്യേകം പ്രത്യേകമായി പന്ത്രണ്ട് ഉറവകൾ പുറപ്പെടുവിക്കുകയും ചെയ്ത് വിശ്വാസികളെ കാര്യകാരണബന്ധത്തിന് അതീതമായി സഹായിക്കുമെന്ന് പഠിപ്പിച്ചവനാണവൻ.

11: 37, 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നൂഹ് നബിയെയും വിശ്വാസികളെയും അതുവരെയുള്ള ജീവജാലങ്ങളിൽ നിന്നുള്ള രണ്ട് ജോടികളെയും കപ്പലിൽ കയറ്റി രക്ഷപ്പെടുത്തുകയും കാഫിറുകളെ മുഴുവനും പ്രളയത്തിൽ മുക്കിക്കൊല്ലുകയും ചെയ്ത നീതിമാനായ വിധികർത്താവാണവൻ. 105: 1-5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കഅ്ബയിൽ 360 ബിംബങ്ങളുണ്ടായിരിക്കെത്തന്നെ അബ്രഹത്ത് രാജാവ് ആനകളെയും കൊണ്ട് കഅ്ബ പൊളിക്കാൻ വന്നപ്പോൾ ചെറിയ ചെറിയ കല്ലുകളെറിയുന്ന അബാബീൽ പക്ഷികളെ അയച്ച് ആനപ്പടയെ ചവച്ചരച്ച വൈക്കോൽ പോലെ നശിപ്പിച്ച് അവന്റെ വീടിനെ കാത്തു സൂക്ഷിച്ച മുഹൈമിനാണവൻ. 21: 87 പ്രകാരം യൂനുസ് നബി മത്സ്യത്തിന്റെ വയറ്റിൽ നിന്ന് 'നീയല്ലാതെ ഇലാഹില്ല, കുറ്റം ചെയ്യാത്ത പരിശുദ്ധൻ നീ മാത്രമാണ്, നിശ്ചയം ഞാൻ അക്രമികളിൽ പെട്ടുപോയി' എന്ന് ആത്മാവ് കൊണ്ട് നാഥനെ പരിശുദ്ധപ്പെടുത്തിയപ്പോൾ യൂനുസിനെ രക്ഷപ്പെടുത്തിക്കൊണ്ട് വിശ്വാസികളെ ഇങ്ങനെയാണ് വിപത്തുകളിൽ നിന്ന് രക്ഷപ്പെടുത്തുക എന്ന് പഠിപ്പിച്ച പരിശുദ്ധനാണ് അവൻ. 3: 37-38 പ്രകാരം മർയമിന് അദൃശ്യമായി ഭക്ഷണം നൽകുകയും അത് കണ്ടപ്പോൾ പ്രതീക്ഷയോടെ പ്രാർത്ഥിച്ച സകരിയ്യാനബിക്ക് കാര്യകാരണബന്ധത്തിന് അതീതമായി യഹ്യായെ പുത്രനായി നൽകുകയും ചെയ്ത പരിശുദ്ധനാണവൻ. പിതാവും മാതാവുമില്ലാതെ ആദമിനെ സൃഷ്ടിച്ച അവൻ 19: 28-34 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിതാവില്ലാതെ ഈസായെ സൃഷ്ടിക്കുകയും തൊട്ടിലിൽ വെച്ച് ഈസായെക്കൊണ്ട് ജനങ്ങളോട് സംസാരിപ്പിക്കുകയും ചെയ്ത തന്നിഷ്ടം പ്രവർത്തിക്കുന്ന പരിശുദ്ധനാണവൻ. 3: 49; 5: 110 സൂക്തങ്ങൾ പ്രകാരം ഈസാ നബിക്ക് അന്ധന്മാരെയും പാണ്ഡുരോഗികളെയും സുഖപ്പെടുത്താനും മരിച്ചവരെ ജീവിപ്പിക്കാനും കഴിവ് കൊടുത്ത ഐശ്വര്യവാനും സ്വയം സ്തുത്യർഹനുമാണവൻ. 5: 114-115 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഈസാനബിയെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് ആകാശത്തുനിന്ന് ഭക്ഷണത്തളിക ഇറക്കുകയും അതിൽ നിന്ന് ഭക്ഷിച്ച ശേഷം അല്ലാഹുവിന്റെ കഴിവിൽ സംശയിച്ച ജൂതരെ 5: 60 പ്രകാരം പന്നികളാക്കി മാറ്റി പ്രതികാരം ചെയ്തവനുമാണവൻ. 2: 66-67 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ശനിയാഴ്ച നാളിനെ ധിക്കരിച്ച് മത്സ്യബന്ധനം നടത്തിയവരെ പിൽക്കാലക്കാർക്ക് ഒരു പാഠമാക്കാൻ വേണ്ടി നിന്ദ്യന്മാരായ കുരങ്ങന്മാരാക്കി മാറ്റിയവനാണവൻ. 34: 12 പ്രകാരം സുലൈമാൻ നബിക്ക് ജിന്നുകളെയും പിശാചുക്കളെയും വിധേയമാക്കിക്കൊടുത്ത ചോദ്യം ചെയ്യപ്പെടാത്ത യുക്തിജ്ഞനും കഠിനമായി ശിക്ഷിക്കുന്നവനുമാണവൻ. 27: 40 പ്രകാരം സുലൈമാൻ നബിയുടെ സദസ്സി

ലുള്ള വേദപരിജ്ഞാനിയായ ഒരാളെക്കൊണ്ട് നാഥന്റെ ഏറ്റവും മഹത്തായ നാമം കൊണ്ട് പ്രാർത്ഥിപ്പിച്ച് ഏകദേശം ആയിരത്തി അഞ്ഞൂറ് കിലോമീറ്റർ ദൂരെയുണ്ടായിരുന്ന ബൽക്കീസ് രാജ്ഞിയുടെ സിംഹാസനം കണ്ണ് ഇമവെട്ടുന്ന സമയം കൊണ്ട് സുലൈമാൻ നബിയുടെ മുമ്പിൽ എത്തിച്ചുകൊടുത്ത എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാണ് അവൻ. 27: 18–19 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സുലൈമാൻ നബിക്ക് പക്ഷികളുടെയും ഉറുമ്പുകളുടെയും സംസാരം പഠിപ്പിച്ചുകൊടുത്ത ഉള്ളിന്റെ ഉള്ള് അറിയുന്ന സർവ്വജ്ഞനാണവൻ. 38: 41–44 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പതിനഞ്ച് വർഷക്കാലം പിശാചിന്റെ ബാധയേറ്റ് ദുരിതം പേറിയ അയ്യൂബ് നബി അവസാനം 21: 83 ൽ പറഞ്ഞ പ്രകാരം 'എന്നെ ദുരിതം ബാധിച്ചിരിക്കുന്നു, നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും കരുണ ചെയ്യുന്നവനാണ്' എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിച്ചപ്പോൾ ഭൂമിയിൽ ചവിട്ടാൻ പറയുകയും, അപ്പോഴുണ്ടായ ഉറവയിൽ നിന്ന് കുടിക്കാനും കുളിക്കാനും കൽപിച്ച് രോഗങ്ങളെല്ലാം സുഖപ്പെടുത്തി കുടുംബാംഗങ്ങളെ തിരിച്ചുനൽകുകയും സമ്പത്തുക്കളും സന്താനങ്ങളും ഇരട്ടിയായി നൽകുകയും ചെയ്ത സർവ്വാധിപനുമാണവൻ.

മനുഷ്യനെ മാതാവിന്റെയും പിതാവിന്റെയും ബീജങ്ങൾ യോജിപ്പിച്ച് മാതാവിന്റെ വയറ്റിൽ മൂന്ന് ഇരുട്ടറക്കുള്ളിൽ നട്ടുവളർത്തിയ അവൻ 4-ാം മാസത്തിൽ പിതാവിന്റെ മുതുകിലുള്ള ആത്മാവിനെ മലക്കുകൾ മുഖേന എടുപ്പിച്ച് മാതാവിന്റെ വയറ്റിലുള്ള വിവിധ ഘട്ടങ്ങൾ തരണം ചെയ്ത ഭ്രൂണത്തിൽ ആവാഹിപ്പിച്ച് സൃഷ്ടിച്ച് രൂപപ്പെടുത്തുന്ന സർവ്വസ്രഷ്ടാവാണവൻ. 6: 60; 39: 42 സൂക്തങ്ങൾ പ്രകാരം ആത്മാവും ജീവനും കൂടിയ റൂഹിനെ ശരീരത്തിൽ നിലനിർത്തി ജീവിപ്പിക്കുന്നതും റൂഹിനെ ശരീരത്തിൽ നിന്ന് വേർപ്പെടുത്തി മരിപ്പിക്കുന്നതും അവൻ തന്നെയാണ്. സെക്കന്റിൽ കോടിക്കണക്കിന് രൂപയുടെ പ്രവർത്തനം നടത്തുന്ന ഹൃദയവും നിഗൂഢവും പ്രവർത്തനരഹസ്യം കണ്ടെത്താൻ കഴിയാത്തതുമായ തലച്ചോറും എല്ലും മാംസവും തൊലിയും രോമവും കണ്ണും മൂക്കുമെല്ലാം ബീജത്തിൽ നിന്ന് വികസിപ്പിച്ചുണ്ടാക്കി ചരിപ്പിക്കുന്നവനാണ് അവൻ. 17: 1; 53: 1–17 സൂക്തങ്ങൾ പ്രകാരം പ്രവാചകൻ മുഹമ്മദിനെ ശരീരത്തോടുകൂടിത്തന്നെ ഒരു രാത്രി *ബൈത്തുൽ മുഖദ്ദസി*ലേക്കും അവിടെ നിന്ന് ഏഴ് ആകാശങ്ങളും കഴിഞ്ഞ് പ്രപഞ്ചത്തിന്റെ അതിരിന് ശേഷമുള്ള *ജന്നത്തുൽ മഅ്വ*യിലേക്കും കൊണ്ടുപോയി തിരിച്ച് കൊണ്ടുവന്ന പരിശുദ്ധനും അവൻ തന്നെയാണ്. 19: 56–57 സൂക്തങ്ങളനുസരിച്ച് ഇദ്രീസ് നബിയെ ശരീരത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തിയതും അവൻ തന്നെയാണ്. ആദ്യമില്ലാത്ത, അന്ത്യമില്ലാത്ത, ഉപമയില്ലാത്ത, ഉദാഹരണമില്ലാത്ത എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനും തന്നിഷ്ടം പ്രവർത്തിക്കുന്നവനും സർവ്വസ്രഷ്ടാവുമായ അല്ലാഹുവിന് കഴിയാത്ത ഒന്നും തന്നെയില്ല. 82: 6–8 സൂക്തങ്ങളിൽ, ഓ മനുഷ്യാ! നിന്നെ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ച് രൂപത്തിലും ആകൃതിയിലും സന്തുലനപ്പെടുത്തി സംവിധാനിച്ച, നിന്റെ എണ്ണം ക്ലിപ്തപ്പെടുത്തിയ ബഹുമാന്യനായ നിന്റെ ഉടമയുടെ കാര്യത്തിൽ നിന്നെ വഞ്ചിച്ചുകളഞ്ഞത് എന്തൊന്നാണ് എന്ന് ചോദിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ഓരോ കാര്യവും വ്യക്തമായി വിശദീകരിച്ചിട്ടുള്ളതും മനുഷ്യപ്പിശാചുക്കൾക്കോ ജിന്ന് പിശാചുക്കൾക്കോ ഇടപെടാൻ കഴിയാത്തതുമായ അജ്ഞയവും യുക്തിനിർഭരവുമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തിന് സർവ്വപ്രധാനം നൽകി അതിനെ ഉപയോഗപ്പെടുത്തുന്നവർ മാത്രമേ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കേണ്ട വിധം വിശ്വസിക്കുന്നവരാവുകയുള്ളൂ. ഗ്രന്ഥം കിട്ടിയവരിൽ എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പത് പേരും ഗ്രന്ഥത്തെ അവഗണിച്ചത് കാരണം പിശാചിന്റെ

കെണിയിൽ പെട്ട് അവനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. 2: 28–33; 4: 1; 7: 40 വിശദീകരണം നോക്കുക.

159.നിശ്ചയം, വേദക്കാരിൽ നിന്നുള്ള ആരും തന്നെ അവന്റെ മരണത്തിനുമുമ്പ് അവനെക്കൊണ്ട് വിശ്വസിക്കാതിരിക്കുകയുമില്ല തന്നെ; വിധിദിവസമോ, അവൻ അവർക്കെതിരെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്.

വേദക്കാരിൽ ഒരാളും തന്നെ തന്റെ മരണത്തിനുമുമ്പ് ഈസായെക്കൊണ്ട് വിശ്വസിക്കാതിരിക്കുകയില്ല എന്നും ആശയമുണ്ട്. 6: 158 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ പെട്ടതാണ് മസീഹുദ്ദജ്ജാലിന്റെ പുറപ്പെടലും ഈസായുടെ രണ്ടാം വരവും. 43: 61–62 സൂക്തങ്ങളിൽ, നിശ്ചയം അവനെ (ഈസായെ) അന്ത്യമണിക്കൂറിന്റെ അറിവാക്കിവെച്ചിരിക്കുന്നു, അപ്പോൾ നിങ്ങൾ അതിന്റെ കാര്യത്തിൽ സംശയിക്കരുത്, നിങ്ങൾ എന്നെ പിൻപറ്റുവീൻ, അതാണ് നേരെച്ചൊവ്വെയുള്ള പാത, അതിന്റെ കാര്യത്തിൽ പിശാച് നിങ്ങളെ തടയാതിരിക്കട്ടെ, നിശ്ചയം അവൻ നിങ്ങൾക്ക് വ്യക്തമായ ശത്രുവായിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 43: 57–58 ൽ, മർയമിന്റെ പുത്രനെ ഉദാഹരണമായി എടുത്തുദ്ധരിക്കുമ്പോഴേക്കും നിന്റെ ജനത വെറുപ്പോടുകൂടി അവനിൽ നിന്ന് തല തിരിക്കുന്നുവല്ലോ, അവർ ചോദിക്കുകയും ചെയ്യുന്നു: ഞങ്ങളുടെ ഇലാഹുകളാണോ അതോ അവനാണോ ഉത്തമൻ? അവനെക്കുറിച്ച് നാം നിനക്ക് ഉദാഹരിക്കുമ്പോഴെല്ലാം അവർ അവന്റെ കാര്യത്തിൽ വിരോധം വെച്ച് തർക്കിക്കാതിരിക്കുന്നില്ല; അല്ല, ഇവർ ഒരു കുതർക്കികളായ ജനത തന്നെ എന്ന് പറഞ്ഞിട്ടുണ്ട്. ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ മുഹമ്മദിന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളെല്ലാം ഈസായിൽ വിശ്വസിക്കുകയും ഇസ്ലാം അംഗീകരിക്കുകയും ചെയ്യുമെന്നാണ് സൂക്തത്തിൽ പറഞ്ഞതിന്റെ ആശയം. 4: 91 ൽ വിവരിച്ച പ്രകാരം ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന കാഫിറായ മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നെ റബ്ബ് തന്നെയുമായി അംഗീകരിക്കുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളെയെല്ലാം അവർ വധിക്കുന്നതുമാണ്.

പ്രവാചകന്റെ കാലത്ത് മദീനയിലുള്ള വേദക്കാരായ ജൂതരും ക്രൈസ്തവരും അന്ത്യനാൾ വരെയുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഓരോരുത്തരും തന്റെ മരണസമയത്ത് ഈസാനബിയുടെ യഥാർത്ഥ അവസ്ഥയിൽ വിശ്വസിക്കും എന്നതാണ് സൂക്തത്തിന്റെ മറ്റൊരാശയം. പക്ഷേ ആ വിശ്വാസം കൊണ്ട് ഗുണം ലഭിക്കുകയില്ല. 75: 22–23 സൂക്തങ്ങളിൽ, വിശ്വാസികൾ തങ്ങളുടെ നാഥനെ മരണസമയത്ത് ആത്മാവുകൊണ്ട് സന്തോഷത്തോടുകൂടി നോക്കുന്നതാണ് എന്നും; 75: 24 ൽ, കാഫിറുകൾ മരണസമയത്ത് ദുഃഖത്തോടുകൂടി പിശാചിനെ നോക്കുന്നതാണ് എന്നും; 75: 25 ൽ, നട്ടെല്ലൊടിക്കുന്ന അനുഭവങ്ങളുണ്ടാകാൻ പോകുന്നതായി ആ നിഷേധാത്മാവ് മനസ്സിലാക്കുമെന്നും പറഞ്ഞിട്ടുണ്ട്. 75: 26–30 സൂക്തങ്ങളിൽ, ഒരിക്കലുമല്ല, റൂഹ് തൊണ്ടക്കുഴിയിലെത്തുകയും മന്ത്രിച്ച് തരാൻ ആരുണ്ട്, റൂഹിനെ പിടിച്ചുനിർത്താനാരുണ്ട് എന്ന് പറയപ്പെടുകയും ഇഹലോകത്തുനിന്ന് അവൻ വേർപിരിയുകയാണെന്ന് ബോധ്യമാവുകയും ചെയ്യുമ്പോൾ പ്രകമ്പനത്തോടുകൂടി പ്രകമ്പനം അനുഭവപ്പെടുകയും അഥവാ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ജീവിതകാലത്ത് കഴിഞ്ഞുപോയ വികലമായ വിശ്വാസങ്ങളും ദുഷ്പ്രവൃത്തികളുമെല്ലാം ആത്മാവുകൊണ്ട് കാണുകയും ഇന്നേദിവസം തന്റെ നാഥനിലേക്കാണ് മലക്കുകളാൽ തെളിക്കപ്പെടുന്നതെന്ന് ബോധ്യമാവുകയും ചെയ്യും എന്ന് പറ

ഞ്ഞിട്ടുണ്ട്. 7: 37 ൽ, അവർ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ 'നിശ്ചയം അ വർ കാഫിറുകളായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുമെന്നും; 7: 38 ൽ, കഴിഞ്ഞുപോയ ജി ന്നുകളുടെയും മനുഷ്യരുടെയും കൂട്ടത്തിൽ നരകത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന് അ വരോട് പറയപ്പെടുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാ ളുടെയും മരണസമയത്ത് നാഥൻ അവരോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായി രുന്നു' എന്ന് പറയുമെന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസികൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ സത്യപ്പെടുത്തി 4: 1 ൽ വിവരിച്ച പ്രകാരം നാഥനെ കണ്ടെത്തുക എന്ന ജീ വിതലക്ഷ്യം ഉള്ളവരും ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ജീവിതം ചിട്ടപ്പെടുത്തുന്നവരുമാണ്.

3: 49 ൽ വിവരിച്ച പ്രകാരം ഈസായെ പ്രവാചകനായി നിയോഗിച്ചിട്ടുള്ളത് ഇസ്റാ ഈൽ സന്തതികളിലേക്ക് മാത്രമാണ്. സൂക്തത്തിൽ 'അന്ത്യനാളിൽ അവൻ അവർക്കെ തിരെ സാക്ഷ്യം വഹിക്കുന്നതുമാണ്' എന്ന് പറഞ്ഞത് ഇസ്റാഈൽ സന്തതികളായ ജൂ തന്മാർക്കെതിരെയും 3: 51 ൽ പഠിപ്പിച്ചതിന് വിരുദ്ധമായി ഈസാ നബിയെയും മാതാവി നെയും അല്ലാഹുവിനെക്കൂടാതെയുള്ള ഇലാഹുകളായി തെരഞ്ഞെടുത്ത് കാഫിറുകളായി ത്തീർന്ന ക്രൈസ്തവർക്കെതിരെയും സാക്ഷ്യം വഹിക്കുമെന്നാണ്. വിധിദിവസം നാഥൻ ഈസായോട് ചോദിക്കുന്ന രംഗം 5: 116–117 സൂക്തങ്ങളിൽ പറയുന്നത് ഇങ്ങനെയാണ്: ഓ മർയമിന്റെ പുത്രൻ ഈസാ! നീ ജനങ്ങളോട് അല്ലാഹുവിനെക്കൂടാതെ എന്നെയും എന്റെ മാതാവിനെയും രണ്ട് ഇലാഹുകളായി സ്വീകരിക്കുവീൻ എന്ന് പറഞ്ഞിട്ടുണ്ടായിരു ന്നുവോ? ഈസാ പറയും: നീ എത്ര പരിശുദ്ധൻ! എനിക്ക് അർഹതയില്ലാത്തത് ഞാൻ പ റയുക എന്നത് എനിക്ക് യോജിച്ചതല്ലല്ലോ, ഇനി ഞാൻ അത് പറഞ്ഞിട്ടുണ്ടെങ്കിൽ അപ്പോൾ നിശ്ചയം നീ അത് അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ, എന്റെ ആത്മാവിന്റെ അവസ്ഥ നീ അ റിയുന്നു, നിന്റെ ആത്മാവിന്റെ അവസ്ഥ ഞാൻ അറിയുന്നുമില്ല, നിശ്ചയം നീ അദൃശ്യങ്ങ ളെല്ലാം അറിയുന്ന സർവ്വജ്ഞാനി തന്നെയാകുന്നു. നീ എന്നോട് എന്തൊന്നുകൊണ്ടാണോ കൽപ്പിച്ചിട്ടുള്ളത്, അതല്ലാതെ ഞാൻ അവരോടു പറഞ്ഞിട്ടില്ല, അതായത് നിങ്ങൾ എ ന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരാവുക, അവ രിലുണ്ടായിരുന്ന കാലത്തോളം ഞാൻ അവരുടെമേൽ അതിന് സാക്ഷിയുമായിരുന്നു, അങ്ങനെ നീ എന്നെ തിരിച്ചുവിളിച്ചപ്പോഴോ, അവരുടെമേലുള്ള നിരീക്ഷകൻ നീ തന്നെ ആയിരുന്നല്ലോ, നീ എല്ലാ ഓരോ കാര്യത്തിന്റെ മേലും സാക്ഷിയുമാകുന്നു.

ഈസായുടെ രണ്ടാമത്തെ വരവ് പ്രവാചകനായിട്ടല്ല, മറിച്ച് 9: 67–68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളാലും കുഫ്ഫാറുകളാലും ജനമധ്യത്തിൽ കളവാക്കപ്പെട്ട അ ന്ത്യപ്രവാചകനായ മുഹമ്മദിനെ സർവ്വലോകർക്കും കാരുണ്യവാനായി പരിചയപ്പെടു ത്തുക വഴി 21: 107 പ്രായോഗികതലത്തിൽ കാണിക്കുന്നതിനുവേണ്ടിയാണ്. അതുകൊ ണ്ടാണ് പ്രവാചകനായിരുന്ന ഈസാ പ്രാർത്ഥനക്ക് നേതൃത്വം നൽകാതെ അന്ന് വിശ്വാ സിയെ പിന്തുടരുന്നത്. ഇന്ന് മൊത്തം മനുഷ്യർക്ക് നാഥനിൽ നിന്നുള്ള വേദഗ്രന്ഥം അ ദ്ദിക്ർ മാത്രമായതിനാൽ അതിനെ അവഗണിച്ച് ജീവിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പ റഞ്ഞ യഥാർത്ഥ കാഫിറുകൾക്കെതിരെ അദ്ദിക്ർ പിൻപറ്റി ജീവിക്കുന്ന വിശ്വാസികളാ യിരിക്കും സാക്ഷ്യം വഹിക്കുക എന്ന് 39: 69 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകനായി മുഹമ്മ ദ് നിയോഗിക്കപ്പെട്ടതുമുതൽ അന്ത്യനാൾ വരെയുള്ള എല്ലാ മനുഷ്യരും പ്രവാചകന്റെ സമുദായത്തിൽ ഉൾപ്പെടുന്നു. എന്നാൽ ജനതയിൽ ഉൾപ്പെടുക പ്രവാചകന്റെ കാലത്തു ള്ള മക്കാമുശ്രിക്കുകളും കപടവിശ്വാസികളും പ്രവാചകന്റെ വിയോഗത്തിന് ശേഷം അ ന്ത്യനാൾ വരെയുള്ള കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമ

ടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മാത്രമാണ്. തന്റെ സമുദായത്തിനുവേണ്ടി മരണസമയത്തു പോലും പ്രാർത്ഥിച്ച പ്രവാചകൻ പരലോകത്തുവെച്ച് 25: 18 ൽ പറഞ്ഞ അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന കെട്ടജനതയായ ഫുജ്ജാറുകൾക്കെതിരെ 25: 30 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം കൊണ്ടുവന്ന് അന്യായം ബോധിപ്പിക്കുകയാണ് ചെയ്യുക. 2: 121, 213; 3: 45, 136 വിശദീകരണം നോക്കുക.

അന്തിക്രിസ്തു-അധർമ്മ മൂർത്തിയായ മസീഹുദ്ദജ്ജാൽ

അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോകാൻ തയ്യാറാകാത്ത ഫുജ്ജാറുകളോട് 6: 158 ലൂടെ അല്ലാഹു ചോദിക്കുകയാണ്. അവരിലേക്ക് ഇനി മലക്കുകൾ വരികയല്ലാതെ എന്താണ് അവർ നോക്കിനിൽക്കുന്നത്? അല്ലെങ്കിൽ നിന്റെ നാഥൻ തന്നെ വരികയല്ലാതെ, അല്ലെങ്കിൽ നിന്റെ നാഥനിൽ നിന്നുള്ള ചില ദൃഷ്ടാന്തങ്ങൾ വരികയല്ലാതെ; നിന്റെ നാഥനിൽ നിന്നുള്ള ചില ദൃഷ്ടാന്തങ്ങൾ വരുന്ന ദിവസം മുമ്പ് വിശ്വാസിയായിട്ടില്ലാത്തവനോ അല്ലെങ്കിൽ തന്റെ വിശ്വാസം കൊണ്ട് യാതൊരു നന്മയും സമ്പാദിച്ചിട്ടില്ലാത്തവനോ ആയ ഒരു ആത്മാവിനും വിശ്വാസം സ്വീകരിക്കൽ കൊണ്ട് ഉപകാരപ്പെടുകയില്ല; അവരോട് പറയുക: നിങ്ങൾ കാത്തിരിക്കുക, നിശ്ചയം ഞങ്ങളും കാത്തിരിക്കുന്നവരാകുന്നു. ഈ സൂക്തത്തിന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചു: *സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുക (2: 258), ഭൂമിയിലാകെ വ്യാപിക്കുന്ന പുക (44: 10), ദാബ്ബത്തുൽ അർള് പുറപ്പെടുക (27: 82), യഅ്ജൂജ്-മഅ്ജൂജ് പുറപ്പെടുക (21: 96), മസീഹുദ്ദജ്ജാൽ പുറപ്പെടുക, ഈസായുടെ രണ്ടാം വരവ് (4: 159), മൂന്നിടങ്ങളിൽ ഭൂമി (ഒന്ന് കിഴക്ക്, മറ്റൊന്ന് പടിഞ്ഞാറ്, മൂന്നാമത് അറേബ്യൻ ഉപദ്വീപിൽ) താഴ്ന്നുപോവുക (16: 45; 28: 81; 67: 16), ജനങ്ങളെ മഹ്ശറയിലേക്ക് നയിക്കുന്ന യമനിൽ നിന്ന് പുറപ്പെടുന്ന തീ (21: 97; 23: 101) എന്നീ പത്ത് അടയാളങ്ങൾ സംഭവിക്കുന്നതുവരെ അന്ത്യമണിക്കൂർ നിലവിൽ വരികയില്ല.*

ആദം സന്തതികൾക്ക് വരാനുള്ള ഏറ്റവും വലിയ *ഫിത്ന* (നാശം) മസീഹുദ്ദജ്ജാലാണെന്നും അവന്റെ തിന്മയെത്തൊട്ട് നിങ്ങൾ അഭയം തേടണമെന്നും ആദം സന്താനങ്ങൾക്ക് മസീഹുദ്ദജ്ജാലിന്റെയത്ര നാശം വേറെയുണ്ടാവുകയില്ലെന്നും എല്ലാ നബിമാരും അവൻ ഉണ്ടാക്കുന്ന നാശത്തെക്കുറിച്ച് ജനങ്ങളെ അറിയിച്ചിട്ടുണ്ടെന്നും ഞാൻ അവസാനത്തെ നബിയാണ്, നിങ്ങളിലാണ് മസീഹുദ്ദജ്ജാൽ വരിക, അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ മക്കൾക്ക് മസീഹുദ്ദജ്ജാലിനെക്കുറിച്ച് പഠിപ്പിക്കണമെന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

അൽമസീഹ് എന്ന് പറഞ്ഞാൽ ചുറ്റിക്കറങ്ങി സഞ്ചരിക്കുന്നവൻ, മായ്ച്ചുകളയുന്നവൻ എന്നെല്ലാമാണ് ആശയം. 3: 45 ൽ *മസീഹായ*(മിശിഹാ) ഈസായെക്കൊണ്ട് മർയമിന് സന്തോഷവാർത്ത അറിയിച്ച കാര്യം പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ വേണ്ടുക കൊണ്ട് ഈസാനബി കുഷ്ഠരോഗികളെയും വെള്ളപ്പാണ്ടുരോഗികളെയും തടവി സുഖപ്പെടുത്തിയിരുന്നതിനാലും അവസാനകാലത്ത് *ഇജാസി*ലൊഴികെ (മക്കയും മദീനയും ഉൾപ്പെടുന്ന പ്രദേശം) ഭൂമിയിൽ എല്ലായിടത്തും ചുറ്റിക്കറങ്ങി ഇസ്ലാമിനെ മായ്ച്ചുകളയുന്ന മസീഹുദ്ദജ്ജാലിനെ വധിച്ച് കുഫ്റ് മായ്ച്ചുകളഞ്ഞ് മൊത്തം ലോകത്ത് ഇസ്ലാം നടപ്പിലാക്കുന്നതിനുവേണ്ടി ഈസായെ അല്ലാഹു രണ്ടാമതും ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനാലുമാണ് ഈസാക്ക് *മസീഹ്* എന്ന പേര് യോജിക്കുന്നത്. ലോകം മുഴുവൻ ചുറ്റിക്കറങ്ങി യഥാർത്ഥ ഇസ്ലാമിനെ (പ്രകൃതി ജീവിതരീതിയെ) മായ്ച്ച് കളയുന്നവനായതു

കൊണ്ടാണ് *മസീഹ്* എന്ന പേര് ദജ്ജാലിന് യോജിക്കുന്നത്. അപ്പോൾ *അൽമസീഹ്* എന്ന സർവ്വനാമത്തിൽ മസീഹ് ഈസായും മസീഹുദ്ദജ്ജാലും ഉൾപ്പെടുന്നതാണ്.

എല്ലാ നബിമാരും മസീഹുദ്ദജ്ജാലിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കലിയുഗത്തിന്റെ അന്ത്യത്തിൽ നാശയോഗ്യനും അധർമ്മമൂർത്തിയുമായ 'കലി' പ്രത്യക്ഷപ്പെടുമെന്ന് കൽക്കി പുരാണത്തിൽ പറയുന്നുണ്ട്. അക്കാലത്ത് ഭൂമിയിൽ കഠിനമായ ക്ഷാമമുണ്ടാവുമെന്നും കയ്യൂക്കുള്ളവൻ കാര്യക്കാരനാവുമെന്നും പ്രായപൂർത്തിയാകുന്നതിന് മുമ്പുതന്നെ കുമാരീകുമാരന്മാർ നീചസംഗമം ആരംഭിക്കുമെന്നും ലോകനീതിയെ താറുമാറാക്കിക്കൊണ്ട് മനുഷ്യർ അധർമ്മമൂർത്തിയുടെ അനുചരന്മാരായിത്തീരുമെന്നും അവസാനം അവർ അധർമ്മമൂർത്തിയെ ആരാധിക്കുമെന്നുമെല്ലാം കൽക്കിപുരാണം തുടർന്ന് പറയുന്നുണ്ട്. ബൈബിളിൽ അന്തിക്രിസ്തു (ക്രിസ്തുവിന് അന്ത്യം കുറിക്കുന്നവൻ) എന്നാണ് മസീഹുദ്ദജ്ജാലിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്.

വിശ്വാസികളായ പ്രവാചകന്മാരുടെയും നബിമാരുടെയും ജീവിതം നയിക്കുന്നവരും ആത്മാവുകൊണ്ട് ദൈവസ്മരണയിൽ നിലകൊള്ളുന്നവരുമായ വിശ്വാസികളെയെല്ലാം മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതിന്റെ മുമ്പായി ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ മക്ക അടങ്ങുന്ന *ഇജാസി*ലേക്ക് വേർതിരിക്കുന്നതാണ്. ആദ്യകാല വേദക്കാർ കൂടുതലായി വസിക്കുന്ന ഇന്ത്യയിൽ നിന്നുള്ള, ലൈംഗികബന്ധമില്ലാതെ ജീവിതം നയിക്കുന്ന ജൈന-ബുദ്ധ-ഹൈന്ദവ സന്യാസി-സന്യാസിനിമാരായിരിക്കും ഇവരിൽ കൂടുതലും. പ്രവാചകന്മാരുടെയും നബിമാരുടെയും പേരുവെച്ചുകൊണ്ട്, എന്നാൽ അവരുടെ ജീവിതത്തിന് വിരുദ്ധമായ ജീവിതം നയിച്ച് അവരെ ജനമധ്യത്തിൽ കളവാക്കി അവതരിപ്പിക്കുക വഴി അവരെ കൊല്ലാതെ കൊന്ന്, തിന്ന് കുടിച്ച് മദിച്ച് സുഖിച്ച് പിശാചിനെ സേവിച്ചുകൊണ്ട് ജീവിക്കുന്ന കപടവിശ്വാസികളെയും, മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളെയും *ഇജാസി*ൽ നിന്നും പുറത്താക്കുന്നതുമാണ്. ലൈംഗികാവയവങ്ങൾ *ഖിബ്‌ല*യാക്കി ജീവിക്കുന്ന അവരാണ് കാഫിറായ മസീഹുദ്ദജ്ജാലിന്റെ സ്വർഗം തെരഞ്ഞെടുക്കുന്നവർ.

വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന 70,000 പേരിൽ ആദ്യകാലക്കാരിൽ നിന്ന് നല്ല ഒരുവിഭാഗവും അവസാന കാലക്കാരിൽ നിന്ന് അഥവാ പ്രവാചകന്റെ സമുദായത്തിൽ നിന്ന് വളരെ കുറച്ചുപേരും മാത്രമാണ് ഉണ്ടാവുക. വിചാരണക്കുശേഷം സ്വർഗത്തിൽ പ്രവേശിക്കുന്ന വലതുപക്ഷക്കാരിൽ ആദ്യകാലക്കാരിൽ നിന്നുള്ള ഒരു വിഭാഗവും അവസാനകാലക്കാരായ പ്രവാചകന്റെ സമുദായത്തിൽ പെട്ടവരിൽ നിന്നുള്ള ഒരു വിഭാഗവും ഉണ്ടെന്ന് 56: 39-40 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിനെ പരിഗണിച്ചുകൊണ്ട് ദൈവസ്മരണയിൽ ജീവിക്കുന്ന ഇന്ത്യയിൽ നിന്നുള്ള ജൈന-ബുദ്ധ-ഹൈന്ദവ-സിഖ് വിഭാഗങ്ങളിൽ പെട്ട വിശ്വാസികൾ തന്നെയാണ് സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നവരിലും കൂടുതൽ ഉണ്ടാവുക.

ജീവിതലക്ഷ്യം നഷ്ടപ്പെട്ട മനുഷ്യർ ഇന്ന് ഐഹിക ജീവിതാലങ്കാരങ്ങളിലും സുഖാഡംബരങ്ങളിലും മുഴുകി ഭൂമിയെയും പ്രപഞ്ചത്തെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലാണ് കൂടുതലായി ഏർപ്പെട്ടിട്ടുള്ളത്. വായു, വെള്ളം, മണ്ണ് എന്നിവ മലിനപ്പെടുത്തുന്ന വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന അവർ, ജീവവായു ഉൽപാദിപ്പിക്കുന്നതിന് സഹായകരമായ കൃഷിയിലും മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലും പിന്നോട്ടുപോയിരിക്കുകയാണ്. യഥാർത്ഥ കർഷകന് അവന്റെ പ്രയത്നത്തിന് അർഹമായ വില ലഭിക്കാത്ത വിധം വിപണി അവനെ ചൂഷണം ചെയ്യുക വഴി കൃഷിയെ നിരുത്സാഹപ്പെടുത്തുകയുമാണ്. ഭൂമിയുടെ ആണികളായ മലകളെ എടുത്ത് വയലുകളിലും താഴ്

ന്ന പ്രദേശങ്ങളിലും നിരത്തുകയും അവിടങ്ങളിൽ കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തുകയും ചെയ്യുന്നതിലൂടെ ഭൂമിയുടെ സന്തുലനം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഭൂമിയിൽ നിന്ന് ധാതുക്കളും ഇന്ധനങ്ങളും വൻതോതിൽ ഖനനം ചെയ്തെടുക്കുന്നതിലൂടെയും അവ കൊണ്ട് വായുവിനെ മലിനപ്പെടുത്തുന്നതിലൂടെയും രണ്ടുവിധത്തിൽ ഭൂമിയുടെയും വായുമണ്ഡലത്തിന്റെയും ഘടനക്ക് മാറ്റം വരുന്നുണ്ട്. ഉപഭോഗസംസ്കാരം മണ്ണിനെയും അടുത്തടുത്ത വീടുകളും കക്കൂസുകളും മറ്റും കുടിവെള്ളത്തെയും മലിനമാക്കുന്നതിനാൽ വായു, മണ്ണ്, ജലം എന്നിവയെല്ലാം മനുഷ്യരുടെ കരങ്ങളാൽ തന്നെ മലിനമായിക്കൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിലെ മുഖ്യഘടകമായ ഭൂമിയിലെ ഇത്തരം നശീകരണ പ്രവർത്തനങ്ങളുടെ പാരമ്യത്തിൽ പ്രപഞ്ചം ഒന്നാകെ നശിക്കുന്നതുമാണ്. ഭൂമിയിൽ നിവസിക്കുന്ന മനുഷ്യരിൽ ഒരാളും തന്നെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ഉപയോഗപ്പെടുത്തി നിഷ്പക്ഷവാനായ അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കാതിരിക്കുകയും നന്മ കൽപ്പിക്കുന്നത് പോയിട്ട് തിന്മ വിരോധിക്കുന്നതുവരെ ഇല്ലാതാവുകയും ചെയ്യുമ്പോഴാണ് അത് സംഭവിക്കുക. അതിന് മുമ്പായിട്ടായിരിക്കും അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മസീഹുദ്ദജ്ജാലിന്റെ വരവ്.

'മോശൈദയാൽ' എന്ന നാമത്തിൽ അറിയപ്പെടുന്ന ഇസ്രാഈൽ പടനായകനായിട്ടായിരിക്കും അവൻ പുറപ്പെടുക. അവന്റെ കീഴിൽ ലോകം മുഴുവൻ ഇസ്രാഈലിന്റെ നേതൃത്വത്തിൽ ഒറ്റ രാജ്യമെന്നോണം ഏകീകരിക്കപ്പെടുന്നതാണ്. മുഹമ്മദ് നബിയുടെ കാലത്തുതന്നെ വന്ന *മുസൈലിമത്തുൽ കദ്ദാബ് മുതൽ മുപ്പത് കള്ളവാദികൾ വരുന്നതാണെന്നും അതിൽ അവസാനത്തെ കള്ളവാദിയാണ് മസീഹുദ്ദജ്ജാലെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതിൽ പെട്ട ഇരുപത്തിയൊമ്പത് കള്ളവാദികളെയാണ് ഇന്ന് ഫുജ്ജാറുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നത്. മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാൽ ലോകത്തെല്ലായിടത്തും ചുറ്റിക്കറങ്ങി മക്കയും മദീനയും (ഇജാസ്) ഒഴികെയുള്ള എല്ലായിടങ്ങളും അവന്റെ ഭരണത്തിൽ കൊണ്ടുവരും. *അവൻ പുറപ്പെടുന്നതിന് മൂന്നുവർഷം മുമ്പുള്ള ആദ്യത്തെ വർഷം മഴയും കൃഷിയും മൂന്നിലൊരുഭാഗം ചുരുങ്ങുകയും രണ്ടാമത്തെ വർഷം മൂന്നിൽ രണ്ടുഭാഗം ചുരുങ്ങുകയും മൂന്നാമത്തെ വർഷം മഴയും കൃഷിയും തീരെ ഇല്ലാതാവുകയും ചെയ്യുമെന്നും അപ്പോഴാണ് അവൻ പുറപ്പെടുകയെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യരൂപം പൂണ്ടുവരുന്ന കാഫിറായ പിശാചാണ് ദജ്ജാൽ. ഏറ്റവും വലിയ സൃഷ്ടിയായ അവനിലൂടെയാണ് പിശാചിന്റെ ഏറ്റവും വലിയ കഴിവ് പ്രകടമാവുക. ആദ്യം അവൻ നബിയാണെന്ന് വാദിക്കുകയും മഴ വർഷിപ്പിച്ച് വെള്ളം ഇറക്കിക്കൊടുക്കുകയും കൃഷി മുളപ്പിച്ച് ജനങ്ങൾക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും. പിന്നീട് അവൻ റബ്ബ് തന്നെയാണെന്ന് വാദിക്കുന്നതാണ്. *ഒരു ഗ്രാമീണനോട് അവൻ: നിന്റെ മരിച്ചുപോയ മാതാപിതാക്കളെ പുനഃസൃഷ്ടിച്ചുതന്നാൽ നീ എന്നെ റബ്ബായി അംഗീകരിക്കുമോ എന്ന് ചോദിക്കുകയും ക്ലോണിംഗ് മുഖേനയോ മറ്റോ അവന്റെ മാതാപിതാക്കളെ സൃഷ്ടിച്ചുകൊടുക്കുകയും ചെയ്യും. പിശാച് മാതാപിതാക്കളായി രൂപപ്പെടുകയും ആ മാതാപിതാക്കൾ മകനെ വിളിച്ച് ഇവൻ നിന്റെ റബ്ബാണ്, അതുകൊണ്ട് നീ ഇവനെ അംഗീകരിച്ചോളൂ എന്ന് പറയുകയും ചെയ്യുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 23: 14 ൽ, അപ്പോൾ അനുഗ്രഹസമ്പൂർണ്ണനായ അല്ലാഹു സൃഷ്ടികർത്താക്കളിൽ ഏറ്റവും നല്ല സൃഷ്ടികർത്താവ് തന്നെയാകുന്നു എന്ന് പറഞ്ഞതിൽ നിന്നും അല്ലാഹുവല്ലാത്ത സൃഷ്ടി

കർത്താക്കൾ വേറെയുമുണ്ടെന്ന് വരുന്നു. (പിശാചിനും മസീഹുദ്ദജ്ജാലിനും സൃഷ്ടിക്കാനുള്ള കഴിവുണ്ട് എന്നതിന് ഗ്രന്ഥം എതിരല്ല). അല്ലാഹു സൃഷ്ടികർത്താക്കളിൽ ഏറ്റവും ഉത്തമനാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷ ഇല്ലായ്മയിൽ നിന്നും സൃഷ്ടിക്കാൻ അല്ലാഹുവിന് മാത്രമേ കഴിയുകയുള്ളൂ എന്നും, മറ്റ് സ്രഷ്ടാക്കൾക്ക് ശരീരം മാത്രമേ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ -അതുതന്നെ ഉള്ളതിൽ നിന്ന് (കോശത്തിൽ നിന്നോ മറ്റോ) വികസിപ്പിച്ചെടുക്കാൻ മാത്രം- ഏത് രൂപത്തിലാണെങ്കിലും റൂഹ് നൽകുന്നത് നാഥൻ തന്നെയാണ് എന്നുമാണ്.

എത്ര കാലമായിരിക്കും ഭൂമിയിൽ മസീഹുദ്ദജ്ജാലിന്റെ വാസമെന്ന് അനുയായികൾ പ്രവാചകനോട് ചോദിച്ചു: പ്രവാചകൻ പറഞ്ഞു: *നാൽപത് ദിവസം; ആദ്യത്തെ ദിവസത്തിന് ഒരുകൊല്ലത്തെയും രണ്ടാമത്തെ ദിവസത്തിന് ഒരു മാസത്തെയും, മൂന്നാമത്തെ ദിവസത്തിന് ഒരു ആഴ്ചയുടെയും ദൈർഘ്യമുണ്ടായിരിക്കും. മറ്റ് ദിവസങ്ങളെല്ലാം നിങ്ങളുടെ സാധാരണ ദിവസങ്ങളെപ്പോലെയുമായിരിക്കും. അനുയായികൾ ചോദിച്ചു: എങ്ങനെയാണ് അവൻ ഭൂമിയിൽ എല്ലാ സ്ഥലത്തും വേഗത്തിൽ എത്തുന്നത്? പ്രവാചകൻ മറുപടി നൽകി: കാറ്റ് നയിക്കുന്ന കാർമേഘത്തെപ്പോലെ അവൻ ജനങ്ങളുള്ളിടത്തെല്ലാം എത്തും.*

സമയം അതിവേഗത്തിൽ കഴിഞ്ഞ് പോകുന്നതിനിടയാക്കുന്ന വിധം ഭൂമിയുടെ കറക്കം ക്രമാതീതമായി വർദ്ധിക്കുകയും അതിന്റെ പാരമ്യത്തിൽ അത് എതിർദിശയിലാവുകയും ചെയ്യും. സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്ന, ഒരുവർഷം ദൈർഘ്യമുള്ള ആ ദിനത്തിലായിരിക്കും അവൻ പുറപ്പെടുക. അതോടെ പശ്ചാത്താപത്തിന്റെ വാതിൽ അടയുന്നതുമാണ്. മസീഹുദ്ദജ്ജാലിന്റെ പുറപ്പെടലിനെക്കുറിച്ച് കേട്ടറിഞ്ഞ്, അത് സ്ഥിരീകരിക്കുന്നതിനുവേണ്ടി മദീനയിൽ നിന്ന് അവന്റെയടുത്തേക്ക് ചെല്ലുന്ന ഒരു വിശ്വാസി അവനോട് പറയും: തീർച്ചയായും അല്ലാഹുവിന്റെ പ്രവാചകൻ ഞങ്ങൾക്ക് മുന്നറിയിപ്പ് നൽകിയ മസീഹുദ്ദജ്ജാലാണ് നീ; അപ്പോൾ അവൻ പറയും: ഞാൻ ഈ മനുഷ്യനെ വധിച്ച് ജീവിപ്പിച്ച് കാണിച്ചുതരാം! എന്നാൽ ഞാൻ ദൈവമാണെന്ന് നിങ്ങൾ വിശ്വസിക്കുമോ? അപ്പോൾ വിശ്വാസി പറയും: ഇല്ല, അങ്ങനെ അവൻ ആ വിശ്വാസിയെ നെടുകെ തുല്യമായ രണ്ട് ഭാഗങ്ങളായി പിളർക്കുകയും ഒരു കുന്തത്തിന്റെ അളവുകണ്ട് വേർപെടുത്തി മാറ്റിയശേഷം അവ കൂട്ടിയോജിപ്പിച്ച് അവനെ പുനർസൃഷ്ടിക്കുകയും ചെയ്യും. അപ്പോഴും വിശ്വാസി പറയും: ഇന്നത്തേതുപോലെ അകക്കണ്ണോടെ ആഴത്തിൽ നിന്നെ മനസ്സിലാക്കാൻ മുമ്പ് എനിക്ക് കഴിഞ്ഞിരുന്നില്ല. ഇത് കേൾക്കുമ്പോൾ മസീഹുദ്ദജ്ജാൽ വീണ്ടും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കും, പക്ഷേ അവന് അദ്ദേഹത്തെ കീഴടക്കാൻ കഴിയുകയില്ല.

ഓ, അല്ലാഹുവിന്റെ അടിമകളേ! നിങ്ങളുടെ റബ്ബ് കണ്ണുപൊട്ടനല്ല, അവനെ നിങ്ങൾ മരണത്തിനുശേഷം മാത്രമേ കാണുകയുള്ളൂ. എന്നാൽ മസീഹുദ്ദജ്ജാലിന് ഒറ്റക്കണ്ണു മാത്രമേ ഉണ്ടാവുകയുള്ളൂ. അവന്റെ വലതുകണ്ണ് ഉണങ്ങിയ മുന്തിരി പോലെ ചപ്പിയതായിരിക്കുമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അദ്ദിക്റിനെ ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്തുന്ന എഴുത്തും വായനയും അറിയാത്ത വിശ്വാസികൾക്കുപോലും അവൻ കാഫിറാണെന്ന് തിരിച്ചറിയാൻ കഴിയും; എന്നാൽ അദ്ദിക്ർ അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളും അവന്റെ കെണിയിൽ പെടുന്നതാണ് -അവർ അഞ്ച് നേരം ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നടത്തുന്ന ജാഡയായ നമസ്കാരങ്ങളിൽ ആശയമില്ലാതെ അവന്റെ നാശത്തെത്തൊട്ട് അഭയം തേടുന്നവരാണെങ്കിലും ശരി. കാരണം കപടവിശ്വാസികളുടെ ആഗ്രഹങ്ങളാണ് അവൻ നടപ്പിലാക്കുക. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ സാമുദായിക-

രാഷ്ട്രീയ-സാമ്പത്തിക ആവശ്യങ്ങളെല്ലാം അവൻ വകവെച്ചുകൊടുക്കും. ലൈംഗിക അരാജകത്വത്തിന് മാന്യത കൈവരികയും അത് സാർവത്രികമാവുകയും ചെയ്യും. ഇന്ന് *ഇജ്മാഅ്* ലുള്ള കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവന്റെ ഭരണം നടക്കുന്ന സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കുന്നതാണ്. *അധികവും സ്ത്രീകളാണ് അവന്റെ കെണിയിൽ അകപ്പെടുക എന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

അവന്റെ പക്കൽ നരകവും സ്വർഗ്ഗവും ഉണ്ടായിരിക്കും. എന്നാൽ അവന്റെ നരകം വിശ്വാസികൾക്ക് സ്വർഗ്ഗവും അവന്റെ സ്വർഗ്ഗം കപടവിശ്വാസികൾക്ക് സ്വർഗ്ഗവും വിശ്വാസികൾക്ക് നരകവുമായിരിക്കും. വിശ്വാസികൾക്ക് മരണത്തിന് ശേഷമാണ് സ്വർഗ്ഗം ലഭിക്കുക എന്നും ഇഹലോകം നരകതുല്യമാണെന്നും എന്നാൽ കപടവിശ്വാസികൾക്ക് ഇഹലോകം സ്വർഗ്ഗവും മരണത്തോടുകൂടി നരകവുമാണ് എന്നും പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മസീഹുദ്ദജ്ജാലിന്റെ നരകത്തിൽ വിശ്വാസികളെ പിടിച്ചിടുമ്പോൾ ഇബ്റാഹീമിന് തീക്കുണ്ഠം ശാന്തിയും സമാധാനവുമായതുപോലെ അത് സമാധാനവും ശാന്തിയുമുള്ളതാകുന്നതിന് വേണ്ടി 18-ാം സൂറത്തിന്റെ ആദ്യഭാഗമോ അവസാന ഭാഗമോ പതിവായി ആശയത്തോടെ വായിക്കണമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുവഴി ഗുഹാവാസികളുടെ വിശ്വാസദാർഢ്യം കൈവരിക്കാൻ വിശ്വാസികൾക്ക് സാധിക്കും. ക്ഷാമം മൂലം സ്വന്തം കുട്ടികളെപ്പോലും പിടിച്ചുതിന്നേണ്ടി വരുന്ന അക്കാലത്ത് വിശ്വാസികൾ *തഹ്ലീലും* (അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കൽ) *തക്ബീറും* (അവനെ മഹത്വപ്പെടുത്തൽ) *തസ്ബീഹും* (അവനെ പരിശുദ്ധപ്പെടുത്തൽ) *തഹ്മീദും* (അവനെ സ്തുതിക്കൽ) കൊണ്ടായിരിക്കും ജീവിക്കുക എന്നും പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന വിശ്വാസികൾക്ക് ഗുഹാവാസികളെ ഉറക്കിക്കിടത്തിയതുപോലെ വിശപ്പ് ഇല്ലാതാക്കിക്കൊടുത്തുകൊണ്ട് മസീഹുദ്ദജ്ജാലിനെ ആശ്രയിക്കാതെ നിലകൊള്ളാനുള്ള സഹനശീലം നൽകി കാര്യകാരണബന്ധത്തിന് അതീതമായി നാഥൻ അവരെ സഹായിക്കുന്നതാണ്.

മസീഹുദ്ദജ്ജാൽ പുറപ്പെടുന്നതിന് മുമ്പുതന്നെ കപടവിശ്വാസികളുടെ ഭരണത്തിൽ നിന്ന് മോചനം നേടി *മഹ്ദി ഇമാമി*ന്റെ നേതൃത്വത്തിന് കീഴിൽ *ഇജ്മാസ്* വരുന്നതാണ്. മസീഹുദ്ദജ്ജാൽ പുറപ്പെട്ട് ഒന്നേക്കാൽ വർഷം കഴിയുന്നതോടെ *മഹ്ദി ഇമാമി*ന്റെ നേതൃത്വത്തിൽ വിശ്വാസികൾ അവന്റെ നാശത്തിനെതിരായി അവസാനത്തെ പൊരുതലിനുവേണ്ടി സിറിയയിലെ വെള്ളമിനാരമുള്ള പള്ളിയിൽ ഒരുമിച്ച് കൂടുന്നതുമാണ്. പ്രാർത്ഥനക്ക് ഒരുങ്ങുന്ന സമയത്ത് ആകാശത്തുനിന്ന് ഒരു ഇരമ്പൽ കേട്ട് വിശ്വാസികൾ നോക്കുമ്പോൾ ഈസാ കാവിവസ്ത്രം കൊണ്ട് *ഇഹ്റാം* (കഅ്ബ പ്രദക്ഷിണം ചെയ്യുമ്പോൾ സ്വീകരിക്കുന്ന വസ്ത്രധാരണരീതി) ചെയ്ത നിലയിൽ ചാരുകസേരയിലെന്ന പോലെ മലക്കുകളുടെ ചിറകുകളിലിരുന്ന് ഇറങ്ങിവരുന്നതായി കാണും. പ്രാർത്ഥനക്ക് നേതൃത്വം കൊടുക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുമ്പോൾ വിശ്വാസികൾ പരസ്പരം നേതാക്കൾ (*ഇമാം*) ആണെന്നും അതുകൊണ്ട് ആരുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്താൻ വേണ്ടിയാണോ ഒരുങ്ങിയത്, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെ പ്രാർത്ഥന നടക്കട്ടെ എന്ന് പറഞ്ഞ് ഈസാ അദ്ദേഹത്തെ പിന്തുടർന്ന് 7: 205-206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സുദീർഘമായ സാഷ്ടാംഗപ്രണാമം നിർവ്വഹിക്കുന്നതാണ്. പ്രാർത്ഥനാനന്തരം വാതിൽ തുറക്കുമ്പോഴേക്കും മസീഹുദ്ദജ്ജാലും എഴുപതിനായിരം ജൂതരും വിശ്വാസികളെ വധിക്കാൻ എത്തിയിരിക്കും. ഈസായെ കാണുമ്പോൾ വെള്ളത്തിൽ ഉപ്പ് അലിയുന്നതുപോലെ മസീഹുദ്ദജ്ജാൽ ഉരുകാൻ തുടങ്ങും. എന്നാലും ഈസായും

വിശ്വാസികളും അവരെ പിന്തുടരുകയും *ബാബുലുദ്ദ്* (ഇസ്രാഈലിലുള്ള ലിഡ എയർ പോർട്ട്) ൽ വെച്ച് കുന്തം കൊണ്ട് കുത്തി ഈസാ അവനെ കൊല്ലുകയും രക്തം ജനങ്ങൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്യും. തുടർന്ന് 33: 60 ൽ പറഞ്ഞ നാടുകളിൽ കുഴപ്പമുണ്ടാക്കുന്ന അവന്റെ എഴുപതിനായിരം ജൂതപടയാളികളെ *മഹ്ദി*യുടെ നേതൃത്വത്തിൽ വിശ്വാസികൾ വധിക്കുന്നതാണ്. അങ്ങനെ മൊത്തം ലോകം നിയന്ത്രിച്ചിരുന്ന മസീഹുദ്ദജ്ജാലിന്റെ ഭരണം ഈസായുടെ അധീനത്തിലാവുകയും അദ്ദേഹം നാടുകളുടെ കേന്ദ്രമായ മക്ക കേന്ദ്രീകരിച്ച് ലോകം ഭരിക്കുകയും ചെയ്യും. അന്ന് ലോകം മുഴുവൻ ഒറ്റ നാട്, ഒറ്റ മതം, ഒറ്റ ദൈവം, ഒറ്റ *ഖിബ്‌ല* എന്നായി മാറും. ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരെല്ലാം ഈസായെയും ഇസ്‌ലാമിനെയും അംഗീകരിക്കുന്നതാണ്. ക്രൈസ്തവർ യഥാർത്ഥ വിശ്വാസം മനസ്സിലാകുമ്പോൾ കുരിശുകൾ പൊട്ടിച്ചെറിയുകയും പന്നികളെ കൊല്ലുകയും ഹൈന്ദവർ അവരുടെ ക്ഷേത്രങ്ങളിൽ നിന്ന് ബിംബങ്ങൾ മാറ്റുകയും ചെയ്യും. മരങ്ങളും കല്ലുകളുമെല്ലാം 'എന്റെ പിന്നിൽ ഒരു കാഫിറുണ്ട് (കപട വിശ്വാസിയുണ്ട്), ഓ വിശ്വാസീ, ഇവനെ പിടിച്ചുകൊന്നുകളയുക' എന്ന് വിളിച്ചുപറയുന്നതാണ്. അന്ന് ഇസ്‌ലാമിനെ ജീവിതവ്യവസ്ഥയായി അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങൾ കപടവിശ്വാസികളെയും ഹൃദയത്തിൽ സംശയമാകുന്ന രോഗമുള്ള അവരുടെ അനുയായികളെയും വധിച്ചുകൊണ്ട് അന്നേ വരെ നടപ്പിലാക്കപ്പെട്ടിട്ടില്ലാത്ത 4: 91; 5: 33; 9: 5, 123; 33: 60–61 എന്നീ സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതാണ്. അതോടെ ആർക്കും മറ്റൊരാളെ ഭയപ്പെടാതെ -സ്ത്രീകൾക്കു പോലും ഒറ്റയ്ക്ക്- എപ്പോഴും എവിടെയും സഞ്ചരിക്കാവുന്ന വിധത്തിൽ ഭൂമിയിൽ സമാധാനവും സ്വാതന്ത്ര്യവും നിലവിൽ വരുന്നതാണ്. തുടർന്ന് ഭൂമുഖത്തുള്ള എല്ലാ മനുഷ്യരും മലക്കുകളെപ്പോലെ ശാന്തിയും സമാധാനവുമുള്ള ജീവിതം നയിക്കുന്നതാണ്.

43: 60 ൽ, അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിൽ നിങ്ങളുടെ പിൻഗാമികളായിത്തീരുന്ന മലക്കുകളെ നിങ്ങളിൽ നിന്നുതന്നെ ഉണ്ടാക്കുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 'മലക്കുകളെ നിങ്ങളിൽ നിന്നുതന്നെ ഉണ്ടാക്കും' എന്ന് പറഞ്ഞതിന്റെ വിവക്ഷ മനുഷ്യരെത്തന്നെ ലൈംഗികബന്ധമില്ലാതെ ദൈവസ്മരണയിൽ നിലകൊള്ളുന്ന മലക്കുകളുടെ സ്വഭാവത്തിലേക്ക് പരിവർത്തിപ്പിക്കുമെന്നാണ്. പിശാചിന്റെ മൂർത്തരൂപത്തിൽ വരുന്ന മസീഹുദ്ദജ്ജാൽ വധിക്കപ്പെടുന്നതോടുകൂടി ലോകത്ത് പിശാചിന്റെ പ്രവർത്തനങ്ങളോ അവന്റെ സ്വാധീനമോ ഇല്ലാതാവുകയും അതോടെ മനുഷ്യർക്ക് നന്മതിന്മകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുകയും പരീക്ഷണങ്ങൾ അവസാനിച്ച് അവർ ശാന്തി-സമാധാന-ഐക്യത്തോടെ ജീവിക്കുകയും ചെയ്യുന്നതാണ്. ലോകത്ത് മൊത്തം സ്വർഗ്ഗീയാവസ്ഥ ദ്യോതിപ്പിക്കുന്ന ഇസ്‌ലാമിക വ്യവസ്ഥ അല്ലാഹു തന്നെ ഇടപെട്ട് ജ്വലിപ്പിച്ച് കാണിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. എന്നാൽ അനുസരിക്കാനും ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യമില്ലാത്ത നിർബന്ധിതാവസ്ഥയിലുള്ള ഈ ഇസ്‌ലാം അംഗീകരിക്കൽ കൊണ്ട് ഒരു ആത്മാവിനും പരലോകത്ത് ഒരു ഗുണവും ലഭിക്കുകയില്ല. ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും സ്വന്തം ഇഷ്ടപ്രകാരമോ ഇഷ്ടമില്ലാതെയോ കീഴ്പ്പെടുന്നത് അല്ലാഹുവിനുമാത്രവും അവനിലേക്കാണ് അവരെയെല്ലാം മടക്കപ്പെടുന്നതും എന്നിരിക്കെ അവർ തേടുന്നത് അല്ലാഹുവിന്റെ ദീനല്ലാത്ത മറ്റേതെങ്കിലുമാണോ എന്ന് 3: 83 ൽ ചോദിച്ചത് ഇതോടെ നടപ്പിലാവുകയാണ്.

മനുഷ്യരെ സൃഷ്ടിച്ച് അല്ലാഹുവിന്റെ റൂഹ് അവനിൽ ആവാഹിച്ചപ്പോൾ മനുഷ്യന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ വിസമ്മതിച്ച പിശാചിനെ സ്വർഗ്ഗത്തിൽ നിന്ന് പുറ

ത്താക്കിയ കാര്യം പറഞ്ഞിട്ടുണ്ട്: 38: 78-81 സൂക്തങ്ങളിൽ, ദീൻ നടപ്പിലാകുന്ന നാൾ വരെ നിന്റെ മേൽ എന്റെ ശാപം ഉണ്ടായിരിക്കുക തന്നെ ചെയ്യും എന്ന് അല്ലാഹു പറഞ്ഞ സന്ദർഭത്തിൽ അവൻ ചോദിച്ചു: എന്റെ നാഥാ! അവർ പുനരുജ്ജീവിപ്പിക്കപ്പെടുന്ന നാൾ വരെ എനിക്ക് നീ സാവകാശം നൽകിയാലും! അല്ലാഹു പറഞ്ഞു: അപ്പോൾ നിശ്ചയം നീ സാവകാശം നൽകപ്പെട്ടവരിൽ പെട്ടവനാണ് -സമയം അറിയപ്പെട്ട ഒരു നാൾ വരെ എന്ന് പറഞ്ഞിട്ടുണ്ട്. സൂക്തത്തിൽ പറഞ്ഞ ദീൻ നടപ്പിലാകുന്ന നാൾ കൊണ്ടുദ്ദേശിക്കുന്നത് എല്ലാവരെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്തുന്ന വിധിദിവസമല്ല, മറിച്ച് ഈസാ രണ്ടാമത് വന്ന് പിശാചിന്റെ മൂർത്തരൂപമായ മസീഹുദ്ദജ്ജാലിനെ വധിച്ച് ലോകത്തുമൊത്തം അല്ലാഹു തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയായ ഇസ്ലാം നടപ്പിൽ വരുത്തുന്ന, ഇഹലോകത്ത് വെച്ചുതന്നെ ദീൻ നടപ്പിൽ വരുന്ന ദിനത്തെയാണ്. 42: 7 ൽ, ഈ ഗ്രന്ഥം കൊണ്ട് നാടുകളുടെ കേന്ദ്രമായ മക്കയെയും അതിനു ചുറ്റുമുള്ള മുഴുവൻ ലോകരെയും മുന്നറിയിപ്പ് നൽകുക എന്നുപറഞ്ഞത് പൂർണ്ണമായി നടപ്പിലാകുന്നതും മക്ക കേന്ദ്രീകരിച്ച് ഈസാ ലോകം ഭരിക്കാൻ ആരംഭിക്കുന്ന അന്നുതന്നെയാണ്. 4: 163 ൽ വിവരിച്ച പ്രകാരം ആദ്യ പ്രവാചകൻ നൂഹ് മുതൽ അന്ത്യ പ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പേരും പ്രബോധനം ചെയ്തത് അദ്ദിക്ർ സമർപ്പിക്കുന്ന ഏക ജീവിതവ്യവസ്ഥയായതിനാൽ ഈസാ രണ്ടാമത് വന്നാൽ അദ്ദിക്റിന്റെ മാർഗ്ഗം തന്നെയാണ് പിന്തുടരുക. ഏഴുകൊല്ലം ഭരണം നടത്തിയ ഈസാ 40-ാം വയസ്സിൽ മരിക്കുകയും മുഹമ്മദ് നബിയുടെ ഖബറിനടുത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് അദ്ദേഹത്തെ ഖബറടക്കുകയും ചെയ്യുന്നതാണ്.

160. അപ്പോൾ ജൂതരായവരിൽ നിന്നുള്ളവരുടെ അക്രമപ്രവർത്തനങ്ങൾ കൊണ്ടും അവർക്ക് അനുവദിക്കപ്പെട്ടിരുന്ന പരിശുദ്ധമായ വിഭവങ്ങൾ നാം അവരുടെ മേൽ നിഷിദ്ധമാക്കുകയുണ്ടായി, അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് അവരുടെ അധികരിച്ച തടയൽ കൊണ്ടും.

161. അവരുടെ പലിശ സ്വീകരിക്കൽ കൊണ്ടും -അതിനെത്തൊട്ട് അവർ വിരോധിക്കപ്പെട്ടവരായിരുന്നു, അവർ ജനങ്ങളുടെ ധനം അവിഹിതമായി തിന്നുന്നതു കൊണ്ടും, അവരിൽ നിന്നുള്ള കാഫിറുകളായവർക്ക് വേദനാജനകമായ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്.

ജൂതരുടെ അക്രമപ്രവർത്തനങ്ങൾ കാരണവും വേദത്തിന്റെ ആശയത്തിൽ നിന്ന് ജനങ്ങളെ ധാരാളമായി തടഞ്ഞതുകാരണവും അവരോട് വിരോധിക്കപ്പെട്ടിരുന്ന പലിശ തിന്നുന്നവരായതുകൊണ്ടും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുന്നവരായത് കൊണ്ടുമാണ് ജൂതർക്ക് അനുവദിക്കപ്പെട്ടിരുന്ന പരിശുദ്ധമായ പല വിഭവങ്ങളും അവരുടെമേൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളത് എന്നാണ് സൂക്തം പറയുന്നത്. 6: 146 ൽ, ജൂതരായവരുടെമേൽ നഖമുള്ള എല്ലാ ജീവജാലങ്ങളെയും നാം നിഷിദ്ധമാക്കിയിട്ടുണ്ട്, പശു, ആട് തുടങ്ങിയവയുടെ മുതുകിലോ അകിടിലോ അല്ലെങ്കിൽ എല്ലുകൾക്കിടയിലോ ഒട്ടിപ്പിടിച്ച നിലയിലുള്ളതൊഴികെയുള്ള അവയുടെ കൊഴുപ്പും നിഷിദ്ധമാക്കിയിട്ടുണ്ട്, അത് അവരുടെ ധിക്കാരത്തിന് പ്രതിഫലമായിട്ടാണ്, നിശ്ചയം നാം സത്യസന്ധൻ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. വേദഗ്രന്ഥത്തിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി പണ്ഡിതപുരോഹിതന്മാർ ജീവിതത്തിന്റെ എല്ലാ മേഖലകളിലും കൃത്രിമമായ നിയമങ്ങൾ ഉണ്ടാക്കിയതുപോലെ ഭക്ഷണ വിഭവങ്ങളുടെ കാര്യത്തിലും കൃത്രിമമായ നിയമങ്ങൾ കടത്തിക്കൂട്ടുകയാണ് ചെയ്തത്. സൂക്തത്തിൽ നാം നിഷിദ്ധമാക്കി എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും നിഷ്പക്ഷവാനായ അല്ലാഹു വേദഗ്രന്ഥത്തിലൂടെ അനുവദനീയമാക്കിയിട്ടുള്ള ഒന്ന് അവൻ നിഷിദ്ധമാക്കുക

യില്ല. എന്നാൽ പിശാചിന് അവന്റെ സങ്കേതത്തിലേക്ക് ആളുകളെ പിടിച്ച് കൊണ്ടുപോകാനുള്ള കഴിവ് നൽകപ്പെട്ടിരിക്കെ ജനങ്ങൾ വേദഗ്രന്ഥത്തെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സേവിക്കുന്നവരായി മാറുമ്പോൾ അവരിൽ ദുഷ്ടന്മാരായ നേതാക്കളെയും ചൂഷകന്മാരായ പണ്ഡിതന്മാരെയും നിയോഗിച്ച് ജനങ്ങൾക്ക് അനുവദനീയമായ ഭക്ഷണപദാർത്ഥങ്ങൾ അവരാൽ നിഷിദ്ധമാക്കുക എന്നതും അല്ലാഹുവിന്റെ ചര്യയിൽ പെട്ടതാണ്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകളാണ് 2: 168–169, 188, 279 സൂക്തങ്ങളെയെല്ലാം അവഗണിച്ച് ഏറ്റവും മോശമായ രീതിയിലുള്ള പലിശ, കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, മയക്കുമരുന്ന് കച്ചവടം തുടങ്ങിയ പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നതിൽ മറ്റേതൊരു ജനവിഭാഗത്തെക്കാളും മുന്നിലുള്ളത്. 2: 186 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്തതുകാരണം ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ടുള്ള അവരുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമങ്ങളൊന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിച്ച് നരകക്കുണ്ഠത്തിലേക്ക് പോകേണ്ടവരുമാണവർ. 1000 സമുദായങ്ങളിൽ പെട്ട ജീവികൾ 17: 44; 24: 41 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവയുടെ ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യുകയും നമസ്കരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആത്മാവിനെ പരിഗണിക്കാത്തവരും പരലോകം കൊണ്ട് വിശ്വസിക്കാത്തവരുമായ ഫുജ്ജാറുകൾ കന്നുകാലികളെ വളർത്തുന്നതിൽ പിന്നിലും അവയെ കൊന്ന് തിന്നുന്നതിൽ മുന്നിലുമാണ്. അതുകൊണ്ട് 8: 22, 55 സൂക്തങ്ങളിൽ അവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും ദുഷിച്ച ജീവികളെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ *അവസാനകാലത്ത് പ്രവാചകന്റെ ജനത ജൂത-ക്രൈസ്തവരെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുക തന്നെ ചെയ്യുമെന്ന്* നാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചത് നടപ്പിലാവുകയാണ്. അതുകൊണ്ട് ഇന്ന് വിശ്വാസികൾ അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അധികരിച്ച ജിഹാദ് ചെയ്യുകയും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യം സ്ഥാപിക്കാൻ പരിശ്രമിക്കുകയുമാണ് ചെയ്യുക. 2: 2–5, 258; 4: 138 വിശദീകരണം നോക്കുക.

162. എന്നാൽ അവരിൽ നിന്നുള്ള അറിവിൽ അഗാധജ്ഞാനമുള്ളവരും വിശ്വാസികളായവരും നിന്നിലേക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും നിനക്കുമുമ്പ് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും വിശ്വസിക്കുന്നവരും നമസ്കാരം നിലനിർത്തുന്നവരും സക്കാത്ത് നൽകുന്നവരും അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കേണ്ട വിധം വിശ്വസിക്കുന്നവരുമാണ്; അക്കൂട്ടർ, അവർക്ക് മഹത്തായ പ്രതിഫലം നാം നൽകുക തന്നെ ചെയ്യും.

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള നാഥനിൽ നിന്നുള്ള വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 10: 100 ൽ വിവരിച്ച പ്രകാരം അതുകൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ കാഫിറായ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണ്. 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ള അവരിൽ

നിന്നുള്ള ഓരോ വിഭാഗത്തെയും 15: 44 പ്രകാരം നരകക്കുണ്ഠത്തിലെ 7 വാതിലുകളിലേക്ക് നിജപ്പെടുത്തി വെച്ചിരിക്കുന്നു. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവരുടെ പ്രതിഫലം നാഥന്റെ പക്കലുണ്ട്, അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 199; 8: 2-4, 46-47; 9: 71 -72 വിശദീകരണം നോക്കുക.

163.നിശ്ചയം നാം നിന്നിലേക്ക് ദിവ്യബോധനം നൽകിയിരിക്കുന്നു -നൂഹിലേക്കും അവനുശേഷമുള്ള നബിമാരിലേക്കും നാം ദിവ്യബോധനം നൽകിയതുപോലെ, ഇബ്റാഹീമിലേക്കും ഇസ്മാഈലിലേക്കും ഇസ്ഹാഖിലേക്കും യഅ്ഖൂബിലേക്കും ഗോത്രവർഗക്കാരിലേക്കും ഈസായിലേക്കും അയ്യൂബിലേക്കും യൂനുസിലേക്കും ഹാറൂനിലേക്കും സുലൈമാനിലേക്കും നാം ദിവ്യബോധനം നൽകിയിട്ടുണ്ട്, ദാവൂദിന് നാം സബൂർ നൽകുകയും ചെയ്തിട്ടുണ്ട്.

നബിമാർക്കെല്ലാം ദിവ്യബോധനം നൽകപ്പെട്ടപ്പോൾ പ്രവാചകന്മാർക്ക് അവന്റെ ദിവ്യസന്ദേശമായ അദ്ദിക്ർ നൽകുകയുണ്ടായി. ഒരുലക്ഷത്തി ഇരുപത്തി നാലായിരത്തിൽ പരം നബിമാരിൽ നൂഹ് മുതൽ മുഹമ്മദ് വരെയുള്ള മുന്നൂറ്റിപ്പതിമൂന്ന് പ്രവാചകന്മാർക്കാണ് ഗ്രന്ഥം നൽകിയിട്ടുള്ളത്. ഗ്രന്ഥത്തിന്റെ ആത്മാവ് ഒന്നും ഗ്രന്ഥത്തിന്റെ ശരീരം വിവിധ ഭാഷകളിലുമായിട്ടാണ് നൽകിയിട്ടുള്ളത്. ദാവൂദ് നബിക്ക് നൽകിയിട്ടുള്ള 'സബൂർ' ഗ്രീക്ക് ഹീബ്രു ഭാഷയിലുള്ള സങ്കീർത്തനങ്ങളാണ്. 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം അദ്ദിക്ർ തന്നെയാണ് എന്ന് 16: 43; 21: 24; 41: 43 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകപ്പെട്ടിട്ടുള്ള അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ടെന്ന് 16: 44; 98: 2-3 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇന്ന് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 16: 89 ൽ പറഞ്ഞ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥത്തെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളെല്ലാം തന്നെ തങ്ങളുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് മരണസമയത്ത് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും, വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞിട്ടുണ്ട്. 2: 2, 213; 3: 85-86; 5: 48 വിശദീകരണം നോക്കുക.

164.പ്രവാചകന്മാരും, നിശ്ചയം അവരെക്കുറിച്ച് നാം നിന്റെമേൽ മുമ്പ് വിവരിച്ച് തന്നിട്ടുണ്ട്; അവരെക്കുറിച്ച് നാം നിന്റെമേൽ വിവരിച്ചുതന്നിട്ടില്ലാത്ത പ്രവാചകന്മാരും, മൂസായോട് അല്ലാഹു ഒരു സംസാരം സംസാരിക്കുക തന്നെ ചെയ്തിട്ടുണ്ട്.

സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകൾ മിഥ്യയാണ് പിൻപറ്റുന്നതെന്നും മിഥ്യ ഉടയാനുള്ളതാണെന്നും 17: 81 ൽ പറഞ്ഞിട്ടുണ്ട്. നിനക്കുമുമ്പ് പ്രവാചകന്മാരെ നാം അയച്ചിട്ടുണ്ട്, അവരിൽ നിന്നുള്ളവരുടെ വിവരങ്ങൾ നിനക്ക് വിവരിച്ച് തന്നിട്ടുണ്ട്, അവരിൽ നിന്നുള്ളവരുടെ വിവരങ്ങൾ നിനക്ക് വിവരിച്ച് തരാത്തതുമുണ്ട്, നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരു പ്രവാചകനും ഒരു ദൃഷ്ടാന്തം കൊണ്ടുവരാൻ സാധ്യമല്ല, നാഥന്റെ കൽപനയായ അദ്ദിക്ർ വന്നുകഴിഞ്ഞാൽ അതിനെ തള്ളിപ്പറഞ്ഞ് തെമ്മാടികളായ ജനതകൾക്കിടയിൽ സത്യമായ അതുകൊണ്ട് വിധി കൽപിക്കുകയായി, അപ്പോൾ അവിടെ മിഥ്യ പിൻപറ്റുന്നവർ നഷ്ടപ്പെട്ടവരുമായി എന്ന് 40: 78 ൽ പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാരും നിയോഗിക്കപ്പെട്ടിട്ടുള്ളത് 14: 1 ൽ പറഞ്ഞതുപോലെ സത്യമായ അദ്ദിക്ർ കൊണ്ട് ജനങ്ങളെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് അഥവാ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് നയിക്കുന്നതിന് വേണ്ടിയാണ്. അല്ലാഹു പ്രവാചകൻ മൂസായോട് സംസാരിച്ചിട്ടുള്ളതായി 7: 143–144; 27: 8–9 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 253; 3: 101–102; 4: 115; 4: 115 വിശദീകരണം നോക്കുക.

165.സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായ പ്രവാചകന്മാർ! പ്രവാചകന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്റെ മേൽ ഒരു വാദത്തിന് ഇടവരാതിരിക്കാൻ വേണ്ടി, അല്ലാഹു അജയ്യനായ യുക്തിജ്ഞാനിയുമായിരിക്കുന്നു.

അല്ലാഹുവിൽ നിന്നുള്ള ഒരേ സന്ദേശം കൊണ്ടാണ് പ്രവാചകന്മാരെയെല്ലാം അയച്ചിട്ടുള്ളത്. ആ സന്ദേശം കൊണ്ട് വിശ്വാസികളായവർക്ക് സ്വർഗ്ഗത്തിലേക്ക് തന്നെ തിരിച്ചുപോകാമെന്ന് സന്തോഷവാർത്ത അറിയിക്കുന്നവരും അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് കാഫിറുകളായവരുടെ മടക്കം പിശാചിന്റെ താവളമായ നരകത്തിലേക്കാണ് എന്ന് താക്കീത് നൽകുന്നവരുമായിട്ടാണ് എല്ലാ പ്രവാചകന്മാരും നിയോഗിക്കപ്പെട്ടിട്ടുള്ളത്. 21: 25 ൽ, നിശ്ചയം ഞാനല്ലാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ നിങ്ങൾ എന്നെ മാത്രം സേവിക്കുന്നവരാവുക എന്നും ദിവ്യബോധനം നൽകിയിട്ടല്ലാതെ നാം നിനക്കുമുമ്പ് ഒരു പ്രവാചകനെയും നിയോഗിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാരെ അയച്ചത് അല്ലാഹു തൃപ്തിപ്പെട്ട ജീവിതം പ്രായോഗികതലത്തിൽ മനുഷ്യരിൽ സാക്ഷ്യപ്പെടുത്താനും വിധിദിവസം അക്കാര്യം ആ പ്രവാചകന്മാർ അല്ലാഹുവിന്റെ മുമ്പിൽ സാക്ഷ്യം വഹിക്കുന്നതിന് വേണ്ടിയുമാണ്. പ്രവാചകന്മാരുടെ ജീവിതം പിൻപറ്റുന്ന വിശ്വാസികളെയും 2: 143; 22: 78; 39: 69 സൂക്തങ്ങൾ പ്രകാരം വിചാരണാ ദിനത്തിൽ സാക്ഷികളായി കൊണ്ടുവരുന്നതാണ്. 17: 15 ൽ, ഒരു പ്രവാചകനെ നാം നിയോഗിക്കുന്നതുവരെ നിശ്ചയം നാം ശിക്ഷിക്കുന്നവനാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യനാൾ വരെയുള്ള ജനങ്ങളിലേക്കുള്ള പ്രവാചകൻ മുഹമ്മദ് തന്നെയാണ്. മുഹമ്മദിലൂടെ അവതരിപ്പിക്കപ്പെട്ട മൊത്തം ലോകർക്കുള്ള സന്ദേശമായ അദ്ദിക്റാകട്ടെ അതിനു മുമ്പ് നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും ഉൾക്കൊള്ളുന്നതും അവയെയും പ്രവാചകന്മാരെയുമെല്ലാം സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമായ ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനമാണ്. 2: 38–39, 119, 146; 4: 150–151 വിശദീകരണം നോക്കുക.

166.അതിനാൽ നിന്നിലേക്ക് അവതരിപ്പിച്ച ഒന്നുകൊണ്ട് അല്ലാഹു സാക്ഷ്യം വഹിക്കുന്നു –അതിനെ അവൻ അവതരിപ്പിച്ചിട്ടുള്ളത് അവന്റെ അറിവോടുകൂടി

ത്തന്നെയാണ്- മലക്കുകളും സാക്ഷ്യം വഹിക്കുന്നവരാണ്, സാക്ഷിയായി അ ല്ലാഹു തന്നെ ഏറ്റവും മതിയായവനുമാകുന്നു.

സാക്ഷിയായ അദ്ദിക്റിന്റെ പ്രാമാണികതയാണ് സൂക്തത്തിൽ വരച്ചുകാണിക്കുന്ന ത്. അത് സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിൽ നിന്ന് വിശ്വസ്തനായ റൂഹ് ജിബ്രീൽ മുഖേന പ്രവാചകനായ മുഹമ്മദിന്റെ ഹൃദയത്തിലേക്ക് ഘട്ടം ഘട്ടമായാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് 26: 192-194; 76: 23 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ച യം നമ്മുടെ അറിവിനാൽ വിശദീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം നാം അവർക്ക് കൊണ്ടുവന്നി ട്ടുണ്ട്, അത് വിശ്വാസികളായ ജനതക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് 7: 52 ലും; ഈ അനുഗ്രഹീതമായ ഗ്രന്ഥം നാമാണ് അവതരിപ്പിച്ചത്, അപ്പോൾ നിങ്ങൾ അതിനെ പിൻപറ്റുക, അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക, എന്നാൽ നിങ്ങൾ അനുഗ്രഹിക്ക പ്പെട്ടേക്കും എന്ന് 6: 155 ലും പറഞ്ഞിട്ടുണ്ട്. ആദ്യവും അന്ത്യവുമില്ലാത്ത, ഉപമയും ഉദാഹ രണവുമില്ലാത്ത ത്രികാലജ്ഞാനിയായ അല്ലാഹു തന്നെ ഏതൊരു കാര്യത്തിനും സാ ക്ഷിയായി മതിയാകുന്നതാണ്. എന്നാൽ ഇവിടെ മലക്കുകളും സാക്ഷ്യം വഹിക്കുന്നവ രാണ് എന്ന് പറഞ്ഞത്, അനുസരണമുള്ളവരും കുറ്റം ചെയ്യാത്ത വിശുദ്ധന്മാരുമാണ് മല ക്കുകൾ എന്നതിനാലാണ്. പ്രവാചകന്മാരിലേക്ക് അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു കൊടുക്കുന്നതും അവരാണ്. ഏറ്റവും വലിയ സാക്ഷി അല്ലാഹുവും അദ്ദിക്റുമാണെന്ന് 6: 19 ലും; സാക്ഷിയായ അദ്ദിക്റിനെ മൂടിവെച്ചവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നര കമാണെന്ന് 11: 17 ലും പറഞ്ഞിട്ടുണ്ട്. 2: 140; 3: 18, 81, 187 വിശദീകരണം നോക്കുക.

167.നിശ്ചയം കാഫിറുകളായവരും അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് ജനങ്ങളെ തടഞ്ഞുകൊണ്ടിരിക്കുന്നവരുമുണ്ടല്ലോ, നിശ്ചയം അവർ വിദൂരമായ വഴികേ ടിൽ വഴിപിഴച്ച് കഴിഞ്ഞിരിക്കുന്നു.

വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ സ്വയം ഉപയോഗ പ്പെടുത്താതിരിക്കുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാ സ്സും അമാനത്തുമായ അത് മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും വഴി 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാ റുകൾ അവരെയും ജനങ്ങളെയും അതിനെത്തൊട്ട് തടഞ്ഞുകൊണ്ടിരിക്കുകയാണ്. അ തുവഴി മറ്റുള്ള ജനങ്ങളുടെ പാപഭാരം വഹിച്ചുകൊണ്ട് നരകത്തിന്റെ അടിത്തട്ടിൽ പോ കേണ്ടി വരുന്ന അവർ അവരെത്തന്നെയാണ് നശിപ്പിക്കുന്നതെന്ന് 6: 26 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് ഇത്തരം മനുഷ്യപ്പിശാചുക്കളെ അന്ധമായി പിൻപറ്റു ന്ന ജനതക്കെതിരെ മഹാത്മാക്കളും പ്രവാചകനായ മുഹമ്മദ് തന്നെയും അന്യായം ബോ ധിപ്പിക്കുന്ന രംഗം യഥാക്രമം 25: 18, 30 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അത്തരം കാഫി റുകളായ ജനതയെ അനുസരിക്കരുതെന്നും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജി ഹാദ് നടത്തണമെന്നും വിശ്വാസികളോട് 25: 52 ലൂടെ കൽപിച്ചിട്ടുണ്ട്. 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടി വെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും നാഥനെയും പ്രവാചകന്മാരെയും നബിമാരെ യുമെല്ലാം തള്ളിപ്പറഞ്ഞ് 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ അന്തിക്രിസ്തുവിനെ സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്നവരുമാണ്. പി ശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അ വർ പരലോകത്തുവെച്ച് പരസ്പരം തർക്കിക്കുന്ന, കുറ്റപ്പെടുത്തുന്ന, ശപിക്കുന്ന രംഗം 2: 165-167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 7; 3: 90-91; 4: 136-137 വിശദീകരണം നോക്കുക.

168.നിശ്ചയം കാഫിറുകളും അക്രമികളുമായവർ, അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുന്നവനാവുകയില്ല, അവരെ അവന്റെ വഴിയിലേക്ക് മാർഗദർശനം ചെയ്യുന്നതുമല്ല.

169.നരകക്കുണ്ഠത്തിലേക്കുള്ള വഴിയിലേക്കൊഴികെ, അതിൽ അവർ എന്നെന്നും നിത്യവാസികളായിരിക്കും, അത് അല്ലാഹുവിന്റെ മേൽ വളരെ എളുപ്പമുള്ള കാര്യമായിരിക്കുന്നു.

അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളാണ് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന യഥാർത്ഥ കാഫിറുകൾ. അവർ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാനുള്ള അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ 1000 ത്തിലും 999 ൽ പെട്ട ഫുജ്ജാറുകൾ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെക്കുന്നതിനാൽ വധിക്കപ്പെട്ടവരാണെന്ന് 80: 17 ൽ പറഞ്ഞിട്ടുണ്ട്. അഥവാ 6: 60 ൽ വിവരിച്ച പ്രകാരം അവർ ആത്മാവിനെ പരിഗണിക്കാത്തതിനാൽ നാഥനെ വിസ്മരിച്ചവരും ഉറക്കാവസ്ഥയിൽ ജീവിക്കുന്നവരുമാണ്. 3: 100-101 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 181-182; 9: 80-82 വിശദീകരണം നോക്കുക.

170.ഓ മനുഷ്യരേ! നിങ്ങളുടെ നാഥനിൽ നിന്നുള്ള പ്രവാചകൻ സത്യവും കൊണ്ട് നിങ്ങളിലേക്ക് വന്നുകഴിഞ്ഞു, അപ്പോൾ നിങ്ങൾ വിശ്വസിക്കുവീൻ, അതാണ് നിങ്ങൾക്ക് ഉത്തമം, ഇനി നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാണ്, അല്ലാഹു സർവ്വജ്ഞനായ യുക്തിജ്ഞാനിയുമായിരിക്കുന്നു.

സർവ്വലോകനാഥനിൽ നിന്നുള്ള സത്യമായ അദ്ദിക്റും കൊണ്ട് അന്ത്യപ്രവാചകനെ നിയോഗിച്ചിട്ടുള്ളത് മൊത്തം മനുഷ്യരിലേക്കാണ്. അതുകൊണ്ട് 10: 108 ൽ വിവരിച്ച പ്രകാരം വിശ്വാസിയായ നാഥന്റെ പ്രാതിനിധ്യം വഹിക്കലാണ് മനുഷ്യർക്ക് ഉത്തമമായിട്ടുള്ളത്. നിങ്ങൾ കാഫിറുകളാവുകയാണെങ്കിൽ ആകാശഭൂമികളിൽ മനുഷ്യരടക്കമുള്ള മുഴുവൻ വസ്തുക്കളുടെയും ഉടമ അല്ലാഹുവാണ്. അവൻ ലോകരെത്തൊട്ട് ഐശ്വര്യവാനായിരിക്കെ അവന്റെ പ്രതാപത്തിനോ പ്രൗഢിക്കോ ഒരു ദോഷവും സംഭവിക്കുകയില്ല എന്നാണ് പറയുന്നത്. 4: 133 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ ഉദ്ദേശിക്കുകയാണെങ്കിൽ കാഫിറുകളായ മനുഷ്യരെ മാറ്റി വിശ്വാസികളായ മനുഷ്യരെ കൊണ്ടുവരുന്നതാണ്. ഓ മനുഷ്യരേ! നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉപദേശം -അദ്ദിക്ർ- വന്നുകിട്ടി, അത് നിങ്ങളുടെ നെഞ്ചുകളിലുള്ള എല്ലാ സംശയങ്ങൾക്കും നിവാരണമാണ് എന്ന് 10: 57 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അതിനെ കാരുണ്യവും സന്മാർഗവുമായി ഉപയോഗപ്പെടുത്തുക വിശ്വാസികൾ മാത്രമാണ്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിന്റെ 40 പേരുകളും മൂടിവെച്ച് പിശാചിനെ സേവിക്കുന്നവരും 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. അവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരായി വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 119, 147-148; 6: 131-133; 7: 157-158 വിശദീ

കരണം നോക്കുക.

171. ഓ വേദക്കാരേ! നിങ്ങൾ നിങ്ങളുടെ ദീനിൽ അതിര് കവിയാതിരിക്കുവീൻ, അല്ലാഹുവിന്റെ മേൽ സത്യമല്ലാത്തത് പറയാതിരിക്കുകയും ചെയ്യുവീൻ, നിശ്ചയം മർയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ പ്രവാചകനും അവൻ മർയമിലേക്ക് ഇട്ടുകൊടുത്ത അവന്റെ വചനവും അവനിൽ നിന്നുള്ള ഒരു റൂഹുമാണ്, അപ്പോൾ നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസിക്കുവീൻ, അല്ലാഹു മൂവരും കൂടിയതാണെന്ന് നിങ്ങൾ പറയാതിരിക്കുകയും ചെയ്യുവീൻ, നിങ്ങൾ വിരമിക്കുക, അതാണ് നിങ്ങൾക്ക് ഉത്തമം, നിശ്ചയം അല്ലാഹു ഏക ഇലാഹാകുന്നു, ഒരു പുത്രനുണ്ടാകുന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധനുമാണ്, ആകാശങ്ങളിലുള്ള എല്ലാ ഒന്നും ഭൂമിയിലുള്ള എല്ലാ ഒന്നും അവനുള്ളതാകുന്നു, കൈകാര്യകർത്താവായി അല്ലാഹു തന്നെ ഏറ്റവും മതിയായവനുമാണ്.

നിശ്ചയം മർയമിന്റെ പുത്രൻ ഈസാ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ നിഷേധികളായിക്കഴിഞ്ഞിട്ടുണ്ടെന്ന് 5: 17 ലും 5: 72 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം അല്ലാഹു മൂവരിലൊന്നാണ്, അല്ലെങ്കിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നും കൂടിയതാണെന്ന് പറഞ്ഞവരും നിഷേധികളായിക്കഴിഞ്ഞിട്ടുണ്ടെന്ന് 5: 73 ലും പറഞ്ഞിട്ടുണ്ട്. മർയമിന്റെ പുത്രൻ ഈസാ മസീഹിന്റെ ശരീരം 'ഉണ്ടാവുക' എന്ന് പറഞ്ഞുകൊണ്ട് മർയമിലേക്ക് ഇട്ടുകൊടുത്ത അല്ലാഹുവിന്റെ വചനമാണ്; ജീവനും ആത്മാവും കൂടിയ റൂഹ് ആകട്ടെ എല്ലാ ജീവികളുടേയും പോലെ അവനിൽ നിന്നുള്ളത് തന്നെയുമാണ്.

4: 163 ൽ വിവരിച്ച പ്രകാരം ആദ്യപ്രവാചകൻ നൂഹ് മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പേർക്കും സത്യവും തെളിവും ത്രികാലജ്ഞാനവുമായ അദ്ദിക്ർ നൽകപ്പെട്ടിട്ടുള്ളത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് മറ്റൊരു ദൈവമോ ഉടമയോ രാജാവോ ഇല്ല എന്നും അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് കൽപിച്ചുകൊണ്ടുമാണ്. അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജീവിതകാലത്ത് ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല എന്നതിനാൽ അന്ന് ഗ്രന്ഥത്തിന്റെ ആളുകൾ മദീനയിലുണ്ടായിരുന്ന ജൂതരും ക്രൈസ്തവരുമാണ്. പ്രവാചകന് അവതരിപ്പിക്കപ്പെട്ട 6236 സൂക്തങ്ങളടങ്ങിയ ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടതിനുശേഷം ഗ്രന്ഥത്തിന്റെ ആളുകൾ പ്രവാചകന്റെ ജനതയാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് നാഥനെ പരിചയപ്പെടുത്തുന്നതിനാണ് എന്നിരിക്കെ, അദ്ദിക്റിൽ നിന്നുള്ള ഒരു പദം തെളിവായി ഉദ്ധരിക്കാതെ അല്ലാഹുവിനെക്കുറിച്ച് സംസാരിക്കുന്നവർ കളവ് പറയുന്നവരും ദുഷിച്ച പരിണിതിയുള്ള, അല്ലാഹുവിന്റെ കോപവും ശാപവും ആപതിച്ചിട്ടുള്ളവരാണെന്നും നരകക്കുണ്ഠം മടക്കസ്ഥലമായിട്ടുള്ളവരാണെന്നും മനുഷ്യരിൽ ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. 39: 4; 42: 11; 112: 1-4 കൂട്ടിവായിക്കുക. 2: 62,116-117, 255; 3: 39, 45, 55; 5: 15-16 വിശദീകരണം നോക്കുക.

172. മസീഹ് അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ കുറച്ചിൽ വിചാരിക്കുന്നില്ല തന്നെ -അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകളും- ആരാണോ അവന് അടിമപ്പെടുന്നതിൽ കുറച്ചിൽ കരുതുകയും അഹങ്കരിക്കുകയും ചെയ്യുന്നത്, അപ്പോൾ അവരെ മുഴുവനും അവനിലേക്ക് പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യുന്നതാണ്.

അനുസരണം മാത്രം സ്വഭാവമായിട്ടുള്ള കുറ്റം ചെയ്യാത്ത മലക്കുകളോ ഈസാ അട

ക്കമുള്ള പ്രവാചകന്മാരോ അല്ലാഹുവിന് അടിമപ്പെടുന്നതിലോ അവനെ സേവിച്ചുകൊണ്ടിരിക്കുന്നതിലോ കുറച്ചിൽ കാണുന്നവരല്ലെന്നാണ് സൂക്തം പറയുന്നത്. അവനെ സേവിച്ചുകൊണ്ടിരിക്കുന്നതിൽ കുറച്ചിൽ കാണുന്നത് കാഫിറായ പിശാചും അദ്ദിക്റിന് വിരുദ്ധമായി അവനെ സേവിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന 1: 7 ൽ വിവരിച്ച അല്ലാഹുവിന്റെ കോപം വർഷിക്കപ്പെട്ട കപടവിശ്വാസികളും അവരുടെ വഴിപിഴച്ച അനുയായികളുമടങ്ങിയ ഫുജ്ജാറുകളുമാണ്. 19: 92 ൽ, നിഷ്പക്ഷവാന് ഒരു സന്താനത്തെ തെരഞ്ഞെടുക്കൽ യോജിച്ചതല്ല തന്നെ എന്നും; 19: 93 ൽ, ആകാശഭൂമികളിലുള്ള എല്ലാ ഒന്നും നിഷ്പക്ഷവാന് അടിമയായിട്ടല്ലാതെ വരുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. 19: 94–95 സൂക്തങ്ങളിൽ, അവരുടെയെല്ലാം എണ്ണവും അവസ്ഥകളും കണക്കാക്കി നിജപ്പെടുത്തിവെച്ചിട്ടുണ്ടെന്നും എല്ലാവരും വിധിദിവസം ഒറ്റക്കൊറ്റക്കായി വിചാരണക്കായി വരുമെന്നും പറഞ്ഞിട്ടുണ്ട്. 40: 60 ൽ, നിങ്ങളുടെ നാഥൻ പറയുന്നു: നിങ്ങൾ എന്നെ വിളിച്ച് പ്രാർത്ഥിക്കുവീൻ, എന്നാൽ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം; നിശ്ചയം ആരാണോ എന്നെ വിളിച്ച് പ്രാർത്ഥിക്കാതെ അഹങ്കരിക്കുന്നത്, അവർ ഹീനരായി നരകക്കുണ്ഠത്തിൽ പ്രവേശിപ്പിക്കപ്പെടുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രാർത്ഥന ആത്മാവുകൊണ്ടായിരിക്കണം. ആത്മാവ് പങ്കെടുക്കാതെ നാവുകൊണ്ട് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ നടത്തുന്ന പ്രാർത്ഥന 2: 186 ൽ വിവരിച്ച പ്രകാരം വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ല. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കാത്ത കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമായ ഫുജ്ജാറുകൾ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, കുറ്റപ്പെടുത്തുന്ന, ശപിക്കുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 1: 3–4; 4: 42; 8: 22 വിശദീകരണം നോക്കുക.

173. അപ്പോൾ വിശ്വാസികളാവുകയും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നവർ ആരോ, അപ്പോൾ അവർക്ക് അവരുടെ പ്രതിഫലം പൂർണ്ണമായി നൽകപ്പെടുന്നതും അവന്റെ ഔദാര്യത്തിൽ നിന്ന് അവർക്ക് വർദ്ധിപ്പിച്ച് നൽകുന്നതുമാണ്; ആരാണോ അടിമയായിരിക്കുന്നതിൽ കുറച്ചിൽ കരുതുകയും അഹങ്കരിക്കുകയും ചെയ്തിരുന്നത്, അപ്പോൾ അവരെ വേദനാജനകമായ ശിക്ഷ കൊണ്ട് ശിക്ഷിക്കുന്നതുമാണ്, അവർ അവർക്ക് അല്ലാഹുവിനെക്കൂടാതെ ഒരു സംരക്ഷകനെയോ സഹായിയെയോ കണ്ടെത്തുന്നവരാവുകയുമില്ല.

1: 3 ൽ വിവരിച്ച പ്രകാരം വിധിദിവസം എല്ലാ സൃഷ്ടികളും പുനർജ്ജീവിപ്പിക്കപ്പെട്ട് സ്രഷ്ടാവിന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും പ്രപഞ്ചത്തിലെ ജീവജാലങ്ങൾക്ക് അല്ലാഹുവിനെ കീർത്തനം ചെയ്യാനും പരിശുദ്ധപ്പെടുത്താനും വാഴ്ത്താനുമുള്ള സാഹചര്യം ഉണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവർക്ക് അവരുടെ ഏറ്റവും നല്ല പ്രവൃത്തി നോക്കി മുഴുവൻ ജീവിതത്തിനും പ്രതിഫലം നൽകുമെന്നും അവന്റെ ഔദാര്യത്തിൽ നിന്നും വർദ്ധിപ്പിച്ച് നൽകുമെന്നുമാണ് പറയുന്നത്. 50: 35 ൽ, ആ സ്വർഗ്ഗത്തിൽ അതിലെ നിവാസികൾക്ക് അവർ ഉദ്ദേശിക്കുന്നതെല്ലാം ഉണ്ടെന്നും നമ്മുടെ പക്കൽ നിന്നുള്ള അധികരിച്ച പ്രതിഫലമുണ്ടെന്നും പറഞ്ഞിട്ടുണ്ട്. 'അധികരിച്ച പ്രതിഫലം' കൊ

ണ്ടുദ്ദേശിക്കുന്നത് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുക വഴി വിചാരണയില്ലാതെ സ്വർഗ്ഗത്തിലേക്ക് മുൻകടക്കുന്നവർക്ക് കപടവിശ്വാസികളല്ലാത്ത, വിചാരണക്ക് ശേഷം നരകത്തിലേക്ക് അയക്കപ്പെട്ട ബന്ധുമിത്രാദികളായ നരകവാസികൾക്കുവേണ്ടി ശുപാർശ ചെയ്യുന്നതിനുള്ള അനുവാദം ലഭിക്കുമെന്നാണ്. ആരാണോ അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ കുറച്ചിലും അപമാനവും വെറുപ്പും പ്രകടിപ്പിച്ച് മാന്യത ചമഞ്ഞ് സ്വയം പര്യാപ്തത തെരഞ്ഞെടുക്കുകയും വിവിധ സംഘടനകളായി പിരിഞ്ഞ് പിശാചിനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്, അത്തരം മനുഷ്യപ്പിശാചുക്കളായവരെ വേദനാജനകമായ ശിക്ഷ രുചിപ്പിക്കുന്നതാണ്. അവിടെ ഇടയാളന്മാരെയോ മതരാഷ്ട്രീയ നേതാക്കളെയോ ഒന്നും ശുപാർശക്കാരായി കാണുകയുമില്ല. 3: 90–91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ കുഫ്ഫാറുകൾക്ക് വിധിദിവസം ഭൂമി നിറയെ സ്വർണ്ണം ലഭിച്ച് അതുകൊണ്ട് തെണ്ടം നൽകിയാലും അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല, അക്കൂട്ടർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്, അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടാവുകയുമില്ല. 2: 27–28; 3: 185; 10: 26 വിശദീകരണം നോക്കുക.

174.ഓ മനുഷ്യരേ! നിശ്ചയം നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു തെളിവ് നിങ്ങൾക്ക് വന്നുകഴിഞ്ഞു, വ്യക്തമായ പ്രകാശവും നാം നിങ്ങളിലേക്ക് അവതരിപ്പിച്ചിട്ടുണ്ട്.

175.അപ്പോൾ ആരാണോ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവരാവുകയും അതിനെ മുറുകെപ്പിടിക്കുകയും ചെയ്യുന്നത്, അപ്പോൾ അവരെ അവനിൽ നിന്നുള്ള കാരുണ്യത്തിലും ഔദാര്യത്തിലും പ്രവേശിപ്പിക്കുകയും അവരെ അവനിലേക്കുള്ള നേരെച്ചൊവ്വായ പാതയിലേക്ക് മാർഗ്ഗദർശനം ചെയ്യുന്നതുമാണ്.

'തെളിവ്' കൊണ്ടും 'വ്യക്തമായ പ്രകാശം' കൊണ്ടും ഉദ്ദേശിക്കുന്നത് അദ്ദിക്ർ തന്നെയാണ്. മൊത്തം മനുഷ്യർക്കുള്ള സന്മാർഗമായ അത് ആരാണോ ഉപയോഗപ്പെടുത്തുകയും അല്ലാഹുവിനെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുത്തുകയും അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അതിനെ മുറുകെപ്പിടിക്കുകയും ചെയ്തത്, അപ്പോൾ അവർ അല്ലാഹുവിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്നാണ് പറയുന്നത്. നിഷ്പക്ഷവാനായ നാഥൻ അദ്ദിക്ർ എല്ലാ മനുഷ്യർക്കും പഠിപ്പിച്ചിട്ടുണ്ടെന്നിരിക്കെ അതിൽ നിന്നുള്ള ഒരു പദം അല്ലെങ്കിൽ സൂക്തഭാഗം തെളിവായി ഉപയോഗിക്കുകയോ അല്ലെങ്കിൽ വ്യക്തവും പ്രകാശവുമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ പ്രവർത്തിക്കുകയോ ചെയ്താൽ മാത്രമേ ഏത് പ്രവൃത്തിയും സ്വീകരിക്കപ്പെടുകയുള്ളൂ. അതുതന്നെയാണ് *ഗ്രന്ഥം നിനക്ക് പ്രമാണമാണ്, അല്ലെങ്കിൽ നിനക്ക് എതിർപ്രമാണമാണ്* എന്ന് പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുളും. 7: 157 ൽ, പ്രവാചകനോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പിൻപറ്റുന്നവർ എന്ന് പറഞ്ഞതിലും; 64: 8 ൽ 'അപ്പോൾ നിങ്ങൾ അല്ലാഹുവിനെക്കൊണ്ടും അവന്റെ പ്രവാചകനെക്കൊണ്ടും നാം ഇറക്കിയ പ്രകാശം കൊണ്ടും വിശ്വസിക്കുവീൻ' എന്ന് പറഞ്ഞതിലും; 5: 15 ൽ, 'നിങ്ങൾക്ക് അല്ലാഹുവിൽ നിന്ന് പ്രകാശവും വ്യക്തമായ ഗ്രന്ഥവും വന്നുകഴിഞ്ഞു' എന്ന് പറഞ്ഞതിലുമുള്ള പ്രകാശവും അദ്ദിക്റാണ്. 24: 35 ൽ, അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ അല്ലാഹുവും അദ്ദിക്റും പ്രകാശമാണ്. 2: 257; 5: 16; 14: 1 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാശം അല്ലാഹുവും അവന്റെ സമ്മതപത്രമായ അദ്ദിക്റുമാണ്. 42: 52 ൽ, അപ്രകാരം നമ്മുടെ കൽപനയിൽ നിന്നുള്ള ഒരു *റൂഹി*നെ നിനക്ക് ദിവ്യസന്ദേശമായി നൽകിയിരിക്കുന്നു, എന്താണ് ഗ്രന്ഥം, എന്താണ് വിശ്വാസം എന്നൊന്നും നീ അറിയുന്നവനായിരുന്നില്ല,

എന്നാൽ അല്ലാഹു അതിനെ (*റൂഹി*നെ, ഗ്രന്ഥത്തെ) ഒരു പ്രകാശമാക്കുകയും അവന്റെ അടിമകളിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരെ അതുകൊണ്ട് സന്മാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു, നിശ്ചയം നീ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് മാർഗ്ഗദർശനം ചെയ്യുന്നവൻ തന്നെയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 3: 101; 22: 78 എന്നീ സൂക്തങ്ങളിൽ 'അല്ലാഹുവിനെ മുറുകെപ്പിടിക്കുക' എന്ന് പറഞ്ഞതിന്റെയും; 3: 103 ൽ 'അല്ലാഹുവിൽ നിന്നുള്ള പാശത്തെ മുറുകെപ്പിടിക്കുക' എന്ന് പറഞ്ഞതിന്റെയും; 7: 170 ൽ 'ഗ്രന്ഥത്തെ മുറുകെപ്പിടിക്കുക' എന്ന് പറഞ്ഞതിന്റെയും വിവക്ഷ 5: 48 ൽ വിവരിച്ച എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുക എന്നാണ്. *അവസാനകാലത്ത് എഴുത്തും വായനയും അറിയുന്നവർ അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളണമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചതിന്റെ പൊരുളും അതുതന്നെയാണ്.

55: 33–34 ൽ, ജിന്നുകളുടെയും മനുഷ്യരുടെയും സംഘമേ, ആകാശങ്ങളുടെയും ഭൂമിയുടെയും അതിർത്തി കടന്നുപോകാൻ സാധിക്കുമെങ്കിൽ നിങ്ങൾ പോകാൻ ശ്രമിക്കുക. അധികാരവും പ്രമാണവും ടിക്കറ്റുമായ അദ്ദിക്ർ ഇല്ലാതെ നിങ്ങൾക്ക് പോകാനാവില്ല, അപ്പോൾ നിങ്ങൾ ഇരുകൂട്ടരുടെയും നാഥന്റെ ഏതേത് കഴിവുകളെയാണ് നിങ്ങൾ നിഷേധിക്കുന്നത് എന്ന് ചോദിച്ചിട്ടുണ്ട്. 17: 80 ൽ, എനിക്ക് നിന്നിൽ നിന്നുള്ള ഒരു 'അധികാരശക്തി'യെ സഹായിയായി നിയോഗിച്ച് തന്നാലും എന്ന് പ്രാർത്ഥിക്കാൻ മുഹമ്മദ് നബിയോട് അല്ലാഹു പറയുന്നുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ അധികാരശക്തിയായ അദ്ദിക്ർ മുഖേനയാണ് 17: 1 ൽ പറഞ്ഞ സ്വർഗ്ഗാരോഹണം നടന്നത്. പ്രകാശമായ അദ്ദിക്ർ ഉണ്ടെങ്കിൽ ആകാശത്തിന്റെ വാതിലുകൾ തുറന്നുകിട്ടുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യാവുന്നതാണ്. പ്രമാണമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. 9: 31 ൽ വിവരിച്ച പ്രകാരം അവർ നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്കും നിജപ്പെടുത്തി വെക്കപ്പെട്ടവരാണ്. 1: 5–6; 4: 113, 136; 51: 50–51 വിശദീകരണം നോക്കുക.

176.അവർ നിന്നോട് വിധി ചോദിക്കുന്നു; നീ പറയുക: അല്ലാഹു നിങ്ങൾക്കിതാ കലാലഃയുടെ കാര്യത്തിൽ വിധി നൽകുന്നു, മക്കളില്ലാത്ത ഒരാൾ മരിച്ചുപോവുകയാണെങ്കിൽ അവന് ഒരു സഹോദരിയുമുണ്ട്, അപ്പോൾ അവൻ വിട്ടേച്ചുപോകുന്ന ധനത്തിന്റെ പകുതി അവൾക്കുണ്ട്, ഇനി മരിച്ചുപോയത് ഒരു സ്ത്രീയാണെങ്കിൽ -അവൾക്ക് മക്കളില്ലാത്ത അവസ്ഥയിൽ- സഹോദരൻ അവളുടെ അനന്തരാവകാശമെടുക്കുന്നതുമാണ്, ഇനി പരേതന് രണ്ട് സഹോദരികൾ അവകാശികളായുണ്ടെങ്കിൽ നിങ്ങൾ വിട്ടേച്ചുപോകുന്ന സമ്പത്തിന്റെ മൂന്നിൽ രണ്ടുഭാഗത്തിന് അവർ അർഹരായിരിക്കും, ഇനി കൂടുതൽ സഹോദര-സഹോദരികളുണ്ടെങ്കിൽ അപ്പോൾ പുരുഷന് സ്ത്രീവിഹിതത്തിന്റെ ഇരട്ടിയായിക്കൊണ്ട് അവർക്കിടയിൽ ഭാഗിച്ചെടുക്കേണ്ടതാണ്, നിങ്ങൾ പിഴച്ചുപോകാതിരിക്കുന്നതിനുവേണ്ടി അല്ലാഹു നിങ്ങൾക്ക് വ്യക്തമാക്കിത്തരുന്നു, അല്ലാഹു എല്ലാ ഓരോ കാര്യത്തെക്കുറിച്ചും അറിയുന്നവൻ തന്നെയാകുന്നു.

4: 12 കൂട്ടിവായിക്കുക. മാതാപിതാക്കളോ മക്കളോ അനന്തരാവകാശികളായി ഇല്ലാ

തെ മരിച്ചുപോകുന്നവർക്കാണ് '*കലാലഃ*' എന്ന് പറയുന്നത്. ഈ സൂക്തത്തിലെ 'കലാലഃ'യുടെ അവകാശികൾ പിതാവൊത്ത സഹോദരനോ സഹോദരിയോ ആണ്. 4: 11 ൽ പറഞ്ഞതുപോലെ മക്കൾക്ക് കിട്ടുന്ന അവകാശ വിഹിതമാണ് ഇവിടെ കലാലഃയുടെ സഹോദരങ്ങൾക്കും സഹോദരികൾക്കും കിട്ടുന്നത്. കലാലഃക്ക് കൂടുതൽ സഹോദരന്മാരും സഹോദരികളുമുണ്ടെങ്കിൽ പുരുഷന് സ്ത്രീയുടെ ഇരട്ടിയായിക്കൊണ്ട് ഭാഗിച്ചെടുക്കാനാണ് 4: 11 ലെ പോലെ ഇവിടെയും പറഞ്ഞിട്ടുള്ളത്. കലാലഃയായി മരിച്ച പുരുഷന് ഭാര്യ ജീവിച്ചിരിക്കുന്ന പക്ഷം, അവൾക്കുള്ള വിഹിതം നൽകിയ ശേഷവും, കലാലഃയായി മരിച്ചത് സ്ത്രീയാണെങ്കിൽ അവൾക്ക് ഭർത്താവുള്ള അവസ്ഥയിൽ ഭർത്താവിന്റെ വിഹിതം നൽകിയതിനുശേഷവും ബാക്കിയുള്ളതാണ് സഹോദരങ്ങൾക്ക് ലഭിക്കുക. അല്ലാഹു ഇത്തരം നിയമനിർദ്ദേശങ്ങളെല്ലാം ഗ്രന്ഥത്തിലൂടെ നൽകുന്നത് മനുഷ്യർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് പിഴച്ച് പിശാചിന്റെ മാർഗ്ഗത്തിലേക്ക് പോകാതിരിക്കാൻ വേണ്ടിയാണ്. എന്നാൽ അദ്ദിക്റിൽ നിന്ന് പിശാച് മനുഷ്യരെ തടഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഈ നിയമനിർദ്ദേശങ്ങളൊന്നും ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾ ജീവിതത്തിൽ പാലിക്കാറില്ല. 1: 7 ൽ 'കോപിക്കപ്പെട്ടവരുടെ മാർഗ്ഗത്തിലല്ല' എന്ന് പറയുമ്പോൾ ഈ നിയമനിർദ്ദേശങ്ങളെല്ലാം അറിഞ്ഞിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ എന്നും 'പിഴച്ചവരുടെ മാർഗ്ഗത്തിലുമല്ല' എന്ന് പറയുമ്പോൾ ഈ നിയമനിർദ്ദേശങ്ങളെല്ലാം പാലിക്കാത്ത കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്നവരുടെ കൂട്ടത്തിലും ഉൾപെടുത്തരുതേ എന്നുമായിരിക്കണം ആയിരത്തിൽ ഒന്നായ വിശ്വാസിയുടെ മനസ്സിലുണ്ടായിരിക്കേണ്ടത്. സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നുപോലും ലോകരെ അറിയിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 83: 7 ൽ പറഞ്ഞ നരകത്തിലെ സിജ്ജീൻ പട്ടികയിലേക്കുള്ള ഫുജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ്. 3: 90; 4: 13–14, 167 വിശദീകരണം നോക്കുക.

5. അൽ മാഇദഃ

ഹിജ്റ 6-ാം വർഷാവസാനത്തിലും 7-ാം വർഷാദ്യത്തിലുമായി അവതരിച്ചിട്ടുള്ള സൂക്തങ്ങളാണ് ഈ സൂറത്തിലുള്ളത്. 112-ാം സൂക്തത്തിൽ ഹവാരിയ്യീങ്ങൾ ഈസാ നബിയോട്: താങ്കളുടെ നാഥന് ആകാശത്തുനിന്ന് ഞങ്ങളുടെമേൽ ഒരു ഭക്ഷണത്തളികയിറക്കാൻ സാധിക്കുമോ എന്ന് ചോദിച്ചതിനെത്തുടർന്ന് 114-ാം സൂക്തപ്രകാരം ഈസാനബി അല്ലാഹുവിനോട് ആകാശത്തുനിന്നൊരു ഭക്ഷണത്തളിക ഇറക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. അങ്ങനെ ഭക്ഷണത്തളിക ഇറക്കുകയും അതിൽ നിന്ന് ഭക്ഷിച്ചശേഷം ജൂതന്മാരിൽ പെട്ട ആളുകൾ അതിനെ നിഷേധിക്കുകയും ചെയ്തപ്പോൾ 60-ാം സൂക്തപ്രകാരം അവരെ അല്ലാഹു പന്നികളാക്കി പരിവർത്തിപ്പിക്കുകയുണ്ടായി. ഇതിൽ നിന്നാണ് ഈ സൂറത്തിന് *മാഇദഃ*-ഭക്ഷണത്തളിക- എന്ന പേര് വന്നത്.

ഹിജ്റ 6-ാം വർഷത്തിൽ ഉംറക്കുവേണ്ടി പുറപ്പെട്ട പ്രവാചകനെയും ആയിരത്തി നാനൂറോളം അനുയായികളെയും മക്കാമുശ്രിക്കുകൾ വഴിയിൽ വെച്ച് തടയുകയും തുടർന്ന് ഹുദൈബിയയിൽ വെച്ച് അവരുമായി കരാറുണ്ടാക്കുകയും ചെയ്തു. അതോടനുബന്ധിച്ച് ഉംറക്കും ഹജ്ജിനും പോകുമ്പോൾ പാലിക്കേണ്ട മര്യാദകൾ, *ഇഹ്റാമി*ൽ പ്രവേശിച്ചാൽ പാലിക്കേണ്ട മര്യാദകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന സൂക്തങ്ങളും, മുമ്പ് വിശ്വാസികളെ തടഞ്ഞതിന് പ്രതികാരമായി നിങ്ങൾ മറ്റൊരു ജനതയെയും തടയരുതെന്നും നീതി പാലിക്കണമെന്നും ശാസിച്ചുകൊണ്ടുള്ള സൂക്തങ്ങളും അവതരിക്കുകയുണ്ടായി. വിടവാങ്ങൽ ഹജ്ജ് നടക്കുന്ന സന്ദർഭത്തിൽ അവതരിച്ച 'നിങ്ങളുടെ ദീൻ നിങ്ങൾക്ക് സമ്പൂർണ്ണമാക്കി, നിങ്ങൾക്ക് *ദീനാ*യി ഇസ്ലാമിനെ തൃപ്തിപ്പെട്ടു' എന്ന മൂന്നാം സൂക്തഭാഗമാണ് ഗ്രന്ഥത്തിൽ അവസാനമായി അവതരിപ്പിക്കപ്പെട്ട സൂക്തഭാഗം. ആദമിന്റെ സന്തതി നടത്തിയ ആദ്യത്തെ കൊലപാതകം ഓർമ്മിപ്പിച്ചുകൊണ്ട് നാട്ടിൽ കൊലപാതകം, അട്ടിമറി, കവർച്ച, കൊള്ള തുടങ്ങിയ നശീകരണപ്രവർത്തനങ്ങൾക്കുള്ള ശിക്ഷ വിധിക്കുകയുണ്ടായി. ഏതുകാലത്തും അല്ലാഹു അവതരിപ്പിച്ച നിയമം കൊണ്ട് വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് പ്രഖ്യാപിക്കുന്നു. മുമ്പ് വേദം നൽകപ്പെട്ടവരുടെ ഭക്ഷണവും സ്ത്രീകളും വിശ്വാസികൾക്ക് അനുവദനീയമാണെന്നും വിശ്വാസം രൂപപ്പെടുത്തി സൽകർമ്മങ്ങൾ ചെയ്താൽ ഏതൊരാൾക്കും സ്വർഗത്തിൽ പ്രവേശിക്കാമെന്നും പഠിപ്പിക്കുന്നു. പ്രതിജ്ഞകൾ പാലിക്കണമെന്നും അഥവാ പ്രതിജ്ഞകൾ ലംഘിച്ചാൽ അതിനുള്ള പ്രായശ്ചിത്തമെന്താണെന്നും വിവരിച്ചിട്ടുണ്ട്. കള്ള്, ചൂതാട്ടം തുടങ്ങിയവ പൂർണ്ണമായി വിരോധിക്കുന്നു. *ബഹീറ, സാഇബ, വസ്വീല, ഹാമ്* തുടങ്ങി കന്നുകാലികളിൽ മക്കാമുശ്രിക്കുകൾ വെച്ചുപുലർത്തിയിരുന്ന ജാഹിലിയ്യാ സമ്പ്രദായങ്ങൾ പാടെ നിർമാർജ്ജനം ചെയ്തുകൊണ്ടുള്ള നിയമങ്ങൾ, യാത്രയിൽ മരണം ആസന്നമായവർ *വസ്വിയ്യത്ത്* ചെയ്യേണ്ട രീതി, അതിന്റെ സാക്ഷികളെ വിസ്തരിക്കുന്ന രീതി എന്നിവയും പ്രതിപാദിക്കുന്നു. അന്ത്യനാളിൽ എല്ലാ പ്രവാചകന്മാരെയും പ്രത്യേകിച്ച് ഈസായെയും വിചാരണ ചെയ്യുന്ന രംഗവും, ഈസായെയും മാതാവിനെയും വിളിച്ചുപ്രാർത്ഥിച്ചിരുന്ന വഴിപിഴച്ചുപോയ ജനതക്കെതിരെ ഈസാ സാക്ഷ്യം വഹിക്കുന്ന രംഗവും ചിത്രീകരിച്ചുകൊണ്ട് 120 സൂക്തങ്ങളടങ്ങിയ സൂറത്ത് അവ

സാനിക്കുകയായി.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ കരാറുകൾ പൂർത്തിയാക്കുവീൻ, നാൽക്കാലി മൃഗങ്ങളിൽ പെട്ട എല്ലാ മൃഗങ്ങളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു -നിങ്ങളുടെ മേൽ മുമ്പ് വിവരിച്ചുതന്നതൊഴികെയും നിങ്ങൾ ഇഹ്റാമിലായിരിക്കുമ്പോൾ വേട്ടയാടിപ്പിടിച്ചതൊഴികെയും, നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നവൻ തന്നെയാണ്.

വിശ്വാസികളെ വിളിച്ച് ഹുദൈബിയാ കരാറിലെ വ്യവസ്ഥകൾ മാത്രമല്ല, എല്ലാ കരാറുകളും നിങ്ങൾ പൂർത്തിയാക്കണം എന്നാണ് കൽപിക്കുന്നത്. 23: 8; 70: 25–32 എന്നീ സൂക്തങ്ങളിൽ വിജയം വരിക്കുന്ന വിശ്വാസികളുടെ സ്വഭാവം വിവരിച്ചുകൊണ്ട് *അമാനത്തു*കളും ഉടമ്പടികളും കരാറുകളുമെല്ലാം ഉത്തരവാദിത്തത്തോടെ പൂർത്തിയാക്കുന്നവരാണ് വിശ്വാസികൾ എന്ന് പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളുടെ പ്രത്യക്ഷലക്ഷണമായി പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ച *മൂന്ന് അടയാളങ്ങളിലൊന്ന് വാഗ്ദത്തം ചെയ്താൽ അത് പാലിക്കാതിരിക്കുക എന്നതാണ്. വായ പൊളിച്ചാൽ കളവ് പറയുക, വിശ്വസിച്ചാൽ വഞ്ചിക്കുക എന്നിവയാണ് മറ്റുരണ്ടെണ്ണം.* അൻആം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് വളർത്തുമൃഗങ്ങളായ ആട്, മാട്, ഒട്ടകം എന്നിവയാണ്. എന്നാൽ *ബഹീമത്തുൽ അൻആമി*ൽ ഇവയ്ക്ക് പുറമെ ഭക്ഷിക്കാവുന്ന മറ്റുമൃഗങ്ങളും (മുയൽ, മാൻ, കാട്ടി തുടങ്ങിയവ ഉദാഹരണം) ഉൾപ്പെടുന്നുണ്ട്. നിങ്ങളുടെമേൽ മുമ്പ് വിവരിച്ചുതന്നതൊഴികെ എന്ന് പറഞ്ഞത് 5: 3 ൽ നിഷിദ്ധമാണെന്ന് വിവരിച്ചിട്ടുള്ളവ ഒഴികെ എന്നാണ്. *തേറ്റകളുള്ള മാംസഭുക്കുകളായ ഹിംസ്രജന്തുക്കളെയും വലിയ നഖമുള്ള പക്ഷികളെയും ഭക്ഷിക്കുന്നത് അനുവദനീയമല്ലെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *ഇഹ്റാമി*ൽ പ്രവേശിച്ചതിനുശേഷവും (പ്രത്യേക സ്ഥലത്തുവെച്ച് തീർത്ഥാടനത്തിനുള്ള വസ്ത്രം ധരിച്ച ശേഷവും) ഹറം പരിധിക്കുള്ളിൽ വെച്ചും വേട്ടയാടൽ നിഷിദ്ധമാണ്. 2: 78–79, 173 വിശദീകരണം നോക്കുക.

2. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിന്റെ അടയാളങ്ങളെ അനാദരിക്കരുത് -യുദ്ധം നിഷിദ്ധമായ മാസങ്ങളെയും ബലിമൃഗങ്ങളെയും കഴുത്തിൽ പട്ടയിട്ട മൃഗങ്ങളെയും മസ്ജിദുൽ ഹറാമിന്റെ സുരക്ഷിതത്വത്തെയും തങ്ങളുടെ നാഥന്റെ ഔദാര്യവും തൃപ്തിയും അന്വേഷിച്ചുകൊണ്ട് അങ്ങോട്ടു പോകുന്നവരെയും; നിങ്ങൾ ഇഹ്റാമിൽ നിന്ന് വിരമിച്ചാൽ അപ്പോൾ നിങ്ങൾ വേട്ടയാടിക്കൊള്ളുക, നിങ്ങളെ മസ്ജിദുൽ ഹറാമിൽ നിന്ന് തടഞ്ഞ ഒരു ജനതയോടുള്ള വിദ്വേഷം അവരോട് അതിക്രമം കാണിക്കത്തക്കവിധം നിങ്ങളെ ഭ്രാന്തുപിടിപ്പിക്കാതെയുമിരിക്കട്ടെ, നിങ്ങൾ പുണ്യത്തിലും ഭക്തിയിലും പരസ്പരം സഹകരിക്കുവീൻ, ശത്രുതയിലും കുറ്റങ്ങളിലും നിങ്ങൾ പരസ്പരം സഹകരിക്കാതിരിക്കുകയും ചെയ്യുവീൻ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിശ്ചയം അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാണ്.

ത്രികാലജ്ഞാനിയുടെ ഗ്രന്ഥമായ അദ്ദിക്റിലെ 6236 സൂക്തങ്ങളുടെ വിധിവിലക്കുകളാണ് ഇന്ന് നാഥന്റെ അടയാളങ്ങൾ. മതത്തിൽ നിർബന്ധമില്ല എന്ന് 2: 256 ൽ അല്ലാഹു പഠിപ്പിച്ചിരിക്കെ, ഇതര ജനവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ, ചിഹ്നങ്ങൾ, മതഗ്രന്ഥങ്ങൾ എന്നിവ അനാദരിക്കാതിരിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. 22: 40 വിശദീകരണം നോക്കുക. നാടുകളുടെ ചിഹ്നമായ രാഷ്ട്രപതാക, ദേശീയ ആഘോഷം തുടങ്ങി

യവയെയും അവമതിക്കാൻ വിശ്വാസികൾക്ക് പാടില്ല. 6: 108 ൽ, അല്ലാഹുവിനെക്കൂടാതെ ബഹുദൈവാരാധകർ വിളിച്ചുപ്രാർത്ഥിക്കുന്നവരെ നിങ്ങൾ പഴിക്കാനോ വെറുക്കാനോ പാടില്ലെന്ന് പഠിപ്പിച്ചിട്ടുണ്ട്. 49: 11 ൽ, വിശ്വാസികളെ വിളിച്ച് നിങ്ങളിൽ ഒരു ജനത മറ്റൊരു ജനതയെ പരിഹസിക്കരുത്, നിങ്ങൾ കുത്തുവാക്ക് പറയരുത്, നിങ്ങൾ ചീത്തപ്പേര് വിളിക്കരുത്, ഇത്തരം പ്രവൃത്തികൾ ചെയ്ത് നിങ്ങളിലാരെങ്കിലും ഖേദിച്ചുമടങ്ങുന്നില്ലെങ്കിൽ അക്കൂട്ടർ തന്നെയാണ് അക്രമികളെന്ന് പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരുടെ വേഷം, നടത്തം, ഭക്ഷണരീതി, സംസ്കാരം തുടങ്ങിയവയെയെല്ലാം പരിഹസിക്കലും വർഗീയത, ദേശീയത, വംശീയത തുടങ്ങിയ ദുർഗുണങ്ങൾ വെച്ചുപുലർത്തലും അല്ലാഹുവിന്റെ അടയാളങ്ങളെ അനാദരിക്കലാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിൽ പെട്ട കപടവിശ്വാസികളോട് അവരുടെ മനസ്സിൽ തട്ടുന്ന വിധത്തിൽ കുത്തുവാക്കുകൾ പറയണമെന്ന് 4: 63 ൽ കൽപിച്ചിട്ടുണ്ട്. അല്ലാഹു കോപിച്ച, ശപിച്ച, കൊന്നുകളഞ്ഞ ഇത്തരം കപടവിശ്വാസികളോട് അല്ലാഹു സ്വീകരിച്ച അതേ നയം തന്നെയാണ് അവന്റെ പ്രതിനിധികളായ വിശ്വാസികളും സ്വീകരിക്കുക.

യുദ്ധം നിഷിദ്ധമായ മാസങ്ങളുടെ പവിത്രത മക്കാമുശ്രിക്കുകൾ പാലിച്ചിട്ടില്ലെങ്കിലും വിശ്വാസികൾ പാലിക്കണമെന്നും ബലിമൃഗങ്ങളെ ദ്രോഹിക്കാനോ കൊള്ള ചെയ്യാനോ പാടില്ലെന്നുമാണ് വിശ്വാസികളെ ഉണർത്തുന്നത്. ബലിമൃഗങ്ങളാണെന്ന് തെളിയിക്കുന്നതിനുവേണ്ടി കഴുത്തിൽ പട്ടയിട്ട മൃഗങ്ങളെയും ആ പട്ടയെയും അനാദരിക്കരുതെന്നും, മക്കയിലേക്ക് തീർത്ഥാടനത്തിനുപോയ വിശ്വാസികളെ മക്കാമുശ്രിക്കുകൾ തടഞ്ഞതിനുള്ള ദേഷ്യം വെച്ച് തങ്ങളുടെ നാട്ടിലൂടെ മക്കയിലേക്ക് പോകുന്ന മുശ്രിക്ക് ഗോത്രക്കാരെ ചിന്താശൂന്യരായി വിശ്വാസികൾ തടയരുതെന്നുമാണ് കൽപിക്കുന്നത്. അതുപോലെ മസ്ജിദുൽ ഹറമിന്റെ ശാന്തിയും സമാധാനവും സുരക്ഷിതത്വവും ഇല്ലാതാക്കുന്ന വാക്കോ പ്രവൃത്തിയോ ചിന്തയോ വിശ്വാസികളിൽ നിന്ന് ഉണ്ടായിക്കൂടാ എന്നും പഠിപ്പിക്കുന്നു.

5: 94 ൽ, നിങ്ങളുടെ കൈകൾക്കും അമ്പുകൾക്കും എത്തിപ്പെടുന്ന വിധത്തിൽ വേട്ടമൃഗങ്ങളെ നിങ്ങളുടെ അടുത്തേക്ക് അയച്ച് അല്ലാഹു നിങ്ങളെ പരീക്ഷിക്കുന്നതാണ് – നിങ്ങളിൽ ആരാണ് അദൃശ്യമായി അവനെ ഭയപ്പെടുന്നതെന്ന് അല്ലാഹുവിന് അറിയാൻ വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ത്രികാലജ്ഞാനിയായ നാഥന് അറിയാൻ വേണ്ടിയല്ല അത്, മറിച്ച് അവന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസിക്ക് തിരിച്ചറിയാൻ വേണ്ടിയാണ്. 2: 62, 190–193, 256; 3: 90–91; 4: 114–115 വിശദീകരണം നോക്കുക.

3. ശവം നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു –രക്തവും പന്നിമാംസവും അല്ലാഹുവിന് വേണ്ടിയല്ലാതെ നീക്കിവെക്കപ്പെട്ടതും ശ്വാസം മുട്ടി ചത്തതും അടിച്ചുകൊന്നതും മുകളിൽ നിന്ന് താഴോട്ടുവീണ് ചത്തതും തമ്മിൽ കുത്തി ചത്തതും ഹിംസ്രജന്തുക്കൾ തിന്നതും– ജീവൻ പോകുന്നതിനുമുമ്പ് നിങ്ങൾ അറുത്തതൊഴികെ, പ്രതിഷ്ഠകളുടെമേൽ ബലിയർപ്പിക്കപ്പെട്ടതും നിങ്ങൾ അമ്പുകൊണ്ട് ഭാഗ്യം പരീക്ഷിച്ച് ഭാഗം വെച്ചതും, അതെല്ലാം നിങ്ങൾക്ക് കാപട്യമുളവാക്കുന്നതാകുന്നു, ഇന്നേദിനം കാഫിറുകളായവർ നിങ്ങളുടെ ദീനിനെക്കുറിച്ച് തികച്ചും നിരാശരായിക്കഴിഞ്ഞിരിക്കുന്നു, അപ്പോൾ നിങ്ങൾ അവരെ ഭയപ്പെടരുത്, നിങ്ങൾ എന്നെ ഭയപ്പെടുവീൻ! ഇന്ന് നിങ്ങളുടെ ദീൻ നിങ്ങൾക്ക് ഞാൻ സമ്പൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ ഞാൻ പൂർത്തീകരിക്കുകയും നിങ്ങൾക്ക് ദീനായി ഇസ്ലാമിനെ ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു, അപ്പോൾ ഇനി ആരെങ്കിലും അസഹ്യമായ വി

ശപ്പിനാൽ നിർബന്ധിതനായിക്കൊണ്ട് പാപം ചെയ്യുന്നതിനുള്ള ആഗ്രഹമില്ലാതെ ഇവയിൽ ഏതെങ്കിലുമൊന്ന് ഭക്ഷിക്കാനിടയായാൽ അപ്പോൾ നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

ഏതെങ്കിലും ഒരു ആപത്തിൽ പെട്ട് ജീവൻ പോയ മൃഗങ്ങളെ ഭക്ഷിക്കാൻ പാടില്ല, എന്നാൽ പ്രസ്തുത ആപത്തിന് ഇരയായിട്ടും ജീവന്റെ ലക്ഷണം കാണുകയും അറുക്കുകയും ചെയ്താൽ ഭക്ഷിക്കാവുന്നതാണ്. ജീവികളുടെ മാംസം അനുവദനീയമാകണമെങ്കിൽ അവയെ അറുത്ത് രക്തം ഒഴുക്കിക്കളയണമെന്ന് സാരം. കഴുത്ത് ഞെരിച്ചോ അടിച്ചോ മറ്റുരൂപത്തിലോ ജീവൻ പോകുന്നതുകൊണ്ടുള്ള ദോഷം, രക്തം മുഴുവൻ ശരീരത്തിൽ കെട്ടിക്കിടന്ന് മാംസത്തിൽ കലരുമെന്നുള്ളതാണ്. അറുക്കുമ്പോൾ ശരീരത്തിന് തലച്ചോറുമായുള്ള ബന്ധം കുറേ സമയത്തേക്ക് അവശേഷിക്കുന്നതിനാൽ നാഡി ഞരമ്പുകളിലെ രക്തം വാർന്ന് മാംസം രക്തത്തിൽ നിന്ന് നല്ല പോലെ ശുദ്ധമായിത്തീരുന്നതാണ്. രക്തം നിഷിദ്ധമാണെന്ന് പറഞ്ഞതിനാൽ മാംസം അനുവദനീയമാകണമെങ്കിൽ അത് ഒഴുകുന്ന രക്തത്തിൽ നിന്ന് നല്ല പോലെ വേർതിരിയേണ്ടതാണ്. 6: 146 ൽ ഒഴുകുന്ന രക്തമാണ് നിഷിദ്ധമാക്കപ്പെട്ട പട്ടികയിൽ പറഞ്ഞിട്ടുള്ളത്.

'പ്രതിഷ്ഠകളുടെ മേൽ ബലിയർപ്പിക്കപ്പെട്ടത്' എന്ന് പറഞ്ഞാൽ അല്ലാഹു അല്ലാത്തവർക്ക് നേർച്ചവഴിപാടുകൾ അർപ്പിക്കുന്നതിന് വേണ്ടി പ്രത്യേകം നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ വെച്ച് ബലിയറുക്കപ്പെട്ടത് എന്നാണ് -അവിടെ കല്ലിന്റെയോ മറ്റോ വിഗ്രഹം ഉണ്ടായിരിക്കട്ടെ ഇല്ലാതിരിക്കട്ടെ. ഇനി പ്രതിഷ്ഠകളിലല്ലാതെ മൃഗങ്ങളെയോ മറ്റു ഭക്ഷണ സാധനങ്ങളോ നേർച്ചയായിക്കൊണ്ടും വഴിപാടായിക്കൊണ്ടും നീക്കിവെക്കുന്നതും നിഷിദ്ധമാണെന്നാണ് 'അല്ലാഹുവിന് വേണ്ടിയല്ലാതെ നേർച്ചയായി നീക്കിവെക്കപ്പെട്ടത്' എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'അമ്പുകൊണ്ട് ഭാഗ്യം പരീക്ഷിക്കുക' എന്ന് പറഞ്ഞത്, സാധനങ്ങൾ ഭാഗിച്ചെടുക്കുന്നതിനും നന്മതിന്മകൾ വേർതിരിച്ചറിയുന്നതിനും ഭാവികാര്യങ്ങളുടെ ഗുണദോഷങ്ങൾ അറിയുന്നതിനും മറ്റും അമ്പുകളിൽ വിവിധ നമ്പറുകൾ അല്ലെങ്കിൽ അടയാളങ്ങൾ രേഖപ്പെടുത്തി നറുക്കിട്ടിരുന്ന മക്കാമുശ്രിക്കുകൾക്കിടയിലുണ്ടായിരുന്ന സമ്പ്രദായത്തെക്കുറിച്ചാണ്. 5: 90-91 സൂക്തങ്ങളിൽ, കള്ള്, ചൂതാട്ടം, അല്ലാഹു അല്ലാത്തവരുടെമേൽ നേർച്ചവഴിപാടുകൾ അർപ്പിക്കൽ, അമ്പുകൾ കൊണ്ട് നറുക്കിട്ടെടുക്കൽ തുടങ്ങിയവയെല്ലാം പിശാചിന്റെ മാലിന്യങ്ങളിൽ പെട്ടതാണ്; അതുകൊണ്ട് വിശ്വാസികളേ, നിങ്ങൾ 'അവനെ' വർജ്ജിക്കുക എന്ന് കൽപിച്ചിട്ടുണ്ട്. പ്രകൃതിമതമായ ഇസ്ലാം മൊത്തം മനുഷ്യർക്കുള്ളതായതിനാൽ അറുക്കപ്പെടാത്ത മാംസം വിശ്വാസികൾക്ക് മാത്രമല്ല, മറ്റുള്ളവർക്ക് നൽകുന്നതും നിഷിദ്ധവും കാപട്യമുളവാക്കുന്നതുമാണ്.

'ഇന്ന് നിങ്ങളുടെ *ദീൻ* നിങ്ങൾക്ക് ഞാൻ സമ്പൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ ഞാൻ പൂർത്തീകരിക്കുകയും നിങ്ങൾക്ക് *ദീനാ*യി ഇസ്ലാമിനെ ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു' എന്ന ഈ സൂക്തഭാഗം അവതരിപ്പിച്ച ഹിജ്റ 10-ാം വർഷം പ്രവാചകന്റെ വിടവാങ്ങൽ *ഹജ്ജ്* ദിനത്തെയാണ് 'ഇന്നേദിനം' കൊണ്ട് സൂചിപ്പിക്കുന്നത്. അതോടുകൂടിയാണ് ആദം നബി മുതൽ അന്ത്യനാൾ വരെയുള്ള സൃഷ്ടികൾക്ക് അല്ലാഹു തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയായ ഇസ്ലാം പൂർത്തിയാക്കിയത്. പ്രവാചകന്റെ വിടവാങ്ങൽ *ഹജ്ജ്* ദിനത്തിൽ പൂർത്തിയാക്കിയ ഇസ്ലാം ക്രമേണ പിരിയുടഞ്ഞുതുടങ്ങി. *പ്രവാചകനുശേഷം മുപ്പതുവർഷം കഴിഞ്ഞാൽ ഭിന്നിപ്പ് വരുമെന്ന്* നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. *ഗ്രന്ഥം വായിക്കുന്ന ഫാജിർ, മുനാഫിഖ്, മുഅ്മിൻ എന്നിങ്ങനെ മൂന്നുവിഭാഗമുണ്ടാകുമെന്നും അവരിൽ വിശ്വാസിക്ക് (മു*

അ്മിന്) മാത്രമേ ഗ്രന്ഥം കൊണ്ട് ഗുണം ലഭിക്കുകയുള്ളൂ എന്നും, അവസാനനാളിൽ ഒ രുവിഭാഗം ജനത വരുന്നതാണ്, അവർ ഗ്രന്ഥം പാരായണം ചെയ്യും, പക്ഷേ അത് തൊ ണ്ടക്കുഴിക്ക് താഴെ ഇറങ്ങുകയില്ല (ഹൃദയത്തിൽ എത്തുകയില്ല), അവർ അതുമുഖേന വില്ലിൽ നിന്ന് അമ്പ് തെറിക്കുന്ന വേഗത്തിൽ ദീനിൽ നിന്നും തെറിച്ചുപോകുന്നതാണെ ന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. പരിശുദ്ധവും അനുവദ നീയവും നിഷിദ്ധവുമായ ഭക്ഷണവിഭവങ്ങൾ വേർതിരിച്ചറിയാനുള്ള മാനദണ്ഡമായ അ ദ്ദിക്ർ ഉപയോഗപ്പെടുത്താത്തതിനാൽ ഇന്നത്തെ ഫുജ്ജാറുകളെല്ലാം നിഷിദ്ധമായ ഭക്ഷ ണവിഭവങ്ങൾ ഭക്ഷിക്കുന്നവരും അതുവഴി കാപട്യത്തിലും അധർമ്മത്തിലും ആണ്ടിറ ങ്ങിയവരുമാണ്. ഇതര ജനവിഭാഗങ്ങൾ ഇവരുടെ ദുഷിച്ച ജീവിതരീതി കണ്ട് ഗ്രന്ഥത്തെ യും ഇസ്ലാമിനെയും പുച്ഛിച്ച് തള്ളുന്നുവെങ്കിൽ അതിന്റെ പാപഭാരം വഹിക്കേണ്ടി വ രിക ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന യഥാർത്ഥ കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവർ തന്നെയാണ്. 1: 7; 4: 150–151; 6: 26; 16: 89 വിശദീക രണം നോക്കുക.

4. **തങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്തൊന്നാണെന്ന് അവർ നിന്നോട് ചോ ദിക്കുന്നു; നീ പറയുക: പരിശുദ്ധമായ വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവ ദിക്കപ്പെട്ടിരിക്കുന്നു, അല്ലാഹു നിങ്ങളെ പഠിപ്പിച്ചിട്ടുള്ള അറിവിൽ നിന്ന് നിങ്ങൾ പരിശീലിപ്പിച്ച വേട്ടമൃഗങ്ങൾ പിടിച്ചുതരുന്നതും, അപ്പോൾ അവ നിങ്ങളുടെ മേൽ പിടിച്ചുകൊണ്ട് വരുന്നതിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക, അതി ന്റെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം സ്മരിക്കുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു വേഗത്തിൽ വിചാരണ നടത്തുന്നവൻ തന്നെയാണ്.**

ഈ സൂക്തങ്ങളെല്ലാം വിശ്വാസികളുടെ സംഘത്തെയാണ് അഭിസംബോധന ചെയ്യു ന്നത്. എന്നാൽ ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ല. ഇത്തരം സൂ ക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ സത്യമായ അദ്ദിക്ർ ഇ ല്ലാതെ വിശ്വാസികളാണെന്ന് അഹങ്കരിക്കുന്നവരാണ്. ലോകത്തെല്ലായിടത്തുമുള്ള ഫു ജ്ജാറുകളായ ഭ്രാന്തന്മാർ വിവിധ സംഘടനകളായിപ്പിരിഞ്ഞ് 4: 150–151; 30: 30–31 സൂക്ത ങ്ങളിൽ പറഞ്ഞ പ്രകാരം യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമാണ്. അവരാണ് അറ വ് നടത്തുന്നതിലും അറവുശാലകൾ കൊണ്ടുനടക്കുന്നതിലും മുൻപന്തിയിലുള്ളത്. കാ രണം അവർ അറുക്കുന്ന ജീവികളുടെ മാംസം മാത്രമേ ഭക്ഷിക്കൽ അനുവദനീയമാവുക യുള്ളൂ എന്നുള്ള തെറ്റായ ധാരണ പ്രചാരത്തിലുണ്ട്. എന്നാൽ ആത്മാവില്ലാതെ ശരീര ത്തിന് പ്രാധാന്യം കൊടുക്കുന്ന ഈ ജനത എല്ലാ ജീവികൾക്കും ആത്മാവ് ഉണ്ടെന്നും അതാകട്ടെ, നാഥനിൽ നിന്നുള്ളത് തന്നെയാണെന്നുമുള്ള വസ്തുത അംഗീകരിക്കാത്ത വരാണ്. അതുകൊണ്ടുതന്നെ ജീവികളെ അറുക്കുമ്പോൾ അവർ 'അല്ലാഹുവിന്റെ നാമം കൊണ്ട്' എന്ന് നാവുകൊണ്ട് പറയുന്നുണ്ടെങ്കിലും അവരുടെ ഹൃദയം കൊണ്ട് ആ ജീ വിയുടെ മേൽ അല്ലാഹുവിന്റെ നാമം സ്മരിക്കുന്നില്ല. ഒരു ജീവിയെ അറുക്കുമ്പോൾ *'ഇ ത് നിന്നിൽ നിന്നുള്ളതാണ്, ഇത് നിന്നിലേക്കുതന്നെ ഉള്ളതുമാണ്' എന്ന് ആത്മാവു കൊണ്ട് സ്മരിക്കണമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രസ്തുത സ്മരണ ഇല്ലാതെ ഫുജ്ജാറുകളായ കാഫിറുകൾ അറു ക്കുന്ന ജീവികളുടെ മാംസം ഭക്ഷിക്കൽ വിശ്വാസിക്ക് അനുയോജ്യമല്ല. എന്നാലും ഏ തൊരാൾ അറുത്ത് രക്തം ഒഴുക്കിക്കളഞ്ഞ ഭക്ഷ്യയോഗ്യമായ ജീവികളുടെ മാംസവും

ഈ സൂക്തത്തിന്റെ *മൗഇളത്ത്* -സമാനമായ ഉപമ- പരിഗണിച്ച് ആത്മാവുകൊണ്ട് *'ഇത് നിന്നിൽ നിന്നുള്ളതാണ്, ഇത് നിന്നിലേക്ക് തന്നെയുള്ളതുമാണ്'* എന്ന് സ്മരിച്ച് വിശ്വാസിക്ക് ഭക്ഷിക്കാവുന്നതാണ്. കാരണം വിശ്വാസി 3: 190-191 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം എല്ലാ നടത്തങ്ങളിലും ഇരുത്തങ്ങളിലും കിടപ്പുകളിലും നാഥനെ സ്മരിച്ച് നിലകൊള്ളുന്നവനാണ്. 3: 138; 4: 27-28, 160; 7: 205-206 വിശദീകരണം നോക്കുക.

5. ഇന്നേ ദിവസം പരിശുദ്ധമായ വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു, വേദം നൽകപ്പെട്ടവരായവരുടെ ഭക്ഷണവും നിങ്ങൾക്ക് അനുവദനീയമാണ്, നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്, വിശ്വാസിനികളായ ചാരിത്ര്യവതികളെയും നിങ്ങൾക്കുമുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്ര്യവതികളെയും; നിങ്ങൾ അവർക്കുള്ള വിവാഹമൂല്യം നൽകുകയാണെങ്കിൽ! വ്യഭിചാരമാകുന്ന മ്ലേച്ഛവൃത്തിയിൽ ഏർപ്പെടാതെ പാതിവ്രത്യം സൂക്ഷിക്കാൻ വേണ്ടിയും ജാരസന്താനങ്ങളെ തെരഞ്ഞെടുക്കാതിരിക്കാൻ വേണ്ടിയും, ആരെങ്കിലും വിശ്വാസത്തെ മൂടിവെച്ചാൽ അപ്പോൾ നിശ്ചയം അവന്റെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായി, അവൻ പരത്തിൽ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടവനുമായിരിക്കും.

മനുഷ്യരെല്ലാം തന്നെ പരിശുദ്ധവും അനുവദനീയവുമായ ഭക്ഷണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്നാണ് പ്രപഞ്ചനാഥൻ പഠിപ്പിക്കുന്നത്. എന്നാൽ ആ കൽപന സ്വീകരിക്കുക വിശ്വാസികൾ മാത്രമാണ്. എല്ലാ ഓരോ സമുദായത്തിനും ഒരു പ്രവാചകനുണ്ടെന്ന് 10: 47 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വേദം നൽകപ്പെട്ടവരിൽ ജൂതക്രൈസ്തവർ മാത്രമല്ല, എല്ലാ ജനങ്ങളും ഉൾപ്പെടുന്നതാണ്. വേദക്കാരുടെ ഭക്ഷണമാണെങ്കിലും ദൈവസ്മരണ കൊണ്ട് അറുക്കപ്പെട്ട മൃഗങ്ങളുടെ മാംസം മാത്രമേ അനുവദനീയമാവുകയുള്ളൂ. 4: 29 ൽ, പരസ്പരം തൃപ്തിപ്പെട്ട കച്ചവടത്തിലൂടെയുള്ള വരുമാനം നിങ്ങൾക്ക് അനുവദനീയമാക്കിയിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. വിശ്വാസികൾക്ക് ചാരിത്ര്യവതികളായ വിശ്വാസിനികളെയും മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്ര്യവതികളെയും വിവാഹമൂല്യം നൽകി വിവാഹം ചെയ്യൽ അനുവദനീയമാണ്. വ്യഭിചാരക്കുറ്റത്തിലേക്ക് പോകാതിരിക്കാനും ജാരസന്താനങ്ങൾ ഉണ്ടാകാതിരിക്കാനും ആ സ്ത്രീകൾക്ക് വിവാഹത്തിന്റെ സംരക്ഷണം നൽകാനും ലക്ഷ്യം വെച്ചുകൊണ്ടായിരിക്കണം അത്. വിവാഹം കഴിക്കുമ്പോൾ ഭാര്യ വിശ്വാസിയായിരിക്കണമെന്ന നിബന്ധനയില്ല; എന്നാൽ 39: 15; 42: 45; 66: 6 എന്നീ സൂക്തങ്ങളനുസരിച്ച് വിശ്വാസിയായ പുരുഷന്റെ ബാധ്യതയാണ് *മുഹൈമിനായ* അദ്ദിക്ർ ഉപയോഗപ്പെടുത്തി ഭാര്യയെയും കുട്ടികളെയും നരകത്തെത്തൊട്ട് തടയൽ. പുരുഷന്മാർ സ്ത്രീയുടെ നിയന്ത്രാതാക്കളാണെന്ന് 4: 34 ൽ പറഞ്ഞിരിക്കെ പുരുഷൻ ആത്മനിയന്ത്രണം പാലിച്ച് സ്ത്രീയുടെ വികാരം ശമിപ്പിക്കുവാൻ കടമപ്പെട്ടവനാണ്. അതുവഴി അവളുടെ വിശ്വാസം യഥാർത്ഥ വിശ്വാസമാക്കി മാറ്റാൻ പുരുഷന് സാധിക്കുന്നതാണ്. എന്നാൽ വിശ്വാസിയല്ലാത്ത പുരുഷൻ ഈ ഉത്തരവാദിത്തങ്ങളൊന്നും ശ്രദ്ധിക്കാതെ അവനോടൊപ്പം ഭാര്യയെയും കുടുംബാംഗങ്ങളെയും നരകത്തിലേക്കാണ് കൊണ്ടുപോവുക എന്നതിനാൽ വിശ്വാസികളല്ലാത്ത പുരുഷന്മാർക്ക് വിശ്വാസിനികളെ വിവാഹം ചെയ്തുകൊടുക്കൽ അനുവദനീയമല്ല. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുകയാണെങ്കിൽ നിന്റെ പ്രവർത്തനങ്ങൾ പാഴായിപ്പോവുകയും നീ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടവനായിത്തീരുകയും ചെയ്യുമെന്ന് 39: 65 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസം വർദ്ധിക്കാനുള്ള ഉപകരണമാണ് അദ്ദിക്ർ എന്ന് 8: 2 ൽ പറഞ്ഞിട്ടുള്ളതിനാൽ അതിനെ മൂടി

വെക്കുന്നവരും തള്ളിപ്പറയുന്നവരുമായ ഫുജ്ജാറുകളാണ് പ്രപഞ്ചനാഥനെക്കൊണ്ടുള്ള വിശ്വാസവും പരലോകം കൊണ്ടുള്ള വിശ്വാസവും ഇല്ലാത്ത 4: 150–151 സൂക്തങ്ങളിൽ പ റഞ്ഞ യഥാർത്ഥ കാഫിറുകൾ. 2: 221 ൽ വിവരിച്ച പ്രകാരം മുശ്രിക്കുകളായ അവരിൽ നിന്നുള്ള സ്ത്രീകളെയോ പുരുഷന്മാരെയോ വിവാഹം ചെയ്യൽ വിശ്വാസിക്ക് അനുവദ നീയമല്ല. അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളേണ്ട ഇക്കാലത്ത് വി ശ്വാസികൾ മർയമിനെയും ആസ്യയേയും മാതൃകയായി സ്വീകരിച്ചുകൊണ്ട് അവിവാഹി തരായി നിലകൊള്ളുകയാണ് വേണ്ടത്. 2: 121; 4: 137–140; 8: 22 വിശദീകരണം നോക്കുക.

6. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ നമസ്കാരത്തിലേക്ക് നിൽക്കുന്നവ രാണെങ്കിൽ അപ്പോൾ നിങ്ങൾ നിങ്ങളുടെ മുഖങ്ങളും മുട്ടുൾപ്പെടെ നിങ്ങളു ടെ രണ്ട് കൈകളും കഴുകുവീൻ, നിങ്ങൾ നിങ്ങളുടെ തല തടവുകയും ചെയ്യു ക, ഞെരിയാണി ഉൾപ്പെടെ നിങ്ങളുടെ കാലുകളും, ഇനി നിങ്ങൾ സംയോഗ ത്തിലേർപ്പെട്ടാൽ അപ്പോൾ കുളിച്ച് ശുദ്ധിയാവുക, ഇനി നിങ്ങളിൽ ഒരാൾ രോഗിയായി അല്ലെങ്കിൽ യാത്രയിലായി അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂ ത്രവിസർജ്ജനം ചെയ്തവരായി വന്നു, അല്ലെങ്കിൽ നിങ്ങൾ സ്ത്രീസംസർഗം നടത്തി, എന്നാൽ വെള്ളം കണ്ടെത്തിയതുമില്ല, അപ്പോൾ ശുദ്ധിയുള്ള മണ്ണ് ഉ പയോഗിച്ച് തയമ്മും ചെയ്തു കൊള്ളുക, അപ്പോൾ ആ മണ്ണുകൊണ്ട് നിങ്ങ ളുടെ മുഖവും കൈകളും തടവുക, അല്ലാഹു നിങ്ങളുടെമേൽ ബുദ്ധിമുട്ട് ഉദ്ദേ ശിക്കുന്നില്ല, എന്നാൽ നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കാനും നിങ്ങളുടെമേൽ അവന്റെ അനുഗ്രഹം പൂർത്തീകരിച്ച് തരാനുമാണുദ്ദേശിക്കുന്നത്, നിങ്ങൾ ന ന്ദിയുള്ളവർ ആവുക തന്നെ വേണമെന്നതിനുവേണ്ടി.

വുളൂഅ് എടുക്കുന്ന രീതിയെക്കുറിച്ച് പരാമർശിക്കുന്ന സൂക്തമാണ് ഇത്. അദ്ദിക്ർ കൊണ്ട് വിശ്വാസികളായിട്ടുള്ള സംഘത്തെയാണ് സൂക്തം അഭിസംബോധനം ചെയ്യുന്ന ത്. മലമൂത്രവിസർജ്ജനം ചെയ്ത് വെള്ളം കിട്ടാത്ത അവസ്ഥയിലും വെള്ളം ഉപയോഗി ക്കാൻ പറ്റാത്ത വണ്ണം തണുപ്പ് കാലാവസ്ഥയിലും ഇന്ന് മണ്ണിനുപകരം ടിഷ്യൂ പേപ്പർ ഉ പയോഗിച്ച് തുടച്ച് വൃത്തിയാക്കാവുന്നതാണ്. മണ്ണുകൊണ്ട് തടവുക വഴി ശരീരാവയവങ്ങൾ വൃത്തി വരുത്തുക എന്നതല്ല, മറിച്ച് ആത്മാവ് ശുദ്ധിയുള്ളവരായി എപ്പോഴും അല്ലാഹ് എന്ന സ്മരണയിൽ നിലകൊള്ളുക എന്നാണുദ്ദേശിക്കുന്നത്. അല്ലാഹുവിന്റെ സ്മരണയി ല്ലാതെ *വുളൂഅ്* ചെയ്യുന്നവന് *വുളൂഅ്* ഇല്ല എന്ന് പ്രപഞ്ചനാഥൻ പ്രവാചകനിലൂടെ പഠി പ്പിച്ചിട്ടുണ്ട്. 87: 14; 91: 9–10 എന്നീ സൂക്തങ്ങളിൽ വിശദീകരിച്ച പ്രകാരം ആത്മാവിനെ ശു ദ്ധി വരുത്താതെ ശരീരം എത്ര ശുദ്ധി വരുത്തിയിട്ടും കാര്യമില്ല. 4: 100 ൽ പഠിപ്പിച്ച പ്രകാ രം ആത്മാവ് പങ്കെടുക്കാത്ത ഏതൊരു പ്രവൃത്തിയും സ്വീകരിക്കപ്പെടുകയില്ല എന്നുമാ ത്രമല്ല, ഇത്തരം ഫുജ്ജാറുകൾക്ക് 4: 142–143; 25: 65–66; 107: 4–5 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. വിശ്വാസികളുടെ സംഘമില്ലാ ത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേ ണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 152, 222; 4: 43 വിശദീകരണം നോക്കുക.

7. നിങ്ങളുടെമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹവും അവൻ നിങ്ങളിൽ നിന്ന് വാങ്ങിയിട്ടുള്ള പ്രതിജ്ഞയും നിങ്ങൾ ഓർക്കുവീൻ, അതായത് ഞങ്ങൾ കേൾ ക്കുകയും ഞങ്ങൾ അനുസരിക്കുകയും ചെയ്തിരിക്കുന്നുവെന്ന് നിങ്ങൾ പറ ഞ്ഞിട്ടുള്ളത് ഓർക്കുവീൻ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യു

വീൻ, നിശ്ചയം അല്ലാഹു നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവൻ തന്നെ യാണ്.

2: 285 ൽ, പ്രവാചകനും വിശ്വാസികളും അല്ലാഹുവിനെക്കൊണ്ടും അവന്റെ മലക്കുക ളെക്കൊണ്ടും അവന്റെ ഗ്രന്ഥങ്ങൾ കൊണ്ടും അവന്റെ പ്രവാചകന്മാരെക്കൊണ്ടും വിശ്വസി ക്കുന്നവരും ആ പ്രവാചകന്മാർക്കിടയിൽ ഒരു വിവേചനവും കാണിക്കാത്തവരും 'ഞങ്ങൾ കേട്ടു, അനുസരിച്ചു' എന്ന് പറയുന്നവരുമാണെന്ന് പറഞ്ഞിട്ടുണ്ട്. ആദ്യമനുഷ്യൻ ആദമി നെ സൃഷ്ടിച്ചപ്പോൾ തന്നെ അന്ത്യനാൾ വരെയുള്ള എല്ലാ മനുഷ്യരെയും സ്വർഗത്തിൽ സൃഷ്ടിക്കുകയും ശേഷം അവരോട് 'ഞാനല്ലെയോ നിങ്ങളുടെ നാഥൻ' എന്ന് ചോദിച്ച പ്പോൾ എല്ലാവരും 'അതേ നാഥാ! ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് മറുപടി പറയുക യും ചെയ്ത കാര്യം 7: 172–173 സൂക്തങ്ങളിൽ ഓർമ്മിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉ ടമ്പടി ഇവിടെ പാലിച്ച് ജീവിക്കുക വിശ്വാസികൾ മാത്രമാണ്. അതുപോലെ 3: 187 ൽ, ഗ്ര ന്ഥം നൽകപ്പെട്ടവരോട് അത് ജനങ്ങൾക്ക് വെളിവാക്കുക തന്നെ വേണമെന്നും നിങ്ങൾ അത് മൂടിവെക്കരുതെന്നും നിങ്ങൾ അതിന് കുറഞ്ഞ വില വാങ്ങരുത് എന്നും പ്രതിജ്ഞ വാങ്ങിയ കാര്യം പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ സൂക്ഷിക്കുക എന്നാൽ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹുവിൽ നിന്ന് ഒന്നും തന്നെ മറച്ചു വെക്കാൻ സാധ്യമല്ല എന്നും ഇഹലോക ജീവിതത്തിലെ 15 വയസ്സിന് ശേഷമുള്ള ഓരോ നിമിഷവും 17: 13–14 സൂക്തങ്ങളിൽ വിവരിച്ചതുപോലെ അവരവരുടെ പിരടിയിൽ ബന്ധി ച്ചിട്ടുള്ള കർമരേഖയിൽ റിക്കാർഡ് ചെയ്യപ്പെടുന്നുണ്ടെന്നും അത് വായിച്ചുകൊണ്ടാണ് വിധിദിവസം ഓരോരുത്തരും അവരവരുടെ വിചാരണ സ്വയം നടത്തേണ്ടി വരിക എന്നു മുള്ള ബോധത്തിൽ എല്ലായ്പ്പോഴും എവിടേയും നിലകൊള്ളലാണ്. അതിനുള്ള ഉപകര ണമാണ് 73: 19; 76: 29; 80: 11 തുടങ്ങി 9 സൂക്തങ്ങളിൽ പറഞ്ഞ നാഥനിലേക്ക് എത്തിപ്പെ ടാനുള്ള ടിക്കറ്റായ അദ്ദിക്ർ. 2: 255; 3: 81, 101–103 വിശദീകരണം നോക്കുക.

8. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ നീതി കൊണ്ട് സാക്ഷ്യം വഹിക്കുന്നവ രായി അല്ലാഹുവിനുവേണ്ടി ഉറച്ചുനിലകൊള്ളുന്നവരാകുവീൻ, ഒരു ജനതയോ ടുള്ള വിരോധം നിങ്ങളെ നീതി പാലിക്കാതിരിക്കത്തക്കവണ്ണം ഭ്രാന്തന്മാരാ ക്കാതിരിക്കട്ടെ, നിങ്ങൾ നീതി പാലിക്കുക, അതാണ് സൂക്ഷ്മതയോട് ഏറ്റവും അടുത്തിട്ടുള്ളത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ, നിശ്ച യം അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം വലയം ചെയ്ത വനാകുന്നു.

'നിങ്ങൾ നീതി കൊണ്ട് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി ഉറച്ച് നിലകൊള്ളുന്നവരാകുവീൻ' എന്ന് പറഞ്ഞതിന്റെ വിവക്ഷ നിങ്ങൾ ജനങ്ങൾക്കിടയിൽ സാക്ഷിയായ അദ്ദിക്ർ കൊണ്ട് സാക്ഷ്യം വഹിക്കുന്നവരാകുവീൻ എന്നാണ്. 4: 135; 10: 4; 11: 85; 57: 25 തുടങ്ങി 17 സൂക്തങ്ങളിൽ പറഞ്ഞ ഖിസ്ത് –നീതി– അദ്ദിക്ർ തന്നെയാ ണ്. 5: 42; 49: 9; 60: 8 എന്നീ സൂക്തങ്ങളും അവസാനിക്കുന്നത്, നിശ്ചയം അല്ലാഹു അ ദ്ദിക്ർ കൊണ്ട് നീതി കൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. 2: 177, 234; 4: 78–79, 135; 17: 17 വിശദീകരണം നോക്കുക.

9. വിശ്വാസികളായവരും ആ വിശ്വാസം ജനങ്ങൾക്ക് എത്തിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരോട് അവർക്ക് പാപമോചന വും മഹത്തായ പ്രതിഫലവുമുണ്ടെന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു.

33: 35 ൽ, നിശ്ചയം സർവസ്വം അല്ലാഹുവിന് സമർപ്പിച്ച് ജീവിക്കുന്ന പുരുഷന്മാരും

സ്ത്രീകളും വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന പുരുഷന്മാരും സ്ത്രീകളും ക്ഷമാലുക്കളായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ഭയപ്പെടുന്ന പുരുഷന്മാരും സ്ത്രീകളും ദാനധർമ്മങ്ങൾ ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ സൂക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും, അവർക്കെല്ലാം അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 36: 11 ൽ, അദ്ദിക്ർ പിൻപറ്റുകയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുകയും ചെയ്യുന്നവന് പാപമോചനവും മാന്യമായ പ്രതിഫലവും ഉണ്ടെന്ന് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. 2: 186; 3: 136, 194; 9: 71–72 വിശദീകരണം നോക്കുക.

10. നമ്മുടെ സൂക്തങ്ങളെ മൂടിവെച്ചുകൊണ്ടിരിക്കുന്നവരും തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവരുമായവരാരോ, അക്കൂട്ടർ ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികളാകുന്നു.

ഇതേ സൂക്തം 5: 86 ൽ ആവർത്തിച്ചിട്ടുണ്ട്. 57: 19 അവസാനിക്കുന്നതും ഇതേ ആശയത്തോടുകൂടിയാണ്. നിശ്ചയം ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിൽ തന്നെയാണ് എന്ന് 82: 14 ലും; ഫുജ്ജാറുകളുടെ പട്ടിക സിജ്ജീനിൽ ആണെന്ന് 83: 7 ലും പറഞ്ഞിട്ടുണ്ട്. 2: 39, 119; 9: 67–68 വിശദീകരണം നോക്കുക.

11. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ ഓർക്കുവീൻ, ഒരു ജനത നിങ്ങളുടെ നേരെ അവരുടെ കൈകൾ നീട്ടാൻ ഉദ്യമിച്ച സന്ദർഭം! അപ്പോൾ അവരുടെ കൈകൾ നിങ്ങളെത്തൊട്ട് അവൻ തടഞ്ഞു, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ, അല്ലാഹുവിലാണ് അപ്പോൾ വിശ്വാസികൾ ഭരമേൽപ്പിക്കേണ്ടത്.

മദീനയിലുണ്ടായിരുന്ന ജൂതരിൽ ഒരുവിഭാഗം പ്രവാചകനെയും ശിഷ്യന്മാരെയും വിരുന്നിന് ക്ഷണിച്ച് അവരെ വധിക്കാനും അങ്ങനെ ഇസ്ലാമിനെ ഇല്ലാതാക്കാനും വേണ്ടി ഗൂഢതന്ത്രം മെനയുകയുണ്ടായി. എന്നാൽ എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന ത്രികാലജ്ഞാനിയായ നാഥൻ അക്കാര്യം തക്കസമയത്ത് പ്രവാചകന് അറിയിച്ചുകൊടുത്തതിനാൽ പ്രവാചകൻ ആ വിരുന്നിൽ പങ്കെടുത്തില്ല. അങ്ങനെ ആ പദ്ധതി നടപ്പിലായതുമില്ല. അതേപോലെ 9: 74 ൽ പറഞ്ഞ പ്രകാരം തബൂക്ക് യുദ്ധത്തിനുവേണ്ടി പോയ കപടവിശ്വാസികളിൽ ഒരുവിഭാഗം തിരിച്ചുവരുമ്പോൾ മലമ്പാതയിലൂടെ സഞ്ചരിക്കുകയായിരുന്ന പ്രവാചകനെ കൊക്കയിലേക്ക് തള്ളിയിട്ട് വധിക്കാൻ ഒരു ഉദ്യമം നടത്തുകയുണ്ടായി, എന്നാൽ അതും അവർക്ക് നടപ്പിലാക്കാൻ സാധിച്ചില്ല.

1: 7 ൽ വിവരിച്ച പ്രകാരം ഇന്ന് അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ കപടവിശ്വാസികളാണ് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ ശത്രുക്കൾ. 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും രോഗങ്ങളെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, വിശ്വാസി അതുകൊണ്ട് കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അധികരിച്ച *ജിഹാദ്* ചെയ്യാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. അദ്ദിക്റിനെ മുറുകെപ്പിടിച്ചാൽ, നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101–102 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 62, 256–257; 3: 123, 160; 9: 51 വിശദീകരണം നോക്കുക.

12. നിശ്ചയം, അല്ലാഹു ഇസ്റാഈൽ സന്തതികളോട് ദൃഢപ്രതിജ്ഞ വാങ്ങുകയും അവരിൽ നിന്ന് പന്ത്രണ്ട് മുഖ്യന്മാരെ അവരുടെ മേൽനോട്ടത്തിനുവേണ്ടി നിയോഗിക്കുകയുമുണ്ടായി, അല്ലാഹു അവരോട് പറയുകയും ചെയ്തു: നിശ്ചയം, ഞാൻ നിങ്ങളോടൊപ്പമുണ്ട്, നിങ്ങൾ നമസ്കാരം നിലനിർത്തുകയും നിങ്ങൾ സകാത്ത് നൽകുകയും നിങ്ങൾ എന്റെ പ്രവാചകന്മാരെക്കൊണ്ട് വിശ്വസിക്കുകയും നിങ്ങൾ അവരെ ശക്തിപ്പെടുത്തുകയും നിങ്ങൾ അല്ലാഹുവിന് ഏറ്റവും നല്ലനിലക്കുള്ള കടം കൊടുക്കുകയും ചെയ്യുകയാണെങ്കിൽ; നിങ്ങളെത്തൊട്ട് നിങ്ങളുടെ തിന്മകൾ ഞാൻ മായ്ച്ചുകളയുക തന്നെ ചെയ്യുന്നതും താഴ്ഭാഗങ്ങളിലൂടെ നദികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളിൽ ഞാൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്, എന്നാൽ അതിനുശേഷം നിങ്ങളിൽ നിന്ന് ആരാണോ നിഷേധികളാവുന്നത്, അപ്പോൾ നിശ്ചയം അവൻ നേർമാർഗത്തിൽ നിന്ന് വഴിപിഴച്ചുകഴിഞ്ഞു.

9: 60 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥനെ പരിചയപ്പെടുത്താനുള്ള, എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ എത്തിച്ചുകൊടുത്ത് മനുഷ്യരുടെ ഐക്യവും സമാധാനജീവിതവും നിലവിൽ വരുന്നതിനുവേണ്ടി പ്രയത്നിക്കലാണ് നാഥന് നല്ല നിലക്ക് കടം കൊടുക്കുക എന്ന് പറഞ്ഞതിന്റെ വിവക്ഷ. അതോടൊപ്പം തന്നെ 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമ-ഐശ്വര്യങ്ങൾ ലക്ഷ്യം വെച്ചുകൊണ്ട് ജൈവകൃഷി നടത്തുകയും മരങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി ലോകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ അതിൽ ഉൾപ്പെടുന്നതാണ്. ഇന്ന് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളായ കാഫിറുകൾ 4: 145 പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരും, അവരുടെ അനുയായികളായ കാഫിറുകൾ 39: 71 പ്രകാരം വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നവരുമാണ്. 2: 60, 245; 4: 1174 -175; 25: 33-34 വിശദീകരണം നോക്കുക.

13. അപ്പോൾ അവരുടെ പ്രതിജ്ഞകൾ അവർ ലംഘിച്ചതുകൊണ്ട് നാം അവരെ ശപിക്കുക തന്നെ ചെയ്തു, നാം അവരുടെ ഹൃദയങ്ങളെ കടുത്തതാക്കുകയും ചെയ്തു, അവർ വാക്കുകൾ അതിന്റെ സ്ഥാനങ്ങളെത്തൊട്ട് മാറ്റിമറിച്ചുകൊണ്ടിരിക്കുകയും അവർ ഓർമ്മിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന വലിയൊരു ഭാഗം അവർ വിസ്മരിക്കുകയും ചെയ്തു, അവരിൽ നിന്ന് കുറച്ചുപേരൊഴിച്ചുള്ളവരുടെ വഞ്ചനകളിൽ നിന്ന് ഓരോന്നായി നിനക്ക് പ്രത്യക്ഷപ്പെടാതിരിക്കുകയുമില്ല, അപ്പോൾ അവരെത്തൊട്ട് നീ വിടുതി ചെയ്യുകയും കാത്തിരിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരെ ഇഷ്ടപ്പെടുന്നവൻ തന്നെയാണ്.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് കപടവിശ്വാസികളും ഫുജ്ജാറുകളായ അവരുടെ അനുയായികളുമാണ്. അവരിൽ നാഥനിൽ നിന്നുള്ള ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിന്റെ 40 പേരുകളും മൂടിവെച്ച് *ഫുജ്ജാർ* കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ കപടവിശ്വാസികളുടെ സ്വഭാവം പ്രവാചകന്റെ കാലത്തുള്ള ജൂതരുടേതിനെക്കാളും, കപടവിശ്വാസികളെ പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുടെ സ്വഭാവം പ്രവാചകന്റെ കാലത്തുള്ള ക്രൈസ്തവരുടേതിനെക്കാളും ദുഷിച്ചതാണ്. അറബി ഖുർആൻ കേൾക്കാത്തതുകൊണ്ടോ അതിനെക്കുറിച്ച് ലോകരോ

ട് പറയാത്തതുകൊണ്ടോ അല്ല ഇക്കൂട്ടരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ബധിരരും ഊമരുമായ ദുഷ്ടജീവികൾ എന്ന് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്. മറിച്ച് വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ കേൾക്കാത്ത ബധിരരും അതിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായതുകൊണ്ടാണ്. 7: 40; 32: 12, 22; 36: 59 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാരായ ഇവർ അല്ലാഹ് എന്ന് നാവുകൊണ്ട് പറയുന്നവരാണെങ്കിലും ഹൃദയത്തിൽ പിശാചിനെ കുടിയിരുത്തിയവരായതിനാൽ പിശാചിനെ സേവിക്കുന്നവരും 2: 168–169 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 3: 78; 48: 6 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ് യഥാർത്ഥ കാഫിറുകളായിത്തീർന്ന ഇവർ അവരുടെ സംഘടനാതാൽപര്യങ്ങൾക്കും ദേഹേച്ഛക്കും അനുസൃതമായി നാഥന്റെ സൂക്തങ്ങൾ വളച്ചൊടിക്കുന്നവരും വികലമായി ചിത്രീകരിക്കുന്നവരുമാണ്. ഇന്ന് പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരാണ് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവർ. 2: 44, 159–161; 3: 138; 4: 160–161 വിശദീകരണം നോക്കുക.

14. നിശ്ചയം, ഞങ്ങൾ സഹായികളാണെന്ന് പ്രഖ്യാപിച്ചവരായവരിൽ നിന്നും നാം പ്രതിജ്ഞ വാങ്ങിയിട്ടുണ്ടായിരുന്നു, എന്നാൽ അവർ ഓർമ്മിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന വലിയൊരു ഭാഗം അവർ മറക്കുകയും ചെയ്തു, അപ്പോൾ അവർക്കിടയിൽ നാം അന്ത്യനാൾ വരെ പരസ്പര ശത്രുതയുടെയും കോപത്തിന്റെയും വിത്തുപാകി, അവർ ഉത്പാദിപ്പിച്ചുകൊണ്ടിരുന്നത് എന്തായിരുന്നുവെന്ന് അല്ലാഹു അവരോട് വിവരം പറയുക തന്നെ ചെയ്യുന്നതാണ്.

ഈസാ നബി ഇസ്റാഈൽ സന്തതികളിൽ നിഷേധം കണ്ടപ്പോൾ അല്ലാഹുവിലേക്ക് എന്നെ സഹായിക്കാൻ ആരുണ്ടെന്ന് ചോദിക്കുകയും അപ്പോൾ *ഹവാരിയ്യുകൾ*: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്, ഞങ്ങൾ അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ചുകഴിഞ്ഞു, ഞങ്ങൾ ജീവിതം മുഴുവൻ അല്ലാഹുവിന് സമർപ്പിച്ചവരാകുന്നു എന്ന് നീ സാക്ഷ്യം വഹിച്ചാലും എന്ന് മറുപടി പറയുകയും ചെയ്തതായി 3: 52 ൽ പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നാണ് അല്ലാഹുവിനെ സഹായിക്കുന്നവർ എന്ന ആശയത്തിലുള്ള *നസാറാക്കൾ* എന്ന നാമം വന്നത്. 22: 78 ൽ, ഈ ഗ്രന്ഥത്തിലും മുമ്പുള്ള വേദങ്ങളിലും വിശ്വാസികളെ 'മുസ്ലിംകൾ' എന്നുതന്നെയാണ് അല്ലാഹു നാമകരണം ചെയ്തിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. യഹൂദരെന്നോ ക്രിസ്ത്യാനികളെന്നോ മുഹമ്മദീയരെന്നോ അതുപോലുള്ളതോ ആയ നാമങ്ങളൊന്നും വേദഗ്രന്ഥത്തിലുള്ളതോ അതാതുകാലത്തെ പ്രവാചകന്മാരാൽ പഠിപ്പിക്കപ്പെട്ടതോ അല്ല. 21: 24 ൽ വിവരിച്ച പ്രകാരം നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരും അദ്ദിക്ർ പ്രചരിപ്പിക്കുന്നതിനുവേണ്ടി സർവ്വസ്രഷ്ടാവിനാൽ നിയോഗിക്കപ്പെട്ടവരാണ്. എന്നാൽ സ്വാർത്ഥതാൽപര്യങ്ങൾ വെച്ചുപുലർത്തുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളുടെ കരങ്ങളാൽ ക്രമേണ വേദത്തിന്റെ ആശയം വികലമാക്കപ്പെടുകയും അല്ലാഹു ഉദ്ദേശിച്ച ആശയത്തിന് വിരുദ്ധമായ ജീവിതസമ്പ്രദായങ്ങളും ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഉടലെടുക്കുകയുമാണുണ്ടായത്. 6: 133 ൽ വിവരിച്ച പ്രകാരം ഓരോ പ്രവാചകന്റെയും ജനത പൂർണ്ണമായി വ്യതിചലിച്ച് നശിപ്പിക്കപ്പെടേണ്ട ഘട്ടത്തിലെത്തുമ്പോഴാണ് ശരീരം വ്യത്യസ്തവും ആശയം ഒന്നുതന്നെയുമായ അദ്ദിക്ർ കൊണ്ട് പുതിയ പ്രവാചകൻ നിയോഗിക്കപ്പെടുന്നത്. എല്ലാ പ്രവാചകന്മാരും വേദഗ്രന്ഥവും വന്നിട്ടുള്ളത് അവർ നിയോഗിക്കപ്പെടുന്ന ജനതയുടെ ഭാഷയിൽ തന്നെയാണ്. 3: 19; 61: 14 വിശദീകരണം നോക്കുക.

ക്രൈസ്തവർ ഇന്ന് പലവിഭാഗങ്ങളായി തിരിയുകയും പരസ്പരം പഴിചാരുകയും എതിർക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം സൂക്തങ്ങൾ വായിക്കുകയും മൗഇളത്തായ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുകയും ചെയ്യുന്ന പ്രവാചകന്റെ ജനത ഇന്ന് മറ്റേതൊരു ജനവിഭാഗത്തേക്കാളും കൂടുതൽ സംഘടനകളായി പിരിഞ്ഞ് പരസ്പരം ശത്രുതയിലും വിദ്വേഷത്തിലും സങ്കുചിതത്വത്തിലുമാണ് കഴിയുന്നത്. അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിക്കാതെ ഇരുപത്തൊമ്പത് കള്ളവാദികളെയും അവർ എഴുതിയുണ്ടാക്കിയ *ഹുജ്ജാർ കിതാബുകളെ*യും പിൻപറ്റിക്കൊണ്ടിരിക്കുകയാണ് അവർ. അവർ തന്നെയാണ് മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ നബിയായും പിന്നെ റബ്ബായിത്തന്നെയും അംഗീകരിക്കുന്ന യഥാർത്ഥ കാഫിറുകൾ. 2: 2, 79, 213; 3: 84–85; 4: 140 വിശദീകരണം നോക്കുക.

15. ഓ വേദക്കാരേ! നിശ്ചയം നമ്മുടെ പ്രവാചകൻ നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു, വേദത്തിൽ നിന്ന് നിങ്ങൾ ഒളിപ്പിച്ചുവെച്ചുകൊണ്ടിരുന്നവയിൽ നിന്നുള്ള ധാരാളം കാര്യങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തി വിശദീകരിച്ചുകൊണ്ടും ധാരാളം കാര്യങ്ങൾ നിങ്ങളെത്തൊട്ട് വിട്ടുവീഴ്ച ചെയ്തുകൊണ്ടും, നിശ്ചയം നിങ്ങൾക്ക് അല്ലാഹുവിൽ നിന്നുള്ള ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നുകഴിഞ്ഞിട്ടുണ്ട്.

16. അതുകൊണ്ട് അല്ലാഹു അവന്റെ തൃപ്തി പിൻപറ്റിയവരെ സമാധാനത്തിന്റെ മാർഗങ്ങളിലേക്ക് നയിക്കുന്നു, അവന്റെ സമ്മതത്തോടുകൂടി അവരെ അവൻ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിക്കുകയും അവരെ നേരെചൊവ്വെയുള്ള പാതയിലേക്ക് മാർഗദർശനം ചെയ്യുകയും ചെയ്യുന്നു.

ഒറ്റ ഗ്രന്ഥം മാത്രമേ അല്ലാഹുവിൽ നിന്ന് -സ്വർഗത്തിൽ നിന്ന്- ഭൂമിയിലേക്ക് അവതരിപ്പിച്ചിട്ടുള്ളൂ. *അൽകിതാബി*ന്റെ ഭാഗമായ അദ്ദിക്ർ തന്നെയാണ് അത്. എന്നാൽ പൂർവ്വികവേദക്കാരിലുള്ള കപടവിശ്വാസികൾ ആ ഗ്രന്ഥത്തിൽ പല മാറ്റത്തിരുത്തലുകളും വരുത്തുകയുണ്ടായി. അപ്പോഴാണ് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യ ഗ്രന്ഥവും കൊണ്ട് 33: 40 ൽ പറഞ്ഞ പ്രകാരം അന്ത്യപ്രവാചകനും അവസാനത്തെ നബിയുമായി മുഹമ്മദിനെ നിയോഗിച്ചത്. മുഹമ്മദിനുമുമ്പ് വന്ന 312 പ്രവാചകന്മാർക്കും അദ്ദിക്ർ മാത്രമാണ് നൽകപ്പെട്ടതെങ്കിൽ മുഹമ്മദിന് മഹത്തായ അദ്ദിക്റും മൂലഗ്രന്ഥമായ ഫാത്തിഹയും അടങ്ങിയ *അൽകിതാബ്* തന്നെ നൽകിയിട്ടുണ്ട്. ആ ഗ്രന്ഥം പ്രകാശവും വ്യക്തവും സ്പഷ്ടവും മുമ്പ് വന്ന ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതും തന്നെയാണ്. അവർ ഒളിപ്പിച്ചുവെച്ചിരുന്ന പല കാര്യങ്ങളും അത് വെളിച്ചത്ത് കൊണ്ടുവരികയും ധാരാളം കാര്യങ്ങൾ വെളിച്ചത്ത് കൊണ്ടുവരാതെ വിട്ടൊഴിവാക്കുകയുമാണ് ചെയ്തത്. ഇന്ന് 3: 58 ൽ പറഞ്ഞ യുക്തിനിർഭരഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അത് മാത്രമാണ് മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറപ്പെടുവിക്കാനും സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുമുള്ള സന്മാർഗവും ടിക്കറ്റും. 10: 25 ൽ, അല്ലാഹു സമാധാനത്തിന്റെ വീട്ടിലേക്കാണ് നിങ്ങളെ വിളിക്കുന്നത്, അവൻ ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സമാധാനഗേഹമായ സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന വഴിത്രികാലജ്ഞാനമായ അദ്ദിക്റിൽ അടങ്ങിയിട്ടുണ്ട്. 'അവന്റെ സമ്മതത്തോടെ' എന്നുപറഞ്ഞാൽ അവന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് എന്നാണ്. 4: 174–175; 14: 1; 21: 24–25 വിശദീകരണം നോക്കുക.

17. നിശ്ചയം അല്ലാഹു, അവൻ 'മർയമിന്റെ പുത്രൻ മസീഹ് തന്നെയാകുന്നു' എന്ന് പ്രഖ്യാപിച്ചവരായവർ നിശ്ചയം നിഷേധിച്ചുകഴിഞ്ഞിരിക്കുന്നു; നീ ചോദിക്കുക: മർയമിന്റെ പുത്രൻ മസീഹിനെയും അവന്റെ മാതാവിനെയും ഭൂമിയിലുള്ള മുഴുവൻ ആളുകളെയും നശിപ്പിക്കാൻ അല്ലാഹു ഉദ്ദേശിച്ചാൽ ആരാണ് അവനെ ആ തീരുമാനത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ കഴിവുള്ളവരായിട്ടുള്ളത്? ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്ക് രണ്ടിനുമിടയിലുള്ളവയുടെയും ആധിപത്യം അല്ലാഹുവിനാകുന്നു, അവൻ ഉദ്ദേശിക്കുന്നതെന്തും അവൻ സൃഷ്ടിക്കുന്നു, അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റേമേലും കഴിവുള്ള സർവ്വശക്തനുമാകുന്നു.

5: 72 ആരംഭിക്കുന്നതും ഇതേ ആശയത്തിൽ തന്നെയാണ്. ഇല്ലായ്മയിൽ നിന്ന് ആകാശഭൂമികളെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച് സംവിധാനിച്ചവനാണ് പ്രപഞ്ചനാഥനായ അല്ലാഹു. 4: 171 ൽ, ഈസായുടെ സൃഷ്ടിപ്പിനെക്കുറിച്ചും 3: 34–37 സൂക്തങ്ങളിൽ ഈസായുടെ മാതാവായ മർയമിനെ സൃഷ്ടിച്ചതും വളർത്തിക്കൊണ്ടുവന്നതും വിവരിച്ചിട്ടുണ്ട്. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നതെല്ലാം ഉടമയായ അല്ലാഹുവാകുന്നു. 4: 157–159 സൂക്തങ്ങളിൽ ഈസാനബിയെ അല്ലാഹു ശരീരത്തോടുകൂടി അവനിലേക്ക് ഉയർത്തിയെന്നും മസീഹുദ്ദജ്ജാലിന്റെ വരവിനുശേഷം രണ്ടാമതും ഈസായെ ഭൂമിയിലേക്ക് കൊണ്ടുവരുമെന്നും കാഫിറായ മസീഹുദ്ദജ്ജാലിനെ കൊന്ന് മൊത്തം ലോകത്ത് 3: 83 ൽ വിവരിച്ച പ്രകാരം ഇസ്ലാം നിർബന്ധിതമായി നടപ്പിലാക്കുമെന്നും പറഞ്ഞിട്ടുണ്ട്.

ത്രികാലജ്ഞാനമായ അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കാത്തതിനാൽ എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ നിന്നുള്ള, 4: 118 ൽ വിവരിച്ച പ്രകാരം 1000 ത്തിൽ 999 പേരും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. ഇന്ന് കപടവിശ്വാസികളും കുഫ്ഫാറുകളുമായ ഫുജ്ജാറുകൾ 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ ലോകത്തിന്റെ നാശത്തിനുവേണ്ടി ധൃതികാണിക്കുന്നവരാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന അവർ തന്നെയാണ് രക്തച്ചൊരിച്ചിൽ, തീവ്രവാദം തുടങ്ങിയ പൈശാചിക കാൽപ്പാടുകൾ പിൻപറ്റുന്നവരും ലോകത്തെ അന്ധകാരത്തിലേക്ക് നയിക്കുന്നവരും. 4: 161 ൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാത്ത, പ്രജ്ഞയറ്റ ഈ കെട്ടജനത തന്നെയാണ് ലോകത്ത് നടക്കുന്ന എല്ലാ നശീകരണ പ്രവർത്തനങ്ങളുടെയും പാപഭാരം വഹിക്കേണ്ടി വരിക. 2: 28–29; 3: 45–47, 55–56; 4: 1, 131–133, 150–151 വിശദീകരണം നോക്കുക.

18. ജൂതന്മാരും ക്രിസ്ത്യാനികളും പറയുകയും ചെയ്യുന്നു: ഞങ്ങൾ അല്ലാഹുവിന്റെ പുത്രൻമാരും അവന് പ്രിയപ്പെട്ടവരുമാണെന്ന്; നീ ചോദിക്കുക: എന്നാൽ നിങ്ങളുടെ കുറ്റങ്ങളുടെ പേരിൽ അവൻ നിങ്ങളെ ശിക്ഷിക്കുന്നത് എന്തുകൊണ്ടാണ്? അല്ല, നിങ്ങളും അവന്റെ സൃഷ്ടികളായ മനുഷ്യരിൽ പെട്ടവർ തന്നെയാകുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു, ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്ക് രണ്ടിനും ഇടയിലുള്ളവയുടെയും ആധിപത്യം അല്ലാഹുവിനാകുന്നു, എല്ലാവരുടെയും മടക്കം അവനിലേക്ക് തന്നെയുമാകുന്നു.

2: 111–113 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്തുള്ള ജൂതരും ക്രി

സ്ത്യാനികളും പ്രത്യേകം പ്രത്യേകം 'ഞങ്ങൾ അല്ലാഹുവിന്റെ പുത്രന്മാരും അവന്റെ ഇഷ്ടദാസന്മാരുമാണെന്ന്' പറയുന്നവരും അഭിമാനിക്കുന്നവരുമായിരുന്നു. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലോകരിൽ ജൂതരെക്കാളും ക്രൈസ്തവരെക്കാളും ഈ വാദമുള്ളത് അവരെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിന്തുടരുമെന്ന് പ്രവാചകൻ ദീർഘ വീക്ഷണം ചെയ്ത, 62: 5 ൽ വിവരിച്ച പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ്. മുസ്ലിംകൾ എന്നാൽ 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ്. ആത്മാവിനെ പരിഗണിക്കാതെ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. വിശ്വാസികളുടെ ഏകസംഘം രൂപപ്പെടുത്താൻ സാധ്യമല്ലാത്ത ഇക്കാലത്ത് മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ട് അദ്ദിക്ർ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കാനാണ് ഒറ്റപ്പെട്ട വിശ്വാസി പ്രാധാന്യം കൊടുക്കേണ്ടത്. 2: 91–93; 4: 157–159; 165–167 വിശദീകരണം നോക്കുക.

19. ഓ വേദക്കാരേ! പ്രവാചകന്മാരിൽ നിന്നുള്ള ഒരാളും വരാതിരുന്ന ഒരു കാലയളവിന് ശേഷം നിങ്ങൾക്ക് വ്യക്തമായ പാഠങ്ങൾ വിശദീകരിച്ചുതരുന്ന നമ്മുടെ പ്രവാചകൻ നിശ്ചയം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു, അത് സന്തോഷവാർത്ത അറിയിക്കുന്നവരിൽ നിന്ന് ഒരുവനോ മുന്നറിയിപ്പുകാരിൽ നിന്ന് ഒരുവനോ ഞങ്ങൾക്ക് വന്നില്ലല്ലോ എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാകുന്നു, അപ്പോൾ നിശ്ചയം സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനും നിങ്ങളിൽ വന്നെത്തിക്കഴിഞ്ഞിരിക്കുന്നു, അല്ലാഹു എല്ലാ ഓരോ കാര്യത്തിന്റെമേലും കഴിവുള്ള സർവ്വശക്തൻ തന്നെയുമാകുന്നു.

4: 158–159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാനബി ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടതിന് ശേഷം ഏകദേശം അറുനൂറ് കൊല്ലം കഴിഞ്ഞാണ് മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെടുന്നത്. ഇസ്മാഈൽ പരമ്പരയിലാകട്ടെ, ഏകദേശം രണ്ടായിരം വർഷമായിട്ട് ഒരു പ്രവാചകനെയും നിയോഗിച്ചിട്ടുമുണ്ടായിരുന്നില്ല. ഇബ്റാഹീം-ഇസ്മാഈൽ സന്തതികൾക്ക് മാത്രമല്ല, അന്ന് ലോകർക്ക് മൊത്തം അല്ലാഹു തൃപ്തിപ്പെട്ട *ശരീഅത്ത്* പ്രവാചകൻ മൂസാക്ക് അവതരിപ്പിക്കപ്പെട്ടതായിരുന്നു. വേദവാഹകരിലുള്ള കപടവിശ്വാസികൾ 5: 13 ൽ വിവരിച്ച പ്രകാരം പൂർവ്വികഗ്രന്ഥങ്ങളുടെ ആശയം മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്ത് യഥാർത്ഥ പ്രകൃതിമതത്തെ വികൃതമാക്കുകയാണ് ചെയ്തത്. അങ്ങനെ മൊത്തം ലോകം അന്ധകാരത്തിൽ മുഴുകിയ അവസരത്തിലാണ് 2: 129 ൽ വിവരിച്ച പ്രകാരം ഇബ്റാഹീം നബി പ്രാർത്ഥിച്ചതിന് ഉത്തരമായിക്കൊണ്ട് അല്ലാഹു മുഹമ്മദിനെ അന്ത്യപ്രവാചകനായി നിയോഗിക്കുന്നത്. എല്ലാ പ്രവാചകന്മാരെയും അവരെ പിൻപറ്റുന്ന വിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുന്നവരും അവരെ ധിക്കരിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നവരുമായിട്ടാണ് അല്ലാഹു നിയോഗിച്ചിട്ടുള്ളത്.

ഇബ്റാഹീം-ഇസ്മാഈൽ നബിമാരുടെ ചര്യ പിൻപറ്റുന്നവരാണെന്ന് അഭിമാനിക്കുകയും വാദിക്കുകയും ചെയ്തിരുന്ന, അവരുടെ പിൻഗാമികളായിരുന്ന ബഹുദൈവാരാധകരായ മക്കാമുശ്രിക്കുകളോട് അല്ലാഹു പറയുന്നു: ഞങ്ങളുടെ മുമ്പുള്ള രണ്ടുവിഭാഗത്തിനും (ജൂതർക്കും ക്രൈസ്തവർക്കും) ഗ്രന്ഥം അവതരിപ്പിച്ചു, എന്നാൽ ഞങ്ങൾക്ക്

അത് പഠിക്കാൻ സാധിച്ചതുമില്ല, അല്ലെങ്കിൽ ഞങ്ങൾക്ക് (ഞങ്ങളുടെ ഭാഷയിൽ) ഒരു ഗ്രന്ഥം ഇറക്കുകയാണെങ്കിൽ ഞങ്ങൾ അവരേക്കാൾ സന്മാർഗത്തിലാകുമായിരുന്നു എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടി നിങ്ങളുടെ ഉടമയിൽ നിന്നുള്ള വ്യക്തമായ തെളിവും സന്മാർഗവും കാരുണ്യവുമായ ഗ്രന്ഥം നിങ്ങൾക്ക് വന്നുകഴിഞ്ഞു; അപ്പോൾ അല്ലാഹുവിന്റെ സൂക്തങ്ങളെ കളവാക്കുന്നതും അതിൽ നിന്ന് പിന്തിരിയുന്നതും ആരാണോ, അവർക്ക് അല്ലാഹു അവന്റെ സൂക്തങ്ങളെത്തൊട്ട് പിന്തിരിഞ്ഞുപോയതിന് ദുഷിച്ച ശിക്ഷ കൊണ്ട് പ്രതിഫലം നൽകുക തന്നെ ചെയ്യുമെന്ന് 6: 155-157 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവരുടെ പ്രതിജ്ഞകൾക്ക് അല്ലാഹുവിൽ ആണയിട്ടുകൊണ്ട്: ഞങ്ങൾക്കൊരു മുന്നറിയിപ്പുകാരൻ വരികയാണെങ്കിൽ ഞങ്ങൾ മറ്റേതൊരു സമുദായത്തേക്കാളും സന്മാർഗം പ്രാപിച്ചവർ തന്നെയായിരിക്കുമെന്ന് അവർ പറയുന്നു, എന്നാൽ മുന്നറിയിപ്പുകാർ വന്നപ്പോൾ അവർക്ക് അതിനോട് വിരോധം വർദ്ധിക്കുകയും അവർ ഭൂമിയിൽ അഹങ്കരിക്കുകയും ദുഷിച്ച ഗൂഢതന്ത്രങ്ങളിൽ ഏർപ്പെടുകയുമാണുണ്ടായത്. ദുഷിച്ച ഗൂഢതന്ത്രങ്ങളാകട്ടെ, അതിന്റെ ആളുകൾക്ക് തന്നെയല്ലാതെ ബാധിക്കുകയില്ല എന്ന് 35: 42-43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 28: 48 ൽ, നമ്മിൽ നിന്നുള്ള സത്യം വന്നുകിട്ടിയപ്പോൾ വേദവാഹകരും കാഫിറുകളും ചോദിച്ചു: മൂസാക്ക് നൽകപ്പെട്ടത് പോലുള്ളത് (ദിവ്യാത്ഭുതങ്ങൾ) മുഹമ്മദിന് നൽകപ്പെടാത്തത് എന്ത്? എന്നാൽ മുമ്പ് മൂസാക്ക് നൽകപ്പെട്ടതും അവർ നിഷേധിച്ചിരുന്നു; അവർ പറഞ്ഞു: ഈ വായനയും തൗറാത്തും പരസ്പരം സഹായിക്കുന്ന രണ്ട് ആഭിചാരങ്ങൾ മാത്രമാണ്, നിശ്ചയം ഞങ്ങൾ എല്ലാ ഒന്നും നിഷേധിക്കുന്നവർ തന്നെയാണ് എന്നും; 28: 49 ൽ, അല്ലാഹു പ്രവാചകനോട് പറയാൻ കൽപിക്കുന്നു: ഈ രണ്ട് ഗ്രന്ഥങ്ങളേക്കാൾ സന്മാർഗം കാണിക്കുന്ന അല്ലാഹുവിൽ നിന്നുള്ള മറ്റൊരു ഗ്രന്ഥം നിങ്ങൾ കൊണ്ടുവരുവീൻ, ഞാൻ അത് പിൻപറ്റാം -നിങ്ങൾ സത്യസന്ധന്മാരാണെങ്കിൽ എന്നും; 28: 50 ൽ, അപ്പോൾ നിനക്ക് അവർ മറുപടി നൽകുന്നില്ലെങ്കിൽ നീ അറിയുക, അവർ അവരുടെ ദേഹേച്ഛകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്, അല്ലാഹുവിൽ നിന്നുള്ള സന്മാർഗ്ഗമായ അദ്ദിക്ർ പിൻപറ്റാതെ തങ്ങളുടെ ദേഹേച്ഛകൾ പിൻപറ്റുന്നവനേക്കാൾ ഏറ്റവും വഴിപിഴച്ചവൻ ആരാണുള്ളത്? നിശ്ചയം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്നും പറഞ്ഞിട്ടുണ്ട്. 1: 5-6; 2: 89-90, 119, 174; 3: 187 വിശദീകരണം നോക്കുക.

20. മൂസാ തന്റെ ജനത്തോട് പറഞ്ഞ സന്ദർഭവും ഓർക്കേണ്ടതാകുന്നു, ഓ എന്റെ ജനമേ! നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർക്കുവീൻ -നിങ്ങളിൽ അവന്റെ നബിമാരെ അയച്ചതും നിങ്ങളെ രാജാക്കന്മാരാക്കിയതും സർവ്വലോകരിൽ വെച്ച് മറ്റൊരാൾക്കും നൽകാത്തത് നിങ്ങൾക്ക് നൽകിയതും.

മൂസാനബിക്കുമുമ്പ് ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസുഫ് നബിമാരുടെ മക്കളായ ഇസ്റാഈൽ സന്തതികൾക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളാണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. അവരുടെ സന്മാർഗത്തിനുവേണ്ടി ഒരേ സമയം ഒന്നിലധികം നബിമാരെ അല്ലാഹു നിയോഗിച്ചിട്ടുണ്ടായിരുന്നു. പ്രവാചകന്മാരായിക്കൊണ്ട് പിതാവും പുത്രനും നിയോഗിക്കപ്പെട്ടിട്ടുള്ളതും അവരിലേക്കാണ്. യഅ്ഖൂബ് നബിയുടെ മകൻ യൂസുഫ് നബിയെ ഈജിപ്തിലെ രാജാവായി നിയമിക്കുകയുണ്ടായി. സർവ്വലോകരിൽ വെച്ച് മറ്റൊരാൾക്കും നൽകാത്തത് നിങ്ങൾക്ക് നൽകിയപ്പോഴും എന്ന് പറഞ്ഞതിൽ കടൽ പിളർത്തി അവരെ രക്ഷപ്പെടുത്തിയതും മരുഭൂമിയിൽ അവർക്ക് മേഘത്തിന്റെ ത

ണൽ വിരിച്ചതും *മന്നാ*യും *സൽവ*യും ഭക്ഷണമായി പ്രദാനം ചെയ്തതും കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ മൂസാ നബിയോട് തന്റെ വടി കൊണ്ട് അടിക്കാൻ പറഞ്ഞ് പന്ത്രണ്ട് ഉറവകളൊഴുക്കി വെള്ളം നൽകിയതും ഫിർഔനും പ്രഭൃതികളും വിട്ടേച്ചുപോയ തോട്ടങ്ങളും രമ്യഹർമ്യങ്ങളുമെല്ലാം അനന്തരാവകാശമായി ഇസ്റാഈല്യർക്ക് നൽകിയതും മൂസാ നബിക്ക് നൽകിയ ദൃഷ്ടാന്തങ്ങളും ഫലകത്തിലെഴുതി അല്ലാഹു മൂസാ നബിക്ക് നേരിട്ടുകൊടുത്ത പത്ത് കൽപനകളുമെല്ലാം ഉൾപ്പെടുന്നു. 61: 5 ൽ, മൂസാ തന്റെ ജനതയോട് ചോദിച്ച സന്ദർഭം ഓർക്കേണ്ടതാണ്: ഓ എന്റെ ജനമേ! നിങ്ങൾ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്, നിശ്ചയം ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ പ്രവാചകനാണെന്ന് നിങ്ങൾക്കറിയാമല്ലോ? എന്നാൽ അവർ അഹങ്കരിച്ച് പിന്തിരിഞ്ഞപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ പിന്തിരിപ്പിച്ചുകളഞ്ഞു, ഇത്തരം തെമ്മാടികളായ ഒരു ജനതയെയും അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളാണ് ഗ്രന്ഥത്തിന്റെയും പ്രവാചകന്റെയും അനുയായികളാണെന്ന് ദുരഭിമാനിക്കുന്നത്. 62: 5 ൽ അവരെ ഗ്രന്ഥം വഹിക്കുന്ന കഴുതകളോടും 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടുമാണ് ഉപമിച്ചിട്ടുള്ളത്. 2: 39, 47, 61–62 വിശദീകരണം നോക്കുക.

21. ഓ എന്റെ ജനമേ! അല്ലാഹു നിങ്ങൾക്കായി രേഖപ്പെടുത്തിവെച്ചിട്ടുള്ള ആ പുണ്യഭൂമിയിൽ പ്രവേശിക്കുവീൻ, നിങ്ങൾ പുറം തിരിഞ്ഞ് പിന്തിരിയാതിരിക്കുകയും ചെയ്യുവീൻ, അങ്ങനെയായാൽ നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായി മടങ്ങേണ്ടി വരും.

ഫാറാൻ മരുഭൂമിയിൽ താവളമടിച്ച സമയത്ത് മൂസാനബി സ്വജനതയോട് പറഞ്ഞതാണിത്. അറേബ്യയുടെ വടക്കും ഫലസ്തീനിന്റെ തെക്കും അതിർത്തികളോട് തൊട്ടുകിടക്കുന്ന പ്രദേശമാണിത്. അല്ലാഹു നിങ്ങൾക്ക് രേഖപ്പെടുത്തിയിട്ടുള്ള പരിശുദ്ധമായ ഭൂമി കൊണ്ടുദ്ദേശിക്കുന്നത് *ബൈത്തുൽ മുഖദ്ദസ്* അടങ്ങിയിട്ടുള്ള ഫലസ്തീനാണ്. 17: 1 ൽ, തന്റെ അടിമയെ *മസ്ജിദുൽ ഹറമിൽ* നിന്ന് *മസ്ജിദുൽ അഖ്സ*യിലേക്ക് -അതിന്റെ പരിസരങ്ങളെ നാം അനുഗ്രഹീതമാക്കിയിട്ടുണ്ട്- നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ചിലത് കാണിക്കുന്നതിനുവേണ്ടി ഒരു രാവിൽ കൊണ്ടുപോയവൻ എത്ര പരിശുദ്ധൻ, നിശ്ചയം അവൻ എല്ലാം കേൾക്കുന്നവനും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനും തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്.

16: 44 ൽ വിവരിച്ച പ്രകാരം മനുഷ്യർക്ക് വെളിപ്പെടുത്തുന്നതിനുവേണ്ടി പ്രവാചകന്റെ മേൽ അവതരിപ്പിച്ചിട്ടുള്ള അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന, 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത ഫുജ്ജാറുകൾ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് പൂർണമായി വ്യതിചലിച്ചിരിക്കുന്നു. അവർ 2: 152 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിനെ സ്മരിക്കുന്നില്ലെന്ന് മാത്രമല്ല, 7: 40 ൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായി മാറിയിരിക്കുകയാണ്. 7: 137 വിശദീകരണം നോക്കുക.

22. അവർ പറഞ്ഞു: ഓ മൂസാ! നിശ്ചയം അതിൽ പ്രബലന്മാരായ ഒരു ജനതയാണുള്ളത്, അവർ അവിടെനിന്ന് പുറത്തുപോവാതെ നിശ്ചയം ഞങ്ങൾ അതിൽ പ്രവേശിക്കുകയില്ല തന്നെ, ഇനി അവർ അവിടെ നിന്ന് പുറത്തുപോവുകയാണെങ്കിൽ അപ്പോൾ നിശ്ചയം ഞങ്ങൾ അതിൽ പ്രവേശിക്കുന്നവരായിരിക്കും.

23. അവരിൽ നിന്നും അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചിട്ടുള്ള അവനെ ഭയപ്പെടുന്ന

വരായ രണ്ടാളുകൾ പറഞ്ഞു: നിങ്ങൾ അവരിലേക്ക് കവാടത്തിലൂടെ കടന്നുചെല്ലുവീൻ, നിങ്ങൾ അതിൽ പ്രവേശിച്ചുകഴിഞ്ഞാൽ അപ്പോൾ നിശ്ചയം നിങ്ങൾ തന്നെയായിരിക്കും അതിജയിക്കുന്നവരാവുക, അപ്പോൾ അല്ലാഹുവിലാണ് നിങ്ങൾ ഭരമേൽപ്പിക്കേണ്ടത് -നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ.

24. അവർ പറഞ്ഞു: ഓ മൂസാ, നിശ്ചയം അവർ അതിലുള്ള കാലത്തോളം ഞങ്ങൾ ഒരിക്കലും അതിൽ പ്രവേശിക്കുകയില്ല, അപ്പോൾ നീയും നിന്റെ നാഥനും പോവുക, അങ്ങനെ നിങ്ങൾ രണ്ടുപേരും യുദ്ധം ചെയ്യുക, നിശ്ചയം ഞങ്ങൾ ഇവിടെ ഇരിക്കുന്നവർ തന്നെയാകുന്നു.

ഈജിപ്തിൽ നിന്നും കടൽ കടത്തിക്കൊണ്ടുവന്ന ഇസ്റാഈൽ സന്തതികൾക്കുള്ള വാഗ്ദത്തഭൂമിയായ ഫലസ്തീനിലേക്ക് അല്ലാഹു അവരെ നയിച്ചതിന്റെ സംഭവവിവരണങ്ങൾ ബൈബിളിൽ പഴയനിയമത്തിലെ സംഖ്യ, നിയമാവർത്തനം എന്നീ പുസ്തകങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കം താഴെപ്പറയുന്നു: മൂസാ ഫാറാൻ മരുഭൂമിയിൽ നിന്ന് ഫലസ്തീനിലെ സ്ഥിതിഗതികൾ ഒറ്റുനോക്കി വരുന്നതിനുവേണ്ടി പന്ത്രണ്ട് ഇസ്റാഈൽ പ്രധാനികളെ തെരഞ്ഞെടുത്ത് അവിടേക്കയച്ചു. അവർ 40 ദിവസം ദേശപരിശോധന നടത്തി ഫാറാനിലേക്ക് തിരിച്ചുവന്നു. ഇസ്റാഈൽ മക്കളുടെ സർവ്വ സഭയുടെ മുമ്പിൽ വെച്ച് മോശെയോട് പറഞ്ഞു: 'നീ ഞങ്ങളെ അയച്ച ദേശത്തിലേക്ക് ഞങ്ങൾ പോയി, അത് തേനും പാലുമൊഴുകുന്ന ദേശം തന്നെ, അതിലെ ഫലങ്ങളിതാ, എങ്കിലും ദേശത്ത് പാർക്കുന്ന ജനങ്ങൾ ഏറെ ബലവാന്മാരും പട്ടണങ്ങൾ ഏറ്റവും ഉറപ്പും വലിപ്പവുമുള്ളവയുമാകുന്നു, ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്ക് കഴിയില്ല, ഞങ്ങൾ അവിടെക്കണ്ട ജനമൊക്കെയും അതികായന്മാർ, ഞങ്ങൾക്ക് തന്നെ ഞങ്ങളെ വെട്ടുകിളികളെപ്പോലെ തോന്നി, അവരുടെ കാഴ്ചക്കും ഞങ്ങൾ അങ്ങനെത്തന്നെയായിരുന്നു'. അപ്പോൾ സഭയൊക്കെയും ഉറക്കെ നിലവിളിച്ചു, ജനം രാത്രി മുഴുവനും കരഞ്ഞു, ഇസ്റാഈൽ മക്കൾ എല്ലാവരും മോശെക്കും അഹ്റോനും എതിരായി പിറുപിറുത്തു, സഭയൊക്കെയും അവരോട് പറഞ്ഞു: 'മിസ്രയീം (ഈജിപ്ത്) ദേശത്തുവെച്ച് ഞങ്ങൾ മരിച്ചുപോയിരുന്നുവെങ്കിൽ! അല്ലെങ്കിൽ ഈ മരുഭൂമിയിൽ വെച്ച് ഞങ്ങൾ മരിച്ചുപോയിരുന്നുവെങ്കിൽ! വാളിന് ഇരയാകേണ്ടതിന് യഹോവ ഞങ്ങളെ ഈ ദേശത്തേക്ക് കൊണ്ടുവന്നതെന്തിന്? ഞങ്ങളുടെ ഭാര്യമാരും മക്കളുമെല്ലാം ശത്രുക്കൾക്കിരയാകുമല്ലോ, ഈജിപ്തിലേക്ക് മടങ്ങിപ്പോവുകയല്ലോ ഞങ്ങൾക്ക് നല്ലത്?' നാം ഒരു തലവനെ നിശ്ചയിച്ച് ഈജിപ്തിലേക്ക് മടങ്ങിപ്പോവുക എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു. ദേശത്തെ ഒറ്റുനോക്കുന്നവരിൽ നൂനിന്റെ മകൻ യോശുവയും യഫുന്നയുടെ മകൻ കാലേബും വസ്ത്രം കീറി, അവർ ഇസ്റാഈൽ മക്കളോട് പറഞ്ഞു: 'ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം ഏറ്റവും നല്ല ദേശമാകുന്നു, യഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്ക് നയിച്ച് അത് നമുക്ക് തരും, നിങ്ങൾ യഹോവയോട് മത്സരിക്കരുത്, ആ ദേശത്തിലെ ജനങ്ങളെ നിങ്ങൾ ഭയപ്പെടരുത്, അവർ നമുക്ക് ഇരയാണ്, നമ്മോടുകൂടെയാണ് യഹോവയുള്ളത്'. എന്നാൽ ജനം അത് സ്വീകരിക്കുകയുണ്ടായില്ല, 'അവരെ കല്ലെറിയേണം' എന്നാണ് അവർ ഏകസ്വരത്തിൽ പറഞ്ഞത്. അവസാനം ദൈവകോപം അവരുടെമേൽ വർഷിച്ചു. അവൻ അരുളിച്ചെയ്തു: 'എന്റെ മഹത്വവും ഈജിപ്തിലും മരുഭൂമിയിലും വെച്ച് ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടും എന്റെ കൽപന അവഗണിച്ചവരായ ഈ ജനത്തിലാരും അവരുടെ പിതാക്കന്മാർക്ക് ഞാൻ വാഗ്ദാനം ചെയ്ത ദേശത്ത് കടക്കുകയില്ല, യഫുന്നയുടെ മകൻ കാലേബും നൂനിന്റെ മകൻ യോശുവയുമൊഴികെ 20

വയസ്സിന് മേലോട്ട് എണ്ണപ്പെട്ടവരായി എന്റെ നേരെ പിറുപിറുത്തവരായ നിങ്ങളിൽ ആരും തന്നെ ആ ദേശത്ത് വസിക്കുകയില്ല, എന്നാൽ ശത്രുക്കൾക്കിരയായി പോകുമെന്ന് നിങ്ങൾ പറഞ്ഞിട്ടുള്ള നിങ്ങളുടെ സന്തതികൾ അത് കൈവശമാക്കും, നിങ്ങൾ നിരസിച്ച ആ ദേശം അവർ അനുഭവിക്കും, നിങ്ങളുടെ ശവം ഈ മരുഭൂമിയിൽ വീഴും, നിങ്ങളിൽ അവസാനത്തെ ആളുടെ ശവം മരുഭൂമിയിൽ വീഴുന്നതുവരെ നിങ്ങളുടെ മക്കൾ 40 വർഷം ഈ മരുഭൂമിയിൽ അലഞ്ഞുതിരിയും'.

ഇതനുസരിച്ച് ദേശം ഒറ്റുനോക്കുവാൻ മോശെ അയച്ചവരും മടങ്ങിവന്ന് ദേശത്തെക്കുറിച്ച് ദുർവർത്തമാനം പറഞ്ഞ് സഭ മുഴുവനും അവന് വിരോധമായി പിറുപിറുക്കാൻ ഇടവരുത്തിയവരും ദേശത്തെക്കുറിച്ച് ദുർവർത്തമാനം പറഞ്ഞവരും യഹോവയുടെ മുമ്പാകെ ഒരു മഹാമാരി ബാധിച്ച് മരിച്ചു. എന്നാൽ ഒറ്റുനോക്കാൻ പോയവരിൽ നൂനിന്റെ മകൻ യോശുവായും യഫുന്നായുടെ മകൻ കാലേബും മാത്രം മരിച്ചില്ല. യഹോവ അരുളിച്ചെയ്തു: 'എന്റെ ദാസൻ മോശെ മരിച്ചു, നീയും ജനം മുഴുവനും ഇസ്റാഈൽ സന്തതികൾക്ക് ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ള ഭൂമിയായ കാനാനിലേക്ക് പോവുക, ഞാൻ മോശെയുടെകൂടെ എന്ന പോലെ നിന്റെ കൂടെയും ഉണ്ടായിരിക്കും, ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്നോടുകൂടെ ഉണ്ടായിരിക്കണം, അതിൽ എഴുതിയിരിക്കുന്നതൊക്കെയും പാലിക്കാൻ ശ്രദ്ധിക്കണം, അതിനെക്കുറിച്ച് രാവും പകലും നീ ധ്യാനിക്കണം, അപ്പോൾ നീ വിജയം വരിക്കുക തന്നെ ചെയ്യും, നീ ശക്തനും ധീരനുമായിരിക്കണമെന്നും ഭയപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്യരുതെന്നും ഞാൻ നിന്നോട് കൽപിക്കുന്നു'. മൂസാ മരണപ്പെട്ടതിന് ശേഷം യൂശഇന്റെ നേതൃത്വത്തിൽ ഫലസ്തീൻ ജയിച്ചടക്കിയതിന്റെ സംഭവവിവരണങ്ങൾ പഴയനിയമത്തിലെ യോശുവ(ജോഷ്വ) എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെട്ടിട്ടുള്ള കപടവിശ്വാസികളും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകളാണ്. മൂസായുടെ കാലത്തുള്ള ജൂതരേക്കാളും മദീനയിൽ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരേക്കാളും പിഴച്ചുപോയ, 25: 18 ൽ പറഞ്ഞ കെട്ടജനതയാണ് അവർ. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ വ്യക്തവും സ്പഷ്ടവും ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്റിലെ 1: 7; 2: 79 സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് ഇസ്ലാമിക ഗ്രന്ഥങ്ങളെന്ന പേരിൽ പുസ്തകങ്ങൾ രചിച്ച് ജനങ്ങളെ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നവരാണ് അവരുടെ നേതാക്കളായ, തെമ്മാടികളായ കപടവിശ്വാസികൾ. ലോകർക്കെല്ലാമുള്ള നാഥന്റെ ന്യായപ്രമാണമായ അദ്ദിക്ർ അവഗണിച്ച് കുഫ്ർ വ്യവസ്ഥ നടപ്പിലാക്കാൻ പരിശ്രമിക്കുന്ന അവർ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകഗർത്തം അനുവദനീയമാക്കിക്കൊടുക്കുകയാണെന്ന് 14: 28-29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 58, 89, 166-169; 8: 22 വിശദീകരണം നോക്കുക.

25. അവൻ പ്രാർത്ഥിച്ചു: എന്റെ നാഥാ, നിശ്ചയം ഞാൻ എന്റെ സ്വന്തം കാര്യത്തിലും എന്റെ സഹോദരന്റെ കാര്യത്തിലുമല്ലാതെ അധികാരമില്ലാത്തവനാകുന്നു, അതിനാൽ ഞങ്ങൾക്കും തെമ്മാടികളായ ജനതക്കുമിടയിൽ നീ വേർതിരിവുണ്ടാക്കേണമേ!

7: 150 ൽ, ഇസ്റാഈൽ സന്തതികൾ പശുക്കുട്ടിയെ ഉണ്ടാക്കി ഇലാഹായി തെരഞ്ഞെടുത്തതിൽ കോപിഷ്ഠനും ദുഃഖിതനുമായി വന്ന മൂസാനബി തന്റെ കയ്യിലുള്ള ഫലകങ്ങൾ (തൗറാത്ത്) വലിച്ചെറിയുകയും തന്റെ സഹോദരൻ ഹാറൂനിന്റെ മുടി പിടിച്ചു

വലിക്കുകയും ചെയ്തു; അപ്പോൾ ഹാറൂൻ പറഞ്ഞു: ഓ എന്റെ മാതാവൊത്ത സഹോദരാ, ഞാൻ അതിനെ എതിർത്തപ്പോൾ ഈ ജനത എന്നെ ബലഹീനനാക്കി, അവർ എന്നെ കൊന്നു കളയുമെന്നായി, അതുകൊണ്ട് ശത്രുക്കൾക്ക് ചിരിക്കാൻ അവസരം നൽകരുത്, അക്രമികളായ ജനതയുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്യരുത്. അങ്ങനെ സത്യം മനസ്സിലാക്കിയ മൂസാനബി 7: 151 ൽ പറഞ്ഞ പ്രകാരം പ്രാർത്ഥിച്ചു: എന്റെ നാഥാ! എനിക്കും എന്റെ സഹോദരനും പൊറുത്തുതരേണമേ, ഞങ്ങളെ നീ നിന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ, നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും നന്നായി കരുണ ചെയ്യുന്നവനുമാകുന്നു. 5: 47-49; 9: 67-68, 73 വിശദീകരണം നോക്കുക.

26. അവൻ പറഞ്ഞു: നിശ്ചയം നാൽപത് വർഷക്കാലം ആ നാട് അവരുടെ മേൽ വിലക്കപ്പെട്ടിരിക്കുന്നു, അവർ ഭൂമിയിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരായിരിക്കും, അപ്പോൾ ഈ തെമ്മാടികളായ ജനങ്ങളുടെമേൽ നീ ആശയറ്റ് ദു:ഖിക്കേണ്ടതില്ല.

മദീനയിൽ പ്രവാചകൻ മുഹമ്മദിന്റെ മുമ്പിലുള്ള ജൂതരോട് അവരുടെ പൂർവ്വികരുടെ ധിക്കാരനയവും അനുസരണക്കേടും ഉണർത്തിക്കൊണ്ട് മൂസായോട് അവർ കാണിച്ചതു പോലെയുള്ള അനുസരണക്കേടും ധിക്കാരവും പ്രവാചകനോട് നിങ്ങൾ കാണിക്കുകയാണെങ്കിൽ നിങ്ങൾക്കും ശിക്ഷ ബാധിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയാണ്. എന്നാൽ അവരിൽ കുറച്ചുപേരൊഴികെ ബാക്കിയെല്ലാവരും അവരുടെ പിതാക്കളെപ്പോലെത്തന്നെ ധിക്കാരത്തിലും അനുസരണക്കേടിലും ഉറച്ചുനിൽക്കുകയാണുണ്ടായത്. അങ്ങനെ ഭൂമിയിൽ നാടില്ലാതെ അവർ വീണ്ടും അലഞ്ഞുതിരിഞ്ഞ് നടക്കുകയായിരുന്നു. എന്നാൽ 1948 ൽ അവർക്ക് ഇസ്റാഈൽ രാഷ്ട്രം ഉണ്ടായി. ഇന്ന് ലോകത്തിലെത്തന്നെ വൻശക്തിയായ അമേരിക്കയെപ്പോലും നിയന്ത്രിക്കുന്നത് ഈ ജൂതരാഷ്ട്രമാണ്. പ്രവാചകന്റെ അനുയായികളെന്ന് പെരുമ്പറ കൊട്ടുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരും ആത്മാവിനെ പരിഗണിക്കാത്തവരും ദേഹേച്ഛ പിൻപറ്റുന്നവരുമാണ്. 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവർ ജൂതരുടെയും ഇതര ജനവിഭാഗങ്ങളുടെയുമെല്ലാം കൈകൾ കൊണ്ട് ലോകത്തെവിടെയും നിന്ദ്യരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2: 6-7, 18; 3: 55-56, 112; 38: 8 വിശദീകരണം നോക്കുക.

27. ആദമിന്റെ രണ്ടുപുത്രന്മാരുടെ വൃത്താന്തവും അവരുടെമേൽ സത്യത്തോടുകൂടി വിശദീകരിച്ചുകൊടുക്കുക: അവർ ഇരുവരും ബലിയർപ്പിച്ച സന്ദർഭം, അവർ ഇരുവരിൽ ഒരുവന്റെ ബലി സ്വീകരിക്കപ്പെട്ടു, മറ്റവന്റേത് സ്വീകരിക്കപ്പെട്ടതുമില്ല; അവൻ പറഞ്ഞു: ഞാൻ നിന്നെ കൊന്നുകളയുക തന്നെ ചെയ്യും, മറ്റവൻ പറഞ്ഞു: നിശ്ചയം അല്ലാഹു സൂക്ഷ്മാലുക്കളിൽ നിന്ന് മാത്രമേ സ്വീകരിക്കുകയുള്ളൂ.

28. എന്നെ കൊല്ലാൻ വേണ്ടി നിന്റെ കൈ എന്നിലേക്ക് നീ നീട്ടുകയാണെങ്കിലും നിന്നെ കൊല്ലുന്നതിനുവേണ്ടി എന്റെ കൈ നിന്നിലേക്ക് ഞാൻ നീട്ടുകയില്ല, നിശ്ചയം ഞാൻ സർവ്വലോകങ്ങളുടെയും നാഥനായ അല്ലാഹുവിനെ ഭയപ്പെടുന്നു.

29. നിശ്ചയം ഞാൻ ഉദ്ദേശിക്കുന്നത് എന്റെ കുറ്റവും നിന്റെ കുറ്റവും നീ തന്നെ വഹിക്കണമെന്നും അങ്ങനെ നീ നരകത്തിന്റെ സഹവാസികളിൽ പെടണമെന്നുമാണ്, അതാകുന്നു അക്രമികളായവർക്കുള്ള പ്രതിഫലവും.

30. അങ്ങനെ അവന്റെ ആത്മാവ് അവന്റെ സഹോദരനെ വധിക്കുന്നതിന് അവന് വഴങ്ങി, അങ്ങനെ അവൻ അവനെ വധിച്ചു, അപ്പോൾ അവൻ എല്ലാം നഷ്ടപ്പെട്ടവരിൽ ആപതിക്കുകയും ചെയ്തു.

ആദം ദമ്പതികൾക്ക് ആദ്യകാലത്ത് ഓരോ പ്രസവത്തിലും ഒരു ആണും ഒരു പെണ്ണും വീതം ഇരട്ടസന്താനങ്ങളാണ് ജനിച്ചിരുന്നത്. ആദ്യപ്രസവത്തിലുള്ള പുരുഷൻ രണ്ടാമത്തെ പ്രസവത്തിലുള്ള സ്ത്രീയെയും രണ്ടാമത്തെ പ്രസവത്തിലുള്ള പുരുഷൻ ആദ്യപ്രസവത്തിലുള്ള സ്ത്രീയെയുമായിരുന്നു വിവാഹം ചെയ്യേണ്ടിയിരുന്നത്. ഖാബീലിന്റെ കൂടെ ജനിച്ച സ്ത്രീ ഭംഗിയുള്ളവളും ഹാബീലിന്റെ കൂടെ ജനിച്ചവൾ വിരൂപിയുമായിരുന്നു. അതിനാൽ ഖാബീൽ തന്റെ കൂടെ ജനിച്ച സഹോദരിയെത്തന്നെ തനിക്ക് വിവാഹം ചെയ്യണമെന്ന് ശഠിച്ചു. അന്നത്തെ ശരീഅത്തിന് വിരുദ്ധമായ ഖാബീലിന്റെ ഈ നീക്കത്തിന് പരിഹാരം തേടുന്നതിനുവേണ്ടി അവർ ബലിയർപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ ആടുവളർത്തുകാരനായ ഹാബീൽ ഏറ്റവും നല്ല ഒന്നിനെ അല്ലാഹുവിന്റെ പേരിൽ ബലി നൽകാൻ തീരുമാനിച്ചു. കൃഷിക്കാരനായ ഖാബീൽ മോശപ്പെട്ട കുറച്ച് ധാന്യക്കതിരുകൾ ബലിയായി നീക്കിവെച്ചു. ആകാശത്തുനിന്ന് തീ വന്ന് കരിക്കുക വഴിയാണ് അന്ന് ബലി സ്വീകരിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതും തിരിച്ചറിഞ്ഞിരുന്നത്. സൂക്ഷ്മാലുക്കളിൽ നിന്ന് മാത്രമാണ് അല്ലാഹു കർമ്മങ്ങൾ സ്വീകരിക്കുക എന്നതിനാൽ ഹാബീലിന്റെ ബലിയാണ് സ്വീകരിച്ചത്. അപ്പോൾ ഖാബീൽ ഹാബീലിനെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തി. അങ്ങനെ അവസാനം സ്വസഹോദരനെ കൊല്ലാൻ ഖാബീലിന് അവന്റെ ആത്മാവ് വഴങ്ങുകയും അവൻ ഹാബീലിനെ വധിക്കുകയും എല്ലാം നഷ്ടപ്പെട്ടവരിൽ ആപതിക്കുകയും ചെയ്തു. *ലോകത്ത് നടക്കുന്ന എല്ലാ ഓരോ കൊലപാതകത്തിന്റെയും ശിക്ഷയുടെ ഒരു വിഹിതം ആദ്യകൊല നടത്തിയ ഖാബീലിനുണ്ടെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും കുഫ്ഫാറുകളുമാണ് കൊല, ബലാത്സംഗം, സ്വവർഗരതി, വ്യഭിചാരം, രക്തച്ചൊരിച്ചിൽ, തീവ്രവാദം, കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, മയക്കുമരുന്ന് തുടങ്ങി 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമുള്ള പൈശാചിക പ്രവർത്തനങ്ങളിൽ ഇതര ജനവിഭാഗങ്ങളേക്കാൾ മുൻപന്തിയിൽ. അതുകൊണ്ടാണ് ഈസാ രണ്ടാമതുവന്നാൽ കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് ഇതര ജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെടാൻ അർഹരാകുന്നത്. 3: 183; 4: 85, 93; 9: 53–55 വിശദീകരണം നോക്കുക.

31. അങ്ങനെ തന്റെ സഹോദരന്റെ ജഡം മറവ് ചെയ്യേണ്ടതെങ്ങനെയെന്ന് അവന് കാണിച്ചുകൊടുക്കുന്നതിനുവേണ്ടി ഭൂമിയിൽ കുഴി തോണ്ടുന്ന ഒരു കാക്കയെ അല്ലാഹു നിയോഗിച്ചു; അവൻ പറഞ്ഞു: ഹാ കഷ്ടം, ഈ കാക്കയുടെ സാമർത്ഥ്യം പോലും എനിക്കുണ്ടായില്ലല്ലോ, അങ്ങനെ അവൻ അവന്റെ സഹോദരന്റെ ജഡം മറവ് ചെയ്തു, അങ്ങനെ അവൻ നെടും ഖേദത്തിൽ ആപതിച്ചവരിൽ പെട്ടവനായിത്തീർന്നു,

32. അതോടനുബന്ധിച്ച് ഇസ്റാഈൽ സന്തതികളുടെ മേൽ നാം രേഖപ്പെടുത്തുകയുണ്ടായി, നിശ്ചയം ഒരു ആത്മാവിന് പകരമായിക്കൊണ്ടോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പകരമായിക്കൊണ്ടോ അല്ലാതെ ആരെങ്കിലും ഒരാൾ ഒരു വ്യക്തിയെ വധിക്കുകയാണെങ്കിൽ അപ്പോൾ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചത് പോലെയാണ്, ഇനി ഒരുവൻ ഒരു വ്യക്തിയെ ജീവിപ്പിക്കുകയാ

ണെങ്കിൽ അപ്പോൾ അവൻ മുഴുവൻ മനുഷ്യരെയും ജീവിപ്പിച്ചതുപോലെയുമാകുന്നു, അവരിലേക്ക് നമ്മുടെ പ്രവാചകന്മാർ വ്യക്തമായ വെളിപാടുകളും കൊണ്ട് വരികയുണ്ടായി, പിന്നെ നിശ്ചയം അതിനുശേഷവും അവരിൽ അധികപേരും ഭൂമിയിൽ അതിരുകവിഞ്ഞവർ തന്നെയാകുന്നു.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങൾ വായിക്കുന്നത് അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളും അടങ്ങിയ ഫുജ്ജാറുകളാണ്. എന്നാൽ അവർ തന്നെയാണ് ലോകത്തെല്ലായിടത്തും കൊല, രക്തം ചിന്തൽ, തീവ്രവാദപ്രവർത്തനങ്ങൾ തുടങ്ങി എല്ലാ നശീകരണപ്രവർത്തനങ്ങളിലും മുൻപന്തിയിലുള്ളത്. ലോകത്ത് ആര് എന്ത് നശീകരണപ്രവർത്തനം നടത്തിയാലും അതിന്റെ പാപഭാരം വഹിക്കേണ്ടി വരിക 6: 26; 20: 99–100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനും എല്ലാ തിന്മകളും ഇല്ലായ്മ ചെയ്യാനുമുള്ള ഉപകരണമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഇത്തരം കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ്.

കരയിൽ 400 സമുദായങ്ങളിൽ പെട്ട ജീവികളും ജലത്തിൽ 600 സമുദായങ്ങളിൽ പെട്ട ജീവികളുമുണ്ടെന്ന് 6: 38 ന്റെ വിശദീകരണമായി ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാ ജീവികൾക്കും ആത്മാവും ജീവനും അടങ്ങിയ റൂഹ് നാഥന്റേതുതന്നെയാണ്. ഇണകളായി സൃഷ്ടിച്ചിട്ടുള്ള ജീവികളുടെ ശരീരം ആണിന്റെയും പെണ്ണിന്റെയും ബീജങ്ങൾ കൂട്ടിച്ചേർത്ത് നട്ടുവളർത്തിയതാണ്. 1000 സമുദായങ്ങളിൽ ഒരു സമുദായമായ മനുഷ്യനുള്ള പ്രത്യേകത അവന് വിശേഷബുദ്ധി നൽകപ്പെട്ടിട്ടുണ്ട് എന്നതാണ്. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടേയും ജനതയിൽ 1000 ത്തിൽ 999 പേരും അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന അതിര് കവിഞ്ഞവർ തന്നെയാണ്. അവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. എന്നല്ലാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 2: 178–179; 3: 7–10; 4: 82 വിശദീകരണം നോക്കുക.

33. നിശ്ചയം അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും യുദ്ധത്തിലേർപ്പെടുകയും ഭൂമിയിൽ നാശമുണ്ടാക്കുന്നതിനുവേണ്ടി ഓടിനടക്കുകയും ചെയ്യുന്നവരുടെ പ്രതിഫലം, അവർ വധിക്കപ്പെടുകയോ അല്ലെങ്കിൽ അവർ ക്രൂശിക്കപ്പെടുകയോ അല്ലെങ്കിൽ അവരുടെ കൈകളും അവരുടെ കാലുകളും വിപരീതമായി മുറിക്കപ്പെടുകയോ അല്ലെങ്കിൽ അവർ ഭൂമിയിൽ നിന്ന് നാടുകടത്തപ്പെടുകയോ ആകുന്നു, അത് അവർക്ക് ഇഹത്തിലുള്ള നിന്ദ്യതയാണ്, പരത്തിൽ അവർക്ക് ഭയങ്കരമായ ശിക്ഷയുമാണുള്ളത്.

പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരുടെ സ്വഭാവങ്ങളെല്ലാം ഇന്നുള്ളത് പ്രവാചകന്റെ ജനതയിൽ പെട്ട കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലാണ്. അല്ലാഹുവിന്റെ ശത്രുക്കളായ അവർ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് മാത്രമേ മാനുഷിക ഐക്യം രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ പ്രസ്തുത ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് പകരം അവർ കള്ളവാദികളും കപടവിശ്വാസികളും

എഴുതിയുണ്ടാക്കിയ ഫുജ്ജാർ ഗ്രന്ഥങ്ങളാണ് പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ വർഗ്ഗീയത, ദേശീയത, വംശീയത, തീവ്രവാദം, രക്തം ചിന്തൽ, സ്വജനപക്ഷപാതം, സ്വാർത്ഥത തുടങ്ങിയ പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരാണ്. അതു വഴി അവർ കാഫിറായ മസീഹുദ്ദജ്ജാലിനെയും അന്ത്യദിനത്തെയും സ്വാഗതം ചെയ്തുകൊണ്ടിരിക്കുകയാണ്. 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ദുഷ്ടജീവികളായ ഇക്കൂട്ടർക്ക് 2: 85 ൽ വിവരിച്ച പ്രകാരം ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ സൂക്തത്തിന്റെയും 4: 91; 9: 5, 123; 33: 60-61 സൂക്തങ്ങളുടെയും കൽപന വിശ്വാസികളുടെ ഒരു സംഘമുണ്ടാകുമ്പോൾ മാത്രമാണ് നടപ്പിലാക്കാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് വിശ്വാസികളുടെ ഒ രു സംഘം ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ ഈസാ രണ്ടാമത് വന്നശേഷം അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളാലാണ് ഇത് നടപ്പിലാക്കപ്പെടുക. അങ്ങനെ ഇതര ജനവിഭാഗങ്ങളാൽ അവർ വധിക്കപ്പെടുമ്പോൾ മാത്രമാണ് 38: 8 ൽ പറഞ്ഞ പ്രകാരം അറബി ഖുർആൻ ആയിരുന്നില്ല, മറിച്ച് അദ്ദിക്ർ -ദിക്രീ- ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് അവർ സമ്മതിക്കുക. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 62, 174-175; 3: 21-22, 108; 4: 47, 146 വിശദീകരണം നോക്കുക.

34. നിങ്ങൾ അവരെ പിടികൂടുന്നതിനുമുമ്പ് പശ്ചാത്തപിച്ച് ഖേദിച്ച് മടങ്ങിയവരായവരൊഴികെ, അപ്പോൾ നിങ്ങൾ അറിഞ്ഞുകൊള്ളുക, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

35. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ, അവനിലേക്ക് അടുക്കുവാനുള്ള മാർഗം അന്വേഷിക്കുകയും നിങ്ങൾ അവന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്യുകയും ചെയ്യുവീൻ -നിങ്ങൾ വിജയം വരിക്കുന്നവർ തന്നെയാകണമെന്നതിനുവേണ്ടി.

അവനിലേക്ക് അടുക്കുവാനുള്ള മാർഗം അന്വേഷിക്കുക എന്ന് പറഞ്ഞാൽ കളവ് മാത്രം പറയുന്ന കപടവിശ്വാസികൾ പഠിപ്പിക്കുന്നതുപോലെ അവനിലേക്ക് അടുപ്പിക്കുന്ന ഇടയാളന്മാരെയും മധ്യസ്ഥന്മാരെയും ശുപാർശക്കാരെയും വെക്കുക എന്നല്ല. മറിച്ച് 25: 58-59; 32: 4; 36: 78; 39: 3, 36, 44 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹു തന്നെ അവന്റെ അടിമകൾക്ക് സംരക്ഷകനും സഹായിയുമായി മതിയായവനാണ് എന്നാണ്. അവൻ തന്റെ അടിമകളെ സദാ വലയം ചെയ്തവനും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാണ് എന്ന് ലോകരെ പഠിപ്പിക്കുന്നതിനുള്ള അവന്റെ സംസാരമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 22: 40; 47: 7 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥനെ സഹായിക്കലും അങ്ങനെ നാഥന്റെ സഹായം തിരിച്ച് നേടലുമാണത്. 3: 79 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ നൽകപ്പെട്ട എല്ലാ പ്രവാചകന്മാരും ജനങ്ങളെ പഠിപ്പിച്ചിട്ടുള്ളത് നിങ്ങൾ ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെയും ഗ്രന്ഥം മറ്റുള്ളവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായിത്തീരുക എന്നാണ്. 17: 56-57 സൂക്തങ്ങളിൽ, നീ അവരോട് പറയുക: അവനെക്കൂടാതെ നിങ്ങൾ ആരെ വേണമെങ്കിലും വിളിച്ച് പ്രാർത്ഥിക്കുക, അവർക്ക് നിങ്ങളുടെ ദുരിതങ്ങൾ ദൂരീകരിക്കാനോ മാറ്റിവെക്കാനോ സാധിക്കുന്നതല്ല, ഇക്കൂട്ടർ വിളിച്ച് പ്രാർത്ഥിക്കുന്നവരുണ്ട

ല്ലോ, അവർ സ്വയം തന്നെ തങ്ങളുടെ നാഥന്റെ സാമീപ്യം തേടുന്നവരും അവരിൽ ആരാണ് അവനോട് കൂടുതൽ അടുത്തവനാവുക എന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാരുണ്യം ആശിക്കുന്നവരും അവന്റെ ശിക്ഷയെ ഭയപ്പെടുന്നവരുമാണ്, നിശ്ചയം നിന്റെ നാഥന്റെ ശിക്ഷ വളരെ ഭയപ്പെടേണ്ടത് തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. നിശ്ചയം! എന്റെ സംരക്ഷകൻ ഗ്രന്ഥം ഇറക്കിയ അല്ലാഹുവാണെന്നും കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന സജ്ജനങ്ങളെ അവൻ തെരഞ്ഞെടുക്കുന്നുവെന്നും നിങ്ങൾ അവനെക്കൂടാതെ വിളിച്ചു പ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർക്ക് നിങ്ങളെ സഹായിക്കാൻ സാധ്യമല്ല, അവർക്ക് അവരെത്തന്നെയും സഹായിക്കാൻ സാധ്യമല്ല എന്ന് 7: 196–197 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സ്വർഗം അല്ലെങ്കിൽ നരകം നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് ഓരോരുത്തരും സമ്പാദിക്കുന്നതാണെന്ന് ഗ്രന്ഥത്തിൽ നിന്ന് മനസ്സിലാക്കി തെറ്റുചെയ്യാൻ അവസരമുണ്ടായിട്ട് 17: 13–14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തന്റെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമ്മരേഖയെക്കുറിച്ചുള്ള ബോധത്തോടെ തെറ്റിൽ നിന്ന് അകന്ന് നിൽക്കുകയും അല്ലാഹുവിനെയും പ്രവാചകനെയും ലോകർക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ എന്ന ഗ്രന്ഥം പ്രചരിപ്പിക്കുന്നതിനുവേണ്ടി സമ്പത്തും സമയവും ആരോഗ്യവുമെല്ലാം ഉപയോഗപ്പെടുത്തുകയും കൂടാതെ ജൈവകൃഷി ചെയ്യുക, ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ മുഴുകുകയും അതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും മാത്രമാണ് അവന്റെ സാമീപ്യം നേടാനുള്ള മാർഗ്ഗം. 4: 66, 117–118; 22: 77–78 വിശദീകരണം നോക്കുക.

36. നിശ്ചയം കാഫിറുകളായവർ, അവർക്ക് ഭൂമിയിലുള്ള സമ്പത്തുമുഴുവനും അതോടൊപ്പം അത്ര വേറെയും അവരുടെ അധീനത്തിലുണ്ടായി, എന്നിട്ട് അതുകൊണ്ട് പകരം നൽകി അന്ത്യനാളിലെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാമെന്ന് കരുതിയാൽ അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമാണുള്ളത്.

പ്രപഞ്ചത്തിലുള്ള സർവ്വചരാചരങ്ങൾക്കും അല്ലാഹുവിനെ വാഴ്ത്തുന്നതിനും കീർത്തനം ചെയ്യുന്നതിനും സഹായകമാവും വിധം പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അദ്ദിക്റിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമാണ് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ. എല്ലാ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്തപ്പെടുന്ന ദിനത്തിൽ ഭ്രാന്തന്മാരായ ഫുജ്ജാറുകളുടെ കർമ്മരേഖയിൽ നന്മയൊന്നും ഉണ്ടായിരിക്കുകയില്ല. മറിച്ച്, പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരമാണ് ഉണ്ടാവുക. 3: 90–91; 10: 54; 13: 18; 39: 47–48 എന്നീ സൂക്തങ്ങളും സമാന ആശയമുള്ള സൂക്തങ്ങളാണ്.

37. അവർ ആ നരകത്തിൽ നിന്ന് പുറത്തുകടക്കാൻ കൊതിച്ചുകൊണ്ടിരിക്കും, എന്നാൽ അവർ അതിൽ നിന്ന് പുറത്തുകടക്കുകയില്ല, അവർക്ക് സ്ഥായിയായ ശിക്ഷയുമാണുള്ളത്.

തെമ്മാടികളോ, അവർ നരകത്തിൽ ആപതിക്കുക തന്നെ ചെയ്യും, ഓരോ പ്രാവശ്യവും ആ നരകത്തിൽ നിന്ന് പുറത്തുവരാൻ ഉദ്ദേശിക്കുമ്പോഴും അവർ അതിലേക്കുതന്നെ തിരിച്ചുവിടപ്പെടുന്നതാണ്, നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന നരകശിക്ഷ രുചിച്ചുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്യുമെന്ന് 32: 20 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 9: 68 ൽ, തെമ്മാടികളും കപടവിശ്വാസികളുമായ പുരുഷന്മാരോടും സ്ത്രീകളോടും നിഷേ

ധത്തിനുമേൽ നിഷേധം കൈകൊള്ളുന്ന കുഫ്ഫാറുകളോടും അല്ലാഹു നരകകുണ്ഠത്തിലെ തീ വാഗ്ദത്തം ചെയ്തിട്ടുണ്ടെന്നും അവർ അതിൽ നിത്യവാസികളാണ്, അവർക്ക് അതുതന്നെ മതി, അവരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർക്ക് സ്ഥായിയായ ശിക്ഷയുമാണുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. 4: 136–140, 145; 22: 19–22 വിശദീകരണം നോക്കുക.

38. കളവ് നടത്തിയ പുരുഷനാകട്ടെ, കളവ് നടത്തിയ സ്ത്രീയാവട്ടെ, അപ്പോൾ നിങ്ങൾ അവരുടെ ഇരുവരുടെയും കൈ മുറിക്കുക, അവർ ഇരുവരും സമ്പാദിച്ചതിന്റെ പ്രതിഫലമായിക്കൊണ്ടും അവർ ഇരുവർക്കും അല്ലാഹുവിൽ നിന്നുള്ള ഗുണപാഠമായിക്കൊണ്ടും, അല്ലാഹു അജയ്യനായ യുക്തിജ്ഞാനിയുമാണ്.

വിശ്വാസികളുടെ സംഘം ഉള്ളപ്പോൾ മാത്രമാണ് വധത്തിന് പ്രതിക്രിയ നടപ്പാക്കലും കളവ് നടത്തിയാൽ കൈമുറിക്കലും നിർബന്ധിച്ച് മദ്യവർജ്ജനം നടപ്പിലാക്കലും വ്യഭിചാരത്തിനുള്ള ശിക്ഷ നടപ്പിലാക്കലുമെല്ലാം കൽപിക്കപ്പെട്ടിട്ടുള്ളത്. 2: 62 ൽ വിവരിച്ച പ്രകാരം ഇന്ന് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിൽ പ്രചരിപ്പിച്ച് മനുഷ്യർക്ക് ദേശമോ വംശമോ ലിംഗമോ മാതാപിതാക്കളെയോ മക്കളെയോ കാലഘട്ടമോ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമില്ലെന്ന് പഠിപ്പിച്ച് മാനുഷിക ഐക്യം രൂപപ്പെടുത്താൻ ശ്രമിക്കാനും, 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ ആത്മാവുകൊണ്ട് കീർത്തനം ചെയ്യുന്നതിനും നമസ്കരിക്കുന്നതിനും സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടി പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താനുമാണ് കൽപിച്ചിട്ടുള്ളത്. 3: 138; 4: 15–16 വിശദീകരണം നോക്കുക.

39. എന്നാൽ ആരെങ്കിലും തന്റെ അക്രമത്തിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും സ്വയം നന്നാവുകയും ചെയ്താൽ, അപ്പോൾ നിശ്ചയം അല്ലാഹു അവന്റെമേൽ മടങ്ങുന്നതാണ്, നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനാണ്.

മോഷണക്കുറ്റത്തിനുശേഷം പശ്ചാത്തപിക്കുകയും അല്ലാഹുവിലേക്കും അദ്ദിക്റിലേക്കും മടങ്ങുകയും ചെയ്താൽ പരലോകശിക്ഷയിൽ നിന്ന് രക്ഷപ്പെടാമെന്നാണ് പറയുന്നത്. 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്തുന്ന വിശ്വാസി നാഥനെ സദാ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവനാണ്. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവൻ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ ചരിക്കുന്നവനാണ്. 4: 118 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക വഴി നാഥനെ വിസ്മരിച്ച് ജീവിക്കുന്ന ഫുജ്ജാറുകൾ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും അവന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമായ ഭ്രാന്തന്മാരായ അവർ 2: 254 ൽ വിവരിച്ച പ്രകാരം കാഫിറുകളും അക്രമികളും ലക്ഷ്യബോധ്യമില്ലാതെ നരകക്കുണ്ഠം സമ്പാദിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 2: 159–161; 4: 17–18, 48 വിശദീകരണം നോക്കുക.

40. നിശ്ചയം അല്ലാഹു, ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണെന്ന് നിനക്കറിയില്ലേ? അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു, അല്ലാഹു എല്ലാഓരോ കാര്യത്തിന്റെമേലും കഴിവുള്ള സർവ്വശക്തനുമാകുന്നു.

ത്രികാലജ്ഞാനിയായ നാഥൻ ആകാശഭൂമികളിലുള്ള കാര്യങ്ങളെല്ലാം ആദ്യമേ നിശ്ച

യിച്ച് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന് 6: 59; 9: 51; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22; തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ സ്രഷ്ടാവിന്റെ ത്രികാലജ്ഞാനമായ അദ്ദിക്ർ തന്നെയാണ് എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ടത് എന്ന് 2: 2 ൽ വിവരിച്ചിട്ടുണ്ട്. 'അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു' എന്നാൽ ഒരാൾ കുറ്റം ചെയ്യാനുണ്ടായ സാഹചര്യം, അയാളുടെ മാനസികവും ശാരീരികവുമായ അവസ്ഥകൾ, അയാളുടെ ഉദ്ദേശ്യം, അതിന്റെ പരിണതഫലം, തെറ്റ് ചെയ്ത ശേഷമുള്ള അയാളുടെ പശ്ചാത്താപമനോഭാവം, പ്രായശ്ചിത്തം എന്നിവയെല്ലാമനുസരിച്ചാണ് അല്ലാഹു ശിക്ഷിക്കുന്നതും പൊറുത്തുകൊടുക്കുന്നതുമെല്ലാം എന്നാണ്. നിഷ്പക്ഷവാനായ നാഥൻ ആരെയും നരകക്കുണ്ഠത്തിലേക്ക് ആക്കുന്നില്ല. മറിച്ച് ഫുജ്ജാറുകൾ വായിച്ച, കണ്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 284; 4: 133; 6: 104 വിശദീകരണം നോക്കുക.

41. ഓ പ്രവാചകാ! അവരുടെ വായകൾ കൊണ്ട് ഞങ്ങൾ വിശ്വസിച്ചു എന്ന് പറയുകയും ഹൃദയം കൊണ്ട് വിശ്വസിച്ചിട്ടില്ലാത്തവരുമായ നിഷേധത്തിന്റെ വഴിയിൽ സദാ ഓടിനടക്കുന്നവരായവരുടെയും ജൂതരായിത്തീർന്നവരുടെയും പ്രവർത്തനങ്ങൾ നിന്നെ ദുഃഖിപ്പിക്കേണ്ടതില്ല, അവർ കളവിനുവേണ്ടി കേൾക്കുന്നവരും നിന്നിലേക്ക് വരാത്ത മറ്റൊരു ജനതക്കുവേണ്ടി കേൾക്കുന്നവരുമാകുന്നു, അവർ വേദവചനങ്ങളെ അതിന്റെ ശരിയായ സ്ഥാനം മനസ്സിലായിട്ടും സാക്ഷാൽ ആശയത്തിൽ നിന്ന് മാറ്റിമറിക്കുന്നവരുമാകുന്നു; അവർ പറഞ്ഞുകൊണ്ടിരിക്കുന്നവരുമാണ്: നിങ്ങൾക്ക് ഇതാണ് നൽകപ്പെട്ടതെങ്കിൽ അപ്പോൾ നിങ്ങൾ അത് സ്വീകരിക്കുക, നിങ്ങൾക്ക് നൽകപ്പെടുന്നത് അതല്ലാത്തതാണെങ്കിൽ അപ്പോൾ നിങ്ങൾ ജാഗ്രത പുലർത്തുകയും ചെയ്യുവീൻ, അല്ലാഹു ആരെയെങ്കിലും തന്റെ പരീക്ഷണത്തിലകപ്പെടുത്താൻ ഉദ്ദേശിച്ചാൽ അപ്പോൾ അവനുവേണ്ടി അല്ലാഹുവിൽ നിന്ന് നിനക്ക് യാതൊന്നും ചെയ്യാൻ കഴിയില്ല തന്നെ, അക്കൂട്ടരാകുന്നു തങ്ങളുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്തവരായവർ, അവർക്ക് ഇഹത്തിൽ നിന്ദ്യതയാണുള്ളത്, അവർക്ക് പരത്തിൽ വമ്പിച്ച ശിക്ഷയുമാണുള്ളത്.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് നാഥൻ തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയാണ് പ്രകൃതി ജീവിത വ്യവസ്ഥയായ ഇസ്ലാം. 3: 19 ൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതവ്യവസ്ഥയാണ് അത്. മുൻ പ്രവാചകന്മാരുടെ ജനതയിലുള്ള അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസികളെയും 22: 78; 33: 35 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സർവസ്വം നാഥന് സമർപ്പിച്ചവർ -മുസ്ലിംകൾ- എന്നുതന്നെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്. എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ട 1000 ത്തിൽ 999 ഉം 4: 118 ൽ വിവരിച്ച പ്രകാരം പിശാചിനാൽ പാട്ടിലാക്കപ്പെടുകയും പ്രവാചകന്മാരെ ദൈവവും ദൈവപുത്രന്മാരുമായി സങ്കൽപിച്ച് നാഥനെ വിസ്മരിച്ച് ജീവിക്കുന്നവരായി മാറുകയുമാണുണ്ടായത്. 59: 11-12 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരും കപടവിശ്വാസികളും പരസ്പരം യോജിച്ച് ഇസ്ലാമിനും പ്രവാചകനും എതിരായി തന്ത്രങ്ങൾ പ്രവർത്തിക്കുന്നവരായിരുന്നു.

3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷ

ങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുകയും ഗ്രന്ഥം വായിക്കുന്നവർ കപടവിശ്വാസികളായ കാഫിറുകൾ, ഫാജിറുകളായ കാഫിറുകൾ, വിശ്വാസികൾ എന്നിങ്ങനെ 3 വിഭാഗങ്ങളായി മാറുകയുമുണ്ടായി. വായ കൊണ്ട് ഞങ്ങൾ മുസ്ലിംകളാണ്, ഞങ്ങൾ സ്വർഗത്തിലേക്കുള്ളവരാണ് എന്ന് വാദിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നവരാണ് ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ. എന്നാൽ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ളതും സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിംകൾക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായ, 16: 89 ൽ പറഞ്ഞ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ അവർ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 48: 6 ൽ വിവരിച്ച പ്രകാരം നാവുകൊണ്ട് അല്ലാഹ്, അല്ലാഹ് എന്ന് പറയുന്ന ഇവർ ഹൃദയത്തിൽ പിശാചിനെ കുടിയിരുത്തിയവരായതുകൊണ്ട് അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ളവരും നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ടവരുമാണ്.

അറബി ഖുർആൻ കേൾക്കാത്തതുകൊണ്ടോ അതിനെക്കുറിച്ച് ലോകരോട് പറയാത്തതുകൊണ്ടോ അല്ല ഫുജ്ജാറുകളായ ഇക്കൂട്ടരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്ന് 8: 22 ൽ വിശേഷിപ്പിച്ചത്. മറിച്ച് അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും അത് കാണാൻ തയ്യാറാകാത്ത അന്ധരും അതിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരുമായതുകൊണ്ടാണ്. 2: 20, 186 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇക്കൂട്ടരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുകയോ അവരിൽ നിന്ന് കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് മാത്രമല്ല, 25: 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ ഇവിടെ ലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരായും ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠമാണ് ലഭിക്കുക. 1: 7; 2: 85, 165-167; 3: 78; 7: 40 വിശദീകരണം നോക്കുക.

42. അവർ കളവിനുവേണ്ടി കേൾക്കുന്ന, നിഷിദ്ധമുതൽ തിന്നുന്നവരാണ്, അപ്പോൾ അവർ നിന്റെയടുത്ത് വരികയാണെങ്കിൽ അപ്പോൾ നീ അവർക്കിടയിൽ വിധി കൽപിക്കുക, അല്ലെങ്കിൽ അവരെത്തൊട്ട് നീ അവഗണിക്കുക, അവരെത്തൊട്ട് നീ അവഗണിക്കുകയാണെങ്കിലോ, അപ്പോൾ അവർ നിനക്ക് യാതൊരു ഉപദ്രവവും വരുത്തുകയില്ല തന്നെ, എന്നാൽ നീ വിധി കൽപിക്കുകയാണെങ്കിലോ, അപ്പോൾ നീ അവർക്കിടയിൽ നീതികൊണ്ട് വിധികൽപിക്കുക, നിശ്ചയം അല്ലാഹു നീതി കൊണ്ട് വിധി കൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നവൻ തന്നെയാണ്.

9: 34 ൽ, വിശ്വാസികളെ വിളിച്ച്, 'നിശ്ചയം പണ്ഡിതപുരോഹിതന്മാർ അധികപേരും ജനങ്ങളുടെ ധനം അവിഹിതമായി തിന്നുകയും ജനങ്ങളെ അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിൽനിന്ന് തടയുകയും ചെയ്യുമെന്ന്' പറഞ്ഞത് ഇന്ന് അക്ഷരംപ്രതി നടപ്പിലായിരിക്കുകയാണ്. അപ്പോൾ വിശ്വാസികൾ ഇത്തരം മനുഷ്യപിശാചുക്കളായ പണ്ഡിത പുരോഹിതന്മാരെ *ഫുർഖാനും* ത്രാസ്സുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി തിരിച്ചറിഞ്ഞ് വെടിയേണ്ടതും അവരോട് അദ്ദിക്ർ കൊണ്ട് *ജിഹാദ്* ചെയ്യേണ്ടതും സാധാരണക്കാർക്ക് അവരുടെ തനിനിറം വെളിവാക്കികൊടുക്കേണ്ടതുമാണ്. ഇന്ന് 25: 33 ൽ പറഞ്ഞ വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ ആത്മാവിനെ പരിഗണിക്കാതെ ജീവനായ അർത്ഥം മാത്രം എടുത്ത് അദ്ദിക്റിന്റെ 40 പേരുകളും അറിഞ്ഞുകൊണ്ട് മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമായ കപടവിശ്വാസികൾ അവരുടെ അനുയായികളെ അദ്ദിക്ർ വിശദീകരിക്കുന്ന സദസ്സിലേക്ക് പറഞ്ഞയക്കുന്നത് അത് കേട്ട് മനസ്സിലാക്കി പിൻപറ്റുക എന്ന ഉദ്ദേശത്തോടെയല്ല, മറിച്ച് അ

തിനെ വളച്ചൊടിച്ച് കള്ളം കെട്ടിച്ചമച്ച് പറയുന്നതിനാണ്.

ആർക്കിടയിൽ വിധി കൽപിക്കുകയാണെങ്കിലും നീതിയായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കണമെന്നാണ് സൂക്തം കൽപിക്കുന്നത്. ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 ൽ വിവരിച്ച പ്രകാരമായിരിക്കണം. 2: 110; 4: 1, 155–156; 5: 8, 105 വിശദീകരണം നോക്കുക.

43. അവർ എങ്ങനെയാണ് നിന്നെ വിധികർത്താവായി സ്വീകരിക്കുക? അവരുടെ പക്കൽ തൗറാത്തുണ്ട്, അതിൽ അല്ലാഹുവിന്റെ വിധിയുമുണ്ട്, പിന്നെ അതിനു ശേഷം അവർ അതിൽ നിന്ന് സ്വയം പിന്മാറുകയും ചെയ്തുകൊണ്ടിരിക്കെ, അക്കൂട്ടർ ഒരിക്കലും വിശ്വാസികളല്ല തന്നെ.

4: 136, 163, 21: 24; 41: 43 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവ് ഒന്നായ, എന്നാൽ ഭാഷകൾ വ്യത്യസ്തവുമായ ഒറ്റഗ്രന്ഥമായ അദ്ദിക്ർ മാത്രമേ അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളൂ. മനുഷ്യർ ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ ജനങ്ങൾക്കിടയിൽ ഇവിടെ വെച്ച് അതുകൊണ്ട് വിധി കൽപിക്കുന്നതിന് വേണ്ടിയാണ് അത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. മൂസാ നബിക്ക് നൽകപ്പെട്ട ഗ്രന്ഥമായ തൗറാത്തിലെ വിധിവിലക്കുകൾ സ്വന്തം ഇച്ഛക്കും അഭിലാഷങ്ങൾക്കും എതിരായതുകൊണ്ട് പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മദീനയിലെ ജൂതന്മാർ ക്രമേണ അതിനെ അവഗണിക്കുകയും 9: 31–32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരുടെ പണ്ഡിതപുരോഹിതന്മാർ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾക്കനുസരിച്ചുള്ള വിധികൾ സ്വീകരിച്ചുകൊണ്ട് അവരെ റബ്ബുകളാക്കി ജീവിക്കുകയുമായിരുന്നു. അപ്പോഴാണ് അല്ലാഹു അന്ത്യപ്രവാചകനായ മുഹമ്മദിനെ 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ കൊണ്ട് നിയോഗിക്കുന്നത്. അദ്ദേഹത്തെ അംഗീകരിക്കാതെ കള്ളപ്രവാചകനെന്ന് പ്രചരിപ്പിച്ചുകൊണ്ടിരുന്ന അവർ തങ്ങളുടെ ഇച്ഛക്കനുസൃതമായ വല്ല വിധിയും ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് മനമില്ലാമനസ്സോടെയായിരുന്നു വിധിക്കുവേണ്ടി പ്രവാചകന്റെ അടുത്ത് വന്നിരുന്നത്. ജൂതന്മാർ തങ്ങളുടെ മതനിയമമനുസരിച്ച് തീർപ്പുകൽപിക്കാൻ ആഗ്രഹിക്കാത്ത കേസുകൾക്ക് വിധി തേടിക്കൊണ്ട് പ്രവാചകനെ സമീപിച്ചിരുന്നു. മദീനയിൽ അവരുമായുണ്ടാക്കിയിരുന്ന ഉടമ്പടിയനുസരിച്ച് അവർക്കിടയിൽ തൗറാത്തനുസരിച്ച് വിധി കൽപിക്കുകയെന്നതായിരുന്നു അപ്പോൾ പ്രവാചകൻ പാലിച്ചുപോന്നിരുന്ന ചര്യ.

ഇന്ന് മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്ത്–വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്നതും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്റാണ്. എന്നാൽ എന്തൊരു ലക്ഷ്യത്തിന് വേണ്ടിയാണോ അത് അവതരിപ്പിക്കപ്പെട്ടത്, അതിന് നേരെ വിപരീതമായിട്ടാണ് 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന, നാഥനാൽ വിസ്മരിക്കപ്പെട്ട കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അത് ഉപയോഗപ്പെടുത്തുന്നത്. 3: 104, 110 സൂക്തങ്ങളിൽ ഉത്തമസമുദായമെന്ന് വിശേഷിപ്പിക്കപ്പെട്ടവരുടെ പിൻഗാമികളായിരിക്കേണ്ട ഈ ജനത അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും തിന്മയേറിയ കാഫിറുകളാണെന്ന് 8: 22, 55 സൂക്തങ്ങളിലും; *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചു

പോയ മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കാൻ വേണ്ടിയും വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും മേൽ പശ്ചാത്താപം സ്വീകരിക്കാൻ വേണ്ടിയുമാണ് എന്ന് 33: 72-73 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ അവഗണിച്ചത് കാരണം അന്ത്യപ്രവാചകനെ തിരിച്ചറിയാതെ 29 കള്ളവാദികളെയും അവർ എഴുതിയുണ്ടാക്കിയ, 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലേക്കുള്ള *ഫുജ്ജാർ കിതാബു*കളെയുമാണ് അവർ പിൻപറ്റിക്കൊണ്ടിരിക്കുന്നത്. 3: 91; 9: 67-68; 48: 6 വിശദീകരണം നോക്കുക.

44. നിശ്ചയം നാം തൗറാത്ത് അവതരിപ്പിച്ചിട്ടുണ്ട്, അതിൽ സന്മാർഗവും പ്രകാശവുമുണ്ട്, സർവ്വസ്വം നാഥന് സമർപ്പിച്ചവരായ നബിമാർ ജൂതരായിത്തീർന്നവർക്കിടയിൽ അതുകൊണ്ട് വിധി കൽപിച്ചിരുന്നു, റബ്ബാനിയ്യീങ്ങളും അഹ്ബാറുകളും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നുള്ളത് സൂക്ഷിക്കാൻ കടമപ്പെട്ടവരും അവർ അതിന്റെമേൽ സാക്ഷികളുമായിരുന്നു, അപ്പോൾ നിങ്ങൾ ജനത്തെ ഭയപ്പെടാതിരിക്കുകയും എന്നെ ഭയപ്പെടുകയും എന്റെ സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങാതിരിക്കുകയും ചെയ്യുവിൻ, ആരാണോ അല്ലാഹു അവതരിപ്പിച്ച ഒന്നുകൊണ്ട് വിധി കൽപിക്കാത്തത്, അപ്പോൾ അക്കൂട്ടർ തന്നെയാകുന്നു കാഫിറുകൾ.

എല്ലാ നബിമാരും അല്ലാഹുവിന് സർവ്വസ്വം സമർപ്പിച്ച മുസ്ലിംകളും അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥമനുസരിച്ച് വിധി കൽപിക്കുന്നവരുമായിരുന്നു. ജൂതന്മാരായിത്തീർന്നവർക്ക് അവരിലെ വേദപണ്ഡിതന്മാരും കർമ്മശാസ്ത്രപണ്ഡിതന്മാരുമെല്ലാം ആദ്യകാലത്ത് വേദഗ്രന്ഥമനുസരിച്ച് തന്നെ വിധി കൽപിച്ച് പോന്നു. എന്നാൽ കാലക്രമേണ അവർ ജനങ്ങളെ ഭയപ്പെടാനും ഗ്രന്ഥത്തിന് വിരുദ്ധമായി ജനങ്ങളുടെ ഇംഗിതവും അഭിലാഷവും അനുസരിച്ച് വിധി നൽകാനും നാഥനെ വിസ്മരിച്ച് അവന്റെ സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങാനും തുടങ്ങി.

15: 6, 9; 16: 44; 21: 24; 41: 41-42; 43: 44 തുടങ്ങി 61 സൂക്തങ്ങളിൽ പറഞ്ഞ സന്മാർഗവും പ്രകാശവുമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ടും മൂടിവെച്ചുകൊണ്ടും 2: 79 ൽ വിവരിച്ച പ്രകാരം സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. സർവ്വലോകർക്കുമുള്ള സന്മാർഗമായ അദ്ദിക്ർ എന്ന ഗ്രന്ഥത്തിന്റെ 40 പേരുകളിൽ ഒന്നു പോലും ലോകരോട് പറയാത്ത അവർക്ക് അറബി ഖുർആൻ നരകക്കുണ്ഠത്തിലേക്കുള്ള ടിക്കറ്റാണ്. നുണ മാത്രം പറയുന്ന യഥാർത്ഥ ഭ്രാന്തന്മാരായ അവർ അറബി സ്വർഗത്തിലെ ഭാഷയാണെന്ന് പറയുന്നവരും വാദിക്കുന്നവരുമാണ്. പ്രപഞ്ചനാഥൻ സൂക്ഷിപ്പ് ഏറ്റെടുത്ത ഗ്രന്ഥത്തിൽ പറയുന്നത് ഏതൊരാൾക്കും സ്വർഗത്തിലേക്ക് തിരിച്ചുപോകണമെങ്കിൽ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുക തന്നെ വേണമെന്നാണ്. 73: 19; 76: 29 എന്നീ സൂക്തങ്ങൾ കൂട്ടിവായിക്കുക. മാത്രമല്ല, 80: 11 ൽ പറഞ്ഞ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റിനെ മൂടിവെച്ച ഏതൊരു മനുഷ്യനും വധിക്കപ്പെട്ടിരിക്കുന്നു എന്ന് 80: 17 ൽ അവർ വായിച്ചിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകൾ എന്ന് പറയുന്ന ഈ സൂക്തവും ലോകരിൽ വായിച്ചിട്ടുള്ളത് അവരാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ ഓരോരുത്തരും വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവനെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 2: 174-175, 213; 3: 187; 9: 30-31 വിശദീകരണം നോക്കുക.

45. നാം അവരുടെ മേൽ അതിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്, നിശ്ചയം ആത്മാവിന് പകരം ആത്മാവ് തന്നെ, കണ്ണിന് പകരം കണ്ണ് തന്നെ, മൂക്കിന് പകരം മൂക്ക് തന്നെ, ചെവിക്ക് പകരം ചെവി തന്നെ, പല്ലിന് പകരം പല്ല് തന്നെ, എല്ലാ മുറിവുകൾക്കും തത്തുല്യമായ പ്രതിക്രിയയും, എന്നാൽ ആരെങ്കിലും പ്രതിക്രിയ വിട്ടുകൊടുക്കുകയാണെങ്കിൽ അപ്പോൾ അതിന് തക്കതായ പ്രായശ്ചിത്തമുണ്ട്, ആരാണോ അല്ലാഹു അവതരിപ്പിച്ച ഒന്നുകൊണ്ട് വിധി കൽപിക്കാത്തത്, അപ്പോൾ അക്കൂട്ടർ തന്നെയാകുന്നു അക്രമികൾ.

2: 178–179 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നശീകരണ പ്രവർത്തനങ്ങൾ തുടച്ച് നീക്കാനും മനുഷ്യരുടെ ഐക്യവും സമാധാനവും നടപ്പിൽ വരാനും പ്രപഞ്ചനാഥന്റെ വിധിവിലക്കുകളടങ്ങിയ അദ്ദിക്ർ വ്യക്തികളും കുടുംബവും സമൂഹവും ഉപയോഗപ്പെടുത്തുക തന്നെ വേണം. 10: 108 ൽ വിവരിച്ച പ്രകാരം പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ആരാണോ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തുന്നത്, അത് അവന് വേണ്ടിത്തന്നെയാണ്. അതിനെത്തൊട്ട് വഴികേടിലായത് ആരാണോ, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്; പ്രവാചകനോ വിശ്വാസിയോ ആരുടെയും സൂക്ഷിപ്പുകാരനോ കൈകാര്യകർത്താവോ അല്ല. അദ്ദിക്റാണ് നാഥന്റെ ഗ്രന്ഥമെന്ന് അറിഞ്ഞുകൊണ്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകൾ ആത്മാവിനോട് അക്രമം കാണിച്ചവരാണെന്ന് 35: 32 ൽ പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്.

'ആരെങ്കിലും പ്രതിക്രിയ വിട്ടുകൊടുക്കുകയാണെങ്കിൽ അപ്പോൾ അതിന് തക്കതായ പ്രായശ്ചിത്തമുണ്ട്' എന്നതിന്റെ വിവക്ഷ, പ്രതിക്രിയ *സ്വദഖ*യായി വിട്ടുകൊടുത്താൽ വിട്ടുകൊടുക്കപ്പെട്ടവൻ വിട്ടുകൊടുത്തവന് പ്രായശ്ചിത്തം നൽകണമെന്നാണ്. അബദ്ധങ്ങളും തെറ്റുകളും സൃഷ്ടികളിൽ നിന്ന് എപ്പോഴും സംഭവിക്കാനിടയുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ടും അദ്ദിക്റിനെ സത്യപ്പെടുത്തിക്കൊണ്ടും ആരെങ്കിലും സദുദ്ദേശത്തോടുകൂടി പ്രതിക്രിയ ചെയ്യാതിരിക്കുകയാണെങ്കിൽ അതുവഴി അവന്റെ അനേകം തെറ്റുകൾ മായ്ച്ച് കളയപ്പെടുമെന്നാണ് മറ്റൊരാശയം. *വല്ലവന്റെയും ശരീരത്തിൽ ഒരു മുറിവേൽക്കപ്പെട്ടു, അത് സ്വദഖയായി വിട്ടുകൊടുത്താൽ അതിന്റെ ഉദ്ദേശ്യവും തോതുമനുസരിച്ച് അവന്റെ തെറ്റുകൾ പൊറുക്കപ്പെടുമെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് അക്രമികൾ. 2: 254; 4: 92; 9: 23 വിശദീകരണം നോക്കുക.

46. നാം അവരുടെ കാൽപാടുകളിലായി മർയമിന്റെ പുത്രൻ ഈസായെ നിയോഗിക്കുകയുമുണ്ടായി, അവൻ തൗറാത്തിൽ നിന്ന് തന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നവനായിരുന്നു, അവന് നാം ഇഞ്ചീൽ നൽകുകയുമുണ്ടായി, അതിൽ സന്മാർഗവും പ്രകാശവുമുണ്ട്, അത് തൗറാത്തിൽ നിന്ന് അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതും സൂക്ഷ്മാലുക്കൾക്ക് സന്മാർഗവും സദുപദേശവും തന്നെയുമാണ്.

ഇസ്റാഈൽ സന്തതികളിലേക്കാണ് ഈസായെ പ്രവാചകനായി നിയോഗിച്ചിട്ടുള്ളത് എന്ന് 3: 49 ൽ പറഞ്ഞിട്ടുണ്ട്. ഈസാ തന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിരുന്നു. തൗറാത്തിനെപ്പോലെത്തന്നെ സന്മാർഗ്ഗവും പ്രകാശവുമായ *ഇഞ്ചീൽ* ഈസാക്ക് നൽകുകയുമുണ്ടായി. അതും സൂക്ഷ്മാലുക്കൾക്ക് സദുപദേശവും സന്മാർഗ്ഗവുമാണ്. 15: 9 ൽ പറഞ്ഞ പ്രകാരം നാഥൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്തതും, 41: 41-42 സൂ

ക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട അജയ്യഗ്ര ന്ഥവുമായ അദ്ദിക്റാണ് മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യ നാൾ വരെയുള്ള മുഴുവൻ മനുഷ്യർക്കുമുള്ള സദുപദേശവും കാരുണ്യവുമായ ഗ്രന്ഥം. 4: 1 ൽ വിവരിച്ച പ്രകാരം വിശ്വാസികൾ മാത്രമാണ് നാഥനെ കണ്ടെത്തുക എന്ന ജീവിത ലക്ഷ്യം പൂർത്തിയാക്കുക. ഫുജ്ജാറുകൾ ജീവിതലക്ഷ്യമില്ലാത്തവരായതിനാൽ 7: 179; 15: 44; 48: 6 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചിന്റെ വീടായ നരകക്കുണ്ടത്തിലേക്ക് പോകാനുള്ളവരാണ്. 2: 2, 136; 3: 7–10; 138; 10: 57–58 വിശദീകരണം നോക്കുക.

47. ഇഞ്ചീലിന്റെ ആളുകൾ അതിൽ അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് വിധി കൽപിക്കുകയും ചെയ്യട്ടെ, ആരാണോ അല്ലാഹു ഇറക്കിയതുകൊണ്ട് വിധി കൽപിക്കാത്തത്, അപ്പോൾ അക്കൂട്ടർ തന്നെയാണ് തെമ്മാടികൾ.

അദ്ദിക്ർ മൂടിവെച്ച് നന്മ വിരോധിക്കുകയും തിന്മ കൽപിക്കുകയും ചെയ്യുന്ന കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികളെന്ന് 9: 67 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു അവതരിപ്പിച്ചിട്ടുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്ത കപടവിശ്വാസികളും അവരുടെ അനുയായികളും തന്നെയാണ് തെമ്മാടികൾ. അറബി ഖുർആനിനെ നരകത്തിലേക്കുള്ള ടിക്കറ്റായി കൊണ്ടുനടക്കുന്ന, ആത്മാവിനെ പരിഗണിക്കാത്ത ഇത്തരം ഫുജ്ജാറുകൾ 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ മരണസമയത്ത് അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ലും; വിധിദിവസം അപ്രകാരം സാക്ഷ്യം വഹിക്കുമെന്ന് 6: 130 ലും പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവരുടെ നേതാക്കളും അനുയായികളും തമ്മിൽ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുകയും ശപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രംഗം അദ്ദിക്റിൽ 2: 165–167 സൂക്തങ്ങളിൽ ത്രികാലജ്ഞാനി രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അറബി ഖുർആൻ വായിക്കാത്തവരും കേൾക്കാത്തവരുമല്ല നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ, മറിച്ച് *ദിക്ർ*-അദ്ദിക്ർ-എന്ന ഗ്രന്ഥം വായിക്കാൻ തയ്യാറാകാത്തവരും കേൾക്കാൻ തയ്യാറാകാത്തവരുമാണ് എന്നാണ് 18: 101 ൽ നാഥൻ പറഞ്ഞിട്ടുള്ളത്. 2: 26–27, 99; 3: 81–82; 9: 80 വിശദീകരണം നോക്കുക.

48. നാം നിന്നിലേക്ക് ഗ്രന്ഥം സത്യത്തോടുകൂടിയാണ് അവതരിപ്പിച്ചിട്ടുള്ളത്, അത് ഗ്രന്ഥത്തിൽ നിന്ന് അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതും അതിന്റെ മേൽ കാത്തുസൂക്ഷിക്കുന്നതുമാണ്; അപ്പോൾ നീ അവർക്കിടയിൽ അല്ലാഹു ഇറക്കിയതുകൊണ്ട് വിധി കൽപിക്കുക, നിനക്ക് സത്യത്തിൽ നിന്നുള്ളത് വന്നുകിട്ടിക്കഴിഞ്ഞിരിക്കെ നീ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുകയുമരുത്, നാം നിങ്ങളിൽ ഓരോരുത്തർക്കും ഓരോ കർമ്മമാർഗവും ലക്ഷ്യമാർഗവും നിശ്ചയിച്ചിട്ടുണ്ട്, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാം ഒറ്റ സമുദായമാക്കുമായിരുന്നു, എന്നാൽ നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്, അപ്പോൾ നിങ്ങൾ നന്മകളിലേക്ക് മുൻകടക്കുന്നവരാവുക, നിങ്ങളെല്ലാവരുടെയും മടക്കം അല്ലാഹുവിലേക്ക് തന്നെയാണ്; അപ്പോൾ ഏതൊന്നിന്റെ കാര്യത്തിലാണോ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരുന്നത്, അതിനെക്കുറിച്ച് അവൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതുമാണ്.

എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം അദ്ദിക്റാണ്. അത് നാഥന്റെ ത്രികാല

ജ്ഞാനവും നാഥൻ തൃപ്തിപ്പെട്ട ജീവിതരീതിയുമാണ്. 59: 23 ൽ പ്രപഞ്ചനാഥനെ *മുഹൈമിൻ* -കാത്തുസൂക്ഷിക്കുന്നവൻ എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഈ സൂക്തത്തിൽ അവന്റെ ഗ്രന്ഥത്തെയാണ് *മുഹൈമിൻ* -കാത്തുസൂക്ഷിക്കുന്നത് എന്ന് പറഞ്ഞിട്ടുള്ളത്. അഥവാ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ് അദ്ദിക്ർ എന്നതുപോലെ അത് രൂപപ്പെട്ടതോടുകൂടി അതിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്ന ഏതൊരാളെയും അത് എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. 1: 5; 4: 68; 6: 153; 36: 61 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ തന്നെയാണ് എല്ലാ കാലത്തും പ്രപഞ്ചനാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ട സ്വർഗത്തിലേക്കുള്ള ഏകമാർഗം. അപ്പോൾ അറിവില്ലാത്ത എല്ലാ കാര്യങ്ങളും അദ്ദിക്ർ അറിയുന്നവനോടാണ് ചോദിക്കേണ്ടതെന്ന് 16: 43; 21: 7 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 155–157; 6: 165 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് നാഥൻ ഓരോരുത്തർക്കും നൽകിയിട്ടുള്ളതിൽ അവനെ/അവളെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. ആരാണോ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 2: 256; 3: 101–102; 4: 174–175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്തതിനാൽ *'ശരീഅത്ത്'* അഥവാ ആചാരാനുഷ്ഠാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ ഗ്രന്ഥം വളച്ചൊടിക്കുകയും മൂടിവെക്കുകയും ചെയ്യുന്ന കപടവിശ്വാസികളെയും വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികളായ കുഫ്ഫാറുകളെയും വധിച്ചുകളയണമെന്ന 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കേണ്ടതുണ്ട്. നാടിനുവേണ്ടിയോ ഭൂമിക്കുവേണ്ടിയോ മതത്തിന് വേണ്ടിയോ യുദ്ധം ചെയ്യാൻ ഇസ്ലാമിൽ ഒരുകാലത്തും അനുവാദമില്ല. ധർമം നിലനിർത്താൻ വേണ്ടി അഥവാ 2: 193 ൽ വിവരിച്ച പ്രകാരം ഒരു വിശ്വാസിക്ക് യഥാർത്ഥ വിശ്വാസം നിലനിർത്തി ജീവിക്കാനുള്ള അവസരം ഉണ്ടാകാൻ വേണ്ടി മാത്രമാണ് യുദ്ധം അനുവദിച്ചിട്ടുള്ളത്. അതും വിശ്വാസികളുടെ സംഘമുള്ളപ്പോൾ മാത്രം.

വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസിയോട് 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രഭാത പ്രദോഷങ്ങളിൽ അദ്ദിക്ർ ആത്മാവ് പങ്കെടുത്ത് വായിച്ച് മനസ്സിലാക്കാനും നാഥനെ വാഴ്ത്തിക്കൊണ്ടും പരിശുദ്ധപ്പെടുത്തിക്കൊണ്ടും ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ വന്നിട്ടുള്ള *തിലാവത്തി*ന്റെ സാഷ്ടാംഗപ്രണാമം നടത്താനും മനുഷ്യരുടെ ഐക്യം രൂപപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനെ സഹായിക്കാനും, 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്കെല്ലാം ഗുണപ്രദമാകുന്ന വിധത്തിൽ ജൈവകൃഷി ചെയ്യാനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാനും അതിന് മറ്റുള്ളവരെ സഹായിക്കാനും പ്രേരിപ്പിക്കാനുമാണ് കൽപിച്ചിട്ടുള്ളത്. കൂടാതെ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ലോകരിൽ എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും അതിനെ മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന, നാഥന്റെ ശാപത്തിനും കോപത്തിനും വിധേയരായ കപടവിശ്വാസികളോടും കുഫ്ഫാറുകളോടും

9: 73; 25: 52; 66: 9 സൂക്തങ്ങളുടെ കൽപന അനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയും വേണം.

55: 1–4 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്വർഗത്തിൽ വെച്ച് നാഥൻ എല്ലാ ഓരോരുത്തർക്കും നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ പഠിപ്പിച്ചതിനാലും ഇന്ന് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ ഗ്രന്ഥരൂപത്തിൽ രൂപപ്പെട്ടതിനാലും അതിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് 8: 22, 55 എന്നീ സൂക്തങ്ങളിൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ അവർ കണ്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരായി സാക്ഷ്യം വഹിച്ചുകൊണ്ടും വാദിച്ചുകൊണ്ടും 15: 44 ൽ പറഞ്ഞ നരകക്കുണ്ഠത്തിലെ ഏഴ് കവാടങ്ങളിൽ ഒന്നിലേക്ക് തള്ളിവിടുകയാണ് ചെയ്യുക.

നിഷ്പക്ഷവാനായ നാഥൻ ആരോടും അവർ പ്രവർത്തിച്ചത് എന്താണെന്ന് വിവരം പറഞ്ഞുകൊടുക്കുകയില്ല. മറിച്ച് എല്ലാ ഓരോ മനുഷ്യനും അവന്റെ പിരടിയിൽ വഹിക്കുന്ന കർമരേഖ വിധിദിവസം പ്രകാശിക്കുന്ന ഗ്രന്ഥമായി പുറത്തെടുത്ത് നൽകപ്പെട്ട് ഓരോരുത്തരും വായിച്ചാണ് അവരുടെ വിചാരണ നേരിടേണ്ടി വരിക എന്ന് 17: 13–14; 18: 49; 23: 62–63; 36: 12; 45: 28–29; 58: 6; 78: 28–29 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 110, 113, 148; 4: 150–151; 17: 36 വിശദീകരണം നോക്കുക.

49. അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് നീ അവർക്കിടയിൽ വിധി നടത്തുകയും ചെയ്യുക, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ നീ പിൻപറ്റുകയുമരുത്, അല്ലാഹു നിന്നിലേക്ക് അവതരിപ്പിച്ച് തന്നിട്ടുള്ള ചിലതിൽ അവർ നിന്നെ നാശത്തിൽ അകപ്പെടുത്തുന്നതിനെത്തൊട്ട് നീ ജാഗ്രത പാലിക്കുകയും ചെയ്യുക, അങ്ങനെ അവർ പിന്തിരിഞ്ഞ് പോവുകയാണെങ്കിൽ അപ്പോൾ നീ അറിഞ്ഞിരിക്കുക, നിശ്ചയം അവരുടെ ചില പാപങ്ങളുടെ ഫലം അവരെ ബാധിപ്പിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, നിശ്ചയം ജനങ്ങളിൽ അധികപേരും തെമ്മാടികൾ തന്നെയുമാകുന്നു.

പ്രവാചകനും വിശ്വാസികളും അദ്ദിക്ർ കൊണ്ട് വിധി കൽപിക്കാൻ കൽപിക്കപ്പെട്ടവരും അങ്ങനെ പ്രവർത്തിക്കുന്നവരുമാണ്. എന്നാൽ, അദ്ദിക്റിനെത്തൊട്ട് വിരോധം വെച്ച് തർക്കിക്കുന്ന അല്ലാഹുവിന്റെ ശത്രുക്കളും തെമ്മാടികളുമായ കപടവിശ്വാസികൾ അവരുടെ ദേഹേച്ഛകളാണ് പിൻപറ്റുക. 17: 73–75 സൂക്തങ്ങളിൽ, അവർക്ക് സാധിക്കുമായിരുന്നുവെങ്കിൽ നാം നിനക്ക് ദിവ്യസന്ദേശമായി നൽകിയതിൽ നമ്മുടെമേൽ അതല്ലാത്തത് കെട്ടിച്ചമച്ച് പറയിപ്പിച്ച് നിന്നെ അവർ നാശത്തിൽ അകപ്പെടുത്താൻ ശ്രമിക്കുക തന്നെ ചെയ്യുമായിരുന്നു, അങ്ങനെയായാൽ അവർ നിന്നെ ആത്മമിത്രമായി തെരഞ്ഞെടുക്കുമായിരുന്നു; നിന്നെ നാം ഉറപ്പിച്ച് നിർത്തിയിട്ടില്ലായിരുന്നുവെങ്കിൽ നീ അൽപസ്വൽപം അവരിലേക്ക് ചായുക തന്നെ ചെയ്യുമായിരുന്നു, അങ്ങനെയായാൽ നാം നിന്നെ ഇഹത്തിൽ ഇരട്ടിശിക്ഷയും മരണശേഷം ഇരട്ടിശിക്ഷയും രുചിപ്പിക്കുക തന്നെ ചെയ്യും, പിന്നെ നമ്മുടെ മേൽ നീ ഒരു സഹായിയെയും എത്തിക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 3: 154 ൽ വിവരിച്ച പ്രകാരം വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ടാണ് അവന്റെ സൃഷ്ടികൾക്കിടയിൽ വിധി കൽപിക്കുക. വിശ്വാസി അവന്റെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് ഇവിടെ വെച്ച് വിധി കൽപിക്കു

ന്നവനായതിനാൽ വിധിദിവസം അദ്ദിക്ർ അവന് അനുകൂലമായി വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്യുന്നതാണ്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളായ കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന കുഫ്ഫാറുകളും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ പിൻപറ്റുന്നവരും നാഥനെ വിസ്മരിച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമായതിനാൽ അവർ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 4: 46 ൽ വിവരിച്ച പ്രകാരം അവർ തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുന്നവരുമാണ്. നാഥന്റെ ശാപവും കോപവും വർഷിച്ചിട്ടുള്ള തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും മാലിന്യമാണെന്നും അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും 9: 28, 95, 125 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജനങ്ങളിൽ അധികപേരും തെമ്മാടികളാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷ ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ നിന്ന് അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്ത എല്ലാ ഫുജ്ജാറുകളും തെമ്മാടികളും മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളുമാണ് എന്നാണ്. 32: 18 പ്രകാരം പ്രവാചകന്റെ ജനതയിൽ നിന്ന് അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാത്തവരെല്ലാം തെമ്മാടികളാണ്. തെമ്മാടികളുടെമേൽ നിശ്ചയം! അവർ ഇനി വിശ്വാസികളാവുകയില്ല എന്ന നിന്റെ നാഥന്റെ വചനം ബാധകമായിരിക്കുന്നു എന്ന് 10: 33 ൽ പറഞ്ഞിട്ടുണ്ട്. 2: 159–161; 4: 118, 145; 8: 22 വിശദീകരണം നോക്കുക.

50. അപ്പോൾ അവർ ജാഹിലിയ്യാ വിധിവിലക്കുകളാണോ അന്വേഷിക്കുന്നത്? ദൃഢബോധ്യമുള്ള ജനതക്ക് ഏറ്റവും നല്ലവിധി നൽകുന്നവൻ അല്ലാഹുവിനേക്കാൾ പിന്നെ മറ്റാരുണ്ട്?

3: 58 ൽ പറഞ്ഞ യുക്തിനിർഭര ഗ്രന്ഥമായ അദ്ദിക്ർ മൊത്തം മനുഷ്യർക്ക് ഉൾക്കാഴ്ചാദായകവും ദൃഢബോധ്യമുള്ള ജനതക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് 45: 20 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ശ്രദ്ധിച്ച് കേൾക്കുകയും അതിനെ ഏറ്റവും നല്ലനിലക്ക് പിൻപറ്റുകയും ചെയ്യുന്ന വിശ്വാസികൾ തന്നെയാണ് സന്മാർഗ്ഗത്തിലുള്ളവരെന്നും അക്കൂട്ടർ തന്നെയാണ് ബുദ്ധിമാന്മാരെന്നും 39: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. *അമാനത്തായ* അദ്ദിക്ർ ഏറ്റെടുത്തിട്ട് അതിനെ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് അക്രമികളും വിഡ്ഢികളുമായ കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാനാണ് അത് അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72–73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ ഫുജ്ജാറുകൾ വിധിദിവസം 'ഓ എന്റെ നാശം! ഞാൻ ഇന്നയിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ! അവനാണല്ലോ എന്നെ അദ്ദിക്റിൽ നിന്ന് എനിക്ക് അത് വന്നുകിട്ടിയതിനുശേഷം തടഞ്ഞത്! പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിലും; പ്രവാചകൻ 'ഓ എന്റെ നാഥാ! എന്റെ ഈ ജനത അദ്ദിക്റിനെ വെടിഞ്ഞതുകൊണ്ടാണ് ഇവർക്ക് ഈ ദുർഗതി വന്നത്' എന്ന് പറയുന്ന രംഗം 25: 30 ലും പറഞ്ഞത് വാ

യിച്ചിട്ടുള്ളത് ലോകരിൽ ഫുജ്ജാറുകളാണ്. 7: 40 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുകയും അതിനോട് അഹംഭാവം നടിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർ 32: 12 ൽ പറഞ്ഞ പ്രകാരം നാഥന്റെ മുമ്പിൽ വിധിദിവസം തലകുനിച്ച് നിന്ന്: 'ഞങ്ങളുടെ നാഥാ! ഞങ്ങൾ ഉൾക്കാഴ്ച കണ്ടു, ഞങ്ങൾ കേൾക്കുകയും ചെയ്തു, അപ്പോൾ നീ ഞങ്ങളെ ഒന്ന് തിരിച്ചയച്ചാലും; ഞങ്ങൾ സൽകർമ്മങ്ങൾ ചെയ്തുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു' എന്ന് പറയുന്നതാണ്. 2: 2–4; 3: 10, 103; 4: 36–37, 50–51 വിശദീകരണം നോക്കുക.

51. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ ജൂതരെയും ക്രൈസ്തവരെയും ആത്മമിത്രങ്ങളായി തെരഞ്ഞെടുക്കരുത്, അവരിൽ ചിലർ ചിലരുടെ മിത്രങ്ങളാകുന്നു, നിങ്ങളിൽ ആരെങ്കിലും അവരെ മിത്രങ്ങളായി തെരഞ്ഞെടുത്താൽ അപ്പോൾ നിശ്ചയം അവൻ അവരിൽ പെട്ടവനായി, ഇത്തരം അക്രമികളായ ഒരു ജനതയെ നിശ്ചയം അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന വേദക്കാരാണെന്ന് വാദിച്ചിരുന്ന ജൂത ക്രൈസ്തവർ നാഥന്റെ ഗ്രന്ഥത്തെ സത്യപ്പെടുത്താത്തവരായതിനാലും മൂസാ, ഈസാ തുടങ്ങിയ പ്രവാചകന്മാരെ പിൻപറ്റാത്തവരായതിനാലും പ്രവാചകനും വിശ്വാസികൾക്കും അവരെ മിത്രങ്ങളായി തെരഞ്ഞെടുക്കൽ അനുവദനീയമായിരുന്നില്ല. ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ പിൻപറ്റുന്ന അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ അനുസരിക്കാൻ പാടില്ല എന്ന് 18: 28; 25: 52; 33: 1, 48; 76: 24 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്റ് കൊണ്ട് അവരോട് അധികരിച്ച ജിഹാദ് ചെയ്യാനാണ് വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. 9: 23 ൽ വിശ്വാസികളെ വിളിച്ച്, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങളും വിശ്വാസത്തേക്കാൾ നിഷേധത്തെ ഇഷ്ടപ്പെടുന്നവരാണെങ്കിൽ നിങ്ങൾ അവരെ നിങ്ങളുടെ രക്ഷാധികാരികളായി തെരഞ്ഞെടുക്കരുത്, നിങ്ങളിൽ ആരെങ്കിലും അവരെ രക്ഷാധികാരികളായി തെരഞ്ഞെടുക്കുകയാണെങ്കിൽ അപ്പോൾ അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, ഇന്നത്തെ ഹൈന്ദവരും ജൂതന്മാരും ക്രൈസ്തവരും കപടവിശ്വാസികളെയും ഫുജ്ജാറുകളെയും മിത്രങ്ങളായി തെരഞ്ഞെടുക്കാതെ നിഷ്പക്ഷത പുലർത്തുന്നവരാണെങ്കിൽ അവരോട് മമതയിൽ വർത്തിക്കുന്നത് വിശ്വാസികളോട് വിരോധിച്ചിട്ടില്ല. കാരണം, വിശ്വാസികളുടെ സംഘമില്ലാത്ത ഇന്ന് ലോകർക്ക് അദ്ദിക്റ് എത്തിച്ചുകൊടുത്തുകൊണ്ട് മനുഷ്യരുടെ ഐക്യവും ശാന്തിയും സമാധാനവും കൈവരിക്കാൻ വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ് ഒറ്റപ്പെട്ട വിശ്വാസികൾ. 6: 144; 28: 50; 46: 10 എന്നീ സൂക്തങ്ങളും അവസാനിക്കുന്നതും 'നിശ്ചയം അല്ലാഹു അക്രമികളായ ഒരു ജനതയെ ഒരിക്കലും സന്മാർഗത്തിലേക്കാക്കുകയില്ല' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 62, 137, 258; 3: 28, 77; 4: 144 വിശദീകരണം നോക്കുക.

52. തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരായവർ അവരിൽ ഓടിനടക്കുന്നതായി അപ്പോൾ നിനക്ക് കാണാവുന്നതാണ്, അവർ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്: നമ്മെ വല്ല വിപത്തും ബാധിക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു, അങ്ങനെ അല്ലാഹു ഒരു വിജയം അല്ലെങ്കിൽ അവനിൽ നിന്നുള്ള ഒരു കൽപന കൊണ്ടുവന്നേക്കാം, അപ്പോൾ അവർ അവരുടെ മനസ്സിൽ ഒളിപ്പിച്ചുവെച്ചിരുന്ന രഹസ്യങ്ങളുടെമേൽ ഖേദിക്കുന്നവരായിത്തീരുന്നതാണ്.

ഹൃദയത്തിൽ സംശയമാകുന്ന രോഗമുണ്ടായിരുന്ന പ്രവാചകന്റെ കാലത്തെ കപട വിശ്വാസികൾ ജൂതരുടെയും ക്രൈസ്തവരുടെയും ഇടയിൽ സഹായവും തേടി ഓടി നടന്നിരുന്നു. എന്നാൽ വിശ്വാസികൾക്ക് വല്ല നേട്ടവും ലഭിക്കുകയാണെങ്കിൽ അപ്പോൾ വിശ്വാസികളുടെ കൂടെയായില്ലല്ലോ എന്ന് ആലോചിച്ച് അവർ സ്വയം ഖേദിക്കുകയും ചെയ്തിരുന്നു. 59: 11 ൽ, നിന്റെ ശ്രദ്ധ കപടവിശ്വാസികളിലേക്ക് തിരിഞ്ഞില്ലെയോ, അവർ കാഫിറുകളായ വേദക്കാരിൽ നിന്നുള്ള (ബനൂനളീർ ജൂതഗോത്രം) അവരുടെ സഹോദരങ്ങളോട് പറയുന്നു: നിങ്ങളെ നാട്ടിൽ നിന്ന് പുറത്താക്കുകയാണെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം പുറപ്പെടുന്നതാണ്; നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ മറ്റൊരാളെയും ഒരിക്കലും അനുസരിക്കുകയില്ല. നിങ്ങളോട് വിശ്വാസികൾ യുദ്ധം ചെയ്താൽ ഞങ്ങൾ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും എന്നും; 59: 13 ൽ കപടവിശ്വാസികളുടെ നെഞ്ചിൽ അല്ലാഹുവിനേക്കാൾ വിശ്വാസികളെയാണ് ഏറ്റവും ഭയമെന്നും, അത് അവർ ജീവിതലക്ഷ്യം ഗ്രഹിക്കാത്ത ഒരു ജനതയായതുകൊണ്ടാണെന്നും പറഞ്ഞിട്ടുണ്ട്.

4: 139–140 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്നത്തെ കപടവിശ്വാസികൾ അജയ്യഗ്രന്ഥമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പിശാചിനെ സേവിക്കുന്നവരാണ്. അവർ പ്രതാപം അന്വേഷിക്കുന്നത് ഭൂരിപക്ഷത്തിലും സമ്പത്തിലുമാണ്. 2: 85; 5: 41 സൂക്തങ്ങൾ പ്രകാരം അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് ഒരുക്കി വെച്ചിട്ടുള്ളത്. 4: 159 ൽ വിവരിച്ച പ്രകാരം ഭ്രാന്തന്മാരായ ഫുജ്ജാറുകൾ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയോട്, 'നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ എപ്പോഴാണ് വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുക' എന്നാണ് ചോദിക്കുക. എല്ലാ ആത്മാവും അവരവർ സമ്പാദിച്ചത് കാണുന്ന ദിനം ഇത്തരം കാഫിറുകൾ 'ഓ എന്റെ കഷ്ടം! ഞാൻ മണ്ണായിത്തീർന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് വിലപിക്കുന്ന രംഗം 78: 40 ൽ ഇവരാണ് വായിക്കുന്നത്. 3: 119; 4: 63, 73, 89–91 വിശദീകരണം നോക്കുക.

53. വിശ്വാസികളായവർ ചോദിക്കുകയും ചെയ്യും: നിശ്ചയം ഞങ്ങൾ നിങ്ങളോടൊപ്പമാണെന്ന പ്രതിജ്ഞകൾ സ്ഥിരീകരിക്കുന്നതിന് വേണ്ടി അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് പറഞ്ഞുകൊണ്ടിരുന്നവരായിരുന്നില്ലേ ഇക്കൂട്ടർ, അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയി, അങ്ങനെ അവർ നഷ്ടപ്പെട്ടവരിൽ ആപതിച്ചു.

കപടവിശ്വാസികൾ വിശ്വാസികളുടെ കൂട്ടത്തിലാണെന്ന് വരുത്തിത്തീർക്കാൻ അല്ലാഹുവിനെക്കൊണ്ട് ആണയിട്ട് സത്യം ചെയ്തിരുന്നു. എന്നാൽ ബനൂനളീർ ഗോത്രക്കാരെ നാടുകടത്തിയത് പോലുള്ള സന്ദർഭങ്ങളിൽ കപടവിശ്വാസികൾക്ക് വിശ്വാസികളുടെ കൂടെ ചേരാൻ കഴിയാത്തതിലും സാമ്പത്തികനേട്ടങ്ങളിൽ പങ്കുകൊള്ളാൻ സാധിക്കാത്തതിലും അവർ അതിയായ ഖേദം പ്രകടിപ്പിച്ചിരുന്നു. അത്തരം സംഭവങ്ങളിലൂടെ വിശ്വാസികൾക്ക് കപടവിശ്വാസികളെ അല്ലാഹു വേർതിരിച്ച് കാണിച്ചുകൊടുത്തു. കപടവിശ്വാസികളുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയി എന്നാണ് പറയുന്നത്. ഇത്തരം കാഫിറുകളുടെ പ്രാർത്ഥനകൾ വഴികേടിലല്ലാതെയല്ല എന്ന് 13: 14 ലും 40: 50 ലും പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളിൽ ചിലർ 'അല്ലാഹു അവന്റെ ഔദാര്യം (സമ്പത്ത്) ഞങ്ങൾക്ക് നൽകുകയാണെങ്കിൽ ഞങ്ങൾ ഗ്രന്ഥത്തെ സത്യപ്പെടുത്തുന്നതും അതിൽ നിന്ന് ദാനം നൽകുന്നതും സജ്ജനങ്ങളിൽ ഉൾപ്പെടുന്നതുമാണ്' എന്ന് ആണയിട്ട് പറയുന്നതാണ് എന്ന് 9: 75 ലും; എന്നാൽ അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് (സമ്പ

ത്തിൽ നിന്ന്, അറിവിൽ നിന്ന്) നൽകിയാൽ അവരതാ അതിനെ മൂടിവെക്കുകയും പിശുക്ക് കാണിക്കുകയും അതിനെ അവഗണിച്ചുകൊണ്ട് പിന്തിരിഞ്ഞുപോവുകയും ചെയ്യുന്നു എന്ന് 9: 76 ലും; അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ അവനെ കണ്ടുമുട്ടുന്ന നാൾ വരെ കാപട്യം കുത്തിനിറച്ചിരിക്കുന്നു; എന്തെന്നാൽ അവർ അവനുമായി ചെയ്ത ഉടമ്പടി ലംഘിച്ചുകൊണ്ടിരിക്കുന്നവരും നുണ പറഞ്ഞുകൊണ്ടിരിക്കുന്നവരുമാണ് എന്ന് 9: 77 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ വിശ്വാസിയാണെന്ന് അവകാശപ്പെടുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അല്ലാഹുവിന്റെയും പ്രവാചകന്റെയും വിശ്വാസികളുടെയും ശത്രുക്കളുമാണ്. നാഥൻ അവരെ വധിച്ചുകളഞ്ഞിരിക്കുന്നു, അഥവാ ബോധമുണ്ടാക്കുന്ന ആത്മാവിനെ അവരിൽ നിന്ന് എടുത്തുകളഞ്ഞിരിക്കുന്നു. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിനും കർമങ്ങൾ സ്വീകരിക്കപ്പെടുന്നതിനും അദ്ദിക്ർ സമർപ്പിക്കുന്ന പ്രപഞ്ചനാഥനിലുള്ള വിശ്വാസം രൂപപ്പെടുത്തേണ്ടതുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് സർവസ്വം നാഥന് സമർപ്പിച്ചവർ (മുസ്ലിംകൾ) എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 9: 67–68 സൂക്തങ്ങൾ പ്രകാരം നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകൾ അങ്ങനെ ഉപയോഗപ്പെടുത്താത്തവരായതിനാൽ അവരുടെ പ്രവർത്തനങ്ങളെല്ലാം തന്നെ 40: 78 ൽ പറഞ്ഞ പ്രകാരം നിഷ്ഫലമാണ്. മാത്രമല്ല, 25: 65–66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇവിടെ ലക്ഷ്യബോധമില്ലാതെ ജീവിച്ചതിന് പിഴയായി അവർക്ക് നരകക്കുണ്ഠം ലഭിക്കുന്നതുമാണ്. 2: 6–7; 3: 77, 120; 4: 142–144 വിശദീകരണം നോക്കുക.

54. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളിൽ പെട്ട ആരെങ്കിലും തന്റെ ദീനിൽ നിന്ന് പുറത്തുപോകുന്നുവെങ്കിൽ അപ്പോൾ അല്ലാഹു ഒരു ജനതയെ കൊണ്ടുവരിക തന്നെ ചെയ്യും, അവൻ അവരെയും അവർ അവനെയും ഇഷ്ടപ്പെടുകയും വിശ്വാസികളുടെമേൽ വിനയത്തിലും കാഫിറുകളുടെമേൽ പ്രതാപത്തിലും പെരുമാറുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരും യാതൊരു ആക്ഷേപകന്റേയും ആക്ഷേപത്തെ ഭയപ്പെടാത്തവരുമാണ് അവർ, അത് അല്ലാഹുവിന്റെ ഔദാര്യമാണ്, അവൻ ഉദ്ദേശിക്കുന്നവർക്ക് അത് നൽകുന്നു, അല്ലാഹു വിശാലനായ സർവ്വജ്ഞാനി തന്നെയാകുന്നു.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ല. ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്ന, 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ കെട്ടജനത മൊത്തം മനുഷ്യർക്കുള്ള സന്മാർഗമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരായതിനാൽ അദ്ദിക്റിനെ മൂടിവെക്കാത്ത, പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങളെ അത് അല്ലാഹു ഏൽപിക്കുമെന്ന് 6: 89–90 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 62 ൽ വിവരിച്ച പ്രകാരം അവർ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവരുടെ പ്രതിഫലം നാഥന്റെ പക്കലുണ്ട്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. 48: 29 ൽ, മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണ്; അവനോടൊപ്പമുള്ളവർ ഫുജ്ജാറുകളായ കുഫ്ഫാറുകളോട് കഠിനഹൃദയരും അവർക്കിടയിൽ പരസ്പരം കാരുണ്യത്തിൽ വർത്തിക്കുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 'അവനോടൊപ്പമുള്ളവർ' എന്ന് പറഞ്ഞത് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇ

തര ജനവിഭാഗങ്ങളെക്കുറിച്ചാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി 9: 73 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠം മടക്കസ്ഥലമായി ലഭിക്കാനുള്ള കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അധികരിച്ച *ജിഹാദ്* ചെയ്യുന്നതാണ്. 2: 111 ൽ വിവരിച്ച പ്രകാരം നാഥന്റെ കാരുണ്യവും ഔദാര്യവുമായ അദ്ദിക്റിനെ ആരാണോ സത്യപ്പെടുത്തി ജീവിക്കുന്നത്, അതിന്റെ ഗുണം അവനുതന്നെയാണ്; ആരാണോ അതിനെത്തൊട്ട് അന്ധത നടിച്ചത്, അതിന്റെ ദോഷവും ആ ആത്മാവിന് തന്നെയാണ്, നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ നയിക്കുന്നില്ല, ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെയും ഭാരം വഹിക്കുകയുമില്ല. 2: 254; 3: 79–80, 90–91; 5: 32–33 വിശദീകരണം നോക്കുക.

55. നിശ്ചയം നിങ്ങളുടെ സംരക്ഷകൻ അല്ലാഹുവും അവന്റെ പ്രവാചകനും നമസ്കാരം നിലനിർത്തുന്നവരും സകാത്ത് സമ്പ്രദായം നടപ്പിലാക്കുന്നവരുമായ വിശ്വാസികളായവരുമാകുന്നു, അവർ അനുസരണമുള്ളവരുമാകുന്നു.

56. ആരെങ്കിലും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും വിശ്വാസികളായിട്ടുള്ളവരെയും സംരക്ഷകരായി തെരഞ്ഞെടുക്കുന്നുവോ; അപ്പോൾ നിശ്ചയം അല്ലാഹുവിന്റെ സംഘം, അവർ തന്നെയാണ് അതിജയിക്കുന്നവരാവുക.

ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യരിൽ നിന്നുള്ള വിശ്വാസികളുടെ ഏക സംഘം മാത്രമാണ് അല്ലാഹുവിന്റെ സംഘം. ആ സംഘത്തിൽ അല്ലാഹുവും മലക്കുകളും അവന്റെ പ്രവാചകന്മാരും നബിമാരും ആയിരത്തിൽ ഒന്നായ വിശ്വാസികളും മാത്രമാണ് ഉൾപ്പെടുക. അല്ലാഹുവിന്റെ സംഘത്തിൽ പെട്ട വിജയം വരിക്കുന്ന വിശ്വാസികൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് വിവിധ സംഘടനകളായിപ്പിരിഞ്ഞ കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരോട് മമതയിൽ വർത്തിക്കുകയില്ല. അവർ മാതാപിതാക്കളോ മക്കളോ സഹോദര സഹോദരികളോ കുടുംബത്തിൽ നിന്ന് അടുത്തവരോ ആണെങ്കിലും ശരി എന്ന് 58: 22 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളായവർ വന്നപ്പോൾ കൊണ്ടുവരാത്തതും പോകുമ്പോൾ കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും നാഥന്റെ 1000 സമുദായത്തിൽ പെട്ട സൃഷ്ടികൾക്ക് ഭാരരഹിതവും ഞെരുക്കമില്ലാത്തതുമായ ജീവിതവ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് വേണ്ടി വിനിയോഗിക്കുന്നവരാണ്. എന്നാൽ പിശാചിന്റെ സംഘത്തിൽ പെട്ട ഫുജ്ജാറുകളായ കാഫിറുകൾ ലക്ഷ്യബോധമില്ലാതെയും ആത്മാവ് പങ്കെടുക്കാതെയും ജഡം കൊണ്ട് നമസ്കരിച്ചും നോമ്പനുഷ്ഠിച്ചും ഹജ്ജും ഉംറയും നിർവ്വഹിച്ചും പിഴയായി നരകക്കുണ്ഠം സമ്പാദിക്കുന്നവരും നിർബന്ധദാനം പോലും നൽകാതെ പിശുക്ക് കാണിക്കുന്നവരും മറ്റുള്ളവരെ പിശുക്ക് കാണിക്കാൻ പ്രേരിപ്പിക്കുന്നവരുമായ അനുസരണയില്ലാത്ത ധിക്കാരികളായ തെമ്മാടികളാണ്. വിവിധ സംഘടനകളിൽ നിന്നുള്ള ആരാണോ ഇമാമും കാരുണ്യവും സത്യവും സാക്ഷിയുമായ അദ്ദിക്റിനെ മൂടിവെക്കുന്നത്, അപ്പോൾ അവനോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകമാണ് എന്ന് 11: 17 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 257; 3: 101–102; 4: 59; 8: 24, 62–64 വിശദീകരണം നോക്കുക.

57. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾക്കുമുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നുള്ള നിങ്ങളുടെ ദീനിനെ പരിഹാസവും വിനോദവുമായി തെരഞ്ഞെടുത്ത

വരായവരെയും കുഫ്ഫാറുകളെയും നിങ്ങൾ മിത്രങ്ങളായി തെരഞ്ഞെടുക്കരുത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ, നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ!

3: 19 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥൻ അവന്റെ മൊത്തം സൃഷ്ടികൾക്ക് തൃപ്തിപ്പെട്ട ജീവിതവ്യവസ്ഥയാണ് ഇസ്ലാം. 21: 24 ൽ പറഞ്ഞ സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതവ്യവസ്ഥയായ അതിനെ പ്രവാചകന്റെ കാലത്തുള്ള മുൻവേദക്കാരായ ജൂതരും ക്രൈസ്തവരും പരിഹസിക്കുന്നവരായിരുന്നു. എന്നാൽ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഇസ്ലാം പിരിയുടയുകയും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിച്ച് കെട്ട ജനതയായിത്തീരുകയും ചെയ്തു. ഫുജ്ജാറുകൾ തന്നെയാണ് കുഫ്ഫാറുകൾ എന്ന് 83: 34, 36 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ഇക്കൂട്ടരാണ് ഇസ്ലാമിനെയും പ്രവാചകന്മാരെയും പരിഹസിക്കുന്ന പിശാചിനെ സേവിക്കുന്ന ഭ്രാന്തന്മാർ. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവനാണെങ്കിൽ ദീനിനെ കളിയും തമാശയുമായി തെരഞ്ഞെടുത്ത ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിലേക്ക് മടങ്ങാനുള്ളവരാണ്. 2: 278; 3: 186; 8: 48–50; 9: 123 വിശദീകരണം നോക്കുക.

58. നിങ്ങൾ അവരെ നമസ്കാരത്തിലേക്ക് വിളിച്ചാൽ അവർ അതിനെ പരിഹാസവും വിനോദവുമായി തെരഞ്ഞെടുക്കുന്നതാണ്, അത് നിശ്ചയം അവർ ചിന്തിക്കാത്ത ഒരു ജനതയായതുകൊണ്ടാകുന്നു.

പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂതരും കപടവിശ്വാസികളുമായിരുന്ന കാഫിറുകൾ ബാങ്കുവിളി കേൾക്കുമ്പോൾ അതിനെ പരിഹസിക്കുകയും ബാങ്കിന്റെ വാക്കുകൾ കൊഞ്ഞനം കാട്ടി നാവുകൊണ്ട് വളച്ചൊടിച്ച് പറയുകയും ചെയ്തിരുന്നതിനെയാണ് 'നമസ്കാരത്തിലേക്ക് വിളിച്ചാൽ അവർ അതിനെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്യുന്നു' എന്ന് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇന്ന് അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ടും കപടഭക്തി നടിച്ചുകൊണ്ടും അലസതയോടുകൂടി നമസ്കരിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന പ്രജ്ഞയറ്റവരുമാണ് ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാത്തവരും പിശാചിന്റെ കെണിയിൽ പെട്ടവരും. വിശ്വാസികളുടെ ഇമാമും സംഘവുമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളണമെന്നാണ് നാഥൻ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത് എന്നിരിക്കെ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ സമ്മേളിക്കുന്ന പള്ളികളിലേക്ക് നമസ്കരിക്കാൻ പോകാത്ത ഒറ്റപ്പെട്ട വിശ്വാസിയെയാണ് ഇന്നത്തെ കപടന്മാർ പരിഹസിക്കുക. യഥാർത്ഥത്തിൽ അവർ ചിന്തയില്ലാത്ത ഒരു ജനതയായതുകൊണ്ടാണ് അത്. ഇന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവർ 4: 150–151 സൂക്തങ്ങളിൽ വിവരിച്ച യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളെയും അവരുടെ ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ടുള്ള നമസ്കാരത്തെയും പ്രവാചകന്മാരെയും ഗ്രന്ഥത്തെയും പരിഹസിക്കുകയും വെറുക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ ശിക്ഷ വഹിക്കേണ്ടി വരിക സത്യദീനിനെ പിൻപറ്റാതെ അതിനെ വക്രീകരിച്ച് ഏതാനും ആചാരാനുഷ്ഠാനങ്ങളുടെ സമുച്ചയമാക്കി മാറ്റിയ ഇക്കൂട്ടർ തന്നെയാണ്. അവരുടെ നമസ്കാരം 20: 14 ൽ പറഞ്ഞ പ്രകാരം 'ദിക്രീ' എന്ന

ഗ്രന്ഥം നിലനിർത്താൻ വേണ്ടിയുള്ളതല്ലാത്തതിനാൽ 29: 45 ൽ പറഞ്ഞ പ്രകാരം നീചവും നിഷിദ്ധവുമായ പ്രവർത്തനങ്ങളെത്തൊട്ട് തടയുന്നതിനുപകരം അത്തരം പ്രവൃത്തികളിലേക്ക് പ്രചോദനം നൽകുന്നതായിട്ടാണ് കണ്ടുവരുന്നത്. 2: 44; 3: 196–197; 4: 142; 36: 59–62; 67: 6–10 വിശദീകരണം നോക്കുക.

59. നീ ചോദിക്കുക: ഓ വേദക്കാരേ! നിശ്ചയം ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും ഞങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും മുമ്പ് അവതരിപ്പിക്കപ്പെട്ടതുകൊണ്ടും വിശ്വസിച്ചു എന്നതല്ലാതെ ഞങ്ങളുടെമേൽ പ്രതികാരത്തിന് നിങ്ങൾക്ക് മറ്റെന്തെങ്കിലും കാരണമുണ്ടോ? –നിശ്ചയം നിങ്ങളിൽ അധികപേരും തെമ്മാടികൾ തന്നെയാകുന്നു എന്നതുമല്ലാതെ.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന വേദക്കാരോട് ചോദിക്കാൻ ആവശ്യപ്പെട്ട ഈ ചോദ്യം ഇന്ന് വിശ്വാസികൾ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകളോടാണ് ചോദിക്കേണ്ടത്. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് വിശ്വസിക്കുകയും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അത് ജാതി–മത–ലിംഗ–വർണ്ണ–ഭാഷ–ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് തീവ്രവാദവും രക്തച്ചൊരിച്ചിലുമെല്ലാം നീക്കം ചെയ്യാനും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനും അതുവഴി ലോകത്തിന്റെ ആയുസ്സ് നീട്ടാനുമാണ് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള ഞങ്ങളുടെ കാര്യത്തിൽ നിങ്ങൾക്ക് പ്രതികാരത്തിന് കാരണമായിട്ടുള്ളത് എന്തൊന്നാണ് എന്നാണ് ചോദ്യം. കിടങ്ങുകീറി വിറകുനിറച്ച് തീയിട്ട് അതിൽ വിശ്വാസികളെ കരിക്കുന്നത് നോക്കി നിന്ന കാഫിറുകൾക്ക് വിശ്വാസികളോട് പ്രതികാരം ചെയ്യാൻ അവർ അജയ്യനും സ്വയം സ്തുത്യർഹനും ആകാശഭൂമികളുടെ ആധിപത്യമുള്ളവനുമായ അല്ലാഹുവിനെക്കൊണ്ട് വിശ്വസിച്ചു എന്നതല്ലാത്ത മറ്റൊരു കാരണവുമുണ്ടായിരുന്നില്ല എന്ന് 85: 8–9 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളെപ്പോലെ ഇതര ജനവിഭാഗങ്ങളും അദ്ദിക്ർ കിട്ടിയിട്ട് ഉപയോഗപ്പെടുത്താതെ തെമ്മാടികളാകുമ്പോഴാണ് ലോകത്തിന് അന്ത്യം കുറിക്കുക. 2: 99, 159–161; 4: 91; 5: 49; 63: 4 വിശദീകരണം നോക്കുക.

60. നീ ചോദിക്കുക: അല്ലാഹുവിന്റെ അടുക്കൽ അതിനേക്കാൾ ദുഷിച്ച പ്രതിഫലം ആർക്കാണ് ലഭിക്കുക എന്ന് ഞാൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരട്ടെയോ – ആരെയാണോ അല്ലാഹു ശപിച്ചത്, ആരുടെ മേലിലാണോ അവന്റെ കോപം വർഷിച്ചത്, ആരിൽ പെട്ടവരെയാണോ അല്ലാഹു കുരങ്ങുകളും പന്നികളുമാക്കിയത്, ആരാണോ ത്വാഗൂത്തിനുവേണ്ടി ജീവിക്കുകയും ചെയ്തത്, അക്കൂട്ടരാണ് ഏറ്റവും തിന്മയേറിയ സ്ഥാനത്തുള്ളവരും നേരെച്ചൊവ്വെയുള്ള യഥാർത്ഥ മാർഗത്തിൽ നിന്ന് പിഴച്ചവരും.

അദ്ദിക്റിൽ നിന്ന് മനുഷ്യരെ തടയുന്ന എല്ലാ പ്രേരണകളും വ്യക്തികളും ശക്തികളും സംഘടനകളും *ത്വാഗൂത്തിൽ* ഉൾപ്പെടുന്നതാണ്. മുഹൈമിനായ അല്ലാഹുവിനെക്കൊണ്ടും, അവനിൽ നിന്ന് അവതരിച്ചിട്ടുള്ള മുഹൈമിനായ ഗ്രന്ഥം (അദ്ദിക്ർ) കൊണ്ടും വിശ്വസിച്ചു എന്നതിന്റെ പേരിലാണോ നിങ്ങൾ വിശ്വാസികളായ ഞങ്ങളോട് ശത്രുതയും പ്രതികാരവും കാണിക്കുന്നത് എന്ന് പ്രവാചകന്റെ മുമ്പിലുണ്ടായിരുന്ന ജൂതരോട്

ചോദിക്കാൻ പറയുകയാണ്. അപ്പോൾ അല്ലാഹുവിന്റെ ശാപവും കോപവും വർഷിക്ക പ്പെട്ടവരും ധിക്കാരത്തിന്റേയും ധാർഷ്ട്യത്തിന്റേയും ഫലമായി കുരങ്ങുകളും പന്നികളു മായി പരിവർത്തിപ്പിക്കപ്പെട്ടവരും പിശാചിന്റെ താവളത്തിലേക്ക് അടുപ്പിക്കുന്ന ദു:ശക്തി കൾക്കുവേണ്ടി ജീവിച്ചുപോയവരുമായ നിങ്ങളുടെ പൂർവ്വപിതാക്കളിൽ പെട്ടവർക്കാണ് അതിലേറെ തിന്മയേറിയ പരിണിതിയുള്ളത്. അല്ലാഹുവിന്റെ വിധിവിലക്കുകൾ ധിക്കാര പൂർവ്വം തള്ളിപ്പറഞ്ഞ് ശനിയാഴ്ച നാളിനെ ധിക്കരിച്ച് മീൻ പിടിച്ചവരെ കുരങ്ങന്മാരാ ക്കി പരിവർത്തിപ്പിച്ച കാര്യം 2: 65-66 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 5: 114 പ്രകാരം ഞങ്ങ ളിൽനിന്നുള്ള ആദ്യർക്കും അന്ത്യർക്കും ഒരു പെരുന്നാളായിക്കൊണ്ടും നിന്നിൽ നിന്നു ള്ള ഒരു ദൃഷ്ടാന്തമായിക്കൊണ്ടും ഞങ്ങൾക്ക് നീ ആകാശത്തുനിന്നൊരു ഭക്ഷണത്തളി കയിറക്കിയാലും എന്ന് ഈസാനബി പ്രാർത്ഥിച്ചപ്പോൾ അല്ലാഹു ഭക്ഷണത്തളിക ഇറക്കു കയും അതിൽ നിന്ന് ഈസായുടെ കൂടെയുണ്ടായിരുന്ന അനുചരന്മാരും നാലായിരത്തിൽ പരം ജൂതരും ഭക്ഷിക്കുകയുമുണ്ടായി. 5: 115 ൽ അല്ലാഹു പറയുന്നു: നിശ്ചയം ഞാൻ അ ത് നിങ്ങളുടെമേൽ ഇറക്കും, എന്നാൽ നിങ്ങളിൽ ആരെങ്കിലും ആ ഭക്ഷണത്തളികയിൽ നിന്ന് ഭക്ഷച്ചതിനുശേഷം കാഫിറുകളാവുകയാണെങ്കിൽ നിശ്ചയം അവനെ ഞാൻ ലോ കരിൽ ആരെയും ശിക്ഷിച്ചിട്ടില്ലാത്ത ശിക്ഷ കൊണ്ട് ശിക്ഷിക്കുക തന്നെ ചെയ്യും. അങ്ങ നെ ആ ഭക്ഷണത്തളികയിൽ (മാഇദയിൽ) നിന്ന് ഭക്ഷണം കഴിച്ച ജൂതന്മാരിൽ നിന്നുള്ള ചിലർ ഇത് ആകാശത്തുനിന്ന് ഇറക്കിയത് തന്നെയാണോ എന്ന് സംശയിക്കുകയും അ ല്ലാഹുവിന്റെ ദൃഷ്ടാന്തത്തെ നിഷേധിക്കുകയും ചെയ്തപ്പോൾ അല്ലാഹു അവരെ പന്നിക ളാക്കി മാറ്റുകയാണുണ്ടായത്. ഈ സൂക്തത്തിൽ മാത്രമാണ് ഇസ്റാഈൽ സന്തതിക ളിൽ നിന്നുള്ളവരെ പന്നികളാക്കി മാറ്റിയ കാര്യം പറഞ്ഞിട്ടുള്ളത്.

ഇന്ന് ഇത്തരം സൂക്തങ്ങൾ വായിക്കുന്നവരും എന്നാൽ അതിന്റെ ആശയത്തിന് വി രുദ്ധമായി നിലകൊള്ളുന്നവരും ഗ്രന്ഥത്തിലെ സൂക്തങ്ങൾ വളച്ചൊടിക്കുകയും മൂടിവെ ക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന വഴിപിഴച്ചവരു മാണ്. അക്രമികളായ ഈ ജനതയെ അല്ലാഹു 62: 5 ൽ കഴുതയോടും ജൂതരോടും ഉപ മിക്കുകയും അവരെ ഇനി സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് അവർ ഉപമിക്കപ്പെട്ടിരി ക്കുന്നത്. ശപിക്കപ്പെട്ടവരും കോപിക്കപ്പെട്ടവരുമായ അവർക്ക് പ്രവാചകൻ പൊറുക്കലി നെ തേടിയാലും ഇല്ലെങ്കിലും അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്നും ഇത്തരം തെ മ്മാടികളായ ധിക്കാരികളെ ഇനി സന്മാർഗത്തിലേക്ക് നയിക്കുകയില്ലെന്നും 2: 6; 9: 80; 63: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നില നിർത്താനും ഭൂമിയുടെ തിരിച്ചുകറക്കം നീട്ടാനുമുള്ള ഉപകരണമായ അദ്ദിക്റിനെ മൂടി വെക്കുകയും അതുകൊണ്ട് കുറഞ്ഞവില വാങ്ങി വയർ നിറക്കുന്നവരുമായ ഇക്കൂട്ടർ ത ങ്ങളുടെ വയറുകളിൽ തീയാണ് നിറക്കുന്നതെന്നും വിധിദിവസം അല്ലാഹു അവരെ നോ ക്കുകയോ അവരോട് സംസാരിക്കുകയോ അവരെ സംസ്കരിക്കുകയോ ഇല്ലെന്നും 2: 174-176 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇക്കൂട്ടർ വിചാരണയില്ലാതെ നരകത്തിന്റെ അടി ത്തട്ടിൽ പോകുമെന്ന് 4: 145 ൽ പറഞ്ഞിട്ടുണ്ട്. തിരിച്ചറിയപ്പെടാൻ വേണ്ടി ഇഹത്തിലെ അവരുടെ മുഖച്ഛായ തന്നെ അവർക്ക് നൽകിക്കൊണ്ട് പന്നി, പട്ടി, കുരങ്ങ്, കഴുത, പെരു ച്ചാഴി തുടങ്ങിയ ഭൂമിയിലെ വെറുക്കപ്പെടുന്ന ജീവജാലങ്ങളുടെ ശരീരത്തോടുകൂടിയായി രിക്കും ഇവർ നരകത്തിൽ പുനർജീവിപ്പിക്കപ്പെടുക. തത്വനിർഭരവും സമാനമായ ഉപമഉ ദാഹരണങ്ങൾ അടങ്ങിയതും ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്റി

നെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കു ണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും യഥാർ ത്ഥ മാർഗ്ഗത്തിൽ നിന്ന് ഏറ്റവും പിഴച്ചവരുമാണെന്ന് 17: 97–98; 25: 33–34 എന്നീ സൂക്തങ്ങ ളിൽ അവരാണ് വായിച്ചിട്ടുള്ളത്. 1: 7; 2: 85, 165–167; 4: 47–52 വിശദീകരണം നോക്കുക.

61. നിങ്ങളുടെ അടുത്തുവരുമ്പോൾ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് അവർ പറയുകയും ചെയ്യും, അവർ നിഷേധവും കൊണ്ട് പ്രവേശിക്കുകയും അവർ അതും കൊണ്ടുതന്നെ പുറത്തുപോവുകയും ചെയ്തിരിക്കുന്നു, അവർ മറച്ചു വെച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു ഏറ്റവും അറിയുന്നവനുമാകുന്നു.

3: 78; 4: 46; 5: 41–42 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മദീനയിൽ പ്രവാചകന്റെ അടു ത്ത് സംശയങ്ങൾ ചോദിച്ച് വന്നിരുന്ന ജൂതരുടെയും കപടവിശ്വാസികളുടെയും സ്വഭാവ മാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. 47: 16 ൽ, കപടവിശ്വാസികളിൽ പെട്ട ചി ലർ നിന്നെ ശ്രദ്ധിച്ച് കേൾക്കുന്നവരുണ്ട്, എന്നാൽ നിന്റെ അടുത്ത് നിന്ന് പുറത്തുപോ യാൽ നീ പറഞ്ഞത് മനസ്സിലാകാത്തതുപോലെ അറിവുള്ളവരോട് അവർ ചോദിക്കുന്ന താണ്: ഇപ്പോൾ എന്താണ് ആ പറഞ്ഞത്? അക്കൂട്ടരുടെ ഹൃദയങ്ങളിന്മേലാണ് അല്ലാഹു മുദ്ര വെച്ചിട്ടുള്ളത്, അവർ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുന്നവരുമാകുന്നു എന്നും; കപടവിശ്വാസികളുടെ ഇത്തരം സ്വഭാവങ്ങളിൽ പെടാതിരിക്കുന്നതിനുവേണ്ടി 8: 21 ൽ വിശ്വാസികളെ വിളിച്ച്: നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസ രിക്കുക, നിങ്ങൾ പ്രവാചകന്റെ സംസാരം കേട്ടുകൊണ്ടിരിക്കെ പിന്തിരിഞ്ഞ് പോകാതി രിക്കുകയും ചെയ്യുക, നിങ്ങൾ കേൾക്കാതെ കേട്ടു എന്ന് പറയുന്നവരാകാതിരിക്കുകയും ചെയ്യുക എന്നും പറഞ്ഞിട്ടുണ്ട്. 47: 17 ൽ, ആരാണോ സന്മാർഗമാകുന്ന അദ്ദിക്ർ ഉപയോ ഗപ്പെടുത്തിയത്, അവർക്ക് അവരുടെ സന്മാർഗം വർദ്ധിപ്പിച്ചുകൊടുക്കുന്നതും അവർക്ക് സൂക്ഷ്മത നൽകുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

9: 124–125 സൂക്തങ്ങളിൽ, ഗ്രന്ഥത്തിൽ നിന്നുള്ള ഒരു സൂറത്ത് ഇറക്കപ്പെട്ടാൽ കപട വിശ്വാസികൾ ചോദിക്കും: നിങ്ങളിൽ ആർക്കാണ് ഇതുകൊണ്ട് വിശ്വാസം വർദ്ധിച്ചത്? വിശ്വാസികൾക്ക് അതുകൊണ്ട് വിശ്വാസം വർദ്ധിക്കുന്നതും അവർ അതിൽ സന്തോഷി ക്കുന്നതുമാണ്. തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ള കപടവിശ്വാസികൾക്ക് അത് മാലി ന്യത്തിനുമേൽ മാലിന്യമാണ് വർദ്ധിപ്പിക്കുക, അവർ കാഫിറുകളായിക്കൊണ്ട് മരണം വ രിക്കുകയും ചെയ്തിരിക്കുന്നു എന്നും; 9: 127 ൽ, ഒരു സൂക്തത്തിന്റെ ആശയം വിശദീക രിക്കുന്ന സദസ്സിൽ കയറിപ്പറ്റിയ കപടവിശ്വാസികൾ പരസ്പരം നോക്കുകയും, വിശ്വാ സികളിൽ പെട്ട ആരെങ്കിലും അവരെ കാണുന്നുണ്ടോ എന്ന് നോക്കി പിന്നെ ആരുമറി യാതെ സദസ്സിൽ നിന്ന് പിന്തിരിഞ്ഞുപോകുന്നതുമാണ്, അവർ ജീവിതലക്ഷ്യം നഷ്ടപ്പെ ട്ട ജനതയായതുകൊണ്ട് അല്ലാഹുവാണ് അവരുടെ ഹൃദയങ്ങളെ പിന്തിരിപ്പിക്കുന്നത് എ ന്നും പറഞ്ഞിരിക്കുന്നു. 63: 9; 74: 49–51 എന്നീ സൂക്തങ്ങളൊന്നും പരിഗണിക്കാതെ സിം ഹഗർജ്ജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെയാണ് ടിക്കറ്റായ അദ്ദിക് റിൽ നിന്ന് ഇത്തരം കപടവിശ്വാസികൾ വിരണ്ടോടുക. 2: 8–11; 3: 72–73; 4: 141–145 വിശ ദീകരണം നോക്കുക.

62. അവരിൽ നിന്നുള്ള അധികപേരെയും കുറ്റകരവും ശത്രുതാപരവുമായ കാര്യ ങ്ങളിൽ ഓടിനടക്കുന്നവരും നിഷിദ്ധം തിന്നുന്നവരുമായി നീ കാണുന്നതുമാ ണ്, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം വളരെ ദുഷിച്ചതുതന്നെ.

2: 173 ൽ വിശദീകരിച്ചിട്ടുള്ളവയാണ് നാഥൻ നിഷിദ്ധമായി (ഹറാമായി) കൽപിച്ചിട്ടു

ള്ളത്. അന്ന് മദീനയിലെ ജൂതരും ഇന്ന് അവരെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുന്ന കപടവിശ്വാസികളും 9: 67 ൽ പറഞ്ഞ പ്രകാരം നന്മ വിരോധിക്കുകയും തിന്മ കൽപിക്കുകയും ചെയ്യുന്നവരും അല്ലാഹുവിനെ മറന്നവരായത് കൊണ്ട് അല്ലാഹു അവരെയും മറന്നുകളഞ്ഞവരും തങ്ങളുടെ കൈകൾ ചുരുട്ടി പിശുക്ക് കാണിക്കുന്നവരുമായ തെമ്മാടികളുമാണ്. ഗ്രന്ഥം മൂടിവെച്ച് പുതിയ ആചാരാനുഷ്ഠാനങ്ങൾ ഉണ്ടാക്കി അതിൽ നിന്ന് തിന്നുന്നതിനാണ് 'നിഷിദ്ധം തിന്നുക' എന്നുപറഞ്ഞത്. 5: 2, 8 സൂക്തങ്ങളിൽ വിശ്വാസികളോടുള്ള അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരും ജനങ്ങളിൽ പുതിയ പുതിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വഴി ജീവിതഭാരം കയറ്റിവെക്കുന്നവരും ജനങ്ങളുടെ വിശ്വാസം ചൂഷണം ചെയ്ത് നിഷിദ്ധം തിന്നുന്നവരുമാണ് അവർ. കള്ളക്കടത്ത്, പൂഴ്ത്തിവെപ്പ്, പലിശ, കരിഞ്ചന്ത, കുഴൽപ്പണം, മയക്കുമരുന്ന് കച്ചവടം, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ തുടങ്ങിയ നിഷിദ്ധമായ മാർഗങ്ങളിലൂടെയെല്ലാം പണം നേടുകയും അത്തരം മാർഗത്തിലൂടെ പണം നേടിയതിൽ നിന്ന് ഒരുവിഹിതം കൈപ്പറ്റിക്കൊണ്ട് അവർക്ക് അനുകൂലമായ വിധി നൽകുകയും അവർക്കുവേണ്ടി ജാടയായി പ്രാർത്ഥിക്കുകയും ചെയ്യുന്നവരും അനാഥശാലകളുടെ പേരിൽ പിരിവ് നടത്തി കമ്മീഷൻ സ്വീകരിച്ച് 4: 10 പ്രകാരം തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീ നിറക്കുന്നവരുമാണ് അവർ. ഇസ്ലാമിലില്ലാത്ത സ്ത്രീധനം വാങ്ങാൻ പ്രോത്സാഹിപ്പിക്കുകയും ഇസ്ലാമിൽ വിവാഹം സ്രഷ്ടാവായ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു കരാറാണെന്ന് പഠിപ്പിച്ചിരിക്കെ അതിന് വിരുദ്ധമായിക്കൊണ്ട് 'നിക്കാഹ്' വചനങ്ങൾ ചൊല്ലിക്കൊടുത്ത് അതിന് പ്രതിഫലം സ്വീകരിച്ച് നിഷിദ്ധം തിന്നുന്നവരും 6: 36; 27: 80–81; 30: 52–53; 36: 69–70 തുടങ്ങിയ സൂക്തങ്ങൾക്ക് വിരുദ്ധമായി മരിച്ചവർക്ക് അറബി ഖുർആൻ ഓതിക്കൊടുത്തും ഖബറിനടുത്ത് വെച്ച് ചോദ്യങ്ങളും ഉത്തരങ്ങളും പറഞ്ഞുകൊടുത്തും പണം വാങ്ങുന്നവരും മരിച്ചവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർക്ക് ഇനി ചെയ്യാനുള്ളത് മൂന്ന്, എട്ട്, നാൽപത്, ആണ്ട് എന്നീ നാളുകളിൽ മൗലൂദും യാസീനും ഓതി പ്രാർത്ഥിക്കലാണെന്ന് അനുയായികളെ തെറ്റിദ്ധരിപ്പിച്ച് വയറ് നിറക്കുന്നവരും അവരിലുണ്ട്. 2: 174–175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് അത് ജനങ്ങളെ പഠിപ്പിക്കാതെ നമസ്കാരത്തിന് ഇമാമത്ത് നിന്നുകൊണ്ടും പ്രഭാഷണങ്ങൾ നടത്തിക്കൊണ്ടും പ്രതിഫലം പറ്റി അത് ഉപയോഗിക്കുന്നതും വയറുകളിൽ തീ നിറക്കലും നിഷിദ്ധം തിന്നലും തന്നെയാണ്.

ചുരുക്കത്തിൽ അവരുടെ പ്രവർത്തനങ്ങളെല്ലാം കുറ്റകരവും വിശ്വാസികളോടും 1000 സമുദായത്തിൽ പെട്ട ജീവികളോടും ശത്രുതാപരവും അവർക്ക് ദോഷം വരുത്തുന്നതുമായിരിക്കും. 41: 26–28 സൂക്തങ്ങളിൽ പറഞ്ഞ അല്ലാഹുവിന്റെ ശത്രുക്കളായ അവർക്കെതിരെ അവരുടെ തന്നെ തൊലികളും കേൾവികളും കാഴ്ചകളും സാക്ഷ്യം വഹിക്കുമെന്ന് 41: 19–24 ൽ പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്. അത്തരം കപടവിശ്വാസികൾക്ക് നരകത്തെത്തൊട്ട് എന്ത് ക്ഷമയാണുള്ളത് എന്ന് 2: 175 ൽ അല്ലാഹു ചോദിക്കുന്നു. 52: 25–26 സൂക്തങ്ങളിൽ, സ്വർഗവാസികൾ പരസ്പരം 'നിങ്ങൾ എങ്ങനെയാണ് സ്വർഗത്തിലെത്തിച്ചേർന്നത്' എന്ന് അന്വേഷിക്കുമ്പോൾ അവർ പറയുന്നതാണ്: നിശ്ചയം, ഐഹിക ലോകത്ത് ഞങ്ങളുടെ കുടുംബാംഗങ്ങളുടെ കാര്യത്തിൽ അവരെ നിഷിദ്ധം തീറ്റിയാൽ ആ ശരീരം നരകത്തിൽ കരിയേണ്ടി വരുമല്ലോ എന്ന് പ്രയാസപ്പെടുന്നവരായിരുന്നു ഞങ്ങൾ എന്ന് പറഞ്ഞിട്ടുണ്ട്. 2: 93, 188; 4: 137–140; 5: 42 വിശദീകരണം നോക്കുക.

63. അവരുടെ പണ്ഡിതന്മാരും പുരോഹിതന്മാരും അവരുടെ കുറ്റകരമായ വാക്കുകളെത്തൊട്ടും അവർ നിഷിദ്ധം തിന്നുന്നതിനെത്തൊട്ടും അവരെ വിരോധിച്ചിരുന്നെങ്കിൽ! അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് വളരെ ദുഷിച്ചതുതന്നെ.

സൂക്തത്തിൽ പറഞ്ഞ *റബ്ബാനിയ്യുകൾ*(പണ്ഡിതന്മാർ) പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരിലെ വേദപരിജ്ഞാനികളെന്ന് അഭിമാനിച്ചിരുന്നവരും *അഹ്ബാറുകൾ*(പുരോഹിതന്മാർ) 5: 82 ൽ പറഞ്ഞ *റുഹ്ബാനികളായ*(ലോക പരിത്യാഗികൾ) ക്രൈസ്തവരിലെ പുരോഹിതരുമാണ്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്നത് പ്രവാചകന്റെ ജനതയാണ്. 4: 118 പ്രകാരം ത്രികാല ജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന എല്ലാ പ്രവാചകന്മാരുടെയും ജനതയിലെ കപടവിശ്വാസികളും കുഫ്ഫാറുകളും നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. ജഡത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്ന കപടവിശ്വാസികൾ 9: 34 ൽ വിവരിച്ച പ്രകാരം ജനങ്ങളുടെ ധനം അവിഹിതമായി തിന്നുന്നവരും ജനങ്ങളെ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് തടയുന്നവരുമാണ്. അവരുടെ പ്രവർത്തനങ്ങളും അവർ പിൻഗാമികൾക്ക് ഇവിടെ വിട്ടേച്ചുപോകുന്ന പൈതൃകങ്ങളും വളരെ ദുഷിച്ചതും അല്ലാഹുവിന്റെ സൃഷ്ടികളെ നരകത്തിലേക്ക് അടുപ്പിക്കുന്ന വിധത്തിലുള്ളതുമാണ് എന്നാണ് 'അവർ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് വളരെ ദുഷിച്ചതു തന്നെ.' എന്ന് പറഞ്ഞതിന്റെ വിവക്ഷ. വിശ്വാസികൾ അല്ലാഹുവിന്റെ സൃഷ്ടികളെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്ന അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള സംസ്കാരമാണ് ഉത്പാദിപ്പിക്കുക. 1: 7; 2: 204; 3: 78; 4: 150–151; 7: 205–206 വിശദീകരണം നോക്കുക.

64. ജൂതർ പറയുകയും ചെയ്യുന്നു: അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടവയാണ് എന്ന്; ബന്ധിക്കപ്പെട്ടിരിക്കുന്നത് അവരുടെ കൈകളാണ്, അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ പേരിൽ അവർ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ല, അവന്റെ ഇരുകൈകളും വളരെ വിശാലമാണ്, അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവ് ചെയ്യുന്നു, നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് അവതരിപ്പിക്കപ്പെട്ടത് അവരിൽ അധികപേരുടെയും ധിക്കാരവും നിഷേധവും വർദ്ധിപ്പിക്കുക തന്നെ ചെയ്യും, നാം അവരുടെ ഇടയിൽ അന്ത്യനാൾ വരെ ശത്രുതയും വിദ്വേഷവും ഇട്ടുകൊടുത്തിരിക്കുന്നു, അവർ യുദ്ധത്തിനുവേണ്ടി തീ കത്തിക്കുമ്പോഴെല്ലാം അല്ലാഹു അത് ഊതിക്കെടുത്തുന്നു, അവർ ഭൂമിയിൽ നാശം വിതക്കാൻ ഓടിനടക്കുന്നവരുമാണ്, അല്ലാഹു നാശകാരികളെ ഇഷ്ടപ്പെടുന്നവനുമല്ല.

അറബി ഭാഷയിൽ 'കൈ ബന്ധിക്കപ്പെടുക' എന്നതിന് ലുബ്ധനാവുക എന്നാണ് ആശയം. 17: 29 ൽ, നിന്റെ കൈ നീ പിരടിയിൽ കെട്ടരുത്, അത് പൂർണ്ണമായി നീട്ടിയിടുകയുമരുത്, അങ്ങനെയായാൽ ആക്ഷേപിക്കപ്പെട്ടവനും ദുഃഖിതനുമായി നീ ഇരുന്നുപോകും എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ പിശുക്ക് കാണിക്കരുതെന്നും ധൂർത്തായി ചെലവഴിക്കരുതെന്നുമാണ് ആശയം. 25: 67 ൽ, നിഷ്പക്ഷവാന്റെ ഇഷ്ടദാസന്മാർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്ക് കാണിക്കുകയോ ഇല്ലെന്നും അവ രണ്ടിന്റെയും ഇടയിലുള്ള മിതമാർഗമാണ് സ്വീകരിക്കുക എന്നും പറഞ്ഞിട്ടുണ്ട്. മദീനയിൽ നൂറ്റാണ്ടുകളായി ദൈന്യതയിലും പരാധീനതയിലും കഴിഞ്ഞുകൂടിയിരുന്ന ജൂതന്മാർ തങ്ങളുടെ പൂർവ്വപ്രതാപം വീണ്ടെടുക്കാൻ യാതൊരു സാധ്യതയും കണ്ടിരുന്നില്ല. പുതിയ പ്രവാചകൻ നിയോഗിക്കപ്പെട്ടത് ഇസ്മാഈൽ പരമ്പരയിൽ നിന്നായതുകൊണ്ട് അദ്ദേഹത്തിന് അവതരിപ്പി

ച്ചിട്ടുള്ള ഗ്രന്ഥം സ്വീകരിക്കാൻ അവർ കൂട്ടാക്കിയതുമില്ല. അവരുടെ മനസ്സിലുള്ള വിദ്വേഷവും സത്യനിഷേധവും പുറത്തുചാടിയത് 'അല്ലാഹു ലുബ്ധനായിരിക്കുന്നു, അവന്റെ ഖജനാവ് അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു, വിപത്തുകളും വിനാശങ്ങളുമല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് തരാൻ അവന്റെ വശം ഇപ്പോഴില്ല' എന്നിങ്ങനെയുള്ള വാക്കുകളിലൂടെയായിരുന്നു. പ്രവാചകന് അവതരിപ്പിച്ചുകൊണ്ടിരുന്ന അദ്ദിക്റിനോട് ധിക്കാരവും നിഷേധവുമായ നയം സ്വീകരിച്ചതുകൊണ്ടാണ് ജൂതന്മാർക്കിടയിൽ അന്ത്യനാൾവരെ ശത്രുതയും വിരോധവും ഇട്ടുകൊടുത്തത്.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന കപടവിശ്വാസികളുടെയും ജൂതരുടെയും സ്വഭാവം ഇന്ന് മനുഷ്യരിൽ കണ്ടുവരുന്നത് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലാണ്. അദ്ദിക്റിനാൽ പഠിപ്പിക്കപ്പെടുന്നത് പോലെയും ലോകരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളാകാനാണ് അന്ത്യപ്രവാചകന്റെ ജനതയായ അവർ 3: 79 ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ക്രോഡീകരിക്കപ്പെട്ടിരിക്കെ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ 29 കള്ളവാദികളും കപടവിശ്വാസികളും എഴുതിയുണ്ടാക്കിയ ഫുജ്ജാർ കിതാബുകളാണ് പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും. 2: 59-61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ വിവിധ സംഘടനകളായി ഭിന്നിക്കുക വഴി പരസ്പരം ശത്രുത വെച്ചുപുലർത്തുന്നവരാണ്. അവർ തന്നെയാണ് 2: 168 ൽ വിവരിച്ച പ്രകാരം കൊള്ള, കൊല, കവർച്ച, രക്തച്ചൊരിച്ചിൽ, മനുഷ്യക്കടത്ത്, ലഹരി, മയക്കുമരുന്ന്, സ്വവർഗരതി, വ്യഭിചാരം, ബലാൽസംഗം തുടങ്ങിയ പൈശാചിക പ്രവൃത്തികളിൽ ലോകത്തെവിടെയും മുൻപന്തിയിലുള്ളത്. 4: 91 ൽ വിവരിച്ച പ്രകാരം ഈസായുടെ രണ്ടാം വരവോടുകൂടി ലോകത്തെല്ലായിടത്തുമുള്ള ഈ ദുഷിച്ച ജനത അന്ന് ഇസ്ലാമിനെയും അദ്ദിക്റിനെയും അംഗീകരിക്കുന്ന ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല, മറിച്ച് 9: 82 ൽ വിവരിച്ച പ്രകാരം ഓരോരുത്തരും കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവനെതിരെ വാദിച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും അവനെ നരകത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക.

അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി 17: 30 ൽ പറഞ്ഞ പ്രകാരം നാഥൻ തന്റെ അടിമകളെ സൂക്ഷ്മമായി വലയം ചെയ്ത, സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് എന്ന ബോധത്തിൽ നിലകൊള്ളുന്നവനും, 16: 71 ൽ പറഞ്ഞ പ്രകാരം നാഥൻ ചിലരെ ചിലരേക്കാൾ ഭക്ഷണവിഭവങ്ങളും മറ്റും നൽകി അനുഗ്രഹിച്ചിരിക്കുന്നു എന്ന വസ്തുത മനസ്സിലാക്കിയവനുമാണ്. 16: 96 ൽ വിവരിച്ച പ്രകാരം നാഥനെ സ്വയം പര്യാപ്തനായി പരിഗണിക്കുന്ന വിശ്വാസി ക്ഷമാലുക്കൾക്ക് അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും നല്ല പ്രവൃത്തിനോക്കി പ്രതിഫലം നൽകുന്നവനാണ് നാഥൻ എന്ന ഉത്തമബോധ്യമുള്ളവനാണ്. 5: 48 ൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞവനാണ്. 75: 22-23 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിശ്വാസി മരണസമയത്ത് ആത്മാവുകൊണ്ട് നാഥനെ പ്രസന്നതയോടെ നോക്കുന്നതാണ്. 2: 11-12, 85; 4: 49; 5: 54 വിശദീകരണം നോക്കുക.

65. വേദക്കാർ വിശ്വാസികളാവുകയും സൂക്ഷ്മതയുള്ളവരുമായിരുന്നുവെങ്കിൽ,

നിശ്ചയം നാം അവരെത്തൊട്ട് അവരുടെ തിന്മകൾ മായ്ച്ചുകളയുകയും അവരെ അനുഗ്രഹസമ്പൂർണ്ണമായ സ്വർഗപ്പൂന്തോപ്പുകളിൽ പ്രവേശിപ്പിക്കുകയും ചെയ്യുമായിരുന്നു.

അന്ന് മദീനയിലുണ്ടായിരുന്ന ജൂത-ക്രൈസ്തവരെക്കുറിച്ചാണ് വേദക്കാരെന്ന് പറഞ്ഞത്. വേദഗ്രന്ഥം ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയും അതിനെ പിൻപറ്റി ജീവിക്കുകയുമാണെങ്കിൽ അവരുടെ കഴിഞ്ഞുപോയ തിന്മകളൊക്കെയും മായ്ച്ചുകളയുകയും അവരെ അനുഗ്രഹീതമായ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുമെന്നാണ് അല്ലാഹു പറയുന്നത്. മൊത്തം ലോകർക്ക് അല്ലാഹുവിൽ നിന്നുള്ള സന്മാർഗം അജയ്യഗ്രന്ഥമായ അദ്ദിക്ർ മാത്രമാണ്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയും, ലോകരെ നന്മയിലും സൂക്ഷ്മതയിലും ഒരുമിപ്പിക്കാൻ ലക്ഷ്യം വെച്ചുകൊണ്ട് അല്ലാഹുവിന്റെ സന്ദേശമായ അത് അവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യലാണ് അദ്ദിക്ർ ലഭിക്കുന്നതിന് മുമ്പ് പ്രവർത്തിച്ച തിന്മകളെല്ലാം മായ്ച്ച് കളയാനുള്ള മാർഗ്ഗം. അറിവില്ലായ്മ കൊണ്ട് തിന്മയിലും നശീകരണ പ്രവർത്തനങ്ങളിലും മുഴുകി ജീവിച്ചുകൊണ്ടിരിക്കുന്ന ലോകരെ, 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ ഓരോരുത്തരും അവരവരുടെ പിരടിൽ വഹിക്കുന്ന കർമരേഖയെക്കുറിച്ച് ബോധവാന്മാരാക്കിക്കൊണ്ടാണ് അതിന് സാധിക്കുക. അത്തരക്കാർ മാത്രമാണ് അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നവരും അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്നവരും. 2: 25; 3: 133-136; 4: 123-124; 98: 7-8 വിശദീകരണം നോക്കുക.

66. നിശ്ചയം അവർ തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽ നിന്ന് അവരിലേക്ക് ഇറക്കപ്പെട്ട ഒന്നും നിലനിലർത്തുകയായിരുന്നുവെങ്കിൽ, അവരുടെ മീതെ നിന്നും അവരുടെ കാലുകൾക്കടിയിൽ നിന്നും ഞാൻ അവരെ ഭക്ഷിപ്പിക്കുക തന്നെ ചെയ്യുമായിരുന്നു, അവരിൽ ഒരുവിഭാഗം മിതത്വം പാലിക്കുന്നവരായുണ്ട്, അവരിൽ അധികപേരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എത്ര ചീത്തയുമാണ്.

5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്ർ എന്ന ഗ്രന്ഥത്തിൽ മുമ്പുവന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുള്ളതിനാൽ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്ന ഏതൊരാൾക്കും ഇവിടെ പരിശുദ്ധമായ ജീവിതം ലഭിക്കുന്നതും പരലോകത്ത് അവൻ ഇവിടെ പ്രവർത്തിച്ച ഏറ്റവും നല്ല പ്രവൃത്തിനോക്കി പ്രതിഫലം നൽകപ്പെടുന്നതുമാണ്. ഗ്രന്ഥത്തിന്റെ കൽപനകൾ കൽപിക്കുകയും വിരോധങ്ങൾ വിരോധിക്കുകയും അതിന്റെ പേരിൽ ഉണ്ടാകുന്ന പ്രതികരണങ്ങൾ ക്ഷമിക്കുകയും ചെയ്യലാണ് ലക്ഷ്യസാക്ഷാത്കരണത്തിന്റെയും സ്ഥൈര്യത്തിന്റെയും മാർഗമെന്ന് 31: 17 ൽ പറഞ്ഞിട്ടുണ്ട്. 35: 32 ൽ, പിന്നെ നമ്മുടെ അടിമകളിൽ നിന്ന് നാം തെരഞ്ഞെടുത്തവർക്ക് ഗ്രന്ഥം അനന്തരാവകാശമായി നൽകുകയുണ്ടായി, അപ്പോൾ അവരിൽ സ്വന്തത്തോട് അക്രമം കാണിച്ചവരുണ്ട്, അവരിൽ മിതത്വം പാലിക്കുന്നവരുമുണ്ട്, അവരിൽ അല്ലാഹുവിന്റെ സമ്മതപത്രത്തോടുകൂടി നന്മയിലേക്ക് മുൻകടക്കുന്നവരുമുണ്ട്, അതുതന്നെയാണ് വമ്പിച്ച ശ്രേഷ്ഠത എന്ന് പറഞ്ഞിട്ടുണ്ട്. 7: 96 ൽ, നാട്ടിലെ നിവാസികൾ വിശ്വസിക്കുകയും അദ്ദിക്ർ പിൻപറ്റുകയുമാണെങ്കിൽ നാം അവർക്ക് ആകാശങ്ങളുടെയും ഭൂമിയുടെയും അനുഗ്രഹകവാടങ്ങൾ തുറന്നുകൊടുക്കുക തന്നെ ചെയ്യുമായിരുന്നു, എന്നാൽ അവർ ഐശ്വര്യമായ അദ്ദിക്റിനെ തള്ളിപ്പറയുകയും കളവാക്കുകയും ചെയ്തതിനാൽ അവർ സമ്പാദിച്ചതിന്റെ പേരിൽ നാം അവരെ പിടികൂടി ശിക്ഷിക്കുകയാണുണ്ടായത് എന്നും പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ട തൗറാത്തിനെയും ഇഞ്ചീലിനെയുമെല്ലാം കാത്തുസൂക്ഷിക്കുന്ന മുഹൈമിനായ അദ്ദിക്റിന്റെ വഴിയിൽ നിലകൊള്ളുകയും മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് ആധാരമായ ജൈവകൃഷിയിൽ ഏർപ്പെടുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും 'മനുഷ്യൻ ആരാണ്, ആത്മാവ്, ശരീരം, ജീവൻ ഇവയെല്ലാം എന്താണ്, വിവേചനശക്തി നൽകപ്പെട്ടിട്ടുള്ള മനുഷ്യർക്ക് ഇതര ജീവജാലങ്ങളുടെമേലുള്ള ശ്രേഷ്ഠത എന്താണ്' തുടങ്ങിയ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്നതിനും മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ട് ശാന്തിയും സമാധാനവുമുള്ള ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുകയുമാണ് ഇന്ന് ചെയ്യേണ്ടത്. അതെല്ലാം തന്നെയാണ് സ്വർഗ്ഗത്തിലേക്ക് മുൻകടക്കാൻ ഉതകുന്ന ഉത്തമപ്രവർത്തനങ്ങളും നിഷ്പക്ഷവാനായ നാഥനെ സഹായിക്കലും. അദ്ദിക്റിനെ മൂടിവെച്ച് സൃഷ്ടികൾക്ക് ജീവിതഭാരമുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും അത്തരം പ്രവർത്തനങ്ങളെ മനസ്സുകൊണ്ടുപോലും വെറുക്കാതിരിക്കുകയും ചെയ്യുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ നമസ്കാരക്കാരും നോമ്പുകാരും ഹജ്ജുകാരുമെല്ലാം പിഴയായി നരകക്കുണ്ഠം സ്വീകരിക്കേണ്ടവരാണ്. ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33; 16: 27 എന്നീ സൂക്തങ്ങളിലൂടെ അവരോട് വാഗ്ദത്തം നൽകിയിട്ടുള്ളത്.

വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന 70,000 പേരിൽ കൂടുതലും ആദ്യകാലക്കാരിൽ നിന്നുള്ളവരും കുറച്ചുപേർ പ്രവാചകന്റെ സമുദായമായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരിൽ നിന്നുള്ളവരുമാണ്. വിചാരണക്ക് ശേഷം സ്വർഗത്തിൽ പോകുന്നവർ (മിതത്വം പുലർത്തുന്നവർ) ആദ്യകാലക്കാരിൽ നിന്ന് ഒരു വിഭാഗവും പ്രവാചകന്റെ സമുദായത്തിൽ നിന്ന് ഒരു വിഭാഗവുമാണെന്നും 56: 7–14, 38–40 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ മനുഷ്യരിൽ നിന്നുള്ള സ്വർഗത്തിലേക്ക് പോകുന്ന അധികപേരും ആദ്യകാലക്കാരിൽ നിന്നുള്ളവരാണെങ്കിൽ പ്രവാചകന്റെ ജനതയിൽ നിന്ന് ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. 2: 62, 213; 5: 51, 57; 30: 41 വിശദീകരണം നോക്കുക.

67. ഓ പ്രവാചകനായിട്ടുള്ളവനേ! നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്ന് നീ എത്തിച്ചുകൊടുക്കുക, നീ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അപ്പോൾ നീ അവന്റെ സന്ദേശം എത്തിച്ച് കൊടുക്കുന്നവനാവുകയില്ല, മനുഷ്യരിൽ നിന്ന് അല്ലാഹു നിന്നെ സംരക്ഷിക്കുന്നതുമാണ്, നിശ്ചയം അല്ലാഹു കാഫിറുകളായ ഒരു ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല.

പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ സന്ദേശം മനുഷ്യർക്ക് എത്തിച്ച് കൊടുക്കാൻ മനുഷ്യരിൽ നിന്ന് തന്നെ നിയോഗിക്കപ്പെട്ട വ്യക്തിയാണ് പ്രവാചകൻ. 313 പ്രവാചകന്മാർക്കും അല്ലാഹു നൽകിയ സന്ദേശം അദ്ദിക്ർ തന്നെയാണ്. നിന്റെ ബാധ്യത എത്തിച്ചുകൊടുക്കലും വിചാരണാബാധ്യത നാഥന്റേതുമാണ് എന്ന് 13: 40 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ മേൽ എത്തിച്ചുകൊടുക്കലല്ലാതെ ബാധ്യത ഇല്ല എന്ന് 5: 99 ലും പറഞ്ഞിട്ടുണ്ട്.

മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടതുമുതൽ അന്ത്യനാൾ വരെയുള്ള മുഴുവൻ സൃഷ്ടികൾക്കും അല്ലാഹുവിന്റെ സന്ദേശം 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യ കലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റാണ്. 33: 39 ൽ, മുഹമ്മദ് ഉൾപ്പെടെ എല്ലാ നബിമാരും അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നവരാണെന്നും അല്ലാഹുവിനെ ഭയ

പ്പെടുന്നവരാണെന്നും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാത്തവരാണെന്നും വിചാരണ നടത്താൻ അല്ലാഹു തന്നെ ഏറ്റവും മതിയായവനാണെന്നും പറഞ്ഞിട്ടുണ്ട്. 33: 40 ൽ, മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ലെന്നും എന്നാൽ അല്ലാഹുവിന്റെ പ്രവാചകനും നബിമാരിൽ അന്ത്യനുമാണെന്നും പറഞ്ഞിട്ടുണ്ട്. അഥവാ മുഹമ്മദിന് ശേഷം ഇനി ഒരു പ്രവാചകനോ നബിയോ വരാനില്ല. ഈസായെ അല്ലാഹു രണ്ടാമത് കൊണ്ടുവരുന്നത് അദ്ദിക്റിനെ മൂടിവെച്ച് ഇസ്ലാമിനെയും മുഹമ്മദ് നബിയെയും കളവാക്കി ജനമധ്യത്തിൽ അവതരിപ്പിക്കുന്ന കപടവിശ്വാസികളെയും ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവരെയും വധിക്കുന്നതിനുവേണ്ടിയും ഇസ്ലാം ലോകർക്ക് അല്ലാഹു തൃപ്തിപ്പെട്ട ഏക ജീവിതവ്യവസ്ഥയാണെന്ന് പരിചയപ്പെടുത്തുന്നതിനും മുഹമ്മദ് നബിയെ സർവ്വലോകർക്കും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല എന്ന് 21: 107 ൽ പറഞ്ഞത് നടപ്പിൽ വരുത്തുന്നതിനുമാണ്.

അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുക പിശാചിന്റെ സംഘത്തിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. അപ്പോൾ പിശാചിന്റേതടക്കം എല്ലാ ജീവജാലങ്ങളുടെയും കടിഞ്ഞാൺ ആരുടെ കൈയിലാണോ, ആ അല്ലാഹു അവന്റെ സന്ദേശം എത്തിച്ചുകൊടുത്തുകൊണ്ട് അവനെ സഹായിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികളെ യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളും ആയവരിൽ നിന്ന് സഹായിക്കുമെന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനും* നാഥന്റെ വീടായ സമാധാനഗേഹത്തിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റുമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറായ ജനതയെ അല്ലാഹു ഒരിക്കലും സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല എന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളത് എന്നതിനാൽ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, നിരീശ്വരവാദികൾ തുടങ്ങിയ ഇതര ജനവിഭാഗങ്ങളിലേക്ക് അദ്ദിക്ർ എത്തിച്ചുകൊടുക്കാനാണ് ഒറ്റപ്പെട്ട വിശ്വാസി അവസാനകാലഘട്ടമായ ഇന്ന് ശ്രമിക്കേണ്ടത്. പ്രവാചകൻ മുഹമ്മദിനും അക്കാലത്തുള്ള അനുയായികൾക്കും ക്രോഡീകരിക്കപ്പെട്ട അദ്ദിക്ർ ഒരു ഗ്രന്ഥമായി ലഭിച്ചിരുന്നില്ല. എന്നാൽ ഇന്ന് ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാലാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 17: 97 ൽ പറഞ്ഞ പ്രകാരം കാഫിറായ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് ബധിരരും ഊമരും അന്ധരുമായി വലിച്ചിഴക്കപ്പെടുന്നത്. നിശ്ചയം അല്ലാഹു കാഫിറുകളായ ഒരു ജനതയെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന ആശയത്തോടുകൂടിയാണ് 16: 107 അവസാനിക്കുന്നതും. 2: 2, 99; 3: 108; 4: 91 വിശദീകരണം നോക്കുക.

68. നീ പറയുക: ഓ വേദക്കാരേ! തൗറാത്തും ഇഞ്ചീലും നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്നും നിങ്ങൾ നിലനിർത്തുന്നതുവരെ ഒരിക്കലും നിങ്ങൾ ഒരു പ്രമാണത്തിന്മേലുമല്ല തന്നെ, നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്ന് അവരിൽ നിന്നുള്ള അധികപേരുടെയും ധിക്കാരവും നിഷേധവും വർദ്ധിപ്പിക്കുക തന്നെ ചെയ്യും, അപ്പോൾ കാഫിറുകളായ ജനതയുടെമേൽ നീ ദുഃഖിക്കേണ്ടതില്ല.

ഇന്ന് മൊത്തം ലോകർക്കുള്ള വേദം നാഥനിൽ നിന്ന് മുമ്പുവന്നിട്ടുള്ള 312 ഗ്രന്ഥങ്ങ

ളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമായ അദ്ദിക്ർ ആയതിനാൽ മദീനയിലുള്ള ജൂതന്മാരോടുള്ള ഈ അഭിസംബോധന ഇന്ന് വേദഗ്രന്ഥത്തിന്റെ ആളുകളാണെന്ന് ദുരഭിമാനിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് മാത്രമാണ്. അവരോട് അല്ലാഹു പറയുകയാണ്: അദ്ദിക്റിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുകയും അതിനെ മൂടിവെക്കാതെ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതുവരെ നിങ്ങൾക്ക് അഭിമാനിക്കാനോ പ്രൗഢരാകാനോ ജനങ്ങളെ നയിക്കുന്ന നേതാക്കന്മാരാകാനോ അർഹതയില്ല. മറിച്ച് നിങ്ങൾക്ക് ഇഹത്തിൽ നിന്ദ്യതയും ശാപവും കോപവും പരത്തിൽ അതികഠിനമായ ശിക്ഷയുമാണുള്ളത്. 2: 6–7, 159–161; 3: 72–73; 4: 63, 174–175 വിശദീകരണം നോക്കുക.

69. നിശ്ചയം വിശ്വാസികളായവരാരോ, ജൂതരോ സാബിഈങ്ങളോ ക്രൈസ്തവരോ ആയവരാരോ; അവരിൽ നിന്ന് അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയുമാണെങ്കിൽ, അപ്പോൾ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യവുമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൊണ്ടല്ലാതെ ഇന്ന് ഒരാളും വിശ്വാസിയാവുകയില്ല. എന്നാൽ, മുഹമ്മദിന്റെ തന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സൗരാഷ്ട്രർ, സിഖുകാർ തുടങ്ങിയ ഇതരജനവിഭാഗങ്ങളിൽ പെട്ടവർ അല്ലാഹുവിനെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിക്കുകയും പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ സഹായിക്കും വിധം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും കൃഷി ചെയ്തും ജീവജാലങ്ങളെ വളർത്തിയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയുമാണെങ്കിൽ അവരുടെമേൽ ഭയപ്പെടാനും അവർക്ക് ദുഃഖിക്കാനും ഇടവരികയില്ല എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദിക്റിനെ മൂടിവെക്കുന്ന ഫുജ്ജാറുകളായ യഥാർത്ഥ കാഫിറുകൾ പോകുന്ന നരകത്തിൽ അവർ പ്രവേശിപ്പിക്കപ്പെടുകയില്ല എന്നാണ്. മറിച്ച് 2: 62 ൽ വിവരിച്ച പ്രകാരം ഒരിക്കൽ കുടിച്ചാൽ പിന്നെയൊരിക്കലും ദാഹം അനുഭവപ്പെടാത്ത 'കൗസർ' തടാകത്തിൽ നിന്ന് കുടിപ്പിക്കപ്പെട്ട ശേഷം സ്വർഗ്ഗവും നരകവുമല്ലാത്ത വേറെ ഏതെങ്കിലും ലോകത്തിലേക്കാണ് വിചാരണക്കുശേഷം നിഷ്പക്ഷവാനായ സർവ്വലോകങ്ങളുടെയും നാഥൻ അവരെ അയക്കുക. 3: 100–101; 4: 44, 122–124 വിശദീകരണം നോക്കുക.

70. നിശ്ചയം, ഇസ്റാഈൽ സന്തതികളോട് നാം ദൃഢപ്രതിജ്ഞ വാങ്ങിയിട്ടുണ്ടായിരുന്നു, അവരിലേക്ക് നാം പ്രവാചകന്മാരെ അയക്കുകയും ചെയ്തിട്ടുണ്ട്, എല്ലാ ഓരോ പ്രാവശ്യവും അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിരുദ്ധമായുള്ള സന്ദേശവും കൊണ്ട് പ്രവാചകന്മാർ അവരിലേക്ക് വന്നപ്പോൾ ഒരുവിഭാഗത്തെ അവർ കളവാക്കി തള്ളിപ്പറഞ്ഞു, മറ്റൊരു വിഭാഗത്തെ അവർ വധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

മദീനയിലെ ജൂതർ അവരുടെ പിതാക്കളെ പിൻപറ്റുന്നവരാണെന്ന് വാദിച്ചിരുന്നു. 2: 61 ൽ ജൂതരായിത്തീർന്നവർ ഗ്രന്ഥത്തെ തള്ളിപ്പറഞ്ഞുകൊണ്ട് അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുന്നവരും നബിമാരെ വധിക്കുന്നവരുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 4: 157; 5: 11 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാരായ ഈസായെയും മുഹമ്മദിനെയും വധിക്കാൻ അവർ ഉദ്യമിച്ചിരുന്നു. 10: 103 ൽ വിവരിച്ച പ്രകാരം പ്രവാചകന്മാർ നാഥന്റെ ഗ്രന്ഥം കൊണ്ടുവരുന്നവരായതിനാൽ വധിക്കപ്പെടുകയില്ല, എന്നാൽ നബിമാ

രിൽ പലരും വധിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകന്റെ കാലത്ത് മദീനയിലെ ജൂതന്മാരായിത്തീർന്ന ഇസ്റാഈൽ സന്തതികളുടെ ഇത്തരം സ്വഭാവങ്ങൾ ഇന്ന് ലോകത്തെവിടെയും യഥാർത്ഥ ഇസ്ലാമിൽ നിന്ന് പുറത്തുപോയി 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായിത്തീർന്ന ഫുജ്ജാറുകൾക്കാണുള്ളത്. അവർ അല്ലാഹുവുമായി ചെയ്ത ഉടമ്പടികളോ അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് മനുഷ്യരുമായി ചെയ്യുന്ന ഉടമ്പടികളോ വാഗ്ദത്തങ്ങളോ പാലിക്കാത്ത 2: 26–27 സൂക്തങ്ങളിൽ പറഞ്ഞ തെമ്മാടികളാണ്. 3: 21–22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാരുടെ പേരുവെച്ച് നടക്കുന്ന അവർ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി ജനമധ്യത്തിൽ മുഹമ്മദ് നബിയെയടക്കം എല്ലാ നബിമാരെയും കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്നവരാണ്. ലക്ഷ്യബോധം നഷ്ടപ്പെട്ട അവരിലെ മനുഷ്യപ്പിശാചുക്കളായ നേതാക്കൾ ഇനി വിശ്വസിക്കുകയില്ല എന്ന് 10: 33 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രജ്ഞയറ്റവരായ അവരുടെ അനുയായികളെ അദ്ദിക്ർ കൊണ്ട് ഉണർത്തിയാൽ ഉണർന്നേക്കും. ഉണരുന്നില്ലെങ്കിൽ അവരും 7: 179 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണ്. 2: 80–81, 146; 3: 181–182; 4: 91 വിശദീകരണം നോക്കുക.

71. യാതൊരു കുഴപ്പവും ഉണ്ടാവുകയില്ലെന്ന് അവർ കണക്കുകൂട്ടുകയും ചെയ്തു, അങ്ങനെ അവർ അന്ധരും ബധിരരുമായിത്തീർന്നു, പിന്നെയും അല്ലാഹു അവരുടെമേൽ പശ്ചാത്താപം സ്വീകരിച്ചു, എന്നാൽ പിന്നെയും അവരിൽ നിന്നുള്ള അധികപേരും അന്ധരും ബധിരരുമായിത്തീർന്നു, അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാകുന്നു.

പ്രവാചകന്റെ അഭിസംബോധകരായി മദീനയിലുണ്ടായിരുന്ന ജൂതർ അവരുടെ പക്കലുള്ള ഗ്രന്ഥത്തെ പിറകിലേക്ക് വലിച്ചെറിഞ്ഞ് പ്രവാചകനെ എതിർക്കുന്നതിൽ 5: 41 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളോടൊപ്പം കൂട്ടുകൂടിയിരുന്നു. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ് ഇന്ന് ഇത്തരം സ്വഭാവമുള്ളത്. 2: 18, 171; 5: 36; 9: 28 വിശദീകരണം നോക്കുക.

72. നിശ്ചയം അല്ലാഹു, അവൻ മർയമിന്റെ പുത്രൻ മസീഹ് തന്നെയാകുന്നു എന്ന് പറഞ്ഞവരാരോ, അവർ നിശ്ചയം കാഫിറുകളായിക്കഴിഞ്ഞിരിക്കുന്നു; എന്നാൽ മസീഹ് പറഞ്ഞത്: ഓ ഇസ്റാഈൽ സന്തതികളേ! എന്റെ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവിനെ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുവീൻ എന്നാകുന്നു. നിശ്ചയം ഒരുവൻ, അവൻ അല്ലാഹുവിനെക്കൊണ്ട് പങ്കുചേർത്താൽ അപ്പോൾ നിശ്ചയം അല്ലാഹു അവന്റെമേൽ സ്വർഗ്ഗം നിഷിദ്ധമാക്കുന്നതും അവന്റെ സങ്കേതം നരകവുമാകുന്നു, ഇത്തരം അക്രമികൾക്ക് സഹായികളിൽ നിന്ന് ആരും ഉണ്ടായിരിക്കുന്നതുമല്ല.

2: 143; 3: 19 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകനും അനുയായികളും മദീനയിലുള്ള ക്രൈസ്തവരിൽ സാക്ഷിയായ ഗ്രന്ഥത്തിന്റെ ജീവിതം സാക്ഷ്യം വഹിച്ചതിനാലാണ് അദ്ദിക്റിന്റെ പഠനത്തിന് വിരുദ്ധമായി ഈസായെ ദൈവമായി ചിത്രീകരിച്ചിരുന്ന ക്രൈസ്തവരെ കാഫിറുകളെന്ന് സൂക്തത്തിൽ പറയുന്നത്. 32: 4 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് പഠിപ്പിക്കുന്ന ഹൃദയത്തിന്റെ ഭാഷയിലുള്ള

അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ പരിചയപ്പെടുത്താനുള്ള ബാധ്യത ഇന്ന് ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതക്കാണുള്ളത്. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തുന്ന വിശ്വാസി മാത്രമേ പ്രസ്തുത ഉത്തരവാദിത്തം നിർവ്വഹിക്കുകയുള്ളൂ. ലോകത്ത് ഏതൊരാൾ പ്രപഞ്ചനാഥനെക്കുറിച്ച് വികലമായ വിശ്വാസം വെച്ച് പുലർത്തുന്നുണ്ടെങ്കിലും ഏത് തിന്മയിൽ മുഴുകുന്നുണ്ടെങ്കിലും അതിന്റെയെല്ലാം പാപഭാരം വഹിക്കേണ്ടി വരിക 6: 26; 20: 99–100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളാണ്. 2: 21, 254; 3: 51, 196–197; 4: 48; 5: 17 വിശദീകരണം നോക്കുക.

73. നിശ്ചയം അല്ലാഹു മൂവരിൽ ഒരുവനാണെന്ന് പറഞ്ഞവരാരോ അവർ നിഷേധികളായിക്കഴിഞ്ഞിരിക്കുന്നു, ഏക ഇലാഹ് അല്ലാതെ മറ്റൊരു ഇലാഹും ഇല്ലതന്നെ, അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അവർ വിരമിക്കുന്നില്ലെങ്കിൽ അവരിൽ നിന്നുള്ള നിഷേധികളായവരെ വേദനാജനകമായ ശിക്ഷ ബാധിക്കുക തന്നെ ചെയ്യുന്നതാണ്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂവരിൽ ഒന്ന് മാത്രമാണ് അല്ലാഹു എന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്ന പ്രവാചകന്റെ കാലത്തുള്ള ക്രൈസ്തവരെക്കുറിച്ചാണ് സൂക്തം പരാമർശിക്കുന്നത്. അല്ലാഹുവിൽ നിന്നും മനുഷ്യർക്ക് മൊത്തമുള്ള താക്കീതായിട്ടാണ് തന്റെ അടിമയുടെമേൽ യാതൊരു വക്രതയുമില്ലാത്ത നേരെച്ചൊവ്വെയുള്ള ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത്, അതുകൊണ്ട് വിശ്വാസിയാവുകയും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുന്നതിനും അല്ലാഹു ഒരു സന്താനത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് പറയുന്നവരെ മുന്നറിയിപ്പ് നൽകുന്നതിനും വേണ്ടിയാണ് എന്ന് 18: 1–4 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നത്തെ ക്രൈസ്തവർ ഗ്രന്ഥത്തിലെ ഇത്തരം സൂക്തങ്ങൾ വായിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാത്തവരാണ്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവിനെ ഏകഇലാഹായി അഥവാ കാണാതെ കണ്ട് ആരെ സഹായത്തിന് വിളിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപിക്കാമോ, ആരുടെ മുമ്പിലാണോ പതിനഞ്ച് വയസ്സ് മുതലുള്ള ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടത് അവൻ ഏകനാണ് എന്ന് പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ്. അദ്ദിക്റിന്റെ വഴിയിൽ ജീവിതം ക്രമപ്പെടുത്തുകയും ജനങ്ങളിൽ പ്രവാചകന്റെ ജീവിതം സാക്ഷ്യപ്പെടുത്തുകയും പൂർവ്വിക വേദക്കാരുടേതുൾപ്പെടെ എല്ലാ മനുഷ്യരുടെയും വിശ്വാസവൈകല്യങ്ങളും ജാഹിലിയ്യാ ആചാരങ്ങളും തിരുത്തി മാതൃകാപരമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യേണ്ട ബാധ്യത 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയുടേതാണ്. എന്നാൽ അവരിലെ അറബിഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ബാധ്യത നിർവ്വഹിക്കാത്തതിനാൽ അവരുടെ വിധി നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലാണുള്ളത്. 6: 55; 7: 40; 10: 17; 26: 99; 32: 12, 22; 34: 32; 36: 59–62 തുടങ്ങി 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാരായ അവർ ജീവിതലക്ഷ്യം മറന്നുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും നരകക്കുണ്ഠം ഇവിടെ സമ്പാദിച്ചുകൊണ്ടിരിക്കുന്നവരുമാണ്. വിധി മാറ്റിമറിക്കാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസി തന്റെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ

വെളിച്ചത്തിൽ ഇവിടെ ചരിക്കുകയും അദ്ദിക്ർ ലോകർക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്ന അത്തരം വിശ്വാസി നാഥനെ കണ്ടുകൊണ്ട് സർവസ്വം നാഥന് സമർപ്പിച്ചുകൊണ്ടാണ് മരണപ്പെടുക. 2: 24, 133; 4: 170–173; 5: 47 വിശദീകരണം നോക്കുക.

74. അപ്പോൾ അവർ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നവരും അവനോട് പൊറുക്കലിനെ തേടുന്നവരുമാകുന്നില്ലെയോ? അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

അദ്ദിക്ർ വായിച്ച് മനസ്സിലാക്കി അല്ലാഹുവിലുള്ള വിശ്വാസം രൂപപ്പെടുത്തുകയും അറിവില്ലായ്മ കൊണ്ട് കഴിഞ്ഞ കാലത്ത് ചെയ്തുപോയ കുറ്റങ്ങൾ നാഥനോട് ഏറ്റുപറയുകയും വൻകുറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അതിന് പ്രായശ്ചിത്തം നൽകി ഖേദിച്ചുമടങ്ങുകയുമാണ് അടിമകൾ ചെയ്യേണ്ടതെന്ന് 39: 53 ൽ പറഞ്ഞിട്ടുണ്ട്. ശേഷം അദ്ദിക്ർ ഏറ്റവും നല്ല നിലക്ക് പിൻപറ്റണമെന്ന് 39: 54–55 സൂക്തങ്ങളിലും, മരണം ആസന്നമാകുന്ന സമയത്ത് അത് നീട്ടിത്തരണമെന്നോ പശ്ചാത്തപിച്ച് മടങ്ങിക്കൊള്ളാമെന്നോ പറഞ്ഞിട്ട് ഫലമുണ്ടാവുകയില്ലെന്ന് 4: 17–18 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. എന്നാൽ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾ ഇന്ന് ആത്മാവിനെ പരിഗണിക്കാത്തവരും ദേഹേച്ഛ പിൻപറ്റുന്നവരും ആത്മാവും ജീവനുമടങ്ങിയ റൂഹ് എല്ലാ ജീവികൾക്കും പ്രപഞ്ചനാഥന്റേതാണെന്ന് തിരിച്ചറിയാത്തവരും അല്ലാഹു അറിയുന്നില്ല എന്ന ധാരണയിൽ എല്ലാതരം തിന്മകളിലും വിഹരിക്കുന്നവരുമായി അധഃപതിച്ചിരിക്കുന്നു. ദൈവം മൂവരിലൊരുവനാണ്, അല്ലെങ്കിൽ ഈസാ തന്നെയാണ് ദൈവമെന്ന് വിശ്വസിക്കുന്ന ക്രൈസ്തവരേക്കാളും ഇതരജനവിഭാഗങ്ങളേക്കാളുമെല്ലാം ജീർണ്ണിച്ച ജീവിതം നയിക്കുന്നത് ഇന്ന് ഇക്കൂട്ടരാണ്. കാരണം അവർ അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ച് *മുസൈലിമത്തുൽ കദ്ദാബ്* മുതൽ *മസീഹുദ്ദജ്ജാൽ* വരെ മുപ്പത് കള്ളവാദികൾ വരുമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ മുന്നറിയിപ്പ് നൽകിയ കള്ളവാദികളെ പിൻപറ്റുന്നവരും അതുവഴി പിശാചിനെ സേവിക്കുന്ന ഭ്രാന്തന്മാരായി മാറിയതുമാണ്. 2: 146; 3: 17–18, 86–91; 4: 135–140 വിശദീകരണം നോക്കുക.

75. മർയമിന്റെ പുത്രൻ മസീഹ് ഒരു പ്രവാചകനല്ലാതെ മറ്റാരുമല്ല, അവനുമുമ്പ് പ്രവാചകന്മാർ കഴിഞ്ഞുപോയിട്ടുമുണ്ട്, അവന്റെ മാതാവ് സത്യസന്ധയുമായിരുന്നു, അവർ രണ്ടുപേരും ഭക്ഷണം കഴിക്കുന്നവരായിരുന്നു, നാം ഇവർക്ക് നമ്മുടെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് കൊടുക്കുന്നത് എങ്ങനെയാണെന്ന് നീ നോക്കുക; പിന്നെയും നീ നോക്കുക, അവർ അതിൽ നിന്ന് എങ്ങനെയാണ് വ്യതിചലിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതെന്നും.

നീ ചോദിക്കുക: നിങ്ങളുടെ കേൾവിയും കാഴ്ചയും അല്ലാഹു പിടിച്ചെടുക്കുകയും നിങ്ങളുടെ ഹൃദയത്തിന് മൂടിയിടുകയുമാണെങ്കിൽ അല്ലാഹുവിനെക്കൂടാതെ വേറെ ഏതൊരു ഇലാഹാണ് നിങ്ങൾക്ക് അത് കൊണ്ടുവന്നുതരിക, നോക്കുക: നാം നമ്മുടെ സൂക്തങ്ങൾ എങ്ങനെയെല്ലാമാണ് വിശദീകരിച്ച് കൊടുക്കുന്നത്, പിന്നെ അവർ അതിൽ നിന്ന് പിന്തിരിഞ്ഞ് പോകുന്നവരാകുന്നതും എങ്ങനെയെല്ലാമാണ് എന്ന് 6: 46 ൽ പറഞ്ഞിട്ടുണ്ട്. 17: 45–46 സൂക്തങ്ങളിൽ, നീ ഗ്രന്ഥം വായിക്കുമ്പോൾ പരലോകത്തെക്കൊണ്ട് വിശ്വസിക്കാത്തവർക്കും നിനക്കുമിടയിൽ നാം കാണാത്ത ഒരു മറ ഉണ്ടാക്കുന്നതാണ്. അത് ഗ്രഹിക്കാതിരിക്കാൻ നാം അവരുടെ ഹൃദയങ്ങളിൽ ഒരു മൂടിയും അവരുടെ ചെവികളിൽ ഒരു അടപ്പുമിട്ടിരിക്കുന്നു, നീ ഗ്രന്ഥത്തിൽ നിന്റെ ഏകനായ നാഥനെ മാത്രം ഓർമിപ്പിച്ചാൽ അവർക്ക്

നിഷേധം നുരഞ്ഞുപൊന്തി അവർ പിന്തിരിഞ്ഞ് പുറകോട്ടുപോകുന്നതാണ് എന്നും; 17: 47 ൽ, നീ അവരെ കേൾപ്പിക്കുമ്പോൾ അവർ എന്താണ് കേൾക്കുന്നതെന്ന് നമുക്ക് ശരിക്കും അറിയാം, ഈ അക്രമികൾ രഹസ്യസംഭാഷണത്തിൽ 'നിങ്ങൾ ഒരു മാരണം പിടിപെട്ട പുരുഷനെയല്ലാതെ പിൻപറ്റുന്നില്ല' എന്ന് നിന്നെക്കുറിച്ച് പറയുമ്പോഴും നമുക്ക് ശരിക്കും അവരെക്കുറിച്ച് അറിയാം എന്നും; 17: 48 ൽ, അവർ നിനക്ക് എങ്ങനെയൊക്കെയാണ് ഉപ മ ചമക്കുന്നതെന്ന് നോക്കുക, അപ്പോൾ അവർ പിഴച്ചുകഴിഞ്ഞു, അവർ നേർമാർഗം പ്രാ പിക്കുന്നവരായില്ല എന്നും പറഞ്ഞിട്ടുണ്ട്. 25: 9 ഇതേ ആശയത്തിലുള്ള സൂക്തമാണ്.

എല്ലാ പ്രവാചകന്മാരും നബിമാരും നിഷ്പക്ഷവാന്റെ സൂക്തങ്ങൾ കേൾക്കുമ്പോൾ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നവരാണെന്ന് 19: 58 ൽ വായിക്കുന്നവരും കേൾക്കു ന്നവരും ലോകരിൽ ഫുജ്ജാറുകൾ മാത്രമാണ്. എന്നാൽ അവർ പ്രസ്തുത സാഷ്ടാംഗപ്ര ണാമം നിർവഹിക്കുകയില്ല. 4: 142–143 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവ് പങ്കെടു ക്കാതെയുള്ള അവരുടെ നമസ്കാരങ്ങളിൽ അവർ പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗി കാവയവങ്ങളാണ് 17: 13 ൽ പറഞ്ഞ തങ്ങളുടെ കർമരേഖയിൽ കൊത്തിവെച്ചുകൊണ്ടി രിക്കുന്നത്. 22: 18 ൽ പറഞ്ഞ പ്രകാരം ശിക്ഷ ബാധകമായ അവർ ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ട് നിർവ്വഹിക്കുന്ന അവരുടെ നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തി ലുള്ള സാഷ്ടാംഗപ്രണാമമാണ് നിർവഹിക്കുന്നത്. 1: 7; 3: 49; 9: 67–68 വിശദീകരണം നോക്കുക.

76. നീ ചോദിക്കുക: അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് ഉപദ്രവമോ ഉപകാര മോ ചെയ്യാൻ അധികാരമില്ലാത്തവരെയാണോ നിങ്ങൾ സേവിച്ചുകൊണ്ടിരി ക്കുന്നത്? അല്ലാഹു, അവൻ മാത്രമാണ് എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി.

എല്ലാം കേൾക്കുന്ന എല്ലാം അറിയുന്ന ത്രികാലജ്ഞാനിയായ അല്ലാഹുവിനെക്കൂടാതെ *ഇലാഹാ*യി അവന്റെ സൃഷ്ടികളായ ആരെ വിളിച്ചുപ്രാർത്ഥിക്കുകയാണെങ്കിലും അവർ ശപിക്കപ്പെട്ട പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. 2: 146 ൽ വിവരിച്ച പ്രകാരം അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെയും പിശാചിനെയും തിരിച്ചറിയുകയും അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുകയും ചെയ്യുന്ന വർ മാത്രമേ അല്ലാഹുവിനുവേണ്ടി ജീവിക്കുന്ന സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിലൊന്നാ യ വിശ്വാസിയാവുകയുള്ളൂ. 4: 118 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം കിട്ടിയവരിൽ നിന്നുള്ള തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പതിനെയും കാഫിറായ പിശാച് പാട്ടിലാക്കുന്നതാണ്.

25: 53 ൽ, അവൻ തന്നെയാണ് രണ്ട് സമുദ്രങ്ങളെ സ്വതന്ത്രമായി കൂട്ടിച്ചേർത്തിരിക്കു ന്നത്, ഒന്ന് സ്വാദിഷ്ടമായ ശുദ്ധജലം, മറ്റേത് ചവർപ്പുറ്റ ഉപ്പുവെള്ളവും, അവയ്ക്ക് രണ്ടി നുമിടയിൽ ഒരു മറയും കൂടിച്ചേരാൻ അനുവദിക്കാത്ത കാണാത്ത ഒരു തടസ്സവുമുണ്ട് എ ന്നും; 25: 54 ൽ, അവനാണ് മനുഷ്യരെ (ശരീരം) വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചത്, അവർ ക്കിടയിൽ രക്തബന്ധവും വിവാഹബന്ധവും ഉണ്ടാക്കുകയും ചെയ്തു, നിന്റെ നാഥൻ എല്ലാറ്റിനും കഴിവുള്ള സർവ്വശക്തൻ തന്നെയാകുന്നു എന്നും; 25: 55 ൽ, എന്നാൽ അവർ ഈ അല്ലാഹുവിനെ ഒഴിവാക്കിക്കൊണ്ട് അവർക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ ക ഴിയാത്തവരെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്, കാഫിർ തന്റെ നാഥനെതിരിൽ പ്രത്യ ക്ഷസഹായി തന്നെയായിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. എന്റെ സ്വന്തം കാര്യത്തിൽ എനിക്ക് ഒരു ഉപദ്രവമോ ഉപകാരമോ വരുത്താൻ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ എനിക്ക് സാധ്യമല്ല, ഞാൻ മറഞ്ഞ കാര്യങ്ങൾ അറിയുന്നവനായിരുന്നുവെങ്കിൽ എനിക്ക് ധാരാ ളം നന്മകൾ ഞാൻ വർദ്ധിപ്പിക്കുക തന്നെ ചെയ്യുമായിരുന്നു, എന്നെ തിന്മകളൊന്നും സ്

പർശിക്കുകയും ചെയ്യുമായിരുന്നില്ല, നിശ്ചയം ഞാൻ ഒരു മുന്നറിയിപ്പുകാരനും വിശ്വാസികളായ ജനതക്ക് ഒരു സന്തോഷവാർത്ത അറിയിക്കുന്നവനുമല്ലാതെ മറ്റാരുമല്ല എന്ന് പറയാൻ 7: 188 ലൂടെയും, ഓ അവിവേകികളേ! അല്ലാഹു അല്ലാത്തവരെ ഞാൻ സേവിച്ചുകൊണ്ടിരിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപ്പിക്കുന്നത് എന്ന് ചോദിക്കാൻ 39: 64 ലൂടെയും അല്ലാഹു പ്രവാചകനോട് കൽപിക്കുന്നു. 39: 65 ൽ, നിശ്ചയം നിന്നിലേക്കും നിനക്ക് മുമ്പുള്ളവരിലേക്കും ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുണ്ട്, നീയെങ്ങാനും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്താൽ നിന്റെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമാവുകയും നീ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടവനാവുക തന്നെ ചെയ്യുമെന്നും; 39: 66 ൽ, അല്ല, നീ അല്ലാഹുവിനെ മാത്രം സേവിക്കുകയും നന്ദി പ്രകടിപ്പിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്യുക എന്നും പറഞ്ഞിട്ടുണ്ട്. 10: 18 ൽ, അവർ അല്ലാഹുവിനെക്കൂടാതെ ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവരെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്, അവർ പറയുകയും ചെയ്യുന്നു: ഇക്കൂട്ടർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ്, ആകാശഭൂമികളിൽ അല്ലാഹുവിന് അറിയാത്ത കാര്യങ്ങൾ നിങ്ങൾ അവന് അറിയിച്ചുകൊടുക്കുകയാണോ? അവർ ജൽപിക്കുന്ന പങ്കാളിത്തത്തിൽ നിന്നെല്ലാം അവൻ അതീതനും അത്യുന്നതനും പരിശുദ്ധനുമാണ്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 30: 30–32 സൂക്തങ്ങളെ അവഗണിച്ച് വിവിധ സംഘടനകളായി പിരിഞ്ഞ് പിശാചിന്റെ സംഘത്തിൽ പെട്ട് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായിത്തീർന്നിരിക്കുന്നു. 2: 254; 9: 67–68; 48: 6 വിശദീകരണം നോക്കുക.

77. നീ പറയുക: ഓ വേദത്തിന്റെ ആളുകളേ, നിങ്ങൾ നിങ്ങളുടെ ദീനിൽ ന്യായം കൂടാതെ അതിരുകവിയരുത്, നിങ്ങൾക്കുമുമ്പ് പിഴച്ചുപോവുകയും ധാരാളം പേരെ പിഴപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ജനതയുടെ ഇഷ്ടാനിഷ്ടങ്ങൾ നിങ്ങൾ പിൻപറ്റാതിരിക്കുകയും ചെയ്യുക, അവർ നേരേച്ചൊവ്വെയുള്ള മാർഗത്തിൽ നിന്ന് വ്യതിചലിച്ച് കഴിഞ്ഞിരിക്കുന്നു.

സൂക്തത്തിൽ, മുമ്പ് സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്തവർ എന്നുപറഞ്ഞത് ജൂതന്മാരെക്കുറിച്ചാണ്. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ ക്രൈസ്തവരായ നിങ്ങൾ പിൻപറ്റരുതെന്നാണ് മദീനയിൽ പ്രവാചകന്റെ മുമ്പിലുള്ള ക്രൈസ്തവരോട് പറയുന്നത്. എന്നാൽ ഇന്ന് സ്വയം വഴിപിഴച്ചുപോയവർ, ഇത്തരം സൂക്തങ്ങളെയെല്ലാം മൂടിവെച്ചുകൊണ്ട് വേദക്കാരായ ജൂതക്രൈസ്തവരുടെ ചര്യകൾ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചവരുമാണ്. 2: 18 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ ഇവർ നേരെച്ചൊവ്വെയുള്ള പാതയിലേക്കോ സ്വർഗത്തിലേക്കോ തിരിച്ച് വരികയില്ല. ഇന്ന് അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളുടെയും അവരെ പിൻപറ്റുന്ന അദ്ദിക്റിനെ തള്ളിപ്പറയുന്ന വഴിപിഴച്ചവരുടെയും ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റാതെ അദ്ദിക്ർ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുക എന്നാണ് 1000 ൽ ഒന്നായ വിശ്വാസികളോട് സൂക്തം *മൗഇളത്താ*യി കൽപിക്കുന്നത്. 2: 120–121, 165–167; 4: 91, 171; 5: 60 വിശദീകരണം നോക്കുക.

78. ഇസ്റാഈൽ സന്തതികളിലെ കാഫിറുകളായവർ ദാവൂദിന്റെയും മർയമിന്റെ പുത്രൻ ഈസായുടെയും നാവുകളാൽ ശപിക്കപ്പെട്ടിരിക്കുന്നു, അത് അവർ ധിക്കാരികളും പരിധി ലംഘിക്കുന്നവരും ആയിരുന്നതുകൊണ്ടാണ്.

ജൂതരുടെ അടിക്കടിയുള്ള ധിക്കാരവും നിയമലംഘനവും നിമിത്തം അല്ലാഹു തന്നെ

അവരെ ശപിക്കുകയും നിന്ദ്യന്മാരായ കുരങ്ങുകളും പന്നികളുമായി മാറ്റുകയും ചെയ്തിട്ടുണ്ട്. 5: 21–26 സൂക്തങ്ങൾ പ്രകാരം മൂസാ നബിയുടെ കാലത്തുതന്നെ ധിക്കാരം അനുവർത്തിച്ചിരുന്നതുകൊണ്ടും കൽപിക്കപ്പെട്ടതിന് നേരെ വിരുദ്ധം പ്രവർത്തിച്ചിരുന്നതുകൊണ്ടും അവർ ശപിക്കപ്പെടുകയും അവർക്ക് രേഖപ്പെടുത്തിയിരുന്ന നാട് (ഫലസ്തീൻ) വിലക്കപ്പെടുകയുമുണ്ടായി. ദാവൂദ് നബിയുടെയും ഈസാ നബിയുടെയും നാവിനാൽ ശപിക്കപ്പെട്ടവരായ ജൂതർ സ്വയം വഴിപിഴക്കുകയും അനേകം ആളുകളെ വഴിപിഴപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോരുത്തരും 5: 48 ൽ പറഞ്ഞ മുഹൈമിനായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റേണ്ടതാണ്. 73: 19; 76: 29; 80: 11 തുടങ്ങി 9 സൂക്തങ്ങളിൽ അദ്ദിക്റിനെ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. 1: 7; 2: 159–161; 4: 140 വിശദീകരണം നോക്കുക.

79. അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന വിരോധങ്ങളെത്തൊട്ട് അവർ വിരോധിക്കുന്നവരായിരുന്നില്ല, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് എത്ര ചീത്ത!

ജൂതരുടെ ഈ സ്വഭാവം 7: 163–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഏതൊരു സമുദായവും നന്മ കൽപിക്കാതിരിക്കുകയും തിന്മ വിരോധിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്. നന്മ കൽപിക്കുന്നത് പോയിട്ട് തിന്മ വിരോധിക്കുന്നതുപോലും ഇല്ലാതായപ്പോൾ ഈസാനബിയെ അല്ലാഹു അവരിലേക്ക് നിയോഗിക്കുകയുണ്ടായി. എന്നാൽ അവർ ഈസാനബിയെ വധിക്കാനാണ് ഉദ്യമിച്ചത്. 5: 11 ൽ വിവരിച്ച പ്രകാരം മദീനയിലുണ്ടായിരുന്ന ജൂതർ മുഹമ്മദ് നബിയെയും വധിക്കാൻ ശ്രമിച്ചിരുന്നു. കോപിക്കപ്പെടുകയും വഴിപിഴച്ചുപോവുകയും ചെയ്ത മദീനയിലുണ്ടായിരുന്ന ജൂതരുടെയും ക്രൈസ്തവരുടെയുമെല്ലാം സ്വഭാവങ്ങൾ വിവരിക്കുന്ന സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ലോകജനതയിൽ അവരുടെ ശൈലി കടമെടുത്തുകൊണ്ട് തീവ്രവാദപ്രവർത്തനങ്ങളിലും രക്തച്ചൊരിച്ചിലുകളിലും നശീകരണപ്രവർത്തനങ്ങളിലുമെല്ലാം മുൻപന്തിയിലുള്ളത്.

35: 32 ൽ പറഞ്ഞ പ്രകാരം മൊത്തം മനുഷ്യർക്കുള്ള ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയിൽ 1000 ത്തിൽ 999 ഉം ആത്മാവിനോട് അക്രമം കാണിച്ചവരാണ്. 9: 67–68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ച് നാഥനെ വിസ്മരിച്ചുകൊണ്ട് തെമ്മാടികളായ കപടവിശ്വാസികളും കുഫ്ഫാറുകളും തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരും കൈകൾ ചുരുട്ടുന്നവരുമാണ്. അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളത് നരകക്കുണ്ഠാഗ്നിയാണ്. 3: 110–112, 196–197; 8: 22; 11: 116–117 വിശദീകരണം നോക്കുക.

80. അവരിൽ നിന്നുള്ള അധികപേരെയും കാഫിറായിട്ടുള്ളവരെ തെരഞ്ഞെടുക്കുന്നവരായി നിനക്ക് കാണാം, അവർ അവർക്കുവേണ്ടി മുൻകൂട്ടി ഒരുക്കിവെക്കുന്ന ഒന്ന് എത്ര ചീത്ത! അല്ലാഹുവിന്റെ കോപം അവരുടെമേൽ ഉണ്ടായതിനാൽ ശിക്ഷയിൽ അവർ ശാശ്വതരുമാകുന്നു.

പ്രവാചകനെയും വിശ്വാസികളെയും ഒഴിവാക്കിക്കൊണ്ട് മദീനയിലുള്ള ജൂതന്മാരും കപടവിശ്വാസികളായ കാഫിറുകളും പരസ്പരം മിത്രങ്ങളും സഹായികളുമായിട്ട് വർത്തിച്ചിരുന്നു. 4: 137–139 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തെമ്മാടികളായ കപടവിശ്വാസികൾ വിശ്വാസികളെ ഒഴിവാക്കിക്കൊണ്ട് ഫാജിറുകളായ കാഫിറുകളുടെ അടുത്താണ് പ്രതാപം

അന്വേഷിക്കുക. കപടവിശ്വാസികളെക്കുറിച്ച് നിശ്ചയം സന്മാർഗം വെളിപ്പെടുത്തിയതിന് ശേഷം അതിൽ നിന്ന് പുറം തിരിഞ്ഞ് പോയവരുണ്ടല്ലോ, പിശാചാണ് അവരെ തിരിച്ചു വിട്ടത്, അപ്പോൾ അവർക്ക് നാശമാണുള്ളത്; അതിനുകാരണം അല്ലാഹു അവതരിപ്പിച്ചതിനോട് വിരോധം വെച്ച ജൂതരോട് ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങൾക്ക് വഴിപ്പെടുക തന്നെ ചെയ്യുമെന്ന് പറഞ്ഞതാണ്. അല്ലാഹു അവരുടെ രഹസ്യങ്ങളെല്ലാം അറിയുന്നവനാണ്. അവരുടെ മരണസമയത്ത്, 'മലക്കുകൾ അവരുടെ മുഖങ്ങളിലും പിരടികളിലും അടിക്കുന്നതാണ്', അതിന് കാരണം അല്ലാഹു കോപിച്ചവരെ അവർ പിൻപറ്റുകയും അല്ലാഹുവിന്റെ തൃപ്തിയെ -അദ്ദിക്റിനെ- അവർ വെറുക്കുകയും ചെയ്തതാണ്, അപ്പോൾ അവരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായിക്കഴിഞ്ഞു എന്ന് 47: 25-28 സൂക്തങ്ങളിൽ പറഞ്ഞതും; അല്ലാഹുവിന്റെ കോപവും ശാപവും വർഷിച്ചിട്ടുള്ള കപടവിശ്വാസികളും മുശ്രിക്കുകളും മാലിന്യമാണ്, അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 9: 28, 95, 125 സൂക്തങ്ങളിൽ പറഞ്ഞതും വായിക്കുന്നത് ലോകരിൽ പ്രവാചകന്റെ ജനതയാണ്. 2: 286 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിതലക്ഷ്യമില്ലാതെ ജീവിക്കുന്ന അവരിലെ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ഓരോ ആത്മാവും നാലാം ഘട്ടമായ ഐഹിക ലോകത്ത് നിയോഗിക്കപ്പെട്ടത് ഏഴാം ഘട്ടത്തിനുവേണ്ടി സ്വർഗം അല്ലെങ്കിൽ നരകം സമ്പാദിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ ജീവിതലക്ഷ്യം നഷ്ടപ്പെടുത്തിയ കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 59: 18 ൽ വിശ്വാസികളെ വിളിച്ച് നാളേക്കുവേണ്ടി എന്താണ് നിങ്ങൾ ഒരുക്കിവെച്ചിട്ടുള്ളതെന്ന് ഓരോ ആത്മാവും നോക്കിക്കാണട്ടെ എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദിന്റെ കാലത്ത് ജൂതരും ഇന്ന് കപടവിശ്വാസികളും അവരുടെ കൈകൾ ഒരുക്കിവെച്ചത് നരകമായതിനാൽ അവർ ഒരിക്കലും മരിക്കാൻ ആഗ്രഹിക്കുകയില്ല എന്ന് 62: 7 ൽ പറഞ്ഞിട്ടുണ്ട്. 2: 94-95; 3: 182; 4: 137-140 വിശദീകരണം നോക്കുക.

81. അവർ അല്ലാഹുവിനെക്കൊണ്ടും നബിയെക്കൊണ്ടും അവനിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്നുകൊണ്ടും വിശ്വസിക്കുന്നവരായിരുന്നുവെങ്കിൽ അവർ അവരെ മിത്രങ്ങളായി തെരഞ്ഞെടുക്കുമായിരുന്നില്ല, എന്നാൽ അവരിൽ അധികപേരും തെമ്മാടികൾ തന്നെയായിരിക്കുന്നു.

പ്രവാചകൻ മുഹമ്മദിന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾ യഥാർത്ഥത്തിൽ അല്ലാഹുവിനെക്കൊണ്ടും പ്രവാചകനെക്കൊണ്ടും പ്രവാചകന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ കൊണ്ടും വിശ്വസിക്കുന്നവരായിരുന്നുവെങ്കിൽ അവർ പ്രവാചകനോടും അദ്ദിക്റിനോടും വിരോധവും വിദ്വേഷവും പുലർത്തുന്ന ജൂതരെ മിത്രങ്ങളായി തെരഞ്ഞെടുക്കുമായിരുന്നില്ല എന്നാണ് സൂക്തം പഠിപ്പിക്കുന്നത്. എന്നാൽ അവരിൽ അധികവും തെമ്മാടികളായതിനാൽ ഗ്രന്ഥത്തോടും പ്രവാചകനോടും വിരോധവും അകൽച്ചയും കാണിക്കുന്നവരെയാണ് അവർ മിത്രങ്ങളായും സഹായികളായും തെരഞ്ഞെടുത്തത്. വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയായിട്ടുള്ള ആയിരത്തിൽ ഒന്നായ വിശ്വാസികൾ ഇന്ന് അജയ്യവും മിഥ്യകലരാത്ത ഗ്രന്ഥവുമായ അദ്ദിക്റിനെ മൂടിവെക്കുന്ന തെമ്മാടികളായ കപടവിശ്വാസികളും അതിനെ തള്ളി

പ്പറയുന്ന ഫാജിറുകളായ അനുയായികളുമടങ്ങിയ ഫുജ്ജാറുകളെ മിത്രങ്ങളും സഹായികളുമായി തെരഞ്ഞെടുക്കുകയില്ല എന്നാണ് സൂക്തത്തിന്റെ സമാനമായ ഉപമ(*മൗഇളത്ത്*). 2: 99; 4: 144; 5: 47-49 വിശദീകരണം നോക്കുക.

82. ജനങ്ങളിൽ വെച്ച് വിശ്വാസികളായവരോട് കഠിനമായ വിരോധം പുലർത്തുന്നവരായി ജൂതന്മാരെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കു ചേർക്കുന്നവരായവരെയും നീ കണ്ടെത്തുക തന്നെ ചെയ്യും, അവരിൽ വെച്ച് വിശ്വാസികളായവരോട് ഏറ്റവും മമതയിൽ വർത്തിക്കുന്നവരായി നിശ്ചയം ഞങ്ങൾ നസാറാക്കളാണ് എന്ന് പറയുന്നവരായവരെയും നീ കണ്ടെത്തുക തന്നെ ചെയ്യും, നിശ്ചയം അവരിൽ ഭക്തന്മാരായ ജ്ഞാനികളും ലോകപരിത്യാഗികളായ പുരോഹിതന്മാരും ഉണ്ട് എന്നതുകൊണ്ടും നിശ്ചയം അവർ അഹങ്കാരം നടിക്കുന്നവരല്ല എന്നതുകൊണ്ടുമാണ് അത്.

പ്രവാചകൻ മുഹമ്മദിന്റെ കാലത്ത് പ്രവാചകനോടും വിശ്വാസികളോടും ഏറ്റവും കഠിനമായ ശത്രുത പുലർത്തിയിരുന്നത് ജൂതരും മക്കാമുശ്രിക്കുകളുമായിരുന്നു. പ്രവാചകനോടും വിശ്വാസികളോടും അടുപ്പം കാണിച്ചിരുന്നത് ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ് എന്ന് പറഞ്ഞിരുന്ന ക്രൈസ്തവരുമായിരുന്നു. ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ പിൻപറ്റി അല്ലാഹുവിന്റെ ഏകസംഘത്തിൽ ഉൾപ്പെട്ട വിശ്വാസികളോട് കഠിന ശത്രുതയുള്ളത് കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ട കപടവിശ്വാസികളായ നേതാക്കൾക്കും 'അല്ലാഹു' എന്ന് പറയാനറിഞ്ഞിട്ട് അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന അവരുടെ അനുയായികൾക്കുമാണ്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് മനുഷ്യരെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനുമുള്ള ഉപകരണമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന ഒറ്റപ്പെട്ട വിശ്വാസിയോട് മമതയിൽ നിലകൊള്ളുന്നത് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരും, പ്രത്യേകിച്ച് അവരിലെ ഭൗതിക ജീവിതം വെടിഞ്ഞവരും ദൈവത്തെ ഹൃദയത്തിൽ സ്മരിക്കുന്നവരും അഹങ്കാരം കൈകൊള്ളാത്തവരുമായ സന്യാസിമാരുമാണ്. 9: 28 ൽ വിവരിച്ച പ്രകാരം ഇജ്മാസിൽ മഹ്ദി വന്നാൽ കപടവിശ്വാസികളെയും മുശ്രിക്കുകളെയും അവിടെ നിന്ന് പുറത്താക്കുകയും ലോകരിൽ നിന്നുള്ള വിശ്വാസികളെ അവിടേക്ക് വേർതിരിക്കുകയും ചെയ്യുന്നതാണ്. 2: 62, 174-176; 3: 199-200; 4: 157-159 വിശദീകരണം നോക്കുക.

83. പ്രവാചകനിലേക്ക് അവതരിപ്പിക്കപ്പെട്ട ഒന്ന് അവർ കേൾക്കാനിടയായാൽ സത്യത്തിൽ നിന്നുള്ളത് തന്നെയാണെന്ന് തിരിച്ചറിയുന്നതിനാൽ അവരുടെ കണ്ണുകൾ കണ്ണുനീരിനാൽ നിറഞ്ഞൊഴുകുന്നത് നിനക്ക് കാണാവുന്നതുമാണ്; അവർ പ്രാർത്ഥിക്കുന്നവരുമാണ്: ഞങ്ങളുടെ നാഥാ! 'നിശ്ചയം ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, അപ്പോൾ ഞങ്ങളെ നീ സാക്ഷികളോടൊപ്പം രേഖപ്പെടുത്തേണമേ'.

84. ഞങ്ങൾ അല്ലാഹുവിനെക്കൊണ്ടും സത്യത്തിൽ നിന്ന് ഞങ്ങൾക്ക് വന്നെത്തിയതുകൊണ്ടും എന്തുകൊണ്ട് വിശ്വസിക്കാതിരിക്കണം, ഞങ്ങളുടെ നാഥൻ ഞങ്ങളെ സജ്ജനങ്ങളായ ജനതയോടൊപ്പം പ്രവേശിപ്പിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നവരുമാണ് എന്നിരിക്കെ.

പ്രവാചകൻ മുഹമ്മദിന്റെ കാലത്ത് മദീനയിൽ ഉണ്ടായിരുന്ന 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന്' പറയുന്ന ക്രൈസ്തവരെക്കുറിച്ചാണ് സൂക്തം പറയുന്നത്. പ്ര

വാചകന് അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ അവരെ കേൾപ്പിച്ചാൽ അവർക്ക് അറിയുന്ന സത്യത്തിൽ നിന്നുള്ളത് തന്നെയാണ് അതെന്ന് തിരിച്ചറിയുന്നവരാണ് അവർ. ഭയഭക്തിയാൽ അവരുടെ കണ്ണുകളിലൂടെ കണ്ണീർ നിറഞ്ഞൊഴുകുന്നതും അവർ ഉള്ളിന്റെയുള്ളിൽ പ്രാർത്ഥിക്കുന്നവരുമാണ്: ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചു, ഗ്രന്ഥം അനുകൂലമായി സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ!

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളാണ്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള, മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അത് കൂടാതെ പ്രവാചകന്റെ ജനതയിൽ നിന്ന് ആരും തന്നെ വിശ്വാസിയാവുകയോ സ്വർഗത്തിലേക്ക് തിരിച്ചുപോവുകയോ ഇല്ല. 1: 6; 3: 196–197; 7: 156–157 വിശദീകരണം നോക്കുക.

85. അപ്പോൾ അല്ലാഹു അവർക്ക് അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നതിന്റെ പേരിൽ താഴ്ഭാഗങ്ങളിലൂടെ നദികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകൾ പ്രതിഫലമായി നൽകുന്നതാണ്, അവർ അതിൽ നിത്യവാസികളുമായിരിക്കും, അതാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്കുള്ള പ്രതിഫലം.

ഏറ്റവും നല്ലതായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും അതിന്റെ വെളിച്ചത്തിൽ ചരിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും താഴ്ഭാഗത്തിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകൾ പ്രതിഫലമായി നൽകുമെന്നാണ് അല്ലാഹു പറയുന്നത്. 36: 11 ൽ, അദ്ദിക്ർ പിൻപറ്റുന്നവനെയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുന്നവനെയും മാത്രമേ നിനക്ക് ഉണർത്താൻ സാധിക്കുകയുള്ളൂ എന്നും അപ്പോൾ അവന് പാപമോചനവും മാന്യമായ പ്രതിഫലവുമുണ്ടെന്നും സന്തോഷവാർത്ത അറിയിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. 67: 12 ഉം ഇതേ ആശയത്തിലുള്ളതാണ്. 39: 17 ൽ, ത്വാഗൂത്തിന് വേണ്ടി ജീവിക്കുന്നത് വെടിയുകയും അല്ലാഹുവിലേക്ക് തിരിയുകയും ചെയ്ത അടിമകൾക്ക് അപ്പോൾ സന്തോഷവാർത്ത അറിയിക്കുക എന്നും; 39: 18 ൽ, അവർ അല്ലാഹുവിന്റെ വചനം ശ്രദ്ധിച്ച് കേൾക്കുന്നവരും അതിനെ ഏറ്റവും നല്ല നിലക്ക് പിൻപറ്റുന്നവരുമാണെന്നും അക്കൂട്ടർ തന്നെയാണ് അല്ലാഹുവിന്റെ സന്മാർഗത്തിലുള്ളവരെന്നും അക്കൂട്ടർ തന്നെയാണ് ബുദ്ധിമാന്മാരെന്നും പറഞ്ഞിട്ടുണ്ട്. 39: 53 ൽ, കുറ്റങ്ങൾ എത്ര തന്നെ ചെയ്തിട്ടുണ്ടെങ്കിലും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടാതെ അല്ലാഹുവിനോട് ആത്മാവ് കൊണ്ട് ഏറ്റുപറയാനും; 39: 54 ൽ, നിങ്ങളുടെ ഉടമയായ നാഥനിലേക്ക് മടങ്ങാനും ശിക്ഷ (മരണം) വരുന്നതിന് മുമ്പ് നാഥന് സർവ്വസ്വം സമർപ്പിക്കാനും പറഞ്ഞിട്ടുണ്ട്. 39: 55 ൽ, അപ്രതീക്ഷിതമായി മരണം വന്നുപെടുന്നതിന് മുമ്പ് നിങ്ങളുടെ നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടത് ഏറ്റവും നല്ല നിലക്ക് പിൻപറ്റണമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ ചെയ്യാത്ത ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്നാണ് പറയുക എന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. 2: 2, 112, 185–186; 16: 97; 39: 33–34 വിശദീകരണം നോക്കുക.

86. നമ്മുടെ സൂക്തങ്ങളെ മൂടിവെച്ചുകൊണ്ടിരിക്കുന്നവരും തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവരുമാരോ, അക്കൂട്ടർ ജ്വലിക്കുന്ന നരകത്തിന്റെ സഹവാസികളുമാകുന്നു.

നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ ത

ള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33-34 സൂക്തങ്ങളിലും; അദ്ദിക്ർ കേൾക്കാത്ത, അതിനെക്കുറിച്ച് ലോകരോട് പറയാത്ത ബധിരരും ഊമരുമായ അവർ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികളാണെന്ന് 8: 22 ലും പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളായ അവരിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിലെ 7 വാതിലുകളിലൊന്നിലേക്ക് ക്ലിപ്തപ്പെടുത്തിവെക്കപ്പെട്ടവരാണെന്ന് 15: 44 ലും അവർ വായിച്ചിട്ടുണ്ട്. 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകളുടെ പട്ടിക 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണ്. 6: 104 ൽ പറഞ്ഞ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസി തന്റെ പട്ടിക സിജ്ജീനിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീനിലേക്ക് മാറ്റുന്നതാണ്. ഫുജ്ജാറുകളും കുഫ്ഫാറുകളുമായ ഭ്രാന്തന്മാർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. 2: 39; 4: 56; 5: 10; 7: 37 വിശദീകരണം നോക്കുക.

87. ഓ വിശ്വാസികളായിട്ടുള്ളവരേ! അല്ലാഹു നിങ്ങൾക്ക് അനുവദിച്ച് തന്നിട്ടുള്ള പരിശുദ്ധമായ ഭക്ഷണവിഭവങ്ങളെ നിങ്ങൾ നിഷിദ്ധമാക്കാതിരിക്കുക, നിങ്ങൾ പരിധി ലംഘിക്കുന്നവരാകാതിരിക്കുകയും ചെയ്യുക, നിശ്ചയം അല്ലാഹു പരിധി ലംഘിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.

88. അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുവീൻ, ഏതൊരുവനെക്കൊണ്ടാണോ നിങ്ങൾ വിശ്വസിച്ചിട്ടുള്ളത്, ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ.

2: 172-173 സൂക്തങ്ങളിൽ ത്രികാലജ്ഞാനിയായ നാഥൻ അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണവിഭവങ്ങളും നിഷിദ്ധമാക്കിയ ഭക്ഷണവിഭവങ്ങളും ഏതെല്ലാമെന്ന് വിവരിച്ചിട്ടുണ്ട്. എന്നാൽ 2: 79 ൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഫുജ്ജാറുകൾ ഫുജ്ജാർ കിതാബുകളെയാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ജഡത്തിനും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്നവരാണ്. 9: 67-68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന, നാഥനെ വിസ്മരിച്ചതിനാൽ നാഥനാൽ വിസ്മരിക്കപ്പെട്ട, നരകക്കുണ്ഠാഗ്നി വാഗ്ദത്തം ചെയ്യപ്പെട്ട തെമ്മാടികളായ കപടവിശ്വാസികൾ അവരുടെ അനുയായികളെ നിഷിദ്ധമായ മാർഗത്തിലൂടെ സമ്പാദിക്കാൻ പ്രോത്സാഹിപ്പിക്കുന്നവരും അതിൽ നിന്ന് ഒരു വിഹിതം കൈപ്പറ്റിക്കൊണ്ട് നിഷിദ്ധം തിന്ന് ജീവിക്കുന്നവരുമാണ്. 14: 28-29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവർ കാരുണ്യമായ അദ്ദിക്റിനെ നിഷേധമാക്കി മാറ്റിമറിക്കുന്നവരും തങ്ങളുടെ അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം ഹലാലാക്കിക്കൊടുക്കുന്നവരുമാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒ

റ്റപ്പെട്ട വിശ്വാസി ഇത്തരം യഥാർത്ഥ കാഫിറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്' എന്ന് പറയാൻ 14: 30 ലൂടെ കൽപിക്കപ്പെട്ടിട്ടുണ്ട്. 4: 78-79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത ഇവർക്ക് ത്രികാലജ്ഞാനവും നാഥന്റെ സംസാരവുമായ അദ്ദിക്റോ അതിൽ പറഞ്ഞ പ്രകാരം 'നന്മ മാത്രമേ നാഥനിൽ നിന്ന് വരികയുള്ളൂ, തിന്മ അവനവനിൽ നിന്ന് തന്നെയാണ് വരിക' എന്നോ മനസ്സിലാവുകയില്ല. 2: 18, 170-171 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഉൾക്കാഴ്ചാദായകമായ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ ഇവർ നേരെച്ചൊവ്വെയുള്ള പാതയിലേക്കോ സ്വർഗത്തിലേക്കോ തിരിച്ച് വരികയില്ല. 2: 91, 278; 8: 2-4; 16: 114 വിശദീകരണം നോക്കുക.

89. നിങ്ങൾ തമാശയായി ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല, എന്നാൽ മനഃപൂർവ്വം നിങ്ങൾ ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ നിങ്ങളെ പിടികൂടുക തന്നെ ചെയ്യും, അപ്പോൾ അതിനുള്ള പ്രായശ്ചിത്തം, നിങ്ങളുടെ സ്വന്തം കുടുംബത്തെ ഭക്ഷിപ്പിച്ചുകൊണ്ടിരിക്കുന്ന മിതമായ നിലവാരത്തിലുള്ള ഭക്ഷണം പത്ത് അഗതികളെ ഭക്ഷിപ്പിക്കലാണ്, അല്ലെങ്കിൽ നിങ്ങൾ അവരെ ഉടുപ്പിക്കലാണ്, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കലാണ്, ഇനി ഒരുവന് ഇതിനൊന്നും സാധ്യമായില്ലെങ്കിൽ അപ്പോൾ അവൻ മൂന്നുനാൾ നോമ്പനുഷ്ഠിക്കലാണ്, അതാകുന്നു നിങ്ങളുടെ ശപഥങ്ങൾ നിങ്ങൾ ലംഘിച്ചാലുള്ള പ്രായശ്ചിത്തം, നിങ്ങൾ നിങ്ങളുടെ ശപഥങ്ങൾ സൂക്ഷിക്കുവീൻ, അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് തരുന്നു, നിങ്ങൾ നന്ദിയുള്ളവർ തന്നെയാകുന്നതിനുവേണ്ടി.

ഹൃദയത്തിലില്ലാതെ കളിതമാശയായി ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ അല്ലാഹു പിടികൂടുകയില്ല. എന്നാൽ മനസ്സറിഞ്ഞുകൊണ്ട് ശപഥങ്ങൾ ചെയ്യുകയും അത് പൂർത്തീകരിക്കാതിരിക്കുകയും ചെയ്താൽ സൂക്തത്തിൽ പറഞ്ഞതുപോലെ പ്രായശ്ചിത്തം ചെയ്യണം. ശരിയായ സ്ഥാനത്തും ആവശ്യങ്ങൾക്കും മാത്രമേ ശപഥങ്ങൾ ചെയ്യാവൂ. ശപഥം ചെയ്താൽ അശ്രദ്ധയിൽ തള്ളിവിടുകയുമരുത്. അത് ഓർമിച്ചുകൊണ്ടിരിക്കണം, മറവി കാരണം അത് ലംഘിക്കപ്പെടാൻ ഇടയാകരുത്. വ്യർത്ഥവും കുറ്റകരവുമായ ആവശ്യത്തിന് ശപഥം ചെയ്യരുത്. ഉദ്ദ്യേശ്യപൂർവ്വമല്ലെങ്കിലും ഒരു നല്ല കാര്യത്തിന് ശപഥം ചെയ്താൽ അത് പൂർത്തീകരിക്കുക തന്നെ വേണം. അഥവാ അത് ലംഘിക്കുന്ന പക്ഷം പ്രായശ്ചിത്തം നൽകണമെന്നുമാണ് നിങ്ങൾ നിങ്ങളുടെ ശപഥങ്ങൾ സൂക്ഷിക്കുക എന്നതിന്റെ ആശയം.

3: 190-191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലായ്പ്പോഴും അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവരാണ് ലക്ഷ്യബോധമുള്ളവരും ബുദ്ധിശക്തി ഉപയോഗപ്പെടുത്തുന്നവരുമായ വിശ്വാസികൾ. അവരുടെ ചിന്തയും പ്രവൃത്തിയും 17: 13-14 സൂക്തങ്ങളിൽ വിവരിച്ചതുപോലെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന ബോധത്തിലുള്ളതായിരിക്കും. അവർ മാത്രമാണ് പരലോകം കൊണ്ട് വിശ്വസിക്കുന്നവർ. 2: 152, 255; 4: 82; 35: 31 വിശദീകരണം നോക്കുക.

90. ഓ വിശ്വാസികളായിട്ടുള്ളവരേ! നിശ്ചയം മദ്യം, ചൂതാട്ടം, പ്രതിഷ്ഠകൾ, അമ്പുകൾ തുടങ്ങിയവ പിശാചിന്റെ പ്രവൃത്തികളിൽ പെട്ട മാലിന്യങ്ങളാണ്; അപ്പോൾ നിങ്ങൾ അവനെ വർജ്ജിക്കുക, നിങ്ങൾ വിജയം വരിക്കുന്നവർ തന്നെയാകണം എന്നതിന് വേണ്ടി.

91. നിശ്ചയം പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഇട്ടുതരുന്നതിനും അല്ലാഹുവിന്റെ സ്മരണയെത്തൊട്ടും നമസ്കാരത്തെത്തൊട്ടും നിങ്ങളെ തടയുന്നതിനുമാണ്, അപ്പോൾ നിങ്ങൾ വിരമിക്കുന്നവരാകുന്നില്ലെയോ?

മദ്യം നിർമാർജ്ജനം ചെയ്തുകൊണ്ടുള്ള മൂന്നാം ഘട്ടത്തിലുള്ള സൂക്തമാണിത്. ആദ്യമായി അവതരിപ്പിക്കപ്പെട്ട 2: 219 ൽ, മദ്യത്തെക്കുറിച്ചും ചൂതാട്ടത്തെക്കുറിച്ചും നിന്നോട് അവർ ചോദിക്കുന്നു; നീ പറയുക: അവ രണ്ടിലും വലിയ ദോഷമുണ്ട്, മനുഷ്യർക്ക് ഉപകാരങ്ങളുമുണ്ട്, അവ രണ്ടിന്റെയും ദോഷം അവ രണ്ടിന്റെയും ഉപകാരത്തേക്കാൾ വലുതാണ് എന്നും; രണ്ടാമതായി അവതരിപ്പിക്കപ്പെട്ട 4: 43 ൽ, ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ മത്ത് പിടിച്ചവരായിരിക്കെ, നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതെന്തെന്ന് തിരിച്ചറിയുന്നതുവരെ നമസ്കാരത്തോട് അടുക്കരുത് എന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസികളെ വിളിച്ച് മദ്യം, ചൂതാട്ടം, പ്രതിഷ്ഠകൾ, അമ്പുകൾ തുടങ്ങിയവ പിശാചിന്റെ പ്രവൃത്തികളിൽ പെട്ട മാലിന്യങ്ങളാണ്, നിങ്ങൾ അവയെ വർജ്ജിക്കുക എന്ന് പറയുന്നതിന് പകരം നിങ്ങൾ അവനെ വർജ്ജിക്കുക എന്ന് പറഞ്ഞതിൽ നിന്ന് സൂക്തത്തിൽ പറഞ്ഞ തിന്മകൾക്ക് മാത്രമല്ല, എല്ലാ തിന്മകൾക്കും കാരണക്കാരനായ പിശാചിനെയാണ് വർജ്ജിക്കേണ്ടതെന്ന് മനസ്സിലാക്കാം. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജിന്നു കൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ വെക്കുന്നവർ മാത്രമേ സർവ്വസ്വം നാഥന് സമർപ്പിച്ചവരായി മരണപ്പെടുകയുള്ളൂ. മദ്യത്തേക്കാൾ മാരകമായ കഞ്ചാവ്, ബ്രൗൺഷുഗർ, കറുപ്പ്, MDMA തുടങ്ങിയ ലഹരിവസ്തുക്കൾ എല്ലാം തന്നെ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകളിൽ പെട്ടവയാണ്. ചൂതാട്ടം പണം വെച്ചിട്ടുള്ളതാവട്ടെ അല്ലാത്തതാവട്ടെ നിഷിദ്ധമാണ്. കാരണം അത് സമയം കളയുന്നതും വാശി, വൈരാഗ്യം, കൊലപാതകം തുടങ്ങിയ തിന്മകളിലേക്ക് നയിക്കുന്നതുമാണ്.

'അല്ലാഹ്' എന്ന സ്മരണയുണ്ടാക്കുന്ന അദ്ദിക്റിനെത്തൊട്ടാണ് പിശാച് മനുഷ്യനെ തടയുക. 20: 14 ൽ *ദിക്രീ* എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടി നമസ്കരിക്കുക എന്നാണ് കൽപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ സ്മരണയില്ലാതെയും ആത്മാവ് പങ്കെടുക്കാതെയും നമസ്കരിക്കുന്നവരെ പിശാച് തടയുകയില്ലെന്ന് മാത്രമല്ല, ആത്മാവില്ലാതെ ശരീരം കൊണ്ട് മാത്രമുള്ള അത്തരം നമസ്കാരത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുക. അദ്ദിക്ർ ഉപയോഗപ്പെടുത്താത്ത കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന പ്രജ്ഞയറ്റവരും ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായിരുന്നുവെന്നും അവർ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരായിരുന്നുവെന്നും വിധിദിവസം അവർ തന്നെ സമ്മതിക്കേണ്ടിവരുമെന്ന് 25: 27–29; 36: 59–62 സൂക്തങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വിധിദിവസം തങ്ങളുടെ തൊലികളും കാഴ്ചകളും കേൾവികളും തങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന് 41: 19–24 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയത് അവഗണിച്ചുകൊണ്ട് ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ട് നമസ്കരിക്കുന്നവർക്ക് 4: 142–143; 9: 53–55; 15: 44; 25: 65–66; 48: 6; 107: 4–5 തുടങ്ങിയ സൂക്തങ്ങൾ പ്രകാരം പിഴയായി നരക്കുണ്ഠമാണ് ലഭിക്കുക.

ഇക്കൂട്ടരുടെ ഓരോരുത്തരുടെയും മരണസമയത്ത് 'നീ സ്വിദ്ഖായ അദ്ദിക്റിനെ സത്യപ്പെടുത്തിയിട്ടില്ല, അതുകൊണ്ട് തന്നെ നീ നമസ്ക്കരിച്ചിട്ടുമില്ല' എന്ന് നാഥൻ പറയുമെന്ന് 75: 31–32 സൂക്തങ്ങളിലും അവർ വായിച്ചിട്ടുണ്ട്. 29: 45 ൽ, നിശ്ചയം സ്വീകരിക്കപ്പെ

ടുന്ന നമസ്കാരം നീചവും നിഷിദ്ധവുമായ പ്രവർത്തനങ്ങളെത്തൊട്ട് തടയുമെന്നും സർ വ്വപ്രധാനം അല്ലാഹുവിന്റെ സ്മരണയുണ്ടാക്കുന്ന അദ്ദിക്റിനാണെന്നും പറഞ്ഞിട്ടുണ്ട്. കാഴ്ചയുണ്ടായിട്ടും *ദിക്ർ* കാണാത്തവരും കേൾവിയുണ്ടായിട്ടും *ദിക്ർ* കേൾക്കാത്തവ രുമാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 101 ൽ പറഞ്ഞതും ഫുജ്ജാ റുകൾ അറബി ഖുർആനിൽ വായിച്ചിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാല ത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരമായിരിക്കണം. 1: 7; 2: 268; 5: 10, 86; 6: 145; 8: 22 വിശദീ കരണം നോക്കുക.

92. നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, അവന്റെ പ്രവാചകനെയും അനുസ രിക്കുക, നിങ്ങൾ അതിൽ ജാഗ്രത പാലിക്കുകയും ചെയ്യുക; ഇനി നിങ്ങൾ പി ന്തിരിയുകയാണെങ്കിൽ അപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുക: നിശ്ചയം നമ്മു ടെ പ്രവാചകന്റെമേൽ സന്ദേശം വ്യക്തമായി എത്തിച്ചുതരുന്ന ബാധ്യത മാത്ര മേയുള്ളൂ.

നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവീൻ, അവന്റെ പ്രവാചകനെയും അനുസരി ക്കുവീൻ, ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ നിശ്ചയം നമ്മുടെ പ്രവാചകന്റെ മേൽ സന്ദേശം എത്തിച്ചുതരിക എന്ന ബാധ്യത മാത്രമേയുള്ളൂ എന്ന് 64: 12 ലും പറഞ്ഞിട്ടുണ്ട്. വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്, ജീവനുള്ളവ രെ മുന്നറിയിപ്പ് നൽകുന്നതിനും കാഫിറുകളുടെ മേൽ ന്യായം സ്ഥാപിതമാകുന്നതിനു മാണ് എന്ന് 36: 69–70 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നാഥനാൽ വധിക്കപ്പെട്ട തെമ്മാടിക ളായ കപടവിശ്വാസികളെയും അദ്ദിക്റിലേക്ക് വിളിക്കുമ്പോൾ വിളി കേൾക്കാതെ തിരി ഞ്ഞ് പോകുന്ന ബധിരരെയും നീ കേൾപ്പിക്കുകയില്ല. ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക് റിനെത്തൊട്ട് അന്ധത നടിക്കുന്നവരെ, അവരുടെ വഴികേടിൽ നിന്ന് നീ സന്മാർഗത്തി ലേക്ക് കൊണ്ടുവരുന്നവനുമല്ല എന്ന് 27: 80–81; 30: 52–53 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. പ്രവാചകനോ നിഷ്പക്ഷവാനായ നാഥന് തന്നെയോ ഒരാളെയും സന്മാർ ഗത്തിലേക്ക് കൊണ്ടുവരാൻ സാധ്യമല്ല. ആരാണോ സന്മാർഗമായ അദ്ദിക്ർ ഉപയോഗ പ്പെടുത്തി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് ത ന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റിയത്, അവൻ മാത്രമാണ് സ്വർഗത്തിലേക്ക് തിരിച്ചുപോവുക. 2: 106–107; 3: 30–33; 4: 59, 80; 5: 67 വിശദീ കരണം നോക്കുക.

93. വിശ്വാസികളായവരുടെ മേലും സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നവരുടെ മേ ലും അവർ ഭക്ഷിച്ചിട്ടുള്ളതിൽ കുറ്റമില്ല, അവർ സൂക്ഷ്മതയുള്ളവരാവുകയും വിശ്വാസികളാവുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നത് തുടരുകയും പിന്നെയും സൂക്ഷ്മതയുള്ളവരാവുകയും വിശ്വാസികളാവുകയും പിന്നെ സൂ ക്ഷ്മതയുള്ളവരാവുകയും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുകയുമാണെ ങ്കിൽ; അല്ലാഹു അവനെ കണ്ടുകൊണ്ട് ചരിക്കുന്നവരെ ഇഷ്ടപ്പെടുന്നവനു മാകുന്നു.

ഈ സൂക്തം 4: 136 ന്റെ ആശയത്തിന് സമാനവും 4: 137–138 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളുടെ സ്വഭാവത്തിന് നേരെ വിരുദ്ധവുമാണ്. അല്ലാഹുവിന്റെ സമ്മതപത്ര മായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും വിശ്വാസം രൂപപ്പെടുത്താനുള്ള അല്ലാഹുവി ന്റെ സന്ദേശമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥ

നെ സഹായിച്ചുകൊണ്ടിരിക്കുകയുമാണെങ്കിൽ അത്തരം സൂക്ഷ്മാലുക്കൾ മുമ്പ് അറിവില്ലാത്ത കാലത്ത് പൈശാചിക മാർഗ്ഗത്തിലൂടെ നേടിയ വിഭവങ്ങൾ ഭക്ഷിച്ചതിന്റെ പേരിൽ അല്ലാഹു പിടികൂടുകയില്ലെന്നാണ് സൂക്തം പറയുന്നത്. സൂക്ഷ്മത എന്ന് പറഞ്ഞാൽ തെറ്റോ ശരിയോ എന്ന് സംശയമുള്ള ഒരു പ്രവൃത്തി തെറ്റാണെങ്കിൽ വിധിദിവസം തിരുത്താൻ സാധിക്കുകയില്ലല്ലോ എന്ന ഭയത്തോടുകൂടി ആ പ്രവൃത്തി ചെയ്യാതിരിക്കലും അതുപോലെ ശരിയാണെന്ന് ഉറപ്പുള്ള ഒരു പ്രവൃത്തി മനുഷ്യരെല്ലാം എതിർക്കും, തല തന്നെ പോകുമെങ്കിലും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് അത് പ്രവർത്തിക്കലുമാണ്. 'വിശ്വാസികളാവുകയും പിന്നെ സൂക്ഷ്മതയുള്ളവരാവുകയും ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വഴിയിൽ ചരിക്കുകയുമാണെങ്കിൽ' എന്ന് പറഞ്ഞതുകൊണ്ടുള്ള വിവക്ഷ അദ്ദിക്ർ പിൻപറ്റുകയും മറ്റുള്ളവരുടെ വിശ്വാസം രൂപപ്പെടുത്തുക, തിന്മകൾ മായ്ച്ചുകളയുക, അവരെ സൂക്ഷ്മതയുള്ളവരാക്കുക, പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുക തുടങ്ങിയ ലക്ഷ്യം വെച്ചുകൊണ്ട് പരിചയും *മുഹൈമിനു*മായ അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയുമാണെങ്കിൽ എന്നാണ്. അത്തരക്കാർക്ക് അവരുടെ തിന്മകൾ നന്മകളായി പരിവർത്തിപ്പിച്ച് കൊടുക്കുന്നതാണെന്ന് 25: 68–70 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 2; 3: 136; 4: 146, 174–175; 12: 22 വിശദീകരണം നോക്കുക.

94. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെ കൈകൾക്കും അമ്പുകൾക്കും എത്തിപ്പെടാവുന്ന വിധത്തിൽ വേട്ടമൃഗങ്ങളിൽ നിന്നുള്ളവയെ അയച്ച് അല്ലാഹു നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും; നിങ്ങളിൽ ആരാണ് അവനെ അദൃശ്യമായ നിലയിൽ ഭയപ്പെടുന്നതെന്ന് അല്ലാഹുവിന് അറിയുന്നതിന് വേണ്ടി, അപ്പോൾ ആരാണോ അതിന് ശേഷം പരിധി ലംഘിക്കുന്നത്, അപ്പോൾ അവന് വേദനാജനകമായ ശിക്ഷയാണുള്ളത്.

5: 1–2 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മക്കയിലേക്കുള്ള തീർത്ഥാടകർ പാലിക്കേണ്ട വിധിവിലക്കുകളോടനുബന്ധിച്ച് അവതരിപ്പിച്ചിട്ടുള്ളതാണ് ഈ സൂക്തം. 2: 155–157 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിച്ചിട്ടുള്ള മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് ഓരോരുത്തർക്കും നൽകിയതിൽ അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. 'വേട്ടയാടൽ നിഷിദ്ധമായ ഇഹ്റാമിന്റെ അവസ്ഥയിൽ നിങ്ങളുടെ കൈകൾക്കും അമ്പുകൾക്കും എത്തിപ്പെടാവുന്ന വിധത്തിൽ വേട്ടമൃഗങ്ങളെ അയച്ച് അല്ലാഹു നിങ്ങളെ പരീക്ഷിക്കും; നിങ്ങളിൽ ആരാണ് അവനെ അദൃശ്യമായ നിലയിൽ ഭയപ്പെടുന്നതെന്ന് അറിയുന്നതിന് വേണ്ടി' എന്നതിന്റെ ഇക്കാലത്തേക്കുള്ള ഒരു മൗഇളത്ത്: ലോകമൊട്ടുക്കുള്ള ലക്ഷക്കണക്കായ ഫുജ്ജാറുകൾ ആത്മാവില്ലാതെ ചര്യാപരമായി ഹജ്ജിനും ഉംറക്കും വേണ്ടി ഒത്തുകൂടുമ്പോഴുണ്ടാകുന്ന തിക്കിലും തിരക്കിലും ഇടകലരുന്ന ആത്മാവിന്റെ വസ്ത്രം ധരിക്കാത്ത സ്ത്രീകളെക്കൊണ്ട് ഇഹ്റാമിന്റെ വസ്ത്രം ധരിച്ച പുരുഷന്മാരെയും ആരോഗ്യദൃഢഗാത്രരായ പുരുഷന്മാരൊക്കൊണ്ട് സ്വന്തം ഇണയിൽ നിന്ന് പൂർണ്ണമായ ലൈംഗിക സംതൃപ്തി ലഭിച്ചിട്ടില്ലാത്ത, കാമം ഒടുങ്ങിയിട്ടില്ലാത്ത സ്ത്രീകളെയുമാണ് ഇന്ന് പരീക്ഷിക്കുന്നത്. ലക്ഷങ്ങൾ ചെലവഴിച്ച് നിർവ്വഹിച്ച ഹജ്ജ് മാത്രമല്ല, ജീവിതം തന്നെ നഷ്ടപ്പെടുത്തിയാണ് അവർ മടങ്ങി വരുന്നത്. തുടർന്നുള്ള അവരുടെ കോഴി കൊത്തുന്ന നമസ്കാരങ്ങളിൽ അവിടെവെച്ച് കണ്ട ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്ന സ്ത്രീപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് അവർ പിരടിയിലുള്ള കർമരേഖയിൽ റിക്കാർഡ് ചെയ്തുകൊണ്ടിരിക്കുക. അതുവഴി അവരുടെ ഹജ്ജും ഉംറയും അതിനുമുമ്പുള്ളതിനേക്കാൾ അവരെ കൂടുതൽ നഷ്ടപ്പെടുത്തുകയാണ് ചെയ്

തിട്ടുള്ളത് എന്ന് അദ്ദിക്റിനെ ഉൾക്കാഴ്ചദായകമായി ഉപയോഗപ്പെടുത്തുന്നവർക്ക് മനസ്സിലാക്കാം.

അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 36: 11; 67: 12 സൂക്തങ്ങളിൽ പറഞ്ഞതുപോലെ നാഥനെ ഗ്രന്ഥത്തിൽ നിന്ന് കണ്ടുകൊണ്ട് ചരിക്കുന്നവനാണ്. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്ന വിശ്വാസി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. സൂക്തത്തിൽ അല്ലാഹുവിന് അറിയുന്നതിനുവേണ്ടി എന്ന് പറഞ്ഞതിന്റെ വിവക്ഷ ത്രികാലജ്ഞാനിയായ, ഉറക്കവും മയക്കവുമില്ലാത്ത നാഥന് അറിയുന്നതിനുവേണ്ടി എന്നല്ല, മറിച്ച് നാഥന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസിക്ക് ആരാണ് യഥാർത്ഥ വിശ്വാസികളെന്നും യഥാർത്ഥ കാഫിറുകളെന്നും തിരിച്ചറിയുന്നതിനുവേണ്ടി എന്നാണ്. 4: 79; 5: 8, 48; 6: 165; 48: 8 വിശദീകരണം നോക്കുക.

95. ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ ഇഹ്റാമിന്റെ അവസ്ഥയിലായിരിക്കുമ്പോൾ വേട്ടമൃഗങ്ങളെ വധിക്കുകയുമരുത്, നിങ്ങളിൽ നിന്ന് ആരെങ്കിലും കരുതിക്കൂട്ടി വേട്ടമൃഗത്തെ കൊന്നാൽ അപ്പോൾ അതിനുള്ള പരിഹാരം അവൻ കൊന്നുകളഞ്ഞതിന് തുല്യമായ ഒരു കാലിയെ വഴിപാടായി ബലിയർപ്പിക്കലാണ്, നിങ്ങളിൽ നിന്നുള്ള രണ്ട് നീതിമാന്മാർ തീരുമാനിക്കും പ്രകാരമുള്ളത്, ഈ വഴിപാട് കഅ്ബത്തിങ്കലെത്തുകയും ചെയ്യേണ്ടതാണ്, അതല്ലെങ്കിൽ അതിനുള്ള പ്രായശ്ചിത്തം ഏതാനും അഗതികൾക്ക് അന്നം നൽകലോ അല്ലെങ്കിൽ അതിനുപകരമായ ദിനങ്ങളിൽ നോമ്പനുഷ്ഠിക്കലോ ആണ്, താൻ ചെയ്തതിന്റെ ഫലം സ്വയം രുചിക്കേണ്ടതിനാണിത്, മുമ്പ് കഴിഞ്ഞുപോയതെല്ലാം അല്ലാഹു മാപ്പാക്കിയിരിക്കുന്നു, ഇനി ആരെങ്കിലും അതിക്രമം കാണിക്കുകയാണെങ്കിൽ അപ്പോൾ അല്ലാഹു അവനോട് പ്രതികാരം ചെയ്യുന്നതാണ്, അല്ലാഹു അജയ്യനായ പ്രതികാരം ചെയ്യുന്നവനുമാകുന്നു.

*ഇഹ്റാമി*ൽ പ്രവേശിച്ചവന് സ്വയം വേട്ടയാടലും വേട്ടയിൽ മറ്റൊരാളെ സഹായിക്കലും നിഷിദ്ധമാകുന്നു. അതുപോലെ അയാൾക്കുവേണ്ടി മറ്റൊരാൾ വേട്ടയാടിപ്പിടിച്ച ജീവിയെ തിന്നുന്നതും അനുവദനീയമല്ല. എന്നാൽ വല്ലവനും സ്വന്തം ആവശ്യാർത്ഥം വേട്ടയാടിയ മൃഗത്തിൽനിന്നും ഒരു ഭാഗം ഇഹ്റാം കെട്ടിയവന് നൽകുകയാണെങ്കിൽ അത് തിന്നുന്നതിൽ വിരോധമില്ല. ജീവികളെ കൊല്ലാൻ പാടില്ല എന്ന പൊതുനിയമത്തിൽ നിന്ന് ഉപദ്രവകാരികളായ ജന്തുക്കളെ വധിക്കുന്നത് ഒഴിവാക്കപ്പെട്ടിരിക്കുന്നു. പാമ്പ്, തേൾ, എലി, പേപ്പട്ടി തുടങ്ങിയ ഉപദ്രവജന്തുക്കളെ ഇഹ്റാമിന്റെ അവസ്ഥയിലും കൊല്ലാവുന്നതാണ്. കരുതിക്കൂട്ടി വേട്ടമൃഗത്തെ കൊന്നാൽ അതിനുള്ള പ്രായശ്ചിത്തമായി വേട്ടയാടിപ്പിടിച്ച ജന്തുവിന്റെ വിലയും വലിപ്പവുമെല്ലാം പരിഗണിച്ച് വിശ്വാസികളിൽ നിന്നുള്ള നീതിമാന്മാരായ രണ്ട് വിധികർത്താക്കൾ വിധിക്കുന്ന ഒരു കന്നുകാലിയെ കഅ്ബത്തിങ്കൽ കൊണ്ടുപോയി അറുത്ത് മാംസം വിതരണം ചെയ്യണം, അതിൽ നിന്ന് ഒന്നും തന്നെ അവൻ ഭക്ഷിക്കാൻ പാടില്ല താനും, ഏതുജീവിയെ വധിച്ചാൽ എത്ര ദരിദ്രന്മാർക്ക് അന്നദാനം ചെയ്യണം, എത്ര നോമ്പുപിടിക്കണം എന്നെല്ലാം തീരുമാനിക്കുന്നത് വിശ്വാസികളിൽ നിന്നുള്ള രണ്ട് നീതിമാന്മാരായ വിധികർത്താക്കളാണ്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം ലോകരിൽ വായിക്കുന്നത് 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത്

ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകളാണ്. 3: 96 ൽ വിവരിച്ച പ്രകാരം മനുഷ്യർക്ക് മൊത്തമുള്ള ഭൂമിയിലെ ആദ്യത്തെ ആരാധനാലയമാണ് കഅ്ബ എന്ന് അവർ വായിക്കുന്നുണ്ടെങ്കിലും പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളെ അവിടേക്ക് പ്രവേശിപ്പിക്കുന്നില്ല. ഇമാം മഹ്ദിയുടെ ആഗമനം ഇജാസിൽ പ്രഖ്യാപിക്കപ്പെടുന്നതോടുകൂടി അദ്ദിക്റിനെ മാലിന്യമായി പരിഗണിക്കുന്ന മാലിന്യമായ കപടവിശ്വാസികളും മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകളെ അവിടെ നിന്ന് പുറത്താക്കുന്നതാണ്. അതോടുകൂടി ലോകരിൽ ദൈവസ്മരണയിൽ നിലകൊള്ളുന്ന വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും ഇജാസിലേക്ക് വേർതിരിക്കുന്നതുമാണ്. 2: 62 ൽ വിവരിച്ച പ്രകാരം ഭൂമിയിലെ ആദ്യകാല വേദക്കാരിൽ പെട്ട, ലൈംഗികബന്ധമില്ലാതെ ദൈവസ്മരണയിൽ ജീവിക്കുന്ന ഇന്ത്യയിൽ നിന്നുള്ള സന്യാസി-സന്യാസിനിമാർ തന്നെയായിരിക്കും അവരിൽ അധികവും. ഇങ്ങനെ വേർതിരിക്കുന്നത് അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചു പുലർത്തുന്ന, ദുഷിച്ച പരിണിതിയുള്ള, അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെട്ട കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും, മുശ്രിക്കുകളായ പുരുഷന്മാരെയും സ്ത്രീകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ് എന്ന് 48: 6 ൽ അവർ തന്നെയാണ് വായിച്ചുകൊണ്ടിരിക്കുന്നത്. 2: 165; 4: 159; 5: 49 വിശദീകരണം നോക്കുക.

96. സമുദ്രവേട്ട നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു, അതിലെ ആഹാരം നിങ്ങൾക്കും മറ്റ് യാത്രക്കാർക്കുമുള്ള വിഭവമാക്കിയിരിക്കുന്നു, നിങ്ങൾ ഇഹ്റാമിന്റെ അവസ്ഥയിലായിരിക്കുമ്പോൾ കരയിലെ വേട്ട നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടപ്പെടുന്നത് ഏതൊരുവനിലേക്കാണോ, ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ.

ജീവൻ പോയ മത്സ്യവും വെട്ടുകിളിയും ഭക്ഷിക്കൽ അനുവദനീയമാണ്. സമുദ്രത്തിലെ എല്ലാ ജീവജാലങ്ങളെയും ഏതവസ്ഥയിലും പിടിക്കാമെന്നും ഭക്ഷിക്കാമെന്നുമാണ് സൂക്തം പഠിപ്പിക്കുന്നത്. ഇഹ്റാമിലുള്ളവർക്കും മറ്റു യാത്രക്കാർക്കും സമുദ്രത്തിലെ മത്സ്യങ്ങളെയും ജീവജാലങ്ങളെയും പാകം ചെയ്ത് ഭക്ഷിക്കാവുന്നതും പിന്നീട് ഭക്ഷിക്കുന്നതിനുവേണ്ടി ഉണക്കിയും ശീതീകരിച്ചും യാത്രയിൽ കൂടെ കൊണ്ടുപോകാവുന്നതുമാണ്.

17: 13-15 സൂക്തങ്ങളിൽ, എല്ലാ ഓരോ മനുഷ്യനും തങ്ങളുടെ പിരടിയിൽ കർമരേഖ വഹിക്കുന്നുണ്ടെന്നും വിധിദിവസം അത് ഒരു പ്രകാശിക്കുന്ന ഗ്രന്ഥമായി ഊരിയെടുത്ത് കൊടുക്കുമെന്നും 'നീ നിന്റെ ഗ്രന്ഥം വായിക്കുക, ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായവനാണ്' എന്ന് പറയപ്പെടുമെന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ പതിനഞ്ച് വയസ്സിനുശേഷമുള്ള അവരുടെ ജീവിതം ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ നയിക്കുന്നവരായതിനാൽ വിചാരണാനാളിൽ അവർക്ക് അവരുടെ ഗ്രന്ഥം വലതുകൈയിൽ ലഭിക്കുന്നതും സന്തോഷത്തോടെ ഗ്രന്ഥം വായിക്കുന്നതുമാണ്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്ക് അവരുടെ ഗ്രന്ഥം ഇടതുകൈയിലാണ് ലഭിക്കുക. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ അവർ അവരുടെ ഗ്രന്ഥം വായിക്കുമ്പോൾ 'ഓ കഷ്ടം! ഇതെന്തൊരു ഗ്രന്ഥമാണ്! ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇതിൽ കൊത്തിവെക്കാതെ വിട്ടിട്ടില്ലല്ലോ' എന്ന് വിലപിക്കുന്ന രംഗം 18: 49 ൽ മുന്നറിയിപ്പ് നൽകിയത് അവർ വായിക്കുന്നുണ്ട്. 2: 172-173, 213; 3: 185; 5: 3, 57 വിശദീകരണം നോക്കുക.

97. പരിശുദ്ധഗേഹമായ കഅ്ബാലയത്തെ അല്ലാഹു ജനങ്ങൾക്ക് ഒരുമിച്ചുകൂടാ

നുള്ളതാക്കിയിരിക്കുന്നു, യുദ്ധം നിഷിദ്ധമായ മാസങ്ങളെയും ബലിമൃഗങ്ങളെയും അവയുടെ കഴുത്തിലണിഞ്ഞ ചിഹ്നങ്ങളെയും ഇതേ കാര്യത്തിന് സഹായകമാക്കി വെച്ചിരിക്കുന്നു, നിശ്ചയം അല്ലാഹു ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അറിയുന്നവനാണെന്നും നിശ്ചയം അല്ലാഹു എല്ലാ ഓരോ കാര്യത്തെക്കുറിച്ചും അറിയുന്ന സർവ്വജ്ഞനുമാണെന്നും നിങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാകുന്നു അത്.

2: 194; 9: 36–37 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ മക്കയിലുള്ള കഅ്ബയെ ഭൂമിയുടെ കേന്ദ്രമായി നിശ്ചയിക്കുകയും മനുഷ്യർക്ക് സമാധാനപരമായി തീർത്ഥാടനം നടത്തുന്നതിനുവേണ്ടി ഹിജ്റ കലണ്ടറിലുള്ള 11, 12, 1, 7 എന്നീ 4 മാസങ്ങളെ യുദ്ധം നിഷിദ്ധമായ മാസങ്ങളാക്കി വെക്കുകയും ചെയ്തു. ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇന്ന് ഈ 4 മാസങ്ങളിൽ മാത്രമല്ല, ഒരു സമയത്തും യുദ്ധം കൽപിക്കപ്പെട്ടിട്ടില്ല. 2: 145–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലോകത്തെവിടെയും പരസ്പരം ഒരു ദിവസത്തിന്റെ മാറ്റമില്ല എന്ന പ്രാഥമിക വിവരം പോലുമില്ലാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ കഅ്ബയെ ഖിബ്ല (ശ്രദ്ധാകേന്ദ്രം) യായി അംഗീകരിക്കാതെ ലോകത്ത് വ്യത്യസ്ത ദിനങ്ങളിലായിട്ടാണ് നോമ്പ്, പെരുന്നാൾ എന്നിവ കൊണ്ടുനടക്കുന്നത്.

ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ മക്ക എല്ലാ മനുഷ്യർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. അതുകൊണ്ട് എല്ലാ മനുഷ്യർക്കും അവിടേക്ക് തീർത്ഥാടനം നടത്താനും അങ്ങനെ മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കാനും നാഥനെ ഏകദൈവവും രാജാവുമായി അംഗീകരിക്കാനും അവസരം നൽകേണ്ടതാണ്. 9: 28 ൽ വിവരിച്ച പ്രകാരം *ഇജ്മാഅ്* *മഹ്ദി*യുടെ വരവ് പ്രഖ്യാപിക്കപ്പെടുന്നതോടുകൂടി യഥാർത്ഥ മുശ്രിക്കുകളും കാഫിറുകളുമായ ഫുജ്ജാറുകൾ *ഇജ്മാഅ്*ൽ നിന്ന് പുറത്താക്കപ്പെടുന്നതും പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതര ജനവിഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് *ഇജ്മാഅ്*ലേക്ക് വേർതിരിക്കപ്പെടുന്നതുമാണ്. അന്തിക്രിസ്തുവിനെ ആദ്യം നബിയായും പിന്നെ റബ്ബായും അംഗീകരിക്കുന്ന 8: 22 ൽ പറഞ്ഞ ദുഷ്ടജീവികളായ ഫുജ്ജാറുകളെ 4: 159 ൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമതുവന്ന് അന്തിക്രിസ്തുവിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതര ജനവിഭാഗങ്ങൾ വധിക്കുന്നതാണ്. ശേഷം ഈസാ മക്ക കേന്ദ്രമാക്കി ഏഴ് വർഷം ഭരിക്കുന്നതും അന്ന് ആൺ പെൺ വ്യത്യാസമില്ലാതെ മനുഷ്യരെല്ലാം ഒറ്റ സമുദായമായി 43: 60–61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ലൈംഗികബന്ധമില്ലാതെ മലക്കുകളുടെ ജീവിതം നയിക്കുന്നതാണ്. അതോടുകൂടി എല്ലാ മനുഷ്യർക്കും മക്കയിലേക്ക് പ്രവേശനം ലഭിക്കുന്നതുമാണ്. നാടുകളുടെ കേന്ദ്രമായ മക്കയാണ് വിധിദിവസത്തിലെ വിചാരണാകേന്ദ്രം. 1: 3; 2: 196–197; 3: 96–97 വിശദീകരണം നോക്കുക.

98. നിങ്ങൾ അറിഞ്ഞിരിക്കുക; നിശ്ചയം അല്ലാഹു അതികഠിനമായി ശിക്ഷിക്കുന്നവനും നിശ്ചയം അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു.

99: 80 ൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾ അറിഞ്ഞിട്ട് കുറ്റം ചെയ്യുന്നവരായതിനാൽ അവർക്ക് പൊറുത്തുകൊടുക്കുകയില്ല. അറിയാതെ കുറ്റം ചെയ്യുന്നവർക്ക് എത്ര തെറ്റുണ്ടെങ്കിലും പൊറുത്തുകൊടുക്കുകയും ചെയ്യും. 41: 43 ൽ അല്ലാഹു പറയുന്നു: നിനക്കുമുമ്പുള്ള പ്രവാചകന്മാരോട് പറയപ്പെട്ടിട്ടില്ലാത്ത ഒന്നും നിന്നോട് പറയപ്പെടുന്നില്ല, നിശ്ചയം നിന്റെ നാഥൻ ഏറെ പൊറുക്കുന്നവനും വേദനാജനകമായി ശിക്ഷിക്കുന്നവനും

തന്നെയാണ്. അതായത് 41: 41-42 സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളെയും അതിനെ തള്ളിപ്പറയുന്ന, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്നവരെയുമാണ് കഠിനമായി ശിക്ഷിക്കുക. യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാത്തതിനാൽ ജാഹിലിയ്യാ ജീവിതം നയിക്കുകയും എന്നാൽ അദ്ദിക്ർ വന്നുകിട്ടിയപ്പോൾ അത് ഉപയോഗപ്പെടുത്തി കഴിഞ്ഞുപോയ തെറ്റുകളെല്ലാം അല്ലാഹുവിനോട് ഏറ്റുപറയുകയും അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ കാര്യത്തിലാണ് അല്ലാഹു ഏറെപ്പൊറുക്കുന്ന കാരുണ്യവാനായിട്ടുള്ളത്.15: 49-50 സൂക്തങ്ങളിൽ, എന്റെ അടിമകളോട് വിവരം പറഞ്ഞുകൊടുക്കുക, നിശ്ചയം ഞാൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാണ്, എന്നാൽ നിശ്ചയം എന്റെ ശിക്ഷ, അത് വേദനാജനകം തന്നെയുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 159-161; 4: 146 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികളിൽ ആരാണോ പശ്ചാത്തപിച്ച് മടങ്ങുകയും മുമ്പ് മൂടി വെച്ച തെറ്റുകുറ്റങ്ങൾ വെളിപ്പെടുത്തുകയും അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയും ജീവിതം മുഴുവൻ നാഥന് വേണ്ടിയാക്കുകയും ചെയ്തത്, അത്തരക്കാർ വിശ്വാസികളോടൊപ്പം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടേക്കാം. 2: 38-39, 177; 4: 17-18; 5: 93 വിശദീകരണം നോക്കുക.

99. പ്രവാചകന്റെ മേൽ സന്ദേശം എത്തിച്ചുകൊടുക്കുകയല്ലാതെ മറ്റു ചുമതലയൊന്നുമില്ല, അല്ലാഹു നിങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒന്നും നിങ്ങൾ ഒളിപ്പിച്ചുവെച്ചുകൊണ്ടിരിക്കുന്ന ഒന്നും അറിയുന്നവനുമാകുന്നു.

എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയായ അല്ലാഹു ഓരോരുത്തരുടെയും മാതാപിതാക്കൾ, ദേശം, ലിംഗം, ജനനം, ആയുസ്സ്, ഇണ, മക്കൾ, മരണം, ഓരോരുത്തർക്കും ആവശ്യമായ വായു, വെള്ളം ഭക്ഷണം തുടങ്ങിയവയെല്ലാം നിശ്ചയിച്ച് 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഓരോരുത്തരുടെയും പിരടിയിലുള്ള കർമരേഖയിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. 76: 3 പ്രകാരം ഓരോരുത്തർക്കും നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദി കെട്ടവൻ എന്നീ രണ്ടാലൊരുമാർഗ്ഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നിരിക്കെ പ്രവാചകന്റെയും വിശ്വാസിയുടെയും ദൗത്യം ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്ന അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ജനങ്ങൾക്ക് എത്തിച്ച് കൊടുക്കൽ മാത്രമാണ്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, പതിനഞ്ച് വയസ്സ് തികഞ്ഞ ഓരോരുത്തരും ഒറ്റക്കൊറ്റക്കാണ് അവരുടെ വിചാരണ നേരിടേണ്ടത്. 4: 118 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ ജനതയിലെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് സിജ്ജീൻ പട്ടികയിലുള്ള നരകക്കുണ്ഠത്തിലേക്കുള്ള ടിക്കറ്റായ ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ട് നരകക്കുണ്ഠത്തിലേക്ക് ചേക്കേറുന്നതാണ്. അപ്പോൾ ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി തീവ്രവാദം, രക്തച്ചൊരിച്ചിൽ, കൊല, കൊള്ള തുടങ്ങിയ പൈശാചിക കാൽപാടുകൾ പിൻപറ്റുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും അദ്ദിക്ർ കൊണ്ട് ജിഹാദ് ചെയ്യുകയും, 2: 62 ൽ വിവരിച്ച പ്രകാരം മനുഷ്യരുടെ ഐക്യം സ്ഥാപിതമാക്കാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണപ്രദമായ പ്രവർത്തനങ്ങളിൽ മുഴുകുന്നതിനും ലക്ഷ്യം വെച്ച് കൊണ്ട് ത്രികാലജ്ഞാനമായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുത്ത് നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്നതുമാണ്. അതുവഴി 6: 158 ൽ വിവരിച്ച പ്രകാരം ഭൂമിയുടെ തിരിച്ചുകറക്കവും മസീഹു

ദ്ജ്ജാലിന്റെ വരവും നീട്ടാൻ ശ്രമിക്കുകയാണ്. 2: 119, 187; 4: 124; 5: 92; 7: 205–206 വിശദീകരണം നോക്കുക.

100.നീ പറയുക: മ്ലേച്ഛമായതും പരിശുദ്ധമായതും ഒരിക്കലും സമമാവുകയില്ല – മ്ലേച്ഛമായതിന്റെ ആധിക്യം നിന്നെ എത്ര തന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി, ഓ ബുദ്ധിമാന്മാരേ, അപ്പോൾ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ –നിങ്ങൾ വിജയം വരിക്കുക തന്നെ വേണമെന്നതിനുവേണ്ടി.

മ്ലേച്ഛമായതും പരിശുദ്ധമായതും വേർതിരിച്ചറിയാനുള്ള ഉപകരണം ത്രാസും സത്യാസത്യവിവേചന മാനദണ്ഡവുമായ അദ്ദിക്ർ മാത്രമാണ്. അത് ഉപയോഗപ്പെടുത്തി അനുവദനീയവും പരിശുദ്ധവുമായ ഭക്ഷണപാനീയങ്ങൾ മ്ലേച്ഛമായതിൽ നിന്ന് വേർതിരിച്ചെടുക്കുകയും പരിശുദ്ധമായതുമാത്രം ഉപയോഗിക്കുകയും ചെയ്തുകൊണ്ട് ശരീരം നരകത്തിൽ കരിക്കാതെ സൂക്ഷിക്കേണ്ടത് ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. മ്ലേച്ഛമായത് എത്ര അധികമായിരുന്നാലും ശരി, അത് പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്കും, പരിശുദ്ധമായത് എത്ര കുറവായിരുന്നാലും ശരി, അത് അല്ലാഹുവിന്റെ വീടായ സ്വർഗത്തിലേക്കുമുള്ളതാണ്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ മാർഗത്തിലൂടെ സമ്പാദിക്കുന്നതെല്ലാം മ്ലേച്ഛവും നരകത്തിലേക്കുള്ളതുമാണ്. അദ്ദിക്ർ പരിശുദ്ധന്മാരല്ലാതെ സ്പർശിക്കുകയില്ല എന്ന് 56: 79 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും അദ്ദിക്റിനെ മാലിന്യമായി പരിഗണിക്കുന്നതിനാൽ അവർ മാലിന്യമാണെന്ന് 9: 28, 95, 125 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. 24: 26 ൽ, മ്ലേച്ഛസ്ത്രീകൾ മ്ലേച്ഛന്മാർക്കുള്ളതും മ്ലേച്ഛന്മാർ മ്ലേച്ഛസ്ത്രീകൾക്കുള്ളതും പരിശുദ്ധവതികൾ പരിശുദ്ധന്മാർക്കും പരിശുദ്ധന്മാർ പരിശുദ്ധവതികൾക്കുള്ളതുമാണ്, അക്കൂട്ടർ മ്ലേച്ഛന്മാർ ആരോപിക്കുന്നതിനെത്തൊട്ടെല്ലാം വിമുക്തരുമാണ്, അവർക്ക് പാപമോചനവും മാന്യമായ ഭക്ഷണവിഭവങ്ങളുമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്.

പരിശുദ്ധവചനമായ അദ്ദിക്ർ കൊണ്ട് ആത്മാവിനെ ശുദ്ധീകരിക്കാതെ വിശ്വാസിയാവുകയോ പ്രവർത്തനങ്ങൾ 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് ഉയർത്തപ്പെടുകയോ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ ഇല്ല എന്ന് 2: 186; 35: 10 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പരിശുദ്ധ വചനമായ അദ്ദിക്ർ മൂടിവെക്കുന്നവരും അല്ലാഹു ഉദ്ദേശിച്ച ആശയത്തിൽ അത് ഉപയോഗപ്പെടുത്താതെ അതുകൊണ്ട് കുറഞ്ഞ വില വാങ്ങുന്നവരുമായ കുഫ്ഫാറുകൾ അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വയറുകളിൽ തീ നിറക്കുന്നവരാണെന്ന് 2: 174–176; 3: 187 സൂക്തങ്ങളിലും; ഇത്തരം ഭ്രാന്തന്മാരായ മ്ലേച്ഛന്മാർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നത് വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ലും പറഞ്ഞിട്ടുണ്ട്. 2: 188; 3: 116; 5: 62–63; 8: 22 വിശദീകരണം നോക്കുക.

101. ഓ, വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾക്ക് വെളിപ്പെടുത്തപ്പെടുകയാണെങ്കിൽ നിങ്ങളെ ദുഃഖിപ്പിക്കുന്ന കാര്യങ്ങളെത്തൊട്ട് നിങ്ങൾ ചോദിക്കാതിരിക്കുവീൻ, ഈ ഖുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വേളയിൽ നിങ്ങൾ അവയെക്കുറിച്ച് ചോദിച്ചാൽ നിങ്ങൾക്ക് അത് വെളിപ്പെടുത്തുക തന്നെ ചെയ്യും, അല്ലാഹു അവയെത്തൊട്ട് നിങ്ങൾക്ക് വിടുതി തന്നിരിക്കുകയാണ്, അല്ലാഹു ഏറെപ്പൊറുക്കുന്ന സഹനശീലനുമാകുന്നു.

102.നിങ്ങൾക്കുമുമ്പുള്ള ഒരു ജനത ഇത്തരം ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്, പിന്നെ അതുകൊണ്ട് അവർ കാഫിറുകളായി ആപതിച്ചു.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. 2: 108; 5: 78 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്ത് മദീനയിൽ അവതരിച്ച ഈ സൂക്തം വിശ്വാസികളെ പഠിപ്പിക്കുന്നത്, മൂസായുടെ അന്നത്തെ ജനതയായ ജൂതന്മാർ ചോദിച്ചിരുന്നതുപോലെ ഗ്രന്ഥം അവതരിപ്പിച്ചുകൊണ്ടിരിക്കെ നിങ്ങൾ പ്രവാചകനോട് ചോദ്യങ്ങൾ ചോദിക്കരുത് എന്നാണ്. ഇന്ന് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ളതും 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കുന്നു. 15: 9 ൽ പറഞ്ഞ പ്രകാരം നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതും നാഥൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്തിട്ടുള്ളതും അജയ്യഗ്രന്ഥവുമായ അതിൽ ക്രോഡീകരിക്കുന്നതിന് മുമ്പോ ക്രോഡീകരിച്ചതിന് ശേഷമോ മിഥ്യയൊന്നും കടന്നുകൂടുകയില്ലെന്ന് 41: 41-42 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 16: 89 ൽ പറഞ്ഞ പ്രകാരം സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർ മാത്രമാണ് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അതിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുക. 1: 7; 2: 210-211; 4: 63; 38: 8 വിശദീകരണം നോക്കുക.

103.ബഹീറയോ സാഇബയോ വസീലയോ ഹാമോ അല്ലാഹു നിശ്ചയിച്ചിട്ടില്ല, എന്നാൽ കാഫിറുകളായവർ അല്ലാഹുവിന്റെ മേൽ കളവായി കെട്ടിച്ചമച്ചുണ്ടാക്കിയതാണ് ഇതെല്ലാം, അവരിൽ അധികപേരും ചിന്തിക്കാത്തവരുമാകുന്നു.

ജാഹിലിയ്യാ കാലത്തെ അറബികളും ജൂതരും മറ്റു മതക്കാരുമെല്ലാം ചില ജീവികളെ അല്ലാഹുവല്ലാത്ത തങ്ങളുടെ ആരാധ്യന്മാരുടെ പേരിൽ ഉഴിഞ്ഞിടുക പതിവായിരുന്നു. അങ്ങിനെ ഉഴിഞ്ഞിടുന്ന മൃഗങ്ങൾക്ക് അവർ വിവിധ പേരുകളും നൽകിയിരുന്നു.

ബഹീറ:-ഒട്ടകം അഞ്ചുതവണ പ്രസവിക്കുകയും അഞ്ചാമത്തെ ശിശു ആണാവുകയും അത് ജീവിച്ചിരിക്കുകയും ചെയ്താൽ തള്ളയെ കാതുകീറി അവരുടെ ആരാധ്യന്മാരുടെ പേരിൽ ഉഴിഞ്ഞിട്ടിരുന്നു. അനന്തരം അതിനെ സവാരിക്ക് ഉപയോഗിക്കുകയില്ല, അതിന്റെ പാൽ കുടിക്കുകയില്ല, അതിനെ അറുക്കുകയില്ല, രോമം മുറിച്ചുനീക്കുകയില്ല, അതിന് യഥേഷ്ടം ഏത് മേച്ചിൽ സ്ഥലത്തും മേയാനും ഏത് വയലിൽ കയറിച്ചെന്ന് തിന്നാനും ഏത് കുളത്തിൽ നിന്ന് വെള്ളം കുടിക്കാനും അവകാശമുണ്ടായിരിക്കും. ഇതിനെയാണ് കാത് അറുത്തതെന്ന അർത്ഥത്തിൽ ബഹീറ എന്ന് വിളിച്ചിരുന്നത്.

സാഇബ:-ആഗ്രഹിച്ച കാര്യം സഫലീകരിക്കുക, രോഗശമനം ലഭിക്കുക, ആപത്തിൽ നിന്ന് മുക്തി നേടുക തുടങ്ങിയ വല്ല ദിവ്യാനുഗ്രഹങ്ങളും ലഭിക്കുമ്പോൾ നന്ദിയായി അല്ലാഹുവിന്റെ പങ്കാളികളുടെ പേരിൽ ഉഴിഞ്ഞിടുന്ന ഒട്ടകമാണ് സാഇബ. അല്ലെങ്കിൽ ഓരോ തവണയും പെൺകുഞ്ഞിനെയെന്ന നിലയിൽ പത്ത് പ്രസവിച്ച ഒട്ടകത്തെ സ്വതന്ത്രമാക്കി വിടുന്ന സമ്പ്രദായത്തിനും സാഇബ എന്ന് പറഞ്ഞിരുന്നു.

വസീല:-ആടിന്റെ ആദ്യത്തെ കുട്ടി ആണായാൽ അതിനെ ദൈവത്തിന്റെ പങ്കാളികളുടെ പേരിൽ ബലിയായി അറുക്കും. ആദ്യത്തെ കുട്ടി പെണ്ണാണെങ്കിൽ അതിനെ സ്വന്തമാക്കി നിലനിർത്തുകയും ചെയ്യും. എന്നാൽ ആദ്യത്തെ പ്രസവത്തിൽ ആണും പെണ്ണും കൂടിയാണെങ്കിൽ ആണിനെ അറുക്കുന്നതിനുപകരം അതേപടി ദൈവത്തിന്റെ പങ്കാളികളുടെ പേരിൽ ഉഴിഞ്ഞുവെക്കുന്ന സമ്പ്രദായത്തിന്റെ പേരാണ് വസീല.

ഹാമ്:-ഒരു ഒട്ടകത്തിന്റെ കുട്ടിയുടെ കുട്ടി സവാരിക്ക് പാകമായിക്കഴിഞ്ഞാൽ വൃദ്ധ

യായ ഒട്ടകത്തെ സ്വതന്ത്രമായി വിടും. പത്ത് സന്താനങ്ങളെ ജനിപ്പിച്ച ആൺ ഒട്ടകത്തിനും ഈ സ്വാതന്ത്ര്യം നൽകിയിരുന്നു. ഇതിനാണു ഹാമ് എന്ന് പറഞ്ഞിരുന്നത്.

25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകളാണ് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. ലോകത്തെവിടെയും ഗ്രന്ഥം വായിക്കുകയോ തൊടുകയോ കാണുകയോ ചെയ്യാത്ത ഇതരജനവിഭാഗങ്ങളേക്കാൾ അന്ധവിശ്വാസ-അനാചാരങ്ങളിലും സംസ്കാരശൂന്യതയിലും നശീകരണ പ്രവർത്തനങ്ങളിലും മുഴുകിയിരിക്കുന്നത് ഇന്ന് അവരാണ്. പ്രപഞ്ചനാഥനായ അല്ലാഹുവിന് ശുപാർശക്കാരും അവനിലേക്ക് അടുപ്പിക്കുന്ന പങ്കാളികളുമുണ്ടെന്ന് ജൽപിച്ച് മൺമറഞ്ഞുപോയ മഹാത്മാക്കൾ, രക്തസാക്ഷികൾ തുടങ്ങിയവരുടെ പേരിൽ നേർച്ചയായി ഭക്ഷണസാധനങ്ങളും മറ്റും നീക്കിവെക്കുന്നവരും ധൂർത്തന്മാരും സുഖലോലുപന്മാരും പിശാചിന്റെ കൂട്ടാളികളുമായ അവർ ജീവികളെ വളർത്തുന്നില്ല എന്ന് മാത്രമല്ല, അവയെ യഥേഷ്ടം തിന്നുന്നവരും ജീവികളോടും മനുഷ്യരോടും അനുകമ്പയില്ലാതെ ക്രൂരതയോടെ പെരുമാറുന്നവരുമാണ്. പിശാചിന്റെ കൂട്ടാളികളായ അവർ തന്നെയാണ് ഭൗതിക ജീവിതത്തിലെ പ്രതാപത്തിലും പ്രൗഢിയിലും ആകൃഷ്ടരായവരും തീവ്രവാദ പ്രവർത്തനങ്ങളിലും രക്തച്ചൊരിച്ചിലിലും മുഴുകി ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതിൽ മുൻപന്തിയിലുള്ളതും. 2: 168-169; 5: 90-91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ അവർ നാഥനെ വിസ്മരിച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 2: 165-167; 3: 90-91; 5: 60 വിശദീകരണം നോക്കുക.

104.അല്ലാഹു അവതരിപ്പിച്ചിട്ടുള്ള ഒന്നിലേക്കും പ്രവാചകനിലേക്കും നിങ്ങൾ വരുവീൻ എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: ഞങ്ങളുടെ പൂർവ്വികപിതാക്കളെ ഞങ്ങൾ ഏതൊരു ചര്യയിലാണോ കണ്ടത്, ഞങ്ങൾക്ക് അതുതന്നെ മതി; അവരുടെ പിതാക്കൾ യാതൊന്നും അറിവില്ലാത്തവരും അവർ സന്മാർഗം പ്രാപിക്കാത്തവരായിരുന്നാലും?

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും എന്നാൽ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ആശയമറിയാതെ ഗ്രന്ഥം വഹിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളോട് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ അണപ്പല്ലുപയോഗിച്ച് കടിച്ചുപിടിച്ച് നിലകൊള്ളാനാണ് പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജിൽ തന്നെ പഠിപ്പിച്ചിട്ടുള്ളത് എന്ന് പറയുമ്പോൾ, അത്തരം ഒരു ഗ്രന്ഥത്തെക്കുറിച്ച് ബോധമില്ലാത്ത അവർ പറയുക: ഞങ്ങൾ ഞങ്ങളുടെ കാക്കകാരണവന്മാരെ ഏതൊരു ചര്യയിൽ കണ്ടുവോ, ഞങ്ങൾക്ക് അതുതന്നെ മതി എന്നുതന്നെയാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് അവരിലെ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് പോകുന്ന കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന വിചാരണക്കുശേഷം നരകത്തിലേക്ക് തെളിക്കപ്പെടുന്ന മുശ്രിക്കുകളായിത്തീർന്ന കാഫിറുകളെയും ശിക്ഷിക്കാൻ വേണ്ടിയും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടിയുമാണ് എന്ന് 33: 73 ൽ പറഞ്ഞിട്ടുള്ളത് ഈ കെട്ട ജനതയുടെ കാര്യത്തിൽ സത്യമായി പുലർന്നിരിക്കുകയാണ്. 18: 105-106; 25: 23 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരുടെ എല്ലാ പ്രവർത്തനങ്ങളും മരണസമയത്ത് അവരുടെ മുമ്പിൽ വെച്ചുകൊടുക്കപ്പെടുന്നതും തെളിവായ അദ്ദിക്റിന്റെ വഴിയിലല്ലാത്തതിനാൽ

അവരുടെ എല്ലാ പ്രവർത്തനങ്ങളും കാറ്റിൽ പറത്തുന്ന ധൂളികളായി മാറ്റുന്നതുമാണ്. 2: 170-171; 4: 59 വിശദീകരണം നോക്കുക.

105.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളുടെ മേൽ നിങ്ങളുടെ സ്വന്തത്തെക്കുറിച്ചുള്ള ഉത്തരവാദിത്തമാണുള്ളത്, നിങ്ങൾ സന്മാർഗസ്ഥരാവുകയാണെങ്കിൽ മറ്റുള്ളവരുടെ വഴികേട് നിങ്ങളെ ഒരു തരത്തിലും ബുദ്ധിമുട്ടിക്കുകയില്ല, നിങ്ങളെല്ലാവരും അല്ലാഹുവിലേക്കാണ് മടക്കപ്പെടുക, അപ്പോൾ നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതാണ്.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, എല്ലാ ഓരോ ആത്മാവും നാലാം ഘട്ടമായ ഐഹികലോക ജീവിതത്തെക്കുറിച്ച് ഒറ്റക്കൊറ്റക്ക് അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്നാണ് 6: 94 പോലെ ഈ സൂക്തവും പഠിപ്പിക്കുന്നത്. വിശ്വാസികൾ വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. എന്നാൽ ഗ്രന്ഥം ലഭിച്ച എല്ലാ ഓരോ 1000 ലും നരകത്തിലേക്കുള്ള കപടവിശ്വാസികളും കാഫിറുകളുമടങ്ങിയ തൊള്ളായിരത്തിതൊണ്ണൂറ്റി ഒമ്പതും അത് സ്വീകരിക്കാൻ വിസമ്മതിക്കുകയാണ് ചെയ്യുക. 3: 100; 5: 48 സൂക്തങ്ങൾ പ്രകാരം നിങ്ങൾ പരിചയും മുഹൈമിനുമായ അദ്ദിക്ർ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയാണെങ്കിൽ അവരുടെ വഴികേട് നിങ്ങളെ ഒരു നിലക്കും ബുദ്ധിമുട്ടിക്കുകയില്ല എന്ന് സൂക്തം വിശ്വാസികളെ സമാധാനിപ്പിക്കുകയാണ്. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ അവർക്ക് അധികാരം നൽകുമെന്ന് 24: 55 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ല, മറിച്ച് കാഫിറുകളായ കപടവിശ്വാസികളുടെ സംഘങ്ങളാണുള്ളത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ മുടിവെച്ചുകൊണ്ട് നാട്ടിൽ നശീകരണ പ്രവർത്തനങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളോടും ഇത്തരം പ്രവർത്തനങ്ങളോട് മനസ്സുകൊണ്ടുപോലും വെറുപ്പ് പ്രകടിപ്പിക്കാതെ തങ്ങളുടെ പക്കൽ അതിന് പരിഹാരമൊന്നുമില്ല എന്ന മട്ടിൽ നിസ്സഹായത പുലർത്തുന്ന, കപടവിശ്വാസികളെ അന്ധമായി പിൻപറ്റുന്ന അനുയായികളായ ഫാജിറുകളോടുമെല്ലാം 9: 73; 25: 52; 66: 9 തുടങ്ങിയ സൂക്തങ്ങളുടെ കൽപനയനുസരിച്ച് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് നടത്തുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അത് 6: 89 ൽ പറഞ്ഞ പ്രകാരം അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യാത്ത പ്രവാചകന്റെ തന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, സൗരാഷ്ട്രർ, ജൂതർ, ക്രൈസ്തവർ, സിക്കുകാർ തുടങ്ങിയ ഇതരജന വിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കുകയുമാണ് ഇന്ന് ഒറ്റപ്പെട്ട വിശ്വാസി ചെയ്യേണ്ടത്.

31: 15 ൽ, മാതാപിതാക്കൾ നിനക്ക് അറിവില്ലാത്ത കാര്യങ്ങൾ എന്നിൽ പങ്കുചേർക്കാൻ നിന്നോട് നിർബന്ധിക്കുകയാണെങ്കിൽ അവരെ രണ്ടുപേരെയും നീ അനുസരിക്കരുത്, ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ നീ അവരോട് ഐഹികലോകത്ത് സഹവർത്തിക്കുക, നീ എന്നിലേക്ക് തിരിഞ്ഞവരുടെ മാർഗം പിൻപറ്റുകയും ചെയ്യുക, പിന്നെ നിങ്ങളുടെയെല്ലാം മടക്കം എന്നിലേക്കുതന്നെയാണ്, അപ്പോൾ നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് നാം നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 62: 8 ൽ നീ പറയുക: നിങ്ങൾ വിരണ്ടോടുന്ന മരണമുണ്ടല്ലോ, അത് നിങ്ങൾ കണ്ടുമുട്ടുക തന്നെ ചെയ്യും, പിന്നെ ദൃശ്യങ്ങളും അദൃശ്യങ്ങളും അറിയുന്നവനിലേക്ക് നിങ്ങൾ മടക്കപ്പെടുകയും അപ്പോൾ നിങ്ങളെന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ നി

ങ്ങളോട് വിവരം പറഞ്ഞുതരികയും ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൂക്തങ്ങളിലെല്ലാം അല്ലാഹു ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ എങ്ങനെയായിരുന്നു എന്ന് വിവരം പറഞ്ഞുതരുമെന്നാണ് പറയുന്നതെങ്കിലും യഥാർത്ഥത്തിൽ 17: 13 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ മനുഷ്യനും അവന്റെ പിരടിയിൽ വഹിക്കുന്ന കർമരേഖ അന്ത്യദിനത്തിൽ ഒരു തുറന്ന പ്രകാശിക്കുന്ന പുസ്തകമായി ഓരോരുത്തർക്കും നൽകി 17: 14 ൽ പറഞ്ഞ പ്രകാരം 'നീ നിന്റെ ഗ്രന്ഥം വായിക്കുക, ഇന്ന് നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായവനാണ്' എന്ന് പറഞ്ഞ് ഓരോരുത്തരെക്കൊണ്ടും അത് വായിപ്പിച്ച് സ്വയം വിചാരണ നടത്തിക്കുകയാണ് ചെയ്യുക. 6: 164; 17: 15; 35: 18; 39: 7; 53: 38 എന്നീ സൂക്തങ്ങളിലെല്ലാം ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 113, 256; 3: 102; 4: 109; 5: 54 വിശദീകരണം നോക്കുക.

106.ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങളിൽ ഒരുവന് മരണം ആസന്നമാവുകയും അപ്പോൾ അവൻ വസ്വിയ്യത്ത് ചെയ്യുകയുമാണെങ്കിൽ നിങ്ങളിൽ നിന്നുള്ള നീതിമാന്മാരായ രണ്ടുപേർ അതിന് സാക്ഷ്യം വഹിക്കണം -അല്ലെങ്കിൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴാണ് നിങ്ങൾക്ക് മരണവിപത്ത് പിടിപെടുന്നതെങ്കിൽ നിങ്ങളിൽ പെടാത്ത രണ്ടുപേർ; നിങ്ങൾ സംശയിക്കുകയാണെങ്കിൽ അവർ രണ്ടുപേരെയും നമസ്കാരശേഷം നിങ്ങൾ വിചാരണ നടത്തുക, അപ്പോൾ അവർ രണ്ടുപേരും അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് പറയട്ടെ: ഞങ്ങൾ അതിന് കുറഞ്ഞ വില വാങ്ങുന്നവരല്ല, അത് ഞങ്ങളുടെ ബന്ധുക്കളാണെങ്കിലും ശരി, അല്ലാഹുവിനുവേണ്ടിയുള്ള സാക്ഷ്യത്തെ ഞങ്ങൾ ഒളിപ്പിച്ചുവെക്കുന്നവരുമല്ല, നിശ്ചയം അപ്രകാരം ചെയ്താൽ ഞങ്ങൾ കുറ്റവാളികളിൽ പെട്ടവർ തന്നെയായിരിക്കും.

ജീവിതത്തിൽ ഒരിക്കൽ മാത്രം പാലിക്കേണ്ട നിർദ്ദേശമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. സ്വാഭാവികമരണം ആസന്നമാകുമ്പോൾ സാധാരണ നിലയിൽ *വസ്വിയ്യത്ത്* ചെയ്യുകയാണെങ്കിൽ നീതിമാന്മാരായ വിശ്വാസികളിൽ പെട്ട രണ്ടാളുകളെ അതിന് സാക്ഷ്യം വഹിപ്പിക്കേണ്ടതാണ്. എന്നാൽ യാത്രയിലായിരിക്കുമ്പോഴാണ് മരണം ആസന്നമായതെങ്കിൽ *വസ്വിയ്യത്ത്* ചെയ്യുമ്പോൾ വിശ്വാസികളിൽ നിന്നുള്ള നീതിമാന്മാരായ രണ്ട് സാക്ഷികളെ കിട്ടാത്ത അവസ്ഥയിൽ സമൂഹത്തിൽ നിന്നുള്ള കഴിയുന്നത്ര നീതിമാന്മാരായ രണ്ടാളുകളെ സാക്ഷി നിർത്തേണ്ടതാണ്. ആ സാക്ഷികളുടെ കാര്യത്തിൽ പരേതന്റെ അനന്തരാവകാശികൾക്ക് സംശയം തോന്നുകയാണെങ്കിൽ അവരെ അല്ലാഹുവിനെക്കുറിച്ച് ഓർമ്മിപ്പിക്കുകയും തൊലികളും കൈകാലുകളും ഭൂമിയുമെല്ലാം സംസാരിക്കുന്ന ദിനത്തിൽ എല്ലാ രഹസ്യവും അല്ലാഹു കൊണ്ടുവരുമെന്ന് ഉണർത്തുകയും അവരെ വിചാരണ നടത്തുകയും വേണം. പിന്നെ നമസ്കാരാനന്തരം അവർ അല്ലാഹുവിൽ സത്യം ചെയ്ത് ഇങ്ങനെ പറയുകയും വേണം: ഞങ്ങൾ സ്വാർത്ഥതാൽപര്യത്തിനുവേണ്ടിയോ അല്ലെങ്കിൽ ഞങ്ങളുടെ കുടുംബാംഗങ്ങളുടെ താൽപര്യത്തിനുവേണ്ടിയോ *വസ്വിയ്യത്തിൽ* യാതൊരു മാറ്റവും വരുത്തിയിട്ടില്ല, അങ്ങനെ ഞങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ നിശ്ചയം, ഞങ്ങൾ എല്ലാറ്റിനും സാക്ഷിയായ എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന അല്ലാഹുവിന്റെ മുമ്പിൽ കുറ്റവാളികൾ തന്നെയായിരിക്കുന്നതാണ്. 2: 180-182, 234; 5: 8 വിശദീകരണം നോക്കുക.

107.ഇനി അവർ ഇരുവരും തങ്ങളെ സ്വയം കുറ്റത്തിലകപ്പെടുത്തിയിരിക്കുന്നു എന്ന് ബോധ്യമായാൽ അവകാശം നഷ്ടപ്പെട്ടവരിൽ നിന്നുള്ള, ഇവരേക്കാൾ

സാക്ഷി പറയുന്നതിന് അർഹരായ രണ്ട് സാക്ഷികൾ അവരുടെ സ്ഥാനത്ത് നിൽക്കുകയും അവർ അല്ലാഹുവിനെക്കൊണ്ട് ആണയിട്ടുകൊണ്ട് പറയുകയും വേണം: നിശ്ചയം അവർ ഇരുവരുടെയും സാക്ഷ്യത്തേക്കാൾ സത്യമായത് ഞങ്ങളുടെ സാക്ഷ്യമാകുന്നു, സാക്ഷ്യം നൽകുന്ന ഞങ്ങൾ യാതൊരു അതിര് കവിയലും നടത്തിയിട്ടില്ല, അങ്ങനെയെങ്ങാനും ഞങ്ങൾ ചെയ്താൽ നിശ്ചയം ഞങ്ങൾ അക്രമികളിൽ പെട്ടവർ തന്നെയായിരിക്കും.

108.അതാണ് സാക്ഷ്യം അതിന്റെ യഥാർത്ഥ സ്ഥാനത്ത് കൊണ്ടുവരാൻ ഏറ്റവും നല്ല വഴി, അല്ലെങ്കിൽ സാക്ഷ്യം വഹിക്കുന്നവർ അവരുടെ സത്യപ്രതിജ്ഞകൾക്ക് ശേഷം മറ്റുള്ളവരുടെ സത്യപ്രതിജ്ഞയാൽ തങ്ങൾ സാക്ഷ്യത്തിൽ നിന്ന് മാറ്റപ്പെടുമെന്ന് ഭയപ്പെട്ടുകൊണ്ട് സാക്ഷ്യത്തിൽ മാറ്റം വരുത്താതിരിക്കാനും നല്ലത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുക, തെമ്മാടികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയുമില്ല.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ 3: 101-102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് ജീവിക്കുന്നതിനാൽ അവന് പെട്ടെന്നുള്ള മരണം സംഭവിക്കുകയില്ല. അല്ലാഹുവിന്റെ കൽപനകളായ ഗ്രന്ഥത്തിന്റെ മൊത്തം വിധിവിലക്കുകൾ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും പാലിക്കുമ്പോൾ മാത്രമാണ് ശാന്തിയും സമാധാനവുമായ ഇസ്ലാമികജീവിതം കൈവരിക. വ്യക്തിജീവിതത്തിൽ അവ പാലിക്കുന്നവരാണ് വിശ്വാസികൾ. അവർ കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അത് നടപ്പിലാക്കാൻ കഴിയുന്നത്ര പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അറബി-ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരായതിനാൽ കാഫിറുകളും അക്രമികളും തെമ്മാടികളുമാണെന്ന് 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 64: 16 ൽ, നിങ്ങൾ അല്ലാഹുവിനെ കഴിയുന്നത്ര സൂക്ഷിക്കുക, അവന്റെ വചനങ്ങൾ ശ്രദ്ധിച്ചുകേൾക്കുകയും അവ പിൻപറ്റി അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുക, നിങ്ങളുടെ തന്നെ ഗുണത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്യുക, ആരാണോ ആത്മാവിന്റെ സ്വാർത്ഥതയിൽ നിന്ന് മോചിതനായത്, അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുന്നവർ എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ വിധിവിലക്കുകൾ അറിഞ്ഞിട്ട് മൂടിവെക്കുന്ന തെമ്മാടികളായ കപടവിശ്വാസികളെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് 9: 24, 80; 24: 55; 61: 5 തുടങ്ങിയ സൂക്തങ്ങളിലും; നിശ്ചയം തെമ്മാടികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലാക്കുകയില്ല തന്നെ എന്ന് 63: 6 ലും പറഞ്ഞിട്ടുണ്ട്. നിശ്ചയം കപടവിശ്വാസികൾ തന്നെയാണ് തെമ്മാടികൾ എന്ന് 9: 67 ലും; ഇത്തരം തെമ്മാടികൾ ഇനി വിശ്വസിക്കുകയില്ല എന്ന നിന്റെ നാഥന്റെ വചനം സത്യമായി പുലർന്നിരിക്കുന്നു എന്ന് 10: 33 ലും പറഞ്ഞിട്ടുണ്ട്. സർവലോകർക്കുമുള്ള നാഥന്റെ വിധിവിലക്കുകൾ അടങ്ങിയ ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ മൂടിവെക്കുന്ന തെമ്മാടികളായ കപടവിശ്വാസികൾ നാഥനാൽ വധിക്കപ്പെട്ടവരും വായ പൊളിച്ചാൽ കളവ് മാത്രം പറയുന്നവരുമാണ്. അപ്പോൾ ഇത്തരം മനുഷ്യപ്പിശാചുക്കളെ വിശ്വസിക്കലോ അവരുടെ സാക്ഷ്യം സ്വീകരിക്കലോ വിശ്വാസിക്ക് യോജിച്ചതല്ല. അങ്ങനെയായാൽ അത് 4: 144 ൽ വിവരിച്ച പ്രകാരം അല്ലാഹുവിന് അവരെ ശിക്ഷിക്കാൻ പ്രമാണം നൽകലായിരിക്കും. 7: 37 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളെല്ലാം

തന്നെ അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചുകൊണ്ടാണ് മരണപ്പെടുക. 2: 6–7; 3: 145; 5: 49; 7: 102 വിശദീകരണം നോക്കുക.

109.ഒരു നാളിൽ അല്ലാഹു എല്ലാ പ്രവാചകന്മാരെയും ഒരുമിച്ചുകൂട്ടി അപ്പോൾ അവരോട് ചോദിക്കുന്നതാണ്: നിങ്ങൾ എന്ത് ഉത്തരവും കൊണ്ടാണ് വന്നിട്ടുള്ളത്? അവർ പറയും: ഞങ്ങളുടെ പക്കൽ യാതൊരു അറിവുമില്ല, നിശ്ചയം അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞാനി നീ മാത്രമാകുന്നു.

വിധിദിവസം എല്ലാ സൃഷ്ടികളെയും ഒരുമിച്ച് കൂട്ടുന്നതും മനുഷ്യരിലും ജിന്നുകളിലും പെട്ട എല്ലാ ഓരോരുത്തരും ചോദ്യം ചെയ്യപ്പെടുന്നതുമാണ്. നാഥന്റെ സന്ദേശമായ അദ്ദിക്ർ കൊണ്ട് കാലാകാലങ്ങളിലായി അയക്കപ്പെട്ട 313 പ്രവാചകന്മാരാണ് ആദ്യം ചോദ്യം ചെയ്യപ്പെടുക. അപ്പോൾ ആരിലേക്കാണോ അയക്കപ്പെട്ടത്, അവരെയും ആരാണോ അയക്കപ്പെട്ടത് അവരെയും നാം ചോദ്യം ചെയ്യുക തന്നെ ചെയ്യുമെന്ന് 7: 6 ലും; ഒരു പ്രവാചകനെ നിയോഗിക്കുന്നത് വരെ ഒരു ജനതയെയും നാം ശിക്ഷിക്കുന്നവനാവുകയില്ല എന്ന് 17: 15 ലും പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദ് നിയോഗിക്കപ്പെട്ടത് മുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യർക്കുള്ള പ്രവാചകനാണ്. എന്നാൽ 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ ഇതരജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യുന്നില്ല. അതുവഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല. എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല. 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടിയിലുള്ള ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക വഴി നാഥനെ വിസ്മരിച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. അവർ 313 പ്രവാചകന്മാരെയോ നബിമാരെയോ പിൻപറ്റുന്നവരല്ല. 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ നാഥനിൽ നിന്നുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ ഇന്ന് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ 3: 187; 16: 44 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസികൾ ലോകർക്ക് പ്രസ്തുത ഗ്രന്ഥം എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെ സഹായിച്ചുകൊണ്ടിരിക്കുന്നതാണ്. 1: 3; 2: 119; 4: 41–42; 25: 27–30 വിശദീകരണം നോക്കുക.

110. അല്ലാഹു പറയുന്ന സന്ദർഭം: ഓ മർയമിന്റെ പുത്രൻ ഈസാ! എന്റെ അനുഗ്രഹം നിന്റെ മേലും നിന്റെ മാതാവിന്റെ മേലും വർഷിച്ചത് നീ ഓർക്കുക, പരിശുദ്ധാത്മാവുകൊണ്ട് നിന്നെ ശക്തിപ്പെടുത്തിയതും തൊട്ടിലിൽ വെച്ചും പ്രായപൂർത്തിയായപ്പോഴും ജനങ്ങളോട് നിന്നെ സംസാരിപ്പിച്ചതും നിനക്ക് ഗ്രന്ഥവും തത്വജ്ഞാനവും തൗറാത്തും ഇഞ്ചീലും പഠിപ്പിച്ചതും നീ എന്റെ സമ്മതത്തോട് കൂടി കളിമണ്ണിൽ നിന്ന് പക്ഷിയുടെ രൂപമുണ്ടാക്കുകയും അങ്ങനെ നീ അതിൽ ഊതുകയും അപ്പോൾ എന്റെ സമ്മതത്തോടുകൂടി അത് പക്ഷിയായിത്തീരുകയും ചെയ്തതും എന്റെ സമ്മതത്തോടുകൂടി ജന്മനാ അന്ധന്മാരെയും പാണ്ഡുരോഗികളെയും നീ സുഖപ്പെടുത്തിയതും എന്റെ സമ്മതത്തോടുകൂടി നീ മരിച്ചവരെ ജീവനുള്ളവരായി പുറപ്പെടുവിച്ചതും, നീ അവർക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങൾ കൊണ്ടുവന്നപ്പോൾ അവരിൽ നിന്നുള്ള നിഷേധികൾ നിശ്ചയം ഇത് വ്യക്തമായ ഒരു മാരണമല്ലാതെ മറ്റൊന്നുമല്ല എന്ന് പറഞ്ഞ് കളവാക്കിയപ്പോൾ ഞാൻ നിന്നെ പൊതിഞ്ഞ് ഇസ്റാഈൽ സന്തതികളെത്തൊട്ട് രക്ഷപ്പെടുത്തിയതും സ്മരണീയമാണ്.

ഈ സൂക്തം വിധിദിവസം ഈസാ ചോദ്യം ചെയ്യപ്പെടുന്ന രംഗം വിവരിക്കുന്നു. ത്രികാലജ്ഞാനിയായ നാഥൻ ഈസായുടെയും മാതാവ് മർയമിന്റെയും മേൽ വർഷിച്ച അനുഗ്രഹങ്ങൾ ഓർമിപ്പിക്കുകയാണ്. 3: 39–40, 51 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിതാവില്ലാതെയുള്ള ഈസായുടെ ജനനം; 3: 46 ൽ വിവരിച്ച പ്രകാരം ശിശുവായിരിക്കുമ്പോൾ തൊട്ടിലിൽ വെച്ച് ജനങ്ങളോട് സംസാരിച്ചത്; 2: 87 ൽ വിവരിച്ച പ്രകാരം പരിശുദ്ധാത്മാവായ ജിബ്‌രീലിന്റെ സാമീപ്യം; 4: 158–159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാച് ഈസായെ സമീപിക്കാത്തത്; 5: 114–115 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സ്വർഗത്തിൽ നിന്ന് ഭക്ഷണത്തളിക ഇറക്കിയത്; ഈ സൂക്തത്തിൽ പറഞ്ഞ പ്രകാരം മരിച്ചവരെ ജീവിപ്പിച്ചത്; 4: 157–158 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ശരീരത്തോടുകൂടി സ്വർഗത്തിലേക്ക് ഉയർത്തിയത് തുടങ്ങിയവ ഈസായുടെ മേലുള്ള നാഥന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്. നാഥന്റെ കഴിവിനുള്ള ഒരു ഉപമയാണ് ഈസാ എന്ന് 43: 59 ലും; ഈസായുടെ രണ്ടാം വരവ് അന്ത്യമണിക്കൂറിന്റെ അടയാളമാണെന്ന് 43: 61 ലും പറഞ്ഞിട്ടുണ്ട്. പിശാചായ മസീഹുദ്ദജ്ജാലിനെ വധിക്കുന്നതിനുവേണ്ടി ഈസാ രണ്ടാമത് വരുമ്പോൾ കാഫിറുകൾ അവന്റെ ശ്വാസോച്ഛ്വാസം ഏറ്റ് മരിച്ച് വീഴുന്നതാണ്. 2: 2 ൽ വിവരിച്ച പ്രകാരം മൂലഗ്രന്ഥമായ ഫാത്തിഹയും അദ്ദിക്‌റും അടങ്ങിയ *അൽകിതാബ്* ഈസായെ പഠിപ്പിച്ചിട്ടുള്ളത് ഈസായുടെ ഭൂമിയിലേക്കുള്ള രണ്ടാം വരവിന് വേണ്ടിയാണ്. ഈസായുടെ മാതാവായ മർയമിന്റെ മേലുള്ള നാഥന്റെ അനുഗ്രഹങ്ങൾ 3: 42–45 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 46–49, 52–55; 4: 155–157 വിശദീകരണം നോക്കുക.

111. ഞാൻ ഹവാരിയ്യീങ്ങൾക്ക് നിങ്ങൾ എന്നെക്കൊണ്ടും എന്റെ പ്രവാചകനെക്കൊണ്ടും വിശ്വസിക്കുവീൻ എന്ന് ദിവ്യസന്ദേശം നൽകിയപ്പോൾ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, നിശ്ചയം ഞങ്ങൾ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവരാണെന്ന് നീ സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്ന് അവർ പറഞ്ഞതും സ്മരണീയമാണ്.

3: 19–20 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാരും അദ്ദിക്‌റും കൊണ്ട് ഇസ്‌ലാമിലാണ് വന്നിട്ടുള്ളത്. അല്ലാഹുവാണ് നിങ്ങൾക്ക് ഈ ഗ്രന്ഥത്തിലും ഇതിന് മുമ്പുള്ള ഗ്രന്ഥങ്ങളിലും മുസ്‌ലിംകൾ (സർവസ്വം നാഥന് സമർപ്പിച്ചവർ) എന്ന് പേര് നൽകിയിരിക്കുന്നത് എന്ന് 22: 78 ൽ പറഞ്ഞിട്ടുണ്ട്. 3: 102 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്‌റ് കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വിശ്വാസികൾ മാത്രമേ മുസ്‌ലിമായി മരണപ്പെടുകയുള്ളൂ. 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്‌റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് മുസ്‌ലിംകൾ. അങ്ങനെ ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 7: 37 ൽ പറഞ്ഞ പ്രകാരം ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചാണ് മരണപ്പെടുക. 2: 136, 285 വിശദീകരണം നോക്കുക.

112. ഹവാരിയ്യീങ്ങൾ ചോദിച്ച സന്ദർഭം, ഓ മർയമിന്റെ പുത്രൻ ഈസാ! നിന്റെ നാഥന് ഞങ്ങളുടെമേൽ ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരുവാൻ സാധിക്കുമോ? അവൻ പറഞ്ഞു: നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുവീൻ.

ഈസായുടെ അനുയായികളായ ഹവാരിയ്യീങ്ങൾക്ക് 56: 95; 69: 51 സൂക്തങ്ങളിൽ പറ

ഞ്ഞ ഉറപ്പുനൽകുന്ന സത്യമായ അദ്ദിക്ർ ലഭിച്ചിരുന്നില്ല എന്നതിനാൽ അദ്ദിക്ർ സമർപ്പിക്കുന്ന വിധത്തിൽ പൂർണ്ണമായ രീതിയിലുള്ള ധാരണ നാഥനെക്കുറിച്ച് ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് അവർ 'നിനക്ക് ഞങ്ങളുടെമേൽ ഭക്ഷണത്തളിക ഇറക്കാൻ സാധിക്കുമോ എന്ന് ചോദിക്കാതെ നിന്റെ നാഥന് സാധിക്കുമോ' എന്ന് ചോദിച്ചത്. എന്നാൽ ഈസാക്ക് യഥാർത്ഥ ജ്ഞാനമായ ഉറപ്പ് നൽകുന്ന ഗ്രന്ഥത്തെക്കുറിച്ചുള്ള അറിവുണ്ടായിരുന്നതിനാൽ ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ളവനാണെന്ന ബോധം ഉണ്ടായിരുന്നു. 2: 107, 147–148; 3: 59–60; 11: 17 വിശദീകരണം നോക്കുക.

113. അവർ പറഞ്ഞു: അതിൽ നിന്ന് ഞങ്ങൾക്ക് ഭക്ഷിക്കാനും അതുവഴി ഞങ്ങളുടെ ഹൃദയങ്ങൾക്ക് ഉറപ്പും സംതൃപ്തിയും വരാനും നീ ഞങ്ങളോട് പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് അറിയാനും അതിന്റെ മേൽ സാക്ഷികളാകാനുമാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

ഭക്ഷണത്തളികയിൽ നിന്ന് അവർക്ക് ഭക്ഷിക്കാനും അതുവഴി അവർക്ക് ഉറപ്പും മനഃശാന്തിയും ലഭിക്കാനും ഈസാ അവരോട് പറയുന്നതെല്ലാം സത്യം തന്നെയാണ് എന്നതിന് സാക്ഷികളാകാനുമാണ് *ഹവാരിയ്യീങ്ങൾ* ഭക്ഷണത്തളിക ഇറക്കാൻ ആവശ്യപ്പെട്ടത് എന്നർത്ഥം.

ഭക്ഷണത്തളിക ഇറക്കി എന്ന കാര്യത്തിൽ മാത്രമല്ല, എല്ലാ കാര്യങ്ങളിലും സംശയമുള്ളത് ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾക്കാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ കൊണ്ട് മാത്രമാണ് ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുക എന്ന് 13: 28 ൽ അവർ വായിച്ചിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി നാലാം ഘട്ടമായ ഐഹികലോകത്ത് പ്രകാശമായ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തണമെന്ന ബോധത്തിൽ ജീവിക്കുന്നവനാണ്. അവന്റെ മരണസമയത്ത് നാഥൻ അവനോട് 'ശാന്തി നേടിയ ആത്മാവേ! നീ നിന്റെ നാഥനിലേക്ക്, അവൻ നിന്നെ തൃപ്തിപ്പെട്ടുകൊണ്ടും നീ അവനെ തൃപ്തിപ്പെട്ടുകൊണ്ടും തിരിച്ചുവരിക. അപ്പോൾ നീ എന്റെ സേവകന്മാരിൽ പ്രവേശിച്ചുകൊള്ളുക, എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക' എന്ന് പറയുമെന്ന് 89: 27–30 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 258–260; 4: 103 വിശദീകരണം നോക്കുക.

114. മർയമിന്റെ പുത്രൻ ഈസാ പ്രാർത്ഥിച്ചു: അല്ലാഹുവേ, ഞങ്ങളുടെ ഉടമയായ നാഥാ! ഞങ്ങളുടെ മേൽ ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ –അത് ഞങ്ങളിൽ നിന്നുള്ള ആദ്യർക്കും ഞങ്ങളിൽ നിന്നുള്ള അന്ത്യർക്കും ഒരു ആഘോഷവും നിന്നിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിക്കൊണ്ട്, നീ ഞങ്ങളെ ഊട്ടുകയും ചെയ്യുക, നീ ഊട്ടുന്നവരിൽ ഏറ്റവും നന്നായി ഊട്ടുന്നവൻ തന്നെയുമാകുന്നു.

22: 58; 23: 72; 34: 39; 62: 11 തുടങ്ങിയ സൂക്തങ്ങളെല്ലാം 'അല്ലാഹുവാണ് ഊട്ടുന്നവരിൽ ഏറ്റവും നന്നായി ഊട്ടുന്നവൻ' എന്ന് പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. 3: 26–27, 37; 4: 158 വിശദീകരണം നോക്കുക.

115. അല്ലാഹു പറഞ്ഞു: നിശ്ചയം അത് ഞാൻ നിങ്ങളുടെമേൽ ഇറക്കുന്നവൻ തന്നെയാണ്, അങ്ങനെ നിങ്ങളിൽ നിന്നുള്ള ആരെങ്കിലും അതിനുശേഷം നിഷേധിക്കുകയാണെങ്കിൽ, അപ്പോൾ സർവ്വലോകരിൽ ഒരാളെയും ശിക്ഷിക്കാത്ത ശിക്ഷ കൊണ്ട് നിശ്ചയം ഞാൻ അവനെ ശിക്ഷിക്കുന്നതുമാണ്.

ത്രികാലജ്ഞാനിയായ നാഥൻ ഈസാ നബിയെക്കൊണ്ട്, 'അല്ലാഹുവേ, ഞങ്ങളുടെ

ഉടമയായ നാഥാ' എന്ന് വിളിച്ചുകൊണ്ട് പ്രാർത്ഥിപ്പിച്ചതും, 'ഞങ്ങളെ നീ ഊട്ടിയാലും, നീ ഊട്ടുന്നവരിൽ വെച്ച് ഏറ്റവും നന്നായി ഊട്ടുന്നവൻ തന്നെയാകുന്നു' എന്ന ഏറ്റവും മഹത്തായ നാമം കൊണ്ട് പ്രാർത്ഥന അവസാനിപ്പിച്ചതും *മാഇദഃ* (ഭക്ഷണത്തളിക) ഇറക്കാൻ വേണ്ടിത്തന്നെയാണ്. ആകാശത്തുനിന്നും വിവിധ ഭക്ഷണപദാർത്ഥങ്ങളടങ്ങിയ തളിക ഇറങ്ങുകയും അവർ അതിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് കേട്ടറിഞ്ഞ് കാഫിറുകളടക്കം പലരും വരാൻ തുടങ്ങി. അങ്ങനെ നാലായിരത്തോളം ആളുകൾ തളികയിൽ നിന്ന് ഭക്ഷിച്ചു. എന്നിട്ടും ഭക്ഷണത്തിൽ നിന്നും അൽപം പോലും കുറയാതെ ഇറക്കിയ അതേ രൂപത്തിൽ തന്നെ അതിനെ ആകാശത്തേക്ക് ഉയർത്തുകയും ചെയ്തു. അതിൽ നിന്ന് ഭക്ഷിച്ച ശേഷം ഇത് ആകാശത്തിൽ നിന്നുള്ള ഭക്ഷണം തന്നെയാണോ എന്ന് സംശയം പ്രകടിപ്പിച്ച ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള കാഫിറുകളായ ജൂതരെ അല്ലാഹു പന്നികളാക്കി മാറ്റിയ കാര്യം 5: 60 ൽ വിവരിച്ചിട്ടുണ്ട്. *മാഇദഃ* ഇറങ്ങിയതിൽ സംശയം പ്രകടിപ്പിക്കുന്നവർ ഗ്രന്ഥത്തിന്റെ മൊത്തം സാരാംശം ഉൾക്കൊള്ളാത്തവരാണ്. ഇതിനുമുമ്പ് ഇബ്റാഹീം നബി 'മരിച്ചവരെ ജീവിപ്പിക്കുന്നത് എങ്ങനെ' എന്ന് ചോദിച്ചപ്പോൾ 2: 260 പ്രകാരം അദ്ദേഹത്തിന് മരിച്ചവരെ ജീവിപ്പിക്കുന്നത് കാണിച്ചുകൊടുത്തവനാണ് അല്ലാഹു. *മാഇദഃ* ഇറക്കുന്നതിനുമുമ്പ് തന്നെ ഈസാ നബിയുടെ മാതാവിന് കാര്യകാരണബന്ധത്തിന് അതീതമായി അല്ലാഹു അദൃശ്യമായി ഭക്ഷണം നൽകിയിരുന്ന കാര്യം 3: 37 ൽ പറഞ്ഞിട്ടുണ്ട്.

ലോകരിൽ ഫുജ്ജാറുകൾ മാത്രമാണ് ഇന്ന് അറബി ഖുർആൻ വായിക്കുന്നത്. എന്നാൽ 3: 100 ൽ വിവരിച്ച പ്രകാരം അവർ സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 98: 6 ൽ പറഞ്ഞ ഏറ്റവും തിന്മയേറിയ ജീവികളായി മാറിയിരിക്കുന്നു. 18: 101 ൽ പറഞ്ഞ പ്രകാരം *ദിക്റീ* എന്ന ഗ്രന്ഥം കാണാത്തവരും കേൾക്കാത്തവരുമായ നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകളായ അവർ ശിക്ഷ രുചിക്കുന്നതുവരെ അതിന്റെ കാര്യത്തിൽ സംശയമുള്ളവരായിരിക്കുമെന്ന് 38: 8 ൽ പറഞ്ഞിട്ടുണ്ട്. അക്കൂട്ടർ ഈ നൈമിഷികലോകത്ത് മസീഹുദ്ദജ്ജാലിന്റെ വ്യാജസ്വർഗം ആസ്വദിക്കുന്നതിനുവേണ്ടി മസീഹുദ്ദജ്ജാലിന്റെ വരവിന് ധൃതി കാണിക്കുന്നവരും പരലോകത്തെ വെടിഞ്ഞവരുമാണ്. 2: 18 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ ഫുജ്ജാറുകൾ സ്വർഗത്തിലേക്ക് തിരിച്ച് പോവുകയില്ല. 2: 38-39; 5: 48-49 വിശദീകരണം നോക്കുക.

116. അല്ലാഹു ചോദിക്കുന്ന സന്ദർഭവും സ്മരണീയമാണ്: ഓ മർയമിന്റെ പുത്രൻ ഈസാ! നീ ജനങ്ങളോട് അല്ലാഹുവിനെക്കൂടാതെ എന്നെയും എന്റെ മാതാവിനെയും രണ്ട് ഇലാഹുകളായി സ്വീകരിക്കുവീൻ എന്ന് പറഞ്ഞിട്ടുണ്ടായിരുന്നുവോ; അവൻ പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് അർഹതയില്ലാത്തത് ഞാൻ പറയുക എന്നത് എനിക്ക് യോജിച്ചതല്ലല്ലോ, ഇനി ഞാനത് പറഞ്ഞിട്ടുണ്ടെങ്കിൽ അപ്പോൾ നിശ്ചയം നീ അത് അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ, എന്റെ ആത്മാവിന്റെ അവസ്ഥ നീ അറിയുന്നു, നിന്റെ ആത്മാവിന്റെ അവസ്ഥ ഞാൻ അറിയുന്നുമില്ല, നിശ്ചയം നീ അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞാനി തന്നെയാകുന്നു.

ദൈവം ഈസാ നബിയാണെന്നും, പുത്രനും പിതാവും പരിശുദ്ധാത്മാവും കൂടിയ ഒന്നാണെന്നും; അല്ല, മൂന്നാണെന്നുമുള്ള ക്രൈസ്തവരുടെ വിവിധങ്ങളായ വാദങ്ങളെയും അതിനും പുറമെ ഈസാ നബിയുടെ മാതാവിനെ ദൈവമാതാവായി തെരഞ്ഞെടുത്തതിനെയും വിമർശിക്കുകയും വിലക്കുകയുമാണ് ഈ സൂക്തത്തിലൂടെ അല്ലാഹു ചെ

യ്യുന്നത്. എല്ലാറ്റിന്റെയും ഉടമയായ നീ മാത്രമാണ് കീർത്തനത്തിനും പുകഴ്ത്തലിനും വന്ദനത്തിനും പരിശുദ്ധപ്പെടുത്തലിനും സ്തുതിക്കപ്പെടലിനും അർഹൻ. നീ അതുല്യനാണ്, ഉപമയും ഉദാഹരണവുമില്ലാത്ത ഇണ-തുണയില്ലാത്ത ഏകനാണ്, നീ മാത്രമാണ് പൂർണ്ണനും കുറ്റം ചെയ്യാത്തവനും, നീ മാത്രമാണ് ആരെയും ആശ്രയിക്കാത്തവൻ, മറ്റുള്ളവരെല്ലാം നിന്നെ ആശ്രയിക്കുന്ന നിന്റെ സൃഷ്ടികളും അടിമകളുമാണ് എന്നെല്ലാമാണ് നീ പരിശുദ്ധനത്രെ എന്നു പറഞ്ഞതിന്റെ വിവക്ഷ. ആദ്യപ്രവാചകൻ നൂഹ് മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം സത്യമായ അദ്ദിക്ർ ആണെന്നും അത് അവതരിപ്പിക്കപ്പെട്ടത് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല എന്നും അപ്പോൾ നിങ്ങൾ അവനെമാത്രം സേവിക്കുവീൻ എന്നും പഠിപ്പിക്കാനാണെന്ന് 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല. അപ്പോൾ നിങ്ങൾ അവനെക്കുറിച്ച് മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ ചോദിച്ചിട്ടുണ്ട്. എന്നാൽ ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി-ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ സർവസ്വം നാഥന് സമർപ്പിച്ചവരാണെന്ന് (മുസ്ലിംകളാണെന്ന്) ജൽപിക്കുന്നവരും അവകാശപ്പെടുന്നവരുമാണെങ്കിലും അവർ ത്രികാലജ്ഞാനമായ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയാണെന്ന് 25: 18 ലും; യഥാർത്ഥ കാഫിറുകളാണെന്ന് 4: 150-151 സൂക്തങ്ങളിലും; തെമ്മാടികളാണെന്ന് 32: 18 ലും പറഞ്ഞിട്ടുണ്ട്. 1: 3-4; 2: 27-286, 62; 3: 79-80; 4: 133 വിശദീകരണം നോക്കുക.

117. നീ എന്നോട് എന്തൊന്നുകൊണ്ടാണോ കൽപ്പിച്ചിട്ടുള്ളത്, അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല; അതായത് നിങ്ങൾ എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവിനെ മാത്രം സേവിക്കുന്നവരാവുക, അവരിലുണ്ടായിരുന്ന കാലത്തോളം ഞാൻ അവരുടെ മേൽ അതിന് സാക്ഷിയുമായിരുന്നു, അങ്ങനെ നീ എന്നെ തിരിച്ച് വിളിച്ചപ്പോഴോ, അവരുടെ മേലുള്ള നിരീക്ഷകൻ നീ തന്നെ ആയിരുന്നല്ലോ, നീ എല്ലാ ഓരോ കാര്യത്തിന്റെ മേലിലും സാക്ഷിയുമാകുന്നു.

ഈസാനബി നിയോഗിക്കപ്പെട്ടത് മുതൽ മുഹമ്മദ് നബി നിയോഗിക്കപ്പെടുന്നതുവരെയുള്ള ഇസ്റാഈൽ സന്തതികളാണ് ഈസാനബിയുടെ ജനത. അവരെയും ഈസാനബിയെയും പരസ്പരം അഭിമുഖമായി നിർത്തിക്കൊണ്ടാണ് ഈ സൂക്തത്തിൽ പരാമർശിച്ച വിചാരണ നടക്കുന്നത്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെട്ടതിന് ശേഷം ക്രൈസ്തവരടക്കമുള്ള മുഴുവൻ മനുഷ്യരും മുഹമ്മദ് നബിയുടെ സമുദായത്തിലാണ് വരിക. അപ്പോൾ 2: 43 ൽ വിവരിച്ച പ്രകാരം ഇന്ന് മുഹമ്മദ് നബിയുടെ ജീവിതമായ അദ്ദിക്റിന്റെ വഴിയിലുള്ള ജീവിതം മനുഷ്യരിൽ സാക്ഷ്യം വഹിച്ചുകൊണ്ട് അവർക്ക് മുഹമ്മദ് നബിയെ നല്ലവനായി പരിചയപ്പെടുത്തേണ്ട ബാധ്യത മുഹമ്മദ് നബിയുടെ ജനതയുടേതാണ്. അതിന് വിശ്വാസികളുടെ ഒരു സംഘം ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്റിനെ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ എല്ലാവർക്കും എത്തിച്ചുകൊടുത്തുകൊണ്ട് നാഥനെയും പ്രവാചകനെയും ജീവിതലക്ഷ്യത്തെയും ഗ്രന്ഥത്തിൽ നിന്ന് പരിചയപ്പെടുത്തേണ്ടതാണ്. 35: 32 ൽ പറഞ്ഞ ആത്മാവിനോട് അക്രമം കാണിച്ചവരും 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളുമായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ച ഫുജ്ജാറുകളും ആ ബാധ്യത നിർവ്വഹിക്കാതെ ഗ്രന്ഥത്തിൽ പറഞ്ഞതിന് വി

രുദ്ധമായി ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങളെയെല്ലാം കാഫിറുകളെന്ന് മുദ്ര കുത്തി സ്വയം വഞ്ചനയിൽ അകപ്പെട്ടവരാണ്. പ്രവാചകനെ ഗ്രന്ഥത്തിൽ നിന്ന് മനസ്സിലാക്കാത്ത ഇതരജനവിഭാഗങ്ങളിൽ പെട്ടവരെ അല്ലാഹു ശിക്ഷിക്കുന്നവനാവുകയില്ല എന്ന് 17: 15 ൽ പറഞ്ഞത് അവരാണ് വായിച്ചിട്ടുള്ളത്. അദ്ദിക്ർ വന്നുകിട്ടിയിട്ട് മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമായ കെട്ടജനതയുടെ സങ്കേതമായ നരകക്കുണ്ഠത്തിലേക്ക് അദ്ദിക്ർ തൊടാത്ത, കാണാത്ത, വായിക്കാത്ത ജനവിഭാഗങ്ങളെ ഒരിക്കലും നീതിമാനായ നാഥൻ പ്രവേശിപ്പിക്കുകയില്ല. അദ്ദിക്റിൽ അല്ലാഹുവിനെയും പ്രവാചകനെയും മൂടിവെച്ച് കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ ഫാജിറുകളും ഈസാ രണ്ടാമത് വന്നാൽ വധിക്കപ്പെടുന്നതും പ്രവാചകനായ മുഹമ്മദിനെ സർവ്വലോകർക്കും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല എന്ന് 21: 107 ൽ പറഞ്ഞത് സത്യപ്പെടുത്തി കാണിച്ചുകൊടുക്കുന്നതുമാണ്. ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി സ്വീകരിക്കേണ്ട ജീവിതരീതിയും പ്രാർത്ഥനാരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 55–56; 4: 1, 159; 9: 67–68 വിശദീകരണം നോക്കുക.

118. നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ, അപ്പോൾ നിശ്ചയം അവർ നിന്റെ അടിമകൾ തന്നെയാകുന്നു; നീ അവർക്ക് പൊറുത്തുകൊടുക്കുന്നുവെങ്കിലോ, അപ്പോൾ നിശ്ചയം നീ അജയ്യനായ യുക്തിജ്ഞൻ തന്നെയാകുന്നു.

ഈസാ, മൂസാ, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാരെല്ലാം തന്നെ സർവസ്വം നാഥന് സമർപ്പിച്ച് ജീവിച്ചിരുന്നവരാണ്. അവർക്ക് മാത്രമല്ല, നിഷ്പക്ഷവാനായ സ്രഷ്ടാവിന് തന്നെയും ഒരാളെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ ആക്കാൻ സാധ്യമല്ല. 6: 104 ൽ, നിശ്ചയം നിങ്ങൾക്ക് നിങ്ങളുടെ ഉടമയിൽ നിന്നുള്ള 'ഉൾക്കാഴ്ചാദായകം' വന്നുകിട്ടിയിരിക്കുന്നു, അപ്പോൾ ആരെങ്കിലും അത് ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അപ്പോൾ അതിന്റെ ഗുണം അവനുതന്നെയാണ്, ആരെങ്കിലും അതു കൊള്ളെ അന്ധത നടിക്കുന്നുവെങ്കിൽ അപ്പോൾ അതിന്റെ ദോഷവും ആ ആത്മാവിന് തന്നെ, ഞാൻ നിങ്ങളുടെമേൽ സൂക്ഷിപ്പുകാരനൊന്നുമല്ല എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 3: 101; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണോ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും രോഗങ്ങളെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അജയ്യഗ്രന്ഥമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു.

പ്രവാചകൻ ഒരുദിവസം രാത്രി നമസ്കാരത്തിൽ ഈ സൂക്തം പൂർത്തിയാക്കാൻ കഴിയാതെ കുനിഞ്ഞും സാഷ്ടാംഗം പ്രണമിച്ചും നേരം വെളുപ്പിക്കുകയുണ്ടായി. വിവരം ചോദിച്ചറിഞ്ഞ അനുയായി *അബൂദർറി*നോട് പ്രവാചകൻ പറഞ്ഞു: ഞാൻ എന്റെ നാഥനോട് എന്റെ സമുദായത്തിനുവേണ്ടി ശുപാർശക്ക് ചോദിച്ചു, അപ്പോൾ അവൻ എനിക്ക് അത് അനുവദിച്ചുതന്നു, അല്ലാഹു ഉദ്ദേശിച്ചാൽ, ആരാണോ അല്ലാഹുവിൽ ഒരു വസ്തുവിനെയും പങ്കുചേർക്കാത്തത്, അവർക്ക് അത് ലഭിക്കുന്നതാണ്. എന്നാൽ സമുദായത്തിനുവേണ്ടി പ്രാർത്ഥിച്ച പ്രവാചകൻ 'ജനതക്ക്' എതിരായിട്ട് വിധിദിവസം ഗ്രന്ഥവും കൊണ്ടുവന്ന്: എന്റെ നാഥാ, എന്റെ ഈ ജനത ഈ ഗ്രന്ഥത്തെ അവഗണിച്ചതാണ് ഇവർക്കു വന്ന ദുർഗതിയെന്ന് അന്യായം ബോധിപ്പിക്കുന്ന രംഗം 25: 30 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 57: 25 ൽ പറഞ്ഞ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും, 33: 72 ൽ പറഞ്ഞ *അമാനത്തു*മായ അദ്ദിക്ർ മൂടിവെക്കുന്ന, 2: 99 ൽ പറഞ്ഞ തെമ്മാ

ടികളായ കപടവിശ്വാസികൾക്കുവേണ്ടി 9: 80 പ്രകാരം പ്രവാചകൻ 70 പ്രാവശ്യം പൊറുക്കലിനെത്തേടിയാലും; 63: 6 പ്രകാരം പ്രവാചകൻ എത്ര പ്രാവശ്യം പൊറുക്കലിനെത്തേടിയാലും അവർക്ക് നാഥൻ പൊറുത്തുകൊടുക്കുകയോ അവരെ സന്മാർഗത്തിലേക്ക് നയിക്കുകയോ ഇല്ല. 2: 129, 213; 4: 48, 150–151; 5: 97; 6: 26 വിശദീകരണം നോക്കുക.

119. അല്ലാഹു പറയും, സത്യസന്ധന്മാർക്ക് അവരുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിനമത്രേ ഇത്, അവർക്ക് താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകളുണ്ട്, അവർ അതിൽ എന്നെന്നും ശാശ്വതരായി നിലകൊള്ളുന്നതാണ്, അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടു കഴിഞ്ഞു, അതത്രെ മഹത്തായ വിജയം!

39: 33 ൽ, ആർക്കാണോ സത്യം വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മാലുക്കളെന്നും; 39: 32 ൽ, സത്യം വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറഞ്ഞവൻ കാഫിറും അക്രമിയുമാണെന്നും അവന്റെ സങ്കേതം നരകഗർത്തമാണെന്നും പറഞ്ഞിട്ടുണ്ട്. *ഏറ്റവും സത്യസന്ധമായ വർത്തമാനം അല്ലാഹുവിന്റെ ഗ്രന്ഥമായ അദ്ദിക്ർ ആണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 9: 119 ൽ, ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ ഗ്രന്ഥത്തെ സത്യപ്പെടുത്തിയ സത്യസന്ധന്മാരുടെ കൂടെ ചേരുകയും ചെയ്യുക എന്ന് പറഞ്ഞിട്ടുണ്ട്. 'അല്ലാഹു അവരെത്തൊട്ടും അവർ അവനെത്തൊട്ടും തൃപ്തിപ്പെട്ടു' എന്ന് ഇവിടെക്കൂടാതെ 9: 100; 58: 22; 98: 8 എന്നീ സൂക്തങ്ങളിലും വന്നിട്ടുണ്ട്. കൂടാതെ 89: 27–30 സൂക്തങ്ങളിൽ 'അല്ലാഹു തൃപ്തിപ്പെട്ടവനായും അല്ലാഹുവിനെത്തൊട്ട് തൃപ്തിപ്പെട്ടവനായും അദ്ദിക്ർ കൊണ്ട് ശാന്തി നേടിയ ആത്മാവേ, നീ നിന്റെ നാഥനിലേക്ക് തിരിക്കുക' എന്ന് പറഞ്ഞിട്ടുണ്ട്. 2: 25; 3: 95; 4: 87 വിശദീകരണം നോക്കുക.

120. ആകാശങ്ങളുടെയും ഭൂമിയുടെയും അവകളിലുള്ള എല്ലാ ഒന്നിന്റെയും ആധിപത്യം അല്ലാഹുവിന് മാത്രമാകുന്നു, അവൻ എല്ലാ ഓരോ കാര്യത്തിന്റെ മേലും കഴിവുള്ളവനുമാകുന്നു.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ ഏതൊരു കാര്യത്തിനും കഴിവുള്ള സർവ്വശക്തനാണ്. നാഥനിൽ നിന്ന് മുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ വേദഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതും നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനാണ്. അപ്പോൾ പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ഏതൊരാൾക്കും നാഥന്റെ സന്ദേശമായ അദ്ദിക്റിനെ സത്യപ്പെടുത്തി ഇഹ-പര ജീവിതവിജയം കൈവരിക്കാവുന്നതാണ്. ആരാണോ ഇത്തരം സൂക്തങ്ങളെല്ലാം വായിച്ചതിന് ശേഷം അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തത്, അത്തരം ഫുജ്ജാറുകളാണ് ഇഹത്തിലും പരത്തിലും നഷ്ടപ്പെട്ടവരാവുക. 2: 284; 4: 131–133; 32: 4 വിശദീകരണം നോക്കുക.

6. അൻആം

ഈ സൂറത്തിലെ 138-139, 143-144 സൂക്തങ്ങളിൽ, ചില കാലികളെ മക്കാമുശ്രിക്കുകൾ നിഷിദ്ധമായും ചില കാലികളെ അനുവദനീയമായും പരിഗണിച്ചിരുന്നതിനെ വിമർശിച്ചിരിക്കുന്നു. അതിൽ നിന്നാണ് സൂറത്തിന് അൻആം (കന്നുകാലികൾ) എന്ന പേര് വന്നിട്ടുള്ളത്. ഈ സൂറത്തിലുടനീളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പരാമർശിക്കുന്നതിനാൽ അൻആം (അനുഗ്രഹങ്ങൾ) എന്ന പേരും അന്വർത്ഥമാകുന്നതാണ്. ഗ്രന്ഥത്തിൽ ആദ്യമായി വരുന്ന മക്കാസൂറത്താണ് ഇത്. നബിയുടെ മക്കാജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ഒറ്റത്തവണയായിട്ടാണ് 165 സൂക്തങ്ങളടങ്ങിയ ഈ സൂറത്ത് അവതരിപ്പിക്കപ്പെട്ടത്. ഈ സൂറത്ത് അവതരിപ്പിക്കുക വഴി ത്രികാലജ്ഞാനിയായ നാഥൻ, മനുഷ്യർക്ക് ഭക്ഷണവിഭവങ്ങളിൽ നിന്ന് എന്തെല്ലാമാണ് നിഷിദ്ധമാക്കിയത് എന്നും എന്തെല്ലാമാണ് അനുവദനീയമാക്കിയത് എന്നും വ്യക്തമാക്കുന്നു.

ഈ സൂറത്ത് നാഥന്റെ ഏകത്വം സ്ഥാപിക്കുന്നതിനും അവനിൽ പങ്കുചേർക്കുന്നതിനെ വിലക്കുന്നതിനും ഊന്നൽ നൽകിയിട്ടുണ്ട്. ഗ്രന്ഥത്തെക്കുറിച്ച് ഏറ്റവും കൂടുതൽ പ്രതിപാദിച്ചിട്ടുള്ള സൂറത്താണ് ഇത്. പരലോകവിശ്വാസത്തിന്റെ ആവശ്യകത, പരലോക ജീവിതത്തിലേക്കുള്ള കൃഷിയിടമാണ് ഇഹലോക ജീവിതമെന്ന് സ്ഥാപിക്കൽ, പ്രവാചകനെക്കുറിച്ചും ഗ്രന്ഥത്തെക്കുറിച്ചുമുള്ള ആരോപണങ്ങൾക്കുള്ള മറുപടി, എതിരാളികളായ കാഫിറുകളുടെ ധാർഷ്ട്യത്തിനെതിരെയുള്ള താക്കീത്, ഭീഷണി എന്നീ കാര്യങ്ങളും ഈ സൂറത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മനുഷ്യരുടെ ശ്രദ്ധ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, സസ്യലതാദികളുടെ മുളക്കൽ, വളർച്ച, നശിക്കൽ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രപഞ്ചനാഥന്റെ സാന്നിധ്യത്തെയും വിചാരണാദിനത്തെയും ഓർമിപ്പിക്കുന്നു. ലോകർക്ക് മൊത്തമുള്ള സാക്ഷിയായ ഗ്രന്ഥം സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്താൽ അവർ അവരെത്തന്നെയാണ് നശിപ്പിക്കുന്നത്, എന്നാൽ അത് അവർ തിരിച്ചറിയുന്നില്ല. അത്തരം അക്രമികൾ പ്രവാചകനോടോ വിശ്വാസികളോടോ അല്ല വിരോധം വെച്ച് തർക്കിക്കുന്നത്. മറിച്ച് അല്ലാഹുവിന്റെ സൂക്തങ്ങളോടാണ്. ഹൃദയം പങ്കെടുത്തുകൊണ്ട് അദ്ദിക്ർ കേൾക്കുന്നവരെ മാത്രമാണ് വിശ്വാസിക്ക് ഉണർത്താൻ സാധിക്കുക. അല്ലാത്ത ഫുജ്ജാറുകളെല്ലാം ആത്മാവില്ലാതെ ജീവൻ മാത്രമുള്ളവരും നാഥനാൽ ഹൃദയങ്ങളിലും ചെവികളിലും മൂടിയിടപ്പെട്ടവരും ആയതിനാൽ അവരെ കേൾപ്പിക്കാൻ സാധിക്കുകയില്ല. ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് വിശ്വാസികളുടെ മാർഗവും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരുടെ മാർഗവും വ്യക്തമായി വേർതിരിക്കുന്നതിനാണ്. ലോകർക്ക് മൊത്തമുള്ള ഉണർത്തലും സന്മാർഗവുമായ അദ്ദിക്ർ ഈ പ്രവാചകന്റെ ജനത മൂടിവെക്കുകയാണെങ്കിൽ അതിനെ മൂടിവെക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് സംഭവിക്കുന്നതിന് മുമ്പ് പ്രപഞ്ചനാഥൻ അവന്റെ പ്രകാശമായ അദ്ദിക്ർ ലോകത്ത് വ്യാപിപ്പിക്കുക തന്നെ ചെയ്യുന്നതാണ്. അദ്ദിക്ർ മനുഷ്യർക്ക് അവരുടെ നാഥനിൽ നിന്നുള്ള ഉൾക്കാഴ്ചാദായകമാണെന്നും അത് ഉപയോഗപ്പെടുത്തിയാൽ അതിന്റെ ഗുണം ആ ആത്മാവിന് തന്നെയാണ്, അതിനോട് അ

ന്ധത നടിച്ചാൽ അതിന്റെ ദോഷം അവൾക്ക് തന്നെയാണ് എന്നും ഉണർത്തിയിട്ടുണ്ട്. മ നുഷ്യരിലും ജിന്നുകളിലും പിശാചുക്കളുണ്ടെന്നും അവർ എല്ലാ പ്രവാചകന്മാർക്കും ശ ത്രുക്കളാണെന്നും; ഊഹങ്ങളും നിഗമനങ്ങളും വെച്ചുപുലർത്തുന്ന അധികപേരെയും നീ അനുസരിച്ചാൽ അവർ നിന്നെ അല്ലാഹുവിന്റെ വഴിയിൽ നിന്ന് പിഴപ്പിച്ചുകളയുമെ ന്നും പറഞ്ഞിട്ടുണ്ട്. പ്രകാശമായ അദ്ദിക്ർ പിൻപറ്റുന്നവർ മാത്രമേ ജീവനുള്ളവരാവുക യുള്ളൂ എന്നും അല്ലാത്തവർ ആത്മാവില്ലാതെ ഇരുട്ടുകളിൽ തപ്പിത്തടയുന്നവരാണെ ന്നും; അദ്ദിക്ർ മാത്രമാണ് നിന്റെ നാഥനിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാത എന്നും; അദ്ദിക്ർ വന്നുകിട്ടിയിട്ട് പിൻപറ്റാത്തവർ വിധിദിവസം ആത്മാവിനെതിരെ 'ഞാൻ കാ ഫിറായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്. അല്ലാഹു അ ല്ലാത്തവർക്ക് നേർച്ചയായി നീക്കിവെച്ച സാധനങ്ങളും പന്നിമാംസവും കാപട്യമുളവാ ക്കുന്നതും മാലിന്യവുമാണെന്നും; അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ എല്ലാവ രെയും സന്മാർഗത്തിലാക്കുമായിരുന്നു; സന്മാർഗമായ അദ്ദിക്ർ അവരവർക്ക് അനുകൂല മായി വാദിക്കുന്ന വിധത്തിൽ ഉപയോഗപ്പെടുത്തുന്നവർക്ക് വിജയിക്കാമെന്നും അല്ലാ ത്തവർ പരാജയപ്പെടുമെന്നും പറഞ്ഞിട്ടുണ്ട്. അനുഗ്രഹീതമായ ഈ അദ്ദിക്ർ അവതരി പ്പിച്ചിട്ടുള്ളത് നാമാണെന്നും അപ്പോൾ നിങ്ങൾ അത് പിൻപറ്റുകയും അല്ലാഹുവിനെ (ഹൃദയത്തിൽ) സൂക്ഷിക്കുകയും ചെയ്യുവീൻ, എന്നാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടേക്കാം എന്നും, നിങ്ങളുടെ നാഥനിൽ നിന്നുള്ള തെളിവും സന്മാർഗവും കാരുണ്യവുമായ അദ്ദി ക്റിനെ തള്ളിപ്പറയുകയും അതിനെത്തൊട്ട് പിന്തിരിയുകയും ചെയ്തവർക്ക് തിന്മയേറി യ പ്രതിഫലം നൽകുമെന്നും, തങ്ങളുടെ ദീനിൽ ഭിന്നിച്ച് വിവിധ സംഘടനകളായിപ്പിരി ഞ്ഞ് മുശ്രിക്കുകളായിത്തീർന്നവരുമായി പ്രവാചകനും വിശ്വാസിക്കും യാതൊരു ബന്ധ വും ഇല്ലെന്നും, ഓരോ ആത്മാവും അവരവർക്കുവേണ്ടി സമ്പാദിക്കേണ്ടതുണ്ട്, ഭാരം വ ഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് ഓരോരുത്തർക്കും നൽക പ്പെട്ടതുകൊണ്ട് ഓരോരുത്തരെയും പരീക്ഷിക്കുന്നതിന് വേണ്ടിയും ഓരോരുത്തരും നിഷ് പക്ഷവാനായ നാഥന്റെ പ്രാതിനിധ്യമാണോ അതോ കാഫിറായ പിശാചിന്റെ പ്രാതിനി ധ്യമാണോ വഹിക്കുന്നത് എന്നും പരീക്ഷിക്കുന്നതിന് വേണ്ടിയാണ് എന്ന് ഓർമിപ്പിച്ചു കൊണ്ട് സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ഒരുവനായ അല്ലാഹുവിനാണ് സർവ്വ സ്തുതിയും, അവൻ അന്ധകാരങ്ങളും പ്രകാശവുമുണ്ടാക്കി, പിന്നെയും കാഫി റുകളായവർ തങ്ങളുടെ നാഥനെക്കൊണ്ട് പകരം വെക്കുന്നവരായിരിക്കുന്നു.

'സർവ്വസ്തുതിയും അല്ലാഹുവിനാണ്' എന്ന വാക്കിൽ ആരംഭിക്കുന്ന 5 സൂറത്തുകളിൽ ഒന്നാണിത്. അൽഫാത്തിഹ, അൽ കഹ്ഫ്, ഫാത്വിർ, സബഅ് എന്നിവയാണ് മറ്റു നാല് സൂറത്തുകൾ. ഇരുട്ട് എന്നതിന്റെ ബഹുവചനമായ ഇരുട്ടുകൾ എന്ന പദമാണ് സൂക്തത്തിൽ ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ പ്രകാശം എന്നതിന്റെ ബഹുവചനമായ പ്രകാശങ്ങൾ എ ന്ന പദം ഉപയോഗിച്ചില്ല. പ്രകാശം അല്ലാഹുവാണെന്ന് 24: 35 ലും; പ്രകാശം അദ്ദിക്ർ ആണെന്ന് 5: 15-16 സൂക്തങ്ങളിലും; അല്ലാഹുവിലേക്കുള്ള വഴി പ്രകാശമായ അദ്ദിക്ർ മാത്രമാണെന്ന് 6: 126 ലും പറഞ്ഞിട്ടുണ്ട്. മറ്റുള്ള വഴികളെല്ലാം അഥവാ ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് വഴികളും അന്ധകാരങ്ങളും പിശാചിന്റെ വീടായ ന രകക്കുണ്ഠത്തിലേക്കുള്ളതുമാണ്. നിശ്ചയം ഇതാണ് നേരെച്ചൊവ്വെയുള്ള പാത, അപ്പോൾ

ആ പാത നിങ്ങൾ പിൻപറ്റുക, ആ പാതയിൽ നിന്ന് ഭിന്നിച്ചവരുടെ മാർഗങ്ങൾ നിങ്ങൾ പിൻപറ്റാതിരിക്കുകയും ചെയ്യുക എന്ന് 6: 153 ൽ പറഞ്ഞിട്ടുണ്ട്. 14: 1 ൽ, ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് തങ്ങളുടെ നാഥന്റെ സമ്മതപത്രമായ അതുകൊണ്ട് ജനങ്ങളെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശമായ അല്ലാഹുവിന്റെ മാർഗത്തിലേക്ക് പുറപ്പെടുവിപ്പിക്കാനാണെന്ന് പറഞ്ഞിട്ടുണ്ട്. 64: 2 ൽ, അവൻ അല്ലാഹു തന്നെയാണ് നിങ്ങളെ എല്ലാവരെയും സൃഷ്ടിച്ചത്, നിങ്ങളിൽ കാഫിറുണ്ട്, നിങ്ങളിൽ വിശ്വാസിയുമുണ്ട്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹു സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 165 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ അല്ലാഹ് എന്ന് നാവുകൊണ്ട് പറയുന്നുണ്ടെങ്കിലും അവരുടെ ഹൃദയത്തിൽ പിശാചിനെ കുടിയിരുത്തിക്കൊണ്ട് നാഥനിലേക്ക് എത്തിപ്പെടാൻ ഇടയാളന്മാരെയും ശുപാർശക്കാരെയും ജൽപിക്കുന്നവരാണ്. അതുവഴി അവർ പ്രപഞ്ചനാഥനായ അല്ലാഹുവിന് സമന്മാരെ വെക്കുന്നവരാണ്. 1: 1; 2: 2, 213, 256–257; 3: 7–10; 4: 150–151 വിശദീകരണം നോക്കുക.

2. അവൻ തന്നെയാണ് നിങ്ങളെ കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചത്, പിന്നെ അവൻ നിങ്ങൾക്ക് ഒരു അവധി നിശ്ചയിക്കുകയും ചെയ്തു, അവന്റെയടുക്കൽ ക്ലിപ്തമായ മറ്റൊരു അവധിയുമുണ്ട്, പിന്നെയും നിങ്ങൾ സംശയിച്ചുകൊണ്ടിരിക്കുന്നവരാകുന്നു.

മണ്ണിന്റെ ഘടകങ്ങളടങ്ങിയതാണ് മനുഷ്യന്റെ ശരീരം. ആദ്യമനുഷ്യനായ ആദമിനെ അല്ലാഹു മണ്ണുകൊണ്ട് സൃഷ്ടിക്കുകയും പിന്നെ മനുഷ്യന്റെ വംശപരമ്പര ഹീനമായ വെള്ളത്തിന്റെ സത്തിൽ നിന്നാക്കുകയും ചെയ്തു. മാതാപിതാക്കൾ മണ്ണിൽ നിന്നുള്ള മണ്ണിന്റെ ഘടകങ്ങളടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷിക്കുകയും അതിൽ നിന്ന് രക്തമുണ്ടാവുകയും അതിൽ നിന്ന് ഇന്ദ്രിയം രൂപപ്പെടുകയും ചെയ്തു. 2: 28; 4: 1 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിതാവിൽ നിന്നുള്ള ബീജവും മാതാവിൽ നിന്നുള്ള അണ്ഡവും കൂടിച്ചേർന്നാണ് മനുഷ്യശരീരത്തെ നാഥൻ രൂപപ്പെടുത്തിയിട്ടുള്ളത്. ജീവന്റെ സാന്നിധ്യത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഭ്രൂണത്തിൽ നാലാം മാസത്തിൽ പിതാവിന്റെ മുതുകിലുള്ള ആത്മാവിനെ ഒരു മലക്ക് മുഖേന എടുത്ത് മാതാവിന്റെ ഗർഭപാത്രത്തിൽ വളരുന്ന ഭ്രൂണത്തിലേക്ക് ആവാഹിപ്പിക്കുന്നു. അതോടുകൂടി ശിശുവിന് ജീവനും ആത്മാവും കൂടിയ റൂഹ് ലഭിക്കുന്നു. യഥാർത്ഥത്തിൽ കളിമണ്ണിന്റെ സത്തിൽ നിന്ന് രൂപപ്പെടുത്തിയിട്ടുള്ള മനുഷ്യന്റെ ഈ ശരീരം ജീവനും ആത്മാവുമടങ്ങിയ റൂഹിന് സഞ്ചരിക്കാനുള്ള വാഹനമാണ്. ഈ റൂഹിനെ ശരീരത്തിൽ നിന്ന് ഊരിയെടുക്കുന്നതിനാണ് മരണമെന്ന് പറയുന്നത്. അത് ഓരോരുത്തരുടെയും കാര്യത്തിൽ എപ്പോഴാണ് എന്ന് ത്രികാലജ്ഞാനിയായ നാഥൻ നേരത്തെ നിശ്ചയിച്ചിട്ടുണ്ടെന്നാണ് പറയുന്നത്.

'പിന്നെ അവൻ നിങ്ങൾക്ക് ഒരു അവധി നിശ്ചയിക്കുകയും ചെയ്തു' എന്ന് പറഞ്ഞതിലെ അവധി കൊണ്ടുദ്ദേശിക്കുന്നത് ഓരോ വ്യക്തിയുടെയും മരണസമയമാണ്. 'അവന്റെയടുക്കൽ ക്ലിപ്തമായ മറ്റൊരു അവധിയുമുണ്ട്' എന്ന് പറഞ്ഞതിലെ അവധി അന്ത്യനാളുമാണ്. എല്ലാ ഓരോ സമുദായത്തിനും ഒരു ക്ലിപ്തമായ അവധിയുണ്ട്, ആ അവധി എത്തിയാൽ പിന്നീട് ഒട്ടും മുന്തിക്കുകയോ പിന്തിക്കുകയോ ഇല്ല എന്ന് 7: 34 ലും 10: 49 ലും പറഞ്ഞിട്ടുണ്ട്. 6: 47 ൽ വിവരിച്ച പ്രകാരം പ്രവാചകന്മാരുടെ ജനതയിൽ നിന്നുള്ള എല്ലാവരും അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് അക്രമികളും തെമ്മാടികളുമാകുമ്പോഴാണ് ആ ജനതയെ നശിപ്പിച്ചിട്ടുള്ളത്. അതാണ് ഒരു ജനതക്കുള്ള ക്ലിപ്തമായ അവധി. 1: 3 ൽ വിവരിച്ച പ്രകാരം മൊത്തം ലോകത്തിനുള്ള അവധി അന്ത്യദിനമാണ്. 43: 61 ൽ, ഈസായുടെ ര

ണ്ടാം വരവ് അന്ത്യമണിക്കൂറിന്റെ അറിവാക്കി വെച്ചിരിക്കുന്നു, അപ്പോൾ അതിന്റെ കാര്യത്തിൽ നീ സംശയിക്കുന്നവനാകരുത് എന്ന് പറഞ്ഞിട്ടുണ്ട്. 6: 158 ൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് പ്രത്യക്ഷപ്പെട്ടാൽ പിന്നെ ഒരു ആത്മാവിനും വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല. 38: 78–81 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാച് പുനർജന്മനാൾ വരെ സമയം നൽകണമെന്നാണ് നാഥനോട് ആവശ്യപ്പെട്ടത്. എന്നാൽ അവസാനകാലത്ത് മസീഹുദ്ദജ്ജാലായി വരുന്ന അവന് ഈസാ രണ്ടാമത് വന്ന് കൊല്ലപ്പെടുന്നതുവരെയാണ് അവധി നൽകപ്പെട്ടിട്ടുള്ളത്. 2: 147 ൽ വിവരിച്ച പ്രകാരം ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്നവരായതിനാൽ ഏതൊരു വിഷയത്തിലും മറ്റേതൊരു ജനവിഭാഗത്തേക്കാളും സംശയം വെച്ച് പുലർത്തുന്നവരാണ്. 3: 154 ൽ വിവരിച്ച പ്രകാരം ഭ്രാന്തന്മാരായ അവർ നരകക്കുണ്ഠത്തിന്റെ വക്കിൽ വെച്ച് ഞങ്ങളുടെ നാഥാ! ഞങ്ങൾ അതിലെ കാഴ്ചകൾ കണ്ടു, രോദനങ്ങൾ കേട്ടു, നീ ഞങ്ങളെ ഐഹികലോകത്തേക്ക് തിരിച്ചയച്ചാലും, ഞങ്ങൾ സൽക്കർമങ്ങൾ ചെയ്തുകൊള്ളാം, നിശ്ചയം ഞങ്ങൾക്ക് ദൃഢബോധ്യം വന്നിരിക്കുന്നു എന്ന് പറയുന്നതാണ്. 2: 119; 3: 60, 185; 4: 78–79 വിശദീകരണം നോക്കുക.

3. അവൻ തന്നെയുമാണ് ആകാശങ്ങളിൽ അല്ലാഹു -ഭൂമിയിലും, നിങ്ങളുടെ രഹസ്യങ്ങളും നിങ്ങളുടെ പരസ്യങ്ങളും അവൻ അറിയുന്നു, നിങ്ങൾ സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഒന്നും അവൻ അറിയുന്നു.

ആകാശഭൂമികളെയും അവക്കിടയിലുള്ള സർവ്വജീവജാലങ്ങളെയും സൃഷ്ടിച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്ന ത്രികാലജ്ഞാനിയും ഉറക്കവും മയക്കവുമില്ലാതെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമായ അല്ലാഹു, മനുഷ്യർ ഓരോരുത്തരെക്കുറിച്ചും അവർ എവിടെയാണ് ജനിക്കുക, മരിക്കുക, സ്വർഗ്ഗമാണോ നരകമാണോ സമ്പാദിക്കുക എന്നെല്ലാം നിശ്ചയിച്ച് 17: 13–14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഓരോ മനുഷ്യന്റെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള അവന്റെ കർമരേഖയിൽ രേഖപ്പെടുത്തിവെച്ചവനാണ്, അപ്പോൾ ഇക്കാര്യങ്ങളെല്ലാം ഉണർത്തുന്ന ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ ഉപയോഗപ്പെടുത്തി അവനെ നിഷ്പക്ഷവാനായി കണ്ടുകൊണ്ട് മനുഷ്യർ ഓരോരുത്തരും അവരവരുടെ ഭാഗധേയം നാലാം ഘട്ടമായ ഇവിടെ വെച്ച് നിശ്ചയിക്കേണ്ടതാണ്. എന്നാൽ 1000 ൽ ഒന്നായ സ്വർഗ്ഗത്തിലേക്കുള്ള വിശ്വാസികൾ മാത്രമേ അദ്ദിക്ർ ഉപയോഗപ്പെടുത്തുകയുള്ളൂ. ഗ്രന്ഥം വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ തന്നെയാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകൾ. 43: 84 ൽ, അവൻ തന്നെയാണ് ആകാശത്തും ഇലാഹ്, ഭൂമിയിലും ഇലാഹ്, അവൻ യുക്തിജ്ഞാനിയായ സർവ്വജ്ഞാനി തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ അവരുടെ വാക്കുകൾ നിന്നെ ദുഃഖിപ്പിക്കേണ്ട, അവർ രഹസ്യമാക്കുന്ന ഒന്നും പരസ്യമാക്കുന്ന ഒന്നും നിശ്ചയം നാം അറിയുന്നവൻ തന്നെയാണ് എന്ന് 36: 76 ലും പറഞ്ഞിട്ടുണ്ട്. 67: 13–14 സൂക്തങ്ങളിൽ, നിങ്ങൾ നിങ്ങളുടെ വാക്കുകൾ രഹസ്യമാക്കുകയോ ഉച്ചത്തിലാക്കുകയോ ചെയ്യുക, നിശ്ചയം അവൻ നെഞ്ചകങ്ങളുടെ അവസ്ഥ അറിയുന്നവനാണ്. ആരാണോ സൃഷ്ടിച്ചത്, അവന് സൃഷ്ടികളെക്കുറിച്ച് അറിയില്ലെന്നോ? അല്ല, അവൻ ഉള്ളിന്റെ ഉള്ള് അറിയുന്ന സൂക്ഷ്മജ്ഞാനിയായ എല്ലാം വലയം ചെയ്ത ത്രികാലജ്ഞാനി തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. ലക്ഷ്യബോധമില്ലാതെ കളിയിലും തമാശയിലും മുഴുകി ജീവിക്കുന്ന കപടവിശ്വാസികളോട്: നിങ്ങൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രതിഫലമായിക്കൊണ്ട്

നിങ്ങൾ കുറച്ച് ചിരിച്ചുകൊള്ളുക, അധികം കരഞ്ഞുകൊള്ളുക എന്ന് പറയാൻ 9: 82 ലൂടെ കൽപിച്ചിട്ടുണ്ട്. അപ്പോൾ ആരാണോ തന്റെ ഭാഗത്തുനിന്ന് വിധിദിവസത്തിലെ ശിക്ഷയെത്തൊട്ട് തടഞ്ഞത്, അപ്പോൾ അവൻ രക്ഷപ്പെട്ടുവെന്നും; എന്നാൽ പരിചയും മുഹൈമിനുമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരോട് 'നിങ്ങൾ സമ്പാദിച്ചുകൊണ്ടിരുന്നത് ആസ്വദിച്ചുകൊള്ളുക' എന്ന് പറയപ്പെടുമെന്ന് 39: 24 ലും പറഞ്ഞിട്ടുണ്ട്. 2: 286 ൽ വിവരിച്ച പ്രകാരം അറബിഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരായും ഇവിടെ ജീവിക്കുന്നതിനാൽ അവർക്ക് പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക, അത് അവർ ലക്ഷ്യം വെച്ച് സമ്പാദിക്കുന്നതല്ലെങ്കിലും ശരി. 2: 255; 4: 133; 10: 61 വിശദീകരണം നോക്കുക.

4. തങ്ങളുടെ നാഥന്റെ സൂക്തങ്ങളിൽ നിന്ന് ഏതൊരു സൂക്തം അവരിലേക്ക് വന്നെത്തുമ്പോഴും അവർ അതിനെത്തൊട്ട് അവഗണിക്കുന്നവരാകാതിരുന്നിട്ടില്ല.

36: 46 ൽ ഇതേ സൂക്തം ആവർത്തിച്ചിട്ടുണ്ട്. 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളുടെ സ്വഭാവമാണ് സൂക്തത്തിൽ പറയുന്നത്. ഊഹങ്ങൾ പിൻപറ്റുന്ന അവരിലെ ഗണിതം പഠിച്ചവരും ശാസ്ത്രം പഠിച്ചവരുമായ ശാസ്ത്രജ്ഞർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ തുടങ്ങിയവരെല്ലാം ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ എണ്ണം 6666 ആണ് എന്ന് കള്ളം പറയുന്നവരാണ്. ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞതിനാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവർക്ക് സൂക്തങ്ങളുടെ എണ്ണം 6236 ആണെന്ന് തിരിച്ചറിയുകയില്ല.

നാം നിനക്ക് നമ്മിൽ നിന്നുള്ള ഒരു ഉണർത്തൽ (അദ്ദിക്ർ) നൽകിയിട്ടുണ്ട്, ആരാണോ അതിനെ അവഗണിച്ചത്, അപ്പോൾ നിശ്ചയം അവൻ വിധിദിവസം അവന്റെ പാപഭാരം വഹിക്കുക തന്നെ ചെയ്യും, അവൻ അതിൽ നിത്യവാസിയുമായിരിക്കും, അവൻ എത്ര ദുഷിച്ച പാപഭാരമാണ് അന്ത്യനാളിൽ വഹിക്കുന്നതെന്ന് 20: 99–101 സൂക്തങ്ങളിൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. *ദിക്റീ* എന്ന ഗ്രന്ഥത്തെ അവഗണിച്ചവന് ഇഹലോകത്ത് ഇടുങ്ങിയ ജീവിതവിഭവമാണുള്ളതെന്നും വിധിദിവസം അവനെ പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുക അന്ധനായിട്ടായിരിക്കുമെന്നും 20: 124–127 സൂക്തങ്ങളിലും; അദ്ദിക്റിനെ വിസ്മരിക്കുക വഴി നാഥനെ വിസ്മരിച്ച ഫുജ്ജാറുകളെ അവൻ രൂക്ഷമായ ശിക്ഷയിലേക്ക് കടത്തിവിടുന്നതാണെന്ന് 72: 17 ലും പറഞ്ഞിട്ടുണ്ട്. ആരാണോ തന്റെ ഹൃദയത്തെ അദ്ദിക്റിൽ നിന്ന് അശ്രദ്ധനാക്കിയത്, അവനെ പ്രവാചകനോ വിശ്വാസിയോ അനുസരിക്കാൻ പാടില്ല എന്ന് 18: 28 ലും, ഗ്രന്ഥത്തിലെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടതിന് ശേഷം അവയെ അവഗണിക്കുന്നവർ അക്രമികളും ഭ്രാന്തന്മാരുമാണെന്നും അവർക്ക് അത് മനസിലാകാതിരിക്കത്തക്കവണ്ണം അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഒരു മൂടിയിടുമെന്നും 18: 57; 32: 22 എന്നീ സൂക്തങ്ങളിലും അവരാണ് വായിച്ചിട്ടുള്ളത്. 2: 6–7, 18, 121; 4: 56, 63; 5: 57 വിശദീകരണം നോക്കുക.

5. അപ്പോൾ ഈ സത്യം അവർക്ക് വന്നുകിട്ടിയപ്പോഴും അവർ അതിനെ തള്ളിപ്പറഞ്ഞിരിക്കുന്നു, അതുകൊണ്ട് ഏതൊന്നിനെക്കൊണ്ടായിരുന്നുവോ അവർ പരിഹസിച്ചുകൊണ്ടിരിക്കുന്നത്, അതിനെക്കുറിച്ചുള്ള യഥാർത്ഥ വൃത്താന്തങ്ങൾ അവർക്ക് വന്നുകിട്ടുക തന്നെ ചെയ്യും.

2: 119; 7: 8–9; 10: 108; 17: 89; 39: 41, 75; 43: 78 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സ

ത്യം അദ്ദിക്ർ തന്നെയാണ്. ഇന്ന് നരകക്കുണ്ഠത്തിലേക്കുള്ള ഫുജ്ജാറുകളായ അക്രമികൾ ഗ്രന്ഥം വഹിക്കുന്നത് 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയാണ്. കപടവിശ്വാസികളെയും അനുയായികളെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് 7: 176 ലും; കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാൻ തയ്യാറാകാത്ത ഊമരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകളെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷ്ടർ എന്ന് 8: 22 ലും പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കുഫ്ഫാറുകൾ മിഥ്യയാണ് പിൻപറ്റുന്നത്. 4: 61 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയെ ഫുജ്ജാറുകൾ 'നുണ പറയുന്ന ഒറ്റയാൻ' എന്ന് പരിഹസിക്കുന്നതാണ്. 2: 212 ൽ വിവരിച്ച പ്രകാരം അത്തരം വിശ്വാസികൾ നരകക്കുണ്ഠത്തിലേക്കുള്ള ഫുജ്ജാറുകളായ കുഫ്ഫാറുകളെ പരലോകത്തുവെച്ച് തിരിച്ചും പരിഹസിക്കുന്നതാണ്. 2: 14–15, 147–148; 9: 65–66; 11: 8 വിശദീകരണം നോക്കുക.

6. അവർക്കുമുമ്പുള്ള എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത് എന്ന് അവർ കണ്ടിട്ടില്ലേ? നാം നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത അധികാരവും പ്രതാപവും ഭൂമിയിൽ അവർക്ക് നൽകിയിരുന്നു, അവരുടെമേൽ നാം ആകാശത്തുനിന്ന് നിരന്തരം മഴ വർഷിപ്പിക്കുകയും അവരുടെ താഴ്ഭാഗങ്ങളിലൂടെ ഒഴുകുന്ന നദികൾ നാം ഉണ്ടാക്കുകയും ചെയ്തു, എന്നാൽ അവരുടെ തന്നെ കുറ്റകൃത്യങ്ങളുടെ ഫലമായി നാം അവരെ നശിപ്പിക്കുകയും അവർക്കുശേഷം തൽസ്ഥാനത്ത് മറ്റൊരു തലമുറയെ നട്ടുവളർത്തിക്കൊണ്ടുവരികയും ചെയ്തു.

എത്രയെത്ര തലമുറകളെയാണ് അവർക്കുമുമ്പ് നാം നശിപ്പിച്ചിട്ടുള്ളത്, അവർ ഇവരേക്കാൾ പ്രൗഢിയും പ്രതാപവുമെല്ലാമുള്ള ശക്തന്മാരായിരുന്നു. (ശിക്ഷ വന്നപ്പോൾ) അവർ നാടുനീളെ പരക്കം പാഞ്ഞു, അവർക്ക് വല്ല അഭയസ്ഥാനവും കിട്ടിയോ എന്ന് 50: 36 ലും, ആദ് സമുദായം ന്യായം കൂടാതെ ഭൂമിയിൽ അഹങ്കരിച്ചു, അവർ അഹങ്കാരത്തോടെ ചോദിക്കുകയും ചെയ്തു: ഞങ്ങളേക്കാൾ ശക്തന്മാരായി ആരുണ്ട്, അവരെ സൃഷ്ടിച്ച അല്ലാഹു അവരേക്കാൾ ശക്തനാണെന്ന് അവർ മനസ്സിലാക്കുന്നില്ലെയോ, അവർ നമ്മുടെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്നവരായിരുന്നു എന്ന് 41: 15 ലും പറഞ്ഞിട്ടുണ്ട്. 22: 46 ൽ, അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കിയിട്ടില്ലേ, അതോ അവർക്ക് ചിന്തിക്കാനുള്ള ഹൃദയങ്ങളില്ലേ, അല്ലെങ്കിൽ കേൾക്കാനുള്ള ചെവികളില്ലേ, അല്ല; നിശ്ചയം അവരുടെ കണ്ണുകൾക്കല്ല അന്ധത, മറിച്ച് നെഞ്ചുകളുടെ ഉള്ളിലുള്ള ഹൃദയങ്ങൾക്കാണ് അന്ധത എന്നുപറഞ്ഞിട്ടുണ്ട്.

വിവിധ കാലഘട്ടങ്ങളിൽ നശിപ്പിക്കപ്പെട്ടിട്ടുള്ള നാടുകളിലൂടെ സഞ്ചരിച്ച് അവരുടെ അവശിഷ്ടങ്ങളിൽ നിന്ന് പാഠം അന്വേഷിച്ചറിയുകയും ഹൃദയം കൊണ്ട് ചിന്തിച്ച് മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും വേണമെന്നാണ് അല്ലാഹു കൽപിക്കുന്നത്. പൂർവ്വികർക്ക് ഇന്നുള്ളവരേക്കാൾ പ്രതാപവും ശക്തിയും നൽകിയിട്ടുണ്ടായിരുന്നു എന്ന് അവരുടെ അവശിഷ്ടങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്. സമൂദ് ജനത പാറ തുരന്നുകൊണ്ട് റൂമുകളും ഹാളുകളും നിർമിച്ചിരുന്നതായി കാണാം. ബി.സി.ഇ 5000-നുമുമ്പ് ജീവിച്ചിരുന്ന മോഹൻജദാരോ, ഹാരപ്പ എന്നിവിടങ്ങളിലെ ജനത കുളിമുറികളും അഴുക്കുചാലുകളും കക്കൂസുകളും നിർമ്മിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതുപോ

ലെ ബി.സി.ഇ 2000-ൽ ജീവിച്ചിരുന്ന ജനത ആയിരക്കണക്കിന് ടൺ ഭാരമുള്ള പാറക്കല്ലുകൾ കൊണ്ട് അറുപതും എഴുപതും അടി ഉയരങ്ങളുള്ള കെട്ടിടങ്ങൾ സ്ഥാപിച്ചിട്ടുള്ളത് അമേരിക്കയിലും മറ്റും ഇന്നും കാണാം. ക്രെയിനില്ലാത്ത അക്കാലത്ത് ആരാണ് അത്തരം നിർമ്മിതികൾ ഉണ്ടാക്കിയത്? അപ്പോൾ ആധുനിക ജനത അവരുടെ ശാസ്ത്രീയ പുരോഗതിയിൽ അഭിമാനിച്ച് അഹങ്കരിക്കരുതെന്നും അല്ലാഹുവിന്റെ മുമ്പിൽ വിനീതരാകണമെന്നും അദ്ദിക്ർ കൊണ്ട് മാത്രമേ പ്രൗഢരാകാവൂ എന്നുമാണ് അല്ലാഹു പഠിപ്പിക്കുന്നത്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന ഫുജ്ജാറുകളുമാണ് ആരും ചോദിക്കാനില്ല, ആരോടും ഉത്തരം പറയാനുമില്ല എന്ന മട്ടിൽ പരലോകത്തെ തള്ളിപ്പറഞ്ഞുകൊണ്ട് യാതൊരു നിയന്ത്രണവുമില്ലാതെ ഇവിടെ ധൂർത്തിലും പൊങ്ങച്ചപ്രകടനങ്ങളിലും നശീകരണപ്രവർത്തനങ്ങളിലുമെല്ലാം മുഴുകിയിട്ടുള്ളതെന്ന് അദ്ദിക്ർ ത്രാസ്സും *മൗഇളത്തു*മായി ഉപയോഗപ്പെടുത്തുന്നവർക്ക് മനസ്സിലാക്കാം. 4: 82, 131-133; 5: 65-66, 38: 8 വിശദീകരണം നോക്കുക.

7. നിന്റേമൽ നാം കടലാസിൽ എഴുതപ്പെട്ട ഒരു ഗ്രന്ഥം ഇറക്കിത്തരികയും അങ്ങനെ അവർ അത് അവരുടെ കൈകൾ കൊണ്ട് തൊട്ടുനോക്കുകയും ചെയ്തിരുന്നാൽ പോലും കാഫിറുകളായിട്ടുള്ളവർ പറയുക തന്നെ ചെയ്യും: നിശ്ചയം ഇത് വ്യക്തമായ മാരണമല്ലാതെ മറ്റൊന്നുമല്ല.

പ്രവാചകന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥമുണ്ടായിരുന്നില്ല. അതുകൊണ്ട് ഒരു ഗ്രന്ഥം ഞങ്ങൾക്ക് കൊണ്ടുവരികയാണെങ്കിൽ ഞങ്ങൾ വിശ്വസിച്ചുകൊള്ളാമെന്നാണ് കാഫിറുകൾ പറഞ്ഞിരുന്നത്. ഞങ്ങൾക്ക് വായിക്കാൻ പറ്റുന്ന ഒരു തുറന്ന ഗ്രന്ഥം കൊണ്ടുവരാതെ ഞങ്ങൾ നിന്റെ ആകാശാരോഹണത്തിലോ സ്രഷ്ടാവുമായുള്ള കൂടിക്കാഴ്ചയിലോ വിശ്വസിക്കുകയില്ല എന്ന് കാഫിറുകൾ പറഞ്ഞതായി 17: 93 ലും; ഈ ഗ്രന്ഥം ഒരുമിച്ച് ഒറ്റ ഗ്രന്ഥമായി അവതരിക്കപ്പെടാത്തത് എന്താണെന്ന് മക്കാമുശ്രിക്കുകൾ ചോദിച്ചതായി 7: 203 ലും 25: 32 ലും പറഞ്ഞിട്ടുണ്ട്. 41: 44 ൽ, അദ്ദിക്ർ സ്വീകരിക്കാതിരിക്കാൻ കാരണമായി കാഫിറുകളായ മക്കാമുശ്രിക്കുകൾ: ഇത് ഞങ്ങളുടെയും നിന്റെയും ഭാഷയിലാണല്ലോ! ഇത് അല്ലാഹുവിന്റേതാണെങ്കിൽ അറബിയല്ലാത്ത ഏതെങ്കിലും ഭാഷയിലാണല്ലോ അവതരിപ്പിക്കേണ്ടിയിരുന്നത് എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ 15: 6, 9; 16: 43-44; 21: 24, 105; 25: 18, 29; 36: 11, 69; 43: 44 തുടങ്ങി 61 സൂക്തങ്ങളിൽ അദ്ദിക്ർ എന്ന ഗ്രന്ഥത്തെക്കുറിച്ച് അറബി-ഖുർആനിൽ വായിക്കുന്നുണ്ടെങ്കിലും ഇന്ന് അത് 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ രൂപപ്പെട്ടിരിക്കെ അതിനെ തള്ളിപ്പറയുന്നവരാണ്. 41: 42 ൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവും 3: 58 ൽ പറഞ്ഞ യുക്തിനിർഭരഗ്രന്ഥവും 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവുമായ അദ്ദിക്റിനോട് അവർ മാലിന്യമെന്നോണം വിരോധം വെച്ചുപുലർത്തുന്നവരുമാണ്. നിഷ്പക്ഷവാനായ നാഥനെക്കുറിച്ച് പ്രവാചകനും വിശ്വാസിയും ചോദിക്കേണ്ടത് ത്രികാലജ്ഞാനമായ ഗ്രന്ഥത്തിന്റെ രചയിതാവായ ത്രികാലജ്ഞാനിയോടാണ് എന്ന് 25: 59 ലും; ഏതൊരാളും അറിവില്ലാത്ത കാര്യങ്ങൾ ചോദിക്കേണ്ടത് വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റിന്റെ രചയിതാവിനോടാണ് എന്ന് 16: 43 ലും 21: 7 ലും ലോകരിൽ ഫുജ്ജാറുകളാണ് വായിക്കുന്നത്. എന്നാൽ മാന്യമായ വായനയായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ് ഫുജ്ജാറുകൾ എന്ന് 56: 82 ൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല, മറിച്ച് ഫുജ്ജാറുകൾ വാ

യിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക.

28: 48 ൽ, നമ്മിൽ നിന്നുള്ള സത്യം അവർക്ക് വന്നുകിട്ടിയപ്പോൾ കാഫിറുകൾ പ്രവാചകനോട് ചോദിച്ചു: മൂസാക്ക് നൽകപ്പെട്ടതുപോലുള്ളവ (ദിവ്യാത്ഭുതങ്ങൾ) എന്താണ് മുഹമ്മദിന് നൽകപ്പെടാത്തത്, എന്നാൽ മുമ്പ് മൂസാക്ക് നൽകപ്പെട്ടതിനെ അവർ നിഷേധിച്ചിട്ടില്ലെയോ? അവർ പറഞ്ഞു: ഖുർആനും തൗറാത്തും പരസ്പരം സഹായിക്കുന്ന രണ്ട് മാരണങ്ങളാണ്, അവർ പ്രഖ്യാപിക്കുകയും ചെയ്തു: എല്ലാ ഗ്രന്ഥത്തെയും ഞങ്ങൾ നിഷേധിക്കുകയും ചെയ്യുന്നു എന്നും; 28: 49 ൽ, അവരോട് പറയാൻ പ്രവാചകനോട് കൽപിക്കുന്നു: നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ ഇവ രണ്ടിനേക്കാൾ സന്മാർഗം നൽകുന്ന ഒരു ഗ്രന്ഥം കൊണ്ടുവരിക, അപ്പോൾ ഞാൻ അതിനെ പിൻപറ്റുന്നതാണ് എന്നും; 28: 50 ൽ, എന്നാൽ അവർ നിനക്ക് മറുപടി നൽകുന്നില്ലെങ്കിൽ നീ അറിഞ്ഞിരിക്കുക, അപ്പോൾ അവർ അവരുടെ ദേഹേച്ഛയെയാണ് പിൻപറ്റുന്നത്, അല്ലാഹുവിൽ നിന്നുള്ള സന്മാർഗം കൂടാതെ തന്റെ ദേഹേച്ഛയെ പിൻപറ്റുന്നവനേക്കാൾ വഴിപിഴച്ചവൻ ആരാണ്? നിശ്ചയം ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്നും പറഞ്ഞിട്ടുണ്ട്. എല്ലാ കാലത്തുമുള്ള കാഫിറുകളായിട്ടുള്ളവർ അദ്ദിക്റിനെക്കുറിച്ച് 'ഇത് ഒരു വ്യക്തമായ മാരണമല്ലാതെ മറ്റൊന്നുമല്ല' എന്ന് പറഞ്ഞ് തള്ളിപ്പറയാതിരുന്നിട്ടില്ലെന്ന് 5: 110; 11: 7; 61: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 2: 2–4, 254; 3: 7–10; 9: 28 വിശദീകരണം നോക്കുക.

8. അവർ ചോദിക്കുകയും ചെയ്യുന്നു: അവന്റെമേൽ എന്താണ് ഒരു മലക്ക് ഇറക്കപ്പെടാത്തത്, മലക്കിനെ നാം ഇറക്കിയിരുന്നുവെങ്കിൽ കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു, പിന്നീട് അവർ സാവകാശം നൽകപ്പെടുന്നവരാവുകയുമില്ല.

9. നാം അവനെ ഒരു മലക്കാക്കിയിരുന്നുവെങ്കിൽ അപ്പോഴും നാം അവനെ ഒരു പുരുഷനാക്കുക തന്നെ ചെയ്യുമായിരുന്നു, അങ്ങനെ ഇപ്പോൾ അകപ്പെട്ടിട്ടുള്ള സംശയത്തിൽ അവരെ നാം അപ്പോഴും അകപ്പെടുത്തുക തന്നെ ചെയ്യും.

പ്രവാചകന്മാരായി നിയോഗിക്കപ്പെടുന്നവർ മനുഷ്യരുടെ സ്വഭാവത്തിന് അതീതമായുള്ളവരും മലക്കുകളുടെ സ്വഭാവമുള്ളവരുമായിരിക്കണമെന്ന ധാരണയാണ് എല്ലാ പ്രവാചകന്മാരുടെ കാലത്തുമുള്ള മൂഢന്മാരായ ജനത വെച്ചുപുലർത്തിയിരുന്നത്. അവരെ ജനങ്ങൾ കല്ലെറിയാനോ ശകാരിക്കാനോ പാടില്ല എന്നും അവർക്ക് വിചാരവികാരങ്ങളോ വിശപ്പോ ദാഹമോ രോഗങ്ങളോ മറ്റുതിന്മകളോ ഒന്നും ബാധിക്കാൻ പാടില്ല എന്നുമായിരുന്നു അവർ ധരിച്ചിരുന്നത്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ, നബിമാരിലും മഹാത്മാക്കളിലും വിശ്വസിക്കുന്നതും ഇതേ രൂപത്തിൽ തന്നെയാണ്. 2: 146 ൽ വിവരിച്ച പ്രകാരം അദ്ദിക്റിൽ നിന്ന് അല്ലാഹുവിനെയും പിശാചിനെയും പ്രവാചകന്മാരെയും നബിമാരെയും മലക്കുകളെയും ഒന്നും പരിചയപ്പെടാത്തതാണ് ഇതിന് കാരണം. മുശ്രിക്കുകളുടേതും കാഫിറുകളുടേതുമുൾപ്പെടെ നരകത്തിലേക്ക് പോകാനുള്ളവരുടെ വിശ്വാസവും സ്വഭാവവും മനസ്സിലാക്കി അവ വർജ്ജിക്കാനും വിശ്വാസികളുടെയും വിജയം വരിക്കുന്നവരുടെയും സ്വഭാവങ്ങൾ സ്വീകരിക്കാനും പിൻപറ്റാനും സഹായിക്കുന്ന ഉൾക്കാഴ്ചാദായകവും ഉരക്കല്ലുമായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്തതു കൊണ്ടാണ് അവർ മുപ്പതാമത്തെ കള്ളവാദിയായി വരുന്ന മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നെ റബ്ബുതന്നെയായും സ്വീകരിക്കുന്നതും അങ്ങനെ ഈസാ രണ്ടാമത് വന്നാൽ ഇസ്ലാം അംഗീകരി

ക്കുന്ന മുഹമ്മദിന്റെ തന്നെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും.

മലക്കുകളിൽ നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നുണ്ടെന്ന് 22: 75 ൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാരായിട്ട് പുരുഷന്മാരെയല്ലാതെ നിയോഗിച്ചിട്ടില്ലെന്ന് 16: 43 ലും 21: 7 ലും പറഞ്ഞിട്ടുണ്ട്. ഈസാ നബിയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കാൻ വേണ്ടി ജിബ്‌രീൽ മനുഷ്യരൂപത്തിലാണ് മർയമിന്റെ അടുത്ത് ചെന്നതെന്ന് 19: 17 ൽ പറഞ്ഞിട്ടുണ്ട്. ലൂത്ത് നബിയുടെ ജനതയെ നശിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട മലക്കുകൾ സുമുഖന്മാരായ രണ്ട് യുവാക്കളായിട്ടാണ് ഇബ്റാഹീം നബിയുടെയും ലൂത്ത് നബിയുടെയും അടുത്ത് ചെന്നതെന്ന് 11: 69–81; 51: 24–34 എന്നീ സൂക്തങ്ങളിലും; മൂസാ നബിക്ക് പ്രത്യേകമായ അറിവ് പഠിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട ഖിള്ർ മലക്കായിരുന്നു എന്ന് 18: 80 ലും; മലക്കുകൾ നാഥനുവേണ്ടി സംസാരിക്കുന്നതിന് നിയോഗിക്കപ്പെടുന്നവരാണെന്ന് 19: 64 ലും പറഞ്ഞിട്ടുണ്ട്. 2: 98, 210, 285; 3: 20–21; 4: 97, 158–159 വിശദീകരണം നോക്കുക.

10. നിശ്ചയം നിനക്കുമുമ്പുള്ള പ്രവാചകന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്, അപ്പോൾ ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ അവരിൽ നിന്നുള്ളവർ പരിഹസിച്ചുകൊണ്ടിരുന്നത്, അതുതന്നെ അവരിൽ സംഭവിക്കുകയുണ്ടായി.

21: 41 ലും ഈ സൂക്തം ആവർത്തിച്ചിട്ടുണ്ട്. 16: 33–34 സൂക്തങ്ങളിൽ, മലക്കുകളെത്തന്നെ അവരിലേക്ക് കൊണ്ടുവരികയോ അല്ലെങ്കിൽ നിന്റെ നാഥന്റെ കൽപന വന്നെത്തുകയോ അല്ലാതെ ഇനി അവർ എന്താണ് കാത്തിരിക്കുന്നത്, ഇവർക്ക് മുമ്പുള്ളവരായിരുന്നവരും അപ്രകാരം പ്രവർത്തിച്ചിട്ടുണ്ട്, അല്ലാഹു അവരോട് അക്രമം കാണിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം കാണിച്ചുകൊണ്ടിരുന്നത്. അവരുടെ പ്രവർത്തനങ്ങളുടെ ദുഷ്ഫലങ്ങൾ ഒടുവിൽ അവരെ ബാധിച്ചു, അവർ പരിഹസിച്ചിരുന്നത് ഏതൊരു ശിക്ഷയുടെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ, അതുതന്നെ അവരിൽ ആപതിക്കുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. 11: 36–49 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നൂഹ് നബിയെയും കുടുംബത്തിൽ നിന്നുള്ള വിശ്വാസികളെയും മറ്റുമുഴുവൻ വിശ്വാസികളെയും കപ്പലിൽ കയറ്റി രക്ഷപ്പെടുത്തുകയും കപ്പലുണ്ടാക്കിയപ്പോൾ പരിഹസിച്ചിരുന്ന നൂഹ് നബിയുടെ മകനും ഭാര്യയുമടക്കം കാഫിറുകളായ മുഴുവൻ ആളുകളെയും അല്ലാഹു വെള്ളത്തിൽ മുക്കിക്കൊല്ലുകയും ചെയ്തു. ആദ് ജനത വലിയ സൗധങ്ങൾ നിർമ്മിച്ച് അഹങ്കാരികളാവുകയും ഞങ്ങളേക്കാൾ ശക്തന്മാർ ആരാണുള്ളതെന്ന് സ്വയം ചോദിക്കുകയും ഹൂദ് നബിയെ തള്ളിപ്പറയുകയും ഹൂദ് നബിയുടെ താക്കീതുകളെ പുച്ഛിച്ചുതള്ളുകയും ചെയ്തു. അവസാനം ഏഴ് രാത്രിയും എട്ട് പകലും തുടർച്ചയായി വീശുന്ന കാറ്റിനാൽ അവർ തൂത്തെറിയപ്പെട്ടു. ഈത്തപ്പനമരം കടപുഴകി വീണതുപോലെ അവരും അവർ നിർമ്മിച്ച സൗധങ്ങളും നാമാവശേഷമാക്കപ്പെട്ടു എന്ന് 11: 60; 69: 7 എന്നീ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. സമൂദ് ജനതക്ക് ദൃഷ്ടാന്തമായി ഒട്ടകത്തെ നൽകിയിരുന്നു. എന്നാൽ സ്വാലിഹ് നബിയെ തള്ളിപ്പറഞ്ഞ് കളവാക്കിയ ആ ജനത ധാർഷ്ട്യപൂർവ്വം അതിനെ വധിച്ചുകൊണ്ട് ഞങ്ങൾ ആ കർമ്മം ചെയ്തു, നീ വാഗ്ദാനം ചെയ്ത ശിക്ഷ കൊണ്ടുവരിക എന്ന് വെല്ലുവിളിച്ചു. അങ്ങനെ സ്വാലിഹ് നബി പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വീടുകളിൽ മൂന്നുദിവസം താമസിച്ചുകൊള്ളുക, അത് കളവാക്കപ്പെടാത്ത ഒരു വാഗ്ദാനമാകുന്നു. 11: 67 ൽ പറഞ്ഞ പ്രകാരം ആ ജനത അവരുടെ വീടുകളിൽ താമസിച്ചിട്ടേയില്ല എന്ന പോലെ ഒരു ഘോരഗർജ്ജനം മുഖേന നശിപ്പിക്കപ്പെടുകയാ

ണുണ്ടായത്. പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗരതിയിൽ മുഴുകിയ ലൂത്ത് ജനത ജീവിച്ചിരുന്ന നാടിനെ അവരുടെമേൽ ചുട്ടുപഴുത്ത മൺകട്ടകൾ വർഷിപ്പിച്ചുകൊണ്ട് അല്ലാഹു കീഴ്മേൽ മറിച്ച് നശിപ്പിച്ച വിവരം 11: 80–83 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അളവും തൂക്കവും പൂർത്തിയാക്കുക, ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ ചുരുക്കാതിരിക്കുക, ഭൂമിയിൽ നാശമുണ്ടാക്കാതിരിക്കുക എന്ന് മദ്യൻ വാസികളെ ഉപദേശിച്ച ശുഐബ് നബിയെ അവർ പരിഹസിച്ചു. 11: 94–95 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആ ജനതയെ ഒരു ഘോരഗർജ്ജനം മുഖേന അല്ലാഹു നശിപ്പിച്ചു. മൂസാനബിയെയും ഇസ്റാഈൽ സന്തതികളെയും പീഡിപ്പിച്ച ഫിർഔനിനെയും പ്രഭൃതികളെയും 10: 88–92 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹു കടലിൽ മുക്കിക്കൊന്നു. 36: 30 ൽ, എന്റെ അടിമകളുടെ കാര്യം കഷ്ടം! അവരിലേക്ക് എപ്പോൾ ഏതൊരു പ്രവാചകൻ വന്നപ്പോഴും അവർ അവനെ പരിഹസിച്ചുകൊണ്ടിരിക്കാതിരുന്നിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. കാഫിറുകൾക്ക് വിചാരണാനാളിൽ അവർ സമ്പാദിച്ചുകൊണ്ടിരുന്ന അല്ലെങ്കിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിന്മകളെല്ലാം വെളിപ്പെടുന്നതാണെന്നും ഏതൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ അവർ പരിഹസിച്ചുകൊണ്ടിരുന്നത്, അതുതന്നെ അവരിൽ സംഭവിക്കുന്നതാണെന്നും 39: 48; 45: 33 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

2: 110, 239 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇന്ന് ലോകരിൽ അറബിഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അവരുടെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ അവരുടെ പിരടിയിലുള്ള കർമരേഖയിൽ പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് രേഖപ്പെടുത്തിവെച്ചുകൊണ്ടിരിക്കുന്നത്. 6: 28 ൽ വിവരിച്ച പ്രകാരം സൂചി കുത്താൻ പോലും ഇടമില്ലാത്ത വിധം മനുഷ്യരെക്കൊണ്ടും ജിന്നുകളെക്കൊണ്ടും നിറക്കപ്പെടുന്ന നരകക്കുണ്ഠത്തിൽ ഭ്രാന്തന്മാരായ അവർ ഓരോരുത്തരും അവരുടെ കർമരേഖയിൽ കൊത്തിവെച്ച ലൈംഗികാവയവങ്ങളിൽ കുത്തിത്തിരുകി ഒറ്റ പിണ്ഡമായിട്ടാണ് കിടക്കേണ്ടി വരിക. 2: 14; 4: 140; 11: 8 വിശദീകരണം നോക്കുക.

11. നീ പറയുക: നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുകയും പിന്നെ സത്യത്തെ കളവാക്കി തള്ളിപ്പറഞ്ഞുകൊണ്ടിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കിക്കാണുകയും ചെയ്യുക.

പൂർവിക സമുദായങ്ങളെല്ലാം അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് 6: 47 ൽ പറഞ്ഞ പ്രകാരം അക്രമികളായപ്പോഴും; 46: 35 ൽ പറഞ്ഞ പ്രകാരം തെമ്മാടികളായപ്പോഴും; 30: 42 ൽ പറഞ്ഞ പ്രകാരം മുശ്രിക്കുകളായപ്പോഴും; 7: 84 ൽ പറഞ്ഞ പ്രകാരം ഭ്രാന്തന്മാരായപ്പോഴും; 7: 86 ൽ പറഞ്ഞ പ്രകാരം നാശകാരികളായപ്പോഴുമാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്. അഥവാ അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകപ്പെട്ടതിന് ശേഷം അതിനെ തള്ളിപ്പറഞ്ഞ് അതിര് കവിയുന്നവരാകുമ്പോഴാണ് ഓരോ സമുദായവും നശിപ്പിക്കപ്പെട്ടിട്ടുള്ളത്. നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ആകാശം ഭൂമിയുടെമേൽ വീഴാതിരിക്കുന്നില്ല എന്ന് 22: 65 ലും; അവന്റെ കൽപനയായ അദ്ദിക്ർ കൊണ്ടല്ലാതെ ആകാശവും ഭൂമിയും അതിന്റെ സ്ഥാനത്ത് നിലകൊള്ളുന്നില്ല എന്ന് 30: 25 ലും പറഞ്ഞിട്ടുണ്ട്.

36: 69 ൽ പറഞ്ഞ വ്യക്തവും സ്പഷ്ടവുമായ വായനയും; 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണവും; 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ് യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരും നാശകാരികളും പരിധി ലംഘിച്ചവരും. 1: 7; 2: 254; 5: 10, 86, 97; 8: 22വിശദീക

രണം നോക്കുക.

12. നീ ചോദിക്കുക: ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും ആർക്കുള്ളതാണെന്ന്; നീ പറയുക: അല്ലാഹുവിനുള്ളതാണെന്ന്, അവൻ കാരുണ്യം തന്റെ സ്ഥായിയായ സ്വഭാവമായി രേഖപ്പെടുത്തിയിരിക്കുന്നു, അന്ത്യനാളിൽ നിങ്ങളെ എല്ലാവരെയും അവൻ ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും -അതിന്റെ കാര്യത്തിൽ സംശയമേയില്ല, ആരാണോ അവരുടെ ആത്മാവിനെ നഷ്ടപ്പെടുത്തിയത്, അപ്പോൾ അവർ വിശ്വസിക്കുന്നവരാവുകയില്ല.

ആകാശഭൂമികളെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവചരാചരങ്ങളെയും ആറ് നാളുകളിലായി സൃഷ്ടിച്ച് സിംഹാസനസ്ഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ സഹായികളിൽ നിന്നോ മറ്റാരുമില്ല എന്ന് ത്രികാലജ്ഞാനവും നാഥന്റെ സംസാരവുമായ അദ്ദിക്ർ കൊണ്ട് മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്താൻ കടമപ്പെട്ട പ്രവാചകന്റെ ജനതയിൽ നിന്നുള്ള 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകൾ ആ ദൗത്യം നിർവഹിക്കുന്നില്ല. അല്ല, മനുഷ്യന് അവനെക്കുറിച്ച് ശരിക്കും അവൻ വിശ്വാസിയാണോ കാഫിറാണോ എന്ന കാഴ്ചപ്പാടുണ്ട്, അവൻ എന്ത് ഒഴികഴിവ് പറഞ്ഞാലും ശരി എന്ന് 75: 14-15 സൂക്തങ്ങളിലും; ആരാണോ അവനവനെ സംസ്കരിക്കുകയും തന്റെ നാഥനെ ഓർമ്മിക്കുകയും അതിനുവേണ്ടി നമസ്കരിക്കുകയും ചെയ്തത്, അവൻ വിജയിച്ചു എന്ന് 87: 14-15 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അവരവരെ തിരിച്ചറിഞ്ഞവർ വിജയിച്ചു എന്നും, തിരിച്ചറിയാത്തവർ പരാജയപ്പെട്ടു എന്നും 91: 9-10 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാൻ എന്ന അവന്റെ സ്വഭാവം കൊണ്ടാണ് ഐഹികലോകത്തിലെങ്കിലും കാഫിറുകൾ ജീവിതം ആസ്വദിക്കട്ടെ എന്ന് കരുതി അവർക്ക് യഥേഷ്ടം വിഭവങ്ങൾ നൽകിയിട്ടുള്ളത്. നീതിയുക്തമായ വിചാരണക്കുവേണ്ടി ഒരു ദിനം നിശ്ചയിച്ചിട്ടുണ്ട്. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനുമായി അദ്ദിക്റിനെ ഇവിടെ വെച്ച് ഉപയോഗപ്പെടുത്തി വിചാരണാദിനത്തിൽ ഓരോരുത്തരെയും രക്ഷപ്പെടുത്തേണ്ടത് അവരവരുടെ തന്നെ ബാധ്യതയാണ്. 39: 15 ൽ വിവരിച്ച പ്രകാരം അദ്ദിക്റിൽ നിന്ന് സ്വന്തത്തെയും ജീവിതലക്ഷ്യത്തെയും തിരിച്ചറിഞ്ഞ് ഐഹികലോകത്തുവെച്ച് സ്വർഗം സമ്പാദിക്കുന്നവരാണ് വിശ്വാസികൾ. ഗ്രന്ഥം ലഭിച്ചിട്ട് അങ്ങനെ ചെയ്യാത്തവർ അവരവരെയും കുടുംബാംഗങ്ങളെയും നഷ്ടപ്പെടുത്തിയതിന് അവരവരെത്തന്നെയാണ് കുറ്റപ്പെടുത്തേണ്ടി വരിക. നരകശിക്ഷയിലേക്ക് അവർ കൊണ്ടുവരപ്പെടുമ്പോൾ അവർ അപമാനത്താൽ വിനീതരാകുന്നതായും ഒളികണ്ണിട്ട് അതിനെ നോക്കുന്നതായും നിനക്ക് കാണാം; വിശ്വാസികളായിരുന്നവർ പറയുകയും ചെയ്യും: നിശ്ചയം നഷ്ടക്കാർ, വിധിദിവസം സ്വന്തത്തെയും തങ്ങളുടെ കുടുംബാംഗങ്ങളെയും നഷ്ടപ്പെടുത്തിയവരാരോ, അവർ തന്നെയാണ്; അറിഞ്ഞിരിക്കുക! നിശ്ചയം അക്രമികൾ സ്ഥായിയായ ശിക്ഷയിലാണുള്ളത് എന്ന് 42: 45 ൽ പറഞ്ഞിട്ടുണ്ട്. 1: 2; 2: 121, 272; 4: 46; 6: 20 വിശദീകരണം നോക്കുക.

13. രാത്രിയിലും പകലിലും നിലകൊള്ളുന്ന ഒന്ന് അവനുള്ളതാകുന്നു, അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയുമാകുന്നു.

ഉറക്കവും മയക്കവുമില്ലാതെ എല്ലാം പതിയിരുന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചനാഥൻ പകലിലായാലും രാത്രിയിലായാലും എപ്പോൾ എവിടെ വെച്ച് ഏത് പ്രവൃത്തി ആര് ചെയ്താലും കാണുന്നുണ്ട്, അവനിൽ നിന്ന് ആകാശഭൂമികളിൽ എവിടെയും ഒന്നും

മറഞ്ഞുനിൽക്കുന്നില്ല. ത്രികാലജ്ഞാനിയായ അവൻ ആകാശഭൂമികളിൽ നടക്കുന്നതെല്ലാം തന്നെ ആദ്യമേ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന് 6: 59; 9: 51; 10: 61; 11: 6; 22: 70; 27: 75; 34: 3; 35: 11; 57: 22 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആ ഗ്രന്ഥം തന്നെയാണ് 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ. അപ്പോൾ അല്ലാഹുവിന്റെ ഭരണഘടനയും *മുഹൈമിനു*മായ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർക്ക് രാത്രിയോ പകലോ എവിടെവെച്ചും ഒരു ആപത്തും സംഭവിക്കുകയില്ല. ഓരോരുത്തരും 17: 13–14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം തന്റെ കർമരേഖ പിരടിയിൽ വഹിക്കുന്നുണ്ട്. വിധിദിവസം കർമങ്ങൾ വിലയിരുത്താനുള്ള ത്രാസായ ഗ്രന്ഥം അദ്ദിക്ർ തന്നെയാണ്. അതുകൊണ്ട് ആരാണോ നാലാം ഘട്ടമായ ഐഹികലോകത്ത് 7: 8–9 സൂക്തങ്ങളിൽ വിവരിച്ചതുപോലെ സത്യമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ നാഥനെ കണ്ടുകൊണ്ട് ഇവിടെ ജീവിക്കുന്നത്, അവർക്ക് മാത്രമേ ത്രാസിൽ തൂക്കം ലഭിക്കുകയുള്ളൂ. അറബിഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെല്ലാം തന്നെ 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമപുസ്തകത്തെക്കുറിച്ച് ബോധമില്ലാതെ പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരാണ്. 2: 107, 255; 4: 78–79; 18: 101–106 വിശദീകരണം നോക്കുക.

14. നീ ചോദിക്കുക: ആകാശങ്ങളെയും ഭൂമിയെയും വിരിപ്പിച്ചുണ്ടാക്കിയവനായ അല്ലാഹുവിനെയല്ലാതെ ഞാൻ സംരക്ഷകനായി തെരഞ്ഞെടുക്കുകയോ, അവൻ ഭക്ഷിപ്പിക്കുന്നു, അവനെ ആരും ഭക്ഷിപ്പിക്കുന്നില്ല. നീ പറയുക: നിശ്ചയം ഞാൻ അവന് സർവ്വാർപ്പണം ചെയ്തവരിൽ ഒന്നാമനായിരിക്കണമെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടുപോവുകയുമരുതെന്നും.

ആകാശങ്ങളെയും ഭൂമിയെയും വിരിപ്പിച്ചുണ്ടാക്കിയ അല്ലാഹുവിനെക്കൂടാതെ ഞാൻ മറ്റ് സംരക്ഷകരെ തെരഞ്ഞെടുക്കുകയോ? അവനാകട്ടെ എല്ലാവരെയും ഭക്ഷിപ്പിക്കുന്നു, അവനെ ആരും ഭക്ഷിപ്പിക്കുന്നുമില്ല. ഞാൻ സർവസ്വം അവന് സമർപ്പിച്ച് ജീവിക്കുന്ന മുസ്ലിമായിരിക്കാനും അവന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്ന *മുശ്രിക്ക്* അല്ലാതിരിക്കാനും കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് പ്രവാചകനും, അദ്ദിക്റിനെ സത്യപ്പെടുത്തുന്ന ഒറ്റപ്പെട്ട വിശ്വാസിയും ഇവിടെ ജീവിക്കുക. അല്ലാഹുവിന് സർവ്വാർപ്പണം ചെയ്തവരിൽ ഒന്നാമനാകാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് 39: 12 ൽ പറഞ്ഞിട്ടുണ്ട്. 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകളോട്: 'അല്ലാഹു എല്ലാ വസ്തുക്കളുടെയും ഉടമയായിരിക്കെ ഞാൻ അവനെക്കൂടാതെ വേറെ നാഥനെ അന്വേഷിക്കുകയോ' എന്ന് ചോദിക്കാൻ 6: 164 ലൂടെയും; ഓ അവിവേകികളേ! അല്ലാഹുവിനെ മാത്രം സേവിക്കുന്നവനാകരുതെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത് എന്ന് ചോദിക്കാൻ 39: 64 ലൂടെയും പ്രവാചകനും വിശ്വാസിയും കൽപിക്കപ്പെട്ടിട്ടുണ്ട്. 39: 65 ൽ, നിശ്ചയം നിന്നിലേക്കും നിനക്ക് മുമ്പുള്ളവരിലേക്കും ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുണ്ട്, നീയെങ്ങാനും *ശിർക്ക്* ചെയ്താൽ നിന്റെ കർമങ്ങളെല്ലാം നിഷ്ഫലമാവുകയും നീ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടുപോവുക തന്നെ ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. 23: 88–89 സൂക്തങ്ങളിൽ പ്രവാചകനോട് ചോദിക്കാൻ പറയുന്നു: ആരുടെ കയ്യിലാണ് എല്ലാ വസ്തുക്കളുടേയും ആധിപത്യമുള്ളത്, അവൻ എല്ലാവർക്കും അഭയം കൊടുക്കുന്നു, അവനോ ആരും അഭയം കൊടുക്കുന്നുമില്ല, നിങ്ങൾ വിവരമുള്ളവരാണെങ്കിൽ? 'അല്ലാഹുവിന്റേതാണെന്ന്' എന്ന് അവർ മറുപടി പറയും. വീ

ണ്ടും ചോദിക്കുക: അപ്പോൾ എങ്ങനെയാണ് നിങ്ങൾ മാരണത്തിന് വിധേയമാക്കപ്പെട്ടവ രാവുന്നത്. 10: 104 അവസാനിക്കുന്നത് 'ഞാൻ വിശ്വാസികളിൽ പെട്ടവനാകണമെന്നും'; 10: 105 അവസാനിക്കുന്നത് 'നീ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്ന വനാകരുത്' എന്നും കൽപിച്ചുകൊണ്ടാണ്. 2: 113, 135; 3: 83–85, 101–102; 4: 48 വിശദീകര ണം നോക്കുക.

15. നീ പറയുക: നിശ്ചയം ഞാൻ എന്റെ നാഥനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമാ യ ഒരു നാളിലെ ശിക്ഷ ഞാൻ ഭയപ്പെടുന്നു.

ഇതേ സൂക്തം 39: 13 ലും ആവർത്തിച്ചിട്ടുണ്ട്. പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ ചരിക്കുന്ന വിശ്വാസി മാത്രമേ പരലോകത്തിന് ഐഹിക ജീവിതത്തേക്കാൾ പ്രാധാന്യം കൊടുത്ത് ഇവിടെ ജീവിക്കുകയുള്ളൂ. നാഥനെ നിഷ്പക്ഷവാനായി അംഗീകരി ക്കുന്ന അവൻ ശാന്തിയും സമാധാനവും കൈവരിച്ച് മനുഷ്യരുടെ ഐക്യം പുലരണമെന്ന ലക്ഷ്യത്തോടുകൂടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർ ക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ഗുണം ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടി ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പി ക്കുകയും ജൈവകൃഷി ചെയ്യുകയും മറ്റുള്ളവരെ അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ് ത് സ്വർഗം സമ്പാദിക്കുന്നതാണ്. 2: 152; 3: 108; 7: 205–206 വിശദീകരണം നോക്കുക.

16. ആരാണോ അന്നാളിൽ അതിനെത്തൊട്ട് തിരിച്ചുവിടപ്പെട്ടത്, അപ്പോൾ നിശ്ച യം അവൻ അനുഗ്രഹിക്കപ്പെട്ടു, അതുതന്നെയാണ് വ്യക്തമായ വിജയവും.

ഇന്ന് നാഥന്റെ കാരുണ്യമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സ്വർഗ ത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനു*മായി ഇവിടെ ഉപയോഗപ്പെടുത്തുന്നതാരോ, അവൻ മാത്രമാണ് വിജയം വരിക്കുക. അദ്ദിക്റി നെ അവഗണിച്ച് ജീവിക്കുന്ന അറബിഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെയെല്ലാം തന്നെ 9: 82 ൽ വിവരിച്ച പ്രകാരം അവർ വായിച്ച, തൊട്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദി ച്ചുകൊണ്ടും സാക്ഷ്യം വഹിച്ചുകൊണ്ടും നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 3: 30, 185; 4: 13; 5: 119 വിശദീകരണം നോക്കുക.

17. അല്ലാഹു നിനക്ക് എന്തെങ്കിലും ഒരു ദുരിതം ബാധിപ്പിക്കുകയാണെങ്കിൽ അ പ്പോൾ അവനല്ലാതെ അത് ദൂരീകരിക്കുന്നവനില്ല, അവൻ നിനക്കൊരു നന്മ ബാധിപ്പിക്കുകയാണെങ്കിലോ, അപ്പോൾ അവൻ എല്ലാ കാര്യത്തിന്റെമേലും കഴിവുള്ള സർവ്വശക്തനുമാകുന്നു.

39: 38 ൽ, കാഫിറുകളോട് ചോദിക്കാൻ പ്രവാചകനോട് കൽപിക്കുന്നു: നിങ്ങൾ അ ല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവരെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, അല്ലാഹു എനിക്ക് ഒരു ദുരിതമുദ്ദേശിച്ചാൽ അവരിൽ ആരെങ്കിലും അതിനെ നീക്കിക്കള യുന്നവരായി ഉണ്ടോ, അല്ലെങ്കിൽ അല്ലാഹു എനിക്ക് ഒരു അനുഗ്രഹം ഉദ്ദേശിച്ചാൽ അ ത് പിടിച്ചുവെക്കുന്ന ആരെങ്കിലും അവരിലുണ്ടോ; നീ പറയുക, എനിക്ക് അല്ലാഹു മതി, ഭരമേൽപിക്കുന്നവർ ഭരമേൽപിക്കേണ്ടത് അവനിലാകുന്നു. 10: 107 ൽ, അല്ലാഹു നിനക്ക് ഒരു ദുരിതം ബാധിപ്പിക്കുകയാണെങ്കിൽ അവൻ അല്ലാതെ അത് ദൂരീകരിക്കുകയില്ല, അ വൻ നിനക്ക് ഒരു ഗുണം ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ ഔദാര്യത്തിൽ നിന്ന് തടയു ന്നവരുമില്ല, അത് (ഔദാര്യം) അവന്റെ അടിമകളിൽ അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകു

ന്നു, അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ വസ്തുക്കളുടെയും കടിഞ്ഞാൺ പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ പക്കലായിരിക്കെ 10: 99 -100 സൂക്തങ്ങളിൽ പറഞ്ഞ വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രവും 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ അജയ്യഗ്രന്ഥവുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 ലും 5: 48 ലും പറഞ്ഞിട്ടുണ്ട്. അത്തരക്കാരിൽ നിന്ന് യാതൊരു തിന്മയും സംഭവിക്കുകയില്ല. കാരുണ്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് വിവിധ സംഘടനകളായി പിരിഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടപ്പെടുമെന്ന് 11: 118-119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 4: 174-175; 5: 75-76 വിശദീകരണം നോക്കുക.

18. അവൻ തന്റെ ദാസന്മാരുടെമേൽ സമ്പൂർണ്ണമായ അധികാരമുള്ളവൻ തന്നെയാണ്, അവൻ യുക്തിജ്ഞനായ ത്രികാലജ്ഞാനിയുമാണ്.

പ്രപഞ്ചനാഥനായ അല്ലാഹുവാണ് മനുഷ്യരടക്കമുള്ള സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവ്. അവൻ എപ്പോഴും ഉറക്കവും മയക്കവുമില്ലാതെ എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാണ്. ഒരു ജീവിയുമില്ല, അതിന്റെ കടിഞ്ഞാൺ നാഥന്റെ പക്കലായിക്കൊണ്ടല്ലാതെ എന്ന് 11: 56; 96: 15-16 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. യുക്തിജ്ഞനും ത്രികാലജ്ഞാനിയുമായ നാഥനെപ്പോലെത്തന്നെ അവന്റെ സംസാരമായ അദ്ദിക്റും യുക്തിനിർഭരവും ത്രികാലജ്ഞാനവുമാണ്. 2: 255-256; 3: 5-6, 190-191 വിശദീകരണം നോക്കുക.

19. നീ ചോദിക്കുക: ഏത് സാക്ഷ്യമാണ് ഏറ്റവും വലുത്? നീ പറയുക: അല്ലാഹു, എനിക്കും നിങ്ങൾക്കുമിടയിൽ അവൻ സാക്ഷിയാകുന്നു -എന്നിലേക്ക് ദിവ്യ സന്ദേശം നൽകപ്പെട്ടിട്ടുള്ള ഈ വായനയും; അതുകൊണ്ട് നിങ്ങളും അത് ലഭിക്കുന്നവരൊക്കെയും മുന്നറിയിപ്പ് നൽകപ്പെടുന്നതിനുവേണ്ടി; നിശ്ചയം അല്ലാഹുവിനോടൊപ്പം വേറെ ഇലാഹുകളുണ്ടെന്ന് നിങ്ങൾ സാക്ഷ്യം വഹിക്കുന്നവർ തന്നെയാണോ? നീ പറയുക: ഞാൻ ഒരിക്കലും അങ്ങനെ സാക്ഷ്യം വഹിക്കുന്നവനല്ല തന്നെ; നീ പറയുക: നിശ്ചയം കാര്യം, അവൻ ഏക ഇലാഹ് മാത്രമാണ്, നിശ്ചയം ഞാൻ നിങ്ങൾ പങ്കുചേർത്തുകൊണ്ടിരിക്കുന്നതിൽ നിന്നെല്ലാം തികച്ചും വിമുക്തനുമാകുന്നു.

ഏറ്റവും വലിയ സാക്ഷ്യം ആരുടേതാണെന്ന് ചോദിക്കുമ്പോൾ അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്ന കാഫിറുകൾ മൗനം ദീക്ഷിക്കുന്നതാണ്. അപ്പോൾ അത്തരക്കാരോട്: അല്ലാഹുവും ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ അദ്ദിക്റുമാണ് ഏറ്റവും വലിയ സാക്ഷ്യമെന്ന് പറയാൻ പ്രവാചകനോടും അതുവഴി വിശ്വാസികളോടും കൽപിക്കുകയാണ്. നിങ്ങളെയും ഈ ഗ്രന്ഥം എത്തിക്കപ്പെടുന്നവരെയും മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ് സാക്ഷിയായ ഇത് അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറയാനുമാണ് കൽപിക്കുന്നത്. 16: 44 ൽ, നാം നിനക്ക് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യർക്ക് എന്താണോ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്, അത് അവർക്ക് വെളിവാക്കിക്കൊടുക്കുന്നതിനും അവർ ആലോചിച്ച് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നവരാകുന്നതിനും വേണ്ടിയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 11: 17 ൽ, സംഘടനകളിൽ നിന്നുള്ള ആരാണോ സാക്ഷിയായ അദ്ദിക്റിനെ തള്ളിപ്പറയുന്നത്, അപ്പോൾ അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണെന്ന് പറഞ്ഞിട്ടുണ്ട്. 17: 96 ൽ, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതിയായവനാണ്, നിശ്ചയം അവൻ അവന്റെ അടിമകളെ വലയം ചെയ്ത ത്രികാലജ്ഞാനി

യും സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാകുന്നു എന്ന് പറയാൻ കൽപ്പിച്ചിട്ടുണ്ട്. 29: 52 ൽ, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു ഏറ്റവും മതിയായവനാകുന്നു, അവൻ ആകാശഭൂമികളിലുള്ളതെല്ലാം അറിയുന്നവനുമാകുന്നു, ആരാണോ മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിനെ നിഷേധിക്കുകയും ചെയ്യുന്നത്, അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവർ എന്ന് പറയാൻ കൽപ്പിച്ചിട്ടുണ്ട്. മലക്കുകളെ അവന്റെ കൽപനയിൽ നിന്നുള്ള റൂഹും കൊണ്ട് അവൻ ഉദ്ദേശിക്കുന്ന അവന്റെ അടിമകളുടെ മേൽ ഇറക്കുന്നു, നിശ്ചയം ഞാനല്ലാതെ നിങ്ങൾക്ക് ഒരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ എന്നെ സൂക്ഷിക്കുവീൻ എന്ന് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടി എന്ന് 16: 2 ലും; എല്ലാ പ്രവാചകന്മാരും സാക്ഷിയായ അദ്ദിക്ർ കൊണ്ട് നിയോഗിക്കപ്പെട്ടിട്ടുള്ളത് പ്രപഞ്ചനാഥനായ അല്ലാഹുവല്ലാതെ വേറെ ഇലാഹില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുന്നവരാവുക എന്ന് കൽപിച്ചുകൊണ്ടാണ് എന്ന് 21: 24–25 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 18: 110 ൽ, നിശ്ചയം ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്, നിശ്ചയം നിങ്ങളുടെ ഇലാഹ് ഏകനായ ഇലാഹ് മാത്രമാണ് എന്ന് എനിക്ക് ദിവ്യസന്ദേശം ലഭിക്കുന്നുണ്ട്, അപ്പോൾ ആരാണോ തങ്ങളുടെ നാഥനെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നത്, അവൻ സൽകർമ്മങ്ങൾ ചെയ്യുകയും തന്റെ ഉടമയെ സേവിക്കുന്നതിൽ ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. എല്ലാ സൂക്തങ്ങളും അവതരിച്ചിട്ടുള്ളതും എല്ലാ പ്രവാചകന്മാരും നബിമാരും നിയോഗിക്കപ്പെട്ടിട്ടുള്ളതും പ്രപഞ്ചനാഥനായ അല്ലാഹുവിനെ പരിചയപ്പെടുത്തു ന്നതിന് വേണ്ടിയാണ്. എന്നാൽ അറബിഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളും യഥാർത്ഥ കാഫിറുകളുമായി മാറിയിരിക്കുകയാണ്. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഭ്രാന്തന്മാരായ ഇവർ അല്ലാഹുവിനെ പ്രപഞ്ചനാഥനായി അംഗീകരിക്കുകയോ 32: 4 ൽ പറഞ്ഞ പ്രകാരം ലോകർക്ക് അല്ലാഹുവിനെ ഹൃദയത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തുകയോ ചെയ്യുന്നില്ല. 2: 99 ൽ വിവരിച്ച പ്രകാരം അദ്ദിക്റിന്റെ 40 പേരുകളും മനുഷ്യരിൽ നിന്ന് മൂടിവെച്ച് തെമ്മാടികളായി മാറിയിരിക്കുന്നു. 2: 113, 140; 3: 18, 70; 5: 117 വിശദീകരണം നോക്കുക.

20. നാം ഗ്രന്ഥം നൽകിയിട്ടുള്ളവരാരോ അവർക്ക് അവനെ അറിയും –അവരുടെ ആൺമക്കളെ അവർ അറിയുന്നതുപോലെ, ആരാണോ അവരുടെ ആത്മാവിനെ നഷ്ടപ്പെടുത്തിയത്, അപ്പോൾ അവർ വിശ്വസിക്കുന്നവരാവുകയില്ല.

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള, നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ ഫാജിറുകളും വിശ്വാസികളാവുകയില്ല. 35: 32 ൽ വിവരിച്ച പ്രകാരം ആത്മാവിനോട് അക്രമം കാണിച്ച അവർ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. അവരിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് നാഥൻ അവരോട് പറയുമെന്ന് 39: 58–59 സൂക്തങ്ങളിലും, കാഫിറുകളും അക്രമികളുമായ അക്കൂട്ടർ സ്വന്തത്തെയും കുടുംബാംഗങ്ങളെയും നഷ്ടപ്പെടുത്തിയവരാണെന്ന് 39: 15; 42: 45; 66: 6 എന്നീ സൂക്തങ്ങളിലും പറഞ്ഞത് അറബി ഖുർആനിൽ അവർ വായിച്ചിട്ടുണ്ട്. 2: 146, 254; 6: 12; 7: 37 വിശദീകരണം നോക്കുക.

21. ആരാണ് അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ, അല്ലെ

ങ്കിൽ അവന്റെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞ് കളവാക്കിയവനേക്കാൾ ഏറ്റവും വലിയ അക്രമി? നിശ്ചയം അവൻ ഇത്തരം അക്രമികളെ വിജയം വരിപ്പിക്കുകയില്ല തന്നെ.

അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവർ നുണ മാത്രം പറയുന്ന കപട വിശ്വാസികളും അവന്റെ സൂക്തങ്ങൾ തള്ളിപ്പറയുന്നവർ കപടവിശ്വാസികളെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമാണ്. മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഇവർ തന്നെയാണ് യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമെല്ലാം. 10: 17 ൽ, അപ്പോൾ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ, അല്ലെങ്കിൽ അവന്റെ സൂക്തങ്ങൾ തള്ളിപ്പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണ്, നിശ്ചയം അവൻ ഇത്തരം ഭ്രാന്തന്മാരെ വിജയം വരിപ്പിക്കുകയില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അവയെ അവഗണിക്കുന്നവനെക്കാൾ വലിയ അക്രമി ആരാണുള്ളത്? നിശ്ചയം, ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 6: 135; 12: 23; 28: 37 തുടങ്ങിയ സൂക്തങ്ങൾ 'നിശ്ചയം അവൻ ഇത്തരം അക്രമികളെ വിജയം വരിപ്പിക്കുകയില്ല തന്നെ' എന്ന് പറഞ്ഞുകൊണ്ട് അവസാനിക്കുന്നവയാണ്. 1: 7; 2: 258; 3: 78, 91; 4: 115 വിശദീകരണം നോക്കുക.

22. ഒരുനാളിൽ നാം അവരെ എല്ലാവരെയും ഒരുമിച്ചുകൂട്ടുന്നതുമാണ്, പിന്നെ എന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്തുകൊണ്ടിരുന്നവരോട് നാം ചോദിക്കുന്നതാണ്: നിങ്ങൾ ഉറപ്പിച്ചുവെച്ചുകൊണ്ടിരുന്നവരായ നിങ്ങളുടെ പങ്കാളികൾ എവിടെ?

23. പിന്നെ അവരിൽ നിന്ന് കുഴപ്പമൊന്നും ഉണ്ടാവുകയില്ല -അല്ലാഹുവാണ് സത്യം; ഞങ്ങളുടെ നാഥാ! ഞങ്ങൾ നിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരൊന്നുമായിരുന്നില്ല എന്ന് അവർ പറയുമെന്നല്ലാതെ.

24. നീ നോക്കുക, അവർ അവർക്കെതിരായിത്തന്നെ എങ്ങനെയാണ് കളവ് പറയുന്നതെന്ന്, അവർ കെട്ടിച്ചമച്ചുകൊണ്ടിരുന്നതെല്ലാം അവരെത്തൊട്ട് വഴിപിഴച്ചുപോവുകയും ചെയ്തിരിക്കുന്നു.

അല്ലാഹുവിനെക്കൊണ്ടും പരലോകത്തെക്കൊണ്ടും വിശ്വസിക്കേണ്ട വിധം വിശ്വസിക്കുന്നതിന് പകരം അല്ലാഹുവിന് പങ്കാളികളുണ്ടെന്ന് ജൽപിച്ചുകൊണ്ട്, നമസ്കരിച്ചതിനും നോമ്പനുഷ്ഠിച്ചതിനും ഹജ്ജും ഉംറയും ചെയ്തതിനും പിഴയായി നരകക്കുണ്ഠം സമ്പാദിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന, അല്ലാഹു എന്ന് പറയാനറിഞ്ഞിട്ട് അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്തുകൊണ്ടിരിക്കുന്ന അനുയായികളായ ഫാജിറുകളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിഴച്ചുപോകാൻ കാരണം ത്രികാലജ്ഞാനമായ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്നതാണ്. സത്യമായ അദ്ദിക്ർ ഇല്ലാത്തതുകാരണം അവർ പറയുന്നതെല്ലാം കളവും കെട്ടിച്ചമച്ചതുമാണ്. 40: 69-76 സൂക്തങ്ങളിൽ, അല്ലാഹുവിന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്നവരിലേക്ക് നിന്റെ ശ്രദ്ധ തിരിഞ്ഞുവോ, അവർ എങ്ങനെയാണ് ഗ്രന്ഥത്തിൽ നിന്ന് പിന്തിരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്; ആരാണോ ഗ്രന്ഥത്തെയും അതുംകൊണ്ട് നാം അയച്ച പ്രവാചകന്മാരെയും തള്ളിപ്പറഞ്ഞ് കളവാക്കുന്നത്, അവർ അതിന്റെ പരിണിതി അറിയുക തന്നെ ചെയ്യും, അവരുടെ പിരടികളിൽ വിലങ്ങുകൾ ചാർത്തുകയും അവരെ ചങ്ങലകളിൽ തളച്ച് ചുട്ടുപഴുത്ത വെള്ളം കുടിപ്പിക്കുകയും പിന്നെ അവരെ നരകത്തിലി

ട്ട് തിളപ്പിക്കുകയും ചെയ്യുന്നതാണ്. പിന്നെ അവരോട് ചോദിക്കും: അല്ലാഹുവിനെക്കൂടാതെ നിങ്ങൾ പങ്കാളികളായി വരിച്ചിരുന്നവർ എവിടെ; അപ്പോൾ അവർ മറുപടി പറയും: അവർ ഞങ്ങളെ ഒഴിവാക്കിപ്പോയിരിക്കുന്നു. അല്ല, മുമ്പ് ഞങ്ങൾ അവരെയൊന്നും വിളിച്ച് പ്രാർത്ഥിക്കുന്നവരുമായിരുന്നില്ല. അപ്രകാരം കാഫിറുകളെ അല്ലാഹു വഴിപിഴപ്പിച്ച് വിടുന്നതാണ്. അത് നിങ്ങൾ സത്യമായ അദ്ദിക്ർ കൂടാതെ ഭൂമിയിൽ ആഹ്ലാദിച്ച് ഊറ്റം നടിച്ചിരുന്നതിനാലും നിങ്ങൾ അദ്ദിക്റിന്റെ കാര്യത്തിൽ സംശയിച്ചുകൊണ്ടിരുന്നതിനാലുമാണ്. അവരോട് പറയപ്പെടുകയും ചെയ്യും: നിങ്ങൾ നരകക്കുണ്ടിൽ പ്രവേശിച്ചുകൊള്ളുക, അതിൽ നിത്യവാസികളായി കഴിഞ്ഞുകൂടുകയും ചെയ്യുക, അപ്പോൾ ധാർഷ്ട്യം കൈക്കൊള്ളുന്നവർക്കുള്ള പാർപ്പിടം എത്ര ചീത്ത എന്ന് പറഞ്ഞിട്ടുണ്ട്. 16: 86–88 സൂക്തങ്ങളിൽ, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ തങ്ങളുടെ പങ്കാളികളെ കാണുന്ന നാളിൽ പറയുന്നതാണ്: ഞങ്ങളുടെ നാഥാ! നിന്നെക്കൂടാതെ ഞങ്ങൾ വിളിച്ച് പ്രാർത്ഥിച്ചിരുന്ന ഞങ്ങളുടെ പങ്കാളികൾ ഇക്കൂട്ടരാണ്, അപ്പോൾ ആ പങ്കാളികൾ മറുപടി പറയും: നിശ്ചയം, നിങ്ങൾ കള്ളം പറയുന്നവർ തന്നെയാകുന്നു. അന്നേദിനം അവർ അല്ലാഹുവിന് പരിപൂർണ്ണമായി കീഴടങ്ങുകയും ഇഹലോകത്ത് അവർ ചമച്ചുണ്ടാക്കിയിരുന്നതെല്ലാം അവരെത്തൊട്ട് വഴിതെറ്റിപ്പോവുകയും ചെയ്യുന്നതാണ്. സത്യത്തെ മൂടിവെക്കുകയും അല്ലാഹുവിന്റെ മാർഗമായ അതിനെത്തൊട്ട് ജനങ്ങളെ തടയുകയും ചെയ്തവരുണ്ടല്ലോ, അവർ ഇഹലോകത്തുണ്ടാക്കിയിരുന്ന നാശത്തിന് പകരമായി അവർക്ക് നാം ശിക്ഷക്കുമേൽ ശിക്ഷ വർദ്ധിപ്പിച്ച് കൊടുക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

അദ്ദിക്റിനെ അവഗണിച്ച് ജീവിച്ച അക്രമികൾ സ്വന്തം കൈകടിച്ച് 'ഞാൻ പ്രവാചകന്റെ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, അദ്ദിക്ർ വന്നുകിട്ടിയിട്ട് എന്നെ അതിൽ നിന്ന് തടഞ്ഞ മനുഷ്യപ്പിശാചിനെ ഞാൻ ആത്മമിത്രമായി സ്വീകരിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് വിലപിക്കുമെന്നും; 'വ്യക്തവും സ്പഷ്ടവുമായ വായനയായ ഈ ഗ്രന്ഥത്തിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്കുവന്ന ദുർഗതി' എന്ന് പ്രവാചകൻ അന്യായം ബോധിപ്പിക്കുമെന്നും 25: 27–30 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുള്ളത് ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. 7: 53 അവസാനിക്കുന്നതും 'അവർ കെട്ടിച്ചമച്ചുണ്ടാക്കിയിരുന്നതെല്ലാം അവരെത്തൊട്ട് വഴിപിഴച്ച് പോയിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 154; 3: 7–10; 4: 150–151; 6: 1, 94 വിശദീകരണം നോക്കുക.

25. അവരിൽ ചിലർ നിന്നിലേക്ക് ശ്രദ്ധിച്ചുകേൾക്കുന്നവരുണ്ട്, എന്നാൽ നാം അവരുടെ ഹൃദയങ്ങളിൽ അത് മനസ്സിലാകാതിരിക്കാൻ ഒരു മൂടിയിട്ടിരിക്കുന്നു, അവരുടെ ചെവികളിലും ഒരു അടപ്പുണ്ട്, അവർ ഏതൊരു സൂക്തം കണ്ടാലും അതുകൊണ്ട് വിശ്വസിക്കുകയില്ല, അങ്ങനെ അവർ നിന്റെ അടുത്തേക്ക് വന്നാൽ നിന്നോട് അവർ തർക്കിക്കുന്നതാണ്, കാഫിറുകളായവർ പറയുന്നതുമാണ്: നിശ്ചയം ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെ മറ്റൊന്നുമല്ല.

17: 45 ൽ, നീ ഗ്രന്ഥം വായിക്കുമ്പോൾ നിന്റെയും പരലോകത്തിൽ വിശ്വസിക്കാത്തവരുടെയും ഇടയിൽ നാം കാണാത്ത ഒരു മറ ഉണ്ടാക്കുന്നതാണ് എന്നും; 17: 46 ൽ, നാം അവരുടെ ഹൃദയങ്ങളിൽ അത് മനസ്സിലാകാതിരിക്കാൻ ഒരു മൂടിയും അവരുടെ കാതുകളിൽ ഒരു അടപ്പും ഉണ്ടാക്കിയിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. 18: 57 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെടുകയും എന്നിട്ട് അവയെത്തൊട്ട് അവഗണിക്കുകയും തന്റെ കൈകൾ ഒരുക്കിവെച്ചത് മറന്നുകളയുകയും ചെയ്തവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്, നിശ്ചയം നാം, അത്തരക്കാരുടെ ഹൃദയ

ങ്ങളിൽ അത് മനസ്സിലാകാതിരിക്കത്തക്ക വിധം ഒരു മൂടിയിട്ടിരിക്കുന്നു, അവരുടെ ചെവികളിലും ഒരു അടപ്പുണ്ട്, നീ അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അപ്പോൾ അവർ ഒരിക്കലും സന്മാർഗം പ്രാപിക്കുകയില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്. 25: 5 ൽ, അത് പൂർവ്വികരുടെ കെട്ടുകഥകളാണ്, അത് എഴുതി രാവിലെയും വൈകുന്നേരവും അവന് ആരോ വിവരിച്ച് കൊടുക്കുകയും അത് അവൻ ആവർത്തിക്കുകയുമാണ് ചെയ്യുന്നത് എന്ന് പ്രവാചകനെക്കുറിച്ച് കാഫിറുകൾ പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. 16: 24–25 സൂക്തങ്ങളിൽ, നിങ്ങളുടെ നാഥൻ എന്താണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് ചോദിക്കപ്പെട്ടാൽ അത് പൂർവ്വികരുടെ കെട്ടുകഥകളാണെന്ന് അവർ പറയുന്നതാണ്. അന്ത്യനാളിൽ അവർ തങ്ങളുടെ പാപഭാരം പൂർണ്ണമായി വഹിക്കുന്നതിനും അറിവില്ലാതെ തങ്ങൾ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്ന ജനത്തിന്റെ പാപഭാരത്തിന്റെ ഒരു പങ്കും കൂടി വഹിക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം പ്രവർത്തിക്കുന്നത്; നോക്കുക: എത്ര ദുഷിച്ച പാപഭാരമാണ് ഇവർ വഹിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കുകയും സൃഷ്ടികൾ എഴുതിയുണ്ടാക്കിയ കർമശാസ്ത്ര ഗ്രന്ഥങ്ങൾ ജീവിതാവലംബമാക്കുകയും ചെയ്ത് ജീവിക്കുന്ന 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയാണ് അല്ലാഹുവിന്റെ ഗ്രന്ഥം വഹിക്കുന്നത്. ത്രാസ്സായ അദ്ദിക്ർ കൊണ്ട് ജീവിതലക്ഷ്യം തിരിച്ചറിയാത്ത അവർ നല്ലതാണെന്ന് കരുതി ചെയ്യുന്ന പ്രവർത്തികളെല്ലാം പാഴായിപ്പോകുമെന്നും പരലോകത്ത് പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള ത്രാസ്സ് അദ്ദിക്ർ ആയതിനാൽ അവരുടെ പ്രവർത്തനങ്ങൾക്ക് തൂക്കം ലഭിക്കാതെ നഷ്ടപ്പെട്ടവരിൽ പെടുമെന്നും 18: 103–105 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റും അല്ലാഹുവും ഒന്നാണെന്നിരിക്കെ അദ്ദിക്ർ കേട്ടതിനുശേഷം അതിന് സർവ്വപ്രധാനം നൽകാതെ മൂടിവെക്കുകയും തള്ളിപ്പറയുകയുമാണെങ്കിൽ അവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ ശത്രുക്കളായ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരായി വാദിക്കുന്നതും അവരെ കാഫിറായ പിശാചിന്റെ താവളമായ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതുമാണ്. 8: 31; 23: 83; 27: 68 എന്നീ സൂക്തങ്ങൾ അവസാനിക്കുന്നതും 'നിശ്ചയം ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെ മറ്റൊന്നുമല്ല' എന്ന് പറഞ്ഞുകൊണ്ടാണെങ്കിൽ, 46: 17 അവസാനിക്കുന്നത് 'ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെ മറ്റൊന്നുമല്ല' എന്ന് പറഞ്ഞുകൊണ്ടാണ്. 2: 6–7, 186; 4: 63, 78, 118 വിശദീകരണം നോക്കുക.

26. അവർ അതിനെത്തൊട്ട് മറ്റുള്ളവരെ തടയുകയും അതിനെത്തൊട്ട് അവരെത്തന്നെയും തടയുകയും ചെയ്യുന്നു, നിശ്ചയം അതുവഴി അവർ അവരെത്തന്നെയല്ലാതെ നശിപ്പിക്കുന്നില്ല, എന്നാൽ അത് അവർ തിരിച്ചറിയുന്നുമില്ല.

പ്രവാചകന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥമുണ്ടായിരുന്നില്ല എന്നതിനാൽ മക്കാമുശ്രിക്കുകളേക്കാൾ ഈ സൂക്തം ബാധകമാകുന്നത് 41: 41–43 ൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ട ഇക്കാലത്താണ്. അത് മൊത്തം മനുഷ്യർക്ക് സന്മാർഗവും ഉൾക്കാഴ്ചാദായകവും തങ്ങളുടെ ഉടമയിലേക്ക് എത്തിപ്പെടാനുള്ള ടിക്കറ്റും സത്യാസത്യ വിവേചന ഉരക്കല്ലും തെളിവും പ്രകാശവുമാണ്. 42: 17; 55: 7, 8, 9; 57: 25 തുടങ്ങി 5 സൂക്തങ്ങളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും തൂക്കിനോക്കാനുള്ള ത്രാസ്സായ അദ്ദിക്ർ പ്രപഞ്ചം അതിന്റെ സന്തുലനാവസ്ഥയിൽ നിലനിർത്താനും മനുഷ്യരുടെ ഐക്യം ഊട്ടിയുറപ്പിക്കാനുമുള്ളതാണ് എന്നിരിക്കെ അത് വന്നുകിട്ടിയിട്ട് സ്വയം

ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്താൽ പ്രപഞ്ചത്തിലുള്ള സർവ്വചരാചരങ്ങളുടെ കീർത്തനങ്ങളും പ്രാർത്ഥനകളും തടഞ്ഞ് പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം വഹിക്കേണ്ടി വരിക ആശയമറിഞ്ഞ് അത് മൂടിവെക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന അനുയായികളുമാണ്. അവരിലെ കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിൽ പോകുന്നവരാണെന്ന് 4: 145 ലും; അനുയായികൾ വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നവരാണെന്ന് 39: 71 ലും പറഞ്ഞിട്ടുണ്ട്.

ഇന്ന് ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്റിനെ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനാ*യി സ്വയം ഉപയോഗപ്പെടുത്തുന്നതോടൊപ്പം നാശനഷ്ടങ്ങൾ, വരൾച്ച, വെള്ളപ്പൊക്കം, പ്രകൃതിദുരന്തങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങി മൊത്തം ജീവജാലങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ദുരിതങ്ങൾ തടയുന്നതിനുള്ള *മുഹൈമിനാ*യി ഉപയോഗപ്പെടുത്തുക, മാനുഷികൈക്യവും ശാന്തിയുള്ള ജീവിതവും നിലവിൽ വരുത്തുന്നതിനുള്ള ഉപകരണമായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ലോകരിൽ പ്രചരിപ്പിക്കേണ്ടതുമാണ്. ത്രികാലജ്ഞാനിയായ നാഥന്റെ മൊത്തം മനുഷ്യർക്കുള്ള സന്ദേശമായ അദ്ദിക്ർ ഒരു ജാതി-മനുഷ്യജാതി, ഒരു മതം-പ്രകൃതി ജീവിതവ്യവസ്ഥയായ ഇസ്ലാം, ഒരു ദൈവം-പ്രപഞ്ചനാഥനായ അല്ലാഹു എന്ന സന്ദേശമാണ് പഠിപ്പിക്കുന്നതെന്ന് 23: 51-53 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 24, 165-167; 3: 108, 187; 7: 205-206; 9: 67-68 വിശദീകരണം നോക്കുക.

27. അവർ നരകത്തിന്റെ വക്കിൽ നിർത്തപ്പെടുന്ന രംഗം നീ കാണുകയാണെങ്കിൽ! അപ്പോൾ അവർ പറയും: ഓ ഞങ്ങളുടെ നാശം, ഞങ്ങൾ ഒന്നുകൂടി ഐഹികലോകത്തേക്ക് തിരിച്ചയക്കപ്പെടുകയും ഞങ്ങളുടെ നാഥന്റെ സൂക്തങ്ങൾ ഞങ്ങൾ തള്ളിപ്പറയാതിരിക്കുകയും ഞങ്ങൾ വിശ്വാസികളിൽ ഉൾപ്പെടുന്നവരാവുകയും ചെയ്തിരുന്നുവെങ്കിൽ!

അദ്ദിക്റിന് സർവ്വപ്രധാനം നൽകാതെ അതിനെ അവഗണിക്കുന്നവർക്ക് പരലോകത്ത് വരാൻ പോകുന്ന രംഗം ചൂണ്ടിക്കാണിച്ച് പ്രവാചകനെയും വിശ്വാസികളെയും സമാധാനിപ്പിക്കുകയാണ് ഈ സൂക്തത്തിലൂടെ ചെയ്യുന്നത്. 7: 53 ൽ, അദ്ദിക്റിനെ അവഗണിച്ച ജനത അതിന്റെ വൃത്താന്തങ്ങൾ നടപ്പിൽ വരുന്ന ദിനം 'നിശ്ചയം ഞങ്ങളുടെ നാഥന്റെ പ്രവാചകന്മാർ സത്യം കൊണ്ട് വന്നവർ തന്നെയായിരുന്നു, അപ്പോൾ ഇനി ഞങ്ങൾക്ക് ശുപാർശ ചെയ്യാൻ ഇവിടെ വല്ല ശുപാർശക്കാരുമുണ്ടോ, അല്ലെങ്കിൽ ഞങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്നതല്ലാത്തത് പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നതിനുവേണ്ടി ഐഹികലോകത്തേക്ക് ഞങ്ങളെ ഒന്നുകൂടി തിരിച്ചയക്കുമോ' എന്ന് വിലപിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 40: 11 ൽ, അദ്ദിക്റിനെ സത്യപ്പെടുത്താതിരിക്കുകയും അതിനെ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്തിരുന്ന ഫുജ്ജാറുകളായ കാഫിറുകൾ നരകക്കുണ്ഠത്തിന്റെ വക്കിൽ വെച്ച് 'ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ രണ്ട് പ്രാവശ്യം മരിപ്പിച്ചു, നീ ഞങ്ങളെ രണ്ട് പ്രാവശ്യം ജനിപ്പിക്കുകയും ചെയ്തു, ഞങ്ങൾ ഞങ്ങളുടെ കുറ്റങ്ങളെല്ലാം തിരിച്ചറിഞ്ഞു, അപ്പോൾ ഇവിടെ നിന്ന് പുറത്തുപോകാൻ വല്ല മാർഗവുമുണ്ടോ' എന്ന് ചോദിക്കുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 32: 12 ൽ, അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന ഭ്രാന്തന്മാർ തങ്ങളുടെ നാഥന്റെ മുമ്പിൽ അവരുടെ തല കുനിച്ച് നിൽക്കുന്ന രംഗം നീ കാണുകയാണെങ്കിൽ! അപ്പോൾ അവർ 'ഞങ്ങളു

ടെ നാഥാ! ഞങ്ങൾ ഉൾക്കാഴ്ച കണ്ടു (നരകക്കുണ്ഠം കണ്ടു), ഞങ്ങൾ കേട്ടു (അതിലെ രോദനങ്ങളും ഇരമ്പലുകളും കേട്ടു), ഞങ്ങളെ സൽകർമങ്ങൾ ചെയ്യുന്നതിനുവേണ്ടി ഐഹികലോകത്തേക്ക് ഒന്നുകൂടി തിരിച്ചയച്ചാലും, നിശ്ചയം ഞങ്ങൾ ദൃഢബോധ്യമുള്ളവരായിരിക്കുന്നു' എന്ന് കേഴുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 25: 27–29 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളായ അക്രമികൾ തങ്ങളുടെ കൈകടിച്ച് 'എന്റെ കഷ്ടം! ഞാൻ ഇന്നയിന്ന ആളെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ! അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്നതാണ്. 34: 31 പ്രകാരം ബലഹീനരായ അനുയായികൾ അഹങ്കാരികളായ നേതാക്കളോട് 'നിങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾ വിശ്വാസികളാകുമായിരുന്നേനെ' എന്ന് പറയുന്നതാണ്. ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ദൃഢബോധ്യമുള്ള വിചാരണയില്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുന്ന മുൻകടക്കുന്നവർ ഒഴികെയുള്ള മറ്റെല്ലാവരെയും നരകക്കുണ്ഠം കാണിച്ച് കൊടുക്കുന്നതാണ് എന്ന് 19: 68–72 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. 2: 28, 39; 4: 56; 6: 5, 10 വിശദീകരണം നോക്കുക.

28. അല്ല; മുമ്പ് അവർ ഗോപ്യമാക്കി വെച്ചുകൊണ്ടിരുന്നതെല്ലാം അവർക്ക് വെളിവാക്കുന്നതാണ്, ഇനി അവർ ഐഹികലോകത്തേക്ക് തിരിച്ചയക്കപ്പെട്ടാൽ തന്നെ അവർ എന്തൊന്നിനെത്തൊട്ടാണോ വിരോധിക്കപ്പെട്ടുകൊണ്ടിരുന്നത്, അതിലേക്ക് അവർ മടങ്ങുക തന്നെ ചെയ്യും, നിശ്ചയം അവർ നുണ പറയുന്നവർ തന്നെയാകുന്നു.

പരലോകത്ത് വരാൻ പോകുന്ന എല്ലാ രംഗങ്ങളും വിശദീകരിച്ച് കൊടുത്തിട്ടും അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന അക്രമികൾക്ക് ഭൂമിയിലുള്ള സർവ്വസ്വവും അതോടൊപ്പം അത്ര വേറെയും ലഭിച്ചിട്ട് അതുകൊണ്ട് അന്ത്യനാളിലെ ദുഷിച്ച ശിക്ഷയെത്തൊട്ട് തെണ്ടം ചെയ്ത് രക്ഷപ്പെടാമെന്ന് വിചാരിച്ചാൽ അത് നടക്കുകയില്ല, മാത്രമല്ല അവർ കണക്കുകൂട്ടുക പോലും ചെയ്യാത്ത രഹസ്യകാര്യങ്ങൾ അവർക്ക് വെളിവാക്കപ്പെടുമെന്ന് 39: 47 ലും; അവർ സമ്പാദിച്ച എല്ലാ തിന്മകളും അവർക്ക് വെളിവാക്കിക്കൊടുക്കുന്നതും അവർ എന്തൊന്നിന്റെ സംഭവ്യതയെക്കുറിച്ചായിരുന്നുവോ ഇഹലോകത്ത് പരിഹസിച്ച് പുച്ഛിച്ച് തള്ളിയിരുന്നത്, അതുതന്നെ അവരിൽ സംഭവിക്കുമെന്ന് 39: 48 ലും ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്.

ഫുജ്ജാറുകളായ കുഫ്ഫാറുകൾക്ക് ഭൂമിയിലുള്ള മുഴുവൻ സ്വർണവും അത്ര വേറെയും ലഭിച്ചിട്ട് അതുകൊണ്ട് അവർ തെണ്ടം നൽകിയാലും അവരിൽ നിന്ന് അത് സ്വീകരിക്കുകയില്ല, അക്കൂട്ടർക്ക് വേദനാജനകമായ ശിക്ഷയാണുള്ളത്, അവർക്ക് സഹായികളായി ആരുമുണ്ടാവുകയില്ല എന്ന് 3: 91 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികൾ നുണ പറയുന്നവർ തന്നെയാണ് എന്ന് 9: 107; 58: 18; 63: 1 സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. 43: 36–38 സൂക്തങ്ങളിൽ പറഞ്ഞ ഹൃദയത്തിൽ കുടികൊള്ളുന്ന ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റാത്തതുകാരണം 2: 110 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ അവരുടെ നമസ്കാരവേളയിൽ പരസ്ത്രീ–പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് ഹൃദയം കൊണ്ട് കാണുന്നതും അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ കൊത്തിവെച്ചുകൊണ്ടിരിക്കുന്നതും. സൂചി കുത്താൻ സ്ഥലമില്ലാത്ത വണ്ണം ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും കുത്തിനിറക്കപ്പെടുന്ന നരകക്കുണ്ഠത്തിൽ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, കാഫിറുകൾ അവരുടെ മനസിൽ അവിഹിതബന്ധം പു

ലർത്താൻ ആഗ്രഹിച്ചവരെയെല്ലാം തങ്ങളുടെ ലൈംഗികാവയവങ്ങളിൽ കോർക്കപ്പെട്ട് ഒറ്റ പിണ്ഠമായാണ് നിലകൊള്ളുക. 2: 168–169; 4: 100, 150–151; 5: 104–105; 7: 37–40 വിശദീകരണം നോക്കുക.

29. അവർ പറയുകയും ചെയ്യുന്നു: നമ്മുടെ ജീവിതമെന്നത് ഭൗതിക ജീവിതമല്ലാതെ മറ്റൊന്നുമല്ല, നാം പുനർജീവിപ്പിക്കപ്പെടാനൊന്നും പോകുന്നുമില്ല.

3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾ കഴുത ഭാരം വഹിക്കുന്നതുപോലെയാണ് ഗ്രന്ഥം വഹിക്കുന്നത്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിതലക്ഷ്യമില്ലാതെ ഇവിടെ ജീവിക്കുന്ന അവർ അവരുടെ വായ കൊണ്ട് 'ഞങ്ങൾ പുനഃസൃഷ്ടിക്കപ്പെടാനൊന്നും പോകുന്നില്ല' എന്ന് പറയുന്നില്ല, മറിച്ച് അവരുടെ ജീവിതശൈലി പുനർജന്മത്തെ നിഷേധിക്കുന്ന വിധത്തിലുള്ളതാണ്. 17: 49 ൽ, ഇത്തരം കാഫിറുകൾ ചോദിക്കുന്നതായി പറയുന്നു: ഞങ്ങൾ എല്ലും പുറ്റുമായി മാറിയാലും ഞങ്ങൾ പുതിയ സൃഷ്ടികളായി പുനരുജ്ജീവിപ്പിക്കപ്പെടുമെന്നോ? 17: 50–51 സൂക്തങ്ങളിലൂടെ അവരോട് പറയാൻ കൽപിക്കുന്നു: നിങ്ങൾ പാറയോ ഇരുമ്പോ അല്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളിൽ പുനർജ്ജീവിപ്പിക്കപ്പെടാൻ പ്രയാസമുള്ളതായി കരുതുന്ന ഏതെങ്കിലും വസ്തുവോ ആയിക്കൊള്ളുക, എന്നാലും നിങ്ങൾ പുനർജ്ജീവിപ്പിക്കപ്പെടുക തന്നെ ചെയ്യും. 36: 78–79 ൽ, കാഫിർ അവന്റെ സൃഷ്ടിപ്പിനെ മറന്നുകൊണ്ട് നമുക്കതാ ഉപമകൾ ചമക്കുന്നു, മരിച്ച് മണ്ണായി എല്ലുകളെല്ലാം നുരുമ്പിക്കഴിഞ്ഞാൽ ആരാണ് വീണ്ടും ജീവിപ്പിക്കുക എന്ന് അവൻ ചോദിക്കുന്നു. ഇല്ലായ്മയിൽ നിന്ന് ആരാണോ ആദ്യപ്രാവശ്യം നിന്നെ സൃഷ്ടിച്ച് വളർത്തിക്കൊണ്ടുവന്നത്, അവൻ തന്നെ എന്ന് മറുപടി പറയാൻ അല്ലാഹു കൽപിക്കുന്നു. അവൻ എല്ലാതരം സൃഷ്ടിപ്പിനെക്കുറിച്ചും എല്ലാ സൃഷ്ടികളെക്കുറിച്ചും അറിയുന്ന സർവ്വസ്രഷ്ടാവാണ് എന്ന് പറഞ്ഞിട്ടുണ്ട്. പുനർജന്മത്തിൽ വിശ്വാസമില്ലാത്ത കാഫിറുകൾ 'മരിച്ച് മണ്ണും എല്ലുമായിക്കഴിഞ്ഞാൽ നിശ്ചയം ഞങ്ങൾ പുനർജ്ജീവിപ്പിക്കപ്പെടുമെന്നോ? ഞങ്ങളും ഇതിനുമുമ്പ് ഞങ്ങളുടെ പൂർവ്വികപിതാക്കളും ഇതുപോലുള്ള വാഗ്ദാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്, നിശ്ചയം ഇത് പൂർവ്വികരുടെ പഴമ്പുരാണങ്ങളല്ലാതെ അല്ല' എന്ന് പറയുമെന്ന് 23: 82–83 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പരലോകത്തെ പരിചയപ്പെടുത്തുന്നതാണ് ത്രികാലജ്ഞാനമായ അദ്ദിക്റിലെ മൂന്നിലൊന്ന് സൂക്തങ്ങളെങ്കിൽ അതിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന കാഫിറുകൾ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന വിശ്വാസികളെ പുച്ഛിച്ചുകൊണ്ട് അവരുടെ ജനതയോട് പറയുന്നതാണ്: നിങ്ങൾ മരിച്ച് മണ്ണും എല്ലുമായിക്കഴിഞ്ഞാൽ നിശ്ചയം നിങ്ങളെ വീണ്ടും പുറപ്പെടുവിക്കപ്പെടുമെന്ന് നിങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്നുവോ? നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് വിദൂരം! അതിവിദൂരം! നമ്മുടെ ജീവിതം ഈ ഐഹികജീവിതമല്ലാതെ മറ്റൊന്നുമല്ല. ഇവിടെ നാം മരിക്കുന്നു, നാം ജനിക്കുന്നു, നാം പുനർജീവിപ്പിക്കപ്പെടാനൊന്നും പോകുന്നുമില്ല എന്ന് 23: 35–37 സൂക്തങ്ങളിലും, അവർ പറയുകയും ചെയ്യുന്നു: ജീവിതം എന്നാൽ നമ്മുടെ ഈ ഐഹികജീവിതമല്ലാതെ മറ്റൊന്നുമല്ല, നാം മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു, കാലമല്ലാതെ നമ്മെ നശിപ്പിക്കുന്നുമില്ല, അതിനെക്കുറിച്ച് അവർക്ക് യാതൊരു അറിവുമില്ല, അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നുമില്ല എന്ന് 45: 24 ലും പറഞ്ഞിട്ടുണ്ട്. 10: 52–53; 33: 60–61 വിശദീകരണം നോക്കുക.

30. ഇവർ തങ്ങളുടെ നാഥന്റെയടുക്കൽ നിർത്തപ്പെടുന്ന രംഗം നീ കാണുകയാണെങ്കിൽ; അവൻ ചോദിക്കും: ഇത് സത്യം തന്നെയല്ലേ; അവർ പറയും: അതെ,

ഞങ്ങളുടെ നാഥാ, ഇത് സത്യം തന്നെയാകുന്നു, അവൻ പറയും: നിങ്ങൾ മൂടിവെച്ചുകൊണ്ടിരുന്നവരായതിനാൽ ശിക്ഷ രുചിച്ചുകൊള്ളുക.

അദ്ദിക്റിനെ മൂടിവെച്ച് ജീവിച്ചിരുന്ന കാഫിറുകളെ നരകത്തിലേക്ക് അടുപ്പിക്കുകയും ഇത് സത്യം തന്നെയല്ലേ എന്ന് ചോദിക്കുകയും ചെയ്യുന്ന ദിനം അവർ പറയും: അതെ ഞങ്ങളുടെ നാഥാ! ഇത് സത്യം തന്നെയാണ്. അപ്പോൾ അല്ലാഹു പറയും: നിങ്ങൾ മൂടിവെച്ചുകൊണ്ടിരുന്നവരായതിനാൽ ശിക്ഷ രുചിച്ചുകൊള്ളുക എന്ന് 46: 34 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 23: 105 ൽ, നരകവാസികളോട്: എന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വിശദീകരിച്ച് തന്നിട്ടുണ്ടായിരുന്നില്ലേ? അപ്പോൾ നിങ്ങൾ അവയെ തള്ളിപ്പറഞ്ഞു കൊണ്ടിരിക്കുന്നവർ തന്നെയായിരുന്നു എന്നും; 23: 106-107 സൂക്തങ്ങളിൽ, ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ കീഴടക്കി, ഞങ്ങൾ വഴിപിഴച്ച ഒരു ജനത തന്നെയുമായിരുന്നു; ഞങ്ങളുടെ നാഥാ! ഞങ്ങളെ ഇതിൽ നിന്ന് പുറത്തേക്ക് കൊണ്ടുവന്നാലും, ഇനി ഞങ്ങൾ അതിര് കവിയുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും എന്ന് അവർ പറയുമെന്നും; 23: 108 ൽ, അപ്പോൾ അല്ലാഹു: നിങ്ങൾ അതിൽ ആണ്ടിറങ്ങിക്കൊള്ളുക, നിങ്ങൾ എന്നോട് മിണ്ടിപ്പോകരുത് എന്ന് പറയുമെന്നും പറഞ്ഞിട്ടുണ്ട്. കാഫിറുകൾ നാഥന്റെ അടുക്കൽ നിർത്തപ്പെടുന്ന രംഗം നീ കാണുകയാണെങ്കിൽ എന്നാണ് സൂക്തത്തിൽ പറഞ്ഞതെങ്കിലും ഫുജ്ജാറുകളായ അവർ നാഥനെ കാണാത്ത വിധം അവർക്കും നാഥനുമിടയിൽ കാണാത്ത ഒരു മറ ഇടപ്പെടുമെന്ന് 83: 15 ൽ പറഞ്ഞിട്ടുള്ളതിനാൽ നാഥനെ അവർ കാണുകയില്ല. 2: 174-176; 3: 106, 5: 19 വിശദീകരണം നോക്കുക.

31. നിശ്ചയം, അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ കളവാക്കിക്കൊണ്ടിരിക്കുന്നവരായവർ നഷ്ടപ്പെട്ടിരിക്കുന്നു; അങ്ങനെ ആ സമയം പെട്ടെന്ന് അവർക്ക് വന്നെത്തിയാൽ അവർ പറയും: ഓ, ഞങ്ങളുടെ കഷ്ടം, ഇക്കാര്യത്തിൽ നാം അശ്രദ്ധരായല്ലോ, അവർ അവരുടെ മുതുകുകളിന്മേൽ അവരുടെ പാപഭാരങ്ങൾ വഹിക്കുന്നവരുമായിരിക്കും; അറിഞ്ഞിരിക്കുക, എത്ര ദുഷിച്ച ഭാരമാണ് അവർ വഹിച്ചുകൊണ്ടിരിക്കുന്നത്.

സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പതിനഞ്ച് വയസ്സിന് ശേഷമുള്ള ജീവിതത്തെക്കുറിച്ച് തങ്ങളുടെ നാഥന്റെ മുമ്പിൽ ഉത്തരം പറയേണ്ടി വരും എന്ന ബോധമില്ലാതെ ജീവിക്കുന്ന ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകൾ പെട്ടെന്ന് മരണം സംഭവിക്കുമ്പോൾ 'ഞങ്ങൾ അക്രമികളും കാഫിറുകളുമായല്ലോ, തങ്ങളുടെ മുതുകുകളിൽ ദുഷിച്ച പാപഭാരം വഹിക്കുന്നവരും നഷ്ടപ്പെട്ടവരുമായല്ലോ' എന്ന് വിലപിക്കുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. 10: 7-8 സൂക്തങ്ങളിൽ, നിശ്ചയം നാമുമായി കണ്ടുമുട്ടുമെന്ന് വിശ്വസിക്കാത്തവർ ഐഹികജീവിതത്തിൽ തൃപ്തിപ്പെട്ടവരും അതുകൊണ്ട് സംതൃപ്തിയടഞ്ഞവരുമാണ്, നമ്മുടെ സൂക്തങ്ങളെത്തൊട്ട് അശ്രദ്ധരായവരുണ്ടല്ലോ, അവർ സമ്പാദിച്ചുകൊണ്ടിരുന്ന നരകാഗ്നിയിൽ അവർ പതിക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. 10: 15 ൽ, നാമുമായി കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ, ഈ ഗ്രന്ഥം അവർക്ക് വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ ഇതല്ലാത്ത മറ്റൊന്ന് കൊണ്ടുവരാനും അല്ലെങ്കിൽ അതിൽ മാറ്റം വരുത്താനും ആവശ്യപ്പെടുമെന്നും; 10: 45 ൽ, അല്ലാഹുവിനെ കണ്ടുമുട്ടുമെന്നതിനെ തള്ളിപ്പറഞ്ഞവരും കളവാക്കിയവരും സന്മാർഗമായ അദ്ദിക്ർ കിട്ടിയിട്ട് ഉപയോഗപ്പെടുത്താത്തവരും ജീവിതം നഷ്ടപ്പെടുത്തിയവരാണെന്നും പറഞ്ഞിട്ടുണ്ട്. 84: 6 ൽ, ഓ മനുഷ്യാ! നിശ്ചയം നീ നിന്റെ നാഥനിലേക്ക് അരിഷ്ടിച്ച് അരിഷ്ടിച്ച് ഓടിക്കൊണ്ടിരിക്കുകയാണ്, അപ്പോൾ നീ അവനെ കണ്ടുമുട്ടുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. അന്ത്യ

സമയം കൊണ്ടുദ്ദേശിക്കുന്നത് വ്യക്തികൾക്ക് മരണമാണ്, മൊത്തം മനുഷ്യർക്ക് അന്ത്യ ദിനവുമാണ്. എല്ലാമനുഷ്യരും അവരവരുടെ കർമരേഖ പിരടിയിൽ വഹിക്കുന്നുണ്ടെന്ന് 17: 13-14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് ലക്ഷ്യബോധമില്ലാതെ ജീവിച്ച് അവരുടെയും മറ്റുള്ളവരുടെയും പാപഭാരം വഹിക്കുന്ന കാഫിറുകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. വിശ്വാസികൾ പ്രകാശമായ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി പാപഭാരമെല്ലാം ഇറക്കിവെച്ച് സ്വർഗ്ഗത്തിലേക്ക് കുതിക്കുകയാണ് ചെയ്യുക. 29: 23 ൽ, ആരാണോ അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെക്കുകയും അവനെ കണ്ടുമുട്ടണമെന്ന വസ്തുത നിഷേധിക്കുകയും ചെയ്തത്, അക്കൂട്ടരാണ് എന്റെ കാരുണ്യമായ അദ്ദിക്റിന്റെ കാര്യത്തിൽ ആശയറ്റവർ, അക്കൂട്ടർക്ക് വേദനാജനകമായ ശിക്ഷയുമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. മരണം സംഭവിക്കുമ്പോൾ ഒരു ആത്മാവും 'അല്ലാഹുവിന്റെ കാര്യത്തിൽ ഞാൻ അശ്രദ്ധനായല്ലോ! ഞാൻ അദ്ദിക്റിനെ പരിഹസിച്ചുകൊണ്ടിരുന്നവരിൽ പെട്ടവനുമായല്ലോ' എന്ന് വിലപിക്കാൻ ഇട വരാത്ത വണ്ണം അദ്ദിക്റിനെ ഏറ്റവും നല്ല നിലക്ക് പിൻപറ്റണമെന്ന് 39: 55-56 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം സൂക്തങ്ങൾ വായിക്കുകയും എന്നാൽ ഏറ്റവും നല്ലതായ അദ്ദിക്ർ പിൻപറ്റാതിരിക്കുകയും ചെയ്യുന്നവരുടെ മരണസമയത്ത് നാഥൻ അവരോട് 'അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയുമായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും പറഞ്ഞിട്ടുണ്ട്. വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്ന കപടവിശ്വാസികൾ അവരുടെ പാപഭാരത്തോടൊപ്പം കള്ളം കെട്ടിച്ചമച്ച് അനുയായികളെ വഴിപിഴപ്പിച്ചതിനുള്ള പാപഭാരവും കൂടി വഹിക്കുന്നതാണെന്ന് 16: 25 ലും 29: 13 ലും പറഞ്ഞിട്ടുണ്ട്. 2: 121, 186; 4: 85; 6: 4 വിശദീകരണം നോക്കുക.

32. ഭൗതികജീവിതം കളിയും തമാശയുമല്ലാതെ മറ്റൊന്നുമല്ല; അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നവരായവർക്ക് പരലോകഭവനം തന്നെയാകുന്നു ഉത്തമമായിട്ടുള്ളത്, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നവരാകുന്നില്ലെയോ?

ത്രികാലജ്ഞാനമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നവർ അവരുടെ നാലാം ഘട്ടമായ ഐഹികലോകം പരലോകത്തേക്കുള്ള കൃഷിയിടമാണ് എന്ന ബോധമുള്ളവരാണ്. അവർ പരലോകജീവിതം ലക്ഷ്യം വെച്ചുകൊണ്ട് ഐഹികജീവിതരംഗങ്ങളെല്ലാം പ്രകാശമായ അദ്ദിക്റിന്റെ വഴിയിൽ ക്രമപ്പെടുത്തുന്നവരും ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവരും അവരുടെ മക്കൾ ലക്ഷ്യബോധമുള്ളവരായി ജീവിക്കാൻ പ്രാപ്തരാകും വിധം പതിനഞ്ച് വയസ്സിനുമുമ്പ് അവർക്ക് അദ്ദിക്ർ പഠിപ്പിക്കുന്നവരുമാണ്. എന്നാൽ അദ്ദിക്റിനെ അവഗണിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഐഹികലോക ജീവിതത്തിന് പ്രാധാന്യം നൽകുന്നവരും ബുദ്ധിശക്തി ഉപയോഗപ്പെടുത്താത്തവരും പരത്തിൽ കാഫിറായ പിശാചിന്റെ വീട്ടിൽ അഭയം തേടേണ്ടവരുമാണ്. 29: 64 ൽ, ഐഹിക ജീവിതമെന്നത് കളിയും തമാശയുമല്ലാതെ അല്ല, പരലോകജീവിതമാണ് യഥാർത്ഥജീവിതം, അവർ അറിവുള്ളവരായിരുന്നുവെങ്കിൽ എന്നും; 57: 20 ൽ, നിങ്ങൾ അറിഞ്ഞിരിക്കുക, നിശ്ചയം ഐഹികജീവിതം കളിയും തമാശയും നിങ്ങൾക്കിടയിൽ പരസ്പരം പൊങ്ങച്ചം കാണിക്കലും ആഡംബരത്തിൽ മുൻകടക്കലും ധനത്തിലും സന്താനങ്ങളിലുമുള്ള ആധിക്യത്തിന് വേണ്ടിയുള്ള മത്സരവുമല്ലാതെ മറ്റൊന്നുമല്ല എന്നും പറഞ്ഞിട്ടുള്ളത് ഫുജ്ജാറുകൾ വായിച്ചിട്ടുള്ളതാണ്. 2: 44; 3: 196-197; 4:

150–151; 5: 57–58 വിശദീകരണം നോക്കുക.

33. നിശ്ചയം അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിന്നെ ദുഃഖിപ്പിക്കുന്നുണ്ട് എന്ന് നാം അറിഞ്ഞിട്ടുണ്ട്, അപ്പോൾ നിശ്ചയം അവർ നിന്നെയല്ല കളവാക്കിക്കൊണ്ടിരിക്കുന്നത്, എന്നാൽ ഈ അക്രമികൾ അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ടാണ് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരിക്കുന്നത്.

ആത്മാവിനെ പരിഗണിക്കാത്ത ഫുജ്ജാറുകൾ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മാലിന്യമായി പരിഗണിക്കുന്നവരും അല്ലാഹുവിന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്ന അക്രമികളുമാണ്. 17: 82 ൽ, അദ്ദിക്ർ വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമാണെന്നും അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 41: 40 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങളുടെ ആശയം വളച്ചൊടിക്കുന്നവർ നമ്മിൽ നിന്ന് മറഞ്ഞിരിക്കുന്നവരല്ല, അപ്പോൾ നരകത്തിൽ വലിച്ചെറിയപ്പെടുന്നവനാണോ ഉത്തമൻ, അതോ വിധിദിവസം സുരക്ഷിതനായി വരുന്നവനാണോ ഉത്തമൻ, നിങ്ങൾ ഉദ്ദേശിക്കും വിധം നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക, നിശ്ചയം അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഹൃദയത്തിന്റെ ഭാഷയിലുള്ള വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ പറയുമ്പോഴാണ് അതിനെ മൂടിവെക്കുന്ന കപടവിശ്വാസികൾക്കും കുഫ്ഫാറുകൾക്കും ഇന്നും എതിർപ്പുണ്ടാവുക. അതാണ് 63: 4 ൽ, കപടവിശ്വാസികൾ അല്ലാഹുവിന്റെയും വിശ്വാസികളുടെയും ശത്രുക്കളാണെന്നും അവരെ സൂക്ഷിക്കണമെന്നും പറഞ്ഞതിന്റെ പൊരുൾ. നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല, അവന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നതിനെ പിൻപറ്റുന്നത് വരെ എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

41: 26–28 സൂക്തങ്ങളിൽ, അല്ലാഹുവിന്റെ ശത്രുക്കൾക്ക് നരകമാണ് ശാശ്വതമായ വീടെന്നും അത് അവർ അദ്ദിക്റിനോട് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി നൽകുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. 29: 47 ൽ, നമ്മുടെ സൂക്തങ്ങളോട് കാഫിറുകളല്ലാതെ വിരോധം വെച്ച് തർക്കിക്കുകയില്ല എന്നും; 29: 49 ൽ, നമ്മുടെ സൂക്തങ്ങളോട് അക്രമികളല്ലാതെ വിരോധം വെച്ച് തർക്കിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 7: 50–51 സൂക്തങ്ങളിൽ, ഇത്തരം കാഫിറുകളായ അക്രമികൾ വിധിദിവസം നരകത്തിൽ വെച്ച് സ്വർഗവാസികളോട് ഒരിറ്റു വെള്ളം അല്ലെങ്കിൽ ഭക്ഷണവിഭവങ്ങളിൽ നിന്ന് അൽപം ഞങ്ങൾക്കും തരിക എന്ന് പറയുമ്പോൾ അവരോട്: 'ഗ്രന്ഥത്തിലെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിച്ചുകൊണ്ടിരിക്കുകയും ഈ ദിനത്തെ കണ്ടുമുട്ടണമെന്ന് വിസ്മരിച്ചുകൊണ്ട് ജീവിതത്തെ കളിയും തമാശയുമായി തെരഞ്ഞെടുത്ത് ജീവിച്ചിരുന്ന കാഫിറുകൾക്ക് ഇവരണ്ടും നിഷിദ്ധമാണ്' എന്ന് മറുപടി പറയുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ അവർ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, ശപിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 254; 5: 104–105; 10: 61 വിശദീകരണം നോക്കുക.

34. നിശ്ചയം നിനക്കുമുമ്പുള്ള പ്രവാചകന്മാരും കളവാക്കപ്പെട്ടിട്ടുണ്ട്, അപ്പോൾ അവർ കളവാക്കപ്പെട്ടുകൊണ്ടിരുന്നതിന്റെ മേലും അവർ ഉപദ്രവിക്കപ്പെട്ടുകൊണ്ടിരുന്നതിന്റെ മേലും അവർ ക്ഷമിച്ചു -നമ്മുടെ സഹായം അവർക്ക് വന്നെത്തുന്നതുവരെ, അല്ലാഹുവിന്റെ വചനങ്ങളെ മാറ്റിമറിക്കുകയുമില്ല, അയക്ക

പ്പെട്ടവരുടെ വൃത്താന്തത്തിൽ നിന്ന് നിനക്ക് വന്നിട്ടുള്ളതുമാണല്ലോ!

നൂഹ് നബിയെ അദ്ദേഹത്തിന്റെ ജനത തള്ളിപ്പറഞ്ഞ കാര്യം 7: 64 ലും; അല്ലാഹുവിന്റെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞ ആദ് ജനതയുടെ അടിവേരറുത്ത കാര്യം 7: 72 ലും; ശുഐബ് നബിയെ തള്ളിപ്പറഞ്ഞവർ തന്നെയാണ് നഷ്ടപ്പെട്ടവരായതെന്ന് 7: 92 ലും പറഞ്ഞിട്ടുണ്ട്. 91: 11-14 സൂക്തങ്ങളിൽ, സമൂദ് ജനത സ്വാലിഹ് നബിയെ ധിക്കാരപൂർവ്വം കളവാക്കി അവർക്ക് ദൃഷ്ടാന്തമായി നൽകപ്പെട്ട ഒട്ടകത്തെ അറുക്കുകയും ശിക്ഷ ഏറ്റുവാങ്ങുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. ഒരു നാട്ടിലേക്ക് നിയോഗിക്കപ്പെട്ട മൂന്ന് പ്രവാചകന്മാരോടും ആ നാട്ടിലെ ജനത 'നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യർ മാത്രമാണ്, നിഷ്പക്ഷവാൻ ഒന്നും ഇറക്കിയിട്ടില്ല, നിശ്ചയം നിങ്ങൾ കളവ് പറയുന്നവരല്ലാതെ അല്ല' എന്ന് പറഞ്ഞ് പ്രവാചകന്മാരെ തള്ളിപ്പറഞ്ഞതായി 36: 15 ൽ പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ മുമ്പ് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെല്ലാം തന്നെ കളവാക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നാഥന്റെ സന്ദേശവാഹകരായ പ്രവാചകന്മാർ പലപ്പോഴും ഉപദ്രവിക്കപ്പെട്ടിരുന്നുവെങ്കിലും മലക്കുകളുടെ അകമ്പടി ഉള്ളതിനാൽ പ്രവാചകന്മാർ ആരും തന്നെ വധിക്കപ്പെട്ടിട്ടില്ല. എന്നാൽ നബിമാരിൽ ചിലർ വധിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അവരെല്ലാം ത്രികാലജ്ഞാനിയായ നാഥൻ എല്ലാം കാണുന്നുണ്ടെന്ന ബോധത്തിൽ അവനിൽ ഭരമേൽപിച്ചുകൊണ്ട് ക്ഷമയോടെ നിലകൊള്ളുകയാണ് ചെയ്തത്. 2: 255 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ അല്ലാഹു ലോകത്ത് നടക്കാൻ പോകുന്ന എല്ലാ സംഭവങ്ങളും നേരത്തെ തന്നെ നിശ്ചയിച്ച് അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101-102; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഓരോ മനുഷ്യന്റെ വിധിയും നേരത്തെ നിശ്ചയിച്ച് അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട് എന്നും അത് മാറ്റിമറിക്കാൻ പ്രവാചകനോ നിഷ്പക്ഷവാനായ നാഥന് തന്നെയോ സാധ്യമല്ല എന്നുമാണ് 'അല്ലാഹുവിന്റെ വചനങ്ങളെ മാറ്റിമറിക്കുകയുമില്ല' എന്നതിന്റെ വിവക്ഷ. അതുകൊണ്ട് ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റിൽ നിന്ന് ഇതെല്ലാം മനസ്സിലാക്കി അതിനെ ത്രാസായി ഉപയോഗപ്പെടുത്തി ഓരോരുത്തരും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗ്ഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് സ്വയം മാറ്റി ആയിരത്തിലൊന്നാണെന്ന് ഉറപ്പുവരുത്തുകയാണ് വേണ്ടത്. അത്തരക്കാർ മാത്രമേ മനുഷ്യന് രണ്ടാലൊരുമാർഗ്ഗം -നന്ദി കെട്ടവൻ അല്ലെങ്കിൽ നന്ദി പ്രകടിപ്പിക്കുന്നവൻ- തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുന്നു എന്നും അല്ലാഹു നിഷ്പക്ഷവാനാണെന്നും അംഗീകരിക്കുന്നവരാവുകയുള്ളൂ. 2: 213-214; 3: 195; 10: 108-109 വിശദീകരണം നോക്കുക.

35. അവരുടെ അവഗണന നിനക്ക് സഹിക്കാൻ കഴിയാത്ത ഒരു വലിയ കാര്യമായിരിക്കുന്നുവെങ്കിൽ അപ്പോൾ നിനക്ക് കഴിയുമെങ്കിൽ ഭൂമിയിൽ ഒരു തുരങ്കമുണ്ടാക്കിയോ അല്ലെങ്കിൽ ആകാശത്തേക്ക് ഒരു കോണി വെച്ചോ കയറി വരിക, അങ്ങനെ അവർക്ക് ഒരു ദൃഷ്ടാന്തം കൊണ്ടുകൊടുക്കുക, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയെല്ലാം സന്മാർഗത്തിൽ ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യുമായിരുന്നു, അപ്പോൾ നീ അവിവേകികളിൽ പെട്ടവനായിരിക്കരുത്.

പ്രവാചകൻ മക്കയിലുള്ള തന്റെ ജനതയെ 12 വർഷത്തോളം പ്രബോധനം ചെയ്തെങ്കിലും അവർ സത്യം അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. അപ്പോൾ അവരുടെമേൽ ഒ

രു ദൃഷ്ടാന്തമിറക്കി അവരെ വിനീതരാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് വിശ്വാസികൾ ആഗ്രഹിച്ചിരുന്നു. 4: 118 ൽ വിവരിച്ച പ്രകാരം മനുഷ്യരുടെ കാര്യത്തിൽ എല്ലാ ഓരോ ആയിരത്തിലും ഒന്ന് സ്വർഗ്ഗത്തിലേക്കും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് നരകത്തിലേക്കുമാണ് എന്ന അനുപാതം നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. അങ്ങനെ നിശ്ചയിക്കാതെ മനുഷ്യരെയെല്ലാം സന്മാർഗ്ഗത്തിൽ ഒരുമിച്ചുകൂട്ടാൻ കഴിവുള്ളവൻ തന്നെയാണ് അല്ലാഹു എന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ ചര്യയായ അദ്ദിക്ർ നടപ്പിൽ വരുന്നതിന് ക്ഷമയോടെ കാത്തിരിക്കുക എന്നാണ് പ്രവാചകനെയും അതുവഴി വിശ്വാസിയെയും സമാധാനിപ്പിക്കുന്നത്. 26: 3-4 സൂക്തങ്ങളിൽ, അവർ വിശ്വാസികളാവാത്തതിൽ അവരുടെ പിന്നാലെപ്പോയി നീ നിന്നെത്തന്നെ നശിപ്പിച്ചേക്കാം, എന്നാൽ നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആകാശത്തുനിന്ന് ഒരു ദിവ്യാത്ഭുതം ഇറക്കുകയും അവരുടെ പിരടികൾ താഴ്ത്തി അതിനോട് അവരെ വിനയാന്വിതരാക്കുകയും ചെയ്യുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ നിനക്ക് കഴിയുമെങ്കിൽ ഭൂമിയിൽ ഒരു തുരങ്കമുണ്ടാക്കിയോ അല്ലെങ്കിൽ ആകാശത്തേക്ക് ഒരു കോണി വെച്ചോ കയറി വരികയും അവർക്ക് ഒരു ദൃഷ്ടാന്തം കൊണ്ടുകൊടുക്കുകയും ചെയ്യുക എന്നാണ് സൂക്തം പറയുന്നത്.

ഇന്ന് എല്ലാ ഓരോ കാര്യവും വിശദീകരിച്ച ത്രികാലജ്ഞാനമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരും ലോകത്തിന്റെ അന്ത്യത്തിനുവേണ്ടി ധൃതി കാണിക്കുന്നവരുമാണ്. പ്രവാചകനും വിശ്വാസിയും പ്രപഞ്ചനാഥന്റെ പ്രതിനിധികളായി ജീവിക്കുന്നവരായതിനാൽ 2: 256 ൽ പറഞ്ഞ പ്രകാരം അവർ ഒരാളെയും വിശ്വാസിയാകാൻ നിർബന്ധിക്കുകയില്ല. അവർ നാഥന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അവരുടെ ബാധ്യത നിറവേറ്റുകയാണ് ചെയ്യുക. 2: 62; 3: 154; 5: 67 വിശദീകരണം നോക്കുക.

36. നിശ്ചയം മറുപടി നൽകുക കേൾക്കുന്നവരായവർ മാത്രമാണ്; മരിച്ചവരോ, അല്ലാഹു അവരെ പുനർജീവിപ്പിക്കുകയും പിന്നെ അവനിലേക്ക് അവർ തിരിച്ചയക്കപ്പെടുന്നതുമാണ്.

കാഴ്ച ശക്തിയുണ്ടായിട്ടും *ദിക്ർ* എന്ന ഗ്രന്ഥം കാണാത്തവരും കേൾവി ശക്തിയുണ്ടായിട്ടും അത് കേൾക്കാത്തവരുമാണ് നരകഗർത്തത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 101 ലും; നിശ്ചയം കേൾവി, കാഴ്ച, ബുദ്ധിശക്തി എന്നിവയെക്കുറിച്ചെല്ലാം ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യുമെന്ന് 17: 36 ലും; കാഫിറുകൾക്കെതിരെ അവരുടെ കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും സാക്ഷ്യം വഹിക്കുമെന്ന് 41: 19, 24 സൂക്തങ്ങളിലും അവർ വായിച്ചിട്ടുണ്ട്. ആവർത്തിച്ച് വായിക്കപ്പെടാനുള്ള വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ ജീവനുള്ളവരെ മുന്നറിയിപ്പ് നൽകാനും കാഫിറുകളുടെമേൽ ന്യായം സ്ഥാപിതമാകാനുമാണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് 36: 70 ൽ പറഞ്ഞിട്ടുണ്ട്. 35: 22 ൽ, നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കുന്നു, നിശ്ചയം നീ ഖബറുകളിലുള്ളവരെ കേൾപ്പിക്കുന്നില്ല എന്നും; 35: 14 ൽ, ഖബറുകളിലുള്ള മഹാത്മാക്കൾ വിളിച്ചു പ്രാർത്ഥിക്കുന്നവരുടെ വിളി കേൾക്കുകയില്ല, ഇനി കേട്ടാൽ തന്നെ വിളിച്ചുപ്രാർത്ഥിക്കുന്നവർക്ക് ഉത്തരം നൽകുകയില്ല എന്നും, വിധിദിവസം അവരുടെ അല്ലാഹുവിലുള്ള പങ്കുചേർക്കൽ അവർ നിഷേധിക്കുമെന്നും പറഞ്ഞിട്ടുണ്ട്. 30: 52-53 സൂക്തങ്ങളിൽ, നിശ്ചയം നീ മരിച്ചവരെയും വിളിക്കുമ്പോൾ വിളി കേൾക്കാതെ പിന്തിരിഞ്ഞുപോകുന്നവരെയും വഴികേടിൽ അന്ധരായി വിഹരിക്കുന്നവരെയും കേൾപ്പിക്കുകയില്ല എന്നും മറിച്ച് ന

മ്മുടെ സൂക്തങ്ങളിൽ വിശ്വസിക്കുകയും നാഥന് സർവ്വസ്വം സമർപ്പിച്ച് ജീവിക്കുന്നവരെയും മാത്രമേ നീ കേൾപ്പിക്കുകയുള്ളൂ എന്നും പറഞ്ഞിട്ടുണ്ട്.

മരിച്ചവരെന്ന് വിശേഷിപ്പിക്കപ്പെട്ടത് അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുന്ന അല്ലാഹു കൊന്നുകളഞ്ഞ കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ അദ്ദിക്റിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളെയുമാണ്. അഥവാ ബുദ്ധിശക്തിയും കാഴ്ചയും കേൾവിയുമൊന്നും അദ്ദിക്ർ കാണാനോ കേൾക്കാനോ മനസ്സിലാക്കാനോ ഉപയോഗപ്പെടുത്താത്തത് കാരണം ജീവിതലക്ഷ്യം നഷ്ടപ്പെട്ട, കന്നുകാലികളേക്കാൾ പിഴച്ച ജീവിതം നയിക്കുന്ന പ്രജ്ഞയറ്റവരാണ് അവർ. ഇവർ രണ്ടുകൂട്ടരെക്കൊണ്ടും നരകക്കുണ്ഠം കുത്തിനിറക്കുമെന്നാണ് 7: 179 ൽ പറഞ്ഞിരിക്കുന്നത്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. ആരാണോ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തി സ്വർഗ്ഗത്തിലേക്ക് തന്നെ തിരിച്ചുപോകുന്നത്, അവർ മാത്രമാണ് ജീവിതലക്ഷ്യം പ്രാപിക്കുക. 1: 7; 2: 18, 170–171; 6: 25–26 വിശദീകരണം നോക്കുക.

37. അവർ ചോദിക്കുകയും ചെയ്യുന്നു: എന്തുകൊണ്ട് തന്റെ നാഥനിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം അവന്റേമേൽ ഇറക്കപ്പെടുന്നില്ല; നീ പറയുക: നിശ്ചയം അല്ലാഹു ഒരു ദൃഷ്ടാന്തം ഇറക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു, പക്ഷേ അവരിൽ അധികപേരും അറിവില്ലാത്തവരുമാകുന്നു.

ദൃഷ്ടാന്തമെന്നാൽ കാര്യകാരണബന്ധത്തിന് അതീതമായി പ്രകടമാകുന്ന കണ്ണുകൊണ്ട് നേരിട്ടുകാണാൻ കഴിയുന്ന അമാനുഷികമായ സംഭവമെന്നാണ്. മൂസാനബിയുടെ പാമ്പായി മാറുന്ന വടി, ഈസാനബി പാണ്ഡുരോഗികളെയും കുഷ്ഠരോഗികളെയും അന്ധന്മാരെയും സുഖപ്പെടുത്തിയതും മരിച്ചവരെ ജീവിപ്പിച്ചതും പോലെയുള്ള സംഭവങ്ങൾ, സമൂദ് സമുദായത്തിന് നൽകിയ ഒട്ടകം തുടങ്ങിയവ പ്രവാചകന്മാരിലൂടെ അല്ലാഹു പ്രത്യക്ഷപ്പെടുത്തിയ ചില ദൃഷ്ടാന്തങ്ങളാണ്. 29: 50 ൽ, എന്താണ് അവന് തന്റെ നാഥനിൽ നിന്ന് ഒരു ദൃഷ്ടാന്തം ഇറക്കാത്തത് എന്ന ചോദ്യത്തിന്, നിശ്ചയം ഞാൻ വ്യക്തമായ ഒരു മുന്നറിയിപ്പുകാരൻ മാത്രമാണ് എന്ന് മറുപടി പറയാനാണ് പ്രവാചകനോട് പറയുന്നത്. 29: 51 ൽ, അവർക്ക് വിശദീകരിച്ചുകൊടുക്കപ്പെടുന്ന ഗ്രന്ഥം നാം നിന്റെ മേൽ ഇറക്കിയത് അവർക്ക് ഒരു ദൃഷ്ടാന്തമായിപ്പോരെയോ? നിശ്ചയം അതിൽ വിശ്വാസികളായ ജനതക്ക് കാരുണ്യവും അനുസ്മരണവും ഉണ്ടെന്നും പറഞ്ഞിട്ടുണ്ട്. 17: 59 ൽ, ദിവ്യാത്ഭുതം അയക്കുന്നതിൽ നിന്ന് മറ്റൊന്നും നമ്മെ തടഞ്ഞിട്ടില്ല, പൂർവ്വികർ അതിനെ തള്ളിപ്പറഞ്ഞു എന്നതല്ലാതെ, സമൂദ് ജനതക്ക് നാം ഉൾക്കാഴ്ചാദായകമായി ഒട്ടകത്തെ നൽകുകയുണ്ടായി, എന്നാൽ അവർ അതിനോട് അക്രമം പ്രവർത്തിച്ചു, ജനങ്ങളെ ഭയപ്പെടുത്തുന്നതിന് വേണ്ടിയല്ലാതെ നാം ദൃഷ്ടാന്തങ്ങൾ അയക്കാറുമില്ല എന്ന് പറഞ്ഞിട്ടുണ്ട്.

മുൻകാലത്ത് വന്നിട്ടുള്ള എല്ലാ ദൃഷ്ടാന്തങ്ങളും വിവരിച്ചിട്ടുള്ളതും മൊത്തം മനുഷ്യർക്ക് സന്മാർഗവും വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമായിട്ടുള്ളതുമായ ഏറ്റവും വലിയ ദിവ്യാത്ഭുതം അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകിയ അദ്ദിക്റാണ്. 41: 41–43 സൂക്തങ്ങളിൽ, അതിനെ മിഥ്യകലരാത്ത അജയ്യഗ്രന്ഥമെന്നും; 3: 58 ൽ, അതിനെ യുക്തിനിർഭരമായ ഉണർത്തൽ എന്നും; 25: 33 ൽ, അതിനെ ത്രികാലജ്ഞാനിയിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമെന്നും പറഞ്ഞിട്ടുണ്ട്. 2: 211–212; 3: 49–50; 6: 4–5 നോക്കുക.

38. ഭൂമിയിലുള്ള ജീവജാലങ്ങളിൽ നിന്നുള്ളതോ രണ്ട് ചിറകുകളിൽ പറക്കുന്ന

പക്ഷികളിൽ നിന്നുള്ളതോ ആകട്ടെ, നിങ്ങളെപ്പോലുള്ള ഒരു സമുദായമായിട്ടല്ലാതെ അല്ല, ഏതൊന്നിൽ നിന്നുള്ളതും നാം ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെ വിട്ടിട്ടില്ല, പിന്നെ അവരെല്ലാം തങ്ങളുടെ നാഥനിലേക്ക് ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ്.

എല്ലാ ജീവജാലങ്ങളും മനുഷ്യരെയും ജിന്നുകളെയും പോലെയുള്ള സമുദായങ്ങളാണെന്നും അവരെ എല്ലാവരെയും അന്ത്യനാളിൽ അല്ലാഹുവിന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടി വിചാരണ നടത്തുമെന്നും ഈ സൂക്തം പഠിപ്പിക്കുന്നു. *വെള്ളത്തിൽ അറുനൂറ് സമുദായങ്ങളിൽ പെട്ട ജീവികളും കരയിൽ നാനൂറ് സമുദായങ്ങളിൽ പെട്ട ജീവികളുമാണ് ഉള്ളതെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഈ ജീവജാലങ്ങളെല്ലാം തന്നെ അല്ലാഹുവിനെ ആത്മാവുകൊണ്ട് സ്തുതിക്കുന്നവയും കീർത്തനം ചെയ്യുന്നവയുമാണെന്ന് 17: 44; 24: 41; 22: 18 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ അല്ലാഹുവിന്റെ പ്രതിനിധിയായി നിശ്ചയിക്കപ്പെട്ട ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ് അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കലും ഇതരജീവജാലങ്ങൾക്ക് നാഥനെ വാഴ്ത്താനും കീർത്തനം ചെയ്യാനുമുള്ള സാഹചര്യം ഉണ്ടാകുന്നതിനുവേണ്ടി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്റിനെ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുക്കലും. 18: 54 ൽ, നിശ്ചയം ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ ഇതിൽ മനുഷ്യർക്കുവേണ്ടി എല്ലാ ഓരോ ഉപമയിൽ നിന്നുള്ളതും വിശദീകരിച്ചിട്ടുണ്ട്, എന്നാൽ ജനങ്ങളിൽ അധികപേരും കുതർക്കികളാകാതിരിക്കുന്നില്ല എന്നും; 30: 58 ൽ, നിശ്ചയം മനുഷ്യർക്കുവേണ്ടി ഈ ഗ്രന്ഥത്തിൽ എല്ലാ ഓരോ ഉപമയിൽ നിന്നുള്ളതും നാം ഉദ്ധരിച്ചിട്ടുണ്ട്, അവർക്ക് ഒരു ദൃഷ്ടാന്തം കൊണ്ടുവന്നാൽ അവർ പറയുക തന്നെ ചെയ്യും: നിങ്ങൾ മിഥ്യാവാദികളല്ലാതെ മറ്റാരുമല്ല എന്നും; 39: 27 ൽ, നിശ്ചയം മനുഷ്യർക്കുവേണ്ടി എല്ലാ ഓരോ ഉപമയിൽ നിന്നുള്ളതും നാം ഉദ്ധരിച്ചിട്ടുണ്ട് -അവർ ഹൃദയം കൊണ്ട് ഓർമ്മിക്കുന്നതിന് വേണ്ടി എന്നും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ത്രികാലജ്ഞാനിയായ നാഥന്റെ ത്രികാലജ്ഞാനമാണ് അദ്ദിക്ർ. എല്ലാ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്തുകയും മനുഷ്യരും ജിന്നുകളും ഇതരജീവജാലങ്ങളോട് കാണിച്ച ക്രൂരതകളെക്കുറിച്ച് സ്രഷ്ടാവിന്റെ മുമ്പിൽ സങ്കടം പറയാൻ അവർക്ക് അവസരമുണ്ടാക്കുകയും അവയോട് ചെയ്ത ക്രൂരതകൾക്കുള്ള ശിക്ഷ മനുഷ്യർക്കും ജിന്നുകൾക്കും നൽകുകയും അവയെ മണ്ണാക്കിത്തീർക്കുകയും ചെയ്യുന്നതാണ്. ഓരോ വ്യക്തിയും താൻ ഇവിടെ വിധിദിവസത്തേക്കുവേണ്ടി ഒരുക്കിവെച്ചത് കാണുന്ന ദിനം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത ഫുജ്ജാറുകളായ കാഫിറുകൾ പട്ടികൾ, പന്നികൾ, പെരുച്ചാഴികൾ എന്നിവയെപ്പോലെ ഞാൻ മണ്ണായിത്തീർന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് വിലപിക്കുന്നതാണെന്ന് 78: 40 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1: 3; 2: 159-160; 3: 7-10; 4: 41-42 വിശദീകരണം നോക്കുക.

39. നമ്മുടെ സൂക്തങ്ങളെ കളവാക്കിക്കൊണ്ടിരിക്കുന്നവരാകട്ടെ, ബധിരരും ഊമകളുമായി അന്ധകാരങ്ങളിൽ കഴിച്ചുകൂട്ടുന്നവരാകുന്നു, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരെച്ചൊവ്വെയുള്ള പാതയിലേക്കുമാക്കുന്നു.

നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്ന് പോലും ലോകരോട് പറയാത്ത ഊമകളായ കപടവിശ്വാസികളും കേൾവിയുണ്ടായിട്ടും അദ്ദിക്ർ

കേൾക്കാൻ തയ്യാറാകാത്ത ബധിരരായ അനുയായികളും വിധിദിവസം അന്ധരും ബധിരരും ഊമകളുമായിക്കൊണ്ട് മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടുമെന്ന് 17: 97–98; 25: 34 എന്നീ സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സൂക്തത്തിൽ 'അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരെച്ചൊവ്വെയുള്ള പാതയിലേക്കുമാക്കുന്നു' എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും 16: 37 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ ഒരാളെയും നരകത്തിലേക്കോ സ്വർഗത്തിലേക്കോ ആക്കുന്നില്ല. 10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആരാണോ അതിനെ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്നാണ് 2: 256; 3: 101; 4: 174–175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് 6: 104; 10: 108; 17: 15; 39: 41 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്നത്, അവർ സന്മാർഗത്തിലാകുന്നതും; ആരാണോ അതിനെത്തൊട്ട് അന്ധത കാണിക്കുന്നത്, അവർ വഴികേടിലാകുന്നതുമാണ്. 2: 38–39; 7: 178 വിശദീകരണം നോക്കുക.

40. നീ ചോദിക്കുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, നിങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷ വന്നുപെടുകയാണെങ്കിൽ അല്ലെങ്കിൽ അന്ത്യമണിക്കൂർ നിങ്ങൾക്ക് വന്നുപെടുകയാണെങ്കിൽ, അല്ലാഹുവിനെയല്ലാതെ മറ്റാരെയെങ്കിലും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുമോ? നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ.

41. അല്ല; നിങ്ങൾ അവനെ മാത്രമാണ് വിളിച്ചുപ്രാർത്ഥിക്കുക, അങ്ങനെ അവൻ ഉദ്ദേശിക്കുന്ന പക്ഷം നിങ്ങൾ ദൂരീകരിക്കാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വിപത്ത് അവൻ നിങ്ങളിൽ നിന്ന് നീക്കിക്കളയുകയും, നിങ്ങൾ പങ്കുചേർത്തുകൊണ്ടിരിക്കുന്നതിനെ നിങ്ങൾ മറന്നുകളയുകയും ചെയ്യുന്നതാണ്.

സേവിച്ചുകൊണ്ടിരിക്കാൻ അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹുമില്ല എന്ന് പരിചയപ്പെടുത്തുന്നതിനുവേണ്ടിയാണ് 6236 സൂക്തങ്ങളും അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ അദ്ദിക്റിനെ അവഗണിച്ച് അല്ലാഹു അല്ലാത്തവരെ അവനിലേക്ക് അടുപ്പിക്കുന്ന ശുപാർശക്കാരും ഇടയാളന്മാരുമായി സങ്കൽപിച്ച് വിളിച്ചുപ്രാർത്ഥിച്ചുകൊണ്ട് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന ഫുജ്ജാറുകൾക്ക് പെട്ടെന്ന് വല്ല അപകടമോ അന്ത്യമണിക്കൂറോ വരികയാണെങ്കിൽ അവർ അല്ലാഹുവിനെ മാത്രമാണ് വിളിച്ചുപ്രാർത്ഥിക്കുക എന്നാണ് സൂക്തം പറയുന്നത്. ദുഃഖസമയങ്ങളിൽ അല്ലാഹുവിനെ സ്മരിക്കുകയും സുഖസമയങ്ങളിൽ അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുകയും ചെയ്യുന്ന ഇവർ മരണസമയത്ത് ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുമെന്ന് 7: 37 ൽ പറഞ്ഞിട്ടുണ്ട്. അവനാണ് നിങ്ങളെ കരയിലും കടലിലും സഞ്ചരിപ്പിക്കുന്നത്, അങ്ങനെ നിങ്ങൾ കപ്പലിൽ ആഹ്ലാദഭരിതരായി യാത്ര ചെയ്യുമ്പോൾ കൊടുങ്കാറ്റ് വരികയും ചുറ്റുഭാഗവും തിരമാലകളാൽ വലയം ചെയ്യുകയും നിങ്ങളുടെ കപ്പൽ മുങ്ങിപ്പോകുമെന്ന് ഉറപ്പാവുകയും ചെയ്യുമ്പോൾ ജീവിതം മുഴുവനും അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് അവനോട് പ്രാർത്ഥിക്കുന്നു, 'ഈ ആപത്തിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരായിരിക്കും'. അങ്ങനെ അവരെ രക്ഷപ്പെടുത്തിയാൽ അവർ അതാ ഭൂമിയിൽ അതിക്രമകാരികളായി മാറുന്നു, ഓ മനുഷ്യരേ! നിങ്ങൾ അതിക്രമം കാണിക്കുന്നത് നിങ്ങളോട് തന്നെയാണ്, ഈ ഐഹികജീവിതം ഒരു വിഭവം മാത്രമാണ്, പിന്നെ നി

ങ്ങളുടെയെല്ലാം മടക്കം നമ്മിലേക്കാണ്, അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് നാം നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതുമാണ് എന്ന് 10: 22–23 സൂക്തങ്ങളിൽ പറഞ്ഞത് ഫുജ്ജാറുകൾ വായിക്കുന്നുണ്ട്. 1: 4; 6: 14; 17: 83 വിശദീകരണം നോക്കുക.

42. നിശ്ചയം നാം നിനക്കുമുമ്പ് വിവിധ സമുദായങ്ങളിലേക്കും പ്രവാചകന്മാരെ അയച്ചിട്ടുണ്ട്, അങ്ങനെ അവരെ നാം വിപത്തുകൾ കൊണ്ടും യാതനകൾ കൊണ്ടും പിടികൂടിയിട്ടുമുണ്ട് -അവർ വിനീതരാകുന്നവർ തന്നെയാകണമെന്നതിന് വേണ്ടി.

ദുഃഖസമയങ്ങളിൽ അല്ലാഹുവിനെ സ്മരിക്കുകയും സുഖസമയങ്ങളിൽ അല്ലാഹുവിനെ വിസ്മരിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ് ഭൂരിപക്ഷ മനുഷ്യരിലും എക്കാലത്തുമുള്ളത് എന്നതിനാൽ അല്ലാഹുവിന്റെയും ഗ്രന്ഥത്തിന്റെയും മുമ്പിൽ വിനീതരാകുന്നതിന് വേണ്ടി എല്ലാ സമുദായങ്ങളെയും വിപത്തുകൊണ്ടും യാതന കൊണ്ടും പിടികൂടിയിട്ടുണ്ട് എന്നാണ് സൂക്തത്തിൽ പറയുന്നത്. ഇനി പ്രവാചകന്മാർ ആരും തന്നെ വരാനില്ലാത്തതിനാൽ ഇസ്ലാമിനെ മായ്ച്ച് കളയാൻ വരുന്ന 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിന്റെ വരവിനോട് അനുബന്ധിച്ചാണ് ക്ഷാമവും പ്രതിസന്ധിയും ഉടലെടുക്കുക. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മഴയും കൃഷിയും ഉൽപാദിപ്പിച്ച് കൊടുക്കുന്ന മസീഹുദ്ദജ്ജാലിനെ ആദ്യം നബിയായും പിന്നെ റബ്ബായിത്തന്നെയും സ്വീകരിക്കുന്നതാണ്. 32: 21 ൽ, നാം അവരെ വലിയ ശിക്ഷക്കുമുമ്പ് ചെറിയ ചെറിയ ശിക്ഷകൾ രുചിപ്പിക്കുകതന്നെ ചെയ്യും, അവർ ജീവിതലക്ഷ്യം ഉണർത്തുന്ന അദ്ദിക്റിലേക്ക് തിരിച്ച് വരുന്നതിനുവേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. 4: 91; 5: 65–66; 7: 172–174; 17: 97–98; 30: 41 വിശദീകരണം നോക്കുക.

43. അപ്പോൾ നമ്മുടെ വിപത്ത് അവർക്ക് വന്നുകഴിഞ്ഞപ്പോൾ അവർ എന്തുകൊണ്ട് വിനീതരായില്ല? എന്നാൽ അവരുടെ ഹൃദയങ്ങൾ കടുത്ത് കല്ലിച്ചുപോവുകയാണുണ്ടായത്, അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒന്ന് പിശാച് അവർക്ക് അലങ്കാരമാക്കിക്കൊടുക്കുകയും ചെയ്തു.

അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ അദ്ദിക്റിനെ അവഗണിച്ച് ജീവിക്കുന്ന തെമ്മാടികൾ വിശ്വസിക്കുകയില്ല എന്ന് 10: 33 ൽ പറഞ്ഞിട്ടുണ്ട്. ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഇത്തരം കാഫിറുകൾക്ക് പിശാച് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അലങ്കാരമാക്കിക്കൊടുക്കുന്നതാണ്. 19: 83 ൽ, കാഫിറുകൾക്ക് അവരുടെ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതിന് നാം പിശാചുക്കളെ അയച്ചിട്ടുള്ളത് നീ കണ്ടില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. അല്ലാഹുവിനെക്കൂടാതെ സൂര്യനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടിരുന്ന ശീബാരാജ്ഞിക്കും അവളുടെ ജനതക്കും പിശാച് അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമാക്കിക്കൊടുക്കുകയും അവൻ അവരെ യഥാർത്ഥ മാർഗ്ഗത്തിൽ നിന്ന് തടയുകയും ചെയ്തു, അപ്പോൾ അവർ സന്മാർഗ്ഗം പ്രാപിച്ചവരായില്ല എന്ന് 27: 24 ൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരു ജനതക്കും ആപത്തുവിപത്തുകൾ വരുത്താൻ കാരണക്കാരനാകുന്നില്ല. 4: 78–79 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തിന്മ അവനവന്റെ കൈകൾ സമ്പാദിക്കുന്നത് തന്നെയാണ്. 6: 112; 43: 36–39; 114: 6 സൂക്തങ്ങളിൽ പറഞ്ഞ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും അവരുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ കുടികൊള്ളുന്ന ജിന്നുകൂട്ടുകാരും അവർക്ക് അവരുടെ പൈശാചിക പ്രവൃത്തികൾ ആകർഷകമാക്കിക്കൊടുക്കുകയാണ്. ജിന്നുകളിൽ നിന്നും ആയിരത്തിൽ 999 ൽ പെട്ട മനുഷ്യരിൽ നി

ന്നുമുള്ള കാഫിറുകൾ അദ്ദിക്റിൽ നിന്ന് തടഞ്ഞാണ് കാഫിറായ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് മനുഷ്യരെ പിടി വിടാതെ പിടിച്ചുവലിച്ച് കൊണ്ടുപോവുക. 25: 29 ൽ വിവരിച്ച പ്രകാരം പിശാച് മനുഷ്യനെ അറബി ഖുർആനിൽ നിന്നല്ല തടയുക, മറിച്ച് അദ്ദിക്റിൽ നിന്നാണ്. 22: 74, 99, 168–169; 34: 20–22 വിശദീകരണം നോക്കുക.

44. അങ്ങനെ അവർ ഏതൊന്നുകൊണ്ടാണോ ഓർമ്മിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്, അത് അവർ വിസ്മരിച്ച് കളഞ്ഞപ്പോൾ എല്ലാ ഓരോ കാര്യത്തിന്റെയും വാതിലുകൾ നാം അവരുടെ മേൽ തുറന്ന് കൊടുത്തു, അവർക്ക് നൽകപ്പെട്ടതുകൊണ്ട് അവർ മതിമറന്ന് വിഹരിക്കുന്നത് വരെ, അപ്പോൾ നാം അവരെ പെട്ടെന്ന് പിടികൂടി, അപ്പോഴതാ അവർ ആശയറ്റവരായിത്തീരുന്നു.

ഞാൻ, നീ എന്നൊക്കെ പറയുന്നത് ആത്മാവിനെയാണ്. ശരീരമാകട്ടെ, ആത്മാവിന് സഞ്ചരിക്കാനുള്ള വാഹനവുമാണ്. അപ്രകാരം തന്നെ 313 ഗ്രന്ഥങ്ങളുടെയും ആത്മാവ് അദ്ദിക്ർ തന്നെയാണ്. ശരീരം വിവിധ ഭാഷകളിലുമാണ്. അന്ത്യപ്രവാചകന് നൽകപ്പെട്ട ഗ്രന്ഥം ആവർത്തിച്ച് വായിക്കപ്പെടേണ്ട വ്യക്തവും സ്പഷ്ടവുമായ അദ്ദിക്ർ ആണ്. അതിന്റെ ശരീരമാകട്ടെ അറബിയിലുമാണ്. സ്രഷ്ടാവിനെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും ഓർമ്മിപ്പിക്കുന്നതും പൂർവ്വികജനതകൾ അക്രമികളും തെമ്മാടികളുമായപ്പോൾ അല്ലാഹു എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് ഓർമ്മിപ്പിക്കുന്നതും, ഇനി പരലോകത്ത് വരാൻ പോകുന്ന കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നതുമായ അദ്ദിക്റിനെ വിസ്മരിച്ച് ലക്ഷ്യബോധം നഷ്ടപ്പെട്ട് തെമ്മാടികളും പ്രജ്ഞയറ്റവരുമായ ഫുജ്ജാറുകളെപ്പോലെ ഇതരജനവിഭാഗങ്ങളും മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. അതിന് മുന്നോടിയായി ഇന്ന് അദ്ദിക്ർ ഉയർത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പരലോകം വെടിഞ്ഞ് ഐഹികലോകത്തിന് പ്രാധാന്യം കൊടുത്ത് പിശാചിനെ സേവിച്ചുകൊണ്ട് ജീവിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാനാണ് 14: 30 ലൂടെ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 4: 118; 5: 49, 67; 6: 25–26 വിശദീകരണം നോക്കുക.

45. അപ്പോൾ അക്രമികളായ ജനതയുടെ അടിവേരറുത്ത് ഉന്മൂലനം ചെയ്യപ്പെട്ടു, സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിനാകുന്നു.

എത്രയെത്ര നാട്ടുകാരെയാണ് നാം അവർ അക്രമികളായപ്പോൾ നാമാവശേഷമാക്കിയിട്ടുള്ളത്, അവർക്കുശേഷം നാം മറ്റൊരു ജനതയെ നട്ടുവളർത്തിക്കൊണ്ടുവരികയും ചെയ്തു, നമ്മുടെ ദണ്ഡനം അവർക്ക് ആസന്നമായപ്പോൾ അവരതാ അതിൽ നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു. നിങ്ങൾ ഓടി രക്ഷപ്പെടേണ്ട, നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സുഖാഡംബരങ്ങളിലേക്കും നിങ്ങളുടെ വീടുകളിലേക്കും തന്നെ മടങ്ങിക്കൊള്ളുവീൻ; നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും. ശിക്ഷ ബാധിച്ചപ്പോൾ അവർ പറയുന്നവരുമാകുന്നു: ഓ ഞങ്ങളുടെ നാശം! ഞങ്ങൾ അക്രമികൾ ആയിപ്പോയല്ലോ എന്ന് 21: 11–14 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയത് ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. എല്ലാ കാലത്തും അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് കാക്കകാരണവന്മാരുടെയും ഭൂരിപക്ഷത്തിന്റെയും മാർഗ്ഗമായ *ത്വാ*

*ഗൂത്തി*ന്റെ മാർഗ്ഗം പിൻപറ്റുന്നവരായിക്കൊണ്ട് ഒരു ജനത മുഴുവനും അക്രമികളായി മാറുമ്പോഴാണ് ആ ജനതയുടെ അടിവേരറുത്ത് നശിപ്പിക്കുകയും പ്രവാചകന്മാരെയും അവരോടൊപ്പമുള്ള വിശ്വാസികളായവരെയും രക്ഷപ്പെടുത്തി അവരിൽ നിന്ന് മറ്റൊരു ജനതയെ നട്ടുവളർത്തിക്കൊണ്ടുവരികയും ചെയ്തിട്ടുള്ളത്. 1: 1 ൽ വിവരിച്ച പ്രകാരം വിധിദിവസം സത്യമായ അദ്ദിക്ർ കൊണ്ട് സൃഷ്ടികൾക്കിടയിൽ വിധികൽപിക്കുകയും സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും നാഥനായ അല്ലാഹുവിനാണ് എന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്യും. 2: 57, 254; 4: 133; 6: 21 വിശദീകരണം നോക്കുക.

46. നീ ചോദിക്കുക: നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അല്ലാഹു നിങ്ങളുടെ കേൾവിയും നിങ്ങളുടെ കാഴ്ചയും എടുത്തുകളയുകയും നിങ്ങളുടെ ഹൃദയങ്ങളുടെമേൽ മൂടിയിട്ട് മുദ്രവെക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെക്കൂടാതെ വേറെ ഏതൊരു ഇലാഹാണ് നിങ്ങൾക്ക് അത് കൊണ്ടുവന്ന് തരിക; നീ നോക്കുക: എങ്ങനെയെല്ലാമാണ് നാം നമ്മുടെ സൂക്തങ്ങൾ അവർക്ക് വിശദീകരിച്ചുകൊടുക്കുന്നത് -പിന്നെയവർ പിന്തിരിഞ്ഞുപോകുന്നവരാകുന്നതും.

സ്വർഗ്ഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ആരാണോ അവരവരെ തിരിച്ചറിയുക, സ്രഷ്ടാവിനെ തിരിച്ചറിയുക, ജീവിതലക്ഷ്യം തിരിച്ചറിയുക എന്നെല്ലാം പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. അതിന് വേണ്ടിയാണ് കേൾവി, കാഴ്ച, ബുദ്ധിശക്തി തുടങ്ങിയവയെല്ലാം നൽകിയിട്ടുള്ളതും. അപ്പോൾ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് പ്രവാചകന്റെ തന്നെ സമുദായത്തിൽപെട്ട ഇതരജനവിഭാഗങ്ങൾക്ക് അദ്ദിക്ർ എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചനാഥനായ അല്ലാഹുവിനെയും ജീവിതലക്ഷ്യത്തെയും പിശാചിനെയും മലക്കുകളെയും പ്രവാചകന്മാരെയും നബിമാരെയുമെല്ലാം പരിചയപ്പെടുത്തൽ. എന്നാൽ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിന് നേരെവിരുദ്ധമായി മറ്റേതൊരു ജനവിഭാഗത്തേക്കാളും കൂടുതൽ അധർമ്മത്തിലും സംസ്കാരശൂന്യതയിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായ ജീവിതം നയിക്കുക വഴി 9: 65 ൽ പറഞ്ഞതുപോലെ അവർ അല്ലാഹുവിനെയും അദ്ദിക്റിനെയും പ്രവാചകനെയും പരിഹസിക്കുന്ന കപടവിശ്വാസികളായി മാറിയിരിക്കുകയാണ്. 2: 18, 146; 4: 82; 7: 146–147; 10: 35–36 വിശദീകരണം നോക്കുക.

47. നീ ചോദിക്കുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ, നിങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷ പെട്ടെന്നോ അല്ലെങ്കിൽ പ്രകടമായോ വന്നുപെടുകയാണെങ്കിൽ, അക്രമികളായ ഒരു ജനതയല്ലാതെ നശിപ്പിക്കപ്പെടുമോ?

313 പ്രവാചകന്മാരിലൂടെയും അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഏകഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിൽ വിശ്വാസികൾക്ക് കാരുണ്യവും രോഗശമനവുമുണ്ടെന്നും അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും 17: 82 ൽ പറഞ്ഞിട്ടുണ്ട്. 9: 125 ൽ, തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ള കപടന്മാർക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും അവർ കാഫിറുകളായിക്കൊണ്ട് ജീവൻ വെടിയുമെന്നും പറഞ്ഞിട്ടുണ്ട്. 8: 33 ൽ, നീ അവരിലുള്ള കാലത്തോളവും അവർ അല്ലാഹുവിനോട് പൊറുക്കലിനെത്തേടുന്ന കാലത്തോളവും ഒരു ജനതയും ശിക്ഷിക്കപ്പെടുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. 'നീ അവരിലുള്ള കാലത്തോളം' എന്നതിന്റെ വിവക്ഷ മുഹമ്മദ് നബിയുടെ ജീവിതമായ അദ്ദിക്ർ പിൻപറ്റുന്ന ഒരു വിശ്വാസി

യെങ്കിലും ലോകത്ത് എവിടെയെങ്കിലും ഉള്ള കാലത്തോളം എന്നാണ്.

5: 48 ൽ വിവരിച്ച പ്രകാരം എല്ലാ വിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. ഭൂമിയുടെ തിരിച്ചുകറക്കവും മസീഹുദ്ദജ്ജാലിന്റെ വരവും നീട്ടിവെക്കുക എന്ന ലക്ഷ്യത്തോടുകൂടി ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന ഒരു വിശ്വാസി ലോകത്ത് ഉള്ള കാലത്തോളം ലോകം നശിക്കുകയില്ല എന്നർത്ഥം. ലോകരിൽ നിന്നുള്ള വിശ്വാസികളെ ഇജാസിലേക്ക് വേർതിരിക്കുന്നതോടുകൂടി അദ്ദിക്ർ അവസാനത്തെ ഖലീഫയായ മഹ്ദിയെ ഏൽപിക്കുന്നതും 9: 32–33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മഹ്ദി പ്രകാശമായ അദ്ദിക്ർ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യിപ്പിച്ച് ലോകത്ത് എല്ലായിടത്തും വ്യാപിപ്പിക്കുന്നതുമാണ്. 46: 35 അവസാനിക്കുന്നത് 'തെമ്മാടികളായ ഒരു ജനതയല്ലാതെ നശിപ്പിക്കപ്പെടുമോ' എന്ന് ചോദിച്ചുകൊണ്ടാണ്. 32: 22 ൽ, തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് പിന്നെ അവയെ അവഗണിക്കുന്നവനേക്കാൾ വലിയ അക്രമി ആരാണുള്ളത്; നിശ്ചയം ഇത്തരം ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്യുക തന്നെ ചെയ്യും എന്ന് പറഞ്ഞിട്ടുണ്ട്. 2: 6–7; 3: 108; 4: 26, 159; 9: 67–68 വിശദീകരണം നോക്കുക.

48. ശുഭവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായിട്ടല്ലാതെ നാം പ്രവാചകന്മാരെ അയച്ചിട്ടുമില്ല, അപ്പോൾ ആരാണോ വിശ്വസിക്കുകയും കർമങ്ങൾ നന്നാക്കുകയും ചെയ്തത്, അപ്പോൾ അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയുമില്ല.

49. നമ്മുടെ സൂക്തങ്ങളെ കളവാക്കിക്കൊണ്ടിരിക്കുന്ന അവർ തെമ്മാടികളായിരുന്നതുകൊണ്ട് അവരെ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

അദ്ദിക്റിനെ അവഗണിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കാഫിറുകൾക്ക് നരകമാണുള്ളതെന്ന് മുന്നറിയിപ്പ് നൽകുന്നവരായിട്ടല്ലാതെ ഒരു പ്രവാചകനും അയക്കപ്പെട്ടിട്ടില്ല. അപ്പോൾ സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയും വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരുടെമേൽ യാതൊന്നും ഭയപ്പെടാനും അവർക്ക് ദുഃഖിക്കാനും ഇടവരില്ല. അല്ലാഹുവിന്റെ വചനങ്ങൾ മാറ്റിമറിക്കുന്നവരില്ല എന്നിരിക്കെ ഏതെങ്കിലും പ്രവാചകനോ നിഷ്പക്ഷവാനായ അല്ലാഹുവിന് തന്നെയോ ഒരാളെ സന്മാർഗ്ഗത്തിലേക്കോ ദുർമാർഗ്ഗത്തിലേക്കോ നയിക്കാൻ സാധ്യമല്ല. നിഷ്പക്ഷവാനായ നാഥൻ എല്ലാവർക്കും സന്മാർഗ്ഗവും ദുർമാർഗ്ഗവും വിവരിക്കുന്ന ഗ്രന്ഥത്തിന്റെ ആത്മാവ് സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുണ്ട്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, അദ്ദിക്ർ ഉപയോഗപ്പെടുത്തി ഓരോരുത്തരും സ്വയം സന്മാർഗത്തിലാകണമെന്ന് 10: 108; 17: 15; 39: 41 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഫുജ്ജാറുകളെല്ലാം 32: 18 ൽ പറഞ്ഞ പ്രകാരം തെമ്മാടികളായതിനാൽ അവരെ ശിക്ഷ ബാധിക്കുക തന്നെ ചെയ്യുന്നതാണ്. 2: 62, 119 വിശദീകരണം നോക്കുക.

50. നീ പറയുക: എന്റെ പക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല -ഞാൻ മറഞ്ഞ കാര്യങ്ങൾ അറിയുന്നവനാണെന്നും; നിശ്ചയം ഞാൻ ഒരു മലക്കാണെന്നും ഞാൻ നിങ്ങളോട് പറയുന്നില്ല, നിശ്ചയം എന്നിലേക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്നതല്ലാതെ ഞാൻ പിൻപറ്റുന്നില്ല; നീ അവരോട് ചോദിക്കുക: അന്ധനും കാഴ്ചയുള്ളവനും സമമാവുമോ, അപ്പോൾ നിങ്ങൾ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവരാകുന്നില്ലെയോ?

അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ കൈവശമാണെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. എനിക്ക് അദൃശ്യകാര്യങ്ങൾ അറിയുമെന്നും ഞാൻ നിങ്ങളോട് പറയുന്നില്ല, നിശ്ചയം ഞാൻ ഒരു മലക്കാണെന്നും നിങ്ങളോട് പറയുന്നില്ല. നിങ്ങളുടെ കണ്ണുകളിൽ നിസ്സാരരായി കാണുന്നവർ ആരാണോ, അവർക്ക് അല്ലാഹു യാതൊരു നന്മയും നൽകുകയില്ല എന്നും ഞാൻ നിങ്ങളോട് പറയുന്നില്ല. അവരുടെ മനസ്സിലുള്ളത് ഏറ്റവും അറിയുന്നവൻ അല്ലാഹു തന്നെയാകുന്നു. അങ്ങനെയെങ്ങാനും ഞാൻ പറയുകയാണെങ്കിൽ നിശ്ചയം ഞാൻ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കുമെന്ന് 11: 31 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ വേണ്ടുക കൂടാതെ എന്റെ സ്വന്തം കാര്യത്തിൽ ഒരു ഉപകാരമോ ഉപദ്രവമോ വരുത്താൻ എനിക്ക് അധികാരമില്ല, ഞാൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനായിരുന്നുവെങ്കിൽ നന്മകളിൽ നിന്ന് ധാരാളം ഞാൻ എനിക്ക് വർദ്ധിപ്പിക്കുക തന്നെ ചെയ്യുമായിരുന്നു, എന്നെ തിന്മകളൊന്നും ബാധിക്കുകയും ചെയ്യുമായിരുന്നില്ല, നിശ്ചയം ഞാൻ ഒരു താക്കീതുകാരനും വിശ്വാസികളായ ജനതക്ക് സന്തോഷവാർത്ത അറിയിക്കുന്നവനുമല്ലാതെ മറ്റാരുമല്ല എന്ന് 7: 188 ൽ പറഞ്ഞിട്ടുണ്ട്. 35: 19 ൽ, അന്ധന്മാരും കാഴ്ചയുള്ളവരും സമമാവുകയില്ല എന്നും; 35: 20 ൽ, അന്ധകാരങ്ങളും പ്രകാശവും സമമാവുകയില്ല എന്നും; 35: 21 ൽ, തണലും വെയിലും സമമാവുകയില്ല എന്നും; 35: 22 ൽ, ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമമാവുകയില്ല; നിശ്ചയം അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കുന്നു, നീ ഖബറുകളിലുള്ളവരെ കേൾപ്പിക്കുന്നവനല്ല തന്നെ എന്നും പറഞ്ഞിട്ടുണ്ട്. അതോ വിശ്വാസികളാവുകയും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്നവരെ നാം ഭൂമിയിൽ നാശമുണ്ടാക്കുന്നവരെപ്പോലെയാക്കുമോ? സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന സൂക്ഷ്മാലുക്കളെ നാം ഫുജ്ജാറുകളെപ്പോലെയാക്കുമോ എന്ന് 38: 28 ലും ചോദിച്ചിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തുന്ന വിശ്വാസികളും അത് ഉപയോഗപ്പെടുത്താതെ മൂടിവെക്കുന്ന കപടവിശ്വാസികളായ തെമ്മാടികളും സമമാവുകയില്ല എന്ന് 32: 18 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ രണ്ട് വിഭാഗങ്ങളുടെ ഉപമ, അന്ധരും ബധിരരുമായ ഒരു കൂട്ടർ, കാഴ്ചയും കേൾവിയുമുള്ള മറ്റൊരു കൂട്ടർ, ഇവർ രണ്ടുകൂട്ടരുടെയും ഉപമ തുല്യമാകുമോ? അപ്പോൾ നിങ്ങൾ ഹൃദയം കൊണ്ട് സ്മരിക്കുന്നവരാകുന്നില്ലേ എന്ന് 11: 24 ലും ചോദിച്ചിട്ടുണ്ട്. ലോകർക്ക് അദ്ദിക്ർ സമർപ്പിക്കുന്ന വിധം അല്ലാഹുവിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചും ഗ്രന്ഥത്തെക്കുറിച്ചുമെല്ലാം പരിചയപ്പെടുത്തേണ്ട ബാധ്യത, 'നിങ്ങൾ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവരാകുന്നില്ലെയോ' എന്ന് ഗ്രന്ഥത്തിൽ വായിക്കുന്നവരുടേതാണ്. 5: 33, 109; 6: 7-9; 7: 176 വിശദീകരണം നോക്കുക.

51. തങ്ങളുടെ നാഥനിലേക്ക് പുനരുജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുമെന്നും അവനെക്കൂടാതെ അവർക്ക് ഒരു രക്ഷകനോ ശുപാർശകനോ ഇല്ലെന്നും ഭയപ്പെടുന്നവരായവരെ അതുകൊണ്ട് നീ താക്കീത് നൽകുകയും ചെയ്യുക -അവർ സൂക്ഷ്മതയുള്ളവർ തന്നെയാകണമെന്നതിനുവേണ്ടി.

പതിനഞ്ചുവയസ്സിന് ശേഷമുള്ള ഇഹലോക ജീവിതത്തിലെ ഓരോ നിമിഷത്തെക്കു

റിച്ചും അല്ലാഹുവിന്റെ മുമ്പിൽ ഒരു ദിവസം ഉത്തരം പറയേണ്ടിവരുമെന്ന് അദ്ദിക്റിൽ നിന്ന് മനസ്സിലാക്കിയവരെ മാത്രമേ 'അദ്ദിക്ർ കൊണ്ട്' മുന്നറിയിപ്പ് നൽകിയിട്ട് കാര്യമുള്ളൂ. 2: 2 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സന്മാർഗമായി പരിഗണിക്കുന്നവരും ഈ ഗ്രന്ഥം തങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണെന്ന ബോധത്തോടെ അതിന്റെ വിധിവിലക്കുകൾ പിൻപറ്റുന്നവരാണ് അല്ലാഹുവിനെ ഭയപ്പെടുന്ന സൂക്ഷ്മാലുക്കൾ. അവർ മാത്രമാണ് വിജയം വരിക്കുന്നവരും. അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ള മനുഷ്യരടക്കമുള്ള സർവ്വവസ്തുക്കളെയും ആറ് നാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ സിംഹാസനസ്ഥനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ല, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ അവനെക്കുറിച്ച് മറ്റുള്ളവരെ ഉണർത്തുന്നില്ലെയോ എന്ന് 32: 4 ൽ പറഞ്ഞത് വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക വഴി നാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും അവന്റെ കോപത്തിനും ശാപത്തിനും വിധേയരായ ദുഷിച്ച പരിണിതിയുള്ളവരുമാണ് എന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. ആറാം ഘട്ടത്തിലെ വിചാരണാനാളിൽ ഓരോരുത്തരും ഒറ്റക്കൊറ്റക്കാണ് തന്റെ നാഥനെ കണ്ടുമുട്ടി നാലാം ഘട്ടമായ ഐഹിക ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടത് എന്ന ഉത്തമബോധത്തിൽ അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവർ മാത്രമാണ് അല്ലാഹുവിനെ ഭയപ്പെടുന്നവരും പരലോകം കൊണ്ട് വിശ്വസിച്ചവരും. 2: 6–7, 38; 5: 93; 9: 115 വിശദീകരണം നോക്കുക.

52. തങ്ങളുടെ നാഥനെ അവന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരായവരെ നീ ആട്ടിയകറ്റുകയുമരുത്, അവരുടെ വിചാരണയിൽ നിനക്ക് ഒരു ബാധ്യതയുമില്ല, നിന്റെ വിചാരണയിൽ അവർക്കും യാതൊരു ബാധ്യതയുമില്ല, ഇനി നീയെങ്ങാനും അവരെ ആട്ടിയകറ്റുകയാണെങ്കിൽ അപ്പോൾ നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.

ഓരോരുത്തരും ഒറ്റക്കൊറ്റക്കായിട്ടാണ് നാഥന്റെ മുമ്പിൽ നാലാം ഘട്ടമായ ഐഹിക ലോക ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടത് എന്നിരിക്കെ തങ്ങളുടെ നാഥന്റെ മുഖം കാംക്ഷിച്ചുകൊണ്ട് എല്ലായ്പ്പോഴും പ്രത്യേകിച്ച് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അവനെ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരായ വിശ്വാസികളെ ആട്ടിയകറ്റരുതെന്നാണ് പ്രവാചകനോടും അതുവഴി വിശ്വാസികളോടും കൽപിക്കുന്നത്. അങ്ങനെ ആട്ടിയകറ്റുകയാണെങ്കിൽ അക്രമികളിൽ പെട്ടുപോകുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. 26: 214–216 സൂക്തങ്ങളിൽ, നീ കുടുംബത്തിൽ നിന്ന് അടുത്തവരെ മുന്നറിയിപ്പ് നൽകുകയും വിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയവർക്ക് നിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. അപ്പോൾ അവർ നിന്നെ ധിക്കരിക്കുകയാണെങ്കിൽ നിങ്ങളുടെ പ്രവർത്തനങ്ങളെത്തൊട്ട് നിശ്ചയം ഞാൻ ഉത്തരവാദിത്തമില്ലാത്തവനാണെന്ന് അവരോട് പറയുകയും ചെയ്യുക. 18: 28 ൽ, തങ്ങളുടെ നാഥനെ അവന്റെ തൃപ്തി പ്രതീക്ഷിച്ചുകൊണ്ട് പ്രഭാത പ്രദോഷഭേദമന്യേ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരോടൊപ്പം നീ ക്ഷമിച്ചിരിക്കുകയും ചെയ്യുക, ഭൗതികജീവിതത്തിന്റെ അലങ്കാരം അന്വേഷിച്ചുകൊണ്ട് നിന്റെ ശ്രദ്ധ അവരിൽ നിന്ന് തിരിയാൻ പാടില്ല, നമ്മുടെ സ്മരണയെ(അദ്ദിക്ർ)ത്തൊട്ട് തന്റെ ഹൃദയം പ്രജ്ഞയറ്റവനെയും ദേഹേച്ഛ പിൻപറ്റി വിഭിന്ന മാർഗം സ്വീകരിച്ചവനെയും നീ അനുസരിക്കുകയുമരുത് എന്ന് പറഞ്ഞിട്ടുണ്ട്.

എക്കാലത്തും അടിമകളും ദരിദ്രരുമായ അധഃസ്ഥിത ജനവിഭാഗങ്ങളാണ് വിശ്വാസത്തിലേക്ക് കൂടുതലായി വന്നിട്ടുള്ളത്. ആദ്യകാല വിശ്വാസികളിൽ അധികവും ഖുറൈശീ പ്രമാണികളുടെ അടിമകളും ഭൃത്യജനങ്ങളും സമൂഹത്തിൽ താഴേക്കിടയിലുള്ളവരുമായിരുന്നു. ഇക്കാരണത്താൽ മാന്യത നടിച്ചിരുന്ന ഖുറൈശീപ്രമാണിമാർക്ക് പ്രവാചകന്റെ സദസ്സിൽ ഇവരോടൊപ്പം ചെന്നിരിക്കാൻ കുറച്ചിൽ അനുഭവപ്പെട്ടിരുന്നു. ഈ പാവങ്ങളേയും അടിമകളേയും മാത്രമേ ഞങ്ങൾക്കിടയിൽ നിന്ന് അല്ലാഹുവിന് കിട്ടിയതുള്ളൂ എന്ന് അവർ പരിഹസിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, അവരിൽ നിന്ന് മുമ്പ് സംഭവിച്ച തെറ്റുകുറ്റങ്ങൾ പൊക്കിപ്പിടിച്ച് അധിക്ഷേപിക്കുകയും ഇന്നലെ വരെ ഇന്നതൊക്കെ ചെയ്തിരുന്ന ആളുകളാണിപ്പോൾ വലിയ ശ്രേഷ്ഠരും മഹത്തുക്കളുമായിരിക്കുന്നതെന്ന് തരം താഴ്ത്തി പറയുകയും ചെയ്തിരുന്നു. ഇത്തരം ആക്ഷേപങ്ങൾക്കുള്ള മറുപടിയായിട്ടാണ് ഈ സൂക്തം അവതരിച്ചിട്ടുള്ളത്. 10: 40 ൽ, അവരിൽ അദ്ദിക്ർ കൊണ്ട് വിശ്വസിക്കുന്നവരുണ്ട്, അവരിൽ അദ്ദിക്ർ കൊണ്ട് വിശ്വസിക്കാത്തവരുമുണ്ട്, നിന്റെ നാഥൻ നാശകാരികളെക്കുറിച്ച് നല്ല വണ്ണം അറിയുന്നവൻ തന്നെയാണെന്നും; 10: 41 ൽ, ഇനി നിന്നെ അവർ തള്ളിപ്പറഞ്ഞ് കളവാക്കുന്നുവെങ്കിൽ: എനിക്ക് എന്റെ പ്രവൃത്തി, നിങ്ങൾക്ക് നിങ്ങളുടെ പ്രവൃത്തിയും, ഞാൻ പ്രവർത്തിക്കുന്നതിനെത്തൊട്ട് നിങ്ങൾ വിമുക്തരാണ്, നിങ്ങൾ പ്രവർത്തിക്കുന്നതിനെത്തൊട്ട് ഞാനും വിമുക്തനാണ് എന്ന് പ്രഖ്യാപിക്കാനും കൽപിച്ചിട്ടുണ്ട്. 2: 272; 3: 75–77; 4: 150–151; 62: 2–3 വിശദീകരണം നോക്കുക.

53. അപ്രകാരം നാം അവരിൽ ചിലരെ ചിലർക്ക് പരീക്ഷണമാക്കി വെച്ചിരിക്കുന്നു, നമ്മുടെ ഇടയിൽ ഇക്കൂട്ടരുടെ മേലാണോ അല്ലാഹു അനുഗ്രഹം വർഷിച്ചത് എന്ന് അവർ ചോദിക്കുന്നതിന് വേണ്ടി, നന്ദി പ്രകടിപ്പിക്കുന്നവരെക്കുറിച്ച് ഏറ്റവും അറിയുന്നവൻ അല്ലാഹു തന്നെയല്ലെയോ?

എക്കാലത്തുമുള്ള കാഫിറുകളിൽ പെട്ട പ്രമാണിമാരും പ്രധാനികളും അല്ലാഹുവിന്റെ നിഷ്പക്ഷവാൻ എന്ന ഗുണവിശേഷണത്തെ അംഗീകരിക്കാത്തവരും തങ്ങൾ സത്യത്തിലായതുകൊണ്ടാണ് തങ്ങൾക്ക് ഇവിടെ സമ്പത്തും പ്രതാപവും സ്ഥാനമാനങ്ങളുമെല്ലാം ലഭിച്ചിട്ടുള്ളതെന്നും വിശ്വാസികൾ സത്യത്തിലാകാത്തതുകൊണ്ടാണ് അവർക്ക് ഐഹികലോകത്ത് അതൊന്നും ലഭിക്കാത്തതെന്നും പരത്തിലും അങ്ങനെത്തന്നെയായിരിക്കുമെന്നും അഹങ്കാരപൂർവ്വം ഉറപ്പിച്ച് വിശ്വസിക്കുന്നവരാണ്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചതുതന്നെ പരീക്ഷണത്തിന് വിധേയമാക്കാനാണെന്ന വസ്തുത വിസ്മരിച്ചവരാണ്. അതുകൊണ്ടാണ് അദ്ദിക്ർ മൂടിവെക്കുന്ന അത്തരക്കാരെ തെമ്മാടികളെന്ന് അല്ലാഹു വിശേഷിപ്പിച്ചത്. പ്രവാചകനെക്കുറിച്ചും വിശ്വാസികളെക്കുറിച്ചും 'നമ്മുടെ ഇടയിൽ നിന്ന് സ്ഥാനമാനങ്ങളും സംഘബലവും സാമ്പത്തികശേഷിയും ഒന്നുമില്ലാത്തവരെയാണോ നേതൃത്വത്തിനുവേണ്ടി അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നത്' എന്ന് പുച്ഛിക്കുന്നവരായിരുന്നു അവർ. മക്കാ, ത്വാഇഫ് എന്നീ വലിയ പട്ടണങ്ങളിലെ ഏതെങ്കിലും ഒരു മഹാപുരുഷന് ഈ അദ്ദിക്ർ എന്തുകൊണ്ട് അവതരിക്കപ്പെട്ടില്ല എന്ന് അവർ ചോദിച്ചതായി 43: 31 ൽ പറഞ്ഞത് ലോകരിൽ ഫുജ്ജാറുകൾ വായിക്കുന്നുണ്ട്. 43: 32 ൽ, അവരാണോ നിന്റെ നാഥന്റെ കാരുണ്യം ഭാഗം വെക്കുന്നത്, നാമാണ് ഇഹത്തിൽ അവരുടെ ജീവിതവിഭവങ്ങൾ ഭാഗം വെച്ചിട്ടുള്ളത്; നാം അവരിൽ ചിലരെ ചിലരേക്കാൾ പദവികൾ ഉയർത്തിയിട്ടുമുണ്ട്, അവരിൽ ഒരുവിഭാഗം മറ്റൊരു വിഭാഗത്തെ പരിഹസിക്കുന്നതിന് വേണ്ടി എന്നും, നിന്റെ നാഥന്റെ കാരുണ്യമായ അദ്ദിക്ർ തന്നെയാണ് അവർ ഒരുമിച്ചുകൂട്ടുന്ന എ

ന്തിനേക്കാളും നിനക്ക് ഉത്തമമായിട്ടുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. 15: 87-88 സൂക്തങ്ങളിൽ, കാഫിറുകൾക്ക് നൽകിയിട്ടുള്ള ജോടികളായ ഭൗതിക ജീവിതവിഭവങ്ങളിലേക്ക് നിന്റെ കണ്ണ് തിരിയരുതെന്നും അവരുടെ എതിർപ്പും പരിഹാസവും നിന്നെ ദുഃഖിപ്പിക്കരുതെന്നും നീ വിശ്വാസികൾക്ക് നിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുക, നിനക്ക് നാം ആവർത്തിച്ചാവർത്തിച്ച് വരുന്ന ഏഴ് സൂക്തങ്ങളും മഹത്തായ, വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റും നൽകിയിട്ടുണ്ട് (നിനക്ക് അതുമതി) എന്നും പറഞ്ഞിട്ടുണ്ട്. നാം നിങ്ങളിൽ ചിലരെ ചിലർക്ക് പരീക്ഷണമാക്കിയിരിക്കുന്നു, നിങ്ങൾ (വിശ്വാസികൾ) ക്ഷമിക്കുന്നില്ലേ? നിന്റെ നാഥനാകട്ടെ, എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമാകുന്നു എന്ന് പറഞ്ഞുകൊണ്ടാണ് 25: 20 അവസാനിക്കുന്നത്. ആരാണ് അദ്ദിക്റിന്റെ മാർഗത്തിൽ ചരിച്ചുകൊണ്ട് നന്ദി പ്രകടിപ്പിക്കുന്നവരാകുന്നതെന്ന് ഏറ്റവും നന്നായി അറിയുന്നത് ത്രികാലജ്ഞാനിയും ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനും എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനുമായ അല്ലാഹു തന്നെയാണ്. 3: 196-197; 4: 113; 5: 94; 9: 53-55 വിശദീകരണം നോക്കുക.

54. നമ്മുടെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുന്നവരായവർ നിന്നിലേക്ക് വന്നാൽ അപ്പോൾ നീ പറയുക: നിങ്ങളുടെമേൽ സമാധാനമുണ്ടായിരിക്കട്ടെ, നിങ്ങളുടെ നാഥൻ കാരുണ്യം തന്റെ സ്വഭാവമായി രേഖപ്പെടുത്തി വെച്ചിരിക്കുന്നു, നിശ്ചയം നിങ്ങളിൽ ഒരാൾ അറിവില്ലായ്മ കൊണ്ട് ഒരു തിന്മ പ്രവർത്തിക്കുകയും പിന്നെ അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും പ്രവർത്തനങ്ങൾ നന്നാക്കിത്തീർക്കുകയുമാണെങ്കിൽ അപ്പോൾ നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

യഥാർത്ഥ ജ്ഞാനമായ അദ്ദിക്ർ അറിയാത്തതിനാൽ കുറ്റം ചെയ്യുകയും അദ്ദിക്ർ വായിച്ച് കുറ്റങ്ങൾ തിരിച്ചറിയുമ്പോൾ അല്ലാഹുവിനോട് ഏറ്റുപറയുകയും പ്രായശ്ചിത്തം ചെയ്യേണ്ടതിന് പ്രായശ്ചിത്തം ചെയ്യുകയും ചെയ്താൽ കാരുണ്യവാനായ അല്ലാഹു പൊറുത്ത് കൊടുക്കുന്നതാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ നാഥന്റെ സംസാരമായതിനാൽ അത് വിവരിക്കുന്ന സദസ്സിലേക്ക് വരുന്നവൻ സലാം (അഭിവാദ്യം) പറയാൻ പാടില്ല. പഠിക്കാൻ വരുന്നവർ വിശ്വാസിയാണെങ്കിൽ പഠിപ്പിക്കുന്നവൻ അങ്ങോട്ട് സലാം പറയാവുന്നതാണ്. പ്രവാചകന്റെ ജനതയിൽ നിന്നുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ കേട്ട് മനസ്സിലാക്കി 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലേക്കുള്ള അവരുടെ വിധി 83: 18 ൽ പറഞ്ഞ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റണം എന്ന ലക്ഷ്യം വെച്ച് വരുന്നവരല്ല. മറിച്ച് 5: 41 ൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ അവരുടെ നേതാക്കൾക്ക് വേണ്ടി കേൾക്കാൻ വരുന്നവരാണ്. 4: 17-18, 86; 39: 53-55 വിശദീകരണം നോക്കുക.

55. അപ്രകാരം നാം നമ്മുടെ സൂക്തങ്ങൾ സ്പഷ്ടമായി വിശദീകരിക്കുന്നു -ഭ്രാന്തന്മാരുടെ വഴി നീ വ്യക്തമായി വേർതിരിക്കുന്നതിനും വേണ്ടി.

36: 55-58 സൂക്തങ്ങളിൽ, സ്വർഗവാസികളുടെ അവസ്ഥ വിവരിച്ചശേഷം 36: 59-60 സൂക്തങ്ങളിൽ, ഭ്രാന്തന്മാരേ! നിങ്ങൾ ഇന്നേദിനം മാറിനിൽക്കുക, പിശാചിനെ സേവിക്കരുതെന്ന് നിങ്ങളോട് ഉടമ്പടി വാങ്ങിയിരുന്നില്ലേ, അവൻ നിങ്ങൾക്ക് വ്യക്തമായ ശത്രുവാണെന്നും പറഞ്ഞിരുന്നില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെ ഒരു ഉടമ്പടി ചെയ്തതായി ഗ്രന്ഥത്തിൽ എവിടെയും കാണുകയില്ല. മറിച്ച് 7: 172 ൽ പറഞ്ഞ അല്ലാഹുവുമായി ചെയ്ത ഉടമ്പടി പാലിക്കാതെ അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുക വഴി അവരുടെ ജീവിതം പിശാചിനെ സേവിക്കുന്നതായി മാറുന്നതാണ്. ചിന്താശക്തി ഉപയോഗപ്പെടു

ത്താത്ത കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ച ഫുജ്ജാറുകളും ചേർന്നതാണ് ഭ്രാന്തന്മാർ. 7: 40 ൽ, നിശ്ചയം നമ്മുടെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞവരും അവ കൊള്ളെ അഹങ്കാരം നടിച്ചവരുമുണ്ടല്ലോ, അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കപ്പെടുകയില്ല, തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല, അപ്രകാരമാണ് നാം ഭ്രാന്തന്മാർക്ക് പ്രതിഫലം കൊടുക്കുക എന്ന് പറഞ്ഞിട്ടുണ്ട്.

വിശ്വാസികളുടെ സ്വഭാവത്തിന് വിരുദ്ധമായുള്ള സ്വഭാവമാണ് 52 സൂക്തങ്ങളിൽ പരാമർശിച്ച പാപികളും കുറ്റവാളികളുമായ ഭ്രാന്തന്മാരുടേത്. ആത്മാവിന് പ്രാധാന്യം കൊടുക്കാതെ ജഡത്തിന് പ്രാധാന്യം കൊടുക്കുന്ന അവരോട് ഗ്രന്ഥത്തിലെ സൂക്തങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ ഉദ്ധരിച്ച് അവരുടെ എന്ത് കുറ്റങ്ങൾ ഉണർത്തിയാലും അവർ വിനീതരാവുകയോ തല കുനിക്കുകയോ അല്ലാഹുവിനോട് കുറ്റങ്ങൾ ഏറ്റുപറയുകയോ പ്രായശ്ചിത്തം ചെയ്ത് ഖേദിച്ചുമടങ്ങുകയോ ഇല്ല. 15: 12; 26: 200 എന്നീ സൂക്തങ്ങളിൽ, അപ്രകാരം അദ്ദിക്റിനെ ചുട്ടുപഴുത്ത കമ്പിയെന്നോണം ഭ്രാന്തന്മാരുടെ ഹൃദയങ്ങളിലേക്ക് അല്ലാഹു കടത്തിവിടുകയാണെന്നും എന്നാൽ അവർ അതുകൊണ്ട് വിശ്വസിക്കുകയില്ലെന്നും പറഞ്ഞിട്ടുണ്ട്. 25: 31 ൽ, അപ്രകാരം എല്ലാ നബിമാർക്കും ഭ്രാന്തന്മാരെ ശത്രുക്കളാക്കിയിട്ടുണ്ടെന്നും അവരിൽ നിന്ന് നിന്നെ സഹായിക്കാനും മാർഗദർശനം ചെയ്യാനും അല്ലാഹു തന്നെ ഏറ്റവും മതിയായവനാണെന്നും പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദ് നബിയെ പിൻപറ്റാതെ കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്ന 3: 10 ന്റെ വിശദീകരണത്തിൽ 'അക്കൂട്ടർ നിങ്ങളിൽ നിന്നുള്ളവരാണ്; അക്കൂട്ടർ തന്നെയാണ് നരകത്തിന്റെ വിറകുകൾ' എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച ഫുജ്ജാറുകൾ തന്നെയാണ് കാഫിറുകളും ഭ്രാന്തന്മാരും. ഫാജിറുകളായ അനുയായികളോട് കപടവിശ്വാസികളായ കേമന്മാരായ നേതാക്കന്മാർ: 'ഞങ്ങളാണോ നിങ്ങളെ അദ്ദിക്റിൽ നിന്ന് നിങ്ങൾക്ക് അത് വന്നുകിട്ടിയതിനുശേഷം തടഞ്ഞത്; അല്ല, നിങ്ങൾ ഭ്രാന്തന്മാർ തന്നെയായിരുന്നു' എന്ന് പരലോകത്തുവെച്ച് പറയുന്ന രംഗം 34: 32 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 26: 99 ൽ, നേതാക്കന്മാരായ കപടവിശ്വാസികളെക്കുറിച്ച് ഫാജിറുകളായ അനുയായികൾ 'ഞങ്ങളെ വഴിപിഴപ്പിച്ചവർ ഭ്രാന്തന്മാരല്ലാതെയല്ല' എന്ന് പറയുമെന്നും; 37: 32 ൽ, നിശ്ചയം ഞങ്ങൾക്ക് സ്വയം ലക്ഷ്യബോധം നഷ്ടപ്പെട്ടതുപോലെ ഞങ്ങൾ നിങ്ങളെയും ലക്ഷ്യബോധം നഷ്ടപ്പെടുത്തി എന്ന് കപടവിശ്വാസികൾ അനുയായികളായ ഫാജിറുകളോട് പറയുന്നതാണെന്നും; 37: 33 ൽ, അന്നേദിനം അവർ ശിക്ഷയിൽ പങ്കുകാരായിരിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 37: 34 ൽ, അപ്രകാരമാണ് നാം ഭ്രാന്തന്മാരോട് പ്രവർത്തിക്കുക എന്നും അല്ലാഹു പറഞ്ഞിട്ടുണ്ട്. ഭ്രാന്തന്മാരിൽ കപടവിശ്വാസികളായ നേതാക്കളും ഫാജിറുകളായ അനുയായികളും ഉൾപ്പെടുന്നതാണ്. 1: 7; 2: 165–167; 25: 18 വിശദീകരണം നോക്കുക.

56. നീ പറയുക: അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവരായവരെ സേവിച്ചുകൊണ്ടിരിക്കുന്നത് നിശ്ചയം ഞാൻ വിരോധിക്കപ്പെട്ടിരിക്കുന്നു; നീ പറയുക: ഞാൻ നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റുന്നവനല്ല, അങ്ങനെ ചെയ്യുന്ന പക്ഷം നിശ്ചയം ഞാൻ വഴികേടിലായി; ഞാൻ സന്മാർഗം പ്രാപിച്ചവരിൽ പെട്ടവനാവുകയുമില്ല.

അറബി ഖുർആൻ വായിക്കുകയും എന്നാൽ അല്ലാഹുവിനെ പ്രപഞ്ചനാഥനായി പരിഗണിക്കുകയും ചെയ്യാത്ത ഫുജ്ജാറുകളോടാണ് സന്മാർഗമായ അദ്ദിക്റിനെ സത്യപ്പെ

ടുത്തി ജീവിക്കുന്ന വിശ്വാസി ഇങ്ങനെ പറയേണ്ടത്. പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല എന്ന് ലോകരെ പരിചയപ്പെടുത്താൻ കടമപ്പെട്ട അവർ അത് ചെയ്യുന്നില്ല എന്ന് മാത്രമല്ല; 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ട് 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിന്റെ വരവിന് വേണ്ടി ധൃതി കാണിക്കുന്നവരുമാണ്. 5: 104 ൽ വിവരിച്ച പ്രകാരം ഇത്തരം ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണ്. 1: 4; 2: 62, 120–121; 3: 110 വിശദീകരണം നോക്കുക.

57. നീ പറയുക: നിശ്ചയം ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു വെളിപാടിൽ നിലകൊള്ളുന്നവനാണ്; എന്നാൽ നിങ്ങൾ ഇതിനെ കളവാക്കിയിരിക്കുന്നു, നിങ്ങൾ ഏതൊന്നിനെക്കൊണ്ടാണോ ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നത്, അത് എന്റെ പക്കലില്ല, നിശ്ചയം വിധികർതൃത്വം അല്ലാഹുവിനല്ലാതെയല്ല, അവനാണ് യാഥാർത്ഥ്യം വഴിക്കുവഴിയായി വിവരിച്ച് തരുന്നത്, സ്പഷ്ടമായ തീരുമാനമെടുക്കുന്നതിൽ അവൻ ഏറ്റവും ഉത്തമനുമാകുന്നു.

58. നീ പറയുക: നിങ്ങൾ ധൃതിപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്ന് നിശ്ചയം എന്റെ പക്കൽ ഉണ്ടായിരുന്നുവെങ്കിൽ എനിക്കും നിങ്ങൾക്കുമിടയിൽ എന്നോ തീരുമാനം കൽപിക്കുക തന്നെ ചെയ്യുമായിരുന്നു, അല്ലാഹു അക്രമികളെക്കുറിച്ച് ഏറ്റവും അറിയുന്നവനുമാകുന്നു.

54: 17 ൽ പറഞ്ഞ പ്രകാരം ഹൃദയം കൊണ്ട് മനസ്സിലാക്കാൻ എളുപ്പമാക്കിയ വെളിപാടും സത്യവും അദ്ദിക്റാണ്. പ്രവാചകനും വിശ്വാസികളും അദ്ദിക്റിനെ തെളിവായും പ്രകാശമായും സ്വീകരിച്ചവരാണ്. എന്നാൽ അദ്ദിക്ർ അറിഞ്ഞിട്ട് ജനങ്ങളിൽ നിന്ന് മൂടിവെക്കുന്ന കപടവിശ്വാസികളും അല്ലെങ്കിൽ അദ്ദിക്ർ എന്താണെന്നുപോലും അറിയാത്ത, അതിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഇത്തരം കപടവിശ്വാസികളെ പിൻപറ്റുന്ന വഴിപിഴച്ചവരും കള്ളവാദികൾ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളെ അവലംബിച്ച് ജീവിക്കുന്നവരും നരകത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒമ്പതിൽ പെട്ടവരാണ്.

'നിങ്ങൾ ഇതിനെ കളവാക്കുന്നു' എന്ന് പറഞ്ഞാൽ നിങ്ങൾ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നുവെന്നാണ്. പ്രവാചകന് നൽകപ്പെട്ട ഏറ്റവും വലിയ ദൃഷ്ടാന്തം –ദിവ്യാത്ഭുതം– ഖുർആനാണെന്ന് അഭിമാനം കൊള്ളുന്ന ഫുജ്ജാറുകൾ നാഥനിൽ നിന്നുള്ള അതിന്റെ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകളേക്കാളും ജൂതക്രൈസ്തവരേക്കാളും ദുഷിച്ചവരാണ്. അവർ ധൃതിപ്പെട്ട് ആവശ്യപ്പെട്ടുകൊണ്ടിരുന്നത് ഗ്രന്ഥം വാഗ്ദത്തം ചെയ്യുന്ന തീരുമാനം കൽപിക്കുന്ന അന്ത്യദിനമാണ്. നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ 'എന്നാണ് ആ വാഗ്ദത്തം നടപ്പിലാവുക' എന്ന് കാഫിറുകൾ വിശ്വാസികളോട് ചോദിക്കുന്നത് 10: 48; 21: 38; 27: 71; 32: 28; 34: 29; 36: 48; 67: 25 എന്നീ സൂക്തങ്ങളിൽ പറഞ്ഞത് ഫുജ്ജാറുകളാണ് വായിക്കുന്നത്. 10: 11 ൽ, ഇഹലോകത്ത് മനുഷ്യർ നന്മകൾക്ക് വേണ്ടി ധൃതികാണിക്കുന്നതുപോലെ അവർക്ക് തിന്മ വരുത്തുന്നതിൽ അല്ലാഹുവും ധൃതി കാണിക്കുകയാണെങ്കിൽ അവരുടെ പ്രവർത്തനാവധി എന്നോ അവസാനിച്ചിട്ടുണ്ടാകുമായിരുന്നു, അപ്പോൾ നമ്മെ കണ്ടുമുട്ടുമെന്ന് ആശിക്കാത്തവരെ അവരുടെ ധിക്കാരത്തിൽ ലക്ഷ്യബോധമില്ലാതെ വിഹരിക്കുന്നതിന് വേണ്ടി നാം അഴിച്ച് വിട്ടിരിക്കുകയാണ് എന്ന് പറഞ്ഞിട്ടുണ്ട്. 10: 19 ൽ, നിന്റെ നാഥനിൽ നി

ന്നുള്ള വചനം മുൻകടന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ അവർ ഭിന്നിച്ചിട്ടുള്ള വിഷയത്തിൽ അവർക്കിടയിൽ തീരുമാനം കൽപിക്കുക തന്നെ ചെയ്യുമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2: 147, 165–167; 4: 79–80; 6: 25–26 വിശദീകരണം നോക്കുക.

59. അദൃശ്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കലുമാകുന്നു, അവനല്ലാതെ ആരും അത് അറിയുന്നില്ല, അവൻ കരയിലുള്ള ഒന്നും കടലിലുള്ള ഒന്നും അറിയുന്നവനുമാകുന്നു, ഇലയിൽ നിന്ന് ഒന്നും കൊഴിയുന്നില്ല, അത് അവൻ അറിഞ്ഞിട്ടല്ലാതെ, ഭൂമിയുടെ ഇരുണ്ട മൂടുപടങ്ങളിൽ ഒരു ധാന്യമണിയുമില്ല, പച്ചയോ ഉണങ്ങിയതോ ആയ ഒന്നും തന്നെയില്ല –ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ പ്രപഞ്ചത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം 43: 2; 44: 2; 85: 21–22 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തി വെക്കുകയുണ്ടായി. 2: 2, 97, 255 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്ർ കഴിഞ്ഞുപോയതും ഇപ്പോൾ നടപ്പിലുള്ളതും വരാൻ പോകുന്നതുമായ എല്ലാ ഓരോ കാര്യത്തെക്കുറിച്ചും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥമാണ്. മനുഷ്യർക്ക് അറിവില്ലാത്ത ഏതൊരു കാര്യത്തെക്കുറിച്ചും ത്രികാലജ്ഞാനമായ അദ്ദിക്ർ അറിയുന്നയാളോട് ചോദിക്കണമെന്ന് 16: 43; 21: 7 സൂക്തങ്ങളിലൂടെ കൽപിച്ചിട്ടുണ്ട്. പ്രവാചകനും വിശ്വാസിയും 25: 58 ലെ നിഷ്പക്ഷവാനായ ത്രികാലജ്ഞാനിയെക്കുറിച്ച് ചോദിക്കേണ്ടത് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ രചയിതാവായ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയോടാണ്. 2: 284; 3: 79; 4: 133; 6: 38 വിശദീകരണം നോക്കുക.

60. രാത്രിയിൽ നിങ്ങളെ തിരിച്ചെടുക്കുന്നതും അവൻ തന്നെയാണ്, പകലിൽ നിങ്ങൾ എവിടെയെല്ലാമാണ് വിഹരിക്കുന്നതെന്നും അറിയുന്നവനാണവൻ, പിന്നെ നിങ്ങൾക്ക് വിധിച്ചിട്ടുള്ള ജീവിതാവധി പൂർത്തിയാക്കുന്നതിന് വേണ്ടി നിങ്ങളെ അതിലേക്കുതന്നെ പുനർജീവിപ്പിക്കുന്നു, പിന്നെ അവനിലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കം, പിന്നീട് നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്തായിരുന്നു എന്ന് അവൻ നിങ്ങളോട് വിവരം പറഞ്ഞുതരുന്നതുമാണ്.

രാത്രിയിൽ ഉറക്കത്തിൽ ആത്മാവിനെ പിടിച്ചെടുക്കുന്നതിനാണ് 'രാത്രിയിൽ നിങ്ങളെ തിരിച്ചെടുക്കുന്നത്' എന്ന് പറഞ്ഞത്. പിന്നെ നിശ്ചയിച്ച ആയുസ്സ് പൂർത്തിയാക്കുന്നതുവരെ ആത്മാവിനെ ശരീരത്തിലേക്കുതന്നെ തിരിച്ചയച്ച് പുനർജീവിപ്പിക്കുന്നു. 39: 42 ൽ, അല്ലാഹുവാണ് മരണസമയത്ത് ആത്മാവിനെ തിരിച്ചെടുക്കുന്നത്, മരിക്കാത്തവരുടെ ആത്മാവിനെ ഉറക്കത്തിലും തിരിച്ചെടുക്കുന്നു, മരണം വിധിച്ചവരുടെ ആത്മാവിനെ അവിടെ പിടിച്ചുവെക്കുകയും അല്ലാത്തവരുടെ ആത്മാവിനെ നിശ്ചയിക്കപ്പെട്ട ക്ലിപ്തമായ അവധി വരെ തിരിച്ചയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു, നിശ്ചയം അതിൽ ആലോചിക്കുന്ന ജനതക്ക് പാഠങ്ങൾ തന്നെയുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ഉറക്കത്തിലും മരണത്തിലും ആത്മാവിനെ അല്ലാഹു ശരീരത്തിൽ നിന്ന് തിരിച്ചെടുക്കുന്നു. മരണം നിശ്ചയിച്ചവർക്ക് അവരുടെ ജീവൻ കൂടി പിടിച്ചെടുക്കുകയും ആത്മാവിനെ തിരിച്ചയക്കാതിരിക്കുകയും ചെയ്യുന്നു. *ഉറക്കം ഒരു ചെറിയ മരണമാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഉറക്കത്തിൽ ആത്മാവ് മാത്രം ശരീരത്തിൽ നിന്ന് വേർപ്പെടുന്നു എങ്കിൽ മരണത്തിൽ ആത്മാവും ജീവനും കൂടിയ 'റൂഹ്' വേർപിരിയുന്നു. 32: 9 ൽ പറഞ്ഞ പ്രകാരം നാലാം മാസം ആവാഹിപ്പിച്ച റൂഹ് ശരീരത്തിൽ നിന്ന് വേർപ്പെടുന്നതിനെയാണ് മരണം എന്ന് പറയുന്നത്. ആ റൂഹ് പിടിച്ചെടുക്കുന്നതിന് ഒരു മലക്കി

നെ നിശ്ചയിച്ചിട്ടുണ്ടെന്നും, പിന്നെ നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് തിരിച്ചയക്കപ്പെടു മെന്നും 32: 11 ലും പറഞ്ഞിട്ടുണ്ട്.

ഓരോരുത്തരുടെയും പ്രവർത്തനങ്ങളെക്കുറിച്ച് നിഷ്പക്ഷവാനായ നാഥൻ വിധിദി വസം അവരോട് വിവരം പറയുകയില്ല, മറിച്ച് ഓരോരുത്തരുടെയും പിരടിയിൽ ബന്ധി ച്ചിട്ടുള്ള 17: 13-14; 18: 49; 23: 62-64; 36: 12; 45: 28-29; 58: 6; 78: 28-29 എന്നീ ഏഴ് സ്ഥലങ്ങ ളിൽ പറഞ്ഞ കർമരേഖ ഒരു തുറന്ന പുസ്തകമായി എടുത്തുകൊടുത്ത് 'നീ നിന്റെ ഗ്ര ന്ഥം വായിക്കുക, ഇന്നേദിനം നിന്റെ വിചാരണ നടത്താൻ നീ തന്നെ ഏറ്റവും മതിയായ വനാണ്' എന്ന് പറയുകയാണ് ചെയ്യുക. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും എ ന്നാൽ ജനങ്ങളോട് അദ്ദിക്റിനെക്കുറിച്ചോ അതിന്റെ 40 പേരുകളെക്കുറിച്ചോ ഒന്നും പറ യാത്ത ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് തങ്ങളുടെ കർമരേഖ പിറകിലൂടെ ഇടതുകൈയി ലാണ് ലഭിക്കുക. ഭ്രാന്തന്മാരായ അവരുടെ, കർമപുസ്തകത്തിൽ കൊത്തിവെച്ചുകൊ ണ്ടിരിക്കുന്നത് 38: 24 ൽ വിവരിച്ച പ്രകാരം പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവ യവങ്ങളാണ്. 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾക്ക് ഹീനമായ ശി ക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്ന് പറഞ്ഞത് കൊണ്ടുദ്ദേശിക്കുന്നത് 6: 28 ൽ വിവരിച്ച പ്രകാ രം സൂചി കുത്താൻ പോലും സ്ഥലമില്ലാത്ത നരകക്കുണ്ഠത്തിൽ അവർ ഓരോരുത്തരു ടെയും കർമപുസ്തകത്തിൽ കൊത്തിവെച്ചിട്ടുള്ള ലൈംഗികാവയവങ്ങളിൽ കുത്തിത്തി രുകി ഒറ്റ പിണ്ഡമായിട്ടാണ് കഴിയേണ്ടിവരിക എന്നാണ്. വിശ്വാസികളുടെ സംഘമില്ലാ ത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരി ക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഉറങ്ങാൻ കിടക്കുമ്പോൾ, *അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവി ക്കുകയും ചെയ്യുന്നു, എന്റെ ആത്മാവിനെ നീ അവിടെ പിടിച്ചുവെക്കുകയാണെങ്കിൽ അ തിനെ നീ അനുഗ്രഹിക്കേണമേ, അല്ല, നീ അതിനെ തിരിച്ചയക്കുകയാണെങ്കിൽ അതി നെ നീ സജ്ജനങ്ങളായ നിന്റെ അടിമകളുടെ ആത്മാവിനോടൊപ്പം സൂക്ഷിക്കുകയും ചെയ്യേണമേ* എന്ന് പ്രാർത്ഥിക്കാനും, ഉറക്കത്തിൽ നിന്ന് ഉണരുമ്പോൾ '*ഞങ്ങളുടെ മര ണത്തിനുശേഷം ഞങ്ങളെ ജീവിപ്പിച്ച അല്ലാഹുവിനാണ് സ്തുതി, അവനിലേക്ക് തന്നെ യാണ് ഞങ്ങളെല്ലാവരും അവസാനം പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടപ്പെടുക*' എന്നും പ്രാ ർത്ഥിക്കാൻ പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഒറ്റക്കാണെങ്കി ലും ഞങ്ങൾ എന്നുപറയുന്നത് ജിന്നുകൂട്ടുകാരനെ അല്ലെങ്കിൽ കൂട്ടുകാരിയെ ഉദ്ദേശിച്ചാ ണ്. 2: 28; 4: 1; 5: 105 വിശദീകരണം നോക്കുക.

61. തന്റെ അടിമകളുടെമേൽ അവന് തികഞ്ഞ അധികാരമുണ്ട്; അവൻ നിങ്ങളു ടെമേൽ സൂക്ഷിപ്പുകാരായ മേൽനോട്ടക്കാരെ അയക്കുകയും ചെയ്യുന്നു, അ ങ്ങനെ നിങ്ങളിൽ ഒരുവന് മരണം ആസന്നമായാൽ നമ്മുടെ ദൂതന്മാർ അവന്റെ റൂഹ് പിടിച്ചെടുക്കുന്നു, അവരുടെ കർത്തവ്യനിർവ്വഹണത്തിൽ അവർ ഒട്ടും വീഴ്ച വരുത്തുന്നുമില്ല.

62. പിന്നെ അവരെല്ലാവരും അവരുടെ യഥാർത്ഥ യജമാനനായ അല്ലാഹുവിലേക്ക് മടക്കപ്പെടുന്നു; അറിഞ്ഞിരിക്കുക, അവനാണ് വിധികർതൃത്വം, അവൻ വിചാ രണ ചെയ്യുന്നവരിൽ ഏറ്റവും വേഗത കൂടിയവനുമാകുന്നു.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ 10: 61 ൽ വിവരിച്ച പ്രകാരം അവൻ തന്നെ സൂക്ഷിപ്പ് ഏറ്റെടുത്ത ത്രികാലജ്ഞാനമായ അദ്ദിക്റിൽ പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ ഓരോ കാര്യവും രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 6: 165 ൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ

സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നാഥന്റെ പ്രതിനിധിയായി ഭൂമിയിലേക്ക് നിയോഗിച്ചയച്ചത് അവരവർക്ക് നൽകിയതിൽ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്.

മനുഷ്യന് നാഥന്റെ വഴി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും പിശാചിന്റെ വഴികൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ടെന്ന് 76: 3 ൽ പറഞ്ഞിട്ടുണ്ട്. വിശ്വാസി 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ തന്റെ ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അതുവഴി 86: 4 ൽ പറഞ്ഞ പ്രകാരം വിശ്വാസിയായ ജിന്നുകൂട്ടുകാരനും വിശ്വാസിയായ നാഥന് ചുറ്റുമുള്ള മലക്കുകളും അവന്റെ സംരക്ഷകരാകുന്നു. 13: 11 ൽ, ഓരോരുത്തരുടെയും മുന്നിലും പിന്നിലും അവനുവേണ്ടി നിയുക്തരായ പാറാവുകാരുണ്ട്, അവർ അല്ലാഹുവിന്റെ കൽപന പ്രകാരം അവനെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു; നിശ്ചയം ഒരു ജനത അവരുടെ അവസ്ഥ അവർ സ്വയം മാറ്റാതെ അല്ലാഹു മാറ്റുകയില്ല, അല്ലാഹു ഒരു ജനതക്ക് ഒരു ദോഷം ഉദ്ദേശിച്ചാൽ അപ്പോൾ അവനിൽ നിന്ന് അതിനെ തട്ടിനീക്കുന്നവരില്ല, അവർക്ക് അവനെക്കൂടാതെ രക്ഷകരിൽ നിന്ന് ആരും തന്നെയില്ല എന്ന് പറഞ്ഞിട്ടുണ്ട്.

എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. അവൻ മരണസമയത്ത് ആത്മാവുകൊണ്ട് നാഥനെ പ്രസന്നവദനനായി കണ്ടുകൊണ്ട് മരണപ്പെടുമെന്ന് 75: 22–23 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകൾ അവരുടെ ആത്മാവിനെതിരെ കാഫിറുകളാണെന്ന് സാക്ഷ്യം വഹിച്ചുകൊണ്ടും, ദുഃഖത്തോടുകൂടി കാഫിറായ പിശാചിനെ കണ്ടുകൊണ്ടും ജീവൻ വെടിയുന്നതാണെന്ന് 7: 37; 69: 50; 75: 24 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. മലക്കുകളിൽ നിന്നുള്ള ദൂതന്മാരാണ് റൂഹിനെ ശരീരത്തിൽ നിന്ന് പിടിച്ചെടുത്ത് മരിപ്പിക്കുന്നത്. 66: 6 ൽ, നരകത്തിന്മേൽ പരുഷന്മാരും നിഷ്ഠൂരന്മാരുമായ മലക്കുകളാണുള്ളത്, അല്ലാഹു അവരോട് കൽപിച്ചതെന്തോ, അത് അവർ ധിക്കരിക്കാത്തവരും അവരോട് കൽപിക്കപ്പെടുന്നതെന്തോ അത് പ്രാവർത്തികമാക്കുന്നവരുമാകുന്നു എന്നാണ് മലക്കുകളുടെ സ്വഭാവമായി പറഞ്ഞിട്ടുള്ളത്. *ഓരോ മനുഷ്യനും പകൽ 10 മലക്കുകളെക്കൊണ്ടും രാത്രി 10 മലക്കുകളെക്കൊണ്ടും ഏൽപിക്കപ്പെട്ടവനാണെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് 'അല്ലാഹ്' എന്ന സ്മരണയുണ്ടായിരിക്കുമ്പോൾ മാത്രമാണ് മലക്കുകൾ സൂക്ഷിപ്പുകാരായി ഉണ്ടാവുക. അല്ലാഹുവിനെ മറന്ന അവസ്ഥയിൽ ജിന്നുകൂട്ടുകാരനായ പിശാചാണ് കൂടെയുണ്ടാവുക. ആപത്തുകൾ സംഭവിക്കുന്നത് അപ്പോഴാണ്. 2: 110, 152, 286; 3: 199, 4: 78–79 വിശദീകരണം നോക്കുക.

63. നീ ചോദിക്കുക: കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിന്ന് ആരാണ് നിങ്ങളെ രക്ഷപ്പെടുത്തുക? –നിങ്ങൾ വിനീതരായി എളിമയോടും ഉള്ളിന്റെയുള്ളിൽ ഭയത്തോടും കൂടി, ഈ ആപത്തിൽ നിന്ന് നീ ഞങ്ങളെ രക്ഷപ്പെടുത്തിയാൽ നിശ്ചയം ഞങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരിൽ പെട്ടവർ തന്നെയായിരിക്കുമെന്ന് പ്രാർത്ഥിക്കുമ്പോൾ!

64. നീ പറയുക: അല്ലാഹുവാണ് നിങ്ങളെ അതിൽ നിന്നും രക്ഷപ്പെടുത്തുന്നത്, എല്ലാ ഓരോ ക്ലേശത്തിൽ നിന്നും, പിന്നെയും നിങ്ങൾ അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ തന്നെയാകുന്നു.

കരയിലെ വിശാലമായ മരുഭൂമിയിൽ അന്ധകാരങ്ങളിൽ പെടുമ്പോൾ അതിൽ നിന്ന്

രക്ഷപ്പെടുത്തുന്നതും വിശാലമായ സമുദ്രത്തിൽ വഴിയറിയാതെ ഉഴലുമ്പോൾ രക്ഷപ്പെടുത്തുന്നതും അല്ലാഹുവാണ്. ഇത്തരം സന്ദർഭങ്ങളിൽ എല്ലാവരും ഉടമയായ സ്രഷ്ടാവിലേക്ക് തന്നെ അഭയം തേടിക്കൊണ്ടും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും ജീവിതം മുഴുവൻ അവന് സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നതുമാണ്. എന്നാൽ വിശ്വാസികളോട് പ്രഭാത പ്രദോഷഭേദമന്യേ എപ്പോഴും നാവുകൊണ്ട് 'അല്ലാഹ്' എന്ന് വിളിക്കാതെ തങ്ങളുടെ ആത്മാവുകൊണ്ട് എളിമയോടുകൂടിയും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും അല്ലാഹുവിനെ സ്മരിക്കാനാണ് 7: 55, 205 എന്നീ സൂക്തങ്ങളിൽ കൽപിച്ചിട്ടുള്ളത്. 16: 15–16 സൂക്തങ്ങളിൽ, അവൻ നിങ്ങളുടെ സന്മാർഗത്തിനുവേണ്ടി വിവിധ അടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ട്, നക്ഷത്രങ്ങൾ വഴിയും –അവർ സന്മാർഗത്തിലാകുന്നുണ്ടല്ലോ എന്ന് പറഞ്ഞിട്ടുണ്ട്. ഐഹികജീവിതത്തിൽ കരയിലും കടലിലുമുള്ള അന്ധകാരങ്ങളിൽ നിന്നാണ് നക്ഷത്രങ്ങൾ വഴിയും മറ്റ് അടയാളങ്ങൾ വഴിയും രക്ഷപ്പെടുന്നതെങ്കിലും ആ സംവിധാനം ഏർപ്പെടുത്തിയ സ്രഷ്ടാവിനെ കണ്ടെത്തി സന്മാർഗത്തിലാകാൻ മുൻകാലങ്ങളിൽ അത് ഇടയാക്കിയിരുന്നു. എന്നാൽ ഇക്കാലത്ത് ഇത്തരം അന്ധകാരങ്ങളിൽ അകപ്പെടുന്ന സാഹചര്യങ്ങൾ അപൂർവ്വമായതിനാലും മനുഷ്യനിർമ്മിതമായ സംവിധാനങ്ങൾ ഉള്ളതിനാലും പ്രകൃതിയിലുള്ള സംവിധാനങ്ങളിലേക്ക് ശ്രദ്ധ തിരിയുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുക വഴി പ്രപഞ്ചത്തിന്റെ സംവിധായകനെ കണ്ടെത്തി സന്മാർഗത്തിലാകുന്നവർ വിരളമാണ്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള നാഥനിൽ നിന്നുള്ള സന്മാർഗമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ഏകനായ അല്ലാഹുവിനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം പൂർത്തീകരിക്കാത്ത ഫുജ്ജാറുകൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും പിശാചിന് വിധേയമായവരുമാണ്.

അദ്ദിക്ർ അറിഞ്ഞിട്ട് ഇത്തരം സൂക്തങ്ങളെല്ലാം മൂടിവെക്കുന്ന കപടവിശ്വാസികളും അദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാതെ അല്ലാഹുവിനെ പരിഗണിക്കേണ്ട വിധം പരിഗണിക്കാതെ അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കുന്നവരാണെന്ന് ദുരഭിമാനം കൊള്ളുന്ന ഫാജിറുകളുമടങ്ങിയ ഫുജ്ജാറുകളാണ് ഗ്രന്ഥം കിട്ടാത്ത തൊടാത്ത കേൾക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളേക്കാൾ ഇന്ന് ലോകത്തെവിടെയും അന്ധകാരങ്ങളിൽ ജീവിക്കുന്നത്. അവരെ ശിക്ഷിക്കാൻ വേണ്ടിത്തന്നെയാണ് *അമാനത്താ*യ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72–73; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 135; 3: 190–191; 4: 48; 7: 179 വിശദീകരണം നോക്കുക.

65. നീ പറയുക: അവൻ നിങ്ങളുടെ മേൽ നിങ്ങളുടെ മുകളിൽ നിന്ന് അല്ലെങ്കിൽ നിങ്ങളുടെ കാലുകൾക്കടിയിൽ നിന്ന് ശിക്ഷ നടപ്പിലാക്കുന്നതിന്, അല്ലെങ്കിൽ നിങ്ങളെ വിവിധ കക്ഷികളായി ഭിന്നിപ്പിച്ച് നിങ്ങളിൽ ഒരു വിഭാഗത്തെക്കൊണ്ട് മറ്റൊരു വിഭാഗത്തെ പീഡനമേൽപ്പിക്കുന്നതിനും തികച്ചും കഴിവുള്ളവൻ തന്നെയാകുന്നു; നീ നോക്കുക: എപ്രകാരമെല്ലാമാണ് നാം നമ്മുടെ സൂക്തങ്ങൾ വിശദീകരിച്ച് കൊടുക്കുന്നത് –അവർ ജീവിതലക്ഷ്യം ഗ്രഹിക്കുന്നവരാകണം എന്നതിന് വേണ്ടി.

പ്രളയം, കൊടുങ്കാറ്റ്, ഭൂമികുലുക്കം, ക്ഷാമം, വരൾച്ച തുടങ്ങിയ പ്രകൃതി വിപത്തുകൾ കൊണ്ടും അല്ലെങ്കിൽ വിവിധ സംഘടനകളായി ഭിന്നിപ്പിച്ച് ഒരു വിഭാഗത്തെക്കൊണ്ട് മറ്റൊരു വിഭാഗത്തെ ഏറ്റുമുട്ടിപ്പിച്ച് ശിക്ഷിക്കാനും കഴിവുള്ളവനാണ് അല്ലാഹു എന്നാണ് ഈ സൂക്തം പഠിപ്പിക്കുന്നത്. ഇപ്രകാരം സൂക്തങ്ങൾ വിശദീകരിക്കുന്നത് ജീവിതലക്ഷ്യം മനസ്സിലാക്കി അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പി

ടിച്ച് ഭിന്നിക്കാതെ ഒറ്റ സംഘമായി, വിജയം വരിക്കുന്ന അല്ലാഹുവിന്റെ ഏകസംഘത്തിൽ നിലകൊള്ളുന്നതിന് വേണ്ടിയാണ്. 5: 56; 58: 22 എന്നീ സൂക്തങ്ങൾ പ്രകാരം ഇസ്ലാമിൽ ആദം മുതൽ അന്ത്യനാൾ വരെയുള്ള മനുഷ്യരിൽ വിശ്വാസികളുടെ ഒറ്റസംഘം മാത്രമാണ് സത്യത്തിലുള്ളത്. അറബി ഖുർആൻ വായിക്കുന്ന 1000 ത്തിൽ 999 ഫുജ്ജാറുകളും കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ട 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരേക്കാൾ കൂടുതൽ സംഘങ്ങളായി ഭിന്നിച്ചിട്ടുള്ളവരും പരസ്പരം കലഹിക്കുന്നവരുമാണ്. 2: 6–7, 113; 6: 47; 9: 67–68 വിശദീകരണം നോക്കുക.

66. നിന്റെ ജനത അതിനെ കളവാക്കി തള്ളിപ്പറഞ്ഞിരിക്കുന്നു, അതാകട്ടെ സത്യം തന്നെയാകുന്നു; നീ പറയുക: ഞാൻ നിങ്ങളുടെമേൽ കൈകാര്യകർത്താവൊന്നുമല്ല.

ഈ സൂക്തത്തിലുൾപ്പെടെ 256 സൂക്തങ്ങളിൽ പറഞ്ഞ 'സത്യം' അദ്ദിക്ർ തന്നെയാണ്. പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകളെപ്പോലെ അദ്ദിക്റിനെ തള്ളിപ്പറയുന്ന ജനത ഇന്ന് ലോകരിൽ 25: 18 ലും 48: 12 ലും കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട, 62: 5 ൽ പറഞ്ഞ പ്രകാരം ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. 41: 41–42 സൂക്തങ്ങളിൽ അദ്ദിക്ർ മിഥ്യകലരാത്ത അജയ്യഗ്രന്ഥമാണ് എന്നും; 3: 58 ൽ യുക്തിനിർഭരമായ ഗ്രന്ഥമാണെന്നും; 25: 33 ൽ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമാണെന്നും വായിക്കുന്നവരാണ് അവർ. അങ്ങനെ അവർ തൊട്ട, കണ്ട, കേട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരെ വാദിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. അല്ലാതെ നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ ആക്കുകയില്ല. 31: 30 ൽ, അല്ലാഹു, അവൻ തന്നെയാണ് സത്യം എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ ആരാണോ അദ്ദിക്റിനെ ഇവിടെവെച്ച് ത്രാസ്സായി ഉപയോഗപ്പെടുത്തിയത്, അവർ മാത്രമാണ് അദ്ദിക്റിനെ ത്രാസ്സായി ഉപയോഗപ്പെടുത്തി വിചാരണ നടത്തുന്ന വിധിദിവസം വിജയം വരിക്കുക. 39: 62 ൽ, അല്ലാഹുവാണ് എല്ലാ ഓരോ വസ്തുവിനെയും സൃഷ്ടിച്ചത്, അവൻ എല്ലാ ഓരോ കാര്യത്തിന്റെയും കൈകാര്യകർത്താവുമാണ് എന്നും; 39: 41 ൽ, നിശ്ചയം, നാം നിന്റെമേൽ ഈ ഗ്രന്ഥം അവതരിപ്പിച്ചത് ലക്ഷ്യത്തോടുകൂടി ജനങ്ങൾക്ക് വേണ്ടിയാണ്, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തി സന്മാർഗം പ്രാപിച്ചത്, അതിന്റെ ഗുണം അവനുതന്നെയാണ്, ആരാണോ അതുകൊള്ളെ വഴികേടിലായത്, അതിന്റെ ദോഷം ആ ആത്മാവിന് തന്നെയാണ്, നീ അവരുടെ കൈകാര്യകർത്താവൊന്നുമല്ല എന്ന് പറഞ്ഞിട്ടുണ്ട്. 10: 108 ൽ അല്ലാഹു പ്രവാചകനോട് പറയാൻ കൽപിക്കുന്നു: ഓ മനുഷ്യരേ! നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം നിങ്ങൾക്ക് വന്നുകഴിഞ്ഞു, അപ്പോൾ ആരാണോ അത് ഉപയോഗപ്പെടുത്തി സന്മാർഗത്തിലായത്, അവൻ സ്വന്തത്തിനുവേണ്ടി തന്നെയാണ് സന്മാർഗത്തിലായത്, ആരാണോ അതുകൊള്ളെ വഴികേടിലായത്, അപ്പോൾ അതിന്റെ ദോഷം ആ ആത്മാവിന് തന്നെയാണ്, ഞാൻ നിങ്ങളുടെ കൈകാര്യകർത്താവൊന്നുമല്ല. 2: 119; 4: 150–151; 8: 22 വിശദീകരണം നോക്കുക.

67. എല്ലാ ഓരോ വൃത്താന്തവും പ്രത്യക്ഷമാകുന്നതിന് ഒരു നിശ്ചിത സന്ദർഭമു

ണ്ട്; അടുത്തുതന്നെ നിങ്ങൾ അത് അറിയുക തന്നെ ചെയ്യുന്നതുമാണ്.

അദ്ദിക്റിന്റെ ഭാവിപ്രവചനങ്ങൾ അഥവാ വൃത്താന്തങ്ങൾ നടപ്പിൽ വരുന്നതിന് ത്രികാലജ്ഞാനിയായ നാഥൻ ഒരു നിശ്ചിത സമയം നേരത്തെത്തന്നെ നിശ്ചയിച്ച് വെച്ചിട്ടുണ്ട്. അദ്ദിക്ർ സത്യമാണ് എന്ന് വ്യക്തമാകുന്നതുവരെ ദിഗന്തങ്ങളിലും മനുഷ്യരിൽ തന്നെയും നമ്മുടെ സൂക്തങ്ങൾ നാം വെളിപ്പെടുത്തുക തന്നെ ചെയ്യുമെന്ന് 41: 53 ൽ പറഞ്ഞിട്ടുണ്ട്. 3: 7; 6: 4–5; 38: 29 വിശദീകരണം നോക്കുക.

68. നമ്മുടെ സൂക്തങ്ങളെ പരിഹസിച്ചുകൊണ്ടിരിക്കുന്നവരെ നീ കാണാനിടയായാൽ അപ്പോൾ നീ അവരെത്തൊട്ട് അകന്നുപോകുക –അവർ അതല്ലാത്ത മറ്റു സംസാരങ്ങളിൽ ഏർപ്പെടുന്നതുവരെ, പിശാച് നിന്നെ അതിനെത്തൊട്ട് മറപ്പിക്കുകയാണെങ്കിൽ അപ്പോൾ നീ ഓർമ്മ വന്നതിന് ശേഷം അത്തരം അക്രമികളായ ജനതയോടൊപ്പം ഇരിക്കാൻ പാടുള്ളതല്ല.

സ്പഷ്ടമായ ഗ്രന്ഥത്തെ വളച്ചൊടിച്ചുകൊണ്ടും മൂടിവെച്ചുകൊണ്ടും പരിഹസിച്ചുകൊണ്ടും സംസാരിക്കുന്ന കപടവിശ്വാസികളെയും അത് കേട്ടിരിക്കുന്ന കാഫിറുകളെയുമാണ് ഇവിടെ അക്രമികൾ എന്ന് പറഞ്ഞിരിക്കുന്നത്. ഇത്തരം അക്രമികൾക്ക് അദ്ദിക്ർ നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 17: 82 ലും; മുശ്രിക്കുകളും കപടവിശ്വാസികളുമായ ഇത്തരം അക്രമികൾ മാലിന്യമാണെന്ന് യഥാക്രമം 9: 28, 95 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കേൾക്കാൻ തയ്യാറാകാത്ത ബധിരരും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ ഇവരെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ദുഷ്ടജീവികൾ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളതെങ്കിൽ; ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഇക്കൂട്ടർ അവരുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണ് എന്നാണ് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ വിശ്വാസികൾക്ക് അത്തരം സദസ്സുകളിൽ ഇരിക്കാൻ മാത്രമല്ല, നിൽക്കാൻ പോലും അനുവാദമില്ല. അഥവാ പിശാചിന്റെ പ്രേരണയാൽ അവിടെ നിൽക്കാനിടയായാൽ ഓർമ്മവരുമ്പോൾ അത്തരം രംഗങ്ങൾ വിട്ടകന്ന് പോകണമെന്നാണ് സൂക്തത്തിലൂടെ കൽപിക്കുന്നത്. 2: 254; 3: 101–103; 4: 140; 10: 17; 32: 22 വിശദീകരണം നോക്കുക.

69. സൂക്ഷ്മാലുക്കളായവരുടെ വിചാരണയിൽ നിനക്ക് ഉത്തരവാദിത്തമൊന്നുമില്ല; എന്നാൽ ഉണർത്തുക –അവർ സൂക്ഷ്മതയുള്ളവർ ആകുന്നതിന് വേണ്ടി.

ആർക്കാണോ സത്യമായ അദ്ദിക്ർ വന്നുകിട്ടുകയും അതിനെ സത്യപ്പെടുത്തേണ്ടവിധം സത്യപ്പെടുത്തുകയും ചെയ്തത്, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മാലുക്കളെന്ന് 39: 33 ൽ പറഞ്ഞിട്ടുണ്ട്. സർവ്വലോകർക്കുമുള്ള ഉണർത്തലായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കുഫ്ഫാറുകളോടും കപടവിശ്വാസികളോടും ഒറ്റപ്പെട്ട വിശ്വാസി അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യേണ്ടതാണ്. പ്രപഞ്ചനാഥനെയും ജീവിതലക്ഷ്യത്തെയും പരിചയപ്പെടുത്താനും മനുഷ്യരുടെ ഐക്യം സ്ഥാപിതമാകാനും ലക്ഷ്യം വെച്ച് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കലും സൂക്ഷ്മാലുക്കളുടെ ബാധ്യതയാണ്. 2: 2, 143; 3: 159; 4: 63, 91; 7: 164 വിശദീകരണം നോക്കുക.

70. തങ്ങളുടെ ജീവിതത്തെ കളിയും തമാശയുമായി തെരഞ്ഞെടുത്തവരായവരെ

നീ വെടിയുകയും ചെയ്യുക -ഭൗതികജീവിതം കൊണ്ട് വഞ്ചിക്കപ്പെട്ടവരെയും, ഒരു ആത്മാവും അവൾ സമ്പാദിച്ചതിൽ നിരാശപ്പെടാതിരിക്കാൻ വേണ്ടി അതു കൊണ്ട് ഓർമ്മിപ്പിക്കുകയും ചെയ്യുക, അന്ന് അല്ലാഹുവിനെക്കൂടാതെ യാതൊരു രക്ഷകനോ സഹായിയോ ശുപാർശകനോ അവൾക്ക് അവിടെ ഉണ്ടാവുകയില്ല, തനിക്ക് സാധ്യമാകുന്ന സാധനങ്ങളെന്തും പകരം തെണ്ടം നൽകി രക്ഷപ്പെടാമെന്നുവെച്ചാൽ അതും ആ ആത്മാവിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല, അക്കൂട്ടരാണ് അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നതിന്റെ പേരിൽ നിരാശപ്പെടുന്നവരായവർ, സത്യത്തെ മൂടിവെച്ചുകൊണ്ടിരുന്നതിനാൽ അവർക്ക് തിളച്ചുമറിയുന്ന വെള്ളത്തിൽ നിന്നുള്ള പാനീയവും വേദനാജനകമായ ശിക്ഷയുമാണുള്ളത്.

3: 196-197 സൂക്തങ്ങളുടെ കൽപന ഉൾക്കൊണ്ട പ്രവാചകനും വിശ്വാസിയും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളുടെ ലക്ഷ്യബോധമില്ലാത്ത ജീവിത ശൈലിയിലേക്ക് ആകൃഷ്ടരാവുകയില്ല. കാരണം അവർ ഇവിടെ കുറച്ചുകാലം സുഖിച്ച് നരകക്കുണ്ഠത്തിലേക്ക് പോകാനുള്ളവരാണ്. 6: 36 ൽ വിവരിച്ച പ്രകാരം ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ കൊണ്ട് അവരെ ഉണർത്തൽ വിശ്വാസിയുടെ ബാധ്യതയാണ്. സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചയച്ചിട്ടുള്ളത് 3: 136; 5: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആരാണ് ഇവിടെ നാലാം ഘട്ടത്തിൽ വെച്ച് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം സമ്പാദിക്കുക എന്ന് പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. 2: 48, 286; 3: 30, 90-91; 5: 57 വിശദീകരണം നോക്കുക.

71. നീ ചോദിക്കുക: അല്ലാഹുവിനെക്കൂടാതെ ഞങ്ങൾക്ക് ഉപകാരമോ ഞങ്ങൾക്ക് ഉപദ്രവമോ വരുത്താൻ സാധിക്കാത്തവരെ ഞങ്ങൾ വിളിച്ചുപ്രാർത്ഥിക്കുകയോ, അല്ലാഹു ഞങ്ങളെ സന്മാർഗത്തിലാക്കിയതിന് ശേഷം ഇനി ഞങ്ങൾ മുട്ടുമടക്കി പിന്നോട്ട് പിന്തിരിഞ്ഞുപോവുകയോ, പിശാചുക്കളാൽ പിന്തുടരപ്പെട്ട് പരിഭ്രാന്തനായി ലക്ഷ്യം നഷ്ടപ്പെട്ട് ഭൂമിയിൽ അലയുന്ന ഒരുവനെപ്പോലെ ഞങ്ങൾ ആവുകയോ, അവന്റെ കൂട്ടുകാർ അവനെ 'ഇങ്ങോട്ട്, ഞങ്ങളുടെ അടുത്തുള്ള സന്മാർഗത്തിലേക്ക് വരൂ' എന്ന് വിളിക്കുന്നുമുണ്ട്; നീ പറയുക: നിശ്ചയം അല്ലാഹുവിന്റെ സന്മാർഗം -അതുമാത്രമാണ് സന്മാർഗം, ഞങ്ങൾ സർവ്വലോകങ്ങളുടെയും നാഥന് സർവ്വസ്വം സമർപ്പിക്കുന്നതിന് വേണ്ടി കൽപിക്കപ്പെട്ടവരുമാകുന്നു.

35: 32 ൽ പറഞ്ഞ ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് 32: 4 ൽ പറഞ്ഞ പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് ഹൃദയത്തിന്റെ ഭാഷയിൽ മനുഷ്യരെ ഓർമപ്പെടുത്തൽ. എന്നാൽ ഇത്തരം സൂക്തങ്ങളെല്ലാം ഇന്ന് അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ പ്രസ്തുത ദൗത്യം നിർവ്വഹിക്കുന്നില്ല. ഇന്ന് ലോകത്തെവിടെയും അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെ ഒരു സംഘമില്ല, മറിച്ച് ഫുജ്ജാറുകളുടെ വിവിധ സംഘടനകളാണുള്ളത്. 14: 28-29 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ നാഥനിൽ നിന്നുള്ള ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് അവരുടെ അനുയായികൾക്ക് നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുത്തിരിക്കുകയാണ്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട കപടവിശ്വാസികളെയും പ്രജ്ഞയറ്റ അവരുടെ അനുയായിക

ളെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് 7: 175–176 സൂക്തങ്ങളിൽ ഉപമിച്ചിട്ടുള്ളത്. 2: 2, 38, 185; 7: 52, 203; 16: 44; 45: 11 തുടങ്ങി 80 സൂക്തങ്ങളിൽ പറഞ്ഞ സന്മാർഗം അദ്ദിക്റാണ്. 3: 102 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അവൻ മാത്രമേ നാഥന് സർവസ്വം സമർപ്പിച്ച അവസ്ഥയിൽ മുസ്‌ലിമായി മരണപ്പെടുകയുള്ളൂ. 4: 118 ൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ മുഴുവനും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പോകാനുള്ളവരാണ്. 2: 120–121, 275; 3: 193–194 വിശദീകരണം നോക്കുക.

72. നമസ്കാരം കൃത്യമായി നിലനിർത്താനും അവനെ സൂക്ഷിക്കാനും ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു, അവനിലേക്കുതന്നെയാണ് നിങ്ങൾ പുനർജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടപ്പെടുന്നതും.

വിശ്വാസിയോട് മാത്രമാണ് നമസ്കാരം കൽപിച്ചിട്ടുള്ളത്. 2: 2–5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം *ദിക്റ്* എന്ന ഗ്രന്ഥം നിലനിർത്താനാണ് നമസ്കാരം. 18: 101 ൽ പറഞ്ഞ പ്രകാരം കാഴ്ചയുണ്ടായിട്ടും *ദിക്റ്* എന്ന ഗ്രന്ഥം കാണാത്തവരും കേൾവിയുണ്ടായിട്ടും *ദിക്റ്* കേൾക്കാത്തവരുമായ ഫുജ്ജാറുകളാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിനും കർമങ്ങൾ സ്വീകരിക്കപ്പെടുന്നതിനും 2: 186 ൽ രണ്ട് ഉപാധികൾ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവിനെ ശുദ്ധീകരിക്കാതെയും നാഥന്റെ സ്മരണയില്ലാതെയുമാണ് നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അപ്പോൾ അവർക്ക് 2: 110; 4: 142–143 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ് പിഴയായി ലഭിക്കുക. ഹീനമായ ശിക്ഷ ഒരുക്കിവെച്ചിട്ടുള്ള യഥാർത്ഥ കാഫിറുകളായ അവർ 22: 18 ൽ പറഞ്ഞ പ്രകാരം ആത്മാവ് പങ്കെടുക്കാത്ത ജഡം കൊണ്ടുള്ള നമസ്കാരങ്ങളിൽ ശിക്ഷ ബാധകമായി സാഷ്ടാംഗപ്രണാമം ചെയ്യുന്നവരാണ്. 7: 205–206 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ അദ്ദിക്ർ വായിക്കുകയോ തിലാവത്തിന്റെ സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയോ ചെയ്യാത്തവരുമാണ്. 2: 62, 152, 238–239; 3: 200; 8: 2–4 വിശദീകരണം നോക്കുക.

73. അവൻ തന്നെയാണ് ആകാശങ്ങളെയും ഭൂമിയെയും ലക്ഷ്യത്തോടുകൂടി സൃഷ്ടിച്ചിട്ടുള്ളത്, ഒരു നാളിൽ അവൻ പറയുന്നതുമാണ് 'ഉണ്ടാവുക', അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു, അവന്റെ വാക്ക് സത്യം തന്നെയാണ്, സ്വൂർ എന്ന കാഹളത്തിൽ ഊതപ്പെടുന്ന നാളിൽ അവനാകുന്നു ആധിപത്യം; ഒളിഞ്ഞതും തെളിഞ്ഞതും അറിയുന്നവൻ, അവൻ യുക്തിജ്ഞനായ ത്രികാലജ്ഞാനി തന്നെയുമാകുന്നു.

പ്രപഞ്ചനാഥനായ അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് 5: 48; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മനുഷ്യന് നൽകിയിട്ടുള്ളതിൽ അവനെ പരീക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. 3: 191 ൽ, ഞങ്ങളുടെ നാഥാ! ഇതൊക്കെയും നീ വ്യർത്ഥമായി സൃഷ്ടിച്ചതല്ല എന്ന് അല്ലാഹുവിനെ സദാ സ്മരിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമാന്മാർ സമ്മതിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. നാം ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും വിനോദമായി സൃഷ്ടിച്ചിട്ടുള്ളതല്ല എന്ന് 44: 38–39 സൂക്തങ്ങളിലും; ആകാശങ്ങളെയും ഭൂമിയെയും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് ലക്ഷ്യത്തോടുകൂടിയാണ് -എല്ലാ ഓരോ ആത്മാവിനും അവൾ സമ്പാദിച്ചതിന് പ്രതിഫലം നൽകുന്നതിന് വേണ്ടി; അവർ അനീതി കാണിക്ക

പ്പെടുന്നവരാവുകയുമില്ല എന്ന് 45: 22 ലും; നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചുവെന്നും നിങ്ങൾ ഒരിക്കലും നമ്മിലേക്ക് മടക്കപ്പെടുകയില്ല എന്നും നിങ്ങൾ കണക്ക് കൂട്ടിവെച്ചിരുന്നുവോ എന്ന് പരലോകത്തുവെച്ച് ചോദിക്കുമെന്ന് 23: 115 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1: 3 ൽ വിവരിച്ച പ്രകാരം മനുഷ്യരെയും ജിന്നുകളെയും മറ്റെല്ലാ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്താൻ വേണ്ടി വിധിദിവസവും നിശ്ചയിച്ച് വെച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ആജ്ഞ പ്രകാരം സ്വൂർ എന്ന കാഹളത്തിൽ ഒന്നാമത് ഊതിയാൽ ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം നശിക്കുന്നതാണ് -അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. അന്ന് ആകാശവും ഭൂമിയുമെല്ലാം അതല്ലാത്തതാക്കി മാറ്റി അതിന്റെ പൂർവ്വികാവസ്ഥയിലേക്ക് മടക്കുന്നതാണെന്നും എല്ലാവരെയും മറനീക്കി, എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനായ അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് വേണ്ടി കൊണ്ടുവരപ്പെടുന്നതാണ് എന്നും 14: 48 ൽ പറഞ്ഞിട്ടുണ്ട്. 36: 51–52; 50: 41–42 സൂക്തങ്ങൾ പ്രകാരം സ്വൂർ എന്ന കാഹളത്തിൽ രണ്ടാമത് ഊതുമ്പോൾ എല്ലാവരും അവരുടെ ശവക്കുഴിയിൽ നിന്ന് എഴുന്നേറ്റ്, തങ്ങളുടെ നാഥനിലേക്ക് ഒരു നാട്ടക്കുറിയിലേക്കെന്നോണം കുതിക്കുന്നതാണ്. മൂന്നാമത്തെ ഊത്തോടുകൂടി എല്ലാ ജീവജാലങ്ങളും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്, അന്നേദിനം ഒരു ആത്മാവും അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല എന്നും അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുകയില്ല എന്നും 36: 53–54; 39: 69 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്നേദിനം യഥാർത്ഥത്തിലുള്ള ആധിപത്യം നിഷ്പക്ഷവാന് മാത്രമായിരിക്കുമെന്നും കാഫിറുകൾക്ക് അന്നേദിനം വളരെ ബുദ്ധിമുട്ടുള്ളതായിരിക്കുമെന്നും 25: 26 ലും; സ്വർഗവാസികൾ അന്ന് ഉത്തമമായ വിശ്രമസങ്കേതങ്ങളിൽ ഏറ്റവും നല്ല നിലയിൽ മധ്യാഹ്നം കഴിച്ചുകൂട്ടുന്നവരായിരിക്കുമെന്ന് 25: 24 ലും പറഞ്ഞിട്ടുണ്ട്.

ത്രാസും *അമാനത്തു*മായ അദ്ദിക്ർ ഉപയോഗപ്പെടുത്തി പ്രപഞ്ചത്തെ അതിന്റെ സന്തുലനത്തിൽ നിലനിർത്തുക എന്നത് 35: 32 പ്രകാരം ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ്. എന്നാൽ 1000 ത്തിൽ ഒന്നായ വിശ്വാസി മാത്രമാണ് അദ്ദിക്റിനെ സത്യപ്പെടുത്തി ആ ഉത്തരവാദിത്തം നിറവേറ്റുക. അപ്പോൾ നാഥന്റെ സന്ദേശം കിട്ടിയില്ല എന്ന് പറയാൻ ഇടവരാതിരിക്കാൻ വേണ്ടി വിശ്വാസി നാഥന്റെ സന്ദേശമായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ്ണ-ഭാഷ-ദേശ ഭേദമന്യേ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് 47: 7 ൽ പറഞ്ഞ പ്രകാരം നാഥനെ സഹായിക്കുന്നതാണ്. സൂക്തത്തിൽ പറഞ്ഞ 'അവന്റെ വാക്ക്' നാഥന്റെ സംസാരമായ അദ്ദിക്റാണ്. അദ്ദിക്റിന്റെ ഭാവിപ്രവചനങ്ങൾ ഈ ഭൂമിയിൽ തന്നെ പുലരുമെന്ന് 41: 53 ൽ പറഞ്ഞിട്ടുണ്ട്. 2: 117; 6: 59; 34: 31–34 വിശദീകരണം നോക്കുക.

74. ഇബ്റാഹീം തന്റെ പിതാവ് ആസറിനോട് പറഞ്ഞത് ഓർക്കേണ്ടതുമാണ്, താങ്കൾ ഇലാഹായി ഈ വിഗ്രഹങ്ങളെയാണോ തെരഞ്ഞെടുത്തിട്ടുള്ളത്? നിശ്ചയം ഞാൻ താങ്കളെയും താങ്കളുടെ ജനതയെയും വ്യക്തമായ വഴികേടിലാണ് കാണുന്നത്.

ഇബ്റാഹീം നബിയുടെ പിതാവിന്റെ പേരെടുത്തുദ്ധരിച്ചത് ഈ സൂക്തത്തിൽ മാത്രമാണ്. 19: 42 ൽ, ഇബ്റാഹീം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം ഓർക്കേണ്ടതാണ്: ഓ എന്റെ പിതാവേ! കേൾക്കുകയോ കാണുകയോ ചെയ്യാത്തവരും താങ്കൾക്ക് എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവരുമായവരെ സേവിക്കുന്നതെന്തിനാണെന്നും; 19: 43 ൽ, ഓ എന്റെ പിതാവേ! നിശ്ചയം താങ്കൾക്ക് വന്നുകിട്ടാത്ത അറിവ് എനിക്ക് വന്നു

കിട്ടിയിട്ടുണ്ട്, അതുകൊണ്ട് താങ്കൾ എന്നെ പിൻപറ്റുക, താങ്കളെ ഞാൻ ഏറ്റവും ശരിയായ മാർഗ്ഗത്തിലേക്ക് നയിക്കാമെന്നും; 19: 44 ൽ, ഓ പിതാവേ! താങ്കൾ പിശാചിനെ സേവിക്കരുത്, നിശ്ചയം പിശാച് നിഷ്പക്ഷവാനെ ധിക്കരിച്ചവനാകുന്നു എന്നും; 19: 45 ൽ, ഓ പിതാവേ! താങ്കൾ പിശാചിനെ സംരക്ഷകനും സഹായിയുമായി തെരഞ്ഞെടുക്കുക വഴി നിഷ്പക്ഷവാനിൽ നിന്നുള്ള ശിക്ഷ താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഇതൊന്നും അംഗീകരിക്കാതെ ഇബ്റാഹീമിന്റെ പിതാവടക്കമുള്ള ജനത ഇബ്റാഹീമിനെ തീയിലെറിഞ്ഞ് കരിച്ചുകൊല്ലാനാണ് തീരുമാനിച്ചത്. എന്നാൽ 21: 51–71 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥൻ അവനെ രക്ഷപ്പെടുത്തുകയുണ്ടായി.

മനുഷ്യർക്ക് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മറ്റൊരു ദൈവമോ നാഥനോ രാജാവോ ഇല്ലെന്ന് പഠിപ്പിക്കുന്നതിന് വേണ്ടിയാണ് കാലാകാലങ്ങളിലായി 313 പ്രവാചകന്മാരെയും സത്യമായ അദ്ദിക്റും കൊണ്ട് അയച്ചിട്ടുള്ളത്. എന്നാൽ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ലോകരെ ഈ വിവരം അറിയിക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നത്. 1: 4, 7; 2: 254; 4: 117; 5: 90–91 വിശദീകരണം നോക്കുക.

75. അപ്രകാരം നാം ഇബ്റാഹീമിന് അവൻ ദൃഢബോധ്യമുള്ളവരായവരിൽ ഉൾപ്പെടുന്നതിന് വേണ്ടി ആകാശങ്ങളുടെയും ഭൂമിയുടെയും അധികാരവ്യവസ്ഥ കാണിച്ചുകൊടുത്തു.

2: 260 ൽ പറഞ്ഞ പ്രകാരം ഇബ്റാഹീം നബി 'എന്റെ നാഥാ! മരിച്ചവരെ നീ ജീവിപ്പിക്കുന്നത് എങ്ങനെയാണെന്ന് എനിക്കൊന്ന് കാണിച്ചുതരിക' എന്ന് ആവശ്യപ്പെട്ടതിന് ശേഷമാണ് അല്ലാഹു ഈ പ്രാപഞ്ചിക ഭരണരഹസ്യം ഇബ്റാഹീം നബിക്ക് കാണിച്ചുകൊടുത്തത്. 45: 20 ൽ, അദ്ദിക്ർ മനുഷ്യർക്ക് ഉൾക്കാഴ്ചാദായകമാണെന്നും ദൃഢബോധ്യമുള്ള വിശ്വാസികൾക്ക് സന്മാർഗവും കാരുണ്യവുമാണെന്നും പറഞ്ഞിട്ടുണ്ട്. ഉറപ്പ് നൽകുന്ന സത്യമാണ് അദ്ദിക്ർ എന്ന് 56: 95 ലും 69: 51 ലും പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ച ത്രികാലജ്ഞാനമായ അദ്ദിക്റും ത്രികാലജ്ഞാനിയായ അല്ലാഹുവും ഒന്നുതന്നെയാണെന്നിരിക്കെ അദ്ദിക്റിൽ നിന്ന് പ്രാപഞ്ചിക ഭരണരഹസ്യം വരെ മനസ്സിലാക്കാവുന്നതാണ്. അവസാനനാളിന്റെ പ്രധാനപ്പെട്ട 10 അടയാളങ്ങളിൽ ഒന്നായ ഒരു മൃഗം വന്ന് 'മനുഷ്യർ നമ്മുടെ സൂക്തങ്ങളിൽ ദൃഢബോധ്യമുള്ളവരല്ല' എന്ന് പറയുന്ന രംഗം 27: 82 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇന്ന് അദ്ദിക്ർ ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ വിധിദിവസം സ്രഷ്ടാവിന്റെ മുമ്പിൽ തല കുനിച്ചുകൊണ്ട്, 'ഞങ്ങളുടെ നാഥാ! ഞങ്ങൾ കണ്ടു, കേട്ടു, തിരിച്ചറിഞ്ഞു, ഞങ്ങൾക്ക് ദൃഢബോധ്യമായി, ഞങ്ങളെ ഐഹികലോകത്തേക്ക് തിരിച്ചയച്ചാൽ ഞങ്ങൾ അവിടെ അദ്ദിക്ർ അനുസരിച്ച് ജീവിച്ചുകൊള്ളാം' എന്ന് പറയുന്ന രംഗം 32: 12 ൽ മുന്നറിയിപ്പ് നൽകിയത് അവർ വായിച്ചിട്ടുണ്ട്. 2: 4; 3: 7–10; 6: 27–28; 45: 13 വിശദീകരണം നോക്കുക.

76. അങ്ങനെ രാവ് ഇരുൾ മൂടിയപ്പോൾ ഒരു നക്ഷത്രം പ്രത്യക്ഷപ്പെട്ടത് കണ്ട് അവൻ പറഞ്ഞു: ഇതാകുന്നു എന്റെ നാഥൻ, എന്നാൽ അത് അസ്തമിച്ചപ്പോൾ അവൻ പറഞ്ഞു: അസ്തമിക്കുന്നവയെ ഞാൻ ഇഷ്ടപ്പെടുന്നവനല്ല.

ഇബ്റാഹീം നബിയുടെ കാലത്തുള്ള ജനത വിഗ്രഹങ്ങളെ മാത്രമല്ല പൂജിക്കുകയും സേവിക്കുകയും ചെയ്തിരുന്നത്, സൂര്യ-ചന്ദ്ര-നക്ഷത്രാദികളെയും വിവിധ ജീവജാലങ്ങളെയുമെല്ലാം ഭയപ്പെടുകയും പൂജിക്കുകയും ചെയ്തിരുന്നു. അപ്പോൾ രാത്രി ഇരുൾ മൂടിയ അവസരത്തിൽ നക്ഷത്രം തെളിഞ്ഞ് കണ്ടപ്പോൾ അദ്ദേഹം ജനങ്ങളുടെ ശ്രദ്ധ ന

ക്ഷത്രത്തിലേക്ക് ക്ഷണിക്കുകയും അത് അസ്തമിച്ചപ്പോൾ, ഇല്ലാതാകുന്നവയെ ഞാൻ എന്റെ ഉടമയായി നിശ്ചയിക്കാൻ ഇഷ്ടപ്പെടുന്നില്ല, എന്റെ ഉടമ എന്നെന്നും ജീവിക്കുന്നവനും ഉറക്കവും മയക്കവുമില്ലാത്തവനും ആദ്യവും അന്ത്യവുമില്ലാത്തവനും എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനുമായ അല്ലാഹുവാണ് എന്ന് പറയുകയും ചെയ്തു. 2: 168–169; 41: 37–38 വിശദീകരണം നോക്കുക.

77. പിന്നെ ചന്ദ്രൻ പൂർണ്ണരൂപത്തിൽ മറനീക്കി പ്രത്യക്ഷപ്പെട്ടത് കണ്ടപ്പോൾ അവൻ പറഞ്ഞു: ഇതാകുന്നു എന്റെ നാഥൻ, അങ്ങനെ അതും അസ്തമിച്ചപ്പോൾ അവൻ പറഞ്ഞു: എന്റെ നാഥൻ എന്നെ മാർഗദർശനം ചെയ്തില്ലെങ്കിൽ നിശ്ചയം ഞാൻ വഴിപിഴച്ചുപോയ ജനതയിൽ പെട്ടവൻ തന്നെയായിരിക്കും.

പ്രപഞ്ചത്തിലുള്ളവയെല്ലാം നാഥന് സാഷ്ടാംഗപ്രണാമം ചെയ്യുന്നത് നീ കണ്ടില്ലേ? സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവതങ്ങളും വൃക്ഷങ്ങളും ജീവജാലങ്ങളും മനുഷ്യരിൽ നിന്ന് അധികപേരും, ശിക്ഷ ബാധകമായ ധാരാളം പേരും; ആരെയാണോ അല്ലാഹു ഹീനനാക്കിയത്, അവനെ മാന്യനാക്കുന്ന ആരും തന്നെയില്ല, നിശ്ചയം അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു എന്ന് 22: 18 ൽ ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. എന്നാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായ അവർ ശിക്ഷ ബാധകമായി ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ടുള്ള നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തിൽ സാഷ്ടാംഗം പ്രണമിക്കുന്നവരാണ്. 14: 1 ൽ പറഞ്ഞ പ്രകാരം മനുഷ്യരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശമായ പ്രപഞ്ചനാഥന്റെ മാർഗത്തിലേക്ക് പുറപ്പെടുവിക്കാനാണ് പ്രകാശമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. നക്ഷത്രഫലങ്ങളും സൂര്യചന്ദ്രാദികളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള അന്ധവിശ്വാസങ്ങളും കൊണ്ടുനടക്കുന്ന ജനത വഴിപിഴച്ചവരാണ്. 1: 7; 2: 159–161; 3: 90–91; 4: 50–51 വിശദീകരണം നോക്കുക.

78. അങ്ങനെ സൂര്യൻ മറനീക്കി ഉദിച്ചുവരുന്നത് കണ്ടപ്പോൾ അവൻ പറഞ്ഞു: ഇതാകുന്നു എന്റെ നാഥൻ, ഇത് ഏറ്റവും വലുതാകുന്നു, എന്നാൽ അതും അസ്തമിച്ചപ്പോൾ അവൻ പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്തുകൊണ്ടിരിക്കുന്നതിൽ നിന്നും നിശ്ചയം ഞാൻ വിമുക്തനാകുന്നു.

പ്രപഞ്ചനാഥനിലേക്കുള്ള പ്രവാചകന്മാരുടെ പ്രബോധനരീതിയുടെ യുക്തിയും നയവും ഈ സൂക്തത്തിൽ നിന്ന് മനസ്സിലാക്കാം. അദ്ദിക്ർ അറിയുന്നവർക്ക് മാത്രമേ ആ രീതി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അല്ലാത്തവർ അവരുടെ സംഘടനക്കുവേണ്ടി ഭൂരിപക്ഷത്തെ തൃപ്തിപ്പെടുത്തുന്ന മൃദുലമായ ശൈലിയാണ് സ്വീകരിക്കുക. 16: 125 ൽ, നീ നിന്റെ നാഥനിലേക്ക് തത്വജ്ഞാനവും സമാനമായ ഉപമ ഉദാഹരണങ്ങളുമടങ്ങിയ അദ്ദിക്ർ കൊണ്ട് വിളിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതുകൊണ്ടാണ് പ്രപഞ്ചനാഥനിലേക്ക് വിളിക്കേണ്ടത്. 10: 108 ൽ വിവരിച്ച പ്രകാരം ആരാണോ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ചത്, അതിന്റെ ഗുണം അവന് തന്നെയാണ്, ആരാണോ അതിനെത്തൊട്ട് അന്ധത കൈക്കൊണ്ടത്, അതിന്റെ ദൂഷ്യം ആ ആത്മാവിന് തന്നെയാണ്. 2: 256 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല, ഒരാൾക്കും മറ്റൊരാളെ വിശ്വാസിയാക്കാൻ സാധ്യമാവുകയുമില്ല. സന്മാർഗവും ദുർമാർഗവും വേർതിരിച്ച് കാണിച്ച് തരുന്ന അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടതോടെ നിഷ്പക്ഷവാനായ നാഥൻ ആരെയും സന്മാർഗത്തിലേക്കോ ദുർ

മാർഗത്തിലേക്കോ ആക്കുന്നില്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ തള്ളിപ്പറയുന്നവരായതിനാൽ നരകക്കുണ്ഠത്തിലേക്കുള്ളവരാണ്. നക്ഷത്രത്തെയും ചന്ദ്രനെയും പുല്ലിംഗത്തിലും, സൂര്യനെ സ്ത്രീലിംഗത്തിലുമാണ് ഉപയോഗിക്കുക എന്ന് ഈ സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കാം. 2: 62; 4: 140; 6: 43 വിശദീകരണം നോക്കുക.

79. നിശ്ചയം ഞാൻ എന്റെ മുഖത്തെ ആകാശങ്ങളെയും ഭൂമിയെയും വിരിപ്പിച്ചുണ്ടാക്കിയ ഒരുവനിലേക്ക് ഋജുമാനസനായി തിരിച്ചിരിക്കുന്നു, ഞാൻ ഒരിക്കലും അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമല്ല.

10: 104–106 സൂക്തങ്ങളിൽ, ഓ മനുഷ്യരേ, നിങ്ങൾ എന്റെ ദീനിൽ സംശയമുള്ളവരാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെക്കൂടാതെ ആരെയാണോ സേവിച്ചുകൊണ്ടിരിക്കുന്നത്, ഞാൻ അവരെ സേവിക്കുന്നവനല്ല, എന്നാൽ ഞാൻ സേവിക്കുന്നത് നിങ്ങളെ മരിപ്പിക്കുന്ന അല്ലാഹുവിനെയാകുന്നു, ഞാൻ വിശ്വാസികളിൽ ഉൾപ്പെടണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. നിന്റെ മുഖം നേരെച്ചൊവ്വെ ഋജുമാനസനായി ദീനിൽ നിലനിർത്തണമെന്നും നീ ഒരിക്കലും അവന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുന്നവനാകരുതെന്നും അല്ലാഹുവിനെക്കൂടാതെ നിനക്ക് ഉപകാരമോ ഉപദ്രവമോ വരുത്താൻ സാധിക്കാത്തവരെ വിളിച്ച് പ്രാർത്ഥിക്കരുതെന്നും അങ്ങനെ ചെയ്യുകയാണെങ്കിൽ നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കുമെന്നും പറയാൻ പ്രവാചകനോടും അതുവഴി വിശ്വാസികളോടും അല്ലാഹു കൽപിച്ചിരിക്കുന്നു. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ നിങ്ങൾ ഈ അല്ലാഹുവിനെക്കുറിച്ച് ഹൃദയത്തിന്റെ ഭാഷയിൽ ലോകരെ ഓർമിപ്പിക്കുന്നില്ലെയോ എന്ന് 32: 4 ൽ വായിക്കുന്ന ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റിനെ വെടിഞ്ഞ് അല്ലാഹുവിനെക്കൂടാതെ ഇതരന്മാരെ സംരക്ഷകരായി തെരഞ്ഞെടുത്ത, 25: 17–18 സൂക്തങ്ങളിൽ പറഞ്ഞ അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതയായിത്തീർന്നിരിക്കുന്നു. 2: 135; 3: 67; 6: 40–41 വിശദീകരണം നോക്കുക.

80. അവന്റെ ജനത അവനോട് തർക്കിക്കുകയുമായി, അവൻ ചോദിച്ചു: അല്ലാഹുവിന്റെ കാര്യത്തിലാണോ നിങ്ങൾ എന്നോട് തർക്കിച്ചുകൊണ്ടിരിക്കുന്നത്? നിശ്ചയം അവൻ എന്നെ സന്മാർഗത്തിലാക്കിയിട്ടുമുണ്ട്, നിങ്ങൾ അവനെക്കൊണ്ട് പങ്കുചേർത്തുകൊണ്ടിരിക്കുന്ന ഒന്നിനെയും ഞാൻ ഭയപ്പെടുന്നവനുമല്ല, എന്റെ നാഥൻ എനിക്ക് എന്തെങ്കിലും ഉദ്ദേശിച്ചാലൊഴികെ, എന്റെ നാഥൻ എല്ലാ വസ്തുക്കളെക്കുറിച്ചുമുള്ള അറിവ് വലയം ചെയ്തവനാകുന്നു, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ അവനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നില്ലെയോ?

ഈ സംഭവങ്ങൾ വിശദീകരിച്ച് കൊടുക്കുമ്പോൾ ഇബ്റാഹീം നബിയുടെ ജനത ഇബ്റാഹീം നബിയോടും മക്കാമുശ്രിക്കുകൾ മുഹമ്മദ് നബിയോടും അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുകയും വാദിക്കുകയും ചെയ്തിരുന്നു. പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരും ക്രൈസ്തവരും അല്ലാഹുവിന്റെ കാര്യത്തിലും ഇബ്റാഹീം നബിയുടെ കാര്യത്തിലും പ്രവാചകനോട് തർക്കിച്ചിരുന്നതായി 3: 65–66 സൂക്തങ്ങളിൽ കാണാം. അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചുപ്രാർത്ഥിക്കുന്ന, പൂജിക്കുന്ന, സേവിക്കുന്ന, നേർച്ചവഴിപാടുകൾ അർപ്പിക്കുന്ന വിഗ്രഹങ്ങൾ, മഹാത്മാക്കൾ, മലക്കുകൾ, ജിന്നുകൾ തുടങ്ങിയവരുടെ ഗുരുത്തക്കേട് ഏറ്റതാണ് പ്രവാചകന്മാർക്കും വിശ്വാസികൾക്കുമെന്ന് ഇന്ന

ത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെത്തന്നെ എല്ലാ കാലത്തുമുള്ള അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരും പറഞ്ഞിരുന്നു. 11: 53–56 സൂക്തങ്ങളിൽ, ഹൂദ് നബിയുടെ ജനത ഹൂദ് നബിയോട്, ഓ ഹൂദ്! നീ വ്യക്തമായ ഒരു ദൃഷ്ടാന്തം കൊണ്ടുവന്നില്ലല്ലോ, നിന്റെ വാക്കുകേട്ട് ഞങ്ങൾ ഞങ്ങളുടെ ഇലാഹുകളെ ഒഴിവാക്കുന്നവരല്ല, ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നവരുമല്ല. ഞങ്ങൾ പറയുന്നത് 'ഞങ്ങളുടെ ഇലാഹുകളിൽ ചിലരുടെ ഗുരുത്തക്കേട് നിന്നെ ബാധിച്ചിട്ടുണ്ട്' എന്നാണ്. അപ്പോൾ ഹൂദ് നബി പറഞ്ഞു: ഞാൻ ഇതാ അല്ലാഹുവിനെ മാത്രം ഇലാഹായി സാക്ഷ്യം വഹിക്കുന്നു, നിങ്ങൾ അവനെക്കൂടാതെ പങ്കുചേർക്കുന്നവരെത്തൊട്ടെല്ലാം ഞാൻ വിമുക്തനാണെന്ന് നിങ്ങൾ സാക്ഷ്യം വഹിക്കുകയും ചെയ്യുക. അപ്പോൾ നിങ്ങളെല്ലാവരും ഒരുമിച്ച് എനിക്കെതിരെ തന്ത്രം മെനഞ്ഞുകൊള്ളുക, പിന്നെ നിങ്ങൾ എനിക്ക് യാതൊരു സാവകാശവും തരേണ്ടതുമില്ല. നിശ്ചയം ഞാൻ, എന്റേയും നിങ്ങളുടെയും ഉടമയായ അല്ലാഹുവിലാണ് ഭരമേൽപിച്ചിരിക്കുന്നത്. ഒരു ജീവിയുമില്ല, അതിന്റെ കടിഞ്ഞാൺ അവന്റെ പക്കലായിക്കൊണ്ടല്ലാതെ, നിശ്ചയം എന്റെ നാഥൻ ഏറ്റവും ചൊവ്വായ മാർഗത്തിലാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 41: 41–42 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യമായ അദ്ദിക്ർ ഇന്ന് ഒരുഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ, 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു.

അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ അവനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നില്ലയോ എന്ന് ലോകരിൽ വായിക്കുന്ന പ്രവാചകന്റെ ജനതയിൽ നിന്നുള്ള കപട വിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞതും മൂടിവെച്ചതും കാരണം 48: 6 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെക്കുറിച്ച് ഏറ്റവും ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും ദുഷിച്ച പരിണിതി ഉള്ളവരുമാണ്. 2: 152, 255; 4: 78–79; 5: 54; 32: 4 വിശദീകരണം നോക്കുക.

81. നിങ്ങൾ പങ്കുചേർത്തുകൊണ്ടിരിക്കുന്ന ഒന്നിനെ ഞാൻ എങ്ങനെ ഭയപ്പെടാനാണ്? അല്ലാഹു യാതൊരു തെളിവും നിങ്ങളുടെമേൽ അവതരിപ്പിച്ച് തന്നിട്ടില്ലാത്തവയെ അല്ലാഹുവിന്റെ പങ്കാളികളാക്കുന്നതിന് നിങ്ങൾ ഭയപ്പെടുന്നില്ല എന്നിരിക്കെ, അപ്പോൾ ഈ രണ്ടുവിഭാഗങ്ങളിൽ നിർഭയത്വത്തിന് കൂടുതൽ അർഹതയുള്ളത് ആർക്കാണ്, നിങ്ങൾ വിവരമുള്ളവർ തന്നെയാണെങ്കിൽ!

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന തന്റെ ജനതയെ ഇബ്റാഹീം നബി വെല്ലുവിളിച്ചതുപോലെ നൂഹ് നബി തന്റെ ജനതയെ വെല്ലുവിളിച്ച കാര്യം 10: 71 ൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്: അവൻ തന്റെ ജനതയോട് പറഞ്ഞു: ഓ എന്റെ ജനമേ! നിങ്ങളിൽ എന്റെ നിലനിൽപ്പും അല്ലാഹുവിന്റെ സൂക്തങ്ങൾ കൊണ്ടുള്ള എന്റെ താക്കീതും നിങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ലെങ്കിൽ ഞാൻ എന്റെ കാര്യം അല്ലാഹുവിൽ ഭരമേൽപ്പിച്ചിരിക്കുന്നു, നിങ്ങളും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന നിങ്ങളുടെ പങ്കാളികളുമെല്ലാം ഒരുമിച്ചുകൂടി ഒരു സംയുക്തതീരുമാനം കൈകൊള്ളുക, നിങ്ങളെടുക്കുന്ന തീരുമാനത്തിൽ ഒരു പഴുതും നിങ്ങൾക്ക് അവ്യക്തമാവാതിരിക്കട്ടെ, എന്നിട്ട് എനിക്കെതിരിൽ അത് പ്രാവർത്തികമാക്കുക, എനിക്ക് ഒട്ടും അവസരം നൽകേണ്ടതുമില്ല. അതുപോലെ മുഹമ്മദ് നബി തന്റെ ജനതയെ വെല്ലുവിളിച്ച കാര്യം 7: 194–195 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്: നിശ്ചയം നിങ്ങൾ അല്ലാഹുവി

നെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവർ നിങ്ങളെപ്പോലെയുള്ള അടിമകൾ മാത്രമാണ്. അപ്പോൾ നിങ്ങൾ അവരെ വിളിക്കുക, അവർ നിങ്ങൾക്ക് മറുപടി നൽകുന്നതൊന്ന് കാണട്ടെ -നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ. അല്ല; അവർക്ക് നടക്കാനുള്ള കാലുകളുണ്ടോ, അല്ലെങ്കിൽ അവർക്ക് നിങ്ങളെ പിടിക്കാനുള്ള കൈകളുണ്ടോ, അല്ലെങ്കിൽ അവർക്ക് നിങ്ങളെ കാണാനുള്ള കണ്ണുകളുണ്ടോ, അല്ലെങ്കിൽ അവർക്ക് നിങ്ങളുടെ വിളി കേൾക്കാനുള്ള കാതുകളുണ്ടോ? നീ പറയുക: നിങ്ങൾ നിങ്ങളുടെ പങ്കാളികളെയെല്ലാം വിളിക്കുക, പിന്നെ എനിക്കെതിരായി ഗൂഢതന്ത്രം മെനയുക, അപ്പോൾ നിങ്ങൾ എനിക്ക് ഒരു സാവകാശവും നൽകേണ്ടതില്ല.

4: 118 ൽ വിവരിച്ച പ്രകാരം എക്കാലത്തും പ്രവാചകന്മാരെയും അദ്ദിക്റിനെയും തള്ളിപ്പറഞ്ഞ പ്രവാചകന്റെ ജനതയിൽ പെട്ട 1000 ത്തിൽ 999 ഉം 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടവരാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന പ്രവാചകന്മാരും 1000 ത്തിൽ ഒന്നായ വിശ്വാസികളും 58: 22 ൽ പറഞ്ഞ വിശ്വാസിയായ അല്ലാഹുവിന്റെ സംഘത്തിൽ പെട്ടവരുമാണ്. അല്ലാഹുവും അദ്ദിക്റും ഒന്നാണെന്നിരിക്കെ ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നിലകൊള്ളുകയും അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകളോട് അതുകൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുകയും പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ലോകർക്ക് അത് എത്തിച്ചുകൊടുത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്, അവർക്കാണ് ശാന്തിയും സമാധാനവും സുരക്ഷിതത്വവും ലഭിക്കുക. 3: 54, 101-103; 4: 159; 5: 11; 51: 50-51 വിശദീകരണം നോക്കുക.

82. വിശ്വാസികളായവരും തങ്ങളുടെ വിശ്വാസത്തെ ഒരു അനീതിയും മലിനമാക്കാതിരിക്കുകയും ചെയ്തവർ ആരോ; അക്കൂട്ടർ, അവർക്ക് തന്നെയാണ് നിർഭയത്വമുള്ളത്, അവർ തന്നെയാണ് സന്മാർഗം പ്രാപിച്ചവരും.

അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാവുകയും പിന്നീട് വിശ്വാസത്തിൽ യാതൊരു സംശയവും അനീതിയും കലർപ്പും വരുത്താതെ അതിന്റെ പ്രകാശത്തിൽ ചരിക്കുകയും ചെയ്യുന്നവർക്ക് തന്നെയാണ് ഇഹത്തിലും പരത്തിലും നിർഭയത്വമുള്ളത്. അഥവാ മുഹൈമിനായ അദ്ദിക്ർ അവരെ എല്ലാ വിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതാണ്. സന്മാർഗ്ഗമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച അവർ അല്ലാഹുവിനെ മുറുകെപ്പിടിച്ചവരും നേരെച്ചൊവ്വെയുള്ള മാർഗ്ഗത്തിൽ നിലകൊള്ളുന്നവരുമാണ്. അവരുടെമേൽ തന്നെയാണ് 41: 30-31 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നിങ്ങളുടെമേൽ ഭയപ്പെടാനില്ല, നിങ്ങൾക്ക് ദുഃഖിക്കാനും ഇടവരികയില്ല, നിങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്ന സ്വർഗ്ഗം കൊണ്ട് സന്തോഷിച്ചുകൊള്ളുക എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ ഇറങ്ങുന്നത്. ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന അവർക്ക് ഒരു കാര്യത്തിലും യാതൊരു സംശയവും ഉണ്ടാവുകയില്ല. 2: 2-5; 3: 60; 13: 28; 21: 24 വിശദീകരണം നോക്കുക.

83. അതായിരുന്നു നാം ഇബ്റാഹീമിന് തന്റെ ജനതക്കെതിരെ നൽകിയ ന്യായവാദം, നാം ഉദ്ദേശിക്കുന്നവരെ നാം ഉയർന്ന പദവികളിലേക്ക് ഉയർത്തുന്നു, നിശ്ചയം നിന്റെ നാഥൻ യുക്തിജ്ഞനായ സർവ്വജ്ഞാനി തന്നെയാകുന്നു.

വേദഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാണെന്ന് ഉറപ്പുവരുത്തി വിജയം വരിക്കുന്ന അല്ലാഹുവിന്റെ സംഘത്തിൽ ഉൾ

പ്പെടുകയാണെങ്കിൽ അവർക്ക് അത് അനുകൂലമായി വാദിക്കുകയും സാക്ഷി നിൽക്കുക യും, അവരെ സ്വർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നതാണ്. എന്നാൽ ആരാണോ 3: 7 ൽ വിവരിച്ച പ്രകാരം ഫാജിറുകളും കാഫിറുകളുമായി ഗ്രന്ഥം വായിക്കുകയും അല്ലാ ഹുവിന്റെയും പിശാചിന്റെയും മാർഗം തിരിച്ചറിയാതെ, ഭൂരിപക്ഷത്തിന്റെയും സംഘടന ക്കാരുടെയുമെല്ലാം മാർഗമായ പിശാചിന്റെ മാർഗത്തിൽ ജീവിക്കുകയും ചെയ്യുന്നത്, 9: 82 ൽ വിവരിച്ച പ്രകാരം അവർക്കെതിരായി അവർ വായിച്ച, കണ്ട, കേട്ട, തൊട്ട സൂക്തം വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളി വിടുന്നതാണ്. അദ്ദിക്റിന്റെ വിധിവിലക്കുകൾ പ്രകാരം ഇവിടെ ജീവിതം ക്രമപ്പെടുത്തു ന്നതിനനുസരിച്ച് അവരോട് വിധിദിവസം സ്വർഗ്ഗത്തിൽ ഉയർന്ന പദവികളിലേക്ക് കയറി പ്പോകാൻ പറയുന്നതാണ് എന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടു ണ്ട്. 2: 269; 5: 104–105; 6: 19 വിശദീകരണം നോക്കുക.

84. നാം അവന് ഇസ്ഹാഖിനെയും യഅ്ഖൂബിനെയും പ്രദാനം ചെയ്യുകയുമു ണ്ടായി, എല്ലാ ഓരോരുത്തരെയും നാം സന്മാർഗത്തിലാക്കുകയുമുണ്ടായി, മുമ്പ് നൂഹിനെയും നാം സന്മാർഗത്തിലാക്കിയിട്ടുമുണ്ട്, അവന്റെ സന്തതിക ളിൽ പെട്ടവരായ ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ തുടങ്ങിയവരെല്ലാവരെയും; അപ്രകാരമാണ് നാം അല്ലാഹുവിനെ കണ്ടുകൊ ണ്ട് ചരിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുക.

ഇസ്ഹാഖ്, യഅ്ഖൂബ്, നൂഹ്, ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാ റൂൻ തുടങ്ങിയവരെല്ലാം ഇവിടെ ജീവിച്ചിരുന്നത് അല്ലാഹുവിൽ നിന്നുള്ള സന്ദേശമായ അദ്ദിക്റിന്റെ വെളിച്ചത്തിലായിരുന്നു. അപ്പോൾ ആരാണോ ഏറ്റവും നല്ലതായ അദ്ദിക്റി ന്റെ പാതയിൽ ചരിക്കുന്നത്, അവർ മാത്രമാണ് അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കു ന്നവരും അവനിൽ നിന്നുള്ള സന്മാർഗ്ഗത്തിലുള്ളവരും. 12: 22; 28: 14; 37: 80, 105, 121, 131; 77: 44 തുടങ്ങിയ സൂക്തങ്ങളെല്ലാം അവസാനിക്കുന്നത് ഏറ്റവും നല്ലതായ അദ്ദിക്റിന്റെ പാതയിൽ ചരിക്കുന്നവർക്ക് അപ്രകാരമാണ് നാം പ്രതിഫലം നൽകുക എന്ന് പറഞ്ഞു കൊണ്ടാണ്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഏതൊ രു ഫുജ്ജാറിന്റെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ ത ന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 58–59 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 112; 3: 134–135; 16: 128 വിശദീകരണം നോക്കുക.

85. സക്കരിയ്യായേയും യഹ്യായേയും ഈസായേയും ഇൽയാസിനേയും, എല്ലാ ഓരോരുത്തരും സജ്ജനങ്ങളിൽ പെട്ടവരുമായിരുന്നു.

നിശ്ചയം എന്റെ സംരക്ഷകൻ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹു മാത്രമാകുന്നു, അവൻ സജ്ജനങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു എന്ന് 7: 196 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ കാരുണ്യമായി പരിഗണിക്കുന്ന വിശ്വാസികൾ 1: 6 ൽ വിവരിച്ച പ്രകാരം സാഷ്ടാംഗപ്രണാമത്തിൽ നിന്ന് വിരമിക്കുന്നതിന് മുമ്പായി 'അല്ലാഹുവേ! നിന്റെ കാരു ണ്യമായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ സജ്ജനങ്ങളിൽ പ്രവേശിപ്പിക്കേണമേ' എന്ന് ആത്മാവു കൊണ്ട് പ്രാർത്ഥിക്കുന്നതാണ്. 2: 130; 4: 69–70 വിശദീകരണം നോക്കുക.

86. ഇസ്മാഈലിനെയും അൽയസഇനെയും യൂനുസിനെയും ലൂത്വിനെയും, എ ല്ലാ ഓരോരുത്തരെയും നാം സർവ്വലോകരുടെ മേൽ ശ്രേഷ്ഠരാക്കുകയും ചെ യ്തിരിക്കുന്നു.

87. അവരുടെ പിതാക്കളിൽ നിന്നുള്ളവരെയും സന്തതികളിൽ നിന്നുള്ളവരെയും സഹോദരങ്ങളിൽ നിന്നുള്ളവരെയും; അവരെയെല്ലാം നാം തെരഞ്ഞെടുക്കുകയും അവരെയെല്ലാം നാം നേരെചൊവ്വെയുള്ള പാതയിലേക്ക് മാർഗദർശനം ചെയ്യുകയും ചെയ്തിരിക്കുന്നു.

നൂഹിന്റെയും ഇബ്റാഹീമിന്റെയും സന്തതികളിൽ പെട്ട ഇസ്മാഈൽ, അൽയസഅ്, ലൂത്ത് തുടങ്ങിയ എല്ലാ പ്രവാചകന്മാരെയും സർവ്വലോകരിൽ ശ്രേഷ്ഠരാക്കിയിട്ടുണ്ട്. അവരെയും അവരുടെ പിതാക്കളിലും സന്തതികളിലും സഹോദരങ്ങളിലും പെട്ടവരെയുമാണ് അല്ലാഹു തെരഞ്ഞെടുത്തതും അദ്ദിക്റിലേക്ക് മാർഗ്ഗദർശനം ചെയ്തതും. ഇബ്റാഹീം പ്രവാചകന്മാരുടെ പിതാവ് എന്നറിയപ്പെടുന്നു. ഇബ്റാഹീമിന് ശേഷം മാത്രമേ പ്രവാചകന്മാർ വന്നിട്ടുള്ളൂ എന്ന് അതിന് ആശയമില്ല. എന്നാൽ ഗ്രന്ഥത്തിൽ പേരെടുത്ത് പറഞ്ഞിട്ടുള്ള അധിക പ്രവാചകന്മാരും നബിമാരും ഇബ്റാഹീം സന്തതികളിൽ പെട്ടവരാണ്. ആദം മുതൽ ആദ്യപ്രവാചകൻ നൂഹ് വരെ നബിമാർ മാത്രമാണ് നിയോഗിക്കപ്പെട്ടിരുന്നത്. അവർ സ്വർഗത്തിൽ നിന്ന് പഠിപ്പിക്കപ്പെട്ട ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ നേരെച്ചൊവ്വെയുള്ള പാതയിൽ ഇവിടെ ജീവിച്ചുപോന്നു. കാലക്രമേണ പിശാചിന്റെ പ്രേരണയാൽ ജനങ്ങൾ വ്യതിചലിച്ചപ്പോൾ നൂഹിനെ ആദ്യമായി ഗ്രന്ഥവും കൊണ്ട് പ്രവാചകനായി ജനതയിലേക്ക് നിയോഗിക്കുകയുണ്ടായി. 313 പ്രവാചകന്മാരും 1,24,000 ൽ പരം നബിമാരും വിവിധ കാലഘട്ടങ്ങളിലായി ലോകത്തെല്ലായിടത്തും വന്നിട്ടുണ്ട്. എല്ലാ പ്രവാചകന്മാർക്കും അദ്ദിക്ർ തന്നെയാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് 16: 43; 21: 24; 41: 43 എന്നീ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. നബിമാർക്ക് ദിവ്യബോധനം ലഭിച്ചുകൊണ്ടിരുന്നു. അവർ കാലാകാലങ്ങളിൽ പ്രവാചകന്മാർക്ക് നൽകപ്പെട്ട സന്ദേശമായ അദ്ദിക്ർ പിൻപറ്റാൻ കൽപിക്കപ്പെട്ടവരായിരുന്നു. അന്ത്യപ്രവാചകനും അവസാനത്തെ നബിയുമായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള അദ്ദിക്ർ മുമ്പ് അവതരിപ്പിക്കപ്പെട്ട 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണെന്ന് 5: 48; 16: 44 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ടത് 4: 68; 6: 153; 36: 61 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ തന്നെയാണ്. 4: 163-165; 13: 22-24 വിശദീകരണം നോക്കുക.

88. അതാണ് അല്ലാഹുവിന്റെ സന്മാർഗം, തന്റെ അടിമകളിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരെ അതുകൊണ്ട് അവൻ സന്മാർഗത്തിലേക്കാക്കുന്നു, അവർ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുകയാണെങ്കിൽ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അവരെത്തൊട്ട് നിഷ്ഫലമായിപ്പോകുന്നതുമാണ്.

അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടുള്ള കാഫിറുകളുടെ പ്രാർത്ഥന വഴികേടല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്ന് 13: 14; 40: 50 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 38, 185; 7: 52, 203; 16: 64; 17: 15; 41: 44; 45: 11 തുടങ്ങി 80 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ള സന്മാർഗം അദ്ദിക്ർ തന്നെയാണ്. പ്രകാശവും തെളിവുമായ അത് ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്നവർ സന്മാർഗത്തിലായി; ആരാണോ അതിനെ അവഗണിച്ച് ജീവിക്കുന്നത്, അവർ വഴികേടിലുമായി. മനുഷ്യരുടെ ഐക്യവും ശാന്തിയും സമാധാനപരവുമായ ജീവിതം നിലവിൽ വരണമെന്ന ലക്ഷ്യത്തോടുകൂടി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്ന വിശ്വാസിക്ക് അത്

അനുകൂലമായി സാക്ഷി നിൽക്കുകയും വാദിക്കുകയും ചെയ്യുന്നതാണ്. അദ്ദിക്റിനെ മൂടിവെച്ച് അറബിഭാഷ പഠിച്ച പണ്ഡിതനാണെന്ന് അഹങ്കരിക്കുന്ന തെമ്മാടികളായ കപടവിശ്വാസികളും സൂക്തങ്ങളെ അടിക്കടി തള്ളിപ്പറഞ്ഞ് വിദ്യാസമ്പന്നരെന്നു നടിക്കുന്ന കുഫ്ഫാറുകളുമാണ് മനുഷ്യരിൽ നിന്നുള്ള നരകക്കുണ്ഠത്തിലേക്കുള്ളവരെന്ന് 2: 39; 5: 86; 9: 67–68; 25: 33–34; 48: 6; 98: 6 തുടങ്ങിയ സൂക്തങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്.

പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങൾക്ക് അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതം സാക്ഷ്യപ്പെടുത്തി കാണിച്ചുകൊടുക്കുന്ന വിശ്വാസികളുടെ സംഘം ഇന്ന് ലോകത്തൊരിടത്തും ഇല്ലാത്തതിനാൽ അവർ പ്രപഞ്ചനാഥനെ പരിചയപ്പെടുന്നതിനുവേണ്ടി അദ്ദിക്ർ എന്ന ഗ്രന്ഥം സ്വയം വായിച്ച് മനസ്സിലാക്കുകയും വിചാരണാദിനം കൊണ്ട് വിശ്വസിച്ച് സൽക്കർമങ്ങൾ ചെയ്യുന്നവരുമാവുകയാണെങ്കിൽ അപ്പോൾ അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 62; 5: 69 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 62 ൽ വിവരിച്ച പ്രകാരം മനുഷ്യരിൽ വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്നവർ ആദ്യകാലക്കാരിൽ നിന്ന് (ആദം നബി മുതൽ മുഹമ്മദ് നബി വരെയുള്ള കാലഘട്ടത്തിലുള്ളവർ) ഒരു വിഭാഗവും മുഹമ്മദ് നബി മുതൽ അന്ത്യനാൾ വരെയുള്ള അവസാനകാലക്കാരിൽ നിന്നും വളരെ കുറച്ചുപേർ മാത്രവുമാണുള്ളതെന്ന് 56: 7–14 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. വിചാരണക്കുശേഷം സ്വർഗത്തിൽ പോകുന്നവർ ആദ്യകാലക്കാരിൽ നിന്ന് ഒരു വിഭാഗവും അവസാനകാലക്കാരിൽ നിന്ന് ഒരു വിഭാഗവുമുണ്ടെന്ന് 56: 38–40 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഇന്ന് ലോകരിൽ മുഹമ്മദ് നബിയുടെ ജനതയിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുക വഴി അക്രമികളും തെമ്മാടികളുമായി മാറി 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. അവസാനത്തെ ഖലീഫയായ മഹ്ദി ഇജാസിൽ പ്രത്യക്ഷപ്പെടുന്നതോടുകൂടി ലോകത്തെല്ലാമുള്ള വിശ്വാസികളെ അവിടേക്ക് വേർതിരിക്കുന്നതാണ്. അവരിൽ കൂടുതൽ പേരും പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരിൽ നിന്നുള്ള ലൈംഗികബന്ധമില്ലാതെ ദൈവസ്മരണയിൽ നിലകൊള്ളുന്ന സന്യാസി സന്യാസിനികളായിരിക്കും. 2: 186; 4: 158–159; 6: 71; 42: 52 വിശദീകരണം നോക്കുക.

89. അക്കൂട്ടർ തന്നെയാണ് നാം ഗ്രന്ഥവും തത്വജ്ഞാനവും പ്രവാചകത്വവും നൽകിയവർ; ഇനി ഇക്കൂട്ടർ ഇതിനെ മൂടിവെക്കുകയാണെങ്കിൽ അപ്പോൾ നിശ്ചയം അതിനെ മൂടിവെച്ചുകൊണ്ടിരിക്കാത്ത ഒരു ജനതയെ നാം അതിനെ ഏൽപിക്കുന്നതുമാണ്.

ദിവ്യബോധനം ലഭിക്കുന്നവരാണ് എല്ലാ നബിമാരുമെങ്കിൽ പ്രവാചകന്മാർ ദിവ്യസന്ദേശമായ അദ്ദിക്ർ ലഭിച്ചവരാണ്. സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യരുടെ സന്മാർഗ്ഗത്തിനുവേണ്ടി 2: 2 ൽ വിവരിച്ചതുപോലെ ഏകഗ്രന്ഥം മാത്രമാണ് വന്നിട്ടുള്ളത്. 35: 32 ൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം അനന്തരമെടുത്ത പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ലോകരിൽ എത്തിക്കുക എന്നത്. എന്നാൽ അവരിലെ ഫുജ്ജാറുകൾ അതിനെ മൂടിക്കെുകയും തള്ളിപ്പറയുകയും ചെയ്യുന്നതിനാൽ അതിനെ മൂടിക്കാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളെ അത് ഏൽപിക്കുമെന്നാണ് സൂക്തം പറയു

ന്നത്. 2: 210, 213; 3: 21–22, 108; 4: 150–151 വിശദീകരണം നോക്കുക.

90. അക്കൂട്ടരാണ് അല്ലാഹു സന്മാർഗത്തിലാക്കിയവരായവർ; അപ്പോൾ അവരുടെ ആ സന്മാർഗത്തിൽ നീയും മുന്നേറുക; നീ പറയുക: അതിന്റെ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, നിശ്ചയം അത് സർവ്വ ലോകർക്കും വേണ്ടിയുള്ള ഒരു ഉണർത്തൽ അല്ലാതെ അല്ല.

26: 209; 51: 55; 87: 9–12; 89: 23 തുടങ്ങി 21 സൂക്തങ്ങളിൽ നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നായ *ദിക്റാ* –ഉണർത്തൽ– പരാമർശിച്ചിട്ടുണ്ട്. മുൻകഴിഞ്ഞുപോയ പ്രവാചകന്മാരുടെയെല്ലാം മാർഗ്ഗമായ അദ്ദിക്റിന്റെ മാർഗത്തിൽ മുന്നേറാനും അത് ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് ഞാൻ ഒരു പ്രതിഫലവും ചോദിക്കുന്നില്ല എന്ന് പറയാനുമാണ് പ്രവാചകനോട് ആവശ്യപ്പെടുന്നത്. 38: 86 ൽ, ഇത് എത്തിച്ചുതരുന്നതിന് ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, ഞാൻ പറയുന്നത് പ്രവർത്തിക്കാതെ പുറംപൂച്ച് പറയുന്നവനുമല്ല എന്ന് പറയാൻ പ്രവാചകനോട് കൽപ്പിച്ചിട്ടുണ്ട്. ഇത് സർവ്വ ലോകർക്കുമുള്ള ഒരു ഉണർത്തലല്ലാതെ മറ്റൊന്നുമല്ല എന്ന് 38: 87 ലും പറഞ്ഞിട്ടുണ്ട്. മൊത്തം മനുഷ്യർക്കുള്ള അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി ഒരു പ്രവാചകനും ഒരു പ്രതിഫലവും വാങ്ങിയിട്ടില്ല എന്നിരിക്കെ ഇന്ന് 2: 174 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും സൂക്തങ്ങൾക്ക് കുറഞ്ഞവില വാങ്ങുന്ന ഫുജ്ജാറുകളും, അവരുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീയല്ലാതെ നിറക്കുന്നില്ല. സ്രഷ്ടാവ് ഉദ്ദേശിച്ച ആശയത്തിൽ ലോകർക്ക് അതിനെ പരിചയപ്പെടുത്താത്ത അവർ തന്നെയാണ് 3: 10 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച നരകത്തിന്റെ വിറകുകളായ കാഫിറുകളും. 25: 56 ൽ, നാം നിന്നെ സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിട്ടല്ലാതെ അയച്ചിട്ടില്ല എന്നും; 25: 57 ൽ, നീ പറയുക: ഇത് എത്തിച്ച് തരുന്നതിന് ഞാൻ നിങ്ങളോട് പ്രതിഫലത്തിൽ നിന്ന് ഒന്നും ചോദിക്കുന്നില്ല, ആരാണോ തങ്ങളുടെ നാഥനിലേക്ക് എത്തിപ്പെടാൻ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നത് അത് ഒഴികെ എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 99–100 സൂക്തങ്ങളിലും, സൂക്ഷ്മാലുക്കൾ മാത്രമേ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുകയുള്ളൂ എന്ന് 69: 48 ലും പറഞ്ഞിട്ടുള്ളത്.

നിശ്ചയം, അദ്ദിക്ർ സർവ്വലോകർക്കുമുള്ള ഒരു *ദിക്റാ* അല്ലാതെ അല്ല എന്നാണ് സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അഥവാ ആരാണ് അല്ലാഹു, ആരാണ് പിശാച്, എവിടെയാണ് മനുഷ്യർ ആദ്യം സൃഷ്ടിക്കപ്പെട്ടത്, എന്താണ് അവരുടെ ആത്മാവ്, ശരീരം, അവരെ ഭൂമിയിൽ നിയോഗിച്ചതിന്റെ ലക്ഷ്യം, ആരാണ് മലക്കുകൾ, ജിന്നുകൾ, പ്രവാചകന്മാർ, ആരാണ് സ്വർഗത്തിലേക്കുള്ളവർ, ആരാണ് നരകത്തിലേക്കുള്ളവർ, എങ്ങനെയാണ് പരലോകത്തെ വിചാരണാരീതി, നരകത്തിലെ ശിക്ഷാകഠോരങ്ങൾ, സ്വർഗത്തിലെ അനുഭൂതികൾ, മുസ്ലിമായി ജനിച്ച മനുഷ്യർ എങ്ങനെയാണ് കാഫിറാവുക, എങ്ങനെയാണ് വിശ്വാസിയാവുക, ആരാണ് നരകത്തിലേക്ക് വിചാരണയില്ലാതെ പോകുന്നവർ, ആരാണ് സ്വർഗ്ഗത്തിലേക്ക് വിചാരണയില്ലാതെ പോകുന്നവർ, ആരാണ് മരണസമയത്ത് ആത്മാവിനെതിരെ ഞാൻ കാഫിറാണെന്ന് സാക്ഷ്യം വഹിച്ച് ദുഃഖത്തോടെ പിശാചിനെ കണ്ട് മരിക്കുന്നത്, ആരാണ് ശാന്തി നേടിയ ആത്മാവായി നാഥനെ കണ്ട് സ്വർഗ്ഗത്തിലേക്ക് പോകുന്നത് തുടങ്ങി എല്ലാ കാര്യങ്ങളും ഹൃദയത്തിന്റെ ഭാഷയിൽ പറഞ്ഞുകൊടുക്കുന്ന ഗ്രന്ഥം എന്നാണ് *ദിക്റാ, അദ്ദിക്ർ, ദിക്രീ, തദ്കിറ* എന്നതുകൊണ്ടെല്ലാം ഉദ്ദേശിക്കു

ന്നത്. 36: 69 ൽ, ഇത് വ്യക്തവും സ്പഷ്ടവുമായ വായനയായ ഒരു ഉണർത്തലല്ലാതെ അല്ല എന്ന് പറഞ്ഞിട്ടുണ്ട്. 15: 6, 9; 16: 43–44; 21: 7, 50; 29: 45; 36: 11; 38: 1; 43: 36, 44; 62: 9; 63: 9 തുടങ്ങി 61 സൂക്തങ്ങളിൽ അദ്ദിക്റിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. നിശ്ചയം ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഈ ഗ്രന്ഥത്തെ ഹൃദയം കൊണ്ട് മനസ്സിലാക്കാൻ (ആശയം മനസ്സിലാക്കാൻ) അല്ലാഹു വളരെ എളുപ്പമാക്കിയിരിക്കുന്നു, അപ്പോൾ ആരുണ്ട് അതിന് തയ്യാർ എന്ന് 54-ാം സൂറത്തിൽ നാല് പ്രാവശ്യം അല്ലാഹു ആവർത്തിച്ച് ചോദിച്ചിട്ടുണ്ട്. 2: 38–39, 79; 4: 80; 6: 25–26 വിശദീകരണം നോക്കുക.

91. അവർ അല്ലാഹുവിനെ, അവനെ പരിഗണിക്കേണ്ട വിധം പരിഗണിച്ചതുമില്ല, അല്ലാഹു മനുഷ്യരുടെമേൽ യാതൊന്നും അവതരിപ്പിച്ചിട്ടില്ല എന്ന് അവർ പറഞ്ഞപ്പോൾ; നീ ചോദിക്കുക: മൂസാ കൊണ്ടുവന്നിട്ടുള്ളതായ മനുഷ്യർക്കുവേണ്ടിയുള്ള സന്മാർഗ്ഗവും പ്രകാശവുമായ ഗ്രന്ഥം ആരാണ് അവതരിപ്പിച്ചത്? -നിങ്ങൾ അതിനെ കടലാസുകളിലാക്കുകയും അതിൽ നിന്ന് അൽപം വെളിവാക്കുകയും അധികവും നിങ്ങൾ ഒളിപ്പിച്ചുവെക്കുകയും ചെയ്യുന്നു, നിങ്ങൾക്കും നിങ്ങളുടെ പിതാക്കൾക്കും അറിവില്ലാതിരുന്ന അറിവ് നിങ്ങളെ പഠിപ്പിക്കുന്നതുമായ ഗ്രന്ഥം; നീ പറയുക: അല്ലാഹുവാണെന്ന്, പിന്നെ അവരെ അവരുടെ പരിഹാസങ്ങളിൽ കളിച്ചുകൊണ്ടിരിക്കാൻ വിടുകയും ചെയ്യുക.

2: 119, 147; 3: 60; 7: 8–9; 10: 108; 17: 81; 39: 69, 75; 40: 78; 43: 78 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യമായ അദ്ദിക്ർ സമർപ്പിക്കുന്ന വിധത്തിൽ പ്രപഞ്ചനാഥനായ അല്ലാഹുവിനെ പരിഗണിച്ചില്ല എന്നാണ് അല്ലാഹുവിനെ പരിഗണിക്കേണ്ട വിധം പരിഗണിച്ചില്ല എന്ന് പറഞ്ഞതിന്റെ ആശയം. ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന് നാഥന്റെ സന്മാർഗമായ അദ്ദിക്ർ നൽകിയിട്ടുള്ളത് ഗ്രന്ഥം സമർപ്പിക്കുന്ന വിധം അവർ നാഥന്റെ പ്രാതിനിധ്യം വഹിച്ച് ജീവിക്കുന്നതിനാണ്. 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് നാഥനെ ആത്മാവുകൊണ്ട് കീർത്തനം ചെയ്യാനും പ്രാർത്ഥിക്കാനും അവസരം ഉണ്ടാക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്ത് അവരെ ജീവിതലക്ഷ്യമുള്ളവരാക്കുന്നതിനും കൂടിയാണ്. അല്ലാഹു ഒരു ജനതയെ സന്മാർഗത്തിലാക്കിയതിന് ശേഷം അവർ ഏതൊക്കെ വിധിവിലക്കുകളാണ് പിൻപറ്റേണ്ടതെന്ന് അവർക്ക് വ്യക്തമാക്കിക്കൊടുക്കാതെ അവരെ വഴികേടിലാക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ല എന്ന് 9: 115 ൽ പറഞ്ഞിട്ടുണ്ട്. അനുസ്മരണമായ അദ്ദിക്ർ അവതരിപ്പിച്ചത് ജീവനുള്ളവരെ മുന്നറിയിപ്പ് നൽകാനും കാഫിറുകളുടെ മേൽ ന്യായം സ്ഥാപിതമാകാനുമാണ് എന്ന് 36: 69–70 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 22: 73 ൽ, ഓ മനുഷ്യരേ! അല്ലാഹു എടുത്തുദ്ധരിക്കുന്ന ഉപമ നിങ്ങൾ ശ്രദ്ധിച്ച് കേൾക്കുവീൻ, നിശ്ചയം നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുന്നവരല്ല, അതിന് അവർ എല്ലാവരും ഒരുമിച്ച് കൂടിയാലും ശരി; മാത്രമല്ല, ഈച്ച അവരിൽ നിന്ന് എന്തെങ്കിലും തട്ടിക്കൊണ്ട് പോയാൽ ആ ഈച്ചയിൽ നിന്ന് അത് തിരിച്ചെടുക്കാൻ പോലും അവർക്ക് സാധ്യമല്ല, സഹായം തേടുന്നവരും തേടപ്പെടുന്നവരും ബലഹീനർ തന്നെയാകുന്നു എന്നും; 22: 74 ൽ, അല്ലാഹുവിനെ അവർ പരിഗണിക്കേണ്ട വിധം പരിഗണിച്ചില്ല, നിശ്ചയം അല്ലാഹു ശക്തനായ അജയ്യൻ തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 39: 67 ൽ, അവർ അല്ലാഹുവിനെ പരിഗണിക്കേണ്ട വിധം പരിഗണിച്ചതുമില്ല, അന്ത്യനാളിൽ അവൻ ഭൂമി മുഴുവൻ ചുരുട്ടി (അവന്റെ ഇടതുകൈയ്യിലും)

ആകാശങ്ങൾ മുഴുവൻ ചുരുട്ടി അവന്റെ വലതുകൈയ്യിലും പിടിക്കുന്നതാണ്, അവർ ജൽപിക്കുന്ന പങ്കാളിത്തത്തെത്തൊട്ടെല്ലാം അത്യുന്നതനായ അല്ലാഹു അതീവപരിശുദ്ധനാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

ഒരു നാട്ടിലേക്ക് നിയോഗിക്കപ്പെട്ട 3 പ്രവാചകന്മാരോടും ആ നാട്ടിലെ ജനത: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ അല്ല, നിഷ്പക്ഷവാൻ ഒന്നും തന്നെ അവതരിപ്പിച്ചിട്ടുമില്ല, നിങ്ങൾ നുണ പറയുന്നവരല്ലാതെ അല്ല എന്ന് പറഞ്ഞതായി 36: 15 ൽ പറഞ്ഞിട്ടുണ്ട്. 67: 8 ൽ, എല്ലാ പ്രാവശ്യവും കാഫിറുകളുടെ ഓരോ സംഘവും നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ അതിന്റെ പാറാവുകാർ അവരോട്: നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിരുന്നില്ലേ എന്ന് ചോദിക്കുമെന്നും; 67: 9 ൽ, അവർ: അതെ, നിശ്ചയം ഞങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിരുന്നു, അപ്പോൾ അവരെ ഞങ്ങൾ തള്ളിപ്പറയുകയും അല്ലാഹു ഒന്നും തന്നെ ഇറക്കിയിട്ടില്ല, നിശ്ചയം നിങ്ങൾ വമ്പിച്ച വഴികേടിലല്ലാതെ അല്ല എന്ന് അവരോട് ഞങ്ങൾ പറയുകയും ചെയ്തു എന്ന് മറുപടി പറയും എന്നും; 67: 10 ൽ, അവർ പറയുകയും ചെയ്യും: ഓ! ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ഞങ്ങൾ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുന്നവരായിരുന്നുവെങ്കിൽ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികളിൽ പെട്ടുപോകുമായിരുന്നില്ലല്ലോ എന്നും; 67: 11 ൽ, അവർ അവരുടെ കുറ്റങ്ങളെല്ലാം തിരിച്ചറിയുകയും അങ്ങനെ അവർ നരകത്തിന്റെ സഹവാസികളായി കരിക്കപ്പെടുകയും ചെയ്യുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്.

മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെടുന്നതിന് മുമ്പ് മക്കയിലുള്ളവർ മൂസാക്ക് നൽകപ്പെട്ട സന്മാർഗവും പ്രകാശവുമായ അദ്ദിക്ർ അനുസരിച്ച് ജീവിക്കാൻ കൽപിക്കപ്പെട്ടവരായിരുന്നു. പ്രവാചകൻ അവരിലേക്ക് ചെന്നപ്പോൾ സ്വാഭാവികമായും പ്രവാചകൻ പറയുന്നതിന്റെ യാഥാർത്ഥ്യം അന്വേഷിച്ചുകൊണ്ട് ഖുറൈശികളടങ്ങുന്ന മക്കാമുശ്രിക്കുകൾ അന്നത്തെ വേദക്കാരായ ജൂതരെയും ക്രൈസ്തവരെയും സമീപിക്കുകയുണ്ടായി. നിങ്ങൾ വേദം നൽകപ്പെട്ടവരും പ്രവാചകന്മാരിൽ വിശ്വസിച്ചവരുമാണല്ലോ, മുഹമ്മദിന് ദിവ്യവെളിപാട് ലഭിക്കുന്നുണ്ട് എന്ന് പറയുന്നതിൽ വല്ല സത്യവുമുണ്ടോ എന്ന് അന്വേഷിച്ചു. ഇതിന് ജൂതർ നൽകിയ മറുപടി: അല്ലാഹു മനുഷ്യരുടെമേൽ ഒന്നും തന്നെ ഇറക്കിയിട്ടില്ല, മുഹമ്മദ് കളവ് പറയുകയാണ് എന്നായിരുന്നു. ജനങ്ങളെ പ്രവാചകനെതിരിൽ അണിനിരത്താനായി മക്കാമുശ്രിക്കുകൾ വേദക്കാരുടെ ഈ മറുപടി തെളിവായി ഉദ്ധരിച്ചിരുന്നു. ഇതിനുള്ള മറുപടിയായിട്ടാണ് ഈ സൂക്തത്തിൽ മൂസാക്ക് തൗറാത്ത് നൽകിയതിനെക്കുറിച്ചും അതിനോട് അവർ അനുവർത്തിച്ച നയത്തെക്കുറിച്ചും പ്രതിപാദിച്ചിട്ടുള്ളത്. മൂസാ നബിക്ക് തൗറാത്ത് അവതരിപ്പിച്ചു എന്നത് അല്ലാഹു ഒരു മനുഷ്യനും യാതൊന്നും അവതരിപ്പിച്ചിട്ടില്ല എന്ന അവരുടെ വാദത്തിന് തിരിച്ചടിയാണ്. ഒറ്റ ഗ്രന്ഥമായ അൽകിതാബിന്റെ ഭാഗമായ, മൂസാനബിക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്ത് അന്നുള്ള മനുഷ്യർക്കെല്ലാം പ്രകാശവും മാർഗദർശനവുമാണ്. 7: 150, 154 സൂക്തങ്ങളിൽ പരാമർശിച്ച പ്രകാരം ഫലകങ്ങളിൽ രേഖപ്പെടുത്തി മൂസാക്ക് നേരിട്ട് നൽകപ്പെട്ട 10 കൽപനകളും അതിന്റെ വിശദീകരണങ്ങളും അവർ ക്രമേണ കടലാസുകളിലാക്കുകയും അതിലുള്ളത് കുറച്ചൊക്കെ ജനങ്ങൾക്ക് വെളിവാക്കുകയും, എന്നാൽ അധികവും അവർ മൂടിവെക്കുകയും ചെയ്തിരുന്നു. 32: 23 ൽ, നിശ്ചയം ഞാൻ മൂസാക്ക് ഗ്രന്ഥം നൽകിയിട്ടുണ്ടായിരുന്നു, അപ്പോൾ അതുപോലുള്ള ഒന്ന് നിനക്ക് വന്നുകിട്ടുന്നതിൽ നീ സംശയിക്കേണ്ടതില്ല, അതിനെ നാം ഇസ്റാഈൽ സന്തതികൾക്ക് സന്മാർഗമാക്കി വെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് 25: 33 ൽ പറഞ്ഞ നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ

ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ ത്രികാലജ്ഞാനിയായ നാഥൻ രൂപപ്പെടുത്തിയിരിക്കെ അത് സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്ത് അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളാണ് പ്രവാചകന്റെ കാലത്തുള്ള ജൂതരെപ്പോലും വെല്ലുന്ന വിധം ലക്ഷ്യബോധമില്ലാതെ അന്ധകാരങ്ങളിൽ ജീവിക്കുന്നത്. അവർ തന്നെയാണ് അദ്ദിക്റിനോട് വിരോധം വെച്ചു കൊണ്ടിരിക്കുന്നവരും അല്ലാഹുവിന്റെയും വിശ്വാസികളുടെയും പ്രവാചകന്മാരുടെയും ശത്രുക്കളും. 1: 7; 2: 119, 165–167; 4: 150–151 വിശദീകരണം നോക്കുക.

92. ഇത് ഒരു ഗ്രന്ഥമാകുന്നു, മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതും അനുഗ്രഹീതവുമായ അതിനെ നാമാണ് അവതരിപ്പിച്ചിട്ടുള്ളത്, നാടുകളുടെ കേന്ദ്രത്തെയും അതിന് ചുറ്റുമുള്ളവരെയും അതുകൊണ്ട് നീ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയാകുന്നു; പരലോകം കൊണ്ട് വിശ്വസിച്ചവരാരോ, അവർ അതുകൊണ്ട് വിശ്വസിക്കുന്നവരാകുന്നു, അവർ തങ്ങളുടെ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളവരുമാകുന്നു.

ത്രികാലജ്ഞാനമായ അദ്ദിക്ർ 5: 48 ൽ വിവരിച്ച പ്രകാരം അതിനുമുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ള 312 ഗ്രന്ഥങ്ങളെയും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളെയും സത്യപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ്. ആവർത്തിച്ച് വായിക്കപ്പെടേണ്ടതായ പ്രസ്തുത ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് 32: 3; 36: 6 എന്നീ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിതാക്കന്മാരാൽ മുന്നറിയിപ്പ് നൽകപ്പെടാത്തതുകാരണം പ്രജ്ഞയറ്റവരായ ഒരു ജനതയെ മുന്നറിയിപ്പുനൽകാനും അതുവഴി അവർ സന്മാർഗത്തിലാകുന്നതിനും വേണ്ടിയാണ്. 42: 7 ൽ, അപ്രകാരം നാം നിന്നിലേക്ക് അറബി ഭാഷയിലുള്ള ഒരു ഗ്രന്ഥം ദിവ്യസന്ദേശമായി നൽകുന്നത്, അതുകൊണ്ട് നീ നാടുകളുടെ കേന്ദ്രത്തെയും അതിന് ചുറ്റുമുള്ളവരെയും മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ്, എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിനെക്കുറിച്ച് നീ മുന്നറിയിപ്പ് നൽകുന്നതിനും വേണ്ടി –അതിന്റെ കാര്യത്തിൽ സംശയമേയില്ല– അന്ന് ഒരു വിഭാഗം സ്വർഗത്തിലും ഒരു വിഭാഗം നരകത്തിലുമായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. നാടിന്റെ കേന്ദ്രമായ മക്ക മാത്രമല്ല, അതിന് ചുറ്റുമുള്ള മൊത്തം ലോകരിലേക്കും മുന്നറിയിപ്പുകാരനായിട്ടാണ് 33: 40 ൽ പറഞ്ഞ പ്രകാരം മുഹമ്മദിനെ അന്ത്യപ്രവാചകനായിക്കൊണ്ടും നബിമാർക്ക് മുദ്രവെക്കപ്പെട്ടവനായിക്കൊണ്ടും സത്യമായ അദ്ദിക്റും കൊണ്ട് നിയോഗിച്ചിട്ടുള്ളത്. അവൻ തന്നെയാണ് നിരക്ഷരരായ ഒരു ജനതയിൽ നിന്ന് നിരക്ഷരനായ പ്രവാചകനെ അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുന്നതിന് വേണ്ടി നിയോഗിച്ചത്, അതിനുമുമ്പ് വ്യക്തമായ വഴികേടിലായിരുന്ന അവർക്കും ഇപ്പോൾ അവരോട് ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള നിരക്ഷരരായ മറ്റ് ചിലർക്കും വേണ്ടി എന്ന് 62: 2–3 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളതിനാൽ ഇന്ന് ലോകത്തുള്ള അറബി ഭാഷയുടെ കാര്യത്തിൽ നിരക്ഷരരായ പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങൾക്കാണ് അറബി ഭാഷ പഠിച്ചവരാണെന്ന് അഹങ്കരിക്കുന്ന ഫുജ്ജാറുകളേക്കാൾ അദ്ദിക്ർ ഉൾക്കൊള്ളാൻ കഴിയുക. ത്രികാലജ്ഞാനിയായ നാഥനിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമാണ് അദ്ദിക്ർ എന്നിരിക്കെ അതിനെ മുറുകെപ്പിടിച്ച് ജീവിക്കുന്നവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായി എന്ന് 3: 101–103; 4: 174–175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അത്തരം വിശ്വാസികളുടെ പ്രാർത്ഥനകളും കർമങ്ങളും മാത്രമേ 2:

186 ൽ വിവരിച്ച പ്രകാരം സ്വർഗ്ഗത്തിലുള്ള ഇല്ലിയ്യീനിൽ രേഖപ്പെടുത്തുന്നതിനുവേണ്ടി ഉയർത്തപ്പെടുകയുള്ളൂ. 6: 46 ൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദി വരുന്നതോടുകൂടി ലോകത്തുള്ള വിശ്വാസികളെല്ലാം അവിടേക്ക് വേർതിരിക്കപ്പെടുന്നതാണ്. അതോടുകൂടി മക്ക കേന്ദ്രീകരിച്ച് അദ്ദിക്ർ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട് ലോകത്തെല്ലായിടത്തും വ്യാപിപ്പിക്കുന്നതാണ്. 1: 3; 2: 2–5; 5: 97; 9: 32–33 വിശദീകരണം നോക്കുക.

93. അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ, അല്ലെങ്കിൽ തന്നിലേക്ക് ഒരു ദിവ്യസന്ദേശം നൽകിയിട്ടില്ല എന്നിരിക്കെ എന്നിലേക്ക് ദിവ്യസന്ദേശം നൽകപ്പെടുന്നുണ്ടെന്ന് പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്, അല്ലാഹു അവതരിപ്പിക്കുന്നതുപോലെ ഞാനും അവതരിപ്പിക്കുക തന്നെ ചെയ്യും എന്ന് പറയുന്നവനേക്കാളും? ഇത്തരം അക്രമികൾ മരണവെപ്രാളത്തിൽ അകപ്പെടുകയും, മലക്കുകൾ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ട് നിങ്ങൾ നിങ്ങളുടെ ആത്മാവിനെ പുറപ്പെടുവിക്കുക എന്ന് പറയുന്ന രംഗം നീ കാണുകയാണെങ്കിൽ! അല്ലാഹുവിന്റെ മേൽ നിങ്ങൾ പറഞ്ഞുകൊണ്ടിരുന്ന സത്യവിരുദ്ധമായ കാര്യങ്ങളുടെയും അവന്റെ സൂക്തങ്ങളെത്തൊട്ട് നിങ്ങൾ അഹങ്കരിച്ച് കൊണ്ടിരുന്നവരായിരുന്നതിന്റെയും ഫലമായി ഇന്നേദിനം നിന്ദ്യമായ ശിക്ഷ കൊണ്ട് നിങ്ങൾ പ്രതിഫലം നൽകപ്പെടുന്നവരാണ്.

തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടിട്ട് അതിനെ അവഗണിച്ച് പോയ ഇത്തരം ഭ്രാന്തന്മാരോട് നാഥൻ പ്രതികാരം ചെയ്യുമെന്ന് 32: 22 ൽ പറഞ്ഞിട്ടുണ്ട്. സത്യമായ അദ്ദിക്ർ കൂടാതെ ഭൂമിയിൽ അഹംഭാവം നടിച്ച് നടക്കുന്നവരെ എന്റെ സൂക്തങ്ങളെത്തൊട്ട് ഞാൻ പിന്തിരിപ്പിച്ച് കളയുക തന്നെ ചെയ്യും, അവർ ഏതൊരു സൂക്തം കണ്ടാലും അതിൽ വിശ്വസിക്കുകയില്ല, അവർ തന്റേടത്തിന്റെ മാർഗ്ഗം കണ്ടാൽ ആ മാർഗ്ഗം സ്വീകരിക്കുകയുമില്ല, അവർ ദുർമാർഗം കണ്ടാലോ, ആ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യും, അത് നിശ്ചയം അവർ നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞതുകൊണ്ടും അവകൊള്ളെ പ്രജ്ഞയറ്റവരായതുകൊണ്ടുമാണ് എന്ന് 7: 146 ൽ പറഞ്ഞിട്ടുണ്ട്. ആത്മാവിനോട് അക്രമം പ്രവർത്തിച്ചവരുടെ റൂഹ് മലക്കുകൾ പിടിച്ചെടുക്കുന്ന സമയത്ത് അവർ പൂർണ്ണമായി കീഴടങ്ങുകയും ഞങ്ങൾ ഇതിനുമുമ്പ് ഒരു ദുഷ്പ്രവൃത്തിയും ചെയ്യുന്നവരായിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോൾ; അതെ, നിശ്ചയം നിങ്ങൾ എന്തൊക്കെയാണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അല്ലാഹു അറിയുന്നവൻ തന്നെയാകുന്നു എന്ന് മലക്കുകൾ മറുപടി പറയുമെന്ന് 16: 28 ൽ പറഞ്ഞിട്ടുണ്ട്.

3: 102 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ മാത്രമാണ് സർവസ്വം നാഥന് സമർപ്പിച്ചവരായി മരണപ്പെടുക. അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികൾക്കും അനുയായികളായ മുശ്രിക്കുകൾക്കുമാണ് ദുഷിച്ച പരിണിതിയുള്ളത്; അവരുടെ മേൽ നാഥന്റെ കോപവും ശാപവും വർഷിച്ചിരിക്കുന്നു, അവരുടെ മടക്കസ്ഥലം നരകക്കുണ്ഠമാണ് എന്ന് 9: 67–68; 48: 6 സൂക്തങ്ങളിലും; ഭ്രാന്തന്മാരായ അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നത് വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ലും പറഞ്ഞത് അവരാണ് വായിച്ചിട്ടുള്ളത്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ ഫുജ്ജാറുകൾ തൊട്ട, കണ്ട, കേട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ ന

രകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. ലോകത്തൊരിടത്തും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 254; 3: 181–182; 5: 80–81; 9: 53–55, 80–81 വിശദീകരണം നോക്കുക.

94. നിങ്ങളെ നാം ആദ്യപ്രാവശ്യം സൃഷ്ടിച്ചതുപോലെ ഒറ്റക്കൊറ്റക്കായിട്ടാണല്ലോ നിങ്ങളെ നാം കൊണ്ടുവന്നിട്ടുള്ളത്, നാം നിങ്ങളെ ഏൽപ്പിച്ചിരുന്നതൊക്കെയും നിങ്ങൾ നിങ്ങളുടെ പുറകിൽ വിട്ടേച്ചുകൊണ്ടാണല്ലോ നിങ്ങൾ വന്നിട്ടുള്ളത്, നിശ്ചയം നിങ്ങൾക്ക് ശുപാർശക്കാരാവുമെന്ന് നിങ്ങൾ ഉറപ്പിച്ച് വെച്ചിരുന്ന നിങ്ങളുടെ പങ്കാളികളെയൊന്നും നിങ്ങളോടൊപ്പം നാം കാണുന്നില്ലല്ലോ, നിങ്ങൾക്കിടയിലുള്ള ബന്ധങ്ങളെല്ലാം നിശ്ചയം നിങ്ങൾ മുറിച്ചുകളഞ്ഞിരിക്കുന്നു, നിങ്ങൾ ഉറപ്പിച്ചുവെച്ചുകൊണ്ടിരുന്ന ധാരണകളെല്ലാം തന്നെ നിങ്ങളെത്തൊട്ട് പിഴച്ചുപോവുകയും ചെയ്തിരിക്കുന്നു.

അദ്ദിക്ർ കൊണ്ട് വിശ്വാസിയാണെന്ന് ഉറപ്പുവരുത്താതെ അതിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന ഫാജിറുകളുമായ അക്രമികളുടെ മരണരംഗമാണ് ഇവിടെ വരച്ചുകാണിക്കുന്നത്. പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്തതിനാൽ ആകാശഭൂമികളുടെ പ്രകാശമായ അല്ലാഹുവിനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം പൂവണിയിക്കാത്ത അക്രമികളുടെ മരണസമയത്ത് അവരുടെ പ്രവർത്തനങ്ങളെല്ലാം മുമ്പിൽ വെച്ചുകൊടുക്കുകയും അതിനെ കാറ്റിൽ പറത്തുന്ന ധൂളികളായി മാറ്റുകയും ചെയ്യുമെന്ന് 25: 23 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അവരുടെ സ്ഥാനമാനങ്ങളോ സമ്പത്തുകളോ സന്താനങ്ങളോ അവർ വെച്ചുകൊണ്ടിരുന്നതായ അധികാരമോ സ്വാധീനങ്ങളോ ജനങ്ങളിൽ നിന്ന് ലഭിച്ചിരുന്ന പ്രശംസകളോ ഒന്നും ഉപയോഗപ്പെടാതെ അതെല്ലാം ഇവിടെ വിട്ടേച്ചുകൊണ്ടും പിശാചിനെ ദുഖത്തോടെ കണ്ടുകൊണ്ടും നരകക്കുണ്ഠത്തിലെ അവരുടെ ഇരിപ്പിടം കണ്ടുകൊണ്ടും ജീവൻ വെടിയുന്നതാണ്. അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെക്കൊണ്ടുള്ള വിശ്വാസം രൂപപ്പെടുത്താത്തതിനാലും അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ശുപാർശക്കാരെയും ഇടയാളന്മാരെയുമെല്ലാം അവന്റെ പങ്കാളികളായി സങ്കൽപിച്ചുകൊണ്ട് ജീവിച്ചിരുന്നവരായതിനാലും അവരുടെ ധാരണകളെല്ലാം പിഴച്ചുപോയതായി അന്ന് അവർക്ക് ബോധ്യം വരുന്നതുമാണ്.

മനുഷ്യരെ ഒറ്റക്കൊറ്റക്കായിട്ടാണ് ഭൂമിയിൽ കൊണ്ടുവന്നത് എന്നതുപോലെ മരണസമയത്തും അന്ത്യനാളിലും ഒറ്റക്കൊറ്റക്കാണ് കൊണ്ടുവരിക എന്ന് ഈ സൂക്തത്തിലും 18: 48; 19: 80, 95 തുടങ്ങിയ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഓരോരുത്തരും ഭൂമിയിലേക്ക് വന്നപ്പോൾ കൊണ്ടുവരാത്തതും ഭൂമിയിൽ നിന്ന് തിരിച്ചുപോകുമ്പോൾ (മരിക്കുമ്പോൾ) കൊണ്ടുപോകാത്തതുമായ എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ ഉപയോഗപ്പെടുത്തി സ്വർഗം സമ്പാദിക്കലാണ് ജീവിതലക്ഷ്യം. എന്നാൽ സ്വർഗത്തിലേക്കുള്ള 1000 ത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ ആ ലക്ഷ്യം സാക്ഷാൽകരിക്കുകയുള്ളൂ. 2: 255; 4: 118; 6: 20–24 വിശദീകരണം നോക്കുക.

95. നിശ്ചയം അല്ലാഹു വിത്തുകളെയും കുരുക്കളെയും പിളർക്കുന്നവനാകുന്നു, അവൻ ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെ പുറപ്പെടുവിക്കുന്നു, അവൻ ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും പുറപ്പെടുവിക്കുന്നു, അതാണ് നിങ്ങളുടെ അല്ലാഹു, അപ്പോൾ എങ്ങനെയാണ് നിങ്ങൾ തെറ്റിക്കപ്പെട്ടു കൊ

ണ്ടിരിക്കുന്നത്?

വിത്തുകളെയും കുരുക്കളെയും പിളർത്തി മുളപ്പിച്ച് സസ്യലതാദികളായി വളർത്തുന്നത് അല്ലാഹുവാണ്. 41: 47 ൽ, അന്ത്യമണിക്കൂറിനെക്കുറിച്ചുള്ള അറിവ് അവനിലേക്ക് മടങ്ങുന്നു, ഫലങ്ങൾ അതിന്റെ കൊതുമ്പുകളിൽ നിന്ന് പുറത്തുവരുന്നില്ല, ഒരു സ്ത്രീയും ഗർഭം ചുമക്കുന്നില്ല, പ്രസവിക്കുന്നുമില്ല -അവന്റെ അറിവോടുകൂടിയല്ലാതെ; ഒരു നാൾ അവരോട് വിളിച്ച് ചോദിക്കപ്പെടും: എവിടെയാണ് എന്റെ പങ്കാളികൾ? അവർ മറുപടി പറയും: ഞങ്ങളിൽ ഒരാളും അതിന് സാക്ഷിയല്ല എന്ന് ഞങ്ങൾ നിന്നോടിതാ പ്രഖ്യാപിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിലെ 6236 സൂക്തങ്ങളും അല്ലാഹുവിനെ പരിചയപ്പെടുത്താനാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നിരിക്കെ പ്രസ്തുത ഉദ്ദേശ്യത്തിന് വിരുദ്ധമായി അറബി ഖുർആൻ പാരായണം ചെയ്താൽ മതി, അല്ലെങ്കിൽ ജീവനായ അർത്ഥം പഠിച്ചാൽ മതി തുടങ്ങിയ ധാരണയിൽ ഫാജിറുകളെ ഹൃദയത്തിന്റെ ഭാഷയിലുള്ള നാഥന്റെ സംസാരമായ അദ്ദിക്റിനെത്തൊട്ട് തടയുക വഴി അല്ലാഹുവിൽ നിന്ന് പിന്തിരിപ്പിച്ചുകൊണ്ട് പോകുന്നവരാണ് വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്ന തെമ്മാടികളായ കപടവിശ്വാസികൾ. നിങ്ങൾ ഉറപ്പിച്ചുവെച്ചിരുന്ന എന്റെ പങ്കാളികൾ എവിടെ എന്ന് എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അവരോട് ചോദിക്കുമ്പോൾ ആരുടെ മേലാണോ ചോദ്യം ബാധകമായത് അവർ പറയും: ഞങ്ങളുടെ നാഥാ! ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെടുത്തി വഴിപിഴപ്പിച്ചവർ ഇക്കൂട്ടരാണ്, ഞങ്ങൾ വഴിപിഴച്ചതുപോലെ അവരെയും വഴിപിഴപ്പിക്കുകയാണുണ്ടായത്, ഇപ്പോൾ നിന്നോട് ഞങ്ങളിതാ അവരെ വഴിപിഴപ്പിച്ചതിനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിവാകുന്നു, അവർ ഞങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്നവരായിരുന്നില്ല. ശരി; നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുക, അപ്പോൾ അവർ വിളിക്കും, എന്നാൽ അവർക്ക് അവർ മറുപടി നൽകുകയില്ല, അവർ ശിക്ഷ നേരിൽ കാണുകയും ചെയ്യും, അവർ സന്മാർഗ്ഗമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നവർ ആയിരുന്നുവെങ്കിൽ! എന്ന് 28: 62-64 സൂക്തങ്ങളിൽ പറഞ്ഞത് ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 165-167; 3: 26-27; 6: 59 വിശദീകരണം നോക്കുക.

96. പ്രഭാതങ്ങളെ പൊട്ടിവിടർത്തുന്നവൻ, രാത്രിയെ വിശ്രമവേളയാക്കിയവനും സൂര്യനെയും ചന്ദ്രനെയും കണക്കുകൂട്ടുന്നതിനായി നിശ്ചയിച്ചവനും; അതെ, ഇതെല്ലാം അജയ്യനായ സർവ്വജ്ഞാനിയുടെ കഴിവുറ്റ സംവിധാനങ്ങളാകുന്നു.

പ്രഭാതങ്ങൾ പൊട്ടിവിടർത്തുന്നതും രാത്രിയെ വിശ്രമിക്കാനുള്ളതാക്കിയതും സൂര്യനെയും ചന്ദ്രനെയും സമയം കണക്കാക്കുന്നതിന് വേണ്ടി നിജപ്പെടുത്തിയതുമെല്ലാം അല്ലാഹു തന്നെയാണ്. സൂര്യനും ചന്ദ്രനും ഒരു കണക്കിന് വിധേയമാകുന്നു എന്ന് 55: 5 ൽ പറഞ്ഞിട്ടുണ്ട്. 10: 5 ൽ, അവൻ തന്നെയാണ് സൂര്യനെ പ്രകാശമുള്ളതും ചന്ദ്രനെ ശോഭയുള്ളതുമാക്കിയതും, അതിന്റെ വൃദ്ധി-ക്ഷയ-സ്ഥാനങ്ങളെ കൃത്യമായി നിർണ്ണയിച്ച് വെച്ചതും, നിങ്ങൾക്ക് വർഷങ്ങളുടെയും തീയ്യതികളുടെയും കണക്കറിയുന്നതിന് വേണ്ടി, അല്ലാഹു അതൊക്കെയും ലക്ഷ്യത്തോടുകൂടിയല്ലാതെ സൃഷ്ടിച്ചിട്ടില്ല, അവൻ തന്റെ സൂക്തങ്ങളെ അറിവുള്ള ജനതക്ക് വേണ്ടി വ്യക്തമായി വിശദീകരിക്കുകയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 36: 37 ൽ, അവർക്ക് രാത്രി ഒരു ദൃഷ്ടാന്തമാണ്, നാം പകലിനെ അതിൽ നിന്ന് ഊരിയെടുക്കുന്നു, അപ്പോൾ അവർ അതാ ഇരുട്ടിലാകുന്നു എന്നും; 38 ൽ, സൂര്യൻ അതിന് നിശ്ചയിച്ച സങ്കേതത്തിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു, അത് അജയ്യനായ സർവ്വജ്ഞനായ ഒരുവന്റെ കഴിവുറ്റ സംവിധാനമാണ് എന്നും; 36: 40 ൽ, സൂര്യന് ചന്ദ്രനെ പ്രാപിക്കാൻ സാധിക്കുന്നില്ല, രാത്രിക്ക് പകലിനെ മുൻകടക്കാനും സാധിക്കുന്നില്ല, എ

ല്ലാ ഒന്നും തന്നെ അവക്ക് നിശ്ചയിച്ചിട്ടുള്ള സഞ്ചാരപഥത്തിൽ നീന്തിക്കൊണ്ടിരിക്കുക യാകുന്നു, അഥവാ കറങ്ങികൊണ്ടിരിക്കുകയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഈ സംവി ധാനം അന്ത്യനാൾ വരെ തുടരുന്നതും, അന്ത്യനാളിൽ 75: 8 ൽ പറഞ്ഞ പ്രകാരം ചന്ദ്രൻ അണയുന്നതും, 75: 9 ൽ പറഞ്ഞ പ്രകാരം സൂര്യനും ചന്ദ്രനും ഒരുമിച്ച് കൂട്ടപ്പെടുന്നതുമാ ണ്. ഒരു വെള്ളിയാഴ്ച പകൽ അവസാനിക്കുന്നതോടുകൂടി ലോകം ഇരുളുകയും രാവും പകലും മാറി വരുന്ന സംവിധാനം ഇല്ലാതാവുകയും ചെയ്യും. മാരണത്തിൽ നിന്ന് രക്ഷ തേടുന്നതിനുവേണ്ടി അവതരിച്ചിട്ടുള്ള 113-ാം സൂറത്തിലെ 1-ാം സൂക്തത്തിൽ, പ്രഭാതത്തെ പൊട്ടിവിടർത്തുന്ന നാഥനെക്കൊണ്ട് ഞാൻ ശരണം തേടുന്നു എന്ന് പറയാൻ കൽപിച്ചി ട്ടുണ്ട്. 2: 189; 3: 190-191; 9: 36 വിശദീകരണം നോക്കുക.

97. അവൻ തന്നെയാണ് നിങ്ങൾക്ക് വേണ്ടി നക്ഷത്രങ്ങളെ ഉണ്ടാക്കിവെച്ചിട്ടുള്ള തും, കരയിലെയും സമുദ്രത്തിലെയും അന്ധകാരങ്ങളിൽ നിന്ന് അവ കൊണ്ട് നിങ്ങളെ മാർഗദർശനം ചെയ്യുന്നതിന് വേണ്ടി, അറിവുള്ള ജനതക്ക് വേണ്ടി നിശ്ചയം നാം നമ്മുടെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ പെട്ട് വഴിതെറ്റി ഉഴലുമ്പോൾ നക്ഷ ത്രങ്ങൾ നോക്കി വഴി കണ്ടെത്താനുള്ള മാർഗ്ഗം ഉണ്ടാക്കിയതും അല്ലാഹുവാണ് എന്നാ ണ് പറയുന്നത്. ഭൂമിയിൽ നാം മലകളാലുള്ള ആണികൾ സ്ഥാപിച്ചിരിക്കുന്നു -അത് നി ങ്ങളോടുകൂടി ആടിയുലഞ്ഞ് പോകാതിരിക്കുന്നതിനുവേണ്ടി, അവൻ ഭൂമിയിൽ നദിക ളെ ഒഴുക്കുകയും ചെയ്തിരിക്കുന്നു. പ്രകൃതിപരമായ പാതകളും ഉണ്ടാക്കി -നിങ്ങൾ സ ന്മാർഗം പ്രാപിക്കുക തന്നെ വേണമെന്നതിനുവേണ്ടി. അവൻ ഭൂമിയിൽ വഴിയും സ്ഥല ങ്ങളും തിരിച്ചറിയാനുള്ള അടയാളങ്ങളും സ്ഥാപിച്ചു. നക്ഷത്രങ്ങൾ കൊണ്ടും അവർ മാർഗദർശനം ചെയ്യപ്പെടുന്നുണ്ടല്ലോ എന്ന് 16: 15-16 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

സൂര്യചന്ദ്രാദി നക്ഷത്രങ്ങളെക്കൊണ്ട് ഭൗതികജീവിതത്തിൽ നിങ്ങളെ അവൻ മാർഗ ദർശനം ചെയ്യുന്നത് പോലെ നിങ്ങളുടെ നാലാം ഘട്ടത്തിലുള്ള ഐഹിക ജീവിതല ക്ഷ്യം സാക്ഷാൽകരിക്കുന്നതിന് വേണ്ടിയാണ് സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റും കൊണ്ട് പ്രവാചകന്മാരെ നിയോഗിച്ചിട്ടുള്ളത്. ഓ നബിയേ! നിശ്ച യം നിന്നെ നാം സാക്ഷിയായിട്ടും ശുഭവാർത്താദായകനായിട്ടും മുന്നറിയിപ്പുകാരനായി ട്ടും പ്രശോഭിക്കുന്ന വിളക്കായിട്ടും അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് അവനിലേക്ക് വിളിക്കുന്നവനായിട്ടുമാണ് അയച്ചിട്ടുള്ളത് എന്ന് 33: 45-46 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 213; 6: 63-64 വിശദീകരണം നോക്കുക.

98. അവൻ തന്നെയാണ് നിങ്ങളെ ഒറ്റ ആത്മാവിൽ നിന്ന് നട്ടുവളർത്തിക്കൊണ്ടു വന്നത്, അപ്പോൾ ഓരോരുത്തർക്കും വിശ്രമസ്ഥലവും സൂക്ഷിപ്പുസ്ഥലവും ഉ ണ്ട്, ജീവിതലക്ഷ്യം ഗ്രഹിക്കുന്നവരായ ജനതക്കുവേണ്ടി നിശ്ചയം നാം ന മ്മുടെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് തന്നിട്ടുണ്ട്.

67: 23 ൽ, നീ പറയുക, അവനാണ് നിങ്ങളെ നട്ടുവളർത്തിയത്, നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചയും ബുദ്ധിശക്തിയും നൽകി, നിങ്ങളിൽ അൽപം പേർ മാത്രമേ ന ന്ദി പ്രകടിപ്പിക്കുന്നവരായുള്ളൂ എന്ന് പറഞ്ഞിട്ടുണ്ട്. ഓരോരുത്തർക്കും വിശ്രമസ്ഥലമു ണ്ട് എന്ന് പറഞ്ഞത് നാലാം ഘട്ടത്തിലുള്ള ഭൂമിയിലുള്ള പാർപ്പിടത്തെക്കുറിച്ചാണ്. സൂ ക്ഷിപ്പുസ്ഥലം കൊണ്ടുദ്ദേശിക്കുന്നത് മരണശേഷമുള്ള ശരീരത്തിന്റെ സൂക്ഷിപ്പുസ്ഥലം -ഗോഡൗൺ- ആണ്. 11: 6 ൽ, ഭൂമിയിലുള്ള ഒരു ജീവജാലവുമില്ല, അല്ലാഹുവിന്റെ പ

ക്കൽ അതിന്റെ ഭക്ഷണമുണ്ടായിട്ടല്ലാതെ, അതിന്റെ വിശ്രമസ്ഥലവും അതിന്റെ മരണ ശേഷമുള്ള സങ്കേതവും അല്ലാഹു അറിയുന്നു, എല്ലാം ഒരു വ്യക്തമായ ഗ്രന്ഥത്തിൽ രേ ഖപ്പെടുത്തി വെച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. അവരിൽ നിന്ന് എന്താണ് ഭൂമിയിൽ ചുരു ങ്ങിപ്പോവുക എന്ന് നിശ്ചയം നമുക്കറിയാം, നമ്മുടെ പക്കൽ സൂക്ഷിച്ചിട്ടുള്ള ഒരു ഗ്രന്ഥ ത്തിൽ അതെല്ലാം രേഖപ്പെടുത്തിവെച്ചിട്ടുണ്ട് എന്ന് 50: 4 ൽ പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഗ്ര ന്ഥം 10: 61 ൽ പറഞ്ഞ ത്രികാലജ്ഞാനമായ അദ്ദിക്ർ തന്നെയാണ്. 4: 78; 6: 27–28, 59 വി ശദീകരണം നോക്കുക.

99. ആകാശത്തുനിന്ന് വെള്ളമിറക്കുന്നതും അവൻ തന്നെയാണ്, അങ്ങനെ അതു കൊണ്ട് നാം എല്ലാ സസ്യലതാദികളെയും പുറപ്പെടുവിക്കുന്നു, അപ്പോൾ അ തിൽ നിന്ന് പച്ച നിറത്തിലുള്ള വയലുകൾ നാം പുറപ്പെടുവിക്കുന്നു, അതിൽ നിന്ന് ധാന്യമണികൾ ഇടതിങ്ങിയ കതിരുകളെ നാം പുറപ്പെടുവിക്കുന്നു, ഈ ത്തപ്പനകളിൽ നിന്നുള്ളവയെയും അതിന്റെ കൊതുമ്പുകളിൽ ഉറുഞ്ചിലുകളാ യി തൂങ്ങിക്കിടക്കുന്ന പഴക്കുലകളോട് കൂടിയവയെയും, പരസ്പരം സാമ്യമു ള്ളതും സാമ്യമില്ലാത്തതുമായ മുന്തിരിയുടെയും ഒലീവിന്റെയും ഉറുമാനിന്റെ യും തോട്ടങ്ങളെയും, നിങ്ങൾ അതിന്റെ ഫലങ്ങളിലേക്ക് നോക്കുക, അത് പാ കമാകുമ്പോഴും പറിച്ചെടുക്കുന്നതുവരെയുമുള്ള പ്രക്രിയകൾ; നിശ്ചയം നിങ്ങൾ ക്ക് -വിശ്വാസികളായ ജനതക്ക് അതിൽ ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്.

എല്ലാ സസ്യലതാദികളും മുളക്കുന്നതിന് വെള്ളം ആവശ്യമുള്ളതുകൊണ്ടാണ് 'ആ കാശത്തുനിന്ന് വെള്ളമിറക്കി, അതുകൊണ്ട് നാം എല്ലാ സസ്യലതാദികളെയും പുറപ്പെ ടുവിക്കുന്നു' എന്ന് പറഞ്ഞത്. പിന്നെ മനുഷ്യർക്ക് ഉപകാരപ്രദമായ നെല്ല്, ഗോതമ്പ്, ചോളം, രാഗി തുടങ്ങിയ എല്ലാ ധാന്യങ്ങളും, അവ മനുഷ്യരുടെ പ്രധാന ഭക്ഷണമായതി നാൽ അവ വളരുന്ന വയലുകളും എടുത്തുപറഞ്ഞിരിക്കുന്നു. ഈത്തപ്പഴം, മുന്തിരി, ഒലീ വ്, ഉറുമാൻ തുടങ്ങിയ പഴങ്ങളുടെ തോട്ടങ്ങൾ മാത്രമല്ല, ആപ്പിൾ, ഓറഞ്ച്, മാമ്പഴം, ച ക്ക, വാഴപ്പഴം തുടങ്ങിയ എല്ലാ പഴങ്ങളുടെ തോട്ടങ്ങളും ഉദ്ദേശിക്കുന്നുണ്ട്. 'സാമ്യമുള്ള തും സാമ്യമില്ലാത്തതും' എന്ന് പറഞ്ഞതിൽ മുന്തിരിയും ഒലീവും പ്രത്യക്ഷത്തിൽ ഒരു പോലെയുള്ള ഫലങ്ങളാണ് എന്നാണ്. സാമ്യമില്ലാത്തത് എന്ന് പറഞ്ഞാൽ മുന്തിരി, ഒ ലീവ് എന്നിവയെപ്പോലെയല്ല ഉറുമാൻ എന്നതാണ്. മാത്രമല്ല, മുന്തിരി തന്നെ വ്യത്യസ്ഥ മായ രുചിയോടും നിറത്തോടും കൂടിയവയുണ്ട്. അതുപോലെ ഒലീവും വ്യത്യസ്ഥമായ നിറത്തോട് കൂടിയവയുണ്ട്. എല്ലാം ഒരേ ഭൂമിയിൽ നിന്ന് ഒരേ വെള്ളം കൊണ്ട് ഏകനാ യ സ്രഷ്ടാവ് ഉണ്ടാക്കുന്നതാണ്. ഈ പഴവർഗങ്ങൾ പരാഗണം വഴി മൊട്ടിട്ട്, പൂവിട്ട്, വ ളർന്ന് പക്വമായി വിവിധ ഘട്ടങ്ങൾ തരണം ചെയ്ത് പറിച്ചെടുക്കാവുന്ന ഫലങ്ങളായി മാറുന്ന പ്രക്രിയ പോലെത്തന്നെയാണ് മനുഷ്യരേയും ഭൂമിയിലേക്ക് കൊണ്ടുവരുന്നത് എന്നതാണ് സൂക്തത്തിൽ പറഞ്ഞ ദൃഷ്ടാന്തം. 22: 5; 35: 11; 39: 6; 40: 67 തുടങ്ങിയ സൂ ക്തങ്ങളിൽ വിവരിച്ചതുപോലെ ഗർഭപാത്രത്തിൽ വിവിധ ഘട്ടങ്ങൾ തരണം ചെയ്ത ശേഷം മനുഷ്യനെ ഭൂമിയിലേക്ക് കൊണ്ടുവരികയും, ആദ്യം മലർന്നും ശേഷം കമഴ്ന്നും പിന്നെ മുട്ടുകുത്തിയും പിന്നെ നിവർന്നും നടക്കുന്ന ശിശു പ്രായപൂർത്തിയായി പക്വത വന്ന്, പ്രത്യുൽപാദനം നടത്തി, വാർദ്ധക്യം പ്രാപിച്ച് അവസാനം അവന്റെ അവസ്ഥ കു ട്ടികളുടേതുപോലെയായി 16: 70; 36: 68 എന്നീ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മാറുന്നു. അവസാനം മരിക്കുന്നതോടുകൂടി മണ്ണുകൊണ്ടുള്ള ശരീരം സൂക്ഷിപ്പുകേന്ദ്രത്തിലെത്തി മണ്ണായിത്തീരുകയും ചെയ്യുന്നു. 20: 55 ൽ, മറ്റൊരു പ്രാവശ്യം നിങ്ങളെ അതിൽ നിന്ന് ത

ന്നെ പുറപ്പെടുവിപ്പിക്കുമെന്ന് പറഞ്ഞത് വിധിദിവസം ആ ഖബറിൽ നിന്ന് പുനർജീവിപ്പിക്കുന്നതിനെയാണ്. അതുകൊണ്ടുതന്നെയാണ് മനുഷ്യന്റെ അഞ്ചാം ഘട്ടമായ ഖബറിനെ 'കൊണ്ടുവരുന്നു, കൊണ്ടുപോകുന്നു' എന്ന ആശയത്തിലുള്ള ഗോഡൗൺ എന്ന് വിശേഷിപ്പിച്ചത്. 13: 3–4; 16: 10–11; 50: 9–11 വിശദീകരണം നോക്കുക.

100.അവർ ജിന്നുകളെ അല്ലാഹുവിന്റെ പങ്കാളികളാക്കിയിരിക്കുന്നു, അവരെ സൃഷ്ടിച്ചത് അവനാണ്, യാതൊരു അറിവുമില്ലാതെ അവർ അല്ലാഹുവിന് പുത്രന്മാരെയും പുത്രിമാരെയും ആരോപിച്ചുണ്ടാക്കിയിരിക്കുന്നു; അവനോ, അവർ ജൽപിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ടെല്ലാം അത്യുന്നതനായ പരിശുദ്ധനാണ്.

മനുഷ്യരെ സൃഷ്ടിക്കുന്നതും അവർക്കുള്ള ജീവിതവിഭവങ്ങൾ സൃഷ്ടിക്കുന്നതുമെല്ലാം ഏകനായ അല്ലാഹുവാണ് എന്ന് വിവരിച്ചുകൊടുത്തിട്ടും ഗ്രന്ഥത്തിന്റെ അഭിസംബോധകരായിരുന്ന മക്കാമുശ്രിക്കുകൾ ജിന്നുകളെ അല്ലാഹുവിന്റെ ആൺസന്താനങ്ങളും മലക്കുകളെ അല്ലാഹുവിന്റെ പെൺസന്താനങ്ങളുമായി സങ്കൽപ്പിച്ചിരുന്നു. അജയ്യഗ്രന്ഥമായ അദ്ദിക്റും അല്ലാഹുവും ഒന്നാണ് എന്നിരിക്കെ അദ്ദിക്ർ വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഇന്നുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളും അല്ലാഹുവിനെക്കുറിച്ച് വികലമായ വിശ്വാസമാണ് കൊണ്ടുനടക്കുന്നത്. ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന അവർ 'അല്ലാഹു' എന്ന് പറയാൻ അറിഞ്ഞിട്ട് അല്ലാഹുവിനെ ഉറക്കിക്കിടത്തിക്കൊണ്ടുള്ള ജീവിതശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് അല്ലാഹുവിനെ പരിചയപ്പെടുത്താനും ജീവിതലക്ഷ്യം പരിചയപ്പെടുത്താനും മനുഷ്യരുടെ ഐക്യം സ്ഥാപിക്കാനുമാണ്. അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയ ഫുജ്ജാറുകൾക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിൽ കൂടി ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ ഇല്ല എന്ന് 7: 40 ൽ പറഞ്ഞിരിക്കുന്നതിനാൽ അവരുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ, ദാനധർമ്മങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം നരകക്കുണ്ഠത്തിലേക്കുള്ള 'സിജ്ജീൻ പട്ടിക'യിലാണ് രേഖപ്പെടുത്തപ്പെടുക. എല്ലാ സൃഷ്ടികളെയും ഒരുമിച്ചുകൂട്ടുന്ന വിധിദിവസം മലക്കുകളോട് അല്ലാഹു ചോദിക്കുന്നതാണ്: ഇവർ നിങ്ങളെയായിരുന്നോ സേവിച്ചുകൊണ്ടിരുന്നത്? അപ്പോൾ മലക്കുകൾ പറയും: നീ പരിശുദ്ധൻ! അവരല്ല, നീയാണ് ഞങ്ങളുടെ സംരക്ഷകൻ; എന്നാൽ അവർ ജിന്നുകളെയായിരുന്നു സേവിച്ചിരുന്നത്, അവരിൽ അധികപേരും ജിന്നുകളിൽ വിശ്വസിക്കുന്നവരുമായിരുന്നു എന്ന് 34: 40–41 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയത് ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. 2: 165–167; 6: 55, 91–92 വിശദീകരണം നോക്കുക.

101. ആകാശങ്ങൾക്കും ഭൂമിക്കും തുടക്കം കുറിച്ചവൻ, അവന് എങ്ങനെയാണ് ഒരു സന്താനമുണ്ടാവുക, അവന് ഒരു കൂട്ടുകാരിയില്ല എന്നിരിക്കെ? അവൻ എല്ലാ ഓരോ വസ്തുവിനെയും സൃഷ്ടിച്ചവനാകുന്നു, അവൻ എല്ലാഓരോ വസ്തുവിനെക്കുറിച്ചും അറിവുള്ളവനുമാകുന്നു.

21: 30 ൽ വിവരിച്ചതുപോലെ ആകാശഭൂമികളെ ഒട്ടിപ്പിടിച്ച അവസ്ഥയിൽ നിന്ന് വേർപെടുത്തി ഇന്ന് കാണുന്ന വിധത്തിൽ സംവിധാനിക്കുകയും ജീവൻ നിലനിർത്തുന്നതിന് വേണ്ടി വെള്ളം അനിവാര്യമാക്കുകയും ചെയ്തവനാണ് എല്ലാം അടക്കിഭരിക്കുന്ന ഏകാധിപനും സർവ്വാധിപനും സ്വേച്ഛാധിപനുമായ ത്രികാലജ്ഞാനിയായ അല്ലാഹു. 3: 58 ൽ പറഞ്ഞ യുക്തിനിർഭരഗ്രന്ഥവും 25: 33 ൽ പറഞ്ഞ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥ

വും 33: 46 ൽ പറഞ്ഞ നാഥന്റെ സമ്മതപത്രവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തുന്നവർ മാത്രമേ വിശ്വാസിയായ അവന്റെ പ്രതിനിധികളും അല്ലാഹുവിനെക്കുറിച്ച് ശരിയായ ധാരണ വെച്ചുപുലർത്തുന്നവരുമാവുകയുള്ളൂ. 112-ാം സൂറത്തിൽ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: നീ പറയുക: അവൻ, അല്ലാഹു ഏകനാണ്. അവൻ പൂർണ്ണനാണ്, അഥവാ എല്ലാവർക്കും ആശ്രയമായിട്ടുള്ളവനും ആരുടെയും ആശ്രയം വേണ്ടാത്തവനുമാണ്. അവന് ഒരു സന്താനവുമില്ല, അവൻ ആരുടെയും സന്താനവുമല്ല. അവനെപ്പോലെ ഒരാളുമില്ല. 42: 11 ൽ, അവനെപ്പോലെ ഒരു വസ്തുവുമില്ല എന്നും പറഞ്ഞിട്ടുണ്ട്. 2: 29, 116–117; 10: 61 വിശദീകരണം നോക്കുക.

102.അതാകുന്നു നിങ്ങളുടെ അല്ലാഹു, നിങ്ങളുടെ ഉടമ, അവനല്ലാതെ വേറെ ഒരു ഇലാഹുമില്ല, എല്ലാ ഓരോ വസ്തുവിന്റെയും സ്രഷ്ടാവ്, അപ്പോൾ നിങ്ങൾ അവനെ സേവിച്ചുകൊണ്ടിരിക്കുക, അവൻ എല്ലാ ഓരോ വസ്തുവിന്റെയും കൈകാര്യകർത്താവുമാകുന്നു.

നിങ്ങളെ അവൻ ഒറ്റ ആത്മാവിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു, പിന്നെ അതിൽ നിന്ന് അതിന്റെ ഇണയെ സൃഷ്ടിച്ചു, കന്നുകാലികളിൽ നിന്നുള്ള എട്ട് ജോടികളെ നിങ്ങൾക്ക് ഇറക്കിത്തരികയും ചെയ്തിരിക്കുന്നു, നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ ഒന്നിനുപിറകെ മറ്റൊന്നായി മൂന്ന് ഇരുട്ടറകൾക്കുള്ളിൽ സൃഷ്ടിക്കുന്നു, അതാണ് നിങ്ങളുടെ അല്ലാഹു! നിങ്ങളുടെ ഉടമ, അവനാകുന്നു ആധിപത്യം, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല എന്ന് 39: 6 ൽ പറഞ്ഞിട്ടുണ്ട്. അതായത് എല്ലാ ചരാചരങ്ങളുടെയും സ്രഷ്ടാവായ അല്ലാഹുവിനെ മാത്രമേ കാണാതെ കണ്ട് വിളിക്കാവൂ, അവനെ മാത്രമേ ഭയപ്പെടാവൂ, അവന്റെമേൽ മാത്രമേ ഭരമേൽപിക്കാവൂ, അവനോട് മാത്രമേ സഹായം തേടാവൂ, നാലാം ഘട്ടമായ ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടതും അവന്റെ മുന്നിൽ മാത്രമാണ്. 'അവനെ സേവിച്ചുകൊണ്ടിരിക്കുക' എന്ന് പറഞ്ഞാൽ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തും*, 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുക എന്നാണ്. 6236 സൂക്തങ്ങളിലൂടെ അല്ലാഹുവിനെയും ജീവിതലക്ഷ്യത്തെയും പരിചയപ്പെടുത്തുന്ന, അദ്ദിക്റിനെ തെളിവും പ്രകാശവുമായി ഉപയോഗപ്പെടുത്തുന്ന, നേരെച്ചൊവ്വെയുള്ള പാതയിൽ സഞ്ചരിക്കുന്ന വിശ്വാസികളിൽ നിന്ന് മാത്രമേ അവരുടെ പതിനഞ്ച് വയസ്സിനുശേഷം മരണം വരെയുള്ള ജീവിതം സ്വീകരിക്കപ്പെടുകയുള്ളൂ. ഗ്രന്ഥത്തിൽ നിന്ന് പ്രസ്തുത ലക്ഷ്യം മനസ്സിലാക്കി അക്കാര്യം ജനങ്ങളെ അറിയിക്കാത്ത കപടവിശ്വാസികൾക്കും അവരെ അന്ധമായി പിൻപറ്റുന്ന പ്രജ്ഞയറ്റവരായ ഫാജിറുകൾക്കും പിഴയായി നരകക്കുണ്ഠമാണ് ലഭിക്കുക. 1: 4; 2: 133; 6: 66 വിശദീകരണം നോക്കുക.

103.ദൃഷ്ടികൾ അവനെ കാണുകയില്ല, അവനോ ദൃഷ്ടികളെ കണ്ടുകൊണ്ടിരിക്കുന്നു, അവൻ ഉള്ളിന്റെ ഉള്ള് അറിയുന്ന ത്രികാലജ്ഞാനിയുമാകുന്നു.

കണ്ണുകൊണ്ട് ആരും തന്നെ അല്ലാഹുവിനെ ഇഹലോകത്തുവെച്ച് കാണുകയില്ല. എന്നാൽ വിശ്വാസി ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ആത്മാവുകൊണ്ട് അവനെ കണ്ട് ചരിക്കുന്നവനാണ്. നിശ്ചയം നീ ഉണർത്തുക അദ്ദിക്ർ പിൻപറ്റുന്നവനെയും നിഷ്പക്ഷവാനായ നാഥനെ പ്രകാശമായ ഗ്രന്ഥത്തിൽ നിന്ന് കണ്ടുകൊണ്ട് ചരിക്കുന്നവനെയുമാണെന്നും അവന് പാപമോചനവും വമ്പിച്ച പ്രതിഫലവുമുണ്ടെന്നും 36: 11; 67: 12 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ഉപയോഗപ്പെടുത്തി ആത്മാവുകൊണ്ട് അല്ലാഹുവിനെ കണ്ട് ചരിക്കുന്ന വിശ്വാസി മരണസമയത്ത് സന്തോഷത്തോടുകൂടി അല്ലാ

ഹുവിനെ നോക്കുന്നതാണ് എന്ന് 75: 22–23 സൂക്തങ്ങളിലും; അദ്ദിക്റിനെ ഉൾക്കാഴ്ചാദായകമായി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ മരണസമയത്ത് ദുഃഖത്തോടുകൂടി പിശാചിനെയായിരിക്കും നോക്കുക എന്ന് 75: 24 ലും പറഞ്ഞിട്ടുണ്ട്. അവരാണ് 36: 59–61 സൂക്തങ്ങളിൽ പറഞ്ഞ പിശാചിനെ സേവിച്ചുകൊണ്ടിരുന്ന ഭ്രാന്തന്മാർ. അക്രമികളും കാഫിറുകളുമായ അവരുടെ മരണരംഗത്തെക്കുറിച്ച് 2: 254; 6: 93–94; 63: 10–11; 75: 25–35 തുടങ്ങിയ സൂക്തങ്ങളിലെല്ലാം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2: 62 ൽ വിവരിച്ച വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന വിശ്വാസികൾ ഐഹികലോകത്തുവെച്ച് അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കുന്നവരായതിനാൽ രാജാധിരാജനായ അല്ലാഹുവിനോടൊപ്പം സ്വർഗത്തിൽ *സ്വിദ്ഖായ* അദ്ദിക്റിന്റെ ഇരിപ്പിടത്തിൽ ഇരിപ്പുറപ്പിക്കുന്നതാണ്. 31: 16 അവസാനിക്കുന്നത്, നിശ്ചയം അല്ലാഹു ഉള്ളിന്റെ ഉള്ള് അറിയുന്ന ത്രികാലജ്ഞാനിയാണ് എന്ന് പറഞ്ഞുകൊണ്ടാണ്. 67: 14 ൽ, അല്ല, സൃഷ്ടിച്ച അവന് സൃഷ്ടിയെക്കുറിച്ച് അറിവില്ലെന്നോ, അവൻ ഉള്ളിന്റെ ഉള്ള് അറിയുന്ന ത്രികാലജ്ഞാനി തന്നെയുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 255; 7: 37; 17: 17; 84: 23 വിശദീകരണം നോക്കുക.

104.നിശ്ചയം നിങ്ങൾക്ക് നിങ്ങളുടെ ഉടമയിൽ നിന്നുള്ള 'ഉൾക്കാഴ്ചാദായകം' വന്നുകിട്ടിയിരിക്കുന്നു, അപ്പോൾ ആരെങ്കിലും അത് ഉൾക്കാഴ്ചാദായകമായി കാണുന്നുവെങ്കിൽ അപ്പോൾ അതിന്റെ ഗുണം അവനുതന്നെയാണ്, ആരെങ്കിലും അതിനെത്തൊട്ട് അന്ധത നടിക്കുന്നുവെങ്കിൽ അപ്പോൾ അതിന്റെ ദോഷവും ആ ആത്മാവിന് തന്നെ, ഞാൻ നിങ്ങളുടെമേൽ ഒരു സൂക്ഷിപ്പുകാരനൊന്നുമല്ല.

എന്റെ നാഥനിൽ നിന്ന് എനിക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്നതെന്തോ അതാണ് ഞാൻ പിൻപറ്റുന്നത്, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉൾക്കാഴ്ചാദായകവും വിശ്വാസികളായ ജനതക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് പറയാൻ 7: 203 ലൂടെ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 45: 20 ൽ, അദ്ദിക്റിനെക്കുറിച്ച് ഇത് മൊത്തം മനുഷ്യർക്കുള്ള ഉൾക്കാഴ്ചാദായകവും ദൃഢബോധ്യമുള്ള ജനതക്ക് സന്മാർഗവും കാരുണ്യവുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 28: 43 ൽ, മൂസാക്ക് നാം മനുഷ്യർക്ക് മൊത്തമുള്ള ഉൾക്കാഴ്ചാദായകവും സന്മാർഗവും കാരുണ്യവുമായ ഗ്രന്ഥം നൽകിയിട്ടുണ്ട്, അവരെ ഉണർത്തുന്നതിന് വേണ്ടി എന്ന് പറഞ്ഞിട്ടുണ്ട്. മൂസാനബി ഫിർഔനിനോട് 'ഉൾക്കാഴ്ചാദായകമായ ഈ ദൃഷ്ടാന്തങ്ങളെല്ലാം അവതരിപ്പിച്ചിട്ടുള്ളത് ആകാശഭൂമികളുടെ നാഥല്ലാതെ മറ്റാരുമല്ല എന്ന് നിനക്ക് ശരിക്കും അറിയാമല്ലോ? ഓ ഫിർഔൻ! നിശ്ചയം നശിപ്പിക്കപ്പെടാൻ പോകുന്ന ഒരാളായിട്ടാണ് നിന്നെക്കുറിച്ച് ഞാൻ കരുതുന്നത്' എന്ന് പറഞ്ഞതായി 17: 102 ൽ പറഞ്ഞിട്ടുണ്ട്.

ഉൾക്കാഴ്ചദായകം:-ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്റാണ് ഉൾക്കാഴ്ചദായകം. 7: 179 ൽ, നരകത്തിൽ കുത്തിനിറക്കപ്പെടുന്ന മനുഷ്യർക്ക് കണ്ണുകളുണ്ട്, അതുകൊണ്ട് ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കാണുകയില്ല എന്നാണ് പറഞ്ഞത്. 18: 100–101 സൂക്തങ്ങളിൽ, ദിക്രീ -അദ്ദിക്ർ- യെത്തൊട്ട് ഇഹലോകത്തുവെച്ച് കണ്ണിന് മൂടിയുണ്ടായിരുന്നവരും അത് കേൾക്കാൻ തയാറാകാത്തവരുമായ കാഫിറുകൾക്കാണ് നരകക്കുണ്ഠം അടുപ്പിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ഓരോ ആത്മാവിനും അവരുടെ നാളത്തെ ഇരിപ്പിടം സ്വർഗത്തിലാണോ നരകത്തിലാണോ എന്ന് കാണിച്ചുകൊടുക്കുന്നതാണ് ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ. മരണസമയത്ത് അല്ലാഹുവിനെയാണോ പിശാ

ചിനെയാണോ കാണുക എന്ന് കാണിച്ചുകൊടുക്കാനുള്ള ഉപകരണവും ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ തന്നെയാണ്. സ്രഷ്ടാവിനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം പൂവണിയുന്നതും ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കൊണ്ട് മാത്രമാണ്. സ്വർഗം അല്ലെങ്കിൽ നരകം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഓരോ ആത്മാവും നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സമ്പാദിക്കേണ്ടതാണ് എന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. ഞാൻ നിങ്ങളുടെ സൂക്ഷിപ്പുകാരനൊന്നുമല്ല എന്ന് പറഞ്ഞാൽ പ്രവാചകന് ഒരാളെയും അദ്ദിക്റിന്റെ പാതയിൽ ഉറപ്പിച്ചുനിർത്താനോ സ്വർഗത്തിലേക്ക് നയിക്കാനോ സാധ്യമല്ല എന്നാണ്. 2: 119, 272; 4: 174–175; 6: 90 വിശദീകരണം നോക്കുക.

105.അപ്രകാരം നാം സൂക്തങ്ങൾ വ്യക്തമായി വിവരിക്കുന്നു –നീ പഠിച്ച് വന്നിരിക്കുന്നു എന്ന് അവർ പറയുന്നതിന് വേണ്ടിയും, വിവരമുള്ള ജനതക്ക് അതിന്റെ യാഥാർത്ഥ്യം നാം വെളിപ്പെടുത്തിക്കൊടുക്കുന്നതിന് വേണ്ടിയും.

ഗ്രന്ഥത്തിലെ സൂക്തങ്ങളിലൂടെ അല്ലാഹുവിനെക്കുറിച്ചും അവരവരെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും പ്രവാചകൻ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുമ്പോൾ കാഫിറുകൾ പറയുകയാണ്, 'നീ ശരിക്കും പഠിച്ചുവന്നിരിക്കുന്നുവല്ലോ'. പ്രവാചകനോടും ഗ്രന്ഥത്തിലെ സൂക്തങ്ങളോടുമുള്ള കാഫിറുകളുടെ ആരോപണത്തെക്കുറിച്ച് 25: 4–6 സൂക്തങ്ങളിൽ പറയുന്നു: ഇത് നിശ്ചയം അവൻ കെട്ടിച്ചമച്ച് പറയുന്ന കള്ളമല്ലാതെ അല്ല, മറ്റൊരു ജനത അവനെ സഹായിക്കുന്നുമുണ്ട്. അപ്പോൾ അവർ വമ്പിച്ച അക്രമവും കള്ളവുമാണ് ഉന്നയിക്കുന്നത്. അവർ പറയുകയും ചെയ്യുന്നു: ഇത്, പൂർവ്വികരുടെ പഴമ്പുരാണങ്ങൾ എഴുതി രാവിലെയും വൈകുന്നേരവും അവന്റെമേൽ വായിച്ച് കേൾപ്പിക്കുകയും അവൻ അത് ഏറ്റുപറയുകയുമാണ്. നീ പറയുക: ഇത് ആകാശഭൂമികളുടെ രഹസ്യമറിയുന്നവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു, നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു. 16: 103 ൽ, അറബിയല്ലാത്ത ഒരു വിദേശിയാണ് വ്യക്തമായ അറബിഭാഷയിലുള്ള ഈ ഗ്രന്ഥം പ്രവാചകനെ പഠിപ്പിക്കുന്നതെന്ന് കാഫിറുകൾ ആരോപിച്ചിരുന്നതായി പറഞ്ഞിട്ടുണ്ട്. ഇത് ഞങ്ങളുടെയും നിന്റെയും ഭാഷയിലാണല്ലോ, അല്ലാഹുവിന്റേതായിരുന്നുവെങ്കിൽ അറബിയല്ലാത്ത ഏതെങ്കിലും ഒരു ഭാഷയിൽ ഇറക്കേണ്ടതായിരുന്നില്ലേ എന്ന കാഫിറുകളുടെ വാദത്തിന് മറുപടിയായിക്കൊണ്ടാണ് 41: 44 അവതരിപ്പിച്ചിട്ടുള്ളത്. നാം ഈ വായനയെ ഒരു വിദേശഭാഷയിലുള്ളതാക്കിയിരുന്നുവെങ്കിൽ അവർ പറയുക തന്നെ ചെയ്യുമായിരുന്നു; എന്താണ് അതിന്റെ സൂക്തങ്ങൾ സ്പഷ്ടമാക്കപ്പെടാത്തത്, ഇത് ഒരു വിദേശ ഭാഷയിലുള്ളതും, ഇവനാകട്ടെ, ഒരു അറബിയും? നീ പറയുക: അത് വിശ്വാസികളായവർക്ക് സന്മാർഗവും രോഗശമനവുമാണ്, വിശ്വാസികളല്ലാത്തവർക്കോ, അദ്ദിക്ർ കൊള്ളെ അവരുടെ ചെവിയിൽ ഒരു അടപ്പുണ്ട്, അവർ അതിന്റെ നേരെ കുരുടന്മാരുമാണ്, അവർ വിദൂരമായ സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നവരെപ്പോലെയാണ്. എഴുത്തും വായനയും അറിയാത്ത പ്രവാചകനെ ശരിക്കും പരിചയമുള്ള അദ്ദേഹത്തിന്റെ ജനത, ഇന്നത്തെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെത്തന്നെ അദ്ദിക്ർ അംഗീകരിക്കാൻ തയ്യാറായിരുന്നില്ല എന്നുള്ളതാണ് വസ്തുത.

അദ്ദിക്റിനെ സത്യപ്പെടുത്തി വിശ്വാസിയാകാതെ, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് 2: 186; 13: 14; 40: 50 തുടങ്ങിയ സൂക്തങ്ങൾ ഉദ്ധരിച്ച് ഇന്നുള്ള ഫുജ്ജാറുകളോട് വിശ്വാസി പറയുമ്പോൾ അവരിൽ ചിലർ 'ആരാണ് നിങ്ങളുടെ ഉസ്താദ്, എവിടെ നിന്നാണ് പഠിച്ചത്, എന്താണ് ഇതിനുമുമ്പ് ആ

രും ഇങ്ങനെ പറയാതിരുന്നത്, ഇത് നിങ്ങളുടെ സ്വന്തം വീക്ഷണമല്ലേ' തുടങ്ങിയ പല ചോദ്യങ്ങളും ഞൊണ്ടി ന്യായങ്ങളും അദ്ദിക്ർ സ്വീകരിക്കാതിരിക്കാൻ വേണ്ടി ഉന്നയിക്കുന്നതാണ്. മറ്റുചിലർ നീ ശരിക്കും പഠിച്ചിരിക്കുന്നുവല്ലോ, ഏതായാലും ഞങ്ങൾ ഞങ്ങളുടെ കാക്കകാരണവന്മാരുടെ ചര്യ തിരുത്താനൊന്നും തയ്യാറല്ല എന്നാണ് പറയുക. 22: 72 ലും 68: 51 ലും പറഞ്ഞ പ്രവാചകന്റെ കാലത്തുണ്ടായിരുന്ന കാഫിറുകളുടെ സ്വഭാവം തന്നെയാണ് ഇന്ന് അദ്ദിക്റിലേക്ക് വരണമെന്ന് പറയുന്ന വിശ്വാസികളോട് യഥാർത്ഥ കാഫിറുകളായ ഫുജ്ജാറുകളും കാണിക്കുന്നത്. പ്രകൃത്യാ നന്മയുള്ളവർക്ക് മാത്രമേ അദ്ദിക്ർ ദഹിക്കുകയുള്ളൂ, അവർ മാത്രമേ അത് പഠിക്കുകയും പഠിപ്പിക്കുകയും ലോകർക്ക് എത്തിക്കുകയുമുള്ളൂ. അതുതന്നെയാണ് പരിശുദ്ധന്മാരല്ലാതെ അത് സ്പർശിക്കുകയില്ല എന്ന് 56: 79 ൽ പറഞ്ഞതിന്റെ പൊരുളും. 4: 91; 6: 25–26, 89–90; 9: 67–68; 48: 6 വിശദീകരണം നോക്കുക.

106.നീ നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒന്ന് പിൻപറ്റുക; അവനല്ലാതെ വേറെ ഇലാഹില്ല തന്നെ, അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെത്തൊട്ട് നീ അവഗണിക്കുകയും ചെയ്യുക.

107.അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ അവന്റെ അധികാരാവകാശങ്ങളിൽ പങ്ക് ചേർക്കുമായിരുന്നില്ല, നാം നിന്നെ അവരുടെ മേൽ സൂക്ഷിപ്പുകാരനായി നിശ്ചയിച്ചിട്ടില്ല, നീ അവരുടെ മേൽ ഒരു കൈകാര്യകർത്താവുമല്ല.

അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല എന്ന് പരിചയപ്പെടുത്തുന്നതിന് വേണ്ടി അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ പിൻപറ്റാനും 'അല്ലാഹു' എന്ന് പറയാൻ അറിഞ്ഞിട്ട് അവനിലേക്ക് അടുപ്പിക്കുന്ന പങ്കാളികളെയും ഇടയാളന്മാരെയുമെല്ലാം സങ്കൽപിച്ചുകൊണ്ട് അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെ അവഗണിക്കാനുമാണ് അന്ന് പ്രവാചകനോടും ഇന്ന് പ്രവാചകന്റെ ജീവിതം അഥവാ അദ്ദിക്ർ പിൻപറ്റുന്ന വിശ്വാസിയോടും കൽപിക്കുന്നത്. അന്ന് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ മക്കാമുശ്രിക്കുകളായിരുന്നു. പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം പ്രവാചകന്റെ ജനത വിവിധ സംഘടനകളായിപ്പിരിഞ്ഞ് അറബി ഖുർആൻ വായിക്കുന്ന കാഫിറുകളും ഫാജിറുകളും അടങ്ങിയ ഫുജ്ജാറുകളായി മാറിയിരിക്കുകയാണ്. അവരുടെ പട്ടിക നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീനിലാണെന്ന് 83: 7 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളെ അല്ലാഹു കൊന്നുകളഞ്ഞതിനാലും തെമ്മാടികളായ അവർ ഇനി വിശ്വസിക്കുകയില്ല എന്ന അല്ലാഹുവിന്റെ വചനം നടപ്പിലായതിനാലുമാണ് സൂക്തത്തിൽ കപടവിശ്വാസികളെ പരാമർശിക്കാതെ അനുയായികളായ ഫാജിറുകളെ മാത്രം പരാമർശിച്ചിരിക്കുന്നത്. ത്രികാലജ്ഞാനിയായ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാവരെയും അദ്ദിക്റിൽ ചരിക്കുന്നവരാക്കാൻ സാധിക്കുമായിരുന്നു. അവന്റെ അധികാരാവകാശങ്ങളിൽ ആരും പങ്കുചേർക്കുകയും ചെയ്യുമായിരുന്നില്ല. എന്നാൽ നിഷ്പക്ഷവാനായ അവൻ സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളും അടങ്ങിയ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ച് 76: 3 ൽ പറഞ്ഞ പ്രകാരം രണ്ടാലൊരു മാർഗ്ഗം –നന്ദി പ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദി കെട്ടവൻ– തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തോടുകൂടിയാണ് മനുഷ്യനെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് എന്നിരിക്കെ ഒരാളും ഒരാളുടെ മേൽ സൂക്ഷിപ്പുകാരനോ ഒരാളും ഒരാളുടെ മേൽ കൈകാര്യകർത്താവോ അല്ല. ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ ത്രികാലജ്ഞാനിയുടെ ത്രികാലജ്ഞാനമായ അദ്ദിക്റിനെ ത്രാസ്സും ഉരക്കല്ലും ഉൾക്കാഴ്ചാദായകവുമായി ഉ

പയോഗപ്പെടുത്തി നിഷ്പക്ഷവാനായ അല്ലാഹുവിന്റെ സ്വഭാവം ഉൾക്കൊണ്ട് ഇവിടെ ച രിക്കുകയും തന്റെ ഭാഗധേയം ഇവിടെ വെച്ചുതന്നെ നിർണ്ണയിക്കുകയും ചെയ്തത്, അ വർ മാത്രമാണ് വിശ്വാസിയുടെ വീടായ സ്വർഗ്ഗത്തിലേക്ക് നാഥന്റെ രൂപത്തിൽ ലൈംഗി കാവയവങ്ങളില്ലാതെ തിരിച്ചുപോകുന്നവരാവുക. 64: 2 ൽ, അവനാണ് നിങ്ങളെ എല്ലാവ രെയും സൃഷ്ടിച്ചത്, നിങ്ങളിൽ കാഫിറുകളുണ്ട്, നിങ്ങളിൽ വിശ്വാസിയുമുണ്ട്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനു മാണ് എന്ന് പറഞ്ഞിട്ടുണ്ട്. 7: 198 ൽ, നിങ്ങൾ അവരെ സന്മാർഗത്തിലേക്ക് -അദ്ദിക്റിലേ ക്ക്- വിളിച്ചാൽ അവർ അത് കേൾക്കുകയില്ല, നിന്നെ അവർ തുറിച്ചുനോക്കുന്നതാണ്, അവർ ഉൾക്കാഴ്ചയുള്ളവരാവുകയുമില്ല എന്നും; 7: 199 ൽ, നീ വിട്ടുവീഴ്ച ചെയ്യുക, അ ദ്ദിക്ർ കൊണ്ട് കൽപിക്കുക, അവിവേകികളെ അവഗണിക്കുകയും ചെയ്യുക എന്നും പറ ഞ്ഞിട്ടുണ്ട്. പ്രവാചകൻ ആരെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നവന ല്ല, മറിച്ച് സ്വർഗത്തിലേക്കുള്ള അല്ലാഹുവിന്റെ വഴിയും നരകത്തിലേക്കുള്ള പിശാചിന്റെ വഴികളും ജീവിതത്തിന്റെ എല്ലാ മേഖലകളിലും വേർതിരിച്ചുകൊടുക്കലും സ്വർഗത്തി ലേക്കുള്ള അല്ലാഹുവിന്റെ വഴിയിൽ ജീവിച്ച് സാക്ഷ്യം വഹിക്കലുമാണ് പ്രവാചകന്റെ യും വിശ്വാസിയുടെയും ബാധ്യത. കൈകാര്യകർത്താവും മേൽനോട്ടക്കാരനും സൂക്ഷി പ്പുകാരനുമെല്ലാം എല്ലാവരുടെയും ഉടമയായ അല്ലാഹു മാത്രമാണ്. 2: 148, 213; 3: 101-103; 4: 48; 12: 106 വിശദീകരണം നോക്കുക.

108.അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചുപ്രാർത്ഥിക്കുന്നവരായവരെ നിങ്ങൾ ആക്ഷേപിച്ചുകൂടാത്തതുമാകുന്നു, എന്തെന്നാൽ അവർ അറിവില്ലാതെ ശത്രുതാപരമായി അല്ലാഹുവിനെ ആക്ഷേപിക്കാൻ ഇട വന്നേക്കും, അപ്രകാരം നാം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമാക്കിക്കൊടുത്തിട്ടുണ്ട്, പിന്നെ അവർ തങ്ങളുടെ നാഥനിലേക്കുതന്നെ മടക്കപ്പെടേണ്ടവരാകുന്നു, അപ്പോൾ അവർ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ അവരോട് വിവരം പറഞ്ഞുകൊടുക്കുന്നതുമാണ്.

പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മക്കാമുശ്രിക്കുകൾ അല്ലാഹുവിന്റെ പങ്കാളിക ളും ശുപാർശക്കാരും ഇടയാളാരുമെല്ലാമാണെന്ന ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുകയും നേർച്ചവഴിപാടുകൾ അർപ്പിക്കുക യും ചെയ്തിരുന്ന മഹാത്മാക്കളെയും മറ്റും ആക്ഷേപിക്കുകയോ പഴിക്കുകയോ ചെയ്യരു തെന്നാണ് വിശ്വാസികളോട് കൽപിക്കുന്നത്. 39: 45 ൽ, കാഫിറുകളുടെ സ്വഭാവം ചിത്രീ കരിക്കുന്നത് ഇങ്ങനെയാണ്: അദ്ദിക്ർ സമർപ്പിക്കുന്ന വിധത്തിൽ അല്ലാഹുവിനെ ഏക നായി ഓർമ്മിപ്പിക്കുമ്പോൾ പരലോകം കൊണ്ട് വിശ്വസിക്കാത്തവരുടെ ഹൃദയങ്ങളിൽ 'മനം പുരട്ടൽ' അനുഭവപ്പെടുന്നതായും അവനെക്കൂടാതെയുള്ളവരെക്കുറിച്ച് ഓർമ്മിപ്പി ക്കുമ്പോൾ അവർ ആഹ്ലാദഭരിതരാകുന്നതും കാണാം. 114: 6 ൽ പറഞ്ഞ തന്റെ ജിന്നുകൂ ട്ടുകാരനെ ആരാണോ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തത്, അത്തരം കാഫിറുകൾക്ക് 6: 43 ൽ പറഞ്ഞ പ്രകാരം പിശാചാണ് അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമായി കാ ണിച്ചുകൊടുക്കുന്നത്. സന്മാർഗമായ അദ്ദിക്ർ പഠിപ്പിക്കപ്പെട്ടിട്ടുള്ളത് മനുഷ്യർക്കാണ് എന്നിരിക്കെ തന്റെ വഴികേടിന് പിശാചിനെയും കുറ്റപ്പെടുത്താൻ സാധിക്കുകയില്ല എ ന്ന് 14: 22 ലും 50: 27 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫാജിറുകളും കാഫിറുകളുമായി ഗ്രന്ഥം വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് നരകക്കുണ്ഠത്തിലേക്കുള്ള ഫു

ജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും പ്രചരിപ്പിക്കുന്നവരുമാണ്. അവരിലെ കപടവിശ്വാസികൾ അനുഗ്രഹമായ അദ്ദിക്റിനെ നിഷേധമായി മാറ്റിമറിച്ച് അനുയായികളായ കാഫിറുകൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുക്കുന്നവരാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായി മാറിയ ഫുജ്ജാറുകളോട് 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക, നിശ്ചയം നിങ്ങളുടെ മടക്കം നരകത്തിലേക്കാണ്' എന്ന് പറയാനാണ് 14: 28–30 സൂക്തങ്ങളിലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 2: 113; 5: 2, 104–105; 25: 17–18; 39: 2–3 വിശദീകരണം നോക്കുക.

109.അവരുടെ പ്രതിജ്ഞകൾ ഉറപ്പിക്കുന്നതിന് വേണ്ടി അല്ലാഹുവിനെക്കൊണ്ട് ആണയിട്ടുകൊണ്ട് അവർ പറയുകയും ചെയ്തു, അവർക്ക് ഒരു ദൃഷ്ടാന്തം വന്നുകിട്ടുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ അതുകൊണ്ട് വിശ്വസിക്കുന്നവർ തന്നെയായിരിക്കും; നീ പറയുക: നിശ്ചയം ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ പക്കലാണ്, നിശ്ചയം അത് വന്നെത്തിയാലും അവർ വിശ്വാസികളാവുകയില്ല എന്ന് നിങ്ങൾ എങ്ങനെ തിരിച്ചറിവ് നൽകപ്പെട്ടവരാകും?

110. അവരുടെ മനസ്സുകളെയും ദൃഷ്ടികളെയും നാം ചാഞ്ചാട്ടിക്കൊണ്ടിരിക്കുകയാകുന്നു –അവർ ആദ്യവട്ടം അതുകൊണ്ട് വിശ്വസിക്കാതിരുന്നതുപോലെത്തന്നെ; നാം അവരെ അവരുടെ അതിക്രമങ്ങളിൽ അന്ധമായി വിഹരിക്കാൻ വിടുകയും ചെയ്തിരിക്കുന്നു.

പ്രവാചകന്റെ കാലത്തുള്ള മക്കാമുശ്രിക്കുകൾ അവർക്കൊരു ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുകയാണെങ്കിൽ നിശ്ചയം അദ്ദിക്ർ കൊണ്ട് വിശ്വസിക്കുമെന്ന് അല്ലാഹുവിൽ ആണയിട്ടുകൊണ്ട് പറഞ്ഞിരുന്നു. എന്നാൽ ത്രികാലജ്ഞാനിയായ അല്ലാഹു വിശ്വാസികളോട് ചോദിക്കുകയാണ്: എന്ത് ദൃഷ്ടാന്തം കാണിച്ചാലും അവർ വിശ്വസിക്കുകയില്ല എന്ന് ഞാൻ നിങ്ങളെ എങ്ങനെ ബോധ്യപ്പെടുത്തും എന്ന്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കളവ് മാത്രം പറയുന്ന കപടവിശ്വാസികളാണ് അവർ സത്യത്തിലാണെന്നതിന് അല്ലാഹുവിൽ ആണയിട്ട് പറയുക. മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്റിലെ ഓരോ സൂക്തവും ഓരോ ദൃഷ്ടാന്തമാണ് എന്നിരിക്കെ മറ്റേതൊരു ജനവിഭാഗവും അവരുടെ പക്കലുള്ള ഗ്രന്ഥത്തെ അവഗണിക്കുന്നതിനേക്കാൾ മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകളായ ഫുജ്ജാറുകൾ അദ്ദിക്റിനെ അവഗണിക്കുന്നവരും പുച്ഛിച്ചുതള്ളുന്നവരുമായി മാറിയിരിക്കുകയാണ്. അതുവഴി കപടവിശ്വാസികളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്താ*യ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 73; 48: 6; 98: 6 സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് അവരുടെ കാര്യത്തിൽ സത്യമായി പുലരുകയാണ്. 17: 82 ൽ, അദ്ദിക്ർ വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമാണെന്നും, ഫുജ്ജാറുകളായ അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 9: 124 ൽ, വിശ്വാസികൾക്ക് അദ്ദിക്ർ വിശ്വാസം വർദ്ധിപ്പിക്കുമെന്നും അവർ അതിൽ ആഹ്ലാദം കൊള്ളുന്നവരാണെന്നും; 9: 125 ൽ, കപടവിശ്വാസികൾക്ക് അദ്ദിക്ർ മാലിന്യത്തിനുമേൽ മാലിന്യമാണ് വർദ്ധിപ്പിക്കുക എന്നും പറഞ്ഞിട്ടുണ്ട്. 2: 14–15; 3: 183; 4: 78, 91, 140 വിശദീകരണം നോക്കുക.

111. നിശ്ചയം, നാം മലക്കുകളെത്തന്നെ അവരിലേക്ക് ഇറക്കുകയും മരിച്ചവർ അവരോട് സംസാരിക്കുകയും അവരുടെ കൺമുമ്പിൽ എല്ലാ ഓരോ വസ്തുക്കളെയും നാം ഒരുമിച്ചുകൂട്ടുകയും ചെയ്താൽ പോലും അല്ലാഹു ഉദ്ദേശിച്ചാലൊഴികെ

അവർ വിശ്വസിക്കുന്നവരാകുമായിരുന്നില്ല, പക്ഷേ അവരിൽ അധികപേരും അവിവേകികൾ തന്നെയാകുന്നു.

എക്കാലത്തുമുള്ള കാഫിറുകൾ ആവശ്യപ്പെടുന്നതുപോലെ അവരിലേക്ക് ദൃഷ്ടാന്ത മായി മലക്കുകളെ ഇറക്കുകയാണെങ്കിലും അവരിൽ നിന്ന് മരിച്ചുപോയവർ തിരിച്ചുവ ന്ന് അവരോട് സംസാരിക്കുകയാണെങ്കിലും അവർ ആവശ്യപ്പെടുന്ന പ്രകാരം എല്ലാ വ സ്തുക്കളെയും അവരുടെ മുമ്പിൽ ഒരുമിച്ചുകൂട്ടി കൊടുക്കുകയാണെങ്കിലും അല്ലാഹു ഉ ദ്ദേശിച്ചാലല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല. അഥവാ 10: 100 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാ ളും വിശ്വാസിയാവുകയില്ല. 27: 82 ൽ പറഞ്ഞ പ്രകാരം അവസാനനാളിന്റെ പ്രധാനപ്പെ ട്ട പത്ത് അടയാളങ്ങളിൽ ഒന്നായ മൃഗം വന്ന് 'മനുഷ്യർ നമ്മുടെ സൂക്തങ്ങളെക്കൊണ്ട് ദൃഢബോധ്യമുള്ളവരല്ല' എന്ന് പറയുമ്പോൾ വിശ്വസിക്കാമെന്ന് ധരിച്ചിരിക്കുന്ന കാഫി റുകൾക്ക് 6: 158 ൽ പറഞ്ഞ പ്രകാരം അന്ന് വിശ്വാസം സ്വീകരിക്കൽ ഉപകാരപ്രദമാവുക യില്ല. 13: 31 ൽ, നിശ്ചയം ഈ ഖുർആൻ (ആവർത്തിച്ച് വായിക്കപ്പെടാനുള്ള അജയ്യഗ്രന്ഥ മായ അദ്ദിക്ർ), അതുകൊണ്ട് പർവ്വതങ്ങൾ ചലിപ്പിക്കപ്പെടുകയും അല്ലെങ്കിൽ അതു കൊണ്ട് ഭൂമി പിളർത്തപ്പെടുകയും അല്ലെങ്കിൽ അതുകൊണ്ട് മരിച്ചവർ സംസാരിപ്പിക്കപ്പെ ടുകയും ചെയ്തിരുന്നുവെങ്കിലും നിശ്ചയം അവർ വിശ്വസിക്കുമായിരുന്നില്ല, എന്നാൽ കൽപനകൾ മുഴുവനും അല്ലാഹുവിനാകുന്നു, അപ്പോൾ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെ ങ്കിൽ മനുഷ്യർ മുഴുവൻ സന്മാർഗ്ഗത്തിലാവുക തന്നെ ചെയ്യുമായിരുന്നു എന്നതിൽ വി ശ്വാസികളായവർ നിരാശപ്പെടുകയാണോ? കാഫിറുകളായിട്ടുള്ളവർക്ക് അവർ ഉൽപാദി പ്പിക്കുന്നത് നിമിത്തം ഓരോ തരം അത്യാഹിതസംഭവങ്ങൾ വന്ന് ഭവിക്കാതിരിക്കുകയു മില്ല, അല്ലെങ്കിൽ അവരുടെ വീട്ടുമുറ്റത്ത് വിപത്ത് ഇറങ്ങാതിരിക്കുകയുമില്ല, -അല്ലാഹു വിന്റെ വാഗ്ദത്തം പുലരുന്നതുവരെ, നിശ്ചയം അല്ലാഹു വാഗ്ദത്തങ്ങൾ ഒരിക്കലും ലം ഘിക്കുകയില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്. 15: 14-15 സൂക്തങ്ങളിൽ, അവരുടെ മേൽ നാം ആകാശങ്ങളുടെ കവാടങ്ങൾ തുറന്ന് അവർ അതിലൂടെ പ്രവേശിപ്പിക്കപ്പെടുകയാണെ ങ്കിൽ പോലും അവർ പറയും: നിശ്ചയം നമ്മുടെ ദൃഷ്ടികൾ അഞ്ചിപ്പിക്കപ്പെട്ടിരിക്കുന്നു; അല്ല, നാം മാരണത്തിന് വിധേയമാക്കപ്പെട്ട ഒരു ജനത തന്നെയായിരിക്കുന്നു, എന്നാലും അവർ ഈ ഗ്രന്ഥം കൊണ്ട് വിശ്വസിക്കുകയില്ല എന്നും; 10: 96-97 സൂക്തങ്ങളിൽ, ആരു ടെ മേലിലാണോ അല്ലാഹുവിന്റെ വചനം യാഥാർത്ഥ്യമായത്, അവർക്ക് നീ എന്ത് ദൃഷ് ടാന്തങ്ങൾ കൊണ്ടുവന്നാൽ തന്നെയും വേദനാജനകമായ ശിക്ഷ കാണുന്നതുവരെ അവർ വിശ്വസിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 8: 32 ൽ, അവർ ഇപ്രകാരം പ്രാർത്ഥിച്ചതും ഓർക്കേണ്ടതാണ്; അല്ലാഹുവേ! ഇത് നിന്നിൽ നിന്നുള്ള സത്യം തന്നെയാണെങ്കിൽ നീ ഞങ്ങളുടെമേൽ ആകാശത്തു നിന്ന് ചരൽ മഴ വർഷിപ്പിക്കുകയോ അല്ലെങ്കിൽ മറ്റേതെ ങ്കിലും വേദനാജനകമായ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവരികയോ ചെയ്യുക എന്ന് പറഞ്ഞി ട്ടുണ്ട്. ചുരുക്കത്തിൽ എന്ത് ദൃഷ്ടാന്തങ്ങൾ കാണിച്ചാലും കാഫിറുകൾ വിശ്വസിക്കുകയി ല്ല എന്നർത്ഥം.

സൂക്തം അവതരിക്കുന്ന കാലത്ത് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ഇല്ലാത്തതിനാൽ മ ക്കാമുശ്രിക്കുകളെക്കുറിച്ച് അവരിൽ അധികപേരും അവിവേകികളാണ് എന്നാണ് പറഞ്ഞ ത്. എന്നാൽ ഇന്ന് 16: 89 ൽ പറഞ്ഞ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദാ യകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ. 2: 256-257; 4:

118; 9: 28 വിശദീകരണം നോക്കുക.

112. അപ്രകാരം നാം എല്ലാ ഓരോ നബിമാർക്കും വഞ്ചനാപരമായ കനകവാക്യങ്ങൾ പരസ്പരം ബോധനം ചെയ്തുകൊണ്ടിരിക്കുന്ന, മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നുമുള്ള പിശാചുക്കളെ ശത്രുക്കളാക്കിയിരിക്കുന്നു, നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ അത് ചെയ്യുമായിരുന്നില്ല, അപ്പോൾ അവരെയും അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നതിനെയും നീ വെടിയുക.

മനുഷ്യരിലും ജിന്നുകളിലും പിശാചുക്കളുണ്ടെന്ന് പഠിപ്പിക്കുന്ന സൂക്തമാണ് ഇത്. 114: 6 ലും ജിന്നുകളിലും മനുഷ്യരിലും പെട്ട പിശാചുക്കൾ മനുഷ്യരുടെ ഹൃദയങ്ങളിൽ സംശയം ജനിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ മനുഷ്യരിലും ആത്മാവിന്റെ കൂട്ടുകാരനായി പിശാചിന്റെ ഒരു സന്താനത്തെ നിയോഗിച്ചിട്ടുണ്ട്. അവൻ മനുഷ്യന്റെ ഹൃദയത്തിൽ വസിച്ചുകൊണ്ട് അവന്റെ ആത്മാവിനെ തിന്മയിലേക്ക് പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നതാണ്. ഓരോരുത്തരിലുമുള്ള ഈ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിയാൽ മാത്രമേ ഒരാൾക്ക് വിശ്വാസിയായി ജീവിക്കാനും സ്വർഗത്തിലേക്ക് തിരിച്ച് പോകുവാനും സാധ്യമാവുകയുള്ളൂ. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ ആത്മാവ് പങ്കെടുത്തുകൊണ്ട് ആദ്യാവസാനം ഹൃദയത്തിലേക്ക് ആവാഹിച്ചാൽ അവനെ വിശ്വാസിയാക്കി മാറ്റാൻ സാധിക്കുന്നതാണ്. ജിന്നുകൂട്ടുകാരനെ 7: 26 ൽ പറഞ്ഞ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തവരാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ. അദ്ദിക്റിൽ നിന്ന് അകന്നതുകാരണം അല്ലാഹുവിന്റെ സ്മരണയില്ലാത്തവർക്ക് ഒരു ജിന്നുകൂട്ടുകാരനെ ഏൽപ്പിച്ച് കൊടുക്കുമെന്നും ആ ജിന്നുകൂട്ടുകാരൻ അവനെ നരകത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുമെന്നും 43: 36–38; 50: 27–29; 59: 16–17 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യരെ അദ്ദിക്റിൽ നിന്ന് തടയുന്ന കാഫിറുകൾ അല്ലാഹുവിന്റെ ശത്രുക്കളാണെന്ന് 41: 26–28 സൂക്തങ്ങളിലും; അത്തരം കപടവിശ്വാസികൾ വിശ്വാസികളുടെ ശത്രുക്കളാണെന്നും അവരെ സൂക്ഷിക്കണമെന്നും അവരെ അല്ലാഹു കൊന്നുകളഞ്ഞിട്ടുണ്ടെന്നും 63: 4 ലും പറഞ്ഞിട്ടുണ്ട്. ജിന്നുകളെ വിശ്വാസിയാക്കാനുള്ള അദ്ദിക്ർ മനുഷ്യരെയാണ് പഠിപ്പിച്ചിട്ടുള്ളത് എന്നതിനാൽ അതിനെ മൂടിവെച്ച മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിലേക്ക് പോകുന്നവരാണെന്നാണ് 4: 145 ൽ പറഞ്ഞിട്ടുള്ളതെങ്കിൽ; 14: 21–22 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാച് വിചാരണക്ക് ശേഷമാണ് നരകത്തിലേക്ക് പോവുക.

ജിന്നിലും മനുഷ്യരിലുമുള്ള പിശാചുക്കൾ അറബി ഖുർആനിൽ നിന്നല്ല മനുഷ്യരെ തടയുക, മറിച്ച് അദ്ദിക്റിൽ നിന്നാണ് തടയുക എന്ന് 5: 90–91; 7: 175; 25: 29; 41: 26–29; 58: 19 തുടങ്ങിയ സൂക്തങ്ങളിലെല്ലാം വിവരിച്ചിട്ടുണ്ട്. അപ്രകാരം എല്ലാ ഓരോ നബിമാർക്കും ഭ്രാന്തന്മാരായിട്ടുള്ള ഫുജ്ജാറുകളെ ശത്രുക്കളാക്കിയിരിക്കുന്നു എന്നും, എന്നാൽ മാർഗദർശകനും സഹായിയുമായി നിന്റെ നാഥൻ തന്നെ ഏറ്റവും മതിയായവനാണ് എന്നുമാണ് 25: 31 ൽ പറഞ്ഞിട്ടുള്ളതെങ്കിൽ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെ ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 5: 48 ൽ വിവരിച്ചിട്ടുണ്ട്.

26: 212 ൽ പിശാചുക്കൾ അദ്ദിക്ർ കേൾക്കുന്നതിനെത്തൊട്ട് അകറ്റപ്പെട്ടവരാണെന്ന് പറഞ്ഞിട്ടുള്ളതിനാൽ മനുഷ്യ-ജിന്നുപിശാചുക്കളെ അകറ്റാനുള്ള ആയുധം അജയ്യഗ്ര

നഥമായ അദ്ദിക്ർ തന്നെയാണ്. കാഫിറുകൾ സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്റിൽ നിന്ന് സിംഹഗർജനം കേട്ട് വിരണ്ടോടപ്പെടുന്ന കാട്ടുകഴുതകളെപ്പോലെ വിരണ്ടോടുമെന്ന് 74: 49-51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഫുജ്ജാറുകളായ ഭ്രാന്തന്മാരുടെ ഹൃദയത്തിലേക്ക് ചുട്ടുപഴുത്ത കമ്പിയെന്നോണമാണ് അദ്ദിക്ർ കയറ്റിവിടുക എന്ന് 15: 12; 26: 200 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജീവിതലക്ഷ്യം ഉണർത്താനുള്ള അദ്ദിക്റിനെ മൂടിവെക്കുന്ന ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും കാഴ്ചയുണ്ടായിട്ടും ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ വായിച്ച് മനസ്സിലാക്കാൻ തയ്യാറില്ലാത്തവരും കേൾവിശക്തി ഉണ്ടായിട്ടും അത് കേട്ട് മനസ്സിലാക്കാൻ തയ്യാറില്ലാത്തവരുമായ, കന്നുകാലികളേക്കാൾ വഴിപിഴച്ചവരും പ്രജ്ഞയറ്റവരുമായ അനുയായികളും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണെന്ന് 7: 179 ൽ പറഞ്ഞിട്ടുണ്ട്. 2: 102, 121, 146; 4: 78-79; 6: 55, 90, 121 വിശദീകരണം നോക്കുക.

113. പരലോകം കൊണ്ട് വിശ്വസിക്കാത്തവരായവരുടെ ഹൃദയങ്ങൾ അതിലേക്ക് (വഞ്ചനാപരമായ കനകവാക്യങ്ങളിലേക്ക്) ആകൃഷ്ടമാകുന്നതിന് വേണ്ടിയും അവർ അതിൽ സംതൃപ്തരാകുന്നതിന് വേണ്ടിയും അവർ സമ്പാദിക്കേണ്ടതിന്മകൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നതിന് വേണ്ടിയും.

മനുഷ്യരെയും ജിന്നുകളെയും സ്വതന്ത്രരായിട്ടാണ് അല്ലാഹു സൃഷ്ടിച്ചത്. മനുഷ്യരിൽ ഓരോരുത്തർക്കും നന്മയും തിന്മയും വേർതിരിക്കാനുള്ള സത്യാസത്യ വിവേചനമാനദണ്ഡമായ അദ്ദിക്ർ നൽകിയിട്ടുണ്ട്. എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തിതൊണ്ണൂറ്റിയൊമ്പതിനെ പാട്ടിലാക്കാൻ പിശാചിന് കഴിവ് കൊടുക്കുകയും ചെയ്തു. ആ പിശാചിന്റെ കെണിയിൽ പെടാതിരിക്കാനും ആ പിശാചിനെ നിയന്ത്രിക്കാനും വിശ്വാസിയാക്കാനുമുള്ള ഉപകരണമായ അദ്ദിക്ർ മനുഷ്യർക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അദ്ദിക്റിൽ നിന്ന് ജീവിതലക്ഷ്യം ഓർമ്മിക്കാതെയും മറ്റുള്ളവരെ ഓർമ്മിപ്പിക്കാതെയും ഐഹികജീവിതം മാത്രമാണ് ജീവിതമെന്ന വിധത്തിൽ ഇവിടെ നിലകൊള്ളുന്ന, അല്ലാഹു കൊന്നുകളഞ്ഞ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ മനുഷ്യരെയും അവരുടെ ജിന്നുകൂട്ടുകാരെയും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പിടിച്ചുവലിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന, പരലോകം കൊണ്ട് വിശ്വസിക്കാത്ത ഫാജിറുകൾ സൂക്തങ്ങൾ വളച്ചൊടിച്ച് അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് സംസാരിക്കുന്ന കപടവിശ്വാസികളുടെ ആകർഷകമായ സംസാരം കേട്ടിരിക്കുന്ന കാഫിറുകളാണ്. 4: 140 ൽ വിവരിച്ച പ്രകാരം രണ്ട് കൂട്ടരും നരകക്കുണ്ഠത്തിൽ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്. 'ഞാൻ അദ്ദിക്ർ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത കാഫിറായിരുന്നു' എന്ന് സമ്മതിക്കാതെ നീതിമാനായ നാഥൻ ഒരാളെയും നരകത്തിലേക്ക് ഇടുകയില്ല.

വായ പൊളിച്ചാൽ കളവുപറയുന്ന അവർ, പ്രവർത്തിക്കുന്നത് പറയാത്തവരും പറയുന്നത് പ്രവർത്തിക്കാത്തവരുമാണ്. 'അല്ലാഹു ഏറ്റവും ഉന്നതനാണ്' എന്നാണ് അവർ പറയുന്നതെങ്കിൽ പോലും പ്രായോഗികജീവിതത്തിൽ അത് അംഗീകരിക്കാത്തതുകൊണ്ട് അത് കളവായിരിക്കും. ഇസ്ലാമും ഗ്രന്ഥവുമെല്ലാം നല്ലതുതന്നെയാണ്, ഞങ്ങളെക്കണ്ട് നിങ്ങൾ ഇസ്ലാമിനെ വിലയിരുത്തരുത്, അഥവാ കറി നല്ലതുതന്നെയാണ്, പക്ഷേ ഞങ്ങൾക്കുവേണ്ട, നിങ്ങൾ ഒഴിച്ചാൽ മതി എന്ന മട്ടിലാണ് ഇസ്ലാമിനോടും അദ്ദിക്റിനോടുമുള്ള അവരുടെ സമീപനം. നരകശിക്ഷയെക്കുറിച്ച് പരാമർശിക്കുമ്പോൾ ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി വിതുമ്പുകയും പൊട്ടിക്കരയുകയുമെല്ലാം ചെയ്യുമെങ്കിലും അ

വരുടെ പ്രായോഗിക ജീവിതമേഖലകളിൽ ആ ബോധം ഒട്ടും നിഴലിക്കുകയില്ല.

പരസ്യജീവിതം ആകർഷകവും രഹസ്യജീവിതം വളരെ മലീമസവുമായ ഇത്തരം ക പടവിശ്വാസികൾ ഇസ്ലാമികസാഹിത്യങ്ങളെന്ന പേരിൽ രചിച്ചിട്ടുള്ള പുസ്തകങ്ങളും അവരുടെ ജീവിതപൈതൃകങ്ങളും പിശാചിന്റെ കേന്ദ്രമായ നരകത്തിലേക്കാണ് ജനങ്ങ ളെ മാർഗദർശനം ചെയ്യുന്നത്. ദീനിൽ നിന്ന് പോയവർ (മദ്ഹബുകൾ) എഴുതിയുണ്ടാ ക്കിയിട്ടുള്ള കർമ്മശാസ്ത്രഗ്രന്ഥങ്ങളും 'നബിവചനങ്ങളും നബിയുടെമേൽ കള്ളവാദി കൾ കെട്ടിച്ചമച്ചുണ്ടാക്കിയ വചനങ്ങളും കൂടിക്കലർന്ന നബിവചന ഗ്രന്ഥങ്ങളും' അല്ലാ ഹു ഇറക്കിയ ദീനിനെ ആത്മാവില്ലാത്ത ജഡമാക്കി മാറ്റുന്നതിനാലും മനുഷ്യനെ അവ ന്റെ ജീവിതലക്ഷ്യം കണ്ടെത്തുന്നതിൽ നിന്ന് തടയുന്നതിനാലും അവ മനുഷ്യരെ നരക ത്തിലേക്കാണ് പിടിച്ചുവലിച്ച് കൊണ്ടുപോവുക. ആശയം പിടികിട്ടാത്തവർക്ക് അത്തരം രചനകൾ വളരെ ആകർഷകമായി തോന്നാമെങ്കിലും അവർ 24: 39 ൽ ചിത്രീകരിച്ച, മരു ഭൂമിയിൽ അകപ്പെട്ട ദാഹിച്ചുവലഞ്ഞ ഒരുവൻ വെള്ളം അന്വേഷിച്ച് അവസാനം മരീചിക കണ്ട് വഞ്ചിതനായി വെള്ളം കിട്ടാതെ മരണപ്പെടുന്ന കാഫിറിനെപ്പോലെ ലക്ഷ്യത്തിലെ ത്താതെ ജീവിതം നഷ്ടപ്പെടുത്തുന്നതാണ്. 3: 178; 6: 25–27, 36 വിശദീകരണം നോക്കുക.

114. അല്ലാഹു അല്ലാത്തവരെ വിധികർത്താവായി ഞാൻ അന്വേഷിക്കുകയോ? നിങ്ങളിലേക്ക് സ്പഷ്ടമാക്കപ്പെട്ട ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് അവനാണ് എന്നിരിക്കെ, അപ്പോൾ ആർക്കാണോ നാം ഗ്രന്ഥം നൽകിയിട്ടുള്ളത് അവർ, നിശ്ചയം അത് തങ്ങളുടെ നാഥനിൽ നിന്ന് സത്യത്തോടുകൂടി ഇറക്കപ്പെട്ടതാണെന്ന് അറിയുന്നവരാണ്, അപ്പോൾ നിങ്ങൾ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുത്.

മനുഷ്യന് സ്രഷ്ടാവിനെ തിരിച്ചറിയാനും അവനവനെ തിരിച്ചറിയാനും ജീവിതലക്ഷ്യം തിരിച്ചറിയാനും മാനുഷിക ഐക്യം രൂപപ്പെടുത്താനുമുള്ള ഉപകരണമാണ് അദ്ദിക്ർ. അ ത് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തും സ്വർ ഗത്തിലേക്കുതന്നെ തിരിച്ചുപോകാനുമുള്ള ടിക്കറ്റുമാണ്. അല്ലാഹുവിനെ വിധികർത്താ വായി അംഗീകരിക്കുക എന്ന് പറഞ്ഞാൽ വിശ്വാസിയാകാനുള്ള അവന്റെ സമ്മതപത്രമാ യ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധികൽപിക്കുക എന്നതാണ്. 2: 147–148; 5: 49–50; 10: 57–58 വിശദീകരണം നോക്കുക.

115. നിന്റെ നാഥന്റെ വചനം സത്യത്താലും നീതിയാലും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു, അവന്റെ വചനങ്ങൾ മാറ്റിമറിക്കുന്നവരായി ആരുമില്ല, അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയുമാകുന്നു.

ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടും മുഴുവനും നരകക്കുണ്ഠം ഞാൻ കുത്തി നിറക്കുക തന്നെ ചെയ്യുമെന്ന് 7: 18; 11: 118–119; 15: 43; 17: 63; 32: 13; 38: 84–85; 46: 18 എന്നീ സൂക്തങ്ങളിൽ പറഞ്ഞത് സത്യമായും നീതിയായും പുലർന്നിരിക്കുന്നു. അതിനാൽ അ വരിൽ 1000 ത്തിൽ 999 പേരും അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയോ ജീവി തലക്ഷ്യം പൂവണിയിക്കുന്നതിനുവേണ്ടി സ്വർഗ്ഗം സമ്പാദിക്കുകയോ ഇല്ല എന്ന് 1000 ത്തിൽ ഒന്നായ വിശ്വാസികളെയും പ്രവാചകനെയും സമാധാനിപ്പിക്കുകയാണ് സൂക്ത ത്തിലൂടെ ചെയ്യുന്നത്. 36: 7 ൽ, അവരിൽ അധികപേരിലും വചനം ബാധകമായി, അ പ്പോൾ അവർ വിശ്വസിക്കുകയില്ല എന്നും; 36: 70 ൽ, ജീവനുള്ളവരെ മുന്നറിയിപ്പ് നൽകു ന്നതിനും കാഫിറുകളുടെ മേൽ വചനം സ്ഥാപിതമാകാനുമാണ് വ്യക്തമായ വായനയാ യ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്നും പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒ

രാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. 'അവന്റെ വചനങ്ങൾ മാറ്റിമറിക്കുന്നവരായി ആരുമില്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ, ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ പറഞ്ഞ കാര്യങ്ങൾ അക്ഷരം പ്രതി നടപ്പിലാകുമെന്നാണ്. നാഥന്റെ ചര്യയായ അദ്ദിക്റിനെ മാറ്റിമറിക്കുന്നതായി നീ കാണുകയില്ല എന്ന് 33: 62 ലും 35: 43 ലും പറഞ്ഞിട്ടുണ്ട്. 2: 119; 4: 118; 6: 34 വിശദീകരണം നോക്കുക.

116. ഭൂമിയിലുള്ള അധികപേരെയും നീ അനുസരിക്കുകയാണെങ്കിൽ അവർ നിന്നെ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് വ്യതിചലിപ്പിക്കുന്നതുമാണ്, നിശ്ചയം അവർ ഊഹങ്ങളെയല്ലാതെ പിൻപറ്റാത്തവരും നിശ്ചയം അവർ നിഗമനങ്ങളല്ലാതെ വെച്ചുപുലർത്താത്തവരുമാകുന്നു.

313 പ്രവാചകന്മാരുടെയും ജനതയിൽ പെട്ട 1000 ത്തിൽ 999 നെയും പിശാച് പാട്ടിലാക്കുന്നതാണ്. അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനതയിൽ നിന്നുള്ള കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളെ അദ്ദിക്ർ പിൻപറ്റുന്ന പ്രവാചകനോ വിശ്വാസിയോ അനുസരിക്കാൻ പാടില്ല എന്ന് 33: 1, 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഉറപ്പ് നൽകുന്ന സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് അവർ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകളാണ് പിൻപറ്റിക്കൊണ്ടിരിക്കുന്നത്. 1: 7; 2: 78-79, 165-167; 4: 174-175 വിശദീകരണം നോക്കുക.

117. നിശ്ചയം നിന്റെ നാഥൻ, അവൻ തന്നെയാണ് ഏറ്റവും അറിയുന്നവൻ -അവന്റെ മാർഗത്തെത്തൊട്ട് സ്വന്തത്തെ വ്യതിചലിപ്പിച്ചവൻ ആരാണെന്ന്, സന്മാർഗം പ്രാപിച്ചവർ ആരാണെന്ന് ഏറ്റവും അറിയുന്നവനും അവൻ തന്നെയാണ്.

പ്രവാചകന്റെ കാലത്ത് അദ്ദിക്ർ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല എന്നതിനാൽ ത്രികാലജ്ഞാനിയായ നാഥനിൽ നിന്ന് ഘട്ടം ഘട്ടമായി അവതരിപ്പിച്ചുകൊണ്ടിരുന്ന സൂക്തങ്ങൾ പിൻപറ്റുക എന്നാണ് പ്രവാചകനോട് കൽപിച്ചിട്ടുള്ളത്. യുക്തിനിർഭരഗ്രന്ഥവും ത്രികാലജ്ഞാനവുമായ അദ്ദിക്റിനെ ത്രാസ്സും ഉൾക്കാഴ്ചാദായകവും സത്യാസത്യവിവേചന മാനദണ്ഡവുമായി ഉപയോഗപ്പെടുത്തി ആരാണ് നരകത്തിലേക്കുള്ള 1000 ത്തിൽ 999 എന്നും ആരാണ് സ്വർഗത്തിലേക്കുള്ള 1000 ത്തിൽ ഒന്ന് എന്നും ഇവിടെ വെച്ച് തന്നെ മനസ്സിലാക്കുകയും നരകത്തിലേക്കുള്ളവരുമായി മനസ്സാ-വാചാ-കർമണാ അകന്ന് നിൽക്കുകയുമാണ് വേണ്ടത്. അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച ജിഹാദ് ചെയ്യുകയും വേണം. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് മനുഷ്യരുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ട് ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ അത് ലഭിക്കാത്ത ഇതരജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കുകയുമാണ് ഒറ്റപ്പെട്ട വിശ്വാസി ചെയ്യുക. അതുതന്നെയാണ് 47: 7 ൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്ന രീതിയും നാഥന്റെ സഹായം തിരിച്ച് കിട്ടാനും പാദങ്ങൾ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ ഉറച്ച് നിൽക്കാനുള്ള മാർഗ്ഗവും. ത്രികാലജ്ഞാനിയിൽ നിന്നുള്ള അദ്ദിക്ർ തന്നെയാണ് 4: 68, 175; 6: 153; 36: 61 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാത. അതുതന്നെയാണ് 2: 38, 185; 7: 52, 203; 13: 15; 45: 11 തുടങ്ങി 80 സൂക്തങ്ങളിൽ പറഞ്ഞ സന്മാർഗവും. 4: 144; 9: 73; 16: 125 വിശദീകരണം നോക്കുക.

118. അപ്പോൾ ഏതൊന്നിന്റെ മേലാണോ അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടത്,

അതിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക, നിങ്ങൾ അവന്റെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുന്നവർ തന്നെയാണെങ്കിൽ.

സൂക്തത്തിൽ ഏതൊന്നിന്റെ മേലാണോ അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടത് എന്ന് പറഞ്ഞിട്ടുള്ളതിനാൽ ഉരുവിനെ (അറവിനുള്ള ജീവിയെ) അറുക്കുന്നതിന് മുമ്പ് 'ഇത് നിന്നിൽ നിന്നാണ്, നിന്നിലേക്കുമാണ്' എന്ന് ആത്മാവുകൊണ്ട് സ്മരിച്ച് അറുത്തതിൽ നിന്ന് മാത്രമേ വിശ്വാസികൾക്ക് ഭക്ഷിക്കൽ അനുവദനീയമാവുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ യഥാർത്ഥ ജ്ഞാനവും അല്ലാഹുവിന്റെ സമ്മതപത്രവുമായ അദ്ദിക്ർ അറിയാതെ ഊഹങ്ങളും അനുമാനങ്ങളും വെച്ചുപുലർത്തുന്നവരും പിശാചിന്റെ വഴിയായ കാക്കകാരണവന്മാരുടെ വഴികൾ അന്ധമായി അനുകരിക്കുന്നവരുമാണ്. അതിനാൽ, അവർ കെട്ടിച്ചമച്ചുണ്ടാക്കിയ വിശ്വാസങ്ങളെല്ലാം വർജ്ജിച്ച് അല്ലാഹുവിന് വേണ്ടി ജീവിക്കുന്നവരും അവന്റെ നാമത്തിൽ അവന് വേണ്ടി ബലിയർപ്പിക്കുന്നവരും അവന്റെ സ്മരണയിൽ മാത്രം അറുത്തത് ഭക്ഷിക്കുന്നവരുമായിരിക്കണം വിശ്വാസികൾ എന്നാണ് ഈ സൂക്തം കൽപിക്കുന്നത്. അല്ലാഹുവിന്റെ സ്മരണയിലും അല്ലാഹുവിന്റെ പേരിലുമല്ലാതെ നീക്കിവെച്ചിട്ടുള്ള ഭക്ഷണവിഭവങ്ങളെല്ലാം നിഷിദ്ധവും മാലിന്യവും കാപട്യമുളവാക്കുന്നതും പന്നിമാംസത്തോടൊപ്പം നിഷിദ്ധമാക്കപ്പെട്ടവയുമാണെന്നും 6: 145 ൽ പറഞ്ഞിട്ടുണ്ട്. 2: 91; 3: 190–191; 5: 3; 9: 28 വിശദീകരണം നോക്കുക.

119. അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടതിൽ നിന്ന് ഭക്ഷിക്കാതിരിക്കാൻ നിങ്ങൾക്ക് എന്താണ് ന്യായം? നിശ്ചയം നിങ്ങളുടെമേൽ നിഷിദ്ധമാക്കിയിട്ടുള്ളത് എന്തൊന്നാണെന്ന് നിങ്ങൾക്ക് വിശദീകരിച്ച് തന്നിട്ടുള്ളതാണല്ലോ, ഏതൊന്നിലേക്കാണോ നിങ്ങൾ നിർബന്ധിക്കപ്പെട്ടത് അതും ഒഴികെ, നിശ്ചയം ജനങ്ങളിൽ അധികപേരും യാതൊരു അറിവുമില്ലാതെ അവരുടെ ഇഷ്ടാനിഷ്ടങ്ങളെ ആസ്പദമാക്കി മറ്റുള്ളവരെ വഴിപിഴപ്പിക്കുന്നവർ തന്നെയുമാകുന്നു; നിശ്ചയം നിന്റെ നാഥൻ, അവൻ തന്നെയാണ് അതിക്രമികളെക്കുറിച്ച് ഏറ്റവും അറിയുന്നവൻ.

നിഷിദ്ധമാക്കിയിട്ടുള്ള ഭക്ഷണസാധനങ്ങൾ ഏതെല്ലാമാണെന്ന് 2: 173; 5: 3 തുടങ്ങിയ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അവയിൽ നിന്നുള്ളതുതന്നെ നിർബന്ധിതാവസ്ഥയിൽ പരിധിലംഘിക്കാതെയും നിഷിദ്ധം തിന്നാൻ ആഗ്രഹിക്കാതെയും ഭക്ഷിക്കുകയാണെങ്കിൽ വിരോധമില്ലെന്നും വ്യക്തമായി വിശദീകരിച്ചിരിക്കെ 1000 ൽ 999 ൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ഇഷ്ടാനിഷ്ടങ്ങൾ നിങ്ങൾ പിന്തുടരാൻ പാടില്ലെന്നാണ് വിശ്വാസികളോട് കൽപിക്കുന്നത്. അദ്ദിക്ർ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ട ശേഷം അതിനെ അവഗണിച്ച് ജീവിക്കുന്നവർ അക്രമികളും ഭ്രാന്തന്മാരുമാണെന്നും അവരോട് അല്ലാഹു പ്രതികാരം ചെയ്യുമെന്നും 18: 49, 57; 32: 22 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അക്കൂട്ടർ നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലൊന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 44 ൽ പറഞ്ഞത് ലോകരിൽ ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. 2: 120–121, 208; 5: 77–82; 6: 25–26 വിശദീകരണം നോക്കുക.

120. നിങ്ങൾ കുറ്റകൃത്യങ്ങളിൽ നിന്ന് പ്രത്യക്ഷമായതിനെ വെടിയുവീൻ, അതിൽ നിന്നുള്ള പരോക്ഷമായതിനെയും, നിശ്ചയം കുറ്റം സമ്പാദിച്ചുകൊണ്ടിരിക്കുന്നവരാരോ, അവർ വ്യാജം കെട്ടിച്ചമച്ചിരുന്നവരായതുകൊണ്ട് അവർക്ക് പ്രതിഫലം നൽകപ്പെടുക തന്നെ ചെയ്യും.

ജനങ്ങൾ പൊതുവെ കുറ്റമായിക്കാണുന്ന പ്രവർത്തനങ്ങളാണ് കുറ്റകൃത്യങ്ങളിൽ പ്രത്യക്ഷമായിട്ടുള്ളത്. ജനങ്ങൾ കാണാത്ത അവസ്ഥയിൽ ത്രികാലജ്ഞാനിയായ നാഥൻ

കാണുന്നില്ല എന്ന ബോധത്തിൽ സ്വയം രഹസ്യമായി പ്രവർത്തിക്കുന്ന കുറ്റകൃത്യങ്ങളാണ് പരോക്ഷമായിട്ടുള്ളത്. ഒരു കുറ്റം പ്രവർത്തിക്കാൻ ആഗ്രഹിച്ചാൽ അത് കുറ്റമായി പരിഗണിക്കുകയില്ല, അത് പ്രവർത്തിച്ചാൽ അതിന് തക്കതായ ശിക്ഷ മാത്രമേ ലഭിക്കുകയുമുള്ളൂ. മറ്റുള്ളവരെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന് വേണ്ടി പ്രേരിപ്പിച്ചാൽ അതിന്റെ പാപഭാരത്തിന്റെ ഒരു പങ്ക് പ്രേരിപ്പിച്ചവർക്ക് ലഭിക്കുന്നതാണ്. അതും പ്രത്യക്ഷമായ കുറ്റങ്ങളിലാണ് വരിക. 36: 12 ൽ പറഞ്ഞ പ്രകാരം പിൻഗാമികൾക്ക് വിട്ടേച്ചുപോകുന്ന പൈതൃകങ്ങൾ അദ്ദിക്റിന്റെ മാർഗത്തിലുള്ളത് തന്നെയായിരിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അന്ത്യനാൾ വരെ വഴിപിഴപ്പിച്ച ജനതയുടെ പാപഭാരത്തിൽ ഒരുപങ്ക് അവർ വഹിക്കേണ്ടി വരും. അതുകൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള 1000 ത്തിൽ ഒന്നായ വിശ്വാസികൾ ഇന്ന് നരകത്തിലേക്കുള്ള 999 ൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ജീവിതരീതി പിൻപറ്റുകയില്ല 2: 62; 4: 85, 110–113; 9: 67–68 വിശദീകരണം നോക്കുക.

121. അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടതല്ലാത്തതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കാവുന്നതുമല്ല, നിശ്ചയം അത് കാപട്യമുളവാക്കുന്നത് തന്നെയാകുന്നു, നിശ്ചയം പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് നിങ്ങളോട് അവർ തർക്കിക്കുന്നതിനു വേണ്ടി ബോധനം ചെയ്യുക തന്നെ ചെയ്യും, നിങ്ങൾ അവരെ അനുസരിക്കുകയാണെങ്കിൽ നിശ്ചയം നിങ്ങൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കു ചേർക്കുന്നവർ തന്നെയുമായിരിക്കും.

അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തവയുടെ മാംസത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കാവുന്നതുമല്ല എന്ന് പറഞ്ഞതിൽ നിന്ന് അറുക്കുമ്പോഴും തിന്നുമ്പോഴും ബിസ്മി ചൊല്ലിയതുകൊണ്ട് അനുവദനീയമാവുകയില്ല. അല്ലാഹുവിന് വേണ്ടി നീക്കിവെച്ചതും, 'ഇത് നിന്നിൽ നിന്നുള്ളതാണ്, നിന്നിലേക്കുമാണ്' എന്ന് ആത്മാവുകൊണ്ട് സ്മരിച്ച് അറുത്തതും മാത്രമേ വിശ്വാസികൾ ഭക്ഷിക്കാവൂ. അല്ലാത്തവയെല്ലാം 5: 3 ലും 6: 145 ലും പറഞ്ഞ പ്രകാരം നിഷിദ്ധവും മാലിന്യവും കാപട്യമുളവാക്കുന്നതും അല്ലാഹു അല്ലാത്തവർക്ക് നേർച്ച-വഴിപാടുകൾ അർപ്പിക്കപ്പെട്ടവയെപ്പോലെയും പന്നിമാംസത്തെപ്പോലെയും നിഷിദ്ധവുമാണ്. നേർച്ചവഴിപാടുകളിലൂടെ നീക്കി വെച്ച ഭക്ഷണ സാധനങ്ങൾ ഏതാണെങ്കിലും ബിസ്മി ചൊല്ലി തിന്നാൽ കുഴപ്പമില്ല എന്ന് പറയുന്നത് മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അവരുടെ മിത്രങ്ങളോട് പല ഊഹാപോഹങ്ങളും തർക്കവിതർക്കങ്ങളും ബോധിപ്പിച്ച് കൊടുക്കുന്നുണ്ടെന്നതിന്റെ ഉദാഹരണങ്ങളിൽ പെട്ടതാണ്. ഇസ്ലാമിലില്ലാത്ത സ്ത്രീധനം വാങ്ങി അതിൽ നിന്ന് ഒരുവിഹിതം പുരോഹിതന്മാർക്കോ പള്ളികൾക്കോ മതസംഘടനകൾക്കോ അനാഥശാലകൾക്കോ നൽകുകയാണെങ്കിൽ അതിന് വിരോധമില്ലെന്നും; കള്ളക്കടത്ത്, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, പലിശ, ലോട്ടറി, മാരണം, മന്ത്രം, ജനങ്ങളെ ചൂഷണം ചെയ്യൽ തുടങ്ങിയ ഏത് പൈശാചിക മാർഗങ്ങളിലൂടെ പണം സമ്പാദിച്ചാലും ഒരുവിഹിതം ഇത്തരം പിശാചിന്റെ ഏജന്റുമാർക്കോ സ്ഥാപനങ്ങൾക്കോ നൽകുകയാണെങ്കിൽ നിഷിദ്ധമാവുകയില്ല എന്ന നയം സ്വീകരിക്കലും അതുപോലെത്തന്നെയാണ്. 55: 1–4 സൂക്തങ്ങൾ പ്രകാരം അദ്ദിക്ർ ഓരോ ആത്മാവിനെയും സ്വർഗത്തിൽ വെച്ചു തന്നെ പഠിപ്പിച്ചിട്ടുണ്ടെന്നിരിക്കെ മനഃസാക്ഷിക്ക് വിരുദ്ധമായി ഏത് പ്രവൃത്തി ചെയ്താലും അത് പിശാചിന്റെ ബോധനത്തിന് അടിമപ്പെട്ടുകൊണ്ടായിരിക്കും. 75: 14–15 സൂക്തങ്ങളിൽ, അല്ല; മനുഷ്യന് അവനെക്കുറിച്ച് ശരിക്കും കാഴ്ചപ്പാടുണ്ട്, അവൻ എന്ത് ഒഴികഴിവ് പറഞ്ഞാലും ശരി എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ മൂടിവെച്ചുകൊണ്ട് ഇത്തരം തിന്മകൾ

ക്ക് പ്രേരണകൾ നൽകുന്ന അല്ലാഹു കൊന്നുകളഞ്ഞ തെമ്മാടികളായ കപടവിശ്വാസിക ളെ ഒരുകാര്യത്തിലും വിശ്വാസികൾ അനുസരിക്കരുതെന്നും അഥവാ അവരെ അനുസരി ക്കുകയാണെങ്കിൽ വിശ്വാസികൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്ത വരായി മാറുന്നതാണെന്നുമാണ് സൂക്തം പഠിപ്പിക്കുന്നത്. 2: 79; 3: 86, 91; 4: 91; 6: 112, 116 വിശദീകരണം നോക്കുക.

122. ഒരുവൻ മരിച്ച അവസ്ഥയിലായിരുന്നു, അപ്പോൾ നാം അവനെ ജീവിപ്പിച്ചു, നാം അവന് പ്രകാശം നൽകുകയും ചെയ്തു, അവൻ അതുകൊണ്ട് ജനങ്ങൾ ക്കിടയിൽ ചരിക്കുന്നു, അങ്ങനെയുള്ള ഒരുവന്റെ ഉപമ അന്ധകാരങ്ങളിൽ അ കപ്പെട്ട് അതിൽ നിന്ന് പുറത്തുകടക്കാൻ കഴിയാത്തവനെപ്പോലെയാണോ? അപ്രകാരം കാഫിറുകൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒന്ന് അലങ്കാ രമാക്കപ്പെട്ടിരിക്കുന്നു.

'മരിച്ച അവസ്ഥയിലുള്ള ഒരുവൻ' എന്ന് പറഞ്ഞത് പ്രവാചകനെക്കുറിച്ചാണ്. പ്രകാശ മായ അദ്ദിക്ർ ലഭിക്കുന്നതിന് മുമ്പ് പ്രവാചകൻ പ്രജ്ഞയറ്റവനായിരുന്നു എന്ന് 12: 3 ലും; സന്മാർഗമായ അദ്ദിക്ർ ലഭിക്കുന്നതിന് മുമ്പ് പ്രവാചകൻ വഴികേടിലായിരുന്നു എ ന്ന് 93: 7 ലും പറഞ്ഞിട്ടുണ്ട്. ഇന്ന് പ്രകാശമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളെല്ലാം തന്നെ അന്ധകാരങ്ങളിൽ നിന്ന് പുറത്തുവരാത്ത, 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. അ പ്പോൾ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും പ്രവാചകന്റെയും ഗ്രന്ഥത്തിന്റെയും മാർഗ്ഗം പിൻപറ്റി ജീവിക്കുന്നവരാണ് എന്ന് ദുരഭിമാനിക്കുകയും ചെയ്യുന്ന കാഫിറുകളു ടെ പ്രവർത്തനങ്ങളെല്ലാം 6: 43 ൽ വിവരിച്ച പ്രകാരം പിശാചാണ് അവർക്ക് അലങ്കാരമാ ക്കിക്കൊടുത്തിട്ടുള്ളത്. 57: 16 ൽ, വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ അല്ലാഹുവി നെക്കുറിച്ചുള്ള സ്മരണയിലേക്കും അവതരിച്ചുകിട്ടിയ സത്യത്തിലേക്കും കിടിലം കൊണ്ട് വിനീതനാകുവാനും തങ്ങൾക്കുമുമ്പ് വേദം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും ഇനിയും സമയമായില്ലേ, അങ്ങനെ ആ വേദക്കാർക്ക് കാലം ദീർഘിച്ചുപോവുകയും ത ന്മൂലം അവരുടെ ഹൃദയങ്ങൾ കടുത്തുപോവുകയും ചെയ്തു, അവരിൽ അധികപേരും തെമ്മാടികൾ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. കഴുത ഭാരം വഹിക്കുന്നതുപോ ലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളായ അക്രമികൾ 6: 36 ൽ വിവരിച്ച പ്രകാരം മരിച്ച അവസ്ഥയിലായതിനാൽ അവരെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കേൾപ്പിക്കാൻ സാധ്യമല്ല. 3: 108, 185; 5: 33; 6: 89–90 വിശദീകരണം നോക്കുക.

123. അപ്രകാരം എല്ലാ ഓരോ നാട്ടിലും അതിലെ കെങ്കേമന്മാരായ ഭ്രാന്തന്മാരെ അ തിൽ ഗൂഢതന്ത്രങ്ങൾ മെനയുന്നതിനായി നാം നിയോഗിച്ചിരിക്കുകയാകുന്നു, അവർ അവർക്കെതിരായിത്തന്നെയല്ലാതെ ഗൂഢതന്ത്രം മെനയുന്നില്ല, എന്നാൽ അവർ അത് തിരിച്ചറിയാത്തവരുമാകുന്നു.

ഒരു നാടിനെ നശിപ്പിക്കാനുദ്ദേശിച്ചാൽ അതിലെ സുഖലോലുപന്മാരോട് നാം കൽ പിക്കുകയായി, അങ്ങനെ അവർ അതിൽ തെമ്മാടിത്തം പ്രവർത്തിക്കുകയും അപ്പോൾ അവരുടെമേൽ ശിക്ഷാവിധി ബാധകമാവുകയും ചെയ്യും, അങ്ങനെ നാം അതിനെ തകർ ത്ത് നാമാവശേഷമാക്കുന്നതാണ് എന്ന് 17: 16 ൽ പറഞ്ഞിട്ടുണ്ട്. സ്വാലിഹ് നബിയെ സ മൂദ് ജനതയിലേക്ക് പ്രവാചകനായി അയച്ചിട്ടുണ്ടായിരുന്നു. ആ ജനത അദ്ദേഹത്തോട് പറഞ്ഞു: നിന്നെയും നിന്നോടൊപ്പമുള്ളവരെയും ഞങ്ങൾ ദുശ്ശകുനമായിട്ടാണ് കാണു ന്നത്. സ്വാലിഹ് മറുപടി പറഞ്ഞു: നിങ്ങളുടെ ശകുനം അല്ലാഹുവിന്റെ പക്കലാകുന്നു;

അല്ല, നിങ്ങൾ പരീക്ഷിക്കപ്പെടുന്ന ഒരു ജനത തന്നെയാകുന്നു. ആ പട്ടണത്തിൽ ഭൂമിയിൽ നാശമുണ്ടാക്കുന്ന ഒമ്പത് ഗോത്രക്കാരുണ്ടായിരുന്നു, അവർ സുകൃതം ചെയ്യുന്നവരായിരുന്നില്ല. അവർ പറഞ്ഞു: നിശ്ചയം സ്വാലിഹിനെയും കുടുംബത്തെയും രാത്രിക്ക് രാത്രി കൊന്നുകളയുകയും പിന്നെ അവന്റെ രക്ഷാധികാരിയോട് നിന്റെ കുടുംബത്തെ നശിപ്പിച്ചതിന് ഞങ്ങൾ സാക്ഷികളല്ല, ഞങ്ങൾ സത്യസന്ധന്മാർ തന്നെയാണെന്ന് പറയുകയും ചെയ്യാമെന്ന് തീരുമാനിച്ചുറപ്പിച്ചു. അങ്ങനെ അവർ ഗൂഢതന്ത്രം മെനഞ്ഞു, അവർ അറിയാതെ നാമും തന്ത്രം മെനഞ്ഞു, അപ്പോൾ നോക്കുക, അവരുടെ തന്ത്രത്തിന്റെ പരിണിതി എന്തായിരുന്നു എന്ന്. നാം അവരെയും അവരുടെ ജനതയെയും മുഴുവനും നശിപ്പിക്കുകയും, വിശ്വാസികളാവുകയും തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിച്ച് ജീവിക്കുകയും ചെയ്തവരെ സ്വാലിഹിനോടൊപ്പം രക്ഷപ്പെടുത്തുകയും ചെയ്തു എന്ന് 27: 47 -53 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

13: 33 ൽ, അപ്പോൾ എല്ലാ ഓരോരുത്തരും സമ്പാദിച്ചതിനെ ആധാരമാക്കി വിധികൽപിക്കുവാൻ അവരെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ, അവന് ഈ ജനം പങ്കാളികളെ ആരോപിച്ചിരിക്കുന്നു; നീ പറയുക: നിങ്ങൾ അവരുടെ പേരുകൾ പറയുക, അല്ലെങ്കിൽ ഭൂമിയിൽ അല്ലാഹുവിന് അറിയാത്തത് നിങ്ങൾ അവനെ പഠിപ്പിക്കുകയാണോ? അതോ നിങ്ങൾ വായിൽ വരുന്ന വാക്കുകൾ പറയുകയാണോ, കാഫിറുകളായവർക്ക് സത്യത്തിനെതിരെയുള്ള ഗൂഢതന്ത്രവും അല്ലാഹുവിന്റെ മാർഗ്ഗത്തെത്തൊട്ട് ജനങ്ങളെ തടയലും അലങ്കാരമാക്കപ്പെട്ടിരിക്കുകയാണ്, ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവനെ സന്മാർഗത്തിലാക്കുന്നവൻ ആരുമില്ല എന്നും; 13: 42 ൽ, അവർക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ജനങ്ങളും വലിയ വലിയ തന്ത്രങ്ങൾ പയറ്റി നോക്കിയിട്ടുണ്ട്, എന്നാൽ എല്ലാ തന്ത്രങ്ങളുടെയും നിയന്ത്രണം അല്ലാഹുവിന്റെ പക്കലാണ്, ഓരോ ആത്മാവും എന്ത് നേടിക്കൊണ്ടിരിക്കുന്നു എന്ന് അവൻ അറിയുന്നു; അപ്പോൾ ആർക്കാണ് ശുഭപര്യവസാനമെന്ന് നിഷേധത്തിനുമേൽ നിഷേധം കൈക്കൊള്ളുന്ന ഈ കുഫ്ഫാറുകൾ അടുത്ത് അറിയുക തന്നെ ചെയ്യും എന്നും പറഞ്ഞിട്ടുണ്ട്. 14: 46 ൽ, അവർ തങ്ങളുടെ തന്ത്രങ്ങളൊക്കെയും പയറ്റി നോക്കി, പക്ഷേ അല്ലാഹുവിന്റെ പക്കലാണ് അവരുടെ തന്ത്രങ്ങളൊക്കെയും, അവരുടെ തന്ത്രങ്ങൾ മലകൾ നീങ്ങിപ്പോകാൻ മാത്രം ഭയങ്കരങ്ങളായിരുന്നുവെങ്കിലും അല്ലാഹുവിന്റെ പക്കൽ എല്ലാം നിഷ്ഫലമായിപ്പോയി എന്ന് പറഞ്ഞിട്ടുണ്ട്. എക്കാലത്തും അദ്ദിക്ർ പ്രചരിപ്പിക്കുന്നത് തടയാൻ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ എല്ലാ തന്ത്രങ്ങളും പയറ്റിയിട്ടുണ്ട്. എന്നാൽ എല്ലാം അടക്കി ഭരിക്കുന്ന അല്ലാഹുവിന്റെ പക്കൽ തന്നെയാണ് അവരുടെ മൂർദ്ധാവും എന്നിരിക്കെ അല്ലാഹുവിന്റെ പക്കൽ അവരുടെ തന്ത്രങ്ങളൊന്നും വിലപ്പോയിട്ടില്ല. അജയ്യവും മിഥ്യകലരാത്ത തത്വസമ്പൂർണ്ണ ഗ്രന്ഥവുമായ അദ്ദിക്റിനെ പരിചയും മുഹൈമിനായി ഉപയോഗപ്പെടുത്തുന്ന വിശ്വാസിയെ നശിപ്പിക്കാൻ ഒരു ശക്തിക്കും സാധ്യമല്ല തന്നെ. 35: 10 ൽ, തിന്മകൾ നടപ്പിലാക്കുന്നതിനുവേണ്ടി ഗൂഢതന്ത്രം മെനയുന്നവർക്ക് അതികഠിനമായ ശിക്ഷയുണ്ട്, അക്കൂട്ടരുടെ ഗൂഢതന്ത്രം അവർക്കെതിരായിത്തന്നെ ഫലിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 11-12, 159-161; 3: 54; 9: 32-33 വിശദീകരണം നോക്കുക.

124.അവർക്ക് ഒരു സൂക്തം വന്നുകിട്ടുകയാണെങ്കിൽ അവർ പറയും: അല്ലാഹുവിന്റെ പ്രവാചകന്മാർക്ക് നൽകപ്പെട്ടതുപോലുള്ള ഒന്ന് ഞങ്ങൾക്ക് നൽകപ്പെടുന്നതുവരെ ഞങ്ങൾ വിശ്വസിക്കുകയില്ല തന്നെ; തന്റെ സന്ദേശം എങ്ങനെ എത്തിക്കണമെന്ന് ഏറ്റവും അറിയുന്നവൻ അല്ലാഹുവാകുന്നു, ഭ്രാന്തന്മാരായവരെ

അല്ലാഹുവിന്റെ പക്കൽ ചെറുതാക്കുകയും അവർ ഗൂഢതന്ത്രം പ്രയോഗിച്ചു കൊണ്ടിരുന്നവരായതിനാൽ അതികഠിനമായ ശിക്ഷ ബാധിപ്പിക്കുന്നതുമാണ്.

ഏത് പുതിയ സൂക്തം അവതരിപ്പിക്കുമ്പോഴും മുമ്പ് അല്ലാഹുവിന്റെ പ്രവാചകന്മാർക്ക് നൽകപ്പെട്ടത് പോലുള്ള പാമ്പാകുന്ന വടി, കക്ഷത്തിൽ വെച്ചെടുത്താൽ പ്രകാശിക്കുന്ന കൈ, ഈസാക്ക് നൽകിയ കുഷ്ഠരോഗികളെയും അന്ധന്മാരെയും സുഖപ്പെടുത്താനുള്ള കഴിവ്, മരിച്ചവരെ ജീവിപ്പിക്കാനുള്ള കഴിവ്, സ്വാലിഹിന് നൽകിയ ഒട്ടകം തുടങ്ങിയ ദിവ്യാത്ഭുതങ്ങൾ നൽകപ്പെട്ടാലല്ലാതെ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല എന്നാണ് പ്രവാചകന്റെ അഭിസംബോധകരായ മക്കാമുശ്രിക്കുകൾ പറഞ്ഞിരുന്നത്. 10: 90-92 സൂക്തങ്ങളിൽ, ഫിർഔൻ കടലിൽ മുങ്ങിച്ചാവാൻ തുടങ്ങിയപ്പോൾ 'ഞാൻ ഇസ്റാഈൽ സന്തതികൾ വിശ്വസിച്ച ഇലാഹിൽ വിശ്വസിച്ചിരിക്കുന്നു, ഞാൻ സർവ്വസ്വവും അല്ലാഹുവിന് സമർപ്പിച്ചവനായിരിക്കുന്നു' എന്ന് പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞു: ഇപ്പോഴോ? ഇതിനുമുമ്പ് നീ നാശകാരികളിൽ പെട്ടവനായിരുന്നല്ലോ, അപ്പോൾ ഇന്നേ ദിവസം പിൻഗാമികൾക്കൊരു ദൃഷ്ടാന്തമാക്കുന്നതിന് വേണ്ടി നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തുന്നതാണ്, എന്നാൽ നിശ്ചയം ജനങ്ങളിൽ അധികപേരും നമ്മുടെ ദൃഷ്ടാന്തങ്ങളെത്തൊട്ട് പ്രജ്ഞയറ്റവർ തന്നെയാണ് എന്നും; 10: 101 ൽ വിശ്വസിക്കാൻ കൂട്ടാക്കാത്ത ജനതക്ക് ദിവ്യാത്ഭുതങ്ങളും മുന്നറിയിപ്പുകളും പ്രയോജനപ്പെടുകയില്ല എന്നും; 17: 59 ൽ ഭയപ്പെടുത്താനല്ലാതെ നാം ദൃഷ്ടാന്തങ്ങൾ അയക്കാറില്ല എന്നും പറഞ്ഞിട്ടുണ്ട്. അതായത് നാഥന്റെ സന്ദേശം ലോകർക്ക് എങ്ങനെ എത്തിക്കണം എന്ന് ഏറ്റവും അറിയുന്നവൻ യുക്തിജ്ഞനും ത്രികാലജ്ഞാനിയുമായ അല്ലാഹു തന്നെയാണ്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാവരെയും സന്മാർഗ്ഗത്തിൽ ചരിക്കുന്നവരാക്കുമായിരുന്നു, എന്നാൽ അങ്ങനെ ഉദ്ദേശിച്ചിട്ടില്ല എന്നിരിക്കെ ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്തിക്കൊണ്ട് ബുദ്ധി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരെ വിശ്വാസികളാക്കണമെന്ന് ആഗ്രഹിക്കാൻ പാടില്ല എന്നാണ് സൂക്തം പറയുന്നത്. മറിച്ച് ഒറ്റപ്പെട്ട വിശ്വാസി പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്ന അവരോട് 9: 73 ൽ വിവരിച്ച പ്രകാരം പരിചയും മുഹൈമിനുമായ അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യുകയാണ് വേണ്ടത്. ആത്യന്തികമായ വിജയവും അല്ലാഹുവിന്റെ പക്കലുള്ള ഉന്നത പദവിയും അദ്ദിക്ർ പ്രചരിപ്പിച്ച് അല്ലാഹുവിനെ സഹായിച്ചുകൊണ്ടിരിക്കുന്ന വിശ്വാസിക്ക് മാത്രമാണ് ലഭിക്കുക. വിശ്വാസികൾ പ്രകാശവും *മുഹൈമിനു*മായ അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുന്നവരും അതിനെ ലോകരിൽ വ്യാപിപ്പിക്കുന്നവരുമാണെങ്കിൽ തെമ്മാടികളായ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ 9: 32 ൽ വിവരിച്ച പ്രകാരം അതിനെ ഊതിക്കെടുത്തി അന്ധകാരം വ്യാപിപ്പിക്കാനാണ് ശ്രമിക്കുക. അക്കാരണത്താലാണ് അവർക്ക് 2: 85; 5: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയും അനുഭവിക്കേണ്ടി വരുന്നത്. 3: 183; 6: 109-110 വിശദീകരണം നോക്കുക.

125. അപ്പോൾ ആരെയാണോ അല്ലാഹു അവന്റെ സന്മാർഗത്തിലാക്കുവാൻ ഉദ്ദേശിക്കുന്നത്, അവന്റെ നെഞ്ചിനെ ഇസ്ലാമിനുവേണ്ടി വിശാലമാക്കുന്നു; ആരെയാണോ അവൻ വഴികേടിലാക്കുവാൻ ഉദ്ദേശിക്കുന്നത്, അവൻ ആകാശത്തേക്ക് കയറിപ്പോകുന്നതുപോലെ അവന്റെ നെഞ്ചിനെ ഞെരുക്കത്താൽ കുടുസ്സായതാക്കി മാറ്റുന്നു; അപ്രകാരം വിശ്വാസികളാകാത്തവരുടെ മേൽ അല്ലാഹു മാലിന്യമാക്കിയിരിക്കുകയാണ്.

അപ്പോൾ ഏതൊരുവന്റെ നെഞ്ചിനെയാണോ ഇസ്ലാമിലേക്ക് വിശാലമാക്കിക്കൊടുത്തത് -അവൻ തന്റെ നാഥനിൽ നിന്നുള്ള പ്രകാശമായ അദ്ദിക്റിലുമാണ് നിലകൊള്ളുന്നത്; അല്ലാഹുവിന്റെ സ്മരണ ഉണ്ടാക്കുന്ന അദ്ദിക്റിനെത്തൊട്ട് ഹൃദയങ്ങൾ കഠിനമായി കല്ലിച്ചവർക്കാണ് നരകത്തിലെ വൈൽ എന്ന ചെരിവ്, അക്കൂട്ടർ വ്യക്തമായ വഴികേടിലുമാണ് എന്ന് 39: 22 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹു ഏറ്റവും നല്ല വർത്തമാനം അവതരിപ്പിച്ചു -ആലങ്കാരികവും ആവർത്തിച്ചാവർത്തിച്ച് വരുന്നതുമായ സൂക്തങ്ങളടങ്ങിയ ഗ്രന്ഥം, അതിലെ സൂക്തങ്ങൾ കൊണ്ട് തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികൾ രോമാഞ്ചം കൊള്ളുകയും പിന്നെ അവരുടെ തൊലികളും ഹൃദയങ്ങളും അല്ലാഹുവിന്റെ സ്മരണയിലേക്ക് തളിരിതമായി പ്രകമ്പിതരാകുന്നതുമാണ്, അതാണ് അല്ലാഹുവിന്റെ സന്മാർഗം. അദ്ദിക്ർ കൊണ്ട് അവൻ ഉദ്ദേശിക്കുന്നവരെ അതിലേക്ക് നയിക്കുന്നു, ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അവരെ മാർഗദർശനം ചെയ്യുന്നവരായി ആരുമില്ല എന്ന് 39: 23 ലും പറഞ്ഞിട്ടുണ്ട്. 94: 1 ൽ, നിന്റെ നെഞ്ചിനെ നാം വിശാലമാക്കിയില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. ഇബ്രാഹീമിന്റെ ചര്യയിൽ -ദീനിൽ- നിങ്ങളുടെ മേൽ ഒരു ബുദ്ധിമുട്ടും കുടുസ്സും ഉണ്ടാക്കിയിട്ടില്ല എന്ന് 22: 78 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരു ആത്മാവിനും വിശ്വാസിയാവാൻ സാധ്യമല്ല, അപ്രകാരം ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാത്തവർക്ക് അദ്ദിക്റിനെ മാലിന്യമാക്കിയിരിക്കുന്നു എന്ന് 10: 99-100 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 44, 186; 3: 116; 6: 115 -116 വിശദീകരണം നോക്കുക.

126.ഇതാകട്ടെ, നിന്റെ നാഥനിൽ നിന്നുള്ള ഏറ്റവും ചൊവ്വായ പാതയാകുന്നു, നിശ്ചയം ഹൃദയം കൊണ്ട് സ്മരിക്കുന്നവരായ ജനതക്കുവേണ്ടി നാം നമ്മുടെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

1: 5; 2: 213; 6: 126; 10: 25; 16: 76; 36: 61; 42: 52; 48: 2 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിലേക്ക് എത്തിപ്പെടാനുള്ള നേരെച്ചൊവ്വെയുള്ള പാതയും; 2: 2, 185; 9: 33; 18: 57; 22: 8; 28: 85; 39: 23; 48: 28; 61: 9 തുടങ്ങി 80 സൂക്തങ്ങളിൽ പറഞ്ഞ സന്മാർഗവും; 20: 3; 73: 19; 76: 29; 80: 11 തുടങ്ങി 9 സൂക്തങ്ങളിൽ പറഞ്ഞ സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റും അദ്ദിക്റാണ്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് സർവസ്വം നാഥന് സമർപ്പിച്ച മുസ്ലിംകളെന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. 3: 7 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ റിക്കാർഡ് 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലാണ്. 4: 54-56 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ശപിക്കപ്പെട്ട കപടവിശ്വാസികളും അവരുടെ അനുയായികളായ കുഫ്ഫാറുകളും അദ്ദിക്റിനെ തള്ളിപ്പറയുക വഴി നാഥനെ വിസ്മരിച്ചവരും നാഥനാൽ വിസ്മരിക്കപ്പെട്ടവരുമാണ്. 1: 6; 4: 68-69; 6: 117 വിശദീകരണം നോക്കുക.

127.അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ സമാധാനഗേഹമുണ്ട്, അവൻ അവരുടെ രക്ഷാധികാരിയുമാകുന്നു -അവർ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ.

സൂക്തത്തിൽ പറഞ്ഞ സമാധാനഗേഹം അല്ലാഹുവിന്റെ വീടായ സ്വർഗ്ഗമാണ്. അതിലേക്ക് പ്രവേശനം ലഭിക്കണമെങ്കിൽ മനുഷ്യന്റെ നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സ്വർഗ്ഗം സമ്പാദിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും, പ്രപഞ്ചത്തിന്റെ ആയുസ്സ് നീട്ടാനും അല്ലാഹുവിനെ പരിചയപ്പെടുത്താനും ജീവിതലക്ഷ്യം പരിചയപ്പെടുത്താനും ലക്ഷ്യം വെച്ച് അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടു

ത്തുകൊണ്ട് നിഷ്പക്ഷവാനായ നാഥനെ സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. 2: 257, 286; 3: 136; 7: 196; 205–206 വിശദീകരണം നോക്കുക.

128.അവൻ അവരെ എല്ലാവരേയും ഒരുമിച്ചുകൂട്ടുന്ന നാളിൽ: ഓ ജിന്നുകളുടെ കൂട്ടമേ! നിശ്ചയം മനുഷ്യരിൽ നിന്നുള്ള അധികപേരേയും നിങ്ങൾ പാട്ടിലാക്കിയിരിക്കുന്നുവല്ലോ? മനുഷ്യരിൽ നിന്നുള്ള അവരുടെ കൂട്ടുകാരായിരുന്നവർ പറയുന്നതുമാണ്: ഞങ്ങളുടെ നാഥാ, ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്, അങ്ങനെ അതേ അവസ്ഥയിൽ ഞങ്ങൾക്ക് നീ നിശ്ചയിച്ചിരുന്ന ക്ലിപ്തമായ അവധി എത്തുകയാണുണ്ടായത്; അല്ലാഹു പറയും: ശരി, ഇനി നരകമാകുന്നു നിങ്ങളുടെ സങ്കേതം, അതിൽ നിങ്ങൾ ശാശ്വതരുമാകുന്നു –അല്ലാഹു ഉദ്ദേശിച്ചവർ ഒഴികെ, നിശ്ചയം നിന്റെ നാഥൻ യുക്തിജ്ഞനായ സർവ്വജ്ഞാനി തന്നെയാകുന്നു.

വിചാരണാദിനം മലക്കുകളോട്: ഇക്കൂട്ടർ നിങ്ങളെയാണോ സേവിച്ചുകൊണ്ടിരുന്നത് എന്ന് നാഥൻ ചോദിക്കുമെന്ന് 34: 40 ലും; നീ പരിശുദ്ധൻ! അവരല്ല, നീ മാത്രമാണ് ഞങ്ങളുടെ സംരക്ഷകൻ; അല്ല, അവർ ജിന്നുകളെയായിരുന്നു സേവിച്ചിരുന്നത്, അവരിൽ അധികപേരും ജിന്നുകളെക്കൊണ്ട് വിശ്വസിക്കുന്നവരുമായിരുന്നു എന്ന് മലക്കുകൾ മറുപടി പറയുമെന്ന് 34: 41 ലും; ഇന്നേദിനം നിങ്ങൾക്ക് പരസ്പരം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സാധ്യമല്ല, നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന നരകശിക്ഷ ഇപ്പോൾ രുചിച്ചുകൊള്ളുക എന്ന് അക്രമികളായവരോട് നാഥൻ പറയുകയും ചെയ്യും എന്ന് 34: 42 ലും പറഞ്ഞിട്ടുണ്ട്. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ട 1000ത്തിൽ 999 ഉം അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിച്ച നരകക്കുണ്ഠത്തിലേക്കുള്ളവരും, 1000 ത്തിൽ ഒന്നായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിച്ച വിശ്വാസി സ്വർഗത്തിലേക്കുമാണ്.

43: 36–39 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാതെ, അദ്ദിക്റിനെ മൂടിവെക്കുന്ന പ്രവാചകന്റെ ജനതയിൽ പെട്ട കപടവിശ്വാസികളും ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ വായിച്ച് അതിന് വിരുദ്ധമായി ജീവിക്കുക വഴി അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്ന ഫാജിറുകളുമാണ് 'ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്' എന്ന് പറയുന്നത്.

4: 145ൽ വിവരിച്ച പ്രകാരം കപടവിശ്വാസികളും അക്രമികളുമായ നേതാക്കൾ നരകത്തിൽ ശാശ്വതരായിരിക്കും. എന്നാൽ അവരെ പണ്ഡിതന്മാരെന്ന് തെറ്റിദ്ധരിച്ച് അന്ധമായി പിൻപറ്റിയിരുന്ന അനുയായികളെ 34: 23 ൽ വിവരിച്ച പ്രകാരം അവർക്കുള്ള നരക ശിക്ഷ അനുഭവിപ്പിച്ച് കഴിഞ്ഞശേഷം സ്വർഗത്തിലുള്ള അവരുടെ ബന്ധുക്കളായ വിശ്വാസികളെക്കൊണ്ട് ശുപാർശ ചെയ്യിപ്പിച്ച് അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിച്ചേക്കും. അതാണ് സൂക്തത്തിൽ 'അല്ലാഹു ഉദ്ദേശിച്ചവരൊഴികെ' എന്ന് പറഞ്ഞതിന്റെ വിവക്ഷ. നിശ്ചയം നിന്റെ നാഥൻ യുക്തിജ്ഞനായ സർവ്വജ്ഞാനിയാണ് എന്ന് പറഞ്ഞതിന്റെ വിവക്ഷ ഓരോരുത്തരെക്കുറിച്ചും അവർ സ്വർഗമാണോ നരകമാണോ ഇവിടെ സമ്പാദിക്കുക, അവർ എങ്ങനെയാണ് നരകത്തിന്റെ വഴിയിൽ ചരിക്കാൻ ഇടയായത്, അവരെ വിപിഴപ്പിച്ചതാരാണ്, അതോ അവർ സ്വയം പിഴച്ചതാണോ തുടങ്ങിയ കാര്യങ്ങളെല്ലാം വലയം ചെയ്ത ത്രികാലജ്ഞാനിയാണ് അല്ലാഹു എന്നാണ്. 1: 3; 2: 26–27; 3: 106–107, 182; 6: 111–112 വിശദീകരണം നോക്കുക.

129.അപ്രകാരം അക്രമികളായ ചിലരെ നാം ചിലർക്ക് കൂട്ടുകാരാക്കുന്നതാണ്, അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി.

അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്നവരാണ് അക്രമികൾ. അദ്ദിക്ർ പഠിപ്പിക്കപ്പെട്ടവരായതിനാലാണ് മനുഷ്യർ മറ്റ് സൃഷ്ടികളേക്കാൾ ശ്രേഷ്ഠരായത്. അപ്പോൾ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കേണ്ട ബാധ്യത മനുഷ്യന്റേതാണ്. അല്ലാത്ത പക്ഷം അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകമാണ്. നരകശിക്ഷയിൽ അവർ ഇരുവരും പങ്കുചേരേണ്ടി വരും. അദ്ദിക്റിനെ മൂടിവെച്ച് നരകകവാടത്തിൽ നിന്ന് മനുഷ്യരെ നരകത്തിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്ന അക്രമികളായ കപടവിശ്വാസികളും അവരെ പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമായ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ ഇഹത്തിലെന്ന പോലെ പരത്തിലും കൂട്ടുകാരാക്കുന്നതാണ്. യഥാർത്ഥ കാഫിറുകളും ഭ്രാന്തന്മാരുമായ ഇവർ നരകത്തിൽ വെച്ച് പരസ്പരം തർക്കിക്കുന്ന, പഴിക്കുന്ന, കുറ്റപ്പെടുത്തുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 43: 67 ൽ, നാഥന്റെ തൃപ്തിയിലല്ലാത്ത അഥവാ പ്രകാശമായ അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാത്ത ബന്ധങ്ങളെല്ലാം വിധിദിവസം പരസ്പരം ശത്രുതയിലായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ നിങ്ങൾ (ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും) ഇന്നേദിനം പരസ്പരം ഉപകാരം ചെയ്യുന്നവരല്ല, നിശ്ചയം നിങ്ങൾ ശിക്ഷയിൽ പങ്കാളികളാവേണ്ടവരുമാണ് എന്ന് 14: 22; 43: 39; 59: 16–17 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 254; 3: 182; 6: 21, 31–33 വിശദീകരണം നോക്കുക.

130.ഓ ജിന്നുകളുടെയും മനുഷ്യരുടെയും കൂട്ടമേ! എന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വഴിക്കുവഴിയായി വിശദീകരിച്ച് തരികയും ഇങ്ങനെ ഒരു നാളിനെ കണ്ടുമുട്ടുമെന്ന് നിങ്ങളോട് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങളുടെമേൽ വന്നിട്ടുണ്ടായിരുന്നില്ലേ? അവർ പറയും: അതേ, ഞങ്ങൾ ഞങ്ങൾക്കെതിരായിട്ടുതന്നെ സാക്ഷ്യം വഹിക്കുന്നു; ഭൗതിക ജീവിതം അവരെ വഞ്ചിച്ചു, നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് അവരുടെ ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുന്നതുമാണ്.

7: 35–36 സൂക്തങ്ങളിൽ ആദം സന്താനങ്ങളെ വിളിച്ച് അല്ലാഹു പറയുന്നു: എന്റെ സൂക്തങ്ങൾ വഴിക്കുവഴിയായി നിങ്ങൾക്ക് വിശദീകരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങളിലേക്ക് വന്നുകഴിഞ്ഞാൽ, അപ്പോൾ ആരാണോ സൂക്ഷ്മത പാലിക്കുകയും കർമങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുന്നത്, അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. ആരാണോ നമ്മുടെ സൂക്തങ്ങൾ തള്ളിപ്പറയുകയും അവയെത്തൊട്ട് അഹങ്കരിക്കുകയും ചെയ്യുന്നത്, അക്കൂട്ടരാകുന്നു നരകവാസികൾ, അവർ അതിൽ നിത്യവാസികളുമാകുന്നു എന്നും; 7: 37 ൽ, ഗ്രന്ഥം കിട്ടിയിട്ട് അതിനെ വളച്ചൊടിക്കുകയും മൂടിവെക്കുകയും ചെയ്യുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന അനുയായികളും മരണസമയത്ത് 'നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു' എന്ന് അവരുടെ ആത്മാവിനെതിരെ സാക്ഷ്യം വഹിക്കും എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഏതൊരു ഫുജ്ജാറിന്റെയും മരണസമയത്ത് അല്ലാഹു അവനോട് 'അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുമെന്ന് 39: 59 ലും; വിചാ

രണക്കുശേഷം കാഫിറുകൾ കൂട്ടം കൂട്ടമായി നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടുന്നതും അതിന്റെ അടുത്തെത്തുന്നതോടെ അതിന്റെ വാതിലുകൾ തുറക്കപ്പെടുന്നതുമാണ്, അതിന്റെ പാറാവുകാർ അവരോട് ചോദിക്കുകയും ചെയ്യും: നിങ്ങളുടെ ഉടമയിൽ നിന്നുള്ള സൂക്തങ്ങൾ നിങ്ങൾക്ക് വിശദീകരിച്ച് തരികയും ഈ ദിനത്തെക്കുറിച്ച് താക്കീത് നൽകുകയും ചെയ്തിരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങൾക്ക് വന്നിട്ടുണ്ടായിരുന്നില്ലേ? അവർ മറുപടി പറയും: അതെ, എന്നാൽ കാഫിറുകളായ ഞങ്ങളുടെമേൽ ശിക്ഷാവചനം ബാധകമായി എന്ന് 39: 71 ലും പറഞ്ഞിട്ടുണ്ട്. 67: 6–10 സൂക്തങ്ങളിൽ, കാഫിറുകളിൽ നിന്നുള്ള ഓരോ കൂട്ടവും നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ അതിന്റെ പാറാവുകാർ അവരോട് ചോദിക്കും: നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നില്ലേ? അപ്പോൾ അവർ പറയും: അതെ, നിശ്ചയം ഞങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിട്ടുണ്ടായിരുന്നു, എന്നാൽ ഞങ്ങൾ അവരെ തള്ളിപ്പറയുകയും അല്ലാഹു ഒന്നും തന്നെ ഇറക്കിയിട്ടില്ല, നിങ്ങൾ വമ്പിച്ച വഴികേടിലല്ലാതെയല്ല എന്ന് അവരോട് പറയുകയും ചെയ്തിരുന്നു; അവർ സ്വയം പറയുകയും ചെയ്യും: ഓ ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ! അല്ലെങ്കിൽ ബുദ്ധി ഉപയോഗപ്പെടുത്തി ചിന്തിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികൾ ആകുമായിരുന്നില്ലല്ലോ എന്ന് പറഞ്ഞിട്ടുണ്ട്.

മരണത്തോടുകൂടിത്തന്നെ കാഫിറുകൾക്ക് നരകശിക്ഷയിൽ നിന്നുള്ള ഒരു വിഹിതം ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. വിധിദിവസം അവർ നരകത്തിൽ പ്രവേശിക്കപ്പെടുമെന്നും സ്രഷ്ടാവ് മാതാപിതാക്കളെ ഏൽപ്പിച്ച മക്കൾക്ക് സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അദ്ദിക്ർ പഠിപ്പിക്കാതിരുന്നാൽ ജിന്നുകളുടെയും മനുഷ്യരുടെയും കൂട്ടത്തോടൊപ്പം മുൻഗാമികളെ ശപിച്ചുകൊണ്ട് അവർ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുമെന്നും അങ്ങനെ മാതാപിതാക്കളും മക്കളുമെല്ലാം നരകക്കുണ്ഠത്തിൽ ഒരു ഇടുങ്ങിയ സ്ഥലത്ത് ഒരുമിച്ചുകൂടിയാൽ മക്കൾ മാതാപിതാക്കളെ ചൂണ്ടിക്കൊണ്ട്: ഞങ്ങളുടെ നാഥാ! ഇക്കൂട്ടരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത്, അതുകൊണ്ട് നരകത്തിൽ നിന്നുള്ള ഇരട്ടിശിക്ഷ അവർക്ക് നൽകിയാലും എന്ന് പറയുമെന്ന് 7: 38 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകൾ ഈസാ രണ്ടാമത് വന്നാൽ വധിക്കപ്പെടുന്നതും 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാകുന്നതുമാണ്. 2: 39; 3: 196–197; 5: 67, 86 വിശദീകരണം നോക്കുക.

131. അത്; നിന്റെ നാഥൻ ഒരു നാടിനെയും അക്രമപരമായി നശിപ്പിക്കുന്നവനല്ല, അതിലെ നിവാസികൾ പ്രജ്ഞയറ്റവരായിരിക്കുമ്പോൾ.

ഞാൻ കാഫിറായിരുന്നു എന്ന് സമ്മതിക്കാതെ അല്ലാഹു ഒരാളെയും നരകത്തിലേക്ക് ഇടുകയില്ല. നാഥൻ നിഷ്പക്ഷവാനായിരിക്കെ ഓരോരുത്തരുടേയും ഏഴാം ഘട്ടത്തിലേക്കുള്ള നരകം അല്ലെങ്കിൽ സ്വർഗം ഓരോ ആത്മാവും നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സമ്പാദിക്കുന്നതാണ്. സ്വർഗത്തിൽ നിന്ന് എല്ലാവരെയും ഭൂമിയിലേക്ക് നിയോഗിച്ചയക്കുമ്പോൾ, എന്റെ സന്മാർഗ്ഗം നിങ്ങൾക്ക് വന്നുകിട്ടും, അപ്പോൾ ആ സന്മാർഗ്ഗം വന്നുകിട്ടിയാൽ ആരാണോ അതിനെ പിൻപറ്റുന്നത്, അവരുടെമേൽ ഭയപ്പെടാനും അവർക്ക് ദുഃഖിക്കാനും ഇടവരികയില്ല എന്ന് 2: 38 ലും; ആരാണോ നമ്മുടെ സൂക്തങ്ങളെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തത്, അവർ നരകത്തിന്റെ സഹവാസികളാകുന്നു എന്ന് 2: 39 ലും പറഞ്ഞിട്ടുണ്ട്. 39: 32 ൽ, സത്യമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ ക

ളവാക്കി തള്ളിപ്പറഞ്ഞവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണെന്നും, അത്തരം കാഫിറുകൾക്ക് നരകത്തിൽ പാർപ്പിടം പോരെയോ എന്ന് ചോദിക്കുകയും ചെയ്യുന്നുണ്ട്. അദ്ദിക്ർ വന്നുകിട്ടുക എന്ന ഒരു നിബന്ധന ഈ സൂക്തങ്ങളിലെല്ലാം കാണാം. അറിവില്ലാതെ അബദ്ധമാർഗ്ഗം സ്വീകരിച്ചതിന്റെ പേരിൽ ഞങ്ങളെ പിടികൂടുകയാണോ എന്ന് ചോദിക്കാതിരിക്കാനും ഞങ്ങളെ നീ യാഥാർത്ഥ്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തിയില്ല, ഞങ്ങൾക്ക് ശരിയായ മാർഗ്ഗം കാട്ടിത്തന്നതുമില്ല എന്ന് ഒരാളും നാഥന്റെ അടുക്കൽ ഒഴികഴിവ് പറയാതിരിക്കാനും വേണ്ടിയാണ് അവരെ ഗ്രന്ഥത്തിന്റെ ആത്മാവ് സ്വർഗ്ഗത്തിൽ വെച്ചു തന്നെ പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇക്കാര്യങ്ങളെല്ലാം ഉണർത്തുന്ന അദ്ദിക്റിനെ മൂടിവെച്ച് എല്ലാവരും അക്രമികളും തെമ്മാടികളുമാകുമ്പോഴാണ് ഏതൊരു നാടും നശിപ്പിക്കപ്പെട്ടിട്ടുള്ളത്. 8: 33 ൽ, നീ അവരിലുള്ള കാലത്തോളവും അവർ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്ന കാലത്തോളവും അല്ലാഹു അവരെ ശിക്ഷിക്കുന്നവനാവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകൻ ഉള്ള കാലത്തോളം എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദിക്റിന്റെ വഴിയിൽ ജീവിച്ച് പ്രവാചകന്റെ ജീവിതം സാക്ഷ്യം വഹിക്കുന്ന ഒരു വിശ്വാസി ഉള്ള കാലത്തോളം എന്നാണ്. പ്രപഞ്ചം നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ഫുജ്ജാറുകളെപ്പോലെ ഇതരജനവിഭാഗങ്ങൾ കൂടി അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക.

ഇന്ന് ലോകത്തെവിടെയും വിശ്വാസികളുടെ ഒരു സംഘമില്ലാത്തതിനാൽ പ്രവാചകന്റെ ജീവിതം പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളായ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയവരുടെ മേൽ സാക്ഷ്യം വഹിക്കാൻ സാധ്യമല്ല. അതുകൊണ്ട് അവർ 2: 62 ൽ വിവരിച്ച പ്രകാരം ഇഹത്തിലും പരത്തിലും ശിക്ഷിക്കപ്പെടുന്നവരാവുകയില്ല. എന്നാൽ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി പ്രപഞ്ചനാഥനെ പരിചയപ്പെടുത്താനുള്ള ഹൃദയത്തിന്റെ ഭാഷയിലുള്ള വ്യക്തവും സ്പഷ്ടവുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുന്നതോടൊപ്പം 9: 73 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപട വിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യുന്നതുമാണ്. 5: 49, 59; 6: 115–116; 9: 67–68 വിശദീകരണം നോക്കുക.

132. എല്ലാ ഓരോരുത്തർക്കും അവരുടെ പ്രവർത്തനങ്ങൾക്ക് അനുസരിച്ചുള്ള പദവികളുണ്ട്, നിന്റെ നാഥൻ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെത്തൊട്ട് അശ്രദ്ധനൊന്നുമല്ല.

17: 13–14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ അല്ലാഹു ഓരോരുത്തരുടെയും കർമരേഖ അവരുടെ പിരടികളിൽ ബന്ധിച്ചിട്ടുണ്ട്. ത്രികാലജ്ഞാനമായ അദ്ദിക്റിൽ അവന്റെ നടപടിക്രമങ്ങളെല്ലാം വിവരിച്ചിട്ടുമുണ്ട്. അപ്പോൾ ആരാണോ അദ്ദിക്റിനെ ഐഹികലോകത്ത് പ്രകാശവും തെളിവുമായി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്നത്, അവരുടെ പ്രവർത്തനങ്ങൾ മാത്രമാണ് സ്ഥായിയായിട്ടുള്ളത്. 53: 39 ൽ, മനുഷ്യന് അവൻ ഉദ്ദേശിച്ച് പ്രവർത്തിച്ചതല്ലാതെ ഇല്ല എന്ന് പറഞ്ഞതിന്റെ പൊരുളും അതുതന്നെയാണ്. ഏറ്റവും നല്ലതായ അദ്ദിക്റിന്റെ മാർഗത്തിൽ ചരിക്കുന്നത് ആരാണെന്ന് പരീക്ഷിക്കുന്നതിന് വേണ്ടിയാണ് മരണവും ജനനവും സൃഷ്ടിച്ചിട്ടുള്ളതെന്ന് 11: 7; 18: 7; 67: 2 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ത്രികാലജ്ഞാനമായ അദ്ദിക്റിൽ നിന്ന് തെളിവ് ഉദ്ധരിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് മാത്രമേ പരലോക

ത്ത് പദവിയും ത്രാസ്സിൽ തൂക്കവും ലഭിക്കുകയുള്ളൂ. ആത്മാവ് പങ്കെടുക്കാതെ ശരീരം കൊണ്ടുള്ള പ്ര വർത്തനങ്ങളെല്ലാം വഴിപിഴച്ചതും ത്രാസ്സിൽ തൂക്കം ലഭിക്കാത്തതുമാണ് എന്ന് 2: 186; 7: 8–9; 18: 103–106; 47: 8–9 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 34: 33 അ വസാനിക്കുന്നത് അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിനല്ലാതെ അവർക്ക് പ്രതിഫലം കൊടുക്കാൻ ഒക്കുമോ എന്ന് ചോദിച്ചുകൊണ്ടാണ്. 36: 54 ൽ, ഇന്നേദിനം ഒരു ആത്മാ വും അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരു ന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 2: 148; 6: 59, 104, 117 വിശദീകരണം നോക്കുക.

133. നിന്റെ നാഥൻ ഐശ്വര്യവാനും കാരുണ്യമുടയവനുമാണ്, അവൻ ഉദ്ദേശിക്കു കയാണെങ്കിൽ നിങ്ങളെ നീക്കിക്കളയുകയും മറ്റുചില ജനങ്ങളുടെ സന്തതിക ളിൽ നിന്ന് നിങ്ങളെ നട്ടുവളർത്തിക്കൊണ്ടുവന്നതുപോലെ നിങ്ങളുടെ സ്ഥാന ത്ത് അവൻ ഉദ്ദേശിക്കും പ്രകാരം മറ്റൊരു ജനതയെ നട്ട് വളർത്തിക്കൊണ്ടുവ ന്ന് നിങ്ങൾക്കുശേഷം പ്രതിനിധികളായി നിയോഗിക്കുകയും ചെയ്യുന്നതാണ്.

പ്രപഞ്ചനാഥനായ അല്ലാഹു ആരുടെയും ആവശ്യമില്ലാത്ത സ്വയം പര്യാപ്തനും ഐശ്വര്യവാനുമാണ്. അവൻ ഐശ്വര്യവും കാരുണ്യവുമായ അദ്ദിക്ർ എല്ലാ മനുഷ്യർക്കും പഠിപ്പിച്ചിട്ടുമുണ്ട്. അപ്പോൾ ആരാണോ അദ്ദിക്ർ വന്നുകിട്ടി ഉപയോഗപ്പെടുത്തി നാഥ ന്റെ പ്രാതിനിധ്യം വഹിക്കുന്നത്, അവൻ മാത്രമാണ് നാഥന്റെ വീടായ സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോവുക. 6: 45–47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കഴിഞ്ഞു പോയ ഓരോ ജ നതയും അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പിശാചിനെ സേവി ച്ചുകൊണ്ടിരിക്കുന്ന അക്രമികളും തെമ്മാടികളുമായപ്പോഴാണ് അവർ നശിപ്പിക്കപ്പെട്ടിട്ടു ള്ളത്. ആ നാട്ടിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനെയും കൂടെയുള്ള വിശ്വാസികളെ യും അല്ലാഹു രക്ഷപ്പെടുത്തുകയും പിന്നെ അവരിൽ നിന്ന് ഒരു ജനതയെ നട്ടുവളർത്തി ക്കൊണ്ട് വരികയുമാണ് ചെയ്തിട്ടുള്ളത്. രക്ഷപ്പെടുത്തപ്പെട്ട വിശ്വാസികളിൽ നിന്നുള്ള സന്തതി പരമ്പരകൾ 6: 112 ൽ പറഞ്ഞ ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള പി ശാചുക്കളുടെ പ്രേരണയാൽ കാലക്രമേണ നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ നിന്ന് വ്യതിചലിച്ച് പോയി. അങ്ങനെ അവസാനം 4: 163 ൽ വിവരിച്ച പ്രകാരം മുമ്പ് വ ന്നിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുകയും കാത്തുസൂക്ഷിക്കുകയും ചെയ്യു ന്ന അദ്ദിക്റും കൊണ്ട് അന്ത്യപ്രവാചകൻ മുഹമ്മദിനെ പ്രപഞ്ചനാഥൻ നിയോഗിക്കുക യുണ്ടായി. അങ്ങനെ നാഥന്റെ സന്ദേശം പിൻപറ്റി ജീവിക്കുന്ന വിശ്വാസികളുടെ ഒരു ചെ റിയ സംഘം രൂപപ്പെട്ടു.

എന്നാൽ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവിന്റെ ഭ ക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കി യിട്ടുള്ള നരകത്തിന്റെ വിറകുകളായി മാറി. അതോടുകൂടി വിശ്വാസികളുടെ ഒരു സംഘം ലോകത്തെവിടെയും ഇല്ലാതായി. ഇന്ന് പ്രവാചകന്റെ ജനതയിലെ ഫുജ്ജാറുകൾക്കിട യിലുള്ള എല്ലാ സംഘടനകളും 58: 19 ൽ പറഞ്ഞ പിശാചിന്റെ സംഘത്തിൽ പെട്ടതും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളും 30: 30–32 സൂക്തങ്ങളിൽ പറ ഞ്ഞ മുശ്രിക്കുകളുമാണ്. അതുകൊണ്ട് ഇനി 6: 89–90 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാ സും അമാനത്തുമായ അദ്ദിക്ർ അതിനെ മൂടിവെക്കാത്ത, പ്രവാചകന്റെ സമുദായത്തിൽ

പെട്ട ഇതരജനവിഭാഗങ്ങളെ ഏൽപിക്കുന്നതാണ്. ഒറ്റപ്പെട്ട വിശ്വാസിയിലൂടെയാണ് ആ ദൗത്യം നിർവ്വഹിക്കപ്പെടുക. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന അത്തരം ഒറ്റപ്പെട്ട വിശ്വാസി ഇന്ന് സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 4: 85, 133; 6: 123; 10: 47-48 വിശദീകരണം നോക്കുക.

134.നിശ്ചയം നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതെന്തോ, അത് വന്നെത്തുക തന്നെ ചെയ്യും, നിങ്ങൾ അതിനെ അതിജയിക്കുന്നവരൊന്നുമല്ല തന്നെ.

പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളെക്കുറിച്ച് 17: 107-109 സൂക്തങ്ങളിൽ 'അവർക്ക് നാഥന്റെ സൂക്തങ്ങൾ വിവരിച്ചുകൊടുക്കപ്പെട്ടാൽ അവർ മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുന്നതാണ്; ഞങ്ങളുടെ നാഥൻ പരിശുദ്ധനാണ്, അവന്റെ വാഗ്ദത്തങ്ങളെല്ലാം സത്യമായി പുലരാനുള്ളത് തന്നെയായിരിക്കുന്നു എന്ന് അവർ ആത്മഗതം ചെയ്യുന്നതുമാണ്; അവർ കരഞ്ഞുകൊണ്ട് വിനീതരായി മുഖം കുത്തി സാഷ്ടാംഗം വീഴുമ്പോൾ അവർക്ക് ഭയഭക്തി വർധിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ കാഫിറുകളാണ്. അവർ ഗ്രന്ഥത്തിൽ 15 സൂക്തങ്ങളിൽ പറഞ്ഞ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം നിർവഹിക്കാത്തവരായതിനാൽ വിധിദിവസം ഒറ്റ സാഷ്ടാംഗപ്രണാമത്തിലേക്ക് വിളിക്കപ്പെടുമ്പോൾ അവർക്ക് അതിന് സാധിക്കുകയില്ല എന്ന് 68: 42-43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 110; 165-167 3: 5, 30, 185; 6: 27-28 വിശദീകരണം നോക്കുക.

135.നീ പറയുക; ഓ എന്റെ ജനമേ! നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുക, നിശ്ചയം ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കാം! അപ്പോൾ ആർക്കാണ് നല്ല പര്യവസാനഭവനമെന്ന് നിങ്ങൾ അറിയുക തന്നെ ചെയ്യും, നിശ്ചയം അവൻ അക്രമികളെ വിജയം വരിപ്പിക്കുകയില്ല തന്നെ.

അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന 25: 18 ൽ കെട്ടജനത എന്ന് വിശേഷിപ്പിക്കപ്പെട്ട ഫുജ്ജാറുകളോട്: 'നിങ്ങൾ നിങ്ങളുടെ ജീവിതരീതിയിൽ മുന്നോട്ട് പോവുക. ഞാൻ അദ്ദിക്റിന്റെ മാർഗത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനാണ്; അപ്പോൾ ആർക്കാണ് നല്ല പരിണിതി എന്ന് കാത്തിരുന്നുകാണാം, നിശ്ചയം അക്രമികൾ ഒരു നിലക്കും വിജയം വരിക്കുകയില്ല തന്നെ' എന്ന് പറയാൻ ഒറ്റപ്പെട്ട വിശ്വാസി ഈ സൂക്തത്തിലൂടെ കൽപിക്കപ്പെട്ടിരിക്കുന്നു. 39: 39-40 സൂക്തങ്ങളിൽ, 'ഓ എന്റെ ജനമേ, നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുക, ഞാനും പ്രവർത്തിക്കുന്നവനാണ്. ആർക്കാണ് നിന്ദ്യമായതും സ്ഥായിയായതുമായ ശിക്ഷ വരുന്നത്' എന്ന് അടുത്തുതന്നെ നിങ്ങൾ അറിയും' എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. അദ്ദിക്റിൽ നിന്ന് തടയുന്ന വിധത്തിലുള്ള കളിയും തമാശയും കേട്ടാൽ നീ അതിനെ അവഗണിക്കുകയും അവരോട്: ഞങ്ങൾക്ക് ഞങ്ങളുടെ പ്രവർത്തനങ്ങൾ, നിങ്ങൾക്ക് നിങ്ങളുടെ പ്രവർത്തനങ്ങളും (നിങ്ങൾക്ക് പോകാം), ഞങ്ങൾ അവിവേകികളുടെ മാർഗം അന്വേഷിക്കുന്നവരല്ല എന്ന് പറയാൻ 28: 55 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി, അതിനെ മൂടിവെച്ച് നരകം സമ്പാദിച്ചുകൊണ്ടിരിക്കുന്ന 999 ൽ പെട്ട കാഫിറുകളോട് 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് അദ്ദിക്ർ സമർപ്പിക്കുന്ന യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിക്കാനാണ് 109: 6 ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 5: 51; 6: 10, 21, 68 വിശദീകരണം നോക്കുക.

136. അവർ അല്ലാഹുവിന് അവൻ തന്നെ ഉത്പാദിപ്പിച്ച കൃഷിയിൽ നിന്നും കന്നുകാലികളിൽ നിന്നും ഒരു വിഹിതം നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു, അങ്ങനെ അവർ സ്വയം ജൽപിച്ച് പറയുകയും ചെയ്യുന്നു: ഇത് അല്ലാഹുവിനുള്ളതാണ്, ഇത് ഞങ്ങളുടെ പങ്കാളികൾക്കുള്ളതുമാണ്, എന്നാൽ അവരുടെ പങ്കാളികൾക്കുള്ളതൊന്നും അല്ലാഹുവിലേക്ക് ചേരുന്നില്ല; പക്ഷേ, അല്ലാഹുവിനുള്ളതോ അവരുടെ പങ്കാളികളിലേക്ക് ചേരുകയും ചെയ്യുന്നു -എത്രമാത്രം ദുഷിച്ച തീരുമാനമാണ് അവർ കൈക്കൊണ്ടിരിക്കുന്നത്!

ആകാശഭൂമികളുടെ സ്രഷ്ടാവ് ആരാണെന്ന് ചോദിച്ചാൽ മക്കാമുശ്രിക്കുകൾ അല്ലാഹുവാണ് എന്ന് മറുപടി പറഞ്ഞിരുന്നു. വിത്തുകൾ മുളപ്പിക്കുന്നതും കന്നുകാലികളെ അവർക്ക് ഇണക്കിക്കൊടുത്തതും അല്ലാഹുവാണെന്ന് അവർ സമ്മതിച്ചിരുന്നു. എന്നാൽ അവർ അല്ലാഹുവിന്റെ പങ്കാളികളും ശുപാർശക്കാരും ഇടയാളന്മാരുമായി മലക്കുകൾ, ജിന്നുകൾ, മഹാത്മാക്കൾ തുടങ്ങി സൃഷ്ടികളിൽ നിന്നുള്ളവരെ പരിഗണിച്ചിരുന്നു. അപ്പോൾ അവരുടെ അനുഗ്രഹങ്ങൾ ലഭിക്കാനും ഗുരുത്വക്കേട് വരാതിരിക്കാനും വേണ്ടി കൃഷിയിൽ നിന്നും കന്നുകാലികളിൽ നിന്നും ഒരുവിഹിതം അല്ലാഹുവിന് പുറമെ അവർക്കും നീക്കിവെച്ചിരുന്നു. തങ്ങൾക്ക് ഈ വിഭവങ്ങൾ നൽകിയതിനുള്ള നന്ദിപ്രകടനമായിട്ടാണ് അല്ലാഹുവിനുള്ള ഓഹരി. പങ്കാളികളുടെ ദയാദാക്ഷിണ്യങ്ങൾ നിലനിൽക്കാൻ വേണ്ടി നേർച്ചവഴിപാടുകളായിക്കൊണ്ടാണ് അവർക്കുള്ള ഓഹരി. രണ്ട് ഓഹരികൾക്കുമിടയിലുള്ള വൃക്ഷങ്ങളിൽ നിന്ന് കായ്ക്കനികൾ അല്ലാഹുവിന്റെ ഓഹരിയിലേക്ക് വീഴുകയാണെങ്കിൽ അതെടുത്ത് പങ്കാളികളുടെ ഓഹരിയിലേക്ക് ചേർക്കുന്നതും, മറിച്ച് പങ്കാളികളുടെ ഓഹരിയിലേക്കാണ് വീഴുന്നതെങ്കിൽ അല്ലാഹു ഐശ്വര്യവാനാണല്ലോ എന്ന് കരുതി അത് അവിടെത്തന്നെ നിലനിർത്തുകയുമാണ് അവർ ചെയ്തിരുന്നത്. അതാണ് സൂക്തത്തിൽ അവരുടെ പങ്കാളികൾക്കുള്ളതൊന്നും അല്ലാഹുവിലേക്ക് ചേരുന്നില്ല, പക്ഷേ, അല്ലാഹുവിനുള്ളതോ പങ്കാളികളിലേക്ക് ചേരുകയും ചെയ്യുന്നു എന്ന് പറഞ്ഞതിന്റെ വിവക്ഷ. കൃഷി നനക്കാനുള്ള വെള്ളം കുറവാണെങ്കിൽ പങ്കാളികളുടെ ഗുരുത്വക്കേട് ഭയപ്പെട്ടുകൊണ്ട് അവർക്കുള്ള സ്ഥലത്തിനായിരിക്കും മുൻഗണന നൽകുക. 36: 47 ൽ, അല്ലാഹു നൽകിയതിൽ നിന്ന് ചെലവഴിക്കുക എന്ന് പറയപ്പെട്ടാൽ കാഫിറുകൾ വിശ്വാസികളോട് ചോദിക്കും: അല്ലാഹു തീറ്റിപ്പോറ്റാൻ ഉദ്ദേശിക്കാത്തവരെ ഞങ്ങൾ തീറ്റിപ്പോറ്റുകയോ, അത് അല്ലാഹുവിന് എതിർപ്രവർത്തിക്കലല്ലേ, നിങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയാകുന്നു എന്ന കാഫിറുകളുടെ നിലപാട് വിവരിച്ചിട്ടുണ്ട്.

പ്രവാചകന്റെ അഭിസംബോധകരായ മക്കാമുശ്രിക്കുകൾക്ക് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ഉണ്ടായിരുന്നില്ല. എന്നാൽ വിവിധ സംഘടനകളായി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകൾ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 6: 36 ൽ വിവരിച്ച പ്രകാരം ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാത്ത ഈ കെട്ടജനതയെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ കേൾപ്പിക്കാൻ സാധ്യമല്ല. 2: 57; 4: 50-51; 9: 73; 25: 33-34 വിശദീകരണം നോക്കുക.

137. അപ്രകാരം തന്നെ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്ന അധികപേർക്കും തങ്ങളുടെ സന്താനങ്ങളെ വധിക്കുന്നത് അവരുടെ പങ്കാളികൾ അലങ്കാരമാക്കിക്കൊടുത്തിരിക്കുന്നു, അവരെ ദീനിൽ നിന്ന് തിരിച്ചുവിടുന്നതിനും അവരുടെ ദീൻ അവരുടെ മേൽ അവ്യക്തമാകുന്നതിന് വേണ്ടിയും; അല്ലാ

ഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ അപ്രകാരം പ്രവർത്തിക്കുമായിരുന്നില്ല, അപ്പോൾ അവരെയും അവർ കെട്ടിച്ചമച്ചുകൊണ്ടിരിക്കുന്നതിനെയും നീ വെടിയുക!

മക്കാമുശ്രിക്കുകൾക്ക് സന്താനങ്ങളെ വധിക്കുന്നത് അലങ്കാരമാക്കിക്കൊടുത്തത് അവരുടെ കാഫിറായ ജിന്നുകൂട്ടുകാരനും മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളുമായിരുന്നു. 16: 58-59 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന ജാഹിലിയ്യാ നീതി കൊണ്ടും പെൺകുട്ടികളെ ചാരിത്ര്യം സൂക്ഷിച്ചുകൊണ്ട് വളർത്തിക്കൊണ്ടുവരാനുള്ള ബുദ്ധിമുട്ടുകൊണ്ടും വൈവാഹിക ജീവിതത്തിൽ സ്ത്രീകളോടുള്ള അനീതി മുന്നിൽ കണ്ടുകൊണ്ടുമെല്ലാം മക്കാമുശ്രിക്കുകൾ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. 17: 31 ൽ പറഞ്ഞ പ്രകാരം പരിമിതമായ ഭക്ഷണ-പാർപ്പിട സൗകര്യങ്ങൾ കാരണം കുട്ടികളെ തീറ്റിപ്പോറ്റാനുള്ള പ്രയാസം കണക്കിലെടുത്തും ആൺകുട്ടികൾ വളർന്നുവന്ന് തന്റെ കീഴിലുള്ള സ്ത്രീകളുമായി അവിഹിത ബന്ധത്തിൽ ഏർപ്പെടുമെന്ന് ഭയപ്പെട്ടുകൊണ്ടും അവർ ആൺകുട്ടികളെയും വധിച്ചിരുന്നു. അല്ലാഹുവിനെക്കൂടാതെ അവർ ജൽപിച്ചുവെച്ചിരുന്ന പങ്കാളികളെ പ്രീതിപ്പെടുത്തുന്നതിനും അവരുടെ ശാപകോപങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനും നിധി പോലെയുള്ള അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും ബലിയായിക്കൊണ്ടും അവർ സന്താനങ്ങളെ വധിച്ചിരുന്നു.

ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും അനുയായികളാണ് തങ്ങളെന്ന് ജാഹിലിയ്യാകാലത്തെ അറബികൾ അവകാശപ്പെട്ടിരുന്നു. അവർ അവലംബിച്ച ജീവിതചര്യ ആ പ്രവാചകന്മാരുടെ ജീവിതചര്യയാണെന്നും അല്ലാഹു തൃപ്തിപ്പെട്ട ദീനാണെന്നും അവർ ഊറ്റം കൊണ്ടിരുന്നു. ഈ പ്രവാചകന്മാരുടെ ദീനിൽ നിന്ന് അവർ വ്യതിചലിക്കുകയും അവരുടെ ചര്യയിൽ പെടാത്ത പല ആചാരങ്ങളും പുതുതായി കടത്തിക്കൂട്ടി ആചരിക്കുകയും പ്രവാചകന്മാരുടെ മാർഗ്ഗം പിൻപറ്റാതിരിക്കുകയും ചെയ്തുകൊണ്ട് യഥാർത്ഥ ദീനിനെ അവർ വികലമാക്കി. ഏകദൈവാരാധനക്കുവേണ്ടി നിർമ്മിച്ച കഅ്ബയിൽ പ്രവാചകന്മാരുടേതടക്കം മുന്നൂറ്റി അറുപതോളം വിഗ്രഹങ്ങൾ നാട്ടുകയുമുണ്ടായി എന്നതാണ് 'അവരുടെ ദീൻ അവർക്ക് അവ്യക്തമാകുന്നതിന് വേണ്ടി' എന്ന് പറഞ്ഞതിന്റെ വിവക്ഷ.

'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ അങ്ങനെ പ്രവർത്തിക്കുമായിരുന്നില്ല' എന്ന് പറഞ്ഞതിന്റെ വിവക്ഷ സന്മാർഗവും ദുർമാർഗവും വ്യക്തമായി വേർതിരിച്ച് കാണിച്ച് തരുന്ന അദ്ദിക്ർ എല്ലാവർക്കും നൽകിയിട്ടുണ്ട് എന്നും, ഒരു ജനതയും വ്യക്തിയും സ്വയം മാറാതെ അല്ലാഹു അവരെ മാറ്റുകയില്ല എന്ന് 8: 53; 13: 11 സൂക്തങ്ങളിൽ പറഞ്ഞതുമാണ്. അല്ലാഹുവിൽ നിന്ന് പിന്തിരിഞ്ഞവരെയും പിശാചിന്റെ ബോധനം സ്വീകരിച്ച് തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങൾ നിർമ്മിക്കുന്നവരെയും അവരെ പിൻപറ്റുന്നവരെയും വെടിയുക. അഥവാ കപടവിശ്വാസികളായ മനുഷ്യപ്പിശാചുക്കളെയും അവരെ പിൻപറ്റുന്ന ഫാജിറുകളെയും വെടിയുക, നീ അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുകയും ചെയ്യുക എന്നാണ് ഇന്ന് വിശ്വാസികളോട് കൽപിക്കുന്നത്. 4: 31; 5: 32-34; 6: 112 9: 28, 95, 125 വിശദീകരണം നോക്കുക.

138.അവർ സ്വയം മെനഞ്ഞെടുത്ത ഊഹം വെച്ച് അവർ പറയുകയും ചെയ്യുന്നു: ഈ കന്നുകാലികളും വിളകളും സുരക്ഷിതമാണ്, നാം ഉദ്ദേശിക്കുന്നവരല്ലാതെ അവ ഭക്ഷിക്കുകയില്ല; അവന്റെമേൽ കള്ളം കെട്ടിച്ചമച്ചുകൊണ്ട് (അവർ പറ

യുകയും ചെയ്യുന്നു): വേറെ ചില കാലികളോ, അവയുടെ മുതുകുകൾ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു, മറ്റു ചില കാലികളോ, അവയുടെമേൽ അവർ അല്ലാഹുവിന്റെ നാമം സ്മരിക്കുകയില്ല, അവർ കള്ളം കെട്ടിച്ചമക്കുന്നവരായിരുന്നതിനാൽ അവർ പ്രതിഫലം നൽകപ്പെടുന്നവരാവുക തന്നെ ചെയ്യുന്നതാണ്.

മക്കാമുശ്രിക്കുകൾ ജൽപിച്ചിരുന്ന അല്ലാഹുവിന്റെ പങ്കാളികൾക്ക് കന്നുകാലികളും വിളവുകളും അവർ നേർച്ചയായി നീക്കിവെച്ചിരുന്നു. അവ എല്ലാവർക്കും ഭക്ഷിക്കാൻ പാടുണ്ടായിരുന്നില്ല. പുരോഹിന്മാർക്കും ഭാരവാഹികൾക്കും മാത്രമേ അവയിൽ നിന്ന് ഭക്ഷിക്കാൻ പാടുണ്ടായിരുന്നുള്ളൂ. അതെല്ലാം അവർ വ്യാജം കെട്ടിച്ചമച്ച് പറയുന്നതാണ് എന്നാണ് അല്ലാഹു പറയുന്നത്. വേറെ ചില കാലികളോ, അവയുടെ മുതുകുകൾ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ വിവക്ഷ ഹജ്ജ് നാളുകളിൽ ബലിയർപ്പിക്കാൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ മേൽ സവാരി ചെയ്യുന്നതും ഭാരം വഹിപ്പിക്കുന്നതും അവർ നിഷിദ്ധമായി ഗണിച്ചിരുന്നതുപോലെത്തന്നെ 5: 103 ൽ പറഞ്ഞ ബഹീറ, സാഇബ, വസ്വീല, ഹാം തുടങ്ങിയ ഇനങ്ങളിൽ നീക്കിവെച്ച മൃഗങ്ങളിലും സവാരി ചെയ്യുന്നതും അവയെക്കൊണ്ട് ഭാരം വഹിപ്പിക്കുന്നതും നിഷിദ്ധമായി കണക്കാക്കിയിരുന്നു എന്നാണ്. എന്നാൽ ഇത്തരം ദുരാചാരങ്ങളെല്ലാം ഗ്രന്ഥത്തിലൂടെ അല്ലാഹു തിരുത്തുകയുണ്ടായി. 22: 33 ൽ ബലിമൃഗങ്ങളെക്കുറിച്ച്, നിങ്ങൾക്ക് അവയിൽ വ്യക്തമായ അവധി വരെ ഉപയോഗങ്ങളുണ്ട്, പിന്നെ അവയുടെ സ്ഥാനം അതിപുരാതന ഗേഹമായ കഅ്ബത്തിങ്കലാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ ചില കന്നുകാലികളുടെ പുറത്ത് സവാരി ചെയ്യുമ്പോഴും അവയുടെ പാൽ കറക്കുമ്പോഴും അറുക്കുമ്പോഴും ഭക്ഷിക്കുമ്പോഴുമൊന്നും അവർ അല്ലാഹുവിന്റെ നാമം സ്മരിച്ചിരുന്നില്ല. ഇതിനോട് അനുബന്ധിച്ചാണ് 6: 118 ൽ, നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടതിൽ നിന്ന് ഭക്ഷിക്കണമെന്നും; 6: 119 ൽ, നിഷിദ്ധമാക്കിയത് നിങ്ങൾക്ക് വിശദീകരിച്ച് തന്നിട്ടുണ്ടെന്നിരിക്കെ അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടതിൽ നിന്ന് നിങ്ങൾ എന്തുകൊണ്ട് ഭക്ഷിക്കുന്നില്ല എന്നും; 6: 121 ൽ, അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തത് നിങ്ങൾ ഭക്ഷിക്കരുത് എന്നുമുള്ള സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ടത്.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥം ലഭിക്കാതിരുന്ന മക്കാമുശ്രിക്കുകളെക്കാളും മദീനയിലുണ്ടായിരുന്ന വേദത്തിന്റെ ആളുകളായിരുന്ന ജൂത-ക്രൈസ്തവരേക്കാളും വികലമായ വിശ്വാസാചാരങ്ങൾ കൊണ്ടുനടക്കുന്നത്. അല്ലാഹുവിന്റെ പേരിലല്ലാതെ നേർച്ചയായി നീക്കിവെച്ച ഭക്ഷണസാധനങ്ങളെല്ലാം കാപട്യമുളവാക്കുന്ന മാലിന്യമാണെന്ന് 5: 3 ലും 6: 145 ലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലല്ലാതെ പൂർവ്വികരുടെ ചര്യകൾ അന്ധമായി പിൻ പറ്റുന്നവരെക്കുറിച്ച് 43: 21 ൽ അല്ലാഹു ചോദിക്കുന്നു. അതോ ഇവർ ഇതിനുമുമ്പ് നാം നൽകിയ ഗ്രന്ഥം മുറുകെപ്പിടിക്കുന്നവരാണെന്നുണ്ടോ എന്നും; 43: 22 ൽ, അല്ല, അവർ പറയുന്നു: നിശ്ചയം ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരെ ഒരു ചര്യയിൽ കണ്ടു, അവരുടെ കാൽപാടുകൾ ഞങ്ങൾ അടിതെറ്റാതെ പിന്തുടരുകയാണ് എന്നും; 43: 23 ൽ, അപ്രകാരം നിനക്കുമുമ്പ് ഒരു നാട്ടിലേക്കും ഒരു മുന്നറിയിപ്പുകാരനെ അയച്ചിട്ടില്ല -അതിലെ സുഖലോലുപന്മാർ ഇങ്ങനെ പറഞ്ഞിട്ടല്ലാതെ: നിശ്ചയം ഞങ്ങൾ ഞങ്ങളുടെ പിതാക്കളെ ഒരു ചര്യയിൽ കണ്ടു, നിശ്ചയം ഞങ്ങൾ അവരുടെ ചര്യ പിൻപറ്റുന്ന പിൻഗാമികളാകുന്നു എന്നും; 43: 24 ൽ, പ്രവാചകന്മാർ ചോദിച്ചു: നിങ്ങളുടെ പിതാക്കന്മാരിൽ നിങ്ങൾ കണ്ടെത്തിയതിനേക്കാളും സന്മാർഗം ഞങ്ങൾ കൊണ്ടുവന്നാലും നിങ്ങൾ അവരു

ടെ മാർഗം തന്നെയാണോ പിൻപറ്റുക? ജനത മറുപടി നൽകി: നിശ്ചയം ഞങ്ങൾ നിങ്ങൾ എന്തും കൊണ്ടാണോ അയക്കപ്പെട്ടത്, അതിനെ നിഷേധിക്കുന്നവർ തന്നെയാണ് എന്നും; 43: 25 ൽ, അപ്പോൾ നാം അവരോട് പ്രതികാരം ചെയ്തു, അപ്പോൾ സത്യത്തെ തള്ളിപ്പറഞ്ഞവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുക എന്നും പറഞ്ഞിട്ടുണ്ട്.

16: 89 ൽ പറഞ്ഞ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് സർവസ്വം നാഥന് സമർപ്പിച്ച യഥാർത്ഥ മുസ്ലിംകൾ എന്നിരിക്കെ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകൾ യഥാർത്ഥ ഭ്രാന്തന്മാരും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 2: 208; 4: 43, 63; 6: 110–111 വിശദീകരണം നോക്കുക.

139.അവർ പറയുകയും ചെയ്യുന്നു: ഈ കാലികളുടെ വയറ്റിലുള്ളത് ഞങ്ങളിൽ നിന്നുള്ള പുരുഷന്മാർക്ക് പ്രത്യേകമാകുന്നു, ഞങ്ങളുടെ ഇണകൾക്ക് അത് നിഷിദ്ധവുമാകുന്നു, ഇനി അത് ശവമാവുകയാണെങ്കിൽ അപ്പോൾ അവർ ഇരുകൂട്ടരും അതിൽ പങ്കാളികളാവുന്നതുമാണ്, അവരുടെ ഈ ജൽപനങ്ങൾക്ക് അവർക്ക് പ്രതിഫലം നൽകപ്പെടുക തന്നെ ചെയ്യും, നിശ്ചയം അവൻ യുക്തിജ്ഞനായ സർവ്വജ്ഞാനി തന്നെയാകുന്നു.

നേർച്ചമൃഗങ്ങളുടെ വയറ്റിൽ വളരുന്ന കുട്ടികളുടെ മാംസം അവരിലുള്ള പുരുഷന്മാർക്ക് മാത്രമേ ഭക്ഷിക്കാൻ പാടുണ്ടായിരുന്നുള്ളൂ. എന്നാൽ ആ കുട്ടി ഗർഭപാത്രത്തിൽ വെച്ച് ജീവൻ പോവുകയാണെങ്കിൽ ആണിനും പെണ്ണിനും അതിന്റെ മാംസം ഭക്ഷിക്കാമായിരുന്നു. അഥവാ നല്ല സാധനങ്ങളാണെങ്കിൽ പുരുഷന്മാർക്കും മോശപ്പെട്ടതാണെങ്കിൽ സ്ത്രീകൾക്കുമെന്ന രീതിയായിരുന്നു മക്കാമുശ്രിക്കുകൾ അവലംബിച്ചിരുന്നത്. ഇത്തരം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വഴി പിശാചിനെ അനുസരിച്ചതിന് അല്ലാഹു തക്കതായ പ്രതിഫലം നൽകുമെന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്. പുരുഷന്മാർ ഭക്ഷണം കഴിച്ചതിനുശേഷം ബാക്കിയുള്ളതിൽ നിന്ന് മാത്രമേ സ്ത്രീകൾ ഭക്ഷണം കഴിക്കാവൂ എന്ന അലിഖിത സമ്പ്രദായം ഇത്തരം ദുരാചാരങ്ങൾക്ക് സമാനമായ ഉദാഹരണമാണ്. 24: 61 ൽ, വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുമിച്ചോ അല്ലെങ്കിൽ ചെറിയ ചെറിയ കൂട്ടങ്ങളായോ അല്ലെങ്കിൽ ഒരേ പാത്രത്തിൽ നിന്ന് അവരവർക്ക് ആവശ്യമുള്ളത്ര ഭക്ഷണമെടുത്ത് ഒറ്റക്കൊറ്റക്കായിട്ടോ കഴിക്കാമെന്ന അല്ലാഹുവിന്റെ കൽപനയൊന്നും ഇത്തരം സൂക്തങ്ങളെല്ലാം ആശയമില്ലാതെ വായിച്ച് വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വേഗത്തിൽ ദീനിൽ നിന്ന് തെറിച്ചുപോയതിനാൽ ഫുജ്ജാറുകൾ പരിഗണിക്കുന്നില്ല. 2: 24; 4: 91; 8: 22 വിശദീകരണം നോക്കുക.

140.അറിവില്ലാതെ വിഡ്ഢികളായിക്കൊണ്ട് തങ്ങളുടെ സന്താനങ്ങളെ വധിക്കുന്നവരും അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ചുകൊണ്ട് അല്ലാഹു തങ്ങൾക്ക് നൽകിയ വിഭവങ്ങൾ നിഷിദ്ധമാക്കുന്നവരും നിശ്ചയം നഷ്ടത്തിലകപ്പെട്ടിരിക്കുന്നു; നിശ്ചയം അവർ വഴിപിഴച്ചുകഴിഞ്ഞു, അവർ ഒരിക്കലും സന്മാർഗം ഉപയോഗപ്പെടുത്തുന്നവരായതുമില്ല.

6: 137 ൽ വിവരിച്ച പ്രകാരം യഥാർത്ഥ അറിവായ അദ്ദിക്റില്ലാതെ തങ്ങളുടെ സന്താനങ്ങളെ വധിക്കുന്നവരും; 2: 173; 5: 3 സൂക്തങ്ങളിൽ നിഷിദ്ധമായ ഭക്ഷണവിഭവങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിച്ച് തന്നിരിക്കെ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് ഭക്ഷണവിഭവങ്ങൾ നിഷിദ്ധമാക്കുന്നവരും, ജീവിതം നഷ്ടപ്പെട്ട വഴിപിഴച്ചവർ തന്നെയാണ്.

അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പൂർവ്വിക പിതാക്കളുടെ മാർഗ്ഗം അടി തെറ്റാതെ പിൻപറ്റുകയാണ് എന്ന് പറഞ്ഞുകൊണ്ട് നിധി ലഭിക്കുന്നതിനും മാറാവ്യാധികൾ സുഖപ്പെടുന്നതിനും മറ്റും മക്കളെ ബലിയർപ്പിക്കുന്നവരും വൈവാഹിക ജീവിതത്തിലെ അനീതി മുന്നിൽ കണ്ടുകൊണ്ട് പെൺമക്കളെ ഭ്രൂണഹത്യ നടത്തുന്നവരും അല്ലാഹുവിൽ നിന്നുള്ള സന്മാർഗ്ഗമായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്ത യഥാർത്ഥ കാഫിറുകളാണ്. വിവാഹ ജീവിതത്തിലും മരണാനന്തര ചടങ്ങുകളിലുമെല്ലാം അവിവേകികൾ കൊണ്ടുനടന്നിരുന്ന ദുരാചാരങ്ങളും ഭാരങ്ങളും ഇറക്കിവെക്കുന്നതിനും ജീവിത ക്ലേശങ്ങളാകുന്ന ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് നീതിയുക്തവും സത്യസന്ധവുമായ സമാധാനജീവിതം മനുഷ്യർക്ക് കാണിച്ച് തരുന്നതിനും വേണ്ടിയാണ് മുഹമ്മദിനെ പ്രവാചകനായി നിയോഗിച്ചിട്ടുള്ളതെന്നും പ്രകാശമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളതെന്നും ഗ്രന്ഥത്തിൽ 7: 156-157 സൂക്തങ്ങളിൽ വായിക്കുന്ന ഫുജ്ജാറുകളിലാണ് ഗ്രന്ഥം തൊടാത്ത ഇതരജനവിഭാഗങ്ങളേക്കാൾ ഇത്തരം വഴികേടുകൾ ഏറ്റവും കൂടുതലുള്ളത്. പിശാചിനെ തൃപ്തിപ്പെടുത്തുന്ന ഇത്തരം പ്രവൃത്തികൾ ഏത് മനുഷ്യപ്പിശാചുക്കൾ പഠിപ്പിച്ചതാണെങ്കിലും അത് പിൻപറ്റുന്നവർ വഴിപിഴച്ചവരും നഷ്ടപ്പെട്ടവരുമാണ്. അവരവരുടെ ദുർമാർഗത്തിന് പിശാചിനെത്തന്നെയും കുറ്റം പറഞ്ഞ് രക്ഷപ്പെടാൻ സാധ്യമല്ലെന്ന് പിശാച് തന്നെ പരലോകത്തുവെച്ച് പറയുന്ന രംഗം 14: 22 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നിരിക്കെ തങ്ങളുടെ വഴികേടിന് കാക്കകാരണവന്മാരെയോ മഹാത്മാക്കളെയോ മാതാപിതാക്കളെയോ മറ്റാരെയെങ്കിലുമോ പഴിചാരി രക്ഷപ്പെടാൻ സാധിക്കുകയില്ല. 25: 17-18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകൾ അദ്ദിക്റിന്റെ വെളിച്ചത്തിലല്ലാതെയുള്ള ആചാരാനുഷ്ഠാനങ്ങൾ പിന്തുടരുക വഴി ലോകത്തെത്തന്നെ ഇരുട്ടിലേക്കും നാശത്തിലേക്കുമാണ് നയിക്കുന്നതെന്ന് ഈ സൂക്തം മുന്നറിയിപ്പ് നൽകുന്നു. 1: 7; 4: 167; 23: 7 വിശദീകരണം നോക്കുക.

141. അവൻ തന്നെയാണ് പന്തലിൽ വളർത്തപ്പെടുന്നതും പന്തലിൽ വളർത്തപ്പെടാത്തതുമായ തോട്ടങ്ങൾ നട്ട് വളർത്തുന്നത്, ഈത്തപ്പനത്തോട്ടങ്ങളും വ്യത്യസ്തമായ രുചിയോടുകൂടിയ ഭക്ഷണവിഭവങ്ങളടങ്ങിയ കൃഷികളും രൂപത്തിൽ സാദൃശ്യമുള്ളതും സാദൃശ്യമില്ലാത്തതുമായ ഒലീവിന്റെയും ഉറുമാന്റെയും തോട്ടങ്ങൾ ഉണ്ടാക്കിയതും, കായ്ച്ച് പാകമാകുമ്പോൾ അവന്റെ ഫലങ്ങളിൽ നിന്ന് നിങ്ങൾ തിന്ന് കൊള്ളുവീൻ, അതിന്റെ വിളവെടുപ്പ് നാളിൽ അവന്റെ അവകാശം നിങ്ങൾ കൊടുക്കുകയും ചെയ്യുവീൻ, നിങ്ങൾ അതിര് കവിയാതിരിക്കുവീൻ, നിശ്ചയം അവൻ അതിര് കവിയുന്നവരെ ഇഷ്ടപ്പെടുന്നില്ല.

അവരുടെ കൈകൾ ഉത്പാദിപ്പിച്ചിട്ടില്ലാത്ത, അവൻ ഉത്പാദിപ്പിച്ചിട്ടുള്ള ഫലങ്ങളിൽ നിന്ന് അവരെ ഭക്ഷിപ്പിക്കുന്നു, എന്നിട്ടും ആ അല്ലാഹുവിനെ ഏകനായി അംഗീകരിക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നില്ലേ എന്ന് 36: 35 ൽ ചോദിച്ചിട്ടുണ്ട്. അവരവരുടെ കരങ്ങൾ കൊണ്ട് ഉത്പാദിപ്പിക്കാത്ത ഫലവർഗങ്ങൾ അല്ലാഹുവാണ് അവരെ തീറ്റുന്നത്. വിവിധ രുചികളോടുകൂടിയതും പോഷകഘടകങ്ങൾ അടങ്ങിയതുമായ വിവിധ തരം പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും കായ്കനികളുമെല്ലാം നട്ടുവളർത്തിപ്പിക്കുന്നതും അല്ലാഹു തന്നെയാണ്. പന്തലുകളിലും മറ്റും പടർത്തപ്പെടുന്ന മുന്തിരി, പാവൽ, പയർ, കുമ്പളം, പടവലം മുതലായവയും തണ്ടുകളും തടികളുമായി വളരുന്ന ചീര, വെണ്ട, വഴുതന തുടങ്ങിയ ചെടികളും ഈത്തപ്പന, തെങ്ങ്, പ്ലാവ്, മാവ് തുടങ്ങിയ മരങ്ങളടങ്ങിയ തോട്ടങ്ങളും ഗോതമ്പ്, നെല്ല്, ചോളം, റാഗി, എള്ള് തുടങ്ങിയവ വളരുന്ന വയ

ലുകളും വളർത്തിപ്പിക്കുന്നതും അല്ലാഹു തന്നെയാണ്. മനുഷ്യരുടേതടക്കം എല്ലാറ്റിന്റെയും ഉടമ അല്ലാഹുവാണ്. അതുകൊണ്ടാണ് ഈ തോട്ടങ്ങളിൽ വളരുന്ന ഫലങ്ങൾ പാകമാകുമ്പോൾ 'അവന്റെ ഫലങ്ങൾ' നിങ്ങൾ തിന്നുകയും, അവന്റെ അവകാശം അഥവാ ദരിദ്രരുടെ അവകാശം അത് വിളവെടുക്കുമ്പോൾ തന്നെ നൽകുകയും ചെയ്യുക എന്ന് പറഞ്ഞത്. അപ്പോൾ കൃഷി ചെയ്തുണ്ടാക്കുന്ന എല്ലാ ധാന്യങ്ങൾക്കും ഫലങ്ങൾക്കും സകാത്ത് -ദരിദ്രന്റെ അവകാശം- ഉണ്ടെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. അത് നൽകേണ്ടത് ആ ഫലങ്ങൾ പറിച്ചെടുക്കുന്ന നാളിൽ തന്നെയാണ്. അത് വെള്ളം തേവി നനച്ചുണ്ടാക്കിയതാണെങ്കിൽ ഇരുപതിലൊന്നും അല്ലെങ്കിൽ പത്തിലൊന്നുമാണ് കൊടുക്കേണ്ടത്.

നിങ്ങൾ അതിര് കവിയരുത് എന്ന് പറഞ്ഞത്, സ്രഷ്ടാവിനെ മറന്നുകൊണ്ട് അവന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കരുത് എന്നാണ്. അഥവാ എപ്പോഴും അല്ലാഹുവിന്റെ വീക്ഷണത്തിലും നിയന്ത്രണത്തിലുമാണ് എന്ന ബോധത്തിലായിരിക്കണം. അല്ലാഹുവിനെ മറന്നാൽ അവർ അവരെത്തന്നെയാണ് മറന്നത്, അക്കൂട്ടർ തന്നെയാണ് തെമ്മാടികളെന്ന് 59: 19 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ അല്ലാഹുവിനെയും ജീവിതലക്ഷ്യത്തെയും ഓർമ്മിപ്പിക്കാനുള്ളതായതിനാൽ അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ തെമ്മാടികളാണ്. അഗതികൾക്കുള്ള വിഹിതം നൽകാതിരിക്കുന്നതിനുവേണ്ടി രഹസ്യമായി തങ്ങളുടെ വിളവ് കൊയ്തെടുക്കാൻ ഉദ്യമിച്ചതിനാൽ വിളവ് നശിപ്പിക്കപ്പെട്ട ഒരു തോട്ടത്തെക്കുറിച്ച് 68: 17-32 സൂക്തങ്ങളിൽ പരാമർശിക്കുന്നുണ്ട്. അവർ യാതൊരു ഒഴികഴിവും പറയാതെ (അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് പറയാതെ) 'നമ്മുടെ വിളവ് നാം അടുത്ത പ്രഭാതത്തിൽ കൊയ്തെടുക്കുക തന്നെ ചെയ്യും' എന്ന് ആണയിട്ട് പറഞ്ഞു. എന്നാൽ അന്ന് രാത്രി അവർ ഉറക്കത്തിലായപ്പോൾ തങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു വിഭാഗം (മലക്കുകൾ) ആ തോട്ടത്തെ കൊയ്തെടുത്തതുപോലെ നശിപ്പിച്ചു. രാവിലെ അവർ കൃഷിസ്ഥലത്തേക്ക് വിളവ് കൊയ്തെടുക്കാൻ വേണ്ടി പുറപ്പെട്ടു. ഇന്നേ ദിനം അഗതികൾ ആരും തന്നെ അവരുടെ അടുത്ത് ചെല്ലരുതെന്ന് കരുതിപാത്തും പതുങ്ങിയുമാണ് അവർ പുറപ്പെട്ടത്. അവരാകട്ടെ അവരുടെ വിളവുകൾ കൊയ്തെടുക്കാമെന്ന പൂർണ്ണ വിശ്വാസത്തിലുമായിരുന്നു. എന്നാൽ നശിപ്പിക്കപ്പെട്ട ആ തോട്ടം കണ്ടപ്പോൾ അവർ പറഞ്ഞു: നിശ്ചയം നമ്മൾ പിഴച്ചവർ തന്നെയായിരിക്കുന്നു; അല്ല, നമ്മൾ തടയപ്പെട്ടവരായിരിക്കുന്നു. അപ്പോൾ അവരിൽ നിന്നുള്ള ഒരു നീതിമാൻ ചോദിച്ചു: നിങ്ങൾ എന്തുകൊണ്ട് അല്ലാഹുവിനെ വാഴ്ത്തുന്നവരായില്ല? അപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ നാഥൻ പരിശുദ്ധനാണ്, നിശ്ചയം ഞങ്ങൾ അക്രമികളിൽ പെട്ടുപോയല്ലോ. അങ്ങനെ അവർ പരസ്പരം കൂടിച്ചേർന്ന് പറഞ്ഞു: ഓ, നമ്മുടെ കഷ്ടം! നമ്മൾ അതിക്രമികളായിരിക്കുന്നു, നാം നമ്മുടെ നാഥനിലേക്ക് ശരണം പ്രാപിക്കുക, നമ്മുടെ നാഥൻ നമുക്ക് ഇതിലേറെ ഉത്തമമായത് നൽകിയേക്കാം. 2: 99, 266-268; 3: 92; 6: 99 വിശദീകരണം നോക്കുക.

142.കന്നുകാലികളിൽ നിന്നുള്ള ഭാരം വഹിക്കുന്നവയേയും കമ്പിളി ലഭിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നവയേയും, അല്ലാഹു നിങ്ങൾക്ക് നൽകിയ വിഭവങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുവീൻ, നിങ്ങൾ പിശാചിന്റെ കാൽപാടുകൾ പിൻപറ്റാതിരിക്കുകയും ചെയ്യുവീൻ, നിശ്ചയം അവൻ നിങ്ങൾക്ക് വ്യക്തമായ ഒരു ശത്രു തന്നെയാകുന്നു.

ഭാരം വഹിക്കുന്നതിന് ഭക്ഷ്യയോഗ്യമായ കന്നുകാലികളിൽ പെട്ട കാള, പോത്ത്, ഒട്ടകം എന്നിവയെയും കമ്പിളിയും വിരിപ്പും ഉണ്ടാക്കുന്നതിനുള്ള രോമങ്ങൾ എടുക്കുന്ന

തിന് ചെമ്മരിയാട്, കോലാട്, ഒട്ടകം തുടങ്ങിയവയെയും ഉപയോഗിക്കുന്നു. 16: 66 ൽ, നിശ്ചയം നിങ്ങൾക്ക് കന്നുകാലികളിൽ ഒരു ഗുണപാഠമുണ്ട്, അവയുടെ അകിടിൽ നിന്ന് പച്ച നിറത്തിലുള്ള ചാണകത്തിന്റെയും ചുവന്ന നിറത്തിലുള്ള രക്തത്തിന്റെയും ഇടയിൽ നിന്ന് വെള്ള നിറത്തിലുള്ള, കുടിക്കുന്നവർക്ക് ആനന്ദം നൽകുന്ന നറും പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു എന്നും; 16: 80 ൽ, അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ വീടുകളെ ശാന്തിനിർഭരമായ വിശ്രമസങ്കേതങ്ങളാക്കിയിരിക്കുന്നു, മൃഗത്തോലുകൾ കൊണ്ട് നിങ്ങൾക്ക് ഭവനങ്ങളുണ്ടാക്കിത്തന്നിരിക്കുന്നു, അവ സഞ്ചാരവേളയിലും സ്ഥിരവാസവേളയിലും നിങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധം ലഘുവാക്കിയിരിക്കുന്നു, അവയുടെ (ചെമ്മരിയാടിന്റെയും കോലാടിന്റെയും ഒട്ടകത്തിന്റെയും) രോമങ്ങളിൽ നിന്ന് നിങ്ങൾക്ക് ഒരു നിശ്ചിത അവധി വരെ ഉപയോഗപ്പെടുത്താവുന്ന ധാരാളം സാധനസാമഗ്രികൾ ഉണ്ടാക്കിത്തന്നിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. 36: 71–73 സൂക്തങ്ങളിൽ, നമ്മുടെ കൈകളാൽ സൃഷ്ടിച്ചിട്ടുള്ള കന്നുകാലികളെ അവരുടെ ഉടമസ്ഥതയിലാക്കിയിരിക്കുന്നു എന്നത് അവർ കാണുന്നില്ലേ, നാം അവയെ അവർക്ക് വിധേയമാക്കിക്കൊടുത്തിരിക്കുന്നു. അവയിൽ ചിലതിന്മേൽ അവർ സഞ്ചരിക്കുകയും ചിലതിനെ അവർ ഭക്ഷിക്കുകയും ചെയ്യുന്നു, അവയിൽ അവർക്ക് ധാരാളം ഉപകാരങ്ങളും പാനീയവുമുണ്ട്, അപ്പോൾ അവർ സ്രഷ്ടാവിനെ ഏകനായി അംഗീകരിച്ച് നന്ദി പ്രകടിപ്പിക്കുന്നവരാകുന്നില്ലെയോ എന്ന് ചോദിച്ചിട്ടുണ്ട്. കന്നുകാലികളുടെ കൊമ്പുകൾ കൊണ്ട് ചീർപ്പ്, കൗതുകവസ്തുക്കൾ, കത്തിപ്പിടികൾ മുതലായവയും അവയുടെ തുകലുകൾ കൊണ്ട് ചെരുപ്പ്, ബാഗ്, ബെൽറ്റ്, പേഴ്സ് മുതലായവയുമുണ്ടാക്കുന്നു. പഞ്ചസാര ഫാക്ടറികളിൽ അവയുടെ എല്ലുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ആധുനികലോകത്ത് മാംസത്തിനും മറ്റു ആവശ്യങ്ങൾക്കും വേണ്ടി കന്നുകാലികളെത്തന്നെയും ക്ലോണിംഗ് മുഖേന ഉത്പാദിപ്പിച്ച് തുടങ്ങിയിട്ടുണ്ട്.

ചുരുക്കത്തിൽ മനുഷ്യന്റെയും അവന് ലഭിച്ചിരിക്കുന്ന കൃഷി, തോട്ടങ്ങൾ, കന്നുകാലികൾ തുടങ്ങി എല്ലാ അനുഗ്രഹങ്ങളുടെയും ദാതാവും ഉടമയും അല്ലാഹുവാകുന്നു. അവ ഉപയോഗപ്പെടുത്തേണ്ടത് അവന്റെ വിധിവിലക്കുകൾക്കനുസരിച്ച് മാത്രമാണ് എന്നിരിക്കെ അല്ലാഹു അല്ലാത്തവർക്ക് അവന്റെ തൃപ്തിക്ക് വിരുദ്ധമായി നന്ദി പ്രകടിപ്പിക്കുന്നതും അവന്റേതല്ലാത്ത പരിധികളും ആചാരങ്ങളും പാലിക്കുന്നതും അതിര് കവിയലും പിശാചിന്റെ കാൽപാടുകൾ പിന്തുടരലുമാണ്. ഭക്ഷണത്തിനും മറ്റുചില ഉപയോഗങ്ങൾക്കുമാണ് അല്ലാഹു അവയെല്ലാം മനുഷ്യന് നൽകിയിട്ടുള്ളത്, അല്ലാതെ ദുരാചാരങ്ങൾ വഴി അവയെ നിഷിദ്ധമാക്കി വെക്കാനല്ല. അല്ലാഹു നൽകിയ ഭക്ഷണവിഭവങ്ങളുടെ മേൽ മനുഷ്യർ തന്നിഷ്ടപ്രകാരം ചുമത്തുന്ന ഉപാധികളും നിബന്ധനകളുമെല്ലാം മനുഷ്യന്റെ ശത്രുവായ പിശാചിനെയാണ് തൃപ്തിപ്പെടുത്തുക. 2: 168–169, 208–210; 4: 116, 121; 6: 112 വിശദീകരണം നോക്കുക.

143.എട്ട് ഇണകൾ–കോലാടിൽ നിന്ന് രണ്ടെണ്ണവും ചെമ്മരിയാടിൽ നിന്ന് രണ്ടെണ്ണവും; നീ ചോദിക്കുക: അവ രണ്ടിൽ നിന്നുള്ള ആൺവർഗത്തെയാണോ നിഷിദ്ധമാക്കിയിട്ടുള്ളത് അതോ പെൺവർഗത്തെയാണോ, അതോ അവ രണ്ടിൽ നിന്നുള്ള പെണ്ണുങ്ങളുടെ ഗർഭപാത്രങ്ങളിൽ വഹിക്കുന്നതിനെയാണോ? അറിവിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എന്നോട് വിവരം പറഞ്ഞുതരിക –നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ.

144.ഒട്ടകത്തിൽ നിന്ന് രണ്ടെണ്ണവും പശുവിൽ നിന്ന് രണ്ടെണ്ണവും; നീ ചോദിക്കുക: അവ രണ്ടിൽ നിന്നുള്ള ആൺവർഗത്തെയാണോ അല്ലാഹു നിരോധിച്ചിട്ടുള്ള

ത്, അതോ അവ രണ്ടിൽ നിന്നുള്ള പെൺവർഗത്തെയാണാ, അതുമല്ലെങ്കിൽ അവ രണ്ടിൽ നിന്നുമുള്ള പെണ്ണുങ്ങളുടെ ഗർഭപാത്രങ്ങളിൽ വഹിക്കുന്നതിനെയാണോ? അതല്ല; അല്ലാഹു നിങ്ങളോട് ഇതുകൊണ്ടെല്ലാം ഉൗന്നി ഉപദേശിച്ചപ്പോൾ നിങ്ങൾ സാക്ഷികളായിട്ടുണ്ടായിരുന്നുവോ? അപ്പോൾ അറിവില്ലാതെ ജനങ്ങളെ വഴിതെറ്റിക്കുവാൻ വേണ്ടി അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നിശ്ചയം അല്ലാഹു അക്രമികളായ ഒരു ജനതയെ സന്മാർഗത്തിലാക്കുകയില്ല തന്നെ.

5: 103; 6: 136–139 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ അഭിസംബോധകരായ മക്കാമുശ്രിക്കുകൾ കന്നുകാലികളുടെ കാര്യത്തിൽ പലതരം ദുരാചാരങ്ങളും വെച്ച് പുലർത്തിയിരുന്നു. അതിനെ വിമർശിച്ചുകൊണ്ട് നാഥൻ ആൺ-പെൺ വ്യത്യാസമില്ലാതെ കന്നുകാലികളിൽ നിന്നുള്ള എല്ലാവർക്കും ഭക്ഷിക്കാൻ ഉപയോഗിക്കാവുന്ന കോലാടിൽ നിന്ന് രണ്ടും ചെമ്മരിയാടിൽ നിന്ന് രണ്ടും ഒട്ടകങ്ങളിൽ നിന്ന് രണ്ടും പശുവിൽ നിന്ന് രണ്ടും എന്നിങ്ങനെ ആണും പെണ്ണുമായ ഇണകളെയാണ് ഇവിടെ ഉദ്ധരിക്കുന്നത്. ഈ ദുരാചാരങ്ങളെല്ലാം നിങ്ങളോട് അല്ലാഹു ഊന്നി ഉപദേശിക്കുമ്പോൾ നിങ്ങൾ അതിന് സാക്ഷികളായി ഹാജറായിരുന്നോ എന്ന് ചോദിക്കാനും പൂർവ്വികരെ അന്ധമായി പിൻപറ്റി വഴിപിഴച്ചവരോട് യഥാർത്ഥ അറിവായ അദ്ദിക്ർ ഇല്ലാതെ ജനങ്ങളെ വഴിപിഴപ്പിക്കാൻ വേണ്ടി അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവർ ഏറ്റവും വലിയ അക്രമികളാണെന്നും നിശ്ചയം ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു ഒരിക്കലും സന്മാർഗത്തിലേക്ക് നയിക്കുകയില്ല എന്ന് പറയാനുമാണ് സൂക്തം കൽപിക്കുന്നത്.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത് കപടവിശ്വാസികളും അവരുടെ അനുയായികളുമാണ്. ഫുജ്ജാറുകളായ അവർ ആത്മാവിനെയും പരലോകത്തെയും പരിഗണിക്കാതെ ഐഹിക ജീവിതത്തിനും ദേഹേച്ഛക്കും പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 6: 117–119 ൽ വിവരിച്ച പ്രകാരം സന്മാർഗമായ അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്ന അവർ പ്രപഞ്ചനാഥനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്നവരും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരുമാണ്. ഫുജ്ജാറുകൾ അല്ലാഹുവിന്റെ പേരിലല്ലാതെ ഭക്ഷണസാധനങ്ങളെയും കന്നുകാലികളെയും നേർച്ചയായി നീക്കിവെക്കുന്നവരും ബിസ്മി ഉച്ചരിച്ച് അവയെ അറുത്താൽ ഭക്ഷിക്കൽ അനുവദനീയമാണെന്ന് കള്ളം കെട്ടിച്ചമച്ച് പറയുന്നവരുമാണ്. 6: 38 ൽ വിവരിച്ച പ്രകാരം 1000 സമുദായങ്ങളിൽ പെട്ട ജീവികൾ ആത്മാവുകൊണ്ട് നാഥനെ കീർത്തനം ചെയ്യുന്നുണ്ടെന്നും നമസ്കരിക്കുന്നുണ്ടെന്നുമുള്ള ബോധമില്ലാതെ അത്തരം ജീവികളെ കൊന്ന് തിന്നുക വഴി അവയുടെ കീർത്തനം തടഞ്ഞതിനാൽ നാഥന്റെ കോപത്തിനും ശാപത്തിനും വിധേയമായവരും നരകത്തിലേക്കുള്ളവരുമാണ് ഇവർ. അവരെക്കുറിച്ച് തന്നെയാണ് 22: 8; 31: 20 തുടങ്ങിയ സൂക്തങ്ങളിൽ യഥാർത്ഥ അറിവും സന്മാർഗ്ഗവും വെളിച്ചം നൽകുന്ന ഗ്രന്ഥവുമായ അദ്ദിക്ർ ഇല്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ ജനങ്ങളിലുണ്ട് എന്ന് പറഞ്ഞിട്ടുള്ളതും. 5: 64–67; 6: 115–116; 9: 67–68 വിശദീകരണം നോക്കുക.

145.നീ പറയുക: എന്നിലേക്ക് ദിവ്യസന്ദേശമായി നൽകപ്പെട്ടിട്ടുള്ളതിൽ ഭക്ഷിക്കുന്നവരുടെ മേൽ നിഷിദ്ധമാക്കപ്പെട്ട ഭക്ഷണമായിട്ട് യാതൊന്നും ഞാൻ കാണുന്നില്ല -അത് ശവമായിട്ടുള്ളതല്ലാതെ, അല്ലെങ്കിൽ ഒഴുക്കപ്പെട്ട രക്തമല്ലാതെ, അല്ലെങ്കിൽ പന്നിമാംസമല്ലാതെ, അപ്പോൾ നിശ്ചയം അതും അല്ലാഹുവിനുവേണ്ടിയ

ല്ലാതെ നീക്കിവെക്കപ്പെട്ടിട്ടുള്ളതും മാലിന്യമാണ്, അല്ലെങ്കിൽ കാപട്യമുളവാക്കുന്നതാണ്; ഇനി ഒരാൾ നിർബന്ധിതാവസ്ഥയിൽ ധിക്കാരം ഉദ്ദേശിക്കാതെയും പരിധി ലംഘിക്കാതെയും (ഇവയിൽ നിന്ന് വല്ലതും തിന്നുകയാണെങ്കിൽ) അപ്പോൾ നിശ്ചയം നിന്റെ നാഥൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനാകുന്നു.

ശവം, ഒഴുക്കപ്പെടുന്ന രക്തം, പന്നിമാംസം എന്നിവയെപ്പോലെ മാലിന്യവും അല്ലെങ്കിൽ കാപട്യമുളവാക്കുന്നതുമാണ് അല്ലാഹുവിന്റെ പേരിലല്ലാതെ നീക്കിവെക്കപ്പെട്ടിട്ടുള്ള ഭക്ഷണസാധനങ്ങൾ എന്നാണ് ഈ സൂക്തത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ളത്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളിലെ കപടവിശ്വാസികൾ ആത്മാവിനെ പരിഗണിക്കാതെ ഗ്രന്ഥത്തിന്റെ ജീവനായ അർത്ഥം വളച്ചൊടിച്ച് 'അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷ്യം വഹിച്ചവർക്ക് ജീവിച്ചിരിക്കുന്നവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കാൻ സാധിക്കുമെന്ന്' കള്ളം കെട്ടിച്ചമച്ച് പറയുന്നവരാണ്. ആവശ്യങ്ങൾ പൂർത്തീകരിച്ച് കിട്ടുന്നതിന് വേണ്ടി രക്തസാക്ഷികളുടെമേൽ കന്നുകാലികളെ നേർച്ചയാക്കി നീക്കിവെക്കുന്ന അവർ നിഷിദ്ധഭക്ഷണമായ അവയുടെ മാംസം അനുവദനീയമായി പരിഗണിക്കുന്നവരാണ്. 14: 28–30 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ബോറന്മാരുടെ വീടായ നരകക്കുണ്ഠത്തിലേക്കുള്ള ഇത്തരം ഫുജ്ജാറുകളോട്, 'നിങ്ങൾ ഇവിടെ കുറച്ചുകാലം സുഖിക്കുക! നിശ്ചയം നിങ്ങളുടെ മടക്കം നരകക്കുണ്ഠത്തിലേക്കാണ്' എന്ന് പറയാനാണ് വിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. നിഷിദ്ധമായ ആഹാരപദാർത്ഥങ്ങളെക്കുറിച്ച് വിവരിക്കുന്ന മറ്റു സൂക്തങ്ങളിലെല്ലാം 'രക്തം' എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ ഇവിടെ, ഒഴുക്കപ്പെട്ട രക്തം എന്നാണ് പറഞ്ഞിട്ടുള്ളത്. 2: 154, 173; 5: 90–91; 6: 121 വിശദീകരണം നോക്കുക.

146.ജൂതരായിത്തീർന്നവരുടെ മേൽ നഖമുള്ള എല്ലാ ഓരോ ജീവികളെയും നാം നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു, പശുവിൽ നിന്നും ആടിൽ നിന്നും അവ രണ്ടിന്റെയും കൊഴുപ്പും, അവ രണ്ടിന്റെയും മുതുകിലോ അല്ലെങ്കിൽ അവ രണ്ടിന്റെയും അകിടിലോ അല്ലെങ്കിൽ എല്ലിന്മേൽ പറ്റിപ്പിടിച്ചതോ ആയതൊഴികെ അവരുടെ മേൽ നാം നിഷിദ്ധമാക്കിയിരിക്കുന്നു, അത് അവർക്ക് അവരുടെ ധിക്കാരത്തിനുള്ള പ്രതിഫലമായി നാം നൽകിയതാണ്, നിശ്ചയം നാം സത്യസന്ധൻ തന്നെയുമാകുന്നു.

16: 118 ൽ, ജൂതരായിത്തീർന്നവരുടെ മേൽ മുമ്പ് നാം നിനക്ക് വിവരിച്ച് തന്നവ മാത്രമേ നിഷിദ്ധമാക്കിയിട്ടുള്ളൂ, നാം അവരോട് അക്രമം കാണിച്ചിട്ടില്ല, എന്നാൽ അവർ അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം കാണിക്കുന്നവരായത് എന്ന് പറഞ്ഞിട്ടുണ്ട്. 3: 19 ൽ വിവരിച്ച പ്രകാരം പ്രകൃതിമതമായ ഇസ്ലാമിൽ എക്കാലത്തും അനുവദനീയമായ ഭക്ഷണപദാർത്ഥങ്ങളും നിഷിദ്ധമായ ഭക്ഷണപദാർത്ഥങ്ങളും ഒന്നുതന്നെയാണ്. നിഷ്പക്ഷവാനായ നാഥൻ 313 പ്രവാചകന്മാരിലൂടെയും കാലാകാലങ്ങളിൽ ആത്മാവ് ഒന്നായ, ശരീരം വ്യത്യസ്തമായ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് നാഥന്റെ വിധിവിലക്കുകൾ മനുഷ്യരെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അവരുടെ ഇംഗിതത്തിനനുസരിച്ച് സൂക്തങ്ങൾ അറിഞ്ഞുകൊണ്ട് മൂടിവെക്കുകയും വളച്ചൊടിക്കുകയും മാറ്റിമറിക്കുകയും ചെയ്ത് പിശാചിനെ തൃപ്തിപ്പെടുത്തി ഗ്രന്ഥത്തിന്റെ വിധിവിലക്കുകളിൽ നിന്ന് 1000 ത്തിൽ 999 നെയും തടയുന്നവരാണ്. മൂസായും ഈസായും അദ്ദിക്റും കൊണ്ട് ഇസ്ലാമിൽ വന്ന പ്രവാചകന്മാർ തന്നെയായിരുന്നു. എന്നാൽ ക്രമേണ മൂസായുടെ ജനത ഗ്രന്ഥത്തിൽ നിന്ന് വ്യതിചലിച്ച് സ്വയം ജൂതരായിത്തീരുകയും നാഥന്റെ ഗ്രന്ഥം പഠിപ്പിച്ചതിന് വിപരീതമായി തങ്ങളുടെ ഇംഗിതങ്ങൾക്കനുസ

രിച്ച് വിധിവിലക്കുകൾ കെട്ടിച്ചമച്ചുണ്ടാക്കി പിൻപറ്റുകയും ചെയ്തു.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായതിനാൽ അതിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും ഇതരജനവിഭാഗങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി ഇന്നത്തെ ഫുജ്ജാറുകളാണ് 6: 26; 20: 99–100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചത്തിലെ ഏതൊരു ജീവിയും അനുഭവിക്കുന്ന ദുരിതങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും പാപഭാരം വഹിക്കേണ്ടി വരിക.

ഈ സൂക്തത്തിൽ അല്ലാഹു 'നാം അവർക്ക് നിഷിദ്ധമാക്കി' എന്നാണ് പറഞ്ഞതെങ്കിലും നിഷ്പക്ഷവാനായ നാഥൻ പ്രത്യേകമായി ആർക്കും ഒന്നും നിഷിദ്ധമാക്കുകയോ അനുവദനീയമാക്കുകയോ ചെയ്യുന്നില്ല. മറിച്ച് ഗ്രന്ഥത്തിന്റെ ആശയത്തിന് വിരുദ്ധമായി ജീവിക്കുമ്പോൾ 6: 43; 27: 24; 34: 20 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പിശാചാണ് അവരുടെ കർമ്മങ്ങളും ധാരണകളും അവർക്ക് അലങ്കാരമാക്കിക്കൊടുക്കുന്നത്. 'നാം സത്യസന്ധൻ തന്നെയുമാണ്' എന്ന് പറഞ്ഞതിന്റെ വിവക്ഷ നാഥൻ സത്യമായ അദ്ദിക്റിൽ നിലകൊള്ളുന്നവനും അതനുസരിച്ച് വിധി കൽപിക്കുന്നവനുമാണ്, അതിൽ യാതൊരു മാറ്റവുമില്ല എന്നാണ്. 4: 160–161; 5: 48; 9: 28 വിശദീകരണം നോക്കുക.

147.ഇനി അവർ നിന്നെ തള്ളിപ്പറഞ്ഞ് കളവാക്കുന്നുവെങ്കിൽ അപ്പോൾ നീ പറയുക: നിങ്ങളുടെ നാഥൻ വിശാലമായ കാരുണ്യമുടയവനാകുന്നു, അവന്റെ ദണ്ഡനം ഭ്രാന്തന്മാരായ ഒരു ജനതയെത്തൊട്ട് തടുക്കാൻ കഴിയുന്നതുമല്ല.

ഗ്രന്ഥത്തിൽ 52 സൂക്തങ്ങളിലും പറഞ്ഞ ഭ്രാന്തന്മാർ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. അവരോട് 6: 47, 55 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 'നിങ്ങളുടെ നാഥൻ വിശാലമായ കാരുണ്യമുടയവനാകുന്നു, എന്നാൽ അവൻ അദ്ദിക്റിനെ തള്ളിപ്പറയുന്ന അക്രമികളായ ഭ്രാന്തൻ ജനതയോട് പ്രതികാരം ചെയ്യുന്നവനുമാണ്' എന്നാണ് ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി പറയേണ്ടത്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പ്രവാചകന്മാരെയോ നബിമാരെയോ പിൻപറ്റാതെ ഫുജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും പ്രചരിപ്പിക്കുന്നവരും 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിന്റെ വരവിന് വേണ്ടി ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നവരുമാണ്. 2: 251; 4: 43–44; 6: 31–33 വിശദീകരണം നോക്കുക.

148.അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരായവർ പറയുക തന്നെ ചെയ്യും: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പൂർവ്വപിതാക്കളോ അവനിൽ പങ്കുചേർക്കുന്നവരാകുമായിരുന്നില്ല, ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല, അപ്രകാരം അവർക്ക് മുമ്പുള്ള സത്യത്തെ തള്ളിപ്പറഞ്ഞുകൊണ്ടിരുന്നവരായവർ പറഞ്ഞിട്ടുണ്ട്, നമ്മുടെ ദണ്ഡനം രുചിക്കുന്നതുവരെ; നീ ചോദിക്കുക: നിങ്ങളുടെ പക്കൽ വല്ല അറിവുമുണ്ടെങ്കിൽ അപ്പോൾ അതിനെ നിങ്ങൾ ഞങ്ങൾക്കുവേണ്ടി പുറപ്പെടുവിക്കുക, നിശ്ചയം നിങ്ങൾ ഊഹങ്ങളെയല്ലാതെ പിൻപറ്റാത്തവരും നിശ്ചയം നിങ്ങൾ നിഗമനങ്ങളല്ലാതെ വെച്ചുപുലർത്താത്തവരുമാകുന്നു.

എക്കാലത്തും ഉറപ്പുനൽകുന്ന ഗ്രന്ഥമായ അദ്ദിക്ർ ഉപയോഗപ്പെടുത്താത്ത ആയിര

ത്തിൽ തൊള്ളായിരത്തിതൊണ്ണൂറ്റി ഒമ്പതും ഊഹങ്ങൾ പിൻപറ്റുന്നവരും നിഗമനങ്ങൾ വെച്ച് പുലർത്തുന്നവരും നരകത്തിലേക്കുള്ളവരുമാണ്. അവരെക്കുറിച്ച് 16: 35 ൽ, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവർ പറയുകയും ചെയ്യുന്നു: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പൂർവ്വപിതാക്കളോ അവനെക്കൂടാതെ മറ്റൊന്നിനേയും സേവിക്കുമായിരുന്നില്ല, അവനെക്കൂടാതെ ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല, അപ്രകാരം തന്നെയാണ് അവർക്ക് മുമ്പുള്ളവരും പ്രവർത്തിച്ചിട്ടുള്ളത്, അപ്പോൾ പ്രവാചകന്മാരുടെ മേൽ സന്ദേശം വ്യക്തമായി എത്തിച്ചുകൊടുക്കലല്ലാതെ മറ്റെന്ത് ഉത്തരവാദിത്തമാണ് ഉള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. 10: 18 ൽ, അവർ അല്ലാഹുവിനെക്കൂടാതെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാൻ കഴിയാത്തവരെ സേവിക്കുന്നവരും ഇക്കൂട്ടർ അല്ലാഹുവിന്റെ പക്കൽ ഞങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുന്നവരാണ് എന്ന് പറയുന്നവരുമാണ്. നീ അവരോട് ചോദിക്കുക: നിങ്ങൾ ആകാശഭൂമികളിൽ അല്ലാഹുവിന് അറിയാത്തത് പറഞ്ഞുകൊടുക്കുകയാണോ? അല്ലാഹുവാകട്ടെ, അവർ ജൽപിക്കുന്ന പങ്കാളിത്തങ്ങളിൽ നിന്നെല്ലാം അത്യുന്നതനും അതീവ പരിശുദ്ധനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 49: 16 ൽ, ആകാശഭൂമികളിലുള്ളതെല്ലാം ത്രികാലജ്ഞാനിയായ അവന് അറിവുള്ളതായിരിക്കെ നിങ്ങൾ അല്ലാഹുവിനെ നിങ്ങളുടെ ദീൻ പഠിപ്പിക്കുകയാണോ എന്ന് ചോദിക്കാൻ അന്ന് പ്രവാചകനും ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയും കൽപിക്കപ്പെട്ടിരിക്കുന്നു.

45: 22 ൽ, ആകാശഭൂമികളെ അല്ലാഹു ലക്ഷ്യത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത് - എല്ലാ ഓരോ ആത്മാവിനും അത് സമ്പാദിച്ചതിന് പ്രതിഫലം കൊടുക്കുന്നതിന് വേണ്ടി, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല എന്നും; 45: 23 ൽ, അപ്പോൾ തന്റെ ഇച്ഛയെ ഇലാഹായി വെച്ചവനെ നീ കണ്ടുവോ, അല്ലാഹു അറിവോടുകൂടിത്തന്നെ അവനെ വഴിപിഴപ്പിച്ചിരിക്കുകയാണ്, അവന്റെ കേൾവിക്കും ഹൃദയത്തിനും അവൻ മുദ്ര വെച്ചിരിക്കുന്നു, അവന്റെ കാഴ്ചയുടെ മുകളിൽ ഒരു ആവരണവുമുണ്ട്, അപ്പോൾ അല്ലാഹുവിന് ശേഷം ആരാണ് അവനെ സന്മാർഗത്തിലാക്കാനുള്ളത് -നിങ്ങൾ ഹൃദയം കൊണ്ട് സ്മരിക്കുന്നില്ലെയോ എന്നും; 45: 24 ൽ, അത്തരം അക്രമികൾ പറയുകയും ചെയ്യുന്നു: ജീവിതമെന്നാൽ ഈ ഐഹികലോകത്തുള്ളത് മാത്രമാണ്, ഇവിടെ നാം ജനിക്കുന്നു, മരിക്കുന്നു, കാലമല്ലാതെ നമ്മെ നശിപ്പിക്കുന്നില്ല, അവരുടെ പക്കൽ യാതൊരു അറിവുമില്ല, നിശ്ചയം അവർ ഊഹങ്ങളെയല്ലാതെ പിൻപറ്റുന്നില്ല എന്നും; 45: 25 ൽ, അത്തരക്കാരുടെമേൽ നമ്മുടെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് കൊടുക്കപ്പെട്ടാൽ നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ ഞങ്ങളുടെ മൺമറഞ്ഞുപോയ പിതാക്കന്മാരെ ഇങ്ങോട്ട് കൊണ്ടുവരിക എന്നല്ലാതെ മറ്റൊരു വാദവും അവർക്ക് ഉണ്ടാവുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. 2: 6-7, 286; 4: 150-151; 9: 28-30 വിശദീകരണം നോക്കുക.

149.നീ പറയുക: അപ്പോൾ അല്ലാഹുവിങ്കലാണ് അവസാന തീരുമാനം, അപ്പോൾ അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവനും സന്മാർഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു.

36: 70 ൽ, വ്യക്തവും സ്പഷ്ടവുമായ അദ്ദിക്ർ ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനും കാഫിറുകളുടെ മേൽ ശിക്ഷാവചനം സ്ഥാപിതമാകുന്നതിനും വേണ്ടിയാണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുണ്ട്. 4: 174-175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രകാശവും തെളിവുമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുകയും മനുഷ്യരുടെ ഐക്യവും ശാന്തിയും സമാധാനപൂർണ്ണമായ ജീ

വിതവും നിലവിൽ വരണമെന്ന ലക്ഷ്യത്തോടുകൂടി ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന വിശ്വാസിക്ക് അത് അനുകൂലമായി സാക്ഷി നിൽക്കുകയും വാദിക്കുകയും ചെയ്യുന്നതാണ്. 9: 82 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾക്ക് എതിരായി അവർ വായിച്ച സൂക്തങ്ങൾ വാദിക്കുകയും സാക്ഷി നിൽക്കുകയും ചെയ്തുകൊണ്ട് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 6: 130 ൽ വിവരിച്ച പ്രകാരം ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കാതെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും നരകത്തിൽ പ്രവേശിപ്പിക്കുകയില്ല.

ആരാണോ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ളതന്റെ വിധി സത്യമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റിയത്, അവൻ മാത്രമാണ് വിജയം വരിക്കുക. 2: 119 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനോ പ്രവാചകന്മാരോ നബിമാരോ വിശ്വാസികളോ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്താത്തവരെല്ലാം തന്നെ ദീനിൽ ഭിന്നിച്ചവരാണെന്നും അത്തരം മുഴുവൻ മനുഷ്യരെക്കൊണ്ടും ജിന്നുകളെക്കൊണ്ടും നരകക്കുണ്ഠം കുത്തിനിറക്കപ്പെടുമെന്നും 11: 118–119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 256–257; 3: 79, 185; 6: 117 വിശദീകരണം നോക്കുക.

150.നീ പറയുക: നിശ്ചയം, അല്ലാഹു ഈ വസ്തുക്കളെല്ലാം നിഷിദ്ധമാക്കിയിരിക്കുന്നു എന്ന് നിങ്ങളിൽ ആരെങ്കിലും സാക്ഷ്യം വഹിക്കുന്നവരായുണ്ടെങ്കിൽ നിങ്ങളുടെ സാക്ഷികളെ ഇങ്ങോട്ട് കൊണ്ടുവരുവീൻ, അങ്ങനെ അവർ സാക്ഷ്യം വഹിക്കുകയാണെങ്കിൽ അപ്പോൾ നീ അവരോടൊപ്പം സാക്ഷ്യം വഹിക്കരുത്, നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുന്നവരായവരുടെ ഇഷ്ടാനിഷ്ടങ്ങളെ നീ പിൻപറ്റുകയുമരുത് -പരലോകം കൊണ്ട് വിശ്വസിക്കാത്തവരായവരുടെയും, അവർ തങ്ങളുടെ നാഥന് പകരം വെക്കുന്നവരുമാണ്.

സാക്ഷ്യത്തിന്റെ ഉത്തരവാദിത്തം മനസ്സിലാക്കുന്നവരും അല്ലാഹു എല്ലാം വീക്ഷിക്കുന്നുണ്ടെന്ന ബോധമുള്ളവരുമാണെങ്കിൽ ശരിയായ അറിവ് കിട്ടിയ കാര്യത്തിൽ മാത്രമേ സാക്ഷി പറയാൻ പാടുള്ളൂവെന്ന് മനസ്സിലാക്കുകയും ഭക്ഷണവിഭവങ്ങളിലുള്ള ഇത്തരം ദുരാചാരങ്ങൾ അല്ലാഹു കൽപിച്ചതാണെന്ന് കളവ് പറയാൻ അവർ ഭയപ്പെടുകയും ചെയ്യും. എന്നാൽ സാക്ഷ്യത്തിന്റെ യഥാർത്ഥ ഉത്തരവാദിത്തം ഗ്രഹിക്കാത്തവരും അല്ലാഹുവിന്റെ നാമത്തിൽ കള്ളസാക്ഷ്യം വഹിക്കാൻ മടിക്കാത്തവരുമാണെങ്കിൽ അവർ അങ്ങനെ ചെയ്തുകൊള്ളട്ടെ, പ്രവാചകനും വിശ്വാസികളും അതിൽ പങ്കുചേരരുത്. അവർ സാക്ഷ്യം വഹിച്ചാൽ അവരുടെ വിശ്വാസാചാരങ്ങൾ സമ്മതിച്ചുകൊടുക്കാമെന്ന അർത്ഥത്തിലല്ല സൂക്തത്തിൽ അവരോട് സാക്ഷ്യം പറയാൻ ആവശ്യപ്പെട്ടിട്ടുള്ളത്, മറിച്ച് അവരുടെ കൂട്ടത്തിൽ അല്ലാഹുവിനെ അൽപമെങ്കിലും ഭയപ്പെടുന്നവർ അവശേഷിക്കുന്നുണ്ടെങ്കിൽ അവരെ വഴികേടിൽ നിന്ന് പിന്തിരിപ്പിക്കുവാൻ വേണ്ടി മാത്രമാണ്. സാക്ഷിയായ അദ്ദിക്റിൽ അല്ലാഹുവിനെയും പ്രവാചകന്മാരെയും നബിമാരെയുമെല്ലാം മൂടിവെക്കുന്ന കപടവിശ്വാസികളോടും അവരെ അന്ധമായി പിൻപറ്റുന്ന മുശ്രിക്കുകളോടുമാണ് ഇന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 'അല്ലാഹു ഇത്തരം ഭക്ഷണസാധനങ്ങളെല്ലാം നിഷിദ്ധമാക്കിയിട്ടുള്ളതിന് നിങ്ങളിൽ ആരെങ്കിലും സാക്ഷിയായിട്ടുണ്ടോ' എന്ന് ചോദിക്കേണ്ടത്. സത്യമായ അദ്ദിക്റിനെ തള്ളിപ്പറയുക വഴി ജീവിതലക്ഷ്യമില്ലാത്തവരും പരലോകം കൊണ്ട് വിശ്വസിക്കാത്തവരുമായി ജീവിക്കുന്ന ഇത്തരം മിഥ്യാവാ

ദികൾ അങ്ങനെ കള്ളസാക്ഷ്യം വഹിക്കുകയാണെങ്കിൽ തന്നെ വിശ്വാസി അവരുടെ സാക്ഷ്യം ഒരിക്കലും അംഗീകരിക്കാവുന്നതല്ല. 33: 1, 48 സൂക്തങ്ങളിൽ അന്ന് പ്രവാചകനും ഇന്ന് ഒറ്റപ്പെട്ട വിശ്വാസിക്കും കപടവിശ്വാസികളെയും അവരുടെ അനുയായികളായ കാഫിറുകളെയും അനുസരിക്കാൻ പാടില്ല എന്ന് പറഞ്ഞിട്ടുണ്ട്.

25: 43 ൽ, തന്റെ ഇച്ഛയെ ഇലാഹായി തെരഞ്ഞെടുത്തവനെ നീ കണ്ടുവോ, അപ്പോൾ നിനക്ക് അവനുവേണ്ടി കൈകാര്യകർത്താവാകാൻ സാധിക്കുമോ എന്നും; 25: 44 ൽ, അതോ അവരിൽ അധികപേരും കേൾക്കുന്നവരും ചിന്തിക്കുന്നവരുമാകുമെന്ന് നീ കണക്കുകൂട്ടുന്നുവോ, അവർ കന്നുകാലികളെപ്പോലെ അല്ലാതെയല്ല; അല്ല, അവയേക്കാൾ വഴിപിഴച്ചവരാണ് എന്നും പറഞ്ഞിട്ടുണ്ട്. 25: 72 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന അവന്റെ ദാസന്മാർ കള്ളസാക്ഷ്യം വഹിക്കാത്തവരും വ്യർത്ഥമായ കാര്യങ്ങൾക്ക് അരികിലൂടെ നടന്നുപോകാൻ ഇടയായാൽ മാന്യമായി കടന്നുപോകുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. 2: 165–167; 4: 135; 6: 1, 19 വിശദീകരണം നോക്കുക.

151. നീ പറയുക: നിങ്ങൾ വരുവീൻ, നിങ്ങളുടെമേൽ നിങ്ങളുടെ നാഥൻ നിഷിദ്ധമാക്കിയിട്ടുള്ളതെന്താണെന്ന് നാം നിങ്ങൾക്ക് വിശദീകരിച്ച് തരാം: നിങ്ങൾ ഒന്നിനെയും അവനെക്കൊണ്ട് പങ്കുചേർക്കാതിരിക്കുക, മാതാപിതാക്കളോട് ഏറ്റവും നല്ലതുകൊണ്ട് വർത്തിക്കുകയും ചെയ്യുക, ദാരിദ്ര്യത്തിൽ നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ കൊല്ലാതിരിക്കുകയും ചെയ്യുക, നാമാണ് നിങ്ങളെയും അവരെയും ഊട്ടുന്നത്, നീചവൃത്തികളോട് -അതിൽ നിന്നുള്ള പ്രത്യക്ഷമായതാകട്ടെ പരോക്ഷമായതാകട്ടെ- നിങ്ങൾ അടുക്കാതിരിക്കുകയും ചെയ്യുക, അല്ലാഹു വധിക്കൽ നിഷിദ്ധമാക്കിയ ഒരു ആത്മാവിനെയും നിങ്ങൾ ന്യായം കൊണ്ടല്ലാതെ വധിക്കാതിരിക്കുകയും ചെയ്യുക, അതെല്ലാം കൊണ്ടാണ് അവൻ നിങ്ങളോട് ഊന്നി ഉപദേശിക്കുന്നത്, നിങ്ങൾ ചിന്തിക്കുന്നവർ തന്നെ ആകണമെന്നതിനുവേണ്ടി.

152. നിങ്ങൾ അനാഥയുടെ ധനത്തോട് ഏറ്റവും നല്ല നിലയിലല്ലാതെ സമീപിക്കുകയുമരുത് -അവൻ പക്വത പ്രാപിക്കുന്നതുവരെ, നിങ്ങൾ അളവ് തൂക്കങ്ങൾ നീതി കൊണ്ട് പൂർത്തിയാക്കുകയും ചെയ്യുക, ഒരു ആത്മാവിനോടും അതിന് സാധ്യമാവാത്ത ഉത്തരവാദിത്തങ്ങൾ നാം ചുമത്തിയിട്ടില്ല, നിങ്ങൾ സംസാരിക്കുകയാണെങ്കിൽ അപ്പോൾ നീതി പാലിക്കുക -അത് കുടുംബത്തിൽ നിന്ന് അടുത്തവരോടാണെങ്കിലും ശരി, അല്ലാഹുവുമായി ചെയ്ത ഉടമ്പടി നിങ്ങൾ പൂർത്തിയാക്കുകയും ചെയ്യുക, അതെല്ലാം കൊണ്ടാണ് നിങ്ങളോട് ഊന്നി ഉപദേശിക്കുന്നത് -നിങ്ങൾ ഓർമ്മിക്കുന്നവർ തന്നെയാകണം എന്നതിനുവേണ്ടി.

17: 23–35 സൂക്തങ്ങൾ ഇതേ ആശയത്തിലുള്ളവ തന്നെയാണ്. പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് പഠിപ്പിക്കാനാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്നിരിക്കെ ത്രികാലജ്ഞാനമായ അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും വിവിധ സംഘടനകളായിപ്പിരിഞ്ഞ, അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ സംഘത്തിൽ പെട്ട യഥാർത്ഥ കാഫിറുകളാണ്. മാതാപിതാക്കളോട് ഏറ്റവും നല്ലതുകൊണ്ട് വർത്തിക്കുക എന്ന് പറഞ്ഞാൽ ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ വർത്തിക്കുക എന്നാണ്. മാതാപിതാക്കളോട് നന്മയിൽ വർത്തിക്കണമെന്നും എന്നാൽ ആ മാതാപിതാക്കൾ നിനക്ക് അറിവില്ലാത്ത കാര്യ

ങ്ങളിൽ അല്ലാഹുവിനെക്കൊണ്ട് പങ്ക് ചേർക്കുന്നതിന് വേണ്ടി നിർബന്ധിച്ചാൽ അവരെ അനുസരിക്കരുതെന്നും എന്നാൽ അവരോട് അദ്ദിക്റിന്റെ വിധിവിലക്കുകൾ അനുസരിച്ച് ഇഹത്തി ൽ സഹവർത്തിക്കണമെന്നും, നീ പിൻപറ്റേണ്ടത് അല്ലാഹുവിലേക്ക് തിരിഞ്ഞവരുടെ മാർഗമാണെന്നും 31: 14-15 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഒരാൾക്കും താൻ ജനിക്കേണ്ട ദേശം, കാലഘട്ടം, വംശം, മാതാപിതാക്കൾ, ലിംഗം, വർണം എന്നിവയൊന്നും തെരഞ്ഞെടുക്കാൻ അവകാശമില്ല എന്നിരിക്കെ ദാരിദ്ര്യം ഭയപ്പെട്ടുകൊണ്ട് മാതാപിതാക്കൾ മക്കളെ വധിക്കാൻ പാടില്ല. 4: 23 ന് വിരുദ്ധമായിക്കൊണ്ട് വിവാഹം നിഷിദ്ധമായവരുമായി ലൈംഗികബന്ധം പുലർത്തൽ, വ്യഭിചാരം, സ്വവർഗരതി, കളവ്, മദ്യപാനം, യാചന തുടങ്ങിയവയെല്ലാം നീചവൃത്തികളാണ്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ ജഡം കൊണ്ട് നമസ്കരിക്കുന്നവരാണ്. 29: 45 ൽ വിവരിച്ച പ്രകാരം അവരുടെ നമസ്കാരം നീചവും നിന്ദ്യവുമായ പ്രവർത്തനങ്ങളെത്തൊട്ട് അവരെയും മറ്റുള്ളവരെയും തടയുന്നില്ല എന്ന് മാത്രമല്ല, അവർ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്തതിനാൽ 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ അവരുടെ പിരടിയിലുള്ള കർമപുസ്തകത്തിൽ 38: 24 ൽ പറഞ്ഞ പ്രകാരം പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് കൊത്തിവെച്ചുകൊണ്ടിരിക്കുന്നത്. 18: 49 ൽ വിവരിച്ച പ്രകാരം പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ അവരുടെ കർമപുസ്തകത്തിൽ കൊത്തിവെക്കപ്പെട്ട ലൈംഗികാവയവങ്ങൾ പരസ്പരം കുത്തിത്തിരുകിയാണ് സൂചി കുത്താൻ പോലും ഇടമില്ലാത്ത നരകക്കുണ്ഠത്തിൽ ഒറ്റ പിണ്ഡമായി അവർ കഴിയേണ്ടി വരിക.

എല്ലാ ജീവികളുടെയും ആത്മാവ് അല്ലാഹുവിന്റേതാണ് എന്നതിനാൽ അന്യായമായി ഏതെങ്കിലും ജീവിയെ വധിക്കുന്നത് അവനെ വധിക്കുന്നതിന് തുല്യമാണ്. മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് സ്രഷ്ടാവിന്റെ പ്രതിനിധികളായി നിയോഗിക്കപ്പെട്ട മനുഷ്യനെ വധിക്കുന്നത് വൻകുറ്റങ്ങളിൽ പെട്ടതാണ്. 5: 32 ൽ, ഇസ്റാഈൽ സന്തതികളുടെ മേൽ നാം രേഖപ്പെടുത്തുകയുണ്ടായി, നിശ്ചയം ഒരു ആത്മാവിന് പകരമായിക്കൊണ്ടോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന് പകരമായിക്കൊണ്ടോ അല്ലാതെ ആരെങ്കിലും ഒരാൾ ഒരു ആത്മാവിനെ വധിക്കുകയാണെങ്കിൽ അപ്പോൾ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചത് പോലെയാണ്; ഇനി ഒരുവൻ ഒരു ആത്മാവിനെ ജീവിപ്പിക്കുകയാണെങ്കിൽ അപ്പോൾ അവൻ മുഴുവൻ മനുഷ്യരെയും ജീവിപ്പിച്ചതുപോലെയുമാകുന്നു, അവരിലേക്ക് നമ്മുടെ പ്രവാചകന്മാർ വ്യക്തമായ വെളിപാടുകളും കൊണ്ട് വരികയുണ്ടായി, പിന്നെ നിശ്ചയം അതിന് ശേഷവും അവരിൽ അധികപേരും ഭൂമിയിൽ അതിരുകവിഞ്ഞവർ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കുന്ന വിശ്വാസിയെ കരുതിക്കൂട്ടി കൊല്ലുകയാണെങ്കിൽ അവന് നരകക്കുണ്ഠം നിർബന്ധമായി, അവന്റെമേൽ അല്ലാഹുവിന്റെ കോപവും ശാപവുമുണ്ട്, വമ്പിച്ച ശിക്ഷയാണ് അവന് ഒരുക്കിവെച്ചിട്ടുള്ളത് എന്ന് 4: 92-93 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ന്യായം കൊണ്ടല്ലാതെ എന്ന് പറഞ്ഞാൽ സത്യമായ അദ്ദിക്ർ വിരുദ്ധമായി കൊണ്ടല്ലാതെ എന്നാണ്. വധം നടത്താവുന്ന ന്യായമായ കാരണങ്ങൾ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ മനഃപൂർവ്വം വധിച്ചാൽ 2: 178-179 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അതിനുള്ള പ്രതിക്രിയയായി ഭരണാധികാരികൾക്ക് ഘാതകനെ വധിക്കാവുന്നതാണ്. വിശ്വാസികളുടെ സംഘമുണ്ടെങ്കിൽ ഫുജ്ജാറുകളായ കുഫ്ഫാറുകളെയും മുശ്രിക്കുകളെയും വധിക്കണമെന്ന് 9: 5, 123 സൂക്തങ്ങളിൽ കൽപിച്ചിട്ടുണ്ട്. ഇസ്ലാമിക രാഷ്ട്രമുണ്ടെ

ങ്കിൽ അവിടെ അസമാധാനവും കുഴപ്പവും സൃഷ്ടിച്ച് ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്ന കപടവിശ്വാസികളെ വധിക്കേണ്ടതാണ് എന്നാണ് 5: 33 ൽ പറഞ്ഞിട്ടുള്ളത്. ഇന്ന് ലോകത്ത് ഇസ്ലാമിക രാഷ്ട്രങ്ങൾ എന്ന് അറിയപ്പെടുന്നവയൊന്നും യഥാർത്ഥത്തിൽ ഇസ്ലാമിക രാഷ്ട്രങ്ങളല്ല. മറിച്ച് അവയെല്ലാം കുഫ്ഫാറുകളുടെയും ഫുജ്ജാറുകളുടെയും രാഷ്ട്രങ്ങളാണ്. ഈസാ രണ്ടാമത് വന്നതിനുശേഷം മാത്രമേ ഇക്കാലം വരെ നടപ്പിലാക്കപ്പെട്ടിട്ടില്ലാത്ത ഈ സൂക്തങ്ങളുടെ കൽപന നടപ്പിലാവുകയുള്ളൂ. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

അനാഥകളുടെ ധനം അന്യായമായി തിന്നുന്നവർ തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീയാണ് നിറക്കുന്നതെന്ന് 4: 10 ൽ പറഞ്ഞിട്ടുണ്ട്. 'നിങ്ങൾ അളവ് തൂക്കങ്ങൾ നീതി കൊണ്ട് പൂർത്തിയാക്കുക' എന്നതിന്റെ വിവക്ഷ 3: 18; 5: 8, 42; 11: 85; 17: 35 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ നീതിയും ത്രാസ്സുമായ അദ്ദിക്ർ കൊണ്ട് തൂക്കുക എന്നാണ്. അപ്പോൾ ഏത് കാര്യവും അദ്ദിക്ർ കൊണ്ട് തൂക്കുമ്പോൾ മാത്രമേ അത് നീതിയുക്തവും അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുന്നതുമാവുകയുള്ളൂ. അദ്ദിക്ർ കൊണ്ട് വിധി കൽപിക്കാത്തവർ കാഫിറുകളും അക്രമികളും തെമ്മാടികളുമാണ് എന്ന് 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഒരു ആത്മാവിനോടും അതിന് വഹിക്കാൻ സാധിക്കാത്തത് നാം കൽപിച്ചിട്ടില്ല എന്ന് പറഞ്ഞതിന്റെ വിവക്ഷ അളവിലും തൂക്കത്തിലും കഴിയുന്നത്ര സൂക്ഷ്മത പാലിക്കണമെന്നും കരുതിക്കൂട്ടിയല്ലാതെ അബദ്ധത്തിൽ സംഭവിക്കുന്ന പിഴവുകളുടെ പേരിൽ അല്ലാഹു പിടികൂടുകയില്ല എന്നുമാണ്. 83: 1–3 സൂക്തങ്ങളിൽ അളവിലും തൂക്കത്തിലും കുറവ് വരുത്തുന്നവർക്കാണ് നരകത്തിലെ വൈൽ എന്ന ചെരുവ്. അവർ ജനങ്ങളോട് തൂക്കിയും അളന്നും ഇങ്ങോട്ട് വാങ്ങുമ്പോൾ അത് പൂർത്തിയാക്കിയെടുക്കുന്നവരും അങ്ങോട്ട് കൊടുക്കുമ്പോൾ അതിൽ കുറവ് വരുത്തുന്നവരുമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

അറിവില്ലായ്മ കൊണ്ട് കുറ്റം ചെയ്തവർക്ക് മാത്രമാണ് പശ്ചാത്താപമുള്ളത് എന്ന് 4: 17–18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആരോട് സംസാരിക്കുകയാണെങ്കിലും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും വേണം. അഥവാ അദ്ദിക്റിന്റെ വിധിവിലക്കുകൾ പിൻപറ്റി ജീവിക്കാൻ മറ്റുള്ളവരെ ഉപദേശിക്കണം. വിധിദിവസം വായിക്കാൻ പറ്റിയ കാര്യങ്ങളായിരിക്കണം അവരവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തേണ്ടത് എന്ന് സാരം. 26: 214–215 സൂക്തങ്ങളിൽ, നീ കുടുംബത്തിൽ നിന്ന് ഏറ്റവും അടുത്തവരെ ആദ്യമാദ്യം അദ്ദിക്ർ കൊണ്ട് മുന്നറിയിപ്പ് നൽകണമെന്നും വിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയവർക്ക് നിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കണമെന്നും പറഞ്ഞിട്ടുണ്ട്.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ മാത്രമാണ് 2: 26–27 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവുമായി ചെയ്ത ഉടമ്പടി സൂക്ഷിക്കുന്നവർ. ഫുജ്ജാറുകളായ ഭ്രാന്തന്മാർ 36: 59–62 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രസ്തുത ഉടമ്പടി പാലിക്കാത്തവരും ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണ്. ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, അദ്ദിക്ർ കേൾക്കാത്ത ബധിരരും അതിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ ഫുജ്ജാറുകളെ ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികൾ എന്നാണ് 8: 22 ൽ നാഥൻ വിശേഷിപ്പിച്ചിട്ടുള്ളത്. 2: 152, 159–161, 256; 4: 36–37 വിശദീകരണം നോക്കുക.

153.നിശ്ചയം ഇത് തന്നെയാണ് എന്റെ നേരെചൊവ്വെയുള്ള പാത, അപ്പോൾ നിങ്ങൾ അത് പിൻപറ്റുക, അവന്റെ പാതയെത്തൊട്ട് നിങ്ങളെ ഭിന്നിപ്പിക്കുന്ന മറ്റു പാതകളൊന്നും തന്നെ നിങ്ങൾ പിൻപറ്റുകയുമരുത്, അതുകൊണ്ടാണ് അവൻ നിങ്ങളെ ഊന്നി ഉപദേശിക്കുന്നത്, നിങ്ങൾ സൂക്ഷ്മതയുള്ളവർ തന്നെയാകണമെന്നതിനുവേണ്ടി.

2: 142; 3: 51, 101; 4: 68, 175 തുടങ്ങി 35 സൂക്തങ്ങളിൽ പറഞ്ഞ നേരെച്ചൊവ്വെയുള്ള പാത അദ്ദിക്ർ തന്നെയാണ്. അത് മാത്രമാണ് അല്ലാഹുവിലേക്ക് എത്തിപ്പെടാനുള്ള പാതയും ടിക്കറ്റും. ഫുജ്ജാറുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്ന വിവിധ പാതകളും ഗ്രന്ഥങ്ങളുമെല്ലാം പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് എത്തിപ്പെടാനുള്ളതാണ്. 2: 2 ൽ വിവരിച്ച പ്രകാരം വിശ്വാസി ജീവിതത്തിന്റെ എല്ലാ മേഖലകളിലും സന്മാർഗമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവനാണ്. അത്തരം വിശ്വാസി 1: 7 വായിക്കുമ്പോൾ 'കോപിക്കപ്പെട്ട കപടവിശ്വാസികളുടെയും അവരെ പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുടെയും മാർഗത്തിലല്ല' എന്നാണ് കരുതേണ്ടത്. 3: 7 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫാജിറുകളും കാഫിറുകളും അടങ്ങിയ ഫുജ്ജാറുകളിൽ നിന്നുള്ള ഓരോ വിഭാഗവും നരകക്കുണ്ഠത്തിലെ 7 കവാടങ്ങളിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരാണെന്ന് 15: 44 ൽ പറഞ്ഞിട്ടുണ്ട്. 1: 5; 4: 68–70; 5: 15–16; 6: 117, 126 വിശദീകരണം നോക്കുക.

154.പിന്നെ നാം മൂസാക്ക് ഗ്രന്ഥം നൽകുകയുമുണ്ടായി –നന്മയുടെ മാർഗം സ്വീകരിച്ചവന്റെ മേൽ അത് ഏറ്റവും നല്ല നിലക്ക് പൂർത്തീകരിക്കാൻ വേണ്ടി, എല്ലാ ഓരോ കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചതും സന്മാർഗവും കാരുണ്യവുമായിക്കൊണ്ടുള്ള ഗ്രന്ഥം, അവർ തങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്ന് വിശ്വസിക്കുന്നവർ ആകുന്നതിനുവേണ്ടി.

ഒറ്റ ഗ്രന്ഥമായ അൽകിതാബിന്റെ ഭാഗമായിട്ടുള്ളതും എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുള്ളതുമായ സന്മാർഗവും കാരുണ്യവുമായ ഗ്രന്ഥം തന്നെയായിരുന്നു മൂസാക്ക് നൽകിയിരുന്നത്. നാലാം ഘട്ടമായ ഇവിടെ ഏറ്റവും നല്ലതായ അത് ഉപയോഗപ്പെടുത്തി ആറാം ഘട്ടത്തിൽ അല്ലാഹുവിനോട് ഉത്തരം പറയാൻ തയ്യാറാകുന്നതിന് വേണ്ടിയാണ് അത് നൽകപ്പെട്ടിരുന്നത്. എന്നാൽ ഇന്ന് ഏവർക്കുമുള്ള ഗ്രന്ഥം ത്രികാലജ്ഞാനിയിൽ നിന്നുള്ള മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മാത്രമാണ്. നന്മയുടെ മാർഗം സ്വീകരിച്ച വിശ്വാസികൾക്ക് മാത്രമേ അത് സന്മാർഗവും കാരുണ്യവുമാവുകയുള്ളൂ. അദ്ദിക്ർ പരിശുദ്ധന്മാരല്ലാതെ ഉൾക്കൊള്ളുകയില്ല എന്ന് 56: 79 ൽ പറഞ്ഞിട്ടുണ്ട്. 46: 10 ൽ, നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ, സത്യമായ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് ഉള്ളതാവുകയും എന്നാൽ നിങ്ങൾ അത് നിഷേധിക്കുകയും ചെയ്യുന്നു, ഇതുപോലുള്ളൊരു ഗ്രന്ഥത്തിന് ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള ഒരാൾ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു, അവർ അതിൽ വിശ്വസിച്ചു, നിങ്ങൾ അതിനെ അഹങ്കാരപൂർവ്വം നിഷേധിക്കുകയാണെങ്കിൽ, നിശ്ചയം അല്ലാഹു അത്തരം അക്രമികളെ സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്നും; 46: 11 ൽ, സത്യമായ അദ്ദിക്ർ കൊണ്ട് വിശ്വസിച്ചവരോട് കാഫിറുകൾ പറയുകയും ചെയ്യുന്നു: ഇതിൽ നന്മയുണ്ടായിരുന്നുവെങ്കിൽ നിങ്ങളേക്കാൾ മുമ്പ് ഞങ്ങൾ അതിൽ വിശ്വസിക്കുമായിരുന്നു, അവർ അതുകൊണ്ട് സന്മാർഗം നേടിയില്ലെന്ന് മാത്രമല്ല, അത് പണ്ടുകാലം മുതലേ കെട്ടിച്ചമച്ചുണ്ടാക്കിയ പഴമ്പുരാണങ്ങളാണെന്ന് പറയുകയും ചെയ്യും എന്നും; 46: 12 ൽ, അതിന് മുമ്പാവട്ടെ, മൂസായുടെ ഇമാമും കാരു

ണ്യവുമായ ഗ്രന്ഥവുമുണ്ട്, ഇതാകട്ടെ അതിനെ സത്യപ്പെടുത്തുന്നതും അറബിഭാഷയിലുള്ളതും അക്രമികളെ താക്കീത് ചെയ്യുന്നതും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് സന്തോഷവാർത്താദായകവുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 4: 174–175; 5: 48; 6: 25–26 വിശദീകരണം നോക്കുക.

155.അനുഗ്രഹീതമായ ഈ ഗ്രന്ഥമാവട്ടെ, അതിനെ നാമാണ് അവതരിപ്പിച്ചിരിക്കുന്നത്, അപ്പോൾ നിങ്ങൾ അതിനെ പിൻപറ്റുക, അവനെ സൂക്ഷിക്കുന്നവരുമാവുക –നിങ്ങൾ അനുഗ്രഹിക്കപ്പെടുക തന്നെ വേണമെന്നതിനുവേണ്ടി.

ഞങ്ങൾക്ക് മുമ്പുള്ള വിഭാഗങ്ങളായ ജൂതർക്കും ക്രൈസ്തവർക്കും ഗ്രന്ഥം നൽകപ്പെട്ട ഭാഷ ഞങ്ങൾക്ക് പരിചിതമല്ലാത്തതാണ്. അപ്പോൾ അവർ പഠിച്ചതിനെക്കുറിച്ചും പഠിപ്പിച്ചതിനെക്കുറിച്ചുമെല്ലാം ഞങ്ങൾ പ്രജ്ഞയറ്റവരായിരുന്നു എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണ് അറബി ശരീരത്തോടുകൂടിയ ഗ്രന്ഥം നിങ്ങൾക്ക് അവതരിപ്പിച്ചിട്ടുള്ളതെന്ന് സാരം. എന്നാൽ മക്കാമുശ്രിക്കുകൾക്ക് ഭാഷയിലുള്ള ഗ്രന്ഥം ലഭിച്ചപ്പോൾ ഇത് ഇപ്പോൾ നിന്റെയും ഞങ്ങളുടെയും ഭാഷയിലാണല്ലോ, അത് അല്ലാഹുവിന്റേതാണെന്ന് ഞങ്ങൾ എങ്ങനെ വിശ്വസിക്കും എന്നുള്ള അവരുടെ ചോദ്യത്തിന് മറുപടിയായി 41: 44 ൽ പറയുന്നു: ഒരു വിദേശഭാഷയിലുള്ള ഗ്രന്ഥമായാണ് നാം അത് അവതരിപ്പിച്ചിരുന്നതെങ്കിൽ എന്താണ് അതിലെ സൂക്തങ്ങൾ ഞങ്ങൾക്ക് സ്പഷ്ടമാകാത്തത് എന്ന് അവർ ചോദിക്കുക തന്നെ ചെയ്യും; ഇത് എന്തൊരു പുതുമ! അറബികളായ ഞങ്ങൾക്ക് വിദേശഭാഷയിലുള്ള ഗ്രന്ഥം! നീ പറയുക, അത് വിശ്വാസികളായവർക്ക് സന്മാർഗ്ഗവും രോഗശമനവുമാണ്, എന്നാൽ കാഫിറുകളായവർക്ക് അതുകൊള്ളെ അവരുടെ ചെവിയിൽ ഒരു മൂടിയുണ്ട്, അവരുടെ മേൽ അത് അന്ധതയുമാണ്, അവർ വിദൂരമായ സ്ഥലങ്ങളിൽ നിന്ന് വിളിക്കപ്പെടുന്നവരെപ്പോലെയാണ്.

25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനിയായ നാഥൻ 25: 59 ൽ പറഞ്ഞ ത്രികാല ജ്ഞാനിയിലൂടെയാണ് ത്രികാലജ്ഞാനമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെടുത്തിയിട്ടുള്ളത്. ഇന്ന് ലോകത്തെല്ലായിടത്തും മലയാളികളുടെ സാന്നിധ്യമുള്ളതിനാൽ യുക്തിജ്ഞനായ നാഥൻ മൂന്ന് വാള്യങ്ങളിലായി മലയാളത്തിലാണ് അദ്ദിക്ർ ക്രോഡീകരിച്ചിട്ടുള്ളത്. അപ്പോൾ ലോകരിൽ ആർക്ക് വേണമെങ്കിലും ഗ്രന്ഥത്തെക്കുറിച്ചും നാഥനെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എന്നാൽ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ് അറബി ഖുർആൻ വായിക്കുന്ന നരകത്തിലെ സിജ്ജീൻ പട്ടികയിലേക്കുള്ള ഫുജ്ജാറുകൾ. അവർ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായതിനാൽ സ്വർഗത്തിലേക്ക് തിരിച്ചുവരികയില്ല എന്ന് 2: 18; 25: 34 സൂക്തങ്ങളിൽ അവർ തന്നെ വായിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ ആക്കുന്നില്ല. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ അവർ കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 3: 138; 6: 7, 36; 18: 10 വിശദീകരണം നോക്കുക.

157.അല്ലെങ്കിൽ, നിശ്ചയം ഞങ്ങളുടെ മേൽ ഒരു ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ ഞങ്ങൾ അവരിൽ നിന്നുള്ളവരേക്കാൾ ഏറ്റവും സന്മാർഗത്തിലാവുക തന്നെ ചെയ്യുമായിരുന്നു എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടി, അപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു വെളിപാട് വന്നിരിക്കുന്നു,

അത് സന്മാർഗവും കാരുണ്യവുമാകുന്നു, അപ്പോൾ അല്ലാഹുവിന്റെ സൂക്തങ്ങളെ തള്ളിപ്പറയുന്നവനേക്കാളും അതിനെത്തൊട്ട് പുറം തിരിഞ്ഞ് പോകുന്നവനേക്കാളും ഏറ്റവും വലിയ അക്രമി ആരാണുള്ളത്? നമ്മുടെ സൂക്തങ്ങളെത്തൊട്ട് പുറം തിരിഞ്ഞ് പോകുന്നവരായവരാകട്ടെ, അവർ പിന്തിരിഞ്ഞ് പോയവരായതിനാൽ ദുഷിച്ച ശിക്ഷ നാം പ്രതിഫലമായി നൽകുക തന്നെ ചെയ്യും.

ഞങ്ങളുടെ ഭാഷയിൽ ഞങ്ങൾക്ക് ഒരു ഗ്രന്ഥം കിട്ടിയിരുന്നുവെങ്കിൽ ഈ രണ്ട് വിഭാഗത്തേക്കാളും ഗ്രന്ഥം നൽകപ്പെട്ട മറ്റേതൊരു വിഭാഗത്തേക്കാളും ഞങ്ങൾ സന്മാർഗ്ഗം പ്രാപിക്കുക തന്നെ ചെയ്യുമായിരുന്നു എന്ന് പ്രവാചകന്റെ ജനത വീമ്പ് പറയാതിരിക്കാൻ വേണ്ടിയാണ് തെളിവും സന്മാർഗ്ഗവും കാരുണ്യവും അനുസ്മരണവുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. ഇന്ന് പ്രസ്തുത ഗ്രന്ഥം മൂന്ന് വാള്യങ്ങളിലായി അദ്ദിക്ർ എന്ന നാമത്തിൽ മലയാള ഭാഷയിൽ രൂപപ്പെട്ടിരിക്കുന്നു. എന്നാൽ അറബികളേക്കാളും അറബി പഠിച്ചവരേക്കാളും അത് ഗ്രഹിക്കാൻ സാധിക്കുക അറബി അറിയാത്തവർക്കാണെന്ന് 62: 2-3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതായത് ഇന്ന് ലോകത്തുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളേക്കാൾ അദ്ദിക്ർ ഗ്രഹിക്കാൻ സാധിക്കുക അന്ത്യപ്രവാചകനായ മുഹമ്മദിന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ജനവിഭാഗങ്ങൾക്കാണ്. അതുവഴി 6: 89-90 സൂക്തങ്ങൾ സത്യമായി പുലർന്നിരിക്കുകയാണ്.

2: 62; 56: 7-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന 70,000 പേർ ആദ്യകാലക്കാരിൽ നിന്ന് ഒരു വിഭാഗവും അവസാനകാലക്കാരിൽ നിന്ന് വളരെ കുറച്ചുപേരുമാണ്. 56: 38-40 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിചാരണക്കുശേഷം സ്വർഗത്തിൽ പോകുന്നവർ ആദ്യകാലക്കാരിൽ നിന്ന് ഒരു വിഭാഗവും അവസാനകാലക്കാരിൽ പ്രവാചകന്റെ സമുദായത്തിൽ നിന്നുള്ള ഒരു വിഭാഗവുമാണ്. പ്രവാചകന്റെ ജനതയിൽ നിന്ന് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്ന് മാത്രമാണ് സ്വർഗത്തിലേക്ക് തിരിച്ച് പോവുക. പ്രവാചകന്റെ ജനതയായിരുന്ന മക്കാമുശ്രിക്കുകൾക്ക് ക്രോഡീകരിക്കപ്പെട്ട ഒരു ഗ്രന്ഥം ലഭിച്ചിരുന്നില്ല. എന്നാൽ മിഥ്യയൊന്നും കടന്നുകൂടാത്ത, ത്രികാലജ്ഞാനി തന്നെ സൂക്ഷിപ്പ് ഏറ്റെടുത്ത ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ വിസ്മരിച്ചതുകൊണ്ടാണ് ഫുജ്ജാറുകൾ കെട്ടജനതയായി മാറിയത് എന്ന് 25: 17-18 സൂക്തങ്ങളിലും; അക്രമികളും കാഫിറുകളുമായ അവർ വിധിദിവസം അവരുടെ കൈ കടിച്ചുകൊണ്ട് 'ഓ എന്റെ നാശം! ഞാൻ പ്രവാചകന്റെ മാർഗം തെരഞ്ഞെടുത്തിരുന്നുവെങ്കിൽ, ഞാൻ ഇന്നാലിന്ന വനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ! എനിക്ക് അദ്ദിക്ർ വന്നുകിട്ടിയതിന് ശേഷം എന്നെ അതിനെത്തൊട്ട് വഴിപിഴപ്പിച്ചത് അവനാണല്ലോ, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27-29 സൂക്തങ്ങളിലും; ആവർത്തിച്ച് വായിക്കപ്പെടേണ്ട ഗ്രന്ഥത്തിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് എന്റെ ഈ ജനതക്ക് വന്ന ദുർഗതി എന്ന് പ്രവാചകൻ വിധിദിവസം അന്യായം പറയുന്ന രംഗം 25: 30 ലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 28: 49-50 സൂക്തങ്ങളിൽ, നീ പറയുക: തൗറാത്ത്, സത്യമായ അദ്ദിക്ർ എന്നിവയേക്കാളും മാർഗ്ഗദർശനം നൽകുന്ന ഒരു ഗ്രന്ഥം നിങ്ങൾ സത്യസന്ധന്മാരാണെങ്കിൽ കൊണ്ടുവരുവീൻ, അപ്പോൾ ഞാൻ അത് പിൻപറ്റിക്കൊള്ളാം; അങ്ങനെ അവർ നിനക്ക് ഉത്തരം നൽകുന്നില്ലെങ്കിൽ അപ്പോൾ നീ അറിയുക, നിശ്ചയം അവർ പിൻപറ്റിക്കൊണ്ടിരിക്കുന്നത് അവരുടെ ഇഷ്ടാനിഷ്ടങ്ങളാ

ണ്, അല്ലാഹുവിൽ നിന്നുള്ള സന്മാർഗ്ഗം കൂടാതെ തന്റെ ദേഹേച്ഛ പിൻപറ്റുന്നവനേക്കാൾ ഏറ്റവും വഴികേടിലായവൻ ആരാണുള്ളത്, നിശ്ചയം അക്രമികളായ ജനതയെ അല്ലാഹു സന്മാർഗ്ഗത്തിലാക്കുകയില്ല തന്നെ എന്ന് പറഞ്ഞിട്ടുണ്ട്. 2: 62; 3: 90–91; 4: 91; 6: 133 വിശദീകരണം നോക്കുക.

158.അവരിലേക്ക് മലക്കുകൾ വരികയല്ലാതെ ഇനി എന്താണവർ നോക്കിനിൽക്കുന്നത്? അല്ലെങ്കിൽ നിന്റെ നാഥൻ തന്നെ വരികയല്ലാതെ, അല്ലെങ്കിൽ നിന്റെ നാഥന്റെ ചില ദൃഷ്ടാന്തങ്ങൾ വരികയല്ലാതെ, നിന്റെ നാഥന്റെ ചില ദൃഷ്ടാന്തങ്ങൾ വരുന്ന ദിനം, ഒരു ആത്മാവിനും അതിന്റെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്രദമാവുകയില്ല, അതിനുമുമ്പ് ആ ആത്മാവ് വിശ്വസിക്കുന്നവളായിരുന്നില്ല, അല്ലെങ്കിൽ അവരുടെ വിശ്വാസം നന്മയൊന്നും സമ്പാദിച്ചില്ല; നീ പറയുക: നിങ്ങൾ കാത്തിരിക്കുക, നിശ്ചയം ഞങ്ങളും കാത്തിരിക്കുന്നവരാകുന്നു.

'അല്ലാഹു തന്നെ വരിക' എന്ന് പറഞ്ഞത് വ്യക്തിയെ സംബന്ധിച്ച് മരണവും മൊത്തം മനുഷ്യരെ സംബന്ധിച്ച് അന്ത്യദിനവുമാണ്. മലക്കുകൾ വരുന്നത് വ്യക്തിയെ സംബന്ധിച്ച് മരണവും ഒരു ജനതയെ സംബന്ധിച്ച് അവരെ നശിപ്പിക്കുന്നതിനുള്ള ശിക്ഷ ഇറക്കലും മൊത്തം മനുഷ്യരെ സംബന്ധിച്ച് അന്ത്യദിനവുമാണ്. 'നാഥന്റെ ചില ദൃഷ്ടാന്തങ്ങൾ' കൊണ്ട് ഉദ്ദേശിക്കുന്നത് സമുദായങ്ങളെ സംബന്ധിച്ച് വരൾച്ച, പകർച്ചവ്യാധികൾ, ഭൂമികുലുക്കം, ക്ഷാമം, വെട്ടുകിളിശല്യം, യുദ്ധം, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് തുടങ്ങിയ ശിക്ഷകളാണ്. മൊത്തം മനുഷ്യരെ സംബന്ധിച്ച് അന്ത്യദിനത്തിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളാണ്. പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചു: പത്ത് അടയാളങ്ങൾ സംഭവിക്കുന്നതുവരെ ആ അന്ത്യമണിക്കൂർ നിലവിൽ വരികയില്ല: *സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുക (2: 258), ഭൂമിയിലാകെ വ്യാപിക്കുന്ന പുക (44: 10), ദാബ്ബത്തുൽ അർള് പുറപ്പെടുക (27: 82), യഅ്ജൂജ് മഅ്ജൂജ് പുറപ്പെടുക (21: 96), മസീഹുദ്ദജ്ജാൽ പുറപ്പെടുക, ഈസായുടെ രണ്ടാം വരവ് (4: 159), മൂന്നിടങ്ങളിൽ ഭൂമി താഴ്ന്നുപോവുക (ഒന്ന് കിഴക്ക്, മറ്റൊന്ന് പടിഞ്ഞാറ്, മൂന്നാമത് അറേബ്യൻ ഉപദ്വീപിൽ) (16: 45; 28: 81; 67: 16), ജനങ്ങളെ മഹ്ശറയിലേക്ക് നയിക്കുന്ന യമനിൽ നിന്ന് പുറപ്പെടുന്ന തീ (21: 97; 23: 101)* എന്നിവയാണ് അവ. പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്ന് പ്രത്യക്ഷമായാൽ പിന്നെ അതിനുമുമ്പ് വിശ്വാസം സ്വീകരിക്കാത്ത, അല്ലെങ്കിൽ തന്റെ വിശ്വാസം കൊണ്ട് നന്മയൊന്നും സമ്പാദിക്കാത്ത ഒരു ആത്മാവിനും വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല എന്ന് പറഞ്ഞത് അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്ന അനുയായികളുമടങ്ങിയ ഫുജ്ജാറുകളെക്കുറിച്ചാണ്.

32: 29–30 സൂക്തങ്ങളിൽ, നീ പറയുക: വിശ്വാസികൾക്ക് വിജയം ലഭിക്കുന്ന നാളിൽ കാഫിറുകൾക്ക് അവരുടെ വിശ്വാസം സ്വീകരിക്കൽ ഉപകാരപ്പെടുകയില്ല, അവർക്ക് സാവകാശം നൽകപ്പെടുകയുമില്ല, അപ്പോൾ നീ അവരെ അവഗണിക്കുക, നീ കാത്തിരിക്കുക, നിശ്ചയം അവരും കാത്തിരിക്കുന്നവരാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൂക്തത്തിൽ പറഞ്ഞ വിശ്വാസികൾക്ക് ലഭിക്കാൻ പോകുന്ന വിജയം 9: 28 ൽ വിവരിച്ച പ്രകാരം ഇജാസിൽ മഹ്ദി വന്നാൽ അവിടെയുള്ള കപടവിശ്വാസികളെയും അവരുടെ അനുയായികളായ മുശ്രിക്കുകളെയും അവിടെ നിന്ന് പുറത്താക്കിക്കൊണ്ട് മനുഷ്യരിൽ നിന്നുള്ള വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും അവിടേക്ക് പ്രവേശനം ലഭിക്കുന്ന സംഭവമാണ്.

ത്രികാലജ്ഞാനമായ അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകൾ കാഫിറായ മസീഹുദ്ദജ്ജാലിനെ വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി ആ

ദ്യം നബിയായും പിന്നീട് ദൈവമായിത്തന്നെയും അംഗീകരിക്കുന്നതാണ്. 2: 103 ൽ വിവരിച്ച പ്രകാരം ഒന്നേക്കാൽ വർഷത്തോളം ഇവിടെ ഫുജ്ജാറുകൾ അവന്റെ സ്വർഗം ആസ്വദിക്കുന്നതാണ്. ശേഷം ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതും പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ ഇസ്ലാം അംഗീകരിക്കുന്നതും അവർ കപടവിശ്വാസികളെയും മുശ്രിക്കുകളെയും വധിച്ചുകൊണ്ട് 4: 91; 5: 33; 9: 5, 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതുമാണ്. അപ്പോൾ മാത്രമാണ് ഫുജ്ജാറുകൾക്ക് നാഥന്റെ ഗ്രന്ഥം അറബി ഖുർആനല്ല, മറിച്ച് 38: 8 ൽ പറഞ്ഞ പ്രകാരം അദ്ദിക്ർ അഥവാ ദിക്രീ ആയിരുന്നു എന്ന് ബോധ്യം വരിക.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിയുടെ മരണം അവന്റെ റൂഹിനെ മലക്കുകൾ മൃദുവായി പിടിച്ചെടുത്തുകൊണ്ടും 75: 22-23 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം നാഥനെ ആത്മാവുകൊണ്ട് പ്രസന്നവദനനായി കണ്ടുകൊണ്ടുമായിരിക്കും. എന്നാൽ ഫുജ്ജാറുകളുടെ മരണം 6: 93-94 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ റൂഹിനെ മലക്കുകൾ പരുഷമായി പിടിച്ചെടുത്തുകൊണ്ടും ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകളും അക്രമികളും തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിച്ചുകൊണ്ടും 75: 24 ൽ പറഞ്ഞ പ്രകാരം പിശാചിനെയും നരകക്കുണ്ഠത്തെയും ദുഃഖത്തോടുകൂടി കണ്ടുകൊണ്ടുമായിരിക്കും. 2: 210; 4: 17-18; 6: 110-112 വിശദീകരണം നോക്കുക.

159.നിശ്ചയം തങ്ങളുടെ ദീനിൽ ഭിന്നിക്കുകയും പല കക്ഷികളായിത്തീരുകയും ചെയ്തവർ, അവരുടെ ഒരു കാര്യത്തിലും നിനക്ക് ഉത്തരവാദിത്തമില്ല തന്നെ, നിശ്ചയം അവരുടെ കാര്യം അല്ലാഹുവിലേക്കാണ്, പിന്നെ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്തായിരുന്നു എന്ന് അവൻ അവരോട് വിവരം പറഞ്ഞുകൊടുക്കുകയും ചെയ്യും.

2: 176 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ സമർപ്പിക്കുന്ന ദീനിനെ -ജീവിതവ്യവസ്ഥയെ- പൂർണ്ണമായി സ്വീകരിക്കാതെ കൊമ്പും പിടിച്ച് ഭിന്നിച്ച് പോയവരുടെ കാര്യത്തിൽ നബിക്കോ വിശ്വാസിക്കോ ഒരു ഉത്തരവാദിത്തവുമില്ല എന്നാണ് പഠിപ്പിക്കുന്നത്. ജനങ്ങൾ ഭിന്നിച്ച വിഷയങ്ങൾ അവർക്ക് വെളിവാക്കുന്നതിന് വേണ്ടിയല്ലാതെ നിന്റെമേൽ നാം ഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല, അത് വിശ്വാസികളായ ജനതക്ക് സന്മാർഗ്ഗവും കാരുണ്യവുമാണെന്ന് 16: 64 ലും; അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും വിധി കൽപിക്കാത്തവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളുമെന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. നിശ്ചയം നാം നിന്റെമേൽ സത്യമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് മനുഷ്യർക്കുവേണ്ടി ലക്ഷ്യത്തോടുകൂടിയാണ്, അപ്പോൾ ആരാണ് അത് ഉപയോഗപ്പെടുത്തി സന്മാർഗ്ഗത്തിലായത്, അപ്പോൾ അവൻ സന്മാർഗ്ഗത്തിലായത് അവനുവേണ്ടിത്തന്നെയാണ്, ആരാണോ അതു കൊള്ളെള വഴികേടിലായത്, അതിന്റെ ദോഷം ആ ആത്മാവിനുതന്നെയാണ്, നീ അവരുടെമേൽ കൈകാര്യകർത്താവൊന്നുമല്ല എന്ന് 39: 41 ലും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ ത്രാസ്സും ഉരക്കല്ലുമായി ഉപയോഗപ്പെടുത്തിക്കൊണ്ട് അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന വിശ്വാസികൾ ഇവിടെ വെച്ചുതന്നെ അവരുടെ ഭാഗധേയം നിശ്ചയിക്കുന്നതാണ്. കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയവരായ കാഫിറുകളും, അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്തവരും തങ്ങളുടെ വിചാരണ പരലോകത്തേക്ക് നീട്ടിവെക്കുന്നവരുമാണ്. എന്നാൽ 17: 13-15 സൂക്തങ്ങളിൽ പറഞ്ഞ കർമരേഖയിൽ അവിടെ വെച്ച് യാതൊന്നും തിരുത്താൻ സാധിക്കുകയില്ല എ

ന്നോ, സത്യവും ത്രാസുമായ അദ്ദിക്ർ കൊണ്ടാണ് പരലോകത്ത് വിധി കൽപിക്കുക എ ന്നോ 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച കെട്ടജനതക്ക് ബോധ്യം വരി കയില്ല. 39: 69 ൽ, ഭൂമി തന്റെ നാഥന്റെ പ്രകാശത്താൽ പ്രകാശിക്കുകയും അവരവരുടെ പ്രവർത്തനരേഖകൾ ഹാജരാക്കപ്പെടുകയും നബിമാരെയും സാക്ഷികളെയും കൊണ്ടു വരപ്പെടുകയും അവർക്കിടയിൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കപ്പെടുക യും ചെയ്യുന്നതാണ്, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയില്ല എന്നും; 39: 70 ൽ, എല്ലാ ഓരോ ആത്മാവിനും അത് പ്രവർത്തിച്ചത് പൂർണ്ണമായി നൽകുമെന്നും അവർ എ ന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ തന്നെ ഏറ്റവും അറിയുന്നവനുമാണ് എന്നും പറഞ്ഞിട്ടുണ്ട്. 2: 85, 113; 3: 19–20; 5: 105 വിശദീകരണം നോക്കുക.

160.ആരാണോ ഒരു നന്മയും കൊണ്ട് വരുന്നത്, അപ്പോൾ അവന് അതുപോലുള്ള പത്ത് നന്മകളുണ്ട്, ആരാണോ ഒരു തിന്മയും കൊണ്ട് വരുന്നത്, അപ്പോൾ അ വന് അതുപോലുള്ള പ്രതിഫലമല്ലാതെ നൽകപ്പെടുകയില്ല, അവർ അനീതി കാണിക്കപ്പെടുന്നവരാവുകയുമില്ല.

ഇഹലോകത്ത് വെച്ച് തന്നെ നന്മയും തിന്മയും വേർതിരിക്കുന്നതിന് വേണ്ടിയാണ് ത്രാസ്സും ഉരക്കല്ലുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത്. 2: 111 ൽ വിവരിച്ച പ്രകാരം തെളി വായ അദ്ദിക്റിൽ നിന്നുള്ള ഒരു പദമെങ്കിലും അനുകൂലമായി ഇല്ലാത്ത ഒരു പ്രവൃത്തി യും സ്വീകരിക്കപ്പെടുകയോ പ്രതിഫലം നൽകപ്പെടുകയോ ഇല്ല. ആരാണോ ഒരു തിന്മ പ്രവർത്തിച്ചത്, അതിന് തക്കതായ പ്രതിഫലമല്ലാതെ അവന് നൽകപ്പെടുകയില്ല; എന്നാൽ പുരുഷനാകട്ടെ, സ്ത്രീയാകട്ടെ ആരാണോ സൽക്കർമം ചെയ്തത്, അവൻ വിശ്വാസിയു മാണ്, അപ്പോൾ അവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്; അവർക്ക് അതിൽ ക ണക്കില്ലാതെ വിഭവങ്ങൾ നൽകപ്പെടുന്നതുമാണ് എന്ന് 40: 40 ൽ പറഞ്ഞിട്ടുണ്ട്. സൽക്കർ മം എന്ന് പറഞ്ഞാൽ 4: 174–175 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തെളിവും പ്രകാശവു മായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള പ്രവൃത്തികളാണ്. അദ്ദിക്ർ കൊണ്ട് വിശ്വാസിയാ കാതെ പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഒരാളും തന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്ക പ്പെടുകയില്ല. എന്നാൽ 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങളിൽ നിന്നുള്ളവർ ഏകദൈവത്തെക്കൊണ്ടും അന്ത്യദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർ മങ്ങൾ ചെയ്യുകയാണെങ്കിൽ അവർക്ക് അതിന്റെ പ്രതിഫലം നാഥന്റെ പക്കലുണ്ട്, അവ രുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചു: *നിശ്ചയം നിങ്ങ ളുടെ നാഥൻ നിങ്ങളോട് വളരെ കാരുണ്യമുള്ളവനാണ്, നിങ്ങളിൽ ഒരാൾ ഒരു നന്മ പ്ര വർത്തിക്കാൻ ഉദ്ദേശിച്ചു, എന്നിട്ട് അത് പ്രവർത്തിച്ചില്ല, അപ്പോൾ അവന് അത് ഒരു നന്മ യായി രേഖപ്പെടുത്തും. ഇനി അവൻ ആ നന്മ പ്രവർത്തിക്കുകയാണെങ്കിൽ അവന് പത്ത് മുതൽ എഴുന്നൂറ് ഇരട്ടി വരെ, അല്ലെങ്കിൽ കണക്കില്ലാത്ത നന്മകളായി രേഖപ്പെടുത്തുന്ന താണ്. അവരിൽ ഒരാൾ ഒരു തിന്മ ചെയ്യാൻ ഉദ്ദേശിച്ചു, എന്നിട്ട് അത് പ്രവർത്തിച്ചില്ലെങ്കിൽ അത് അവനൊരു നന്മയായി രേഖപ്പെടുത്തുന്നതാണ്. ഇനി അവൻ അത് പ്രവർത്തിച്ചുവെ ങ്കിൽ അത് ഒരു തിന്മ മാത്രമായി രേഖപ്പെടുത്തുന്നതാണ്.* 2: 261; 3: 27, 43; 4: 100, 124 വി ശദീകരണം നോക്കുക.

161. നീ പറയുക: നിശ്ചയം എന്നെ എന്റെ നാഥൻ നേരെചൊവ്വെയുള്ള പാതയിലേ ക്ക് മാർഗദർശനം ചെയ്യുക തന്നെ ചെയ്തിട്ടുണ്ട്, ഋജുമാനസനായ ഇബ്റാഹീ

മിന്റെ നേരെചൊവ്വെയുള്ള ദീനിലേക്ക്, അവൻ അല്ലാഹുവിന്റെ അധികാരാവ കാശങ്ങളിൽ പങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല.

6: 153 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ആണ് നേരെച്ചൊവ്വെയുള്ള പാത എന്നിരിക്കെ ആരാണോ അതിനെ പിൻപറ്റിയത്, അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 4: 69–70 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അത് മാത്രമാണ് ആദം മുതൽ അന്ത്യനാൾ വ രെയുള്ള മനുഷ്യർക്ക് പ്രപഞ്ചനാഥൻ തൃപ്തിപ്പെട്ട ജീവിതരീതി. 2: 135–136 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകൻ മുഹമ്മദും വിശ്വാസികളും ഇബ്രാഹീമിന്റെ ജീവിതവ്യവ സ്ഥ പിൻപറ്റാൻ കൽപിക്കപ്പെട്ടിട്ടുണ്ട്. 16: 120 ൽ, നിശ്ചയം ഇബ്രാഹീം സ്വയം തന്നെ ഒരു സമുദായമായിരുന്നു, അല്ലാഹുവിനോട് വണക്കമുള്ള നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവൻ –അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കു ചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല എന്നും; 16: 123 ൽ, പിന്നെ നാം നിന്നിലേക്ക് ദി വ്യസന്ദേശം നൽകി –തീർച്ചയായും നീ നേരെച്ചൊവ്വെ ഇബ്രാഹീമിന്റെ മാർഗം പിൻപറ്റു ക തന്നെ വേണമെന്ന്, അവൻ ഒരിക്കലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പ ങ്കുചേർക്കുന്നവരിൽ പെട്ടവനുമായിരുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്ത ങ്ങളെല്ലാം വായിക്കുന്ന പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് പ്രവാചകന്മാരിൽ നിന്നോ നബിമാരിൽ നിന്നോ ആരെയും പിൻ പറ്റാതെ 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ട് 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാ ലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരാണ്. കപടവിശ്വാസികളും വിവിധ സംഘടനകളാ യി പിരിഞ്ഞ് മുശ്രിക്കുകളായിത്തീർന്ന ഫുജ്ജാറുകളും മാലിന്യമാണെന്നും അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല എന്നും 9: 28, 95, 125 സൂക്തങ്ങളിൽ അവർ വായിച്ചിട്ടുണ്ട്. 4: 150–151; 5: 48; 6: 79, 117 വിശദീകരണം നോക്കുക.

162.നീ പറയുക: നിശ്ചയം എന്റെ നമസ്കാരവും എന്റെ ആരാധനാകർമങ്ങളും എ ന്റെ ജീവിതവും എന്റെ മരണവുമെല്ലാം സർവ്വലോകങ്ങളുടെയും നാഥനായ അല്ലാഹുവിന് വേണ്ടിയാകുന്നു.

2: 2–5 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 'ദിക്രീ' എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടി നമസ്കരിക്കാനാണ് ഗ്രന്ഥം കൽപിച്ചിട്ടുള്ളത്. 'നുസുക്ക്' എന്ന പദത്തിന് ആരാധന, ആ ചാരങ്ങൾ, ബലി എന്നെല്ലാം അർത്ഥമുണ്ട്. ഞങ്ങളുടെ ആരാധനാകർമങ്ങൾ ഞങ്ങൾക്ക് പഠിപ്പിച്ച് തരേണമേ എന്ന് ഇബ്രാഹീം നബിയും ഇസ്മാഈൽ നബിയും പ്രാർത്ഥിച്ച തായി 2: 128 ലും; നാം എല്ലാ ഓരോ സമുദായത്തിനും ഒരു ബലികർമം നിശ്ചയിച്ചിട്ടുണ്ട് എന്ന് 22: 34 ലും പറഞ്ഞിട്ടുണ്ട്. എന്നാൽ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച അറബി ഖുർ ആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകൾ 'ഇബാദത്ത്' എന്ന പദത്തിനാണ് ആ രാധന എന്ന് അർത്ഥം പറയുന്നത്. കാഫിറുകളല്ലാതെ നമ്മുടെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുകയില്ല എന്ന് 29: 47 ലും; അക്രമികളല്ലാതെ നമ്മുടെ സൂക്തങ്ങളോട് വി രോധം വെച്ച് തർക്കിക്കുകയില്ല എന്ന് 29: 49 ലും പറഞ്ഞത് ഇത്തരം ഫുജ്ജാറുകൾ വാ യിച്ചിട്ടുണ്ട്.

അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 2: 152; 3: 190–191 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലായ്പ്പോഴും നാഥനെ സ്മരിച്ചുകൊണ്ട് നിലകൊള്ളുന്നവനാണെ ങ്കിൽ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകൾ ചിന്താശക്തി ഉപയോഗപ്പെ ടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരാണ്. വിശ്വാസി 'ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു'

എന്ന 1: 4 വായിക്കുമ്പോൾ 1: 7 ൽ പറഞ്ഞ നാഥന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളുടെയും അവരെ പിൻപറ്റി വഴിപിഴച്ചുപോയവരുടെയും മാർഗത്തിലല്ല എന്നാണ് മനസ്സിൽ കരുതേണ്ടത്.1: 1; 2: 130–131, 256; 10: 104–106; 39: 11–14 വിശദീകരണം നോക്കുക.

163.അവന് യാതൊരു പങ്കുകാരുമില്ല, അതുകൊണ്ട് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു, ഞാൻ അവന് സർവ്വസ്വം സമർപ്പിച്ചവരിൽ ഒന്നാമനുമാകുന്നു.

അതുകൊണ്ട് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞാൽ വിശ്വാസിയും അപ്രകാരം കൽപിക്കപ്പെട്ടിരിക്കുന്നു എന്നാണ്. 6: 56 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവിന് പങ്കാളികളോ ശുപാർശക്കാരോ ഇടയാളന്മാരോ ഒന്നും തന്നെയില്ല. 2: 255 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ അവൻ പ്രപഞ്ചത്തിലുള്ള എല്ലാ ഓരോ വസ്തുവിനെയും വലയം ചെയ്തവനും ഉറക്കവും മയക്കവുമില്ലാതെ എല്ലാം വീക്ഷിച്ചു കൊണ്ടിരിക്കുന്നവനുമാണ്. ത്രികാലജ്ഞാനമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 43: 36–39 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി 3: 102 ൽ വിവരിച്ച പ്രകാരം നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. അത്തരം വിശ്വാസികൾ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ചവരായി മരണപ്പെടുകയുള്ളൂ. 1: 7; 2: 159–160; 4: 118; 6: 101–102 വിശദീകരണം നോക്കുക.

164.നീ ചോദിക്കുക: ഞാൻ അല്ലാഹുവിനെക്കൂടാതെ വേറൊരു നാഥനെ അന്വേഷിക്കുകയോ –എല്ലാ ഓരോ വസ്തുവിന്റെയും നാഥൻ അവൻ മാത്രമായിരിക്കെ? എല്ലാ ഓരോ ആത്മാവും അതിനുവേണ്ടിയല്ലാതെ ഒന്നും സമ്പാദിക്കുന്നില്ല, ഭാരം വഹിക്കുന്ന ഒരാളും മറ്റൊരുവന്റെ ഭാരം വഹിക്കുന്നുമില്ല, പിന്നെ നിങ്ങളെല്ലാം തന്നെ നിങ്ങളുടെ നാഥനിലേക്ക് മടക്കപ്പെടേണ്ടവരാകുന്നു, അപ്പോൾ നിങ്ങൾ ഏതൊരു വിഷയത്തിലാണ് ഭിന്നിച്ചുകൊണ്ടിരുന്നതെന്ന് അവൻ നിങ്ങളോട് വിവരം പറഞ്ഞുതരുന്നതുമാണ്.

എല്ലാ വസ്തുക്കളുടെയും ഉടമയായ ത്രികാലജ്ഞാനിയായ അല്ലാഹു അദ്ദിക്ർ മനുഷ്യനെ പഠിപ്പിക്കുക വഴി നിഷ്പക്ഷവാനായിരിക്കുന്നു. 3: 133–136 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ കണ്ടെത്തുക, വിശ്വാസിയാണെന്ന് ഉറപ്പ് വരുത്തുക, സ്വർഗം സമ്പാദിക്കുക എന്നതാണ് ജീവിതലക്ഷ്യം. 1000ത്തിൽ ഒന്നായ വിശ്വാസി മാത്രമേ അദ്ദിക്റിനെ സത്യപ്പെടുത്തി പ്രസ്തുത ജീവിതലക്ഷ്യം പൂവണിയിക്കുകയുള്ളൂ. ബാക്കി 999 ഫുജ്ജാറുകളും അവരുടെ 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലെ വിധി അദ്ദിക്ർ ഉപയോഗപ്പെടുത്തി സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുകയോ സ്വാർത്ഥത വെടിയുകയോ ഇല്ല. അത്തരം കപടവിശ്വാസികളും അനുയായികളും ലക്ഷ്യബോധമില്ലാതെയും പ്രജ്ഞയറ്റവരുമായി നരകക്കുണ്ഠം സമ്പാദിച്ചുകൊണ്ടിരിക്കുന്നവരാണ്.

അതുകൊണ്ട് ഏതൊരു ആത്മാവും പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നാലാം ഘട്ടമായ ഇവിടെ നിലകൊണ്ടാൽ മാത്രമേ ഏഴാം ഘട്ടത്തിൽ ശുദ്ധീകരിക്കപ്പെട്ടവരും സംസ്കരിക്കപ്പെട്ടവരും നഷ്ടപ്പെടാത്തവരുമാവുകയുള്ളൂ. 5: 48 ൽ പറഞ്ഞ എല്ലാ വിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനും* സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികൾ വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിലേക്ക് പോകുന്നവരാണെന്ന് 4: 145 ലും; അദ്ദിക്റിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികൾ വിചാരണക്കുശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെ

ടുന്നവരാണെന്ന് 39: 71 ലും പറഞ്ഞിട്ടുണ്ട്. 34: 23 ൽ വിവരിച്ച പ്രകാരം അനുയായികൾ അവരുടെ ശിക്ഷാകാലാവധി പൂർത്തിയാക്കിയാൽ സ്വർഗത്തിലുള്ള അവരുടെ ബന്ധുമിത്രാദികളുടെ ശുപാർശ പ്രകാരം സ്വർഗത്തിലേക്ക് കയറ്റപ്പെട്ടേക്കാമെങ്കിലും തെമ്മാടികളായ കപടവിശ്വാസികൾ കാലാകാലം നരകത്തിൽ കഴിഞ്ഞുകൂടേണ്ടവരാണ്. 17: 13–15; 35: 18; 39: 7; 53: 38 തുടങ്ങിയ സൂക്തങ്ങളിലും ഭാരം വഹിക്കുന്ന ഒരാളും മറ്റൊരുവന്റെ ഭാരം വഹിക്കുന്നുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദിക്ർ കൊണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഇവിടെ വെച്ച് തന്നെ വിധി കൽപിക്കുന്ന, വിചാരണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന വിശ്വാസി സ്വന്തം പാപഭാരങ്ങളെല്ലാം അദ്ദിക്ർ ഉപയോഗപ്പെടുത്തി ഇറക്കി വെച്ചവനാണ്. അതുകൊണ്ട് അത്തരം വിശ്വാസിക്ക് 3: 108 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ ശുപാർശ ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നതാണ്. 3: 79–80 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഗ്രന്ഥത്താൽ പഠിപ്പിക്കപ്പെടുന്നതുപോലെ *റബ്ബാനി*യായി നിലകൊള്ളുന്ന അത്തരം വിശ്വാസി സന്തതിപരമ്പരകളെയും ജനങ്ങളെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളാനാണ് പഠിപ്പിച്ചുകൊണ്ടിരിക്കുക. 9: 73 ൽ വിവരിച്ച പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കുഫ്ഫാറുകളോട് അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തുന്നവനുമാണ് വിശ്വാസി. മനുഷ്യരുടെ ഐക്യവും ശാന്തിയും സമാധാനവും സ്ഥാപിതമാവാനും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് ആത്മാവുകൊണ്ട് നാഥനെ നമസ്കരിക്കാനും കീർത്തനം ചെയ്യാനും അവസരമൊരുക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടും ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകരിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ട് അവൻ നിഷ്പക്ഷവാനായ നാഥനെ സഹായിക്കുന്നതുമാണ്. അപ്പോൾ 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ നമസ്കാരത്തിന്റെയും കീർത്തനത്തിന്റെയും ഒരു വിഹിതം 4: 85 ൽ വിവരിച്ച പ്രകാരം അവന് ലഭിക്കുന്നതാണ്. ആ പദവി ഉപയോഗപ്പെടുത്തിയാണ് അത്തരം വിശ്വാസികൾ മറ്റുള്ളവർക്ക് വേണ്ടി ശുപാർശ ചെയ്യുക. 2: 213, 286; 3: 85–86; 6: 14 വിശദീകരണം നോക്കുക.

165.അവൻ തന്നെയാണ് നിങ്ങളെ ഭൂമിയുടെ പ്രതിനിധികളാക്കിയതും, നിങ്ങളിൽ ചിലർക്ക് മറ്റുചിലരേക്കാൾ പദവികൾ ഉയർത്തിയതും -നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി, നിശ്ചയം നിന്റെ നാഥൻ വളരെ വേഗത്തിൽ ശിക്ഷിക്കുന്നവനാകുന്നു, നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനും തന്നെയാകുന്നു.

സ്വർഗത്തിൽ സൃഷ്ടിച്ചിട്ടുള്ള മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഓരോരുത്തർക്കും നൽകിയിട്ടുള്ളതിൽ അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. 2: 38 ൽ വിവരിച്ച പ്രകാരം മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചയക്കുമ്പോൾ തന്നെ നാഥനിൽ നിന്നുള്ള സന്മാർഗം വന്നുകിട്ടുമെന്നും അതിനെ പിൻപറ്റി ജീവിക്കുന്നവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്നും പറഞ്ഞിട്ടുണ്ട്. 16: 89 ൽ പറഞ്ഞ ത്രികാലജ്ഞാനമായ അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസി അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവനാണ്. പ്രപഞ്ചനാഥനെക്കൂടാ

തെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് മനുഷ്യരെ ഹൃദയത്തിന്റെ ഭാഷയിൽ ഓർമിപ്പിക്കുന്നതിനുവേണ്ടി വിശ്വാസി അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ കാലത്തുമുള്ള പ്രവാചകന്മാരുടെ ജനതയിൽ നിന്ന് 1000 ത്തിൽ 999 ആയ ഫുജ്ജാറുകളും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാനുള്ളവരാണ്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ ഭ്രാന്തന്മാർക്ക് അവരുടെ കർമങ്ങൾ *ഇല്ലിയ്യീൻ* പട്ടികയിൽ റിക്കാർഡ് ചെയ്യുന്നതിനുവേണ്ടി 7: 40 ൽ വിവരിച്ച പ്രകാരം ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. 2: 30, 62; 3: 185; 6: 53 വിശദീകരണം നോക്കുക.

7. അഅ്റാഫ്

പ്രവാചകന്റെ മക്കാജീവിതത്തിന്റെ അവസാന കാലഘട്ടത്തിൽ സൂറത്ത് അൻആമി നോട് അനുബന്ധിച്ചുതന്നെ അവതരിപ്പിച്ചിട്ടുള്ള സൂറത്താണ് ഇത്. 206 സൂക്തങ്ങളുള്ള ഈ സൂറത്താണ് ബഖറ കഴിഞ്ഞാൽ വ്യാപ്തിയിൽ ഗ്രന്ഥത്തിലെ രണ്ടാമത്തെ വലിയ സൂറത്ത്. ഈ സൂറത്തിൽ നരകവാസികളെയും സ്വർഗവാസികളെയും തിരിച്ചറിയുന്ന അ അ്റാഫുകാരെക്കുറിച്ച് പരാമർശിക്കുന്നതിനാൽ ഈ സൂറത്തിന് 'അഅ്റാഫ്' (തിരിച്ചറി യുന്നവർ) എന്ന് നാമകരണം ചെയ്തിരിക്കുന്നു. അല്ലാഹുവിനെ തിരിച്ചറിയുക, പിശാ ചിനെ തിരിച്ചറിയുക, മനുഷ്യരുടെ ഘടന-ശരീരം, ആത്മാവ്, ജീവൻ തുടങ്ങിയവ തിരി ച്ചറിയുക, ജീവിതലക്ഷ്യം തിരിച്ചറിയുക, എന്താണ് ഗ്രന്ഥം, എന്തിനാണ് ഗ്രന്ഥം, എന്തു കൊണ്ട് ഗ്രന്ഥം ഉപയോഗപ്പെടുത്തണം എന്ന് തിരിച്ചറിയുക, സ്വർഗത്തിലേക്ക് പോകു ന്നവരെ തിരിച്ചറിയുക, നരകത്തിലേക്ക് പോകുന്നവരെ തിരിച്ചറിയുക തുടങ്ങി എല്ലാ കാര്യങ്ങളും തിരിച്ചറിയാനുള്ള ആത്മാവിന്റെ ദൃഷ്ടിയാണ് അദ്ദിക്ർ.

മനുഷ്യർ എവിടെയാണ് ആദ്യം സൃഷ്ടിക്കപ്പെട്ടതെന്നും അവരോട് എന്ത് ഉടമ്പടി യാണ് നാഥൻ വാങ്ങിയിട്ടുള്ളതെന്നും വിവരിച്ചിട്ടുണ്ട്. ആരാണോ അദ്ദിക്റിന്റെ വെളിച്ച ത്തിൽ ഇവിടെ പ്രവർത്തിച്ചത്, അവർക്ക് ത്രാസിൽ തൂക്കമുണ്ടാകുമെന്നും അല്ലാത്തവർ പ്രവൃത്തികൾ പാഴായിപ്പോയി നരകത്തിൽ ആപതിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ആദമിനെ സൃഷ്ടിച്ചതും മലക്കുകൾ സാഷ്ടാംഗപ്രണാമം ചെയ്തതും പിശാച് സാഷ്ടാംഗപ്രണാ മം ചെയ്യാതിരുന്നതും പ്രതിപാദിച്ചിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് ആത്മാ വിനെ ശുദ്ധീകരിക്കാത്ത കപടവിശ്വാസികളും അനുയായികളും മരണസമയത്ത് അവർ കാഫിറായിരുന്നു എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കുമെന്ന് 37 ലും; അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ തള്ളിപ്പറയുകയും എല്ലാം തികഞ്ഞവരാണെന്ന് അഹങ്കരിക്കു കയും ചെയ്യുന്നവർ ഭ്രാന്തന്മാരാണെന്നും തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്നും 40 ലും പ റഞ്ഞിട്ടുണ്ട്. നരകവാസികൾ സ്വർഗവാസികളോട് വെള്ളം ചോദിക്കുമ്പോൾ ഗ്രന്ഥത്തി ലെ സൂക്തങ്ങളോട് വിരോധം വെച്ചുകൊണ്ടിരുന്ന കാഫിറുകൾക്ക് ഇന്നേ ദിവസം അവ രണ്ടും നിഷിദ്ധമാണെന്ന് സ്വർഗവാസികൾ മറുപടി പറയുന്ന രംഗം 49-51 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്ത്, ശുഐബ് തുടങ്ങിയ പ്രവാ ചകന്മാർക്കെല്ലാം ഒറ്റ ഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ് നൽകിയതെന്നും അതിനെ തള്ളി പ്പറഞ്ഞ ജനതയുടെ പരിണിതി മനസ്സിലാക്കി പാഠമുൾക്കൊള്ളണമെന്നും 59-102 സൂക്ത ങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 103-136 സൂക്തങ്ങളിൽ മൂസാനബിയെക്കുറിച്ചും ഫിർഔനി നെക്കുറിച്ചും സവിസ്തരം പരാമർശിച്ചിട്ടുണ്ട്. ഇസ്റാഈൽ സന്തതികളെക്കുറിച്ചും മൂ സാനബിക്ക് ഗ്രന്ഥം നൽകിയതിനെക്കുറിച്ചും ഗ്രന്ഥം സ്വീകരിക്കാൻ പോയ സന്ദർഭത്തിൽ ഇസ്റാഈൽ സന്തതികൾ പശുക്കുട്ടിയെ ഉണ്ടാക്കി പൂജിച്ചതിനെക്കുറിച്ചും 138-171 സൂ ക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. അദ്ദിക്ർ വന്നുകിട്ടിയിട്ട് മൂടിവെക്കുന്ന പണ്ഡിതനെയും അ ദ്ദിക്ർ മനസ്സിലാക്കാൻ ശ്രമിക്കാത്ത അനുയായികളെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് 176 ൽ ഉപമിച്ചിട്ടുണ്ട്. 185 ൽ ഏറ്റവും നല്ല വർത്തമാനമാകുന്ന അദ്ദിക്റിനുശേഷം നിങ്ങൾ ഇനി വേറെ ഏത് വർത്തമാനത്തിലാണ് വിശ്വസിക്കാൻ പോ

കുന്നതെന്ന് ചോദിക്കുന്നു. 188-ാം സൂക്തം പ്രവാചകനെ പരിചയപ്പെടുത്തുന്നതാണെങ്കിൽ 194-195 സൂക്തങ്ങൾ മക്കാമുശ്രിക്കുകളോട് അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ച് പ്രാർത്ഥിക്കുന്ന പങ്കാളികളെയെല്ലാം ഒരുമിച്ചുകൂട്ടി പ്രവാചകനെതിരെ ഗൂഢാലോചന നടത്താൻ വെല്ലുവിളിക്കുകയാണ്. 197-200 സൂക്തങ്ങളിൽ അവിവേകികളെ വിട്ടൊഴിയാനും പൈശാചികമായ ചിന്തകൾ വെച്ചുപുലർത്താതിരിക്കാനും പഠിപ്പിക്കുന്നു. സൂക്ഷ്മതയുള്ളവർ പിശാചിൽ നിന്ന് ഒരു ദുർബോധനമേറ്റാൽ ഉടനെ അല്ലാഹുവിനെ സ്മരിക്കുന്നതും അപ്പോൾ അവർ പിശാചിന്റെ വഴിയും അല്ലാഹുവിന്റെ വഴിയും തിരിച്ചറിയുന്നതുമാണ് എന്ന് 201 ലും; പിശാചിന്റെ സഹോദരങ്ങളെ അവൻ ദുർമാർഗത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുമെന്നും പിന്നെ പിടി അയക്കുകയില്ലെന്നും 202 ലും പറഞ്ഞിട്ടുണ്ട്. ഗ്രന്ഥം വായിച്ച് കേൾപ്പിക്കപ്പെടുമ്പോൾ ശ്രദ്ധിച്ചുകേൾക്കുകയും മൗനം ദീക്ഷിക്കുകയും ചെയ്താൽ അനുഗ്രഹിക്കപ്പെട്ടേക്കുമെന്ന് 204 ൽ പറഞ്ഞിട്ടുണ്ട്. നീ നിന്റെ നാഥനെ വിനീതനായും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും ആത്മാവുകൊണ്ട് സ്മരിക്കുക, നീ പ്രജ്ഞയറ്റവരിൽ ഉൾപ്പെടുകയും ചെയ്യരുത് എന്ന് 205 ൽ കൽപിച്ചിട്ടുണ്ട്. തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വരുന്ന ഗ്രന്ഥത്തിലെ ആദ്യ സൂറത്താണ് ഇത്. നിശ്ചയമായും നാഥന്റെ അടുക്കലുള്ളവർ അവനെ സേവിക്കുന്നതിൽ അഹങ്കരിക്കാത്തവരും അവനെ എപ്പോഴും വാഴ്ത്തിക്കൊണ്ടിരിക്കുന്നവരും അവന് സാഷ്ടാംഗം പ്രണമിക്കുന്നവരുമാണ് എന്ന് പറഞ്ഞുകൊണ്ട് 206 സൂക്തങ്ങളടങ്ങിയ സൂറത്ത് അവസാനിക്കുന്നു.

നിഷ്പക്ഷവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമം കൊണ്ട്

1. അലിഫ്-ലാം-മീം-സ്വാദ്.

'അല്ലാഹുവിൽ നിന്ന് ജിബ്രീൽ മുഖേന മുഹമ്മദിന് വന്നുകിട്ടിയ സംഭവചരിത്രങ്ങൾ വിവരിക്കുന്ന ഗ്രന്ഥം ' എന്നർത്ഥം. 'സ്വാദ്' എന്നാൽ നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്ത്വ്, ശുഐബ് തുടങ്ങിയ നബിമാരുടെ ജനതകളുടെ സംഭവചരിത്രങ്ങൾ വിവരിക്കുന്നത് (*ഖസസ്*) എന്നാണ്. അല്ലെങ്കിൽ 35-ാം സൂക്തത്തിലെ, ഓ ആദം സന്താനങ്ങളേ! എന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വഴിക്കുവഴിയായി വിശദീകരിച്ച് തരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ വന്നാൽ എന്നതിലെ *യഖുസ്സൂന* എന്നുള്ളതിലുള്ള, അല്ലെങ്കിൽ 176-ാം സൂക്തത്തിൽ ഇത്തരം സൂക്തങ്ങൾ വഴിക്കുവഴിയായി പറഞ്ഞുകൊടുക്കുക -അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവർ ആകുന്നതിന് വേണ്ടി എന്നതിലെ *ഫഖ്സുസിൽ ഖസസ* എന്നുള്ളതിലുള്ള 'സ്വാദ്'. 2: 1; 3: 7 വിശദീകരണം നോക്കുക.

2. നിന്നിലേക്ക് അവതരിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് ഇത്; അപ്പോൾ ഇത് മൂലം നിന്റെ നെഞ്ചിൽ യാതൊരു പ്രയാസവും ഉണ്ടാവേണ്ടതില്ല, ഇതുകൊണ്ട് നീ താക്കീത് ചെയ്യുന്നതിനും വിശ്വാസികൾക്ക് ഒരു അനുസ്മരണമായിക്കൊണ്ടും.

20: 1-3 സൂക്തങ്ങളിൽ അല്ലാഹു പ്രവാചകനെ വിളിച്ച്: ഈ വായന (ആവർത്തിച്ച് വായിക്കപ്പെടാനുള്ള ഗ്രന്ഥമായ അദ്ദിക്ർ) അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് ഒരു ടിക്കറ്റ് ആയിട്ടല്ലാതെ നീ പ്രയാസപ്പെട്ട് മനം മുട്ടുന്നതിന് വേണ്ടി നാം നിന്റെ മേൽ അവതരിപ്പിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. 22: 78 ൽ, നിങ്ങൾക്ക് നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ ജീവിതചര്യയിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കിയിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. 26: 3-4 സൂക്തങ്ങളിൽ, അവർ വിശ്വാസികളാകാത്തതിന്റെ പേരിൽ നീ നിന്നെത്തന്നെ നശിപ്പിച്ചേക്കാം, നിശ്ചയം നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആകാശത്തുനിന്ന് ഒരു ദൃഷ്ടാന്തം ഇറക്കി അവരെ വീനീതരായി പിരടി കുഴഞ്ഞവരാക്കി മാറ്റുമായിരുന്നു എന്നും; 36: 76 ൽ, അപ്പോൾ അവരുടെ വാക്കുകൾ നിന്നെ ദുഃഖിപ്പിക്കേണ്ടതില്ല, നിശ്ചയം അവർ രഹസ്യ

മാക്കുന്നതും അവർ പരസ്യമാക്കുന്നതുമെല്ലാം നാം തന്നെ അറിയുന്നവനാകുന്നു എന്നും; 18: 6 ൽ, അപ്പോൾ അവർ ഈ വർത്തമാനത്തിൽ വിശ്വസിക്കാത്തതിന്റെ പേരിൽ ദുഃഖം പൂണ്ട് അവരുടെ പിന്നാലെ പോയി നീ നിന്നെത്തന്നെ നശിപ്പിച്ചേക്കാം എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ദുഃഖിക്കാനോ ഭയപ്പെടാനോ അടിച്ചമർത്തപ്പെടാനോ വേണ്ടി അവതരിപ്പിക്കപ്പെട്ടിട്ടുള്ളതല്ല, മറിച്ച് അല്ലാഹുവിന്റെ ഭൂമിയിൽ തല ഉയർത്തിക്കൊണ്ട് നാഥന്റെ പ്രൗഢരായ പ്രതിനിധികളായി എവിടെയും എപ്പോഴും ജീവിക്കാനുള്ള സന്മാർഗവും ഐശ്വര്യവുമാണ് അത്. അല്ലാഹുവിൽ നിന്ന് ഭൂമിയിലേക്ക് ഇട്ട് തന്നിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അത് കാഫിറുകളായവരെ മുന്നറിയിപ്പ് നൽകുന്നതിനും അതുകൊണ്ട് വിശ്വാസികളായവരെ സന്തോഷവാർത്ത അറിയിക്കുന്നതിനും വേണ്ടിയാണ് അവതരിപ്പിച്ചിട്ടുള്ളത്.

6: 68; 11: 120; 26: 209; 39: 21; 89: 23 തുടങ്ങി 21 സൂക്തങ്ങളിൽ അദ്ദിക്റിനെ ദിക്റാ-ഉണർത്തൽ-എന്ന് പറഞ്ഞിട്ടുണ്ട്. 6: 90 ൽ, അക്കൂട്ടരാണ് അല്ലാഹു സന്മാർഗത്തിലാക്കിയവരായവർ, അപ്പോൾ അവരുടെ ആ സന്മാർഗത്തിൽ നീയും മുന്നേറുക; നീ പറയുക: അതിന്റെ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല, നിശ്ചയം അത് സർവ്വലോകർക്കും വേണ്ടിയുള്ള ഒരു ദിക്റാ -ഉണർത്തൽ- അല്ലാതെ അല്ല എന്ന് പറഞ്ഞിട്ടുണ്ട്. 87: 9-13 സൂക്തങ്ങളിൽ ദിക്റായെ വെടിഞ്ഞ ഹതഭാഗ്യൻ വമ്പിച്ച തീയിൽ വേവിക്കപ്പെടുമെന്നും, അതിൽ അവൻ മരിക്കുകയോ ജീവിക്കുകയോ ഇല്ല എന്നും; 51: 55 ൽ വിശ്വാസികൾക്ക് മാത്രമേ *ദിക്റാ* ഉപയോഗപ്പെടുകയുള്ളൂ എന്നും പറഞ്ഞിട്ടുണ്ട്. 2: 256; 4: 82; 5: 48 വിശദീകരണം നോക്കുക.

3. നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒന്ന് നിങ്ങൾ പിൻപറ്റുക, അവനെക്കൂടാതെ മറ്റുള്ളവരെ നിങ്ങൾ രക്ഷകന്മാരായി പിൻപറ്റാതിരിക്കുകയും ചെയ്യുക, അൽപമല്ലാതെ നിങ്ങൾ സ്മരിക്കുന്നവരാകുന്നില്ല.

പ്രപഞ്ചനാഥൻ 313 പ്രവാചകന്മാർക്കും അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്ർ ആണെന്നും അത് അവതരിപ്പിക്കപ്പെട്ടത് അവനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് ഉണർത്തുന്നതിന് വേണ്ടിയാണെന്നും 21: 24-25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിന്റെ 40 പേരുകളെയും മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 83: 7 ൽ പറഞ്ഞ സിജ്ജീൻ പട്ടികയിലേക്കുള്ള ഫുജ്ജാർ കിതാബുകൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും പിശാചിന്റെ വീടായ നരകക്കുണ്ഠത്തിന്റെ 7 വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരുമാണ്. 32: 9 'നിങ്ങളിൽ നിന്ന് അൽപം പേരല്ലാതെ നന്ദി കാണിക്കുന്നില്ല' എന്ന് പറഞ്ഞുകൊണ്ട് അവസാനിക്കുന്ന സൂക്തമാണ്. 4: 1; 6: 157; 9: 67-68 വിശദീകരണം നോക്കുക.

4. എത്രയെത്ര നാടുകൾ, അവയെ നാം നശിപ്പിച്ചിട്ടുണ്ട്, അപ്പോൾ നമ്മുടെ വിപത്ത് അവരിൽ രാത്രിസമയത്ത് ഓർക്കാപുറത്ത് വന്നുപതിച്ചു, അല്ലെങ്കിൽ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ.

5. നമ്മുടെ വിപത്ത് അവരിൽ വന്നുപതിച്ച സന്ദർഭം, അപ്പോൾ അവരുടെ മുറവിളി 'നിശ്ചയം ഞങ്ങൾ അക്രമികളായിപ്പോയല്ലോ' എന്ന് അവർ പറയുകയല്ലാതെ മറ്റൊന്നുമായിരുന്നില്ല.

32: 26 ൽ, അവർക്കുമുമ്പ് എത്രയെത്ര നാട്ടുകാരെയാണ് നാം നശിപ്പിച്ചത്, അവരുടെ

വാസസ്ഥലങ്ങളിലൂടെയാണല്ലോ ഇവർ നടന്നുപോകുന്നത്, അപ്പോൾ ഇവർക്ക് അത് സന്മാർഗദർശനത്തിന് കാരണമാകുന്നില്ലേ എന്ന് ചോദിച്ചിട്ടുണ്ട്. 50: 36 ൽ, ഇവർക്കുമുമ്പ് എത്രയെത്ര ശക്തരും പ്രബലരുമായ നാട്ടുകാരെയാണ് നാം നശിപ്പിച്ചിട്ടുള്ളത്, അപ്പോൾ അവർ അത്തരം നാടുകളിലൂടെ സഞ്ചരിച്ച് അവരെ സഹായിക്കാൻ വല്ല രക്ഷകരുമുണ്ടായിരുന്നോ എന്ന് അന്വേഷിച്ച് കണ്ടെത്തുന്നില്ലേ എന്ന് ചോദിക്കുന്നു. 22: 45 ൽ, അക്രമികളായ എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചത്, അവ അതിന്റെ മേൽക്കൂരകളോടുകൂടി തകർന്നടിഞ്ഞു കിടക്കുന്നു, എത്രയെത്ര കിണറുകളും കൊട്ടാരങ്ങളുമാണ് ഉപയോഗശൂന്യമായിത്തീർന്നത് എന്നും; 21: 11 ൽ, അക്രമികളായ എത്രയെത്ര നാടുകളെയാണ് നാം തരിപ്പണമാക്കിയത്, പിന്നെ നാം അതിനുശേഷം മറ്റൊരു ജനതയെ നട്ടുവളർത്തിക്കൊണ്ടുവന്നു എന്നും പറഞ്ഞിട്ടുണ്ട്. 21: 14–15, 46 സൂക്തങ്ങളിൽ, നശിപ്പിക്കപ്പെടുമ്പോൾ അവരുടെ മുറവിളി 'നിശ്ചയം ഞങ്ങൾ അക്രമികൾ ആയിപ്പോയല്ലോ' എന്നായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. നാട്ടിലെ നിവാസികൾ അദ്ദിക്ർ കൊണ്ട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യാതെ എല്ലാവരും ലക്ഷ്യബോധം നഷ്ടപ്പെട്ട അക്രമികളും തെമ്മാടികളുമായി മാറിയപ്പോഴാണ് ആ നാട്ടിൽ രാത്രി ഉറങ്ങിക്കിടക്കുമ്പോഴോ അല്ലെങ്കിൽ പകൽ കളിച്ചുല്ലസിച്ച് കഴിയുമ്പോഴോ പെട്ടെന്ന് ശിക്ഷ വന്ന് ഭവിച്ചിട്ടുള്ളത്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള *ത്രാസ്സും അമാനത്തു*മായ അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്തുകയോ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകുകയോ ചെയ്യാതെ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെപ്പോലെ ഇതരജനവിഭാഗങ്ങളും അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. 2: 57; 5: 65–66; 6: 47, 158 വിശദീകരണം നോക്കുക.

6. അപ്പോൾ ആരിലേക്കാണോ പ്രവാചകന്മാർ അയക്കപ്പെട്ടത്, അവരെ നാം ചോദ്യം ചെയ്യുക തന്നെ ചെയ്യും, ആരെയാണോ പ്രവാചകന്മാരായി അയച്ചത്, അവരെയും നാം ചോദ്യം ചെയ്യുക തന്നെ ചെയ്യും.

പ്രവാചകന്മാർ നാഥന്റെ സന്ദേശമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെട്ടവരാണ്. 36: 69–70 സൂക്തങ്ങളിൽ, വ്യക്തമായ വായനയായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് ജീവനുള്ളവരെ മുന്നറിയിപ്പ് നൽകുന്നതിനും കാഫിറുകളായവരുടെ മേൽ ശിക്ഷാവചനം ബാധകമാകുന്നതിനും വേണ്ടിയാണ് എന്നും പറഞ്ഞിട്ടുണ്ട്. 36: 11 ൽ, നിശ്ചയം, നീ മുന്നറിയിപ്പ് നൽകുക അദ്ദിക്റിനെ പിൻപറ്റുന്നവരെയും നിഷ്പക്ഷവാനെ കാണാതെകണ്ട് ഭയപ്പെടുന്നവരെയും മാത്രമാണ്, അപ്പോൾ അവനെ പാപമോചനം കൊണ്ടും മാന്യമായ പ്രതിഫലം കൊണ്ടും സന്തോഷവാർത്ത അറിയിക്കുക എന്ന് പറഞ്ഞിട്ടുണ്ട്. 5: 109 ൽ വിവരിച്ച പ്രകാരം ഒരു പ്രവാചകനെ അയക്കാതെ ഒരു നാടിനെയും നാഥൻ ശിക്ഷിക്കുന്നവനാവുകയില്ല. 6: 90 ൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ മൊത്തം മനുഷ്യർക്കുള്ള ഒരു ഉണർത്തലല്ലാതെ അല്ല. 2: 62; 4: 140 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ച് തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന കപടവിശ്വാസികളെയും അതിനെ തള്ളിപ്പറയുന്ന കുഫ്ഫാറുകളെയും ശിക്ഷിക്കുന്നതിന് വേണ്ടിയാണ് അത് അവതരിപ്പിച്ചിട്ടുള്ളത്. അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന അവർക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠമാണ് ലഭിക്കുക എന്ന് 14: 28–29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ അയക്കുന്നില്ല. അവർ വായിച്ച, കേട്ട, തൊട്ട, കണ്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച്, സാക്ഷി നിന്ന് അവരെ നര

കക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസിക്ക് അദ്ദിക്ർ അനുകൂലമായി സാക്ഷി നിന്ന്, വാദിച്ച് അവനെ സ്വർഗത്തിലേക്ക് നയിക്കുകയാണ് ചെയ്യുക. 2: 119, 159-161; 4: 41-42; 5: 67 വിശദീകരണം നോക്കുക.

7. അങ്ങനെ അവരുടെമേൽ നാം തന്നെ തികഞ്ഞ അറിവോടുകൂടി കഴിഞ്ഞുപോയതെല്ലാം വിവരിച്ച് കൊടുക്കുന്നതാണ്, നാം അവരിൽ നിന്ന് മറഞ്ഞ് നിൽക്കുന്നവനൊന്നുമായിരുന്നില്ല.

അടിമകളുടെ കുറ്റങ്ങളെല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനും വലയം ചെയ്തുകൊണ്ടിരിക്കുന്നവനുമായ, ത്രികാലജ്ഞാനിയായ നാഥൻ വിചാരണാനാളിൽ ഓരോരുത്തരോടും അവരുടെ ഇഹത്തിലെ പ്രവൃത്തികളെക്കുറിച്ച് വിവരം പറഞ്ഞുകൊടുക്കും എന്ന് പറഞ്ഞാൽ അവർ ഓരോരുത്തരുടെയും പിരടിയിൽ ബന്ധിച്ചിട്ടുള്ള 17: 13-15; 18: 49; 23: 62-63; 36: 12; 45: 28-31; 58: 6; 78: 29 എന്നീ സൂക്തങ്ങളിൽ പറഞ്ഞ കർമരേഖ പുറത്തെടുത്ത് കൊടുത്ത് അവരവരെക്കൊണ്ടുതന്നെ വായിപ്പിച്ച് വിചാരണ നടത്തുമെന്നാണ്. നാഥനെ കണ്ടുമുട്ടണമെന്ന ബോധമില്ലാതെ ഇവിടെ ജീവിക്കുന്ന ഫുജ്ജാറുകൾക്കും നാഥനും ഇടയിൽ കാണാത്ത ഒരു മറയിടപ്പെടുന്നതാണ് എന്ന് 83: 15 ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആരാണോ അദ്ദിക്റിനെ തെളിവായും സാക്ഷിയായും ത്രാസ്സായും ഇവിടെവെച്ച് ഉപയോഗപ്പെടുത്തിയത്, അവർക്ക് മാത്രമാണ് വിധിദിവസം കർമരേഖ വായിക്കാൻ കഴിയുക.

ഓരോരുത്തരുടെയും പിരടിയിലുള്ള കർമരേഖ വിധിദിവസം പുറത്തെടുത്ത് നൽകി വിചാരണ നടത്തുമ്പോൾ അറബി ഖുർആൻ വായിക്കുന്ന ഭ്രാന്തന്മാരായ ഫുജ്ജാറുകൾ അവരുടെ കർമരേഖയിലുള്ളതിൽ കുണ്ഠിതപ്പെട്ടുകൊണ്ട്: ഓ, ഞങ്ങളുടെ നാശം! ഇത് എന്തൊരു ഗ്രന്ഥമാണ്, ചെറുതോ വലുതോ ആയ ഒന്നും തന്നെ അതിൽ കൊത്തിവെക്കാതെ വിട്ടിട്ടില്ലല്ലോ എന്ന് വിലപിക്കുന്ന രംഗം 18: 49 ൽ മുന്നറിയിപ്പ് നൽകിയ ശേഷം; അവർ പ്രവർത്തിച്ചതൊക്കെയും നാഥൻ അവർക്ക് ഹാജരാക്കിക്കൊടുക്കുന്നതാണ്, നിന്റെ നാഥൻ ഒരാളോടും അൽപം പോലും അനീതി കാണിക്കുന്നവനല്ല എന്നും സൂക്തത്തിൽ തുടർന്ന് പറഞ്ഞിട്ടുണ്ട്. 2: 255; 5: 105; 6: 59, 104 വിശദീകരണം നോക്കുക.

8. അന്നേദിനം തൂക്കം സത്യത്തിനാകുന്നു, അപ്പോൾ ആരാണോ തന്റെ തൂക്കം വർദ്ധിപ്പിച്ചത്, അപ്പോൾ അക്കൂട്ടർ തന്നെയാണ് വിജയം വരിക്കുന്നവർ.

9. ആരാണോ തന്റെ തൂക്കം ലഘൂകരിച്ചത്, അപ്പോൾ അക്കൂട്ടർ തന്നെയാകുന്നു തങ്ങളെ നഷ്ടപ്പെടുത്തിയവരായവർ, നമ്മുടെ സൂക്തങ്ങളോട് അന്ധത കൈക്കൊണ്ടിരുന്നവരായതുകൊണ്ട്.

2: 119, 147; 10: 108; 17: 81; 39: 41, 69, 75 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ സത്യം അദ്ദിക്റാണ്. അപ്പോൾ ആരാണോ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ ജീവിക്കുന്നത്, അവർക്ക് സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കപ്പെടുന്ന നാളിൽ അവരുടെ കർമരേഖയിൽ തൂക്കം ലഭിക്കുന്നതാണ്. ആത്മാവിനോട് അക്രമം കാണിച്ച് കെട്ടജനതയായിത്തീർന്ന ഫുജ്ജാറുകൾ ഇവിടെ മിഥ്യ പിൻപറ്റുന്നവരായതിനാൽ സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കപ്പെടുന്ന നാളിൽ എല്ലാം നഷ്ടപ്പെട്ടവരായിരിക്കുമെന്ന് 40: 78 ൽ പറഞ്ഞിട്ടുണ്ട്. 2: 186 ൽ വിവരിച്ച പ്രകാരം പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും കർമങ്ങൾ സ്വീകരിക്കപ്പെടാനും അദ്ദിക്ർ സമർപ്പിക്കുന്ന വിധം നാഥനെക്കൊണ്ട് വിശ്വസിക്കുക, അദ്ദിക്ർ സത്യപ്പെടുത്തി ജീവിക്കുക വഴി നാഥന്റെ വിളിക്ക് മറുപടി നൽകുക എന്നീ ര

ണ്ട് ഉപാധികൾ വെച്ചിട്ടുണ്ട്. അപ്പോൾ 2: 108 ൽ വിവരിച്ച പ്രകാരം ലക്ഷ്യബോധമില്ലാത്ത കപടവിശ്വാസികളും പ്രജ്ഞയറ്റ അവരുടെ അനുയായികളും അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ഇവിടെ ജീവിച്ചതിന് പിഴയായി നരകക്കുണ്ഠമാണ് സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. 1: 7; 2: 121, 286; 3: 185 വിശദീകരണം നോക്കുക.

10. നിശ്ചയം, നാം നിങ്ങളെ ഭൂമിയിൽ അധിവസിപ്പിക്കുകയും അതിൽ നിങ്ങൾക്ക് നാം ജീവിതവിഭവങ്ങൾ ഒരുക്കിത്തരികയും ചെയ്തു, അൽപമല്ലാതെ നിങ്ങൾ നന്ദി പ്രകടിപ്പിക്കുന്നവരാകുന്നില്ല.

ആരാണോ *ദിക്റി*യെ അവഗണിച്ചത്, അവന് ഇഹലോകത്ത് ഇടുങ്ങിയ ജീവിതവിഭവങ്ങളാണുള്ളത്, അന്ത്യനാളിൽ നാം അവനെ കുരുടനായി പുനർജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതുമാണ്; അപ്പോൾ അവൻ ചോദിക്കും: എന്റെ നാഥാ, എന്നെ എന്താണ് നീ കുരുടനായി പുനർജീവിപ്പിച്ചത്, എനിക്ക് ഐഹികലോകത്ത് കണ്ണിന് കാഴ്ചയുണ്ടായിരുന്നല്ലോ? അപ്പോൾ അല്ലാഹു മറുപടി പറയും: അപ്രകാരം -നിനക്ക് കണ്ണിന് കാഴ്ചയുണ്ടായിരുന്നതുപോലെ- എന്റെ സൂക്തങ്ങൾ നിനക്ക് വന്നുകിട്ടിയിരുന്നു, അപ്പോൾ നീ അവയെ വിസ്മരിച്ചു, അപ്രകാരം നീയും ഇന്നേ ദിനം വിസ്മരിക്കപ്പെട്ടിരിക്കുകയാണ് എന്ന് 20: 124 -127 സൂക്തങ്ങളിലും; കാഴ്ചയുണ്ടായിട്ടും *ദിക്റി* എന്ന ഗ്രന്ഥം കാണാത്തവരും കേൾവിയുണ്ടായിട്ടും *ദിക്റി* എന്ന ഗ്രന്ഥം കേൾക്കാത്തവരുമാണ് നരകക്കുണ്ഠത്തിലേക്കുള്ള കാഫിറുകൾ എന്ന് 18: 101 ലും പറഞ്ഞിട്ടുണ്ട്. *ദിക്റി* എന്നത് ആമുഖത്തിൽ വിവരിച്ച പ്രകാരം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 17: 72 ൽ, ആരാണോ ഇഹലോകത്ത് അദ്ദിക്റിനോട് അന്ധത നടിച്ചത്, അവൻ പരലോകത്ത് കൂടുതൽ അന്ധനും നേർമാർഗത്തിൽ നിന്ന് വഴിപിഴച്ചവനുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ലതായ അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനോട് ബധിരതയും അന്ധതയും കാണിക്കുന്നവർ ബധിരരും അന്ധരും മൂകരുമായി തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ളവരും ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 17: 97-98; 25: 34 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ ഐശ്വര്യവും കാരുണ്യവുമായി ഉപയോഗപ്പെടുത്തുന്നവർ മാത്രമാണ് നന്ദി പ്രകടിപ്പിക്കുന്നവർ. 2: 23-24, 152; 4: 82 വിശദീകരണം നോക്കുക.

11. നിശ്ചയം, നാം നിങ്ങളെ സൃഷ്ടിച്ചു, പിന്നെ നാം നിങ്ങളെ രൂപപ്പെടുത്തി, പിന്നെ നാം മലക്കുകളോട് പറഞ്ഞു: നിങ്ങൾ എല്ലാവരും ആദമിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുക, അപ്പോൾ ഇബ്ലീസ് ഒഴികെ അവരെല്ലാവരും സാഷ്ടാംഗപ്രണാമം ചെയ്തു, അവൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നവരിൽ ഉൾപ്പെടുകയുണ്ടായില്ല.

15: 28-31 സൂക്തങ്ങളിൽ, അല്ലാഹു പറയുന്നു: നിന്റെ നാഥൻ മലക്കുകളെ വിളിച്ചുപറഞ്ഞ സന്ദർഭം സ്മരണീയമാണ്: നിശ്ചയം ഞാൻ മുട്ടിയാൽ ശബ്ദമുണ്ടാക്കുന്ന ദുർഗന്ധം വമിക്കുന്ന ഒട്ടിപ്പിടിക്കുന്ന കറുത്ത കളിമണ്ണുകൊണ്ട് മനുഷ്യരെ സൃഷ്ടിക്കുകയും, അങ്ങനെ ഞാൻ അവനെ രൂപപ്പെടുത്തി എന്റെ റൂഹ് അവനിൽ ഊതുകയും ചെയ്താൽ നിങ്ങളെല്ലാവരും അവന്റെ മുമ്പിൽ സാഷ്ടാംഗത്തിൽ വീഴണം. *ഇബ്ലീസ്* ഒഴികെ മലക്കുകൾ എല്ലാവരും സാഷ്ടാംഗത്തിൽ വീണു, *ഇബ്ലീസ്* സാഷ്ടാംഗപ്രണാമം ചെയ്യുന്നവരിൽ ഉൾപ്പെടാൻ വിസമ്മതിച്ചു. ഈ സൂക്തങ്ങളിൽ മലക്കുകളോട് സാഷ്ടാംഗപ്രണാമം ചെയ്യാൻ പറഞ്ഞപ്പോൾ *ഇബ്ലീസ്* സാഷ്ടാംഗപ്രണാമം ചെയ്തില്ല എന്ന് പറഞ്ഞതിൽ നിന്നും *ഇബ്ലീസ്* മലക്കിൽ പെട്ടവനാണെന്ന് വരുന്നില്ല. 18: 50 ൽ, അവൻ ജിന്നിൽ പെട്ടവനായിരുന്നു എന്നും; 2: 34; 38: 74 എന്നീ സൂക്തങ്ങളിൽ അവൻ കാഫിറുകളിൽ പെ

ട്ടവനായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച് വിശദമായി മനസ്സിലാക്കാൻ 2: 28; 4: 1 വിശദീകരണം നോക്കുക.

മനുഷ്യരുടെ മുമ്പ് ജിന്നുകളെ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു എന്ന് 15: 27 ൽ പറഞ്ഞിട്ടുണ്ട്. മനുഷ്യർക്കുമുമ്പ് സ്വതന്ത്ര സൃഷ്ടികളായ ജിന്നുകളായിരുന്നു ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികൾ. ആ ജിന്നുകളുടെ നേതാവായിരുന്നു *ഇബ്‌ലീസ്*. ജിന്നുകൾ മുഴുവൻ അക്രമികളും ധിക്കാരികളുമായി മാറിയപ്പോൾ *ഇബ്‌ലീസി*ന്റെ നേതൃത്വത്തിൽ മലക്കുകൾ അവരെ നശിപ്പിക്കുകയാണുണ്ടായത്. *ഇബ്‌ലീസി*ന് നേതൃത്വപദവി നൽകിയത് സ്വതന്ത്ര സൃഷ്ടിയായ അവൻ അന്ന് വിശ്വാസിയായിരുന്നത് കൊണ്ടാണ്. സർവ്വസ്രഷ്ടാവായ നാഥന്റെ മുമ്പിൽ മാത്രമേ പരമമായ അനുസരണപ്രകടനത്തെ സൂചിപ്പിക്കുന്ന സാഷ്ടാംഗപ്രണാമം ചെയ്യാൻ പാടുള്ളൂ. ഒരു സൃഷ്ടിയുടെ മുമ്പിലും അല്ലാഹുവിന്റെ ഏറ്റവും ഉൽകൃഷ്ട സൃഷ്ടിയായ മനുഷ്യന് സാഷ്ടാംഗപ്രണാമം ചെയ്യൽ അനുവദനീയമല്ല, ഇവിടെ സൃഷ്ടിയായ ആദമിന് മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാൻ ഉള്ള കൽപന അല്ലാഹുവിന്റേത് തന്നെയായതിനാൽ യഥാർത്ഥത്തിൽ അത് അല്ലാഹുവിനുള്ള സാഷ്ടാംഗപ്രണാമം (പരമമായ അനുസരണപ്രകടനം) തന്നെയാണ്. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അദ്ദിക്ർ വഹിക്കുന്നവനായതുകൊണ്ട് ഇനി മലക്കുകളും ജിന്നുകളുമടക്കം എല്ലാ സൃഷ്ടികളും മനുഷ്യനെ സഹായിച്ചുകൊണ്ട് അവന്റെ വരുതിയിൽ നിലകൊള്ളണമെന്നാണ് അവന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാൻ കൽപിച്ചതിന്റെ പൊരുൾ. സന്മാർഗവും ദുർമാർഗവും തെരഞ്ഞെടുക്കാൻ അവകാശമുള്ള സ്വതന്ത്രസൃഷ്ടികളായ മനുഷ്യരോടും ജിന്നുകളോടും അല്ലാഹു നിർബന്ധിച്ച് കൽപിക്കുകയില്ല. മലക്കുകൾ അല്ലാഹുവിന്റെ കൽപനകൾ പൂർണ്ണമായി അനുസരിക്കാൻ കടമപ്പെട്ട സ്വാതന്ത്ര്യമില്ലാത്ത സൃഷ്ടികളാണെന്ന് 16: 50 ലും 66: 6 ലും പറഞ്ഞിട്ടുണ്ട്. അനുസരണയുള്ള മലക്കുകളായിരുന്നു ആ സദസ്സിലെ ഭൂരിപക്ഷം അംഗങ്ങൾ, *ഇബ്‌ലീസ്* മാത്രമേ സ്വതന്ത്രസൃഷ്ടിയായി അവിടെ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് അഭിസംബോധനം മലക്കുകളെ വിളിച്ചുകൊണ്ടായത്.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 2: 110 ൽ വിവരിച്ച പ്രകാരം ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ട് നടത്തുന്ന നമസ്കാരങ്ങളിൽ കോഴികൊത്തുന്ന വേഗത്തിലുള്ള സാഷ്ടാംഗപ്രണാമം നിർവഹിച്ച് 22: 18 ൽ പറഞ്ഞ പ്രകാരം ഹീനമായ ശിക്ഷ ബാധകമായവരായതിനാൽ ഇവിടെ പിശാച് സാഷ്ടാംഗപ്രണാമം നിർവഹിക്കാതിരുന്നത് പോലെ തിലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുകയില്ല. 7: 205–206 വിശദീകരണം നോക്കുക.

12. അവൻ ചോദിച്ചു: ഞാൻ നിന്നോട് കൽപിച്ച സന്ദർഭത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യാതിരിക്കാൻ എന്തൊന്നാണ് നിന്നെ തടഞ്ഞത്? അവൻ പറഞ്ഞു: ഞാൻ അവനേക്കാളും ഉത്തമനാണ്, എന്നെ നീ തീയിൽ നിന്നാണ് സൃഷ്ടിച്ചത്, അവനെ നീ സൃഷ്ടിച്ചിട്ടുള്ളത് കളിമണ്ണിൽ നിന്നുമാണ്.

38: 75 ൽ, ഓ *ഇബ്‌ലീസ്!* ഞാൻ എന്റെ കൈകൊണ്ട് സൃഷ്ടിച്ചവന് സാഷ്ടാംഗ പ്രണാമം ചെയ്യുന്നതിൽ നിന്ന് നിന്നെ തടഞ്ഞത് എന്താണ്, നീ അഹങ്കരിക്കുന്നുവോ, അതോ നീ ഔന്നിത്യം നടിക്കുന്നവരിൽ പെടുന്നവനാണോ എന്ന് അല്ലാഹു ചോദിച്ചു. 38: 76 ൽ, ഞാൻ അവനേക്കാളും ഉത്തമനാണ്, എന്നെ നീ തീയിൽ നിന്നാണ് സൃഷ്ടിച്ചത്, അവനെ നീ സൃഷ്ടിച്ചിട്ടുള്ളത് കളിമണ്ണിൽ നിന്നുമാണ് എന്ന് അവൻ മറുപടി പറഞ്ഞു. 15: 32–33 സൂക്തങ്ങളിൽ, അല്ലാഹു ചോദിച്ചു: ഓ *ഇബ്‌ലീസ്* സാഷ്ടാംഗപ്രണാമം ചെയ്യുന്ന

വരിൽ ഉൾപ്പെടാതിരിക്കാൻ നിനക്ക് എന്തുപറ്റി? അപ്പോൾ അവൻ മറുപടി പറഞ്ഞു: മുട്ടിയാൽ ശബ്ദമുണ്ടാകുന്ന ദുർഗന്ധം വമിക്കുന്ന കറുത്ത കളിമണ്ണിൽ നിന്ന് സൃഷ്ടിച്ച മനുഷ്യന് സാഷ്ടാംഗപ്രണാമം ചെയ്യാൻ എനിക്ക് പറ്റില്ല.

13. അവൻ പറഞ്ഞു: അങ്ങനെയെങ്കിൽ നീ ഇവിടെ നിന്ന് ഇറങ്ങിപ്പോവുക, നിനക്ക് ഇവിടെ അഹംഭാവം നടിക്കാൻ ഒക്കുകയില്ല, അതുകൊണ്ട് നീ പുറത്തുപോവുക, നിശ്ചയം നീ നിസ്സാരന്മാരിൽ പെട്ടവൻ തന്നെയാകുന്നു.

15: 34–35 സൂക്തങ്ങളിൽ, നീ ഇവിടെ നിന്ന് പുറത്തുപോവുക, അപ്പോൾ നിശ്ചയം നീ കാരുണ്യം വിലക്കപ്പെട്ടവനും അകറ്റപ്പെട്ടവനുമാകുന്നു, നിശ്ചയം നിന്റെമേൽ വിധിദിവസം വരെ ശാപമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. 38: 77–78 സൂക്തങ്ങളിലും ഇതേ കാര്യം ആവർത്തിക്കുന്നുണ്ട്. സ്വയം അഹംഭാവം നടിച്ച് അല്ലാഹുവിന്റെ ആശ്രയം വേണ്ടാത്തവനായതുകൊണ്ടാണ് അവൻ സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടത്. അതോടുകൂടി അവൻ ആശയറ്റവനായ *ഇബ്‌ലീസാ*യിത്തീരുകയും മറ്റുള്ളവരെ വഞ്ചിച്ച് ആശയറ്റവരാക്കി മാറ്റാൻ ശ്രമമാരംഭിക്കുകയും ചെയ്തു. അപ്പോഴാണ് അവൻ കാരുണ്യം വിലക്കപ്പെട്ട പിശാച് (*ശൈത്വാൻ*) ആയിത്തീർന്നത്. ഹൃദയത്തിൽ കടുകുമണിത്തൂക്കത്തോളം അഹങ്കാരമുള്ള ഒരാൾക്കും സ്വർഗത്തിൽ പ്രവേശിക്കാൻ സാധ്യമല്ല. അഹങ്കാരത്തെയും അഹംഭാവത്തെയും കരിച്ച് കളഞ്ഞ് ആത്മാവിനെ ശുദ്ധീകരിക്കാനുള്ള പ്രകാശമാണ് അദ്ദിക്ർ എന്ന് 4: 174–175 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രതാപം അന്വേഷിക്കേണ്ടതും ആശ്രയിക്കേണ്ടതും പ്രതാപമുടയവനും ഐശ്വര്യവാനുമായ അല്ലാഹുവിൽ മാത്രമാണ്. 2: 165–167; 4: 138–139; 9: 67–68 വിശദീകരണം നോക്കുക.

14. അവൻ പറഞ്ഞു: ഇവർ പുനർജീവിപ്പിക്കപ്പെടുന്ന നാൾ വരെ എനിക്ക് അവസരം നൽകിയാലും.

15: 36 ലും 38: 79 ലും പിശാച് അല്ലാഹുവിനോട് ഇതേ കാര്യം ആവശ്യപ്പെട്ടതായി പറഞ്ഞിട്ടുണ്ട്.

15. അവൻ പറഞ്ഞു: നിശ്ചയം നീ അവസരം നൽകപ്പെട്ടവരിൽ പെട്ടിരിക്കുന്നു.

15: 37 ലും 38: 80 ലും പിശാചിന് അല്ലാഹു അവസരം നൽകിയ കാര്യം പറഞ്ഞിട്ടുണ്ട്. *ഇബ്‌ലീസ്* അല്ലാഹുവിനോട് ചോദിച്ചു: എന്റെ നാഥാ, എന്റെ കടിഞ്ഞാൺ നിന്റെ പക്കലായിരിക്കെ നീ ഉദ്ദേശിച്ചിട്ട് തന്നെയല്ലേ ഞാൻ സാഷ്ടാംഗപ്രണാമം ചെയ്യാതിരുന്നത്? അപ്പോൾ എനിക്ക് നീ അവസരം തരണം, അപ്പോൾ അല്ലാഹു പറഞ്ഞു: നിനക്ക് അവസരം തന്നിരിക്കുന്നു, ആദമിന് ഒരു സന്താനത്തെ നൽകുമ്പോഴെല്ലാം നാം നിനക്കും ഒരു സന്താനത്തെ നൽകാം, ആ സന്താനങ്ങളെ ഉപയോഗിച്ച് ഓരോ മനുഷ്യന്റെയും ഹൃദയത്തിൽ കൂടുകൂട്ടുകയും രക്തത്തിലൂടെ സഞ്ചരിക്കുകയും ചെയ്തുകൊള്ളുക, അപ്രകാരം പിശാചിന്റെ സന്താനമാണ് മനുഷ്യരിൽ ഓരോരുത്തരിലുമുള്ള ജിന്നുകൂട്ടുകാരൻ. പിശാച് പുനർജന്മനാൾ വരെയാണ് അവസരം ആവശ്യപ്പെട്ടതെങ്കിലും 38: 78 ൽ പറഞ്ഞ ദീൻ നടപ്പിലാകുന്ന ദിനം വരെയാണ് അല്ലാഹു അവന് അവസരം നൽകിയിട്ടുള്ളത്. ദീൻ നടപ്പിലാകുന്ന ദിനം കൊണ്ട് ഉദ്ദേശിക്കുന്നത് 4: 158–159 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്ന് അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിലൊന്നായ പിശാചിന്റെ മൂർത്തരൂപമായിക്കൊണ്ട് പ്രത്യക്ഷപ്പെടുന്ന മസീഹുദ്ദജ്ജാലിനെ വധിച്ച് ലോകത്ത് മൊത്തം ഇസ്‌ലാം ജീവിതവ്യവസ്ഥയായി നടപ്പിലാകുന്ന ദിനം തന്നെയാണ്.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റി

നെ തള്ളിപ്പറഞ്ഞുകൊണ്ട് 29 കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ സ്വാഗതം ചെയ്യുന്നവരുമാണ്. 4: 91 ൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് അവരെ വധിക്കുമ്പോൾ മാത്രമാണ് അറബി ഖുർആൻ അല്ല, 38: 8 ൽ പറഞ്ഞ *ദിക്റീ* അഥവാ അദ്ദിക്ർ ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥമെന്ന് അവർക്ക് ബോധ്യം വരിക. 4: 37-38; 17: 61-65; 43: 36-39 വിശദീകരണം നോക്കുക.

16. അവൻ പറഞ്ഞു: അപ്പോൾ നീ ഏതൊരുവന്റെ കാര്യത്തിലാണോ എന്നെ ലക്ഷ്യബോധം നഷ്ടപ്പെടുത്തിയത്, അവർക്കുവേണ്ടി നിന്റെ ചൊവ്വായ പാതയിൽ ഞാൻ ഇരിപ്പുറപ്പിക്കുക തന്നെ ചെയ്യും!

പിശാച് പറഞ്ഞു: എന്റെ നാഥാ, നീ എന്നെ ലക്ഷ്യബോധം നഷ്ടപ്പെടുത്തിയവനാക്കിയതുകൊണ്ട് ഞാൻ അവർക്ക് (മനുഷ്യർക്ക്) ഭൂമിയിലെ ജീവിതം അലങ്കാരമാക്കിക്കൊടുക്കുക തന്നെ ചെയ്യും, അവരിൽ നിന്ന് നിന്നെ മാത്രം സേവിക്കുന്ന നിന്റെ അടിമകളൊഴികെ മുഴുവൻ പേരെയും ഞാൻ ലക്ഷ്യബോധം നഷ്ടപ്പെടുത്തുക തന്നെ ചെയ്യും എന്ന് 15: 39-40 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 38: 82-83 സൂക്തങ്ങളും ഇതേ ആശയത്തിലുള്ളവയാണ്. 76: 3 ൽ, നിശ്ചയം മനുഷ്യന് നാം നന്ദിപ്രകടിപ്പിക്കുന്നവൻ അല്ലെങ്കിൽ നന്ദികെട്ടവൻ എന്നീ രണ്ടാലൊരുമാർഗ്ഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ശപിക്കപ്പെട്ട പിശാചും മനുഷ്യന്റെ ജിന്നുകൂട്ടുകാരനും ഗ്രന്ഥത്തിന്റെ ശരീരമായ അറബി ഖുർആനിൽ നിന്നോ ജീവനായ അർത്ഥത്തിൽ നിന്നോ അല്ല തടയുക. മറിച്ച് ആത്മാവായ അദ്ദിക്റിൽ നിന്നാണ് തടയുക. അദ്ദിക്റാണ് എക്കാലത്തും നാഥനിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാത. അതിനെ മുറുകെപ്പിടിച്ചവർ മാത്രമേ ലക്ഷ്യത്തിലെത്തുകയുള്ളൂ. ഇന്ന് അറബി ഖുർആൻ വായിക്കുന്ന, 3: 7 ൽ വിവരിച്ച പ്രകാരം ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്നിരിക്കുകയാണ് എന്ന് 25: 17-18 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അക്രമികളായ ഇവരിൽ നിന്നുള്ള ഏതൊരുവനും വിധിദിവസം 'ഓ എന്റെ നാശം! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ! നിശ്ചയം അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്ന് കിട്ടിയതിന് ശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്! പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ!' എന്ന് വിലപിക്കുന്നതാണ് എന്ന് 25: 29 ലും; അന്ന് പ്രവാചകൻ 'എന്റെ നാഥാ! എന്റെ ഈ ജനത ഈ വായന(അദ്ദിക്ർ)യിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് പറയുമെന്ന് 25: 30 ലും പറഞ്ഞിട്ടുണ്ട്. 1: 5; 6: 153; 23: 97-98 വിശദീകരണം നോക്കുക.

17. പിന്നെ ഞാൻ അവരിൽ, അവരുടെ മുൻഭാഗത്തിലൂടെയും അവരുടെ പിൻഭാഗത്തിലൂടെയും അവരുടെ വലതുഭാഗത്തിലൂടെയും അവരുടെ ഇടതുഭാഗത്തിലൂടെയും വരിക തന്നെ ചെയ്യും; അവരിൽ അധികപേരെയും നന്ദി പ്രകടിപ്പിക്കുന്നവരായി നീ എത്തിക്കുകയുമില്ല.

4: 118 ൽ വിവരിച്ച പ്രകാരം എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിനെയും പിശാച് പാട്ടിലാക്കി നരകത്തിലേക്കാക്കുന്നതാണ്. 4: 79 ൽ വിവരിച്ച പ്രകാരം നന്മ അല്ലാഹുവിൽ നിന്നും തിന്മ പിശാചിൽ നിന്നുമാണ്. 2: 256 ൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് നീട്ടിയിട്ടിട്ടുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് ജീവിക്കുന്ന വിശ്വാസിയെ മുൻഭാഗത്തിലൂടെയും പിൻഭാഗത്തി

ലൂടെയും ഇടത് ഭാഗത്തിലൂടെയും വലത് ഭാഗത്തിലൂടെയും സമീപിക്കാൻ പിശാചിന് സാധ്യമല്ല. വിശ്വാസി 1: 4 ൽ, 'ഞങ്ങൾ സേവിക്കുന്നത് നിന്നെ മാത്രമാണ്, ഞങ്ങൾ അതിനുവേണ്ടി സഹായം തേടുന്നതും നിന്നോട് മാത്രമാണ്' എന്ന് മനസ്സാ പറയുന്നവരും, അപ്പോൾ ഞങ്ങളെ നീ സ്വർഗ്ഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നായ നിന്റെ പ്രത്യേകക്കാരായ അടിമകളാക്കേണമേ എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നവരുമാണ്. അദ്ദിക്റിനെ പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായി ഉപയോഗപ്പെടുത്തി അല്ലാഹുവിനെയും അവന്റെ പ്രവാചകന്മാരെയും ജീവിപ്പിക്കുകയും സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന വിശ്വാസികൾക്ക് മനുഷ്യപ്പിശാചുക്കളും ജിന്നുപിശാചുക്കളും മാത്രമല്ല, ആകാശഭൂമികളിലുള്ള സർവ്വസ്വവും കീഴ്വണങ്ങാൻ വിധിക്കപ്പെട്ടിരിക്കുന്നു. 1: 7; 3: 190–191; 6: 117 വിശദീകരണം നോക്കുക.

18. അവൻ പറഞ്ഞു: നീ ഇവിടെ നിന്ന് നിന്ദ്യനും കാരുണ്യം വിലക്കപ്പെട്ടവനുമായി പുറത്തുപോവുക, അവരിൽ നിന്നുള്ള നിന്നെ പിൻപറ്റുന്നവരെക്കൊണ്ടും നിങ്ങളെക്കൊണ്ട് മുഴുവനും ഞാൻ നരകക്കുണ്ഠം കുത്തിനിറക്കുക തന്നെ ചെയ്യും.

43: 36 ൽ, നിഷ്പക്ഷവാന്റെ സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് മടുപ്പ് കാണിക്കുന്നവന് നാഥൻ ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്, അങ്ങനെ അവൻ അവന്റെ കൂട്ടുകാരനായിത്തീരുന്നതാണ് എന്നും; 43: 37 ൽ, നിശ്ചയം അവർ അവരെ യഥാർത്ഥ പാതയെത്തൊട്ട് തടയുക തന്നെ ചെയ്യും, അവരോ നിശ്ചയം അവർ സന്മാർഗത്തിലാണെന്ന് കണക്കുകൂട്ടുകയും ചെയ്യുന്നവരാകുന്നു എന്നും; 43: 38 ൽ, അങ്ങനെ അവർ നമ്മുടെ അടുത്തേക്ക് വന്നെത്തുമ്പോൾ അവൻ പറയും: ഓ, എന്റെ നാശം! എന്റെയും നിന്റെയുമിടയിൽ രണ്ട് ഉദയസ്ഥാനങ്ങളുടെ അകൽച്ച ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! അപ്പോൾ നീ എത്ര ദുഷിച്ച കൂട്ടുകാരൻ എന്നും; 43: 39 ൽ, അക്രമികളായിപ്പോയതിനാൽ ഇന്നേദിനം നിങ്ങൾക്ക് പരസ്പരം ഒരു ഉപകാരവും ചെയ്യാൻ സാധിക്കുകയില്ല തന്നെ, നിശ്ചയം നിങ്ങൾ ശിക്ഷയിൽ പങ്കാളികളാകുന്നു എന്ന് പറയപ്പെടുമെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മക്കളെ ഏൽപിക്കപ്പെട്ട മാതാപിതാക്കളുടെ ബാധ്യതയാണ് 15 വയസ് മുതൽ മരണം വരെയുള്ള നാലാം ഘട്ടത്തിലെ യാത്രക്കുള്ള ടിക്കറ്റായ അദ്ദിക്ർ 15 വയസ്സിന് മുമ്പ് മക്കൾക്ക് പഠിപ്പിച്ചുകൊടുക്കൽ. അല്ലാത്ത പക്ഷം മക്കളുടെ വഴികേടിന് മക്കൾ മാതാപിതാക്കളെ പഴിചാരുന്ന രംഗം 7: 38 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെയും അവരുടെ ജിന്നുകൂട്ടുകാരെയും 15: 44 ൽ പറഞ്ഞ പ്രകാരം നരകക്കുണ്ഠത്തിലെ ഏഴ് വാതിലുകളിലേക്ക് നിജപ്പെടുത്തി വെച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഇവിടെ ചരിക്കുന്ന വിശ്വാസി തന്റെ വിധി 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് 83: 18 ൽ പറഞ്ഞ സ്വർഗത്തിലുള്ള ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതാണ്. അവൻ നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നതും മരണസമയത്ത് നാഥനെ ആത്മാവുകൊണ്ട് പ്രസന്നതയോടെ കണ്ട് നാലാം ഘട്ടമായ ഐഹികലോകത്തുവെച്ച് സമ്പാദിച്ച സ്വർഗത്തിലേക്ക് തിരിച്ചുപോകുന്നതുമാണ്. 39: 59 ൽ പറഞ്ഞ പ്രകാരം ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരുവന്റെയും മരണസമയത്ത് നാഥൻ അവനോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുന്നതാണ്. 2: 18; 4: 118, 150–151 വിശദീകരണം നോക്കുക.

19. ഓ ആദമേ! നീയും നിന്റെ ഇണയും ഈ സ്വർഗത്തിൽ താമസിച്ചുകൊള്ളുക, അങ്ങനെ നിങ്ങൾ രണ്ടുപേരും ഉദ്ദേശിക്കും പ്രകാരം യഥേഷ്ടം ഭക്ഷിച്ചുകൊ

ള്ളുക, ഈ ഒരു വൃക്ഷത്തോട് നിങ്ങൾ രണ്ടുപേരും അടുക്കുകയും അരുത്, അങ്ങനെ ചെയ്താൽ നിങ്ങൾ രണ്ടുപേരും അക്രമികളിൽ പെട്ടുപോകുന്നതാണ്.

ആദമിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ വിസമ്മതിച്ച പിശാചിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അല്ലാഹു പറയുന്നു: നിശ്ചയം ഇവൻ നിനക്കും നിന്റെ ഇണക്കും ശത്രുവാകുന്നു, അപ്പോൾ നിങ്ങൾ സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെടാൻ ഇടവരാതിരിക്കട്ടെ, അങ്ങനെ സംഭവിച്ചാൽ നിങ്ങൾ ദൗർഭാഗ്യവാന്മാരായിത്തീരും, നിശ്ചയം നിനക്ക് ഈ സ്വർഗത്തിൽ വിശക്കുകയോ നഗ്നത വെളിപ്പെടുകയോ ഇല്ല, നിശ്ചയം നിനക്ക് ഇവിടെ ചൂടോ ക്ഷീണമോ അനുഭവപ്പെടുകയുമില്ല എന്ന് 20: 116–119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ലൈംഗികാവയവങ്ങൾ ഇല്ലാതെ സ്വർഗ്ഗത്തിൽ എല്ലാ സുഖസൗകര്യങ്ങളും ആസ്വദിച്ചുകൊണ്ടായിരുന്നു ആദമും ഹവ്വയും ജീവിച്ചിരുന്നത്. സ്വർഗത്തിലെ വിലക്കപ്പെട്ട കനി കൊണ്ടുദ്ദേശിക്കുന്നത് ലൈംഗികബന്ധവും വിലക്കപ്പെട്ട വൃക്ഷം കൊണ്ടുദ്ദേശിക്കുന്നത് നാഭിമുടികളുമാണ്. പിശാചിന്റെ പ്രേരണയാൽ നാഭിമുടികൾ പരസ്പരം ഉരസിയപ്പോഴാണ് അവർക്ക് ലൈംഗികാവയവങ്ങൾ ഉണ്ടായത്. അപ്പോൾ അവർ അന്ധാളിക്കുകയും 7: 22 ൽ പറഞ്ഞ പ്രകാരം സ്വർഗത്തിലെ ഇലകൾ എടുത്ത് പൊത്താൻ തുടങ്ങുകയും ചെയ്തു. 2: 35–36, 110; 3: 101–102 വിശദീകരണം നോക്കുക.

20. അപ്പോൾ പിശാച് അവർ രണ്ടുപേരുടെയും ഹൃദയത്തിൽ തോന്നിപ്പിച്ചു, അവരുടെ രണ്ടുപേരുടെയും ഗോപ്യമായ ഗുഹ്യസ്ഥാനങ്ങൾ പരസ്പരം വെളിപ്പെടുത്തുന്നതിനുവേണ്ടി; അവൻ അവരോട് പറഞ്ഞു: നിങ്ങൾ രണ്ടുപേരും മലക്കുകളായിത്തീരുകയോ അല്ലെങ്കിൽ നിങ്ങൾ നിത്യജീവിതം കൈവരിക്കുന്നവരോ ആകാതിരിക്കുന്നതിന് വേണ്ടിയല്ലാതെ നിങ്ങൾ രണ്ടുപേരുടെയും നാഥൻ ഈ വൃക്ഷത്തെത്തൊട്ട് നിങ്ങളെ തടഞ്ഞിട്ടില്ല.

6: 112 ൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളും ജിന്നുപിശാചുക്കളും അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ട് പരസ്ത്രീ–പരപുരുഷ ലൈംഗികവേഴ്ചക്ക് പ്രേരിപ്പിച്ചുകൊണ്ടാണ് മനുഷ്യരെ സ്വർഗത്തിലേക്കുള്ള പാതയിൽ നിന്ന് തെറ്റിക്കുന്നത്. അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ ഭാര്യാഭർതൃ ലൈംഗികബന്ധത്തിലും 38: 24 ൽ പറഞ്ഞ പ്രകാരം പരസ്ത്രീ–പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ മനസ്സിൽ കാണിച്ച് പിശാച് ഇടപെടുന്നതാണ്. അങ്ങനെയാണ് 17: 64 ൽ വിവരിച്ച പ്രകാരം പിശാച് സന്താനങ്ങളിൽ പങ്കുചേരുന്നത്.

21. അവർ രണ്ടുപേരോടും അവൻ ആണയിട്ട് പറയുകയും ചെയ്തു: നിശ്ചയം ഞാൻ നിങ്ങൾക്ക് രണ്ട് പേർക്കും ഗുണകാംക്ഷികളിൽ പെട്ടവൻ തന്നെയാണ്.

22. അപ്പോൾ അവൻ വഞ്ചന കൊണ്ട് അവരെ രണ്ടുപേരെയും കീഴ്പ്പെടുത്തി, അങ്ങനെ അവർ രണ്ടുപേരും ആ വൃക്ഷത്തെ രുചിച്ചപ്പോൾ അവർ രണ്ടുപേരുടെയും ഗോപ്യമായ ഗുഹ്യസ്ഥാനങ്ങൾ അവർക്ക് വെളിപ്പെടുകയും സ്വർഗത്തിലെ ഇലകളെടുത്ത് അവർ രണ്ടുപേരും ഗുഹ്യസ്ഥാനങ്ങൾ പൊത്താൻ തുടങ്ങുകയും ചെയ്തു; അവർ രണ്ടുപേരുടെയും നാഥൻ അവരെ വിളിച്ച് ചോദിച്ചു: നിങ്ങളെ രണ്ടുപേരെയും ആ വൃക്ഷത്തെത്തൊട്ട് ഞാൻ വിലക്കിയിരുന്നില്ലേ, നിശ്ചയം പിശാച് നിങ്ങൾക്ക് രണ്ടുപേർക്കും വ്യക്തമായ ഒരു ശത്രുവാണെന്ന് ഞാൻ നിങ്ങൾ രണ്ടുപേരോടും പറയുകയും ചെയ്തിരുന്നില്ലേ?

അപ്പോൾ പിശാച് അവന്റെ ഹൃദയത്തിൽ മന്ത്രിച്ചു; ഓ, ആദമേ! ഞാൻ നിനക്ക് നി

ത്യജീവിതം പ്രദാനം ചെയ്യുന്നതും അറ്റമില്ലാത്ത ആധിപത്യം നൽകുന്നതുമായ ഒരു വ്യക്ഷത്തെക്കുറിച്ച് പറഞ്ഞ് തരട്ടെയോ? അങ്ങനെ അവർ രണ്ടുപേരും അതിൽ നിന്ന് ആസ്വദിക്കാൻ തുനിഞ്ഞപ്പോൾ അവരുടെ ഗോപ്യമായ ഗുഹ്യസ്ഥാനങ്ങൾ അവർക്ക് വെളിവായി. അവർ സ്വർഗത്തിലെ ഇലകളെടുത്ത് പൊത്താൻ തുടങ്ങുകയും ചെയ്തു. ആദം തന്റെ നാഥനെ ധിക്കരിച്ചു, അങ്ങനെ ലക്ഷ്യബോധം നഷ്ടപ്പെട്ടവനായി. പിന്നെ അവന്റെ നാഥൻ അവനെ തെരഞ്ഞെടുക്കുകയും അവനെക്കൊള്ളെ മടങ്ങുകയും അവനെ സന്മാർഗത്തിലാക്കുകയും ചെയ്തു എന്ന് 20: 120–122 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കാത്ത പുരുഷന്മാരും സ്ത്രീകളുമെല്ലാം പരസ്ത്രീ-പരപുരുഷബന്ധത്തിനുവേണ്ടി അതിയായി കൊതിക്കുന്നവരും ശ്രമിക്കുന്നവരുമാണെന്ന് 38: 24 ൽ പറഞ്ഞിട്ടുണ്ട്. 33: 35 ൽ പറഞ്ഞ സ്വഭാവങ്ങളോടുകൂടിയ പുരുഷന്മാരും സ്ത്രീകളും മാത്രമേ സ്വർഗത്തിൽ പോവുകയുള്ളൂ.

ഇന്ന് ലോകരിൽ ഫുജ്ജാറുകളാണ് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്നത്. എന്നാൽ 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അവർ 36: 59–62 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരും 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരുമാണ്.

സ്വർഗ്ഗത്തിൽ വെയിലോ ചൂടോ പുകപടലങ്ങളോ പൊടിപടലങ്ങളോ മഞ്ഞോ തണുപ്പോ ഒന്നും ഉണ്ടാകുകയില്ല. അതുപോലെത്തന്നെ ദാഹമോ ക്ഷീണമോ വിയർപ്പോ ഇണചേരലോ ഇന്ദ്രിയസ്ഖലനമോ മലമൂത്ര വിസർജ്ജനമോ ഉണ്ടാവുകയില്ല. എന്നാൽ എപ്പോഴും ഇണ ചേർന്നാലുള്ളതുപോലുള്ള അനുഭൂതി ലഭിക്കുന്നതുമാണ്. 6: 27–28; 9: 67–68; 32: 13–15 വിശദീകരണം നോക്കുക.

23. അവർ രണ്ടുപേരും പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളുടെ ആത്മാവിനോട് തന്നെ അക്രമം പ്രവർത്തിച്ചു; ഞങ്ങൾക്ക് നീ പൊറുത്ത് തന്നിട്ടില്ലെങ്കിൽ, നിന്റെ കാരുണ്യം ഞങ്ങളിൽ വർഷിച്ചിട്ടുമില്ലെങ്കിൽ നിശ്ചയം ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പെട്ടവർ തന്നെയായിരിക്കും.

എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ളതും സർവസ്വം നാഥന് സമർപ്പിച്ച് ജീവിക്കുന്നവർക്ക് സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ ത്രാസും ഉരക്കല്ലുമായി ഉപയോഗപ്പെടുത്തി തന്റെ തെറ്റുകുറ്റങ്ങൾ തിരിച്ചറിഞ്ഞ് ആത്മാവുകൊണ്ട് ഉടമയോട് പൊറുക്കലിനെത്തേടുകയും ലോകർക്ക് അവരുടെ തെറ്റുകുറ്റങ്ങൾ തിരിച്ചറിയാനും നാഥനോട് പൊറുക്കലിനെത്തേടാനും 4: 31 ൽ വിവരിച്ച പ്രകാരം വൻകുറ്റങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാനും ലക്ഷ്യം വെച്ചുകൊണ്ട് അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്ത് നിഷ്പക്ഷവാനായ നാഥനെ സഹായിക്കുകയാണെങ്കിൽ നാഥൻ ഇങ്ങോട്ടും സഹായിക്കുമെന്ന് 22: 40; 47: 7; 61: 14 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 90–91 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ കുഫ്ഫാറുകളുമടങ്ങിയ അക്രമികൾക്ക് ഭൂമിയിലുള്ള സർവസ്വവും അത്ര വേറെയും ലഭിച്ച് അത് പ്രായശ്ചിത്തമായി നൽകി രക്ഷപ്പെടാമെന്ന് വിചാരിച്ചാൽ അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. 39: 63 ൽ, അല്ലാഹുവിന്റെ സൂക്തങ്ങൾ മൂടിവെച്ചവർ

ആരോ, അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവരെന്ന് പറഞ്ഞിട്ടുണ്ട്. 2: 37, 121; 3: 4, 135; 5: 90-91 വിശദീകരണം നോക്കുക.

24. അവൻ പറഞ്ഞു: നിങ്ങളെല്ലാവരും ഇവിടെ നിന്ന് ഇറങ്ങിപ്പോവുക; നിങ്ങളിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന് ശത്രുക്കളാകുന്നു, നിങ്ങൾക്ക് ഒരു നിശ്ചിത അവധി വരെ ഭൂമിയിൽ വിശ്രമസ്ഥലവും ജീവിതവിഭവങ്ങളുമുണ്ട്.

നിങ്ങൾ രണ്ടുപേരും മുഴുവൻ പേരും നിങ്ങളിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന് ശത്രുക്കളായിക്കൊണ്ട് ഇവിടെ നിന്ന് ഇറങ്ങിപ്പോവുക, അപ്പോൾ എന്നിൽ നിന്നുള്ള സന്മാർഗം നിങ്ങൾക്ക് വന്നുകിട്ടിയാൽ ആരാണോ എന്റെ മാർഗത്തെ പിൻപറ്റുന്നത്, അവൻ വഴിപിഴക്കുകയോ നിർഭാഗ്യവാനാവുകയോ ഇല്ല എന്ന് 20: 123 ൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥ കാഫിറുകളായ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകളും വിശ്വാസികൾക്ക് ശത്രുക്കളാണെന്ന് 32: 18 ലും 64: 2 ലും പറഞ്ഞിട്ടുണ്ട്. 6: 11 ൽ വിവരിച്ച പ്രകാരം നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല. അവരാണ് ശത്രുക്കൾ, അപ്പോൾ അവരെ സൂക്ഷിക്കുക എന്ന് കപടവിശ്വാസികളെക്കുറിച്ച് 41: 28 ലും 63: 4 ലും പറഞ്ഞിട്ടുണ്ട്.

നാലാം ഘട്ടത്തിലുള്ള മനുഷ്യന്റെ ഭൂമിയിലെ നൈമിഷികമായ വാസസ്ഥലമാണ് വിശ്രമസ്ഥലം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി നൈമിഷികമായ ഐഹികലോകത്ത് (നാലാം ഘട്ടത്തിൽ) അവന് ലഭിച്ച എല്ലാ അനുഗ്രഹങ്ങളും ഉപയോഗപ്പെടുത്തി ഏഴാം ഘട്ടത്തിലേക്കുവേണ്ട സ്വർഗം സമ്പാദിക്കുന്നതാണ്. എന്നാൽ ഫുജ്ജാറുകൾ ജീവിതലക്ഷ്യം നഷ്ടപ്പെട്ടവരും പ്രജ്ഞയറ്റവരുമായതിനാൽ ഏഴാം ഘട്ടത്തിലേക്കുവേണ്ടി സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നരകക്കുണ്ഠമാണ്. ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കേണ്ട ബാധ്യത മനുഷ്യനാണുള്ളത്. കാരണം അവനാണ് *അമാനത്ത്* ഏറ്റെടുത്തതും അവനെത്തന്നെയാണ് അല്ലാഹു സ്വർഗത്തിൽ വെച്ച് ഗ്രന്ഥം പഠിപ്പിച്ചിട്ടുള്ളതും. 2: 38, 185; 6: 98; 9: 80-82 വിശദീകരണം നോക്കുക.

25. അവൻ പറഞ്ഞു: അതിലാണ് നിങ്ങൾ ജനിക്കേണ്ടത്, അതിൽ തന്നെയാണ് നിങ്ങൾ മരിക്കേണ്ടതും, അതിൽ നിന്ന് തന്നെ നിങ്ങൾ പുറപ്പെടുവിപ്പിക്കപ്പെടുന്നതുമാണ്.

അതിൽ നിന്നാണ് നാം നിങ്ങളെ സൃഷ്ടിച്ചത്, അതിലേക്ക് തന്നെയാണ് നാം നിങ്ങളെ മടക്കുന്നതും, അതിൽ നിന്നുതന്നെയാണ് മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറപ്പെടുവിക്കുന്നതും എന്ന് 20: 55 ൽ പറഞ്ഞിട്ടുണ്ട്. ആദമിന്റെ മുതുകിൽ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരുടെയും ആത്മാക്കളെ വെച്ചുകൊണ്ടാണ് ആദം ദമ്പതികളെ ശരീരത്തോടുകൂടി അല്ലാഹു സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറക്കിയത്. തുടർന്ന് ഭൂമിയിൽ മനുഷ്യരുടെ ഒന്നാം ജനനവും രണ്ടാം മരണവും നടക്കുന്നു. രണ്ടാം ജനനം നടക്കുന്നത് പരലോകത്ത് വെച്ചാണ്. 2: 28; 4: 1, 82; 7: 37 വിശദീകരണം നോക്കുക.

26. ഓ ആദം സന്തതികളേ! നിശ്ചയം നാം നിങ്ങളുടെ മേൽ വസ്ത്രം ഇറക്കിയിരിക്കുന്നു -നിങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ മറക്കുന്നതും അലങ്കാരമായിക്കൊണ്ടും; സൂക്ഷ്മതാ വസ്ത്രവും, അതാണ് ഏറ്റവും ഉത്തമം, അത് അല്ലാഹുവിന്റെ സൂക്തങ്ങളിൽ നിന്നുള്ളതാണ്, അവർ ഓർമ്മിക്കുന്നവരാവുക തന്നെ വേണമെന്നതിന് വേണ്ടി.

രീശ് (അലങ്കാരം) എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് മൃഗങ്ങളുടെയും പക്ഷികളുടെ

യും തൂവലുകളും ചിതമ്പലുകളുമാണ്. അതേ സ്ഥാനത്താണ് മനുഷ്യർക്ക് വസ്ത്രം എന്നാണ് ഇവിടെ പറഞ്ഞത്. വസ്ത്രം മനുഷ്യന്റെ നഗ്നത മറക്കാനും ശരീരത്തെ സംരക്ഷിക്കാനും അലങ്കാരമായിക്കൊണ്ടുള്ളതുമാണ്. സൂക്ഷ്മതാവസ്ത്രം കൊണ്ടുദ്ദേശിക്കുന്നത് സ്വർഗത്തിലേക്കുള്ള ടിക്കറ്റായ മൊത്തം ഗ്രന്ഥത്തിന്റെ ആശയമാണ്. അല്ലാഹുവിന്റെ കൽപന ധിക്കരിക്കുക വഴി ആദം ദമ്പതികളുടെ സൂക്ഷ്മതാ വസ്ത്രമാണ് സ്വർഗ്ഗത്തിൽ വെച്ച് ഉരിഞ്ഞുപോയത്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമാണ് അദ്ദിക്ർ. 91: 8 ൽ, എല്ലാ ആത്മാവിനും സൂക്ഷ്മത ആവാഹിപ്പിച്ചു എന്ന് പറഞ്ഞത് അദ്ദിക്റിനെക്കുറിച്ചാണ്. ശുഐബ് നബി തന്റെ ജനതയോട്: ഓ ജനമേ, നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ, ഞാൻ എന്റെ നാഥനിൽ നിന്നുള്ള ഒരു വ്യക്തമായ വെളിപാടിലാണുള്ളത്, എന്നെ അവനിൽ നിന്നുള്ള ഏറ്റവും നല്ല ഭക്ഷണം ഊട്ടുന്നുമുണ്ട് എന്ന് പറഞ്ഞതായി 11: 88 ൽ പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞ ഏറ്റവും നല്ല ഭക്ഷണം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവുമായ അദ്ദിക്ർ തന്നെയാണ്. 20: 131 ൽ, നിന്റെ നാഥന്റെ ഭക്ഷണം തന്നെയാണ് ഏറ്റവും ഉത്തമവും സ്ഥായിയായിട്ടുള്ളതും എന്ന് പറഞ്ഞതും അദ്ദിക്റിനെക്കുറിച്ച് തന്നെയാണ്. 6: 104 ൽ വിവരിച്ച പ്രകാരം ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ആത്മാവിന്റെ ദൃഷ്ടിയാണ്. അദ്ദിക്ർ കൊണ്ട് ആത്മാവിനെ ശുദ്ധീകരിക്കാതെ ശരീരം മൂടിപ്പുതച്ച് നടക്കുന്ന സ്ത്രീകളെക്കുറിച്ച് 'അവർ മൂടിപ്പുതച്ച നഗ്നകളാണ്' എന്നാണ് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുള്ളത്.

സൂക്ഷ്മതാ വസ്ത്രമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത ഒരാളും തന്നെ വിശ്വാസിയാവുകയില്ല എന്ന് മാത്രമല്ല, അവരുടെ പിരടിയിൽ വഹിക്കുന്ന കർമരേഖയിൽ 38: 24 ൽ വിവരിച്ച പ്രകാരം പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് ജിന്നുകൂട്ടുകാരൻ കൊത്തിവെപ്പിക്കുക. ഇത്തരം ഫുജ്ജാറുകൾ 56: 82 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരാണ്. 2: 2; 3: 79; 11: 17 വിശദീകരണം നോക്കുക.

27. ഓ ആദം സന്താനങ്ങളേ! പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽ നിന്ന് പുറപ്പെടുവിക്കുകയും അവരുടെ ഗുഹ്യസ്ഥാനങ്ങൾ പരസ്പരം വെളിപ്പെടുത്തുന്നതിന് വേണ്ടി വസ്ത്രം ഊരിക്കളയുകയും ചെയ്തതുപോലെ നിങ്ങളെ അവൻ നാശത്തിലകപ്പെടുത്താതിരിക്കട്ടെ, നിശ്ചയം അവനും അവന്റെ ഗോത്രക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കുകയാകുന്നു -നിങ്ങൾ അവരെ കാണാത്ത അവസ്ഥയിലും സമയങ്ങളിലുമെല്ലാം, നിശ്ചയം പിശാചുക്കളെ നാം വിശ്വാസികളല്ലാത്തവരായവർക്ക് വേണ്ടി രക്ഷാധികാരികളാക്കിയിരിക്കുന്നു.

മാതാപിതാക്കളുടെ ബാധ്യതയാണ് അവരെ ഏൽപിച്ചിട്ടുള്ള മക്കൾക്ക് സ്വർഗത്തിലേക്ക് തന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്ർ പഠിപ്പിക്കൽ. പുരുഷനാകട്ടെ സ്ത്രീയാകട്ടെ, ആരാണോ 6: 104 ൽ പറഞ്ഞ ഉൾക്കാഴ്ചാദായകവും, 10: 108 ൽ പറഞ്ഞ സത്യവും; 17: 15 ൽ പറഞ്ഞ സന്മാർഗവുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി 43: 36-39 സൂക്തങ്ങളിൽ പറഞ്ഞ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റി വിശ്വാസിയായ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നത്, അവർ മാത്രമേ വിശ്വാസിയാവുകയുള്ളൂ. 3: 102 വിശദീകരണം നോക്കുക. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവൻ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ (മുസ്ലിമായി) മരണപ്പെടുകയുള്ളൂ. കപടവിശ്വാസികളും അവരുടെ അനുയായികളും അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നതിനാൽ അവരുടെ മരണസമയത്ത് 'നീ കാഫിറു

കളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് നാഥൻ അവനോട് പറയുന്നതാണ് എന്ന് 39: 58-59 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ കൊണ്ട് ജിന്ന് കൂട്ടുകാരനെ വിശ്വാസിയാക്കാത്ത കപടവിശ്വാസികളായ മനുഷ്യർ അറബി ഖുർആൻ കേൾക്കുന്നതിൽ നിന്നോ വായിക്കുന്നതിൽ നിന്നോ ആരെയും തടയുകയില്ല, മറിച്ച് അദ്ദിക്ർ കേൾക്കുന്നതിൽ നിന്നാണ് തടയുക എന്ന് 25: 29; 41: 26-28 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 256-257; 5: 55-56, 90-91; 6: 112, 158; 19: 83 വിശദീകരണം നോക്കുക.

28. അവർ ഒരു നീചവൃത്തി ചെയ്യാനിടയായാൽ അവർ പറയുന്നു: അത് ഞങ്ങളുടെ പൂർവ്വികപിതാക്കളിൽ ഞങ്ങൾ കണ്ടെത്തിയിട്ടുള്ളതാണ്, അതുകൊണ്ട് അല്ലാഹു ഞങ്ങളോട് കൽപിച്ചിട്ടുള്ളതുമാണ്; നീ പറയുക: നിശ്ചയം അല്ലാഹു ഒരിക്കലും നീചവൃത്തി കൊണ്ട് കൽപിക്കുകയില്ല, നിങ്ങൾക്ക് അറിവില്ലാത്ത കാര്യങ്ങൾ നിങ്ങൾ അല്ലാഹുവിന്റെ മേൽ പറഞ്ഞുകൊണ്ടിരിക്കുന്നുവോ?

ജാഹിലിയ്യാ കാലത്തുള്ള അറബികളുടെ ആണും പെണ്ണും നഗ്നരായിക്കൊണ്ടുള്ള കഅ്ബാ പ്രദക്ഷിണത്തെക്കുറിച്ചാണ് ഈ സൂക്തം പരാമർശിക്കുന്നത്. ജനിച്ചതുപോലെത്തന്നെയാവണമെന്ന് കരുതിക്കൊണ്ടായിരുന്നു അവർ അപ്രകാരം ചെയ്തിരുന്നത്. അവർ അവരുടെ പിതാക്കന്മാരുടെ ചര്യ പിൻപറ്റുകയാണെന്നും അത് അല്ലാഹു കൽപിച്ചതുകൊണ്ട് തന്നെയാണെന്ന് വാദിക്കുകയും ചെയ്തിരുന്നു. ആത്മാവിനും പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ദേഹേച്ഛക്കും ഐഹികലോകത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നവരാണ് നരകക്കുണ്ഠത്തിലേക്കുള്ള ഫുജ്ജാറുകൾ. ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്തത് കാരണം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ അവരുടെ കർമപുസ്തകത്തിൽ നമസ്കാരത്തിലടക്കം പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് കൊത്തിവെച്ചുകൊണ്ടിരിക്കുന്നത്. നിശ്ചയം നമസ്കാരം നീചവും നിന്ദ്യവുമായ പ്രവർത്തനങ്ങളെത്തൊട്ട് തടയുക തന്നെ ചെയ്യുമെന്നാണ് 29: 45 ൽ പറഞ്ഞിട്ടുള്ളതെങ്കിൽ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളുടെ നമസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ കർമങ്ങളെല്ലാം നീചവും നിന്ദ്യവുമായ പ്രവർത്തനങ്ങളിൽ മുഴുകാൻ അവരെ പ്രേരിപ്പിക്കുന്നതും അവ എല്ലാ മ്ലേച്ഛപ്രവർത്തനങ്ങൾക്കുമുള്ള ഒരു മറയുമാണ്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായ അവർ 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരാണ്. 2: 10 ൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന അവർ നാഥനെക്കുറിച്ചും പ്രവാചകന്മാരെക്കുറിച്ചും നബിമാരെക്കുറിച്ചും വിശ്വാസികളെക്കുറിച്ചും സ്വർഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചുമെല്ലാം പറയുന്നത് മുഴുവനും മിഥ്യയാണ്. 1: 7; 2: 165-167; 4: 91; 18: 49 വിശദീകരണം നോക്കുക.

29. നീ പറയുക: എന്റെ നാഥൻ നീതി കൊണ്ട് കൽപിക്കുന്നു, എല്ലാ ഓരോ പള്ളികളിലും നമസ്കാരവേളയിൽ നിങ്ങൾ നിങ്ങളുടെ മുഖങ്ങൾ അവനുനേരെ ആക്കുകയും ചെയ്യുവീൻ, ജീവിതം മുഴുവൻ അവന് മാത്രമാക്കിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുവീൻ, എപ്രകാരം അവൻ നിങ്ങളെ തുടക്കത്തിൽ സൃഷ്ടിച്ചുവോ, അപ്രകാരം അവൻ നിങ്ങളെ മടക്കുന്നതുമാണ്.

4: 135; 5: 8, 42 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നീതി കൊണ്ട് ഉദ്ദേശിക്കുന്നത് ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ തന്നെയാണ്. മക്കയിലുള്ള 'കഅ്ബ' ഭൂമിയുടെ കേന്ദ്രവും, നാഥന്റെ പ്രതീകവുമായതിനാൽ എല്ലായ്പ്പോഴും പ്രത്യേകിച്ച് നമസ്കാരവേളയിൽ

ആത്മാവുകൊണ്ട് കഅ്ബയെ ശ്രദ്ധാകേന്ദ്രമാക്കണമെന്നാണ് സൂക്തം കൽപിക്കുന്നത്. 6: 104 ൽ വിവരിച്ച ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ കൊണ്ട് മാത്രമാണ് അതിന് സാധിക്കുക. ആത്മാവിന്റെ ഉടമയായ നാഥൻ 5: 97 ൽ വിവരിച്ച പ്രകാരം കഅ്ബയെ മൊത്തം മനുഷ്യർക്ക് ശ്രദ്ധാകേന്ദ്രമായി തെരഞ്ഞെടുത്തത് മനുഷ്യർ അവരുടെ ജീവിതം നാഥനുമായി ബന്ധപ്പെടുത്തി സ നിലകൊള്ളണമെന്ന് പഠിപ്പിക്കാനാണ്.

ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ വിശ്വാസിയായിക്കൊണ്ട് 58: 22 ൽ പറഞ്ഞ നാഥന്റെ ഏകസംഘത്തിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നത്, അവൻ/അവൾ 2: 256 ൽ പറഞ്ഞ പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുക തന്നെ വേണം. അത്തരം വിശ്വാസി മാത്രമാണ് 2: 145–150 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കഅ്ബയെ ശ്രദ്ധാകേന്ദ്രമായി സ്വീകരിച്ച് നിലകൊള്ളുന്നത്. അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന 1000 ത്തിൽ 999 ഫുജ്ജാറുകളും വിവിധ സംഘടനകളായി പിരിഞ്ഞ് 58: 19 ൽ പറഞ്ഞ കാഫിറായ പിശാചിന്റെ സംഘത്തിൽ പെട്ടവരാണ്. അവരുടെ പ്രാർത്ഥനകളും അനുഷ്ഠാനങ്ങളുമെല്ലാം നാഥനെ വിസ്മരിച്ചുകൊണ്ടുള്ളതായതിനാൽ നന്മ കൽപിക്കുന്നതിനുപകരം തിന്മ കൽപിക്കുന്നതും പിശാചിനുള്ളതുമാണ്. അവർ ഇവിടെ ലക്ഷ്യബോധമില്ലാതെ ജീവിച്ചതിന് പിഴയായി 9: 67–68; 25: 65–66; 48: 6 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠമാണ് അവർക്ക് ലഭിക്കുക. മനുഷ്യൻ എപ്രകാരം ഈ ലോകത്ത് സൃഷ്ടിക്കപ്പെട്ടുവോ, അപ്രകാരം പരലോകത്ത് രണ്ടാമതും സൃഷ്ടിക്കപ്പെടുന്നതാണ്. അന്ന് ഇഹലോകത്തെ തന്റെ പതിനഞ്ച് വയസ്സിന് ശേഷമുള്ള ഓരോ നിമിഷത്തെക്കുറിച്ചും സ്രഷ്ടാവിന്റെ മുമ്പിൽ അവൻ ഒറ്റക്കൊറ്റക്കായി കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതുമാണ്. 1: 4; 6: 93–94, 130, 7: 205–206;17: 13–14 വിശദീകരണം നോക്കുക.

30. ഒരുവിഭാഗം സന്മാർഗത്തിലും മറ്റൊരു വിഭാഗമാകട്ടെ, അവരുടെമേൽ വഴികേടും ബാധകമായി, നിശ്ചയം അവർ അല്ലാഹുവിനെക്കൂടാതെ പിശാചുക്കളെ തങ്ങളുടെ രക്ഷാധികാരികളാക്കി വെക്കുകയും നിശ്ചയം അവർ സന്മാർഗത്തിലാണെന്ന് കണക്കുകൂട്ടുകയും ചെയ്തു.

10: 47 ൽ വിവരിച്ച പ്രകാരം എല്ലാ ഓരോ സമുദായത്തിലേക്കും അദ്ദിക്ർ കൊണ്ട് ഒരു പ്രവാചകനെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ 4: 118 ൽ വിവരിച്ച പ്രകാരം എല്ലാ പ്രവാചകന്മാരുടെയും ജനതയിൽ പെട്ട 1000 ത്തിൽ 999 പേരും ഫുജ്ജാറുകളായതിനാൽ സന്മാർഗമായ അദ്ദിക്റിനെയും പ്രവാചകന്മാരെയും തള്ളിപ്പറയുകയാണുണ്ടായത്. അന്ത്യ പ്രവാചകനായി മുഹമ്മദ് നിയോഗിക്കപ്പെട്ടതുമുതൽ അന്ത്യനാൾ വരെയുള്ള മൊത്തം മനുഷ്യർ മുഹമ്മദിന്റെ സമുദായമാണ്. 2: 185 ൽ വിവരിച്ച പ്രകാരം മൊത്തം മനുഷ്യർക്കുള്ള സന്മാർഗമായ അദ്ദിക്ർ ഏൽപിക്കപ്പെട്ടിട്ടുള്ളത് 35: 32 ൽ പറഞ്ഞ പ്രകാരം പ്രവാചകന്റെ ജനതയെയാണ്. എന്നാൽ 3: 7 ൽ വിവരിച്ച പ്രകാരം അവരിൽ നിന്നുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരും നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിലുള്ള അവരുടെ വിധി സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റാത്തവരും അർഹതയില്ലാതെ സന്മാർഗത്തിലാണെന്ന് അഹങ്കരിക്കുന്നവരുമാണ്. 18: 103 ൽ, അല്ലാഹു പ്രവാചകനോട് ചോദിക്കാൻ പറയുന്നു: പ്രവൃത്തികൾ മുഴുവൻ പാഴായിപ്പോയവർ ആരാണെന്ന് നാം നിങ്ങൾക്ക് വിവരം പറഞ്ഞ് തരട്ടെയോ എന്നും; 18: 104 ൽ, ഇഹലോകത്ത് അവരുടെ പ്രയത്നങ്ങൾ ലക്ഷ്യം പിഴച്ചിരിക്കുന്നു, എന്നാൽ നിശ്ചയം അവർ ഉത്പാദിപ്പിക്കുന്നത് ഏറ്റവും

നല്ലതാണെന്ന് അവർ കണക്കുകൂട്ടുന്നു എന്നും; 18: 105 ൽ, അക്കൂട്ടർ തങ്ങളുടെ നാഥന്റെ സൂക്തങ്ങൾ മൂടിവെച്ചവരും അവനെ കണ്ടുമുട്ടുമെന്ന വസ്തുതയെ നിഷേധിച്ചവരുമാണ്, അപ്പോൾ അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായിക്കഴിഞ്ഞു, വിധിദിവസം അവർക്ക് ത്രാസിൽ തൂക്കമുണ്ടാവുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റിൽ നിന്ന് അകന്നാൽ അവർ പിശാചിന്റെ കെണിയിലകപ്പെടുകയും സന്മാർഗത്തിൽ നിന്ന് വഴിപിഴക്കുകയും ചെയ്യും. പിശാച് അവന് 6: 43 ൽ പറഞ്ഞ പ്രകാരം ഐഹികജീവിതം അലങ്കാരമാക്കിക്കൊടുക്കുന്നതും അങ്ങനെ അവരെ അവൻ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് തടഞ്ഞ് ജീവിതലക്ഷ്യം നഷ്ടപ്പെടുത്തി എല്ലാം നഷ്ടപ്പെട്ടവരാക്കുന്നതുമാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുന്നില്ല. എന്നാൽ അവർ വായിച്ച, തൊട്ട, കണ്ട, കേട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 1: 7; 2: 62, 38-39 ;165-167, 174-175 വിശദീകരണം നോക്കുക.

31. ഓ ആദം സന്താനങ്ങളേ! നിങ്ങൾ എല്ലാ ഓരോ പള്ളികളിലും നിങ്ങളുടെ അലങ്കാരങ്ങൾ സ്വീകരിച്ചുകൊള്ളുവീൻ, നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവീൻ, നിങ്ങൾ അതിരുകവിയാതിരിക്കുകയും ചെയ്യുവീൻ, നിശ്ചയം അതിരുകവിയുന്നവരെ അവൻ ഇഷ്ടപ്പെടുന്നില്ല.

ഈ സൂക്തം മൊത്തം മനുഷ്യരെ അഭിസംബോധന ചെയ്യുന്നു. പ്രാർത്ഥനാവേളയിൽ അലങ്കാരങ്ങളെല്ലാം ഉപയോഗപ്പെടുത്തണമെന്നാണ് സൂക്തം കൽപിക്കുന്നത്. ഭൗതിക ഭരണാധികാരികളുടെ മുമ്പിലും വിവാഹാഘോഷചടങ്ങുകളിലും മറ്റും വൃത്തിയിലും ഭംഗിയിലും വസ്ത്രം ധരിച്ചെത്തുന്നവർ രാജാധിരാജന്റെ മുമ്പിൽ നിൽക്കുമ്പോൾ ഷർട്ടില്ലാതെയും ലുങ്കിയും കൈലിയും അതുപോലെ മറ്റു മുഷിഞ്ഞ വസ്ത്രങ്ങളണിഞ്ഞുമാണ് പ്രത്യക്ഷപ്പെടുന്നത്. അദ്ദിക്ർ കൊണ്ട് ആത്മാവിനെ ശുദ്ധീകരിച്ച് വിശ്വാസിയാകാതെ അനുവദനീയമല്ലാത്ത രീതിയിൽ സമ്പാദിച്ചുകൊണ്ട് ശരീരത്തിന്റെ വസ്ത്രം മാത്രം വൃത്തിയുള്ളതാക്കി നടന്നതുകൊണ്ടും യാതൊരു പ്രയോജനവുമില്ല. അത്തരക്കാരുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയില്ല. വിശ്വാസികൾ 2: 172 ൽ വിവരിച്ച പ്രകാരം പരിശുദ്ധവും അനുവദനീയവുമായ ഭക്ഷണവിഭവങ്ങൾ മാത്രം ഉപയോഗിക്കുന്നവരും നാഥനെ മാത്രം സേവിക്കുന്നവരും നാഥനോട് മാത്രം നന്ദി പ്രകടിപ്പിക്കുന്നവരുമാകാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ വിസ്മരിച്ച് കെട്ടജനതയായിത്തീർന്നവരും എല്ലാ ജീവിത മേഖലകളിലും 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ട് അവിഹിത മാർഗങ്ങളിലൂടെ സമ്പാദിക്കുന്നവരും അതിരുകവിഞ്ഞ ധൂർത്തന്മാരും നന്ദികെട്ടവരുമാണ്. 2: 114; 3: 17; 4: 43; 6: 141; 38: 8 വിശദീകരണം നോക്കുക.

32. നീ ചോദിക്കുക: അല്ലാഹു തന്റെ അടിമകൾക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളതായ അലങ്കാരങ്ങളും ഭക്ഷണവിഭവങ്ങളിൽ നിന്നുള്ള പരിശുദ്ധമായവയും നിഷിദ്ധമാക്കിയവൻ ആരാണ്? നീ പറയുക: അവ ഭൗതികജീവിതത്തിൽ വിശ്വാസികളായവർക്ക് വേണ്ടിയുള്ളതാണ്, വിധിദിവസം അത് അവർക്ക് മാത്രമുള്ളതുമാണ്, അപ്രകാരം നാം നമ്മുടെ സൂക്തങ്ങൾ അറിവുള്ള ഒരു ജനതക്ക് വേണ്ടി വ്യക്തമായി വിവരിക്കുകയാകുന്നു.

എല്ലാ ഭക്ഷണവിഭവങ്ങളും അലങ്കാരങ്ങളും അല്ലാഹുവിന്റെ പ്രതിനിധികളായി ജീവിക്കുന്ന വിശ്വാസികൾ ഉപയോഗിക്കുന്നതാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. എന്നാൽ 3:

196–197 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾക്കും മുശ്രിക്കുകൾക്കും പ രലോകത്ത് നരകശിക്ഷയാണുള്ളത് എന്നതിനാൽ നിഷ്പക്ഷവാനായ നാഥൻ ഇഹലോ കത്ത് അവർക്ക് ജീവിതവിഭവങ്ങൾ യഥേഷ്ടം നൽകിയിരിക്കുകയാണ്. അദ്ദിക്റിനെ സ ത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികൾ അവർക്ക് നൽകപ്പെട്ട എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ സ്വന്തം ആവശ്യങ്ങൾക്ക് മി തമായി ഉപയോഗപ്പെടുത്തുകയും ബാക്കിയുള്ളവ പ്രപഞ്ചത്തിലെ 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗി ക്കുകയുമാണ് ചെയ്യുക. 43: 33–35 സൂക്തങ്ങളിൽ, മനുഷ്യരെല്ലാം ഒറ്റ സമുദായമാകുമായി രുന്നില്ലെങ്കിൽ നിഷ്പക്ഷവാനെ നിഷേധിക്കുന്നവർക്ക് അവരുടെ വീടുക ളുടെ മച്ചുക ളും അതിലേക്ക് കയറിപ്പോകാനുള്ള കോണിപ്പടികളും നാം വെള്ളിയാലുള്ളതാക്കുമാ യിരുന്നു; അവരുടെ വീടുകളുടെ വാതിലുകളും അവർക്ക് ചാരിക്കിടക്കാനുള്ള കട്ടിലുക ളുമെല്ലാം നവരത്നങ്ങളാലുള്ളതുമാക്കുമായിരുന്നു, എന്നാൽ അവ ഓരോന്നും തന്നെ ഐഹിക ജീവിതത്തിലെ വിഭവങ്ങൾ മാത്രമാകുന്നു, പരലോകമാകട്ടെ നിന്റെ നാഥന്റെ പക്കൽ സൂക്ഷ്മാലുക്കൾക്കുള്ളതുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 46: 20 ൽ, കാഫിറുകളാ യവരെ നരകത്തിന്റെമേൽ പ്രദർശിപ്പിക്കപ്പെടുന്ന നാളിൽ! നിങ്ങൾക്ക് പരിശുദ്ധമായതെ ല്ലാം നിങ്ങളുടെ ഐഹികജീവിതത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്, നിങ്ങൾ അവ ശരിക്കും ആസ്വദിച്ചിട്ടുമുണ്ട്; അപ്പോൾ ഇന്നേദിനം നിങ്ങൾക്ക് ഹീനമായ ശിക്ഷയാണ് പ്രതിഫല മായി നൽകപ്പെടാനുള്ളത് –നിങ്ങൾ ഭൂമിയിൽ സത്യം കൂടാതെ അഹങ്കരിച്ചിരുന്നതു കൊണ്ടും നിങ്ങൾ തെമ്മാടികളായിരുന്നതുകൊണ്ടും എന്നും പറഞ്ഞിട്ടുണ്ട്. 1: 2; 5: 100; 7: 8–9 വിശദീകരണം നോക്കുക.

33. നീ പറയുക: നിശ്ചയം എന്റെ നാഥൻ നിഷിദ്ധമാക്കിയിട്ടുള്ളത് നീചവൃത്തിക ളിൽ നിന്നുള്ള പ്രത്യക്ഷമായ ഒന്നും പരോക്ഷമായ ഒന്നും കുറ്റകൃത്യങ്ങളും ന്യായം കൂടാതെയുള്ള അതിക്രമങ്ങളും അല്ലാഹു യാതൊരു പ്രമാണവും അ വതരിപ്പിച്ചിട്ടില്ലാത്തതിനെ നിങ്ങൾ അല്ലാഹുവിനെക്കൊണ്ട് പങ്കുചേർക്കലും നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ മേൽ പറഞ്ഞുകൊ ണ്ടിരിക്കലുമാകുന്നു.

'കുറ്റം'എന്നാൽ, തന്റെ ഉടമയായ അല്ലാഹുവിന്റെ തൃപ്തിക്ക് വിരുദ്ധമായ പ്രവൃത്തി കളാണ്. കരുതിക്കൂട്ടി ചെയ്യുന്നതിനെ കുറ്റം എന്നും അബദ്ധത്തിൽ ചെയ്യുന്നതിന് തെറ്റ് എന്നുമാണ് പറയുക. ന്യായം കൂടാതെയുള്ള അതിക്രമമെന്ന് പറഞ്ഞാൽ, അദ്ദിക്ർ കൂടാ തെയുള്ള ഊറ്റം നടിക്കലും പൊങ്ങച്ചം നടിക്കലും അഹങ്കരിക്കലും അസൂയ കാണിക്ക ലും പുറം പൂച്ച് പറയലും പണ്ഡിതനാണെന്ന ഭാവം നടിക്കലുമെല്ലാമാണ്. 7: 146 ൽ, അ ദ്ദിക്ർ കൂടാതെ ഭൂമിയിൽ പണ്ഡിതനാണെന്ന് അഹന്ത നടിച്ച് നടക്കുന്നവരെ അല്ലാഹു അവന്റെ സൂക്തങ്ങളെത്തൊട്ട് പിന്തിരിപ്പിച്ചുകളയുക തന്നെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. യഥാർത്ഥ അറിവും പ്രമാണവുമായ അദ്ദിക്ർ ഇല്ലാതെ അല്ലാഹുവിനെക്കുറിച്ച് വാതോ രാതെ സംസാരിച്ചുകൊണ്ടിരിക്കുന്നതും കുറ്റം തന്നെയാണ്.

നാഥന്റെ വീടായ സ്വർഗത്തിലേക്കുള്ള ഏകപാതയും പിശാചിന്റെ വീടായ നരകക്കു ണ്ഠത്തിലേക്കുള്ള വിവിധങ്ങളായ പിഴച്ച പാതകളും തിരിച്ചറിയാനുള്ള ഉരക്കല്ലാണ് അ ദ്ദിക്ർ. 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന ഫുജ്ജാറുകളായ ഇവർ ഭ്രാന്തന്മാരായ കെട്ടജനതയും പിശാചിനെ സേവിക്കുന്നവരുമാണ്. അവർ നാവു കൊണ്ട് 'അല്ലാഹ് അല്ലാഹ്' എന്ന് പറയുന്നവരാണെങ്കിലും ജിന്നുകൂട്ടുകാരനെ അദ്ദിക്ർ

കൊണ്ട് വിശ്വാസിയാക്കാത്തതിനാൽ അവരുടെ ഹൃദയത്തിൽ കുടികൊള്ളുന്നത് പിശാചാണ്. 4: 48, 150–151, 174–175; 6: 151–152 വിശദീകരണം നോക്കുക.

34. എല്ലാ ഓരോ സമുദായത്തിനും ഒരു അവധിയുണ്ട്, അപ്പോൾ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ അവരെ ഒരു നിമിഷം പിന്തിക്കുകയില്ല, ഒരു നിമിഷം മുന്തിക്കുകയുമില്ല.

എല്ലാ ഓരോ വ്യക്തിക്കും ജനതക്കും സമൂഹത്തിനും സമുദായത്തിനുമെല്ലാം ഒരു നിശ്ചിത അവധി ത്രികാലജ്ഞാനിയായ അല്ലാഹു നേരത്തെത്തന്നെ നിശ്ചയിച്ചിട്ടുണ്ട്. ആ അവധി എത്തിക്കഴിഞ്ഞാൽ ഒരാളേയും ഇവിടെ അവശേഷിപ്പിക്കുകയോ ആ അവധി എത്തുന്നതിനുമുമ്പ് ഒരാളേയും തിരിച്ചുവിളിക്കുകയോ ഇല്ല. ത്രികാലജ്ഞാനിയായ നാഥൻ എല്ലാ ഓരോ ജീവിക്കും ഭക്ഷണം, വെള്ളം, ജീവിതാവധി എന്നിവയെല്ലാം നിജപ്പെടുത്തി അവന്റെ ഗ്രന്ഥത്തിൽ (അദ്ദിക്റിൽ) രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. 2: 62 ൽ വിവരിച്ച പ്രകാരം വിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യൻ ഗ്രന്ഥത്തിൽ നിന്ന് ഇതെല്ലാം മനസ്സിലാക്കി നാഥന്റെ പ്രതിനിധിയായി നിലകൊള്ളുകയും 1000 സമുദായങ്ങളിൽ പെട്ട ജീവികളുടെ ക്ഷേമ ഐശ്വര്യങ്ങൾ ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യേണ്ടതാണ്. എന്നാൽ ഗ്രന്ഥത്തിന്റെ 40 പേരുകളും സത്യപ്പെടുത്തി നാഥനെ കണ്ടുകൊണ്ട് ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി മാത്രമേ അത്തരം പ്രവർത്തനങ്ങളിൽ മുഴുകുകയുള്ളൂ. പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും അമാനത്തുമായ അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനാണ്. എന്നാൽ കെങ്കേമന്മാരും ഭ്രാന്തന്മാരുമായ കപടവിശ്വാസികൾക്ക് 6: 123 ൽ വിവരിച്ചതുപോലെ നാടുകൾ നശിപ്പിക്കുന്നതിന് വേണ്ടിയുള്ള ഗൂഢതന്ത്രങ്ങൾ പയറ്റാനുള്ള അവസരം പിശാച് നൽകിയിരിക്കുന്നതിനാൽ അവരുടെ കരങ്ങളാലാണ് ലോകം നശിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, യുദ്ധം, ജലക്ഷാമം, ജലപ്രളയം, ഭക്ഷണദൗർലഭ്യം തുടങ്ങിയവ കൊണ്ടുള്ള ദുരിതത്താൽ ആയിരം സമുദായങ്ങളിൽ പെട്ട ജീവികൾ പ്രയാസപ്പെടുന്നതും ജീവൻ നഷ്ടപ്പെടുന്നതുമൊന്നും ശ്രദ്ധിക്കാതെ അവരുടെ മാത്രം സുഖഭോഗങ്ങളിൽ മുഴുകി ഐഹികലോകത്തുവെച്ച് സ്വർഗം ആസ്വദിക്കുന്നവരാണ് ഇവർ. 6: 2, 55, 133; 9: 51; 10: 47–49, 61 വിശദീകരണം നോക്കുക.

35. ഓ ആദം സന്തതികളേ! എന്റെ സൂക്തങ്ങൾ നിങ്ങളുടെ മേൽ വഴിക്കുവഴിയായി വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങളിലേക്ക് വന്നെത്തിയാൽ, അപ്പോൾ ആരാണോ സൂക്ഷ്മാലുക്കളാവുകയും പ്രവർത്തനങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്തത്, അപ്പോൾ അവരുടെ മേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല.

ഈ സൂക്തം ആദം സന്തതികളെ അഭിസംബോധനം ചെയ്തുകൊണ്ടുള്ളതായതിനാൽ മൊത്തം മനുഷ്യരോടാണ് അഭിസംബോധനം. 4: 163–164 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാരും നാഥന്റെ ത്രികാലജ്ഞാനമായ അദ്ദിക്ർ കൊണ്ടാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. 'എന്റെ സൂക്തങ്ങൾ നിങ്ങളുടെ മേൽ വഴിക്കുവഴിയായി വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള പ്രവാചകന്മാർ നിങ്ങളിലേക്ക് വന്നാൽ' എന്ന് പറഞ്ഞതിലെ റുസുൽ -പ്രവാചകന്മാർ- എന്ന് ബഹുവചനത്തിൽ പ്രയോഗിച്ചതിനെ വളച്ചൊടിച്ചുകൊണ്ട് ചില കള്ളവാദികൾ അന്ത്യപ്രവാചകനായ മുഹമ്മദിന് ശേഷവും പ്രവാചകന്മാർ വരും എന്ന് പ്രചരിപ്പിക്കുന്നുണ്ട്. സൂക്തത്തിൽ ആദം സന്തതികളേ എന്ന് വിളിച്ചത് മൊത്തം മനുഷ്യസമൂഹത്തെയാണ് എന്ന വസ്തുത വളച്ചൊ

ടിച്ച് പ്രവാചകൻ മുഹമ്മദിന്റെ നിയോഗത്തിന് ശേഷമുള്ളവരെ മാത്രം അഭിസംബോധനം ചെയ്യുന്നതായി തെറ്റിദ്ധരിപ്പിച്ച് പ്രവാചകൻ മുഹമ്മദിന്റെ കാലശേഷം പ്രവാചകന്മാർ വരുമെന്ന അവരുടെ കള്ളവാദം സമർപ്പിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. 33: 40 ൽ 'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല, മറിച്ച് അല്ലാഹുവിന്റെ പ്രവാചകനും നബിമാർക്ക് മുദ്ര വെച്ചുകൊണ്ട് വന്നവനുമാകുന്നു' എന്ന് പറഞ്ഞിട്ടുള്ളതിനാൽ മുഹമ്മദ് നബിക്ക് ശേഷം പ്രവാചകൻ എന്നല്ല, നബി പോലും വരികയില്ല. ഈസാ രണ്ടാമത് വരുന്നത് നബിയോ പ്രവാചകനോ ആയിട്ടല്ല. മറിച്ച് 6: 158; 43: 61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായിക്കൊണ്ടാണ്. പ്രപഞ്ചനാഥൻ 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ അദ്ദിക്ർ രൂപപ്പെടുത്തിയിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഒരാളും വിശ്വാസിയാവുകയില്ല. വിശ്വാസിയാകാതെ ഒരാളിൽ നിന്നും പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയുമില്ല. 2: 38, 146; 3: 78; 4: 91 വിശദീകരണം നോക്കുക.

36. നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുന്നവരായവരും അതിനെത്തൊട്ട് അഹങ്കരിക്കുന്നവരുമുണ്ടല്ലോ, അക്കൂട്ടർ നരകത്തിന്റെ സഹവാസികളാകുന്നു, അവർ അതിൽ നിത്യവാസികളുമാകുന്നു.

അദ്ദിക്റിനെ തള്ളിപ്പറയുന്നവർ ഫാജിറുകളും എല്ലാം പഠിച്ച് തികഞ്ഞവരാണെന്ന് അഹങ്കരിക്കുന്നവർ കപടവിശ്വാസികളുമാണ്. ഈ രണ്ട് കൂട്ടരും ഭ്രാന്തന്മാരാണെന്ന് 7: 40 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം ഭ്രാന്തന്മാരുടെ മരണസമയത്ത് അവരുടെ നാഥൻ പറയുന്നതാണ്: അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിക്കുകയും ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. ഇത്തരം ഫുജ്ജാറുകൾ തന്നെയാണ് മനുഷ്യരിൽ നിന്നുള്ള നരകത്തിന്റെ വിറകുകൾ. 2: 121; 4: 150–151; 6: 25–26 വിശദീകരണം നോക്കുക.

37. അപ്പോൾ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറഞ്ഞവനേക്കാൾ, അല്ലെങ്കിൽ അവന്റെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞവനേക്കാൾ ഏറ്റവും വലിയ അക്രമി ആരാണുള്ളത്? അക്കൂട്ടരാവട്ടെ ഗ്രന്ഥത്തിൽ നിന്നുള്ള ഒരു വിഹിതം ലഭിച്ചവരാകുന്നു, അങ്ങനെ അവരെ മരിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ ദൂതന്മാർ എത്തിക്കഴിഞ്ഞാൽ അവർ അവരോട് ചോദിക്കും: നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നവരെല്ലാം ഇപ്പോഴെവിടെ? അവർ പറയും: അവരൊക്കെ ഞങ്ങളെത്തൊട്ട് പിഴച്ചുപോയിരിക്കുന്നു, നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് അവരുടെ ആത്മാവിനെതിരെ അവർ സാക്ഷ്യം വഹിക്കുന്നതുമാണ്.

എല്ലാ പ്രവാചകന്മാരുടെയും കാലത്തുള്ള കപടവിശ്വാസികളും അവരുടെ അനുയായികളുമാണ് അദ്ദിക്റിനെ തള്ളിപ്പറഞ്ഞവരും മൂടിവെച്ചവരും. 5: 48 ൽ വിവരിച്ച പ്രകാരം അന്ത്യപ്രവാചകനായ മുഹമ്മദിന് അവതരിപ്പിച്ചിട്ടുള്ള അദ്ദിക്ർ സർവലോകർക്കുമുള്ള ഉണർത്തലും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതുമാണ്. എന്നാൽ 7: 26 ൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളതിനാൽ അവരുടെ മരണസമയത്ത് ആത്മാവിനെതിരെ അവർ നിശ്ചയം കാഫിറുകൾ തന്നെയായിരുന്നു എന്ന്

സാക്ഷ്യം വഹിക്കുന്നതാണ്. 3: 101-102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സത്യമായ അ ദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി നാഥനെ ഹൃദയത്തിൽ സൂക്ഷിക്കു ന്നവർ മാത്രമേ സർവസ്വം നാഥന് സമർപ്പിച്ച മുസ്ലിമായി മരണപ്പെടുകയുള്ളൂ. പ്രവാച കന്റെ സമുദായത്തിൽ പെട്ട ആത്മാവിനെ പരിഗണിക്കുന്ന ഇതരജനവിഭാഗങ്ങൾ ഇത്ത രം സൂക്തങ്ങളൊന്നും വായിച്ചിട്ടില്ലാത്തതിനാൽ അവരുടെ മരണസമയത്ത് 'ഞങ്ങൾ കാഫിറുകളായിരുന്നു' എന്ന് സാക്ഷ്യം വഹിക്കുകയോ; 39: 59 ൽ പറഞ്ഞ പ്രകാരം നാ ഥൻ അവരോട് 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്ന് പറയുകയോ ഇ ല്ല. 2: 24; 3: 10; 4: 159; 6: 130 വിശദീകരണം നോക്കുക.

38. അവൻ പറയും: നിങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയിട്ടുള്ള ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള സമുദായങ്ങളോടൊപ്പം നിങ്ങളും നരകത്തിൽ പ്രവേ ശിച്ചുകൊള്ളുക, എല്ലാ ഓരോ തലമുറയും അതിൽ പ്രവേശിക്കുമ്പോൾ അതി ന്റെ സഹോദരതലമുറയെ ശപിക്കുന്നതാണ്, അങ്ങനെ അവരെല്ലാവരും ആ നരകത്തിൽ ഇടുങ്ങിയ സ്ഥലത്ത് ഒരുമിച്ചുകൂടിയാൽ പിൻഗാമികൾ മുൻഗാമിക ളെ ചൂണ്ടിക്കാണിച്ച് പറയും: ഞങ്ങളുടെ നാഥാ, ഇക്കൂട്ടരാണ് ഞങ്ങളെ വഴി പിഴപ്പിച്ചത്, അപ്പോൾ ഇവർക്ക് നീ നരകത്തിൽ നിന്നുള്ള ഇരട്ടി ശിക്ഷ നൽകി യാലും; അവൻ പറയും: അപ്പോൾ എല്ലാ ഓരോരുത്തർക്കും ഇരട്ടി തന്നെയുണ്ട്, പക്ഷേ നിങ്ങൾ അറിവില്ലാത്തവരാകുന്നു.

സ്രഷ്ടാവ് മാതാപിതാക്കളെ ഏൽപ്പിച്ച മക്കൾക്ക് സ്വർഗത്തിലേക്കുള്ള ടിക്കറ്റായ അ ദ്ദിക്ർ പതിനഞ്ച് വയസ്സിനുമുമ്പ് നൽകാതിരുന്നാൽ പരലോകത്ത് വരാൻ പോകുന്ന രം ഗമാണ് ഈ സൂക്തത്തിലൂടെ അല്ലാഹു മുന്നറിയിപ്പ് നൽകുന്നത്. തങ്ങളുടെ മക്കൾക്ക് അദ്ദിക്ർ പഠിപ്പിക്കാതെ ഭൗതികജീവിതം മോടിപിടിപ്പിക്കാനുള്ള വിദ്യാഭ്യാസം നൽകി ഊറ്റം കൊള്ളുന്ന മാതാപിതാക്കൾ ഭയപ്പെട്ടുകൊള്ളുക. 'എല്ലാ ഓരോരുത്തർക്കും ഇരട്ടി യുണ്ട്' എന്ന് പറഞ്ഞതിന്റെ വിവക്ഷ അദ്ദിക്റിനെ ടിക്കറ്റായി ഉപയോഗപ്പെടുത്താതെയും സന്മാർഗമായ അത് പിൻപറ്റാതെയും അവരവരുടെ ശിക്ഷക്ക് പുറമെ ജിന്നുകൂട്ടുകാരനും മക്കൾക്കും മറ്റുമനുഷ്യർക്കും വിശ്വാസിയാകാനുള്ള സമ്മതപത്രമായ അത് തടഞ്ഞതി നുള്ള ശിക്ഷയും കൂടി ലഭിക്കുമെന്നാണ്. സ്വർഗവും നരകവും പ്രായപൂർത്തിയായ എ ല്ലാ ഓരോരുത്തരും ഇവിടെ വെച്ച് സമ്പാദിക്കുന്നതാണ്.

38: 55-58 സൂക്തങ്ങളിൽ *താഗൂത്തിന്* അടിമപ്പെട്ട് ജീവിച്ചവർക്ക് നരകത്തിൽ ലഭി ക്കാൻ പോകുന്ന ജോടികളായ വിവിധ ശിക്ഷാകഠോരങ്ങളെക്കുറിച്ച് വിവരിച്ച ശേഷം 38: 59 ൽ അല്ലാഹു പറയുന്നു: ഈ സംഘം നിങ്ങളോടൊപ്പം ചേരാനുള്ളവരാണ്, അ പ്പോൾ ആദ്യം നരകത്തിൽ എത്തിച്ചേർന്ന സംഘം (മാതാപിതാക്കൾ) പറയും: അവർക്ക് ഇവിടേക്ക് സ്വാഗതമില്ല, നിശ്ചയം അവരെല്ലാം നരകത്തിൽ വേവിക്കപ്പെടുക തന്നെ ചെ യ്യും. 38: 60 ൽ, പിൻഗാമികളായ മക്കൾ അവരോട് പറയും: അല്ല; നിങ്ങൾക്കാണ് സ്വാഗ തമില്ലാത്തത്, നിങ്ങൾ ഞങ്ങൾക്ക് മുമ്പ് ആ നരകത്തിലേക്ക് വന്നവരാണല്ലോ, അപ്പോൾ നരകം എത്ര മോശപ്പെട്ട താമസസ്ഥലം! 38: 61 ൽ, പിൻഗാമികൾ പറയും: ഞങ്ങളുടെ നാ ഥാ, ഞങ്ങളുടെ മുൻഗാമികൾക്ക് ശിക്ഷ ഇരട്ടിയായി വർദ്ധിപ്പിച്ച് കൊടുത്താലും. 38: 62-63 സൂക്തങ്ങളിൽ, നരകവാസികളെല്ലാം പറയുകയും ചെയ്യും: നമുക്ക് എന്തുപറ്റി? നാം മോശപ്പെട്ടവരെന്ന് കണക്കാക്കി പരിഹസിച്ചിരുന്നവരെയൊന്നും ഈ നരകത്തിൽ കാണു ന്നില്ലല്ലോ, അതോ നമ്മുടെ കൺമുമ്പിൽ അവർ വരാതിരിക്കുകയാണോ? 38: 64 ൽ അ ല്ലാഹു പറയുന്നു: നിശ്ചയം നരകത്തിലെ നിവാസികൾ അപ്രകാരം തർക്കിക്കുമെന്നത്

സത്യം തന്നെയാണ്. 2: 165–167; 4: 85; 6: 27–28 വിശദീകരണം നോക്കുക.

39. മുൻഗാമികൾ പിൻഗാമികളോട് പറയുകയും ചെയ്യും: അപ്പോൾ ഞങ്ങളേക്കാൾ നിങ്ങൾക്ക് ശ്രേഷ്ഠതയുണ്ടായിരുന്നല്ലോ; അതുകൊണ്ട് നിങ്ങൾ സമ്പാദിച്ചു കൊണ്ടിരുന്നതിനുള്ള ശിക്ഷ നിങ്ങൾ തന്നെ രുചിച്ചുകൊള്ളുക.

'ഞങ്ങളേക്കാൾ നിങ്ങൾക്ക് ശ്രേഷ്ഠതയുണ്ടായിരുന്നല്ലോ' എന്ന് മാതാപിതാക്കൾ മക്കളോട് പറയുന്നതിന്റെ വിവക്ഷ: ഞങ്ങളുടെ കാലത്ത് അദ്ദിക്ർ പറഞ്ഞുതരുന്ന സദസ്സുണ്ടായിരുന്നില്ല, ഞങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ അദ്ദിക്ർ എന്ന ആശയഗ്രന്ഥം ഉണ്ടായിരുന്നില്ല, ഞങ്ങൾ എഴുത്തും വായനയും അറിയാത്തവരായിരുന്നു, ഞങ്ങളുടെ കാലത്ത് അദ്ദിക്ർ കേൾക്കാനും വായിക്കാനുമുള്ള ടേപ്പ് റിക്കാർഡർ, ടി.വി, വീഡിയോ, കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളൊന്നും സാർവ്വത്രികമായി ഉണ്ടായിരുന്നില്ല, അവയൊന്നും വാങ്ങിക്കാനും ഉപയോഗപ്പെടുത്താനും ഞങ്ങൾക്ക് സാമ്പത്തികശേഷി ഉണ്ടായിരുന്നില്ല തുടങ്ങി മുൻഗാമികളേക്കാൾ പിൻഗാമികൾക്കുള്ള എല്ലാ അനുഗ്രഹങ്ങളുമാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അല്ലാഹുവിന്റെ തൃപ്തിയിൽ അഥവാ അദ്ദിക്ർ മനസ്സിലാക്കാനും പഠിപ്പിക്കാനും പ്രചരിപ്പിക്കാനും ഉപയോഗപ്പെടുത്താത്തതിന്റെ പ്രതിഫലമായി നിങ്ങൾ സമ്പാദിച്ചത് നിങ്ങൾ തന്നെ ആസ്വദിച്ചുകൊള്ളുക എന്നാണ് സൂക്തം മുന്നറിയിപ്പ് നൽകുന്നത്.

നിങ്ങൾക്ക് ഞങ്ങളുടെ മേൽ ഒരു ശ്രേഷ്ഠതയും ഉണ്ടായിരുന്നില്ല, അപ്പോൾ നിങ്ങൾ സമ്പാദിച്ചുകൊണ്ടിരുന്നതിനുള്ള ശിക്ഷ അനുഭവിച്ചുകൊള്ളുക എന്ന് മാതാപിതാക്കൾ പിൻഗാമികളോട് പറയുന്നതുമാണ് എന്നും ആശയമുണ്ട്. ആരും ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല, അവരവരെത്തന്നെ കുറ്റപ്പെടുത്തുക എന്നാണ് വിചാരണ കഴിഞ്ഞതിന് ശേഷം പിശാച് പറയുക എന്ന് 14: 22 ലും; മാതാപിതാക്കളെ കുറ്റപ്പെടുത്തിയിട്ട് പ്രയോജനമുണ്ടാവുകയില്ല എന്ന് 7: 173 ലും പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ അല്ലാഹു വാകട്ടെ സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കുമുള്ള വഴികൾ വേർതിരിച്ച് തരുന്ന അദ്ദിക്ർ എല്ലാ ഓരോരുത്തർക്കും സ്വർഗ്ഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുമുണ്ട്. 2: 105, 134, 286; 17: 13–15 വിശദീകരണം നോക്കുക.

40. നിശ്ചയം നമ്മുടെ സൂക്തങ്ങൾ തള്ളിപ്പറഞ്ഞവരും അവ കൊള്ളെ അഹങ്കരിക്കുന്നവരും; അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയില്ല, അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയുമില്ല, തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ, അപ്രകാരമാണ് നാം ഭ്രാന്തന്മാർക്ക് പ്രതിഫലം കൊടുക്കുക.

ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഗ്രന്ഥത്തിൽ 52 സൂക്തങ്ങളിൽ പറഞ്ഞ ഭ്രാന്തന്മാർ. അല്ലാഹുവിന്റെ പ്രകാശമായ അദ്ദിക്ർ കൊണ്ട് അഹങ്കാരങ്ങളെല്ലാം കരിച്ചുകളഞ്ഞ് ഞാനില്ല, എന്റേതൊന്നുമില്ല എന്ന് മനസ്സാ വാചാ കർമണാ അംഗീകരിച്ച് ജീവിച്ച് ജനിച്ചതുപോലെ മരിക്കുന്നവർ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ. ഈ സൂക്തത്തിന്റെ *മൗളൂഅത്തുൽ ഹസനത്ത്* ഇങ്ങനെയാണ്: നിശ്ചയം അല്ലാഹുവിന്റെ ഗ്രന്ഥം *തിലാവത്ത്* ചെയ്യുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നവരുണ്ടല്ലോ, അവർക്കുവേണ്ടി സ്വർഗകവാടങ്ങൾ തുറന്ന് വെക്കപ്പെടുകയും അവർ വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്ന

തുമാണ്, അപ്രകാരമാണ് ഏറ്റവും നല്ലതായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ചരിക്കുന്നവർക്ക് നാം പ്രതിഫലം കൊടുക്കുക.

17: 1 ൽ വിവരിച്ചതുപോലെ പ്രവാചകനെ പ്രപഞ്ചനാഥൻ മലക്ക് ജിബ്‌രീൽ മുഖേന ശരീരത്തോടുകൂടി സ്വർഗത്തിലേക്ക് കൊണ്ടുപോവുകയും അവിടെ വെച്ച് പ്രവാചകൻ അല്ലാഹുവിനെ അഭിസംബോധനം ചെയ്യുകയുമുണ്ടായി. ഇന്ന് പ്രകാശമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്തുന്ന വിശ്വാസിക്ക് ആത്മാവുകൊണ്ട് സ്വർഗത്തിലുള്ള നാഥന്റെ അടുത്തേക്ക് കുതിക്കാവുന്നതും നാഥനെ അഭിസംബോധനം ചെയ്യാവുന്നതുമാണ്. അത്തരം വിശ്വാസി നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി മാറ്റുന്നതും 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലേക്കുള്ള സിജ്ജീൻ പട്ടികയിൽ നിന്ന് തന്റെ വിധി 83: 18 ൽ പറഞ്ഞ സ്വർഗത്തിലെ ഇല്ലിയ്യീൻ പട്ടികയിലേക്ക് മാറ്റുന്നതുമാണ്. 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അദ്ദിക്ർ കൊണ്ട് വിധി കൽപ്പിക്കുന്ന വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന സാബിഖീങ്ങൾക്ക് ഏഴ് ആകാശങ്ങളുടെയും വാതിലുകൾ തുറന്ന് വെച്ചിരിക്കുകയാണ് എന്ന് 38: 49-50 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. തങ്ങളുടെ നാഥനെ സൂക്ഷിച്ച് ജീവിച്ചിരുന്നവർ വിചാരണക്ക് ശേഷം സ്വർഗത്തിലേക്ക് കൂട്ടം കൂട്ടമായി പ്രവേശിക്കുമ്പോൾ അതിന്റെ വാതിലുകൾ തുറക്കപ്പെടുകയും 'നിങ്ങളുടെമേൽ സമാധാനമുണ്ട്, നിങ്ങൾ ശാശ്വതരായി അതിൽ പ്രവേശിച്ചുകൊള്ളുക' എന്ന് അതിന്റെ പാറാവുകാർ അവരോട് പറയുകയും ചെയ്യുന്നതാണ് എന്ന് 39: 73 ലും പറഞ്ഞിട്ടുണ്ട്. 3: 138; 4: 174-175; 5: 62; 6: 55 വിശദീകരണം നോക്കുക.

41. അവർക്ക് നരകക്കുണ്ഠത്തിൽ തീ കൊണ്ടുള്ള തൊട്ടിലുകളുണ്ട്, അവരുടെ മീതെ തീജ്വാലയാലുള്ള പുതപ്പുകളുമുണ്ട്, അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം കൊടുക്കുക.

'അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം കൊടുക്കുക' എന്ന് പറഞ്ഞതിലെ അക്രമികൾ 7: 40 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥത്തിലെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞ് കളവാക്കുന്ന ഫാജിറുകളും അതിനെത്തൊട്ട് എല്ലാം പഠിച്ചുതികഞ്ഞവനാണെന്ന് അഹന്ത നടിക്കുന്ന കപടവിശ്വാസികളും അടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ്. തന്റെ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കപ്പെടുകയും പിന്നെ അതിനെ അവഗണിച്ച് പോവുകയും ചെയ്യുന്നവരാണ് ഏറ്റവും വലിയ അക്രമികൾ, ഇത്തരം ഭ്രാന്തന്മാരോട് നിശ്ചയം നാഥൻ പ്രതികാരം ചെയ്യുക തന്നെ ചെയ്യും എന്ന് 32: 22 ൽ പറഞ്ഞിട്ടുണ്ട്. അക്രമികളായ കപടവിശ്വാസികളെയും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവരെയും ശിക്ഷിക്കാൻ വേണ്ടിയാണ് *അമാനത്തായ* അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 33: 72-73 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 91, 196-197; 6: 21, 144; 10: 17-18 വിശദീകരണം നോക്കുക.

42. വിശ്വാസികളായവരും ആ വിശ്വാസം മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുമുണ്ടല്ലോ, ഒരു ആത്മാവിനും അതിന് വഹിക്കാൻ കഴിയാത്ത ചുമതല നാം ചുമത്തിയിട്ടില്ല, അക്കൂട്ടർ സ്വർഗത്തിന്റെ സഹവാസികളാണ്, അവർ അതിൽ നിത്യവാസികളുമായിരിക്കും.

സൂക്തം 36 ൽ പറഞ്ഞവരുടെ വിപരീത സ്വഭാവമുള്ളവരാണ് ഈ സൂക്തത്തിൽ പരാമർശിക്കുന്ന വിശ്വാസികൾ. 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അത് ഉപയോഗപ്പെടുത്താതെ ഒരാൾക്കും വിശ്വാസി

യാവുക സാധ്യമല്ല. അപ്പോൾ അദ്ദിക്ർ ഉപയോഗപ്പെടുത്തി വിശ്വാസിയാവുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ടും 1000 സമുദായങ്ങളിൽ പെട്ട ജീവികൾക്ക് അവയുടെ നാഥനെ ആത്മാവ് കൊണ്ട് വാഴ്ത്താനും കീർത്തനം ചെയ്യാനും അവസരം നൽകുക എന്ന ലക്ഷ്യം വെച്ച് ജൈവകൃഷി ചെയ്തും ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചും നിഷ്പക്ഷവാനായ നാഥനെ സഹായിക്കൽ ഒറ്റപ്പെട്ട വിശ്വാസികളുടെ ബാധ്യതയാണ്. 2: 25; 3: 108; 9: 71–72 വിശദീകരണം നോക്കുക.

43. അവരുടെ നെഞ്ചകങ്ങളിലുള്ള പരസ്പര വിദ്വേഷങ്ങളെ നാം നീക്കിക്കളയുന്നതും അവരുടെ താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതുമാണ്; അവർ പറയുകയും ചെയ്യും: ഈ സ്വർഗം ലഭിക്കത്തക്ക വിധം നമ്മെ മാർഗദർശനം ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും; അല്ലാഹു നമ്മെ മാർഗദർശനം ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിൽ നാം മാർഗദർശനം ചെയ്യപ്പെട്ട വരാകുമായിരുന്നില്ലല്ലോ, നിശ്ചയം നമ്മുടെ നാഥന്റെ പ്രവാചകന്മാർ സത്യം കൊണ്ടുവന്നവർ തന്നെയായിരുന്നു, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി ഈ സ്വർഗം നിങ്ങൾ അനന്തരാവകാശമായി എടുത്തുകൊള്ളുക എന്ന് വിളിച്ച് പറയപ്പെടുകയും ചെയ്യും.

അല്ലാഹുവിന്റെ ഏകസംഘത്തിൽ പെട്ട വിശ്വാസികൾ അവരുടെ ഹൃദയങ്ങളിലുള്ള പരസ്പര വിദ്വേഷങ്ങളെ അദ്ദിക്ർ കൊണ്ട് നീക്കിക്കളഞ്ഞ് ഒറ്റ ശരീരമെന്നോണം ഐക്യപ്പെടേണ്ടതാണ്. 9: 71–72 സൂക്തങ്ങളിൽ, വിശ്വാസികളായ പുരുഷന്മാരും വിശ്വാസികളായ സ്ത്രീകളും പരസ്പരം മിത്രങ്ങളും സംരക്ഷകരുമാണ്, അവർ നന്മ കൊണ്ട് കൽപിക്കുന്നവരും തിന്മയെത്തൊട്ട് തടഞ്ഞുകൊണ്ടിരിക്കുന്നവരുമാണ്, അവർ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവരും സകാത്ത് നൽകുന്നവരും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുന്നവരുമാണ്, അക്കൂട്ടർക്ക് അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുക തന്നെ ചെയ്യും, നിശ്ചയം അല്ലാഹു അജയ്യനായ യുക്തിജ്ഞാനിയാണ്. വിശ്വാസികളായ പുരുഷന്മാരോടും വിശ്വാസികളായ സ്ത്രീകളോടും അല്ലാഹു താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗപ്പൂന്തോപ്പുകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്, അവർ അതിൽ നിത്യവാസികളായിരിക്കും, ആ നിത്യാനുഗ്രഹസ്വർഗ്ഗപ്പൂന്തോപ്പുകളിൽ അവർക്ക് പാവനമായ വസതികളുമുണ്ടായിരിക്കും, അതിനെല്ലാം പുറമെ അല്ലാഹുവിൽ നിന്നുള്ള തൃപ്തിയും –അതാകുന്നു ഏറ്റവും വലുത്, അത് മാത്രമാകുന്നു മഹത്തായ വിജയം എന്ന് പറഞ്ഞിട്ടുണ്ട്.

കഴിഞ്ഞുപോയ തലമുറയിൽ പെട്ട 1000 ത്തിൽ ഒന്നായ വിശ്വാസിക്കുവേണ്ടി 59: 10 ൽ പറഞ്ഞ പ്രകാരം ‘ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും ഞങ്ങളുടെ മുമ്പ് വിശ്വാസം കൊണ്ട് മുൻകടന്ന ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ; ഞങ്ങളുടെ ഹൃദയങ്ങളിൽ നീ വിശ്വാസികളായവരുടെമേൽ പകയും വെറുപ്പും ഉണ്ടാക്കരുതേ; ഞങ്ങളുടെ നാഥാ! നിശ്ചയം നീ കൃപാലുവായ കാരുണ്യവാൻ തന്നെയാണ്’ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരാണ് വിശ്വാസികൾ. മനുഷ്യനെ ഭൂമിയിൽ നാഥന്റെ പ്രതിനിധിയായി നിയോഗിച്ചതിന്റെ ലക്ഷ്യം നാലാം ഘട്ടമായ ഇവിടെ വെച്ച് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗ്ഗം പണിയാനാണ് എന്ന ബോധത്തിൽ ജീവിക്കുന്നവനാണ് വിശ്വാസി. നിഷ്പക്ഷവാനായ നാഥൻ ആരെയും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല എന്ന് മനസ്സിലാക്കിക്കൊണ്ട് നാഥനെ പ്രതിനിധീകരിക്കുന്ന വിശ്വാസി, അദ്ദിക്റിനെ

സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായും ഉപയോഗപ്പെടുത്തുന്നതാണ്. 1: 1; 2: 62; 3: 136; 10: 35 വിശദീകരണം നോക്കുക.

44. സ്വർഗവാസികൾ നരകവാസികളെ വിളിച്ച് ചോദിക്കുന്നതുമാണ്: ഞങ്ങളുടെ നാഥൻ ഞങ്ങളോട് ചെയ്ത വാഗ്ദാനങ്ങളെല്ലാം യഥാർത്ഥമായി ഞങ്ങൾ കണ്ടെത്തി; അപ്പോൾ നിങ്ങളുടെ നാഥൻ നിങ്ങളോട് വാഗ്ദത്തം ചെയ്തിരുന്നതെല്ലാം യഥാർത്ഥമായി നിങ്ങളും കണ്ടെത്തിയോ? അവർ പറയും; അതെ, അപ്പോൾ ഒരു വിളിച്ച് പറയുന്നവൻ അവർക്കിടയിൽ നിന്ന് വിളിച്ചുപറയും: നിശ്ചയം അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്.

45. -അല്ലാഹുവിന്റെ പാതയെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വളച്ചൊടിച്ച് ബുദ്ധിമുട്ടുള്ളതാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തവർക്ക്, അവർ പരലോകം കൊണ്ട് നിഷേധിച്ചവർ തന്നെയുമാകുന്നു.

ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളും അതിനെ തള്ളിപ്പറയുന്ന അവരുടെ അനുയായികളുമാണ് അക്രമികൾ. അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന അവരുടെ മേലാണ് നാഥന്റെ ശാപവും കോപവും വർഷിച്ചിട്ടുള്ളത് എന്ന് 48: 6 ൽ പറഞ്ഞിട്ടുണ്ട്. അവർ തന്നെയാണ് കാഫിറുകളും അക്രമികളും തെമ്മാടികളും എന്ന് യഥാക്രമം 5: 44, 45, 47 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സംഘങ്ങളിൽ നിന്ന് ആരാണോ സാക്ഷിയായ അദ്ദിക്റിനെ മൂടിവെക്കുന്നത്, അപ്പോൾ അവനോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് നരകമാണെന്നും നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യമാണെന്നും അപ്പോൾ അതിന്റെ കാര്യത്തിൽ നീ സംശയിക്കരുത്. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ വലിയ അക്രമിയായി ആരുണ്ട്; അക്കൂട്ടർ തങ്ങളുടെ നാഥന്റെ അടുക്കൽ ഹാജരാക്കപ്പെടുന്നതും, ഇക്കൂട്ടരാണ് തങ്ങളുടെ നാഥന്റെ പേരിൽ കള്ളം പറഞ്ഞിരുന്നത് എന്ന് സാക്ഷികൾ മൊഴി നൽകുന്നതുമാണ്; അറിഞ്ഞിരിക്കുക, അല്ലാഹുവിന്റെ മാർഗമായ അദ്ദിക്റിനെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വളച്ചൊടിക്കാൻ ശ്രമിക്കുകയും പരലോകം കൊണ്ട് നിഷേധിക്കുകയും ചെയ്തവരായ അക്രമികളുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ട് എന്ന് 11: 17-19 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുകയും സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്ന പരലോകം കൊണ്ട് വിശ്വാസമില്ലാത്ത ഫുജ്ജാറുകളായ മുശ്രിക്കുകൾക്കാണ് നരകത്തിലെ വൈൽ എന്ന ചെരിവ് എന്ന് 41: 6-7 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 79; 4: 144; 6: 115-117 വിശദീകരണം നോക്കുക.

46. ഈ രണ്ട് കൂട്ടർക്കുമിടയിൽ മറയായി ഒരു ഭിത്തിയുണ്ടായിരിക്കും, അതിന്റെ മുകളിൽ എല്ലാ ഓരോരുത്തരെയും അവരുടെ ലക്ഷണങ്ങൾ മുഖേന തിരിച്ചറിയുന്ന ചില ആളുകളുമുണ്ടായിരിക്കും; അങ്ങനെ സ്വർഗവാസികളോട് അവർ വിളിച്ചുപറയും: നിശ്ചയം നിങ്ങളുടെ മേൽ സമാധാനമുണ്ടാകട്ടെ, അവർ ആ സ്വർഗത്തിൽ പ്രവേശിച്ചിട്ടില്ല, എന്നാൽ അവർ അതിന് അതിയായി ആഗ്രഹിച്ച് കൊണ്ടിരിക്കുന്നവരുമാകുന്നു.

47. അവരുടെ ദൃഷ്ടികൾ നരകവാസികളുടെ ഭാഗത്തേക്ക് തിരിക്കപ്പെട്ടാൽ അവർ പറയും: ഞങ്ങളുടെ നാഥാ, ഈ അക്രമികളായ ജനതയോടൊപ്പം ഞങ്ങളെ നീ ചേർക്കരുതേ!

സ്വർഗ്ഗവാസികൾക്കും നരകവാസികൾക്കുമിടയിലുള്ള ഭിത്തിയാണ് *'അഅ്റാഫ്'*. 57:

12 ൽ, പ്രകാശമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ജീവിച്ച വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും അവരുടെ മുന്നിലും പിന്നിലുമെല്ലാം പ്രകാശം വലയം ചെയ്തതായിട്ട് നിനക്ക് കാണാം, താഴ്ഭാഗങ്ങളിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗപ്പൂന്തോപ്പുകളെക്കൊണ്ട് അവർ സന്തോഷവാർത്ത അറിയിക്കപ്പെടുകയും ചെയ്യും എന്നും; 57: 13 ൽ, പ്രകാശമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്ത് ഇവിടെ അന്ധകാരങ്ങളിൽ ജീവിച്ചിരുന്ന കപടവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അന്ന് വിശ്വാസികളോട് പറയുന്നതാണ്: നിങ്ങൾ ഒന്ന് നിൽക്കുക, നിങ്ങളുടെ പ്രകാശം ഞങ്ങളും ഉപയോഗപ്പെടുത്തട്ടെ! അപ്പോൾ അവരോട് പറയപ്പെടും: നിങ്ങൾ നിങ്ങളുടെ പിന്നിലേക്ക് -ഐഹികലോകത്തേക്ക്-തിരിച്ചുപോവുക, അവിടെ നിന്ന് നിങ്ങളുടെ പ്രകാശം -അദ്ദിക്ർ- സ്വീകരിച്ചുകൊള്ളുക, അപ്പോൾ അവർക്ക് രണ്ടുകൂട്ടർക്കുമിടയിൽ ഒരു ഭിത്തി രൂപപ്പെടുന്നതാണ്, അതിന്റെ ഉൾഭാഗം കാരുണ്യവും പുറംഭാഗം ശിക്ഷയുമായിരിക്കും എന്നും; 57: 14 ൽ, അപ്പോൾ നരകവാസികളായ കപടവിശ്വാസികൾ സ്വർഗവാസികളോട് വിളിച്ചുചോദിക്കും: ഞങ്ങൾ ഐഹികലോകത്ത് നിങ്ങളോടൊപ്പമായിരുന്നില്ലേ; വിശ്വാസികൾ മറുപടി പറയും: അതെ, പക്ഷേ നിങ്ങളെ നിങ്ങൾ തന്നെ നശിപ്പിച്ചു, നിങ്ങൾ കാത്തിരുന്ന് കാണാമെന്ന് ഉള്ളിലിരിപ്പുള്ളവരും ഈ നരകസ്വർഗങ്ങളെക്കുറിച്ചെല്ലാം സംശയം വെച്ചുപുലർത്തിക്കൊണ്ടിരിക്കുന്നവരുമായിരുന്നു; അല്ലാഹുവിന്റെ കൽപന നടപ്പിലാകുന്നത് വരെ നിങ്ങളുടെ നിഗമനങ്ങൾ നിങ്ങളെ വഞ്ചിക്കുകയും അല്ലാഹുവിന്റെ കാര്യത്തിൽ ആ മഹാവഞ്ചകൻ നിങ്ങളെ വഞ്ചിക്കുകയും ചെയ്തു എന്നും; 57: 15 ൽ, അപ്പോൾ ഇന്നേ ദിവസം നിങ്ങളിൽ നിന്നോ കാഫിറുകളായവരിൽ നിന്നോ പ്രായശ്ചിത്തം സ്വീകരിക്കുകയില്ല, നിങ്ങളുടെ സങ്കേതം നരകമാകുന്നു, അതാകുന്നു നിങ്ങളുടെ അഭയസ്ഥാനം, എത്ര മോശപ്പെട്ട മടക്കസ്ഥലം എന്നും പറഞ്ഞിട്ടുണ്ട്. 69: 51 ൽ പറഞ്ഞ ഉറപ്പു നൽകുന്ന സത്യമായ അദ്ദിക്ർ വന്ന് കിട്ടിയിട്ട് ഇവിടെ വെച്ച് ഉപയോഗപ്പെടുത്താത്തവർ കണ്ണിന് ഉറപ്പാകുന്നതുവരെ ജ്വലിക്കുന്ന നരകം കാണുക തന്നെ ചെയ്യുന്നതാണെന്ന് 102: 6-7 സൂക്തങ്ങളിലും; നിശ്ചയം ഫുജ്ജാറുകൾ ജ്വലിക്കുന്ന നരകത്തിൽ തന്നെയാണെന്ന് 82: 14 ലും പറഞ്ഞിട്ടുണ്ട്. 2: 38-39, 254; 5: 50; 6: 144 വിശദീകരണം നോക്കുക.

48. അവരെ അവരുടെ ലക്ഷണങ്ങൾ മുഖേന തിരിച്ചറിയുന്ന അഅ്റാഫുകാരായ ആളുകൾ അവരെ വിളിച്ചുചോദിക്കും: ഐഹികലോകത്തുണ്ടായിരുന്ന നിങ്ങളുടെ സംഘബലമോ നിങ്ങൾ അഹങ്കരിച്ചുകൊണ്ടിരുന്നതോ ഒന്നും ഇപ്പോൾ ഇവിടെ നിങ്ങൾക്ക് ഗുണപ്രദമായി കാണുന്നില്ലല്ലോ?

സ്വർഗ്ഗവാസികളെയും നരകവാസികളെയും തിരിച്ചറിയുന്ന അഅ്റാഫുകാർ നരകവാസികളിൽ പെട്ട അക്രമികളും കപടവിശ്വാസികളുമായ നേതാക്കളെ വിളിച്ചാണ് ഇങ്ങനെ ചോദിക്കുന്നത്. 37: 50-51 സൂക്തങ്ങളിൽ, സ്വർഗവാസികൾ കൂടിച്ചേരുമ്പോൾ പരസ്പരം പറയുന്നതാണ്: എനിക്ക് ഐഹികലോകത്ത് ഒരു കൂട്ടുകാരനുണ്ടായിരുന്നു; 37: 52 ൽ, അവൻ എന്നോട് ചോദിക്കുമായിരുന്നു: നീ സത്യപ്പെടുത്തുന്നവൻ തന്നെയാണോ; 37: 53 ൽ, നാം മരിച്ച് മണ്ണും എല്ലുമായിത്തീർന്നാൽ നമ്മെ പുനർജീവിപ്പിച്ച് ഇഹലോക ജീവിതത്തിന്റെ ഗുണദോഷങ്ങൾ നൽകപ്പെടുമെന്ന്; 37: 54 ൽ, ഇപ്പോൾ നിങ്ങൾ അവനെ എത്തിനോക്കുന്നുണ്ടോ എന്ന് ചോദിക്കുന്നതാണ്; 37: 55 ൽ, അപ്പോൾ അവൻ എത്തിനോക്കുമ്പോൾ ആ കൂട്ടുകാരനെ നരകത്തിന്റെ മധ്യത്തിൽ കാണുന്നതാണ്. 37: 56 ൽ, അവൻ പറയും: നിനക്ക് സാധിക്കുമായിരുന്നെങ്കിൽ നീ എന്നെയും ആ നരകത്തിലേക്ക് പിടിച്ച് കൊണ്ടുപോകുമായിരുന്നു. 37: 57 ൽ, എന്റെ നാഥന്റെ അനുഗ്രഹമുണ്ടായിരുന്നില്ലെ

ങ്കിൽ ഞാനും ആ നരകത്തിൽ നിന്നോടൊപ്പം ഹാജരാക്കപ്പെടുന്നവരിൽ പെടുമായിരുന്നു. 37: 58-59 സൂക്തങ്ങളിൽ, സ്വർഗവാസികൾ പരസ്പരം വീണ്ടും പറയുകയാണ്, അപ്പോൾ ഇനി നമുക്ക് ഐഹികലോകത്തുള്ള മരണമല്ലാതെ ഇവിടെ മരണമില്ലല്ലോ അല്ലേ! നാം ശിക്ഷിക്കപ്പെടുന്നവരിൽ ഉൾപ്പെടുകയുമില്ലല്ലോ അല്ലേ! 37: 60 ൽ, നിശ്ചയം ഇത് മാത്രമാകുന്നു മഹത്തായ വിജയം. 37: 61 ൽ പ്രവർത്തിക്കുന്നവർ പ്രവർത്തിക്കേണ്ടത് ഇതുപോലുള്ള സ്വർഗത്തിന് വേണ്ടിയായിരിക്കണം എന്ന് പറഞ്ഞിട്ടുണ്ട്. 2: 6-7, 165-167; 4: 60-65 വിശദീകരണം നോക്കുക.

49. അല്ലാഹുവിന്റെ കാരുണ്യം തീരെ ലഭിച്ചിട്ടില്ല എന്ന് നിങ്ങൾ ആണയിട്ട് പറഞ്ഞുകൊണ്ടിരുന്നവരായ ഇക്കൂട്ടരോടാണല്ലോ: നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക, നിങ്ങളുടെമേൽ ഭയപ്പെടാനില്ല, നിങ്ങൾ ദുഃഖിക്കുന്നവരാവുകയുമില്ല എന്ന് പറയപ്പെട്ടിരിക്കുന്നത്?

ഐഹികലോകത്ത് കാരുണ്യമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുന്ന ഒറ്റപ്പെട്ട വിശ്വാസികളെ ഭൂരിപക്ഷത്തിന്റെയും സംഘടനാ ബലത്തിന്റെയും ഹുങ്കിൽ മതിമറന്ന് പരിഹസിച്ചുകൊണ്ടിരുന്ന കപടവിശ്വാസികളോടാണ് എല്ലാവരെയും തിരിച്ചറിയുന്ന അഅ്റാഫുകാരായ ആളുകൾ ഇങ്ങനെ ചോദിക്കുക. 38: 62-64 സൂക്തങ്ങളിൽ, ഫുജ്ജാറുകളായ നരകവാസികൾ പറയുന്നതുമാണ്, നമുക്ക് എന്തുപറ്റി? നാം തിന്മകളിലാണെന്ന് കണക്കാക്കിയിരുന്നവരെയൊന്നും ഇപ്പോൾ ഇവിടെ കാണുന്നില്ലല്ലോ. നാം അവരെ പരിഹാസപാത്രമായി തെരഞ്ഞെടുത്തിരുന്നുവല്ലോ; അതല്ല, അവർ നമ്മുടെ ദൃഷ്ടികളിൽ പെടാതിരിക്കുകയാണോ? നിശ്ചയം നരകത്തിലെ നിവാസികൾ ഇപ്രകാരം തർക്കിക്കുമെന്നത് സത്യം തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായി ഉപയോഗപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളെ നരകത്തിൽ കാണുന്നില്ലല്ലോ എന്ന് പറയുന്നത് അന്ത്യപ്രവാചകനായ മുഹമ്മദിന്റെ തന്നെ സമുദായത്തിൽ പെട്ട ഇന്നത്തെ ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സൗരാഷ്ട്രർ തുടങ്ങിയ ജനവിഭാഗങ്ങളല്ല; മറിച്ച് അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഫുജ്ജാറുകളെല്ലാം ഭിന്നിക്കുമെന്നും അവരും അവരുടെ ജിന്നുകൂട്ടുകാരും നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടുമെന്നുമുള്ള നാഥന്റെ പിശാചിനോടുള്ള വാക്ക് സത്യസന്ധമായും നീതിയുക്തമായും പുലരാനുള്ളത് തന്നെയാണ് എന്ന് 11: 118-119 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 6: 116; 8: 22; 48: 6 വിശദീകരണം നോക്കുക.

50. നരകവാസികൾ സ്വർഗവാസികളെ വിളിച്ചുപറയും: നിങ്ങൾ ഞങ്ങളുടെമേൽ വെള്ളത്തിൽ നിന്ന് അൽപം ഒഴുക്കിയാലും, അല്ലെങ്കിൽ നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ള ഭക്ഷണവിഭവങ്ങളിൽ നിന്ന് അൽപം തന്നാലും; അവർ പറയും: നിശ്ചയം അല്ലാഹു കാഫിറുകളുടെ മേൽ അവ രണ്ടും നിഷിദ്ധമാക്കിയിരിക്കുന്നു.

51. തങ്ങളുടെ ദീനിനെ കളിയും തമാശയുമായി തെരഞ്ഞെടുത്തവരും ഭൗതിക ജീവിതത്താൽ വഞ്ചിക്കപ്പെട്ടവരുമാണ് അവർ, അപ്പോൾ ഈ ദിവസത്തെ കണ്ടുമുട്ടുമെന്നതിനെ അവർ വിസ്മരിച്ചതുപോലെ ഇന്ന് നാം അവരെയും വിസ്മരിച്ചിരിക്കുകയാണ്, അവർ നമ്മുടെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിച്ച് കൊണ്ടിരുന്നവരായിരുന്നതിനാലും.

ജീവിതലക്ഷ്യം വിശദീകരിക്കുന്ന അദ്ദിക്ർ വന്നുകിട്ടിയിട്ട് അതിനെ മൂടിവെക്കുക

യും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് വഞ്ചകനായ പിശാചിന്റെ വഞ്ചനയിൽ പെട്ട് ആത്മാവിനെയും പരലോകത്തെയും അവഗണിച്ച് ശരീരത്തിനും ഐഹിക ജീവിതത്തിനും പ്രാധാന്യം നൽകിക്കൊണ്ട് ജീവിതത്തെ കളിയും തമാശയുമായി കൊണ്ടുനടക്കുന്ന കപടവിശ്വാസികൾക്കും അവരെ അന്ധമായി പിൻപറ്റിക്കൊണ്ടിരിക്കുന്ന ഫാജിറുകൾക്കും പരലോകത്ത് വരാൻ പോകുന്ന രംഗമാണിത്. നരകത്തിലുള്ള മാതാപിതാക്കൾ സ്വർഗത്തിലുള്ള മക്കളോടും അല്ലെങ്കിൽ നരകത്തിലുള്ള മക്കൾ സ്വർഗത്തിലുള്ള മാതാപിതാക്കളോടും പരസ്പരം ചോദിക്കുന്ന ദയനീയമായ രംഗമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും മുഹൈമിനും സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റുമായി അദ്ദിക്റിനെ ഉപയോഗപ്പെടുത്താത്തവരും മറ്റുള്ളവർക്ക് അങ്ങനെ ഉപയോഗപ്പെടുത്താൻ നൽകാത്തവരുമായ ഫുജ്ജാറുകൾ തന്നെയാണ് അക്രമികൾ. 'എനിക്ക് ഐഹികലോകത്ത് കണ്ണിന് കാഴ്ചയുണ്ടായിരുന്നല്ലോ' എന്ന് പറയുമ്പോൾ 'അപ്രകാരം നമ്മുടെ സൂക്തങ്ങൾ നിനക്ക് വന്നുകിട്ടിയിരുന്നു, അപ്പോൾ നീ അതിനെ വിസ്മരിച്ചു, അപ്രകാരം ഇന്നേദിനം നീയും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്' എന്നാണ് മറുപടി നൽകപ്പെടുക എന്ന് 20: 124–126 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 32: 14 ൽ, നരകവാസികളെക്കുറിച്ച്, അപ്പോൾ നിങ്ങൾ ഈ നാളിനെ കണ്ടുമുട്ടണമെന്ന് വിസ്മരിച്ചതുപോലെ നിശ്ചയം ഇന്നേ ദിനം നാമും നിങ്ങളെ വിസ്മരിച്ചിരിക്കുകയാണ്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായി ശാശ്വതമായ നരകശിക്ഷ നിങ്ങൾ രുചിച്ചുകൊള്ളുകയും ചെയ്യുക എന്ന് പറയപ്പെടുന്ന രംഗം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 5: 57–58; 6: 31–33, 70; 7: 40; 29: 47–50വിശദീകരണം നോക്കുക.

52. നിശ്ചയം നമ്മുടെ തികഞ്ഞ അറിവോടുകൂടി വിശദീകരിച്ചിട്ടുള്ളതും വിശ്വാസികളായ ഒരു ജനതക്ക് സന്മാർഗവും കാരുണ്യവുമായ ഒരു ഗ്രന്ഥമാണ് നാം അവർക്ക് കൊണ്ടുവന്നിട്ടുള്ളത്.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥന്റെ സംസാരമായ അദ്ദിക്ർ എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥമാണ്. രാജാധിരാജനായ പ്രപഞ്ചനാഥനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല, അപ്പോൾ നിങ്ങൾ അവനെ മാത്രം സേവിക്കുവീൻ എന്ന് പഠിപ്പിക്കുന്നതിന് വേണ്ടിയാണ് 313 പ്രവാചകന്മാരിലൂടെയും സത്യവും തെളിവുമായ അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്ന് 21: 24–25 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 25: 33 ൽ പറഞ്ഞ വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥം ഇന്ന് 25: 58 ൽ പറഞ്ഞ ത്രികാലജ്ഞാനി 25: 59 ൽ പറഞ്ഞ ത്രികാലജ്ഞാനിയിലൂടെ 'അദ്ദിക്ർ' എന്ന പേരിൽ ക്രോഡീകരിച്ചിരിക്കുന്നു. 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ക്രോഡീകരിക്കപ്പെടുന്നതിന് മുമ്പോ ശേഷമോ മിഥ്യയൊന്നും കടന്നുകൂടാത്ത അജയ്യഗ്രന്ഥമായ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾക്കാണ് കഠിനമായ ശിക്ഷയുള്ളത്. 6: 134, 155–157; 10: 57–58; 16: 43; 35: 14 വിശദീകരണം നോക്കുക.

53. അതിന്റെ ഭാവിപ്രവചനങ്ങൾ പുലരുക എന്നല്ലാതെ ഇനി മറ്റെന്താണ് ഇവർ നോക്കിക്കൊണ്ടിരിക്കുന്നത്, അതിന്റെ പ്രവചനങ്ങൾ പുലരുന്ന നാളിൽ മുമ്പ് അതിനെ വിസ്മരിച്ച് കൊണ്ടിരുന്നവരായവർ പറയുന്നതാണ്: നിശ്ചയം ഞങ്ങളുടെ നാഥന്റെ പ്രവാചകന്മാർ സത്യവും കൊണ്ട് വന്നവർ തന്നെയായിരുന്നു, അപ്പോൾ നമുക്ക് ശുപാർശക്കാരിൽ നിന്നുള്ള വല്ലവരുമുണ്ടോ, അങ്ങനെ അ

വർ നമുക്കുവേണ്ടി ശുപാർശ ചെയ്യാൻ; അല്ലെങ്കിൽ നാം തിരിച്ചയക്കപ്പെടുമോ? അങ്ങനെ നാം പ്രവർത്തിച്ചുകൊണ്ടിരുന്നതല്ലാത്തത് പ്രവർത്തിക്കുന്നതിന് വേണ്ടി, നിശ്ചയം അവർ അവരെ സ്വയം നഷ്ടപ്പെടുത്തിയിരിക്കുന്നു, അവർ കെട്ടിച്ചമച്ചിരുന്ന കളവുകളൊക്കെയും ഇന്ന് അവരെത്തൊട്ട് വഴിമാറിപ്പോവുകയും ചെയ്തിരിക്കുന്നു.

ഗ്രന്ഥത്തിലെ മൂന്നിലൊന്ന് സൂക്തങ്ങൾ പരലോകത്ത് വരാൻ പോകുന്ന കാര്യങ്ങളാണ്. വിശ്വാസികൾ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി വരാൻ പോകുന്ന കാര്യങ്ങളെല്ലാം ഇവിടെ വെച്ചുതന്നെ കാണുകയും കാഫിറുകളായാലുള്ള അവസ്ഥയിൽ മനം നൊന്ത് അത്തരം അവസ്ഥയിൽ പെടാതിരിക്കാൻ മനസാ-വാചാ-കർമണാ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. 6: 94 ന്റെ ആശയം ഉൾക്കൊള്ളുന്ന വിശ്വാസികൾ ഒറ്റക്കൊറ്റക്കായിട്ടാണ് ഭൂമിയിൽ വന്നിട്ടുള്ളതെന്നും നാലാം ഘട്ടമായ ഐഹികലോകത്തെക്കുറിച്ച് ഒറ്റക്കൊറ്റക്കായിട്ടാണ് നാഥന്റെ മുമ്പിൽ ഉത്തരം പറയേണ്ടതെന്നും ഉത്തമബോധ്യമുള്ളവരാണ്. അവർക്ക് നൽകപ്പെട്ട എല്ലാ അനുഗ്രഹങ്ങളും ഏറ്റവും വലിയ അനുഗ്രഹമായ അദ്ദിക്റിന്റെ വെളിച്ചത്തിൽ ഉപയോഗപ്പെടുത്തി സ്വർഗ്ഗം ഇവിടെ സമ്പാദിക്കുന്നതാണ്. എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിനെ ഏകാധിപതിയും സർവ്വാധിപതിയും സ്വേച്ഛാധിപതിയും നിഷ്പക്ഷവാനുമായി അംഗീകരിക്കുന്ന വിശ്വാസികൾ അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താത്ത കാഫിറുകളും ഭ്രാന്തന്മാരുമായ മിഥ്യാവാദികളുടെ നഷ്ടത്തിന് അവർ സ്വയം കുറ്റപ്പെടുത്തേണ്ടി വരും എന്ന ഉത്തമ ബോധ്യമുള്ളവരുമാണ്. 2: 62 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം ലഭിക്കാത്ത ജനതയെ സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹു സ്വർഗവും നരകവുമല്ലാത്ത മറ്റേതെങ്കിലും ലോകത്തേക്കാണ് അയക്കുക. 'ഞാൻ കാഫിറാണ്' എന്ന് ആത്മാവിനെതിരെ സാക്ഷ്യം വഹിക്കാതെ ഒരാളെയും നിഷ്പക്ഷവാനായ നീതിമാൻ നരകത്തിൽ ഇടുകയില്ല. 6: 20, 26-28; 7: 37, 205-206; 32: 12 വിശദീകരണം നോക്കുക.

54. നിശ്ചയം ആറ് നാളുകളിൽ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനായ അല്ലാഹുവാണ് നിങ്ങളുടെ നാഥൻ, പിന്നെ അവൻ സിംഹാസനസ്ഥനായി, അവൻ രാവിനെ പകലിൻ മേൽ പൊതിയുന്നു, പകലാവട്ടെ അതിനെത്തേടി കുതിക്കുകയും ചെയ്യുന്നു, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയുമെല്ലാം അവന്റെ കൽപന പ്രകാരം വിധേയമാക്കുകയും ചെയ്തിരിക്കുന്നു; അറിഞ്ഞിരിക്കുക, അവന് മാത്രമാകുന്നു സൃഷ്ടിപ്പും ശാസനാധികാരവും, സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹു അനുഗ്രഹസമ്പൂർണ്ണനാകുന്നു.

അല്ലാഹു എന്ന് പറയുന്നവൻ ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളെയും ആറുനാളുകളിലായി സൃഷ്ടിച്ചവനാണ്, പിന്നെ അവൻ അതിന്റെ നിയന്ത്രണം ഏറ്റെടുത്ത് സിംഹാസനസ്ഥനായി, നിങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെ ഇല്ല, അപ്പോൾ നിങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഓർമ്മിപ്പിക്കുന്നവരാകുന്നില്ലേ എന്ന് 32: 4 ൽ ചോദിക്കുന്നുണ്ട്. എല്ലാ നിയന്ത്രണവും ത്രികാലജ്ഞാനിയായ അല്ലാഹുവിന്റെ കൈയ്യിലാണെങ്കിലും മനുഷ്യനെ അവനിൽ നിന്നുള്ള എല്ലാമായ അദ്ദിക്ർ പഠിപ്പിക്കുക വഴി മനുഷ്യന്റെ മാർഗദർശനത്തിന്റെ കാര്യത്തിൽ അവൻ നിഷ്പക്ഷവാനാണ്, മാത്രമല്ല, അദ്ദിക്ർ ഉപയോഗപ്പെടുത്തി പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താൻ ശ്രമിക്കുന്ന ഒരു വിശ്വാസി പോലും ലോകത്തെവിടെയും ഇല്ലാതിരിക്കുമ്പോൾ ലോകം നശിക്കുന്നതാണ്. അല്ലാ

ഹുവിനെ മുറുകെപ്പിടിക്കുക എന്ന് പറഞ്ഞാൽ ഇന്ന് അദ്ദിക്റിനെ മുറുകെപ്പിടിച്ച് വിശ്വാസിയായി നിലകൊള്ളുക എന്നാണ്.

ആർക്കാണോ സൃഷ്ടിപ്പിന് അധികാരം, അവന് തന്നെയാണ് സൃഷ്ടികൾക്ക് വേണ്ട വിധിവിലക്കുകൾ നൽകാനും അവരെ നിലനിർത്താനും നശിപ്പിക്കാനുമെല്ലാം അധികാരവും അവകാശവുമുള്ളത്. അല്ലാതെ സ്രഷ്ടാവ് ഒരാളും വിധിവിലക്കുകൾ മറ്റൊരാളുടേതും നശിപ്പിക്കാനുള്ള അധികാരം മറ്റൊരാൾക്കുമായാൽ ജീവിതം നീതിരഹിതവും ന്യായരഹിതവുമായിരിക്കും. അപ്പോൾ സർവ്വലോകങ്ങളുടെ ഉടമയായ അല്ലാഹു അനുഗ്രഹസമ്പൂർണ്ണനാകുന്നു എന്ന് പറഞ്ഞുകൊണ്ടാണ് 40: 64 അവസാനിക്കുന്നത്. 23: 12–14 സൂക്തങ്ങളിൽ, മനുഷ്യശരീരത്തെ സൃഷ്ടിക്കുന്നതിനെക്കുറിച്ച് വിശദീകരിച്ച് അല്ലാഹു പറയുന്നു: അപ്പോൾ, സൃഷ്ടികർത്താക്കളിൽ വെച്ച് ഏറ്റവും ഭംഗിയായി സൃഷ്ടിക്കുന്ന അല്ലാഹു അനുഗ്രഹസമ്പൂർണ്ണനാകുന്നു. 2: 28–29; 3: 101; 4: 33; 5: 48; 39: 5 വിശദീകരണം നോക്കുക.

55. നിങ്ങൾ നിങ്ങളുടെ നാഥനെ താഴ്മയോടും രഹസ്യമായും വിളിക്കുവീൻ, നിശ്ചയം അവൻ പരിധി ലംഘിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.

ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ എല്ലാ ഓരോ സൃഷ്ടിയെയും വലയം ചെയ്തവനും സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനും വ്യക്തിയുടെയും ഹൃദയത്തിന്റെയും ഇടയിൽ സ്ഥിതി ചെയ്യുന്നവനുമാണ് എന്നിരിക്കെ അവനെ ഉറക്കെ വിളിച്ച് പ്രാർത്ഥിക്കുന്നവർ 3: 102; 4: 100 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കാത്ത കാഫിറുകളാണ്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനും കർമങ്ങൾ സ്വീകരിക്കപ്പെടാനും 2: 186 ൽ രണ്ട് ഉപാധികൾ വെച്ചിട്ടുണ്ട്. എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന നാഥനെ വളരെ വിനീതനായും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും നാവുകൊണ്ട് ഉച്ചരിക്കാതെ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും സ്മരിക്കാനാണ് 7: 205 ൽ പ്രവാചകനോടും വിശ്വാസിയോടും കൽപിച്ചിട്ടുള്ളത്. 2: 99, 152; 6: 91; 7: 26–30 വിശദീകരണം നോക്കുക.

56. നിങ്ങൾ ഭൂമിയിൽ അതിന്റെ സംസ്കരണത്തിന് ശേഷം നാശമുണ്ടാക്കാതിരിക്കുകയും ചെയ്യുവീൻ, ഭയത്തോടും പ്രതീക്ഷയോടും കൂടി നിങ്ങൾ അവനോടുമാത്രം പ്രാർത്ഥിക്കുവീൻ, നിശ്ചയം അല്ലാഹുവിന്റെ കാരുണ്യം അവനെ കണ്ടുകൊണ്ട് ചരിക്കുന്നവർക്ക് അടുത്താകുന്നു.

അദ്ദിക്റിൽ നിന്ന് നാഥനെ കണ്ടുകൊണ്ട് ചരിക്കുന്നവരാണ് *മുഹ്സിനീ*ങ്ങൾ. ത്രികാലജ്ഞാനിയായ നാഥനോട് പ്രതീക്ഷയോടും ഭയഭക്തിയോടും കൂടി ആത്മാവുകൊണ്ട് അപേക്ഷിക്കാനും ഭൂമിയിൽ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാനുമാണ് ഈ സൂക്തത്തിലൂടെ കൽപിക്കുന്നത്. മനുഷ്യർ നാഥന്റെ കൽപന അനുസരിക്കാതിരുന്നാൽ ഭൂമിയിൽ ശാന്തിയും സമാധാനവും നഷ്ടപ്പെടുന്നതാണ്. 6: 26 ൽ വിവരിച്ച പ്രകാരം ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെച്ച് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിശാചിനെ സേവിക്കുന്ന ഭ്രാന്തന്മാരും അവന്റെ കാൽപാടുകൾ പിൻപറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. 4: 140; 6: 130; 7: 37 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകളിൽ നിന്നുള്ള ഏതൊരാളുടെയും മരണസമയത്ത് നാഥൻ അവനോട് നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുന്നതാണ്. 2: 11–12, 112, 204–206; 6: 149 വിശദീകരണം നോക്കുക.

57. അവൻ തന്നെയാണ് അവന്റെ അനുഗ്രഹത്തിന്റെ മുന്നോടിയായി ശുഭവാർത്ത യേകുന്ന കാറ്റിനെ അയക്കുന്നത്, അത് ജലവാഹികളായ മേഘങ്ങളെ ഉയർ ത്തിയാൽ നാം അതിനെ നിർജ്ജീവമായ ഒരു നാട്ടിലേക്ക് നയിക്കുന്നു, അങ്ങ നെ അതുകൊണ്ട് നാം വെള്ളമിറക്കുകയും അങ്ങനെ അതുകൊണ്ട് നാം എ ല്ലാ ഫലങ്ങളിൽ നിന്നുള്ളത് പുറപ്പെടുവിക്കുന്നു, അപ്രകാരമാണ് നാം മരിച്ച വരെ പുറപ്പെടുവിപ്പിക്കുക, നിങ്ങൾ സ്മരിക്കുന്നവർ തന്നെ ആകണമെന്നതി ന് വേണ്ടി.

അവൻ കാറ്റിനെ സന്തോഷവാർത്തയായി അയക്കുന്നു എന്നതും അവന്റെ കാരുണ്യ മായ മഴ നിങ്ങളെ രുചിപ്പിക്കുന്നു എന്നതും അല്ലാഹു ഉണ്ട് എന്നതിന് തെളിവാണ് എന്ന് 30: 46 ൽ പറഞ്ഞിട്ടുണ്ട്. ഭൂമിയെ നീട്ടിപ്പരത്തുകയും നാം അതിൽ പർവ്വതങ്ങളെ ആണി യെന്നോണം നാട്ടുകയും, അതിൽ എല്ലാ വസ്തുക്കളെയും യോജിച്ച ജോടികളായി മുള പ്പിക്കുകയും ചെയ്തു, അല്ലാഹുവിലേക്ക് തിരിഞ്ഞ ഓരോ അടിമക്കും ഉൾക്കാഴ്ചാദായ കവും അനുസ്മരണവുമായിക്കൊണ്ട് ആകാശത്തുനിന്ന് നാം അനുഗ്രഹീതമായ വെള്ള മിറക്കി, അതുമുഖേന പൂന്തോപ്പുകളും ധാന്യമണികൾ നിറഞ്ഞ വയലുകളും കുലകൾ നിറഞ്ഞുനിൽക്കുന്ന ഈത്തപ്പനകളും ഉത്പാദിപ്പിച്ചു, ഇതെല്ലാം നമ്മുടെ അടിമകൾക്ക് ഭക്ഷണമായിക്കൊണ്ടാകുന്നു, അങ്ങനെ നാം ആ വെള്ളം മുഖേന മരിച്ച നാടിനെ ജീവി പ്പിക്കുന്നു, അപ്രകാരമാണ് (മനുഷ്യരെ) പുറപ്പെടുവിക്കലും എന്ന് 50: 7–11 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ജീവനില്ലാത്തവയിൽ നിന്ന് ജീവനുള്ളവയെയും ജീവനുള്ളവയിൽ നിന്ന് ജീവനില്ലാത്തവയെയും പുറപ്പെടുവിക്കുന്നത് അല്ലാഹുവാണ്, ഭൂമിയെ അതിന്റെ മരണത്തി ന് ശേഷം ജീവിപ്പിക്കുന്നതും അവൻ തന്നെയാണ്, അപ്രകാരം നിങ്ങളും പുറപ്പെടുവിക്ക പ്പെടുന്നതാണ് എന്ന് 30: 19 ലും; അവൻ ആകാശത്തുനിന്ന് വെള്ളമിറക്കി, അതുകൊണ്ട് ഭൂമിയെ അതിന്റെ മരണശേഷം ജീവിപ്പിക്കുന്നു, നിശ്ചയം അതിൽ ചിന്തിക്കുന്ന ജനതക്ക് ധാരാളം പാഠങ്ങളുണ്ട് എന്ന് 30: 24 ലും പറഞ്ഞിട്ടുണ്ട്. ആകാശത്തുള്ള പർവ്വതങ്ങളിൽ നിന്ന് അവൻ ആലിപ്പഴം ഇറക്കുകയും അത് അവൻ ഉദ്ദേശിക്കുന്നവരെ ബാധിപ്പിക്കുക യും അവൻ ഉദ്ദേശിക്കുന്നവരെത്തൊട്ട് തിരിച്ചുവിടുകയും ചെയ്യുന്നു എന്ന് 24: 43 ൽ പറ ഞ്ഞിട്ടുണ്ട്. 30: 48–50 സൂക്തങ്ങളിൽ, അല്ലാഹുവാണ് കാറ്റിനെ അയക്കുന്നത്, അത് മുഖേ ന അവൻ മേഘങ്ങളെ ചലിപ്പിച്ച് ആകാശത്തിൽ അവൻ ഉദ്ദേശിക്കും വിധം പരത്തിയിടു ന്നു, അങ്ങനെ ഘനീഭവിച്ച മേഘത്തിൽ നിന്ന് ആലിപ്പഴം വീഴുന്നത് കാണാം, അത് അ വൻ ഉദ്ദേശിക്കുന്ന അടിമകളെ ബാധിപ്പിക്കുമ്പോൾ അവർ അതാ സന്തോഷം കൊണ്ട് പുളകം കൊള്ളുന്നവരാകുന്നു, അതിനുമുമ്പ് അവർ ആശയറ്റവർ തന്നെയായിരുന്നു, ഭൂ മി മരിച്ചതിനുശേഷം അതിനെ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് നീ നോക്കുക, നി ശ്ചയം അത് ചെയ്യുന്നവൻ മരിച്ചവരെ ജീവിപ്പിക്കുക തന്നെ ചെയ്യും, അവൻ എല്ലാ ഓ രോ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാണ് എന്നും പറഞ്ഞിട്ടുണ്ട്. ചുരുക്ക ത്തിൽ കാറ്റുണ്ടാകുന്നതും മേഘങ്ങളെ ചലിപ്പിക്കുന്നതും ഘനീഭവിച്ച് മഴ വർഷിപ്പിക്കു ന്നതും ആ മഴവെള്ളം കൊണ്ട് ഭൂമിയിൽ സസ്യലതാദികളും ഫലങ്ങളും മുളപ്പിച്ച് ഭൂമി യെ അതിന്റെ മരണശേഷം ജീവിപ്പിച്ച് കാണിച്ചുതരുന്നതും മനുഷ്യർക്ക് ഒരേ വെള്ളം കൊണ്ട് ഭൂമിയിൽ നിന്ന് വിവിധ തരം പോഷകഘടങ്ങളടങ്ങിയ ഫലങ്ങൾ ഉൽപാദിപ്പിച്ച് തരുന്നതുമെല്ലാം ഏകനായ അല്ലാഹുവാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇതെല്ലാം വിവരിക്കു ന്ന അദ്ദിക്ർ ഉപയോഗപ്പെടുത്തി ആരാണ് അല്ലാഹുവിനെ ഏകനായി അംഗീകരിച്ചുകൊ ണ്ട് ജീവിതലക്ഷ്യം സാക്ഷാത്കരിക്കുക എന്ന് പരിശോധിക്കുന്നതിന് വേണ്ടി ഒരു ദിവസം

നിശ്ചയിച്ചിട്ടുണ്ടെന്നും അതിന് വേണ്ടി മരിച്ച് മണ്ണും എല്ലുമായി ഭൂമിയിൽ ലയിച്ചുചേർന്ന മനുഷ്യരെ പുനർസൃഷ്ടിക്കുക തന്നെ ചെയ്യുമെന്നുമാണ് ഓർമ്മിപ്പിക്കുന്നത്. അപ്പോൾ പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ പ്രതിഭാസങ്ങളും അതിന്റെ പിന്നിലുള്ള ലക്ഷ്യവും വിശദീകരിക്കുന്ന അദ്ദിക്റിനെ അല്ലാഹുവിലേക്കുള്ള നേരെച്ചൊവ്വേയുള്ള പാതയായി സ്വീകരിച്ചവരുടെ നെഞ്ചുകളെ മാത്രമാണ് ഇസ്ലാമിലേക്ക് വിശാലമാക്കിക്കൊടുത്തിട്ടുള്ളത്. അവർ മാത്രമാണ് ബുദ്ധിമാന്മാരും. 3: 190–191; 6: 141; 7: 3, 26 വിശദീകരണം നോക്കുക.

58. പരിശുദ്ധമായ നാട് അതിന്റെ നാഥന്റെ സമ്മതത്തോടുകൂടി നല്ല സസ്യങ്ങൾ ഉത്പാദിപ്പിക്കുന്നു; മ്ലേച്ഛമായതോ, മുൾച്ചെടികളല്ലാതെ പുറപ്പെടുവിപ്പിക്കുന്നില്ല, അപ്രകാരം നമ്മുടെ സൂക്തങ്ങൾ നന്ദി പ്രകടിപ്പിക്കുന്ന ജനതക്കുവേണ്ടി നാം വിശദീകരിച്ചുകൊടുക്കുന്നു.

പരിശുദ്ധമായ നാടിനെ വിശ്വാസികളോടും മ്ലേച്ഛമായ നാടിനെ കാഫിറുകളോടും ഉപമിച്ചിരിക്കുകയാണ്. വിശ്വാസികൾ എല്ലാ പ്രവർത്തനങ്ങളും 7: 8–9 സൂക്തങ്ങൾ പരിഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ സമ്മതപത്രവും സത്യവുമായ അദ്ദിക്റിന്റെ അടിസ്ഥാനത്തിൽ പരലോകത്ത് ത്രാസിൽ തൂക്കം ലഭിക്കുന്നതാക്കി മാറ്റുന്നവരാണെങ്കിൽ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനോട് അന്ധത കാണിച്ചുകൊണ്ടിരിക്കുന്നതിനാൽ 63: 9 ൽ പറഞ്ഞ പ്രകാരം പ്രവർത്തനങ്ങൾ പാഴാക്കി ജീവിതം നഷ്ടപ്പെടുത്തുന്നവരാണ്. അല്ലാഹു പരിശുദ്ധവചനത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നതെന്ന് നീ മനസ്സിലാക്കുന്നില്ലേ? -ഒരു വൃക്ഷത്തെപ്പോലെയാണ് അത്. അതിന്റെ വേര് ആഴത്തിൽ ആണ്ടിറങ്ങിയിരിക്കുന്നു, അതിന്റെ ശാഖകൾ ആകാശത്ത് പടർന്ന് പന്തലിച്ച് കിടക്കുന്നു, ആ വൃക്ഷം തന്റെ നാഥന്റെ ഇംഗിതത്തോടുകൂടി എക്കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കുന്നു, അല്ലാഹു മനുഷ്യർക്കുവേണ്ടി ഈ ഉപമ വിശദീകരിക്കുന്നത് അവർ ഹൃദയം കൊണ്ട് സ്മരിച്ച് പാഠമുൾക്കൊള്ളുന്നതിന് വേണ്ടിയാകുന്നു. മ്ലേച്ഛവചനത്തിന്റെ ഉപമ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് പിഴുതെറിയപ്പെടുന്ന ഒരു ക്ഷുദ്രവൃക്ഷത്തിന്റേതാകുന്നു, അതിന് യാതൊരു വേരുറപ്പുമില്ല. വിശ്വാസികളായിട്ടുള്ളവരെ അല്ലാഹു സുസ്ഥിരമായ വചനമായ അദ്ദിക്ർ കൊണ്ട് ഇഹത്തിലും പരത്തിലും ഉറപ്പിച്ച് നിർത്തുന്നു, അദ്ദിക്ർ സ്വയം ഉപയോഗപ്പെടുത്താതെ മൂടിവെക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുന്ന അക്രമികളായവരെ അല്ലാഹു വഴിപിഴപ്പിക്കുകയും ചെയ്യുന്നു, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു എന്ന് 14: 24–27 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 264–267; 5: 100; 7: 13–17 വിശദീകരണം നോക്കുക.

59. നിശ്ചയം, നൂഹിനെ നാം അവന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി; അങ്ങനെ അവൻ പറഞ്ഞു: ഓ! എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിക്കുന്നവരാവുക, നിങ്ങൾക്ക് അവനല്ലാതെ മറ്റൊരു ഇലാഹുമില്ല തന്നെ, നിശ്ചയം ഞാൻ നിങ്ങളുടെമേൽ ഒരു വമ്പിച്ച നാളിലെ ശിക്ഷ ഭയപ്പെടുന്നു.

60. അവന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: നിശ്ചയം ഞങ്ങൾ നിന്നെ കാണുന്നത് വ്യക്തമായ വഴികേടിൽ അകപ്പെട്ടതായിട്ടാണ്.

61. അവൻ പറഞ്ഞു: എന്റെ ജനമേ! എനിക്ക് ഒരു വഴികേടും ബാധിച്ചിട്ടില്ല, എന്നാൽ നിശ്ചയം ഞാൻ സർവ്വലോകങ്ങളുടെയും ഉടമയിൽ നിന്നുള്ള ഒരു പ്രവാചകൻ തന്നെയാകുന്നു.

62. എന്റെ നാഥന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ച് തരുന്നു, ഞാൻ നിങ്ങൾക്ക് വേണ്ടി ഗുണം കാംക്ഷിക്കുകയും ചെയ്യുന്നു, നിങ്ങൾക്ക് അറിഞ്ഞു കൂടാത്ത ഒന്ന് അല്ലാഹുവിൽ നിന്ന് ഞാൻ കൂടുതൽ അറിയുകയും ചെയ്യുന്നു.

7: 52 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ ത്രികാലജ്ഞാനിയിൽ നിന്നുള്ള ത്രികാലജ്ഞാനഗ്രന്ഥമാണ്. 6: 124; 7: 68, 79 തുടങ്ങി 10 സൂക്തങ്ങളിൽ പറഞ്ഞ നാഥന്റെ സന്ദേശവും അദ്ദിക്ർ തന്നെയാണ്. 4: 150–151, 163; 5: 67 വിശദീകരണം നോക്കുക.

63. അപ്പോൾ നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു പുരുഷനിലൂടെ നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ഉണർത്തൽ നിങ്ങൾക്ക് വന്നുകിട്ടുന്നതിൽ നിങ്ങൾ അത്ഭുതപ്പെടുന്നുവോ? –നിങ്ങളെ താക്കീത് ചെയ്യാനും നിങ്ങൾ സൂക്ഷ്മാലുക്കളാകുന്നതിനും നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നതിനും വേണ്ടി.

കാലാകാലങ്ങളിൽ വന്നിട്ടുള്ള 313 പ്രവാചകന്മാരും കൊണ്ടുവന്നിട്ടുള്ളത് ഒരേ സന്ദേശമായ അദ്ദിക്ർ തന്നെയാണ്. അത് മൊത്തം മനുഷ്യരെ മുന്നറിയിപ്പ് നൽകുന്നതിനും അതുകൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാകുന്നതിനും അങ്ങനെ അവർ അനുഗ്രഹിക്കപ്പെടുന്നതിനും വേണ്ടിയാണ്. ആദ്യമായി ഗ്രന്ഥം നൽകപ്പെട്ടവനും ആദ്യത്തെ പ്രവാചകനുമാണ് നൂഹ്. 2: 213; 6: 89–90, 155; 16: 43–44 വിശദീകരണം നോക്കുക.

64. അങ്ങനെ അവർ അവനെ തള്ളിപ്പറഞ്ഞു, അപ്പോൾ നാം അവനെയും അവനോടൊപ്പമുള്ളവരെയും കപ്പലിൽ രക്ഷപ്പെടുത്തി, നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ടിരുന്നവരായവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു, നിശ്ചയം അവർ അന്ധരായ ഒരു ജനത തന്നെയായിരുന്നു.

അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്റിനെ തള്ളിപ്പറയുന്നവരെ ശിക്ഷിക്കുകയും അദ്ദിക്റിനെ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനായും ഉപയോഗപ്പെടുത്തുന്ന വിശ്വാസികളെ രക്ഷപ്പെടുത്തുകയുമാണ് കഴിഞ്ഞുപോയ എല്ലാ ജനതകളുടെയും കാര്യത്തിൽ സംഭവിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രിക്കുകളും തന്നെയാണ് 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവർ. 9: 28, 95 സൂക്തങ്ങളിൽ മാലിന്യമെന്ന് വിശേഷിപ്പിക്കപ്പെട്ട അവർക്ക് അദ്ദിക്ർ മാലിന്യമല്ലാതെ വർധിപ്പിക്കുകയില്ല എന്ന് 9: 125 ലും; അക്രമികളായ അവർക്ക് അദ്ദിക്ർ നഷ്ടമല്ലാതെ വർധിപ്പിക്കുകയില്ല എന്ന് 17: 82 ലും പറഞ്ഞത് അവർ വായിച്ചിട്ടുണ്ട്.

അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന അവരെ 7: 176 ൽ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത പട്ടിയോടും 62: 5 ൽ ഗ്രന്ഥം വഹിക്കുന്ന കഴുതയോടുമാണ് ഉപമിച്ചിട്ടുള്ളത്. ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന അവർ ഈസാ രണ്ടാമത് വന്നാൽ യഥാർത്ഥ ഇസ്ലാം അംഗീകരിക്കുന്ന ഇതരജനവിഭാഗങ്ങളാൽ വധിക്കപ്പെടുന്നതും 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുന്നതുമാണ്. 10: 71–73; 11: 25–49; 21: 76–77; 23: 23–30; 26: 105–120; 29: 14–15; 36: 41; 37: 75–82; 54: 9–17; 71: 1–28 എന്നിവയിലെല്ലാം നൂഹ് നബിയുടെ സംഭവചരിത്രങ്ങൾ വിവരിച്ചിട്ടുണ്ട്. 6: 133, 158; 48: 6 വിശദീകരണം നോക്കുക.

65. ആദിലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും; അവൻ പറഞ്ഞു: ഓ എന്റെ

ജനമേ! നിങ്ങൾ അല്ലാഹുവിനെ സേവിക്കുന്നവരാവുക, നിങ്ങൾക്ക് അവനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല, അപ്പോൾ നിങ്ങൾ അവനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാകുന്നില്ലെയോ?

66. അവന്റെ ജനതയിലെ കാഫിറുകളായ പ്രമാണിമാർ പറഞ്ഞു: നിശ്ചയം ഞങ്ങൾ നിന്നെ വിഡ്ഢിത്തത്തിൽ അകപ്പെട്ടതായിട്ടാണ് കാണുന്നത്; നിശ്ചയം ഞങ്ങൾ കരുതുന്നത് നീ നുണ പറയുന്നവരിൽ പെട്ടവൻ തന്നെയാണ് എന്നുമാണ്.

67. അവൻ പറഞ്ഞു: ഓ എന്റെ ജനമേ, എനിക്ക് വിഡ്ഢിത്തം സംഭവിച്ചിട്ടില്ല, എന്നാൽ ഞാൻ സർവ്വലോകങ്ങളുടെയും നാഥനിൽ നിന്നുള്ള ഒരു പ്രവാചകൻ തന്നെയാകുന്നു.

68. ഞാൻ നിങ്ങൾക്ക് എന്റെ നാഥന്റെ സന്ദേശങ്ങൾ എത്തിച്ചുതരുന്നു, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ഗുണകാംക്ഷിയുമാകുന്നു.

69. നിങ്ങളെ താക്കീത് ചെയ്യുന്നതിനുവേണ്ടി നിങ്ങളിൽ നിന്നുള്ള ഒരു പുരുഷനിലൂടെ നിങ്ങളുടെ നാഥനിൽ നിന്ന് ഒരു ഉണർത്തൽ വന്നുകിട്ടിയതിൽ നിങ്ങൾ അത്ഭുതം കൂറുന്നുവോ? നൂഹിന്റെ ജനതക്കുശേഷം അവൻ നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയതും നിങ്ങൾക്ക് വർദ്ധിച്ച മെയ്യൂക്ക് നൽകിയതും നിങ്ങൾ ഓർക്കുവീൻ, അപ്പോൾ നിങ്ങൾ അല്ലാഹുവിന്റെ അടയാളങ്ങളെ ഓർമ്മിക്കുവീൻ, നിങ്ങൾ വിജയം വരിക്കുക തന്നെ വേണമെന്നതിനുവേണ്ടി.

2: 30; 6: 165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് അല്ലാഹുവിനെ സേവിക്കുന്നതിന് വേണ്ടിയാണ് സ്വർഗത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത്. എന്നാൽ അവന്റെ സന്ദേശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നിലകൊള്ളുന്നവരും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും അമാനത്തുമായ അതിനെ ലോകർക്ക് എത്തിച്ചുകൊടുത്ത് അവനെ സഹായിച്ചുകൊണ്ടിരിക്കുന്നവരുമായ വിശ്വാസികൾ മാത്രമാണ് അവന്റെ പ്രാതിനിധ്യം വഹിക്കുക. അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് പ്രപഞ്ചത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതിന് ധൃതി കാണിക്കുന്ന ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും അവർ 16: 89 നെ സത്യപ്പെടുത്താത്തതിനാൽ കാഫിറായ പിശാചിനെ സേവിച്ച് കൊണ്ടിരിക്കുന്നവരും അവന്റെ വീടായ നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂടാനുള്ള കാഫിറുകളുമാണ്. നൂഹിനോടൊപ്പം കപ്പലിൽ രക്ഷപ്പെടുത്തിയവരുടെ പിൻഗാമികളാണ് ഹൂദ് നബിയുടെ ജനതയിലെ കാഫിറുകളായ പ്രമാണിമാർ. 4: 118, 133; 11: 17–19 വിശദീകരണം നോക്കുക.

70. അവർ ചോദിച്ചു: ഞങ്ങൾ ഏകനായ അല്ലാഹുവിനെ സേവിക്കുന്നതിനുവേണ്ടിയും ഞങ്ങളുടെ പിതാക്കന്മാർ സേവിച്ചുകൊണ്ടിരുന്ന ഒന്നിനെ വെടിയണമെന്ന് കൽപിക്കുന്നതിന് വേണ്ടിയുമാണോ നീ ഞങ്ങളിൽ വന്നിട്ടുള്ളത്? അപ്പോൾ ഞങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരിക്കുന്ന ഒന്ന് ഞങ്ങൾക്ക് നീ കൊണ്ടുവരിക, നീ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ.

71. അവൻ പറഞ്ഞു: നിശ്ചയം നിങ്ങളുടെ നാഥനിൽ നിന്നുള്ള മാലിന്യവും കോപവും നിങ്ങളുടെമേൽ സംഭവിച്ചുകഴിഞ്ഞു, നിങ്ങളും നിങ്ങളുടെ പിതാക്കളും പേരിട്ടിട്ടുള്ളതും അല്ലാഹു പ്രമാണത്തിൽ നിന്ന് ഒന്നും അവതരിപ്പിച്ചിട്ടില്ലാത്തതുമായ ചില പേരുകളെച്ചൊല്ലിയാണോ നിങ്ങൾ എന്നോട് തർക്കിച്ചു

കൊണ്ടിരിക്കുന്നത്? എങ്കിൽ നിങ്ങൾ കാത്തിരിക്കുക, നിശ്ചയം ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു.

എക്കാലത്തും കാഫിറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട്, അല്ലാഹുവിനെ ഏകനായി പരിചയപ്പെടുത്തുന്നതിന് വേണ്ടി വന്ന മുൻപ്രവാചകന്മാരെയും അവരെ പിൻപറ്റി ജീവിച്ചിരുന്ന മഹത്തുക്കളെയും അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ശുപാർശക്കാരും ഇടയാളൻമാരുമായി ചിത്രീകരിച്ച് വഴികേടിലാവുകയാണുണ്ടായത്. പ്രപഞ്ചത്തിലെ സർവ്വസൃഷ്ടിപ്പും ഏകനായ അല്ലാഹുവിന്റെ സാന്നിദ്ധ്യം വിളിച്ചറിയിക്കുന്നുണ്ടെന്നിരിക്കെ കാഫിറുകൾ ഊഹത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ പിതാക്കൾ പ്രയാസഘട്ടങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും വിളിച്ച് പ്രാർത്ഥിച്ചിരുന്ന ചില പേരുകളുടെ കാര്യത്തിലാണ് വിശ്വാസികളോട് തർക്കിച്ചുകൊണ്ടിരിക്കുക. മുൻകഴിഞ്ഞ ജനതകളുടെ വ്യതിചലനങ്ങളെക്കുറിച്ചെല്ലാം വിവരിക്കുന്ന അദ്ദിക്റിനെ മൂടിവെച്ച് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അല്ലാഹുവിന്റെ ഏകസംഘത്തിൽ പെടാതെ പിശാചിന്റെ സംഘമായ വിവിധ സംഘടനകളിൽ ഉൾപെട്ട് യഥാർത്ഥ കാഫിറുകളും മുശ്രിക്കുകളുമായിത്തീർന്നവരാണ്. 2: 18, 170-171 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായ ഫുജ്ജാറുകൾ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള, ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഏറ്റവും ദുഷിച്ച ജീവികളും ഏറ്റവും വഴിപിഴച്ചവരുമാണെന്ന് 8: 22; 15: 44; 17: 97-98; 25: 34 സൂക്തങ്ങളിലെല്ലാം അവർ വായിച്ചിട്ടുണ്ട്. 4: 159; 5: 104-105; 6: 22-24, 111 വിശദീകരണം നോക്കുക.

72. അപ്പോൾ നാം അവനെയും അവനോടൊപ്പമുള്ളവരെയും നമ്മിൽ നിന്നുള്ള കാരുണ്യം കൊണ്ട് രക്ഷപ്പെടുത്തുകയും, നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞു കൊണ്ടിരുന്നവരായവരെ നാം അടിവേരറുത്തുകളയുകയും ചെയ്തു, അവർ വിശ്വാസികളായിരുന്നുമില്ല.

അപ്രകാരം വിശ്വാസികളെ രക്ഷപ്പെടുത്തുക എന്നത് നമ്മുടെ ബാധ്യതയാണ് എന്ന് 10: 103 ലും; അപ്രകാരം നാം വിശ്വാസികളെ രക്ഷപ്പെടുത്തുമെന്ന് 21: 88 ലും; നിശ്ചയം പ്രവാചകന്മാർ അവരുടെ ജനതയിലേക്ക് വെളിപാടുകളും കൊണ്ട് വന്നപ്പോൾ അതിനെ തള്ളിപ്പറഞ്ഞ ഭ്രാന്തന്മാരോട് നാം പ്രതികാരം ചെയ്തു, വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യത തന്നെയുമായിരുന്നു എന്ന് 30: 47 ലും പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാരെയും വിശ്വാസികളെയും ഐഹികലോകത്തും സാക്ഷികൾ നിലവിൽ വരുന്ന വിധിദിവസവും നാഥൻ സഹായിക്കുക തന്നെ ചെയ്യുമെന്ന് 40: 51 ലും പറഞ്ഞിട്ടുണ്ട്. 5: 48 ൽ പറഞ്ഞ എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. അപ്പോൾ ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നത്, അവന് യാതൊരു ബുദ്ധിമുട്ടും ബാധിക്കുകയില്ല. 11: 50-60; 26: 123-140; 46: 21-28; 54: 18-22; 69: 4, 6-8 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ഹൂദ് നബിയുടെയും ആദ് ജനതയുടെയും സംഭവചരിത്രങ്ങൾ വിവരിച്ചിട്ടുണ്ട്. 6: 45-47; 7: 40; 35: 45 വിശദീകരണം നോക്കുക.

73. സമൂദ് ജനതയിലേക്ക് നാം അവരുടെ സഹോദരൻ സ്വാലിഹിനെയും നിയോഗിച്ചിട്ടുണ്ടായിരുന്നു; അവൻ അവരോട് പറഞ്ഞു: ഓ എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിക്കുന്നവരാവുക, നിങ്ങൾക്ക് അവനല്ലാതെ മറ്റൊരു ഇലാഹില്ല തന്നെ, നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു സുവ്യക്തമായ തെളിവ് നി

ങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു; ഇതാ അല്ലാഹുവിന്റെ ഈ ഒട്ടകം നിങ്ങൾക്കൊരു ദൃഷ്ടാന്തമാകുന്നു, അപ്പോൾ അതിനെ അല്ലാഹുവിന്റെ ഭൂമിയിൽ മേഞ്ഞുതിന്നാൻ നിങ്ങൾ വിടുക, നിങ്ങൾ അതിനെ ദുരുദ്ദേശ്യത്തോടെ തൊട്ടുപോവുകയുമരുത്, അപ്പോൾ വേദനാജനകമായ ശിക്ഷ നിങ്ങളെ പിടികൂടുകതന്നെ ചെയ്യും.

സമൂദ് ജനതയിലേക്ക് അയക്കപ്പെട്ട പ്രവാചകനാണ് സ്വാലിഹ്. മദീനയിൽ നിന്ന് തബൂക്കിലേക്ക് പോകുന്ന വഴിമദ്ധ്യേയാണ് സമൂദ് ജനത താമസിച്ചിരുന്ന പ്രദേശം. അവർക്ക് ദൃഷ്ടാന്തമായി നൽകിയ ഒട്ടകം പ്രസവിക്കപ്പെട്ടുണ്ടായതായിരുന്നില്ല. 6: 123–124; 17: 59 വിശദീകരണം നോക്കുക.

74. ആദിന് ശേഷം അവൻ നിങ്ങളെ പ്രതിനിധികളായി നിശ്ചയിച്ച സന്ദർഭവും ഭൂമിയിൽ നിങ്ങൾക്ക് പാർപ്പിടസൗകര്യം ഒരുക്കിത്തന്നതും ഓർക്കുവീൻ; നിങ്ങൾ അതിലെ സമതലങ്ങളിൽ ഉന്നത കൊട്ടാരങ്ങൾ പണിയുന്നു, അതിലെ പർവ്വതങ്ങൾ തുരന്ന് വീടുകളുണ്ടാക്കുകയും ചെയ്യുന്നു, അപ്പോൾ അല്ലാഹുവിന്റെ അടയാളങ്ങളെക്കുറിച്ച് നിങ്ങൾ ഓർമ്മിക്കുക, നിങ്ങൾ ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുകയും ചെയ്യുവീൻ!

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ് ലോകത്തെവിടെയും എന്നെന്നും ഇവിടെ കഴിഞ്ഞുകൂടാമെന്ന ധാരണയിൽ ആദ് ജനതയുടെയും സമൂദ് ജനതയുടെയുമെല്ലാം നിർമ്മാണങ്ങളെ വെല്ലുന്ന പാർപ്പിടങ്ങളും കെട്ടിടസമുച്ചയങ്ങളും സ്മാരകങ്ങളും തുരങ്കങ്ങളുമെല്ലാം നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അവർ തന്നെയാണ് ഭൂമിക്ക് ആണിയായിട്ടുള്ള മലകൾ തുരന്നെടുത്ത് കടലിലും വയലിലും മണ്ണിട്ട് നികത്തി കൃത്രിമമായി കരകൾ നിർമ്മിക്കുന്നതിലും അവിടെ കൂറ്റൻ സൗധങ്ങൾ പണിയുന്നതിലുമെല്ലാം മുൻപന്തിയിലുള്ളത് അവർ തന്നെയാണ്. അല്ലാഹുവിന്റെ അടയാളങ്ങളെ ഓർമ്മിക്കാതെയും ചിന്തയില്ലാതെയും പ്രപഞ്ചത്തെ നശിപ്പിക്കാൻ ഓടിനടക്കുന്നവരിൽ മുൻപന്തിയിലുള്ളത് 25: 18 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന ഈ കെട്ടജനത തന്നെയാണ്. ഭൂമിയിലെ മനുഷ്യരുടെ പാർപ്പിടത്തിനെ വിശ്രമസ്ഥലമെന്നാണ് 7: 24 ൽ അല്ലാഹു വിശേഷിപ്പിച്ചിട്ടുള്ളത് എന്ന് ഈ ഭ്രാന്തന്മാർ ചിന്തിക്കുന്നില്ല. ഇതരജനവിഭാഗങ്ങളെക്കൂടി വലിയ സൗധങ്ങളും കൊട്ടാരങ്ങളും ഉണ്ടാക്കുന്നതിന് പ്രേരിപ്പിക്കുന്നവരായി മാറിയിരിക്കുകയാണ് ഇവർ. അദ്ദിക്റിന് വിരുദ്ധമായി ജീവിതം നയിക്കുക വഴി കാഫിറുകളായിത്തീർന്ന ഇവരുടെ പള്ളികൾ സന്മാർഗ്ഗം തീരെ ഇല്ലാത്ത വലിയ സൗധങ്ങളാണ്. *അവസാനകാലത്ത് അവരുടെ പള്ളികൾ വലിയ കെട്ടിടങ്ങളായിരിക്കും, എന്നാൽ അവ സന്മാർഗത്തെത്തൊട്ട് തടയുന്നതുമായിരിക്കും* എന്ന് പ്രപഞ്ചനാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചത് അന്വർത്ഥമായിരിക്കുന്നു. അദ്ദിക്റിൽ നിന്ന് ഒളിച്ചോടിപ്പോയ ഈ കെട്ടജനതക്കെതിരെ പ്രവാചകൻ വിധിദിവസം അന്യായം ബോധിപ്പിക്കുന്ന രംഗം 25: 30 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 4: 91; 8: 22; 30: 41; 34: 19–20 വിശദീകരണം നോക്കുക.

75. അവന്റെ ജനതയിലെ അഹങ്കാരികളായ പ്രമാണിമാർ അവരിൽ നിന്നുള്ള വിശ്വാസികളായ ദുർബലരായവരോട് ചോദിച്ചു: നിശ്ചയം സ്വാലിഹ് തന്റെ നാഥനിൽ നിന്നുള്ള ഒരു പ്രവാചകനാണെന്ന് നിങ്ങൾ അറിയുന്നുവോ; അവർ പറഞ്ഞു: അവൻ എന്തും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത്, നിശ്ചയം ഞങ്ങൾ അതുകൊണ്ട് വിശ്വസിക്കുന്നവരാണ്.

76. അഹങ്കാരികളായവർ പറഞ്ഞു: നിശ്ചയം നിങ്ങൾ ഏതൊന്നുകൊണ്ടാണോ വിശ്വസിക്കുന്നത്, അതിനെ ഞങ്ങൾ നിഷേധിക്കുന്നവർ തന്നെയാണ്.

എക്കാലത്തും പ്രവാചകന്മാരെക്കൊണ്ടും അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ കൊണ്ടും വിശ്വസിച്ചിട്ടുള്ളത് ബലഹീനരായ ഏതാനും പേർ മാത്രമാണ്. പ്രവാചകനുമായുള്ള അവരുടെ സാമീപ്യമാണ് അഹങ്കാരികളായ പ്രമാണിമാർക്ക് വിശ്വസിക്കാൻ തടസ്സമായിരുന്നത്. നിരക്ഷരനായ പ്രവാചകനിലൂടെ അവതരിപ്പിക്കപ്പെട്ട അദ്ദിക്ർ കൂടുതൽ മനസ്സിലാവുകയും ഉപയോഗപ്പെടുകയും ചെയ്യുക നിരക്ഷരർക്കാണ് എന്ന് 62: 2-3 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 7: 26; 56: 82 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരാണ് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ എന്നതിനാൽ ഇക്കാലത്തുള്ള ഒറ്റപ്പെട്ട വിശ്വാസി പ്രവാചകന്റെ സമുദായത്തിൽപെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സൗരാഷ്ട്രർ തുടങ്ങിയ ജനവിഭാഗങ്ങൾക്കാണ് അദ്ദിക്ർ എത്തിച്ചുകൊടുക്കേണ്ടത്. അതോടൊപ്പം പ്രവാചകന്റെ ജനതയിൽ പെട്ട ഫുജ്ജാറുകളോട് 9: 73 ന്റെ കൽപന പ്രകാരം അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യുകയും വേണം. അഹങ്കാരികളായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ച അനുയായികളുമടങ്ങിയ ഫുജ്ജാറുകളുടെ മരണസമയത്ത് നാഥൻ അവരോട്: അല്ല, നിനക്ക് എന്റെ സൂക്തങ്ങൾ വന്നുകിട്ടി, അപ്പോൾ നീ അവയെ തള്ളിപ്പറഞ്ഞു, നീ എല്ലാം തികഞ്ഞവനാണെന്ന് അഹങ്കരിച്ചു, നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു എന്ന് പറയുമെന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. 4: 150-151; 7: 37; 11: 27-28 വിശദീകരണം നോക്കുക.

77. അങ്ങനെ അവർ ആ ഒട്ടകത്തെ അറുത്തുകളഞ്ഞു, തങ്ങളുടെ നാഥന്റെ കൽപനകൾ അവർ ധാർഷ്ട്യപൂർവ്വം ധിക്കരിക്കുകയും ചെയ്തു, അവർ പറയുകയും ചെയ്തു: ഓ സ്വാലിഹ്, നീ അയക്കപ്പെട്ട പ്രവാചകന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ ഞങ്ങളോട് വാഗ്ദത്തം ചെയ്തുകൊണ്ടിരുന്നതായ ഒന്ന് ഞങ്ങൾക്ക് കൊണ്ടുവരിക.

അവരോട് വാഗ്ദത്തം ചെയ്യുന്ന ശിക്ഷ വേഗത്തിൽ കൊണ്ടുവരിക എന്ന വെല്ലുവിളിയോടുകൂടിയാണ് അല്ലാഹു ദൃഷ്ടാന്തമായി നൽകിയ ഒട്ടകത്തെ അവർ അറുത്തത്. 11: 65 ൽ പറഞ്ഞ പ്രകാരം സ്വാലിഹ് നബി അവരോട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വീട്ടിൽ മൂന്ന് ദിവസം കാത്തിരിക്കുക. മൂന്ന് ദിവസത്തിന് ശേഷം ശിക്ഷ അവരിൽ സംഭവിക്കുകയുമുണ്ടായി.

78. അപ്പോൾ കിടിലം കൊള്ളിക്കുന്ന വിപത്ത് അവരെ ബാധിച്ചു, അങ്ങനെ അവർ പ്രഭാതത്തിൽ തങ്ങളുടെ വീടുകളിൽ ചേതനയറ്റ് വീണുകിടന്നു.

79. അങ്ങനെ അവൻ അവരെത്തൊട്ട് പിന്തിരിഞ്ഞുപോയി; അവൻ പറയുകയും ചെയ്തു: ഓ എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശം നിശ്ചയം ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നു, ഞാൻ നിങ്ങളോട് ഗുണകാംക്ഷയുള്ളവനുമായിരുന്നു, എന്നാൽ നിങ്ങൾ ഗുണകാംക്ഷികളെ ഇഷ്ടപ്പെടുന്നവരായിരുന്നില്ല.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളാണ് ഏറ്റവും വലിയ ദൃഷ്ടാന്തവും മിഥ്യകലരാത്ത അജയ്യഗ്രന്ഥവുമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ കാഫിറായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നത്. 11: 61-68; 26: 141-159; 54: 23-32; 91:

11–15 തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സ്വാലിഹിന്റെ ജനതയായ സമൂദിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

80. ലൂത്തിനെയും, അവൻ തന്റെ ജനതയോട് ചോദിച്ച സന്ദർഭം: നിങ്ങൾക്കുമുമ്പ് സർവ്വലോകരിൽ ഒരാളും ചെയ്തിട്ടില്ലാത്ത മ്ലേച്ഛവൃത്തിയാണോ നിങ്ങൾ കൊണ്ടുവരുന്നത്?

81. നിശ്ചയം നിങ്ങൾ ലൈംഗികവികാരം ശമിപ്പിക്കുന്നതിന് സ്ത്രീകളെക്കൂടാതെ പുരുഷന്മാരെയാണോ സമീപിക്കുന്നത്; അല്ല, നിങ്ങൾ അതിരുകവിഞ്ഞവരായ ഒരു ജനത തന്നെ.

സദൂം പ്രദേശത്ത് ജീവിച്ചിരുന്ന ലൂത്ത് നബിയുടെ ജനത പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗരതിയിൽ മുഴുകിയവരായിരുന്നു. ലോകത്ത് ആരും തന്നെ അതിനുമുമ്പ് ചെയ്തിട്ടില്ലാത്ത ഒരു മ്ലേച്ഛപ്രവൃത്തിയായിരുന്നു അത്. യഥാർത്ഥത്തിൽ പുരുഷനെയും സ്ത്രീയെയുമാണ് നാഥൻ ഇണയായി സൃഷ്ടിച്ചിട്ടുള്ളതും അവരിലൂടെയാണ് ലൈംഗികവികാരം പൂർത്തീകരിക്കേണ്ടതും.

82. അവന്റെ ജനതയുടെ മറുപടി ആകാതിരുന്നില്ല; നിങ്ങളുടെ നാട്ടിൽ നിന്ന് അവരെ പുറത്താക്കുക എന്ന് അവർ പറഞ്ഞതല്ലാതെ, നിശ്ചയം അവർ വിശുദ്ധി ചമയുന്ന മനുഷ്യർ തന്നെ!

83. അപ്പോൾ നാം അവനെയും അവന്റെ കുടുംബത്തെയും രക്ഷപ്പെടുത്തി, അവന്റെ സ്ത്രീയെ ഒഴികെ, അവൾ പുറം തിരിഞ്ഞവരുടെ കൂട്ടത്തിലായിരുന്നു.

84. അവരുടെമേൽ നാം ഒരു മഴയങ്ങ് വർഷിപ്പിക്കുകയും ചെയ്തു, അപ്പോൾ ഭ്രാന്തന്മാരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് നീ നോക്കിക്കാണുക.

പ്രകൃതിമതമായ ഇസ്ലാമിന് വിരുദ്ധമായ സ്വവർഗ്ഗരതി ഇന്ന് സാർവ്വത്രികമായി നടക്കുന്നത് കഴുത ഭാരം വഹിക്കുന്നതുപോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളിലാണ്. പിശാച് വ്യഭിചാരത്തേക്കാൾ പ്രകൃതിക്ക് വിരുദ്ധമായ സ്വവർഗ്ഗരതിക്കാണ് പ്രേരിപ്പിക്കുക എന്ന് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ പരിഗണിക്കുന്നില്ല. അവരുടെ സ്ത്രീകൾ ലൈംഗികാസക്തി പൂർത്തീകരിക്കുന്നതിന് വേണ്ടി വിവാഹം നിഷിദ്ധമായ പുരുഷന്മാരുമായി വരെ ലൈംഗികബന്ധത്തിൽ ഏർപ്പെടുക വഴി ജാരസന്താനങ്ങളെ പെരുപ്പിച്ചുകൊണ്ടിരിക്കുകയും, അതുവഴി അവർ മസീഹുദ്ദജ്ജാലിന്റെ വരവിനുവേണ്ടി ധൃതി കാണിച്ചുകൊണ്ടിരിക്കുകയുമാണ്. 11: 68–83; 15: 51–77; 26: 160–175; 27: 54–58; 29: 28–35; 51: 24–37; 54: 33–40 തുടങ്ങിയ സൂക്തങ്ങളിലെല്ലാം ലൂത്തിന്റെ ജനതയെ പരാമർശിച്ചിട്ടുണ്ട്. 2: 110; 3: 108; 10: 17–18, 50 വിശദീകരണം നോക്കുക.

85. മദ്യനിലേക്ക് അവരുടെ സഹോദരൻ ശുഐബിനെയും; അവൻ പറഞ്ഞു: ഓ എന്റെ ജനമേ! നിങ്ങൾ അല്ലാഹുവിനെ സേവിക്കുന്നവരാവുക, നിങ്ങൾക്ക് അവനെക്കൂടാതെ മറ്റൊരു ഇലാഹുമില്ല തന്നെ, നിങ്ങളുടെ നാഥനിൽ നിന്നുള്ള സ്പഷ്ടമായ ഒരു വെളിപാട് നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു, അതിനാൽ നിങ്ങൾ അളവുതൂക്കങ്ങൾ പൂർത്തിയാക്കുവീൻ, ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കുറവ് വരുത്താതിരിക്കുകയും നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കാതിരിക്കുകയും ചെയ്യുവീൻ –അതിന്റെ സംസ്കരണം കഴിഞ്ഞിരിക്കെ, അതാണ് നിങ്ങൾക്ക് ഉത്തമം, നിങ്ങൾ വിശ്വാസികൾ തന്നെയാണെങ്കിൽ!

11: 17, 28; 40: 49 തുടങ്ങി 61 സൂക്തങ്ങളിൽ പറഞ്ഞ വെളിപാട് അദ്ദിക്ർ തന്നെയാണ്.

2: 93; 5: 57 വിശദീകരണം നോക്കുക.

86. എല്ലാ ഓരോ വഴികളിലും നിങ്ങൾ ഇരിക്കരുത് -ജനങ്ങളെ ഭീഷണിപ്പെടുത്തുന്നവരായും വിശ്വാസികളെ അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് തടയുന്നവരായും ആ നേർമാർഗത്തെ വളച്ചൊടിക്കുവാൻ ശ്രമിക്കുന്നവരായും കൊണ്ട്, നിങ്ങൾ എണ്ണത്തിൽ തുച്ഛമായ കാലം ഓർമ്മിക്കുവീൻ, അപ്പോൾ നാം നിങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു, നാശകാരികളായവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നിങ്ങൾ നോക്കിക്കാണുകയും ചെയ്യുവീൻ.

87. ഞാൻ ഏതൊരു സന്ദേശവും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത്, അതിൽ നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗം വിശ്വസിക്കുന്നവരാണെങ്കിലും മറ്റൊരു വിഭാഗം വിശ്വസിക്കുന്നില്ല, അപ്പോൾ അല്ലാഹു നമുക്കിടയിൽ തീരുമാനം കൽപിക്കുന്നതുവരെ നിങ്ങൾ ക്ഷമയോടെ കാത്തിരിക്കുവീൻ, അവൻ വിധി കൽപിക്കുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

മദ്യൻ വാസികൾ നാഥന്റെ സന്ദേശമായ അദ്ദിക്റിനെ തള്ളിപ്പറയുക വഴി പ്രപഞ്ച നാഥനെ ഏകഇലാഹായി അംഗീകരിക്കാത്തവരും അളവുതൂക്കങ്ങളിൽ കൃത്രിമം കാണിച്ചുകൊണ്ട് ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ പൂർത്തിയാക്കി നൽകാത്തവരുമായിരുന്നു. അവർ വഴിയോരങ്ങളിൽ പതിയിരുന്ന് കവർച്ച, കൊള്ള തുടങ്ങിയ നശീകരണ പ്രവർത്തനങ്ങളിൽ മുഴുകി നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് വ്യതിചലിച്ച് ജീവിക്കുന്നവരായതിനാൽ ആ നാട്ടിൽ ജീവിതം ദുസ്സഹമായിത്തീർന്നു. നാഥൻ അവരുടെ ജീവിത ഭാരം ഇറക്കിവെക്കുന്നതിനും അവരെ സംസ്കരിക്കുന്നതിനും വേണ്ടി അദ്ദിക്റും കൊണ്ട് ശുഐബിനെ നിയോഗിച്ചു. അല്ലാഹുവിന്റെ പാത വക്രീകരിക്കരുതെന്നും എണ്ണത്തിൽ കുറവായിരുന്ന നിങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത് നാഥനാണെന്ന് ഓർക്കുകയും മുമ്പു കഴിഞ്ഞുപോയ നാശകാരികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിക്കാണുകയും ചെയ്യുക എന്ന് അവരെ ഉണർത്തുകയുണ്ടായി. 2: 59; 7: 30, 37; 8: 22; 9: 67-68 വിശദീകരണം നോക്കുക.

88. അവന്റെ ജനതയിലെ അഹങ്കാരികളായ പ്രമാണിമാർ പറഞ്ഞു: ഓ ശുഐബ്! നിശ്ചയം, നിന്നെയും നിന്നോടൊപ്പം വിശ്വാസികളായവരെയും ഞങ്ങളുടെ നാട്ടിൽ നിന്ന് ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ ചര്യകളിലേക്ക് തിരിച്ചുവരിക തന്നെ വേണം; അവൻ ചോദിച്ചു: ഞങ്ങൾ അത് വെറുക്കുന്നവരാണെങ്കിലും?

2: 256 പ്രകാരം മതത്തിൽ നിർബന്ധമില്ല എന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പറയുന്നുണ്ടെങ്കിലും അദ്ദിക്ർ മുറുകെപ്പിടിച്ച് ഫുജ്ജാറുകളുടെ മാർഗ്ഗത്തിൽ നിന്ന് വേറിട്ട് നിലകൊള്ളുന്ന ആയിരത്തിലൊന്നായ വിശ്വാസിയോട് അവരിലെ അഹങ്കാരികളായ കപടവിശ്വാസികൾ സ്വീകരിച്ചിട്ടുള്ള നയവും ഈ സൂക്തത്തിൽ പറഞ്ഞതു പോലെത്തന്നെയാണ്. ത്രികാലജ്ഞാനമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ ആക്കുന്നില്ല. ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നിലകൊള്ളുന്നത്, അത് അവന് വേണ്ടിത്തന്നെയാണ്. ഫുജ്ജാറുകൾ വായിച്ച, കേട്ട, തൊട്ട ഗ്രന്ഥം അവർക്കെതിരെ വാദിച്ച് സാക്ഷി നിന്ന് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുക. 6: 123-124; 10: 108-109; 48: 6; 22: 77-78 വിശദീകരണം നോക്കുക.

89. അല്ലാഹു ഞങ്ങളെ അതിൽ നിന്ന് രക്ഷിച്ച് കഴിഞ്ഞിരിക്കെ നിങ്ങളുടെ ചര്യയിലേക്ക് ഞങ്ങൾ മടങ്ങുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവർ തന്നെയായിരിക്കും, ഞങ്ങളുടെ ഉടമയായ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ ഞങ്ങൾക്ക് ഒരിക്കലും ഇനി അതിലേക്ക് മടങ്ങുക സാധ്യമല്ല, ഞങ്ങളുടെ നാഥൻ എല്ലാ ഓരോ വസ്തുവിനെക്കുറിച്ചും വിശാലമായ അറിവുള്ളവനാണ്, അല്ലാഹുവിന്റെ മേലാകുന്നു ഞങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നത്; ഞങ്ങളുടെ നാഥാ, ഞങ്ങൾക്കും ഞങ്ങളുടെ ജനതക്കുമിടയിൽ സത്യം കൊണ്ട് നീ തീരുമാനം കൽപിക്കേണമേ, നീ തീരുമാനം കൽപിക്കുന്നവരിൽ ഉത്തമനുമാകുന്നു.

7: 8–9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സത്യം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 39: 69, 75; 40: 78 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിചാരണാനാളിൽ സത്യമായ അദ്ദിക്ർ ത്രാസായി ഉപയോഗപ്പെടുത്തിയാണ് വിചാരണ നടത്തുക എന്നതിനാൽ എക്കാലത്തുമുള്ള വിശ്വാസികൾ അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഇവിടെ വെച്ച് സത്യമായ അദ്ദിക്ർ കൊണ്ട് വിചാരണ നടത്തുന്നവരും സത്യമായ അതുകൊണ്ട് ഞങ്ങൾക്കും ഫുജ്ജാറുകളായ ജനതക്കുമിടയിൽ വിധി കൽപിക്കേണമേ എന്ന് നാഥനോട് പ്രാർത്ഥിക്കുന്നവരുമാണ്. 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന വിശ്വാസി 4: 150–151 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകത്തിലേക്കുള്ള അറബി ഖുർആൻ വായിക്കുന്ന യഥാർത്ഥ കാഫിറുകളോട് 'നിങ്ങൾക്ക് നിങ്ങളുടെ ജീവിതരീതി, എനിക്ക് യഥാർത്ഥ ജീവിതരീതിയും' എന്ന് പ്രഖ്യാപിക്കാനാണ് 109: 6 ലൂടെ കൽപിക്കപ്പെട്ടിട്ടുള്ളത്. 2: 255–257; 3: 90–91; 7: 48–49 വിശദീകരണം നോക്കുക.

90. അവന്റെ ജനതയിലെ കാഫിറുകളായ പ്രമാണിമാർ പറയുകയും ചെയ്തു, നിങ്ങൾ ശുഐബിനെ പിൻപറ്റുന്നവർ തന്നെയാണെങ്കിൽ നിശ്ചയം അപ്പോൾ നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവർ തന്നെയായിരിക്കും.

91. അപ്പോൾ കിടിലം കൊള്ളിക്കുന്ന ഒരു വിപത്ത് അവരെ ബാധിക്കുകയും അങ്ങനെ അവർ പ്രഭാതത്തോടെ തങ്ങളുടെ വസതികളിൽ ചേതനയറ്റ് വീണുകിടക്കുകയും ചെയ്തു.

2: 258; 5: 10, 86; 7: 179; 18: 103–106 വിശദീകരണം നോക്കുക.

92. ശുഐബിനെ തള്ളിപ്പറഞ്ഞവർ ആ ഭവനങ്ങളിൽ വസിച്ചിട്ടേയില്ല എന്ന വണ്ണം തുടച്ചുനീക്കപ്പെട്ടു, ആരാണോ ശുഐബിനെ തള്ളിപ്പറഞ്ഞുകൊണ്ടിരുന്നത്, അവർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവരായിത്തീർന്നത്.

90-ാം സൂക്തത്തിൽ ശുഐബിനെ പിൻപറ്റിയാൽ നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിത്തീരും എന്നാണ് കപടവിശ്വാസികൾ വിശ്വാസികളോട് പറഞ്ഞിരുന്നത്. എന്നാൽ ശുഐബിനെ തള്ളിപ്പറഞ്ഞ അവരും അവരുടെ അനുയായികളും തന്നെയാണ് ഇഹത്തിലും പരത്തിലും എല്ലാം നഷ്ടപ്പെട്ടവരായിത്തീർന്നത്. കാഫിറുകളും അക്രമികളും ഭ്രാന്തന്മാരുമായ കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ പരലോകത്ത് വെച്ച് പരസ്പരം പഴിചാരുകയും ശപിക്കുകയും തർക്കിക്കുകയും ചെയ്യുന്ന രംഗം 2: 165–167 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 2: 120–121 വിശദീകരണം നോക്കുക.

93. അങ്ങനെ അവൻ അവരെത്തൊട്ട് പിന്തിരിഞ്ഞുപോയി; അവൻ പറയുകയും

ചെയ്തു: ഓ എന്റെ ജനമേ, നിശ്ചയം എന്റെ നാഥന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നു, ഞാൻ നിങ്ങൾക്ക് ഗുണകാംക്ഷയുള്ളവനുമായിരുന്നു, അപ്പോൾ കാഫിറായ ഒരു ജനതയുടെമേൽ ഞാൻ എന്തിന് ദുഃഖിക്കണം?

5: 67 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയും മൊത്തം മനുഷ്യർക്ക് നാഥനിൽ നിന്നുള്ള സന്ദേശവുമായ അദ്ദിക്റിനെ മൂടിവെക്കുന്ന ഒരു ജനതയെ നിശ്ചയം അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല. അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളെയും അതിനെ തള്ളിപ്പറയുന്ന ഫാജിറുകളെയും പ്രവാചകനോ വിശ്വാസിയോ അനുസരിക്കരുതെന്നും അവരോട് അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* നടത്തണമെന്നും 9: 73; 66: 9 എന്നീ സൂക്തങ്ങളിലൂടെ പ്രവാചകനോടും ഒറ്റപ്പെട്ട വിശ്വാസിയോടും കൽപിച്ചിട്ടുണ്ട്. 2: 6–7, 18; 4: 140 വിശദീകരണം നോക്കുക.

94. നാം ഒരു നാട്ടിലേക്കും നബിമാരിൽ നിന്ന് ഒരാളെയും നിയോഗിച്ചിട്ടില്ല, ആ നാട്ടിലെ നിവാസികളെ വിപത്തുകൾ കൊണ്ടും യാതനകൾ കൊണ്ടും പിടികൂടിയിട്ടല്ലാതെ, അവർ വിനീതരാവുക തന്നെ വേണമെന്നതിനുവേണ്ടി.

95. പിന്നീട് നാം അവരുടെ തിന്മയുടെ സ്ഥാനത്ത് നന്മ പകരം വെച്ചു, അവർ അവരുടെ ദുഃഖാവസ്ഥ മറക്കുന്നതുവരെ; അവർ പറയുകയും ചെയ്തു: ക്ഷാമവും ക്ഷേമവും നമ്മുടെ പൂർവ്വപിതാക്കളെയും ബാധിച്ചിട്ടുണ്ട്, അപ്പോൾ നാം അവരെ പെട്ടെന്ന് പിടികൂടി –അവർ അത് തിരിച്ചറിയുന്നവരായിരുന്നുമില്ല.

മുൻകഴിഞ്ഞുപോയ പ്രവാചകന്മാരിൽ ചിലരുടെ സംഭവചരിത്രങ്ങൾ വെവ്വേറെ പ്രതിപാദിച്ച ശേഷം പ്രവാചകനിയോഗത്തിൽ എക്കാലത്തും അല്ലാഹു സ്വീകരിച്ചുപോന്ന നടപടിക്രമം വിവരിക്കുകയാണ്. ഏതൊരു നാട്ടിലേക്കും പ്രവാചകനെ നിയോഗിക്കുമ്പോൾ ആ പ്രവാചകൻ കൊണ്ടുവന്ന സന്ദേശത്തിന് ചെവി കൊടുക്കുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള പരീക്ഷണങ്ങൾ അവരെ ബാധിപ്പിക്കുന്നതാണ്.

ഇത്തരം പരീക്ഷണങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് സത്യം സ്വീകരിക്കാൻ സന്നദ്ധമായില്ലെങ്കിൽ പിന്നീട് അവർക്ക് ക്ഷാമത്തിന് പകരം ക്ഷേമവും സൗഭാഗ്യങ്ങളും നൽകി പരീക്ഷിക്കുന്നു. അങ്ങനെ സുഖാഡംഭരങ്ങളിൽ മതിമറന്ന് അവർ അല്ലാഹുവിനെയും ജീവിതലക്ഷ്യത്തെയും മറന്ന തെമ്മാടികളായി മാറുമ്പോൾ ശിക്ഷ പെട്ടെന്ന് പിടികൂടി അവരെ നശിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അന്ത്യപ്രവാചകനായ മുഹമ്മദിന്റെ ജനതക്ക് വിപത്തും യാതനകളും നൽകി പരീക്ഷിക്കുന്നതിന് പകരം സുഖ സൗഭാഗ്യങ്ങളും ക്ഷേമ-ഐശ്വര്യങ്ങളും യഥേഷ്ടം നൽകിയാണ് പരീക്ഷിക്കുക. അല്ലാഹുവിനെയും അദ്ദിക്റിനെയും മൂടിവെച്ച് പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവരിലേക്ക് ഇനി പരീക്ഷണമായി ഏറ്റവും വലിയ കള്ളവാദിയായ മുപ്പതാമത്തെ കള്ളവാദി മസീഹുദ്ദജ്ജാലാണ് വരിക. അവനെ നബിയായി സ്വീകരിക്കത്തക്കവണ്ണം ലോകത്തെല്ലായിടത്തും കൃഷിയില്ലാതാവുന്നതും വരൾച്ചയും ഭക്ഷ്യക്ഷാമവും വ്യാപിക്കുന്നതുമാണ്. അങ്ങനെ അവൻ വന്നാൽ മഴയും കൃഷിയും ഉൽപാദിപ്പിച്ചുകൊടുത്ത് ജനങ്ങളെ അവന്റെ കെണിയിൽ പെടുത്തുന്നതുമാണ്. പിന്നെ ഈസാ രണ്ടാമത് വന്നാൽ അവനെയും അവന്റെ പട്ടാളക്കാരായ എഴുപതിനായിരം ജൂതന്മാരെയും അവനെ റബ്ബായി സ്വീകരിക്കുന്ന കപടവിശ്വാസികളെയും ഹൃദയങ്ങളിൽ രോഗമുള്ളവരെയും വധിക്കുന്നതും 4: 91; 5: 33; 9: 5, 123; 33: 60–61 സൂക്തങ്ങളുടെ കൽപന നടപ്പിലാക്കുന്നതുമാണ്. അപ്പോൾ മാത്രമാണ് അവർക്ക് അറബി ഖുർആൻ അല്ല, മറിച്ച് 38: 8 ൽ പറഞ്ഞ അദ്ദിക്ർ –ദിക്റീ– ആയിരുന്നു നാഥനിൽ നിന്നുള്ള ഗ്രന്ഥം എന്ന് ബോധ്യം വരിക. 2: 155–157; 6: 43–45, 47

വിശദീകരണം നോക്കുക.

96. നാട്ടിലെ നിവാസികൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നവരാണെങ്കിൽ നാം അവരുടെമേൽ ആകാശത്ത് നിന്നും ഭൂമിയിൽ നിന്നുമുള്ള അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുക്കുക തന്നെ ചെയ്യുമായിരുന്നു, പക്ഷേ അവർ തള്ളിപ്പറഞ്ഞു, അപ്പോൾ നാം അവരെ അവർ സമ്പാദിച്ചുകൊണ്ടിരുന്നത് കാരണം പിടികൂടി.

നാട്ടിലെ നിവാസികൾ അല്ലാഹുവിന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളാവുകയും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസ്സും *അമാനത്തു*മായ അത് മനുഷ്യരുടെ ഐക്യവും സമാധാനവും സ്ഥാപിക്കാൻ ലക്ഷ്യം വെച്ചുകൊണ്ട് ലോകർക്ക് എത്തിച്ച് കൊടുക്കുകയുമാണെങ്കിൽ അവർക്ക് ആകാശത്തുനിന്നും ഭൂമിയിൽ നിന്നുമുള്ള അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുന്നതാണ്. എന്നാൽ ഗ്രന്ഥം അനന്തരാവകാശമായി സ്വീകരിച്ചിട്ടുള്ള പ്രവാചകന്റെ ജനതയിൽ നിന്നുള്ള ഫുജ്ജാറുകൾ അതിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും സാമുദായികത, സ്വജനപക്ഷപാതം, വർഗ്ഗീയത, തീവ്രവാദ പ്രവർത്തനങ്ങൾ, രക്തച്ചൊരിച്ചിൽ തുടങ്ങിയ പൈശാചിക പ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ട് പ്രപഞ്ചത്തെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളിലാണ് ലോകത്ത് എവിടെയും ഏർപ്പെട്ടുകാണുന്നത്. അല്ലാഹുവിനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത അവർ ലക്ഷ്യബോധം നഷ്ടപ്പെട്ട് ഇവിടെ സമ്പാദിക്കുന്നത് നരകക്കുണ്ഠമായതിനാൽ 6: 26; 20: 99–100; 30: 41 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം പ്രപഞ്ചം നശിപ്പിച്ചതിനുള്ള പാപഭാരം പേറി അവർ സമ്പാദിച്ച നരകക്കുണ്ഠത്തിൽ കാലാകാലം കഴിഞ്ഞുകൂടേണ്ടവരുമാണ്. 4: 144; 5: 65–66; 6: 144 വിശദീകരണം നോക്കുക.

97. അപ്പോൾ നാട്ടിലെ നിവാസികൾ രാത്രിസമയത്ത് ഉറക്കത്തിലാകുമ്പോൾ നമ്മുടെ വിപത്ത് അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച് അവർ ഭയരഹിതരായി കഴിഞ്ഞുകൂടുകയാണോ?

98. അല്ലെങ്കിൽ, അവർ പകൽ വേളയിൽ കളിതമാശകളിൽ മുഴുകിയവരായിരിക്കുമ്പോൾ നമ്മുടെ വിപത്ത് അവരിൽ വന്നെത്തുകയില്ലെന്ന് ഭയരഹിതരായി കഴിഞ്ഞുകൂടുകയാണോ?

ആകാശത്തുള്ളവൻ ഭൂമി പിളർത്തി അതിനെക്കൊണ്ട് നിങ്ങളെ വിഴുങ്ങിപ്പിക്കുകയില്ല എന്ന് നിങ്ങൾ നിർഭയരായിരിക്കുകയാണോ? അതോ, ആകാശത്തുള്ളവൻ നിങ്ങളുടെമേൽ കല്ലുകൾ വർഷിപ്പിക്കുന്നതിനെക്കുറിച്ച് നിങ്ങൾ നിർഭയരായിരിക്കുകയാണോ, അപ്പോൾ മുന്നറിയിപ്പ് എങ്ങനെയുണ്ടായിരുന്നെന്ന് നിങ്ങൾ അറിയുക തന്നെ ചെയ്യും എന്ന് 67: 16–17 സൂക്തങ്ങളിൽ അല്ലാഹു ചോദിക്കുന്നുണ്ട്. 16: 45–47 സൂക്തങ്ങളിൽ, തിന്മക്കുവേണ്ടി ഗൂഢതന്ത്രങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നവരായവർ നിർഭയരാണോ? അല്ലാഹു അവരെ ഭൂമിയെക്കൊണ്ട് വിഴുങ്ങിപ്പിക്കുകയില്ലെന്ന്, അല്ലെങ്കിൽ അവർ അനുമാനിക്കുക പോലും ചെയ്യാത്ത ഭാഗത്തുനിന്ന് അവർക്ക് ശിക്ഷ വന്നെത്തുകയുമില്ലെന്ന്? അല്ലെങ്കിൽ അവർ ഇങ്ങനെ വിളയാടി വിഹരിച്ചുകൊണ്ടിരിക്കുമ്പോൾ ആകസ്മികമായി അവരെ പിടികൂടുന്നതിനെക്കുറിച്ച്, അപ്പോൾ അവർ ഒരിക്കലും അല്ലാഹുവിനെ പരാജയപ്പെടുത്തുന്നവരൊന്നുമല്ല. അല്ലെങ്കിൽ വിപത്തുകളെക്കുറിച്ച് ഭയപ്പാടിലായിരിക്കെ അവരെ പിടികൂടുന്നതിനെക്കുറിച്ച്, അപ്പോൾ നിശ്ചയം നിങ്ങളുടെ നാഥൻ ഏറെ കനിവുള്ള കാരുണ്യവാൻ തന്നെയാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെ

ല്ലാം വായിക്കുന്നത് 54: 17 ൽ പറഞ്ഞ പ്രകാരം ഹൃദയം കൊണ്ട് മനസ്സിലാക്കാൻ വളരെ എളുപ്പമാക്കിയ അദ്ദിക്റിനെയും അതിന്റെ 40 പേരുകളെയും അറിഞ്ഞുകൊണ്ട് മൂടിവെക്കുന്ന കപടവിശ്വാസികളും അദ്ദിക്റിനെ തള്ളിപ്പറയുന്ന ഫാജിറുകളുമാണ്. അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33 സൂക്തങ്ങളിലൂടെ നാഥൻ വാഗ്ദത്തം ചെയ്തിട്ടുള്ളത്. 7: 4–5 വിശദീകരണം നോക്കുക.

99. അപ്പോൾ അവർ അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് നിർഭയരാണോ? എന്നാൽ എല്ലാം നഷ്ടപ്പെട്ട ഒരു ജനതയല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് നിർഭയരാവുകയില്ല.

14: 46 ൽ, എക്കാലത്തും അക്രമികളായ ജനത സത്യത്തിനെതിരായി തന്ത്രം മെനഞ്ഞിരുന്നുവെന്നും അവരുടെ തന്ത്രം അല്ലാഹുവിന്റെ പക്കലാണെന്നും അവരുടെ തന്ത്രം കൊണ്ട് മല തന്നെ നീക്കാൻ സാധിച്ചാലും ശരി, സത്യത്തെ പരാജയപ്പെടുത്താൻ സാധിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. അഥവാ സത്യത്തിനെതിരായിട്ട് മനുഷ്യർ എന്ത് തന്ത്രം പ്രയോഗിച്ചാലും അത് അവർക്കുതന്നെ എതിരായിട്ട് ഭവിക്കുന്നതാണ്. നഷ്ടപ്പെട്ട ഒരു ജനതയല്ലാതെ സത്യത്തെ പരാജയപ്പെടുത്താൻ ശ്രമിക്കുകയില്ല. 3: 54; 6: 123–124; 35: 10 വിശദീകരണം നോക്കുക.

100. ഭൂമിയിലെ പൂർവ്വനിവാസികൾക്ക് ശേഷം അതിന്റെ അനന്തരാവകാശികളായവർക്ക് നാം ഉദ്ദേശിക്കുന്നുവെങ്കിൽ അവരുടെ പാപങ്ങളുടെ അനന്തരഫലം അവരെ ബാധിപ്പിക്കുമെന്നത് അവർക്ക് മാർഗദർശനമാകുന്നില്ലെയോ? നാമോ അവരുടെ ഹൃദയങ്ങളുടെമേൽ അടച്ച് മുദ്ര വെച്ചിരിക്കുന്നു, അപ്പോൾ അവർ കേൾക്കുന്നവരാവുകയില്ല.

32: 26 ൽ, ഇവർക്ക് മുമ്പുള്ള എത്രയെത്ര നാട്ടുകാരെയാണ് നാം നശിപ്പിച്ചിട്ടുള്ളത്, അവരുടെ വാസസ്ഥലങ്ങളിലൂടെയാണല്ലോ ഇവർ നടന്ന് പോകുന്നത്, അപ്പോൾ അത് ഇവർക്ക് ഒരു മാർഗ്ഗദർശനമല്ലെയോ? നിശ്ചയം അതിൽ ധാരാളം പാഠങ്ങളുണ്ട്, അപ്പോൾ അവർ കേൾക്കുന്നില്ലെയോ എന്നും; 22: 45–46 സൂക്തങ്ങളിൽ, എത്രയെത്ര നാടുകളെയാണ് അതിലെ നിവാസികൾ അക്രമികളായപ്പോൾ നാം നശിപ്പിച്ചുകളഞ്ഞത്, എത്രയെത്ര കിണറുകൾ ഉപയോഗശൂന്യമായി, എത്രയെത്ര കൊട്ടാരങ്ങൾ അവശിഷ്ടങ്ങളായി, അപ്പോൾ അവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ, ചിന്തിക്കാനുള്ള ഹൃദയങ്ങൾ അവർക്കില്ലേ, കേൾക്കാനുള്ള കാതുകൾ അവർക്കില്ലേ? നിശ്ചയം, അവരുടെ കാഴ്ചകൾക്കല്ല അന്ധത, അവരുടെ നെഞ്ചകത്തെ ഹൃദയങ്ങൾക്കാണ് അന്ധത എന്നും അല്ലാഹു പറഞ്ഞിട്ടുണ്ട്. അദ്ദിക്ർ ലഭിച്ചിട്ടും അത് ഉപയോഗപ്പെടുത്തി വിശ്വാസം രൂപപ്പെടുത്താനും ജീവിതശൈലി മാറ്റാനും തയ്യാറില്ലാത്ത ഇത്തരം കപടവിശ്വാസികളായ ഒരു ജനതയുടെ ഹൃദയങ്ങൾ അല്ലാഹു അടച്ചുപൂട്ടുമെന്നും പിന്നെ അവർക്ക് അദ്ദിക്ർ കേൾക്കാനോ പാഠമുൾക്കൊള്ളാനോ കഴിയാതെ അവർ ലക്ഷ്യബോധം നഷ്ടപ്പെട്ടവരായിത്തീരുമെന്നുമാണ് 63: 3 ൽ പറഞ്ഞിട്ടുള്ളത്. ഇത്തരം ആളുകൾ നാളെ നരകത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ നരകത്തിന്റെ പാറാവുകാരോട്: 'ഞങ്ങൾ അദ്ദിക്ർ കേട്ടിരുന്നുവെങ്കിൽ, അല്ലെങ്കിൽ ബുദ്ധി ഉപയോഗിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ഈ കത്തിയാളുന്ന നരകത്തിന്റെ സഹവാസികൾ ആകുമായിരുന്നില്ലല്ലോ' എന്ന് വിലപിക്കുന്ന രംഗം 67: 10 ൽ പറഞ്ഞത് ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. 2: 6–7, 18; 4: 78; 6: 25–26, 133 വിശദീകരണം നോക്കുക.

101. അതെല്ലാമാണ് ആ നാടുകൾ, അവയുടെ വൃത്താന്തങ്ങൾ നാം നിന്റെമേൽ വിവരിച്ച് തരികയാകുന്നു, നിശ്ചയം വ്യക്തമായ വെളിപാടും കൊണ്ട് അവരുടെ

പ്രവാചകന്മാർ അവരിലേക്ക് വന്നിട്ടുണ്ടായിരുന്നു, അപ്പോൾ മുമ്പ് തള്ളിപ്പറഞ്ഞിരുന്ന ഒന്നിനെ അവർ വിശ്വസിക്കുന്നവരായില്ല, അപ്രകാരം അല്ലാഹു കാഫിറുകളുടെ ഹൃദയങ്ങളുടെമേൽ മുദ്ര വെക്കുന്നു.

നമ്മുടെ വിപത്ത് കണ്ടപ്പോഴത്തെ അവരുടെ വിശ്വാസം സ്വീകരിക്കൽ അവർക്ക് പ്രയോജനപ്പെടുകയുണ്ടായില്ല, തന്റെ അടിമകളുടെ കാര്യത്തിൽ മുമ്പേ കഴിഞ്ഞുപോയിട്ടുള്ള അല്ലാഹുവിന്റെ ചര്യയാണിത്, അപ്പോൾ അവിടെ കാഫിറുകൾ നഷ്ടപ്പെടുകയുമായി എന്ന് 40: 85 ൽ പറഞ്ഞിട്ടുണ്ട്. എല്ലാ നാടുകളിലേക്കും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുള്ളത് നാഥന്റെ ത്രികാലജ്ഞാനമായ അദ്ദിക്ർ കൊണ്ടാണ് എന്ന് 16: 43; 21: 2, 7, 24; 41: 43 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഫുജ്ജാറുകൾ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിന്റെ ഏഴ് വാതിലുകളിൽ ഒന്നിലേക്ക് നിജപ്പെടുത്തി വെക്കപ്പെട്ടവരായതിനാൽ, പ്രവാചകന്മാരെയും അവർ കൊണ്ടുവന്ന നാഥന്റെ സന്ദേശമായ അദ്ദിക്റിനെയും തള്ളിപ്പറയുന്നവരാണ്. ഓരോ പ്രവാചകന്റെയും ജനതയിലെ ഭൂരിപക്ഷം പേർ അക്രമികളും തെമ്മാടികളുമാകുമ്പോൾ ത്രികാലജ്ഞാനിയായ നാഥൻ പ്രവാചകന്മാരെക്കൊണ്ട് 'ഞങ്ങൾക്കും കാഫിറുകളായ ഈ ജനതക്കുമിടയിൽ നീ തീരുമാനം കൽപിക്കണമേ' എന്ന് പ്രാർത്ഥിപ്പിക്കുന്നതാണ്. അങ്ങനെ 4: 47; 6: 47 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്മാരെയും വിശ്വാസികളെയും നാഥൻ രക്ഷപ്പെടുത്തുകയും അക്രമികളായ ജനതയെ നശിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അവസാനം 4: 136 ൽ വിവരിച്ച പ്രകാരം മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളുമടങ്ങിയ അദ്ദിക്ർ കൊണ്ട് അന്ത്യപ്രവാചകനായി മുഹമ്മദിനെ നിയോഗിക്കുകയുണ്ടായി. അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരും പ്രവാചകന്റെ സമുദായത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ 35: 32 ൽ പറഞ്ഞ പ്രകാരം ഗ്രന്ഥം അനന്തരമെടുത്തവർ പ്രവാചകന്റെ ജനതയിലാണ് ഉൾപ്പെടുക. പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ഭിന്നിക്കുകയും 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളായി മാറുകയും ചെയ്തു. അങ്ങനെ അവർ 3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ സന്താനങ്ങൾക്ക് പ്രവാചകന്റെ കാലത്തുള്ള ജൂതർ അവരുടെ സന്താനങ്ങൾക്ക് ഗ്രന്ഥം പഠിപ്പിച്ചിരുന്നതുപോലെ ആത്മാവായ അദ്ദിക്ർ പഠിപ്പിക്കാതെ വായനാരീതിയും അർത്ഥവും പഠിപ്പിക്കാൻ തുടങ്ങി. അവരുടെ പക്കലുള്ളതിൽ നിഗളിച്ചുകൊണ്ട് 7: 26 ൽ വിവരിച്ച പ്രകാരം അവർ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നത് കാരണം അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് മൂടിയിട്ടിരിക്കുകയാണ്. 2: 254; 4: 163–166; 6: 115–117; 38: 8 വിശദീകരണം നോക്കുക.

102.അവരിൽ അധികപേരെയും നാം ഉടമ്പടി പാലിക്കുന്നവരായി കണ്ടെത്തിയില്ല, എന്നാൽ അവരിൽ അധികപേരെയും നാം കണ്ടെത്തിയത് തെമ്മാടികളായിട്ട് തന്നെയാകുന്നു.

2: 26–27; 7: 172–173 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം എല്ലാ ഓരോ മനുഷ്യനെയും സ്വർഗത്തിൽ സൃഷ്ടിച്ചപ്പോൾ തന്നെ നാഥൻ: 'ഞാനല്ലെയോ നിങ്ങളുടെ നാഥൻ' എന്ന് ചോദിക്കുകയും എല്ലാവരും 'അതെ നാഥാ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്ന് സമ്മതിച്ചുകൊണ്ട് നാഥനുമായി ഉടമ്പടി ചെയ്യുകയുമുണ്ടായി. 3: 187 ൽ വിവരിച്ച പ്രകാരം അദ്ദിക്ർ മനുഷ്യർക്ക് മൂടിവെക്കാതെ വിശദീകരിച്ചുകൊടുക്കണം എന്നും കരാർ വാങ്ങിയിട്ടുണ്ട്. എന്നാൽ അവർ അദ്ദിക്റിനെ പിറകിലേക്ക് വലിച്ചെറിയുകയും നാഥന്റെ സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങുകയും ചെയ്യുക വഴി നാഥനുമായി ചെയ്ത ഉടമ്പടികളെല്ലാം പിറ

കോട്ട് വലിച്ചെറിയുകയാണ് ഉണ്ടായത്. ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ 2: 174–176 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങി തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീ നിറച്ചുകൊണ്ടിരിക്കുന്ന കാഫിറുകളും; 30: 31–32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം വിവിധ സംഘടനകളായി പിരിഞ്ഞ യഥാർത്ഥ മുശ്രിക്കുകളും; 2: 99 ൽ പറഞ്ഞ പ്രകാരം നാഥന്റെ സൂക്തങ്ങളെ മൂടിവെക്കുന്ന തെമ്മാടികളുമായി മാറിയിരിക്കുകയാണ്. 5: 49; 6: 47–49; 11: 118–119 വിശദീകരണം നോക്കുക.

103.പിന്നെ ഇവർക്കുശേഷം നാം മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔനിലേക്കും അവന്റെ പ്രമാണിമാരിലേക്കും നിയോഗിച്ചു, അപ്പോൾ അവർ അവയോട് അനീതി കാണിച്ചു, അപ്പോൾ നാശകാരികളുടെ പര്യവസാനം എങ്ങനെ ആയിരുന്നുവെന്ന് നീ നോക്കിക്കാണുക.

ദൃഷ്ടാന്തങ്ങളെല്ലാം കാണിച്ചിട്ടും ഫിർഔൻ വിശ്വസിക്കാതെ ധിക്കാരിയായ തെമ്മാടിയായി മാറിയപ്പോൾ 10: 88–89 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അല്ലാഹു മൂസാനബിയെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും, 10: 90 ൽ പറഞ്ഞ പ്രകാരം അവന്റെ റൂഹ് തൊണ്ടക്കുഴിയിലെത്തിയപ്പോൾ 'നിശ്ചയം ഞാൻ വിശ്വസിച്ചിട്ടുള്ളത് ഇസ്റാഈൽ സന്തതികൾ വിശ്വസിച്ചിട്ടുള്ള ഏക ഇലാഹിലല്ലാതെയല്ല, ഞാൻ സർവ്വസ്വം അല്ലാഹുവിന് സമർപ്പിച്ചവനുമായിരിക്കുന്നു' എന്ന് പറയുകയും ചെയ്തു. 10: 91 ൽ പറഞ്ഞ പ്രകാരം അല്ലാഹു ചോദിച്ചു: 'ഇപ്പഴോ?', ഇതിനുമുമ്പ് നീ ധിക്കരിച്ചു, നീ നാശകാരികളിൽ പെട്ടവൻ തന്നെയായിരുന്നു. 10: 92 ൽ പറഞ്ഞ പ്രകാരം അപ്പോൾ നിന്റെ പിൽക്കാലക്കാർക്ക് പാഠമാകുന്നതിനുവേണ്ടി ഇന്നേ ദിനം നിന്റെ ശരീരം ഞാൻ രക്ഷപ്പെടുത്തും, എന്നാൽ നിശ്ചയം ജനങ്ങളിൽ അധികപേരും നമ്മുടെ ദൃഷ്ടാന്തങ്ങളെത്തൊട്ട് അശ്രദ്ധന്മാർ തന്നെയാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഒരു ജനതക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ അവർ സ്വയം മാറ്റിമറിക്കാതെ നിഷ്പക്ഷവാനായ നാഥൻ മാറ്റിമറിക്കുകയില്ല തന്നെ; അപ്രകാരം ഫിർഔനും അവന്റെ പ്രഭൃതികളും അവർക്ക് നൽകപ്പെട്ട ദൃഷ്ടാന്തങ്ങളെയെല്ലാം തള്ളിപ്പറഞ്ഞപ്പോൾ അവർ മുക്കിക്കൊല്ലപ്പെടുകയാണുണ്ടായത്, അവർ ഓരോരുത്തരും അക്രമികൾ തന്നെയായിരുന്നു എന്ന് 8: 53–54 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞുപോയ കാര്യങ്ങളെല്ലാം വിവരിക്കുന്ന ത്രികാലജ്ഞാനമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പ്രപഞ്ചത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന വിധത്തിലുള്ള തിന്മകളിൽ വിഹരിക്കുന്നത് ഇന്ന് ലോകത്തെവിടെയുമുള്ള അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ തന്നെയാണ്.

അവരിലെ കപടവിശ്വാസികളായ നേതാക്കൾ നാഥന്റെ അനുഗ്രഹത്തെ നിഷേധമായി മാറ്റിമറിച്ച് അനുയായികൾക്ക് ബോറന്മാരുടെ വീടായ നരകക്കുണ്ഠം അനുവദനീയമാക്കിക്കൊടുത്തിരിക്കുകയാണ് എന്ന് 14: 28–29 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ കൂടി ഈ കെട്ടജനതയെപ്പോലെ അക്രമികളും തെമ്മാടികളുമാകുമ്പോഴാണ് ലോകം അവസാനിക്കുക. 6: 10; 7: 74, 86 വിശദീകരണം നോക്കുക.

104.മൂസാ പറയുകയും ചെയ്തു: ഓ ഫിർഔൻ! നിശ്ചയം ഞാൻ സർവ്വലോകങ്ങളുടെയും നാഥനിൽ നിന്നുള്ള ഒരു പ്രവാചകനാകുന്നു.

105.അല്ലാഹുവിന്റെ മേൽ സത്യമല്ലാത്തതൊന്നും ഞാൻ പറയാതിരിക്കുക എന്നത് എന്റെമേൽ യഥാർത്ഥത്തിലുള്ള ബാധ്യതയാണ്, നിശ്ചയം നിങ്ങളുടെ നാഥനിൽ നിന്നുള്ള സുവ്യക്തമായ ഒരു തെളിവ് ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നിട്ടു

ണ്ട്, അപ്പോൾ ഇസ്റാഈൽ സന്തതികളെ നീ എന്നോടൊപ്പം പറഞ്ഞയക്കുക.

106.അവൻ പറഞ്ഞു: നീ ഒരു തെളിവും കൊണ്ട് വന്നവനാണെങ്കിൽ അപ്പോൾ നീ അത് കൊണ്ടുവരിക, നീ സത്യസന്ധന്മാരിൽ പെട്ടവൻ തന്നെയാണെങ്കിൽ.

107.അങ്ങനെ അവൻ തന്റെ വടിയിട്ടു, അപ്പോഴതാ അത് ഒരു വ്യക്തമായ സർപ്പമായിത്തീരുന്നു.

108.അവൻ തന്റെ കൈ പുറത്തെടുത്തു, അപ്പോഴതാ അത് നോക്കുന്നവർക്കൊക്കെയും വെളുത്തതായിക്കാണുന്നു.

109.ഫിർഔനിന്റെ ജനതയിൽ നിന്നുള്ള പ്രമാണിമാർ പരസ്പരം പറഞ്ഞു: നിശ്ചയം ഇതൊരു പഠിച്ച മാരണക്കാരൻ തന്നെയാകുന്നു.

110. നിങ്ങളെ നിങ്ങളുടെ ഭൂമിയിൽ നിന്ന് പുറത്താക്കാനാണ് ഇവൻ ഉദ്ദേശിക്കുന്നത് –അപ്പോൾ നിങ്ങൾ എന്താണ് കൽപ്പിക്കുന്നത്?

111. അവർ പറഞ്ഞു: അവനെയും അവന്റെ സഹോദരനെയും ഇവിടെ തളച്ചിടുകയും എല്ലാ പട്ടണങ്ങളിലേക്കും ഒരുമിച്ചുചേരാൻ അറിയിപ്പ് നൽകുന്ന ശിപായിമാരെ അയക്കുകയും ചെയ്യുക.

112. അവർ പഠിച്ച എല്ലാ മാരണക്കാരെയും നിന്നിലേക്ക് കൊണ്ടുവരട്ടെ.

113. അങ്ങനെ മാരണക്കാർ ഫിർഔനിന്റെ അടുത്തേക്ക് വന്നെത്തുകയും അവർ ചോദിക്കുകയും ചെയ്തു: നിശ്ചയം ഞങ്ങളാണ് അതിജയിക്കുന്നതെങ്കിൽ ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമല്ലോ അല്ലേ!

114. അവൻ പറഞ്ഞു: അതെ, നിശ്ചയം നിങ്ങൾ നമ്മുടെ സമീപസ്ഥരിൽ പെട്ടവരായിരിക്കുകയും ചെയ്യും,

115. അവർ ചോദിച്ചു: ഓ മൂസാ! നീ ഇടുന്നവനാകുന്നുവോ, അതോ ഞങ്ങൾ ഇടുന്നവരാകണമോ?

116. അവൻ പറഞ്ഞു: നിങ്ങൾ ഇടുവീൻ, അങ്ങനെ അവർ ഇട്ടപ്പോൾ ജനത്തിന്റെ കണ്ണുകളെ വശീകരിക്കുകയും അവരെ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുത്തുകയും ചെയ്തു, അവർ ഗംഭീരമായൊരു മാരണമാണ് കൊണ്ടുവന്നത്.

117. നാം മൂസാക്ക് ദിവ്യസന്ദേശം നൽകി: നീ നിന്റെ വടിയിടുക, അപ്പോഴതാ അത് അവർ നിർമ്മിച്ച കൃത്രിമങ്ങളെയെല്ലാം വിഴുങ്ങിക്കളയുന്നു.

2: 102; 4: 51 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മാരണം പിശാചിന്റെ ഭാഗത്ത് നിന്നുള്ളതാണ്. മാരണക്കാർ വടികളും കയറുകളും താഴെയിട്ടപ്പോൾ കാണുന്നവർക്ക് അവ ചലിക്കുന്നതായി പിശാച് തോന്നിപ്പിക്കുകയാണുണ്ടായത്. ഓ മൂസാ! നീയാണോ ഇടുന്നത്, അതോ ഞങ്ങളാണോ ആദ്യം ഇടുന്നവരാകേണ്ടത് എന്ന് മാരണക്കാർ ചോദിച്ചതായി 20: 115 ലും; അല്ല, നിങ്ങൾ ഇട്ടുകൊള്ളുക എന്ന് മൂസാ മറുപടി പറഞ്ഞതായും, അപ്പോഴതാ അവരുടെ കയറുകളും വടികളും അവരുടെ മാരണത്താൽ മൂസാക്ക് നേരെ ഇഴഞ്ഞ് വരുന്നതായി തോന്നി എന്നും, മൂസാക്ക് ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്ന അവസ്ഥയുണ്ടായി എന്നും 20: 116 ലും പറഞ്ഞിട്ടുണ്ട്. മൂസാ കൊണ്ടുവന്ന ദൃഷ്ടാന്തമായ വടി നാഥന്റെ കൽപന പ്രകാരം താഴെയിട്ടപ്പോൾ അത് പാമ്പായി മാറുകയും പിശാചുണ്ടാക്കിയ പാമ്പുകളെല്ലാം അപ്രത്യക്ഷമാവുകയുമാണുണ്ടായത്.

118. അപ്പോൾ അവിടെ സത്യം സംഭവിച്ചു, അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒന്ന്

മിഥ്യയാവുകയും ചെയ്തു.

7: 8-9 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കാത്തവരായതിനാൽ അവരുടെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമാണ്. സത്യം വന്നുകഴിഞ്ഞു, മിഥ്യ ഉടയുകയും ചെയ്തു, നിശ്ചയം മിഥ്യ ഉടയാനുള്ളതുതന്നെയുമാകുന്നു എന്ന് 17: 81 ൽ പറഞ്ഞിട്ടുണ്ട്.

119. അപ്പോൾ അവർ അവിടെ അതിജയിക്കപ്പെട്ടു, അവർ ചെറുതായവരായി പിന്തിരിയുകയും ചെയ്തു.

ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അജ്യഗ്രന്ഥമായ അദ്ദിക്റിനെ അവഗണിക്കുക വഴി 2: 85; 5: 33 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ലോകത്തെല്ലായിടത്തും നിന്ദ്യത അനുഭവിക്കുന്നതും മരണസമയത്ത് 7: 37 ൽ പറഞ്ഞ പ്രകാരം അവരുടെ ആത്മാവിനെതിരെ നിശ്ചയം അവർ കാഫിറുകൾ തന്നെയായിരുന്നു എന്ന് സാക്ഷ്യം വഹിക്കുന്നതുമാണ്. അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയി എന്ന് വിധിദിവസം അവർക്ക് ബോധ്യം വരുന്നതുമാണ്.

120. മാരണക്കാർ സാഷ്ടാംഗപ്രണാമത്തിൽ വീഴ്ത്തപ്പെടുകയും ചെയ്തു,

121. അവർ പ്രഖ്യാപിച്ചു: നിശ്ചയം ഞങ്ങൾ സർവ്വലോകങ്ങളുടെയും നാഥനിൽ വിശ്വസിച്ചിരിക്കുന്നു,

നാഥന്റെ ദൃഷ്ടാന്തം നേരിൽ കണ്ടപ്പോൾ മാരണക്കാരുടെ ആത്മാവ് നാഥന് മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ അവരെ നിർബന്ധിച്ചു. ഗ്രന്ഥത്തിൽ 15 സ്ഥലങ്ങളിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം കൽപിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് കപടവിശ്വാസികളും അവരുടെ അനുയായികളുമായ കാഫിറുകൾ ആത്മാവിനെ പരിഗണിക്കാതെയും ദൈവസ്മരണ ഇല്ലാതെയും ശരീരം കൊണ്ട് നമസ്കരിക്കുന്നവരും ഐഹികലോകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിക്കുന്നവരുമാണ്. അല്ലാഹുവിന്റെ കാരുണ്യമായ ഗ്രന്ഥം പിൻപറ്റിയിരുന്ന എല്ലാ പ്രവാചകന്മാരുടെയും നബിമാരുടെയും സ്വഭാവം, നിഷ്പക്ഷവാനായ നാഥന്റെ സൂക്തങ്ങൾ അവർക്ക് വിവരിച്ചുകൊടുക്കപ്പെട്ടാൽ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുക എന്നതായിരുന്നു എന്ന് 19: 58 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം സൂക്തങ്ങൾ വായിക്കുകയും കേൾക്കുകയും ഗ്രന്ഥത്തിന്റെ ആളുകളെന്ന് ദുരഭിമാനിക്കുകയും ചെയ്യുന്ന ഫുജ്ജാറുകൾ ഈ സാഷ്ടാംഗപ്രണാമം ചെയ്യുന്നവരല്ല. അവർ വിശ്വാസിയാകാതെയും ആത്മാവ് പങ്കെടുക്കാതെയും ശരീരം കൊണ്ട് നമസ്കാരം നിർവഹിച്ച് 22: 18 ൽ പറഞ്ഞ ശിക്ഷ ബാധകമായ സാഷ്ടാംഗപ്രണാമം ചെയ്യുന്ന 4: 150-151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളാണ്. 7: 205-206 വിശദീകരണം നോക്കുക.

122. -മൂസായുടെയും ഹാറൂനിന്റെയും നാഥനിൽ.

123. ഫിർഔൻ ചോദിച്ചു: ഞാൻ നിങ്ങൾക്ക് സമ്മതം തരുന്നതിനുമുമ്പ് നിങ്ങൾ അവനിൽ വിശ്വസിക്കുകയോ? നിശ്ചയം, ഇത് പട്ടണവാസികളെ അതിൽ നിന്ന് പുറത്താക്കുന്നതിനുവേണ്ടി നിങ്ങളും അവനും പട്ടണത്തിൽ വെച്ച് സംഘടിപ്പിച്ച ഒരു ഗൂഢാലോചനയാകുന്നു, അപ്പോൾ അതിന്റെ ഫലം നിങ്ങൾ അറിയുക തന്നെ ചെയ്യും,

124. ഞാൻ നിങ്ങളുടെ കൈകളും കാലുകളും ഒന്നിനൊന്ന് വിപരീതമായി കൊത്തിനുറുക്കുക തന്നെ ചെയ്യും, നിശ്ചയം പിന്നെ ഞാൻ നിങ്ങളെയെല്ലാവരെയും ക്രൂശിക്കുകയും ചെയ്യുന്നതാണ്.

125.അവർ പറഞ്ഞു: നിശ്ചയം, ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് തിരിച്ചുപോകേണ്ടവർ തന്നെയാകുന്നു.

സത്യം മനസ്സിലാകുന്നതിന് മുമ്പ് പ്രതിഫലം ചോദിച്ച മാന്ത്രികർ സത്യം മനസ്സിലായപ്പോൾ എല്ലാം ത്യജിച്ചുകൊണ്ട് വധിക്കപ്പെടാൻ തയ്യാറാവുകയാണുണ്ടായത്.

126.ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് വന്നുകിട്ടിയപ്പോൾ അതിൽ വിശ്വസിച്ചു എന്നല്ലാതെ മറ്റൊരു കാരണവും ഞങ്ങളോട് പ്രതികാരം ചെയ്യാൻ നിനക്കില്ലല്ലോ; ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നീ നിന്റെ ക്ഷമ ചൊരിയേണമേ, ഞങ്ങളെ നീ സർവ്വസ്വം നിനക്ക് സമർപ്പിച്ചവരായിക്കൊണ്ട് ഈ ലോകത്തു നിന്ന് ഉയർത്തുകയും ചെയ്യേണമേ.

16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഇവിടെ ഉപയോഗപ്പെടുത്തി ജീവിച്ച വിശ്വാസി മാത്രമേ മുസ്ലിമായി മരണപ്പെടുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും 7: 26 ൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ ആത്മാവിനെതിരെ കാഫിറാണെന്ന് സാക്ഷ്യം വഹിച്ചുകൊണ്ടും ഇവിടെ സമ്പാദിച്ച നരകക്കുണ്ഠം കണ്ടുകൊണ്ടുമാണ് മരണപ്പെടുക. 2: 136, 154; 3: 101–102; 7: 40–41 വിശദീകരണം നോക്കുക.

127.ഫിർഔനിന്റെ ജനതയിൽ നിന്നുള്ള പ്രമാണിമാർ ചോദിക്കുകയും ചെയ്തു: മൂസായെയും അവന്റെ ജനതയെയും ഭൂമിയിൽ നാശമുണ്ടാക്കുന്നതിനും താങ്കളെയും താങ്കളുടെ ഇലാഹുകളെയും വെടിയുന്നതിനും വേണ്ടി വിട്ടേക്കുകയാണോ? അവൻ പറഞ്ഞു: ഞാൻ അവരുടെ ആൺസന്തതികളെ കൊല്ലുക തന്നെ ചെയ്യും, അവരുടെ സ്ത്രീകളെ ഞാൻ ജീവിക്കാൻ വിടുകയും ചെയ്യും, നിശ്ചയം നാം അവരുടെമേൽ സർവ്വാധിപതി തന്നെയാകുന്നു.

ഞാൻ അവരുടെ ആൺസന്തതികളെ വധിക്കുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്യും, നിശ്ചയം നാം അവരുടെ മേൽ സർവ്വാധിപതി തന്നെയാകുന്നു എന്ന് ഫിർഔൻ ഇവിടെ പറയുന്നത് മൂസാ കൊണ്ടുവന്ന എല്ലാ ദൃഷ്ടാന്തങ്ങളും കണ്ടതിന് ശേഷമാണ്. ഒന്നാം ഘട്ടത്തിൽ മൂസായുടെ ജനനം തടയുന്നതിനുവേണ്ടി അവൻ ആൺസന്താനങ്ങളെ കൊല്ലുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു. 6: 18 ൽ വിവരിച്ച പ്രകാരം പ്രപഞ്ചനാഥനായ അല്ലാഹുവാണ് അവന്റെ സൃഷ്ടികളുടെമേൽ സർവ്വാധിപനായിട്ടുള്ളത്. എന്നാൽ 79: 24 ൽ പറഞ്ഞ പ്രകാരം നാഥനെ വിസ്മരിച്ചുകൊണ്ട് ഫിർഔൻ അവന്റെ ജനതയോട് 'ഞാനാണ് സർവലോകങ്ങളുടെയും അത്യുന്നതനായ നാഥൻ' എന്ന് പ്രഖ്യാപിച്ചപ്പോൾ അവന്റെ ജനത അവനെ പരദൈവങ്ങളിൽ ഒരാളായി പരിഗണിച്ചുപോന്നു. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകൾ 'അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല' എന്ന് വായകൊണ്ട് പറയുന്നവരാണെങ്കിലും അവരുടെ പ്രായോഗിക ജീവിതത്തിൽ അവർ നാഥന് ഇടയാളന്മാരെയും ശുപാർശക്കാരെയും വെച്ചുപുലർത്തുന്നവരാണ്. 4: 150–151; 9: 28, 67–68 വിശദീകരണം നോക്കുക.

128.മൂസാ തന്റെ ജനതയോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെക്കൊണ്ട് സഹായം തേടുകയും ക്ഷമിക്കുകയും ചെയ്യുവീൻ, നിശ്ചയം ഭൂമി അല്ലാഹുവിന്റേതാകു

ന്നു, അവന്റെ അടിമകളിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരെ അവൻ അതിന്റെ അവകാശികളാക്കുന്നു, സൂക്ഷ്മത പാലിക്കുന്നവർക്ക് തന്നെയാണ് നല്ല പരിണിതി.

2: 30 ൽ വിവരിച്ച പ്രകാരം ചിന്താശക്തി നൽകപ്പെട്ട മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് പ്രപഞ്ചനാഥന്റെ പ്രാതിനിധ്യം വഹിക്കുന്നതിന് വേണ്ടിയാണ്. 4: 118 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന 1000 ത്തിൽ ഒന്നായ വിശ്വാസി മാത്രമേ പ്രസ്തുത പ്രാതിനിധ്യം വഹിക്കുകയുള്ളൂ. 39: 74 ൽ, സ്വർഗവാസികൾ നാളെ പറയുന്നതാണ്: ഞങ്ങളോട് ചെയ്ത വാഗ്ദത്തം സത്യപ്പെടുത്തിത്തന്ന അല്ലാഹുവിനാണ് സർവ്വസ്തുതിയും, ഭൂമിയിൽ അവൻ ഞങ്ങളെ അനന്തരാവകാശികളാക്കി, ഇനിയിപ്പോൾ ഇവിടെ സ്വർഗ്ഗത്തിൽ ഞങ്ങൾക്ക് ഇഷ്ടം പോലെ സ്ഥലം പിടിക്കാമല്ലോ അല്ലേ, പ്രവർത്തിക്കുന്നവർക്ക് ലഭിക്കുവാൻ പോകുന്ന പ്രതിഫലം എത്ര അനുഗ്രഹസമ്പൂർണ്ണം എന്ന് പറഞ്ഞിട്ടുണ്ട്. ആർക്കാണോ അദ്ദിക്ർ വന്ന് കിട്ടുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്തത്, അവരാണ് സൂക്ഷ്മാലുക്കൾ എന്ന് 39: 33 ൽ പറഞ്ഞിട്ടുണ്ട്. 2: 2–5; 3: 133–136; 6: 55–57; 21: 105; 24: 55 വിശദീകരണം നോക്കുക.

129.അവർ പറഞ്ഞു: നീ ഞങ്ങളിലേക്ക് വരുന്നതിന് മുമ്പും നീ ഞങ്ങളിലേക്ക് വന്നതിന് ശേഷവും ഞങ്ങൾ ഉപദ്രവിക്കപ്പെടുന്നുവല്ലോ; അവൻ പറഞ്ഞു: നിങ്ങളുടെ നാഥൻ നിങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്തേക്കും –അപ്പോൾ നിങ്ങൾ എങ്ങനെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കിക്കാണുന്നതിന് വേണ്ടി.

6: 165 ൽ വിവരിച്ച പ്രകാരം സ്വർഗത്തിൽ സൃഷ്ടിച്ച മനുഷ്യരെ ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് ഓരോരുത്തർക്കും നൽകിയതിൽ അവനെ/അവളെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. 3: 102 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് തന്റെ ജിന്നുകൂട്ടുകാരനെ വിശ്വാസിയാക്കി ആത്മാവിന്റെ ഉടമയായ നാഥനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ മാത്രമേ മുസ്ലിമായി മരണപ്പെടുകയുള്ളൂ. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് കളവ് മാത്രം പറയുന്നവരും, പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരുമാണ്. മുസ്ലിംകളാണെന്ന് അർഹതയില്ലാതെ വാദിക്കുന്ന ഫുജ്ജാറുകൾ 16: 89 ൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താത്തതിനാൽ 7: 37 ൽ പറഞ്ഞ പ്രകാരം ആത്മാവിനെതിരെ 'ഞാൻ കാഫിറായിരുന്നു' എന്ന് സാക്ഷ്യം വഹിച്ചുകൊണ്ട് മരണപ്പെടുന്നതാണ്. 2: 168–169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഫുജ്ജാറുകൾ പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്നവരായതുകൊണ്ടാണ് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളാൽ ലോകത്തെവിടെയും അവർ അതിജയിക്കപ്പെടുന്നത്. ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85; 5: 33 സൂക്തങ്ങളിലൂടെ അവരോട് വാഗ്ദത്തം ചെയ്തിട്ടുള്ളത്. 2: 152; 6: 65–66, 89–90; 9: 67–68 വിശദീകരണം നോക്കുക.

130.നിശ്ചയം, ഫിർഔൻ പ്രഭൃതികളെ നാം വർഷങ്ങളോളം പലതരത്തിലുള്ള വിപത്തുകൾ കൊണ്ടും ഫലവർഗങ്ങളിൽ നിന്നുള്ള കുറവുകൊണ്ടും പിടികൂടിയിട്ടുണ്ട് –അവർ ഹൃദയം കൊണ്ട് സ്മരിക്കുന്നവർ തന്നെയാകണമെന്നതിന് വേണ്ടി.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ലക്ഷ്യബോധമില്ലാത്ത ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് 313 പ്രവാചകന്മാരെയും പിൻപറ്റാതെ അ

ന്ത്യപ്രവാചകന്റെ ജന്മദിനമാണെന്ന് പറഞ്ഞ് ചരമദിനം കൊണ്ടാടുന്നവരാണ്. പ്രവാചകൻ മുഹമ്മദ് ജനിച്ചത് **സി. ഇ.** 570 ലും മരണപ്പെട്ടത് **സി. ഇ.** 632 ലുമാണ്. ജനനവും മരണവും ഹിജ്റ കലണ്ടറിലെ മൂന്നാമത്തെ മാസമായ റബീഉൽ അവ്വൽ 12 നാണ്. എന്നാൽ 40-ാം വയസ്സിലാണ് പ്രവാചകത്വം ലഭിക്കുന്നത്. ജനിക്കുമ്പോൾ പ്രവാചകനായിരുന്നില്ലെങ്കിൽ മരണപ്പെടുമ്പോൾ പ്രവാചകനായിരുന്നു. പ്രവാചകന്മാരുടെ ജന്മദിനവും ചരമദിനവും ആചരിക്കാൻ ഒരു പ്രവാചകനും പഠിപ്പിച്ചിട്ടില്ല, അത് പ്രവാചകന്മാർക്ക് ശേഷം വഴിപിഴച്ചുപോയ മുൻവേദക്കാരുടെ ചര്യ ചാണിനുചാണായി പിൻപറ്റലും ഇസ്ലാമിലില്ലാത്തതുമാണ്. 25: 17-18 സൂക്തങ്ങളിൽ പറഞ്ഞ ഈ കെട്ടജനതക്ക് ലോകത്തെവിടെയും ഒരു ദിവസത്തിന്റെ വ്യത്യാസമില്ല എന്ന പ്രാഥമിക വിവരം പോലും ഇല്ല. അപ്പോൾ *ഖിബ്ല* അംഗീകരിക്കാത്ത അവർ നോമ്പ്, പെരുന്നാൾ എന്നിവ കൊണ്ടാടുന്നത് മൂന്നോ നാലോ വ്യത്യസ്ത ദിവസങ്ങളിലായിട്ടാണ്. 4: 43 ൽ വിവരിച്ച പ്രകാരം ആത്മാവിനെ പരിഗണിക്കാത്ത അവരുടെ ജഡം കൊണ്ടുള്ള നമസ്കാരങ്ങളിൽ അല്ലാഹ് എന്ന സ്മരണയില്ലാത്തവരാണ്. അത്തരം നമസ്കാരക്കാർക്കാണ് 107: 4 ൽ പറഞ്ഞ പ്രകാരം വിചാരണയില്ലാതെ പോകാനുള്ള നരകത്തിലെ *വൈൽ* എന്ന ചെരിവ് പിഴയായി ലഭിക്കുന്നത്. 2: 153-155, 268; 3: 21-22; 6: 31 വിശദീകരണം നോക്കുക.

131. അങ്ങനെ അവർക്ക് ഒരു നന്മ വന്നെത്തിയാൽ അവർ പറയും: ഇത് നമുക്കുള്ളത് തന്നെ; ഒരു തിന്മ അവരെ ബാധിച്ചാലോ, ഇത് മൂസായുടെയും അവനോടൊപ്പമുള്ളവരുടെയും ദുശ്ശകുനമാണെന്ന് അവർ പറയുകയും ചെയ്യും; എന്നാൽ അറിയുക, സത്യത്തിൽ അവരുടെ ശകുനം അല്ലാഹുവിങ്കലാകുന്നു, പക്ഷേ നിശ്ചയം അവരിൽ അധികപേരും അറിവില്ലാത്തവരാകുന്നു.

എക്കാലത്തുമുള്ള കാഫിറുകളും ഇങ്ങനെത്തന്നെയാണ് പ്രവാചകന്മാരോട് പറഞ്ഞിട്ടുള്ളത്. 36: 18 ൽ, മൂന്ന് പ്രവാചകന്മാർ നിയോഗിക്കപ്പെട്ട നാട്ടുകാർ അവരോട് പറഞ്ഞു: നിശ്ചയം നിങ്ങൾ ഞങ്ങളുടെ ദുശ്ശകുനമാണ്, നിങ്ങൾ വിരമിച്ചിട്ടില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ കല്ലെറിയുകയും നിങ്ങൾക്ക് വേദനാജനകമായ ശിക്ഷ ബാധിപ്പിക്കുകയും ചെയ്യുന്നതാണ്. 36: 19 ൽ, പ്രവാചകന്മാർ മറുപടി നൽകി: നിങ്ങളുടെ ദുശ്ശകുനം നിങ്ങളോടൊപ്പം തന്നെയാണ്, നിങ്ങൾ അദ്ദിക്ർ കൊണ്ട് ഓർമ്മിപ്പിക്കപ്പെട്ടാൽ പ്രതികരിക്കുന്നത് ഇങ്ങനെയാണോ? അല്ല, നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനത തന്നെയാകുന്നു. 17: 13 ൽ, എല്ലാ ഓരോ മനുഷ്യനും അവന്റെ ഭാഗ്യനിർഭാഗ്യങ്ങൾ അഥവാ കർമരേഖ അവരവരുടെ പിരടിയിൽ വഹിക്കുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഫുജ്ജാറുകൾ യഥാർത്ഥജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിരിക്കുന്നതിനാൽ അവരുടെ കർമപുസ്തകത്തിൽ രേഖപ്പെടുത്തിയത് വിധിദിവസം വായിക്കുമ്പോൾ അതിൽ കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ പറഞ്ഞിട്ടുണ്ട്. പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന അവർ നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണ് എന്ന് വിശ്വസിക്കാത്തവരും തിന്മക്ക് സ്വയം കുറ്റപ്പെടുത്തുന്നതിന് പകരം മറ്റുള്ളവരെ പഴിചാരുന്നവരുമാണ്. ആശയമില്ലാതെ അവർ വായിച്ച ഗ്രന്ഥം അവർക്കെതിരെ സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 4: 78-79; 7: 52-53; 11: 5, 17 വിശദീകരണം നോക്കുക.

132. അവർ പറയുകയും ചെയ്തു: ഞങ്ങളെ മായാജാലത്തിൽ പെടുത്താൻ ദൃഷ്ടാന്തങ്ങളിൽ നിന്ന് എന്തുതന്നെ നീ ഞങ്ങളിലേക്ക് കൊണ്ടുവന്നാലും അപ്പോൾ ഞങ്ങൾ നിന്നെക്കൊണ്ട് വിശ്വസിക്കുന്നവരല്ല.

133. അപ്പോൾ നാം അവരുടെമേൽ വെള്ളപ്പൊക്കം, വെട്ടുകിളി, കീടങ്ങൾ, തവളകൾ, രക്തമഴ തുടങ്ങിയ വ്യക്തമായ ദൃഷ്ടാന്തങ്ങൾ അയച്ചു, അപ്പോൾ അവർ അഹങ്കരിച്ചു, അവർ ഭ്രാന്തന്മാരായ ഒരു ജനത തന്നെയായിരുന്നു.

17: 101 ൽ, ഇസ്റാഈൽ സന്തതികൾക്ക് ഒമ്പത് ദൃഷ്ടാന്തങ്ങൾ നൽകിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. 1) 7: 107 ൽ പരാമർശിച്ച പ്രകാരം സർപ്പമായി മാറുന്ന വടി. 2) 7: 108 ൽ പരാമർശിച്ച പ്രകാരം കക്ഷത്തിൽ വെച്ച് പുറത്തെടുത്താൽ സൂര്യനെപ്പോലെ പ്രകാശിക്കുന്ന കൈ. 3) 7: 130 ൽ പരാമർശിച്ച പ്രകാരം ക്ഷാമത്തിന്റെയും വരൾച്ചയുടെയും ജല ദൗർലഭ്യത്തിന്റേതുമായ വർഷങ്ങൾ. 4) 7: 119 ൽ പരാമർശിച്ച പ്രകാരം സകല ആഭിചാരകന്മാരുടെയും പരാജയം. 5) 7: 133 ൽ പറഞ്ഞ ജലപ്രളയം. 6) വെട്ടുകിളി ശല്യം. 7) മനുഷ്യരിലും മൃഗങ്ങളിലും കൃഷികളിലും രോഗം പരത്തുന്ന കീടങ്ങൾ. 8) തവള പ്രളയം. 9) വെള്ളം രക്തമായി മാറുക വഴി കുടിക്കാനും കുളിക്കാനും വെള്ളം ലഭിക്കാതിരിക്കുക. വർഷങ്ങളോളം വിവിധ തരത്തിലുള്ള വിപത്തുകളിറക്കി പരീക്ഷിച്ചു എന്ന് 7: 130 ൽ പറഞ്ഞ വിപത്തുകളാണിവ. കീടങ്ങൾ എന്ന് പറഞ്ഞതിൽ കൃഷികൾ നശിപ്പിക്കുന്ന ചെള്ള്, മുപ്ലി വണ്ട്(കോട്ടെരുമ), പേൻ, കോഴിപ്പേൻ, ചാഴി, രോഗങ്ങളുണ്ടാക്കുന്ന മറ്റ് കീടങ്ങൾ ഇവയെല്ലാം ഉൾപ്പെടുന്നതാണ്. നടക്കാനും ഇരിക്കാനും സാധിക്കാത്ത വിധം ഒരു പ്രദേശത്ത് മുഴുവൻ തവളകളെ പെരുപ്പിക്കുക എന്നത് മറ്റൊരു വിപത്തായിരുന്നു. *അല്ലാഹുവിനെ വാഴ്ത്തുന്നതിന് വിരാമമിടത്തക്കവണ്ണം തവളകളെ കൊല്ലരുതെന്ന്* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. രക്തമഴ വർഷിപ്പിച്ചു എന്നതിന്റെ വിവക്ഷ കുടിക്കാനും കുളിക്കാനും മറ്റും ഉപയോഗിക്കാനുള്ള വെള്ളം രക്തമാക്കി മാറ്റി എന്നതാണ്. എന്നാൽ ഇതിൽ നിന്നൊന്നും അവർ പാഠമുൾക്കൊള്ളാതിരുന്നതിനാൽ അവരുടെ കൈകൾ പ്രവർത്തിച്ചതിന്റെ അനന്തരഫലമായി അല്ലാഹു അവരെ നശിപ്പിക്കുകയാണുണ്ടായത്.

ഇന്ന് ലോകാവസാനത്തിന്റെ ചെറിയ ചെറിയ അടയാളങ്ങളായി ക്ഷാമം, വരൾച്ച, പലതരത്തിലുള്ള ചാഴി രോഗങ്ങൾ, കീടങ്ങൾ, അസഹ്യമായ ചൂട്, അസഹ്യമായ തണുപ്പ്, മാരകമായ പലതരം രോഗങ്ങൾ തുടങ്ങിയ വിപത്തുകളെല്ലാം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും പ്രകാശമായ അദ്ദിക്റിനെ ത്രാസ്സും *മൗഇളത്തു*മായി ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് അതിന്റെ പ്രത്യാഘാതം വിവരിച്ചുകൊടുക്കാൻ കടമപ്പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ *അമാനത്താ*യ അതിനെ മൂടിവെച്ചുകൊണ്ട് 'ഒന്നും അറിഞ്ഞില്ല' എന്ന മട്ടിൽ, എന്നാൽ ഗ്രന്ഥം മുഴുവനും പഠിച്ച് തികഞ്ഞവരാണെന്ന അഹങ്കാരത്തോടെ ജീവിക്കുന്നവരും പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിലൊന്നായ കാഫിറായ *മസീഹുദ്ദജ്ജാലി*നെ ആനയിക്കുന്നവരുമായി അധഃപതിച്ചിരിക്കുകയാണ്. ഇവരെപ്പോലെ ഇതരജനവിഭാഗങ്ങളും ചിന്തയില്ലാത്ത ഭ്രാന്തന്മാരും തെമ്മാടികളുമാകുമ്പോഴാണ് ലോകാവസാനം സംഭവിക്കുക. 7: 40-41, 84, 96; 36: 59-62 വിശദീകരണം നോക്കുക.

134. അവരുടെ മേൽ ഒരു വിപത്ത് സംഭവിച്ചപ്പോൾ അവർ പറഞ്ഞു: ഓ മൂസാ, നീ നിന്റെ നാഥന്റെ പക്കൽ നിനക്കുള്ള ഉടമ്പടി കൊണ്ട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക, ഈ വിപത്ത് ഞങ്ങളെത്തൊട്ട് ദൂരീകരിക്കുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നതും ഇസ്റാഈൽ സന്തതികളെ നിന്നോടൊപ്പം അയക്കുക തന്നെ ചെയ്യുന്നതുമാണ്.

135. അങ്ങനെ അവർക്ക് നിശ്ചയിച്ച അവധി വരെ അവരെത്തൊട്ട് നാം ഇത്തരം വിപത്തുകൾ ദൂരീകരിച്ചപ്പോൾ അവരതാ അവരുടെ കരാറുകൾ മുറിച്ചുകളയുന്നവരാകുന്നു.

136. അപ്പോൾ നാം അവരിൽ നിന്നുള്ളവരോട് പ്രതികാരം ചെയ്തു, അങ്ങനെ നാം അവരെ സമുദ്രത്തിൽ മുക്കി നശിപ്പിച്ചു, നിശ്ചയം അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കി തള്ളിപ്പറയുന്നവരും അവ കൊള്ളെ പ്രജ്ഞാശൂന്യരുമായിരുന്നതുകൊണ്ട്.

ഹൃദയത്തിന്റെ ഭാഷയിൽ നാഥന്റെ സൂക്തങ്ങൾ കൊണ്ട് ഉണർത്തപ്പെട്ടതിനുശേഷം അതിനെ അവഗണിച്ച് പോകുന്നവരാണ് ഏറ്റവും വലിയ അക്രമികളെന്നും അത്തരം ഭ്രാന്തന്മാരോട് നാഥൻ പ്രതികാരം ചെയ്യുമെന്നും 32: 22 ൽ പറഞ്ഞിട്ടുണ്ട്. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്ന ത്രികാലജ്ഞാനിയിൽ നിന്നുള്ള അജയ്യഗ്രന്ഥമായ അദ്ദിക്ർ ഇന്ന് ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 3: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അതിനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്ന വിശ്വാസി മാത്രമേ അല്ലാഹുവിനെ ആത്മാവുകൊണ്ട് കണ്ട് സർവസ്വം നാഥന് സമർപ്പിച്ച അവസ്ഥയിൽ (മുസ്‌ലിമായി) മരണപ്പെടുകയുള്ളൂ. ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ആശയമില്ലാതെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് ക്വകരാറുകളും ഉടമ്പടികളും പാലിക്കാത്തവരും *അമാനത്ത്* അതിന്റെ ആളുകൾക്ക് തിരിച്ചുനൽകാത്തവരും വിശ്വസിച്ചാൽ വഞ്ചിക്കുന്നവരും വാഗ്ദാനം ചെയ്താൽ ലംഘിക്കുന്നവരും. ഒറ്റപ്പെട്ട വിശ്വാസികൾ ത്രികാലജ്ഞാനിയിൽ നിന്നുള്ള ഏറ്റവും നല്ല വിശദീകരണ ഗ്രന്ഥമായ അദ്ദിക്ർ പ്രവാചകന്റെ സമുദായത്തിൽപെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കുമ്പോൾ 'അത് നിങ്ങൾ തന്നെ ഉപയോഗപ്പെടുത്തിയാൽ മതി' എന്ന് പറഞ്ഞുകൊണ്ട് അതിനെ സ്വീകരിക്കാൻ വിസമ്മതിക്കുന്നത് ഇവരുടെ ഇത്തരം സ്വഭാവങ്ങൾ കാരണമാണ്. അങ്ങനെ ഈ കെട്ടജനത 33: 72–73 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഇതരജനവിഭാഗങ്ങളുടെ പാപഭാരങ്ങൾ കൂടി വഹിച്ച് നരകക്കുണ്ഠത്തിൽ പോകാനുള്ളവരാണ്. 6: 21; 7: 72–73; 8: 22; 98: 6 വിശദീകരണം നോക്കുക.

137. അടിച്ചമർത്തപ്പെട്ടവരായിരുന്ന ആ ജനതയെ നാം -പൂർവ്വ പശ്ചിമദിക്കുകളെ നമ്മുടെ അനുഗ്രഹങ്ങളാൽ സമ്പന്നമാക്കിയ ഭൂമിയുടെ- അനന്തരവകാശികളാക്കുകയും ചെയ്തു, ഇസ്റാഈൽ സന്തതികളുടെമേൽ അവർ ക്ഷമാലുക്കളായതുകൊണ്ട് നിന്റെ നാഥന്റെ വചനം ഏറ്റവും നല്ല നിലക്ക് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്, ഫിർഔനും അവന്റെ ജനതയും ഉത്പാദിപ്പിച്ചുകൊണ്ടിരുന്ന സകലതിനെയും നാം തരിപ്പണമാക്കുകയും ചെയ്തു -അവർ വികസിപ്പിച്ചുകൊണ്ടിരുന്നതിനെയും.

പൂർവ്വ പശ്ചിമദിക്കുകളെ നമ്മുടെ അനുഗ്രഹങ്ങളാൽ സമ്പന്നമാക്കിയ ഭൂമി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫലസ്തീനാണ്. ഭൂമിയിൽ അടിച്ചമർത്തപ്പെട്ടവരുടെമേൽ നമ്മുടെ അനുഗ്രഹം ചൊരിയാനും അവരെ നേതാക്കളും അനന്തരാവകാശികളുമാക്കാനും ഭൂമിയിൽ അവർക്ക് ആധിപത്യം നൽകാനും; ഫിർഔനിനും ഹാമാനിനും അവർ രണ്ട് പേരുടെയും പട്ടാളത്തിനും അവരെന്താണോ ഭയപ്പെട്ടുകൊണ്ടിരുന്നത്, അത് കാണിച്ചുകൊടുക്കാനുമാണ് നാം ഉദ്ദേശിച്ചത് എന്ന് 28: 5–6 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ മൂസാ, എന്റെ അടിമകളെയും കൊണ്ട് നീ രാത്രിക്കുരാത്രി തന്നെ പുറപ്പെടുക, നിശ്ചയം നിങ്ങൾ പിന്തുടരപ്പെടുക തന്നെ ചെയ്യും, സമുദ്രത്തെ പിളർന്ന നിലയിൽ തന്നെ വിടുക, നിശ്ചയം അവർ മുക്കിക്കൊല്ലപ്പെടാനുള്ള ഒരു പട്ടാളമാണ്, എത്രയെത്ര തോട്ടങ്ങളും അരുവികളും കൃഷിസ്ഥലങ്ങളും മാന്യമായ സ്ഥാനമാനങ്ങളും അവർ ആസ്വദിച്ചുകൊണ്ടി

രുന്ന എത്രയെത്ര അനുഗ്രഹങ്ങളുമാണ് അവർ വിട്ടേച്ച് പോയത്? അപ്രകാരം നാം അ തെല്ലാം മറ്റൊരു ജനതക്ക് അനന്തരാവകാശമായി നൽകുകയും ചെയ്തു, അപ്പോൾ അ വരുടെമേൽ ആകാശമോ ഭൂമിയോ കരഞ്ഞില്ല, അവർ സാവകാശം നൽകപ്പെട്ടവരുമായി ല്ല, നിശ്ചയം ഇസ്റാഈൽ സന്തതികളെ ഹീനമായ ശിക്ഷയിൽ നിന്ന് നാം രക്ഷപ്പെടു ത്തുക തന്നെ ചെയ്തിട്ടുണ്ട്, അഥവാ ഫിർഔനിൽ നിന്ന്, നിശ്ചയം അവൻ അതിരുവി ട്ട് പ്രവർത്തിക്കുന്ന നാശകാരികളിൽപ്പെട്ട ഒരു അത്യുന്നതൻ തന്നെയായിരുന്നു എന്ന് 44: 23-30 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നിശ്ചയം നാം മൂസാക്ക് ഗ്രന്ഥം നൽകിയിട്ടുണ്ട്, അപ്പോൾ അതുപോലുള്ള ഒന്ന് വന്നുകിട്ടുന്നതിൽ നീ സംശയിക്കരുത്, മൂസാക്ക് നാം നൽകിയ ഗ്രന്ഥത്തെ ഇസ്രാഈൽ സന്തതികൾക്ക് സന്മാർഗമാക്കി വെക്കുകയും ചെയ് തിട്ടുണ്ട്, അവർ ക്ഷമാലുക്കളും നമ്മുടെ സൂക്തങ്ങളിൽ ദൃഢബോധ്യമുള്ളവരുമായിരു ന്നപ്പോൾ അവരെ നമ്മുടെ കൽപന പ്രകാരം സന്മാർഗത്തിലേക്ക് നയിക്കുന്നതിന് വേ ണ്ടി അവരിൽ നിന്നുള്ള നേതാക്കന്മാരെ നാം നിയോഗിക്കുകയും ചെയ്തിട്ടുണ്ട് എന്ന് 32: 23-24 സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഭക്ഷണവും കൂലിയുമൊന്നും നൽകാതെ അടിമവേല ചെയ്യിപ്പിച്ചായിരുന്നു ഇസ്രാ ഈൽ സന്തതികളെക്കൊണ്ട് ഫിർഔനും അവന്റെ ജനതയും ഇത്തരം കൃഷിസ്ഥലങ്ങ ളും തോട്ടങ്ങളും പിരമിഡുകളുമെല്ലാം നിർമ്മിച്ചിരുന്നത്, ഇസ്രാഈൽ സന്തതികളുടെ വംശവർദ്ധനവ് കൂടാതിരിക്കാനും അവർ അധികാരത്തിൽ വരാതിരിക്കാനും വേണ്ടി അ വരുടെ ആൺസന്താനങ്ങളെ ഫിർഔനും അവന്റെ ജനതയും കൊന്നുകളയുകയും ചെ യ്തിരുന്നു. അതാണ് ഫിർഔനും അവന്റെ ജനങ്ങളും ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന സക ലതിനെയും അവർ വികസിപ്പിച്ചുകൊണ്ടിരുന്നതിനെയും നാം തരിപ്പണമാക്കുകയും ചെ യ്തു എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ വിവക്ഷ.

വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്റിനെ തള്ളിപ്പറയുന്ന കപട വിശ്വാസികളും അവരുടെ അനുയായികളുമായ ഫുജ്ജാറുകളാണ് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നത്. എന്നാൽ അവരുടെ സ്വഭാവവും പെരുമാറ്റവും 3: 72, 112; 5: 11, 41-42 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മ ദീനയിലെ ജൂതരുടെയും കപടവിശ്വാസികളുടെയും സ്വഭാവത്തേക്കാൾ ദുഷിച്ചതാണ്. 3: 7-10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്ക് ശേഷം ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ച് അക്രമികളും തെമ്മാടികളുമായി മാറുകയും പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ജൂത-ക്രൈസ്തവരുടെ കാൽപാടുകൾ പിൻപറ്റുന്നവ രായി മാറുകയും ചെയ്തു. ഇന്ന് ഫുജ്ജാറുകളേക്കാൾ ലോകരിൽ മാനുഷികമൂല്യമുള്ള ത് ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ പ്രവാചകന്റെ സമുദാ യത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾക്കാണ്.1: 7; 2: 61-62; 5: 51 4: 159; 38: 8 വിശദീകരണം നോക്കുക.

138.ഇസ്റാഈൽ സന്തതികളെ നാം കടൽ കടത്തിക്കൊടുത്തു, അങ്ങനെ അവർ തങ്ങളുടെ വിഗ്രഹങ്ങളെ പൂജിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയുടെ അടുത്തെ ത്തിയപ്പോൾ പറഞ്ഞു: ഓ മൂസാ, ഇവർക്കുള്ള ഇലാഹുകളെപ്പോലെ ഞങ്ങൾ ക്കും ഒരു ഇലാഹിനെ നിശ്ചയിച്ചുതരിക; അവൻ പറഞ്ഞു: നിശ്ചയം നിങ്ങൾ ഒരു അവിവേകികളായ ജനത തന്നെയാണ്.

139.നിശ്ചയം ഇക്കൂട്ടർ പിൻപറ്റിക്കൊണ്ടിരിക്കുന്ന മാർഗം നശിക്കാനുള്ളതും അ വർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം തികച്ചും നിഷ്ഫലവുമാകുന്നു.

140.അവൻ ചോദിച്ചു: ഞാൻ നിങ്ങൾക്കായി അല്ലാഹുവിനെയല്ലാതെ മറ്റൊരു ഇലാഹിനെ അന്വേഷിക്കുകയോ? അവൻ നിങ്ങളെ സർവ്വലോകരുടെമേൽ ശ്രേഷ്ഠരാക്കിയിരിക്കെ.

മൂസായെയും ഇസ്റാഈൽ സന്തതികളെയും അല്ലാഹു കടൽ പിളർത്തി രക്ഷപ്പെടുത്തുകയും അവർ മറുകരയിൽ നോക്കി നിൽക്കെ ഫിർഔനിനെയും സംഘത്തെയും കടലിൽ മുക്കിക്കൊല്ലുകയും ചെയ്തു. ശേഷം മുന്നോട്ടുപോന്ന അവർ വിഗ്രഹാരാധന ചെയ്യുന്ന ഒരു ജനതയുടെ അടുത്തെത്തിയപ്പോൾ ആ വിഗ്രഹത്തെപോലുള്ള ഒരു *ഇലാഹി*നെയാണ് ആവശ്യപ്പെട്ടത്. ഈജിപ്തിൽ വർഷങ്ങളായി വിഗ്രഹപൂജകളിലും പശുപൂജകളിലും ഏർപ്പെട്ടിരുന്ന ആ ജനത ഏക *ഇലാഹി*നെക്കുറിച്ച് അറിവില്ലാത്തവരും പശു ആരാധന ഹൃദയത്തിൽ ലയിച്ചവരുമായിരുന്നതാണ് അതിന് കാരണം. അതുകൊണ്ടാണ് തുടർന്നുള്ള സൂക്തങ്ങളിൽ അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹങ്ങൾ എടുത്തുദ്ധരിക്കുന്നതും അവരുടെ ധിക്കാരമനോഭാവം തുറന്നുകാണിക്കുന്നതും.

ഇന്ന് അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ത്രികാലജ്ഞാനമായ അദ്ദിക്റിന്റെ 40 പേരുകളും മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും 2: 79 ൽ വിവരിച്ച പ്രകാരം ഫുജ്ജാർ കിതാബുകൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത് കാക്കകാരണവന്മാരുടെ ആചാരാനുഷ്ഠാനങ്ങൾ അന്ധമായി പിൻപറ്റുന്ന കാഫിറുകളും അക്രമികളുമാണ്. അദ്ദിക്റിനെ വിസ്മരിക്കുക വഴി കെട്ടജനതയായിത്തീർന്ന ഇക്കൂട്ടർ വിധിദിവസം 'ഓ! ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ; അവനാണല്ലോ അദ്ദിക്ർ എനിക്ക് വന്നുകിട്ടിയതിന് ശേഷം എന്നെ അതിൽ നിന്ന് തടഞ്ഞത്, പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെയായിരുന്നുവല്ലോ' എന്ന് വിലപിക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ പറഞ്ഞതും; അന്ന് പ്രവാചകൻ 'ഓ എന്റെ നാഥാ! എന്റെ ഈ ജനത വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്റിൽ നിന്ന് ഒളിച്ചോടിപ്പോയതാണ് ഇവർക്ക് വന്ന ദുർഗതി' എന്ന് പറയുന്നതാണ് എന്ന് 25: 30 ൽ പറഞ്ഞതും ഫുജ്ജാറുകൾ വായിച്ചിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല; ഓരോരുത്തരും കണ്ട, കേട്ട, തൊട്ട, വായിച്ച ഗ്രന്ഥമാണ് അവരെ നരകത്തിലേക്ക് തള്ളിവിടുന്നത്. 1: 4; 2: 255; 6: 14, 102–104 വിശദീകരണം നോക്കുക.

141.ഞാൻ നിങ്ങളെ ഫിർഔൻ പ്രഭൃതികളിൽ നിന്നും രക്ഷപ്പെടുത്തിയ സന്ദർഭം സ്മരിക്കുകയും ചെയ്യുക, അവർ നിങ്ങളെ നിഷ്ഠൂരമായ ശിക്ഷകളാൽ പീഡിപ്പിക്കുകയും നിങ്ങളുടെ ആൺസന്താനങ്ങളെ വധിക്കുകയും നിങ്ങളുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്തു, അതിൽ നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം തന്നെ ഉണ്ടായിരുന്നു.

ഫിർഔൻ പ്രഭൃതികൾ ഇസ്റാഈൽ സന്തതികളുടെ വംശവർദ്ധനവ് തടയാൻ വേണ്ടി അവരുടെ ആൺമക്കളെ കൊന്നുകളയുകയായിരുന്നു. അപ്പോൾ എല്ലാ ജീവികളുടെയും നിയന്ത്രണം ഏറ്റെടുത്തവനായ ത്രികാലജ്ഞാനിയായ അല്ലാഹു ഇതെല്ലാം കാണുന്നുണ്ട് എന്ന ബോധത്തിൽ പരലോകത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ക്ഷമാലുക്കളായി നിലകൊള്ളുന്നവരാകുമോ എന്നതായിരുന്നു ആ വമ്പിച്ച പരീക്ഷണം. ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുകയും അതിനെ അവഗണിച്ച് ഐഹികലോകജീവിതത്തിന് പ്രാധാന്യം കൊടുത്ത് ജീവിക്കുകയും ചെയ്യുന്ന ഫുജ്ജാറുകളാണ് ഇന്ന് ലോകത്തെവിടെയും പീഡിപ്പിക്കപ്പെടുന്നത്. 'ഫിർഔനിൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം' എന്ന് പറയുന്ന

തിന് പകരം 'നിങ്ങളുടെ നാഥനിൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം' എന്ന് പറഞ്ഞതിൽ നിന്നും അജയ്യഗ്രന്ഥമായ അദ്ദിക്റിനെ ഒഴിവാക്കുക വഴി അല്ലാഹുവിനെയും പരലോകത്തെയും മറന്ന് ജീവിക്കുന്ന, 9: 67-68 സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും കുഫ്ഫാറുകളുമടങ്ങിയ ഫുജ്ജാറുകൾക്ക് അല്ലാഹു തന്നെയാണ് ഇഹത്തിൽ നിന്ദ്യത നൽകുന്നത് എന്ന് മനസ്സിലാക്കാം. അവരെത്തന്നെ കക്ഷികളായി ഭിന്നിപ്പിച്ച് തമ്മിലടിപ്പിച്ച് കൊണ്ടോ ഇതരജനവിഭാഗങ്ങളെ അവർക്കെതിരായി തിരിച്ചുവിട്ടുകൊണ്ടോ നിഷ്ഠൂരന്മാരായ ഭരണാധികാരികളെക്കൊണ്ടോ മറ്റു വിപത്തുകൾ കൊണ്ടോ പീഡനമേൽപിക്കപ്പെടുന്നതിൽ നിന്നും രക്ഷ പ്രാപിക്കാൻ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന പരിചയും *മുഹൈമിനു*മായ അദ്ദിക്റിലേക്ക് തന്നെ മടങ്ങുകയല്ലാത്ത മറ്റു പോംവഴികളൊന്നുമില്ല. സാമുദായികമായി സംഘടിച്ചതുകൊണ്ടും ആയുധാഭ്യാസങ്ങൾ കൊണ്ടും മറ്റു ഭൗതികനേട്ടങ്ങൾ കൊണ്ടും അവർ കൂടുതൽ നാശത്തിലകപ്പെടുകയാണ് ചെയ്യുക. ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന മസീഹുദ്ദജ്ജാലിനെക്കൊണ്ടുള്ള നാശമാണ് ആദം സന്തതികൾക്ക് വരാനുള്ള ഏറ്റവും വലിയ നാശമെന്ന് പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ടെങ്കിലും അദ്ദിക്റിനെ അവഗണിക്കുക വഴി മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന അവർ തന്നെയാണ് അവന്റെ നാശത്തിലും അകപ്പെടുക. 2: 49-50, 85; 5: 33; 6: 65 വിശദീകരണം നോക്കുക.

142. മൂസായോട് നാം മുപ്പത് രാവുകളിൽ (സീനാപർവ്വതത്തിൽ പാർക്കാൻ) കരാർ ചെയ്യുകയുമുണ്ടായി, പിന്നീട് നാം അതിനെ പത്ത് നാൾ കൂട്ടിച്ചേർത്തു, അങ്ങനെ തന്റെ നാഥനുമായുള്ള കൂടിക്കാഴ്ചാദിനം നാൽപത് രാത്രിയായി പൂർത്തിയാക്കുകയും ചെയ്തു, മൂസാ തന്റെ സഹോദരൻ ഹാറൂനിനോട് പറയുകയും ചെയ്തു: എന്റെ ഈ ജനത്തിന് നീ എന്റെ പ്രാതിനിധ്യം വഹിക്കുകയും അവരുടെ കാര്യങ്ങൾ നീ നന്നാക്കിത്തീർക്കുകയും ചെയ്യുക, നാശകാരികളുടെ വഴി നീ പിൻപറ്റുകയുമരുത്.

ഇസ്റാഈൽ സന്തതികൾക്ക് വേണ്ട വിധിവിലക്കുകൾ നൽകുന്നതിനുവേണ്ടി അല്ലാഹു മൂസാനബിയെ സീനാപർവ്വതത്തിലേക്ക് വിളിക്കുകയാണുണ്ടായത്. അപ്പോൾ തന്റെ ജനതയെ സന്മാർഗത്തിൽ നയിക്കുന്നതിനുവേണ്ടി മൂസാ തന്റെ സഹോദരൻ ഹാറൂനിനെ പ്രതിനിധിയായി നിശ്ചയിച്ച കാര്യം 20: 83-85 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

143. നാമുമായുള്ള കൂടിക്കാഴ്ചക്ക് മൂസാ വരികയും തന്റെ നാഥൻ അവനോട് സംസാരിക്കുകയും ചെയ്തപ്പോൾ അവൻ പറഞ്ഞു: എന്റെ നാഥാ, നിന്നിലേക്ക് ഒന്നുനോക്കാൻ എന്നെ അനുഗ്രഹിച്ചാലും; അവൻ അരുളി: നീ എന്നെ കാണുകയില്ല തന്നെ, എങ്കിലും നീ ആ പർവ്വതത്തിലേക്ക് നോക്കുക, അങ്ങനെ അത് അതിന്റെ സ്ഥാനത്ത് നിലകൊള്ളുന്നുവെങ്കിൽ അപ്പോൾ നീ എന്നെ കാണുകതന്നെ ചെയ്യും, അങ്ങനെ തന്റെ നാഥൻ പർവ്വതത്തിന്മേൽ പ്രത്യക്ഷനായപ്പോൾ അതിനെ ഛിന്നഭിന്നമാക്കി, മൂസാ ബോധം കെട്ട് വീഴുകയും ചെയ്തു; അങ്ങനെ അവന് ബോധം വന്നപ്പോൾ അവൻ പറഞ്ഞു: നീ പരിശുദ്ധൻ, ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നു, ഞാൻ വിശ്വാസികളിൽ ഒന്നാമനുമാകുന്നു.

ഒരാൾക്കും ഇഹലോകത്തുവെച്ച് നാഥനെ കണ്ണുകൊണ്ട് കാണാൻ സാധ്യമല്ല. എന്നാൽ വിശ്വാസികൾ 6: 103-104 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആത്മാവിന്റെ ദൃഷ്ടിയായ അദ്ദിക്ർ കൊണ്ട് നാഥനെ കണ്ട് ഇവിടെ ചരിക്കുന്നതാണ്. സ്വർഗ്ഗത്തിലേക്കുള്ള

ടിക്കറ്റായി അദ്ദിക്റിനെ ഉപയോഗപ്പെടുത്തുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾ മരണസമയത്ത് അതിന്റെ നാഥനെ ആത്മാവുകൊണ്ട് സന്തോഷത്തോടുകൂടി നോക്കുമെന്ന് 75: 22-23 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിൽ വെച്ച് അവർ അല്ലാഹുവിനെ കണ്ണുകൊണ്ട് കാണുന്നതുമാണ്. ആവർത്തിച്ച് വായിക്കാനുള്ള അജയ്യഗ്രന്ഥമായ അദ്ദിക്ർ ഒരു മലയുടെ മുകളിലാണ് ഇറക്കിയിരുന്നതെങ്കിൽ അതിനെ ഉൾക്കൊള്ളാൻ കഴിയാതെ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് അത് പൊട്ടിപ്പിളർന്ന് ചിന്നിച്ചിതറി തരിപ്പണമാകുന്നത് നിനക്ക് കാണാം, ഇത്തരം ഉപമകൾ നാം ജനങ്ങൾക്കുവേണ്ടി ഉദ്ധരിക്കുകയാണ്, അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിനുവേണ്ടി എന്ന് 59: 21 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ 7: 143; 59: 21 സൂക്തങ്ങൾ കൂട്ടിവായിച്ച് മനനം ചെയ്യുമ്പോൾ അല്ലാഹുവും അദ്ദിക്റും ഒന്നാണെന്ന് ബോധ്യം വരും. അതുകൊണ്ട് 5: 48 ൽ വിവരിച്ച പ്രകാരം എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നവനാണ് വിശ്വാസി.

ഈ സൂക്തത്തിൽ മൂസാ വിശ്വാസികളിൽ ഒന്നാമനാണെന്നാണ് പറയുന്നത്. 10: 104 ൽ ഞാൻ വിശ്വാസികളിൽ പെട്ടവനാകണമെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് പറയാൻ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. 37: 81 ൽ നൂഹും 37: 111 ൽ ഇബ്റാഹീമും 37: 122 ൽ മൂസായും ഹാറൂനും 37: 132 ൽ അൽയസഉം നാഥന്റെ വിശ്വാസികളായ അടിമകളിൽ പെട്ടവരായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ ഒരാളും വിശ്വാസിയാവുകയില്ല എന്ന് 10: 100 ലും പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി പിൻപറ്റേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205-206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 4: 69-70, 82, 174-175 വിശദീകരണം നോക്കുക.

144.അവൻ പറഞ്ഞു: ഓ മൂസാ, നിശ്ചയം ഞാൻ നിന്നെ ജനങ്ങളുടെമേൽ എന്റെ സന്ദേശങ്ങൾ എത്തിക്കുന്നതിനും എന്റെ സംഭാഷണത്തിനും വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നു, അപ്പോൾ ഞാൻ നിനക്ക് നൽകിയിട്ടുള്ള ഒന്ന് നീ മുറുകെപ്പിടിക്കുക, നീ നന്ദി പ്രകടിപ്പിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്യുക.

4: 163-164 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നൂഹ് മുതൽ മുഹമ്മദ് വരെയുള്ള 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥത്തിന്റെ ആത്മാവ് അദ്ദിക്ർ തന്നെയാണ്. മൂസാക്ക് നൽകപ്പെട്ട ഗ്രന്ഥത്തിന്റെ ശരീരം തൗറാത്ത് എന്ന പേരിൽ അറിയപ്പെടുന്നു. അത് അന്ന് മൊത്തം മനുഷ്യർക്കുള്ള നാഥന്റെ സംസാരവും സന്ദേശവുമായിരുന്നു. പ്രവാചകന് നൽകപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ടെന്നും അത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് മനുഷ്യർക്ക് എന്തൊന്നാണോ നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടത്, അത് പ്രവാചകൻ വെളിപ്പെടുത്തുന്നതിനുവേണ്ടിയും അവർ ആലോചിച്ച് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയുമാണെന്നും 16: 44 ൽ പറഞ്ഞിട്ടുണ്ട്. ത്രികാലജ്ഞാനിയായ നാഥന്റെ സംസാരവും സന്ദേശവുമായ അദ്ദിക്റിനെ മൂടിവെക്കുന്ന കാഫിറായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല തന്നെ എന്ന് 5: 67 ൽ പറഞ്ഞിട്ടുണ്ട്. 2: 152, 253; 4: 150-151 വിശദീകരണം നോക്കുക.

145.നാം അവന് എല്ലാ ഓരോ കാര്യത്തെക്കുറിച്ചുമുള്ള ഉപദേശനിർദ്ദേശങ്ങൾ ആ ഫലകങ്ങളിൽ രേഖപ്പെടുത്തിക്കൊടുത്തു, എല്ലാ ഓരോ വസ്തുവിനെക്കുറിച്ചു

മുള്ള വിശദീകരണവും; അപ്പോൾ നീ അവയെ മുറുകെപ്പിടിച്ചുകൊള്ളുക, അവയെ ഏറ്റവും നല്ല നിലക്ക് മുറുകെപ്പിടിക്കാൻ നിന്റെ ജനതയോട് കൽപിക്കുകയും ചെയ്യുക എന്ന് നിർദ്ദേശിക്കുകയും ചെയ്തു, അടുത്ത് തന്നെ ഞാൻ നിങ്ങൾക്ക് തെമ്മാടികളുടെ ഭവനം കാണിച്ചുതരികയും ചെയ്യും!

എല്ലാ പ്രവാചകന്മാർക്കും ഗ്രന്ഥവും വിശദീകരണങ്ങളും നൽകിയിട്ടുണ്ട് എന്ന് 16: 43 ൽ പറഞ്ഞിട്ടുണ്ട്. മൂസാക്ക് 10 കൽപനകൾ രണ്ട് ശിലാഫലകങ്ങളിലായി രേഖപ്പെടുത്തി നൽകുകയും പിന്നീട് അതിന്റെ വിശദീകരണങ്ങൾ ഘട്ടം ഘട്ടമായി നൽകുകയുമാണുണ്ടായത്. ഇന്ന് എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്തുന്നവരാണ് സർവസ്വം നാഥന് സമർപ്പിച്ച മുസ്ലിംകൾ എന്ന് 16: 89 ൽ പറഞ്ഞിട്ടുണ്ട്. 5: 48 ൽ വിവരിച്ച പ്രകാരം എല്ലാ വിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന അദ്ദിക്റിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെ ച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. 2: 26–27, 99, 185; 3: 190–191; 6: 38 വിശദീകരണം നോക്കുക.

146.സത്യം കൂടാതെ ഭൂമിയിൽ അഹംഭാവം നടിച്ച് നടക്കുന്നവരെ എന്റെ സൂക്തങ്ങളെത്തൊട്ട് ഞാൻ പിന്തിരിപ്പിച്ച് കളയുക തന്നെ ചെയ്യും, അവർ ഏതൊരു സൂക്തം കണ്ടാലും അതുകൊണ്ട് വിശ്വസിക്കുകയില്ല, അവർ തന്റേടത്തിന്റെ മാർഗ്ഗം കണ്ടാൽ ആ മാർഗം തെരഞ്ഞെടുക്കുകയില്ല; അവർ ദുർമാർഗം കണ്ടാലോ, ആ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യും, നിശ്ചയം അത് അവർ നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുകയും അവ കൊള്ളെ പ്രജ്ഞയറ്റവരായിരുന്നത് കൊണ്ടുമാണ്.

2: 119, 147; 10: 108; 39: 41, 69, 75 തുടങ്ങി 256 സൂക്തങ്ങളിൽ പറഞ്ഞ ഹഖ് –സത്യം– എന്നത് അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 2: 6–7, 256 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം വിശ്വാസിയാകാനുള്ള നാഥന്റെ സമ്മതപത്രമായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും പണ്ഡിതരാണെന്ന് അഹങ്കരിക്കുന്ന കപടവിശ്വാസികളെയും അവരുടെ അനുയായികളെയും നാഥന്റെ സൂക്തങ്ങളെത്തൊട്ട് പിന്തിരിപ്പിച്ച് കളയുന്ന താണ്. 7: 40 ൽ വിവരിച്ച പ്രകാരം ഭ്രാന്തന്മാരായ അവർക്ക് സ്വർഗത്തിൽ പ്രവേശിക്കുന്നതിന് വേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുകയോ തുന്നൽക്കാരന്റെ സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം പ്രവേശിക്കുന്നതുവരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ ഇല്ല. ഫുജ്ജാറുകളിലെ ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നവരും നാഥനെ വിസ്മരിച്ചവരുമായ കപടവിശ്വാസികൾ വധിക്കപ്പെട്ടവരായതിനാൽ അവർ 4: 145 ൽ വിവരിച്ച പ്രകാരം വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകുന്നവരും അവരുടെ പ്രജ്ഞയറ്റ അനുയായികൾ 39: 71 ൽ വിവരിച്ച പ്രകാരം വിചാരണക്ക് ശേഷം നരകക്കുണ്ഠത്തിലേക്ക് തെളിക്കപ്പെടാനുള്ളവരുമാണ്. 1: 7; 2: 119, 186; 4: 82; 5: 86 വിശദീകരണം നോക്കുക.

147.നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുകയും പരലോകത്തെ കണ്ടുമുട്ടുന്നതിനെ കളവാക്കുകയും ചെയ്യുന്നവരാരാണോ, അവരുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയിരിക്കുന്നു, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ പ്രതിഫലം കൊടുക്കാനൊക്കുമോ?

7: 101–102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം തെമ്മാടികളായ കപടവിശ്വാസികളും അ

വരുടെ അനുയായികളായ മുശ്രിക്കുകളും പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ലോകാവസാനത്തിന് വേണ്ടി ധൃതി കാണിക്കുന്നവരാണ്. നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ട് വിശ്വാസിയാകാതെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയോ കർമങ്ങൾ സ്വീകരിക്കപ്പെടുകയോ ഇല്ല എന്ന് 2: 186; 7: 8–9; 18: 103–106; 47: 8–9 സൂക്തങ്ങളിൽ ഇത്തരം ഫുജ്ജാറുകളാണ് വായിച്ചിട്ടുള്ളത്. 4: 1–2 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാന ഗ്രന്ഥമായ അദ്ദിക്ർ സമർപ്പിക്കുന്ന ത്രികാലജ്ഞാനിയായ നാഥനെ കണ്ടെത്തുക എന്ന ജീവിതലക്ഷ്യം വിസ്മരിച്ച് ജീവിക്കുന്ന ഇക്കൂട്ടർ പിശാചിനെ സേവിക്കുന്നവരാണ്. 3: 117 ൽ വിവരിച്ച പ്രകാരം നാവുകൊണ്ട് മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാകുന്നു എന്ന് അറബി ഭാഷയിൽ ഉച്ചരിക്കുന്ന ഫുജ്ജാറുകൾ പ്രവാചകനെയും പ്രവാചകന് അവതരിപ്പിക്കപ്പെട്ട അദ്ദിക്റിനെയും പിൻപറ്റാതെ 29 കള്ളവാദികളെ പിൻപറ്റുന്നവരും 30–ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

വിധിദിവസം ഒരു ആത്മാവും അൽപം പോലും അനീതി കാണിക്കപ്പെടുകയില്ല, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുകയുമില്ല എന്ന് 36: 54 ൽ പറഞ്ഞിട്ടുണ്ട്. 34: 33 അവസാനിക്കുന്നത് 'അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ അവർ പ്രതിഫലം നൽകപ്പെടുമോ' എന്ന ചോദ്യത്തോടെയാണ്. സ്വർഗം അല്ലെങ്കിൽ നരകം ഓരോ ആത്മാവും ഇവിടെ വെച്ച് സമ്പാദിക്കുന്നതാണെന്ന് ഈ സൂക്തവും പഠിപ്പിക്കുന്നു. 2: 39, 254; 4: 44; 6: 31–33, 88 വിശദീകരണം നോക്കുക.

148.മൂസായുടെ ജനത അവനുശേഷം അവരുടെ ആഭരണങ്ങളുരുക്കിയ ചൂളയിൽ നിന്ന് മുക്രയിടുന്ന ശരീരത്തോടുകൂടിയ ഒരു പശുക്കിടാവിന്റെ പ്രതിമ നിർമ്മിച്ചു, നിശ്ചയം അത് അവരോട് സംസാരിക്കുന്നില്ലെന്നും അവരെ യഥാർത്ഥ വഴിയിലേക്ക് മാർഗ്ഗദർശനം നൽകുന്നില്ലെന്നും അവർ മനസ്സിലാക്കുന്നില്ലേ? അവർ അതിനെ തെരഞ്ഞെടുത്ത് അക്രമികളായിത്തീരുകയും ചെയ്തു.

7: 142 ൽ വിവരിച്ച പ്രകാരം മൂസാ തന്റെ സഹോദരൻ ഹാറൂനിനെ തന്റെ പ്രാതിനിധ്യവും ജനതയുടെ നേതൃത്വവും ഏൽപിച്ചുകൊണ്ട് തൗറാത്ത് സ്വീകരിക്കുന്നതിന് ത്വൂർ പർവതത്തിലേക്ക് പോവുകയുണ്ടായി. അതിനുശേഷം അവന്റെ ജനത സാമിരിയുടെ നേതൃത്വത്തിൽ അവരുടെ ആഭരണങ്ങളെല്ലാം ഉരുക്കാൻ വേണ്ടി ഒരു ചൂളയിലിട്ടു. ആ തീച്ചൂളയിൽ നിന്ന് സാമിരി അവർക്കൊരു പശുക്കുട്ടിയുടെ രൂപമുണ്ടാക്കി പുറത്തെടുത്ത് കൊടുത്തു, അപ്പോൾ അതിന് പിശാച് മുക്രയിടുന്ന ശബ്ദം നൽകി. 20: 87–88 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം സാമിരി അവരോട് 'ഇത് നിങ്ങളുടെയും മൂസായുടെയും ദൈവമാണ്, നിങ്ങളോട് അത് പറയാൻ മൂസാ വിസ്മരിച്ചതാണ്' എന്ന് പറയുകയുണ്ടായി. 20: 89 ൽ, അത് അവരിലേക്ക് വാക്കുകൾ മടക്കുന്നില്ല എന്നും (ചോദിക്കുന്നതിന് മറുപടി നൽകുന്നില്ല എന്നും) അവർക്ക് ഉപദ്രവമോ ഉപകാരമോ വരുത്താൻ അതിന് അധികാരമില്ല എന്നും അവർ മനസ്സിലാക്കുന്നില്ലെയോ എന്നും ചോദിച്ചിട്ടുണ്ട്. 2: 91, 174–175; 6: 21, 144; 7: 40–41 വിശദീകരണം നോക്കുക.

149.അവരുടെ കൈകളാൽ അവർ നാശത്തിലകപ്പെടുകയും, നിശ്ചയം തങ്ങൾ വഴിപിഴച്ചിരിക്കുന്നു എന്ന് അവർ കാണുകയും ചെയ്തപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ നാഥൻ ഞങ്ങളോട് കരുണ കാണിക്കുകയും ഞങ്ങൾക്ക് പൊറുത്തുതരികയും ചെയ്തിട്ടില്ലെങ്കിൽ, നിശ്ചയം ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുക തന്നെ ചെയ്യുമായിരുന്നു.

2: 54 ൽ പറഞ്ഞ പ്രകാരം പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചരോട് പരസ്പരം വ ധിക്കണമെന്ന കൽപനയുണ്ടായപ്പോൾ നിയന്ത്രണം വിട്ട് കൊല നടക്കുകയുണ്ടായി. ആ കൂട്ടക്കൊലയിൽ ഈ സൂക്തപ്രകാരം പശ്ചാത്തപിച്ചുമടങ്ങിയ ആളുകളും ഉൾപ്പെടുകയു ണ്ടായി. അവർക്ക് രക്തസാക്ഷിത്വം വരിച്ചവരുടെ പ്രതിഫലം ലഭിക്കുമെന്ന് പ്രപഞ്ചനാ ഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 2: 121; 5: 78–79; 6: 153 വിശദീകരണം നോ ക്കുക.

150.മൂസാ തന്റെ ജനതയിലേക്ക് ദേഷ്യത്തോടെ ദു:ഖിതനായിക്കൊണ്ട് തിരിച്ചുവ ന്ന് ചോദിച്ചു: എനിക്ക് ശേഷം നിങ്ങൾ എന്തുമാത്രം ദുഷിച്ച പ്രാതിനിധ്യമാണ് സ്വീകരിച്ചത്, നിങ്ങൾ നിങ്ങളുടെ നാഥന്റെ കൽപനക്കുവേണ്ടി ധൃതി കാണി ച്ചുവോ? ഫലകങ്ങൾ എറിഞ്ഞുകളയുകയും തന്റെ സഹോദരന്റെ തലമുടിയിൽ പിടിച്ച് അവനെ അവനിലേക്ക് വലിച്ചിഴക്കുകയും ചെയ്തു; അവൻ പറഞ്ഞു: എന്റെ മാതാവിന്റെ മകനേ, നിശ്ചയം ഈ ജനം എന്നെ ബലഹീനനാക്കി ഒതു ക്കിക്കളഞ്ഞു, എന്നെ അവർ കൊന്നുകളയുമെന്നിടത്തോളമെത്തി, അപ്പോൾ എന്റെ ശത്രുക്കൾക്ക് നീ ചിരിക്കാൻ അവസരമുണ്ടാക്കാതിരിക്കുകയും എന്നെ നീ അക്രമികളായ ഈ ജനത്തിൽ പെടുത്താതിരിക്കുകയും ചെയ്യുക.

20: 85 ൽ, സീനാപർവ്വതത്തിൽ വെച്ച് അല്ലാഹു മൂസാനബിയോട് പറയുന്നു: നിശ്ച യം നിന്റെ ജനതയെ നിനക്കുപുറകെ നാം പരീക്ഷണത്തിലകപ്പെടുത്തുകയും 'സാമിരി' അവരെ വഴിപിഴപ്പിക്കുകയും ചെയ്തിട്ടുണ്ട്. 20: 86 ൽ, അപ്പോൾ മൂസാനബി കോപത്തോ ടും നിരാശയോടും ദുഃഖത്തോടും കൂടി ജനതയിലേക്ക് തിരിച്ചുവരികയും, ഓ എന്റെ ജ നമേ! നിങ്ങളോട് നിങ്ങളുടെ ഉടമയായ നാഥൻ ഏറ്റവും നല്ല വാഗ്ദത്തം ചെയ്തിരുന്നില്ലേ, അപ്പോൾ ആ ഉടമ്പടി നിങ്ങൾക്ക് ദീർഘിച്ചതായി അനുഭവപ്പെട്ടുവോ? അതോ എന്റെ വാഗ്ദത്തങ്ങൾ ലംഘിക്കുക വഴി നിങ്ങളുടെ നാഥനിൽ നിന്നുള്ള കോപം നിങ്ങളിൽ പ തിക്കണമെന്നാണോ നിങ്ങൾ ഉദ്ദേശിച്ചത് എന്ന് ചോദിക്കുകയുണ്ടായി. 20: 90 ൽ, മൂസാ തിരിച്ച് വരുന്നതിന് മുമ്പ് ഹാറൂൻ അവരോട് പറഞ്ഞിട്ടുണ്ടായിരുന്നു: നിശ്ചയം ഈ പശു ക്കുട്ടി വഴി നിങ്ങൾ പരീക്ഷിക്കപ്പെടുകയാണ്, നിശ്ചയം നിങ്ങളുടെ നാഥൻ നിഷ്പക്ഷ വാനാണ്, അപ്പോൾ നിങ്ങൾ എന്നെ പിൻപറ്റുകയും എന്റെ കൽപനകൾ അനുസരിക്കു കയും ചെയ്യുക എന്നും; 20: 91 ൽ, ആ ജനത മറുപടി പറഞ്ഞു: മൂസാ ഞങ്ങളിലേക്ക് തി രിച്ച് വരുന്നതുവരെ ഞങ്ങൾ ഒരിക്കലും അതിനെ പൂജിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കു കയില്ല എന്നും; 20: 92–94 സൂക്തങ്ങളിൽ, മൂസാ ഹാറൂനിനോട് ചോദിക്കുന്നു: ഓ ഹാറൂൻ, അവർ വഴിപിഴക്കുന്നത് കണ്ടപ്പോൾ അത് തടയാതിരിക്കാൻ നിനക്ക് എന്തുപറ്റി? നീ എ ന്റെ മാർഗ്ഗം പിൻപറ്റാതിരിക്കുകയും എന്റെ കൽപന ധിക്കരിക്കുകയും ചെയ്തുവോ? ഹാറൂൻ മറുപടി പറഞ്ഞു: 'ഓ എന്റെ മാതാവൊത്ത സഹോദരാ, നീ എന്റെ താടിയും ത ലമുടിയും പിടിച്ച് വലിക്കല്ലേ, നിശ്ചയം ഇസ്റാഈൽ സന്തതികളിൽ ഭിന്നിപ്പുണ്ടാക്കിയെ ന്നും എന്റെ വാക്കിന് നീ കാത്തിരുന്നില്ല എന്നും നീ പറയുമെന്ന് ഞാൻ ഭയപ്പെട്ടു'.

20: 94 ലെ ഹാറൂനിന്റെ മറുപടി സംഘടനാ താൽപര്യത്തിന് വേണ്ടി ശിർക്ക് വരെ അ നുവദനീയമാണെന്ന് വാദിക്കാൻ വേണ്ടി വളച്ചൊടിക്കുന്ന ചില കപടവിശ്വാസികൾ ഇന്ന് രംഗത്തുണ്ട്. അവർ 20: 90 ൽ, ഹാറൂൻ: 'നിങ്ങളുടെ നാഥൻ നിഷ്പക്ഷവാനാണ്', അഥവാ സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ അദ്ദിക്ർ പഠിപ്പിക്കുക വഴി നന്ദി പ്രകടിപ്പിക്കുന്നവർ അല്ലെങ്കിൽ നന്ദികെട്ടവർ എന്നീ രണ്ടാലൊരു വഴി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എല്ലാ ഓരോരുത്തർക്കും നൽകിയിരിക്കുന്നു

എന്ന് പറഞ്ഞതോ; 7: 150 ൽ, അവർ എന്നെ ഒതുക്കിക്കളഞ്ഞു, അവർ എന്നെ കൊന്നുകളയുമെന്നോളമെത്തി, ഇപ്പോൾ നീയും എന്റെ താടിയും മുടിയും പിടിച്ച് എന്നോട് ദേഷ്യം കാണിക്കുക വഴി ശത്രുക്കൾക്ക് ചിരിക്കാൻ അവസരം നൽകല്ലേ, എന്നെ അക്രമികളായ ജനതയിൽ പെടുത്തുകയും ചെയ്യല്ലേ എന്ന് ഹാറൂൻ മൂസായോട് പറഞ്ഞതോ കണ്ടില്ലെന്ന് നടിച്ചുകൊണ്ടും; 2: 137, 176; 3: 103; 6: 158–159; 23: 51–53; 30: 31–32 തുടങ്ങിയ സൂക്തങ്ങളെയെല്ലാം തള്ളിപ്പറഞ്ഞുകൊണ്ടും മൂടിവെച്ചുകൊണ്ടും ജനങ്ങളെ വിവിധ സംഘടനകളായി വിഭജിച്ചുകൊണ്ട് പിശാചിന്റെ സംഘത്തിലേക്ക് വലിച്ചിഴക്കുകയാണ് ഇത്തരം മനുഷ്യപ്പിശാചുക്കൾ ചെയ്തുകൊണ്ടിരിക്കുന്നത്. 2: 62, 159–161 165–167; 4: 91; 10: 33 വിശദീകരണം നോക്കുക.

151. അവൻ പറഞ്ഞു: എന്റെ നാഥാ, എനിക്കും എന്റെ സഹോദരനും നീ പൊറുത്തു തരികയും ഞങ്ങളെ നീ നിന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ! നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും നന്നായി കരുണ ചെയ്യുന്നവനുമാകുന്നു.

2: 64; 4: 113; 6: 157; 10: 57 തുടങ്ങി 65 സൂക്തങ്ങളിൽ പറഞ്ഞ കാരുണ്യമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കുന്നവർ മാത്രമേ സജ്ജനങ്ങളിൽ പ്രവേശിപ്പിക്കപ്പെടുകയുള്ളൂ എന്ന് 7: 196 ലും 76: 31 ലും പറഞ്ഞിട്ടുണ്ട്. നിഷ്പക്ഷവാനായ നാഥനിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചവർ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള മാർഗ്ഗത്തിലായി എന്ന് 2: 256; 3: 101 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 186 ൽ വിവരിച്ച പ്രകാരം വിശ്വാസിയാകാത്തവരുടെ പ്രാർത്ഥനകളും പ്രവർത്തനങ്ങളും സ്വീകരിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, അത് അവർക്ക് വഴികേട് വർധിപ്പിക്കുകയാണ് ചെയ്യുക. 1: 2; 2: 105; 7: 52–53; 11: 118–119; 16: 89 വിശദീകരണം നോക്കുക.

152. നിശ്ചയം, പശുക്കുട്ടിയെ തെരഞ്ഞെടുത്തവരാരോ, തങ്ങളുടെ നാഥനിൽ നിന്നുള്ള കോപം അവരിൽ പതിക്കുക തന്നെ ചെയ്യും, ഐഹിക ജീവിതത്തിൽ അവർ പതിതരുമായിരിക്കും, അപ്രകാരമാണ് കള്ളം കെട്ടിച്ചമക്കുന്നവർക്ക് നാം പ്രതിഫലം കൊടുക്കുക!

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതന്മാർ പശുക്കുട്ടിയെ *ഇലാഹാ*യി തെരഞ്ഞെടുത്തിരുന്നില്ല. എന്നാൽ അവർ മൂസായുടെ കാലത്ത് പശുക്കുട്ടിയെ *ഇലാഹാ*യി തെരഞ്ഞെടുത്തവരായ അവരുടെ പൂർവികന്മാരുടെ വഴി അടിതെറ്റാതെ പിൻപറ്റുന്നവരാണ് എന്ന ദുരഭിമാനത്തോടെ ജീവിക്കുന്നവരായിരുന്നു. പശുക്കുട്ടിയെ *ഇലാഹാ*യി തെരഞ്ഞെടുത്തവർക്ക് 2: 54 ൽ വിവരിച്ച പ്രകാരം പരസ്പരം വധിക്കാനുള്ള കൽപന നടപ്പിലാക്കുക വഴി ഐഹികലോകത്ത് വെച്ചുതന്നെ നിന്ദ്യതയും പതിത്വവും ബാധിക്കുകയുണ്ടായി. ഇന്ന് ലോകത്ത് ജൂതന്മാർ ആരും തന്നെ ഇത്തരം സൂക്തങ്ങൾ വായിക്കുകയോ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുകയോ ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ അവർ ലോകത്തെവിടെയും നിന്ദ്യതയോ പതിത്വമോ അനുഭവിക്കുന്നുമില്ല. അദ്ദിക്റിനെയും അതിന്റെ 40 പേരുകളെയും അറിഞ്ഞുകൊണ്ട് മൂടിവെക്കുന്ന കപടവിശ്വാസികളും തള്ളിപ്പറയുന്ന അനുയായികളുമാണ് അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമച്ച് പറയുന്ന ഏറ്റവും വലിയ അക്രമികളും കാഫിറുകളും. അതുവഴി അവർക്ക് തന്നെയാണ് ലോകത്തെവിടെയും പതിത്വവും നിന്ദ്യതയും അനുഭവിക്കേണ്ടി വരുന്നതും. ആരാണ് അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച് പറയുന്നവനേക്കാൾ ഏറ്റവും വലിയ അക്രമി? അല്ലെങ്കിൽ

അവന്റെ സൂക്തങ്ങൾ തള്ളിപ്പറയുന്നവനേക്കാൾ, ഇത്തരം അക്രമികളെ അല്ലാഹു വിജയിപ്പിക്കുകയില്ല എന്ന് 6: 21, 135 സൂക്തങ്ങളിലും; ഇത്തരം ഭ്രാന്തന്മാരെ അല്ലാഹു വിജയിപ്പിക്കുകയില്ല എന്ന് 10: 17 ലും പറഞ്ഞത് വായിക്കുന്നത് ലോകരിൽ അവർ മാത്രമാണ്. 1: 7; 2: 85, 254; 5: 33 വിശദീകരണം നോക്കുക.

153.ദുഷ്കർമ്മങ്ങൾ പ്രവർത്തിക്കുകയും പിന്നെ അതിനുശേഷം അത് തെറ്റാണെന്ന് മനസ്സിലാക്കി പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വാസം രൂപപ്പെടുത്തുകയും ചെയ്തവരുണ്ടല്ലോ, നിശ്ചയം അതിനുശേഷം നിന്റെ നാഥൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാൻ തന്നെയാകുന്നു.

അദ്ദിക്ർ ലഭിക്കുന്നതിനുമുമ്പ് സംഘടനാ താൽപര്യങ്ങളോ സാമുദായിക താൽപര്യങ്ങളോ മറ്റോ സംരക്ഷിക്കുന്നതിനു വേണ്ടി ഗ്രന്ഥത്തിലെ സൂക്തങ്ങളുടെ ആശയം മൂടിവെക്കുകയും വളച്ചൊടിക്കുകയും ചെയ്തിട്ടുള്ളത് തെറ്റാണെന്ന് മനസ്സിലാക്കി അതിന് പൊറുക്കലിനെത്തേടുകയും യഥാർത്ഥ വിശ്വാസം രൂപപ്പെടുത്തുകയും പ്രായശ്ചിത്തമായി അദ്ദിക്ർ ലോകരിൽ പ്രചരിപ്പിക്കുകയുമാണെങ്കിൽ അല്ലാഹുവിനെ കാരുണ്യവാനും ഏറെപ്പൊറുക്കുന്നവനുമായി കണ്ടെത്തുന്നതാണ്. ഇന്ന് ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നാഥന്റെ സമ്മതപത്രമായ അതിനെ സത്യപ്പെടുത്താതെ ഒരാളും വിശ്വാസിയാവുകയില്ല. അപ്പോൾ ആയിരത്തിൽ 999 ആയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെ ആയിരത്തിൽ ഒന്നായ വിശ്വാസി ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തുമ്പോൾ അവർ അത് കേൾക്കുകയില്ല എന്ന് മാത്രമല്ല, 2: 170–171; 5: 104 സൂക്തങ്ങൾ പ്രകാരം കാക്കകാരണവന്മാരുടെ വഴിയിൽ ഉറച്ചുനിൽക്കുകയാണ് ചെയ്യുക. 2: 159–162; 3: 112; 4: 31, 145–147 വിശദീകരണം നോക്കുക.

154.മൂസായെത്തൊട്ട് കോപം തണുത്തപ്പോൾ, അവൻ ആ ഫലകങ്ങളെടുത്തു, അതിൽ തങ്ങളുടെ നാഥനെ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്നവരായവർക്ക് സന്മാർഗവും കാരുണ്യവും നാം കൊത്തിവെച്ചിട്ടുണ്ടായിരുന്നു.

10 കൽപനകൾ അടങ്ങിയ രണ്ട് ഫലകങ്ങളാണ് മൂസാക്ക് അല്ലാഹു നൽകിയത്. 22: 75 ൽ പറഞ്ഞ പ്രകാരം മലക്കുകളിൽ നിന്നുള്ള സന്ദേശവാഹകനായ ജിബ്രീൽ മുഖേന അതിന്റെ വിശദീകരണങ്ങളും ക്രമേണ നൽകുകയുണ്ടായി. ഇസ്റാഈൽ സന്തതികളടക്കം ലോകത്തുള്ള മനുഷ്യർക്കെല്ലാം അത് സന്മാർഗമായിരുന്നു. അവസാനമായി മുഹമ്മദിനെ പ്രവാചകനായി നിയോഗിക്കുകയും 23 വർഷങ്ങൾ കൊണ്ട് ഘട്ടം ഘട്ടമായി അദ്ദിക്ർ അവതരിപ്പിക്കുകയുമുണ്ടായി. 45: 28–29 സൂക്തങ്ങളിൽ, വിചാരണാനാളിൽ എല്ലാ ഓരോ വ്യക്തിയും സമുദായവും മുട്ടുകുത്തിയവരായി നിൽക്കുന്നതും അവരുടെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടുന്നതും ഇന്നേ ദിനം നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലം നൽകപ്പെടുന്നതുമാണ് എന്ന് പറയപ്പെടുന്നതാണ്. ഇതാ നമ്മുടെ ഗ്രന്ഥം, നിങ്ങളുടെ മേൽ നിങ്ങളുടെ റിക്കാർഡ് സത്യത്തോടുകൂടി പ്രതിഫലിപ്പിക്കുന്നതാണ്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം നാം കൊത്തിവെച്ചുകൊണ്ടിരിക്കുന്നവൻ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 2: 40–43; 6: 89–90; 9: 67–68 വിശദീകരണം നോക്കുക.

155.നാമുമായുള്ള കൂടിക്കാഴ്ചക്കുവേണ്ടി തന്റെ ജനതയിൽ നിന്ന് എഴുപത് ആളുകളെ മൂസാ തെരഞ്ഞെടുക്കുകയുമുണ്ടായി, അപ്പോൾ അവരെ ഒരു ഭയങ്കര പ്രകമ്പനം പിടികൂടിയപ്പോൾ അവൻ പറഞ്ഞു: എന്റെ നാഥാ! നീ ഇച്ഛിച്ചിരുന്നുവെങ്കിൽ ഇവരെയും എന്നെത്തന്നെയും ഇതിനുമുമ്പ് തന്നെ നശിപ്പിക്കാമാ

യിരുന്നുവല്ലോ, ഞങ്ങളിലെ ഏതാനും അവിവേകികളായ മൂഢന്മാർ പ്രവർത്തിച്ച കുറ്റത്തിന് നീ ഞങ്ങളെ മുഴുവൻ നശിപ്പിക്കുകയാണോ; അല്ല, ഇത് നിന്റെ ഒരു പരീക്ഷണമല്ലാതെ അല്ല, അതുവഴി നീ ഉദ്ദേശിക്കുന്നവരെ വഴിപിഴപ്പിക്കുകയും നീ ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു, ഞങ്ങളുടെ രക്ഷാധികാരി നീ മാത്രമാകുന്നു, അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും നിന്റെ കാരുണ്യം ഞങ്ങളിൽ വർഷിക്കുകയും ചെയ്യേണമേ, നീ പൊറുക്കുന്നവരിൽ വെച്ച് ഏറ്റവും ഉത്തമൻ തന്നെയുമാകുന്നു.

2: 55 ൽ വിവരിച്ച പ്രകാരം ഇസ്റാഈൽ സന്തതികൾ 'അല്ലാഹുവിനെ നേരിൽ കാണുന്നതുവരെ ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയില്ല' എന്ന് മൂസായോട് പറഞ്ഞപ്പോൾ അവരിൽ നിന്നുള്ള പ്രധാനികളായ 70 പേരെയും കൂട്ടി മൂസാ ത്വൂർ പർവതത്തിലേക്ക് പോയ സംഭവമാണ് ഇവിടെ വിവരിക്കുന്നത്. അവിടെവെച്ച് ഒരു പ്രകമ്പനം വഴി അവരെ സ്തബ്ധരാക്കി വീഴ്ത്തിയപ്പോൾ പ്രവാചകൻ മൂസാ ആത്മാവുകൊണ്ട് സൂക്തത്തിൽ പറഞ്ഞ പ്രകാരം പ്രാർത്ഥിക്കുകയുണ്ടായി. ഇന്ന് 41: 41-43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യഗ്രന്ഥമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ജീവിക്കുന്നവർ അല്ലാഹുവിനെ മുറുകെപ്പിടിച്ച് സന്മാർഗ്ഗത്തിലായവരും അവന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കപ്പെട്ടവരുമാണ്. 3: 58 ൽ പറഞ്ഞ യുക്തിനിർഭരഗ്രന്ഥമായ അദ്ദിക്ർ വന്നുകിട്ടിയിട്ട് സ്വയം ഉപയോഗപ്പെടുത്താതെയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതെയും മൂടിവെക്കുന്നവരും അതിനെ തള്ളിപ്പറയുന്നവരുമായ ഫുജ്ജാറുകൾ വഴികേടിലും പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരും മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്നവരുമാണ്. 2: 28; 5: 78-81; 6: 25-26 വിശദീകരണം നോക്കുക.

156.ഞങ്ങൾക്ക് ഈ ഐഹികലോകത്ത് നീ നന്മ രേഖപ്പെടുത്തുകയും ചെയ്യേണമേ, പരലോകത്തിലും, നിശ്ചയം ഞങ്ങൾ നിന്നിലേക്ക് വന്നിരിക്കുന്നു; അവൻ പറഞ്ഞു: എന്റെ ശിക്ഷ, ഞാൻ ഉദ്ദേശിക്കുന്നവരെ അത് ബാധിപ്പിക്കുന്നു, എന്നാൽ എന്റെ കാരുണ്യം എല്ലാ ഓരോ വസ്തുവിനെയും വലയം ചെയ്തിരിക്കുന്നു, അപ്പോൾ സൂക്ഷ്മാലുക്കളായവർക്കുവേണ്ടി ഞാൻ അത് രേഖപ്പെടുത്തുക തന്നെ ചെയ്യും, അവർ സംസ്കരണപ്രവർത്തനങ്ങൾ കൊണ്ടുവരുന്നവരും നമ്മുടെ സൂക്തങ്ങൾ കൊണ്ട് വിശ്വസിക്കുന്നവരുമാണ്.

നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ നാഥൻ നിഷ്പക്ഷവാനായിരിക്കുന്നു. അപ്പോൾ ആരാണോ അതിനെ പിൻപറ്റുകയും സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തി ജീവിക്കുകയും ചെയ്യുന്നത്, അത്തരം വിശ്വാസികൾ മാത്രമാണ് നേരെച്ചൊവ്വെയുള്ള പാതയിൽ നിലകൊള്ളുന്നത്. ആരാണോ അദ്ദിക്റിനെ സ്വർഗത്തിലേക്കുതന്നെ തിരിച്ചുപോകാനുള്ള ടിക്കറ്റായും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതുമായി ഉപയോഗപ്പെടുത്തിയത്, അവർക്കുവേണ്ടി അത് സാക്ഷിനിൽക്കുകയും വാദിക്കുകയും ചെയ്യുന്നതാണ്. 3: 101-102 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവർ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റി നാഥനെ ഹൃദയത്തിൽ സൂക്ഷിച്ചവരുമാണ്. 2: 2-4, 113; 6: 54-55; 7: 146-147 വിശദീകരണം നോക്കുക.

157.തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടുകാണുന്ന നിരക്ഷരനായ നബിയും പ്രവാചകനുമായവനെ പിന്തുടരുന്നവരായവർക്ക്, അവൻ അവരോട് നന്മകൾ കൊണ്ട് കൽപിക്കുകയും അവൻ അവരോട് നിഷിദ്ധ

ങ്ങളെത്തൊട്ട് വിരോധിക്കുകയും ചെയ്യുന്നു, പരിശുദ്ധമായ വിഭവങ്ങളെ അവർക്ക് അനുവദിച്ചുകൊടുക്കുകയും മ്ലേച്ഛവസ്തുക്കളെ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു, അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ അവരെത്തൊട്ട് ഇറക്കിവെക്കുകയും അവരുടെമേൽ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുകയും ചെയ്യുന്നു, അപ്പോൾ ആരാണോ അവനെക്കൊണ്ട് വിശ്വസിക്കുകയും അവനെ ബലപ്പെടുത്തുകയും അവനെ സഹായിക്കുകയും അവനോടൊപ്പം അവതരിപ്പിക്കപ്പെട്ട പ്രകാശത്തെ പിൻപറ്റുകയും ചെയ്യുന്നവരായത്; അക്കൂട്ടർ, അവർ മാത്രമാകുന്നു വിജയം വരിക്കുന്നവർ.

നന്മ അദ്ദിക്റിന്റെ കൽപനകളും തിന്മ അദ്ദിക്റിന്റെ വിരോധങ്ങളുമാണ്. അപ്പോൾ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന പ്രവാചകൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ സന്ദേശമായ അദ്ദിക്ർ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുന്ന പ്രവാചകൻ മുഹമ്മദിനെക്കുറിച്ചാണ്. 7: 54 പ്രകാരം സൃഷ്ടിപ്പും വിധിവിലക്കുകൾ നൽകലും സർവ്വലോകങ്ങളുടെ ഉടമ തന്നെയാണ്. ത്രികാലജ്ഞാനിയായ അവൻ മാത്രമാണ് മനുഷ്യരുടെ പ്രകൃതിക്ക് ഗുണകരമായതും ദോഷകരമായതും അറിയുന്നവൻ. അപ്പോൾ ത്രികാലജ്ഞാനമായ അദ്ദിക്റിൽ പരാമർശിച്ചിട്ടുള്ള പരിശുദ്ധമായതും മ്ലേച്ഛമായതും വേർതിരിച്ച് കൊടുക്കുന്ന പ്രവാചകൻ എന്നാണ് 'പരിശുദ്ധമായ വിഭവങ്ങളെ അവർക്ക് അനുവദിച്ചുകൊടുക്കുകയും മ്ലേച്ഛവസ്തുക്കളെ അവർക്ക് നിഷിദ്ധമാക്കുകയും ചെയ്യുന്നു' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എക്കാലത്തും അല്ലാഹുവിന്റെ കാരുണ്യത്തിന് വിധേയമാകണമെങ്കിൽ കാരുണ്യമായ അദ്ദിക്റിന്റെ അടിസ്ഥാനത്തിൽ വിശ്വാസം രൂപപ്പെടുത്തുകയും അതിന്റെ വിധിവിലക്കുകൾ പിൻപറ്റുകയും വേണം. അല്ലാഹുവിന്റെ കാരുണ്യത്തിന് വിധേയമാവുക പ്രകാശമായ അദ്ദിക്ർ പിൻപറ്റുന്നവർ മാത്രമാണ്. പ്രവാചകന്റെ ജീവിതം സാക്ഷിയും ഇമാമും കാരുണ്യവുമായ അദ്ദിക്ർ ആയിരുന്നു. അത് വന്നുകിട്ടിയശേഷം സംഘങ്ങളിൽ ആരാണെങ്കിലും ശരി, അതിനെ പിൻപറ്റാതിരുന്നാൽ അവനോട് വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകമാണെന്നും, അതിന്റെ കാര്യത്തിൽ നീ സംശയിക്കരുതെന്നും, നിശ്ചയം അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണെന്നും പക്ഷേ ജനങ്ങളിൽ അധികപേരും വിശ്വസിക്കുകയില്ലെന്നും 11: 17 ൽ പറഞ്ഞിട്ടുണ്ട്.

അവരെ ഞെരിച്ചിരുന്ന ഭാരങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് ഗ്രന്ഥത്തിന് വിരുദ്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും മാമൂലുകളും മൂലമുള്ള ജീവിതക്ലേശങ്ങളാണ്. വരിഞ്ഞുമുറുക്കിയ ചങ്ങലകൾ കൊണ്ടുദ്ദേശിക്കുന്നത് ശാന്തിയും സമാധാനമില്ലായ്മയുമാണ്. അഥവാ കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടുനീതിയായിരുന്നു നടപ്പിലുണ്ടായിരുന്നത്. അടിയും പിടിയും മർദ്ദനങ്ങളും രക്തച്ചൊരിച്ചിലും സാർവ്വത്രികമായിരുന്നു. അപ്പോൾ സമാധാനത്തോടുകൂടി പുറത്തിറങ്ങാൻ സാധിച്ചിരുന്നില്ല. 36: 8–9 സൂക്തങ്ങളിൽ, ഈ അവസ്ഥ മറ്റൊരു രൂപത്തിൽ വിവരിച്ചിട്ടുണ്ട്; നിശ്ചയം നാം അവരുടെ പിരടിയിൽ ഒരു ചങ്ങലയിട്ടിരിക്കുന്നു, അത് താടിയെല്ലുവരെ നീണ്ടുകിടക്കുകയും ചെയ്യുന്നു, അതുകൊണ്ട് അവർക്ക് കഴുത്ത് അങ്ങോട്ടുമിങ്ങോട്ടും തിരിക്കാൻ സാധിക്കുന്നില്ല, അവരുടെ മുന്നിലും പിന്നിലും ഒരു മതിൽകെട്ടുണ്ട്, അത് അവരെ മൂടപ്പെടുകയും ചെയ്തിരിക്കുന്നു, അപ്പോൾ അവർ ഒന്നും തന്നെ കാണാൻ കഴിയാത്തവരാണ്. 36: 10 ൽ, അവരുടെ കാര്യത്തിൽ നീ മുന്നറിയിപ്പ് നൽകുന്നതും നൽകാതിരിക്കുന്നതും സമമാണ്, അവർ വിശ്വസിക്കുകയില്ല എന്നും; 36: 11 ൽ, നിശ്ചയം അദ്ദിക്ർ പിൻപറ്റുകയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ടുകൊണ്ട് ചരിക്കുകയും ചെയ്യുന്നവനെ മാത്രമാണ് നീ ഉണർത്തുക, അപ്പോൾ

അവന് പാപമോചനവും മാന്യമായ പ്രതിഫലവുമുണ്ടെന്ന് ശുഭവാർത്ത അറിയിക്കുക എന്നും പറഞ്ഞിട്ടുണ്ട്. അദ്ദിക്റാകുന്ന പ്രകാശവും കൊണ്ട് പ്രവാചകൻ മുഹമ്മദ് വന്ന് അവരുടെ അഹങ്കാരവും ധിക്കാരവും അന്ധകാരങ്ങളുമെല്ലാം കരിച്ചുകളഞ്ഞ് അവരെ ഒരു ഉത്തമസമുദായമാക്കി മാറ്റുകയുണ്ടായി.

പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജോടെ പൂർണ്ണമാക്കിയ ഇസ്ലാം ക്രമേണ പിരിയുടഞ്ഞ് തുടങ്ങി. ഇന്ന് പ്രവാചകന്റെ ജനതയിൽ പെട്ട അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ് ഗ്രന്ഥത്തിന് വിരുദ്ധമായ വിവിധ ആചാരാനുഷ്ഠാനങ്ങൾ വഴി ജനങ്ങളിൽ ജീവിതഭാരം കയറ്റിവെക്കുന്നത്. ബന്ദ്, ബോംബ് സ്ഫോടനം, രക്തച്ചൊരിച്ചിൽ, മയക്കുമരുന്ന് കച്ചവടം, സ്ത്രീധനം, ആഭരണഭ്രമം, വർഗീയത, സംഘടനാപക്ഷപാതം തുടങ്ങി പൈശാചികമായ പ്രവർത്തനങ്ങളിലെല്ലാം മുഴുകി മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നതും ലോകത്തിന്റെ അന്ത്യത്തിനുവേണ്ടി ധൃതിപ്പെട്ടിരിക്കുന്നതുമെല്ലാം ഇവർ തന്നെയാണ്. 2: 5; 4: 174–175; 5: 15–16, 54; 22: 77–78വിശദീകരണം നോക്കുക.

158. നീ പറയുക: ഓ മനുഷ്യരേ! നിശ്ചയം ഞാൻ നിങ്ങളിലേക്ക് മുഴുവനുമായുള്ള അല്ലാഹുവിന്റെ പ്രവാചകനാകുന്നു, അവനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം, അവൻ ഒഴികെ വേറെ ഒരു ഇലാഹുമില്ല, അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്, അപ്പോൾ ആ അല്ലാഹുവിനെക്കൊണ്ടും അവന്റെ നിരക്ഷരനായ നബിയും പ്രവാചകനുമായവനെക്കൊണ്ടും നിങ്ങൾ വിശ്വസിക്കുവീൻ, അവനോ അല്ലാഹുവിനെക്കൊണ്ടും അവന്റെ വചനങ്ങൾ കൊണ്ടും വിശ്വസിക്കുന്നവനുമാകുന്നു, നിങ്ങൾ അതിനെ പിൻപറ്റുകയും ചെയ്യുവീൻ –നിങ്ങൾ സന്മാർഗത്തിലാവുക തന്നെ വേണം എന്നതിനു വേണ്ടി.

34: 28 ൽ അല്ലാഹു പറയുന്നു: നിന്നെ നാം മൊത്തം മനുഷ്യർക്ക് സന്തോഷവാർത്ത നൽകുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായിക്കൊണ്ടല്ലാതെ അയച്ചിട്ടില്ല, എന്നാൽ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവരാകുന്നു. 21: 107 ൽ, സർവ്വലോകങ്ങൾക്കും അനുഗ്രഹമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല എന്നും; 25: 1 ൽ, സർവ്വലോകരെയും മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി തന്റെ അടിമയുടെമേൽ സത്യാസത്യ വിവേചനമാനദണ്ഡം ഇറക്കിയവൻ അനുഗ്രഹസമ്പൂർണ്ണനാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. 48: 6 ൽ പറഞ്ഞ പ്രകാരം അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന, ദുഷിച്ച പരിണിതിയുള്ള കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയമായവരും നരകക്കുണ്ഠം മടക്കസ്ഥലമായി ലഭിക്കാനുള്ളവരുമാണ്. 9: 32–33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രകാശമായ അദ്ദിക്റിനെ വായ കൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്ന ഇക്കൂട്ടർ മുസ്ലിംകളാണെന്ന് വാദിക്കുന്നവരാണെങ്കിലും 16: 89 ൽ പറഞ്ഞ പ്രകാരം എല്ലാ ഓരോ കാര്യവും വിശദീകരിച്ചിട്ടുള്ള അദ്ദിക്റിനെ സന്മാർഗവും കാരുണ്യവും ശുഭവാർത്താദായകവുമായി ഉപയോഗപ്പെടുത്താതെ അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയവരായതിനാൽ 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ യഥാർത്ഥ കാഫിറുകളും ഭ്രാന്തന്മാരുമാണ്. 2: 62 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ, സൗരാഷ്ട്രർ തുടങ്ങിയ ജനവിഭാഗങ്ങൾക്ക് ഗ്രന്ഥത്തിന്റെ ജീവിതം സാക്ഷ്യപ്പെടുത്തി ജീവിച്ച് കാണിച്ചുകൊടുക്കാൻ ഇന്ന് വിശ്വാസികളുടെ ഒരു സംഘം ലോകത്തൊരിടത്തും ഇല്ല. അതു

കൊണ്ട് അവർ ഇന്ന് അദ്ദിക്ർ വായിച്ച് മനസ്സിലാക്കി ഏകദൈവത്തെക്കൊണ്ടും വിചാരണാദിനത്തെക്കൊണ്ടും വിശ്വസിച്ച് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ അവരുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല. തെറ്റും ശരിയും മനസ്സിലാക്കാനുള്ള ഉരക്കല്ലും ത്രാസുമായ അദ്ദിക്ർ ലഭിക്കാത്തതുകാരണം അവരിൽ നിന്ന് വരുന്ന തെറ്റുകുറ്റങ്ങളുടെക്കൂടി പാപഭാരം വഹിക്കേണ്ടി വരിക ഭാരം വഹിക്കുന്ന കഴുതകളെപ്പോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളാണ് എന്ന് 6: 26; 20: 99–100; 33: 72–73 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

'നിരക്ഷരനായ നബിയും പ്രവാചകനുമായവൻ' എന്ന് മുഹമ്മദ് നബിയെ ഈ രണ്ട് സൂക്തങ്ങളിൽ മാത്രമാണ് പരിചയപ്പെടുത്തിയിരിക്കുന്നത്. 'നിങ്ങൾ അതിനെ പിൻപറ്റുകയും ചെയ്യുവീൻ -നിങ്ങൾ സന്മാർഗത്തിലാവുക തന്നെ വേണമെന്നതിനുവേണ്ടി' എന്ന് പറഞ്ഞതിലെ 'അത്' മുകളിലെ സൂക്തത്തിൽ പറഞ്ഞ മുഹമ്മദ് നബിയോടൊപ്പം ഇറക്കപ്പെട്ട പ്രകാശമായ അദ്ദിക്ർ തന്നെയാണ്. 9: 65 ൽ വിവരിച്ച പ്രകാരം ആരാണോ അദ്ദിക്റിനെ മുറുകെപ്പിടിച്ചത്, അവൻ അല്ലാഹുവിനെയും പ്രവാചകനെയും മുറുകെപ്പിടിച്ച് പ്രവാചകനെ പിൻപറ്റുന്നവനായി. അപ്പോൾ അദ്ദിക്ർ മനസ്സിലാക്കുകയും പിൻപറ്റുകയും പ്രചരിപ്പിക്കുകയും ചെയ്യാത്ത ഫുജ്ജാറുകൾ അല്ലാഹുവിനെയും പ്രവാചകനെയും ഗ്രന്ഥത്തിൽ മൂടിവെച്ച് 'മുസൈലിമത്തുൽ കദ്ദാബ് മുതൽ മസീഹുദ്ദജ്ജാൽ വരെ മുപ്പത് കള്ളവാദികൾ വരുമെന്ന്' പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ച കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവരാണ്. അതുവഴി അവർ പിശാചിനെയാണ് സേവിച്ചുകൊണ്ടിരിക്കുന്നതും സഹായിച്ചുകൊണ്ടിരിക്കുന്നതും. മനുഷ്യരിൽ നിന്ന് നരകത്തിന്റെ വിറകുകളായ കാഫിറുകളും അക്രമികളും തെമ്മാടികളും ലക്ഷ്യബോധം നഷ്ടപ്പെട്ടവരും ഭ്രാന്തന്മാരും അവർ തന്നെയാണ്. അവർക്ക് ഇഹത്തിൽ നിന്ദ്യതയും പരത്തിൽ അതികഠിനമായ ശിക്ഷയുമാണ് 2: 85 ലൂടെ വാഗ്ദാനം ചെയ്തിട്ടുള്ളത്. 2: 146; 4: 140; 6: 155–157; 7: 37–40 വിശദീകരണം നോക്കുക.

159.മൂസായുടെ ജനതയിൽ ഒരു വിഭാഗം സത്യം കൊണ്ട് മാർഗദർശനം ചെയ്യപ്പെടുകയും അതുകൊണ്ട് നീതി പുലർത്തുകയും ചെയ്യുന്നവരായി ഉണ്ടായിരുന്നു.

2: 119 ൽ വിവരിച്ച പ്രകാരം 256 സൂക്തങ്ങളിൽ പരാമർശിച്ച സത്യം അദ്ദിക്ർ തന്നെയാണ്. 313 പ്രവാചകന്മാർക്കും നൽകപ്പെട്ട ഗ്രന്ഥം സത്യവും തെളിവുമായ അദ്ദിക്റാണെന്ന് 21: 24 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസി മാത്രമേ അതുകൊണ്ട് ഇവിടെ വെച്ച് വിധി കൽപിക്കുകയുള്ളൂ. 9: 67 68 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത, തിന്മ കൽപിക്കുകയും നന്മ വിരോധിക്കുകയും ചെയ്യുന്ന, നരകക്കുണ്ഠം വാഗ്ദത്തം ചെയ്യപ്പെട്ട തെമ്മാടികളായ കപടവിശ്വാസികളും കുഫ്ഫാറുകളും അവരുടെ വിചാരണ പരലോകത്തേക്ക് നീട്ടിവെക്കുന്നവരാണ്. 4: 135; 5: 105; 6: 1–2 വിശദീകരണം നോക്കുക.

160. നാം അവരെ പന്ത്രണ്ട് ഗോത്രവിഭാഗങ്ങളായി വിഭജിക്കുകയുമുണ്ടായി, തന്റെ ജനം അവനോട് കുടിവെള്ളം ചോദിച്ചപ്പോൾ നാം മൂസാക്ക് ദിവ്യസന്ദേശം നൽകുകയുമുണ്ടായി, നീ നിന്റെ വടി കൊണ്ട് ആ കല്ലിന്മേൽ അടിക്കുക, അങ്ങനെ അതിൽ നിന്ന് പന്ത്രണ്ട് ഉറവകൾ പൊട്ടിയൊഴുകി, എല്ലാ ഓരോ വിഭാഗം മനുഷ്യരും അവരുടെ കുടിവെള്ളമെടുക്കുന്ന സ്ഥാനം മനസ്സിലാക്കി, നാം അവരുടെമേൽ മേഘത്തിന്റെ തണൽ വിരിച്ചു, അവരുടെമേൽ 'മന്ന'യും 'സൽവ'യും വർഷിപ്പിക്കുകയും ചെയ്തു, നാം നിങ്ങൾക്ക് നൽകിയിട്ടുള്ള ഭക്ഷണ

വിഭവങ്ങളിൽ നിന്ന് പരിശുദ്ധമായത് നിങ്ങൾ തിന്നുകൊള്ളുവീൻ, അവർ നമ്മോട് അക്രമം പ്രവർത്തിച്ചിട്ടില്ല, എന്നാൽ അവർ അവരോട് തന്നെ അക്രമം കാണിച്ചുകൊണ്ടിരിക്കുന്നവരായിരുന്നു.

നിഷ്പക്ഷവാനായ നാഥൻ സ്വർഗ്ഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്ർ സ്വർഗ്ഗത്തിൽ വെച്ചുതന്നെ എല്ലാവരെയും പഠിപ്പിച്ചിട്ടുണ്ട് എന്നിരിക്കെ അത് വന്നുകിട്ടിയിട്ട് ഉപയോഗപ്പെടുത്താത്ത ഇസ്റാഈൽ സന്തതികളിൽ നിന്നുള്ളവർ മാത്രമല്ല, എല്ലാ മനുഷ്യരും അക്രമം കാണിക്കുന്നത് സ്വന്തത്തിനെതിരായിട്ട് തന്നെയാണ്. മൂസായുടെ കയ്യിലുള്ള വടി കൊണ്ട് പാറയിൽ ഒരു അടി അടിപ്പിച്ച് 12 ഉറവകൾ പുറപ്പെടുവിച്ചുകൊടുത്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു എന്ന് 1000 ത്തിലൊന്നായ വിശ്വാസി അല്ലാഹുവിനെ വാഴ്ത്തുന്നതാണ്. 2: 57–60, 254; 6: 21, 144; 10: 17 വിശദീകരണം നോക്കുക.

161. അവരോട് പറയപ്പെട്ടതും ഓർക്കേണ്ടതാണ്: നിങ്ങൾ ഈ നാട്ടിൽ താമസിക്കുകയും അതിൽ നിന്ന് നിങ്ങൾ ഉദ്ദേശിക്കും വിധം ഭക്ഷിച്ചുകൊള്ളുകയും ചെയ്യുക, നിങ്ങൾ 'ഹിത്ത്വതുൻ' എന്ന് പറയുകയും പ്രണാമത്തിലായിക്കൊണ്ട് അതിന്റെ കവാടങ്ങളിലൂടെ പ്രവേശിക്കുകയും ചെയ്യുവീൻ, നാം നിങ്ങളുടെ തെറ്റുകളെല്ലാം നിങ്ങൾക്ക് പൊറുത്തുതരികയും അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്ന സുകൃതവാന്മാർക്ക് സുകൃതം ചെയ്യാൻ അവസരം വർദ്ധിപ്പിച്ചുനൽകുകയും ചെയ്യുന്നതാണ്.

2: 58–59 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മൂസായുടെ ജനതയോട് വാഗ്ദത്തം ചെയ്യപ്പെട്ട ഭൂമിയായ ഫലസ്തീനിലേക്ക് പ്രവേശിക്കാൻ പറയുന്ന സന്ദർഭമാണ് ഈ സൂക്തത്തിൽ വരച്ചുകാണിക്കുന്നത്. നാഥന്റെ ഏകത്വം പ്രഖ്യാപിച്ചുകൊണ്ടുള്ള വാക്കുകളോടുകൂടിയും അതിലെ നിവാസികൾക്ക് സമാധാനം നേർന്നുകൊണ്ടും വിനീതരായിക്കൊണ്ടും പ്രവേശിക്കുക എന്നാണ് '*ഹിത്ത്വത്തുൻ* എന്ന് പറഞ്ഞുകൊണ്ടും പ്രണാമത്തിലായിക്കൊണ്ടും പ്രവേശിക്കുക' എന്ന് പറഞ്ഞതിന്റെ വിവക്ഷ.

ഇന്ന് നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അറബി ഖുർആൻ വായിക്കുന്ന, നാഥനെ വിസ്മരിച്ച് ജീവിക്കുന്ന ഫുജ്ജാറുകൾ 7: 26 ൽ വിവരിച്ച പ്രകാരം അതിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ളവരായതിനാൽ അവർ തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെടാനുള്ള ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ള ഏറ്റവും വഴിപിഴച്ചവരാണെന്ന് 25: 33–34 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഏറ്റവും നല്ല ഗ്രന്ഥമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസികളുടെമേൽ ഭയപ്പെടാനോ അവർക്ക് ദുഃഖിക്കാനോ ഇടവരികയില്ല എന്ന് 2: 62 ൽ പറഞ്ഞിട്ടുണ്ട്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസികൾ കൂടുതൽ സുകൃതം ചെയ്യാനുള്ള അവസരം അല്ലാഹുവിനോട് ആവശ്യപ്പെടുന്നതും അതിന് അവൻ അവസരം ഒരുക്കിക്കൊടുക്കുന്നതുമാണ്. 2: 25; 10: 26; 12: 22 വിശദീകരണം നോക്കുക.

162. അപ്പോൾ അവരിൽ നിന്നുള്ള അക്രമികളായവർ ആ വാക്കിനെ അവരോട് പറയപ്പെട്ടിട്ടില്ലാത്ത ഒന്നാക്കി മാറ്റിമറിച്ചു; അപ്പോൾ നാം അവരുടെ മേൽ ആകാശത്തുനിന്നും ഒരു ദണ്ഡനം അയച്ചു -അവർ അക്രമികളായിരുന്നതുകൊണ്ട്.

2: 58–59; 5: 20–26; 6: 47; 7: 34, 40 വിശദീകരണം നോക്കുക.

163. സമുദ്രതീരത്ത് താമസിച്ചിരുന്ന ആ നാട്ടുകാരെക്കുറിച്ച് ഇവരോടൊന്ന് ചോദി

ച്ചുനോക്കുക: അവർ ശനിയാഴ്ച നാളിൽ അതിക്രമം കാണിച്ച സന്ദർഭം, ശനിയാഴ്ച നാളിൽ മത്സ്യങ്ങൾ അവരിലേക്ക് കൂട്ടം കൂട്ടമായി വരികയും ശനിയാഴ്ചയല്ലാത്ത നാളുകളിൽ അവരിലേക്ക് വരാതിരിക്കുകയും ചെയ്യുകയുണ്ടായി! അപ്രകാരം അവർ കപടസ്വഭാവം കാണിക്കുന്നവരായിരുന്നതിനാൽ നാം അവരെ പരീക്ഷണത്തിൽ അകപ്പെടുത്തുകയായിരുന്നു.

പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതരോട് അവരുടെ പൂർവ്വികരുടെ ധിക്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും സ്വഭാവം ചൂണ്ടിക്കാട്ടി അതിന്റെ അനന്തരഫലം എന്തായിരുന്നു എന്ന് ചോദിക്കാനാണ് സൂക്തം ആവശ്യപ്പെടുന്നത്. 2: 65-66 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം *ഐല* എന്ന സമുദ്രതീരത്ത് താമസിച്ചിരുന്ന ജൂതരിൽ ചിലർ ശനിയാഴ്ചനാളിൽ ലൗകികകാര്യങ്ങളിലൊന്നും ഏർപ്പെടരുതെന്ന കൽപനയെ ധിക്കരിച്ച് മത്സ്യബന്ധനം നടത്തിയപ്പോൾ അവരെ നിന്ദ്യന്മാരായ കുരങ്ങുകളാക്കി മാറ്റുകയുണ്ടായി. അതുപോലെ 5: 60 ൽ വിവരിച്ച പ്രകാരം ഈസാ പ്രാർത്ഥിച്ചതിന്റെ ഫലമായി ആകാശത്തുനിന്ന് ഇറക്കപ്പെട്ട ഭക്ഷണത്തളികയിൽ നിന്ന് ഭക്ഷിച്ച ശേഷം അതിനെക്കുറിച്ച് സംശയം പ്രകടിപ്പിച്ച ജൂതരെ പന്നികളാക്കി പരിവർത്തിപ്പിക്കുകയുമുണ്ടായി.

അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് അക്രമികളും തെമ്മാടികളുമായ കപടവിശ്വാസികളും കുഫ്ഫാറുകളും 29 കള്ളവാദികളെ പിൻപറ്റുന്നവരും 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്നവരുമാണ്. 4: 91; 5: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈസാ രണ്ടാമത് വന്ന് മസീഹുദ്ദജ്ജാലിനെ വധിക്കുന്നതോടുകൂടി അന്ന് ഇസ്ലാം അംഗീകരിക്കുന്ന ഇതരജന വിഭാഗങ്ങളാൽ ഇത്തരം ഫുജ്ജാറുകൾ വധിക്കപ്പെടുന്നതാണ്. അപ്പോൾ മാത്രമാണ് ഇവർക്ക് അറബി ഖുർആൻ ആയിരുന്നില്ല, മറിച്ച് 38: 8 ൽ പറഞ്ഞ അദ്ദിക്ർ -ദിക്രീ- ആയിരുന്നു ഗ്രന്ഥം എന്ന് ബോധ്യം വരിക. 5: 97-98; 9: 67-68; 10: 33 വിശദീകരണം നോക്കുക.

164. അവരിൽ നിന്നുള്ള ഒരു വിഭാഗം ചോദിച്ച സന്ദർഭവും ഓർമ്മിക്കേണ്ടതാണ്, അല്ലാഹു അവരെ നശിപ്പിക്കുകയോ അല്ലെങ്കിൽ കഠിനമായ ശിക്ഷ അവരെ ശിക്ഷിക്കുകയോ ചെയ്യാനിരിക്കുന്ന ഒരു ജനത്തെ നിങ്ങൾ സദുപദേശം ചെയ്യുന്നതെന്തിനാണ്? അവർ പറഞ്ഞു: നിങ്ങളുടെ നാഥന്റെ അടുക്കൽ ഒഴികഴിവ് ലഭിക്കുന്നതിനും അവർ സൂക്ഷ്മാലുക്കളാകുന്നതിന് വേണ്ടിയുമാകുന്നു.

ആ നാട്ടിലെ ജനങ്ങൾ മൂന്ന് വിഭാഗക്കാരായിരുന്നു. 1. അറിഞ്ഞുകൊണ്ട് ധിക്കാരം മാത്രം പ്രവർത്തിക്കുന്നവർ. 2. അത്തരം ധിക്കാരം കണ്ടിട്ട് അവരെ തിരുത്താതെ മൗനം പാലിച്ചവർ. 3. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവർ. ഇവിടെ രണ്ടാമത്തെ വിഭാഗക്കാരാണ് മൂന്നാമത്തെ വിഭാഗക്കാരോട് സൂക്തത്തിൽ പറഞ്ഞ പ്രകാരം ചോദിക്കുന്നത്. അപ്പോൾ മൂന്നാമത്തെ വിഭാഗക്കാർ രണ്ടാമത്തെ വിഭാഗക്കാർക്ക് മറുപടി നൽകുകയാണ്: നിങ്ങളുടെ നാഥന്റെയടുക്കൽ ഒഴികഴിവ് ലഭിക്കുന്നതിനും ധിക്കാരികൾ ധിക്കാരം വെടിഞ്ഞ് സൂക്ഷ്മത കൈക്കൊള്ളുകയാണെങ്കിൽ അത് അവർക്കുതന്നെ ഗുണപ്രദമാവുമല്ലോ എന്ന് കരുതിയുമാണ് ഞങ്ങൾ അവരെ സദുപദേശം ചെയ്യുന്നത്.

ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഫുജ്ജാറുകൾ കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരശേഷി ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായതിനാൽ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷ്ടർ എന്നാണ് 8: 22, 55 സൂക്തങ്ങളിൽ അവരെ വിശേഷിപ്പിച്ചിട്ടുള്ളത്. 5: 105; 7: 205-206; 11: 116-117 വിശദീകരണം നോക്കുക.

165. അങ്ങനെ അവരെ ഓർമ്മിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന ഉപദേശങ്ങൾ അവർ മറന്നു കളഞ്ഞപ്പോൾ തിന്മ വിരോധിച്ചുകൊണ്ടിരുന്ന വിഭാഗത്തെ നാം രക്ഷപ്പെടുത്തി, അക്രമികളായവരെ അവർ തെമ്മാടികളായിരുന്നതിനാൽ മാരകമായ ശിക്ഷ കൊണ്ട് നാം പിടികൂടുകയും ചെയ്തു.

തിന്മ വിരോധിച്ചിരുന്ന വിഭാഗത്തെ അല്ലാഹു രക്ഷപ്പെടുത്തുകയും തിന്മയെ മനസ്സുകൊണ്ട് വെറുക്കുക പോലും ചെയ്യാതിരുന്ന അക്രമികളെ അവർ തെമ്മാടികളായിരുന്നതിനാൽ മാരകമായ ശിക്ഷ പിടികൂടുകയും ചെയ്തു. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് തീവ്രവാദം, രക്തച്ചൊരിച്ചിൽ, നശീകരണ പ്രവർത്തനങ്ങൾ എന്നിവ ഇല്ലാതാക്കി മനുഷ്യരുടെ ഐക്യം സ്ഥാപിക്കാൻ ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്നവർ അല്ലാഹുവിനെ സഹായിക്കുന്നവരാണ് എന്നതുകൊണ്ട് അവരെ അല്ലാഹുവും സഹായിക്കുന്നതാണ് എന്ന് 47: 7 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്തുകൊണ്ട് അതിന്റെ വ്യാപനത്തിന് തടസ്സം സൃഷ്ടിച്ച് 30-ാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിക്കുന്ന കപടവിശ്വാസികളെയും ഹൃദയങ്ങളിൽ സംശയമാകുന്ന രോഗമുള്ളവരെയും ഈസാ രണ്ടാമത് വന്നാൽ അന്ന് ഇസ്ലാം അംഗീകരിക്കുന്ന, പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾ വധിക്കുന്നതും 4: 91; 5: 33, 9: 5; 123; 33: 60-61 സൂക്തങ്ങളുടെ കൽപന നടപ്പിൽ വരുത്തുന്നതുമാണ്. 7: 51; 33: 72-73, 48: 6; 98: 6 വിശദീകരണം നോക്കുക.

166. അങ്ങനെ അവരോട് വിരോധിക്കപ്പെട്ടതെന്തോ, അതുതന്നെ തികഞ്ഞ ധിക്കാരത്തോടുകൂടി അനുവർത്തിച്ചുകൊണ്ടിരുന്നപ്പോൾ നാം അവരോട് പറഞ്ഞു: നിങ്ങൾ നിന്ദ്യരായ കുരങ്ങന്മാരായിത്തീരുക!

അവരെ അല്ലാഹു അക്കാലക്കാർക്കും പിൽക്കാലക്കാർക്കും ഗുണപാഠം ലഭിക്കത്തക്ക വിധം മനുഷ്യന്റെ ആത്മാവുള്ളതോടൊപ്പം ശരീരം കുരങ്ങന്മാരുടേതാക്കി മാറ്റി. ഇക്കാലത്ത് അദ്ദിക്ർ അറിഞ്ഞിട്ട് മൂടിവെക്കുന്ന മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ തെറ്റു ചെയ്തിട്ട് എന്താണ് അവരെ പൂർവിക സമുദായത്തിലെ ആളുകളെ ആക്കിയതുപോലെ കുരങ്ങന്മാരും പന്നികളുമാക്കാത്തത് എന്നാണ് ചോദ്യമെങ്കിൽ അതിനുള്ള മറുപടി അതുപോലെയുള്ള ശിക്ഷ എന്റെ സമുദായത്തിൽ ഇനി ഐഹികലോകത്തുവെച്ച് നടപ്പിലാക്കരുത് എന്ന് ത്രികാലജ്ഞാനിയായ അല്ലാഹു പ്രവാചകനെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് ഉത്തരം നൽകിയതുകൊണ്ടും അങ്ങനെ രൂപം മാറ്റുന്ന ശിക്ഷ ഇവിടെ വെച്ചുതന്നെ നടപ്പാക്കിയാൽ ലോകം അവസാനിക്കുകയില്ല എന്നതുകൊണ്ടുമാണ്.

അന്ത്യനാളിന്റെ പ്രധാനപ്പെട്ട പത്ത് അടയാളങ്ങളിൽ ഒന്നായ 'മസീഹുദ്ദജ്ജാൽ' വരുന്നതുവരെ എന്റെ (പ്രവാചകൻ മുഹമ്മദിന്റെ) സമുദായത്തിൽ ഒരു വിഭാഗം സത്യത്തിൽ നിലകൊള്ളുന്നവരായി ഉണ്ടായിരിക്കുമെന്നും അവരുടെ ശത്രുക്കൾക്ക് അവരെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. മസീഹുദ്ദജ്ജാലിന്റെ നാശം അഭിമുഖീകരിക്കേണ്ടി വരിക ഇത്തരം വിശ്വാസികൾക്കാണ്. 5: 48 ൽ പറഞ്ഞ എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന *മുഹൈമിനായ അദ്ദിക്ർ അണപ്പല്ല് ഉപയോഗിച്ച് കടിച്ച് പിടിച്ചിരിക്കുകയാണ് അവന്റെ നാശത്തെ അതിജയിക്കാനുള്ള ഏക മാർഗ്ഗമെന്നും* പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. അദ്ദിക്റിനെ അവഗണിച്ച് കള്ളവാദികളെ പിൻപറ്റിക്കൊണ്ടിരിക്കുന്ന എല്ലാ ഫുജ്ജാറുകളും മസീഹു

ദ്ദജ്ജാലിന്റെ നാശത്തിൽ അകപ്പെടുന്നതാണ്. നിഷേധത്തെ മായ്ച്ചുകളഞ്ഞ് അണയാൻ പോകുന്ന ഇസ്ലാമിനെ ഒന്നുകൂടി തെളിയിച്ച് കാണിക്കുന്നതിനും അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാൽ കളവാക്കി തെറ്റിദ്ധരിപ്പിക്കപ്പെട്ട അന്ത്യപ്രവാചകനായ മുഹമ്മദ് ലോകർക്ക് മൊത്തം കാരുണ്യവാനാണ് എന്ന് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾക്ക് പരിചയപ്പെടുത്തേണ്ടതിനും വേണ്ടി അല്ലാഹു ഈസായെ വീണ്ടും കൊണ്ടുവരുന്നതാണ്. അന്ന് ഭൂമിയിൽ 43: 60–61 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സ്വർഗീയാവസ്ഥ ദ്യോതിപ്പിക്കുന്ന വിധത്തിൽ ആൺ പെൺ വ്യത്യാസമില്ലാതെയും ലൈംഗിക ബന്ധമില്ലാതെയും അല്ലാഹു ഇഷ്ടപ്പെട്ട ഏകജീവിതവ്യവസ്ഥയായ അദ്ദിക്റിന്റെ വെളിച്ചത്തിലുള്ള യഥാർത്ഥ ഇസ്ലാമിക വ്യവസ്ഥ നടപ്പിൽ വരുന്നതാണ്. ഈസാക്കുശേഷം വീണ്ടും ലോകം ഇരുളുകയും അന്ത്യനാളിന്റെ മറ്റുഅടയാളങ്ങളെല്ലാം പ്രത്യക്ഷപ്പെടുകയും ചെയ്യും. നന്മ കൽപിക്കാനും തിന്മ വിരോധിക്കാനും ലോകത്ത് ആരും ഇല്ലാതെ എല്ലാവരും തെമ്മാടികളാകുമ്പോഴാണ് ലോകം അവസാനിക്കുക എന്ന് 46: 35 ൽ പറഞ്ഞിട്ടുണ്ട്. 4: 47, 133, 158–159; 5: 78; 6: 65 വിശദീകരണം നോക്കുക.

167.നിന്റെ നാഥൻ പ്രഖ്യാപിച്ചതും ഓർക്കേണ്ടതാണ്, അവരുടെമേൽ അവരെ നിഷ്ഠൂരമായി പീഡനമേൽപ്പിക്കുന്ന ജനങ്ങളെ അന്ത്യനാൾ വരേക്കും അല്ലാഹു നിയോഗിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യും, നിശ്ചയം നിന്റെ നാഥൻ ശിക്ഷിക്കുന്നതിൽ വളരെ വേഗതയുള്ളവനാകുന്നു, നിശ്ചയം അവൻ ഏറെപ്പൊറുക്കുന്ന കാരുണ്യവാനും തന്നെയാകുന്നു.

ഇസ്റാഈൽ സന്തതികൾ ഭൂമിയിൽ രണ്ടുപ്രാവശ്യം ഭയങ്കരമായ കുഴപ്പമുണ്ടാക്കുക തന്നെ ചെയ്യുമെന്നും വമ്പിച്ച ഔന്നിത്യം കാണിക്കുക തന്നെ ചെയ്യുമെന്നും ഗ്രന്ഥത്തിൽ വിധിച്ചിട്ടുണ്ട് എന്ന് 17: 4 ൽ പറഞ്ഞിട്ടുണ്ട്. 5: 64 ൽ, നാം ജൂതന്മാർക്കിടയിൽ അന്ത്യനാൾ വരെ ശത്രുതയും വിദ്വേഷവും ഇട്ടുകൊടുത്തിട്ടുണ്ടെന്നും അവർ യുദ്ധത്തിന്റെ തീ കത്തിക്കുമ്പോഴെല്ലാം അല്ലാഹു അത് കെടുത്തുകയാണെന്നും അവർ ഭൂമിയിൽ നാശമുണ്ടാക്കാൻ ഓടിനടക്കുന്നവരാണെന്നും പറഞ്ഞിട്ടുണ്ട്.

കഴുത ഭാരം വഹിക്കുന്നതുപോലെ ഗ്രന്ഥം വഹിക്കുന്ന ഫുജ്ജാറുകളാണ് ഇന്ന് പരലോകത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ഭൗതികാസക്തിയിൽ മുഴുകി *ജിഹാദി*ന്റെ പേര് പറഞ്ഞ് ലോകത്തെല്ലായിടത്തും നാടിനുവേണ്ടിയും ഭൂമിക്ക് വേണ്ടിയും മറ്റും രക്തം ചിന്തലിലും നശീകരണപ്രവർത്തനങ്ങളിലും മുഴുകിയിരിക്കുന്നത്. പ്രപഞ്ചനാഥനെ എല്ലാ മനുഷ്യരുടെയും ഇലാഹായും ഉടമയായും രാജാവായും അംഗീകരിക്കാത്ത അവർ പിശാചിന്റെ മാർഗത്തിൽ *ജിഹാദ്* ചെയ്യുന്നവരാണ്. നാഥന്റെ ഗ്രന്ഥമായ അദ്ദിക്റിനെ അവഗണിച്ച് ഇന്ന് ഫുജ്ജാർഗ്രന്ഥങ്ങൾ പിൻപറ്റുന്ന അവരാണ് ലോകത്തെവിടെയും മറ്റു ജനവിഭാഗങ്ങളിൽ നിന്ന് നിന്ദ്യതയും ദുരിതങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നത്. 25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന കപടവിശ്വാസികളും ഹൃദയത്തിൽ രോഗമുള്ളവരുമാണ് മസീഹു ദ്ദജ്ജാലിനെ നബിയായും പിന്നീട് *റബ്ബ്* തന്നെയായും പരിഗണിക്കുക. 3: 72 ൽ വിവരിച്ച പ്രകാരം പ്രവാചകന്റെ കാലത്തുതന്നെ ജൂതരും കപടവിശ്വാസികളും ഇസ്ലാമിന്റെ വക്താക്കളായി ചമഞ്ഞു വന്ന് അതിനെ വക്രീകരിക്കുകയും വളച്ചൊടിക്കുകയും വഴി അല്ലാഹുവിലേക്കുള്ള നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് ജനങ്ങളെ തടഞ്ഞിരുന്നു. എന്നാൽ ഇന്ന് അവരുടെ ആ ദൗത്യം തെമ്മാടികളും കപടവിശ്വാസികളുമായ *ഫുജ്ജാറു*കളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. അതുകൊണ്ടാണ് അദ്ദിക്ർ കൊണ്ട് അവരോട് *ജി*

ഹാദ് ചെയ്യാൻ 9: 73; 25: 52; 66: 9 എന്നീ സൂക്തങ്ങളിലൂടെ ഒറ്റപ്പെട്ട വിശ്വാസിയോട് കൽപിച്ചിട്ടുള്ളത്. അധികം വൈകാതെ ഈസാ വരികയും ഈസായുടെയും *മഹ്ദി*യുടെയും നേതൃത്വത്തിൽ വിശ്വാസികൾ മസീഹുദ്ദജ്ജാലിനെയും കൂടെയുള്ള എഴുപതിനായിരം ജൂതപടയാളികളെയും വധിക്കുന്നതുമാണ്. എല്ലാ കുഴപ്പങ്ങളുടെയും അടിവേര് അവരായതിനാലാണ് അവരെ 33: 60 ൽ 'പട്ടണത്തിൽ കുഴപ്പമുണ്ടാക്കുന്നവർ' എന്നുപറഞ്ഞത്. അവരുടെ മാർഗ്ഗങ്ങൾ കടമെടുത്തുകൊണ്ട് ഇന്ന് അത്തരം നശീകരണ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത് കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റുന്നവരുമായതിനാലാണ് അവരെയും വധിക്കണമെന്ന് 33: 61 ൽ പറഞ്ഞിട്ടുള്ളത്. കല്ലുകളാലും മരങ്ങളാലും വിളിച്ചുപറയപ്പെട്ട് അവരെ വധിക്കുന്നത് അന്ന് ഇസ്ലാം അംഗീകരിക്കുന്ന പ്രവാചകന്റെ തന്നെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ഇതരജനവിഭാഗങ്ങളായിരിക്കും. 2: 113; 5: 26, 78–80, 97–98; 48: 25 വിശദീകരണം നോക്കുക.

168.നാം അവരെ ഭൂമിയിൽ നിരവധി വിഭാഗങ്ങളായി ഛിന്നഭിന്നമാക്കി, അവരിൽ സജ്ജനങ്ങളായിട്ടുള്ളവരുണ്ട്, അവരിൽ അങ്ങനെയല്ലാത്തവരുമുണ്ട്, നാം അവരെ നന്മകൾ കൊണ്ടും തിന്മകൾ കൊണ്ടും പരീക്ഷിച്ചുകൊണ്ടിരുന്നു –അവർ ജീവിതലക്ഷ്യത്തിലേക്ക് മടങ്ങുന്നവരാകുന്നതിനുവേണ്ടി.

2: 84–85 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മദീനയിൽ ബനൂഖുറൈള, ബനൂനളീർ, ബനൂഖൈനുഖാഅ് എന്നീ ജൂതഗോത്രക്കാരാണ് പ്രവാചകന്റെ കാലത്ത് ഉണ്ടായിരുന്നത്. അവർ ഇസ്ലാമിനും പ്രവാചകനും എതിരായി ഗൂഢതന്ത്രങ്ങൾ മെനഞ്ഞിരുന്നതായി 3: 72 ൽ പറഞ്ഞിട്ടുണ്ട്. കപടവിശ്വാസികളും ജൂതന്മാരും പ്രവാചകൻ ഗ്രന്ഥം വിശദീകരിക്കുന്ന സദസ്സിൽ ഹാജരായിരുന്നത് ഗ്രന്ഥം മനസ്സിലാക്കണമെന്നും അതിനെ സത്യപ്പെടുത്തി ജീവിക്കണമെന്നുമുള്ള ലക്ഷ്യം വെച്ചുകൊണ്ടായിരുന്നില്ല. മറിച്ച് അവരുടെ നേതാക്കൾക്ക് വേണ്ടിയും 3: 78; 4: 46; 5: 41 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സൂക്തങ്ങൾ വളച്ചൊടിച്ച് ജനങ്ങളെ ഗ്രന്ഥത്തിൽ നിന്ന് തടയാൻ ലക്ഷ്യം വെച്ചുകൊണ്ടുമായിരുന്നു. 5: 11 ൽ വിവരിച്ച പ്രകാരം അവർ പ്രവാചകനെ വധിക്കാൻ പോലും വിഫലശ്രമം നടത്തുകയുണ്ടായി. ഇസ്ലാമിനെ തകർക്കാൻ വേണ്ടി കപടവിശ്വാസികളുമായി കൂടിച്ചേർന്ന് അവർ നടത്തിയ വഞ്ചനകളും നിഗൂഢശ്രമങ്ങളും കാരണം ഈ മൂന്ന് ജൂതഗോത്രക്കാരെയും ഘട്ടം ഘട്ടമായി മദീനയിൽ നിന്ന് ഖൈബറിലേക്ക് നാട് കടത്തുകയാണുണ്ടായത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിന്നിച്ചിതറി കഴിഞ്ഞുകൂടുകയായിരുന്ന ജൂതന്മാർ തീവ്രവാദപ്രവർത്തനങ്ങളിലും ഭീകരപ്രവർത്തനങ്ങളിലും മുഴുകി എംബസി ജീവനക്കാരെ തട്ടിക്കൊണ്ടുപോകൽ, ബോംബുസ്ഫോടനം, രക്തച്ചൊരിച്ചിൽ തുടങ്ങിയ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അങ്ങനെ അവരെ ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ വന്നപ്പോൾ അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ രാഷ്ട്രങ്ങൾ മുൻകൈയെടുത്ത് അവർക്ക് ഇസ്റായേൽ എന്ന ഒരു രാഷ്ട്രം തന്നെ 1948 ൽ ഉണ്ടാക്കിക്കൊടുത്തു. ക്രമേണ വിവിധ രാഷ്ട്രങ്ങളിലുള്ള ജൂതന്മാർ അവരുടെ വാഗ്ദത്തഭൂമിയായ ഇസ്റായേലിലേക്ക് കുടിയേറിപ്പാർത്തു.

പ്രവാചകന് ശേഷം നാല് ഖലീഫമാരിൽ മൂന്നുപേരും ജൂതന്മാരുടെയും കപടവിശ്വാസികളുടെയും ഗൂഢതന്ത്രത്തിന്റെ ഭാഗമായി വധിക്കപ്പെടുകയാണുണ്ടായത്. അങ്ങനെ നാലാമത്തെ ഖലീഫ അലിയുടെയും മക്കളായ ഹസ്സൻ, ഹുസ്സൈൻ എന്നിവരുടെയും വ

ധത്തിന് ശേഷം അറബി ഖുർആൻ വായിക്കുന്നവർ 3: 7 ൽ വിവരിച്ച പ്രകാരം മുഅ്മിൻ, കാഫിർ, ഫാജിർ എന്നീ മൂന്ന് വിഭാഗങ്ങളായിത്തീർന്നു. അല്ലാഹുവിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ മുറുകെപ്പിടിച്ച് ഒറ്റ സംഘമായി നിലകൊള്ളാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഫാജിറുകളും കാഫിറുകളുമടങ്ങിയ ഫുജ്ജാറുകൾ ഗ്രന്ഥത്തെ തുണ്ടം തുണ്ടമായി ഭാഗം വെച്ച് ജൂതക്രൈസ്തവരേക്കാൾ വിവിധ സംഘടനകളായിപ്പിരിഞ്ഞ് 30: 30-32 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം യഥാർത്ഥ *മുശ്രിക്കു*കളായി കാഫിറായ പിശാചിന്റെ സംഘത്തിൽ പെടുകയാണുണ്ടായത്. 3: 110-112 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ മുറുകെപ്പിടിച്ച് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഒരു ഉത്തമ സമുദായമായി നിലകൊള്ളാൻ കൽപിക്കപ്പെട്ട അവർ ഗ്രന്ഥത്തെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ലോകത്തെവിടെയും തിന്മ കൽപിക്കുന്നവരും നന്മ വിരോധിക്കുന്നവരുമായ തെമ്മാടികളായിരിക്കുകയാണ്.

എക്കാലത്തുമുള്ള പ്രവാചകന്മാരെയും ജനങ്ങളെയും തിന്മ കൊണ്ടും നന്മ കൊണ്ടും പരീക്ഷിക്കുന്നതിനുവേണ്ടിയും, അവർക്ക് നൽകിയതിൽ പരീക്ഷിക്കുന്നതിനുവേണ്ടിയുമാണ് ഭൂമിയിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് 5: 48; 6: 165; 21: 35 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദിക്റിനെത്തൊട്ട് ബധിരരും ഊമരും അന്ധരുമായിത്തീർന്ന കപടവിശ്വാസികൾ നേരെച്ചൊവ്വെയുള്ള പാതയിലേക്കോ സ്വർഗത്തിലേക്കോ തിരിച്ചുവരികയില്ല എന്ന് 2: 18, 170-171; 17: 96-98 എന്നീ സൂക്തങ്ങളിലെല്ലാം ഇവർ വായിച്ചിട്ടുണ്ട്. ഇക്കൂട്ടരെപ്പോലെ പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളും അക്രമികളും തെമ്മാടികളുമായി മാറുമ്പോഴാണ് ലോകാവസാനം സംഭവിക്കുക എന്ന് 6: 47; 46: 35 എന്നീ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് ലോകത്തെല്ലായിടത്തുമുള്ള അന്ത്യപ്രവാചകന്റെ ജനതയാണ് പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങളേക്കാൾ എല്ലാ തിന്മകളിലും മുഴുകി 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പിശാചിന്റെ കാൽപാടുകൾ പിൻപറ്റി ജീവിക്കുന്നത്. അവർ തന്നെയാണ് 25: 17-18 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അദ്ദിക്റിനെ വിസ്മരിച്ച് ജീവിക്കുന്ന കെട്ടജനതയും. 7: 40-41, 95-96; 9: 28; 10: 33 15: 44 വിശദീകരണം നോക്കുക.

169.അങ്ങനെ അവർക്ക് ശേഷം അവരുടെ പിൻഗാമികളായി ഗ്രന്ഥത്തിന്റെ അനന്തരാവകാശികളായിക്കൊണ്ട് നിസ്സാരമായ ഐഹികനേട്ടങ്ങൾ വാരിക്കൂട്ടുകയും നമുക്ക് മാപ്പ് ലഭിക്കപ്പെടുമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു പിൻതലമുറ വന്നു, അതുപോലുള്ള എന്ത് ഐഹികനേട്ടങ്ങൾ മുന്നിൽ വന്നാലും അത് അവർ വാരിക്കൂട്ടുന്നതാണ്; അല്ലാഹുവിന്റെ മേൽ സത്യമല്ലാത്തതൊന്നും പറയരുതെന്ന് ഗ്രന്ഥത്തിലൂടെ അവരോട് പ്രതിജ്ഞ വാങ്ങുകയും അതിലുള്ളത് അവർ സ്വയം വായിച്ചറിയുകയും ചെയ്തിട്ടില്ലേ? പരലോകഭവനം സൂക്ഷ്മതയുള്ളവരായവർക്ക് ഉത്തമമാകുന്നു, അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലെയോ?

ഈ സൂക്തം അഭിസംബോധന ചെയ്യുന്നത് പ്രവാചകന്റെ കാലത്തുള്ള മദീനയിലെ ജൂതരെയാണ്. അവർ ആത്മാവായ അദ്ദിക്റിനെ ഒഴിവാക്കിക്കൊണ്ട് ഗ്രന്ഥത്തിന്റെ ശരീരമായ തൗറാത്ത് വഹിച്ചിരുന്നത് 62: 5 ൽ പറഞ്ഞതുപോലെ ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയായിരുന്നു. പ്രവാചകന്മാരുടെയും നബിമാരുടെയും സന്തതിപരമ്പരകളിൽ പെട്ടവരായതിനാൽ അവരുടെ എല്ലാ പാപങ്ങളും പൊറുക്കപ്പെടുമെന്ന മിഥ്യാധാരണയിലായിരുന്നു അവർ.

3: 7–10 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രവാചകന്റെ വിയോഗത്തിന് 30 വർഷങ്ങൾക്കുശേഷം ഗ്രന്ഥം വായിക്കുന്നവരിൽ നിന്നുള്ള ഫാജിറുകളും കാഫിറുകളുമായ ഫുജ്ജാറുകൾ അദ്ദിക്റിനെ തള്ളിപ്പറഞ്ഞുകൊണ്ട് ആത്മാവിനെ പരിഗണിക്കാതെ ജഡത്തിനും ഐഹികലോകത്തിനും പ്രാധാന്യം നൽകിക്കൊണ്ട് പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന ജൂതക്രൈസ്തവരേക്കാളും കപടവിശ്വാസികളേക്കാളും വഴിപിഴച്ചവരായി മാറുകയുണ്ടായി.

7: 179 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിൽ കുത്തിനിറക്കപ്പെടാൻ വിധിക്കപ്പെട്ട ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികളും അവരുടെ പ്രജ്ഞയറ്റ അനുയായികളുമായ ഫുജ്ജാറുകൾ പരലോകം വെടിഞ്ഞുകൊണ്ട് ഐഹികലോകത്തിലെ അധമമായ നേട്ടങ്ങൾ വാരിക്കൂട്ടാൻ ഓടിനടക്കുന്നവരാണ്. 48: 6 ൽ വിവരിച്ച പ്രകാരം അല്ലാഹുവിനെക്കുറിച്ച് ദുഷിച്ച ധാരണ വെച്ചുപുലർത്തുന്ന അവർ പ്രവാചകന്മാരുടെയും നബിമാരുടെയും പേരുവെച്ച് മുസ്ലിംകളാണെന്ന് വാദിച്ച് ജീവിച്ചാൽ അവരുടെ പാപങ്ങളെല്ലാം പൊറുത്തുകിട്ടുമെന്ന മിഥ്യാധാരണയിൽ അന്ധമായി വിഹരിക്കുന്നവരാണ്. അതുകൊണ്ട് അവരെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോട് 7: 175–176 സൂക്തങ്ങളിലും; ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ 1000 സമുദായങ്ങളിൽ വെച്ച് ഏറ്റവും ദുഷിച്ച ജീവികൾ എന്ന് 8: 22 ലും; നരകക്കുണ്ഠത്തിലേക്കുള്ള കരയിലെ ദുഷ്ടജീവികളെന്ന് 98: 6 ലും വിശേഷിപ്പിച്ചിട്ടുണ്ട്. 3: 187 ൽ വിവരിച്ച പ്രകാരം ലോകർക്ക് ഗ്രന്ഥം വെളിപ്പെടുത്താതെ അവർ നാഥന്റെ സൂക്തങ്ങൾക്ക് കുറഞ്ഞ വില വാങ്ങുക വഴി 2: 174 ൽ വിവരിച്ച പ്രകാരം തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വയറുകളിൽ തീയാണ് നിറച്ചുകൊണ്ടിരിക്കുന്നത്. 4: 161 ൽ വിവരിച്ച പ്രകാരം സത്യമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് മിഥ്യ പിൻപറ്റിക്കൊണ്ടിരിക്കുന്ന ഇക്കൂട്ടർക്ക് പ്രപഞ്ചനാഥൻ, മലക്കുകൾ, പ്രവാചകന്മാർ, സ്വർഗം, നരകം തുടങ്ങിയവയെക്കുറിച്ചെല്ലാം വികലമായ വിശ്വാസമാണുള്ളത്. 2: 44; 4: 123–124; 6: 32; 7: 28–30 വിശദീകരണം നോക്കുക.

170.ഗ്രന്ഥത്തെ മുറുകെപ്പിടിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്നവരാരോ, നിശ്ചയം അത്തരം സുകൃതവാന്മാരുടെ പ്രതിഫലം ഒരിക്കലും നാം പാഴാക്കികളയുകയില്ല.

അദ്ദിക്ർ മുറുകെപ്പിടിക്കുകയും 20: 14 ൽ പറഞ്ഞ പ്രകാരം ദിക്രീ നിലനിർത്തുന്നതിനുവേണ്ടി നമസ്കാരം (പ്രാർത്ഥന) നിലനിർത്തുകയും ചെയ്യുന്ന സജ്ജനങ്ങളുടെ പ്രവർത്തനത്തിനുള്ള പ്രതിഫലം അല്ലാഹു ഒരിക്കലും പാഴാക്കിക്കളയുകയില്ല എന്നാണ് സൂക്തം പറയുന്നത്. *ദിക്രീ* എന്നത് അദ്ദിക്റിന്റെ നാൽപത് പേരുകളിൽ ഒന്നാണ്. 29: 45 ൽ, ഗ്രന്ഥത്തിൽ നിന്ന് നിനക്ക് ദിവ്യസന്ദേശമായി നൽകപ്പെട്ടിട്ടുള്ളത് എത്തിച്ചുകൊടുക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുക, നിശ്ചയം സ്വീകരിക്കപ്പെടുന്ന നമസ്കാരം നീചവും നിന്ദ്യവുമായ പ്രവർത്തനങ്ങളെത്തൊട്ട് തടയുക തന്നെ ചെയ്യുന്നതാണ്, സർവ്വപ്രധാനം അല്ലാഹുവിന്റെ സ്മരണയുണ്ടാക്കുന്ന അദ്ദിക്ർ തന്നെയാണ്, നിങ്ങൾ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു അറിയുന്നവനാകുന്നു എന്നും; 35: 29 ൽ, നിശ്ചയം അല്ലാഹുവിന്റെ ഗ്രന്ഥം എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുകയും നമസ്കാരം നിലനിർത്തുകയും നാം അവർക്ക് നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവർ നഷ്ടപ്പെടാത്ത ഒരു കച്ചവടമാണ് പ്രതീക്ഷിക്കുന്നത് എന്നും പറഞ്ഞിട്ടുണ്ട്. മുകളിൽ പറഞ്ഞ മൂന്ന് സൂക്തങ്ങളിലും ആദ്യം അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാനും അതിനുശേഷം മാത്രമാണ് ന

മസ്കാരത്തിനും കൽപിച്ചിട്ടുള്ളത്. വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയും 7: 205–206 സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്. 3: 101–103; 4: 103; 5: 48; 98: 7–8 വിശദീകരണം നോക്കുക.

171. നാം പർവ്വതത്തെ ഇളക്കി അവരുടെ മീതെ ഒരു കുടയെന്നോണം പിടിക്കുകയും നിശ്ചയം അത് തങ്ങൾക്കുമേൽ പതിക്കുമെന്ന് അവർക്ക് തോന്നുകയും ചെയ്ത സന്ദർഭം ഓർക്കേണ്ടതുമാണ്, നാം നിങ്ങൾക്ക് നൽകിയിട്ടുള്ള ഒന്നിനെ നിങ്ങൾ മുറുകെപ്പിടിക്കുവീൻ, അതിലുള്ള ഒന്ന് നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവീൻ, നിങ്ങൾ സൂക്ഷ്മതയുള്ളവരായിരിക്കുക തന്നെ വേണമെന്നതിനു വേണ്ടി.

2: 55–56 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മൂസായുടെ ജനത ഞങ്ങൾ അല്ലാഹുവിനെ നേരിൽ കാണുന്നതുവരെ നിന്നിൽ വിശ്വസിക്കുകയില്ല എന്ന് പറഞ്ഞു. അങ്ങനെ 7: 155–156 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം മൂസാ തന്റെ ജനതയിൽ നിന്ന് 70 ആളുകളെയും കൂട്ടി അല്ലാഹുവുമായുള്ള കൂടിക്കാഴ്ചക്ക് വേണ്ടി ത്വൂർ പർവതത്തിലേക്ക് പോവുകയുണ്ടായി. അപ്പോൾ നാഥൻ ത്വൂർ പർവതത്തെ ഒരു കുടയെന്നോണം അവരുടെ മേൽ ഉയർത്തുകയും നിങ്ങൾക്ക് നൽകിയിട്ടുള്ള ഗ്രന്ഥം മുറുകെപ്പിടിക്കുകയും അതിലുള്ളത് ഓർമിച്ചുകൊണ്ട് ജീവിക്കുകയും ചെയ്യുക എന്ന് കൽപിക്കുകയുമുണ്ടായി.

പ്രവാചകന്റെ അഭിസംബോധകരായ മദീനയിലെ ജൂതന്മാർ അദ്ദിക്റിനെ അവഗണിച്ച് ഞങ്ങൾക്ക് ഞങ്ങളുടെ പൂർവപിതാക്കളുടെ പാത തന്നെ മതി എന്നാണ് പറഞ്ഞിരുന്നത്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം അറബി ഖുർആനിൽ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ലക്ഷ്യബോധമില്ലാത്തവരും പ്രജ്ഞയറ്റവരുമായി മാറിയിരിക്കുകയാണ്. വിശ്വാസികൾ അവരെ സർവലോകർക്കുമുള്ള ഉണർത്തലായ അദ്ദിക്റിനെക്കുറിച്ച് ഓർമിപ്പിക്കുമ്പോൾ 2: 170–171 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഞങ്ങൾ കാക്കകാരണവന്മാരുടെ ജീവിതരീതി അടിതെറ്റാതെ പിൻപറ്റുന്നവരാണ് എന്നാണ് മറുപടി പറയുക. 2: 2, 63; 7: 2, 148 വിശദീകരണം നോക്കുക.

172. നിന്റെ നാഥൻ ആദം സന്താനങ്ങളുടെ മുതുകുകളിൽ നിന്ന് അവരുടെ സന്തതി പരമ്പരകളെ പുറത്തെടുക്കുകയും അവരെ അവരുടെ മേൽ സ്വയം സാക്ഷിയാക്കുകയും ചെയ്തുകൊണ്ട് കരാർ വാങ്ങിയ സന്ദർഭവും ഓർക്കേണ്ടതാണ്: 'ഞാനല്ലെയോ നിങ്ങളുടെ ഉടമ?' അവർ പറഞ്ഞു: 'അതെ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' ഇനി നിശ്ചയം, ഞങ്ങൾ ഈ ഉടമ്പടിയെക്കുറിച്ച് പ്രജ്ഞയറ്റവരായിരുന്നു എന്ന് അന്ത്യനാളിൽ നിങ്ങൾ പറയാതിരിക്കാൻ വേണ്ടി.

ത്രികാലജ്ഞാനിയായ നാഥൻ ആദമിനെ സൃഷ്ടിച്ചപ്പോൾ തന്നെ അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരെയും 2: 28; 4: 1–2; 39: 6 സൂക്തങ്ങളിൽ വിവരിച്ചതുപോലെ ഒറ്റ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും ഓരോരുത്തരിൽ നിന്നും സൂക്തത്തിൽ പറഞ്ഞ പ്രകാരം 'അല്ലാഹുവാണ് ഉടമ' (അഥവാ ജനിപ്പിക്കാനും മരിപ്പിക്കാനും നിലനിർത്താനും എല്ലാവിധ നിയമങ്ങളും കൽപനകളും നൽകാനുമുള്ള ഏക അധികാരി) എന്ന ഉടമ്പടി വാങ്ങുകയുമുണ്ടായി. ത്രികാലജ്ഞാനമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി 2: 27 ൽ വിവരിച്ച പ്രകാരം പൊറുക്കലിനെ തേടുന്നതിനുള്ള ഏറ്റവും മഹത്തായ പ്രാർത്ഥനയി(*സയ്യിദുൽ ഇസ്തിഗ്ഫാർ*)ലൂടെ എല്ലാ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും പ്രസ്തുത ഉടമ്പടി പുതുക്കുന്നതാണ്. എന്നാൽ കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ അദ്ദിക്റിനെ മൂടി

വെക്കുകയും തള്ളിപ്പറയുകയും ചെയ്യുക വഴി 7: 102 ൽ വിവരിച്ച പ്രകാരം നാഥനുമായി ചെയ്ത പ്രസ്തുത ഉടമ്പടി പാലിക്കാത്ത തെമ്മാടികളാണ്.

173. അല്ലെങ്കിൽ നിങ്ങൾ ഇങ്ങനെ പറയാതിരിക്കുവാൻ വേണ്ടി: നിശ്ചയം ഞങ്ങളുടെ പിതാക്കന്മാർ മുമ്പ് ശിർക്ക് ചെയ്തു, ഞങ്ങൾ അവർക്കുശേഷമുള്ള സന്തതികളല്ലോ, അപ്പോൾ ആ മിഥ്യാവാദികൾ ചെയ്ത കുറ്റത്തിന് ഞങ്ങളെ നീ നശിപ്പിക്കുകയാണോ?

നിഷ്പക്ഷവാനായ നാഥൻ ഇങ്ങനെ ഒരു ഉടമ്പടി സ്വർഗത്തിൽ വെച്ച് ഓരോരുത്തരിൽ നിന്നും വാങ്ങിയിട്ടുള്ളതിന്റെ ലക്ഷ്യം എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന ദിനത്തിൽ ഒരാളും അതിനെക്കുറിച്ച് ബോധമില്ലാത്തവനായിരുന്നു എന്നോ; അല്ലെങ്കിൽ ഞങ്ങളുടെ പിതാക്കന്മാർ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർത്ത് ജീവിച്ചു, അവരുടെ സന്തതികളിൽ പെട്ട ഞങ്ങൾ അവരുടെ കാൽപാടുകൾ പിൻപറ്റി ജീവിക്കുന്നവരായിരുന്നു എന്നോ, അല്ലെങ്കിൽ ഞങ്ങൾ ഞങ്ങളുടെ മിഥ്യാവാദികളായ നേതാക്കളെ പിൻപറ്റി ജീവിച്ചു, അങ്ങനെ അവർ ഞങ്ങളെ നേരെച്ചൊവ്വെയുള്ള പാതയിൽ നിന്ന് തടഞ്ഞു എന്നോ ഒഴികഴിവ് പറയാതിരിക്കാൻ വേണ്ടിയാണ്. അപ്പോൾ ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകളിൽ ഒരാൾക്കും തന്നെ 10: 100 ൽ പറഞ്ഞ നാഥന്റെ സമ്മതപത്രമായ അദ്ദിക്ർ കൊണ്ടല്ലാതെ വിശ്വാസിയാകാനോ അതിനെ ടിക്കറ്റായി ഉപയോഗപ്പെടുത്താതെ സ്വർഗത്തിലേക്ക് തിരിച്ചുപോകാനോ സാധ്യമല്ല. 2: 165–167; 5: 104; 7: 37–40; 25: 17–18, 27–30 വിശദീകരണം നോക്കുക.

174. അപ്രകാരം നാം നമ്മുടെ സൂക്തങ്ങൾ വ്യക്തമായി വിശദീകരിച്ച് കൊടുക്കുകയാകുന്നു -അവർ ജീവിതലക്ഷ്യത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി.

ഭ്രാന്തന്മാരേ, ഇന്നേദിനം നിങ്ങൾ മാറി നിൽക്കുക, ഓ ആദം സന്തതികളേ, നിങ്ങളോട് 'പിശാചിനെ സേവിച്ചുകൊണ്ട് ജീവിക്കരുത്' എന്ന് ഉടമ്പടി ചെയ്തിരുന്നില്ലേ, നിശ്ചയം അവൻ നിങ്ങൾക്ക് വ്യക്തമായ ശത്രുവാണ്, നിങ്ങൾ എന്നെ സേവിച്ചുകൊണ്ടിരിക്കുക, അതാണ് നേരെചൊവ്വെയുള്ള പാത എന്ന് പറഞ്ഞിരുന്നില്ലേ എന്ന് 36: 59–61 സൂക്തങ്ങളിൽ ചോദിച്ചിട്ടുണ്ട്. ഇവിടെ 'പിശാചിനെ സേവിച്ചുകൊണ്ട് ജീവിക്കരുതെന്ന് ഉടമ്പടി ചെയ്തിരുന്നില്ലേ' എന്ന് ചോദിച്ചത് അങ്ങനെ ഒരു ഉടമ്പടി ചെയ്തതുകൊണ്ടല്ല, മറിച്ച് നാഥനുമായി ചെയ്ത ഉടമ്പടി പാലിക്കാതെ ജീവിക്കുന്നവരെല്ലാം ചിന്താശക്തി ഉപയോഗപ്പെടുത്താതെ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഭ്രാന്തന്മാരായതുകൊണ്ടാണ്. എല്ലാ ഓരോ ആയിരത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിനെ പിശാച് പാട്ടിലാക്കുമെന്ന് 4: 118 ന്റെ വിശദീകരണമായി പ്രപഞ്ചനാഥൻ അവന്റെ പ്രവാചകനിലൂടെ പഠിപ്പിച്ചിട്ടുണ്ട്. 3: 30 ൽ വിവരിച്ച പ്രകാരം നിഷ്പക്ഷവാനായ നാഥൻ എല്ലാവർക്കും സ്വർഗത്തിലേക്കുള്ള ഏകവഴിയും നരകത്തിലേക്കുള്ള വിവിധ വഴികളുമടങ്ങിയ അദ്ദിക്ർ സ്വർഗത്തിൽ വെച്ചുതന്നെ പഠിപ്പിച്ചിട്ടുള്ളതിനാലും, 21: 24 ൽ പറഞ്ഞ സത്യമായ അദ്ദിക്ർ കൊണ്ട് 313 പ്രവാചകന്മാരെ അയച്ചിട്ടുള്ളതിനാലും നിഷ്പക്ഷവാനായ നാഥനെത്തന്നെയും കുറ്റപ്പെടുത്താൻ സാധ്യമല്ല. കഴിഞ്ഞുപോയതും നടന്നുകൊണ്ടിരിക്കുന്നതും വരാൻ പോകുന്നതുമായ ഈ വസ്തുതകളെല്ലാം ഉണർത്തുന്നതായതുകൊണ്ടാണ് അദ്ദിക്റിന് ത്രികാലജ്ഞാനം എന്ന് പേരുവന്നത്. മനുഷ്യർ അവരുടെ യഥാർത്ഥ ഉടമയിലേക്കും ഉടമയുമായി ചെയ്ത ഉടമ്പടിയിലേക്കും ജീവിതലക്ഷ്യത്തിലേക്കും അതുവഴി സ്വർഗത്തിലേക്കുതന്നെയും തിരിച്ചുവരുന്നതിനുവേണ്ടിയാണ് ഇപ്രകാരം സൂക്തങ്ങൾ വിവരിക്കുന്നത്. എന്നാൽ ഈ വസ്തുത അംഗീകരിക്കുന്നവർ വിശ്വാസികൾ മാത്രമാ

ണ്. അതുകൊണ്ടാണ് അവർ അവർക്ക് എന്തെങ്കിലും ദുരിതം അല്ലെങ്കിൽ ആർക്കെങ്കി ലും മരണം സംഭവിച്ചാൽ 2: 155–156 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം 'നിശ്ചയം ഞങ്ങൾ അല്ലാഹുവിൽ നിന്ന് വന്നവരും അവനിലേക്കുതന്നെ തിരിച്ചുപോകേണ്ടവരുമാകുന്നു' എന്ന് ആത്മഗതം ചെയ്തുകൊണ്ട് ക്ഷമ കൈകൊള്ളുന്നത്. അറബി ഖുർആൻ വായി ക്കുന്ന കാഫിറുകളായ കപടവിശ്വാസികളും ഫാജിറുകളായ മുശ്രിക്കുകളും അദ്ദിക്ർ കേൾക്കാത്ത ബധിരരും അദ്ദിക്ർ കാണാത്ത അന്ധരും അതിനെക്കുറിച്ച് ലോകരോട് പ റയാത്ത ഊമകളുമായതിനാൽ അവർ ഇനി ജീവിതലക്ഷ്യത്തിലേക്കോ നേരെച്ചൊവ്വെ യുള്ള പാതയായ അദ്ദിക്റിലേക്കോ സ്വർഗത്തിലേക്കോ തിരിച്ച് വരുന്നവരാവുകയില്ല എന്ന് 2: 18; 25: 34; 48: 6 എന്നീ സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1: 7; 2: 62; 7: 168 വിശദീകരണം നോക്കുക.

175.നമ്മുടെ സൂക്തങ്ങൾ നാം നൽകിയിട്ടുള്ളവനായ ഒരുവന്റെ വൃത്താന്തം അവ രുടെമേൽ വിവരിച്ചുകൊടുക്കുകയും ചെയ്യുക, എന്നാൽ അവൻ അതിൽ നി ന്നും ഊരി ഒഴിഞ്ഞുമാറി, അപ്പോൾ പിശാച് അവനെ പിൻപറ്റി, അങ്ങനെ അ വൻ ലക്ഷ്യബോധം നഷ്ടപ്പെട്ടവനായി മാറി.

അദ്ദിക്ർ അറിഞ്ഞിട്ട് സ്വയം പിൻപറ്റാതിരിക്കുകയും മറ്റുള്ളവർക്ക് അത് പഠിപ്പിച്ചു കൊടുക്കാതെയും പ്രചരിപ്പിക്കാതെയും മൂടിവെക്കുകയും ചെയ്യുന്ന കപടവിശ്വാസിയായ പണ്ഡിതനെക്കുറിച്ചാണ് ഈ സൂക്തത്തിൽ പരാമർശിക്കുന്നത്. അവൻ 6: 112 ലും 114: 6 ലും പറഞ്ഞ മനുഷ്യപ്പിശാചാണ്. ഭൂരിപക്ഷത്തിന്റെ പ്രീതി ലഭിക്കുന്നതിനുവേണ്ടി പര ലോകം വെടിഞ്ഞ് ഐഹികജീവിതത്തിന് പ്രാധാന്യം നൽകുന്ന ലക്ഷ്യബോധം നഷ്ട പ്പെട്ടവനും വിചാരണയില്ലാതെ നരകത്തിന്റെ അടിത്തട്ടിൽ പോകേണ്ടവനുമാണ് അവൻ. അല്ലാഹുവിനെ വിസ്മരിച്ച് ജീവിക്കുന്ന, തിന്മ കൽപിക്കുന്ന ഫുജ്ജാറുകളിലെ വിവിധ സംഘടനകളിൽ പെട്ട തെമ്മാടികളായ നേതാക്കൾ അറബി ഖുർആൻ ആശയമില്ലാതെ വായിച്ചാൽ തന്നെ പുണ്യം ലഭിക്കുമെന്ന് മുശ്രിക്കുകളായ അനുയായികളെ തെറ്റിദ്ധരി പ്പിക്കുന്നവരും അങ്ങനെ അവരെയും വഴിപിഴപ്പിച്ച് 14: 28–30; 25: 33–34 എന്നീ സൂക്തങ്ങ ളിൽ പറഞ്ഞ പ്രകാരം തങ്ങളുടെ മുഖങ്ങളിൽ നരകക്കുണ്ഠത്തിലേക്ക് വലിച്ചിഴക്കപ്പെ ടാനുള്ളവരായി മാറ്റുന്നവരുമാണ്. അക്രമികളായ അവർ വിധിദിവസം കൈകടിച്ചുകൊ ണ്ട്, 'ഓ, ഞാൻ ഇന്നാലിന്നവനെ ആത്മമിത്രമായി തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നില്ലെ ങ്കിൽ! അവനാണല്ലോ എന്നെ അദ്ദിക്റിൽ നിന്ന് എനിക്ക് അത് വന്നുകിട്ടിയതിനുശേഷം തടഞ്ഞത്; പിശാച് മനുഷ്യന് മഹാവഞ്ചകൻ തന്നെ ആയിരുന്നുവല്ലോ' എന്ന് വിലപി ക്കുന്ന രംഗം 25: 27–29 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയത് ഫുജ്ജാറുകളാണ് വായി ക്കുന്നത്. നിഷ്പക്ഷവാന്റെ സ്മരണയുണർത്തുന്ന അദ്ദിക്റിനെത്തൊട്ട് മടുപ്പ് കാണിക്കു ന്നവന് ഒരു പിശാചിനെ കൂട്ടുകാരനായി നൽകുന്നതാണെന്ന് 43: 36 ൽ പറഞ്ഞിട്ടുണ്ട്. 6: 111–112; 7: 26–27; 41: 26–29 വിശദീകരണം നോക്കുക.

176.നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ നാം അവനെ സൂക്തങ്ങൾ കൊണ്ട് ഉയർത്തുമാ യിരുന്നു, പക്ഷേ അവൻ ഭൂമിയിലേക്ക് ഒട്ടിക്കളയുകയും അവന്റെ ദേഹേച്ഛ പിൻപറ്റുകയും ചെയ്തു, അപ്പോൾ അവന്റെ ഉപമ നായയെപ്പോലെയാണ്, നീ അതിനെ ദ്രോഹിച്ചാലും കിതച്ച് നാക്ക് നീട്ടിക്കൊണ്ടിരിക്കും, അല്ലെങ്കിൽ നീ അതിനെ വെറുതെ വിട്ടാലും അത് കിതച്ച് നാക്ക് നീട്ടിക്കൊണ്ടിരിക്കും, അതാ ണ് നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവരായ ഒരു ജനതയുടെ ഉപമ, അതുകൊണ്ട് നീ വഴിക്കുവഴിയായി ഇത്തരം സൂക്ത

ങ്ങൾ അവരെ കേൾപ്പിക്കുക, അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവർ ആകുന്നതിനുവേണ്ടി.

2: 256 ൽ വിവരിച്ച പ്രകാരം നാഥനിൽ നിന്നുള്ള പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്റിനെ ആരാണോ മുറുകെപ്പിടിച്ചത്, അവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു. എന്നാൽ ലക്ഷ്യബോധം നഷ്ടപ്പെട്ട തെമ്മാടികളായ കപടവിശ്വാസികൾ ആത്മാവില്ലാതെ ജീവൻ മാത്രം ഉള്ളവരായതിനാൽ ദേഹേച്ഛക്കും ഐഹികലോകത്തിനും പ്രാധാന്യം കൊടുക്കുന്നവരാണ്. 2: 24; 3: 21–22 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള ഇന്ധനമായ, ചുമരിൽ ചാരിവെച്ച വിറകുകൊള്ളികളെപ്പോലെയുള്ള അവർ സംസാരിക്കുന്നത് അനുയായികൾക്ക് വളരെ ആകർഷകമായി തോന്നും. കളവ് മാത്രം പറയുന്ന നേതാക്കളായ കപടവിശ്വാസികളെയും അവരുടെ അനുയായികളായ ഫാജിറുകളെയും ഉപദ്രവിച്ചാലും ഇല്ലെങ്കിലും മാറ്റം വരാത്ത നായയോടാണ് സൂക്തത്തിൽ ഉപമിച്ചിരിക്കുന്നത്. 62: 5 ൽ, അല്ലാഹുവിന്റെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുന്ന ജനതയെ കഴുതയോട് ഉപമിച്ച ശേഷം സൂക്തം അവസാനിക്കുന്നത് 'ഇത്തരം അക്രമികളായ ഒരു ജനതയെ അല്ലാഹു സന്മാർഗത്തിലേക്ക് നൽകുകയില്ല' എന്ന് പറഞ്ഞുകൊണ്ടാണ്.

1: 7 ൽ വിവരിച്ച പ്രകാരം 'അല്ലാഹുവിന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ചുപോയ അനുയായികളുമായ 1000 ത്തിൽ 999 ഫുജ്ജാറുകളുടെ ജീവിതരീതി അല്ല; മറിച്ച് നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്ർ സമർപ്പിക്കുന്ന ജീവിതരീതി പിൻപറ്റാൻ എന്നെ അനുഗ്രഹിക്കേണമേ' എന്നാണ് വിശ്വാസി മനസാ വാചാ കർമണാ പ്രാർത്ഥിക്കുക. നാഥനെ കണ്ടുകൊണ്ട് ചരിക്കുന്ന വിശ്വാസിയാകാത്ത അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളോട് അവരുടെ മരണസമയത്ത് നാഥൻ 'നീ കാഫിറുകളിൽ പെട്ടവൻ തന്നെയായിരുന്നു' എന്നാണ് പറയുക എന്ന് 39: 59 ൽ പറഞ്ഞിട്ടുണ്ട്. 14: 2–3 സൂക്തങ്ങളിൽ, ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും അല്ലാഹുവിനുള്ളതാകുന്നു, കാഫിറുകൾക്ക് അതികഠിനമായ ശിക്ഷയിൽ നിന്നുള്ള 'വൈൽ' ആണുള്ളത്. പരലോകത്തിനുമേൽ ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നവരും അല്ലാഹുവിന്റെ മാർഗത്തെത്തൊട്ട് ജനങ്ങളെ തടയുകയും അതിനെ വക്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ് അവർ, അക്കൂട്ടർ വിദൂരമായ വഴികേടിലാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

എല്ലാ പ്രവാചകന്മാർക്കും സത്യമായ അദ്ദിക്ർ തന്നെയാണ് നൽകിയിട്ടുള്ളത് എന്ന് 21: 24 ൽ പറഞ്ഞിട്ടുണ്ട്. അന്ത്യപ്രവാചകനായ മുഹമ്മദിന് നൽകപ്പെട്ട അദ്ദിക്റിൽ മുമ്പ് വന്നിട്ടുള്ള 312 ഗ്രന്ഥങ്ങളും അവയുടെ നേരെച്ചൊവ്വെയുള്ള വിശദീകരണങ്ങളും അടങ്ങിയിട്ടുണ്ടെന്നും അത് അവതരിപ്പിക്കപ്പെട്ടത് മനുഷ്യർക്ക് എന്തൊന്നാണോ നാഥനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടത്, അത് പ്രവാചകൻ അവർക്ക് വെളിവാക്കുന്നതിനും അവർ അത് ആലോചിച്ച് മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിനും വേണ്ടിയാണ് എന്ന് 16: 44 ൽ പറഞ്ഞിട്ടുണ്ട്. വ്യക്തവും സ്പഷ്ടവുമായ വായനയായ അദ്ദിക്ർ ഒരു മലയുടെ മുകളിലാണ് ഇറക്കപ്പെട്ടിരുന്നത് എങ്കിൽ അതിനെ ഉൾക്കൊള്ളാൻ കഴിയാതെ മല പൊട്ടിപ്പിളർന്ന് തരിപ്പണമാകുമായിരുന്നു; ഇത്തരം ഉദാഹരണങ്ങൾ മനുഷ്യർക്ക് വിവരിച്ചുകൊടുക്കുന്നത് അവർ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നതിന് വേണ്ടിയാണ് എന്ന് 59: 21 ൽ പറഞ്ഞിട്ടുണ്ട്. 4: 63, 82, 91; 7: 40–41, 146–147 വിശദീകരണം നോക്കുക.

177.നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവരായ ജനത

യുടെ ഉപമ എത്ര ദുഷിച്ചത്! അവർ അവരുടെ ആത്മാവിനോടുതന്നെ അക്രമം കാണിച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു.

പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ സ്വയം ഉപയോഗപ്പെടുത്താതിരിക്കുകയും മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ നൽകാതിരിക്കുകയും ചെയ്യുക വഴി ഫുജ്ജാറുകൾ 6: 26 ൽ വിവരിച്ച പ്രകാരം അവരുടെ ആത്മാവിനോട് തന്നെയാണ് അക്രമം കാണിക്കുന്നത്, എന്നാൽ അവർ അത് തിരിച്ചറിയുന്നില്ല. 2: 159–160; 5: 41; 6: 115–117; 7: 8–9 വിശദീകരണം നോക്കുക.

178.ആരെയാണോ അല്ലാഹു സന്മാർഗത്തിലാക്കിയത്, അപ്പോൾ അവൻ സന്മാർഗസ്ഥനായി, ആരാണോ അവനെ വഴികേടിലാക്കിയത്, അപ്പോൾ അക്കൂട്ടർ തന്നെയാകുന്നു എല്ലാം നഷ്ടപ്പെട്ടവർ.

സന്മാർഗവും ദുർമാർഗവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തോടുകൂടിയാണ് മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യനെ ഭൂമിയിലേക്ക് നിയോഗിച്ചിട്ടുള്ളത് പരീക്ഷിക്കാൻ വേണ്ടിയാണ് എന്ന് 67: 2; 76: 2 എന്നീ സൂക്തങ്ങളിലും; സ്വർഗം അല്ലെങ്കിൽ നരകം സമ്പാദിക്കുന്നത് അവരവർ തന്നെയാണ് എന്ന് യഥാക്രമം 3: 136, 182 എന്നീ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. അക്രമികളായവർ യഥാർത്ഥ അറിവായ അദ്ദിക്റ് ഇല്ലാതെ തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ പിൻപറ്റിക്കൊണ്ടിരിക്കുകയാണ്, അപ്പോൾ അല്ലാഹു വഴിതെറ്റാൻ അനുവദിച്ചവനെ ആരാണ് സന്മാർഗത്തിലാക്കുന്നത്? അവർക്ക് സഹായികളിൽ നിന്ന് ആരും തന്നെ ഉണ്ടായിരിക്കുകയില്ല എന്ന് 30: 29 ലും; ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവന് സന്മാർഗം നൽകുന്നവർ ആരുമില്ല, ആർക്കാണോ അല്ലാഹു മാർഗദർശനം നൽകിയത്, അവനെ വഴികേടിലാക്കുന്നവരും ആരുമില്ല എന്ന് 39: 36–37 സൂക്തങ്ങളിലും; ആരെയാണോ അല്ലാഹു വഴികേടിലാകാൻ അനുവദിച്ചത്, അപ്പോൾ അവനെ സന്മാർഗത്തിലാക്കുന്ന ഒരാളുമില്ല തന്നെ എന്ന് 13: 33 ലും 40: 33 ലും പറഞ്ഞിട്ടുണ്ട്. ഇത്തരം സൂക്തങ്ങൾ അല്ലാഹു ഉദ്ദേശിച്ച ആശയത്തിന് വിരുദ്ധമായി വ്യാഖ്യാനിച്ചുകൊണ്ട് നന്മയും തിന്മയുമെല്ലാം അല്ലാഹുവിൽ നിന്നാണ്, സന്മാർഗ്ഗത്തിലാക്കുന്നതും വഴികേടിലാക്കുന്നതുമെല്ലാം അല്ലാഹുവാണ്, നമുക്കതിൽ യാതൊരു പങ്കുമില്ല എന്നാണ് ലക്ഷ്യബോധം നഷ്ടപ്പെട്ട കപടവിശ്വാസികൾ പ്രജ്ഞയറ്റ അവരുടെ അനുയായികളെ പഠിപ്പിക്കുന്നത്. അവനിൽ നിന്നുള്ള സന്മാർഗമായ അദ്ദിക്റ് ഉപയോഗപ്പെടുത്തി ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ ഓരോരുത്തരും അവരവരെ സന്മാർഗത്തിലാക്കേണ്ടതുണ്ട് എന്ന ബോധമില്ലാത്തവരാണ് അവർ. എല്ലാവരെയും സ്വർഗ്ഗത്തിൽ വെച്ചുതന്നെ അദ്ദിക്റ് പഠിപ്പിച്ച അല്ലാഹു നിഷ്പക്ഷവാനാണ് എന്ന് 55: 1–4 സൂക്തങ്ങളിൽ പറഞ്ഞതും; തന്റെ അടിമകളിൽ താൻ ഉദ്ദേശിക്കുന്നവരെ സന്മാർഗമായ അദ്ദിക്റ് കൊണ്ട് സന്മാർഗത്തിലേക്കാക്കുന്നു എന്ന് 6: 88; 39: 23; 42: 52 എന്നീ സൂക്തങ്ങളിൽ പറഞ്ഞതും; നിശ്ചയം അല്ലാഹു അവനിലേക്ക് തിരിഞ്ഞവരെ സന്മാർഗത്തിലേക്കാക്കുന്നു എന്ന് 13: 27 ൽ പറഞ്ഞതും മൂടിവെക്കുന്നവരാണ് അവർ. നീ അവരുടെ സന്മാർഗത്തിന് വേണ്ടി എത്ര തന്നെ പരിശ്രമിച്ചാലും ശരി, ആരാണോ 'അവരെ സ്വയം' വഴിപിഴപ്പിച്ചത്, അവരെ അല്ലാഹു സന്മാർഗത്തിലാക്കുകയില്ല തന്നെ, അവർക്ക് സഹായികളായി ആരും തന്നെ ഉണ്ടാവുകയുമില്ല എന്ന് 16: 37 ൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ മുറുകെപ്പിടിച്ചാൽ അപ്പോൾ അവൻ നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101; 22: 78 എന്നീ സൂക്തങ്ങളിലും; തെളിവും പ്രകാശവുമായ അദ്ദിക്റിനെ മുറുകെപ്പിടിച്ചവർ അല്ലാഹുവിൽ നിന്നുള്ള കാരുണ്യത്തിലും ഔദാര്യത്തിലുമാണെന്നും അ

വർ ഏറ്റവും ചൊവ്വായ പാതയിലായിക്കഴിഞ്ഞു എന്നും 4: 175 ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ 41: 41–43 സൂക്തങ്ങളിൽ പറഞ്ഞ മിഥ്യകലരാത്ത അജയ്യവും അതുല്യവുമായ അദ്ദിക്ർ എന്ന ഗ്രന്ഥം രൂപപ്പെട്ട ഇക്കാലത്ത് അതിനെ മുറുകെപ്പിടിച്ചവർ (അത് മനസ്സിലാക്കി അതിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തിയവർ) അല്ലാഹുവിനെ മുറുകെപ്പിടിച്ചവരും നേരെച്ചൊവ്വെയുള്ള പാതയിലായവരുമാണ്. അതിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഫുജ്ജാറുകൾ അക്രമികളും വഴികേടിലായവരുമാണ്. നന്മ അല്ലാഹുവിൽ നിന്നും തിന്മ നിന്നിൽ നിന്നുമാണ് എന്ന് 4: 79 ൽ പറഞ്ഞിട്ടുമുണ്ട്. 2: 121; 3: 160, 185; 6: 104 വിശദീകരണം നോക്കുക.

179. നിശ്ചയം ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും അധികപേരെക്കൊണ്ടും നരകക്കുണ്ഠം നാം കുത്തിനിറക്കുക തന്നെ ചെയ്യും, അവർക്ക് ഹൃദയങ്ങളുണ്ട്, അതുകൊണ്ട് അവർ ജീവിതലക്ഷ്യം ഗ്രഹിക്കുകയില്ല, അവർക്ക് കണ്ണുകളുണ്ട്, അതുകൊണ്ട് അവർ ഉൾക്കാഴ്ച കാണുകയില്ല, അവർക്ക് ചെവികളുമുണ്ട്, അതുകൊണ്ട് അവർ അത് കേൾക്കുന്നവരാവുകയില്ല, അക്കൂട്ടർ കന്നുകാലികളെപ്പോലെയാണ് –അല്ല; അവർ അവയേക്കാൾ ഏറ്റവും വഴിപിഴച്ചിരിക്കുന്നു; അക്കൂട്ടർ, അവർ തന്നെയാണ് പ്രജ്ഞയറ്റവർ.

25: 43–44 സൂക്തങ്ങളിൽ: തന്റെ ദേഹേച്ഛയെ ഇലാഹായി തെരഞ്ഞെടുത്തവനെ നീ കണ്ടുവോ? അപ്പോൾ നീ അവരുടെ കാര്യങ്ങൾ നോക്കുന്നവനാണോ? ഇത്തരം കാഫിറുകളിൽ അധികപേരും കേൾക്കുകയും ചിന്തിക്കുകയും ചെയ്യുമെന്ന് നീ കണക്കുകൂട്ടുന്നുവോ? നിശ്ചയം, അവർ കന്നുകാലികളെപ്പോലെ അല്ലാതെയല്ല; അല്ല, അവരാണ് ഏറ്റവും വഴിപിഴച്ചവർ എന്ന് പറഞ്ഞിട്ടുണ്ട്.

ചിന്താശക്തി ഉപയോഗപ്പെടുത്തി ജീവിതലക്ഷ്യം മനസ്സിലാക്കാത്ത അറബി ഖുർആൻ വായിക്കുന്ന കപടവിശ്വാസികളും അനുയായികളുമടങ്ങിയ ഫുജ്ജാറുകൾക്ക് 6: 104 ൽ വിവരിച്ച പ്രകാരം കാഴ്ചയും കേൾവിയും ബുദ്ധിശക്തിയുമെല്ലാം ഉണ്ടെങ്കിലും അവർ ഉൾക്കാഴ്ചദായകമായ അദ്ദിക്ർ കാണുകയോ കേൾക്കുകയോ ഇല്ല. ഈ സൂക്തത്തിൽ അവരെക്കുറിച്ച് കന്നുകാലികളേക്കാൾ ഏറ്റവും പിഴച്ച പ്രജ്ഞയറ്റവർ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളതെങ്കിൽ, കേൾവിയുണ്ടായിട്ടും അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരവൈഭവം ഉണ്ടായിട്ടും അദ്ദിക്റിനെക്കുറിച്ച് ലോകരോട് പറയാത്ത ഊമരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത അവരെ 1000 സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷ്ടർ എന്നാണ് 8: 22 ൽ വിശേഷിപ്പിച്ചിട്ടുള്ളത്.

4: 41; 10: 33 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം കപടവിശ്വാസികൾ അറിഞ്ഞുകൊണ്ട് അദ്ദിക്റിന്റെ 40 പേരുകളും മൂടിവെക്കുന്നതിനാൽ അവർ നാഥനാൽ വധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവരെ ഇനി ഉണർത്താൻ സാധ്യമല്ല. പ്രജ്ഞയറ്റവരെക്കൊണ്ട് ഉദ്ദേശിക്കുന്നത് കപടവിശ്വാസികളെ പിൻപറ്റുന്ന അനുയായികളെയാണ്. അവരെ അദ്ദിക്ർ കൊണ്ട് ഉണർത്തിയാൽ ഉണർന്നേക്കാം. എന്നാൽ ഈ സൂക്തത്തിൽ പറഞ്ഞ പ്രജ്ഞയറ്റവർ അദ്ദിക്ർ കൊണ്ട് ഉണർത്തിയിട്ടും ഉണരാത്തവരാണ്. തങ്ങളുടെ ഹൃദയങ്ങളുടെ മേലിലും കേൾവിയുടെ മേലിലും കാഴ്ചയുടെ മേലിലും മുദ്രവെക്കപ്പെട്ട പ്രജ്ഞയറ്റവർ എന്ന് 16: 108 ൽ പറഞ്ഞതും ഉണർത്തിയാൽ ഉണരാൻ സാധ്യതയുള്ള പ്രജ്ഞയറ്റവരെക്കുറിച്ചല്ല; മറിച്ച് ഉണർത്തിയാലും ഉണരാത്ത ലക്ഷ്യബോധം നഷ്ടപ്പെട്ടവരെക്കുറിച്ചാണ്. നിഷ്പക്ഷവാനായ നാഥൻ ഒരാളെയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആക്കുന്നില്ല. എന്നാൽ ഫുജ്ജാറുകൾ കണ്ട, കേട്ട, തൊട്ട, വായിച്ച സൂക്തങ്ങൾ അവർക്കെതി

രെ വാദിച്ചുകൊണ്ടും സാക്ഷി നിന്നുകൊണ്ടും അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളി വിടുകയാണ് ചെയ്യുക. 4: 150–151; 9: 67–68 വിശദീകരണം നോക്കുക.

180. ഏറ്റവും നല്ല പേരുകളെല്ലാം അല്ലാഹുവിനുള്ളതാകുന്നു, അപ്പോൾ അവ കൊണ്ട് നിങ്ങൾ അവനെ വിളിക്കുക, അവന്റെ നാമങ്ങളിൽ നിന്ന് തെറ്റിച്ചുകളയുന്നവരായവരെ നിങ്ങൾ വെടിയുകയും ചെയ്യുക, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള പ്രതിഫലം നാം അവർക്ക് നൽകുക തന്നെ ചെയ്യും.

ഏറ്റവും നല്ലതായ അദ്ദിക്ർ അവതരിപ്പിക്കുന്ന അല്ലാഹുവിന്റെ നാമങ്ങളാണ് 'ഏറ്റവും നല്ല നാമങ്ങൾ'. നിങ്ങൾ അല്ലാഹ് എന്നോ നിഷ്പക്ഷവാൻ എന്നോ വിളിച്ചുപ്രാർത്ഥിക്കുക, നിങ്ങൾ എങ്ങനെ വിളിച്ചാലും ഏറ്റവും നല്ല പേരുകളെല്ലാം അല്ലാഹുവിനുള്ളതാണ് എന്ന് 17: 110 ൽ പറഞ്ഞിട്ടുണ്ട്. 59: 24 ൽ, അവനാണ് അല്ലാഹു, സ്രഷ്ടാവ് (ആത്മാവിനെ സൃഷ്ടിച്ചവൻ), പടച്ചവൻ (ശരീരത്തെ സൃഷ്ടിച്ചവൻ), സന്തുലിതപ്പെടുത്തിയവൻ (ആത്മാവിനെയും ശരീരത്തെയും സംയോജിപ്പിച്ചവൻ), അപ്പോൾ ഏറ്റവും നല്ല പേരുകളെല്ലാം അവനുള്ളതാണ്, അവൻ ചോദ്യം ചെയ്യപ്പെടാത്ത അജയ്യനായ യുക്തിജ്ഞനുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 4: 117 ൽ വിവരിച്ച പ്രകാരം വീഴാൻ പോകുമ്പോഴും ആപത്ത് ഘട്ടങ്ങളിലും അല്ലാഹുവിനെ അല്ലാഹ് എന്നോ അവന്റെ ഉൽകൃഷ്ടനാമങ്ങൾ കൊണ്ടോ വിളിക്കുന്നതിന് പകരം ഇടയാളന്മാരും ശുപാർശക്കാരുമായി അവന്റെ സൃഷ്ടികളെ വിളിച്ചാൽ ശപിക്കപ്പെട്ട പിശാചിനെയാണ് അവർ വിളിക്കുന്നത്. നിശ്ചയം നമ്മുടെ സൂക്തങ്ങളെ വളച്ചൊടിക്കുന്നവർ നമ്മിൽ നിന്ന് മറഞ്ഞുനിൽക്കുന്നുമില്ല, അപ്പോൾ നരകത്തിൽ വലിച്ചെറിയപ്പെടുന്നവനാണോ ഉത്തമൻ, അതോ അന്ത്യനാളിൽ സുരക്ഷിതനായി വരുന്നവനാണോ ഉത്തമൻ? നിങ്ങൾ ഉദ്ദേശിക്കുന്നത് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക, നിശ്ചയം അവൻ നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതെല്ലാം വീക്ഷിച്ച് കൊണ്ടിരിക്കുന്നവനാണ് എന്ന് 41: 40 ൽ പറഞ്ഞിട്ടുണ്ട്. 2: 286; 9: 51 സൂക്തങ്ങളിൽ അല്ലാഹുവിനെയാണ് ഞങ്ങളുടെ യജമാനൻ (*മൗലാനാ*) എന്ന് പറഞ്ഞിട്ടുള്ളത്. അപ്പോൾ ആരാണോ അവന്റെ സൃഷ്ടികളിൽ ആരെയെങ്കിലും *മൗലാനാ* എന്ന് ചേർത്ത് വിളിക്കുന്നത്, അവർ തെമ്മാടികളായ കപടവിശ്വാസികളാണ്. 22: 78 ൽ വിശ്വാസികളെ വിളിച്ച് 'നിങ്ങൾ നാഥനെ മുറുകെപ്പിടിക്കുവീൻ, അവനാണ് നിങ്ങളുടെ യജമാനൻ, എത്ര നല്ല യജമാനൻ! എത്ര നല്ല സഹായി!' എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് അജയ്യഗ്രന്ഥമായ അദ്ദിക്ർ രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101–102; 4: 174–175; 5: 48 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 3: 78; 5: 62–63; 6: 115; 7: 37 വിശദീകരണം നോക്കുക.

181. നമ്മുടെ സൃഷ്ടികളിൽ ഒരു വിഭാഗം സത്യം കൊണ്ട് സന്മാർഗത്തിലായവരും അതുകൊണ്ട് നീതി പാലിക്കുന്നവരുമുണ്ട്.

സത്യം അദ്ദിക്റിന്റെ 40 പേരുകളിൽ ഒന്നാണ്. 'അതുകൊണ്ട് സന്മാർഗത്തിലാവുക' എന്നതിന്റെ വിവക്ഷ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുക എന്നാണ്. 7: 26 ൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകളാണ് യഥാർത്ഥ കാഫിറുകളും അക്രമികളും തെമ്മാടികളും ഭ്രാന്തന്മാരുമെല്ലാം. ഇന്ന് ഗ്രന്ഥത്തിന്റെ ജീവിതം താരതമ്യേന നയിച്ചുപോരുന്നത് പ്രവാചകന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങിയ ജനവിഭാഗങ്ങളാണ്. അവരാണ് ലോകരിൽ മാനുഷികമൂല്യം ഉയർത്തിപ്പിടിക്കുന്നവരെങ്കിൽ അറബി ഖുർആൻ വായിക്കു

ന്ന ഫുജ്ജാറുകൾ ലോകത്തെവിടെയും മാനുഷികമൂല്യം തീരെ ഇല്ലാത്ത ദുഷ്ടജീവിക ളായി അധഃപതിച്ചവരാണ്. 2: 119, 185; 3: 110–112; 7: 127, 157–159 വിശദീകരണം നോക്കുക.

182. നമ്മുടെ സൂക്തങ്ങളെ കളവാക്കി തള്ളിപ്പറയുന്നവരാരോ, അവരെ നാം അ വർ അറിയുക പോലും ചെയ്യാത്ത വിധത്തിൽ പടിപടിയായി നാശത്തിലേക്ക് കൊണ്ടുപോവുക തന്നെ ചെയ്യുന്നതുമാണ്.

183. ഞാൻ അവർക്ക് അവസരം നൽകിക്കൊണ്ടിരിക്കുകയുമാകുന്നു, നിശ്ചയം എന്റെ തന്ത്രം വളരെ ദൃഢവുമാണ്.

6: 153 ൽ വിവരിച്ച പ്രകാരം നാഥനിലേക്ക് എത്തിപ്പെടാനുള്ള നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞുകൊണ്ടും ജീവിക്കുന്ന ഫുജ്ജാ റുകളുടെ പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോയിട്ടുണ്ടെന്നും 39: 69, 75 സൂക്തങ്ങളിൽ പ റഞ്ഞ പ്രകാരം സത്യമായ അദ്ദിക്ർ കൊണ്ട് വിധി കൽപിക്കുന്ന ദിനത്തിൽ ഇക്കൂട്ടർക്ക് ത്രാസിൽ തൂക്കമുണ്ടാവുകയില്ല എന്നും 18: 103–105; 47: 8–9 സൂക്തങ്ങളിലെല്ലാം പറഞ്ഞി ട്ടുണ്ട്. ഇവർ അല്ലാഹുവിന്റെ പ്രതിനിധികളാകുന്നതിന് പകരം പിശാചിന്റെ പ്രതിനിധി കളും പരലോകത്തിന് പകരം ഇഹലോകത്തിന് പ്രാധാന്യം കൊടുക്കുന്നവരും അല്ലാഹു വിന്റെ സൃഷ്ടികളെ നരകക്കുണ്ഠത്തിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകുന്നവരുമാണ്. സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റായ അദ്ദിക്റിനെ മൂടിവെച്ച് 83: 7 ൽ പറഞ്ഞ നരകക്കുണ്ഠത്തിലെ സിജ്ജീൻ പട്ടികയിലേക്കുള്ള ടിക്കറ്റായ ഫുജ്ജാർ കിതാബുകൾ പിൻപറ്റുന്ന ഇവർക്ക് പിശാചാണ് ഇവരുടെ പ്രവർത്തനങ്ങൾ അലങ്കാരമാക്കി കാണിച്ചു കൊടുക്കുന്നത്. *മതീൻ* എന്നതിന് പൊട്ടിപ്പോകാത്തത്, പാഴായിപ്പോകാത്തത് എന്നെല്ലാം ആശയമുണ്ട്. '*ഹബ്ലുൽ മതീൻ*' എന്നാൽ പൊട്ടിപ്പോകാത്ത പാശമായ അദ്ദിക്ർ ആണ്. 3: 177–178; 4: 56; 7: 30 വിശദീകരണം നോക്കുക.

184. അവർ ഉറ്റാലോചിക്കുന്നില്ലേ, അവരുടെ കൂട്ടുകാരന് ജിന്നുകളിൽ നിന്നൊന്നും ബാധിച്ചിട്ടില്ലാ എന്ന്, നിശ്ചയം അവൻ ഒരു വ്യക്തമായ മുന്നറിയിപ്പുകാരനല്ലാ തെ മറ്റാരുമല്ല തന്നെ.

സൂക്തത്തിൽ 'അവരുടെ കൂട്ടുകാരൻ' എന്ന് പറഞ്ഞത് പ്രവാചകനെക്കുറിച്ചാണ്. 34: 46 ൽ, നിശ്ചയം ഞാൻ നിങ്ങളോട് ഒരു കാര്യം ഉപദേശിക്കുന്നു, അതായത് നിങ്ങൾ ര ണ്ടാളോ തനിച്ചോ അല്ലാഹുവിന് വേണ്ടി നിലകൊള്ളുക, പിന്നെ നിങ്ങൾ നിങ്ങളുടെ കൂട്ടുകാരന് ജിന്നിൽ നിന്ന് എന്തെങ്കിലും ബാധിച്ചിട്ടുണ്ടോ എന്ന് ഉറ്റാലോചിക്കുകയും ചെയ്യുക, നിശ്ചയം ഇത് അതികഠിനമായ ശിക്ഷ വരുന്നതിന് മുമ്പ് നിങ്ങൾക്കുള്ള ഒരു മു ന്നറിയിപ്പല്ലാതെ അല്ല എന്ന് പറഞ്ഞിട്ടുണ്ട്. ഓ അദ്ദിക്ർ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് പറയുന്നവനേ, നിശ്ചയം നീ ജിന്നുബാധിച്ചവൻ (ഭ്രാന്തുപിടിച്ചവൻ) തന്നെയാകുന്നു എ ന്ന് കാഫിറുകൾ പ്രവാചകനെക്കുറിച്ച് പറഞ്ഞിരുന്നതായി 15: 6 ൽ പറഞ്ഞിട്ടുണ്ട്. അദ്ദി ക്ർ കൊണ്ടുവരുന്നത് ജിന്നുകളാണെന്നായിരുന്നു ആ ജനത ആരോപിച്ചിരുന്നത്. അതി ന് മറുപടിയായി 26: 210–212 സൂക്തങ്ങളിൽ, ഇതും കൊണ്ട് -അദ്ദിക്റും കൊണ്ട്- പിശാ ചുക്കൾ ഇറങ്ങിയിട്ടില്ല, അത് അവർക്ക് യോജിച്ചതുമല്ല, അത് അവർക്ക് സാധിക്കുന്നതു മല്ല, നിശ്ചയം അവർ അത് കേൾക്കുന്നതിനെത്തൊട്ട് അകറ്റപ്പെട്ടവർ തന്നെയാണ് എന്ന് പറഞ്ഞിട്ടുണ്ട്. അറബി ഖുർആനിൽ നിന്നല്ല, അദ്ദിക്റിൽ നിന്നാണ് പിശാച് തടയുക എ ന്ന് 7: 175; 25: 27–30 തുടങ്ങിയ സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 81: 22 ൽ, നിങ്ങളുടെ കൂട്ടു കാരൻ ജിന്നുബാധിച്ച് ഭ്രാന്ത് പറയുന്നവനല്ലെന്നും; 81: 25 ൽ, ഇത് അകറ്റപ്പെട്ട പിശാചി ന്റെ വാക്കുകളല്ല എന്നും; 81: 27 ൽ, നിശ്ചയം ഇത് സർവ്വലോകങ്ങൾക്കുമുള്ള ഒരു ഉണർ

ത്തൽ അല്ലാതെ അല്ല എന്നും പറഞ്ഞിട്ടുണ്ട്. 53: 2-4 സൂക്തങ്ങളിൽ, നിങ്ങളുടെ കൂട്ടുകാരൻ വഴിപിഴച്ചിട്ടൊന്നുമില്ല, അവൻ ലക്ഷ്യബോധം നഷ്ടപ്പെട്ടവനുമായിട്ടില്ല, അവൻ ദേഹേച്ഛയനുസരിച്ച് പ്രതിഫലിപ്പിക്കുന്നുമില്ല, നിശ്ചയം ഇത് അവന് നൽകുന്ന ദിവ്യസന്ദേശമല്ലാതെ അല്ല എന്നും പറഞ്ഞിട്ടുണ്ട്.

3: 102; 8: 48 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാത്ത ഫുജ്ജാറുകളായ കാഫിറുകളാണ് ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കിയ വിശ്വാസിയെക്കുറിച്ച് ഭ്രാന്തനെന്ന് പറയുക. എന്നാൽ അവർ തന്നെയാണ് ഗ്രന്ഥത്തിൽ 52 സൂക്തങ്ങളിൽ പറഞ്ഞ പിശാചിനെ സേവിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ഭ്രാന്തന്മാർ. 2: 212; 3: 106-108; 6: 89-90 വിശദീകരണം നോക്കുക.

185. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യത്തെക്കുറിച്ച് അവർ നോക്കുന്നില്ലേ -അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിനെയും; നിശ്ചയം അവരുടെ അവധി അടുത്തുവരാറായി എന്നും, അപ്പോൾ ഇതിനുശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിക്കാൻ പോകുന്നത്?

3: 191-192 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ബുദ്ധിമാന്മാരായ വിശ്വാസികൾ ആകാശഭൂമികളുടെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളുടെയും സൃഷ്ടിപ്പിനെക്കുറിച്ച് ആലോചിച്ച് അതിന്റെ പിന്നിലുള്ള ഏകനായ സ്രഷ്ടാവിനെ കണ്ടെത്തുന്നവരും ഇതെല്ലാം ലക്ഷ്യത്തോടുകൂടി മാത്രം സൃഷ്ടിച്ചതാണ്, അല്ലാതെ വ്യർഥാ സൃഷ്ടിച്ചതല്ല എന്നും; അതിന്റെ പിന്നിലുള്ള ലക്ഷ്യം മനസ്സിലാക്കി ജീവിച്ചിട്ടില്ലെങ്കിൽ നാളെ നരകശിക്ഷയാണുള്ളതെന്ന് ഇവിടെവെച്ചുതന്നെ തിരിച്ചറിയുന്നവരും എപ്പോഴും 'അല്ലാഹ്' എന്ന സ്മരണയിൽ നിലകൊള്ളുന്നവരുമാണ്. 42: 29 ൽ, ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിലും പരത്തിയിട്ടിട്ടുള്ള ജീവജാലങ്ങളുടെയും സൃഷ്ടിപ്പ് അവൻ ഉണ്ട് എന്നതിന് തെളിവാണ്, അവൻ ഉദ്ദേശിക്കുമ്പോൾ അവയെയെല്ലാം ഒരുമിച്ചുകൂട്ടാൻ കഴിവുള്ളവൻ തന്നെയാണവൻ എന്ന് പറഞ്ഞിട്ടുണ്ട്. 44: 38-39 സൂക്തങ്ങളിൽ, ആകാശഭൂമികളെയും അവയ്ക്ക് രണ്ടിനുമിടയിലുള്ളതിനെയും നാം തമാശയായി സൃഷ്ടിച്ചിട്ടുള്ളതല്ല തന്നെ, അവ രണ്ടിനേയും ലക്ഷ്യത്തോടെയല്ലാതെ സൃഷ്ടിച്ചിട്ടേയില്ല, എന്നാൽ ജനങ്ങളിൽ അധികപേരും അറിവില്ലാത്തവർ തന്നെയാകുന്നു എന്നും; 45: 22 ൽ, ആകാശങ്ങളെയും ഭൂമിയെയും ലക്ഷ്യത്തോടുകൂടി സൃഷ്ടിച്ചിരിക്കുന്നു -നിങ്ങളിൽ ഓരോ ആത്മാവിനും അത് സമ്പാദിച്ചതിന് പ്രതിഫലം കൊടുക്കുന്നതിനുവേണ്ടി, അവർ അൽപം പോലും അനീതി കാണിക്കപ്പെടുകയുമില്ല എന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ ആകാശഭൂമികൾ തന്നെയും സൃഷ്ടിച്ചത് മനുഷ്യരെ ഈ ഭൂമിയിൽ നിയോഗിച്ച് അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണെന്നുള്ള വസ്തുതാത്രാസായ അദ്ദിക്ർ ഉപയോഗപ്പെടുത്തി കണ്ടെത്തണമെന്നാണ് സൂക്തം പഠിപ്പിക്കുന്നത്. 45: 12-13 സൂക്തങ്ങളിൽ, അല്ലാഹു എന്ന് പറയുന്നവൻ കപ്പലോടിക്കുന്നതിനുവേണ്ടി തന്റെ കൽപന പ്രകാരം സമുദ്രത്തെ നിങ്ങൾക്ക് വിധേയമാക്കിത്തന്നവനാണ്, നിങ്ങൾ അവന്റെ അനുഗ്രഹങ്ങൾ തേടിപ്പിടിക്കുന്നതിനും അങ്ങനെ നന്ദി പ്രകടിപ്പിക്കുന്നവരാകുന്നതിനും വേണ്ടി, ആകാശഭൂമികളും അവ രണ്ടിലുമുള്ള എല്ലാ ഒന്നും നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു, നിശ്ചയം അതിൽ ചിന്തിച്ച് പ്രതിഫലിപ്പിക്കുന്ന ജനതക്ക് ധാരാളം പാഠങ്ങളുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. അവൻ സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിനെക്കുറിച്ചും പഠിക്കുകയും അതിന്റെ പിന്നിലുള്ള സൃഷ്ടിവൈഭവനെ കണ്ടെത്തുകയും ചെയ്യുന്നവരാണ് ബുദ്ധിമാന്മാർ. 88: 17 ൽ, അപ്പോൾ അവർ ഒട്ടകത്തിലേക്ക് -അത് എങ്ങനെയാണ്

സൃഷ്ടിക്കപ്പെട്ടതെന്ന് നോക്കിയിട്ടില്ലെയോ എന്ന് ചോദിക്കുന്നതിന് മറുപടി: നീ പരിശുദ്ധനാണ് നാഥാ! എന്നാണ്. അഥവാ ആ ഒട്ടകത്തിന്റെ പിന്നിലുള്ള സൃഷ്ടിവൈഭവനെ ഞാൻ ആത്മാവ് കൊണ്ട് കണ്ടു, അവൻ ഉപമയില്ലാത്ത ഉദാഹരണമില്ലാത്ത എല്ലാറ്റിനും കഴിവുള്ള പരിശുദ്ധനാണ്, അവന്റെ സൃഷ്ടിവൈഭവം അപാരം തന്നെ എന്നാണ്.

'അവരുടെ അവധി അടുത്തുവരാറായി' എന്ന് സൂക്തത്തിൽ പറഞ്ഞതിന്റെ പൊരുൾ മരണത്തിന് അവധി നിശ്ചയിച്ചിട്ടുണ്ട് എന്നും അത് എപ്പോൾ വേണമെങ്കിലും വരാമെന്നുമാണ്. മരണശേഷമുള്ള ജീവിതത്തിനുവേണ്ടി ഓരോരുത്തരും എന്താണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് നോക്കിക്കാണാൻ 59: 18 ൽ അല്ലാഹു വിശ്വാസികളെ വിളിച്ച് കൽപിച്ചിട്ടുണ്ട്. ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ ഉപയോഗപ്പെടുത്തി ബോധത്തോടെ ജീവിക്കണമെന്നാണ് ഇത്തരം സൂക്തങ്ങളെല്ലാം പഠിപ്പിക്കുന്നത്. അതല്ലാതെ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത പ്രജ്ഞയറ്റവരും ലക്ഷ്യബോധം നഷ്ടപ്പെട്ട വഴിപിഴച്ച ദുർമാർഗികളുമായി മാറാൻ ഇടവരരുതെന്നുമാണ്. 4: 78, 87; 12: 111; 18: 6 തുടങ്ങി 12 സൂക്തങ്ങളിൽ പറഞ്ഞ വർത്തമാനം (*ഹദീസ്*) അല്ലാഹുവിന്റെ സംസാരമായ അദ്ദിക്ർ തന്നെയാണ്. അല്ലാഹുവിന്റെ സംസാരമായ അദ്ദിക്ർ ഒഴിവാക്കിക്കൊണ്ട് ഇനി മറ്റേതൊരു വർത്തമാനത്തിലാണ് നിങ്ങൾ വിശ്വസിക്കാൻ പോകുന്നത് എന്ന ആശയത്തോടുകൂടിയുള്ള സൂക്തമാണ് 77: 50. 45: 6 ൽ, ഇതെല്ലാം അല്ലാഹുവിന്റെ സൂക്തങ്ങളാണ്, നാം അത് നിനക്ക് ലക്ഷ്യത്തോടുകൂടി വിശദീകരിച്ച് തരികയാണ്, അപ്പോൾ അല്ലാഹുവിന് ശേഷവും അവന്റെ സൂക്തങ്ങൾക്ക് ശേഷവും വേറെ ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിക്കാൻ പോകുന്നത് എന്ന് ചോദിച്ചിട്ടുണ്ട്. 2: 94–95, 281; 4: 1–2, 78; 6: 75 വിശദീകരണം നോക്കുക.

186. ആരെയാണോ അല്ലാഹു വഴിപിഴക്കാൻ അനുവദിച്ചത്, അപ്പോൾ അവനെ സന്മാർഗത്തിലേക്കാക്കുന്ന ഒരു മാർഗദർശിയുമില്ല, അവരെ അവരുടെ അതിക്രമങ്ങളിൽ അന്ധരായി വിഹരിക്കാൻ വിട്ടേക്കുകയുമാണ്.

നിഷ്പക്ഷവാനായ നാഥൻ എല്ലാ ഓരോരുത്തർക്കും സന്മാർഗമോ ദുർമാർഗമോ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് 76: 3 ൽ പറഞ്ഞിട്ടുണ്ട്. 2: 119; 6: 104 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സന്മാർഗമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ സത്യപ്പെടുത്തി ജീവിക്കാത്ത ഒരാളെയും സന്മാർഗത്തിലാക്കാൻ നബിമാർക്കോ പ്രവാചകന്മാർക്കോ നാഥനുതന്നെയോ സാധ്യമല്ല. 2: 15–18 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ആണായിരിക്കട്ടെ പെണ്ണായിരിക്കട്ടെ, ആരാണോ എല്ലാ ഓരോ കാര്യവും വിശദീകരിക്കുന്ന അദ്ദിക്റിനെത്തൊട്ട് അത് വന്നുകിട്ടിയതിന് ശേഷം ബധിരരും ഊമരും അന്ധരുമായത്, അക്കൂട്ടർ ഏറ്റവും ദുഷിച്ച സ്ഥാനത്തുള്ളവരും ഏറ്റവും വഴിപിഴച്ചവരുമാണ്. 2: 108–110, 168–169, 257; 6: 115–116; 10: 33 വിശദീകരണം നോക്കുക.

187. ആ അന്ത്യമണിക്കൂറിനെത്തൊട്ട് എപ്പോൾ-എന്നാണ് അത് അയക്കപ്പെടുക എന്ന് അവർ നിന്നോട് ചോദിക്കുന്നുവല്ലോ? നീ പറയുക: നിശ്ചയം അതിനെക്കുറിച്ചുള്ള അറിവ് എന്റെ നാഥന്റെ പക്കൽ മാത്രമാകുന്നു, അതിന്റെ സമയം അവൻ ഒഴികെ മറ്റാർക്കും വെളിപ്പെടുത്തുകയില്ല, ആകാശങ്ങളിലും ഭൂമിയിലും അത് വളരെ കനത്തതായിരിക്കും, പെട്ടെന്നല്ലാതെ അത് നിങ്ങളിൽ വന്നെത്തുകയില്ല, നീയാണ് അതിന്റെ സൂക്ഷിപ്പുകാരനെന്ന മട്ടിലാണല്ലോ നിന്നോടവർ അതിനെക്കുറിച്ച് ചോദിക്കുന്നത്; നീ പറയുക: നിശ്ചയം അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു, പക്ഷേ ജനങ്ങളിൽ അധി

കപേരും അറിവില്ലാത്തവർ തന്നെയുമാകുന്നു.

33: 63 ൽ, ജനങ്ങൾ അന്ത്യമണിക്കൂറിനെക്കുറിച്ച് നിന്നോട് ചോദിക്കുന്നുവല്ലോ? നീ പറയുക: നിശ്ചയം അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു; നിനക്കെന്തറിയാം, ആ മണിക്കൂർ അടുത്തുതന്നെ സംഭവിച്ചെന്നും വന്നേക്കാം എന്ന് പ റഞ്ഞിട്ടുണ്ട്. 54: 49–50 സൂക്തങ്ങളിൽ, നിശ്ചയം എല്ലാ വസ്തുക്കളെയും നാം അവധി യോടും കണക്കോടും കൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്, നമ്മുടെ കൽപന നടപ്പിലാകാൻ ക ണ്ണ് ഇമ വെട്ടുന്ന സമയമല്ലാതെ വേണ്ടതുമില്ല എന്ന് പറഞ്ഞിട്ടുണ്ട്. 41: 47 ൽ, അന്ത്യമണി ക്കൂറിനെക്കുറിച്ചുള്ള അറിവ് അവനിലേക്ക് മടക്കപ്പെടുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 36: 49–50 സൂക്തങ്ങളിൽ പറയുന്നു: ആ മണിക്കൂറിനെ നിങ്ങൾ ഒരു ഘോരഗർജ്ജനമായിട്ടല്ലാതെ കാണുകയില്ല, നിങ്ങൾ പരസ്പരം തർക്കിച്ചുകൊണ്ടിരിക്കുമ്പോഴായിരിക്കും അത് സംഭ വിക്കുക. അപ്പോൾ നിങ്ങൾക്ക് *വസ്വിയ്യത്ത്* ചെയ്യാനോ സ്വന്തം കുടുംബാംഗങ്ങളിലേക്ക് തിരിച്ചുപോകാനോ സമയം ലഭിക്കുകയില്ല. അതായത് ആകാശഭൂമികളിൽ അത് കനത്ത തായിരിക്കും. 22: 1–2 സൂക്തങ്ങളിൽ, ഓ മനുഷ്യരേ! നിങ്ങൾ നിങ്ങളുടെ നാഥനെ സൂ ക്ഷിക്കുക, നിശ്ചയം ആ അന്ത്യമണിക്കൂറിന്റെ പ്രകമ്പനം വമ്പിച്ചത് തന്നെയാകുന്നു, ആ മണിക്കൂർ നടപ്പിലാകുമ്പോൾ മുലയൂട്ടുന്ന മാതാവ് കുഞ്ഞിനെ വലിച്ചെറിയുന്നത് നിന ക്ക് കാണാം, ഗർഭിണികൾ സമയത്തിന് മുമ്പുതന്നെ പ്രസവിക്കുന്നതാണ്, ജനങ്ങളെ നീ ലഹരി ബാധിച്ചവരായി കാണുന്നതാണ് –എന്നാൽ അവർ ലഹരിവസ്തുക്കൾ ഉപയോ ഗിച്ചിട്ടില്ല, പക്ഷേ അല്ലാഹുവിന്റെ ശിക്ഷ അതികഠിനമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. 76: 27 ൽ, നിശ്ചയം ഇക്കൂട്ടർ അവരുടെ പിന്നാലെയുള്ള ഭാരം കൂടിയ ഒരു ദിനത്തെ വെടിഞ്ഞു കൊണ്ട് ഐഹികലോകത്തിനുവേണ്ടി ധൃതി കൂട്ടുന്നവരാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

2: 255 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനിയായ പ്രപഞ്ചനാഥൻ പ്രപഞ്ചത്തിൽ ന ടക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അന്ത്യമണിക്കൂറിനെക്കുറിച്ചും ആദ്യമേ തീരുമാനി ച്ച് അവന്റെ ത്രികാലജ്ഞാനമായ അദ്ദിക്റിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 84: 1–5 സൂക്ത ങ്ങളിൽ, ആകാശം പൊട്ടിപ്പിളരുമ്പോൾ, അങ്ങനെ സംഭവിക്കാൻ അതിന്റെ നാഥൻ അ തിന് സമ്മതം കൊടുക്കുമ്പോൾ, ഭൂമി അതിലുള്ളതെല്ലാം പുറന്തള്ളി കാലിയാവുകയും അത് നീട്ടിപ്പരത്തപ്പെടുകയും ചെയ്യുമ്പോൾ, അങ്ങനെ സംഭവിക്കാൻ അതിന്റെ നാഥൻ അതിന് സമ്മതം നൽകുകയും ചെയ്യുമ്പോൾ എന്ന് പറഞ്ഞതിൽ നിന്ന് അന്ത്യമണിക്കൂ റിന്റെ സമയം നിജപ്പെടുത്തിവെച്ചിട്ടുള്ള നാഥൻ സമയമാകുമ്പോൾ അത് നടപ്പിലാക്കു ന്നതാണ് എന്ന് മനസ്സിലാക്കാം. ഏതൊരാളും അറിവില്ലാത്ത ഏതൊരു കാര്യവും അദ്ദി ക്റിന്റെ രചയിതാവിനോട് ചോദിക്കാനാണ് 16: 43 ലും 21: 7 ലും കൽപിച്ചിട്ടുള്ളത്. വിചാ രണയില്ലാതെ സ്വർഗത്തിലേക്ക് മുൻകടക്കുന്ന അവസാനത്തെ സാബിഖായ അവൻ സ്വർ ഗത്തിലേക്ക് പോയതിനുശേഷം മാത്രമാണ് 6: 158 ൽ വിവരിച്ച അന്ത്യമണിക്കൂറിന്റെ പ്ര ധാനപ്പെട്ട അടയാളങ്ങളിൽ ആദ്യത്തേത് പ്രത്യക്ഷപ്പെടുക. 4: 158–159; 6: 59, 123–124; 7: 127, 137 വിശദീകരണം നോക്കുക.

188. നീ പറയുക: ഞാൻ എനിക്ക് തന്നെ ഒരു ഉപകാരമോ ഉപദ്രവമോ വരുത്താൻ അധികാരമില്ലാത്തവനാകുന്നു –അല്ലാഹു എന്താണോ എനിക്ക് ഉദ്ദേശിച്ചത് അ ത് ഒഴികെ, ഞാൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനായിരുന്നെങ്കിൽ ഞാൻ എനിക്ക് നന്മകളിൽ നിന്ന് ധാരാളം വർദ്ധിപ്പിക്കുക തന്നെ ചെയ്യുമായിരുന്നു, എന്നെ തിന്മ ബാധിക്കുകയും ചെയ്യുമായിരുന്നില്ല, നിശ്ചയം ഞാൻ ഒരു മുന്ന റിയിപ്പുകാരനും വിശ്വാസികളായ ജനതക്കുവേണ്ടി ഒരു ശുഭവാർത്താദായക

നുമല്ലാതെ മറ്റാരുമല്ല.

4: 118 ൽ വിവരിച്ച പ്രകാരം എക്കാലത്തും പ്രവാചകന്റെ ജനതയിൽ നിന്നുള്ള 1000 ത്തിൽ 999 കാഫിറുകളും പ്രവാചകനെയും അദ്ദിക്റിനെയും തള്ളിപ്പറയുന്നവരാണ്. 17: 90-93 സൂക്തങ്ങളിൽ, അവർ പറയുകയും ചെയ്യുന്നു: നീ ഞങ്ങൾക്ക് ഒരു ഉറവ് പുറപ്പെടുവിപ്പിക്കുന്നത് വരെ ഞങ്ങൾ ഒരിക്കലും നിന്നിൽ വിശ്വസിക്കുകയില്ല, അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയാലും മുന്തിരിയാലുമുള്ള ഒരു തോട്ടമുണ്ടാവുകയും അവക്കിടയിലൂടെ നദികൾ ധാരമുറിയാതെ പൊട്ടിയൊഴുകുകയും ചെയ്യട്ടെ, അതല്ലെങ്കിൽ നീ ഭീഷണിപ്പെടുത്തുന്നതുപോലെ ആകാശത്തെ ഞങ്ങളുടെമേൽ കഷ്ണം കഷ്ണമായി വീഴ്ത്തുകയോ അല്ലെങ്കിൽ അല്ലാഹുവിനെയും മലക്കുകളെയും ഞങ്ങളുടെ മുമ്പിൽ നേരിട്ട് കൊണ്ടുവരികയോ ചെയ്യുന്നതുവരെ, അല്ലെങ്കിൽ നിനക്ക് നവരത്നങ്ങളാലുള്ള ഒരു വീട് ഉണ്ടാകുന്നതുവരെ, അതുമല്ലെങ്കിൽ നീ ആകാശത്തിലേക്ക് കയറിപ്പോകുന്നത് ഞങ്ങൾ കാണുന്നതുവരെ, എന്നിട്ട് ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം നീ ഇറക്കിക്കൊണ്ടുവരുന്നതുവരെ നിന്റെ ആകാശാരോഹണത്തിൽ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല. നീ പറയുക, എന്റെ നാഥൻ ഏറ്റവും പരിശുദ്ധനാണ്, ഞാൻ ഒരു സന്ദേശവാഹകനായ മനുഷ്യനല്ലാതെ മറ്റാരെങ്കിലുമാണോ എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് വിരണ്ടോടുക, നിശ്ചയം ഞാൻ നിങ്ങൾക്ക് അവനിൽ നിന്നുള്ള ഒരു വ്യക്തമായ മുന്നറിയിപ്പുകാരൻ തന്നെയാകുന്നു, നിങ്ങൾ അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെ സ്ഥാപിക്കുകയുമരുത്, നിശ്ചയം ഞാൻ നിങ്ങൾക്ക് അവനിൽ നിന്നുള്ള ഒരു വ്യക്തമായ മുന്നറിയിപ്പുകാരൻ തന്നെയാകുന്നു എന്ന് 51: 50-51 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 272; 4: 27-28; 6: 35; 10: 15-16 വിശദീകരണം നോക്കുക.

189. അവൻ തന്നെയാണ് നിങ്ങളെ ഒരൊറ്റ ആത്മാവിൽ നിന്ന് സൃഷ്ടിച്ചത്, അതിൽ നിന്ന് തന്നെ അതിന്റെ ഇണയെ ഉണ്ടാക്കുകയും ചെയ്തു, അവൻ അവളിലേക്ക് ശാന്തിയടയേണ്ടതിന് വേണ്ടി, അങ്ങനെ ആ ആത്മാവ് രണ്ടും പുണർന്ന് ഒന്നായപ്പോൾ, അവൾ ഒരു ചെറിയ ഭാരം -ഗർഭം- ചുമക്കുകയായി, അതും പേറി അവൾ നടന്നു; പിന്നീട് അത് ഭാരം കൂടിയപ്പോൾ അവർ രണ്ടുപേരും തങ്ങളുടെ നാഥനായ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയായി: നീ ഞങ്ങൾക്ക് ഒരു സൽ സ്വഭാവിയായ സന്താനത്തെ പ്രദാനം ചെയ്യുകയാണെങ്കിൽ നിശ്ചയം ഞങ്ങൾ നിനക്ക് നന്ദി പ്രകടിപ്പിക്കുന്നവരിൽ പെട്ടവർ തന്നെയായിരിക്കും.

30: 21 ൽ, സ്രഷ്ടാവ് ഉണ്ട് എന്നതിന് തെളിവാണ് നിങ്ങൾക്ക് നിങ്ങളിൽ നിന്നുതന്നെയുള്ള ഇണകളെ സൃഷ്ടിച്ച് തന്നത്, നിങ്ങൾ അവളിൽ ശാന്തിയടയുന്നതിന് വേണ്ടി, നിങ്ങൾക്കിടയിൽ അവൻ പരസ്പരം സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു, നിശ്ചയം അതിൽ ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ഒറ്റ ആത്മാവിൽ നിന്നും ആണിന്റെയും പെണ്ണിന്റെയും ബീജങ്ങൾ കൂട്ടിച്ചേർത്ത് എല്ലാ ജീവികളെയും സൃഷ്ടിച്ച നാഥൻ തന്നെയാണ് അവൻ ഉദ്ദേശിച്ച പ്രകാരം ഗർഭപാത്രത്തിൽ വെച്ച് മനുഷ്യനെ രൂപപ്പെടുത്തിയിട്ടുള്ളത്. ഒറ്റ ആത്മാവിൽ നിന്നും അതിന്റെ ഇണയെ സൃഷ്ടിച്ചിട്ടുള്ളത് അവളിൽ പൂർണമായി ശാന്തി നേടുന്നതിന് വേണ്ടിയാണ്. എന്നാൽ 8: 48 ൽ വിവരിച്ച പ്രകാരം ഹൃദയത്തിൽ കുടികൊള്ളുന്ന ആത്മാവിന്റെ ജിന്നുകൂട്ടുകാരനെ/ജിന്നുകൂട്ടുകാരിയെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കി മാറ്റിയാൽ മാത്രമേ ഇണകളിൽ മാത്രം ശാന്തി അടയുന്നവരാവുകയുള്ളൂ. 7: 26 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനമായ അദ്ദിക്റിനെ തള്ളിപ്പറഞ്ഞ് ജീവിക്കുന്ന ഫുജ്ജാറുകൾ ഇണ ചേരു

മ്പോൾ പരസ്ത്രീ-പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് ഹൃദയം കൊണ്ട് കാണുക. അതെല്ലാം തന്നെ 17: 13-14 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അവരുടെ കർമരേഖയിൽ കൊത്തിവെക്കുന്നുമുണ്ട്. പ്രസ്തുത ബോധമില്ലാതെ ഇവിടെ ജീവിച്ച ഭ്രാന്തന്മാരായ ഫുജ്ജാറുകൾക്ക് വിധിദിവസം അത് തുറന്ന പുസ്തകമായി നൽകപ്പെട്ട് ഓരോരുത്തരും വായിക്കുമ്പോൾ അതിലുള്ളതിൽ കുണ്ഠിതപ്പെടുന്ന രംഗം 18: 49 ൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

4: 34 ൽ വിവരിച്ച പ്രകാരം പുരുഷന്മാരെ സ്ത്രീകളുടെ നിയന്ത്രാതാക്കളാക്കിയത് ലൈംഗികബന്ധത്തിൽ പുരുഷൻ ആത്മനിയന്ത്രണം പാലിച്ച് സ്ത്രീയുടെ കാമം ശമിപ്പിക്കുന്നതിനുവേണ്ടിയാണ്. അപ്പോൾ മാത്രമേ അതിൽ സജ്ജനങ്ങളായ സന്താനങ്ങൾ ഉണ്ടാവുകയുള്ളൂ. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഇവിടെ ജീവിക്കുന്നവർ മാത്രമേ 36: 56 ൽ പറഞ്ഞ പ്രകാരം ഇണകളായി സ്വർഗത്തിൽ പോവുകയുള്ളൂ. അല്ലാത്ത 1000 ത്തിൽ 999 ഫുജ്ജാറുകളും 37: 21-23 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഇണകളായി നരകക്കുണ്ഠത്തിലേക്ക് പോകുന്നതാണ്. അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന വിശ്വാസി ആത്മാവുകൊണ്ട് 'ഞങ്ങളെ ഒറ്റ ആത്മാവിൽ നിന്ന് പുരുഷന്റെയും സ്ത്രീയുടെയും മിശ്രിതമായ ബീജത്തിൽ നിന്ന് സൃഷ്ടിച്ച നാഥൻ പരിശുദ്ധനാകുന്നു' എന്ന് വാഴ്ത്തുന്നതാണ്. 2: 152; 3: 101-102; 4: 1-2; 7: 22-26 വിശദീകരണം നോക്കുക.

190. അങ്ങനെ നാം അവർക്ക് ഇരുവർക്കും സൽസ്വഭാവിയായ ഒരു സന്താനത്തെ നൽകിയപ്പോൾ അവർക്ക് ഇരുവർക്കും നൽകിയതിൽ അവർ രണ്ടുപേരും അവനിൽ പങ്കാളികളെ ആരോപിക്കുന്നവരായി, അപ്പോൾ അവർ പങ്കുചേർക്കുന്നതിനെത്തൊട്ടെല്ലാം അല്ലാഹു അത്യുന്നതനായിരിക്കുന്നു.

എല്ലാ ദമ്പതികളും സച്ചരിതരായ സന്താനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരാണ്. എന്നാൽ 1000 ത്തിൽ 999 പേരും സന്താനത്തെ ലഭിക്കുന്നതോടെ നാഥനിൽ പങ്കുചേർക്കുന്നവരായി മാറുകയാണ് ചെയ്യുന്നത്. ഇന്ന് ലോകരിൽ ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന ഫുജ്ജാറുകളായ മാതാപിതാക്കൾ മക്കൾക്ക് അദ്ദിക്ർ പഠിപ്പിച്ചുകൊടുക്കാത്തതിനാൽ അവർ ഇരുകൂട്ടരും നരകക്കുണ്ഠത്തിൽ ഒരുമിച്ചുകൂട്ടപ്പെട്ട് അവിടെ വെച്ച് അവർ പരസ്പരം തർക്കിക്കുകയും പഴിക്കുകയും ശപിക്കുകയും ചെയ്യുന്ന രംഗം 7: 37-39 സൂക്തങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 4: 48; 7: 172-174; 9: 113 വിശദീകരണം നോക്കുക.

191. യാതൊന്നും സൃഷ്ടിക്കാത്ത, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരുമായ ഒന്നിനെയാണോ അവർ അവന്റെ പങ്കാളികളാക്കുന്നത്?

16: 20-22 സൂക്തങ്ങളിൽ, അല്ലാഹുവിനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ യാതൊന്നും സൃഷ്ടിക്കാത്തവരും അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരുമാണ്, അവർ മരിച്ചുകിടക്കുന്നവരാണ്, ജീവിച്ചിരിപ്പുള്ളവർ പോലുമല്ല, എന്നാണ് പുനർജീവിപ്പിക്കപ്പെടുക എന്നുപോലും അവർക്ക് അറിയുകയുമില്ല. നിങ്ങളുടെ ഇലാഹ് ഏക ഇലാഹാണ്, അപ്പോൾ പരലോകം കൊണ്ട് വിശ്വസിക്കാത്തവരുണ്ടല്ലോ, അവരുടെ ഹൃദയങ്ങളിൽ വിരോധമാണുള്ളത്, അവർ അഹങ്കരിക്കുന്നവരുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന കപടവിശ്വാസികളും അവരുടെ അനുയായികളുമടങ്ങിയ ഫുജ്ജാറുകൾ തന്നെയാണ് 22: 73; 25: 17-18; 32: 4 തുടങ്ങിയ സൂക്തങ്ങളെയെല്ലാം തള്ളിപ്പറഞ്ഞുകൊണ്ട് പ്രപഞ്ചനാഥന് ഇടയാളന്മാരെയും ശുപാർശക്കാരെയും സ്വീകരിച്ചിട്ടുള്ളത്. 2: 165-167, 4: 117-118; 6: 36; 48: 6 വിശദീകരണം നോക്കുക.

192. അവർ ഇവരെ സഹായിക്കാൻ സാധിക്കുന്നവരുമല്ല, അവർ അവരെത്തന്നെയും സഹായിക്കാൻ സാധിക്കുന്നവരുമല്ല.

അവരെ സഹായിക്കുമെന്ന് കരുതി, അവർ അല്ലാഹുവിനെക്കൂടാതെ മറ്റു ഇലാഹുക ളെ തെരഞ്ഞെടുത്തിരിക്കുന്നു, ഇവർക്ക് അവരെ സഹായിക്കുവാൻ സാധ്യമല്ല, എല്ലാവ രെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അവർ ഇവർക്കെതിരെ വരുന്ന പട്ടാളക്കാരായിരിക്കുമെ ന്ന് 36: 74–75 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. നീ ചോദിക്കുക, നിങ്ങൾ അല്ലാഹുവിന് ജൽ പിക്കുന്ന പങ്കാളികളിൽ സൃഷ്ടിപ്പ് ആരംഭിക്കുകയും പിന്നെ അത് ആവർത്തിക്കുകയും ചെയ്യുന്നവരായി ആരെങ്കിലുമുണ്ടോ? നീ പറയുക, അല്ലാഹു മാത്രമാണ് സൃഷ്ടിപ്പ് ആ രംഭിക്കുകയും പിന്നീട് ആവർത്തിക്കുകയും ചെയ്യുന്നത്, അപ്പോൾ എങ്ങനെയാണ് നി ങ്ങൾ തെറ്റിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്? നീ ചോദിക്കുക: അല്ലാഹുവിന്റെ അധികാരാവ കാശങ്ങളിൽ നിങ്ങൾ പങ്കുചേർക്കുന്നവരിൽ ആരെങ്കിലും സത്യത്തിലേക്ക് മാർഗദർശ നം ചെയ്യുന്നവരായുണ്ടോ; നീ പറയുക: സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവൻ അല്ലാഹു മാത്രമാണ്. സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവനാണോ മാർഗദർശനം നൽകപ്പെട്ടാലല്ലാതെ സ്വയം സന്മാർഗ്ഗം കാണാൻ കഴിയാത്തവനാണോ പിന്തുടരപ്പെ ടാൻ ഏറ്റവും അർഹനായിട്ടുള്ളവൻ, അപ്പോൾ നിങ്ങൾക്ക് എന്തുപറ്റി? എത്ര അന്യായ മായ തീരുമാനമാണ് നിങ്ങൾ കൈക്കൊള്ളുന്നത് എന്ന് 10: 34–35 സൂക്തങ്ങളിൽ ചോദി ച്ചിട്ടുണ്ട്. 2: 254; 6: 21–24; 16: 27–29 വിശദീകരണം നോക്കുക.

193. നിങ്ങൾ അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അവർ നിങ്ങളെ പിൻപറ്റുക യില്ല, നിങ്ങൾ അവരെ വിളിക്കുന്നതും അല്ലെങ്കിൽ നിങ്ങൾ മൗനം പാലിക്കു ന്നതും നിങ്ങളുടെമേൽ സമമാണ്.

ഇവിടെ 'നിങ്ങൾ' എന്ന് പറഞ്ഞത് പ്രവാചകനെയും പ്രവാചകനോടൊപ്പമുള്ള വി ശ്വാസികളെയുമാണ്, അല്ലാതെ അല്ലാഹുവിനെക്കൂടാതെ മഹാത്മാക്കളെയോ വിഗ്രഹ ങ്ങളെയോ വിളിച്ച് പ്രാർത്ഥിക്കുന്നവരെക്കുറിച്ചല്ല. 'അവർ നിങ്ങളെ പിൻപറ്റുകയില്ല' എ ന്ന് പറഞ്ഞത് അന്ന് മക്കാമുശ്രിക്കുകളെക്കുറിച്ചാണെങ്കിൽ ഇന്ന് 33: 73; 48: 6; 98: 6 തുട ങ്ങിയ സൂക്തങ്ങളിൽ പറഞ്ഞ കപടവിശ്വാസികളും അവരുടെ അനുയായികളായ മുശ്രി ക്കുകളുമടങ്ങിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളാണ്. അല്ലാതെ 9: 6 ൽ പ റഞ്ഞ ബഹുദൈവാരാധകരായ മുശ്രിക്കുകളെക്കുറിച്ചല്ല. ഏക ഇലാഹിനെ പരിചയപ്പെ ടുത്തുന്നതിന് വേണ്ടിയാണ് അദ്ദിക്ർ അവതരിപ്പിച്ചിട്ടുള്ളത് എന്നിരിക്കെ അതിനെ തള്ളി പ്പറഞ്ഞുകൊണ്ട് ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരായ ഫുജ്ജാറുകൾ പി ശാചിനെ സേവിച്ചുകൊണ്ടിരിക്കുന്നവരാണ്. 4: 150–151 സൂക്തങ്ങളിൽ പറഞ്ഞ അത്തരം യഥാർത്ഥ കാഫിറുകളെ വിശ്വാസി സന്മാർഗമായ അദ്ദിക്റിലേക്ക് വിളിച്ചാൽ അവർ പിൻ പറ്റുകയില്ല, അഥവാ അവരെ വിളിക്കുന്നതും വിളിക്കാതിരിക്കുന്നതും സമമാണ്. അ പ്പോൾ 2: 62 ൽ വിവരിച്ച പ്രകാരം ഗ്രന്ഥം ലഭിക്കാത്ത ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂ തർ, ക്രൈസ്തവർ, സൗരാഷ്ട്രർ തുടങ്ങി പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജ നവിഭാഗങ്ങൾക്കാണ് ഇന്ന് വിശ്വാസി പ്രപഞ്ചനാഥനെ പരിചയപ്പെടുത്തുന്നതിന് വേണ്ടി സ്വർഗത്തിലേക്കുതന്നെ തിരിച്ച് പോകാനുള്ള ടിക്കറ്റായ ഹൃദയത്തിന്റെ ഭാഷയിലുള്ള അദ്ദിക്ർ എത്തിച്ചുകൊടുക്കേണ്ടത്. 36: 10 ൽ, അവരുടെ മേൽ നീ മുന്നറിയിപ്പ് നൽകലും നൽകാതിരിക്കലും സമമാണ്, അവർ വിശ്വസിക്കുകയില്ല എന്നും; 36: 11 ൽ, നിശ്ചയം അ ദ്ദിക്ർ പിൻപറ്റുകയും നിഷ്പക്ഷവാനെ അദ്ദിക്റിൽ നിന്ന് കണ്ട് ഭയപ്പെടുകയും ചെയ്യുന്ന വനെ മാത്രമാണ് നീ മുന്നറിയിപ്പ് നൽകുക എന്നും പറഞ്ഞിട്ടുണ്ട്. 1: 7; 2: 6–7; 4: 140; 9:

28, 95 വിശദീകരണം നോക്കുക.

194.നിശ്ചയം അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവർ നിങ്ങളെപ്പോലെയുള്ള അടിമകൾ മാത്രമാണ്, അപ്പോൾ നിങ്ങൾ അവരെ വിളിക്കുക, അങ്ങനെ അവർ നിങ്ങൾക്ക് മറുപടി നൽകട്ടെ, നിങ്ങൾ സത്യസന്ധന്മാർ തന്നെയാണെങ്കിൽ!

സൂക്തത്തിൽ 'നിങ്ങൾ' എന്ന് അഭിസംബോധനം ചെയ്തത്, അല്ലാഹുവിനെക്കൂടാതെ സൃഷ്ടികളായ മരിച്ചുപോയ മഹാത്മാക്കളെയോ മറ്റോ വിളിച്ചുപ്രാർത്ഥിക്കുന്നവരും ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്നവരുമായ ഫുജ്ജാറുകളെയാണ്. 4: 117 ൽ വിവരിച്ച പ്രകാരം അല്ലാഹുവിനെ അല്ലാതെ അവന്റെ ഏത് സൃഷ്ടിയെ വിളിച്ച് പ്രാർത്ഥിക്കുന്നവരും സംശയം ജനിപ്പിക്കുന്ന പിശാചിനെയല്ലാതെ വിളിക്കുന്നില്ല. കാഫിറുകൾക്ക് അവരുടെ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതിന് പിശാചുക്കളെ നാം അയച്ചത് നീ കണ്ടില്ലേ എന്ന് 19: 83 ൽ ചോദിച്ചിട്ടുണ്ട്. അപ്പോൾ കാഫിറായ പിശാചിനെ വിളിച്ച് പ്രാർത്ഥിക്കുന്ന കാഫിറുകൾക്ക് അവൻ അവരുടെ ഐഹികലോകത്തെ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതും അവൻ അവരെ പാട്ടിലാക്കുന്നതുമാണ്. 19: 93 ൽ, ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാഒന്നും നിഷ്പക്ഷവാന് അടിമയായിട്ടല്ലാതെ വരുന്നില്ല എന്നും പറഞ്ഞിട്ടുണ്ട്. 4: 172; 6: 55; 27: 24 വിശദീകരണം നോക്കുക.

195.അവർക്ക് കാലുകളുണ്ടോ, അതുകൊണ്ട് നടക്കുന്നവരാകാൻ; അതോ അവർക്ക് കൈകളുണ്ടോ, അതുകൊണ്ട് പിടിക്കുന്നവരാകാൻ; അതോ അവർക്ക് കണ്ണുകളുണ്ടോ, അതുകൊണ്ട് കാണുന്നവരാകാൻ; അതോ അവർക്ക് കാതുകളുണ്ടോ, അതുകൊണ്ട് കേൾക്കുന്നവരാകാൻ; നീ പറയുക, നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുക, പിന്നെ എനിക്കെതിരെ നിങ്ങളുടെ തന്ത്രങ്ങൾ മെനയുക, അപ്പോൾ നിങ്ങൾ എനിക്ക് ഒട്ടും സാവകാശം നൽകേണ്ടതില്ല.

പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർക്ക് നിങ്ങളുടെ അടുത്തേക്ക് നടന്നുവരാനുള്ള കാലുകളുണ്ടോ, അല്ലെങ്കിൽ അവർക്ക് നിങ്ങളെ വന്ന് പിടിച്ച് എഴുന്നേൽപ്പിക്കാനുള്ള കൈകളുണ്ടോ, അല്ലെങ്കിൽ അവർക്ക് നിങ്ങളെ കാണുവാനുള്ള കണ്ണുകളുണ്ടോ, അല്ലെങ്കിൽ അവർക്ക് നിങ്ങളുടെ വിളികേൾക്കാനുള്ള ചെവികളുണ്ടോ എന്ന് ചോദിച്ച ശേഷം പ്രവാചകനോടും അതുവഴി വിശ്വാസികളോടും അദ്ദിക്റിനെ തള്ളിപ്പറയുക എന്നത് ഭക്ഷണമാക്കിയിട്ടുള്ള ഫുജ്ജാറുകളോട് വെല്ലുവിളി നടത്താൻ ആവശ്യപ്പെടുകയാണ്. അതായത് നിങ്ങളുടെ പങ്കാളികളെയെല്ലാം വിളിച്ച് നിങ്ങളെല്ലാവരും ചേർന്ന് എനിക്കെതിരായി തന്ത്രം മെനഞ്ഞുകൊള്ളുക, എനിക്ക് ഒട്ടും സാവകാശം നൽകേണ്ടതില്ല എന്നാണ് സൂക്തത്തിൽ പറയുന്നത്. ഇതുപോലെയുള്ള വെല്ലുവിളി 6: 80–81 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഇബ്രാഹീമും 10: 71 ൽ പറഞ്ഞ പ്രകാരം നൂഹും 11: 55–56 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം ഹൂദും നടത്തിയിട്ടുണ്ട്. 6: 56 ൽ വിവരിച്ച പ്രകാരം ഇത്തരം സൂക്തങ്ങളെല്ലാം വായിക്കുന്ന പ്രവാചകന്റെ ജനതയുടെ ബാധ്യതയാണ് ത്രികാലജ്ഞാനമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്ക് സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും തന്നെയില്ല എന്ന് അവരെ ഉണർത്തൽ. എന്നാൽ അതിന് വിരുദ്ധമായി അദ്ദിക്റിന്റെ 40 പേരുകളും അറിഞ്ഞുകൊണ്ട് മൂടിവെച്ച് അവരിലെ മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികൾ അനുയായികളെ നാഥന് പങ്കാളികളെ വിളിച്ച് പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നവരും അതിന് മൗനാനുവാദം നൽകുന്നവരുമാണ്. അങ്ങനെ വിചാ

രണയില്ലാതെ നരകത്തിലേക്ക് പോകാനുള്ള അവർ 14: 28–29 സൂക്തങ്ങളിൽ പറഞ്ഞ പ്രകാരം അനുയായികളെ ബോറന്മാരുടെ വീടായ നരകക്കുണ്ഠത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് വേദത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഒരു ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 9: 73 ൽ വിവരിച്ച പ്രകാരം നരകക്കുണ്ഠത്തിലേക്കുള്ള കുഫ്ഫാറുകളോടും കപടവിശ്വാസികളോടും വിശ്വാസി അതുകൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യാനും മാനുഷികഐക്യവും ശാന്തിയും സമാധാനവും നിലനിർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കാനുമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. 4: 91; 6: 90–91; 7: 168–169 വിശദീകരണം നോക്കുക.

196.നിശ്ചയം എന്റെ സംരക്ഷകൻ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു, അവൻ സജ്ജനങ്ങളെ തെരഞ്ഞെടുക്കുന്നവനുമാകുന്നു.

എല്ലാ മനുഷ്യരെയും ഭൂമിയിൽ നിയോഗിച്ചിട്ടുള്ളത് അല്ലാഹുവിന്റെ വീടായ സ്വർഗത്തിലേക്ക് തെരഞ്ഞെടുക്കാൻ പറ്റിയവർ ആരാണെന്ന് പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. അല്ലാഹുവിന്റെ പ്രതിനിധികളായിട്ടാണ് എല്ലാവരെയും ഭൂമിയിൽ നിശ്ചയിച്ചിട്ടുള്ളതെങ്കിലും അദ്ദിക്റിൽനിന്ന് അല്ലാഹുവിന്റെ സ്വഭാവം മനസ്സിലാക്കി ജീവിക്കുന്ന ആയിരത്തിൽ ഒന്നായ വിശ്വാസികൾ മാത്രമേ അല്ലാഹുവിന്റെ പ്രാതിനിധ്യം വഹിക്കേണ്ട വിധം വഹിക്കുന്നവരാവുകയുള്ളൂ. ഗ്രന്ഥം പരിചയപ്പെടുത്തുന്ന വിധം അല്ലാഹുവിൽ വിശ്വസിക്കുകയും അതിന്റെ വിധിവിലക്കുകൾ പിൻപറ്റുകയും ചെയ്യുന്നവരാണ് സജ്ജനങ്ങൾ. അഥവാ 58: 22 ൽ പറഞ്ഞ നബിമാരും സിദ്ധീഖീങ്ങളും ശുഹദാക്കളും സ്വാലിഹീങ്ങളുമെല്ലാം ചേർന്ന അല്ലാഹുവിന്റെ സംഘമാണ് ആദം മുതൽ അന്ത്യനാൾ വരെയുള്ള വിശ്വാസികളുടെ ഏക സംഘം. അദ്ദിക്ർ വന്നുകിട്ടിയിട്ട് അതുകൊണ്ട് അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് ജീവിക്കാത്ത ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും പിശാചിന്റെ പ്രതിനിധികളും അവനെ സേവിച്ചുകൊണ്ടിരിക്കുന്നവരും മരണശേഷം അവന്റെ താവളത്തിലേക്ക് തിരിച്ചുപോകേണ്ടവരുമാണ്. അല്ലാഹുവിനെക്കൂടാതെ മറ്റുസംരക്ഷകന്മാരെ തെരഞ്ഞെടുക്കുന്നവരുണ്ടല്ലോ, അല്ലാഹു തന്നെയാണ് അവരുടെയും സംരക്ഷകൻ, നീ അവരുടെ കൈകാര്യകർത്താവൊന്നുമല്ല എന്ന് 42: 6 ലും വിശ്വസിക്കുകയും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയവരെയും നാം സജ്ജനങ്ങളിൽ പ്രവേശിപ്പിക്കുക തന്നെ ചെയ്യുമെന്ന് 29: 9 ലും പറഞ്ഞിട്ടുണ്ട്. 2: 257; 4: 69–70; 7: 170, 83: 18 വിശദീകരണം നോക്കുക.

197.നിങ്ങൾ അവനെക്കൂടാതെ വിളിച്ച് പ്രാർത്ഥിക്കുന്നവരുണ്ടല്ലോ, അവർക്ക് നിങ്ങളെ സഹായിക്കാൻ സാധ്യമല്ല, അവർക്ക് അവരെത്തന്നെയും സഹായിക്കാൻ സാധ്യമല്ല.

28: 62–64 ൽ, ഒരു നാളിൽ നാഥൻ അവരെ വിളിക്കുകയും എന്നിട്ട് ചോദിക്കുകയും ചെയ്യുന്നതാണ്: നിങ്ങൾ ഉറപ്പിച്ചുവെച്ചുകൊണ്ടിരുന്നവരായ എന്റെ പങ്കാളികൾ എവിടെ? ആരുടെ മേലിലാണോ ശിക്ഷാവചനം ബാധകമായത് അവർ പറയും: ഞങ്ങളുടെ നാഥാ, ഇക്കൂട്ടരെയാണ് ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരാക്കിയത്; ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരായിരുന്നതുപോലെ അവരെയും ഞങ്ങൾ ലക്ഷ്യബോധം നഷ്ടപ്പെട്ടവരാക്കിയതായിരുന്നു, ആ ഉത്തരവാദിത്തം ഞങ്ങൾ ഇതാ നിന്റെ മുമ്പിൽ ഒഴിവാക്കുന്നു, അവർ ഞങ്ങളെ ഒരിക്കലും സേവിച്ചുകൊണ്ടിരിക്കുന്നവരായിരുന്നില്ല. അവരോട് പറയപ്പെടുകയും ചെയ്യും: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുക, അപ്പോൾ

ഇവർ അവരെ വിളിക്കും, എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുന്നതല്ല, അവർ ശിക്ഷ നേരിൽ കാണുകയും ചെയ്യും, നിശ്ചയം അവർ സന്മാർഗം പ്രാപിച്ചവരായിരുന്നുവെങ്കിൽ എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് അവർ വിളിച്ച് പ്രാർത്ഥിക്കുന്ന മഹാത്മാക്കൾ, വിധിദിവസം 'അക്കൂട്ടർക്കും അവരുടെ പിതാക്കൾക്കും നീ ഭൗതികവിഭവങ്ങൾ നൽകി, അവർ അദ്ദിക്റിനെ വിസ്മരിച്ച് ഒരു കെട്ടജനതയായിത്തീരുന്നതുവരെ' എന്ന് അന്യായം പറയുമെന്ന് മുന്നറിയിപ്പ് നൽകുന്ന 25: 17–18 സൂക്തങ്ങൾ വായിക്കുന്നത് ഫുജ്ജാറുകൾ തന്നെയാണ്. 2: 154; 5: 36; 6: 25–30 വിശദീകരണം നോക്കുക.

198.നിങ്ങൾ അവരെ സന്മാർഗത്തിലേക്ക് വിളിച്ചാൽ അവർ അത് കേൾക്കുകയില്ല, അവർ നിന്നെ തുറിച്ചുനോക്കുന്നതായി നിനക്ക് കാണാം, എന്നാൽ അവർ ഉൾക്കാഴ്ച കാണുന്നവരാവുകയില്ല.

ഇവിടെയും 'നിങ്ങൾ' എന്നുപറഞ്ഞത് വിശ്വാസികളെക്കുറിച്ചാണ്. വിശ്വാസികൾ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളായ കാഫിറുകളെ സന്മാർഗമായ അദ്ദിക്റിലേക്ക് വിളിച്ചാൽ അവർ അത് കേട്ട ഭാവം നടിക്കുകയില്ല. അവർ വിളിച്ച ആളെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുമെന്നല്ലാതെ ഉൾക്കാഴ്ചാദായകമായ അദ്ദിക്ർ കാണാൻ തയ്യാറാവുകയില്ല. അദ്ദിക്ർ കേൾപ്പിക്കുമ്പോൾ കാഫിറുകളായവർ അത് കേൾപ്പിക്കുന്നവനെ ദഹിപ്പിക്കും വിധം തുറിച്ചുനോക്കുന്നതും നിശ്ചയം ഇവൻ ജിന്നുബാധിച്ചവനും പിഴച്ചവനുമാണ് എന്ന് പറയുന്നതുമാണ് എന്ന് 68: 51 ൽ പറഞ്ഞിട്ടുണ്ട്. മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളെയും അവരെ അന്ധമായി പിൻപറ്റുന്ന വിവിധ സംഘടനകളായിപ്പിരിഞ്ഞ് മുശ്രിക്കുകളായവരെയും അല്ലാഹുവിലേക്കും സ്വർഗ്ഗത്തിലേക്കുമുള്ള നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിലേക്ക് -വിജയം വരിക്കുന്ന ഏകസംഘത്തിലേക്ക്- വിളിച്ചാലുള്ള അവസ്ഥയാണിത്. എന്നാൽ ഗ്രന്ഥം തൊടുകയോ വായിക്കുകയോ ചെയ്തിട്ടില്ലാത്ത പ്രവാചകന്റെ സമുദായത്തിൽ പെട്ട ഇതരജനവിഭാഗങ്ങൾക്ക് വ്യക്തവും സ്പഷ്ടവുമായ നാഥന്റെ സംസാരമായ അദ്ദിക്ർ എത്തിച്ചുകൊടുക്കുമ്പോൾ അവർ അതിനെ പൂർണ്ണമനസ്സോടെ സ്വീകരിക്കുന്നതാണ്. 2: 18–19, 170; 6: 36, 89–90; 74: 49–50 വിശദീകരണം നോക്കുക.

199.നീ വിട്ടുവീഴ്ചയുടെ മാർഗ്ഗം സ്വീകരിക്കുക, നീ ന്യായം കൊണ്ട് കൽപിക്കുകയും ചെയ്യുക, അവിവേകികളെത്തൊട്ട് നീ അവഗണിക്കുകയും ചെയ്യുക.

200.പിശാചിൽ നിന്നുള്ള ഒരു പ്രേരണ നിന്നെ ബാധിക്കുന്നുവെങ്കിൽ, അപ്പോൾ നീ അല്ലാഹുവിനെക്കൊണ്ട് അഭയം തേടുക, നിശ്ചയം അവൻ എല്ലാം കേൾക്കുന്ന സർവ്വജ്ഞാനിയാകുന്നു.

23: 96 ൽ, നീ ഏറ്റവും നല്ലതുകൊണ്ട് തിന്മയെ തടയുക എന്നും; 23: 97–98 സൂക്തങ്ങളിൽ എന്റെ നാഥാ, പിശാചുക്കളുടെ പ്രലോഭനങ്ങളെത്തൊട്ട് ഞാൻ നിന്നിൽ അഭയം തേടുന്നു; എന്റെ നാഥാ, ആ പിശാചുക്കൾ എന്നെ സമീപിക്കുന്നതിനെത്തൊട്ടും ഞാൻ നിന്നിൽ അഭയം തേടുന്നു എന്ന് ആത്മാവുകൊണ്ട് പ്രാർത്ഥിക്കാനും കൽപിച്ചിട്ടുണ്ട്. 25: 63 ൽ, നാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കുന്ന ദാസന്മാർ ഭൂമിയിലൂടെ വിനീതരായി നടന്നുപോകുമ്പോൾ അവിവേകികളായ മൂഢന്മാർ അവരോട് തർക്കിച്ചുകൊണ്ട് സംസാരിക്കാൻ വന്നാൽ 'നിനക്ക് നിന്റെ പാട്ടിന് പോകാം' എന്ന ധ്വനിയിൽ അവർ സലാം പറഞ്ഞ് പിരിയുന്നവരുമാണ് എന്നും; 41: 34 ൽ, നന്മയും തിന്മയും സമമാവുകയില്ല, നീ ഏറ്റവും നല്ലതുകൊണ്ട് തിന്മയെ തടയുക, അപ്പോൾ നിനക്കും ആർക്കുമിടയിലാണോ ശത്രുതയുള്ളത്, അവർ ആത്മമിത്രമായി വരുന്നതാണ് എന്നും; 41: 35 ൽ, എന്നാൽ ഈ

സ്വഭാവം ഐഹികലോകത്തേക്കാൾ പരലോകത്തിന് പ്രാധാന്യം കൊടുക്കുന്ന ക്ഷമാലുക്കൾക്കും വിചാരണയില്ലാതെ സ്വർഗത്തിൽ പോകുന്ന മഹാഭാഗ്യവാന്മാർക്കുമല്ലാതെ ലഭിക്കുകയില്ല എന്നും; 41: 36 ൽ, നിന്നെ പിശാചിൽ നിന്നുള്ള ഒരു പ്രേരണ ബാധിച്ചാൽ അല്ലാഹുവിനെക്കൊണ്ട് ശരണം തേടുക, നിശ്ചയം അവൻ മാത്രമാണ് എല്ലാം കേൾക്കുന്ന സർവ്വജ്ഞാനി എന്നും പറഞ്ഞിട്ടുണ്ട്. ഇവിടെ ഏറ്റവും നല്ലതുകൊണ്ട് തിന്മയെ തടയുക എന്ന് പറഞ്ഞത് അദ്ദിക്ർ കൊണ്ട് തടയുക എന്നാണ്. ഏറ്റവും നല്ലതിനെ (*ഹുസ്നാ*യെ) സത്യപ്പെടുത്തിയവന് അവന്റെ എല്ലാ കാര്യങ്ങളും എളുപ്പമാക്കിക്കൊടുക്കുമെന്ന് 92: 6 ൽ പറഞ്ഞതിലെ 'ഏറ്റവും നല്ലത്' അദ്ദിക്ർ തന്നെയാണ്.

25: 33 ൽ പറഞ്ഞ ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്ർ ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ 10: 100 ൽ വിവരിച്ച പ്രകാരം നാഥന്റെ സമ്മതപത്രമായ അത് കൂടാതെ ഒരാളും വിശ്വാസിയാവുകയില്ല. 9: 73 ൽ വിവരിച്ച പ്രകാരം പ്രവാചകനും അതുവഴി വിശ്വാസികളും അദ്ദിക്റിനെ മൂടിവെക്കുന്ന കപടവിശ്വാസികളോടും അതിനെ തള്ളിപ്പറയുന്ന കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യാനും, നരകക്കുണ്ഠത്തിലേക്ക് പോകാനുള്ള അവരോട് കോപം പുലർത്താനും കൽപിക്കപ്പെട്ടിട്ടുണ്ട്. അജയ്യ ഗ്രന്ഥമായ അദ്ദിക്റിനാൽ പഠിപ്പിക്കപ്പെടുന്നതുപോലെയും മറ്റുള്ളവരെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതുപോലെയും നാഥന്റെ പ്രൗഢരായ പ്രതിനിധികളായി നിലകൊള്ളണമെന്നാണ് 3: 79 ൽ കൽപിച്ചിട്ടുള്ളത്. 3: 102, 159; 4: 63–64; 5: 50–51 വിശദീകരണം നോക്കുക.

201.നിശ്ചയം സൂക്ഷ്മാലുക്കളായവർ, പിശാചിൽ നിന്നുള്ള ഒരു സ്പർശനം –പ്രേരണ– അവരെ ബാധിച്ചാൽ അവർ ആത്മാവുകൊണ്ട് അല്ലാഹുവിനെ സ്മരിക്കലായി, അപ്പോഴതാ അവർ ഉൾക്കാഴ്ചയുള്ളവരായി മാറുന്നു.

2: 2 ൽ വിവരിച്ച പ്രകാരം ത്രികാലജ്ഞാനമായ അദ്ദിക്റിനെ സന്മാർഗമായി ഉപയോഗപ്പെടുത്തുന്നവരാണ് സൂക്ഷ്മാലുക്കൾ. എന്നാൽ പരീക്ഷണഘട്ടങ്ങളിൽ പിശാചിൽ നിന്നുള്ള ഒരു പ്രേരണ അവരെ ബാധിച്ചാൽ അവർ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹുവിനെ സ്മരിക്കുന്നതും അപ്പോൾ അവർ ഉൾക്കാഴ്ചയുള്ളവരായി മാറുന്നതുമാണ്. 4: 79 ൽ വിവരിച്ച പ്രകാരം നന്മ അല്ലാഹുവിൽ നിന്നും തിന്മ പിശാചിൽ നിന്നുമാണ്. എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തു സൂക്ഷിക്കുന്ന അദ്ദിക്ർ ഇന്ന് ഗ്രന്ഥമായി രൂപപ്പെട്ടിരിക്കെ അതിനെ മുറുകെപ്പിടിച്ചവൻ നാഥനെ മുറുകെപ്പിടിച്ച് നേരെച്ചൊവ്വെയുള്ള പാതയിലായിക്കഴിഞ്ഞു എന്ന് 3: 101 ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അത്തരം വിശ്വാസിയെ പിശാച് ബാധിക്കുകയില്ല. 2: 152; 5: 48; 7: 30; 8: 29 വിശദീകരണം നോക്കുക.

202.അവരുടെ സഹോദരന്മാരോ, അവരെ അവർ ദുർമാർഗത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോവുകയും പിന്നെ പിടി അയക്കാതിരിക്കുകയും ചെയ്യുന്നതാണ്.

6: 145 ൽ വിവരിച്ച പ്രകാരം മനുഷ്യപ്പിശാചുക്കളായ കപടവിശ്വാസികളും ആത്മാവിന്റെ ജിന്നുകൂട്ടുകാരനായ ജിന്നുപിശാചുക്കളും അദ്ദിക്റിൽ നിന്ന് തടഞ്ഞുകൊണ്ടാണ് മനുഷ്യനെ പിശാചിന്റെ വീടായ നരകക്കുണ്ഠത്തിലേക്ക് പിടിച്ചുവലിച്ച്, പിടി അയക്കാതെ കൊണ്ടുപോവുക. വിശ്വാസി 43: 36–39 സൂക്തങ്ങളിൽ പറഞ്ഞ തന്റെ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കുന്നതാണ്. ഞങ്ങൾ നിന്നെ മാത്രം സേവിക്കുന്നു, അതിന് നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു എന്ന് 1: 4 ൽ വായിക്കുന്ന വിശ്വാസി 1: 7 ൽ വിവരിച്ച അല്ലാഹുവിന്റെ കോപത്തിന് വിധേയരായ കപടവിശ്വാസികളിലും അവരെ അന്ധമായി പിൻപറ്റി വഴിപിഴച്ച അനുയായികളിലും ഉൾപ്പെടുത്തരുതേ എന്നാണ്

ആത്മാവുകൊണ്ട് പ്രാർത്ഥിക്കേണ്ടത്. 2: 168-169 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം ഈ രണ്ട് കൂട്ടരും പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നവരും വിശ്വാസികളെ ആ ജീവിത രീതിയിലേക്ക് പിടിച്ചുവലിച്ച് കൊണ്ടുപോകാൻ ശ്രമിക്കുന്നവരുമാണ്. 2: 186; 6: 112; 7: 146-147; 16: 35 വിശദീകരണം നോക്കുക.

203.നീ അവർക്കൊരു സൂക്തം കൊണ്ടുവന്നിട്ടില്ലെങ്കിൽ അവർ ചോദിക്കും: എന്തു കൊണ്ട് നീ അത് ഒരുമിച്ചുകൂട്ടി കൊണ്ടുവരുന്നില്ല; നീ പറയുക: നിശ്ചയം ഞാൻ എന്റെ നാഥനിൽ നിന്ന് എനിക്ക് ദിവ്യസന്ദേശമായി നൽകപ്പെടുന്നത് പിൻപറ്റുന്നവൻ മാത്രമാകുന്നു, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉൾക്കാഴ്ചദായകവും വിശ്വാസികളായ ഒരു ജനതക്ക് സന്മാർഗവും കാരുണ്യവുമാകുന്നു.

6236 സൂക്തങ്ങൾ അടങ്ങിയ ഗ്രന്ഥം പ്രവാചകന് 23 വർഷങ്ങൾ കൊണ്ട് ഘട്ടം ഘട്ടമായി അവതരിപ്പിക്കപ്പെട്ടത് അത് മനുഷ്യർക്ക് ഹൃദയത്തിന്റെ ഭാഷയിൽ വിവരിച്ചു കൊടുക്കുന്നതിന് വേണ്ടിയാണ്. പ്രവാചകന്റെ ജീവിതകാലത്ത് 16: 44 ൽ പറഞ്ഞ അദ്ദിക്ർ ഒറ്റ ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. എന്തുകൊണ്ട് ഗ്രന്ഥം ഒറ്റ പ്രതിയായി അവതരിപ്പിക്കപ്പെടുന്നില്ല എന്ന പ്രവാചകന്റെ കാലത്തുള്ള കാഫിറുകളുടെ ചോദ്യത്തിന് മറുപടിയായിക്കൊണ്ട് അവതരിപ്പിച്ചിട്ടുള്ളതാണ് ഈ സൂക്തം. അതായത് കാഫിറുകളുടെ ആവശ്യപ്രകാരം ഒരു ദൃഷ്ടാന്തം കൊണ്ടുവരാനോ അവർക്ക് മറുപടിയായി ഒരുസൂക്തം കൊണ്ടുവരാനോ പ്രവാചകന് സ്വന്തമായി സാധ്യമല്ല. 2: 23-24; 6: 155-157; 7: 52, 154, 25: 59 വിശദീകരണം നോക്കുക.

204.ഖുർആൻ വായിക്കപ്പെട്ടാൽ, അപ്പോൾ നിങ്ങൾ അത് ശ്രദ്ധിച്ചുകേൾക്കുകയും നിങ്ങൾ മൗനം ദീക്ഷിക്കുകയും ചെയ്യുവീൻ -നിങ്ങൾ അനുഗ്രഹിക്കപ്പെടുകതന്നെ വേണമെന്നതിന് വേണ്ടി.

ഖുർആൻ എന്നാൽ ആവർത്തിച്ച് വായിക്കപ്പെടാനുള്ളത് എന്നാണ്. 4: 163-165 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം 313 പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം ആവർത്തിച്ച് വായിക്കപ്പെടാനുള്ള അദ്ദിക്ർ തന്നെയാണ്. അദ്ദിക്ർ വ്യക്തമായ ഒരു വായനയാണെന്ന് 36: 69 ൽ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചനാഥനായ അല്ലാഹു അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചു: *നിങ്ങൾ ഗ്രന്ഥം വായിക്കുക, നിങ്ങളുടെ ഹൃദയം വായനയുമായി ഇണങ്ങുമ്പോൾ; നിങ്ങളുടെ വായനയും ഹൃദയവും തമ്മിൽ ഭിന്നിച്ചാൽ നിങ്ങൾ വായന നിർത്തി എഴുന്നേറ്റ് പോവുക.* ആത്മാവ് പങ്കെടുക്കാതെ ഗ്രന്ഥം വായിക്കുകയോ കേൾക്കുകയോ ചെയ്താൽ അവർ കേട്ട, കണ്ട, വായിച്ച സൂക്തങ്ങളും അവരുടെ തൊലികളും കേൾവികളുമെല്ലാം 17: 36; 41: 19-24 തുടങ്ങിയ സൂക്തങ്ങൾ പ്രകാരം വിധിദിവസം അവർക്കെതിരായി സാക്ഷ്യം വഹിക്കുകയും വാദിക്കുകയും ചെയ്ത് അവരെ നരകക്കുണ്ഠത്തിലേക്ക് തള്ളിവിടുന്നതാണ്. 4: 43 ൽ വിവരിച്ച പ്രകാരം *ആശയമില്ലാതെ ഗ്രന്ഥം വായിച്ചാൽ അവൻ വില്ലിൽ നിന്ന് അമ്പ് തെറിച്ചുപോകുന്ന വിധം ദീനിൽ നിന്ന് തെറിച്ചുപോകുന്നതാണ്.* അതുകൊണ്ട് എപ്പോഴാണോ ഒരാൾ ഗ്രന്ഥം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നത്, അവൻ അതിന് അനുയോജ്യമായ രീതിയിൽ ആത്മാവുകൊണ്ട് പ്രതികരിക്കേണ്ടതാണ്. ഈ സ്വഭാവം ലഭിക്കാൻ സൂക്തങ്ങളുടെ ആശയം അറിയൽ നിർബന്ധമാണ്, അല്ലാതെ ജീവനായ അർത്ഥം അറിഞ്ഞതുകൊണ്ട് പ്രയോജനമില്ല. 2: 2-5; 4: 150-151; 6: 36; 7: 26 വിശദീകരണം നോക്കുക.

205.നീ നിന്റെ നാഥനെ നിന്റെ ആത്മാവിൽ വളരെ വിനീതനായും ഉള്ളിന്റെയുള്ളിൽ ഭയപ്പെട്ടുകൊണ്ടും സ്മരിക്കുക, വാക്കുകൾ ഉച്ചരിക്കാതെ -പ്രഭാതങ്ങളിലും

പ്രദോഷങ്ങളിലും, നീ പ്രജ്ഞയറ്റവരിൽ ഉൾപ്പെടുന്നവനും ആകരുത്.

നാഥനെ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും സ്മരിക്കുക എന്ന് പറഞ്ഞാൽ പ്രഭാത-പ്രദോഷഭേദമന്യേ എല്ലായ്പ്പോഴും ആത്മാവുകൊണ്ട് സ്മരിക്കണമെന്നും പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും പ്രത്യേകിച്ച് സ്മരിക്കണമെന്നുമാണ്. 12: 3 ൽ, ഗ്രന്ഥം ലഭിക്കുന്നതിന് മുമ്പ് പ്രവാചകൻ പ്രജ്ഞയറ്റവൻ തന്നെയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ നീ പ്രജ്ഞയറ്റവരിൽ പെട്ടുപോകരുത് എന്ന് പറഞ്ഞതിന്റെ വിവക്ഷ, ത്രികാലജ്ഞാനമായ അദ്ദിക്ർ സമർപ്പിക്കുന്ന അല്ലാഹു നെഞ്ചുകളുടെ അവസ്ഥ അറിയുന്ന യുക്തിജ്ഞാനിയും ത്രികാലജ്ഞാനിയുമാണ് എന്നിരിക്കെ 'നാവുകൊണ്ട് പറഞ്ഞാൽ മാത്രമേ അല്ലാഹു കേൾക്കുകയുള്ളൂ' എന്ന് ധരിക്കുന്നവരിൽ നീ ഉൾപ്പെടരുത് എന്നാണ്. അപ്പോൾ ഗ്രന്ഥം കിട്ടിയതിനുശേഷം പ്രജ്ഞയറ്റവനാകരുതെന്നും സദാ 'അല്ലാഹ്' എന്ന സ്മരണ നിലനിർത്തി അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കണമെന്നുമാണ് പ്രവാചകനോടും അതുവഴി വിശ്വാസികളോടും കൽപിക്കുന്നത്. 36: 6 ൽ, യുക്തിനിർഭരമായ ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത് തങ്ങളുടെ പിതാക്കന്മാരാൽ മുന്നറിയിപ്പ് നൽകപ്പെടാത്തത് കാരണം പ്രജ്ഞയറ്റവരായ ഒരു ജനതയെ താക്കീത് നൽകാനാണ് എന്ന് പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥത്തിന്റെ ആത്മാവായ അദ്ദിക്റിനും അതുവഴി പരലോകത്തിനും പ്രാധാന്യം കൊടുക്കാതെ ശരീരത്തിനും ഐഹികജീവിതത്തിനും പ്രാധാന്യം കൊടുക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ ആത്മാവ് പങ്കെടുക്കാതെ ജഡം കൊണ്ടാണ് നമസ്കാരവും മറ്റെല്ലാ കർമങ്ങളും നിർവഹിക്കുന്നത്. അതുവഴി മക്കാമുശ്രിക്കുകളെക്കുറിച്ച് 8: 35 ൽ 'അവരുടെ നമസ്കാരവും പ്രാർത്ഥനയുമെല്ലാം ആർപ്പും വിളിയുമല്ലാതെയല്ല' എന്ന് പറഞ്ഞത് ഇവരിലും നടപ്പിലായിരിക്കുകയാണ്. ബുദ്ധിമാന്മാർ എല്ലാ ഇരുത്തങ്ങളിലും നടത്തങ്ങളിലും കിടപ്പുകളിലും ആത്മാവുകൊണ്ട് നാഥനെ സ്മരിക്കുന്നവരാണെന്ന് 3: 190–191 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2: 152; 6: 93–94; 7: 179; 17: 17 വിശദീകരണം നോക്കുക.

206.നിശ്ചയം നിന്റെ നാഥന്റെ അടുത്തുള്ളവർ ഒരിക്കലും അവനെ സേവിക്കുന്നതിനെത്തൊട്ട് അഹങ്കരിച്ച് പിന്തിരിയുന്നവരല്ല, അവർ അവനെ വാഴ്ത്തുന്നവരും അവന് സാഷ്ടാംഗം പ്രണമിക്കുന്നവരുമാകുന്നു.

ഗ്രന്ഥത്തിൽ തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം വരുന്ന 15 സൂക്തങ്ങളിൽ ആദ്യത്തെ സൂക്തമാണ് ഇത്. മറ്റു സൂക്തങ്ങൾ താഴെപ്പറയുന്നവയാണ്.

(1) 13: 15:-ആകാശഭൂമികളിലുള്ളവരും അവരുടെ നിഴലുകളുമെല്ലാം തന്നെ അനുസരണയോടുകൂടിയോ നിർബന്ധിതമായോ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു.

(2) 16: 48–50:-അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിനെയും അവർ കാണുന്നില്ലെയോ? -അവയുടെ നിഴലുകൾ ഇടതും വലതുമായിക്കൊണ്ട് അല്ലാഹുവിന് കീഴ്വണങ്ങിക്കൊണ്ടിരിക്കുന്നത്, അവ ദൈന്യത പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നവയുമാകുന്നു. ജീവികളിൽ നിന്ന് ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും മലക്കുകളും അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുന്നു, അവർ അഹങ്കരിക്കുന്നവരുമല്ല. അവർ തങ്ങളുടെ മീതെയുള്ള അവരുടെ നാഥനെ ഭയപ്പെടുന്നവരും അവരോട് കൽപിക്കപ്പെടുന്നതെന്തോ, അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

(3) 17: 107–109:-നീ പറയുക: നിങ്ങൾ സത്യമായ ഗ്രന്ഥം കൊണ്ട് വിശ്വസിക്കുകയോ വി

ശ്വസിക്കാതിരിക്കുകയോ ചെയ്തുകൊള്ളുവിൻ, നിശ്ചയം ഇതിന് മുമ്പ് ജ്ഞാനം നൽക പ്പെട്ടവരായവർ, അവരുടെമേൽ അത് വിശദീകരിച്ചുകൊടുക്കപ്പെട്ടാൽ അവർ വിനീതരാ യി മുഖം കുത്തി സാഷ്ടാംഗത്തിൽ വീഴുന്നതാണ്; അവർ പറയുന്നവരുമാണ്: ഞങ്ങളുടെ നാഥൻ പരിശുദ്ധനാകുന്നു, നിശ്ചയം ഞങ്ങളുടെ നാഥന്റെ വാഗ്ദാനം പുലരാനുള്ളത് ത ന്നെയുമാണ്, അവർ കരഞ്ഞുകൊണ്ട് വിനീതരായി മുഖം കുത്തി വീഴുമ്പോൾ അവരുടെ ഭയഭക്തി വർദ്ധിക്കുന്നതുമാണ്.

(4) 19: 58:-അക്കൂട്ടരെല്ലാമാണ് ആദം സന്തതികളിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹ ത്തിന് വിധേയമായിട്ടുള്ള നബിമാരിൽ നിന്നുള്ള ചിലർ; നൂഹിന്റെ കൂടെ നാം കപ്പലിൽ വഹിപ്പിച്ചവരിൽ നിന്നുള്ള ചിലർ, ഇബ്റാഹീമിന്റേയും ഇസ്റാഈലിന്റെയും സന്തതിപര മ്പരകളിൽ പെട്ട ചിലർ, നാം സന്മാർഗത്തിലാക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തി ട്ടുള്ളവരിൽ നിന്നുള്ള ചിലർ; നിഷ്പക്ഷവാന്റെ സൂക്തങ്ങൾ അവരുടെമേൽ വിശദീകരി ച്ച് കൊടുക്കപ്പെട്ടാൽ ഉടനെ അവർ കരഞ്ഞുകൊണ്ട് സാഷ്ടാംഗത്തിൽ വീഴുന്നതാണ്.

കാരുണ്യമായ അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആദം മുതൽ അന്ത്യനാൾ വ രെയുള്ള പ്രവാചകന്മാർ, നബിമാർ, വിശ്വാസികൾ തുടങ്ങിയവർ മാത്രമാണ് ഗ്രന്ഥത്തി ലെ സൂക്തങ്ങൾ വിവരിച്ച് കൊടുക്കപ്പെട്ടാൽ നാഥനെ നിഷ്പക്ഷവാനായി അംഗീകരിച്ചു കൊണ്ട് സാഷ്ടാംഗത്തിൽ വീഴുക. അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ പിശാ ചിന്റെ സംഘത്തിൽ പെട്ടവരും തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം ചെയ്യാത്തവരുമാ യതിനാൽ അവരുടെ മേൽ തന്നെയാണ് അല്ലാഹുവിന്റെ ശാപവും കോപവും വർഷിച്ചി ട്ടുള്ളത്.

(5) 22: 18:-നീ കണ്ടില്ലേ? നിശ്ചയം അല്ലാഹു; ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാവ രും അവന് സാഷ്ടാംഗപ്രണാമം ചെയ്യുന്നു, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവ്വത ങ്ങളും വൃക്ഷങ്ങളും ജീവജാലങ്ങളും മനുഷ്യരിൽ നിന്ന് അധികപേരും ശിക്ഷ ബാധക മായ ധാരാളം പേരും അവന് സാഷ്ടാംഗപ്രണാമം ചെയ്യുന്നു, ആരെയാണോ അല്ലാഹു ഹീനനാക്കിയത്, അവന് മാന്യത നൽകാൻ ആരുമുണ്ടാവുകയില്ല; നിശ്ചയം അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.

മനുഷ്യരിൽ ധാരാളം പേരും സാഷ്ടാംഗം പ്രണമിക്കുന്നു എന്ന് പറഞ്ഞത് പ്രവാചക ന്റെ സമുദായത്തിൽ പെട്ട ജൈനർ, ബുദ്ധർ, ഹൈന്ദവർ, ജൂതർ, ക്രൈസ്തവർ തുടങ്ങി യ ഇതരജനവിഭാഗങ്ങളെക്കുറിച്ചാണ്. ശിക്ഷ ബാധകമായ ധാരാളം പേരും സാഷ്ടാംഗ പ്രണാമം ചെയ്യുന്നു എന്ന് പറഞ്ഞത് ഇത്തരം സൂക്തങ്ങൾ വായിക്കുന്ന ഫുജ്ജാറുകളെ ക്കുറിച്ചാണ്. 8: 22 ൽ പറഞ്ഞ ചിന്താശക്തി ഉപയോഗപ്പെടുത്താത്തവരും അദ്ദിക്റിനെ ത്തൊട്ട് അന്ധരും ബധിരരും ഊമരുമായ ഇക്കൂട്ടർ ആത്മാവിനെ ശുദ്ധീകരിക്കാതെ അ വരുടെ ശരീരം കൊണ്ടുള്ള നമസ്കാരങ്ങളിൽ കോഴി കൊത്തുന്ന വേഗത്തിൽ സാഷ് ടാംഗപ്രണാമം ചെയ്യുന്നവരാണ്. തിലാവത്തിന്റെ സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാ മം നിർവഹിക്കാത്ത ഇക്കൂട്ടർക്ക് പിഴയായി നരകക്കുണ്ഠമാണ് ഒരുക്കി വെച്ചിട്ടുള്ളതെ ന്ന് 15: 44; 25: 34, 65-66 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്.

(6) 22: 77:-ഓ വിശ്വാസികളായിട്ടുള്ളവരേ! നിങ്ങൾ കുനിയുകയും സാഷ്ടാംഗം പ്രണ മിക്കുകയും നിങ്ങളുടെ നാഥനെ സേവിക്കുകയും ഉത്തമമായത് പ്രവർത്തിക്കുകയും ചെ യ്യുവീൻ, നിങ്ങൾ വിജയം വരിക്കുക തന്നെ വേണമെന്നതിനുവേണ്ടി.

അനുയായികൾ പ്രവാചകനോട് *സൂറത്ത് ഹജ്ജിൽ തിലാവത്തിന്റെ സാഷ്ടാംഗപ്ര*

ണാമം നടത്തേണ്ട രണ്ട് സ്ഥലങ്ങളുണ്ടോ എന്ന് ചോദിച്ചപ്പോൾ 'അതെ ഉണ്ട്, അത് നിർവഹിക്കാൻ കഴിയാത്തവർ ആ സൂക്തങ്ങൾ വായിക്കരുത്' എന്നാണ് പ്രവാചകൻ മറുപടി നൽകിയത്.

(7) 25: 60:–നിങ്ങൾ നിഷ്പക്ഷവാന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക എന്ന് അവരോട് പറയപ്പെട്ടാൽ അവർ ചോദിക്കുന്നതാണ്: 'ഏതൊന്നാണ് ഈ നിഷ്പക്ഷവാൻ, നീ കൽപിക്കുന്നതിനൊക്കെ ഞങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയോ?' അത് അവരുടെ വിരോധം വർധിപ്പിക്കുകയാണ് ചെയ്യുക.

അന്ന് മക്കാമുശ്രിക്കുകൾ പ്രവാചകനോട് അനുവർത്തിച്ചിരുന്ന നയമാണ് ഇതെങ്കിൽ ഇന്ന് ആയിരത്തിൽ ഒന്നായ വിശ്വാസി ഈ സൂക്തത്തിന്റെ ആശയം വിശദീകരിച്ചുകൊണ്ട് നിഷ്പക്ഷവാന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യണമെന്ന് പറയുമ്പോൾ പ്രപഞ്ചനാഥനെ നിഷ്പക്ഷവാനായി അംഗീകരിക്കാത്ത ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് ഫുജ്ജാറുകൾ സാഷ്ടാംഗപ്രണാമം ചെയ്യുകയില്ല എന്ന് മാത്രമല്ല, സൂക്തത്തിന്റെ കൽപനയെ ധിക്കരിച്ചുകൊണ്ട് സൂക്തം വിശദീകരിക്കുന്നവനോട് വെറുപ്പ് കാണിക്കുകയാണ് ചെയ്യുക.

(8) 27: 24–26:–ഞാൻ അവളെയും അവളുടെ ജനതയെയും അല്ലാഹുവിനെക്കൂടാതെ സൂര്യന് സാഷ്ടാംഗം പ്രണമിക്കുന്നവരായി കണ്ടെത്തി; അവരുടെ പ്രവർത്തനങ്ങൾ പിശാച് അവർക്ക് അലങ്കാരമാക്കി കൊടുത്തിരിക്കുന്നു, അങ്ങനെ അവൻ അവരെ യഥാർത്ഥ വഴിയെത്തൊട്ട് തടയുകയും ചെയ്തിരിക്കുന്നു, അപ്പോൾ അവർ സന്മാർഗ്ഗം പ്രാപിക്കുന്നവരായില്ല. ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞുകിടക്കുന്ന എല്ലാ വസ്തുക്കളും പുറത്തുകൊണ്ടുവരികയും നിങ്ങൾ ഗോപ്യമാക്കിവെക്കുന്ന ഒന്നും നിങ്ങൾ പരസ്യമാക്കുന്ന ഒന്നും അറിയുന്നവനുമായ അല്ലാഹുവിന് എന്തുകൊണ്ട് അവർ സാഷ്ടാംഗം പ്രണമിക്കുന്നില്ല? അല്ലാഹു, അവനല്ലാതെ മറ്റൊരു ഇലാഹുമില്ല, അവൻ മഹത്തായ സിംഹാസനത്തിന്റെ ഉടമയുമാണ്.

ഇലാഹ്:–വിളിച്ച് പ്രാർത്ഥിക്കപ്പെടാനും ഭയപ്പെടാനും ഭരമേൽപ്പിക്കപ്പെടാനും സഹായം തേടപ്പെടാനും ആരുടെ മുമ്പിലാണോ ജീവിതത്തെക്കുറിച്ച് ഉത്തരം പറയേണ്ടതും, അതിനെല്ലാം അർഹൻ പ്രപഞ്ചനാഥനായ അല്ലാഹു മാത്രമാണ്, അവൻ എല്ലാം അടക്കിഭരിക്കുന്ന മഹത്തായ സിംഹാസനത്തിന്റെ ഉടമയാണ്.

(9) 32: 15:–നിശ്ചയം, നമ്മുടെ സൂക്തങ്ങളെക്കൊണ്ട് വിശ്വസിക്കുന്നവരാകട്ടെ, അവർ അവ കൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ ഉണർത്തപ്പെട്ടാൽ തങ്ങളുടെ നാഥനെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും സാഷ്ടാംഗത്തിൽ വീഴുന്നതാണ്, അവർ ഒരിക്കലും അഹങ്കരിക്കുന്നവരാവുകയുമില്ല.

(10) 38: 24:–അവൻ പറഞ്ഞു: നിശ്ചയം നിന്റെ പെണ്ണാടിനെ അവന്റെ ആടുകളോടൊപ്പം ചേർക്കാൻ ആവശ്യപ്പെടുക വഴി അവൻ നിന്നോട് അക്രമം കാണിച്ചിരിക്കുന്നു, നിശ്ചയം കൂടിക്കലർന്ന് കഴിയുന്നവരിൽ അധികപേരും ചിലർ ചിലരുടെമേൽ അതിക്രമം കാണിക്കുന്നവർ തന്നെയാകുന്നു –വിശ്വാസികളായവരും സൽകർമങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും ഒഴികെ, അവർ കുറച്ചുപേർ മാത്രമാണുള്ളത്; ദാവൂദ് ധരിക്കുകയും ചെയ്തു: നിശ്ചയം അതുവഴി നാം അവനെ പരീക്ഷിക്കുക തന്നെയാണ് എന്ന്, അപ്പോൾ അവൻ തന്റെ നാഥനോട് പൊറുക്കലിനെത്തേടുകയും കുമ്പിട്ടുവീണ് ഖേദിച്ച് മടങ്ങുകയും ചെയ്തു.

99 ഭാര്യമാരുണ്ടായിരുന്ന ദാവൂദ് തന്റെ പട്ടാളക്കാരന്റെ ഭാര്യയെക്കൂടി തന്റെ ഭാര്യമാ

രോടൊപ്പം ചേർക്കുന്നതിനുവേണ്ടി ആഗ്രഹിച്ചപ്പോൾ ത്രികാലജ്ഞാനിയായ അല്ലാഹു ഒരുവിഭാഗം മലക്കുകളെ മനുഷ്യരൂപത്തിൽ ദാവൂദിന്റെ അടുത്തേക്ക് അയക്കുകയും, 'ഞങ്ങൾ തർക്കത്തിലകപ്പെട്ട രണ്ട് കക്ഷികളാണ്, അപ്പോൾ നീ ഞങ്ങൾക്കിടയിൽ സത്യം കൊണ്ട് വിധി കൽപിക്കുക, നീ ഞങ്ങളോട് അനീതി കാണിക്കുകയുമരുത്, ഞങ്ങളെ നീ നേരെച്ചൊവ്വെയുള്ള പാതയിലേക്ക് നയിക്കുകയും വേണം. നിശ്ചയം ഇത് എന്റെ സഹോദരനാണ്. അവന് 99 പെണ്ണാടുകളുണ്ട്, എനിക്ക് ഒരു പെണ്ണാട് മാത്രമാണുള്ളത്. അവൻ ആ ഒന്നിനെക്കൂടി എന്നെ ഏൽപിക്കുക എന്ന് പറയുന്നു, സംസാരത്തിൽ അവൻ എന്നെ അതിജയിക്കുകയും ചെയ്തിരിക്കുന്നു' എന്ന് അവരിലൊരാൾ പറയുകയും ചെയ്തു. ഇത് കേട്ടപ്പോൾ ദാവൂദ് വിധി കൽപിച്ചു: 'നിന്റെ പെണ്ണാടിനെ അവന്റെ ആടുകളോടൊപ്പം ചേർക്കാൻ ആവശ്യപ്പെടുക വഴി അവൻ നിന്നോട് അക്രമം കാണിച്ചിരിക്കുന്നു, കൂടിക്കലർന്ന് ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളും അധികവും അവിഹിതബന്ധത്തിന് ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതാണ്; വിശ്വാസികളും ആ വിശ്വാസം ലോകർക്ക് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയവരുമൊഴികെ -അവരാകട്ടെ, കുറച്ചുപേർ മാത്രമാണുള്ളത്'. അപ്പോഴേക്കും പട്ടാളക്കാരന്റെ ഭാര്യയെ മോഹിച്ചത് തെറ്റായിപ്പോയി എന്ന് ദാവൂദിന് ബോധ്യം വരികയും കുമ്പിട്ട് വീഴുകയും നാഥനോട് പൊറുക്കലിനെത്തേടുകയും അവനിലേക്ക് മടങ്ങുകയും ചെയ്തു.

ഈ സംഭവം തന്നെ പരീക്ഷിക്കുന്നതിന് വേണ്ടി അല്ലാഹു ഉണ്ടാക്കിയതാണ് എന്ന് തിരിച്ചറിഞ്ഞപ്പോഴാണ് ദാവൂദ് സാഷ്ടാംഗത്തിൽ വീണത്.

ഈ സൂക്തം വായിക്കുന്ന ഹുജ്ജാറുകൾ ഇവിടെ സാഷ്ടാംഗപ്രണാമം ചെയ്യൽ ദാവൂദിന് നിർബന്ധവും നമുക്ക് നന്ദിപ്രകടനത്തിന്റെ സാഷ്ടാംഗപ്രണാമവുമാണെന്ന് പ്രവാചകൻ പറഞ്ഞത് മറയാക്കി തിലാവത്തിന്റെ 15 സാഷ്ടാംഗപ്രണാമത്തിൽ ഒന്നായി ഇതിനെ പരിഗണിക്കുക പോലും ചെയ്യുന്നില്ല. അവരുടെ കണക്കിൽ 14 എണ്ണം മാത്രമാണ് തിലാവത്തിന്റെ സാഷ്ടാംഗപ്രണാമം. എന്നാൽ അവർ അതും നിർവഹിക്കുന്നില്ല.

20: 14 ൽ വിവരിച്ച പ്രകാരം യഥാർത്ഥത്തിൽ *ദിക്റീ* എന്ന ഗ്രന്ഥം നിലനിർത്താൻ വേണ്ടിയാണ് നമസ്കാരം നിലനിർത്താൻ കൽപിച്ചിട്ടുള്ളതുതന്നെ. എന്നാൽ ജിന്നുകൂട്ടുകാരനെ അദ്ദിക്ർ കൊണ്ട് വിശ്വാസിയാക്കാതെ നമസ്കരിക്കുന്ന ഇവർ പരസ്ത്രീ പരപുരുഷന്മാരുടെ ലൈംഗികാവയവങ്ങളാണ് നമസ്കാരത്തിൽ ഹൃദയം കൊണ്ട് കാണുന്നത്. അതെല്ലാം തന്നെ 17: 13-14 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം അവരുടെ പിരടിയിൽ ബന്ധിച്ചിട്ടുള്ള കർമരേഖയിൽ രേഖപ്പെടുത്തപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. യഥാർത്ഥത്തിൽ ഇന്ന് മറ്റ് 14 സാഷ്ടാംഗപ്രണാമത്തേക്കാളും പ്രാധാന്യം നൽകേണ്ടത് ദാവൂദിന് നിർബന്ധമാക്കപ്പെട്ട ഈ സാഷ്ടാംഗപ്രണാമം നിർവഹിക്കാനാണ്. എന്നാൽ ഇക്കാര്യം മനസ്സിലാവുക അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ആയിരത്തിലൊന്നായ വിശ്വാസിക്ക് മാത്രമാണ്. ഈ സാഷ്ടാംഗപ്രണാമം അധികമായി നിർവഹിക്കാനും മുൻകാലത്ത് അവരുടെ പിരടിയിലുള്ള കർമരേഖയിൽ കൊത്തിവെക്കപ്പെട്ടിട്ടുള്ള ലൈംഗികാവയവങ്ങൾ ഇറക്കിവെക്കുന്നതിനുവേണ്ടി നാഥനോട് ഏറ്റവും സാമീപ്യത്തിൽ നിലകൊള്ളുന്ന സാഷ്ടാംഗപ്രണാമത്തിൽ പൊറുക്കലിനെത്തേടാനും അവർക്കു മാത്രമേ സാധിക്കുകയുള്ളൂ. യഥാർത്ഥജ്ഞാനമായ അദ്ദിക്ർ ലോകർക്ക് എത്തിച്ചുകൊടുക്കുക വഴി അത് ലഭിക്കുന്നവരും അവരുടെ പിരടിയിലുള്ള കർമരേഖയിൽ നിന്ന് ഇത്തരം തിന്മകളും ഭാരങ്ങളും നീക്കിക്കിട്ടുന്നതിനുവേണ്ടി സാഷ്ടാംഗത്തിൽ വീണ് പൊറുക്കലിനെത്തേടുകയും പ്രായശ്ചിത്തമായി ഇതെല്ലാം ഉണർത്തുന്ന പ്രസ്തുത ഗ്രന്ഥം മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടു

ത്തുകൊണ്ട് അവരെയും അവർ അറിവില്ലാത്ത കാലത്ത് കയറ്റിവെച്ച പാപഭാരങ്ങൾ ഇറക്കിവെക്കാൻ സഹായിക്കുകയും ചെയ്യേണ്ടതാണ്. 25: 68-70 വിശദീകരണം നോക്കുക.

(11)41: 37-38:-രാവും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, സൂര്യനോ ചന്ദ്രനോ നിങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്യരുത്, അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്യുക, നിങ്ങൾ അവനെ മാത്രം സേവിച്ചു കൊണ്ടിരിക്കുന്നവരാണെങ്കിൽ! ഇനി അവർ അഹങ്കാരം നടിക്കുകയാണെങ്കിൽ അപ്പോൾ നിന്റെ നാഥന്റെ സമീപത്തുള്ളവരായവർ ആരോ, അവർ രാവും പകലും അവനെ പരിശുദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നവരാണ്, അവർ അതിന് മടുപ്പുളവാകുന്നവരുമല്ല.

ഈ സൂക്തം വായിക്കുന്നത് ലോകരിൽ ഫുജ്ജാറുകൾ മാത്രമാണ്. ചന്ദ്രന് സാഷ്ടാംഗ പ്രണാമം ചെയ്യുക എന്ന് പറഞ്ഞാൽ ചന്ദ്രന്റെ മുമ്പിൽ ശരീരം കൊണ്ട് സാഷ്ടാംഗം പ്രണമിക്കുക എന്നല്ല; മറിച്ച് നോമ്പ്, പെരുന്നാൾ, അറഫാദിനം എന്നിവ വിവിധ നാടുകളിലെ ചന്ദ്രദർശനം അടിസ്ഥാനമാക്കി കൊണ്ടുനടക്കുക എന്നാണ്. അങ്ങനെ ചെയ്യുന്നവരെല്ലാം മുശ്രിക്കുകളാണ്. പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ പ്രതീകമായി സ്ഥാപിച്ചിട്ടുള്ള ഭൂമിയുടെ കേന്ദ്രത്തിലുള്ള *കഅ്ബ*യെ *ഖിബ്ല*യായി അംഗീകരിച്ച് അവിടെ എന്നാണോ നോമ്പും പെരുന്നാളും അറഫാദിനവും വരുന്നത്, അതേദിവസം തന്നെ ലോകം മുഴുവൻ നോമ്പ്, പെരുന്നാൾ, അറഫാദിനം എന്നിവ കൊണ്ടുനടക്കുമ്പോൾ മാത്രമാണ് പ്രപഞ്ചനാഥന്റെ ഏകത്വം ലോകം മുഴുവൻ അംഗീകരിക്കുന്നവരാവുക. എന്നാൽ അല്ലാഹുവിനെ വിസ്മരിച്ച് പ്രവാചകനെ തള്ളിപ്പറഞ്ഞ് ഖിബ്ല അംഗീകരിക്കാതെ, വിവിധ നാടുകളിലെ ചന്ദ്രോദയം നോക്കി നോമ്പും പെരുന്നാളും അറഫാദിനവും കൊണ്ടുനടക്കുന്ന അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകൾ വ്യത്യസ്തങ്ങളായ മൂന്നും നാലും ദിവസങ്ങളിലായിട്ടാണ് ഇതെല്ലാം കൊണ്ടുനടക്കുന്നത്. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കാത്ത ഇത്തരം മുശ്രിക്കുകൾ ലോകത്തെവിടെയും ദിവസം മാറുന്നില്ല എന്ന പ്രാഥമിക വിവരം പോലുമില്ലാത്തവരാണ്. 2: 145; 9: 36-37 വിശദീകരണം നോക്കുക.

(12) 53: 59-62:-അപ്പോൾ ഈ വർത്തമാനത്തിലാണോ നിങ്ങൾ അത്ഭുതപ്പെട്ടുകൊണ്ടിരിക്കുന്നത്? നിങ്ങൾ ചിരിച്ചുകൊണ്ടിരിക്കുകയും നിങ്ങൾ കരയാതിരിക്കുകയും ചെയ്യുന്നുവോ? ലക്ഷ്യബോധമില്ലാതെ എല്ലാം തികഞ്ഞവരെന്ന മട്ടിൽ നിങ്ങൾ പാട്ടും പാടി നടക്കുന്നുവോ? അപ്പോൾ നിങ്ങൾ അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുകയും അവനെ സേവിച്ചുകൊണ്ടിരിക്കുകയും ചെയ്യുവീൻ.

(13) 84: 20-21:-അപ്പോൾ അവർ എന്തുകൊണ്ട് വിശ്വാസികളാവുന്നില്ല? അവരുടെമേൽ ഖുർആൻ വായിക്കപ്പെട്ടാൽ അവർ സാഷ്ടാംഗം പ്രണമിക്കുന്നവരാകുന്നുമില്ല.

(14) 96: 19:-അങ്ങനെയല്ല, നീ അവനെ അനുസരിച്ചുപോകരുത്, നീ സാഷ്ടാംഗപ്രണാമം ചെയ്യുകയും സാമീപ്യം തേടുകയും ചെയ്യുക.

അന്ത്യപ്രവാചകനായ മുഹമ്മദിന്റെ 45-ാം വയസ്സിലാണ് 96-ാം സൂറത്തിലെ അവസാനത്തെ 14 വചനങ്ങൾ അവതരിപ്പിക്കപ്പെട്ടത്. തന്റെ ഒരു അടിമ നമസ്കരിച്ചപ്പോൾ അവനെ തടയുന്ന ഒരുവനെ നീ കണ്ടുവോ എന്ന് 96: 9-10 സൂക്തങ്ങളിൽ ചോദിക്കുന്നു. പ്രവാചകന്റെ അന്നത്തെ നമസ്കാരരീതി ദൈർഘ്യമായ ഒറ്റ സാഷ്ടാംഗപ്രണാമം ആയിരുന്നു, എന്നല്ലാതെ സ്ത്രീപുരുഷന്മാർ നഗ്നരായി *കഅ്ബ*യെ പ്രദക്ഷിണം ചെയ്യുന്ന സന്ദർഭത്തിൽ നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ അവരെ നോക്കിക്കൊണ്ടായിരുന്നില്ല.

ഞാൻ, നീ, അവൻ, അവൾ എന്നെല്ലാം പറയുന്നത് ആത്മാവിനെക്കുറിച്ചാണ് എന്നി

രിക്കെ ആത്മാവിന്റെ ഭക്ഷണവും വസ്ത്രവും ദൃഷ്ടിയുമായ അദ്ദിക്ർ വായിക്കുന്നതിനും കേൾക്കുന്നതിനും ശരീരശുദ്ധി വരുത്തൽ നിർബന്ധമില്ല എന്നതുപോലെത്തന്നെ സാഷ്ടാംഗപ്രണാമത്തിന്റെ സൂക്തങ്ങൾ കേൾക്കുമ്പോൾ അംഗശുദ്ധിയോ ദിശയോ പരിസരമോ ഒന്നും പരിഗണിക്കാതെ നാഥനുമുമ്പിൽ സാഷ്ടാംഗത്തിൽ വീഴുകയാണ് വേണ്ടത്. വാഹനം ഓടിച്ചുകൊണ്ടിരിക്കുന്ന ആളുകൾ ദിശയൊന്നും പരിഗണിക്കാതെ തലകുനിക്കുകയെങ്കിലും വേണം.

തിലാവത്തിന്റെ സുദീർഘമായ ഒറ്റ സാഷ്ടാംഗപ്രണാമത്തെക്കുറിച്ച് ത്രികാലജ്ഞാനിയായ നാഥൻ അവന്റെ നിരക്ഷരനായ പ്രവാചകനിലൂടെ പഠിപ്പിച്ചത്, *അവസാനകാലത്ത് അവരുടെ ഒറ്റ സാഷ്ടാംഗപ്രണാമം ഭൂമിയിലുള്ളതെല്ലാം ലഭിക്കുന്നതിനേക്കാൾ ഉത്തമമായിരിക്കും* എന്നാണ്. സ്വർഗത്തിൽ വെച്ച് നാഥൻ മലക്കുകളോടും ഇബ്‌ലീസിനോടും ആദമിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ കൽപിച്ചപ്പോൾ മലക്കുകളെല്ലാം സാഷ്ടാംഗം പ്രണമിച്ചു. എന്നാൽ ഇബ്‌ലീസ് സാഷ്ടാംഗപ്രണാമം ചെയ്തില്ല. അപ്പോൾ കാഫിറായ പിശാചായി മാറിയ അവനെ സ്വർഗത്തിൽ നിന്ന് പുറത്താക്കി. പിശാച് പാട്ടിലാക്കിയ അറബി ഖുർആൻ വായിക്കുന്ന ഫുജ്ജാറുകളെക്കുറിച്ച് 68: 42-43 സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: വിധിദിവസം അവരുടെ ദൃഷ്ടികൾ ഭയത്താൽ കീഴ്പോട്ട് താഴ്ന്നിരിക്കും, അപമാനം അവരെ ആവരണം ചെയ്യും. അവർ ഒറ്റ സാഷ്ടാംഗപ്രണാമത്തിലേക്ക് വിളിക്കപ്പെടും, എന്നാൽ അവർക്ക് അതിന് സാധിക്കുകയില്ല; അവർ ഇഹലോകത്ത് സമാധാനത്തിലും സുരക്ഷിതത്വത്തിലുമായിരുന്നപ്പോൾ അവർക്ക് ഈ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കാൻ സാധിക്കാതിരുന്നതാണ് അതിന് കാരണം.

ലോകത്തെവിടെയും വിശ്വാസികളുടെ സംഘമില്ലാത്ത ഇക്കാലത്ത് അദ്ദിക്റിനെ സത്യപ്പെടുത്തി ജീവിക്കുന്ന ഒറ്റപ്പെട്ട വിശ്വാസി സ്വീകരിക്കേണ്ട പ്രാർത്ഥനാരീതിയും ജീവിതരീതിയുമാണ് താഴെ കൊടുക്കുന്നത്.

1) പ്രഭാതപ്രദോഷങ്ങളിൽ അദ്ദിക്ർ ഉച്ചത്തിൽ വായിക്കാതെ കണ്ണുകൊണ്ട് കണ്ട് ഹൃദയത്തിലുള്ള ജിന്നുകൂട്ടുകാരനെ അദ്ദിക്ർ ഉണർത്തുക. വായിക്കാൻ കഴിയാത്തവരാണെങ്കിൽ അദ്ദിക്ർ ഹൃദയം പങ്കെടുത്തുകൊണ്ട് കേൾക്കുക.

2) നാഥനെ ആത്മാവുകൊണ്ട് പരിശുദ്ധപ്പെടുത്തിക്കൊണ്ടും സ്തുതിച്ചുകൊണ്ടും സുദീർഘമായ തിലാവത്തിന്റെ ഒറ്റ സാഷ്ടാംഗപ്രണാമം നിർവഹിക്കുക.

3) പ്രപഞ്ചനാഥനെ ലോകർക്ക് പരിചയപ്പെടുത്തുക, ഭൂമിയിൽ മാനുഷിക ഐക്യവും ശാന്തിയും സമാധാനവും നിലനിർത്തുക എന്നീ ലക്ഷ്യം വെച്ചുകൊണ്ട് മൊത്തം മനുഷ്യർക്കുള്ള നാഥന്റെ സന്ദേശമായ അദ്ദിക്ർ ജാതി-മത-ലിംഗ-വർണ-ഭാഷ-ദേശ ഭേദമന്യേ എല്ലാവർക്കും എത്തിച്ചുകൊടുത്തുകൊണ്ട് ഒരാൾക്കും അവരുടെ ദേശം, വംശം, മാതാപിതാക്കൾ, മക്കൾ, ലിംഗം, നിറം, ഏത് കാലഘട്ടത്തിൽ ജനിക്കണം എന്നൊന്നും സ്വയം നിശ്ചയിക്കാൻ അവകാശമില്ല എന്ന് ഉണർത്തുക. അതാണ് 47: 7 ൽ പറഞ്ഞ പ്രകാരം നിഷ്പക്ഷവാനായ നാഥനെ സഹായിക്കലും അതുവഴി നാഥന്റെ സഹായം തിരിച്ചു ലഭിക്കാനുള്ള മാർഗവും.

4) 4: 63; 9: 73 സൂക്തങ്ങളിൽ വിവരിച്ച പ്രകാരം പ്രപഞ്ചം അതിന്റെ സന്തുലനത്തിൽ നിലനിർത്താനുള്ള ത്രാസും *അമാനത്തു*മായ അദ്ദിക്റിനെ മൂടിവെച്ചുകൊണ്ടും തള്ളിപ്പറഞ്ഞു കൊണ്ടും മുപ്പതാമത്തെ കള്ളവാദിയായ മസീഹുദ്ദജ്ജാലിനെ ആനയിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളോടും കുഫ്ഫാറുകളോടും അദ്ദിക്ർ കൊണ്ട് അധികരിച്ച *ജിഹാദ്* ചെയ്യുക.

5) 6: 38 ൽ വിവരിച്ച പ്രകാരം മനുഷ്യരടക്കം ലോകത്ത് ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുണ്ട്, അവയെല്ലാം നാഥനെ അവയുടെ ആത്മാവുകൊണ്ട് നമസ്കരിക്കുകയും കീർത്തനം നടത്തുകയും ചെയ്യുന്നുണ്ട് എന്നിരിക്കെ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കുമുള്ള അനുകൂലമായ ആവാസവ്യവസ്ഥ നിലനിർത്താൻ ശ്രമിക്കലും അതിന് വേണ്ടി ജൈവകൃഷി ചെയ്യുകയും വൃക്ഷങ്ങൾ, പ്രത്യേകിച്ച് ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യലും ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന്റെ ബാധ്യതയാണ്. അതുവഴി വിശ്വാസിക്ക് 4: 85 ൽ വിവരിച്ച പ്രകാരം ആയിരം സമുദായങ്ങളിൽ പെട്ട ജീവികളുടെ പ്രാർത്ഥനയുടെയും കീർത്തനങ്ങളുടെയും ഒരു വിഹിതം ഉദ്ദേശ്യമനുസരിച്ച് ലഭിക്കുന്നതാണ്. മാത്രമല്ല, 3: 136 ൽ വിവരിച്ച പ്രകാരം നാലാം ഘട്ടമായ ഐഹികലോകത്ത് ഏഴാം ഘട്ടത്തിലേക്കുവേണ്ടി സ്വർഗം പണിയുക എന്ന ജീവിതലക്ഷ്യവും അതുവഴി പൂർത്തീകരിക്കാവുന്നതാണ്.

വിശ്വാസികൾ പ്രപഞ്ചനാഥനെ എപ്പോഴും പ്രത്യേകിച്ച് തിലാവത്തിന്റെ സാഷ്ടാംഗപ്രണാമത്തിൽ ആത്മാവ് കൊണ്ട് ഇങ്ങനെ പരിശുദ്ധപ്പെടുത്തേണ്ടതാണ്.

– അത്യുന്നതനായ എന്റെ നാഥാ! നീ അതീവ പരിശുദ്ധനാകുന്നു. (87: 1) ഏഴ് പ്രാവശ്യം വാഴ്ത്തുക.

– ഞങ്ങളുടെ ഉടമയായ അല്ലാഹുവേ! നീ അതീവ പരിശുദ്ധനാകുന്നു, സർവ്വസ്തുതിയും നിനക്കാകുന്നു; ഓ, അല്ലാഹ്! ഞങ്ങൾക്ക് നീ പൊറുത്തുതന്നാലും. (110: 3)

– ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയേയും ആറുനാളുകളിലായി സൃഷ്ടിക്കുകയും പിന്നെ സിംഹാസനസ്ഥനാവുകയും ചെയ്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു; ഞങ്ങൾക്ക് അവനെക്കൂടാതെ സംരക്ഷകരിൽ നിന്നോ ശുപാർശക്കാരിൽ നിന്നോ ആരും ഇല്ല ന്നെ. (32: 4)

– എല്ലാ ഓരോ വസ്തുക്കളിലും ഇണകളെ സൃഷ്ടിച്ച ഒരുവൻ അതീവ പരിശുദ്ധനാകുന്നു, ഭൂമിയിൽ നിന്ന് മുളച്ച് വരുന്നവയിലും ഞങ്ങളിൽ തന്നെയും, ഞങ്ങൾക്ക് അറിവില്ലാത്തവയിലും. (36: 36)

– ഞങ്ങളെ ഒറ്റ ആത്മാവിൽ നിന്നും മിശ്രിതമായ ബീജത്തിൽ നിന്നും സൃഷ്ടിച്ച ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (4:1; 76: 2)

– ഒറ്റ ആത്മാവിൽ നിന്ന് ഞങ്ങളെ സൃഷ്ടിക്കുകയും അവൻ അവളിലേക്ക് ശാന്തിയടയുന്നതിനുവേണ്ടി അതിൽ നിന്ന് അതിന്റെ ഇണയെയും സൃഷ്ടിച്ച ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (7: 189)

– വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും രക്തബന്ധവും വിവാഹബന്ധവും ഉണ്ടാക്കുകയും ചെയ്ത ഒരുവൻ പരിശുദ്ധനാകുന്നു; ഞങ്ങളുടെ നാഥൻ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ളവൻ തന്നെയാകുന്നു. (25: 54)

– ഇന്ദ്രിയം തെറിപ്പിക്കപ്പെടുമ്പോൾ പുരുഷന്റെ ബീജവും സ്ത്രീയുടെ അണ്ഡവും കൂട്ടിയോജിപ്പിച്ച് ഇണകളായി പുരുഷന്മാരെയും സ്ത്രീകളെയും സൃഷ്ടിക്കുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (53: 45–46)

– ഞങ്ങളെ ഗർഭപാത്രങ്ങളിൽ അവൻ ഉദ്ദേശിക്കുന്നതുപോലെ രൂപപ്പെടുത്തിയ ഒരുവൻ അതീവപരിശുദ്ധൻ; അവൻ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ളവൻ തന്നെയാകുന്നു. (3: 6)

- ആകാശങ്ങളിലുള്ള ഒന്നും ഭൂമിയിലുള്ള ഒന്നും പ്രകീർത്തിച്ചുകൊണ്ടിരിക്കുന്ന രാജാധിപനും പരിശുദ്ധനും അജയ്യനും യുക്തിജ്ഞാനിയുമായ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (62: 1)

- എല്ലാ ഓരോ വസ്തുവിനും അതിന്റേതായ നമസ്കാരരീതിയും കീർത്തനരീതിയും പഠിപ്പിച്ച ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (24: 41)

- ദൃഷ്ടികളാൽ ആരും കാണാതിരിക്കുകയും ദൃഷ്ടികളെ മുഴുവൻ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു; അവൻ ഉള്ളിന്റെയുള്ള് അറിയുന്ന സൂക്ഷ്മജ്ഞാനിയും ത്രികാലജ്ഞാനിയുമാകുന്നു. (6: 103)

- ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള ഒരു വസ്തുവും ആരിൽ നിന്നാണോ മറഞ്ഞു നിൽക്കാത്തത്, അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും തന്നെയാകുന്നു. (3: 5; 14: 38)

- ആരുടെ സ്മരണയോടുകൂടിയാണോ ഭൂമിയിലും ആകാശത്തും തിന്മയൊന്നും സംഭവിക്കാതിരിക്കുക, അവൻ അതീവ പരിശുദ്ധനാകുന്നു, അവൻ എല്ലാം കേൾക്കുന്നവനും സർവ്വജ്ഞാനിയുമാകുന്നു. (2: 152; 3: 190–191)

- എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (2: 284; 3: 26; 41: 39)

–ഒരുവൻ അതീവ പരിശുദ്ധനാകുന്നു, അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് അവൻ പറയലാണ് 'ഉണ്ടാവുക' എന്ന്, അപ്പോൾ അത് ഉണ്ടായിക്കഴിഞ്ഞു.(3: 59; 36: 82)

- ഏതൊരുവനെയും അവന്റെ പൂർവ്വസ്ഥിതിയിലേക്ക് തന്നെ തിരിച്ചുകൊണ്ടുവരാൻ കഴിവുള്ള ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (86: 8)

- എല്ലാ ഓരോ വസ്തുവിന്റെയും സൂക്ഷിപ്പുകാരനായ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (34: 21)

- എല്ലാ ഓരോ വസ്തുവിന്റെയും കൈകാര്യകർത്താവായ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (6: 102; 39: 62)

- എല്ലാ ഓരോ കാര്യത്തിന്റെ മേലും സാക്ഷിയായ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (6: 19; 58: 6)

- മയക്കമോ ഉറക്കമോ പിടികൂടാത്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (2: 255; 6: 60)

- എല്ലാം പതിയിരുന്ന് വീക്ഷിക്കുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (89: 14)

- തന്റെ അടിമകളെ വലയം ചെയ്ത് സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (17: 30, 96; 35: 31)

- തന്റെ അടിമകളുടെ ഉള്ളിന്റെയുള്ള് അറിയുന്ന സൂക്ഷ്മജ്ഞനും എല്ലാം വലയം ചെയ്തവനുമായ ഒരുവൻ പരിശുദ്ധനാകുന്നു. (6: 103; 31: 16; 67: 14)

- തന്റെ അടിമകളുടെ പാപങ്ങൾ വലയം ചെയ്യാൻ ഏറ്റവും മതിയായ ഒരുവൻ പരിശുദ്ധനാകുന്നു. (25: 58)

- കണ്ണുകളുടെ കട്ടുനോട്ടവും നെഞ്ചുകളിൽ ഒളിപ്പിച്ചുവെക്കുന്നതും അറിയുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (40: 19)

- ഞങ്ങളുടെ മനോമുകുരങ്ങൾ അറിയുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (84: 23)

- അദൃശ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞാനിയായ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (5: 109, 116; 9: 78)

- എല്ലാതരം സൃഷ്ടിപ്പും എല്ലാ സൃഷ്ടികളെക്കുറിച്ചും അറിയുന്ന ഒരുവൻ അതീവപരിശുദ്ധനാകുന്നു. (15: 86; 36: 81)

- ഞങ്ങളുടെ നാഥനും മലക്കുകളുടെയും റൂഹിന്റെയും നാഥനുമായ ഒരുവൻ കീർത്തനത്തിനും പരിശുദ്ധപ്പെടുത്തലിനും അർഹനാകുന്നു. (59: 23)

- ഞങ്ങൾ എവിടെയായിരുന്നാലും ഞങ്ങളോടൊപ്പമുള്ള ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (57: 4; 58: 7)

- വിശ്വാസികളിൽ വ്യക്തിയുടെയും അവന്റെ ഹൃദയത്തിന്റെയും ഇടയിൽ നിലകൊള്ളുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (3: 102; 8: 24)

വിശ്വാസി താഴെ പറയും പ്രകാരം തന്റെ നാഥനെ കീർത്തനം ചെയ്തുകൊണ്ട് അവന്റെ സാമീപ്യം ആഗ്രഹിക്കുന്നതും അവനോട് സഹായം തേടുന്നതും അവന്റെ ശിക്ഷയെത്തൊട്ട് അഭയം ചോദിക്കുന്നതുമാണ്:

- പ്രവാചകൻ നൂഹിനെയും വിശ്വാസികളെയും ഒരു പേടകത്തിൽ കയറ്റി രക്ഷപ്പെടുത്തുകയും കാഫിറുകളെ മുഴുവനും മുക്കിക്കൊല്ലുകയും ചെയ്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (11: 37; 23: 27; 26: 119–120)

- ഒരു മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട യൂനുസ്: നീയല്ലാതെ മറ്റൊരു ഇലാഹുമില്ല തന്നെ, നീ പരിശുദ്ധനാകുന്നു. നിശ്ചയം ഞാൻ അക്രമികളിൽപ്പെട്ടിരിക്കുന്നു എന്ന് നാഥനെ പരിശുദ്ധപ്പെടുത്തിയപ്പോൾ മത്സ്യത്തിന്റെ വയറ്റിൽ നിന്ന് യൂനുസിനെ രക്ഷപ്പെടുത്തിയവൻ പരിശുദ്ധനാകുന്നു. (21: 87; 37: 142–144)

- പ്രവാചകൻ ഇബ്റാഹീമിന്റെ മേൽ തീയിനെ തണുപ്പും സമാധാനവുമുള്ളതാക്കി മാറ്റിയ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (21: 69)

- മൂസായുടെ വടി കൊണ്ട് അടിപ്പിച്ച് കടൽ പിളർത്തി കടലിൽ ഉണങ്ങിയ വഴി ഉണ്ടാക്കി മൂസായെയും ഇസ്റാഈൽ സന്തതികളെയും രക്ഷപ്പെടുത്തുകയും അവരെ പിടികൂടാൻ വന്ന ഫിർഔനിനെയും അവന്റെ പട്ടാളത്തെയും കടലിൽ മുക്കിക്കൊല്ലുകയും ചെയ്ത ഒരുവൻ പരിശുദ്ധനാകുന്നു. (10: 90–92; 20: 77; 26: 63)

- മൂസായുടെ കയ്യിലുള്ള വടി കൊണ്ട് പാറയിൽ ഒരു അടി അടിപ്പിച്ച് 12 ഉറവകൾ പുറപ്പെടുവിച്ചുകൊടുത്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (2: 60, 7: 160)

- കാര്യകാരണബന്ധത്തിന് അതീതമായി മർയമിനെ ഭക്ഷിപ്പിച്ച ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (3: 37)

- ഈസായെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് ആകാശത്തുനിന്നും മാഇദ (ഭക്ഷണത്തളിക) ഇറക്കിക്കൊടുത്തവൻ അതീവ പരിശുദ്ധനാകുന്നു. (5: 113–114)

- ആകാശത്തുനിന്ന് ഭക്ഷണത്തളിക ഇറക്കി അതിൽ നിന്ന് ഭക്ഷിച്ച ശേഷവും അവിശ്വസിച്ച ജൂതരെ ശപിക്കുകയും പന്നികളാക്കി മാറ്റുകയും ചെയ്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (5: 60)

- ഈസായിലൂടെ അന്ധരെയും കുഷ്ഠരോഗികളെയും സുഖപ്പെടുത്തുകയും മരിച്ചവരെ വീണ്ടും ജീവിപ്പിക്കുകയും ചെയ്ത് തന്റെ കഴിവ് കാണിച്ചുകൊടുത്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (3: 49; 5: 110)

- ഈസായെ ശരീരത്തോടുകൂടി രണ്ടാം ആകാശത്തിലേക്ക് ഉയർത്തിയ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (4: 157-158)

- ഉസൈറിനെ മരിപ്പിച്ച് കിടത്തി 100 വർഷങ്ങൾക്ക് ശേഷം പുനർജീവിപ്പിച്ച ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (2: 259)

- സമൂദ് ജനതക്ക് ഒരു ദൃഷ്ടാന്തമായി പ്രസവിക്കപ്പെട്ടതല്ലാത്ത ഒരു ഒട്ടകത്തെ നൽകിയ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (7: 73)

- ചുട്ടുപഴുത്ത കളിമൺ കല്ലുകളും കൊണ്ട് അബാബീൽ പക്ഷികളെ അയച്ച് ആനപ്പടയെ നശിപ്പിക്കുകയും മക്കയിലുള്ള കഅ്ബയെ സംരക്ഷിക്കുകയും ചെയ്ത ഒരുവൻ അതീവപരിശുദ്ധനാകുന്നു. (105: 1-5)

- പ്രവാചകൻ സുലൈമാന് ജിന്നുകളെയും പിശാചിനെയും അനുസരണമുള്ളവരാക്കിക്കൊടുക്കുകയും അവൻ ഉദ്ദേശിക്കുന്നിടത്തേക്ക് അവന്റെ ആജ്ഞാനുസാരം മൃദുലമായി വീശത്തക്ക വിധത്തിൽ കാറ്റിനെ വിധേയമാക്കിക്കൊടുക്കുകയും ചെയ്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (27: 18-19; 34: 12-14; 38: 36-38)

- സുലൈമാന്റെ ആവശ്യപ്രകാരം ഗ്രന്ഥത്തിൽ നിന്ന് അറിവുള്ള ഒരാൾക്ക് ഷീബാ രാജ്ഞിയുടെ സിംഹാസനം കണ്ണ് ഇമവെട്ടുന്ന സമയം കൊണ്ട് യമനിൽ നിന്ന് ഫലസ്തീനിലേക്ക് കൊണ്ടുവരാൻ കഴിവ് നൽകിയ ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (27: 38-40)

- തന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് കാണിക്കുന്നതിനുവേണ്ടി പ്രവാചകനായ മുഹമ്മദിനെ ശരീരത്തോടുകൂടി ഒറ്റ രാത്രി കൊണ്ട് മക്കയിൽ നിന്ന് ഫലസ്തീനിലുള്ള ബൈത്തുൽ മുഖദ്ദസിലേക്ക് കൊണ്ടുപോവുകയും പിന്നീട് അവിടെ നിന്ന് ഫിർദൗസ് സ്വർഗത്തിലേക്ക് ഉയർത്തുകയും ചെയ്ത ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (17: 1)

- തന്റെ റൂഹിൽ നിന്ന് നൽകി അവന്റെ ജീവജാലങ്ങളെ ജീവിപ്പിക്കുകയും അവയിൽ നിന്ന് റൂഹിനെ വേർപ്പെടുത്തി മരിപ്പിക്കുകയും ചെയ്യുന്ന ഒരുവൻ അതീവ പരിശുദ്ധനാകുന്നു. (6: 60; 32: 9-11)

അല്ലാഹുവേ! ഞങ്ങളെ നീ വിശ്വാസത്തോടും ഭയഭക്തിയോടും അനുരാഗമുള്ളവരും നിഷേധത്തോടും കാപട്യത്തോടും ധിക്കാരത്തോടും വെറുപ്പുള്ളവരുമാക്കേണമേ. ഞങ്ങളെ നീ തന്റേടത്തിലേക്കും സന്മാർഗത്തിലേക്കും നയിക്കുന്നവരും മനനം ചെയ്യുന്നവരും ആലോചിച്ച് പ്രതിഫലിപ്പിക്കുന്നവരും അല്ലാഹുവിനെക്കുറിച്ച് ഹൃദയത്തിന്റെ ഭാഷയിൽ മറ്റുള്ളവരെ ഓർമ്മിപ്പിക്കുന്നവരും ജീവിതലക്ഷ്യം ഗ്രഹിപ്പിക്കുന്നവരും മനസാ-വാചാ-കർമണാ നിനക്ക് സമർപ്പിച്ചവരും ആക്കേണമേ. അല്ലാഹുവേ, ഞങ്ങളെ നീ ശുദ്ധീകരിക്കാനുള്ള ഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് വിശ്വാസികളും സജ്ജനങ്ങളും കുനിയുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരും നിന്നെ സേവിക്കുന്നവരും നിന്നെ സ്തുതിക്കുന്നവരും നിന്നെ വാഴ്ത്തിക്കൊണ്ടിരിക്കുന്നവരും ആക്കേണമേ.

ഞങ്ങളെ നീ അനുരഞ്ജനമുണ്ടാക്കുന്നവരും (*മുസ്ലിഹീങ്ങൾ*) നിന്റെ ഏകത്വത്തെ എപ്പോഴും എല്ലായിടത്തും അംഗീകരിക്കുന്നവരും (*മുവഹ്ഹിദീങ്ങൾ*) നീതി കൊണ്ട് കൽപിക്കുന്നവരും (*മുഖ്സിത്വീങ്ങൾ*) വണക്കമുള്ളവരും (*ഖാനിതീങ്ങൾ*) നിന്നെ ഉള്ളിന്റെയുള്ളിൽ ഭയപ്പെടുന്നവരും (*ഖാശിഈങ്ങൾ*) വിനീതരും (*ഖാളിഈങ്ങൾ*) നിന്നെ എപ്പോഴും സ്മരിക്കുന്നവരും (*ദാകിരീങ്ങൾ*) നന്ദി പ്രകടിപ്പിക്കുന്നവരും (*ശാക്കിരീങ്ങൾ*) ക്ഷമാലുക്കളും (*സ്വാബിരീങ്ങൾ*) ഒറ്റക്കെട്ടായി നിലകൊള്ളുന്നവരും (*റാബിത്വീങ്ങൾ*)

അദ്ദിക്ർ കൊണ്ട് വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്നവടൊപ്പവും (*സാബി ഖീങ്ങൾ*) വിജയികളോടൊപ്പവും (*മുഹ്ലിഹീങ്ങൾ*) സ്വർഗത്തിൽ പ്രവേശിക്കുന്നവരാക്കേണമേ.

അല്ലാഹുവേ, ഞങ്ങളെ നീ അദ്ദിക്റിനെ മൂടിവെക്കുന്നവരും തള്ളിപ്പറയുന്നവരുമായ കാഫിറുകളായ ജനതയിൽ ഉൾപ്പെടുത്തരുതേ. ഞങ്ങളെ നീ അക്രമികളായ ജനതയിലും തെമ്മാടികളായ ജനതയിലും ഉൾപ്പെടുത്തരുതേ. ഞങ്ങളെ നീ കപടവിശ്വാസികളിലും ചിന്താശക്തി ഉപയോഗപ്പെടുത്താത്ത ഭ്രാന്തന്മാരിലും ഉൾപ്പെടുത്തരുതേ, ഞങ്ങളെ നീ ലക്ഷ്യബോധം നഷ്ടപ്പെട്ടവരിലും പ്രജ്ഞയറ്റവരിലും ഉൾപ്പെടുത്തരുതേ. അല്ലാഹുവേ, ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ അക്രമികളായ ഒരു ജനതയുടെ പരീക്ഷണത്തിന് വിധേയമാക്കരുതേ. ഞങ്ങളെ നീ നിന്റെ കാരുണ്യമായ അദ്ദിക്ർ കൊണ്ട് കാഫിറുകളായ ജനതയിൽ നിന്ന് രക്ഷപ്പെടുത്തേണമേ. ഞങ്ങളെ നീ ആശയറ്റവരിലും അനീതി കാണിക്കുന്നവരിലും കുതർക്കികളിലും ഉൾപ്പെടുത്തരുതേ. ഞങ്ങളെ നീ സംശയാലുക്കളിലും സംശയത്തിൽ ആടിയുലയുന്നവരിലും പരിഹസിക്കുന്നവരിലും പരിധി ലംഘിക്കുന്നവരിലും നാശകാരികളിലും അതിരുകവിഞ്ഞവരിലും ധൂർത്തടിക്കുന്നവരിലും നിന്നെ വിസ്മരിച്ച് ജീവിക്കുന്നവരിലും ദുഷ്കർമികളിലും അഹങ്കാരികളിലും അഹംഭാവികളിലും നിന്നിൽ പങ്കുചേർക്കുന്നവരിലും ഗ്രന്ഥത്തെ ഭാഗം വെക്കുന്നവരിലും വളച്ചൊടിക്കുന്നവരിലും നിന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്നവരിലും ഉൾപ്പെടുത്തരുതേ. ഞങ്ങളെ നീ നിന്റെ സൂക്തങ്ങളോട് വിരോധം വെച്ച് തർക്കിക്കുന്ന അക്രമികളോട് അജയ്യഗ്രന്ഥമായ അദ്ദിക്ർ കൊണ്ട് ജിഹാദ് ചെയ്യുന്നവരാക്കേണമേ. ഞങ്ങളെ നീ നിന്ദ്യന്മാരിലും ഹീനരിലും നിരാശപ്പെട്ട് മടങ്ങുന്നവരിലും കളിയാക്കുന്നവരിലും വഞ്ചകന്മാരിലും എല്ലാം നഷ്ടപ്പെട്ടവരിലും ഉൾപ്പെടുത്തരുതേ.

അല്ലാഹുവേ! ഞങ്ങളെ നീ ഏറ്റവും നല്ലതായ അദ്ദിക്റിനെ സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തി ജീവിക്കുക വഴി നിന്നെ കണ്ടുകൊണ്ട് ചരിക്കുന്നവരാക്കേണമേ. അതുവഴി ഞങ്ങളുടെ പ്രയാസങ്ങളെല്ലാം ലഘൂകരിച്ച് തരികയും ഞങ്ങളുടെ കാര്യങ്ങളെല്ലാം എളുപ്പമാക്കിത്തരികയും ഞങ്ങളുടെ വിമ്മിഷ്ടങ്ങൾ നീക്കിത്തരികയും ഞങ്ങളുടെ കടങ്ങൾ വീട്ടിത്തരികയും ഞങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തിത്തരികയും ചെയ്യേണമേ -ഓ രോഗങ്ങൾ സുഖപ്പെടുത്തി തരുന്നവനേ. ഞങ്ങളുടെ സദുദ്ദേശ്യങ്ങൾ പൂർത്തീകരിച്ച് തരേണമേ -ഓ സദുദ്ദേശ്യങ്ങൾ പൂർത്തീകരിച്ച് തരുന്നവനേ.

അല്ലാഹുവേ, ഞങ്ങളെ നീ പ്രകാശമായ അദ്ദിക്ർ കൊണ്ട് ഈ അക്രമികളായ ജനതയിൽ നിന്ന് ഇജാസിലേക്ക് പുറപ്പെടുവിപ്പിക്കേണമേ, ഓ ആകാശഭൂമികളുടെ പ്രകാശമായവനേ, ഓ ബഹുമാന്യനായ മഹത്വമുടയവനേ.

അല്ലാഹുവേ ഞങ്ങളെ നീ എപ്പോഴും ആത്മാവുകൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കുന്നവരാക്കേണമേ: ഓ മുഹൈമിനായ ഞങ്ങളുടെ നാഥാ, കാത്തുസൂക്ഷിക്കുന്ന ഗ്രന്ഥമായ അദ്ദിക്റിനെ മുറുകെപ്പിടിക്കുക വഴി നരകഗർത്തത്തെത്തൊട്ട് ഞങ്ങളെ നീ തിരിച്ചുവിടേണമേ. അതിലെ ശിക്ഷ മുഹൈമിനായ അദ്ദിക്റിൽ നിന്ന് വ്യതിചലിച്ച് ജീവിച്ചതിനുള്ള പിഴയാകുന്നു, നിശ്ചയം അത് വിശ്രമത്തിനും സ്ഥിരതാമസത്തിനും വളരെ ദുഷിച്ചത് തന്നെ!

ഓ ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും സന്തതി പരമ്പരകളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യേണമേ, ഞങ്ങളെ നീ സത്യമായ അദ്ദിക്റിനെ സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തുന്ന സൂക്ഷ്മാലുക്കൾക്ക് മുന്നിൽ നടക്കുന്നവരുമാക്കേണമേ.

ഓ ഞങ്ങളുടെ നാഥാ! പ്രകാശമായ അദ്ദിക്ർ കൊണ്ട് ഞങ്ങളുടെ പ്രകാശം നീ പൂർത്തീകരിച്ച് തരേണമേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്ത് തരികയും ചെയ്യേണമേ, നീ എല്ലാ ഓരോ കാര്യത്തിനും കഴിവുള്ള സർവ്വശക്തൻ തന്നെയാകുന്നു.

ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ കാഫിറുകളായ ഒരു ജനതക്ക് പരീക്ഷണവിധേയമാക്കരുത്; ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ, നിശ്ചയം നീ അജയ്യനായ യുക്തിജ്ഞൻ തന്നെയാകുന്നു.

ഓ ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും വിശ്വാസം കൊണ്ട് ഞങ്ങളെ മുൻകടന്നവരായ ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, ഞങ്ങളുടെ ഹൃദയങ്ങളിൽ വിശ്വാസികളായവരോട് യാതൊരു വിദ്വേഷവും ഉണ്ടാക്കുകയും അരുതേ, ഞങ്ങളുടെ നാഥാ! നിശ്ചയം നീ കൃപാലുവായ കാരുണ്യവാൻ തന്നെയാകുന്നു.

ഓ ഞങ്ങളുടെ നാഥാ! ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിയേണമേ, ഗ്രന്ഥത്തിന്റെ ഏറ്റവും നല്ല വിശദീകരണമായ അദ്ദിക്റിന്റെ മാർഗത്തിൽ ഞങ്ങളുടെ പാദങ്ങളും ഹൃദയങ്ങളും നീ ഉറപ്പിച്ചുനിർത്തുകയും കാഫിറുകളായ ഒരു ജനതയുടെമേൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിൽ ഞങ്ങൾ അതിരുകവിഞ്ഞ് പ്രവർത്തിച്ചതും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ; ഞങ്ങളുടെ ഹൃദയങ്ങളെയും പാദങ്ങളെയും നേരെച്ചൊവ്വെയുള്ള പാതയായ അദ്ദിക്റിൽ ഉറപ്പിച്ചുനിർത്തേണമേ, കാഫിറുകളായ ജനതയുടെ മേൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

ഓ നാഥാ! അദ്ദിക്റിനെ വിസ്മരിച്ചുകൊണ്ട് തങ്ങളുടെ ജീവിതം കളിയും തമാശയുമായി തെരഞ്ഞെടുത്ത കെട്ടജനതയിൽ ഞങ്ങളെ നീ ഉൾപ്പെടുത്തല്ലേ. ഓ ഞങ്ങളുടെ നാഥാ! മുഹൈമിനായ അദ്ദിക്ർ കൊണ്ട് അവരെത്തൊട്ടും നരകകുണ്ഠത്തെത്തൊട്ടും ഞങ്ങളെ നീ അകറ്റി നിർത്തേണമേ, ഓ കാത്തുസൂക്ഷിക്കുന്നവനേ! ഓ സർവ്വലോകങ്ങളുടെയും ഉടമയായ നാഥാ!

എന്റെ നാഥാ! എന്നെ, എന്റെ മേലിലും എന്റെ മാതാപിതാക്കളുടെ മേലിലും നീ ചൊരിഞ്ഞുതന്ന അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിച്ച് നിലകൊള്ളുന്നവനാക്കേണമേ, നീ തൃപ്തിപ്പെട്ട സൽക്കർമങ്ങൾ ചെയ്യുന്നവനും; എന്റെ സന്തതിപരമ്പരകളുടെ പ്രവർത്തനങ്ങൾ എനിക്ക് നീ നന്നാക്കിത്തരികയും ചെയ്യേണമേ, നിശ്ചയം ഞാനിതാ നിന്നിലേക്ക് ഖേദിച്ചുമടങ്ങുന്നു, നിശ്ചയം ഞാൻ സർവസ്വം നിനക്ക് സമർപ്പിച്ചവരിൽ പെട്ടവനുമാകുന്നു.

അല്ലാഹുവേ! ഞങ്ങളെ നീ നരകഗർത്തത്തിലേക്കുള്ള ആയിരത്തിൽ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതിൽ ഉൾപ്പെടുത്തരുതേ, അക്കൂട്ടർ അദ്ദിക്റിനെ മൂടിവെക്കുന്നവരും അതിനെ തള്ളിപ്പറയുന്നവരുമാണ്. ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ഉപകരണവും സ്വർഗത്തിലേക്ക് തിരിച്ചുപോകാനുള്ള ടിക്കറ്റും എല്ലാവിധ ആപത്തുവിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകഗർത്തത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്ന മുഹൈമിനുമായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ സ്വർഗത്തിലേക്കുള്ള ആയിരത്തിൽ ഒന്നിൽ ഉൾപ്പെടുത്തേണമേ. ഓ മുഹൈമിനേ, ഓ മുഹൈമിനായ ഗ്രന്ഥം അവതരിപ്പിച്ചവനേ, ഓ സർവലോകങ്ങളുടെയും ഉടമയായ നാഥാ.

ഓ ഞങ്ങളുടെ നാഥാ! അമാനത്തായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ നിന്നെ മുറുകെപ്പിടിക്കുന്നവരും നിന്നെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരുമാക്കേണമേ.

ഓ അല്ലാഹ്! ഞങ്ങളുടെ നാഥാ! അദ്ദിക്റിനെ ഞങ്ങൾക്ക് അനുകൂലമായി സാക്ഷി നിൽക്കുന്നതാക്കണമേ, ഞങ്ങൾക്ക് എതിരായിട്ടല്ല. ഞങ്ങൾക്കുവേണ്ടി വാദിക്കുന്നതാക്കേണമേ, ഞങ്ങൾക്ക് എതിരായിട്ടല്ല, ഞങ്ങൾക്ക് അതിനെ പരിചയും രോഗശമനവും കാരുണ്യവും സ്വർഗത്തിലേക്കുള്ള ടിക്കറ്റും എല്ലാവിധ ആപത്ത് വിപത്തുകളെത്തൊട്ടും രോഗങ്ങളെത്തൊട്ടും നരകക്കുണ്ഠത്തെത്തൊട്ടും കാത്തുസൂക്ഷിക്കുന്നതും ആക്കേണമേ, ഓ കാത്തുസൂക്ഷിക്കുന്നവനായിട്ടുള്ള ഒരുവനേ, ഓ കാത്തുസൂക്ഷിക്കുന്ന ഗ്രന്ഥം ഇറക്കിയവനേ, ഓ പുണ്യവാനായ കാരുണ്യവാനേ.

ഓ ഞങ്ങളുടെ നാഥാ, അദ്ദിക്റിനെ ഞങ്ങളുടെ ഹൃദയങ്ങൾക്ക് വസന്തമാക്കേണമേ, നെഞ്ചുകൾക്ക് പ്രകാശമാക്കേണമേ, അതിനെ ഞങ്ങളുടെ സങ്കടങ്ങൾ നീക്കിക്കളയുന്നതാക്കുകയും അതിനെ ഞങ്ങളുടെ വിമ്മിഷ്ടങ്ങളും ദുരിതങ്ങളും അകറ്റിക്കളയുന്നതാക്കുകയും ചെയ്യേണമേ. അതിനെ ഞങ്ങൾക്ക് നിന്നിലേക്കും അനുഗ്രഹ സമ്പൂർണ്ണമായ സ്വർഗത്തിലേക്കും നയിക്കുന്നതും മുൻകടക്കാനുള്ളതും തെളിവുമാക്കേണമേ.

ഞങ്ങളുടെ നാഥാ, അദ്ദിക്റിനെ മൂടിവെക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന, നരകത്തിലേക്കുള്ള 1000-ൽ 999-ൽ ഞങ്ങളെ നീ ഉൾപ്പെടുത്തരുതേ. ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ മുൻകടന്നവരോടൊപ്പവും പുണ്യാത്മാക്കളോടൊപ്പവും സ്വർഗത്തിൽ പ്രവേശിക്കുന്ന 1000-ൽ ഒന്നാക്കേണമേ.

ഞങ്ങളുടെ നാഥാ, കേൾവിയുണ്ടായിട്ട് അദ്ദിക്ർ കേൾക്കാത്ത ബധിരരും സംസാരശേഷിയുണ്ടായിട്ട് അദ്ദിക്ർ ലോകരോട് പറയാത്ത ഊമരുമായ ചിന്താശക്തി ഉപയോഗപ്പെടുത്താത്ത, ആയിരം സമുദായങ്ങളിൽ പെട്ട ജീവികളിൽ വെച്ച് ഏറ്റവും ദുഷിച്ചവരായ ഫുജ്ജാറുകളിൽ ഉൾപ്പെടുത്തരുതേ.

എല്ലാ ഓരോ വസ്തുവിന്റെയും ആധിപത്യം കൈകളിലായിട്ടുള്ളവനേ! നീ എല്ലാവർക്കും അഭയം നൽകുന്നു, നിനക്ക് ആരും അഭയം നൽകുന്നുമില്ല, നീ എല്ലാവരെയും ഭക്ഷിപ്പിക്കുന്നു, നിന്നെ ആരും ഭക്ഷിപ്പിക്കുന്നുമില്ല, എന്നെന്നും ജീവിച്ചിരിക്കുന്നവനും മരണമില്ലാത്തവനുമായ നീ പരിശുദ്ധനാകുന്നു. നീയാകുന്നു എല്ലാ ഓരോന്നിന്റെയും മൂർദ്ധാവ് (കടിഞ്ഞാൺ) പിടിക്കുന്നത്, ഏതെല്ലാം വസ്തുക്കളുടെ കടിഞ്ഞാണുകളാണോ നിന്റെ കൈകളിലുള്ളത്, അവയിൽ നിന്നുള്ള തിന്മയെത്തൊട്ട് ഞങ്ങൾ ഇതാ നിന്നോട് അഭയം തേടുന്നു. നീയാണ് ആദ്യൻ, നിനക്കുമുമ്പ് ഒരു വസ്തുവുമില്ല. നീയാണ് അന്ത്യൻ, നിനക്കുശേഷം ഒരു വസ്തുവുമില്ല. നീയാണ് പ്രത്യക്ഷൻ, നിനക്ക് മുകളിൽ ഒന്നുമില്ല. നീയാണ് ഉള്ളിലുള്ളവൻ (പരോക്ഷൻ), നിന്നെക്കൂടാതെ ഒന്നുമില്ല. ഞങ്ങളുടെ കടങ്ങൾ വീട്ടാൻ ഞങ്ങളെ നീ സഹായിക്കേണമേ, ദാരിദ്ര്യത്തെത്തൊട്ട് ഞങ്ങൾക്ക് നീ ഐശ്വര്യം നൽകേണമേ, ഓ അല്ലാഹ്! നിന്റെ കാരുണ്യമായ അദ്ദിക്ർ കൊണ്ട് ഞങ്ങളെ നീ നിന്റെ സജ്ജനങ്ങളായ അടിമകളിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ, ഓ നിഷ്പക്ഷവാനായ കാരുണ്യവാനേ!

പദസൂചിക

അദ്ദിക്ർ	-ഉണർത്തുന്നത്, വേദത്തിന്റെ ആത്മാവ്, വേദത്തിന്റെ ഹൃദയത്തിന്റെ ഭാഷയിലുള്ള ആശയം
അൽകിതാബ്	-സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറക്കപ്പെട്ട ഏകഗ്രന്ഥം
അമാനത്ത്	-വിശ്വസിച്ചേൽപിച്ചത്, ഉത്തരവാദിത്തം, അദ്ദിക്ർ
അൽ അമീൻ	-വിശ്വസ്തൻ, മുഹമ്മദിന് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പുണ്ടായിരുന്ന സ്ഥാനപ്പേര്
അറഫ	-ആദമും ഹവ്വയും ഭൂമിയിൽവെച്ച് ആദ്യമായി കണ്ടുമുട്ടിയ മക്കയ്ക്കടുത്തുള്ള പ്രദേശം
അറഫാദിനം	-ഹജ്ജ് സമ്മേളനത്തിനുവേണ്ടി അറഫായിൽ നിൽക്കുന്ന ദിനം, ഹിജ്റാ കലണ്ടറിലെ 12-ാം മാസം 9-ാം തിയ്യതി
അൻസാർ	-സഹായികൾ, മക്കയിൽനിന്ന് പാലായനം ചെയ്ത് വന്നവരെ സഹായിച്ച മദീനയിലെ വിശ്വാസികൾ
അർറഹ്മാൻ	-നിഷ്പക്ഷവാൻ, പരമകാരുണികൻ
അതീദ്	-തിന്മയുടെ നിരീക്ഷകനും കുറിപ്പുകാരനുമായ മലക്ക്
അത്തഹിയ്യാത്ത്	-നമസ്കാരത്തിന്റെ അവസാനത്തിൽ അല്ലാഹുവുമായുള്ള അഭിസംബോധനം, തിരുമുൽക്കാഴ്ച
അസ്വ്ർ	-കാലം, ഒരുസൂറത്തിന്റെ പേര്
അഹ്ലുകാർ	-ഭാര്യ-സന്താനങ്ങൾ, വീട്ടുകാർ
അയ്യൂബ്	-ഒരു പ്രവാചകന്റെ നാമം, ജോബ്
അമ്പിയാഅ്	-നബിമാർ
അസ്റാഈൽ	-മരിപ്പിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട മലക്ക്
ആദം	-ആദ്യത്തെ മനുഷ്യനും ആദ്യത്തെ നബിയും
ആദ്	-ഹൂദ് നബി നിയോഗിക്കപ്പെട്ട ജനതയുടെ പേര്
ആബിദ്	-അല്ലാഹുവിന് അടിമപ്പെടുന്നവൻ/പിശാചിന് അടിമപ്പെടുന്നവൻ
ആലിം	-യഥാർത്ഥ അറിവായ അദ്ദിക്ർ അറിയുന്നവൻ
ആയത്ത്	-അദ്ദിക്റിലെ ഒരു സൂക്തം/ഒരു ദൃഷ്ടാന്തം
ഇബാദത്ത്	-വഴിപ്പെടുക, അനുസരിക്കുക, സേവിക്കുക
ഇലാഹ്	-കാണാതെ കണ്ട് ആരെ വിളിക്കാമോ, ആരോട് സഹായം തേടാമോ, ആരെ ഭയപ്പെടാമോ, ആരിൽ ഭരമേൽപിക്കാമോ അവൻ.
ഇജ്തിഹാദ്	-ഗവേഷണം
ഇജാസ്	-മക്കയും മദീനയും ഉൾക്കൊള്ളുന്ന പ്രവിശ്യയുടെ പേര്
ഇബ്ലീസ്	-ആശയറ്റവൻ, പിശാച്
ഇബ്റാഹീം	-ഒരു പ്രവാചകന്റെ നാമം, അബ്രഹാം
ഇമാം	-എല്ലാ കാര്യത്തിനും മുമ്പിൽ നിറുത്തേണ്ടത്, അദ്ദിക്ർ, നമസ്കാരത്തിന് നേതൃത്വം നൽകുന്നവൻ
ഇമാം മഹ്ദി	-അവസാനകാലത്ത് ഇജാസിൽ വരുന്ന നീതിമാനായ നേതാവ്
ഇസ്റാഫീൽ	-കാഹളത്തിൽ ഊതാൻ ഏൽപ്പിക്കപ്പെട്ട മലക്ക്
ഇസ്മാഈൽ	-ഒരു പ്രവാചകന്റെ നാമം, ഇബ്രാഹീംനബിയുടെ ആദ്യപുത്രൻ
ഇസ്ഹാഖ്	-ഒരു പ്രവാചകന്റെ നാമം, ഇബ്രാഹീംനബിയുടെ രണ്ടാമത്തെ പുത്രൻ

ഇസ്മുൽ അഅ്ളം -അല്ലാഹുവിന്റെ ഏറ്റവും മഹത്തായ നാമം
ഇസ്തിഗാസ -സഹായം തേടൽ, ഇടതേട്ടം
ഇസ്ലാം -പ്രകൃതിജീവിതരീതി, സമാധാനം, ജീവിതം അല്ലാഹുവിന് സമർപ്പിക്കൽ
ഇസ്ലാം കാര്യങ്ങൾ -ഇസ്ലാമിലെ അഞ്ച് പ്രധാന സ്തംഭങ്ങൾ -അല്ലാഹു ഏകനാണെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം, നിർബന്ധ ദാനം, റമളാനിലെ വ്രതാനുഷ്ഠാനം, മക്കയിലേക്കുള്ള തീർത്ഥാടനം മുതലായവ
ഇസ്റാഉം മിഅ്റാജും -പ്രവാചകന്റെ നിശാപ്രയാണവും അല്ലാഹുവുമായി സ്വർഗ്ഗത്തിൽ വെച്ച് നടന്ന കൂടിക്കാഴ്ചയും
ഇശാഅ് -രാത്രി നമസ്കാരസമയം
ഇൻശാ അല്ലാഹ് -അല്ലാഹു ഉദ്ദേശിച്ചാൽ
ഇദ്ദാകാലം -വിവാഹമോചിതകളും ഭർത്താവ് മരിച്ച സ്ത്രീകളും കാത്തിരിക്കേണ്ട കാലഘട്ടം
ഇഹ്റാം -പ്രത്യേക വസ്ത്രമണിഞ്ഞ് ഹജ്ജിനോഉംറക്കോവേണ്ടി പ്രവേശിക്കുക
ഇല്ലിയ്യീൻ -സജ്ജനങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്ന സ്വർഗ്ഗത്തിലെ പട്ടിക
ഇഞ്ചീൽ -ഈസാനബിക്ക് ഇറക്കപ്പെട്ട ഗ്രന്ഥം, ബൈബിളിലെ പുതിയനിയമത്തിന്റെ അടിസ്ഥാനം
ഈസാ -ഒരുപ്രവാചകന്റെ നാമം, യേശു
ഈമാൻ -അദ്ദിക്ർ കൊണ്ട് രൂപപ്പെടുന്ന വിശ്വാസം
ഉംറഃ -ഹജ്ജ് കാലത്തല്ലാതെയുള്ള തീർത്ഥാടനം, ഏഴുതവണ വീതം കഅ്ബക്കുചുറ്റുമുള്ള പ്രദക്ഷിണവും സഫാ മർവാ കുന്നുകൾക്കിടയിലുള്ള ഓട്ടവും അടങ്ങുന്ന ആരാധനാചടങ്ങ്
ഉമ്മത്ത് -സമുദായം, അതത് പ്രവാചകന്മാരുടെ കാലഘട്ടങ്ങളിലുള്ള മൊത്തം മനുഷ്യർ, മുഹമ്മദ് അന്ത്യപ്രവാചകനായതിനാൽ സമുദായത്തിൽ അന്നുമുതൽ അന്ത്യനാൾവരെയുള്ള മൊത്തം മനുഷ്യർ ഉൾപ്പെടുന്നതാണ്.
ഉഹ്ദ് യുദ്ധം -ഹിജ്റ മൂന്നാംവർഷം ഉഹ്ദിൽ വെച്ച് മക്കാമുശ്രിക്കുകളുമായുണ്ടായ യുദ്ധം
ഉലുൽ അസ്മുകൾ -ദൂതന്മാരിൽ ശ്രേഷ്ഠർ; നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ്, എന്നീ 5 പ്രവാചകന്മാർ
ഉലൂഹിയ്യത്ത് -കാണാതെകണ്ട് വിളിക്കപ്പെടാനും ഭയപ്പെടാനും സഹായം തേടപ്പെടാനും ഭരമേൽപ്പിക്കപ്പെടാനുമുള്ള അർഹത
ഔറത്ത് -മറയ്ക്കൽ നിർബന്ധമായിട്ടുള്ള ശരീരഭാഗങ്ങൾ, ദമ്പതികൾക്ക് വിവസ്ത്രരായിരിക്കാൻ അനുവദനീയമായ സന്ദർഭം
ഔസ് -മദീനയിലെ ഒരുപ്രബല അറബിഗോത്രത്തിന്റെ പേര്
ഔറാദ് -പ്രാർത്ഥനകളായി ഉപയോഗിക്കപ്പെടേണ്ട സൂക്തങ്ങൾ, 'വിർദ്'ന്റെ ബഹുവചനം
ഔലിയാക്കൾ -സംരക്ഷകന്മാർ, തോഴർ
കഅ്ബ -ഭൂമിയുടെ കേന്ദ്രമായ മക്കയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയിലെ ആദ്യത്തെ ആരാധനാലയം

കലാം -സംസാരം
കലിമാത്ത് -വചനങ്ങൾ, വേദഗ്രന്ഥത്തിന്റെ അർത്ഥവുമാശയവുമുൾക്കൊള്ളുന്ന റൂഹ്
കാഫിർ -വേദത്തിലെ സൂക്തങ്ങളെ മൂടിവെക്കുന്നവനും തള്ളിപ്പറയുന്നവനും
കുഫ്ർ -നിഷേധം, മൂടിവെക്കൽ
കുഫ്ഫാർ -വേദഗ്രന്ഥത്തിലെ സൂക്തങ്ങൾ അടിക്കടി മൂടിവെക്കുന്നവർ
ഖബർ -ശവക്കുഴി, മൃതശരീരം അടക്കം ചെയ്യുന്ന സ്ഥലം.
ഖലീഫ -പ്രതിനിധി
ഖസ്റജ് -മദീനയിലെ ഒരു പ്രബല അറബിഗോത്രം
ഖാറൂൻ -മൂസാനബിയുടെ കാലത്ത് ജീവിച്ചിരുന്ന ഒരു ധനാഢ്യന്റെ പേര്
ഖിബ്തി -ഈജിപ്തിലെ പുരാതനമായ ഒരു ഗോത്രത്തിന്റെ പേര്, ഫിർഔനിന്റെ ഗോത്രം
ഖിബ്ലഃ -ലോകവിശ്വാസികളുടെ ശ്രദ്ധാകേന്ദ്രം
ഖില്ല -കഅ്ബയുടെ പുതപ്പ്
ഖിയാമത്ത് നാൾ -ലോകാവസാന ദിനം,
ഖിറാഅത്ത് -പാരായണം, വായന
ഖിസ്ത് -നീതി, തുലനം, അദ്ദിക്ർ
ഖിള്ർ -മൂസാനബിക്ക് അറിവ് പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ട മലക്ക്
ഖുത്തുബ -പ്രഭാഷണം, ജുമുഅഃ നമസ്കാരത്തിന് മുമ്പുള്ള പ്രഭാഷണം
ഖുർആൻ -ആവർത്തിച്ചാവർത്തിച്ച് വായിക്കപ്പെടുന്ന ഗ്രന്ഥം
ഖുദുസിയായ ഹദീസ് -അല്ലാഹു നബിയോട് മലക്ക് മുഖേനയല്ലാതെ നേരിട്ട് സംസാരിച്ചത്
ഖുറൈശി -മക്കയിലെ പ്രബലഗോത്രത്തിന്റെ പേര്, നബിയുടെ ഗോത്രം
ഖൗം -ഓരോ പ്രവാചകന്മാരുടെയും അഭിസംബോധകരായ ജനത, ഇന്ന് പ്രവാചകൻ മുഹമ്മദിന്റെ ഖൗം ഗ്രന്ഥം അനന്തരമെടുത്ത മുസ്ലിം ജനതയാണ്
ഗ്വനീമത്ത് -യുദ്ധമുതൽ
ഗ്വാവീൻ -ലക്ഷ്യബോധം നഷ്ടപ്പെട്ടവർ
ഗ്വാഹിലീൻ -പ്രജ്ഞയറ്റവർ
ജന്നത്തുൽ മഅ്വാ -സ്വർഗ്ഗങ്ങളിലെ അത്യുന്നതകേന്ദ്രം, ഫിർദൗസ് സ്വർഗം
ജമാഅത്ത് -കൂട്ടം
ജഹന്നം -നരകകുണ്ഠം, നരകത്തിന്റെ ഏഴുകവാടങ്ങളിൽ ഒന്ന്
ജഹീം -ജ്വലിക്കുന്ന നരകം, നരകത്തിലേക്കുള്ള മറ്റൊരു കവാടം
ജാഹിലിയ്യത്ത് -അന്ധകാര ജീവിതരീതി
ജാഹിലിയ്യാ കാലം -ജീവിതലക്ഷ്യം അറിയാത്ത കാലം, പ്രവാചകൻ മുഹമ്മദ് നിയോഗിക്കപ്പെടുന്നതിന് തൊട്ടുമുമ്പുള്ള കാലം
ജാറം -മഹാത്മാക്കളെന്ന് കരുതപ്പെടുന്നവരുടെ ഖബറിടം
ജിന്ന് -തീജ്ജ്വാലയാൽ സൃഷ്ടിക്കപ്പെട്ട അഗോചരമായ സൃഷ്ടി, അസുരൻ
ജിബ്രീൽ -ദിവ്യസന്ദേശം എത്തിച്ചുകൊടുക്കുന്നതിന് ഏൽപിക്കപ്പെട്ട മലക്ക്, മലക്കുകളുടെ നേതാവ്, ദേവേന്ദ്രൻ, ഗബ്രിയേൽ
ജിസ്യ -ഇസ്ലാമികഭരണകൂടത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് പകരമായി നൽകുന്ന നികുതി, കപ്പം

ജിഹാദ്	-ലക്ഷ്യസാക്ഷാത്കരണത്തിനുള്ള ത്യാഗപരിശ്രമം
ജുമുഅഃ	-വെള്ളിയാഴ്ച ഉച്ചക്കുള്ള കൂട്ടംകൂടൽ
ജൂദി പർവ്വതം	-തുർക്കിയിലുള്ള ഒരുപർവ്വതം, നൂഹ്നബിയുടെ കപ്പലിറങ്ങിയ സ്ഥലം
തക്ബീർ	-അല്ലാഹുവിനെ മഹത്വപ്പെടുത്തൽ
തഖ്വ	-സൂക്ഷ്മത, ഭയഭക്തി
തഖ്വയാകുന്നവസ്ത്രം	-ആത്മാവിന്റെ വസ്ത്രമായ അദ്ദിക്ർ
തജ്വീദ്	-പാരായണ മുറ
തഫ്സീർ	-വേദഗ്രന്ഥത്തിന്റെ വിശദീകരണം
തഹിയ്യത്ത്	-അഭിസംബോധനം, പള്ളിയിൽ പ്രവേശിച്ചാലുള്ള നമസ്കാരം
തയമ്മും	-ശുദ്ധി ഉദ്ദേശിച്ചുകൊണ്ട് മണ്ണുകൊണ്ട് തടവൽ
തസ്ബീഹ്	-പരിശുദ്ധപ്പെടുത്തൽ
തഹ്ലീൽ	-അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കൽ
തിലാവത്ത്	-പ്രതികരിച്ചുകൊണ്ട് വേദഗ്രന്ഥം വായിക്കൽ, ആശയം വിശദീകരിച്ചു കൊടുക്കൽ
തിലാവത്തിന്റെ സുജൂദ്	-വേദഗ്രന്ഥം പാരായണം ചെയ്യുന്നതോടനുബന്ധിച്ചുള്ള സാഷ്ടാംഗ പ്രണാമം
തുമഅ്നീനത്ത്	-ശാന്തിയും സമാധാനവും ഉറപ്പും ലഭിച്ച അവസ്ഥ
തൗറാത്ത്	-മൂസാനബിക്ക് നൽകപ്പെട്ട ഗ്രന്ഥം, പഴയനിയമം
തൗബ	-മടക്കം, പശ്ചാത്താപം
തൗഹീദ്	-ഏകത്വത്തിൽ അധിഷ്ഠിതമായത്
ത്വലാഖ്	-വിവാഹമോചനം
ത്വാഗൂത്ത്	-അല്ലാഹുവിന്റെ ഏകമാർഗത്തിൽനിന്ന് തടയുന്ന എല്ലാപ്രേരണകളും, ശക്തികളും, വ്യക്തികളും, സംഘടനകളും
ദജ്ജാൽ	-അന്തിക്രിസ്തു, മോശൈദയാൽ, കലി
ദാബ്ബത്തുൽ അർള്	-അവസാനനാളിന്റെ ലക്ഷണമായി ഭൂമിയിൽ നിന്ന് പുറപ്പെടുന്ന മൃഗം
ദിക്ർ	-ഉണർത്തുന്നത്, ഹൃദയത്തിന്റെ ഭാഷയിലുള്ള വേദത്തിന്റെ ആശയം
ദിക്രീ, ദിക്റാ	-അല്ലാഹുവിന്റെ സ്മരണയുണർത്തുന്ന വേദഗ്രന്ഥത്തിന്റെ ആശയം
ദിക്ർ ഹൽഖ	-ദിക്ർ പദങ്ങൾ ആശയമില്ലാതെ ഉരുവിടാനുള്ള സംഗമം
ദീൻ	-ജീവിത വ്യവസ്ഥ
നഫ്സ്	-ആത്മാവ്
നബി	-ദിവ്യബോധനം നൽകപ്പെട്ടവൻ
നുത്ഫ	-ഇന്ദ്രിയം/അണ്ഡം/ബീജം
നൂഹ്	-ആദ്യമായി വേദഗ്രന്ഥം നൽകപ്പെട്ട പ്രവാചകൻ, മനു, നോഹ
ഫത്വ	-മതവിധി പുറപ്പെടുവിക്കൽ, വിശദീകരണം
ഫർള്	-നിർബന്ധമായത്
ഫാസിഖ്	-തെമ്മാടി, കപടവിശ്വാസി
ഫാജിർ	-ആശയം പഠിക്കാൻ ശ്രമിക്കാതെ വേദഗ്രന്ഥത്തിന്റെ ശരീരം തിന്നുന്നവൻ അല്ലെങ്കിൽ വേദഗ്രന്ഥം കൊണ്ട് തിന്നുന്നവൻ
ഫാത്തിഹഃ	-ആമുഖം, അദ്ദിക്റിലെ ഒന്നാമത്തെ അധ്യായം.

ഫിത്നഃ -പരീക്ഷണം, നാശം
ഫിർഒൗൻ -പുരാതന ഈജിപ്തിലെ ഖിബ്തി രാജക്കന്മാരുടെ സ്ഥാനപ്പേര്
ഫിർദൗസ് -പറുദീസ, അത്യുന്നത സ്വർഗം, Paradise
ഫിഖ്ഹ് ഗ്രന്ഥം -സൃഷ്ടികൾ രചിച്ച കർമ്മശാസ്ത്രഗ്രന്ഥം
ഫുർഖാൻ -സത്യാസത്യവിവേചന മാനദണ്ഡം/ഉരക്കല്ല്
ഫുജ്ജാർ -ഫാജിറിന്റെ ബഹുവചനം, കപടവിശ്വാസികളും അവരുടെ അനുയായികളും ഉൾക്കൊള്ളുന്നവർ
ബസ്വാഇർ -ഉൾക്കാഴ്ചാദായകം, അദ്ദിക്ർ
ബദവികൾ -അപരിഷ്കൃതരായ ഗ്രാമീണ അറബികൾ, ബദുക്കൾ
ബനൂനളീർ -മദീനയിലുണ്ടായിരുന്ന ഒരു ജൂതഗോത്രത്തിന്റെ പേര്
ബനൂഖുറൈള -മദീനയിലുണ്ടായിരുന്ന മറ്റൊരു ജൂതഗോത്രത്തിന്റെ പേര്
ബനൂഖൈനുഖാഅ് -മദീനയിലുണ്ടായിരുന്ന മൂന്നാമത്തെ ജൂതഗോത്രത്തിന്റെ പേര്
ബനുൽമുസ്ത്വലഖ് -ഒരു അറബി ഗോത്രത്തിന്റെ പേര്
ബർസഖ് -മറ, മനുഷ്യന്റെ അഞ്ചാമത്തെ ഘട്ടം
ബദ്ർ -നബിയുടെ കാലത്ത് വിശ്വാസികളും നിഷേധികളും തമ്മിലുള്ള ആദ്യയുദ്ധം നടന്ന മക്കയ്ക്കും മദീനയ്ക്കും ഇടയിലുള്ള സ്ഥലം
ബുർഹാൻ -തെളിവ്, അദ്ദിക്ർ
ബൈത്തുൽ മുഖദ്ദിസ് -ഫലസ്തീനിലുള്ള പരിശുദ്ധമായ പള്ളി, രണ്ടാമത്തെ ഖിബ്ല
ബൈഅത്ത് -സത്യപ്രതിജ്ഞ
മലക്ക് -പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട അഗോചരമായ സൃഷ്ടികൾ, ദേവൻ, മാലാഖ
മസീഹ് -മായ്ച്ച് കളയുന്നവൻ, (ഇസ്ലാമിനെ മായ്ച്ച് കളയുന്നവൻ-ദജ്ജാൽ, കുഫ്റിനെ മായ്ച്ച് കളയുന്നവൻ-ഈസാ)
മസീഹുദ്ദജ്ജാൽ -അന്ത്യനാളിന്റെ പ്രധാനഅടയാളങ്ങളിൽ ഒന്നായ ഇസ്ലാമിനെ മായ്ച്ചുകളയാൻ വരുന്ന മുപ്പതാമത്തെ കള്ളവാദി, അധർമ്മമൂർത്തി
മദ്ഹബ് -യാഥാർത്ഥ ദീനിൽ നിന്ന് പോകൽ
മദ്ഹബുകാർ -ഭിന്നാഭിപ്രായങ്ങൾ സ്വീകരിച്ച് യാഥാർത്ഥ ദീനിൽനിന്ന് പോയവർ
മഅ്മൂം -നമസ്കാരത്തിൽ ഇമാമിനെ പിൻതുടരുന്നവൻ
മഖാം -സ്ഥാനത്തെ അനുസ്മരിപ്പിക്കുന്നത്, മഹാത്മാക്കളെന്ന് കരുതപ്പെടുന്നവർ ഉപയോഗിച്ചിരുന്ന സ്മാരക സ്ഥലങ്ങൾ
മദ്ഹ് -പാടിപ്പുകഴ്ത്തൽ
മഹ്ശറഃ -പരലോകത്ത് വിചാരണക്കുവേണ്ടി ഒരുമിച്ചുകൂട്ടപ്പെടുന്ന സഭ
മസ്ജിദുൽ ഹറാം -രക്തം ചിന്തലും വാദകോലാഹലങ്ങളും നിഷിദ്ധമായ കഅ്ബക്കു ചുറ്റുമുള്ള പള്ളി
മക്കാമുശ്രിക്കുകൾ -മുഹമ്മദ് നബിയുടെ കാലത്തെ മക്കയിലെ ബഹുദൈവാരാധകരായ ജനത
മന്നാൻ -അല്ലാഹുവിന്റെ ഒരുനാമം, അനുഗ്രഹങ്ങൾ എടുത്തുപറയാൻ അർഹതയുള്ളവൻ
മാലിക്ക് -നരകത്തിന്റെ പാറാവുകാരുടെ നേതാവായ മലക്ക്
മിഅ്റാജ് -പ്രവാചകന്റെ സ്വർഗ്ഗാരോഹണ കൂടിക്കാഴ്ച

മിഹ്റാബ്	-ധ്യാനമിരിക്കുന്നതിനുവേണ്ടി നിർമ്മിച്ച പ്രത്യേക മുറി
മീക്കാഈൽ	-ഇടി, മിന്നൽ, കാറ്റ്, മഴ എന്നിവകൊണ്ട് ഏൽപ്പിക്കപ്പെട്ട മലക്ക്
മീഖാത്ത്	-ഇഹ്റാമിൽ പ്രവേശിക്കാൻ നിജപ്പെടുത്തിയ സ്ഥാനങ്ങൾ
മുഹൈമിൻ	-കാത്തുസൂക്ഷിക്കുന്നവൻ-അല്ലാഹു/കാത്തുസൂക്ഷിക്കുന്നത്-അദ്ദിക്ർ
മുശ്രിക്ക്	-അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നവൻ
മുത്തഖീങ്ങൾ	-അല്ലാഹുവിനെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ, അദ്ദിക്ർ സത്യപ്പെടുത്തേണ്ട വിധം സത്യപ്പെടുത്തുന്നവർ
മുനാജാത്ത്	-കൂടിക്കാഴ്ച
മുനാഫിഖ്	-കപടവിശ്വാസി
മുഫ്തി	-മതവിധി പുറപ്പെടുവിക്കുന്ന ആൾ
മുജ്രിം	-ഭ്രാന്തൻ, കുറ്റവാളി, ചിന്താശക്തി ഉപയോഗിക്കാത്തവൻ
മുസ്ലിം	-സർവ്വസ്വം സ്രഷ്ടാവിന് സമർപ്പിച്ചവൻ
മുസ്തൗദഅ്	-ഗോഡൗൺ (ബർസഖ് ജീവിതത്തിനുള്ള സ്ഥലം)
മുസ്തഖർ	-ഐഹികജീവിതസ്ഥലം, പാർപ്പിടം
മുഹ്സിനീങ്ങൾ	-അല്ലാഹുവിനെ കണ്ടുകൊണ്ട് ചരിക്കുന്നവർ
മുഅ്മിൻ	-സുരക്ഷിതൻ, വിശ്വാസി
മുഅ്ജിസത്ത്	-ദിവ്യാത്ഭുതം
മുഹ്കമത്ത്	-തത്വാധിഷ്ടിതം
മുതദക്കിരീൻ	-അല്ലാഹുവിനെ ഹൃദയത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കുന്നവർ
മുഹാജിറുകൾ	-പ്രവാചകനോടൊപ്പം മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്തവർ
മൂസാ	-ഒരു പ്രവാചകന്റെ നാമം, മോശെ
മൂസവീശരീഅത്ത്	-മൂസാനബിയുടെ കാലം മുതൽ മുഹമ്മദ് നബിയുടെ കാലംവരെയുള്ള ഇസ്ലാമികജീവിതത്തിന്റെ ആചാരാനുഷ്ഠാനക്രമങ്ങൾ
മൗഇളത്ത്	-സദുപദേശം, അദ്ദിക്റിലെ സ്പഷ്ടമായ സൂക്തങ്ങളുടെ സമാനമായ ഉപമോദാഹരണങ്ങൾ
മൗലൂദ്	-ജന്മദിനകീർത്തനങ്ങൾ, മുഹമ്മദ് നബിയുടെ ജനനത്തെ വാഴ്ത്തുന്നതിനുവേണ്ടി രചിക്കപ്പെട്ട കെട്ടുകഥകൾ ഉൾകൊള്ളുന്ന കവിതകൾ
യഅ്ഖൂബ്	-ഇബ്റാഹീം നബിയുടെ പൗത്രൻ, ഇസ്റാഈൽ എന്ന അപരനാമമുള്ള പ്രവാചകൻ
യഅ്ജൂജ് മഅ്ജൂജ്	-അവസാനനാളിന്റെ അടയാളമായി പുറപ്പെടുന്ന ഭൂമിയിൽ നാശം വിതക്കുന്ന രണ്ട് ജനവിഭാഗങ്ങൾ
യൂനുസ് നബി	-ഒരുപ്രവാചകന്റെ പേര്, യോനാപ്രവാചകൻ
രിള്വാൻ	-സ്വർഗ്ഗത്തിന്റെ പാറാവുകാരുടെ നേതാവായ മലക്ക്
ലൂത്ത് നബി	-ഇബ്രാഹീം നബിയുടെ സഹോദരപുത്രൻ, ലോത്ത്,
വസിയ്യത്ത്	-ഊന്നി ഉപദേശിക്കൽ, ഒസ്യത്ത്, വിൽപത്രം
വസീലഃ	-അല്ലാഹുവിന്റെ സാമീപ്യം നേടാനുള്ള ഉപാധി
വലിയ്യ്	-സംരക്ഷകൻ, തോഴൻ
വഹ്യ്	-ദിവ്യസന്ദേശം, ശ്രുതി
വദ്ദ്	-നൂഹ് നബിയുടെ കാലത്തെ നിഷേധികൾ ആരാധിച്ചിരുന്ന ഒരു വിഗ്രഹം

വിർദ് -പ്രാർത്ഥനകളായി ഉപയോഗിക്കപ്പെടേണ്ട വേദഗ്രന്ഥത്തിലെ സൂക്തങ്ങൾ
വുളൂഅ് -അംഗശുദ്ധീകരണം
വുസ്ത്വാനമസ്കാരം -തുമഅ്നീനത്തോടുകൂടിയുള്ള നമസ്കാരം, മധ്യമ നമസ്കാരം
വൈൽ -വിചാരണയില്ലാതെ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന, കഠോരശിക്ഷക്കർഹരായവരുടെ നരകത്തിലേക്കുള്ള പ്രവേശനകവാടം
ശഹാദത്ത് -സത്യസാക്ഷ്യം
ശർത്ത് -ഉപാധി
ശരീഅത്ത് -അതാതു കാലഘട്ടങ്ങളിലെ വിശ്വാസികളുടെ സമൂഹത്തിന് പാലിക്കാനുണ്ടായിരുന്ന ആചാരാനുഷ്ഠാനക്രമങ്ങൾ
ശിർക്ക് -സ്രഷ്ടാവിന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കൽ, സ്രഷ്ടാവിന്റെ ഏകസംഘത്തിൽ ചേരാതെ വിവിധ സംഘടനകളിൽ ചേരൽ
സബൂർ -ഏട്, സങ്കീർത്തനം, ദാവൂദ് നബിക്ക് നൽകിയ ഗ്രന്ഥത്തിന്റെ പേര്
സമൂദ് -സ്വാലിഹ്നബി നിയോഗിക്കപ്പെട്ട ജനതയുടെ പേര്
സൽസബീൽ -സ്വർഗത്തിലെ ഒരു അരുവിയുടെ പേര്
സക്കാത്ത് -സമ്പത്ത് ശുദ്ധീകരിക്കാനുള്ള നിർബന്ധ ദാനം
സലാം -സമാധാനം, രക്ഷ
സഖ്ഖൂം -നരകത്തിന്റെ അടിത്തട്ടിൽ നിന്ന് മുളച്ചുവരുന്ന വൃക്ഷം, നരകവാസികൾക്കുള്ള ഭക്ഷണം
സഖർ -നരകത്തിലേക്കുള്ള ഏഴുകവാടങ്ങളിൽ ഒന്നിന്റെ പേര്
സഫാ മർവ -മക്കയിൽ കഅ്ബക്ക് സമീപമുള്ള രണ്ട് കുന്നുകൾ
സയ്യിദുൽഇസ്തിഗ്ഫാർ-പൊറുക്കലിനെ തേടാനുള്ള ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന
സാബിഖീങ്ങൾ -മുൻകടക്കുന്നവർ, വിചാരണയില്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ
സിജ്ജീൻ -ദുർജ്ജനങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്ന നരകത്തിലുള്ള പട്ടിക
സുജൂദ് -സാഷ്ടാംഗപ്രണാമം, കീഴൊതുക്കം
സുബ്ഹി -സൂര്യോദയത്തിനു മുമ്പുള്ള നമസ്കാരം
സുവാഅ് -നൂഹ്നബിയുടെ കാലത്തെ നിഷേധികൾ ആരാധിച്ചിരുന്ന ഒരുവിഗ്രഹത്തിന്റെ പേര്
സുന്നത്ത് -ചര്യ, നടപടിക്രമം
സുലൈമാൻ -ഒരു പ്രവാചകന്റെ നാമം, സോളമൻ ചക്രവർത്തി
സൂറത്ത് -അദ്ദിക്റിലെ ഒരു അധ്യായം
സ്വദഖഃ -ദാനം
സ്വലാത്ത് -നബിയുടെമേലുള്ള പ്രാർത്ഥന
സ്വലാത്ത് ഹൽഖ -നബിയുടെമേലുള്ള പ്രാർത്ഥന ആശയമില്ലാതെ ഉരുവിടാനുള്ള സംഗമം
സ്വഹാബി -നബിയുടെ സഹവാസി
സ്വിദ്ഖ് -സത്യം, അദ്ദിക്ർ
സ്വിഫത്ത് -ഗുണവിശേഷം
സ്വിറാത്തുൽമുസ്തഖീം-നേരെ ചൊവ്വെയുള്ള മാർഗം, Straight Path
സ്വൂർ -അന്ത്യദിനത്തിൽ ഊതപ്പെടുന്ന കാഹളം
ഹറം -രക്തം ചിന്തലും വാദകോലാഹലങ്ങളും നിഷിദ്ധമായ കഅ്ബക്കു ചുറ്റുമുള്ള പ്രദേശം

ഹന്നാൻ -ദയാലു, അല്ലാഹുവിന്റെ ഒരുനാമം
ഹജ്ജ് -മക്കയിലേക്കുള്ള തീർത്ഥാടനം
ഹജ്ജത്തുൽ വിദാഅ് -പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജ്
ഹവാരിയ്യീങ്ങൾ -ഈസാനബിയുടെ ശിഷ്യന്മാരെ വിളിച്ചിരുന്നപേര്, അപ്പോസ്തലന്മാർ
ഹക്കീം -യുക്തിജ്ഞാനി-അല്ലാഹു/യുക്തിജ്ഞാനം-അദ്ദിക്ർ
ഹമീദ് -സ്തുത്യർഹൻ, അല്ലാഹുവിന്റെ ഒരുനാമം
ഹദീസ് -അല്ലാഹുവിന്റെ സംസാരം-അദ്ദിക്ർ
ഹസനത്ത് -നല്ലത്
ഹലാൽ -അനുവദനീയം
ഹറാം -നിഷിദ്ധം
ഹാറൂൻ -ഒരു പ്രവാചകന്റെ നാമം, മൂസായുടെ സഹോദരൻ, അഹറോൻ
ഹാമാൻ -ഫിർഔനിന്റെ മന്ത്രിയുടെ പേര്
ഹാഫിള് -ഖുർആൻ മനഃപാഠമാക്കിയവൻ
ഹിജ്റഃ -പാലായനം, വെടിയൽ
ഹിഫ്ള് -കാണാതെ പഠിക്കൽ
ഹിറാഗുഹ -മുഹമ്മദ് നബിക്ക് ആദ്യമായി ദിവ്യസന്ദേശം ലഭിച്ച ഗുഹ
ഹിക്മത്ത് -തത്വജ്ഞാനം, ദീർഘവീക്ഷണം, അദ്ദിക്ർ
ഹുക്മ് -വിധി
ഹുത്വമഃ -നരകത്തിലെ ക്രഷർ, നരകത്തിലെ ഒരു കവാടത്തിന്റെ പേര്
ഹുദാ -സന്മാർഗ്ഗം, അദ്ദിക്ർ
ഹുദൈഫത്തുൽയമാനി-നിരക്ഷരനായ ഒരു പ്രവാചക ശിഷ്യന്റെ പേര്
ഹൗളുൽ കൗസർ -'കൗസർ' തടാകം, വിചാരണനാളിലെ കൊടും ദാഹത്തിൽ നിന്ന് ശമനം നൽകുന്ന അമൃത്, മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഒരു അനുഗ്രഹം
ളുഹ്ർ -മധ്യാഹ്നം, മധ്യാഹ്നത്തിലുള്ള നമസ്കാരത്തിന്റെ പേര്
ളുഹാ -തെളിഞ്ഞ പ്രഭാതവേള, മധ്യാഹ്നത്തിനുമുമ്പുള്ള സമയം
ളാലിം -അക്രമി
റക്അത്ത് -നമസ്കാരത്തിന്റെ നിറുത്തവും കുനിയലും സുജൂദുകളും ഇരുത്തവും ഉൾകൊള്ളുന്ന ഒരു യൂണിറ്റ്
റമളാൻ -ഹിജ്റാകലണ്ടറിലെ 9-ാം മാസം, പ്രവാചകന് അദ്ദിക്ർ അവതരിക്കാൻ ആരംഭിച്ച മാസം
റഖീബ് -നന്മയുടെ നിരീക്ഷകനും കുറിപ്പുകാരനുമായ മലക്ക്
റബ്ബ് -ഉടമ, നാഥൻ, സൃഷ്ടികൾക്കുള്ള നിയമങ്ങൾ നൽകാൻ അധികാരമുള്ളവൻ
റബ്ബാനിയ്യീങ്ങൾ -അദ്ദിക്ർ കൊണ്ട് റബ്ബിന്റെ സ്വഭാവമുൾക്കൊണ്ട പ്രൗഢന്മാർ
റസൂൽ -സന്ദേശവാഹകൻ, പ്രവാചകൻ
റാത്തീബ് -കീർത്തനവാക്കുകൾ ആശയമില്ലാതെ ആടിയുലഞ്ഞ് ഉരുവിടുന്നതിനു വേണ്ടി സംഘടിപ്പിക്കുന്ന സംഗമം
റുകൂഅ് -അനുസരണ പ്രകടനം, നമസ്കാരത്തിലെ കുനിയൽ
റുബൂബിയ്യത്ത് -ഉടമസ്ഥതയ്ക്കും നിയമങ്ങൾ നൽകാനുമുള്ള അർഹത
റൂഹ് -ചൈതന്യം, ജീവൻ+ആത്മാവ്, വേദഗ്രന്ഥത്തിന്റെ അർത്ഥവും ആശയവും ഉൾകൊള്ളുന്നത്, ജിബ്രീലിന്റെ മറ്റൊരു പേര്

സൂറത്തുകൾ		സൂക്തങ്ങളുടെ എണ്ണം
1. അൽ ഫാത്തിഹഃ	(ആമുഖം)	7
2. അൽ ബഖറഃ	(പശു)	286
3. ആലിഇംറാൻ	(ഇംറാൻ കുടുംബം)	200
4. അന്നിസാഅ്	(സ്ത്രീകൾ)	176
5. അൽ മാഇദഃ	(ഭക്ഷണത്തളിക)	120
6. അൻആം	(കന്നുകാലികൾ)	165
7. അഅ്റാഫ്	(തിരിച്ചറിയുന്നവർ)	206
8. അൻഫാൽ	(യുദ്ധമുതലുകൾ)	75
9. അത്തൗബ	(പശ്ചാത്താപം)	129
10. യൂനുസ്	(ഒരു പ്രവാചകന്റെ നാമം)	109
11. ഹൂദ്	(ഒരു പ്രവാചകന്റെ നാമം)	123
12. യൂസുഫ്	(ഒരു പ്രവാചകന്റെ നാമം)	111
13. അർറഅ്ദ്	(ഇടിനാദം)	43
14. ഇബ്റാഹീം	(ഒരു പ്രവാചകന്റെ നാമം)	52
15. അൽ ഹിജ്ർ	(ശിലകളുടെ നാട്)	99
16. അന്നഹ്ൽ	(തേനീച്ച)	128
17. ഇസ്റാഅ്	(രാപ്രയാണം)	111
18. അൽ കഹ്ഫ്	(ഗുഹ)	110
19. മർയം	(ഈസാ നബിയുടെ മാതാവിന്റെ നാമം)	98
20. ത്വാഹാ	(മുഹമ്മദ് നബിയുടെ ഒരു അപരനാമം)	135
21. അമ്പിയാഅ്	(നബിമാർ)	112
22. അൽഹജ്ജ്	(തീർത്ഥാടനം)	78
23. മുഅ്മിനൂൻ	(സത്യവിശ്വാസികൾ)	118
24. അന്നൂർ	(പ്രകാശം)	64
25. ഫുർഖാൻ	(സത്യാസത്യവിവേചന മാനദണ്ഡം)	77
26. അശ്ശുഅറാഅ്	(കവികൾ)	227
27. അന്നംല്	(ഉറുമ്പ്)	93
28. അൽ ഖസസ്	(സംഭവ ചരിത്രം)	88

29. അൻകബൂത്ത്	(ചിലന്തി)	69
30. അർറൂം	(റോമക്കാർ)	60
31. ലുഖ്മാൻ	(തത്വജ്ഞാനിയായ ഒരാളുടെ നാമം)	34
32. അസ്സജ്ദഃ	(സാഷ്ടാംഗം)	30
33. അഹ്സാബ്	(സംഘങ്ങൾ)	73
34. സബഅ്	(ശീബാ രാജ്യം)	54
35. ഫാത്വിർ	(വിരിപ്പിക്കുന്നവൻ)	45
36. യാസീൻ	(ഓ മനുഷ്യാ!)	83
37. സ്വാഫ്ഫാത്ത്	(അണിചേരുന്നവ)	182
38. സ്വാദ്	(സംഭവചരിത്രങ്ങൾ വിശദീകരിക്കുന്നത്)	88
39. സുമർ	(കൂട്ടങ്ങൾ)	75
40. മുഅ്മിൻ	(സത്യവിശ്വാസി)	85
41. ഫുസ്വിലത്ത്	(സ്പഷ്ടമായത്)	54
42. അശ്ശൂറ	(കൂടിയാലോചന)	53
43 സുഗ്റുഫ്	(നവരത്നങ്ങൾ)	89
44. ദുഖാൻ	(പുകപടലം)	59
45. ജാസിയഃ	(മുട്ടുകുത്തുന്നത്)	37
46. അഹ്ഖാഫ്	(മണൽക്കൂനകൾ)	35
47. മുഹമ്മദ്	(പ്രവാചകന്റെ നാമം)	38
48. ഫത്ഹ്	(ജയിച്ചടക്കൽ)	29
49. ഹുജുറാത്ത്	(അറകൾ)	18
50. ഖാഫ്	(സുരക്ഷിത ഫലകത്തിൽ സൂക്ഷിക്കപ്പെട്ടത്)	45
51. അദ്ദാരിയാത്ത്	(വിതറുന്ന കാറ്റുകൾ)	60
52. അത്ത്വൂർ	(ത്വൂർ പർവ്വതം)	49
53. അന്നജ്മ്	(താരകം)	62
54. ഖമർ	(ചന്ദ്രൻ)	55
55. അർറഹ്മാൻ	(നിഷ്പക്ഷവാൻ)	78

56. അൽ വാഖിഅഃ	(ഒഴിച്ചുകൂടാനാവാത്ത സംഭവം)	96
57. ഹദീദ്	(ഇരുമ്പ്)	29
58. മുജാദിലഃ	(തർക്കിക്കുന്നവൾ)	22
59. ഹശ്ർ	(ഒരുമിച്ചുകൂടൽ)	24
60. മുംതഹനഃ	(പരീക്ഷിക്കപ്പെടേണ്ടവൾ)	13
61. സ്വഫ്ഫ്	(ഒറ്റയണി)	14
62. ജുമുഅഃ	(ഒന്നിച്ചുകൂടൽ)	11
63. മുനാഫിഖൂൻ	(കപടവിശ്വാസികൾ)	11
64. അത്തഗാബുൻ	(ലാഭനഷ്ടങ്ങൾ)	18
65. ത്വലാഖ്	(വിവാഹമോചനം)	12
66. തഹ്രീം	(നിരോധനം)	12
67. മുൽക്ക്	(ആധിപത്യം)	30
68. ഖലം	(പേന)	52
69. അൽഹാഖഃ	(ഉറച്ച സംഭവം)	52
70. മആരിജ്	(കോണിപ്പടികൾ)	44
71. നൂഹ്	(ഒരു പ്രവാചകന്റെ നാമം)	28
72. ജിന്ന്	(ജിന്ന്/മറഞ്ഞുനിൽക്കുന്നവൻ)	28
73. മുസമ്മിൽ	(പുതച്ച് മൂടിയവൻ)	20
74. മുദ്ദസ്സിർ	(പുതപ്പിക്കപ്പെട്ടവൻ)	56
75. ഖിയാമഃ	(അന്ത്യദിനം)	40
76. ഇൻസാൻ	(മനുഷ്യൻ)	31
77. മുർസലാത്ത്	(തുടർക്കാറ്റുകൾ)	50
78. അന്നബഅ്	(വൃത്താന്തം)	40
79. അന്നാസിആത്ത്	(ഊരിയെടുക്കുന്നവർ)	46
80. അബസ	(നെറ്റിചുളിച്ചു)	42
81. തക്വീർ	(ചുരുട്ടൽ)	29
82. ഇൻഫിത്വാർ	(പൊട്ടിപ്പിളരൽ)	19
83. മുത്വഫ്ഫിഫീൻ	(അളവുതൂക്കങ്ങൾ ലഘൂകരിക്കുന്നവർ)	36
84. ഇൻശിഖാഖ്	(പൊട്ടിവിടരൽ)	25
85. ബുറൂജ്	(കോട്ടകൾ)	22

86. അത്ത്വാരിഖ്	(രാവിൽ വെളിപ്പെടുന്നത്)	17
87. അഅ്ലാ	(അത്യുന്നതൻ)	19
88. ഗാഷിയഃ	(മൂടുന്ന സംഭവം)	26
89. ഫജ്ർ	(വിടരുന്ന പ്രഭാതം)	30
90. ബലദ്	(നാട്)	20
91. അശ്ശംസ്	(സൂര്യൻ)	15
92. അല്ലൈൽ	(രാത്രി)	21
93. അള്ളുഹാ	(തെളിഞ്ഞ പ്രഭാതവേള)	11
94. അശ്ശർഹ്	(വിശാലത)	8
95. അത്തീൻ	(അത്തിമരം)	8
96. അലഖ്	(രക്തക്കട്ട)	19
97. ഖദ്ർ	(വിധിനിർണയം)	5
98. ബയ്യിനഃ	(വ്യക്തമായത്)	8
99. സൽസലഃ	(വിറപ്പിക്കൽ)	8
100. ആദിയാത്ത്	(പടക്കുതിരകൾ)	11
101. അൽ ഖാരിഅഃ	(മഹാസംഭവം)	11
102. അത്തകാസുർ	(പെരുമനടിക്കൽ)	8
103. അൽ അസ്വർ	(കാലം)	3
104. ഹുമസഃ	(കുത്തുവാക്കുപറയുന്നവർ)	9
105. ഫീൽ	(ആന)	5
106. ഖുറൈശ്	(ഖുറൈശികൾ)	4
107. മാഊൻ	(സഹായ വസ്തുക്കൾ)	7
108. അൽ കൗസർ	(ധാരാളം)	3
109. കാഫിറൂൻ	(സത്യനിഷേധികൾ)	6
110. അന്നസ്ർ	(ദിവ്യസഹായം)	3
111. മസദ്	(പനനാര്)	5
112. ഇഖ്‌ലാസ്	(നിഷ്കളങ്കത)	4
113. ഫലഖ്	(പ്രഭാതം)	5
114. അന്നാസ്	(മനുഷ്യസമൂഹം)	6
	മൊത്തം സൂക്തങ്ങൾ	**6236**